

# കേരളസാഹിത്യചരിത്രം

## (ഭാഗം IV)

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

# കേരളസാഹിത്യചരിത്രം

ഭാഗം നാല്

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

സായാഹ്ന ഫൌണ്ടേഷൻ
തിരുവനന്തപുരം
2020

കേരളസാഹിത്യചരിത്രം: ഭാഗം IV

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

(മലയാളം: സാഹിത്യചരിത്രം)

First published in print media 1953.

The electronic versions have been released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using LuaTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The production infrastructure of River Valley Technologies has been made use of in the production of these digital editions.

Cover: Shakuntala, (she looks back at her lover, pretending to remove a thorn from her foot), an oil painting by Raja Ravi Varma. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . iv

42 പതിനൊന്നാം ശതകം, പൂർവാർദ്ധം . . . . . . . . . . . . . . . . . . . . . . . . 1
സ്വാതിതിരുനാൾ മഹാരാജാവ് (988–1022) . . . . . . . . . . . . . . . . 1
മേരുസ്വാമികൾ . . . . . . . . . . . . . . . . . . . . . . . . . . 6
ഗോവിന്ദമാരാർ . . . . . . . . . . . . . . . . . . . . . . . . . . 7
മാളിയക്കൽ കൃഷ്ണമാരാർ . . . . . . . . . . . . . . . . . . . . . 7
ക്ഷീരാബ്ധിശാസ്ത്രി . . . . . . . . . . . . . . . . . . . . . . . . . 8
ഭക്തിമഞ്ജരി . . . . . . . . . . . . . . . . . . . . . . . . . . . 10
സ്യാനന്ദൂരപുരവർണ്ണനപ്രബന്ധം . . . . . . . . . . . . . . . . . . . 11
ശ്രീപദ്മനാഭശതകം . . . . . . . . . . . . . . . . . . . . . . . . 12
അജാമിളോപാഖ്യാനവും കുചേലോപാഖ്യാനവും . . . . . . . . . . . . . 13
അന്യാപദേശശതകത്തിന്റെ അവതാരിക . . . . . . . . . . . . . . . . 13
ഉത്സവവർണ്ണനപ്രബന്ധം . . . . . . . . . . . . . . . . . . . . . 14
പ്രാസോപന്യാസം . . . . . . . . . . . . . . . . . . . . . . . . . 14
സംഗീതകൃതികൾ . . . . . . . . . . . . . . . . . . . . . . . . . 15
കീർത്തനങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . 16
രുക്മിണീബായി രാജകുമാരി (984–1012) . . . . . . . . . . . . . . . 18
ചങ്ങനാശ്ശേരി രാജരാജവർമ്മകോയിത്തമ്പുരാൻ—ജീവിതം . . . . . . 19
ഉത്രംതിരുനാൾ മഹാരാജാവ് (990–1036)—ജീവിതം . . . . . . . . . . 21
സിംഹധ്വജചരിതം ആട്ടക്കഥ . . . . . . . . . . . . . . . . . . . . 24
അരിപ്പാട്ടു കൊച്ചുപിള്ളവാരിയർ (960–1014)—ജീവിതം . . . . . . . . 25
ഉർവശീസ്വയംവരം കഥകളി . . . . . . . . . . . . . . . . . . . . 25
രാമവർമ്മവിജയം ചമ്പു . . . . . . . . . . . . . . . . . . . . . . 26
കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ (975-1026)—പീഠിക . . . . . . . 27
സംസ്കൃതകൃതികൾ—രാമചരിതം . . . . . . . . . . . . . . . . . . 31
രസസദനം . . . . . . . . . . . . . . . . . . . . . . . . . . . . 33
സ്തോത്രങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . 34
ആശൗചദീപകവ്യാഖ്യാ . . . . . . . . . . . . . . . . . . . . . . 35
സംസ്കൃതമുക്തകങ്ങൾ . . . . . . . . . . . . . . . . . . . . . . 36

സ്വാതിതിരുനാൾ മഹാരാജാവ് . . . . . 36
ഭാഷാകൃതികൾ . . . . . 38
ഭാഷാമുക്തകങ്ങൾ . . . . . 39

43 പതിനൊന്നാം ശതകം, പൂർവ്വാർദ്ധം (തുടർച്ച) . . . . . 40
വിദ്വാൻ കിളിമാനൂർ രാജരാജവർമ്മകോയിത്തമ്പുരാൻ (987—1021) . . . 40
ചില ഉക്തിപ്രത്യുക്തികൾ . . . . . 43
കിരാതവിംശതി . . . . . 47
കീർത്തനങ്ങൾ . . . . . 47
രാവണവിജയം ആട്ടക്കഥ . . . . . 47
സന്താനഗോപാലം തുള്ളൽ . . . . . 49
രണ്ടു ഭാഷാമുക്തങ്ങൾ . . . . . 50
കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടി . . . . . 51
കിളിമനൂരിലെ മറ്റു ചില തമ്പുരാക്കന്മാർ— രോഹിണിനാൾ തമ്പുരാട്ടിയുടെ സന്താനങ്ങൾ . . . . . 51
ഉത്രംനാൾതമ്പുരാട്ടിയുടെ സന്താനങ്ങൾ . . . . . 52
അയ്യോഴിനമ്പൂരി . . . . . 53
പന്തളത്തു കൊട്ടാരത്തിലെ ചില തമ്പുരാക്കന്മാർ . . . . . 53
ആദ്യകാലത്തെ കവികൾ . . . . . 53
പൂരുരുട്ടാതിനാൾ കേരളവർമ്മത്തമ്പുരാൻ . . . . . 54
രേവതിനാൾ കേരളവർമ്മത്തമ്പുരാൻ . . . . . 54
മേടയിൽക്കൊട്ടാരത്തിൽ പൂയംനാൾ രവിവർമ്മത്തമ്പുരാൻ . . . . . 55
ശങ്കരനാഥജ്യോത്സ്യർ (965—1034) . . . . . 55
ദേവീഭാഗവതം കിളിപ്പാട്ട് . . . . . 57
രവിവർമ്മൻ തമ്പി (958—1031) . . . . . 58
സുഭദ്രാഹരണം കൈകൊട്ടിക്കളിപ്പാട്ട് . . . . . 66
മുറജപപ്പാന . . . . . 67
നവരാത്രിപ്രബന്ധം . . . . . 68
രാജസേവാക്രമം . . . . . 69
ഒറ്റശ്ലോകങ്ങൾ . . . . . 69
പാട്ടുകൾ . . . . . 73
അരിപ്പാട്ടു കൊച്ചുഗോവിന്ദവാരിയർ (985—1030) . . . . . 76
ഗോവിന്ദബ്രാഹ്മനന്ദീയം . . . . . 76
ഭീഷ്മവിജയം . . . . . 77
ശാകുന്തളം കൈകൊട്ടിക്കളിപ്പാട്ട് . . . . . 77
വല്ലീപരിണയവും ദേവസേനാസ്വയംവരവും . . . . . 78
അരിപ്പാട്ടു രാമവാരിയർ (993—1030) . . . . . 78
ഇന്ദുമതീസ്വയംവരം ആട്ടക്കഥ . . . . . 79
അമ്പാടി കുഞ്ഞുകൃഷ്ണപ്പുതുവാൾ (987—1056) . . . . . 80
ആദ്യത്തെ കവിത . . . . . 82
പാത്രചരിതം കൈകൊട്ടിക്കളിപ്പാട്ട് . . . . . 88
പാട്ടുകൾ . . . . . 89

കവിപക്വാവലി . . . . . . . . . . . . . . . . . . . . . . . . . . 90
പട്ടത്തു കുഞ്ഞുണ്ണിനമ്പിയാർ (980–1050) . . . . . . . . . . . . . . . . . 90
രസരത്നാകരം . . . . . . . . . . . . . . . . . . . . . . . . . . 92
ഭഗവദ്ദൂത് . . . . . . . . . . . . . . . . . . . . . . . . . . . . 93
അഷ്ടപദി കൈകൊട്ടിക്കളിപ്പാട്ട് . . . . . . . . . . . . . . . . . . . 94
പഞ്ചസന്ധ ഓട്ടൻതുള്ളൽ . . . . . . . . . . . . . . . . . . . . 95
രണ്ടു മുക്തകങ്ങൾ . . . . . . . . . . . . . . . . . . . . . . . . 95
ദൂതവാക്യം ശീതങ്കൻതുള്ളൽ . . . . . . . . . . . . . . . . . . . . 96
കടത്തനാട്ടു വാസുനമ്പി (980–1040) . . . . . . . . . . . . . . . . . 97
സീമന്തിനീചരിതം . . . . . . . . . . . . . . . . . . . . . . . . 99
മുക്തകങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . 100
ചീരക്കുഴി ഭവദാസൻനമ്പൂരി: (960–1030) . . . . . . . . . . . . . . . . 101
വേദാന്തരാമാനുജാചാര്യർ . . . . . . . . . . . . . . . . . . . . . . 103
താഴമൺ പരമേശ്വരഭട്ടതിരി . . . . . . . . . . . . . . . . . . . . 109
വട്ടപ്പള്ളി ഭാസ്കരൻമൂസ്സത് . . . . . . . . . . . . . . . . . . . . . 110

44 പതിനൊന്നാം ശതകം, പൂർവ്വാർദ്ധം (തുടർച്ച) . . . . . . . . . . . . . . . . . . 112
ആയില്യംതിരുനാൾ രാമവർമ്മമഹാരാജാവ് (1007–1055) . . . . . . . . 112
മീനകേതനചരിതം . . . . . . . . . . . . . . . . . . . . . . . . 116
ഭാഷാശാകുന്തളം . . . . . . . . . . . . . . . . . . . . . . . . . 117
വിശാഖം തിരുനാൾ രാമവർമ്മമഹാരാജാവ് . . . . . . . . . . . . . . . 117
മുക്തകങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . 122
ബെൻജമിൻ ബെയ്‌ലി (980–1046) . . . . . . . . . . . . . . . . . . 122
രണ്ടുമലയാളനിഘണ്ടുക്കൾ . . . . . . . . . . . . . . . . . . . . . 124
ജോസഫ് പീറ്റ് (1040) . . . . . . . . . . . . . . . . . . . . . . 125
റിച്ചാർഡ് കോളിൻസ് . . . . . . . . . . . . . . . . . . . . . . 125
ജോർജ്ജ് മാത്തൻ (995–1045) . . . . . . . . . . . . . . . . . . . 126
മലയാണ്മയുടെ വ്യാകരണം . . . . . . . . . . . . . . . . . . . . . 129
വേദസംയുക്തി . . . . . . . . . . . . . . . . . . . . . . . . . 129
സത്യവാദഖേടം . . . . . . . . . . . . . . . . . . . . . . . . . 130
മറ്റു ഗ്രന്ഥങ്ങൾ . . . . . . . . . . . . . . . . . . . . . . . . . 130
ആയ്യനം പി. ജോൺ . . . . . . . . . . . . . . . . . . . . . . . 131
ഇൻഡ്യാചരിത്രം . . . . . . . . . . . . . . . . . . . . . . . . . 131
ഉമ്മൻ പിലിപ്പോസ് (1013–1055) . . . . . . . . . . . . . . . . . 132
ആർച്ച് ഡീക്കൻ കോശി (1001–1075) . . . . . . . . . . . . . . . . 133
പുല്ലേലിക്കുഞ്ചു . . . . . . . . . . . . . . . . . . . . . . . . . 134
പ്രസംഗങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . 135
ഹെർമൻ ഗുണ്ടർട്ട് (989–1068) . . . . . . . . . . . . . . . . . . 136
പാഠമാല (Malayalam Anthology) . . . . . . . . . . . . . . . . 139
പഴഞ്ചൊൽമാല . . . . . . . . . . . . . . . . . . . . . . . . . 139
മലയാളം-ഇംഗ്ലീഷ് നിഘണ്ടു . . . . . . . . . . . . . . . . . . . . 140
വൈക്കത്തു പാച്ചുമൂത്തത് (989–1058) . . . . . . . . . . . . . . . . 142

| | | |
|---|---|---|
| | സംസ്കൃതകൃതികൾ-ശ്രീരാമവർമ്മചരിതം | 145 |
| | കാശിയാത്രാപ്രബന്ധം | 146 |
| | നക്ഷത്രമാലാ | 147 |
| | അർത്ഥവിമർശിനി | 147 |
| | ഹൃദയപ്രിയം | 148 |
| | സുഖസാധകം | 149 |
| | തിരുവിതാംകൂർ ചരിത്രം | 151 |
| | കേരളഭാഷാവ്യാകരണം | 152 |
| | കേരള വിശേഷനിയമവിവരം | 152 |
| | വൈക്കത്തു നീലകണ്ഠൻമൂത്തത് (994–1047) | 153 |
| | കുഴിക്കാട്ടു മഹേശ്വരൻഭട്ടതിരി (970–1040) | 154 |
| | കോവുണ്ണിനെടുങ്ങാടി (1006–1064) | 157 |
| | കേരളകൗമുദി | 158 |
| | പി. ഗോവിന്ദപ്പിള്ള (1024–1072) | 161 |
| | മലയാളഭാഷാചരിത്രം | 161 |
| | ഫാദർ ജെറാർദ് - അലങ്കാരശാസ്ത്രം | 162 |
| | ആർച്ച് ഡീക്കൻ ഉമ്മൻ (1005–1079) | 164 |
| 45 | പതിനൊന്നാം ശതകം, പൂർവ്വാർദ്ധം (തുടർച്ച) | 166 |
| | ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ (999–1062) | 166 |
| | സുഭദ്രാരാഘവം മഹാകാവ്യം | 170 |
| | കീർത്തിവിലാസചമ്പു | 172 |
| | ഗാന്ധാരചരിതം തുടങ്ങിയുള്ള മൂന്നു ലഘുകാവ്യങ്ങൾ | 173 |
| | തുലാഭാരപ്രബന്ധം | 174 |
| | അന്യാപദേശദ്വിസപ്തതി | 174 |
| | ഗൗണസമാഗമം | 175 |
| | കാശിയാത്രാനുവർണ്ണനം | 176 |
| | സദ്വൃത്തരത്നാവലി | 176 |
| | രാമോദയം | 176 |
| | ക്ഷേത്രത്വദീപിക | 177 |
| | സ്തോത്രഗ്രന്ഥങ്ങൾ | 177 |
| | മഞ്ജുഭാഷിണി | 178 |
| | മുക്തകങ്ങൾ | 178 |
| | ഭാഷാകൃതികൾ-ജലന്ധരാസുരവധം ആട്ടക്കഥ | 179 |
| | ഇലത്തൂർ സുന്ദരരാജയ്യങ്കാർ ശാസ്ത്രികൾ (1016—1078) | 180 |
| | വിദ്വാൻ കോമ്പിഅച്ചൻ (1006–1090) | 182 |
| | ശ്രീകൃഷ്ണജയന്തി | 184 |
| | ആറ്റുകാൽ ശങ്കരപ്പിള്ള (1011–1066) | 187 |
| | ദേവീഭാഗവതം | 189 |
| | വിശാഖരാജവിജയം | 190 |
| | പലവക | 190 |
| | എഴവത്തു നാണുക്കുട്ടിമേനോൻ (1010–1048) | 191 |

ഭാഗവതസാരസംക്ഷേപം കിളിപ്പാട്ട് . . . . . . . . . . . . . . . . . . . . 193
ചിദംബരാഷ്ടകം (സംസ്കൃതം) . . . . . . . . . . . . . . . . . . . . . . 194
സുന്ദരീസ്വയംവരം . . . . . . . . . . . . . . . . . . . . . . . . . . . 194
കാളിയാക്ക് . . . . . . . . . . . . . . . . . . . . . . . . . . . . . . . 194
അഴകത്തു വിദ്വാൻ കുറുപ്പ് (980–1035) . . . . . . . . . . . . . . . . . . 195
മാർക്കണ്ഡേയചരിതം ആട്ടക്കഥ . . . . . . . . . . . . . . . . . . . . 196
അദ്വൈതാനന്ദം . . . . . . . . . . . . . . . . . . . . . . . . . . . . 197
മടവൂർ കാളുആശാൻ (1032–1063) . . . . . . . . . . . . . . . . . . . 197

46 പതിനൊന്നാം ശതകം, ഉത്തരാർദ്ധം . . . . . . . . . . . . . . . . . . . . . . 201
പേട്ടയിൽ രാമൻപിള്ള ആശാൻ (1017–1112) . . . . . . . . . . . . . . . . . 201
കമ്മമ്പള്ളി രാമൻപിള്ളആശാൻ (1021–1087) . . . . . . . . . . . . . . . 206
വർക്കലസ്ഥലമാഹാത്മ്യം . . . . . . . . . . . . . . . . . . . . . . 209
പ്രബോധനചന്ദ്രോദയം . . . . . . . . . . . . . . . . . . . . . . . . 210
സുഭദ്രാഹരണം ഓട്ടൻതുള്ളൽ . . . . . . . . . . . . . . . . . . . . 210
വെളുത്തേരി കേശവൻവൈദ്യൻ (1014–1072) . . . . . . . . . . . . . . . . 211
ബാലിസുഗ്രീവസംഭവം . . . . . . . . . . . . . . . . . . . . . . . . . 213
പെരുന്നെല്ലി കൃഷ്ണവൈദ്യൻ (1038–1069) . . . . . . . . . . . . . . . . 214
കണ്ടിയൂർ കുഞ്ഞുവാരിയർ (1009–1078) . . . . . . . . . . . . . . . . . 218
സന്താനഗോപാലം . . . . . . . . . . . . . . . . . . . . . . . . . . . 220
മൂത്തേടത്തു വാസുദേവൻപോറ്റി (1008–1068) . . . . . . . . . . . . . . . 222
വില്വട്ടത്തു രാഘവൻനമ്പിയാർ (996–1074) . . . . . . . . . . . . . . . . 225
കുട്ടിക്കുഞ്ഞുതങ്കച്ചി (995–1079) . . . . . . . . . . . . . . . . . . . . 228
തകടിയേൽ മാത്തൻ ഇട്ടിയവിരാ (990–1054) . . . . . . . . . . . . . . . 233

47 പതിനൊന്നാം ശതകം, ഉത്തരാർദ്ധം (തുടർച്ച) . . . . . . . . . . . . . . . . . 235
കേരളവർമ്മൻ തിരുമുല്പാട് (1011–1064) . . . . . . . . . . . . . . . . . . 235
വേർക്കോട്ട് അച്യുതപ്പണിക്കർ (1014–1065) . . . . . . . . . . . . . . . . 236
പടുതോൾ വിദ്വാൻ നമ്പൂരിപ്പാട്ട് (998–1056) . . . . . . . . . . . . . . . . 237
കിഴക്കേപ്പല്ലത്തു ശങ്കരൻമൂസ്സത്: (1003–1063) . . . . . . . . . . . . . . 239
വിദ്വാൻ കൈക്കുളങ്ങര രാമവാരിയർ (1008–1072) . . . . . . . . . . . . . 245
ഉപ്പോട്ടു കണ്ണൻ (1000–1060) . . . . . . . . . . . . . . . . . . . . . . . 252
ആറ്റുപുറത്ത് ഇമ്പിച്ചൻഗുരുക്കൾ (1027–1076) . . . . . . . . . . . . . . . 253
മാടായി മന്ദൻഗുരുക്കൾ (1005?-1037) . . . . . . . . . . . . . . . . . . . 255
കാരായി കൃഷ്ണൻഗുരുക്കൾ (1030–1063) . . . . . . . . . . . . . . . . . . 255
നരിക്കുനി ഉണ്ണീരിക്കുട്ടിവൈദ്യൻ (1023–1084) . . . . . . . . . . . . . . . 256
റ്റി. കണാരൻ (1037–1072) . . . . . . . . . . . . . . . . . . . . . . . . 258
പി. വേലായുധൻ (1032–1076) . . . . . . . . . . . . . . . . . . . . . . 259
കക്കുഴി കുഞ്ഞിബാപ്പുഗുരുക്കൾ (1001–1083) . . . . . . . . . . . . . . 260
മങ്കട ശ്രീവല്ലഭൻതമ്പുരാൻ (1034–1076) . . . . . . . . . . . . . . . . . 262
അകത്തൂട്ടു ദാമോദരൻകർത്താവ് (1025–1097) . . . . . . . . . . . . . . . 263
നല്ലേപ്പള്ളി സുബ്രഹ്മണ്യശാസ്ത്രി (1004–1063) . . . . . . . . . . . . . . . 264

ഇടമന ഗണപതിപ്പോറ്റി (1036–1116) . . . . 267

48 വെണ്മണിപ്രസ്ഥാനം . . . . 269
പൂന്തോട്ടത്ത് അച്ഛൻനമ്പൂരി (996–1040) . . . . 271
കോട്ടപ്പടിക്കൽ ഗോദവർമ്മൻ തിരുമുല്പാട്ട് . . . . 275
പൂന്തോട്ടത്തു മഹൻനമ്പൂരി (1032–1121) . . . . 276
വെണ്മണി അച്ഛൻനമ്പൂരിപ്പാട്ട് (992–1066) . . . . 277
വെണ്മണി മഹൻനമ്പൂരിപ്പാട്ട് (1019–1068) . . . . 282

49 കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ . . . . 301
കൊച്ചുണ്ണിത്തമ്പുരാൻ (1033–1101) . . . . 301
വിടരാജവിജയം . . . . 307
വിപ്രസന്ദേശം . . . . 308
ബാണയുദ്ധം ചമ്പു . . . . 310
സോമതിലകം ഭാണം . . . . 313
അംബോപദേശം . . . . 314
മഹാകാവ്യങ്ങൾ: പാണ്ഡവോദയം . . . . 316
മറ്റു മൂന്നു മഹാകാവ്യങ്ങൾ . . . . 317
മലയാംകൊല്ലം . . . . 319
രുക്മിണീസ്വയംവരം മദ്ധ്യോത്തരഭാഗങ്ങൾ . . . . 319
സുന്ദരകാണ്ഡം തുള്ളൽ . . . . 319
ഭദ്രോൽപത്തി കിളിപ്പാട്ട് . . . . 320
ലക്ഷ്മീസ്വയംവരം കിളിപ്പാട്ട് . . . . 321
രാമാശ്വമേധം . . . . 321
ശ്രീമൽഭാഗവതം പാട്ട് . . . . 322
ഇതരകൃതികൾ . . . . 322
കുഞ്ഞിക്കുട്ടൻതമ്പുരാൻ (1040–1088) . . . . 323
(A) സ്വതന്ത്രഭാഷാകൃതികൾ . . . . 328
തമ്പുരാന്റെ കവിതാനിർമ്മാണം; ദ്രുതകവിത . . . . 330
ധനശാസ്ത്രകാരിക . . . . 339
ഭാഷാകൃതികൾ-കവിഭാരതം . . . . 339
ദക്ഷയാഗശതകം . . . . 340
പാലുള്ളിചരിതം . . . . 340
മദിരാശിയാത്ര . . . . 340
തുപ്പല്ക്കോളാമ്പി . . . . 341
കംസൻ . . . . 342
കൃതിരത്നപഞ്ചകം . . . . 342
കേരളം . . . . 342
രൂപകങ്ങൾ . . . . 343
മലയാളശബ്ദശാസ്ത്രം . . . . 344
ശബ്ദാലങ്കാരം . . . . 345
മഹാഭാരതം . . . . 345

മററു തർജ്ജമകൾ . . . . . . . . . . . . . . . . . . . . . . . . . . . 347
രൂപകവിവർത്തനങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . 348
എഴുത്തുകൾ . . . . . . . . . . . . . . . . . . . . . . . . . . . 349
ഭാഷാശൈലി . . . . . . . . . . . . . . . . . . . . . . . . . . . 350

50 കേരളവർമ്മ വലിയകോയിത്തമ്പുരാൻ (1020–1090) . . . . . . . . . . . . . . . . 354
വലിയ കോയിത്തമ്പുരാൻ . . . . . . . . . . . . . . . . . . . . . . . 357
ആയില്യംതിരുനാൾ മഹാരാജാവും വലിയ കോയിത്തമ്പുരാനും—പൂർവ്വദശ 361
ആയില്യംതിരുനാൾ മഹാരാജാവും, വലിയ കോയിത്തമ്പുരാനും—ഉത്തരദശ 363
റാണി ലക്ഷ്മീബായി സി.ഐ. (1023–1076) . . . . . . . . . . . . . . . . 391
അനന്തപുരത്തു രാജരാജവർമ്മ മൂത്തകോയിത്തമ്പുരാൻ (1013–1088) . . 395

51 ചില വൃത്താന്തപത്രങ്ങളും മാസികകളും . . . . . . . . . . . . . . . . . . . . . . 399
ചെങ്കളത്തു വലിയ കുഞ്ഞിരാമൻമേനോൻ (1033–1111) . . . . . . . . . . 399
കണ്ടത്തിൽ വറുഗീസ്മാപ്പിള (1033–1079) . . . . . . . . . . . . . . . . 401
കെ. എം. കൊച്ചീപ്പൻമാപ്പിള (1041–1111) . . . . . . . . . . . . . . . . 411
സി. പി. അച്യുതമേനോൻ (1037–1112) . . . . . . . . . . . . . . . . 412
വിദ്യാവിനോദിനിയും സുന്ദരയ്യരും . . . . . . . . . . . . . . . . . . . . 414
പരവൂർ കേശവനാശാൻ (1034–1092) . . . . . . . . . . . . . . . . 422
കോഴിക്കോട്ടു മാനവിക്രമ ഏട്ടൻതമ്പുരാൻ (1020–1090) . . . . . . . . 424
കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ (1040–1082) . . . . . . . . . . . . 431
കടത്തനാട്ടു രവിവർമ്മത്തമ്പുരാൻ (1047–1089) . . . . . . . . . . . . 435
കടത്തനാട്ടു ലക്ഷ്മിത്തമ്പുരാട്ടി (1020–1084) . . . . . . . . . . . . . . . . 436

52 വെണ്മണിപ്രസ്ഥാനം (തുടർച്ച) . . . . . . . . . . . . . . . . . . . . . . . . . . . 438
നടുവത്തച്ഛൻനമ്പൂരി (1016–1088) . . . . . . . . . . . . . . . . . . . . 438
നടുവത്തു മഹൻനമ്പൂരി (1043–1119) . . . . . . . . . . . . . . . . . . . . 442
കാത്തുള്ളിൽ അച്യുതമേനോൻ (1026–1085) . . . . . . . . . . . . . . . . 447
ഒറവങ്കര നീലകണ്ഠൻനമ്പൂരി (1032–1092) . . . . . . . . . . . . . . . . 451
കണ്ടൂർ നാരായണമേനോൻ (1036–1111) . . . . . . . . . . . . . . . . 456
ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ (1045–1091) . . . . . . . . . . . . . . . . 461
ശീവൊള്ളി നാരായണൻനമ്പൂരി (1044–1081) . . . . . . . . . . . . . . . . 467
തൃശ്ശൂർ തൈക്കാട്ടു നാരായണൻമൂസ്സത് (1046–1083) . . . . . . . . . . 472
കറുത്തപാറ ദാമോദരൻ നപൂരി (1021–1073) . . . . . . . . . . . . . . . . 474
പെട്ടരഴിയത്തു വലിയ രാമനിളയത് (1042–1110) . . . . . . . . . . . . 478
മാപ്രാണം നാരായണപ്പിഷാരടി (1057–1116) . . . . . . . . . . . . . . . . 482

53 ചില തിരുവിതാകൂർക്കവികൾ . . . . . . . . . . . . . . . . . . . . . . . . . . . 485
രാജരാജവർമ്മ കൊച്ചുകോയിത്തമ്പുരാൻ (1018–1078) . . . . . . . . . . 485
മാവേലിക്കര പുത്തൻകൊട്ടാരത്തിൽ ഉദയവർമ്മത്തമ്പുരാൻ (1019–1096) 487
ഗ്രാമത്തിൽ രാമവർമ്മകോയിത്തമ്പുരാൻ (1028–1091) . . . . . . . . . . 488
ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ (1037–1075) . . . . . . . . . . . . . . . . . . . . . . . . . . . 494

എണ്ണയ്ക്കാട്ട് രാജരാജവർമ്മത്തമ്പുരാൻ (1028–1092) . . . . . . . . . . . . 504
കോട്ടയത്ത് അനിഴംതിരുനാൾ കേരളവർമ്മത്തമ്പുരാൻ (1028—1082) . 509
വയക്കര ആര്യൻ നാരായണൻമൂസ്സത് (1017–1077) . . . . . . . . . . . . . 510
പന്തളം കൃഷ്ണവരിയർ (1035–1107) . . . . . . . . . . . . . . . . . . . . 517
കവിയൂർ രാമൻനമ്പിയാർ (1044–1077) . . . . . . . . . . . . . . . . . . . 518
മറിയപ്പള്ളി ഉദയവർമ്മത്തമ്പുരാൻ (1012–1107)– . . . . . . . . . . . . . 521
മുരിങ്ങൂർ ശങ്കരൻപോറ്റി (1018–1080) . . . . . . . . . . . . . . . . . . . 523
കൊട്ടാരത്തിൽ ശങ്കുണ്ണി (1030–1112) . . . . . . . . . . . . . . . . . . . 524

54 കൊച്ചിയിലെ ചില കവികളും കവയിത്രികളും . . . . . . . . . . . . . . . . . . . 541
ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ (1032–1080) . . . . . . . . . . . . . 541
സി. ഏ. നാണവയ്യാശാസ്ത്രി (1025–1088) . . . . . . . . . . . . . . . . . 548
മാക്കോത്തുകൃഷ്ണമേനോൻ (1022—1090) . . . . . . . . . . . . . . . . . 549
വരവൂർ ശാമുമേനോൻ (1050–1102) . . . . . . . . . . . . . . . . . . . . 551
ചെറുശ്ശേരി ചാത്തുമേനോൻ (1038–1141) . . . . . . . . . . . . . . . . . 556
ഒടുവിൽ ശങ്കരൻകുട്ടിമേനോൻ (1059–1120) . . . . . . . . . . . . . . . . 558
നാലുകെട്ടിൽ കൃഷ്ണമേനോൻ (1033–1102) . . . . . . . . . . . . . . . . . 562
കൊച്ചി വലിയ ഇക്കഅമ്മത്തമ്പുരാൻ (1019–1096) . . . . . . . . . . . . . 563
നാഗരുകോവിലിൽ കല്യാണിക്കുട്ടി അമ്മച്ചി (1014–1084) . . . . . . . . 567
തോട്ടയ്ക്കാട്ട് ഇക്കാവമ്മ (1039–1091) . . . . . . . . . . . . . . . . . . . 569
സി. ഗോവിന്ദൻ എളേടം (1040–1104) . . . . . . . . . . . . . . . . . . . 573
കോടശ്ശേരി കുഞ്ഞൻതമ്പാൻ (1022–1080) . . . . . . . . . . . . . . . . 574
പാലിയത്തു ചെറിയ കുഞ്ഞുണ്ണിയച്ചൻ (1056–1118) . . . . . . . . . . . . 575
ആലത്തൂർ അനുജൻനമ്പൂരിപ്പാട്ട് (1057–1118) . . . . . . . . . . . . . . . 577
റാണി ഗംഗാധരലക്ഷ്മി . . . . . . . . . . . . . . . . . . . . . . . . . . . 579
ഇളമന കല്യാണിയമ്മ . . . . . . . . . . . . . . . . . . . . . . . . . . . 579
കല്ലറയ്ക്കൽ കുട്ടപ്പമേനോൻ (1047–1100) . . . . . . . . . . . . . . . . . 580
കെ.പി. കറുപ്പൻ (1060–1113) . . . . . . . . . . . . . . . . . . . . . . 582

55 ചില തിരുവിതാംകൂർക്കവികൾ (തുടർച്ച) . . . . . . . . . . . . . . . . . . . 587
അഴകത്തു പത്മനാഭക്കുറുപ്പ് (1044–1107) . . . . . . . . . . . . . . . . 587
പുതുക്കാട്ടുമഠത്തിൽ കൃഷ്ണനാശാൻ . . . . . . . . . . . . . . . . . . . . 588
കരയംവെട്ടത്തു സുകുമാരപിള്ള (1043–1118) . . . . . . . . . . . . . . . 592
കല്ലമ്പള്ളി വിഷ്ണുനമ്പൂരി (1040–1112) . . . . . . . . . . . . . . . . . 595
ഏറ്റത്ത് അച്യുതവാരിയർ (1066–1103) . . . . . . . . . . . . . . . . . . 596
കുമ്മനം ഗോവിന്ദപ്പിള്ള (1051–1117) . . . . . . . . . . . . . . . . . . . 596
പന്തളത്തു കേരളവർമ്മത്തമ്പുരാൻ (1054–1094) . . . . . . . . . . . . . 597
1 മാളികത്താഴെ ഭരണിനാൾ കേരളവർമ്മത്തമ്പുരാൻ . . . . . . . . . 598
2 വടക്കേക്കൊട്ടാരത്തിൽ തിരുവാതിരനാൾ രാജരാജവർമ്മ വലിയ തമ്പുരാൻ . . . . . . . . . . . . . . . . . . . . . . . . . . . . . . 598
3 തെക്കേക്കെട്ടിൽ കൊട്ടാരത്തിൽ അത്തം നാൾ ഗോദവർമ്മ വലിയ തമ്പുരാൻ . . . . . . . . . . . . . . . . . . . . . . . . . . . . . . 598

4 നെയ്ത്തല്ലൂർക്കോയിക്കൽ മകയിരംനാൾ കേരളവർമ്മത്തമ്പുരാൻ . . . 599
5 നെയ്ത്തല്ലൂർക്കൊട്ടാരത്തിൽ തൃക്കേട്ടനാൾ വീരകേരളവർമ്മത്തമ്പുരാൾ . 600
പന്തളത്തു രാഘവവർമ്മത്തമ്പുരാൻ (1049—1116) . . . . . . . . . . . . . 612
മുല്ലൂർ എസ്. പത്മനാഭപ്പണിക്കർ (1044—1106) . . . . . . . . . . . . . 613

56 മലബാറിലെ ചില കവികൾ . . . . . . . . . . . . . . . . . . . . . . . . . . . . . 625
വെള്ളാനശ്ശേരി വാസ്സുണ്ണിമൂസ്സതു് (1030—1089) . . . . . . . . . . . . 625
ശ്രീപാദാദികേശപഞ്ചാശികയും മായാസ്തവവും . . . . . . . . . . . . 627
സാരൂപ്യസാമ്രാജ്യം . . . . . . . . . . . . . . . . . . . . . . . . . . . 628
മാനവിക്രമ സാമൂതിരിമഹാരാജചരിതം . . . . . . . . . . . . . . . . 628
വൃത്തരത്നമാല . . . . . . . . . . . . . . . . . . . . . . . . . . . . 629
ഭാഷാകൃതികൾ . . . . . . . . . . . . . . . . . . . . . . . . . . . . 629
ഒരു മുക്തകം . . . . . . . . . . . . . . . . . . . . . . . . . . . . 630
കെ.വി.അവിനാശിഎഴുത്തച്ഛൻ (1039—1084) . . . . . . . . . . . . . 630
കപ്പടത്തു ശങ്കരമേനോൻ (1029—1104) . . . . . . . . . . . . . . . . 631
തേലപ്പുറത്തു നാരായണൻനമ്പി (1051—1099) . . . . . . . . . . . . . . 633
മണ്ണന്തല നീലകണ്ഠൻമൂസ്സതു് (1043—1121) . . . . . . . . . . . . . . 635
എം. കുഞ്ഞൻവാരിയർ (1047—1118) . . . . . . . . . . . . . . . . . 637
ശ്രീരാമവർമ്മവിജയം . . . . . . . . . . . . . . . . . . . . . . . . . 639
ദക്ഷിണയാത്ര . . . . . . . . . . . . . . . . . . . . . . . . . . . . 640
ജനകോപദേശം . . . . . . . . . . . . . . . . . . . . . . . . . . . . 640
കൃഷ്ണാട്ടം . . . . . . . . . . . . . . . . . . . . . . . . . . . . . 641
കെ. സി. നാരായണൻനമ്പിയാർ (1048—1097) . . . . . . . . . . . . . 641
ചക്കീചങ്കരം നാടകം . . . . . . . . . . . . . . . . . . . . . . . . 647
ഇന്ദുലേഖാനാടകം . . . . . . . . . . . . . . . . . . . . . . . . . . 648
കല്യാണീകല്യാണം . . . . . . . . . . . . . . . . . . . . . . . . . . 648
കടത്തനാട്ടു കൃഷ്ണവാരിയർ (1043—1111) . . . . . . . . . . . . . . . 651
ഭാഷാരാമായണചമ്പു . . . . . . . . . . . . . . . . . . . . . . . . . 652
സീമന്തിനീചരിതം . . . . . . . . . . . . . . . . . . . . . . . . . . 653
കോളിയോട്ടു മാധവവാരിയർ . . . . . . . . . . . . . . . . . . . . . 653
മീത്തലമഠം ശങ്കരവാരിയർ (1015—1056) . . . . . . . . . . . . . . . 653
നീലഞ്ചേരി ശങ്കരൻനായർ (1050—1109) . . . . . . . . . . . . . . . 654
കുട്ടമത്തു് കുഞ്ഞുണ്ണിക്കുറുപ്പ് (988—1060) . . . . . . . . . . . . . . 656
ദേവീമാഹാത്മ്യം . . . . . . . . . . . . . . . . . . . . . . . . . . . 657
കപോതസന്ദേശം . . . . . . . . . . . . . . . . . . . . . . . . . . . 658
വ്യാസോൽപത്തിസംക്ഷേപം . . . . . . . . . . . . . . . . . . . . . . 658
ഒരു ഭാഷാശ്ലോകം . . . . . . . . . . . . . . . . . . . . . . . . . . 658
കുട്ടമത്തു ചെറിയ രാമക്കുറുപ്പ് (1022—1081) . . . . . . . . . . . . . 659
രുക്മിണീസ്വയംവരം . . . . . . . . . . . . . . . . . . . . . . . . . 661
സീതാസ്വയംവരം . . . . . . . . . . . . . . . . . . . . . . . . . . . 661
ആട്ടക്കഥകൾ . . . . . . . . . . . . . . . . . . . . . . . . . . . . 661
കുട്ടമത്തു കുഞ്ഞിക്കേളുക്കുറുപ്പ് (1038—1090) . . . . . . . . . . . . 662

കുട്ടമത്തു കുഞ്ഞനുക്കുറുപ്പ് (1032–1086) . . . . . . . . . . . . . . . . . . . 663
ഒരു ഭാഷാശ്ലോകം . . . . . . . . . . . . . . . . . . . . . . . . . . . . 664
കുട്ടമത്തു കുഞ്ഞിക്കൃഷ്ണക്കുറുപ്പ് (1056–1119) . . . . . . . . . . . . . . . . . 664
കാളിയമർദ്ദനം . . . . . . . . . . . . . . . . . . . . . . . . . . . 667
സംഗീതനാടകങ്ങൾ . . . . . . . . . . . . . . . . . . . . . . . . . 668
ബാലഗോപാൽ ആട്ടക്കഥ . . . . . . . . . . . . . . . . . . . . . . 668
കിളിപ്പാട്ടുകൾ . . . . . . . . . . . . . . . . . . . . . . . . . . . 669
അമൃതരശ്മി . . . . . . . . . . . . . . . . . . . . . . . . . . . . 669
മൂകാംബികാകടാക്ഷമാല . . . . . . . . . . . . . . . . . . . . . . . 671
യോഗവാസിഷ്ഠം . . . . . . . . . . . . . . . . . . . . . . . . . . . 671

# 42

# പതിനൊന്നാം ശതകം, പൂർവാർദ്ധം

## സ്വാതിതിരുനാൾ മഹാരാജാവ് (988—1022)

കൊല്ലം പതിനൊന്നാം ശതകത്തിലെ കേരളസാഹിത്യചരിത്രം ആരംഭിക്കേണ്ടതു് ഏതു നില നോക്കിയാലും തിരുവിതാംകൂർ സ്വാതിതിരുനാൾ മഹാരാജാവിന്റെ ജീവിതോപാഖ്യാനത്തോടുകൂടിത്തന്നെയാണ്. പുണ്യശ്ലോകനും സകലകലാവല്ലഭനുമായിരുന്ന ആ തമ്പുരാൻ കേരളത്തിലെ സാഹിത്യം, സംഗീതം, ഇതരകലകൾ, സംസ്കാരം ഇവയുടെ അഭിവൃദ്ധിക്കുവേണ്ടി സഹസ്രമുഖമായി അനുഷ്ഠിച്ചിട്ടുള്ള സേവനത്തിന്റെ മാഹാത്മ്യം വാചാമഗോചരമാകുന്നു.

### ജനനം

964-ാമാണ്ടു് തുലാമാസം 3-ാം തിയ്യതി ധർമ്മരാജാവു കോലസ്വരൂപത്തിൽനിന്നു രണ്ടു രാജകുമാരിമാരെ വഞ്ചിരാജവംശത്തിലേയ്ക്കു ദത്തെടുക്കുകയുണ്ടായി. അവരിൽ ജ്യേഷ്ഠസഹോദരിയായ ഭരണിതിരുനാൾ തമ്പുരാട്ടിയുടെ മൂത്തപുത്രി ആയില്യം തിരുനാൾ ഗൗരി ലക്ഷ്മീബായി 967-ാമാണ്ടു മീനം 24-ാംനു ജനിച്ചു. ഭരണിതിരുനാൾ 983-ൽ മരിച്ചു. തന്നിമിത്തം അവിട്ടംതിരുനാൾ രാമവർമ്മമഹാരാജാവു് 986 തുലാം 24-ാംനു നാടുനീങ്ങിയപ്പോൾ ഗൗരി ലക്ഷ്മീബായിത്തമ്പുരാട്ടി 986 മീനം 6-ാംനു സിംഹാസനാരൂഢയായി. അവിടത്തെ ഭർത്താവു ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാനായിരുന്നു. അന്നു് ആ ദമ്പതിമാർക്കു രുക്മിണീബായി എന്ന ഒരു സ്ത്രീസന്താനം മാത്രമേ ഉണ്ടായിരുന്നുള്ളു. ആയില്യംതിരുനാൾ രുക്മിണീബായി എന്ന ആ രാജകുമാരി 984 കുംഭം 19-ാംനു ജനിച്ചു. നാടുവാഴ്ചയ്ക്കു പുരുഷപ്രജ ഇല്ലാത്ത ദുഃഖം റാണിയെ അധികകാലം ക്ലേശിപ്പിച്ചില്ല. 988 മേടം 6-ാംനു അവിടുന്നു സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവിനേയും തദനന്തരം 990 ചിങ്ങം 3-ാംനു ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ ഇളയതമ്പുരാനേയും പ്രസവിച്ചു. ഗൗരി ലക്ഷ്മീബായി 990 കന്നി 5-ാംനു തീപ്പെട്ടുകയാൽ ആ രാജകുമാരനെ സംരക്ഷിക്കേണ്ട ഭാരം അക്കാലത്തു പതിമ്മൂന്നു വയസ്സുപോലും തികയാത്ത ആ തമ്പുരാട്ടിയുടെ കനിഷ്ഠസഹോദരി ഉത്രട്ടാതിതിരുനാൾ ഗൗരി പാർവ്വതീബായിയും പിതാവു രാജരാജവർമ്മകോയിത്തമ്പുരാനും കൂടി വഹിക്കേണ്ടിവന്നു. രുക്മിണീബായിയെ തിരുവല്ലാ പുണർതംനാൾ രാമവർമ്മകോയിത്തമ്പുരാൻ 994-ആണ്ടു് ഇടവം 7-ാംനു പള്ളിക്കെട്ടുകഴിച്ചു. ആ കോയിത്തമ്പുരാൻ 1033-ൽ മരിച്ചു. ആ രാജ്ഞിയുടെ

പുത്രന്മാരിൽ ആയില്യം തിരുനാൾ രാമവർമ്മമഹാരാജാവിനെപ്പറ്റിയും വിശാഖം തിരുനാൾ രാമവർമ്മമഹാരാജാവിനെപ്പറ്റിയും യഥാകാലം പ്രസ്താവിച്ചുകൊള്ളാം. ജനനകാലത്തിൽ രാജകുടുംബത്തിൽ പുരുഷാംഗങ്ങൾ ഇല്ലാതെയിരുന്നതിനാൽ സ്വാതിതിരുനാൾ മഹാരാജാവു 'ഗർഭശ്രീമാൻ' എന്ന പ്രശസ്തിക്ക് അവകാശിയായിത്തീർന്നു.

## വിദ്യാഭ്യാസം

ബാല്യത്തിൽത്തന്നെ ഒരവതാരപുരുഷനെന്നു പ്രേക്ഷകർക്കു തോന്നത്തക്കനിലയിൽ വിശ്വോത്തരമായ കുശാഗ്രബുദ്ധിയും മേധാസമ്പത്തും കാര്യഗ്രഹണപാടവവും പ്രദർശിപ്പിച്ച മഹാരാജാവിന്റെയും ഇളയതമ്പുരാന്റെയും വിദ്യാഭ്യാസവിഷയത്തിൽ റാണി പാർവ്വതീബായിയും രാജരാജവർമ്മ കോയിത്തമ്പുരാനും പ്രത്യേകശ്രദ്ധ പ്രകടിപ്പിച്ചു. പാർവ്വതീറാണിയെ 988-മാണ്ടു മകരം 2-ാംനു കിളിമാനൂർ രാഘവവർമ്മകോയിത്തമ്പുരാൻ വിവാഹം ചെയ്തു. അദ്ദേഹം 997 തുലാം 15-ാംനു മരിച്ചതിനുമേൽ പന്തളം ഗോദവർമ്മതമ്പുരാൻ കുറേക്കാലം കൂട്ടിരുന്നു. ആ റാണിയെ പുകഴ്ത്തി അനേകം ഗാനങ്ങൾ അന്നത്തെ ആസ്ഥാനകവിപുങ്ഗവനായിരുന്ന രവിവർമ്മൻ (ഇരയിമ്മൻ) തമ്പി രചിച്ചിട്ടുണ്ട്. ആ മഹാകവി "പാരിടങ്ങളിലെങ്ങുമിങ്ങനെ വഞ്ചീശ്വരിയെപ്പോലെ ഭാഗ്യമുള്ളവരില്ല നൂനം" എന്ന പദത്തിൽ

> "വാണീഗുണങ്ങൾ കേട്ടാൽ നാണിക്കുമമൃതവും
> പാണിക്കു ദാനശീലമേറ്റമത്ര്യുമല്ല,
> കാണിക്കും വൈരികളിലൂറ്റം ഗോബ്രാഹ്മണപരി–
> ത്രാണകർമ്മധുരീണശാസ്ത്രപുരാണനാടകഭാണകോവിദ–
> വൈണികഗായകസഭയിലിരുന്നതിമോദംചെയ്യുന്നു വിനോദം"

എന്നു വർണ്ണിക്കുന്നതിനു പുറമേ "മനസാ കരുതുന്നിതൻപൊടു" എന്ന പദത്തിൽ അവിടത്തേയ്ക്കു "ഗാനനടനഭേദംചേർന്നൊരു കളികളൊടു വിനോദം" ഉണ്ടായിരുന്നതായും പ്രസ്താവിച്ചിരിക്കുന്നു. അതുപോലെ തമ്പി കോയിത്തമ്പുരാനിൽ "ഇതുപോലെ സൗജന്യമില്ലാർക്കും ഭൂതലേ" എന്ന പദത്തിൽ അദ്ദേഹത്തിനു "സർവവിദ്യകളറിഞ്ഞെഴുന്നൊരു മഹത്വവും"

> "വാസിഷ്ഠാർത്ഥത്തിൽ
> ദിവാനിശം ബഹുവിചാരവും
> വിവേകിസഭയിൽ നിവാസവും
> വിവാദയുക്തിയിൽ വിനോദവും
> ശിവോഹമെന്നൊരു സുബോധവും"

പരിലസിച്ചിരുന്നതായി സ്തുതിച്ചുകാണുന്നു. വാസിഷ്ഠരാമായണത്തിൽ അവഗാഹം സിദ്ധിച്ച ഒരാൾ വിശിഷ്ടപണ്ഡിതനും അദ്വൈതാധ്വനീനനുമായിരുന്നിരിക്കണമല്ലോ. സ്യാനന്ദൂര പുരവർണ്ണനപ്രബന്ധത്തിന്റെ (സുന്ദരീ)വ്യാഖ്യാനത്തിലും

> കരബദരവദാസ്തേ യദ്ദശോര്യോഗിമുഖ്യൈ–
> രതികരണപദാർത്ഥഃ ശ്രീശുകാദ്യൈശ്ച മൃഗ്യഃ
> സ ഹി ഗുണഗണസിന്ധുർവഞ്ചിഭൂപാലതാതോ
> ജയതി നൃപതിവര്യോ രാജരാജാഭിധാനഃ"

എന്ന് അദ്ദേഹത്തെ പ്രശംസിച്ചിരിക്കുന്നു. തഞ്ചാവൂരിൽനിന്നു ശേഷോപണ്ഡിതർ സുബ്ബരായർ എന്ന പണ്ഡിതൻ 995-ാണ്ടു കുംഭം 15-ാംനു വന്ന് അവിടത്തെ ഇംഗ്ലീഷ് അഭ്യസിപ്പിച്ചു തുടങ്ങി. ആ ഭാഷയിലുള്ള അനന്യസുലഭമായവൈദുഷ്യം നിമിത്തം ഇംഗ്ലീഷ്സുബ്ബരായർ എന്ന പേരിൽ വിദിതനായിത്തീർന്ന അദ്ദേഹം പിൻകാലത്തു മഹാരാജാവിന്റെ ദിവാൻജിയായി. ധർമ്മരാജാവിന് ഇംഗ്ലീഷ് അപരിചിതമല്ലായിരുന്നെങ്കിലും തിരുവിതാംകൂർ മഹാരാജകുടുംബത്തിൽ ആ ഭാഷബാല്യത്തിൽത്തന്നെ അഭ്യസിക്കുവാൻ ആദ്യമായി സൗകര്യം ലഭിച്ചതു നമ്മുടെ കഥാപുരുഷന്നായിരുന്നു. 998-ൽ സംസ്കൃതത്തിൽ ഉപരിപാഠങ്ങൾ പഠിപ്പിക്കുന്നതിന് അരിപ്പാട്ടുനിന്നു കിഴക്കേവാരിയത്തു കൊച്ചുപിള്ളവാരിയരെ വരുത്തി. കൊച്ചു പിള്ളവാരിയർ അക്കാലത്തെ ഒരു പ്രസിദ്ധ സംസ്കൃതപണ്ഡിതനായിരുന്നു എന്നു മാത്രമല്ല, 992-ൽ പാർവ്വതീറാണി പ്രവൃത്തിപ്പള്ളിക്കൂടങ്ങൾ സ്ഥാപിച്ചപ്പോൾ അരിപ്പാട്ടു പള്ളിക്കൂടത്തിൽ ഭാഷ പഠിപ്പിക്കുന്നതിനു നിയമിതനായി; തദ്വാരാ അദ്ധ്യാപന വിഷയത്തിൽ വേണ്ട പരിചയവും സമ്പാദിച്ചിരുന്നു. തെലുങ്കുഭാഷ പഠിപ്പിക്കുവാൻ സുബ്ബരാമഭാഗവതർ എന്നൊരു പണ്ഡിതനെയാണ് നിയമിച്ചത്. പേർഷ്യനിൽ ഉപരിപാഠത്തിനു കൊട്ടാരം മുൻഷി മദിരാശി സയ്യദ് നിസാംമൊയ്തുവിനു പുറമേ അവിടെനിന്നുതന്നെ മുഹദീൻഷാ എന്നൊരു പണ്ഡിതനേയും വരുത്തി. സുബ്ബരായർ ഇംഗ്ലീഷിനുപുറമെ മഹാരാഷ്ട്ര ഭാഷയും അഭ്യസിപ്പിച്ചു. 998-ൽത്തന്നെ തിരുമനസ്സിലെപ്പറ്റി തിരുച്ചെന്തൂർ നാരായണക്കവിരായർ എന്നൊരു വിദ്വാൻ തമിഴിൽ ഒരു പാട്ടുണ്ടാക്കി സമർപ്പിക്കുകയും അതിന് 700 പണം തൃക്കയ്യിൽനിന്നു സമ്മാനം വാങ്ങുകയും ചെയ്തതായി രേഖയുണ്ട്. ആ കൊല്ലത്തിൽ തിരുനെൽവേലി വെങ്കടാചലമയ്യങ്കാർ പള്ളിവായനയ്ക്കായിട്ടു കഥകൾ എഴുതിക്കൊണ്ടുവരികയും പാരിതോഷികം പറ്റുകയും ചെയ്തു. 1000-മാണ്ട് അവിടത്തെ സന്ദർശിച്ച കർണ്ണൽ വെൽഷ് എന്ന ബ്രിട്ടീഷ്സേനാനി അദ്ദേഹത്തിന്റെ സൈനികസ്മരണകൾ (Military Reminiscences) എന്ന പുസ്തകത്തിൽ അന്നുതന്നെ തിരുമനസ്സിലേയ്ക്കു മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, പേർഷ്യൻ എന്നീ ഭാഷകളിൽ സിദ്ധിച്ചിരുന്ന അത്ഭുതാവഹമായ ജ്ഞാനത്തെപ്പറ്റി "എല്ലാ ഭാഷകളിലും അവിടുന്ന് ഒന്നുപോലെ നൈപുണ്യം സമ്പാദിച്ചിരുന്നതായി എനിക്കു തോന്നി" എന്നു അഭിപ്രായപ്പെട്ടതിനുമേൽ "എന്നെ അത്യധികം വിസ്മയിപ്പിച്ചതു ജ്യോമെട്രി എന്ന ശബ്ദം സംസ്കൃതത്തിലെ ജ്യാമിതി എന്ന സംസ്കൃതശബ്ദത്തിന്റെ തത്ഭവമാണെന്നും, അതുപോലെ ഹെക്സഗൺ സെപ്റ്റഗൺ ഒക്റ്റഗൺ ഡെക്കഗൺ ഡുവോഡക്കൺ എന്നീ ശബ്ദങ്ങൾ യഥാക്രമം ഷഷ്ഠകോണം, സപ്തകോണം, അഷ്ടകോണം, ദശകോണം, ദ്വാദശകോണം എന്നീ സംസ്കൃതശബ്ദങ്ങളുടെ രൂപഭേദമാണെന്നുമുള്ള പ്രസ്താവനയാകുന്നു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. മേൽക്കാണിച്ച ഭാഷകൾക്കു പുറമേ തമിഴിലും കർണ്ണാടകത്തിലുംകൂടി അവിടുന്നു പാണ്ഡിത്യം നേടി. താൻ പഠിച്ച ഏതദ്ദേശീയഭാഷകളിലെല്ലാം കവനം ചെയ്യുന്നതിനുള്ള പാടവവും അതോടുകൂടിത്തന്നെ സ്വായത്തമാക്കി. "അഷ്ടാദശ സുഭാഷാസു കവനം ച കരോതി യഃ" എന്നും മറ്റും രാമവർമ്മ വിജയചമ്പുവിൽ പ്രസ്താവിച്ചിട്ടുള്ളതു വസ്തുസ്ഥിതികഥനമാണെന്ന് അനുമാനിക്കുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല. ആബാല്യാൽത്തന്നെ സംഗീതത്തിലും ഭരതനാട്യത്തിലും തിരുമേനി ബഹുപ്രകാരത്തിൽ സുശിക്ഷിതനായിത്തീർന്നു.

## രാജ്യഭരണം

1004-ാണ്ടു മേടമാസം 10-ാംനു 16 വയസ്സു പൂർത്തിയാകുകയാൽ മഹാരാജാവു കനിഷ്ഠമാതാവിന്റെ പക്കൽനിന്നു രാജ്യഭാരം കയ്യേറ്റു. സകലകലാകുശലനാണെങ്കിലും അവിടുന്നു ധീരലളിതനായി ജീവിക്കുവാൻ ഇഷ്ടപ്പെട്ടില്ല. വിദഗ്ദ്ധന്മാരായ മന്ത്രിമാർ സേവനസന്നദ്ധന്മാരായി ഉണ്ടായിരുന്നു എങ്കിലും ഓരോ കാര്യവും അവിടുന്നു നേരിട്ടുതന്നെയാണ് അന്വേഷിച്ചു തീരുമാനിച്ചുവന്നതു്. തന്റെ ആജ്ഞാബലത്തിന്റെ അപ്രതിഹതത നിമിത്തം അവിടത്തേയ്ക്കു ശക്തൻ രാജാവു് എന്ന ബിരുദം ഭയഭക്തിപരവശന്മാരായ പ്രജകൾ സമർപ്പണംചെയ്തു. പത്മനാഭന്റെ ചരണാരവിന്ദങ്ങളിൽ അചഞ്ചലമായ ഭക്തിയും പ്രജകളുടെ അഭീഷ്ടദാനത്തിൽ ആത്മാർത്ഥമായ ആസക്തിയും അവിടുത്തെ വിശിഷ്ട ഗുണങ്ങളായിരുന്നു. ധർമ്മഭ്രംശം അവിടുന്ന്, അതിന്റെ ഉൽപത്തിസ്ഥാനം ഏതായിരുന്നാലും, സഹിച്ചിരുന്നില്ല. തന്റെ ഗുരുനാഥൻ സുബ്ബരായർ ദിവാനായിരുന്ന കാലത്തു് ഒരവസരത്തിൽ കോഴ വാങ്ങിയതായി സംശയിച്ചു് അവിടുന്ന് അദ്ദേഹത്തെ പണിയിൽനിന്നു പിരിച്ചുവിടുകപോലും ചെയ്തു. വഞ്ചിരാജ്യത്തിലെ ഏതു ഭരണവകുപ്പിന്റെ ചരിത്രം പരിശോധിച്ചാലും അതിന്റെ പ്രതിഷ്ഠാപകനോ പരിഷ്കർത്താവോ ആയി അവിടുന്നു പ്രത്യക്ഷപ്പെടുന്നതാണ്.

തിരുമനസ്സിലെ വിദ്യാവിഷയകമായ പരിഷ്കാരപരമ്പരയെപ്പറ്റി മാത്രമേ ഇവിടെ പ്രസ്താവിക്കേണ്ടതുള്ളു. 1009-മാണ്ടുവരെ സക്കാരിൽനിന്ന് ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു നേരിട്ടു് ഏപ്പാടുകൾ ഒന്നും ചെയ്തുവന്നിരുന്നില്ല ആ കൊല്ലം മിഥുനം 1-ാംനു മഹാരാജാവു നാഗരുകോവിലിൽ സ്വന്തമായി ഒരു ഇംഗ്ലീഷുപള്ളിക്കൂടം നടത്തിക്കൊണ്ടിരുന്ന ജോൺ റോബർട്ട്സ് എന്ന ധ്വരയെ തിരുവനന്തപുരത്തു വരുത്തി രാജധാനിയിൽ അദ്ദേഹത്തിന്റെ സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിന് ഉപദേശിക്കുകയും സക്കാരിൽനിന്നു മാസംതോറും നല്ല ഒരു സംഖ്യ അദ്ദേഹത്തിനു സഹായധനമായി സംഭാവനചെയ്യുകയും ചെയ്തു. റോബർട്ട്സ് ആദ്യകാലങ്ങളിൽ ആലപ്പുഴ സി. എം. എസ്. വക ഒരു സ്കൂളിൽ അധ്യാപകനായിരുന്നു. പിന്നീടാണ് നാഗരുകോവിലിലേയ്ക്കു പോയതു്. 1012-ൽ ആ സ്കൂളിനെ രാജാസ് ഫ്രീ സ്കൂൾ എന്ന പേരിൽ ഗവർമ്മെന്റുസ്കൂളായി സ്വീകരിച്ചു ധ്വരയെ അതിലെ പ്രധാനാധ്യാപകനാക്കി. അതിനെത്തുടർന്നു കോട്ടാർ, തക്കല, ചിറയിൻകീഴ്, കായംകുളം എന്നീ സ്ഥലങ്ങളിൽ ഡിസ്ത്രിക്ട് ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിച്ചു. 994-ാണ്ടുവരെ സർക്കാർ ഡിപ്പാർട്ടുമെന്റുകളിലെ മലയാളം എഴുത്തുകുത്തുകൾപ്രായേണ മലയാളവും തമിഴും അല്ലാത്തതും മലയാംതമിഴ് എന്നു പറഞ്ഞുവന്നിരുന്നതുമായ ഒരുതരം ലിപിയിലാണു നടത്തപ്പെട്ടുവന്നതു്. അതിനു ഗണനീയമായ ഒരു മാറ്റം തിരുമനസ്സുകൊണ്ടു വരുത്തി തദ്വാരാ മലയാളഭാഷയ്ക്കു ഉന്നമനം നല്കി. പാർവ്വതീബായി റീജന്റും ആ വിഷയത്തിൽ ദത്താവധാനയായിരുന്നു. 1012-ാണ്ടു തിരുവനന്തപുരത്തു നക്ഷത്രബങ്ക്ളാവു സ്ഥാപിക്കുകയും സ്വല്പകാലം കഴിഞ്ഞു ജോൺ ആലൻ ബ്രൗൺ എഫ്. ആർ. എസ്. എന്ന സുപ്രസിദ്ധനായ ഗണിതശാസ്ത്രജ്ഞനെ വരുത്തി അതിന്റെ പര്യവേക്ഷകനായി നിയമിക്കുകയും ചെയ്തു. തിരുവനന്തപുരത്തു പബ്ലിക്ക് ലൈബ്രറിക്ക് ഉദാരമായ സംഭാവന നല്കി. 1014-ാണ്ടുവരെ സർക്കാരിനു സ്വന്തമായി ഒരു മുദ്രാലയം ഇല്ലായിരുന്നതിനാൽ ആവശ്യമുള്ള അച്ചടിവേലകൾ കോട്ടയത്തെ സി.എം.എസ്. അച്ചുക്കൂടംമുഖേനയാണ് നിർവ്വഹിച്ചുവന്നതു്. ആ കൊല്ലത്തിൽ മഹാരാജാവു സർക്കാർവകയായി ഒരു അച്ചുക്കൂടം തിരുവനന്തപുരത്തു സ്ഥാപിക്കുകയും 1015-ലെ സർക്കാർപഞ്ചാങ്ഗം ആ അച്ചുക്കൂടത്തിൽനിന്നു പ്രസിദ്ധീകരിക്കുകയും ചെയ്തു. ശില്പശാസ്ത്രത്തിലും അവിടത്തേയ്ക്കു അഭിനിവേശം ഉണ്ടായിരുന്നു. തിരുവനന്തപുരത്തു

നക്ഷത്രബങ്ക്ളാവ്, രങ്ഗവിലാസം കൊട്ടാരം, പുത്തൻമാളിക, പത്മനാഭപുരത്തു ഡർബാർഹാൾ മുതലായ സൗധങ്ങൾ അവിടത്തെ മേൽനോട്ടത്തിൽ പണിയിച്ച വയാണ്. പൂജപ്പുര എഴുന്നള്ളത്തിനും മറ്റുമായി 1016-ൽ ഒരു രമണീയമായ രഥവും അവിടുന്നു തീർപ്പിച്ചു. 1017 ചിങ്ങം 20-ാംനു-യായിരുന്നു ആ വാഹനത്തിൽ ആദ്യമായി പട്ടണപ്രവേശം നടത്തിയതു്.

## വിദ്വൽപ്രോത്സാഹനം—സങ്ഗീതം

സ്വാതിതിരുനാൾ മഹാരാജാവിന്റെ കൃതികളെപ്പറ്റി വിവരിക്കുന്നതിനു മുമ്പായി അവിടുത്തെ വിശ്വവിശ്രുതമായ വിദ്വൽ പ്രോത്സാഹനത്തെപ്പറ്റി സ്വല്പം പ്രസ്താവിക്കാം. ധർമ്മരാജാവിന്റെ കാലത്തെ സ്യാനന്ദൂരനഗരം അവിടുന്നു ഭാവനാചക്ഷുസ്സുകൊണ്ടുകണ്ടു; ആ നിലയിൽ അതിനെ വീണ്ടും ഉദ്ധരിക്കണമെന്നുള്ള ആശ അവിടത്തേയ്ക്കു സ്വാഭാവികമായിത്തന്നെ അങ്കുരിക്കുകയും അതു പ്രതീക്ഷയിലധികം ഫലിക്കുകയും ചെയ്തു. സുപ്രസിദ്ധനായ ശരഭോജിമഹാരാജാവു ക്രി. പി. 1798 മുതൽ 1832 വരെ തഞ്ചാവൂർരാജ്യം ഭരിച്ചു. അദ്ദേഹത്തിനു സകല ലളിത കലകളിലും പ്രത്യേകിച്ചു സങ്ഗീതസാഹിത്യങ്ങളിലും അസാധാരണമായ അവഗാഹമുണ്ടായിരുന്നു. ആ സമുദ്രങ്ങളിൽ അനുദിനം അവ്യാഹതമായി വിഹരിക്കുന്നതിനുവേണ്ടി അദ്ദേഹം രാജ്യഭാരംപോലും ബ്രിട്ടീഷുകാരെ ഏല്പിച്ചു. രാഘവചരിതം കാവ്യം, കുമാരസംഭവം ചമ്പു, മുദ്രാരാക്ഷസച്ഛായ മുതലായ സംസ്കൃതകൃതികൾ അദ്ദേഹത്തിന്റെ വാങ്മയങ്ങളാണ്. അദ്ദേഹത്തിന്റെ കാലത്തു തഞ്ചാവൂർ, വിക്രമാദിത്യന്റെ കാലത്തെ ഉജ്ജയിനിയായിരുന്നു. 1007-ൽ അദ്ദേഹം മരിച്ചപ്പോൾ പണ്ഡിതലോകം അനാഥമായി. അവിടെനിന്ന് അനവധി കലോപജീവികൾ സ്വാതിതിരുനാൾമഹാരാജാവിനെ അഭയം പ്രാപിച്ചു. അതിനുമുൻപുതന്നെ ഒരു ഗായകനെന്നും സംഗീതകാരനെന്നുമുള്ള കീർത്തി അവിടുന്നു ദക്ഷിണഭാരതം മുഴുവൻ പ്രചരിപ്പിച്ചുകഴിഞ്ഞിരുന്നു. അതു കർണ്ണാടകസംഗീതലോകത്തിലെ ത്രിമൂർത്തികളുടെ—അതായതു ത്യാഗരാജൻ, മുത്തുസ്വാമിദീക്ഷിതർ, ശ്യാമാശാസ്ത്രി എന്നീ അനുഗൃഹീതപുരുഷന്മാരുടെ—കാലമായിരുന്നു. അവരിൽ പ്രഥമഗണനീയനായ ത്യാഗരാജൻ (ത്യാഗബ്രഹ്മം, ത്യാഗയ്യാ) 935 മുതൽ 1023 വരെ ആ സാമ്രാജ്യസിംഹാസനം അലങ്കരിച്ചിരുന്ന് 88-ാമത്തെ വയസ്സിൽ യശശ്ശരീരനായി. മുത്തുസ്വാമിദീക്ഷിതർ 60 വയസ്സുവരെ ജീവിച്ചിരുന്ന് 1010-ൽ മരിച്ചു. ശ്യാമാശാസ്ത്രി 64-ാമത്തെ വയസ്സിൽ 1002-ൽ ദേഹവിയോഗംചെയ്തു. അവർ മൂന്നുപേരും തഞ്ചാവൂരിന്റെ ഒരു പരിസരപ്രദേശമായ തിരുവാരൂരിലാണ് ജനിച്ചതു്. ത്യാഗരാജനു ശ്രീരാമചന്ദ്രനും, മുത്തു സ്വാമിദീക്ഷിതർക്കു സുബ്രഹ്മണ്യനും, ശ്യാമാശാസ്ത്രിക്കു കാമാക്ഷീദേവിയുമായിരുന്നു ഇഷ്ടദേവതകൾ. വടിവേലു, ചിന്നയ്യാ, പൊന്നയ്യാ എന്നീ സഹോദരന്മാർ ദീക്ഷിതരുടെ ശിഷ്യന്മാരായിരുന്നു എന്നു പുരാവിത്തുകൾ പറയുന്നു. 1010-ൽ അവർ തങ്ങളുടെ മറ്റൊരു സഹോദരനായ ശിവാനന്ദത്തോടുകൂടി തിരുവനന്തപുരത്തേയ്ക്കു പോന്നു, മഹാരാജാവിന്റെ ഗായകഗോഷ്ഠിയിൽ പ്രമാണികളായിത്തീർന്നു. അവരെക്കൂടാതെ ഹിന്ദുസ്ഥാനിപ്പാട്ടിലും വീണാവാദനത്തിലും പ്രവീണനായിരുന്ന തഞ്ചാവൂർ രങ്കയ്യങ്കാർ ഭാഗവതരും, സാരങ്ഗി എന്ന വാദ്യത്തിൽ വിദഗ്ദ്ധനായിരുന്ന തഞ്ചാവൂർ ചിന്താമണിഭാഗവതരും, വീണവായനയിൽ വിഖ്യാതനായിരുന്ന ചേലാപുരം രഘുനാഥരായരും, ത്യാഗരാജന്റെ ശിഷ്യനായ കന്നയ്യാഭാഗവതരും മഹാരാജാവിനെ ആശ്രയിച്ചു താമസിച്ചു. പാലക്കാട്ടു പരമേശ്വരഭാഗവതരുടെ നാമധേയവും പ്രകൃതത്തിൽ സ്മരണീയമാണ്. അദ്ദേഹം 1008-ാണ്ടു 18-ാമത്തെ വയസ്സിൽ തിരുവ

നന്തപുരത്തു വന്ന മഹാരാജാവിന്റെ സദസ്യനായി. 77 വയസ്സുവരെ ജീവിച്ചിരുന്നു. വടിവേലുവും പൊന്നയ്യായും പരമേശ്വരഭാഗവതരും ഗാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. വടിവേലുവിനെ വരുത്തിയതു പ്രധാനമായി ഭരതനാട്യത്തിന്റെ പരിഷ്കരണത്തിനും പ്രചാരണത്തിനുമാണ്. അതുകൊണ്ടു വടിവേലുനട്ടുവൻ എന്ന പേരിലാണ് അദ്ദേഹം സാധാരണമായി അറിയപ്പെടുന്നതു്. ആ കലാരാധകനു ഫിഡിൽവായനയിലും അത്യന്തം പ്രാവീണ്യമുണ്ടായിരുന്നതിനാൽ മഹാരാജാവു് ഒരു വിലപിടിച്ച ദന്തഫിഡിൽ അദ്ദേഹത്തിനു സമ്മാനിക്കുകയുണ്ടായി. സ്വല്പകാലം തിരുവുള്ളക്കേടിന്റെ ഫലം അദ്ദേഹവും അനുഭവിച്ചു ഹരിപ്പാട്ടു താമസിക്കേണ്ടിവന്നിട്ടുണ്ട്. വടിവേലു മരിച്ചതു് 1020-ലാണ്. തഞ്ചാവൂർ സുലൈമാൻസേട്ട് എന്ന സ്വരജിത്തു വായനക്കാരനും മഹാരാജാവിന്റെ സഭാസ്താരന്മാരിൽ അന്യതമനായിരുന്നു. അലാവുദീൻ എന്ന മറ്റൊരു മുസ്ലീംഭാഗവതർക്കും കൊട്ടാരത്തിൽ അടുത്തൂൺ പതിച്ചുകൊടുത്തിരുന്നു.

## മേരുസ്വാമികൾ

'ഹരികഥാകാലക്ഷേപം' എന്ന ഗാനസാഹിത്യപ്രസ്ഥാനം കേരളത്തിലേയ്ക്കു ആദ്യമായി ആനയിച്ചതും മഹാരാജാവുതന്നെയായിരുന്നു. മഹാരാഷ്ട്രദേശമാണ് അതിന്റെ ജന്മഭൂമി. അവിടെനിന്ന് അതു ശരഭോജി തഞ്ചാവൂരിലേയ്ക്കു കൊണ്ടുവന്നു. ശരഭോജിയുടെ ആസ്ഥാന വിദ്വാനായിരുന്ന മേരുസ്വാമിഭാഗവതർ എന്ന മഹാരാഷ്ട്ര ബ്രാഹ്മണനെ 1008-ൽ സ്വാതിതിരുനാൾ വരുത്തി, 1011 കുംഭം 1-ാംനു കൊട്ടാരം ഭാഗവതരായി അവരോധിച്ചു; 110 രൂപ മാസികവേതനവും നല്കി. അനന്തപത്മനാഭഗോസ്വാമി എന്ന പേർ ആ ഭാഗവതർ തിരുവനന്തപുരത്തു വന്നതിനുമേൽ സ്വീകരിച്ചതാണെന്നു തോന്നുന്നു. ഭാഗവതരുടെ സ്വരമാധുര്യത്താൽ അപഹൃതചിത്തനായ മഹാരാജാവു് അദ്ദേഹത്തിനു കോകിലകണ്ഠൻ എന്ന ബിരുദനാമം സംഭാവനചെയ്തു. 1045 വരെ അദ്ദേഹം ജീവിച്ചിരുന്നു. ഹരിരായരായിരുന്നു അദ്ദേഹത്തിന്റെ മൃദങ്ഗവാദകൻ. നാദബ്രഹ്മമൂർത്തിയായ ത്യാഗരാജനോട്ട് അവിടുന്നു തിരുവനന്തപുരത്തു തന്റെ അതിഥിയായി ഒരവസരത്തിലെങ്കിലും വന്നുപോകണമെന്നു പലതവണ അഭ്യർത്ഥിച്ചു; എങ്കിലും വയോവൃദ്ധനായ അദ്ദേഹത്തിന് ആ അഭ്യർത്ഥന വളരെ വൈമനസ്യത്തോടുകൂടി നിരസിക്കേണ്ടിവന്നുപോയി. തിരുമനസ്സിലെ സംഗീതകൃതികളെപ്പറ്റി അദ്ദേഹത്തിനു വളരെ ബഹുമാനമുണ്ടായിരുന്നു. വടിവേലു കുറേക്കാലം ത്യാഗരാജന്റെ ശിഷ്യനായി അദ്ദേഹത്തിനു മൃദങ്ഗവാദനം ചെയ്തുകൊണ്ടിരുന്നു എന്നു പഴമക്കാർ പറയുന്നു. ഏതായാലും കന്നയ്യാഭാഗവതരോടു ത്യാഗയ്യായുടെ ഗാനങ്ങൾ അദ്ദേഹം പഠിച്ചു എന്നുള്ളതിനു സംശയമില്ല. ദിവാൻ സുബ്ബരായരും നല്ല സംഗീതജ്ഞനായിരുന്നു. സ്വരജിത്തുവായനയിൽ വിശേഷമായി പാണ്ഡിത്യം നേടിയിരുന്ന അദ്ദേഹം ആ വാദ്യവാദനം മഹാരാജാവിനെ പഠിപ്പിച്ചു. ഇനിയും (1) കൽക്കുളം ഭാസ്കരഭാഗവതർ, (2) ഭൂതപ്പാണ്ടി സുബ്ബുഭാഗവതർ, (3) കുനിയൂർ ശേഷഭാഗവതർ, (4) പാലക്കാട്ടു ശേഷഭാഗവതർ, (5) പാളയംകോട്ട അണ്ണാസ്വാമിഭാഗവതർ, (6) കരമന അണ്ണാസ്വാമിഭാഗവതർ, (7) തഞ്ചാവൂർ വെങ്കടരാമഭാഗവതർ എന്നിങ്ങനെ പലവിദ്വാന്മാരും തിരുമനസ്സിലെ ഗായകസദസ്സിനെ അലങ്കരിച്ചിരുന്നു.

## ഗോവിന്ദമാരാർ

തിരുമനസ്സിലെ ആശ്രിതന്മാരായ സ്വദേശികളിൽ അഗ്രഗണ്യനായ ഗായകൻ ഗോവിന്ദമാരാരായിരുന്നു. മാരാർ മുവാറ്റുപുഴ രാമമങ്ഗലം ദേശത്തുള്ള മാരാത്തു് എന്ന ഭവനത്തിൽ 970-ാണ്ടിടയ്ക്കു ജനിച്ചു. എട്ടാമത്തെ വയസ്സിൽ വംശപാരമ്പര്യമനുസരിച്ചു ചെണ്ട, തിമില, ഇടയ്ക്ക എന്നീ വാദ്യങ്ങളുടെ പ്രയോഗത്തിൽ വിദഗ്ദ്ധനായി. 18-ാമത്തെ വയസ്സിൽ വാതോപദ്രവംമൂലം കുലവൃത്തി തുടർന്നുകൊണ്ടുപോകുവാൻ നിവൃത്തിയില്ലാതെവരികയാൽ തനിക്കു ബാല്യത്തിൽത്തന്നെ അത്യന്തം പ്രിയമായി തോന്നിയ സംഗീതം ഗുരുമുഖമായി അഭ്യസിക്കണമെന്നുറച്ചു തിരുവനന്തപുരത്തേയ്ക്കുപോന്നു് ഹരിപ്പാട്ടു രാമസ്വാമിഭാഗവതരുടെ കീഴിൽ ആറു കൊല്ലം സംഗീതം അഭ്യസിച്ച് അതിൽ പ്രാവീണ്യം സമ്പാദിച്ചു. കാലക്രമേണ തിരുവിതാംകൂറിൽ ധാരാളമായി പ്രചരിച്ചുതുടങ്ങിയിരുന്ന ത്യാഗരാജകീർത്തനങ്ങളിലാണ് അദ്ദേഹത്തിന്റെ മനസ്സു സർവ്വോപരി ലയിച്ചതു്. തന്നിമിത്തം അദ്ദേഹത്തെ സന്ദർശിച്ച് അനുഗ്രഹം വാങ്ങിക്കണമെന്നു മാരാർ തീർച്ചപ്പെടുത്തി. 1006-ൽ അദ്ദേഹം തിരുവനന്തപുരത്തുണ്ടായിരുന്നതായി വൃദ്ധന്മാരുടെ മുഖത്തുനിന്നു കേട്ടിട്ടുണ്ടു്. മാരാർ അന്നു ലായം കാര്യക്കാരായിരുന്ന നല്ലതമ്പിമുതലിയാരുടെ സാഹചര്യംവഴിക്കു തിരുമനസ്സിലെ മുഖം കാണിച്ചു തന്റെ കലാപാടവം പ്രകടിപ്പിച്ച് അവിടത്തെ പ്രത്യേകമായ തിരുവുള്ളത്തിനു പാത്രീഭവിച്ചു. മാരാർ ഏഴു തന്തികളുള്ള ഒരു തമ്പുരാണ് സങ്ഗീതോപകരണമായി ഉപയോഗിച്ചുവന്നതു്. അതിന്റെ സഹായത്തോടുകൂടി ആറു കാലങ്ങളിൽ പല്ലവി പാടുന്നതിനുള്ള അദൃഷ്ടപൂർവമായ വൈദഗ്ദ്ധ്യം സിദ്ധിച്ചിരുന്നതിനാൽ അദ്ദേഹത്തെ ഷട്കാല ഗോവിന്ദമാരാർ എന്ന് അന്നത്തെ ഗായകന്മാർ പ്രശംസിച്ചുവന്നു. ഗഞ്ചിറാ വായിക്കുന്നതിനും അദ്ദേഹം സമർത്ഥനായിരുന്നു. മഹാരാജാവു് അദ്ദേഹത്തിനു തമ്പുരിൽ അലങ്കരിക്കുന്നതിനായി ഒരു വൈജയന്തി (കൊടി) സമ്മാനിച്ചു. നല്ലതമ്പിമുതലിയാരോടും വടിവേലുവിനോടുംകൂടി കൊടി കുത്തിയ തന്റെ തമ്പുരുമായി 1012-ൽ മാരാർ തിരുവാരൂരിൽ ചെന്ന് അന്നു സ്ഥവിരനായിരുന്ന ത്യാഗരാജസ്വാമികളെ കണ്ടു. തന്റെ സംഗീതം സ്വല്പം കേൾക്കണമെന്നുള്ള മാരാരുടെ അഭ്യർത്ഥന സ്വാമികൾക്കു മന്ദഹാസത്തെയാണ് ഉളവാക്കിയതു്. എങ്കിലും അദ്ദേഹം പാടിത്തുടങ്ങിയപ്പോൾ മട്ടെല്ലാം മാറി; ആ മഹാത്മാവു പുളകിതഗാത്രനായി ആനന്ദബാഷ്പം വാർത്തുകൊണ്ടു ഗോവിന്ദസ്വാമികൾ എന്ന ബിരുദം അദ്ദേഹത്തിനു നല്കുകയും “എന്തരോ മഹാനുഭാവ” എന്നു തുടങ്ങുന്ന ഗാനം ആ സമ്മേളനത്തിന്റെ സ്മാരകമായി രചിച്ചു സ്വയം ഗാനം ചെയ്യുകയും ചെയ്തു. ഈ ലോകത്തിൽ മഹാനുഭാവന്മാർ പലരുമുണ്ടെന്നും അവരെയെല്ലാം താൻ ബഹുമാനിക്കുന്നുവെന്നുമാണ് ആ പാട്ടിലെ ആശയം. തഞ്ചാവൂരിലേയ്ക്കു പോയ മാരാർ തിരുവനന്തപുരത്തേയ്ക്കു തിരിയെ വന്നില്ല. ത്യാഗരാജന്റെ മരണാനന്തരം അവിടെനിന്നു ബോംബേപ്രവിശ്യയിലെ സുപ്രസിദ്ധമായ പാണ്ഡരപുരിയിലെ പണ്ഡരപുരക്ഷേത്രത്തിൽ ഈശ്വരഭജനംചെയ്തു് അവിടെവെച്ചു പരഗതിയെ പ്രാപിച്ചു. അദ്ദേഹം ഒരു രാഗമാലയും മറ്റു ചില വർണ്ണങ്ങളും നിർമ്മിച്ചതായി കേട്ടിട്ടുണ്ടെങ്കിലും അവയൊന്നും കണ്ടുകിട്ടീട്ടില്ല. ഗോവിന്ദസ്വാമിവർണ്ണങ്ങൾ എന്ന പേരിൽ അവ തമിഴ് നാട്ടിൽ പ്രചരിച്ചിരുന്നുവത്രെ.

## മാളിയക്കൽ കൃഷ്ണമാരാർ

അക്കാലത്തു മാളിയക്കൽ കൃഷ്ണമാരാർ എന്നൊരു ഗായകനും തിരുമേനിയെ സേവിച്ചു തിരുവനന്തപുരത്തു പാർത്തിരുന്നു. മാളിയക്കൽ കർത്താവിന്റെ ഭവനത്തിൽ

സങ്ഗീതാധ്യാപകനായിരുന്നതിനാലാണ് അദ്ദേഹത്തെ മാളിയക്കൽ കൃഷ്ണമാരാർ എന്നു പറയുന്നത്. സ്വദേശം മലബാറിൽ വള്ളുവനാട്ടുതാലൂക്കായിരുന്നു. ത്യാഗരാജന്റെ ചില ശിഷ്യന്മാരോടാണ് അദ്ദേഹം സങ്ഗീതം അഭ്യസിച്ചത്. തെലുങ്കിലും തമിഴിലും മാരാർ പാട്ടുകൾ രചിച്ചിട്ടുണ്ടെന്നു പഴമക്കാർ പറയുന്നു. ഇടയ്ക്കവായനയ്ക്കാണ് അദ്ദേഹം തൃക്കയ്യിൽനിന്നു സമ്മാനം വാങ്ങിയത്. അന്ന് ആ ഗായകൻ ഒരു യുവാവായിരുന്നു. സുമാർ 1060-ാണ്ടുവരെ ആ ഗായകൻ ജീവിച്ചിരുന്നതായി അറിയാം.

## ക്ഷീരാബ്ധിശാസ്ത്രി

ചോളദേശം ശിവരാമഗുരു എന്നൊരു സിദ്ധനും അക്കാലത്തു തിരുവനന്തപുരത്തു തിരുമനസ്സിലെ അദ്വൈതഗുരുവായി താമസിച്ചിരുന്നു. ക്ഷീരാബ്ധി ശാസ്ത്രി എന്ന നാമാന്തരത്താൽ സുവിദിതനായ അദ്ദേഹം “ബ്രഹ്മൈവ സത്യം” “നിത്യാനന്ദ വെള്ളം” “രാമനില്ലാതിടമില്ലെ” “എല്ലാം ബ്രഹ്മമയം” എന്നിങ്ങനെ പലഗാനങ്ങൾ തമിഴിലും സംസ്കൃതത്തിലും നിർമ്മിച്ചിട്ടുണ്ട്. 1012-ൽ ഷഷ്ടിപൂർത്തി കഴിഞ്ഞ അദ്ദേഹം 1031 വരെ തിരുവനന്തപുരത്തുണ്ടായിരുന്നു.

### വിദ്വൽപ്രോത്സാഹനം—സാഹിത്യം

സാഹിത്യത്തിൽ തിരുമനസ്സിലെ നിത്യസഹചാരികൾ (1) കിഴക്കേമഠത്തിൽ രവിവർമ്മൻതമ്പിയും, (2) കിളിമാനൂർ വിദ്വാൻ രാജരാജവർമ്മ കോയിത്തമ്പുരാനുമായിരുന്നു. തമ്പി സങ്ഗീതത്തിലും അവിടുന്നുമായി സഹകരിച്ചിട്ടുണ്ട്. അവരെ കൂടാതെ (3) അരിപ്പാട്ടു കൊച്ചുപിള്ളവാരിയർ, (4) അരിപ്പാട്ടു രാമവാരിയർ, (5) അരിപ്പാട്ടു കൊച്ചുഗോവിന്ദവാരിയർ, (6) വെങ്ങോട്ടു ശങ്കരനാഥൻ പണ്ടാല, (7) അമ്പാടി കുഞ്ഞുകൃഷ്ണപ്പൊതുവാൾ, (8) ഇരിങ്ങാലക്കുട പട്ടത്തു കുഞ്ഞുണ്ണിനമ്പിയാർ എന്നീ കവികളും (9) രാമവർമ്മവിജയചമ്പൂകാരനായ അഗസ്തീശ്വരത്തു മഹാദാനപുരം ഗ്രാമത്തിലെ ഒരു ബ്രാഹ്മണനും അവിടത്തെ ആശ്രിത കോടിയിൽ ഉൾപ്പെട്ടിരുന്നു. ഇവരിൽ ഓരോരുത്തരേയും പറ്റി മേൽ പ്രസ്താവിക്കാം.

പിന്നെയും (1) കളത്തോടി (കഴക്കൂത്ത്) അനന്തലക്ഷ്മി ആകാശമാണിക്യം, (2) മോടിവിദ്യ ഹൈദരാബാദ് ഖാൻസാ, (3) വീണവായന മധ്യാർജ്ജുനം ഗോവിന്ദദീക്ഷിതർ, (4) കൃഷ്ണ നാടകം മധ്യാർജ്ജുനം ഗോപാലരായർ, (5) ഹിന്ദുസ്ഥാനിനാട്യം അയോധ്യാ സുകദേവൻ, (6) ഹിന്ദുസ്ഥാനിപ്പാട്ട് പഞ്ചാബ് രാമാർജ്ജുനൻ, (7) മേല്പടി ബങ്ഗാളം ഹരിദാസ്, (8) കമ്പുകൊട്ടിപ്പാട്ടു കാശി ഗോവിന്ദദാസ്, (9) വീണവായന മൈസൂർ നന്ദറാം, (10) മേല്പടി മൈസൂർ മുകുന്ദറാം, (11) ഭരതനാട്യം തഞ്ചാവൂർ നീരജാക്ഷി, (12) മേല്പടി സത്യഭാമ, (13) വീണവായന കൊച്ചി കുഞ്ചുനമ്പൂരി, (14) പൂനാ സച്ചിദാനന്ദഭാഗവതർ, (15) തൃശ്ശിനാപ്പള്ളി മാതൃഭൂതഭാഗവതർ, (16) തഞ്ചാവൂർ നരസുഭാഗവതർ, (17) ഹിന്ദുസ്ഥാനിപ്പാട്ടു ഹൈദരാബാദ് കാശിഗങ്ഗ, (18) മേല്പടി കാശി ഗൗഡവാസുദേവശാസ്ത്രി,(19) തർക്കംതിരുവട്ടാറ്റു രാമസുബ്ബാശാസ്ത്രി, (20) തർക്കവും വ്യാകരണവും മേൽനത്തം നാരായണവിദ്യാർത്ഥി, (21) വ്യാകരണം ചോളദേശം ഈശ്വരശാസ്ത്രി, (22) ചോളദേശം ഭട്ടാചാര്യർ എന്നിങ്ങനെ തൃക്കയ്യിൽനിന്നു വിവിധവിദ്യാകലാപാടവത്തിനു സമ്മാനം വാങ്ങിയ സ്ത്രീകളുടെയും പുരുഷന്മാരുടെയും പേരുകൾ കുറിച്ചാൽ അറ്റമെത്തുകയില്ല. അനന്തരാമശാസ്ത്രി, ദത്താരാമശാസ്ത്രി മുതലായി അവരിൽ ചിലർ ചതുശ്ശാസ്ത്ര പണ്ഡിതന്മാരായിരുന്നു. തിരുമനസ്സിലെ പടമെഴുതിയ ഷീഫ്റ്റ് എന്ന ഒരു സായിപ്പിനു ലഭിച്ച പാരിതോഷികം 12000 ഉറുപ്പികയായി

രുന്നു. മാവേലിക്കര റെവറണ്ടു പീറ്റ സായിപ്പിനു മലയാളവ്യാകരണമെഴുതിയതിന് ആയിരം രൂപ സമ്മാനം കൊടുത്തു. കോട്ടയത്തെ റവറണ്ടു ബെയ്‌ലി സായിപ്പിനു മലയാളം-ഇംഗ്ലീഷ് നിഘണ്ടു മുതലായ ഗ്രന്ഥങ്ങൾ രചിക്കുന്നതിനു സകലവിധത്തിലുമുള്ള പ്രോത്സാഹനം നല്കി; ആ വസ്തുത അദ്ദേഹംതന്നെ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിയിട്ടുണ്ടു്. പെൺകൊടയ്ക്കു ധനം യാചിക്കുവാനായി തിരുമനസ്സിലെ മുഖം കാണിക്കണമെന്ന് ആശിച്ച മലബാർകാരനായ ഒരു നമ്പൂരി രിക്തഹസ്തനായി രാജസന്നിധിയിൽ പ്രവേശിക്കരുതല്ലോ എന്നു കരുതി അക്കാലത്തെ മഹാകവികളിൽ അഗ്രഗണ്യനായിരുന്ന കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാനെ മാർഗ്ഗമദ്ധ്യേ കണ്ടു വിവരം അറിയിച്ചു. ഇളയതമ്പുരാൻ വിദ്യാധരന്റെ ഏകാവലിയിൽ നിന്ന്

> “ദാരിദ്ര്യസ്യ ദയാലുത്വം കിം ബ്രവീമി നരാധിപ
> ആത്മനാശമനാദൃത്യ ഭവന്തം മാമദർശയൽ”

എന്ന പ്രകൃതോപയോഗിയായ ശ്ലോകം കുറിച്ചു കൊടുത്തയച്ചു. അതു വായിച്ചുനോക്കിയ മഹാരാജാവു് “നമ്പൂരി വരുന്നവഴിക്കു കൊടുങ്ങല്ലൂർ കേറി ഇല്ലേ?” എന്നു മന്ദസ്മിതത്തോടുകൂടി ചോദിക്കുകയും, “അതേ” എന്നു നമ്പൂരി മറുപടി പറഞ്ഞപ്പോൾ “എന്നാൽ ഈ ശ്ലോകത്തിന്റെ ചുമട്ടുകൂലിയായി ഇതിരിക്കട്ടെ” എന്നു കല്പിച്ചു 4000 പണം അദ്ദേഹത്തിനു സമ്മാനിക്കുകയും ചെയ്തു.

## ഇതരകലകളും മറ്റും

സംഗീതവും സാഹിത്യവും ഭരത നാട്യവും മാത്രമല്ല തിരുമനസ്സിലെ ശ്രദ്ധയെ ആകർഷിച്ചതു്. ചിത്രമെഴുത്തു തിരുവിതാംകൂറിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനായി മധുരയിൽനിന്നു അക്കാലത്തെ ആലേഖ്യകാരന്മാരിൽ അപശ്ചിമനായിരുന്ന അളഗിരിനായിഡു എന്നൊരു കലാകുശലനെ തിരുവനന്തപുരത്തു വരുത്തി താമസിപ്പിച്ചു. ദന്തത്തിൽ കൊത്തുപണി പ്രചരിപ്പിക്കുന്നതിനും അവിടുന്നു കാര്യക്ഷമമായി ഉത്സാഹിച്ചു. ജാലവിദ്യക്കാർ, മന്ത്രവാദികൾ തുടങ്ങി ഏതു വിദ്യ സ്വാധീനമായവർക്കും മഹാരാജാവിന്റെ ഉദാരമായ ആനുകൂല്യം സിദ്ധിച്ചു. അറേബിയ, ജപ്പാൻ, നേപാളം, തുർക്കി, മലയാ മുതലായ ദൂരദേശങ്ങളിൽനിന്നുപോലും കലാകോവിദന്മാർ വന്ന് അവിടത്തെ മുക്തഹസ്തമായ പാരിതോഷികം സ്വീകരിച്ചു. അതിഭോജരാജനായ ആ മഹാത്മാവിന്റെ വാഴ്ചക്കാലം സകല കലകളുടേയും സുവർണ്ണയുഗം (Augustan age) ആയിരുന്നുവെന്നു വിശാഖംതിരുനാൾ മഹാരാജാവു് ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതു പരമാർത്ഥമാകുന്നു.

## ചരമം

തിരുമനസ്സിലെ ജീവിതം ഭാഗ്യപൂർണ്ണമായിരുന്നില്ല. 1012-ആണ്ടു കർക്കടകം 3-ാംനു അവിടത്തെ ജ്യേഷ്ഠസഹോദരി രുക്മിണീബായി 29-ാമത്തെ വയസ്സിൽ നിര്യാതയായി. 1020-ൽ താൻ സഹോദരനിർവ്വിശേഷമായി സ്നേഹിച്ചിരുന്ന വടിവേലു നട്ടുവൻ മരിച്ചു. 1021-ൽ അവിടത്തെ ബഹിശ്ചരപ്രാണനായിരുന്ന വിദ്വാൻ കോയിത്തമ്പുരാനും അദ്ദേഹത്തിന്റെ 34-ാമത്തെ വയസ്സിൽ പരേതനായി. അച്ഛൻ രാജരാജവർമ്മകോയിത്തമ്പുരാന്റെ മരണവും ആ കൊല്ലത്തിൽത്തന്നെയാണ് സംഭവിച്ചതു്. അദ്ദേഹം 77 വയസ്സോളം ജീവിച്ചിരുന്നു. 1016-ാണ്ടു മേജർ ജനറൽ കല്ലൻസായിപ്പ് റസിഡണ്ടായി. അധികാരപ്രമത്തനായ അദ്ദേഹത്തിന്റെ വരുതി കേട്ടുനടക്കുന്നതിനു സന്നദ്ധനായ ഒരു നാട്ടുവാഴിയല്ലായിരുന്നു ധീരോദാത്തനായ മഹാരാജാവു്. തന്നിമിത്തം അവർക്കു തമ്മിൽ നേരിട്ടു രസക്ഷയം

കാലാന്തരത്തിൽ ശത്രുതയായി വളന്നു. റസിഡണ്ടു മദിരാശി ഗവർമ്മേന്റിലേയ്ക്കു പല റിപ്പോർട്ടുകളും അവിടത്തേയ്ക്കു വിരോധമായി എഴുതിയയയ്ക്കുകയും അതിനെല്ലാം അവിടുന്നു സമാധാനം പറയണമെന്നുള്ള ദുരവസ്ഥ വരികയും ചെയ്തു. ആ ഘട്ടങ്ങളിലെല്ലാം മഹാരാജാവുതന്നെയാണ് ജയിച്ചതെങ്കിലും അത്തരത്തിലുള്ള ഒരു അധീശപ്രതിനിധിയുടെ പ്രതികൂലവിക്രിയ അവിടത്തേയ്ക്ക് ഒരു നിത്യശല്യമായി ത്തോന്നി. ഐഹികങ്ങളായ വിഷയങ്ങളിൽ അവിടുന്നു ഉത്തരോത്തരം വിരക്തനായി. അവിശിഷ്ടങ്ങളായ ദിവസങ്ങൾ—അവ അത്യന്തം പരിമിതങ്ങളാണെന്ന് അവിടത്തേയ്ക്കു മുൻകൂട്ടി അറിയാമായിരുന്നു—ശ്രീപത്മനാഭനെ ഭജിക്കുന്നതിനായി ആ ആവൃത്തചക്ഷുസ്സ് വിനിയോഗിച്ചു. ഒടുവിലത്തെ രണ്ടുകൊല്ലം അവിടുന്നു രോഗഗ്രസ്തനായിരുന്നു. എങ്കിലും ദേവാരാധന തുടങ്ങിയ നിത്യകർമ്മങ്ങൾക്കു യാതൊരു നേരനീക്കവും വരുത്തിയില്ല. 1022-ാണ്ടു ധനുമാസം 13-ാംനു 34-ാമത്തെ വയസ്സിൽ ആ പുണ്യശ്ലോകൻ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു. എത്ര ഹ്രസ്വമായ ജീവിതകാലം; എത്ര ദീർഘമായ കലാകൈങ്കര്യം!

## കൃതികൾ

സ്വാതിതിരുനാൾ മഹാരാജാവു സംസ്കൃതത്തിൽ, (1) ഭക്തിമഞ്ജരി, (2) സ്യാനന്ദൂരപുരവർണ്ണനപ്രബന്ധം (പത്മനാഭപ്രബന്ധം), (3) ശ്രീപത്മനാഭശതകം, (4) അജാമിളോപാഖ്യാനം, (5) കുചേലോപാഖ്യാനം എന്നീ അഞ്ചു കൃതികൾ രചിച്ചിട്ടുണ്ട്. അവയ്ക്കുപുറമേ, (6) നീലകണ്ഠദീക്ഷിതരുടെ അന്യാപദേശശതകത്തിന് പ്രതിപദ്യം അവതാരികയും എഴുതിയിട്ടുണ്ട്. ഭാഷയിൽ (7) ഉത്സവവർണ്ണന പ്രബന്ധം എന്ന പദ്യകൃതിയും, (8) മുഹനയുടെയും പ്രാസത്തിന്റെയും അന്ത്യപ്രാസത്തിന്റെയും വ്യവസ്ഥ എന്ന ഗദ്യോപന്യാസവും അവിടത്തെ വാങ്മയങ്ങളിൽ ഉൾപ്പെടുന്നു. അഷ്ടപദിയെ അനുകരിച്ചു നിർമ്മിതമായ യയാതിചരിതം നാടകം തിരുമനസ്സിലെ കൃതിയല്ല. ഇവ കൂടാതെ നിരവധി സംഗീതകൃതികളും അവിടുന്നു നിർമ്മിച്ചിട്ടുണ്ട്. ആദ്യമായി സാഹിത്യകൃതികളെപ്പറ്റി പ്രസ്താവിക്കാം.

## ഭക്തിമഞ്ജരി

ഭക്തിമഞ്ജരിയാണ് തിരുമനസ്സിലെ കൃതികളിൽ പലതുകൊണ്ടും പ്രധാനമെന്നു പറയേണ്ടതു്. മഹാവിഷ്ണുവിന്റെ പേരിലുള്ള ഭക്തിയാണ് അതിലെ പ്രതിപാദ്യവിഷയം. അതിന്റെ പാരമ്യത്തെ കവി നൂറുവീതം ശ്ലോകങ്ങൾ അടങ്ങിയ പത്തു ശതകങ്ങളിലായി ഉപപാദിച്ചിരിക്കുന്നു. പത്താമത്തെ ശതകത്തിൽ 101 ശ്ലോകങ്ങൽ ഘടിപ്പിച്ചിട്ടുണ്ട്. ഓരോ ശതകവും വിഭിന്നവൃത്തങ്ങളിലാണു രചിച്ചിരിക്കുന്നതു്. ഒടുവിൽ ശ്രീപത്മനാഭന്റെ പ്രസാദത്തെ അഭ്യർത്ഥിച്ചുകൊണ്ടു രണ്ടു ശ്ലോകങ്ങൾകൂടി രചിച്ചിട്ടുമുണ്ട്.

> “ഇത്ഥമച്യുത ഭവൽകൃപാബലാൽ
> പൂർത്തിമദ്യ ഗമിതാ കഥഞ്ചന
> പ്രീതിമാവഹതു പദ്നാഭ തേ
> ത്വൽപദാംബുരുഹഭക്തിമഞ്ജരീ.
> ഷൃഷ്ടസംഗമവശാദ്ധി സൂത്രമ–
> പ്യുഹ്യതേ ശിരസി മാനവൈര്യഥാ
> വർണ്ണ്യവൈഭവവശാൽ സതാം മുദേ
> സ്യാൽ തഥേയമപി ഭക്തിമഞ്ജരീ”

എന്നിവയാണ് ആ ശ്ലോകങ്ങൾ. ആദ്യത്തിലും അവസാനത്തിലും അവിടുന്നു തനിക്ക് അചഞ്ചലമായ വിഷ്ണുഭക്തി സിദ്ധിക്കണമെന്നു തരളഹൃദയനായി പ്രാർത്ഥിക്കുന്നു. ഭട്ടതിരിയുടെ നാരായണീയം കവിക്കു പ്രസ്തുതകൃതിയുടെ നിർമ്മാണ വിഷയത്തിൽ പ്രേരകമായിരുന്നുവെങ്കിലും, രണ്ടു കാവ്യങ്ങളിലെയും വിഷയങ്ങൾ വിഭിന്നങ്ങളാണ്. ആദ്യത്തെ നാലുശതകങ്ങളിൽ പുരുഷാർത്ഥസാധനത്തിന് ഉത്തമോപായം ഭക്തിയാണെന്നു മഹാരാജാവു പല പ്രമാണങ്ങൾകൊണ്ടും ഉപാഖ്യാനങ്ങൾകൊണ്ടും യുക്തികൊണ്ടും സ്ഥാപിക്കുന്നു. ഭക്തിയുടെ സാമാന്യസ്വരൂപവും ആ ഘട്ടത്തിൽ പ്രപഞ്ചനംചെയ്യുന്നുണ്ട്. നാലാം ശതകത്തിന്റെ അവസാനത്തിൽ അതിന്റെ വിവിധത്വത്തെ ഭാഗവതത്തിലെ പ്രഹ്ലാദവാക്യാനുസാരേണ

“ശ്രുതിർവരദ! കീർത്തനം സ്മരണമംഘ്രിസംസേവനം
രമാവര! തഥാർച്ചനം ത്വപി ച വന്ദനം ദാസതാ
ത്വയൈവ സഹ സഖ്യമച്യുത! നിവേദനം ചാത്മന–
സ്ത്വയീതി നവധാ സ്മൃതാ ഭവതി ഭക്തിരത്യുത്തമാ”

എന്ന പദ്യത്തിൽ പരിഗണനം ചെയ്യുന്നു. ഇവയിൽ ആദ്യത്തെ അഞ്ചു വിധത്തിലുള്ള ഭക്തിമാർഗ്ഗങ്ങളെ അഞ്ചുമുതൽ ഒൻപതുവരെയുള്ള ശതകങ്ങളിലും, ശേഷമുള്ളവയെ പത്താം ശതകത്തിലുമാണ് വിശദീകരിക്കുന്നത്. ഉപാഖ്യാനങ്ങൾ ശ്രീമദ്ഭാഗവതത്തിൽനിന്നു മാത്രമല്ല സങ്ഗ്രഹിച്ചിട്ടുള്ളത്. വിഷ്ണുപുരാണം മുതലായ ഇതര വൈഷ്ണവഗ്രന്ഥങ്ങളേയും കവി ആശ്രയിച്ചിട്ടുണ്ട്. ലാളിത്യവും പ്രസാദവുമാണ് തിരുമനസ്സിലെ കൃതികളുടെ വ്യക്തിമുദ്രകൾ. അവ ഇതരകൃതികളിലെന്നപോലെ ഇതിലും അനുസ്യൂതമായി പ്രകാശിക്കുന്നു. ഓരോ ശ്ലോകവും ശ്രോതൃഹൃദയത്തിൽ ഭക്തിസുധ വർഷിക്കുന്നു. ഇത്തരത്തിൽ പാമരന്മാരുടെ വിഷയത്തിലും ഭക്തിസംവർദ്ധകമായ ഒരു കൃതി സംസ്കൃതത്തിൽ വേറെയില്ല. ഒരൊറ്റ ശ്ലോകംമാത്രം ഉദ്ധരിക്കാം.

“ആരൂഢേ ദിനനായകേ സതി തമ–
 സ്തിഷ്ഠേന്നു പൂർവാചലേ?
മേഘേ വർഷതി നിർഭരം ന വിരമേൽ
 കിം ചാതകാനാം തൃഷാ?
രോഗാഃ കിം പ്രശമം ന യാന്തി സഹസാ
 ലബ്ധേ ഹി ദിവ്യൗഷധേ?
പ്രാപ്തേ ത്വൽകരുണാരസേ കിമു ലയം
 നോ യാന്തി സർവ്വാപദഃ?”

ഭക്തിമഞ്ജരി തിരുമനസ്സുകൊണ്ട് അന്ത്യകാലത്തിൽ രചിച്ച ഒരു ആശുകവിതപോലെ തോന്നുന്നു.

## സ്യാനന്ദൂരപുരവർണ്ണനപ്രബന്ധം

ചമ്പൂരൂപത്തിൽ വിരചിതമായ ഈ കാവ്യമാണ് സർവോപരി തിരുമനസ്സിലെ മഹാകവിത്വത്തിനു നിദർശനമായി പരിലസിക്കുന്നത്. ഇതിൽ പത്തു സ്തബകങ്ങൾ അടങ്ങിയിരിക്കുന്നു. ആദ്യത്തെ അഞ്ചു സ്തബകങ്ങളിൽ അനന്തശയനക്ഷേത്രത്തിലെ ബിംബപ്രതിഷ്ഠസംബന്ധിച്ചുള്ള പുരാവൃത്തവും മറ്റുമാണ് വിഷയം. ദിവാകരയതിയുടെ പൂജ തുടങ്ങിയുള്ള കഥ ആദ്യത്തെ മൂന്നു സ്തബകങ്ങളിൽ വിസ്തരിച്ചതിനുമേൽ നാലും അഞ്ചും സ്തബകങ്ങളിൽ ശ്രീപത്മനാഭക്ഷേത്രത്തെ വർണ്ണിച്ചിരിക്കു

ന്നു. ആറു മുതൽ ഒമ്പതുവരെ സ്തബകങ്ങളിൽ പ്രസ്തുത ക്ഷേത്രത്തിലെ ഉത്സവവും, അതോടനുബന്ധിച്ചുള്ള ആറാട്ടും, പത്താം സ്തബകത്തിൽ ലക്ഷദീപമഹോത്സവവും വിസ്തരിച്ചിരിക്കുന്നു. പ്രഥമസ്തബകത്തിൽ മഹാരാജാവു തിരുവനന്തപുരത്തെ ഇങ്ങനെ വർണ്ണിക്കുന്നു.

> "അസ്തി ധ്വസ്തസുപർവനാഥനഗരശ്രീഗർവഭാരം പരം
> ദുഗ്ദ്ധാംഭോനിധികന്യകാനവരതക്രീഡാർത്ഥസൗധായിതം
> സ്യാനന്ദൂരമിതി ശ്രുതം ത്രിഭുവനേ പുണ്യസ്ഥലം നിസ്തുലം
> യത്രാസ്തേ ജഗദീശ്വരഃ സ ഭഗവാൻ ശ്രീപദ്നാഭോ ഹരിഃ"

ചതുർത്ഥസ്തബകത്തിലും പ്രസ്തുതനഗരത്തിന്റെ നൈകവിധമായ വർണ്ണനം വായിക്കാവുന്നതാണ്.

> "ബിംബാരുണാതിമൃദുലാധരപല്ലവാസ്യ–
> കിഞ്ചിദ്വികാസവിശദോജ്ജ്വലദന്തകാന്ത്യാ
> നിഷ്പിഷ്ടനിസ്തുഷതുഷാരകരപ്രസർപ്പ–
> ജ്ജ്യോത്സ്നാമദോ ഭുവനമോഹനമന്ദഹാസഃ"

മുതലായ പദ്യങ്ങളുടെ സൗന്ദര്യം ഹൃദയാകർഷകംതന്നെ!

"കിഞ്ച, ശയനീഭൂതമൃണാളധവളദന്ദശൂകപരിവൃഢാതി വിതതഫണാസഹസ്രമിഷാൽ" മുതലായ ഗദ്യങ്ങളുടേയും, പ്രത്യേകിച്ചു നവമസ്തബകത്തിലെ "അതിവിവശസുരമുനി പരിഷദഭ്യർത്ഥനയാ" എന്നാരംഭിക്കുന്ന ശ്രീരാമസ്തോത്രത്തിന്റെയും "സുവിമല യദുവംശ സലിലനിധി സുധാകര" എന്നാരംഭിക്കുന്ന ശ്രീകൃഷ്ണസ്തോത്രത്തിന്റെയും രാമണീയകം അന്യാദൃശമെന്ന് ഏതു പുരോഭാഗിയും മുക്തകണ്ഠം പ്രശംസിക്കുകതന്നെചെയ്യും. ദശമസ്തബകത്തിലെ

> "നിത്യം ദൃശ്യമിദം യതസ്സമഭവദ്യസ്മിൻ യ ഏതൽ പുന–
> ർഭാസാ യസ്യ വിരാജതേഥ സകലം യേനേഹ വാ നിർമ്മിതം
> യോ വാചാം മനസോപ്യഗോചരപദം മായാഗതോ ഭാസതേ;
> തസ്മൈ ദേവ! നമോസ്തു വിശ്വഗുരവേ! ശ്രീപത്മനാഭായ തേ"

എന്നു തുടങ്ങുന്ന ശ്രീപത്മനാഭസ്തോത്രദശകം പുളകോദ്ഗമകാരിയാണ്. ആ ദശകത്തിലെ ഓരോ ശ്ലോകവും "തസ്മൈ ദേവ" ഇത്യാദി ചതുർത്ഥപാദംകൊണ്ടു് അവസാനിക്കുന്നു. ഒടുവിൽ ഘടിപ്പിച്ചിട്ടുള്ള "ശംസദാലം നിദധ്യാൽ" എന്ന കലിവാക്യത്തിൽനിന്നു ഗ്രന്ഥം സമാപ്തമായതു് 1013-ലാണെന്നു കാണാം. ആ കൊല്ലത്തിൽത്തന്നെ പ്രസ്തുത പ്രബന്ധം ചോളദേശത്തേയ്ക്കു കൊണ്ടുപോയ കണ്ണമങ്ഗലം അയ്യാശാസ്ത്രി എന്നൊരു പണ്ഡിതനു 3500 പണം തൃക്കയ്യിൽനിന്നു പാരിതോഷികമായി നല്കുകയുണ്ടായി.

## ശ്രീപദ്മനാഭശതകം

പത്തു ദശകങ്ങളിലായി നൂറു ശ്ലോകങ്ങളടങ്ങിയ ഒരു സ്തോത്രമാണ് ശ്രീപദ്മനാഭശതകം. ദശകംതോറും വൃത്തം മാറുന്നു. ഉൽക്കടമായ ഭക്തിഭാവം വഴിഞ്ഞൊഴുകുന്നതാണ് അവയിൽ ഓരോ ശ്ലോകവും. നാരായണീയത്തെ ഇതിവൃത്തവിഷയത്തിലും മറ്റും കവി ധാരാളമായി ഉപജീവിച്ചിട്ടുണ്ട്. ഒരു ശ്ലോകം മാത്രം ഉദ്ധരിക്കാം.

“ഭൂഷണേഷു കില ഹേമവജ്ജഗതി, മൃത്തികാവദഥവാ ഘടേ,
തന്തുജാലവദഹോ പടേഷ്വപി ച രാജിതാദ്വയരസാത്മകം
സർവസത്ത്വഹൃദയൈകസാക്ഷിണമിഹാതിമായനിജവൈഭവം
ഭാവയാമി ഹൃദയേ ഭവന്തമിഹ പദ്മനാഭ! പരിപാഹി മാം.”

## അജാമിളോപാഖ്യാനവും കുചേലോപാഖ്യാനവും

ഈ രണ്ടുപാഖ്യാനങ്ങളും ഹരികഥാകാലക്ഷേപക്കാർക്കു വേണ്ടി രചിച്ചിട്ടുള്ളതാണ്. ശ്ലോകങ്ങളും പദങ്ങളും ഇടകലർത്തി അഷ്ടപദിയുടേയും ആട്ടക്കഥകളുടേയും മാതൃകയിലാണു അവയുടെ നിർമ്മിതി. മഹാരാഷ്ട്രഭാഷയിലെ ഹരികഥകളെ അനുകരിച്ച് ആര്യാവൃത്തത്തിൽ അനേകം ശ്ലോകങ്ങളും ആ കഥകളിൽ കാണുന്ന രാഗതാളങ്ങൾ ഘടിപ്പിച്ച പദങ്ങളും മഹാരാജാവു നിബന്ധിച്ചിരിക്കുന്നു; എന്നുമാത്രമല്ല, അജാമിള മോക്ഷത്തിൽ ആ ഭാഷയിൽ പ്രചുരപ്രചാരമായ ‘ദിണ്ഡി’ എന്ന ഷൾപദിയിലും ഒരു ശ്ലോകം ചേർത്തിട്ടുണ്ട്. “സമാലോക്യാസൗ ബാലകം ഹസന്തം തു തോഷാസ്സ്ഥടോക്ത്യാഥ തംലസന്തം” എന്നിങ്ങനെയാണ് ആ വൃത്തത്തിന്റെ ഗതി.

“ഭർത്തുർവക്ഷസി ഭാസിതേ സുവിമലേ സംവർത്തകാലോൽകട–
പ്രോദ്യൽകോടിവികർത്തനച്ഛവിഘടാസർവങ്കഷേ കൗസ്തുഭേ
ദൃഷ്ട്വാ വർഷ്മ നിജം പ്രിയോരസി ഗതാമന്യാം വിശങ്ക്യശ്രിയോ
രുഷ്ടായാ ഹൃദയാനുവർത്തനരതഃ ശ്രീപദ്മനാഭോ/വതു”

എന്ന അംബരീഷചരിതത്തിലെ അലങ്കാരമധുരവും

“ഗങ്ഗാധരാദ്ഭുതമസങ്ഗാശയാംബുരുഹ
ഭൃങ്ഗാതിതം ദിതിഭവാം
ഭങ്ഗാവഹം വിധൃതതുങ്ഗാചലം പൃഥുഭു
ജങ്ഗാധിരാജശയനം
അങ്ഗാനുഷങ്ഗിമൃദുപിങ്ഗാംബരം പരമ
നങ്ഗാതിസുന്ദരതനും
ശൃങ്ഗാരമുഖ്യരസരങ്ഗായിതം ഭജത
മങ്ഗാബ്ജനാഭമനിശം”

എന്ന ദ്വാദശപ്രാസസുന്ദരവുമായ പ്രഥമശ്ലോകങ്ങൾ സുപ്രസിദ്ധങ്ങളാണ്. കുചേലോപാഖ്യാനം മേരുസ്വാമിഭാഗവതർ 1013 മകരം 18-ാംനു പാടിയതിനു 3500 പണം പാരിതോഷികമായി നൽകിയതിനു രേഖയുണ്ട്.

## അന്യാപദേശശതകത്തിന്റെ അവതാരിക

അന്യാപദേശശതകത്തിലെ ഓരോ ശ്ലോകത്തിനും മർമ്മസ്പൃക്കായ അവതാരികയാണ് തിരുമനസ്സുകൊണ്ട് എഴുതിച്ചേർത്തിരിക്കുന്നതു്. “ഛായാ വൃക്ഷമുപാശ്രയന്തി” എന്ന പ്രഥമ ശ്ലോകത്തിന് “ഏകേനൈവ പ്രഭുണാ ബഹുഷു ജനേഷു സമം പാല്യമാനേഷു സത്സ്വപി, തത്ര കേചിൽ സ്വപ്രകൃത്യനുസാരേണ തസ്യൈവ പ്രഭോശ്ശുഭാനി അന്യേ തദിതരാണി ചമനസാ ധ്യായന്തീത്യാഹ” എന്ന വിവരണംതന്നെ നോക്കുക. അതിൽ അവിടുന്നു തന്റെ ചില കൃതഘ്നന്മാരായ അനുജീവികളെക്കൂടി പരാമർശിച്ചിട്ടുണ്ടോ എന്നുകൂടി സംശയിക്കാവുന്നതാണ്.

## ഉത്സവവർണ്ണനപ്രബന്ധം

ഇതിന് ഉത്സവപ്രബന്ധമെന്നും പേരുണ്ട്. ശ്രീപത്മനാഭക്ഷേത്രത്തിൽ "ചന്തം ചേർന്നു വിളങ്ങുമുത്സവയുഗം പ്രത്യബ്ദമുണ്ടുത്തമം" എന്നുപക്രമിച്ചു കൊണ്ടു പത്തു ദിവസത്തേയ്ക്കു നീണ്ടുനില്ക്കുന്ന ഉത്സവത്തിൽ ഓരോദിവസത്തെയും എഴുന്നള്ളിപ്പിനെ (യാത്രയെ) വർണ്ണിക്കുക എന്നുള്ളതാണ് വിഷയം. ഓരോ ദിവസത്തെ എഴുന്നള്ളിപ്പും വിവരിക്കുവാൻ ഏതാനും ചില മണിപ്രവാളശ്ലോകങ്ങളും അവയ്ക്കു പിന്നീട് ഓരോ ഗാനവും വിനിയോഗിച്ചിരിക്കുന്നു. ആകെ 42 ശ്ലോകങ്ങളും 13 ഗാനങ്ങളും അടങ്ങീട്ടുണ്ട്. ഉത്സവപ്രബന്ധവും ഹരികഥാകാലക്ഷേപത്തിനുവേണ്ടി രചിച്ചിട്ടുള്ളതാണ്. അതിന്റെ നിർമ്മിതി 1014-ലായിരിക്കുവാൻ ഇടയുണ്ട്. അന്നു പാലക്കാട്ടു പരമേശ്വരഭാഗവതർ അതു തിരുമുമ്പിൽവെച്ച് പാടി പാരിതോഷികം വാങ്ങിയതിനു രേഖയുണ്ട്. അതിലെ

> "ശ്രീമാധവന്റെ ചരിതങ്ങൾ കഥിപ്പതിന്നു
> കാമം സമർത്ഥനഹമെന്നിതുരപ്പതല്ല;
> സീമാവിഹീനദുരിതക്ഷതയേ തദീയ—
> നാമാനുകീർത്തനമൃതേ പരമെന്തുപായം?"

എന്ന ശ്ലോകം പ്രസിദ്ധമാണ്. ശ്ലോകങ്ങളെക്കാൾ ഗാനങ്ങൾക്കാണ് സ്വാരസ്യം അധികം. മൂന്നാം ദിവസത്തെ ഉത്സവത്തിൽ കമലവാഹനത്തിൽ എഴുന്നള്ളുന്ന ഭഗവാനെ തിരുമനസ്സുകൊണ്ട് ഇങ്ങനെ വർണ്ണിക്കുന്നു.

ഉശാനി ചെമ്പട

പല്ലവി: കനകമയമായീടും കമലവാഹനമതിന്മേൽ
കനത്തോരു കാന്തിയൊടു ഗമിക്കുന്നതാരവനൗ?

ചരണങ്ങൾ:

1 വലമഥനൻ വിഭവമോടേ വസുധയിൽ ചരിച്ചീടുന്നോ?
വലമഥനനെങ്കിലെങ്ങു വിലസും നേത്രസഹസ്രം? (കനക)

2 കളഭഗതേ! കുളുർമതിയോ കനിവോടേ വിലസുന്നു?
കുളിർമതിയെന്നാകിലുള്ളിലുളവാകുമങ്കമെങ്ങു? (കനക)

3 ഗൗരീനായകനാകും കൈലാസാധീശ്വരനോ?
ഗൗരീനായകനെങ്കിൽ കമനി! മൂന്നാം നേത്രമെങ്ങു? (കനക)

4 അതിമഹസാ വിലസീടും കതിരോനോ വദ ബാലേ?
കതിരോനാണെങ്കിലവൻ കഥമേവം ശാന്തനാവൂ? (കനക)

5 താരിത്തേന്മൊഴി! ബാലേ! ധനപതിയെന്നാകിലവൻ
ഭൂരിവിരൂപാംഗ, നതോ നീരജനാഭൻ നൂനം! (കനക)

## പ്രാസോപന്യാസം

ഈ ഉപന്യാസത്തിലെ പ്രതിപാദ്യം സങ്ഗീതവിഷയകമായി സാഹിത്യത്തിൽ പ്രയോഗിച്ചുകാണുന്ന ശബ്ദാലങ്കാരത്തിന്റെ വ്യവസ്ഥയാണ്. ഇതിന്റെ സംജ്ഞതന്നെ "മുഹനയുടേയും പ്രാസത്തിന്റേയും അന്ത്യ പ്രാസത്തിന്റേയും വ്യവസ്ഥ" എന്നാ

ണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തിരുമനസ്സിലെ സങ്ഗീതശാസ്ത്രകുശലതയ്ക്കു മൂർദ്ധാഭിഷിക്തോദാഹരണമായി പരിലസിക്കുന്ന ഈ ഉപന്യാസം ഭാഷയിൽ ആധുനികരീതിയിലുള്ള ആദ്യത്തെ ഗദ്യോപന്യാസമാണെന്നും സമർത്ഥിക്കാവുന്നതാണ്. പ്രസ്തുതവാങ്മയം ഇങ്ങനെ ആരംഭിക്കുന്നു:

“സങ്ഗീതവിഷയമായിട്ടുള്ള സാഹിത്യങ്ങളിൽ പ്രയോഗിച്ചുവരുന്ന ശബ്ദാലങ്കാരങ്ങൾ മുഹന എന്നും പ്രാസമെന്നും അന്ത്യപ്രാസമെന്നും ഇങ്ങനെ മൂന്നു വിധത്തിൽ വ്യവഹരിക്കപ്പെട്ടിരിക്കുന്നു. ആയതു മൂന്നിന്റേയും വിവരങ്ങൾ മേൽ പറയുന്നതുകൊണ്ടു വിസ്താരമായിട്ട് അറിയപ്പെടുകയും ചെയ്യും. എന്നാൽ ഇതിന് ഒരു വ്യവസ്ഥ ആന്ധ്രഭാഷയിലും ദ്രാവിഡഭാഷയിലും സലക്ഷണമായി ഉണ്ടെന്നുവരികിലും, വ്യാകരണ പ്രയോഗസിദ്ധമായിരിക്കുന്ന സംസ്കൃതത്തിന്റെ രീതിക്ക് ആയതു ചിലതു വിരോധമായിട്ടു കാണുന്നതുകൊണ്ടു ശേഷയ്യങ്കാരുടെ കീർത്തനങ്ങൾ സംസ്കൃതത്തിൽ ആകയാൽ ആയതിൽ ഉള്ളതേ ഇവിടെ ഗ്രാഹ്യമായിട്ടുള്ളൂ.”

ഇവിടെ മഹാരാജാവു സ്മരിക്കുന്ന ശേഷയ്യങ്കാർ ശ്രീരങ്ഗത്തുകാരനും മാർഗ്ഗദർശി ശേഷയ്യങ്കാർ എന്ന പേരിൽ സുവിദിതനും ക്രി. പി. പതിനാറാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഒരു മഹനീയനായ കീർത്തനകാരനുമായിരുന്നു. ശേഷയ്യങ്കാരുടെ കീർത്തനങ്ങളെ അവിടുന്ന് ഏറ്റവും വിലമതിച്ചിരുന്നു. മേൽ നിർദ്ദേശിച്ച മൂന്നു ശബ്ദാലങ്കാരങ്ങൾ എങ്ങനെ പ്രയോഗിക്കണമെന്ന് അവിടുന്നു സയുക്തികമായ വിമർശനം കൊണ്ടു സ്ഥാപിച്ചിട്ടുണ്ട്. അതുകൂടാതെ ഇവയിൽ ഒന്നിലും ചേരാത്ത ‘തനിച്ചൊ’ല്ലിന്റെ സ്വരൂപവും വിശദമായി പ്രദർശിപ്പിച്ചിരിക്കുന്നു. ഈ കൃതി 1011-നുമേൽ രചിച്ചതാണ്. ഈ ഉപന്യാസത്തിന്റെ ഒരു സംസ്കൃതാനുവാദം തഞ്ചാവൂരിൽ നിന്നു ലഭിച്ചത് ഈയിടയ്ക്കു തിരുവനന്തപുരത്തുനിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാതാവും തിരുമേനിയാണോ എന്നു നിശ്ചയമില്ല. ഏതായാലും അതു ഭാഷയിലെ ഉപന്യാസത്തിന്റെ വിവർത്തനമാണ്.

## സംഗീതകൃതികൾ

ഒരു ഗാനസാഹിത്യകാരൻ എന്ന നിലയിൽ നോക്കുമ്പോൾ സ്വാതിതിരുനാൾ മഹാരാജാവു കേരളത്തിൽ ആ സാമ്രാജ്യത്തിലെ ഏകച്ഛത്രാധിപതിയാണെന്നു മാത്രമല്ല, കർണ്ണാടക സംഗീതലോകത്തിലെ ത്യാഗരാജാദിത്രിമൂർത്തികളുടെ സമശീർഷനും, ശബ്ദശുദ്ധി, ശയ്യാസുഖം മുതലായ ഉത്തമസാഹിത്യോപാധികളെ മാനദണ്ഡമാക്കി പരിശോധിച്ചാൽ അവർക്കും മേലേക്കിടയിൽ പരിലസിക്കുന്ന ഒരു മഹാത്മാവുമാണെന്നു നിർമ്മത്സരന്മാരായ സഹൃദയന്മാർക്കു ഗ്രഹിക്കാവുന്നതാണ്. തമിഴ്നാട്ടിൽ അവിടത്തെ ഗാനകൃതികൾ മറ്റുള്ളവരുടേതുപോലെ പ്രചരിക്കാത്തതിനു ദേശഭേദംതന്നെയാണ് പ്രധാനകാരണം. ഗായകന്മാർക്ക് അവിടത്തെ കൃതികൾ പാടുന്നതിനു മറ്റുള്ളവരുടെ വാങ്മയങ്ങളെ അപേക്ഷിച്ച് അധികം പാണ്ഡിത്യവും സാധനയും ആവശ്യകമാണെന്നുള്ളതും പരക്കെ അറിയപ്പെടുന്ന ഒരു പരമാർത്ഥമാകുന്നു. എങ്കിലും “പന്നഗേന്ദ്രശയന” തുടങ്ങിയ അനേകം ഗാനങ്ങൾക്ക് അവിടെയും അവയുടെ രചനാകാലം മുതല്ക്കുതന്നെ പ്രചാരമുണ്ട്. തിരുമനസ്സുകൊണ്ട് അഞ്ഞൂറോളം പാട്ടുകൾ ഉണ്ടാക്കീട്ടുള്ളതായി കേട്ടിട്ടുണ്ടെങ്കിലും 313 പാട്ടുകളേ ഇതുവരെ കിട്ടീട്ടുള്ളൂ. വേറെയും ചില പാട്ടുകൾ ഈയിടയ്ക്കുള്ള ഗവേഷണത്തിന്റെ ഫലമായി ലഭിച്ചിട്ടുണ്ടെങ്കിലും അവ തിരുമനസ്സിലെ വാങ്മയങ്ങൾതന്നെയോ എന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. “പത്മനാഭ” എന്ന മുദ്രയില്ലാത്ത പാട്ടുകൾ

അവിടത്തേതല്ല എന്നു വിചാരിക്കുന്നതു് അബദ്ധമാണ്. മറ്റു മുദ്രയുള്ള പാട്ടുകളും ധാരാളമായുണ്ടെന്നു ഗവേഷകന്മാർ ധരിക്കേണ്ടതുണ്ടു്. ഓരോ പാട്ടും ഉണ്ടാക്കിയാൽ ഉടൻ അതു് ഓലയിൽ പകർത്തിച്ചു തൃക്കൈവിളയാട്ടത്തോടുകൂടി അക്കാലത്തെ പല സങ്ഗീതജ്ഞന്മാർക്കും അവിടുന്നു് അയച്ചുകൊടുത്തിരുന്നു. അതുകൊണ്ടു് ഇനിയും അവിടത്തെ സങ്ഗീതകൃതികൾ നമുക്കു ലഭിക്കുവാൻ പാടില്ലായ്കയില്ല. അനേകം പാട്ടുകളിൽ രാഗമുദ്രയും കാണ്മാനുണ്ടു്. 313 പാട്ടുകളിൽ "ജയ ദേവകീകിശോര" എന്നും "പരമപുരുഷ ജഗദീശ്വര ജയ ജയ" എന്നുമുള്ള മങ്ഗളഗാനങ്ങൾ ഒഴിച്ചാൽ 197 സംസ്കൃതത്തിലും 63 മലയാളത്തിലും 37 ഹിന്ദുസ്ഥാനിയിലും 8 തെലുങ്കിലും 1 കർണ്ണാടകത്തിലുമാണ് രചിച്ചിരിക്കുന്നതു്. ഇവയ്ക്കുപുറമേ അഞ്ചു തില്ലാനകളുമുണ്ടു്. പ്രധാനങ്ങളായ സകല രാഗങ്ങളിലും അവിടുന്നു പാട്ടുകൾ രചിച്ചുകാണുന്നു. കർണ്ണാടകസംഗീതത്തിൽ അക്കാലത്തു നടപ്പിലിരുന്ന സ്ത്രീപുരുഷപുത്രദൂതീരാഗങ്ങളിൽ ഒന്നുംതന്നെ അവിടത്തെ വിസ്മൃതിക്കു പാത്രീഭവിച്ചിട്ടില്ല. (1) പൂർവകാമോദരി, (2) ശുദ്ധഭൈരവി, (3) ദ്വിജാവന്തി, (4) ലളിതപഞ്ചകം, (5) മാളവി, (6) ഗോപികാവസന്തം എന്നീ രാഗങ്ങൾ അപൂർവ്വങ്ങളാണെന്നു വിദേശീയരായ സങ്ഗീതശാസ്ത്രജ്ഞന്മാർ പറയുന്നുവെങ്കിലും അവയിൽ ചിലതെല്ലാം അവിടത്തെ കാലത്തിനു മുൻപുതന്നെ കഥകളിസാഹിത്യത്തിൽ കവികൾ പ്രയോഗിച്ചുവന്നിരുന്നു. ഹിന്ദുസ്ഥാനിയിൽനിന്നു് (1) ധ്രുവപദ്, (2) ഖ്യാൽ, (3) ധൃമ്രി, (4) ഗസൽ, (5) ടപ്പാ, (6) ഖട്, (7) തില്ലാന തുടങ്ങിയ രാഗങ്ങൾ അവിടുന്നു സ്വീകരിച്ചു കേരളത്തിൽ ഇദംപ്രഥമമായി പ്രചരിപ്പിച്ചു. (1) സാകി, (2) ദിണ്ഡി, (3) ഓവി, (4) പഞ്ചചാമരം, (5) കേകാവലി എന്ന മട്ടുകൾ മഹാരാഷ്ട്രയിൽനിന്നു തിരഞ്ഞെടുത്തു് അവയെ ഹരികഥകളിൽ പ്രയോഗിച്ചു മാർഗ്ഗദർശനം ചെയ്തു. തിരുമനസ്സിലെ സങ്ഗീതവാങ്മയങ്ങളെ (1) കീർത്തനങ്ങൾ, (2) പദങ്ങൾ, (3) വർണ്ണങ്ങൾ, (4) തില്ലാനകൾ, (5) പ്രബന്ധങ്ങൾ എന്നു് അഞ്ചിനമായി വിഭജിക്കാം. പ്രബന്ധങ്ങളെപ്പറ്റി മുൻപുതന്നെ പ്രസ്താവിച്ചുകഴിഞ്ഞു.

## കീർത്തനങ്ങൾ

കീർത്തനങ്ങൾ ഈശ്വരസ്തോത്രപരങ്ങളായ ഗാനങ്ങളാണ്. ആകെ 188 കീർത്തനങ്ങൾ തിരുമനസ്സുകൊണ്ടു രചിച്ചിട്ടുണ്ടു്. അവയിൽ 150 സംസ്കൃതത്തിലും 37 ഹിന്ദുസ്ഥാനിയിലും ഒന്നു കർണ്ണാടകഭാഷയിലുമാണ് നിബന്ധിച്ചിരിക്കുന്നതു്. ഈ തരത്തിലുള്ള ഗാനങ്ങൾ പ്രായേണ ശ്രീപത്മനാഭസ്തോത്രങ്ങളാണെങ്കിലും അവയുടെ കൂട്ടത്തിൽ ഗണപതി, നരസിംഹമൂർത്തി, ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീകണ്ഠേശ്വരത്തു ശിവൻ, ശുചീന്ദ്രത്തു സ്ഥാണുമൂർത്തി, പത്മനാഭപുരത്തു് ആനന്ദവല്ലി, വൈക്കത്തപ്പൻ, കുമാരനല്ലൂർ ഭഗവതി, ഹരിപ്പാട്ടു സുബ്രഹ്മണ്യൻ, ആറ്റിങ്ങൽ തിരുവാറാട്ടുകാവിൽ ഭഗവതി, പള്ളിയറ ഭഗവതി, ഹനുമാൻ ഈ ദേവതകളെപ്പറ്റിയുള്ള സ്തോത്രങ്ങളും കാണാം. ഇവ കൂടാതെ നവരാത്രി കീർത്തനങ്ങളും നവരത്നമാലികാ കീർത്തനങ്ങളും അവിടുന്നു് ഉണ്ടാക്കീട്ടുണ്ടു്. നവരാത്രി കീർത്തനങ്ങൾ നവരാത്രി ഒൻപതു ദിവസവും തിരുവനന്തപുരത്തു വലിയ കൊട്ടാരത്തിൽ സരസ്വതീ മണ്ഡപത്തിൽ പാടുന്നതിനായി രചിച്ചിട്ടുള്ളതാകുന്നു. ഇന്ന ദിവസം ഇന്ന കീർത്തനം പാടണം എന്നു തിരുമനസ്സുകൊണ്ടു് അന്നു നിശ്ചയിച്ചതു പോലെ ഇന്നും നടന്നു വരുന്നു. ഇവയിൽ ആദ്യത്തെ ആറു കീർത്തനങ്ങൾ സരസ്വതീപരങ്ങളും മറ്റു മൂന്നു ദുർഗ്ഗാപരങ്ങളുമാകുന്നു. നവരത്നമാലാ കീർത്തനങ്ങൾ "ശ്രുതിവരദകീർത്തനം" എന്ന ഭക്തിമഞ്ജ

രീ പദ്യത്തിൽ അവിടുന്ന രചിച്ചിട്ടുള്ള നവവിധ ഭക്തിമാർഗ്ഗങ്ങൾക്ക് ഉദാഹരണങ്ങ ളാണ്.

## പദങ്ങളും മറ്റും

പദങ്ങൾ പ്രായേണ ശൃങ്ഗാരാത്മകങ്ങളും ഭരതനാട്യക്കാർക്കു വേണ്ടി രചിക്കപ്പെ ട്ടിട്ടുള്ളവയുമാണ്. ഈ ഇനത്തിൽ 65 പാട്ടുകൾ ഉൾപ്പെടുന്നു. അവയിൽ അൻ പതു മലയാളത്തിലും, പത്തു സംസ്കൃതത്തിലും, അഞ്ചു തെലുങ്കിലും രചിച്ചിരിയ്ക്കുന്നു. ഭാഷാപദങ്ങളിൽ ചിലതെല്ലാം കുറേയധികം പച്ചയായിപ്പോയി എന്നു പഴിക്കുന്ന വരോട്ട് അവയിലെ നായകൻ ശ്രീപത്മനാഭനും നായിക ഗോപസ്ത്രീയുമാണെന്നും ആ ഗാനങ്ങളുടെ നിഷ്കൃഷ്ടമായ പരിശോധനയിൽ ഭക്തി ശൃങ്ഗാരത്തെ അധഃകരി ക്കുന്നതായാണ് ആസ്തികന്മാരുടെ അനുഭൂതിയെന്നും സമാധാനം പറയാവുന്നതാ ണ്. വർണ്ണങ്ങൾ ചൗകവർണ്ണങ്ങളെന്നും താനവർണ്ണങ്ങളെന്നും രണ്ടു തരത്തിലു ണ്ട്. ചൗകവർണ്ണങ്ങൾ രചിക്കുവാൻ സാമാന്യാധികമായ സരസ്വതീ പ്രസാദം വേ ണം. തിരുമനസ്സുകൊണ്ടു 19 ചൗകവർണ്ണങ്ങളും 2 താനവർണ്ണങ്ങളും നിബന്ധിച്ചി ട്ടുണ്ട്. ചൗകവർണ്ണങ്ങളിൽ 17 സംസ്കൃതവും ഒന്നു തെലുങ്കും ഒന്നു മലയാളവുമാണ്. അവിടത്തെ ചൗകവർണ്ണങ്ങൾ അദ്വിതീയങ്ങളെന്നാണ് അഭിജ്ഞോത്തമന്മാരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം. താനവർണ്ണങ്ങൾക്കു സാഹിത്യത്തിന്റെ സാ ഹായം ആവശ്യമില്ല. തിരുമനസ്സു കൊണ്ട് ഉണ്ടാക്കിട്ടുള്ള രണ്ടു താനവർണ്ണളും തെ ലുങ്കാണ്.

## ഉപസംഹാരം

തിരുമനസ്സിലെ സംസ്കൃതഗാനങ്ങളിൽ ഒന്നും തന്നെ ഇവിടെ ഉദ്ധരിക്കണമെന്നു വിചാരിക്കുന്നില്ല. ഉദ്ധരിച്ചാൽ പലതും പകർത്തേണ്ടിവരും. അതുകൊണ്ട് അവ എല്ലാം അനുവാചകന്മാർക്കു കെ.ചിദംബരവാധ്യാർ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകം വായിച്ച് ആനന്ദസാഗരതരങ്ഗപരമ്പരകളിൽ മജ്ജനോന്മജ്ജനം ചെയ്തുകൊള്ളു വാൻ വിട്ടിരിക്കുന്നു. തിരുമനസ്സിലെ ഭാഷാഗാനങ്ങൾ അവിയിലെ ശബ്ദമാധുര്യം കൊണ്ടും, അർത്ഥചമൽക്കാരംകൊണ്ടും, രസപുഷ്ടികൊണ്ടും ഉത്തമസാഹിത്യത്തി ന്റെ ഉപരിതലത്തിലാണ് പരിലസിക്കുന്നത് എന്നുകൂടി പറയേണ്ടതുണ്ട്. മാതൃക യായി ഒരു ഗാനം മാത്രം പ്രദർശിപ്പിക്കാം.

നീലാംബരി–അടന്ത

പല്ലവി:

കാമിനീ ഹന്ത ഞാനെന്തു ചെയ്‌വൂ?

അനുപല്ലവി:

താമസം സാരസനാഭൻ തരുണി
വരുവതിനെന്തഹോ ബാലേ! വദ ചാരുശീലേ! (കാമിനി)

ചരണങ്ങൾ:

1 മട്ടമലർശരനിതാ വന്നുമതിപടുതരശരങ്ങളെയ്യുന്നു

മടിയാതേ വരനെന്നു വന്നു മമ മന്മഥകദനം തീർക്കുന്നു?
വെടിവതിനിഹ കിന്നു സങ്ഗതി ഝടിതി രമണനകാരണം (കാമിനി)
സുമുഖി! മൃദുഭാഷിണി! സഖി!

2 കിസലയവിരചിതതല്പംഹന്ത! കിളിമൊഴിമമാനലകല്പം
അസമശരതാപമനല്പം മമ ഹലഹല! ദിനമൊരു കല്പം,
സസുഖമെന്നൊടു മുന്നമാടിന സരസലീലകൾ കാന്തൻ മറന്നോ?
മമ മോഹമെന്നോ? (കാമിനി)

3 തരളമിഴി നീ ചെന്നു മെല്ലേ പ്രാണദയിതനോടിഹ ശോകം ചൊല്ലേ
കരുണ തവ തെല്ലോളമില്ലേ നീ കമനി മൽപ്രിയ സഖിയല്ലേ?
സ്മരസമാകൃതിയായ കണവനു ചതികൾ ചെയ്വതുചിതമോ?
ലലനേ! കുരുവിന്ദരദനേ! (കാമിനി)

## തിരുമനസ്സിലെപ്പറ്റി ചില സമകാലികന്മാർ

കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ അവിടത്തെപ്പറ്റി

> "വാണീയസ്യ മനോരമാ കുവലയാനന്ദപ്രദം യന്മുഖം
> പാണീ സന്തതചിന്തിതാർത്ഥഘടനാചിന്താമണീചാർത്ഥിനാം
> മീമാംസാപദമേവ മധ്യമലഘുശ്രുത്യന്തസഞ്ചാരിണീ
> ദൃഷ്ടിസ്തം നൃപമന്തരാ ഭഗവതീ വിദ്യാ കുതോ വർത്തതേ?"

എന്നും കൊടുങ്ങല്ലൂർ വിദ്വാൻ ഇളയ തമ്പുരാൻ

> "ഷഷ്ഠീതൽപുരുഷാഹ്വയോ നൃപതിഷു പ്രായേണ വിദ്വൽപ്രഭു–
> ശ്ശബ്ദസ്സംപ്രതി കർമ്മധാരയതയാപ്യാഭാതി വഞ്ചീശ്വരേ
> ഇത്യാകർണ്ണ്യ പുനർവിലോക്യ ച ബഹുവ്രീഹിത്വമേതൽപദേ"
> കിം ശോകാദിവ നഃസ്ഥിതിഃ ക്വചിദപി ദ്വന്ദ്വാവ്യയീ ഭാവയോഃ"

എന്നും വർണ്ണിച്ചിട്ടുണ്ട്. മറ്റു ചില കവികളുടെ പ്രശസ്തിപദ്യങ്ങൾ യഥാവസരം ഉദ്ധരിക്കാം. ധുരമാർ രേഖപ്പെടുത്തീട്ടുള്ള വിശിഷ്ടാഭിപ്രായങ്ങൾ പകർത്തുന്നില്ല. ഇരയിമ്മൻതമ്പി അവിടത്തെ ദിനചര്യയെപ്പറ്റി

> "വിദ്വൽകൃതനവസൂക്തിശ്രുവണമോ
> വിദ്യോതിതഹിതകൃത്യവിചാരമോ
> ഹൃദ്യാരവവാദ്യവിനോദമോ
> പാത്രോചിതബഹുവിത്തവിതരണമോ
> ശാസ്ത്രവാദമോ, ഗായകസാർത്ഥഗാനമോ, സ്ത്രീഗണ–
> നൃത്തയോഗമോ, മധുജിൽക്ഷേത്രഗമനമോ"

എന്നു പാടിയിരിക്കുന്നു.

## രുക്മിണീബായി രാജകുമാരി (984–1012)

സ്വാതിതിരുനാൾ മഹാരാജാവിന്റെ ജ്യേഷ്ഠസഹോദരി ആയില്യംതിരുനാൾ രുക്മിണീബായി രാജകുമാരിയെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവിടത്തേയ്ക്കും

സങ്ഗീത സാഹിത്യങ്ങളിൽ നല്ല വാസനയുണ്ടായിരുന്നു. ഇരയിമ്മൻ തമ്പി “കുല ശേഖരനൃപസോദരിതന്നുടെ ഗുണവർണ്ണനമെളുതോ?” എന്നാരംഭിക്കുന്ന കീർത്ത നത്തിൽ അവിടത്തേയ്ക്ക്

“സങ്ഗീതാഞ്ചിത സാഹിത്യാദിവിധങ്ങളിലേറ്റം മോഹവും,
ശൃങ്ഗാരാദിരസാന്വിതനാടകഭങ്ഗികൾ കണ്ടു വിനോദവും.
മങ്ങാതുള്ളൊരു മങ്ഗലതരനിയമങ്ങളൊടമലാചാരവും,
ഗങ്ഗാധരഹരിഗൗരീപദഭജനങ്ങളിലതിവിശ്വാസവും”

മറ്റും ഉണ്ടായിരുന്നതായി വർണ്ണിക്കുന്നു. മുഖാരിരാഗത്തിൽ “ശ്രീകണ്ഠേശ പാഹി” എന്ന ഗാനം രചിച്ചിട്ടുള്ളതു് ആ തമ്പുരാട്ടിയാകുന്നു.

“ശ്രീകണ്ഠേശ! പാഹി! പാഹി! പാർവതീപതേ!
ശ്രീ ഞങ്ങൾക്കു വളർത്തേണം ശ്രീപരമേശ! (ശ്രീകണ്ഠേശ)
സാദരം നീ തന്നുവല്ലോ സോദരന്മാർ രണ്ടുപേരെ
സോദരിയേയും ലഭിപ്പാനാശയേറുന്നു.” (ശ്രീകണ്ഠേശ)

എന്നിങ്ങനെ ആ ഗാനം പുരോഗമിക്കുന്നു.

## ചങ്ങനാശ്ശേരി രാജരാജവർമ്മകോയിത്തമ്പുരാൻ—ജീവിതം

ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിലെ ആദ്യത്തെ കാരണവരായിരുന്ന അച്ഛൻ കോയിത്തമ്പുരാനെപ്പറ്റി മുൻപു പ്രതിപാദിച്ചുകഴിഞ്ഞു. അവിടുത്തേയ്ക്കു വി ദ്വാനും മീമാംസകമൂർദ്ധന്യനുമായി ഇത്തമ്മർകോയിത്തമ്പുരാൻ എന്ന പേരിൽ ഒരു മരുമകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയനാണ് പണ്ഡിതശ്രേഷ്ഠ നായ രാജരാജവർമ്മകോയിത്തമ്പുരാൻ. ആ കോയിത്തമ്പുരാന്റെ ജനനം ഏതു കൊല്ലത്തിലായിരുന്നുവെന്നു നിശ്ചയമില്ല. എന്നാൽ രുക്മിണീരാജ്ഞിയുടെ പു ത്രിയായി 1005-ആണ്ടു ധനുമാസം 13-ാംനു ജനിച്ച ലക്ഷ്മീരാജകുമാരിയെ അദ്ദേഹം പള്ളിക്കെട്ടു കഴിച്ചതു 1015 മേടത്തിലാകയാൽ അന്ന് അദ്ദേഹത്തിനു ഉദ്ദേശം 16 വയസ്സായിരിക്കാനേ ഇടയുള്ളു. ആ പള്ളിക്കെട്ടിനെപ്പറ്റി വർണ്ണിച്ചാണ് രവിവർ മ്മൻതമ്പി

കംസം മോദയുതം ചകാര മഥുരാ; സങ് ക്രന്ദനേനാന്വിതാ
നിത്യം സാപ്യമരാവതീ; നനു കുബേരാധ്യാസിതാ സാളകാ;
ജുഷ്ടാ ഭോഗവതീ ദ്വിജിഹ്വനികരൈർവഞ്ചീശ്വര! ത്വത്പുരീ
ശ്രീവൈകുണ്ഠപുരീവ രാജതി വിവാഹാലംകൃതം സാംപ്രതം”

എന്ന ശ്ലോകം രചിച്ചിട്ടുള്ളതു്. 1030-ൽ അത്തംതിരുനാളിലും 1033-ൽ മൂലംതിരുനാ ളിലും രണ്ടുരാജകുമാരന്മാരെ പ്രസവിച്ച് ആ കൊല്ലത്തിൽ കന്നി 22-ാംനു ലക്ഷ്മീരാ ജ്ഞി ദേഹവിയോഗം ചെയ്തു. അവരിൽ രണ്ടാമത്തെ കുമാരനാണ് 1060 മുതൽ 1099 വരെ തിരുവിതാംകൂർ ഭരിച്ച മഹാത്മാവായ ശ്രീമൂലംതിരുനാൾ രാമവർമ്മമഹാരാ ജാവു്. അതിൽപ്പിന്നീടു കോയിത്തമ്പുരാൻ അധികകാലം ജീവിച്ചിരുന്നില്ല. 1034 മീ നമാസത്തിൽ അദ്ദേഹവും അന്തരിച്ചു. എന്നാൽ അതിനു മുൻപുതന്നെ തന്റെ മരുമ കനായ കേരളവർമ്മദേവനെ നാലരക്കൊല്ലത്തെ നിരന്തരവും നിഷ്കൃഷ്ടവുമായ ശി ക്ഷണംകൊണ്ടു സകലകലാവല്ലഭനാക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. മാതുല നെപ്പോലെ തന്നെ അവിടത്തേയ്ക്ക് ആ കൊല്ലം മേടം 13-ാംനു തിരുവിതാംകൂർ രാജ

കുടുംബത്തിലെ മറ്റൊരു ലക്ഷ്മീരാജ്ഞിയെ (ഭരണിതിരുനാൾ) പരിഗ്രഹിക്കുന്നതിനുള്ള ഭാഗ്യമുണ്ടായി. രാജരാജവർമ്മകോയിത്തമ്പുരാനെപ്പറ്റി അവിടുന്നു ഹനുമദുത്ഭവം ആട്ടക്കഥയുടെ ആരംഭത്തിൽ

> "അജ്ഞാനസ്ഫുരദന്ധകാരപടലീമൂർച്ഛാലഹൃച്ചക്ഷുഷേ
> മോഹം വാങ്മയകൗമുദീവിലസിതൈരുത്സാരയാമാസ യഃ
> തം വിദ്വജ്ജനമാനനീയമതിവൈശദ്യം മമാദ്യം ഗുരും
> വന്ദേ മാതുലമുല്ലസദ്ഗുണമയം ശ്രീരാജരാജാഹ്വയം"

എന്ന ശ്ലോകത്തിൽ പ്രശംസിച്ചിട്ടുണ്ട്.

## കൃതികൾ

രാജരാജവർമ്മകോയിത്തമ്പുരാൻ സംസ്കൃതത്തിൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ (1) സ്യാനന്ദൂര പുരവർണ്ണനപ്രബന്ധത്തിനു സുന്ദരി എന്ന വ്യാഖ്യാനവും (2) നീലകണ്ഠദീക്ഷിതരുടെ അന്യാപദേശശതകത്തിലെ നാല്പതിൽപ്പരം ശ്ലോകങ്ങൾക്കു ഹൃദയങ്ഗമമായ മറ്റൊരു വ്യാഖ്യാനവും, (3) ഭാഷയിൽ സോമവാരവ്രതം എന്ന ആട്ടക്കഥയുടെ പൂർവ്വഭാഗവും രചിച്ചിട്ടുണ്ട്. സുന്ദരി സർവ്വങ്കഷവും സരസഗംഭീരവും ഗൂഢാർത്ഥപ്രതിപാദകവുമായ ഒരു വ്യാഖ്യാനമാകുന്നു. അതിന്റെ ആരംഭത്തിൽ കവി ഇങ്ങനെ പ്രസ്താവിക്കുന്നു. "കരബദരവദാസ്തേ" എന്ന ശ്ലോകത്തിനുമേലാണ് ഇവ വരുന്നത്.

> "തദ്ഭാഗിനേയസ്യ ച ഭാഗിനേയ-
> സ്തഥൈവ നാമ്നാ ഖലു രാജരാജഃ
> വിദ്വജ്ജനാനന്ദനഹേതുഭൂതാം
> വഞ്ചീശസൂക്തിം വിവൃണോതി മോദാൽ.
>
> വിദ്യാജാലമഹോദധേഃ കവികുലശ്രേണീശിരോലംകൃതേർ-
> ന്നാനാസദ്ഗുണസഞ്ചയൈകവസതേർവഞ്ചിക്ഷമാധീശിതുഃ
> കാവ്യം തദ്വിബുധോപലഭ്യവിലസദ്ഗൂഢാർത്ഥരത്നാകരം
> ലക്ഷ്മീനാഥകൃപാതരീവരബലാന്നൂനം തരിഷ്യാമ്യഹം.
>
> ശ്രീവഞ്ചിഭൂപാലകൃതപ്രബന്ധ-
> ഗൂഢാർത്ഥവിദ്യാവിരഹാതുരാണാം
> മോദായ കുർവേ ഖലു സുന്ദരീം താം
> വ്യാഖ്യാമലങ്കാരമനോഹരാങ്ഗീം.
> ഉദിതാ ഖലു രാജരാജനാമ്നഃ
> സരസാലങ്കരണാവഭൂഷിതാങ്ഗീ
> അതി ചാരുപദാ തു സുന്ദരീയം
> രസികാനാം വിതനോതു മോദഭാരം."

ലക്ഷ്മീനാഥശബ്ദംകൊണ്ടു് അച്ഛൻകോയിത്തമ്പുരാനേയും ഗ്രന്ഥകാരൻ സ്മരിച്ചിരിക്കുന്നു. അന്യാപദേശവ്യാഖ്യ മുഴുമിച്ചിട്ടില്ല. സോമവാരവ്രതവും അപൂർണ്ണംതന്നെ. അതു ഞാൻ വായിച്ചിട്ടില്ല. ഗോവിന്ദപ്പിള്ള അദ്ദേഹത്തിന്റെ ഭാഷാചരിത്രത്തിൽ ഒരു ശ്ലോകവും പദവും ഉദ്ധരിച്ചിട്ടുണ്ട്.

"കദാചിദ്രാജാസൗ മധുകരപികാരാവമധുരേ
മനോജ്ഞേ മാലേയാനിലചലിതമാകന്ദനികരേ
മുദാ ദാരൈസ്സൈ്വരം സരസവചനാലാപചതുരൈ–
സ്സഹാരാമേ രേമേ രതിരമണലീലാസു രസധീഃ

എന്നാണ് ശ്ലോകം. ആ ആട്ടക്കഥ 1050-ാണ്ടിടയ്ക്ക കേരള വർമ്മദേവൻ പൂരിപ്പിച്ചു.

## ഉത്രംതിരുനാൾ മഹാരാജാവു് (990–1036)—ജീവിതം

സ്വാതിതിരുനാൾ മഹാരാജാവിന്റെ കനിഷ്ഠ സഹോദരനായി 990 ചിങ്ങം 3-ാംനു ജനിച്ച ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ ഇളയതമ്പുരാനെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉത്രത്തിനു സംസ്കൃതത്തിൽ ഭാഗ്യം എന്നൊരു പര്യായമുള്ളതിനാൽ ഭാഗ്യോദയമാർത്താണ്ഡവർമ്മാവെന്ന് അവിടത്തെ പറഞ്ഞുവരുന്നു. ജ്യേഷ്ഠന്റെ ഗുരുനാഥന്മാർ തന്നെയായിരുന്നു അവിടത്തെയും ഗുരുനാഥന്മാർ. മലയാളത്തിനും തമിഴിനും പുറമെ സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി, മഹാരാഷ്ട്രി എന്നീ ഭാഷകളിൽ അവിടുന്നും വൈദുഷ്യം സമ്പാദിച്ചു. സംസ്കൃതത്തിൽ ജ്യേഷ്ഠനോളംതന്നെ പാണ്ഡിത്യം ഇല്ലായിരുന്നു എങ്കിലും ഇംഗ്ലീഷിൽ അവിടത്തേക്കാൾ അധികം അറിവുനേടുകയും അക്കാലത്തെ ധുരമാരുടെ അതിരറ്റ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിക്കുകയും ചെയ്തു. അനേകം ഭൗതിക ശാസ്ത്രങ്ങളിലും വിശേഷിച്ചു രസതന്ത്രത്തിലും അവിടുന്ന് ആർജ്ജിച്ചിരുന്ന ജ്ഞാനം വിപുലമായിരുന്നു. പാശ്ചാത്യ രീതിയിലുള്ള വൈദ്യവിദ്യയിൽ അവിടത്തേക്കുണ്ടായിരുന്ന വിചക്ഷണത ആർക്കും ആശ്ചര്യം ജനിപ്പിച്ചിരുന്നു. കൊട്ടാരത്തിൽ സ്വന്തമായി ഒരു ഡിസ്പെൻസറി സ്ഥാപിച്ച് അവിടെ രോഗികളെ താൻതന്നെ പരിശോധിച്ച് അവർക്കു മരുന്നു കൊടുക്കുകയും ലഘുപരിമാണത്തിലുള്ള ശസ്ത്രക്രിയചെയ്യുകയും ചെയ്യുന്നതിൽ അവിടുന്ന് അനുദിനം വ്യാപൃതനായിരുന്നതായും അറിയാം. തിരുവനന്തപുരത്തെ സർക്കാർ ഇംഗ്ലീഷുപള്ളിക്കൂടത്തിന്റെ അഭിവൃദ്ധിയിലും അവിടുന്നു സദാ ജാഗരൂകനായിരുന്നു. ഉത്രംതിരുനാൾ 1022 ധനു 26-ാംനു സിംഹാസനാരൂഢനായി. 1028 മേടം 28-ആനു-യാണ് ഗൌരി പാർവ്വതീറാണി നാടുനീങ്ങിയതു. 1024- ാമാണ്ടു തഞ്ചാവൂർ മാധവരായരെ ആയില്യംതിരുനാൾ, വിശാഖംതിരുനാൾ എന്നീ കൊച്ചു തമ്പുരാക്കന്മാരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു നിയമിച്ചു. 1028 വരെ അദ്ധ്യാപകവൃത്തി തുടർന്നതിനുമേൽ മാധവരായർ ഗവർമ്മെന്റു സർവ്വീസിൽ ചേർന്ന് 1033 മകരം 6-ാംനു തിരുമനസ്സിലെ ദിവാൻജിയായി. പിന്നീടു ആയില്യംതിരുനാൾ മഹാരാജാവിന്റെ രാജ്യഭരണകാലത്തും 1047 മേടം 31-ാംനു വരെ ആ ഉന്നതസ്ഥാനത്തെ അലങ്കരിച്ച് അനന്യസുലഭമായ ഭരണകുശലതകൊണ്ടു വഞ്ചിരാജ്യത്തിനു പേരും പെരുമയും വളർത്തി. ആ മഹാനുഭാവനാണ് പിന്നീടു രാജാ സർ.റ്റി. മാധവരായരായതു്. അദ്ദേഹത്തെപ്പറ്റി ചില സംഗതികൾ മേലും പ്രസ്താവിക്കേണ്ടിവരും. 1033 കന്നി 22-ാംനു മാവേലിക്കരനിന്നു രണ്ടു രാജകുമാരിമാരെ ദത്തെടുത്തു. അവരിൽ ജ്യേഷ്ഠസഹോദരിയായ ലക്ഷ്മീബായിയെ ചങ്ങനാശ്ശേരി കേരളവർമ്മ കോയിത്തമ്പുരാനെക്കൊണ്ടു് 1034 മേടം 13-ാംനു വിവാഹം ചെയ്യിച്ചു എന്നു പ്രസ്താവിച്ചുകഴിഞ്ഞു. അവിടുന്നാണ് പിന്നീടു കേരളസാഹിത്യചക്രവർത്തിയായിത്തീർന്ന വലിയ കോയിത്തമ്പുരാൻ. മാർത്താണ്ഡവർമ്മമഹാരാജാവു പതിമ്മൂന്നിൽച്ചില്വാനം കൊല്ലം രാജ്യഭാരം ചെയ്തു് 1036 ചിങ്ങം 4-ാംനു ചരമഗതിയെ പ്രാപിച്ചു. ജ്യേഷ്ഠനെ അവിടുന്ന് ഈശ്വരനിർവ്വിശേഷമായി ആരാധിച്ചിരുന്നതിനാൽ ജ്യേഷ്ഠന്റെ കലാപോഷണപ

രിപാടി മിക്കവാറും അതേ നിലയിൽത്തന്നെ അനുഷ്ഠിച്ചുവന്നു. ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ, വൈക്കത്തു പാച്ചുമൂത്തതു് മുതലായ ചില പുതിയ പണ്ഡിതമൂർദ്ധന്യന്മാരേയും ആസ്ഥാനപണ്ഡിതന്മാരായി അവിടത്തേക്കു കിട്ടി. താരതമ്യേന ജ്യേഷ്ഠൻ അധൃഷ്യനും അനുജൻ അഭിഗമ്യനുമായിരുന്നു; ഓജസ്സിനും പ്രഭാവത്തിനും പകരം അവിടത്തേയ്ക്കുണ്ടായിരുന്നതു സർവ്വമനോരഞ്ജകമായ സൗമ്യത്വമായിരുന്നു. ഈ വസ്തുത ഇരയിമ്മൻതമ്പി അവിടത്തെ സ്ഥാനരോഹണാവസരത്തിൽ രചിച്ച രണ്ടു ശ്ലോകങ്ങളിൽ വ്യക്തമാക്കീട്ടുണ്ടു്.

"അർക്കൻപോയസ്തമിച്ചോരളവതിലുളവായ്–
 വന്ന ഗാഢാന്ധകാരം
തക്കത്തിൽദ്ദൂ രെ നീക്കിക്കുവലയബഹളാ–
 മോദമുണ്ടാക്കുവാനായ്
ചൊല്ക്കൊണ്ടീടുന്ന പൂർവാചലശിരസി വിള–
 ങ്ങുന്ന സംപൂർണ്ണചന്ദ്രൻ
ദിക്കെല്ലാം വെണ്മചേർക്കുന്നതിനുപമ ഭവാൻ
 തന്നെ വഞ്ചിക്ഷിതീന്ദോ!

കന്ദർപ്പൻ മൂർത്തിമാനോ? കനിവൊടവനിയിൽ–
 ക്കല്പവൃക്ഷം ജനിച്ചോ?
പൊന്നിൻ പൂമാതിനേവം കളിനിലമധുനാ
 പത്മനാഭൻ ചമച്ചോ?
ഇന്ദ്രൻ വന്നോ ധരിത്ര്യാം? കലയതു കുറയാ–
 തുള്ള പൂർണ്ണേന്ദുതാനോ?
മന്യേ താപം ജനാനാം ശമയിതുമുളവാ–
 യിങ്ങു മാർത്താണ്ഡദേവൻ."

## കഥകളിയുടെ അഭിവൃദ്ധി

ഉത്രം തിരുനാൾ മഹാരാജാവിനെ കേരളീയർ പ്രാധാന്യേന കൊണ്ടാടുന്നതു് അവിടുന്നു കഥകളിയുടെ ജീവാതുവായിരുന്നു എന്നുള്ളതുകൊണ്ടാണു്. അതിബാല്യത്തിൽത്തന്നെ അവിടത്തേക്കു് ആ പ്രസ്ഥാനത്തിൽ അസാധാരണമായ അഭിനിവേശമുണ്ടായിരുന്നു. അവിടുന്നുതന്നെ കയ്യും മെയ്യും സ്വാധീനമാക്കി ഓരോ വേഷത്തിൽ അരങ്ങത്തു വന്നു് ആടി കാണികളെ രസിപ്പിക്കുകയും പാർവ്വതീറാണിയുടെ പക്കൽനിന്നു പാരിതോഷികം വാങ്ങിക്കുകയും ചെയ്തുവന്നിരുന്നതായി പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ടു്. 1003-ആണ്ടു കൊച്ചി രാമവർമ്മമഹാരാജാവിന്റെ നിര്യാണത്തിൽ ആശ്രയവിഹീനയായിത്തീർന്ന ആ വിശിഷ്ടകല അന്നു തിരുവിതാംകൂർ ഇളയതമ്പുരാനായിരുന്ന ഉത്രംതിരുനാൾ തമ്പുരാന്റെ വാത്സല്യപൂർണ്ണമായ പരിലാളനത്തിൽ മേൽക്കുമേൽ വളർന്നു. ഇതരകലകളുടെ പുരശ്ചാരണത്തിൽ ജാഗരൂകനായിരുന്ന ജ്യേഷ്ഠൻ അതിന്റെ പോഷണഭാരം മാത്രം അനുജനിൽ നിക്ഷേപിച്ചതു് ആ വിഷയത്തിൽ അവിടത്തേയ്ക്കുള്ള പാടവവിശേഷത്തെ അഭിനന്ദിച്ചു തന്നെയായിരിക്കണം. ഇളയതമ്പുരാന്റെ വാസസ്ഥലം വലിയ കൊട്ടാരത്തിന്റെ ഒരു ഭാഗമായ ഭജനപ്പുരക്കൊട്ടാരത്തിലായിരുന്നു. കുറെ അകലെയുള്ള പൂജപ്പുരക്കൊട്ടാരവും അവിടത്തെ അധീനതയിലായിരുന്നതിനാൽ അവിടെവെച്ചാണു്

കഥകളി നടത്തിവന്നതു്. പല ദിക്കുകളിൽനിന്നും പ്രശസ്തന്മാരായ നടന്മാരെ വരുത്തിയും മുഖശ്രീയും വേഷച്ചേർച്ചയുമുള്ള യുവാക്കന്മാരെ തിരഞ്ഞെടുത്തു് അഭ്യസിപ്പിച്ചും ഒരു നല്ല കഥകളിയോഗം അവിടുന്നു രൂപവൽകരിച്ചു. അതിനെ ആദ്യകാലത്തു പൂജപ്പുരക്കൊട്ടാരംവക കഥകളിയോഗമെന്നും തിരുമനസ്സിലെ സിംഹാസനരോഹണത്തിനു ശേഷം വലിയ കൊട്ടാരം വക കഥകളിയോഗമെന്നും ജനങ്ങൾ പറഞ്ഞുവന്നു. കപ്ലിങ്ങാടൻ, കല്ലടിക്കോടൻ, വെട്ടത്തു് എന്നീ മൂന്നു സംപ്രദായങ്ങളിലേയും വിശേഷഗുണങ്ങൾ സമ്മേളിപ്പിച്ചാണ് അവിടന്നു കൊട്ടാരം കളിക്കാരെ പരിശീലിപ്പിച്ചതു്. കോട്ടയത്തിനു സമീപം കുടമാളൂർ ദേശത്തുകാരനായ വിളായിക്കോട്ടു നമ്പൂരിയാണ് ആ വിഷയത്തിൽ അവിടത്തേയ്ക്കു വിദഗ്ദ്ധോപദേശം നല്കുകയും നല്ല നടന്മാരെ യോഗത്തിൽ ചേർക്കുന്നതിനായി നാനാദേശങ്ങളിൽ നിന്നു കൊണ്ടുവരികയും ചെയ്തുവന്നതു്. തിരുമനസ്സുകൊണ്ടു നേരിട്ടു പരിശോധിച്ചു തൃപ്തിപ്പെടാതെ ആർക്കും ആ യോഗത്തിൽ നടനായി ചേരുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല. വളരെ മെച്ചത്തിലുള്ള ഒരുകൂട്ടം കളിക്കോപ്പും ആ യോഗത്തിന്റെ ആവശ്യത്തിന്നായി അവിടുന്നു തീർപ്പിച്ചുകൊടുത്തു. അങ്ങനെ അല്പകാലം കഴിഞ്ഞപ്പോൾ ഈശ്വരപിള്ള, പഴയ കൊച്ചുകൃഷ്ണപിള്ള, പുത്തൻ കൊച്ചുകൃഷ്ണപിള്ള, പഴവങ്ങാടി നാണുപിള്ള, കണ്ടച്ചപ്പണിക്കർ, കൊച്ചപ്പപ്പണിക്കർ, വലിയ കൊച്ചയ്യപ്പപ്പണിക്കർ, ശേഖരവാരിയർ, കണ്ടിയൂർ പപ്പുപിള്ള, കിട്ടുപ്പണിക്കർ, കിട്ടുണ്ണി, നളനുണ്ണി എന്നിങ്ങനെ അനുഗൃഹീതന്മാരായ പല അഭിനേതൃമൂർദ്ധന്യന്മാരും ആ യോഗത്തിലെ അംഗങ്ങളായിത്തീർന്നു.

> “കൊച്ചയ്യപ്പനു കത്തിയും കരിയുമാം പച്ചയ്ക്കിടിച്ചേന്നനും
> മെച്ചത്തിൽസ്സരസം പതിഞ്ഞപദമങ്ങാടീടുവാനുണ്ണിയും”

ഇത്യാദി ശ്ലോകത്തിൽ അവിടുന്നുതന്നെ അവരിൽ ചിലരുടെ സിദ്ധിവിശേഷങ്ങളെ വർണ്ണിച്ചിട്ടുണ്ട്. നളനുണ്ണിയുടെ ശരിയായ പേരു് എന്തെന്നറിയുന്നില്ല. അദ്ദേഹവും കിട്ടുണ്ണിയും സഹോദരന്മാരായിരുന്നു. കൊച്ചയ്യപ്പപ്പണിക്കരെപ്പോലെ അലർച്ചയ്ക്കു് ഒരു നടൻ ഉണ്ടായിട്ടില്ലെന്നു കേട്ടിട്ടുണ്ട്. അവരെപ്പറ്റിയെല്ലാം തിരുമനസ്സിലേയ്ക്കു് അപാരമായ വാത്സല്യമുണ്ടായിരുന്നു. ആ നടരത്നഹാരത്തിൽ നടുനായകമായി ശോഭിച്ചതു് ഈസ്വരപിള്ളയാണ്. ഈശ്വരപിള്ള, അഥവാ കുമാരൻ ഈശ്വരൻ, വിളവംകോട്ടുതാലൂക്കിൽ ഒരു ദരിദ്ര കുടുംബത്തിലെ അംഗമായിരുന്നു. നടനകലയിൽ അനുദിനം സമ്പാദിച്ച അഭൗമമായ പാടവംനിമിത്തം അദ്ദേഹം തിരുമനസ്സിലെ പ്രത്യേകപ്രീതിക്കു പാത്രീഭവിക്കുകയും പള്ളിയറ വിചാരിപ്പുകാരനായി നിയമിതനാകുകയും ചെയ്തു, അവിടത്തെ മരണാനന്തരവും ആ കലാപ്രണയി പല സ്ഥലങ്ങളിലും സഞ്ചരിച്ചു ക്ഷേത്രപരിധികളിൽ ഉത്സവാവസരത്തിലും മറ്റും ചില കഥകളിയോഗങ്ങളിൽ സ്വയമേവ പങ്കുകൊണ്ടു ശാരദാദേവിയെ തന്റെ അഭിനയകൈങ്കര്യംകൊണ്ടു ആരാധിച്ചുവന്നു. വിചാരിപ്പുകാർ 1028-ാണ്ടിടയ്ക്കു തിരുമനസ്സിലെ ഉപദേശമനുസരിച്ചു തിരുവനന്തപുരത്തു കേരളവിലാസം എന്നൊരു മുദ്രാലയം സ്ഥാപിക്കുകയും അതിൽനിന്നു് 1033-ാണ്ടു് അൻപത്തിനാലു ദിവസത്തെ ആട്ടക്കഥകൾ എന്ന സുപ്രസിദ്ധമായ ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തു. അതു ഭാഷാ സാഹിത്യത്തിനു് ഒരു പരമോപകാരമായി പരിണമിച്ചു. ആ മുദ്രാലയത്തിൽനിന്നുതന്നെ 1028-ൽ സ്വാതിതിരുനാൾ മഹാരാജാവിന്റെയും ഇരയിമ്മൻതമ്പിയുടെയും ചില കീർത്തനങ്ങളും മറ്റും പ്രകാശനം ചെയ്യുകയുണ്ടായിട്ടുണ്ട്. അധ്യാത്മരാമായാണം, നളചരിതം എന്നീ കിളിപ്പാട്ടുകളും അവിടെ മുദ്രണം ചെയ്തതായി കാണുന്നു. അതാണ് കേരളത്തിൽ ഗവർമ്മെൻറിന്റെയും മിഷണറിമാരുടെയും അല്ലാത്ത ആദ്യത്തെ അച്ചുക്കൂടം

എന്നു തോന്നുന്നു. 54 ദിവസത്തെ ആട്ടക്കഥയിൽ വ്യോമാസുരവധംപോലെയുള്ള ചില പൊട്ടക്കൃതികളും കടന്നു കൂടീട്ടുണ്ടെങ്കിലും പ്രായേണ നല്ല കഥകൾക്കേ പ്രവേശം അനുവദിച്ചുകാണുന്നുള്ളു. അതിൽ ചേർത്തിട്ടുള്ള ആട്ടക്കഥകളിലെ തെറ്റു തിരുത്തുന്നതിൽ 1031-ൽ യശശ്ശരീരനായ രവിവർമ്മൻ തമ്പിക്കും ഒരു പങ്കുണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്.

## സിംഹധ്വജചരിതം ആട്ടക്കഥ

തിരുമനസ്സുകൊണ്ട് അനേകം ആട്ടക്കഥകൾ തനിക്ക് അഭിമതന്മാരായിരുന്ന കവികളെക്കൊണ്ടു രചിപ്പിച്ചു. രവിവർമ്മൻതമ്പി

"ശ്രീരാമവർമ്മകുലശേഖരസോദരസ്യ
മാർത്താണ്ഡവർമ്മയുവഭൂമിപതേർന്നിദേശാൽ
കേനാപി തൽപദജൂഷാ കില ദക്ഷയാഗ–
നാട്യപ്രബന്ധമുദിതം സുധിയഃ പുനന്തു"

എന്നു ദക്ഷയാഗത്തിലും, കൊച്ചുപിള്ളവാരിയർ

"നൃപേന്ദ്രകുലശേഖരക്ഷിതിപസോദരസ്യോജ്ജ്വല–
പ്രശാന്തഗുണശാലിനോ യുവമഹീപതേരാജ്ഞയാ
കൃതാം കിമപി കേനചിത്ത്വഭിനയോചിതമുർവശീ–
സ്വയംവരകഥാം ബുധാശ്ശ്രവണഗോചരീകുർവതാം"

എന്ന് ഉർവ്വശീസ്വയംവരത്തിലും പ്രസ്താവിച്ചിട്ടുള്ളതിൽനിന്ന് ആ രണ്ടു കഥകളും അവർ നിർമ്മിച്ചത് അവിടുന്നു യുവരാജാവായിരുന്നപ്പോൾ നല്കിയ നിദേശമനുസരിച്ചാണെന്നു കാണാവുന്നതാണ്. അത്തരത്തിലുള്ള കൃതികൾക്കുപുറമേ താനും ഒരു കഥ രചിക്കുകയുണ്ടായി; അതാണ് സിംഹധ്വജചരിതം. ഇതിവൃത്തം കുഞ്ചൻനമ്പിയാരുടെ ശിവപുരാണത്തിൽ പ്രതിപാദിതമായ കാശിമാഹാത്മ്യംതന്നെയാണ്. രംഗപ്രയോഗത്തിന് അനുഗുണമായ വിധത്തിൽ കവി ആ കഥയിൽ പല വ്യത്യാസങ്ങളും വരുത്തീട്ടുണ്ട്. തമ്പുരാന്റെ സാഹിത്യം രണ്ടാംകിടയിലേ നില്ക്കുന്നുള്ളു. ഒരു ശ്ലോകവും അതിനോടു ഘടിപ്പിച്ചിട്ടുള്ള പദത്തിൽ ഏതാനും ഭാഗവും ഉദ്ധരിക്കാം.

"നീലകണ്ഠമകുടീധൃതാം നിഖിലപാപസഞ്ചയവിനാശിനീം
നിമ്നഗാമഥ നിഷേവിതും നിഭൃതമുദ്യതോ നൃപതിശേഖരഃ
നീലകണ്ഠകളഹംസമുഖ്യഖഗഭൂഷിതാം നിഹതകണ്ടകോ
വിന്ധ്യകാനനഭുവം നിരീക്ഷ്യ കുതുകാന്വിതസ്സപദി സോബ്രവീൽ"

പല്ലവി: വിന്ധ്യാദ്രി ദേശമിതു ബന്ധുരമഹോ!

അനുപല്ലവി: സന്തോഷചാരിയാം സരസിജശരൻതന്റെ
സാരകേളീഗൃഹംപോലെ സാനുമാൻ വിലസുന്ന (വിന്ധ്യാ)

ചരണം: 1 അത്ഭുതസിതമണി സൽപ്രഭ തടവിന
ശുഭ്രതരജലഭരിതപത്മാകരങ്ങൾ കണ്ടാൽ
കെല്പേറും വീരനാം ദർപ്പകമഹീശനുടെ

വിഭ്രമമിയലുന്ന ദർപ്പണമെന്നു തോന്നും (വിന്ധ്യാ)

2 ഏകത്ര മോഹനകോകിലഗാനാനുകൂലം
കേകിനടീജാലങ്ങൾ സാകമതിമോദേന
മാകന്ദതരുനിബിഡമാകുന്ന കാനനേ
മാധുര്യമോടവിടെ മഞ്ജുതരമാടുന്നു. (വിന്ധ്യാ)

## അരിപ്പാട്ടു കൊച്ചുപിള്ളവാരിയർ (960–1014)—ജീവിതം

സ്വാതിരുനാൾ മഹാരാജാവിന്റെ സംസ്കൃത ഗുരുവായ അരിപ്പാട്ടു കൊച്ചുപിള്ളവാരിയരെ ഇതിനുമുൻപു പ്രസംഗവശാൽ സ്മരിച്ചിട്ടുണ്ടല്ലോ. അരിപ്പാട്ടു കിഴക്കേടത്തെന്നും ചെമ്പകശ്ശേരിയെന്നും രണ്ടു പ്രസിദ്ധങ്ങളായ പാരശവ ഭവനങ്ങളുണ്ട്. കൊല്ലം പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിലും പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിലും ആ രണ്ടു വാര്യങ്ങളിലും അനേകം സംസ്കൃതപണ്ഡിതന്മാരുണ്ടായിരുന്നു. അവരിൽ കിഴക്കേടത്തുവാര്യത്തിലെ ഒരംഗമാണ് കൊച്ചുപിള്ളവാരിയർ. കൊച്ചുപിള്ള എന്നതു് ഓമനപ്പേരാണ്. ശങ്കരനെന്നായിരുന്നു സാക്ഷാൽ നാമധേയം. വാരിയർ 960-ാണ്ടിടയ്ക്കു ജനിച്ചു. അദ്ദേഹത്തെ വലിയ കൊട്ടാരത്തിൽ അധ്യാപനത്തിനു ചങ്ങനാശ്ശേരി അച്ഛൻകോയിത്തമ്പുരാന്റെ നിർദ്ദേശമനുസരിച്ചു തിരഞ്ഞെടുത്തതു് ഇരയിമ്മൻ തമ്പിയായിരുന്നു. 992-മുതൽ അദ്ദേഹം പ്രവൃത്തിപ്പള്ളിക്കൂടം വാധ്യാരായിരുന്നു. 998-ലാണ് കൊട്ടാരത്തിൽ അധ്യാപനം ആരംഭിച്ചതു് എന്നും അനുവാചകന്മാർ ധരിച്ചിരിക്കുമല്ലോ. വാരിയർ പേരുകേട്ട ഒരു ജ്യോത്സ്യനുമായിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിനു 'വാരരാശാ'ന്റെ പേരിൽ അത്യന്തം സ്നേഹമുണ്ടായിരുന്നു. 998 മുതൽ നിരന്തരമായി തിരുവനന്തപുരത്തുതന്നെയാണ് വാരിയർ താമസിച്ചതു്. 1011-ൽ മഹാരാജാവു് അവിടത്തെ വടക്കൻയാത്രയിൽ അരിപ്പാട്ടു് എഴുന്നള്ളുകയും കിഴക്കേടത്തുവാര്യത്തു ചെന്ന് എല്ലാ അംഗങ്ങൾക്കും ഓണപ്പുടവ സമ്മാനിക്കുകയും ചെയ്തു. വാരിയർ 1014-ാണ്ടു മരിച്ചതിനു രേഖയുണ്ട്.

## ഉർവശീസ്വയംവരം കഥകളി

വാരിയരുടെ കൃതിയായി ഉർവശീസ്വയംവരം കഥകളിമാത്രമേ കിട്ടീട്ടുള്ളു. ഇംഗ്ലീഷു സുബ്ബാരായരുടെ നിർദ്ദേശമനുസരിച്ചു് ഈസോപ്പിന്റെ ചില സാരോപദേശകഥകൾ അദ്ദേഹം ഭാഷാഗദ്യത്തിൽ തർജ്ജമ ചെയ്തിട്ടുള്ളതായി പി. ഗോവിന്ദപ്പിള്ള ഭാഷാചരിത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളതു പരമാർത്ഥമാണ്. ആ തർജ്ജമ മുപ്പതു കൊല്ലത്തിനുമുൻപു ഞാനും കണ്ടിട്ടുണ്ട്. ചെറിയ വാചകങ്ങളിൽ ഏറ്റവും ലളിതമായ ശൈലിയിലാണ് ആ വിവർത്തനം എന്നുമാത്രമേ ഇപ്പോൾ ഓർമ്മയുള്ളു. ഇന്ന് ആ കൈയെഴുത്തു പുസ്തകം എവിടെയാണെന്ന് അറിയുന്നില്ല. ഉർവ്വശീസ്വയംവരം ഉത്രംതിരുനാൾ ഇളയതമ്പുരാന്റെ ആജ്ഞയനുസരിച്ചു രചിച്ചതാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. കാളിദാസന്റെ വിക്രമോർവ്വശീയത്തിലെ ഇതിവൃത്തത്തെത്തന്നെയാണ് കവി ഉപജീവിച്ചിട്ടുള്ളതു്. സിംഹവക്ത്രൻ എന്ന അസുരനേയും മറ്റും അരങ്ങു കൊഴുക്കുന്നതിനായി പ്രവേശിപ്പിച്ചുകാണുന്നു. വാരിയരുടെ കവിത സിംഹധ്വജചരിതത്തിനു മേലേയാണെങ്കിലും ഒന്നാംകിടയിൽനിന്ന് അല്പം താഴെയേ സ്ഥിതിചെയ്യുന്നുള്ളു. അദ്ദേഹത്തിനു വ്യാകരണത്തിലുണ്ടായിരുന്ന അവഗാഹ

ത്തിന് അതു സാക്ഷ്യം വഹിക്കുന്നുണ്ട്. ഒരു ശ്ലോകവും ഒരു പദത്തിൽനിന്നു ചില വരികളും ചുവടേ ചേർക്കുന്നു.

ശ്ലോകം:

"സന്ധായേതി മനസ്സ സിന്ധുനിനദപ്രഖ്യം ധ്വനിഞ്ചോദ്വമൻ
ബന്ധൂകദ്യുതിബാന്ധവാക്ഷിയുഗളീസന്ധുക്ഷമാണാനലഃ
സ്കന്ധാവാരധുരന്ധരൈരനുഗതോ ബന്ധുവ്രജൈർബന്ധുരൈ–
രന്ധാത്മാപ്യമൃതാന്ധസാം രിപുരസൗ രുന്ധന്നഭാണീന്നൃപം."

കുമ്മി: "മൈക്കുഴലിമാർക്കു രത്നഭൂതേ! സഖി!
ചൊല്ലൊണ്ടു വാഴുന്ന രത്നലതേ!
ദിക്കരികുംഭം-തനിക്കുള്ളോരുൽക്കടഡംഭം–
ശമിപ്പിക്കും പൊല്ക്കുചകുംഭം-കലുങ്ങവേ
സൽക്കലാരംഭം-കണ്ടീടുമ്പോ–
ളിക്കണ്ടൊരു മൈക്കണ്ണികളുൾക്കാമ്പു കുളിർക്കുംപടി
തക്കത്തിൽക്കുമ്മിയടിക്ക ബാലേ! അതി–
നാർക്കുള്ളു വൈഭവം നിന്നെപ്പോലേ?"

"വർണ്ണം ക്യാൽധരുവെന്ന വിശേഷം" എന്ന വരിയിൽനിന്നു ഗാനനിർഭരമായ സാഹിത്യോദ്യാനത്തിലെ മന്ദമാരുതൻ അദ്ദേഹത്തേയും വീജനം ചെയ്തിരുന്നുവെന്ന് ഊഹിക്കാം.

## രാമവർമ്മവിജയം ചമ്പു

സ്വാതിരുനാൾ മഹാരാജാവു തിരുമനസ്സിലെ അപദാനങ്ങളെ വിഷയീകരിച്ചു രചിച്ചിട്ടുള്ള ഒരു സംസ്കൃതചമ്പുവാണ് രാമവർമ്മവിജയം. അതുമുഴുവൻ കിട്ടീട്ടില്ല. തെക്കൻ തിരുവിതാംകൂറിൽ മഹാദാനപുരം ഗ്രാമക്കാരനും കന്യാകുമാരി ഭഗവതിയുടെ ഭക്തനുമായ ഒരു ബ്രാഹ്മണനാണ് അതിന്റെ പ്രണേതാവ്.

"വഞ്ചിഭൂപവാഞ്ഛിതാർത്ഥദായകസ്സ്വഹർന്നിശം
വഞ്ചിഭൂപചിത്തപദ്മപഞ്ജരസ്ഥിതോ ഹരിഃ
വഞ്ചിഭൂപസൽപ്രബന്ധവാഞ്ഛിതാർത്ഥസാധകഃ
പഞ്ചലാങ്ഗലാഗ്രഹാരവാസിനം സദാവതു"

എന്ന ശ്ലോകത്തിലെ 'പഞ്ചലാങ്ഗലാഗ്രഹാരം' മഹാദാനപുരത്തിന്റെ നാമാന്തരമാണ്. മഹാരാജാവിന്റെ കവിത്വത്തേയും വിദ്വൽപ്രോത്സാഹനത്തേയും വർണ്ണിക്കുന്ന മൂന്നു ശ്ലോകങ്ങളും ഒരു ഗദ്യവും താഴെ ചേർക്കുന്നു,

"യത്സാഹിത്യസുധാരസം ശ്രുതിപുടൈഃ
പീത്വാ സദാ സൂരയഃ
കായക്ലേശമൃതേ ഭൃശം ബഹുവിധാ–
യാസേന ലബ്ധാമൃതാൻ
മന്യന്തേ ദിവിഷദ്ഗണാനപി ഹൃദാ
സ്വേഭ്യോല്പഭാഗ്യാൻ ക്ഷിതൗ
കസ്യ സ്യാൽ സ്തുതിഗോചരഃ കവിമണി–
വഞ്ചിക്ഷമാവല്ലഭഃ?

പ്രാപ്യാനുഗ്രഹമന്യദുർല്ലഭമഹോ! ശ്രീപദ്മനാഭപ്രഭോ–
ശ്ചിത്തക്ലേശമൃതേ മനോജ്ഞകവനം ലോകോത്തരം സാംപ്രതം
കുർവൻ ശ്രീകുലശേഖരാഖ്യനൃപതിസ്സർവാസു വിദ്യാസു യ–
ശ്ശാസ്ത്രജ്ഞാനവിശാരദോ വിജയതേ സാഹിത്യവിദ്യാപണഃ.

മുദ്രിതം പ്രതിസാഹിത്യം പദ്മനാഭസ്യ മുദ്രയാ
പദ്മനാഭനിയോഗേന നൂനം വഞ്ചിമഹീഭൃതാ"

ഗദ്യം: "സ താവൽ പുനരിത്ഥമനവദ്യൈഃ പദ്യൈരതിഹൃദ്യൈർഗ്ഗദ്യൈശ്ച പ്രതിപദം ജനാനാം പ്രമോദം ജനയൻ ഭോജരാജ ഇവാഭിനവകവനരസം സദാനുഭവന്നാസ്തേ; യസ്യ കിലമാനസവിചിന്തിതപദ്മനാഭസ്യ വിതരണവിജിതചിന്താമണേഃ കവിമുഖാരവിന്ദതരണേഃ ശ്രീവഞ്ചിമഹാരാജചൂഡാമണേരപരിമിതഭാഷാവിരചിത കവനചാതുര്യം സകലജനാ നാമാശ്ചര്യകം ഭവതി. ഏകൈകഭാഷയാ പ്രോക്തം കാളിദാസാദിഭിഃ, അനേനാനേകവിധസാഹിത്യമനേകഭാഷയാ."

ഈ കവിയുടെ 'അഷ്ടാദശസു ഭാഷാസു' എന്ന ശ്ലോകാർദ്ധം മുൻപ് ഉദ്ധരിച്ചിട്ടുണ്ട്.

## കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ (975-1026)—പീഠിക

സ്വാതിതിരുനാൾ മഹാരാജാവിന്റെ സമകാലികനായി കേരളദേശത്തെ അലങ്കരിച്ചിരുന്ന മറ്റൊരു മഹാകവിമൂർദ്ധന്യനെപ്പറ്റിയാണ് ഇനി പ്രസ്താവിക്കുവാൻ പോകുന്നത്. കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ എന്ന പേരിൽ വിശ്വവിശ്രുതനായിത്തീർന്ന അദ്ദേഹത്തെപ്പോലെ സർവ്വതന്ത്രസ്വതന്ത്രരായ മഹാപുരുഷന്മാർ നമ്മുടെ നാട്ടിൽവളരെ വിരളമായേ അവതരിച്ചിട്ടുള്ളു. ഒരു കവിസമ്രാട്ടെന്നുള്ളതിനുപുറമേ അദ്ദേഹം (1) വ്യാകരണം, (2) തർക്കം, (3) ജ്യോതിഷം, (4) സ്മൃതി എന്നീ വിഷയങ്ങളിലും പാരംഗതനായിരുന്നു; എന്നു മാത്രമല്ല (5) സംഗീതം, (6) വൈദ്യകം, (7) ശില്പശാസ്ത്രം, (8) അഭിനയം എന്നീവിദ്യകളിലും വിസ്മയനീയമായ വിജ്ഞാനം സമ്പാദിച്ചിരുന്നു. ഈ വിഷയങ്ങളിൽ വ്യാകരണംമാത്രമേ ആ മഹാത്മാവു ഗുരുമുഖത്തിൽ നിന്നു നിഷ്കൃഷ്ടമായി പഠിച്ചു എന്നു പറയുവാൻ നിവൃത്തിയുള്ളു. ശേഷമുള്ളവയിൽ അദ്ദേഹം നിഷ്ണാതനായതു പ്രാധാന്യേന വാസനയുടെ തള്ളിച്ചകൊണ്ടും പ്രയത്നത്തിന്റെ നൈരന്തര്യംകൊണ്ടും സർവ്വോപരി കുടുംബപരദേവതയായ ഭദ്രകാളിയുടെ പ്രസാദംകൊണ്ടുമാണെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. യാവജ്ജീവം അധ്യേതാവും അദ്ധ്യാപകനുമായി കാലയാപനംചെയ്തു അദ്ദേഹം ശിഷ്യസമ്പത്തുകൊണ്ടും രാജരാജനായിരുന്നു. വെണ്മണിപ്രസ്ഥാനം എന്ന സുപ്രസിദ്ധമായ ഭാഷാകവനപദ്ധതിക്കു ബീജാവാപം ചെയ്തതും അദ്ദേഹമാണെന്നു സ്ഥാപിക്കാം. ഉദാരചരിതനായ അദ്ദേഹത്തിന്റെ നാമധേയസ്മരണം സഹൃദയഹൃദയങ്ങളിൽ പ്രകൃഷ്ടമായ ആദരവൈവശ്യത്തെ ഉദ്ദീപിപ്പിക്കുന്നു.

### ജനനവും വിദ്യാഭ്യാസവും

വിദ്വാൻ ഇളയതമ്പുരാന്റെ നാമധേയം ഗോദവർമ്മ എന്നായിരുന്നു. അദ്ദേഹം കൊടുങ്ങല്ലൂർ രാജകുടുംബത്തിൽ 957-ാണ്ടു കുംഭമാസത്തിൽ സ്വാതിനക്ഷത്രത്തിൽ ജനിച്ച കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയുടെയും വെള്ളാങ്ങല്ലൂർ എളകുറിശ്ശി മാതൃദത്തൻ നമ്പൂരിപ്പാട്ടിലെയും പുത്രനായി 975-ാണ്ടു കുംഭമാസത്തിൽ അവിട്ടം നക്ഷത്രത്തിൽ ജനിച്ചു. ശൈശവത്തിൽ കുലഗുരുവായ വളപ്പിൽ ആശാൻ സംസ്കൃതത്തിൽ ചില

പ്രാഥമികപാഠങ്ങൾ പഠിപ്പിച്ചപ്പോൾ ആ ഭാഷയുടെ നേർക്കു നമ്മുടെ ബാലന് എന്തെന്നില്ലാത്ത അഭിനിവേശം തോന്നുകയും തനിക്ക് ആ മാർഗ്ഗത്തിൽ എങ്ങനെ സഞ്ചരിച്ചാൽ വിജയം സിദ്ധിക്കുമെന്ന് അദ്ദേഹം അമ്മയോടു ചോദിക്കുകയും ചെയ്തു. അമ്മ "വിദ്യാരൂപിണിയായ നമ്മുടെ പരദേവതയെ സേവിച്ചാൽ മതി" എന്ന് ഉപദേശിക്കയാൽ അന്നുമുതൽ ഏകതാനനായി ആ വ്രതം അനുഷ്ഠിച്ചു. 12-ാമത്തെ വയസ്സിൽ പ്രാതഃസ്നാനത്തിനായി കുളത്തിലിറങ്ങിയപ്പോൾ ഒരു മുതലയുടെ പുറത്തു ചവിട്ടി എങ്കിലും അതിന്റെ വാലിന്മേലുള്ള മുള്ളുകൾകൊണ്ടു ചില മുറിവുകൾ ഉണ്ടായതല്ലാതെ വേറെ അപകടമൊന്നും പറ്റിയില്ല.

"സ ബാല ഏവ സ്ഥിരധീശ്ശുഭാത്മാ
കാളീം കുരുംബാമഭജന്മഹാത്മാ
യഥാ ധ്രുവോ മാതൃഗിരാ രമേശം
സർവ്വോത്തമം സ്ഥാനമവാപ്തുകാമഃ.

ആകണ്ഠമഗ്നശ്ശിശിരേ സ്മരൻ യഃ
കാളീം വ്രണം നാഗണയൽ പദേ സ്വേ
കുംഭീരപുച്ഛാസിവിഘട്ടനോത്ഥം
ധീരേഷു വിഘ്നാ ഹ്യഫലാ ഭവന്തി"

എന്നീ പദ്യങ്ങളിൽ കവിസാർവ്വഭൗമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ അദ്ദേഹത്തിന്റെ 'വിദ്വദ്യുവരാജചരിത'ത്തിൽ ഈ സംഭവങ്ങളെ അനുസ്മരിച്ചിട്ടുണ്ട്. പതിനാറാമത്തെ വയസ്സിൽ സമാവർത്തനം കഴിഞ്ഞപ്പോൾ ഗോദവർമ്മ കൊടുങ്ങല്ലൂരെ നാലാംമുറത്തമ്പുരാനായിരുന്നു. അതിനുമേൽ പലതരത്തിലുള്ള കായികാഭ്യാസങ്ങളിലും ആയുധപ്രയോഗങ്ങളിലും പ്രാവീണ്യം സമ്പാദിച്ചു. തദനന്തരം ദേശമങ്ലത്തു കൃഷ്ണവാരിയരുടെ ശിഷ്യനായ ഒരു ശാസ്ത്രികളോടു സിദ്ധാന്ത കൗമുദീപൂർവ്വാർദ്ധവും അതു കഴിഞ്ഞു വൈയാകരണകേസരിയായ ആറ്റൂർ അടിതിരിയോട് ഉത്തരാർദ്ധവും പ്രൗഢമനോരമയിൽ "അഥോച്യേത യുഗപദധികരണമവചനതയാ" എന്ന കക്ഷ്യവരെയുള്ള ഭാഗവും പഠിച്ചു. അന്ന് അദ്ദേഹം മൂന്നാംമുറയായിക്കഴിഞ്ഞിരുന്നു. പിന്നീട് അടിതിരിക്കു കൊച്ചിയിലെ ഒരു തമ്പുരാനെ ശാസ്ത്രാഭ്യാസം ചെയ്യിക്കുന്നതിനുവേണ്ടി തൃപ്പൂണിത്തുറെ താമസിക്കേണ്ടിവന്നു എങ്കിലും അദ്ദേഹം കൂടെക്കൂടെ കൊടുങ്ങല്ലൂരേയ്ക്കും പോയി തന്റെ ശിഷ്യോത്തമന് ഉൽഗ്രന്ഥപഠനത്തിൽ നേരിടുന്ന സംശയങ്ങൾ പരിഹരിച്ചുവന്നു. തർക്കശാസ്ത്രം തമ്പുരാൻ അഭ്യസിച്ചതു് ആരോടാണെന്നറിയുന്നില്ല. എങ്കിലും ആ ശാസ്ത്രത്തിലും ഗ്രന്ഥനിർമ്മാണം ചെയ്യുന്നതിനും ശിഷ്യന്മാരെ ദിനകരംവരെ പഠിപ്പിക്കുന്നതിനും വേണ്ട വൈദുഷ്യം അദ്ദേഹം സമ്പാദിക്കാതെയിരുന്നില്ല. ജ്യോതിഷത്തിൽ കുറേ ക്രിയാഭാഗം ബാല്യത്തിൽ അഭ്യസിക്കുകയും ഒരിക്കൽ തന്റെ ദത്തകുലത്തിലെ മാതുലനായ അയിരൂർ കോവിലകത്തെ ഒരു രാജാവിനോടു പഞ്ചബോധക്രിയകളുടെ യുക്തി ചോദിച്ചു മനസ്സിലാക്കുകയും ചെയ്തതല്ലാതെ ഉപാധ്യായന്മാരിൽനിന്നു താനൊന്നും പഠിച്ചിട്ടില്ലെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. 1027-ൽ തീപ്പെട്ട വീണക്കാരൻ കൊടുങ്ങല്ലൂർ വലിയ തമ്പുരാൻ വീണയ്ക്കു മട്ടു വയ്ക്കുവാൻ അദ്ദേഹത്തിനുള്ള പ്രയോഗപാടവം കണ്ട് അത്ഭുതപ്പെട്ടിരുന്നു; ഓടക്കുഴൽ വായനയിലും അദ്ദേഹം വിദഗ്ദ്ധനായിരുന്നു. ആ വലിയ തമ്പുരാന്റെ ശിഷ്യനാണ് തിരുവിതാംകൂർ ഉത്രംതിരുനാൾ മഹാരാജാവിന്റെ ആസ്ഥാനവിദ്വാനും കേരളവർമ്മദേവന്റെ സങ്ഗീത വിദ്യാഗുരുവുമായിരുന്ന

മഞ്ഞപ്ര വെങ്കടാദ്രിഭാഗവതരും അദ്ദേഹത്തിന്റെ പുത്രൻ കല്യാണകൃഷ്ണഭാഗവതരും. ഇളയ തമ്പുരാൻ അഷ്ടാങ്ഗഹൃദയവും ചില ശിഷ്യന്മാരെ അഭ്യസിപ്പിക്കുകയുണ്ടായി. കുഷ്ഠരോഗിയായ ഒരു തന്തുവായനെ കർമ്മവിപാകമനുസരിച്ച് അനുഷ്ഠിക്കേണ്ടപരിഹാരങ്ങൾ പറഞ്ഞുകൊടുത്ത് ഉല്ലാഘനാക്കിയതായും ഐതിഹ്യമുണ്ട്. ഇതെല്ലാം നോക്കുമ്പോൾ

“സമസ്തശാസ്ത്രാംബുധിമന്ഥനാദ്രി–
ർമ്മൂലം പഠൻ പാഠവിശേഷതോ യഃ
വ്യാഖ്യാസഹസ്രാർത്ഥമകുണ്ഠബുദ്ധിഃ
പ്രകാശയാമാസ ഗുരുത്തമാനാം”

എന്ന കൊച്ചുണ്ണിത്തമ്പുരാന്റെ പ്രശംസയെ ആ സരസ്വതീ വല്ലഭൻ പരിപൂർണ്ണമായി അർഹിക്കുന്നു.

## ശിഷ്യന്മാർ

വ്യാകരണത്തിൽ ഇളയതമ്പുരാന്റെ പ്രധാന ശിഷ്യന്മാർ (1) കുംഭകോണം കൃഷ്ണശാസ്ത്രി (2) വൈക്കത്തു പാച്ചുമൂത്തത് (3) കോയിക്കൽമഠത്തിൽ കൊച്ചുണ്ണിത്തിരുമുല്പാട് ഇവരായിരുന്നു. കൃഷ്ണശാസ്ത്രികൾ 1040 മുതൽ കൊടുങ്ങല്ലൂർക്കോവിലകത്തെ വ്യാകരണാദ്ധ്യാപകനായി. 990 മുതൽ 1074 കർക്കടകം 18-ാംനു വരെയാണ് അദ്ദേഹത്തിന്റെ ജീവിതകാലം. പാച്ചുമൂത്തതിനെപ്പറ്റി അന്യത്ര പ്രസ്താവിക്കും. കൊച്ചുണ്ണിത്തിരുമുല്പാട് അന്നത്തെ വലിയ തമ്പുരാന്റെ കാര്യസ്ഥനായിത്തീർന്നതിനാൽ തന്റെ വ്യാകരണപാണ്ഡിത്യം പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം അദ്ദേഹത്തിനു ലഭിച്ചില്ല. എങ്കിലും ആ ശിഷ്യവര്യനെ വ്യാകരണം അഭ്യസിപ്പിക്കുന്ന കാലത്താണ് ‘തസ്യാപത്യം’ (4-1-92) എന്ന പാണിനിസൂത്രത്തോട് അനുബദ്ധമായ

“തസ്യേദമിത്യപത്യേപി ബാധനാർത്ഥം കൃതം ഭവേൽ
ഉത്സർഗ്ഗശ്ശേഷ ഏവാസൗ വൃദ്ധാന്യസ്യ പ്രയോജനം”

എന്ന വാർത്തികശ്ലോകത്തിന്റെ അർത്ഥത്തിൽ ഗുരുനാഥനു സന്ദേഹം തോന്നുകയും അന്നു രാത്രി ആ വാർത്തികത്തിന്

“തസ്യേദമിത്യേവ ഭവേദപത്യേ–
പ്യണീത്യദസ്സൂത്രമിദം കിമർത്ഥം?
ആവശ്യകം ചേദിദമുത്തരാർദ്ധം
തർഹ്യസ്യ പാർത്ഥക്യമനർത്ഥകം സ്യാൽ.

അത്രോച്യതേ ബാധകബാധനാർത്ഥം
സൂത്രം വൃഥാ ഭാഷിതവാൻ മഹർഷിഃ
അശൈഷികാണാം നനു ശൈഷികച്ഛ–
ബാധാ കഥം സ്യാദിതി ചേൽ ശൃണു ത്വം.

സൂത്രൈക്യതഃ ശബ്ദവിശേഷസംബ–
ദ്ധോപത്യരൂപോ ഭവതീഹ യോർത്ഥഃ
തസ്യൈവ താവൽ പ്രകൃതോപയോഗേ–
സ്യാശേഷതാർത്ഥസ്യ തതോപരസ്യ.

തഥാച വൃദ്ധാച്ഛവിധിപ്രസംഗം
സ്യാദിത്യതഃ സൂത്രമിദം വിഭക്തം"

എന്ന വ്യഖ്യാനം രചിച്ചതിനുമേൽ തൃപ്തിവരികയും ചെയ്തു. ജ്യോതിഷത്തിൽ ഇളയതമ്പുരാന് (1) കൊടുങ്ങല്ലൂർ രാമവർമ്മ രാജാവു് (2) നാണുജ്യോത്സ്യൻ (3) കറുത്തേടത്തു നമ്പൂരി മുതലായി പല ശിഷ്യന്മാരുമുണ്ടായിരുന്നു. രാമവർമ്മരാജാവു് മൂപ്പുവാണ് 1041-ൽ തീപ്പെട്ടു. നാണുജ്യോത്സ്യരുടെ താമസം ഗുരുനാഥന്റെ കൂടെത്തന്നെയായിരുന്നു. 84 വയസ്സുവരെ അദ്ദേഹം ജീവിച്ചിരിക്കുകയും ആ വിദ്യകൊണ്ടു ധാരാളം ധനം സമ്പാദിക്കുകയും ചെയ്തു. കറുത്തേടത്തു നമ്പൂരി യുക്തിഭാഷ പഠിച്ചു. മൂത്തേടത്തു കടലായി നമ്പൂരിപ്പാട്ട് ഇളയതമ്പുരാനോട്ട് അഭ്യസിച്ചതു മാതംഗലീലയാണ്. ആ ശിഷ്യൻ പിന്നീടു കൊച്ചി സർക്കാരിലെ ആനമേൽവിചാരിപ്പുജോലി നോക്കീട്ടുണ്ട്. കോയപ്പ രാമച്ചാക്കിയാർ വാക്കും അഭിനയവും പഠിച്ചു. ഇനിയും എളകുറിശ്ശി രാമൻനമ്പൂരിപ്പാട്ട്, ആലുവാ മറ്റപ്പള്ളിയില്ലത്തു നാരായണൻനമ്പൂരി തുടങ്ങി വേറെയും പല ശിഷ്യന്മാർ അദ്ദേഹത്തെ ഉപാസിച്ചു വിദ്വാന്മാരായിത്തീർന്നിട്ടുണ്ട്. വിജ്ഞാനവിതരണത്തിൽ അദ്ദേഹത്തിനു വിസ്മയനീയമായ നിഷ്കർഷ ഉണ്ടായിരുന്നു. ഒരിക്കൽ ഒരു ശിഷ്യൻ അദ്ദേഹത്തെ കബളിപ്പിക്കുവാൻ നോക്കിയപ്പോൾ ആ പൂജ്യപാദൻ

"അദഃ കിമഭ്യസ്തമഭൂൽ സതീർത്ഥ്യതഃ
പ്രതാരണം യൽ കുരുഷേ മുഹുർഗ്ഗുരൗ
അദൃഷ്ടതൽകാലഫലാപി നേദൃശീ
പ്രശസ്യതേ വൃത്തിരുദർക്കദൂഷിതാ"

എന്ന ശ്ലോകം ചൊല്ലി എന്നും, അതു പ്രഹരത്തേക്കാൾ ഫലവത്തായി പരിണമിച്ചു എന്നും അഭിജ്ഞന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്.

## കൃതികൾ

ഇളയതമ്പുരാൻ സംസ്കൃതത്തിൽ (1) ബാല്യൂത്ഭവം അഥവാ മഹേന്ദ്രവിജയം എന്ന പതിനാറു സർഗ്ഗത്തിലുള്ള ഒരു മഹാകാവ്യം, (2) ശ്രീരാമചരിതം മഹാകാവ്യം, (3) രസസദനം ഭാണം, (4) ത്രിപുരദഹനം, (5) ദശാവതാരദശകം, (6) ദേവദേവേശ്വരാഷ്ടകം, (7) മുരരിപുസ്തോത്രം, (8) ശ്രീപാദസപ്തകം, (9) സാദാശിവീ, (10) സുധാനന്ദലഹരി എന്നീ ഗ്രന്ഥങ്ങൾ സാഹിത്യത്തിലും (11) ഹേത്വാഭാസനവകം തർക്കത്തിലും (12) ആശൗചദീപകവ്യാഖ്യ, (13) ആശൗചദശകം, (14) ആശൗചഷോഡശകം, (15) ഗരുഡചയനപ്രമാണം ഇവസ്മൃതിയിലും, (16) ഭാസ്കരീയഗണിതവ്യാഖ്യാന, (17) ഗോളാധ്യായവ്യാഖ്യാനം ഇവ ജ്യോതിഷത്തിലും നിർമ്മിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ട്. ബാല്യൂത്ഭവം ബാല്യത്തിലെ കൃതിയാണ്. അതും നാലുമുതൽ പത്തുവരെയുള്ള ഗ്രന്ഥങ്ങളും ഞാൻ കണ്ടിട്ടില്ല. പരമപ്രധാനങ്ങളായ കൃതികൾ രാമചരിതം മഹാകാവ്യവും രസസദനം ഭാണവും ആശൗചദീപകവ്യാഖ്യയുംതന്നെയാണ്. ഭാഷയിൽ (1) അഹല്യാമോക്ഷം, (2) ഇന്ദുമതീസ്വയംവരം, (3) നളചരിതം എന്നീ കൈകൊട്ടിക്കളിപ്പാട്ടുകളും, (4) പൂന്തോട്ടത്തിന്റെ കാലകേയവധം ശീതങ്കൻതുള്ളലിലെ സ്വർഗ്ഗവർണ്ണനയും അദ്ദേഹത്തിന്റെ വാങ്മയങ്ങളാണ്. രണ്ടും മൂന്നും അക്കമിട്ട പാട്ടുകൾ എനിക്കു വായിക്കുവാൻ സംഗതിവന്നിട്ടില്ല. ഇവ കൂടാതെ ഒട്ടനേകം മുക്തകങ്ങളും ഓരോ

അവസരത്തിൽ അദ്ദേഹം രചിച്ചിട്ടുണ്ട്. ചില കൃതികളെപ്പറ്റി മാത്രം ഇവിടെ ദിങ്മാത്രമായി ഉപന്യസിക്കാം.

## സംസ്കൃതകൃതികൾ—രാമചരിതം

പ്രസ്തുത മഹാകാവ്യത്തിന്റെ ആദ്യത്തെ 12 സർഗ്ഗങ്ങളും 13-ാമത്തെ സർഗ്ഗത്തിലെ 31 ശ്ലോകങ്ങളും എഴുതിത്തീർന്നപ്പോൾ കവി അന്തരിച്ചു പോകയാൽ അതു പൂർത്തിയാക്കുവാൻ സാധിച്ചില്ല.

> “ശ്രീരാമരാജച്ചരിതാഭിരാമം
> കാവ്യം മഹന്നൈഷധമാഘതുല്യം
> ശ്രീകാളിദാസാഭിധസൽകവീന്ദ്ര–
> കാവ്യോത്തമസ്മാരകമാദരേണ,
>
> ആജാനകീരാക്ഷസചക്രവർത്തി–
> സല്ലാപമത്യുജ്ജ്വലമാരചയ്യ
> സമാപനാൽ പ്രാക് ത്രിദിവങ്ഗതോ യഃ
> ശ്രീരാമസങ്കീർത്തനപൂർവപുണ്യാൽ”

എന്നു് ഈ സംഭവം വിദ്വദ്യുവരാജചരിതത്തിൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ശേഷം ഭാഗം കൊച്ചുണ്ണിത്തമ്പുരാനാണ് രചിച്ചതു്. പ്രഥമസർഗ്ഗം ക്ഷീരാബ്ധിശായിയായ ശ്രീനാരായണന്റെ വർണ്ണനത്തോടുകൂടി ആരംഭിക്കുകയും പന്ത്രണ്ടാം സർഗ്ഗം യതിരൂപനായി പർണ്ണശാലയിൽ ആഗതനായ രാവണനെ സൽക്കരിക്കുവാനുള്ള സീതാദേവിയുടെ ഉപക്രമത്തോടുകൂടി അവസാനിക്കുകയും ചെയ്യുന്നു. രാമായണകഥയുടെ ചർവ്വിതചർവ്വണമല്ല മഹാകവിയുടെ കാവ്യവ്യാപാരം. സീതാസ്വയംവരം കഴിഞ്ഞു് അയോധ്യാപ്രവേശംവരെയുള്ള ഇതിവൃത്തം ആദ്യത്തെ രണ്ടു സർഗ്ഗങ്ങളിൽ സംക്ഷേപിച്ചിട്ട് മൂന്നുമുതൽ ഏഴുവരെയുള്ള അഞ്ചു സർഗ്ഗങ്ങൾ ശ്രീരാമന്റേയും സീതയുടേയും രതിവർണ്ണനത്തിനും ഋതുവർണ്ണത്തിനും മറ്റുമായി വിനിയോഗിച്ചിരിയ്ക്കുന്നു. ദശരഥൻ ശ്രീരാമനെ യൌവരാജ്യത്തിൽ അഭിഷേചനം ചെയ്യുവാൻ ഒരുങ്ങുന്നതു് എട്ടാം സർഗ്ഗത്തിൽ മാത്രമാണ്. ഇളയതമ്പുരാന്റെ കാവ്യശൈലിക്കു സാരള്യമല്ല, ഗാംഭീര്യമാണ് പ്രധാനഗുണം. പണ്ഡിതന്മാർക്കുമാത്രമേ പല ശ്ലോകങ്ങൾക്കും വേണ്ടവിധത്തിൽ അർത്ഥഗ്രഹണം ചെയ്യുവാൻ സാധിക്കുകയുള്ളു. ഗ്രന്ഥഗ്രന്ഥികൾ അവിടവിടെ മനഃപൂർവമായി വിന്യസിച്ചിട്ടുണ്ട്. അദ്ദേഹംതന്നെ തന്റെ ചില കൃതികളിൽ താഴെക്കാണുന്ന വിധത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

> “ശാസ്ത്രേഷു ശാതതമശസ്ത്രസമാപി ബുദ്ധിഃ
> കാവ്യേഷു നവ്യനളിനാധികസൗകുമാരീ
> യസ്യാസ്യതാമരസലാസ്യരസാ ച വാണീ
> ഹർഷം ന കസ്യ കുരുതേ യുവരാജ ഏഷഃ.”
>
> “വ്യാകൃത്യാദിസമസ്തശാസ്ത്രസമുദായാംഭോധികുംഭീസുതഃ
> കാവ്യാലംകൃതിനാടകാർത്ഥസുകൃതൗ കാവ്യസ്യ സത്യം സമഃ
> പുണ്യഃ പണ്ഡിതരാജരാജിഗജതാകുംഭീന്ദ്രസംഭേദകോ
> ദംഭോളീര്യുവരാജകോവിദമണിർവവർത്തി സർവോപരി.”

"അപപുരുകൃതരീഢം പണ്ഡിതമ്മന്യമൂഢൈ–
ർമ്മമ തു സുകൃതിരത്നം ഹന്ത! ഗൃഹ്ണന്തി സന്തഃ
അവഗണിതമവദ്യൈർദ്ദർദ്ദുരൈരപ്യയാപ്യാഃ
കിമനണുകമുണാളം രാജഹംസാസ്ത്യജന്തി?"

തമ്പുരാന്റെ കല്പനകൾക്ക് അത്ഭുതാവഹമായ അചുംബിതത്വമുണ്ട്. പ്രഥമസർഗ്ഗത്തിൽ ഭഗവദ്വർണ്ണനം ആരംഭിക്കുന്നതുതന്നെ ഏതുവിധത്തിലാണെന്നു നോക്കുക.

"അസ്തി ത്രയാണാം ജഗതാം നിദാനം
നാരായണോ നാമ സുരാധിനാഥഃ
വിരാജമാനഃ ഫണിരാജതല്പേ
പീയൂഷഭാനാവിവ കൃഷ്ണസാരഃ."

ചതുർത്ഥസർഗ്ഗം ദ്രുതവിളംബിതത്തിലാണ് രചിച്ചിരിക്കുന്നത്. അതിൽ കവി യമകപ്രയോഗപാടവംകൊണ്ടു മാഘത്തെപ്പോലും ജയിക്കുന്നു. പ്രസ്തുതകാവ്യത്തിലെ ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

രതോത്സവം:

"നതാനനായാ നിടിലം നതഭ്രുവഃ
കലാം വിധോശ്ചുംബതി തന്മുഖാംബുജേ
അവജ്ഞയേവ പ്രതിപക്ഷസംശ്രയേ
കരാബ്ജമസ്യാ നിരുരോധ തന്മുഹുഃ."

"സഹാഭിലാഷം സഭയം സകൗതുകം
സപീഡനം സാതിസുഖം സമൂർച്ഛനം
സവേപഥുശ്വാസനിദാഘസംഭ്രമം
സമാവതം ചാന്വബഭൂവ സാ രതം"

വസന്തം:

"ഭ്രമരയൗവതഗാനലയീഭവൽ–
പരഭൃതാനകനാദിനി കാനനേ
മലയമാരുതചാരുതമാധുത–
വ്രതതിസന്തതിസംഭൃതതാണ്ഡവേ

ഇതരപുഷ്പവധൂമുഖഖണ്ഡിത–
സ്ഖലിതപല്ലവമണ്ഡിതഭൃതലേ
സകലദിക്തടഗാഹിസുഗന്ധിതാ–
വമനവാമനവാഗമശോഭിതേ."

മന്ദവായു:

"തസ്മിൻ വിശത്യുപവനീമവനീന്ദ്രസൂനൗ
കാര്യദ്വയേ യുഗപദേവ ബഭൂവ വായോഃ
വല്ലീവധൂകുസുമവാസവിമോചനേ ച

ശ്രാന്തിച്ഛിദി വ്യജനകർമ്മണി ചാധികാരഃ."

ഇത് അഞ്ചാംസർഗ്ഗത്തിലെ ഒരു ശ്ലോകമാണ്. വസന്തതിലകത്തിൽ നിബന്ധിച്ചിട്ടുള്ള ഈ സർഗ്ഗത്തിന്റെ രാമണീയകം അന്യാദൃശമായിരിക്കുന്നു. ഇനി കഠിനതയ്ക്കുകൂടി ഒരുദാഹരണം കാണിക്കാം.

സൂര്യോദയം:

"പദ്മാമോദം ഹരിരിവ കരസ്പർശമാത്രേണ കുർവൻ
വൃത്രാഭാവം ജഗതി ജനയം സ്ഥദ്വദേവ പ്രകാമം
താദൃക്ഷോയം പുനരപി ലസൽപുഷ്കരേഭം വിലുമ്പ–
ന്നന്തർമ്മോദം ജനയതി നൃണാം ജ്യോതിഷാംചക്രവർത്തീ."

## രസസദനം

ആകെ 240 ശ്ലോകങ്ങളുള്ള ഈ ഭാണം കൊടുങ്ങല്ലൂർ താലപ്പൊലിയെ വിഷയീകരിച്ച രചിച്ചിട്ടുള്ളതാകയാൽ ഇതിനു കാളീകേളിയാത്രാഭാണം എന്നും പേരുണ്ട്. കേരളത്തിലെ പല വിനോദങ്ങളേയും പറ്റി പ്രസ്തുത ഭാണത്തിൽ സരസമായി പ്രതിപാദിച്ചിരിക്കുന്നു. രാമചരിതത്തിൽനിന്ന് ഒട്ടും താണതല്ല ഈ കൃതിയും. ഇവ രണ്ടും കവി ഇളമുറയായതിനുമേൽ നിർമ്മിച്ചതാണ്.

"നാനാഗുണാലംകൃതിശോഭമാനം
ഭാണം മനോജ്ഞം സദനം രസസ്യ
ചകാര യസ്സാധുതരം വിചിത്രം
യാത്രേതിവൃത്തം ഗിരിജോത്സവസ്യ"

എന്നാണ് വിദ്വദ്യവരാജചരിതത്തിൽ ഇതിനെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത്. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

പാർവതീപരമേശ്വരസ്തോത്രം:

"കേകാ രാജതി ജീവനാഥ! ദയിതേ
കാലോഹ്യയം വാർഷികഃ
പ്രശ്നോയം ത്വയി, ന ത്വിയം പ്രതിവചഃ
സാ ഭാരതീ കേവലം
ജിഹ്വാഗ്രേ തവ സാ കഥന്നു ശിരസി
ബ്രഹ്മാ മയാ കല്പിതഃ
സർവം ത്വൽകൃതമീശ്വരേതി ശിവയോ
സ്സംഭാഷണം പാതു നഃ"

ഒരു അപകടംപിടിച്ച ശിവവന്ദനം:

"നിത്യം നശ്ചിത്തപദ്മേ പരിലസതു കപാ–
ലീ കപാലീകപാലീ–
മാലാധാരീ സമസ്തപ്രമദജനകലാ–
പഃ കലാപഃ കലാപഃ
ഭൃത്വാ നിർഭാതി യസ്യാധികമസുസമരീ–
ണാമരീണാമരീണാ–
മുൽപേഷ്യാ യശ്ച ദൂരീകൃതകമലമഹ–

സ്തോമഹസ്തോമഹസ്തഃ."

ചാക്കിയാർകൂത്ത്:

"മധ്യേ ദീപജ്വലനമധുരേ പാർശ്വതഃ പാണിഘസ്ത്രീ–
ചിത്രീഭൂതേ സരസഹൃദയൈർഭ്രസുരൈർഭാസിതാഗ്രേ
പൃഷ്ഠേ മാർദ്ദംഗികവിലസിതേ രംഗദേശേ പ്രവിഷ്ടഃ
സ്പഷ്ടാകൂതം നടയതി നടഃ കോപി കഞ്ചിൽ പ്രബന്ധം."

"ഭാവവ്യഞ്ജനമന്യദേവ ലളിതൈ
രുൽപാദിതം നേത്രയോഃ
സംജ്ഞായൈ വിഹിതാസു ഹസ്തതലയോർ
മ്മുദ്രാസു ചാന്യോ ഗുണഃ
വാണീ പ്രാകൃതസംസ്കൃതാത്മകതയാ
ദ്വേധാപ്യുദീർണ്ണാ പുന–
വ്യാഖ്യാതാ ച പരൈവ ഷഡ്ഗുണവതീ;
സർവം തദസ്യാദ്ഭുതം."

ഓട്ടൻതുള്ളൽ:

"ഗാഥാം കേരളഭാഷയാ വിരചിതാം ശൃംഗാരഹാസ്യാദിഭിഃ
പൂർണ്ണാം പുണ്യപുരാണവർണ്ണനമയീം ഗായന്നയം നർത്തകഃ
താളോജ്ജൃംഭിതമർദ്ദളസ്വനസമം നൃത്യൻ ദൃശോർവിഭ്രമൈ–
ർഭാവവ്യഞ്ജനകാരിഭിർവിതനുതേ പ്രീതിം സഭാവാസിനാം."

കാമുകി കാമുകനോട്:

"രൂപം തേ നയനാമൃതം മൃഗദൃശാം വിദ്യാ ച ഹൃദ്യാ പരം
ശീലം ചാഖിലലോകരഞ്ജനകരം ജാതിശ്ച മാന്യാ ജനൈഃ
ദാരിദ്ര്യസ്യ ച ലോഭനസ്യ ച ദിവഃപൃഷ്ഠേണ തുല്യാ ദശാ
കോ ധന്യഃ ക്ഷിതിമണ്ഡലേ വിജയതേ ത്വത്തഃ പരഃപൂരുഷഃ?"

ഒരു സുന്ദരി:

"രാകാ മുഖേന ദശമീ ച കപോലകാന്ത്യാ
ഫാലേന പഞ്ചമതിഥിഃ പ്രതിപന്നഖാങ്കൈഃ
ഏഷാ കുഹൂരപി കചപ്രകരേണ ധത്തേ
പ്രായസ്സമസ്തതിഥിസംഗ്രഹഭാജനത്വം."

## സ്തോത്രങ്ങൾ

ഇളയതമ്പുരാൻ പല സ്തോത്രങ്ങളും നിർമ്മിച്ചിട്ടുണ്ടെന്നും അവ കണ്ടുകിട്ടീട്ടില്ലെന്നും പറഞ്ഞുവല്ലോ. ആ സ്തോത്രങ്ങളെപ്പറ്റി വിദ്വദ്യുവരാജചരിതത്തിൽ

"ബഹൂനി കൃത്വാ ശിവവിഷ്ണുകാളീ–
സ്തോത്രാണി ചിത്രാണ്യതിമങ്ഗലാനി
ഭക്ത്യാദിനാനാരസപൂരിതാനി
ലോകസ്യ യശ്ശങ്കരതാം പ്രപേദേ"

എന്നു പറഞ്ഞിരിക്കുന്നു.

## ആശൗചദീപകവ്യാഖ്യാ

ഈ വ്യാഖ്യാനത്തെപ്പറ്റി ഞാൻ ഇരുപത്തേഴാമധ്യായത്തിൽ മൂലകാരനായ മഴമങ്ഗലത്തു പരമേശ്വരൻനമ്പൂരിയുടെ ചരിത്രം രേഖപ്പെടുത്തിയ അവസരത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുതവ്യാഖ്യ മങ്ഗലാചരണം കഴിഞ്ഞ് ഇങ്ങനെ ഉപക്രമിക്കുന്നു.

> "പ്രീത്യൈ സതാം മഹിഷമംഗലനാമ്നി ഗേഹേ
> ജാതേന ഭൂസുരവരേണ പുരാ കൃതം യൽ
> ആശൗചദീപകമിദം വിവരീതുമദ്യ
> ശ്രീകോടിലിംഗനിലയോ നൃപതിസ്സമീഹേ."

> "നാഹം പാണ്ഡിത്യഗർവേണ വ്യാഖ്യാം കർത്തും സമുദ്യതഃ
> കിന്തു ദ്വിജാനാം കേഷാഞ്ചിൽ സാഫല്യം കർത്തുമർത്ഥനാം.
> പ്രസീദന്തു തതസ്സർവേ ഭൂസുരാശ്ച സുരാശ്ച മേ
> ദേവദ്വിജാർച്ചിതാ ദേവീ ശർവജാ ച പ്രസീദതു."

ആശൗചവിധിപര്യന്തമേ മൂലകൃതി തമ്പുരാൻ വ്യാഖ്യാനിച്ചിട്ടുള്ളു എന്ന് ഇരുപത്തേഴാമധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സകലസന്ദേഹങ്ങൾക്കും നിവൃത്തി വരുത്തുന്നതാണ് ഈ വ്യാഖ്യ; ഇതിൽനിന്നു തമ്പുരാനുള്ള സ്മാർത്തപരിജ്ഞാനം എത്ര ഗഹനമാണെന്നു കർമ്മഠന്മാർക്കു കാണാവുന്നതുമാണ്.

## ജ്യോതിശ്ശാസ്ത്രജ്ഞത

തമ്പുരാന്റെ ജ്യോതിശ്ശാസ്ത്രജ്ഞതയെപ്പറ്റി അത്ഭുതാവഹങ്ങളായ പല ഐതിഹ്യങ്ങളും കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യനായ മറ്റപ്പള്ളി (ഇടപ്പള്ളി) നമ്പൂരി തന്റെ ഉണ്ണിക്കുള്ള ബുദ്ധിമാന്ദ്യം അദ്ദേഹം ചാർത്തിക്കൊടുത്ത ഒരു മുഹൂർത്തത്തിൽ ഉപനയനം നടത്തി തദ്വാരാ ഭേദമാക്കി കാലാന്തരത്തിൽ ആ ബാലനെ നല്ല വേദജ്ഞനായ ഒരു നമ്പൂരിയാക്കി. തമ്പുരാനോടുകൂടി സദാ താമസിക്കേണ്ടിയിരുന്ന എളകുറിശ്ശി രാമൻനമ്പൂരിപ്പാട്ടിലേയ്ക്കു ജ്യേഷ്ഠപത്നിയുടെ ഋതുകാലത്തിൽ മാതാവിനു പാചകംചെയ്തുകൊടുക്കുവാൻ വെള്ളാങ്ങല്ലൂരേയ്ക്കു മാസത്തിലൊരിക്കൽ പോകേണ്ടിവരികയും ഋതുദിനം അനിശ്ചിതമാകയാൽ ഓരോ തവണയും ഇല്ലത്തു കുറേദിവസം താമസിക്കാതെ നിർവ്വാഹമില്ലെന്നു വരികയും ചെയ്തു. ആ അന്തർജ്ജനത്തിന്റെ നാളും കുറും അറിഞ്ഞപ്പോൾ ഋതുകാലത്തിന് അഞ്ചു നാഴികയ്ക്കു മുൻപിൽമാത്രം അദ്ദേഹത്തെ തമ്പുരാൻ സ്വഗൃഹത്തിലേക്കു പറഞ്ഞയയ്ക്കുകയും ആ കാലഗണന എല്ലായ്പോഴും ശരിയായിരിക്കുകയും ചെയ്തു. നിമിത്തം നോക്കി ആ ദൈവജ്ഞൻ ആഗാമികളായ പല സംഭവങ്ങളെക്കുറിച്ചും മുൻകൂട്ടി അപ്രമാദമായി പ്രവചനം ചെയ്തുവന്നു.

> "ലീലാവതീഭാസ്വരഭാവയോഗൈ–
> ർസ്സംക്രീഡമാനം ഗണകേന്ദ്രമധ്യേ
> വിലോക്യലോകാസ്തു യമിന്ദ്രജാല–
> വിദ്യാവിദഗ്ദ്ധം സ്മ വദന്തി ഗാഢം"

എന്നു കൊച്ചുണ്ണിത്തമ്പുരാൻ അദ്ദേഹത്തിന്റെ ഏതദ്വിഷയകമായ സിദ്ധിവിശേഷത്തെ പ്രശംസിച്ചിരുന്നു. അന്നത്തെ ജ്യോതിർവിത്തുകളിൽ അഗ്രഗണ്യനായിരുന്ന

കടത്തനാട്ടു ശങ്കരവർമ്മത്തമ്പുരാന് അദ്ദേഹമയച്ച ഒരു ശ്ലോകമാണ് അടിയിൽ ചേർക്കുന്നതു്.

“ലങ്കായാം ബഡവാമുഖേ ച യുഗപന്മധ്യാഹ്നമധ്യം ഗതം
ഭാസ്വന്തം ശ്രിതവഹ്നികോണമുദിതം പശ്യന്തി യേ മാനവാഃ
തേഷാമഷ്ടഗുണപ്രമാണമഖിലജ്യാഗോളസംസ്ഥാവിദോ
വിദ്വാംസഃ കഥയന്തു ദേശഭിദയാ ജാതാഞ്ച കാലപ്രമാം.”

## സംസ്കൃതമുക്തകങ്ങൾ

ഇളയതമ്പുരാന്റെ ഒറ്റശ്ലോകങ്ങൾ അത്യന്തം പ്രൗഢോദാരങ്ങളാണ്. അവയിൽ ചിലതു ഇവിടെ എടുത്തുകാണിക്കാതെ മുന്നോട്ടു പോകുവാൻ നിർവ്വാഹമില്ല.

### വൃഷ്ടി

മഴയെപ്പറ്റി തൈക്കാട്ടു മൂസ്സതിന്റെ അപേക്ഷയനുസരിച്ച് മഹാകവി ഈ ശ്ലോകം എളകുറിശ്ശി രാമൻനമ്പൂരിപ്പാട്ടിലെ ഏകസന്ധഗ്രാഹിത്വം പരീക്ഷിക്കുന്നതിനുവേണ്ടി പെട്ടെന്നുണ്ടാക്കിച്ചൊല്ലിയതാണ്. ആ പരീക്ഷയിൽ നമ്പൂരിപ്പാട്ടു തോറ്റില്ല.

“ഗംഭീരാംഭോധിസംഭാവിതഘുമുഘുമിത–
ധ്വാനബദ്ധാവലേപ–
ഭ്രാന്താഭ്രോദ്ഭ്രാന്തവിദ്യുൽപടലപടുതരോ–
ദ്യോതവിദ്യോതിതദ്യൗഃ
ഝംഝാനിർഘോഷവർഷിപ്രബലമരുദുരു–
ക്ഷോഭിതോർവീസമുദ്യ–
ദ്ധൂളീപാളീനിഗൂഢദ്രുമപുരനികരാ
ഭ്രാജതേ വൃഷ്ടിരേഷാ.”

ധൂമകേതു:

“ഇച്ഛാജന്യോ വിധാതുശ്ചരമഗിരിശിരഃ–
പ്രോത്ഥിതശ്വേതധാതു–
ർദ്ദണ്ഡോ ബ്രഹ്മാണ്ഡമാതുസ്തനരിവ ഹരിപ–
ര്യങ്കികാപന്നയാതുഃ
സായം സായം ന ജാതു സ്ഫുരദുഡുനവഫേ–
നാംബരാംഭോധിസേതു–
സ്ത്രൈലോക്യത്രാസഹേതുർവരുണദിശി ദരീ–
ദൃശ്യതേ കോപി കേതുഃ.”

ഇതും ഒരു നിമിഷകൃതിയാണ്.

## സ്വാതിതിരുനാൾ മഹാരാജാവു്

സ്വാതിതിരുനാൾ മഹാരാജാവിനെപ്പറ്റിയുള്ള തമ്പുരാന്റെ “ഷഷ്ടീതൽപുരുഷാഹ്വയോ നൃപതിഷു” എന്ന ശ്ലോകം മുൻപു് ഉദ്ധരിച്ചിട്ടുണ്ട്. അധോലിഖിതങ്ങളായ ശ്ലോകങ്ങളും അവിടത്തെക്കുറിച്ചുതന്നെ അദ്ദേഹം നിർമ്മിച്ചിട്ടുള്ളതാണ്.

"ആശാ ദശാപി പരിപൂരയസേ യശോഭി–
സ്ത്വം രാജരാജ! വലഭിജ്ജ്വലനാദികാനാം
കസ്ത്വാദൃശസ്യ പരിപൂരയിതും മമാശാം
യത്നസ്ത്വവേതി കിമപി പ്രതിബോധയാമി."

"അശ്രാന്തം സുന്ദരാംഗീവദനമിവ മിഥശ്–
ഛിദ്രഹീനൈസ്സമാനൈ
ശ്ശുദ്ധബ്രഹ്മാത്മഭിര്യസ്സര ഇവ സരസി
ശ്രീഗൃഹാമോദജാലൈഃ

സന്മാർഗ്ഗാദസ്ഖലദ്ഭിർദ്ദിവസകര ഇവ
പ്രാപ്തരൂപൈർദ്വിജേന്ദ്രൈഃ
ശ്രീമാനാശ്രീയതേസൗ ജയതി വസുമതീ–
മണ്ഡലേ വഞ്ചിരാജഃ."

കൂടല്ലൂർ വാസുദേവൻനമ്പൂരിപ്പാട്ടിലേയ്ക്കു കൊടുങ്ങല്ലൂരോളം വന്നു പോകുവാനുള്ള അപേക്ഷ:

"ഭോ ഭോ ഭൂമീസുരേന്ദ്രാ മതിമഥിമഥിതാ–
നേകശാസ്ത്രാംബുരാശി–
പ്രോദ്ഭൂതജ്ഞാനചന്ദ്രസ്ഫുരണവിമലിത–
സ്വാന്തഭാഗാന്തരീക്ഷാഃ
യൗക്ഷ്മാകാലോകനീയാം മമ ചിരജനിതാം
പൃഷ്ടയധ്യേധുനാ യാം
നോ ജാനീമഃ കിമു സ്യാൽ കിമുത ഫലവതീ
സാവകേശിന്യുതാഹോ."

താൻ വായിച്ചുകേട്ട ഒരു കവിതയെപ്പറ്റി സ്തുതിപരമായും നിന്ദാപരമായും അഭിപ്രായം:

"കവിതാ പരമരസാഢ്യാ മുഖതോ ഗളിതാ നിരർഗ്ഗളം ഭവതഃ
ധ്വനിമുഖ്യാപി ച ധീമൻ! വിബുധാഃ കുർവന്ത്യലങ്കാരം."

ചില പാണ്ഡിത്യമണ്ഡിതങ്ങളായ സ്ത്രീചാടുക്കൾ:

"അന്യാധീനതയാ സകൃദ്ദ്യദി ഭവേദേഷാവനീവച്യതേ
ന ത്വാമിത്യനലാപവൈഭവമഹാമേദസ്വിതാന്തശ്ശ്രയേ
വ്യാസേധാന്മമ ദൂയതേ മനസി ചേൽ കിം ദോഷ ഇത്യാഹിതോ
മയ്യേവായമനേന ദോഷ ഇതി ചേദ്രഷ്ടാസി കിം കഥ്യതേ?"

"ലോകേ സുന്ദരി സർവഥാപി വദതി
ത്വയ്യേവ വേശ്യാപദം
പ്രാഗേതദ്വചനം തഥേതി കലിതം
സംപ്രത്യദഃ പ്രായികം
സൗന്ദര്യാദിഗുണൈരപൂരി ഭവതീ

നൂനം തഥാപ്യത്ര യഃ
കൃത്യപ്രത്യയ ഏവ ബോധയതി മാം
നൈവ സ്വശക്ത്യാർത്ഥതാം."

"അസ്യാമേണ്യപ്രകൃത്യാം മദകളശിഖിനീ–
കോമളാലച്പ്രകൃത്യാം
സത്യാം സ്സഞ്പ്രത്യയസ്യ പ്രകൃതിഷു കതമോ
നഞ്പ്രകൃത്യാ വിനാസ്തേ?

ദാനീമോ മേ ദവിഷ്ഠാ പ്രകൃതിരയി സഖേ!
മന്മഥേ കക്പ്രകൃത്യാ
ശിഷ്ടോധേയപ്രകൃത്യാ പ്രകൃതിരിതി യുസോ
ജ്ഞായതാം ഷസ്പ്രകൃത്യാ."

പന്താവൂര് എന്ന് ഇല്ലപ്പേരുള്ള ഒരു ഉണ്ണിനമ്പൂരി മറ്റുണ്ണികളേക്കാൽ ചാട്ടത്തിൽ പാടവം കാണിച്ചപ്പോൾ അവരിൽ ഒരാൾ താനും ഒരു ചാട്ടം ചാടിക്കൊണ്ടു "പന്താവൂരായ മന്നൻ ചാടയേതാം" എന്നു തട്ടിവിടുകയും അപ്പോൾ അടുത്തു നിന്നിരുന്ന ആത്രരടിതിരി ശിഷ്യനോടു അതൊരു ശ്ലോകമായി പൂരിപ്പിക്കുവാൻ ആജ്ഞാപിക്കുകയുംചെയ്തു. ആ ശ്ലോകമാണ് താഴെക്കാണുന്നത്.

"വാസുകിം വലയം ചക്രേ യോ യശ്ചാനന്തമീശ്വരഃ
തൽപന്താവൂരായമന്നഞ്ചാടയേതാം ഹരിശ്ച മേ."

## ഭാഷാകൃതികൾ

ഇനി ഇളയതമ്പുരാന്റെ ഭാഷാ കൃതികളെപ്പറ്റിയും സ്വല്പം ഉപന്യസിക്കാം. അവയിൽ അഹല്യാമോക്ഷം കൈകൊട്ടിക്കളിപ്പാട്ടിൽനിന്ന് ഒരു ഭാഗം താഴെ ചേർക്കുന്നു.

"നാലുവട്ടവുമുണ്ടിഹ വല്ലികൾ
ജാലമൊട്ടല്ലതിന്റെ ദലങ്ങളും
വേലി കെട്ടിയപോലെ ചുഴലവും
പാലവെട്ടിമരങ്ങളുമുണ്ടഹോ.
താലി കെട്ടിയവനിഹ വന്നാലും
തോലി കിട്ടുകയില്ല നമുക്കെടോ.
വാലു തൊട്ടു വലിയ കരിമ്പുലി
പോലെ മട്ടലർബാണൻ കയർക്കുന്നു.
മാലു പെട്ടുഴലുന്നു ഭൃശമതു–
മൂലമെട്ടടിമാനെന്നപോലെ ഞാൻ.
നീലപങ്കജലോചനേ! നിന്നുടെ
കോലമാകിയ കുഞ്ജനിലയത്തിൽ
ചാലവേ മമ ദേഹമൊളിപ്പിച്ചു
പാലിച്ചീടുക താമസമെന്നിയേ."

പൂന്തോട്ടത്ത് നമ്പൂരി കൊടുങ്ങല്ലൂർവെച്ചാണ് കാലകേയവധം ശീതങ്കൻ തുള്ളൽ എഴുതിയതു്. അതിൽ സ്വർഗ്ഗവർണ്ണനത്തിനുള്ള അവസരം വന്നപ്പോൾ ആ ഭാഗം തമ്പുരാൻതന്നെ എഴുതിക്കൊടുക്കണമെന്ന് അപേക്ഷിയ്ക്കുകയും അദ്ദേഹം ആ അപേക്ഷ അങ്ഗീകരിക്കുകയും ചെയ്തു. ആ വർണ്ണനത്തിൽനിന്നു ചില വരികളാണ് ചുവടെ പകർത്തുന്നതു്.

“മന്ദാരവൃക്ഷങ്ങൾ നില്ക്കുന്ന കണ്ടു
മധുരതരമവയുടയ വിഭവമതു കണ്ടു
മന്ദേതരങ്ങളാം പുഷ്പങ്ങൾ കണ്ടു
മണമിയലുമതിലധികമധുവിതതി കണ്ടു
മന്ദാനിലൻ വന്നു വീശുന്ന കണ്ടു
മധുമിളിതകുസുമതതിപതനമതു കണ്ടു
വൃന്ദാരകസ്ത്രീജനാഗമം കണ്ടു
വിവിധതരമവരുടയ ലളിതഗതി കണ്ടു.”

## ഭാഷാമുക്തകങ്ങൾ

തമ്പുരാന്റെ ഒരു ഭാഷാശ്ലോകം താഴെ ചേർക്കുന്നു.

“പാതിക്കെട്ടു കൊതിച്ചു ഞാൻ പലതരം
തൽപ്പാതിയിൽപ്പാതിയിൽ
പാതിത്യത്തൊടു പാതിയാടി പലതും
പാഹീതി മുൻപായഹോ
പാതിച്ചോർനടയാൾക്കു പാതിനയനം
പോലും വിടർന്നീലയി–
പ്പാരുഷ്യത്തിനു പാതിവിന്ദശരനും
പാതിപ്പെടുന്നീലഹോ.”

“ചിന്നീ നീലക്കരിഞ്ചുണ്ടികളിളവരിവ–
ണ്ടിണ്ടലും പൂണ്ടു മീൻ കാ–
ണ്കെന്നേ കഷ്ടം മയങ്ങീ ചലനമിനിയട–
ങ്ങീല പൂങ്കോരകാന്തേ
മിന്നുന്നൂ ഫുല്ലപത്മേ ചില ചടുലപയോ
ബിന്ദുതാമ്രാധരേ ചൊ–
ല്കെന്നോടിത്താമരപ്പൊയ്കയിലവശമിറ–
ങ്ങീടിനോരാരിദാനീം?”

എന്ന പ്രസിദ്ധമായ ശ്ലോകവും അദ്ദേഹത്തിന്റേതാണെന്നു ചിലർ പറയുന്നു.

കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാനു കേരളസാഹിത്യകാരന്മാരുടെ ഇടയിലുള്ള സ്ഥാനം എത്രമാത്രം സമുൽകൃഷ്ടമാണെന്ന് അനുവാചകന്മാർക്ക് ഇപ്പോൾ അവധാരണം ചെയ്യാവുന്നതാണല്ലോ. അദ്ദേഹത്തിന്റെ കാലത്ത് ആ കോവിലകത്തു മുളച്ചു പിന്നീടു വടവൃക്ഷംപോലെ വാച്ചുതഴച്ച വെണ്മണി പ്രസ്ഥാനത്തെപ്പറ്റി മറ്റൊരധ്യായത്തിൽ വിവരിക്കും.

# 43

# പതിനൊന്നാം ശതകം, പൂർവ്വാർദ്ധം (തുടർച്ച)

## വിദ്വാൻ കിളിമാനൂർ രാജരാജവർമ്മകോയിത്തമ്പുരാൻ (987–1021)

### ജനനവും വിദ്യാഭ്യാസവും

സ്വാതിതിരുനാൾ മഹാരാജാവിന്റെ സന്തതസഹചാരിയായിരുന്ന മഹാകവി വിദ്വാൻ കോയിത്തമ്പുരാനെപ്പറ്റിയാണ് ഇനി പ്രതിപാദിക്കേണ്ടതു്. 980-ാമാണ്ടിടയ്ക്കു കിളിമാനൂർക്കൊട്ടാരത്തിൽ ഭരണസാമർത്ഥ്യമുള്ള പുരുഷന്മാർ ആരുമില്ലാതിരുന്നതിനാൽ, 964-ൽ തിരുവിതാംകൂർ രാജകുടുംബത്തിലേയ്ക്കു കോലത്തുനാട്ടുനിന്നു ദത്തെടുത്ത ഭരണിതിരുനാൾ ആറ്റിങ്ങൽ മൂത്തറാണിയുടെ ഭർത്താവായ കിളിമാനൂർ രാജരാജവർമ്മ കോയിത്തമ്പുരാൻ വടക്കേമലബാറിൽ തളിപ്പറമ്പിൽനിന്നു അണിമങ്ങലത്തു നാരായണൻനമ്പൂരിയെ വരുത്തി അദ്ദേഹത്തെക്കൊണ്ടു തന്റെ സഹോദരിയായ രോഹിണിനാൾ തമ്പുരാട്ടിയേ വിവാഹം ചെയ്യിച്ചു. അണിമങ്ങലത്തു നമ്പൂരി 945-മാണ്ടിടയക്കു ജനിച്ചു. കോട്ടയം പഴശ്ശിരാജാവിന്റെ സുഹൃത്തായി അന്നത്തെ കലാപങ്ങളിൽ അദ്ദേഹത്തെ സഹായിച്ച ഒരു വീരപുരുഷനായിരുന്നു അദ്ദേഹം. രോഹിണിനാൾ തമ്പുരാട്ടിക്കു് ഉത്രംനാൾ തമ്പുരാട്ടിയെന്നും ഉമാദേവിത്തമ്പുരാട്ടിയെന്നും രണ്ടു് അനുജത്തിമാരുണ്ടായിരുന്നു. അവരിൽ ഉത്രംനാൾ തമ്പുരാട്ടിയെ വടക്കൻതിരുവിതാംകൂറിൽ ആയാംകുടി അയ്യോഴി നമ്പൂതിരിയും ഉമാദേവിയെ തെക്കേ മലബാറിൽ കിഴക്കാഞ്ചേരി നാരായണൻനമ്പൂരിയും പരിഗ്രഹിച്ചു. അയ്യോഴി നമ്പൂരി വൈശാഖമാഹാത്മ്യം എന്നൊരാട്ടക്കഥ രചിച്ചിട്ടുണ്ടു്. ഉമാദേവിത്തമ്പുരാട്ടി വിഷ്ണുമായാചരിതം തുള്ളലിന്റെ പ്രണേത്രിയായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കിഴക്കാഞ്ചേരി നമ്പൂരി ഒരു നല്ല പണ്ഡിതനും ശ്രീമദ്ഭാഗവതത്തിന്റെ അർത്ഥചർച്ചയിൽ അദ്വിതീയനുമായിരുന്നു. അദ്ദേഹത്തെ വിദ്വാൻ കോയിത്തമ്പുരാൻ രാവണവിജയം ആട്ടക്കഥയുടെ ആരംഭത്തിൽ താഴെക്കാണുന്നവിധത്തിൽ പ്രശംസിച്ചിട്ടുണ്ടു്.

“ശ്രീമദ്ഭാഗവതാർത്ഥതത്വകഥനേ
യോവാ പരശ്ശ്രീശുകോ
ദ്വേധാ മദ്ഗുരുനായകോ ദ്വിജവരോ
നാരായണാഖ്യോനിശം

അത്നർമ്മോഹമഹാന്ധകാരപടലം
നിശ്ശേഷമുത്സാരയ–
ന്നന്തേവാസിജനേഷ്വപാരകരുണാ–
സിന്ധുഃ പ്രസന്നോസ്തു മേ.”

ആ ദമ്പതികളുടെ സന്താനമാണ് നമ്മുടെ കവിപുംഗവൻ. വിദ്വാൻ കോയിത്തമ്പുരാന്റെ ആചാര്യദത്തമായ നാമധേയം രാജരാജവർമ്മ എന്നായിരുന്നു എങ്കിലും ചെറുണ്ണി എന്ന ഓമനപ്പേരിലായിരുന്നു അദ്ദേഹത്തെ വിളിച്ചുവന്നതു്. ഗൗരി പാർവതീറാണിയെ പള്ളിക്കെട്ടു കഴിച്ചതു കിളിമാനൂർ രാഘവവർമ്മത്തമ്പുരാനായിരുന്നു. അച്ഛൻതന്നെയാണ് അതിബുദ്ധിശാലിയായ കുമാരനെ ബാല്യത്തിൽ കാവ്യങ്ങൾ അഭ്യസിപ്പിച്ചതു്. പത്താമത്തെ വയസ്സിൽ ഒരു ദിവസം കിളിമാനൂർ കൊട്ടാരത്തോടനുബന്ധിച്ചുള്ള വേട്ടക്കരുമൻകോവിലിൽ അമ്മയോടൊരുമിച്ചു പ്രദക്ഷിണംവെച്ചുകൊണ്ടിരിക്കുമ്പോൾ ആ ബാലൻ പെട്ടെന്നു കിരാതരുദ്രപരമായി

“വിതതകുടിലകേശം വിദ്യമാനേന്ദുലേശം
കമലശരവിനാശം കാളമേഘപ്രകാശം
വനചരതനുമീശം വൈരിണാം കാലപാശം
ശുകഹരിണപുരേശം ഭാവയേ പാർവതീശം.”

എന്നൊരു ശ്ലോകമുണ്ടാക്കിച്ചൊല്ലി അമ്മയെ വിസ്മയിപ്പിച്ചു. ആയിടയ്ക്കു പാർവതീറാണി കിളിമാനൂർകൊട്ടാരത്തിൽ എഴുന്നള്ളിയപ്പോൾ ആ ശ്ലോകം കേട്ടു് ഉടൻതന്നെ ചെറുണ്ണിയെ സ്വാതിതിരുനാൾ മഹാരാജാവിന്റെ സതീർത്ഥ്യനാക്കുന്നതിനു വേണ്ടി തിരുവനന്തപുരത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അങ്ങനെ ബാല്യംമുതൽക്കുതന്നെ മഹാരാജാവും കോയിത്തമ്പുരാനും സഖാക്കളായി വളർന്നു.

## മഹാരാജാവും കോയിത്തമ്പുരാൻ

തിരുവനന്തപുരത്തെ താമസം കോയിത്തമ്പുരാനെ ഒരു വിശിഷ്ടസംസ്കൃതപണ്ഡിതനും വശ്യവാക്കായ കവിയും മർമ്മജ്ഞനായ ഗായകനുമായി വികസിപ്പിച്ചു. തിരുമനസ്സുകൊണ്ടു് 1004-ൽ സിംഹാസനാരൂഢനായപ്പോൾ അദ്ദേഹത്തിനു പ്രതിമാസം 100 രൂപ അടുത്തൂൺ പതിച്ചുകൊടുത്തു. കോയിത്തമ്പുരാന്റെ ആശുകവനസാമർത്ഥ്യം അവിടുന്നു് പലപ്പോഴും പരീക്ഷിച്ചു് ആനന്ദതുന്ദിലനായിട്ടുണ്ടു്. 1015-ാമാണ്ടു് ഒരിക്കൽ മതിലകത്തു് ഉത്സവത്തിൽ ശ്രീപത്മനാഭസ്വാമിയെ കാഴ്ചശ്ശീവേലിക്കു് എഴുന്നള്ളിച്ചപ്പോൾ തിരുമേനി “ശിബികായാം വിഭാത്യേഷ ഭഗവാനംബുജേക്ഷണഃ” എന്നു് ഒരു ശ്ലോകത്തിന്റെ പൂർവാർദ്ധം ഉണ്ടാക്കിച്ചൊല്ലി ഉത്തരാർദ്ധം ഉണ്ടാക്കുവാൻ കോയിത്തമ്പുരാനോടാജ്ഞാപിച്ചു.

“കനകാദ്രിസമാരൂഢഘനകാന്തിം വിഡംബയൻ” എന്നു് ഒരു കൂസലുംകൂടാതെ കവി അതു പൂരിപ്പിച്ചപ്പോൾ അവിടുന്നു് ആശ്ചര്യപ്പെട്ടു് ഒരു ജോഡി വൈരക്കടുക്കൻ സമ്മാനിച്ചു. പിന്നീടു് ഒരവസരത്തിൽ മഹാരാജാവു മതിലകത്തെ ആറാട്ടിനു കാൽനടയായി കടപ്പുറത്തേയ്ക്കു എഴുന്നള്ളുമ്പോൾ നിരത്തിന്റെ ഇരുവശത്തുമുള്ള മേടകളിൽ അലംകൃതകളായി കിളിവാതിലുകളിൽക്കൂടി എത്തിനോക്കിക്കൊണ്ടിരുന്ന സുന്ദരിമാരെക്കണ്ടു്

“രാകാശശാങ്കകലിതായതമാലികേവ
സീമന്തിനീവദനപംക്തിരിഹാവിഭാതി”

എന്നു മറ്റൊരു ശ്ലോകത്തിന്റെ പൂർവാർദ്ധം നിർമ്മിച്ച് ഉച്ചരിച്ചു. കോയിത്തമ്പുരാൻ അതിന്റെ ഉത്തരാർദ്ധം

"കിഞ്ചാത്ര പങ്കജധിയാ മധുപാവലീവ
ദൂരാൽ സമാപതതി കാമിജനാക്ഷിപംക്തിഃ"

എന്നു തൽക്ഷണംതന്നെ നിഷ്പ്രയാസം പൂരിപ്പിച്ചു. പൂർവാർദ്ധത്തിന്റേയും ഉത്തരാർദ്ധത്തിന്റേയും സാമഞ്ജസ്യം ആ കാഴ്ച ഇക്കാലത്തും കണ്ടിട്ടുള്ള സഹൃദയന്മാർക്ക് അത്യന്തം ആസ്വാദ്യമാണെന്നു പറയേണ്ടതില്ലല്ലോ. ആ പൂരണത്തെ അകമഴിഞ്ഞ് അഭിനന്ദിച്ചാണ് "വിദ്വാൻ" എന്ന ബിരുദം മഹാരാജാവു പിറ്റേ ദിവസം പണ്ഡിതസദസ്സിൽവച്ചു നല്കി കവിയെ ചരിതാർത്ഥനാക്കിയതു്. മറ്റൊരിക്കൽ മഹാരാജാവു കടൽപ്പുറത്തു കൊട്ടാരത്തിനു സമീപം എത്തിയപ്പോൾ ചുറ്റും കൂടിയിരുന്ന ആസ്ഥാനവിദ്വാന്മാരോടു കൊട്ടാരത്തിൽ എത്തുന്നതിനുമുൻപു ശ്രീപത്മനാഭനും തനിക്കും യോജിപ്പിക്കാവുന്ന നിലയിൽ രണ്ടർത്ഥത്തിൽ ഒരു ശ്ലോകമുണ്ടാക്കണമെന്നു കല്പിച്ചു. കോയിത്തമ്പുരാനും ഇരയിമ്മൻതമ്പിയും മാത്രമേ ആ അഗ്നിപരീക്ഷയിൽ വിജയം പ്രാപിച്ചുള്ളു. കോയിത്തമ്പുരാന്റെ ശ്ലോകമാണ് ചുവടേ കാണുന്നതു്.

"വിശ്വാമിത്രാഗ്രകർമ്മപ്രശമരതസുബാ–
ഹുരുകണ്ഠപ്രഭേദം
ധൃത്വായം സായകാഗ്ര്യം ഹരിവരപൃതനാ–
സംയുതസ്സാനുജന്മാ
ആയാതോ രാമരാജസ്സ്വയമിതി ജനതാ–
ഭാഷണേനൈവ സിന്ധു–
സ്സന്ത്രസ്താത്മാ രരാസോത്തരതരളതരം–
ഗോച്ചലദ്ബാഹുരുച്ചൈഃ."

ഭാഷാകവനവിഷയത്തിലും കഥാപുരുഷൻ ആ സാമർത്ഥ്യം വെളിപ്പെടുത്തീട്ടുണ്ട്. ഒരിയ്ക്കൽ സന്ധ്യയ്ക്കു തിരുമേനി സല്ലാപ മധ്യേ "നാഴികമണിയാറായീ" എന്നു കല്പിച്ചു. ഉടനേ കോയിത്തമ്പുരാൻ അതിനെ ഒരു സമസ്യാരൂപത്തിൽ സ്വീകരിച്ചു "നാരീണാം ഭൂഷണൗഘമണിയാറായീ" എന്ന് ആ ശ്ലോകത്തിന്റെ ദ്വിതീയപാദം ചൊല്ലി. എന്നാൽ ശേഷംകൂടി കേൾക്കട്ടെ എന്നായി മഹാരാജാവ്;

"വാസരമണയാറായീ കോകീനാമശ്രുജാലമണയാറായീ"

എന്ന് അതിന്റെ ഉത്തരാർദ്ധവും ചൊല്ലി ആ സരസ്വതീവല്ലഭൻ അവിടത്തെ സംതൃപ്തനാക്കി. മഹാരാജാവ് 1016-ൽ ഇദം പ്രഥമമായി പുഷ്യരഥം ഉണ്ടാക്കിച്ചപ്പോൾ ആസ്ഥാന പണ്ഡിതന്മാരെല്ലാം അതിനെ അവരുടെ സരസ്വതീപ്രസാദത്തിന് അനുഗുണമായവിധത്തിൽ പ്രകീർത്തനം ചെയ്തു. അന്നും അവരുടെ മുന്നണിയിൽ നിന്നതു കോയിത്തമ്പുരാനും തമ്പിയും തന്നെയായിരുന്നു. താഴെക്കാണുന്ന വർണ്ണനശ്ലോകത്തിൽ ആ വാഹനത്തെ മഹാരാജാവിനോടും ശ്രീകൃഷ്ണനോടും അർജ്ജുനനോടും ഭീമസേനനോടും ഉപമിച്ചു നാലർത്ഥംവരെ കോയിത്തമ്പുരാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജിഷ്ണുവിനെ ഇന്ദ്രപര്യായമായി കരുതുമ്പോൾ അഞ്ചാമതൊരർത്ഥവും വിദ്വാന്മാർക്കു കല്പിക്കാവുന്നതാണ്.

"യം ശംസന്തി സദാഗതിപ്രണയിനം സർവേ ജനാസ്സന്തതം

സ്വസ്ഥാനാദരിണാഗതം ഹി പുരതോ യേനൈവ ഭോഗീശിതു:
സോയം പുഷ്യരഥോ ബിഭർത്തി തുലനാം ശ്രീവഞ്ചിഭൂമീഭൃതാ
കൃഷ്ണേനാപി ച ജിഷ്ണുനാ ബകജിതാ ചിത്രാംഗദാമാശ്രിതഃ."

ഈ ശ്ലോകത്തിനു മഹാരാജാവു കവിക്കു രണ്ടു കൈയ്ക്കും രത്നഖചിതമായ വീര ശൃംഖല നല്കി.

## കരീന്ദ്രൻ

വിദ്വാൻ എന്ന ബിരുദത്തിനുപുറമെ മഹാരാജാവു കോയിത്തമ്പുരാനു "കരീന്ദ്രൻ" എന്നൊരു നർമ്മ സംജ്ഞയും സമ്മാനിച്ചിരുന്നു. അതു് അദ്ദേഹത്തിന്റെ മേചകസ്നിഗ്ദ്ധമായ വർണ്ണത്തേയും സ്പൃഹണീയമായ ശരീരദാർഢ്യത്തേയും രമണീയമായ ഗതിവിശേഷത്തേയും ആസ്പദമാക്കിയായിരുന്നു എന്നു പഴമക്കാർ പറയുന്നു. ബാല്യത്തിൽ അന്നത്തെ ക്ഷത്രിയസംപ്രദായമനുസരിച്ചു കച്ചകെട്ടി കായികാഭ്യാസരീതികൾ പരിശീലിച്ചിരുന്ന അദ്ദേഹം പില്ക്കാലത്തു തത്സംബന്ധമായി പല അത്ഭുതകാര്യങ്ങളും നിർവഹിച്ചിട്ടുണ്ടെന്നറിയുന്നു. 1005-ൽ കടത്തനാട്ടു അപ്പുത്തമ്പുരാൻ തിരുവനന്തപുരത്തു വന്നു തന്റെ ജ്യോതിശ്ശാസ്ത്രപാണ്ഡിത്യം പ്രദർശിപ്പിച്ചു മടങ്ങിയതിന്റെ ശേഷം കോയിത്തമ്പുരാന് ആ ശാസ്ത്രംകൂടി അഭ്യസിക്കണമെന്നു തോന്നുകയാൽ അതിലേക്കായി കുട്ടൻ പേരൂരിൽനിന്നു ബാലരാമൻപിള്ളയെ വരുത്തി മഹാരാജാവു രാജധാനിയിൽ താമസിപ്പിച്ചു. അതിനും പുറമെ അദ്ദേഹം അശ്വലക്ഷണജ്ഞനായ ഒരു അശ്വാരോഹണകശലനുമായിരുന്നു. അങ്ങനെയെല്ലാം തിരുമനസ്സിലെ സ്നേഹ ബഹുമാനങ്ങൾക്കു പാത്രീഭവിച്ച ആ മഹാകവിക്കും മാച്ചിപ്പുറത്തു നമ്പിപ്പോറ്റി എന്നൊരു ഏഷണിക്കാരന്റെ കുതന്ത്രങ്ങളിൽ വിശ്വസിച്ചുപോയ അവിടത്തെ അപ്രീതിനിമിത്തം കുറേക്കാലത്തേയ്ക്കു രാജധാനി വിട്ടു മാറിത്താമസിക്കേണ്ടിവന്നു. ആ അവസരത്തിൽ തന്റെ അശരണദശയെ നിവേദനം ചെയ്യുന്ന ഒരു പദ്യലേഖനം അദ്ദേഹം തിരുമേനിക്കു സമർപ്പിച്ചു. അതിലെ രണ്ടു ശ്ലോകങ്ങൾ മാത്രമേ കിട്ടീട്ടുള്ളു. അവ അടിയിൽ ഉദ്ധരിക്കുന്നു. ആദ്യത്തെ ശ്ലോകത്തിൽ കരീന്ദ്രമുദ്ര ഘടിപ്പിച്ചിട്ടുമുണ്ടു്.

"ഇതോ മാമുദ്ധർത്തും ശിവശിവ ചിരാദപ്യവഹിതാ–
സ്തടസ്ഥാ നോ ശക്താസ്തരളമതയോ ഹന്ത സുഹൃദഃ
അയേ ഭൂമീനാഥ! പ്രചുരതരകാരുണ്യജലധേ!
കരീന്ദ്രേ കാരുണ്യം കലയിതുമയം ഖല്വവസരഃ.

യാനേ വാ ശയനേ കഥാപ്രഹസനേ ഗാനേപി വാ യന്മയാ
ദീനേനാകൃതബുദ്ധിനാ കൃതമഘം സർവ്വം സഹസ്വ പ്രഭോ!
ജാനേ നൈവ പരാംഗതിം തദഖിലം ജാനാസി സർവംസഹാ
ജാനേ! കിം ബഹുനാ? ദയാപരവതാം ദീനാവനം വോ ധനം."

ആ ശ്ലോകങ്ങൾ വായിച്ച നിമിഷത്തിൽ സാനുശയനായ മഹാരാജാവു കവിയെ പൂർവ്വാധികം തന്റെ സ്നേഹഭാജനമാക്കി.

## ചില ഉക്തിപ്രത്യുക്തികൾ

കോയിത്തമ്പുരാൻ രചിച്ച ഒരു ശ്ലോകത്തിൽ ഉഷാപരിണയകർത്താവായ ആമ്പല്ലൂർ ഇളയിടത്തു ഭട്ടതിരി ഒരു പ്രമാദം ഉത്ഭാവനംചെയ്തു; ഭട്ടതിരിയുടെ അഭിപ്രായം ശരിയല്ലെന്നു കോയിത്തമ്പുരാൻ വാദിച്ചു; ഭട്ടതിരി പിന്നെയും അടിയുറപ്പിച്ചുത

ന്നെ നിന്നു. അവർ തമ്മിൽ തത്സംബന്ധമായി ഉക്തിപ്രത്യുക്തിരൂപത്തിൽ പല ശ്ലോകങ്ങളും വിനിമയംചെയ്യുകയുണ്ടായി. അവയിൽ ചില ശ്ലോകങ്ങളാണ് താഴെ ഉദ്ധരിക്കുന്നതു്.

കോയിത്തമ്പുരാൻ:

"ഗാംഭീര്യേണ രസാതലസ്പൃഗധികപ്രോദ്ദാമമാധുര്യയാ
വൃത്ത്യാ ധിക്കൃതശർക്കരാ സുകവിതാസർവസ്വസങ്കേതഭൂഃ
കിഞ്ചാപാരദുരാപശബ്ദപദവീസഞ്ചാരിണീ ധീര്യത–
സ്തത്തേ വാചി വയം കഥം കൃശധിയോ നിശ്ചിന്മഹേ ഗൗരവം?

വിജ്ഞാനാം വിവിധാഗമേഷു ഭണിതൗ
ഭങ്ഗോപി ചേത്തം ബുധാ
മൃഷ്യന്തേ ഖലു ഗച്ഛതഃസ്ഖലനമി–
ത്യാപാദയന്തോ ഗുണാൻ
അജ്ഞാനമിഹ സാഹിതീപ്രലപനേ
കാ വാ കഥാ മാദൃശാ–
മവ്യക്താക്ഷരകോമളാം ശിശുഗവീം
നോദാഹരിഷ്യന്തിചേൽ?"

ഭട്ടതിരി:

"മധ്യാഹ്നോദ്ധാതപ്തസപ്തിനികരവ്രാതേ ജഗന്മാണ്ഡലീ–
മാക്രമ്യാഖിലതേജസാം കൃതപദേ മൂർദ്ധസ്വപദ്വന്ദ്വകേ
ഖദ്യോതസ്യ കതഃ കഥേതി ഹൃദയാച്ഛാന്താന്മദീയാദ്ഭവദ്–
ഭാരത്യേവ കൃശാദപസ്ഥലതയാ പ്രോദ്ദേത്യസൗ വിസ്തൃതാ."

ഇങ്ങനെ ആ വാക്സമരം തുടർന്നുപോകുന്നു. ഓരോ ശ്ലോകത്തിനും സ്തുതിപരമായും നിന്ദാപരമായും അർത്ഥം കല്പിക്കാവുന്നതാണ്. കോയിത്തമ്പുരാന്റെ അടുത്ത ലേഖനത്തിലെ രണ്ടു ശ്ലോകങ്ങളാണ് ചുവടേ ചേർക്കുന്നതു്.

"സീമാതിഗപ്രണയശാലിഷു വക്രവാചഃ
പ്രേമാധികപ്രകടനം ഖലു നാത്ര ശങ്കാ
സീമന്തിനീകടിലനീലകടാക്ഷപാതാ–
ദ്ധീമൻ! കഥം പ്രണയഭങ്ഗകഥാപ്രസങ്ഗഃ?

ബുദ്ധിശ്ശാകുന്തളാശിക്ഷണപദവിബുധൈ–
ല്ലംഘിനീ താവകീനാ
കിഞ്ചാസൗ സഞ്ചകാസ്തി പ്രവിതതരഘുവം–
ശാന്തരോദ്ഗീർണ്ണസാരാ
ഏതൽ സർവം സമഞ്ചേദപി മതിവിഷയേ
ദൂരതസ്താവദാസ്താം
ധീമൻ ശ്രീകാളിദാസസ്ത്വമസി ഖലു യതോ
മേഘസന്ദേശകർത്താ."

"ബുദ്ധിശ്ശാകുന്തളാ" എന്ന ശ്ലോകത്തിന്റെ പ്രണേതാവിനോട്ട് ഏതു സഹൃദയനാണ് ആദരാതിശയം തോന്നാത്തതു്? പ്രേമാതിരേകമിളിതയാണെങ്കിലും വാമ

യായ ബന്ധുവാണി മനീഷികളുടെ ഹൃദയത്തിൽ ശങ്കയെയാണ് ജനിപ്പിക്കുന്ന തെന്നും അതിനു ശ്രീകൃഷ്ണവാക്യംകൊണ്ടു ശങ്കിതയായ രുക്മിണീദേവി തന്നെ ഉദാഹരണമാണെന്നുമായി ഭട്ടതിരി; അതു ശരിയല്ലെന്നു

“പത്ന്യസ്തു ഷോഡശസഹസ്രമഹോ! മുരാരേ
രത്നാകരസ്യ രസഭാരവഹാ ഇവാസൻ
ഏകൈവ താദൃശവിനോദനഹേതുരസ്യ
സാ ഭീഷ്മഭൂഃ പ്രിയതമാത്ര ഖലു പ്രമാണം”

എന്നു കോയിത്തമ്പുരാനും തർക്കിച്ചു. ഒടുവിൽ ആ കലഹം നിർവ്യളീകമായ പരസ്പരബഹുമാനത്തിൽ എത്തിച്ചേർന്നു നിശ്ശേഷം ശാന്തമായി. ഭട്ടതിരി കോയിത്തമ്പുരാന്റെ കവിതയെ താഴെക്കാണുന്ന വിധത്തിൽ പ്രശംസിച്ചു.

“പ്രാജ്ഞ! ത്വദ്വദനാരവിന്ദവിഗളത്സാഹിത്യരൂപാമൃത–
പ്രത്യക്കാരധുരീണശുദ്ധമകരന്ദാസ്വാദതൃപ്താത്മനാ
ആനന്ദാംബുധിമഗ്നമാനസതയാ വാണീം ത്വദുക്ത്യുത്തരാം
ദാതും ഭൂപ! വിളംബിതം നനു മയാ നാന്യദ്വിഭോ! കാരണം.

പായം പായം പ്രതിപദമപി ത്വദ്വചോരൂപമാധ്വീം
നാലംഭാവം വ്രജതി ഹൃദയം മാമകം മാന്യകീർത്തേ!
കോ വാ ലോകേ ഭവതി വിബുധോത്തംസ! സംതൃപ്തചേതാഃ
പ്രാണാധീശാധരദലസുധാപാരണാകാരണേന?

ത്വദുക്തിമാധുര്യധുരീരസജ്ഞൈഃ
സ്വർഗ്ഗാദിദാനീമമരൈർന്നിരസ്തം
പലായമാനം ത്വമൃതം കഥഞ്ചി–
ജ്ജലേ തിരോഭൂയ ഭിയാ കിമാസ്തേ?”

ഭട്ടതിരിയെ അപേക്ഷിച്ചു യുവാവായിരുന്ന കോയിത്തമ്പുരാനും പ്രശ്രയാവനതമായ സ്വരത്തിൽ അതിനു താഴെ കാണുന്ന മറുപടി എഴുതി.

“ന കിഞ്ചിദപി മത്സരാന്ന ച പരാവമാനേ രസാ–
ന്ന വാദവിഷയാശയാ കിമപി യന്മയാ ഭാഷിതം
തടദ്രുവിടപച്ഛടാവികടരോധസംക്ഷോഭിതോ–
ച്ചലത്തരതരംഗിണീപടുഭവദ്വചഃ കൗതുകാൽ.”

താഴെക്കാണുന്ന ശ്ലോകം തിരുവല്ലാ കുഴിക്കാട്ട് അഞ്ചാംമുറ ഭട്ടതിരിക്കയച്ചതാണ്.

“താതാതാതതയാ തനോഷി വിരഹേ വാരാംഗനാനാം ശതം
സാസാസാസസരാസമാനരസമപ്യേതദ്ഭ്രശോസ്ത്വന്മുഖം
മീമീമീമിമിയാമിനീശനിടിലപ്രോദ്യച്ഛിഖാബന്ധനം
മാമാമാമമ! നിമ്ലകാനനഭവാം മാമാശു സഞ്ജീവയ”

994-ൽ മഹേശ്വരൻ ഭട്ടതിരിയുടെ പുത്രനായി ജനിച്ച അക്കീരമൻ ഭട്ടതിരിയായിരിക്കാം ആ അഞ്ചാമൻ എന്നു ഞാൻ അനുമാനിക്കുന്നു.

## ദാമ്പത്യം

1013-ൽ കോയിത്തമ്പുരാൻ തിരുവനന്തപുരത്തു ചെല്ലം കാര്യക്കാരന്മാരുടെ ഭവനമായ കല്ലമ്പള്ളിയിൽ ഒരു തങ്കച്ചിയെ സംബന്ധം ചെയ്തു. ഒരിക്കൽ കിളിമാനൂരേയ്ക്കു പോകുന്ന വിവരം പ്രിയതമയെ അറിയിച്ചപ്പോൾ ആ സുന്ദരി അതിനു അനുവാദം നല്കിയില്ല. ആ അവസരത്തിൽ മഹാകവിയുടെ മുഖത്തുനിന്നു നിർഗ്ഗളിച്ചതാണു് അടിയിൽ കാണുന്ന മനോഹരമായ ശ്ലോകം.

> “ഗമനാഭിമുഖേ മയി ക്ഷമായാം
> ഗളദശ്രുപ്രസരാൻ വിസാരയന്തീ
> രുരുധേ ഗതിമാനമനുഖേന്ദുഃ
> സ്ഥലചന്ദ്രഭ്രമമാകലയ ബാലാ.”

## മരണം

ഈശ്വരൻ ദീർഘായുര്യോഗംകൊണ്ടുമാത്രം അനുഗ്രഹിച്ചിരുന്നുവെങ്കിൽ കോയിത്തമ്പുരാൻ കവിലോകത്തിൽ ഹസ്തപ്രാപ്യമല്ലാത്ത സ്ഥാനം യാതൊന്നുംതന്നെ ഉണ്ടായിരിക്കുകയില്ല. എന്നാൽ 1020-ാമാണ്ടു് അദ്ദേഹത്തിനു പ്രമേഹരോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും 1021 ധനുമാസത്തിൽ അതു മൂർച്ഛിച്ചു ദേഹവിയോഗം സംഭവിക്കുകയുമാണുണ്ടായതു്. കിളിമാനൂരിൽവെച്ചുതന്നെയായിരുന്നു ആ അത്യാഹിതം. തന്റെ മഹാരാജാവിനേക്കാൾ ഒരു കൊല്ലം മുൻപു ജനിക്കുകയും ഒരു കൊല്ലം മുൻപു മരിക്കുകയും ചെയ്തു അദ്ദേഹം അവിടത്തേയ്ക്കു് ഇഹലോകത്തിലെന്നപോലെ പരലോകത്തിലും അന്തരംഗസഹചാരിയായിരുന്നുവോ എന്നു ഭാവനാകുശലന്മാർക്കു തോന്നിപ്പോകും. രണ്ടുപേരും മേടമാസത്തിൽ ജനിച്ചു; ധനുമാസത്തിൽ യശശ്ശരീരന്മാരുമായി.

## കൃതികൾ

സംസ്കൃതകവനത്തിൽ വാചാമഗോചരമായ കൗശലം പ്രദർശിപ്പിച്ച കോയിത്തമ്പുരാൻ ആ ഭാഷയിൽ (1) കിരാതവിംശതി എന്ന സ്തോത്രവും (2) രണ്ടു കീർത്തനങ്ങളുമേ രചിച്ചതായി അറിവുള്ളൂ. കിരാതവിംശതി 1020-ാമാണ്ടിടയ്ക്കു രോഗിയായതിനുമേൽ എഴുതിയതാണു്. എന്നാൽ ഈശ്വര കാരുണ്യംകൊണ്ടു സംസ്കൃതത്തിനു ലഭിക്കാത്ത അനുഗ്രഹം ഭാഷയ്ക്കു കിട്ടി. അത്യന്തം ഹൃദയഹാരികളായ (3) രാവണ വിജയം ആട്ടക്കഥയും (4) സന്താനഗോപാലം ശീതങ്കൻതുള്ളലും അദ്ദേഹത്തിന്റെ കൃതികളാണു്. സന്താനഗോപാലം പൂർത്തിയാക്കുവാൻ സംഗതിവന്നില്ല. അർജ്ജുനൻ ശ്രീകൃഷ്ണസന്നിധിയിൽവച്ചുചെയ്യുന്ന വികത്ഥനത്തിനു മറുപടിയായി ബ്രാഹ്മണൻ

> “പൊണ്ണപ്രഭുത്വം പറയുന്നതൊന്നുമെൻ–
> കർണ്ണത്തിലേറുന്നതില്ലെന്റെ ഫല്ഗുന!
> ഖണ്ഡിച്ചുതന്നേ കഥിക്കുന്നു നീ വൃഥാ
> ദണ്ഡിച്ചിടേണ്ടെടോ ദേവരാജാത്മജ!
> മുന്നം നിനയ്ക്കാതെ മോഹിച്ചുചാടിയാൽ
> പിന്നേ നിനച്ചാൽ ഫലമില്ലറിയണം.”

എന്നീ ഈരടികളോടുകൂടി ഗ്രന്ഥം മധ്യത്തിൽ മുറിഞ്ഞുപോകുന്നു.

## കിരാതവിംശതി

ഈ സ്തോത്രത്തിൽപ്പെട്ട പതിനൊന്നു ശ്ലോകങ്ങളേ കിട്ടീട്ടുള്ളൂ. ഒന്നാമത്തേയും പതിനൊന്നാമത്തേയും ശ്ലോകങ്ങളാണ് താഴെക്കാണുന്നത്.

“ചലച്ചാരുതാപിഞ്ഛഗുച്ഛാവതംസോ–
ല്ലസച്ചഞ്ചളീകോജ്വലൽകേശഭാരം
ശരൽപഞ്ചമീചന്ദ്രദായാദഫാലം
നമസ്കുർമ്മഹേ ശാബരാകാരമീശം.”

“അഗാണ്ഡീവതാഡൈരതാപിഞ്ഛചൂഡൈ–
രനാഖേടഘോഷൈരകാചാംഗഭൃഷൈഃ
അകൈരാതഭാവൈരധൈര്യാനുഭാവൈ–
രനായാസഖേദൈരലം ദേവമാത്രൈഃ.”

## കീർത്തനങ്ങൾ

രണ്ടു കീർത്തനങ്ങളിൽ ഒന്നു പർവതീദേവിയേയും മറ്റൊന്നു ഭൂതനാഥനേയും വർണ്ണിക്കുന്നതാണ്. രണ്ടാമത്തേതു വിശിഷ്യ ഹൃദയമോഹനമായിരിക്കുന്നു. ചുവടേ ഉദ്ധരിക്കുന്ന രണ്ടാമത്തെ ചരണം നോക്കുക.

“ശാരദേന്ദുരുചിരുചിരതരാനനഭാസം—കലിതജന–
ദുർന്നിവാരകലികാലജകലുഷനിരാസം—തിലകുസുമ–
തോലനശീലസമുന്നതസുന്ദരനാസം—രദനകുരു–
സാരസദലനയനാഞ്ചലധൃതകാരുണ്യം—സരസീരുഹ–
സായകമഞ്ജിമഭഞ്ജനചണലാവണ്യം—രിപുനിവഹ–
ഭൂരിവീര്യപരിഭൂതജനൈകശരണ്യം—ഭുവി നിജാവ–
താരസമാകലിതാഖിലപരിജനപുണ്യം—വിശദരുചി–
ഹാരസംവലിതകന്ധരം—രുചിരഹാടകാഭരണബന്ധുരം–
താരകാരമണമദഹരമുഖസുവിലാസ—മദസഞ്ചാരതരളഭൃഷം
ഭൂരികൃപാലയം ഭാവയേ.”

## രാവണവിജയം ആട്ടക്കഥ

ആട്ടക്കഥകളുടെ കൂട്ടത്തിൽ അഗ്രിമമായ സ്ഥാനത്തെ അലങ്കരിക്കുന്ന രാവണവിജയത്തെപ്പറ്റി ഈ സന്ദർഭത്തിൽ അധികമൊന്നും പ്രസങ്ഗിക്കേണ്ടതില്ല. കഴിഞ്ഞ നൂറുകൊല്ലങ്ങൾക്കുമേലായി അതിന്റെ പ്രചാരം അത്രമാത്രം അപ്രതിഹതമായി ലസിക്കുന്നു. സങ്ഗീതമാധുര്യംകൊണ്ടും സാഹിത്യസൗഭഗംകൊണ്ടും അഭിനയൗചിത്യംകൊണ്ടും അതിനെ അതിശയിപ്പിക്കുന്ന കഥകൾ ചുരുക്കമാണ്. വെണ്മണി മഹൻനമ്പൂരിപ്പാട് മുരിങ്ങൂർ പോറ്റിക്കു നല്കിയ ഒരു പ്രശംസാപത്രത്തിൽ പ്രാസങ്ഗികമായി

“കോട്ടംവിട്ടൊരു കോട്ടയംകഥകൾ നാലഞ്ചാതെ വഞ്ചീശ്വര–
ശ്രേഷ്ഠൻതന്നുടെ നാലുതമ്പിയുടെ മൂന്നൊന്നക്കരീന്ദ്രന്റെയും”

എന്നു പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു രാവണവിജയത്തിന് അനന്തരകാലികന്മാരായ കവിപുങ്ഗവന്മാരുടെ ഇടയിലുള്ള മതിപ്പ് ഏതുതരത്തിലുള്ളതാണെന്നു നിർണ്ണയിക്കാവുന്നതാണ്. ദേവന്മാരെയോ രാജാക്കന്മാരെയോ നായകന്മാരായി സ്വീകരിക്കുന്ന രീതി വിട്ടു രാക്ഷസചക്രവർത്തിയായ രാവണന്റെ ബാഹുപരാക്രമത്തെയും മറ്റും പ്രകീർത്തനംചെയ്ത് ഒരു കഥകളി നിർമ്മിക്കുവാൻ അക്കാലത്തു ധൈര്യപ്പെട്ട കവിയെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. കൈലാസോദ്ധാരണത്തിൽ ആ ധീരോദ്ധതൻ പ്രദർശിപ്പിച്ച ദോർമ്മദം ശ്രീപരമേശ്വരൻ ശമിപ്പിക്കുന്നതോടുകൂടി ഇതിവൃത്തം സമഞ്ജസമായ ഒരു ഘട്ടത്തിൽ സമാപ്തമാകുന്നു. രംഭാപ്രവേശമാണ് കാവ്യത്തിലെ നടുനായകമായ ഭാഗം; ആ ഭാഗം ആടി ഫലിപ്പിക്കുന്ന നടന്മാരെ ഇന്നും അഭിജ്ഞന്മാരായ പ്രേക്ഷകന്മാർ സശിരഃകമ്പം ശ്ലാഘിക്കുന്നു. കോയിത്തമ്പുരാന്റെ പ്രസ്തുതകൃതി ആപാദചൂഡം ശ്രോത്രമനോഭിരാമമാണ്. ദിങ്മാത്രമായി ചില ഉദാഹരണങ്ങൾ കാണിക്കാതെ തൂലിക മുന്നോട്ടു നീങ്ങുവാൻ മടിക്കുന്നു. ശ്ലോകങ്ങൾ:

“നിത്യം ശ്രീനീലകണ്ഠാർച്ചനനിപുണമതി–
 സ്സിദ്ധവിദ്യാധരാണാ–
മുത്തംസീഭൂതപാദാംബുജയുഗളരുചി–
 ശ്ശ്രീനിവാസൈകധാമാ
അത്യന്തം ശംഖപദ്മാദിഭിരനുപമിതൈ–
 സ്സാദരം സേവ്യമാനോ
വിഷ്വക്സേനാഭിഗുപ്തേ നിജനഗരവരേ
 രാജരാജോ രരാജ.”

ഈ ശ്ലോകത്തിനു കുബേരപരമായ പ്രസ്തുതാർത്ഥത്തിനുപുറമേ ശ്രീപത്മനാഭപരമായും മഹാരാജപരമായും ചില അംശങ്ങളിൽ കവിപരമായുംകൂടി അർത്ഥമുണ്ട്.

“കാലേ കാളാഗരുശ്യാമളബഹളതമഃകാളകൂടം കരാഗ്രൈഃ
പ്രാലേയാംശൗ നിപീയോരസി നിഹിതപദേ നീലകണ്ഠോപമാനേ
കല്ഹാരോദ്യന്മധൂളീപരിമളപവനാമോദിതോപാന്തഭൂമൗ
രേമേ രാമാസമേതസ്സുരതരുജടിലാരാമദേശേ ധനേശഃ.”

“കലിതപുണ്യജനൈകസമാഗമാം
പൃഥുനിതംബവതീമളകാഞ്ചിതാം
അലഘുപീനപയോധരമണ്ഡിതാ–
മചലഭൂമിമസൗ സമുപാവിശൽ.”

“മാ മാ സ്പൃശേതി മുഹുരപ്യനുയാചിതോപി
രാജീവകോരകകരാഞ്ജലിമുദ്രയൈവ
ഹാഹാ! തദപ്സരസി കാമദവാതുരാത്മാ
ചിക്രീഡ തന്നിശി നിശാചരകുഞ്ജരോയം.”

“സാമഗാനപരിമോദമാനമഥ നാമനാശിതജനാമയം
ശ്യാമളാംബുരുഹരാമണീയകവിരാമദാമലഗളാഞ്ചിതം
കാമിനീകലിതസാമിദേഹമഹിദാമശോഭിതഭുജാന്തരം
യാമിനീചരലലാമമാനമദസീമഭൂമവിഭവം ഭവം”

“മാനിനിമാർകലമണേ! മാമകജായേ”, “പുണ്യജനാധിപതേ നിയതം”, “നളിനായതനേർമിഴി ബാലേ!”, “രാകാധി നാഥരുചിരഞ്ജിതനിശായാം” തുടങ്ങിയ പദങ്ങളുടെ മാധുര്യവും, “യാഹി യാഹി നിശാചരാധമ” മുതലായ പദങ്ങളുടെ പ്രൗഢിയും പ്രശംസാപരിധിയെ അനായാസേന അതിലംഘിക്കുന്നു.

## സന്താനഗോപാലം തുള്ളൽ

ഒരു വശ്യവാക്കായ പണ്ഡിതകവിക്കു സംസ്കൃതസാഹിത്യത്തിൽ എത്രതന്നെ ഉച്ചത്തിൽ സഞ്ചരിക്കാമെങ്കിലും, ഭാഷാസാഹിത്യത്തിൽ എങ്ങനെ സാമാന്യജനങ്ങളെ അവരുടെ കൂട്ടത്തിൽ ഒരുത്തനായി നിന്നുകൊണ്ട് ആനന്ദിപ്പിക്കാമെന്നുള്ളതിനു സന്താനഗോപാലം ശീതങ്കൻതുള്ളൽ ഒരു ഉത്തമനിദർശനമാകുന്നു. അതു കുഞ്ചൻ നമ്പിയാരുടെ തുള്ളലുകളോടു സമസ്കന്ധമായി സമുല്ലസിക്കുന്നു; മറ്റൊരു കവിയുടെ തുള്ളലും ആ മേന്മയെ അർഹിക്കുന്നില്ല.

“മായാമനുജനായ വന്നു പിറന്നു ഭ–
വായാസഖേദം കളവാൻ ജഗത്തിന്ന–
മേയാനുഭാവനാകുന്ന മുകുന്ദൻ ക–
ളായാതികോമളശ്യാമളാകാരനായ്”

“പൂജ്യന്മാരായിടുന്ന ഭൂസുരന്മാർക്കൊരു ദിക്കിൽ
ഭോജ്യമുണ്ടെന്നു കേട്ടാൽ പുരുഷാർത്ഥമതുതന്നെ.”

“വാരാളും മുകിലോടു പോരാളും തിരുമേനി
നീരാളംതുകിൽ ചാർത്തിപ്പാരോളം മനംതന്നിൽ”

“ഉണ്ണിക്കുമാരാ! ചതിച്ചിതോ പൈതലേ!
കണ്ണും നിരുത്തിക്കിടക്കുന്നതെന്തു നീ?”

“ആരെടാ നീയെന്റെ സങ്കടം കേൾക്കുവാ–
നാരെന്നെനിക്കു തിരിഞ്ഞില്ല; കേൾക്കണം.”

ഇത്യാദി ഭാഗങ്ങൾ വികാരനിർഭരതയോടുകൂടിയല്ലാതെ ആർക്കും വായിക്കുവാൻ കഴിയുന്നതല്ല. പ്രത്യേകിച്ചും മനഃക്ഷോഭകരമാണ് ബ്രാഹ്മണന്റെ ശ്രീകൃഷ്ണനെക്കുറിച്ചുള്ള പരിവാദം.

“ചുട്ടുകത്തീടുന്ന ശോകരോഷങ്ങളാൽ
മട്ടും മതിയും മറന്നു മഹീസുരൻ
കട്ടക്കിടാവിന്റെ ദേഹം തിരുമുമ്പി–
ലിട്ടും കളഞ്ഞു ദുർഭാഷണം ചൊല്ലിനാൻ.
കട്ടുനടക്കുന്ന കള്ളനെക്കൊണ്ടന്നു
പട്ടവും കെട്ടിപ്പദവിയിൽ വാഴിച്ചു
ശിഷ്ടരായുള്ള ജനങ്ങൾക്കു വന്നൊരു
പൊട്ടത്തരം പറഞ്ഞാലൊടുങ്ങീടുമോ?

ചെട്ടിക്കു കിട്ടിയ കള്ളപ്പണംപോലെ
മുട്ടിച്ചു ചോദിപ്പതിന്നും വഴിയില്ല.
എട്ടുസഹസ്രമിരട്ടിച്ച പെണ്ണുങ്ങ–
ളെട്ടും വിശേഷിച്ചതിലുള്ള മക്കളും
കുട്ടിയും തള്ളയും കൂടിയാട്ടും നിന്റെ
ചട്ടം നിനയ്ക്കിലിന്നുണ്ണിയില്ലാതുള്ള
തട്ടും തരക്കേടുമയ്യോ മനക്കാമ്പി–
ലൊട്ടും തിരിവതിന്നില്ലെടോ സങ്ഗതി.
മൃഷ്ടമായഷ്ടി കഴിച്ചങ്ങിനേ നല്ല
പട്ടുമെത്തപ്പുറംതന്നിലനാരതം
പട്ടണിപ്പോർമുലമാരുടേ നൽക്കൊങ്ക–
മൊട്ടു രണ്ടും പുണർന്നാപാദമസ്തകം
കെട്ടിപ്പിണഞ്ഞു കിടക്കുന്ന കാമികൾ
പട്ടിണിക്കാരന്റെ പാടറിഞ്ഞീടുമോ?
പെറ്റ പെണ്ണല്ലാതെ പേറിന്റെ നൊമ്പലം
മറ്റുള്ളപേരറിഞ്ഞീടുന്നതെങ്ങനെ?"

എന്നിങ്ങനെ പോകുന്ന ആ ഉപാലംഭം

"ആളല്ല നീയിത്തൊഴിലിനെന്നാലിനി–
ക്കാലിയും മേച്ചുനടക്കുന്നതേ ഗുണം.
നിർമ്മരിയാദം തുടങ്ങുന്ന നിന്നുടെ
ദുർമ്മദപ്രാഭവം കൂട്ടാക്കയില്ല ഞാൻ.
ധർമ്മസംരക്ഷണം ചെയ്കയില്ലെങ്കിലോ
ധർമ്മാസനത്തിങ്കൽനിന്നിറങ്ങീടെടാ!
ചുമ്മാ നിനക്കങ്ങിരിപ്പാൻ ചമച്ചോരു
കുമ്മായമിട്ടുള്ള കുഡ്യമല്ലിന്നിതു്."

എന്നീ വാക്തർജ്ജനത്തിൽ അവസാനിക്കുന്നു.

"കൊമ്പന്റെ വഴിതന്നെ പിടിയെക്കണക്കേ ഞാൻ
മുമ്പിലുള്ളോരു മാർഗ്ഗം മുറിയാതേ നടപ്പാനായ്"

എന്നു കവി വാഗ്ദേവതയോട്ട് ഉപക്രമത്തിൽ ചെയ്യുന്ന പ്രാർത്ഥന കരുണാശീലയായ ആ ദേവി ആദ്യന്തം ഫലിപ്പിച്ചിരിക്കുന്നു എന്നുള്ളതിനു സംശയമില്ല.

## രണ്ടു ഭാഷാമുക്തങ്ങൾ

കോയിത്തമ്പുരാൻ ഭാഷയിൽ രചിച്ചിട്ടുള്ള മുക്തങ്ങൾകൂറ്റി പ്രദർശിപ്പിച്ചുകൊണ്ടു് ഈ പ്രകരണം സമാപിപ്പിക്കാം.

ധർമ്മരാജാവിന്റെ "ഹേമാംഭോജിനി" എന്ന സംസ്കൃത ശ്ലോകത്തിന്റെ ഏകദേശവിവർത്തനം:

"പൊന്നിൻപൂമാല ചൂടും സുരനിധി! ഭവദീ–
യാസവം ഭാഗ്യമുള്ളോ–
രന്നങ്ങൾക്കെന്നിയേ മറ്റളികുലകളഭ–

ങ്ങൾക്കു കിട്ടീടുവോന്നോ?
എന്നാലും ഞാനിരക്കുന്നതിനൊരു കുറവി–
ല്ലേതുമേ പാർത്തുകണ്ടാ–
ലന്യായം ന്യായമെന്നുള്ളറിവകതളിരിൽ–
ക്കാണുമോ കാമുകാനാം?"

ഇവിടെ കളഭപദപ്രയോഗം കരീന്ദ്രനായ കവിയേയും പരാമശിക്കുന്നതായി ചില വയോവൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്.

ഒരു ശൃങ്ഗാരശ്ലോകം:

"ചോദിക്കാമെന്നു മോഹം, ശിവശിവ! ചിത–
മല്ലെന്നു ചൊല്ലീടുവോര–
ച്ചാതിക്കാരൻ വിവേകം; പറവതിനുമടി–
ക്കുന്നതെന്തെന്നു കാമം;
ബോധിപ്പിച്ചീടുവാനോ വരുമൊരു തരമി–
ല്ലിന്നു വേണ്ടെന്നു നാണം;
സാധിക്കുന്നെങ്ങനേ ഞാൻ സരസിജനയനേ!
നിങ്കലുള്ളോരു കാര്യം?"

## കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടി

കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടി വിദ്വാൻ കോയിത്തമ്പുരാന്റെ മാതാവാകുന്നു. 972-ലായിരുന്നു അവിടത്തെ ജനനം. 1011-ാമാണ്ടു കന്നിമാസത്തിൽ മരിച്ചു. പാർവതീറാണിയും സ്വാതിതിരുനാൾ മഹാരാജാവും ആ തമ്പുരാട്ടിയുടെ വൈദുഷ്യത്തെ അഭിനന്ദിച്ചു പല പാരിതോഷികങ്ങളും നല്കുകയുണ്ടായി. വിഷ്ണുമായാചരിതം എന്നൊരു ഓട്ടംതുള്ളൽ ആ കവയിത്രി രചിച്ചിട്ടുണ്ടെന്നു സൂചിപ്പിച്ചുവല്ലോ.

"അങ്ഗജരിപുതാനങ്ങൊരു ദിവസം
മങ്ഗലരൂപിണി മേനജയോടും
മങ്ങാതങ്ങൊരു വനഭുവി ചെന്നതി–
ഭങ്ഗിയിലോരോ ലീല തുടർന്നു."

എന്നാണ് ആ തുള്ളലിന്റെ ആരംഭം.

## കിളിമനൂരിലെ മറ്റു ചില തമ്പുരാക്കന്മാർ—രോഹിണിനാൾ തമ്പുരാട്ടിയുടെ സന്താനങ്ങൾ

രോഹിണിതിരുനാൾ തമ്പുരാട്ടിയുടെ മൂത്തപുത്രനാണ് പുണർതംനാൾ രാമവർമ്മ കോയിത്തമ്പുരാൻ. അദ്ദേഹം 982-ാമാണ്ട് ഇടവമാസത്തിൽ ജനിച്ചു. ശൈശവത്തിൽത്തന്നെ കുടുംബത്തിൽ കാരണവരായി. 1045 തുലാമാസത്തിൽ മരിച്ചു. സംഗീതത്തിലും സാഹിത്യത്തിലും ഒന്നുപോലെ നിപുണനായിരുന്ന അദ്ദേഹം 1034-ാമാണ്ടിടയ്ക്കു സീതാവിജയം ആട്ടക്കഥ രചിച്ചു. അദ്ദേഹത്തിന്റെ അടുത്ത സഹോദരിയായ അനിഴംനാൾ തമ്പുരാട്ടിയാണ് രാജരാജവർമ്മകോയിത്തമ്പുരാന്റെ മാതാവ്. ആ തമ്പുരാനെയും രോഹിണിത്തമ്പുരാട്ടിയുടെ അഞ്ചാമത്തെ പുത്രിയായ മകയിരംനാൾ തമ്പുരാട്ടിയേയും കുറിച്ചു മേൽ പ്രസ്താവിക്കും.

## ഉത്രംനാൾതമ്പുരാട്ടിയുടെ സന്താനങ്ങൾ

ഉത്രംനാൾ തമ്പുരാട്ടിയുടെ മൂത്തപുത്രനായ ചോതിനാൾ ഗോദവർമ്മ കോയിത്തമ്പുരാൻ 985-ാമാണ്ടു കന്നിമാസത്തിൽ ജനിച്ചു. 1045 മകരത്തിൽ മരിച്ചു. സ്വന്തമായി ഒരു നാഴികമണി ഉണ്ടാക്കി അതിനു വലിയ കൊട്ടാരത്തിൽനിന്നു സമ്മാനം വാങ്ങീട്ടുണ്ട്. മണിക്കാരൻ തമ്പുരാൻ എന്ന് അദ്ദേഹത്തെ സമകാലികന്മർ ബഹുമാനപൂർവ്വം വിളിച്ചുവന്നിരുന്നു. അദ്ദേഹത്തിന് അശ്വവിദ്യയിലും നളീകവിദ്യയിലും പല രഹസ്യങ്ങൾ അറിയാമായിരുന്നു. തോക്കിന്റെ മുഖം മൂടിക്കെട്ടി വീണ്ടും ആവശ്യമുള്ളപ്പോൾ തുറക്കുക, മൃഗങ്ങളെ വരുത്തി വെടി വെയ്ക്കുക തുടങ്ങിയ സിദ്ധികൾ ആ കൂട്ടത്തിൽപ്പെട്ടവയാണ്. അവയെല്ലാം കേരളവർമ്മവലിയകോയിത്തമ്പുരാൻ യഥാകാലം ഗ്രഹിച്ചത് അദ്ദേഹത്തിൽനിന്നും ഭരണിനാൾ കോയിത്തമ്പുരാനിൽ നിന്നുമായിരുന്നു. മുചുകുന്ദമോക്ഷം എന്ന ആട്ടക്കഥ അദ്ദേഹത്തിന്റെ കൃതിയാണ്. അദ്ദേഹത്തിന്റെ അനുജൻ ഭരണിനാൾ രാജരാജവർമ്മകോയിത്തമ്പുരാൻ 987-ൽ ജനിച്ചു. അദ്ദേഹമാണ് ചിത്രമെഴുത്തിന് അക്കാലത്ത് ഇദംപ്രഥമമായി വൈദഗ്ദ്ധ്യം സമ്പാദിച്ചത്. മകയിരംനാൾ തമ്പുരാട്ടിയുടെ പുത്രനും വിശ്വവിശ്രുതനുമായ ചിത്രമെഴുത്തു രവിവർമ്മ കോയിത്തമ്പുരാന്റെ ആചാര്യനും മാർഗ്ഗദർശിയുമായിരുന്നു അദ്ദേഹം. ദാരുകവധം എന്ന ആട്ടക്കഥ അദ്ദേഹം എഴുതിയതാണ്. വൈദ്യത്തിലും ജ്യോതിഷത്തിലുംകൂടി അദ്ദേഹം പ്രാവീണ്യം സമ്പാദിച്ചിരുന്നു. ഗോദവർമ്മകോയിത്തമ്പുരാനും രാജരാജവർമ്മകോയിത്തമ്പുരാനും ഉത്രംതിരുനാൾ മഹാരാജാവിന്റെ സവിശേഷമായ പ്രീതിക്കു പാത്രീഭവിച്ചതിൽ ആശ്ചര്യമില്ലല്ലൊ.

### മകയിരംനാൾ അംബാദേവിത്തമ്പുരാട്ടി (1007–1062)

വിശ്വവിശ്രുതനായ ചിത്രമെഴുത്തു രവിവർമ്മ കോയിത്തമ്പുരാന്റെ മാതാവാണ് ഈ തമ്പുരാട്ടി. 1007-ാമാണ്ടു മേടം 25-ആംനു- ജനിച്ചു. 1062 മകരം 18-ആംനു- മരിച്ചു. അംബാദേവി എന്നായിരുന്നു പേര്. അവിടുത്തേക്കു സംഗീതസാഹിത്യങ്ങളിലെന്നപോലെ ചിത്രമെഴുത്തിലും പ്രകൃഷ്ടമായ വാസനയും അഭ്യാസവുമുണ്ടായിരുന്നു. അതിനെല്ലാംപുറമേ ബാലചികിത്സയ്ക്കും നേത്രചികിത്സയ്ക്കുംകൂടി അവിടുന്നു കീർത്തിപ്പെട്ടിരുന്നു. നീലകണ്ഠന്റെ പുത്രനായ ശ്രീകുമാരൻ എന്ന ബ്രാഹ്മണനായിരുന്നു അവിടത്തെ ഗുരുനാഥൻ. അവിടത്തെ വകയായി പാർവതീസ്വയംവരം ഓട്ടംതുള്ളൽ എന്ന ഒരു കൃതി മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. മൂന്നു ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ആ കൃതി 1033-ാമാണ്ടു രചിച്ചതാണ്. അതിൽനിന്ന് ഒരു ഭാഗം താഴെ ചേർക്കുന്നു.

> "കയർത്തു കാലാരിദേഹം വിയർത്തു കൈകൾ രണ്ടുമ–
> ങ്ങുയർത്തി കാൽകൊണ്ടു ഭുവിലുയർത്തി കായവുമൊന്നു
> ഞെളിഞ്ഞു കാളിയിലാശ കുറഞ്ഞു കാമന്റെനേരേ
> തിരിഞ്ഞു കാരുണ്യലേശം കളഞ്ഞു കോപവുമുള്ളിൽ
> വിളഞ്ഞു പാരാതെപൊങ്ങി നിറഞ്ഞു ചില്ലിവല്ലികൾ
> വളഞ്ഞു ചിത്തജനപ്പോളിളിഞ്ഞു കണ്ണുകൾ രണ്ടും
> മിഴിച്ചു കാമന്റെ ദേഹം വിറച്ചു മൂന്നാം തൃക്കണ്ണു
> വിടിർന്നു മാലോകർ ഭാവം പകർന്നു ധൂമജാലങ്ങ–
> ളെഴുന്നു തീപ്പൊരിയോടങ്ങുയർന്നു ജ്വാലമാലകൾ
> നിരന്നു നാലു ദിക്കിലും പരന്നു . . . "

സാമാന്യം നല്ല ഒരു തുള്ളലാണ് പാർവതീസ്വയംവരം എന്നു ചുരുക്കത്തിൽ പറയാം.

## അയ്യോഴിനമ്പൂരി

വൈശാഖപുരാണം ആട്ടക്കഥയുടെ നിർമ്മാതാവായ ഈ നമ്പൂരിയുടെ പേർ ജയന്തൻ എന്നായിരുന്നു. പിതാവിന്റെ നാമധേയവും അതുതന്നെ. ഗൃഹം വൈക്കത്ത് ആയാംകുടിയിലാണെന്നും ഉത്രംനാൾ തമ്പുരാട്ടിയുടെ ഭർത്താവായിരുന്നു എന്നും പറഞ്ഞുകഴിഞ്ഞു. ജീവിതകാലം 958-നും 1080-നും ഇടയ്ക്കായിരുന്നു എന്നറിയുന്നു. വൈശാഖപുരാണത്തിൽനിന്ന് ഒരു ശ്ലോകം മാത്രം ഉദ്ധരിക്കാം.

> "കല്പാന്തോദ്ഭ്രാന്തധാരാധരതുലിതതനു–
> ച്ഛാദിതാശാപ്രകാശാഃ
> പ്രോച്ചണ്ഡൈരട്ടഹാസൈശ്ശ്രുതിപുടകടുഭിഃ
> സ്തംഭിതാംഭോധിനാദാഃ
> ക്രോധാന്ധാശ്ശത്രുകണ്ഠത്രുടനപടുകൃപാ–
> ണോജ്ജ്വലദ്ബാഹുദണ്ഡാ
> രാജദ്വാരം ഗതാസ്തം ഝടിതി യമഭടാ–
> സ്സംഗരായാഹ്വയന്ത."

## പന്തളത്തു കൊട്ടാരത്തിലെ ചില തമ്പുരാക്കന്മാർ

കൊല്ലം പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ പന്തളത്തുകൊട്ടാരത്തിൽ ചില വിശിഷ്ടന്മാരായ ശാസ്ത്ര പണ്ഡിതന്മാർ ജീവിച്ചിരുന്നു. ശിഷ്യന്മാരെ വ്യാകരണാദി ശാസ്ത്രങ്ങളിൽ ഉൽഗ്രന്ഥങ്ങൾ അഭ്യസിപ്പിക്കുകയായിരുന്നു അവരുടെ പ്രധാന വൃത്തി. അവരിൽനിന്നു വലിയ വാങ്മയ സമ്പത്തൊന്നും നമുക്കു ലഭിച്ചിട്ടില്ലെങ്കിലും വിശിഷ്ടങ്ങളായ ചില മുക്തകങ്ങൾ കിട്ടീട്ടുണ്ട്. ആ തമ്പുരാക്കന്മാരിൽ ചിലരെപ്പറ്റി ഇവിടെ പ്രസ്താവിക്കാം.

## ആദ്യകാലത്തെ കവികൾ

കൊല്ലം 900-ാമാണ്ടിടയ്ക്കു ജീവിച്ചിരുന്ന ഒരു രവിവർമ്മത്തമ്പുരാനെപ്പറ്റിയാണ് ആദ്യമായി നാം കേൾക്കുന്നത്. അദ്ദേഹം വേദങ്ങളിലെ ചില പ്രധാനഭാഗങ്ങൾ സംഗ്രഹിച്ചു ലളിതമായ ഭാഷയിൽ ഒരു പദ്യഗ്രന്ഥമുണ്ടാക്കീട്ടുള്ളതായി പുരാവിത്തുകൾ പറയുന്നു; ആ ഗ്രന്ഥം ഇപ്പോൾ കാണ്മാനില്ല. അദ്ദേഹത്തെ ആദിത്യനോടു സാമ്യപ്പെടുത്തി സമകാലികനായ ഒരാസ്ഥാനപണ്ഡിതൻ രചിച്ചിട്ടുള്ളതാണ് ചുവടേ ചേർക്കുന്ന പദ്യം.

> "ഗഗനമണിർദ്ധരണിമണിർദ്ദിനബന്ധുർദ്ദീനബന്ധുരുഷ്ണഭൃതൗ
> രവിരവിരാജൗ ജയതാം പത്മസുഹൃജ്ജഗതി പദ്മനാഭസുഹൃൽ"

കൊല്ലം പതിനൊന്നാം ശതകത്തിൽ പന്തളത്തു മറ്റൊരു രവിവർമ്മത്തമ്പുരാൻ ജീവിച്ചിരുന്നു. അദ്ദേഹം വിദ്വാൻ എന്ന ബിരുദത്താൽ വിദിതനായിത്തീരുകയും അന്നത്തെ സാമൂതിരിപ്പാട്ടുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹോദരി തമ്പംഗതിത്തമ്പുരാട്ടിയും ഒരു വിദുഷിയായിരുന്നുവത്രേ.

## പൂരുരുട്ടാതിനാൾ കേരളവർമ്മത്തമ്പുരാൻ

കേരളവർമ്മത്തമ്പുരാൻ പന്തളത്തു നീരാഴിക്കോട്ടുകൊട്ടാരത്തിൽ 971-ാമാണ്ടു ജനിച്ചു. 1045 കുംഭത്തിൽ മരിച്ചു. അവിടുന്ന് ഇലത്തൂർ രാമസ്വാമി ശാസ്ത്രികളുടേയും ഭാഗിനേയൻ പന്തളം പാർവതീപുരത്തു കേരളവർമ്മ (കേളപ്പൻ) തമ്പുരാന്റേയും അവിടെത്തന്നെ വടക്കേക്കൊട്ടാരത്തിൽ രാജരാജവർമ്മത്തമ്പുരാന്റേയും ചുനക്കര ശങ്കരവാരിയരുടേയും ഗുരുനാഥനായിരുന്നു. ആ ശങ്കരവാരിയരാണ് ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ പ്രഥമഗുരു. വാരിയരുടെ ജീവിതകാലം 999-നും 1058-നും ഇടയ്ക്കായിരുന്നു. നീരാഴിക്കെട്ടിൽ തമ്പുരാൻ സ്വാതി തിരുനാൾ മഹാരാജാവിനു സമർപ്പിച്ച രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

“ശുഭ്രാംഗൗ കവിഗീഷ്പതീ സുകവിതാം
വാഢോരണീം താവകീം
ശ്രുത്വാത്മീയയശോവിഭംഗചകിതൗ
ത്വൽകർണ്ണജാഹം ഗതൗ
ഹ്രീണൗ വക്തുമുപാംശു കുണ്ഡലയുഗ–
പ്രത്യപ്തഹീരച്ഛലാൽ
സ്വാമിൻ! പാലയ നൗ കൃപാലയ! നൃപേ–
ത്യേവം സദാ തിഷ്ഠതഃ.”

“ശ്രീമദ്വഞ്ചിനൃപേന്ദ്ര! താവകയശസ്സന്ദോഹദുഗ്ദ്ധാബ്ധിനാ
ഗൈർവാണീ സരണിർഭവേദതിതരാമാക്രമ്യമാണാ ചിരാൽ
ഇത്യേവം മനസാകലയ്യ്യ തരണിം തത്രോഡുപം ചാത്ഭുതം
(ശശ്വ)ദ്വിശ്വജനീനസൃഷ്ടിനിപുണശ്ശങ്കേ സസർജ്ജാത്മഭൂഃ.”

## രേവതിനാൾ കേരളവർമ്മത്തമ്പുരാൻ

ഇദ്ദേഹമാണ് പാർവതീപുരത്തുകൊട്ടാരത്തിലെ കേളപ്പൻതമ്പുരാൻ. 991-ൽ ജനിച്ചു; 1060-ൽ മരിച്ചു. മരിക്കുന്നതിനുമുൻപ് ആയില്യം തിരുനാൾ മഹാരാജാവിന്റെ ജന്മർക്ഷമഹം സംബന്ധിച്ച് ഒരു ചമ്പു രചിച്ച് അടിയറവെച്ചു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ പതിനാറാമത്തെ വയസ്സിൽ രചിച്ച തിരുനാൾ പ്രബന്ധവും അക്കാലത്തുതന്നെ ആവിർഭവിച്ചു. പ്രസ്തുതചമ്പു കിട്ടീട്ടില്ല. കേളപ്പൻതമ്പുരാന്റെ ഒരു ശ്ലോകമാണ് താഴെ കാണുന്നത്.

“അപഭ്രംശം ബ്രൂതേ പണിനജപദം കശ്ചിദപര–
സ്സശബ്ദം ച ബ്രൂതേ തദിഹ സദസദ്വ്യക്തിനിപുണാഃ
തയോരാദ്യം പ്രാഹുർജ്ജഗതി വിബുധാനാം പ്രിയ ഇതി
ദ്വിതീയം ദേവാനാം പ്രിയ ഇതി ച സന്തസ്സമധിയഃ.”

## മേടയിൽക്കൊട്ടാരത്തിൽ പൂയംനാൾ രവിവർമ്മത്തമ്പുരാൻ

മേടയിൽക്കൊട്ടാരത്തിൽ രവിവർമ്മത്തമ്പുരാൻ 1003-ാമാണ്ടു ജനിച്ചു; 1035 ധനമാസത്തിൽ മരിച്ചു. കേരളവർമ്മത്തമ്പുരാന്റെ ഗുരുനാഥനായ അത്തംനാൾ ഗോദവർമ്മ വലിയകോയിത്തമ്പുരാൻ അദ്ദേഹത്തിന്റെ ഭാഗിനേയനും ശിഷ്യനുമായിരുന്നു. അദ്ദേഹം സ്വാതിതിരുനാൾ മഹാരാജാവിനു സമർപ്പിച്ച രണ്ടു ശ്ലോകങ്ങളാണ് ചുവടേ ചേർക്കുന്നത്.

“വിജയസി യശസാ നരേന്ദ്ര, കാന്ത്യാ
മദനസി, കർണ്ണസി നിത്യദാനരീത്യാ,
ബലസി ഭുജബലേന, രാമവർമ്മാ–
ക്ഷിതിവര! ധർമ്മബലേന ധർമ്മസി ത്വം.

കസ്യ,സ്യഹസ്കരജസി, സ്മരസി പ്രകാമം
വാണ്യാ, മയാ, വിതരണേന, വപുർഗ്ഗുണേന;
പാർത്ഥസ്യനീകഭുവി, ദുർജ്ജയശത്രുഹന്താ
പായാസ്ത്വരാം വസുമതീം കുലശേഖരേന്ദ്ര!”

അദ്ദേഹത്തെപ്പറ്റി ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ ഇങ്ങനെ പ്രശംസിക്കുന്നു.

“ശ്രീമൽപാണിനിസൂത്ര(ദുശ്ധ)ജലധിം നിർമ്മഥ്യ ചേതോഹര
ക്ഷുബ്ധേന പ്രതിഭാഗുണേന മഹതാ ശബ്ദാർത്ഥസാരാമൃതം
യോപീപ്യന്നിജപാദപല്ലവതലച്ഛായാജുഷോ വിഷ്ണവ–
ദ്ധീമാൻ കേരളവർമ്മപന്തളമഹീപാലോ വിജേജീയതേ.”

മറ്റു ചില പന്തളത്തു തമ്പുരാക്കന്മാരെപ്പറ്റി വേറൊരവസരത്തിൽ പ്രസ്താവിക്കും.

## ശങ്കരനാഥജ്യോത്സ്യർ (965–1034)

### ജീവിതം

ശങ്കരനാഥജ്യോത്സ്യർ (ശങ്കരൻപണ്ടാല എന്നും പറയും) 965-ാമാണ്ടിടയ്ക്കു ഉത്തരകേരളത്തിൽ പയ്യന്നൂരിനുസമീപം കരിവള്ളൂരംശത്തിൽ വങ്ങാട്ടു ഉണിത്തിരിമാരുടെ പ്രസിദ്ധമായ കുടുംബത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ ഒരു പൂർവ്വഗനാണ് ഉത്തരരാമായണം ഗദ്യത്തിന്റെ പ്രണേതാവെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മുപ്പത്തൊന്നാമത്തെ വയസ്സിലാണ് മാതാവു് അദ്ദേഹത്തെ പ്രസവിച്ചതു്. വിദുഷിയായ അവർക്കു വേറെ സന്താനങ്ങളൊന്നും ഉണ്ടായിരുന്നില്ല. ആ സുചരിതയുടെ രക്ഷണത്തിലാണ് ശങ്കരൻ വളർന്നതു്. അന്നത്തെ രീതിക്കു കുറേ മലയാളവും സംസ്കൃതവും പഠിച്ചുവെങ്കിലും കായികാഭ്യാസത്തിലായിരുന്നു സദാ ആസക്തി. അതുകൊണ്ടു് ഒരു ദിവസം വ്യസനാക്രാന്തയായ അമ്മ “ഉണ്ണി! കുതിരയുടെ വയറ്റിൽ പിറന്ന നീ ഇങ്ങനെ കഴുതയായിപ്പോയല്ലോ” എന്നു നീരസഭാവത്തിൽ ആക്രോശംചെയ്തു. അതു കേട്ട ക്ഷണത്തിൽ കുമാരന്റെ ആത്മാഭിമാനവും ആരുരുക്ഷുത്വവും വിജൃംഭിച്ചു. അന്നുതന്നെ നാടുവിട്ടു പരദേശത്തേയ്ക്കു പോയി കാശിയിൽച്ചെന്നു വരാഹാചാര്യൻ എന്ന ഒരു സിദ്ധന്റെ ശിഷ്യനായി ജ്യോതിഷം, പക്ഷിശാസ്ത്രം, അദ്വൈദവേദാന്തം എന്നീ വിഷയങ്ങളിൽ കുറേക്കാലംകൊണ്ടു പരിനിഷ്ഠിതമായ ജ്ഞാനം സമ്പാദിച്ചു. പിന്നീടു പല പുണ്യക്ഷേത്രങ്ങളും സന്ദർശിച്ചു കാഞ്ചീപുരത്തു കാമാക്ഷീദേവിയെ ഭക്തിപൂർവ്വം ഭജിച്ചു; അവിടെ പാലാറ്റിൽ സ്നാനംചെയ്തുകൊണ്ടിരുന്നപ്പോൾ

ദേവിയുടെ ഒരു മനോഹരമായ വിഗ്രഹം കണ്ടുകിട്ടി, അതിന്റെ നിത്യപൂജകൊണ്ടു മഹാഹായശസ്വിയായിത്തീർന്നു. "ജ്യോതിഷശാസ്ത്രം കൊണ്ടും പക്ഷിശാസ്ത്രത്തെക്കൊണ്ടുമോതിന വാക്കൊക്കെയും വേദവാക്കായിത്തീർന്നു" എന്ന് ആ സംഭവത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പുത്രൻ ആറ്റുകാൽ ശങ്കരപ്പിള്ള ദേവീമാഹാത്മ്യം കിളിപ്പാട്ടിന്റെ ഉപക്രമത്തിൽ ഗാനം ചെയ്തിരിക്കുന്നു. പല രാജാക്കന്മാർക്കും ഭാവിഫലനിർണ്ണയംകൊണ്ടു പ്രീതി വരുത്തി ധാരാളം ധനം സ്വായത്തമാക്കിയെങ്കിലും അതെല്ലാം ലോകോപകാരത്തിനായി വിനിയോഗിച്ചു. കാശിയിൽ മണികർണ്ണികാഘട്ടത്തിൽ ഒരു സത്രം പണിയിച്ചു. അത് ഇന്നും "ജോഷിഘട്ട്" എന്ന നാമത്താൽ അറിയപ്പെടുന്നു. അങ്ങനെയിരിക്കേ ലാഹൂറിലെ സിംഹം എന്നു പ്രസിദ്ധനായ രണജിത് സിംഹമഹാരാജാവ് അദ്ദേഹത്തിന്റെ സിദ്ധികൾ പരീക്ഷിച്ചു വിസ്മിതനായി തന്റെ വിദ്വത്സഭാനാഥനും അധ്യാത്മവിദ്യോപദേഷ്ടാവുമായി ക്ഷണിച്ചുവരുത്തി അദ്ദേഹത്തെ രാജധാനിയിൽ താമസിപ്പിച്ചു. ആഫ്ഗാന്മാരുമായി അക്കാലത്ത് ആ പരാക്രമശാലി നടത്തിയ യുദ്ധത്തിൽ നമ്മുടെ ജ്യോത്സ്യരും ഭാഗഭാക്കാകുകയും ആ യുദ്ധത്തിൽ ഖഡ്ഗംകൊണ്ട് അദ്ദേഹത്തിനു "ഗണ്ഡമണ്ഡലത്തിൽ" ഉണ്ടായ ഒരു മുറിവിന്റെ പാട് യാവജ്ജീവം നിലനില്ക്കുകയും ചെയ്തു. രണജിത്സിംഹനെയാണ് ആ സമരത്തിൽ വിജയലക്ഷ്മി വരിച്ചത്. ജ്യോത്സ്യരുടെ പ്രയാണലഗ്നനിർദ്ദേശത്തിൽ സന്തുഷ്ടനായ മഹാരാജാവ് തന്നിമിത്തം പല മഹാർഹസംഭാവനകളും നല്കി ജ്വാലാമുഖി തുടങ്ങിയ പുണ്യക്ഷേത്രങ്ങളിൽ ഭജനത്തിനു സൗകര്യവും ഉണ്ടാക്കിക്കൊടുത്തു.

## സ്വാതിതിരുനാൾ മഹാരാജാവും ശങ്കരനാഥജ്യോത്സ്യരും

വിശിഷ്ടനായ ഒരു കേരളീയദൈവജ്ഞൻ രണജിത്സിംഹന്റെ ആസ്ഥാനപണ്ഡിതനായി താമസിക്കുന്ന വിവരമറിഞ്ഞു സർവ്വവിദ്യാനിധിയായ സ്വാതിതിരുനാൾമഹാരാജാവ് അദ്ദേഹത്തെ സ്വസന്നിധിയിൽ വരുത്തണമെന്നാഗ്രഹിക്കുകയും ആ അഭിലാഷം ബ്രിട്ടീഷുഗവർമ്മെന്റുമുഖേന രണജിത്തിനെ അറിയിക്കുകയും ചെയ്തു. ജ്യോത്സ്യർക്ക് ആ ക്ഷണം അഭിമാനകരമെന്നു കണ്ടതിനാൽ തിരുവനന്തപുരത്തേയ്ക്കു പോയ്ക്കൊള്ളുവാൻ മഹാരാജാവ് അനുവദിച്ചു. ലോർഡ് വില്യം ബൻറിക്ക് ഗവർണ്ണർജനറലായിരുന്ന കാലത്താണ് ജ്യോത്സ്യർ സ്വദേശത്തേയ്ക്കു പുറപ്പെട്ടത്. "ഉത്തമപുരുഷനിർമ്മലബുദ്ധ് ജോഷി ശങ്കരനാഥ്, ദി സ്പിരിച്വൽ അഡ്വൈസർ ഓഫ് ഹിസ് ഹൈനസ് റൺജിറ്റ്സിംഗ് ദി ലയൺ ഓഫ് ലാഹോർ" എന്ന വിലാസത്തിൽ നിർബ്ബാധമായ യാത്രയ്ക്കു ബൻറിക്കിന്റെ ഒരു പിടിപാടുകൂടി അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നു. 1005-ാമാണ്ടിനും 1010-ാമാണ്ടിനും ഇടയ്ക്കായിരുന്നു തിരുവനന്തപുരത്ത് അദ്ദേഹത്തിന്റെ ആഗമനം.

> "സ്വാതിഭാഗ്യത്താലൂഴി ഭരിച്ചോരുർവീശ്വരൻ
> സ്വാതിനക്ഷത്രജാതനഖിലകലാനിധി
> ഭേദമില്ലാതേ പ്രജാപാലനംചെയ്തിട്ടു സാ–
> കേതാധിപതിയാകും ശ്രീരാമസ്വാമിപോലെ
> ആതുരന്മാരിലനുകമ്പയാവർത്തിച്ച ഭൂ–
> പതിവീരന്മാർക്കധിപതിയാം ശ്രീവഞ്ചീശൻ
> തൻതിരുമുമ്പിൽച്ചെന്നു തൻതിരുപ്പാദം കൂപ്പി–
> ച്ചന്തമേറീടും പല കാഴ്ചകൾ വച്ചീടിനാൻ"

എന്ന് ശങ്കരപ്പിള്ള ആ അനന്തരസംഭവം വർണ്ണിക്കുന്നു. ഔത്തരാഹങ്ങളായ പല അനഘവസ്തുക്കളുടെ കൂട്ടത്തിൽ ജ്ഞാനവാസിഷ്ഠം, ദേവീഭാഷ്യം, നാമഭാഷ്യം, കാശീഖണ്ഡം, ഗൗരീതന്ത്രം തുടങ്ങിയ പല അപൂർവ്വഗ്രന്ഥങ്ങളും അദ്ദേഹം അടിയറ വച്ചു. ആ ഗ്രന്ഥങ്ങളിൽ പ്രഥമഗണനീയമായി തിരുമനസ്സിലേയ്ക്കു തോന്നിയതു ദേവീഭാഗവതമാണ്. ഉടൻതന്നെ മഹാരാജാവ് അദ്ദേഹത്തെ സദർകോടതി ജഡ്ജിയായി നിയമിച്ചു. കുറേക്കാലം ആ പണി നോക്കിയതിനുമേൽ കൊട്ടാരത്തിൽ പൗസദാരി കമ്മീഷണറുദ്യോഗത്തിൽ നിയുകതനായി. 1027-ൽ ശങ്കരനാഥപണ്ടാലജ്യോത്സ്യൻ ആ ഉദ്യോഗം നോക്കിയിരുന്നു. എന്നുള്ളതിനു രേഖയുണ്ട്. അനേകം ധർമ്മസ്ഥാപനങ്ങൾ ഏർപ്പെടുത്തിയതിൽ പാലക്കാട്ടെ അന്നസത്രം പ്രത്യേകം സ്മരണീയമാണ്. 1034-ൽ മരിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ആറ്റുകാൽ ശങ്കരപിള്ള മുൻസിഫിനെപ്പറ്റി യഥാകാലം പ്രസ്താവിക്കും.

## ദേവീഭാഗവതം കിളിപ്പാട്ട്

ജ്യോത്സ്യർ കൊണ്ടു വന്ന ദേവീഭാഗവതം കിളിപ്പാട്ടുരീതിയിൽ മലയാളത്തിൽ വിവർത്തനം ചെയ്യണമെന്നു സ്വാതിതിരുനാൾ മഹാരാജാവ് അദ്ദേഹത്തോട് ആജ്ഞാപിച്ചു.

> “പഞ്ചമപുരാണമാമിദ്ദേവീഭാഗവതം
> പഞ്ചമിന്നാട്ടിലതുകൊണ്ടതും കൊണ്ടുവന്നേൻ.
> പഞ്ചബാണാരിപ്രിയാമാഹാത്മ്യമൊന്നാലിപ്ര–
> പഞ്ചത്തിൽ നിദാനത്തെക്കണ്ടുബോധിയ്ക്കായ്‌വരും.
> തഞ്ചത്തിലോരോ ദിശി സഞ്ചരിക്കുന്ന കാലം
> പഞ്ചാബ്ദേശത്തിൽനിന്നു കൊണ്ടുവന്നിപ്പുരാണം.
> വഞ്ചീശനിവ കേട്ടു സന്തോഷിച്ചതുമല്ല
> സഞ്ചിതപുണ്യാത്മാവെന്നോതിനാനെൻതാതനേ.
> ഇപ്പുരാണത്തിൻതത്വം മൽപ്രജകൾക്കെല്ലാവർക്കു–
> മുൾപ്പൂവിലെത്തുവോളം ഭാഷയായ്ച്ചമയ്ക്കണം.
> ഇപ്രകാരമബ്ഭൂമിപാലകൻനിയോഗത്തെ
> മൽപിതാവാദരിച്ചു വഴങ്ങിവാങ്ങീ തദാ.
> പ്രഥിതപ്രഭാവത്തോടച്ഛനെ വഞ്ചീശ്വരൻ
> പ്രഥമപ്രാഡ്വിവാകസ്ഥാനത്തിലാക്കീടിനാൻ”

എന്നാണ് ശങ്കരപ്പിള്ള ആ ആജ്ഞയെപ്പറ്റി പറയുന്നത്. ആ ഗ്രന്ഥത്തിലും വിഷ്ണുപുരാണത്തിലെന്നപോലെ പന്ത്രണ്ടു സ്കന്ധങ്ങൾ അടങ്ങിയിരിക്കുന്നു. കാമാക്ഷീദേവിയുടെ പരമഭക്തനായ ജ്യോത്സ്യർക്ക് ആ കല്പന ഒരനുഗ്രഹമായി. എട്ടു സ്കന്ധങ്ങളോളം അദ്ദേഹംതന്നെ തർജ്ജമചെയ്തു എങ്കിലും അദ്ദേഹത്തിന്റെ മരണാനന്തരം മൂന്നും നാലും സ്കന്ധങ്ങൾ നശിച്ചു പോകയാൽ അവയും ഒൻപതും പത്തും സ്കന്ധങ്ങളും ശങ്കരപ്പിള്ള മുൻസിഫ് ഭാഷപ്പെടുത്തി. 11-12 സ്കന്ധങ്ങൾ അദ്ദേഹത്തിനും വിവർത്തനം ചെയ്യുവാൻ ഭാഗ്യമുണ്ടായില്ല. ജ്യോത്സ്യർ തർജ്ജമചെയ്ത ഭാഗത്തിൽ ഒന്നും രണ്ടും സ്കന്ധങ്ങൾ മാത്രമേ മുദ്രിതങ്ങളായിട്ടുള്ളു.

### മാതൃക

കവിതയ്ക്കു വലിയ ഗുണമില്ല. പ്രഥമസ്കന്ധത്തിൽനിന്നു ചില ഈരടികൾ ഉദ്ധരിക്കുന്നു.

"വരദാനത്താലവർ ദർപ്പിതന്മാരായിതു
പരന്മാർകളെല്ലൂടെ ദ്രോഹിച്ചുതുടങ്ങിനാർ.
യുദ്ധദുർമ്മദന്മാരായ് സഞ്ചരിച്ചീടുന്നേരം
ബദ്ധമോദം ബ്രഹ്മാവെക്കണ്ടു പത്മത്തിൻമിതേ.
ദൈത്യന്മാരിരുവരും ധാതാവെക്കണ്ടനേരം
സത്വരം ധാതാവോടു ചൊല്ലിനാരിരുവരും.
വീരഭോഗ്യമായുള്ള കമലാസനം വിട്ടു
ദൂരത്തിൽപ്പോക വേഗമല്ലെങ്കിൽ യുദ്ധംചെയ്ക.
ഇത്തരം ദൈത്യവാക്യം കേട്ടപ്പോൾ വിധാതാവും
സത്വരം ഭയംപൂണ്ടു വിഷണ്ണഹൃദയനായ്
യുദ്ധത്തിലിവർ നമ്മെജ്ജയിക്കുമെന്നങ്ങോർത്തു
ബദ്ധമോദേന പത്മനാളത്തിനുള്ളിൽച്ചെന്നു
വിഷ്ണുവെക്കണ്ടു വിധി; നിദ്രയിലിരിക്കുന്ന
വിഷ്ണുവെയുണർത്തുവാൻ ശക്തിയില്ലൊരുത്തർക്കും."

### ജ്യോത്സ്യരുടെ ഒരു മുക്തകം

ഒരിക്കൽ കാശിക്കു പോകാൻ തന്നെ അനുവദിക്കണമെന്നു നിവേദനംചെയ്തുകൊണ്ടു ജ്യോത്സ്യർ മഹാരാജാവിന് അടിയറവെച്ചതാണ് ചുവടേ ചേർക്കുന്ന ശ്ലോകം.

"വഞ്ചീനാഥ! തവാംഘ്രിസേവനമഹോ! മദ്വംശകൃത്യംവിഭോ!
ത്യക്ത്വ രാജവരാംസ്തഥാ പരിജനാൻ പ്രാപ്തസ്ത്വദംഘ്രിദ്വയം;
അദ്യശ്വോഭവിതാശയാ തവ കൃപാനീതം മയാ യൗവനം
ദേഹി ത്വം കൃപയാ നരേശ്വരവര! ശ്രീകാശിദേശം വരം."

## രവിവർമ്മൻ തമ്പി (958–1031)

### കുടുംബവും പേരും

ധർമ്മരാജാവിന്റെ കനിഷ്ഠസഹോദരനായ രവിവർമ്മ ഇളയതമ്പുരാനെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ തമ്പുരാൻ തിരുവനന്തപുരത്തു കരമന ആണ്ടിയിറക്കത്തു പുരാതനമായുള്ള പുതുമന അമ്മവീട്ടിൽനിന്നു രണ്ടു സഹോദരിമാരെ വിവാഹം ചെയ്തു. അവരിൽ ജ്യേഷ്ഠത്തിയുടെ പുത്രിയായ പാർവ്വതിപ്പിള്ളത്തങ്കച്ചിയാണ് രവിവർമ്മൻതമ്പിയുടെ മാതാവ്. അനുജത്തിയുടെ പുത്രനായ കൃഷ്ണൻതമ്പിയുടെ ഭാഗിനേയനാണ് 986-ൽ നാടുനീങ്ങിയ അവിട്ടംതിരുനാൾ ബാലരാമവർമ്മമഹാരാജാവിന്റെ മന്ത്രി ഉമ്മിണിത്തമ്പി ദിവാൻജി. പാർവതിപ്പിള്ളത്തങ്കച്ചിയുടെ ഒരു സഹോദരിയെ ബാലരാമവർമ്മമഹാരാജാവിന്റെ പുത്രൻ ശ്രീകൃഷ്ണൻതമ്പിയും പരിഗ്രഹിക്കുകയുണ്ടായി. ഇങ്ങനെ പലവിധത്തിൽ രവിവർമ്മൻതമ്പിക്കു തിരുവിതാംകൂർ രാജകുടുംബവുമായി ബന്ധമുണ്ടായിരുന്നു. പാർവ്വതിപ്പിള്ളത്തങ്കച്ചിയെ വിവാഹം

ചെയ്കതു ചേർത്തല നടുവിലെ കോവിലകത്തു കേരളവർമ്മ(കേളരു) തമ്പാനായിരുന്നു. ചേർത്തലെ അക്കാലത്ത് ഒട്ടനേകം തമ്പാന്മാരുടെ കുടുംബങ്ങളുണ്ടായിരുന്നു; ആ കുടുംബാംഗങ്ങളെയെല്ലാം ധർമ്മരാജാവു സ്വകീയങ്ങളായി പരിഗണിച്ചു രക്ഷിച്ചുവരികയും ചെയ്തു. അവർ ആ കാരുണ്യത്തിനു സർവഥാ അർഹന്മാരായിരുന്നു എന്നുള്ളതിനു ചാതകസന്ദേശത്തിലെ

> "കേചിദ്ഗീതേഷ്വധികനിപുണാ: കേപി ശാസ്ത്രപ്രവീണാഃ
> കേചിൽ കാര്യേഷ്വപിച കുശലാ: കേപി സർവം ദധാനാഃ
> സർവേപ്യൂർവീശ്വരകരുണയാ ലബ്ധവന്തോ വിഭൂതിം
> ഉർവീം കുർവന്ത്യയി സുകൃതിനഃ കഷത്രിയാ യത്ര വാസം"

എന്ന ശ്ലോകം തെളിവു നൽകുന്നു. കേരളവർമ്മതമ്പാൻ ശാസ്ത്രജ്ഞനും സഹൃദയവരേണ്യനുമായിരുന്നതിനാൽ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ "ശാസ്ത്രി" എന്നാണ് വിളിച്ചുവന്നതു്. ആ ശാസ്ത്രിത്തമ്പാന്റേയും പാർവ്വതിപ്പിള്ളത്തങ്കച്ചിയുടേയും പുത്രനായി രവിവർമ്മൻതമ്പി 958-ാമാണ്ടു തുലാമാസം പൂരുരുട്ടാതിനക്ഷത്രത്തിൽ ഭൂജാതനായി. അന്നു തമ്പാന്റേയും തങ്കച്ചിയുടേയും താമസം കോട്ടയ്ക്കകത്തു വിറകുപുരക്കോട്ടവാതിലിനു സമീപമുള്ള കിഴക്കേമഠം എന്ന ഭവനത്തിലായിരുന്നു. ആ ഗൃഹവും പുരയിടവും ധർമ്മരാജാവു തമ്പാനു ദാനം ചെയ്കതാണ്. ആ തറവാട്ട് ഇന്നുമുണ്ട്. പുതുമനത്തമ്പിമാരുടെ മൂലകുടുംബം വിളവങ്കോട്ടുതാലൂക്കിൽ ഇടയ്ക്കോട്ടു പുളിയറത്തലവീടാണ്. പാർവ്വതിപ്പിള്ളയ്ക്കു പത്മനാഭൻതമ്പി എന്നും ഒരു സഹോദരനുണ്ടായിരുന്നു. രവിവർമ്മതമ്പിയെപ്പറ്റിയുള്ള കൊട്ടാരംരേഖകളിൽ "ആണ്ടിറക്കത്തു കണക്കു തമ്പി പത്മനാഭൻ ഇരയുമൻ" എന്നാണ് പ്രസ്താവിച്ചുകാണുന്നതു്. ഇരയൂമൻ ഇരയിമ്മന്റെ രൂപാന്തരവും ഇരയിമ്മൻ രവിവർമ്മൻ എന്ന ശബ്ദത്തിന്റെ തത്ഭവവുമാണ്. അതു മാതാമഹന്റെ നാമധേയവുമാണല്ലോ.

## ജീവിതം

986 വരെ തമ്പിയുടെ പ്രഥമഗുരു സ്വപിതാവു തന്നെയായിരുന്നു. അദ്ദേഹത്തോടുകൂടി വലിയ കൊട്ടാരത്തിൽ ഒരു നിത്യനെന്ന നിലയിലാണ് ബാല്യത്തിൽ കാലയാപനം ചെയ്കതു്. പൂർവ്വജന്മസംസ്കാരത്താൽത്തന്നെ പൂതനായ അദ്ദേഹത്തിന് ആ അസുലഭമായ സാഹചര്യം വിദ്യാസമ്പാദനത്തിന് അത്യന്തം പ്രയോജകീഭവിച്ചു. സംഗീതത്തിലും സാഹിത്യത്തിലും ഒന്നുപോലെയുള്ള ഉൽക്കർഷം യൗവനോദയത്തിനുമുൻപു സംസിദ്ധമായി. പതിനാലാമത്തെ വയസ്സിൽ ഒരു ശ്ലോകമുണ്ടാക്കി അടിയറവച്ചപ്പോൾ ധർമ്മരാജാവ് ഉള്ളുകൊണ്ടു സന്തോഷിച്ചു എങ്കിലും അത്തരത്തിലുള്ള വ്യവസായം ആ ബാലന്റെ വിദ്യാഭ്യാസത്തിനു പ്രതിബന്ധമാകരുതല്ലോ എന്നു കരുതി അൽപം നീരസഭാവമാണ് പ്രകടിപ്പിച്ചതു്. പിന്നീടു മൂത്താട്ടു ശങ്കരനിളയതു് എന്ന പണ്ഡിതനോടു സംസ്കൃതത്തിൽ ഉപരിഗ്രന്ഥങ്ങൾ വായിക്കുകയും വ്യാകരണാദിശാസ്ത്രങ്ങൾ പഠിക്കുകയും ചെയ്തു. ബാലരാമവർമ്മമഹാരാജാവു രാജ്യഭരണത്തിൽ പ്രദർശിപ്പിച്ച അപാടവം എങ്ങനെയിരുന്നാലും വിദ്വൽ പ്രോത്സാഹനത്തിൽ അവിടുന്നു തന്റെ പൂർവ്വഗാമിയുടെ പാദമുദ്രകളെത്തന്നെയാണ് പിൻതുടർന്നതു് എന്നു ഞാൻ മുൻപു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കീചകവധം, ഉത്തരാസ്വയംവരം എന്നീ രണ്ടാട്ടക്കഥകളും തമ്പി ആ മഹാരാജാവിന്റെ മരണത്തിനു മുൻപ് എഴുതി അഭിനയിപ്പിച്ചതായാണ് ഐതിഹ്യം. ധർമ്മരാജാവുതന്നെ അദ്ദേഹത്തിനു വലിയ കൊട്ടാരം നിത്യച്ചെലവിൽ അട്ടുത്തുൺ പതിച്ചു കൊടുത്തിരുന്നു. കീചകവധത്തിൽ

കവി തന്റെ ഗുരുനാഥനേയും മാതാമഹനേയും താഴെക്കാണുന്ന പദ്യങ്ങളിൽ യഥാക്രമം വന്ദിക്കുന്നു.

“സർവജ്ഞം ബുധപരിഷത്സന്നുതഗുണധാമഗിരിജയോപേതം
മദനാതങ്കനിദാനം ശങ്കരസംജ്ഞം ഗുരും വന്ദേ.”

“മന്ഥാദ്രിക്ഷുബ്ധദുഗ്ദ്ധാംബുധിപരിവിലുഠ–
ത്തുങ്ഗഭങ്ഗപ്രകാണ്ഡ–
സ്തോമസ്തോകേതരശ്രീഹരണചണയശോ–
മണ്ഡിതാശാവകാശം
കൽപാന്തോന്നിദ്രരൗദ്രദ്യുമണിഗണകന–
ദ്ദീപ്തിദീപപ്രകാശം
വന്ദേ മാതാമഹം മേ മുഹുരപി രവിവ–
ർമ്മാഭിധം വഞ്ചിഭൂപം.”

അക്കാലത്തുതന്നെ അദ്ദേഹത്തിനു കവിതാദേവി വശ്യയായിരുന്നു എന്നുള്ള വസ്തുത മേലുദ്ധരിച്ച ശ്ലോകങ്ങളും പോരെങ്കിൽ കീചകവധത്തിലെ ചിതറാൽഭഗവതിയെ ഉദ്ദേശിച്ചുള്ള

“നവ്യാംഭോദകളേബരം കമലഭൂപവ്യായുധാഗ്ന്യന്തക–
ക്രവ്യാദേശ്വരപാശപാണിപവനർദ്രവ്യാധിപാദ്യഞ്ചിതാം
സവ്യാസവ്യകരാരവിന്ദവിലസദ്ദിവ്യായുധോദ്ഭാമരാം
ഭവ്യാം സിദ്ധഗിരിസ്ഥിതാം ഭഗവതീമവ്യാജരമ്യാം ഭജേ”

എന്ന അഷ്ടപ്രാസാലംകൃതമായ വന്ദനശ്ലോകവും പ്രഖ്യാപനം ചെയ്യുന്നു.

## വിവാഹം

മുൻപറഞ്ഞ കൃഷ്ണൻതമ്പിയുടെ പുത്രി ഇടക്ക്യോട്ടു കാളിപ്പിള്ളത്തങ്കച്ചിയെയാണ് തമ്പി വിവാഹം ചെയ്തത്. അദ്ദേഹത്തിന്റേയും ആ സാധ്വിയുടേയും പുത്രിയായി 995-ാമാണ്ടു കുംഭമാസത്തിൽ അനിഴംനാളിൽ ജനിച്ച കുട്ടിക്കുഞ്ഞുതങ്കച്ചിയെപ്പറ്റി യഥാവസരം പ്രസ്താവിക്കും. ഒരിക്കൽ തന്റെ പ്രിയതമയുടെ കേശപാശത്തിന്റെ ദൈർഘ്യാദി ഗുണവിശേഷങ്ങൾ കണ്ടു തമ്പി ‘കാളീ കാളീ’ എന്നിങ്ങനെ ആറു പ്രാവശ്യം ഉച്ചരിക്കുകയും, തന്നെ അങ്ങനെ പരിഹസിക്കുന്നതിൽ ഭേദം സാക്ഷാൽ കാളിയെപ്പറ്റി ഒരു വന്ദനശ്ലോകം ഉണ്ടാക്കുകയായിരിക്കും എന്നുള്ള ആ സ്ത്രീരത്നത്തിന്റെ മറുപടി കേട്ട് “ആനമ്രധ്വാന്തകേളീവിഹരണകുരളീ” എന്നു തുടങ്ങുന്ന ഒരു ശ്ലോകം പെട്ടെന്നു നിർമ്മിച്ചു ചൊല്ലുകയും ചെയ്തു. കാളിപ്പിള്ളത്തങ്കച്ചി 1022-ൽ പരഗതിയെ പ്രാപിച്ചു.

## ജീവിതം 986-നു മേൽ

ഉമ്മിണിത്തമ്പിയുടെ നിഷ്കാസനത്തിനുമേൽ അദ്ദേഹവുമായുള്ള ചാർച്ചനിമിത്തം രവിവർമ്മൻ തമ്പിയുടെ ധനസ്ഥിതി ക്ഷീണമായി എന്ന് ഊഹിക്കുന്നതു ശരിയല്ല. “മഹീപതേ ഭാഗവതോപമാനം” എന്നും മറ്റുമുള്ള വിധത്തിൽ ഓരോ ആവശ്യം പുരസ്കരിച്ച് അഭീഷ്ടപ്രാർത്ഥനാ രൂപത്തിലുള്ള പദ്യങ്ങൾ അടിയറവയ്ക്കുന്നത് അക്കാലത്തെ കവിശൈലിയായിരുന്നു. വാസ്തവത്തിൽ തമ്പി, 973, 986 എന്നീ

കൊല്ലങ്ങളിൽ നാടുനീങ്ങിയ മഹാരാജാക്കന്മാരുടേതു പോലെ തന്നെ 1028-ൽ നാടുനീങ്ങിയ റാണി ഗൗരിപാർവ്വതീബായിയുടേയും വിശേഷപ്രതിക്കു പാത്രീഭവിച്ചിരുന്നു. 990 മുതൽക്കാണ് അദ്ദേഹം വലിയകൊട്ടാരത്തിലെ ആസ്ഥാനകവികളിൽ അഗ്രേസരനായിത്തീർന്നതു്. അന്നു് അദ്ദേഹത്തിനു 32 വയസ്സു പ്രായമുണ്ടായിരുന്നു. പാർവ്വതീറാണിയേയും രുക്മിണീബായി രാജകുമാരിയേയും സ്വാതിതിരുനാൾ ഉത്രം തിരുനാൾ എന്നീ മഹാരാജാക്കന്മാരേയുംപറ്റി അദ്ദേഹം സംസ്കൃതത്തിലും ഭാഷയിലും അനേകം ശ്ലോകങ്ങളും പാട്ടുകളും രചിച്ചിട്ടുണ്ടു്. അക്കാലത്തു് അദ്ദേഹത്തിന്റെ കവിതയ്ക്കു വിഷയീഭവിക്കാത്ത യാതൊരു സംഭവവും വലിയകൊട്ടാരത്തിൽ ഉണ്ടായിട്ടില്ല. (1) 1003-ലെ മുറജപം, (2) 1004-ലെ സ്വാതി തിരുനാൾ മഹാരാജാവിന്റെ സിംഹാസനാരോഹണം, (3) 1005-ൽ ഉത്രംതിരുനാൾ ഇളയതമ്പുരാന്റെ തിരുമാടമ്പു്, (4) 1014-ൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ കുലശേഖര മണ്ഡപാദി നവീകരണം, (5) 1015-ൽ പൂരാടംതിരുനാൾ ഇളയ തമ്പുരാട്ടിയുടെ പള്ളിക്കെട്ടു്, (6) 1017 ചിങ്ങം 20-ാംനു- സ്വാതിതിരുനാളുടെ രഥത്തിലെഴുന്നള്ളത്തു്, (7) 1027-ൽ ശ്രീമമഹാറാണി അയച്ച പ്രതിപത്രികയുടെ സ്വീകാരം, (8) 1028-ൽ കെയിറ്റ് എന്ന ധ്വരയുടെ വ്യോമസഞ്ചാരം, (9) 1029-ൽ ഉത്രംതിരുനാൾ മഹാരാജാവിന്റെ ഹിരണ്യഗർഭം, (10) 1030-ൽ അത്തംതിരുനാൾ രാജകുമാരന്റെ ജനനം. ഇങ്ങനെയുള്ള വിഷയങ്ങളെല്ലാം അദ്ദേഹം തന്റെ നിസർഗ്ഗമനോഹരമായ കവനത്തിനു വിഷയീകരിച്ചിട്ടുണ്ടു്. രാജകീയകവി (Poet Laureate) എന്ന ബിരുദത്തിനു കേരളത്തിൽ ഒരു കവി അർഹനായി ജീവിച്ചിട്ടുണ്ടെങ്കിൽ അതു് അദ്ദേഹംമാത്രമാകുന്നു.

1015-ാമാണ്ടിടയ്ക്കു പാരദേശികന്മാരായ രണ്ടു ശാസ്ത്രിമാർ തിരുമനസ്സിലെ സന്നിധിയിൽ ഗഹനാർത്ഥങ്ങളായ രണ്ടു ശ്ലോകങ്ങൾ അടിയറവച്ചു; തമ്പി അവയ്ക്കു ഉടൻ തന്നെ അർത്ഥം പറഞ്ഞു എന്നു മാത്രമല്ല അവയെക്കാൾ കഠിനമായി രണ്ടു ശ്ലോകങ്ങൾ ഉണ്ടാക്കി അവയ്ക്കു് ആ പണ്ഡിതന്മാരിൽനിന്നു് അർത്ഥവിവരണം ആവശ്യപ്പെടുകയും അതു സാധിക്കാത്തതിനാൽ അവർ പരാജയം സമ്മതിക്കുകയും ചെയ്തു. അനായാസേന നേടിയ ആ വിജയം കണ്ടു സന്തോഷിച്ച മഹാരാജാവു് അദ്ദേഹത്തിനു രണ്ടു കൈയ്ക്കും വീരശൃംഖല സമ്മാനിച്ചു. ഉത്രംതിരുനാൾ മഹാരാജാവും അനവധി സമ്മാനങ്ങൾ നൽകിയതു കൂടാതെ ഒരു പല്ലക്കും കൊടുക്കുകയുണ്ടായി. അക്കാലത്തെ പഞ്ചാങ്ഗങ്ങളിൽ അനേകം കവികളുടെ പദ്യങ്ങൾ ചേർത്തുവന്നിരുന്നു എങ്കിലും അവരിൽ "കവി" എന്ന വിശേഷണം കൊണ്ടു തമ്പിയെ മാത്രമാണ് വിശേഷിപ്പിച്ചുകാണുന്നതു്. ആ ബിരുദം സ്വാതിതിരുനാളോ ഉത്രംതിരുനാളോ കവിക്കു നൽകിയിരുന്നതായിരിക്കണം. അങ്ങനെ തിരുവിതാംകൂറിലെ നാലു മഹാരാജാക്കന്മാരുടേയും രണ്ടു മഹാരാജ്ഞിമാരുടേയും അനിർവ്വചനീയമായ ആദരത്തിനും വാത്സല്യത്തിനും ഭാജനമായി ജീവിച്ച നമ്മുടെ മഹാകവിമൂർദ്ധന്യൻ 1031-ാമാണ്ടു കർക്കടകമാസത്തിൽ 73-ാമത്തെ വയസ്സിൽ യശശ്ശരീരനായിത്തീർന്നു.

## കൃതികൾ

രവിവർമ്മൻതമ്പി, (1) കീചകവധം, (2) ഉത്തരാസ്വയംവരം, (3) ദക്ഷയാഗം എന്നീ മൂന്നു് ആട്ടക്കഥകൾ, (4) സുഭദ്രാഹരണം കൈകൊട്ടിക്കളിപ്പാട്ടു്, (5) മുറജപപ്പാന, (6) നവരാത്രിപ്രബന്ധം, (7) ഓമനത്തിങ്കൾക്കിടാവോ എന്നാരംഭിക്കുന്ന താരാട്ടു്, (8) വാസിഷ്ഠം കിളിപ്പാട്ടു്, (9) രാസക്രീഡ (10) രാജസേവാക്രമം മണിപ്രവാളം, (11) സംസ്കൃതത്തിലും മലയാളത്തിലും നിരവധി ശ്ലോകങ്ങൾ, പാട്ടുകൾ എന്നിങ്ങനെയു

ള്ള വാങ്മയങ്ങളുടെ പ്രണേതാവാണെന്നറിയാം. ഇവയിൽ വാസിഷ്ഠവും രാസ്ക്രീഡയും ഞാൻ കണ്ടിട്ടില്ല; ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ അവയുടെ നാമനിർദ്ദേശം കാണുന്നു. അച്ഛൻ കോയിത്തമ്പുരാൻ വാസിഷ്ഠത്തിൽ പ്രത്യേകം പ്രതിപത്തിയുള്ള ഒരു പണ്ഡിതനായിരുന്നതിനാൽ അദ്ദേഹത്തിന്റെ നിയോഗമനുസരിച്ചു തമ്പി ആ വിഷയത്തെ ആസ്പദമാക്കി ഒരു കിളിപ്പാട്ടു രചിച്ചിരിക്കുവാൻ ഇടയുണ്ട്. അദ്ദേഹം ഉണ്ടാക്കീട്ടുള്ള കൃതികളിലെല്ലാം ആരംഭത്തിലോ അവസാനത്തിലോ

> "രമ്യചൂതംപികവനം പ്രവിശേത്യത്ര സൂചിതാ
> അത്രിവർണ്ണാദ്യാദ്യപാദേ യാ കവേർമ്മാനദാഭിധാ"

എന്ന് ഒരു മുദ്രാലംകൃതപദ്യം ഘടിപ്പിച്ചുകാണുന്നു. ഒന്നാം പാദത്തിൽ ഒന്നാമക്ഷരവും രണ്ടാം പാദത്തിൽ രണ്ടാമക്ഷരവും മൂന്നാമത്തേതിലും നാലാമത്തേതിലും യഥാക്രമം മൂന്നും നാലും അക്ഷരങ്ങളും, വീണ്ടും ഒന്നാം പാദത്തിൽ ആദ്യത്തെ മൂന്നു കഴിച്ചുള്ള അക്ഷരങ്ങളും ചേർത്തുവായിച്ചാൽ "രവിവർമ്മാതംപിക-വനം" എന്ന പദം കിട്ടുന്നതാണ്.

## ആട്ടക്കഥകൾ

തമ്പിയുടെ മൂന്നു കൃതികളിൽ ആദ്യത്തേതു കീചകവധവും ഒടുവിലത്തേതു ദക്ഷയാഗവുമാകുന്നു. ഉത്തരാസ്വയംവരം കീചകവധത്തിന്റെ തുടർച്ചയാണെന്ന് അനുമാനിക്കത്തക്കവണ്ണമാണ് അതിലെ "നിശമ്യ വാർത്താമഥ കീചകാനാം" എന്ന പ്രഥമശ്ലോകം രചിച്ചിരിക്കുന്നത്. ദക്ഷയാഗം സ്വാതിതിരുനാൾ തിരുമേനിയുടെ വാഴ്ചക്കാലത്ത് ഉത്രംതിരുനാൾ ഇളയതമ്പുരാന്റെ ആജ്ഞാനുരോധേന രചിച്ചതാണെന്നുള്ളതിന്

> "ശ്രീരാമവർമ്മകുലശേഖരസോദരസ്യ
> മാർത്താണ്ഡവർമ്മയുവഭൂമിപതേർന്നിദേശാൽ
> കേനാപി തൽപദജുഷാ കില ദക്ഷയാഗ–
> നാട്യപ്രബന്ധമുദിതം സുധിയഃ പുനന്തു"

എന്ന ശ്ലോകം ലക്ഷ്യമാണ്. ഈ മൂന്നു കഥകളും കഥകളി സാഹിത്യത്തിൽ ത്രികൂടശിഖരങ്ങൾപോലെ അംബരചുംബികളായി, അഭൗമമായ ആകർഷണശക്തി പ്രസരിപ്പിച്ചുകൊണ്ട് ഇന്നും പരിലസിക്കുന്നു. "കോട്ടം തീർന്നൊരു കോട്ടയം കഥകൾ നാല്" എന്ന വെണ്മണിമഹന്റെ ശ്ലോകത്തിൽ "തമ്പിയുടെ മൂന്നു" കഥകളേയും കൂടി ഉൾപെടുത്തീട്ടുണ്ടെന്നു പറഞ്ഞു കഴിഞ്ഞുവല്ലോ. സങ്ഗീതഭങ്ഗികൊണ്ടു കോട്ടയവും സാഹിത്യമാധുരികൊണ്ട് അശ്വതിയും, രസസ്ഫൂർത്തികൊണ്ടു ഉണ്ണായിയുമാണു മെച്ചം നേടീട്ടുള്ളതെങ്കിൽ, ഏതുപാധികൊണ്ടു പരിശോധിച്ചാലും അവരുടെ കൃതികളോടു സമപ്രഭാവങ്ങളും പദങ്ങളിലെ ശബ്ദഘടനാവൈഭവംകൊണ്ട് അവയ്ക്കു മീതേ നിലകൊള്ളുന്നവയുമാണ് തമ്പിയുടെ കൃതികൾ. കേരളത്തിൽ അങ്ങോളമിങ്ങോളം അവയ്ക്ക്–പ്രത്യേകിച്ച് ഉത്തരപ്രദേശങ്ങളിൽ കീചകവധത്തിനും, ഉത്തരാസ്വയംവരത്തിനും–അസാമാന്യമായ പ്രചാരമുണ്ട്. കീചകവധത്തിലെ (1) "ശശിമുഖി! വരിക സുശീലേ" (2) "മാലിനീരുചിരഗുണശാലിനി കേൾക്ക നീ" (3) "ഹരിണാക്ഷീജനമൗലിമണേ" (4) "കാന്ത കൃപാലോ കാത്തുകൊൾക" എന്നും, ഉത്തരാസ്വയംവരത്തിലെ (5) "സമയമതിമോഹനം" (6) "പ്രണയവാരിധേ കേൾക്കമേ വചനങ്ങൾ"(7) "സുന്ദര ശൃണു കാന്ത" (8) "ജയ ജയ നാഗകേതന" (9) "കൗരവേന്ദ്ര നമോസ്തുതേ" (10) "മൂഢമതേ രണനാടകമാടുക" (11) "അരവിന്ദമിഴിമാരേ

ഗിരമിന്നു കേൾക്ക മേ" (12) "കർണ്ണ സുമതേ മമ ഗിരം" (13) "കർണ്ണ പാർത്ഥസദൃശനാരിഹ" എന്നും, ദക്ഷയാഗത്തിലെ (14) "പൂന്തേൻ വാണീ ശൃണു മമ വാണീ പൂവണിഘനമേണീ" (15)"കണ്ണിണയ്ക്കാനന്ദം" (16) "നീലകണ്ഠഗുണസിന്ധോ" (17) "കന്യകമാർമൗലിമണേ കല്യാണശീലേ" (18) "അറിയാതേ മമ പുത്രിയെ നൽകിയതനുചിതമായിതഹോ" (19) "അരവിന്ദഭവതനയ സുമതേ" (20) "ശങ്കരഗിരീന്ദ്രശിഖരേ" (21) "ക്രുദ്ധമാം മദേന ചന്ദ്രചൂഡമന്ദിരത്തിൽ വന്നു" (22) "കാരുണ്യാകരം ഗൗരീകാന്തമുദാരം" (23) "മങ്ഗലമൂർത്തിയായുള്ള മഹേശനെ" (24) "യാഗശാലയിൽനിന്നു പോക ജവാൽ" (25) "തിങ്കൾ മൗലേ കേൾക്ക വാചം ദേവദേവ മേ" (26) "ശങ്കര ജയ ഭഗവൻ" (27) "അന്തകാന്തക വൈഭവം" (28) "ചന്ദ്രചൂഡ നമോസ്തു തേ ജയ" എന്നും മറ്റുമുള്ള പദങ്ങളുടേയും സർവ്വോപരി കീചകവധത്തിലെ ദണ്ഡകത്തിന്റേയും ഉത്തരാസ്വയംവരത്തിലെ കമ്മിയുടേയും മനോമോഹനത വാചാമഗോചരമാകുന്നു. ഉത്തരാസ്വയംവരവും ദക്ഷയാഗവും തമ്മിൽ തട്ടിച്ചുനോക്കിയാൽ ഗുണാധിക്യം ഏതിനാണെന്നു പറയാൻ പ്രയാസമുണ്ടെങ്കിലും എന്റെ ഹൃദയത്തെ ദക്ഷയാഗമാണ് ഒന്നുകൂടി വികാരതരളമാക്കുന്നത്. വേറെ ചിലർക്കു മറിച്ചും തോന്നാം. കീചകവധം മറ്റു രണ്ടു കഥകളേയും അപേക്ഷിച്ച് അൽപം താഴെയേ നിൽക്കുന്നുള്ളു.

## മാതൃകകൾ

ആപാദചൂഡം അദൃഷ്ടചരമായ ശബ്ദാർത്ഥ സൗന്ദര്യം തുള്ളിത്തുളുമ്പുന്ന തമ്പിയുടെ കഥകളിൽനിന്ന് ഏതു ഭാഗമാണ് ഉദ്ധരിക്കേണ്ടത്? എത്ര ഉദ്ധരിച്ചാലാണ് മതിയാകുന്നത്? എങ്കിലും ചടങ്ങനുസരിച്ച് ഓരോ കഥയിൽ നിന്നും ഓരോ ശ്ലോകവും പദവും പകർത്തിക്കാണിക്കാം.

കീചകവധം—ശ്ലോകം

"മാകന്ദോൽക്കരമഞ്ജരീമധുരധരീമത്താന്യപുഷ്ടാംഗനാ—
ചഞ്ചു ദഞ്ചിതപഞ്ചമാഞ്ചിതതരേ കേളീവനേ മോഹനേ
സ്വച്ഛന്ദം വിഹരൻ കദാചിദുദിതം ദൃഷ്ട്വാ വിധോർമ്മണ്ഡലം
പ്രാവോചൽ പ്രമദാകലോ നരപതിർന്നേദീയസീഃ പ്രേയസീഃ."

പദം:

"ശശിമുഖി! വരിക സുശീലേ! മമ നിശമയ ഗിരമയി ബാലേ!
ഗജഗമനേ! പികലാപേ! കചവിജിതകലാപികലാപേ!
ആരഹോ! നീ സുകപോലേ! സാക്ഷാൽ ചാരുത വിലസുകപോലേ?
ഇന്നിഹ നിന്നുടെ വേഷം കണ്ടു വന്നിതു മമ ഹൃദി തോഷം.
ഇന്ദിരയോ രതിതാനോ? സുരസുന്ദരികളിലാരാനോ?
മന്മഥൻതാനും കണ്ടീടുംനേരം മലരടികൾ പണിഞ്ഞീടും.
കനിവൊടു വദ പരമാർത്ഥം മമ മനമിഹ കലയ കൃതാർത്ഥം."

## ദണ്ഡകം

കഥകളിസാഹിത്യത്തിൽ ദണ്ഡകത്തിനുള്ള സ്ഥാനം അപ്രധാനമല്ലല്ലോ. കീചകവധത്തിലെ ദണ്ഡകം പോലെ ഒന്നു മറ്റൊരു കഥയിലും സഹൃദയന്മാർക്കു കാണ്മാൻ സാധിക്കുന്നതല്ല. ദക്ഷയാഗത്തിലെ "ഏണാങ്കമൗലിയുടെ ചേണാർന്ന ത്രു

പം" എന്ന ദണ്ഡകത്തിൽ കലാശിൽപം വിരളമാണ്. നോക്കുക, കീചകവധത്തിലെ ദണ്ഡകം:

"ക്ഷോണീന്ദ്രപത്നിയുടെ വാണീം നിശമ്യ പുന–
രേണീവിലോചന നടുങ്ങീ
മിഴിയിണ കലങ്ങീ–വിവശതയിൽ മുങ്ങീ–
പല തടവുമതിനു പുനരവളൊടു പറഞ്ഞളവു
പരുഷമൊഴി കേട്ടുടനടുങ്ങീ 1

ദാസ്യം സമസ്തജനഹാസ്യം നിനച്ചു നിജ–
മാസ്യം നമിച്ചു പുനരേഷാ
വിജിതസുരയോഷാ-വിഗതപരിതോഷാ–
ശ്രമസലിലബഹുലതരനയനജലമതിലുടനെ
മുഴുകി ബത മലിനതരവേഷാ 2

ഗാത്രം വിറച്ചിതതിമാത്രം കരത്തിലഥ
പാത്രം ധരിച്ചവിടെ നിന്നു
പരിചൊടു നടന്നു-പഥി കിമപി ചെന്നു–
ഹരിണരിപുവരസഹിതദരിയിലിഹ പോകുമൊരു
ഹരിണിയുടെ വിവശത കലർന്നു 3

നിശ്വസ്യ ദീർഘമഥ വിശ്വസ്യ നാഥമപി
വിശ്വസ്യ ചേതസി സുജാതാ
ധൃതിരഹിതചേതാ-ധൃതപുളകജാതാ–
സൂതസുതനുടെ മണിനികേതമതിലവൾ ചെന്നു
ഭീതിപരിതാപപരിഭ്രതാ." 4

### ഉത്തരാസ്വയംവരം-ശ്ലോകം

"താവൽ കല്പാന്തകാലോൽകടപവനലുഠൽപുഷ്കലാവർത്തകാഭ്ര
പ്രധ്വാനാഖർവർഗർവത്രുടനപടുതരസ്ഫാരവിഷ്ഫാരനാദഃ
അദ്ധ്വാ ലാലാടദേശപ്രവികടകുടിലഭ്രൂ കടീദുർന്നിരീക്ഷോ
ബദ്ധാടോപം കിരീടീ പ്രതിഭടപടലീമാഹവായാജുഹാവ."

### കുമ്മി

"വീര! വിരാടകുമാര! വിഭോ! ചാരുതരഗുണസാഗര! ഭോ!
മാരലാവണ്യ! നാരീമനോഹാരിതാരുണ്യ! ജയ ജയ
ഭൂരികാരുണ്യ! വന്നീടുക
ചാരത്തിഹ പാരിൽത്തവ നേരൊത്തവരാരുത്തര!
സാരസ്യസാരമറിവതിന്നും നല്ല
മാരസ്യ ലീലകൾ ചെയ്‌വതിന്നും 1
നാളീകലോചനമാരേ! നാം വ്രീള കളഞ്ഞു വിവിധമോരോ
കേളികളാടി മുദാ രാഗമാലകൾ പാടിക്കരം കൊട്ടി–

ച്ചാലവേ ചാടിത്തിരുമുമ്പിൽ
താളത്തൊടു മേളത്തൊടു മേളിച്ചനുകൂലത്തൊടു–
മാളികളേ നടനം ചെയ്യേണം നല്ല
കേളി ജഗത്തിൽ വളർത്തിടേണം. 2
ഹൃദ്യതരമൊന്നു പാടീടുവാനുദ്യോഗമേതും കുറയ്ക്കരുതേ!
വിദ്യുല്ലതാംഗി! ചൊല്ലീടുക ഗദ്യങ്ങൾ ഭംഗി കലർന്നു നീ
സദ്യോ മാതംഗി! ധനംതക–
ത്തദ്ധിമിത്തത്ഥയ്യതത്തോംതത്തോമെന്നു
മദ്ദളം വാദയ ചന്ദ്രലേഖേ! നല്ല
പദ്യങ്ങൾ ചൊല്ക നീ രതലേഖേ! 3
പാണിവളകൾ കിലുങ്ങീടവേ പരം ചേണുറ്റ കൊങ്കകുലുങ്ങീടവേ
വേണിയഴിഞ്ഞും നവസുമശ്രേണി പൊഴിഞ്ഞും സഖി! ഹേ!
കല്യാണി! ഘനവാണി! ശുകവാണി! സുശ്രോണി! നാ–
മിണങ്ങിക്കുമ്മിയടിച്ചിടേണം നന്നായ്
വണങ്ങിക്കുമ്മിയടിച്ചിടേണം 4

ഇതുപോലെയൊരു കുമ്മി മലയാളഭാഷയിൽ വേറെയില്ല. ഇതിനടുത്തു നില്ക്കുന്നതു പ്രസ്തുതകവിതന്നെ റാണി ഗൗരിപാർവ്വതീബായിയുടെ അപദാനങ്ങളെ പ്രകീർത്തനംചെയ്തു രചിച്ചിട്ടുള്ളതും "ശ്രീമദനന്തപുരത്തിൽ വാഴും സ്വാമി ശ്രീപത്മനാഭന്റെ പാദപത്മം" എന്നു തുടങ്ങുന്നതുമായ കുമ്മിയാകുന്നു.

"ശങ്ക വെടിഞ്ഞു സഭനടുവിൽ വേഗം മങ്കമാരേ നിങ്ങൾ
വന്നീടുവിൻ
കങ്കണജാലം കിലുങ്ങവേ ചെങ്കയ്യിൽത്താളം പിടിച്ചു നി–
രങ്കുശശീലം ഗുരുപാദപങ്കജമൂലം നിനച്ചു നാം
രംഗത്തിൽ മൃദംഗധ്വനിസംഗീതവിധങ്ങൾക്കനു–
കൂലത്തിൽക്കുമ്മിയടിച്ചീടേണം നല്ല മേളത്തിൽ
ക്കുമ്മിയടിച്ചീടേണം"

എന്നിങ്ങനെയാണ് ആ കുമ്മി പുരോഗമിക്കുന്നത്. "വീര വിരാട കുമാര വിഭോ" എന്ന കുമ്മിയിൽക്കൂടി നാം കാണുന്നതു മത്സ്യരാജധാനിയിലെ നർത്തകിമാരുടെയല്ല, സാക്ഷാൽ സരസ്വതീദേവിയുടെതന്നെ സർവാംഗസുന്ദരമായ സരസനർത്തനമാകുന്നു.

### ദക്ഷയാഗം-ശ്ലോകം

"ശ്യാമാം സോമാഭിരാമദ്യുതിമുഖഹസിതാം
താരഹാരാതിരമ്യാം
കാമോല്ലാസാനുകൂലാം കുവലയബഹളാ–
മോദസൗഭാഗ്യദാത്രീം
ശ്രീമാനാലോക്യ ദക്ഷസ്സരസമുപഗതാ–
മേകദാ ജാതരാഗ–
പ്രേമാനന്ദാകുലാത്മാ പ്രഹസിതവദനാം
പ്രേയസീം വ്യാജഹാര."

പദം:

“പൂന്തേൻവാണീ! ശൃണു മമ വാണീ പൂവണിഘനവേണീ
കാന്തേ സമയമഹോ! രമണീയം കനിവൊടു വിലസുന്നൂ
രജനീയം. (പൂ)
കണ്ടാലും ശശിബിംബമുദാരം കുണ്ഠേകാളജടാലങ്കാരം
തണ്ടാർബാണമഹോത്സവദീപം തരുണി
നിരാകൃതതിമിരാടോപം. (പൂ)
പനിമതിബിംബം മുഖസമമിഹ തേ
പണിതുടരുമ്പോളംബുജമുകുളിതേ
വനജേ ദുഃസ്ഥിതനാം വിധി നൂനം മതിയാക്കീ ബത
ശില്പവിധാനം. (പൂ)
കാമോദ്ദീപനകാരണഭൂതേ! കാമിനി! നീ മമ വരിക
സമീപേ
സാമോദം മധുരാധരമയി തേ സാമജഗാമിനി തരിക മേ
ദയിതേ. (പൂ)

“ജയ ജയ നാഗകേതന ചൊല്ലിയാടുക” എന്ന ശൈലി ഭാഷയിൽ ദുഷ്ടന്മാരെ സേവിക്കുക എന്ന അർത്ഥത്തിൽ പ്രചുര പ്രചാരമായിത്തീർന്നിട്ടുണ്ട്.

## സുഭദ്രാഹരണം കൈകൊട്ടിക്കളിപ്പാട്ട്

ഇതു കവി 12 വൃത്തത്തിൽ രചിച്ചിട്ടുള്ള ചോതോഹരമായ ഒരു ഭാഷാ ഗാനമാണ്. കുഞ്ചൻനമ്പിയാരുടെ രുക്മിണീസ്വയംവരം പത്തുവൃത്തത്തിന്റെ അർദ്ധാസനം ഈ കൃതി അവകാശപ്പെടുന്നു. ഇതു പാടാൻ അറിഞ്ഞുകൂടാത്ത ബാലികകൾ ഇക്കാലത്തു പോലും കേരളത്തിലെ നാട്ടിൻപുറങ്ങളിൽ ഉണ്ടോ എന്നു സംശയമാണ്. “പാതിവ്രത്യമിയലും” (പ്രഥമവൃത്തം) “അന്നൊരുനാളിൽ ഗദൻ” (ദ്വിതീയവൃത്തം) “ഇന്ദുകുലോജ്ജ്വലമണിയാം” (തൃതീയവൃത്തം) “നാളീകലോചനൻ കൃഷ്ണൻ” (ചതുർത്ഥവൃത്തം) “കാമസുന്ദരൻ പാർത്ഥനിങ്ങനെ” (നവമവൃത്തം) ഇവയ്ക്കു പ്രചാരം കൂടും. പ്രഥമവൃത്തം ഇങ്ങനെ ആരംഭിക്കുന്നു.

“പാതിവ്രത്യമിയലും പാർവതീദേവിതന്നെ–
പ്പാതിയുടലിനോടു ചേർത്തു ചെമ്മേ
പ്രീതിവളർന്നിട്ടുടൻ പാതിയിലഴകോടു
ഭൂതിയണിഞ്ഞു ചാർത്തിപ്പുലിത്തൊലിയും
കാറ്റുണ്ണും ഭൂഷണങ്ങളേറ്റം ധരിച്ച വാനോ–
രാറ്റിൻതിര കളിക്കും ചെഞ്ചിടയിൽ
തിങ്കൾക്കിടാവും നല്ല ചെങ്കനൽമിഴിയാകും
കുങ്കുമതിലകവും ഭങ്ഗിയോടേ
വെണ്മഴു ശൂലം കയ്യിൽ വെണ്മയിൽച്ചേർത്തങ്ങിരു–
കൺമുനയിൽ നിറഞ്ഞ കാരുണ്യവും
കൈക്കൊണ്ടു മോദമോടെ വൈക്കത്തു വാഴും പെരും–
തൃക്കോവിലപ്പനെ ഞാൻ കൈതൊഴുന്നേൻ.”

എന്തൊരു ശബ്ദസൗഷ്ഠവമാണ് ഈ വരികളിൽ കളിയാടുന്നത്!

## മുറജപപ്പാന

1003-ാമാണ്ട ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ നടന്ന മുറജപത്തെപ്പറ്റിയുള്ള ഒരു പാനയാണ് ഇതു്. 993-ാമാണ്ടത്തെ മുറജപമാണ് ഈ കൃതിയിൽ തമ്പി വർണ്ണിക്കുന്നതു് എന്നു ചിലർ പറഞ്ഞിട്ടുള്ളതു നിർമ്മൂലംതന്നെ. 993-ാമാണ്ട് ഒരു മുറജപവർഷമല്ല; എന്നുതന്നെയല്ല തമ്പിതന്നെ ഗ്രന്ഥാരംഭത്തിൽ

> "കലി നാലായിരത്തിത്തൊള്ളായിരം
> നലമോടിരുപത്തൊൻപതാണ്ടായി"

എന്ന് അതിന്റെ നിർമ്മാണകാലത്തെപ്പറ്റി പ്രഖ്യാപിക്കുന്നുമുണ്ട്. തമ്പി ആ മുറജപത്തെപ്പറ്റി പാനയ്ക്കുപുറമെ സംസ്കൃതത്തിലും ഭാഷയിലും അനേകം ശ്ലോകങ്ങളും നിർമ്മിച്ചിട്ടുണ്ട്.

> "കേ യൂയം പാതകൗഘാ വയമിഹ തു കുതോ
> നിർഗ്ഗമോ വഃ സ്വകാലേ
> ബാലശ്രീവഞ്ചിരാജാദൃതധരണിസുരാ–
> മ്നായഘോഷോത്സവോത്ഥൈഃ
> പുണ്യൗഘൈർബാധിതത്വാദ്വിഹതിരിഹ വിധേ–
> യാ ന കിം വാ ക്രിയാണാം?
> സാ ന സ്യാദ്യദ്ധുരീണോ നിവസതി ഭഗവാൻ
> സന്തതം പദ്മനാഭഃ.
>
> ഇത്യാശാന്തഗിരീന്ദ്രകന്ദരജുഷാം പ്രത്യർത്ഥിപൃഥ്വീഭുജാം
> പാപാനാഞ്ച സവിസ്തരം ബഹുവിധം യുഷ്മദ്യശസ്സൂചനം
> സല്ലാപം നിശമയ്യ കിന്നരമുഖാദിന്ദ്രേ ഗുരും പശ്യതി
> ക്ലാന്തിം യാന്തി സുരദ്രുമാസ്സുരഗണാ നൈവാദ്രിയന്തേ സുധാം."
> "ഇന്ദ്രൻ വഞ്ചീശനുണ്ടിങ്ങമരഗുരു ദിവാൻ
> വെങ്കടാഖ്യൻ നിനച്ചാൽ
> പിന്നെ ശ്രീപത്മനാഭൻ സുരതരു സുരഭീ
> പാർവതീറാണി സാക്ഷാൽ
> വെള്ളാനപ്രൗഢനുണ്ടിദ്ദുരയവർകൾ ബുധ–
> ന്മാർക്കുമിങ്ങറ്റമില്ലാ
> സ്വർഗ്ഗം ഭൂലോകമത്രേ പ്രഥമനമൃതിനെ–
> ക്കാൾ വിശേഷം വിശേഷം."

എന്നീ ശ്ലോകങ്ങൾ ആ കൂട്ടത്തിൽ ഉൾപ്പെടുന്നു. 997 കർക്കടകം മുതൽ 1005 വൃശ്ചികംവരെയായിരുന്നു വെങ്കടരായർദിവാൻജിയുടെ ഭരണകാലം; 'രായരായരായ' സ്ഥാനം ബ്രിട്ടിഷ്ഗവർമ്മെന്റിൽനിന്നു നേടിയ അദ്ദേഹം റെഡ്ഡിരായർ എന്ന വെങ്കടരായരിൽനിന്നു ഭിന്നനാണ്. 979-ൽ നടന്ന മുറജപത്തെ വർണ്ണിക്കുന്ന ഒരു പാനയെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനെ മനസ്സിൽ വച്ചുകൊണ്ടായിരിക്കാം തമ്പി പ്രസ്തുത കൃതി നിർമ്മിച്ചതു്. രണ്ടിനും തമ്മിൽ കവിത്വത്തിൽ വളരെ അന്തരമുണ്ടെന്നു പറയേണ്ടതില്ലല്ലോ. ചില വരികൾ ഉദ്ധരിക്കാം.

> "എങ്ങുമാർക്കുമിളകരുതാതെക–
> ണ്ടന്നദാനാദി ധർമ്മം പ്രതിഷ്ഠിച്ച

മുടങ്ങീടാതെ ഭദ്രദീപോത്സവം
തുടങ്ങിച്ചിതു നീളേ മഹാമതി
മകരം കർക്കി രണ്ടിലും ഭാസ്കരൻ
പകരുന്നതിനേഴുദിനംമുൻപേ
അഞ്ചിതമായ ഭദ്രദീപോത്സവം
വഞ്ചിരാജ്യത്തിൽ മാത്രം നടക്കുന്നു."

"ശ്രീപതിയുടെ ദിവ്യോത്സവത്തെയും
ഭൂപതിയുടെ പൂർണ്ണഭാഗ്യത്തെയും
ഭൂനിവാസികൾക്കുള്ള മോദത്തെയും
പുണ്യശാലികൾ തന്റെ വൃന്ദത്തെയും
ഏകകാലത്തു കാണ്മതിന്നാഗ്രഹാ–
ലെന്നപോലെ രജനിയും വന്നിതു.

നാലു ജാതി ജനങ്ങളുമന്നേരം
നാലു ഗോപുരമാർഗ്ഗമകംപുക്കു
തിങ്ങിയങ്ങു വരുന്നതു കണ്ടപ്പോ–
ളിങ്ങനെ വിബുധന്മാരും ശങ്കിച്ചു.
തങ്കലെന്നും പിരിയാതെ വാണിടും
പങ്കജാലയാവല്ലഭനെപ്പോലും
വഞ്ചിവാസവൻതന്നുടെ രാജ്യത്തിൽ
സഞ്ചിതാനന്ദം വാഴ്കയാലിക്കാലം
വാരിരാശിയും ശ്രീമധുവൈരിയെ
വന്ദിച്ചീടുവാനിങ്ങു വരികയോ?"

## നവരാത്രിപ്രബന്ധം

ഇതു ഗേയരൂപത്തിലാണു കവി നിബന്ധിച്ചിരിക്കുന്നതു്. ഇതിൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ നവരാത്രികീർത്തനങ്ങളെ അനുകരിച്ചിട്ടില്ല. പൂജയെടുപ്പിനു മഹാരാജാവു് എഴുന്നള്ളുമ്പോൾ ആ കാഴ്ച കാണുന്ന സുന്ദരിമാരുടെ വികാരം വർണ്ണിക്കുന്ന ഭാഗത്തിൽ നിന്നാണ് താഴെ കാണുന്ന വരികൾ ഉദ്ധരിച്ചിരിക്കുന്നതു്

"പെണ്മണിജനങ്ങളുടെ കൺമുനപ്രഭാളിയപ്പോൾ
പേശലമുഖാംബുജത്തിലാശു ചെന്നു പതിച്ചും
മൗലിതന്നിലിന്ദീവരമാലയായ് വളർപഞ്ചമീ–
മതിതുലിതനിടിലതടമതിലേണമദമായ്
ഉല്ലസിക്കും ചില്ലികളാം മല്ലശരവില്ലിണയി–
ലൊട്ടുനേരം ഞാണായിക്കെട്ടുപെട്ടുകിടന്നും
ഇരുമിഴിത്താമരയിലുള്ള കരുമണിയാം വണ്ടുകളോ–
ടിണപൊരുതു നാണമൊട്ടു പണിപ്പെട്ടു പിരിഞ്ഞും
അധരമാം ചെമ്പരുത്തിതന്നിൽ മധുരസം കൊതിച്ചിരുന്നു–
മാനനപ്രഭാനദിയിൽ മീനങ്ങളായ്ക്കളിച്ചും
കാമതുല്യനൃപതിയുടെ കോമളശരീരത്തിന്റെ

കാന്തിചക്രമതിൽ ഭ്രമിച്ച താന്തി പാരം വളർന്നും
പല്ലവാങ്ഗിമാരവനിവല്ലഭനെക്കണ്ടിവണ്ണം
പരമസുഖമാമമൃതത്തിരകടലിൽ മുഴകി."

## താരാട്ട്

"ഓമനത്തിങ്കൾക്കിടാവോ നല്ല കോമളത്താമരപ്പൂവോ?
പൂവിൽ നിറഞ്ഞ മധുവോ പരിപൂർണ്ണേന്ദു തന്റെ നിലാവോ"

എന്നാരംഭിക്കുന്ന തമ്പിയുടെ പ്രസിദ്ധമായ താരാട്ട് ഒന്നു കൊണ്ടുമാത്രം ഭാഷാസാഹിത്യത്തിനു ജന്മസാഫല്യം വന്നതായി അഭിമാനിക്കാം. അതുപോലെ ഒരു ഉറക്കുപാട്ട് കൈരളിയിലെന്നല്ല ഇതരഭാഷകളിൽപ്പോലും ഇല്ലെന്നാണ് എന്റെ അറിവ്. പ്രസ്തുതകൃതിക്കു പുറമെ മറ്റൊന്നും വേണ്ട തമ്പിയെ മഹാകവിമൂർദ്ധന്യനാക്കുവാൻ. ഏതു രാജകുമാരനെ ഉദ്ദേശിച്ചാണ് അതിന്റെ നിർമ്മിതി എന്നറിയുന്നില്ല.

## രാജസേവാക്രമം

ഇതു സംസ്കൃതവൃത്തങ്ങളിൽ രചിച്ചിട്ടുള്ള ഒരു ഭാഷാകൃതിയാണ്. ഗ്രന്ഥം പൂർണ്ണരൂപത്തിൽ കിട്ടിയിട്ടില്ല. ഒരു ശ്ലോകം ചുവടേ ചേർക്കുന്നു.

"തിരുവുള്ളമിങ്ങു കുറവില്ല നമ്മിലെ–
ന്നൊരു ഭള്ളുകൊണ്ടു ഞെളിയായ്കയൊരിക്കലും,
പരസൂഷ്മരന്ധ്രമതു നോക്കിനില്ക്കണം
നരപാലകന്നു ചെവി കണ്ണു നിർണ്ണയം."

## ഒറ്റശ്ലോകങ്ങൾ

രവിവർമ്മൻതമ്പിയുടെ മഹാകവിത്വത്തിനു പ്രത്യേകനിദർശനങ്ങളായി ശോഭിക്കുന്ന പല മുക്തകങ്ങൾ സംസ്കൃതത്തിലും ഭാഷയിലുമുണ്ട്. സംസ്കൃതശ്ലോകങ്ങളിലാണ് ഭാഷാശ്ലോകങ്ങളിലേക്കാൾ രചനാസൗഷ്ഠവവും ആശയ വൈചിത്ര്യവും അധികമായി കാണുന്നത്. നൂറോളം ശ്ലോകങ്ങൾ ഓരോ അവസരത്തിൽ അദ്ദേഹം നിർമ്മിച്ചിട്ടുള്ളതായി എനിക്കറിയാം. അവയിൽ ഏതാനും ചിലതുമാത്രമേ ഇവിടെ എടുത്തുകാണിക്കുവാൻ നിർവ്വാഹമുള്ളുവല്ലോ.

### സംസ്കൃതശ്ലോകങ്ങൾ

1. വടശ്ശേരി ബാലകൃഷ്ണൻ:

"പടുഃ ക്ഷോണീഭാരവ്യസനഹരണേ, ഗോപവനിതാ–
വിടഃ, ശ്രോണീദേശാകലിതവിലസൽകിങ്കിണിഗണഃ
വടശ്രേണീവാസോ, വലരിപുശിലാഭോത്ര, ദിതിഭൃ–
ഭടശ്രേണീഹന്താ, ഭവതു ഭവമോക്ഷായ ഭവതാം."

2. ചെങ്ങന്നൂർ ഭഗവതി:

"സ്ഥാണുർഭർത്താ തുഹിനഗിരിജേ! ത്വത്തനൂജോ വിശാഖഃ
കിഞ്ചാപർണ്ണാ ജഗതി ഭജതാം പ്രാക്തനീ കല്പവല്ലീ

സത്യപ്യേവം ജയതി ഭവതീ പുഷ്പവത്യത്ര ചിത്രം
ശോണാദ്രീശേ! തവ തു മഹിമാ കേവലം ദുർവിഭാവ്യഃ."

3. പാർവതീറാണിയോട്ട് ഒരഭ്യർത്ഥന:

"ജ്ഞാത്വാ ദാസ്യത്യഭീഷ്ടം സ്വയമഖിലമപി
സ്വാമിനീത്യാത്തമൗനേ
ചിത്തേപ്യാശാമശാന്താം പ്രതിദിനവിവശാം
വീക്ഷ്യ മേ സാഹിതീയം
അദ്യാഹം സാധയിഷ്യാമ്യഭിമതമയി തേ
മാ വിഷീദേതി ചൈനാ–
മാശ്വാസ്യ ത്വാമുപേതാ; വിദുഷി! തവ പരം
പക്ഷപാതോ ഹ്യമുഷ്യാം."

4. മറ്റൊന്ന് (തന്റെ ഭാര്യക്ക് ഓണപ്പുടവ നല്കാത്തതിനെപ്പറ്റി):

"പ്രാചീനാവനിഭൃദ്ഭുവോ യദുദയോ
യോസൗ രവിർന്നാമതോ
ജായാസ്തസ്യ ദിശോ ദശാപി സതതം
രാജ്ഞി! ത്വയാലംകൃതാഃ
തേജഃസ്ഫൂർത്തിസുവർണ്ണഭാസുരയശ–
ശ്ശുഭ്രാംശുകൈസ്താദൃശോ–
പ്യേഷ ത്വദ്വസനേന മേ പ്രിയതമാ
നാലംകൃതാ കിം കൃതാ?"

5. സ്വാതിതിരുനാൾ മഹാരാജാവ്:

"ഭാഗ്യാനാമയി ശേവധേ! പദമിദം
ലക്ഷ്മീശ്ചിരാൽ സേവതേ
മാതാ രക്ഷതി സന്തതം വസുമതീം
കാലേ വിധാതും വധൂം
വിദ്യായാം രമതേ മനസ്തവ തഥാ
പ്യേഷാഭിയാത്യന്വഹം
കാന്തം ത്വാമിഹ ദക്ഷിണം നരപതേ!
താരുണ്യമുദ്രാശനൈഃ."

6. മറ്റൊന്ന്:

"യദ്ഗണ്ഡൗ മണിദർപ്പണൗ സുമഹിതം
യസ്യ സ്മിതം കൗമുദീ
യൽകണ്ഠസ്സമനോരമഃ പരിലസ–
ന്മുക്താവലിസ്സധ്വനിഃ
ശ്രീമൽ കൗസ്തുഭശാലി യസ്യ ഹൃദയം
തസ്യാഗ്രതസ്തേ വിഭോ!

നിശ്ശങ്കം കവയാമി ഹന്ത മഹതീം
നിർല്ലജ്ജതാം പശ്യ മേ.”

7. രഥവർണ്ണനം:

“ലക്ഷ്മീനിത്യാധിവാസോ നവഘനസുഷമോ
വൈജയന്ത്യാത്തശോഭ–
സ്താർക്ഷ്യസ്കന്ധോഹ്യമാനസ്സവിമലതപനീ–
യാംശുകച്ഛത്രധാരീ
ആസേവ്യശ്ചാമരൗഘൈരനുദിവസമഹീ–
നോരുഭോഗാവലംബോ
വഞ്ചീന്ദ്രാനന്ദദായീ ജഗതി വിജയതേ
പദ്മനാഭോ രഥശ്ച.”

8. മറ്റൊന്ന്:

“വാഹിന്യോ നിസ്സരന്തി പ്രചലിതതരവാ–
ര്യുജ്ജ്വലാ യസ്യ പാർശ്വോ
ജ്യോതിശ്ചക്രഭ്രമശ്രീരുഭയതമുദിതാ
യദ്ഗുണഃ ഖല്വഹീനഃ
ഗന്ധർവാളീ യദഗ്രേ ലസതി രഥവരഃ
കിം ന്വയം കാഞ്ചനാദ്രി–
വഞ്ചിക്ഷ്മാവാസവോസൗ ഭജതി ബത ജയ–
ന്തേന ചാത്ര പ്രമോദം.”

9. ഉത്രംതിരുനാൾ മഹാരാജാവ് 1029-ൽ നിർവ്വഹിച്ച പത്മഗർഭം:

“ഭോ രാജഹംസ! ഭവതഃ ഖലു പദ്മഗർഭ–
വാസോദ്ഗമാദി വിഹിതം നനു തത്ര ചിത്രം?
ഹൽപദ്മഗർഭകലനാത്തവ നീലകണ്ഠ–
ശ്ചിത്രം ദദാതി കുശലം സ ഹി മാനസൗകാഃ”

10. ഒരു ശൃങ്ഗാരശ്ലോക

“അണുപരിമാണം മന ഇ–
ത്യഖിലബുധാനാം തു സുനൃതാ വാണീ
യദിയം നിഖിലജനാനാ–
മുദ്ധൃത്യ മനാംസി യാതി തന്വംഗീ.”

11. അന്യാപദേശം:

“ഭോഭോ മാരുത! വാരിതാഖിലജഗൽസന്താപ! ഹന്താധികം
ഗ്രീഷ്മോഷ്മപ്രസരപ്രഭൃതതൃഷയാ ത്വാമർത്ഥയേ ചാതകഃ
ഏഷാ മേഘമതല്ലികാഖിലജഗൽപ്രാണേന നന്നാ ത്വയാ
സാധോ! സാധു ദദാതു ജീവനമനന്യാലംബനായാദ്യ മേ.”

12. സമസ്യാപൂരണം:

> “പ്രാചീ യദാ ഭജതിഭാനുകരാനുഷങ്ഗ–
> മഭ്യേത്യ മാമവ തദാ കരു മാ വിളംബം
> ഉക്ത്വൈവമശ്രുസലിലൈസ്സഹ ചക്രവാകീ
> ചന്ദ്രോദയേ വിരഹിണീ രമണം മുമോച.”

## ഭാഷാശ്ലോകങ്ങൾ

“ദിവ്യം കിഞ്ചന വെള്ളമുണ്ടൊരു മുറിസ്സോമൻ കറുപ്പം ഗളേ” എന്നും “മഹീപതേ ഭാഗവതോപമാനം എന്നുമുള്ള ശ്ലോകങ്ങൾ സുപ്രസിദ്ധമാണല്ലോ. വേറേ ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

1. ഹരിപ്പാട്ടു സുബ്രഹ്മണ്യൻ:

> “ആതങ്കധ്വാന്തദൂരീകരണനിപുണമാം
> ചാരുമന്ദസ്മിതശ്രീ–
> ശീതജ്യോത്സ്നാഭിരാമം തവ തിരുമുഖമാം
> ചന്ദ്രനെക്കൈവിടാതെ
> ഭ്രാതൃസ്നേഹേന ചേർന്നിട്ടഴകൊടു മരുവും
> കണ്ഠമാം ദിവ്യശംഖം
> ചേതോമോഹം വരുത്തും ധ്വനിയൊടു ഹൃദയേ
> ചേർത്തു ഞാൻ കൈതൊഴുന്നേൻ.”

2. പാർത്ഥസാരഥി:

> “കാളാംഭോദാളി ലാളിച്ചടിതൊഴുമഴകാ–
> ണ്ടുള്ള കാർകുന്തൽ കെട്ടി–
> ച്ചാലേ മൈൽപ്പീലി ചാർത്തീട്ടനഘനവമണി–
> ശ്രേണി മിന്നും കിരീടം
> ലോലംബാലോലനീലാളകരുചി ചിതറി–
> ദ്ധൂളിമേളിച്ച കിഞ്ചിൽ
> സ്വേദാംഭസ്സാൽ നനഞ്ഞുള്ളൊരു തൊടുകുറിയും
> ഹന്ത! ലോകാഭിരാമം.”

3. മുറജപം:

> “അന്നം കെട്ടിയെടുക്കയും ബഹുരസം
> കൊണ്ടാട്ടവും വേലയിൽ–
> സ്സന്നാഹാദിയുമോർക്കിലോ മുറജപം
> ചൊല്ലാർന്ന നിത്യോത്സവം
> എന്നും വഞ്ചിനൃപാലകീർത്തി കൊടി താ–
> ഴ്ത്തീടാതെ വിപ്രൗഘവും
> വന്നാറാട്ടു ദധിസ്രുവേഷു കബളം
> കൈക്കൊണ്ടു ചെയ്യുന്നഹോ.”

4. വലിയ കൊട്ടാരത്തിലെ വിഷുക്കൈനീട്ടം:

"ചൊല്ക്കീഴായുണ്ടു ചക്രീശ്വരനപിച കരേ
ചക്രമുണ്ടന്തമെന്യേ
ചക്രപ്രീതിം വരുത്തുന്നവനൊരുവനഹോ!
ഹന്ത കണ്ണായിരിപ്പോൻ
ചെല്ക്കൊള്ളും വഞ്ചിരാജ്യേ മലർമകൾകണവൻ
ചക്രവർത്തിത്വമാർന്നാൽ
ച്ചക്രം വാരിക്കൊടുക്കുന്നതു വിഷുദിവസേ
ചിത്രമല്ലോർത്തുകണ്ടാൽ."

5. ആറ്റിങ്ങലേയ്ക്ക് എഴുന്നള്ളിയ പാർവ്വതീറാണി:

"താരിൽത്തന്വീമണാളൻസവിധഭുവി നൂണാം
നന്മ മേന്മേൽ വരുത്താൻ
ഭൂരിസ്നേഹേന പൂരിച്ചൊരു സുകൃതദശോ–
ല്ലാസിവാടാവിളക്കേ!
ദൂരത്തെൻപോറ്റു വാഴും ജനനി! ഭവതിയെ–
ച്ചെറ്റു കാണാഞ്ഞെനിക്കി–
ന്നേരത്തുള്ളോരവസ്ഥാം ദിനകമുദിനിയെ–
ക്കണ്ടു ബോധിച്ചിടേണം."

6. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മാ:

"കന്ദർപ്പൻ മൂർത്തിമാനോ? കനിവൊടവനിയിൽ–
ക്കൽപവൃക്ഷം ജനിച്ചോ?
പൊന്നിൻപൂമാതിനേവം കളിനിലമധുനാ
പത്മനാഭൻ ചമച്ചോ?
ഇന്ദ്രൻ വന്നോ ധരിത്ര്യാം? കലയതു കുറയാ–
തുള്ള പൂർണ്ണേന്ദുതാനോ?
മന്യേ താപം ജനാനാം ശമയിതുമുളവാ–
യിങ്ങു മാർത്താണ്ഡദേവൻ."

അന്നത്തെ ഭാഷാകവികളുടെയിടയിൽ തമ്പിതന്നെയായിരുന്നു പ്രഥമഗണനീയനെന്ന് ഈ ശ്ലോകങ്ങൾ തെളിയിക്കുന്നു.

## പാട്ടുകൾ

ഇത്രയുംകൊണ്ടുതന്നെ സമ്പൂർണ്ണമെന്നു സമർത്ഥിക്കാവുന്ന തമ്പിയുടെ വിജയം ഇവിടെയും നിലയ്ക്കുന്നില്ല. സംഗീതകൃതികൾ രചിച്ചിട്ടുള്ള കേരളീയകവികളുടെ ഇടയിൽ തമ്പിക്കുള്ള സ്ഥാനം അദ്വിതീയമാണ്. അദ്ദേഹത്തിന്റെ സംസ്കൃതഗീതങ്ങളിൽ ഭൂരിഭാഗവും സ്വാതിതിരുനാൾ മഹാരാജാവിന്റെ ഗീതങ്ങൾക്കു താഴെയല്ല; ഭാഷാഗീതങ്ങൾ അവിടത്തേവയെക്കാൾ പ്രായേണ ഉൽകൃഷ്ടങ്ങളുമാണ്. തിരുമനസ്സുകൊണ്ട് അപ്പോഴപ്പോൾ രചിക്കുന്ന പാട്ടുകൾ തമ്പിയും തമ്പി രചിക്കുന്നവ തിരുമനസ്സുകൊണ്ടും പരിശോധിച്ചതിനുമേലേ വെളിയിൽ വന്നിരുന്നുള്ളൂ. തമ്പിയുടെ 29 സംസ്കൃതകീർത്തനങ്ങളും 27 മണിപ്രവാളകീർത്തനങ്ങളും സംസ്കൃതത്തിലും

മണിപ്രവാളത്തിലുമായി പദങ്ങളും 5 വർണ്ണങ്ങളുംകൂടി ആകെ 61 ഉരുപ്പടികൾ നമുക്കു ലഭിച്ചിട്ടുണ്ട്. സ്വാതിതിരുനാളുടെ ശൃംഗാരകീർത്തനങ്ങളിലും വർണ്ണങ്ങളിലും എങ്ങനെ ശ്രീപത്മനാഭൻ നായകനാകുന്നുവോ അതുപോലെ തമ്പിയുടെ ശൃംഗാരകീർത്തനങ്ങളിലും വർണ്ണങ്ങളിലും സ്വാതിതിരുനാളും അവിടത്തെ കാലത്തിനു മേൽ ഉത്രംതിരുനാളുമാണ് പ്രായേണ നായകന്മാർ. നായികയുടെ വിരഹാവസ്ഥാവർണ്ണനമാണ് അവയിൽ പലതിലും പ്രതിപാദ്യം. “പ്രാണനാഥനെനിക്കു നല്കിന പരമാനന്ദരസത്തെ”, “ആരോടു ചൊൽവേനഴലുള്ളതെല്ലാം”, “ഒരു നാൾ നിശി ചെയ്ത ലീലകൾ” എന്നിവയെ പച്ചപ്പദങ്ങൾ എന്നു പറഞ്ഞുവരുന്നു. അത്രമാത്രം നഗ്നമായ ശൃംഗാരവർണ്ണനമാണ് കവി ആ പദങ്ങളിൽ ചെയ്തിട്ടുള്ളത്. അന്യഥാ അവയും ആസ്വാദ്യതമങ്ങൾതന്നെ. “കരുണചെയ്‌വാനെന്തു താമസം കൃഷ്ണ” എന്നും മറ്റുമുള്ള കീർത്തനങ്ങൾ കേരളത്തിൽ എവിടെയും പ്രസിദ്ധങ്ങളാണ്. വിക്രമോർവ്വശീയത്തിലെ “ക്വാകാര്യം ശശലക്ഷ്മണഃ ക്വ ച കുലം ഭൂയോഽപി ദൃശ്യേത സാ” എന്ന ശ്ലോകം

> “കുളിർമതിതൻകുലമെവിടെ? കുത്സിതകാര്യമിതെവിടെ?
> ഇളമറിമാൻകണ്ണിയെ ഞാനിനിയുമുണ്ടോ കണ്ടാവൂ?
> പ്രകൃതി തെളിഞ്ഞിഹ മനമേ! പ്രാപിച്ചീടുക ധൈര്യം
> സുകൃതി യുവാവേതൊരുവൻ സുഖമധരം ബത നുകരും?”

എന്നു തുടങ്ങിയുള്ള വരികളിൽ തർജ്ജമ ചെയ്തിരിക്കുന്നു. സംസ്കൃതത്തിൽനിന്ന് ഒരു കീർത്തനവും ഭാഷയിൽനിന്ന് ഒരു പദവും ഉദ്ധരിക്കാം.

1. ശുചീന്ദ്രത്തു ശിവൻ:

പല്ലവി:

> ശംഭോ! ഗൗരീശ! സദാശിവ!
> ശംഭോ! മേ ശംഭോ!

അനുപല്ലവി:

> കുംഭസംഭവമുഖാർച്ചിത! നതസുഖ–
> ലംഭനാതിലമ്പട! പ്രകാമം. (ശംഭോ)

ചരണങ്ങൾ:

ശാരദേന്ദുരുചിഗർവഖണ്ഡനവിശാരദാതിരുചിരാങ്ഗ!
വാരിജാക്ഷശര!മേരുചാപ!ശശിവാസരാധിപരഥാങ്ഗ!
സാരവാസുകിഗുണ!ത്രയീതുരഗ!ശങ്കര!ക്ഷിതിശതാങ്ഗ!
സാരസാസനസുസാരഥേ! ത്രിപുരശാസനോരുദയാ
വിലസദപാങ്ഗ! 1
പാണ്ഡവായ നിയമാവധൗ ശബരഭാവഭാജിശതധാരം
കാണ്ഡജാലമഭിവർഷതേ ഭവതി കാലകാല!യുധി ഘോരം
ഗാണ്ഡിവാഹതശിരം ഭവാനദിത കാമിതാസ്ത്രമുരുസാരം
താണ്ഡവപ്രിയ! കൃതാപരാധമപി ദാസലോകമവസി
സാദരം. 2
ചാരുഭദ്രചരണാങ്ഗുലിക്ഷപിതസാരരാവണസുഗീത!

ഭൂരിഭദ്രകരലീല! നന്ദിമുഖഭൂതജാലസമവേത!
വീരഭദ്രപരിഭൂതദക്ഷമഖ! വിസ്മിതാമരപരീത!
വീരരുദ്ര! പരിപാഹി മാമജിത! വേദവേദ്യ!
ഗജമുഖഗുഹതാത! 3
ബാലചന്ദ്രകലിതാവതംസ!കൃതബാണഗോപുരനിവേശ!
കാളകൂടഗരളാശനാവിതമൃകണ്ഡുനന്ദന! ഗിരീശ!
ഹേലയാഹതമതങ്ഗജാസുര! മഹേന്ദ്രവന്ദ്യ!ജഗദീശ!
ഫാലലോചന! ശുചീന്ദ്രവാസ! ജയ പദ്മനാഭ
വിധിരൂപ! മഹേശ! 4

2. വിരഹിണീവിലാപം:

പല്ലവി:

എന്തു ഞാനിഹ ചെയ്‌വൂ-അഴ–
ലിന്നാരോടു ചൊല്‌വൂ?

അനുപല്ലവി:

ഹന്ത മൽപ്രിയനിന്നു-എന്നെ–
യകതാരിൽ മറന്നു.

ചരണങ്ങൾ:

വിധിയും പ്രതികൂലൻ, മലർവിശിഖൻ ഖലശീലൻ,
വിധുവും കനൽപോലെ രുചി വിതറുന്നിതു കാലേ. 1

കളമാം കുയിൽനാദം മമ കാതിന്നതിഖേദം
ഇളതാം തളിർതൽപം പുനരെരിയും ശിഖികൽപം. 2

മണമാർന്നൊരു തെന്നൽക്കിഹ-മാറാപ്പകയെന്നിൽ
ഇണവേറിട്ട കോകാങ്ഗനയ്ക്കെതിരായ് ഞാനേകാ. 3

വിവിധാലങ്കാരം പ്രിയവിരഹേ തനുഭാരം
അവശം പതിഹൃദയം എന്നിലധുനാ കഥമദയം? 4

നിശതാനൊരു യുഗമോ? ശരനികരം കാമനയുതമോ?
അശനിക്കെതിരെല്ലാം സുമമല്ലല്ലിതു ചൊല്ലാം. 5

കുളിയും തൊട്ടുകുറിയും നവകുസുമാദ്യഭിരുചിയും
കളിവാക്കുകൾ സരസം മമ കളവല്ലിഹ വിരസം. 6

അമിതാമൃതു പൊഴിയും മൃദുഹസിതാഞ്ചിതമൊഴിയും
കമലായതമിഴിയും മമ കണ്ടാലഴലൊഴിയും 7

ഇത്യാദി. ഉത്തമോത്തമന്മാരായ ഭാഷാകവിസാർവ്വഭൗമന്മാരുടെ മദ്ധ്യത്തിലാണ് രവിവർമ്മൻതമ്പി സമാർജ്ജിച്ചിട്ടുള്ള മഹനീയമായ സ്ഥാനം എന്ന് ഇനി വിശേഷിച്ച് പറയേണ്ടതുണ്ടെന്ന തോന്നുന്നില്ല.

## അരിപ്പാട്ടു കൊച്ചുഗോവിന്ദവാരിയർ (985–1030)

### ചരിത്രം

കൊച്ചുഗോവിന്ദവാരിയരും അരിപ്പാട്ടു കിഴക്കേവാരിയത്തിലെ ഒരംഗമായിരുന്നു. അദ്ദേഹം കൊച്ചുപിള്ളവാരിയരുടെ അനുജന്റെ മകനായിരുന്നു എന്നറിയുന്നു. ആ കവി കൊച്ചുകുഞ്ഞ് എന്ന ഓമനപേരിലും അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ അച്ഛന്റെ യഥാർത്ഥനാമധേയവും കൊച്ചുപിള്ളവാരിയരുടേതുപോലെ ശങ്കരൻ എന്നായിരുന്നുവത്രെ. കൊച്ചുപിള്ളവാരിയർതന്നെയായിരുന്നു കൊച്ചുഗോവിന്ദവാരിയരുടെ ഗുരു. അദ്ദേഹം 985-ാമാണ്ടിടയ്ക്കു ജനിച്ചു എന്നും 1030-ൽ മരിച്ചു എന്നും അറിയുന്നു. കൊച്ചുപിള്ളവാരിയർ സ്വാതിതിരുനാൾ മഹാരാജാവിനെ സംസ്കൃതം പഠിപ്പിക്കുവാൻ 998-ൽ തിരുവനന്തപുരത്തേയ്ക്കു പോരുമ്പോൾ ഗോവിന്ദവാരിയർ കൂടെ പോന്ന് 1014-ൽ അദ്ദേഹം മരിച്ചപ്പോൾ രാജഗുരുസ്ഥാനത്തിൽ ആരൂഢനായി. 1028-ൽ പാർവ്വതീറാണിയുടെ മരണത്തെപ്പറ്റിയും 1029-ൽ ഉത്രംതിരുനാൾ മഹാരാജാവിന്റെ ഹിരണ്യഗർഭത്തെപ്പറ്റിയും അദ്ദേഹം ശ്ലോകങ്ങൾ രചിച്ചിട്ടുണ്ട്. ഹിരണ്യഗർഭത്തെക്കുറിച്ചുള്ള ഒരു ശ്ലോകമാണ് താഴെച്ചേർക്കുന്നത്.

> "ബഹുലാഭരണോല്ലസൽകരാഗ്ര–
> പ്രവിലോലത്തരവാരിപൂർവദാനൈഃ
> നൃപതേ! തവ ജൈത്രയാത്രയാസൗ
> സമതാം ഗച്ഛതി പദ്മനാഭകീർത്തിഃ."

അദ്ദേഹം 1027-ാമാണ്ടിടയ്ക്ക് ഒരു നായർയുവതിയെ പരിഗ്രഹിച്ചു എന്നും ആ ദമ്പതികളുടെ സന്താനമാണ് ആദ്യകാലത്തു മലയാളനാടകക്കാരുടെ ഇടയിൽ പ്രസിദ്ധനായിരുന്ന രാമൻ കുട്ടിഭാഗവതരെന്നും കേട്ടിട്ടുണ്ട്. സ്വജാതിയിൽ വിവാഹം ചെയ്തിരുന്നില്ല.

### കൃതികൾ

ഈ കവിയുടെ കൃതികളായി (1) സംസ്കൃതത്തിൽ ഗോവിന്ദബ്രഹ്മാനന്ദീയം എന്ന ശാകുന്തളവ്യാഖ്യയും, (2) ഭാഷയിൽ ഭീഷ്മവിജയം ആട്ടക്കഥയും, (3) ശാകുന്തളം, (4) വല്ലീപരിണയം, (5) ദേവസേനാസ്വയംവരം എന്നീ കൈകൊട്ടിക്കളിപ്പാട്ടുകളും, (6) കൃഷ്ണലീലാമൃതം താലോലം പാട്ടും കണ്ടിട്ടുണ്ട്.

## ഗോവിന്ദബ്രാഹ്മനന്ദീയം

തിരുപ്പതിക്ഷേത്രത്തിലെ വൈഖാനസാർച്ചകനും കൗശികഗോത്രോത്ഭവനും തിമ്മയപണ്ഡിതന്റെ പുത്രനുമായ ശ്രീനിവാസാചാര്യരുടെ ശാകുന്തള ടീക സുപ്രസിദ്ധമാണല്ലോ. അദ്ദേഹത്തിന്റെ ജീവിതകാലം കൊല്ലം പത്താം ശതകത്തിന്റെ ഉത്തരാർദ്ധമായിരുന്നു. ആ വ്യാഖ്യാനം കേരളത്തിൽ വന്നുചേർന്നപ്പോൾ അതു വായിച്ച് അതിന്റെ സ്വാരസ്യത്തിൽ ആകൃഷ്ടനായി ഗോവിന്ദവാരിയർ അതിനെ സംഗ്രഹിച്ചു ഗോവിന്ദബ്രഹ്മാനന്ദീയം രചിച്ചു. വാരിയർ ആ കൃതിയുടെ ആരംഭത്തിൽ ഇങ്ങനെ പറയുന്നു.

"അസ്തി ശ്രീഹരിഗീതാഖ്യോ ദേശസ്സർവത്ര വിശ്രുതഃ
യത്രാസ്തേ ഭഗവാൻ സ്കന്ദോ ലോകസംരക്ഷണോത്സുകഃ.

തത്സേവാപരതന്ത്രശ്ച തദ്വാരിജശിഖാമണിഃ
വഞ്ചീശ്വരഗുരുർദ്ധീമാൻ ശങ്കരാഖ്യോ ഽഭവൽ സുതഃ

തൽപുത്രോ വഞ്ചിഭൂപാലകൃപാപീയൂഷവർദ്ധിതഃ
ബാലോപി ഗുരുകാരുണ്യാൽപ്രാംശുലഭ്യഫലം സ്പൃഹേ.

വിഖ്യാതശ്രീനിവാസാഭിധബുധവരജി–
ഹ്വാഗ്രനൃത്യത്സരസ്വ–
ത്യർത്ഥാവാപ്ത്യുത്സുകാനാമപി ഗഹനതയാ
യത്നമാത്രം കൃതാനാം
കേഷാഞ്ചിൽ പ്രാർത്ഥനാഭിഃ ഖലു സപദി മയാ
ബാലഗോവിന്ദനാമ്നാ
വ്യാഖ്യാം സംക്ഷിപ്യ ശാകുന്തളമിതി വിദിത–
സ്യോച്യതേ നാടകമസ്യ."

സംക്ഷിപ്തശ്രീനിവാസീയം എന്നും ഒരു പേർ പ്രസ്തുതവ്യാഖ്യാനത്തിനു ഗോവിന്ദവാരിയർ നൽകിക്കാണുന്നു. വാസ്തവത്തിൽ വാരിയരുടെ വ്യാഖ്യാനത്തിനു യാതൊരു പുതുമയുമില്ല. ശ്രീനിവാസന്റെ പംക്തികളിൽ ഗഹനാംശങ്ങൾ വിട്ടു ബാക്കി ഭാഗം പകർത്തി എഴുതുന്നു എന്നേയുള്ളൂ. അങ്ങിങ്ങ് ഏതാനും പദങ്ങൾക്കുമാത്രം പര്യായങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു നിബന്ധനത്തിനു ബ്രഹ്മാനന്ദീയം എന്നു നാമകരണം ചെയ്തതു കുറെ കടന്നുപോയി എന്നു പറയേണ്ടിയിരിക്കുന്നു.

## ഭീഷ്മവിജയം

ഈ ആട്ടക്കഥയും ഗോവിന്ദവാരിയരുടെ കൃതിയാണെന്നു ചുവടേ ഉദ്ധരിക്കുന്ന ശ്ലോകം തെളിയിക്കുന്നു.

"ആകൽപം ഹരിഗീതനാഥപദപാഥോജന്മസേവാപരാ–
ദ്വിഞ്ചിശ്രീപുരുഹൂതദേശികസുതാദേതദ്ധി രംഗോചിതം
ഗോവിന്ദാഭിധവാരിജന്മകസുമാദുദ്ഭൂതമേതദ് ബുധാഃ
പായംപായമനർഘഭീഷ്മവിജയാഖ്യം സാധു തൃപ്യന്തു തേ."

## ശാകുന്തളം കൈകൊട്ടിക്കളിപ്പാട്ട്

പതിന്നാലുവൃത്തങ്ങളിൽ രചിച്ചിരിക്കുന്ന ഈ പാട്ട് ഏറ്റവും മനോഹരമാണ്. ഇതു വാരിയരുടെ പാണ്ഡിത്യത്തിനും കവിത്വത്തിനും ഒന്നുപോലെ നിദർശനമായി പരിപാലസിക്കുന്നു. ചില വരികൾ നോക്കുക.

1. നായാട്ട്:

"കാട്ടിൻ നടുവിൽച്ചരിച്ചും-പിന്നെ കാട്ടുമൃഗത്തെ വിളിച്ചും
മുട്ടിച്ചടുത്തുപിടിച്ചും-തള്ളിപ്പൊട്ടക്കിണറ്റിൽ മറിച്ചും

വട്ടത്തിൽച്ചുറ്റിക്കളിച്ചും-കൊണ്ടു വേട്ടവെടിയങ്ങു വച്ചും
ചട്ടറ്റ നായ്ക്കൾ കുരച്ചും-പുലിക്കുട്ടികളെപ്പോയ്ക്കടിച്ചും
നീട്ടി വലകൾ വിരിച്ചും-പല ഘൃഷ്ടികളെ പ്രഹരിച്ചും
ഈട്ടിമുനകൾ തറച്ചും-കിടി വാട്ടം കലർന്നു മരിച്ചും
ഒട്ടു വധിപ്പാൻ മടിച്ചും-പല കൂട്ടിൽ പിടിച്ചങ്ങടച്ചും
കൂട്ടത്തെത്തല്ലിപ്പിരിച്ചും-ചില പോട്ടിൽക്കടന്നങ്ങൊളിച്ചും
വെട്ടുകളേറ്റു വിറച്ചും-കലക്കൂട്ടങ്ങൾ താഴെപ്പതിച്ചും
ഗോഷ്ഠികൾ കാട്ടി മരിച്ചും-കയർ കെട്ടിവലിച്ചങ്ങിഴച്ചും
ദുഷ്ടജന്തുക്കളെക്കൊന്നാ-ലൊരു കഷ്ടമില്ലെന്നിരിക്കയാൽ
എന്നിവയെല്ലാം ഭവിക്കു-മതിലൊന്നുമുളവായതില്ല."

2. ദുഷ്ഷന്തന്റെ വിരഹതാപം:

"കളഭഗതേ! മമ പിഴ തേ കരുതരുതേ ഹൃദി ദയിതേ!
സുമുഖി ഭൃശം തവ വെറുതേ വിമുഖതയിന്നരുതരുതേ!
സരസരതോത്സവവിരുതെന്നുരസി മുദാ തുടരുക തേ
സുരുചിരസല്ലാപകൃതേ സുഖയ ഹി രാജർഷിസുതേ!
തെളിവിയലും മുഖമിന്നെൻ കരളിലഹോ തെളിയുന്നേ
ഒളികരുതീടരുതെന്നേ കളമൊഴി! ഞാൻ തളരുന്നേൻ.
ഹിമകരനിന്നതിവേലം സമയമറിഞ്ഞിതുകാലം
മമത കുറഞ്ഞനുവേലം വ്യഥയതി മാം രതിലോലം."

അഭിജ്ഞാനശാകുന്തളത്തിൽ കവി ആമഗ്നമാനസനായിരുന്നു എന്നുള്ളതിനു സംശയമില്ല.

## വല്ലീപരിണയവും ദേവസേനാസ്വയംവരവും

വല്ലീപരിണയത്തിലെ ആദ്യത്തെ രണ്ടു വൃത്തങ്ങളും ദേവസേനാസ്വയംവരത്തിലെ ആദ്യത്തെ ഒൻപതു വൃത്തങ്ങളുമേ ഞാൻ കണ്ടിട്ടുള്ളു. "ക്ഷോണീപതിഗുരു മൽഗുരു" എന്നിങ്ങനെ ആദ്യത്തെ കൃതിയിൽ കവി കൊച്ചുപിള്ളവാരിയരെ വന്ദിക്കുന്നതിനു പുറമെ

"വ്യക്തം ഹരിഗീതമന്ദിരേ വാഴുന്ന
മൽകുലദൈവതം സുബ്രഹ്മണ്യം
ഭക്തജനഹിതസന്താനപാദപം
ഭക്തിപുരസ്സരം വന്ദിക്കുന്നേൻ."

എന്ന വരികളിൽ അരിപ്പാട്ടു സുബ്രഹ്മണ്യനേയും

"ദീനാനുകമ്പിയെന്നന്നദാതാ വഞ്ചി–
വാനോർപതിയെയും വന്ദിക്കുന്നേൻ"

എന്ന ഈരടിയിൽ തിരുവിതാംകൂർ മഹാരാജാവിനേയും സ്തുതിക്കുന്നു.

## അരിപ്പാട്ടു രാമവാരിയർ (993–1030)

## ചരിത്രം

അരിപ്പാട്ടു ചെമ്പകശ്ശേരി എന്ന പേരിൽ മറ്റൊരു വാരിയമുള്ളതായി പ്രസ്താവിച്ചുവല്ലോ. ചെമ്പകശ്ശേരിവാരിയന്മാരുടെ മൂലകുടുംബം കുടമാളൂരിനു സമീപമുള്ള ആർപ്പൂക്കരെയാണ്. അവിടെയും ഒരു സുബ്രഹ്മണ്യക്ഷേത്രമുണ്ട്. ആ വാരിയത്തിൽ പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ശങ്കരവാരിയർ എന്നൊരു പണ്ഡിതൻ ജീവിച്ചിരുന്നു. അദ്ദേഹം കാര്യവശാൽ ചുനക്കരയ്ക്കും അവിടെനിന്ന് അരിപ്പാട്ടേയ്ക്കും പോന്നു കൊച്ചുപിള്ളവാരിയരുടെ സഹോദരിയെ വിവാഹംചെയ്തു ചെമ്പകശ്ശേരിവാരിയം പണിയിച്ചു. ആ ദാമ്പത്യബന്ധത്തിൽ ജനിച്ച കൃഷ്ണവാരിയർ തിരുവിതാംകൂറിൽ ഒരു മുൻസിപ്പായി. അദ്ദേഹത്തിനു ജ്യോതിഷത്തിൽ നല്ല പാണ്ഡിത്യമുണ്ടായിരുന്നു. കൃഷ്ണവാരിയരുടെ ജനനാനന്തരം അധികം താമസിയാതെ ശങ്കരവാരിയർ അന്തരിക്കുകയാൽ അദ്ദേഹത്തിന്റെ യുവതിയായ വിധവ ഹരിപ്പാട്ടു ക്ഷേത്രത്തിൽ മേൽശാന്തിയായിരുന്ന മാച്ചിപ്പുറത്തു പോറ്റിയുടെ പത്നിയായി. അവരുടെ സന്താനമായി രാമവാരിയർ 993-ാമാണ്ടിടയ്ക്കു ജനിച്ചു. സംസ്കൃതത്തിൽ ബാല്യത്തിൽത്തന്നെ ഉറച്ച ജ്ഞാനം സമ്പാദിച്ച അദ്ദേഹം തിരുവനന്തപുരത്തു സ്വാതിതിരുനാൾ മഹാരാജാവിന്റെ പ്രോത്സാഹനത്തിൽ ഉത്രംതിരുനാൾ ഇളയതമ്പുരാന്റെ അമ്മച്ചിയേയും മക്കളേയും സംസ്കൃതം പഠിപ്പിച്ചുകൊണ്ടു താമസിച്ചു. 38-ാമത്തെ വയസ്സിൽ 1031-ാമാണ്ടിടയ്ക്ക് അവിടെവെച്ചു തന്നെ മരിക്കുകയും ചെയ്തു. അദ്ദേഹം അവിവാഹിതനായിരുന്നു.

## ഇന്ദുമതീസ്വയംവരം ആട്ടക്കഥ

രാമവാരിയരുടെ കൃതിയായി ഇന്ദുമതീസ്വയംവരം ആട്ടക്കഥ മാത്രമേ കിട്ടീട്ടുള്ളു. അതിലെ കവനകുശലത തരക്കേടില്ല; കഥയ്ക്കു പ്രചാരമില്ലാതെ പോയതിനുള്ള പ്രധാനകാരണം ഇതിവൃത്തത്തിന്റെ ശുഷ്കതയാണ്. ആ നിബന്ധത്തിലെ “പൂർണ്ണചന്ദ്രവദനേ” എന്ന ശൃങ്ഗാരപ്പദത്തിനു മുൻപുള്ള

> “ദിഷ്ട്യേസ്മിൻ പരപുഷ്ടസൃഷ്ടമധുരോദ്ഘുഷ്ടേസുധാംശുപ്രഭാ–
> പൃഷ്ടേ തുഷ്ടിദചൂതയഷ്ടിമധുവൃഷ്ട്യാമോദിതോദ്യാനകേ
> ദൃഷ്ട്വാ സ്വേഷ്ടതമാം ഹി സൃഷ്ടമദനാവിഷ്ടാന്തരംഗഃ പ്രിയാം
> ഹൃഷ്ടോസൗ ശുഭഗാമഭീഷ്ടകുശലാം സ്പഷ്ടം സമാചഷ്ട താം”

എന്ന ശ്ലോകം ഉത്രംതിരുനാൾ ഈളയതമ്പുരാൻ കേട്ടു ചെവിപൊത്തിക്കൊണ്ട് “ഇന്നു മതി വാരരേ” എന്നു കല്പിച്ചതായി ഐതിഹ്യവേദികൾ പറയുന്നു. എന്നാൽ “പൂർണ്ണചന്ദ്രവദനേ” എന്ന പദം ആ ന്യൂനത ഒട്ടൊന്നു പരിഹരിക്കുന്നതിന്നു പര്യാപ്തമായിരിക്കുന്നു

> “കാന്തേ നീ വസന്തദ്യുതികൊണ്ടു ചന്തമെഴും തരുതതി പൂത്തു
> ഹന്ത! തളിർത്തു വിഭാതി കാൺക സ്വാന്തം തെളിഞ്ഞു സുദതി!
> കാമിനിമാർകുലമോഹനേ! കാപി പികാംഗന ശോഭനേ!
> നന്മധുവുണ്ടിഹ കാനനേ നലമൊടു രമയതി കാന്തനെ
> ബന്ധുരതരമദമന്ഥരതരസിന്ധുരഭംഗിതരംഗിതഗമനേ.
>
> (പൂർണ്ണ)

ഇന്നു മാന്താർശരൻ കോപം പാരമാർന്നുടനയേ സാടോപം.
നന്നായ് വലിച്ചു പൂഞ്ചാപം മമ തന്നിടുന്നു പരിതാപം
മന്ദരഗിരിരുചിചോരണം മലയജപങ്കവിഭൂഷണം
കുന്ദശരാർത്തിനിവാരണം കുളുർമുല തന്നുടനിക്ഷണം
മങ്ഗലരുപിണി തിങ്ങിന കുതുകാൽ ഭങ്ഗ്യാ കുരു നീ
മലർബാണരണം."

ഇവ ആ പദ്യത്തിലെ രണ്ടു ചരണങ്ങളാണ്.

"ഇത്ഥം കാന്താം യഥാകാലം ലാളയൻ കേളിഭേദതഃ
സ്വാനുരൂപം സുതം ലബ്ധ്വാ രാജാഭൂദ് ഭൂരിമംഗലഃ"

എന്ന ശ്ലോകത്തോടുകൂടി പ്രബന്ധം അവസാനിക്കുന്നു. ഇന്ദുമതിയുടെ ദേഹവിയോഗവും മറ്റും പ്രകൃതത്തിന് അനുചിതമാകയാൽ കവി വർണ്ണിക്കുന്നില്ല.

അനേകം അവസരങ്ങളിൽ കൊട്ടാരത്തിലെ ഓരോ സംഭവത്തെ വിവരിച്ചു രാമവാരിയർ പദ്യങ്ങൾ രചിച്ചിട്ടുണ്ട്. 1020 മേടം 18-ആംനു- ഉത്രംതിരുനാൾ മഹാരാജാവു കന്യാകുമാരിക്കു പോയി. ഇടവം 21-ആംനു- തിരുവനന്തപുരത്തു തിരിയെ എഴുന്നള്ളി. ആ യാത്രയെക്കുറിച്ച് അനേകം ശ്ലോകങ്ങൾ അദ്ദേഹം രചിച്ചിട്ടുള്ളതിൽ ഒന്നുരണ്ടെണ്ണം അടിയിൽ ചേർക്കുന്നു.

"ദുർഗ്ഗാധീശേ നിധാതും ഗജമുഖപദാ–
സഞ്ചയം സഞ്ചിനു ദ്രാ–
ഗിത്ഥം സാജ്ഞാകരോക്ത്യാ ചലതി ഗജമുഖേ
നന്ദനേ വത്സലത്വാൽ
മൈവം വത്സ! ഭ്രമോയം ത്വിതി സരസഗിരാ
സാന്ത്വമാപാദയന്തം
തം കാന്തം ഹൈമവത്യാ നരപതിരഭജ–
ദ്ദൃ പ്യദീപം സമർപ്പ്യ."
"ശാസ്ത്രാഭ്യാസാദിഹീനോ നൃപതിലകചരി–
ത്രാദികം വർണ്ണയൻ കോ
വിദ്യാവൃദ്ധാതിഹൃദ്യേ സുകൃതിമതിഭവൽ–
സന്നിധൗ മോദകാരീ?
ഏവം ഭാവേ മമൈഷ ശ്രമ ഇഹ വിഫല–
സ്സ്യാന്നഹീത്ഥം വിശങ്കാ
പൂർവം വിഷ്ണോഃ കുചേലപ്രണിഹിതപൃഥുകോ–
പ്യാദദൗ പൂർണ്ണമോദം."

## അമ്പാടി കുഞ്ഞുകൃഷ്ണപ്പൊതുവാൾ (987—1056)

### ചരിത്രം—ബാല്യകാലം

അമ്പാടി കുഞ്ഞുകൃഷ്ണപ്പൊതുവാൾ 987-ാമാണ്ട് മകരമാസത്തിൽ തൃശ്ശൂരിൽ അമ്പാടി എന്ന പ്രസിദ്ധമായ തറവാട്ടിൽ ജനിച്ചു. ആ തറവാട്ടുകാർക്കു സ്ഥലത്തെ വടക്കുന്നാഥക്ഷേത്രത്തിൽ കഴകവൃത്തി ഉണ്ടായിരുന്നതിനുപുറമെ ചാലക്കുടിക്കുസമീപം മൂഴിക്കുളത്തും ചേർത്തലത്താലൂക്കിൽ തുറവൂരും വസ്തുവകകളും മറ്റും ഉണ്ടായിരുന്നു.

ആ കുടുംബത്തിലെ കൃഷ്ണപ്പുതുവാൾ എന്നൊരു പൂർവ്വപുരുഷൻ ധർമ്മരാജാവിന്റെ കാലത്തു തിരുവിതാംകൂറിൽ ഒരു കാര്യക്കാരായി പണിനോക്കിയിരുന്നതായും അദ്ദേഹത്തിൽ പ്രീതനായ മഹാരാജാവു തൃശ്ശൂരിൽ ഒരു വലിയ ഭവനം പണിയിച്ചു കൊടുത്തതായും ഐതിഹ്യമുണ്ട്. കുഞ്ഞുകൃഷ്ണപ്പുതുവാൾ ബാല്യത്തിൽ പാരമ്പര്യമനുസരിച്ചു കുലവൃത്തിയിൽ ഏർപ്പെട്ടു. അതോടുകൂടിത്തന്നെ അക്കാലത്തെ ഒരു വലിയ സംസ്കൃതപണ്ഡിതനായിരുന്ന തൃശ്ശൂർ താഴയ്ക്കാട്ടു ചെറിയ നാരയണപ്പുതുവാളോടു സംസ്കൃതം അഭ്യസിച്ചു. താഴയ്ക്കാട്ടുകുടുംബത്തിൽ അതിനുമുൻപു വലിയ ശങ്കരപ്പുതുവാൾ, ചെറിയ ശങ്കരപ്പുതുവാൾ, വലിയ നാരായണപ്പുതുവാൾ (നാണു) എന്നീ പേരുകളിൽ ചില വിദ്വന്മണികൾ ഉണ്ടായിട്ടുണ്ട്. ചെറിയ നാരായണപ്പുതുവാൾ തോന്നിക്കൽ കുഞ്ഞിട്ടി രാഘവൻനമ്പിയാരുടെ ശിഷ്യനായിരുന്നു. നമ്മുടെ കവി, നാരായണപ്പുതുവാളിൽനിന്നു ശാസ്ത്രമൊന്നും അഭ്യസിച്ചില്ലെങ്കിലും സംസ്കൃതത്തിൽ ബുദ്ധിയുടെ തീക്ഷ്ണതകൊണ്ടു ലോകവ്യുൽപത്തി വേഗത്തിൽ സ്വാധീനമാക്കി. തന്റെ ഗുരുനാഥന്റെ മാഹാത്മ്യത്തെപ്പറ്റി അദ്ദേഹം വ്യാസോൽപത്തി തുള്ളലിൽ താഴെക്കാണുന്നപ്രകാരം വർണ്ണിച്ചിരിക്കുന്നു.

> “അൻപതുമൊന്നുമുള്ളക്ഷരത്തെ നാവി–
> ലൻപോടെഴുതീട്ടു മുന്നം മണലിന്റെ
> മുൻപിൽ പരിശ്രമിപ്പിച്ചോരു ദേശിക–
> ത്തമ്പുരാൻ നാരായണാഖ്യൻ ദയാപരൻ
> ഗംഭീരചിത്തൻ മൃദുസ്മേരമുഗ്ധവ–
> ക്ത്രാംഭോരുഹൻ ശബ്ദശാസ്ത്രേ വിചക്ഷണൻ
> അംഭഃപ്രവാഹത്തെ വെല്ലുമാറുള്ള വാ–
> ഗ്ഗുംഭപ്രഭാവമുടയദേഹൻ മഹ–
> ത്സംഭാവനീയൻ സരസ്വതീകാരുണ്യ–
> സമ്പത്സുധാസാരസംപൂർണ്ണഭാജനം.
> വൻപെഴും വിദ്വജ്ജനങ്ങളിൽ വച്ചോരു
> മുൻപുണ്ടു മൽഗുരുഭൂതനെല്ലാറ്റിലും.
> നാടകാലങ്കാരകാവ്യപ്രഭാവങ്ങ–
> ളൂടേ പറഞ്ഞു പഠിപ്പിച്ചു വിദ്യയും
> പാഠകംചെയ്യിക്കുവാൻ വിശേഷിച്ചൊരു
> പാടവമുണ്ടന്നതും ലോകസമ്മതം.
> ബുദ്ധിച്ചുരുക്കം ഭവിച്ചവനെങ്കിലും
> വർദ്ധിച്ച മാന്ദ്യമുൾക്കൊണ്ടവനെങ്കിലും
> സിദ്ധമായ്ച്ചൊല്ലാമചേതനത്വേനൈവ
> കൊത്തിവച്ചുള്ള മരപ്പാവയെങ്കിലും
> അധ്യാപനേ താനൊരുമ്പെട്ടുവെങ്കിലൊ–
> രധ്വാനമേതുമേ കൂടാതെ നാലഞ്ചു
> സ്വാധ്യായമങ്ങനെ ചൊല്ലുംവിധൗ ചിത്ത–
> ശുദ്ധ്യാ ഭവിക്കും വിശേഷേണ ശിഷ്യരും.
> ആചാര്യവൈഭവം മറ്റെന്തിതിൽ പരം?
> നീചാല്പബുദ്ധികളെക്കൂടെ വിദ്യയാ
> വാചസ്പതിയോടു തുല്യരാക്കുമെന്നു
> വാചാ പറഞ്ഞാലതു പോരുമല്ലയോ?

കാണാദശാസ്ത്രവും കൗമുദീഗ്രന്ഥവും
കാണാതെചൊല്വാൻ തടവും തനിക്കില്ല.
ക്ഷോണീസുരന്മാരിലുള്ള വണക്കവും
കാണികൾ മറ്റോരിലുള്ളോരിണക്കവും
പ്രാണിപ്രപഞ്ചങ്ങളിലെക്കരുണയും
പ്രാണാവസാനപര്യന്തം കുറവില്ല.
ഏണാങ്കചൂഡലെബ്ഭക്തിശുദ്ധിയും
ക്ഷീണം ഭവിക്കാത്ത നൽബുദ്ധിശക്തിയും
താണ നിലയും തനിച്ചോരു വിദ്യയും
കാണാൻ പ്രയാസമൊരാളെയേവംവിധം."

## ആദ്യത്തെ കവിത

ഭാഷയുടെ ലാളിത്യം ഫലിതത്തിന്റെ സമൃദ്ധി എന്നിവയാണ് പുതുവാളുടെ കാവ്യശൈലിക്കുള്ള മുഖ്യഗുണങ്ങൾ. കൊടുങ്ങല്ലൂർ താമസിക്കുകയുണ്ടായിട്ടില്ല എങ്കിലും വെണ്മണി അച്ഛന്റേയും പൂന്തോട്ടത്തിന്റേയും കവനസംപ്രദായംതന്നെയാണ് അദ്ദേഹത്തിലും വേരൂന്നി വികസിച്ചത്. ആ വികാസം ആദ്യകാലത്തു കദംബകോരകന്യായേന സംഭവിച്ചതായിരുന്നു എങ്കിലും പിൽക്കാലത്ത് ആ ഭാഷാകവിപുംഗവന്മാർ ചില അവസരങ്ങളിലെല്ലാം ഒന്നിച്ചു കൂടി സാഹിത്യവിനോദങ്ങളിൽ ഏർപ്പെടുക ഉണ്ടായിട്ടുണ്ട്.

പുതുവാളിനു പത്തുപന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ള കാലത്തു തേച്ചുകുളിക്കന്നതിന് എണ്ണയെടുത്തുകൊടുക്കുവാൻ തന്റെ ചിറ്റമ്മയോട് ആവശ്യപ്പെടുകയും ആ ബാലന്റെ മരുമകളായ ഒരു കുഞ്ഞിനെ ഉറക്കുവാൻ സാധിക്കാതെ ക്ലേശിച്ചു കൊണ്ടിരുന്ന ചിറ്റമ്മ കുട്ടിയെ ഉറക്കാമെങ്കിൽ എണ്ണയെടുത്തു കൊടുക്കാമെന്നു പറയുകയും ചെയ്തു. ഉടൻതന്നെ ആ പൈതലിനെ കൈയിൽ വാങ്ങി ഒരു താലോലംപാട്ടുണ്ടാക്കി പാടി. അതാണ് ആ വാസനാകവിയുടെ ആദ്യത്തെ വാങ്മയം.

"കുഞ്ചിയെടുത്തു പാരം കൊഞ്ചിക്കളിപ്പിക്കുമ്പോ
ളിഞ്ചികടിച്ചു കാവു കരയുന്നെന്തേ?
അമ്മയുമിങ്ങു വന്നെന്നമ്മിണിക്കുട്ടിക്കു ന–
ല്ലമ്മിഞ്ഞ തന്നു 'വാവാ' ഉറക്കും പിന്നെ.

കുഞ്ഞിക്കൈകൊണ്ടു നല്ലോരമ്മിഞ്ഞ താങ്ങിക്കൊണ്ടു
കുഞ്ഞേ! നീ കുടുകുടെക്കുടിച്ചുകൊൾക.
അച്ഛനുമിങ്ങു വന്നെൻകൊച്ചിനെയെടുത്തിട്ട–
ങ്ങുച്ചത്തിൽപ്പാടിപ്പാടിക്കളിപ്പിച്ചീടും."

കല്ലൂർ നമ്പൂരിപ്പാട്ട് 1010-ാമാണ്ടാണല്ലോ മരിച്ചത്. ആ കാലത്തോടടുപ്പിച്ച് അദ്ദേഹത്തിന്റെ ആവശ്യം പ്രമാണിച്ചു ചങ്ങണംകുന്നിൽ ഭഗവതിയെപ്പറ്റി എഴുതിയ ഒരു വന്ദനശ്ലോകമാണ് താഴെ ചേർക്കുന്നത്.

"രാരാജദ്ഘനരാജിമേദുരകചാ ഹാരാങ്കഹീരാംകുര–
സ്ഫാരോത്തുംഗകുചാനതാംഗലതികാ, ശ്രീചങ്ങണാദ്യാലയാ,
ആരാതീയപരേതരാജപുരുഹൂതാരാതിപാരമ്പരീ–

കാരാഗാരകഠോരധാരശരചാപാസ്ത്താം പുരസ്താദ്ദമാ."

## പുതുവാൾ തിരുവനന്തപുരത്ത്

സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് നാടുനീങ്ങുന്നതിന് അല്പകാലം മുമ്പായി പുതുവാൾ തിരുവനന്തപുരത്തു ചെന്ന് അവിടത്തെ മുഖം കാണിക്കുകയും അദ്ദേഹത്തിന്റെ കുടുംബകഥ അറിവുണ്ടായിരുന്ന ആ മഹാനുഭാവൻ കവിയെ യഥോചിതം സൽക്കരിക്കുകയും ചെയ്തു. ഒരിക്കൽ മഹാരാജാവു സവാരിക്കെഴുന്നെള്ളിയ അവസരത്തിൽ ഏതോ ഒരു ചുവരിൽ "അദ്രിക്കിൽനിന്നറവലേ മുറയിട്ടിടുന്നു" എന്നൊരു ശ്ലോകപാദം ആരോ എഴുതിവച്ചിരുന്നതു കണ്ടു തിരിയെ എഴുന്നള്ളിയപ്പോൾ പുതുവാളോട് അതൊരു സമസ്യയായി പരിഗണിച്ചു പൂരിപ്പിക്കുവാൻ ആജ്ഞാപിച്ചു. പുതുവാൾ അത് അടിയിൽ കാണുന്നവിധത്തിൽ പൂരിപ്പിക്കുകയും തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന് ഒരു വീരശൃംഖല സമ്മാനിക്കുകയും ചെയ്തു.

"മുക്കാലു വാണിയുമകത്തൊരു കാൽ പുറത്തും
ദുഷ്കാലവൈഭവവശാലൊരു ഭിത്തിമാതാ
പദ്യക്കിടാവിനെയഹോ മുഴുവൻ പെറാഞ്ഞി–
ട്ടദ്രിക്കിൽനിന്നറവലേ മുറയിട്ടിടുന്നു."

അതിനെ പുതുവാളുടെ കുടുംബക്കാർ ഇന്നും വീരശൃംഖലാ ശ്ലോകം എന്നു സാഭിമാനം സ്മരിക്കുന്നുണ്ട്. 1022-ൽ സ്വാതിതിരുനാളുടെ കാലാനന്തരം ഉത്രംതിരുനാൾക്കു മൂപ്പുകിട്ടിയപ്പോൾ നമ്മുടെ കവി "പട്ടാഭിഷേകം" എന്നൊരു തുള്ളലുണ്ടാക്കി തിരുമുമ്പിൽ പാടിക്കേൾപ്പിക്കുകയും അതിൽ ജ്യേഷ്ഠന്റെ സ്വർഗ്ഗാരോഹണം വർണ്ണിക്കുന്ന ഘട്ടം കേട്ടു മഹാരാജാവു കണ്ണുനീർ വാർക്കുകയും ചെയ്തുവത്രേ. പ്രസ്തുത കൃതി കണ്ടുകിട്ടീട്ടില്ല. ആ തമ്പുരാന്റെ കല്പനയനുസരിച്ചാണ് (1) കൃഷ്ണാവതാരം, (2) കാളിയമർദ്ദനം, (3) കേശിവധം എന്നീ ആട്ടക്കഥകൾ രചിച്ചത്. 1034-ാമാണ്ടു ആയില്യംതിരുനാൾ സിംഹാസനാരോഹണം ചെയ്യുന്നതുവരെ പുതുവാൾ കൂടെക്കൂടെ തിരുവനന്തപുരത്തായിരുന്നു താമസം. ഒരു സന്ദർഭത്തിൽ നാട്ടിലേയ്ക്കു പോയി മടങ്ങിവരാൻ താമസിച്ചതിനാൽ അദ്ദേഹത്തിനു വലിയ കൊട്ടാരത്തിൽ പതിച്ചിരുന്ന ആഴ്ചമുറയെണ്ണ അധികൃതന്മാർ നിറുത്തിക്കളഞ്ഞു. അതിനെപ്പറ്റി മഹാരാജാവിനോടു സങ്കടമുണർത്തിക്കുവാൻ ആയുധശാലയിൽ എഴുന്നള്ളിയ അവസരത്തിൽ അദ്ദേഹത്തിന് ഒരു നല്ല സന്ദർഭം കിട്ടുകയും അത് അദ്ദേഹം താഴെക്കാണുന്ന ശ്ലോകങ്ങൾ സമർപ്പിക്കുവാൻ ഉപയോഗപ്പെടുത്തുകയും ചെയ്തു.

"ഉലകീശ വിഭോ! ഭവൽകൃപാണീ–
പതഗാദ്യായുധജാലശാലതന്നിൽ
പല ഹേതികൾ മൂർച്ചകൂട്ടിയിട്ടീ
സ്ഥലമോരോന്നിലിരിപ്പതേഷ കണ്ടേൻ.

ഒരു വാളതിലുണ്ടു പുത്തനായ–
ക്കരവാളത്തിലഹോ! തുരുമ്പു കേറി
ചില ദിക്കു ദ്രവിച്ചിടുന്നു രാജൻ!
പലനാളായി മെഴുക്കിടായ്കമൂലം."

ആയില്യംതിരുനാൾ മഹാരാജാവിനെ ഒരിയ്ക്കൽ മുഖം കാണിച്ചപ്പോൾ "കുഞ്ഞുകൃഷ്ണനെ കണ്ടിട്ടു കാലം കുറച്ചായല്ലോ" എന്നു് അവിടുന്നു് കല്പിച്ചു. അപ്പോൾ ഉണ്ടാക്കി ചൊല്ലിയതാണു് ചുവടേ കുറിക്കുന്ന ശ്ലോകങ്ങൾ.

"കഞ്ജത്താരമ്പനെച്ചുട്ടൊരു പരമപുമാൻ
  തമ്പുരാനാണ സത്യം
നെഞ്ചത്തെച്ചോറിറങ്ങാ കിനവിലുമടിയൻ
  ത്വൽപദാബ്ജം മറന്നാൽ
പഞ്ഞപ്പെട്ടങ്ങുമിങ്ങും പടുതരമുഴലും
  ഭാഗ്യഹീനർക്കു മുമ്പാം
കുഞ്ഞിക്കൃഷ്ണൻകുടുംബത്തിനു ഗതി ഭവദാ–
  രാധനം പണ്ടുപണ്ടേ.

കായില്ലാമരമെന്നപോലെ മരുവും മറ്റുള്ള ഭൂപാലരെ–
പ്പോയല്ലോ പഴതേയണഞ്ഞുമരുവുന്നാഹന്ത! ദേഹാവധി
ആയില്യംതിരുനാളിൽവന്നവതരിച്ചുള്ളോരു കൽപദ്രുമ–
ത്തയ്യല്ലോ വളരുന്നു വഞ്ചിധരണൗ വാഞ്ഛിച്ചതേകീടുവാൻ."

പുതുവാൾ ഏറെനാൾ താമസിയാതെ തന്റെ താമസം മൂഴിക്കുളത്തേയ്ക്കു മാറ്റി. അവിടെ തേക്കിൻകാട്ട് എന്നൊരു വീട്ടിലായിരുന്നു അദ്ദേഹത്തിനു സംബന്ധം. അവിടെവെച്ചു പല വിഷയങ്ങളിലും അദ്ദേഹത്തിന്റെ ഫലിതസാഹിത്യം നിരങ്കുശമായി വ്യാപിച്ചുകൊണ്ടിരുന്നു. ഒരിക്കൽ സ്വയം കവിതക്കാരിയെന്നു് അഭിമാനിച്ചുവന്ന ഒരു സ്ത്രീ താനുണ്ടാക്കിയ ഒരു ശ്ലോകം അദ്ദേഹത്തെ കാണിച്ച് അതിനു തനിക്ക് രണ്ട് ഓണപ്പുടവ ആരെങ്കിലും തരേണ്ടതാണെന്നു വാദിച്ചു. അതു കേട്ടു പുതുവാൾ മുഖം നോക്കാതെ

"തരുണീമണി മേലിലിത്തരം കൊ–
ള്ളരുതാതുള്ളവ തീർത്തുകൊണ്ടിരുന്നാൽ
മുറിമുണ്ടുകളല്ല, നല്ല വേലി–
ത്തറികൊണ്ടൊന്നു തരും തരം വരുമ്പോൾ."

എന്നു തട്ടിവിട്ടു് ആ പാവത്തെ ക്ഷീണസത്വയാക്കി മടക്കി അയച്ചു. പിന്നെയൊരിക്കൽ ഒരു നമ്പൂരി "വനിതാരത്നമേ യത്നമായി" എന്നു് ഒരു സമസ്യ താൻ മുൻപു കൊടുത്തിരുന്നതു പൂരിപ്പിക്കാത്തതിനു പുതുവാളോട്ട് അൽപം രസക്ഷയം പ്രകടിപ്പിച്ചു. ആ നമ്പൂരിക്ക് അടുത്തുള്ള ഒരു ചാക്കിയാർ ഭവനത്തിലായിരുന്നു സംബന്ധം. അപ്പോൾ അദ്ദേഹം അമ്പലക്കിണറ്റിൽനിന്നു വെള്ളം കോരി താൻ തന്നെ കുടവും ചുമന്നുകൊണ്ടു ഭാര്യാഗൃഹത്തിലേയ്ക്കു പോകുകയുമായിരുന്നു. അതു കണ്ടിട്ടു പുതുവാൾ ആ സമസ്യ ഇങ്ങനെ പൂരിപ്പിച്ചു കേൾപ്പിച്ചു.

"അത്യാവേശംനിമിത്തം ഭവതിയോടൊരുമി–
  ച്ചത്ര ഞാൻ പോന്നുവന്നി–
ക്കൃത്യാകൃത്യേ ഭയം തീർന്നിരവുപകൽ കഴി–
  ക്കുന്നുവെന്നാകിലും കേൾ
ഭൃത്യന്മാരെന്നപോലെ പലരുമറിയുമാ–
  റമ്പലത്തീന്നിവണ്ണം
നിത്യം വെള്ളം ചുമക്കുന്നതിനിഹ വനിതാ–

രത്നമേ! യത്നമായി.”

വേറൊരു നമ്പൂരി തന്റെ ഭാര്യയുടെ വാക്കു കേട്ടു പുഴവക്കത്തുള്ള ചന്തിരപ്പുരച്ചുവരിൽ പുതുവാളെ അധിക്ഷേപിച്ച്

“അമ്പാടിയെന്നു പറയുന്നൊരു പത്തനത്തിൽ
ഡംഭേറെയുള്ളൊരു നിവാസിയതായ കൃഷ്ണൻ
വമ്പേറെയുള്ള ധരണീസുരനോടു തോറ്റി–
ങ്ങമ്പോടു പോന്നു മരുവുന്നിതു കാടുതന്നിൽ.”

എന്നൊരു നാല്ക്കാലി കരികൊണ്ടു വരച്ചുവച്ചു. പുതുവാൾ അതുകണ്ട് അരിശം സഹിക്കാതെ അദ്ദേഹത്തേയും ഭാര്യയേയും പറ്റി അനേകം ശ്ലോകങ്ങൾ പ്രത്യുത്തരരൂപത്തിൽ അയച്ചുകൊടുത്തു. അവയിൽ ഓരോന്നു താഴെ ചേർക്കുന്നു.

“യന്ത്രപ്പണിത്തരവശേന മറഞ്ഞുനിന്ന–
ച്ചന്ത്രപ്പുരച്ചുവരു തന്റെ ദുപാശിയാക്കി
മന്ത്രപ്പയറ്റുകളിൽ നില്ക്കിനിയെട്ടുപത്തു
പന്ത്രണ്ടു നാളിനകമങ്ങറിയിച്ചുവയ്ക്കാം.

ഒരുത്തനുണ്ടാം പ്രിയമെന്നുവെച്ചി–
ട്ടൊരുത്തനെക്കൊണ്ടു ദുഷിക്കൊലാ നീ
തരത്തിലേ നല്ല പണിത്തരം കേ–
ളൊരുത്തി നീ; മറ്റതൊരുത്തനാണ്.”

1040-ാമാണ്ടിനു മുൻപ് ഒരിക്കൽ കൊടുങ്ങല്ലൂർക്കോവിലകത്തു പോയിരുന്നപ്പോൾ പൂന്തോട്ടത്തു നമ്പൂരി അർത്ഥമില്ലാത്ത ഒരു സംസ്കൃതശ്ലോകം ശബ്ദാഡംബരത്തോടുകൂടി ഉണ്ടാക്കി “കുഞ്ഞുകൃഷ്ണാ! ഈ പഴയ ശ്ലോകത്തിന്റെ അർത്ഥം മനസ്സിലായോ?” എന്നു ചോദിച്ചു.“ഒരിക്കൽക്കൂടി കേൾക്കട്ടെ” എന്നായി പുതുവാൾ. വീണ്ടും ചൊല്ലിയപ്പോൾ മനസ്സിലായി എന്നു പറഞ്ഞു. എന്താ മനസ്സിലായതെന്നു പൂന്തോട്ടവും അടുത്തുണ്ടായിരുന്ന വെണ്മണി അച്ഛനും വീണ്ടും ചോദിച്ചതിന് “അർത്ഥമില്ലെന്നുതന്നെ” എന്നായിരുന്നു ലക്ഷണജ്ഞനല്ലെങ്കിലും ലക്ഷ്യജ്ഞനായ പുതുവാളുടെ മറുപടി.

മൂഴിക്കുളത്തെ ഒരു മാരാർസ്ത്രീയെപ്പറ്റി മാരാവാഹനം എന്നൊരു ദുഷ്കവിതയും പുതുവാൾ നിർമ്മിച്ചു. അതൊരു ശീതങ്കൻതുള്ളലാണ്. പുതുവാളുടെ ഏതോ ഒരു പാട്ടിൽ സംഗീതവിദൂഷിയായിരുന്ന ആ സ്ത്രീ വൈകല്യമുണ്ടെന്നു പറഞ്ഞതാണ് കലഹത്തിന്റെ കാരണം

“ശ്രീഹംസയാനാലയേ വിളങ്ങീടുന്ന
ശ്രീഹംസരാജാഗ്നിനേത്രൻ പുരാന്തകൻ
മോഹം സഫലമാക്കീടുവാനായർദ്ധ–
ദേഹം സഹചരിക്കേകിയ തമ്പുരാൻ

നാഹം സമർത്ഥനെന്നാലുമതിന്നു നി–
ർവാഹം ഭഗവാനുളവാക്കുമെന്നൊരു
മോഹം മനസ്സിൽ ജനിക്കകൊണ്ടിത്തുള്ള–
ലാഹന്ത! കെട്ടിച്ചമയ്ക്കാൻ തുടങ്ങുന്നു.”

എന്നിങ്ങനെയാണ് ആ കൃതി ആരംഭിക്കുന്നതു്. ഇതെല്ലാം തികഞ്ഞ കന്നത്തമാണെങ്കിലും അന്നത്തെ സ്ഥിതിക്കു് അത്ര ഗർഹ്യമായി സാഹിത്യരസികന്മാർ കരുതിയിരുന്നില്ല.

ശങ്കരവാരിയർ ദിവാൻജിയുടെ കാലത്തു് ഇരിങ്ങാലക്കുട വാരിയന്മാരെല്ലാവരുംകൂടി പുതുവാളന്മാർക്കു് അമ്പലവാസികളോടൊന്നിച്ചു ക്ഷേത്രസദ്യയ്ക്കു് ഇലവയ്ക്കുവാൻ പാടില്ലെന്നു ശഠിച്ചു. അതു കീഴ്മര്യാദയ്ക്കു വിപരീതമായിരുന്നതിനാൽ പുതുവാൾ ദിവാൻജിക്കു പദ്യത്തിൽ ഒരു ഹർജി എഴുതി സമർപ്പിച്ചു് തന്റെ വർഗ്ഗത്തിൽപ്പെട്ടവർക്കു് ആ ക്ഷേത്രത്തിലെ അമ്പലവാസിസ്സദ്യയിൽ ഒന്നാമതായി ഇലവയ്ക്കേണ്ടതാണെന്നു് ഉത്തരവു വാങ്ങിച്ചു. താഴയ്ക്കാട്ടു പഠിച്ചിരുന്ന കാലത്തു് അദ്ദേഹത്തിന്റെ സതീർത്ഥ്യരായിരുന്നു ശങ്കരവാര്യരുടെ പുത്രന്മാരും പിന്നീടു കൊച്ചിയിലെ ദിവാൻജിമാരുമായ തോട്ടയ്ക്കാട്ടു ശങ്കുണ്ണിമേനോനും ഗോവിന്ദമേനോനും. ആ ഹർജ്ജിയിലെ ഒരു ശ്ലോകം അടിയിൽ ചേർക്കുന്നു.

“പണ്ടേ മാമൂലമായിപ്പലരുമൊരുമചേ–
ർന്നുണ്ടുപോരുന്ന കാര്യം
കൊണ്ടേതാനും ചിലർക്കീയിട രുചി കുറവായ്–
ച്ചെന്നു കോയിമ്മകേറി
പണ്ടാരക്കാരിയസ്ഥപ്രവരപരിസരേ
കേട്ടതിൽക്കോട്ടമസ്മൽ–
പ്പണ്ടങ്ങൾക്കായിവന്നെന്നതുമിഹ വളരെ–
സ്സങ്കടം മന്ത്രിവര്യ!”

## അവസാനകാലം

1050-ാമാണ്ടിനുമേൽ മൂഴിക്കുളത്തുള്ള താമസം മതിയാക്കി പെരുവനത്തു ചിറ്റൂർ നമ്പൂരിപ്പാട്ടിലെ ആശ്രിതനായി പുതുവാൾ കുറേക്കാലം കഴിഞ്ഞുകൂടി. അവിടെ വച്ചു് ആ നമ്പൂരിപ്പാട്ടിലെ നിർദ്ദേശമനുസരിച്ചാണു് കംസവധം എന്ന നാലാമത്തെ ആട്ടക്കഥ രചിച്ചതു്. സംഗീതകുശലനായിരുന്ന അദ്ദേഹത്തിന്റെ ആട്ടക്കഥകളിൽ ഒന്നിനും പ്രചാരമില്ലാതെപോയതിനുള്ള കാരണം അവ വായിച്ചാലേ കണ്ടുപിടിക്കാൻ തരമുള്ളു. ആ കഥകൾ ഒന്നും സമഗ്രരൂപത്തിൽ കണ്ടുകിട്ടീട്ടില്ല. 1054-ാമാണ്ടോടുകൂടി തൃശ്ശൂർ കുടുംബഗൃഹത്തിലേയ്ക്കു തിരിച്ചുപോന്നു. അവിടെ വടക്കുന്നാഥക്ഷേത്രത്തിൽ ഒരു തിരുവാഭരണം കളവുപോയപ്പോൾ ക്ഷേത്രോപജീവികളുടെ അനുഭവത്തിനുള്ള ചോറു സർക്കാരിൽനിന്നു നിറുത്തി. കേസ്സന്വേഷിക്കുന്നതിനു വന്ന ഒരു പോലീസ്സുദ്യോഗസ്ഥന്റെ മുമ്പിൽ വയോധികനായ പുതുവാൾ അനന്തരവന്മാരുടെ സഹായത്തോടുകൂടി വന്നുചേർന്നു. അത്രയ്ക്കു ശരീരത്തിനു ക്ഷീണത എങ്ങനെ വന്നു എന്നു് ആ ഉദ്യോഗസ്ഥൻ ചോദിച്ചതിനു വിശപ്പു സഹിക്കുവാൻ പാടില്ലാഞ്ഞിട്ടാണെന്നു പറഞ്ഞുകൊണ്ടു താഴെക്കാണുന്ന ശ്ലോകങ്ങൾ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു.

“പോല്ലീസ്സിൽക്കാരിയക്കാരവരുടെ തിരു–
മുമ്പാകെ ചെന്നൊന്നു കണ്ടാൽ
വില്ലീസ്സിൻമാർദ്ദവംതേടുമൊരമൃതഗിരാ

ചിത്തരംഗം തണക്കം
വല്ലാതീച്ചടക്കുന്നതിനൊരു വഴി കാ–
ണാഞ്ഞു യുഷ്മൽപ്രദേശേ
മെല്ലെത്തപ്പിത്തടഞ്ഞിട്ടൊരുവിധമരിക–
ത്തെത്തിനേനാർത്തബന്ധോ!

ശിവനിർമ്മാല്യമാണസ്മൽഭവനപ്പൊറുതിക്കഹോ
കവനം ക്ഷുത്തടക്കുന്നീലവനംചെയ്യണേ ഭവാൻ.”

തൃശ്ശൂർ പൂരത്തിനു പാറമേക്കാവുകാരെ ദൂഷിച്ചു വെണ്മണി മഹൻനമ്പൂരി ഏതാനും ശ്ലോകങ്ങളെഴുതിയപ്പോൾ പാറമേക്കാവുകാരുടെ കക്ഷി പിടിച്ചു പൂതുവാൾ പത്തു ശ്ലോകങ്ങൾ അതിനു മറുപടിയായി “പാറമേക്കാവു തേതി” എന്ന കള്ളപ്പേരിൽ കുറിച്ച് അയച്ചുകൊടുത്തു. അതു പൂതുവാളാണെന്നു തീർച്ചയാക്കി വെണ്മണി ചീന്തി തീയിലിട്ടു. ഉടനേ ആ ശ്ലോകങ്ങൾതന്നെ വീണ്ടും പകർത്തി ചുവടേ ചേർക്കുന്ന ശ്ലോകത്തോടുകൂടി പൂതുവാൾ വീണ്ടും അദ്ദേഹത്തിനയച്ചു

“വായിച്ചീടാതെ കാവ്യാദികൾ പലപൊഴുതും
കോപി ദേവീപ്രസാദാ–
ലായീപോൽ പണ്ടു വിദ്വന്മണി; പുനരവന–
ത്രേ മഹാൻ കാളിദാസൻ;
ആയീ തൽകാലമിങ്ങുള്ളൊരു തരുണിയഹോ!
പാറമേൽക്കാവിലമ്മ–
സ്ഥായീലവ്വണ്ണമിപ്പോൾ വിദുഷി, കവിതയ–
ത്തേതിയാം കാളിദാസി.”

ഒരിക്കൽ ശങ്കുണ്ണിമേനോൻദിവാൻജിയെക്കണ്ടു പൂതുവാൾ പുതയ്ക്കുവാൻ ഒരു “പ്ലാൻ” വേണമെന്ന് അഭ്യർത്ഥിച്ചതു താഴെക്കാണുന്ന ശ്ലോകത്തിലായിരുന്നു.

“പുതപ്പാൻ പ്ലാനെന്നാലതിശയ, മതിന്നുണ്ടു വളരെ–
പ്പുതുപ്പം മെയ്ച്ചൂടും; മുഷികിലുമലക്കിച്ചുകളയാം;
അതിപ്പോൾച്ചിന്തിച്ചാലിതരജനമാളായിവരുമോ?
അതുൽപ്രേമത്തോടൊന്നുതകകിലതിപ്രീതിജനകം.”

പൂതുവാൾ രോഗം പിടിപെട്ടുകിടക്കുമ്പോൾ തൈക്കാട്ടു മൂസ്സതിന് ആവലാതിയായി കുറേ ശ്ലോകങ്ങൾ ഉണ്ടാക്കി അയച്ചതിൽ ഒന്ന് ഉദ്ധരിക്കാം.

“ദിക്കെട്ടെന്നല്ല പത്തും പുകഴിയ പഴ–
നെല്ലിപ്പുറത്തുജ്ജ്വലിക്കും
തൈക്കാട്ടെന്നാഖ്യ തേടീടിന ശുഭനിലയാ–
വാസി വൈദ്യാഗ്രഗണ്യൻ
മെയ്ക്കെട്ടും വ്യാധിജാഡ്യം നിഖിലമപനയി–
ച്ചീടുമെന്നോർത്തു പോന്നേൻ
ചക്കിട്ടത്തിൽത്തിരിച്ചിട്ടടിയനെ വലയി–
ച്ചീടൊലാജീവനാന്തം.”

1056 മകരമാസത്തിൽ സരസനായ ആ വാസനാകവി പരഗതിയെ പ്രാപിച്ചു.

## കൃതികൾ

കുഞ്ചുകൃഷ്ണപ്പുതുവാൾ (1) കൃഷ്ണാവതാരം, (2) കാളിയമർദ്ദനം, (3) കേശിവധം, (4) കംസവധം എന്നീ നാലാട്ടക്കഥകളും, (5) വ്യാസോൽപ്പത്തി, (6) മാരാവാഹനം (പത്തുവൃത്തം) എന്നീ തുള്ളലുകളും, (7) പാത്രചരിതം കൈകൊട്ടിക്കളിപ്പാട്ടും രചിച്ചിട്ടുണ്ട്. അവയ്ക്കുപുറമേ അനവധി ഒറ്റ ശ്ലോകങ്ങളും പാട്ടുകളും അദ്ദേഹം സന്ദർഭാനുസാരേണ നിർമ്മിച്ചതായി അറിയാം. അവയിൽ പാത്രചരിതംമാത്രമേ മുദ്രിതമായിട്ടുള്ളു. വ്യാസോൽപത്തിയേയും മാരാവാഹനത്തേയും കുറിച്ചു മുൻപു പറഞ്ഞുകഴിഞ്ഞു.

## ആട്ടക്കഥകളിൽനിന്നു ചില ഭാഗങ്ങൾ

താഴെക്കാണുന്ന വന്ദനശ്ലോകം ആദ്യകാലത്തെ മൂന്നാട്ടക്കഥകളിൽ ഏതോ ഒന്നിൽ ഉൾപ്പെട്ടതാണ്. അത് ഏതാണെന്നു നിശ്ചയമില്ല.

“ഭാസ്വദ്ബാലേന്ദുബിംബപ്രകടിതശിരസം
ഭസ്മരേഖാഭിരാമം
ഭാസ്വച്ഛീതാംശുവൈശ്വാനരനയനലസ–
ദ്വക്ത്രപങ്കേരുഹം തം
രുദ്രാണീമുദ്രിതാംശം മുനിജനവിനുതം
കാദ്രവേയാഞ്ചിതാംഗം
രുദ്രം ഭദ്രം സുഭദ്രാപതിശരവരദം
നൗമി ഭദ്രാദ്രിനാഥം.”

അടുത്തതായി ചേർക്കുന്നതു കംസവധത്തിൽനിന്ന് ഒരുശ്ലോകവും അതോടു ചേർന്ന പദത്തിലെ ഒരു ഭാഗവുമാണ്.

“തസ്മിൻ കാലേഥ ബാലാനിലദരവിദല–
ന്മല്ലികാമാലതീക–
പ്രോദ്യൽസൗരഭ്യപൂരാഞ്ചിതപരിലസിത–
സ്വീയഹർമ്മ്യേതിരമ്യേ
ആസീനോ ഭോജരാജഃ സ്മരശരവിവശോ
രാഗസിന്ധൗ നികാമം
മജ്ജൻ മജ്ജൻ സലജ്ജാനതമധുരമുഖീം
പ്രാഹ തൽപ്രേയസീം താം.”

“മതിബിംബമനോഹരവദനേ! മദവാരണമന്ഥരഗമനേ!
മദിരാക്ഷിജനാനതചരണേ!മദനാർത്തികഷായിതശരണേ!
വേണീനിചയേന മറച്ചയി! വാണിട്ടുന്നെന്തു മുഖാബ്ജം?
താണീടണമെന്നുടെ ദൃഷ്ടികൾ കേണീടണമെന്നു നിനച്ചോ?
കരികുംഭമൊടെതിർപൊരുതും നിൻ കുചകുംഭം മാറിലണച്ചു
പരിരംഭണമേകുവതിന്നായ് പരഭൃതമൊഴി!
വരികെന്നരികിൽ.”

## പാത്രചരിതം കൈകൊട്ടിക്കളിപ്പാട്ട്

“മാർത്താണ്ഡനന്ദന! കർണ്ണ! സഖേ! പാര–

മാർത്തന്മാരായിപോൽ പാണ്ഡവന്മാർ.
ഏകച്ഛത്രാധിപനാകിയ ധർമ്മജ–
നേകാദശിയായി നാളുതോറും.
ആശ്ചര്യമിക്കാലമയ്യോ വൃകോദര–
നച്ഛനെത്തന്നെയോ ഭക്ഷിക്കുന്നു?
പാകാരിപുത്രനാം ഫല്ഗുനനുമിനി–
ച്ചാകാനുമേറെദ്ദിവസം വേണ്ട.
അശ്വിനീദേവകളോഷധികൊണ്ടുട–
നാത്മജന്മാരെപ്പുലർത്തുന്നല്ലീ?
ആനയോടൊത്തുതയാനങ്ങളും മറി–
മാനുകളോടു കടാക്ഷങ്ങളും
കാനനേയഭ്യാസം താനങ്ങു ചെയ്കയാ–
ലൂണിങ്കൽക്കൃഷ്ണയ്ക്കും തൃഷ്ണയില്ല.”

“ശിവപേരൂർ വാണരുളും ശിതികണ്ഠസ്വാമിയേയും
ശിവയായ ദേവിയേയും ശിരസാ ഞാൻ വന്ദിക്കുന്നേൻ”

എന്നിങ്ങനെയാണ് പ്രസ്തുത കൃതി ആരംഭിക്കുന്നത്.

## ഒറ്റശ്ലോകങ്ങൾ

(1) ഇരിങ്ങാലക്കുടക്ഷേത്രത്തിൽ താഴികക്കുടംവച്ച അവസരത്തിൽ:

“താഴികക്കുടമതിന്റെ ശോഭയി–
ന്നാഴിയിൽ പ്രതിഫലിക്കയാലഹോ!
ആഴിവർണ്ണനുടെയമ്പലത്തിലെ–
പ്പൂഴിമണ്ണു കനകപ്പൊടിപ്രഭം,”

(2) കുണ്ടൂർ തേവരെപ്പററി:

“കുന്നിൻമാതിൻമണാളൻ കുതുകമൊടകമേ
ക്കുറുകൊണ്ടേറെ വെള്ളി–
ക്കുന്നിൻമീതേ വസിക്കുന്നതു നിയതമഹോ!
പാർവതിക്കുള്ള ഭാഗ്യം
എന്നോരോ ദുർവിചാരൈരലമഴലമരീ–
നിമ്നഗയ്ക്കുള്ളിലുണ്ടാ–
മെന്നുള്ളാശങ്കകൊണ്ടോ കിമു കുസുമശരാ–
രാതി കുണ്ടൂരിലാസ്തേ?”

## പാട്ടുകൾ

(1) ഒരിക്കൽ പൂന്തോട്ടത്തു നമ്പൂരി ഏതോ ഒരു സ്ത്രീയെ ദുഷിച്ച് ഒരു പാട്ടുണ്ടാക്കി. അതിനെതിരായി നമ്പൂരിയെ ശകാരിച്ച് ഒരു പാട്ടുണ്ടാക്കിത്തരണമെന്ന് ആ സ്ത്രീ അപേക്ഷിച്ചതിനു പുതുവാൾ അവരുടെ സൗന്ദര്യത്തെത്തന്നെ വർണ്ണിച്ച് ഒരു പാട്ടെഴുതിക്കൊടുത്ത് അങ്ങനെ പ്രതിയോഗിയെ തോല്പിച്ചു. അതു രവിവർമ്മൻതമ്പിയുടെ “പ്രാണനാഥനെനിക്കു നല്കിയ” എന്ന ഗാനത്തിന്റെ മട്ടിൽ രചിച്ചതാണ്.

“പാർത്തലത്തിലിങ്ങനെയുള്ളൊരു
(മൂർത്തി) വാഴ്ത്താതൊരുവരില്ല നൂനം.
കറത്തീടുന്നനുവേലമവളെ–
ക്കാത്യായനി നിജമകളെപ്പോൽ. (പാർത്തല)

കാർകൊണ്ടെഴുന്ന മേഘം കൈവണങ്ങീടുന്നൊരു
വാർകുന്തലതു ബഹുനീളം തിരണ്ടു മധുനേർമൊഴി–
യാൾക്കങ്ങടിയോളം

ഉണ്ടതു നന്നായ് വേർപെടുത്തതിൽ
മുല്ലമല്ലികാ വേർപെടാതെയലങ്കരിച്ചൊരു
വാർകുഴലിന്റെ മനോഹരമായ സുഗന്ധം
നിറയുന്നു ദിഗന്തം.”

(2) മൂഴിക്കുളത്തു ലക്ഷ്മണനെപ്പറ്റി:

“ചിന്തയേ ഭവന്തം ലക്ഷ്മണാ! ബന്ധുരാകൃതേ!
നിൻതിരുവടിക്കെന്തു ചേതമയ്യോ! ബന്ധമോചനം തരിക.
(ചിന്തയേ)
കുറ്റമറ്റ പരിശുദ്ധയായുറ്റമായൊഴുകുമുദാരനദീ–
തീരശോഭിതം തിരുമൂഴിക്കുളം സ്വൈരമാർന്നു വിലസും
വീരരാമാനുജ! (ചിന്തയേ)”

ചങ്ങണംകുന്നു ഭഗവതിയെപ്പറ്റിയും ഒരു നല്ല പാട്ടു് അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്.

## കവിപക്വാവലി

അക്കാലത്തെ ചില കവികളെ പഴങ്ങളോടു് ഉപമിക്കുന്ന ഒരു പ്രസിദ്ധമായ ശ്ലോകമുണ്ടു്. അതിനു കവിപക്വാവലി എന്നാണ് പേരു്.

“ഉച്ചത്തിൽപ്പറയുന്നു ഞാൻ സരസനാം പട്ടത്തു കുഞ്ഞുണ്ണിയെ–
ന്നൊച്ചപ്പെട്ടു വസിച്ചിടും കവിവരൻ കേടറ്റ നേന്ത്രപ്പഴം;
അച്ഛൻ വെണ്മണി ചിങ്ങനാണു; പുതുവാളമ്പാടി പൂവമ്പഴം;
അച്ചൻകണ്ടനറച്ചിടുന്നിരുമുടിക്കുന്നന്റെ മാണിപ്പഴം.”

എന്ന ശ്ലോകത്തിൽ പട്ടത്തു നമ്പിയാരെക്കുറിച്ചുള്ള ഭാഗം ആറാട്ടുപുഴയ്ക്കടുത്തുള്ള അച്ചൻകണ്ടത്തു നമ്പിയാരും, വെണ്മണി അച്ഛനെപ്പറ്റിയുള്ള ഭാഗം പുതുവാളും, പുതുവാളിനെപ്പറ്റിയുള്ളതു വെണ്മണി അച്ഛനും ഒരു സദസ്സിൽവെച്ചുണ്ടാക്കിച്ചൊല്ലിയെന്നാണ് കേട്ടിട്ടുള്ളതു്. കവിപക്വാവലിക്കുമേലാണ് കാത്തുള്ളിൽ അച്യുതമേനോന്റെ കവിപുഷ്പമാലയുടേയും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിഭാരതത്തിന്റേയും ആവിർഭാവം.

## പട്ടത്തു കുഞ്ഞുണ്ണിനമ്പിയാർ (980–1050)

## ചരിത്രം

പട്ടത്തു കുഞ്ഞുണ്ണിനമ്പിയാർ കൊച്ചിരാജ്യത്ത് ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിനു വടക്കുവശം ഒരു ഫർലാംഗ് അകലെയുള്ള വെളുത്തപട്ടത്ത് എന്ന ഗൃഹത്തിൽ ജനിച്ചു. വെളുത്തപട്ടത്തിനു വടക്കേപ്പട്ടം എന്നും പേരുണ്ട്. പട്ടത്ത് എന്നത് അതിന്റെ ഹ്രസ്വരൂപമാണ്. അദ്ദേഹത്തിന്റെ പൂർവ്വഗന്മാർ തിരുവിതാംകൂർ മഹാരാജാക്കന്മാരെ ആശ്രയിച്ചു ചിലപ്പോൾ തിരുവനന്തപുരത്തു താമസിച്ചിരുന്നു. ആ ബന്ധം ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ ചില അവകാശങ്ങൾ മാർത്താണ്ഡവർമ്മമഹാരാജാവിന് അടങ്ങിയ കാലംമുതല്ക്കാണെന്നു പറഞ്ഞുവരുന്നു. ആ വഴിക്കു കുഞ്ഞുണ്ണിനമ്പിയാരുടെ അച്ഛൻ നാരായണൻനമ്പിയാരും 973-ൽ തീപ്പെട്ട ധർമ്മരാജാവിന്റെ ആശ്രിതനായിത്തീർന്നു. 984-വരെ തിരുവനന്തപുരത്തു താമസിച്ചതിനുമേൽ അദ്ദേഹം സ്വദേശത്തേയ്ക്കു മടങ്ങി. കുഞ്ഞുണ്ണി എന്നത് ഓമനപ്പേരാണ്. ജയന്തൻ എന്നായിരുന്നു പിതൃദത്തമായ നാമധേയം. ജനനം ഏതുകൊല്ലത്തിലാണെന്നു നിശ്ചയമില്ല. 980-മാണ്ടിടയ്ക്കായിരിക്കണം. കുഞ്ഞുണ്ണിനമ്പിയാരും, കുഞ്ഞുകൃഷ്ണപ്പുതുവാളെപ്പോലെ വിദ്യാഭ്യാസം കഴിഞ്ഞതിനുമേൽ തിരുവനന്തപുരത്തു സ്വാതിതിരുനാൾ മഹാരാജാവിന്റെയും ഉത്രംതിരുനാൾ മഹാരാജാവിന്റെയും സദസ്യനായി ഏതാനും വർഷം കഴിച്ചുകൂട്ടി. കുഞ്ഞുണ്ണിനമ്പിയാർ സ്വാതിതിരുനാൾ മഹാരാജാവിന് അടിയറവെച്ച ഒരു ശ്ലോകമാണ് താഴെ കാണുന്നത്.

> “വീണാവാദാദിദാനീം വിരമ സുരമുനേ!
> കോണകാണൈഡരകാണ്ഡേ
> കോ വാ കോലാഹലോയം നിഖിലബുധ–
> മനോനന്ദനേ നന്ദനേസ്മിൻ?
> ശ്രീവഞ്ചിക്ഷോണിഭർത്തൃപ്രചുരവിതര–
> ണാകർണ്ണനാൽ കല്പകദ്രോർ–
> വ്രീളാനമ്രാഗ്രശാഖാസുമഹരണഭവ–
> സ്സൗഭ്രുവാമഭ്രവാഹ!”

ഉത്രംതിരുനാൾ തിരുമനസ്സിലെ കാലത്താണ് രസരത്നാകരം എന്ന സംസ്കൃതഭാണത്തിന്റെ നിർമ്മിതി. വഞ്ചീശ്വരന്റെ ആജ്ഞാനുസാരമാണ് അതു രചിച്ചതെന്നു കവിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. 1029 മിഥുനം 23-ആംനു ആ മഹാരാജാവു ഹിരണ്യഗർഭദാനം നിർവ്വഹിച്ച അവസരത്തിൽ നമ്പിയാർ തിരുവനന്തപുരത്തുണ്ടായിരുന്നു. ആ വിഷയത്തെ അധികരിച്ച് അദ്ദേഹം രചിച്ച രണ്ടു ശ്ലോകങ്ങൾ ചുവടേ ചേർക്കുന്നു.

> “സദ്ഭക്തസ്സാധുവത്സപ്രഥമമധുരിമാകൃഷ്ടലോകഃ കലാഭിഃ
> കുർവൻ മോദം ബുധാനാമമൃതരുചികരസ്സാധുവൃത്തസ്സിതാഢ്യഃ
> ശ്രീവഞ്ചി ക്ഷോണിഭർത്തുവിലസതി കമലാലംകൃതാനന്ദമൂർത്തി–
> സ്സോയം ശ്രീപദ്മഗർഭോത്സവ ഇഹ വിധുവൽ കിന്ത്വസൗ നിഷ്കളങ്കഃ.

> വഞ്ചിക്ഷ്മാധിപതേഃ പ്രാപമതുലം
> ശ്രീപദ്മഗർഭോത്സവേ
> പ്രൗഢാം തൽപദവീം വിലോക്യ വിമനാഃ
> സ്പർദ്ധാനിബദ്ധാശയഃ

മാർത്താണ്ഡോന്തരിതഃ പയോദപടലേ
സാക്ഷാൽ സഹസ്രേക്ഷണോ
മന്ദംമന്ദമമുഞ്ചദശ്രുകണികാ
വർഷച്ഛലാന്നിശ്ചലാഃ."

1030-ാമാണ്ടിടയ്ക്കു കവി ഇരിങ്ങാലക്കുടയ്ക്കു തിരിയെപ്പോയി. 1031-ാമാണ്ടു് അവിടത്തെ ക്ഷേത്രത്തിൽ ദിവാൻ ശങ്കരവാരിയർ നടത്തിച്ച പഞ്ചസന്ധ എന്ന മഹത്തെപ്പറ്റി ഒരു തുള്ളൽ ഉണ്ടാക്കി. 1036-ൽ ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ ധ്വജപ്രതിഷ്ഠയെക്കുറിച്ചു് അദ്ദേഹം നിർമ്മിച്ച ഒരു ശ്ലോകമാണു് ചുവടേ ചേർക്കുന്നതു്.

"ധർമ്മാത്മാ രവിവർമ്മമാടനൃപതിർദ്ദുഗ്ദ്ധാന്നലേപാദികൈഃ
കല്യാണാംബുനിധിസ്സമസ്തജനതാം സന്തർപ്പ്യ സന്തൃപ്തധീഃ
സാക്ഷാൽ സങ്ഗമനായകസ്യ പുരതഃ സർവാർത്ഥദാം കാഞ്ചന–
ശ്രീമദ്വിപ്രവരാധിവാസവിലസൽകേതുപ്രതിഷ്ഠാം വ്യധാൽ."

നമ്പിയാർ 1050-ാമാണ്ടിടയ്ക്കു മരിച്ചു. വിശാഖനക്ഷത്രത്തിലായിരുന്നു മരണം. കവിപക്ഷാവലിയിൽ അദ്ദേഹത്തിന്റെ പേരുമുണ്ടെന്നു മുൻപു കാണിച്ചിട്ടുണ്ടല്ലോ.

## കൃതികൾ

കുഞ്ഞുണ്ണിനമ്പിയാർ (1) രസരത്നാകരം ഭാണം, (2) ഭഗവദ്ദൂതു് ഓട്ടൻതുള്ളൽ, (3) പഞ്ചസന്ധ തുള്ളൽ എന്നിവയ്ക്കു പുറമേ, (4) അഷ്ടപദി കൈകൊട്ടിക്കളിപ്പാട്ടു് എന്നീ ഗ്രന്ഥവും രചിച്ചിട്ടുണ്ടു്. അദ്ദേഹം ഒരു ഉറച്ച സംസ്കൃതപണ്ഡിതനും ആ ഭാഷയിൽ കവനത്തിനു പ്രഗല്ഭനുമായിരുന്നു. ഭാഷാകവിത അത്രതന്നെ വിശേഷമാണെന്നു പറയാനില്ല. എങ്കിലും അതിലെ ഫലിതങ്ങൾക്കു് ആസ്വാദ്യതയുണ്ടു്. ഭഗവദ്ദൂതു കൊച്ചിയിൽ കുറേക്കാലം ദിവാനായിരുന്ന ചെറുപറമ്പിൽ കുഞ്ഞുകൃഷ്ണമേനോന്റെ നിർദ്ദേശമനുസരിച്ചു രചിച്ചതാണു്.

"ചൊല്ലേറീടുന്ന ചെറുപറമ്പി–
ലുല്ലാസമോടേയമരും
മല്ലാരിഭക്തനാം കുഞ്ഞുകൃഷ്ണമേനോൻ
ചൊല്ലാലേ തീർക്കുന്നേനിന്നിതു ഞാൻ"

എന്നു് ആ ഗ്രന്ഥത്തിൽ കാണുന്നു. അനേകം നൂതനവൃത്തങ്ങൾക്കു കവി അതിൽ പ്രവേശനം നല്കീട്ടുണ്ടു്. അദ്ദേഹം ഒരു സങ്ഗീതജ്ഞനായിരുന്നു എന്നും പ്രസ്തുത കൃതി സൂചിപ്പിക്കുന്നു.

## രസരത്നാകരം

ഈ പ്രബന്ധത്തിൽ ആദ്യമായി സങ്ഗമേശ്വരനേയും അനന്തരം ശ്രീപരമേശ്വരനേയും കവി വന്ദിക്കുന്നു. താഴെ കാണുന്നതു ശിവവന്ദനമാണു്.

പൗലസ്ത്യേന പുരാ പുരാരിനിലയേ കൈലാസശൈലോത്തമേ
ലീലാതോലനകൗതുകേന മനസാ ദോർദ്ദണ്ഡപിണ്ഡീകൃതേ
മാനാക്രാന്തശിവാസസംഭ്രമപരീരംഭാതിമോദോദ്ഭവാഃ
പ്രീതിം വഃ പുളകാങ്കരാഃ പ്രതിദിനം കർവന്തു ഗൗരീപതേഃ.

ചുവടേ ചേർക്കുന്നതു വഞ്ചിമഹാരാജപ്രശസ്തിയാണു്.

"ചണ്ഡതരഭുജദണ്ഡമണ്ഡിതകോദണ്ഡമണ്ഡലവിനിർഗ്ഗത
പുണ്ഡരീകരിപുഖണ്ഡരൂപശരാഖണ്ഡഷണ്ഡഗണ്ഡിതാരാതി
മുണ്ഡമണ്ഡലസ്യ, ശംബരാരിശരനികരകരംബിതനിഖില
നിതംബിനീജനനികുരുംബമനോമയമുകുരബിംബിതബീം
ബാധരശോഭമാനചാരുതരവദനശാരദേന്ദുബിംബസ്യ, സകല
ശാസ്ത്രപരമ്പരാസാരപാരാവാരപാരങ്ഗതസ്യ, സർപ്പേശപരി
കല്പിതതല്പാകല്പഭൃതപദ്മനാഭപാദപദ്മസമർപ്പിതാനല്പഗുണ
ഗ്രാമസദ്മഭൃതാത്മനഃ, സ്വല്പേതരസമ്പ്രദാനാല്പീകൃതകല്പപാദ
പസ്യ,ആകല്പസഞ്ചിതസദഞ്ചിതകീർത്തിസഞ്ചയസഞ്ഛാദിത
വിരിഞ്ചപ്രപഞ്ചസ്യ, വഞ്ചിമഹാരാജസ്യാദേശാൽ, ശ്രീസ

ങ്ഗമേശകരുണാപാങ്ഗഭങ്ഗനികരവിഹരണോദ്യാനഭൃത
സ്യ, സുമനോഹരചരിതസ്യ, നാനാഗമപരിചയാശ്ചര്യഹൃദയ
നിബദ്ധകലാഭിധാനസ്യ, നാരായണാഭിധാനസ്യ, കസ്യചിദ്വി
ദുഷഃ പുത്രേണ സന്തതസന്തോഷിതഗുരുചരണാന്തസേവിനാ
ജയന്തകവിനാ നിബദ്ധമഭിനവം സകലരസഭാണ്ഡഭൃതം രസ
രത്നാകരം നാമ കമപി ഭാണം."

അതിലെ വേറെ രണ്ടു ശ്ലോകങ്ങൾ:

"കുവലയദലനീലലോചനായാം
കുസുമശരാസനധർമ്മദേവതായാം
ഗുരുതരകുചവൃദ്ധിചിന്തയേവ
പ്രതിദിനമേഷ്യതി കാർശ്യമേഷ മധ്യഃ"

"സ്വപ്രഭാവാനുരൂപേണ സ്വല്പേനാപി ഹി വസ്തുനാ
സന്തഃ സന്തോഷമേഷ്യന്തി പൃഥുകേനേവ മാധവഃ."

## ഭഗവദ്ദൂത്

ഇതിൽ കവി കുഞ്ചൻനമ്പിയാരെ ഒട്ടധികം ഉപജീവിച്ചിരിക്കുന്നു. രചനാഭങ്ഗിയും കുറവാണ്. താഴെക്കാണുന്ന വന്ദനശ്ലോകം ഇരിങ്ങാലക്കുടത്തേവരെപ്പറ്റിയാണെന്നു പറയേണ്ടതില്ലല്ലോ.

"ഹേമാലങ്കാരദാമാ മൃദുലചലരമാദൃഷ്ടിലോലംബരാമാ
രാമാത്മാഖ്യാതഭൂമാ നിരുപമപരമാനന്ദപീയൂഷധാമ
ശ്രീമാടക്ഷേമകാമാ ദിനമനു പരമാ ദേവതാ ഭാഗ്യസീമാ
ശ്യാമാ ലോകാഭിരാമാ ദിശതു മമ സുഖം
സങ്ഗമാധീശനാമാ."

ചില വരികൾ:

1 "പുരക്കുട്ടങ്ങളെച്ചുട്ടു കരിക്കട്ടയാക്കി നല്ല
കരിക്കട്ടിത്തോലെടുത്തങ്ങരക്കെട്ടിൽച്ചേർത്തുകൊണ്ടു
പാറക്കാട്ടു മേവും ദൈവം തെരിക്കെന്നു മമകാര്യം
തരക്കേടു വരുത്താതെ ശരിക്കെട്ടിത്തരേണമേ;

പൊടിക്കെന്നിക്കഥ തീർപ്പാൻ മിടുക്കുണ്ടെന്നോർത്തുപോയേൻ
മുടക്കം വരാതെകണ്ടിങ്ങൊട്ടുക്കത്തിലടിയനെ
മിടുക്കനാക്കുവാനിന്നു മുടക്കന്നൂർഭഗവതി
കടക്കണ്ണുതുറന്നൊന്നു കടാക്ഷിച്ചരുളേണമേ."

2 "കളഭവരന്റെ ഗഭീരവിലാസം
കരഭകുലത്തിന്നുണ്ടായ്‌വരുമോ?
കളഹംസങ്ങടെ വാണീമധുരത
കരടകുലത്തിനു വരുമോ പാർത്താൽ?
കാച്ചിയെടുത്തൊരു കാഞ്ചനകളരുചി
കാക്കപ്പൊന്നിനു കാണ്മാനുണ്ടോ?
മിത്രൻതന്നുടെ തേജസ്സിപ്പോൾ
മിന്നമിനുങ്ങിനുമുണ്ടായ്‌വരുമോ?"

## അഷ്ടപദി കൈകൊട്ടിക്കളിപ്പാട്ട്

ഇതിലെ ശ്ലോകങ്ങൾ ജയദേവന്റേതുതന്നെയാണ്. പദങ്ങൾമാത്രമേ കവി തർജ്ജമചെയ്തിട്ടുള്ളൂ.

"വരദന്തളീശപതിയരുളാലേ ഞാനുമിന്നു
ജയദേവകവികീർത്തിജനനിയാമഷ്ടപദി
കളവാണിമാർക്കു പാടിക്കളിപ്പാനായൊരു ഗാന–
മുളവാക്കാൻ തുനിയുന്നേനളിവർണ്ണ കൃഷ്ണ വന്ദേ"

എന്ന വരികളിൽനിന്ന് അതു നിർമ്മിക്കുന്ന കാലത്തു കവി ഇടപ്പള്ളിത്തമ്പുരാന്റെ ആശ്രിതനായിരുന്നു എന്ന് ഊഹിക്കാവുന്നതാണ്. ഓരോ അഷ്ടപദി ഓരോ വൃത്തമാക്കി രചിച്ചിരിക്കുന്നു. ശൈലി രാമപുരത്തു വാരിയരുടേതിനെക്കാൾ ഹൃദ്യമാണ്.

പഞ്ചമവൃത്തം:

"ചോരുമധരസുധാരസമാധുര്യം ചേരുന്നോരോടക്കുഴലും
ഇളകും കടാക്ഷംകൊണ്ടിളകും തിരുമുടി ലളിതകപോലേ
വിളങ്ങും
കർണ്ണാലങ്കാരവും രാസരതിയിങ്കൽ വർണ്ണനീയമാം കളിയും
ഇന്നും മനക്കാമ്പിലിങ്ങനെയൊക്കെയും തോന്നുന്നു സുന്ദരി
കഷ്ടം!
എന്നെപ്പരിഹസിച്ചീടുന്നുവെങ്കിലും നന്ദതനൂജങ്കൽത്തന്നെ
പിന്നെയും പിന്നെയുമെന്നുടെ മാനസം ചെന്നു ലയിക്കുന്നു
കഷ്ടം!
ചാലവേ ചന്ദ്രകചാരുവാകും മയിൽപ്പീലികൾ കോർത്തങ്ങുകെട്ടി
നീലനിറമാം തിരുമുടിക്കെട്ടുമാലോകനം ചെയ്തിടുമ്പോൾ
ഇന്ദ്രധനുസ്സുകളോടിടചേർന്നതിസുന്ദരമാം മേഘംപോലെ
(ഇന്നും മന)" ഇത്യാദി.

## പഞ്ചസന്ധ ഓട്ടൻതുള്ളൽ

“ശങ്കരവാരിയരായ ദിവാനിജി
ശങ്കാരഹിതമൊരുത്തരവെഴുതി
ശങ്കരവാരിയരെന്നിങ്ങനെയൊരു
[1]ശയനവുമിട്ടു മടക്കിക്കെട്ടി
മുദ്രയുമിട്ടു മുകുന്ദപുരം തഹ–
സീൽദാർക്കഞ്ചൽവഴിയെയയച്ചു.
ഉത്തരവിൽപ്പറയുന്നൊരു വാചക
മെത്രയുമങ്ങു ചുരുക്കിച്ചൊല്ലാം.
മുഖ്യമതാകിയൊരാവണിമാസം
മൂന്നാം തീയതി സിതപഞ്ചമിയും
അത്തം വെള്ളിക്കിഴമയുമെല്ലാ
മൊത്തൊരുമിച്ചൊരു പുണ്യദിനത്തിൽ
സംപ്രതി സംഗമവാസികളാകിയ
നമ്പൂതിരിമാർ പലരുംകൂടി
[2]പഞ്ചോതയ്ക്കു മുതിർന്നീടുന്നതി
നഞ്ചോ പത്തോ വേണമതെന്നാൽ
ചേതംകൂടാതുള്ള സഹായം
ചെയ്തുകൊടുക്കണമതുകൂടാതെ
പിന്നെ വിശേഷിച്ചത്തച്ചമയവു
മന്നേ ദിവസം വന്നതുകൊണ്ട്
അതിനും വേണ്ട സമസ്തപദാർത്ഥവു
മതിശയമായിക്കൂട്ടീടേണം.
അധികമതായിട്ടധികച്ചെലവും
പതിവിൽക്കുറവും വന്നീടാതെ
വട്ടംകൂട്ടിയെഴുള്ളത്തിനു
വേണ്ടതുമൊക്കെയൊരുക്കീടേണം.
ഇത്തരമുത്തരവഞ്ചൽവഴിയേ
സത്വരമെത്തിയ സമയത്തിങ്കൽ
ശക്തനതാകിയ തഹസീൽദാരും
ഭക്ത്യാ വാങ്ങിച്ചാദരവോടേ
മുദ്ര പൊളിച്ചു മടക്കു നിവർത്തി
വായിച്ചുടനേ തത്വമറിഞ്ഞാൻ.”

## രണ്ടു മുക്തകങ്ങൾ

താഴെക്കാണുന്ന നമ്പിയാരുടെ ഒറ്റ ശ്ലോകത്തിനു സംസ്കൃതത്തിലും ഭാഷയിലും വെവ്വേറെ അർത്ഥമുണ്ട്.

---

[1] ശയനം=സൈൻ (ഒപ്പ്).

[2] പഞ്ചോത=പഞ്ചസന്ധ.

“രാധേയം തടിനീകേളീവനേ സഹസാകളാളിരാഗമതരുതേ
ചപലകളായവനരുചിപ്രിയതമമാമോദയാർദ്രതാ
ബഹുചതുരം.”

അടുത്തതായി ചേർക്കുന്നതും ഒരു സരസശ്ലോകമാണ്.

“ജഗത്തൊക്കെ നന്നായ്പ്പരന്നിട്ടു പണ്ടേ–
യിരിപ്പുണ്ടു നേരെന്നു പേരായ വസ്തു;
ക്രമത്താലതിപ്പോൾ ചുരുങ്ങിച്ചുരുങ്ങി–
പ്പണത്തോളമേയുള്ളുവെന്നായിവന്നു.”

## ദൂതവാക്യം ശീതങ്കൻതുള്ളൽ

ഇതു് ആരുടെ കൃതിയാണെന്നോ എപ്പോൾ വിരചിതമായെന്നോ അറിവില്ല. പട്ടത്തു നമ്പിയാരുടെ ദൂതവാക്യത്തെക്കാൾ നല്ലതാണ്. കുഞ്ചൻനമ്പിയാരുടെ ശൈലി അങ്ങിങ്ങു സമർത്ഥമായി കവി അനുകരിച്ചിട്ടുണ്ട്. ഹസ്തിനപുരത്തേയ്ക്കു വന്നുചേരുന്ന ശ്രീകൃഷ്ണനെ ഗോസായിമാർ, കൊങ്കണബ്രാഹ്മണർ, തുളുപ്പോറ്റിമാർ, തമിഴ്ബ്രാഹ്മണർ എന്നിവരെക്കൊണ്ട് അവരവരുടെ ഭാഷയിലാണ് വന്ദിപ്പിക്കുന്നതു്.

സുന്ദരിമാരുടെ വർണ്ണനം:

“മേടകൾ തന്നിലിരിക്കും മൃഗപ്പേടക്കണ്ണികളെ നോക്കുംകിളി–
മോടി കലർന്നൊരു വാക്കും പറവതിൽപ്പാടവമില്ലിപ്പോളാർക്കും
തണ്ടാർമിഴികടെ ചുണ്ടും കണ്ടാൽ തൊണ്ടിപ്പഴങ്ങളും മണ്ടും.
നീണ്ടു ചുരുണ്ട തലമുടി കാണുമ്പോൾ മണ്ടിയൊളിച്ചിടും
വരി വണ്ടും–
പങ്കജമൊട്ടിനോടങ്കം ചെയ്തു സംഖ്യാവിഹീനമാമങ്കം ചേർക്കും
കൊങ്കകൾ കണ്ടാൽ മുനീശ്വരന്മാർക്കുള്ളിൽ സങ്കടമുണ്ടാമടങ്കം”
ഇത്യാദി.

അർജ്ജുനന്റെ പ്രഭാവം:

“കീശധ്വജൻ പണ്ടു കൈരാതമൂർത്തിയാ–
മീശന്റെ കേശാദിപാദവും പാദാദി–
കേശവുമാശു വിൽകൊണ്ടടിച്ചപ്പോഴാ–
ക്കേശബന്ധസ്ഥരാം ഗങ്ഗയും ചന്ദ്രനും
ആ കീശവാഹന്റെ തല്ലുകൊണ്ടെത്രയു–
മാകാശമാർഗ്ഗത്തു ചാടി മണ്ടീടിനാർ.
ലോകേശവാഹിനിക്കന്നുമുതല്ക്കഹോ!
ആകാശഗങ്ഗയെന്നുണ്ടായി നാമവും.
പീയൂഷഭാനുവിന്നത്താഡനംകൊണ്ടു
മെയ്യു മുറിഞ്ഞു ചികിത്സിച്ചുണക്കിനാൻ.
അയ്യോ! ശിവശിവ! ചന്ദ്രനിന്നാവ്രണം
പൊയ്യല്ല പാരം കളങ്കമായ്ത്തീർന്നുതേ.
സ്ഥാണുദേവൻതന്റെ കയ്യിലിരിക്കുന്നൊ–
രേണക്കിടാവും ഭയപ്പെട്ടു മണ്ടിനാൻ.

ക്ഷീണം കലർന്നു നടക്കുന്നതു കണ്ടു
ചേണാർന്ന കാരുണ്യശാലിയാം ചന്ദ്രനും
പ്രാണവിശ്വാസമായ്ത്തങ്ങളിലെത്രയും
വാണോരവസ്ഥയും പേടിച്ചുമണ്ടുന്ന
പ്രാണിരക്ഷാഗുണപ്രാപ്തിയും ചിന്തിച്ചു
പാണിതലംകൊണ്ടെടുത്തു മടിതന്നിൽ
പ്രീണനം ചെയ്തു വസിപ്പിക്ക കാരണാ–
ലേണാങ്കനെന്നുള്ള പേരും ഭവിച്ചതേ."

## കടത്തനാട്ടു വാസുനമ്പി (980–1040)

### ചരിത്രം

ബ്രിട്ടീഷ് മലബാറിൽ കുറുമ്പ്രനാട്ടുതാലൂക്കിൽ വടകരയ്ക്കു കിഴക്കു മേമുണ്ട അംശത്തിൽ ലോകമലയാർകാവിൽ(ലോകനാർകാവ്) കിഴക്കേമഠം എന്നു പേരായി നമ്പീശന്മാരുടെ ഒരു ഭവനമുണ്ട്. ആ മഠത്തിൽ വാസുനമ്പി 980-ാമാണ്ടിടയ്ക്കു ജനിച്ചു. അദ്ദേഹത്തെ, ആ കാവിലെ ദേവിയുടെ ഭക്തനായിരുന്നതിനാൽ കാവിൽ വാസു എന്നും പറയും. കുറുമ്പ്രനാട്ടുതാലൂക്കിൽ നടുവന്നൂരിനു സുമാർ രണ്ടു നാഴിക വടക്കുകിഴക്കായി കോട്ടൂർ എന്ന് ഒരമ്പലമുണ്ട്. ആ അമ്പലത്തിലെ കഴകക്കാരായ നമ്പീശന്മാരുടെ കുടുംബങ്ങളിൽ ഒന്നിന്റെ ശാഖയാണ് കിഴക്കേമഠം. ബാല്യത്തിൽത്തന്നെ സംസ്കൃതം നിപുണമായി അഭ്യസിച്ചു തർക്കത്തിലും വ്യാകരണത്തിലും ജ്ഞാനം സമ്പാദിച്ച നമ്മുടെ കവി കടത്തനാട്ടുരാജവംശത്തിൽ അന്നു മൂപ്പു വാണിരുന്ന കുറിപ്പുറത്തു് ഉദയവർമ്മത്തമ്പുരാന്റെ ആശ്രിതനായി മിക്കവാറും ആ കോവിലകത്തുതന്നെ കഴിഞ്ഞുകൂടി. 1056-ൽ തീപ്പെട്ട ആ തമ്പുരാനെ അദ്ദേഹം അനേകം ഹൃദയംഗമങ്ങളായ ശ്ലോകങ്ങളിൽ വർണ്ണിച്ചിട്ടുണ്ട്. സീമന്തിനീചരിതം എന്ന ആട്ടക്കഥ അദ്ദേഹം രചിച്ചതു് ആ തമ്പുരാന്റെ മരുമകൻ ആജ്ഞാപിക്കുക കൊണ്ടാണെന്നു ചുവടേ ചേർക്കുന്ന ശ്ലോകങ്ങളിൽനിന്നു കാണാം.

"ക്ഷാന്തൗ സർവജ്ഞതായാം ഭവതി ച വിജയ–
  ത്യന്വഹം വീരതായാ–
മൗദാര്യേ കല്പദാരൂയതി ഹരയതി യഃ
  പ്രാഭവേ ച പ്രതാപേ
സോയം സൽക്കീർത്തിസംപൂരിതസകലഹരി–
  ന്മണ്ഡലഃ പുണ്യശീലഃ
ശ്രീഭൈമിക്ഷോണിസമ്രാഡുദയനരപതി–
  ർഭാതി പാണ്ഡിത്യശാലി.

തദ്ഭാഗിനേയനൃപരത്നനിയോഗബീജാ–
ദുദ്ഭാവ്യതേ രസനയാ മമ യാ കഥഞ്ചിൽ
സീമന്തിനീചരിതനാമകസൂക്തിവല്ലീ
സൽക്കർണ്ണദാരുപരിവേഷ്ടനമാതനോതു."

താഴെക്കാണുന്ന ശ്ലോകങ്ങളും ഉദയവർമ്മപ്രശസ്തിപരങ്ങളാണ്.

"ശ്രീഭൈമിക്ഷിതിപുണ്യവൈഭവ! ഭവൽ

ക്കീർത്ത്യാ ജഗത്യർജ്ജുനീ–
ഭൂതേ ഭൂതപതിസ്സുഖേന രമതേ
സ്വാസങ്ഗയാ ഗങ്ഗയാ;
മന്യേ നാത്ര നഗാധിരാജതനയാ
മാനാവകാശോ യത–
സ്സംജാതഃ കബരീഭരേ ധവളിമാ
സ്വസ്ഥാവരഭ്രാന്തികൃൽ.”

“ഭൈമിക്ഷ്മാപുരുഹൂത! താവകമഹാഭാഗ്യോദയപ്രാഭവ–
പ്രഖ്യാപ്ത്യൈ കിമനേകദിക്ഷു യുഗപദ്ധാവന്ത്യനേകേ ഗുണാഃ?
ദൂരാൽസ്സമ്മുഖമാപതന്ത്യുരുതരാഃ കിം മാർഗ്ഗണാസ്തേ ധനു–
വിദ്യാനിസ്തുലവൈഭവാൽ കഥയിതും സർവത്ര നിശ്ശത്രുതാം?”

ഭൈമിഭൂപ! തവ ഭാതി ഭൂരിയം
ഭാസുരേണ യശസാ ച തേജസാ
നിത്യമത്യമരഭൂരുഹോദയ–
ച്ചന്ദ്രികാ വിതരണേ മഹാമതേ!”

ഒടുവിലത്തെ ശ്ലോകത്തിലെ ചതുർത്ഥപാദത്തിൽ കവി തനിക്കു തമ്പുരാൻ ഒരു ചന്ദ്രകാവി (വസ്ത്രം) തരണമെന്നുകൂടി സമഞ്ജസമായി അഭ്യർത്ഥിക്കുന്നു. നമ്പിക്കു വാതത്തിന്റെയും കാസത്തിന്റെയും ശല്യമുണ്ടായിരുന്നു. വാതശമനത്തിനായി ഗുരുവായൂരപ്പനെ ഭജിച്ചിട്ടുണ്ട്. ആ അവസരത്തിൽ ഉണ്ടാക്കിയ ഒരു ശ്ലോകമാണ് അടിയിൽ പകർത്തുന്നത്.

“അങ്ഗം തേ സുകുമാരമംബുധിസുതാനേത്രാന്തലേഹ്യം വപു–
ർന്നേത്രം നൈകരസായനം സുമധുരം കിഞ്ചേന്ദുകാന്തം മുഖം;
ഇത്ഥം വാതപുരേശ! ഭേഷജമയം ത്വാം സേവമാനസ്യ മേ
വ്യാധിർന്നാധികരഃ പ്രശാമ്യതി; രമാജാനേ! ന ജാനേ കതഃ?”

മരണത്തിനു ഹേതുവായ രോഗം കാസമായിരുന്നു. ആ അവസരത്തോടടുപ്പിച്ച് അദ്ദേഹം രചിച്ച രണ്ടു ശ്ലോകങ്ങളാണ് താഴെ കാണുന്നത്.

“കാസാമയോ ∫ ലഘ്വതരഃ കുരുതേ മമാർത്തിം
നാസാവുപൈതി ശമനം തവ സേവയാപി;
ദാസായ മേ യദി ശിവേ! കലയസ്യുപേക്ഷാം
ഹാസായ തേ കിമു ഭവേദിതി മേ വിഷാദഃ.”

ജാതാ ശയ്യാ മമ സഹചരീ യഷ്ടിരിഷ്ടപ്രജാസീ–
ന്നൈരുച്യം മേ സുഹൃദപി പരാ ദേവതാ ഗ്ലാനിരങ്ഗേ
ഗാത്രം ധാതുപ്രഥമരചനാപ്രക്രിയാജ്ഞാനസൂത്രം
സ്വാമിന്നേവം ബത! പരിണതാ മദ്ദശാ കാസഹേതോഃ.”

“ജാതാ ശയ്യാ” എന്ന ശ്ലോകം കടത്തനാട്ടുതമ്പുരാൻ രോഗസ്ഥിതിയെപ്പറ്റി അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന് എഴുതി അയച്ചതാണ്. 1040-ാമാണ്ടു മരിച്ചു.

## കൃതികൾ

വാസുനമ്പിയുടെ കൃതികളായി സീമന്തിനീചരിതം എന്നൊരാട്ടക്കഥയും വയ്ക്കത്തപ്പലത്തിൽ 'കട്ടിയ'ത്തിനു ചൊല്ലിവരുന്ന ഒരു കീർത്തനവും കുറേ സംസ്കൃതമുക്തകങ്ങളും മാത്രമേ കിട്ടീട്ടുള്ളു. ശ്രീകൃഷ്ണചരിതം ബാലകാവ്യം അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരു പൂർവ്വഗന്റെ കൃതിയാണെന്നു ഞാൻ മുൻപു പ്രസ്താവിച്ചിട്ടുണ്ട്. ആ കവിയുടെ പേർ ഗോവിന്ദൻനമ്പീശൻ ആണെന്നറിയുന്നു. കടത്തനാട്ടു ലോകനാർകാവിലെ ദുർഗ്ഗയാണ് വാസുനമ്പിയുടെ ഇഷ്ടദേവത; കോട്ടൂർ വിഷ്ണുവിനെ അദ്ദേഹം ഒരിടത്തും വന്ദിച്ചുകാണുന്നില്ല. അതുകൊണ്ട് അതു വാസുനമ്പിയുടെ കൃതിയല്ലെന്നു തീർച്ചപ്പെടുത്താവുന്നതാണ്.

## സീമന്തിനീചരിതം

അങ്ങിങ്ങ് ഒന്നാംകിടയിലേയ്ക്കു കടന്നുനില്ക്കുന്ന ഒരാട്ടക്കഥയാണ് സീമന്തിനീചരിതം. ആ കൃതിക്ക് അതു അർഹിക്കുന്ന പ്രചാരം സിദ്ധിക്കാത്തതു പരിതാപകരംതന്നെ. പി. ഗോവിന്ദപ്പിള്ള ഉദ്ധരിച്ചിട്ടുള്ള "കാരുണ്യാപാങ്ഗ" എന്നും "വന്ദേ വന്ദാരുവൃന്ദാരക" എന്നുമുള്ള പദ്യങ്ങളും "ഭസിതഭുജഗഭൂഷം" ഇത്യാദി പദ്യംപോലെ അതിലെ വന്ദനശ്ലോകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. താഴെക്കാണുന്ന വന്ദനശ്ലോകങ്ങളും നമ്പി ആ ഘട്ടത്തിൽ ചേർത്തിട്ടുണ്ട്.

> "ധത്തേ സ്വനമ്രജനതാസകലാന്തരായ–
> മത്തേഭമസ്തകവിദാരണകേസരിത്വം
> ദത്തേ മനോരഥഗണാനഖിലാംശ്ചയത്ത–
> ച്ചിത്തേ സദാ ലസതു ഗാണപതം പദം മേ.
>
> വാല്മീകിപാണിനികണാദമുഖാന്മുനീന്ദ്രാൻ
> വാണീം വിരിഞ്ചരമണീമവനീസുരേന്ദ്രാൻ
> വാഞ്ഛാഫലാവഹനകല്പതരൂൻ ഗുരൂംശ്ച
> വന്ദേ സദാ പരമമീ കുശലം ദിശന്തു."

ഒരു ശ്ലോകവും ഒരു പദത്തിൽ ഒരു ഭാഗവും ചുവടേ ചേർക്കുന്നു:

> "ദുർദ്ദൈവചോദിതമനാ യമുനാവിഹാരേ
> സദ്യോന്മയാതപൃതനാപതിഭിഃ കദാചിൽ
> ധീരോ നിരേത്യ നികഷാ യമുനാം തദാനീ–
> മാരാദുപാഗതമുവാച സ ദാശരാജം."

തക്ഷകന്റെ ശൃങ്ഗാരപദത്തിൽനിന്ന്:

> "കല്യാണഗാത്രി മമ വല്ലഭേ വരികെടോ
> അല്ലോട്ടു നേരിടും നല്ല ചികുരംതന്നിൽ
> ഉല്ലാസമേറും മുഖം മെല്ലേ മറയുന്നെന്തേ? (കല്യാ)
> നന്മയൊടു നിൻമുഖം നാന്മുഖൻ നിർമ്മിക്കയാൽ
> നമ്മുടെ ഭുവനത്തിൽ വെണ്മതിയില്ലാഞ്ഞതും.
> എന്മുഖങ്ങളായിരം നിർമ്മിച്ചീലയെന്നാകിൽ

തേന്മൊഴി! കഥം മമ ചുംബനേ തൃപ്തിവരും? (കല്യാ)

നമ്പിയുടെ ശക്തി മുഴുവൻ പ്രസ്തുത കൃതിയിൽ പ്രതിഫലിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

## മുക്തകങ്ങൾ

ഒറ്റശ്ലോകങ്ങളുടെ കർത്താവെന്ന നിലയിലാണ് നമ്പി സഹൃദയധുരീണന്മാരാരുടെ ശ്ലാഘയെ സർവ്വോപരി ആവർജ്ജിക്കുന്നതു്. അനേകം ശ്ലോകങ്ങൾ പ്രദർശിപ്പിച്ചു കഴിഞ്ഞു. ഇനിയും ചിലതുകൂടി പ്രദർശിപ്പിക്കേണ്ടതുണ്ടു്.

1. വിഷ്ണുവിനേയും ശിവനേയും യൗഗപദ്യേന പരാമർശിക്കുന്ന ഒരു വന്ദനശ്ലോകം:

“നിത്യം യസ്യോത്തമാങ്ഗേ ഘനകുസുമരുചാ
ഭാതി ദിവ്യഃ കലാപോ
വാമാങ്ഗേ ചാപി ഗൗരി ത്രിഭുവനരമണീ
യസ്യ കാന്തേ നിതാന്തം
യോ വാ കംസം ജഘാനാഖിലഭയജനകം
യോജിതഃ കാമദാതാ
ദേവോ മേ ദേഹസൗഖ്യം വിതരതു കൃപയാ
കേശവോ വാ ശിവോ വാ.”

2. കുറിപ്പുറത്തു കോവിലകത്തിന് ഒരു നാഴിക തെക്കുകിഴക്കായുള്ള നരിക്കാട്ടമ്പലത്തിൽ തൊഴുമ്പോൾചൊല്ലിയ ശ്ലോകം:

“ദൈത്യപ്രദ്വേഷിഹസ്ത സ്പദമമിതഭുജക്രാന്തിമദ്ദൈത്യചക്ര–
ഗ്രീവാനാളാന്തരാളപ്രഗളിതരുധിരസ്രാവധൗതാവതാരം
ശാർദ്ദൂലാരണ്യദിവ്യാലയവിലസദമേയപ്രഭാപൂരിതാശം
തേജസ്സൗദർശനം തദ്ദഹതു മമ മഹാരോഗദുർദ്ദൈവതൗഘം.”

3. “ചേതോബാലക ഏഷ താവകനിഷേ–
വാർത്ഥം കഥഞ്ചിന്മയാ
നീതോപി ക്ഷണമപ്യസൗ ന വസതി
ത്വത്സന്നിധാവംബികേ!
ദൂരം ധാവതി തത്ര തത്ര വിഷയാ–
രണ്യേഷ്വതസ്ത്വൽപദ–
സ്ഥൂണായാം സപദി ത്വയൈവ കരുണാ–
രജ്ജ്വാ ദൃഢം ബധ്യതാം.”

4. കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാന്റെ ഒരു സമസ്യ പൂരിപ്പിച്ചതു്:

“സന്ധുക്ഷിതേപി നിതരാം മദനാശുഗേന
ഹംസസ്യ ഗോപ്രസരമാത്രകൃതാവലംബം
തസ്യാ ദമസ്വസുരഹോ ഹൃദയാഭിധാനം
ഹൈയങ്ഗവീനമനലേ കഠിനം ബഭൂവ.”

ഈ ശ്ലോകത്തിലെ ചതുർത്ഥപാദമാണ് തമ്പുരാന്റെ സമസ്യ.

5. മറ്റൊരു സമസ്യാപൂരണം:

“ആഷാഢമാസദോഷാസു യോഷാസംസക്തചേതസാം
കേഷാഞ്ചിദ്ധാവതാം മാർഗ്ഗേ പാഷാണഃ പല്ലവായതേ.”

6. ഒരിയ്ക്കൽ കവിത നേരേ തോന്നാഞ്ഞിട്ട്:

“ജഡതാസതതാനുവർത്തനാൽ
കവിതാ കിം കുപിതാ മനോരമാ
വിമുഖീ മയി വർത്തതേ? ശിവേ!
കരുണാ തേ ക്വ ഗതേഷ്ടസാധനീ?”

7. ഒരു ദിവസം കടത്തനാട്ടുകോവിലകത്തെ ഊണിനെപ്പറ്റി:

“ഉണേ ഉണോ നേതി കണാദവാദോ
യഥാർത്ഥ ഏവേതി കൃതാർത്ഥഭാവഃ
ഭവാമി ഭൈമീശ്വര! താവകീന–
ഉണേ ഉണസ്യാപി കണോ ഹി നാസ്തി.”

ഈ വാസുനമ്പിയുടെ അനന്തരവനോ മറ്റോ ആയി ചെറിയ വാസു എന്നൊരാൾ ഉണ്ടായിരുന്നു എന്നും അദ്ദേഹം “സൂര്യം സഹസ്രകിരണം ശരണം പ്രപദ്യേ” എന്ന് എല്ലാ ശ്ലോകങ്ങളും അവസാനിക്കുന്ന ഒരു സൂര്യാഷ്ടകമെഴുതിയിട്ടുണ്ടെന്നും അറിയുന്നു. അദ്ദേഹത്തിന്റേയും ഒരു മുക്തകം പ്രദർശിപ്പിക്കാം.

“കൃശഃ കൃശാനുർജ്ജ്വരേ കഫാകുല–
സ്തനുസ്തനുത്വഞ്ച സമേത്യരോചകാൽ
സദാ സദാഹജ്വരയുക്തകാസത–
ശ്ശിരശ്ശിരോധീ മമ വേദനാകുലേ.”

## ചീരക്കുഴി ഭവദാസൻനമ്പൂരി: (960–1030)

### ചീരക്കുഴി

ചീരക്കുഴിയില്ലത്തു ഭവദാസൻനമ്പൂരി ഭാഗവതം ഏകാദശസ്കന്ധത്തിനു “പദയോജന” എന്നൊരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. ആ ഇല്ലത്തിനു പല്ലിക്കാടെന്നും പേരുണ്ട്. അതു തെക്കേമലബാറിൽ കോട്ടയ്ക്കൽനിന്നു സുമാർ പന്ത്രണ്ടുനാഴിക അകലെയുള്ള തകരപുരം എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. തകരപുരം സംസ്കൃതത്തിൽ സാഗരപുരം എന്ന സംജ്ഞയാൽ അറിയപ്പെടുന്നു. വള്ളുവനാട്ടു താലൂക്കിൽപ്പെട്ടതാണ് തകരപുരം.

### കാലം

നമ്പൂരി ജീവിച്ചിരുന്ന കാലത്തെപ്പറ്റി ക്ലിപ്തമായി ഒന്നും പ്രസ്താവിക്കുവാൻ നിവൃത്തിയില്ല. വ്യാഖ്യാനത്തിന്റെ ഉപോൽഘാതത്തിലുള്ള താഴെക്കാണുന്ന ശ്ലോകങ്ങൾ പ്രകൃതത്തിൽ ശ്രദ്ധേയങ്ങളാകുന്നു.

"കൃഷ്ണം മരകതശ്യാമം ഭക്താനാമഘകർഷിണം.
സദാനന്ദചിദാത്മാനം പരം ഗുരുമുപാസ്മഹേ.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
ചന്ദ്രാർദ്ധാഭരണസ്യ സാഗരപുരക്ഷേത്രേശിതുസ്സന്നിധൗ
ജാതം വാസ്തുകനിമ്ലധാമ്നി ഭവദാസാഖ്യം ദ്വിജന്മാലയേ
ആനീതം സ്വഗുണൈർവികൃഷ്യ ഗിരിസിന്ധുക്ഷ്മാപതേസ്സോദരീ
ചർച്ചാം ഭാഗവതസ്യ കർത്തുമശിഷദ്രജ്ഞീ കദാചിൽ സ്വയം.
ശ്രീമാനവിക്രമസഹോദരയാ മുകുന്ദ–
ലീലാമരന്ദരസലോലഹൃദാ ച രാജ്ഞ്യാ
ആജ്ഞാപിതോ മഹിതഭാഗവതാർത്ഥരത്ന–
മാലാവിലേഖനകൃതേ പ്രയതാമഹേദ്യ.

സംപ്രത്യേകാദശസ്കന്ധവ്യാഖ്യാനമഥ ലിഖ്യതേ
അസ്മാഭിരാജ്ഞയാ രാജ്ഞ്യാ വിജ്ഞാനവിശദാത്മനഃ

രാജ്ഞ്യാ: സ്വാജ്ഞാനുസാരേണപ്രീതിലാഭോ മഹാംശ്ച നഃ
ശ്രീഗോവിന്ദപ്രസാദശ്ച വിബോധശ്ച ത്രയം ഫലം.

പ്രായശശ്ശ്രീധരാചാര്യഗ്രന്ഥ ഏവാത്ര ലിഖ്യതേ
അന്യഗ്രന്ഥാശ്ച കുത്രാപി സ്വല്പ ഏവ സ്വകല്പിതഃ."

ഓരോ അധ്യായത്തിന്റേയും അവസാനത്തിൽ "ശ്രീവാസുദേവതീർത്ഥാവഗാഹപവിത്രകീർത്തേഃ, ശ്രീവീരരായസംജ്ഞ ശ്രീമാനവിക്രമസഹോദരായാഃ, പൂർവാലയകമലലക്ഷ്യഃ, ശ്രീമദുത്തരാഷാഢജാതായാ, അഭിനവലക്ഷ്മ്യാ രാജ്ഞ്യാ ആജ്ഞയാ, സ്വാജ്ഞാനധ്വാന്തചിത്രഭാനുശ്രീപുരുഷോത്തമ പാദഗുരുഭക്തിമതാ, ശ്രീമദരുണാദ്രിഗുരുനാഥാനുക്ഷണശിക്ഷിതേന, ഭവദാസേന പൂരിതപദയോജനായാം, ശ്രീധരസ്വാമി വിരചിതായാമേകാദശവ്യാഖ്യായാം" എന്നൊരു സൂചകവചനം ചേർത്തിട്ടുണ്ട്.

ഈ ഉദ്ധാരണങ്ങളിൽനിന്നു ഗ്രന്ഥകാരനെപ്പറ്റി ചില വിവരങ്ങൾ നമുക്കു ഗ്രഹിക്കുവാൻ സാധിക്കും. സാമൂതിരി കുടുംബത്തിലെ ശാഖകളിൽ ഒന്നായ കിഴക്കേക്കോവിലകത്തെ ഉത്രാടംതിരുനാൾ രാജ്ഞിയാണ് ഭവദാസൻനമ്പൂരിയോട് ഏകാദശസ്കന്ധത്തിനു വ്യാഖ്യാനം നിർമ്മിക്കുവാൻ ആജ്ഞാപിച്ചത്. ആ രാജ്ഞിയ്ക്കു പക്ഷേ ലക്ഷ്മി എന്നും ഒരു നാമധേയമുണ്ടായിരിക്കാം. സാക്ഷാൽ മനോരമത്തമ്പുരാട്ടിയുടെ ജന്മനക്ഷത്രം സ്വാതിയാകയാൽ ആ വിദുഷിയല്ല പ്രസ്തുത വ്യാഖ്യാനത്തിന്റെ കാരയിത്രി; തന്നിമിത്തം ആ ഗ്രന്ഥം മനോരമത്തമ്പുരാട്ടിയാണ് നിർമ്മിച്ചതെന്നും, വേദാന്തപ്രതിപാദകമായ ഏകാദശസ്കന്ധം തനിക്കു വ്യാഖ്യാനിക്കുന്നതിന് അർഹതയില്ലാത്തതിനാൽമാത്രം അതിൽ തന്റെ ആശ്രിതനായ നമ്പൂരിയുടെ പേർ ആ രാജ്ഞി ഘടിപ്പിച്ചതാണ് എന്നുമുള്ള ഐതിഹ്യം അനാസ്പദമായി പരിണമിക്കുന്നു. മനോരമത്തമ്പുരാട്ടിയുടെ ദൗഹിത്രിമാരായി ഉത്രാടംനക്ഷത്രത്തിൽ ജനിച്ച രണ്ടു രാജ്ഞിമാർ കിഴക്കേക്കോവിലകത്ത് ഉണ്ടായിരുന്നു. അവരുടെ മാതാവാണ് മനോരമത്തമ്പുരാട്ടിയുടെ മൂത്തപുത്രി; ആ രാജ്ഞി 954 മുതൽ 1014വരെ ജീവിച്ചിരുന്നു. ജ്യേഷ്ഠത്തിയായ കുഞ്ഞുത്തമ്പുരാട്ടി 973 തുലാത്തിൽ ജനിച്ച് 1022 കുംഭത്തിൽ പുണർതംനാളിൽ തീപ്പെട്ടു; അനുജത്തിയെ കുട്ടിയനുജത്തി എന്നു വി

ളിച്ചുവന്നു; ആ തമ്പുരാട്ടി 1070 മകരത്തിൽ നാടുനീങ്ങി. ആ രണ്ടുപേരും ജനിച്ചത് ഉത്രാടംനാളിലാണ്. അവരിൽ കുഞ്ഞുത്തമ്പുരാട്ടിയുടെ നിർദ്ദേശമനുസരിച്ചാണ് ചീരക്കുഴി പദയോജന നിർമ്മിച്ചത്. 1031-ൽ സ്ഥാനാരോഹണംചെയ്ത വലിയേട്ടൻതമ്പുരാൻ ആ രാജ്ഞിയുടെ സഹോദരനായിരുന്നു. അദ്ദേഹത്തിനു വീരരായനെന്നും പേരുണ്ടായിരുന്നിരിക്കാം. 1003-ൽ പകർത്തിയെഴുതിയ പദയോജനയുടെ ഒരു മാതൃക ഭാഷാചരിത്രകാരൻ ഗോവിന്ദപ്പിള്ള കാണുകയുണ്ടായിട്ടുണ്ട്. ആ വഴിയ്ക്കു നോക്കുമ്പോൾ 993-നും 1003-നും ഇടയ്ക്കാണ് പ്രസ്തുതഗ്രന്ഥത്തിന്റെ നിർമ്മിതി എന്നു വ്യക്തമാകുന്നു. അദ്ദേഹത്തിന്റെ കാലം 960-നും 1030-നും ഇടയ്ക്കായിരുന്നു എന്ന് ഊഹിക്കാം. ഗ്രന്ഥകാരൻ തനിക്കു പുരുഷോത്തമനെന്നും അരുണഗിരിയെന്നും രണ്ടു ഗുരുനാഥന്മാരുണ്ടായിരുന്നതായും വ്യാഖ്യാനം രചിക്കുമ്പോൾ അരുണഗിരി ജീവിച്ചിരുന്നതായും പ്രസ്താവിക്കുന്നുണ്ടല്ലോ. അവർ ആരെന്നറിയുന്നില്ല. സുഖബോധിനീ വ്യാഖ്യയുടെയും മറ്റും പ്രണേതാവായ ദേവരാജൻ സ്മരിക്കുന്ന അരുണാദ്രി മറ്റൊരു പണ്ഡിതനാണ്.

### പദയോജന

ശ്രീധരീയവ്യാഖ്യയെ സുഗമമക്കുന്നതിനുവേണ്ടി മാത്രമാണ് ഭവദാസൻ പദയോജന നിർമ്മിച്ചത്. അതിൽ ശ്രീധരീയത്തെ പ്രധാനമായും കൃഷ്ണപദി മുതലായ ഇതരവ്യാഖ്യാനങ്ങളെ ദിങ്മാത്രമായും ഉപജീവിച്ചിരിക്കുന്നു;

ഏതാനും ചില അവസരങ്ങളിൽ സ്വപ്രതിഭയനുസരിച്ചും സമഞ്ജസമായി അർത്ഥകല്പന ചെയ്തിട്ടുണ്ട്.

## വേദാന്തരാമാനുജാചാര്യർ

വേദാന്തരാമാനുജൻ എന്നൊരു ശ്രീവൈഷ്ണവബ്രാഹ്മണൻ മനോരമത്തമ്പുരാട്ടിയുടെ പുത്രനും കുട്ടുണ്ണി എന്ന നാമാന്തരത്താൽ വിദിതനുമായ സാമൂതിരി ശക്തൻ മാനവിക്രമൻതമ്പുരാനെ ആശ്രയിച്ചു കോട്ടയ്ക്കൽ താമസിക്കുകയും മാനവിക്രമീയം എന്ന പേരിൽ അദ്ദേഹത്തിന്റെ അപദാനങ്ങളെ പ്രകീർത്തനംചെയ്യുന്ന ഒരു സംസ്കൃത ചമ്പു രചിക്കുകയും ചെയ്തിട്ടുണ്ട്. ആ സാമൂതിരി തീപ്പെട്ടത് 1031-ലാണ്. കവി പാരദേശികനും, ശ്രീവത്സഗോത്രജനായ രഘുനാഥാചാര്യരുടെ പുത്രനും, വാധൂലവംശജനായ ഗോപാലസൂരിയുടെ ശിഷ്യനുമാണെന്ന് അദ്ദേഹംതന്നെ പ്രസ്തുതകൃതിയിൽ രേഖപ്പെടുത്തീട്ടുണ്ട്.

"യദ്വക്ത്രാംഭോജനിര്യന്മധുരമധുധുനീ–
സോദരോദ്ദാമവാണീ–
ധാരാധൂതാ വിഷാദം ഭജതി സുരസരിൽ
സന്തതം ഭങ്ഗയുക്താ;
താന്താ വാഗ്ദേവതേയം നിവസതി സതതം
കാനനേ ലജ്ജയാ കിം?
സോയം ഗോപാലസൂരിർമ്മമ ഹൃദി മഹിത–
ശ്രേയസേ സന്നിധത്താം.

ശ്രീമദ്വാധൂലവംശാമൃതജലധിവിധുർ–
ജ്ഞാനസർവ്വസ്വസിന്ധുഃ

ശ്രീമദ്ഗോപാലസൂരിർജ്ജഗതി വിജയതേ
വാവദൂകേഭസിംഹഃ
യച്ഛിഷ്യാ ജൈത്രകേതും പ്രതികഥകഘടാ–
മത്തമാതങ്ഗസംഘാ–
ന്നൽപാട്യാശാന്തസൗധേ പ്രതിഹതവിമതാഃ
സ്ഥാപയാമാസുരദ്ധാ.

തച്ഛിഷ്യഃ കവികുഞ്ജരഃ കുശലധീശ്ശ്രീവത്സവംശാംബുധേ–
ശ്ശീതാംശോ രഘുനാഥദേശികമണേസ്സാഹിത്യരത്നാംബുധേ:
നാനാശാസ്ത്രവിദുത്തമസ്യ തനയോ വേദാന്തരാമാനുജാ–
ഭിഖ്യസ്സൽകരുണാകടാക്ഷലഹരീസിന്ധുർവ്വരീവർത്തതേ."

താൻ നൂതനമായി ഒരു ചമ്പു രചിക്കുന്നതിനുള്ള സമാധാനം കവി ഇങ്ങിനെ പറയുന്നു.

"പ്രബന്ധാഃ പ്രാചീനാ ജഗതി വിലസന്ത്വദ്ഭുതതമാ–
സ്തഥാപ്യങ്ഗീകര്യൂർമ്മമ കൃതിമിഹാല്പാമപി ബുധാഃ
മഹാവസ്തൂൽകർഷാജ്ജഗതി ജലധിർജ്ജഹ്നുതനയാ–
മുഖാനാം സിന്ധൂനാം പതിരപി ന രുന്ധേല്പസരിതഃ.

ദോഷാകുലാപി കൃതിരുത്തമവസ്തുയോഗാദ്
ഭൂഷാ ഭവേൽ സുമനസാം മഹതാം മദീയാ;
യുക്താപി കണ്ടകകുലൈരിഹ കേതകീ സ–
ന്ത്യക്താ ഭവേൽ സുരഭിണീ കിമു ചഞ്ചരീകൈഃ."

തദനന്തരം സാമൂതിരിരാജാക്കന്മാരുടെ പ്രധാനരാജധാനിയായ കോഴിക്കോടിനേയും കിഴക്കെക്കോവിലകത്തെയും (പ്രാക്പുരി) വർണ്ണിച്ചതിനുമേൽ "നിരന്തരനമനപരാമരനികരകരംബിതസ്ഥലീ ശ്വേതക്രോഡാഭിധാനാ മഹാസ്ഥലീ" എന്നു വെങ്കടക്കോട്ടയെ (കോട്ടയ്ക്കൽ) സ്മരിച്ച് അവിടത്തെ ശിവനെ ഉപശ്ലോകനം ചെയ്യുന്നു. മാനവിക്രമന്റെ ജനനം, ബാല്യം, വിദ്യാഭ്യാസം തുടങ്ങിയ സകല വിഷയങ്ങളും കവി ചമൽകാരയുക്തമായി വിവരിക്കുന്നു. രഘുനാഥൻ എന്നായിരുന്നു അദ്ദേഹത്തിന്റെ ഗുരുനാഥന്റെ പേർ.

"അഥ രംഗനാഥബുധമൗലിമൗക്തികോ
ബുധപുണ്ഡരീകകുലചണ്ഡദീധിതിഃ
പരിമണ്ഡനായ ജഗതാം, പ്രവാദിനാം
മദഖണ്ഡനായ ച പുരീമിമാമഗാൽ"

എന്നാണ് ആ ഗുരുവിനെപ്പറ്റിയുള്ള പ്രസ്താവന ആരംഭിക്കുന്നത്. ആകെ ഒൻപതു സ്തബകങ്ങളുണ്ട്. മാനവിക്രമന്റെ മധുര, രാമേശ്വരം മുതലായ ദേശങ്ങളിലേയ്ക്കുള്ള യാത്രയും, അദ്ദേഹത്തിന്റെ ഗുരുവായൂർ, തൃശ്ശൂർ എന്നീ ക്ഷേത്രസന്ദർശനവും വർണ്ണിച്ചിട്ടുണ്ട്. ഗുരുവായൂരപ്പനെത്തൊഴുമ്പോൾ ചൊല്ലിയ ശ്ലോകങ്ങൾ അദ്ദേഹംതന്നെ ഉണ്ടാക്കിയവയാണ്. അദ്ദേഹം ഒരു സാഹിത്യപ്രണയിയായിരുന്നു. കേരളചരിത്ര പരിശോധന എന്നൊരു ഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. വേദാന്തരാമാനുജൻ ഒരു

സരസനായ സംസ്കൃതകവിയായിരുന്നു എന്നുള്ളതിനു സന്ദേഹമില്ല. കാലം പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധമായിരിക്കണം. ദേശമേതെന്ന് അറിയുന്നില്ല.

## ഗോപാലസമുദ്രം സാംബശിവശാസ്ത്രി

### ചില വിവരങ്ങൾ

കോഴിക്കോട്ടെ ഏതോ ഒരു മാനവിക്രമരാജാവിന്റെ സദസ്യനായി സാംബശിവശാസ്ത്രി എന്നൊരു കവി ജീവിച്ചിരുന്നു. ഗോപാലസമുദ്രം തിരുനെൽവേലി ജില്ലയിലെ ഒരു ഗ്രാമമാണ്. അദ്ദേഹം ശ്രീവത്സഗോത്രജനായ കനകസഭാപതിയുടെ സീമന്തപുത്രനും ഭാരദ്വാജഗോത്രോത്ഭവനായ ആപദുദ്ധാരണശാസ്ത്രികളുടെ പുത്രൻ സ്വാമിശാസ്ത്രികളുടെ ശിഷ്യനുമാണ്. ഈ വസ്തുതകൾ ചുവടെ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽ നിന്നു വെളിപ്പെടുന്നു.

> "ശ്രീഗോപാലസമുദ്രഗ്രാമേ മൃദുസൂക്തിമല്ലികാരാമേ
> കനകസഭാപതിവിദ്വജ്ജ്യേഷ്ഠസുതോ യസ്തു കീർത്തിമാൻ
> ലോകേ."
>
> ശ്രീമാൻ യസ്യ ഗുരുർവിദ്വദാപദുദ്ധാരണാത്മജഃ
> ഭാരദ്വാജകുലോത്തംസഃ സ്വാമീ ശാസ്ത്രീ ബുധാഗ്രണീഃ."
>
> "ശ്രീവത്സഗോത്രകലശാംബുധിപൂർണ്ണചന്ദ്രോ
> വിജ്ഞാതസർവകവിബന്ധവിചിത്രരീതിഃ
> സത്സാഹിതീജനനഭൂരിഹ ദാക്ഷിണാത്യ–
> സ്സോയം ചകാസ്തി ഖലു സാംബശിവഃ കവീന്ദ്രഃ."
>
> "ആലങ്കാപുരമാസുമേരു ധരണാവുച്ഛ്റായമുച്ചൈശ്ശ്രയൻ
> ശ്രീമൻ ശൈലപയോധിരാഡ്വിജയതാം ഭൂമണ്ഡലാ
> ഖണ്ഡലഃ."

തന്റെ കവനചാതുര്യത്തെപ്പറ്റി

> "മനോജധനുരാഹിതസ്ഫുടസരോജഗർഭസ്ഥര–
> ന്മരന്ദത്സരധോരണീസരസമാധുരീസോദരീ
> സുവൃത്തിരസരീതിഭാക്സരസശബ്ദവത്യുജ്ജ്വലാ
> കവേർജ്ജയതി സാംപ്രതം ജഗതി തസ്യ സാ സാഹിതീ"

എന്നു പ്രശംസിച്ചതിനുമേൽ "തേന മഹാകവിനാ രചിതം ശൃംഗാരവിലാസം നാമ ഭാണമഭിനയദ്ഭിരസ്മാഭിർന്നിതരാമാ പാദ്യത ഇതി ശ്രീമാനവിക്രമമഹാരാജവിദ്വൽസാമാജികഹൃദയാനന്ദഃ" എന്നു പറയുന്നു. 1053-ാമാണ്ടിടയ്ക്കു പകർത്തിയെഴുതിയതായി കാണുന്നതിനാൽ അതിനുമുൻപാണ് പ്രസ്തുതഗ്രന്ഥത്തിന്റെ നിർമ്മിതി എന്നു സിദ്ധമാകുന്നു. കവിതാരീതി വ്യക്തമാക്കുവാൻ ഒരു ശ്ലോകംകൂടി ഉദ്ധരിക്കാം.

> "മന്ദാനിലേന മധുനാ രജനീവിടേന

മൈത്രീം സമാരചയതോ മകരധ്വജസ്യ
ആജ്ഞാഭിരുല്പലദൃശാം സകലാതിശായി
താരുണ്യമസ്തു തരുണൈരുപഭുജ്യമാനം."

സരസനായ ഒരു കവിതന്നെയാണ് സാംബശിവശാസ്ത്രി.

## കൃഷ്ണസുധി (കാവ്യകലാനിധി)

കൊല്ലം പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ കോലത്തുനാട്ടു രവി വർമ്മത്തമ്പുരാന്റെ ആശ്രിതനായി തൊണ്ഡമണ്ഡലത്തിൽ പാലാറ്റിന്റെ പോഷകനദിയായ ചെയ്യാറ്റിന്റെ തെക്കേക്കരയിലുള്ള ഉത്തരമേരൂർ എന്ന ഗ്രാമത്തിൽ ജനിച്ച കൃഷ്ണസുധി എന്നൊരു പണ്ഡിതൻ ജീവിച്ചിരുന്നു. ചെയ്യാറ്റിനു സംസ്കൃതത്തിൽ സ്കന്ധം എന്നും മറ്റുമാണ് പേർ നല്കിയിരിക്കുന്നത്. ശ്രീരാമഭക്തനായ അദ്ദേഹം കൊല്ലം 1020-ൽ കാവ്യകലാനിധി എന്നൊരു ഗ്രന്ഥം നിർമ്മിക്കുകയുണ്ടായി. ഈ അലങ്കാരഗ്രന്ഥത്തെ (1) നായകപ്രകരണം, (2) ശബ്ദാർത്ഥനിർണ്ണയം, (3) അർത്ഥനിർണ്ണയം, (4) ധ്വനിനിരൂപണം, (5) ഗുണീഭൂതവ്യംഗനിരൂപണം, (6) ശബ്ദാർത്ഥചിത്രണം, (7) ദോഷനിരൂപണം, (8) ഗുണനിരൂപണം, (9) ശബ്ദാലങ്കാരനിരൂപണം, (10) അർത്ഥാലങ്കാരനിരൂപണം എന്നിങ്ങിനെ പത്തു കുസുമങ്ങളായി കൃഷ്ണസുധി വിഭജിച്ചിരിക്കുന്നു. ഉദാഹരനശ്ലോകങ്ങളെല്ലാം രവിവർമ്മപരങ്ങളാണ്. "ഇതി കാഞ്ചീമണ്ഡലേ സ്കന്ധസരിദ്ദക്ഷിണദിശ്യുത്തരമേരുഗ്രാമവാസിനാ പണ്ഡിതരായ നാരായണോപദ്രഷ്ടവംശമുക്താമണി ശിവരാമസൂരിസൂനു കവിദാസകൃഷ്ണസൂരികലിതേ കാവ്യകലാനിധൗ" എന്നു ഗ്രന്ഥാവസാനത്തിൽ കാണുന്ന സൂചീവാക്യത്തിൽനിന്ന് അദ്ദേഹം ഉപദ്രഷ്ടാവെന്ന ബിരുദത്താൽ വിദിതനായ നാരായണസൂരിയുടെ കുലത്തിൽ ജനിച്ച ശിവരാമസൂരിയുടെ പുത്രനാണെന്നു സിദ്ധിക്കുന്നു. അവരുടെ പേരുകൾ ശിവരാമസുധി എന്നും കൃഷ്ണശാസ്ത്രി എന്നുമാണ് മറ്റു ചില കുറിപ്പുകളിൽ കാണുന്നത്.

"കാവ്യാലങ്കാരജിജ്ഞാസോർമ്മുദേ കാവ്യകലാനിധിം
കർവേ കൃഷ്ണസുധീഃ കോലഭൂപാലകയശശ്ശ്രിയം.

ന സാമാന്യഃ കോലരാജോ യോർജ്ജുനശ്രീർദ്ധരാകരഃ
സുമനോവല്ലഭഃ പൂർണ്ണകാമോ ഗുരുകവീശ്വരഃ.

കിഞ്ച,

ജലധ്യപിഹിതാ ഭൂമിർധ്രിയതേ യേന ലീലയാ
കോലരാജസ്യ തസ്യാദ്യ കീർത്തിഃ കിം ന കവിപ്രിയാ?

തദ്വംശേ രവിവർമ്മേതി രാജചൂഡാമണിസ്സതാം
സ താമനിതരാപേക്ഷം നിതരാം തനുതേ ശ്രിയം.

തസ്യൈവ ഖലു,

പദ്മിനീവല്ലഭഃ കോലഭൂപാലോ രവിപാർത്ഥിവഃ
ഇതി നാമാനി കല്പദ്രുമീയന്തി വിബുധശ്രിയേ.

കോലരാജസ്യ തസ്യാദ്യ ഗുണാ ലോകോത്തരാശ്രയാഃ

പണ്ഡിതൈഃ പാമരൈശ്ചാപി പഠ്യന്തേ പരിതോ യതഃ.

അഹം തു കോലരാജേന്ദ്രഗുണാൻ സ്തോതും യതേധുനാ
ധീരാസ്സമർത്ഥിതാ ഭൂയാസ്വേതദാശീർവചോസ്തു നഃ"

എന്നീ ശ്ലോകങ്ങളിൽ കവി തന്റെ പ്രബന്ധോദ്ദേശ്യം വിവരിക്കുന്നു. അവസാനത്തിൽ ഉള്ളവയാണ് താഴെക്കാണുന്ന ശ്ലോകങ്ങൾ.

"കല്യാണാനി കരോതു പങ്കജഭുവഃ പത്നീ കവീനാം ശ്രിയോ
ഭൂയാസുഃ കൃതയോ ജയന്തു ജഗതാം നാഥാശ്ച കീർത്ത്യാശയാഃ
ധർമ്മിഷ്ഠാ വിജയം ഭജന്തു വിബുധാനന്ദൈകഹേതുസ്സദാ
ഭൂയാൽ കാവ്യകലാനിധീ രവികുലക്ഷ്മാപാലകീർത്ത്യാ സഹ.

യന്നാമാഖിലരാജമൗലിരസനാരംഗസ്ഥലീനർത്തകീ
യന്നാരീവചസാ കപേശ്ച ഹൃതഭൂങ്നീഹാരഭാനുർബഭൗ
യൽപാദാബ്ജരജശ്ശിലാമപി വധൂം തേനേ മുനേസ്സൽഗുണ–
ശ്ലാഘ്യഃ കാവ്യകലാനിധിർജ്ജയതു മേ രാമാംഘ്രിസേവാ ഭുവി.

കാഞ്ചീമണ്ഡലമണ്ഡനേ കരനദീനീരോദ്ഭവദ്ഭണ്ഡനേ
ശ്രീമത്യുത്തരമേരുനാമനി പുരേ ശ്രീശൈലജേശാകരേ
വാസീ കാവ്യകലാനിധിം വ്യരചയൽ കൃഷ്ണഃ കവിർവ്യംഗ്യധീ
സന്മേധാവികലിപ്രസിദ്ധശരദി ശ്രീമല്ലസൽസമ്പദി."

'സന്മേധാവി' എന്നതു കലിവർഷസൂചകമായ ഒരു പദമാണ്. അതിൽനിന്നു പ്രസ്തുതഗ്രന്ഥത്തിന്റെ നിർമ്മിതി 1020-ാമാണ്ടാണെന്നു സിദ്ധിക്കുന്നു.

## ഹംസസന്ദേശം

ഹംസസന്ദേശം എന്ന പേരിൽ കൊല്ലം പതിനൊന്നാംശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ വിരചിതമെന്നു കരുതാവുന്ന ഒരു കാവ്യം കണ്ടുകിട്ടീട്ടുണ്ട്. അതു മറ്റു സന്ദേശങ്ങളെന്നപോലെ പൂർവ്വഭാഗവും ഉത്തരഭാഗവുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. മന്ദാക്രാന്ത തന്നെയാണ് വൃത്തം. പൂർവ്വസന്ദേശത്തിൽ 83-ഉം ഉത്തരസന്ദേശത്തിൽ 88-ഉം ശ്ലോകങ്ങൾ അടങ്ങീട്ടുണ്ട്. പൂർവ്വഭാഗത്തിന്റെ ആരംഭത്തിലുള്ളതാണ് താഴെക്കാണുന്ന ശ്ലോകം:

"ശ്രീമത്യംഭോരുഹസുരഭിതേ ക്രീഡതോസ്സപ്രമോദം
ലീലാരാമേ ഗുരുനിധുവനക്ലാന്തധാമ്നോഃ കയോശ്ചിൽ
യാമിന്യാം കാചന നിശിചരീ ഭക്ഷിതും തം ഗൃഹീത്വാ
ലാങ്കോദ്യാനേ സപദി സരമാകാന്തവാചാ മുമോച."

പ്രസ്തുതസന്ദേശത്തിലെ നായകനും നായികയുമായി സുഖിക്കുന്ന ഒരവസരത്തിൽ നായകനെ ഒരു രാക്ഷസി ഭക്ഷിക്കുന്നതിനായി ലങ്കയിലെ ഉദ്യാനത്തിലേക്കു കൊണ്ടുപോകുകയും അവിടെവെച്ചു വിഭീഷണചക്രവർത്തിയുടെ ആജ്ഞയാൽ മോചിപ്പിക്കുകയും ചെയ്തു. നായികയുടെ ഭവനം കവണാറ്റിന്റെ (മീനച്ചിലാറ്റിന്റെ) തീരത്തുള്ള കുടമാളൂരാണെന്നു കവി പറയുന്നു.

"യാതവ്യം തേ യുവതിനയനച്ഛായനീരാജിതം തദ്

ഗൗണാവീചീചയമുഖരിതം കുംഭമാല്ലൂരദേശം
ഇക്ഷുശ്രേണീകലിതരശനം ഹംസ! യസ്മിൻ മഹീയോ
മാകന്ദാഖ്യം നയനസുഭഗം മന്മഥക്ഷേത്രമസ്തി"

സന്ദേശഹരൻ ഹംസമാണെന്നു പറയേണ്ടതില്ലല്ലോ. നായകൻ ഹംസത്തെ സേതുദർഭശയനം, താമ്രവർണ്ണീതീരം, മണലൂർ, സഹ്യപർവ്വതം ഇവ കടന്നു കേരളത്തിൽ എത്തുവാൻ ഉപദേശിക്കുന്നു. അധോലിഖിതമായ ശ്ലോകത്തിൽ കവി കേരളത്തെ വർണ്ണിക്കുന്നു.

"പശ്ചാദസ്യ ക്ഷിതിധരപതേഃ പൃഷ്ഠലേ കേരളാഖ്യോ
നീവൃദ് ഗ്രീഷ്മേപ്യുദകമനിശം മുച്യതേ വാരിവാഹൈഃ
യത്രോത്തുംഗോഃ പരിണതഫലസ്തോമനമ്രോത്തമാംഗാ
വർത്തന്തേ യേ മരിചവലിതാ നാളികേരാശ്ച പൂഗാഃ."

തദനന്തരം കന്യാകുമാരി, മരുത്വാമല, ശുചീന്ദ്രം ഇവയുടെ വിവരണത്തിലാണ് കവി വ്യാപൃതനാകുന്നത്. മരുത്വാമലയ്ക്കു വക്രഗിരി എന്നാകുന്നു സന്ദേശത്തിൽ കാണുന്ന സംജ്ഞ. ശുചീന്ദ്രത്ത് അക്കാലത്തു നടപ്പിലിരുന്ന കൈമുക്കൽ എന്ന ശുദ്ധികർമ്മത്തെപ്പറ്റി ഇങ്ങനെ പ്രസ്താവിക്കുന്നു.

"നിത്യം ഭൂതപ്രഭൃതിഭിരമാ പാർവ്വതീപ്രാണനാഥോ
യസ്മിന്നാസ്തേ നിഖിലവിബുധൈസ്സന്തതം സേവ്യമാനഃ
തത്ഥേ സ്നേഹേ സ്ഫുടമിഹ ജനൈർല്ലോചനാഗോചരാണാ-
മാലോക്യന്തേ പ്രിയസഖ! ഫലാന്യാത്മകർമ്മോൽകരാണാം"

അതിൽപ്പിന്നീടു ഹംസം ചെന്നേത്തേണ്ടതു തിരുവനന്തപുരത്താണ്.

"പ്രാതർന്നത്വാ തദനു ഗിരിശം ഭക്തിനമ്രേണ മൂർദ്ധ്നാ
സ്യാനന്ദൂരം ദുരിതനികരച്ഛേദദക്ഷം ശ്രയേഥാഃ
പുഷ്യല്ലോധ്രപ്രസവധവളേ ഗൂഢപാനാഥരൂപേ
തല്പേ ശേതേ സഹ കമലയാ പദ്മയാ പദ്മനാഭഃ."

ആ ഘട്ടത്തിൽ കവി വഞ്ചിമഹാരാജാവിനെ അത്യന്തം സമുജ്ജ്വലമായ രീതിയിൽ ചിത്രനം ചെയ്യുന്നു. തദ്വിഷയകമായ ഒരു ശ്ലോകം മാത്രം പകർത്താം.

"സന്മാർഗ്ഗസ്ഥസ്സവിമലകലാവൃന്ദദേദീപ്യമാനോ
ഭാസ്വത്താരാവലിവലയിതോ മിത്രസംവർദ്ധിതാത്മാ
ലക്ഷ്മീവാൻ യോ ജിതബുധകവിശ്ചക്രവർത്തീ തമോന്ധ-
ദ്രാകാശീതച്ഛവിരിവ ഭവാൻ രാജതേ രാജരാജഃ."

തിരുവനന്തപുരത്തുനിന്നു വടക്കോട്ടേയ്ക്കു രണ്ടു വഴികളുണ്ടെങ്കിലും അവയിൽ ഒന്ന് 'ക്ഷിതിധരവനഗ്രാവരുക്ഷ'മായ 'കദധ്വാവാ'കയാൽ അതിനെ ത്യജിച്ചിട്ടു 'പാഥോനിധിതടതല'ത്തിൽ കൂടിയുള്ള മാർഗ്ഗത്തെ സ്വീകരിക്കണമെന്നു നായകൻ ഹംസത്തോടു നിർദ്ദേശിക്കുന്നു. കൊല്ലത്തു ചെന്നാൽ അവിടെ ധാരാളം ധ്വരമാരെക്കാണാം.

"പുഷ്യല്ലോധ്രപ്രസവസുമനോധൂസരാ ഘ്ഷണലോകാ
മത്താത്മാനോ നവമദിരയാ ചോളസഞ്ചരാദിതാംഗാഃ

തത്തോദ്യദ്ഗ്ഭിഃ പ്രിയസഖ! സമം കാമിനീഭിർമ്മനോജ്ഞേ
പ്രാസാദാനാം മഹതി ശിഖരേ യത്ര നിത്യം രമന്തേ.”

തദനന്തരം ഹംസം അമ്പലപ്പുഴെച്ചെന്നു “വിലസദതസിദാമനീലപ്രതീക”നായ ശ്രീകൃഷ്ണനെ തൊഴുതുംകൊണ്ടു കുടമാളൂരേയ്ക്കു പോകണം. അത്തരത്തിലാണ് മാർഗ്ഗനിർദ്ദേശം.

കവിയാരെന്ന് അറിയുന്നില്ലെങ്കിലും അദ്ദേഹത്തിനും തന്റെ പ്രിയതമയ്ക്കെന്നപോലെ കുടമാളൂർതന്നെയായിരുന്നു ജന്മഭൂമി എന്ന് ഊഹിക്കാവുന്നതാണ്. ഗ്രന്ഥം നിർമ്മിച്ച കാലത്തു ശുചീന്ദ്രക്ഷേത്രത്തിൽ കൈമുക്കും കൊല്ലത്തു സായ്പന്മാരുടെ താമസവുമുണ്ടായിരുന്നു എന്നുള്ളതിനു പുറമേ, കൊട്ടാരക്കരനിന്നു കോട്ടയത്തേയ്ക്കുള്ള പാത പരിഷ്കരിച്ചിരുന്നില്ലെന്നും നാം കണ്ടുവല്ലോ. ശുചീന്ദ്രത്തു് കൈമുക്കൽ നിന്നതു് 1019-ാമാണ്ടാണ്; അതിൽപ്പിന്നീടു കുറേക്കാലം തിളയ്ക്കാത്ത എണ്ണയിൽ കൈമുക്കിവന്നിരുന്നു. ഉത്രംതിരുനാൾ മഹാരാജാവിന്റെ വാഴ്ചക്കാലത്താണ് അതു നിശ്ശേഷം നിന്നതു്. അതുകൊണ്ടു് 1019-ാമാണ്ടിനു മുൻപാണ് ഹംസസന്ദേശത്തിന്റെ ആവിർഭാവമെന്നും, അതോടുകൂടി സ്വാതിതിരുനാൾമഹാരാജാവു സിംഹാസനാരൂഢനായ 1004-ാമാണ്ടിനു മേലാണെന്നും നിർണ്ണയിക്കാം.

## താഴമൺ പരമേശ്വരഭട്ടതിരി

തിരുവിതാംകൂറിലെ സുപ്രസിദ്ധമായ ചെങ്ങന്നൂർക്ഷേത്രത്തിലെ ശ്രീപരമേശ്വരനെപ്പറ്റിയുള്ള ഒരു ദീർഘമായ സ്തോത്രമാണ് സാഹസ്രിക. നാരായണീയത്തിന്റെ ഛായയിൽ താഴമൺ പരമേശ്വരൻ തന്ത്രി രചിച്ച പാരമേശ്വരം സാഹസ്രിക അഥവാ ശോണാദ്രീശസ്തോത്രം എന്ന കൃതിയിൽ ചെങ്ങന്നൂർ സ്ഥലപുരാണത്തിലെ കഥകളായ ആയിരം ശ്ലോകങ്ങൾ അടങ്ങീട്ടുണ്ട്. പക്ഷേ പാരമേശ്വരകാരനു കവിയെന്ന നിലയിൽ ഗണനീയമായ സ്ഥാനത്തിന് അവകാശമൊന്നും കാണുന്നില്ല. മാതൃക കാണിക്കുവാൻ നാലെണ്ണം ഉദ്ധരിക്കാം.

“ലോകാനാമിയമുത്തമാ വസുമതീ ദ്വിപോയമത്രോത്തമഃ
പ്രത്യേകം നവഖണ്ഡമണ്ഡിതഗിരിശ്രേഷ്ഠേ തതോ ഭാരതേ
മുഖ്യം ഭാർഗ്ഗവഭൂതലം സുമഹിതോ ദേശസ്തതോ ദക്ഷിണാൽ
സോസ്മിൻ ശോണഗിരിർവിഭാതി ഭഗവത്സാന്നിധ്യഭൂരദ്ഭുതഃ.
അസ്മിൻ ശോണഗിരൗ സ്വയം സമുദിതോ
ലിങ്ഗാത്മനാ ശങ്കരഃ
സാക്ഷാൽ ഭക്തജനാവനായ കൃപയാ
കല്പദ്രുകല്പോ വിഭുഃ
അസ്മിൻ ബ്രഹ്മണി ശങ്കരേ സുലഭതാം
പ്രാപ്തേ ജഗദ്ഭാഗ്യതഃ
കിഞ്ചിന്നാന്യദിഹാസ്തി സേവ്യമമൃതേ
ലബ്ധേ തു കിം ഭോജനൈഃ?”
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

രവിശശിഗഗനാനിലാനലാംഭഃ–
ക്ഷിതിപുരുഷാഷ്ടകമിത്യസി ത്വമേകഃ
ജഗതി വിമൃശതാം ന വിദ്യതേന്യൽ

കിമപി വിഭോ! പരമാത്മനേ നമസ്തേ.

ശോണാചലേശ! പദപങ്കജയുഗ്മകം തേ
ജംഘേ ച ജാനുയുഗളേ ച തവോരുയുഗ്മം
നാഭീം തവോദരമുരോ വദനം കിരീട–
കോടീലസച്ഛശികലാമവലോകയേഹം."

"നാമത്രയോജ്ജ്വലമിദം നിഗമോപഗീതം
സ്തോത്രഞ്ച മൽകൃതഭവന്മഹിമോദയാർച്ചിഃ
സാഹസ്രികേതി പുനരഷ്ടകമാലികേതി
സ്യാൽ പാരമേശ്വരമിദം പഠതാം രുചായ."

എഴമൺ, ചെങ്ങന്നൂർ, ഏറ്റുമന്നൂർ മുതലായ പല ക്ഷേത്രങ്ങളിലെ തന്ത്രിമാരാണ് ചെങ്ങന്നൂർ താഴമണ്ണില്ലത്തെ പോറ്റിമാർ. അവരിൽ പരമേശ്വരൻ എന്ന ഒരു തന്ത്രിയുടെ കൃതിയാണ് പ്രസ്തുതസ്തോത്രമെന്ന് ഐതിഹ്യമുണ്ട്. അദ്ദേഹം പതിനൊന്നാം ശതകത്തിന്റെ പൂർവാർദ്ധത്തിൽ ജീവിച്ചിരുന്നതായി അറിയുന്നു. പാരമേശ്വരത്തിനു സാഹസ്രികയെന്നും അഷ്ടകമാലികയെന്നുംകൂടി പേരുകൾ ഉള്ളതിനാലാണ് 'നാമത്രയോജ്ജ്വലം' എന്ന വിശേഷണം കവി പ്രയോഗിക്കുന്നത്.

## വട്ടപ്പള്ളി ഭാസ്കരൻമൂസ്സത്

ശ്രീരാമോദന്തത്തിന്റെ കരുവിൽ വാർത്തെടുത്തിട്ടുള്ള ഒരു കാവ്യമാണ് ശ്രീകൃഷ്ണോദന്തം. അതിനു പ്രചാരം തീരെയില്ല. കവിതാഗുണവും ശൂന്യംതന്നെ. ശ്രീമദ്ഭാഗവതം ദശമം, ഏകാദശം എന്നീ രണ്ടു സ്കന്ധങ്ങളിലും പ്രതിപാദിതമായിരിക്കുന്ന ശ്രീകൃഷ്ണചരിതമാണ് ഇതിവൃത്തം. ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

"മാധവം പ്രണിപത്യാഹം മായാക്രീഡാകൃതക്ഷണം
ശ്രീകൃഷ്ണോദന്തമാഖ്യാസ്യേ വേദവ്യാസപ്രകീർത്തിതം.
പുരാകദാചിദ്വസുധാ ദുഷ്ടഭാരേണ പീഡിതാ
ബ്രഹ്മാണം ശരണം പ്രാപ്യ തസ്മൈ തൽ സംന്യവേദയൽ."

ഒടുവിൽ

"ഇത്ഥം മായാപടാന്തർഹിതവപുരഖിലാൻ
മോഹയൻ വിഷ്ണുരുവീ–
മാസാദ്യാഗത്യ രങ്ഗം നട ഇവ ജഗതാം
നായകശ്ചാരുവേഷഃ
നാനാരൂപൈർവിലാസൈസ്സകലജനമനഃ–
പ്രീതിമാധായ പശ്ചാ–
ദങ്ഗീകൃത്യ സ്വരൂപം ഗമിതനിജപദോ
യോഗനിദ്രാമുവാഹ"

എന്നു സർഗ്ഗാന്തരീതിയിൽ ഘടിതമായ ഒരു ശ്ലോകത്തോടുകൂടി അവസാനിക്കുന്നു. അതിനുമേൽ

"കൃതമിദം ഹരിണശ്ചരിതം ശുഭം

സകലപാപഹരം പഠതാം നൃണാം
ഗുരുഗൃഹാലയഹൈമവതീകൃപാ–
ലവയുതേന തു ഭാസ്കരശർമ്മണാ”

എന്നൊരു ശ്ലോകവും കാണ്മാനുണ്ട്. അതിൽനിന്നു ഭാസ്കരൻ എന്നൊരു കവിയാണ് ശ്രീകൃഷ്ണോദന്തത്തിന്റെ പ്രണേതാവെന്നും അദ്ദേഹം ആ കൃതി രചിച്ചതു് 1025-ാമാണ്ടാണെന്നും വിശദമാകുന്നു.“വട്ടപ്പള്ളി ഭാസ്കരൻ” എന്നുകൂടി ഗ്രന്ഥത്തിൽ ഒരു കുറിപ്പുണ്ട്. ആ വഴിക്കു നോക്കിയാൽ ശുചീന്ദ്രത്തു വട്ടപ്പള്ളിയില്ലത്തെ ഭാസ്കരൻ മൂത്തതാണ് ഗ്രന്ഥകാരൻ എന്ന് ഊഹിക്കാം. “ഗുരുഗൃഹാലയം” ഏതെന്ന് അറിയുന്നില്ല.

# — 44 —

# പതിനൊന്നാം ശതകം, പൂർവ്വാർദ്ധം (തുടർച്ച)

## ആയില്യംതിരുനാൾ രാമവർമ്മമഹാരാജാവ് (1007—1055)

### ജനനവും വിദ്യാഭ്യാസവും

ആയില്യം തിരുനാൾ രാമവർമ്മമഹാരാജാവ്, 1007-ാമാണ്ടു മീനമാസം 2-ാംനു രു ക്മിണീ

ബായിത്തമ്പുരാട്ടിയുടേയും തിരുവല്ലാ പാലിയക്കരക്കോയിത്തമ്പുരാന്റേയും (പൂണർ തംനാൾ രാമവർമ്മാ) ദ്വിതീയപുത്രനായി തിരുവവതാരം ചെയ്തു. ബാല്യത്തിൽത്ത ന്നെ സങ്ഗീതസാഹിത്യങ്ങളിൽ അനന്യസാധാരണമായ വാസന പ്രകടിപ്പിച്ചിരു ന്ന അവിടുന്ന് അനുസ്യൂതമായ അഭ്യാസബലംകൊണ്ട് അവ രണ്ടിലും ഒന്നുപോലെ നിഷ്ണാതനായി എന്നുമാത്രമല്ല, വ്യാകരണാദിശാസ്ത്രങ്ങളിലും വൈദുഷ്യം സമ്പാദി ച്ചു. മാതാവു ബാല്യത്തിൽത്തന്നെ തീപ്പെട്ടുപോയെങ്കിലും, പിതാവിന്റെ വാത്സല്യ പൂർണ്ണമായ ലാളനത്തിൽ വളരുന്നതിന് അവിടത്തേയ്ക്കും അനുജൻ വിശാഖം തിരു നാൾ തമ്പുരാനും ഭാഗ്യം സിദ്ധിച്ചു. രാമവർമ്മ കോയിത്തമ്പുരാൻ 980-ാമാണ്ടു ജനി ച്ചു. 1033 കന്നിയിൽ മരിച്ചു. അദ്ദേഹം ഒരു നല്ല സംസ്കൃതപണ്ഡിതനായിരുന്നു എന്നു കേട്ടിട്ടുണ്ട്. ഇംഗ്ലീഷിലും തിരുമേനിയ്ക്കുള്ള പാണ്ഡിത്യം അപാരമായിരുന്നു. പേരൂർ ക്കട അപ്പിവാരിയരായിരുന്നു സംസ്കൃതത്തിൽ ആദ്യത്തെ ആശാൻ. പിന്നീട് അന്ന ത്തെ രാജകീയ വിദ്വത്സദസ്സിലെ അങ്ഗങ്ങളായിരുന്ന പല ശാസ്ത്രിവര്യന്മാരോടും പല വിഷയങ്ങളും അഭ്യസിച്ചു വാക്യാർത്ഥവിവരണപാടവം സ്വായത്തമാക്കി. ഇം ഗ്ലീഷിൽ ആദ്യത്തെ ഉപാധ്യായൻ സുബ്ബരായരും പിന്നീടു കോട്ടയത്തു ശങ്കരമേ നോനുമായിരുന്നു. ശങ്കരമേനോൻ കോട്ടയത്തെ സെമിനേരിയിൽ ബേക്കർസാ യിപ്പിന്റെ ശിഷ്യനാണ്. 1024-ൽ വിശ്വവിശ്രുതനായ മാധവരായർ ഗുരുനാഥനായി. ഈ ഭാഷകൾക്കു പുറമെ തമിഴ്, തെലുങ്ക്, കർണ്ണാടകം, ഹിന്ദുസ്ഥാനി, മഹാരാ ഷ്ട്രം എന്നീ ഭാഷകളും അവിടത്തേയ്ക്കു സ്വാധീനമായിരുന്നു. 1022-ൽ യുവരാജാവ് ഉത്രംതിരുനാൾ സിംഹാസനാരൂഢനായപ്പോൾ ആ മഹാരാജാവിനെ അവിടുന്നു സകലരാജ്യകാര്യങ്ങളിലും ഭക്തിവിശ്വാസപൂർവ്വം സഹായിച്ചുതുടങ്ങി. ജ്യേഷ്ഠൻ ബുദ്ധിമാന്ദ്യംനിമിത്തം സ്വസ്ഥജീവിതം സ്വീകരിക്കേണ്ടി വന്നതിനാൽ അവിടുന്നു തന്നെയാണ് ഇളയതമ്പുരാന്റെ കൃത്യങ്ങൾ അനുഷ്ഠിച്ചുവന്നത്. 1026-ൽ മാതുലന്റെ

പുത്രി കല്യാണിക്കുട്ടിത്തങ്കച്ചിയ്ക്കു പട്ടും കച്ചയും നല്കി. ആ സ്ത്രീരത്നത്തിനും സങ്ഗീതസാഹിത്യങ്ങളിൽ വൈദഗ്ദ്ധ്യമുണ്ടായിരുന്നു. ആ മഹതിയുടെ മരണത്തിനുമേൽ 1037-ൽ മാതൃപ്പള്ളി കല്യാണിക്കുട്ടിയമ്മയെ പരിഗ്രഹിച്ചു. സ്വാതിതിരുനാൾ മഹാരാജാവിന്റെ സകലകലാപോഷകസ്ഥാനവും ആ തിരുമേനിതന്നെയാണ് അധിരോഹണം ചെയ്തതു്. ഉത്രംതിരുനാൾ മഹാരാജാവിനു കഥകളിയോടുണ്ടായിരുന്ന അഭിനിവേശാധിക്യംനിമിത്തം അവിടത്തേയ്ക്കു് അന്യകലകളിൽ ശ്രദ്ധ പതിപ്പിക്കുന്നതിനു സമയമുണ്ടായിരുന്നില്ല. ആയില്യംതിരുനാൾക്കുള്ള വിദ്യാവിഷയകമായ സിദ്ധിവിശേഷത്തെപ്പറ്റി ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ 1033-ൽ രചിച്ച കീർത്തിവിലാസം ചമ്പുവിലും കേരളവർമ്മ വലിയ കോയിത്തമ്പുരാൻ 1036-ൽ നിർമ്മിച്ച തിരുനാൾപ്രബന്ധത്തിലും സമുജ്ജ്വലമായ രീതിയിൽ കീർത്തനംചെയ്തിട്ടുണ്ട്. പാച്ചുമൂത്തതിന്റെ ശ്രീരാമവർമ്മചരിതത്തെക്കുറിച്ചു പിന്നീടു പ്രസ്താവിക്കും.

1033-ൽ തിരുവനന്തപുരത്തെ ആസ്ഥാനപണ്ഡിതന്മാരിൽ പ്രമുഖന്മാർ (1) അനന്തരാമശാസ്ത്രി, (2) അപ്പാദീക്ഷിതർ, (3) വെങ്കടരാമശാസ്ത്രി, (4) ശ്രീനിവാസയ്യങ്കാർശാസ്ത്രി, (5) സുബ്ബാദീക്ഷിതർ, (6) പണ്ഡിതർ രാമസ്വാമിശാസ്ത്രി, (7) അപ്പവയ്യങ്കാർശാസ്ത്രി, (8) ഭാസ്തിപൗരാണികൻ, (9) ഇലത്തൂർ രാമസ്വാമിശാസ്ത്രി എന്നിവരായിരുന്നു. ആയില്യംതിരുനാളെപ്പറ്റി ഇലത്തൂർമഹാകവി

“സൗജന്യവാദാന്യകയോസ്സഹസ്ഥിതി-
സ്സാഹിത്യപാണ്ഡിത്യവിലാസയോരപി
ഛായാതപൈകസ്ഥിതിവത്സുദുർല്ലഭാ
വ്യാഭാതി യസ്മിൻ നരലോകപാലകേ”

എന്നു പ്രശംസിയ്ക്കുന്നു. അവിടുന്നു പണ്ഡിതരോടു താഴെകാണുന്നവിധത്തിൽ അരുളിച്ചെയ്യുന്നതായിട്ടും അദ്ദേഹം പ്രസ്താവിക്കുന്നു.

“അദ്യാരഭ്യ ദിനേദിനേ മമ സദസ്യാഗമ്യതാം, പണ്ഡിതൈഃ
കാലേ/സാവനുഗൃഹ്യതാം പ്രതി മിഥോ മാത്സര്യമുത്സൃജ്യതാം,
വാക്യാർത്ഥഃ പ്രവിചാര്യതാം, ശ്രുതിശിരസ്സീമന്തസീമാന്തഗോ-
ര്യച്ചാന്യന്മുനിഭിഃ പ്രണീതമമലം പ്രസ്തൂയതാം ശാസനം.”

ആ ആജ്ഞയനുസരിച്ചു ശാസ്ത്രിമാരുടെ വാക്യാർത്ഥസദസ്സ് എന്നും അവിടുന്ന് എഴുന്നള്ളിത്താമസിച്ചിരുന്ന ഭജനപ്പുരക്കൊട്ടാരത്തിൽ നിർവിഘ്നമായി നടന്നുകൊണ്ടിരുന്നു; ശാസ്ത്രസദസ്സ് അവസാനിച്ചാൽ ഉടൻ സംഗീതസദസ്സായി. അതു രണ്ടും കഴിഞ്ഞിട്ടേ സായങ്കാലത്തെ സവാരിക്ക് അവിടുന്ന് എഴുന്നള്ളാറുണ്ടായിരുന്നുള്ളു.

## ഗ്രന്ഥനിർമ്മാണം

മലയാളത്തിൽ അക്കാലത്തും പദ്യശാഖയെ പോഷിപ്പിച്ചുവന്ന പണ്ഡിതകവികൾ പലരുമുണ്ടായിരുന്നു. എന്നാൽ പുതിയ രൂപത്തിലുള്ള ഗദ്യശാഖ അങ്കുരിക്കുക പോലും ചെയ്തിരുന്നില്ല. രാജ്യത്തേയും ഭാഷയേയും അത്യധികമായി സ്നേഹിച്ച ആ യുവരാജാവിന് അതു് അസഹ്യമായ ഒരു ഹൃദയശല്യമായിത്തോന്നി. അവിടുന്നു പല സരണികളിലും ഒരു പരിഷ്കർത്താവിന്റെ നിലയിലാണ് പ്രത്യക്ഷീഭവിച്ചതു്. സാമാന്യജനങ്ങൾക്കു ഭാഷയിൽ സ്ഥായിയായ അഭിരുചിയും ഭാഷയ്ക്കുതന്നെ ശാശ്വതമായ ഉൽക്കർഷവും സിദ്ധിക്കണമെങ്കിൽ ഗദ്യഗ്രന്ഥങ്ങളുടെ ആവിർഭാവം

അപരിത്യാജമാണെന്ന് അവിടത്തേയ്ക്കു ബാല്യത്തിൽത്തന്നെ ബോധപ്പെട്ടു. തന്നിമിത്തം ഭാഷ ആ സ്ഥാനത്തിൽ എത്തിച്ചേരുന്നതിനു യുവരാജാവായിരുന്നപ്പോഴും സിംഹാസനാരൂഢനായതിനുമേലും പല കാര്യക്ഷമങ്ങളായ പ്രവർത്തനങ്ങളിലും അവിടുന്ന് ഏർപ്പെട്ടുകയുണ്ടായി. യുവരാജാവായിരുന്ന കാലത്ത് ആ തിരുമേനി രചിച്ച രണ്ടു ഗദ്യകാവ്യങ്ങളാണ് മീനകേതനചരിതവും ഭാഷാശാകുന്തളവും. ആ രണ്ടു പുസ്തകങ്ങളും അവിടത്തെ മരണാനന്തരം വിശാഖം തിരുമനസ്സിലെ രാജ്യഭാരകാലത്തിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ പ്രസിദ്ധീകരിച്ചു. ഭാഷാശാകുന്തളം അച്ചടിപ്പിച്ചത് 1057 വൃശ്ചികത്തിലാണ്. അന്ന് അവിടുന്നുതന്നെ ആ നാടകത്തിന്റെ തർജ്ജമയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.

## രാജ്യഭാരം

ആയില്യം തിരുനാൾ മഹാരാജാവു വിദ്യാവിഷയകമായി പ്രജകൾക്കു നല്കിയ അനുഗ്രഹങ്ങളെപ്പറ്റി മാത്രമേ പ്രകൃതത്തിൽ സൂചിപ്പിക്കേണ്ടതുള്ളു. 1043-ൽ പരിഷ്കൃതരീതിയിൽ മലയാളം പഠിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ചെയ്യുകയും, താലൂക്കുതോറും ഓരോ മലയാളം പള്ളിക്കൂടവും തിരുവനന്തപുരത്ത് ഒരു ശിക്ഷാക്രമപാഠശാലയും സ്ഥാപിക്കുകയുംചെയ്തു. നാട്ടുഭാഷാവിദ്യാഭ്യാസം പ്രത്യേകം ഒരു ഡയറക്ടരുടെ ചുമതലയിലാക്കി. 1046-ൽ പകുതികളിലും (അന്നു പ്രവൃത്തികൾ) ഭാഷാവിദ്യാലയങ്ങൾ ഉൽഘാടനംചെയ്തു. 1047-ൽ മുപ്പതു ഡിസ്ത്രിക്റ്റ് പള്ളിക്കൂടങ്ങളും 141 പ്രവൃത്തിപ്പള്ളിക്കൂടങ്ങളുമുണ്ടായിരുന്നു. 1042-ൽ ഇദംപ്രഥമമായി ബുക്കുകമ്മിറ്റി എന്ന പേരിൽ പാഠശാലകൾക്കുംമറ്റും ആവശ്യമുള്ളതും സാമാന്യജനങ്ങൾക്കു ജ്ഞാനസമ്പാദനത്തിന് ഉതകുന്നതുമായ പുസ്തകങ്ങളുടെ നിർമ്മാണത്തിന് ഒരു സമിതി രൂപവൽക്കരിച്ചു. 1043-ൽ അതിനെ പുനസ്സംഘടിപ്പിച്ചു കേരള വർമ്മ വലിയ കോയിത്തമ്പുരാനെ അധ്യക്ഷനായി നിയമിച്ചു. അധ്യക്ഷനെ സഹായിക്കുവാൻ മൂന്ന് അംഗങ്ങളെയും തിരഞ്ഞെടുത്തു. ഭാഷാപണ്ഡിതന്മാരേക്കൊണ്ടു വിജ്ഞേയങ്ങളായ വിഷയങ്ങളെപ്പറ്റി പ്രസംഗങ്ങൾ എഴുതി വായിപ്പിച്ചു. ആ വഴിക്കുള്ള ജോർജ്ജ്മാത്തന്റെ വ്യവസായങ്ങളെപ്പറ്റി പിന്നീടു പ്രസ്താവിക്കും. തിരുവിതാംകൂറിൽ നാട്ടുഭാഷാവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ അവിടത്തേയ്ക്കു കനിഷ്ഠ സഹോദരൻ വിശാഖംതിരുനാൾ ഇളയ തമ്പുരാനും കേരള വർമ്മ വലിയ കോയിത്തമ്പുരാനും മന്ത്രിപുങ്ഗവൻ മാധവരായരും ഗണനീയമായ വിധത്തിൽ സഹായം നല്കിവന്നു. ആയില്യംതിരുമേനിയും വിശാഖം തിരുമേനിയും തമ്മിൽ വളരെക്കാലത്തേയ്ക്ക് അന്യാദൃശമായ സൗഭ്രാത്രം പുലർത്തിയിരുന്നു. പാച്ചുമൂത്തതിന്റെ ശ്രീരാമവർമ്മചരിതത്തിൽ ആ വസ്തുത അത്യന്തം ഹൃദ്യമായി ചിത്രണം ചെയ്തിട്ടുണ്ട്. "ശ്രീമദ്വിശാഖാനുഗതഃ കലാനിധിഃ" എന്ന് ഇലത്തൂർ രാമസ്വാമിശാസ്ത്രികളും അവിടത്തെ സ്തുതിക്കുന്നു. ഭാഷാഗദ്യ സാഹിത്യത്തിന്റെ ഉന്നമനത്തിൽ ജ്യേഷ്ഠനെപ്പോലെയോ അതിലധികമോ സമത്സുകനായിരുന്നു അനുജനും.

## സാഹിത്യം

രാജ്യഭാരം കയ്യേറ്റതിനുമേലും ആയില്യം തിരുമേനി ശാസ്ത്രീയചിന്തയിൽ വ്യാപൃതനായിരുന്നു. പണ്ഡിതന്മാരെ പരിതുഷ്ടന്മാരാക്കുന്നതിന് അവിടത്തെ സുധാമധുരമായ സൂക്തിയും മുക്തഹസ്തമായ ധനവിശ്രാണനവും പ്രയോജകീഭവിച്ചു. അനവധി ആസ്ഥാനപണ്ഡിതന്മാർ അക്കാലത്തു തിരുവനന്തപുരത്തുണ്ടായിരുന്നു. അവരിൽ പലരും അമ്മാവന്റെ കാലത്തുതന്നെ അവിടത്തെ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിച്ചിരുന്നവരുമാണ്.

“ആലോകാലോകലോകപ്രഥിതപൃഥുയശാ
  വേദവേദാങ്ഗവിദ്യാ-
പാരാവാരാവഗാഹീ ബുധധരണിമരു-
  ന്മണ്ഡലീചക്രവർത്തീ
സദ്യോ വിദ്യോതമാനേ നൃവിശദ സദസി
  ശ്രീകുമാരസ്യ വിദ്വൽ-
കോടീകോടീരനീരാജിതപദകമലോഽ-
  നന്തരാമാര്യഭട്ടഃ”

എന്നു കീർത്തിവിലാസത്തിൽ വർണ്ണിതനായ അനന്തരാമശാസ്ത്രിയായിരുന്നു ആ സദസ്സിന്റെ അദ്ധ്യക്ഷൻ. പടുതോൾവിദ്വാൻ നമ്പൂരിപ്പാട്ടിലേയ്ക്കു തിരുമനസ്സു കൊണ്ടു വൈദുഷ്യത്തിനു വീരശൃംഖല സമ്മാനിച്ചപ്പോൾ പുളകഭൂഷിതനായ ആ വൈയാകരണൻ മഹാരാജാവിന്റെ സമ്മാനമല്ല, താൻ വ്യാകരണത്തിൽ നല്ല വിദ്വാനാണെന്നു ശാസ്ത്രികൾ തിരുമനസ്സറിയിച്ചതാണ് തന്നെ വികാരതരളിതനാക്കിയതെന്ന് ആ സർവ്വതന്ത്ര സ്വതന്ത്രനോടു പറഞ്ഞതായി കേട്ടിട്ടുണ്ട്. വിദേശീയ പണ്ഡിതന്മാരും രാജസദസ്സിൽ ധാരാളമായി വന്നുകൊണ്ടിരുന്നു. അവരിൽ ഒരാളാണ് “കൗമുദീസോമം” എന്ന നാടകത്തിന്റെ പ്രണേതാവായ തഞ്ചാവൂരിലെ പരുത്തിയൂർ കൃഷ്ണശാസ്ത്രി. അദ്ദേഹം 1042-ാമാണ്ടിടയ്ക്കു മഹാരാജാവിനെ മുഖംകാണിച്ചു. കൗമുദീസോമത്തിൽ അവിടത്തെപ്പറ്റി “അസ്തി സമസ്തരാജരാജമകുടമണിപുഞ്ജകിഞ്ജല്കിതചരണാരവിന്ദോ, ദശാതിരിക്ത ഇവാവതാരഃ ഫണിരാജപര്യങ്കസ്യ ഭഗവതഃ പദ്മനാഭസ്യ, പരിഷ്കാരമണിരിവ വസുന്ധരായാഃ, സാദരസങ്കീർത്തിത സദ്ഗുണസന്ദോഹസഞ്ചിതാനന്ദസുരസുന്ദരീവൃന്ദോ രാജാ രാമവർമ്മനാമാ” എന്നും,

“പാഥോധിഃ പരിഖായതേ, സ മലയഃ പ്രാകാരകുഡ്യായതേ,
പർജ്ജന്യഃ പരിരബ്ധഭൂധരശിരശ് ശ്രേണീവിതാനായതേ,
ശൂരശ്ശ്രീരമണസ്സദാപി ഭഗവാൻ സേനാധിനാഥായതേ,
ധർമ്മോ വർമ്മശതായതേ തവ വിഭോ! തുഭ്യം കിമാശാസ്മഹേ?”

എന്നുംമറ്റും ആ കവി പ്രശംസിച്ചിട്ടുണ്ട്. അന്നത്തെ ആസ്ഥാന വിദ്വാന്മാരിൽ ഞാൻ മുൻപു സ്മരിച്ച വേങ്കടരാമശാസ്ത്രി ഒരു ദോഷൈകദൃക്കായിരുന്നു. തന്റെ ഒരു ശ്ലോകത്തിൽ എന്തോ ഒരു സ്ഖലിതമുണ്ടെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ആ യുവാവു നിർഭയനായി മഹാരാജാവിന്

“കവീന്ദ്രകല്ഹാരവിഹാരബന്ധോഃ
കാന്തസ്യ വഞ്ചിക്ഷിതിവല്ലഭേന്ദോഃ
കലായമാനേഷു കലാധികേഷു
കളങ്കവദ്വേങ്കടരാമശാസ്ത്രീ.

വിശൃംഖലക്രീഡിതരാജഹംസേ
വിദ്വൽപ്രകാണ്ഡാംബുരുഹാവതംസേ
ശ്രീവഞ്ചിരാജസ്യ സഭാതടാകേ
ശൈവാലവദ്വേങ്കടരാമശാസ്ത്രീ”

എന്നുംമറ്റുമുള്ള ശ്ലോകങ്ങളുണ്ടാക്കി അടിയറവച്ചു. കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാന്റെ രാമചരിതം മഹാകാവ്യം പൂനയിൽ അച്ചടിപ്പിച്ചതും അവിടുന്നുതന്നെയാണ്.

## സംഗീതം

തിരുമനസ്സിലേയ്ക്കു വായ്പ്പാട്ടിൽ അസൂലഭമായ വാസനയും അഭ്യാസവുമുണ്ടായിരുന്നു. അവിടത്തെ സമകാലികനായിരുന്ന അരിപ്പാട്ടു രാഘവവാരിയരും മഹാരാജാവും പലപ്പോഴും ശംഖുംമുഖത്തു കൊട്ടാരത്തിൽവെച്ച് അവരുടെ ഗാനകലാവൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചുവന്നിരുന്നു. 1047-ൽ അക്കാലത്തു ദക്ഷിണാപഥത്തിലെ ഗായകമൂർദ്ധന്യനായ മഹാവൈത്തിഭാഗവതർ തിരുവനന്തപുരത്തു വരികയും മഹാരാജാവും അദ്ദേഹവും രാഘവഭാഗവതരുമായി വായ്പ്പാട്ടിൽ മത്സരിച്ച് അവിടത്തെ വിശ്വോത്തരമായ കലാകോവിദതയെ തലകുലുക്കി സമ്മതിക്കയും ചെയ്തു. രാഘവഭാഗവതരെക്കൂടാതെ സ്വാതിതിരുനാളുടെ കാലത്തുതന്നെ തിരുവനന്തപുരത്തേയ്ക്കു പോന്ന പരമേശ്വരഭാഗവതർ, വൈണികൻ പാലക്കാട്ടു കല്യാണകൃഷ്ണഭാഗവതർ, ഫിഡിൽ മഹാദേവഭാഗവതർ എന്നീ ഒന്നാംകിടക്കാർക്കുപുറമേ കിട്ടുഭാഗവതർ, രഘുപതിഭാഗവതർ, രാമസ്വാമി ഭാഗവതർ, ഗണപതിഭാഗവതർ, അനന്തുഭാഗവതർ, ചാത്തുഭാഗവതർ തുടങ്ങി വേറേയും പല സംഗീതമാർമ്മികന്മാരായ യുവാക്കന്മാർ ജീവിച്ചിരുന്നു. അവർ പിൽക്കാലത്ത് അനശ്വരമായ യശോധനം ആർജ്ജിക്കുകയും ചെയ്തു.

## മീനകേതനചരിതം

ഇനി അവിടുത്തെ രണ്ടു ഗദ്യകൃതികളേയുംപറ്റി അല്പം പ്രസ്താവിക്കാം. അവ മീനകേതന ചരിതവും ഭാഷാശാകുന്തളവുമാണെന്നു സൂചിപ്പിച്ചുകഴിഞ്ഞുവല്ലൊ. ആ ഗ്രന്ഥങ്ങൾ ജോർജ്ജ്മാത്തന്റെ സത്യവാദഖേടത്തിനുമുൻപു രചിക്കപ്പെട്ടതാകയാൽ, ആധുനികരീതിയിലുള്ള ആദ്യത്തെ ഭാഷാഗദ്യകാവ്യങ്ങൾ എന്നു പറയാവുന്നതാണ്. കൊച്ചുപിള്ളവാരിയരുടെ ഈസോപ്പിന്റെ കഥകൾക്കു കാവ്യത്വമുണ്ടെന്നു പറവാൻ നിർവ്വാഹമില്ലല്ലോ. അറബിക്കഥകളിൽ ദൈർഘ്യംകൊണ്ടു സ്വാരസ്യംകൊണ്ടും പ്രഥമഗണനീയമാണ് Kamaralzanean and Princes Budur എന്ന ആഖ്യാതകം. അതാണ് തിരുമനസ്സുകൊണ്ടു വിവർത്തനത്തിന്നു തിരഞ്ഞെടുത്തത്. ആ കഥയ്ക്കു പാത്രസംജ്ഞകൾകൊണ്ടും, കാലദേശാദി വർണ്ണനംകൊണ്ടും, സംഭാഷണരീതികൊണ്ടും, തികച്ചും പ്രാച്യത്വം വരുത്തുവാൻ അവിടുന്നു ശ്രമിക്കുകയും ആ ശ്രമത്തിൽ പരിപൂർണ്ണമായി വിജയം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. സ്വർണ്ണദ്വീപ് എന്ന രാജ്യത്തിലെ രാജാവായ കാഞ്ചനകേതുവിന്റേയും അദ്ദേഹത്തിന്റെ ധർമ്മപത്നിയായ വിദ്യുല്ലതികയുടേയും പുത്രനാണ് മീനകേതനൻ എന്ന രാജകുമാരൻ. അദ്ദേഹം പ്രതാപസൂര്യന്റേയും ചന്ദ്രമുഖിയുടേയും പുത്രിയായ തടിൽപ്രഭയെ വിവാഹംചെയ്യുന്നു. മതംഗമഹർഷിയുടെ ശാപത്തിനു വിധേയനായ ചിത്രരഥനെന്ന ഗന്ധർവ്വനാണ് അവരുടെ വിവാഹത്തിനു ഘടകനായിത്തീരുന്നത്. “ജനാൻ രഞ്ജയതീതി രാജാ” “നാവിഷ്ണുഃ പൃഥിവീപതിഃ” “രാജ്യാന്തേനരകം ധ്രുവം” ഇത്യാദി പൂർവ്വസൂക്തികൾ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

> “ഉഡുരാജമുഖീ മൃഗരാജകടി-
> ർഗ്ഗജരാജവിരാജിതമന്ദഗതിഃ
> യദി സാ വനിതാ ഹൃദയേ വസതി
> ക്വ ജപഃ ക്വ തപഃ ക്വ സമാധിരതിഃ”

എന്ന പ്രാചീനപദ്യത്തിനും പ്രവേശമനുവദിച്ചുകാണുന്നു. തിരുമേനിയുടെ ഗദ്യസരണിക്കു രാജകീയമായ ഒരൌജ്ജ്വല്യവും ആകാരസുഷമയും പ്രത്യേകമായുണ്ട്. തടിൽപ്രഭയുടെ അങ്ഗലാവണ്യം, കാഞ്ചനകേതുവിന്റെ വിലാസമന്ദിരം ഇവയുടെ

വർണ്ണനം ഹൃദയത്തിന് അമൃതസേചനം ചെയ്യുന്നതുപോലെയുള്ള അനുഭവം സഹൃദയന്മാരായ വായനക്കാർക്കു സംജാതമാക്കാതെയിരിക്കുകയില്ല. ആകെ ഒൻപതു് അദ്ധ്യായങ്ങൾ പ്രസ്തുത കൃതിയിൽ അടങ്ങിയിരിക്കുന്നു.

## ഭാഷാശാകുന്തളം

ഇതു അഭിജ്ഞാനശാകുന്തളനാടകത്തിന്റെ വിവർത്തനമാണ്. തിരുമനസ്സുകൊണ്ടു് അംഗീകരിച്ച മൂലം ശാകുന്തളത്തിന്റെ വംഗീയപാഠമാണ്. എന്നാൽ സന്ദർഭാനുഗുണമായി പല ആവാപോദ്വാപങ്ങളും ചെയ്യുന്നതിന് അവിടുന്നു മടിച്ചിട്ടുമില്ല. "പൂരുവംശോത്ഭവനായിരിക്കുന്ന ദുഷ്യന്തമഹാരാജാവു് ഒരു ദിവസം ധനുഷ്പാണിയായിട്ടു കാഞ്ചന മയമായിരിക്കുന്ന രഥത്തിൽ കയറി ഒരു മഹാരണ്യത്തിന്റെ മധ്യത്തിങ്കൽ വന്നു മൃഗങ്ങളെ പിന്തുടർന്നുകൊണ്ടു പ്രവേശിക്കുന്നു" എന്നിങ്ങനെയാണ് ഗ്രന്ഥത്തിന്റെ ഉപക്രമം. തിരുമനസ്സിലെ ശൈലിയിൽ അങ്ങിങ്ങു സംസ്കൃതത്തിന്റെ അനുകരണം കാണാമെങ്കിലും ആകെക്കൂടി ഒരു സുഭഗമായ സ്വാച്ഛന്ദ്യമാണ് ആപാദചൂഡം കളിയാടുന്നതു്. ഒരു ഉദാഹരണം പ്രദർശിപ്പിക്കാം.

രണ്ടാമങ്കം വിദൂഷകന്റെ സ്വഗതം:-"ഇതെന്തൊരു നേരംപോക്കായിരിക്കുന്നു! എനിക്കോ മരണകാലം അടുത്തപോലെ ആയിരിക്കുന്നു. ഈ രാജാവിന്റെ ബുദ്ധി ഇത്ര വിപരീതമായിട്ടു് എന്തിനു പ്രവർത്തിച്ചു? നിരുപയോഗികളായും നിരപരാധികളായും ഇരിക്കുന്ന മൃഗങ്ങളെ വധിക്കുന്ന വിഷയത്തിൽ ഇത്ര തല്പരനായി തീർന്നിരിക്കുന്നതു് എന്തുകൊണ്ടാകുന്നു? അങ്ങോട്ടു് ഒരു സൂകരം ഓടി എന്നും ഇങ്ങോട്ടു് ഒരു വ്യാഘ്രം ചാടി എന്നും പറയുന്നതുതന്നെയേ കേൾക്കുന്നുള്ളു. മധ്യാഹ്നകാലത്തിങ്കൽപ്പോലും ശ്രമപരിഹാരം ചെയ്തുകൊള്ളാതെ മൃഗങ്ങളെപ്പോലെ മൃഗങ്ങളെ പിൻതുടർന്നു നടക്കുന്നു. ദാഹിച്ചാൽ കുടിക്കുന്നതിനു നല്ല വെള്ളം കിട്ടുകയില്ല. ചക്കാംപാറവെള്ളം കുടിച്ചു മൂത്രവ്യാധി ഉണ്ടായിരിക്കുന്നു. ക്ഷുൽബാധയുണ്ടായാൽ ഭക്ഷിക്കുന്നതിനു ഹരിണത്തിന്റെ അപക്വമാംസമേയുള്ളു. അതുകൊണ്ടു് ഉദരരോഗം ഉണ്ടായിരിക്കുന്നു. ഇതുകൂടാതെ മൂർഖനായിരിക്കുന്ന നമ്മുടെ രാജാവു ശകുന്തളാ എന്ന നാമത്തോടുകൂടി ഒരു ഋഷികന്യകയെ കണ്ടു മോഹാതുരനായിട്ടു സ്വദേശത്തു പോലും വരുന്നില്ല. എന്തൊരാശ്ചര്യമായിരിക്കുന്നു!"

ഇതു തർജ്ജമയല്ല, സ്വതന്ത്രമായ ഒരു പരാവർത്തനമാണ്. "സായങ്കാലത്തിൽ സരസമായുള്ള മേഘങ്ങൾ സൂര്യകിരണങ്ങളെ പ്രാപിച്ചു സുവർണ്ണമയമായിരിക്കുന്ന കാന്തിയോടു വേഷ്ടിതങ്ങളായിരിക്കുന്നപോലെ നീലവർണ്ണമായിരിക്കുന്ന മേഘമണ്ഡലത്തിന്റെ മധ്യത്തിൽ ശോഭായമാനമായിരിക്കുന്ന പർവ്വതം" എന്നു ഒരിടത്തു് എഴുതുന്ന തമ്പുരാൻതന്നെയാണ് മറ്റൊരിടത്തു "വലിയ വിഷമമായിരിക്കുന്നു. ഒരു ദിക്കിൽ ഋഷീശ്വരന്മാരുടെ ആജ്ഞ, ഒരു ദിക്കിൽ മാതാവിന്റെ കല്പന. ഈ രണ്ടിൽവെച്ചു ഏതിനെ തിരസ്കരിക്കാവൂ?" എന്നും എഴുതുന്നതു്. ആധുനിക ഭാഷാഗദ്യത്തിന്റെ ഉപജ്ഞാതാക്കന്മാരിൽ പ്രമുഖനായ ആ തിരുമേനി നമ്മുടെ കൃതകേതരമായ കൃതജ്ഞതയ്ക്കു നിശ്ചയമായും പാത്രീഭവിക്കുന്നു.

# വിശാഖം തിരുനാൾ രാമവർമ്മമഹാരാജാവു്

## ജനനവും വിദ്യാഭ്യാസവും

വിശാഖം തിരുനാൾ രാമവർമ്മ മഹാരാജാവു് 1012-മാണ്ടു് ഇടവമാസം 8-ാംനു ജനിച്ചു. അവിടുന്നു രുക്മിണീഭായിത്തമ്പുരാട്ടിയുടേയും പാലിയക്കര രാമവർമ്മ കോയി

ത്തമ്പുരാന്റേയും കനിഷ്ഠപുത്രനായിരുന്നു. ആ കൊല്ലം കർക്കടകം 3-ാംനു മാതാവു പരഗതിയെ പ്രാപിച്ചു. പണ്ഡിതനായ പിതാവു് ആ കുമാരന്റെ പോഷണത്തിൽ പ്രത്യേകം ശ്രദ്ധ പ്രകടിപ്പിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നു് അവിടത്തേയ്ക്കു ശൈശവംമുതല്ക്കുതന്നെ ഉണ്ടായിരുന്ന ശരീര ദൌർബല്യമായിരുന്നു.

“ഏതസ്യ മാതാ മഹിതാ ഗുണൌഘൈഃ
സാ രുക്മിണീ സാരധിയാം വരിഷ്ഠാൽ
സ്വവല്ലഭാദ്വല്ലഭദേശനാഥാ-
ല്ലേഭേ സുതാൻ പഞ്ച സുതാദ്വയം ച”

എന്നു വലിയ കോയിത്തമ്പുരാൻ വിശാഖവിജയത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ആ അഞ്ചു പുത്രന്മാരിൽ മൂന്നാമൻ ശൈശവത്തിൽത്തന്നെ തീപ്പെട്ടുപോയി. ജ്യേഷ്ഠപുത്രനായ ഉത്രംതിരുനാളെപ്പോലെ ദ്വിതീയപുത്രനായ ഉത്രാടംതിരുനാളും മുഗ്ദ്ധബുദ്ധിയുമായി. തന്നിമിത്തം വിദ്യാഭ്യാസത്തിനു് ഉത്തമാധികാരികളായി അവശേഷിച്ചതു് ആയില്യം തിരുമേനിയും വിശാഖം തിരുമേനിയും മാത്രമായിരുന്നു. അവർ തമ്മിലുള്ള അന്യാദൃശമായ ഭ്രാതൃസ്നേഹത്തെപ്പറ്റി മുൻപു സൂചിപ്പിച്ചിട്ടുണ്ടു്. 1047 വരെ ആ സ്നേഹം അഭംഗുരമായി നിലനിന്നു. ആയില്യം തിരുമനസ്സിലേയ്ക്കു മാധവരായർ ദിവാൻജിയുടെ പേരിലുള്ള അപ്രീതി വർദ്ധിച്ചപ്പോൾ, അദ്ദേഹത്തിന്റെ സുഹൃത്തമനായ സഹോദരന്റെ പേരിലും അതു വ്യാപിച്ചു. മാധവരായരിൽ നിന്നു് ആയില്യംതിരുമേനി വളരെയൊന്നും പഠിച്ചില്ല, അതിനുമുൻപുതന്നെ അവിടത്തെ ഇംഗ്ലീഷിദ്യാഭ്യാസം അവ സിതപ്രായമായിരുന്നു. എന്നാൽ വിശാഖംതിരുമേനിയുടെ അവസ്ഥ അതല്ലായിരുന്നു. അവിടുന്നു മാധവരായരുടെ അന്തേവാസിയായി നാലു കൊല്ലമേ കഴിച്ചുകൂട്ടിയുള്ളു. അപ്പോഴേയ്ക്കും രാജ്യസേവനത്തിനു് ആ വീരപുരുഷനെ അന്നു നാടുവാണിരുന്ന ഉത്രംതിരുനാൾ മഹാരാജാവിനു നിയോഗിക്കേണ്ടിവന്നു. പക്ഷേ ശാതബുദ്ധിയും സതതോത്ഥായിയുമായ വിശാഖം തിരുനാൾക്കു് ആ ഹ്രസ്വകാലത്തെ പഠനംകൊണ്ടുതന്നെ സകല സിദ്ധികളും ലഭിച്ചുകഴിഞ്ഞിരുന്നു. തമിഴ്, ഹിന്ദുസ്ഥാനി, മറാത്തി ഈ ഭാഷകളിൽ അവിടുന്നു പ്രയോഗികമായ ജ്ഞാനം സമ്പാദിച്ചതിനുപുറമെ സംസ്കൃതത്തിൽ അവഗാഢമായ വ്യുൽപത്തിയും ആർജ്ജിക്കുകയുണ്ടായി. സംസ്കൃതത്തിൽ പല ഗ്രന്ഥങ്ങളും പാലിയക്കരക്കോയിത്തമ്പുരാൻ ആയില്യംതിരുനാളേയും വിശാഖംതിരുനാളേയും അഭ്യസിപ്പിച്ചിരുന്നിരിക്കണം. വിശാഖംതിരുനാളെസ്സംബന്ധിച്ചു വലിയ കോയിത്തമ്പുരാൻ വിശാഖവിജയത്തിൽ “തതഃ സ്വതാതാ-ദയമധ്യഗീഷ്ട ഗ്രന്ഥാനനേകാനചിരേണ ധീമാൻ” എന്നു് ആ വസ്തുത പ്രകടമായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. ആ അധ്യയനം സമാവർത്തനത്തിനുമുൻപായിരുന്നു. ജ്യേഷ്ഠനും അനുജനും ഇതരഭാഷാഭ്യസനവിഷയത്തിലുള്ള ഗുരുക്കന്മാർ ഭിന്നന്മാരായിരുന്നില്ല. ജ്യേഷ്ഠനു സംസ്കൃതത്തിൽ ശാസ്ത്രവിഷയകമായും അനുജനു സാഹിത്യവിഷയകമായുമാണു് ജ്ഞാനോൽകർഷം ലഭിച്ചതു്. അനുജനു സംങ്ഗീതവാസന കുറയുമായിരുന്നു. എന്നാൽ ഇംഗ്ലീഷിൽ അക്കാലത്തു് അവിടത്തേയ്ക്കു തുല്യനായ ഒരു പണ്ഡിതൻ ഭാരതത്തിൽ യാതൊരു രാജകുടുംബത്തിലും ജീവിച്ചിരുന്നില്ല. ഊർജ്ജതന്ത്രം തുടങ്ങി ധനതന്ത്രംവരെയുള്ള സകല പാശ്ചാത്യശാസ്ത്രങ്ങളിലും അവിടുന്നു നിഷ്ണാതനായിരുന്നു എന്നുള്ളതും പ്രകൃതത്തിൽ വിശിഷ്യ വക്തവ്യമാണു്.

## വിശാഖം തിരുമനസ്സിലെ ആങ്ഗലഭാഷാപരിജ്ഞാനം

ഇംഗ്ലീഷ്ഭാഷയിൽ ഉപന്യാസരചനയ്ക്കു തിരുമനസ്സിലേയ്ക്ക് അത്ഭുതാവഹമായ പാടവമുണ്ടായിരുന്നു. ക്രി. പി. 1854-ൽ നടന്ന ക്രിമിയൻയുദ്ധത്തെപ്പറ്റി അവിടത്തേയ്ക്കു തോന്നിയ വൈരസ്യം "യുദ്ധത്തിന്റെ ക്രൂരതകളും സമാധാനത്തിന്റെ നന്മകളും" (Horrors of war and Benefits of peace) എന്നൊരു ലേഖനം എഴുതുവാൻ പ്രേരകമായിത്തീർന്നു. ആ ലേഖനം അന്നുമദിരാശി പ്രവിശ്യയിലെ പ്രധാന സേനാധിപനായ ജനറൽ ആൻസാന്ന് അയച്ചുകൊടുക്കുകയും അദ്ദേഹം അതു വായിച്ചുനോക്കി അതിലെ ആശയങ്ങളുടെ ക്രമീകരണവും ശൈലിയുടെ ഭംഗിയും അഭിനന്ദനീയമാണെന്നു കാണിച്ച് അന്നു 17 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അവിടത്തേക്കു ഒരു പ്രശംസാപത്രം സമ്മാനിക്കുകയുംചെയ്തു. പിന്നീടു മദിരാശിയിൽ ജെ.ബി. നോർട്ടൺ പ്രസിദ്ധീകരിച്ചുവന്ന അതീനിയം എന്ന പത്രത്തിലേയ്ക്കു "ഏതദ്ദേശീയരാജകുമാരന്മാരുടെ വിദ്യാഭ്യാസം" (Education of Native Princes) എന്ന പ്രമേയത്തെപ്പറ്റി അവിടുന്ന് അയച്ച ഉപന്യാസം സാഹിത്യവിജയത്തിനു രാജരഥ്യയില്ലെന്നുള്ള കുറിപ്പോടുകൂടി പത്രാധിപർ മടക്കിയയച്ചു എങ്കിലും അടുത്ത കൊല്ലത്തിൽ "തിരുവിതാംകൂറിലെ രാജ്യകാര്യവിവരണം" (Political Sketch of Travancore) എന്ന പേരിൽ മറ്റൊരു വിശിഷ്ടോപന്യാസം ആ പത്രത്തിൽത്തന്നെ പ്രസിദ്ധീകരിപ്പിച്ച് അദ്ദേഹത്തിന്റെ സ്നേഹബഹുമാനങ്ങളെ ആവർജ്ജിച്ചു. ആ സംഭവം നടന്നതു് 21-ാമത്തെ വയസ്സിലാണ്. 1036 ചിങ്ങത്തിൽ എഫ്. എൻ. മാൾട്ട്ബി റസിഡൻറായി വന്നപ്പോൾ "എഫ്. എൻ. മാൾട്ട്ബിക്കുള്ള പ്രമേയങ്ങൾ" എന്ന ശീർഷകത്തിൽ ഒരു ലേഖനപരമ്പര ജെ. ബി. നോർട്ടൺ അക്കാലത്തു പുത്തനായി മദിരാശിയിൽ ആരംഭിച്ച ഇൻഡ്യൻ സ്റ്റേറ്റ്സ്മാൻ എന്ന ഇംഗ്ലീഷ് വാരികയിൽ ബ്രൂട്ടസ് എന്ന വ്യാജനാമത്തിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു. അതിനുമേൽ ഫിലാലെത്തീസ് എന്നുംമറ്റുമുള്ള പേരുകളിൽ വേറെയും ചില ലേഖനങ്ങൾ അവിടുന്ന് എഴുതി അതിൽത്തന്നെ മുദ്രണംചെയ്യിച്ചു. അവയ്ക്കും പുറമെ 1. Human Greatness (മാനവമഹിമ), 2. The Relation between Nature and Art (പ്രകൃതിക്കും കലയ്ക്കും തമ്മിലുള്ള സംബന്ധം), 3. Our Morals (നമ്മുടെ സദാചാരങ്ങൾ), 4. Our Industrial Status (നമ്മുടെ വ്യവസായസ്ഥിതി) എന്നിങ്ങനെ വിവിധ വിഷയങ്ങളെപ്പറ്റിയും മുറജപം, തുലാഭാരം, ഹിരണ്യഗർഭം മുതലായ മഹാദാനകർമ്മങ്ങളെപ്പറ്റിയും അവിടുന്ന് ഓരോ അവസരത്തിൽ ഉപന്യാസങ്ങൾ രചിച്ചതായി കാണുന്നു. അവയിൽ ചിലതു് ഇളയ തമ്പുരാനായിരുന്നപ്പോൾ എഴുതിയതാണ്.

## ആയില്യം തിരുമനസ്സിലെ കാലം

1047-ൽ മാധവരായർ ദിവാനുദ്യോഗത്തിൽനിന്ന് ഒഴിഞ്ഞപ്പോൾ വിശാഖം തിരുനാൾ സുപ്രസിദ്ധമായ കല്ക്കട്ടാ റിവ്യൂ എന്ന മാസികയിൽ A Native Statesman (ഏതദ്ദേശീയനായ ഒരു രാജ്യതന്ത്രകുശലൻ) എന്ന ശീർഷകത്തിൽ അദ്ദേഹത്തെപ്പറ്റി ഒരു ഉപന്യാസം പ്രസിദ്ധീകരിച്ചു. അതിനു രണ്ടുകൊല്ലം മുൻപു മദിരാശിയിലെ ഗവർണ്ണറായിരുന്ന ലോർഡ് നേപ്പിയർ അതു വായിച്ചുനോക്കി അവിടത്തെപ്പറ്റി, യൂറോപ്പിൽപ്പോലും ഇതര രാജ്യങ്ങളിൽ ഇംഗ്ലീഷുകൊണ്ട് അത്ര ഭംഗിയായി കൈകാര്യംചെയ്യാവുന്ന ഒരു രാജകുമാരനുണ്ടോ എന്നു താൻ സംശയിക്കുന്നതായി അഭിപ്രായപ്പെടുകയുണ്ടായി.

## സ്വഭാഷാപോഷണം

മലയാളത്തിലെ ഗദ്യദാരിദ്ര്യം പരിഹരിക്കുന്നതിന് അവിടുന്നു പല പ്രകാരത്തിൽ കാര്യക്ഷമമായി പ്രയത്നിച്ചു. ബുക്കുകമ്മിറ്റിയിലെ പ്രവർത്തനങ്ങളിൽ അവിടുന്നു ശ്രദ്ധാലുവായ ഒരു സഹകാരിയായിരുന്നു. അവിടുത്തെ ബഹിശ്ചരപ്രാണനായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാനായിരുന്നു 1043 മുതൽ ആ സമിതിയുടെ അധ്യക്ഷൻ എന്നു പറഞ്ഞുകഴിഞ്ഞു. അക്കാലത്തു തിരുമേനി (1) സത്യം, (2) വിദ്യാഭ്യാസം, (3) പരോപകാരം, (4) ദേഹരക്ഷ എന്നീ പ്രമേയങ്ങളെ അംഗീകരിച്ചു പ്രൌഢങ്ങളായ ഉപന്യാസങ്ങൾ ഭാഷയിൽ രചിച്ചു. മിസ്സസ് ഗ്ലാസ്റ്റൺ എഴുതിയ The Management of Sick Home എന്ന ചെറിയ പുസ്തകം "ദീനസംരക്ഷണം" എന്ന തലക്കെട്ടിൽ തർജ്ജമ ചെയ്തു. ക്ഷാമവൃത്താന്തം എന്ന മറ്റൊരു ചെറിയ പുസ്തകവും അവിടുന്നു നിർമ്മിച്ചിട്ടുണ്ട്. അവയ്ക്കുപുറമേ മാണ്ഡർസായിപ്പിന്റെ "മഹച്ചരിതഭണ്ഡാഗാരം" (Treasury of Biography) എന്ന പുസ്തകത്തിൽ നിന്ന് അലെക്സാണ്ടർ, ആൽഫ്രഡ്. ആർക്കിമിഡിസ്, അരിസ്റ്റോട്ടിൽ, ബേക്കൺ എന്നീ അഞ്ചു മഹാന്മാരുടെ ചരിത്രങ്ങൾ വിവർത്തനംചെയ്തു. വേറേയും ചിലരുടെ ജീവചരിത്രങ്ങൾ എഴുതണമെന്ന് അവിടത്തേയ്ക്ക് ആഗ്രഹമുണ്ടായിരുന്നു. എങ്കിലും 1055 മിഥുനം 19-ാംനു മൂപ്പു കിട്ടുകയാൽ അത്തരത്തിലുള്ള വ്യവസായങ്ങളിൽനിന്നു വിരമിക്കേണ്ടിവന്നു. ഉടൻതന്നെ താൻ എഴുതിയ അഞ്ചു ചരിത്രങ്ങളും വലിയ കോയിത്തമ്പുരാന് ഇംഗ്ലീഷിൽ ഒരു നിർദ്ദേശത്തോടുകൂടി അയച്ചുകൊടുത്തു. അതിൽ ഇങ്ങനെ പറയുന്നു: "അപ്രകാരം ഒരു പുസ്തകം നമ്മുടെ പള്ളിക്കൂടങ്ങളിൽ പാഠത്തിനായി ഉപയോഗിച്ചാൽ നന്മയുടേയും മഹിമയുടേയും ദൃഷ്ടാന്തങ്ങളെ കാണിച്ചുകൊടുക്കുന്നതുകൊണ്ടു നമ്മുടെ യുവജനങ്ങൾക്കു സ്വഭാവസിദ്ധമായി മനസ്സിലുണ്ടായിരിക്കാവുന്ന ശ്രേഷ്ഠങ്ങളും ധർമ്മ്യങ്ങളുമായ വിചാരങ്ങളുടെ അങ്കുരങ്ങളെ പോഷിപ്പിക്കുന്നതാകുന്ന ഒരു വിശിഷ്ടഫലം സദാചാര പര്യവസായിയായി ജനിക്കാൻ ഇടയുണ്ടെന്ന് എനിക്കു തോന്നി." 1056-ാമാണ്ടു മീനമാസത്തിൽ തിരുവനന്തപുരത്തു തിരുമനസ്സിലെ ആധിമുഖ്യത്തിൽ ആരംഭിച്ച "വിദ്യാവിലാസിനി" എന്ന മാസികയിൽ ഈ അഞ്ചു ചരിത്രങ്ങൾക്കു പുറമെ വലിയ കോയിത്തമ്പുരാൻ എഴുതിയ ബെൻറം, ബർക്ക് മുതലായി ഒൻപതുപേരുടെ ചരിത്രങ്ങൾകൂടി പ്രകാശനം ചെയ്യുകയും, ഒടുവിൽ ആ പതിന്നാലു ചരിത്രങ്ങളും ഒന്നിച്ചു ചേർത്ത് ഒരു പുസ്തകം കേരളവിലാസം അച്ചുക്കൂടത്തിൽനിന്നു മുദ്രണം ചെയ്യുകയും ചെയ്തു. തിരുവനന്തപുരത്തു രാജകീയമഹാപാഠശാലയിലും മറ്റും തിരുമനസ്സുകൊണ്ടു പലപ്പോഴും മലയാളത്തിൽത്തന്നെ പ്രസംഗങ്ങൾ ചെയ്തുവന്നു. ആ പ്രസംഗങ്ങൾക്ക് ആശയത്തിലും ശൈലിയിലുമുള്ള ഗാംഭീര്യം അദൃഷ്ടപൂർവ്വമായിരുന്നു. ഭാഷയിൽ വാസനയുള്ള അഭ്യസ്തവിദ്യരായ യുവാക്കന്മാരെ പ്രോത്സാഹിപ്പിക്കുക എന്നുള്ളത് അവിടത്തെ നിത്യവ്രതമായിരുന്നു. Lambs' Tales From Shakespeare എന്ന ഷേക്സ്പീയർകഥകളിൽനിന്ന് As You Like It, Winter's Tale (കാമാക്ഷീചരിതം, വർഷകാലകഥ) എന്നീ രണ്ടു കഥകൾ തർജ്ജമ ചെയ്തു കെ. ചിദംബരവാധ്യാർ അവിടത്തെ വിശേഷപ്രീതിക്കു ഭാജനമായിത്തീർന്നു. സംസ്കൃതജ്ഞനും കവിയുമായ വെളുത്തേരി കേശവൻവൈദ്യനു വീരശൃംഖല സമ്മാനിച്ചു. സ്വഭാവപോഷണവിഷയത്തിൽ യുവാക്കന്മാർക്കുള്ള കർത്തവ്യത്തെപ്പറ്റി അവസരം ലഭിക്കുമ്പോഴെല്ലാം അവിടുന്ന് അവരെ അനുസ്മരിപ്പിക്കാറുണ്ടായിരുന്നു. സംസ്കൃതഭാഷാഭ്യസനം അപരിത്യാജ്യമെന്നായിരുന്നു അവിടത്തെ മതം. ഇളയതമ്പുരാനായിരുന്നപ്പോൾത്തന്നെ നല്ല പുസ്തകങ്ങൾ ഇംഗ്ലീഷിൽനിന്നു മലയാളത്തിൽ തർജ്ജമചെയ്യുന്നതിന്നു മൂവായിരം ഉറുപ്പികയ്ക്കുള്ള ഒരു നിധി മദി

രാശിയിൽ വർണ്ണാക്കുലർ ലിറ്ററേച്ചർ സൊസൈറ്റി എന്ന സമാജത്തെ ഏല്പിച്ച് അതിൽനിന്നു കിട്ടുന്ന പലിശകൊണ്ട് ആ കാര്യം നിർവഹിക്കണമെന്ന് അവിടുന്നു വ്യവസ്ഥാപനം ചെയ്തിരുന്നു എന്നുള്ളതും പ്രകൃതത്തിൽ സ്മരണീയമാണ്.

## രാജ്യഭാരം

1055 മിഥുനം 9-ാംനു ആരംഭിച്ച തിരുമനസ്സിലെ രാജ്യഭാരം 1060 കർക്കടകം 21-ാംനു അവസാനിച്ചു. കിഴവൻ രാജാവിനു പിന്നീടു തന്റെ കുടുംബത്തിൽ ആർക്കും ദീർഘായുര്യോഗമുണ്ടായിരുന്നില്ല എന്നും ഉത്രംതിരുമേനിയേയും ആയില്യംതിരുമേനിയേയും പോലെ താനും 48-ാമത്തെ വയസ്സിൽ അന്തരിക്കുമെന്നും ആ സർവ്വജ്ഞകല്പൻ മുൻകൂട്ടിക്കണ്ടു. അതുകൊണ്ട് അഞ്ചുകൊല്ലത്തേയ്ക്കുമാത്രം നീണ്ടുനിന്ന അവിടത്തെ വാഴ്ചക്കാലം പ്രജാക്ഷേമകരങ്ങളായ ഭരണപരിഷ്കാരങ്ങളെക്കൊണ്ടു നിബിഡീകരിക്കുവാൻ അവിടുന്നു പകലും രാവും പണിപ്പെട്ടു. ആ സദ്വ്യവസായം സർവ്വഥാ സഫലമാകുകയും ചെയ്തു. ആ പരിഷ്കാരങ്ങളേക്കുറിച്ചു സാഹിത്യചരിത്രത്തിൽ പ്രസ്താവിക്കുന്നത് അപ്രസക്തമാകുമെന്നു കരുതി അതിന് ഒരുങ്ങുന്നില്ല.

## ഭാഷാകൃതികൾ

(1) സത്യംമുതലായ നാലു വിഷയങ്ങളെക്കുറിച്ചുള്ള ഉപന്യാസങ്ങൾ, (2) മഹച്ചരിത സംഗ്രഹത്തിലെ അഞ്ച് ഉപന്യാസങ്ങൾ, (3) ദീനസംരക്ഷണം, (4) ക്ഷാമവൃത്താന്തം എന്നിവയാണ് തിരുമനസ്സിലെ ഭാഷാകൃതികൾ എന്നു ചൂണ്ടിക്കാണിച്ചുവല്ലോ. മാതൃക കാണിക്കാൻ സത്യത്തെപ്പറ്റിയുള്ള ഉപന്യാസത്തിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം. "സത്യംതന്നെ ഈശ്വരൻ, ഈശ്വരൻതന്നെ സത്യം, എന്ന ശ്രുതി പ്രസിദ്ധമാകുന്നു. അതുകൊണ്ടു യാവനൊരുത്തൻ സത്യത്തെ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും എല്ലാ സമയങ്ങളിലും എല്ലാ അവസ്ഥകളിലും സ്വീകരിക്കുന്നുവോ, അവൻ അവനെ സർവ്വാവസ്ഥകളിലും രക്ഷിക്കുന്നവനായും ജഗന്നിയന്താവായുമിരിക്കുന്ന ഈശ്വരനെ പ്രസാദിപ്പിക്കുന്നു. ഇതിനു വിപരീതമായി അസത്യനിരതനായ മനുഷ്യൻ ദൈവദ്വേഷിയത്രേ ആകുന്നു. സത്യം എന്നുള്ളതില്ലെങ്കിൽ പ്രപഞ്ചവ്യവഹാരം ഒന്നും നടക്കുന്നതല്ല. മാതാവിന്റെ ഗർഭപാത്രത്തിൽനിന്നും പുറത്തായ കാലം മുതൽ സത്യം സർവ്വാത്മനാതങ്ങൾക്കു ഹിതമാണെന്നും അസത്യം സർവ്വാത്മനാ അഹിതമാണെന്നും മനുഷ്യർക്കു ബോധം വരാൻ പലതും ഹേതുക്കൾ ഉണ്ട്. ഒരു ശിശു യഥാർത്ഥമായിട്ടു വിശക്കുന്ന സമയം കരഞ്ഞാൽ അതിന്റെ അമ്മ പാലു കൊടുക്കും. അതല്ലാതെ കരഞ്ഞു് അമ്മയെ അടുത്തു വരുത്തി സ്തന്യപാനവ്യാജേന സ്തനങ്ങൾ പല്ലുകളെക്കൊണ്ടു മുറിപ്പെടുത്തിയാൽ ഒന്നുരണ്ടു പ്രാവശ്യം അങ്ങനെ ആവുമ്പോൾ യഥാർത്ഥമായിട്ടു വിശപ്പുണ്ടായിരിക്കരയുന്ന സമയവും അതിനെ അമ്മ വിശ്വസിക്കുകയില്ല. ഇപ്രകാരം ശൈശവാവസ്ഥയിൽക്കൂടിയും സത്യം ഹിതകരമാണെന്നുള്ള അറിവുണ്ടാകുന്നു."

താഴെ കാണുന്ന പംക്തികൾ ആൽഫ്രഡിനെപ്പറ്റിയുള്ള ഉപന്യാസത്തിൽനിന്നുദ്ധരിക്കുന്നു: "എന്നാൽ ആൽഫ്രഡിന്റെ യുദ്ധവിജയങ്ങൾ അദ്ദേഹം രാജ്യത്തിലേയ്ക്കു ചെയ്ത ഉപകാരങ്ങളെ അപേക്ഷിച്ച് ഏറ്റവും തുച്ഛങ്ങൾ എന്നുതന്നെ പറയാം. അദ്ദേഹത്തിന്റെ രാജ്യഭാരത്തിന്റെ നിഷ്കർഷകൊണ്ടു ചൌര്യം എന്നുള്ളത് അശ്രുതമായിരുന്നു. രാജമാർഗ്ഗങ്ങളിൽ സ്വർണ്ണകണങ്ങളെ കെട്ടിത്തൂക്കിയിരുന്നു എന്നും അവയെ ആരും സ്പർശിക്കപോലും ചെയ്തില്ലെന്നും ഐതിഹ്യമുണ്ട്. "വാതോപിനാസ്രംസയദംശുകാനി കോ ലംബയോദാഹരണായ ഹസ്തം" എന്നു രഘുവംശത്തിൽ കാർത്തവീര്യാർജ്ജുനനെ ഉദ്ദേശിച്ചു കാളിദാസൻ പറഞ്ഞിട്ടുള്ളത് ആൽഫ്രഡിൽ

യോജിക്കുന്നതാകുന്നു. അദ്ദേഹം 24 മണിക്കൂറായ ഒരു അഹോരാത്രത്തെ മൂന്നു സമഭാഗമായി വിഭജിച്ച് ഒന്നിനെ ദൈവസേവയ്ക്കും, ഒന്നിനെ രാജ്യയോഗക്ഷേമത്തിന്റെ അന്വേഷണത്തിനും, ഒന്നിനെ വിശ്രമവിഹാരിദികൾക്കും ആയിട്ടു് ഉപയോഗിച്ചു. "വിഭജ്യനക്തന്ദിവമസ്തതന്ദ്രിണാ" എന്നുള്ള കിരാതാർജ്ജുനീയശ്ലോകത്തെ ഇവിടെ ഉപയോഗപ്പെടുത്താം. പ്രജകളിൽനിന്നും വാങ്ങുന്ന കരങ്ങളുടെ സമുദായത്തെ രണ്ടു സമഭാഗങ്ങളായി വിഭജിച്ച് ഒന്നിനെ ലൌകികവിഷയങ്ങളിലും ഒന്നിനെ വൈദികവിഷയങ്ങളിലും വ്യയംചെയ്തു. ഈ പ്രശസ്തകൃത്യങ്ങൾക്ക് എല്ലാത്തിനും മകടീഭൂതമായിരുന്നു അദ്ദേഹത്തിന്റെ ആത്മഗുണം. അദ്ദേഹം പ്രകൃത്യാ ഉപശാന്തനും പ്രസന്നനും പ്രിയംവദനും ദയാവാനും സ്വൈരസമാഗമത്തിനും ദോഷഹീനങ്ങളായ വിഹാരങ്ങൾക്കും വിരോധമില്ലാത്തവനും ആയിരുന്നു."

അവിടത്തേയും വലിയകോയിത്തമ്പുരാന്റേയും ഗദ്യശൈലി ദൈനംദിനമുള്ള സാഹചര്യംകൊണ്ടു പ്രായേണ ഏകരൂപമായിത്തന്നെ വികസിച്ചു. വലിയകോയിത്തമ്പുരാൻ എഴുതിയ മഹച്ചരിതത്തിൽ ഒരു ഭാഗം അവിടത്തേയ്ക്കു സമ്മതമായോ എന്നറിയുന്നതിനായി സമർപ്പിച്ചപ്പോൾ അവിടുന്ന് അതു തിരിയെ അയച്ചുകൊടുത്തതു് "അവിടത്തെ ഭാഷാന്തരീ കരണം എന്റേതുപോലെതന്നെ എനിക്കു സമ്മതമാണ്" എന്നുള്ള കുറിപ്പോടുകൂടിയായിരുന്നു.

## മുക്തകങ്ങൾ

വിശാഖംതിരുമേനിക്കു താൻ ഒരു കവിയാണെന്ന് അഭിമാനമില്ലായിരുന്നു എങ്കിലും ഓരോ സന്ദർഭത്തിൽ അനേകം ശ്ലോകങ്ങൾ അവിടുന്നു നിർമ്മിച്ചിട്ടുണ്ട്. അവയെല്ലാം ദ്രുതനിർമ്മിതങ്ങളെന്നാണ് കേട്ടിട്ടുള്ളതു്. പലതിലും പ്രകൃഷ്ടമായ ഫലിതം പരിസ്സുരിച്ചിരുന്നു. മൂന്നു ശ്ലോകങ്ങൾ ചുവടേ ചേർക്കാം.

1. മാധവരായരെപ്പറ്റി:
   "മാധവമുഖ്യാ ഋതവോ മാധവമുഖ്യാശ്ച വേദഭാഷ്യകൃതഃ
   മാധവമുഖ്യാ ഋഭവോ മാധവമുഖ്യാശ്ച രാജ്യഭാരഭൃതഃ."
2. ധൂമകേതു ഉദിച്ചിരുന്ന ഒരവസരത്തിൽ സുഹൃത്തായ കരമന സുന്ദരശാസ്ത്രിക്ക് അയച്ചതു്:
   "ഭോഭോസ്സുന്ദരശാസ്ത്രിൻ യുഷ്മൽഫാലസ്ഥഗോപികാപുണ്ഡ്രഃ
   നിതരാം വിരാജതേ ƒസൌ പ്രാതർവ്യോമസ്ഥധൂമകേതുരിവ"
3. കിരാങ്ങാട്ടു നമ്പൂരിപ്പാട്ടിലേക്ക് അയച്ചതു്:
   "ദ്വിജാനാം ശുഭ്രപക്ഷാണാം ജീവനായ ന കേവലം
   സരസം ചാതിശോഭായൈ ഭവതീഹ സരസ്ഥിതിഃ"

## ബെൻജമിൻ ബെയ്‌ലി (980–1046)

### ബെയ്‌ലിയുടെ ഭാഷാസേവനത്തിന്റെ ആരംഭം

ക്രി. പി. 1814-ൽ ഒരു നൂതനനിയമമനുസരിച്ചു ബ്രിട്ടീഷ് ഗവർമ്മെന്റ് ഇൻഡ്യയിൽ വിദേശീയരായ മിഷണറിമാരുടെ സുവിശേഷപ്രചാരണത്തിനുണ്ടായിരുന്ന പ്രതിബന്ധങ്ങൾ നീക്കി. ആ സ്വാതന്ത്ര്യത്തിന്റെ ഫലമായി തെക്കൻതിരുവിതാംകൂറിൽ ലണ്ടൻ മിഷൻസഭയും വടക്കൻ തിരുവിതാംകൂറിൽ ചർച്ചുമിഷൻ (ആംഗ്ലിക്കൻ)

സഭയും അവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ലണ്ഡൻമിഷന്റെ കേന്ദ്രം നാഗർകോവിലും ചർച്ച്മിഷന്റേതു കോട്ടയവുമായിരുന്നു. ആദ്യത്തെ ആംഗ്ലിക്കൻമിഷണറിയായ തോമസ് നോർട്ടൺ 1816 മേയ്മാസത്തിലും അദ്ദേഹത്തെ തുടർന്നു ബെൻജമിൻ ബെയ്ലി, ജോസഫ് ഫെൻ, ഹെൻറി ബേക്കർ (സീനിയർ) എന്നീ മൂന്നു മിഷണറിമാരും ആലപ്പുഴയിൽ വന്നിറങ്ങി. ബെയ്ലി സപത്നീകനായി ആഗമിച്ചതു് 1816 നവംബർമാസത്തിലായിരുന്നു. അദ്ദേഹത്തിനു ഭാഷാഭ്യസനത്തിൽ പ്രശംസനീയമായ ഔത്സുക്യവും വാസനയുമുണ്ടായിരുന്നു. മലയാളഭാഷ വേഗത്തിൽ പഠിച്ച് അതിൽ 1818 മുതൽ പ്രസംഗിച്ചുതുടങ്ങി. അതിനെത്തുടർന്നു സിറിയക്ക്, സംസ്കൃതം എന്നീ ഭാഷകളിലും പാണ്ഡിത്യം സമ്പാദിച്ചു. കോട്ടയം സെമിനേരിയിൽ 1817 മുതൽ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരുന്നപ്പോൾ അവിടത്തെ മുൻഷിമാരുടെ ശിഷ്യത്വം സ്വീകരിച്ചാണു് അദ്ദേഹം ഇത്തരത്തിൽ വിവിധ ഭാഷാവൈജ്ഞാനികനായതു്.

## കോട്ടയത്തു് അച്ചുക്കൂടം

പീലിപ്പോസ് റമ്പാന്റെ ബൈബിൾ തർജ്ജമയുടെ സ്വരൂപത്തെപ്പറ്റി നാല്പത്തൊന്നാ മധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ തർജ്ജമ ആർക്കും തൃപ്തികരമായി ത്തോന്നായ്കയാൽ അതു നല്ലപോലെ പരിഷ്കരിച്ച് ഒരു പുതിയ പതിപ്പു പ്രസിദ്ധീകരിക്കണമെന്നു ബെയ്ലിസ്സായിപ്പു നിശ്ചയിച്ചു. അക്കാലത്തു തിരുവിതാംകൂറിലേയും കൊച്ചിയിലേയും റസിഡൻറായിരുന്ന കർണ്ണൽ ജോൺ മൺറോ അദ്ദേഹത്തിനു പ്രസ്തുത വിഷയത്തിൽ വേണ്ട സഹായമെല്ലാം ചെയ്തു. 1761-ാമാണ്ടു മദിരാശിയിൽ എസ്.പി.സി.കെ. പ്രസ്സ് എന്നൊരു ക്രിസ്തീയമുദ്രണാലയം ഭാരതീയഭാഷാഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനായി സ്ഥാപിക്കപ്പെട്ടിരുന്നു. എന്നാൽ അതിൽ പ്രായേണ തമിഴ് പുസ്തകങ്ങളേ അച്ചടിച്ചിരുന്നുള്ളു. 1805-1812 ഈ വർഷങ്ങൾക്കിടയിൽ അവിടെ മലയാളത്തിലും ചില ചെറിയ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയ നായി റിക്കാർഡുകളിൽനിന്നറിയുന്നുണ്ടെങ്കിലും അവ ഏതെല്ലാമെന്നു വ്യക്തമാകുന്നില്ല. 1812-ൽ മദിരാശിയിൽ കോളേജ് ഓഫ് ഫോർട്ട് സെന്റ് ജോർജ്ജ് (College of Fort St. George) എന്ന വിദ്യാലയം സ്ഥാപിക്കുകയും അതിന്റെ പര്യവേക്ഷകസമിതിയിൽ എഫ്. ഡബ്ല്യു. എല്ലിസ് എന്ന പണ്ഡിതനെക്കൂടി അധികൃതന്മാർ നിയമിക്കുകയും ചെയ്തു. എല്ലിസ് മലയാളഭാഷയെപ്പറ്റി വിജ്ഞേയങ്ങളായ ചില ഉപന്യാസങ്ങൾ രചിച്ചിട്ടുണ്ടു്. അദ്ദേഹം 1819-ാമാണ്ടു് യൗവനത്തിൽത്തന്നെ മരിച്ചുപോയി. ബെയ്ലിയുടെ ആഗ്രഹം തന്റെ തർജ്ജമ കോട്ടയത്തുതന്നെ ഒരു മുദ്രാലയം സ്ഥാപിച്ചു പ്രസിദ്ധീകരിക്കണമെന്നായിരുന്നു. 1821-ാമാണ്ടു് ഒക്ടോബർ 18-ാംനു ബോംബേമാർഗ്ഗമായി ഒരു അച്ചുക്കൂടവും അതിനുവേണ്ട ഇംഗ്ലീഷ് ലിപികളും ഇംഗ്ലണ്ടിൽനിന്നു കോട്ടയം സെമിനേരിയിൽ വന്നുചേർന്നു. പിന്നീടു മലയാള അക്ഷരങ്ങൾ സമ്പാദിക്കുവാനുള്ള ശ്രമമായി. മുൻപറഞ്ഞ ഫോർട്ട് സെന്റ് ജോർജ്ജ് കോളേജിൽനിന്നു് ആവശ്യമുള്ള മലയാളമക്ഷരങ്ങൾ കൊത്തിയുണ്ടാക്കി ബെയ്ലിക്കു് അയച്ചു കൊടുത്തു. എങ്കിലും അവ ഉപയോഗശൂന്യങ്ങളായാണു് അനുഭവത്തിൽ കാണപ്പെട്ടതു്. അപ്പോഴേയ്ക്കും പരിഷ്കരിച്ച തർജ്ജമ തയ്യാറായിക്കഴിഞ്ഞിരുന്നു, ആ വിഷയത്തിൽ വൈദ്യനാഥയ്യർ എന്നൊരു ബ്രാഹ്മണന്റെയും ചില നായന്മാരുടേയും സാഹായ്യം ബെയ്ലിക്കു ലഭിച്ചു. സുറിയാനിഭാഷയിലെ മൂലത്തിൽനിന്നു വ്യത്യാസം വരുത്താതേയും, എന്നാലും ഭൂരിപക്ഷത്തോടൊപ്പം സൂരിപക്ഷത്തിനും രുചിക്കത്തക്ക നിലയിലുമാണു് ആ തർജ്ജമ നിർവ്വഹിക്കേണ്ടതെന്നു് അദ്ദേഹം ആശി

ച്ചു. ആ ആശ ഒരുവിധമെല്ലാം ഫലിക്കുകയും ചെയ്തു. എങ്കിലും അച്ചുകളില്ലാതെ പുസ്തകം എങ്ങിനെ പ്രസിദ്ധീകരിക്കും? താൻതന്നെ പല പുസ്തകങ്ങൾ നോക്കിയും ബുദ്ധികൊണ്ടാലോചിച്ചും കോട്ടയത്ത് ഒരു ആശാരിയേയും രണ്ടു കൊല്ലന്മാരേയും കൊണ്ട് ആ വ്യവസായശീലൻആവശ്യമുള്ള അച്ചുകളെല്ലാം കൊത്തിച്ചു. 1824-ൽ ആ ബൈബിൾ തർജ്ജമ പ്രസിദ്ധീകരിച്ചു. ഇംഗ്ലണ്ടിൽനിന്നു വന്ന അച്ചടിയന്ത്രവും പഴകിപ്പോകുകയാൽ മരംകൊണ്ട് ഒരു പുതിയ മുദ്രണയന്ത്രം 1829-ൽ ഉണ്ടാക്കിച്ചു. അതും അദ്ദേഹത്തിന്റെ ശില്പവിദ്യാ കൗശലത്തിനു നിദർശനമാണ്. 1828-ൽ വേറേ രണ്ട് അച്ചടി യന്ത്രങ്ങൾകൂടി വരുത്തി. 1014-ൽ മാത്രമാണ് സ്വാതിതിരുനാൾമഹാരാജാവു സക്കാർവകയായി ഒരച്ചുക്കൂടം തിരുവനന്തപുരത്തു സ്ഥാപിച്ചതെന്നും അതുവരെ ഗവർമ്മെന്റിലേക്കാവശ്യമുള്ള അച്ചടിപ്പണി മുഴുവൻ ഈ സി. എം. എസ്. പ്രസ്സിലായിരുന്നു നിർവ്വഹിച്ചുവന്നത് എന്നും മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ.

## രണ്ടുമലയാളനിഘണ്ടുക്കൾ

ബെയ്‌ലിയുടെ പുസ്തകങ്ങളിൽ അതിപ്രധാനമായി പരിഗണിക്കേണ്ടത് അദ്ദേഹത്തിന്റെ മലയാളം-ഇംഗ്ലീഷ് ഡിക്ഷണറി തന്നെയാണ്. എച്ച്. എച്ച്. വിൽസന്റെ സംസ്കൃത-ഇംഗ്ലീഷ് ഡിക്ഷണറി 1832-ൽ പ്രസിദ്ധീകൃതമായി. ആ പുസ്തകത്തെ അനുകരിച്ചാണ് ബെയ്‌ലി അദ്ദേഹത്തിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു നിർമ്മിച്ചത്. അതിൽ സംസ്കൃതപദങ്ങളെയാണ് അധികമായി പ്രവേശിപ്പിച്ചിട്ടുള്ളതെന്നും ഭാഷാപദങ്ങൾ കുറവാണെന്നും ചിലർ പറയാറുണ്ട് അതു ശരിതന്നെ. എന്നാൽ ഏതു പ്രസ്ഥാനത്തിലും ഒരു മാർഗ്ഗദർശകനുണ്ടാകാവുന്ന ക്ലേശങ്ങളെപ്പറ്റി അല്പമെങ്കിലും പര്യാലോചിക്കുവാൻ ഹൃദയമുള്ളവർക്കു പ്രസ്തുതഗ്രന്ഥം ഒരു ഭഗീരഥപ്രയത്നത്തിന്റെ ഫലമാണെന്നു ബോധപ്പെടാതെയിരിക്കുകയില്ല. ബൈബിൾ തർജ്ജമ കഴിഞ്ഞു സായിപ്പ് ആരംഭിച്ച ആ നിഘണ്ടു 1846-ൽ പ്രസിദ്ധീകൃതമായി. അതോടുകൂടിത്തന്നെ അദ്ദേഹം എഴുതിത്തീർത്ത ഇംഗ്ലീഷ്-മലയാളം ഡിക്ഷണറി 1848-ലും അച്ചടിക്കപ്പെട്ടു. മലയാളം-ഇംഗ്ലീഷ് നിഘണ്ടു സ്വാതിതിരുനാൾ മഹാരാജാവിനാണ് ഭക്തിബഹുമാനപുരസ്സരം സമർപ്പിച്ചിട്ടുള്ളത്. സമർപ്പണനിവേദനത്തിൽ ഗ്രന്ഥകാരൻ, അവിടുന്ന് അതിന്റെ നിർമ്മതിയിൽ പ്രദർശിപ്പിച്ച ഔത്സുക്യത്തേയും, പൊതുവേ സ്വപ്രജകളുടെ ഇടയിൽ വിദ്യാഭ്യാസവർദ്ധനത്തിനും സാഹിത്യോന്നമനത്തിനും നല്കിവന്ന പ്രോത്സാഹനങ്ങളേയും മുക്തകണ്ഠമായി ശ്ലാഘിച്ചിരിക്കുന്നു.

## മറ്റു കൃതികൾ

ബെയ്‌ലി ഈ മൂന്നു ഗ്രന്ഥങ്ങൾ കൂടാതെ (4) പള്ളിയുടെ ഉപയോഗത്തെപ്പറ്റി ഒരു സംവാദം, (5) ഡോക്ടർ വാട്സിന്റെ ഒന്നും രണ്ടും ചോദ്യോത്തരപുസ്തകങ്ങൾ, (6) മറേ സായിപ്പിന്റെ വ്യാകരണസങ്ഗ്രഹം, (7) രണ്ട് ആട്ടിൻകുട്ടികൾ, (8) രാമമോഹന റോയിയുടെ ഉപനിഷദ്വ്യാഖ്യാനം, (9) മിസ്സ് ഷെർവുഡ്ഡിന്റെ ഭാരതീയ തീർത്ഥാടകൻ (Indian Pilgrim) ഇവയും മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## മരണം

ബെയ്‌ലിസ്സായിപ്പിനു കൂടെക്കൂടെ തലവേദനയുടേയും മറ്റും ഉപദ്രവം ഉണ്ടാകാറുണ്ടായിരുന്നു എങ്കിലും അതൊന്നും അദ്ദേഹത്തിന്റെ സുസ്ഥിരമായ കൃത്യനിഷ്ഠയ്ക്കു

ശൈഥില്യം വരുത്തിയില്ല. കോട്ടയത്തു സ്ത്രീവിദ്യാഭ്യാസത്തിന് അടിസ്ഥാനമുറപ്പിച്ചതു് അദ്ദേഹത്തിന്റെ പത്നിയായിരുന്നു. 1830-ാമാണ്ടിടയ്ക്കു ശീമയ്ക്കുപോയി എങ്കിലും ഏറെത്താമസിയാതെ തിരിയെപ്പോന്നു. 1839-ൽ കോട്ടയത്തെ മനോഹരമായ ആംഗ്ലിക്കൻപള്ളിയുടെ പണി ആരംഭിച്ച് അതു് അചിരേണ പൂർത്തിയാക്കി. അദ്ദേഹത്തിന്റെ പുത്രി 1824-ൽ കോട്ടയത്തുവെച്ചു മരിച്ചുപോയി. 1840-ൽ മൂത്തപുത്രൻ ഇംഗ്ലണ്ടിൽ വേണ്ട പരിശീലനം കഴിഞ്ഞു തിരിയെ വന്നു. സി.എം.എസ്. അച്ചുക്കൂടം സൂപ്രണ്ടായി ജോലി നോക്കി. 1850-ൽ മുപ്പത്തിനാലു വർഷത്തെ മതസംബന്ധവും ഭാഷാസംബന്ധവുമായ തന്റെ കൈങ്കര്യം നിസ്തുലമായ സാമർത്ഥ്യത്തോടുകൂടി നിർവ്വഹിച്ചതിനുമേൽ നാട്ടിലേയ്ക്കു മടങ്ങുകയും 1871-ൽ 80-ാമത്തെ വയസ്സിൽ പരഗതിയെ പ്രാപിക്കുകയും ചെയ്തു. ബെയ്‌ലിസ്സായിപ്പിന്റെ പാവനമായ നാമധേയം ഭാഷാഭിമാനികളായ കേരളീയർ ഒരു കാലത്തും വിസ്മരിക്കുന്നതല്ല.

## ജോസഫ് പീറ്റ് (1040)

ബെൻജമിൻ ബെയ്‌ലിയെപ്പോലെ ജോസഫ് പീറ്റും ഒരു ആംഗ്ലിക്കൻമിഷണറിയായിരുന്നു. അദ്ദേഹം 1833-ൽ തിരുവിതാംകൂറിൽ വന്നു കുറേക്കാലം കോട്ടയം കോളേജ് പ്രിൻസിപ്പലായി പണി നോക്കി. 1838-ൽ മാവേലിക്കരെ മിഷണറിയായി നിയമിക്കപ്പെട്ടു. 1841-ൽ മലയാളഭാഷയ്ക്കു് ഒരു പുതിയ വ്യാകരണം നിർമ്മിച്ചു. ആ വ്യാകരണത്തിന്റെ രണ്ടാമത്തെ പതിപ്പ് 1854-ൽ പ്രസിദ്ധീകൃതമായി. ഇംഗ്ലീഷുകാരിൽ ഒന്നാമതായി റോബട്ട് ഡ്രമ്മണ്ടും രണ്ടാമതായി എഫി. സ്പ്രിങ്ങും മൂന്നാമതായി പീറ്റുമാണ് മലയാളഭാഷയ്ക്കു വ്യാകരണം നിർമ്മിച്ചതു്. ഡ്രമ്മണ്ടിനെപ്പോലെ സ്പ്രിംഗും തന്റെ വ്യാകരണം രചിച്ചതു് ഈസ്റ്റിൻഡ്യാക്കമ്പനിയുദ്യോഗസ്ഥന്മാരുടെ ആവശ്യത്തെ പുരസ്കരിച്ചാണ്. ആ വ്യാകരണം 1839-ൽ മുദ്രിതമായി. പീറ്റ്സായിപ്പിന്റെ വ്യാകരണം, അതിനുമുൻപുള്ള രണ്ടു വ്യാകരണങ്ങളെക്കാൾ ഭേദമാണ്. 964-ാമാണ്ടുമുതല്ക്കുള്ള പഴയ മലയാളം എഴുത്തുകുത്തുകൾ അതിൽ ഉദ്ധരിച്ചിട്ടുണ്ട്. വ്യാകരണത്തിനുപുറമേ ആ കൈരളീബന്ധു ബണിയന്റെ വിശ്വവിശ്രുതമായ പിൽഗ്രിംസ് പ്രോഗ്രസ് എന്ന ഇംഗ്ലിഷു കൃതി തർജ്ജമ ചെയ്യുകയും തന്റെ റൈറ്റർ കോശിയെക്കൊണ്ടു് ഒരു ഭൂമിശാസ്ത്രം രചിപ്പിക്കുകയും ചെയ്തു. 1845-ൽ ശീമയ്ക്കുപോയി. 1849-ൽ തിരുവിതാംകൂറിലേയ്ക്കു തിരിയെ വന്നു. ഈ നാട്ടിലെ ശീതോഷ്ണാവസ്ഥ അദ്ദേഹത്തിന്റെ ശരീരസ്ഥിതിക്കു യോജിച്ചില്ല. 1865-ൽ രക്തസമ്മർദ്ദംനിമിത്തം മാവേലിക്കര വെച്ചു മരിച്ചു.

## റിച്ചാർഡ് കോളിൻസ്

മലയാളവാക്കുകൾക്കു മലയാളത്തിൽത്തന്നെ അർത്ഥവിവരണം ചെയ്യുന്ന ഒരു നിഘണ്ടു ആദ്യമായി നിർമ്മിച്ചതു റെവറന്റ് റിച്ചാർഡ് കോളിൻസ് എന്ന ആംഗ്ലിക്കൻമിഷണറിയാണ്. കോളിൻസ് 1854 ഡിസംബർ 20-ാംനു മദിരാശിയിൽ വന്നിറങ്ങി. അദ്ദേഹം കേംബ്രിഡ്ജിലെ സെന്റ് ജോൺസ് കോളേജിൽ പഠിച്ച ഒരു പണ്ഡിതനായിരുന്നു. 1855 മാർച്ച് മാസത്തിൽ കോട്ടയം സെമിനേരിയുടെ ചാർജ്ജു കിട്ടി. 1867 വരെ കോട്ടയം കോളേജ് പ്രിൻസിപ്പലായി ജോലിനോക്കി. പിന്നീടു സിലോണിൽ ഒരു സി. എം. എസ്. കോളേജിലെ അധ്യാപകനായി പ്പോയി. അവിടെയും മിഷണറിപ്രവർത്തനം നടത്തിയതിനുശേഷം ഇംഗ്ലണ്ടിലേയ്ക്കു തിരിയെപ്പോയി. 1900-ാമാണ്ടു മരിച്ചു. കോട്ടയത്തുവച്ചു തന്റെ സ്വന്തം മുൻഷിയായ

രാമവാരിയരുടേയും കോളേജ് മുൻഷിയായ ചൈവള്ളിക്കൽ സുബ്രഹ്മണ്യൻപോറ്റിയുടേയും മറ്റും സഹായത്തോടുകൂടി മേല്പറഞ്ഞ ഡിക്ഷണറി നിർമ്മിച്ച് 1865-ൽ അച്ചടിപ്പിച്ചു. അതിന്റെ ഒരു പരിഷ്കരിച്ച പതിപ്പ് 1905-ലും മറ്റൊന്ന് 1918-ലും പ്രസിദ്ധീകൃതമായി. സംവൃതോകാരം പീറ്റ് ഉപന്യസിച്ചതുപോലെ അകാരമല്ലെന്നും അരയുകാരമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ബെയ്‌ലിയുടെ മലയാളം-ഇംഗ്ലീഷ് ഡിക്ഷണറിയെക്കാൾ കൂടുതൽ ശബ്ദങ്ങൾ കോളിൻസിന്റെ പുസ്തകത്തിൽ ഉൾപ്പെടുത്തീട്ടുണ്ട്. എങ്കിലും ഭാഷാ പദങ്ങളെക്കാൾ ഭാഷയിൽ പ്രചരിക്കുന്ന സംസ്കൃതപദങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നല്കീട്ടുള്ളത്. ഗണേരുകാ (വേശ്യകളുടെ തായ്‌ക്കിഴവി) ഖോഡ (മുടന്തുള്ള) തുടങ്ങിയ അനേകം അപ്രസിദ്ധസംസ്കൃതപദങ്ങളേയും സംഗ്രഹിച്ചിട്ടുണ്ട്. വിൽസൺ, വിൽകിൻസൺ മുതലായ പാശ്ചാത്യന്മാരുടെ ഡിക്ഷണറികളെ വേണ്ടതിലധികം ഉപജീവിക്കുകനിമിത്തമാണ് ആ വൈകല്യം സംഭവിച്ചത്. എങ്കിലും ഭാഷയ്ക്ക് ഏറ്റവും ഉപയോഗമുള്ള ഒരു നിഘണ്ടുവായിത്തന്നെയാണ് അത് ഇന്നും പരിലസിക്കുന്നത്. ഒടുവിൽ പ്രധാന സംസ്കൃത ധാതുക്കൾക്കു ധാതുമഞ്ജരി എന്ന പേരിൽ ഇംഗ്ലീഷിൽ അർത്ഥം പ്രദർശിപ്പിക്കുന്ന ഒരു അനുബന്ധവും സംഘടിപ്പിച്ചിരിക്കുന്നു. ഡിക്ഷണറിക്കുമുൻപു ഭാഷയ്ക്ക് ഒരു ലഘുവ്യാകരണവും കോളിൻസ് രചിക്കുകയുണ്ടായി.

## ജോർജ്ജ് മാത്തൻ (995–1045)

### ഉപോൽഘാതം

ഭാഷയിൽ ഓരോ കാലത്തുത്ഭവിച്ച പല ഗദ്യഗ്രന്ഥങ്ങളെപ്പറ്റിയും ഇതിനു മുൻപു പ്രസ്താവിക്കുകയുണ്ടായല്ലോ. (1) ശാസ്ത്രഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾ, (2) ചാക്കിയാന്മാരുടെ അഭിനയത്തിനുള്ള രൂപകങ്ങളുടെ പരാവർത്തനങ്ങൾ, (3) പാഠകക്കാർക്കു പ്രവചനത്തിനുള്ള കഥനങ്ങൾ, (4) ബ്രഹ്മാണ്ഡപുരാണം ഉത്തരരാമായാണം ഭാഷാഭാഗവതം തുടങ്ങിയ അപൂർവ്വം ചില സ്വതന്ത്രനിബന്ധങ്ങൾ—ഇവയാണ് പ്രധാനമായി നമുക്ക് ആ കൂട്ടത്തിൽ ദൃശ്യങ്ങളാകുന്ന വാങ്മയങ്ങൾ. ഇവയെല്ലാം ഹിന്ദുക്കൾ പ്രായേണ സംസ്കൃതശൈലിയവലംബിച്ചു രചിച്ചിട്ടുള്ളവയാണ്. ക്രിസ്ത്യാനികൾ വർത്തമാനപ്പുസ്തകം മുതലായി ഏതാനും ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും അവയിലെ ശബ്ദകോശവും വാക്യശൈലിയും അസംസ്കൃതമായ വ്യാവഹാരികഭാഷയിൽ പെടുന്നതാകയാൽ സാഹിത്യദൃഷ്ട്യാ ഉത്തമകോടിയിൽ പരിഗണിക്കുന്നതിന് അർഹങ്ങളല്ല. വാസ്തവത്തിൽ വ്യവസ്ഥിതമായ ഒരു ഗദ്യരീതി ഭാഷയ്ക്കു സിദ്ധിച്ചതു കേരളത്തിൽ ഇംഗ്ലീഷുഭാഷ പ്രചരിച്ചുതുടങ്ങിയതിനുമേൽ ആ ഭാഷയിൽ പാണ്ഡിത്യം നേടിയ ഭാഷാഭിമാനികളുടെ പരിശ്രമം നിമിത്തമാണ്. ഇംഗ്ലീഷിനുപുറമെ സംസ്കൃതത്തിലും പര്യാപ്തമായ ജ്ഞാനം സിദ്ധിച്ച ഒരാൾക്കല്ലാതെ അത്തരത്തിലുള്ള പരിശ്രമംകൊണ്ട് എന്തെങ്കിലും സാധിക്കുന്നതിനു മാർഗ്ഗമില്ലാതിരുന്നതിനാൽ ആ പന്ഥാവിൽ സഞ്ചരിക്കുവാൻ ആദ്യകാലത്ത് ആരും അത്രതന്നെ ധൈര്യപ്പെട്ടില്ല. പാശ്ചാത്യ സമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ ഇദംപ്രഥമമായി അവതരിപ്പിച്ച് ആ പദ്ധതിയിൽ വിവിധ വിഷയങ്ങളെ അധികരിച്ചു പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച ഒന്നാമത്തെ കേരളീയൻ റെവറന്റ് ജോർജ്ജ് മാത്തനാണ്. ആ പദ്ധതി വേണ്ടവിധത്തിൽ പരിഷ്കരിച്ചു വികസിപ്പിച്ച് അനവദ്യവും സർവ്വാംഗരമണീയവുമാക്കിത്തീർത്തത് കേരളവർമ്മ വലിയ കോയിത്തമ്പുരാനാണെന്നും പറയേണ്ടതുണ്ട്.

## ജനനം

ജോർജ്ജ് മാത്തന്റെ കുടുംബം കൊച്ചിയിൽ കുന്നംകുളത്തിനു സമീപമുള്ള ആർത്താറ്റുനിന്നു മധ്യതിരുവിതാംകൂറിൽ ചെങ്ങന്നൂർതാലൂക്കിൽപെട്ട പുത്തൻകാവിൽ കുടിയേറിപ്പാർത്ത ഒന്നാണ്. പുത്തൻകാവിൽ താമസിക്കുമ്പോൾ അദ്ദേഹത്തിന്റെ പിതാവായ മാത്തൻതരകൻ ആറന്മുളക്കു സമീപമുള്ള കിടങ്ങന്നൂർ എന്ന ഗ്രാമത്തിൽ താമസമുറപ്പിച്ചു. അതു ഒരു യാക്കോബായ കുടുംബമായിരുന്നു. ആ തരകന്റേയും പുത്തൻ കാവിൽ പുത്തൻവീട്ടിൽ അന്നാമ്മയുടേയും പുത്രനായി ജോർജ്ജ് മാത്തൻ 1819 സെപ്റ്റംബർ 25-ാംനു ജനിച്ചു. റവറന്റ് ജോർജ്ജ് മാത്തൻ എന്നും ഗീവറുഗീസ് പാ(ദ്രി)തിരി എന്നും മല്ലപ്പള്ളിലച്ചൻ (മല്ലപ്പള്ളച്ചൻ) എന്നുമുള്ള പേരുകളിൽ അദ്ദേഹം അറിയപ്പെടുന്നു. മല്ലപ്പള്ളിയിൽ മറിയാമ്മയെ പരിഗ്രഹിക്കുകയും വളരെക്കാലം അവിടെ മിഷൻസേവനത്തിൽ ഏർപ്പെട്ടു താമസിക്കുകയും ചെയ്യുകയാലാണ് ഒടുവിലത്തെ നാമാന്തരം അദ്ദേഹത്തിനു സിദ്ധിച്ചത്.

## ചരിത്രം

ഗീവറുഗീസിന്റെ പിതാവ് നമ്മുടെ കഥാപുരുഷൻ ഗർഭസ്ഥനായിരുന്നപ്പോൾത്തന്നെ മരിച്ചുപോകയാൽ പിതൃസഹോദരനായ കുര്യൻകത്തനാരുടെ സംരക്ഷണത്തിലാണ് അദ്ദേഹം ബാല്യകാലത്തിൽ വളർന്നത്. കത്തനാർ ഗീവറുഗീസിനെ വൈദികവിദ്യാഭ്യാസം ചെയ്യിച്ച് ഒരു പട്ടക്കാരനാക്കണമെന്നാഗ്രഹിച്ചു. ഒൻപതുവയസ്സു പ്രായമായപ്പോൾ മെത്രപ്പോലിത്താ “കാറോയാ” എന്ന ഒന്നാമത്തെ പട്ടം നല്കി. പിന്നീടു കോട്ടയത്തു പഴയ സെമിനേരിയിൽ പഠിത്തം ആരംഭിച്ചു. അവിടെ ഇംഗ്ലീഷ്, ഗ്രീക്ക് എന്നീ ഭാഷകൾ അഭ്യസിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഉണ്ടായിരുന്നു. പ്രജ്ഞാശാലിയായ നമ്മുടെ ബാലൻ ആ സൗകര്യങ്ങളെല്ലാം വഴിപോലെ ഉപയോഗപ്പെടുത്തി. 1837-ൽ ആ സെമിനേരി പ്രിൻസിപ്പലായിരുന്ന വൈയാകരണൻ പീറ്റുസായിപ്പ് അദ്ദേഹത്തെ ഉപരിവിദ്യാഭ്യാസത്തിനായി മദിരാശിയിലേക്കയച്ചു. അവിടെ ബിഷോപ്പ് കോറിസ് ഗ്രാമർ സ്കൂളിൽ പഠിച്ച് അക്കാലത്തെ കേൾവികേട്ട ഒരു പണ്ഡിതനായി ഉയർന്നു. മദിരാശിയിൽവെച്ച് ആംഗ്ലിക്കൻസഭയിൽ ചേർന്നു തമിഴം തെലുങ്കം ഹിന്ദുസ്ഥാനിയുംകൂടി അവിടെ താമസിച്ചപ്പോൾ പഠിച്ചു. 1844-ൽ ശെമ്മാശനം 1847-ൽ പ്രെസ്ബിറ്ററുമായി. ഉടൻതന്നെ മല്ലപ്പള്ളിയിൽ മിഷൻസേവനത്തിനു നിയുക്തനാവുകയും അവിടെ പതിനാറുകൊല്ലം പണിനോക്കുകയും ചെയ്തു. അതിൽപ്പിന്നീടുള്ള പ്രവർത്തനം തിരുവല്ലാ തുകലശ്ശേരി ഇടവകയിലായി. 1869-ൽ മദിരാശിയിലെ ബിഷപ്പ് അദ്ദേഹത്തെ തന്റെ ഡൊമസ്റ്റിക് ചാപ്ലെയ്യായ് നിയമിച്ചു തലവടി ഇടവകയിലേയ്ക്കു സ്ഥലം മാറ്റി. 1870-ാമാണ്ടു മാർച്ച്മാസം 4-ാംനു പ്രമേഹരോഗം മൂർച്ഛിച്ചു ചരമഗതിയെ പ്രാപിച്ചു. നാട്ടുകാരിൽ അതുവരെ ആർക്കും ലഭിക്കാത്ത സ്ഥാനമാനങ്ങൾ ആംഗ്ലിക്കൻസഭ അദ്ദേഹത്തിന് സംഭാവനചെയ്തു. 1858-ൽ തിരുവിതാംകൂർദിവാൻജിയായി നിയമിക്കപ്പെട്ട മാധവരായർക്കു (പിന്നീടു രാജാ സർ.ടി. മാധവരായർ) ഒരു ഭാഷാപണ്ഡിതനെന്നും സമുദായനേതാവെന്നും വിദ്യാഭ്യാസതൽപരനെന്നും മറ്റും പല നിലകളിൽ അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന സ്നേഹബഹുമാനങ്ങൾ അളവറ്റതായിരുന്നു. പല ഉദ്യോഗങ്ങൾ സ്വീകരിക്കുന്നതിന് ആ മഹാത്മാവു കഥാപുരുഷനോട്ട് അനേകം പ്രാവശ്യം ആവശ്യപ്പെടുകയുണ്ടായി എങ്കിലും ഒരു മിഷണറിയായിത്തന്നെയാണ് അദ്ദേഹം യാവജ്ജീവം കാലയാപനം ചെയ്തത്. ദേശാഭിമാനം ഭാഷാഭിമാനം ദീനാനുകമ്പ മുതലായ പല വിശിഷ്ടഗുണങ്ങൾ അദ്ദേഹത്തിൽ പ്രകാശിച്ചിരുന്നു.

## ജോർജ്ജ് മാത്തനും മലയാളഭാഷയും

മലയാളഭാഷയുടെ കഴിവുകളെപ്പറ്റി ഗീവറുഗീസ് കത്തനാർക്കു വലിയ ശുഭപ്രതീക്ഷയാണുണ്ടായിരുന്നത്. ഒരവസരത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "മലയാണ്മയുടെ ജാത്യം വിചാരിക്കുമ്പോൾ അതു ഭംഗിക്കും ശക്തിക്കും ഏതു ഭാഷയോടും നേരിടത്തക്കതായിരിക്കുന്നു. അതിൽ വാക്കുകൾക്കുള്ള മാറ്റങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതും വാചകങ്ങളെ കുഴച്ചിൽ വരാതെ കൂട്ടിക്കെട്ടാവുന്നതും കൂടാതെ സ്വരഭേദങ്ങൾകൊണ്ട് ഓരോ മനോവികാരങ്ങളെ വെളിപ്പെടുത്താൻ നല്ല പാങ്ങുള്ളതുമാകുന്നു. വന്നു, വന്നേ എന്നുള്ള ഭാവഭേദങ്ങൾ ഇംഗ്ലീഷിൽ വരുത്താൻ ശ്രമിച്ചാൽ സാധിക്കുകയില്ല. എഴുതിയേച്ച്, എഴുതിപ്പോയി എന്നിങ്ങനെയുള്ള ഭാവനകളെ ആ ഭാഷയിൽ എഴുതണമെങ്കിൽ ബഹു ചുറ്റിക്കെട്ടു വേണ്ടിയിരിക്കുന്നു. ഇതു ഫലിതവാചകത്തിനു മടുക്കുന്നില്ല എന്നു "ആൾമാറാട്ടം" എന്ന ഭാഷാന്തരംകൊണ്ടും അനുകാരവാക്കിനു മുഞ്ഞു എന്നു "ജ്ഞാനനിക്ഷേപ"ത്തിലെ സംഭാഷണങ്ങൾകൊണ്ടും വർണ്ണനാശക്തിക്കു യോഗ്യം എന്നു "ഫുൽമോറി" എന്ന കഥകൊണ്ടും തെളിവായിരിക്കുന്നു. അഗാധജ്ഞാനത്തേയും സൂക്ഷ്മവ്യവഹാരങ്ങളേയും വിവരിക്കുന്നതിന് ഇംഗ്ലീഷിനെക്കാൾ ഇതു പുറകെയല്ലെന്നു "സംയുക്തി" എന്നപരിഭാഷ മൂലത്തോട്ട് ഒത്തുനോക്കി വായിക്കുന്നവർക്ക് ഒക്കെയും ബോധ്യമാകും."

ആയില്യംതിരുനാൾ മഹാരാജാവിനു ഭാഷാഗദ്യത്തിന്റെ അഭ്യുന്നമനത്തിലുള്ള ഔത്സുക്യം അത്യന്തം ഗാഢമായിരുന്നു. ഗദ്യശാഖ പുഷ്ടിപ്പെടാതെ യാതൊരു ഭാഷയിലെ സാഹിത്യവും യഥാർത്ഥമായി വികസിക്കുകയില്ലെന്ന് അവിടത്തേയ്ക്കും മാധവരായർക്കും ബോധ്യമുണ്ടായിരുന്നു. മാധവരായരെ ആ വിഷയത്തിൽ അവസരോചിതമായ ഉപദേശംകൊണ്ടു മല്ലപ്പള്ളിലച്ചനും പ്രോത്സാഹിപ്പിക്കുകയുണ്ടായിട്ടുണ്ട്.

## കൃതികൾ

കത്തനാർ 1861-ൽ സത്യവാദഖേടം എന്നൊരു ഗദ്യപ്രബന്ധം എഴുതിയയച്ചു. തിരുവിതാംകൂർ ഗവർമ്മെന്റിൽനിന്ന് അതിലേയ്ക്കു നിശ്ചയിച്ചിരുന്ന പ്രഥമ സമ്മാനത്തിന് അർഹനായിത്തീർന്നു. 1863-ൽ ആ കൃതി പ്രസിദ്ധപ്പെടുത്തി. അക്കൊല്ലത്തിൽത്തന്നെ അദ്ദേഹത്തിന്റെ "മലയാണ്മയുടെ വ്യാകരണം" എന്ന ശാസ്ത്രഗ്രന്ഥവും അച്ചടിപ്പിച്ചു. 1851-ൽ ഗുണ്ടർട്ടു സായിപ്പിന്റെ വ്യാകരണത്തിലെ ആദ്യഭാഗം പ്രസിദ്ധീകൃതമായിക്കഴിഞ്ഞിരുന്നു. എങ്കിലും "മലയാണ്മയുടെ വ്യാകരണം" രചിക്കുന്ന കാലത്ത് ഗ്രന്ഥകാരന് അതു വായിക്കുവാൻ സാധിച്ചിരുന്നില്ലെന്നാണ് കേട്ടിട്ടുള്ളത്. ആ വ്യാകരണത്തിന്റെ നൂറു പ്രതികൾ മാധവരായർ സർക്കാരിലേക്കു വിലയ്ക്കു വാങ്ങി അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു. ഏകദേശം പ്രസ്തുത വ്യാകരണത്തോളംതന്നെ പ്രശംസാവഹമായ ഒരു ഗ്രന്ഥമാണ് ജോർജ്ജ് മാത്തന്റെ "വേദസംയുക്തി". അതു ഇംഗ്ലീഷിൽ പ്രസിദ്ധമായ ജോസഫ് ബട്ളരുടെ "അനോളോജി ഓഫ് റിലിജൺ" എന്ന മതഗ്രന്ഥം ഒന്നാം ഭാഗത്തിന്റെ വിവർത്തനമാണ്. രണ്ടാം ഭാഗം പൂർത്തിയാക്കുവാൻ അനുവാദകനു സാധിച്ചില്ല. ഈ മൂന്നു ഗ്രന്ഥങ്ങൾക്കും പുറമെ, (4) കാശിയിൽ ഗുരുദാസപണ്ഡിതരും ഒരു ഇംഗ്ലീഷ്ജഡ്ജിയുമായുണ്ടായ സംവാദം, (5) ബാലാഭ്യസനം എന്നീ ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേതു ഡോക്ടർ മുള്ളസ്സിന്റെ ഒരു ഇംഗ്ലീഷ് പുസ്തകത്തിന്റെ തർജ്ജമയാണ്. ഇവകൂടാതെ (1) ഭൂമി ഉരുണ്ടതാകുന്നു, (2) മരുമക്കത്തായത്താലുള്ള ദോഷങ്ങൾ, (3) അദ്വൈതം, (4) ആകാശത്തുള്ള ഗോളങ്ങൾ, (5) അന്തരീക്ഷം, (6) മറുജന്മം,

(7) സ്ത്രീകളുടെ യോഗ്യമായ സാമൂഹ്യസ്ഥിതി, (8) സാധാരണ ചികിത്സാശാല, (9) കൊഴ മുതലാണ്മ മുതലായ പ്രമേയങ്ങളെപ്പറ്റി ഉപന്യാസങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. 1860 മുതൽ 1870 വരെയുള്ള പത്തുവർഷങ്ങളിലാണ് ഈ സാഹിത്യസമ്പത്തിൽ ഒട്ടുമുക്കാൽ ഭാഗവും അദ്ദേഹം കൈരളിക്കു പ്രദാനം ചെയ്തതു് എന്നോർമ്മിക്കുമ്പോൾ അദ്ദേഹത്തിന്റെ തീവ്രമായ ഭാഷാപോഷണതൽപരതയെപ്പറ്റി ആർക്കാണ് ആശ്ചര്യം തോന്നാത്തതു്.

## മലയാണ്മയുടെ വ്യാകരണം

ഈ ഗ്രന്ഥംതന്നെയാണ് ജോർജ്ജ് മാത്തന്റെ കൃതികളിൽ പ്രഥമഗണനീയമായിട്ടുള്ളതു്. അ, എ, ഇ, ഒ, ഉ എന്ന അഞ്ചു ഹ്രസ്വാക്ഷരങ്ങളും ആ, ഏ, ഈ, ഓ, ഊ എന്ന അഞ്ചു ദീർഘാക്ഷരങ്ങളും ചേർന്നു ഭാഷയിൽ പത്തു സ്വരാക്ഷരങ്ങളേ ഉള്ളുവെന്ന് അദ്ദേഹം പറയുന്നു. ഐ, ഔ എന്നിവ ദ്വിത്വാക്ഷരങ്ങളെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഋ, ൠ, ഌ, ൡ,ഇവ ഭാഷാസ്വരങ്ങളല്ലാത്തതിനാൽ അവയെ അദ്ദേഹം പരിത്യജിച്ചതിൽ അനൗചിത്യമില്ല. 214 വശമുള്ള ആ പുസ്തകം കഥാപുരുഷന്റെ ഭാഷാ ഗവേഷണകുശലതയ്ക്കു പര്യാപ്തമായ നിദർശനമാണെന്നു ചുരുക്കത്തിൽ പറയാം.

## വേദസംയുക്തി

ഇതരകൃതികളിൽ പ്രാധാന്യേന സ്മരിക്കേണ്ടതു വേദസംയുക്തിയാകുന്നു. മൂലഗ്രന്ഥം അത്യന്തം കഠിനമാകയാൽ സാമാന്യന്മാരായ വിവർത്തകന്മാരെ അതു പരാജയപ്പെടുത്തും. എന്നാൽ കത്തനാർക്ക് ആ പരിശ്രമത്തിലും വിജയംതന്നെയാണ് സിദ്ധിച്ചിരിക്കുന്നതു്. പ്രസിദ്ധീകൃതമായ പ്രഥമകാണ്ഡത്തിൽ എട്ട് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നു. തർജ്ജമയുടെ മാതൃക കാണിക്കാൻ ചില പങ്ക്തികൾ ഉദ്ധരിക്കാം. “മനുഷ്യർക്കു പരലോകത്തിൽ ഒരു ജീവിതമുണ്ടു്. എല്ലാവർക്കും ശിക്ഷാരക്ഷകളുണ്ടാകും. ആ ശിക്ഷാരക്ഷകൾ മനുഷ്യരുടെ സുകൃതദുഷ്കൃതങ്ങളെ ആശ്രയിച്ചിരിക്കും. പരലോകത്തിലേയ്ക്കു നമ്മെ പ്രാപ്തന്മാരാക്കുന്നതിനുള്ള അഭ്യസനവും പരിശോധനയുമാണ് ഈ ലോകത്തിലെ ജീവിതത്തിനിടയിൽ നടക്കുന്നതു്. അവനവന്റെ ആവശ്യത്തിനുവേണ്ടിയുള്ള വാദം ദൈവത്തിന്റെ ധർമ്മാധിപത്യത്തിനു വിരോധമായി ഭവിക്കുന്ന ഒരാക്ഷേപമാകയില്ല. ഈ ലോകം വീഴ്ചയിലും ദുഷ്ടതയിലും നാശത്തിലും സ്ഥിതിചെയ്യുന്നതുകൊണ്ടു നമ്മുടെ അജ്ഞാനം ദൈവത്തിന്റെ ജ്ഞാനത്തിനും നന്മയ്ക്കും പ്രതിബന്ധമായിരിക്കാം. മനുഷ്യർക്കു തങ്ങളേക്കുറിച്ചും തങ്ങളുടെ ധർമ്മത്തെക്കുറിച്ചുമുള്ള അജ്ഞത വർദ്ധിക്കുമ്പോൾ അവരുടെ ഇടയിൽ ഒരു പ്രത്യേക വേദമാർഗ്ഗമുണ്ടാകയെന്നുള്ളതു് ഒട്ടും അപ്രധാനമല്ലാത്ത ഒരു കാര്യമാണ്. പ്രസ്തുത വേദദാർഗ്ഗത്തിൽ അദൃഷ്ടപൂർവ്വമായും വിചാരാതീതമായുമുള്ള പല കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.”

1041-ലാണ് സംയുക്തി മുദ്രിതമായതു്. ജോർജ്ജ് മാത്തന്റെ വിദഗ്ദ്ധവും വാത്സല്യപൂർണ്ണവുമായ പരിലാളനത്തിൽ ഭാഷാഗദ്യം എത്രമാത്രം വളർന്നു എന്നു കാണിക്കുവാൻ 1031-ാമാണ്ടു മീനമാസം 14-ാംനു- പാത്രിയാർക്കീസ്ബാവാ മലങ്കരയിലെ പള്ളികൾക്കയച്ച ഒരു സുറിയാനിക്കല്പനയുടെ തർജ്ജമ അതുമായി തട്ടിച്ചുനോക്കിയാൽ മതി.

"ഇന്തുക്കെട്ടിലെ മലങ്കരെയുള്ളവരും ജ്ഞാനത്തിൽ നമ്മുടെ പ്രിയപ്പെട്ടവരും ബഹുമാനമുള്ളവരും ആയ മേൽപട്ടക്കാരർക്കും നമ്മുടെ മക്കളായ അഴകുതായ പട്ടകാരർക്കും കൈക്കാരന്മാർക്കും മൂപ്പന്മാർക്കും ശേഷംപേർക്കും ബാവാതമ്പുരാങ്കൽനിന്നും തന്റെ പുത്രനും നമ്മുടെ കർത്താവും ആകുന്ന ഈശോമിശിഹായിൽനിന്നും വാഴ്വും സ്വതത്വവും ഉണ്ടാകുമാറാക. ആയതു തമ്പുരാനെപ്പെറ്റ മാർത്തമറിയത്തുമ്മായുടേയും സകലമായ പുണ്യവാളന്മാരുടേയും പ്രാർത്ഥനകളാൽതന്നെ."

"നിങ്ങളുടെ ഉപവിയോടു നാം അറിയിക്കുന്നതെന്തെന്നാൽ നാം അന്ത്യോക്യായിലെ പത്രോസിനടുത്ത ശുദ്ധമായ സിംഹാസനത്തിന്മേൽ കരയേറിയതുമുതൽ നിങ്ങളുടെ കരയ്ക്കു വന്നു നിങ്ങളെ കാണണമെന്ന് ഉള്ളത്താലേ കൊതിച്ചിരുന്നു. കർത്താവു നമുക്കു തുണനിന്നു നാം ഇങ്ങ് എത്തുകയും നമ്മുടെ ആശ നിറവേറപ്പെടുകയും ചെയ്കയാലെ തനിക്കു സ്തുതി."

## സത്യവാദഖേടം

സത്യവാദഖേടത്തിൽ 93 വശങ്ങൾ ഉൾക്കൊള്ളുന്നു. വളരെ രസകരമായ ഒരു പ്രബന്ധമാണ് ഇത്. ഇത്തരത്തിലുള്ള പ്രബന്ധങ്ങൾ എങ്ങനെ രചിക്കണമെന്നുള്ളതിനു മാർഗ്ഗദർശകമായും ഇതു നിലകൊള്ളുന്നു. താഴേചേർക്കുന്ന പംക്തികൾ നോക്കുക.

"ഒരു കള്ളസാക്ഷ്യം നേരെന്നു ബോധിപ്പാൻതക്കവണ്ണം ചേർച്ച ഒപ്പിച്ചു പറയുന്നതു മഹാസമർത്ഥന്മാരാൽതന്നെയും പ്രയാസമാകുന്നു. കാരണകാര്യങ്ങളിൽ ഏതെങ്കിലും, സാഹചര്യങ്ങളിൽ എങ്കിലും, വ്യാജത്തിനു ചില അസംബന്ധങ്ങൾ വന്നു പോകും. ആകയാൽ കോർട്ടുവ്യവഹാരങ്ങളിലുംമറ്റും ചിലർ കള്ളസാക്ഷ്യം ബോധിപ്പിക്കുന്നതിനെപ്പറ്റി വിസ്താരക്കാർ മുറയ്ക്കു ചോദ്യംചെയ്താൽ നേരും കളവും തെളിച്ചെടുക്കുന്നതിന് എളുപ്പമാകുന്നു. പിന്നെയും ഒരുത്തനു താൻ അറിഞ്ഞിരിക്കുന്ന പരമാർത്ഥം മറയ്ക്കണം എന്ന് എത്രമേൽ താൽപര്യമുണ്ടായിരുന്നാലും സാഹസം, ആശ്ചര്യം, ഭയം, കോപം, ദുഃഖം എന്നിങ്ങനെയുള്ള മനോവികാരാവസ്ഥയിൽ അവൻ ഭാഷണം ചെയ്യുമ്പോൾ സത്യം ഓർമ്മകൂടാതെ സ്വയമായി വെളിയിൽ പുറപ്പെട്ടുപോകുന്നു. ഒരു കൊല്ലൻ തന്റെ പണിക്കത്തിയെ അപായപ്പെടുത്തുകമൂലം വിസ്താരത്തിൽ ഉൾപ്പെട്ടാറേ കൊലപാതകം ഏല്ക്കാതിരിയ്ക്കുന്നമുറയ്ക്ക് അവൻ അനേകം പാറാപ്പുള്ളികളോടുകൂടെക്കിടക്കുന്ന വിലങ്ങിടത്തിൽ ജഡ്ജി ഒരു ദിവസം പെട്ടെന്നു ചെന്നു കൊല്ലത്തിയെ കൊന്ന കൊല്ലൻ എവിടെയെന്നു ദ്രുതിയോടെ ചോദിച്ചതിന് "തമ്പുരാനേ അടിയൻ ഇവിടുണ്ടേ" എന്നു വിചാരംകൂടാതെ ഉത്തരം പറഞ്ഞുപോയ പ്രകാരം ഒരു കേൾവിയുണ്ടല്ലോ. ആകയാൽ വ്യാജവാദം സ്വഭാവവിരോധമാകകൊണ്ട് ആയതു ദൈവവിരോധവുമാകുന്നു."

## മറ്റു ഗ്രന്ഥങ്ങൾ

"പണ്ഡിതരും ജഡ്ജിയുമായുള്ള സംവാദം" കോട്ടയത്തു ചർച്ച്മിഷൻവകയായി പ്രസിദ്ധപ്പെടുത്തിയിരുന്ന വിദ്യാസംഗ്രഹം എന്ന ത്രൈമാസികപത്രികയിലാണ് പ്രകാശിതമായത്. അതിൽ കഥാപുരുഷന്റെ ഷഡ്ദർശനവിജ്ഞാനം പ്രതിഫലിച്ചു കാണുന്നു. "ബാലാഭ്യസന"ത്തിൽ മുപ്പത്തിമൂന്നു വശങ്ങളേയുള്ളു. അതു ഗവർമ്മെന്റിലെ ആഭിമുഖ്യത്തിൽ 1867-ൽ കൊല്ലം ഡിവിഷൻ കച്ചേരിയിൽ അന്നു ദിവാൻ പേഷ്കാരായിരുന്ന ടി. രാമരായരുടെ (പിന്നീടു ദിവാൻ) അധ്യക്ഷതയിൽ ചെയ്ത ഒരു

പ്രസംഗമാണ്. പ്രസംഗത്തിനു പാഠകമെന്നായിരുന്നു അക്കാലത്തെ പേർ. ആ പ്രസംഗത്തിൽനിന്നാണ് "മലയാണ്മയുടെ ജാത്യം" എന്ന ഖണ്ഡിക ഞാൻ മുൻപു പ്രദർശിപ്പിച്ചതു്. ബാക്കിയുള്ളവ ചെറിയ ഉപന്യാസങ്ങളും ജ്ഞാനനിക്ഷേപം, വിദ്യാസംഗ്രഹം എന്നീ പത്രികകളിൽ അദ്ദേഹം ഓരോ അവസരത്തിൽ പ്രസിദ്ധീകരിച്ചവയുമാണ്. ആകെക്കൂടി ആധുനികഭാഷാഗദ്യത്തിനു ജോർജ്ജ് മാത്തൻ സുസ്ഥിരമായ ഒരിസ്ഥവാരം പണിതു സകല കേരളീയരേയും തനിക്കു അധമർണ്ണരാക്കിത്തീർത്തു എന്നുള്ള വിഷയത്തിൽ പക്ഷാന്തരത്തിന് അവകാശലേശമേ ഇല്ല.

## ആയ്മനം പി. ജോൺ

പതിനൊന്നാം ശതകം പൂർവ്വാർദ്ധത്തിലെ ഗദ്യകാരന്മാരുടെ ഇടയിൽ അയ്മനം പി. ജോണിനും ഒരു സ്ഥാനത്തിന് അവകാശമുണ്ട്. അദ്ദേഹം 1000-ാമാണ്ട് (1825 ആഗസ്റ്റ് 7-ാംനു) കോട്ടയംതാലൂക്കിൽ ചേർന്ന അയ്മനം എന്ന സ്ഥലത്തു ജനിച്ചു. അയ്മനത്തുനിന്ന് ആംഗ്ലിക്കൻ മിഷണറിമാർ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു തിരഞ്ഞെടുത്ത നാലുപേരിൽ ഒരാൾ അദ്ദേഹമായിരുന്നു. വിദ്യാഭ്യാസാനന്തരം ആദ്യം കൊച്ചിയിൽ ഒരു ജോലിയിലിരുന്നു. പിന്നീടു കോഴിക്കോട്ടു ഗവർമ്മെന്റ് പാഠശാലയിൽ ഒന്നാം മുൻഷിയായും പിന്നീടു തലശ്ശേരി സബ്കോടതിയിൽ ശിരസ്തദാരായും പണി നോക്കി. 1055-ാമാണ്ടു പണിയിൽനിന്നു പിരിഞ്ഞു. പിന്നെയും പതിന്നാലു കൊല്ലംകൂടി ജീവിച്ചിരുന്നു 1069-ൽ (1893 ഡിസമ്പർ 8-ാംനു) മരിച്ചു. നിയമ സംബന്ധമായും‌മറ്റും ഒന്നുരണ്ടു പുസ്തകങ്ങൾ അദ്ദേഹം മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തിട്ടുണ്ടെങ്കിലും അവയെപ്പറ്റി ഇവിടെ പ്രസ്താവിക്കേണ്ടതില്ല.

## ഇൻഡ്യാചരിത്രം

എന്നാൽ അദ്ദേഹത്തിന്റെ ഇൻഡ്യാചരിത്രം ഭാഷാഭിമാനികളുടെ സ്മരണയെ പ്രത്യേകം അർഹിക്കുന്നു. ഭാഷയിലെ ഒന്നാമത്തെ ഇൻഡ്യാചരിത്രം എന്ന നിലയിൽ മാത്രമല്ല അതിനു പ്രശസ്തിയുള്ളതു്. ജോണിന്റെ ഗദ്യശൈലിക്ക് അനപലപനീയമായ ആസ്വാദ്യതയുണ്ട്. ആ പുസ്തകം "എല്ലാവക പള്ളിക്കൂടങ്ങളുടേയും" ഉപകാരത്തിനായിട്ട് അദ്ദേഹം എഴുതി 1035-ാമാണ്ടിടയ്ക്കു (1860-ൽ) കോട്ടയം സി.എം.എസ്. അച്ചുകൂടത്തിൽനിന്നു പ്രസിദ്ധീകരിച്ചു. മോറിസ്സായിപ്പിന്റെ ഇൻഡ്യാചരിത്രമാണ് ജോൺ തർജ്ജമയ്ക്കു തെരഞ്ഞെടുത്തിരിക്കുന്നതെങ്കിലും അദ്ദേഹം വിട്ടുകളഞ്ഞിരിക്കുന്ന അനേകം പ്രധാനസംഗതികളെ മി. വിൽസൺ, ഗാറെറ്റ് എന്നിവരുടെ പുസ്തകങ്ങളിൽനിന്നും കൂടെ എടുത്തു ചേർത്തിട്ടുണ്ട്. "മലയാളഭാഷ പഠിക്കുന്നതിന് ആഗ്രഹമുള്ള ബിലാത്തിക്കാർക്കും ഈ പുസ്തകം ഉപയോഗമായി വരുന്നതിനുവേണ്ടി വാചകമൊക്കെയും കഴിയുന്നേടത്തോളം സ്പഷ്ടമായും മലയാളഭാഷയുടെ രീതിപ്രകാരവും ഉണ്ടാക്കിയിരിക്കുന്നു" എന്നു വിവർത്തകൻ പറഞ്ഞിട്ടുള്ളതു പരമാർത്ഥമാണ്. ഒരു ഭാഗം പകർത്തിക്കാണിക്കാം: "1789-ാം കൊല്ലത്തിന്റെ ഒടുക്കം ഡിപ്പു തിരുവിതാംകൂറുരാജ്യം വളഞ്ഞു. അവൻ അതിനെ ആക്രമത്താൽ പിടിക്കുന്നതിനു ശ്രമിച്ചു. എങ്കിലും അതു സാധ്യമാകായ്കകൊണ്ട് അവൻ പാളയമടിച്ചിരുന്ന സ്ഥലത്തിന് അല്പം ദൂരെ കണ്ട ഒരു ഗൂഢവഴിയുടെ കോട്ടയ്ക്കകത്തു കടക്കേണ്ടതിനു ശ്രമിച്ചു. കോട്ടയെ സംരക്ഷിക്കേണ്ടതിന് ആദ്യംചെയ്ത തടസ്സങ്ങൾ ഒക്കെയും ജയിച്ച് അവന്റെ സൈന്യങ്ങൾ എളുപ്പത്തിൽ അകത്തു പ്രവേശിക്കുന്നതിനുവേണ്ടി കോട്ടയുടെ ഒരു ഭാഗം ഇടിച്ചുകളയുന്നതിനു പടയാളികൾക്കു കല്പന കൊടുത്തുവച്ചു തന്റെ

സൈന്യങ്ങളിൽ വലിയ ഭാഗം കിടന്നിരുന്ന സ്ഥലത്തേയ്ക്കു കോട്ടയുടെ മുന്നിൽ കൂടെ അവൻ ചെന്നു. അപ്പോൾ ഹിന്ദുക്കളിൽ ഏതാനുംപേർ വെച്ച വെടികൊണ്ടു മുസല്മാന്മാർ ഭയപ്പെട്ടു സുൽത്താനേയും കൊണ്ട് പിന്നോക്കം ഓടി. പിന്നാലേ ഓടിയവർ കോട്ടയുടെ ഒരു ഭാഗം പൊളിച്ച വിവരം ഓർക്കാതെ മുൻപോട്ടു തള്ളുകയാൽ മുന്നണിയിൽനിന്നവരിൽ വളരെപ്പേർ കോട്ടയുടെ വിള്ളലിൽക്കൂടെ ഉരുണ്ടുവീണ് അവരിൽ ഏറിയപേർക്ക് അപജയം വന്നുപോയി. സുൽത്താൻതന്നെയും വളരെ പ്രയാസത്തോടെ രക്ഷപ്പെട്ടു. ഇതിനാൽ അവന്റെ കോപം ജ്വലിച്ചു. ശ്രീരംഗപട്ടണത്തിൽനിന്ന് ഏതാനും വലിയ തോക്കുകൾ വരുത്തി കോട്ടയെ നശിപ്പിച്ചു. രാജാവിന്റെ രാജ്യത്തുകടന്നു വളരെ ക്രൂരതകളും അഴിമതികളും ചെയ്തു."

1035 വരെയുള്ള ഭാഷാഗദ്യത്തിന്റെ വളർച്ചയെപ്പറ്റി ചിന്തിക്കുമ്പോൾ ജോണിന്റെ ശൈലി ഏതു സഹൃദയനും ആദരത്തെ ജനിപ്പിക്കുന്നതാണ്.

## ഉമ്മൻ പിലിപ്പോസ് (1013–1055)

ഉമ്മൻ പിലിപ്പോസ് ആശാൻ 1013-ാമാണ്ടിടയ്ക്കു തിരുവല്ലാത്താലൂക്കിൽ കലയൂപ്പാറപ്പകുതിയിൽ കലയൂർ എന്ന കുടുംബത്തിൽ ജനിച്ചു. ഉമ്മൻ എന്നതു പിതാവിന്റെ പേരാണ്. മാതാപിതാക്കന്മാർ ബാല്യത്തിൽ മരിച്ചുപോകനിമിത്തം മാതൃസഹോദരനായ ജോർജ്ജ് കുരിയൻ പാതിരിയുടെ സംരക്ഷണത്തിൽ വളർന്നു. കുരിയൻ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പൂർവ്വചരിത്രത്തെ ആസ്പദമാക്കി ഒരു പ്രബന്ധം രചിച്ചിട്ടുണ്ട്. അദ്ദേഹം കൊച്ചിയിൽ ഡി.എം.എസ്. പട്ടക്കാരനായി പണിനോക്കിയിരുന്ന കാലത്ത് അവിടെയും കോട്ടയത്തുമായി പിലിപ്പോസ് പഠിച്ചു കൊച്ചിയിൽ ഒരു ഗ്രാന്റു പള്ളിക്കൂടത്തിൽ അധ്യാപകനായി. 1042-ൽ അദ്ദേഹത്തിന്റെ പ്രധാനഗ്രന്ഥമായ "ആൾമാറാട്ടം" പ്രസിദ്ധപ്പെടുത്തിയപ്പോഴും ആ ജോലിയിൽത്തന്നെയാണ് ഏർപ്പെട്ടിരുന്നത്. കൊച്ചിയിൽ അക്കാലത്തു വെസ്റ്റേൺസ്റ്റാർ എന്ന പേരിൽ ഒരു ഇംഗ്ലീഷ് പത്രം വാക്കർ (Walker) എന്നൊരു സായിപ്പു നടത്തിക്കൊണ്ടിരുന്നു. അതിനോടനുബന്ധിച്ചു പശ്ചിമതാരക എന്നൊരു മലയാളപത്രം ആരംഭിച്ചപ്പോൾ അതിന്റെ ആധിപത്യം പിലിപ്പോസ് ആശാനു കിട്ടി. 1880 ജൂലായ് 20-ാംനു കോട്ടയത്ത് ഒളശ്ശയിൽ ഭാര്യാഗൃഹമായ ഏനാതിക്കൽ വച്ചു മരിച്ചു. മരിക്കുന്നതുവരെയും പശ്ചിമതാരക നടത്തിക്കൊണ്ടിരുന്നത് അദ്ദേഹം തന്നെയാണ്. ആശാൻ നല്ല ഒരു പത്രാധിപരായിരുന്നു എന്നും അക്കാലത്തു പല അഴിമതികളെയും നിശിതമായി വിമർശിച്ചിരുന്നു എന്നും കേൾവിയുണ്ട്.

### കൃതികൾ

മലയാളത്തിലെ ഒരു പഴയ പത്രാധിപർ എന്ന നിലയിൽ മാത്രമല്ല നാം ആശാനെ അറിയുന്നത്. അദ്ദേഹം (1) ആൾമാറാട്ടമെന്നും (2) അമരകോശപ്രദീപികയെന്നും രണ്ടു പുസ്തകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അവയിൽ രണ്ടാമത്തേത് ഇപ്പോൾ കിട്ടുന്നില്ല. "ആൾമാറാട്ടം, അഥവാ ഒരു നല്ല കേളീസല്ലാപം" എന്ന പുസ്തകം 1866 നവംബർ മാസത്തിൽ (1042-ാമാണ്ട്) വെസ്റ്റേൺ സ്റ്റാർ ആഫീസിൽ നിന്നു പ്രസിദ്ധീകരിച്ചു. അതു ഷേക്സ്പീയരുടെ കോമെഡി ഓഫി എറെഴ്സ് (Comedy of Errors) എന്ന നാടകത്തിലേ ഇതിവൃത്തത്തിന്റെ ഒരു സ്വതന്ത്രവിവർത്തനമാണ്. "ഇംഗ്ലീഷ് കവിശ്രേഷ്ഠൻ വില്യം ഷെയ്ക്സ്പീയർ എന്ന ജഗൽപ്രസിദ്ധൻ വകഞ്ഞുണ്ടാക്കിയിരിക്കുന്ന നാടകങ്ങളിൽനിന്ന്" എന്നു ഗ്രന്ഥകാരൻതന്നെ ആ വസ്തുത നിർദ്ദേശിച്ചിട്ടുണ്ട്. ഭാഷയിലെ ആദ്യത്തെ നോവൽ അതാണെന്നു പറയണം. ആൾമാറാട്ടത്തിന്റെ

അവതാരികയിൽ "ഈ പുതുമ പരസമ്മതമാണെന്നും ഇങ്ങനെയുള്ള പ്രബന്ധങ്ങളിൽ വായനക്കാർക്ക് ഇമ്പവും താല്പര്യവും ഉണ്ടെന്നു കണ്ടാൽ ഇതിനെക്കാൾ വലിപ്പവും വിശേഷവും കൂടിയ കൃതികൾ പലതും കുറ്റംതീർത്തുവെച്ചിട്ടുള്ളതും താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതുമാകുന്നു" എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

## ആർച്ച് ഡീക്കൻ കോശി (1001—1075)

ആർച്ച് ഡീക്കൻ കോശി 1075-ാമാണ്ടുവരെ ജീവിച്ചിരുന്നു എങ്കിലും അദ്ദേഹത്തെ പല കാരണങ്ങൾകൊണ്ടും ഈ ഘട്ടത്തിൽ സ്മരിക്കുന്നതു സമീചീനമായിരിക്കുമെന്നു തോന്നുന്നു.

### ജീവിതചരിത്രം

കോശി മധ്യതിരുവിതാംകൂറിൽ തിരുവല്ലാ താലൂക്കിൽ തോട്ടപ്പുഴശ്ശേരി എന്ന പ്രദേശത്തിൽ മുല്ല മങ്ഗലത്തുവീട്ടിൽ 1825-ാമാണ്ടു കുംഭമാസത്തിൽ ജനിച്ചു. പിതാവിന്റെ പേരും കോശി എന്നുതന്നെയായിരുന്നു. കാണ്ടമ്മയാണ് മാതാവ്. അന്നത്തെ നാട്ടുനടപ്പനുസരിച്ചുള്ള ബാലപഠനം കഴിഞ്ഞതിനുമേൽ 1835-ാമാണ്ടു കോട്ടയത്തെ പഴയ സെമിനേരിയിൽ അനന്തരവിദ്യാഭ്യാസം ആരംഭിച്ചു. അവിടെയും പുത്തൻസെമിനേരിയിലുമായി (സി.എൻ.ഐ) 1844-ാമാണ്ട് അവസാനംവരെ പഠിച്ചു. അതു കഴിഞ്ഞു മാവേലിക്കര മിഷണറിയായിരുന്ന പീറ്റുസായിപ്പിന്റെ റൈറ്ററായി. ബാല്യംമുതല്ക്കുതന്നെ മലയാളഭാഷയിൽ വായിക്കുകയും എഴുതുകയും ചെയ്യുന്നതിൽ അഭിനന്ദനീയമായ വാസന പ്രദർശിപ്പിച്ചിരുന്ന അദ്ദേഹത്തിന് പീറ്റുമായുള്ള സമ്പർക്കം എല്ലാവിധത്തിലും ശുഭാവഹമായി പരിണമിച്ചു. സംസ്കൃതം, ഇംഗ്ലീഷ്, ലത്തീൻ തുടങ്ങി വിവിധ ഭാഷകളിൽ കഥാപുരുഷൻ ആർജ്ജിച്ചിരുന്ന ജ്ഞാനം സാഹിതീവ്യവസായത്തിനു സഹായകവുമായി. ഏകദേശം ആയിടയ്ക്കുതന്നെ പരദേശിമോക്ഷയാത്ര (ബണിയന്റെ Pilgrims Progress) എന്ന സുപ്രസിദ്ധമായ ഇംഗ്ലീഷുപുസ്തകത്തിന്റെ പ്രഥമഭാഗം ഭാഷയിലേയ്ക്കു വിവർത്തനംചെയ്തു. അതിനെയാണ് പീറ്റിന്റെ വിവർത്തനമായി ചിലർ ഗണിക്കുന്നത്. 1845-ൽ പീറ്റ് ശീമയ്ക്കു പോയപ്പോൾ ഹോക്സുവത്ത് മാവേലിക്കരെ മിഷണറിയായി. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം "ആയയും മകനും" "പത്തു വയസ്സുള്ള ഒരു പെണ്പൈതൽ" എന്നിങ്ങനെ രണ്ടു ചെറിയ കൃതികൾ ഇംഗ്ലീഷിൽനിന്നു തർജ്ജമചെയ്തു. 1848 വരെ തിരുവല്ലാ തുകലശ്ശേരിയിലും സേവനമനുഷ്ഠിച്ചു. 1856 മാർച്ചുമാസത്തിൽ ഡീക്കണായി അവരോധിക്കപ്പെട്ടു. പിന്നീടു കുറെക്കാലം തലവടിയിൽ ജോലി നോക്കിയതിന്റെ ശേഷം 1859 മുതൽ 1867 വരെ ഒളശ്ശയിലും അതിനുമേൽ സ്വല്പകാലം ഇലന്തൂരും കഴിച്ചുകൂടി. 1870-ൽ ജോർജ്ജ് മാത്തൻ മരിച്ചപ്പോൾ തലവടിയിലേയ്ക്കു വീണ്ടും നിയമിതനായി. 1873-ൽ പള്ളത്തേയ്ക്കും 1881-ൽ അവിടെനിന്നു കോട്ടയത്തേയ്ക്കും സ്ഥലമാറ്റം കിട്ടി. 1885-ൽ കാന്റർബെറിയിലെ ആർച്ചുബിഷപ്പ് ആർച്ച്ഡീക്കൻസ്ഥാനം നല്കി അദ്ദേഹത്തെ ബഹുമാനിച്ചു. നാട്ടുകാരിൽ ഒന്നാമത്തെ ആർച്ചുഡീക്കൻ അദ്ദേഹമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. 1872-ൽ ഏർപ്പെടുത്തിയ വേദപുസ്തകപരിഷ്കരണക്കമ്മിറ്റിയിൽ അദ്ദേഹവും ഒരംഗമായിരുന്നു. തദ്വിഷയകമായ അദ്ദേഹത്തിന്റെ മഹനീയസേവനത്തെക്കൂടി അഭിനന്ദിച്ചാണ് അദ്ദേഹത്തിന് ആർച്ചുബിഷപ്പ് ആ ബഹുമതി സംഭാവനചെയ്തത്. കാന്റർബറി ആർച്ചു ബിഷപ്പിൽനിന്ന് ഡോക്ടർ ഓഫ് ഡിവിനിറ്റി എന്ന ബിരുദവും അദ്ദേഹത്തിന് സിദ്ധിച്ചു. 1075-ാമാണ്ടു വൃശ്ചികമാസത്തിൽ മരിച്ചു. അതിസാരമായിരുന്നു രോഗം.

## കൃതികൾ

മുൻപു നിർദ്ദേശിച്ച (1) പരദേശിയുടെ മോക്ഷയാത്ര ഒന്നാംഭാഗം, (2) ആയയും മകനും, (3) പത്തു വയസ്സുള്ള ഒരു പെണ്പൈതൽ എന്നീ പുസ്തകങ്ങൾക്കുപുറമേ, ആർച്ചുഡീക്കൻകോശി, (4) പുല്ലേലിക്കുഞ്ചു, (5) കന്നീറ്റുപദേശം, (6) തിരുപ്പോരാട്ടം, (7) ഭസ്മക്കുറി, (8) തിരുവവതാരമാഹാത്മ്യം, (9) സത്യം, (10) വസ്തുധാരണം, (11) മലയാളഭാഷാവിഷയത്തെപ്പറ്റി പ്രസംഗങ്ങൾ എന്നിങ്ങനെ അനേകം കൃതികൾ രചിച്ചിട്ടുണ്ട്. ജ്ഞാനനിക്ഷേപം എന്ന പേരിൽ ഒരു പത്രം ചർച്ചുമിഷൻസഭ 1015-ൽ കോട്ടയത്തു നിന്നു പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. അതാണ് കേരളത്തിലെ ഒന്നാമത്തെ വർത്തമാനപ്പത്രം. അതിൽ അന്നന്നുള്ള ലോകവർത്തമാനങ്ങളുടെ സംക്ഷേപം, മതപരവും സാമൂഹികവുമായ കാര്യങ്ങൾ, സുറിയാനിസഭയിലെ അനാചാരങ്ങൾ, റോമൻ കത്തോലിക്കാ മതോപദേശങ്ങളുടെ ഖണ്ഡനങ്ങൾ ഇങ്ങനെയുള്ള വിഷയങ്ങളെയാണ് പ്രായേണ പ്രതിപാദിച്ചുവന്നതു്. അതിൽ കഥാപുരുഷൻ ഹിന്ദുമതത്തേയും അവസരംപോലെ ഖണ്ഡിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ആ ശ്രമത്തിന്റെ ഫലമാണ് പുല്ലേലിക്കുഞ്ചു. 1042 വരെ ജ്ഞാനനിക്ഷേപം പ്രചരിച്ചു. വളരെക്കാലം അതിന്റെ പ്രസാധകനായിരുന്നതു് ഡോക്ടർ കോശിതന്നെയാണ്. വിദ്വാൻകുട്ടി എന്ന ഒരു ബ്രാഹ്മണൻ 1861-ൽ ജസ്റ്റസ് ജോസഫ് എന്ന പേർ സ്വീകരിച്ചു് ആംഗ്ലിക്കൻസഭയിൽ ചേരുകയും 1875-ൽ ആ മതത്തിൽത്തന്നെ ഒരു നവീനസഭ സംവിധാനംചെയ്തു അതിന്റെ അധ്യക്ഷനാകയും ചെയ്തു. ആ സഭയുടെ പേർ യുയോമതം എന്നാണ്. കരുനാഗപ്പള്ളിയിൽ കന്നീറ്റു (കന്നേറ്റി) എന്ന സ്ഥലമായിരുന്നു ആ സഭയുടെ കേന്ദ്രം. കന്നീറ്റുപദേശം രണ്ടു ഭാഗങ്ങളിലായി കോശി എഴുതിയതു സഭയുടെ തത്വങ്ങളെ ഖണ്ഡിക്കുന്നതിനാണ്. തിരുപ്പോരാട്ടം, പരദേശിയുടെ മോക്ഷയാത്രയെഴുതിയ ബണിയന്റെ ഹോളീ വാർ (Holy War) എന്ന മറ്റൊരു പ്രസിദ്ധ ഗ്രന്ഥത്തിന്റെ തർജ്ജമയാണ്. ഭൂലോകത്തിന്റെ തലസ്ഥാനമായ നരാത്മപുരി എന്ന പട്ടണം ആകേൽകറുതാ പിടിച്ചെടുത്തതിനെ തിരിച്ചെടുക്കാനായിട്ടു് എമ്മാനുവൽ മഹാരാജാവു ചെയ്ത യുദ്ധമാണ് അതിൽ വർണ്ണിക്കുന്നതു്. ഭസ്മക്കുറി ഹിന്ദുക്കളുടെ ഭസ്മധാരണാചാരത്തെ അവഹേളിക്കുന്നു. തിരുവവതാരമാഹാത്മ്യം ക്രിസ്തുവിന്റെ അവതാരത്തെ വിഷയീകരിച്ചുള്ള ഒരു ചെറിയ കൃതിയാണ്. 1872 മുതൽ 1898 വരെ ബൈബിൾ പരിഷ്കരണക്കമ്മിറ്റിയിൽ ഒരംഗമായിരുന്നു് ആ വിഷയത്തിലും തന്റെ ഭാഷാപാണ്ഡിത്യം അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട് എന്നു സൂചിപ്പിച്ചുകഴിഞ്ഞുവല്ലോ. പുല്ലേലിക്കുഞ്ചു, പ്രസംഗങ്ങൾ ഇവയിൽനിന്നുമാത്രം ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാം.

## പുല്ലേലിക്കുഞ്ചു

ഹിന്ദുമതത്തിലെ അനാചാരങ്ങൾ, ജാതിവ്യത്യാസം പുലർത്തുന്നതുകൊണ്ട് അതിൽ വന്നുചേർന്നിട്ടുള്ള വൈകല്യങ്ങൾ തുടങ്ങിയ സമുദായ പരിഷ്കരണപ്രയോജനങ്ങളായ വിഷയങ്ങളെ പ്രസന്നവും സരസവും ഫലിതനിർഭരവുമായ ഭാഷയിൽ പ്രതിപാദിക്കുന്ന ഒരു കൃതിയാണ് പുല്ലേലിക്കുഞ്ചു. അതു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയതു് 1057-ലായിരുന്നു. ക്രിസ്ത്യാനിയായ ഒരു മുതൽപിടിക്കാരൻ, കൈതപ്പള്ളി രാമപ്പണിക്കർ, പുല്ലേലിക്കുഞ്ചുപിള്ള, നെടുങ്ങാട്ടു മഠത്തിൽ ശാമു അണ്ണാവി, നെടുവേലിമനയ്ക്കൽ മൂത്ത നമ്പൂതിരിപ്പാട്ട്, കൈതപ്പള്ളി മാധവൻകുട്ടി എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. രാമപ്പണിക്കരെ ഒരു കടുത്ത യാഥാസ്ഥിതികനായും കുഞ്ചുപിള്ളയെ ഒരു ഒന്നാംതരം ഉൽപതിഷ്ണുവായും ചിത്രണം ചെയ്തിരിക്കുന്നു. അജ്ഞാ

നകാരാരത്തിൽനിന്നു "കൊത്തിപ്പണി ചെയ്തുതീർത്ത ബിംബങ്ങളും" തുടങ്ങിയ ചില വരികൾ ഇതിൽ പകർത്തിയിട്ടുണ്ട്. ആകെ മൂന്നു ഭാഗങ്ങൾ അടങ്ങീട്ടുണ്ടെങ്കിലും ഗ്രന്ഥം അത്ര വലുതല്ല. ചില പാഠപംക്തികൾ താഴെ ചേർക്കുന്നു.

വെള്ളക്കാരെപ്പറ്റി രാമപ്പണിക്കർ കുഞ്ചുപിള്ളയോട്:-"നീ എന്തറിഞ്ഞു പറയുന്നു കുട്ടീ? ഈ വെള്ളക്കാരുടെ ഉത്ഭവം തന്നെ നിനക്കു മനസ്സിലായിട്ടുണ്ടോ? പണ്ടു ശ്രീരാമൻ തന്റെ വാനരപ്പടയുമായി രാവണനോട് യുദ്ധത്തിന്നു പോയിരുന്നപ്പോൾ വാനരന്മാരോടുള്ള കൂടിപ്പുണർച്ചയാൽ അവിടെ അനേകം സ്ത്രീകൾക്കു ഗർഭമുണ്ടായി. ശ്രീരാമൻ അതറിഞ്ഞാറേ സ്ത്രീവധം ചെയ്യാൻ മനസ്സിലായ്കകൊണ്ട് അവരെ ഒക്കപ്പാടെ ഒരു ഉരുവിൽ കയറ്റി കടലിലേയ്ക്കു ഒരു തള്ളുകൊടുത്തു. ആ തള്ളലിന്റെ ബലത്താൽ ഉരു ഓടിയോടി ഒരു ദ്വീപിൽ ചെന്നടുത്തു. അതുകൊണ്ടു "ബലാലെത്തി" എന്ന് ആ ദ്വീപിനുപേരുണ്ടായി. ബലാലെത്തി എന്നുവെച്ചാൽ ശ്രീരാമന്റെ തള്ളിന്റെ ബലത്താൽ എത്തിയ ഇടം എന്നർത്ഥം. ഇപ്പോൾ നാം പദം ചുരുക്കി ബിലാത്തി എന്നു പറയുന്നു. വെള്ളക്കാരുടെ കൂട്ടം അശേഷവും ഈ സ്ത്രീകളുടെ സന്തതികളത്രേ. നീ ചിരിക്കണ്ട കുഞ്ചു. ഇതു സത്യമാണ്. വേണ്ടാ, നല്ല വെള്ളക്കാർക്കു വാലില്ലയോ എന്ന് അടുത്തു നില്ക്കുന്നവരോട് അന്വേഷിച്ചോ."

കുഞ്ചുപിള്ള രാമപ്പണിക്കരോട്:-"ഈ ചട്ടം (ജാതി നിയമം) നിമിത്തം സംഭവിച്ചിട്ടുള്ള വേറൊരു മഹാദോഷം വിചാരിക്കുമ്പോൾ ഞാൻ ഇതുവരെ പറഞ്ഞതൊക്കെയും ഏതുമില്ലാത്തപ്രകാരം ഇരിക്കുന്നു. സകല മനുഷ്യർക്കും അന്യോന്യം വേണ്ടുന്ന സ്നേഹം എന്ന മഹാസുകൃതം എവിടെ എന്റെ പണിക്കരേ. അമ്പോ! സ്നേഹം! ഭഗവാന്റെ കണ്ണിന് അത്യന്തം ഓമനയായുള്ള സ്നേഹം, ഉത്തമസൃഷ്ടികളെ പരമാനന്ദപ്പെടുത്തുന്ന സ്നേഹം, ഈ ദുഷ്ടഭൂമിയെ സ്വർഗ്ഗത്തിനു തുല്യമാക്കുന്ന സ്നേഹം! ഇതു എവിടെ പോയി മറഞ്ഞു? നാടെല്ലാം തണുക്കുമാറും നാനാഗുണങ്ങൾ തഴയ്ക്കുമാറും, നാലു ദിക്കിലും നിന്നൊഴുകേണ്ട ഈ ആകാശഗംഗയെ ജാതിഭേദം എന്ന നരകാസുരൻ വന്നു ചിറയിട്ടു തടുത്തുകളഞ്ഞില്ലയോ? അതിനാൽ സ്നേഹം എന്ന കനകജലം അവിടവിടെ കെട്ടിനിന്നിട്ടു കൊഴുത്തു കുറുകി വറ്റിവറ്റിപ്പോകുന്നുവല്ലോ. മനുഷ്യകുലം എന്ന ഏകശരീരത്തെ ഈ പാതാളക്കോടാലി വന്നു തുണ്ടംതുണ്ടമായി വെട്ടിമുറിച്ച് അതാ തല വേറെ ഉടൽ വേറെ കൈ വേറെ കാൽ വേറെ ആക്കിയിട്ടിരിക്കുന്നു. ഈ ഛിന്നഭിന്നമായിപ്പോയ ശരീരം ഇനി ഏതൊരു കാലത്ത് ഒരു മെട്ടുകാണ്മാൻ സംഗതിവരുമെന്റീശ്വരാ."

ഉത്തമഗദ്യത്തിന്റെ മാതൃകകൾതന്നെയാണ്, ഉദ്ധൃതങ്ങളായ ഈ ഭാഗങ്ങൾ.

## പ്രസംഗങ്ങൾ

സത്യത്തെപ്പറ്റി 1881-ലാണ്, ഡോക്ടർ കോശി പ്രസംഗിച്ചത്. അതിൽ കാണുന്ന ഉദാഹരണങ്ങളെല്ലാം ഹൈന്ദവസാഹിത്യത്തിൽനിന്നു തിരഞ്ഞെടുത്തവയാണ്. തിരുവനന്തപുരം ഗവൺമെന്റു കോളേജിൽ അദ്ദേഹം മലയാളഭാഷയെപ്പറ്റി ചെയ്ത നിഷ്കൃഷ്ടമായ പ്രഭാഷണം ഇന്നും അധ്യാപകന്മാരുടേയും അധ്യേതാക്കളുടേയും ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ആ പ്രഭാഷണത്തിൽ നളോപാഖ്യാനം മലയാളത്തിൽ കഥാസംഗ്രഹരൂപത്തിൽ വിവർത്തനം ചെയ്യേണ്ടത് എങ്ങനെയാണെന്നും അദ്ദേഹം കാണിച്ചിട്ടുണ്ട്. അന്യഭാഷകളിൽനിന്നു പദങ്ങൾ കടംവാങ്ങുമ്പോഴും ഭാഷാവിഭക്തി പ്രത്യയങ്ങൾ ചേർത്തുവേണം അവയെ പ്രയോഗാർഹങ്ങളാക്കുവാൻ എന്ന് ആ പണ്ഡിതൻ സമഞ്ജസമായി സിദ്ധാന്തിക്കുന്നുണ്ട്. ആ ഘട്ടത്തിലുള്ളതാണ് അധോലിഖിതമായ ഭാഗം.

### ഭാഷയിലേയ്ക്കു കടം വാങ്ങുന്ന പദങ്ങൾ

"എന്നാൽ വാക്കുകൾ എടുക്കേയാവൂ. വിഭക്തികൾ മലയാണ്മയ്ക്കു സ്വന്തമുള്ളതു തന്നെയായിരിക്കണം. 'ചേതസ്സുകൊണ്ടു വരിച്ചു' എന്നല്ലാതെ 'ചേതസാ വരിച്ചു' എന്നു പറയരുത്. എഴുത്തച്ഛൻ മുതലായ മഹാന്മാരുടെ കൃതികളിൽ സംസ്കൃതത്തിലെ വിഭക്തിരൂപങ്ങൾ പലതും പ്രയോഗിച്ചിട്ടുണ്ട്. ശരിതന്നെ. പദ്യ ബന്ധങ്ങളുടെ ആവശ്യംനിമിത്തം അവർ അങ്ങിനെ ചെയ്യുതായിരിക്കും. എങ്കിലും അതു ന്യായരഹിതമാകുന്നു. എത്ര വലിയവനും അന്യന്റെ വീട്ടിൽ ചെന്നാൽ ആ വീട്ടിലെ ദിനചര്യാക്രമങ്ങൾ താനും അനുസരിച്ചു പാർക്കുന്നതല്ലാതെ അതു സ്വന്ത ഭവനം എന്നപോലെ വിചാരിക്കുകയോ തന്റെ ഗൃഹത്തിലെ ചട്ടങ്ങൾ അവിടെ നടത്തുവാൻ ഭാവിയ്ക്കുകയോചെയ്യു് അങ്ങനെ ആ വീട്ടുകാർക്കു ശമ്മലയുണ്ടാക്കരുത്. സംസ്കൃതത്തിലെ വിഭക്തിരൂപങ്ങൾ മലയാഴ്മയിൽ നടപ്പാക്കുവാൻ വിചാരിച്ചാൽ അത് ഒരുത്തൻ അന്യന്റെ ഭവനത്തിൽ അധികാരം ചെലുത്തുന്നതുപോലെയായിരിക്കും."

### ഗീവറുഗീസുകത്തനാരും ആർച്ചുഡീക്കൻകോശിയും

സംസ്കൃതത്തിൽ കത്തനാരോളം പരിജ്ഞാനം ആർച്ചുഡീക്കന്നുണ്ടായിരുന്നില്ലെങ്കിലും ഭാഷാസാഹിത്യത്തിൽ അദ്ദേഹത്തിനുതന്നെയായിരുന്നു അധികമായ അവഗാഹം. ഗഹനങ്ങളായ ശാസ്ത്രീയവിഷയങ്ങളെപ്പറ്റി കത്തനാരും സാധാരണങ്ങളായ ലൗകികവിഷയങ്ങളെപ്പറ്റി ആർച്ചുഡീക്കനും ഗ്രന്ഥനിർമ്മാണം ചെയ്യുന്നതിന്നു സമർത്ഥന്മാരായിരുന്നു എന്നു ചുരുക്കത്തിൽ പറയാം. ഗീവറുഗീസിനെ കോശിയുടെ സാഹിത്യദേശികനായി പരിഗണിക്കുന്നതിൽ വിരോധമുണ്ടെന്നു തോന്നുന്നില്ല. കാലക്രമത്തിൽ കേരളവർമ്മദേവന്റേയും മറ്റും ഗദ്യഗ്രന്ഥങ്ങളുടെ പാരായണവും അദ്ദേഹത്തിനു പ്രയോജകീഭവിച്ചിട്ടുണ്ടെങ്കിലും സ്വകൃതികളിലെല്ലാം സ്വന്തം വ്യക്തിമുദ്രതന്നെ സ്പഷ്ടമായി പതിഞ്ഞിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം.

## ഹെർമൻ ഗുണ്ഡർട്ട് (989–1068)

പല വിദേശീയ വിദ്വാന്മാരും ഭാഷയ്ക്കു പല പ്രകാരത്തിൽ കൈങ്കര്യം അനുഷ്ഠിച്ചിട്ടുണ്ടെങ്കിലും അവരിൽ പ്രഥമപദത്തെ അലങ്കരിക്കുന്നതു ഡോക്ടർ ഹെർമൻ ഗുണ്ഡർട്ട് എന്ന ജർമ്മൻ പണ്ഡിതനാകുന്നു. അദ്ദേഹം പാലാഴിയിൽനിന്നു ദേവാമൃതമെന്നപോലെ കടഞ്ഞെടുത്തു കൈരളിക്കു കാഴ്ചവച്ച മലയാളം-ഇംഗ്ലീഷ് നിഘണ്ടുപോലെ ഒരു മഹാഗ്രന്ഥം മലയാളത്തിൽ വേറെയില്ല. തങ്ങൾ ഏറ്റെടുക്കുന്ന ഏതൊരു കാര്യവും സമർത്ഥമായി, സർവ്വങ്കഷമായി, സാങ്ഗോപാങ്ഗസുഭഗമായി, ചെയ്തുതീർക്കുന്നതിനു ജർമ്മൻദേശക്കാരായ മനീഷികൾക്കുള്ള അഭൗമമായ ധിഷണാശക്തിയും ക്ലേശസഹിഷ്ണുതയും വിശ്വവിദിതമാണ്. അവരുടെ കൂട്ടത്തിൽ അപശ്ചിമമായ ഒരു സ്ഥാനത്തിന് ഏതു നിലയ്ക്കു നോക്കിയാലും ഗുണ്ടർട്ട് സായിപ്പിനും അവകാശമുണ്ട്.

### ജനനവും വിദ്യാഭ്യാസവും

ഹെർമൻ ഗുണ്ഡർട്ട് 1814-ാമാണ്ടു ഫെബ്രുവരിമാസം 14-ാംനു ലൂദ്വിഗ് ഗുണ്ഡർട്ടിന്റേയും അദ്ദേഹത്തിന്റെ പത്നി ക്രിസ്ത്യാനേ ഏൻഡിലിന്റേയും തൃതീയപുത്രനായി ജർമ്മനിയിൽ സ്റ്റട്ട്ഗാർട്ട് എന്ന നഗരത്തിൽ ജനിച്ചു. 1816-17 ഈ വർഷങ്ങളിൽ ജർമ്മനി

ആകമാനം യുദ്ധാനന്തരമുള്ള ഭയങ്കരമായ ക്ഷാമത്തിൽ വലയുകയാൽ മാതാപിതാക്കന്മാർ മക്കളെ വളരെ അരിഷ്ടിച്ചാണ് വളർത്തിയത്. അഞ്ചാമത്തെ വയസ്സിൽ യറമിയാപ്ലാത്ത് എന്ന ഒരു ഉപാധ്യായനോടു ഗുണ്ഡർട്ട് സ്വഭാഷയ്ക്കുപുറമേ ലത്തീനും പഠിച്ചുതുടങ്ങി. ബാല്യകാലത്ത് ഒരു യോദ്ധാവാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. തന്നിമിത്തം ഈശ്വരവിശ്വാസം അദ്ദേഹത്തിൽ അന്നു വേരൂന്നിയില്ല. പിന്നീടു ഡോക്ടർ ഡേവിഡ് സ്ട്രൗസ് (Dr. David Strauss) എന്ന പണ്ഡിതന്റെ ശിഷ്യനായി 1831-ൽ ട്യൂബിൻ ജൻസർവകലാശാലയിൽ ചേർന്നു തത്വശാസ്ത്രം അഭ്യസിച്ചു. അതിനുമേൽ 1833-ൽ സ്വിറ്റ്സർലാൻഡിൽ ചെന്ന് അവിടത്തെ വിശ്വവിദ്യാലയത്തിൽനിന്ന് ഡോക്ടർ ഓഫ് ഫിലോസഫി എന്ന ബിരുദം നേടി.

## ആദ്യകാലത്തെ മിഷ്യൻപ്രവർത്തനം

ആ ഇടയ്ക്ക് ആദ്യം ബാഗ്ദാദിലും പിന്നീട് ഇൻഡ്യയിലും ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന നോറിസ് ഗ്രോവ്സ് (Norris Groves) എന്ന ഒരു ഇംഗ്ലീഷ് പാതിരി, ജോർജ്ജ് മില്ലർ എന്ന തന്റെ ബന്ധുവായ മറ്റൊരു പാതിരിയോട് ഇൻഡ്യയിൽ മിഷൻപ്രവർത്തനത്തിന്നു ജർമ്മനിക്കാരനായി ആരെയെങ്കിലും കിട്ടുമോ എന്നു ചോദിക്കുകയും മില്ലർ ഗുണ്ടർട്ടിന്റെ പേർ അതിലേക്കു നിർദ്ദേശിക്കുകയും ചെയ്തു. 1834 ജൂൺ 27-ാംനു മുതൽ ഒരു നല്ല ക്രിസ്ത്യാനിയായി ജീവിതം നയിച്ചുവന്നിരുന്ന കഥാപുരുഷൻ ആ ഉദ്യോഗം സ്വീകരിച്ച് ആറുമാസം ഇംഗ്ലണ്ടിൽ താമസിച്ച് ഇംഗ്ലീഷുഭാഷ കുറേക്കൂടി വശമാക്കി 1836-ൽ ഇൻഡ്യയിലേക്കു ഗ്രോവ്സുമായി പുറപ്പെട്ടു. കപ്പലിൽവച്ചു ബംഗാളി, തെലുങ്ക്, ഹിന്ദുസ്ഥാനി എന്നീ ഭാഷകൾ പഠിച്ചു. ജൂലൈ മാസം 8-ാംനു ആ കപ്പൽ മദിരാശിയിൽ ഇറങ്ങി. അവിടെവച്ചു തെലുങ്കിനു പുറമേ തമിഴും അഭ്യസിച്ചു. 1837 വരെ മദിരാശിയിൽത്തന്നെ താമസിച്ചു മതപ്രചരണം ചെയ്തു. 1838-ൽ തിരുനെൽവേലിയിൽ ലണ്ഡൻമിഷൻസഭയിൽ ജോലി തുടരുവാൻ തീർച്ചപ്പെടുത്തി. ആ വർഷം ജൂലൈ 23-ാംനു യൂലിയാ ഡിബോവാ എന്ന ഫ്രഞ്ചു യുവതിയെ വിവാഹംചെയ്തു. ആഗസ്റ്റ് 20-ാംനു തിരുനെൽവേലിയിലെത്തി ക്രിസ്തുവിന്റെ ജനനംവരെയുള്ള കഥകൾ ഉൾക്കൊള്ളിച്ച് ഒരു പുസ്തകം എഴുതി.

## ബാസൽമിഷൻ

എന്നാൽ മലയാളഭാഷയുടെ ഭാഗ്യംകൊണ്ട് ഗുണ്ടർട്ടിനു തമിഴ്നാടു വിട്ടു കേരളത്തിൽ തന്റെ ഔദ്യോഗികമായ പ്രവർത്തനം ആരംഭിക്കുവാൻ ഉടൻതന്നെ ഇടവന്നു. അക്കാലത്തു സ്വിറ്റ്സർലൻഡിലെ ഒരു മിഷൻ സംഘം "ബാസൽമിഷൻ" എന്ന പേരിൽ തെക്കൻകർണ്ണാടകത്തിൽ മതപ്രചരണം നടത്തിക്കൊണ്ടിരുന്നു. ഡോക്ടർ ഗുണ്ടർട്ടിന് അതിലെ ഒരംഗമായി തന്റെ സേവനം അനുഷ്ഠിക്കണമെന്ന് ആഗ്രഹം തോന്നി. അദ്ദേഹത്തിന്റെ അപേക്ഷയ്ക്കു മിഷനിൽനിന്ന് അനുകൂലമായ മറുപടി കിട്ടുകയാൽ 1838 ഒക്ടോബർ 1-ാംനു മംഗലാപുരത്തേക്കു പുറപ്പെട്ടു. മാർഗ്ഗമധ്യേ തിരുവനന്തപുരത്തുവെച്ചു മലയാളഭാഷയെപ്പറ്റി ആദ്യമായി കേൾക്കുകയും ആ ഭാഷ അദ്ദേഹത്തെ ആശ്ചര്യകരമാംവണ്ണം ആകർഷിക്കുകയും ചെയ്തു. നവംബർ 1-ാംനു സപത്നീകനായി സായിപ്പു മങ്ഗലാപുരത്തെത്തി. എങ്കിലും അവിടെ അദ്ദേഹത്തിന് അധികകാലം താമസിക്കേണ്ടിവന്നില്ല. 1839 ജനുവരിയിൽ മലബാറിൽ ആ മിഷന്റെ ഒരു ശാഖ ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്നന്വേഷിക്കുന്നതിന് അധികാരികൾ അദ്ദേഹത്തെ നിയോഗിച്ചു. ആ അന്വേഷണം ഫലവത്തായി.

ബാസൽമിഷന്റെ ആദ്യത്തെ മലബാർശാഖ തലശ്ശേരിയിൽ 1839-ൽത്തന്നെ സ്ഥാപിക്കപ്പെട്ടു. തലശ്ശേരിയിൽനിന്ന് അഞ്ചരക്കണ്ടിയിലേയ്ക്കുള്ള പാതയിൽ നിട്ടൂരിൽ ഇല്ലിക്കുന്ന് എന്ന സ്ഥലത്തു ബാസൽമിഷന് ഒരു ബങ്കളാവുണ്ടായിരുന്നു. അവിടെ താമസിച്ചുകൊണ്ടു ഗുണ്ഡർട്ട് ക്രൈസ്തവസേവനവും കൈരളീസേവനവും ഒന്നിച്ചു നടത്തി. 1846-ൽ സ്വദേശത്തേയ്ക്കു പോയെങ്കിലും 1847 ജനുവരിയിൽ വീണ്ടും തലശ്ശേരിയിൽ വന്നുചേർന്നു. ഇല്ലിക്കുന്നിൽ ഉണ്ടായിരുന്ന ഒരു കല്ലച്ചിൽ ആ വർഷം നവംബർമാസം 1-ാംനു മലയാളത്തിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. 1849 മേമാസത്തിൽ ഗുണ്ഡർട്ടിനെ തലശ്ശേരിയിലേയ്ക്കു മാറ്റി. അവിടെ ഗ്രന്ഥ നിർമ്മാണത്തിനു യോജിച്ച പരിതഃസ്ഥിതി ഉണ്ടായിരുന്നതിനാൽ അദ്ദേഹം ഓരോ പുസ്തകമായി എഴുതുകയും അതോടുകൂടി താൻ ചിരകാലമായി ആഗ്രഹിച്ചിരുന്ന നിഘണ്ടുവിന്റെ രചനയ്ക്കു വേണ്ട സാമഗ്രികൾ സങ്ഗ്രഹിക്കുകയും ചെയ്തു. 1853-ൽ പടിഞ്ഞാറേക്കരയിലെ ബാസൽമിഷൻസംഘത്തിന്റെ അധ്യക്ഷനായി. 1856 ഫെബ്രുവരിയിൽ മങ്ഗലാപുരത്തേയ്ക്കു പോയി. 1852-ൽ മദിരാശി ഗവർമ്മെന്റ് അദ്ദേഹത്തെ മലയാളം, കർണ്ണാടകം എന്നീ ജില്ലകളിലെ ഒന്നാം സ്കൂൾ ഇൻസ്പെക്ടരായി നിയമിക്കുകയും മിഷൻജോലിക്കു വിഘ്നം കൂടാതെ ആ പണികൂടി അദ്ദേഹം രണ്ടു കൊല്ലത്തേയ്ക്കു നിപുണമായി നിർവ്വഹിക്കുകയും ചെയ്തു. 1859 ഏപ്രിൽ 11-ാംനു രക്താതിസാരത്തിന്റെ ഉപദ്രവംനിമിത്തം ശീമയ്ക്കുപോയി. പിന്നെ തിരിയെ വന്നില്ല. അങ്ങനെ 21 കൊല്ലക്കാലം അദ്ദേഹം മലബാറിൽ അത്യന്തം ജനോപകാരപ്രദങ്ങളായ പല കാര്യപരിപാടികളിലും ഏർപ്പെട്ടു് അവയിലെല്ലാം ഒരുപോലെ വിജയം നേടി.

## വീണ്ടും ശീമയിൽ

1859 മേ 24-ാംനു വീണ്ടും ബാസൽ നഗരത്തിലെത്തി. ജർമ്മനിയിൽ മതപരങ്ങളായ ഗ്രന്ഥങ്ങൾ രചിക്കുന്നതിനുവേണ്ടി ഒരു വലിയ പണ്ഡിതസംഘം അക്കാലത്തു സജീവമായി പ്രയത്നിച്ചുകൊണ്ടിരുന്നു. ഗുണ്ഡർട്ട് ആ സമിതിയുടെ അധ്യക്ഷനായ ബാർത്തിനെ (Barth) ആദ്യം സഹായിക്കുകയും പിന്നീട് അതിന്റെ അധ്യക്ഷപീഠം അലങ്കരിക്കുകയും ചെയ്തു. അവിടെ ആദ്യത്തെ പത്തുകൊല്ലങ്ങൾ യാതൊരു തരത്തിലുമുള്ള പരസഹായവുംകൂടാതെ തന്റെ നിഘണ്ടു പ്രസിദ്ധീകരണത്തിനുതക്കവണ്ണം സജ്ജീകരിച്ചു. കൽവ് എന്ന ഗ്രാമത്തിലായിരുന്നു മരണംവരെ താമസം. മലബാറിലും ശീമയിലും യഥാർത്ഥമായ സഹകരണംകൊണ്ടു തന്നെ ചരിതാർത്ഥനാക്കിയ പ്രേയസി 1885-ൽ അന്തരിച്ചു. 1890-ൽ മഹോദരവ്യാധി പിടിപെടുകയും അതിൽനിന്നു ശമനം ലഭിക്കാതെ 1893 ഏപ്രിൽ 25-ാംനു 80-ാമത്തെ വയസ്സിൽ ആ മഹാൻ അന്ത്യവിശ്രമം നേടുകയും ചെയ്തു.

## കൃതികൾ

ഗുണ്ഡർട്ട് ഓരോ കാലത്തായി പല പുസ്തകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അവയിൽ (1) പഴയ നിയമം, (2) പുതിയ നിയമം, (3) സ്ഥിരീകരണത്തിനുള്ള ഉപദേശങ്ങൾ, (4) മനുഷ്യചോദ്യങ്ങൾക്കുള്ള ദൈവം കല്പിച്ചിട്ടുള്ള ഉത്തരം, (5) വേദചരിത്രസാരം, (6) സത്യവേദ ഇതിഹാസം, (7) ക്രിസ്തുസഭാചരിത്രം, (8) ശർമ്മാന, (9) സന്മരണവിദ്യ, (10) മനുഷ്യഹൃദയം (11) മതവിചാരണ, (12) ദേവവിചാരണ, എന്നീ പുസ്തകങ്ങൾ ക്രിസ്തുമതപരങ്ങളാണ്. (13) വജ്രസൂചി, എന്തെന്നറിയുന്നില്ല, (14) മഹമ്മദ്ചരിത്രം എന്നൊരു ഗദ്യ കൃതിയും അദ്ദേഹം രചിച്ചിട്ടുണ്ട്. (15) നളചരിതസാരശോധന, തത്സംബന്ധമായ ഹൈന്ദവകഥയെ ആസ്പദമാക്കി എഴുതീട്ടുള്ളതാണ്. (16) പാഠമാല, (17) മലയാളം-ഇംഗ്ലീഷ് നിഘണ്ടു, (18) മലയാളഭാഷാവ്യാകരണം, (19)

മലയാള വ്യാകരണം ചോദ്യോത്തരം, (20) കേരളപ്പഴമ, (21) പഴഞ്ചൊൽമാല ഇവയാണ് പൊതുജനങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹത്തിന്റെ മറ്റു പ്രധാനകൃതികൾ. അക്കൂട്ടത്തിൽ നിഘണ്ടുവും അതു കഴിഞ്ഞാൽ വ്യാകരണവും പ്രമുഖസ്ഥാനത്തെ അർഹിക്കുന്നു. അവയിൽ ചിലതിനെപ്പറ്റി അല്പം ഉപന്യസിക്കാം. ഇവ കൂടാതെ "Madras Journal of Literature and Science" "Indian Antiquity" എന്നീ പത്രഗ്രന്ഥങ്ങളിൽ മലയാളഭാഷയെപ്പറ്റിയും മറ്റും അനേകം വിശിഷ്ടങ്ങളായ ഉപന്യാസങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി.

## പാഠമാല (Malayalam Anthology)

പാഠമാല പ്രസിദ്ധീകരിച്ചതു് 1860-ലാണ്. വിവിധകൃതികളിൽനിന്നു രസകരങ്ങളായ വാങ്മയസുമങ്ങൾ വിദ്യാർത്ഥികൾക്കു പ്രയോജകീഭവിക്കത്തക്കവിധത്തിൽ ഇദംപ്രഥമമായി ശേഖരിച്ചു ഗ്രഥിച്ചിട്ടുള്ളതാണ് പ്രസ്തുതമാല. അതിൽ ഗദ്യപാഠങ്ങളും പദ്യപാഠങ്ങളും അടങ്ങീട്ടുണ്ട്. ഗദ്യപാഠങ്ങൾ പ്രായേണ ഗുണ്ടർട്ടുതന്നെയാണ് എഴുതിച്ചേർത്തിരിക്കുന്നതു്. പദ്യപാഠങ്ങൾക്കു് (1) ഇട്ടിക്കൊമ്പിമന്നവന്റെ എന്നു് അദ്ദേഹം പറയുന്ന കല്ലേക്കുളങ്ങര രാഘവപ്പിഷാരടിയുടെ പഞ്ചതന്ത്രം. (2) അതേ കവിയുടെ വേതാളചരിതം; (3) നളചരിതം കിളിപ്പാട്ടു്, (4) ഭാരതം കിളിപ്പാട്ടു്. (5) മുദ്രാരാക്ഷസം, (6) ചാണാക്യസൂത്രം കിളിപ്പാട്ടു, (7) ജ്ഞാനപ്പാന, (8) കേരളവർമ്മരാമായണം, (9) ഉത്തരരാമായണം കിളിപ്പാട്ടു്, (10) ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ടു്, (11) ഭാഗവതം കിളിപ്പാട്ടു്, (12) ശീലാവതി, (13) മോക്ഷദായകം, (14) വൈരാഗ്യചന്ദ്രോദയം, (15) ശ്രീകൃഷ്ണചരിതം മണിപ്രവാളം എന്നീ പ്രസിദ്ധകൃതികളിൽനിന്നു മാത്രമല്ല, (16) നിദാനം, (17) അഞ്ചടി, (18) ഏകാദശീമാഹാത്മ്യം ഗാഥ, (19) ചന്ദ്രസങ്ഗമം, (20) സഹദേവവാക്യം എന്നീ അപ്രസിദ്ധകൃതികളിൽനിന്നുംകൂടി ഉദാഹരണങ്ങൾ സ്വീകരിച്ചുകാണുന്നു. രാമചരിതത്തിൽനിന്നു് ആറുപാട്ടുകളും എടുത്തുചേർത്തിട്ടുണ്ട്. ആകെക്കൂടി ഭാഷയ്ക്കു് ഏറ്റവും ഉപയോഗമുള്ള ഒരു പുസ്തകമാണ് പാഠമാല. ഇൻസ്പെക്ടരായിരുന്ന കാലത്തു പള്ളിക്കൂടത്തിൽ പഠിപ്പിക്കുന്നതിനു വേണ്ടിയാണ് അതിലെ പാഠങ്ങൾ ഗുണ്ടർട്ട് സംവിധാനം ചെയ്തതു്.

## പഴഞ്ചൊൽമാല

പഴഞ്ചൊൽമാല 1845-ൽ അച്ചടിക്കപ്പെട്ടു. ഗുണ്ടർട്ടിന്റെ ആദ്യകാലത്തെ കൃതികളുടെ കൂട്ടത്തിൽ അതിനെ ഉൾപ്പെടുത്താവുന്നതാണ്. "പഴഞ്ചൊല്ലിൽ പതിരു് ഉണ്ടെങ്കിൽ പശുവിൻപാലും കൈയ്ക്കും" എന്നിങ്ങനെയാണ് അതു് ആരംഭിക്കുന്നതു്. ആയിരം പഴഞ്ചൊൽ എന്നും അദ്ദേഹം നിർമ്മിച്ചതായി ഒരു പുസ്തകത്തിന്റെ പേർ കേട്ടിട്ടുണ്ട്. അവ രണ്ടും ഭിന്നങ്ങളാണോ എന്നറിവില്ല.

### കേരളപ്പഴമ

ഇതു ഗുണ്ടർട്ട് രചിച്ച ഒരു പ്രസിദ്ധമായ കേരളചരിത്രഗ്രന്ഥമാണ്. പതിനാറാം ശതകത്തിൽ പോർത്തുഗലിനും കേരളത്തിനും തമ്മിലുണ്ടായിരുന്ന ബന്ധത്തെ ഗ്രന്ഥകാരൻ "ബറോസ മുതലായ പറങ്കിപ്പുസ്തകങ്ങൾ" പരിശോധിച്ചു സവിസ്തരമായി വർണ്ണിച്ചിരിക്കുന്നു. ഗുണ്ടർട്ടിന്റെ ഗവേഷണനൈപുണ്യത്തോടൊപ്പം ഗദ്യശൈലിയുടെ സ്വരൂപവും മനസ്സിലാക്കുവാൻ പ്രസ്തുതകൃതി പ്രയോജനപ്പെടുന്നു.

## മലയാളഭാഷാവ്യാകരണം

1851-ൽ ഗുണ്ഡർട്ട് ഈ വ്യാകരണത്തിൽ ആദ്യത്തെ 552 വകുപ്പുകൾ പ്രസിദ്ധപ്പെടുത്തി. 1860-ൽ പള്ളിക്കൂടങ്ങളുടെ ആവശ്യത്തെ പുരസ്കരിച്ചു മലയാളവ്യാകരണം ചോദ്യോത്തരം അച്ചടിപ്പിച്ചു. അതു തിരുത്തി ഒരു പതിപ്പു, താൻ ശീമയ്ക്കു പോയതിനുമേൽ തന്റെ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനു താൻ കേരളത്തിൽ അധികാരപ്പെടുത്തിയിരുന്ന ഈ. ഡീയസ് (E. Diez) ആദ്യം മദിരാശിഗവർമ്മെന്റിന്റെ മലയാളം ട്രാൻസിലേറ്ററും പിന്നീടു മലബാർ സ്കൂൾ ഇൻസ്പെക്ടരുമായ എൽ. ഗാർത്തുവേയിറ്റ് എന്നിവരെക്കൊണ്ടു പ്രകാശിപ്പിച്ചു. ഗാർത്തുവേയിറ്റ് ഗുണ്ഡർട്ടിന്റെ ഒരു വിനീതശിഷ്യനും ദൂരാനുയായിയുമായിരുന്നു. അദ്ദേഹം പഞ്ചതന്ത്രം, ചാണക്യസൂത്രം, നളചരിതം, വേതാള ചരിത്രം, ഭാരതം സംഭവപർവ്വം എന്നീ ഗ്രന്ഥങ്ങൾ വരികൾ തിരിച്ചും ചിഹ്നങ്ങൾ കാണിച്ചും പ്രസിദ്ധപ്പെടുത്തി. വലിയ വ്യാകരണം 569-ാം വകുപ്പു വരെയേ ഗുണ്ഡർട്ട് രചിച്ചിട്ടുള്ളു. ബാക്കി ഡീയസ് ഗാർത്തുവേയിറ്റിന്റെ സഹായം അവലംബിച്ചു കൂട്ടിച്ചേർത്തതാണ്. ആകെ 878 വകുപ്പുകൾ (നിധാനങ്ങൾ എന്നാണ് ഗുണ്ഡർട്ട് കൊടുത്തിട്ടുള്ള പേർ) അതിലടങ്ങിയിരിക്കുന്നു. അക്ഷരകാണ്ഡം, പദകാണ്ഡം, വാചകകാണ്ഡം എന്നു മൂന്നു ഭാഗങ്ങളായിട്ടാണ് ഗ്രന്ഥം നിർമ്മിച്ചിരിക്കുന്നത്. 857-ാംവകുപ്പുമുതൽ അലങ്കാരമാണ് പ്രതിപാദ്യം. അവതാരികയിൽ ഇങ്ങനെ കാണുന്നു: "മലയാളഭാഷ ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖയാകുന്നു. അതു തെലുങ്ക്, കർണ്ണാടകം, തുളു, കുടക് മുതലായ ശാഖകളെക്കാൾ അധികം തമിഴരുടെ സൂത്രങ്ങളോട് ഒത്തുവരികയാൽ ഉപഭാഷയത്രെ. എങ്കിലും ബ്രാഹ്മണർ ഈ കേരളത്തെ അടക്കിവാണ്, അനാചാരങ്ങൾ നടപ്പാക്കി, നാട്ടിലെ ശൂദ്രരുമായി ചേർന്നുപോയതിനാൽ, സംസ്കൃതശബ്ദങ്ങളും വാചകങ്ങളും വളരെ നുഴഞ്ഞുവന്നു ഭാഷയുടെ മൂലരൂപത്തെ പലവിധത്തിലും മാറ്റിയിരിക്കുന്നു. ഇങ്ങനെ കാലക്രമത്തിലുണ്ടായ കേരളഭാഷയുടെ വ്യാകരണം ചമപ്പാൻ സംസ്കൃതവ്യാകരണവും തമിഴ് നന്നൂലും നോക്കിയിട്ടു വേണം. എങ്കിലും ഭാഷയിൽ ആക്കിയ മഹാഭാരതം, രാമായണം, പഞ്ചതന്ത്രം, വേതാളചരിത്രം, ചാണക്യസൂത്രം മുതലായതിന്റെ പദ്യവും, കേരളോല്പത്തി, കണക്കസാരം, വൈദ്യശാസ്ത്രം തുടങ്ങിയുള്ളതിന്റെ ഗദ്യവും അനുഭവത്തിനും ഉദാഹരണത്തിനും പ്രമാണം എന്നു തോന്നിയിരിക്കുന്നു."

ഗുണ്ഡർട്ടിന്റെ ഗ്രന്ഥംതന്നെയാണ് മലയാളഭാഷയിൽ ആദ്യത്തെ പ്രമാണഭൂതമായ വ്യാകരണം. 1053-ൽ കോവുണ്ണി നെടുങ്ങാടി പ്രസിദ്ധപ്പെടുത്തിയ കേരളകൗമുദിയിൽ

> "ഗുണ്ഡർട്ടെന്ന പ്രബലമതിമാനിട്ട നൂലൊട്ടു കൊള്ളാം;
> ഗീവർഗ്ഗീസും പുനരൊരുതരം ചേർത്തു നന്നു പാർത്താൽ;
> ഗുണ്ഡർട്ടിൻനൂലുപരി കലനം ചെയ്തിതഗ്ഗാർത്തുവെയ്റ്റും,
> പൂർവ്വന്മാരാമവരെയനുകൂലിപ്പനാവോളമെല്ലാം."

എന്ന് ആ പണ്ഡിതൻ അതിന്റെ അവതാരികാപഞ്ചകത്തിൽ പറഞ്ഞിട്ടുള്ളതിനുപുറമെ ഗുണ്ഡർട്ടുസായിപ്പിന്റെ പുസ്തകം എനിക്ക് ഇതിലേയ്ക്കു വളരെ ഉപകരിച്ചിരിക്കുന്നു എന്നും തന്റെ കൃതജ്ഞതയെ രേഖപ്പെടുത്തിയിട്ടുണ്ട്.

## മലയാളം-ഇംഗ്ലീഷ് നിഘണ്ടു

ഗുണ്ഡർട്ടിനു പതിനെട്ടു ഭാഷകൾ അറിയാമായിരുന്നുവെന്നു പറയുന്നു. ഒട്ടുവളരെ ഭാഷകളിൽ അദ്ദേഹത്തിനു വിസ്മയാവഹമായ വിജ്ഞാനമുണ്ടായിരുന്നുവെന്നുള്ള

തിനു സംശയമില്ല. ഭാഷാവിഷയകമായുള്ള ഏതു കാര്യത്തെസ്സംബന്ധിച്ചും അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ അദ്ദേഹത്തിനുതന്നെയായിരുന്നു പ്രാമാണികത. ഭാഷാ ശബ്ദങ്ങളുടെ ധാത്വർത്ഥനിർണ്ണയം, പഴയ ചെപ്പേടുകളുടെ താൽപര്യവിവേചനം മുതലായി നിരവധി പ്രമേയങ്ങൾക്ക് അദ്ദേഹത്തിന്റെ ഗവേഷണംനിമിത്തം പ്രശംസനീയമായ പ്രകാശം ലഭിച്ചിട്ടുണ്ട്. അന്നുവരെ യാതൊരു കേരളീയനും പേർപോലും കേട്ടിട്ടില്ലാത്ത അനേകം താളിയോലഗ്രന്ഥങ്ങൾ അദ്ദേഹം സംഭരിക്കുകയും ഓരോന്നും നിഷ്കൃഷ്ടമായി വായിച്ചു മനസ്സിലാക്കി തന്റെ നിഘണ്ടുവിൽ നിരവധി ശബ്ദങ്ങൾ ഉദാഹരിക്കുന്നതിനു പ്രയോജനപ്പെടുത്തുകയും ചെയ്തു. തലശ്ശേരി മുതലായ സ്ഥലങ്ങളിലെ പഴയ സർക്കാർറിക്കാർഡുകൾ പരിശോധിച്ച് അവയിലെ ശബ്ദങ്ങളും തിരഞ്ഞെടുത്തിട്ടുണ്ട്. പല തരത്തിലും തൊഴിലിലും സ്ഥാനങ്ങളിലുമുള്ള നാനാജാതി മതസ്ഥന്മാരായ ജനങ്ങളുമായി സംഭാഷണത്തിലേർപ്പെട്ട് അവരവരുടെ ഇടയിൽമാത്രം പ്രചാരമുള്ള ശബ്ദങ്ങളും സംഗ്രഹിച്ചിരിക്കുന്നു. രാമചരിതവും പയ്യന്നൂർപ്പാട്ടും അദ്ദേഹത്തിന്റെ ഗ്രന്ഥസമുച്ചയത്തിൽ അവയുടെ പ്രാചീനതനിമിത്തം അത്യന്തം മഹനീയമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നു. രാമചരിതം നമുക്കു പിന്നീടു കിട്ടുകയുണ്ടായിട്ടുണ്ടെങ്കിലും പയ്യന്നൂർപ്പാട്ട് അദ്ദേഹത്തോടൊന്നിച്ച് അന്തർദ്ധാനം ചെയ്തതായി കരുതേണ്ടിയിരിക്കുന്നു. “സ്വർഗ്ഗത്തിൽവെച്ചും ഓരോ പുതിയ ഭാഷ പഠിക്കുവാൻ എനിക്ക് അവസരം കിട്ടിയാൽ എന്തൊരു സന്തോഷമായിരിക്കും” എന്ന് ഒരവസരത്തിൽ അദ്ദേഹം പറഞ്ഞിട്ടുള്ളത് അദ്ദേഹത്തിന്റെ മനോഗതിയുടെ അതിശയോക്തി സ്പർശമില്ലാത്ത പ്രതിഫലനം മാത്രമാണ്. 25 കൊല്ലത്തെ നിരന്തരമായ ഭാഷാപഠനത്തിന്റെയും നിഷ്കൃഷ്ടമായ ശബ്ദാഗമ ഗവേഷണത്തിന്റെയും ഫലമായി അദ്ദേഹം എഴുതി 1872-ൽ പ്രസിദ്ധീകരിച്ച മലയാളം-ഇംഗ്ലീഷ്നിഘണ്ടു ഭാഷയ്ക്ക് ഒരനർഘനിധിയാകുന്നു. ഭാഷാശബ്ദങ്ങൾക്കു സംസ്കൃതശബ്ദങ്ങളെക്കാൾ പ്രാധാന്യം നല്കി, ഭാഷയിൽ പ്രചുരപ്രചാരങ്ങളായ സംസ്കൃതശബ്ദങ്ങളെമാത്രം ഉൾപ്പെടുത്തി, പ്രാചീനകാലത്തേയും മധ്യകാലത്തേയും ഭാഷാകൃതികളിൽ നിന്ന് അന്നു നടപ്പിലിരുന്നവയും ഇന്നു പ്രചാരലുപ്തങ്ങളുമായ ശബ്ദങ്ങൾ കഴിയുന്നിടത്തോളം തിരഞ്ഞെടുത്തു, നാടോടി ശബ്ദങ്ങൾക്കും വിദേശീയഭാഷകളിൽനിന്ന് കടന്നുകൂടിയിട്ടുള്ള ശബ്ദങ്ങൾക്കും പ്രവേശനം അനുവദിച്ച്, ഓരോ ശബ്ദത്തിന്റെയും ആഗമം നിർദ്ദേശിച്ചു. വിവിധഗ്രന്ഥങ്ങളിൽനിന്നും മറ്റും അവയുടെ അർത്ഥാവബോധത്തിനുതകുന്ന ഉദാഹരണങ്ങളുദ്ധരിച്ചു, പഴഞ്ചൊല്ലുകളും ശൈലികളും അവസരോചിതമായി എടുത്തുകാണിച്ച് അദ്ദേഹം രചിച്ചിട്ടുള്ള പ്രസ്തുതനിഘണ്ടുവിന്റെ ഗുണവിശേഷങ്ങൾ വാചാമഗോചരങ്ങളെന്നേ ചുരുക്കത്തിൽ പറയുവാൻ നിവൃത്തിയുള്ളു.

## ഗണ്ഡർട്ടിന്റെ ഗദ്യശൈലി

ഗുണ്ഡർട്ടിന്റെ ഗദ്യം ഏതു തരത്തിലുള്ളതാണെന്നുകൂടി അനുവാചകന്മാരെ അറിയിക്കേണ്ടതുണ്ട്. അതിലേയ്ക്കു് ഒന്നുരണ്ട് ഉദാഹരണങ്ങൾ ഉദ്ധരിക്കാം.

### അൾബുക്കെർക്ക് കൊച്ചിയിൽ കോട്ട കെട്ടിച്ചത്

“അനന്തരം പെരിമ്പടപ്പു ‘നിങ്ങൾ എന്നെ രക്ഷിച്ച പ്രതിക്രിയ ചെയ്യും ഇരിക്കുന്നു. ഞാൻ പ്രത്യുപകാരം എന്തു ചെയ്യേണ്ടു?’ എന്നു ചോദിച്ചാറെ ‘പാണ്ടിശാലയുടെ രക്ഷയ്ക്കായി ഒരു കോട്ട എടുപ്പിപ്പാൻ സ്ഥലം തരണം’ എന്നുണർത്തിച്ചാറെ, രാജാവു പുഴവായിൽതന്നെ ഒരു കുന്നും പണിക്കുവേണ്ടുന്ന മരങ്ങളും കൊടുത്തു. അൾബുക്കെർക്ക് ഉടനെ സകല പോർത്തുഗീസരെക്കൊണ്ടും പണി എടുപ്പിച്ചു. തെങ്ങു

മുതലായ മരങ്ങളെ ഇരുമ്പുപട്ടകളെ ചേർത്തു ചുവരാക്കി നടുവിൽ കല്ലും ഇട്ടുനിക ത്തി കോട്ടയാക്കി ക്ഷണത്തിൽ തീർക്കുകയും ചെയ്തു. (കന്നി 1503-ൽ) ആ വേല കാ ണ്മാൻ രാജാവു താൻ ചിലപ്പോൾ വന്നു് 'ഇവർ അന്യന്മാർ എങ്കിലും മഴയും വെയി ലും സഹിച്ചു് അധ്വാനിക്കുന്നു. കഷ്ടം. എന്തു് കൂലിക്കാരെക്കൊണ്ടു ചെയ്യിക്കാത്തതു്' എന്നു ചൊല്ലി അതിശയിച്ചു നോക്കിനിന്നു. പറങ്കികൾ കോട്ടയെ തീർത്തപ്പോൾ മാനുവൽകോട്ട എന്നു പേരുമിട്ടു. വലിയ ക്രൂശെ പെരിക്കുടക്കീഴിൽ എഴുന്നള്ളിച്ചു പ്രദക്ഷിണം കഴിച്ചും." (കേരളപ്പഴമ)

### ഒരു കഥ

"വെന്നഗരമെന്നു പേരായ ഒരു ഊരിൽ ഒരു കിഴവി ഉണ്ടായിരുന്നു. അവളുടെ വീ ട്ടിൽ ഒരു തീകായുന്ന ചട്ടിയും ഒരു കോഴിയുമുണ്ടു്. അതുകൊണ്ടു ദിവസവും വെളു ക്കും കാലത്തു് ആ കോഴി കൂവുമ്പോൾ ആ ഊരിൽ ഉള്ളവർ ഒക്കെയും എഴുന്നീറ്റു് ഈ കിഴവിയുടെ വീട്ടിൽ വന്നു തീ മേടിച്ചുകൊണ്ടു പോകും. ഇങ്ങനെ ഏറെക്കാലം കഴിഞ്ഞു പിന്നെ ഒരുദിവസം ആ കിഴവി 'എന്റെ കോഴി കൂവുന്നതുകൊണ്ടു് നേരം വെളുക്കുന്നു. എന്റെ വീട്ടിൽ തീ ഇരിക്കുന്നതുകൊണ്ടു് ഈ ഊരിൽ ഒക്കെയും തീ മേടിച്ചുകൊണ്ടുപോയി വെയ്പു കഴിച്ചു ഭോജനം ചെയ്യുന്നു. ഞാൻ ഈ ഊർ വിട്ടുപോ യാൽ ഇവിടെ എങ്ങനെ നേരം വെളുക്കും? ഈ ഊരിൽ ഉള്ളവർ എങ്ങനെ ഭോജ നം കഴിക്കും? ഇതറിയണം' എന്നു വിചാരിച്ചു് ആരോടും പറയാതെ കോഴിയേയും തീകായുന്ന ചട്ടിയേയും എടുത്തുകൊണ്ടു് ആ ഊരിൽനിന്നു വളരെ ദൂരത്തിലുള്ള കാ ട്ടിലേയ്ക്കു ചെന്നു് അവിടെ ഇരുന്നു." (പാഠമാല)

## വൈക്കത്തു പാച്ചുമൂത്തതു് (989–1058)

പതിനൊന്നാം ശതകം പൂർവ്വാർദ്ധത്തിലെ കവികളുടേയും പണ്ഡിതന്മാരുടേയും മധ്യത്തിൽ പാച്ചുമൂത്തതിനുള്ള സ്ഥാനം അദ്വിതീയമാണു്. ആധുനിക ഭാഷാഗദ്യ ത്തിന്റെ ആദ്യകാലപരിഷ്കർത്താക്കന്മാരിൽ അന്യതമൻ എന്ന നിലയിലും അദ്ദേ ഹം നമ്മുടെ കൃതജ്ഞതയെ സവിശേഷമായി അർഹിക്കുന്നു. പദ്യകാരനെന്നും ഗദ്യകാരനെന്നും അദ്ദേഹത്തിനു രണ്ടു സ്ഥാനങ്ങളുണ്ടെങ്കിലും സൗകര്യത്തിനുവേ ണ്ടി അദ്ദേഹത്തിന്റെ സകല സാഹിത്യവ്യാപാരങ്ങളേയും ഈ അധ്യായത്തിൽ ത്തന്നെ സംഗ്രഹിക്കാമെന്നുദ്ദേശിക്കുന്നു.

### ജനനവും വിദ്യാഭ്യാസവും

പാച്ചുമൂത്തതു വൈക്കത്തു പടിഞ്ഞാറേടത്തില്ലത്തിൽ നീലകണ്ഠൻമൂത്തതിന്റെപു ത്രനായി 989-ാമാണ്ടു് ഇടവമാസം 25-ാംനു ജനിച്ചു. പാച്ചു പരമേശ്വരൻ എന്ന സംജ്ഞയുടെ തത്ഭവമാണെന്നു പറയേണ്ടതില്ലല്ലോ. 1000-ാമാണ്ടു സമാവർത്തനം കഴിയുന്നതുവരെ അക്ഷരജ്ഞാനംകൊണ്ടു് മാത്രം തൃപ്തനായി കഴിഞ്ഞുകൂടി. 1001 വൃശ്ചികത്തിൽ മഹാവിദ്വാനായ തൃപ്രങ്ങോട്ടു കുഞ്ഞുണ്ണിമൂസ്സതിനോടൊന്നിച്ചു് ആ സ്ഥലത്തു പോയി താമസിച്ചിട്ടും അഞ്ചിൽച്ചില്വാനം കൊല്ലംകൊണ്ടു ശ്രീരാമോദ ന്തത്തിൽ 40 ശ്ലോകങ്ങളോളം പഠിക്കുന്നതിനേ സാധിച്ചുള്ളു. കാലക്ഷേപത്തിനു കുലവൃത്തിയല്ലാതെ മാർഗ്ഗമില്ലാതിരുന്നതിനാൽ ആദ്യമായി നല്ലൂർ നമ്പൂതിരിയോടു ചിത്രമെഴുത്തും 1009-ാമാണ്ടു വെച്ചൂർ മൂത്തതിനോടു പാഠകവും പഠിച്ചു. 1012-ാമാണ്ടു്, അതായതു ഇരുപത്തി മൂന്നാമത്തെ വയസ്സിൽമാത്രമേ ശരിയായ അധ്യയനം ആരംഭിച്ചുള്ളു. പടിഞ്ഞാറേടത്തില്ലത്തേയ്ക്കു പെരുവനത്തും തൃപ്പറയാറ്റും അടുത്ത

ചാർച്ചക്കാരുണ്ടായിരുന്നതിനാൽ പെരുവനത്തു താമസിച്ചു താഴയ്ക്കാട്ടു കണ്ണൻപു തുവാളോട്ടു കുവലയാനന്ദവും തർക്ക സംഗ്രഹവും അഷ്ടാധ്യായിയിൽ ആദ്യത്തെ നാലധ്യായവും പഠിച്ചു. ഉത്തരാർദ്ധം പഠിക്കുവാൻ കൊടുങ്ങല്ലൂർ വിദ്വാൻ ഇള യതമ്പുരാന്റെ അന്തേവാസിയായി 1013 കർക്കടകത്തിൽ കൂടി 1015 തുലാം വരെ അവിടെ താമസിച്ചു. അങ്ങനെയിരിക്കെ ത്വഗ്രോഗം ബാധിക്കുകകൊണ്ടു വൈക്ക ത്തേയ്ക്കു പോന്നു. 1016 മേടം മുതൽ 1017 തുലാം വരെ വീണ്ടും കൊടുങ്ങല്ലൂരേയ്ക്കു പോയി കൗമുദി മുഴുവൻ ഹൃദിസ്ഥമാക്കി. 1018-ൽ കോട്ടയത്തു തിരുനക്കര ചോഴിയത്തു നമ്പൂ രിയിൽ നിന്ന് അഷ്ടാംഗഹൃദയം അഭ്യസിച്ചു. അപ്പോഴേയ്ക്കു ത്വഗ്രോഗം ഒന്നിനൊന്നു മൂർച്ഛിച്ചുവരികയാൽ പെരുംതൃക്കോവിൽക്ഷേത്രത്തിൽ അത്യന്തം കൃച്ഛ്റസാധ്യവും അതിനുമുൻപ് അപൂർവ്വം ചില സിദ്ധന്മാരാൽമാത്രം അനുഷ്ഠിതവുമായ സംവത്സര ഭജനം നടത്തുന്നതിനു തീർച്ചപ്പെടുത്തി. 1019 മകരം 1-ാംനു- തുടങ്ങി ആ അസിധാരാ വ്രതം 1020 മകരം 1-ാംനു-യോടുകൂടി അവസാനിപ്പിച്ചു. ആ കൊല്ലം മേടമാസത്തിൽ മസൂരിബാധിച്ചു കുളിച്ചപ്പോൾ പഴയ രോഗം നിശ്ശേഷം മാറി. വൈക്കത്തപ്പൻ പരി പൂർണ്ണമായി പ്രസാദിച്ച ആ യുവാവു വേഗത്തിൽ ഒരു സർവ്വ തന്ത്രസ്വതന്ത്രനായ മഹാപുരുഷനായി പരിലസിച്ചു. ഭജന കാലത്തു ചോളദേശത്തുനിന്നു രംഗശാസ്ത്രി എന്നൊരു മഹാപണ്ഡിതൻ പെരുംതൃക്കോവിലപ്പന്റെ ആരാധകനായി അവിടെ കുറേക്കാലം താമസിച്ചിരുന്നു. അദ്ദേഹത്തിൽനിന്നു വ്യാകരണത്തിൽ ശബ്ദകൗസ്തു ഭവും പൂർവ്വമീമാംസയിൽ ഭാട്ടദീപികയും പഠിച്ചു. അതുകൂടാതെ ചിദംബരം പിച്ചുശാ സ്ത്രികളിൽനിന്നു ശബ്ദശാസ്ത്രത്തിൽ വേറെയും ചില ഉപരിഗ്രന്ഥങ്ങളും വേദാന്തവും കൂടി പഠിക്കുകയുണ്ടായി. ഈ ശാസ്ത്രങ്ങൾക്കെല്ലാം പുറമെ 1021-ൽ കുമാരനല്ലൂർ വട്ടപ്പള്ളിമൂത്തതിൽ നിന്നു ജ്യോതിശ്ശാസ്ത്രവും സാംഗോപാംഗമായി ഗ്രഹിച്ചു. തദന ന്തരം ഛാത്രന്മാരെ വിവിധശാസ്ത്രങ്ങൾ അഭ്യസിപ്പിക്കുകയും ആയുർവ്വേദചികിത്സ വൃത്തിമാർഗമായി സ്വീകരിച്ച് അതിൽ നിപുണമായി പ്രവർത്തിക്കുകയും ചെയ്തുവ ന്നു.

## പാച്ചുമൂത്തതു കൊച്ചിയിൽ

1023-ാമാണ്ടു കൊച്ചിയിൽ ദിവാനായിരുന്ന ശങ്കരവാരിയർക്കു പിടിപെട്ട ഒരു രോ ഗം ചികിത്സിച്ചു ഭേദമാക്കുകയാൽ കതാപുരുഷന്ന് ആ സർക്കാരിൽ നിന്നു നാമ മാത്രമായ ഒരു മാസികവേതനം ലഭിച്ചു. 1027-ാമാണ്ടു കുംഭമാസത്തിൽ അന്നത്തെ കൊച്ചിമഹാരാജാവായ വീര കേരളവർമ്മത്തമ്പുരാൻ കുതിരപ്പുറത്തുനിന്നു വീഴുക യും തന്നിമിത്തമുണ്ടായ ശീലായ്മ, മൂത്തതു ശമിപ്പിക്കുകയാൽ അവിടത്തെ വാത്സ ല്യത്തിനു പ്രത്യേകഭാജനമായിത്തീരുകയും ചെയ്തു. ആ തമ്പുരാൻ 1027 കർക്കടക ത്തിൽ കാശിക്ക് എഴുന്നള്ളിയപ്പോൾ മൂത്തതിനെക്കൂടി കൊണ്ടുപോയി. ആ വഴി ക്കു പല പുണ്യസ്ഥലങ്ങളും സന്ദർശിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു. 1028 കും ഭത്തിൽ കാശിയിൽവെച്ച് അവിടുന്നു തീപ്പെടുകയാൽ വിഷണ്ണനായി തിരിയെപ്പോ ന്നു. 1029 ചിങ്ങം 5-ാംനു- വൈക്കത്തു തിരിച്ചെത്തി. പിന്നീടു കൊച്ചിയിലേയ്ക്കു പോയി ല്ല. ആ സഞ്ചാരത്തെപ്പറ്റി കാശിയാത്രാപ്രബന്ധം എന്ന പേരിൽ സംസ്കൃതത്തിൽ പ്രൗഢമായ ഒരു ചമ്പുവും കാശിയാത്രാ വിവരണം എന്ന പേരിൽ ഭാഷയിൽ ഒരു ഓട്ടൻതുള്ളലും രചിച്ചു. അതിനുമുൻപു സംസ്കൃതത്തിൽ സാമാന്യവിദ്യാഭ്യാസംമാത്രം ലഭിച്ചിരുന്ന ഒരു കാലത്തു നിർമ്മിച്ചതാണ് മുചുകന്ദമോക്ഷം ആട്ടക്കഥ. ആ ആട്ടക്ക ഥയെ അദ്ദേഹത്തിന്റെ പ്രഥമകൃതിയായി കരുതാം. 1015-ാമാണ്ടിടയ്ക്കാണ് അതിന്റെ നിർമ്മിതി എന്നു കേട്ടിട്ടുണ്ട്.

## പാച്ചുമൂത്തതു തിരുവനന്തപുരത്ത്

അങ്ങനെയിരിക്കെ 1029 മിഥുനമാസത്തിൽ അന്നു തിരുവനന്തപുരത്തു സദർകോട്ടിൽ ഒന്നാം ജഡ്ജിയായിരുന്ന ചൊവ്വൂർ പരമേശ്വരൻനമ്പൂരിയുടെ അപേക്ഷയനുസരിച്ചു തിരുവനന്തപുരത്ത് ഒരു ചികിത്സയ്ക്കായി മൂത്തതിനു പോകേണ്ടിവന്നു. ആയില്യംതിരുനാൾ ഇളയതമ്പുരാനേയും പൂരാടംതിരുനാൾ ആറ്റിങ്ങൽ മൂത്തതമ്പുരാനേയുംകൂടി തദനന്തരം ചികിത്സിച്ചു ശിലായ്മ ഭേദമാക്കുവാൻ ഇടവന്നതിനാൽ അവരുടെ പ്രീതിക്കും അദ്ദേഹം പാത്രീഭവിച്ചു. അന്നു നാടു വാണിരുന്ന ഉത്രംതിരുനാൾ മഹാരാജാവു് ആദ്യം ചില സമ്മാനങ്ങൾ കൊടുക്കുകയും പിന്നീട് അദ്ദേഹത്തിന്റെ ചികിത്സകൊണ്ടു തനിക്കു ഫലം സിദ്ധിച്ചപ്പോൾ കൊട്ടാരംവൈദ്യനായി നിയമിക്കുകയും ചെയ്തു. മഹാപണ്ഡിതനായ ആയില്യംതിരുമേനിയുടെ ആജ്ഞയനുസരിച്ചു മേല്പുത്തൂർ ഭട്ടതിരിയുടെ രാജസൂയപ്രബന്ധത്തിന് അർത്ഥവിമർശിനി എന്ന പേരിൽ സർവ്വങ്കഷമായ ഒരു വ്യാഖ്യാനം രചിച്ചു. അതിന്റെ സമാപ്തി 1033 ഇടവം 21-ാംനു-യായിരുന്നു.

## പാച്ചുമൂത്തതും ആയില്യംതിരുനാൾ മഹാരാജാവും

1036-ാമാണ്ടു് ആയില്യംതിരുനാൾ സിംഹാസനാരൂഢനായ ദിവസം മുതൽ വിശാഖംതിരുനാൾ മഹാരാജാവിന്റെ വാഴ്ചക്കാലത്ത് 1058 ചിങ്ങം 4-ാംനു- ചരമഗതിയെ പ്രാപിക്കുന്നതുവരെ പാച്ചുമൂത്തതിന് തുടരെത്തുടരെ സിദ്ധിച്ചുവന്ന രാജപ്രസാദം അപരിമേയമായിരുന്നു. അതെല്ലാം ആ മഹാത്മാവു പരിപൂർണ്ണമായി അർഹിക്കുകയും ചെയ്തു. ആയില്യംതിരുമേനിക്കു ഭാഷാഗദ്യത്തിന്റെ അഭ്യുന്നതിയിൽ അത്യധികമായ ഔത്സുക്യമുണ്ടായിരുന്നു എന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. 1042-ൽ “ബാലഭൂഷണം” എന്ന പേരിൽ വിദ്യാർത്ഥികൾക്ക് ഉപയുക്തമായ ഒരു പുസ്തകം രചിച്ചു. 1043- ൽ തിരുവിതാംകൂർ ചരിത്രം ഉണ്ടാക്കി. 1051-ൽ കേരളഭാഷാവ്യാകരണം എന്ന പുസ്തകം അച്ചടിപ്പിച്ചു. 1053-ൽ കേരളവിശേഷനിയമവിവരം എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചു. ആ പുസ്തകം താനും തന്റെ ശിഷ്യകോടിയിൽപ്പെട്ട കൃഷ്ണപുരത്തു കേരളവർമ്മൻതിരുമുല്പാടും തമ്മിൽ വലിയ വാദപ്രതിവാദങ്ങൾക്കു കരണമായിത്തീർന്നു. ആയില്യംതിരുമനസ്സിലെ രാജ്യഭാരാരംഭത്തെ വർണ്ണിച്ചു ശ്രീരാമവർമ്മചരിതം എന്നൊരു സംസ്കൃതകാവ്യം അദ്ദേഹം ആദ്യംതന്നെ രചിക്കുകയുണ്ടായി. അതിനുപുറമേ വൈക്കത്തുവച്ചു പെരും തൃക്കോവിലപ്പനെപ്പറ്റി നക്ഷത്രമാലാ എന്നൊരു ലഘുകാവ്യവും സുഖബോധകം എന്നൊരു ആശൌചനിർണ്ണയകമായ കൃതിയും നിർമ്മിച്ചിട്ടുണ്ട്. സുഖസാധകം എവൃതി സമാപ്തമായതു് 1057 ചിങ്ങം 23-ാംനു-യാണ്. പാച്ചുമൂത്തതിന്റെ പ്രഥമഗണനീയമായ കൃതി ഹൃദയപ്രിയം എന്ന വൈദ്യഗ്രന്ഥമാണ്. അതു് 1040 ധനു 29-ാംനു-യാണ് എഴുതിത്തീർത്തതു്. “ഗ്രന്ഥോസൗ ലോകഹൃദ്യഃ” എന്ന കലിസംഖ്യകൊണ്ട് ആചാര്യൻതന്നെ ആ വസ്തുത സൂചിപ്പിച്ചിരിക്കുന്നു. 1057-ൽ വൈക്കത്തുവച്ച് ഒരു പണ്ഡിതസദസ്സു നടത്തി. 1043-ൽ അദ്ദേഹത്തിന്റെ ജ്യോതിഷജ്ഞാനത്തിന്റെ നിദർശനമായി ഭൂഗോളം കെട്ടിയുണ്ടാക്കി പ്രദർശിപ്പിച്ചു.

## വട്ടപ്പള്ളിസ്ഥാനികർ

സുപ്രസിദ്ധമായ ശുചീന്ദ്രത്തു ശിവക്ഷേത്രത്തിൽ വട്ടപ്പള്ളി എന്ന കുടുംബത്തിലെ ശിവദ്വിജന്മാർക്കു പ്രത്യേകമായി ചില അവകാശങ്ങളും സ്ഥാനമാനങ്ങളുമുണ്ട്. പുരാതനകാലത്തു സകല ശിവക്ഷേത്രങ്ങളിലും മൂത്തതന്മാർക്കായിരുന്നു പൂജാധികാരം.

അതുകൊണ്ടുതന്നെയാണ് അവർക്കു ശിവദ്വിജന്മാർ എന്നു പേർ സിദ്ധിച്ചതും. 1045-ൽ ചാർച്ചക്കാരനായ നാരായണൻമൂത്തതു മരിച്ചു. പ്രസ്തുത കുടുംബത്തിൽ അവകാശികളില്ലാതെ തീർന്നപ്പോൾ പാച്ചുമൂത്തതിനേയും അദ്ദേഹത്തിന്റെ അനുജൻ നീലകണ്ഠൻമൂത്തതിനേയും ആ ഇല്ലത്തേയ്ക്കു് ആയില്യം മഹാരാജാവു് അവിടത്തെ മനയമ്മമാരുടെ അനുമതിയോടുകൂടി ദത്തുപൂകിച്ചു. അങ്ങനെയാണ് പാച്ചുമൂത്തതിനു വട്ടപ്പള്ളിസ്ഥാനികർ എന്ന പദവി സിദ്ധിച്ചതു്. ആയില്യംതിരുമേനി അദ്ദേഹത്തിനു വ്യാകരണത്തിലും ജ്യോതിഷത്തിലുമുള്ള പാണ്ഡിത്യത്തേയും കവനപാടവത്തേയും അഭിനന്ദിച്ചു് ഒരു പ്രശംസാപത്രവും നല്കുകയുണ്ടായി.

## ശിഷ്യന്മാർ

പാച്ചുമൂത്തതിനു വ്യാകരണത്തിലും വൈദ്യത്തിലും അനേകം ശിഷ്യന്മാരുണ്ടായിരുന്നു. വ്യാകരണത്തിൽ (1) കിടങ്ങൂർ രാഘവപ്പിഷാരോടി, (2) കൃഷ്ണപുരത്തു കേരളവർമ്മൻതിരുമുല്പാടു്, (3) പിണക്കാമിറ്റത്തു നമ്പൂരി, (4) ഋഷിനമ്പൂരി, (5) താമരക്കാട്ടു നമ്പൂരി, (6) അനുജൻ നീലകണ്ഠൻമൂത്തതു് എന്നിവരും, വൈദ്യത്തിൽ (7) അനന്തപുരത്തു രാജരാജവർമ്മകോയിത്തമ്പുരാൻ, (8) കവിയൂർ പരമേശ്വരൻ മൂത്തതു്, (9) ഏവൂർ കുട്ടനുണ്ണി എന്നിവരും മുഖ്യശിഷ്യന്മാരായിരുന്നു. കേരളവർമ്മ കോയിത്തമ്പുരാനും അദ്ദേഹത്തോടു് അഷ്ടാംഗഹൃദയം അഭ്യസിക്കുകയുണ്ടായിട്ടുണ്ടു്.

## കൃതികൾ

പാച്ചുമൂത്തതിനു വ്യാകരണം, തർക്കം, മീമാംസ, വേദാന്തം, വൈദ്യം. ജ്യോതിഷം എന്നീ ആറു ശാസ്ത്രങ്ങളിൽ അവഗാഹമുണ്ടായിരുന്നു എന്നുള്ള വസ്തുത ആരേയും ആശ്ചര്യപരതന്ത്രരാക്കുന്നതാണ്. അവയിൽ വ്യാകരണത്തിലും വൈദ്യത്തിലുമായിരുന്നു അദ്ദേഹത്തിനു കൂലംകഷമായജ്ഞാനം. സംസ്കൃതത്തിലും ഭാഷയിലും സരസമായി ഗദ്യപദ്യങ്ങൾ രചിക്കുന്നതിനും ആ പരിണതപ്രജ്ഞനു കഴിവുണ്ടായിരുന്നു. സംസ്കൃതത്തിൽ അദ്ദേഹം (1) ശ്രീരാമവർമ്മചരിതം കാവ്യം, (2) കാശിയാത്രാപ്രബന്ധം, (3) നക്ഷത്രമാലാ, (4) അർത്ഥവിമർശിനി എന്ന രാജസൂയവ്യാഖ്യാ, (5) ഹൃദയപ്രിയം, (6) സുഖസാധകം, (7) സുഖബോധകം എന്നീ ഗ്രന്ഥങ്ങളും, ഭാഷയിൽ (8) മുചുകുന്ദമോക്ഷം ആട്ടക്കഥ, (9) കാശിയാത്രാവർണ്ണന തുള്ളൽ, (10) ബാലഭൂഷണം, (11) തിരുവിതാംകൂർചരിത്രം, (12) കേരള ഭാഷാവ്യാകരണം, (13) ആത്മകഥാ സംക്ഷേപം എന്നിവയും രചിച്ചിട്ടുണ്ടു്. ഇവയിൽ കാശിയാത്രാവർണ്ണനംമാത്രം ഞാൻ കണ്ടിട്ടില്ല. 1029 മുതൽ 1058 വരെ 27 കൊല്ലംകൊണ്ടാണ് ഇവയിൽ മുചുകുന്ദമോക്ഷമൊഴികെ ബാക്കിയെല്ലാം എഴുതിത്തീർത്തതെന്നു് ഓർമ്മിക്കുമ്പോൾ നമുക്കു് അദ്ദേഹത്തെപ്പറ്റിയുള്ള ആദരാതിശയം ദ്വിഗുണീഭവിക്കുന്നു. സമീപകാലത്തിൽ സംസ്കൃതത്തേയും ഭാഷയേയും സമരീതിയിൽ പോഷിപ്പിച്ച ഒന്നാമത്തെ കേരളീയൻ അദ്ദേഹമാണെന്നു പറയാം. സന്ദർഭവശാൽ അനേകം മുക്തകങ്ങളും അദ്ദേഹത്തിന്റെ അനുഗൃഹീതമായ തൂലികയിൽനിന്നു് ആവിർഭവിച്ചിട്ടുണ്ടു്. ഇനി അദ്ദേഹത്തിന്റെ കൃതികളെപ്പറ്റി അല്പം പ്രസ്താവിക്കാം.

## സംസ്കൃതകൃതികൾ-ശ്രീരാമവർമ്മചരിതം

ഇതു കവി എട്ടു സർഗ്ഗത്തിൽ രചിച്ചിട്ടുള്ള ഒരു പ്രൌഢമായ കാവ്യമാണ്. അദ്ദേഹത്തിന്റെ അന്യാദൃശമായ വ്യാകരണ പാണ്ഡിത്യത്തിന് ഇതിലെവിടെയും, പ്രത്യേകിച്ചു പ്രഥമസർഗ്ഗത്തിലും ഉദാഹരണങ്ങൾ കാണാം. “സർഗ്ഗോഽത്ര സൂത്രമിളിതഃ പ്രഥ

മോ ഗതോദ്ഭൂൽ" എന്നാണ് അദ്ദേഹം അതിനെപ്പറ്റി പറഞ്ഞിട്ടുള്ളത്. ആ സർഗ്ഗത്തിലെ പ്രഥമശ്ലോകത്തിൽനിന്നു തന്നെ തദ്വിഷയകമായ കവിവിവക്ഷ മനസ്സിലാക്കാവുന്നതാണ്. ആ ശ്ലോകം താഴെ ചേർക്കുന്നു.

"ശ്രിയഃ പദം സന്ദധദാത്മനാ വിഭും
യമക്ഷരാമ്നായമയം ഫണീശ്വരഃ
സമാതനോദ്ഭ്യാകൃതിഭാഷ്യമദ്ഭുതം
പദം തദീയം ശുഭദം വഹാമ്യഹം."

കഥാനായകൻ ആയില്യംതിരുനാൾ രാമവർമ്മമഹാരാജാവാണ്. വിശാഖം തിരുനാൾ ഇളയതമ്പുരാന്റെ അപദാനങ്ങളേയും സന്ദർഭാനുരോധേന ധാരാളമായി വർണ്ണിക്കുന്നുണ്ട്. ഇടയ്ക്കു പ്രകൃതമുണ്ടാക്കി വീരമാർത്താണ്ഡവർമ്മമഹാരാജാ തുടങ്ങിയുള്ള അവിടത്തെ പൂർവ്വന്മാരുടെ ചരിത്രവും സംക്ഷിപ്തമായി പ്രതിപാദിക്കുന്നു. തൃതീയസർഗ്ഗത്തിലെ രാജനീതിവിവരണം ഏറ്റവും ഹൃദയഹാരിയാണ്.

"വിജിഗീഷുരപി ദ്വിഷന്തപഃ
പ്രബലം നാഭിഭവേദ്ദ്വിഷം രുഷാ
ഭുജഗാഃ പവനാൻ പ്രഭുഞ്ജതേ
ന ഗരുത്മന്മുഖമാർഗ്ഗനിർഗ്ഗതാൻ"

എന്ന ശ്ലോകവും ആ കൂട്ടത്തിൽ പെട്ടതാകുന്നു. സപ്തമസർഗ്ഗത്തിൽ ശ്രീപത്മനാഭക്ഷേത്രത്തിന്റെയും ആറാട്ടിനുള്ള എഴുന്നള്ളിപ്പിന്റെയും സമുജ്ജ്വലമായ ഒരു വർണ്ണനയുണ്ട്. ആ പ്രകരണത്തിലുള്ളതാണ് അധോലിഖിതമായ ശ്ലോകം.

"ഹരിധൃതനവമാലികാപരാഗൈഃ
പവനഹൃതൈരണുഭിസ്സുരേന്ദ്രരാമാഃ
നിബിഡതരപരിഷ്കൃതാളകാന്താ
വിയതി വിരേജുരയത്നഹൃഷ്ടകാന്താഃ."

ഗ്രന്ഥാവസാനത്തിൽ

"ഇത്ഥം ശ്രീവഞ്ചിപൃഥ്വീശ്വരചരിതമിദം
കിഞ്ചിദുക്തം പ്രസിദ്ധം
ശ്രീമദ്ബ്യാഘ്രാലയാധീശ്വരചരണജുഷാ
കേനചിൽ പദ്യരൂപം
പ്രോദ്യച്ഛ്രീപദ്മനാഭപ്രഥിതഗുണഗണ-
ത്വേന വാ കീർത്തിലൗല്യാ-
ദ്വഞ്ചിക്ഷ്മാപാലകാനാം സുവിമലയശസാം
സൽകവീനാം മുദേ ∫സ്തു."

എന്നൊരു ശ്ലോകം ചേർത്തിട്ടുണ്ട്. 5-ാം സർഗ്ഗത്തിന്റെ ഒടുവിൽ ഉത്രംതിരുനാൾ മഹാരാജാവിന്റെ ദേഹവിയോഗവും 6-ാം സർഗ്ഗത്തിൽ ആയില്യംതിരുനാളുടെ സിംഹാസനാരോഹണവും അരിയിട്ടുവാഴ്ചയും വിവരിച്ചിരിക്കുന്നതുകൊണ്ട് 1037-ാമാണ്ടിടയ്ക്കാണ് പ്രസ്തുത കൃതിയുടെ നിർമ്മിതി എന്നനുമാനിക്കാം.

## കാശിയാത്രാപ്രബന്ധം

ഇതിന്റെ രചനയ്ക്കുള്ള കാരണത്തെപ്പറ്റി മുമ്പു പ്രസ്താവിച്ചു കഴിഞ്ഞു.

"കൈലാസേ വാ കാളിയാഹീന്ദ്രഭോഗേ
നൃത്താഭ്യാസീ മാമകേ ചിത്തരങ്ഗേ
നൃത്തം കുർവ്വൻ സർവ്വദാ രാഗപൂർവ്വം
ദുർഹൃൽഷട്കം നിർദ്ദയം മർദ്ദയേന്നഃ"

എന്ന ശ്ലോകംമാത്രം ഇതിൽനിന്നു പകർത്തുന്നു.

## നക്ഷത്രമാലാ

"വ്യാഘ്രാലയേശ നക്ഷത്രമാലാ" എന്നാണ് ഇതിന്റെ പൂർണ്ണമായ സംജ്ഞ. ശിഖരിണീവൃത്തത്തിലാണ് പ്രസ്തുത കാവ്യം രചിച്ചിരിക്കുന്നത്.

"ഹരിബ്രഹ്മാദ്യാനാം ഹരിദധിപതീനാം സുരമുനി-
പ്രകീർണ്ണാനാം നിത്യം പ്രണമനപദം താവകപദം
സ്മരത്താപവ്രാതപ്രശമനവിധിപ്രാംശുനഖരം
സ്മരാമഃ ശ്രീവ്യാഘ്രാലയവിലസിതാത്മൻ പശുപതേ!"

എന്ന ശ്ലോകം അതിലുള്ളതാണ്.

## അർത്ഥവിമർശിനി

മേല്പുത്തൂർ ഭട്ടതിരിയുടെ പ്രബന്ധങ്ങളിൽ രാജസൂയംപോലെ കഠിനമായി മറ്റൊന്നില്ല. മഹാകവി അദ്ദേഹത്തിന്റെ വ്യാകരണത്തിലും മീമാംസയിലുമുള്ള അന്യാദൃശമായ പാണ്ഡിത്യം മുഴുവൻ അതിൽ പ്രകടിപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു ഗ്രന്ഥമാണ് ആയില്യംതിരുനാൾ ഇളയതമ്പുരാനായിരുന്നപ്പോൾ പാച്ചുമൂത്തതിനോടു വ്യാഖ്യാനിക്കുവാൻ ആജ്ഞാപിച്ചത്. അതുമൊരു നിദേശമെന്നപോലെ പരീക്ഷണവുമായിരുന്നു. ആ പരീക്ഷണത്തിൽ മൂത്തത് അനായാസേന വിജയിച്ചു. വ്യാഖ്യാനത്തിന്റെ ആരംഭത്തിൽ താഴെ ചേർക്കുന്ന ശ്ലേകങ്ങൾ കാണുന്നു.

"മാർത്താണ്ഡവഞ്ചീശ്വരഭാഗിനേയഃ
സർവ്വപ്രജാനാമപി ഭാഗധേയം
സദ്ധർമ്മവർമ്മപ്രതിഗുപ്തദേഹഃ
ശ്രീരാമവർമ്മാ നൃപതിർവിഭാതി.

സുധർമ്മായാമിന്ദ്രസ്സദസി വിദുഷാം ഭോജനൃപതിഃ
ദ്വിജശ്രേണീമധ്യേ പുനരമൃതഗുഃ കല്പകതരുഃ
സുരോദ്യാനേ ലോകൈരിഹ യദവലോകേ സതി സമം
പ്രദർശ്യന്തേ സോയം ജഗതി സുഗുണാശ്ലേഷനൃപതിഃ.

ആജ്ഞാപിതസ്തൽപദാഭ്യാമജ്ഞോ ƒപി ഗ്രന്ഥകർമ്മണി
യത്തേ സതി മഹാലംബേ കേന കിം കിം ന സാധ്യതേ.
വ്യാഘ്രാലയേശദാസോ ƒഹം ശിവദ്വിജകുലോദ്ഭവഃ
പ്രബന്ധം രാജസൂയാഖ്യം വ്യാചിഖ്യാസേ യഥാമതി.
ആലോച്യാക്ഷിപദാം വാണീ മമ മൂർദ്ധ്നി സുമായതാം
അന്യപ്രമാണോ യസ്ത്വന്യഃ കേന മാന്യേന മാന്യതേ?

വൃത്തൌ നാനാപ്രമാദാ വിവൃതിഷു കഥിതാ
  മാധവാദ്യൈശ്ച സർവ്വ-

വ്യാഖ്യാസ്വാഖ്യായി ദോഷാ ബഹുലമഘടിതം
　പ്രക്രിയാ കാവ്യപങ്ക്തൌ
നാമവ്യാഖ്യാസ്വനന്തം കില തദിഹ മഹാ-
　കോവിദൈരപ്യവാര്യാ
വിഭ്രാന്തിശ്ചേൽ കൃശാഭ്യാസിനി കൃശധിഷണേ
　മാദൃശേ കിന്നു വാച്യം?

അന്വയക്രമതോ വ്യാഖ്യാ തന്യതേ ʃർത്ഥവിമർശിനീ
അഭിധാനപ്രക്രിയയോരഭിധാനൈര്യഥോചിതം.”

## ഹൃദയപ്രിയം

വൈദ്യകമാണ് ഈ മഹാഗ്രന്ഥത്തിലെ വിഷയം. ആകെ നാലു ഖണ്ഡങ്ങളെക്കൊണ്ടു സംപുടിതമായ പ്രസ്തുത കൃതിയിൽ നാല്പത്തെട്ട് അധ്യായങ്ങളടങ്ങിയ ആദ്യത്തെ മൂന്നു ഖണ്ഡങ്ങളിൽ അഷ്ടാംഗഹൃദയത്തിലെ 120 അധ്യായങ്ങളിൽ അന്തർഭവിക്കുന്ന സകല വിഷയങ്ങളും സമഞ്ജസമായി സംഗ്രഹിച്ചിട്ടുണ്ട്. അതിനുമേൽ യോഗഖണ്ഡം എന്നു നാലാമതായി ഒരു ഖണ്ഡംകൂടി 12 അധ്യായങ്ങളിൽ.

“അഥ തത്തച്ചികിത്സോക്താൻ യോഗാനാചാര്യസമ്മതാൻ
യഥാക്രമം ലിഖാമ്യത്ര യോഗഖണ്ഡോയമുച്യതേ”

എന്ന പ്രതിജ്ഞയോടുകൂടി എഴുതിച്ചേർത്തിരിക്കുന്നു. തന്നിമിത്തം ഹൃദയപ്രിയത്തിന്റെ കാര്യകാരിത വളരെ വർദ്ധിച്ചിട്ടുണ്ട്. തന്റെ കൃതിയുടെ സ്വരൂപത്തെപ്പറ്റി ആചാര്യൻ

“പ്രായേണാഷ്ടാംഗഹൃദയപ്രോക്തൈഃ പദ്യൈർന്നവൈരപി
തദർത്ഥാനുസൃതൈഃ കുർവ്വേ ബാലാനാം ഹൃദയപ്രിയം”

എന്നു പറയുന്നു. അനുഷ്ടുപ്പുവൃത്തത്തിൽത്തന്നെയാണ് ഗ്രന്ഥം പ്രായേണ ആദ്യന്തം നിബന്ധിച്ചിട്ടുള്ളത്. നാലു ഖണ്ഡങ്ങളുടെയും അവസാനത്തിൽ യഥാക്രമം ചുവടേ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ ഘടിപ്പിച്ചിരിക്കുന്നു.

“നിത്യം ശ്രീപരമേശ്വരസ്യ ഭജതാ വ്യാഘ്രാലയാധീശിതുഃ
പാദാബ്ജം പരമേശ്വരേണ ശിവഭൂദേവാന്വയോദ്ഭൂതിനാ
സംക്ഷിപ്തേ ഹൃദയപ്രിയേ പ്രകലിതഃ ഖണ്ഡോത്ര കല്പാഭിധോ
മോദായാസ്തു ഗുണോത്തരോ വിമൃശതാം മാത്സര്യവർജ്ജം സതാം.”

“വ്യാഘ്രാലയേശചരണം ശരണം ഗുരുഞ്ച
യാതേന ശുദ്ധഹൃദയം ഹൃദയപ്രിയേസ്മിൻ
സ്പഷ്ടാർത്ഥപദ്യപരമേ പരമേശ്വരേണ
ഭൂയാദിയം ഭുവി ഹിതാ വിഹിതാ ചികിത്സാ.”

“വ്യാഘ്രാലയേശപദകല്പകപുഷ്പകാന്തി-
ജ്യോത്സ്നാവികാസിതമനോമയകൈരവേണ
ശൈവദ്വിജേന രചിതേ ഹൃദയപ്രിയേസ്മിൻ
വൃത്തം ചികിത്സിതമിദം പരമേശ്വരേണ.”

“കൃച്ഛ്റാനുഷ്ഠാനഭാരൈരഗദസമുദയൈർ-

ദുർല്ലഭൈർമ്മിശ്രചിഹ്നൈ-
വിസ്തീർണ്ണാൽ പുസ്തകൌഘാൽ പ്രചകിതമനസാം
പ്രാർത്ഥനാൽ സംപ്രണീതഃ
ഗ്രന്ഥോസൌ ലോകഹൃദ്യഃ കലിതബഹുരുജാ-
ലക്ഷണസ്സിദ്ധയോഗോ
ഭൂയാദായുസ്സുഖാനാമയസുചരിതദഃ
ശംഭുവൽ സ്വാശ്രിതാനാം."

ഹൃദയപ്രിയവും സുഖസാധകവും ഗ്രന്ഥകാരന്റെ കാലത്തുതന്നെ പ്രചുരപ്രചാരങ്ങളായിത്തീർന്നു. ഇന്നും അവയുടെ യശസ്സ് അഭംഗുരമായി പരിലസിക്കുന്നു.

## സുഖസാധകം

സുഖസാധകത്തിൽ ആകെ 12 ഖണ്ഡങ്ങളുണ്ട്. ആദ്യത്തേതു സാമാന്യാധികാരവും ഒടുവിലത്തേത് അവശിഷ്ടവുമാണ്. താഴെ കാണുന്ന ഉപക്രമശ്ലോകങ്ങൾ അതിലുൾപ്പെടുന്നു.

"ബ്രഹ്മദക്ഷാശ്വിമഘവദാത്രേയാദീൻ നതോസ്മ്യഹം
ആയുർവേദവിദോ വൈദ്യാൻ ലോകത്രയഹിതൈഷിണഃ

ആയുശ്ശാസ്ത്രാൽ തൽപ്രണീതാൽ സംഗൃഹ്യ വ്യാധിലക്ഷണം
സിദ്ധൌഷധഗുണോപേതം ലിഖ്യതേ സുഖസാധകം."

അവസാനത്തിൽ ആചാര്യൻ ഇങ്ങനെയും പ്രസ്താവിക്കുന്നു.

"വ്യാഘ്രാലയേ ശുചീന്ദ്രാഖ്യേ സ്ഥിതോപി പരമേശ്വരഃ
വസ്തുദ്വൈഷ്യകയേവാസൌ ദീനാനാം കുരുതേ സുഖം.

തൽപ്രസാദാന്നിർമ്മിതോയം ഗ്രന്ഥസ്സാധൂപകാരകഃ
സമാസമനയദ്യത്ര സർവായുർന്നിഗമാമൃതം.

ശിവദ്വിജേന ഭിഷജാ ധിയാദായ കലീദൃശഃ
ഗ്രന്ഥഃ കേനാപ്യന്യതന്ത്രാദ്യോഗിണാം സുഖസാധകഃ."

ഒടുവിലത്തെ ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിൽ കലിസംഖ്യ സൂചിപ്പിച്ചിട്ടുണ്ട്. ഹൃദയപ്രിയത്തിന്റെ സംക്ഷേപംതന്നെയാണ് സുഖസാധകം. ആയുർവ്വേദാമൃതമെന്ന് അതിനെ ഗ്രന്ഥകാരൻ വർണ്ണിച്ചിരിക്കുന്നത് അസ്ഥാനത്തിലല്ല.

## സുഖബോധകം

സുഖബോധകം ആശൌചം സംബന്ധിച്ച ഒരു ഗ്രന്ഥമാണ്. പല പൂർവ്വസൂരികളുടേയും മതങ്ങൾ നിപുണമായി വിവേചനംചെയ്ത് അവയിൽ അംഗീകാര്യമായ അംശം സംഗ്രഹിച്ചാണ് ആചാര്യൻ ഇതു രചിച്ചിരിക്കുന്നത്. ആകെ അൻപത്തിമൂന്ന് അനുഷ്ടുപ്പ്ശ്ലോകങ്ങളും അവയുടെ ഭാഷാവ്യാഖ്യാനവും അടങ്ങിയിട്ടുണ്ട്. ആരംഭത്തിലും അവസാനത്തിലുമുള്ള ശ്ലോകങ്ങളാണ് ചുവടെ ചേർന്നത്.

"യസ്യ ജ്ഞാനേന വിധിവന്നിർവികല്പസുഖാത്മനഃ
ജന്മേതരനിദാനാഘം ത്യക്ത്വാ ശുദ്ധ്യതിതദ്ഭജേ"

ഈ സ്തുതി പരബ്രഹ്മപരമാണ്. ഇതിന് ആശൌചപരമായും അർത്ഥമുണ്ട്.

"ഏവമാശൌചശാസ്ത്രസ്യ സങ്ഗ്രഹസ്സുഖബോധകഃ
അനഘായാനുമോദായ ഭവേന്മതിമതാം സതാം."

### ഭാഷാകൃതികൾ - മുചുകുന്ദമോക്ഷം

ഏഴു സംസ്കൃതകൃതികളെന്നപോലെ ഏഴു ഭാഷാകൃതികളും അദ്ദേഹത്തിന്റെ വകയായി ഉണ്ടെന്നു നാം കണ്ടുവല്ലോ. അവയിൽ കാലംകൊണ്ടു് ഒന്നാമത്തേതാണു്, മുചുകുന്ദമോക്ഷം ആട്ടക്കഥ. ആ കൃതിക്കു വലിയ ഗുണമില്ല. എങ്കിലും അതുംകൂടി 54 ദിവസത്തെ ആട്ടക്കഥയിൽ ചേർത്തു പ്രസിദ്ധീകരിച്ചിട്ടുള്ളതു് 1033-ാമാണ്ടു കവിക്കു തിരുവനന്തപുരത്തുണ്ടായിരുന്ന പ്രശസ്തിയെ പരിഗണിച്ചായിരിക്കുമെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

"ലലനാലലാമമേ ജലജനയനേ! ജായേ!
മലർബാണകേളിസൌധമേ!
തരവേണമെൻസുകൃതപരിപാകമാമമൃത-
പരിപൂർണ്ണമായ കുചഭരഹേമകലശമിപ്പോൾ"

മുതലായി ഒന്നുരണ്ടു പദങ്ങൾ സാമാന്യം നന്നായിട്ടുണ്ടു്.

### ബാലഭൂഷണം

ഇതു വളരെ വിശിഷ്ടമായ ഒരു കൃതിയാണു്. സംസ്കൃതത്തിലെ സുപ്രസിദ്ധമായ വിശ്വഗുണാദർശചമ്പുവിനെ അനുകരിച്ചു സുമതിയെന്നും കുമതിയെന്നും രണ്ടു സ്ത്രീകളെ കഥാപാത്രങ്ങളാക്കി കുമതിയെക്കൊണ്ടു ഓരോ വിഷയത്തിന്റേയും പൂർവ്വപക്ഷവും സുമതിയെക്കൊണ്ടു സിദ്ധാന്തപക്ഷവും വിവരിപ്പിച്ചു ബാലന്മാർക്കു സാന്മാർഗ്ഗികാഭിരുചി വളർത്തുകയാണു് പ്രസ്തുത ഗ്രന്ഥംകൊണ്ടു കവി സാധിക്കുന്നതു്. ആകെ ഇരുപത്തൊന്നദ്ധ്യായങ്ങൾ പുഷ്പങ്ങൾ എന്ന പേരിൽ അദ്ദേഹം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഗുരുജനഗൗരവം, ഈശ്വരവിചാരം, സത്യം, ദയ, തപസ്സ് എന്നിവ തുടങ്ങി പുനർവിവാഹശങ്കാപരിഹാരം, രാജധർമ്മം, ശീലഗുണം എന്നിവയിൽ ഗ്രന്ഥം അവസാനിക്കുന്നു. ഗ്രഹചാരാദിഫലം ഭൂഗോള സിദ്ധാന്തം തുടങ്ങിയ ജ്യോതിശ്ശാസ്ത്രപ്രമേയങ്ങളേയും സമീചീനമായി ഘടിപ്പിച്ചിട്ടുണ്ടു്. ഗദ്യത്തിലാണു് വാദപ്രതിവാദസരണി തുടരുന്നതെങ്കിലും ധാരാളം ഭാഷാപദ്യങ്ങളും സംങ് ക്രമിപ്പിച്ചുകാണുന്നു. മൂത്തതിന്റെ വിവക്ഷയെന്തെന്നു താഴെചേർക്കുന്ന പ്രഥമപുഷ്പത്തിലെ പദ്യങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

"വിചാരമല്ലോ തെളിവിന്നു കാരണം
പക്ഷദ്വയജ്ഞാനമതിന്നു ഹേതുവാം
വിശുദ്ധമാർഗ്ഗങ്ങൾ തെളിച്ചുകാട്ടുവാൻ
വിരോധിവാക്കൊട്ടു കലർന്നുചൊല്ലുവൻ.

വാക്കിന്നനുപ്രാസഗുണങ്ങൾ കൂട്ടിയാൽ
നോക്കുന്ന ബാലർക്കറിവാൻ പ്രയാസമാം
ഓർക്കാനെളുപ്പത്തൊടു വാക്കു മാലയായ്-
ക്കോർക്കുന്നു ഞാനിന്നൊരു ബാലഭൂഷണം.

സുമതിയെന്നൊരു മാനിനിതന്നുടേ
തനയനോടു ഗുണം പറയുന്ന നാൾ

കുമതിയെന്നൊരു പെണ്ണു യദൃച്ഛയാ
വ്യവഹരിച്ചതു കേൾക്കുക ബാലരേ.”

മൂത്തതിന്റെ സമുജ്ജ്വലവും ധാരാവാഹിയുമായ ഗദ്യരീതിക്ക് ഒരു ഉദാഹരണം രണ്ടാം പുഷ്പത്തിൽനിന്നു പ്രദർശിപ്പിക്കാം.

“ഭൂമി, ജലം, അഗ്നി, ആദിത്യൻ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ ഇങ്ങനെ ചിലതു ധാരണശക്തികൊണ്ടും ഉഷ്ണം മുതലായ സ്വഗുണങ്ങളെക്കൊണ്ടും ആകൃതികൊണ്ടും തേജസ്സുകൊണ്ടും നമ്മളെക്കാൾ വളരെ അധികങ്ങളായി കാണപ്പെടുന്നു. വായ്വാകാശങ്ങൾ അപ്രത്യക്ഷങ്ങളായിട്ടു കാണുന്നതിനൊക്കെയും വ്യാപാരത്തിങ്കൽ സഹായം ചെയ്യുന്നു എന്നും അറിയപ്പെടുന്നു. ഇതുകൊണ്ട് ഇനിയും ഇതിന്മണ്ണം നമ്മുടെ കാഴ്ചക്ക് കിട്ടാതെ ചില വിശേഷ ശക്തിമാന്മാരുണ്ടെന്നും അവർക്ക് ഭൂമിയല്ലാതെ ചില സ്ഥലങ്ങളിൽ സഞ്ചരിക്കാമായിരിക്കുമെന്നും വിചാരിക്കണം. എന്നാൽ വൃക്ഷങ്ങൾ മൃഗപക്ഷികളേയും അതുകൾ മനുഷ്യരേയും അവരുടെ ശക്തിയേയും എങ്ങനെ മുഴുവൻ അറിയാതെ ഇരിക്കുന്നു, അതിന്മണ്ണം മനുഷ്യരും തങ്ങൾക്കു സുഖ ദുഃഖങ്ങളെ ചെയ്‌വാൻ ശക്തന്മാരായിട്ടു കാണുന്നതല്ലാതേയും ചിലർ ഉണ്ടായിരിക്കുമെന്നും അവരുടെ ശക്തിയെ നമുക്ക് അറിഞ്ഞുകൂടാ എന്നും ഉള്ള അറിവുണ്ടാകും. പിന്നെ വിചാരിക്കുമ്പോൾ കണ്ടറിവാൻ വഹിയാത്തതിനെ കേട്ടറിയണമെന്നും വരും; അപ്പോൾ സത്യവചനം ഉപയോഗിക്കുന്നതായാൽ ദേവന്മാരുണ്ടെന്നുള്ള സജ്ജനവാക്കു ബോധപ്പെടും.”

1042-ാമാണ്ടു രചിച്ച ഈ കൃതിയിലെ ഗദ്യം ഒട്ടു മിക്കവാറും ഇന്നത്തെ പരിഷ്കൃത രീതിയിലുള്ള ഗദ്യംപോലെതന്നെ ശുദ്ധമായിരിക്കുന്നു. ബാലഭൂഷണത്തിനു മുൻപാണ് താൻ അർത്ഥവിമർശിനിയും ശ്രീരാമവർമ്മചരിതവും ഹൃദയപ്രിയവും നിർമ്മിച്ചതെന്നു ഗ്രന്ഥകാരൻ ഒടുവിൽ പ്രസ്താവിച്ചിട്ടുണ്ട്.

## തിരുവിതാംകൂർ ചരിത്രം

തിരുവിതാംകൂർ ചരിത്രത്തെപ്പറ്റി പ്രഥമമായി ഒരു പുസ്തകം എഴുതിയതു പാച്ചുമൂത്തതാണെന്നു പറഞ്ഞുവല്ലോ. ക്ലേശസഹിഷ്ണുവും കുശാഗ്രബുദ്ധിയുമായ ഒരു ചരിത്രഗവേഷകന്റെ നിലയിലാണ് അദ്ദേഹം ഇതിൽ പ്രത്യക്ഷപ്പെടുന്നത്. മരക്കലംപാട്ട്, കൊച്ചുകണ്ടപ്പിള്ളയുടെ കുറിപ്പുകൾ, ഇടശ്ശേരി ഉണ്ണിത്താന്മാരുടെ നീട്ട്, കേശവപിള്ളപേഷ്കാർ സൂക്ഷിച്ചിരുന്ന റിക്കാർട്ടുകൾ മുതലായവയാണ് കൊല്ലം 898-ാമാണ്ടുവരെയുള്ള ചരിത്രനിർമ്മിതിക്കുള്ള രേഖകൾ; 899 മുതൽ 1002 വരെയുള്ളതിനു നിത്യച്ചെലവിൽ കാര്യക്കാരായിരുന്ന അപ്പിഅണ്ണാവിയുടെ റിക്കാർട്ടുകളും കായകുളം യുദ്ധത്തെപ്പറ്റി പ്രതിപാദിക്കുന്നതിനു തലവടി കുഞ്ഞുണ്ണിമൂത്തതിന്റെ രേഖകളും പ്രയോജനപ്പെട്ടിട്ടുണ്ട്. 1036-ാമാണ്ട് ആയില്യംതിരുനാൾ സിംഹാസനാരോഹണം ചെയ്ത കാലംവരെയുള്ള ചരിത്രം സംക്ഷേപിച്ചിരിക്കുന്നു. അന്നത്തെ സ്ഥിതിക്ക് മൂത്തത് അത്രമാത്രം യാതൊരു എത്തും പിടിയുമില്ലാത്ത ആ വിഷയത്തെപ്പറ്റിയുള്ള ഒരു ഗ്രന്ഥരചനയിൽ വിജയീഭവിച്ചത് ഒരു അതിമാനുഷകർമ്മമായി പരിഗണിക്കേണ്ടിയിരിക്കുന്നു. ശങ്കുണ്ണിമേനോൻപേഷ്കാർ താൻ ഇംഗ്ലീഷിൽ രചിച്ച തിരുവിതാംകൂർചരിത്രത്തിൽ അദ്ദേഹത്തെ പല ഘട്ടങ്ങളിലും ഉപജീവിച്ചിട്ടുണ്ട്.

## കേരളഭാഷാവ്യാകരണം

1050-ൽ കോവുണ്ണി നെടുങ്ങാടി കേരളകൗമുദി രചിച്ചു എങ്കിലും 1053-ൽ മാത്രമേ അതു മുദ്രണംചെയ്തുള്ളു. 1051-ലാണ് പാച്ചുമൂത്തതിന്റെ വ്യാകരം പ്രകാശിതമായതു്. നെടുങ്ങാടിക്കു തമിഴിൽ സാമാന്യമായ ജ്ഞാനമുണ്ടായിരുന്നു; മൂത്തതിന് അതില്ലാതിരുന്നതുകൊണ്ടു തന്റെ വ്യാകരണം അത്ര പ്രശസ്യമായ രീതിയിൽ നിർമ്മിക്കുവാൻ സാധിച്ചില്ല. ചോദ്യോത്തരരൂപത്തിൽ രചിച്ചിരിക്കുന്ന പ്രസ്തുത പുസ്തകത്തിൽ "മലയാളഭാഷയ്ക്കു സംസ്കൃതരീതിയെ മുഖ്യമായി അനുസരിച്ച വ്യാകരണം എഴുതുന്നു" എന്നാണ് പറഞ്ഞിരിക്കുന്നതു്. അക്ഷരകാണ്ഡം സന്ധികാണ്ഡം, പദകാണ്ഡം, സമാസകാണ്ഡം എന്നിങ്ങനെ പൂർവ്വഭാഗത്തിൽ നാലും, ധാതുകാണ്ഡം, ക്രിയാകാണ്ഡം, പ്രയോഗകാണ്ഡം, അലങ്കാരകാണ്ഡം എന്നിങ്ങനെ ഉത്തരഭാഗത്തിൽ നാലുമായി ആകെ എട്ടു കാണ്ഡങ്ങൾ അടങ്ങീട്ടുണ്ടു്. അലങ്കാര കാണ്ഡത്തിൽ വൃത്തത്തെപ്പറ്റിയും പ്രതിപാദിക്കുന്നു. വിജ്ഞേയങ്ങളായ അംശങ്ങൾ പലതും ഈ വ്യാകരണത്തിലുമുണ്ടു്.

## കേരള വിശേഷനിയമവിവരം

കേരളത്തിലെ വിവിധ ജാതികളുടെ ഉത്ഭവത്തേയും പെരുമാക്കന്മാരുടെ വാഴ്ചയേയും മറ്റു പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ഒരു പുതിയ കേരളോൽപത്തിയാണെന്നു പറയാം. കേരളമാഹാത്മ്യം തുടങ്ങിയ ഗ്രന്ഥങ്ങൾ അവിശ്വസനീയങ്ങളാണെന്നു മൂത്തതു കാരണസഹിതം തെളിയിച്ചിട്ടുണ്ടു്. "കേരളമാഹാത്മ്യത്തിൽ അർത്ഥവാദങ്ങൾ അധികമുണ്ടെന്നു പറഞ്ഞാൽ ചിലതിനെ സ്തുതിപ്പാനായിട്ടും ചിലതിനെ നിന്ദിപ്പാനായിട്ടും ഭോഷ്കുകൂടി പറയുകയാകുന്നു. 'സ്തുതിനിന്ദാഫലകമധികാർകത്ഥവചനമർത്ഥവാദഃ' എന്നു പ്രമാണം. വർണ്ണനകവനങ്ങൾക്കു ശുദ്ധകൃതിമമായും സമ്മിശ്രകൃതിമമായും അർത്ഥവാദമാവാം എന്ന് കാവ്യലക്ഷണത്തിൽ പ്രമാണമുള്ളതിനാൽ അതിനെ അനുസരിച്ച് കേരളോല്പത്തിയിലെ സത്യമായ ക്ഷേത്രനാമത്തേയും ചില വൃത്താന്തങ്ങളേയും ചേർത്തു വളരെ അർത്ഥവാദങ്ങളുള്ള കേരളമാഹാത്മ്യത്തിലെ ശ്ലോകങ്ങളെ പ്രമാണമാക്കി എഴുതുകയോ പറയുകയോ ചെയ്താൽ പഠിത്വംകൊണ്ടു ബുദ്ധിവർദ്ധനയും നല്ല യുക്തികളുമുള്ള ഇംഗ്ലീഷുകാരുടെ ശ്രോത്രമാത്രത്തിങ്കൽ നിന്നു ദൂരെ വർജ്ജ്യമാകുമെന്നു വിചാരിക്കേണ്ടതാകുന്നു" എന്നാണ് പറയുന്നതു്.

### ആത്മകഥാസംക്ഷേപം

ഭാഷയിലെ ആദ്യത്തെ ആത്മകഥ പാച്ചുമൂത്തതിന്റേതാണെന്ന് ഒരു മെച്ചം പ്രസ്തുത കൃതിക്കു നിസ്സംശയമായുണ്ടു്. ജനനം മുതൽ 1047-ാമാണ്ടുവരെയുള്ള സംഭവങ്ങളാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നതു്.

### ചില മുക്തകങ്ങൾ

മൂത്തതിന്റെ ചില മുക്തകങ്ങൾ കൂടി ഉദ്ധരിക്കാതെ മുന്നോട്ടു പോകുവാൻ നിർവ്വാഹമില്ല.

1. "ഉത്രംതിരുനാൾ മഹാരാജാവിനെപ്പറ്റി;

> മാർത്താണ്ഡോയം മദീയാം ഭുവമതിവിപുലാം
>     ദ്യോതയത്യംബരസ്ഥോ

നിർവിഘ്നം വസ്തു ദേയം കിമപി ഖലു മയാ
    തോഷചിഹ്നം തദസ്മൈ
ഇത്യാലോച്യാസ്യ ദൂരസ്ഥിതദുരധിഗമ-
    ത്വേന നൂനം വിഷണ്ണാ
തന്നാമ്നേ തുല്യധാമ്നേ മണിമനഘമദാ-
    ദ്ഘൃണരാജ്ഞീ നൃപായ."

2. "പകർച്ച തരുവിക്കണേ" എന്ന് ഉത്രംതിരുനാളോടപേക്ഷിക്കുന്ന ഒരു രഥബന്ധശ്ലോകം:

"പത്മനാഭം വീരമണേ! സ്വകരാക്ഷിപ്തദിക്കരിൻ!
സമർച്ചയൻ ഭുവി ഭവാൻ ഭാതി ദൃതരുഭൂരിദ!"

3. ഒരു സമസ്യാപൂരണം:

"ക്രുദ്ധാമുവാച ഗിരിശോ ഗിരിരാജകന്യാം
മഹ്യം പ്രസീദ ദയിതേ! ത്യജ വൈപരീത്യം;
നോ ചേദ്ഭവിഷ്യതി ജഗത്യധുനൈവ വാർത്താ
ഭസ്മീചകാര കിരിശം കില ചിത്തജന്മാ."

## വൈക്കത്തു നീലകണ്ഠൻമൂത്തതു് (994–1047)

വൈക്കത്തു പടിഞ്ഞാറേടത്തു നീലകണ്ഠൻമൂത്തതു പാച്ചു മൂത്തതിന്റെ അനുജനാണ്. ഒരു പദ്യകൃത്തായ അദ്ദേഹത്തെ സൗകര്യമുദ്ദേശിച്ച് ഈ അധ്യായത്തിൽ ഉൾപ്പെടുത്തുന്നുവെന്നേയുള്ളു. 994-ാമാണ്ടു മീനമാസത്തിൽ ജനിച്ചു. വട്ടപ്പള്ളി സ്ഥാനികനായി ജ്യേഷ്ഠനോടുകൂടി അദ്ദേഹവും 1045-ൽ ശുചീന്ദ്രത്തു ദത്തുകേറി എന്നും വ്യാകരണത്തിൽ ഗുരുനാഥൻ ജ്യേഷ്ഠൻതന്നെ ആയിരുന്നുവെന്നും 1047-ൽ മരിച്ചു എന്നും മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. നല്ല ഒരു വൈയാകരണനും അക്കാലത്തെ പാഠകന്മാരിൽ അദ്വിതീയനുമായിരുന്നു. പാഠകത്തിന് ആയില്യംതിരുനാൾ മഹാരാജാവു വീരശൃംഖല സമ്മാനിക്കുകയുണ്ടായിട്ടുണ്ട്. (1) പ്രഹ്ലാദചരിതം ആട്ടക്കഥയും (2) അഷ്ടമിപ്പാനയും വൈക്കത്തമ്പലത്തിൽ പാടിവരുന്ന ചില സ്തോത്രങ്ങളും ഏതാനും ഒറ്റശ്ലോകങ്ങളും അദ്ദേഹത്തിന്റെ കൃതികളായി നമുക്കു കിട്ടീട്ടുണ്ട്.

### അഷ്ടമിപ്പാന

വൈക്കത്തു വൃശ്ചികമാസത്തിൽ ആഘോഷിക്കപ്പെടുന്ന അഷ്ടമീമഹോത്സവത്തെ അധികരിച്ചാണ് ഈ പാന കവി രചിച്ചിട്ടുള്ളത്. ഇതിന്റെ ആമുഖരൂപത്തിൽ സ്തുതിപ്പാന എന്ന പേരിൽ പെരുംതൃക്കോവിലിലെ മാഹാത്മ്യത്തെ വിവരിക്കുന്ന ഒരു ഭാഗവും ഘടിപ്പിച്ചിട്ടുണ്ട്. അഷ്ടമീവർണ്ണനത്തിൽനിന്നു ചില ഈരടികൾ ഉദ്ധരിക്കാം.

"വൻപെഴും നല്ല പട്ടുക്കുടയതും
പൊൻപിടിയുള്ള വെഞ്ചാമരങ്ങളും
അമ്പിളിപോലെയാലവട്ടങ്ങളും
പിൻപുറത്തു പിടിച്ചുയർത്തുന്നു.
അൻപിനോടേ കുട തഴയെന്നിവ

മുമ്പിലൊക്കെ നിരത്തിപ്പിടിക്കുന്നു.
ചട്ട തൊപ്പിയും തോക്കും ധരിച്ചുള്ള
പട്ടാളത്തിൻ ശിപായിമാരെത്തുന്നു.
ശിഷ്ടന്മാർ ചിലർ നാമം ജപിക്കുന്നു;
തുഷ്ടിയോടെ പ്രദക്ഷിണം ചെയ്യുന്നു.
നാഗരാജന്നു തുല്യമതാകുന്ന
നാഗരാവുണ്ടു കൊട്ടിത്തുടങ്ങുന്നു.
അഖിലന്മാർക്കുമാനന്ദം നല്കുന്ന
തകിലുമുണ്ടു തകർത്തുതുടങ്ങുന്നു.
ചേരുമേറ്റം ഗുണങ്ങളെക്കൊണ്ടതി-
ചാരുനാഗസ്വരങ്ങൾ തുടങ്ങുന്നു."

## ചില മുക്തകങ്ങൾ

1. ഒരു പ്രാർത്ഥന:

"ജാതസ്സർവോ മ്രിയേത ധ്രുവമിഹ ഭഗവം-
  സ്തേന നാഹം വിഷാദീ
ത്വൽപാദാംഭോജസേവാവിധിപരരതതാ
  നാസ്തി ചേൽ സൈവ ഖേദഃ
യാവജ്ജീവന്തു തസ്മാത്തവ ഭജനവിധൗ
  സക്തയേ ശക്തയേ ച
ശ്രീമദ്വ്യാഘ്രാലയാധീശ്വര പുരഹര ഹേ!
  ദേഹി മേ ദേഹസൗഖ്യം."

2. ശുചീന്ദ്രത്തു സ്ഥാണുമൂർത്തിയോട്ട്, അനേകം മരണങ്ങൾ ഇല്ലത്തു സംഭവിച്ചപ്പോൾ:

"സർവം മമേദമഹമേവ ഗൃഹേ പ്രധാന
ഏവം ഗതാഃ കതി ജനാഃ കതി ഗാമിനശ്ച
മധ്യേഗതോഹമിഹ താവകസേവകസ്സ്യാം
നിത്യം ശുചീന്ദ്രപുരനാഥ! നമോസ്തു ശംഭോ!"

3. ഉദയനാപുരത്തപ്പനോട്ട്:

"ദഹനജനകോപി ത്വം ഭക്താൻ കരോഷി ഹി ശീതളാൻ
ഭവസുഖകരോപി ത്വം തേഷാം ഭവസ്യ വിനാശനഃ
ഉദയനപുരാധീശോപ്യസ്ത്വം നയസ്യഖിലാശ്ശുഭാൻ
നഹിനഹി മഹാൻ നിർണ്ണേതവ്യസ്ത്വിതീവവിബോധയൻ."

## കുഴിക്കാട്ടു മഹേശ്വരൻഭട്ടതിരി (970–1040)

## ചരിത്രം

തിരുവല്ലാത്താലൂക്കിൽ കുഴിക്കാട്ട് എന്ന പേരിൽ സുപ്രസിദ്ധമായ ഒരു താന്ത്രിക കുടുംബമുണ്ടെന്നും അതിലെ അങ്ഗമായി എട്ടാം ശതകത്തിൽ ജീവിച്ചിരുന്ന ശങ്കരൻ ഭട്ടതിരി ക്രിയാസംഗ്രഹം, പരാസ്തുതി എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നും ഇരുപത്തേഴാമധ്യായത്തിൽ വിവരിച്ചുകഴിഞ്ഞുവല്ലോ. തന്ത്രപദ്ധതിയുടെ മറുകര കണ്ടു രണ്ടു ഭട്ടതിരിമാർ കൊല്ലം പതിനൊന്നാംശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ ആ കുടുംബത്തെ അലങ്കരിച്ചിരുന്നു. അവരിൽ അച്ഛൻ മഹേശ്വരൻ ഭട്ടതിരി 970 മുതൽ 1040 വരെയും, മകൻ അക്കീരമൻ (അഗ്നിശർമ്മൻ) ഭട്ടതിരി 994 മുതൽ 1068 വരെയും ജീവിച്ചിരുന്നു. മഹേശ്വരൻ അക്കാലത്തെ സംസ്കൃതപണ്ഡിതന്മാരുടെ ഇടയിൽ പ്രമുഖനും വ്യാകരണം, ജ്യോതിഷം എന്നീ ശാസ്ത്രങ്ങളിൽക്കൂടി നിഷ്ണാതനുമായിരുന്നു. മകനും വൈദുഷ്യത്തിൽ ഒട്ടും കുറഞ്ഞ ആളായിരുന്നില്ല. മഹേശ്വരനുമായാണ് വിദ്വാൻ കോയിത്തമ്പുരാൻ വാദത്തിലെർപ്പെട്ടതു് എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹവും സ്വാതിതിരുനാൾ മഹാരാജാവിന്റെ ആശ്രിതനായിരുന്നു. മഹേശ്വരൻ സ്വപുത്രന്റെ സഹായത്തോടുകൂടി തന്ത്രസമുച്ചയത്തിനും ശേഷസമുച്ചയത്തിനും വിസ്തൃതവും മർമ്മസ്പർശിയും സർവ്വസംശയച്ഛേദിയുമായ ഓരോ വ്യാഖ്യാനം രചിച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾക്കു കേരളത്തിലെ ദേവപൂജകന്മാരായ ബ്രാഹ്മണരുടെയിടയിൽ ഇക്കാലത്തുമുള്ള പ്രചാരവും പ്രാമാണികതയും അന്യാദൃശമാണ്. മഹേശ്വരൻ ഭട്ടതിരിയെ താന്ത്രികന്മാർ അവരുടെ ഒരു പരദൈവമായി പരിഗണിക്കുന്നതിൽ ആശ്ചര്യമില്ല. അദ്ദേഹം ഏതദ്വിഷയകമായ വ്യവസായംകൊണ്ടു് അവരെ അനുഗ്രഹിച്ചിരുന്നില്ലെങ്കിൽ ഇന്നു സംസ്കൃതഭാഷ ശരിക്കു പഠിക്കാത്ത പല തന്ത്രിമാർക്കും കുലവൃത്തി തുടർന്നുകൊണ്ടു പോകുവാൻ സാധിക്കുന്നതല്ലായിരുന്നു.

## തന്ത്രസമുച്ചയവ്യാഖ്യ

ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ആചാര്യന്റെ അധോലിഖിതങ്ങളായ ശ്ലോകങ്ങൾ കാണുന്നു.

“വിഷ്ണ്വീശേശാച്യുതാംബാഗുഹഗണപതിശാ-
സ്താഖ്യയാ ഖ്യാതമൂർത്തിം
നത്വാത്മാനം പരം തം ശ്രുതിശിരസി ഗതം
സച്ചിദാനന്ദരൂപം
ശ്രീമന്നാരായണാഖ്യദ്വിജവരവിദുഷൈ-
കത്ര തന്ത്രം സമുച്ചി-
ത്യാബദ്ധം വ്യാകരിഷ്യാമ്യഹമിഹ വിദുഷാം
ഭാഷയാ തോഷണായ.

വന്ദിച്ചു വാരണമുഖം വിരവോടു വാണീം
കന്തപ്രഭാം ഭഗവതീം ഗുരുനാഥനേയും
ചെർമ്മേ സമുച്ചയമതിന്നിഹ ഭാഷയായി
നിർമ്മിപ്പതിന്നു വിവൃതിം തുനിയുന്നഹോ ഞാൻ,

ശ്രീചർമ്മശൈല[1] നിലയൻ ശിശിമൗലിതാനും
ശ്രീവല്ലഭേശ്വരനുമിങ്ങനുകമ്പയോടേ

[1] ചർമ്മശൈലം=തുകലശ്ശേരി.

ശ്രീഭദ്രകാളിപരദേവതയും നമുക്ക
ശ്രീഭദ്രസന്തതികൾ നല്കക സർവകാലം.

ഇല്ലെങ്കിലും മതിബലം മമ തെല്ലപോല്യ-
മുല്ലാസമാർന്ന ഗുരുനാഥകൃപാബലത്താൽ
മെല്ലെന്നരപ്പതിന്ന പാരമൊരുമ്പെടുന്നേൻ
നല്ലോരു സത്തുകളനുഗ്രമേകിടേണം.”

ഒടുവിൽ ഇങ്ങനെ പറയുന്നു:

“അത്യുക്തിവക്തവ്യാനുക്തിസങ്കീർണ്ണോക്തിദുരുക്തയഃ
യേ ദോഷാ ഇഹ ജായേരന്നാർത്ഥികാശ്ശാബ്ദികാശ്ച വാ,
വിമൃശ്യാപാസ്യ സന്തസ്താനന്യാനാധായ തൽസ്ഥലേ
ഇമം സമഞ്ജസീകുര്യുഃ പ്രബന്ധം തന്ത്രപാരഗാഃ.”

“ഗർത്താരണ്യമഹേശ്വരക്ഷിതിസുരൻ
ബാലപ്രബോധാർത്ഥമായ്
വൃത്തിം തന്ത്രസമുച്ചയത്തിന്ന ചമ-
ച്ചൻപോടു ഭാഷാമയീം;
ഉൾത്തട്ടിൽക്കുതുകേന സജ്ജനമിദം
ശോധിച്ച ചെമ്മേ കൃപാ-
ശക്ത്യാ ശാധു പരിഗ്രഹിച്ച സതതം
നല്കീടണം മങ്ഗലം.

ഭക്തിശ്രദ്ധാതിമേധ്യോപഹരണവിഹിതാ
ശ്രേയസീ യത്സപര്യാ
പര്യാപ്പോത്യർച്ചകേഭ്യോ മഹിതതരചതു-
വർഗ്ഗവിശ്രാണനായ
ഹന്താപ്രാജ്ഞോപ്യകാർഷം ഖലു വിവൃതിമിമാം
യൽപ്രസാദാൽ ക്രിയാസു-
ർദ്ദേവാസ്തേ ജഹ്നുകന്യാകലിതപദപയോ-
ജാദിമാം മങ്ഗളം വഃ.”

‘ദേവാസ്തേ ജഹ്നുകന്യാ’ എന്ന കലിവാക്യത്തിൽനിന്ന പ്രസ്തുതകൃതി സമ്പൂർണ്ണമായതു് 1026 ധനുമാസം 9-ാംനു യാണെന്നു സിദ്ധിക്കുന്നു.

## ശേഷസമുച്ചയവ്യാഖ്യാ

പ്രസ്തുത ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

“ശ്രീമദ്ഗുരും ഗണേശം ബ്രഹ്മാദീർദ്ദേവതാശ്ച നത്വാഹം
ശേഷസമുച്ചയവിഷയാം വിമൃശാമി യഥാമതി വ്യാഖ്യാം.

കാരുണ്യാദ്ഗുരുനായകസ്യ ഗുരുണോ ഗുഹ്യസ്യ ഭാഷാമയീം
കൃത്വാ തന്ത്രസമുച്ചയസ്യ വിവൃതിം ലഘ്വീമഥൈതാദൃശീം
കർത്തും ശേഷസമുച്ചയസ്യ വിവൃതിം സംബദ്ധതാമുദ്യമം
കല്യാണം കലയന്തു നഃ കമലയോന്യർക്കാദികാ ദേവതാഃ.

അല്പജ്ഞനാകിലുമഹം കരുണാർദ്രമാകും

കല്പദ്രുമം തൊഴുതു മൽഗുരുസൽകടാക്ഷൽ
നല്ലോടശേഷമപി ശേഷസമുച്ചയാർത്ഥം
താല്പര്യമോടെഴുതുവാൻ തുനിയുന്നിദാനീം."

## തന്ത്രസമുച്ചയത്തിലെ പ്രഥമശ്ലോകത്തിന്റെ വിവൃതി

ഭട്ടതിരിയുടെ വ്യാഖ്യാനത്തിന്റെ രീതി കാണിക്കുവാൻ പ്രഥമശ്ലോകവ്യാഖ്യ മാത്രം പകർത്താം. "ശ്രീമദ്ഷഡ്ഗുണ-സംഭൃതം . . . ഇതി–അസ്യാർത്ഥഃ വേദശാസ്ത്രപുരാണാദികളിൽ അധിഗതനായി അപരിച്ഛേദ്യനായിരിക്കുന്ന ഈശ്വരനെ വിടാതെ സമീചീനമാംവണ്ണം ആരാധിക്കേണമേ. ശ്രദ്ധാ ഭക്തി എന്നിവയെക്കൊണ്ടു ശുദ്ധങ്ങളായിരിക്കുന്ന ഉപകരണങ്ങളുണ്ടല്ലോ, അപ്പ്, പൃഥ്വി, ആകാശം, വായു, തേജസ്സ് എന്നീ ഭൂതമയങ്ങളായിരിക്കുന്ന ജലഗന്ധപുഷ്പാദിനിവേദ്യങ്ങൾ, അവറ്റെക്കൊണ്ടു പൂർണ്ണമായിരിക്കുന്ന ആനന്ദാനുഭവത്തെ അനുഭവിക്കുന്നൊരുത്തനെങ്കിലും, സന്തുഷ്ടനായിട്ട് തേജോമയനായി ജ്ഞാനസന്തോഷനിത്യസ്വാതന്ത്ര്യാവിഘ്നങ്ങളെക്കൊണ്ട് ഉണ്ടാക്കപ്പെട്ടിരിക്കുന്ന ദേഹത്തെ ആശ്രയിച്ചിട്ടു വിധിക്കുതക്കവണ്ണം പൂജിക്കുന്നത് ആ ഈശ്വരനെ എന്നു താല്പര്യം."

കുഴിക്കാട്ടുപച്ച എന്ന പേരിൽ ഒരു തന്ത്രഗ്രന്ഥവും മഹേശ്വരൻ ഭട്ടതിരി ഭാഷയിൽ രചിച്ചിട്ടുണ്ട്. അതു സമുച്ചയ വ്യാഖ്യയിൽനിന്നു വളരെ വ്യത്യസ്തമല്ല. ഭദ്രകാളിയെസ്സംബന്ധിച്ചുള്ള ക്രിയാഭാഗവും മറ്റും കൂട്ടിച്ചേർത്തിട്ടുണ്ട് എന്നേയുള്ളു ഭേദം.

## കോവുണ്ണിനെടുങ്ങാടി (1006–1064)

### ജനനവും വിദ്യാഭ്യാസവും

ബ്രിട്ടീഷ് മലബാർ വള്ളുവനാടുതാലൂക്കിൽ നടുവട്ടം അംശത്തിൽ തൊടുകാട്ട് എന്നൊരു ദേശമുണ്ട്. അവിടെയുള്ള മേലേതിൽ എന്ന ഭവനത്തിൽ മുള്ളത്ത് ഉണ്ണിരാരിച്ചൻ വെള്ളോടിയുടേയും കുഞ്ചിക്കോവിലമ്മയുടേയും പുത്രനായി കോവുണ്ണിനെടുങ്ങാടി 1006-ാമാണ്ടു ചിങ്ങം 16-ാംനു ജനിച്ചു. 15 വയസ്സുവരെ കളിച്ചും അഹങ്കരിച്ചും നടന്നതല്ലാതെ യാതൊന്നും പഠിച്ചില്ല. 1021-ൽ വാഴയൂർ തച്ചയിൽ ഏറാടി എന്ന പണ്ഡിതന്റെ അന്തേവാസിത്വം സ്വീകരിച്ചു സംസ്കൃതം സിദ്ധരൂപംമുതൽ അഭ്യസിച്ചുതുടങ്ങി. രണ്ടു മൂന്നു കൊല്ലംകൊണ്ടു മാഘനൈഷധാദികാവ്യങ്ങളും സിദ്ധാന്തകൗമുദിയും തർക്കസംഗ്രഹവും വശമാക്കിയതിനു പുറമെ ജ്യോതിഷത്തിലും സാമാന്യമായ ജ്ഞാനം സമ്പാദിച്ചു. കുടുംബത്തിന്റെ ധനസ്ഥിതി ശോചനീയമായിരുന്നതിനാൽ തദനന്തരം സ്വല്പവേതനത്തിൽ ചില കോവിലകങ്ങളിലും മറ്റും പറ്റിക്കൂടി അവിടങ്ങളിലെ ബാലന്മാരെ സംസ്കൃതം പഠിപ്പിക്കുവാൻ ആരംഭിച്ചു. 1027-ൽ അമരമ്പലം കുപ്പുസ്വാമിശാസ്ത്രികളോട് മുക്താവലി അഭ്യസിച്ചു. 1028 വൃശ്ചികം 20-ാംനു വരെ ആ അഭ്യസനം തുടർന്നു. അപ്പോഴേക്കും വ്യാകരണവും തർക്കവും ജ്യോതിഷവും ഒരുമാതിരി സ്വാധീനമാക്കിക്കഴിഞ്ഞിരുന്നു.

### ഉദ്യോഗങ്ങൾ

1036-ൽ നെടുങ്ങാടി കോഴിക്കോട്ടു പ്രോവിൻഷ്യൽ സ്കൂളിൽ ഒരു മുൻഷിയായി. 1041 കുംഭത്തിൽ അദ്ദേഹത്തിനു മദിരാശി പ്രസിഡൻസികോളേജിൽ മുൻഷിയായി കയറ്റംകിട്ടി. അവിടത്തെ ശീതോഷ്ണാവസ്ഥ യോജിക്കാത്തതുകൊണ്ട് ആ പണി 1044

ധനു 5-ാംനു രാജിവെച്ചു. 1047 മേടം 13-ാംനു തിരുവനന്തപുരത്തു രാജകീയ മഹാപാഠശാലയിൽ മലയാളം മുൻഷിയായി. അതിനുമുൻപു തന്നെ ടിപ്പുവിന്റെ കലാപകാലത്തു നെടുങ്ങാടിയുടെ കുടുംബം വഞ്ചിമഹാരാജാവിനെ അഭയംപ്രാപിച്ച ഒന്നായിരുന്നതിനാൽ അദ്ദേഹത്തിന് ആ പുതിയ ജോലി ആനന്ദപ്രദമായിത്തോന്നി. അവിടെനിന്ന് 1050 മേടം 13-ാംനു ആലുവാ ജില്ലാക്കോടതിയിൽ സർക്കാർ വക്കീലായി നിയമിക്കപ്പെട്ടു. ആ പണി പല കോടതികളിലുമായി 1055 വൃശ്ചികമാസംവരെ നോക്കി. മേൽക്കയറ്റത്തിനു വഴികാണായ്കയാൽ അതും രാജിവെച്ചു പിരിഞ്ഞു. പിന്നീടു കവളപ്പാറ മൈനറുടെ അധ്യാപകനായി കുറേക്കാലം കഴിച്ചുകൂട്ടി. 1064 മകരം 15-ാംനു മരിച്ചു.

## കൃതികൾ

കോവുണ്ണിനെടുങ്ങാടിയുടെ പ്രധാന കൃതി കേരളകൗമുദി എന്ന വ്യാകരണഗ്രന്ഥമാണ്. പാച്ചുമൂത്തതിനെപ്പോലെ അദ്ദേഹം വ്യാകരണത്തിനുപുറമെ ഒരു ആത്മകഥാ സംക്ഷേപവും എഴുതീട്ടുണ്ട്. നെടുങ്ങാടിയുടെ ഭാഷാവിഷയകമായ ജ്ഞാനം സർവ്വതോമുഖമായിരുന്നു. 1047-ൽ തിരുവനന്തപുരത്തു പണി ആരംഭിച്ചതോടുകൂടി തമിഴ്ഭാഷ പഠിച്ചു നന്നൂൽ ഹൃദിസ്ഥമാക്കി. ആ ഭാഷയിൽ വേണ്ട പരിജ്ഞാനമില്ലാതെ മലയാളത്തിന് ഒരു വ്യാകരണം നിർമ്മിക്കുവാൻ ആർക്കും അധികാരിഭാവമില്ലെന്ന് ആ സമീക്ഷ്യകാരി മുൻപു തന്നെ ഗ്രഹിച്ചിരുന്നു. 1050-ാമാണ്ടു മീനമാസം കേരളകൗമുദിയുടെ രചന പൂർത്തിയായെന്നു ഗ്രന്ഥത്തിന്റെ അവസാനത്തിലുള്ള ‘കല്യാണസൗഖ്യോദയം’ എന്ന കലിവാചകത്തിൽ നിന്നു കാണാവുന്നതാണ്. ആ കൊല്ലം മേടത്തിലാണല്ലോ അദ്ദേഹം തിരുവനന്തപുരം വിട്ടത്. ആത്മകഥാസംക്ഷേപത്തിൽ 1057 മിഥുനം 15-ാംനു തന്റെ മാതാവു മരിക്കുന്നതു വരെയുള്ള ചരിത്രഭാഗമേ കണ്ടുകിട്ടീട്ടുള്ളു.

## കേരളകൗമുദി

ഭാഷയ്ക്ക് അമൂല്യമായ ഒരു നിധിയാണ് കേരളകൗമുദി. അതിനെക്കാൾ ഗുണപുഷ്കലമായ ഒരു വ്യാകരണം ഏ.ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ കേരളപാണിനീയം മാത്രമേയുള്ളു.

“കൊട്ടാരക്കര കോട്ടയത്തരചനും കോട്ടൂരുമുണ്ണായിയും
കുട്ടക്കാരവരൊത്തു തൊട്ട തിലകപ്പൊട്ടാമെഴുത്തച്ഛനും
വാട്ടംവിട്ടൊരു വഞ്ചിവീരധരണീപട്ടം ധരിച്ചോർകളും
കോട്ടംവിട്ടൊരു കുഞ്ചനും കൃതികളിന്നേട്ടിൽ പ്രമാണങ്ങളാം.

[2] കവികളിലവരാരും കണ്ട നൂലിട്ടു കാട്ടീ-
ലവികലമതുകൊണ്ടിന്നേട്ടിലും കാട്ടുകെട്ടീ;
കവിയുമഴിനിലയ്ക്കീ നൂലു മാലാനുരൂപം
കവികളിലുരചെയ്യാം ബാലബോധാർത്ഥമേവം.”

ഇവ കഴിഞ്ഞാണ് അന്യത്ര ഉദ്ധരിച്ചിട്ടുള്ള “ഗുണ്ഡർട്ടെന്ന പ്രബലമതിമാൻ” ഇത്യാദി പദ്യം.

[2] കവികൾ=പദ്യങ്ങൾ

"ഗാഢം പാണിനിസൂത്രവും തമിഴനന്നൂലും ഗ്രഹിച്ചഞ്ജസാ
ഗൂഢം കേരള സമ്പ്രദായമഖിലഗ്രന്ഥപ്രയോഗങ്ങളും
വ്യൂഢം ചേതസി യേന തേന ഗുരുണൈവാലോകനീയം ത്വിദം
മൂഢന്മാരിതു കണ്ടുടൻ പരിഹസിച്ചാലും നമുക്കെന്തഹോ"

എന്ന ഉപോൽഘാതപദ്യങ്ങളിൽ ഗ്രന്ഥകാരൻ തനിക്കു പൂർവ്വ സൂരികളുടെ നേർക്കുള്ള ആധമർണ്ണ്യം രേഖപ്പെടുത്തിയിരിക്കുന്നു. ആ പഴയ വ്യാകരണങ്ങളെപ്പറ്റി പ്രകൃതപദ്യങ്ങളുടെ വൃത്തിയിൽ ഇങ്ങനെ പറയുന്നു. "അവ പല വിഷയങ്ങളിലും ശ്ലാഘിക്കത്തക്കതെങ്കിലും ചില ന്യൂനതകളാൽ ഈ മലയാളികൾക്ക് ഉണ്ടാകേണ്ടുന്ന പ്രയോജനം മുഴുവനും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല ചില അപകടങ്ങളും വന്നിട്ടുണ്ട്. എന്നാൽ എന്റെ ഈ ഉത്സാഹത്തിന്റെ നിമിത്തം മേല്പറഞ്ഞവരുടെ പ്രവൃത്തിയാകയാൽ ഞാൻ അവർക്കു വണക്കം പറയുന്നു. എന്നുതന്നെയല്ല ഗുണ്ഡർട്ടുസായിപ്പവർകളുടെ പുസ്തകം എനിക്ക് ഇതിലേയ്ക്കു വളരെ ഉപകരിച്ചിരിക്കുന്നു. കഴിയുന്നിടത്തോളം ഞാൻ ഇതിൽ അദ്ദേഹത്തെത്തന്നെ പിൻതുടരുകയും ചെയ്യും."

### ഗ്രന്ഥത്തിന്റെ സ്വരൂപം:

"വർണ്ണം പേർ പൊരുൾ സന്ധി ശബ്ദപദവും
നാമം ക്രിയാ ചാവ്യയം
വർണ്ണം വാക്യസമാസവൃത്തവുമലം-
കാരം തഥാ ധാതുവും
നിർണ്ണീതിശ്ച കലാക്രമാദുപചിതാ-
ലോകൈരിയം ദ്വ്യഷ്ടഭിഃ
പൂർണ്ണാ കേരളകൗമുദീഹ കുരുതാം
കല്യാണസൗഖ്യോദയം"

എന്ന ഒടുവിലത്തെ പദ്യത്തിൽ പൂർണ്ണചന്ദ്രികപോലെയാണ് തന്റെ കൗമുദി എന്നും 16 കലകൾക്കുപകരം അതിൽ 16 ആലോകങ്ങൾ അടങ്ങിയിരിക്കുന്നു എന്നും ആചാര്യൻ പറഞ്ഞിരിക്കുന്നു. ആദ്യത്തെ വർണ്ണത്തിന് അക്ഷരമെന്നും രണ്ടാമത്തേതിനു വിശേഷമെന്നും പേരിനു സംജ്ഞയെന്നും പൊരുളിനു പരിഭാഷയെന്നും നിർണ്ണീതിക്ക് അഭ്യാസമെന്നുമാണ് അർത്ഥം കല്പിച്ചിരിയ്ക്കുന്നത്. ഭാഷാകൃതികൾക്കു സാമാന്യമായി വേണ്ട പാണിനിസൂത്രങ്ങളും നന്നൂൽസൂത്രങ്ങളും ഓരോ പ്രകരണത്തിലും കൗമുദിയിൽ സംഗ്രഹിച്ചിട്ടുണ്ട്. ആദ്യം സംസ്കൃതസൂത്രങ്ങളും പിന്നീടു ദ്രാവിഡസൂത്രങ്ങളും എടുത്തു കാണിച്ചിരിക്കുന്നു. "സംസ്കൃതഹിമഗിരിഗളിതാ ദ്രാവിഡ വാണീകളിന്ദജാമിളിതാ" എന്ന അക്ഷരാലോകത്തിലെ മങ്ഗളശ്ലോകത്തിൽനിന്നു നെടുങ്ങാടി മലയാളത്തിന്റെ ഉത്ഭവം സംസ്കൃതത്തിൽനിന്നാണ് എന്നു പ്രസ്താവിച്ചിട്ടുള്ളതായി ചിലർ ശങ്കിക്കുന്നു. ആ ശങ്ക അസ്ഥാനത്തിലാണെന്ന്

"സംസ്കൃതോച്ചാരണം പ്രായസ്സൽകൃതം കേരളോക്തിയിൽ;
എങ്കിലും താവഴിക്കത്രേ തങ്കലേ രീതിയൊക്കയും"

എന്ന ആലോകത്തിലെ ചതുർത്ഥകാരിക വെളിപ്പെടുത്തുന്നു. അവതാരികയായി ചേർത്തിട്ടുള്ള അഞ്ചു ശ്ലോകങ്ങൾ ഒഴിച്ചാൽ 388 ശ്ലോകങ്ങൾ കാരികാരൂപത്തിലും മറ്റും കൗമുദിയിൽ അന്തർഭവിച്ചിട്ടുണ്ട്. കാരികകൾ നിർമ്മിക്കാൻ നെടുങ്ങാടിക്ക് അസാധാരണമായ വൈഭവമുണ്ടായിരുന്നു. ധാതുക്കളെപ്പോലും അദ്ദേഹം

"ആട്ട ഓട്ട കൂട്ട കോട്ട ചാട്ട ച്ചൂട്ട ഞേട്ടവും
തേട്ട നേട്ട പാട്ട പൂട്ട പോട്ട മാട്ട വാട്ടവും
വീട്ട ഊരു കോരു ചാരു വാരു കാള്ള ച്ചൂളവും
മൂള്ള മരുവു പൂച്ച തടവു ഓതുവേരിവ"

ഇത്യാദി പദ്യരൂപത്തിൽ പ്രദർശിപ്പിക്കുന്നു. ഉദാഹരണങ്ങൾക്കുവേണ്ടി ആചാര്യൻ ചില സ്വകീയപദ്യങ്ങളും ഉണ്ടാക്കി അവയെ അവസരോചിതമായി ഘടിപ്പിച്ചിട്ടുണ്ട്. താഴെച്ചേർക്കുന്ന മൂന്നു പദ്യങ്ങൾ ആ കൂട്ടത്തിൽപ്പെടുന്നു.

"കൊടുവെയിൽകൊണ്ടുടൽ മുടിയും ചുടുമണലടികൊണ്ടു ചുട്ടു തന്നടിയും
നെടുവയൽ നടുവേ കഷ്ടം കിടുകിടയാരാണ്ടു മണ്ടുന്നു.
കുറുമൊഴിനറുമലരാലും പുതുമട്ടു മുതുമുത്ത വണ്ടിന്നുണ്ണരുതോ
അറുകുല കരുതിത്താനേ തുറുമിഴിയോടും പറക്കുന്നു?

നിലത്തുന്നിത്തന്നേ തളിരടി തുടുത്തായിതയി! തേ
മുഖശ്രീ മോഹിച്ചംബുജമൊട്ടു വെറുക്കുന്നു വിധുവും
നിലയ്പ്പാനോ കൊങ്കത്തടമൊടിനടുക്കെട്ടു വലിയാൽ
സുഖം കാലൈക്യത്തിന്നുദകതപമാണ്ടോ നളിനവും?"

ഏതു വ്യാകരണം ആരു പുത്തനായി പ്രസിദ്ധീകരിച്ചാലും ബാലന്മാർ ശരിയ്ക്കു മലയാളം അഭ്യസിക്കണമെങ്കിൽ കേരള കൗമുദി നിഷ്കർഷിച്ചു പഠിക്കുകതന്നെ വേണം.

"ഭൂവിൽക്കലർന്നൊരു സമന്തഭവ[3]പ്രണാളീ-
കാവിൽക്കുലോർദ്ധ്വഭവനേ ജനുവാർന്നമേവും
[4]കോവില്ക്കിടാവുകൃതിയാമിതു ബാലകാനാം
നാവിൽക്കളിക്ക കടലിൽത്തിരമാലപോലെ"

എന്നു നെടുങ്ങാടി ഗ്രന്ഥാന്തത്തിൽ ചെയ്തിരിക്കുന്ന ആശംസതികച്ചും സഫലമായിട്ടുണ്ട്.

## ചില മുക്തകങ്ങൾ

1. ഒരു ശൃങ്ഗാരശ്ലോകം:
   "പണ്ടേ കണ്ടറിവില്ല കണ്ടതിലകത്തൻപോടു രണ്ടക്ഷരം
   മിണ്ടീട്ടില്ലതിനത്ര ബന്ധുവുമെനിക്കുണ്ടായതില്ലെങ്കിലും
   വണ്ടാരപൂങ്കുഴലാളതായ ഭവതിക്കെങ്കൽ പ്രിയംലേശമൊ-
   ന്നുണ്ടാമോ മധുവാണിമാർകുലമണിഞ്ഞീടുന്ന പൂമാലികേ?"
2. ഒരു സമസ്യാപൂരണം:
   "ദാമോദരകരാഘാതവിഹ്വലീകൃതചേതസാ
   ദൃഷ്ടം ചാണൂരമല്ലേന ശതചന്ദ്രം നഭസ്ഥലം."

---

[3] പ്രണാളീകാവിൽക്കുലോർദ്ധ്വഭവനം-തൊട്ടുകാട്ടുവംശത്തിൽ മേലേതെന്ന ഭവനം.
[4] കോവിൽക്കിടാവ്-കോവുണ്ണി.

## പി. ഗോവിന്ദപ്പിള്ള (1024–1072)

### ജീവചരിത്രം

പി. ഗോവിന്ദപ്പിള്ള തിരുവനന്തപുരം ശ്രീകണ്ഠേശ്വരത്തു കുളവറവിളാകത്തുവീട്ടിൽ 1024-ാമാണ്ട് ഇടവമാസത്തിൽ ജനിച്ചു. അച്ഛൻ തിരുവനന്തപുരത്തു പുന്നപുരത്തു കവണശ്ശേരിവീട്ടിൽ പപ്പപിള്ള മുൻസീഫായിരുന്നു. അദ്ദേഹത്തെ മണക്കാട്ടു പപ്പു പിള്ള എന്നും പറയും. 1048-ൽ ബി.എ. പരീക്ഷ ജയിച്ചു; ചാലയിൽ പള്ളിക്കൂട ത്തിൽ പ്രഥമാധ്യാപകനായി കുറേക്കാലം ജോലി നോക്കി. ആയില്യംതിരുനാൾ മഹാരാജാവിന്റെ കൃപകൊണ്ടു 1049-ൽ വലിയ കൊട്ടാരം സംപ്രതിയായി നിയമി ക്കപ്പെട്ടു. ആ പണിയിൽ നിന്നു സർവ്വാധികാര്യക്കാരായി ഉയർന്നു. അങ്ങിനെയാ ണ് ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാരെന്ന പേരിൽ അദ്ദേഹം വിശ്രുതനായത്. ആ മഹാരാജാവിന്റെ ആനുകൂല്യംമൂലം 1054-ാമാണ്ടു കന്നി 8-ാംനു അഗസ്തീശ്വരം താ ലൂക്കിൽ വേമ്പന്നൂർദേശത്തു പുതുവീട്ടിലേയ്ക്കു ദത്തെടുക്കപ്പെട്ടു. വിശാഖംതിരുനാൾ മഹാരാജാവു സിംഹാസനാരൂഢനായതോടുകൂടി സർവ്വാധിയുദ്യോഗത്തിൽനിന്നു പിരിയേണ്ടിവന്നു. പിന്നീടു വക്കീലായി തിരുവനന്തപുരത്തുതന്നെ വ്യവഹരിച്ചു. നെ യ്യാറ്റിൻകരത്താലൂക്കിൽ വിളപ്പിൽ മുല്ലൂർവീട്ടിൽ പാർവ്വതിയമ്മയായിരുന്നു അദ്ദേഹ ത്തിന്റെ പത്നി. 1072-ാമാണ്ടു കുംഭമാസം 23-ാംനു മരിച്ചു. ശബ്ദതാരാവലിയുടെ പ്ര ണേതാവായ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അദ്ദേഹത്തിന്റെ ഭാഗിനേയനാ യിരുന്നു.

### മലയാളഭാഷാചരിത്രം

ഗോവിന്ദപ്പിള്ളയ്ക്കു മാതൃഭാഷാസേവനത്തിൽ അത്യധികമായ ആസക്തിയുണ്ടായി രുന്നു. വലിയ കൊട്ടാരത്തിൽ ഉദ്യോഗം ലഭിച്ചതോടുകൂടി ബാല്യംമുതല്ക്കുതന്നെ തന്നിൽ അന്തർല്ലീനമായിരുന്ന ഒരാഗ്രഹം സഫലീഭവിപ്പിക്കുന്നതിന് അദ്ദേഹം നിരന്തരമായി പ്രയത്നിച്ചു. അതു മലയാളഭാഷാചരിത്രത്തിന്റെ നിർമ്മാണമാണെ ന്നു പറയേണ്ടതില്ലല്ലോ. അതിനുവേണ്ടി വലിയ കൊട്ടാരം ഗ്രന്ഥപ്പുരയിലെ ഗ്രന്ഥ സമുച്ചയം അദ്ദേഹം നിപുണമായി പരിശോധിച്ചു; വെളിയിൽ പല വിദ്വാന്മാർക്കും എഴുതിയയച്ചു വിവരങ്ങൾ വരുത്തി; അന്നു അത്തരത്തിലുള്ള ഉദ്യമങ്ങളെ സഹായി ക്കുന്നതിനു വേണ്ട സന്മനസ്സും സാമർത്ഥ്യവും കേരളത്തിൽ വളരെപ്പേർക്കുണ്ടായി രുന്നു. 1056-ാമാണ്ടു മിഥുനമാസം 28-ാംനുയാണ് ആ പുസ്തകത്തിന്റെ ഒന്നാംപതിപ്പു പ്രസിദ്ധീകരിച്ചത്. മുഖവുരയിൽ ഗോവിന്ദപ്പിള്ള ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "ഇടയ്ക്കിടെ സംഭവിച്ച പ്രത്യൂഹവ്യൂഹങ്ങളെ എതിർത്തുനിന്ന് ഇപ്പോൾ മലയാളത്തി ന് അലങ്കാരമായി തീർന്നിരിക്കുന്ന കവിപുങ്ഗവന്മാരാരെല്ലാമായിരുന്നു എന്ന് അറിയുന്നതിനുള്ള ആവശ്യത്താലും, ഇനിയെങ്കിലും ഈ ഭാഷയുടെ ന്യൂനതകളെ അറിഞ്ഞു് അവയെ തീർക്കുന്നതിനും വിസ്മരണസാഗരത്തിൽ മഗ്നങ്ങളായിപ്പോയ കവിതകളെ ഉദ്ധാരണം ചെയ്യുന്നതിനും. ഇപ്പോഴുള്ളവതന്നെ മറവിയിൽ അകപ്പെ ട്ടുപോകാതിരിക്കുന്നതിനും, നവീനകവിതകൾ നിർമ്മിക്കുന്നതിന് അത്യുത്സാഹം ജനിപ്പിക്കുന്നതിനും ഏവമാദികളാൽ നമ്മുടെ ഭാഷയെ ഒന്നു നന്നാക്കണമെന്നുള്ള ആഗ്രഹത്താലുമാണ് ഞാൻ, വളരെ പഴമ പരിചയമുള്ള ആളുകളുടേയും അനേക വിദ്വാന്മാരുടേയും സഹായത്തോടുകൂടി, മലയാളഭാഷാ ചരിത്രമെന്ന ഈ പുസ്ത കത്തെ ഉണ്ടാക്കിയിരിക്കുന്നത്." ആ പുസ്തകം പരിഷ്കരിച്ചു വിസ്തൃതമാക്കി രണ്ടാം പതിപ്പ് 1064-ൽ അച്ചടിപ്പിച്ചു. അത്തരത്തിൽ ഒരു പുസ്തകം അതിനു മുമ്പ് ആരും

എഴുതിയിരുന്നില്ല. അത്രമാത്രം ക്ലേശസാധ്യമായ സദ്വ്യവസായംകൊണ്ടു മലയാള ഭാഷയെ ധന്യമാക്കിയ ഗോവിന്ദപ്പിള്ളയെ ആർക്കും ഒരിക്കലും മറക്കാവുന്നതല്ല. അദ്ദേഹം പണിത അസ്ഥിവാരത്തിന്മേലാണ് അനന്തരകാലികന്മാർ അവരുടെ സാഹിത്യചരിത്രകുടീരങ്ങൾ പണിയിച്ചിട്ടുള്ളത്. അദ്ദേഹം അക്കാലത്ത് അങ്ങനെ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നില്ലെങ്കിൽ അവരെല്ലാം പല ഘട്ടങ്ങളിലും യാതൊരെത്തുംപിടിയും കിട്ടാതെ നട്ടംതിരിയുമായിരുന്നു.

## മറ്റു ഭാഷാപ്രവർത്തനങ്ങൾ

ഭാഷാചരിത്രം പ്രസിദ്ധീകരിക്കുന്നതിനു മുൻപുതന്നെ സർക്കാരുദ്യോഗത്തിൽനിന്നു വിരമിക്കേണ്ടതായിവന്നു എങ്കിലും ഗോവിന്ദപ്പിള്ളയുടെ സാഹിത്യ പ്രവർത്തനങ്ങൾക്കു ഹസ്താവലംബം നല്കുവാൻ കേരളവർമ്മ വലിയകോയിത്തമ്പുരാൻ സദാ ജാഗരൂകനായിരുന്നതുകൊണ്ട് വിശാംഖംതിരുനാൾ മഹാരാജാവിന്റെ ആനുകൂല്യം ഗോവിന്ദപ്പിള്ളയ്ക്ക് ഏറെക്കുറെ സമ്പാദിക്കുവാൻ സൗകര്യം കിട്ടി. തിരുവനന്തപുരത്തു ഒന്നിലധികം മുദ്രാലയങ്ങളുടെ സ്ഥാപനത്തിലും പ്രവർത്തനത്തിലും അദ്ദേഹത്തിനു പങ്കുണ്ടായിരുന്നു. മഴമങ്ഗലത്തിന്റെ ഭാഷാനൈഷധചമ്പു വലിയ കോയിത്തമ്പുരാന്റെ മേൽനോട്ടത്തിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. 1060-ൽ അച്ചടിപ്പിച്ച റോമൻചരിത്രമാണ് അദ്ദേഹത്തിന്റെ പ്രധാനഗദ്യകൃതി. ഇംഗ്ലീഷിലും "A Handbook of Travancore" എന്നും മറ്റും ചില പുസ്തകങ്ങൾ അദ്ദേഹം ഉണ്ടാക്കി അച്ചടിപ്പിച്ചു. വെബ്സ്റ്റർസായ്പിന്റെ ഇംഗ്ലീഷുനിഘണ്ടുവിൽ ചേർന്നിട്ടുള്ള ഇംഗ്ലീഷു വാക്കുകൾക്ക് അത്രയും മലയാള അർത്ഥത്തോടുകൂടി ഒരു ഇംഗ്ലീഷ് - മലയാളനിഘണ്ടു രചിക്കണമെന്നുള്ള അദ്ദേഹത്തിന്റെ ആശ പ്രവൃത്തിപഥതിയിൽ എത്തിയില്ല.

## ഫാദർ ജെറാർദ് - അലങ്കാരശാസ്ത്രം

ജെറാർദ് എന്നൊരു പാതിരി അലങ്കാരശാസ്ത്രം എന്ന പേരിൽ ദീർഘമായ ഒരു പുസ്തകം 1056-ാമാണ്ടു (ക്രി.പി. 1881) പ്രസിദ്ധീകരിച്ചു. അദ്ദേഹം കമ്മലീത്താ ദേസ്കാൾസ് സഭയിലെ അംഗമായ ഒരു സുറിയാനിക്രിസ്ത്യാനിയായിരുന്നു. പുസ്തകം വരാപ്പുഴെ മർച്ചലിനൂസാ ദെസാന്ത ത്രേസ്യാ എന്ന മതാദ്ധ്യക്ഷനു സമർപ്പിച്ചു പ്രസിദ്ധീകരണത്തിന് അദ്ദേഹത്തിന്റെ അനുമതി വാങ്ങിച്ചിട്ടുള്ളതായി കാണുന്നു. ജെറാർദിനെപ്പറ്റി മറ്റു യാതൊരു വിവരവും ലഭിക്കുന്നില്ല. അദ്ദേഹത്തിനു ലത്തീൻ, ഗ്രീക്കു മുതലായ പാശ്ചാത്യഭാഷകളിൽ പരിനിഷ്ഠിതവും, സംസ്കൃതത്തിലും മലയാളത്തിലും സാമാന്യവുമായ ജ്ഞാനവും ഗദ്യരചനയിൽ നല്ല പരിചയവുമുണ്ടായിരുന്നതായി പ്രസ്തുത കൃതിയിൽനിന്നു വെളിപ്പെടുന്നു. പഞ്ചതന്ത്രം, ചാണക്യസൂത്രം, ഭാഗവതം കിളിപ്പാട്ട്, രാമായണം ഇരുപത്തിനാലുവൃത്തം, അജ്ഞാനകുഠാരം, മരണപർവം, നരകപർവം, ഉമ്മാപർവം മുതലായ ക്രിസ്തീയഗാനങ്ങൾ ഇവയിൽനിന്നാണ് പ്രായേണ പദ്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നത്. ഒവീദ്യൻ (Ovid) വ്യൂജീല്യൻ (Virgil) ഒരാസ്യൻ (Horace) തുടങ്ങിയ പാശ്ചാത്യകവികളുടെ ചില പദ്യാംശങ്ങൾ സ്വയമേവ വളരെ ക്ലേശിച്ചു തർജ്ജമചെയ്തും ചേർത്തിട്ടുണ്ട്. ഗദ്യത്തിൽ ഉദ്ധരിക്കേണ്ട ഭാഗങ്ങൾ താൻ തന്നെ വിവർത്തനംചെയ്തിരിക്കുന്നു; മാത്തൻ ഗീവറുഗീസിന്റെ ഒന്നുരണ്ടു ഖണ്ഡികകളും പകർത്തീട്ടില്ലെന്നില്ല.

## ഗ്രന്ഥത്തിന്റെ ഉദ്ദേശം

1056-ാമാണ്ടുവരെ പ്രഭാഷണകലയെ പ്രതിപാദിക്കുന്ന യാതൊരു ഗ്രന്ഥവും ഭാഷയിൽ ഉണ്ടായിരുന്നില്ല. അത്തരത്തിൽ ഒരു ഗ്രന്ഥത്തിന്റെ ആവശ്യകത മതപ്രസംഗം ചെയ്യുന്ന ക്രിസ്ത്യാനികൾക്കു പ്രത്യേകം അനുഭവപ്പെട്ടിരുന്നു. ആ ന്യൂനത പരിഹരിക്കുന്നതിനാണ് ജെറാർദ് ഈ ശാസ്ത്രഗ്രന്ഥം രചിച്ചത്. അദ്ദേഹംതന്നെ മുഖവുരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: “കിരീടത്തിനു രത്ന മണിപോലെയും, ശരീരത്തിനു വസ്ത്രാഭരണങ്ങൾപോലെയും, സ്വരൂപത്തിനു സുവർണ്ണങ്ങൾപോലെയും, അക്ഷരവിദ്യയ്ക്ക് അലങ്കാരശാസ്ത്രം തേജസ്സം ശോഭയുമായിരിക്കുന്നുവെന്നതു സർവ്വസമ്മതമാകുന്നു. എന്നു മാത്രമല്ല, ഈ ഉത്തമശാസ്ത്രം വ്യക്തമായും ഗൗരവമായും പ്രസംഗിക്കുന്നതിനും, കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ കേഴ്വിക്കാരെ വചനമാധുര്യത്താൽ പറഞ്ഞിണക്കി വശീകരിക്കുന്നതിനും, പ്രതിവാദങ്ങളേയും ആക്ഷേപങ്ങളേയും വിരോധിച്ച ഖണ്ഡിക്കുന്നതിനും, തക്ക മുറയും ക്രമവും പഠിപ്പിക്കുന്നതിനാൽ ഇതിനെ അഭ്യസിക്കുന്നത് തങ്ങളുടെ ഉത്തമപ്രസംഗത്താൽ സുവിശേഷസത്യങ്ങലെ, അജ്ഞാനയിരുളിൽ സൂര്യോദയംപോലെ പ്രകാശിപ്പിക്കുന്നതിനും, സത്യവേദത്തിന്മേൽ വേദവിരോധികളാൽ ആരോപിക്കപ്പെടുന്ന ദൂഷണങ്ങളെ ആക്ഷേപിച്ച ഖണ്ഡിക്കുന്നതിനും, പാപാന്ധകാരത്താൽ കരുടരായവർക്കു ജ്ഞാനദീപമായി മോക്ഷമാർഗ്ഗത്തെ കാട്ടിക്കൊടുക്കുന്നതിനും ഉദ്യോഗപ്പെട്ടിരിക്കുന്ന വൈദികപ്രസംഗികൾക്കുമാത്രമല്ല, വക്കീലന്മാർ തുടങ്ങിയ ലൗകികപാഠകന്മാർക്കും അതിപ്രയോജനകരവും ആവശ്യവുമാണ്.”

## ഗ്രന്ഥത്തിന്റെ സ്വരൂപം

ഇംഗ്ലീഷിൽ റെറ്റൊറിക്ക് (Rhetoric) എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകങ്ങളിൽ അടങ്ങുന്ന വിഷയങ്ങളെല്ലാം അലങ്കാരശാസ്ത്രത്തിലും പ്രതിപാദിച്ചിട്ടുണ്ട്. യൂറോപ്യൻഭാഷകളിൽ രചിച്ചിട്ടുള്ള മൂന്നു നാലു് അലങ്കാരഗ്രന്ഥങ്ങളെ സാമാന്യമായും, അരിസ്റ്റോട്ടിൽ, സീസർ, ക്വിന്റിലിയൻ മുതലായ പൂർവ്വസൂരികളുടെ പ്രമാണങ്ങൾ സമാഹരിച്ച ഡികോളോന്യദോമീനിക്കൻ (Dominico Decolomica) എന്ന പണ്ഡിതൻ ലത്തീൻഭാഷയിൽ നിർമ്മിച്ചിട്ടുള്ള അലങ്കാര ഗ്രന്ഥത്തെ പ്രത്യേകമായും ഉപജീവിച്ചാണ് അച്ചൻ ഈ പുസ്തകം രചിച്ചതെന്നു പറയുന്നു. പ്രശ്നോത്തരരൂപത്തിലാണ് ഗ്രന്ഥത്തിന്റെ ഗതി. (1) അലങ്കാരശാസ്ത്രം എന്തെന്നും അതു കൊണ്ടുള്ള സാധ്യം ഇന്നതെന്നും, (2) അലങ്കാരവിദ്യയുടെ വിഷയം, അഥവാ അതിൽ വിവരിക്കപ്പെടുന്ന സംഗതികൾ എന്തെല്ലാമെന്നും, (3) അതിന്റെ ഭാഗങ്ങൾ എത്രയെന്നും ഏതെല്ലാമെന്നും, (4) അതിന്റെ വിശേഷതയും ഉപകാരങ്ങളും ഇന്നതെന്നും, (5) അലങ്കാരശാസ്ത്രത്തിന്റെ പൂർണ്ണ അറിവു സമ്പാദിക്കുന്നതിനുള്ള ഉപകരണങ്ങളും പോംവഴികളും ഏതെല്ലാമെന്നും അദ്ദേഹം പ്രപഞ്ചനം ചെയ്യുന്നു. സങ്കല്പന, അനുക്രമണം, അലങ്കരണം, ഉച്ചാരണം എന്നിങ്ങനെ നാലു കാണ്ഡങ്ങൾ ഗ്രന്ഥത്തിൽ അടങ്ങീട്ടുണ്ട്. ഓരോ കാണ്ഡത്തേയും ഭാഗങ്ങളായും, ഓരോ ഭാഗത്തേയും അധ്യായങ്ങളായും വിഭജിച്ചിട്ടുണ്ട്. ചതുർത്ഥകാണ്ഡത്തിൽ ഒരധ്യായമേയുള്ളൂ. ഈ പുസ്തകം ശരിക്ക് അഭ്യസിച്ചാൽ ഒരാൾക്ക് ഏതു സദസ്സിലും ഒരു പ്രവക്താവിന്റെ നിലയിൽ ഏറെക്കുറെ ശോഭിക്കുവാൻ സാധിക്കുന്നതാണ്. ഗ്രന്ഥകാരൻ അക്കാര്യത്തിൽ ദെമെസ്തനെയെ (ഡേമോസ്തിനീസിനെ)യാണ് ദൃഷ്ടാന്തമായി കാണിച്ചു തരുന്നത്. “ഈ വിദ്വാൻ ആദ്യത്തിൽ നാലു വാക്യങ്ങളെ കൂട്ടിപ്പറയുന്നതിനു വശഹീനനായിരുന്നു എങ്കിലും പിന്നീട് അഭ്യസനംകൊണ്ടും താൽപര്യംകൊണ്ടും

അതിവാചാലതയോടെ പറവാൻതക്ക ഉത്തമപ്രസങ്ഗിയായിച്ചമഞ്ഞു. അയാൾക്കുണ്ടായിരുന്ന കൊഞ്ഞ മുഴത്ത ചരൽ വായിലിട്ടുച്ചരിച്ചുകൊണ്ടു തീർത്തു. കടലോരത്തു ചെന്നുനിന്നു കടലിന്റെ സ്വരത്തെക്കാൾ സ്വരമുയർത്തിപ്പറയുന്നതിനും നിലവിളിക്കുന്നതിനും അഭ്യസിച്ചുകൊണ്ട് അയാളുടെ പതിഞ്ഞ സ്വരം ഉച്ചസ്വരമാക്കി മഹാഗൗരവത്തോടെ പ്രസങ്ഗിക്കുന്നതിനു പ്രാപ്തനാകുകയും ചെയ്തു" എന്ന് അദ്ദേഹം ഉൽബോധിപ്പിക്കുന്നു.

### ഗദ്യശൈലി

സാങ്കേതിക ശബ്ദങ്ങളുടെ വിവർത്തനത്തിലും മറ്റും അച്ചനു ചില പ്രമാദങ്ങൾ പറ്റീട്ടുണ്ട്. വിശേഷ്യങ്ങൾക്കു പകരം വിശേഷണങ്ങൾ പ്രയോഗിക്കുന്ന വിലക്ഷണതയും അദ്ദേഹത്തിന്റെ വാക്യങ്ങളിൽ അങ്ങിങ്ങുകാണാം. അപഹ്നുതി പഹ്നുതിയായി രൂപഭേദം കൈക്കൊള്ളുന്നു. ഇങ്ങനെ ചില ദോഷങ്ങൾ വിസ്മരിക്കത്തക്കതല്ലെങ്കിലും ഇത്തരത്തിൽ സർവ്വവ്യാപകമായ ഒരു സാഹിത്യശാസ്ത്രഗ്രന്ഥം എഴുതി ഭാഷയെ പോഷിപ്പിച്ച ഫാദർ ജെറാർദ് നമ്മുടെ ഗാഢമായ കൃതജ്ഞതയ്ക്കു പാത്രീഭവിക്കുന്നു. ഏ.ആർ.രാജരാജവർമ്മകോയിത്തമ്പുരാന്റെ സാഹിത്യസാഹ്യത്തിനു പൂർവ്വഗാമിയായ ഈ ഗ്രന്ഥത്തിൽ അതിലുള്ളതിലധികം വിഷയങ്ങൾ അടങ്ങീട്ടുണ്ട്. ഇതു തെറ്റുകൾ തീർത്തു പരിഷ്കരിച്ച് ഏതെങ്കിലും ഒരു പണ്ഡിതൻ പുനഃപ്രസാധനം ചെയ്യുമെങ്കിൽ അതു ഭാഷയ്ക്കു വലിയ ഉപകാരമായിരിക്കും. അച്ചനു കഥനത്തിനും മറ്റും യോജിച്ച ഒരു സരളമായ ഗദ്യശൈലി സ്വാധീനമായിരുന്നു എന്നു താഴെ ചേർക്കുന്ന ഉദാഹരണത്തിൽ നിന്നു വ്യക്തമാകുന്നതാണ്.

"പണ്ടു നമ്മുടെ ശരീരത്തിലുള്ള അവയവങ്ങൾ ഇപ്പോഴുള്ളതുപോലെയല്ല, ഓരോന്നിനു തനതു് ആലോചനകളും അഭിപ്രായങ്ങളുമുണ്ടായിരുന്നു. ഒരിക്കൽ ശേഷം അവയവങ്ങളെല്ലാം ഒന്നിച്ചുകടി നാം ചെയ്യുന്ന അനിഷ്ടത്തിന്റെയും വേലയുടേയും ബുദ്ധിമുട്ടിന്റേയും ഫലങ്ങളെല്ലാം വയറത്രേ അനുഭവിക്കുന്നതു്. അവൻ യാതൊത വേലയും ചെയ്യാതെ നമ്മിൽ നമ്മുടെ പ്രയത്നത്തിന്റെ ഫലങ്ങളെല്ലാം അനുഭവിച്ച്, ആനന്ദമത്തനായി സുഖേന കിടക്കുന്നു. ഇവനെ ഒന്നു പഠിപ്പിക്കണം എന്നാലോചിച്ച്. ഇനി കൈ യാതൊന്നും വായിൽവെയ്ക്കയില്ലെന്നും, വെച്ചാൽ വാ കൈക്കൊള്ളുകയില്ലെന്നും, നാവു രസിപ്പിയ്ക്കയില്ലെന്നും, പല്ലു ചവക്കയില്ലെന്നും ഇങ്ങനെ ഉപവാസമിട്ടു് ഉദരത്തെ ക്ഷയിപ്പിക്കണമെന്നും നിശ്ചയിച്ചു. കുറേ ദിവസം കഴിഞ്ഞപ്പോൾ കരങ്ങൾ ക്ഷീണിച്ചു; നാവു് ഇളക്കാൻ മേലാതായി; വാ തുറക്കാൻ മേലാതായി; ശരീരം മുഴുവനും നശിക്കാറായി; അപ്പോൾ വയറിന്റെ സഹായം തങ്ങൾക്കു് ആവശ്യമാണെന്നും, തങ്ങൾ ഉദരത്തെ പോഷിപ്പിക്കുന്നതുപോലെ തങ്ങൾക്കു ജീവനും ശക്തിയും വയറു തരികയാണെന്നും, തന്റെ സദാപ്രവൃത്തി കൊണ്ടും യത്നംകൊണ്ടും എല്ലാഅവയവങ്ങൾക്കും രക്തത്തെ ഞരമ്പൂടെ വയറു നൽകുന്നുവെന്നും ഗ്രഹിച്ച്, ആ നാശകരമായ കലഹം അമരുകയും ചെയ്തു."

1056-ാമാണ്ടത്തെ ഗദ്യമാണ് ഇതു് എന്ന് ഓർമ്മിക്കുമ്പോൾ ഗ്രന്ഥകാരന്റെ പേരിലുള്ള ബഹുമാനം ആർക്കും വർദ്ധിക്കുകതന്നെ ചെയ്യും.

## ആർച്ച് ഡീക്കൻ ഉമ്മൻ (1005–1079)

### ജീവിതം

ആർച്ച് ഡീക്കൻ ഉമ്മൻ മാവേലിക്കരത്താലൂക്കിൽ ആലുമ്മൂട്ടുവീട്ടിൽ ക്രി. പി. 1830-ാമാണ്ടു മാർച്ച് 23-ാംനു ജനിച്ചു. മാമ്മൻ എന്നായിരുന്നു അച്ഛന്റെ പേർ. അതുകൊ

ണ്ട് അദ്ദേഹം മാമ്മൻ ഉമ്മൻ എന്ന പേരിൽ അറിയപ്പെടുന്നു. മകൻ പിറന്ന് 22-ാം ദിവസം അച്ഛൻ മരിച്ചുപോകയാൽ അമ്മ ആ കുഞ്ഞിനെ നിരണംപള്ളിക്ക് അടിയറവച്ചു. ബാല്യത്തിൽ "മറ്റു കുട്ടികളെപ്പോലെ തന്നെ നിഗളവും കോപവും തൻകാര്യശീലവുമുള്ളവനായി ഞാൻ വളർന്നു. എന്റെ അപ്പനോ അമ്മയോ വലിയപ്പനോ എന്റെ ആത്മാവിന്റെ പേർക്കു പ്രാർത്ഥിപ്പാൻ എന്നെ എപ്പോഴെങ്കിലും പഠിപ്പിച്ചിട്ടുണ്ടോ എന്നു സംശയിക്കുന്നു" എന്ന് അദ്ദേഹം അന്നത്തെ അവസ്ഥയെ പില്ക്കാലത്തു രേഖപ്പെടുത്തീട്ടുണ്ട്. മാതാവിന്റെ ഇളയ സഹോദരിയെ വിവാഹം ചെയ്തിരുന്ന തരിയനച്ചന്റെ സംരക്ഷണത്തിൽ 1839-ൽ മാവേലിക്കര പീറ്റുസായിപ്പിന്റെ സ്കൂളിൽ ചേർന്നു. 1841-ൽ അമ്മ വീണ്ടും വിവാഹബന്ധത്തിൽ ഏർപ്പെടുകയാൽ ആ ബാലൻ കേവലം അനാഥനായിത്തീർന്നു. ആ അവസരത്തിൽ സഹായിച്ചതു ഹാക്സ്വർത്തു സായിപ്പായിരുന്നു. അദ്ദേഹം ഉമ്മനെ കോട്ടയത്തു പ്രൊട്ടസ്റ്റാന്റു സെമിനേരിയിൽ പഠിപ്പിച്ചു. 1850-ൽ സെമിനേരി വിട്ടു. 1851 ഒക്ടോബറിൽ വിവാഹിതനായി. പിന്നീട് ആറു കൊല്ലം തിരുവല്ലാ മിഷനിൽ ജോലിനോക്കി. 1856 മാർച്ച് 16-ാംനു ഡീക്കനും. 1859 നവമ്പർ 8-ാംനു പ്രസ്ബിറ്ററുമായി. ആലപ്പുഴ, തൃശ്ശൂർ, മല്ലപ്പള്ളി, കൊടുകുളഞ്ഞി, ഇലത്തൂർ, ചങ്ങനാശ്ശേരി, ഒളശ്ശ, മാവേലിക്കര എന്നീ സ്ഥലങ്ങളിലെല്ലാം മിഷൻസേവനം അനുഷ്ഠിച്ചു. ഡോക്ടർ കോശി മരിച്ചപ്പോൾ ആർച്ച് ഡീക്കനായി ഉയർന്നു. 1904 ആഗസ്റ്റ് 23-ാംനു യായിരുന്നു ഉമ്മന്റെ മരണം.

## കൃതികൾ

ആർച്ച് ഡീക്കൻ ഉമ്മന്റെ പ്രധാനകൃതി ശലോമോന്റെ (സോളമൺ) സുഭാഷിതങ്ങളാണ്. അത് അദ്ദേഹം ചങ്ങനാശ്ശേരിയിൽ ജോലിനോക്കിക്കൊണ്ടിരുന്ന കാലത്ത് 1882 ജനുവരി 17-ാംനു പ്രസിദ്ധീകരിച്ചു. അതിനു പുറമെ ബാലപ്രിയൻ, സുകൃതമുള്ള സ്ത്രീ എന്നീ രണ്ടു ചെറുകഥകൾകൂടി അദ്ദേഹം രചിച്ചിട്ടുള്ളതായി അറിയാം. തന്നോടു സഹരിക്കാത്ത തന്റെ പത്നിയെപ്പറ്റി പശ്ചാത്താപം നിമിത്തം മനസ്സു നീറി എഴുതിയ കഥയാണ് സുകൃതമുള്ള സ്ത്രീ.

## ശലോമോന്റെ സുഭാഷിതങ്ങൾ

സാമാന്യം നല്ല ഒരു ഗദ്യപുസ്തകമാണ് ഉമ്മൻ 1053-ൽ പ്രസാധനം ചെയ്ത സുഭാഷിതങ്ങൾ. അതിന്റെ മുഖവുരയിൽ ഗ്രന്ഥകാരൻ ഇങ്ങനെ പറയുന്നു: "ഈ പുസ്തകം വായനക്കാർക്ക് ഒരു മുഖക്കണ്ണാടിപോലാകുന്നു. കണ്ണാടിയിൽ നോക്കി മുഖത്തുള്ള കുറ്റങ്ങൾ അറിയുന്നപ്രകാരം ഹൃദയത്തിലുള്ള കുറ്റങ്ങൾ അറിവാൻ ആഗ്രഹിക്കുന്നവർ ഇതിനെ ക്ഷമയോടു വായിക്കട്ടെ. വെള്ളത്തിൽ നോക്കി മുഖം കാണണമെങ്കിൽ വെള്ളം കലങ്ങാതെയിരിക്കണം. അപ്രകാരം ഈ പുസ്തകത്തിൽ പ്രയോജനം വരണമെങ്കിൽ അതിരാവിലെ ഒരു രഹസ്യസ്ഥലത്തുവെച്ച് മനസ്സിന് യാതൊരു കലക്കവും വരാത്തവിധത്തിൽ ഭക്തിയോടും ധൃതികൂടാതെയും ഒത്തു വാക്യങ്ങൾ വിട്ടുകളയാതെവായിക്കണം. ഹൃദയം വഞ്ചനയുള്ളതാകയാൽ സ്വന്തം കുറ്റം അറിവാൻ ആർക്കും മനസ്സില്ല. അത്രയുമല്ല അതിനെ അറിവാൻ അഹംഭാവം സമ്മതിക്കയുമില്ല. ഇതിനെ വായിക്കുന്നവർക്കു വേണ്ടിയ വിശേഷലക്ഷണം വിനയമാകുന്നു. ദൈവശിക്ഷയാൽ ഹൃദയം താഴാത്തവന്ന് ഈ പുസ്തകത്തിൽനിന്നു പ്രയോജനം വരുവാൻ പ്രയാസമെന്നു ഞാൻ ദുഃഖത്തോടു് അറിയിക്കുന്നു." ഈ ഖണ്ഡികയിൽനിന്നുതന്നെ ആർച്ച്ഡീക്കന്റെ ഗദ്യരചനയുടെ സ്വരൂപം വായനക്കാർക്ക് ഏറെക്കുറെ മനസ്സിലാക്കാവുന്നതാണല്ലോ.

# 45
# പതിനൊന്നാം ശതകം, പൂർവ്വാർദ്ധം (തുടർച്ച)

## ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ (999–1062)

### മഹാകവിത്വം

കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ 1026-ൽ മരിച്ച അവസരത്തിൽ കേരളത്തിലെ മഹാകവി മൂർദ്ധന്യസ്ഥാനത്തിന് അർഹനായിത്തീർന്നതു് ഇലത്തൂർ രാമസ്വാമിശാസ്ത്രികളാകുന്നു. 1036ഠംമാണ്ടോടുകൂടി കേരളവർമ്മ വലിയ കോയിത്തമ്പുരാനും തത്തുല്യമായ ഒരു പദവിക്ക് അവകാശിയായിത്തീർന്നു. ശാസ്ത്രികൾക്കും വലിയ കോയിത്തമ്പുരാനും തമ്മിൽ സാഹിത്യവിഷയത്തിൽ ഗുരുസിഷ്യബന്ധമാണുണ്ടായിരുന്നതു്. വിശാഖവിജയമഹാകാവ്യത്തിൽ അവിടുന്നു ശാസ്ത്രികളെ "സ്വസ്യ സാഹിത്യദേശികം" എന്നു ഭക്തി പുരസ്സരം സ്മരിച്ചിട്ടുണ്ടു്. ആ മൂന്നു മഹാശയന്മാരേയും കവികളെന്ന നിലയിൽ ഏകദേശം സമസ്കന്ധന്മാരായി പരിഗണിക്കാം.

### ജനനവും വിദ്യാഭ്യാസം

രാമസ്വാമി ശാസ്ത്രികൾ 999-ാംമാണ്ടു തുലാമാസം 24-ാംനു പൂരാടം നക്ഷത്രത്തിൽ തിരുവിതാംകൂർ ചെങ്കോട്ടത്താലൂക്കിലുൾപ്പെട്ട ഇലത്തൂർ ദേശത്തിൽ പടിഞ്ഞാറേ അഗ്രഹാരത്തിൽ ജനിച്ചു. പിതാവു് ആണ്ടിശാസ്ത്രികൾ എന്ന പേരിൽ പ്രസിദ്ധനായ ശങ്കര നാരായണശാസ്ത്രികളായിരുന്നു. ഹരിതഗോത്രക്കാരാണ് ആ കുടുംബക്കാർ. രാമസ്വാമി അതിബാല്യത്തിൽത്തന്നെ സമീപവാസിയായ കൃഷ്ണാപുരം ലക്ഷ്മീനാരായണശാസ്ത്രികളോടു ചില കാവ്യനാടകഗ്രന്ഥങ്ങൾ പഠിച്ചതിനുമേൽ ഉപരിവിദ്യാഭ്യാസത്തിനു പന്തളത്തേയ്ക്കു പോയി. ഇലത്തൂർദേശം 996 വരെ പന്തളം രാജകുടുംബത്തിന്റെ അധീനത്തിലായിരുന്നതിനാൽ ആ ബാലനെ പഠിപ്പിക്കുന്നതിന് അവിടുത്തെ തമ്പുരാക്കന്മാർക്കു പ്രത്യേകം ഔത്സുക്യം ഉണ്ടായിരുന്നു. പന്തളത്തു കോയിക്കൽ ചെന്നപ്പോൾ നമ്മുടെ ബാലനു മാങ്ങാക്കറിയും നെയ്യും കൂട്ടി ഊണു കഴിക്കുവാൻ ഇടവരികയും അതു കഴിഞ്ഞപ്പോൾ അതു സാമ്രാജ്യഭുക്തിയാണെന്നു പ്രശംസിച്ച ആ കുട്ടിയുടെ ധിഷണാബലം കണ്ടു തമ്പുരാക്കന്മാർ അത്ഭുതപ്പെടുകയും ചെയ്തു. "ശുഭ്രാങ്ഗൗ കവി ഗീഷ്പതീ" എന്ന ശ്ലോകത്തിന്റെ

പ്രണേതാവായ അവിടത്തെ നീരാഴിക്കോട്ട കൊട്ടാരത്തിൽ കേരളവർമ്മത്തമ്പുരാനെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

അദ്ദേഹത്തോടു രാമസ്വാമി വ്യാകരണവും തർക്കവും അഭ്യസിച്ചു. പിന്നീടു മൂകാംബിക്കു പോയി. അവിടത്തെ കവിതാകാമ ധേനുവായ ദേവിയെ കുറേക്കാലം ഉപാസിക്കുകയും, തദനന്തരം കാശി കുംഭകോണം മുതലായ പുണ്യക്ഷേത്രങ്ങൾ സന്ദർശിച്ചു തദ്ദേശിയന്മാരായ വിദ്വാന്മാരുമായി ശാസ്ത്രവാദം നടത്തുകയും, വേദാന്തശാസ്ത്രവും മന്ത്രശാസ്ത്രവും കൂടി പഠിക്കുകയും ചെയ്തു. 1024-ാംമാണ്ടിടയ്ക്കു തിരുവനന്തപുരത്തേയ്ക്കു പോന്നു് ഉത്രം തിരുനാൾ മഹാരാജാവിന്റെ ആസ്ഥാനപണ്ഡിതന്മാരിൽ അന്യതമനായി. പന്തളത്തെ ഗോദവർമ്മത്തമ്പുരാൻ കുറേക്കാലം പാർവ്വതീറാണിക്കു ഗുരുവായിരുന്നതുകൊണ്ടും മറ്റും ആ രാജകുടുംബത്തെക്കുറിച്ചു് ഉത്രംതിരുനാൾക്കു വലിയ മതിപ്പുണ്ടായിരുന്നു. അതും ശാസ്ത്രികളുടെ സഭാപ്രവേശത്തിനു സഹായമായിപ്പരിണമിച്ചു. തിരുവനന്തപുരത്തു് അക്കാലത്തു സകലശാസ്ത്രങ്ങളിലും പാരങ്ഗതത്വം നേടിയ പണ്ഡിതന്മാരുണ്ടായിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അവരുമായുള്ള നിരന്തരസഹവാസംനിമിത്തം ശാസ്ത്രികൾക്കു തന്റെ വിവിധ ശാസ്ത്രങ്ങളിലുള്ള വൈദൂഷ്യം വീണ്ടും വികസിപ്പിക്കുന്നതിനുള്ള സൗകര്യം ലഭിച്ചു. എങ്കിലും വ്യാകരണവും സാഹിത്യവുമാണ് അദ്ദേഹത്തെ അത്യധികമായി ആകർഷിച്ചതു്. ഗ്രന്ഥനിർമ്മാണത്തിലും അദ്ദേഹം നിരന്തരം വ്യാപൃതനായിരുന്നു. ഇലത്തൂർ ഗ്രാമത്തിനു് ഉദ്ദേശം പതിനഞ്ചു മൈൽ വടക്കുള്ള ശങ്കരനൈനാർകോവിൽ എന്ന മഹാക്ഷേത്രത്തിലെ ഗോമത്യംബ (പാർവ്വതീദേവി) ആയിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടദേവത. തന്നിമിത്തം ശാസ്ത്രികളുടെ നിബന്ധങ്ങളിൽ പ്രായേണ “ഗോമതീദാസൻ” എന്ന മുദ്ര കാണാവുന്നതാണ്.

## നാലു മഹാരാജാക്കന്മാരുടെ സുഹൃത്തു്

ഉത്രംതിരുനാൾ, ആയില്യംതിരുനാൾ, വിശാഖംതിരുനാൾ, ശ്രീമൂലംതിരുനാൾ എന്നീ നാലു മഹാരാജാക്കന്മാരുടെ പ്രിയസുഹൃത്തായി കഴിഞ്ഞു കൂടുന്നതിനുള്ള ഭാഗ്യം ശാസ്ത്രികൾക്കു സിദ്ധിച്ചു. അവരുടെ വാഴ്ചക്കാലങ്ങളിൽ എഴുതീട്ടുള്ള പല കൃതികളിലും അദ്ദേഹം അവരുടെ പേർകൂടി ഘടിപ്പിച്ചുകാണുന്നു. എങ്കിലും അദ്ദേഹത്തിന്റെ പ്രധാനമായ സാഹിത്യവ്യവസായം ആയില്യം തിരുമേനിയുടെ കാലത്തുതന്നെയായിരുന്നു എന്നു പറയാം. അന്നാണല്ലോ അതിനു കായികവും മാനസികവുമായ ശക്തിയും അധികം ഉണ്ടായിരിക്കാവുന്നതു്. ഗോമതീദേവിയുടെ അനുഗ്രഹം നിമിത്തം ശാസ്ത്രികൾക്ക് അമാനുഷങ്ങളായ ചില സിദ്ധിവിശേഷങ്ങൾ സ്വായത്തങ്ങളായിരുന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ഒരിക്കൽ ആയില്യംതിരുനാൾ മഹാരാജാവു സൗവർണ്ണവും പഞ്ചമുഖവുമായ ഒരു ഹനുമദ്വിഗ്രഹം കൈയിൽ മറച്ചുവച്ചുകൊണ്ടു് അതു് എന്തെന്നു കണ്ടുപിടിച്ചു പെട്ടെന്നു് ഒരു ശ്ലോകമുണ്ടാക്കിച്ചൊല്ലണമെന്നു് അന്നത്തെ സഭാസദസ്യന്മാരോടു് ആജ്ഞാപിച്ചു. ശാസ്ത്രികൾ ഉടനടി താഴെക്കാണുന്ന ശ്ലോകം ചൊല്ലി.

> “ശ്രീമാൻ ശ്രീരാമദാസോ ജയന്തി വസുമതീ–
>    താതതാതാര്യജാതഃ
> ശ്രീരക്ഷോനാഥപക്ഷക്ഷിതിധരകുലിശ–
>    പ്രായദംഷ്ട്രാകരാളഃ
> ശ്രീദഃ ശ്രീരാമസേവാസമരസമനസാം
>    ശ്രീധരോദാരബാഹഃ

ശ്രീദാശാദ്രീശചാപപ്രതിഭടതനുമാൻ
പഞ്ചവക്ത്രോ ഹനുമാൻ.”

അവിടുത്തേയ്ക്കും വിശാഖംതിരുമേനിക്കും മറ്റും നിരന്തരം വന്നു കൊണ്ടിരുന്ന ഗദ്യപദ്യമയങ്ങളായ സംസ്കൃതപത്രികകൾക്കുപ്രത്യുത്തരം തയ്യാറാക്കുന്നതും അദ്ദേഹത്തിന്റെ കൃത്യങ്ങളിൽ ഒന്നായിരുന്നു. ആയില്യംതിരുമേനിയോട് ഒരിക്കൽ അകുതോഭയനായി അവിനീതമായ ഒരു പ്രശ്നത്തിനു മറുപടിപറയുക നിമിത്തം അവിടത്തെ അപ്രീതിക്കു പാത്രീഭവിച്ചപ്പോൾ “വിസ്തീർണ്ണാ പൃഥിവീ, ജനാശ്ച ബഹവഃ കിം കിം ന സംഭാവ്യതേ” എന്നു പറഞ്ഞുകൊണ്ടു രാജധാനി വിട്ടു വീണ്ടും ഒരു വിദേശപര്യടനത്തിൽ ഏർപ്പെട്ടുകയും കാശിയിലെ ബാലശാസ്ത്രി, കല്ക്കത്തയിലെ താരാനാഥതർക്കവാചസ്പതി മുതലായ പണ്ഡിതപ്രവേകന്മാരുടെ സ്നേഹബഹുമാനങ്ങൾ സമ്പാദിക്കുകയും ചെയ്തു. താൻ അനന്തശയനത്തുകാരനായ ഒരു ദേശസഞ്ചാരിയാണെന്നു നമ്മുടെ കഥാനായകൻ ബാലശാസ്ത്രികളോടു പറഞ്ഞ അവസരത്തിൽ ശ്രീകൃഷ്ണവിലാസത്തിനു വ്യാഖ്യാനമെഴുതിയ രാമസ്വാമിശാസ്ത്രികളെ അറിയുമോ എന്ന് അദ്ദേഹം ചോദിച്ചതിന് അതു താൻതന്നെയാണെന്നു നിവേദനം ചെയ്കയും അതു കേട്ടു വിസ്മയസ്തിമിതനായ ആ ശ്രേധാവൃദ്ധൻ അദ്ദേഹത്തെ ആലിങ്ഗനംചെയ്ത് ആശീർവ്വചനങ്ങൾ വർഷിക്കുകയും ചെയ്തുവത്രേ. ഏതാനും മാസത്തേയ്ക്കുമാത്രമേ ആ വിരഹം നീണ്ടുനിന്നുള്ളു. അതിനിടയിൽ അദ്ദേഹത്തിന്റെ സാന്നിധ്യം അപരിഹാര്യമായിത്തീരുകയാൽ മഹാരാജാവു തന്നെ അദ്ദേഹത്തെ ആളയച്ചു തിരിയെ വരുത്തി വീണ്ടും തന്റെ സദസ്സിലെ പണ്ഡിതസാർവ്വഭൗമനായി അവരോധിച്ചു. ശാസ്ത്രികൾ പ്രകൃത്യാ വിരക്തനായിരുന്നു; ഐഹികങ്ങളായ അഭ്യുദയങ്ങൾ യാതൊന്നിലും അദ്ദേഹത്തിന് അഭിസന്ധിയുണ്ടായിരുന്നില്ല. ഒരിക്കൽ തിരുവനന്തപുരം സദർ(ഹൈ)ക്കോടതിയിലെ പണ്ഡിതസ്ഥാനത്തിൽ ആരോഹണം ചെയ്യുവാൻ ആയില്യംതിരുമേനി ക്ഷണിച്ചു. എങ്കിലും തന്റെ ദേവ്യുപാസനയ്ക്കു പ്രതിബന്ധമായിത്തീരുമെന്നു തോന്നിയതിനാൽ ശാസ്ത്രികൾ ആ ക്ഷണം സ്വീകരിച്ചില്ല. ഗോമത്യംബയെ മന്ത്രശാസ്ത്രപ്രോക്തമായ ശക്തിരൂപത്തിൽ ആരാധിക്കുക, ഛാത്രന്മാരെ ശാസ്ത്രങ്ങൾ അഭ്യസിപ്പിക്കുക, സുഹൃത്തുക്കളായ പണ്ഡിതന്മാരുമായി വാക്യാർത്ഥവിചാരം ചെയ്യുക. വിവിധവിഷയങ്ങളെ അധികരിച്ചു ഗ്രന്ഥങ്ങൾ നിർമ്മിക്കുക ഇവ മാത്രമാണ് അദ്ദേഹത്തിന്റെ നിയമേനയുള്ള കൃത്യപരിപാടിയിൽ പെട്ടിരുന്നത്. ഗണിതശാസ്ത്രത്തിലും ശാസ്ത്രികൾ കാലാന്തരത്തിൽ വിസ്മയനീയമായ പാണ്ഡിത്യം സമ്പാദിച്ചു. കൂടെക്കൂടെ ഇലത്തൂർഗ്രാമത്തിൽ പോയി കുറേ ദിവസം താമസിക്കുകയും താൻ നവീകരണം ചെയ്ത ഗ്രാമവാപിയുടെ തീരത്തിൽ തന്റെ ചലവിൽ ഒരാലിന്റെ ചുവട്ടിൽ പ്രതിഷ്ഠിച്ച ഗണപതിയെ (അശ്വത്ഥഗണനാഥൻ) സേവിക്കുകയും ചെയ്തിരുന്നു. 1062 കർക്കടകമാസം 31-ാംനു ആ ആശ്ചര്യവിദ്യാനിധി തിരുവനന്തപുരത്തുള്ള സ്വഗൃഹത്തിൽവച്ചു യശശ്ശരീരനായി ശിവസായൂജ്യം പ്രാപിച്ചു.

## ശിഷ്യന്മാർ

ശാസ്ത്രികൾക്കു തിരുവനന്തപുരത്ത് ഒട്ടു വളരെ ശിഷ്യന്മാരുണ്ടായിരുന്നു. അവരിൽ പ്രഥമഗണനീയൻ കേരളവർമ്മ വലിയകോയിത്തമ്പുരാണെന്നു പറയേണ്ടതില്ലല്ലോ. കവികർമ്മത്തിനു പുറമേ അവിടുന്നു വേദാന്തവും മന്ത്ര ശാസ്ത്രവും ആ മഹാനോട്ട് അഭ്യസിച്ചു. മന്ത്രശാസ്ത്രത്തിൽ അവിടുത്തെ ജ്യേഷ്ഠൻ അനന്തപ

രത്തു രാജരാജവർമ്മ മൂത്തകോയിത്തമ്പുരാനും അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. ഗുരുനാഥന്റെ മരണത്തിൽ പരിതപ്തനായ വലിയകോയിത്തമ്പുരാൻ ജ്യേഷ്ഠന്

> "ശ്രീശങ്കരോപമാനാഃ ശ്രീമദനാനന്ദനാഥഗുരുചരണാഃ
> ശ്രീമോദിനീസനാഥാഃ ശ്രീപുരമേവാപുരദ്യ പൂർവ്വാഹ്ണേ"

എന്ന ശ്ലോകം അയച്ചുകൊടുത്തു. മദനാനന്ദൻ എന്നതു് ആ ആചാര്യന്റെ സമ്പ്രദായ സിദ്ധമായ നാമധേയമാകുന്നു. അടുത്ത പടിയിൽ ഗണിക്കേണ്ട ഒരു ശിഷ്യനാണു് അന്നത്തെ ഒരു നല്ല ഭാഷാകവിയായ ആറ്റുകാൽ ശങ്കരപ്പിള്ള. അദ്ദേഹത്തെപ്പറ്റി മേൽ പ്രസ്താവിക്കും. ശങ്കരപ്പിള്ള ശാസ്ത്രികളെ ദേവീഭാഗവതം കിളിപ്പാട്ടിൽ താഴെ ക്കാണുന്ന വിധത്തിൽ സ്തോത്രം ചെയ്യുന്നു.

> "നരത്വവ്യാജേന വന്നവതാരത്തെ ചെയ്തൊ–
> രിലത്തൂർബ്രഹ്മജ്യോതിസ്സൊന്നിഹ വിളങ്ങുന്നു.
> യാതൊന്നിൻ ഗുണശ്രേണി ചൊല്ലുവാനാർക്കും പണി;
> യാതൊന്നിൻ കീർത്തിവല്ലി നിർജ്ജിതാശേഷമല്ലി;
> യാതൊന്നിൻ കൃപാഝരി പൂയൂഷപ്രഭാകരി;
> യാതൊന്നിൻ തത്വബോധം പാർക്കിലോ ഭൃത്യഗാധം;
> യാതൊന്നിൻ ധ്യാനരൂപം ചിൽകലാസൂക്ഷ്മദീപം;
> യാതൊന്നിൻ നിത്യകൃത്യം യോഗികൾക്കതിസ്തുത്യം;
> യാതൊന്നിൻ കാവ്യബന്ധം ഗണനേ സദാനന്ദം;
> യാതൊന്നിൻ കൃപാശീലം ചൊല്ലുവാനഹം നാലം;
> യാതൊന്നിൻ തിരുനാമം രാമശർമ്മാഭിരാമം;
> യാതൊന്നിൻ സുകിങ്കരൻ പാർക്കിലിന്നിശ്ശങ്കരൻ."

## കൃതികൾ

ശങ്കരപ്പിള്ള "യാതിന്നിൻ കാവ്യബന്ധം ഗണനേ സദാനന്ദം" എന്നു ഗാനം ചെയ്തിട്ടുള്ളതു പരമാർത്ഥമാണു്. അത്ര വളരെ ഗ്രന്ഥങ്ങൾ ശാസ്ത്രികൾ രചിക്കുകയുണ്ടായി. കവിയശസ്സിൽ കാംക്ഷയില്ലാതിരുന്നതുകൊണ്ടു് ആ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ സദ്വൃത്ത രത്നാവലിയും ശ്രീരാമസ്തുതിരത്നവും എന്ന കൃതിയൊഴിച്ചു മറ്റു് അധികമൊന്നും പ്രസിദ്ധീകൃതമായില്ല. മരണാനന്തരം അനേകം വാങ്മയങ്ങൾ നശിച്ചുപോയിട്ടുണ്ടു്.മലയാളത്തിൽ (1) ജലന്ധരാസുരവധം ആട്ടക്കഥയും, (2) വിജ്ഞപ്തികഥ എന്നൊരു ചെറിയ ഗദ്യകൃതിയും മാത്രമേ അദ്ദേഹം രചിച്ചിട്ടുള്ളു. വിജ്ഞാപ്തികഥ പ്രജകൾ അനുഭവിച്ചുവന്ന ചില സങ്കടങ്ങളെപ്പറ്റി വിശാഖം മഹാരാജാവിനു സമർപ്പിച്ച ഒരു നിവേദനമാണു്. 1056-ൽ പ്രസിദ്ധപ്പെടുത്തിയ വീരമാർത്താണ്ഡവർമ്മചരിതം ആട്ടക്കഥയിലെ ആദ്യത്തെ മൂന്നു ശ്ലോകങ്ങളും അദ്ദേഹത്തിന്റെ വകതന്നെ. (3) ഗണമക്രിയാക്രമം എന്നൊരു മണിപ്രവാളകൃതിയുണ്ടെന്നു പറഞ്ഞുകേട്ടിട്ടേയുള്ളൂ. സംസ്കൃതത്തിൽ അദ്ദേഹത്തിന്റെ കൃതികളെ കാവ്യഗ്രന്ഥങ്ങൾ, ശാസ്ത്രഗ്രന്ഥങ്ങൾ, സ്തോത്ര ഗ്രന്ഥങ്ങൾ, വ്യാഖ്യാനങ്ങൾ എന്നിങ്ങനെ നാലു വകുപ്പുകളായി പിരിക്കാം. കാവ്യഗ്രന്ഥങ്ങളിൽ (1) സുത്രുപരാഘവം മഹാകാവ്യം, (2) കീർത്തിവിലാസചമ്പു, (3) ഗാന്ധാരചരിതം, (4) പാർവതിപരിണയം, (5) അംബരീഷചരിതം, (6) തുലാഭാരപ്രബന്ധം, (7) അന്യാപദേശ ദ്വാസപ്തതി, (8) ഗൗണസമാഗമം, (9) കാശിയാത്രാനുവർണ്ണനം എന്നി

ഒൻപതു ഖണ്ഡകാവ്യങ്ങൾ (10) കൈവല്യവല്ലീപരിണയം നാടകം തുടങ്ങിയ വാങ്മയങ്ങൾ ഉൾപ്പെടുന്നു. കൈവല്യവല്ലീപരിണയത്തിൽ കുറേ ഭാഗം ഞാൻ വായിച്ചിട്ടുണ്ട്. ഇപ്പോൾ അതു് ഒരിടത്തും കാണാനില്ല. ഇവയ്ക്കും പുറമേ (11) തിരുമാസപ്രബന്ധം, (12) ശ്രീധർമ്മസംവർദ്ധനീമാഹാത്മ്യം (അഥവാ ഇലത്തൂർ സ്ഥലപുരാണം), (13) പന്തളപുരീമാഹാത്മ്യം, (14) ശാകുന്തളം ചമ്പു എന്നീ കൃതികൾകൂടി ശാസ്ത്രികൾ രചിച്ചതായി കേട്ടിട്ടുണ്ട്. ഇവ കണ്ടുകിട്ടീട്ടില്ല. അദ്ദേഹത്തിന്റെ ശാസ്ത്രഗ്രന്ഥങ്ങൾ (15) സദ്വൃത്തരത്നാവലി, (16) രാമോദയം, (17) ക്ഷേത്രതത്ത്വദീപിക ഇങ്ങിനെ മൂന്നുണ്ട്. ശ്രീരാമസ്തുതിരത്നം സദ്വൃത്തരത്നാവലിയുടെ ഒരനുബന്ധം തന്നെ. സ്തോത്രഗ്രന്ഥങ്ങൾക്കു സംഖ്യയില്ല. അവയിൽ (18) ദേവ്യഷ്ടപ്രാസശതകം, (19) ശിവാഷ്ടപ്രാസശതകം, (20) വിഷ്ണ്വഷ്ടപ്രാസശതകം, (21) ദേവീവർണ്ണമുവലി, (22), (23) രണ്ടു് ആര്യാശതകങ്ങൾ, (24) ശ്രീകൃഷ്ണദണ്ഡകം, (25) ത്രിപുരസുന്ദരീകേശാദിപാദസ്തവം, (26) ശ്രീരാമാശ്രയസ്തോത്രം, (27) മധുസൂദനാഷ്ടകം, (28) ഹനുമദഷ്ടകം, (29) കലിനാശന സ്തോത്രം. (30) പുണ്ഡരീകപുരേശസ്തോത്രം, (31) ശ്രീകണ്ഠേശ്വരസ്തോത്രചിന്താമണി, (32) ധർമ്മസംവർദ്ധനീസ്തോത്രം, (33) ശ്രീലളിതാപ്രാതഃസ്മരണസ്തോത്രം, (34) അശ്വത്ഥഗണ നാഥാഷ്ടകം എന്നിങ്ങനെ ചിലതെല്ലാം ഞാൻ വായിച്ചിട്ടുണ്ട്. ദേവീവർണ്ണമുക്താവലിയിൽ അ മുതൽ ക്ഷ വരെയുള്ള അക്ഷരങ്ങളെക്കൊണ്ടു യഥാക്രമം ആരംഭിക്കുന്ന അൻപത്തൊന്നു ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നു. ആര്യാശതകദ്വയം ഗോമതീസ്തുതിപരമാണ്. ആദ്യത്തെ ശതകത്തിൽ നൂറ്റെട്ടു ശ്ലോകങ്ങൾ ഉള്ളതുകൊണ്ടു് അതിനെ ആര്യാഷ്ടോത്തരശതകമെന്നും പറയും. ശ്രീത്രിപുരസുന്ദരീകേശാദിപാദവും ശ്രീരാമാശ്രയസ്തോത്രവും ഗോപികാഗീതിയുടെ മട്ടിൽ രചിച്ചിട്ടുള്ളതാണ്. കലിനാ ശനസ്തോത്രത്തിൽ കവി നളമഹാരാജാവിനേയും, പുണ്ഡരീക പുരേശസ്തോത്രത്തിൽ വൈക്കത്തപ്പനേയും, ശ്രീകണ്ഠേശ്വര സ്തോത്രചിന്താമണിയിൽ ശ്രീകണ്ഠേശ്വരത്തു ശിവനേയും, ധർമ്മസംവർദ്ധനീസ്തോത്രത്തിൽ ഇലത്തൂർ ദേവിയേയും. അശ്വത്ഥഗണനാഥാഷ്ടകത്തിൽ താൻ ഇലത്തൂരിൽ പ്രതിഷ്ഠിപ്പിച്ച ഗണപതിയേയും സ്തുതിക്കുന്നു. ശാസ്ത്രികളുടെ ദേവീസ്തോത്രങ്ങളിൽ ചിലതിനു സൗന്ദര്യലഹരിപോലെ മന്ത്രശാസ്ത്രസിദ്ധമായ മാഹാത്മ്യവുമുണ്ട്. ശ്രീകൃഷ്ണദണ്ഡകം രാസക്രീഡാവർണ്ണനാത്മകമായ ഒരു ലഘുകൃതിയാകുന്നു. സ്വകീയഗ്രന്ഥങ്ങൾക്കുള്ള ടീകകൾ കൂടാതെ ശ്രീകൃഷ്ണവിലാസം മാത്രമേ വ്യാഖ്യാനിച്ചതായി അറിവുള്ളു. ആ വ്യാഖ്യാനത്തിനു മഞ്ജുഭാഷിണി എന്നാണ് പേർ. ഇങ്ങനെ മുപ്പതിൽച്ചില്വാനം കൃതികൾ അദ്ദേഹം നിർമ്മിച്ചതായി തെളിയുന്നു; അവയിൽ ചിലതിനെപ്പറ്റി മാത്രം അല്പം പ്രസ്താവിക്കാം.

## സുരൂപരാഘവം മഹാകാവ്യം

സുരൂപരാഘവത്തിലെ ഇതിവൃത്തം രാമായണംതന്നെയാണ്. ഭട്ടികാവ്യത്തിന്റേയും മറ്റും രീതിയിൽ വ്യുൽപിത്സുകൾക്കു വ്യാകരണത്തിൽ പരിനിഷ്ഠിതമായ ജ്ഞാനം ലഭിക്കുന്നതിനുവേണ്ടിയാണ് കവി പ്രസ്തുത കാവ്യം നിർമ്മിച്ചിട്ടുള്ളതു്. ആകെ പതിനഞ്ചു സർഗ്ഗങ്ങൾക്കുമേലുണ്ടെന്നു് അഭിയുക്തന്മാർ പറഞ്ഞു കേട്ടിട്ടുണ്ടെങ്കിലും അഷ്ടമസർഗ്ഗത്തിൽ മുപ്പത്തിമൂന്നാമത്തെ ശ്ലോകംവരെയുള്ള ഭാഗമേ എനിക്കു വായിക്കുവാൻ ഇടവന്നിട്ടുള്ളൂ. ശാസ്ത്രകാവ്യമാകയാൽ ഗ്രന്ഥകാരൻതന്നെ വിസ്തരിച്ച് ഒരു വ്യാഖ്യാനവും എഴുതിച്ചേർത്തിട്ടുണ്ട്. വ്യാകരണസൂത്രോദാഹരണങ്ങൾക്കു പുറമെ യഥോചിതം ഹൃദ്യങ്ങളായ അലങ്കാരങ്ങളും സന്നിവേശിപ്പിച്ചിട്ടുള്ള ഈ കാവ്യം പണ്ഡിതന്മാർക്കെന്നപോലെ ഭാവുകന്മാർക്കും ആനന്ദപ്രദമാകുന്നു. ശാസ്ത്രിക

ളുടെ പാണിനീയമർമ്മജ്ഞതയ്ക്കും, അലങ്കാരപ്രയോഗചാതുര്യത്തിനും, ദേശാഭിമാനവിജൃംഭണത്തിനും, ഫലിതരസികതയ്ക്കും ഉദാഹരണമായി ഓരോ ശ്ലോകം ഉദാഹരിക്കാം.

1. സ്ത്രീപ്രത്യയം-ദശരഥന്റെ പൂജാഗൃഹം:

“യത്ര പ്രവേണീഷു സുലോഹിനീഷു
മൃദ്വീഷു കാളീഷു ച ലാക്ഷികീഷു
ഏനീഷു ശോണീഷു സുവർണ്ണലിപ്തീ–
ഷ്വധ്യാസനം തേ പരിതോ നിഷേദുഃ.”

2. അലങ്കാരം-അഹല്യാമോക്ഷം:

“സംസർഗ്ഗമാത്രേണ പരസ്യ പുംസഃ
പാഷാണഭൂയം രമണീമണീതാ
പാദാർന്നഷംഗേണ പരസ്യ പുംസോ
യോഷിന്മണീഭൂയമഗാൽ പുനസ്സാ.”

3. ദേശാഭിമാനം-അഭിഷേകസംഭാരം:

“പരിഹിതനവവസ്ത്രൈർമ്മൗലിഭാസ്വച്ഛിരസ്ത്രൈർ–
വൃതവിവിധതനുത്രൈഃ കാർത്തികീചന്ദ്രവക്ത്രൈഃ
ധൃതകനകവിഭൂഷൈർന്നാഗരൈർമ്മഞ്ജുവേഷൈ–
രജനി രജനിസീമാ കേരളശ്രാവണീവ.”

4. ഫലിതം-മന്ഥരയും അവളുടെ സഖി കാരീഷഗന്ധിയും തമ്മിലുള്ള സംവാദം:

സഖി–

“ഹേ! വക്രേ കുടിലേ ജഹാഹി ധിഷണാം
  രാമാ മയാ നോച്യതേ
ഭൂയോ വച്മ്യഭിഷേക്ഷ്യതി ക്ഷിതിപതി–
  സ്തം കൗശലേയം പ്രിയം.”

മന്ഥര–

“കാ വാ സാ കുശലാ യദീയതനയം രാജ്യേഭിഷേക്ഷ്യത്യസൗ”

സഖി–

“നാഹം വച്മി തഥാതിവേല്ലിതമതേ! ത്വം സാവധാനാ ശൃണു
യോ വീരോ ജനകാത്മജാമുദവഹത്തസ്യാഭിർഷേകോധുനാ.”

മന്ഥര–

“കോ വീരോ ഭഗിനീം നിജാമുദവഹദ്യസ്യാ ന പത്യന്തരം.”

സഖി–

“കൈടില്യം കുടിലേ! വിമുഞ്ച സരളീഭ്രൂയ ത്വയാ ശ്രൂയതാം
മാഹേയീരമണസ്യ സർവസുഖസസ്യാദ്യാഭിഷേകോത്സവഃ.”

മന്ഥര–

“യം ഭ്രമീരമണോഭിഷേക്ഷ്യതി മുദാ കോ വാ വൃഷസ്താദ്യശോ?”

സഖി–

“മുഗ്ദ്ധേ! നാവസരസ്ത്വയാ പ്രലപിതും യാമ്യാളയോഗ്രേ ഗതാഃ.”

## കീർത്തിവിലാസചമ്പു

ഈ ചമ്പുവിന്റെ ഒരു ഉല്ലാസം മാത്രമേ കിട്ടീട്ടുള്ളൂ. 94 പദ്യങ്ങളും ഏതാനും ചില ഗദ്യങ്ങളും ഉൾക്കൊള്ളുന്ന പ്രസ്തുത കൃതിയിൽ കവി ഉത്രംതിരുനാൾ മഹാരാജാവിന്റെ വാഴ്ചക്കാലത്ത് ആയില്യംതിരുനാൾ ഇളയതമ്പുരാന്റെ അപദാനങ്ങളെ അനുകീർത്തനംചെയ്യുന്നു. 1033-ലാണ് ഇതിന്റെ നിർമ്മിതിയെന്നു പഴമക്കാർ പറയുന്നു. ഇതിലെ വസ്തുനിർദ്ദേശാത്മകമായ പദ്യമാണ് താഴെ ചേർക്കുന്നത്.

“ധർമ്മോ ദൃഷ്ടഃ ശ്രുതോ വാ സകൃദപി മനസാ
സംസ്തുതഃ കീർത്തിതോ വാ
നാകം ലോകം ത്രിലോകം നയതി നഹി മൃഷാ
തത്ര വേദാഃ പ്രമാണം
തസ്മാച്ഛ്രീരാമവർമ്മാഹ്വയയുവനൃപതേ–
ർദ്ധർമ്മവിശ്രാമഭൂമേഃ
കീർത്തിം വിശ്വൈകഹൃദ്യാം വിബുധജനമുദേ
വർണ്ണയേ വർണ്ണനീയം.”

ഒരു ശിവരാത്രിദിവസം ശ്രീപരമേശ്വരനെ യുവരാജാവു ഭക്തിപൂർവ്വം ഉപാസിക്കുന്നു. തനിക്കു ധർമ്മചിന്തയും പരമാത്മബോധവും ഉണ്ടാകണമെന്ന് അവിടുന്നു പ്രാർത്ഥിച്ചപ്പോൾ “വേദാന്തശ്രവണവിധിം വിധിത്സ്വ സദ്ഭിഃ” എന്ന ഭഗവാന്റെ അശരീരിവാക്യം കേൾക്കുന്നു. പിറ്റേ ദിവസം ആസ്ഥാനപണ്ഡിതന്മാരെ ആനയിച്ച് അവരുമായി പല സല്ലാപങ്ങളിലും ഏർപ്പെടുന്നു. ആ പണ്ഡിതന്മാരിൽ അനന്തരാമശാസ്ത്രികളെപ്പറ്റിയുള്ള കവിയുടെ തുലികാചരിത്രം ഞാൻ അന്യത്ര പ്രദർശിപ്പിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിനുപുറമേ അപ്പാദീക്ഷിതർ, പണ്ഡിതർ രാമസ്വാമിശാസ്ത്രി, വെങ്കടരാമ ശാസ്ത്രി, ശീനുഅയ്യങ്കാർ, അപ്പുഅയ്യങ്കാർ ഇവരേയും കവി വർണ്ണിക്കുന്നുണ്ട്. കവി തന്നെപ്പറ്റി എഴുതീട്ടുള്ള ശ്ലോകമാണ് ചുവടേ ചേർക്കുന്നത്.

“പാടീരദ്രവസിക്തചമ്പകലതാവാടീലസന്മാലതീ–
കോടീനിര്യദരീണമാധവഘനീശൗടീര്യഹൃന്മാധുരീം
ഘോടീനാമനുകുർവതീം സ്വവശയൻ ധാടീം ജവാൽ സാഹിതീം
കോടീരാതനഗോമതീചരണഭാഗാടീകതായം കവിഃ.”

രജസദസ്സിൽ വൈയാകരണൻ, താർക്കികൻ, മീമാംസകൻ, അദ്വൈതി മുതലായവർ അവരവരുടെ ശാസ്ത്രസിദ്ധാന്തങ്ങളെ പ്രതിപാദിക്കുന്നു. സന്ധ്യയോടുകൂടിയാണ് സമ്മേളനം സമാപിക്കുന്നത്. പ്രസ്തുത ചമ്പുവിലെ “പ്രതിദിവസമു

ജ്ജൃംഭ മാണമഹോത്സവാരംഭാശ്ചന്ദ്രമണ്ഡലകുശലാനുയോഗസംഭൃതസ മുദ്യോഗ സമുത്സേധസൗധനിരവഗ്രഹവിഹരമാണരമണീയരമണീശിരോമണീഗണാ” ഇത്യാദി കേരളദേശവർണ്ണനാത്മകമായ ഗദ്യം വിശേഷിച്ചും മോഹനമായിട്ടുണ്ട്.

## ഗാന്ധാരചരിതം തുടങ്ങിയുള്ള മൂന്നു ലഘുകാവ്യങ്ങൾ

ഹരികഥാകാലക്ഷേപത്തിന്റെ പ്രോത്സാഹനത്തിൽ സ്വാതിതിരുനാൾ മഹാരാജാവിനെന്നതുപോലെ ആയില്യം തിരുനാൾ മഹാരാജാവിനും കൗതുകമുണ്ടായിരുന്നു. അതിലേയ്ക്കു് അവിടുന്നും തഞ്ചാവൂരിൽനിന്നു ചില പുതിയ ഭാഗവതരന്മാരെ വരുത്തുകയുണ്ടായി. അവരുടെ ഉപയോഗത്തിനു മഹാരാഷ്ട്രശൈലിയനുസരിച്ചു പ്രായേണ ആര്യ, പഞ്ചചാമര മുതലായ സംഗീതഗന്ധികളായ വൃത്തങ്ങൾ പ്രയോഗിച്ചു രചിച്ചിട്ടുള്ള കൃതികളാണ് ഗാന്ധാരചരിതവും പാർവതീസ്വയംവരവും അംബരീഷചരിതവും. പാർവതീസ്വയംവരത്തിലെ ശ്ലോകങ്ങൾ യമകാലംകൃതങ്ങളാണെന്ന് ഒരു വിശേഷം കൂടിയുണ്ട്. ഗാനങ്ങൾ പ്രത്യേകമായി ഘടിപ്പിച്ചിട്ടില്ല. ഗാന്ധാരചരിതത്തിലെ ഇതിവൃത്തം ഇങ്ങനെ സംഗ്രഹിക്കാം. ഗാന്ധാരൻ എന്ന ഒരു ബ്രാഹ്മണൻ ഗോകർണ്ണത്തേയ്ക്കുപോയി ഒരു ശിവരാത്രിദിവസം ശ്രീപരമേശ്വരനെ പൂജിച്ചു. തദനന്തരം അയാൾ ഒരു ദാശസ്ത്രീയിൽ അനുരക്തനായിത്തീരുകയും അവളുമായി താൻ ചെയ്ത ഉടമ്പടിയനുസരിച്ച് എന്നും അവൾക്കു മാംസാഹാരം കൊണ്ടുചെന്നു കൊടുക്കയും ചെയ്തു വന്നു. അങ്ങിനെയിരിക്കേ ഒരിക്കൽ ഒരു മഹർഷിയുടെ ആശ്രമ മൃഗം വെള്ളം കുടിക്കാൻ ഒരു സരസ്സിൽ ഇറങ്ങി; അതിനെ ആ ബ്രാഹ്മണബ്രുവൻ അമ്പെയ്തുകൊന്നു. മഹർഷി അയാൾ ജ്വര തൃഷ്ണാർത്തനായി മരിക്കട്ടേ എന്നു ശപിച്ചു. ഗാന്ധാരൻ തിരിയെ ഗൃഹത്തിലേയ്ക്കു പോയതും ജ്വരാർത്തനായതും ഒന്നിച്ചു കഴിഞ്ഞു. ദാഹം അസഹ്യമാകയാൽ ഭാര്യയോടു കുറേ വെള്ളം കൊണ്ടുവരണമെന്നു താഴെ കാണുന്ന വിധത്തിൽ ഉച്ചരിച്ചു.

> “അയി ശശിവദനേ സുകേശി വാമേ
> ദ്ദശിവസുധോർവശിവാരി ദേഹി ശീഘ്രം”

തദ്വാരാ ‘ശിവ ശിവ’ എന്നു രണ്ടാവർത്തി അയാൾക്കു ശിവനാമം ഉച്ചരിക്കുവാൻ ഇടവന്നു. അതുനിമിത്തം ശിവന്റെ പാർഷദന്മാർ യമഭടന്മാരെ ആട്ടിയോടിക്കുകയും ആ മഹാപാപി പിന്നീടു വളരെക്കാലം ത്യക്തകൽമഷനായി ജീവിച്ച് ആയുരന്തത്തിൽ ശിവസായൂജ്യം പ്രാപിക്കുകയും ചെയ്തു. പാർവതീസ്വയം വരത്തിൽനിന്ന് ഒരു ശ്ലോകമാണ് താഴെ ഉദ്ധരിക്കുന്നത്. വൃദ്ധവേഷനായ ശിവൻ തപസ്സുചെയ്യുന്ന പാർവതിയോട് ഇങ്ങനെ പറയുന്നു:

> “അഗുണമപർണ്ണമഗോത്രം
> ഗുണിനി സുവർണ്ണേ സുഗോത്രവരജാതേ
> ഗിരിശം ലിപ്സസി കിമയേ
> ഗുണിനി സുവർണ്ണേ സുഗോത്രവരജാതേ.”

പാർവതീദേവിയുടെ ജനനംമുതൽ കുമാരസംഭവം വരെയുള്ള കഥ ഇതിൽ അടങ്ങിയിട്ടുണ്ട്. അംബരീഷചരിതത്തിൽ ഇരുപത്തിരണ്ടു ശ്ലോകങ്ങളേയുള്ളു.

## തുലാഭാരപ്രബന്ധം

ശാസ്ത്രികളുടെ കവനകലാകുശലതയ്ക്കു മൂർദ്ധാഭിഷിക്തോദാഹരണമായി പരില സിക്കുന്ന ഒരു കൃതിയാണ് തുലാഭാര പ്രബന്ധം. വിശാഖംതിരുനാൾ മഹാരാജാവ് 1060-ൽ നടത്തിയ തുലാപുരുഷദാനമാണ് വിഷയം. നൂറിലധികം ശ്ലോകങ്ങൾ ഈ കൃതിയിൽ അടങ്ങിയിട്ടുണ്ട്. ഒന്നാമത്തെ ശ്ലോകമാണ് അടിയിൽ ചേർക്കുന്നത്.

> "തേജസ്വീ മേദിനീഭൃദ്വിബുധപരിവൃഢ–
> സ്സർവരത്നാകരോസ്മീ–
> ത്യുത്സേ കാദ്വഞ്ചിഭൃഭൃൽകലതിലകവിശാ–
> ഖേന സാകം തുലായാം
> ആരൂഢഃ സ്വർണ്ണരത്നപ്രകാരമയവപു–
> ർന്നീചകൈർമ്മേരുരാസീൽ
> സാമ്യം വാഞ്ഛൻ മഹദ്ഭിഃ പ്രകടയതി ലഘു–
> ർന്നീചതാമേവ നൂനം."

ഒരു ശ്ലോകംകൂടി പകർത്തുന്നു.

> "ശ്രീമാൻ വിശാഖക്ഷിതിപാലമൗലേ!
> ത്വൽകീർത്തിമുക്താഫലജാലമാര്യാഃ
> ഹാരം വിധാതും ഭവതോ ഗുണാനാ–
> മന്തം വിചിന്വന്തി ന തം ലഭന്തേ."

ഇടയ്ക്കിടയ്ക്കു ചില ഫലിതശ്ലോകങ്ങളും ഘടിപ്പിച്ചിട്ടുണ്ട്.

> "അവൻ വരാനവൻ നിത്യമിവൻ നാരീമനോ ഹരൻ
> മലയാളംകൃതമഹീ പോത്തിമാരാരിവൻ സുഖം."

ആ ശ്ലോകം കേട്ടാൽ അവ്യുൽപന്നന്മാർ അതു ഭാഷയാണെന്നു സംശയിച്ചുപോകും. ഇതാ അതുപോലെ മറ്റൊരു ശ്ലോകം.

> "ആസേദിവാൻ ശ്രിയം രാജാ ബഹിഷ്കാരപരോ᳚സതാം
> ശിരസ്ഥദാരി തച്ഛ്രീകപർദ്ദഃ സർവാധികാരവാൻ."

ഇതിൽ കവി ദിവാൻ, പേഷ്കാർ, ശിരസ്തദാർ, സർവാധികാര്യക്കാർ എന്നീ ഉദ്യോഗസ്ഥന്മാരുടെ സ്മരണയെക്കൂടി അക്ലിഷ്ടമായി ഉത്ഥാപനം ചെയ്യിക്കുന്നു.

## അന്യാപദേശദ്വിസപ്തതി

പേരുകൊണ്ടുതന്നെ ഈ കൃതിയിൽ 72 ശ്ലോകങ്ങൾ അടങ്ങീട്ടുണ്ടെന്നു കാണാവു ന്നതാണല്ലോ. ഒരിക്കൽ ആയില്യംതിരുനാൾ മഹാരാജാവിന് ഒരു ശില്പി ദന്തം കൊണ്ടുണ്ടാക്കിയ ഒരു ത്രാസ് അടിയറവയ്ക്കുകയും ഉടൻ ആ ത്രാസിനെപ്പറ്റി ഒരു ശ്ലോകമുണ്ടാക്കി ചൊല്ലണമെന്ന് അവിടുന്ന് അടുത്തു നിന്നിരുന്ന ശാസ്ത്രികളോ ട് ആജ്ഞാപിക്കുകയും ചെയ്തു. ശാസ്ത്രികൾ ത്രാസോടൊപ്പം മഹാരാജാവിനേയും പരാമർശിച്ചുകൊണ്ട് അന്യോപദേശരൂപത്തിൽ താഴെക്കാണുന്ന ശ്ലോകം ഉച്ചരി ച്ചു.

> "ഉച്ചൈഃ പ്രാപയസേ പദം ലഘുതരാ–
> നർത്ഥാനധസ്താദ്ഗുരൂൻ

ജിഹ്വാം ലോലതമാം ബിഭർഷി കുടിലാ
വിസ്രംസിനസ്തേ ഗുണാഃ
അപ്യേവം ധട! താരതമ്യകലനാ–
ചാതുര്യധൗര്യേയതാ
ത്വയ്യാധീയത യേന സർവവിദസൗ
ധാതൈവ കിം ബ്രൂമഹേ?”

മഹാരാജവു ശ്ലോകം കേട്ടു കുപിതനായില്ല. പ്രത്യുത ആ രീതിയിൽ ഒരു കാവ്യം തന്നെ രചിക്കണമെന്നു കല്പിച്ചു. ഒരു ശ്ലോകംകൂടി മാതൃകയായി കാണിക്കാം.

ധനവാന്റെ മിത്രമായ ദരിദ്രന്റെ പിന്നാലെയും ധനാർത്ഥികൾ പാഞ്ഞുചെല്ലുന്നതു്:

“അസ്ഥീന്യേവ വിഭൂഷണാനി കരുതാം ധത്താം കപാലം കരേ
വസ്ത്രാം വാ ഗജചർമ്മ ലിമ്പതു ചിതാഭസ്മാനി വാ ഭിക്ഷതാം
ആസ്താം വാ പിതൃകാനനേ തദപി നോ ജാത്വർത്ഥിഭിർമ്മുച്യതേ
ശ്രീകണ്ഠോസ്യ സഖാ ധനേശ ഇതി യദ്വാർത്താ ജഗദ്വിശ്രുതാ.”

## ഗൗണസമാഗമം

ഇതു കൊല്ലം 1038-ാംമാണ്ടു തിരുവനന്തപുരം സന്ദർശിച്ച ലോഡ്നേപ്പിയർ എന്ന മദിരാശി ഗവർണ്ണരുടെ ആഗമനത്തേയും ആ അവസരത്തിൽ നടന്ന ആഘോഷങ്ങളേയും സരസമായി വർണ്ണിക്കുന്ന ഒരു കാവ്യമാണ്.

ഗൗണപദംകൊണ്ടാണ് കവി ഗവർണ്ണരെ വ്യപദേശിക്കുന്നതു്. മഹാരാജാവിനെ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിനു ഗൗണത്വം പോയി മുഖ്യത്വം വന്നുവത്രേ.

“ശ്രീവഞ്ചിക്ഷിതിപാകശാസനസഭാം യാതസ്യ ഗൗണപ്രഭോ–
സ്സൽകാരൈരഭിയാനസൂക്തികരദാനാഗ്രാസനോപക്രമൈഃ
മുഖ്യൈവ പ്രഭുതാ തദാ സമഭവദ്ഗൗണീ പുനർഗ്ഗൗണതാം
ഭൂപസ്യോപഗതസ്യ ഹേമഗുളികാം കാ നാമ ദുർവർണ്ണതാ?”

മഹാരാജാവു പ്രതിസന്ദർശനത്തിനു പോകുന്ന ഘട്ടം അത്യന്തം മനോമോഹനമായ ഒരു ഗാഥകൊണ്ടാണ് കവി നിർവ്വഹിച്ചിരിക്കുന്നതു്. അതിൽനിന്നു ചില വരികൾ മാത്രമേ എടുത്തു കാണിക്കുവാൻ തരമുള്ളൂ.

“രാജീവാദിവിതാനിതതോരണ
രാജീരാജിതരാജപഥേ
ജങ്ഗമഹേമഗിരാവിവ ശനകൈ–
രങ്ഗതി തുങ്ഗേ പുഷ്യരഥേ
നാളീകോദിതഭീഷണഘോഷണ
പാളീവിചലിത ശൈലകുലം
ചിത്രധ്വജപടരാജിസുവീജിത–
മിത്രരഥാശ്വശതാങ്ഗഗണം
സുന്ദരഘണ്ടാഘണഘണനിക്വണ
മന്ദരമന്ദഗദന്തികുലം
തുങ്ഗതുരങ്ഗഖുരോദ്ധൂതധൂളീ–
സങ്ഗപിശങ്ഗിതമേഘപഥം.”

എന്നിങ്ങനെ ആ ഗാഥ പുരോഗമിക്കുന്നു.

## കാശിയാത്രാനുവർണ്ണനം

വിശാഖംതിരുമേനി 1057-ൽ കാശിക്കെഴുന്നള്ളി തിരിച്ചുവരുന്നതുവരെയുള്ള സംഭവങ്ങളെ കവി ആര്യാവൃത്തത്തിൽ 120 ശ്ലോകങ്ങൾകൊണ്ടു് ഈ കാവ്യത്തിൽ വർണ്ണിക്കുന്നു.

## സദ്വൃത്തരത്നാവലി

സദ്വൃത്തരത്നാവലി സവ്യാഖ്യാനം ആയില്യംതിരുനാൾ മഹാരാജാവിന്റെ ആജ്ഞയനുസരിച്ചു ശാസ്ത്രികൾ രചിച്ചു. 1053-ൽ അതു തിരുവനന്തപുരം സർക്കാരച്ചുക്കൂടത്തിൽനിന്നു കേരളലിപിയിൽ പ്രസിദ്ധീകൃതമായി. ഛന്ദശ്ശാസ്ത്രത്തിൽ അത്ര ബൃഹത്തും വിശ്വതോമുഖവുമായ ഒരു ഗ്രന്ഥം സംസ്കൃതത്തിൽ വേറെയില്ല. അതിനെ ശാസ്ത്രികളുടെ വാങ്മയങ്ങളിൽ ഒന്നാമത്തേതായിത്തന്നെ പരിഗണിക്കാവുന്നതാണ്. ഡാക്ടർ ബർണ്ണൽ പ്രസ്തുതഗ്രന്ഥം വായിച്ചുനോക്കി ഒരു ആധുനികഭാരതീയനാണ് അതിന്റെ പ്രണേതാവെന്നു പറഞ്ഞാൽ ആരും വിശ്വസിക്കയില്ലെന്നുപോലും അഭിപ്രായപ്പെടുകയുണ്ടായി. ഉപക്രമത്തിൽ ആയില്യം തിരുമേനിയെ പ്രശംസിക്കുന്ന മൂന്നു ശ്ലോകങ്ങളുണ്ടു്. അവയിൽ ഒടുവിലത്തേതാണ് ചുവടേ കുറിക്കുന്നതു്.

> “ശുഷ്മാണപ്രതിപക്ഷകക്ഷദഹനേ ചക്രേണ ലോകാവനേ
> ശുല്ലേനാർത്ഥികനേഷു താപഹരണേ രാജാനപാദശ്രിതാം
> സൂത്രാമാണയശസ്സു ജീവവചനേ സ്വാത്മാനഭൃതേഷ്വിതി
> പ്രേഷ്ഠോ യോ ഭവതി ക്ഷിതൗ സ ജയതി ശ്രീരാജരാജോ
> മഹാൻ.”

വൃത്തരത്നാകരത്തോടു തനിക്കുള്ള കടപ്പാടു വലുതാണെന്നു ശാസ്ത്രികൾ സമ്മതിക്കുന്നുണ്ടു്.

> “ഭാനുതേജോമയരസലിങ്ഗാത്മാതിഗഭീരിമാ
> വൃത്തരത്നാകരോപാരോ രത്നാകര ഇവാപരഃ
> വൃത്തരത്നാകരോന്നീതൈർവ്വർണ്ണമാത്രാഗണാത്മകൈ:
> ഗ്രഥ്യതേ ഛാന്ദസൈർവൃത്തൈർവൃത്തരത്നാവലീ മയാ”

എന്നാണ് അദ്ദേഹം പറയുന്നതു്. ശ്രീരാമസ്തുതിരത്നം എന്ന് 162 ശ്ലോകങ്ങളിൽ ഒരു കൃതികൂടി അനുബന്ധരൂപത്തിൽ എഴുതിച്ചേർത്തു് അതിൽ ബൃഹത്യാദിച്ഛന്ദസ്സുകളിൽ അടങ്ങിയ അപ്രസിദ്ധങ്ങളും എന്നാൽ ഗ്രാഹ്യങ്ങളുമായ പല വൃത്തങ്ങളേയും ലക്ഷണസമേതം ഉദാഹരിച്ചിരിക്കുന്നു.

## രാമോദയം

ഇതു് ഒരു അലങ്കാരഗ്രന്ഥമാണ്. ചന്ദ്രാ ലോകത്തിന്റേയും മറ്റും രീതിയിൽ പൂർവ്വാർദ്ധം ലക്ഷണവും ഉത്തരാർദ്ധം ലക്ഷ്യവുമായി വസന്തതിലകവൃത്തത്തിലുള്ള ശ്ലോകങ്ങൾകൊണ്ടു് എല്ലാ അർത്ഥാലങ്കാരങ്ങളേയും ശാസ്ത്രികൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചുകാണുന്നു. ലക്ഷ്യവിഷയം രാമ സമനായ ആയില്യംതിരുനാൾ രാമവർമ്മമ

ഹാരാജാവുതന്നെ. ശ്ലോകങ്ങൾ ഏറ്റവും ലളിതങ്ങളാണ്. പ്രതിവസ്തൂപമയെപ്പറ്റിയുള്ള ശ്ലോകം നോക്കുക.

"സ്യാദ്വാക്യയോര്യ്ദ്വയോ: പൃഥഗേകധർമ്മോ
നിർദ്ദിശ്യതേ തദുപമാ പ്രതിവസ്തുപൂർവാ
ഓജോഭരേണ ഭുവി രാജതി രാമരാജ–
സ്തോജോഭരേണ ദിവി ദീവ്യതി രശ്മിമാലീ."

## ക്ഷേത്രത്വദീപിക

ഇതു് ഇംഗ്ലീഷിലെ 'ജോമെട്രി'യുടെ രീതിയനുസരിച്ച ശാസ്ത്രികൾ രചിച്ച ഒരു ക്ഷേത്രവ്യവഹാരഗ്രന്ഥമാകുന്നു. ഇതിൽനിന്നു് അദ്ദേഹത്തിനു വാർദ്ധക്യത്തിൽ ഇംഗ്ലീഷിലും പ്രായോഗികമായ ജ്ഞാനമുണ്ടായിരുന്നു എന്നു തെളിയുന്നു. ഹാറ്റൺക്ഷേത്രഗണിതം (Hatton's Geometry) എന്ന പുസ്തകമാണ് അദ്ദേഹം പ്രായേണ ഉപജീവിച്ചിരിക്കുന്നതു്. യൂക്ലിഡ്സിന്റെ ഗ്രന്ഥത്തിലെ എല്ലാ പ്രമേയങ്ങളും സ്വീകരിച്ചിട്ടില്ല; അതിലില്ലാത്ത ചിലതെല്ലാം കൂട്ടിച്ചേർത്തിട്ടുമുണ്ടു്.

## സ്തോത്രഗ്രന്ഥങ്ങൾ

സ്തോത്രഗ്രന്ഥങ്ങളിൽ ഓരോന്നിന്റേയും സ്വരൂപം ഇവിടെ പ്രദർശിപ്പിക്കുവാൻ സൗകര്യമില്ല. ദിങ്മാത്രമായി ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

"ആകാശാദിനമാദിപുരുഷം ശ്രീകാമുകാദ്യർച്ചിതം
ഭൃകാഗ്ര്യാശുഗഖാർക്കസോമയജമാനാകാരമേകാധിപം
ലോകാനാം ഭജതാമഭീഷ്മഫലദം ശോകാമയധ്വംസനം
പാകാനുഷ്ണഗുശേഖരം പശുപതിം ശ്രീകാളകണ്ഠം ഭജേ.

പാകാരാതിസഹോദരപ്രഭൃതിഭിന്നാകാലയൈസ്സേവിതം
ശാകാംഭഃപവനാശനൈശ്ശമധനൈരേകാഗ്രചിത്തൈസ്സദാ
ഏകാന്തേ പരിചിന്തിതം ശിവകരം നൗകായമാനാംഘ്രികം
ശോകാംഭോനിധിമുത്തരീതുമനസാം ശ്രീകാലകാലം ഭജേ."

എന്നിങ്ങനെ പോകുന്ന ശിവാഷ്ടപ്രാസത്തിന്റെ മഹിമ അന്യാദൃശംതന്നെ. അതിനോടു കിടനില്ക്കുന്ന ഒരു കൃതി രാമഭദ്ര ദീക്ഷിതരുടെ രാമാഷ്ടപ്രാസമേയുള്ളു.

"ഗാന്ധർവീകൃതകൃത്രിമേതരവചഃ! പത്രീകൃതശ്രീപതേ!
ഭൂമിസ്യന്ദന! സാരഥീകൃതവിധേ! മൗർവ്വീകൃതാഹീശ്വര!
കോദണ്ഡീകൃതകാഞ്ചനാചല! പുരാ ജേതും പുരാണാം ത്രയം
ശ്രീകണ്ഠേശ്വര! ചന്ദ്രശേഖര! കിഭോ! ഗൗരീപതേ!
പാഹി മാം."

എന്ന സ്തോത്രം ശ്രീകണ്ഠേശ്വരസ്തോത്രചിന്താമണിയിലുള്ളതാണ്. ഇനിയും സമസ്യാവലി, ആഭാണകമാല, ഇലത്തൂർ ബ്രാഹ്മണസമുദായത്തിനു ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കാലത്തു വിവാഹാവസരങ്ങളിലും മറ്റും പ്രാർത്ഥിക്കുവാൻ എഴുതിക്കൊടുത്ത ഒരു ദീർഘമായ മംഗളാശംസ ഇങ്ങനെ ചില വാങ്മയങ്ങൾകൂടി കണ്ടിട്ടുണ്ടു്. അവയെപ്പറ്റി ഒന്നും ഒവിടെ പ്രസ്താവിക്കുന്നില്ല.

## മഞ്ജുഭാഷിണി

ശ്രീകൃഷ്ണവിലാസത്തിനു ശാസ്ത്രികൾ മഞ്ജുഭാഷിണി എന്ന വ്യാഖ്യാനം രചിച്ചതു വിശാഖംതിരുമേനിയുടെ നിർദേശമനുസരിച്ചാണെന്ന് അദ്ദേഹംതന്നെ ആ വ്യാഖ്യാനത്തിന്റെ ഉപക്രമത്തിൽ രേഖപ്പെടുത്തീട്ടുണ്ട്.

“ആദേശേന വിശാഖഭൂവലരിപോര്യാവന്മനീഷാബലം
ശ്രീമൽകൃഷ്ണവിലാസകാവ്യതിലകം വ്യാഖ്യാതുമദ്യാരഭേ”

എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.

“ചതുസ്സഹസ്ര്യാം നവഭിര്യുതായാം
ശതൈശ്ചതുസ്സപ്തിസംഖ്യയാപി
അതീതവത്യാം കലിവത്സരാണാം
വ്യാഖ്യാ കൃതാ മഞ്ജുളഭാഷിണീയം”

എന്ന വചനത്തിൽനിന്ന് 1047-ലാണ് അതിന്റെ നിർമ്മിതിയെന്നും അന്നു വിശാഖംതിരുനാൾ ഇളയതമ്പുരാൻമാത്രമേ ആയിരുന്നുള്ളു എന്നും കാണാവുന്നതാണ്. ആദ്യത്തെ അഞ്ചുസർഗ്ഗങ്ങൾക്കുള്ള വ്യാഖ്യാനമേ ഞാൻ കണ്ടിട്ടുള്ളു. ഗ്രന്ഥം പൂർണ്ണമായിട്ടില്ലെന്നാണ് അറിവ്. “വ്യാഖ്യാതൃണാം സ്മരാമി പൂർവേഷാം” എന്നു ശാസ്ത്രികൾ പറയുന്നുണ്ടെങ്കിലും ചില പുതിയ അർത്ഥങ്ങളും അവിടവിടെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ആദ്യത്തെ ശ്ലോകത്തിൽ “ശ്രുയഃ സദ്മ” എന്ന ഭാഗത്തിന് അർത്ഥവിവരണം ചെയ്യുമ്പോൾ “യദ്വാ ശ്രിയോ ദേവ്യാസ്തി പുരസുന്ദര്യാഃ സദ്മ ഗൃഹം; സുമേരോർദ്ദേവീവാസസ്ഥാനത്വം പ്രസിദ്ധം; ബ്രഹ്മാണ്ഡ പുരാണേ സുമേരുമധ്യശൃംഗസ്ഥേത്യാദൗ ദുർവാസസാപ്യുപബൃംഹിതം” എന്ന് ഉപന്യസിക്കുന്നതു നോക്കുക.

## മുക്തകങ്ങൾ

അതിമനോഹരങ്ങളായ അനവധി മുക്തകങ്ങൾ ശാസ്ത്രികളുടെ മുഖത്തുനിന്ന് ഓരോ അവസരത്തിൽ നിർഗ്ഗളിച്ചിട്ടുണ്ട്.

1. ആയില്യംതിരുനാൾ മഹാരാജാവു സിംഹാസനാരൂഢനായ അവസരത്തിൽ ശാസ്ത്രികളോടു ശൃംഗാരം, നീതി, വൈരാഗ്യം എന്നീ മൂന്നു വിഷയങ്ങളേയും യൗഗപദ്യേന പരാമർശിക്കുന്ന ഒരു ശ്ലോകമുണ്ടാക്കുവാൻ ആവശ്യപ്പെട്ടു. അപ്പോൾ ചൊല്ലിയതാണ് താഴെച്ചേർക്കുന്ന ശ്ലോകം.

“രമ്യാസാവനിതാ പുരോഭ്യുപനതാ യാ ഭർത്തുരന്തർഹിതം
ഹൃദ്യാവിഷ്കരുതേ ശ്രുതിപ്രണയവത്സാരസ്യവച്ചാരുദൃക്
യോഗാഭ്യാസബലേന യത്ര ഭവതി ത്രൈവർഗ്ഗികീ ധന്യതാ
നിസ്സാരസ്വധാശയൈകവശഗാ സമ്യഗ്വിവിക്തേ രതിഃ.”

ഒരിക്കൽ ഇലത്തൂർ കൃഷ്ണസ്വാമിക്ഷേത്രത്തിന്റെ മുൻവശത്തു വച്ചു ചില കുട്ടികൾ കുരുവി എന്ന വാക്കു ഘടിപ്പിച്ച് ഒരു ശ്ലോകമുണ്ടാക്കണമെന്നപേക്ഷിച്ചു. ശാസ്ത്രികൾ അവരുടെ അഭീഷ്ടം അടിയിൽ കാണുന്നവിധം പൂരിപ്പിച്ചു.

“കുരു വീശ്വരവാഹ! ത്വം കാക്കായതവിലോചന!
മയി ലക്ഷ്മീം കൃപാസിന്ധോ! രാജാളീവദനാളക!”

## ഭാഷാകൃതികൾ-ജലന്ധരാസുരവധം ആട്ടക്കഥ

ജലന്ധരാസുരവധം 1028-ൽ ഉത്രം തിരുനാൾ മഹാരാജാവിന്റെ കല്പനയനുസരിച്ചു രചിച്ച ഒരു കൃതിയാണ്. ആ മഹാരാജാവിനെ കവി പ്രസ്തുതകൃതിയിൽ ഇങ്ങനെ വർണ്ണിക്കുന്നു.

"സോമം മാർത്താണ്ഡരാജോ ജയതി ഭുവനമാ–
 ക്രമ്യ യസ്യ പ്രതാപേ
ഭൗമം ഹൃത്വാ രസാംശാം കലയതി സമയേ
 കാഞ്ചനാമോഘവൃഷ്ടിം
മാർത്താണ്ഡസ്വാധികാരപ്രചലനചകിത–
 സ്സൽപഥേ വർത്തമാനഃ
പ്രാദക്ഷിണ്യക്രമാഖ്യം പ്രചരതി നിയമം
 സർവദേവാലയസ്യ."

ജലന്ധരാസുരവധത്തിലെ ശ്ലോകങ്ങളും പദങ്ങളും പ്രായേണ സംസ്കൃതമയങ്ങളാണെങ്കിലും ഏറ്റവും ഹൃദ്യങ്ങളാണ്. താഴെക്കാണുന്ന ശ്ലോകവും പദവും പരിശോധിക്കുക.

"കാലകാലമഥ ഫാലലാലസദരാളബാലശശിജാലകം
കാലകൂടഗരകാളശോഭിഗളനാളലോലഫണിജാലകം
ബാലയാ ലളിതമാലയാ മിളിതമേത്യ ശൈലകുലകന്യയാ
പാലകം ധൃതകപാലകം ത്രിദശപാലകഃ സ്തുതിഗിരാലപൽ."

 "ഫാലേവിലോചന! പാലയ മാമഘ–
 ജാലവിമോചന! പാലയമാം.
 ശൈലസുതാകുചകംകമപങ്കില!
 ശൈലവരാലയ! പാലയ മാം
 നീലവിലോഹിത! ലോകപതേ! ഹരി
 നീലമനോഹര ഭൂതപതേ!
 കാലനിഷൂദന! ദേവ നമോ ഹര!
 ബാലകലാനിധി ശേഖര! തേ.
 മാരകളേബരതുലശുചേ! സുകു–
 മാരശരീരസുചാരുരുചേ!
 കാരണകാരണ! ചാരണവന്ദിത!
 പാഹിനതാംബുജതിഗ്മരുചേ!
 കാമിമനോരഥകാമധനോ! ജയ!
 ഹൈമവതീപരിശോഭിതനോ!
 സോമവിഭാകര പാവകലോചന!
 സാമപരായന! പാഹി വിഭോ![1]
ഭൂരിധരാധരചാപപതേ! വര
 വാരിരുഹാസന!സൂതപതേ!
വാരിജനേത്രശരായ ധരാരഥ

[1] രാജാജി ഒരു പക്ഷിവിശേഷമാണ്.

വേദഹയായ നമോ ഭവതേ.”

വാഗ്ദേവതയുടെ ലാസ്യരങ്ഗവും താണ്ഡവമണ്ഡപവുമായിരുന്ന ഗോമതീദാസന്റെ അനുഗൃഹീതമായ രസനാഞ്ചലം. ആ മഹാപുരുഷൻ അർഹിക്കുന്ന യശസ്സിന്റെ ഒരു അല്പമായ അംശംപോലും അദ്ദേഹത്തിന്റെ കൃതികളുടെ അമുദ്രിതത്വവും അവയിൽ പലതിന്റേയും അപൂർണ്ണത്വവും നിമിത്തം അദ്ദേഹത്തിനു സിദ്ധിച്ചിട്ടില്ല.

## ഇലത്തൂർ സുന്ദരരാജയ്യങ്കാർ ശാസ്ത്രികൾ (1016—1078)

### ജനനവും കുടുംബവും

സുന്ദരരാജയ്യങ്കാർ ശാസ്ത്രികൾ രാമസ്വാമിശാസ്ത്രികളുടെ ജന്മദേശമായ ചെങ്കോട്ട ഇലത്തൂർഗ്രാമത്തിൽ 1016-ആമാണ്ടു മീനമാസത്തിൽ രേവതീനക്ഷത്രത്തിൽ ജനിച്ചു. ശ്രീ വൈഷ്ണവന്മാരുടെയിടയിൽ പാഞ്ചരാത്രന്മാരെന്നും വൈഖാനസന്മാരെന്നും രണ്ടു ശാഖകളുണ്ട്. അവയിൽ വൈഖാനസശാഖയിൽപ്പെട്ടതാണ് ശാസ്ത്രികളുടെ കുടുംബം. ആത്രേയമാണ് ആ കുടുംബക്കാരുടെ ഗോത്രം. ആ കുടുംബത്തിൽ സുന്ദരരാജന്റെ പുത്രനായ വരദരാജൻ കൃഷ്ണാംബയെ പാണിഗ്രഹണം ചെയ്തു. അവർക്ക് ഏഴു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അവരിൽ സീമന്തപുത്രനാണ് നമ്മുടെ കവി. ഈ വസ്തുതകളിൽ ചിലതെല്ലാം വൈദർഭീവാസുദേവം നാടകത്തിന്റെ പ്രസ്താവനയിൽ അദ്ദേഹം ഉപന്യസിക്കുന്നുണ്ട്.

“താദൃഗ്വഞ്ചികുലാബ്ധിജസ്യ നഗരീ ശ്രീമദ്വിശാഖക്ഷമാ–
നാഥേന്ദോഃ കരമാശ്രിതാ കുവലയത്യൂർവ്യാമിലത്തൂരിതി
ആസീൽ സുന്ദരരാജനാമസുമതിസ്തത്രാത്രിഗോത്രേ കൃതീ
തൽപുത്രോ വരദാര്യനാമസുമനാഃ കൃഷ്ണാംബയാസീദ്ഗൃഹീ.

തസ്യാത്മജേഷു സുഗുണേഷു വിഭാതി സോയം
ജ്യായാൻ ദശാസ്യരിപുദൂതദയൈകപാത്രം
യോ വൈഷ്ണവീമിഹ ദധാതി ശുഭാമഭിഖ്യാം
പൈതാമഹീമപി മഹീസുമനോഗ്രഗണ്യഃ.”

‘ചെല്ലം’ എന്നായിരുന്നു കവിയുടെ ഓമനപ്പേർ.

### വിദ്യാഭ്യാസം

തന്റെ ബാല്യകാലത്തിൽ രാമസ്വാമിശാസ്ത്രികൾ ഇലത്തൂരിൽ താമസിച്ചിരുന്നതിനാൽ അദ്ദേഹത്തിൽനിന്നുതന്നെ ചെല്ലം കാവ്യനാടകാലങ്കാരങ്ങളും വ്യാകരണത്തിൽ പ്രാഥമികപാഠങ്ങളും അഭ്യസിച്ചു. അപ്പോഴേയ്ക്കു ഗുരുനാഥനു തിരുവിതാംകൂർമഹാരാജാവിന്റെ അസ്ഥാനപണ്ഡിതനായി തിരുവനന്തപുരത്തു താമസിക്കേണ്ടിവന്നതിനാൽ ഉപരിശാസ്ത്രപഠനത്തിന് എട്ടിയാപുരം സംസ്ഥാനത്തിലെ പണ്ഡിതസഭാധ്യക്ഷനും വല്ലീപരിണയചമ്പു തുടങ്ങിയ കൃതികളുടെ പ്രണേതാവുമായ സ്വാമിദീക്ഷിതരുടെ അന്തേവാസിയായി. (സ്വാമിദീക്ഷിതരുടെ പിതൃദത്തമായ നാമധേയം യജ്ഞസുബ്രഹ്മണ്യദീക്ഷിതരെന്നാണ്) ‘കവി കേസരി’ എന്ന ബിരുദത്താൽ സുവിദിതനായിരുന്ന അദ്ദേഹം സുന്ദരരാജനെ വ്യാകരനപാരഗതനാക്കിയതോടുകൂടി കവിതാസരണിയിൽ സ്വച്ഛന്ദസഞ്ചാരം ചെയ്യുന്നതിനും ശക്തിമാനാക്കി. അതിനുപുറമേ കഥാപുരുഷൻ ജ്യോതിഷം, മന്ത്രശാസ്ത്രം, ആഗമം

മുതലായ വിദ്യകളിലും വൈചക്ഷണ്യം സമ്പാദിച്ചു. ഹനൂമന്മന്ത്രം ജപിച്ച് സിദ്ധി വരുത്തി.തന്റെ മഹാകവിത്വത്തിനു കാരണം ഹനൂമാന്റെ അനുഗ്രഹമാണെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. വലിയകോയിത്തമ്പുരാന്റെ കംസവധചമ്പുവിന് അദ്ദേഹം രചിച്ച സുമനോരഞ്ജിനി എന്ന വ്യാഖ്യാനത്തിൽ "ശ്രീരഘുനന്ദനദൂതചരണാമവിന്ദസപര്യാസമാസാദിതകലാവിലാസേന" എന്നു വിശേഷണം ഘടിപ്പിച്ചുകാണുന്നു. ഹനൂമദ്വിജയം എന്നൊരു നാടകവും അദ്ദേഹം രചിച്ചിട്ടുള്ളതായി വൈദർഭീവാസുദേവത്തിൽനിന്നു നാം അറിയുന്നു.

## അനന്തരകാലജീവിതം

ശാസ്ത്രികൾ ഇലത്തൂരിൽത്തന്നെയാണ് സ്ഥിരമായി താമസിച്ചുവന്നത്. 25-ആമത്തെ വയസ്സിൽ വെങ്കിടലക്ഷ്മ്യംബയെ വിവാഹം ചെയ്തു. ആ പത്നി യൗവ്വനത്തിൽത്തന്നെ മരിച്ചുപോയി. പിന്നീടു ദാരസംഗ്രഹം ചെയ്തില്ല. കവി സന്താനലാഭത്താൽ അനുഗൃഹീതനായുമില്ല. ഗ്രന്ഥരചനയിലും സംസ്കൃതാധ്യാപനത്തിലുമാണ് അദ്ദേഹത്തിന്റെ ആയുസ്സിൽ ഭൂരിഭാഗവും കഴിഞ്ഞുകൂടിയത്. ശാസ്ത്രികൾക്ക് ഒരു വലിയ ശിഷ്യസമ്പത്തുണ്ടായിരുന്നു. ശിഷ്യന്മാരിൽ പ്രമുഖൻ തിരുനെൽവേലിയിൽ വളരെക്കാലം അഭിഭാഷകനായിരുന്ന കൃഷ്ണസ്വാമി അയ്യരായിരുന്നു. തിരുവിതാംകൂറിൽ വിശാഖം മഹാരാജാവ്, മൂലം മഹാരാജാവ്, വലിയകോയിത്തമ്പുരാൻ ഇവരുടേയും എട്ടിയാപുരം രാജാവിന്റേയും പാരിതോഷികങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹത്തിന്റെ വൈദർഭീവാസുദേവം തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചതു കൃഷ്ണസ്വാമി അയ്യരാണ്. സുന്ദരരാജയ്യങ്കാർ 1079-ആമാണ്ടു മകരമാസത്തിൽ ശുക്ലചതുർത്ഥീദിനത്തിൽ പരഗതിയെ പ്രാപിച്ചു.

## കൃതികൾ

ശാസ്ത്രികൾ (1) മോക്ഷാപായപ്രദീപിക, (2) ലക്ഷ്മീവിശിഷ്ടാദ്വൈതഭാഷ്യദർപ്പണം, (3) വൈഖാനസ മഹിമാമഞ്ജരി എന്നീ ശാസ്ത്രഗ്രന്ഥങ്ങളും, (4) നീതിരാമായണം, (5) രാമഭദ്രവിജയചമ്പു, (6) രാമഭദ്രസ്തുതിശതകം, (7) കൃഷ്ണാര്യാശതകം എന്നീ കാവ്യങ്ങളും (8) വൈദർഭീവാസുദേവം, (9) ഹനൂമദ്വിജയം, (10) പദ്മിനീ പരിണയം, (11) സ്നുഷാവിജയം എന്നീ രൂപകങ്ങളും (12) വലിയകോയിത്തമ്പുരാന്റെ കംസവധത്തിനു സുമനോരഞ്ജിനി എന്നും, (13) തന്റെ ഗുരു സ്വാമിദീക്ഷിതരുടെ വല്ലീപരിണയചമ്പുവിനു രത്നദീപിക എന്നും, (14) കേശവകവിയുടെ ഗോദാപരിണയ ചമ്പുവിനു സുമനോരഞ്ജിനി എന്നും മൂന്നു വ്യാഖ്യാനങ്ങളും രചിച്ചിട്ടുണ്ട്. ഇവയിൽ മൂന്നാമതായി അക്കമിട്ടിരിക്കുന്നതു വൈഖാനസാഗമത്തെ പരാമർശിക്കുന്ന ഒരു ഗ്രന്ഥമാണല്ലോ. അതിനുപുറമെ (15) ഉത്തമബ്രഹ്മവിദ്യാരസം എന്നൊരു സ്വതന്ത്രഗ്രന്ഥവും, (16) ശ്രീനിവാസദീക്ഷിതരുടെ പാരമാത്മികോപനിഷദ്വാക്യയ്ക്ക് ഒരു ഭാഷ്യവും കൂടി ആ ആഗമശാസ്ത്രം സംബന്ധിച്ച് അദ്ദേഹം നിർമ്മിച്ചിട്ടുള്ള കൃതികളിൽ ഉൾപ്പെടുന്നു. കേരളത്തിൽ വൈദർഭീവാസുദേവത്തിനാണ് പ്രസിദ്ധി അധികം; ആ കൃതി കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ ഭാഷപ്പെടുത്തീട്ടുണ്ട്. അത് അഞ്ചങ്കത്തിലുള്ള ഒരു സരസനാടകമാണ്. തമിഴ് ബ്രാഹ്മണഗൃഹങ്ങളിൽ സ്നുഷകളെ ശ്വശ്രുക്കളും നാത്തൂന്മാരും സമീപകാലംവരെ വളരെ ക്ലേശിപ്പിച്ചുവന്നിരുന്നു. ആ ദുരവസ്ഥയെ പരാമർശിച്ച് ഒടുവിൽ സ്നുഷതന്നെ വിജയം പ്രാപിക്കുന്നതായി വിവരിച്ചു രചിച്ചിട്ടുള്ള ഒരു സാമുദായികരൂപകമാണ് സ്നുഷാവിജയം. ആ രൂപകത്തിൽ കവി ദുരാശയെന്നു ശ്വശ്രുവിനും, സുശീലനെന്നു ശ്വശുരനും, ചാരുവൃത്തയെന്നു ശ്വശ്രുവിന്റെ സഖിക്കും, സുഗുണനെന്ന് സ്നുഷയുടെ ഭർത്താവിനും, സച്ചരിത്ര

യെന്നു സ്നുഷയ്ക്കും, ദുർല്ലളിതയെന്നു സുഗുണന്റെ സഹോദരിക്കും അന്വർത്ഥമായി പേർ കൊടുത്തിരിക്കുന്നു. വലിയകോയിത്തമ്പുരാന്റെ ഒരാപ്തമിത്രവും കൂടിയായിരുന്ന തിരുനെൽവേലി വക്കീൽ കൃഷ്ണസ്വാമി അയ്യരുടെ അപേക്ഷയനുസരിച്ചാണ് കവി കംസവധം വ്യാഖ്യാനിച്ചതു്. വ്യാഖ്യാനങ്ങളിൽ ശാസ്ത്രികളുടെ പ്രകൃഷ്ടമായ വ്യാകരണ പാണ്ഡിത്യം പ്രതിഫലിക്കുന്നു. കവിതയ്ക്കു പ്രസാദവും ഒഴുക്കുമുണ്ടു്. പ്രാകൃതഗുംഫനത്തിൽ നല്ല പാടവമുണ്ടായിരുന്നതായി നാടകങ്ങളിൽനിന്നു വെളിപ്പെടുന്നു. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

> “വചോ ദധിമുഖോദ്ഭൃതം നവനീതം ശുഭദ്യുതി
> അർക്കജന്മാനമാസാദ്യ യുക്തം കഠിനതാം ജഹൗ”
>
> (നീതിരാമായണം)

> “ഗോപീകുചതലലോലാ വാപീ കരുണാരസസ്യ കാപി കലാ
> പാപീയസാമസുലഭാ സാ പീതാംബരവിലാസിനീ പാതു”
>
> (കൃഷ്ണാര്യാശതകം)

സീതാരാമസംവാദം:

> “ശ്വശ്രൂം ശുശ്രൂഷമാണാ ഭവ സുമുഖി! നൃപേ/–
> പ്യാചരന്തീ വിനീതിം;
> നാഥാര്യ ത്വം യിയാസുഃ ക്വ? ജനകതനയേ!
> കാനനം; കോത്ര ഹേതുഃ?
> ആജ്ഞാ താതസ്യ വസ്തും; മമ ച വനഭുവി
> സ്യാൽ കതോ നാവകാശഃ?
> സത്വൈഃ ക്രൂരൈർഹി ഭീമം വനതല; മിഹ കിം
> ന്യസ്യശൗര്യം പ്രയാസി?” (രാമഭദ്രവിജയം)

> “ദിഷ്ട്യേന ദൂരഗമിതോ ഹിമഗുഃ കളങ്കീ
> ശ്രീമാൻ സ്വതസ്സ വസുമാനിഹ മാമുപേത്യ
> ദൂരീകരിഷ്യതി തമാംസി നിജൗജസേതി
> മോദാൽ പുരന്ദരദിശാ ഹസതീവ കാമം.”
>
> (വൈദർഭീവാസുദേവം)

> “ജാമാതാ ഗൃഹമാഗതോ യദി തദാ ക്ഷൗമം ച കന്ഥായതേ
> ഹൃദ്യം ദാരു പരിച്ഛദോചിതമഹോ ശുഷ്ക്കേന്ധനം ജായതേ
> സർപ്പിസ്സിന്ധുജലായതേ ദധി പരം ഹന്താരനാളായതേ
> കിം വാക്യൈർബ്ബഹുഭിഃ ഫലം? സുരുചിരം കാചായതേ കാഞ്ചനം.”
>
> (സ്നുഷാവിജയം)

## വിദ്വാൻ കോമ്പിഅച്ചൻ (1006–1090)

## ജനനവും വിദ്യാഭ്യാസവും

പാലക്കാട്ടു തരൂർസ്വരൂപത്തിൽ കിഴക്കേമേലേടത്ത് എന്ന ശാഖയിൽ ഒരംഗമായി കോമ്പിഅച്ചൻ 1006–ാംമാണ്ടു ഇടവമാസം 22-ാംനു ജനിച്ചു. ശേഖരിവർമ്മരാജവംശം എന്നാണ് പാലക്കാട്ടു രാജകുടുംബത്തിനു പേർ പറയുന്നത്. കോമ്പിഅച്ചൻ അതിബാല്യത്തിൽത്തന്നെ വിജ്ഞാനസമ്പാദനത്തിൽ വിസ്മയനീയമായ ആസക്തി പ്രകടിപ്പിച്ചു. ആദ്യത്തെ ഗുരു കവളപ്പാറ രാമനെഴുത്തച്ഛനായിരുന്നു. 13-ആമത്തെ വയസ്സിൽ ആട്ടത്തിൽ കച്ചകെട്ടി കേരളത്തിലെ നൃത്യകലയുടെ മർമ്മങ്ങൾ പൂർണ്ണമായി ഗ്രഹിക്കുകയും നാലു കൊല്ലത്തോളം വേഷം കെട്ടി ആടുകയും ചെയ്തു. അതിൽ അദ്ദേഹത്തിന്റെ ഗുരു ഒരു ഗോവിന്ദനാണെന്നറിയാം. അക്കാലത്തു സ്വരൂപംവകയായി ഒരു കഥകളിയോഗമുണ്ടായിരുന്നു. 1020-നു മേൽ മാത്രമേ സംസ്കൃതം വേണ്ട വിധത്തിൽ അഭ്യസിക്കുവാൻ ആരംഭിച്ചുള്ളു. 1023 മുതൽ ഗോവിന്ദപുരം രാമജ്യോത്സ്യരോടും തന്റെ അമ്മാവനും വിദ്വാനുമായ ചാത്തുഅച്ചനോടും കാവ്യനാടകാലങ്കാരങ്ങൾ പഠിച്ചു. തന്റെ ഗുരുനാഥന്മാരിൽ രാമജ്യോത്സ്യർക്കാണ് കവി പ്രാധാന്യം കല്പിച്ചുകാണുന്നത്. 1025-ൽ കുംഭകോണത്തു നിന്നു പഴമാനേരിഗ്രാമക്കാരനായ സ്വാമിശാസ്ത്രികൾ എന്നൊരു പണ്ഡിതൻ പാലക്കാട്ടു വന്നുചേർന്നു. അദ്ദേഹത്തിനു ന്യായശാസ്ത്രത്തിൽ അസാമാന്യമായ അവഗാഹമുണ്ടായിരുന്നു. അദ്ദേഹത്തെ വർഷാശനവും മറ്റും പതിച്ചുകൊടുത്ത് അന്നത്തെ പാലക്കാട്ടുരാജാവു തന്റെ ആസ്ഥാനപണ്ഡിതനായി നിയമിച്ചു. സ്വാമിശാസ്ത്രികളോടു കോമ്പിഅച്ചൻ പ്രധാനമായി അഭ്യസിച്ചതു ന്യായംതന്നെയാണെങ്കിലും മീമാംസയിൽ സാമാന്യമായ ജ്ഞാനംകൂടി നേടി. പിന്നീടു പതിന്നാലു ദേശക്കാർ ആട്ടലനമ്പൂരിയുടെ അടുക്കൽനിന്നു പഞ്ചബോധഗണിതവും 1031-ൽ കൊടുങ്ങല്ലൂർ തമ്പുരാന്റെ അടുക്കൽനിന്നു ആയുർദ്ദായഗണിതവും ഗ്രഹിച്ചു. ഈ ആട്ടലനമ്പൂരി ലാടവൈധൃതഗണിതം എന്നൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. മന്ത്രശാസ്ത്രത്തിൽ തനിക്കു “ശങ്കരാര്യൻ” എന്നൊരു ഗുരു കൂടി ഉണ്ടായിരുന്നതായി അച്ചൻ പറഞ്ഞിട്ടുണ്ട്. അതാരെന്ന് അറിയുന്നില്ല. ജ്യോതിഷത്തിലും തർക്കത്തിലും കോമ്പിഅച്ചൻ അത്യധികം പ്രശസ്തനായിത്തീർന്നു. വിവിധശാസ്ത്രങ്ങളിലുള്ള വിജ്ഞാനത്തെ ബഹുമാനിച്ച് അദ്ദേഹത്തെ സമകാലികന്മാർ വിദ്വാനെന്നു വിളിച്ചുവന്നിരുന്നു. തന്റെ ഗുരുനാഥന്മാരിൽ മിക്കവരേയും അദ്ദേഹം താഴെക്കാണുന്ന ശ്ലോകത്തിൽ സ്മരിക്കുന്നുണ്ട്.

> “രാമാഖ്യാദിഗുരൂംശ്ച നൃത്തകരണേ ഗോവിന്ദമാപ്തം ഗുരും
> കാവ്യേ രാമമഹീസുരഞ്ച നൃപതിം ശ്രീശാസ്ത്രവർമ്മാഹ്വയം
> ശാസ്ത്രേ സ്വാമിധരാസുരഞ്ച ഗണിതേ ശ്രീകേരളക്ഷ്മാസുരം
> മന്ത്രാപ്തൗ കില ശങ്കരാര്യമമലം വന്ദേഹമന്യാനപി.”

അങ്ങനെ പന്ത്രണ്ടു കൊല്ലത്തോളം കോമ്പിഅച്ചൻ നിർബ്ബാധമായി അധ്യേതൃജീവിതം നയിച്ചു. 1031-ൽ മാതാവു മരിച്ചുപോവുകകൊണ്ടു താവഴിക്കാര്യങ്ങൾ മുഴുവൻ താൻതന്നെ നേരിട്ട് അന്വേഷിക്കേണ്ടിവന്നതിനാൽ പിന്നീട് ഉപരിഗ്രന്ഥങ്ങൾ പ്രായേണ സ്വഗൃഹത്തിൽ വച്ചുതന്നെയാണ് പരിശീലിച്ചത്.

## അനന്തരജീവിതം

1074-ൽ കോമ്പിഅച്ചൻ അഞ്ചാമുറത്തമ്പുരാനായി. 1086 കുംഭം 11-ാംനു വലിയ രാജാവിന്റെ സ്ഥാനത്തിൽ അഭിഷേകം ചെയ്യപ്പെട്ടു. മൂന്നിൽച്ചില്വാനം കൊല്ലം ആ

സ്ഥാനം അലങ്കരിച്ചതിനുമേൽ 1090 കന്നി 3-ാംനു 84-ആമത്തെ വയസ്സിൽ യശശ്ശരീരനായി. സദ്വൃത്തനെന്നും സാധുസംരക്ഷകനെന്നുമുള്ള ഖ്യാതിക്കു പാത്രമായി, അനാഡംബരമായ ജീവിതം നയിച്ച അദ്ദേഹം 1060-നുമേൽ കേരളത്തിൽ പലപ്രകാരത്തിൽ വിജൃംഭിച്ച സാഹിത്യസംരംഭങ്ങളിൽ ഒന്നും പങ്കുകൊണ്ടില്ല. കല്ലേക്കുളങ്ങര ഭഗവതി പാലക്കാട്ടു രാജാക്കന്മാരുടെ കുടുംബദേവതയാണെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ദേവിക്കു ഹേമാംബിക എന്ന അഭിധാനത്തിലാണ് സംസ്കൃതഭാഷയിൽ പ്രസിദ്ധി. അവിടത്തെ പരമാരാധകനായിരുന്നു കോമ്പിഅച്ചനെന്നും, തന്നിമിത്തം വളരെക്കാലം അന്തർമ്മുഖനായാണ് ജീവിച്ചിരുന്നതെന്നും കേട്ടിട്ടുണ്ട്. 1090-ാംമാണ്ടുവരെ അരോഗദൃഢഗാത്രനായ അദ്ദേഹത്തിന്റെ ആയുഷ്കാലം നീണ്ടുനിന്നിരുന്നുവെങ്കിലും പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽത്തന്നെ അദ്ദേഹത്തെ പ്രകൃതത്തിൽ സ്മരിക്കുന്നതിനുള്ള കാരണവും അതുതന്നെയാണ്.

## കൃതികൾ

വൈദൂഷ്യത്തിനു യോജ്യമായുള്ള വാങ്മയം അധികമൊന്നും കോമ്പിഅച്ചനിൽനിന്നു ജനിച്ചിട്ടില്ല. അദ്ദേഹം സംസ്കൃതത്തിലും ഭാഷയിലും ചില കൃതികൾ രചിച്ചിട്ടുണ്ട്. അക്ലിഷ്ടതകൊണ്ടുള്ള ആകർഷകത അവയ്ക്കുണ്ട്. ചില സ്തോത്രങ്ങൾ ഹൃദയദ്രവീകരനചനങ്ങളുമാണ്. 1028-ൽ അമ്മാവൻ ചാത്തുഅച്ചന്റെ നിദേശമനുസരിച്ച് (1) ശ്രീകൃഷ്ണജയന്തീമാഹാത്മ്യം കിളിപ്പാട്ടായി രചിച്ചു. 1038-ൽ അന്നത്തെ പാലക്കാട്ടു രാജാവായ ഇട്ടിക്കോമ്പിഅച്ചന്റെ കല്പനപ്രകാരം (2) നീലാസുരവധമെന്നും (3) സിംഹാവതാരമെന്നും രണ്ടു ആട്ടക്കഥകൾ ഉണ്ടാക്കി. ചാത്തുഅച്ചനും അന്നു ജീവിച്ചിരുന്നു. ഈ മൂന്നുമാണ് കോമ്പിഅച്ചന്റെ പ്രധാന കൃതികൾ. കടിയംകുളത്തുശ്ശപ്പുമേനോന്റെ കാവേരീമാഹാത്മ്യത്തിൽ പതിനഞ്ചാമധ്യായത്തിലും പതിനാറാമധ്യായത്തിൽ ആദ്യഭാഗത്തിലുമുള്ള നൂറ്റിൽച്ചില്വാനം ശ്ലോകങ്ങളുടെ തർജ്ജമ ഏട്ടിൽ കാണാത്തതുകൊണ്ട് ആ ശ്ലോകങ്ങൾ നമ്മുടെ കവി വിവർത്തനംചെയ്ത് അതിൽ ചേർത്താണ് ആ പുസ്തകം 1063-ൽ അച്ചടിപ്പിച്ചതെന്നു മുൻപു കാണിച്ചിട്ടുണ്ടല്ലോ. സംസ്കൃതത്തിൽ (5) ഹേമാംബികാസ്തവം, (6) ഭുവനാംബാസ്തവം, (7) ദേവീസ്തവം, (8) ഭുവനേശ്വരസ്തവം എന്നിങ്ങനെ നാലു സ്തോത്രങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. അവയിൽ ആദ്യത്തേയും മൂന്നാമത്തേയും സ്തോത്രങ്ങൾ വസന്തതിലകത്തിലും രണ്ടാമത്തേതു ശിഖരിണിയിലുമാണ് രചിച്ചിരിക്കുന്നത്. ആദ്യത്തേതിൽ നാല്പത്തഞ്ചും രണ്ടാമത്തേതിൽ ഇരുപത്തെട്ടും മൂന്നാമത്തേതിൽ പതിനാറും ശ്ലോകങ്ങൾ ഉൾപ്പെടുന്നു. ഭുവനേശ്വരസ്തവം 1048-ലാണ് രചിച്ചത്. ഹേമാംബികാസ്തവം എൺപത്തിമൂന്നാമത്തെ വയസ്സിൽ നിർമ്മിച്ചതാണ്. കാലടിക്ഷേത്രപ്രതിഷ്ഠയ്ക്കു വന്ന ശ്രീശങ്കരാചാര്യർക്കും സ്ഥാനത്യാഗം ചെയ്ത കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലേയ്ക്കും മറ്റും പദ്യരൂപത്തിൽ പത്രികകളും സമർപ്പിച്ചുകാണുന്നു.

## ശ്രീകൃഷ്ണജയന്തി

പ്രസ്തുത കൃതി ഇങ്ങനെ ആരംഭിക്കുന്നു.

> "ഗണനായകൻ ദേവൻ ഫണിഭൂഷണൻ ഭക്ത–
> ഗണവത്സലൻ വരഗുണസഞ്ചയനിധി
> തുണയായ്‌വന്നീടണമനയത്തിരുന്നിഹ
> ഭണനേയതിനു കാലിണയേ കലയേ ഞാൻ.

നന്ദനന്ദനൻ കൃഷ്ണൻ സുന്ദരകളേബര–
നിന്ദുബിംബാസ്യൻ പരാനന്ദചിദ്രൂപൻ ഹരി
മന്ദനാമടിയന്റെ മന്ദത കളഞ്ഞുടൻ
നന്ദനീയമാം വരമിന്നു നല്കണം മമ.

മോഹനശീലാ സരോമധ്യവാസിനി ജഗ–
ന്മോഹിനി ഹേമാംഹികേ! സന്തതം നമോസ്തുതേ.
കരുണാലയൻ മമ ഗുരുവാം രാമാചാര്യൻ
ഗുരുകാരുണ്യംപൂണ്ടു തുണപ്പാൻ വന്ദിക്കുന്നേൻ.”

## ആട്ടക്കഥകൾ

ഈ ആട്ടക്കഥകൾ അച്ചടിപ്പിച്ച അവസരത്തിൽ കോമ്പിഅച്ചൻ ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു. “ആ കാലത്തു് (1038) നമ്മുടെ സ്വരൂപംവകയായി നടത്തിയിരുന്ന ആട്ടക്കഥാഭ്യാസത്തിൽ ഈ കഥകളെ നാംതന്നെ കൂടിയിരുന്നു കുട്ടികളെ അഭ്യസിപ്പിക്കുകയും അന്നു പാട്ടുകാരായിരുന്ന കരുമനശ്ശേരി കൃഷ്ണൻകുട്ടി ഭാഗവതർ മുതലായ നാലാളുകളെ ഈ കഥകൾ പഠിപ്പിക്കുകയും അതിന്നുശേഷം നാലുകൊല്ലം ഈ കഥകളെ ആടിച്ചുവരികയും ചെയ്തിരുന്നു.” നീലാസുരവധത്തിന്റെ ആരംഭത്തിൽ താഴെ ചേർക്കുന്ന ശ്ലോകങ്ങൾ കാണുന്നു.

“ഹേമാക്ഷ്മാധരമന്ദിരാ പദജുഷാം കാമപ്രദാത്രീ നൃണാം
ശ്രീമദ്ഗ്രാവതടാകമധ്യനിലയാ വാമാ ജഗന്മോഹിനീ
ഹേമാദ്രീശ്വരചാപഭാഗ്യവിഭവാ സോമാനനാ ചിന്മയീ
ഹേമാംബാ പരദേവതാ കലയതാം ക്ഷേമാണ്യസീമാനി വഃ.

കവർന്തു ഭൂസുരവരാ മമ മംഗലാനി
രാമദ്വിജേന്ദ്രമുഖമദ്ഗുരവസ്തഥാന്യേ
ഹേമാംബികാചരനഭക്തിരസാനുജീവി
ശ്രീശാസ്തൃരാഡ്ജയതി ശേഖരിവർമ്മവംശ്യഃ.

തദ്ഭാഗിനേയനൃവരേണ ഹി കേരളീയ–
സദ്ഭൂകഥാനികുലിതാ മഹതീ ശുഭൈഷാ
സദ്ഭാവിനോത്ര നിതരാം നിരതാ ഭവന്തു
യദ്ഭാവനാ ഖലു ദൃഢാ നിഖിലേഷു തുല്യാ.”

ഒടുവിലത്തെ രണ്ടു ശ്ലോകങ്ങളും “തദ്ഭാഗിനേയ” എന്നതിലെ പൂർവ്വാർദ്ധത്തിൽ കഥാസൂചനത്തിന് ആവശ്യകമായ വ്യത്യാസം വരുത്തി ആ ശ്ലോകം സിംഹാവതാരത്തിലും ഘടിപ്പിച്ചിട്ടുണ്ട്. നിലാസുരവധത്തിലെ ഇതിവൃത്തം കേരളീയമാണ്. ബ്രാഹ്മണരുടെ സ്വൈരവാസത്തിനായി പരശുരാമൻ വരുണനെ ഭയപ്പെടുത്തി കേരലം സമുദ്ധരിക്കുന്നു. അതു കേട്ടു കോപിഷ്ഠനായ ദുർവ്വാസസ്സ് പരശുരാമന്റെ കൃത്യം ദത്താപഹാരമാണെന്നു പറഞ്ഞുകൊണ്ടു കലശൽ കൂട്ടുകയും നാരദൻ സമരോദ്യോഗികളായ അവരെ പിരിച്ചുവിടുകയും ചെയ്യുന്നു. അതുകൊണ്ട്

അരിശം തീരാതെ സഹജാമർഷനായ ആ മഹർഷി നീലാസുരന്റെ സന്നിധിയിൽ ചെന്നു ഭാർഗ്ഗവൻ കടിയേറ്റിയ ബ്രാഹ്മണരെ ഉപദ്രവിക്കണമെന്നും താനും അതിൽ സഹായമായി ഒരു ഭൂതത്തെ അയച്ചുതരാമെന്നും പറയുന്നു. നീലൻ ഭൂതത്തിന്റെ സഹായത്തോടുകൂടി ഭാർഗ്ഗവനുമായി യുദ്ധം ചെയ്യുകയും ഭൂതം എതിരാളിയെ ജയിക്കുകയും ചെയ്യുന്നു. അപ്പോൾ പരശുരാമൻ ശത്രുസംഹാരത്തിനു ദുർഗ്ഗയെ ഉപാസിക്കുന്നു; ദുർഗ്ഗ ഹേമാംബികാ രൂപത്തിൽ പ്രത്യക്ഷീഭവിച്ചു നീലാസുരനെ വധിച്ച് ആഴ്വാഞ്ചേരിത്തമ്പ്രാക്കളെ കേരളാധീശനായി വാഴിയ്ക്കുന്നു. ഈ കഥ അഭിനയയോഗ്യമായ വിധത്തിൽ കവി നൃത്യപ്രബന്ധമായി രചിച്ചു.സിംഹാവതാരത്തിലെ ഇതിവൃത്തം നരസിംഹാവതാരമാണെന്നു പറയേണ്ടതില്ലല്ലോ. നീലാസുരവധത്തിൽ ചെറിയ നീലാസുരനും വലിയ നീലാസുരനും സിംഹാവതാരത്തിൽ ചെറിയ ഹിരണ്യനും വലിയ ഹിരണ്യനും യഥാകാലം പ്രവേശമുണ്ട്. രണ്ടും ആടിക്കാണ്മാൻ കൊള്ളാവുന്ന കൃതികൾ തന്നെ. എന്നാൽ സാഹിത്യദൃഷ്ട്യാ പരിശോധിക്കുമ്പോൾ അവയ്ക്കു വലിയ മെച്ചമൊന്നുമില്ല. നീലാസുരവധത്തിലെ ഒരു പദത്തിൽനിന്നുമാത്രം ചില വരികൾ ചേർക്കാം.

പരശുരാമൻ ഹേമാംബികയോട്:

“ജനനി! ജയ താവകചരനം-നൗമി
മുനിവരഹൃദംബുജശരണം.
ഭ്രമയസി സദാ നിഖിലം ഭുവനം-ദേവി!
ശമയ മമ പരിതാപദഹനം.
ജലനിധിജലേ ചിരം മുങ്ങി-പ്പോയ
തലമപി ച പാശിയൊടു വാങ്ങി
ഗിരികളെ വിദാരണം സമയേ-ചെയ്തു
സ്ഥലമഹഹ സമമാക്കി സദയേ!

അവനിവിബുധാനപഖേദം-ഇൂർണ്ണ–
മഹമതിലിരുത്തി സാമോദം.
അസുരവരബാധയാലവരും-ദേവി!
ദിശി ദിശി ഗമിച്ചു പരമചിരം.
അസുരകുലമാകവേ കൊന്നുമമ
വസുമതീതലം തരികിന്നു.”

## സ്തോത്രങ്ങൾ

“ബാലോ ഹി ദുർഗ്ഗതിരയഞ്ച മമേതി മാതഃ
കാലസ്ത്വയം സമുചിതസ്തവ രക്ഷിതു മാം
ബാലം ത്യജേദ്യദി കുബുദ്ധിമപി പ്രസൂസ്ത്വം
കോ വാഭിരക്ഷതി പുനർഭുവനേ മഹേശി?”

“സംസാരനാടകഗൃഹേ ബഹുരൂപധാരീ
ഹാ! യോനീകായവനികാന്തരതോ നിരേത്യ
അഗ്രേ തവാംബ! ചിരനർത്തനതോധുനാതി–
ശ്രാന്തോസ്മി തേലമിതി യുക്തവചോസ്തു ദേയം.”

(ഹേമാംബികാസ്തവം)

അവശ്യം ഭോക്തവ്യം ഭവതു ദുരിതം പ്രാക്കൃതഫലം
ന മേ സ്യാത്തദ്ബാധാ ജനനി! യദി ജാതാ തവ കൃപാ
അകർത്തും കർത്തും വാ പുനരിതരഥാ കർത്തുമഖിലം
ത്വമേകൈവ പ്രായഃ പ്രഭവസി ഹി കാരുണ്യനിലയേ!"

(ഭുവനാംബാസ്തവം)

### രണ്ടു ഭാഷാശ്ലോകങ്ങൾ

ശൃങ്ഗാരം:

"ചേരാ ചേരാത്തവൻതാൻ ത്രിഭുവനമഖിലം
നല്കിയാലും വധൂനാം
ചേരുന്നോനാകിലഗ്നൗ ഝടിതി മുഴുകുവാൻ
ചൊല്കിയാലും ചേരുമത്രേ;
നാരീണാം ശീലമിത്ഥം പരിചൊടു തരസാ
കാട്ടിനാൾ പണ്ടു സീതാ
നേരേ ശ്രീരാമനോടും ബലമുടയ ദശ–
ഗ്രീവനോടും വിശേഷാൽ."

വൈരാഗ്യം:

"ഇന്നോ വാ നാളയോ മറ്റിനിയൊരു ദിവസം
തന്നെയോ കാലദൂതൻ
വന്നീടുന്നാളിലോർത്താലിതിനൊരു കഴിവി–
ല്ലെന്നു ചിത്തേ നിനപ്പിൻ;
മുന്നേതാൻ പത്മനാഭൻ ചരണനളിനമിങ്ങു–
ള്ളിലാക്കീട്ടു നിത്യാ–
നന്ദ! ശ്രീകൃഷ്ണ! നാരായണ! വരദ! രമേ–
ശേതി കീർത്തിച്ചുകൊൾവിൻ."

## ആറ്റുകാൽ ശങ്കരപ്പിള്ള (1011–1066)

### ജനനം

സദർക്കോട്ടുജഡ്ജിയായിരുന്ന ശങ്കരനാഥജ്യോത്സ്യരുടേയും തിരുവനന്തപുരത്ത് ആറ്റുകാൽ ചെറുകര വീട്ടിൽ ലക്ഷ്മിഅമ്മയുടേയും പുത്രനായി ശങ്കരപ്പിള്ള 1011-ാംമാണ്ട് ഇടവമാസത്തിൽ സ്വാതിനക്ഷത്രത്തിൽ ജനിച്ചു. സ്വകുടുംബത്തെപ്പറ്റി അദ്ദേഹം ദേവീഭാഗവതം കിളിപ്പാട്ടിന്റെ ഉപോൽഘാതത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു.

"പ്രഥിതപ്രഭാവത്തോടച്ഛനെ വഞ്ചീശ്വരൻ
പ്രഥമപ്രാഡ്വിവാകസ്ഥാനത്തിലാക്കീടിനാൻ.

അഥ ധർമ്മശാസ്ത്രത്തിൻ പൊരുളാകവേ നോക്കി

വിധിചെയ്തവ ബ്രഹ്മവിധിയായക്കാലത്തിൽ.

പതിവായ്വന്നു പുണ്യപുരുഷനതിൽപ്പിന്നെ–
സ്സതിയാം ലക്ഷ്മീദേവിയാകുമെൻ മാതാവിന്ന്.

അതിലഞ്ചുപേർ മക്കളമ്മയ്ക്കു; മത്താതനു
സുതനായ് ഞാനുമൊരു ഭഗിനിയിളയവൾ.”

ശങ്കരപ്പിള്ളയ്ക്ക് ഒരു കനിഷ്ഠസഹോദരികൂടി ജ്യോത്സ്യരുടെ മകളായി ഉണ്ടായിരുന്നു എന്ന് ഒടുവിലത്തെ വരികളിൽനിന്നു വെളിപ്പെടുന്നു.

## വിദ്യാഭ്യാസം

ശങ്കരപ്പിള്ള പഴവങ്ങാടി ഉടയാൻപിള്ളയോടു മലയാളവും പാലക്കാട്ട് അപ്പാശാസ്ത്രിയോടു സംസ്കൃതത്തിൽ കാവ്യനാടകാദികളും ഇലത്തൂർ രാമസ്വാമിശാസ്ത്രികളോടു വ്യാകരണവും മന്ത്രശാസ്ത്രവും അഭ്യസിച്ചു. ഈ മൂന്നു ഗുരുക്കന്മാരേയും ദേവീമാഹാത്മ്യത്തിന്റെ ആരംഭത്തിൽ അദ്ദേഹം വന്ദിച്ചിട്ടുണ്ട്. രാമസ്വാമിശാസ്ത്രികളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഉജ്ജ്വലമായ പ്രശസ്തി മുൻപ് ഉദ്ധൃതമായിട്ടുണ്ടല്ലോ. മറ്റു രണ്ടു പേരേയും കവി താഴെക്കാണുന്നവിധത്തിലാണ് സ്തുതിക്കുന്നത്.

“ഉടയാനാദ്യാചാര്യനമലാന്തരാത്മാവോ–
ടുടയോനനേകാന്തേവാസികളോടുമെന്നിൽ
കുടികൊള്ളുമാ ശ്രീമാനാവതും തുണയ്ക്കുവാ–
നടിയൻ മുടി കൂപ്പിപ്പണിയുന്നേറ്റം ഭക്ത്യാ.

ഇപ്പാരിൽ പ്രസിദ്ധികേട്ടെപ്പേരുമുൾബോധമാം
കല്പകത്തൈവിത്തു തൻശിഷ്യഹൃൽകേദാരത്തിൽ
ശില്പമായ് മുളപ്പിച്ചോരെൻഗുരുസ്വാമിയാകു–
മപ്പാശ്രീശർമ്മാവുതൻ തൃപ്പാദം പണിയുന്നേൻ.”

അച്ഛൻതന്നെയാണ് ഹിന്ദുസ്ഥാനി പഠിപ്പിച്ചത്. ജ്യോതിഷശാസ്ത്രവും അദ്ദേഹത്തിൽനിന്നുതന്നെ ഗ്രഹിച്ചു. അങ്ങനെയിരിക്കെ ഒരിക്കൽ അന്നു ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കല്ലൻസായിപ്പു ജ്യോത്സ്യരോടു മകനെ ഇംഗ്ലീഷുകൂടി പരിശീലിപ്പിക്കണമെന്ന് ഉപദേശിക്കുകയാൽ പ്രായം കുറേ അതിക്രമിച്ചുപോയെങ്കിലും ആദ്യം പ്രൈവറ്റായും പിന്നീടു ഫ്രീസ്കൂൾ വിദ്യാർത്ഥിയായും രണ്ടു കൊല്ലത്തോളം പഠിച്ച് ആ ഭാഷയും സ്വാധീനമാക്കി.

## ഉദ്യോഗസ്ഥൻ

ഉദ്ദേശം 20-ആമത്തെ വയസ്സിൽ ശങ്കരപ്പിള്ള തിരുവനന്തപുരത്തു ഹജൂരാഫീസിൽ ഒരു റൈട്ടറായി സർക്കാർ സേവനം ആരംഭിച്ചു. അവിടെനിന്നു സദർക്കോർട്ടിൽ പ്രധാനപരിഭാഷകനായും തദനന്തരം ജുഡീഷ്യൽ വകുപ്പിൽ മുൻസിഫായും ഉയർന്നു. തിരുവല്ലാ, മൂവാറ്റുപുഴ, ആലപ്പുഴ, ചിറയിൻകീഴ്, ഹരിപ്പാട്ട് എന്നീ സ്ഥലങ്ങളിൽ മുൻസിഫുപണി നോക്കി. 1057 തുലാമാസത്തിൽ പെൻഷൻ പറ്റി. പിന്നീടു ബുക്കുകമ്മിറ്റിയിലെ ഒരംഗമായും ഗവർമ്മെന്റിനെ സേവിച്ചു. 1066-ആമാണ്ടു ധനുമാസം 24-ാംനു മരിച്ചു.

## കൃതികൾ

ശങ്കരപ്പിള്ളയുടെ പ്രധാനകൃതികൾ (1) ഭാഷാദേവീഭാഗവതത്തിലെ ചില സ്കന്ധങ്ങൾ, (2) ശ്രീമദ്വിശാഖരാജവിജയം, (3) ഹിന്ദുശാസ്ത്രസാരസംഗ്രഹം എന്നിവയാണ്. ഒടുവിലത്തേതു് ഒരു തർജ്ജമയാണെന്നു് അറിയുന്നു. ഞാൻ കണ്ടിട്ടില്ല. ഇവകൂടാതെ പല അവസരങ്ങളിലായി ഓരോ കാര്യം പ്രമാണിച്ചു സംസ്കൃതത്തിലും ഭാഷയിലും ശ്ലോകങ്ങളും പാട്ടുകളും രചിച്ചിട്ടുണ്ടു്; അവ കിട്ടിയേടത്തോളം സമാഹരിച്ചു ശങ്കരകൃതി എന്ന പേരിൽ അദ്ദേഹത്തിന്റെ പുത്രൻ എസ്. കുഞ്ഞുകൃഷ്ണപിള്ള പ്രസിദ്ധീകരിച്ചിട്ടുമുണ്ടു്. അവികലമല്ലെങ്കിലും അക്ലിഷ്ടമായ ശബ്ദഘടനയ്ക്കും, അവിരളമല്ലെങ്കിലും സമുചിതമായ അർത്ഥകല്പനയ്ക്കും, സരസമായ ഫലിതപ്രയോഗത്തിനും അദ്ദേഹത്തിന്റെ കൃതികളിൽ ഉദാഹരണങ്ങൾ കാണാവുന്നതാണ്. ആസന്നമരണനായി കിടക്കുന്ന അവസരത്തിൽപ്പോലും ഒരു സ്നേഹിതൻ "ആശ്വാസമുണ്ടോ?" എന്നന്വേഷിച്ചതിനു് "ആശ്വാസമുണ്ടു്; ആ ശ്വാസമില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

## ദേവീഭാഗവതം

ദേവീഭാഗവതം എട്ടു സ്കന്ധങ്ങളോളം ശങ്കരനാഥജ്യോത്സ്യർ ഭാഷയിൽ കിളിപ്പാട്ടായി രചിച്ചു എന്നും അവയിൽ ആദ്യത്തെ രണ്ടു സ്കന്ധങ്ങൾ മാത്രമേ നഷ്ടശിഷ്ടമായി ലഭിച്ചുള്ളു എന്നും തൃതീയസ്കന്ധവും ഒൻപതും പത്തും സ്കന്ധങ്ങളും മാത്രം ശങ്കരപ്പിള്ള തർജ്ജമചെയ്തു എന്നും മുൻപു നിർദ്ദേശിച്ചിട്ടുണ്ടു്. അതിലും മൂന്നാംസ്കന്ധവും ദശമസ്കന്ധത്തിലെ വിന്ധ്യമർദ്ദനം, മനുവൃത്തം എന്നീ രണ്ടുപാഖ്യാനങ്ങളും മാത്രമേ ഇപ്പോൾ കാണുന്നുള്ളു. തൃതീയസ്കന്ധം കേകയിലും ദശമസ്കന്ധം അന്നനടയിലുമാണ് രചിച്ചിരിക്കുന്നതു്. ദേവ്യുപാസകനായ ശങ്കരപ്പിള്ള പ്രസ്തുത പുരാണം വിവർത്തനം ചെയ്യുന്നതിനു വിശിഷ്യ അർഹനായിരുന്നു. തൃതീയസ്കന്ധത്തിന്റെ ഉപക്രമത്തിൽ ചുവടേ ചേർക്കുന്ന പിതൃവന്ദനശ്ലോകം കാണുന്നു.

> "കാമാക്ഷീചരണാരവിന്ദഭജനാദ്ധർമ്മാർത്ഥകാമൈശ്ശ്രിതാ
> വിഖ്യാതാ യശസാ നരേന്ദ്രമഹിതാ ജ്യോതിർവിദഗ്രേസരാഃ
> യേ നന്ദതി ബുധേന്ദ്രസംസദി ചതുർഭദ്രേണ ഭദ്രേണ താൻ
> ശ്രീമച്ഛങ്കരനാഥതാതചരണാൻ ഭക്ത്യാ നമസ്കർമ്മഹേ."

നവരാത്രിമാഹാത്മ്യം കിളിപ്പാട്ടു് എന്ന പേരിൽ 1055-ൽ അച്ചടിപ്പിച്ചിട്ടുള്ള പുസ്തകം തൃതീയസ്കന്ധത്തിന്റെ ഒരു ഭാഗം തന്നെയാണ്. അതു വായിച്ചുനോക്കി ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ താഴെ കാണുന്ന പ്രശംസാപത്രംകൊണ്ടു ശിഷ്യനെ ധന്യനാക്കി.

> "അലങ്കാരൈർഹൃദ്യൈർദ്വിഗുണരമണീയാ ഗുണവതീ
> രസവ്യക്തിം വാക്യൈർമ്മധുരപദവർണ്ണൈർവിദധതി
> സ്ഫുരദ്ഭാവാ ശയ്യാമധിഗതവതീ ശങ്കരകൃതിർ–
> ബുധേ കസ്മിൻ പ്രീതിം ന ദിശതി ഗഭീരേവ വനിതാ?"

ഭാഷാകവിസമ്രാട്ടെന്ന ബിരുദം കേരളവർമ്മ വലിയകോയിത്തമ്പുരാനും സമ്മാനിച്ചു. തൃതീയസ്കന്ധത്തിലെ ദേവീസ്തുതിയിൽനിന്നു് ചില വരികൾ ചുവടെ പകർത്തുന്നു.

“ചിന്മയീ ത്വൽപാദാബ്ജപാംസുവേല്ക്കയാൽ ലോക–
സമ്മതന്മാരായ് ഞങ്ങൾ സൃഷ്ട്യാദി നടത്തുവാൻ.
താമസഗുണമെനിക്കജനു രജോഗുണം
ശ്യാമളേ! സത്വഗുണം ഹരിക്കുമേകിയല്ലോ.
ഏണിപോലേറിപ്പോയും വ്യോമയാനത്തിൽനിന്നു
കാണായ്‌വാന്നവയെല്ലാം നീ കാണിച്ചവയല്ലോ.
വാണികൊണ്ടിഹ വാഴ്ത്തി സ്തുതിപ്പാനൊരുത്തനും
കണിപോലുമില്ലല്ലോ നൈപുണ്യം മഹാമായേ!
പേണിയുമല്ലൽ തീർത്തുമെങ്ങളെക്കടാക്ഷിപ്പാൻ
പാണികൊണ്ടേറ്റം ഭക്ത്യാ താണുകൂപ്പിനേനഹം.”

എഴുത്തച്ഛന്റെ പേരിൽ കവിക്ക് അപാരമായ ഭക്തിയുണ്ടായിരുന്നു. അദ്ദേഹം പറയുന്നതു നോക്കുക.

“പഞ്ചഭൂതത്താൽ പരികല്പിതമിക്കാണും പ്ര–
പഞ്ചമാകവേ മിഥ്യാഭൂതമെന്നോർക്കാതവർ
വഞ്ചിതന്മാരായ്‌വരും കേരളീയന്മാരെന്നു
നെഞ്ചകം തന്നിലോർത്തു വിരിഞ്ചനതുവഴി
തഞ്ചത്തിലയച്ചോരു ഗന്ധർവ്വനല്ലോ വന്നു
തുഞ്ചത്തിലാചാര്യനായ് ജനിച്ചപ്പുമാൻതാനും
പഞ്ചമില്ലാതെ പല ഗ്രന്ഥങ്ങൾ ചമയ്ക്കയാൽ
സഞ്ചിതപുണ്യാത്മാക്കളായല്ലോ മനുഷ്യരും.”

## വിശാഖരാജവിജയം

ഇതു് ഒരു മണിപ്രവാളകൃതിയാണ്. ഇതിനെ പൂർവ്വഭാഗമെന്നും ഉത്തരഭാഗമെന്നും രണ്ടായി പിരിച്ച് ഓരോന്നിലും നന്നാല് ആശ്വാസങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. വിശാഖം തിരുനാൾ മഹാരാജാവിന്റെ കാശിയാത്രയും മറ്റുമാണ് പ്രതിപാദ്യം. അതോടുകൂടി പ്രസക്താനുപ്രസക്തമായി രാമായനാസാരസംഗ്രഹവും നിബന്ധിച്ചിട്ടുണ്ട്. കവിതയ്ക്കു ഗുണം പോരാ. ഭാഷാവൃത്തങ്ങളിലെന്നപോലെ സംസ്കൃതവൃത്തങ്ങളിൽ കവനം ചെയ്യുന്നതിനുള്ള പാടവം കവിക്ക് ഉണ്ടായിരുന്നില്ലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

## പലവക

ശങ്കരകൃതിയെന്ന പുസ്തകത്തിൽ കവിയുടെ പല ചില്ലറ കൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. ഇവയിൽ കറ്ണ്ണപർവ്വത്തിന്റെ രീതിയിൽ രചിച്ചിട്ടുള്ള പണപ്പർവ്വം സഹൃദയന്മാരുടെ ശ്രദ്ധയെ സവിശേഷമായി ആകർഷിക്കുന്നു. ഒരിക്കൽ കവി ഒരാളോടു കുറേ പണം ആവശ്യപ്പെട്ടപ്പോൾ അയാൾ പെട്ടി തുറന്നു. “നോക്കണം, എത്ര ഭംഗിയായി അടുക്കിവച്ചിരിക്കുന്നു! ഈ ചെറിയ തുക എടുത്താൽ പോയില്ലേ അതിന്റെ ഭംഗി” എന്നു തന്റെ പിശുക്കിനു യോജിച്ച വിധത്തിൽ മറുപടി പറഞ്ഞു. “എന്നാൽ ഇതാ ഇതു മേടിച്ചോളൂ” എന്നു പറഞ്ഞുകൊണ്ടു കവി എഴുതി അയച്ചതാണ് പണപ്പർവ്വം.

"ചെറുപ്പകാലത്തിലിതെത്തു കിട്ടീലാ?
മുതുക്കനായപ്പോൾ ധനികനായി ഞാൻ.
ധനത്തെ ഞാനൊന്നങ്ങണച്ച നോക്കട്ടേ;
ധനത്തെ ഞാനൊന്നു പിണച്ചുവയ്ക്കട്ടെ;
ധനത്തെ ഞാനൊന്നു പരത്തിവയ്ക്കട്ടെ;
ധനത്തെ ഞാനൊന്നു കരത്തിൽ വയ്ക്കട്ടെ;
ധനത്തെ ഞാനൊന്നു പൊടിച്ചുനോക്കട്ടെ;
ധനത്തെ ഞാനൊന്നു കടിച്ചുനോക്കട്ടെ;
ധനത്തെ ഞാനൊന്നുങ്ങുലച്ചുനോക്കട്ടെ;
ധനത്തെ ഞാനൊന്നു തെളിച്ചുനോക്കട്ടെ;
ധനത്തെ ഞാനൊന്നു വളച്ചുനോക്കട്ടെ;
ധനത്തെ ഞാനൊന്നു വലിച്ചുനോക്കട്ടെ;
മരിച്ചവരിപ്പോൾ തിരിച്ചുവന്നെങ്കിൽ
ധരിപ്പിച്ചുവയ്പ്പേനൊരു തുലാം സ്വർണ്ണം.
പെരുവഴിയിൽ ഞാനിതുനേരം ചെന്നി–
ട്ടൊരുമിച്ചു വിളി ബഹുതരം കൂട്ടാം.
വിളിച്ചപോ,ലവർ വിളിയും കേട്ടീലാ;
ചളിച്ചു മാനസം ചുടലയിൽച്ചെന്നാൻ.
ദ്വിഭാര്യമാരുണ്ടായൊരുത്തനേകദാ;
ദ്വിധാ വിഭാഗിച്ചു ധനത്തെയങ്ങവൻ.
അരപ്പണത്തുക്കം സുവർണ്ണമേറിപ്പോയ്;
വെറുപ്പതിൽവച്ചിട്ടൊരുത്തിക്കുണ്ടായി.
കറുപ്പും കഞ്ചാവും കൊടുത്തവൻ പള്ളീ–
ക്കുറുപ്പുമായെന്നേ പറയേണ്ടു പിന്നെ.
ഒരുക്കിവെക്കുന്ന ധനമൊരുത്തനും
മരിക്കുമ്പോളനുഗമിക്കുമാറില്ല."

## എഴുവത്തു നാണക്കുട്ടിമേനോൻ (1010–1048)

### ജനനവും വിദ്യാഭ്യാസവും

പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ കേരളത്തിന്റെ ഇതരഭാഗങ്ങളിലു ള്ള കവികൾ കിളിപ്പാട്ടുകൾ രചിക്കുന്നതിൽ സാമാന്യേന വൈമുഖ്യമാണ് പ്രദർശി പ്പിച്ചിരുന്നത്. എന്നാൽ തുഞ്ചത്ത് എഴുത്തച്ഛന്റെ സമാധിസ്ഥലമായ വടക്കൻ ചിറ്റൂരിൽ അന്നും ആ വിഷയത്തിൽ ഒരു ഭക്തോത്തമൻ യഥാശക്തി സാഹിതീ സേവനം ചെയ്തുവന്നു. അദ്ദേഹമാണ് എഴുവത്തു നാണക്കുട്ടിമേനോൻ. നാണ ക്കുട്ടിമേനോൻ വടക്കൻ ചിറ്റൂരിൽ കളപ്പുര എഴുവത്തു വീട്ടിൽ 1010-ആമാണ്ടു ചിങ്ങ മാസത്തിൽ ജനിച്ചു. ഇട്ടിച്ചിരിയമ്മയായിരുന്നു അദ്ദേഹത്തിന്റെ മാതാവ്. ജ്യോതി ശ്ശാസ്ത്രജ്ഞനായ ഗോപാലമേനോൻ എന്നൊരു സഹോദരനും, കുഞ്ചിയമ്മ, ലക്ഷ്മിയമ്മ എന്ന രണ്ടു സഹോദരിമാരും അദ്ദേഹത്തിനുണ്ടായിരുന്നു. പിതാവു സു പ്രസിദ്ധമായ എക്കനത്തു തറവാട്ടിലെ ഗോവിന്ദനുണ്ണിയാണ്. എക്കണത്തു ശങ്കു ണ്ണി എന്ന കവിയെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹം നാണക്കുട്ടിമേനോ ന്റെ പിതാമഹനും ഗുരുക്കന്മാരിൽ അന്യതമനുമായിരുന്നു എന്നു കേട്ടിട്ടുണ്ട്. ശങ്കു

ണ്ണിയുടെ മകൻ കുഞ്ഞുകൃഷ്ണമേനോൻ മറ്റൊരു ഗുരുവായിരുന്നു. ഇവർ രണ്ടുപേരേയും കവി തന്റെ ഭാഗവതസാരസംക്ഷേപത്തിന്റെ ആരംഭത്തിൽ

“ശങ്കരഗുരോഃ പാദപങ്കജദ്വയങ്ങളു–
മെൻകുലഭൂഷൻ ഗുണസങ്കുലൻ ബാലകൃഷ്ണ–
ദേശികൻ മാതുലനുമാശയേ വിളങ്ങണം”

എന്ന വരികളിൽ സ്മരിച്ചിട്ടുണ്ട്. 12-ആമത്തെ വയസ്സുവരെ അച്ഛന്റെ ഗൃഹത്തിൽത്തന്നെ താമസിച്ചു സംസ്കൃതം പഠിച്ചു. അനന്തരകാലത്തെ പ്രധാനാധ്യാപകൻ എക്കണത്തു ദാമോദരനുണ്ണിയായിരുന്നു.

“കരുത്തിന്നജ്ഞാനത്തെത്തിരുത്തിച്ചിത്തശുദ്ധി
വരുത്തിച്ചിന്മാത്രമായിരുത്തിക്കാത്തുകൊണ്ടു
പരമകാരുണികൻ പരിതാപോന്മൂലനൻ
ഗുരുവാം ദാമോദരചരണാംബുജങ്ങളും
അച്ഛമാനസനായോരച്യുതഗുരുവിന്റെ
സ്വച്ഛപാദാബ്ജങ്ങളും നിശ്ചലമുറപ്പിച്ചു” എന്നും

വൻകനിവാലേ ഭവസങ്കടം തീർത്തു കൃപ
തങ്കം ദാമോദരാംഘ്രിപങ്കജദ്വയങ്ങളും
സച്ചിദാനമൂർത്തി നിശ്ചലൻ നിരുപമ–
നച്യുതഗുരുതന്റെ സ്വച്ഛപാദാബ്ജങ്ങളും”

എന്നുമുള്ള ഈ കിളിപ്പാട്ടിലെ ഈരടികളിൽ കവി അദ്ദേഹത്തെയും അച്യുതനെന്ന മറ്റൊരു ഗുരുനാഥനേയും വന്ദിക്കുന്നുണ്ടല്ലോ. ഇവർ കവിയുടെ അദ്വൈതവിദ്യോപദേശകന്മാരായിരുന്നു. അച്യുതനെപ്പറ്റി വഴിയേ പ്രസ്താവിക്കാം.

## ജ്യൌതിഷികനും വേദാന്തിയും

22-ാംമത്തെ വയസ്സിൽ കാട്ടൂർ എന്ന സ്ഥലത്തു സംബന്ധം ചെയ്തു. ആ വഴിക്ക് അവിടെ ഒരു വാരിയരാശാനോടു ജ്യോതിഷം സാംഗോപാംഗമായി അഭ്യസിച്ചു. ക്രമേണ ഫലനിർണ്ണയത്തിൽ അത്യന്തം സമർത്ഥനായിത്തീർന്നു. 28-ആമത്തെ വയസ്സിൽ പ്രമേഹരോഗം ബാധിക്കുകയാൽ സ്വന്തം ജാതകം ഗണിച്ചുനോക്കുകയും 38-ആമത്തെ വയസ്സിൽ മൃത്യുലക്ഷണം കാണുകയും ചെയ്തു. ആറുമാസത്തിനകം ആ രോഗം ഭേദപ്പെട്ടുവെങ്കിലും അതിൽപ്പിന്നീട് അദ്ദേഹം കുടുംബകാര്യങ്ങൾ മരുമകനെ ഏല്പിച്ച് ആയുശ്ശേഷം ഈശ്വരഭജനത്തിനും വേദാന്തവിചാരത്തിനുമായി വിനിയോഗിക്കുവാൻ തീർച്ചപ്പെടുത്തി. 1042-ൽ ചിറ്റൂർ ചിറ്റേടത്തു അച്യുതമേനോൻ എന്ന സിദ്ധനെ അദ്വൈത ഗുരുവായി വരിച്ചു. അച്യുതമേനോൻ 992 മേടത്തിൽ പൂരുരുട്ടാതിനാളിൽ ജനിച്ചു. 1061 കർക്കടകം 9-ാംനു സമാധിസ്ഥനായി. അദ്ദേഹത്തിനു കേരളത്തിലും പരദേശങ്ങളിലും നിരവധി ശിഷ്യന്മാരുണ്ടായിരുന്നു. ഗ്രന്ഥപരിചയത്തിലല്ല സ്വാനുഭൂതിയിലാണ് അദ്ദേഹത്തിന്റെ വൈശിഷ്ട്യം അധിഷ്ഠിതമായിരുന്നത്.

## ഗ്രന്ഥരചനയും മരണവും

1043 മുതൽ 1045 വരെ ഭാഗവതസാരസംക്ഷേപരചനയിൽ വ്യാപൃതനായി. അന്നന്ന് എഴുതുന്ന ഭാഗങ്ങൾ ഗുരുനാഥനെ കാണിച്ചു സംശയം തീർത്തുവന്നു. 1046 കന്നി

മാസത്തിൽ ഗുരുവായൂർക്ഷേത്രത്തിൽ പോയി അവിടെ 12 ദിവസം ശ്രീകൃഷ്ണനെ ഭജിക്കുകയും ഭഗവത്സന്നിധിയിൽ തന്റെ ഗ്രന്ഥം ഒരാവൃത്തി പാരായണം ചെയ്യുകയും ചെയ്തു.തദനന്തരം ആ കൊല്ലത്തിൽത്തന്നെ കോഴിക്കോട്ടെ ഒരു അച്ചുക്കൂട്ടത്തിൽനിന്ന് ആ പുസ്തകം പ്രസിദ്ധീകരിച്ചു. അതിനുമേൽ തനിക്ക് ഐഹികമായി യാതൊരു കർത്തവ്യവുമില്ലെന്നു കരുതി അച്യുതഗുരുവിനോട് കാശിയാത്രയ്ക്ക് അനുവാദം ചോദിച്ചു. 1047-ൽ തന്റെ ആയുസ്സിന്റെ ഹ്രസ്വതയെക്കുറിച്ച് ഗുരുനാഥനെ അറിയിച്ചപ്പോൾ ആ യാത്രയ്ക്ക് അദ്ദേഹം അനുജ്ഞ നല്കി. ആ കൊല്ലം അവസാനത്തോടുകൂടി കാശിയാത്രയും അതിൽ പിന്നീടു രാമേശ്വരയാത്രയും നിർവ്വിഘ്നമായി നിർവ്വഹിച്ചു. കർക്കടകം ഒടുവിൽ സ്വഗൃഹത്തിൽ തിരിച്ചെത്തുകയും 1048 ചിങ്ങത്തിൽ താൻ പ്രതീക്ഷിച്ചിരുന്നതുപോലെ മുപ്പത്തെട്ടാമത്തെ വയസ്സിൽത്തന്നെ മരിക്കുകയും ചെയ്തു. ചിറ്റൂർ ദേവിയും ചിദംബരത്തിലെ നടരാജനും അദ്ദേഹത്തിന്റെ ഇഷ്ടദേവതകളായിരുന്നു. ചിദംബരത്തു പലപ്രാവശ്യവും പോയി ഭജനം നടത്തീട്ടുണ്ട്. സംസ്കൃതത്തിൽ അദ്ദേഹത്തിനു സാമാന്യം പാണ്ഡിത്യവും ഭാഗവതത്തിൽ അതലസ്പർശിയായ അവഗാഹവും ഉണ്ടായിരുന്നു. ലൗകികകാര്യങ്ങളിലും അദ്ദേഹം വിദഗ്ധനായിരുന്നുവെന്നും ഗ്രന്ഥമെഴുത്തിൽ പ്രത്യേകിച്ചു നിപുണനായിരുന്നു എന്നുംകൂടി അറിവുണ്ട്.

### കൃതികൾ

നാണക്കുട്ടിമേനോന്റെ പ്രധാനകൃതി ഭാഗവതസാരസംക്ഷേപംതന്നെയാണ്. അതുകൂടാതെ അദ്ദേഹം (1)സുന്ദരീസ്വയംവരം ആട്ടക്കഥ (2) ചിദംബരാഷ്ടകം (സംസ്കൃതത്തിലും ഭാഷയിലും), (3) കാളിയാക്ക് എന്നീ വാങ്മയങ്ങളുടേയും കർത്താവാണ്. ഹാലാസ്യമാഹാത്മ്യം ആദ്യത്തെ പതിനെട്ടധ്യായം ഭാഷാന്തരീകരിച്ചിട്ടുള്ളതായി പഴമക്കാർ പറയുന്നു; ആ ഗ്രന്ഥം ഞാൻ കണ്ടിട്ടില്ല.

## ഭാഗവതസാരസംക്ഷേപം കിളിപ്പാട്ട്

ഈ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്തിൽ ഭാഗവതം പ്രഥമാദിനവമസ്കന്ധപര്യന്തവും രണ്ടാംഭാഗത്തിൽ ദശമസ്കന്ധവും കവി സംഗ്രഹിക്കുന്നു. മൂന്നാം ഭാഗത്തിന്റെ ആമുഖം എന്ന നിലയിലേ അവയെ ഗണിക്കേണ്ടതുള്ളു. ആ ഭാഗത്തിൽ ഗഹനമായ ഏകാദശസ്കന്ധം ശ്രീധരീയവ്യാഖ്യാനത്തോടുകൂടി പൂർവ്വപക്ഷസിദ്ധാന്തങ്ങൾ വിവരിച്ചു തർജ്ജമചെയ്തിരിക്കുന്നു. നാലാംഭാഗത്തിൽ ദ്വാദശസ്കന്ധവും വിസ്തരിച്ചുതന്നെ വിവർത്തനം ചെയ്തുകാണുന്നു. ഗ്രന്ഥാരംഭത്തിൽ മേനോൻ

“കടൽമാനിനീകാന്തനുടയ കഥ ചൊൽവാൻ
പടുത നടിച്ചിട്ടല്ലടിയൻ തുനിയുന്നു.
വല്ലാതെ ഹരികഥ ചൊല്ലിയാലും പാപങ്ങ–
ളെല്ലാം പോയ്വാക്ശുദ്ധിയാമല്ലോ എന്നോർത്തിട്ടത്രേ.

മന്ദനാമടിയന്റെയുന്നതസാഹസത്തെ–
ദ്ധന്യന്മാർ ക്ഷമിച്ചുകൊണ്ടന്നനുഗ്രഹംചെയ്വിൻ.
പിഴകളശേഷവും പഴമയുള്ള നിങ്ങൾ
വഴിയേ തീർപ്പിൻ യുഷ്മൽക്കഴലേ ശരണം മേ.”

എന്നു തന്റെ വിനീതി പ്രകടിപ്പിക്കുന്നു. കവിതയ്ക്കു മാധുര്യാദി ഗുണങ്ങൾ വളരെ കുറയും. ഏകാദശം 26-ാംമധ്യായം കളകാഞ്ചിയിൽ വിവർത്തനം ചെയ്തിരിക്കുന്നതു

നോക്കുക. എങ്കിലും കവിക്ക് അർത്ഥനിഷ്കർഷ ധാരാളമായുണ്ട്. ശ്രീകൃഷ്ണന്റെ ദേഹത്തിൽ ജരൻ ശരംപ്രയോഗിക്കുന്ന ഘട്ടം താഴെക്കാണുന്ന വിധത്തിൽ വർണ്ണിക്കുന്നു.

“ഘനശ്യാമം ശ്രീവത്സകാങ്കം സന്തപ്ത–
കനകവർച്ചസം ലസൽകൗശേയകം
സുവസ്ത്രയുഗ്മേന പരിവീതം സദാ
സുമംഗളം ചാരുസ്മിതവക്ത്രാംബുജം
സുനീലകുന്തളലളിതം നാളീക–
മനോഭിരാമാക്ഷം മകരകുണ്ഡല–
വിരാജിതം ശ്രീമൽകിരീടമണ്ഡിതം
സ്ഫുരൽകടകങ്കണാംഗദധരം
സുനൂപുരഹാരലസിതകൗസ്തുഭ–
മണിവിരാജിതം കടിസൂത്രോജ്ജ്വലം
സ്ഫുരദ്ബ്രഹ്മസൂത്രവനമാലാധരം
ശരീരിഭിർന്നിജായുധൈർവിരാജിതം
മനോജ്ഞപങ്കജാരുണവാമപാദം
മനോഭിരാമദക്ഷിണോരുവിൽച്ചേർത്തു
സമാസീനം നാഥം മുഴുവൻകാണാതെ
കമലകോമളപദംമാത്രം കണ്ടു
ജരനെന്നു പേരായൊരു കാട്ടാളനും
പുരാ മുസലശേഷനിർമ്മിതമായ
ശരംകൊണ്ടു ഹരിചരണപത്മത്തെ–
ത്തരസാ ഭേദിച്ചാൽ മൃഗാസ്യമെന്നോർത്തു.”

## ചിദംബരാഷ്ടകം (സംസ്കൃതം)

ഇതു മത്തേഭവൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു സ്തോത്രമാണ്.

“ത്ര്യക്ഷം മഹോക്ഷരഥമക്ഷീണപുണ്യചയലക്ഷ്യം വിപക്ഷപടലീ–
കക്ഷാശുശുക്ഷണിമദക്ഷാക്ഷമാവിനയദക്ഷാധ്വരപ്രശമനം
യക്ഷാധിപാദിസുരലക്ഷാർച്ചിതം പ്രണതമാക്ഷ്മാവരംതനുഭൃതാ–
മീശം ചിദംബരസഭേശം നിരസ്തഭവപാശം ഭജേഹമനിശം.”

## സുന്ദരീസ്വയംവരം

സുന്ദരീസ്വയംവരത്തെ വിഷയീകരിച്ചു പലരും ആട്ടക്കഥകൾ എഴുതീട്ടുണ്ട്. കുന്നത്തു സുബ്രഹ്മണ്യൻപോറ്റിയുടെ കഥയെക്കുറിച്ചു മുൻപു പ്രസ്താവിച്ചുവല്ലോ. മേനോന്റേതു് അതിനേക്കാൾ മെച്ചമാണ്. അതിലെ “രൂക്ഷക്ഷുദ്രവിപക്ഷപക്ഷ” ഇത്യാദി ശ്ലോകം പി. ഗോവിന്ദപ്പിള്ള ഉദ്ധരിച്ചിട്ടുണ്ട്.

## കാളിയാക്ക്

ഇതു ചിറ്റൂർ ദേവിയെപ്പറ്റിയുള്ള കേശാദിപാദവർണ്ണനപരമായ ഒരു സംസ്കൃതസ്തോത്രമാണ്.

“അരുണസ്പർദ്ധികിരീടോല്ലസിതേ!
തരുണഘനോപമസുരുചിരചികുരേ!
ഹരിണാങ്കകലാകലിതോത്തംസേ!
കരുണാകരി! തിലകാഞ്ചിതഫാലേ!
സ്മരചാപോപമചില്ലീലതികേ!
സരസീരുഹദളലോചനയുഗളേ!
സുരുചിരനാസേ! സുന്ദരഹാസേ!
വരപല്ലവതാമ്രാധരി!വിമലേ!
കുരവകകുഡ്മളകോമളദന്തേ!
ഗിരിതനയേ! കളകോകിലവചനേ!”

ഇവ അതിലെ ചില വരികളാണ്.

## അഴകത്തു വിദ്വാൻ കുറുപ്പ് (980—1035)

### ജീവചരിത്രം

കരുനാഗപ്പള്ളിത്താലൂക്കിൽ ചവറയിൽ അഴകത്തുവീട്ടിൽ വിദ്വാൻ കുറുപ്പു പതിനൊന്നാംശതകം പൂർവ്വർദ്ധത്തിലെ അവിസ്മരണീയനായ ഒരു കവിയാണ്. അദ്ദേഹത്തിന്റെ ജനനമരണവർഷങ്ങളെപ്പറ്റി സൂക്ഷ്മമായി ഒന്നും അറിയുന്നില്ലെങ്കിലും ജീവിതകാലം 980-നും 1035-നും ഇടയ്ക്കാണെന്നു ഉദ്ദേശമായി പറയാം. പേരെന്തെന്നും അറിവില്ല. തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ എട്ടരയോഗം എന്ന സുപ്രസിദ്ധമായ ഭരണസമിതിയിൽ ആ കുടുംബത്തിലെ കാരണവന്മാർക്ക് ഒരു സ്ഥാനവും ശ്രീകരണം പള്ളിയാടി, അഥവാ കരണത്താക്കുറുപ്പ്, എന്നൊരു ഔദ്യോഗികനാമധേയവുമുണ്ട്. കരണത്താൻ എന്നാൽ കണക്കപ്പിള്ള എന്നർത്ഥം. ചരിത്രപുരുഷൻ ബാല്യത്തിൽ സംസ്കൃതഭാഷ വഴിപോലെ പഠിക്കുകയും വേദാന്തശാസ്ത്രത്തിൽ വിശിഷ്യ വിജ്ഞാനം സമ്പാദിക്കുകയും ചെയ്തു. അദ്വൈതാനന്ദം കിളിപ്പാട്ടിൽ അദ്ദേഹം രണ്ടു ഗുരുക്കന്മാരെ വന്ദിച്ചുകാണുന്നു.

“ദാസനാമെൻമനോവാസനയെബ്ഭക്തി—
ഭാസുരയാക്കിച്ചമച്ച കൃപാനിധി
ഭൂസുരന്മാരിലഗ്രേസരനീശ്വരോ—
പാസനാതൽപരൻ കേശവൻതന്നുടെ
ഭാസമാനശ്രീപദസരോജാന്തര—
പാംസുനാ നിർമ്മലേ മന്മനോദർപ്പണേ
വാസുദേവൻ പ്രതിഭാസിക്കണം സദാ
വ്യാസാദികളുമനുഗ്രഹിക്കേണമേ.
കംസാരിസേവനതൽപരൻ കൃഷ്ണാഖ്യ—
ദേശികൻതന്നെയും സഞ്ചിന്തയാമി ഞാൻ.”

ഇവരിൽ കേശവൻ എന്ന ബ്രാഹ്മണൻ ആരാണെന്ന് അറിയുന്നില്ല. തേവലക്കരപ്പകുതിയിൽ കോട്ടൂർ കൃഷ്ണനാശാനാണ് കൃഷ്ണൻ. വിദ്യാഭ്യാസം കഴിഞ്ഞു വിഖ്യാതനായതിനുമേൽ തിരുവനന്തപുരത്തുപോയി അന്നു നാടുവാണിരുന്ന സ്വാതിതിരുനാൾ മഹാരാജാവിനെ മുഖം കാണിക്കുകയും അവിടുന്നു കുറിപ്പിന്റെ ബഹുമുഖമായ പാണ്ഡിത്യത്തെ അനുമോദിച്ചു “വിദ്വാൻ” എന്ന ബിരുദം സമ്മാനിക്കുകയും

ചെയ്തു. മരിച്ചതു സ്വഗൃഹത്തിൽവെച്ചതന്നെയാണ്. ചവറ പുതുക്കാട്ടു മുറിയിൽ മഠത്തിൽവീട്ടിൽ ഇടിക്കാളിഅമ്മയെ വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ മകനും വിദ്വാനുമായ പുതുക്കാട്ടു മഠത്തിൽ കൃഷ്ണനാശാനെപ്പറ്റി മേൽ പ്രസ്താവിക്കും.

## കൃതികൾ

അദ്വൈതാനന്ദം എന്ന കിളിപ്പാട്ടാണ് കുറുപ്പിന്റെ പ്രധാനകൃതി. അതിനുപുറമെ മാർക്കണ്ഡേയചരിതം എന്ന പേരിൽ ഒരു ആട്ടക്കഥയും ലക്ഷ്മീസ്തവം എന്ന കീർത്തനവും അദ്ദേഹം രചിച്ചിട്ടുണ്ട്.

“കുംഭിമുഖവനെക്കുമ്പിട്ടുകൊണ്ടു ഞാ–
നംഭോജസംഭവൻതൻ തിരുമാതിനെ
കമ്പമൊഴിഞ്ഞുള്ളിലാമ്മാറുറപ്പിച്ചു
സമ്പത്തു നല്കുവാൻ പാലാഴിമാതിനെ”

വാഴ്ത്തുകയാണെന്നു കവി പറയുന്ന ലക്ഷ്മീസ്തവം നിർഗ്ഗുണമാണ്.

## മാർക്കണ്ഡേയചരിതം ആട്ടക്കഥ

മാർക്കണ്ഡേയചരിതം തരക്കേടില്ലാത്ത ഒരാട്ടക്കഥയാണ്. രാഷ്ട്രവർദ്ധനൻ എന്ന രാജാവിന്റെ വർണ്ണനത്തോടുകൂടി കഥ ആരംഭിക്കുന്നു. അദ്ദേഹമാണ് മാർഗ്ഗനിരോധം ശമിപ്പിച്ചു മൃഗണ്ഡുമഹർഷിക്കു കാശിയിൽ വിശ്വനാഥഭജനത്തിനു വേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുത്തതു്. ആടിക്കാണുവാൻ പ്രസ്തുത കഥ പ്രത്യേകിച്ചും കൊള്ളാം. “മാമുകിൽവാസിനി”യായ പാർവ്വതീദേവിയെ കവി ഗ്രന്ഥാരംഭത്തിൽ ധ്യാനിക്കുന്നു. അതു് ഏതു ക്ഷേത്രത്തിലെ മൂർത്തിയാണെന്നു മനസ്സിലാകുന്നില്ല. താഴെക്കാണുന്ന ശ്ലോകവും ദുർഗ്ഗാസ്തുതിതന്നെ.

“ദുർഗ്ഗാമാശു ബഹിർമ്മുഖൈഃ പ്രണതസം–
  സർഗ്ഗാം ച ബഹിർമ്മുഖൈഃ
സ്വർഗ്ഗാധീശനിഷേവിതാം പദജുഷാം
  സ്വർഗ്ഗാപവർഗ്ഗപ്രദാം
ഭർഗ്ഗാനന്ദവിധായിനീം മദസുഹൃ–
  ദ്വർഗ്ഗന്തദാ ചിന്മയീം
ദുർഗ്ഗാം സന്തതമാശ്രയേ ഭഗവതീം
  സർഗ്ഗാന്തരക്ഷാകരീം.”

ഒരു ചരണം:–രാജാവു മാർഗ്ഗനിരോധിയായ കാട്ടാളനോടു്:

“ഝടിതി കൊടിയ പടിമ പെരിയൊ–
രടികളിടികൾ കൊണ്ടു നിന്റെ
തടിയതുടയ വടിവു ഘടന വെടിയുമിന്നെടാ!
നിർജ്ജനേ വനേ വസിച്ചു സജ്ജനത്തെയുജ്ജസിച്ചു–
പാർജ്ജിതാർത്ഥവർജ്ജ്യഭോജ്യസജ്ജ ദുർമ്മതേ!
ആശനിസദൃശനിശിതവിശിഖ–
നിരകൾകൊണ്ടു സപദിനിന്റെ–
യശുഭപൃശുനകുശലപശുത തീരുമിന്നെടാ!”

## അദ്വൈതാനന്ദം

അദ്വൈതാനന്ദം നിരവധി വേദാന്തതത്വങ്ങളെ സ്പഷ്ടവും ലളിതവുമായ ഭാഷയിൽ പ്രതിപാദിക്കുന്ന ഒരു വിശിഷ്ടമായ കിളിപ്പാട്ടാണ്. അതിൽ ആറധ്യായങ്ങൾ കവി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒന്നും അഞ്ചും അധ്യായങ്ങൾ കാകളിയിലും, രണ്ടും ആറും അധ്യായങ്ങൾ കേകയിലും, മൂന്നും നാലും അധ്യായങ്ങൾ യഥാക്രമം പാനയിലും അന്നനടയിലുമാണ് രചിച്ചിരിക്കുന്നത്. ഗുരുശിഷ്യോപദേശരൂപത്തിൽ നിബന്ധിച്ചിരിക്കുന്ന ആ ഗാനത്തിൽ ഗുരു വെങ്കടാചലസ്വാമി എന്ന ബ്രഹ്മജ്ഞസത്തമനാണ്. പഞ്ചീകരണമാണ് പ്രഥമാധ്യായത്തിലെ പ്രകരണം. ദ്വാദശവർണ്ണകം എന്ന ഗ്രന്ഥത്തെയാണ് കവി പ്രായേണ ഉപജീവിച്ചിരിക്കുന്നത്. ഒടുവിൽ "വേദാന്തമഹാശാസ്ത്രം മനനം സാംഖ്യസാരം ദ്വാദശസംഖ്യൈരുക്തം വർണ്ണകമിദം പൂർണ്ണം" എന്നു കവിതന്നെ ആ വസ്തുത പ്രസ്താവിച്ചിട്ടുണ്ട്. കുറുപ്പിന്റെ കാവ്യസരണി കാണിക്കുവാൻ ഒരു ഭാഗം ഉദ്ധരിക്കാം.

> "മത്സ്യകേതനനാകും കൈവർത്തൻ നരന്മാരാം
> മത്സ്യസഞ്ചയങ്ങളെ നിഗ്രഹിപ്പതിനായി
> സുന്ദരീവർഗ്ഗമാകും ബളിശം സംസാരമാ–
> കുന്നോരു സമുദ്രത്തിൽസ്സന്തതം ക്ഷേപിക്കുന്നു.
> മോഹനാംഗികളുടെയധരമാംസത്തിനെ
> മോഹിച്ചു ചാടിക്കൊത്തി വലയുന്നെന്നേ വേണ്ടൂ.
> പിന്നെയിമ്മർത്ത്യമത്സ്യവൃന്ദത്തെയനുരാഗ–
> വഹ്നിയിൽപ്പചിപ്പതും കന്ദർപ്പവൃത്തിയല്ലോ.
> ദുരുക്തിയെന്തിന്നേറ്റം ഘോഷിച്ചുപറയുന്നു?
> വിരക്തിയുണ്ടെന്നാകിൽജ്ജയിക്കാംമനസ്സിനെ.
> അശക്തനെന്നാകിലും ഭക്തിയുണ്ടാകുന്നേര–
> മസക്തി സർവേന്ദ്രിയവിഷയങ്ങളിലുണ്ടാം.
> അസക്തികൊണ്ടുതന്നെ വിരക്തി വന്നീടുന്നു,
> വിമുക്തപാപന്മാരാം ഭക്തന്മാർക്കെല്ലാപേർക്കും.
> ബഹിരിന്ദ്രിയജയമായൊരു ദമമേവം
> ഗ്രഹണം ചെയ്തീടുക മനസാ ശുഭമതേ!"

1068-ാംമാണ്ട് അഴകത്തു പത്മനാഭക്കുറുപ്പ് അച്ചടിപ്പിച്ച ഈ പുസ്തകം ഇപ്പോൾ ഒരിടത്തും കിട്ടുന്നില്ല. കേരളത്തിൽ എവിടെയും പ്രചുരപ്രചാരം സിദ്ധിക്കേണ്ട ഒരു ഭാഷാഗാനത്തിനാണ് ഈ ശോചനീയാവസ്ഥ സംഭവിച്ചിരിക്കുന്നത്.

## മടവൂർ കാളുആശാൻ (1032–1063)

### കുടുംബവും ജനനവും

മടവൂർ കാളുആശാൻ 1032-ാംമാണ്ടു ചിങ്ങമാസത്തിൽ സ്വാതിനക്ഷത്രത്തിൽ ജനിച്ചു. ചിറയിൻകീഴ് താലൂക്കിൽ മടവൂർപകുതിയിൽ കോവിൽവീടാണ് തറവാട്. ആ വീട്ടിൽ മാർത്താണ്ഡനാശാൻ എന്നൊരു പണ്ഡിതൻ 990 മുതൽ 1021 വരെ ജീവിച്ചിരുന്നു. അദ്ദേഹം ഒരു ജ്യോത്സ്യനും മന്ത്രവാദിയും വൈദ്യനും ചില ചില്ലറ ഭാഷാഗാനങ്ങളുടെ പ്രണേതാവുമായിരുന്നു. 998-ൽ ആ കുടുംബത്തിലെ പരദേവതയായിരുന്ന ഭദ്രകാളിയെ വെട്ടൂർ പെരുമൺ എന്ന സ്ഥലത്തു നിന്നു മടവൂർ കളരി

യിൽ കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. കോവിൽവീട്ടുകാർ ആ ദേവിയെ തദനന്തരം പൂർവ്വാധികമായി ആരാധിച്ചുതുടങ്ങി. ആ മാർത്താണ്ഡനാശാന്റെ സഹോദരി നാരായണിഅമ്മയുടേയും ചെറുകര ബാലകൃഷ്ണപിള്ളാആശാന്റേയും പുത്രനാണ് കാളു ആശാൻ. പിതൃദത്തമായ നാമധേയം കാളിദാസൻ എന്നായിരുന്നു എന്നും അതു ലോപിച്ചാണ് കാളു എന്നായതെന്നും പറയുന്നു. മലയാളം പഠിപ്പിച്ചതു പിതാവുതന്നെയായിരുന്നു.

## ജീവിതചരിത്രം

അക്കാലത്തു കിളിമാനൂർ കൊട്ടാരത്തിൽ സംസ്കൃതാധ്യാപകനായിരുന്ന കിളിമാനൂർ കോട്ടൂർ നീലകണ്ഠപ്പിള്ളആശാനായിരുന്നു ആദ്യത്തെ സംസ്കൃതഗുരു. അദ്ദേഹത്തിന്റെ അന്തേവാസിയായി അഞ്ചാറു മാസമേ കഴിച്ചുകൂട്ടിയുള്ളു എങ്കിലും ശൈശവത്തിൽത്തന്നെ അസാധാരണമായ പ്രതിഭാശക്തി പ്രദർശിപ്പിച്ചിരുന്ന കഥാനായകനു സാഹിത്യത്തിൽ കവലയാനന്ദംവരെയും ഗണിതത്തിൽ ലീലാവതിവരെയും അതിനിടയ്ക്കു പഠിക്കുവാൻ സാധിച്ചു. പിന്നീടു യാവജ്ജീവം ഒരത്യേധാവായി വ്യാകരണത്തിലും തർക്കത്തിലും യഥാകാലം പരിചയം സമ്പാദിച്ചു. അപ്പോഴേയ്ക്കു 15 വയസ്സു പ്രായമായിരുന്ന ആ ബാലൻ സ്വല്പകാലം ഒരു പ്രവൃത്തിപ്പള്ളിക്കൂടം വാധ്യാരായും പിന്നീടു മാമണ്ണൂർ ഇല്ലത്തെ ഉണ്ണികളുടെ അധ്യാപകനായും ജീവിതം നയിച്ചു. അനന്തരം ജ്യോത്സ്യൻ എന്ന ഖ്യാതി പ്രസരിച്ചപ്പോൾ അതുതന്നെ കാലക്ഷേപമാർഗ്ഗമായിത്തീർന്നു. 1063-ആമാണ്ടു കുംഭമാസം 10-ാംനു മരിച്ചു.

## കൃതികൾ

കാളുആശാനു സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ കവനംചെയ്വാൻ പാടവമുണ്ടായിരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽത്തന്നെ ചില പാട്ടുകൾ എഴുതി. അദ്ദേഹത്തിന്റെ കൃതികളിൽ (1) പ്രഹ്ലാദചരിതം ആട്ടക്കഥ, (2) ശങ്കരാചാര്യചരിതം കിളിപ്പാട്ട്, (3) ശുകാകസല്ലാപം സംസ്കൃതചമ്പു എന്നിവയ്ക്കാണ് പ്രാധാന്യം. പാഞ്ചാലീസ്വയംവരം കിളിപ്പാട്ടും സോമവാരവ്രതമാഹാത്മ്യം തുള്ളൽപ്പാട്ടും കൂടി അദ്ദേഹം ഉണ്ടാക്കിയിട്ടുള്ളതായി കേട്ടിട്ടുണ്ടെങ്കിലും അവ ഇപ്പോൾ അലഭ്യങ്ങളാണ്.

## പ്രഹ്ലാദചരിതവും ശങ്കരാചാര്യചരിതവും

പ്രഹ്ലാദചരിതം ആട്ടക്കഥയും ശങ്കരാചാര്യചരിതം കിളിപ്പാട്ടും കോട്ടൂർ നീലകണ്ഠപ്പിള്ള ആശാന്റെ നിദേശാനുസരണം നിർമ്മിച്ച കൃതികളാണ്.

> “ശ്രീമൽകീരൈണരാഷ്ട്രക്ഷിതിവലഭിദുരു–
> പ്രീതിഭാഗാര്യശിഷ്യ–
> ശ്രീമന്മൗലിർമ്മഹാത്മാ തരളസരളധീ–
> ർന്നീലകണ്ഠാഭിധാനഃ
> ഭീമശ്രീപാദസേവീ ഗുഹനിഖിലകലാ–
> പേശലോ ദൂരദർശി–
> സ്തോമോത്തംസോ യശസ്വീ മമ ഗുരുരിഹ ജേ–
> ജീയതേ ധന്യശീലഃ”

എന്ന് ഇവയിൽ ആദ്യത്തെ കൃതിയിലും,

> മൽഗുരുവരനായ മംഗലമണിദീപം
> സൽഗുണാകരൻ ക്രോഡഗ്രാമനാമകധാമാ

മേദുരിതോരുഹോരാതത്വാർത്ഥസാരതന്ത്ര–
യാദസാംപതിലോപാമുദ്രാസുനാഥൻ ശുഭൻ
ദേവബ്രാഹ്മണസാധുപൂജനരതൻ സർവ–
കോവിദാവലീമുഖകൈരവരാകാചന്ദ്രൻ
നീലകണ്ഠാഭിധാനൻതൻതിരുപ്പാദം നിത്യ–
മാലംബിച്ചിതാ വീണു വനങ്ങീടുന്നേനഹം.”

എന്നു രണ്ടാമത്തേതിലും ആ ഗുരുവിനെ കവി വന്ദിച്ചിരിക്കുന്നു. പ്രഹ്ലാദചരിതം സാമാന്യം നല്ല ഒരാട്ടക്കഥയാണ്. ഒരു മങ്ഗളശ്ലോകവും ഒരു പദത്തിൽനിന്നു ചില വരികളും എടുത്തുകാണിക്കാം.

“യദ്ബീജാംകരിതം ക്രമൈദിതമിദം ചാദോ മദീയം വപുർ–
ല്ലോകേ സംക്രമിതം യദീയയശസഃ കിഞ്ചച്ഛുഭം മദ്യശഃ
യച്ഛിക്ഷാസുപടുത്വതോഹമധുനാ സദ്യഃ പ്രബുദ്ധാക്ഷര–
സ്തം താതം ഹൃദി ചിന്തയേ ബുധവരം യോ ബാലകൃഷ്ണാ ഹ്വയഃ.”

ദേവേന്ദ്രൻ ശചീദേവിയോട്ട്:

“സൂര്യബിംബം പോയ്മറഞ്ഞു പാരിജാതങ്ങൾ കരിഞ്ഞു
സാരകാന്തവിയോഗേന നാരിതന്റെ മുഖംപോലെ.
താരേശനുദിച്ചുയർന്നു കൈരവങ്ങൾ തെളിയുന്നു
ചാരു നിൻമുഖശ്രീ കണ്ടു പാരമെൻമാനസംപോലെ.
അഞ്ചിതകോകിലവൃന്ദം പഞ്ചമങ്ങൾ പാടീടുന്നു;
പിഞ്ഛരവും വിരുത്തു ശിഖിസഞ്ചയങ്ങളാടിടുന്നു.
വണ്ടുകളും മധുരസമുണ്ടു ഷഡ്ജം പാടിടുന്നു
തണ്ടലർസായകൻതന്റെ കൊണ്ടാട്ടം ഞാണൊലിപോലെ.
മന്ദവായുസഞ്ചലിതമന്ദാരവല്ലികൾ കാൺക
മന്ദം നമ്മെ വിളിക്കുന്നിതെന്നുതന്നെ തോന്നീടുന്നു.
മാരനായ വീരൻ വന്നു ക്രൂരമ്പുകൾ ചൊരിയുന്നു
വാരണഗമനേ! മനതാരിൽ മാൽ പെരുകീടുന്നു.”

ശങ്കരാചാര്യചരിതം അപൂർണ്ണമാണ്.

### ശ്വകാകസല്ലാപം

ഈ കൃതിയാണ് കാളുആശാന്റെ വാങ്മയങ്ങളിൽ ഏറ്റവും സരസമായി എനിക്കു തോന്നീട്ടുള്ളത്. ഇതും മുഴുവൻ കിട്ടീട്ടില്ല. തന്റെ ഗുരുനാഥനായ നീലകണ്ഠപ്പിള്ള ഒരവസരത്തിൽ തിരുവല്ലാ നെടുമ്പുറത്തു കൊട്ടാരത്തിൽ തമ്പുരാനുമായുള്ള ഏതോ ഒരു വാദത്തിൽ തോറ്റു എന്നു ദുഷ്പ്രവാദം പരത്തിയ ‘കുനൻ നമ്പിയാർ’ എന്നൊരു കലഹപ്രിയനെ പരിഹസിയ്ക്കുന്നതിലേയ്ക്കായി കവി രചിച്ചതാണ് പ്രസ്തുതചമ്പു. അത്തരത്തിലുള്ള വാദ കോലാഹലങ്ങളിൽ കാളു ആശാൻ പലപ്പോഴും ഏർപ്പെട്ടിരുന്നു. കാവ്യം ഇങ്ങനെ ആരംഭിക്കുന്നു.

“ജഗദ്ഗുരും ഗുരും വന്ദേ സംശ്ലിഷ്യൽസർവമങ്ഗലം
വൃഷധ്വജം നീലകണ്ഠം സൽകലാനിധിശേഖരം.

ശ്വകാകസല്ലാപ ഇതീര്യതേ മയാ

പ്രബന്ധ ഏഷോല്പധിയാപി കശ്ചന
അയം സമാലോക്യ നിരന്തരം ബുധൈ–
വിശുദ്ധ ഊരീക്രിയതാം ക്ഷമാപരൈഃ."

ആദ്യത്തെ ശ്ലോകത്തിൽ ഗുരുവന്ദനവും കാണാവുന്നതാണ്. അനന്തരം അമ്പലപ്പുഴക്ഷേത്രത്തെ കവി ഒരു പ്രൗഢമായ ഗദ്യത്തിൽ വർണ്ണിക്കുന്നു.

"സകല ജഗൽപരിപാലനലീലാകരണൈകതാനത്വവി
ഹിതപൃഥുരോമകമഠാസ്തബ്ധരോമനരകണ്ഠീരവാകണ്ഠവാ മ ന ധൃത
പരശുകോദണ്ഡമുസല രാമപരമഭാഗധേയാന്വിതരാധാനാമധേ
യാദ്യഖിലഗോപികാലോലംബാരാമ ഗോവിന്ദധരാസുഗതസൗ
ഗതാസജ്ജനദുരാചാരധാരണപ്രചാരണ നിപുണദോർദ്ദണ്ഡപ
രിമണ്ഡിതഖഡ്ഗ്യവതാരശ്രീമുകുന്ദൈകവാസസുക്ഷേത്ര ഭ്രാ ജി
ഷ്ണുസകലസല്യാണമയമംബരനദീപുരാഖ്യമങ്ഗള വിഷയം"

എന്ന് ആ ഗദ്യം അവസാനിക്കുന്നു. ആ ക്ഷേത്രത്തിൽ ഊട്ടുപുരയ്ക്കു വെളിയിൽ ദീർഘകർണ്ണനെന്ന ശുനകനും ജവനനെന്ന കാകനും തമ്മിൽ നടക്കുന്ന സംഭാഷണമാണ് പ്രതിപാദ്യ വിഷയം.

# — 46 —

# പതിനൊന്നാം ശതകം, ഉത്തരാർദ്ധം

## പേട്ടയിൽ രാമൻപിള്ള ആശാൻ (1017—1112)

പേട്ടയിൽ രാമൻപിള്ളആശാൻ 1017-ാമാണ്ടു കന്നിമാസത്തിൽ ജനിച്ചു. 96 വയസ്സോളം ജീവിച്ചിരുന്ന് 1112-ാമാണ്ടു മിഥുനമാസം 12-ാംനു മരിച്ചു. അത്ര ദീർഘമായ ആയുസ്സിനാൽ മേല്പത്തൂർ നാരായണഭട്ടതിരിയല്ലാതെ കേരളീയ സാഹിത്യകാരന്മാരിൽ മറ്റാരും അനുഗ്രഹിതന്മാരായിരുന്നതായി അറിവില്ല. 12-ാമത്തെ വയസ്സിൽ തുടങ്ങിയ ഗ്രന്ഥ രചന അദ്ദേഹം മരണകാലംവരെ ഏറെക്കുറെ നിർവിഘ്നമായിത്തന്നെ നിർവ്വഹിച്ചു എന്നുള്ളതു മറ്റൊരു അപൂർവ്വസംഭവമാകുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ ഭൂരിപക്ഷവും 11-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ് നിർമ്മിക്കപ്പെട്ടതു് എന്നുള്ളതു കൊണ്ടു് അദ്ദേഹത്തെ ആ കാലഘട്ടത്തിലെ ഒരു ഗ്രന്ഥകാരനായി പരിഗണിച്ചാൽ മതിയാകുന്നതാണ്.

### കുടുംബം

രാമൻപിള്ളആശാന്റെ മൂലകുടുംബം ചിറയിൻകീഴ് താലൂക്കിൽ ആറ്റിങ്ങൽ മേവർക്കൽദേശത്തു പട്ടിളക്കിപ്പള്ളിവീടാണ്. അവിടെനിന്ന് ഒരു സ്ത്രീ 975-ാമാണ്ടിടയ്ക്കു ഭർത്തൃഗൃഹമായ വർക്കല ഒറ്റൂർ കുഴക്കേവീട്ടിൽ താമസമായി. ആ സ്ത്രീയുടെ പുത്രിയാണ് ആശാന്റെ മാതാവായ പാർവ്വതിയമ്മ. പാർവ്വതിയമ്മയ്ക്കു് ഇരവിപ്പിള്ള എന്നൊരു ജ്യേഷ്ഠസഹോദരനുണ്ടായിരുന്നു. ആ ഇരവിപ്പിള്ളയ്ക്കു തിരുവനന്തപുരത്തു വലിയ കൊട്ടാരത്തിൽ ഒരു ജോലി കിട്ടി. അദ്ദേഹം താമസിച്ചതു തന്റെ ഒരു ബന്ധുവും സ്വാതിതിരുനാൾ മഹാരാജാവിന്റെ പള്ളിയറ വിചാരിപ്പുകാരനുമായിരുന്ന പേട്ടയിൽ കരിമ്പാലി വീട്ടിൽ അനന്തൻപിള്ളയോടുകൂടിയായിരുന്നു. അനന്തൻപിള്ള പാർവ്വതിയമ്മയെ 1007-ാമാണ്ടിടയ്ക്കു വിവാഹം ചെയ്തു. അവരുടെ തൃതീയസന്താനമാണ് രാമൻപിള്ള. ഇരവിപ്പിള്ളയുടെ അനന്തരവനായതുകൊണ്ടു് ഇരവി രാമൻപിള്ള എന്ന പേരിൽ അദ്ദേഹം പില്ക്കാലങ്ങളിൽ അറിയപ്പെട്ടു. അനന്തൻപിള്ളയുടെ അച്ഛന്റെ വകയായ പേട്ടയിൽ ഈഴവിളാകത്തു വീടും കാലക്രമത്തിൽ അദ്ദേഹത്തിനു കിട്ടി.

### വിദ്യാഭ്യാസം

അനന്തൻപിള്ള ആദ്യം നീലകണ്ഠപ്പിള്ള ആശാനെക്കൊണ്ടു മലയാളവും ശാമിപ്പിള്ളയെക്കൊണ്ടു തമിഴും മകനെ കുറേക്കാലം അഭ്യസിപ്പിച്ചതിനുമേൽ 1030-

ാമാണ്ടിടയ്ക്കു മാവേലിക്കരനിന്നു പപ്പുപിള്ള എന്നൊരാശാനെ വരുത്തി 1036-ാമാണ്ടുവരെ സംസ്കൃതത്തിലും ചില കാവ്യങ്ങൾ പഠിപ്പിച്ചു. എന്നാൽ ആ ബാലൻ പ്രതിഭാശാലിയാണെങ്കിലും പഠിത്തത്തിൽ പറയത്തക്ക ഔത്സുക്യം പ്രദർശിപ്പിച്ചില്ല. തദ്വിഷയകമായ ആലസ്യത്തെക്കുറിച്ച് അദ്ദേഹം പിന്നീട്ടു വളരെ വ്യസനിച്ചിട്ടുണ്ട്. പേട്ടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു വേണ്ട സൗകര്യമെല്ലാമുണ്ടായിരുന്നു എങ്കിലും അതിലും അദ്ദേഹത്തിനു ദൃഷ്ടിവെയ്ക്കുവാൻ തോന്നിയില്ല. 1036-ൽ രാമൻ പിള്ളയുടെ ഗുരുമുഖമായ അഭ്യാസം അവസാനിച്ചു എന്നു തന്നെ പറയാം. അതിനിടയ്ക്ക് അദ്ദേഹം പ്രധാനമായി സമ്പാദിച്ചതു കഥകളിപ്പദങ്ങൾ പാടുന്നതിനുള്ള സാമർത്ഥ്യമാണ്. അതിനുവേണ്ട സകല സാഹചര്യങ്ങളും അന്നു വലിയ കൊട്ടാരത്തിൽ ഉണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. പോരാത്തതിന് അമ്മാവൻ ഇരവിപ്പിള്ളയും ഒരു നല്ല ആട്ടപ്പാട്ടുകാരനായിരുന്നു. ഉണ്ണായിവാര്യരുടെ നളചരിതമാണ് രാമൻപിള്ളയുടെ ഹൃദയത്തെ ഐദംപര്യേണ വശീകരിച്ചത്.

## ജീവിതചരിത്രം

1037-ൽ തിരുവനന്തപുരം ജില്ലാക്കോടതിയിലും പിന്നീട്ടു ഡിവിഷൻകച്ചേരിയിലും സ്വല്പകാലം ഒരു ഗുമസ്ഥന്റെ പണിയിൽ ഏർപ്പെട്ടു എങ്കിലും അത്തരത്തിലുള്ള വൃത്തിയിൽ വൈരസ്യം തോന്നി 1040-ാമാണ്ടു പേട്ടയിൽ സ്വന്തമായി ഒരു മലയാളം പള്ളിക്കൂടം സ്ഥാപിച്ചു വിദ്യാർത്ഥികളെ പഠിപ്പിച്ചുതുടങ്ങി. അതുവഴിക്കാണ് രാമൻപിള്ളയ്ക്ക് ആശാൻ എന്ന ബിരുദനാമം വന്നുചേർന്നത്. 1051-ൽ ആ പള്ളിക്കൂടത്തിൽ ജ്ഞാനപ്രജാഗരസംഘം എന്നൊരു സമാജം സംഘടിപ്പിച്ച് ആ സമാജത്തിന്റെ ആഭിമുഖ്യത്തിൽ വേദാന്തവിഷയകമായും മറ്റും വാദപ്രതിവാദങ്ങൾ നടത്തിച്ചു. ആശാനും അനേകം തമിഴ്പുസ്തകങ്ങൾ വായിച്ചു വേദാന്തത്തിൽ ഗാഢമായ ജ്ഞാനം സമാർജ്ജിച്ചിരുന്നു. 1050-മാണ്ടിടക്ക് ഒന്നുമുതൽ അഞ്ചുവരെ കോപ്പിപ്പുസ്തകങ്ങൾ ഉണ്ടാക്കി കുനമ്മാവു് അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചുവരുത്തി അങ്ഗീകരണത്തിനായി ഗവർമ്മെന്റിലേയ്ക്കു സമർപ്പിക്കുകയും ഗവർമ്മെന്റ് അദ്ദേഹത്തിന് 500 രൂപ പാരിതോഷികം നല്കുകയും ചെയ്തു. 1083-ാമാണ്ടുവരെ ആ കോപ്പിപ്പുസ്തകങ്ങൾതന്നെയാണ് തിരുവിതാംകൂറിലെ പള്ളിക്കൂടങ്ങളിൽ ഉപയോഗിച്ചുവന്നത്. അങ്ങനെ ആശാനു നിയതമായ ഒരു ധനാഗമമാർഗ്ഗമുണ്ടായി. ആ പുസ്തകങ്ങളുടെ മുദ്രണത്തിനുവേണ്ടി പേട്ടയിൽ ഭാഷാ ഭൂഷണം എന്ന പേരിൽ സ്വന്തമായി ഒരച്ചുക്കൂടം സ്ഥാപിച്ചു. മൂന്നാംനമ്പർ പുസ്തകത്തിലെ “ഓമനക്കുട്ടികൾ ഔഷധം തിന്നു” മുതലായി ചില വാക്യങ്ങൾ ഇക്കാലത്തും ചിലർക്ക് ഓർമ്മയുണ്ടായിരിക്കും. നാലുമഞ്ചും നമ്പരുകളിലെ ശീർഷകങ്ങൾ ഗാനരീതിയിലുള്ളവയാണ്. “അർത്ഥനകേൾക്കണേ-ആശ്രിതവത്സലാ”, “എങ്ങും കലാലയം-ഏറ്റമാറാകണേ”, “ഓമൽസഖാക്കളേ-സത്യം വദിക്കണേ” എന്നും മറ്റുമാണു അവയിൽ ചില തലക്കെട്ടുകൾ. 1048-ൽ ആശാൻ ഗൗരിയമ്മ എന്നൊരു യുവതിയെ വിവാഹം ചെയ്തു. ആ സ്ത്രീ 1052-ാമാണ്ടിടയ്ക്കു മരിച്ചുപോയി. പിന്നീട് ആയുരന്തം വരെ വിഗതഭാര്യനായിത്തന്നെയാണ് കാലയാപനം ചെയ്തത്. 1061-ാമാണ്ടു തുലാമാസം 1-ാം നു ഒരു മാസികയായി പുറപ്പെട്ട മലയാളിയുടെ അധിപരായി ഭാരവാഹികൾ അദ്ദേഹത്തെ തിരഞ്ഞെടുത്തു. നിലവിലിരിക്കുന്ന പത്രങ്ങളിൽ അതിനാണ് വയസ്സുമൂപ്പ്. ആ കൊല്ലത്തിൽത്തന്നെ മിഥുനമാസം 5-ാംനു കഥാവാദിനി എന്ന പേരിൽ ഒരു മാസിക തിരുവനന്തപുരത്ത് ആരംഭിച്ച് അതിൽ അറബിക്കഥകൾ കിളിപ്പാട്ടുരീതിയിൽ എഴുതി പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ഒരു കൊല്ലത്തേ

യ്ക്ക തപാൽക്കൂലിയുൾപ്പെടെയുള്ള വരിസംഖ്യ ആ മാസികയ്ക്ക് ഒരു രൂപ പത്തണ മാത്രമേ ആയിരുന്നുള്ളു. പിന്നീടു സ്വസ്ഥനായി താമസിച്ചു പല ഗ്രന്ഥങ്ങൾ രചിച്ചുകൊണ്ടും വിവിധ സ്ഥാനങ്ങളിലുള്ള സുഹൃത്തുക്കളെ മധുരമായ ഗാനാലാപം കൊണ്ടും ഫലിതമയമായ സംഭാഷണങ്ങൾകൊണ്ടും ആനന്ദിപ്പിച്ചുകൊണ്ടും ഒരു ശതകാർദ്ധം കഴിച്ചുകൂട്ടി. 12-ാമത്തെ വയസ്സിൽ ദാക്ഷായണീസ്വയംവരം എന്ന വഞ്ചിപ്പാട്ടോടുകൂടി ആരംഭിച്ച സാഹിത്യവ്യവസായം 1111-ൽ സത്യസന്ധത എന്ന കാവ്യത്തോടുകൂടി അവസാനിച്ചു.

## കൃതികൾ

ആശാന്റെ പ്രധാനപദ്യകൃതികൾ (1) ഹരിശ്ചന്ദ്രചരിതം നാലു ദിവസത്തെ ആട്ടക്കഥ, (2) രാമാഭിഷേകം, (3) ക്ഷുദോദനവിജയം, (4) ഗോവിന്ദപട്ടാഭിഷേകം എന്നീ ആട്ടക്കഥകളും, (5) അറബിക്കഥ, (6) ഹിതപ്രദാനം, (7) തുളസീദാസരാമായണം ബാലകാണ്ഡം എന്നീ കിളിപ്പാട്ടുകളും, (8) രജതജൂബിലിഘോഷം, (9) കല്യാണമഹോത്സവം എന്നീ വഞ്ചിപ്പാട്ടുകളും, (10) ഗൃഹസ്ഥാശ്രമമാഹാത്മ്യം, (11) മാനസോദ്യാനം, (12) നൈഷധം, (13) സത്യസന്ധത എന്നീ കാവ്യങ്ങളുമാകുന്നു. (1) കേരളീയവാണിജ്യവൈമുഖ്യം, (2) സ്ത്രീവിദ്യാഭ്യാസം, (3) അധ്യാത്മരാമായണസദാചാരങ്ങൾ എന്നീ പ്രമേയങ്ങളെ അധികരിച്ചു തിരുവനന്തപുരം പബ്ലിക് ലെക്ചർ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രസംഗങ്ങൾ എഴുതി വായിച്ചിട്ടുണ്ട്. ഇവയിൽ ചില കൃതികളെപ്പറ്റി മാത്രം അല്പം പറയാം.

## ഹരിശ്ചന്ദ്രചരിതം

ഹരിശ്ചന്ദ്രചരിതം നാലു ദിവസത്തെ ആട്ടക്കഥതന്നെയാണ് ആശാന്റെ കൃതികളിൽ പ്രഥമ ഗണനീയമായി കരുതേണ്ടതു്. അതു് 1044-ാമാണ്ടാണ് രചിക്കുവാൻ ആരംഭിച്ചതെങ്കിലും 1055-നു മേലേ പൂർത്തിയായുള്ളു. 1062-ലാണ് അച്ചടിപ്പിച്ചതു്. ഒരു കാലത്തു് ആ കഥയ്ക്കു മലബാറിൽപോലും നല്ല പ്രചാരമുണ്ടായിരുന്നു. ശ്ലോകങ്ങളെല്ലാം മലയാളത്തിലാണ് കവി നിർമ്മിച്ചിരിക്കുന്നതു്; അവയ്ക്കു ഗുണം പോരാ. എന്നാൽ പദങ്ങളുടെ നില അതല്ല. അവയിൽ പലതും പാടികേൾക്കുവാൻ കൊള്ളാവുന്നതാണ്. ആശാന്റെ പ്രസ്തുത കൃതിക്കുള്ള മേന്മയും അതിലല്ലാതെ അഭിനയാർഹതയിലല്ല അധിഷ്ഠിതമായിരിക്കുന്നതെന്ന് അഭിജ്ഞന്മാർ പറഞ്ഞു കേട്ടിട്ടുണ്ട്. ഒന്നാംദിവസത്തെ കഥയിൽ വസിഷ്ഠന്റെ വിഷ്ണുസ്തോത്രവും, വിശ്വാമിത്രന്റെ ശിവസ്തോത്രവും, രണ്ടാംദിവസത്തിൽ "മകനേ-ഗോമതീതീരശയനേ-മണലാകുമാസ്തരണേ, ശയിക്കുന്നോ നിർമ്മലനേ" എന്നും, മൂന്നാംദിവസത്തിൽ "എന്നിനിക്കാണുന്നു ഞാൻ പ്രിയതമാ" എന്നും ആരംഭിക്കുന്ന പദങ്ങളും നന്നായിട്ടുണ്ട്. ഒടുവിൽ സൂചിപ്പിച്ച പദത്തിൽനിന്നു രണ്ടു ചരണങ്ങൾ ഉദ്ധരിക്കാം.

"പാണിഗ്രഹണംചെയ്ത ചേണാർന്ന ദിനംമുതൽ
കാണിനാഴികനേരം പ്രാണനായകാ! നിന്നെ
കാണാതെ വാണിതെന്നാൽ പ്രാണവേദനപൂണ്ടും
പ്രാണിക്കീ വിധി വന്നാൽ ത്രാണികാണുമോ താങ്ങാൻ?

(എന്നിനി)

പുതുമധുവതു തുകും മൃദുകേളിവചനങ്ങൾ
അതുലമാം ഭംഗിയോടേ അരുളുന്നതെന്നു കേൾപ്പൂ?
അതുമല്ല സുതനാം ലോഹിതനച്ഛനെക്കാണുവാൻ

കൊതിപൂ കണ്ടുരയുമ്പോളതിനെന്തുചെയ്വൂപാർത്താൽ?"

(എന്നിനി)

നാലാംദിവസത്തെ കഥയിൽ ലോഹിതാശ്വന്റെ "മാതാവേ മമ സഹിക്കാവതല്ല ഹോ സദാ ഭൂദേവൻ ചെയ്യും ഹിംസയും" എന്ന പദവും അതിന് ഉത്തരമായ ചന്ദ്രമതിയുടെ "അയ്യോ മാമകനന്ദന എന്തോന്നിതിനു ചെയ്യുന്നു ഞാനുമധുനാ?" എന്ന പദവും മറ്റും കണ്ണീർ പൊഴിക്കാതെ വായിക്കുവാൻ സാധിക്കുന്നതല്ല.

## ക്ഷുദോദനവിജയം

സദ്യയുണ്ണുന്നവർക്കു ആ അവസരത്തിൽ കേട്ടു രസിക്കുന്നതിനു തദ്വിഷയകമായി ആശാൻ 1075-ൽ രചിച്ച ഒരു പ്രബന്ധമാണ് ക്ഷുദോദനവിജയം. ഇതിൽ ആകെ 17 രംഗങ്ങളുണ്ട്. ഓദനൻ എന്ന രാജാവു നവനീതാങ്ഗനയെന്നും സൂപാങ്ഗനയെന്നും പേരുള്ള രണ്ടു പത്നിമാരോടും ദധിമുനിയെന്ന കുലഗുരുവിനോടും പഞ്ചപ്രഥമന്മാരെന്ന അഞ്ചു സഹോദരന്മാരോടും കാളൻ എന്ന പ്രധാനമന്ത്രിയോടും ഓലൻ എന്ന ഉപമന്ത്രിയോടും സിതഗുളപക്വാദി സൈന്യങ്ങളോടുംകൂടി ഉദരരാജ്യപരിപാലനംചെയ്ത് ഓദനപുരം എന്ന രാജധാനിയിൽ വസിക്കുന്നു. അപ്പോൾ തൃഷ്ണയെന്ന ഭാര്യ, ക്രോധമെന്ന മന്ത്രി, രുചിയെന്ന സാരഥി, കാമാദിമനോവൃത്തികളാകുന്ന ഭടന്മാർ ഇവരോടുകൂടി രസാതലത്തിൽ താമസിക്കുന്ന ക്ഷുത്തെന്ന അസുരന്റെ സഹോദരിയായ ബുഭുക്ഷ ഭൂലോകത്തു വരികയും തേജോമയനായ ഓദനരാജാവിനെ രംഭാപത്രപ്രദേശത്തുവെച്ചു കണ്ടു കാമിക്കുകയും ഒരു ലളിതയുടെ വേഷത്തിൽ തന്നെ പരിഗ്രഹിക്കണമെന്ന് അർത്ഥിക്കുകയും ചെയ്യുന്നു. ഓദനനും അദ്ദേഹത്തിന്റെ സഹോദരന്മാരും ആ അഭ്യർത്ഥന നിരസിച്ചതുകൊണ്ടു കുപിതയായി അവൾ പാൽപ്രഥമനെ ബലാൽക്കാരേണ ചുംബിക്കുകയും പാൽപ്രഥമൻ അവളുടെ നാസാധരങ്ങൾ ഛേദിക്കയും ചെയ്യുന്നു. അതറിഞ്ഞു ക്ഷുത്തു യുദ്ധസന്നദ്ധനായി എത്തുകയും മന്ത്രിയായ കാളനെ തോല്പിക്കുകയും ഉപമന്ത്രിയായ ഓലനെ ഓടിക്കുകയും ചെയ്യുന്നു. തദനന്തരം ദധിമുനിയുടെ പത്നിയായ സിതാങ്ഗിയെ സിതയെന്നു ഭ്രമിച്ച് ക്ഷുത്ത് ഒന്നു ചുംബിക്കുകയും രുചിയാൽ നിവാരിതനായി അവൻ നീങ്ങി നില്ക്കവേ സിതാങ്ഗി ഭർത്താവിനോട് അവനെ ശാപംകൊണ്ടു സംഹരിക്കണമെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിനിടയ്ക്കു ഓദനനിൽ നിന്നു വിവരം ഗ്രഹിച്ചു പഞ്ചപ്രഥമന്മാർ യുദ്ധം തുടരുന്നു എങ്കിലും ശണ്ഠ ആർക്കും നല്ലതല്ലെന്ന് അറിവുള്ള ദധിമുനി അവിടെയെത്തി ഇരുകക്ഷികളെയും സമാധാനപ്പെടുത്തി അന്യോന്യം താംബൂലദാനം ചെയ്യുവാൻ ആജ്ഞാപിക്കുന്നു. അങ്ങനെ ശത്രുക്കളെ ബന്ധുക്കളാക്കിയാണ് ആശാൻ കഥ സമാപിക്കുന്നത്. ഈ അപൂർവ്വമായ ഇതിവൃത്തഘടനയിൽ ആശാന്റെ മനോധർമ്മപ്രസരം പ്രത്യേകം അഭിനന്ദനീയമായിരിക്കുന്നു. പദങ്ങൾ എല്ലാംതന്നെ സരസങ്ങളാണ്. സിതാങ്ഗിക്ഷുത്തിനു നല്കുന്ന പ്രത്യുത്തരത്തിൽനിന്ന് ഒരു ഭാഗമാണ് അടിയിൽ പകർത്തുന്നത്.

"പരനാരിമാരെത്തേടും വിടനോ?—നീ പാരീരേഴും
ഒരുപോലെ കീർത്തിപെറ്റ ശഠനോ?—പോരിന്നായിങ്ങു
കരുതിവന്നേരിലൊരു ഭടനോ?-ഗുണദോഷങ്ങ—
ളറിയപ്പോകാത മഹാജഡനോ?
ചൊല്ലുകല്ലെങ്കിൽ നിന്നുടെ—രാഗാദിദോഷം വേരോടേ
ഛേദിച്ചൊഴിക്കുമെന്നുടെ—ശാപകഠാരം കയ്യോടേ;
ഓർക്ക നീ നടേ."

## അറബിക്കഥ

ആശാന്റെ ആട്ടക്കഥകൾ കഴിഞ്ഞാൽ പിന്നീടു സഗുണങ്ങളെന്നു പറയാവുന്നതു കിളിപ്പാട്ടുകളാണ്. അവയിൽ അറബിക്കഥ 1062-ലാണ് രചിച്ചതെന്നു പറഞ്ഞു വല്ലോ. അതിനു ആനന്ദാമൃതസാഗരം എന്നൊരു പേരും കവി കൊടുത്തിട്ടുണ്ട്. കഥാവാദിനി എന്നതു മാസികയുടെ പേരാണ്. ആശാനു ഇംഗ്ലീഷ് പരിചയമില്ലാതിരുന്നതിനാൽ തമിഴുഭാഷയിലുള്ള ഒരു വിവർത്തനത്തെ ആശ്രയിച്ചാണ് പ്രസ്തുത കൃതി രചിച്ചത്. അവതാരികയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: “ഒരു തൊഴിലാളി തന്റെ തൊഴിലിനു വേണ്ടുംവണ്ണവും മിനുസവുമായുള്ള ഉപകരണങ്ങൾ ഇല്ലെങ്കിൽ അവന്റെ യഥാർത്ഥമായ യോഗ്യത എങ്ങനെ പ്രകാശിപ്പിക്കും? വെളിച്ചംകൊണ്ടേ ഇരുൾ നീങ്ങുകയുള്ളു. അതുപോലെതന്നെ അറിവുകൊണ്ടേ ഇരുൾ നീങ്ങുകയുലള്ളു. അതുപോലെതന്നെ അറിവുകൊണ്ടേ മൂഢതയും പോകൂ. ഈ അറിവോ ആയുഷ്കാലത്തിന്റെ പരിണാമം നോക്കുമ്പോൾ സാമാന്യമായെങ്കിലും ഗ്രന്ഥങ്ങളിൽനിന്നു സമ്പാദിപ്പാനേ കഴിവുള്ളൂതാനും. ഇങ്ങിനെയിരിക്കയാൽ നമ്മുടെ പരിഷ്കാരത്തിനു പ്രധാന തടസ്സമായിക്കാണുന്ന ഗ്രന്ഥലോപമെന്ന ന്യൂനതയെ തീർക്കുന്നതിന് ഇതര ഭാഷകളിലുള്ള കഥകളെ മലയാളഭാഷയിലാക്കി ഗദ്യമായിട്ടോ പദ്യമായിട്ടോ ചമച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തുന്നതു മതിയായിട്ടുള്ളതെന്നു കരുതി കഥാവാദിനി എന്ന പേരോടു കൂടി ഈ പത്രികയെ ആരംഭിച്ചിരിക്കുന്നു.” ആശാന്റെ ഊർജ്ജിതമായ ഭാഷാപോഷണൗത്സുക്യത്തിനു ഒരു നിദർശനമാണ് ഈ ഖണ്ഡിക. ആമുഖവും പതിനൊന്നു ദിവസത്തോളമുള്ള കതയുമേ അച്ചടിച്ചിട്ടുള്ളതായി കേട്ടിട്ടുള്ളു. ഗ്രന്ഥം മുഴുമിപ്പിച്ചതായി അറിവില്ല.

## ഹിതപ്രദാനം

1085-ൽ രചിച്ച് 1091-ൽ പ്രസിദ്ധീകരിച്ച ഹിതപ്രദാനമാണ് ആശാന്റെ കിളിപ്പാട്ടുകളിൽ വച്ച് ഉത്തമമായി എനിക്കു തോന്നീട്ടുള്ളത്. നാരദമഹർഷിയെ മഹാവിഷ്ണു വാനരമുഖനാക്കി അദ്ദേഹത്തിന്റെ അഹങ്കാരം ശമിപ്പിക്കുന്നതാണ് ഇതിലെ ഇതിവൃത്തം. അനവധി സദാചാരതത്വങ്ങൾ കവി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കവിത നാലു ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. ചില ഈരടികൾ പ്രദർശിപ്പിക്കാം.

> “ചെറിയ ചെറിയ നീരുറവുമുറ്റം ചേർന്നു
> പെരിയൊരാറായൂക്കോടൊഴുകുന്നതു പാർക്കിൽ
> കൃശതാദൗർബ്ബല്യങ്ങലോഴിച്ച വഴിപോലെ
> വിശദമാകുംവണ്ണം പുഷ്ടിശക്തികൾ നൽകും
> ഒരുമിപ്പാകമൈകമത്യമെന്നതു കാട്ടു–
> മുരുസൽഗുണപാഠം തരുമായതു സദാ.
> വല്ലികൾ വൃക്ഷങ്ങളിൽ മെല്ലവേ ചുറ്റിപ്പറ്റി
> നല്ല പോലിടചേർന്നു പടർന്നുകിടപ്പതു
> തന്നെത്താൻ ജീവിപ്പതിനൊന്നുമാകാത്തോർ ചെന്നു
> ധന്യരെസ്സമാശ്രയിക്കെന്നു സൂചിപ്പിയ്ക്കുന്നു.”

1086-ൽ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ രാജ്യഭരണത്തിന്റെ രജതജ്ജൂബിലിസംബന്ധിച്ചും 1110-ൽ നടന്ന കാർത്തികതിരുനാൾ രാജകുമാരിയുടെ വിവാഹം സംബന്ധിച്ചും ആശാൻ നിർമ്മിച്ച വഞ്ചിപ്പാട്ടുകളെപ്പറ്റി ഇവിടെ വിശേഷവിധിയായി ഒന്നും പ്രസ്താവിക്കേണ്ടതില്ല.

### കാവ്യങ്ങൾ

ആശാൻ സംസ്കൃതവൃത്തങ്ങളിൽ രചിച്ചിട്ടുള്ള കാവ്യങ്ങൾക്കു താരതമ്യേന ഗുണം കുറയും. 1084-ൽ പ്രസിദ്ധീകരിച്ച മാനസോദ്യാനം പാഠ്യപുസ്തകരൂപത്തിലുള്ള ഒരു കൃതിയാണ്; ആകെ 434 ശ്ലോകങ്ങളുണ്ട്. അവ ഉപജാതിവൃത്തത്തിൽ നിബന്ധിച്ചിരിക്കുന്നു. സദാചാരപ്രതിപാദകമായ ഈ കൃതിയിൽ അതിനു യോജിച്ച ചില ചെറിയ കഥകളും അന്തർഭവിച്ചിട്ടുണ്ട്. 1065-ാമാണ്ടിടയ്ക്കു് എഴുതിയ ഗൃഹസ്ഥാശ്രമമാഹാത്മ്യമാണ് താദൃശങ്ങളായ ആശാന്റെ കാവ്യങ്ങളിൽ മുഖ്യമായിട്ടുള്ളതു്. സ്രഗ്ദ്ധരാവൃത്തത്തിൽ 100 ശ്ലോകങ്ങൾ അടങ്ങീട്ടുള്ള ഈ കൃതിയിൽ കവി ഗൃഹസ്ഥാശ്രമത്തിന്റെ വിശേഷോൽകൃഷ്ടതയെ വിശദമായി പ്രതിപാദിക്കുന്നു. 'ഇങ്ങില്ല അങ്ങുമുണ്ടു്', 'ഇങ്ങുണ്ടു് അങ്ങില്ല', 'ഇങ്ങുമില്ല അങ്ങുമില്ല', 'ഇങ്ങുമുണ്ടു് അങ്ങുമുണ്ടു്' എന്ന് ഒരു ഗുരു തന്റെ ശിഷ്യനായ ഒരു രാജകുമാരനോടു നാലു തരത്തിലുള്ള ജീവിതങ്ങളെപ്പറ്റി പറയുകയും തപസ്വിയെ ആദ്യത്തെ അവസ്ഥയ്ക്കും, വേശ്യയെ രണ്ടാമത്തേതിനും, യാചകനെ മൂന്നാമത്തേതിനും, ഗൃഹസ്ഥനെ നാലാമത്തേതിനും ഉദാഹരണമായി വർണ്ണിക്കുകയും ചെയ്യുന്നു. ഗൃഹസ്ഥനെ "ഈ ലോകത്തുള്ള ധർമ്മോചിതസുഖമഖിലം ന്യായമായുണ്ണുമീയാൾ മേലിൽ കാലം കഴിഞ്ഞാൽ സുകൃതഫലസുഖം പിന്നെയങ്ങും ഭുജിക്കും" എന്നാണ് ചൂണ്ടിക്കാണിക്കുന്നതു്. രാജകുമാരന്റെ സന്ന്യാസസ്വീകാരാകാംക്ഷ അതോടുകൂടി അസ്തമിക്കുന്നു.

### അധ്യാത്മരാമായണസദാചാരങ്ങൾ

അധ്യാത്മരാമായണം കിളിപ്പാട്ടിലെ ചില സദാചാരവാക്യങ്ങൾ ഉദ്ധരിച്ച് ആ വാക്യങ്ങളനുസരിച്ചു മനുഷ്യൻ പ്രവർത്തിക്കേണ്ടതിന്റെ അഭിലഷണീയതയെ ഉപപാദിക്കുകയാണ് ആശാൻ ഈ ഗ്രന്ഥത്തിൽ ചെയ്യുന്നതു്. അദ്ദേഹം 1065-ാമാണ്ടിടയ്ക്കു ലെക്ചർകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എഴുതി വായിച്ച മൂന്നു ഗദ്യപ്രബന്ധങ്ങളിൽ ഇതുമാത്രമേ പിന്നീടു വികസിപ്പിച്ചിട്ടുള്ളു. ഈശ്വരഭക്തി, ഗുരുഭക്തി, രാജഭക്തി, പിതൃഭക്തി മുതലായി അനേകം പ്രമേയങ്ങളെ ഇതിൽ ആശാൻ ചർച്ച ചെയ്തിട്ടുണ്ടു്.

ഒരു കവി, ഭാഷാപോഷകൻ, അദ്ധ്യാപകൻ, സമുദായ പരിഷ്കാരി, ലോകസേവകൻ എന്നിങ്ങനെ പല നിലകളിൽ പേട്ടയിൽ രാമൻപിള്ള ആശാൻ സ്മരണീയനാണ്.

## കമ്മമ്പള്ളി രാമൻപിള്ളആശാൻ (1021–1087)

### കുടുംബവും ബാല്യവും

കൃഷ്ണപുരത്തു കുമ്മമ്പള്ളി രാമൻ പിള്ളആശാൻ സമീപവാസികളുടെ ഇടയിൽ തട്ടുപുരയ്ക്കൽ ആശാൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതു്. കുമ്മമ്പിള്ളി എന്നതു മൂലകുടുംബത്തിന്റെയും തട്ടുപുരയ്ക്കൽ എന്നതു് അതിന്റെ ഒരു ശാഖയുടെയും പേരാകുന്നു. രാമൻപിള്ള തട്ടുപുരയ്ക്കൽ വീട്ടിൽ 1021-ാമാണ്ടു വൃശ്ചികമാസത്തിൽ അശ്വതിനാളിൽ ജനിച്ചു. പിതാവു കായംകുളത്തിനു നാലുമൈൽ വടക്കുള്ള രാമപുരംഗ്രാമത്തിൽ കീഴ്ചേരിമഠത്തിൽ ഗണപതിപ്പോറ്റിയും മാതാവു പാർവ്വതിഅമ്മയുമായിരുന്നു. ഈ വിവരങ്ങളെല്ലാം നമ്മുടെ കവി താഴെച്ചേർക്കുന്ന ശ്ലോകത്തിൽ രേഖപ്പെടുത്തീട്ടുണ്ട്.

"യസ്യാംബാ ഹരിപാദജാന്വയഭവാ പാർകത്യഭിഖ്യാപിതാ

യസ്യശ്രീപതിവക്ത്രജോ ഗണപതിവേലായുധഃ പൂർവ്വജഃ
ഗേഹം കമ്മവിഹാരനാമകമദോ ദേശോസ്തി കൃഷ്ണാലയ–
സ്തേനൈതൽ കില വല്കലസ്ഥമഹാമാഹാത്മ്യമേവമ്മ കൃതം.”

അദ്ദേഹത്തിനു വേലായുധൻപിള്ള എന്നൊരു ജ്യേഷ്ഠനുണ്ടായിരുന്നതായി ഈ ശ്ലോകത്തിൽനിന്നറിയുന്നു. ബാല്യത്തിൽ പ്രാഥമികവിദ്യാഭ്യാസം മാത്രമേ ലഭിച്ചിട്ടുള്ളു. തറവാട്ടിലേയ്ക്കു ഒരു വേലവിരുത്തി ഉണ്ടായിരുന്നതിനാൽ എട്ടാമത്തെ വയസ്സിൽ വേലകളിക്കു കച്ചകെട്ടി. അതു കഴിഞ്ഞു കഥകളിയിൽ വേഷം കെട്ടി ആടുന്നതിനു വിദഗ്ദ്ധനായി. അങ്ങനെയിരിക്കെ, സംസ്കൃതജ്ഞാനമില്ലാത്തതു കൊണ്ടു രാമൻപിള്ള ഒരവസരത്തിൽ കാണിച്ച കൈ പിഴയ്ക്കുകയും അതു കണ്ടു കൂട്ടുകാരിൽ ഒരു നടൻ ആ ബാലനെ അല്പം അപഹസിയ്ക്കുകയും ചെയ്തു. തദനന്തരം സംസ്കൃതം പഠിക്കാതെ വേഷം കെട്ടുകയില്ലെന്ന് ആ അഭിമാനധനനും ശപഥം ചെയ്തു. അപ്പോഴേയ്ക്കു പതിനഞ്ചു വയസ്സു തികഞ്ഞിരുന്നു.

## കൈലാസാശാസ്ത്രികളും രാമൻപിള്ളയും

അക്കാലത്തു തിരുനെൽവേലിയിൽ കടയനല്ലൂരിനു സമീപമുള്ള വീരശിഖാ മണിഗ്രാമത്തിൽനിന്നു കൈലാസശാസ്ത്രികൾ എന്ന ഒരു പ്രസിദ്ധനായ സംസ്കൃതപണ്ഡിതൻ കായംകുളത്ത് എരുവയിൽ അപ്പൻകുളങ്ങരമഠത്തിൽ താമസിച്ചു പലരേയും സംസ്കൃതഭാഷ പഠിപ്പിച്ചുവന്നിരുന്നു. അദ്ദേഹത്തിനു ശിഷ്യന്മാരെ വളരെ വേഗത്തിൽ വ്യുൽപന്നന്മാരാക്കുന്നതിന് അന്യാദൃശമായ സാമർത്ഥ്യമുണ്ടായിരുന്നു രാമൻപിള്ള അവിടെ അദ്ദേഹത്തിന്റെ അന്തേവാസിയായി അഞ്ചു കൊല്ലത്തോളം താമസിച്ചു. ആദ്യം കുറേക്കലത്തേയ്ക്കു ആട്ടത്തിനും പോയിക്കൊണ്ടിരുന്നു എങ്കിലും ഗുരുവിന്റെ ആജ്ഞനിമിത്തം ആ കൃത്യാന്തരത്തിൽ നിന്നു വിരമിച്ച് ഏകാഗ്രതയോടുകൂടി സംസ്കൃതസാഹിത്യം അഭ്യസിച്ചു. ആ അഭ്യാസം അദ്ദേഹത്തെ 20-ാമത്തെ വയസ്സിൽ ഒരു നല്ല പണ്ഡിതനായി ഉയർത്തി. ശിഷ്യനു ഗുരുവിന്റെ നേർക്കുള്ള ഭക്തിയും ഗുരുവിനു ശിഷ്യന്റെ നേർക്കുള്ള വാത്സല്യവും അനന്യസാധാരണമായിരുന്നു. ഗുരുവിനെ വന്ദിക്കാതെ ശിഷ്യൻ ഒരു കൃതിയും രചിച്ചിട്ടില്ല. ശിഷ്യനു പല പ്രകാരത്തിലുള്ള ആശിസ്സുകൾ ഗുരുവും നല്കീട്ടുണ്ട്. രാമൻപിള്ളആശാന്റെ പ്രബന്ധങ്ങളിൽ സ്വീകരിച്ചിരിക്കുന്ന രാമദാസൻ എന്ന പേർ തന്നെ ഗുരുദത്തമാണ്. വർക്കല ക്ഷേത്രമാഹാത്മ്യത്തിൽ കവി അദ്ദേഹത്തെ ഇങ്ങനെ പ്രശംസിച്ചിരിക്കുന്നു.

“വീരശിഖാമണിഗ്രാമവാസീ, മഹാ–
ധീരൻ, ധരാദേവവാരശിഖാമണി,
ഘോരസംസാരവാരാശിതിതീർഷയാ
താരകബ്രഹ്മസമർപ്പിതമാനസൻ,
വേദവേദാങ്ഗതത്വജ്ഞാനശേവധി,
വൈദികസ്മാർത്തകർമ്മണ്യൻ, കലാനിധി,
സാദരം സർവ്വപുരാണവക്താ, ശിഷ്യ–
ഖേദാപഹൻ, സർവമോദാവഹൻ, സുധീ,
കാരുണ്യവാരിധി, കൈലാസനാഥ,നി–
പ്പാരിൽസ്സമസ്തവിദ്വജ്ജനപൂജിതൻ,

ചാരു[1] 'ദീപ്താതപാ'ഖ്യേ സുദേശേ പുരാ
നാരായണക്ഷേത്രസന്നിധൗ സൽഗൃഹേ
പാരാതെ പാർത്തു യഥാർഹം സ്വശിഷ്യരെ
നേരായ ശാസ്ത്രസാരത്തെ ഗ്രഹിപ്പിച്ചു."

സുഭദ്രാഹരണം തുള്ളലിൽ

"വാണീചാരുകടാക്ഷഭൃങ്ഗപടലീവാസന്തികാമുദ്ഗമം
ക്ഷോണീഭൂഷണലബ്ധവർണ്ണമുകടീകോടീരനീരാജിതം
മാണിക്യം ദ്വിജമാത്മവേദിനമഹം കൈലാസനാഥം ഗുരും
വാണീവർണ്ണഗുണാപ്തയേ ഗുണനിധിം ധ്യായാമി ചിത്തേ ഭൃശം"

എന്നും അദ്ദേഹത്തിന്റെ മാഹാത്മ്യം വർണ്ണിച്ചിട്ടുണ്ട്. കൈലാസശാസ്ത്രി ആ ശിഷ്യന്

"വിദ്യാജന്യമഹാമതിത്വയശസാ രായാ ച ദിവ്യൗഷധൈ–
സ്സൗശീല്യാദിഭിരന്തരങ്ഗസുഗുണൈശ്ശുശ്രൂഷയാ സാദരം
സമ്യാഗ്ധ്യാനപരാത്മധാമഗനിതാനന്ദേന മൽപൂജനം
സംഭൃതം തവ രാമദാസ! ഭഗവാൻ സ്യാച്ഛ്റേയസേ ശങ്കരഃ"

എന്ന് ഒരു സർവ്വസ്പൃക്കായ പ്രശംസാപത്രവും നല്കീട്ടുണ്ട്. ശാസ്ത്രികൾക്കു നിരവധി ശിഷ്യന്മാരുണ്ടായിരുന്നു; എങ്കിലും അവരിൽ പ്രഥമഗണനീയനായി രാമൻ പിള്ളയെത്തന്നെയാണ് അദ്ദേഹം കരുതിയിരുന്നത്. ആ മഹാപുരുഷൻ വാർദ്ധക്യത്തിൽ സന്യസിച്ചു മാവേലിക്കരെവെച്ചു പരഗതിയെ പ്രാപിച്ചു. രാമൻപിള്ള 20-ാമത്തെ വയസ്സിൽത്തന്നെ ഗുരുനാഥന്റെ അനുമതിയോടുകൂടി മനയംമനക്കോട്ട് എന്ന സ്ഥലത്തു താമസിച്ചുകൊണ്ടു ദേവികുളങ്ങരക്ഷേത്രത്തിലെ കളിത്തട്ടിൽവെച്ചു പല ബാലന്മാരേയും സംസ്കൃതം പഠിപ്പിച്ചു തുടങ്ങി.

## ജ്യോതിഷം

അധ്യാപകവൃത്തിക്കു ജ്യോതിഷജ്ഞാനം ആവശ്യകമാണെന്ന്, അപ്പോഴേയ്ക്കും ആശാനായിക്കഴിഞ്ഞ രാമൻപിള്ളയ്ക്കു തോന്നി. അതിലേയ്ക്കുവേണ്ടി ഒരു പണ്ഡിതനെ ഉപസർപ്പണംചെയ്തു; എങ്കിലും അദ്ദേഹം അതിനു വൈമുഖ്യമാണു പ്രദർശിപ്പിച്ചത്. തന്നിമിത്തം കൈലാസശാസ്ത്രികൾ തന്നെ ആ വിദ്യ അഭ്യസിപ്പിക്കണമെന്ന് അദ്ദേഹം നിർബ്ബന്ധപൂർവ്വം അപേക്ഷിച്ചു. ശാസ്ത്രികൾ ആ വിഷയത്തിൽ യാതൊരു ജ്ഞാനവുമില്ലാതിരുന്നതിനാൽ അന്ന് എരുവയിൽ പടയത്തു വീട്ടിൽ താമസിച്ചിരുന്ന മാത്തൂർ പണിക്കരോട് അദ്ദേഹം തന്നെ അതു സംബന്ധിച്ചുള്ള പ്രഥമപാഠങ്ങൾ ഓരോ ദിവസവും പഠിച്ചുകൊണ്ടുവന്നു ശിഷ്യനെ പഠിപ്പിച്ചു. പിന്നീട് ആശാൻതന്നെ പണിക്കരുടെ ശിഷ്യനായി ലീലാവതി തുടങ്ങിയ ഉൽഗ്രന്ഥങ്ങൾ കൂലങ്കഷമായി അഭ്യസിച്ച് ആ ശാസ്ത്രത്തിൽ അത്യന്തം നിഷ്ണാതനായിത്തീർന്നു. അതിനുമേൽ പള്ളിച്ചൽ കട്ടച്ചിറ ചെമ്പകശ്ശേരിപ്പോറ്റിയോടു വൈദ്യവും ശ്രീധരയോഗിയോടു വേദാന്തവും പരിശീലിച്ചു. അത്രയുമായപ്പോൾ ആശാനു വയസ്സ് ഇരുപത്തിമൂന്നായി.

[1] ദീപ്താതപം-(എരിവെയിൽ) എരുവെയിൽ.

## അനന്തരജീവിതം

വേദാന്തവിചാരത്തിന്റെ ഫലമായി ആശാനു വൈരാഗ്യം അങ്കരിക്കുകയും തന്നിമിത്തം ഉടൻ തന്നെ അദ്ദേഹം കാശിക്കായി പുറപ്പെടുകയും ചെയ്തു, എങ്കിലും ബന്ധുക്കളുടെ നിർബ്ബന്ധംകൊണ്ടു് തിരിയെ പോന്നു. ചെല്ലപ്പാപിള്ള എന്ന പ്രസിദ്ധനായ ജഡ്ജിയെ കാദംബരിയുംദശകുമാരചരിതവും പഠിപ്പിച്ചു. പിന്നീടു് പുതുപ്പള്ളി ചേവണ്ണൂർവീട്ടിൽ താമസിച്ചു മുപ്പത്തിരണ്ടു വർഷം തുടർച്ചയായി പലരേയും കാവ്യനാടകാദിഗ്രന്ഥങ്ങൾ പഠിപ്പിച്ചു യശസ്വിയും ധനവാനുമായിത്തീർന്നു. അത്തരത്തിലുള്ള ഒരധ്യാപകനു് അനർഘവും അപരിമിതവുമായ ശിഷ്യസമ്പത്തുണ്ടായതിൽ ആശ്ചര്യമില്ലല്ലോ. ആ ശിഷ്യന്മാരിൽ (1) വെളുത്തേരി കേശവൻവൈദ്യൻ, (2) പെരുന്നെല്ലി കൃഷ്ണൻ വൈദ്യൻ, (3) പുതുക്കാട്ടു മഠത്തിൽ കൃഷ്ണനാശാൻ, (4) മണിപ്പുഴ കൃഷ്ണപ്പണിക്കർ, (5) വാരണപ്പള്ളി കുഞ്ഞുപണിക്കർ എന്നിവരുടെ പേരുകൾ പ്രത്യേകം എടുത്തുപറയേണ്ടതായുണ്ടു്. ശ്രീനാരായണഗുരുസ്വാമികളും അദ്ദേഹത്തോടു കുറേക്കാലം സംസ്കൃതം പഠിക്കുകയുണ്ടായി. കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളിൽ പതിനൊന്നാം ശതകം ഉത്തരാർദ്ധത്തിൽ പലരിലും ദൃശ്യമായിരുന്ന സംസ്കൃതാഭിനിവേശത്തിനു പ്രധാനഹേതുഭൂതന്മാർ കൈലാസശാസ്ത്രികളും രാമൻപിള്ള ആശാനുമായിരുന്നു. 1067-ൽ അരിപ്പാട്ടും ആനന്ദവല്ലീശ്വരത്തും ധ്വജപ്രതിഷ്ഠയ്ക്കു മുഹൂർത്തം ചാർത്തിക്കൊടുത്തതു് ആശാനാണു്. തന്റെ മരണദിവസം മുൻകൂട്ടി ആ ജ്യോതിർവ്വിത്തു ഗണിച്ചു് അതിനു് ഒരു കൊല്ലംമുൻപുതന്നെ തട്ടുപുരയ്ക്കലേയ്ക്കു താമസം മാറ്റി. 1087-ാമാണ്ടു വൃശ്ചികമാസത്തിലെ ശുക്ലദ്വാദശിയോടു ചേർന്ന അശ്വതിനക്ഷത്രത്തിൽ കഥാപുരുഷൻ ബ്രഹ്മസായൂജ്യം പ്രാപിച്ചു.

## കൃതികൾ

ആശാന്റെ കൃതികളിൽ (1) വർക്കലസ്ഥല മാഹാത്മ്യം കിളിപ്പാട്ടും. (2) പ്രബോധനചന്ദ്രോദയം ഭാഷാ നാടകവുമാണു് പ്രധാനമായിട്ടുള്ളതു്. അവയ്ക്കുപുറമേ (3) സുഭദ്രാഹരണം ഓട്ടൻതുള്ളൽ, (4) ഭഗവന്നാമസൂത്രമാഹാത്മ്യം കിളിപ്പാട്ടു്, (5) പട്ടണത്തുപിള്ളയാർപാട്ടു്, (6) ബാല പ്രബോധാമൃതം, (7) കാദംബരീകഥാസാരം എന്നീ ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. വേറെയും കൃഷ്ണാർജ്ജുനവിജയം, സത്യാസ്വയംവരം എന്നീ ആട്ടക്കഥകൾ, ഷാണ്മാതുരമാഹാത്മ്യം കിളിപ്പാട്ടു്, സുബ്രഹ്മണ്യസ്തോത്രമാല, നേത്രഭൃങ്ഗചരിതം മുതലായി ചില ഗ്രന്ഥങ്ങളുംകൂടി രചിച്ചിട്ടുള്ളതായി കേട്ടുകേൾവിയുണ്ടെങ്കിലും അവയൊന്നും കണ്ടുകിട്ടിയിട്ടില്ല. പേട്ടയിൽ ആശാനെന്നപോലെ കമ്മമ്പള്ളി ആശാനും ദ്രാവിഡ വൃത്തങ്ങളിൽ കവനം ചെയ്യുന്നതിനായിരുന്നു സ്വാധീനത.

## വർക്കലസ്ഥലമാഹാത്മ്യം

ഈ കൃതി 1077-ാമാണ്ടു കന്നിമാസത്തിൽ ആരംഭിച്ചതായി കാണുന്നു. സംസ്കൃതത്തിൽ ബ്രഹ്മാണ്ഡപുരാണത്തിലെ ക്ഷേത്രകാണ്ഡമെന്ന വിഭാഗത്തിൽ ഉൾപ്പെട്ടതെന്നു സ്വയം ഘോഷിക്കുന്നതും 13 അധ്യായങ്ങൾ അടങ്ങിയതതുമായ ഒരു ഗ്രന്ഥം ആ പേരിലുണ്ടു്. അതിനെ ആശാൻ വളരെ വിസ്തരിച്ചു കിളിപ്പാട്ടാക്കിയിരിക്കുന്നു. പ്രാജാപത്യമെന്നും, ജനാർദ്ദനമാഹാത്മ്യമെന്നും, വാസിഷ്ഠമെന്നും, പാണ്ഡ്യരാജീയമെന്നും, ക്ഷേത്രയാത്രാവിധാനമെന്നുമുള്ള പേരുകളിൽ അഞ്ചു കാണ്ഡങ്ങൾ ഇതിലുണ്ടു്. ഒരു ഭാഗം ഉദ്ധരിക്കാം.

“ഖലനധികനികൃതിപരനായധർമ്മിഷ്ഠനായ
ഖ്ർവേതരം പാപമാർജ്ജിച്ചിരുന്നു നീ.
പരതരുണിരതി ചതിവു കളവു ചൂതും തഥാ
പാരാതെ ദുർവ്യവഹാരം ദുരാചാരം
സുജനമൊരു കലഹമതിശഠരൊടനുകൂലവും
സൂത്രത്തിലന്യധനാപഹാരങ്ങളും
ഇവ പലതുമനുദിവസമീടാർന്നു ചെയ്തു നീ–
യില്ലംവക സ്വത്തശേഷം നശിപ്പിച്ചു.
തദനു തവ ബഹുതരമനാവശ്യകത്തിനു
താല്പര്യമോടുമേറ്റം കടം വാങ്ങിനാൻ.
ഒരു ദിവസി ഉണനിലയനാം ധരണീസുര–
നുത്തമർണ്ണൻ ഭവാനെത്തടുത്തീടിനാൻ.”

## പ്രബോധനചന്ദ്രോദയം

ഇതു സംസ്കൃതത്തിൽ കൃഷ്ണമിശ്രൻ നിർമ്മിച്ചിട്ടുള്ള സുപ്രസിദ്ധമായ നാടകത്തിന്റെ ഭാഷാനുവാദമാണ്. ഈ കൃതി 1077 കർക്കടകത്തിൽ രചിച്ചതായി കവി പറഞ്ഞിരിക്കുന്നു. പരമാത്മധ്യാനതൽപരനായ തനിയ്ക്കു ശൃങ്ഗാരരസപ്രധാനങ്ങളായ നാടകങ്ങളോടു വൈമുഖ്യമാണുള്ളതെങ്കിലും ശിഷ്യന്മാരുടെ പ്രാർത്ഥനനിമിത്തവും “ജേതാവായിരിക്കുന്ന പ്രധാനനായകൻ വിവേകവും ജേതവ്യനായിരിക്കുന്ന പ്രതിനായകൻ മഹാമോഹവും പരമാത്മജ്ഞാനോദയം ഫലവും ആയിരിക്കയാൽ സംസ്കൃതത്തിൽ അധിക പരിചയമില്ലാത്തവരായുള്ള ആസ്തികജനങ്ങൾക്ക് ആത്മ ബോധോദയത്തിനു മാർഗ്ഗമായിത്തീരും” എന്നുള്ളതുകൊണ്ട് താൻ ആ വിവർത്തനത്തിന് ഉദ്യമിച്ചതാണെന്ന് അദ്ദേഹം വിജ്ഞാപനംചെയ്യുന്നു. അപൂർവ്വം ചില ശ്ലോകങ്ങളേ ഇതിൽ നിർദ്ദേഷങ്ങളായുള്ളു.

## സുഭദ്രാഹരണം ഓട്ടൻതുള്ളൽ

ഇത് 1053-ൽ എഴുതി.

“അങ്ഗമശേഷം പരുപരെയായി”
“സങ്ഗതിയെന്തിച്ചൊറിയുളവാകാൻ?”
“മങ്ഗലശീലേ! ചന്ദനമാണേ”
“എങ്ങു ലഭിച്ചു ചന്ദനമിപ്പോൾ?”
“ശാസ്താനടയിൽക്കൂടി വരുമ്പോൾ
ശാന്തിക്കാരൻ തന്നിതു കളഭം”
“കളഭമണിഞ്ഞാൽ പരിമളമില്ലേ?
പൊളിയെന്തിനു മാം ചൊല്ലീടുന്നു?”
“പൊളിപറകല്ലേ; നമ്പ്യാതിരിമാർ
വിറകിൽമുട്ടുമരച്ചുകൊടുക്കും.”

## മറ്റു കൃതികൾ

ഭഗവന്നാമസൂത്രമാഹാത്മ്യം കിളിപ്പാട്ട് 1058-ൽ

"സ്പഷ്ടം ശ്രീവിശാഖതാരോത്ഭവൻ പ്രജകൾക്കു
തുഷ്ടിപുഷ്ടിയെസ്സദാ നല്കും രാജർഷി ശ്രേഷ്ഠൻ"

രാജ്യപരിപാലനം ചെയ്തിരുന്ന കാലത്താണ് രചിച്ചത്. പട്ടണത്തുപിള്ള എന്ന സിദ്ധന്റെ തമിഴ് പാട്ടുകൾ ശ്ലോകരൂപത്തിൽ തർജ്ജമചെയ്തിട്ടുള്ളതാണ് പട്ടണത്തുപിള്ളയാർപാട്ട് എന്ന ഗ്രന്ഥം. ബാലപ്രബോധനാമൃതത്തിലെ ആദ്യത്തെ ഒന്നു രണ്ടു ശ്ലോകങ്ങൾ മാത്രമേ ഞാൻ വായിച്ചിട്ടുള്ളു.

"ശ്രീകൈലാസപതിം നത്വാ ഗുരുമാനന്ദവിഗ്രഹം
ലിഖേന്മയാദിബോധാർത്ഥം ബാലനാം പ്രത്യയാൻ പ്രതി."

എന്ന ശ്ലോകത്തിൽനിന്നു വ്യാകരണമാണ് അതിലെ വിഷയമെന്നറിയാം. ഗ്രന്ഥവും പക്ഷേ സംസ്കൃതമായിരിക്കാം. കാദംബരീകഥാസാരം ഒരു ഗദ്യകൃതിയാണ്. കാദംബരിയിലെ ഇതിവൃത്തം മുഴുവൻ അതിൽ വളരെ സാമർത്ഥ്യത്തോടുകൂടി സംഗ്രഹിച്ചിട്ടുണ്ട്.

ഒരു കവി എന്നതിനെക്കാളധികം ഒരു സംസ്കൃതാധ്യാപകൻ എന്ന നിലയിലാണ് ആശാൻ കേരളീയരുടെ കൃതജ്ഞതയ്ക്കു പാത്രീഭവിച്ചിട്ടുള്ളത്.

## വെളുത്തേരി കേശവൻവൈദ്യൻ (1014—1072)

### ജീവചരിത്രം

കേശവൻവൈദ്യൻ തിരുവനന്തപുരത്തു മണക്കാടെന്ന സ്ഥലത്തു തോട്ടത്തിൽ വെളുത്തേരി എന്ന പ്രസിദ്ധമായ ഈഴവകുടുംബത്തിൽ 1014-ാമാണ്ടു ജനിച്ചു. ബാല്യത്തിൽ കുറെയെല്ലാം സംസ്കൃതം അഭ്യസിക്കുകയും കവിതകൾ എഴുതുകയും ചെയ്തതിനുമേൽ ഉപരിവിദ്യാഭ്യാസത്തിനായി വാരണപ്പള്ളിവീട്ടിലേയ്ക്കു പോയി അവിടെ കുമ്മമ്പള്ളി രാമൻപിള്ളആശാന്റെ അന്തേവാസിയായി താമസിച്ചു. ഏതാനും കൊല്ലം നാടകവും അലങ്കാരവും പഠിച്ചപ്പോൾ ശിഷ്യൻ പ്രതിഭാബലംകൊണ്ടു ഗുരുവിനു തുല്യനായ ഒരു പണ്ഡിതനായിരുന്നു. ആശാനെപ്പറ്റി വൈദ്യൻ തന്റെ ബാലിസുഗ്രീവസംഭവം എന്ന വഞ്ചിപ്പാട്ടിൽ ഇങ്ങനെ ഗാനം ചെയ്തിട്ടുണ്ട്.

"ഗുരുമതിയാം കൈലാസക്ഷിതിസുരശിഷ്യനാകു–
മുരുതരപുണ്യശാലി പുരുഷരത്നം
ഉലകെങ്ങും പുകൾ പൊങ്ങി വിലസും ശ്രീരാമാഖ്യനാം
നലമെഴും മമ ഗുരുവരൻതന്നുടെ
തിരുവടിമലരിണ കരുതീടുന്നേനനിശം
വരമതിൽപ്പരമെന്തിങ്ങെനിക്കു പാർത്താൽ?"

1056-ൽ തിരുവനന്തപുരത്തു വിദ്യാവിലാസിനി എന്ന മാസിക പ്രചരിച്ചുകൊണ്ടിരുന്നപ്പോൾ അതിൽ കവലയാനന്ദം തർജ്ജമചെയ്ത് "അർത്ഥാലങ്കാരം" എന്ന പേരിൽ പ്രസിദ്ധീകരിച്ചുതുടങ്ങി. ചില ഉദാഹരണങ്ങളിൽ വിശാഖംതിരുനാൾ മഹാരാജാവിന്റെ നാമധേയംകൂടി ഘടിപ്പിച്ചിരുന്നു.

"വിശാഖക്ഷിതിനാഥന്റെ വിഭ്രാജൽകീർത്തിമണ്ഡലം
അന്നത്തരുണിയെന്നോണം ചെന്നെത്തുന്നഭ്രഗങ്ഗയിൽ"

എന്ന ഉപമാലങ്കാരത്തിനുള്ള ഉദാഹരണം ആ ഇനത്തിൽപ്പെട്ടതാണ്. പണ്ഡിതപ്രിയനായ മഹാരാജാവു് അതിന്റെ പ്രണേതാവിനെപ്പറ്റി അന്വേഷിക്കുകയും വിദ്വാനും കവിയുമാണെന്നറിഞ്ഞതിനാൽ സന്തോഷിച്ചു തിരുമുമ്പിൽ വരുത്തി ഒരു വീരശൃംഖല സമ്മാനിക്കുകയും ചെയ്തു. അന്ന് അദ്ദേഹത്തിനു വൈദ്യത്തിൽ പറയത്തക്ക ജ്ഞാനമില്ലായിരുന്നു. അഷ്ടാങ്ഗഹൃദയം നിഷ്കർഷിച്ച് അഭ്യസിക്കണമെന്നു തിരുമനസ്സുകൊണ്ട് ഉപദേശിക്കുകയാൽ മലബാറിലും മറ്റും പോയി ക്ഷണത്തിൽ വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ സാങ്ഗോപാങ്ഗമായി പഠിച്ചും ചികിത്സാപദ്ധതികൾ സമ്പ്രദായാനുസാരേണ പരിശീലിച്ചും തിരിച്ചെത്തി വീണ്ടും അവിടത്തെ മുഖം കാണിച്ചു. ഭജനപ്പുരയിൽ എഴുന്നള്ളീത്താമസിച്ചിരുന്ന തന്റെ ജ്യേഷ്ഠൻ ഉത്രം തിരുനാൾ തമ്പുരാന്റെ വൈദ്യനായി മഹാരാജാവു് ഉടൻതന്നെ അദ്ദേഹത്തെ നിയമിച്ചു നിത്യച്ചെലവിൽ ശമ്പളവും പതിച്ചുകൊടുത്തു. വിശാഖംതിരുമേനിയെപ്പറ്റി വൈദ്യൻ സംസ്കൃതത്തിൽ ഒരു കാവ്യവും തിർമ്മിച്ചിട്ടുണ്ട്. അങ്ങനെ സാഹിത്യകാരനെന്നും കൊട്ടാരംവൈദ്യനെന്നുമുള്ള നിലയിൽ സ്വസമുദായത്തിനും സ്വദേശത്തിനും ഏറ്റവും അഭിമാനകരമായ ജീവിതം നയിച്ച് 1072-ാമാണ്ടു മരിച്ചു.

## കൃതികൾ

കേശവൻവൈദ്യൻ സംസ്കൃതത്തിൽ (1) വിശാഖവിലാസകാവ്യവും, ഭാഷയിൽ (2) ബാലിസുഗ്രീവസംഭവം വഞ്ചിപ്പാട്ടും, (3) അർത്ഥാലങ്കാരം, (4) പ്രസന്ന രാഘവം ഭാഷാനാടകം എന്നീ കൃതികളും രചിച്ചിട്ടുണ്ട്. ഇവയിൽ വഞ്ചിപ്പാട്ടില്ലാതെ മറ്റൊന്നും പൂർണ്ണമായിട്ടുള്ളതായി തോന്നുന്നില്ല. ഇവയ്ക്കുപുറമേ തിലോത്തമാവിജയം ആട്ടക്കഥ, ബാലപാഠാമൃതം, ഹിതോപദേശം, ഭാഷാശ്ലോകങ്ങൾ, അഷ്ടാങ്ഗഹൃദയം ഭാഷാശ്ലോകങ്ങൾ എന്നീ ഗ്രന്ഥങ്ങൾകൂടി നിർമ്മിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ട്. അവ ഞാൻ കണ്ടിട്ടില്ല.

## വിശാഖവിലാസം

“ശ്രിയാം നിധിശ്ശ്രീപതിദാസശേഖരോ
മഹീപതിർദ്ദക്ഷിണകേരളാധിപഃ
വിശാലവിഖ്യാതമതിർമ്മഹാഭുജോ
വിശാഖരാജോദ്യ വിഭാതി വിശ്രുതഃ.

അഭാവതോ യസ്യ ചിരാദ്ദ്യഥാജ്ജുഷേ
ഭുവേ മഹാരാജമിഷേണ സോധുനാ
ബുധേപ്സിതാർത്ഥപ്രതിപത്തിലാലസോ
വിശാഖകല്പാദ്രുരധായി വേധസാ.”

## അർത്ഥാലങ്കാരം

യത്ത്വന്നേത്രസമാന” എന്ന ശ്ലോകത്തിന്റെ വിവർത്തനം.

“കണ്ണോടൊത്ത കരുത്ത താമരയിതാ
തണ്ണീരിൽ മുങ്ങി പ്രിയേ!
തുണ്ഡത്തോടെതിരായ വെണ്മതി ഘനേ
തിണ്ണെന്നു മങ്ങീടിനാൻ
നിന്നോടൊത്തു നടക്കുമന്നനിരയും

ചെന്നെത്തിനാർ മാനസേ
പൊന്നേ! നിന്നൊടു തുല്യവസ്തുവപി മേ
ദൈവം പൊറുത്തീലഹോ!

### പ്രസന്നരാഘവനാടകം

ഇതു ജയദേവകൃതമായസംസ്കൃതനാടകത്തിന്റെ പരിഭാഷയാണ്. ഒരു ശ്ലോകം ഉദ്ധരിക്കുന്നു.

“ചാതുര്യമുള്ള ജനമന്യമനോരഥത്തെ–
ബ്ബോധിച്ചിടുന്നു പുനരാകൃതികൊണ്ടുമാത്രം
ഗർഭത്തിലാഴമൊരു കേതകിതൻ പ്രസൂനം
ഷൾപാദിജാലമറിയുന്നു മണത്തിനാലേ.”

## ബാലിസുഗ്രീവസംഭവം

1058-ാമാണ്ടു രചിച്ച ഈ കൃതി ഏറ്റവും മനോഹരവും സാമാന്യം ദീർഘവുമായ ഒരു വഞ്ചിപ്പാട്ടാണ്. അച്ഛന്റെ ഉപദേശമനുസരിച്ചു രചിച്ചതാണെന്നും മകൾ മന്ദാകിനിക്ക് ഒരു കാലത്ത് അതു ഗാനം ചെയ്വാൻ ഇടവരുമെന്നും കവി പറയുന്നു.

“പരിഭൃതി ലവലേശം വരുമോ? മാമകതാതൻ
കരുണ പൂണ്ടനുഗ്രഹിച്ചതിമോദേന
‘മകനേ! നീയിതു ചെയ്തേ മതിയാവൂ’ എന്നൊരുനാൾ
മനം തെളിഞ്ഞാജ്ഞാപിച്ച മഹിമയാലും
മകളായ ‘മന്ദാകിനി’ വളരുവോളിതു മുറ്റും
മഹിതസന്തോഷം പാടി രസിച്ചിടാനും
സകലനായകൻതന്റെ തിരുവുള്ളം വരേണമെ–
ന്നകതാരിൽ വളരുന്ന കരുതലാലും”

എന്നീ ഈരടികൾ നോക്കുക. വൈദ്യന്റെ കവിതാരീതി പ്രസ്തുത കൃതിയിൽ രാമപുരത്തു വാരിയരുടേതിനോട് ഒട്ടൊക്കെ സമീപിക്കുന്നു എന്നു ചുവടേ ചേർക്കുന്ന വരികളിൽനിന്നു വെളിവാകുന്നതാണ്.

“ജയിക്ക വിശ്വകർത്താവേ! ജയിക്ക വിരിഞ്ചമൂർത്തേ!
ജയിക്ക ഭാരതീജാനേ! ജയിക്ക നിത്യം.
നിനയ്ക്കുമ്പോൾ നിനക്കെന്തു വഹിയ്ക്കയില്ലബ്ജയോനേ!
സനൽക്കുമാരാദികൾക്കും ശരണം നീയേ.
തുറക്കുമ്പോൾ ത്രിഭുവനം പിറക്കുന്നു നയനങ്ങ–
ളിറുക്കുമ്പോൾ പ്രളയവും ഭവിച്ചീടുന്നു.
ഒരുത്തനെ പ്രഭുവായുമൊരുത്തനെബ്ഭൃത്യനായു–
മൊരുത്തനെസ്സർവത്തിനും കരുത്തനായും
പിറപ്പിച്ചു വളർത്തിസ്സംഹരിപ്പതും നീയല്ലയോ?
മറപ്പൊരുളായതും നീ മതിയിലോർത്താൽ,
എറുമ്പിൽത്തൊട്ടെണ്ണിക്കൂടാതുള്ള ജീവിജാലങ്ങൾക്കു
പരൻ പുരുഷനാം ഭവാൻ പരമതാതൻ.
ഹരൻതിരുവടിതാനും കരിമ്പുവില്ലൻപിതാവും

നിരന്തനായീട്ടും നീയും നിനയ്ക്കിലൊന്നേ.
അങ്ങുമിങ്ങുമെങ്ങും നിറഞ്ഞഖിലാണ്ഡവും കവിഞ്ഞു
തിങ്ങിവിങ്ങി വിളങ്ങീടും ഭഗവാനേ! നീ
ഇന്ദ്രിയമാനസശ്വാസസന്ദമനവിശുദ്ധരാ–
മുന്നതയോഗികളുടെ ഹൃന്നളിനത്തിൽ
സാന്ദ്രമോദം പള്ളികൊണ്ടു സർവസിദ്ധികളും നല്കും
കാന്ദിശീകപരിത്രാണപരനേ! പോറ്റി!"

ഈ കൃതിയിൽ ബാലിയുടെ മാതാവിന്റെ കേശാദിപാദാന്ത വർണ്ണനം കവി അച്ചുംബിതങ്ങളായ അനവധി ഉല്ലേഖങ്ങളെക്കൊണ്ടു നിർവഹിച്ചിരിക്കുന്നു.

## പെരുന്നെല്ലി കൃഷ്ണവൈദ്യൻ (1038–1069)

### ചരിത്രം

പെരുന്നെല്ലി കൃഷ്ണൻവൈദ്യനു പി.കെ.കൃഷ്ണൻ വൈദ്യൻ എന്ന പേരിലാണ് പ്രസിദ്ധി. അദ്ദേഹം 1038-ാമാണ്ടു കുംഭം 8-ാം നു- തിരുവനന്തപുരത്തു മുട്ടത്തറദേശത്തു പെരുന്നെല്ലി എന്ന ഗൃഹത്തിൽ ജനിച്ചു. ആ തറവാടിനു പുതുപുരയ്ക്കൽ എന്നും പേരുണ്ട്. വൈദ്യന്റെ പിതാവായ മുട്ടത്തറ പുലാങ്ങൽവീട്ടിൽ കുട്ടിയപ്പി പരിഷ്കൃതനും കരകൗശലവിദ്യകളിൽ വിദഗ്ദ്ധനുമായിരുന്നു. ആദ്യത്തെ ഗുരുവായ പേട്ടയിൽ രാമൻപിള്ള ആശാന്റെ ശിക്ഷാനൈപുണ്യത്താൻ പത്തുവയസ്സു തികയുന്നതിനുമുൻപുതന്നെ സ്വഭാഷയിൽ നല്ല പാണ്ഡിത്യം സമ്പാദിച്ച കഥാപുരുഷൻ പന്ത്രണ്ടാമത്തെ വയസ്സുമുതൽ പതിനാലാമത്തെ വയസ്സുവരെ പരവൂർ പൊഴിക്കര കായലഴികത്തു ഗോവിന്ദനാശാനോടു സംസ്കൃതത്തിലെ പ്രഥമപാഠങ്ങളും, 15-ാമത്തെ വയസ്സിൽ ദാമോദരൻകർത്താവിനോടു രഘുവംശവും കുമാരസംഭവവും അഭ്യസിച്ചു. പിന്നീട് അക്കാലത്തു കമ്മമ്പള്ളി രാമൻപിള്ളാആശാന്റെ അന്തേവാസിത്വംകൊണ്ടു തന്റെ ഒരു ബന്ധുവായ വെളുത്തേരി കേശവൻവൈദ്യൻ പ്രശസ്തപണ്ഡിതനായിത്തീർന്നതു കണ്ടു തനിക്കും ആ ഗുരുവിനോടു സംസ്കൃതത്തിൽ ഉപരിഗ്രന്ഥങ്ങൾ വായിക്കണമെന്ന് ആഗ്രഹം തോന്നി വാരണപ്പള്ളീയിലേയ്ക്കു പോയി.

### വാരണപ്പള്ളിയിൽ താമസം

അന്നു ധനാഢ്യമായ വാരണപ്പള്ളീ വീട്ടിലെ കാരണവരും സാഹിത്യരസികനുമായ കൊച്ചുകൃഷ്ണപ്പണിക്കർ (1035-1077) ബാലന്മാരായ ഈഴവരെ തന്റെ ചെലവിൽ കൂടെത്താമസിപ്പിച്ചു രാമൻപിള്ളയെക്കൊണ്ട് അധ്യാപനം ചെയ്യിക്കുന്നതിൽ തൽപരനായിരുന്നു. വൈദ്യൻ പതിനാറാമത്തെ വയസ്സുമുതൽ ഇരുപതാമത്തെ വയസ്സുവരെ ആശാനോടു കാവ്യനാടകങ്ങളും അലങ്കാരശാസ്ത്രവും അഭ്യസിച്ചു. ബാല്യത്തിൽത്തന്നെ പ്രായത്തിൽക്കവിഞ്ഞ കവിതാവാസന പ്രദർശിപ്പിച്ചിരുന്ന അദ്ദേഹം അവിടെവെച്ച് (1) കചചരിതം അമ്മാനപ്പാട്ട്, (2) കുകുത്സുവിജയം ആട്ടക്കഥ, (3) മഴമങ്ഗലഭാണത്തിന്റെ പരിഭാഷ തുടങ്ങിയ ചില കൃതികൾ കൊച്ചുകൃഷ്ണപ്പണിക്കരുടെ അപേക്ഷയനുസരിച്ചു രചിക്കുകയുണ്ടായി. കചചരിതം ഒരു കാലത്തു വളരെ പ്രചാരത്തിലിരുന്ന ഒരു പാട്ടാണ്. മണവൂർ ഗോവിന്ദനാശാൻ കായംകുളം കെ.സി.കുഞ്ഞൻവൈദ്യൻ തുടങ്ങി പില്ക്കാലത്തു പ്രസിദ്ധന്മാരായിത്തീർന്ന ചില യുവാക്കന്മാർ അന്നുവൈദ്യന്റെ സതീർത്ഥ്യന്മാരായിരുന്നു. കൊച്ചുകൃഷ്ണപ്പണിക്കർ സ്വന്തമായി ഒരു കഥകളിയോഗം നടത്തിയിരുന്നു. തന്നിമിത്തം അദ്ദേഹത്തെ

ഒരു കവി "നാട്യപ്രചാരപരദന്തിവിഹാരനാഥൻ" എന്നു വർണ്ണിച്ചിട്ടുണ്ട്. ആ യോഗക്കാരാണ് കകത്സുവിജയം ആദ്യമായി അഭിനയിച്ചതു്.

## ശാസ്ത്രപഠനം

21-ാമത്തെ വയസ്സിൽ തിരുവനന്തപുരത്തേയ്ക്കു തിരിയെ പോന്നു കടയം സുബ്ബയ്യാ ദീക്ഷിതരുടെ അനുജനും പ്രസിദ്ധ വൈയാകരണനുമായ നാണുശാസ്ത്രികളോടു സ്വല്പം സിദ്ധാന്തകൗമുദി പഠിച്ചു.അന്നു് അദ്ദേഹം നെടുമങ്ങാട്ടു് തഹശീൽദാർ ആയിരുന്നതിനാൽ അവിടെ താമസിച്ചുകൊണ്ടാണ് ആ ശാസ്ത്രം അഭ്യസിച്ചതു്. അഷ്ടാങ്ഗഹൃദയവും കുറെയെല്ലാം കുമ്മമ്പള്ളി ആശാനിൽനിന്നു വശമാക്കിയിരുന്നുവെങ്കിലും അതുകൊണ്ടു് അലംഭാവം വരാതെ ഇരുപത്തിനാലാമത്തെ വയസ്സിൽ അനന്തപുരത്തു മൂത്തകോയിത്തമ്പുരാന്റെ ശിഷ്യനായി ആ ശാസ്ത്രവും സമഗ്രമായി ശീലിച്ചു. ആശാനെയും മൂത്ത കോയിത്തമ്പുരാനെയുമാണ് കവി തന്റെ പരമഗുരുക്കന്മാരായിക്കരുതിയിരുന്നതു് എന്നുള്ളതിനു മലയാള മനോരമയിൽ അദ്ദേഹം ഒരവസരത്തിൽ പ്രസിദ്ധീകരിച്ച

> "ശ്രീമൽകൈലാസാഭിധഭൂമീദേവപ്രവീണവരശിഷ്യൻ
> ധീമാന്മാരടിപണിയും രാമാഭിഖ്യപ്രസിദ്ധകവിമണിയും
>
> ചൊല്കൊണ്ടീടിന പണ്ഡിതാവലി മുദാ ചുറ്റും ചുഴന്നങ്ങിരു–
> ന്നൽപന്നാദരമെപ്പൊഴും മടിയിൽവച്ചോപ്പം തലോടിത്തഥാ
> സൽഭക്ത്യാ സമുപാചരിച്ചുപചരിച്ചീടുന്നൊരോമൽപദ–
> പ്പൊല്പൂവാർന്നൊരു പർപ്പഭ്രമണനും മദ്ദേശികന്മാർ വിഭോ!"

എന്ന ശ്ലോകങ്ങൾ സാക്ഷ്യം വഹിക്കുന്നു. വീണ്ടും സ്വഗൃഹത്തിലെത്തി തിരുവനന്തപുരത്തു കുരമനെ ആണ്ടിയിറക്കത്തു സ്വന്തമായി ഒരു വൈദ്യശാല സ്ഥാപിച്ചു ചികിത്സ നടത്തിത്തുടങ്ങി. അന്നും സഹജമായ ജ്ഞാനതൃഷ്ണ അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ല. പുന്നപുരത്തു നാറായനൻപോറ്റിയോടു തർക്കവും പേട്ടയിൽ രാമൻപിള്ളാഅശാനോടുതന്നെ വേദാന്തവും പഠിച്ചു. അദ്ദേഹവുമായുള്ള സാഹചര്യം നിമിത്തം തമിഴിലും പ്രായോഗികമായ ജ്ഞാനം സമ്പാദിച്ചു.

## സാഹിത്യവ്യവസായം

ആ സമുദ്യമങ്ങളോടുകൂടി സാഹിത്യസേവനവും കവി മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു. മലയാളമനോരമ, കേരളനന്ദിനി, സുജനാനന്ദിനി മുതലായ പത്രങ്ങളിൽ പല ശ്ലോകങ്ങളും പ്രസിദ്ധീകരിക്കുകയും വാദപ്രതിവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തു കേരളമെങ്ങും വിഖ്യാതനായി. മുൻപറഞ്ഞ കൃതികൾക്കുപുറമേ വാരണപ്പള്ളി കുഞ്ഞുകൃഷ്ണപ്പണിക്കരുടെ ആവശ്യപ്രകാരം അലങ്കാരത്തിൽ (4) പദദോഷ പ്രകരനവും, (5) കൊക്കോകം മണിപ്രവാളവും, (6) സ്ത്രീധർമ്മം മണിപ്രവാളവും കുഞ്ഞൻവൈദ്യന്റെ അപേക്ഷയനുസരിച്ച് (7) അഷ്ടാങ്ഗഹൃദയത്തിൽ രോഗോൽപാദനംവരെയുള്ള ഭാഗത്തിന്റെ ഭാഷാനുവാദവും, (8) ഹരിശ്ചന്ദ്രചരിതം ഭാഷാ ചമ്പുവിൽ കുറേ ഗദ്യപദ്യങ്ങളും, അവകൂടാതെ (9) അരുവിപ്പുറം സ്ഥലമാഹാത്മ്യം കിളിപ്പാട്ടും, (10) വയ്ക്കം യാത്രാശതകം മണിപ്രവാലവും, (11) ഭദ്രാഷ്ടവാഷ്കവും, (12) സുന്ദരീ സ്വയംവരം വഞ്ചിപ്പാട്ടും, (13) തിരുക്കുളറിന്റെ തർജ്ജമ ഏതാനും ഭാഗവും, (14) ഒരു മാരൻ പാട്ടും, (15) തന്റെ ഒരു സുഹൃത്തായ കുമാരപിള്ളവക്കീലിന്റെ വീട്ടിൽ നടന്ന ഒരു

കെട്ടുകല്യാണത്തെ വിഷയീകരിച്ച രണ്ടാശ്വാസത്തിൽ 175 ശ്ലോകങ്ങൾ ഉൾക്കൊള്ളിച്ച കല്യാനവൃത്തം മണിപ്രവാലവും അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഒടുവിൽ 1069-ാമാണ്ട് രചിച്ച (16) സുഭദ്രാഹരനം നാടകമാണ് അദ്ദേഹത്തിന്റെ അത്യുൽകൃഷ്ടമായ കൃതി. അതു ഗ്രന്ഥകാരന്റെ മേൽനോട്ടത്തിൽ പേട്ടയിൽവെച്ച് അഭിനയിക്കപ്പെട്ടു. സൂത്രധാരനായി രങ്ഗപ്രവേശം ചെയ്തതു നല്ല വേഷച്ചേർച്ചയും അഭിനയപാടവവുമുള്ള കവിതന്നെയായിരുന്നു. 1067-ൽ കോട്ടയത്തുവച്ച വറുഗീസു മാപ്പിളയുടെ ഉത്സാഹത്തിൽ നടന്ന കവിസമാജത്തിൽ മത്സര പരീക്ഷകൾക്കു ചേർന്നു പ്രശംസാപത്രങ്ങൾ വാങ്ങി വശ്യവാക്കെന്നു സർവ്വസമ്മതി നേടിയതിനുമേലാണ് ആ കൃതി അദ്ദേഹം നിർമ്മിച്ചതു്.

## അകാലമരണം

1069-ാമാണ്ട് ഇടവമാസം 29-ാംനു മുപ്പത്തിരണ്ടാമത്തെ വയസ്സിൽ കൃഷ്ണൻവൈദ്യൻ വിഷൂചിക ബാധിച്ച പരലോകപ്രാപ്തനായി. കുറേക്കാലംകൂടി ജീവിച്ചിരുന്നു എങ്കിൽ സുഭദ്രാഹരണം പോലെ അനശ്വരങ്ങളായ വേറെയും, ചില പ്രബന്ധരത്നങ്ങൾകൊണ്ടു കൈരളിയെ അദ്ദേഹം അലങ്കരിക്കുമായിരുന്നു.

## വെണ്മണി മഹൻനമ്പൂരിയും കൃഷ്ണൻവൈദ്യനും

തെക്കരിൽ ആദ്യമായി വെണ്മണിപ്രസ്ഥാനത്തിൽ കവിതയെഴുതിത്തുടങ്ങിയതും, വെണ്മണിമഹനെ പ്രത്യേകിച്ച് അനുകരിച്ചതും കൃഷ്ണൻവൈദ്യനായിരുന്നു. ആ പദഘടനാചാതുരി, ആ പ്രാസ പ്രതിപത്തി, ആ സ്തോഭജനകമായ വർണ്ണനാവൈഭവം, ആ അശ്ലീലാഭിരുചി ഇത്യാദി ലക്ഷണങ്ങൾ പ്രായേണ രണ്ടുപേരിലും ഒന്നുപോലെ കാനാവുന്നതാണ്. ഫലിതം വെണ്മണിയോളംതന്നെ വൈദ്യനില്ല. ചില അസ്വരസങ്ങളായ തെക്കൻപദങ്ങൾ അങ്ങിങ്ങു കടന്നുകൂടീട്ടുമുണ്ട്. എന്നാൽ ഉല്ലേഖപാടവം വെണ്മണിയേക്കാൾ കൂടും. ആകെക്കൂടി നോക്കുമ്പോൾ വെണ്മണിയോളം കയറ്റം കവിതയ്ക്കുണ്ടെന്നു പറയാൻ നിർവ്വാഹമില്ല. എങ്കിലും കൃഷ്ണൻവൈദ്യന്റെ കവിതകൾക്കു വെണ്മണിച്ചുവയുണ്ടെന്ന് അക്കാലത്തെ സഹൃദയന്മാർ ഐകകണ്ഠേന സമ്മതിച്ചിരുന്നു. രണ്ടുപേർക്കും മടികൊണ്ടു തങ്ങളുടെ പല പ്രബന്ധങ്ങളും മുഴുമിപ്പിക്കുവാൻ സാധിച്ചിട്ടില്ല. “ഒന്നാണൊന്നാമതൊന്നാന്തരമൊരു മടിയാണേതിലും കാതലിമ്മേ” എന്നു വൈദ്യൻതന്നെ തന്റെ ആ സ്വഭാവവൈകല്യം വിളിച്ചുപറഞ്ഞിട്ടുമുണ്ട്. ഇനി ചില കൃതികളിൽനിന്ന് ഏതാനും ഭാഗങ്ങൾ പകർത്തിക്കാണിക്കേണ്ട ഭാരമേ അവശേഷിക്കുന്നുള്ളു.

## കുകുത്സുവിജയത്തിലെ ഒരു കുമ്മി

ഇരുപതാമത്തെ വയസ്സിനു മുൻപു രചിച്ച ഒരാട്ടക്കഥയാണിതെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ.

> “ഏണമിഴികളേ വന്നീടുവിൻ നാണം വിനാ നേരേ നിന്നീടുവിൻ
> പാണിയിൽത്താളം പിടിച്ചു സുശ്രോണീ! നിന്നോളം കളിപ്പതി–
> നരും നഹി പേരുന്നതി ചേരുന്നൊരു നീയിന്നിഹ
> ദൂരത്തു പോകൊലാ സോമലേഖേ! വേഗം
> ചാരത്തു വന്നാലും കാമലേഖേ!
>
> മട്ടോലും വാണികളേ! മദനൻ തൊട്ട കറികളേ! നിങ്ങളെല്ലാം

വട്ടത്തിൽനിന്നു വടിവൊടു തുഷ്ടി കലർന്നു പിഴയാതെ
തട്ടിക്കരമിഷ്ടം പലവട്ടം ത്രപവിട്ടെന്നുടെ
വട്ടൊത്തകൊങ്കകളേ! കളിപ്പിൻ കൈകൾ
കൊട്ടിത്തിരിഞ്ഞിനിയും നടപ്പിൻ.

കാഞ്ചനവല്ലീ! കനകലതേ! കാഞ്ചനസന്നിഭകായലതേ!
ചാഞ്ചല്യം വിട്ടു സന്തോഷദമാം ചില മട്ടു സരഭസം
പാടിക്കളി തേടിബ്ഭൃശമാടിസ്സുഖമോടിങ്ങതി–
മോടി കൂട്ടീടുവാനൊന്നു ചൊല്ലാമതി–
ന്നോടിയടുക്കുവിൻ നിങ്ങളെല്ലാം.

സാരംഗലോചനേ! കേൾക്ക സഖീ! സാരംഗം പാടു നീ ചന്ദ്രമുഖീ!
ഈ രംഗം തന്നിൽ മഹാശുഭപൂരങ്ങൾ മിന്നി വിളങ്ങുന്ന
ധീരം നരവീരം ബുധഹീരം ഗുണസാരം ബഹു–
യോഷാമണേ! പരിതോഷയ നീ ചാരു–
വേഷാഞ്ചിതേ! ഗാനം ഘോഷയേ നീ.”

## സ്ത്രീധർമ്മം

ഒരു പത്നി ഭർത്താവിനോട് എങ്ങനെ പെരുമാറണമെന്ന് ആ സ്ത്രീയുടെ മാതാവ് ഉപദേശിക്കുന്ന രൂപത്തിലാണ് ഈ കൃതി രചിച്ചിരിക്കുന്നത്.

“ആർക്കും മഹാധനമെഴുന്നൊരുമ്പരാക്ക–
ന്മാർക്കും ദരിദ്രപദമെത്തുമതോർത്തിടാതെ
മൂർഖത്വമാർന്നു ചിലരിന്നടിയാരൊടേല്ക്കും
കാർക്കശ്യമോർത്തു ശിവനേ! തളരുന്നു കായം.”

## സുഭദ്രാഹരണം

ഇത് ആറങ്കത്തിലുള്ള ഒരു ഭാഷാനാടകമാണ്. ഒരു കാലത്ത് ഇതിലെ പല ശ്ലോകങ്ങളും ഹൃദിസ്ഥമാക്കാതെ യുവാക്കന്മാർ തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും ചുരുക്കമായിരുന്നു. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

1 “ചിക്കിക്കെട്ടീടുവാനച്ചികുരഭരമഴി–
    ക്കുന്ന കാലത്തു കാലിൻ
വക്കിന്നും താണുവീണദ്ധരണിയിലതു സൽ–
    ഗന്ധമേല്പിച്ചിടുന്നു;
ഇക്കാര്യം തെല്ലുപോലും മതിയതിലറിയാ–
    ഞ്ഞാണു ഭൂമിക്കു ഗന്ധം
തർക്കജ്ഞന്മാർ തകർക്കുന്നതു തടവു വെടി–
    ഞ്ഞില്ലഹോ! കില്ലു തെല്ലും.”

2 “നീരിൽത്താരും നെടുങ്കണ്ണിണയുമണയെ നി–
    ന്നൊന്നു മല്ലിട്ടു തല്ലും–
നേരത്തത്താർ മടങ്ങിസ്സപദി മദനനെ–

ച്ചെന്നു സഖ്യം പിടിച്ചു;
ക്രൂരമ്പായ്ത്തീർന്നുകൊണ്ടക്കുവലയമിഴിയെ–
ക്കൊല്ലുവാനായിദാനീ–
മാരംഭിക്കുന്നുപോലും; ഹരഹര ശിവനേ!
ഹന്ത! നാമെന്തു ചെയ്വൂ."

3 "കാലിൽചോടുകൾ കാണുകിൽക്കമലവും
കൈക്കൂപ്പിടും മേനിതൻ–
മേലുള്ളോരു മൃദുത്വമോർക്കിലുടനേ
വാകയ്ക്കു ശോകം വരും;
ചേലേറും ചെറുചെങ്കരദ്വയമിദം
കണ്ടാകിലുണ്ടാകുമ–
ത്യാലസ്യം തളിരാൽത്തണുത്ത തരുണ–
ത്തേന്മാവിനും മാനസേ."

## കണ്ടിയൂർ കുഞ്ഞുവാരിയർ (1009–1078)

### ചരിത്രം

കുഞ്ഞുവാരിയർ 1009-ാമാണ്ടു വൃശ്ചികമാസത്തിൽ ചോതിനാളിൽ മാവേലിക്കര കണ്ടിയൂർ വാരിയത്തിൽ ജനിച്ചു. യഥാർത്ഥനാമധേയം ഇക്കണ്ടൻ (ശ്രീകണ്ഠൻ) എന്നാണ്. അച്ഛൻ മാവേലിക്കര മറ്റത്തു വാരിയത്തിൽ രാമവാരിയരും അമ്മ പാർവ്വതിവാരസ്യാരുമായിരുന്നു. രാമവാരിയർ ഒരു മുൻസിഫായി ജോലിനോക്കീട്ടുണ്ട്. കുഞ്ഞുവാരിയരുടെ ഗുരു മറ്റത്തു പരുത്തിക്കാട്ടു ഭാസ്കരൻനമ്പ്യാതിരിയായിരുന്നു. ആ വസ്തുത കവിതന്നെ അദ്ദേഹത്തിന്റെ കുചേലവൃത്തം തുള്ളലിൽ

"ഗുരുവാം ഭൂസുരനാശ്രിതജനസുരെ–
തരുവാം ഭാസ്കരസംജ്ഞനുദാരൻ
വിരവൊടെനിക്കിഹ മങ്ഗലമനവധി
വരുവാൻ തുണചെയ്തരുളീടേണം."

എന്ന വരികളിൽ പ്രഖ്യാപനം ചെയ്തിട്ടുണ്ട്. നമ്പിയാതിരി അദ്ദേഹത്തെ കാവ്യനാടകങ്ങൾമാത്രമല്ല, വ്യാകരണവും തർക്കവും ജ്യോതിശ്ശസ്ത്രവും കൂടി പഠിപ്പിച്ചു. വാരിയരുടെ ജ്യോതിശ്ശാസ്ത്രവിജ്ഞാനം ക്രമേണ ദേശാന്തരങ്ങളിലും പ്രസിദ്ധമായി. ഫലഭാഗത്തിൽ അദ്ദേഹത്തിന്റെ ദീർഘദർശനങ്ങൾ പ്രായേണ ഫലിച്ചിരുന്നു. കണ്ടിയൂർ ശിവക്ഷേത്രത്തിൽ ഭജനവും ശിഷ്യന്മാരുടെ അദ്ധ്യാപനവുമായിരുന്നു ഇതരകൃത്യങ്ങൾ. ക്ഷേത്രസംബന്ധമായ കുലവൃത്തി അതോടുകൂടി മുടങ്ങാതെ അനുവർത്തിക്കുകയും ചെയ്തുവന്നു. ശിഷ്യന്മാരിൽ പില്ക്കാലത്ത് അധികം യശസ്സു സമ്പാദിച്ചതു കണ്ടിയൂർ മഹാദേവശാസ്ത്രിയാണ്. ആറാട്ടുപുഴയിൽ താമസിച്ചിരുന്ന മിസ് തക്കർ എന്ന മദാമ്മയേയും അദ്ദേഹം സംസ്കൃതം പഠിപ്പിച്ചിട്ടുണ്ട്. 1078-മാണ്ടു കന്നിമാസം തേക്കേട്ടനാളിൽ മരിച്ചു.

### കൃതികൾ

വാരിയരാശാൻ (1) ബാല്യുത്ഭവം, (2) ദൂതവാക്യം എന്നീ രണ്ട് ആട്ടക്കഥകൾ, (3) കുചേലവൃത്തം, (4) വാമനാവതാരം, (5) പ്രതിപ്രയാണം, (6) വിശാഖരാജവിജയം

(തുലാഭാരം) എന്നീ ഓട്ടൻതുള്ളലുകൾ, (7) ശങ്കരവിജയം കിളിപ്പാട്ട് (തർജ്ജമ), (8) ഓണാഘോഷം വഞ്ചിപ്പാട്ട്, (9) കുചേലവൃത്തം മണിപ്രവാളം, (10) നളചരിതം നാടകം, (11) ഗജേന്ദ്രമോക്ഷം തിരുവാതിരപ്പാട്ട്, (12) കണ്ഠീശകീർത്തനം എന്നീ കൃതികൾക്കുപുറമെ (13) കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാന്റെ സന്താലഗോപാലം ശീതങ്കൻതുള്ളൽ പൂരിപ്പിച്ചിട്ടുമുണ്ട്. ഒടുവിൽ പറഞ്ഞ കൃതിയാണ് അദ്ദേഹത്തെ സാമാന്യകവികളിൽനിന്ന് ഉയർത്തുന്നത്. അദ്ദേഹത്തിന്റെ കൃതികളിൽനിന്നു ചില ഭാഗങ്ങൾ പകർത്താം.

ബാല്യത്ഭവം:

കദാചന മഹീപതിഃ പ്രചുരകൗതുകാവിഷ്ടധീ–
രുദാരഭുജപൗരുഷോ രുചിരഭൂഷണാത്യുജ്ജ്വലഃ
മദാകുലമതങ്ഗജപ്രവരഗാമിനീം കാമിനീ–
മിദം വചനമുചിവാൻ സ ഖലു നന്ദനാന്തേ വസൻ."

ദൂതവാക്യം പദം:

"താമ്രാധരി സൽഗുണവസതേ! താരേശലസന്മുഖി! ദയിതേ!
താപം ഹൃദി മന്മഥമഥിതേ താരണിവേണീ! ഹര, ലളിതേ! 1
മന്നിടമതിലെന്നുടെ കീർത്തി ചന്ദ്രികപോൽ വിലസുകമൂലം
ഉന്നതരിപു തിമിരംപോലെ സന്നത കലരുന്നിതു പാരം 2
ആരാമമിതത്ഭുതമധികം ചാരുപവനലോളിതലതികം
മാരാഹവകേളിസമുചിതം കീരാളിപികാരവമിളിതം." 3

തുലാഭാരം തുള്ളൽ:

"നൽകണ്ഠീപുരമതിൽ മരുവിടും
മുക്കണ്ണനതാം ഭഗവാൻ തന്നുടെ
തൃക്കാലിണയും സേവിച്ചങ്ങു ല–
ഭിക്കും ചോറതുകൊണ്ടു കുടുംബം
മിക്കതുമിങ്ങു പുലർത്തിക്കൊണ്ടൊരു
വക്കാണത്തിന്നാരോടുമൊന്നും
പൊയ്ക്കൊള്ളാതൊരു കോണിലിരുന്നുക–
ഴിക്കും കശ്ചന പാരശവൻ ഞാൻ
ഇക്കാലത്തു തുലാഭാരോത്സവ–
മൊക്കെക്കേട്ടതി വിസ്മിതനായി
ചൊല്ക്കൊള്ളുന്ന മഹീപതിവരനെ
വെക്കം ചെന്നു മുഖം കാണിക്കാ–
നൊക്കും കാര്യമതല്ലടിയന്നൊരു
ലക്കമതില്ല നിനയ്ക്കുംനേരം.
തൃക്കയ്യിൽബ്ബത ചെന്നതു ചേരാൻ
തക്കവിധത്തിൽപ്പത്രമയച്ചാൽ
തൃക്കൺപാർക്കുമിതെന്നൊരു സജ്ജന
വാക്യമതൊന്നു നമുക്കവലംബം."

## നളചരിതം നാടകം

ഉണ്ണായിവാരിയരുടെ പ്രബന്ധത്തിലെ രണ്ടാം ദിവസത്തെ കഥമുതലുള്ള ഭാഗമാണ് ഇതിൽ ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നതെന്നു കേട്ടുകേൾവിയുണ്ട്. ആദ്യന്തഭാഗങ്ങൾ ഞാൻ കണ്ടിട്ടില്ല. ഒരു ശ്ലോകം ചേർക്കാം.

“ഉണ്ടാം കഞ്ചുകിസഞ്ചയങ്ങളകമേ
  വേണ്ടോളമക്കാട്ടിലും
കണ്ടാൽ നല്ലൊരു കാന്തിയുള്ള മഷിഷീ—
  പാർശ്വേ വസിക്കായ്‌വരും
കുണ്ഠതം തവ വേണ്ടെടോ കലകളെ
  ക്കൊണ്ടും പ്രസാദിച്ചിടാം
മിണ്ടാതങ്ങു ഗമിക്ക നീ, ധരണിയെ—
  പാലിച്ചിടും പുഷ്കരൻ.”

## പ്രതിപ്രയാണം

ഇതിലെ പ്രതിപാദ്യം രാവണവധാനന്തരം പുഷ്പകവിമാനത്തിൽ സീതയോടുകൂടി തിരിയെ വരുന്ന ശ്രീരാമൻ ആ ദേവിക്കു വഴിയിൽ കാണുന്ന വസ്തുക്കളെപ്പറ്റി നല്കുന്ന വിവരണമാകുന്നു. രഘുവംശത്തിലെ പദ്ധതി തന്നെയാണ് കവി ഇതിലും സ്വീകരിച്ചിരിക്കുന്നതു്; മറ്റു കൃതികളെപ്പറ്റി ഒന്നും പറയേണ്ടതില്ല. ശങ്കരവിജയവും കുചേലവൃത്തം മണിപ്രവാളവും കണ്ടുകിട്ടീട്ടില്ല.

## സന്താനഗോപാലം

ആശാൻ ഒരു വിനോദരസികനായിരുന്നു. അതുകൊണ്ടാണ് മഹാകവി വിദ്വാൻ കോയിത്തമ്പുരാന്റെ തുള്ളൽ പൂരിപ്പിക്കുവാൻ അദ്ദേഹത്തിനു ധൈര്യമുണ്ടായതു്. ഒരു സഹൃദയനും കവിയുമായ ചെറുകടൽ വിഷ്ണുപ്പോറ്റിയുടെ നിർബന്ധമാണ് കാരണം. കോയിത്തമ്പുരാന്റെ ഭാഗംപോലെ കവിത ഉൽകൃഷ്ടമാണെന്നു പറയുവാനില്ലെങ്കിലും ഒട്ടൊക്കെ നന്നായിട്ടുണ്ടു്. നോക്കുക, ചില ഈരടികളുടെ മാധുര്യം:

“ഈറ്റുനോവങ്ങു തുടങ്ങി കുടുംബിനി—
ക്കേറ്റം പരിഭ്രമം പൂണ്ടു വിപ്രേന്ദ്രനും.
ഈറ്റുപുരയുടെ മുന്നിൽ നടക്കയും
മുറ്റം വിചാരിച്ചിടയ്ക്കിടെ നില്ക്കയും
ഫല്ഗുനന്റെ മുഖത്തമ്പോടു നോക്കയും
വല്ഗുസ്മിതദ്യുതി കണ്ടു മോഹിക്കയും
അർക്കൻ വസിക്കുന്ന ദിക്കു കുറിക്കയും
തർക്കിച്ചു പഞ്ചാംഗമമ്പോടു നോക്കയും
സ്വേദജലങ്ങളൊലിക്കുന്നതൊട്ടൊട്ടു
വേദജ്ഞനാശു തുടച്ചു കളകയും
വേദാന്തവേദ്യനാമാദിദേവൻതന്റെ
പാദാന്തമുള്ളിലുറപ്പിച്ചിരിക്കയും

അച്ചിമാരെ വിളിച്ചാശു ചോദിക്കയും
കൊച്ചിൻകരച്ചിൽ കേൾക്കുന്നുവെന്നോർക്കയും
നേർച്ചകളോരോന്നു നേർന്നാശുവെക്കയും
വേഴ്ചയുള്ളാളുകൾക്കാളങ്ങയയ്ക്കയും
അച്യുതാനന്തേതി നാമജാലങ്ങള–
ങ്ങുച്ചത്തിലാമ്മാറു ഭക്ത്യാ ജപിക്കയും
നിശ്ചയിച്ചുള്ളോരു ദാനത്തിനൊക്കയു–
മച്ഛരിന്നകൗതുകം വച്ചങ്ങൊരുക്കയും
അച്ചിമാർക്കായി നിനച്ചു തരം തരം
കച്ച മുറിച്ചങ്ങു പെട്ടെന്നു വയ്ക്കയും . . . . . .
ഇപ്രകാരം ചെറ്റു നേരം കഴിച്ചിതു
വിപ്രകുലോത്തമനെന്നേ പറയേണ്ടൂ."

## മുക്തകങ്ങൾ

ഓരോ അവസരത്തിൽ വാരിയർ പല ഒറ്റ ശ്ലോകങ്ങളുമുണ്ടാക്കീട്ടുണ്ട്. അവയിൽ ഒന്നുരണ്ടെണ്ണം ഉദ്ധരിക്കാം.

1 കണ്ടിയൂർ ക്ഷേത്രത്തിൽ ഉത്സവത്തിനു വെടിക്കെട്ട്:

"ബാണപ്രിയൻതാൻ ശിവനെന്നു കേട്ടോ
ബാണപ്രയോഗം ബഹു ചെയ്തിടുന്നു?
വേണുന്നതല്ലീവക തത്ത്വമോർക്കാ–
താണേ തുടങ്ങുന്നതു നിങ്ങളിപ്പോൾ."

2 കണ്ടിയൂർ തേവരെപ്പറ്റി:

"രാജീവാസനവിഷ്ണുമുഖ്യമകുടഭ്രാജിഷ്ണുരത്നപ്രഭാ–
രാജൽപാദസരോരുഹം സുരസരിദ്ഗോത്രേന്ദ്രജാകാമുകം
രാജാക്കാർഗ്നിവിലോചനം പ്രണതലോകാശേഷതാപാപഹം
ഭ്രാജന്തം പ്രണമാമി ശങ്കരമഹം കുണ്ഠീപുരേ ഭാസുരേ."

## വാരിയരുടെ ഫലിതം

വാരിയരുടെ ഫലിതം വളരെ പ്രസിദ്ധമായിരുന്നു. സംഭാഷണത്തിലാണ് അത് അധികമായി പ്രകാശിച്ചിരുന്നത്. ഒരിയ്ക്കൽ വാര്യത്തിന്റെ സമീപമുള്ള വഴിയിൽക്കൂടി അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ രാത്രി പതിവായി പോകാറുണ്ടായിരുന്നു. വാരിയർ അതിനെപ്പറ്റി ചോദിച്ചപ്പോൾ 'ലാ' പഠിക്കാനാണെന്ന് അദ്ദേഹം പറഞ്ഞു. 'രാ' കഴിഞ്ഞിട്ടു 'ലാ'പഠിക്കയല്ലേ നല്ലതെന്ന് ആശാൻ ചോദിച്ചു. മറ്റൊരിക്കൽ ഒരു ബ്രാഹ്മണസ്ത്രീ തന്റെ മകൻ അപ്പു എന്ന കുട്ടിയെ അന്വേഷിച്ച് "അപ്പു വാര്യത്തുണ്ടോ?" എന്നു ചോദിച്ചു. "അയ്യോ! അപ്പു ഇതേവരെ വാര്യത്തുണ്ടായിരുന്നു; ഇപ്പോളാണ് അമ്പലത്തിൽ കൊടുത്തത്" എന്നായിരുന്നു വാരിയരുടെ മറുപടി. വേറേ ഒരിക്കൽ അദ്ദേഹം ക്ഷേത്രക്കുളത്തിൽ കുളിക്കുവാൻ ചെന്നപ്പോൾ കടവു മുഴുവൻ വൃത്തികേടായിക്കിടക്കുന്നതുകണ്ട് "ഈ കടവു കണ്ടാൽ കുളിക്കണമെന്നു തോന്നും" എന്നു പറഞ്ഞു അവിടെനിന്നും പോയി. മരിക്കുന്നതുവരെ ആ ഫലിതധോരണി അദ്ദേഹത്തെ പരിത്യജിച്ചില്ല. അദ്ദേഹം ആസന്നമരണനായിക്കിടക്കുന്ന അവസരത്തിൽ അന്നുവരെ തിരിഞ്ഞുനോക്കാത്ത ഒരു വക്കീൽ അവിടെ കേ

റിച്ചെന്നു രോഗത്തെപ്പറ്റി അന്വേഷിച്ചു. അപ്പോൾ "സ്നേഹിതാ! ഇവിടെ ഈരങ്കി കഴിഞ്ഞിരിക്കയാണ്. ഇനി വിധി പ്രസ്താവിക്കേണ്ട താമസമേയുള്ളൂ. അതിനു വക്കീലിന്റെ ആവശ്യമില്ല" എന്നു പറഞ്ഞു വാരിയർ ആ സുഹൃത്തിനെ ഇളിഭ്യനാക്കി അവിടെനിന്നു തള്ളിവിടുകയാണ് ചെയ്തതു്.

## മൂത്തേടത്തു വാസുദേവൻപോറ്റി (1008–1068)

### ജനനവും വിദ്യാഭ്യാസവും

വാസുദേവൻപോറ്റി ചെങ്ങന്നൂർ ചെറിയനാട്ടുദേശത്തു മൂത്തേടത്തു മഠത്തിൽ നാരായണൻപോറ്റിയുടേയും നങ്ങയ്യ (ആര്യ) അന്തർജ്ജനത്തിന്റേയും പുത്രനായി 1008-ാമാണ്ടു മിഥുനമാസത്തിൽ വിശാഖംനക്ഷത്രത്തിൽ ജനിച്ചു. മൂന്നാമത്തെ വയസ്സിൽത്തന്നെ അക്ഷരാഭ്യാസം ആരംഭിച്ച ആ ബാലന്റെ വിസ്മയനീയമായ പ്രതിഭാവൈഭവം കണ്ടു സന്തുഷ്ടനായ പിതാവു മാവേലിക്കര ഇടശ്ശേരി അതുക്കാട്ടു ഉണ്ണിത്താനെ വരുത്തി സംസ്കൃതത്തിലും ജ്യോതിഷത്തിലും പ്രഥമപാഠങ്ങളും എട്ടാമത്തെ വയസ്സിൽ ഉപനീതനായതിനു മേൽ കവളപ്പാറ മുണ്ടനാട്ടു തുപ്പൻനമ്പൂരിയെക്കൊണ്ടു വേദവേദാംഗങ്ങളും അഭ്യസിപ്പിച്ചു. പത്താമത്തെ വയസ്സിൽ കഠിനമായ നേത്രരോഗം ബാധിക്കുകയും തന്നിമിത്തം പതിനാറാമത്തെ വയസ്സിൽ ആന്ധ്യത്തിനു വിധേയനാകുകയും ചെയ്തു. ഭാഗ്യവശാൽ അതിനുമുൻപുതന്നെ നാടകാലങ്കാരങ്ങൾക്കു പുറമേ കുഴിക്കാട്ടു മഹേശ്വരൻ ഭട്ടതിരിയോടു വ്യാകരണവും പഠിച്ചുകഴിഞ്ഞിരുന്നു. ജ്യോതിഷത്തിലും വിപുലമായ ജ്ഞാനം ആയിടയ്ക്കുതന്നെ സമ്പാദിക്കുവാൻ സാധിച്ചു.

### അനന്തരജീവിതം

താൻ കുടുംബത്തിലെ ഏകസന്താനമായിരുന്നതിനാൽ വാസുദേവൻപോറ്റിക്ക് അച്ഛന്റെ നിർബന്ധം നിമിത്തം 17-ാമത്തെ വയസ്സിൽ ദാരസംഗ്രഹം ചെയ്യേണ്ടിവന്നു. ശ്രൗതസ്മാർത്തകർമ്മങ്ങൾ ലോപംകൂടാതെ അനുഷ്ഠിക്കുകയും ശിഷ്യന്മാരെ സംസ്കൃതവും ജ്യോതിഷവും അഭ്യസിപ്പിക്കുകയും മാത്രമായിരുന്നു പിന്നീടു അദ്ദേഹത്തിന്റെ പ്രധാന ദിനകൃത്യങ്ങൾ. 34-ാമത്തെ വയസ്സിൽ വീണ്ടും ഒന്നുകൂടി വേൾക്കേണ്ട ആവശ്യം നേരിട്ടു. ആദ്യത്തെ പത്നിയിൽ നാരായണൻപോറ്റി, കുഞ്ഞിക്കുട്ടൻപോറ്റി, കുഞ്ചുപോറ്റി എന്നീ പുരുഷസന്താനങ്ങൾ ജനിച്ചു. അവർ മൂന്നുപേരും കാലക്രമത്തിൽ കവിതാവാസനയാലും കുഞ്ചുപ്പോറ്റി അതോടുകൂടി വൈദുഷ്യത്താലും അനുഗ്രഹീതന്മാരായിത്തീർന്നു. ദ്വിതീയപത്നിയിൽ ജനിച്ച പുത്രിയുടെ മകനാണ് ഇക്കാലത്തെ സിദ്ധദൈവജ്ഞനായ പുലിയൂർ പുരുഷോത്തമൻനമ്പൂരി. 1038-ൽ കാര്യവശാൽ അന്നു വലിയ കൊട്ടാരം വിദ്വത്സദസ്സിലെ അധ്യക്ഷനും സദർകോട്ടുപണ്ഡിതരുമായിരുന്ന അനന്തരാമശാസ്ത്രികളെ സന്ദർശിക്കുകയും പോറ്റിയുടെ പാണ്ഡിത്യവും കവിത്വവും കണ്ട് ആശ്ചര്യഭരിതനായ ശാസ്ത്രികൾ അദ്ദേഹത്തിന് "ഗീർവാണകവി" എന്ന ബിരുദം സമ്മാനിക്കുകയും ചെയ്തു. പിന്നീട് "വാസുദേവഗീർവാണകവി" എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നതു്. 1068-ാമാണ്ടു മിഥുനമാസം 24-ാംനു രേവതിനാൾ അദ്ദേഹം യശശ്ശരീരനായി. പെരുമ്പാറ വാസുദേവ ഭട്ടതിരി, പെരുങ്ങാലാ ശ്രീധരയോഗി, താഴമൺമഠത്തിൽ പ്രഭാകരൻതന്ത്രി എന്നീ പണ്ഡിതന്മാർ പ്രസ്തുത കവിയുടെ ശിഷ്യവർഗ്ഗത്തിൽ പെട്ടവരായിരുന്നു.

### കൃതികൾ

വാസുദേവൻപോറ്റിക്കു സംസ്കൃതത്തിലും മലയാളത്തിലും ഒന്നുപോലെ സരസമായി കവനം ചെയ്വാൻ സാമർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ (1) കംസവധം കാവ്യം (നാലു സർഗ്ഗം), (2) കുചേലവൃത്തം കാവ്യം, (3) സ്കാന്ദം ചമ്പു, (4) വിഷ്ണുദാസചരിതം, (5) വൃഷലാഷ്ടകം, (6) പരശുരാമചരിതം, (7) ത്രിപുരദഹനം എന്നീ രണ്ടു് ആട്ടക്കഥകൾ, (8) ഭദ്രോൽപത്തി കിളിപ്പാട്ടു്, (9) ശുചീന്ദ്രസ്ഥലമാഹാത്മ്യം കിളിപ്പാട്ടു്, (10) ഗജേന്ദ്രമോക്ഷം തിരുവാതിരപ്പാട്ടു് ഇവയാകുന്നു. ഇവയിൽ ആദ്യത്തെ അഞ്ചു കൃതികൾ സംസ്കൃതമാണു്. സ്കാന്ദം ചമ്പു പൂർണ്ണമായിട്ടില്ല. ശുചീന്ദ്രസ്ഥലമാഹാത്മ്യം എഴുതിക്കൊണ്ടിരിക്കവേ കവി അന്തരിച്ചുപോകയാൽ അതും അപൂർണ്ണമാണു്. 18-ാമത്തെ വയസ്സിൽ ഉണ്ടാക്കിയ കംസവധം അഗ്നിബാധയിൽ ദഹിച്ചുപോയി. ത്രിപുരദഹനവും ഗജേന്ദ്രമോക്ഷവും കണ്ടുകിട്ടീട്ടില്ല. അദ്ദേഹത്തിന്റെ വശ്യവചസ്ത്വം ചില ശ്ലോകങ്ങൾ ഉദ്ധരിച്ചു വിശദീകരിക്കാം.

### കുചേലവൃത്തം കാവ്യം

> “ഛവ്യാ നവ്യാരുണധ്വംസീ ഭവ്യാനി ഭജതാം ദിശൻ
> അവ്യാജകരുണോ യുഷ്മാനവ്യാദിഭമുഖസ്സദാ.”

### ചമ്പുക്കൾ

ചെറിയനാട്ടു സുബ്രഹ്മണ്യസ്വാമിയായിരുന്നു പോറ്റിയുടെ ഇഷ്ടദേവത. ആ ദേവനു് ഉപഹാരരൂപത്തിൽ സമർപ്പിക്കുവാൻ രചിച്ചതാണു് സ്കാന്ദം ചമ്പു. സംസ്കൃതത്തിൽ ആ ഇതിവൃത്തത്തെ ഉപജീവിച്ചു വേറെ ഒരു ചമ്പു ഉണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹം തന്റെ ആ ഉദ്യമത്തിൽനിന്നു പിൻവാങ്ങി. വിഷ്ണുദാസചരിതം പൊതിയിൽ നാരായണ ചാക്കിയാർക്കുവേണ്ടി എഴുതിക്കൊടുത്തതാണു്. ഈ നാരായണ ച്ചാക്കിയാരും കവിയും തമ്മിൽ ഒരിക്കൽ വലിയ രസക്ഷയത്തിനു കാരണമുണ്ടായി. പതിനെട്ടാമത്തെ വയസ്സിൽ ചെറിയനാട്ടു ക്ഷേത്രത്തിൽ ആ സുപ്രസിദ്ധനായ ചാക്കിയാരുടെ കൂത്തുകേൾക്കുവാൻ പോറ്റി പോയി. അപ്പോൾ പോറ്റിയെ ധൃതരാഷ്ട്രരാക്കി അവഹേളനം ചെയ്തുകൊണ്ടു ചാക്കിയാർ കൂത്തു തുടർന്നു. അതു പോറ്റിക്കു സഹ്യമായില്ല. തിരിയെ മഠത്തിൽപ്പോയി

> “പ്രാപ്താ ദോഷേണ പിത്രോരധികതരജ്ജുഗു–
> പ്സാഭിപന്നാമവസ്ഥാം
> കൈവല്യാർത്ഥം തതസ്തേ പുനരിഹ ഭഗവ–
> ച്ചേഷ്ടിതോക്തൗ നിയുക്താഃ
> ആരബ്ധാസ്സൽകഥായൈ ദ്വിജവരപരിഷദ്–
> ഭർത്സനം തത്രസമക്ഷ
> കൃത്വാ സമ്പാദയന്തി ദ്രവിണമപി കഥം
> ജായതേ പുണ്യമേഷാം?”

എന്ന ശ്ലോകം അയച്ചുകൊടുത്തു. ചാക്കിയാർ അതുകണ്ടു പുഞ്ചിരികൊണ്ടതേയുള്ളു. പിന്നീടു് അവർ തമ്മിൽ സുഹൃത്തുക്കളാകുകയും യഥാകാലം ആ നർമ്മമർമ്മജ്ഞൻ തന്റെ പുത്രനായ ശങ്കരനാരായണച്ചാക്കിയാരെ പോറ്റിയേക്കൊണ്ടു സം

സ്തുതം പഠിപ്പിക്കുകയും ചെയ്തു. തുളസീമാഹാത്മ്യമാണ് വിഷ്ണുദാസചരിതത്തിലെ പ്രതിപാദ്യം. അതിൽനിന്ന് ഒരു ശ്ലോകം താഴെച്ചേർക്കുന്നു.

“കർത്തും കാർത്തികമാസി ജാതു ഹരിജാഗര്യാം വിനിര്യാതവാ–
നേകാകീ സ നിശാന്തയാമസമയാരംഭേ നിശാന്താന്നിജാൽ
പാണിദ്വന്ദ്വധൃതാർഹണോപകരണശ്രേണിസ്സമഭ്യാഗതാ–
മാരാദൈക്ഷത രാക്ഷസീം വിദധതീം പഥ്യാരവം ഭൈരവം.”

## ശൂദ്രാഷ്ടകം

ശൂദ്രാഷ്ടകത്തിൽ കവി ശൂദ്രരുടെ ഉൽകൃഷ്ടവർണ്ണത്ത്വത്തെ സമർത്ഥിക്കുന്നു.

“പാഥോജാസനപാകശാസനമിഖൈർബഹിർമ്മുഖൈരർഹിതം
പാദാബ്ജം പരിലാള്യമാനമനിശം വിശ്വൈകമാത്രാ ഹരേഃ
സിദ്ധാനാം ഹൃദി വിദ്ധി ബദ്ധവസതിം ശ്രദ്ധാവതാം ബുദ്ധിമ–
ന്ന്യേഷാം ജന്മഭുവം വദന്തി വൃഷലാ, സ്തേ നിന്ദനീയാ ന കിം?”

## പരശുരാമവിജയം ആട്ടക്കഥ

“കദാചന വിരോചനേ നിശി വിശാരദേ ശാരദേ
വിഭൂഷയതി യോഷിതോ നിജകരേണ കാഷ്ഠാമയീഃ
സ്വയാ സ ഹി മഹേലയാ സഹ സഹേലയാ ഹേഹയോ
ഗതോഭിനദി ലോലയാ നൃഗദദുത്സുകോ ലീലയാ”

## ഭദ്രോൽപത്തി

ഭദ്രോൽപത്തിയാണ് കവിയുടെ ഭാഷാകൃതികളിൽ സർവ്വോത്തമമായി പരിലസിക്കുന്നത്. അത് അദ്ദേഹം ശിഷ്യന്മാരുടെ പ്രേരണനിമിത്തം മുപ്പത്തൊന്നാമത്തെ വയസ്സിൽ (1039) ഉണ്ടാക്കി. ഭദ്രകാളിയുടെ ഉൽപത്തിയും ദാരുകന്റെ വധവുമാണ് വിഷയം.ആകെ പത്ത് അധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. ചില ഈരടികൾ ചുവടേ ചേർക്കാം.

“പവനസഖദിവസകരരജനികരലോചനേ!
പഞ്ചമഹാപാതകാദിസംഹാരിണീ!
പരമശിവനിടിലതടനയനദഹനോത്ഭവേ!
പാവനീ! ശ്രീഭദ്രകാളീ! നമോസ്തു തേ!
അനവരതമവനതരിലനുപമമനുഗ്രഹ–
മവ്യാജമാമ്മാറു ചെയ്യുന്ന ചണ്ഡികേ!
അയി! ഭുവനജനനി!ജയ ജയ ജയ മഹേശ്വരീ
ആര്യേ! സദാ ഭദ്രകാളീ നമോസ്തു തേ!
മഴമുകിലൊടുപമയെഴുമഴകുടയ ചായലും
മണ്ഡനമായിട്ടു മൗലിയിലിന്ദുവും
നിടിലഭുവി കനൽ ചിതറുമൊരു നയനവും തവ
നിത്യം നിരുപമം കാളീ! നമോസ്തു തേ!
നവനളിനദലലളിതനയനയുഗളോജ്ജ്വലേ!
നക്ഷത്രനാഥബിംബാഭിരാമാനനേ!

മൃദുഹസിതപരിലസിതദശനവസനദ്വയേ!
മാതങ്ഗകുണ്ഡലേ! കാളീ! നമോസ്തു തേ!"

നിരർഗ്ഗളമായ ഈ സരസ്വതീപ്രവാഹം ഒരു നയനവികലന്റെ രസനാഞ്ചലത്തിൽ നിന്നാണെന്ന് ഓർമ്മിക്കുമ്പോൾ ഏതു സഹൃദയന്റെ ശരീരമാണ് കോൾമയിർ കൊള്ളാതിരിക്കുക? സംസ്കൃതഭാഷയിൽ കവനം ചെയ്യുന്നതിനാണ് തനിക്ക് അധികം ഔത്സുക്യമെന്ന് അദ്ദേഹം ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

"ദോഷജ്ഞശ്രേഷ്ഠ! കേട്ടീടുക ഭവദനുയോ–
ഗോത്തരം വിസ്തരിക്കാ–
തീഷന്മാത്രം കഥിക്കാം പ്രതനകൃതിമതം
കേട്ടറിഞ്ഞിട്ടു പണ്ടേ
ഭാഷാപദ്യേഷു പാരം മനസി രസമെനി–
ക്കില്ല ദൗശ്ശീല്യമല്ലേ,
തോഷം ഗീർവാണപദ്യേ സതതമതു ചമ–
യ്പാനനല്പാദരോഹം."

അതു് പരമാർത്ഥമാണെങ്കിലും ഭാഷയിലും അദ്ദേഹത്തിന് ഏറ്റവും വിശിഷ്ടങ്ങളായ പ്രബന്ധങ്ങൾ രചിക്കുന്നതിനു പ്രയാസമില്ലായിരുന്നു എന്നു ഭദ്രോൽപത്തി വിശദീകരിക്കുന്നു.

### ചില മുക്തകങ്ങൾ

ഒരു സുഹൃത്തിനു്:

"ശ്രുതാ ശ്രുതാഭിജ്ഞ! സുതാസ്യതോ മയാ
ഗണാ ഗുണാനാമഗണേയപുണ്യ! തേ
തദാദി വർഷാസു മരാളവംശവൽ
സദാ ഭവാൻ മാനസ ഏവ വർത്തതേ."

ഒരു പ്രശ്നോത്തരം:

"കാ നാമ വിഷ്ണുപത്നീ? ക്ഷിതിസുനുഃ കശ്ച? സർവഭോക്താ കഃ?
കിം വാ നിഷേധവാക്യം? വിശ്വവിജേതാ ച കോ? മാരഃ."

## വില്വട്ടത്തു രാഘവൻനമ്പിയാർ (996–1074)

### ജനനവും വിദ്യാഭ്യാസവും

രാഘവൻനമ്പിയാർ 996-ാമാണ്ട് ഇടവമാസത്തിൽ തിരുവോണം നക്ഷത്രത്തിൽ തിരുവല്ലാ വില്വട്ടത്തുതറവാട്ടിൽ ജനിച്ചു. വില്വട്ടത്തു തറവാട്ടുകാർക്കു പരമ്പരയാ ആ ദേശത്തെയും സമീപപ്രദേശങ്ങളിലെയും ആശായ്മസ്ഥാനമുണ്ടായിരുന്നു. നമ്പിയാരുടെ ജനനകാലത്തു് ആ തറവാട്ടിൽ പുരുഷന്മാരില്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ വിദുഷിയായ മാതാവുതന്നെയാണ് കുലവൃത്തി നോക്കിവന്നതു്. ആ മാതാവിനോടു ബാലൻ സംസ്കൃതത്തിലും ജ്യോതിഷത്തിലും പ്രഥമപാഠങ്ങൾ പഠിച്ചു. കുഴിക്കാട്ടു മഹേശ്വരൻ ഭട്ടതിരിയോടു കാവ്യനാടകങ്ങളും അഭ്യസിച്ചു. ശാസ്ത്രം പഠിക്കുവാൻ സൗകര്യം കിട്ടിയില്ല.

## അനന്തരജീവിതം

തിരിയെ ഗൃഹത്തിൽ വന്നു നമ്പിയാർ ശിഷ്യന്മാരെ സംസ്കൃതവും ജ്യോത്സ്യവും അഭ്യസിപ്പിച്ചുതുടങ്ങി. അദ്ധ്യാപനവിഷയത്തിൽ അസാമാന്യമായ സാമർത്ഥ്യമുണ്ടായിരുന്നതിനാൽ പലസ്ഥലങ്ങളിലും ഓരോ മന്യന്മാർ അദ്ദേഹത്തെ വിളിച്ചുകൊണ്ടുപോയി താമസിപ്പിച്ച് അവരുടെ ആവശ്യം നിർവഹിച്ചുവന്നു. ആദ്യകാലത്തു തിരുവല്ലാ പാലിയക്കരക്കൊട്ടാരത്തിൽ കൊച്ചുതമ്പുരാക്കന്മാരെ പഠിപ്പിച്ചു. താഴെക്കാണുന്ന ശ്ലോകം എഴുതിക്കൊടുത്തിട്ട് ഏറെത്താമസിയാതെ അവിടം വിട്ടുപോയി.

> "വേറുള്ളോരുപജീവനം കരുതി ഞാൻ പോകുന്നു വല്ലേടവും
> ചോറിന്നേവരെയുണ്ടതിന്നു വളരെക്കുറുണ്ടുതാനും വിഭോ!
> നൂറുണ്ടേ പണമത്രനിന്നു വരുവാൻ, ചോദിച്ചിടാ കാണിയും;
> കാറില്ലാത്ത ശരൽഘനത്തോടുദകം യാചിക്കുമോ ചാതകം?"

പിന്നെയും വേറെ ചിലരെ പഠിപ്പിച്ചതിനുമേൽ കോട്ടയത്തു ബിഷപ്പ് പീച്ച്‌ലി എന്ന സായിപ്പിന്റെ മുൻഷിയായി; തദനന്തരം പാറശ്ശാലയിൽ ഒരു യൂറോപ്യൻ മിഷനറിയെ മലയാളം പഠിപ്പിച്ചു; അതിനുമേൽ കോട്ടയത്തു പഴയ സെമിനേരിയിൽ 1055 വരെ മുൻഷിപ്പണി നോക്കി. ഒടുവിൽ മരണംവരെ പതിനെട്ടുകൊല്ലം അവിടെത്തന്നെ സി.എൻ.ഐ.ഇൻസ്റ്റിറ്റ്യൂഷൻ മുൻഷിയായും അദ്ധ്യാപകവൃത്തി തുടർന്നു; മലയാളമനോരമയ്ക്കു പലതരത്തിലുള്ള പ്രോത്സാഹനം നമ്പിയാരിൽനിന്ന് ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിനു ജ്യോതിഷത്തിനുപുറമെ വൈദ്യം, സംഗീതം, ചിത്രമെഴുത്ത്, കൊത്തുപണി, തച്ചുശാസ്ത്രം, കഥാപ്രവചനം എന്നീ വിഷയങ്ങളിലും ജ്ഞാനമുണ്ടായിരുന്നു. പാഠകത്തിനു മാധവരായർ ദിവാൻജിയോടു സമ്മാനം വാങ്ങീട്ടുണ്ട്.

## കൃതികൾ

രാഘവൻനമ്പിയാർ (1) ആറന്മുളവിലാസം മണിപ്രവാളം, (2) മനുഷ്യാലയചന്ദ്രികയുടെ വ്യാഖ്യാനം, (3) മാതംഗലീല ഭാഷ എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. മാതംഗലീല കണ്ടുകിട്ടീട്ടില്ല. അദ്ദേഹത്തിന്റെ കവിതയ്ക്കു പറയത്തക്ക ഗുണമില്ല. ഒരു ഫലിതരസികനും വാദപ്രതിവാദകുശലനുമായ ആശാൻ എന്ന നിലയിലാണ് സമകാലികന്മാർ അദ്ദേഹത്തെ ബഹുമാനിച്ചുവന്നത്. പത്രപംക്തികളിൽ അദ്ദേഹം പല വിനോദപ്രദങ്ങളായ ഉക്തിപ്രത്യുക്തികളിൽ ഏർപ്പെടുകയും അവയിൽ പ്രായേണ വിജയം നേടുകയും ചെട്ടുണ്ട്.

## ആറന്മുളവിലാസം

ആറന്മുളക്ഷേത്രത്തിന്റെ മാഹാത്മ്യമാണ് ഇതിലെ പ്രതിപാദ്യം. വിവിധസംസ്കൃതവൃത്തങ്ങളിൽ ഈ കൃതി രചിച്ചു 1067-ാമാണ്ടു മുതൽ 1070-ാമാണ്ടുവരെ മലയാള മനോരമയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു.ഉത്രിട്ടാതി വള്ളംകളിയെപ്പറ്റിയും മറ്റും തന്മയത്വത്തോടുകൂടി വർണ്ണിച്ചിട്ടുണ്ട്. രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

> "കളഭമഴകിൽ നല്കീടട്ടെത്രയും ഭക്തിപൂർവം
> കളഭണിതിയൊടും വന്ദിച്ചൊരക്കബ്ജതന്നെ
> കള ഭവതി വപുഃ കൗടില്യമെന്നാശു ചൊല്ലി–
> ക്കളഭഗമനയാക്കിത്തീർത്തതിദ്ദേവനല്ലോ."

"കാഠിന്യാൽക്കാലവർഷക്കളിയുടെ, മലയിൽ–
ക്കുന്നുകൾക്കൊട്ടിളക്കം
പാടേ തട്ടീട്ടു ചോടേ ചിലതിളകിമറി–
ഞ്ഞൂറ്റമാമാറ്റൊഴുക്കിൽ
ക്കൂടീട്ടീടൊത്തുരുണ്ടും ത്വരിതമിഹ വരും
കാഴ്ചയെന്നോർക്കുവോരീ
മോടിക്കുള്ളോരു വള്ളംവരവതു വലിയോ–
രത്ഭുതം കാണ്കിലാർക്കും."

## നമ്പിയാരും വലിയകോയിത്തമ്പുരാനും

1042-ാമാണ്ടിടയ്ക്കു കോട്ടയത്തു സി. എം. എസ്. അച്ചുക്കൂട്ടത്തിൽനിന്നു ഡബ്ലിയു. എച്ച്. മൂർ എന്ന സായിപ്പ് ട്രാവൻകോർ ഹെറാൾഡ് എന്ന ഒരു ഇംഗ്ലീഷുപത്രവും അതിന്റെ അനുബന്ധമായി സന്ദിഷ്ടവാദി എന്നൊരു മലയാളപത്രവും പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. അതിൽ ദിവാൻ മാധവരായരുടെ രാജ്യഭരണത്തെപ്പറ്റി സ്തുതിച്ചു നമ്പിയാർ സ്വാമിഭക്തൻ എന്ന പേരിലും, കുറ്റം കണ്ടുപിടിച്ചു കേരളവർമ്മ വലിയകോയിത്തമ്പുരാൻ രാജഭക്തൻ എന്ന പേരിലും ഒരു വാദപ്രതിവാദംനടത്തി. വലിയ കോയിത്തമ്പുരാൻ തന്റെ ശ്ലോകങ്ങളും നമ്പിയാരുടേതുപോലെ ഭാഷയിൽത്തന്നെ എഴുതി. താൻ ആരെന്നറിയരുതെന്നു തമ്പുരാനു നിർബന്ധമുണ്ടായിരുന്നതിനാൽ നമ്പിയാരെപ്പോലെയുള്ള കവികളുടെ നാടോടിശ്ശൈലിയാണ് സ്വീകരിച്ചത്. എങ്കിലും സ്വല്പം കഴിഞ്ഞപ്പോൾ അവർ അന്യോന്യം ആരെന്നു കണ്ടുപിടിക്കുകയും നമ്പിയാർ വാദം നിറുത്തുകയുംചെയ്തു.അപ്പോൾ മറ്റൊരാൾ സ്വാമിഭക്തനെന്ന പേരിൽ വീണ്ടും ആ വാദം ഉത്ഥാപനംചെയ്തു. അതിനു മറുപടിയായി വലിയ കോയിത്തമ്പുരാൻ

"മുന്നം സ്വാമിസ്തവംചെയ്തൊരു കവിവരനാം
സ്വാമിഭക്തന്റെ വാക്കി–
ന്നെന്യേ മറ്റന്യരാം ദുഷ്കവികളുടെയബ–
ദ്ധോക്തികൾക്കുത്തരങ്ങൾ
ഇന്നിപ്പോൾച്ചൊല്ലുവാൻ കിഞ്ചന കുതുകമെനി–
ക്കില്ലെടോ; ബൃംഹിതം കേ–
ട്ടെന്യേ കണ്ഠീരവൻതൻ മനസി ചൊടി ഭവി–
ച്ചീടുമോ ബുക്കനത്താൽ?"

എന്നെഴുതി. ഒടുവിൽ നമ്പിയാരുടെ പ്രത്യുക്തിക്രമത്തിന്റെ ഭംഗി കണ്ടു സന്തോഷിച്ചു.

"ഭാഷാകവിത്വസാമ്രാജ്യധൗരേയായ കിമപ്യഹം
സാംപ്രതം സ്വാമിഭക്തായ പ്രദിത്സേ പാരിതോഷികം."

എന്നൊരു പ്രശംസാപത്രം നല്കിയതിനുപുറമെ 1050-ൽ തിരുവനന്തപുരത്തു ചെന്നു മുഖം കാണിച്ചപ്പോൾ "സ്വാമിഭക്തനല്ലേ" എന്നു ചോദിച്ചുകൊണ്ട് ഒരു വൈരം വച്ച മോതിരം സമ്മാനമായി കൊടുക്കുകയും ചെയ്തു.

## നമ്പിയാരും മുരിങ്ങൂർ പോറ്റിയും

ചുവടേ ചേർക്കുന്ന ഫലിതമയമായ ശ്ലോകം നമ്പിയാർ മറ്റൊരു വാദപ്രതിവാദകോലാഹലത്തിൽ മുരിങ്ങൂർ ശങ്കരൻപോറ്റിക്ക് എഴുതിയതാണ്.

“വില്വട്ടം വൃദ്ധനായീ, വിരുതൊടിവനുമാ–
യൊന്നടുക്കാം, പിടിക്കാം,
മല്ലിട്ടിപ്പോൾ മടക്കാമിതി മനസി മുരി–
ങ്ങൂർദ്വിജന്നുണ്ടു മോഹം;
പല്ലില്ലെന്നെണ്ണിയണ്ണാക്കൊളമിടുക കരം–
താനിതെന്നികിലപ്പോൾ
നല്ലോണം മോണകൊണ്ടും വിരലറുകെ മുറു–
ക്കിക്കടിക്കും മുതുക്കൻ.”

## കുട്ടിക്കുഞ്ഞുതങ്കച്ചി (995–1079)

### ജനനവും വിദ്യാഭ്യാസവും

മഹാകവി രവിവർമ്മൻതമ്പിയുടെ പുത്രിയായ കുട്ടിക്കുഞ്ഞുതങ്കച്ചി, തമ്പിയുടെ പൂർവ്വകുടുംബമായ വിളവങ്കോട്ടുതാലൂക്കിൽ ഇടയ്ക്കോട്ടുദേശത്തു പുളിയറത്തലവീട്ടിൽ 995-ാമാണ്ടു കുംഭമാസത്തിൽ അനിഴം നക്ഷത്രത്തിൽ ജനിച്ചു. മൂന്നുമാസത്തിനകം തിരുവനന്തപുരത്തു കോട്ടയ്ക്കകത്തു തമ്പിക്ക് അമ്മവഴിക്കു കിട്ടിയ കിഴക്കേമഠത്തിലേയ്ക്കു കൊണ്ടുവരപ്പെട്ടു. പിന്നെ അവിടെത്തന്നെയായിരുന്നു സ്ഥിരമായ താമസം. ലക്ഷ്മിപ്പിള്ള എന്നാണ് യഥാർത്ഥമായ നാമധേയമെങ്കിലും ഓമനപ്പേരായ കുട്ടിക്കുഞ്ഞു എന്ന പേരാണ് പ്രതിഷ്ഠയെ പ്രാപിച്ചതു്. തങ്കച്ചിയുടെ ഒരു മാതൃസഹോദരി അവിട്ടംതിരുനാൾ മഹാരാജാവിന്റെ പുത്രൻ ശ്രീകൃഷ്ണൻതമ്പിയുടെ പത്നിയായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ സഹോദരിയുടെ പുത്രിയെയാണ് ഉത്രംതിരുനാൾ മഹാരാജാവിന്റെ പുത്രൻ ശ്രീനീലകണ്ഠൻതമ്പി വിവാഹംചെയ്തതു്. തങ്കച്ചിയുടെ ബാല്യകാലത്തിൽ രവിവർമ്മൻതമ്പി സ്വാതിതിരുനാൾ മഹാരാജാവിന്റെ ബഹിശ്ചരപ്രാണനായി വലിയ കൊട്ടാരത്തിൽത്തന്നെയാണ് മിക്ക സമയവും കഴിച്ചുകൂട്ടിയിരുന്നതു്. അതുകൊണ്ടു മലയാളവും തമിഴും പഠിച്ചതിന്റെ ശേഷം സംസ്കൃതത്തിലെ പ്രഥമപാഠങ്ങൾ തങ്കച്ചിക്കു മഹാരാജാവിന്റെ ഗുരുവായ അരിപ്പാട്ടു കൊച്ചുപിള്ളവാരിയരോടുതന്നെ അഭ്യസിക്കുവാൻ സംഗതിവന്നു. വാരിയർ സ്വഗൃഹത്തിനു പോയതിനു മേൽ കാവ്യനാടകങ്ങളിൽ ഉപരിഗ്രന്ഥങ്ങൾ പഠിപ്പിച്ചതു് അച്ഛൻതന്നെയായിരുന്നു. ഈ രണ്ടു ഗുരുനാഥന്മാരെ മാത്രമേ തങ്കച്ചി സ്വകൃതികളിൽ വന്ദിച്ചുകാണുന്നുള്ളു.

“അത്യാദരേണ വിദുഷാമമലാശയാനാ–
മഗ്രേസരേണ ഗുരുണാ രവിവർമ്മമാംനാ”

എന്നു ശ്രീമതീസ്വയംവരത്തിലും “ധീമാൻ വിദ്വജ്ജനാഢ്യോ ഗുരുരപി രവിവർമ്മാഭിധോ മൽപിതാ യഃ” എന്നു പാർവ്വതീസ്വയംവരത്തിലും

“ശ്രീബാഹുലേയഭജനൈകപരായണാഢ്യഃ
ശ്രീമാൻ വിശിഷ്ടഗുണവാൻ ഗുരുനാഥനും മേ
പ്രഖ്യാതി ചേർത്തു കവനേ രവിവർമ്മനാമ്നാ
വിഖ്യാതനാം ജനകനും തുണചെയ്ത നിത്യം.”

എന്നു മിത്രസഹമോക്ഷത്തിലും അവരെ വന്ദിച്ചിട്ടുണ്ടു്. വാരിയരെ സ്മരിച്ചിരിക്കുന്നതു ഒടുവിലത്തെ ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിലാണ്.

## വിവാഹവും സാഹിത്യസംരംഭവും

14-ാമത്തെ വയസ്സിൽ രവിവർമ്മൻതമ്പാന്റെ പിതാവായ ശാസ്ത്രിത്തമ്പാന്റെ ഭാഗിനീയിയുടെ പുത്രൻ ചേർത്തല വാരനാട്ട് നടുവിലെക്കോവിലകത്തു കുഞ്ഞൻതമ്പാൻ തങ്കച്ചിയെ പരിഗ്രഹിച്ചു.അക്കാലത്തുതന്നെ പുത്രിയിൽ പ്രകൃഷ്ടമായ കവിതാവാസനയും പ്രശസ്യമായ സംഗീതപാടവവും അച്ഛൻ കണ്ടു സംഗീതത്തിൽക്കൂടി ഉപരിപഠനത്തിനുവേണ്ട ഏർപ്പാടു ചെയ്തു. തിരുവാതിരക്കളിയിൽ പിൽക്കാലത്തു നമ്മുടെ കവയിത്രിക്കു സിദ്ധിച്ച സാമർത്ഥ്യം ആ അഭ്യാസത്തിന്റെ ഫലമാണ്. ആ സാമർത്ഥ്യം പല നല്ല ഭഗവൽകീർത്തനങ്ങൾ രചിക്കുന്നതിനും അവർക്ക് സഹായമായിത്തീർന്നു. ആദ്യകാലത്തു കവിതാരചനയ്ക്ക് അച്ഛൻ അനുകൂലനല്ലായിരുന്നു. എങ്കിലും പിന്നീട് അതിൽ സന്തുഷ്ടി പ്രദർശിപ്പിച്ചു പുത്രിയുടെ കൃതികൾ ഉത്രം തിരുനാൾ മഹാരാജാവിനു സമർപ്പിക്കുകയും അവിടുന്നു തങ്കച്ചിക്കു സമുചിതമായ രീതിയിൽ പാരിതോഷികങ്ങൾ നല്കുകയും ചെയ്തു. 1030-ാമാണ്ട് അച്ഛൻതന്നെയാണ് തങ്കച്ചിയെ ശ്രീമതീ സ്വയംവരം എന്ന ആട്ടക്കഥ എഴുതുവാൻ പ്രേരിപ്പിച്ചത്. പ്രസ്തുത കൃതി മുഴുവനാകുന്നതിനുമുമ്പ് 1031-ൽ മഹാത്മാവു കാലധർമ്മം പ്രാപിച്ചു. തന്നിമിത്തം വിഷണ്ണയായ തങ്കച്ചി കുറെക്കാലം സാഹിത്യവ്യവസായത്തിൽനിന്നു വിരമിച്ചു എങ്കിലും പിന്നീട് അതിൽ പൂർവ്വാധികമായി ശ്രദ്ധ പതിപ്പിച്ചു.

## അനന്തരജീവിതം

ഈശ്വരഭജനം, ഗൃഹഭരണം, ഗ്രന്ഥപാരായണം, സാഹിത്യനിർമ്മാണം ഇവയിൽ വ്യാപൃതയായി ആ സാധ്വി സകല ജനങ്ങളുടേയും സമാരാധനത്തിനു പാത്രമായി ആയുശ്ശേഷം നയിച്ചു. പാർവ്വതീറാണിമുതല്ക്കുള്ള തമ്പുരാട്ടിമാരുടേയും സ്വാതിതിരുനാൾമുതല്ക്കുള്ള മഹാരാജാക്കന്മാരുടേയും പ്രകൃഷ്ടമായ പ്രീതി തങ്കച്ചി സമാർജ്ജിച്ചിരുന്നു. പല സമ്മാനങ്ങൾ ആ തിരുമേനിമാരെല്ലാം അവർക്കു കൊടുക്കുകയുണ്ടായിട്ടുമുണ്ട്. ആയില്യം തിരുമേനി പാരിതോഷികങ്ങൾക്കു പുറമേ മുൻപു പതിഞ്ഞിരുന്ന അടുത്തൂൺ വർദ്ധിപ്പിക്കുകകൂടി ചെയ്തു. ഒടുവിൽ കുറേക്കാലം നേത്രരോഗംകൊണ്ടു വായിക്കുവാനും എഴുതുവാനുമുള്ള ശക്തി ഇല്ലാതെയായപ്പോൾ കവിത പറഞ്ഞുകൊടുത്തു മറ്റുള്ളവരെക്കൊണ്ടു എഴുതിച്ചുവന്നു. 1078-ാമാണ്ടു ആരംഭം മുതൽ അതിനും ശരീരദൗർബല്യം അനുവദിച്ചില്ല. എങ്കിലും നിത്യകർമ്മാദികൾ ഭക്തിപൂർവ്വം നിർവിഘ്നമായിത്തന്നെ അനുഷ്ഠിച്ചുവന്നു. സ്വർഗ്ഗവാതിലേകാദശീമാഹാത്മ്യം കിളിപ്പാട്ടാണ് ഒടുവിലത്തെ പ്രബന്ധം. 1079-ാമാണ്ടു കുംഭമാസം 1-ാംനു പ്രാതഃസ്മരണീയയായ ആ സുചരിത പരഗതിയെ പ്രാപിച്ചു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ആ വർത്തമാനം അറിഞ്ഞപ്പോൾ തങ്കച്ചിയുടെ മകൻ ചിത്രമെഴുത്തു പത്മനാഭൻതമ്പിക്ക് അയച്ച ഒരു അനുശോചനലേഖനത്തിൽനിന്നാണ് ചുവടെ ചേർക്കുന്ന വാക്യം ഉദ്ധരിക്കുന്നത്. “ഒരു നല്ല വിദുഷിയും പല സന്ദർഭങ്ങളിലും അഭിമുഖമായിക്കണ്ടു സംസാരിക്കുന്നതിനു സംഗതിവന്നിട്ടുള്ള ഒരു സരസവക്ത്രിയുമായ കുട്ടിക്കുഞ്ഞുതങ്കച്ചി ഇഹലോകവാസം ഉപേക്ഷിച്ചുപോയതിൽ എനിക്കുള്ളതുപോലെ ഗാഢമായ വ്യസനം മറ്റു ചുരുക്കം ചിലർക്കേ ഉണ്ടാകാനിടയുള്ളൂ.” ആ സരസവക്തൃത്വത്തിനു സാക്ഷ്യംവഹിക്കുവാൻ എനിക്കും സാധിക്കും.

## കൃതികൾ

കുട്ടിക്കുഞ്ഞുതങ്കച്ചി (1) ശ്രീമതീസ്വയംവരം, (2) പാർവ്വതീസ്വയംവരം, (3) മിത്രസഹമോക്ഷം (മൂന്നും ആട്ടക്കഥകൾ), (4) തിരുവനന്തപുരം സ്ഥലപുരാണം, (5) വയ്ക്കം

സ്ഥലപുരാണം, (6) സ്വർഗ്ഗവാതിലേകാദശീമാഹാത്മ്യം (മൂന്നും കിളിപ്പാട്ടുകൾ), (7) ശിവരാത്രിമാഹാത്മ്യം, (8) സീതാസ്വയംവരം, (9) നാരദമോഹനം (മൂന്നും തിരുവാതിരപ്പാട്ടുകൾ), (10) ഗംഗാസ്നാനം ഓട്ടൻതുള്ളൽ, (11) സേതിസ്നാനം പാന, (12) കിരാതം, (13) നളചരിതം (രണ്ടും കുറത്തിപ്പാട്ടുകൾ), (14) അജ്ഞാതവാസം (നാടകം), (15) സ്വാഹാസുധാകരം (ഊഞ്ഞാൽപ്പാട്ട്), (16) ഗജേന്ദ്രമോക്ഷം, (17) പ്രഹ്ലാദചരിതം (രണ്ടും സങ്കീർത്തനങ്ങൾ), (18) കല്യാണാഘോഷം (മണിപ്രവാളം)എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. ഇവയിൽ ഗംഗാസ്നാനം ആയില്യം തിരുനാൾ മഹാരാജാവിന്റെ കാശിയാത്രയെപ്പറ്റിയും, സേതുസ്നാനം വിശാഖം തിരുനാൾ മഹാരാജാവിന്റെ രാമേശ്വരയാത്രയെപ്പറ്റിയും, കല്യാണാഘോഷം ആ മഹാരാജാവിന്റെ പുത്രിമാരുടെ താലികെട്ടു കല്യാണത്തെ വർണ്ണിച്ചും എഴുതീട്ടുള്ളതാണ്. സേതുസ്നാനം സമർപ്പിച്ചപ്പോൾ വിശാഖം തിരുമേനി അതെന്താണെന്നു ചോദിക്കുകയും അതിനു തങ്കച്ചി “അടിയങ്ങൾക്കു യാതൊന്നുകൊണ്ടു കൈകാര്യം ചെയ്യാമോ ആ പാന” എന്നു ഫലിതരൂപത്തിൽ മറുപടി തിരുമനസ്സറിയിക്കുകയും ചെയ്തതായി കേട്ടിട്ടുണ്ട്. വാതിൽതുറപ്പാട്ട്, കുമ്മി, താരാട്ട് ഈ ഇനങ്ങളിലും ചില ചെറിയ കൃതികൾ ഓരോ സന്ദർഭവശാൽ ആ കവയിത്രി നിർമ്മിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ തിരുവട്ടാറ്റ് ആദികേശവൻ, നെയ്യാറ്റിങ്കര ശ്രീകൃഷ്ണൻ, ഗുരുവായൂരപ്പൻ, മൂകാംബിക ഇത്യാദി ദേവതകളെപ്പറ്റി ഭജനകീർത്തനങ്ങളും പല മുക്തകങ്ങളും ആ മഹതിയുടെ തൂലികയിൽനിന്ന് ഓരോ അവസരങ്ങളിൽ നിർഗ്ഗളിച്ചതായി കാണുന്നു.

### ആട്ടക്കഥകൾ

അംബരീഷന്റെ പുത്രിയായ ശ്രീമതിയുടെ കഥ ശ്രീമതീസ്വയംവരം ചമ്പുവിനെ പരാമർശിച്ച അവസരത്തിൽ സംഗ്രഹിച്ചിട്ടുണ്ട്. മിത്രസഹമോക്ഷത്തിലെ പ്രതിപാദ്യം ശാപഗ്രസ്തനായ മിത്രസഹനെന്ന സാകേതരാജാവിനു ഗോകർണ്ണേശ്വരനായ ശിവന്റെ ഭജനംനിമിത്തം ലഭിക്കുന്ന കൈവല്യമാണ്. തങ്കച്ചിയുടെ മൂന്നു കഥകളിലും വച്ചു മെച്ചം മിത്രസഹമോക്ഷത്തിനു കൂടുമെന്നാണ് അഭിയുക്തമതം; അതാണ് അവരുടെ ഒടുവിലത്തെ നൃത്യപ്രബന്ധവും. ആ കഥയിൽനിന്നു ഒരു പദത്തിലെ ചില വരികൾ ഉദ്ധരിക്കാം.

മുനിപത്നിയുടെ വിലാപം:

“ഹര ഹര കിന്തു കരവൈ ഞാൻ?
നാഥാ! ഗമിച്ചിതോ നീയേവം ചതിച്ചെന്നെ?
പുരഹരവിധിമതം പുനരാർക്കിതൊഴിക്കാവൂ?
ഒരു നാളും മമ ദുഃഖം വരുമെന്നീദൃശം ചിത്തേ
കരുതിയില്ലേ ഞാൻ കിനാവിലും.
ഗതിയപരമില്ല പാർത്താൽ-മതിയിലെളുതല്ലേ താപം;
വിധി സദയനല്ലേ ഹാഹാ!-പതിയോടിനിയനുഗതി–
യതുചിതം.”

താഴെക്കാണുന്നതു് അതിൽത്തന്നെയുള്ള ഒരു ശ്ലോകമാണ്.

“മന്ദോന്മീലൽസുഗന്ധിമൃദുമലയജഗൽ–
പ്രാണവീക്ഷിപ്തമല്ലീ–
ചഞ്ചൽദ്ധൂളീകലാപാം നവസുരഭിസുമ–
വ്രാതസഞ്ജാതശോഭാം

അത്യന്തോത്താളകൂജൽപരഭൃതമധുരാ–
    ലാപസമ്പൂരിതാശാം
കാന്താം കാന്താരലക്ഷ്മീം സ തു നൃപതിരവേ–
    ക്ഷ്യാഹ കാന്താം കദാചിൽ.”

## ഗംഗാസ്നാനം തുള്ളൽ

“ആറും പനിമതി ചീറും പാമ്പൊടു
നീറും വെണ്മയിലേറുമെലിമ്പും
വേറുപെടാതിഹ മാനും മഴുവും
മാറിൽ ബ്രഹ്മകപാലവുമങ്ങനെ
കൂറോടരയിൽക്കരിയുടെ തോലാം
കൂറയുമങ്ങു വഹിക്കും നാഥൻ
കാറും നല്ലൊരു കായാംപൂവും
ചീറും നാണമിയന്നഥ പിറകേ
മാറും നിർമ്മലകാന്തിവിലാസമ–
തേറും കോമളിമശ്രീകണ്ഠൻ
ഏറിയ ഭക്തജനങ്ങളിലനിശം
കൂറിയലുന്നൊരു കരുണാശീലൻ.”

## കിരാതം കുറത്തിപ്പാട്ട്

മലയാളത്തിലെ കുറത്തിപ്പാട്ടുകളിൽ തങ്കച്ചിയുടെ കിരാതത്തിനാണ് സഹൃദയന്മാർ പ്രഥമസ്ഥാനം കല്പിച്ചിട്ടുള്ളത്. കുറത്തിപ്പാട്ടുകളിൽ ‘ഇരട്ടി’ എന്ന വൃത്തഭേദം ഇദംപ്രഥമമായി ഇടകലർത്തി അവയുടെ ആകർഷകത വർദ്ധിപ്പിച്ചതും ആ കവയിത്രിതന്നെയാണ്. കവിതയും വളരെ ഹൃദ്യമായിട്ടുണ്ട്. ചില ഈരടികൾ നോക്കുക.

“കറുത്ത കക്കുരത്തലവന്മാരുടെ കഴുത്തിൽച്ചങ്ങല പൂട്ടി
കരത്തിലങ്ങുടൻ പിടിക്കെ വേടന്മാർ തരത്തിലങ്ങു നടന്നു.
പെരുത്ത ബാണങ്ങൾ തറച്ചു മണ്ടുന്നോരുരത്ത പന്നികൾ
                                        പിൻപേ
ഉറപ്പിലാർത്തുകൊണ്ടുടനെത്തിശ്ശരം തൊടുത്തവ മെയ് പിളർന്നു.
ചാടുമേണങ്ങളോടു ബാണങ്ങൾ കൂടെയങ്ങു തുടർന്നു.
ആടൽപൂണ്ടോരോ കന്ദരങ്ങളെത്തേടിപ്പോന്നങ്ങൊളിച്ചു.
ഏണലോചനയായ ദേവിതൻ ചേണെഴുന്ന കടാക്ഷം
ഏനമോടുടൻ ബാണവുംകൊണ്ടു നാണിച്ചിട്ടെന്നപോലെ.
പല ഗിരിയിലും വനതതിയിലും പരിചൊടു വേട്ടയാടി
കല കരികളും പല ഹരികളും പെരിയൊരു ഭയം തേടി.
കലയും പുലിയും കലയും പേടമാൻകലവും പേടിപൂണ്ടോടി
തലയും മുലയുമലയെ നടന്നമ്മലമകൾമുഖം വാടി.”

ഇതാ മറ്റൊരു ഭാഗം:

“കുടില! ദുർമ്മതേ! ജള! ഭവാനുടെ പടുത നന്നു നന്നേറ്റം
മടിയാതെന്നുടെ മഹിതബാണത്തെത്തൊടുവാനെന്തെടാ
                                        മൂഢാ?

പടുത്വമുള്ള നീ ശരങ്ങൾ മോഷ്ടിപ്പാൻ പഠിച്ച
വിദ്യയിതോടാ?
പിടിച്ചമേടിപ്പാൻ പരസ്വമിങ്ങനെ നടിച്ച ഭക്തിയുമുള്ളിൽ
കുളിച്ച പൊയ്കയിൽപ്പുലർകാലേ ചാമ്പൽ കുഴച്ച മെയ്യെങ്ങും
തേച്ച
ഒളിച്ച കൈതവമകമേ ദന്തവും വെളുപ്പിച്ചങ്ങഴകോടേ
അടച്ച കണ്ണുകളതികപടം നീ ഭജിക്കുമിത്തൊഴിൽ
കൊള്ളാം."

## അജ്ഞാതവാസം

ഈ നാടകം 1065-ാമാണ്ടിടയ്ക്ക പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിൽ തങ്കച്ചി തന്റെ അച്ഛൻ കീചകവധം, ഉത്തരാസ്വയംവരം എന്നീ ആട്ടക്കഥകൾക്കു തിരഞ്ഞെടുത്ത ഇതിവൃത്തത്തെ സ്വീകരിച്ച കുറേ ശ്ലോകങ്ങളും വാക്യങ്ങളും എഴുതിച്ചേർത്തിട്ടുണ്ട്. അവയിൽ ചില ശ്ലോകങ്ങൾ നന്നായിട്ടുമുണ്ട്.അതിൽക്കൂടുതലായി ഒന്നും ഇതിനെപ്പറ്റി പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. പക്ഷേ, മലയാളത്തിൽ അക്കാലത്തു പല സ്വതന്ത്രനാടകങ്ങളിൽ നൂറ്റിനു തൊണ്ണൂറ്റൊൻപതിന്റേയും നില അതിൽനിന്നു വിഭിന്നമല്ലായിരുന്നു എന്നു നാം ഓർമ്മിക്കേണ്ടതുണ്ട്. ഒരു ശ്ലോകം പ്രദർശിപ്പിക്കാം.

"തുള്ളിച്ചാടുന്ന പുള്ളിക്കനമൃഗതതി–
ക്കള്ളൊരാടോപമെല്ലാം
തള്ളിപ്പാരം കെടുക്കും ചടുലമിഴി!മദോ–
ന്മത്തമാതങ്ഗയാനേ!
ഉള്ളിൽക്കാമാർത്തനായ്പ്പുണ്ടഹിമകിരണനും
സൂതനെപ്പുല്കിയില്ലേ?
ചൊല്ലീടന്നെന്തു മാനക്ഷയമതിലുളവാ–
യമ്മഹാനംബുജാക്ഷി?"

## മുക്തകങ്ങൾ

ഇനി ചില ഒറ്റശ്ലോകങ്ങൾ എടുത്തുകാണിക്കാനുണ്ട്.

1 പുത്രന്മാർ കാശിക്കുപോയിരുന്നപ്പോൾ അയച്ച ഒരു കത്തിൽനിന്ന്:

"അതിബഹബഹദൂരത്താത്മജന്മാരെ വേറി–
ട്ടുഹരഹഹ നയിക്കും മാതൃസൗഖ്യപ്രകാരം
അറിവതിനിഹ നേരോടാരു കൗസല്യ പിന്നെ
ധ്രുവജനനിയുമെന്ന്യേ ഹന്ത! ചിന്തിച്ചുകണ്ടാൽ?"

2 ഒരാൾ അജ്ഞാതവാസം വെറുതേ കിട്ടണമെന്ന് അപേക്ഷിച്ചതിന്:

"അർണ്ണോജമംബുധരമംബുധി കാട്ട മാട്ട
പർണ്ണങ്ങൾ ദാരു ശിലയെന്നിവയെക്കുറിച്ചും
വർണ്ണിപ്പതത്ഭുതമതല്ല കവിസ്വഭാവ–
മിന്നെങ്കിലും സകലവർജ്ജ്യമപാത്രദാനം."

3 ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ പഞ്ചചാമരയിൽ ഒരു സംസ്കൃതശ്ലോകം രചിക്കണമെന്നു പറഞ്ഞപ്പോൾ:

“ക്ഷണപ്രഭാഗണപ്രഭാസമപ്രഭാലസത്പ്രഭാ–
കരപ്രഭാധികസ്ഫുരന്മണിപ്രദീപ്തഭൂഷണാ
ഹരിപ്രിയാദ്യശേഷഖേചരപ്രിയാനുഭാവിതാ
ഹരപ്രിയാ ജഗൽപ്രിയാ വരപ്രദാസ്തു മേ സദാ”

4 കല്യാണാഘോഷത്തിലെ പട്ടണപ്രവേശത്തിലെ ഒരു ശ്ലോകംകൂടി പകർത്തണമെന്നു തോന്നുന്നു.

“ഇടിയും മലയും ശ്രവിക്കി, ലെന്ന–
ല്ലിടിയും സത്വരമങ്ങുടൻ മടങ്ങും,
വെടിതൻ പടുനാഥഘോഷമോർത്താൽ
വെടിയല്ലഷ്ടഗജങ്ങളും നടുങ്ങും.”

കേരളത്തിലെ ഭാഷാകവയിത്രികളുടെ സംഖ്യാനത്തിൽ കുട്ടിക്കുഞ്ഞുതങ്കച്ചിതന്നെയാണ് കനിഷ്ഠികാധിഷ്ഠിതയായി പ്രശോഭിക്കുന്നത്. സങ്ഗീതസാഹിത്യാദികളിലെന്നപോലെ സദാചാരനിഷ്ഠയിലും അദ്വിതീയയായിരുന്ന ആമഹതി കേരളസ്ത്രീകൾക്ക് എല്ലാവിധത്തിലും ഒരു ഉൽകൃഷ്ടമാതൃകയായിരുന്നു.

## തകടിയേൽ മാത്തൻ ഇട്ടിയവിരാ (990–1054)

കോട്ടയം തകടിയേൽ മാത്തൻ ഇട്ടിയവരാ 990-ാമാണ്ടു ജനിച്ചു. അദ്ദേഹം റോമൻ കത്തോലിക്കാ സുറിയാനി തെക്കം ഭാഗം സമുദായത്തിലെ ഒരങ്ഗവും ഇടയ്ക്കാട്ടുപള്ളി ഇടവകക്കാരനുമായിരുന്നു. 1054-ാമാണ്ടു മരിച്ചു. ആ കവിയുടെ പ്രധാന പദ്യകൃതികൾ സമാഹരിച്ചു ജ്ഞാനകീർത്തനം എന്ന പേരിൽ ഒരു പുസ്തകമാക്കി അദ്ദേഹത്തിന്റെ മകൻ 1075-ാമാണ്ടിടയ്ക്കു് അച്ചടിപ്പിച്ചിട്ടുണ്ടു്.

### കവിത

സാമാന്യം നല്ല വാസനയുള്ള ഒരു കവിയായിരുന്നു ഇട്ടിയവിരാ. അദ്ദേഹം ബൈബിളിലെ കഥകൾ മാത്രമേ പ്രതിപാദനത്തിനു തിരഞ്ഞെടുത്തിരുന്നുള്ളു. വിസ്മയസ്വയംവരം, സ്കറിയാസുതോദന്തം, ഓടനർത്തനം, പാസവൃത്തം ഇവ അദ്ദേഹത്തിന്റെ കൃതികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. സ്കറിയാസുതോദന്തവും ഓടനർത്തനവും വഞ്ചിപ്പാട്ടുരീതിയിലാണ് രചിച്ചിരിക്കുന്നതു്. ആദ്യത്തേതിൽ യോഹന്നാൻ സ്നാപകന്റേയും രണ്ടാമത്തേതിൽ ക്രിസ്തുവിന്റേയും ജീവിതത്തിലെ പ്രധാന സംഭവങ്ങൾ വർണ്ണിച്ചിട്ടുണ്ടു്. പാസവൃത്തം ക്രിസ്തുവിന്റെ പരഗതിക്കുശേഷം വിശുദ്ധമറിയത്തിന്റേയും മറ്റും വിലാപത്തെ വിവരിക്കുന്ന ഒരു കൃതിയാണ്.

“മാണിക്യമായുള്ള ദേഹത്തിലുള്ള
ആണികളൊക്കെയഴിച്ചിട്ടുടനെ
വാങ്ങീട്ടു സജ്ജനം താങ്ങിപ്പിടിച്ചു
തേങ്ങീട്ടു ശിഷ്യർ കരത്തിലെടുത്തു.”

അജ്ഞാനകുഠാരത്തിൽ പ്രയുക്തമായ വൃത്തത്തിലാണ അതിന്റെ രചന. സ്കറിയാ സുതോദന്തത്തിൽ നിന്നു ചില വരികളാണ് താഴെച്ചേർക്കുന്നത്.

ശിശുവധം:

കണ്ഠമേറ്റം കടുത്തുള്ളോരന്തകന്മാർ പുറപ്പെട്ടു
കണ്ട കണ്ട കുട്ടികളെയൊക്കെയും കൊന്നു.
തോളുതന്മേൽ തള്ളമാരിട്ടുറക്കുന്ന കുട്ടികളെ
വാളുകൊണ്ടു ഹനിപ്പതിനെന്തൊരു കുറ്റം?
തൊട്ടിലാട്ടിപ്പാട്ടുപാടിക്കളിപ്പിക്കും കുട്ടികളെ
വെട്ടി രണ്ടുതുണ്ടമാക്കി വധിച്ചാരന്ന്.
ദെണ്ഡംകൊണ്ടിട്ടെണ്ണ പൊത്തിക്കളിപ്പിപ്പാൻ തുടങ്ങുമ്പോൾ
തിണ്ണെന്നങ്ങു ഖണ്ഡമാക്കിഗ്ഗമിച്ചാരന്ന്.
കെട്ട കൂട്ടം നിലവിളിച്ചട്ടഹാസത്തോടുകൂടെ–
ക്കെട്ടി മാർവ്വത്തണച്ചുകൊണ്ടോടുമൊരോട്ടം
ഇടയ്ക്കോടിത്തടുക്കയും മുടിക്കെത്തിപ്പിടിക്കയും
പിടിച്ചിങ്ങു പറിച്ചന്നു ഹനിച്ചീടുന്നു.
ഉണ്ണിനാശം ഭവിച്ചുള്ള വധുക്കടെ മുറകേട്ടാൽ
കണ്ണിനേതും കനിവില്ല സേവന്മാർക്ക്.
കൂക്കിവിളിച്ചാണ്ടെ വരുന്നപ്പുറത്തു പിടിച്ചോളിൻ
മൂർഖരിത്ഥം പലവിധം കൊലകൾ ചെയ്തു."

## — 47 —

# പതിനൊന്നാം ശതകം, ഉത്തരാർദ്ധം (തുടർച്ച)

### കേരളവർമ്മൻ തിരുമുല്പാട്ട് (1011—1064)

കേരളവർമ്മൻ തിരുമുല്പാടു 1011-ാണ്ടു കായംകുളത്തിനു സമീപമുള്ള കൃഷ്ണപുരത്തു ചെത്തിവേൽകോവിലകത്തു ജനിച്ചു. കുടുംബം ചേലക്കലാപകാലത്തു തിരുവിതാംകൂറിനെ അഭയം പ്രാപിച്ചവയിൽ ഒന്നാണ്. അമ്മാവന്റെ പേർ കൂട്ടിച്ചേർത്ത് അദ്ദേഹത്തെ ഗോപാലൻ കേരളവർമ്മൻ തിരുമുല്പാടു എന്നു വ്യവഹരിച്ചുവന്നിരുന്നു. 1024-ൽ തിരുമുല്പാടു തിരുവനന്തപുരത്തേയ്ക്കു പോന്നു. 1026 മേടത്തിൽ ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ പുത്രി പാനപ്പിള്ള മാധവിലക്ഷ്മിയമ്മയെ കെട്ടുകല്യാണം കഴിച്ചു. തദനുരോധേന മാപ്പിളത്തിരുമുല്പാട്ട് എന്ന പേരിൽ വിഖ്യാതനായി. പരിഗ്രഹിച്ചതു സ്വാതിതിരുനാൾ മഹാരാജാവിന്റെ പ്രഥമപത്നി പാനപ്പിള്ളി കാളി മാധവിഅമ്മയുടെ സഹോദരി ജാനകിപ്പിള്ള പാർവ്വതിപ്പിള്ള തങ്കച്ചിയെയായിരുന്നു. അപ്പു അയ്യങ്കാർ ശാസ്ത്രികളുടേയും പാച്ചുമൂത്തതിന്റേയും ശിഷ്യനായി സംസ്കൃതത്തിൽ ഗാഢമായ വ്യുൽപത്തിയും വ്യാകരണത്തിൽ വിശേഷ പാണ്ഡിത്യവും സമ്പാദിച്ചു. കേരളാചാരവും നാരായണീയ വ്യാഖ്യയുമാണ് അദ്ദേഹം ഭാഷയ്ക്കു സമ്മാനിച്ച രണ്ടു കൃതികൾ. പാച്ചുമൂത്തതിന്റെ കേരളവിശേഷനിയമവിവരം എന്ന പുസ്തകത്തിൽ കേരളത്തിലെ ക്ഷത്രിയസ്ത്രീകൾക്ക് അപകർഷമുണ്ടാക്കുന്നതായി തോന്നിയ ചില പ്രസ്താവനകൾ കണ്ടു ക്ഷുബ്ധനായി തിരുമുല്പാട്ട് ആ പ്രസ്താവനകളെ എതിർക്കുകയും അതേതരത്തിലുള്ള അപവാദം ശിവദ്വിജജാതിക്കു മുമ്പുണ്ടെന്നു സമർത്ഥിക്കുവാൻ ഒരുമ്പെടുകയും ചെയ്തു. അതിന്റെ ഫലമാണ് കേരളാചാരക്രമം. മൂത്തതന്മാർ മരുമക്കത്തായക്കാരാണെന്നുപോലും അതിൽ സത്യവിരുദ്ധമായി അദ്ദേഹം പ്രസ്താവിച്ചു. രണ്ടു ഗ്രന്ഥകാരന്മാരും ആയില്യംതിരുമേനിയുടെ ആശ്രിതന്മാരായിരുന്നതിനാൽ കേരളാവകാശക്രമത്തിൽ ചില ഖണ്ഡികകൾ തള്ളി ആ പുസ്തകം വീണ്ടും പ്രസിദ്ധീകരിക്കുന്നതിൽ വിരോധമില്ലെന്ന് അവിടുന്ന് ഒരു മദ്ധ്യസ്ഥവിധി കല്പിച്ചു. അതിൽ തൃപ്തനാകാതെ പാച്ചുമൂത്തത് കോടതിയിൽ ഒരപകീർത്തിക്കേസ്സ് കൊടുക്കുകയും സദർകോർട്ട് ജഡ്ജിമാർ തിരുമനസ്സിലെ അഭിപ്രായം അംഗീകരിയ്ക്കുകയും ചെയ്തു. പ്രസ്തുത പുസ്തകത്തിൽ എട്ടധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. 2-ാമധ്യായം കേരളത്തിലെ ജാതിവിഭാഗങ്ങൾ, 3-ാമധ്യായം ക്ഷേത്രവും

ഊരാണ്മയും, 4-ാമധ്യായം വിവാഹം, 5-ാമധ്യായം ദായക്രമം, 6-ാമധ്യായം ഭാഗം, 7-ാമധ്യായം ഗൃഹഭരണം, 8-ാമധ്യായം ദത്തു് ഈ വിഷയങ്ങളെ പരാമർശിക്കുന്നു. പൊതുവിൽ പൂർവ്വാചാരങ്ങളെപ്പറ്റി പലതും ഈ ഗ്രന്ഥത്തിൽ നിന്നു ഗ്രഹിക്കാം. എന്നാൽ അതിനേക്കാൾ തിരുമുല്പാടിന്റെ യശസ്സു നിലനില്ക്കുന്നതു നാരായണീയ ത്തിനു അദ്ദേഹം രചിച്ച വിപുലവും വിശിഷ്ടവുമായ വ്യാഖ്യാനംകൊണ്ടാകുന്നു. അതു പ്രസിദ്ധീകരിച്ചതു് 1054-ലാണു്. 1064-ാണ്ടു മകരമാസം 8-ാംനു- തിരുവനന്തപുരത്തു മതിലകം തെക്കെ നടയിൽ സർക്കാർമഠത്തിൽവെച്ചു തിരുമുല്പാടു പരഗതിയെ പ്രാപിച്ചു.

## നാരായണീയവ്യാഖ്യ

നാരായണീയത്തിലെ ഓരോ ശ്ലോകത്തിനും പദവും വിഭക്തിയും, അന്വയം, അന്വയാർത്ഥം, പരിഭാഷ, ഭാവം ഇവയെല്ലാം ഒരു പരിണതപ്രജ്ഞനായ പണ്ഡിതന്റെ നിലയിൽ വ്യാഖ്യാതാവു് വിശദീകരിച്ചിട്ടുണ്ടു്. വ്യാഖ്യാനത്തിന്റെ സ്വരൂപം ഗ്രഹിപ്പിക്കുവാൻ “സാന്ദ്രാനന്ദാവബോധാത്മകം” എന്ന പ്രഥമപദ്യത്തിന്റെ ഭാവത്തിൽനിന്നു ചില പംക്തികൾ ഉദ്ധരിക്കാം.

‘ഗുരുപവനപുരം’ എന്ന പദത്തിനു ശ്രേഷ്ഠമായ ശരീരം എന്നുകൂടി പരിഭാഷയിൽ വിവരിച്ചതിന്റെ സാരത്തെ പ്രസ്താവിക്കുന്നു. “ഏറ്റവും മഹത്തായ ഒരു വടവൃക്ഷത്തിങ്കൽ അസംഖ്യേയങ്ങളായ ഫലങ്ങളും, ആ ഫലങ്ങളിൽ ഓരോന്നിന്റേയും ഉള്ളിൽ അസംഖ്യേയങ്ങളായ ബീജങ്ങളും, ആ ബീജങ്ങളിലൊക്കെയും ഓരോ വടവൃക്ഷങ്ങളും, ആ വടവൃക്ഷങ്ങളിലും പൂർവ്വോക്തപ്രകാരംതന്നെ ഫലങ്ങളും ബീജങ്ങളും എങ്ങനെ അവസാനമില്ലാതെ കാണപ്പെടുന്നുവോ, അതുപ്രകാരം കാര്യകാരണരൂപേണ സകലങ്ങളായ സ്ഥാവരജങ്ഗമപ്രപഞ്ചങ്ങളിൽ പരമാത്മാവു ജീവൻ എന്നുള്ള സംജ്ഞയോടുകൂടി നിറഞ്ഞും, ആ ജീവയുക്തങ്ങളായ പ്രപഞ്ചങ്ങൾ ഈശ്വരൻ എന്നുള്ള സംജ്ഞയോടുകൂടിയ ആ പരമാത്മവിങ്കലും ആകുന്നു സ്ഥിതിചെയ്യുന്നതു്.” ഈ പുസ്തകം ഇടക്കാലത്തു വീണ്ടും അച്ചടിക്കപ്പെട്ടിട്ടുണ്ടു്.

# വേർക്കോട്ടു് അച്യുതപ്പണിക്കർ (1014–1065)

വേർക്കോട്ടു് അച്യുതപ്പണിക്കരുടെ സ്വദേശം മലബാറിൽ തിരുമാന്ധാംകുന്നു് എന്ന ദേവീക്ഷേത്രത്താൽ സുവിദിതമായ കോങ്ങാടാണു്. അദ്ദേഹം 1014-ാണ്ടു് തുലാമാസത്തിൽ ജനിച്ചു. 1065 ധനുവിൽ മരിച്ചു. മലബാറിൽ വിദ്യാലയങ്ങളുടെ ഉപയോഗത്തിനു ചില പാഠ്യപുസ്തകങ്ങൾ രചിച്ചതിനു പുറമെ ഹരിശ്ചന്ദ്രപുരാണസംഗ്രഹം, മുഹമ്മദുചരിതം എന്നിങ്ങനെ രണ്ടു നല്ല ഗദ്യഗ്രന്ഥങ്ങൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. വളരെക്കാലം മദിരാശിഗവർമ്മെന്റിന്റെ കീഴിൽ മലയാളം ട്രാൻസ്ലേറ്ററായി പണിനോക്കി. മൈലാപ്പൂരിൽ ആദ്യമായി വീടു വാങ്ങി താമസം തുടങ്ങിയ മലയാളി അദ്ദേഹമായിരുന്നുവത്രെ.

## ഹരിശ്ചന്ദ്രപുരാണസംഗ്രഹം

അന്നത്തെ കാലസ്ഥിതിക്കു പണിക്കരുടെ ഗദ്യശൈലി ആസ്വാദ്യമാണെന്നുതന്നെ പറയണം. ഒരു ഖണ്ഡിക ഉദ്ധരിക്കാം. “കിരീടം ആഭരണങ്ങൾ, ഭേരി മുതലായ വാദ്യങ്ങൾ, വെണ്കൊറ്റക്കുട, വെഞ്ചാമരങ്ങൾ, ചതുരംഗങ്ങൾ എന്നീ രാജചിഹ്നങ്ങൾ ഒന്നും കൂടാതെ നമ്മുടെ രാജാവു് അരമനവാതിൽ വിട്ടു കാൽനടയായി പോകുന്നുവല്ലോ. കഷ്ടം! കൊടികെട്ടിയ തേരിലും, ആനമേലും, പല്ലക്കു മുത

ലായ അനേകം വാഹനങ്ങളിലും കരേറി, സൈന്യസമേതം വാദ്യഘോഷത്തോടു കൂടി എഴുന്നള്ളേണ്ടുന്ന രാജാവു് ഒരുകമ്പടിയും കൂടാതെ മലിനമായ വേഷത്തോടും മങ്ങിയ മുഖത്തോടും പോകേണ്ടതിന് എന്തൊരു പാപകർമ്മം ചെയ്തു. അത്രയുമല്ല, ബാലനായ ഈ കുലപുത്രനും അതിമൃദുവായ കാൽകൊണ്ടു വെയിലിൽ കഠിനമായ ഭൂമിയിൽക്കൂടി നടക്കുന്നതെങ്ങിനെ? ഇത്ര ചാരിത്രവതിയായി, ശീലവതിയായി, ഗുണാന്വിതയായിരിക്കുന്ന ഈ ചന്ദ്രമതിക്കും ഈ വിധം കഷ്ടങ്ങൾക്ക് ഇടവന്നതു് എന്തൊരു പാപപരിപാകം! ‘ധർമ്മം ആർ ചെയ്യുന്നുവോ അർക്കു നന്മ’ എന്നു ജനങ്ങൾ പറയുന്നു. എന്നാൽ ഇത്ര ധർമ്മിഷ്ഠനായ രാജാവിന്ന് ഈവിധമായ കഷ്ടംവരുവാൻ കാരണമെന്തു്?”

## പട്ടോൾ വിദ്വാൻ നമ്പൂരിപ്പാട്ട് (998–1056)

### ചരിത്രം

മൂവാറ്റുപുഴത്താലൂക്കിൽ പാഴൂർദേശത്തു പട്ടോൾ എന്നൊരു ആഢ്യഗൃഹമുണ്ടു്. വിദ്വാൻ നമ്പൂരിപ്പാട്ട് ആ ഗൃഹത്തിൽ 998-ാണ്ടിടയ്ക്കു ജനിച്ചു. സുബ്രഹ്മണ്യൻ എന്നായിരുന്നു നാമധേയമെങ്കിലും വിളിച്ചുവന്ന ഓമനപ്പേർ കുഞ്ഞുക്കുട്ടൻ എന്നാണു്. മാതാവു് ഉമയും പിതാവു വാസുദേവൻ നമ്പൂരിയുമായിരുന്നു. കൂടല്ലൂർമന അമ്മാത്തായിരുന്നതിനാൽ അവിടത്തെ വാസുദേവൻനമ്പൂരിപ്പാട്ടിലെ അന്തേവാസിയാകുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചു. പട്ടോളിനെ വ്യാകരണം അഭ്യസിപ്പിച്ചതു് ആ മഹാപണ്ഡിതനാണു്. അതിൽപ്പിന്നീടു തൃപ്പൂണിത്തുറ താമസിച്ച് അന്ന് അവിടെ സഭാപണ്ഡിതനായിരുന്ന വെങ്കടസുബ്ബാദീക്ഷിതരോടു തർക്കെ വേദന്തവും പഠിച്ചു. പട്ടോളിന്റെ ശേഖരവ്യാഖ്യയുടെ ആരംഭത്തിൽ താഴെ കാണുന്ന ശ്ലോകങ്ങൾ ഘടിപ്പിച്ചിട്ടുണ്ടു്.

“ശ്രീശങ്കരം ഗുരും നത്വാ ശ്രീദേവീമപി സാദരം
വാസുദേവമുമാം ചൈവ ശേഖരം വിവൃണോമ്യഹം.

യദാനനേന്ദോർമൃദുഹാസകൗമുദീ
മോ രമായാ നനു നന്ദയത്യലം
ഗളസ്ഥസൽകൗസ്തുഭരത്നഭൂഷണം
ശ്രീവാസുദേവം ഗുരുമീശ്വരം ഭജേ

ഗുരൂണാം ചരണാംഭോജപരിചര്യാഗുണോദിത:
ശബ്ദേന്ദുശേഖരസ്യാപി പ്രകാശോയം പ്രകാശ്യതേ.

സ്പർദ്ധയാ യദി കേഷാഞ്ചിദ്വിചാരോ ദോഷഗോചരഃ
തൃണായ തമഹം മന്യേ വിദ്വാംസസ്സന്തി ഹി ക്ഷിതൗ.

ആലോകമാത്രമപി കോ ന കരോത്യമുഷ്മിൻ
നിർമ്മൂലയുക്തിഘടിതേ മമ വാക്യജാലേ?
ചേദപ്യുദാരമതയോ ഗുണലിപ്സവസ്തേ
ഗൃഹ്ണീയുരേവ യദി കിഞ്ചിദപീഹ സമ്യക്.”

ആദ്യത്തെ ശ്ലോകത്തിലെ ശങ്കരൻ പാഴൂർക്ഷേത്രത്തിലെ ശിവനും ശ്രീദേവി കൂടല്ലൂരിനു സമീപമുള്ള മൂക്കോലയ്ക്കൽ ഭഗവതിയുമാകുന്നു. വാസുദേവനേയും ഉമയേയും

കുറിച്ചു പ്രസ്താവിച്ചു കഴിഞ്ഞു. മൂന്നാമത്തെ ശ്ലോകത്തിൽ ഗ്രന്ഥകാരൻ തന്റെ ഗുരുനാഥനെ വന്ദിക്കുന്നു. ശബ്ദകൗമുദി, മനോരമ, ശബ്ദകൗസ്തുഭം എന്നീ വ്യാകരണഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന് പരിനിഷ്ഠിതമായ ജ്ഞാനമുണ്ടായിരുന്നതായി ഇതിൽനിന്നു കാണാം. ശ്ലേഷസാമർത്ഥ്യംകൊണ്ടു തൃപ്പൂണിത്തുറെയപ്പനേയും ഈ ശ്ലോകത്തിൽ സ്തുതിക്കുന്നു.

ക്രമേണ നമ്പൂരിപ്പാട്ടിലെ പാണ്ഡിത്യകീർത്തിഭാരതമെങ്ങും പ്രസരിച്ചു. കേരളത്തിലെ രാജാക്കന്മാർക്കെല്ലാം അദ്ദേഹം സ്മാർത്താദി വിഷയങ്ങളിൽ ഉപദേഷ്ടാവായിത്തീർന്നു. അക്കാലത്തെ സ്ഥിതിക്ക് അദ്ദേഹത്തെ ഒരു തികഞ്ഞ ഉൽപതിഷ്ണുവായി പരിഗണിക്കാവുന്നതാണ്. രാജകുടുംബങ്ങളിലെ അകന്ന ശാഖകൾ തമ്മിൽ അവയുടെ നാമമാത്രമായ പൂർവബന്ധത്വത്തെ ആസ്പദമാക്കി ആശൗചം പരിപാലിക്കേണ്ട ആവശ്യമില്ലെന്ന് അദ്ദേഹം തിരുവിതാംകൂർ മഹാരാജാവിനെയും കൊച്ചി മഹാരാജാവിനെയും ഉൽബോധിപ്പിച്ചു. ആ വിഷയത്തെ അധികരിച്ച് ആയില്യംതിരുനാൾ മഹാരാജാവിന് 1047 മിഥുനം 7-ാനു അദ്ദേഹം അയച്ച ലേഖനത്തിലുള്ളതാണ് താഴെക്കാണുന്ന ശ്ലോകം.

“വിദിതസകലവേദ്യോ രാമരാജഃ പൃഥിവ്യാം
ജയതി വിബുധവൃന്ദശ്ലാഘിതാത്മാപദാനഃ
വ്യലിഖദിദമിദാനീമാജ്ഞയാ തസ്യ രാജ്ഞഃ
പടുധവളനിജാഖ്യഃ പണ്ഡിതസ്തദ്ധിതാർത്ഥീ.”

പണ്ഡിതശബ്ദപ്രയോഗത്തിന്റെ സ്വാരസ്യത്തിൽനിന്ന് അദ്ദേഹം അതിനുമുൻപുതന്നെ വിദ്വാൻ എന്ന ബിരുദത്താൽ വിദിതനായിരുന്നു എന്നു കാണാവുന്നതാണ്. പടുധവളം എന്നാൽ പട്ടതോൾ എന്നർത്ഥം. അതിനുമുമ്പുതന്നെ അദ്ദേഹം തിരുവനന്തപുരത്തെ നവരാത്രിവിദ്വത്സദസ്സിൽ സംബന്ധിക്കുകയും ആ മഹാരാജാവിനോടു വീരശൃംഖല സമ്മാനമായി വാങ്ങുകയും ചെയ്തിരുന്നു. കൊച്ചിയിലെ പണ്ഡിതസദസ്സിൽ അദ്ദേഹം നിത്യനായി കൂടി അവിടെ വന്നുകൊണ്ടിരുന്ന വിദേശീയരായ പണ്ഡിതന്മാരുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടു വിജയം നേടി വന്നു. 1056 മേടം 26-ാംനു മരിച്ചു ഈ വസ്തുത വെണ്മണിഅച്ഛൻ നമ്പൂരിപ്പാട്ടുണ്ടാക്കിയ ഒരു ചരമശ്ലോകത്തിൽനിന്നു വെളിവാകുന്നു.

## പ്രസാദം

നാഗേശഭട്ടന്റെ ലഘുശബ്ദേന്ദുശേഖരത്തിനു നമ്പൂരിപ്പാട്ടു രചിച്ച വ്യാഖ്യയാണ് പ്രസാദം. അതിനെപ്പറ്റി സൂചനയുള്ള ശ്ലോകം ഞാൻ പ്രദർശിപ്പിച്ചുകഴിഞ്ഞു. ആ വ്യാഖ്യാനം പൂർണ്ണമായിട്ടുണ്ടോ എന്നു നിശ്ചയമില്ല. മൂലഗ്രന്ഥം ആദ്യമായി കേരളത്തിലേയ്ക്കു കൊണ്ടുവന്നത് പന്തളം സുബ്രഹ്മണ്യശാസ്ത്രികളായിരുന്നു. പ്രസാദം ഇങ്ങനെ ആരംഭിക്കുന്നു.

“വൃദ്ധിരാദൈജിതി പ്രഥമതോ മങ്ഗലാർത്ഥം വൃദ്ധിശബ്ദ പ്രയോഗസ്യ ഭഗവതാ പാണിനിനാ കൃതത്വാൽ ശിഷ്ടാചാരാനു മിതകർത്തവ്യതാകം മങ്ഗലം ശിഷ്യശിക്ഷായൈ നിബധ്നം ശ്ചികീർഷിതം പ്രതിജാനീതേ-പാതഞ്ജല ഇത്യാദിനാ. അഞ്ജലേഃ പതിത ഇതി വിഗ്രഹേ മയൂരവ്യംസകാദിത്വാൽ സമാസേ തത്രൈവ നിപാതനാദിതശബ്ദസ്യ ലോപേ പൃഷോദരാദിത്വാദ്വാ തസ്യ ലോപേ സാധുഃ. ഗോനർദ്ദദേശേ കസ്യചിദ്ദഷേരഞ്ജലേഃ സന്ധ്യാകരണസമയേ പതിത ഇത്യൈതിഹ്യസ്യ വക്ഷ്യമാണത്വാൽ പതഞ്ജലിശബ്ദഃ ഭാഷ്യകാരേരൂഢഃ; തസ്മാൽ കൃതേ ഗ്രന്ഥേ

ഇത്യണി പാതഞ്ജല ഇതിരൂപം. ഏതേന ഭാഷ്യകാരസ്യ അയോനിജത്വം ഭഗവദവതാരരൂപത്വഞ്ച ധ്വനിതം; തേന ച മഹാഭാഷ്യസ്യ അതിശയിതപ്രാമാണ്യം അധ്യേതൄണാം പരമപുരുഷാർത്ഥ ഹേതുത്വഞ്ച സൂചിതം. ഏതേന മഹാഭാഷ്യശബ്ദസ്യ വ്യാകരണഭാഷ്യേ രൂഢത്വേന പാതഞ്ജല ഇതി വിശേഷണോപാദാനം വ്യർത്ഥമിത്യപാസ്തം."

### ഒരു മുക്തകം

ശക്തൻതമ്പുരാൻ 1031-ൽ മരിച്ചതിൽപ്പിന്നെ ഒരിക്കൽ നമ്പൂരിപ്പാടു കോഴിക്കോടു കണ്ടപ്പോൾ അദ്ദേഹത്തിൽ അങ്കുരിച്ച വികാരമാണ് അധോലിഖിതമായ പദ്യത്തിൽ പ്രതിഫലിക്കുന്നതു്.

> "ന യത്ര സ്ഥേമാനം ദധുരതിഭയോദ്ഭ്രാന്തനയനാ
> ഗളാദ്ദാനോദ്ദാമഭ്രമദളികദംബാഃ കരടിനഃ
> ലുഠന്മുക്താഹാരേ ഭവതി പരലോകം ഗതവതോ
> ഹരേരദ്യ ദ്വാരേ ശിവശിവ! ശിവാനാം കളകളഃ."

## കിഴക്കേപ്പല്ലത്തു ശങ്കരൻമൂസ്സതു്: (1003–1063)

### ചരിത്രം

ഒരു ഗ്രന്ഥകാരൻ എന്ന നിലയിലല്ല ശങ്കരൻ മൂസ്സതിന്റെ പ്രശസ്തി നിലനിൽക്കുന്നതു്. അദ്ദേഹം പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന കേരളത്തിലെ കേളികേട്ട ഒരു വ്യാകരണപണ്ഡിതനും സംസ്കൃതാധ്യാപകനും വൈദ്യോത്തമനുമായിരുന്നു. 1003-ാണ്ടു കന്നിമാസത്തിൽ ബ്രിട്ടീഷ്മലബാർ, പൊന്നാനിത്താലൂക്ക്, തൃപ്രങ്ങോടംശത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. പിതാവ് അക്കാലത്തെ ഒരു പ്രധാനവൈദ്യനായിരുന്ന പരമേശ്വരൻ മൂസ്സതായിരുന്നു. ശങ്കരൻമൂസ്സതിനെ തൃപ്രങ്ങോട്ടു മൂസ്സെന്നും കുഞ്ഞുണ്ണിമൂസ്സതു് എന്നുംകൂടി പറയും. "കുഞ്ഞുണ്ണി" എന്നതു് ഓമനപ്പേരാണ്. സ്വഗൃഹത്തിൽ അച്ഛനോടുതന്നെയാണ് മൂസ്സതു വിദ്യാഭ്യാസംചെയ്തതു്. വ്യാകരണത്തിലും വൈദ്യത്തിലും അസാധാരണമായ നൈപുണ്യം സമ്പാദിച്ചു. പിന്നീട് അധീതിബോധാചരണപ്രചാരണങ്ങൾക്കായി ആയുഷ്കാലം മുഴുവൻ വിനിയോഗിച്ചു. തദനന്തരം അനശ്വരയശസ്വികളായിത്തീർന്ന പല അന്തേവാസികളേയും ശാസ്ത്രാഭ്യാസം ചെയ്യിച്ചു.നിത്യനൈമിത്തികകർമ്മങ്ങളിൽ അത്യന്തം ശ്രദ്ധാലുവായി ജീവിതം നയിച്ചു. അദ്ദേഹത്തിന്റെ പ്രധാനശിഷ്യന്മാരാണ് പുണമ്ശ്ശേരി നീലകണ്ഠശർമ്മ, വെള്ളാനശ്ശേരി വാസുദേവൻമൂസ്സതു്, മണന്തല നീലകണ്ഠൻമൂസ്സതു് എന്നീ സുഗൃഹീതനാമാക്കൾ. ചോളദേശത്തിൽ ശ്രീരങ്ഗം, ചിദംബരം, കാഞ്ചീപുരം, മധുര, തിരുവയാറ് മുതലായ സ്ഥലങ്ങളിൽ വൈദ്യനെന്ന നിലയിൽ സഞ്ചരിക്കുകയും അവിടത്തെ സംസ്കൃതപണ്ഡിതന്മാരുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടു പാരിതോഷികങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ടു്. 1063 മകരം 13-ാംനു മരിച്ചു.

### ചില ശ്ലോകങ്ങൾ

സംസ്കൃതത്തിൽ ശിവകേശാദിപാദസ്തവം തുടങ്ങിയ ചില സ്തോത്രങ്ങൾമാത്രമേ അദ്ദേഹം നിർമ്മിച്ചിട്ടുള്ളു. ഓരോ അവസരത്തിൽ പാണ്ഡിത്യപ്രകടനത്തിനുവേണ്ടിയും മറ്റും ചില മുക്തകങ്ങളും രചിച്ചിട്ടുണ്ടു്.

1 താഴെക്കാണുന്ന ശ്ലോകം സിദ്ധാന്തകൗമുദി ഉത്തരാർദ്ധത്തിലെ "പ്രഹാസേ ച മന്യോപപദേ" എന്ന സൂത്രം പഠിച്ചു കഴിഞ്ഞപ്പോൾ ഉണ്ടാക്കിയതാണെന്നു പറയുന്നു.

"കിം കാമ്യതേ, കാ മധുരാ, ക ഈഡ്യഃ,
സ്ത്രീഭൂഷണം കിം, മധുലോലുപഃ കഃ,
കോ ന്യക്പരഃ, കീദൃഗഭ്രദ്ദശാസ്യോ
രാമാസ്ത്രപാളീനിഹതോ ബഭ്രുവ."

2 വ്യാകരണാഭ്യാസം പൂർത്തിയായപ്പോൾ നിർമ്മിച്ച ശ്ലോകം:

"ആസ്വാദിതം ബുധജനൈരിതരൈരലഭ്യം
ശബ്ദാഗമാബ്ധിമഥനോത്ഥിതസാരഭൂതം
ശ്രീകൗസ്തുഭപ്രഭൃതിസോദരതാം ദധാനം
ഭട്ടോജിദീക്ഷിതവചോമൃതമാസ്വദധ്വം."

3 വെള്ളാനശ്ശേരി വാസുണ്ണിമൂസ്സത് ആദ്യം ഒരു കഥകളി യോഗത്തിൽ ചേർന്നു തൃപ്രങ്ങോട്ടു ചെന്ന് അവിടെ ഒരു കളി കളിപ്പിക്കണമെന്നപേക്ഷിച്ചു. ആഗതനായ യുവാവിന് അന്ന് അശേഷം വ്യുല്പത്തിയുണ്ടായിരുന്നില്ല. അപ്പോൾ മൂസ്സതു കഥകളിയോഗക്കാരെ ആകമാനം അല്പമൊന്ന് അവഹേളനം ചെയ്തുകൊണ്ട്

"ദ്വിത്ര്യംഗുലപരീണാഹജിഹ്വാചലനഭീരവഃ
സർവാങ്ഗൈരപ്യഹോ ക്ലേശം മൂഢാഃ കേചന കുർവതേ"

എന്നൊരു ചെറിയ ശ്ലോകമുണ്ടാക്കി ചൊല്ലി. അതിന്റെ അർത്ഥം അവിടെ പഠിച്ചു താമസിച്ചിരുന്ന ചിലരോടു ചോദിച്ചു മനസ്സിലാക്കിയ ക്ഷണത്തിൽ വാസുണ്ണിമൂസ്സതു കഥകളി യോഗത്തിൽനിന്നു പിരിഞ്ഞ് അദ്ദേഹത്തിന്റെ ശിഷ്യനായി.

4 ശങ്കരൻമൂസ്സത് ശുചീന്ദ്രത്തു തൊഴാൻ പോയപ്പോൾ ചൊല്ലിയതാണ് ചുവടെ ചേർക്കുന്ന ശ്ലോകം. അവിടെ ശിവനും വിഷ്ണുവിനും അടുത്തടുത്തു ശ്രീകോവിലുണ്ട്. ആ രണ്ടു ദേവന്മാരേയും പരാമർശിക്കുന്നതാണ് പ്രസ്തുത ശ്ലോകം.

"ബിഭ്രാണഃ കമലാദി പാണികമലൈഃ സൽപുണ്ഡരീകച്ഛദം
നേത്രേണാകലയൻ വിനായകകുമാരാദ്യൈഃ സദോപാസിതഃ
ചന്ദ്രോല്ലാസിതമൗലിരബ്ധിജനുഷാ കണ്ഠേ ശ്രിയാലിങ്ഗിതോ
ദേദീവീതു ശുചീന്ദ്രമന്ദിരഗതശ്ചിത്തേ ഹരോ വാ ഹരിഃ,"

രാമവാരിയരെ പരീക്ഷിക്കുന്നതിനായി എഴുതിയ "യസ്യാർക്കാതിശയാ" എന്ന ശ്ലേകം മേൽ ഉദ്ധരിക്കും.

5 ശിവകേശാദിപാദത്തിലെ ഒരു ശ്ലോകം:

"വിദ്യുൽപുഞ്ജനിഭപ്രഭാ ദശ ദിശോ വിദ്യോതയന്ത്യശ്രിയാ
ബദ്ധാസ്സാധു ഭുജങ്ഗമേന്ദ്രലയതാ സംസാരബന്ധച്ഛിദഃ
രാജദ്രാജകലാകലാപവിഗളൽപീയൂഷബിന്ദുപ്രഭൈഃ

ക്ലിന്നാസ്സ്വസ്സരിദ്ദൂർമ്മിഭിർദ്ദിശതു വഃ ക്ഷേമം ജടാ ധൂർജ്ജടേഃ."

ഒരാചാര്യനെന്ന നിലയിൽ പുന്നശ്ശേരിനമ്പി അദ്ദേഹത്തെ താഴെക്കാണുന്ന നിലയിൽ വർണ്ണിക്കുന്നു.

"പ്രജ്ഞാവൈഭവമന്ഥദണ്ഡമഥിതാന്നിശ്ശേഷശാസ്ത്രാംബുധേഃ
സാരാർത്ഥാനമൃതം സ്വയം സുമധുരം സമ്പാദയൻ പായയൻ
ശിഷ്യാൻ വത്സലതാഭരാൽ സുമനസസ്ത്വന്വൻ ബുധാൻ ഗീയതേ
യഃ സർവത്ര നതോസ്മി തം ഗുരുവരം ശ്രീശങ്കരം സാദരം."

## ചില പഴയ മുദ്രാലയങ്ങളും വൃത്താന്തപത്രങ്ങളും

1 തിരുവനന്തപുരം കേരളവിലാസം:ഗവർമ്മെന്റുകളുടേയും മിഷണറിമാരുടേയു മല്ലാതെ മറ്റുള്ളവരുടെ ഉടമസ്ഥതയിൽ ആദ്യകാലത്തു കേരളത്തിൽ യാതൊരു മുദ്രാലയവും ഉണ്ടായിരുന്നില്ല. 1028-ാണ്ടു തിരുവനന്തപുരത്തു ഉത്രംതിരുനാൾ മഹാരാജാവിന്റെ ആനുകൂല്യത്തോടുകൂടി ഈശ്വരപിള്ള വിചാരിപ്പുകാർ സ്ഥാപിച്ച കേരളവിലാസമാണ് അവയിൽ ഒന്നാമത്തേതെന്നു തോന്നുന്നു. ഉദ്ദേശം 1065-ാണ്ടുവരെ അതു് ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുവന്നതായി കാണുന്നു. അതിൽനിന്നാണ് കേരളത്തിലെ ഒന്നാമത്തെ സാഹിത്യമാസിക എന്നു പറയാവുന്ന വിദ്യാവിലാസിനി 1056 മീനമാസത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങിയതു്. വിജ്ഞേയങ്ങളായ വിവിധവിഷയങ്ങൾ അതിൽ പ്രതിപാദിക്കപ്പെട്ടിരുന്നു. വിശാഖം തിരുനാൾ മഹാരാജാവിന്റേയും കേരളവർമ്മ വലിയ കോയിത്തമ്പുരാന്റേയും അനുഗ്രഹം അതിനു പര്യാപ്തമായ പരിണാമത്തിൽ ലബ്ധമായി. അവർ രണ്ടുപേരും മഹച്ചരിതങ്ങളെ അധികരിച്ചും മറ്റും അനേകം ഉപന്യാസങ്ങൾ അതിൽ പ്രസിദ്ധീകരിച്ചു. വലിയ കോയിത്തമ്പുരാന്റെ അഭിജ്ഞാന ശാകുന്തളനാടകത്തിന്റെ ഭാഷാനുവാദവും ഇദംപ്രഥമമായി അതിലാണ് പ്രകാശിതമായതു്. നിലമ്പൂർ മാനവിക്രമ ഇളയ രാജാവിന്റെ ഉത്തരരാമചരിതം ഗദ്യനാടകത്തിന്റെ ആദ്യഭാഗവും അതിൽത്തന്നെയാണ് അല്പം പ്രസിദ്ധപ്പെടുത്തിയതു്. അപ്പോഴേക്കു് അതു മുടങ്ങിപ്പോയി.

2 കോഴിക്കോട്ടു വിദ്യാവിലാസം:1036-ൽ കോഴിക്കോട്ടു കാളഹസ്തിയപ്പമുതലിയാർ എന്ന ഒരു വിദേശീയനായ മഹാശയൻ സ്ഥാപിച്ച മുദ്രാലയമാണ് വിദ്യാവിലാസം. അദ്ദേഹം അക്കാലത്തു അവിടെ മുൻസിഫായിരുന്നു. ഭാഷാപോഷണത്തിലും മതപ്രചാരണത്തിലും ഉത്സുകനായിരുന്ന അദ്ദേഹം തമിഴ്നാട്ടിലെന്നപോലെ കേരളത്തിൽ ഹിന്ദുക്കൾക്കു സ്വമതഗ്രന്ഥങ്ങൾ പ്രകാശിപ്പിക്കുന്നതിന് ഒരു മുദ്രാലയം ഇല്ലാതിരുന്ന ശോച്യാവസ്ഥ പരിഹരിക്കണമെന്നുറച്ച് അതിലേക്കുവേണ്ടി വിദ്യാവിലാസം സ്ഥാപിക്കുകയും അവിടെ നിന്നു തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ മുതലായ മഹാകവികളുടെ വാങ്മയങ്ങൾ പ്രസിദ്ധീകരിച്ചുതുടങ്ങുകയും ചെയ്തു. ആ പുസ്തകങ്ങളുടെ വില വളരെ അധികമായിരുന്നു. ഭാരതത്തിനു അഞ്ചും ഭാഗവതത്തിനു പത്തും ഉറുപ്പിക കൊടുത്താണ് ആ പുസ്തകങ്ങൾ അന്നു അവിടേനിന്നു വാങ്ങേണ്ടിയിരുന്നതു് എന്നു കേൾക്കുമ്പോൾ നമുക്കു് ആശ്ചര്യം തോന്നുന്നു.

3 കൊച്ചി സെന്റ് തോമസ് അച്ചുക്കൂടം:ഈ അച്ചുക്കൂടം ബ്രിട്ടീഷുകൊച്ചിയിൽ 1037-നും 1040-നും ഇടയ്ക്കു സ്ഥാപിക്കപ്പെട്ടു. ഉടമസ്ഥൻ കുന്നംകുളത്തു കുത്തൂർ

പാറമേൽ ഇട്ടുപ്പായിരുന്നു. ആ അച്ചുക്കൂടത്തിൽനിന്നു രാമായണവും മറ്റും, വിദ്യാവിലാസത്തിൽനിന്നു ക്ലപ്തപ്പെടുത്തിയതിൽ പകുതി വിലയ്ക്കു വില്ക്കുവാൻ ആരംഭിച്ചു. സാധാരണന്മാർക്കു പുസ്തകപാരായണത്തിന് അതു അത്രമാത്രമെങ്കിലും സഹായമായി.

4 വെസ്റ്റേൺസ്റ്റാർ:ഏതാണ്ടും വർഷങ്ങൾക്കുടി കഴിഞ്ഞു ബ്രിട്ടീഷുകൊച്ചിയിൽത്തന്നെ വെസ്റ്റേൺ സ്റ്റാർ എന്നൊരച്ചുക്കൂടം ഒരു യൂറോപ്യൻ സ്ഥാപിക്കുകയും അവിടെനിന്ന് അതേ പേരിൽ ഒരു ഇംഗ്ലീഷുപത്രം പുറപ്പെടുവിക്കുകയും ചെയ്തു. ആ അച്ചുകൂടത്തിൽനിന്നു "പശ്ചിമതാരക-കേരളപതാക" എന്ന പേരിൽ 1048-ാണ്ടിടയ്ക്ക് ഒരു മലയാളപത്രവും പ്രചരിച്ചു തുടങ്ങി. "ആൾമാറാട്ടം" എന്ന കഥയുടെ പ്രണേതാവായ പീലിപ്പോസാശാനും റ്റി.ജെ. പൈലിയുമാണ് പ്രാരംഭദശയിൽ അതിന്റെ ആധിപത്യം വഹിച്ചത്. വെസ്റ്റേൺ സ്റ്റാറിന്റെ ഒരു ഭാഷാനുവാദമായിരുന്നു പ്രായേണ ആ പത്രം.

5 കേരളമിത്രവും ദേവജിഭീമജിയും (1004-1070):ബോംബേ പ്രവിശ്യയ്ക്കു സമീപമുള്ള കച്ച്സംസ്ഥാനത്തിൽ ഭീമജികേസരിയുടേയും കല്യാണീബായിയുടേയും പുത്രനായി ദേവജിഭീമജി ക്രി.പി. 1829 (1004)-ൽ ജനിച്ചു ദാരിദ്ര്യ ദുഃഖംനിമിത്തം സ്വദേശംവിട്ട് ആ ബാലൻ പത്താമത്തെ വയസ്സിൽ കൊച്ചിയിലേക്കു പോന്നു. അവിടെ സജാതീയനായ തൃക്കുമുരളീധർ എന്ന വണിക്പ്രമുഖന് ആ അശരണനിൽ അനുകമ്പ തോന്നുകയും അദ്ദേഹം ദേവജിയെ വേണ്ട വിധത്തിൽ വിദ്യാഭ്യാസംചെയ്യിക്കുകയും ചെയ്തു. പിന്നീട് ആ യുവാവ് അന്നു കൊച്ചിയിലെ മറ്റൊരു വാണിജ്യധുരന്ധരനായ ധർമ്മ സിംഗിന്റെ കീഴിൽ കണക്കെഴുത്തുപണിക്കു നിയമിക്കപ്പെട്ടു. 25 വയസ്സുവരെ അങ്ങനെ കഴിഞ്ഞു. ഉൽക്കർഷേച്ഛുവായ അദ്ദേഹത്തിന് ആ വൃത്തിയിൽ വിരക്തി തോന്നി. വാണിജ്യ സംബന്ധമായുള്ള പല ഉദ്യമങ്ങളിലും ഏർപ്പെട്ടു. അവയിലൊന്നും പറയത്തക്ക ധനലാഭമുണ്ടായില്ല. അന്നു കൊച്ചിയിലെ മുഖ്യമായ ആവശ്യം ഒരു നല്ല അച്ചുക്കൂടമായിരുന്നു. ആദ്യമായി കേരളമിത്രം അച്ചുക്കൂടം എന്ന പേരിൽ ഒരു കല്ലച്ചു യന്ത്രവും മറ്റും സംവിധാനംചെയ്ത് അവിടെ ശ്രീരാമകർണ്ണാമൃതം മുതലായ ചില പുസ്തകങ്ങൾ അച്ചടിപ്പിച്ചു. 1042-ൽ ഒരു മരപ്രസ്സും ഉപകരണങ്ങളും വാങ്ങി. കുറേക്കഴിഞ്ഞു ബോംബെയിൽനിന്ന് ഒരു ആൽബിയൺപ്രസ്സു വാങ്ങി. അതിൽ രാമായണം, ഭാരതം മുതലായ അനവധി കൃതികൾ അച്ചടിപ്പിച്ചു കേരളത്തിലെ പുസ്തകവ്യാപാരികളിൽ പ്രഥമഗണനീയൻ എന്ന പേർ സമ്പാദിച്ചു. 1881 (1056) ജനുവരി 1-ാംനു മുതൽ ശനിയാഴ്ചതോറും "കേരളമിത്രം" എന്ന സുപ്രസിദ്ധമായ വൃത്താന്തപത്രം പ്രസിദ്ധീകരിച്ചു. അതിന്റെ ആദ്യത്തെ അധിപർ സുഗൃഹീതനാമാവായ കണ്ടത്തിൽ വറുഗീസുമാപ്പിളയായിരുന്നു. അതിലെ മുദ്രാവാക്യമായ "ഭൂരിസൂരിപരിഷന്മുദമത്രം" ഇത്യാദി സംസ്കൃതപദ്യം വറുഗീസുമാപ്പിള, ആറന്മുള കൊച്ചുരാമൻപിള്ള വൈദ്യനെക്കൊണ്ട് ഉണ്ടാക്കിച്ചു ചേർത്തതാണ്. വറുഗീസുമാപ്പിള ആ പണിയിൽ ഒന്നോ രണ്ടോ കൊല്ലം കഴിച്ചുകൂട്ടി. ഞാൻ കുട്ടിക്കാലത്തു നിയമേന വായിച്ചു വന്ന വർത്തമാനക്കടലാസ്സു കേരളമിത്രമായിരുന്നു. എത്ര ആനന്ദപാരവശ്യത്തോടുകൂടിയാണ് അത് എന്നെ അഭിമുഖീകരിച്ചത് എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമുണ്ട്. ആ വാരികകൊണ്ടു ദേവജിഭീമജി ഭാഷയെ സമർത്ഥമായി പോഷിപ്പിച്ചിട്ടുണ്ട്. വളരെക്കാലം അതു നിർവിഘ്നമായി പ്രചരിച്ചു. അതിനുംപുറമെ കൊച്ചിയിൽ രാമേശ്വരം മുറിയിൽ കേരളമിത്രം ശാഖാമുദ്രാലയം എന്ന പേരിൽ ഒരു

മുദ്രാലയംകൂടി ഉൽഘാടനം ചെയ്കയും അവിടെനിന്നു മഹാരാഷ്ട്രിയിൽ "കേരള കോകിൽ" എന്നൊരു മാസികയും നാഗരലിപിയിൽ അമരകോശം മുതലായ സംസ്കൃതകൃതികളും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാഷാ പോഷണപരിശ്രമത്തെ അഭിനന്ദിച്ചു തിരുവിതാംകൂറിലേയും കൊച്ചിയിലേയും മഹാരാജാക്കന്മാർ വിലയേറിയ പാരിതോഷിതങ്ങൾ നല്കുകയുണ്ടായി. 1894 (1070) ഒക്ടോബർ 27-ാംനു ദേവജിഭീമജി പരഗതിയെ പ്രാപിച്ചു. സ്വപ്രയത്നംകൊണ്ടു മാത്രം ധനാഢ്യനായിത്തീർന്ന അദ്ദേഹം തന്റെ ഒസ്യത്തിൽ പല ധർമ്മസ്ഥാപനങ്ങൾക്കും ധാരാളം ധനം നീക്കിവയ്ക്കുകയുണ്ടായി.

6 കുന്നംകുളം വിദ്യാരത്നപ്രഭയും മാളിയമ്മാവിൽ കുഞ്ഞുവറിയതും (1028—1110): ബ്രിട്ടീഷുകൊച്ചിയിൽ സെന്റ് തോമസ് അച്ചുക്കൂടം സ്ഥാപിച്ച കുന്നംകുളത്ത് അങ്ങാടിയിൽ പാറമേൽ ഇട്ടൂപ്പുതന്നെയാണ് കുന്നംകുളത്തു വിദ്യാരത്നപ്രഭയെന്ന അച്ചുക്കൂടവും സ്ഥാപിച്ചത്. ഇട്ടൂപ്പ് ഒരു തികഞ്ഞ ഭാഷാഭിമാനിയായിരുന്നു. സെന്റ് തോമസ് അച്ചുക്കൂടംതന്നെ സ്വദേശത്തേയ്ക്കു മാറ്റി അതിനു പുതിയ പേർ കൊടുക്കുകയാണ് അദ്ദേഹം ചെയ്തതു് എന്നും ചിലർ പറയുന്നുണ്ട്. ആ രണ്ട് അച്ചുക്കൂടങ്ങൾക്കും പിന്നീടു തൃശ്ശൂർ കേരളകല്പദ്രുമത്തിനും ഭാരതവിലാസത്തിനും സിദ്ധിച്ച പ്രശസ്തിക്കുള്ള കാരണം വിദ്വാൻ കൈക്കുളങ്ങര രാമവാരിയർക്ക് അവയുമായുള്ള സാഹിത്യ ബന്ധമാണ്. അദ്ദേഹത്തിന്റെ പുരസ്കർത്താവും ബഹിശ്ചര പ്രാണനുമായിരുന്ന മാളിയമ്മാവിൽ കുഞ്ഞുവറിയതിനേയും ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതുണ്ട്. മാളിയമ്മാവിൽ കുഞ്ഞുവറിയതു ദേവജീഭീമജിയേക്കാൾ വലിയ ഒരു മുദ്രാലയപ്രവർത്തകനുമായിരുന്നു. അദ്ദേഹം 1028 മേടം 6-ാംനു മലബാറിൽ പൊന്നാനിത്താലൂക്കു വെയ്ലത്തുരംശർത്തിൽ ജനിച്ചു. 1040-ൽ അച്ചടിവേല പഠിക്കുവാൻ കൊച്ചിയിൽ ഒരു അച്ചുനിരത്തുകാരനായി മാസമൊന്നിനു മൂന്നുറുപ്പിക ശമ്പളത്തിൽ പ്രവേശിച്ചു. ആ വേതനം അടുത്ത കൊല്ലത്തിൽ അഞ്ചുറുപ്പികയായി. ചാവക്കാട്ട്, പാവറട്ടി തുടങ്ങി കോഴിക്കോടുവരെയുള്ള സ്ഥലങ്ങളിലെല്ലാം പണി നോക്കി, അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ച പുസ്തകങ്ങൾ ചുമന്നുകൊണ്ടുചെന്നു വിറ്റുകിട്ടുന്ന ആദായം ഉടമസ്ഥന്മാർക്കു കൊടുത്തുവന്നു. എട്ടുവർഷം അവിടെ ജോലിചെയ്തതിനു ശേഷം കുന്നംകുളം വിദ്യാരത്നപ്രഭ അച്ചുക്കൂടത്തിൽ നിയമിതനായി. ആറുവർഷത്തോളം അവിടെയും ജോലിനോക്കി. വിദ്യാരത്നപ്രഭയിൽനിന്നു പ്രസിദ്ധീകരിച്ച രാമായണാദിഗ്രന്ഥങ്ങൾ സെന്റ് തോമസ് പ്രസ്സിൽ അച്ചടിപ്പിച്ചവയെക്കാൾ കുറഞ്ഞ വിലയ്ക്കു വില്ക്കുന്നതിനു കുഞ്ഞുവറിയതിനു സാധിച്ചു. അതിനുമുൻപുതന്നെ കൈക്കുളങ്ങര രാമവാരിയരേക്കൊണ്ടു ചില സംസ്കൃതപുസ്തകങ്ങളും മറ്റു വ്യാഖ്യാനിപ്പിച്ചു സെന്റ് തോമസ് പ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ചുവന്ന അദ്ദേഹത്തിനു വിദ്യാരത്നപ്രഭയിൽനിന്ന് ആ മഹാപണ്ഡിതന്റെ ഇതരഗ്രന്ഥങ്ങൾ പ്രകാശിപ്പിക്കുന്നതിനും സൗകര്യം ഉണ്ടായി. 1062 മിഥുനം 1-ാംനു തൃശ്ശൂർ കേരളകല്പദ്രുമം അച്ചുക്കൂടം മാനേജരായി. അന്നുമുതൽ മാനേജർ കുഞ്ഞുവറിയതു് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടുവന്നതു്. സുപ്രസിദ്ധമായ ആ അച്ചുക്കൂടം ചെമ്പുക്കാവിൽ റാഫേൽ തുടങ്ങിയ പന്ത്രണ്ടു ക്രിസ്തീയ പ്രമാണികൾ സ്ഥാപിച്ചതാണ്. അനന്തരം അവിടെത്തന്നെ ഭാരതവിലാസം എന്നും വാണീകളേബരം എന്നും രണ്ടു മുദ്രാലയങ്ങൾ സ്ഥാപിച്ചു. 1081 മുതൽ ഏതാനും കൊല്ലം മേടമാസത്തിൽ പൂരക്കാലത്തിൽ ഭാഷാപോഷണത്തെ പുരസ്കരിച്ചു ഭാരതവിലാസം സഭ നടത്തി. ക്രിസ്തുവേദചരിത്രം തുടങ്ങി പതിന്നാ

ലോളം ക്രിസ്തുമതഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചു പ്രസിദ്ധീകരിക്കുകയുണ്ടായി. 1110-ാണ്ടു (1935 ജൂൺ 29-ാംനു) കുഞ്ഞുവറിയതു മരിച്ചു.

7 കൊല്ലംവിദ്യാഭിവർദ്ധിനി:കൊല്ലം വിദ്യാഭിവർദ്ധിനി അച്ചുക്കൂടം 1062-ൽ എളിയ നിലയിൽ സ്ഥാപിച്ച സുബ്ബയ്യാ തെന്നാട്ടുറെഡ്ഡിയാരെപ്പറ്റിയും നമുക്കു പ്രകൃതത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതുണ്ട്. റെഡ്ഡിയാർ 1047-ൽ ജനിച്ചു; 1090-ൽ മരിച്ചു. അദ്ദേഹം പുസ്തകപ്പെട്ടിയും ചുമന്നുകൊണ്ടു ബാല്യത്തിൽ ഓരോ സ്ഥലത്തായി ഉത്സവാവസരങ്ങളിലുംമറ്റും പോയി ഏറ്റവും കുറഞ്ഞ വിലയ്ക്കു പുസ്തകങ്ങൾ വിറ്റു കേരളത്തിൽ ദരിദ്രന്മാർക്കുപോലും ഗ്രന്ഥസഞ്ചയനം സുകരമാക്കിത്തീർത്ത് ഒടുവിൽ ലക്ഷപ്രഭുവായി ആട്ടക്കഥകളും തുള്ളൽക്കഥകളുംമറ്റും ശേഖരിച്ച് അവയേയും നാമമാത്രമായ മൂല്യത്തിന്നു വിക്രയംചെയ്ത ഉദാരശീലനാണ്. വിദ്യാഭിവർദ്ധിനിപോലെ ലഘുവായ വിലയ്ക്കു പുസ്തകങ്ങൾ പ്രകാശിപ്പിച്ച ഒരു മുദ്രാലയത്തേയോ, റെഡ്ഡിയാരേക്കാൾ പുസ്തക വ്യാപാരത്തിന്റെ മർമ്മങ്ങൾ ധരിച്ച ഒരു വാണിജ്യനിപുണനേയോ കേരളം അറിയുന്നില്ല. അദ്ദേഹം സ്ഥാപിച്ച ആ മുദ്രാലയം ഇന്നും നല്ലനിലയിൽ അതിന്റെ പ്രവർത്തനം തുടർന്നുപോരുന്നു.

## ചില പത്രങ്ങൾ

“പശ്ചിമതാരക-കേരളപതാക”യെയും “കേരളമിത്ര”ത്തെയും സ്മരിച്ചുകഴിഞ്ഞുവല്ലൊ. “പ്രാചീനതാരക” എന്നൊരു പത്രം കെ.പി. പീറ്റ് പ്രസിദ്ധീകരിച്ചു. അതിന്റെ ഉദയകാലം ഏതെന്നറിയുന്നില്ല.

3 സത്യനാദകാഹളം:സത്യനാദകാഹളമാണ് നാളതുവരെ നിന്നുപോരുന്ന കേരളത്തിലെ ഭാഷാവൃത്താന്തപത്രങ്ങളിൽ അത്യന്തം പുരാതനമായിട്ടുള്ളത്. അതിന്റെ ആദ്യത്തെ ലക്കം 1052-ാണ്ടു കന്നിമാസം 28-ാംനു ആവിർഭവിച്ചു. മാസാദ്യത്തിലും മാസമധ്യത്തിലും അങ്ങനെ മാസത്തിൽ രണ്ടു തവണയാണ് അത് ആരംഭകാലത്തു പ്രസിദ്ധീകരിച്ചുവന്നത്. കൂനമ്മാവായിരുന്നു അതിന്റെ ജന്മദേശം. രണ്ടു മൂന്നു കൊല്ലം കഴിഞ്ഞ് അതിന്റെ പ്രസിദ്ധീകരണം വരാപ്പുഴയ്ക്കു മാറ്റി. പത്തുപതിന്നാലുകൊല്ലം അവിടെനിന്നു പുറപ്പെട്ടുകൊണ്ടിരുന്നതിനുശേഷം എറണാകുളത്തേയ്ക്കു അച്ചുക്കൂടവും പത്രവും നീങ്ങി. സ്വല്പകാലത്തേയ്ക്കു മുടങ്ങിയെങ്കിലും വീണ്ടും ഉദ്ധൃതമായി. 1076-ാണ്ടോടടുപ്പിച്ചു പേർ മാറി സത്യനാദമായി. ആദ്യകാലത്തു പത്രാധിപർ ഫാദർ കാന്തിദോസ് (Fr. Candidus) എന്നൊരു വൈദികനായിരുന്നു എന്നു പഴയ ലക്കങ്ങളിൽ കാണാമെങ്കിലും വാസ്തവത്തിൽ ആ സ്ഥാനം വഹിച്ചിരുന്നതു മുൻപു പശ്ചിമതാരക നടത്തിയ റ്റി.ജെ. പൈലിയായിരുന്നു. പൈലി പിന്നീടു നസ്രാണിദീപികയുടെ അധിപരായി. വൈദികവിഷയങ്ങൾ മാത്രമല്ല സത്യനാഥകാഹളത്തിൽ പ്രതിപാദിച്ചുവന്നത്. ഒന്നാമത്തെ ലക്കത്തിൽത്തന്നെ (1) റോമ്മ, (2) യുഗവിസ്മയം, (3) പുറനാട്ടു വർത്തമാനം, (4) തൻനാട്ടുചെയ്തി, (5) കടംകഥ എന്നീ പ്രമേയങ്ങൾ ഉൾക്കൊള്ളിച്ചുകാണുന്നു. (1) സന്ദിഷ്ടവാദി, (2) പശ്ചിമതാരക-കേരളപതാക, (3) സത്യനാഥകാഹളം എന്നീ പത്രങ്ങൾ കേരളമിത്രത്തിനും കോഴിക്കോട്ടുനിന്നു 1060-ാണ്ടിടയ്ക്കു പുറപ്പെട്ട കേരളപത്രികയ്ക്കും മാന്നാനത്തെ നസ്രാണിദീപികയ്ക്കും കുറെയെല്ലാം മാർഗ്ഗദർശകങ്ങളായിരുന്നുവെന്നു സങ്കല്പിക്കുന്നതിൽ അനുപപത്തിയില്ല. കോട്ടയം സി.എം. എസ്. അച്ചുക്കൂടത്തിൽനിന്നു മലയാളമിത്രം എന്നൊരു പത്രികയും കുറേക്കാലത്തേയ്ക്കു പ്രകാശിപ്പിച്ചുവന്നു.

## വിദ്വാൻ കൈക്കുളങ്ങര രാമവാരിയർ (1008–1072)

വിദ്വാൻ കൈക്കുളങ്ങര രാമവാരിയരെപ്പോലെ സർവ്വവിദ്യാപാരീണനായ ഒരു സംസ്കൃതപണ്ഡിതൻ കേരളത്തെ പതിനൊന്നാംശതകത്തിൽ അലങ്കരിച്ചിട്ടില്ല. പുതിയ സമ്പ്രദായത്തിലുള്ള വിദ്യാലയപാഠപദ്ധതിയിൽ സംസ്കൃതഭാഷയ്ക്കു ലഭിച്ച സ്ഥാനം അഭിലഷണീയമായിരുന്നില്ല. അതു പഠിയ്ക്കുവാൻ പൂർവ്വകാലങ്ങളിൽ ഉണ്ടായിരുന്ന സൗകര്യം ക്രമേണ കുറഞ്ഞുവരികയുംചെയ്തു. ആ ദുർദ്ദശയിൽനിന്നു രാമവാരിയർ നിരവധി ഗ്രന്ഥങ്ങൾക്കു സുഗ്രഹമായ രീതിയിൽ ഭാഷാവ്യാഖ്യാനങ്ങൾ രചിച്ച് അവയെ സെന്റ് തോമസ്, വിദ്യാരത്നപ്രഭ, കേരളകല്പദ്രുമം, ഭാരതവിലാസം എന്നീ അച്ചുക്കൂടങ്ങളിൽനിന്നു പ്രസിദ്ധീകരിപ്പിച്ചു ഗൈർവ്വാണീപ്രേമികളെ അനുഗ്രഹിച്ചു. മാളിയമ്മാവിൽ കുഞ്ഞുവറിയത് ആ സമുദ്യമത്തിൽ അദ്ദേഹത്തിന്റെ ബഹിശ്ചരപ്രാണനായിരുന്നു എന്നു പറഞ്ഞുകഴിഞ്ഞുവല്ലോ.

### ബാല്യകാലം

രാമവാരിയർ കൊച്ചിയിൽ തലപ്പള്ളിത്താലൂക്കു ചെങ്ങഴിക്കോട്ടുപ്രവൃത്തി കടങ്ങോട്ടുദേശത്തു കൈക്കുളങ്ങരെ കിഴക്കേ വാരിയത്തു നാരായണിവാരസ്യാരുടേയും കൈതക്കോട്ടു ഭട്ടതിരിയുടേയും പുത്രനായി 1008-ാണ്ടു ചിങ്ങ മാസത്തിൽ സ്വാതിനക്ഷത്രത്തിൽ ജനിച്ചു. ആദ്യംമുതല്ക്കുതന്നെ അതിമാനുഷമായ മേധാശക്തി പ്രദർശിപ്പിച്ചുവന്ന ആ ബാലനെ മന്ത്രശാസ്ത്രത്തിൽ നിപുണനായ പിതാവു നിഷ്കർഷയോടുകൂടി വളർത്തി. പന്ത്രണ്ടാമത്തെ വയസ്സിനകം രാമൻ ആദിത്യമണ്ഡലാന്തർഗ്ഗതയായ ധേനുസരസ്വതീദേവിയെ ഉപാസിച്ചു സിദ്ധി വരുത്തിയതായി പറയപ്പെടുന്നു. അന്നു കൈക്കുളങ്ങര വാരിയത്തിൽ രാമനെന്നും കൃഷ്ണനെന്നും അദ്ദേഹത്തിന്റെ അമ്മാവന്മാരായ രണ്ടു സഹോദരന്മാർ ജീവിച്ചിരുന്നു. അവരിൽ രാമവാരിയർക്കു വൈദ്യത്തിലും കൃഷ്ണവാരിയർക്കു ജ്യൗതിഷത്തിലുമായിരുന്നു പാണ്ഡിത്യം. അവരോടു ആ രണ്ടു ശാസ്ത്രങ്ങളിലേയും പ്രഥമപാഠങ്ങൾകൂടി കഥാനായകൻ ബാല്യത്തിൽ അഭ്യസിച്ചു. അന്നു കുഞ്ഞിട്ടി രാഘവൻനമ്പിയാരുടെ ശിഷ്യനും അനേകശാസ്ത്രങ്ങളിൽ നിഷ്ണാതനുമായ പാലപ്പുറത്തു പുതിയേടത്തു ഗോവിന്ദൻനമ്പിയാർ തൃപ്പൂണിത്തുറക്കോവിലകത്തുതാമസിച്ചു കൊച്ചുതമ്പുരാക്കന്മാരെ ശാസ്ത്രാഭ്യാസം ചെയ്യിക്കുകയായിരുന്നു. അവിടെ രാമവാരിയരും അദ്ദേഹത്തിന്റെ ശിഷ്യനായിക്കൂടി മൂന്നുകൊല്ലംകൊണ്ട് അലങ്കാരം, വ്യാകരണം തർക്കം എന്നീ ശാസ്ത്രങ്ങളിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചു.

### വാരിയരും യോഗാനന്ദസ്വാമികളും

തനിക്കു ഗുരുദക്ഷിണയായി വല്ലതും തന്നേ കഴിയൂ എന്നു നിർബ്ബന്ധമുണ്ടെങ്കിൽ അതു വൃദ്ധയായ തന്റെ മാതാവിനെ ഒരു കുറി മഹാഭാരതം വായിച്ചുകേൾപ്പിക്കുകയാണെന്നു ഗോവിന്ദൻനമ്പിയാർ നിർദ്ദേശിക്കുകയാൽ കിള്ളിക്കുറിശ്ശിമങ്ഗലത്തു ചെന്നു രാമവാരിയർ ആ കർത്തവ്യം മൂന്നു കൊല്ലംകൊണ്ടു നിർവ്വഹിച്ചു. പിന്നീടു കുറെക്കാലം തൃശ്ശിവപേരൂർ തെക്കേക്കുറുപ്പത്തു രാമഞ്ചിറ മഠത്തിൽ താമസിച്ച് ആ ദിക്കിൽ ചിലരെ സംസ്കൃതം പഠിപ്പിക്കുകയും പ്രസിദ്ധനൈയായികനായ ഭീമാചാര്യരോടു തർക്കശാസ്ത്രത്തിൽ ചില ഉപരിഗ്രന്ഥങ്ങൾകൂടി പഠിക്കുകയും ചെയ്തു. തദനന്തരം പുന്നത്തൂർ രാജകുടുംബത്തിലെ ചില തമ്പുരാക്കന്മാരെ കുറെക്കാലം സംസ്കൃതം അഭ്യസിപ്പിച്ചു. അതിനുമേൽ വിദേശപര്യടനത്തിൽ ഉത്സുകനായി സ്വഗൃഹത്തിൽനിന്നു നിഷ്ക്രമിച്ചു വടക്കോട്ടു പോയി കർണ്ണാടക ദേശത്തിൽ കുമ്പഴ

രാജസ്വരൂപത്തിലെ തമ്പുരാക്കന്മാരുടെ അധ്യാപകനായി മായിപ്പാടിക്കോവിലകത്തു് ഏതാനും കൊല്ലം താമസിച്ചു. അതിനു സമീപത്തുള്ള ഇളനീർമഠം സ്വാമിയാരുടെ അതിഥിയായി യോഗാനന്ദസ്വാമികൾ എന്നൊരു സിദ്ധൻ അക്കാലത്തു് അവിടെ വന്നുചേർന്നു. അദ്ദേഹം പൂർവ്വാശ്രമത്തിൽ ആ സ്ഥലത്തെ ഒരു എമ്പ്രാന്തിരിയുടെ പുത്രനായിരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ ആ ദിവ്യൻ കാശിക്കു പോയി വരദരാജയോഗീശ്വരന്റെ ശിഷ്യനായിത്തീർന്നു. യോഗാനന്ദനോടു രാമവാരിയർ ശങ്കരഭഗവൽപാദരുടെ ബ്രഹ്മസൂത്രഭാഷ്യം തന്നെ അഭ്യസിപ്പിക്കണമെന്നപേക്ഷിക്കുകയും ചാതുർമ്മാസ്യവ്രതം അനുഷ്ഠിക്കുന്നതിനുവേണ്ടിമാത്രം അവിടെ താമസിച്ച സ്വാമികളിൽനിന്നു മൂന്നു മാസത്തിനകം ആ മഹത്തായ വേദാന്തശാസ്ത്രഗ്രന്ഥം സരഹസ്യം അഭ്യസിക്കുകയും ചെയ്തു. യോഗാഭ്യാസപരിപാടികളിലും ആ യതിവര്യൻതന്നെയായിരുന്നു കഥാപുരുഷന്റെ ആചാര്യനായിത്തീർന്നതു്. പിന്നെയും ശിഷ്യനിലുള്ള വാത്സല്യാതിരേകം കൊണ്ടു സ്വാമികൾ മൂകാംബിയിലും കുടശാദ്രിയിലുമായി മൂന്നു മാസംകൂടി അദ്ദേഹത്തോടൊന്നിച്ചു താമസിയ്ക്കുകയും, ഒടുവിൽ വാഗ്ദാസൻ, രാമാനന്ദനാഥൻ, പണ്ഡിതപാരശവേന്ദ്രൻ എന്നിങ്ങനെ മൂന്നു ബിരുദനാമങ്ങൾ അദ്ദേഹത്തിനു സമ്മാനിച്ചു് അവിടെനിന്നു പിരിഞ്ഞുപോവുകയും ചെയ്തു. അതിനിടയ്ക്കു രാമവാരിയർ ഋഗ്വേദത്തിലും യജ്ജുർവേദത്തിലുംകൂടി അസാധാരണമായ ജ്ഞാനം നേടിക്കഴിഞ്ഞിരുന്നു. പിന്നെ കുറെക്കാലം വെട്ടത്തുനാട്ടിൽ മുൻസിഫായിരുന്ന ഉള്ളാട്ടിൽ അച്യുതൻനായരുടെ പത്നി പരുവക്കാട്ടു് അമ്മുഅമ്മയെ കാവ്യനാടകാദിഗ്രന്ഥങ്ങൾ പഠിപ്പിച്ചുകൊണ്ടു തൃക്കണ്ടിയൂരിൽ താമസിച്ചു. അവിടെവച്ചു കിഴക്കേച്ചിറയ്ക്കു സമീപമുള്ള തെക്കേവാരിയത്തു കുട്ടിവാരസ്യാരെ വിവാഹംചെയ്തു.

## രാമവാരിയരും അച്ചുക്കൂടങ്ങളും

ബാല്യത്തിൽത്തന്നെ സംസ്കൃതഗ്രന്ഥങ്ങളുടെ വ്യാഖ്യാനംകൊണ്ടും മറ്റും മാതൃഭാഷയെ സമർത്ഥമായി പോഷിപ്പിക്കണമെന്നു വാരിയർ ആഗ്രഹിച്ചിരുന്നു. പാറമേൽ ഇട്ടൂപ്പ് കുന്നംകുളത്തെ വിദ്യാരത്നപ്രഭ അച്ചുക്കൂടം സ്ഥാപിച്ചതോടുകൂടി ആ ആഗ്രഹം സഫലീഭവിക്കുന്നതിനുള്ള സന്ദർഭം സമാഗതമായി. അതിനുമുൻപുതന്നെ ഇട്ടൂപ്പ് അദ്ദേഹത്തെക്കൊണ്ടു ചില ഗ്രന്ഥങ്ങൾ വ്യാഖ്യാനിപ്പിച്ചു സെന്റ് തോമസ് അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചിരുന്നു. വിദ്യാരത്നപ്രഭയുടെ ആവിർഭാവത്തോടുകൂടി 1058-ാണ്ടിടയ്ക്കു് അദ്ദേഹം വാരിയരെ സകുടുംബം കുന്നംകുളത്തു വരുത്തി അഞ്ഞൂരു ക്ഷേത്രത്തിനു സമീപം താമസിപ്പിച്ചു പുസ്തകങ്ങൾ എഴുതിച്ചുതുടങ്ങി. അപ്പോഴേയ്ക്കാണു് മാളിയമ്മാവിൽ കുഞ്ഞു വറിയതും അവിടെ വന്നുചേർന്നതു്. ഇട്ടൂപ്പിന്റെ ധനം, കുഞ്ഞു വറിയതിന്റെ കൈങ്കര്യം, വാരിയരുടെ വൈദുഷ്യം ഇവ മൂന്നും കൂടി സമഞ്ജസമായി സമ്മേളിച്ചപ്പോൾ പുസ്തകനിർമ്മിതിയ്ക്കു വേണ്ടിയുള്ള പുരുഷദ്രവ്യസമ്പത്തു പൂർണ്ണമായി. വാരിയരുമായുള്ള നിരന്തര സഹവാസംകൊണ്ടു കുഞ്ഞുവറിയതും ക്രമേണ ഒരു ഭാഷാപണ്ഡിതനായി. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പലതും ആ ശിഷ്യനാണു് പകർത്തിയെഴുതിയതു്. ആദ്യമായി വാരിയർ എഴുത്തച്ഛന്റെ അധ്യാത്മ രാമായണവും ഭാരതവും മറ്റും പിഴതീർത്തു അച്ചടിപ്പിക്കുവാൻ കൊടുത്തു; അതുവരെ പ്രമാദജടിലങ്ങളായി കിടന്നിരുന്ന പല വരികളുടേയും അർത്ഥം പൊതുജനങ്ങൾ ശരിയ്ക്കു ഗ്രഹിച്ചതു് അപ്പോൾമാത്രമാണു്. 1060-ാണ്ടു മേടം 3-ാംനു കുഞ്ഞുവറിയതു വിദ്യാരത്നപ്രഭവിട്ടു സെന്റ് തോമസ്സിലേയ്ക്കു വീണ്ടും പോയി; അപ്പോൾ ആ അച്ചുക്കൂടത്തിലേയ്ക്കു പിന്നേയും ചില പുസ്തകങ്ങൾ വാരിയർ എഴുതി. 1062 മിഥുനം 1-ാംനു

തന്റെ ശിഷ്യൻ കേരളകല്പദ്രുമം മാനേജരായി പോകുകയും അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ച വാരിയർ തൃശ്ശൂരിൽ താമസമുറപ്പിച്ച നിരവധി പുസ്തകങ്ങൾ നിർമ്മിക്കുകയുംചെയ്തു. അക്കാലത്താണ് എടമന കൃഷ്ണൻ എമ്പ്രാന്തിരി അദ്ദേഹത്തിന്റെ അന്തേവാസിയായിത്തീർന്നതു്. വാരിയരുടെ ശിഷ്യന്മാരിൽ പ്രഥമഗണനീയൻ പരമസാത്വികനും വിശിഷ്ടവേദാന്തിയും മഹാമന്ത്രജ്ഞനുമായ അദ്ദേഹമാണെന്നു തന്നെ പറയാം. അവിടെ വെച്ച കൊച്ചിയിലെ രാജഗുരു ശഠകോപാചാര്യരോടു വാരിയർ തർക്കത്തിൽ വീണ്ടും ചില ഉൽഗ്രന്ഥങ്ങൾ പഠിക്കുകയും അതിനു ഗുരുദക്ഷിണയെന്നപോലെ അദ്ദേഹത്തെ വ്യാകരണത്തിൽ ചില ഉപരിഗ്രന്ഥങ്ങൾ അഭ്യസിപ്പിക്കുകയും ചെയ്തു. പുന്നശ്ശേരി നീലകണ്ഠശർമ്മ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന “വിജ്ഞാനചിന്താമണി” പത്രികയ്ക്കു വാരിയരിൽനിന്നു പല തരത്തിലുള്ള ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടു്. പ്രസ്തുതപത്രത്തിൽ വൈയാകരണമൂർദ്ധന്യനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ഒരിക്കൽ

> “മൗലൗ മാലഹി മുക്താസ്രജ ഭുജലതയോ–
>     രന്തരാളപ്രദേശേ
> ഫാലേ മാലേയധൂളീതിലക കടിതടേ
>     ശാടയേത്യുൽക്കടാ യാ
> ഉദ്വാഹേ ഭസ്മഭൂഷാജുഷമലമചരീ–
>     കസ്തരാം കൃത്തിചേലം
> സാസ്മാന്മന്ദസ്മിതശ്രീർഗ്ഗിരിവരദുഹിതുഃ
>     പാഹിപാഹീതി പായാൽ”

എന്നു് ഒരു ശ്ലോകം പ്രസിദ്ധീകരിക്കുകയും അതിൽ വ്യാകരണ വിരുദ്ധങ്ങളായ പ്രയോഗങ്ങൾ ഉണ്ടെന്നു വാരിയർ ഒരു വാദം ഉന്നയിക്കുകയും ചെയ്തു. ആ പ്രയോഗങ്ങൾ ശരിയാണെന്നു റ്റി. ഗണപതിശാസ്ത്രികളെ ആൾപ്പേരാക്കി ഏ. ആറിന്റെ മാതുലനും വ്യാകരണഗുരുവുമായ കേരളവർമ്മ വലിയകോയിത്തമ്പുരാനും, താൻ ഉപക്ഷേപിച്ച ആക്ഷേപം സമീചീനമാണെന്നു വാരിയരും സിദ്ധാന്തിച്ചു. അന്നാണ് വാരിയർക്കുള്ള പാണ്ഡിത്യപ്രകർഷം വലിയ കോയിത്തമ്പുരാനു ബോധ്യമായതു്. പിന്നീടു തൃശ്ശിവപേരൂർവച്ച് ഒരിക്കൽ ആ വിദ്വൽ കേസരികൾ തമ്മിൽ കണ്ടു സംഭാഷണം ചെയ്യുന്നതിനുള്ള അവസരം നേരിട്ടു. 1067 മേടം 28-ാംനു തൃശ്ശിവപേരൂർവച്ച നടന്ന ഭാഷാപോഷിണിസഭയുടെ ദ്വിതീയവാർഷികയോഗത്തിൽ വാരിയരാണ് ആധ്യക്ഷ്യം വഹിച്ചതു്. 1070-ൽ തിരുവനന്തപുരത്തു ആഘോഷിച്ച ആ സഭയുടെ ചതുർത്ഥയോഗത്തിൽ വാരിയരെ അഗ്രാസനസ്ഥനാക്കണമെന്ന് വലിയകോയിത്തമ്പുരാൻ ആശിച്ചു. എങ്കിലും വാരിയർക്കു താൽക്കാലികമായി നേരിട്ട അസൗകര്യംനിമിത്തം അതു സാധിച്ചില്ല.

### മരണം

കഥാപുരുഷന്റെ ഒരു പുത്രി തൃശ്ശൂർവെച്ച് അകാലമൃതിയെ പ്രാപിച്ചു. അനന്തരം ആ പരിസരത്തിൽ നിന്നു തീരെ വിട്ടുപിരിഞ്ഞു സകുടുംബം തൃക്കണ്ടിയൂരിൽത്തന്നെ വീണ്ടും താമസംതുടങ്ങി. രണ്ടുകൊല്ലത്തോളം അങ്ങനെ കഴിഞ്ഞു. അന്നന്നു കിട്ടുന്നതു് അന്നന്നുതന്നെ ചെലവിടണമെന്നു നിർബ്ബന്ധമുണ്ടായിരുന്ന അദ്ദേഹം ആ രണ്ടു കൊല്ലവും ആദായത്തിനു യാതൊരു മാർഗ്ഗവുമില്ലാതെ അതികഠിനമായ ദാരിദ്ര്യപീഡയ്ക്കു വശംവദനായി, ശാരീരികമായ ശക്തിയും മാനസികമായ ഓജസ്സും ക്രമേണ

ക്ഷയിച്ച്, വളരെ കഷ്ടപ്പെട്ടുകയും 1072-ാണ്ടു കന്നിമാസം 20-ാംനു വിജയദശമിദിനത്തിൽ പ്രപഞ്ചയവനികയുള്ളിൽ തിരോധാനംചെയ്കയും ചെയ്തു.

## കൃതികൾ

കൈക്കുളങ്ങര രാമവാരിയർ നിരവധി ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. സെന്റ് തോമസ് അച്ചുക്കൂടത്തിൽ മുദ്രണംചെയ്തവയാണ് താഴെക്കാണുന്ന ഭാഷാവ്യാഖ്യാനങ്ങൾ. (1) രഘുവംശം, (2) മാഘം, (3) നൈഷധം, (4) കുമാരസംഭവം, (5) മേഘസന്ദേശം, (6) യുധിഷ്ഠിരവിജയം, (7) ശ്രീരാമോദന്തം, (8) ശ്രീകൃഷ്ണവിലാസം, (9) താരോപദേശം. വിദ്യാരത്നപ്രഭയിൽനിന്നാണ് അധോലിഖിതങ്ങളായ പുസ്തകങ്ങൾ ആവിർഭവിച്ചിട്ടുള്ളത്. (10) അഷ്ടാംഗഹൃദയം സൂത്രസ്ഥാനം, നിദാനസ്ഥാനം, ശാരീരസ്ഥാനം, കല്പസ്ഥാനം, ചികിത്സിതസ്ഥാനം, ഉത്തരസ്ഥാനം എന്നിവ സാരാർത്ഥദർപ്പണമെന്ന ഭാഷാവ്യാഖ്യാസമേതം, (11) അമരകോശം ബാലപ്രിയാവ്യാഖ്യാനസഹിതം, (12) ആരോഗ്യ കല്പദ്രുമം ബാലചികിത്സ, (13) ശിവശക്തിസപ്തശതീസ്തോത്രം (14) സാമുദ്രികാശാസ്ത്രം, (15) ഗൗളീശാസ്ത്രം, (16) നൂതന സിദ്ധരൂപം, (17) ബാലപ്രബോധനം സമാസചക്രം എന്നിവയുടെ ഭാഷാവ്യാഖ്യ, (18) ലക്ഷ്മണോപദേശത്തിന്റെ ഭാഷാവ്യാഖ്യ. കേരളകല്പദ്രുമം, ഭാരതവിലാസം എന്നീ മുദ്രാലയങ്ങളിൽനിന്നാണ് മറ്റു പുസ്തകങ്ങൾ പ്രസിദ്ധീകൃതങ്ങളായതു്. അവയിൽ ചിലതിന്റെ പേർ ചേർക്കാം. (19) സങ്ഗീത ശാസ്ത്രം, (20) നാരായണീയവ്യാഖ്യ, (21) വിംശതിവ്യാഖ്യ, (22) സിദ്ധാന്തകൗമുദിയുടെ പൂർവാർദ്ധത്തിനു പദസംസ്കാര ചന്ദ്രിക എന്ന വ്യാഖ്യ, (23) തർക്കശാസ്ത്രം, (24) ഹോരാശാസ്ത്രം, (25) അമരം ബാലബോധിനി, (26) വിദ്യാക്ഷരമാല, (27) വാസുദേവമനനം, (28) പ്രശ്നമാർഗ്ഗം പൂർവാർദ്ധം, (29) ജീവന്മുക്തി പ്രകരണം, (30) വൈദ്യാമൃതതരങ്ഗിണി, (31) നേത്രചികിത്സ, (32) അഷ്ടാംങ്ഗഹൃദയം ഭാവപ്രകാശവ്യാഖ്യാ സഹിതം, (33) അമരുകശതകം, (34) അഷ്ടപദി, (35) ദേവീമാഹാത്മ്യം, (36) പുഷ്പബാണവിലാസം, (37) മഹിഷമങ്ഗലഭാണം, (38) കോടിവിരഹം (സങ്ഗീതകേതുചരിതം) എന്നീ ഗ്രന്ഥങ്ങൾക്കു ഭാഷാവ്യാഖ്യകൾ, (39) വാഗാനന്ദലഹരി, (40) വാമദേവസ്തവം, (41) വിദ്യുന്മാലാസ്തുതി എന്നീ സ്വതന്ത്ര സംസ്കൃതകാവ്യങ്ങൾ. ഇവയിൽ ചിലതൊന്നും എനിക്കു വായിക്കുവാൻ സങ്ഗതി വന്നിട്ടില്ല. ഭഗവൽഗീതയ്ക്ക് ഒരു സംസ്കൃതവ്യാഖ്യാനം യോഗാനന്ദസ്വാമികളുടെ നിദേശമനുസരിച്ചു വാരിയർ എഴുതീട്ടുള്ളതായി ചിലർ പറയാറുണ്ടെങ്കിലും അതു് ആരും കണ്ടിട്ടില്ല. എന്നാൽ അതിനെ വിഷയീകരിച്ചുള്ള (42) ഒരു കിളിപ്പാട്ടിന്റെ "ഗണപതി" മാത്രം വായിച്ചിട്ടുണ്ട്. ആകെക്കൂടി ഇരുപത്തഞ്ചു കൊല്ലക്കാലത്തോളമേ അദ്ദേഹം ഗ്രന്ഥനിർമ്മിതിക്കു വിനിയോഗിച്ചിട്ടുള്ളു. എന്നാൽ എത്ര ഫലഭൂയിഷ്ഠമാണ് ആ വ്യവസായം! അദ്ദേഹത്തിന്റെ കുലങ്കഷമായ ചർച്ചയ്ക്കു വിഷയീഭവിക്കാത്ത ശാസ്ത്രങ്ങൾ അത്യന്തം വിരളങ്ങളാണ്. അദ്ദേഹം രചിച്ചിട്ടുള്ള വ്യാഖ്യാനങ്ങൾ ഓരോന്നും ആ പുണ്യശ്ലോകന്റെ വിശ്വോത്തരമായ വിജ്ഞാനപ്രകർഷത്തേയും വിസ്മയാവഹമായ ധിഷണാസമ്പത്തിനേയും വിശങ്കടമായ വിചിന്തനശക്തിയേയും കാഹളമൂതി പ്രഖ്യാപനം ചെയ്യുന്നു. പദസംസ്കാരചന്ദ്രികയെപ്പറ്റി അഭിപ്രായം രേഖപ്പെടുത്തുമ്പോൾ വലിയ കോയിത്തമ്പുരാൻ വാരിയരെ "സർവ്വതന്ത്രസ്വതന്ത്രനും, കുശാഗ്രബുദ്ധിയും അശ്രാന്തപരിശ്രമശീലനും" ആണെന്നു വർണ്ണിച്ചിട്ടുള്ളതു വസ്തുതത്വകഥനം മാത്രമാകുന്നു.

## വ്യാഖ്യാനശൈലി

അമരകോശം വിശേഷ്യനിഘ്ന വർഗ്ഗത്തിൽ നിർവാണോ മുനിവഹ്ന്യാദൗ - നിർവാതസ്തു ഗതാനിലേ" എന്ന ശ്ലോകാർദ്ധത്തിലെ പ്രഥമപാദം വാരിയർ ഇങ്ങനെ വ്യാ

ഖ്യാനിക്കുന്നു; - "നിർവാണഃ (അ പു.പ്ര.ഏ) മുനിവഹ്ന്യാദികളുടെ പേർ. നിർഗ്ഗമിച്ചതു് എന്നു നിർവ്വാണ ശബ്ദത്തിന്റെ അർത്ഥമാകുന്നു: നിർഗ്ഗമനകർത്താവു വായുവാകുന്നു എങ്കിൽ നിർവാതഃ എന്നുതന്നെ പ്രയോഗിക്കുകയും വേണം. നിർവാതശബ്ദം 'നിർ' എന്ന ഉപസർഗ്ഗത്തിൽനിന്നു പരമായ 'വാ' എന്ന ധാതുവിൽനിന്നു പരമായി കർത്ത്രർത്ഥകമായ 'ക്ത' പ്രത്യയം വരുമ്പോൾ ഉണ്ടാകുന്നതാകുന്നു. ഇതിന്റെ തകാരത്തിനു നകാരം വിധിക്കപ്പെട്ടിരിക്കുന്നു. വായുവിനെ പറയുന്നതാകുന്നു എങ്കിൽ തകാരത്തിനു നകാരം വരികയുമില്ല. അതുകൊണ്ടു വായുഭിന്നന്മാരായ മുന്യാദികളെ നകാരംകൊണ്ടു വിശേഷിപ്പിക്കാം. 'നിർവാണോമുനിഃ' 'നിർവാണോവഹ്നിഃ' 'നിർവാണോ ഹസ്തീ' ഇങ്ങനെ ഉദാഹരണങ്ങൾ. ഇപ്രകാരമായാൽ നിർവാണശബ്ദം മുനിവഹ്ന്യാദിവാചകമാകുന്നു എന്ന സാരത്തെ ഗ്രഹിച്ചുകൊൾക. 'നിർവാണോ മുനിഃ' എന്ന ഉദാഹരണത്തിങ്കലെ നിർവാണശബ്ദത്തിനു നിർമ്മുക്തൻ എന്നർത്ഥമാകുന്നു. 'നിർവാണോ വഹ്നിഃ' എന്ന ഉദാഹരണത്തിങ്കലെ നിർവാണ ശബ്ദത്തിനു കെട്ടതു് എന്നർത്ഥമാകുന്നു. 'നിർവാണോ ഹസ്തീ' എന്നുള്ള ഉദാഹരണത്തിങ്കലെ നിർവാണശബ്ദത്തിനു മുങ്ങിയവൻ എന്നർത്ഥമാകുന്നു. എങ്കിലും നിർവാണമെന്ന ഒരു ശബ്ദം മുന്യാദിവിശേഷണമായി ചേരുകയാൽ മുനിവഹ്ന്യാദിനാമത്വം നിർവാണശബ്ദത്തിനു സിദ്ധമാകുന്നു എന്നറിഞ്ഞു കൊൾക."

പദസംസ്കാരചന്ദ്രികയിൽ "യതശ്ച നിർദ്ധാരണം" (2-3-4) എന്ന സൂത്രം വ്യാഖ്യാനിക്കുമ്പോൾ വാരിയർ താഴെക്കാണുന്നവിധം അഭിപ്രായപ്പെടുന്നു. "നൃണാമിത്യാദിബഹുവചനം സമുദായത്തിങ്കൽ സ്പഷ്ടമായ അവയവഭേദത്തിന്റെ വിവക്ഷ ഹേതുവായിട്ടു ഉപപന്നമാകുന്നു. അസ്പഷ്ടാർവയവഭേദത്വേന വിവക്ഷയുണ്ടായാലും ഏകവചനം സാധുവായി ഭവിക്കില്ല. എന്തു ഹേതുവായിട്ടെന്നാൽ അതിനു ഹേതു ഭാഷ്യ വിരോധംതന്നെ. 'കാരകേ' എന്ന സൂത്രത്തിന്റെ ഭാഷ്യത്തിങ്കൽ 'കാരകേ' എന്നതു നിർദ്ധാരണസപ്തമിയാകുന്നുവെങ്കിൽ 'കാരകേഷു' എന്നു പറയേണ്ടതാണെന്നു പറഞ്ഞിരിക്കുന്നു. 'മിദചോന്ത്യാൽ പരഃ' എന്നുള്ളേടത്തു് ഏകവചനപ്രയോഗം സൗത്രമാകയാൽ അതിന്നു് അസാധുത്വമില്ല. സ്മൃതിയും വേദവും തുല്യമാകുന്നു എന്നും വേദത്തിൽ കണ്ടതിനെ അനുസരിച്ചു വിധിയെ കല്പിക്കേണമെന്നും ഭാഷ്യത്തിങ്കൽത്തന്നെ പറഞ്ഞിട്ടുണ്ടു്. ഇങ്ങനെയാകയാൽ ലോകത്തിങ്കൽ ഏകവചനം അസാധുതന്നെ എന്നറിഞ്ഞുകൊൾക." ഈ ചർച്ചയൊന്നും കൗമുദിയിലുള്ളതല്ല.

## സംസ്കൃതകവിത

രാമവാരിയർക്കു താൻ ഒരു കവിയാണെന്നു് അഭിമാനമോ കാവ്യരചനയ്ക്കു സമയമോ ഇല്ലായിരുന്നു എങ്കിലും വാഗാനന്ദലഹരി, വാമദേവസ്തവം തുടങ്ങിയ കൃതികൾ അദ്ദേഹത്തിന്റെ വശ്യവചത്വത്തിനു മകുടോദാഹരണങ്ങളാണു്. ഈ കൃതികളിലും പ്രായേണ അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളിലും എല്ലാംതന്നെ തന്റെ ഉപാസനാമൂർത്തിയായ ധേനുസരസ്വതിയെ വന്ദിക്കുന്ന ശ്ലോകമുണ്ടു്.

"നത്വാർക്കമണ്ഡലസ്ഥാം വാഗ്ധേനും" എന്നു വാഗാനന്ദലഹരിയിലും, "വാചം ധേനുമനുസ്മൃത്യ വരദാം" എന്നു വാമ

ദേവസ്തവത്തിലും, "അനുചിന്ത്യ ഗിരാം ദേവീം രവിമണ്ഡലവാസിനീം" എന്നു പദസംസ്കാരചന്ദ്രികയിലും കാണുന്നു. കവിയുടെ നാമത്രയത്തിൽ ഒന്നായ വാഗ്ദാസശബ്ദത്തിനും ഈ ഉപാസനതന്നെയാണു് നിദാനം. സൗന്ദര്യലഹരിയെ അനു

കരിച്ച 108 ശ്ലോകങ്ങളിൽ വാശ്ദേവിയെ വന്ദിക്കുകയാണ് വാഗാനന്ദലഹരികൊണ്ട് അദ്ദേഹം സാധിച്ചിരിക്കുന്നത്. ഒരു ശ്ലോകം ഉദ്ധരിയ്ക്കാം.

“കവീന്ദ്രാണാമന്തഃകരണമധുപശ്ല്രാണപദവീ–
പദാതിത്വം ധത്തേ മുഹുരയി യദാമോദവിഭവഃ
തദേതൽ പോതത്വം ഭവജലനിധൗ ബിഭ്രദിഹ തേ
പദദ്വന്ദ്വം ഹേതുഃ പ്രണതജയലക്ഷ്മ്യാ വിജയതേ.”

ശിവവർണ്ണനപരമായ വാമദേവസ്തവത്തിൽ ഫലശ്രുതികൂടാതെ നാല്പത്തിരണ്ടു പദ്യങ്ങൾ അടങ്ങിയിരിക്കുന്നു. വാഗാനന്ദലഹരി ശിഖരിണീവൃത്തത്തിലും വാമദേവസ്തവം സ്രഗ്ദ്ധരാവൃത്തത്തിലുമാണ് നിർമ്മിച്ചിരിക്കുന്നത്. ഒരു ശ്ലോകം പ്രദർശിപ്പിക്കാം.

“ഗംഗാഹേമാംബുജോത്ഥൈഃ പ്രണിഹിതകളമാ–
 ഗ്രൗഘദീപ്തീൻ പരാഗൈ–
സ്സംഗൃഹ്ണാനഃ കപർദ്ദാംസ്ത്രിണയന പരിത–
 സ്താവകാനാവഹേന്നഃ
ക്ഷേമാണ്യുദ്ദാമഫൂൽകൃത്യപതുഷിതഫണാ–
 ശൂർപ്പസമ്പൂർണ്ണരത്ന–
ച്ഛായാസഞ്ചാരസമ്പാദിതജഗദുദര–
 ധ്വാന്തഭംഗോ ഭുജംഗഃ.”

വാരിയരുടെ കാവ്യശൈലി അത്യന്തം പ്രൗഢവും കല്പന സാമാന്യേന പണ്ഡിതൈകഗ്രാഹ്യവുമാകയാൽ ലഹരിക്കു “ഹൃദ്യ”യെന്നും സ്തവത്തിന് “അർത്ഥപ്രകാശിക” യെന്നും ഓരോ വിസ്തൃതമായ വ്യാഖ്യാനവും അദ്ദേഹംതന്നെ രചിച്ചിട്ടുണ്ട്.

## ഭാഷാകവിത

ഭാഷാകവിതകളുടെ നേർക്കു വാരിയർക്കു മമത ഇല്ലായിരുന്നു. “ഭാഷാസൂക്തിനിബന്ധനാനി ബഹവഃ കർവന്തി നാമാധുനാ ദോഷം കഞ്ചന തേഷു നാവകലയേ ജാനാമി നോ വാ ഗുണാൻ” എന്ന് അദ്ദേഹം ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. രണ്ടുമൂന്നു മുക്തകങ്ങൾമാത്രമേ ശ്ലോകരൂപത്തിൽ ഭാഷയിൽ നമുക്ക് അദ്ദേഹത്തിൽനിന്നു ലഭിച്ചിട്ടുള്ളു. അവ ആസ്വാദ്യങ്ങളായിരിക്കുന്നു. രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

1 “കെട്ടും ഭുജാലതകൾകൊണ്ടവളങ്ങൊരിക്കൽ
കൂട്ടും കടാക്ഷവടികൊണ്ടടി മറ്റൊരിക്കൽ
പെട്ടെന്നു വാഗമൃതവീചിയിലിട്ടു മുക്കും
തട്ടംതിരിച്ചിലിവിടെപ്പലതുണ്ടു പാർത്താൽ.”
2 “ജലജപതി മറഞ്ഞതില്ല മുറ്റും
തവമുടികൊണ്ടു നിറഞ്ഞു കൂരിരുട്ടും
അതിനിടയിൽ മുഖേന്ദു വന്നുദിച്ചി–
ട്ടതിനെ നിജേന ബലേന പിന്നിലാക്കി.”

ഭഗവൽഗീത കിളിപ്പാട്ടായി എഴുതണമെന്ന് ഒരിക്കൽ ആലോചിച്ചു. അതു മുഴുമിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

“ശാരീകുലത്തിന്നലങ്കാരഹീരമേ!
ശാരദാപാദാബ്ജസേവൈകതൽപരേ!

ശാരികപ്പൈതലേ! സച്ചരിതാഖ്യാവി–
ശാരദേ! ശ്രീചാരുമൂർത്തേ! സുഭാഷിണി!
ഭാരതവൃത്തങ്ങൾ മിക്കതുമൊട്ടൊട്ടു
സാരംശമാദായ ചൊല്ലി നീയെന്നതിൽ
വീരനാമർജ്ജുനൻതന്നുടെ ചേതസി
ചേരാതവണ്ണം നിറഞ്ഞു ചമഞ്ഞൊരു
ഘോരവിഷാദങ്ങൾ ദൂരവേനീങ്ങിട്ടു–
മാറു ഭഗവാനരുൾചെയ്തതിന്നതെ–
ന്നാരും ഗ്രഹിക്കേണ്ട ഞങ്ങളിലെന്നൊരു
നീരസഭാവം നിനക്കു ഞങ്ങളിലെന്നൊരു
കാരണമെന്തെന്നു ഞാനറിഞ്ഞീല തൽ–
സാരം ഗ്രഹിപ്പാനെനിക്കുമിന്നാഗ്രഹം."

## ചില ഐതിഹ്യങ്ങൾ

രാമവാരിയർക്കു സംസ്കൃതത്തിൽ ദ്രുതകവനം സുകരമായിരുന്നു. ഒരിക്കൽ അദ്ദേഹം വിജ്ഞാന ചിന്താമണിയിൽ

"അഭിനവനവനീതമുഷേ ഘോഷവധൂടീസ്തനോത്തരീയകൃഷേ
ശിഖിപിഞ്ഛശേഖരജുഷേ ശിശവേ കസ്മൈചിദവ്യയാ നമഃ

എന്നൊരു മംഗലശ്ലോകം പ്രസിദ്ധീകരിച്ചു. ഒടുവിലത്തെ പാദം 'ഷേ' എന്ന അക്ഷരത്തിൽ അവസാനിപ്പിക്കാത്തതു ഭംഗിയായില്ല എന്നു ചിലർ പറഞ്ഞപ്പോൾ തന്റെ 'ഷ' പെട്ടി ഒന്നുകൂടി തുറക്കാം എന്നു പറഞ്ഞുകൊണ്ട് ആദ്യത്തേതിനുപകരം മാറ്റൊരു ശ്ലോകം ചൊല്ലിക്കൊടുത്തു.

"ശേഷേശയായ വിദുഷേ, വേഷേണാഭീരബാലസാമ്യജുഷേ,
തോഷാദുലൂഖലകൃഷേ ഘോഷപുഷേ രോചിഷേ നമോജനുഷേ."

എന്നതാണ് ആ ശ്ലോകം. മറ്റൊരിക്കൽ "ബദ്ധോ ഹി നാഗോ ജലബിന്ദുനാസീൽ" എന്നൊരു സമസ്യ താഴെക്കാണുന്ന വിധത്തിൽ പൂരിപ്പിച്ചു.

"സിംഹാദ്ഭിയാനുവ്രജതഃ പ്രധാവൻ
സാകം കരിണ്യാ പഥി നിഷ്പതന്ത്യാഃ
ഗർത്തേതിശോകാന്നയനസ്രുതാസ്യാ
ബദ്ധോ ഹി. . . . . . . . . . . . . . . . . . . . . . . . . . . . . . . . . "

ഒരവസരത്തിൽ വാരിയർ പുന്നശ്ശേരി നമ്പിയോടു സംസ്കൃതഭാഷയിൽ ആരു് ഏതു മാതിരി അബദ്ധം വിജ്ഞാനചിന്താമണിയിൽ ചേർക്കുകയാണെങ്കിലും വാദമുണ്ടായാൽ താൻ അതു സുബദ്ധമാണെന്നു സമർത്ഥിച്ചുകൊള്ളാമെന്നു വാഗ്ദാനംചെയ്തതായി നമ്പിയുടെ മുഖത്തുനിന്നു ഞാൻ കേട്ടിട്ടുണ്ട്. ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ ഒരിക്കൽ താൻ നിരർത്ഥകമാണെന്നു ധരിച്ചിരുന്ന ഒരു ശ്ലോകത്തിന് എന്താണ് അർത്ഥമെന്നു വാരിയരോടു ചോദിച്ചു. ചുവടെ ചേർക്കുന്നതാണ് ആ ശ്ലോകം.

"പതിരതീവ ധനീ സുഭഗോ യുവാ

പരവിലാസവതീഷു പരാങ്മുഖഃ
ശിശുരലംകുരുതേ സദനം സദാ
കിമപിവാ സുദതീ രുദതീ ഭൃശം."

'സുഭഗ'നെന്നാൽ നല്ല (ഭം) നക്ഷത്രത്തിൽമാത്രം പതിയെ പ്രാപിക്കുന്നവനെന്നാണർത്ഥം എന്നും, പതി മറ്റു ദിവസങ്ങളിലെ വിയോഗാർത്തികൊണ്ടു രോദിക്കുന്നതാണ് പ്രകൃതമെന്നും വാരിയർ പറഞ്ഞപ്പോൾ മന്നാടിയാൽ അത്ഭുതപ്പെട്ടുപോയി. മറ്റൊരിക്കൽ കഥാനായകൻ മഹാവൈയാകരണനായ കിഴക്കേപ്പല്ലത്തു ശങ്കരൻ മൂസ്സതിന്റെ ഗൃഹത്തിൽ ചെന്നപ്പോൾ മൂസ്സതു വാരിയരുടെ ബുദ്ധിസാമർത്ഥ്യത്തിന്റെ അഗാധത പരിശോധിക്കുന്നതിനായി ഏറ്റവും കഠിനമായ ഒരു ശ്ലോകമുണ്ടാക്കി രാത്രി കിടക്കാൻ പോകുമ്പോൾ കൊടുത്തു. "വാരിയർ, ഇതിന്റെ അർത്ഥം ഞാൻ നാലഞ്ചുനാഴിക വെളിപ്പിനു കുളിക്കുവാൻ പോകുമ്പോൾ എന്നെ ചൊല്ലിക്കേൾപ്പിക്കണം" എന്നപേക്ഷിച്ചു. വാരിയർക്കുണ്ടോ അതുകൊണ്ടൊരു കുലുക്കം? അർത്ഥം കണ്ടുപിടിച്ചു നിർദ്ദിഷ്ടസമയത്തുതന്നെ മൂസ്സതിനെ ചൊല്ലിക്കേൾപ്പിച്ചു എങ്കിലും "ഈ ശ്ലോകം ഇന്നലെ എന്നെ ഉറക്കിയില്ല" എന്നുകൂടി പറഞ്ഞു. ശ്ലോകം താഴെച്ചേർക്കുന്നു.

"യസ്യാർക്കാതിശയാ പ്രഹർഷജനനീ ഭദ്രേണ ഭാഗീരഥീ
സാ മാലാത്യധിമൗലി ലോചനപദേ ചിത്രം കരാബ്ജം വിദുഃ
വാമാർദ്ധാങ്ഗമുമാപി യോ ദഹതി ഗവ്യേന സ്മരണേ സ്മരം
സൽക്ഷേമായ സ സർവകാലമപി യോ വേദാത്മഭൃതസ്സ നഃ."

## ഉപ്പോട്ടു കണ്ണൻ (1000—1060)

### ചരിത്രം

ഉപ്പോട്ടു കണ്ണൻ 1000-ാണ്ടു മേടമാസം 12-ാംനു വടക്കേ മലബാറിൽ കണ്ണൂരിൽ ജനിച്ചു. ബാല്യത്തിൽ സ്വല്പം സംസ്കൃതം അഭ്യസിച്ചതിനുമേൽ സ്വദേശത്ത് ഇംഗ്ലീഷ് പട്ടാളക്കാരുടെ ആവശ്യത്തിനായി സ്ഥാപിച്ചിരുന്ന ഗവർമ്മെന്റു റജിമെന്റൽസ്കൂളിൽ ചേർന്നു ഇംഗ്ലീഷ് പഠിച്ചു. ആ രണ്ടു ഭാഷകളിലും കാലക്രമത്തിൽ നല്ല പരിജ്ഞാനം നേടുവാൻ വ്യവസായശീലനായ അദ്ദേഹത്തിനു സാധിച്ചു. വൈദ്യശാസ്ത്രത്തിൽ പ്രശംസനീയമായ പാണ്ഡിത്യം സമ്പാദിച്ചു. 25-ാമത്തെ വയസ്സിൽ മലബാറിലെ ആദ്യത്തെ ഇൻഡ്യൻ ഡെപ്യൂട്ടികലക്ടരായ ചൂര്യയിൽ കണാരന്റെ സാഹായംകൊണ്ട് ആ ആഫീസിലെ ഒരു പകർപ്പുഗുമസ്തനായി നിയമിക്കപ്പെട്ടു. കണാരൻ അന്നു ഹജ്ജൂരിൽ നായിബ് (രണ്ടാം) ശിരസ്തദാരായിരുന്നു. അദ്ദേഹം മയ്യഴിക്കാരനാണ്. ക്രി.പി. 1812-1876 ഈ വർഷങ്ങൾക്കിടയിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതകാലം. കണ്ണൻ ഉദ്യോഗസോപാനത്തിൽ പടിപ്പടിയായി ഉയർന്നു 1042 മുതൽ ഹജ്ജൂർ ശിരസ്തദാരായും 1045 മുതൽ കണാരൻ പെൻഷൻപറ്റിയപ്പോൾ ഡെപ്യൂട്ടി കലക്ടരായും രാജ്യസേവ ചെയ്തു. ഗവർമ്മെണ്ടിന്റേയും പൊതുജനങ്ങളുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിച്ച് 1060-ാണ്ടുമീനമാസം 31-ാംനു വാതരോഗംനിമിത്തം മരിച്ചു.

### കൃതികൾ

ഉപ്പോട്ടു കണ്ണൻ (1) അഷ്ടാങ്ഗഹൃദയം താൻ എഴുതിയ ഭാസ്കരം എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടി 1048 തുലാം 22-ാംനു പ്രസിദ്ധീകരിച്ചു. "ജഗച്ചക്ഷുര്യദോൽപന്നഃ

കുജവാരോദയഃ കലിഃ” എന്ന അന്നത്തെ കലിദിനവാക്യം കൊണ്ടു് ആ തീയതി അറിയാം. അതുകൂടാതെ (2) യോഗാമൃതം എന്ന സുപ്രസിദ്ധമായ പഴയ വൈദ്യമണിപ്രവാളവും താൻ ഉണ്ടാക്കിയ ലഘുടിപ്പണിയോടുകൂടി അച്ചടിപ്പിച്ചു. അതു് 1046-ാണ്ടിടയ്ക്കാണ്. യോഗാമൃതകാരൻ പെരിഞ്ചല്ലൂർ ഗ്രാമത്തോടു ബന്ധമുള്ള ഒരു നമ്പൂരിയാണെന്നു് ഊഹിയ്ക്കാം. തൃപ്പറയാറ്റുകാരനാണെന്നു ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ പറയുന്നതിന് ആസ്പദമെന്തെന്നറിയുന്നില്ല. താഴെ ഉദ്ധരിക്കുന്നവയിൽ രണ്ടാമത്തെ ശ്ലോകം നോക്കുക.

“പൂമാതാൽ വീക്ഷ്യമാണം കലശജലനിധേ–
 ർമ്മഥ്യമാനാൽപ്പുറപ്പെ–
ട്ടാമോദോദ്വേലകല്ലോലിതജലകണമേ–
 റ്റേറ്റു വിഭ്രാജമാനം
ഹേമാലങ്കാരകാന്താരഗമിത തൊഴുതേൻ
 ധാമ ധാന്വന്തരം തൽ
ക്ഷൌമാബദ്ധോത്തമാങ്ഗം കരലസദരിശം–
 ഖാബ്ജപീയൂഷകുംഭം.
ചെല്ലൂരാവാസി ഭദ്രം പ്രദിശതു സശിവം
 ധാമ മേ ഞാൻ ചുരുക്കി–
ച്ചൊല്ലീടുന്നേൻ ചികിത്സാസരണി ചില ധരി–
 പ്പാൻ ഭിഷഗ്ബാലകാനാം
കൊള്ളാമെന്നോർത്തു കൈക്കൊണ്ടരുളുക ഭിഷജോ
 വീക്ഷ്യ യോഗാമൃതം തൽ
കല്യാണം മൽപ്രബന്ധം പുനരിത തൊഴുതേ–
 നേഷ സദ്ഭ്യോപി തേഭ്യഃ.”

“ഹേമാലങ്കാരകാന്താരം” എന്ന ക്ഷേത്രം ഏതെന്നു മനസ്സിലാക്കുന്നില്ല. അഷ്ടാങ്ഗസാരം എന്ന വൈദ്യഗ്രന്ഥത്തിന്റെ പ്രണേതാവും യോഗാമൃതകാരൻതന്നെയാണ്. അതിലും

“ഹേമാലങ്കാരകാന്താരധാമാ സ പുരുഷോത്തമഃ
ശ്രീമാനമൃതഹസ്തോ നഃ ക്ഷേമായാസ്തു ഭിഷങ്മണിഃ”

എന്നൊരു വന്ദനശ്ലോകം കാണുന്നു. അദ്ദേഹം ഒമ്പതാം ശതകത്തിൽ ജീവിച്ചിരുന്നതായി ഭാഷാശൈലിയിൽനിന്നു് ഉദ്ദേശിക്കാവുന്നതാണു.

## ആറ്റുപുറത്തു് ഇമ്പിച്ചൻഗുരുക്കൾ (1027–1076)

### ചരിത്രം

ആറ്റുപുറത്തു ഇമ്പിച്ചൻഗുരുക്കൾ 1027-ാണ്ടു കുംഭമാസം അവിട്ടം നക്ഷത്രത്തിൽ വടക്കേ മലബാർ കൊയിലാണ്ടിയിൽ ആറ്റുപുറത്തു ചാത്തുവിന്റേയും ചെട്ടിയേടത്തു ചോയിച്ചിയുടേയും പുത്രനായി ജനിച്ചു. മാതാവിന്റെ കുടുംബത്തെയും കൂടി അനുസ്മരിച്ച് ആറ്റുപുറത്തു് ചെട്ടിയേടത്തു് ഇമ്പിച്ചൻഗുരുക്കളെന്നും അദ്ദേഹത്തെ പറയാറുണ്ടു്. അവർ ജാതിയിൽ കണിശന്മാരായിരുന്നു; വലിയ ദാരിദ്ര്യത്തിലാണ് കഴിഞ്ഞുകൂടിയിരുന്നതു്. ഇമ്പിച്ചൻ തന്റെ അമ്മാമനായ മറ്റൊരു ഇമ്പിച്ചൻ നടത്തിവന്ന മീത്തലെ എഴുത്തുപള്ളിയിൽ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞതിനുമേൽ തലശ്ശേരിയിൽ

ഗവർമ്മെന്റു സ്കൂളിലും പിന്നീടു കോഴിക്കോട്ടു ഗവർമ്മെന്റു പ്രൊവിൻഷ്യൻ സ്കൂളിലും പഠിച്ച് അവിടത്തെ ട്രാൻസ് ലേഷൻപരീക്ഷയിലും മറ്റും വിജയം നേടി. മേല്പറഞ്ഞ അമ്മാമനാണ് വിദ്യാഭ്യാസ സംബന്ധമായുള്ള ചെലവുകൾ നിർവഹിച്ചതു്. വടക്കേ മലബാറിൽ കണിശർ, കമ്മാളർ, തീയർ ഈ ജാതികളിൽപെട്ട അദ്ധ്യാപകന്മാരെ പ്രായേണ ഗുരുക്കന്മാരെന്നു പറഞ്ഞുവരുന്നു. ചില നായന്മാരായ അദ്ധ്യാപകന്മാരെയും അങ്ങനെ പറയും. അനന്തരം ഉപ്പോട്ടു കണ്ണന്റെ അഷ്ടാങ്ഗഹൃദയവ്യാഖ്യ മുദ്രണം ചെയ്ത അവസരത്തിൽ അതിന്റെ പ്രൂഫ് പരിശോധകനായിക്കൂടി. അതിനു മേലാണ് കാര്യമായി സംസ്കൃതം പഠിച്ചു തുടങ്ങിയതു്. പാലക്കാട്ടു ശേഖരീപുരം ശേഷുശാസ്ത്രികളുടെ ശിഷ്യനായ അമ്പ്രമോളി രാമുണ്ണിവൈദ്യരുടെ ശിഷ്യസ്ഥാനം സ്വീകരിച്ചു കാവ്യനാടകാലങ്കാരങ്ങളിൽ പരിനിഷ്ഠിതവും തർക്കശാസ്ത്രത്തിൽ സാമാന്യവുമായ പരിജ്ഞാനം സമ്പാദിച്ചു. അതിനുമുൻപുതന്നെ ജ്യോതിഷത്തിലും പ്രായോഗികമായ അറിവു നേടിക്കഴിഞ്ഞിരുന്നു. പിന്നീടു വ്യാകരണം അഭ്യസിക്കുന്നതിനായി പരദേശത്തേയ്ക്കു പോയി. മദിരാശി പ്രസിഡൻസികോളേജിലെ മലയാളപണ്ഡിതരായ മൂളിയിൽ കൃഷ്ണന്റെ സാഹായ്യത്തിൽ അവിടെ താമസിച്ച് ആ ശാസ്ത്രത്തിലും നിഷ്ണാതനാകുകയും അതിനുപുറമേ തർക്കശാസ്ത്രത്തിൽ ചില ഉപരിഗ്രന്ഥങ്ങൾകൂടി വായിക്കുകയും ചെയ്തു. വിദ്യാഭ്യാസം പൂർത്തിയായതിനുമേൽ ആറ്റുപുറത്തു തിരിയെപ്പോന്ന് ഒരു പാഠശാല സ്ഥാപിച്ച് ഒട്ടുവളരെ ശിഷ്യന്മാരെ സംസ്കൃതം പഠിപ്പിച്ചു. 1076-ാണ്ട് കുംഭമാസം 22-ാംനു മരിച്ചു.

## കൃതികൾ

ഇമ്പിച്ചൻ ഗുരുക്കളുടെ പ്രധാനകൃതി തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടെ പ്രവേശകം എന്ന വ്യാകരണഗ്രന്ഥത്തിന്റെ ഭാഷാവ്യാഖ്യാനമാണ്. അതിൽ തന്റെ ഗുരുനാഥനായ രാമുണ്ണിവൈദ്യരെ താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ വന്ദിച്ചിരിക്കുന്നു.

> “ശ്രീമാനംബരമൗലിനാമകഗൃഹാലങ്കാരഹീരായിതഃ
> ശ്രീരാമോഭിധയാ ഗുരുർവിജയതേ ദോഷജ്ഞചൂഡാമണിഃ
> യസ്യാനർഘഗുണോൽകരാ സുകവിതാ പ്രോദ്യദ്രസാലംകൃതാ
> സദ്രൂപാ സുരസുന്ദരീവ ബുധലോകാനന്ദസന്ദായിനീ.”

ഈ കൃതിയുടെ ആദ്യഭാഗമേ പ്രസിദ്ധീകരിച്ചിട്ടുള്ളു. അതു കൂടാതെ (2) ധാരാകല്പം എന്നൊരു വൈദ്യഗ്രന്ഥവും, (3) മനീഷാ പഞ്ചകം എന്ന ശങ്കരാചാര്യരുടെ വേദാന്തപ്രകരണവും അദ്ദേഹം വ്യാഖ്യാനസഹിതം പ്രസിദ്ധീകരിച്ചിട്ടുണ്ട്. (4) രാഘവാമൃതം എന്നു രാമായണകഥയെ ആസ്പദമാക്കി ഒരു സംസ്കൃതകാവ്യം രചിച്ചിട്ടുണ്ടെന്നും (5) കഥാസരിത്സാഗരം മലയാളത്തില വിവർത്തനം ചെയ്തിട്ടുണ്ടെന്നും കേട്ടുകേൾവിയേ ഉള്ളു. (6) അഷ്ടപടി ആട്ടം എന്നൊരു കൃതിയും നിർമ്മിച്ചിട്ടുണ്ടുപോൽ. (7) ഭാഗവതം അദ്ദേഹം ഭാഷാഗദ്യരൂപത്തിൽ പരാവർത്തനംചെയ്തിട്ടുള്ളതിൽ ഒരു ഭാഗം ചുവടേ കുറിക്കുന്നു.

മൂലം:

> “സ ഏഷ ലോകവിഖ്യാതഃ പരീക്ഷിദിതി യൽപ്രഭുഃ
> ഗർഭദൃഷ്ടമനുധ്യായൻ പരീക്ഷേത നരേഷ്വിഹ.
> സ രാജപുത്രോ വവൃധ ആശു ശുക്ല ഇവോഡുപഃ
> ആപൂര്യമാണഃ പിതൃഭിഃ കാഷ്ഠാഭിരിവ സോമ്വഹം.”

(ഭാഗവതം 1-12-30, 31)

### തർജ്ജമ

“മുമ്പു മാതാവിന്റെ ഗർഭപാത്രത്തിൽ കണ്ടിട്ടുണ്ടായിരുന്ന ദിവ്യപുരുഷനെ മനസ്സിൽ വിചാരിച്ചിട്ട് ഇവൻ അവനായിരിക്കുമോ എന്നു തന്റെ ജനങ്ങളെ എല്ലാവരേയും പരീക്ഷിക്കകൊണ്ട് ഈ പ്രഭു പരീക്ഷിത്ത് എന്നു ലോകത്തിൽ പ്രസിദ്ധനായും വന്നു. ശുക്ലപക്ഷത്തിലെ ചന്ദ്രൻ കലകളാൽ പോഷിപ്പിക്കപ്പെടുന്നതുപോലെ ആ രാജകുമാരനും പിതൃക്കളാൽ അന്നാദികളേക്കൊണ്ടു പോഷിപ്പിക്കപ്പെട്ടു.” സ്വാശ്രയശക്തികൊണ്ടുമാത്രം ഉയർന്നു സമർത്ഥമായി മാതൃഭാഷയെ സേവിച്ച കേരളപണ്ഡിതന്മാരുടെ പങ്ക്തിയിൽ ഗുരുക്കൾക്കും ഒരു സ്ഥാനത്തിന് അവകാശമുണ്ട്.

## മാടായി മന്ദൻഗുരുക്കൾ (1005?-1037)

### ചരിത്രം

വടക്കേ മലയാളത്തിലെ തീയരുടെ ഇടയിൽ സാമാന്യം പ്രസിദ്ധിയുള്ള തലശ്ശേരി തിരുവങ്ങാട്ടു മാടായിത്തറവാട്ടിലാണ് മന്ദൻഗുരുക്കളുടെ ജനനം. 1005-നും 1009-നും ഇടയ്ക്കായിരുന്നു അദ്ദേഹം ജനിച്ചത് എന്നറിയാം. പിതാവു കൂടക്കായി കണ്ണൻ വൈദ്യനായിരുന്നു. സംസ്കൃതം പഠിച്ചതു മേനപ്രം അംശക്കാരനായ പുതുശ്ശേരി ചാത്തുഗുരുക്കളോടാണ്. ചാത്തുഗുരുക്കൾ ഊരാച്ചേരി ഗുരുക്കന്മാരെന്നു വിഖ്യാതി നേടിയ ഒരു കുടുംബത്തിലെ അംഗമായിരുന്നു. ജ്യോതിഷം, വൈദ്യം എന്നീ ശാസ്ത്രങ്ങളിൽ നല്ല വൈദുഷ്യം സമ്പാദിച്ചതിനുപുറമേ വ്യാകരണവും തർക്കവുംകൂടി മന്ദൻ ഗുരുക്കൾ അഭ്യസിച്ചിരുന്നു. തിരുവങ്ങാട്ടു തലായി എന്ന സ്ഥലത്ത് ഒരു വിദ്യാലയം സ്ഥാപിച്ച് അവിടെ അധ്യാപക വൃത്തിയിൽ ഏർപ്പെട്ടു കാലയാപനംചെയ്തു. അവിടെയായിരുന്നു അദ്ദേഹത്തിന്റെ ഗൃഹം. 1037-ാണ്ടിടയ്ക്കു മുപ്പത്തി രണ്ടാമത്തെ വയസ്സിൽ മരിച്ചു.

### കൃതികൾ

ഗുരുക്കളുടെ പ്രധാനകൃതി നളചരിതം കാവ്യമാണ്. കുഞ്ചന്റെ ശ്രീകൃഷ്ണചരിതം കഴിഞ്ഞാൽ ആ രീതിയിൽ രചിച്ചിട്ടുള്ള രണ്ടാമത്തെ കാവ്യം നളചരിതമാണെന്നു തോന്നുന്നു. അതിൽനിന്ന് ഒരു ശ്ലോകം ഉദ്ധരിക്കാം.

> “ഭീമാഖ്യക്ഷിതിപകുമാരിയെന്നു കേട്ടു
> വാമാക്ഷിക്കിഹ ദമയന്തിയെന്നു പേർപോൽ
> നാമിന്നിത്തരുണിയെയിങ്ങു കൊണ്ടുപോരാ–
> നാമെങ്കിൽപ്പരിചൊടുടൻ തുടർന്നിടേണം.”

പിന്നീട് (2) പതിവ്രതാധർമ്മം എന്നൊരു കൃതി ദ്രാവിഡ വൃത്തത്തിൽ നിർമ്മിച്ചു. ഒടുവിലത്തെ കൃതിയായ (3) പാർവ്വതീ പരിണയകാവ്യം പൂർത്തിയാകുന്നതിനു മുൻപായിരുന്നു മരണം.

## കാരായി കൃഷ്ണൻഗുരുക്കൾ (1030–1063)

### ചരിത്രം

കാരായി കൃഷ്ണൻഗുരുക്കൾ വടക്കേ മലബാറിൽ ചിറയ്ക്കൽത്താലൂക്കിൽ കണ്ണൂരിൽ ഒതയോത്തുവീട്ടിൽ 1030-ാണ്ടു് കന്നിമാസത്തിൽജനിച്ചു. അസാമാന്യമായ സഹൃദയത്വത്താലും ആശ്ചര്യജനകമായ വാസനയാലും അനുഗൃഹീതനായിരുന്നുവെങ്കിലും കഠിനമായ ത്വഗ്രോഗപീഡ നിമിത്തം 1063 കന്നിയിൽ അല്പായുസ്സായി ചരമഗതിയെ പ്രാപിച്ചു. അദ്ദേഹത്തിന്റെ വാങ്മയങ്ങൾ എല്ലാംതന്നെ അമൃതനിഷ്യന്ദികളാകുന്നു.

### കൃതികൾ

(1) രുക്മിണീപരിണയം മണിപ്രവാളം, (2) രാമായണം മണിപ്രവാളം, (3) ആദിത്യഹൃദയം-90 ശ്ലോകങ്ങൾ, (4) ലക്ഷണാപരിണയം ഓട്ടൻതുള്ളൽ, (5) അലങ്കാരത്തിൽ നായകപ്രകരണത്തിനു ഭദ്രാവ്യാനം എന്ന ഭാഷാവ്യാഖ്യാനം, (6) കുചേലകൃഷ്ണീയം യമകകാവ്യം ഇവയാണ് കൃഷ്ണൻഗുരുക്കളുടെ പ്രധാനകൃതികൾ. ഇവയിൽ പലതും എനിക്കു കാണ്മാൻ സംഗതിവന്നിട്ടില്ല. യമകകാവ്യം സംസ്കൃതമോ മലയാളമോ എന്നുപോലും നിശ്ചയമില്ല. ആദിത്യഹൃദയം സംസ്കൃതമാണെന്നു തോന്നുന്നു. ചില കൃതികളിൽ നിന്ന് ഉദ്ധാരണങ്ങൾ ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്.

രുക്മിണീപരിണയം:

“ഗണാധിപൻതൻ ചരണാംബുജദ്വയം
ഗുണാഭിവൃദ്ധ്യൈ സതതം നതോസ്മി ഞാൻ
പ്രണാമമാത്രേണ സമസ്തകില്ബിഷ–
പ്രണാശനം സർവസുപർവപൂജിതം.”

രാമായണം:

“കഥയ ജനനി! കിം വിഷീദസി ത്വം?
കഥമതിസിക്തമിഹാശ്രുണാ മദംഗം?
പ്രഥയതി സുതരാം മുഖം ഭവത്യാഃ
പൃഥുശുചമാശു വദാംബ! ദുഃഖഹേതുകം.”

ആദിത്യഹൃദയം:

“അരുണസാരഥിമിന്ദ്രമുഖാമര–
പ്രകരപൂജിതപാദസരോരുഹം
സരസിജാസനവിഷ്ണുശിവാത്മകം
സദയമാശ്രിതവത്സലമാശ്രയേ.”

സംസ്കൃതപ്രധാനങ്ങളാണ് പ്രസ്തുത കവിയുടെ നിബന്ധങ്ങൾ എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

## നരിക്കുനി ഉണ്ണീരിക്കുട്ടിവൈദ്യൻ (1023–1084)

### ചരിത്രം

നരിക്കുനി ഉണ്ണീരിക്കുട്ടിവൈദ്യൻ 1023-ാണ്ടു ചിങ്ങമാസത്തിൽ കോഴിക്കോട്ടുതാലൂക്കു കുന്ദമങ്ങലം ചെറുകുളത്തൂർദേശത്തു നരിക്കുനി എന്ന തറവാട്ടിൽ രാമന്റെ പു

ത്രനായി ജനിച്ചു. പത്തുവയസ്സവരെ സ്വദേശത്തു മരുമയിൽ രാമപ്പണിക്കരോടു സംസ്കൃതത്തിൽ ബാലപാഠങ്ങളും ഗ്രഹഗണനാന്തംവരെ ജ്യോതിഷവും പഠിച്ചു. 1034-ൽ ആ സ്ഥലത്തു തന്നെ കറുത്തേടത്തുകണ്ടിയിൽ ഒരു എഴുത്തുപള്ളി സ്ഥാപിച്ച് അവിടെ ഒരു കൊല്ലത്തോളം അദ്ധ്യാപകനായി കഴിച്ചുകൂട്ടി. 1035-ൽ കോഴിക്കോട്ടേയ്ക്കു പോയി. അടുത്ത കൊല്ലം അച്ഛൻ മരിച്ചു. അതിനുമേൽ കോഴിക്കോട്ടു മൂത്തോറൻ എഴുത്തച്ഛന്റെ ശിഷ്യനായി കാവ്യങ്ങൾ അഭ്യസിച്ചു. പിന്നീടു പിലാശ്ശേരി പേരു എന്നൊരാളുടെ സഹായത്തോടുകൂടി അവിടെത്തന്നെ ഇംഗ്ലീഷുപള്ളിക്കു സമീപം ഒരു പള്ളിക്കൂടം നടത്തി. ഗ്രന്ഥമെഴുത്തിൽ വളരെ നൈപുണ്യമുണ്ടായിരുന്നതിനാൽ അധ്യാത്മരാമായണം കിളിപ്പാട്ടു പലർക്കും ഓലയിൽ പകർത്തിയെഴുതിക്കൊടുത്ത് അങ്ങനെയും കുറെ ധനം സമ്പാദിച്ചു. സ്വകുടുംബത്തിൽ പരമ്പരാഗതമായിരുന്ന വൈദ്യവൃത്തിയിൽ ഏർപ്പെടുന്നതിനുവേണ്ടി കാട്ടുകണ്ടി വട്ടാമ്പോയിൽ വലിയ ചാത്തുണ്ണി വൈദ്യരോട് അഷ്ടാംഗഹൃദയവും ചരകസുശ്രുതാദിഗ്രന്ഥങ്ങളും അഭ്യസിക്കുകയും പര്യാപ്തമായ ചികിത്സാപരിചയം സമ്പാദിക്കുകയും ചെയ്തു. 1946-ൽ ചികിത്സ ആരംഭിച്ചു. ഉപ്പോട്ടു കണ്ണന്റെ ഭാസ്കരവ്യാഖ്യാനം പ്രസിദ്ധീകരിക്കുന്ന വിഷയത്തിൽ വൈദ്യരുടേയും സഹായം ഉണ്ടായിട്ടുണ്ട്. 1049-ൽ പില്ക്കാലത്തു കേരളവിദ്യാശാലയിലെ സംസ്കൃതപണ്ഡിതർ ഏ. വെങ്കടസുബ്രഹ്മണ്യശാസ്ത്രികളോടു വ്യാകരണവും തർക്കവും വേദാന്തവും പഠിച്ചു. ഒരു വൈദ്യനെയും പണ്ഡിതനെന്നുമുള്ള നിലകളിൽ കഥാപുരുഷന് അസാമാന്യമായ ഖ്യാതി നേടുവാൻ സാധിച്ചു. അതോടുകൂടി അധ്യാപകവൃത്തിയും തുടർന്നുകൊണ്ടുപോയി. 1054-ൽ പിലാശ്ശേരിപ്പറമ്പിൽ നിന്നു തന്റെ പള്ളിക്കൂടം നായ്ക്കർമഠത്തിലേയ്ക്കു മാറ്റി അവിടെ പിന്നെയും ആറുകൊല്ലം പണി നോക്കി. 1084 കർക്കടകത്തിൽ പക്ഷവാതരോഗം നിമിത്തം ചരമഗതിയെ പ്രാപിച്ചു.

## ഹരിശ്ചന്ദ്രചരിതം കാവ്യം

ഉണ്ണീരിക്കുട്ടിവൈദ്യരുടെ കൃതികളിൽ പ്രഥമഗണനീയമായി കരുതേണ്ടതു ഹരിശ്ചന്ദ്രചരിതം മണിപ്രവാളമാണ്. പത്തു സർഗ്ഗങ്ങളിൽ 1002 ശ്ലോകങ്ങൾ അതിൽ കവി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുഞ്ചൻനമ്പിയാരുടെ ശ്രീകൃഷ്ണചരിതത്തെ അനുകരിച്ചു രചിച്ചിട്ടുള്ളതാണ് മാടായി മന്ദന്റെ എന്നപോലെ വൈദ്യരുടേയും കാവ്യം. മന്ദന്റേതായിരുന്നു വൈദ്യരുടെ കാവ്യത്തെക്കാൾ മുൻപു ആവിർഭവിച്ചത്. കൃഷ്ണൻഗുരുക്കളുടെ രുക്മിണീ പരിണയവും രാമായണവും ഇവയെപ്പോലുള്ള കൃതികൾതന്നെയാണെന്നു തോന്നുന്നു. "സത്യം ശ്രീഭദ്രദാസ്യാൽ" എന്നൊരു കലിദിനസൂചകമായ വാക്യം ഒടുവിൽ ഘടിപ്പിച്ചിട്ടുള്ളതിൽ നിന്നു ഹരിശ്ചന്ദ്രചരിതം എഴുതിത്തീർത്തത് 1068 കർക്കടമാസം 24-ാംനു-യാണെന്നു കാണാം. മാതൃക മനസ്സിലാക്കുവാൻ മൂന്നു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

> "ശമദമഗുണയുക്തനാജിശൂരൻ
> സുമഹിതചേഷ്ടനഭീഷ്ടദൻ സുധീരൻ
> കുമതിജനമദാരിഭൂരിസാരൻ
> വിമലവിചിത്രചരിത്രനത്യുദാരൻ;
>
> സുമുഖികൾമണിയായ ദേവിതന്റെ
> വിമലമുഖാബ്ജമനോജ്ഞകാന്തികൊണ്ടും
> അമിതരസവചസ്സുകൊണ്ടുമൊന്നി–

ച്ചമൃതരുചിദ്വയനീരസം ജനിച്ചു.

ഉരഗാവലി തോഷമോടുകൂടി
ത്വരിതം വന്നു നിറഞ്ഞതെത്ര കോടി!
ഉരഗാളി തഥാ മദിച്ചു; കാട്ടി–
ക്കുലവും വന്നുനിരന്നു ദിക്കുമുട്ടി."

വെണ്മണിപ്രസ്ഥാനത്തെപ്പറ്റി നമ്മുടെ കവിക്കു അറിവുണ്ടായിരുന്നതായി തോന്നുന്നില്ല. ഭാഷാ മഹാകാവ്യങ്ങളുടെ ഗണനാപ്രസംഗത്തിൽ ഹരിശ്ചന്ദ്രചരിതവും അവിസ്മരണീയമാകുന്നു.

### ഇതരകൃതികൾ

ഇതുകൂടാതെ (2) പഴനിയാണ്ടവസ്വാമി കീർത്തനം, (3) ഗുരുവായുപുരേശസ്തോത്രം, (4) നളചരിതം കൈകൊട്ടിക്കളിപ്പാട്ട് എട്ടുവൃത്തം, (5) നല്ലീശ്വരാഷ്ടകം, (6) വേങ്ങാട്ടു, പാടേരി എന്നീ ക്ഷേത്രങ്ങളെസ്സംബന്ധിച്ച് അഞ്ചടികൾ ഇങ്ങിനെ ചില ലഘുകൃതികളും വൈദ്യർ രചിച്ചിട്ടുണ്ട്. (7) ഭർത്തൃഹരിയുടെ നീതിശതകവും തർജ്ജമ ചെയ്തിട്ടുള്ളതായി അറിയാം നല്ലീശ്വരാഷ്ടകത്തിൽനിന്നുമാത്രം ഒരു ശ്ലോകം ഉദ്ധരിക്കാം

"കാസശ്വാസം ഹൃദയഗദവും നെഞ്ഞടപ്പും തരിപ്പും
ശാവസംമുട്ടും ജഠരരുജയും വാന്തിയും കാന്തിഹാനി
ഏതൽസർവം ശമയ ഭഗവൻ! ശൂലപാണേ! കൃപാലോ!
പ്രീതോ ഭൃത്വാ കരുണയരുളീടേണമേ ചന്ദ്രമൗലേ!"

## റ്റി. കണാരൻ (1037—1072)

### ചരിത്രം

തത്തകണാരൻ വടക്കേ മലബാറിൽ തലശ്ശേരിയിൽ 1860-ൽ (1037) ജനിച്ചു. തത്ത എന്നതു കുടുംബപ്പേരാണ്. ബ്രെന്നൻ ജില്ലാ സ്കൂളിൽനിന്നു മടിക്യുലേഷൻ പരീക്ഷയിലും കോഴിക്കോട്ടുപോയി അവിടത്തെ രണ്ടാംഗ്രേഡ് കോളേജിൽനിന്ന് എഫ്. ഏ. പരീക്ഷയിലും ജയിച്ചു. അനന്തരം തലശ്ശേരി ബാസൽ മിഷൻ പാഴ്സി ഹൈസ്കൂളിൽ ഒരു ഉപാധ്യായനായി. ആ വിദ്യാലയത്തോടു പാഴ്സി എന്ന പദംകൂടി ഘടിപ്പിച്ചതു് ഏതോ ഒരു ഉദാരനായ പാഴ്സി അതിന്റെ സ്ഥാപനത്തിന്നായി ധനസഹായം ചെയ്തു നിമിത്തമാണ്. 1885-ൽ പ്രൈവറ്റായി പഠിച്ചു ബി. ഏ പരീക്ഷയിൽ വിജയം നേടി. 1887-ൽ ആ സ്കൂളിലെ പ്രഥമാധ്യാപകനായി. 1890-ൽ കുറേക്കാലം പ്രൊബേഷനറി പോലീസ് ഇൻസ്പെക്ടരായും പണിനോക്കി. ആ ഉദ്യോഗം അരുചികരമായി തോന്നുകയാൽ അതിൽനിന്നു പിരിഞ്ഞു സാഹിത്യസേവനത്തിനായി ആയുശ്ശേഷം വിനിയോഗിച്ചു. ഇംഗ്ലീഷിലും മലയാളത്തിലും അദ്ദേഹത്തിന് ഉപന്യാസരചനയ്ക്കു് ഒന്നുപോലെ പാടവമുണ്ടായിരുന്നു. 1897 ജൂലൈ 2-ാംനു (1072) അപ്രതീക്ഷിതമായി ചരമഗതിയെ പ്രാപിച്ചു.

### കൃതികൾ

കണാരൻ ആദ്യമായിരചിച്ച പുസ്തകത്തിന്റെ പേർ Comparative Study of English and Malayalam as a guide to reciprocal translation (പരിഭാഷാരീതി) എന്നായിരുന്നു. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേയ്ക്കും ഇംഗ്ലീഷിൽ നിന്ന് മലയാളത്തി

ലേയ്ക്കം തർജ്ജമചെയ്യുന്നതിനു വേണ്ട പല പ്രായോഗികനിർദ്ദേശങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. ഉദാഹരണങ്ങൾ പ്രദർശിപ്പിക്കുവാൻ രണ്ടു ഭാഷകളിലേയും ഗ്രന്ഥങ്ങളിൽനിന്ന് അനേകം ഗദ്യപദ്യഖണ്ഡങ്ങൾ എടുത്തു ചേർത്തിട്ടുമുണ്ട്. അതിൽ പിന്നീടു സർ വാൾട്ടർസ്കോട്ട് എന്ന സുപ്രസിദ്ധനായ ആങ്ഗലേയഭാഷാകവിയുടെ ലേഡി ഓഫ് ദി ലേക്ക് (Lady of the Lake) എന്ന കാവ്യം സരോഭാമിനീവിലാസം എന്ന ശീർഷകത്തിൽ ഗദ്യമായി വിവർത്തനംചെയ്തു. അദ്ദേഹത്തിന്റെ മൂന്നാമത്തേതും അതിപ്രധാനവുമായ കൃതിയാണ് രസലേശിക. അതു സാമുവൽ ജോൺസൺ എന്ന ആങ്ഗലോയഗദ്യഗ്രന്ഥകാരന്റെ Rasselas (റാസെലസ്) എന്ന നോവലിന്റെ തർജ്ജമയാണ്. രസലേശിക വളരെ നന്നായിട്ടുണ്ട്. അതിൽനിന്നു ചില പങ്ക്തികൾ പ്രദർശിപ്പിക്കാം.

"ഈശ്വരൻ സുഖങ്ങളെ തന്റെ ഇരുകരങ്ങളിലും വെച്ചു ക്ഷണിക്കുകയാണെന്നു ഹിമലേഖകൻ പലപ്പോഴും പറയാറുള്ള അഭിപ്രായം വാസ്തവമാണെന്നു എനിക്കു നിമിഷംപ്രതി അധികമധികം ബോധ്യമായിട്ടാണ് വരുന്നത്. മനോരഥവിഷയമായ സുഖങ്ങൾ ഒരു കരത്തിലും, ഇച്ഛാവിഷയമായവ അപരകരത്തിലും വെച്ചിരിക്കയാൽ ഒന്നിനെ കരസ്ഥമാക്കുവാൻ ശ്രമിക്കുമ്പോൾ മറ്റേതിൽനിന്നു ദൂരഗാമിയായിത്തീരുന്നു. ഇങ്ങനെ അന്യോന്യം വിരളമായ ഗുണങ്ങളിൽ ഒന്നിനെയല്ലാതെ രണ്ടിനേയും ഗ്രഹിക്കുവാൻ കഴിയുന്നതല്ല. ഇതിനാൽ ഈ കരദ്വയത്തിന്റേ സമമദ്ധ്യത്തിൽക്കൂടി ചരിക്കുന്നതാണ് ബുദ്ധിസാമർത്ഥ്യത്താൽ സാധിക്കാവുന്നതിന്റെ പരമാവധി...... ശരൽക്കാലത്തുണ്ടാകുന്ന പഴങ്ങൾ ആസ്വദിക്കയും മധുമാസത്തിലുണ്ടാകുന്ന പുഷ്പങ്ങളുടെ സൗരഭ്യം അനുഭവിക്കയും ഒരേ സമയത്തുതന്നെ സാധിക്കാവുന്നതാണോ? ഈ ഗങ്ഗയുടേ ഉത്ഭവസ്ഥാനത്തുനിന്നും മുഖത്തുനിന്നും ജലം കോരി ഒരേ സമയത്തുതന്നെ ഒരു ഭാജനത്തെ പൂരിപ്പിക്കാൻ ആർക്കാനും കഴിയുമോ?"

(29-ാം കാണ്ഡം)

## പി. വേലായുധൻ (1032—1076)

### ചരിത്രം

കണാരനെപ്പോലെതന്നെ സ്മരണീയനായ ഒരു ഗദ്യകാരനാണ് പി. വേലായുധൻ. അദ്ദേഹം 1857 (1032) തിരുവനന്തപുരത്തു പേട്ടയിൽ തച്ചക്കുടി എന്ന പ്രസിദ്ധമായ ഈഴവകുടുംബത്തിൽ പപ്പുവിന്റേയും മാത്തപെരുമാളുടേയും പുത്രനായി ജനിച്ചു. തിരുവനന്തപുരത്തെ സ്കൂളുകളിൽ ആദ്യകാലത്തു പ്രവേശനം ലഭിക്കാത്തതിനാൽ അഞ്ചിതെങ്ങിൽ നിന്ന് ഒരു ക്രിസ്ത്യൻ മിഷയറിയെ വരുത്തി ഇംഗ്ലീഷിൽ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചു. എഫ്. ഏ., ബി. ഏ. എന്നീ പരീക്ഷകൾ തിരുവനന്തപുരത്തു ഗവർമ്മെന്റുകോളേജിൽ നിന്നുതന്നെയാണ് ജയിച്ചത്. 1883-ൽ ബി. ഏ. യായി. തിരുവിതാംകൂറിലെ ഈഴവരിൽ ആദ്യത്തെ ബി. ഏ ബിരുദധാരി അദ്ദേഹമായിരുന്നു. കോളേജിൽ വായിക്കുമ്പോൾ ഷേക്സ്പീയരുടെ പെരിക്ലിസ് (Pericles) എന്ന നാടകത്തിലെ ഇതിവൃത്തം സങ്ഗ്രഹിച്ചു. "പരിക്ലേശരാജാവിന്റെ കഥ" എന്ന പേരിൽ ഗദ്യത്തിൽ പ്രസിദ്ധീകരിച്ചു. "ലാംബ്സ് റ്റെയില്സി"ലുള്ള സങ്ഗ്രഹത്തെയാണ് ഗ്രന്ഥകാരൻ ഉപ ജീവിച്ചിരിക്കുന്നത്. അന്നു വിശാഖംതിരുനാൾ മഹാരാജാവ് അത്തരത്തിലുള്ള ഗ്രന്ഥങ്ങൾ ഭാഷയിൽ ഉണ്ടായിക്കാണ

വാൻ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആദ്യമായി കുറേക്കാലം കോഴിക്കോട്ടെ വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ എന്ന പത്രത്തിന്റെ ആധിപത്യം വഹിക്കുകയും പിന്നീടു നീലഗിരി സബ്കലക്ടർ ആഫീസിൽ ഒരു ഗുമസ്തനായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തു. ഡെപ്യൂട്ടികലക്ടർ സ്ഥാനംവരെ ഉയർന്ന് ആ ഉദ്യോഗത്തിൽ പല ജില്ലകളിലും പണിനോക്കി ബ്രിട്ടീഷു ഗവർമ്മെന്റിൽനിന്നു റാവുബഹദൂർ എന്ന ബഹുമതി നേടി. 1911-ൽ ബർഹാംപൂർ എന്ന സ്ഥലത്തുവച്ചു മരിച്ചു. പരിക്ലേശരാജാവിന്റെ കഥയും ഭാഷയിലെ ആദ്യകാലത്തെ ഗദ്യകഥകളുടെ മധ്യത്തിൽ പരിഗണനയെ അർഹിക്കുന്നു.

## കക്കുഴി കുഞ്ഞിബാപ്പുഗുരുക്കൾ (1001—1083)

### ചരിത്രം

കുഞ്ഞിബാപ്പുഗുരുക്കൾ വടക്കേ മലബാറിൽ തലശ്ശേരിയിൽ കക്കുഴി എന്ന തറവാട്ടിൽ ജനിച്ചു. ബാല്യത്തിൽത്തന്നെ സംസ്കൃതം അഭ്യസിച്ചു; സംഗീതത്തിലും നിപുണനായി. സംസ്കൃതത്തിൽ അധ്യായനം ചെയ്യിച്ചതു തലശ്ശേരിക്കടുത്തുള്ള മേനപ്പുറത്തു പുതുശ്ശേരി കണ്ണൻഗുരുക്കളായിരുന്നു. ആദ്യം സ്വന്തമായി ഒരു പാഠശാല സ്ഥാപിച്ച് അതു നടത്തിവരവേ ബ്രെന്നൻ ജില്ലാസ്കൂളിൽ മലയാളപണ്ഡിതനായി നിയമിക്കപ്പെട്ടു. 1033-ൽ (1855) ബാസൽമിഷൻകാർ പ്രസ്തുത വിദ്യാലയം ഏറ്റെടുത്തപ്പോൾ അവിടെ ആ സ്ഥാനത്തിൽത്തന്നെ തുടർന്നു. ഏകദേശം അൻപതു കൊല്ലത്തോളം അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിന് ഒട്ടുവളരെ ശിഷ്യ സമ്പത്ത് ഉണ്ടായതിൽ ആശ്ചര്യമില്ല. ഗാർത്തുവെയിറ്റ സായിപ്പിനെ വ്യാകരണം ചോദ്യോത്തരം എന്ന പുസ്തകത്തിന്റെ രചനയിൽ അദ്ദേഹം സഹായിച്ചിട്ടുണ്ട്. ബാല്യത്തിൽ തീയർക്കുവേണ്ടി ഇദംപ്രഥമമായി ഒരു കഥകളിയോഗം ഏർപ്പെടുത്തി അതിൽ ഭാഗവതരായിരുന്നിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്. 1083-ൽ 82-ാമത്തെ വയസ്സിൽ മരിച്ചു.

### കൃതികൾ

ഗുരുക്കളുടെ പ്രധാനകൃതി ഹരിശ്ചന്ദ്രചരിതം ശീതങ്കൻതുള്ളലാണ്. (2) ഭഗവൽഗീത കിളിപ്പാട്ട്, (3) ഈസോപ്പിന്റെ സാരോപദേശകഥകൾ (ഗാനരൂപത്തിൽ) ഹരിച്ചന്ദ്രചരിതത്തിന്റെ നിർമ്മിതിക്ക് ഒരു കാരണമുണ്ട്. ഒരു കാലത്തു വിഭവപൂർണ്ണമായിരുന്ന കക്കുഴിക്കുടുംബത്തിൽ ഗുരുക്കളുടെ വാർദ്ധക്യത്തിൽ ഒരത്യാഹിതം നേരിട്ടു. ആയിടയ്ക്കു ഇംഗ്ലണ്ടുമായി നേരിട്ടു കാപ്പിക്കച്ചവടം നടത്തിക്കൊണ്ടിരുന്ന ഒരു സ്നേഹിതനുവേണ്ടി അദ്ദേഹം ജാമ്യംനിന്നു; സ്നേഹിതൻ പാപ്പരായി; ഈടാകേണ്ട സംഖ്യ ഉത്തമർണ്ണൻ ഗുരുക്കളിൽനിന്ന് ഈടാക്കുകയും ചെയ്തു. തന്റെ സത്യനിഷ്ഠനിമിത്തം സംഭവിച്ച ധനനാശത്താലുണ്ടായ സന്താപത്തിനു സമാശ്വാസം സത്യവ്രതനായ ഹരിശ്ചന്ദ്രമഹാരാജാവിന്റെ ഉപാഖ്യാനത്തിനല്ലാതെ മറ്റെന്തിനു നല്കുവാൻ കഴിയും? അങ്ങനെ അദ്ദേഹം ആ ഇതിവൃത്തം തിരഞ്ഞെടുത്തു ശീതങ്കൻ തുള്ളലായി രചിച്ചു. പകുതിയിലധികം ഭാഗമായപ്പോഴേയ്ക്കും കവി രോഗഗ്രസ്തനായി; എങ്കിലും തന്റെ ശിഷ്യന്മാരുടെ നിർബ്ബന്ധപൂർവ്വമുള്ള പ്രാർത്ഥനയെ നിരസിക്കാതെ ശയ്യാവലംബിയായിത്തന്നെ ആ കാവ്യം ഒരുവിധത്തിൽ പൂരിപ്പിച്ച് അവരെ ഏല്പിക്കുകയും ഉത്തരക്ഷണത്തിൽ നിര്യാതനാവുകയും ചെയ്തു. ഗുരുക്കളുടെ ശൈലിയിൽ അങ്ങിങ്ങ് ചില സംസ്കൃതവിഭക്ത്യന്തങ്ങളായ പദങ്ങളും മറ്റും കടന്നുകൂടീട്ടുണ്ടെങ്കിലും അത് ആദ്യന്തം രമണായമാണ്. തുള്ളൽപ്പാട്ടു രചിക്കുവാൻ

അദ്ദേഹത്തിനു പ്രശംസനീയമായ വാസനയുണ്ടായിരുന്നു; കുഞ്ചന്റെ അനുയായികളിൽ അദ്ദേഹത്തിനും ഒരു സ്ഥാനമുണ്ട്. ഇത്ര ദീർഘമായ ഒരു തുള്ളൽ ഭാഷയിൽ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ സുന്ദര കാണ്ഡം കഴിഞ്ഞാൽ വേറേയില്ല. ഹരിശ്ചന്ദ്രചരിതം ആദ്യം മഹാകാവ്യരൂപത്തിൽ രചിച്ച ഉണ്ണീരിക്കുട്ടിവൈദ്യരുടെ സമകാലീനനായിരുന്ന അദ്ദേഹമെന്നും ഓർമ്മിക്കേണ്ടതുണ്ട്. ചില ഈരടികൾ ഉദ്ധരിക്കാം:

"രാജീവമാജീവനാന്തം ഭുജിച്ചുപ–
ജീവനംകൊള്ളുന്ന രാജഹംസങ്ങളും
പേടകളോടും തടാകങ്ങളിൽക്കേളി–
യാടിക്കളിച്ചു പിടകൾക്കിടയ്ക്കിടെ
ത്രോടീപുടംകൊണ്ടു മാടിവിളിച്ചങ്ങു
ധാടീയുതം വിസം തേടിക്കൊടുപ്പതും
പാടീരവും തേച്ചു ദേവചേടീജനം
പാടി, പുന്നാഗവരാടിയും, പന്തുവ–
രാടിയും, തോടിയെന്നുള്ളോരു രാഗങ്ങൾ
പാടി ലയേന കൂത്താടി മേവുന്നതും
എന്നിതെല്ലാം ഭവാനൊന്നൊഴിയാതെ ക–
ണ്ടെന്നു നിരൂപിച്ചുകൊള്ളുന്നു ഞങ്ങളും."

## മറ്റു ചില ഉത്തരകേരളീയരായ ഗ്രന്ഥകാരന്മാർ

1 പുനത്തൂർ രാമൻഗുരുക്കൾ:ഉത്തരാസ്വയംവരം ഓട്ടൻതുള്ളൽ അദ്ദേഹത്തിന്റെ കൃതിയാണ്. കാലം ഏതെന്നു നിശ്ചയമില്ല. നാരങ്ങാപ്പുറമാണ് ദേശം. തിരുവങ്ങാട്ടു തൃക്കോവിൽ ശിവക്ഷേത്രത്തിനു സമീപമാണ് ഭവനമെന്നു തുള്ളലിൽ പ്രസ്താവിച്ചിട്ടുണ്ട്.

"ശാസ്ത്രം ശ്രുതികളിവ ശ്രോത്രം ചെയ്തിട്ടുമില്ല;
മാത്രം ഗുരുകടാക്ഷമത്രേ നമുക്കിങ്ങുള്ളൂ.
സൂത്രമില്ലാതെ മണികോർക്കാനാവുമോ ചൊൽവിൻ?
എന്നകണക്കേ ഞാനിങ്ങിന്നിനിത്തുടങ്ങുന്ന–
തെന്നുടെ മതിമോശമെന്നേ ചൊല്ലുവാനുള്ളൂ."

എന്നീ വരികൾ അതിലുള്ളതാണ്.

2 കുഞ്ഞിക്കുട്ടൻമാസ്റ്റർ:ഇദ്ദേഹം ഉപകോശാചരിതം എന്ന കാവ്യത്തിന്റെയും ധ്രുവചരിതം എന്നൊരാട്ടക്കഥയുടേയും പ്രണേതാവാണ്.

3 മേലൂട്ടു കുഞ്ഞിക്കണ്ണൻഗുരുക്കൾ:ഇദ്ദേഹം മിടുക്കൻ കുഞ്ഞിക്കണ്ണൻഗുരുക്കൾ എന്ന പേരിൽ അറിയപ്പെടുന്നു. ചൂര്യയിൽ കണാരൻ ഡെപ്യൂട്ടികലക്ടരുടെ സഹായത്തോടുകൂടി കുഞ്ഞിക്കണ്ണൻ വെങ്കടസുബ്രഹ്മണ്യശാസ്ത്രികളോടു വ്യാകരണം അഭ്യസിച്ചു. അതിനു മുൻപുതന്നെ പുതുശ്ശേരി കണ്ണൻഗുരുക്കളുടെയും കുഞ്ഞിബാപ്പുഗുരുക്കളുടെയും ശിഷ്യനായി ആ ഭാഷയിൽ അടിയുറച്ച അറിവ് സമ്പാദിച്ചിരുന്നു. കുഞ്ഞിക്കണ്ണൻ ഗുരുക്കളുടെ ശിഷ്യനാണ് പാലക്കാട്ടു വിക്ടോറിയാകോളേജിൽ വളരെക്കാലം സംസ്കൃത പണ്ഡിതനായിരുന്ന പാരമ്പത്തുരൈരുനായർ. തലശ്ശേരിയിലും പരിസരപ്രദേശങ്ങളിലും ഗൈർവ്വാണിയു

ടെ പ്രചാരത്തിനു ഗുരുക്കൾ വളരെ യത്നിച്ചിട്ടുണ്ട്. അദ്ദേഹം ഒരു നല്ല ഭാഷാ കവിയായിരുന്നു എന്നു കേട്ടുകേൾവിയേ ഉള്ളു.

4 മാടാവൽ വലിയ കുഞ്ഞിരാമൻവൈദ്യർ:(998—1064) ഇദ്ദേഹം 998-ൽ ജനിച്ചു. തഹശീൽദാർ ക്ഷുക്കൽ കുങ്കൻനായരായിരുന്നു പിതാവ്. ആദ്യം കുറേക്കാലം ചെറുമർക്കായുള്ള പ്രത്യേകവിദ്യായലയത്തിൽ അധ്യാപകനായിരുന്നു. പിന്നീട് തലശ്ശേരി സബ്ബ്കലക്ടരാഫീസിൽ ഗുമസ്തനായി. ക്രമേണ വടകര ഹെഡ്ശിരസ്തദാർ സ്ഥാനത്തിൽ എത്തി. തടാകാസ്വയംവരം ഓട്ടൻതുള്ളലും ശ്രീരാമോദന്തം (പുതിയത്) ഗോവിന്ദചരിതം എന്നീ സംസ്കൃതകാവ്യങ്ങളും പ്രസ്തുത പണ്ഡിതന്റെ കൃതികളാണ്. ശ്രീരാമോദന്തത്തിലെ പ്രഥമശ്ലോകമാണ് താഴെ ചേർക്കുന്നത്.

“കമലാകാന്തം നത്വാ വിമലശ്രീവത്സലാഞ്ഛിതോരസ്കം
കലയേ രാമോദന്തം കവിനാ വാല്മീകിനാ പ്രോക്തം.”

മാടാവിൽ ചെറിയ കുഞ്ഞിരാമൻവൈദ്യർ ഇദ്ദേഹത്തിന്റെ അനന്തരവനാണ്.

പുന്നത്തൂർ രാമന്റെ പുത്രന്മാരായിരുന്ന മണക്കാടൻ കുഞ്ഞമ്പു, മണക്കാടൻ രാമുണ്ണി എന്നിവരും കവികളായിരുന്നു എന്നു കേട്ടിട്ടുണ്ട്. കുഞ്ഞമ്പു കുറേക്കാലം ഒരു കഥകളിയോഗം നടത്തിയിരുന്നു. കേളൻ ഗുരുക്കൾ ഒരു നല്ല ജ്യോത്സ്യനായിരുന്നു. ഉത്തരകേരളീയരുടെ ഇടയിൽ പതിനൊന്നാം ശതകത്തിന്റെ മധ്യകാലത്തു ദ്വിദേതരന്മാരായ പലരും ഗദ്യപദ്യങ്ങൾകൊണ്ടു ഭാഷയെ പോഷിപ്പിച്ചിരുന്നു എന്നുള്ളത് ഏതാവന്മാത്രമുള്ള വിവരണംകൊണ്ടു വ്യക്തമാകുന്നതാണ്.

## മങ്കട ശ്രീവല്ലഭൻതമ്പുരാൻ (1034—1076)

വള്ളുവനാട്ടു മങ്കടക്കോവിലകത്ത് ഉണ്ണിക്കിടാവ് എന്നുകൂടിപേരുള്ള ശ്രീവല്ലഭൻതമ്പുരാൻ 1034-ാണ്ടു ജനിച്ചു. കുട്ടിത്തമ്പുരാനെന്നും അദ്ദേഹത്തെ പറയും. സങ്ഗീതത്തിലും സാഹിത്യത്തിലും നൈപുണ്യമുണ്ടായിരുന്നു. ചെറുപ്പത്തിൽത്തന്നെ കാരണവനല്ലെങ്കിലും കുടുംബഭരണത്തിൽ ഏർപ്പെടേണ്ടിവന്നതിനാൽ സാഹിത്യവ്യവസായത്തിനു വളരെ വിരളമായേ സമയം ലഭിച്ചുള്ളു. 1076-ൽ മരിച്ചു, അദ്ദേഹത്തിന്റെ കൃതികളായി (1) പത്മാസുരവധം, (2) ദേവസേനാപരിണയം, (3) ഭാനുകോപവിജയം, (4) ഘോഷയാത്ര, (5) മുചുകുന്ദമോക്ഷം എന്നിങ്ങനെ അഞ്ച് ആട്ടക്കഥകൾ അച്ചടിപ്പിച്ചിട്ടുണ്ട്. പത്മാസുരവധത്തിലെ ഇതിവൃത്തം സുബ്രഹ്മണ്യന്റെ ശൂരപത്മാസുരസംഹാരം തന്നെ. എല്ലാ കഥകളിലും കുലദേവതയായ തിരുമാന്ധാംകുന്നിൽ ഭഗവതിയെ വന്ദിച്ചിട്ടുണ്ട്. താഴെക്കാണുന്ന ശ്ലോകം ദേവസേനാപരിണയത്തിലുള്ളതാണ്.

“മന്മൂലാഖ്യപുരേ പുരാ ക്ഷിതിഭുജോ ജാതാസ്സുരേന്ദ്രദ്രുമാൻ
ദാനേനാതിതരാമധഃകൃതയശഃപൂരാൻ വിതേനുശ്ചയേ
മാന്ധാതൃപ്രമുഖാർച്ചിതാം ഭഗവതീം യേ ഭേജുരിഷ്ടാർത്ഥദാം
തേഷാം പാദസരോരുഹാണി ച സദാ വന്ദേ ഗിരാം ദേവതാം.”

ഒരു ശ്ലോകം മുചുകുന്ദമോക്ഷത്തിൽനിന്നുകൂടി പകർത്തുന്നു.

“മധുരാനഗരാധിവാസിനോ
മധുഹന്തുർവിരഹേണ വിഹ്വലാഃ

> മധുരാം ഗിരമൂചുരുദ്ധവം
> മധുരോഷ്ഠാധരപല്ലവാംഗനാഃ"

കവിതയ്ക്കു പറയത്തക്ക ഗുണമൊന്നും ഇല്ലെങ്കിലും ഒരു കാലത്ത് ഈ കഥകൾക്കു തെക്കേ മലബാറിൽ അഭിനേതാക്കളുടെ ഇടയിൽ നല്ല പ്രചാരമുണ്ടായിരുന്നു.

## അകത്തൂട്ടു ദാമോദരൻകർത്താവ് (1025—1097)

### ചരിത്രം

അകത്തൂട്ടു ദാമോദരൻകർത്താവിന്റെ സ്വദേശം മൂവാറ്റുപുഴയാണ്. വടക്കഞ്ചേരി അകത്തൂട്ടെന്നതു കുടുംബനാമധേയമാകുന്നു. അദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പറ്റി ഒന്നും അറിയുന്നില്ല. 1055-ാണ്ടിടയ്ക്കു വിശാഖംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ പുത്രൻ അരുമന ശ്രീനാരായണൻ തമ്പിയെ സംസ്കൃതം അഭ്യസിപ്പിക്കുന്നതിന്നായി തുരുവനന്തപുരത്തേയ്ക്കു പോന്നു. അന്ന് അദ്ദേഹത്തിനു സംസ്കൃതത്തിലും വൈദ്യത്തിലും നല്ല ജ്ഞാനവും കവനവിഷയത്തിൽ പാടവവുമുണ്ടായിരുന്നു. ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ പുത്രൻ നാഗരുകോവിലിൽ ശ്രീനാരയണൻതമ്പിയേയും അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്. 1061-ാണ്ടിടയ്ക്കു കോട്ടയ്ക്കത്തു ബാലികാ വിദ്യാലയത്തിൽ സംസ്കൃതപണ്ഡിതനായി; കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂളിലും ആ പണിതന്നെ കുറേക്കാലം നോക്കുകയുണ്ടായിട്ടുണ്ട്. പെൻഷൻപറ്റി കുറേക്കാലം ജീവിച്ചിരുന്നു. 1097-ാണ്ടു കന്നി 22-ാംനു മരിച്ചു.

### കൃതികൾ

കർത്താവിന്റെ ഒന്നാമത്തെ കൃതിയായ (1) ഇന്ദുമതീസ്വയംവരം ഓട്ടൻതുള്ളൽ, ഇപ്പോൾ കിട്ടുന്നില്ല. (2) ഭർത്തൃഹരിയുടെ നീതിശതകം ഭാഷാശ്ലോകരൂപത്തിൽ തർജ്ജമ ചെയ്ത് അവതാരിക, അർത്ഥം, ഭാവം ഇവയോടുകൂടി പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ആ കൃതി വിശാഖം തിരുനാൾ മഹാരാജാവിന്റെ ആജ്ഞാനുരോധേന നിർമ്മിച്ചതാണെന്നു കവി മുഖവുരയിൽ പറയുന്നു. ശൃങ്ഗാരശതകവും വൈരാഗ്യശതകവും കൂടി കർത്താവു തർജ്ജമചെയ്തിട്ടുള്ളതായി ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ പറയുന്നു; ആ ഭാഗങ്ങൾ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ ഭാഷാശ്ലോകങ്ങൾക്കു ഭങ്ഗി കുറവാണ്. (3) വരാഹാവതാരം ആട്ടക്കഥയാണ് മറ്റൊരു കൃതി. പ്രഹ്ലാദചരിതം എന്നൊരു ആട്ടക്കഥയാണ് അദ്ദേഹം എഴുതീട്ടുള്ളതെന്നു ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുള്ളതു പ്രമാദജന്യമാണെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. വരാഹാവതാരത്തിലും വിശാഖം മഹാരാജാവിനെ കവി

> "ശരൽകുരങ്ഗലാഞ്ഛനസ്ഫുരൽപ്രഭാസമോജ്ജ്വലൽ—
> സ്വകീയകീർത്തികൗമുദീവിരാജിതോല്ലസദ്ദിശഃ
> വിശാഖവഞ്ചിഭൂപതേഃ കൃപാലവോപജീവിനാ
> കൃതന്ത്വിദം ഹി കേനചിദ്വിശോധയന്തു സജ്ജനാഃ"

എന്ന ശ്ലോകത്തിൽ സ്തുതിക്കുന്നു. പ്രസ്തുത കൃതിയിൽ അശ്വതിയുടേയും കരീന്ദ്രന്റേയും കവിതകളുടെ ഉപജീവിത്വം ധാരാളമായി കാണുന്നുണ്ടെങ്കിലും ആകെക്കൂടി നോക്കുമ്പോൾ അതിനെപ്പറ്റി ഒരു നല്ല അഭിപ്രായം രേഖപ്പെടുത്താൻ പാടില്ലായ്കയില്ല. (4) ഗാരുഡപുരാണം കിളിപ്പാട്ടിന്റെ കാലമേതെന്ന്

"കൊല്ലമൊരായിരവും പിന്നെയൊരറുപതും
ചെല്ലുമ്പോളുള്ള ചിങ്ങമാസത്തിൽ (?)
ഗാരുഡസംജ്ഞിതമാകുന്നൊരിപ്പുരാണത്തെ–
ദ്ദാമോദരാഖ്യൻ ചമച്ചീടിനാൻ കിളിപ്പാട്ടായ്"

എന്ന് അദ്ദേഹംതന്നെ നമ്മെ അറിയിച്ചിട്ടുണ്ട്. പതിനാറദ്ധ്യായങ്ങളാണ് അതിൽ അടങ്ങിയിരിക്കുന്നത്. ആ കിളിപ്പാട്ടിൽ കുടുംബപരദേവതയായ കല്ലിൽ ഭഗവതിയെ വന്ദിക്കുന്നുണ്ട്. അതിന്റെ രചനയ്ക്കും ഹേതുഭൂതൻ വിശാഖം തിരുമനസ്സുതന്നെയെന്നു തോന്നുന്നു.

"അഞ്ചിതഗുണഗണവാരിധി ദയാനിധി
വഞ്ചിഭൂപാലവംശാംഭോനിധികലാനിധി
പങ്കജനാഭദാസൻ ശ്രീവിശാഖക്ഷ്മാപതി
തൻകൃപയെങ്കലല്പമങ്കുരിച്ചതുമൂലം
വമ്പേറുമിപ്പുരാണം ലോകോപകാരാർത്ഥമായ്
സംപ്രതി പാട്ടാക്കുവാൻ സംഗതിവന്നു മമ."

എന്നീ ഈരടികൾ നോക്കുക. (5) കർത്താവിന്റെ മുഖ്യമായ കൃതി യോഗവാസിഷ്ഠം കിളിപ്പാട്ടാണ്. അതു് എഴുതി 1079-ൽ അച്ചടിപ്പിച്ചു. ലഘുവാസിഷ്ഠം എന്നും യോഗവാസിഷ്ഠം എന്നും പറയുന്ന മൂലഗ്രന്ഥത്തിന്റെ ഭാഷാനുവാദമായ ആ ഗ്രന്ഥം കവിയുടെ പാണ്ഡിത്യത്തിനും കവിത്വത്തിനും മകുടോദാഹരണമായി പരിലസിക്കുന്നു. വൈരാഗ്യപ്രകരണം, മുമുക്ഷു പ്രകരണം, ഉൽപത്തിപ്രകരണം, സ്ഥിതിപ്രകരണം, ഉപശമപ്രകരണം, നിർവാണപ്രകരണം എന്നീ ആറു ഭാഗങ്ങളുള്ള ആ ഗാനത്തിൽ ആകെ നാല്പത്തിയാറു സർഗ്ഗങ്ങൾ അന്തർഭവിക്കുന്നു. ചില വരികൾ ഉദ്ധരിക്കാം.

"യാതൊന്നു മനസ്സു ചെയ്തീടുന്നിതതുതന്നെ
വീതസന്ദേഹം ചെയ്തീടുന്നതെന്നറിക നീ;
യാതൊന്നു മനസ്സിനാൽ ത്യജിക്കപ്പെട്ടീടുന്നു
രാഘവ! ത്യജിക്കപ്പെട്ടിടുന്നതതുതന്നെ.
മനനരഹിതമായേതൊരുവന്റെ മന–
സ്സചലഭാവത്തിനെ പ്രാപിച്ചീടുന്നു രാമ!
അമ്മഹാൻ സർവോത്തമോപായമാം ധ്യാനത്തിനാൽ
ചിന്മാത്രശേഷാവസ്ഥായുക്തനായ്ഭവിക്കുന്നു.
മനസ്സിൻസംയമത്താൽ സംസാരവിഭ്രമങ്ങൾ
മനുശ്രേഷ്ഠാത്മജാ! കേൾ ശാന്തിയെ പ്രാപിക്കുന്നു."

മഹാഭാരതം കിളിപ്പാട്ടുരീതിയിൽ തർജ്ജമചെയ്യുവാൻ കർത്താവു് ആരംഭിച്ചിരുന്നു എന്നു ഗോവിന്ദപ്പിള്ള രേഖപ്പെടുത്തീട്ടുണ്ടെങ്കിലും അതു ഗർഭത്തിൽത്തന്നെ അലസിപ്പോയതായി കരുതേണ്ടിയിരിക്കുന്നു. അങ്ങനെയൊരു കൃതിയെപ്പറ്റി വാസിഷ്ഠം കിളിപ്പാട്ടിന്റെ മുഖവുരയിൽ അദ്ദേഹം ഒന്നും പറഞ്ഞുകാണുന്നില്ല.

## നല്ലേപ്പള്ളി സുബ്രഹ്മണ്യശാസ്ത്രി (1004—1063)

### ചരിത്രം

നല്ലേപ്പള്ളി സുബ്രഹ്മണ്യശാസ്ത്രി 1004-ാണ്ടു ധനുമാസം 16-ാംനു കൊച്ചിരാജ്യത്തു ചിറ്റൂർത്താലൂക്കിൽപ്പെട്ട നല്ലേപ്പള്ളി ഗ്രാമത്തിൽ ജനിച്ചു. അദ്ദേഹം സകല വിദ്യകളും

അഭ്യസിച്ചത് അയ്യാശാസ്ത്രി എന്നുകൂടി പേരുള്ള തന്റെ പിതാവായ വെങ്കടകൃഷ്ണശാസ്ത്രികളിൽനിന്നായിരുന്നു. ബാല്യത്തിൽത്തന്നെ സംസ്കൃതത്തിൽ നല്ല വ്യുൽപത്തി സമ്പാദിച്ചതിനുപുറമെ, ജ്യോതിഷം, മന്ത്രശാസ്ത്രം, വിഷവൈദ്യം എന്നീ വിദ്യകളിലും സംഗീതത്തിലും ക്രമേണ നിഷ്ണാതനായിത്തീർന്നു. തമിഴിലും അദ്ദേഹത്തിനു ഗണനീയമായ ജ്ഞാനം ഉണ്ടായിരുന്നു. പതിനൊന്നാമത്തെവയസ്സിൽത്തന്നെ ദേവീഭക്തനായി. പതിമ്മൂന്നാമത്തെ വയസ്സിൽ സമീപത്തുള്ള എക്കണത്ത് എന്ന പ്രസിദ്ധ നായർതറവാട്ടിലെ വലിയ കയ്മളുടെ പുറകേ അദ്ദേഹമറിയാതെ കോഴിക്കോട്ടേയ്ക്കു പോയി സാമൂതിരിയെ കണ്ടു ചില സംസ്കൃതശ്ലോകങ്ങൾ അടിയറവച്ച് അദ്ദേഹത്തിൽ നിന്നു പട്ടും വളയും സമ്മാനമായി നേടി. ശാസ്ത്രിയുടെ കവിയശസ്സ് അനുക്രമമായി ഉയർന്നു. കൊച്ചിയിൽ ദിവാൻജിയായിരുന്ന തിരുവെങ്കടാചാര്യർ സംഘടിപ്പിച്ച ഒരു പണ്ഡിതസദസ്സിൽ പ്രവേശിച്ച സദസ്യരുടെ അപേക്ഷയനുസരിച്ച സ്ത്രീവർണ്ണനമായും വനവർണ്ണനമായും ഓരോ ചൂർണ്ണിക പെട്ടെന്നുണ്ടാക്കിച്ചൊല്ലി നിമിഷകവി എന്ന ബിരുദം വാങ്ങി. പത്തൊൻപതാമത്തെ വയസ്സിൽ പിതൃവിയോഗംനിമിത്തം കുടുംബഭരണം ഏറ്റെടുക്കേണ്ടിവന്നതിനാൽ നമ്മുടെ കവിപ്രായേണ നല്ലേപ്പള്ളിയിലും എലപ്പള്ളിയിലും താമസിച്ചുപലരേയും സംസ്കൃതം അഭ്യസിപ്പിച്ചു കാലയാപനം ചെയ്തു. 1063-ാണ്ടു ചിങ്ങമാസം 17-ാംനു മരിച്ചു.

## കൃതികൾ

(1) ലളിതോപാഖ്യാനം പാട്ട്, (2) സൗന്ദര്യലഹരീഭാഷാവ്യാഖ്യാനം, (3) പാരിജാതഹരണം, (4) ത്രിപുരദഹനം, (5) പ്രഭാവതീസ്വയംവരം എന്നീ മൂന്നു ആട്ടക്കഥകൾ (ഭാഷ), (6) ശാകുന്തളം ഒന്നും രണ്ടും ദിവസത്തെ ആട്ടക്കഥകൾ (സംസ്കൃതം), (7) ലളിതാവിലാസചമ്പു (സംസ്കൃതം), (8) അഗണിതം (സംസ്കൃതം), (9) മീനാക്ഷീനാടകം (തമിഴ്) എന്നിവയാണ് ശാസ്ത്രിയുടെ പ്രധാനകൃതികൾ. കഥകളിയിൽ ശാസ്ത്രിക്കുള്ള അഭിനിവേശം അസാമാന്യമായിരുന്നു. തദനുബന്ധികളായ കേളികൊട്ട്, മൃദംഗവാദനം മുതലായ സംഗീത വലിയ കയ്മളുടെ നിദേശമനുസരിച്ചാണ് അദ്ദേഹം തന്റെ ആട്ടക്കഥകളെല്ലാം രചിച്ചത്. ത്രിപുര ദഹനത്തിന്റെ നിർമ്മിതി 1031-ലും, പ്രഭാവതീസ്വയംവരം, പാരിജാതഹരണം, അഗണിതം, മീനാക്ഷീനാടകം, ശാകുന്തളം ഇവയുടേത് യഥാക്രമം 1032, 1033, 1036, 1044, 1053 ഈ കൊല്ലങ്ങളിലുമായിരുന്നു. ലളിതാവിലാസം ചമ്പുവും സൗന്ദര്യലഹരീ വ്യാഖ്യാനവും കണ്ടുകിട്ടീട്ടില്ല.

## ആട്ടക്കഥകൾ

താഴെക്കാണുന്ന വന്ദനശ്ലോകങ്ങൾ പാരിജാതഹരണത്തിലുള്ളതാണ്:

> "ക്ഷീരാംഭോനിധിമന്ഥമന്ദരചലദ്വീചിച്ഛടാഭോക്തിഭി–
> ർദ്ധീരാധ്യക്ഷകലാവതംസമണിഭിര്യഃ ശ്ലാഘനീയോ ബുധൈഃ
> കാരുണ്യൌഘതരംഗിതായ വിപുലാജ്ഞാനാന്ധകാരച്ഛിദേ
> തസ്മൈ വേങ്കടകൃഷ്ണസംജ്ഞഗുരവേ കുർവേഞ്ജലിം സാദരം.
>
> രക്താംഭോരുഹദാമശോഭിതഭുജാപ്രോദ്യച്ഛരാസോജ്ജ്വലം
> മത്തദ്വീപിതരക്ഷുസിംഹമൃഗയാലോലം ദയാംഭോനിധിം
> ബദ്ധ്വാ ചാഞ്ജലിമദ്യ ചർമ്മസരസീതീരാധിവാസം പരം
> ഭക്തോത്തുംഗവരാർച്ചരത്നമകുടം വാർഷാകപേയം ഭജേ."

ഇവയിൽ ആദ്യത്തെ ശ്ലോകത്തിൽ കവി തന്റെ അച്ഛനേയും, രണ്ടാമത്തേതിൽ തോല്ലൂരത്തിന്റെ (തേവർകുളമെന്ന നാമാന്തരം) സമീപത്തുള്ള ശാസ്താവിനെയും നമിക്കുന്നു. ത്രിപുരദഹനത്തിൽ എക്കണത്തെ പരദേവതയും വരുണാലയേശനു മായ ശിവനെയും വന്ദിക്കുന്നുണ്ട്. പാരിജാതഹരണത്തിൽ നികുംഭവധം എന്നൊ രു കഥകൂടി ഒടുവിൽ ചേർത്തു ശാസ്ത്രി അരങ്ങിനു കൊഴുപ്പു വരുത്തുന്നു. വസുദേവന്റെ സബ്രഹ്മചാരിയായ ബ്രഹ്മദത്തൻ ഒരു യാഗം നടത്തുന്ന അവസരത്തിൽ അദ്ദേഹം കൂടി സന്നിഹിതനായിരിക്കണമെന്ന് അപേക്ഷിക്കുകയാൽ വസുദേവൻ അവിടെ ചെല്ലുന്നു. അപ്പോൾ ശ്രീകൃഷ്ണൻ പാരിജാതഹരണത്തിനുവേണ്ടി സ്വർഗ്ഗത്തേയ്ക്കു പോയിരിക്കുകയാണ്. യാഗമദ്ധ്യത്തിൽ നികുംഭൻ എന്നൊരു അസുരൻ തനിക്കും ദേവന്മാർക്കൊപ്പം ഹവിസ്സിൽ ഒരംശം തരണമെന്നും ബ്രഹ്മദത്തന്റെ പുത്രിമാരെ തനിക്കു ഭാര്യമാരായി കിട്ടണമെന്നും ഒരു സന്ദേശം തന്റെ അനുചരനായ രുക്ഷാ ക്ഷൻമുഖേന അയയ്ക്കുന്നു. ബ്രഹ്മദത്തൻ അതിനു വഴിപ്പെടായ്കയാൽ രുക്ഷാക്ഷൻ ആ യുവതികളെ മായാബലംകൊണ്ട് അപഹരിക്കുന്നു. പ്രദ്യുമ്നനാണ് അവരെ ആ ദുഷ്ടന്റെ പിടിയിൽനിന്നു മോചിപ്പിക്കുന്നത്. നാരദൻമുഖാന്തരം ആ വൃത്താന്തമറി ഞ്ഞു നികുംഭൻ ജരാസന്ധനുമായി സഖ്യംചെയ്തു ശ്രീകൃഷ്ണനോടു യുദ്ധത്തിനൊരുങ്ങി. പ്രദ്യുമ്നനെ ജരാസന്ധൻ മോഹാസ്ത്രം പ്രയോഗിച്ചു രണാങ്കണത്തിൽ വീഴ്ത്തി. എങ്കി ലും നന്ദികേശ്വരൻ അവിടെ ആവിർഭവിച്ച് അദ്ദേഹത്തിനു ശത്രുജയത്തിനായി ഒരു പാശം നല്കുകയും അതുകൊണ്ട് ആ കുമാരൻ ജരാസന്ധനെ ബന്ധിക്കുകയും ശ്രീകൃ ഷ്ണൻ നികുംഭനെ വധിക്കുകയുംചെയ്തു. ഈ കഥ ശാസ്ത്രി കഥകളിക്കുവേണ്ടി സൃഷ്ടി ച്ചതാണ്. രംഗപ്രയോഗത്തിന് ഇതു വളരെ യോജിച്ചിരിക്കുന്നു. പക്ഷെ കവി ഈ ഭാഗം അഭിനേതാക്കൾ പ്രത്യേകമായി ആടിക്കൊള്ളട്ടെ എന്നു കരുതിയുമിരിക്കാം. ശാസ്ത്രിയുടെ ആട്ടക്കഥകളെ രണ്ടാം കിടയിൽ കൊള്ളിക്കാവുന്നതാണ്.

## അഗണിതം

ഇത് ഒരു അമൂല്യമായ ജ്യോതിഷഗ്രന്ഥമാണ്. ഇതിന്റെ സഹായംകൊണ്ടു ഭാഷ യിൽ സൂര്യാദിനവഗ്രഹങ്ങളുടെ ആയിരംകൊല്ലത്തോളമുള്ള നിലകൾ കവടിക്രിയ കൂടാതെ കണക്കാക്കാവുന്നതാണ്. അതിൽനിന്ന് ഒരു ശ്ലോകം പകർത്തുന്നു.

> “ആദ്യേ മാസേ സുരതരുദിനേ കാർമ്മുകാഗാരഗാമീ
> വൈശാഖസ്യ ദ്വിതയദിവസേ സാർത്ഥനാമൈവ വക്രഃ
> തസ്യൈവാഹ്നി സ്ഥിരപരിമിതേ കീടകോ യുഗ്മമാസി
> ത്രിംശദ്വാരേ ധരണിതനയസ്ത്വാർജ്ജവം സംപ്രപേദേ.”

## മീനാക്ഷീകല്യാണം

പ്രസ്തുത നാടകം അക്കാലത്തു ചിറ്റൂരിൽ താലൂക്കുഹെഡ്ഡ്രായസമായിരുന്ന വിനാ യകംപിള്ള എന്നൊരു ദ്രാവിഡപണ്ഡിതന്റെ അപേക്ഷയനുസരിച്ചു രചിച്ചതാണ്. അതിന്റെ തോടയത്തിൽ “ജയ സിദ്ധിവിനായക” എന്നൊരു പദം വിനായകംപി ള്ളയേയും കൂടി ലക്ഷീകരിച്ചു കവി പ്രയോഗിച്ചിട്ടുണ്ട്. മീനാക്ഷീനാടകത്തിൽ പുരു ഷവേഷങ്ങൾ രംഗപ്രവേശം ചെയ്യുമ്പോൾ കഥകളിരീതിയിൽ ചെണ്ടയും സ്ത്രീവേഷ ങ്ങൾ അരങ്ങത്തു വരുമ്പോൾ മോഹിനിയാട്ടത്തിന്റെ സമ്പ്രദായത്തിൽ മൃദംഗാദി വാദ്യങ്ങളുമാണുപയോഗിക്കുന്നത്. പുരുഷന്മാരുടെ വേഷവിധാനം കഥകളിയുടെ മാതിരിയിലും സ്ത്രീകളുടേതു മോഹിനിയാട്ടത്തിന്റെ മട്ടിലും നിർവഹിക്കുന്നു. ഈ രണ്ടു കേരളീയ ദൃശ്യകലകളുടേയും മനോമോഹനമായ സമ്മേളനമാണ് പ്രസ്തുത

നാടകത്തിൽ നാം കാണുന്നതെന്നു ചുരുക്കത്തിൽ പറയാം. ഈ ചിട്ടകളെല്ലാം ഏർപ്പെടുത്തിയതു് ശാസ്ത്രിതന്നെയാണ്. മീനാക്ഷീനാടകത്തിന് അതുണ്ടാക്കിയ കാലത്തു മധ്യകേരളത്തിൽ ധാരാളം പ്രചാരം സിദ്ധിച്ചു. ഗ്രന്ഥകാരന് അതു് ഒരു നല്ല സമ്പാദ്യത്തിനു മാർഗ്ഗവുമായി.

### കൃഷ്ണസ്തുതി

കൃഷ്ണസ്തുതിയിലെ അധോലിഖിതമായ ഭാഗത്തിൽനിന്നു കവിയുടെ സംസ്കൃതകാവ്യരചനാപാടവും ഗ്രഹിക്കാവുന്നതാണ്.

> "ഫാലലോചന, വിരിഞ്ചിസുരസന്നുത,
> ബാലശീതകിരണോപമാനന,
> ഫാലശോഭിഘനസാരസുലക്ഷണ,
> നീലജലദരുചിരാങ്ഗ, ഹിരണ്മയ–
> ചേല, ചാരുജഘനാമല, മോഹന–
> ശീല, കാമജനകാംബുജലോചന.
> ലീലയാ മുദിതഘോഷരശകട, വരു–
> ണാലയേശ, കരുണാമിഹ കുരു മയി,
> പാലയ ലോകാനന്ദലീല, യദുനന്ദന!

ഒരു ജ്യോത്സ്യനെന്നും മന്ത്രവാദിയെന്നുമുള്ള നിലകളിൽ സുബ്രഹ്മണ്യശാസ്ത്രി തന്റെ ജീവിതകാലത്തിൽ സമ്പാദിച്ചിരുന്ന യശസ്സും അപരിമിതമാണ്. വിഷബാധകളും അദ്ദേഹം മന്ത്രശക്തികൊണ്ടു ശമിപ്പിച്ചിരുന്നതായി ഗ്രാമവൃദ്ധന്മാർ പറഞ്ഞു കേട്ടിട്ടുണ്ടു്.

## ഇടമന ഗണപതിപ്പോറ്റി (1036–1116)

### ചരിത്രം

നെടുമങ്ങാട്ടുതാലൂക്കിൽ മാണിക്കൽപകുതിയിൽ പിരപ്പൻകോട്ട് ഇടമനമഠത്തിലാണ് ഗണപതിപ്പോറ്റി ജനിച്ചതു്. 1036 മകരത്തിലായിരുന്നു ജനനം. തുളുനാട്ടിൽനിന്നു തിരുവിതാംകൂറിൽ കുടിയേറിപ്പാർത്തു മലയാളിബ്രാഹ്മണരുടെ ആചാരങ്ങൾ സ്വീകരിച്ച ഒരു ഹവീകകുടുംബമായിരുന്നു പോറ്റിയുടേതു്. പിരപ്പൻകോട്ടു രാമകൃഷ്ണശാസ്ത്രികളോടു യജുർവ്വേദം മുഴുവൻ അധ്യയനംചെയ്തു. സ്വജാതിയിൽ പൗരോഹിത്യമായിരുന്നു വൃത്തി. അതോടുകൂടി പലരേയും സംസ്കൃതവും അഭ്യസിപ്പിച്ചിട്ടുണ്ടു്. വേദാന്തത്തിലും ജ്യോതിഷത്തിലെ ഫലഭാഗത്തിലും നിഷ്ണാതനായിരുന്നു; എന്നുമാത്രമല്ല ഭാഷയിലും സംസ്കൃതത്തിലും അക്ലിഷ്ടമായി കവനംചെയ്യുന്നതിനും ഭാഷയിൽ നിരർഗ്ഗളമായി പ്രസംഗിക്കുന്നതിനുമുള്ള പാടവവും സമ്പാദിച്ചിരുന്നു. 1116-ാണ്ടു കുംഭമാസത്തിൽ മരിച്ചു.

### കൃതികൾ

(1) ശതകത്രയഭൂഷണം, (2) ഭദ്രകാളീ മാഹാത്മ്യം മൂന്നു ദിവസത്തെ കഥ, (3) മഹിഷമർദ്ദനം എന്നീ ആട്ടക്കഥകളും ഗണപതിപ്പോറ്റി രചിച്ചിട്ടുണ്ടു്. ശതകത്രയഭൂഷണം ഭർത്തൃഹരിയെ അനുകരിച്ചു് ഐകമത്യം, ശൃങ്ഗാരം, അദ്വൈതം എന്നീ പ്രമേയങ്ങളെ അധികരിച്ചു നിർമ്മിച്ചിട്ടുള്ള ഒരു കൃതിയാണ്. ഈ പുസ്തകം 1075-ൽ അച്ചടിപ്പിച്ചു. ആട്ടക്കഥകൾ പല അവസരങ്ങളിലായി ഉണ്ടാക്കി. ഭദ്രകാളീ മാഹാത്മ്യ

ത്തിൽ ഒന്നാംദിവസത്തെ കഥയ്ക്കു ദാരുകോത്ഭവമെന്നും, രണ്ടാമത്തേതിനു ദാരുക വിജയമെന്നും, മൂന്നാംദിവസത്തെ കഥയ്ക്കു ദാരുകവധമെന്നും പേരുകൊടുത്തിരിക്കു ന്നു. മഹിഷമർദ്ദനം സാമാന്യം ഭേദപ്പെട്ട ഒരു കൃതിയാണ്. കവിയുടെ ഇഷ്ടദേവത കൾ കാളിയും ഹനുമാനുമാണെന്ന് ഈ ആട്ടക്കഥകളിൽനിന്നു കാണാം. ശതകത്ര യഭൂഷണത്തിൽ കവിയുടെ നൈസർഗ്ഗികമായ ഫലിതോക്തിപാടവവും സ്പഷ്ടമാകു ന്നുണ്ട്.

ശതകത്രയഭൂഷണം:

“കാലം ദേശമവസ്ഥയെന്നിവകളെക്കാലേ മലയ്ക്കാതെക–
ണ്ടാലോചിച്ചതിനൊത്തപോലെകരുതിച്ചേലൊന്നുയർത്തീടണം
കാലേ വേനലിലെന്നപോലെ കയറാൻ ചെന്നപ്പുഴയ്ക്കക്കരെ–
ക്കാലും പൊക്കിവശാകിലായതു മഴക്കാലത്തു ചേലാകുമോ?”

# 48
# വെണ്മണിപ്രസ്ഥാനം

“വെണ്മണിപ്രസ്ഥാനം” എന്ന പേരിൽ പ്രസിദ്ധമായിട്ടുള്ള ഭാഷാസാഹിത്യപരിവർത്തനത്തിന്റെ സ്വരൂപത്തെപ്പറ്റി ദിങ്മാത്രമായി ഇനി ഉപന്യസിക്കാം. അതിന് ഇതാണ് അവസരം. ആ പ്രസ്ഥാനത്തിന്റെ ജനയിതാക്കന്മാർ പൂന്തോട്ടത്ത് അച്ഛൻനമ്പൂരി, കോട്ടപ്പടിക്കൽ ഗോദവർമ്മൻ തിരുമുല്പാട്ട്, വെണ്മണി അച്ഛൻനമ്പൂരി, വെണ്മണി മഹൻ നമ്പൂരി എന്നീ നാലു കവിപുങ്ഗവന്മാരായിരുന്നു. ആ പ്രസ്ഥാനം 1010-ാമാണ്ടോടുകൂടി ആരംഭിക്കുകയും 1050-ാമാണ്ടോടുകൂടി ഒരു വിധം ലബ്ധപ്രതിഷ്ഠമാകുകയും ചെയ്തു.

### പൂർവചരിത്രം

എന്താണ് ആ പരിവർത്തനത്തിന്റെ രീതിയെന്നും എന്താണ് അതുകൊണ്ടു ഭാഷാസാഹിത്യത്തിനു സിദ്ധിച്ച ലാഭങ്ങളെന്നും സൂക്ഷ്മമായി ധരിക്കണമെങ്കിൽ തത്സംബന്ധമായ ചരിത്രത്തിന്റെ സ്വല്പമായ ഒരു പ്രത്യവലോകനം ആവശ്യകമാണ്. പുരാതനകാലത്തുതന്നെ നമ്മുടെ സരസ്വതി മണിപ്രവാളമെന്നും പാട്ടെന്നുമുള്ള രണ്ടു ശാഖകളായി പ്രവഹിച്ചുവന്നുവെന്നും അവയിൽ സാമാന്യേന ആദ്യത്തേതു സംസ്കൃതവൃത്തനിബദ്ധവും രണ്ടാമത്തേതു ഭാഷാവൃത്ത നിബദ്ധവുമായിരുന്നുവെന്നും അവ യഥാക്രമം പണ്ഡിതന്മാരുടേയും സാധാരണ ജനങ്ങളുടേയും ആസ്വാദനത്തെ ലക്ഷീകരിച്ചാണ് രചിക്കപ്പെട്ടിരുന്നതെന്നും നമുക്കറിവുള്ളതാണല്ലോ. ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുള്ള വാങ്മയമേ ഉത്തമമണി പ്രവാളകക്ഷ്യയിൽ പരിഗണനത്തിന് അർഹമാകയുള്ളു എന്നും തന്നിമിത്തം അതിൽ സംസ്കൃതം കുറഞ്ഞും ഭാഷ അധികമായും ഇരിക്കണമെന്നുമുള്ള ലീലാതിലകകാരന്റെ അനുശാസനം മണിപ്രവാളകവികൾ അനന്തരകാലങ്ങളിൽ ഉത്തരോത്തരം വിസ്മരിച്ചു സംസ്കൃതശബ്ദങ്ങൾ ഒന്നിനൊന്നു കൂടുതലായി പ്രയോഗിച്ചു തങ്ങളുടെ കൃതികളെ പൊതുജനങ്ങൾക്കു ദുരവഗാഹമാക്കി. തുഞ്ചത്തെഴുത്തച്ഛന്റെ അധ്യാത്മരാമായണത്തിൽ പോലും സംസ്കൃതത്തിന്റെ പ്രയോഗം ആവശ്യത്തിലധികമായിപ്പോയി. നളചരിതം, പഞ്ചതന്ത്രം, ശിവപുരാണം തുടങ്ങിയ ഗാനങ്ങൾ എഴുത്തച്ഛന്റെ മഹാഭാരതത്തെ അതിശയിക്കുന്ന ഭാഷാശുദ്ധിയോടുകൂടി രചിച്ച കുഞ്ചൻനമ്പിയാർപോലും ശ്രീകൃഷ്ണചരിതം മണിപ്രവാളം സംസ്കൃതച്ഛന്ദസ്സുകളിൽ നിബന്ധിക്കേണ്ടിവന്നപ്പോൾ “കതിപയസർഗ്ഗമിദം കരോമികാവ്യം” എന്നു സംസ്കൃതത്തിൽത്തന്നെ പ്രതിജ്ഞചെയ്തുകൊണ്ട് ആരംഭിച്ച് തദനുരോധേന കവനം ചെയ്കയാണുണ്ടായത്.

“കുമാരിയെത്താൻ പ്രസവിച്ചു ശേതേ” എന്നും മറ്റുമുള്ള വിലക്ഷണപ്രയോഗങ്ങൾ അതിൽ അപൂർവ്വമായെങ്കിലും കടന്നുകൂടീട്ടുണ്ട്. ആ വിഷയത്തിൽ മഹാപരാധി ഉച്ഛൃംഖലമായ വെങ്കലബ്ഭാഷയിൽ തന്റെ ഭാഷാകൃതികൾ നിർമ്മിച്ച ഉണ്ണായിവാരിയരായിരുന്നു. സംസ്കൃതത്തിന്റെ ദാസ്യം ഒരു ബഹുമതിയായി കരുതിയിരുന്ന താദൃശന്മാരായ കവികളിൽ നിന്ന് അപണ്ഡിതന്മാർ പൂർവ്വാധികം അകന്നു. അവർക്കു നിത്യവ്യവഹാരത്തിന് ഉപയുക്തമായ ശബ്ദകോശത്തിൽ കവിഞ്ഞു പറയത്തക്ക പദപരിചയമൊന്നും ഉണ്ടായിരുന്നില്ല. വിശേഷിച്ച് അമരകോശസിദ്ധരൂപങ്ങളെങ്കിലും അല്പം പഠിക്കേണ്ടിവന്നിരുന്ന പ്രാചീനസംപ്രദായത്തിലുള്ള വിദ്യാഭ്യാസം പുതിയ രീതിയിലുള്ള സർക്കാർ മലയാളം പള്ളിക്കൂടങ്ങളുടേയും വിശിഷ്യ അധീശഭാഷാധ്യാപനത്തിനായി സ്ഥാപിച്ച ഹൗണിവിദ്യാലയങ്ങളുടേയും ആവിർഭാവത്തോടുകൂടി സ്ഥാനഭ്രഷ്ടമാകുവാനുള്ള ലക്ഷണങ്ങളും കണ്ടുതുടങ്ങി. അതുകൊണ്ടു സംസ്കൃതവൃത്തനിബദ്ധങ്ങളായ നൂതനഭാഷാപ്രബന്ധങ്ങളെ യഥാർത്ഥഭാഷാകൃതികളായി രൂപാന്തരപ്പെടുത്തത്തക്കവണ്ണം അവയിൽ ശബ്ദവിഷയകമായി ചില മൗലികങ്ങളായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തേണ്ടതു് അത്യാവശ്യകമായിത്തീർന്നു. അതാണ് വെണ്മണിപ്രസ്ഥാനത്തിന്റെ പ്രാദുർഭാവത്തിനുള്ള പ്രധാനകാരണം. അർത്ഥസംബന്ധമായും ചില ചില്ലറ മിനുക്കു വേലകൾ അവർ ചെയ്യാതെയിരുന്നില്ല. ആ വിഷയങ്ങളിൽ അതിന്റെ ഉപജ്ഞാതാക്കളുടെ പൂർവ്വഗാമി എന്ന പ്രശംസയെ സമഗ്രമായി അർഹിക്കുന്ന ഒരു കവി ചേലപ്പറമ്പു മാത്രമേയുള്ളു. ചേലപ്പറമ്പിന്റെ ഭാഷാമുക്തകങ്ങളിൽ പ്രസ്തുത പ്രസ്ഥാനത്തിന്റെ സകല ലക്ഷണങ്ങളും കാണാം. എന്നാൽ ഏതാനും ഒറ്റശ്ലോകങ്ങൾകൊണ്ടുമാത്രം ഒരു പരിവർത്തനപദ്ധതി ഉൽഘാടിതമാകുകയില്ലല്ലോ.

## പുതിയ പരിഷ്കാരങ്ങൾ

വെണ്മണിപ്രസ്ഥാനത്തിൽ പ്രകടീഭവിച്ച പരിഷ്കാരങ്ങൾ പ്രായേണ താഴെക്കാണുന്നവയാണ്. (1) സംസ്കൃതവിഭക്ത്യന്തങ്ങളോ പ്രസിദ്ധിവികലങ്ങളോ ആയ പദങ്ങളെ കഴിവുള്ളിടത്തോളം വർജ്ജിക്കുക; (2) ശ്ലേഷം (സംശ്ലിഷ്ടപദത—അതായതു് എത്ര പദങ്ങളുണ്ടെങ്കിലും എല്ലാംകൂടി ഒരൊറ്റപ്പദംപോലെ അലിഞ്ഞുചേർന്നു പരിലസിക്കത്തക്ക നിലയിലുള്ള അവയുടെ സംയോജനം), പ്രസാദം (കേട്ടനിമിഷത്തിൽ അർത്ഥാവബോധമുണ്ടാകത്തക്ക പദങ്ങളല്ലാതെ മറ്റൊന്നും പ്രയോഗിക്കാതിരിക്കുക), മാധുര്യം, സൗകുമാര്യം, അർത്ഥവ്യക്തി, ഗതി (സ്വരങ്ങൾക്കു് ആരോഹാവരോഹക്രമം ദീക്ഷിക്കുമ്പോൾ പ്രകടീഭവിക്കുന്ന രമ്യത) ഇത്യാദി കാവ്യഗുണങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുക; (3) ശയ്യ (പദങ്ങളുടെ വിനിമയാസഹിഷ്ണുത), ദ്രാക്ഷാപാകം (അകത്തും പുറത്തും ഒന്നുപോലെ വ്യാപിക്കുന്ന രസസ്ഫൂർത്തി), വൈദർഭീരീതി (മാധുര്യാദിഗുണങ്ങൾക്കിണങ്ങിയ കോമളമായ ശബ്ദഘടന) ഈവക കാര്യങ്ങളിൽ നിഷ്കർഷിക്കുക; (4) കർണ്ണസുഖം വരുത്തി ശ്രോതാക്കളെ ആകർഷിക്കുന്നതിനുള്ള ഉപായങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത വൃത്താനുപ്രാസത്തിലും അന്ത്യപ്രാസത്തിലും വിശേഷപ്രതിപത്തി പ്രദർശിപ്പിക്കുക; (5) ഏതു ശ്ലോകത്തിലും ഇങ്ങോളം അങ്ങോളം ഫലിതസിത വിതറി അതിന്റെ ആസ്വാദ്യത വർദ്ധിപ്പിക്കുക എന്നിങ്ങനെ ചില പദ്ധതികളാണ് ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ തങ്ങളുടെ ഉദ്ദേശസിദ്ധിക്ക് അങ്ഗീകരിച്ചതു്. അപ്രയുക്തം, അസമർത്ഥം, നേയാർത്ഥം, സന്ദിഗ്ദ്ധം, ക്ലിഷ്ടം, അന്യാർത്ഥം, അപ്രതീതികം, പരുഷം തുടങ്ങിയ പല കാവ്യദോഷങ്ങളേയും അവർ അകറ്റിനിറുത്തി. ദൂരാന്വയം, വിസന്ധി, യതിഭങ്ഗം

മുതലായ രചനാവൈകല്യങ്ങൾ, അവരുടെ കൃതികളിൽ അത്യന്തം വിരളമായ ല്ലാതെ കാണുകയില്ല. എങ്കിലും ച്യുതസംസ്കാരം, നിരർത്ഥകം, അപ്രയോജകം, ഗ്രാമ്യം തുടങ്ങിയ ദോഷങ്ങളെ അവർ കാര്യമായി ഗണിക്കുകയോ അവയിൽനിന്നു വിമുക്തി നേടുവാൻ യത്നിക്കുകയോ ചെയ്തില്ല. തന്നിമിത്തം അവരുടെ കൃതികൾ ആപാതമധുരങ്ങളാണെങ്കിലും ആലോചനാമൃതങ്ങളാണെന്നുപറവാൻ നിർവാഹ മില്ല. സംസ്കൃതച്ഛന്ദസ്സുകളിൽ നിബദ്ധങ്ങളായ മണിപ്രവാളശ്ലോകങ്ങളിൽ ഭൂരിപ ക്ഷവും പ്രാചീനകാലംമുതല്ക്കുതന്നെ സ്ത്രീകളെ ഉദ്ദേശിച്ച രചിക്കപ്പെട്ടവയായിരുന്നു. ആ ശ്ലോകങ്ങൾ ചില അവസരങ്ങളിൽ ശൃങ്ഗാരത്തിന്റെ സഭ്യതാസീമയെപ്പോ ലും അതിലംഘിച്ചിരുന്നു. ചേലപ്പറമ്പിന്റെ മുക്തകങ്ങൾ അത്തരത്തിലുള്ളവയാ ണെന്നു പറയേണ്ടതില്ലല്ലോ. ആ വൈകല്യം വെണ്മണിഅച്ഛന്റെയും മഹന്റെയും കൃതികളെ സവിശേഷം ബാധിച്ചിരുന്നതിന്റെ കാരണം തദ്വിഷയകമായ ഗതാനുഗ തികത്വംതന്നെയാണ്. പ്രായേണ തങ്ങളുടെ കൃതികളിൽ ബാഹ്യസൗന്ദര്യം മാത്രം ദീക്ഷിച്ചിരുന്ന അവർക്കു ബാഹ്യപ്രകൃതിയെ വർണ്ണിക്കുന്നതിലുള്ള പാടവം ആഭ്യന്ത രവികാരങ്ങളുടെ പ്രകാശനവിഷയത്തിൽ ഉണ്ടായിരുന്നില്ല. ഛായാശ്ലോകങ്ങൾ രചിക്കുന്നതിൽ അവർക്കുള്ള പ്രാഗല്ഭ്യം വിസ്മയനീയമായിരുന്നുവെന്നു സമ്മതി ക്കണം. വസ്തുതത്ത്വം അങ്ങനെയാണെങ്കിലും ആകെക്കൂടിയുള്ള നിഷ്പക്ഷമായ നിരൂപണത്തിൽ വെണ്മണിപ്രസ്ഥാനം, അതിൽ എന്തെല്ലാം കോട്ടവും കുറവും ഉണ്ടെങ്കിലും ഭാഷാകവിതയ്ക്കു് ഒരു പരമാനുഗ്രഹമായാണ് പരിണമിച്ചതു്. പണ്ഡി തന്മാർക്കു ഭാഷാകൃതികളുടെ നേർക്കുണ്ടായിരുന്ന അവജ്ഞയെ അതു പാടേ നിർ മ്മാർജ്ജനം ചെയ്തു. അപണ്ഡിതന്മാർ അതിനു സശിരഃകമ്പം സ്വാഗതം നല്കുകയും തങ്ങൾക്കു തദ്വാരാ ലഭിച്ച നവീനമായ സാഹിതീസ്വർഗ്ഗത്തിൽ സ്വച്ഛന്ദം വിഹരിക്ക യും ചെയ്തു. വെണ്മണിശ്ലോകങ്ങളിൽ ഏതാനും ചിലതെങ്കിലും ഹൃദിസ്ഥമാകാത്ത കേരളീയർ അക്കാലത്തുണ്ടായിരുന്നില്ല. ഒരിക്കൽ കേട്ടാൽ ഉടനടി ഉള്ളിൽ കടന്ന് ഒരിക്കലും അവിടെ നിന്നു നീങ്ങിപ്പോകാത്ത തരത്തിലായിരുന്നുവല്ലോ അവയുടെ രചന. ആ കവികൾക്കു സംസ്കൃതത്തിൽ പറയത്തക്ക അവഗാഹമില്ലാതെയിരുന്ന തു ഭാഷയുടെ ഭാഗ്യമായി. ഫലിതം അവർക്കു ജന്മസിദ്ധമായിരുന്നു; അതു കുഞ്ചന്റെ തുള്ളലുകളിലും മറ്റുമുള്ള നിരന്തര പരിശീലനം നിമിത്തം അഭിവൃദ്ധവുമായി. ഇന്നും അവർ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ തന്നെ അത്തരത്തിലുള്ള കൃതികൾക്കു മാർ ഗ്ഗജ്യോതിസ്സുകളായി പരിലസിക്കുന്നു. അവയിൽ തള്ളേണ്ടതു് അനന്തരഗാമികൾ തള്ളിയിട്ടുണ്ടു്; കൂട്ടിച്ചേർക്കേണ്ടതു കൂട്ടിച്ചേർത്തിട്ടുമുണ്ടു്. അതെല്ലാം അങ്ങനെത ന്നെയാണല്ലോ വേണ്ടതും.

## പൂന്തോട്ടത്തു് അച്ഛൻനമ്പൂരി (996–1040)

### ചരിത്രം

പൂന്തോട്ടത്തില്ലം ബ്രിട്ടീഷു മലബാറിൽ വള്ളുവനാട്ടു താലൂക്കിൽ കിള്ളിക്കുറിശ്ശിമങ്ഗ ലം ക്ഷേത്രത്തിൽ നിന്ന് ഉദ്ദേശം രണ്ടു ഫർലാംഗ് തെക്കുകിഴക്കും ലക്കിടിത്തീവണ്ടി യാപ്പീസിൽ നിന്ന് ഒരു മൈൽ വടക്കുമായാണ് സ്ഥിതിചെയ്യുന്നതു്. ആ ക്ഷേത്രവും പരിസരപ്രദേശങ്ങളും സുമാർ ഒരു ശതകത്തിനുമുമ്പു കൊച്ചിശ്ശീമയിൽ തലപ്പള്ളി ത്താലൂക്കിൽ ഉൾപ്പെട്ടിരുന്നു. മഹാകവി കുഞ്ചന്റേയും മന്ത്രേടത്തു നമ്പൂരിപ്പാട്ടിലേ യും ജന്മദേശവും അവിടംതന്നെയായിരുന്നു എന്നു നാം ധരിച്ചിട്ടുണ്ടല്ലോ. പൂന്തൊ ട്ടത്തിന്റെയും നമ്പിയാരുടെ ഗൃഹത്തിന്റെയും ഇടയ്ക്കു് ഒരു വേലിയുടെ വ്യവധാനമേ

ഉള്ളു. പൂന്തോട്ടത്തില്ലത്തിൽ അച്ഛൻ നമ്പൂരി 996-ാമാണ്ടു കുംഭമാസത്തിൽ പൂയം നക്ഷത്രത്തിൽ ജനിച്ചു. പരമേശ്വരൻനമ്പൂരിയായിരുന്നു പിതാവു്. നമ്മുടെ കവിയുടെ പേർ ദാമോദരൻ എന്നായിരുന്നു. അച്ഛൻ എന്നു പ്രകൃതത്തിൽ വിശേഷിപ്പിക്കുന്നതു് അദ്ദേഹത്തിന്റെ തൃതീയപുത്രനും കവിയുമായ മറ്റൊരു ദാമോദരൻ നമ്പൂരിയെക്കൂടി സ്മരിക്കേണ്ടിയിരിക്കുന്നതുകൊണ്ടാണു്. പൂന്തോട്ടത്തു നമ്പൂരിമാർ തൃശ്ശിവപേരൂർ യോഗത്തിൽ ചേർന്നവരാണു്. അവർക്കു വേഴപ്പറസംഘത്തിൽ പരിഷയും വാക്യവൃത്തിയുമുണ്ടു്. ദാമോദരൻ നമ്പൂരി പട്ടാമ്പി പള്ളിശ്ശേരി ഓതിക്കോനോടു വേദം അഭ്യസിക്കുകയും തൃപ്പണിത്തുറെ താമസിച്ചു കുറേക്കാലം സംസ്കൃതം പഠിക്കുകയും ചെയ്തു പ്രായേണ തൃപ്പൂണിത്തുറയും കൊടുങ്ങല്ലൂരുമായിരുന്നു താമസം. തൃപ്പൂണിത്തുറെ ഒരു നമ്പിഷ്ഠാതിരിയുടെ ഭർത്തൃപദവും സ്വീകരിച്ചു. കൊടുങ്ങല്ലൂർ താമസിക്കാനുണ്ടായ കാരണം വിദ്വാൻ ഇളയതമ്പുരാന്റെ ആശ്രയവും വെണ്മണി അച്ഛൻ നമ്പൂരിപ്പാടുമായുള്ള മൈത്രീബന്ധവുമാണു്. ചിലപ്പോൾ കിളിമാനൂർ കൊട്ടാരത്തിലും പോകാറുണ്ടായിരുന്നു, കിള്ളിക്കുറിശ്ശിമങ്ഗലത്തുകാരനായ മങ്ഗലത്തു നമ്പൂരിക്കു് അവിടെ തന്ത്രമുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹത്തോടുകൂടിയാണു് അവിടെ പോയ്‌വന്നതു്. അനേകം വിദ്വാന്മാർ അന്നു് ആ കൊട്ടാരത്തിൽ ഉണ്ടായിരുന്നുവല്ലോ. തൃശ്ശിവപേരൂർക്കു സമീപമുള്ള അഷ്ടമി എന്ന ഇല്ലത്തു നിന്നു വിവാഹം ചെയ്കയും ആ വിവാഹത്തിൽ മൂന്നു പുത്രന്മാരും അഞ്ചു പുത്രിമാരും ജനിക്കുകയും ചെയ്തു. 1040-ാമാണ്ടു കുംഭമാസം അനിഴം നക്ഷത്രത്തിൽ മരിച്ചു.

## കൃതികൾ

പൂന്തോട്ടത്തിന്റെ കൃതികളായ (1) അംബരീഷചരിതം ഓട്ടൻതുള്ളലും, (2) കാലകേയവധം ശീതങ്കൻ തുള്ളലും, (3) സ്യമന്തകം ആട്ടക്കഥയും ഏതാനും ചില മുക്തകങ്ങളും മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. അവയിൽ മുക്തകങ്ങൾ കൊണ്ടാണു് അദ്ദേഹം വെണ്മണിപ്രസ്ഥാനത്തിലെ പ്രഥമാചാര്യന്മാരിൽ ഒരാളായി ഗണിക്കപ്പെട്ടുപോന്നതു്. പൂന്തോട്ടം, വെണ്മണി അച്ഛൻ മുതൽപേരെ ആ പ്രസ്ഥാനം സംവിധാനം ചെയ്യുന്നതിനു് അനേകവിധത്തിൽ സഹായിച്ച വിദ്വാൻ ഇളയതമ്പുരാന്റെ തദ്വിഷയകമായ സദ്വ്യവസായത്തെ ഞാൻ അന്യത്ര സ്മരിച്ചിട്ടുണ്ടു്.

## അംബരീഷചരിതം ഓട്ടൻതുള്ളൽ

അംബരീഷ ചരിതം ഓട്ടൻതുള്ളൽ ഒരു പൂന്തോട്ടംനമ്പൂരിയുടെ കൃതിയാണെന്നുള്ളതിനു സംശയമില്ല. അച്ഛന്റെയോ മകന്റെയോ എന്നു മാത്രമേ ഉള്ളു തർക്കം. എന്തെന്നാൽ ആ ഇല്ലത്തെ ഒരേട്ടിൽ ആ കൃതിയുടെ അവസാനത്തിൽ “പുഷ്പോദ്യാനമഹീസുരേണ കൃതമാം നാട്യപ്രബന്ധങ്ങളെ” 1068 ഗ്രീഷ്മർത്തുവിൽ ‘ക്ഷിപ്രാശേഷ’ഗൃഹത്തിലെ ഒരു നമ്പൂരി പകർത്തിയെഴുതിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അംബരീഷചരിതം അച്ഛന്റെ കൃതിയെന്നുള്ള ഐതിഹ്യം തിരസ്കരിക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ പക്ഷം. കാലകേയവധവുമായി തട്ടിച്ചുനോക്കുമ്പോൾ അതിനു മേന്മ പോരെന്നു സമ്മതിക്കാം; എങ്കിലും

> “കാലേക്കൂട്ടിത്തുഴയണമെന്നേ ചാലേ ചെന്നു കരയ്ക്കണയുള്ളു.
> കൈതവമാർഗ്ഗംകൊണ്ടിഹ നൃപനുടെ മാധവഭജനവിരോധം ചെയ്‌വാൻ
> പാടവമുള്ളവരാരും നമ്മുടെ നാടതിലില്ലതുകൊണ്ടു നിനച്ചാൽ
> താടിക്കാരിലൊരുത്തനെയതിനായ്ച്ചാടിക്കേണമതെന്നൊരു—പക്ഷം.
> എന്നാലായതിനിനിയും മന്ദത വന്നീടാതെ മുതിർന്നീടേണം.

> തൽക്കാലത്തതിനുത്സാഹിച്ചു ലഭിക്കാമെന്നു നിനച്ചു വസിച്ചാൽ
> തീക്കെട്ടുവോളം പന്നി വസിക്കില്ലക്കരെയെന്നൊരു ചൊല്ലുണ്ടല്ലോ."

എന്നിങ്ങനെ ചില സരസങ്ങളായ ഭാഗങ്ങൾ അതിലുണ്ട്. കൊല്ലത്തെ റെഡ്ഡിയാർ കുഞ്ചന്റേതാക്കി അച്ചടിപ്പിച്ചിട്ടുള്ള അംബരീഷചരിതം തന്നെയാണിത്.

## കാലകേയവധം

കാലകേയവധം ശീതങ്കൻതുള്ളലിൽ ഭൂരിഭാഗവും പൂന്തോട്ടത്തിന്റെ കൃതിയാണെങ്കിലും വേറേ രണ്ടു കവികളുടെ കൈപ്പെരുമാറ്റംകൂടി അതിൽ കടന്നുകൂടീട്ടുണ്ട്. "മന്ദാരവൃക്ഷങ്ങൾ നില്ക്കുന്ന കണ്ടു—മധുരതരമവയുടയ വിഭവമതു കണ്ടു" എന്നു തുടങ്ങി "ഉദ്യാനലക്ഷ്മീവിലാസങ്ങളിങ്ങനെ" എന്നതുവരെയുള്ള സ്വർഗ്ഗവർണ്ണനഭാഗം, തദ്വിഷയകമായ ചിത്രണം എങ്ങനെ നിർവഹിക്കണമെന്നു നമ്പൂരി ചോദിച്ചപ്പോൾ വിദ്വാൻ ഇളയതമ്പുരാൻ എഴുതിക്കൊടുത്തതാണ്. തമ്പുരാൻ തീപ്പെട്ട 1026-ാമാണ്ടിനു മുൻപാണ് പ്രസ്തുത കാവ്യത്തിന്റെ രചന എന്ന് ഇതിൽ നിന്ന് അനുമാനിക്കാം. കാലകേയന്റെ മോഹനാസ്ത്രം ഏറ്റ് അർജ്ജുനൻ ഭൂമിയിൽ വീണവിവരം "മൂർത്തിത്രയോത്തമൻ മൃത്യുഞ്ജയൻ മൃഡൻ കൃത്തിവാസാവായ ദേവൻ മഹേശ്വരൻ" ഗ്രഹിച്ചു എന്ന ഭാഗം വരെയേ നമ്പൂരി എഴുതിയുള്ളു. കഥയ്ക്കു പൂർത്തിവരുത്തുന്നതിനുവേണ്ടി ബാക്കിയുള്ള ഈരടികൾ കൊച്ചി ഹജൂർ രജിസ്ത്രരായിരുന്ന തൃശ്ശൂർ തെക്കേക്കുറുപ്പത്തു (രാമഞ്ചിറമഠത്തിൽ) കൊച്ചുണ്ണി മേനോൻ രചിച്ചു ചേർത്തതാണ്. അദ്ദേഹത്തെപ്പറ്റിയാണ് വെണ്മണിമഹൻ "കുറുപ്പത്തു കൊച്ചുണ്ണിമേനോൻ—രാജിക്കാൻനന്നു കച്ചേരിയിലഥ കവനം പാർക്കുകിൽകൊങ്ങിണിപ്പൂരാജിക്കാണൊട്ടു ചേരുന്നതു മഹിമയവന്നില്ല പൂവിന്നുമില്ല" എന്ന കവിപുഷ്പമാലയെക്കുറിച്ചു കാത്തുള്ളിൽ അച്യുതമേനോന് എഴുതിയ കത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. കാലകേയവധം ദീർഘവും മനോഹരവുമായ ഒരു തുള്ളലാണെന്നുള്ളതിൽ പക്ഷാന്തരമില്ല. അർജ്ജുനനെ ഒരു നോക്കു കണ്ടുകൊണ്ടു പോകാൻ തിക്കിത്തിരക്കിവരുന്ന സ്വർവേശ്യമാരുടെ പരിഭ്രമം വർണ്ണിച്ചിരിക്കുന്ന ഘട്ടം അത്യന്തം രമണീയമായിരിക്കുന്നു. നോക്കുക ചില വരികൾ.

> "താണ്ഡവത്തിന്നു തുനിഞ്ഞോരു മാനിനി
> പാണ്ഡവൻ തന്റെ വരവു കണ്ടഞ്ജസാ
> താണ്ഡവം കൈവിട്ടു താനേ പുറപ്പെട്ടു
> ഗാണ്ഡീവധാരിയാം പാർത്ഥന്റെ സന്നിധൗ
> ചെന്നുനിന്നാരബ്ധവാസനാശക്തിയാൽ
> മന്ദം പുരികമിളക്കിക്കടാക്ഷിച്ചു,
> പൊന്നിൻചിലമ്പു കിലുങ്ങവേ തക്കിട—
> ത്തെന്നാംതളംകുതാമെന്നു ചാടീടിനാൾ.
> കാമപാലാനുജൻ തന്റെ സഖിയുടെ
> കോമളമാകും കളേബരം കണ്ടവൾ
> കാമനെന്നോർത്തൊരു കാമിനി തൻകരേ
> കാർമ്മുകം കൗസുമം കാണായ്കകാരണാൽ
> കെട്ടിയ മൗലിയിൽക്കെട്ടിയിരിക്കുന്ന
> മട്ടലർമാലയെക്കെട്ടഴിച്ചായവൾ
> പെട്ടെന്നതുകൊണ്ടു കഷ്ടിച്ചൊരു വില്ലു
> കെട്ടിക്കൊടുപ്പതിന്നായിത്തുനിഞ്ഞഹോ,

ഞാണിന്നു വണ്ടിനെക്കാണാഞ്ഞു ഖേദേന
കേണുഴന്നങ്ങോട്ടുമിങ്ങോട്ടുമോടിനാൾ.
കാണികൾ കണ്ടു ചിരിക്കുന്നതു കണ്ടു
നാണിയമുള്ളവൾ നാണിച്ചു മാറിനാൾ."

## സ്യമന്തകം ആട്ടക്കഥ

ആടിക്കാണാനും പാടിക്കേൾക്കാനും കൊള്ളാവുന്ന ഒരു കഥയാണ് സ്യമന്തകം. മൃഗയാലോലനായ പ്രസേനനെ കാമിക്കുന്ന വക്രദന്തി എന്നൊരു രാക്ഷസിയെയും അവളുടെ മൂക്കും മുലയും അരിഞ്ഞുവിടുന്ന അവസരത്തിൽ അവളുടെ സഹോദരനായ ഇന്ദുമാലി എന്ന രാക്ഷസനെയും കവി പ്രവേശിപ്പിച്ചു രൗദ്രരസത്തിനു പഴുതു നല്കുന്നു. ശ്ലോകങ്ങൾ പദങ്ങൾ പോലെ നന്നായിട്ടില്ല.

"കളഭാഷിണിമാരണിമുടിമൗലേ!
   കളഭോരു! ഗിരം നിശമയബാലേ!
അളകാലംകൃതമഞ്ജുളഫാലേ!
   അഴകേറീടിന ഗുണഗണശീലേ!
സുലളിതശയനേ വരിക സുരദനേ!
   സുരഭിസുരാശനപാടലവദനേ!
കളഭകലാധിപമന്ഥരഗമനേ!
   കളക തവാശയലജ്ജകളുടനേ."

ഇത്യാദി പദങ്ങൾ സരസങ്ങളാണ്.

## മുക്തകങ്ങൾ

പൂന്തോട്ടത്തിന്റെ ശ്ലോകങ്ങൾ അധികമൊന്നും കണ്ടുകിട്ടീട്ടില്ല. ആറു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

1 "പൂമെത്തേലെഴുന്നേറ്റിരുന്നു ദയിതേ
   പോകുന്നു ഞാനെന്നു കേ–
ട്ടോമൽക്കണ്ണിണനീരണിഞ്ഞ വദന–
   പൂവോടു ഗാഢം തദാ
പൂമേനിത്തളിരൊന്നു ചേർത്തഹമിനി–
   ക്കാണുന്നതെന്നെന്നക–
പ്പൂമാലോടളിവേണി ചൊന്ന മധുര–
   ച്ചൊല്ലിന്നു കൊല്ലുന്നു മാം"

ഇതിൽ "പൂവിടൽ" വേണ്ടതിലധികം ആയിട്ടുണ്ടെങ്കിലും ഭാവപുഷ്ടികൊണ്ടുള്ള ആസ്വാദ്യത അനപലപനീയമാണ്.

2 "കുളുർത്ത ചെന്താമരതന്നകത്തേ–
ദ്ദളത്തിനൊക്കും മിഴിമാർമണേ! കേൾ
തളത്തിൽനിന്നിങ്ങനെതന്നെ നേരം
വെളുത്തുപോമെന്നിഹ തോന്നിടുന്നു,"

3 "മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ടു വൻകറ്റയും

ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻകച്ചയുടുത്തു മേനി മുഴുവൻ ചേറും പുരണ്ടിപ്പൊഴി–
പ്പാടത്തീന്നു വരുന്ന നിൻ വരവു കണ്ടേറെക്കൊതിക്കുന്നു
ഞാൻ.”

പച്ചമലയാളത്തിലാണ് ഈ ശ്ലോകം രചിച്ചിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ.

4 “ദുഷ്കാലം പെരുകിദ്ദരിദ്രത വളർന്നെത്തുന്ന സത്തുക്കളെ–
ത്തൽകാലേ പരിരക്ഷചെയ്തു വിലസും ശ്രീഭൈമിഭ്രമിപതേ!
ത്വൽകാരുണ്യകടാക്ഷഭൃങ്ഗപടലിക്കുദ്യാനമായേഷ ഞാ–
നിക്കാലത്തു ഭവിക്കിലെന്റെ ഭവനപ്പേരെത്രയും സാർത്ഥമാം”

ഇതു കവി കടത്തനാട്ടു വലിയതമ്പുരാന് അടിയറ വച്ച ഒരു ശ്ലോകമാണ്.

5 “തൊണ്ടനാകിയൊരു രാമർമേനവനതീവ–
കണ്ടുസഹിയായ്കയാൽ
പണ്ടൊരിക്കലൊരു ചെണ്ടകൊട്ടിയതു കണ്ട–
പോലെ പറയുന്നു ഞാൻ;
കണ്ടുതന്നൊടടികൊണ്ടു വീണു ഭുവി
രണ്ടു നാഴിക പിരണ്ടുടൻ
കെണ്ടനാകിയ കിടിക്കു രണ്ടു വെടികൊണ്ട
പോലെ നടകൊണ്ടുതേ.”

കൈയ്യാങ്കളിയിൽ വിദഗ്ധനായ പോഴത്തു രാമൻമേനോൻ കണ്ടു എന്നൊരാളോടു തല്ലിത്തോറ്റതാണ് വിഷയം.

6 “മുല്ല മങ്ഗലമെന്നാലും പൂന്തോട്ടത്തോടെതിർക്കൊലാ;
ഒരുത്തൻ പലരോടേറ്റാൽ തോറ്റുപോമെന്നു നിശ്ചയം.”

ഇതു തന്നോടു കുറേശ്ശ തിരക്കുണ്ടായിരുന്ന മുല്ലമങ്ഗലത്തു നമ്പൂരിക്കു കൊടുത്ത ഫലിതമയമായ ഒരു മറുപടിയാണ്.

## കോട്ടപ്പടിക്കൽ ഗോദവർമ്മൻ തിരുമുല്പാട്

ഗോദവർമ്മൻ തിരുമുല്പാട് വെണ്മണി അച്ഛന്റെ സഹചാരിയായിരുന്നുവെന്നും അദ്ദേഹത്തോടു കൂടി കൊടുങ്ങല്ലൂർക്കോവിലകത്തു വിദ്വാൻ ഇളയതമ്പുരാന്റെ ആശ്രിതനായി താമസിച്ചുവെന്നും അവർ രണ്ടുപേരും മഹാകവി കൊച്ചുണ്ണിത്ത മ്പുരാന്റെ മാതുലനോടു കൂടി രാമേശ്വരത്തുപോയി സ്നാനംചെയ്തുവെന്നും ആ യാത്രയെപ്പറ്റി അദ്ദേഹവും കുറേ ശ്ലോകങ്ങൾ എഴുതീട്ടുണ്ടെന്നും മാത്രം അറിയാം. പേരകത്തു ഗോദവർമ്മൻതിരുമുല്പാടെന്നും അദ്ദേഹത്തെ പറയാറുണ്ട്. കോട്ടപ്പടി എന്നതു ഗുരുവായൂരിനടുത്തുള്ള ഒരു ദേശത്തിന്റെ പേരാണ്. അവിടെയായിരുന്നു മൂലകുടുംബം. അവിടെനിന്ന് ആ കുടുംബത്തിലെ അങ്ഗങ്ങൾ ടിപ്പുവിന്റെ ആക്രമണകാലത്ത് അഭയാർത്ഥികളായി തിരുവിതാംകൂറിലേയ്ക്കു പോന്നപ്പോൾ രാമവർമ്മമഹാരാജാവ് അവരെ ചേർത്തലത്താലൂക്കിൽ പേരകത്തു താമസിപ്പിക്കുകയും ചെയ്തു. താഴെക്കാണുന്ന മുക്തകങ്ങൾ അദ്ദേഹത്തിന്റേതാണ്.

“കുടത്തിന്മേൽ വെള്ളം കുടുകുടെയൊഴിച്ചാലുമകമേ
കടക്കില്ലെന്നല്ലോ ബുധമതമതിൻവണ്ണമയി! തേ

മടുത്തേൻനേർവാണി! മതിയിലിനിയും മന്മൊഴിയഹോ!
കടക്കുന്നീലെന്നും; കനിവുമറിയാറായി ദയിതേ!"

"ആരോമൽത്തയ്യലാളാമരിയൊരു നറുതേൻ–
വാണസർവാണിയായി–
ട്ടോരോരോ നേരുകേടങ്ങനെ തുടരുകയാ–
ലന്തരങ്ഗാന്തരാളേ
വേരോടിച്ചാരുവായ്ത്തീർന്നൊരു മമതമരം
വെന്തുപോയെന്തുചെയ്യാ–
മീ രോഷാഗ്നിപ്രപാതേ മതി മമ തേ
ബാന്ധവം ബന്ധുരാങ്ഗി."

തിരുമുല്പാടു തർജ്ജമ ചെയ്ത ഭർത്തൃഹരിയുടെ നീതിശതകത്തിലെ ചില ശ്ലോകങ്ങൾ ഞാൻ കണ്ടിട്ടുണ്ട്.

## പൂന്തോട്ടത്തു മഹൻനമ്പൂരി (1032–1121)

### ചരിത്രം

പൂന്തോട്ടത്തു മഹന്റെ പേരും ദാമോദരൻ എന്നായിരുന്നു എന്നും അദ്ദേഹം പൂന്തോട്ടത്ത് അച്ഛൻ ദാമോദരൻനമ്പൂരിയുടെ തൃതീയ പുത്രനാണെന്നും മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. 1032-ലായിരുന്നു അദ്ദേഹത്തിന്റെ ജനനം. താമസം മിക്കവാറും കിള്ളിക്കുറിശ്ശിമങ്ഗലത്തു സ്വഗൃഹത്തിൽത്തന്നെയായിരുന്നതിനാൽ പുതിയ കവനപരിഷ്കാരങ്ങളൊന്നും അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചില്ല. അച്ഛൻ തന്നെയായിരുന്നു ബാല്യത്തിലെ ഗുരുനാഥൻ. പിന്നീടു ദേശമങ്ഗലത്തുമനയ്ക്കൽ താമസിച്ചു പ്രസിദ്ധപണ്ഡിതനായ വാടാനംകുറിശ്ശി പിച്ചു ശാസ്ത്രികളോടു കാവ്യനാടകങ്ങളും കുറെ തർക്കവും അഭ്യസിച്ചു. ശാസ്ത്രികളുടെ പിതൃദത്തമായ നാമധേയം വിശ്വനാഥൻ എന്നായിരുന്നു. കുചേലവൃത്തം ശീതങ്കൻതുള്ളലിൽ അദ്ദേഹത്തെ കവി ഇങ്ങനെ വന്ദിച്ചിരിക്കുന്നു:

"ദേശികശ്രേഷ്ഠനാം താതപാദം പദ–
മാശയംകൊണ്ടു ഞാൻ കുപ്പുന്നു സന്തതം;
വിശ്വപ്രസിദ്ധനായുള്ളോരു നമ്മുടെ
വിശ്വനാഥൻ ഗുരുതന്നെയുമാദരാൽ
വിശ്വാസമുൾക്കൊണ്ടു കൈവണങ്ങീടുന്നു
ശാശ്വതം കാത്തരുളീടണമെന്നെയും"

അച്ഛൻ ആദ്യത്തെ ഗുരുവായിരിക്കണം. 1121-ാമാണ്ടു കുംഭമാസം 4-ാംനു മരിച്ചു.

### കൃതികൾ

(1) താരകാസുരവധം കഥകളി, (2) ലക്ഷണാസ്വയംവരം കഥകളി, (3) രാജസൂയം ഓട്ടൻതുള്ളൽ, (4) കുചേലവൃത്തം ശീതങ്കൻതുള്ളൽ, (5) ഗുരുവായുപുരമാഹാത്മ്യം കിളിപ്പാട്ട്, (6) സാവിത്രീചരിതം കിളിപ്പാട്ട്, (7) അജാമിളമോക്ഷം പാന എന്നിങ്ങനെ ഏഴു കൃതികൾ മഹൻ രചിച്ചിട്ടുണ്ട്. അവയിൽ രാജസൂയത്തിനാണ് പ്രശസ്തി അധികം. കുചേലവൃത്തവും ഒരു നല്ല തുള്ളലാണ്.

“ഭജത ഭവനിരാസം ഭക്തലോകൈകദാസം
ഭസിതവിശദഭാസം ഭൂരികാരുണ്യവാസം
കൃതവിവിധവിലാസം ക്ലൃപ്തചന്ദ്രാവതംസം
ശുകനിലയനിവാസം ശൂർപ്പകാരിവ്യുദാസം”

എന്ന മങ്ഗളശ്ലോകത്തോടുകൂടിയാണ് കഥകളികൾ രണ്ടും ആരംഭിക്കുന്നത്.

രാജസൂയം ഓട്ടൻതുള്ളൽ:

“പല പല ജനങ്ങളും പരണീടുന്നു;
ഫലിതങ്ങൾ പലതരം പറഞ്ഞീടുന്നു.
സുലളിതമുഖിമാരും നടന്നീടുന്നു;
മുലകുലമലകളും കുലുങ്ങീടുന്നു.
കളകളരവങ്ങളും മുഴങ്ങീടുന്നു;
നരപതിമുഖമേറ്റം ജ്വലിച്ചീടുന്നു.
സുരപതി പരമൊന്നു വിറച്ചീടുന്നു;
സുരമുനിജനങ്ങളും രസിച്ചീടുന്നു.”

കുചേലവൃത്തം പാന:

“തങ്കത്തിനുമില്ലവനു ദുരാഗ്രഹം;
മണ്കട്ടയും നല്ല പൊൻകട്ടയും ശരി.
തങ്കക്കുടത്തിന്നു സങ്കടമേകുന്ന
കൊങ്കത്തടങ്ങളിൽത്തങ്ങുന്ന കുങ്കുമ–
പങ്കങ്ങൾകൊണ്ടങ്ങലംകൃതമായുള്ള
മങ്കയും നല്ല മരപ്പാവയും സമം.
വങ്കത്തമാർന്നുള്ള വസ്തുക്കളിൽസ്സുഖം
ശങ്കിക്കപോലുമവന്നില്ല നിർണ്ണയം.”

## വെണ്മണി അച്ഛൻനമ്പൂരിപ്പാട്ട് (992–1066)

### അച്ഛനും മകനും

വെണ്മണിപ്രസ്ഥാനത്തിന്റെ രൂപവൽക്കരണത്തിൽ പൂന്തോട്ടത്ത് അച്ഛനും ഗോദവർമ്മൻതിരുമുല്പാടിനുമുള്ള പങ്കു നിസ്സാരമായിരുന്നു. അതിനു പൂർണ്ണമായ ആകൃതി നല്കിയതു വെണ്മണി അച്ഛനും പുഷ്കലമായ പുഷ്ടി വരുത്തിയതു വെണ്മണി മഹനുമായിരുന്നു. ആ രണ്ടു കവികളുടെയും കവിത തിരിച്ചറിയുവാൻ യാതൊരു സഹൃദയനും സാധിക്കാത്തവിധത്തിൽ അത്രമാത്രം ഏകരൂപമാണ്.

“കണ്ടിക്കാർകബരീഭരേ! കളലസന്മാധുര്യമുള്ളോരു ക–
ല്ക്കണ്ടക്കട്ടയിലൊന്നു രണ്ടു മുറിയായ്പ്പൊട്ടിച്ചുവച്ചിട്ടതിൽ
രണ്ടും കൂട്ടകിലേതു നന്നിതി കടന്നാഹന്ത! ചോദിക്കമാ–
റുണ്ടോ? കേളതുപോലെയാണു കവിതയ്ക്കീരണ്ടുപേരും പ്രിയേ.”

എന്നു മഹൻ തന്നെ ആ വസ്തുത പ്രച്ഛന്നപാണ്ഡവം നാടകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ ഗുണങ്ങളും ആ ദോഷങ്ങളും രണ്ടു പേരുടെ കൃതികളിലും ഒന്നുപോലെ കാണാം. പലതും തുടങ്ങിവെയ്ക്കുക; ഒന്നും മുഴമിപ്പിക്കാതിരിക്കുക–ഈ സ്വഭാവത്തിലും അവർ

അഭിന്നന്മാരാണ്. മഹൻ അച്ഛനെക്കാൾ വളരെയധികം എഴുതീട്ടുണ്ടെന്നുമാത്രമേ വ്യത്യാസമുള്ളു.

## വെണ്മണി വിഷ്ണുനമ്പൂരിപ്പാട്ട്

കൊച്ചി രാജ്യത്ത് ആലുവാപ്പുഴയ്ക്കു വടക്കു വെള്ളാരപ്പള്ളി എന്ന ദേശത്താണ് വെണ്മണിമന സ്ഥിതിചെയ്യുന്നത്. പണ്ടൊരിക്കൽ ആ മനയ്ക്കലെ ഒരു നമ്പൂരിപ്പാട്ടിലേയ്ക്ക് ഒരു യക്ഷിയെ പരിഗ്രഹമായി കിട്ടിയെന്നും ആ യക്ഷിയുടെ അനുഗ്രഹത്താലാണ് അവിടെ കവികൾ ഉണ്ടായതെന്നുമുള്ള ഐതിഹ്യം അപ്രസിദ്ധമല്ലെങ്കിലും ത്യാജ്യകോടിയിൽ തള്ളാവുന്നതാണ്. ഏതായാലും അച്ഛനും മകനും പുറമേ വിഷ്ണുനമ്പൂരിപ്പാട്ട് എന്നൊരു കവി കൂടി ആ മനയ്ക്കൽ ജീവിച്ചിരുന്നു എന്നറിവുണ്ട്. വിഷ്ണുനമ്പൂരിപ്പാട്ട് അച്ഛന്റെ അപ്ഫനായിരുന്നു. അദ്ദേഹം ഗൃഹസ്ഥാശ്രമം സ്വീകരിച്ച് ഇല്ലത്തുതന്നെ താമസിച്ച് ആധ്യാത്മിക ചിന്തകളിൽ ലീനനായി കാലയാപനം ചെയ്തു. (1) ഗണപതിപ്രാതൽ, (2) രഘുവംശം, (3) സംസാരിയുടെ പാരവശ്യം എന്നിങ്ങനെ ചില കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്; അവയൊന്നും പറയത്തക്ക വെണ്മണിസ്വാദില്ല; തമ്മിൽ ഭേദം രഘുവംശം ശീതങ്കൻതുള്ളലാണ്. രഘുവംശം രണ്ടാം സർഗ്ഗത്തിലെ കഥയാണ് പ്രതിപാദ്യം. അതിലെ വനവർണ്ണനം സാമാന്യം നന്നായിട്ടുണ്ട്. ഗണപതിപ്രാതലൊഴികെയുള്ള രണ്ടു കൃതികളും അപൂർണ്ണങ്ങളാണ്. "ചൂടായ്കിൽത്തുളസീദളം യമഭടത്തല്ലിങ്ങു ചൂടായ് വരും" എന്ന പ്രസിദ്ധമായ ശ്ലോകം ഈ നമ്പൂരിപ്പാട്ടിലേതാണെന്നു ഞാൻ മുൻപു നിർദ്ദേശിച്ചിട്ടുണ്ട്.

## അച്ഛൻനമ്പൂരിപ്പാടിന്റെ ചരിത്രം

വെണ്മണി അച്ഛൻ നമ്പൂരിപ്പാട്ട് 992-ാമാണ്ടു മകരമാസം 22-ാംനു ജനിച്ചു. പരമേശ്വരൻ എന്നായിരുന്നു നാമധേയം. അദ്ദേഹത്തിന്റെ അച്ഛന് അല്പം ബുദ്ധിമാന്ദ്യം ഉണ്ടായിരുന്നുവെങ്കിലും അമ്മ വെള്ളാങ്ങല്ലൂർ ഇളകുറിശ്ശിമനയ്ക്കൽ രാമൻനമ്പൂരിപ്പാട്ടിലെ സഹോദരിയായ ഒരു വിദുഷിയായിരുന്നു. രാമൻനമ്പൂരിപ്പാടു കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാന്റെ ശിഷ്യനായിരുന്നു എന്ന് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ വിവാഹത്തിലെ ഏക സന്താനമായിരുന്നു അച്ഛൻ. 1013-ൽ അദ്ദേഹം കുടമാളൂർ പൊല്പാക്കരമനയ്ക്കൽ (പൊലപ്പാ)നിന്നു വിവാഹം ചെയ്തു. ആ വിവാഹത്തിലുണ്ടായ പുത്രനാണ് വെണ്മണി മഹൻനമ്പൂരിപ്പാട്ട് രാമൻനമ്പൂരിപ്പാടുമായുള്ള സംബന്ധം നിമിത്തമോ മറ്റോ അച്ഛൻനമ്പൂരിപ്പാടു കൊടുങ്ങല്ലൂർ ചെന്നുപറ്റുകയും അവിടെ ഇളയതമ്പുരാന്റെ ഒരു ഭാഗിനേയിയായ കുഞ്ഞിപ്പിള്ളത്തമ്പുരാട്ടിയെ പരിഗ്രഹിക്കുകയും ചെയ്തു. ആ ദാമ്പത്യത്തിന്റെ പ്രകൃഷ്ടഫലമായി ജനിച്ചവരാണ് മഹാകവിമൂർദ്ധന്യനായ കുഞ്ഞിക്കുട്ടൻതമ്പുരാനും അദ്ദേഹത്തിന്റെ അനുജൻ കുഞ്ഞുണ്ണിത്തമ്പുരാനും. കുഞ്ഞുണ്ണിത്തമ്പുരാനു ബാല്യകാലത്തിൽ രൂഢമായിരുന്ന കലാവാസന പിന്നീടു വികസിച്ചില്ല. അച്ഛൻനമ്പൂരിപ്പാടു സ്വന്തം മനയ്ക്കലും കൊടുങ്ങല്ലൂർക്കോവിലകത്തുമായി താമസിച്ചു. ഇളയതമ്പുരാനും അദ്ദേഹത്തിന്റെ ശിഷ്യൻ കുംഭകോണം കൃഷ്ണശാസ്ത്രികളുമായുള്ള സഹവാസം നിമിത്തം മുൻപുതന്നെയുണ്ടായിരുന്ന ലോകവ്യുൽപത്തി വർദ്ധിപ്പിച്ചു എന്നല്ലാതെ ശാസ്ത്രജ്ഞാനം സമ്പാദിച്ചതായി നമ്പൂരിപ്പാട്ടിലെ കൃതികളിൽ നിന്നു നാം അറിയുന്നില്ല. എന്നാൽ ഭാഷാകവിതയെസ്സംബന്ധിച്ചിടത്തോളം അദ്ദേഹം തന്നെയായിരുന്നു അക്കാലത്തെ പ്രമുഖനായ ആചാര്യൻ.

## കൊടുങ്ങല്ലൂർ കവിതക്കളരി

കൊടുങ്ങല്ലൂർക്കോവിലകത്തു് അക്കാലത്തു സംസ്കൃതകവിതയിലും ഭാഷാകവിതയിലും പയറ്റുമുറകൾ അഭ്യസിപ്പിക്കുന്നതിന് ഒരു കളരിതന്നെ ഉണ്ടായിരുന്നു എന്നു പറയാം. 1055-ാമാണ്ടിടയ്ക്കാണ് അതിന്റെ ആരംഭം. സംസ്കൃതത്തെസ്സംബന്ധിച്ചു കുംഭകോണം കൃഷ്ണശാസ്ത്രികളും മലയാളത്തെസ്സംബന്ധിച്ചു വെണ്മണി അച്ഛൻനമ്പൂരിപ്പാടും അദ്ദേഹത്തിന്റെ അഭാവത്തിൽ മഹൻ നമ്പൂരിപ്പാടുമായിരുന്നു പ്രധാന നിർണ്ണേതാക്കൾ. വെണ്മണി മഹൻ, കാത്തുള്ളിൽ അച്യുതമേനോൻ, കൊച്ചുണ്ണിത്തമ്പുരാൻ, വിദ്വാൻ കുഞ്ഞിരാമവർമ്മത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, ഒറവങ്കര നീലകണ്ഠൻനമ്പൂരി ഇവരെല്ലാം ആ പ്രായോഗികവിദ്യാലയത്തിലെ അംഗങ്ങളായിരുന്നു. ഒറവങ്കര 1049 മുതൽ 1063 വരെ കൊടുങ്ങല്ലൂർ താമസിച്ചു സംസ്കൃതം അഭ്യസിക്കുകയുണ്ടായി. കുണ്ടൂർ നാരായണമേനോനും കുറേക്കാലം സർക്കാർ ജോലിയിൽ അവിടെ ഇരുന്നിട്ടുണ്ട്. ചിലപ്പോൾ നടുവത്തച്ഛനും ചെന്നുകൂടും. നടുവത്തു മഹൻനമ്പൂരിയും കുഞ്ഞിരാമവർമ്മത്തമ്പുരാന്റെ ശിഷ്യനായി അവിടെ താമസിച്ചു. ഇവരെയുംകൂടി ആ സംഘത്തിൽ ചേർക്കേണ്ടതുണ്ട്. അങ്ങനെ ആ കവികൾ സമ്മേളിക്കുമ്പോൾ ഇന്ന വിഷയത്തെപ്പറ്റി ഇത്ര സമയത്തിനുള്ളിൽ ഇത്ര പദ്യം വീതം എഴുതണമെന്നു തീർച്ചപ്പെടുത്തും. സമസ്യാപൂരണം, സംസ്കൃതശ്ലോകങ്ങളുടെ ഭാഷാവിവർത്തനം, ഋതുവർണ്ണനം, ഉദയാസ്തമയചിത്രണം എന്നിങ്ങനെ പലതും പ്രശ്നപരിപാടിയിൽ ഉൾപ്പെടും. ചിലപ്പോൾ നാടകരചനയും ഖണ്ഡകാവ്യരചനയും ഉണ്ടാകും. കൊച്ചുണ്ണിത്തമ്പുരാനാണ് ആ പരീക്ഷകളിൽ പ്രായേണ ഒന്നാമനായി ജയിക്കുക; പുറകേ കുഞ്ഞിക്കുട്ടൻതമ്പുരാനും കുഞ്ഞിരാമവർമ്മത്തമ്പുരാനും. അതിന്റെ പശ്ചാൽഭാഗത്തു കാത്തുള്ളിയും രാജനും സമശീർഷന്മാരായി നിലകൊള്ളും. വെണ്മണി മഹൻ ഒടുവിലേ എഴുതിത്തീർക്കയുള്ളു. എങ്കിലും സ്വാരസ്യത്തിൽ മറ്റുള്ളവരെയെല്ലാം പ്രായേണ കവച്ചുവയ്ക്കും. അദ്ദേഹം സംസ്കൃതപരീക്ഷകളിൽ പങ്കുകൊണ്ടിരുന്നില്ല. പ്രസ്തുത പരീക്ഷകളിൽ വിജയികളായ ചില കവികളെപ്പറ്റി വെണ്മണി അച്ഛനും മഹനും രാജനും ഉണ്ടാക്കീട്ടുള്ള ശ്ലോകങ്ങൾ പ്രകൃതത്തിൽ ഉദ്ധരിക്കുന്നതു രസകരമായിരിക്കും.

“ജാതിത്തത്തിന്നു രാജൻ; ദ്രുതകവിതയതിൽ–
ക്കുഞ്ഞഭൂജാനി; ഭാഷാ–
രീതിക്കൊക്കും പഴക്കത്തിനു നടുവമിട–
യ്ക്കച്യുതൻ മെച്ചമോടേ
ജാതപ്രാസം തകർക്കും; ശുചിമണി രചനാ–
ഭങ്ഗിയിൽപ്പൊങ്ങിനില്ക്കും;
ചേതോമോദം പരക്കെത്തരുവതിനൊരുവൻ
കൊച്ചുകൊച്ചുണ്ണിഭൂപൻ.” (വെണ്മണിഅച്ഛൻ)

“ഭാഷാരീതിപ്പഴക്കത്തിനു നടുവ,മതി–
പ്രാസമെണ്ണിപ്പെറുക്കി–
ശ്ശോഷിച്ചീടാതെ കുത്തിത്തിരുകിവിടുവതി–
ന്നച്യുതൻ മെച്ചമോടേ,
ഘോഷിക്കും കുഞ്ഞുഭൂപൻ, ലഘുരസഫലിതം
രാജവിപ്രൻ ചമയ്ക്കും;
തോഷം സർവർക്കുമൊപ്പം തരുവതിനൊരുവൻ

കൊച്ചുകൊച്ചുണ്ണിഭൂപൻ." (വെണ്മണി മഹൻ)

ഇതിനു "കുഞ്ഞുകുട്ടൻ ദോഷംകൂടാതുരപ്പാൻ, പടുമതി ഫലിതത്തിനു രാജാവുമെന്തോ ശേഷം ചൊല്ലുന്നു? ശേഷാംശജപുരുഷനഹോ കൊച്ചുകൊച്ചുണ്ണിഭൂപൻ" എന്നൊരു പാഠാന്തരവും കേട്ടിട്ടുണ്ട്.

"മഞ്ജുത്വം കൈക്കലാക്കീ കവികുലതിലകൻ
കൊച്ചുകൊച്ചുണ്ണിഭൂപൻ
കുഞ്ഞിക്കുട്ടക്ഷിതീശൻ ദ്രുതതരകവിതാ–
വൈഭവം കൊണ്ടുപോയീ;
രഞ്ജിക്കുമ്മാറു തീർത്താൻ പല കൃതികളെയും
കുഞ്ഞിരാമക്ഷിതീശൻ;
ഭഞ്ജിക്കാതേ കടിഞ്ഞിൽപ്രസവസദൃശമായ്
ഞാനുമൊപ്പിച്ചുമാറീ." (ഒറവങ്കര രാജൻ)

അതതു കവികൾ നിർമ്മിക്കുന്ന കൃതികൾ ആ സദസ്സിൽ അരങ്ങേറ്റത്തിൽ കൊണ്ടുവരണമെന്നും ഒരു നിർബ്ബന്ധമുണ്ടായിരുന്നു. അങ്ങനെ ദൃഢതരമായ അഭ്യാസയോഗം സിദ്ധിച്ച അവരുടെ കവിതകൾ അത്രമാത്രം വിശിഷ്ടങ്ങളായതിൽ എന്താണ് ആശ്ചര്യം? 1065 മുതൽ ശരീരാസ്വാസ്ഥ്യംമൂലം വെണ്മണി അച്ഛൻ കൊടുങ്ങല്ലൂർ പോകാതായി. അന്നു മുതൽ ആ കളരിയിലെ ഭാഷാശാഖയുടെ ഗതി അല്പം മന്ദീഭവിച്ചു. 1068-ൽ മഹന്റെ മരണത്തോടുകൂടി ആ പദ്ധതി ഉത്സന്നമായി. 1074-ൽ കൃഷ്ണശാസ്ത്രികൾ പരേതനായതോടുകൂടി സംസ്കൃതകവിതാപരിശീലനവും അവസിതപ്രായമായിത്തീർന്നു.

## മരണം

കാവ്യമർമ്മജ്ഞതപോലെ കാര്യമർമ്മജ്ഞതയും അച്ഛനുണ്ടായിരുന്നതിനാൽ സ്വകുടുംബത്തെ സാമ്പത്തികമായുള്ള വൈഷമ്യങ്ങളിൽനിന്നു സമുദ്ധരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. 74-ാമത്തെ വയസ്സുവരെ ജീവിച്ചിരുന്ന അച്ഛൻ നമ്പൂരിപ്പാട്ടു 1066-ാമാണ്ടു വൃശ്ചികമാസം 13-ാംനു വാതരോഗം മൂർച്ഛിച്ചു പരഗതിയെ പ്രാപിച്ചു. ഭാഷാസാഹിത്യത്തിനുവേണ്ടി അദ്ദേഹം അനുഷ്ഠിച്ച സേവനത്തിന്റെ സ്വരൂപമെന്തെന്നു മഹൻ തന്നെ ജൂബിലി മഹോത്സവം ഓട്ടൻതുള്ളലിൽ സ്പഷ്ടമായി ചെയ്തിട്ടുള്ള പ്രസ്താവന പ്രകൃതത്തിൽ അനുസന്ധേയമാണ്.

"അച്യുതഭക്തജനങ്ങളിൽവച്ചു മി–
കച്ചൊരു പുരുഷൻ, വിഗളിതപരുഷൻ,
വിച്യുതകലിമല, നവികല[1] കവികല–
നച്ചിതമിളകിന ധവളസുരത്നം
സ്വച്ഛസുഭാഷാകവിതാവഴികള–
ടച്ചഥ കാടുപിടിച്ചുകിടന്നതു
നിശ്ചിതഹൃദയനതായിച്ചെന്നു വ–
ലിച്ചുതുറന്നഴകാക്കീട്ടതിലേ
നൽച്ചതികൂടാതങ്ങിനെ വഴി കാ–
ണിച്ചൊരു തുണയായെല്ലാവരെയും

[1] കവി=കവിത.

ഇച്ഛകൾപോലെ നടത്തീടും ബഹു–
മെച്ചമിയന്നൊരു സുകൃതി സുശീലൻ."

തന്റെ മരണത്തിനുമുൻപുതന്നെ അച്ഛനു താൻ ബീജാവാപം ചെയ്ത സാഹിത്യസന്താനം പുഷ്പിക്കുകയും ഫലിക്കുകയും ചെയ്യുന്നതു കണ്ടു സന്തോഷിക്കുവാൻ അവസരം കിട്ടി. പോരെങ്കിൽ തന്റെ അനർഘമായ സരസ്വതീപ്രസാദം തന്നെക്കാൾ മഹത്തരന്മാരായ രണ്ടു പുത്രന്മാർക്കും–മഹൻനമ്പൂരിപ്പാട്ടിലേക്കും കുഞ്ഞിക്കുട്ടൻ തമ്പുരാനും–പൈതൃക സ്വത്തുപോലെ പങ്കുവെച്ചു കൊടുക്കുന്നതിനും സാധിച്ചു. മഹാഭാഗനായിരുന്ന അദ്ദേഹം മാതൃഭാഷയെ തദ്വാരാ പതിന്മടങ്ങു ഭാഗ്യവതിയും സമ്പത്സമൃദ്ധയുമാക്കിയതിനുമേലേ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തുള്ളു.

## കൃതികൾ

വെണ്മണി അച്ഛൻനമ്പൂരിപ്പാടു ദീർഘകാലം ജീവിച്ചിരുന്നിട്ടും അദ്ദേഹത്തിൽ നിന്നു നമുക്കു ലഭിച്ചിട്ടുള്ള വാങ്മയസമ്പത്തു വളരെ ഹ്രസ്വമാണെന്നുള്ളത് അത്ഭുതമായിരിക്കുന്നു. (1) ചില കീർത്തനശ്ലോകങ്ങൾ, (2) ശൃംഗാരശ്ലോകങ്ങൾ, (3) അടിയറ ശ്ലോകങ്ങൾ, (4) ഒരു ഹർജ്ജി, (5) രാമേശ്വരയാത്രയെപ്പറ്റി ആറു ശ്ലോകങ്ങൾ, കുറേ പലവക ശ്ലോകങ്ങൾ–കഴിഞ്ഞു അദ്ദേഹത്തിന്റേതെന്ന് ഇതുവരെ അറിയപ്പെട്ടിട്ടുള്ള കൃതികളുടെ വിഷയസൂചി; കൂടാതെ ഒരു പറയൻ ഗണപതിയുമുണ്ട്. ആകെ 96 ശ്ലോകങ്ങൾ മാത്രം! എന്നാൽ ആ ശ്ലോകങ്ങൾ പുതിയ പ്രസ്ഥാനത്തിന്റെ സകലമുഖങ്ങളെയും സാരമായി സ്പർശിക്കുന്നുണ്ട്. ആ ഇളംതൈതന്നെയാണ് മഹന്റെ കൃതികളിൽ വടവൃക്ഷാകൃതിയിൽ വാച്ചുതഴയ്ക്കുന്നത്. മുക്തകങ്ങൾ എന്ന നിലയിലേ അച്ഛൻ നമ്പൂരിപ്പാട്ടിലെ പദ്യങ്ങൾക്ക് ആസ്വാദ്യതയുള്ളു. അതിലധികമായി ഒരു വിജയം അവയ്ക്ക് അദ്ദേഹം അഭിലഷിച്ചിരുന്നിരിക്കയുമില്ല. ചില ശ്ലോകങ്ങൾ ഉദാഹരണരൂപത്തിൽ ഉദ്ധരിക്കാം.

1 ശ്രീകൃഷ്ണൻ:

"കോടക്കാർവർണ്ണനോടക്കുഴലൊടു കളി വി–
ട്ടോടിവന്നമ്മതന്റേ
മാടൊക്കുംപോർമുലപ്പാലമിതരുചി ഭുജി–
ച്ചാസ്വദിക്കും ദശായാം
ഓടിക്രീഡിച്ചു വാടീടിന വദനകലാ–
നാഥഘർമ്മാമൃതത്തെ–
ക്കൂടെക്കൂടെത്തുടയ്ക്കും സുകൃതനിധി യശോ–
ദാകരം കൈതൊഴുന്നേൻ."

ഈ ശ്ലോകത്തിന്റെ പ്രണേതാവു പൂന്തോട്ടത്ത് അച്ഛനാണെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. 'ഉത്സംഗത്തിലിരുത്തി' 'നില്ലെന്നും പേടി' ഈ രണ്ടു ശ്ലോകങ്ങൾക്കും കൂടി അദ്ദേഹത്തിൽ കർത്തൃത്വം ആരോപിക്കുന്ന ചില സമകാലികന്മാരുണ്ട്. എന്നാൽ ഈ ശ്ലോകങ്ങളിൽക്കൂടി ഞാൻ കാണുന്നതു വെണ്മണി അച്ഛനെത്തന്നെയാണ്.

2 രാമേശ്വരയാത്ര:

"മധുരാധരിമാർമണേ! മനോജ്ഞേ!
മധുരാമന്ദിരമാം മഹാപ്രദേശം

വിധിനാ മമ കണ്ണുകൊണ്ടു കാണ്മാ–
നധുനാ സംഗതി വന്നസംഭവിച്ചു."

സ്ത്രീകളെ അഭിസംബോധനം ചെയ്തുകൊണ്ടു കഥാത്മകങ്ങളോ വർണ്ണനാത്മകങ്ങളോ ആയ കൃതികൾ രചിക്കുക എന്ന കവന പദ്ധതിയുടെ മാർഗ്ഗദർശി അച്ഛൻനമ്പൂരിപ്പാടായിരുന്നു എന്നു തോന്നുന്നു. ആ രീതി ശ്ലോകങ്ങളിലെ വിടവടയ്ക്കാനും പാമരന്മാരെ പാട്ടിലാക്കാനും ഒരേ സമയത്തിൽത്തന്നെ പ്രയോജനപ്പെട്ടു. ഭാഷാകവിതയിൽ കത്തിടപാടുകൾ ആരംഭിച്ചതും അദ്ദേഹമാണ്.

3 സ്ത്രീചാടു:

"ചാരീടണം ചടുലചാരുകടാക്ഷമെന്നിൽ–
ച്ചാറീടണം ചടുലവാണി! കൃപാരസം തേ!
മാറീടൊലാ മതി മറക്കിലുമെന്റെ നല്ല
നാരീജനങ്ങളണിയും നവരത്നമാലേ!"

4 "വദനസ്തുതിയല്ല വല്ലഭേ! നിൻ
വദനത്തിങ്കൾ മറഞ്ഞുപോകമൂലം
മദമത്തമതങ്ഗജപ്രയാണേ!
മദനത്തീയെരിയുന്നു മാനസേ മേ."

5 സ്ത്രീവർണ്ണനം:

"തങ്കക്കോപ്പും തരംചേർന്നൊരു തരിവളയും
  തോടയും നാസികാഗ്ര–
ത്തിങ്കൽച്ചേരുന്ന നാസാമണിയുമുടനണി–
  ഞ്ഞാളിമാരോടു കൂടി
തിങ്കൾക്കൊക്കും മുഖം നല്പരിമൃദുഹസിതം–
  കൊണ്ടഹോ! മുഗ്ദ്ധമാക്കി–
ക്കൊങ്കക്കുന്നും തുളുമ്പിച്ചൊരു തരുണി വരു–
  ന്നുണ്ടെടോ കണ്ടുകൊൾക."

സൂക്ഷിച്ചാൽ പുനരുക്തം, നിരർത്ഥകം മുതലായ ശബ്ദദോഷങ്ങൾ ഈ ശ്ലോകങ്ങളിൽപ്പോലുമുണ്ട്. എങ്കിലും ഇവയ്ക്കുള്ള ശ്രവണമാധുര്യം അന്യാദൃശംതന്നെ. ഏതാനും ചില അശ്ലീല ശ്ലോകങ്ങളും നമ്മുടെ കവി രചിച്ചിട്ടുണ്ട്. ആ പരിപാടിയെപ്പറ്റി മേൽ വിമർശിക്കാം.

### ഒരു പറയൻ ഗണപതി

1039-ൽ തീപ്പെട്ട കൊച്ചിവിശാഖംതിരുനാൾ രവിവർമ്മ വലിയതമ്പുരാന്റെ ആജ്ഞയനുസരിച്ചാണ് ഈ കൃതി രചിച്ചത്. ഇതിൽ അമ്പലപ്പുഴ കൃഷ്ണനെയും വാസുദേവപുരത്തു വാസുദേവനെയും വന്ദിച്ചിട്ടുള്ളതു കവിയ്ക്കു കുടമാളൂരിൽനിന്നുള്ള വിവാഹംനിമിത്തം ആ ക്ഷേത്രങ്ങൾ സുപരിചിതങ്ങളായിത്തീർന്നതുകൊണ്ടാണ്.

## വെണ്മണി മഹൻനമ്പൂരിപ്പാട്ട് (1019–1068)

## കുടുംബം

വെണ്മണി മഹൻനമ്പൂരിപ്പാട്ട് 1019-ാമാണ്ടു മേടമാസം 6-ാംനു ജനിച്ചു. കുടമാളൂർ പൊല്പാക്കര (പൊലപ്പാ) മനയാണ് അമ്മാത്തു് എന്നു മുൻപു ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. അവിടത്തെ ശ്രീദേവി അന്തർജ്ജനമാണ് മാതാവു്. കദംബൻ എന്നായിരുന്നു പേർ. ഉണ്ണിയുടെ ജാതകം കുറിച്ചു കിട്ടണമെന്ന് അച്ഛൻ വിദ്വാൻ ഇളയതമ്പുരാനോട് ആവശ്യപ്പെട്ടപ്പോൾ "അച്ഛന്റെ ശേഷക്രിയ ചെയ്യത്തക്കവണ്ണമുള്ള ആയുസ്സ് ഈ കുട്ടിക്കുണ്ടു്; നല്ല കവിയായിത്തീരും. എങ്കിലും എല്ലാത്തിലും മാന്ദ്യവുമുണ്ടാകും" എന്ന് ആ മഹാത്മാവു മറുപടി പറഞ്ഞുവത്രേ. 1045-ൽ നമ്മുടെ കവി മുണ്ടായതെക്കനിയേടത്തു മനയ്ക്കൽ നിന്നു കാളീദേവിയെ വിവാഹം ചെയ്തു. അതിൽ രണ്ടു സ്ത്രീസന്താനങ്ങളേ ഉണ്ടായുള്ളു. അവരിൽ ഒരു പെൺകുട്ടി മരിച്ചുപോയി. അവശിഷ്ടയായ ഇട്ടങ്ങേലി അന്തർജ്ജനത്തെ ആലത്തൂർ മനക്കലേയ്ക്കു വിവാഹം ചെയ്തുകൊടുത്തു. അതിൽ സന്തതി ഉണ്ടായിട്ടുണ്ടു്. ആ അന്തർജ്ജനത്തിന്റെ ജനനം 1054-ലായിരുന്നു.

## വിദ്യാഭ്യാസം

മഹനു സംസ്കൃതത്തിൽ പറയത്തക്ക വിദ്യാഭ്യാസം ഒരിക്കലും ഉണ്ടായിരുന്നില്ല. തന്റെ കവിതകളിൽ അദ്ദേഹം അങ്ങിങ്ങു പ്രദർശിപ്പിക്കുന്ന സംസ്കൃതസാഹിത്യപരിചയം പ്രായേണ കേട്ടറിവിന്റെ ഫലമാണ്. കൊടുങ്ങല്ലൂർ കോവിലകത്തായിരുന്നുവല്ലോ മിക്കവാറും താമസം. അവിടത്തെ സഹൃദയസമ്മേളനത്തിൽ നിന്ന് അസാമാന്യമായ കവിതാവാസനയുള്ള ഒരാൾക്കു യാതൊരുതരത്തിലുള്ള ഗുരുകുലക്ലേശവും കൂടാതെ പഠിക്കാവുന്നതെല്ലാം അദ്ദേഹം പഠിച്ചു. അങ്ങനെ ലോകവ്യുൽപത്തിയുറച്ചു. താൻ കേട്ട ശ്ലോകങ്ങൾ ഓർമ്മിക്കുന്നതിനും ഉണ്ടാക്കിയ കവിതകൾ ഏതു കാലത്തും ചൊല്ലുന്നതിനും വേണ്ട മേധാബലം അദ്ദേഹത്തിന്റെ നൈസർഗ്ഗികസിദ്ധികളിൽ ഒന്നായിരുന്നു. മടി കൂടെപ്പിറവിയാണെന്നു തന്നെ പറയാം. അതിനെപ്പറ്റി അദ്ദേഹം തന്നെ കോടശ്ശേരി കുഞ്ഞൻതമ്പാന് എഴുതിയ ഒരെഴുത്തിൽ

> "സ്വതേതന്നേ ഛൂഢംകുഴിമടിയനെന്നല്ലറിക സ–
> ന്മതേ! ദീനക്കാരൻ, പുനരിവനമാന്തക്കൊടിമരം"

എന്നു സൂചിപ്പിച്ചിട്ടുണ്ടു്. നടുവത്തച്ഛൻനമ്പൂരിക്കുള്ള ഒരു കത്തിലും "ഒട്ടമാന്തവുമെനിക്കുണ്ടാകകൊണ്ടാണഹോ" മറുപടി അയക്കുവാൻ താമസിച്ചതെന്നു പറഞ്ഞിരിക്കുന്നു. "കുറുമടി കുടികൊണ്ട വെണ്മണിക്ഷ്മാസുരമണി" എന്നും "മഹന്റെ മന്ദത കടംമേടിച്ചുവെന്നായ്‌വരാം" എന്നും കുഞ്ഞിക്കുട്ടൻ തമ്പുരാൻ അദ്ദേഹത്തിന്റെ ചില കത്തുകളിൽ രേഖപ്പെടുത്തീട്ടുണ്ടു്. ആ മാന്ദ്യം പരമാർത്ഥമാണ്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ മുഖ്യകൃതികളിൽ ജൂബിലിമഹോത്സവം തുള്ളൽ, അജാമിളമോക്ഷം മണിപ്രവാളം ഇവയൊഴികെ മറ്റൊന്നും പൂർണ്ണമാകാത്തതു്. അച്ഛനല്ലാതെ അദ്ദേഹത്തിനു വേറേ ഗുരുനാഥന്മാരുണ്ടായിരുന്നതായി വെളിപ്പെടുന്നില്ല. ആ കവിപുങ്ഗവനെപ്പറ്റി അദ്ദേഹത്തിനുള്ള ഭക്തിപാരവശ്യം നിസ്സീമമായിരുന്നു. കവിതാമാർഗ്ഗത്തിൽ അദ്ദേഹത്തെ ചരിപ്പിച്ചതു് അച്ഛനായിരുന്നുവെന്ന്. പാഞ്ചാലീ സ്വയംവരം ഓട്ടംതുള്ളലിൽ അദ്ദേഹം

> "ഭാഷാദേവി കടാക്ഷിച്ചരുളിന
> ഭാഷാകവികുലമകുടമഹാമണി–

ഭൂഷായിതനതിദുഷ്ടതരാഗ–
  ദ്വേഷാദികളില്ലാത്തൊരു ധീരൻ
സജ്ജനസമ്മതനുജ്ജ്വലനതുലൻ
  മജ്ജനകൻ പരമെന്നൊടിദാനീം
അർജ്ജുനനുടെ കഥയൊന്നു കഥിപ്പാ–
  നുൾജ്ജനിതാദരമരുളിച്ചെയ്തു."

എന്ന വരികളിൽ പറഞ്ഞിരിക്കുന്നു. ആ കൃതി 1053-ലേ രചിച്ചിട്ടുള്ളുവെങ്കിലും അദ്ദേഹത്തെ അച്ഛൻതന്നെയാണ് ആ സരണിയിൽ ആദ്യകാലംമുതല്ക്കു പര്യടനം ചെയ്യിച്ചതു് എന്നു് ഐതിഹ്യം ഘോഷിക്കുന്നു.

"ലാളിത്യം കലരും ലസൽക്കവിതയാം കല്യാണിയെസ്സന്തതം
ലാളിച്ചർത്ഥഗുണങ്ങൾ, ശയ്യ, ബഹുലാലങ്കാരസംഘാദികൾ
കാളും കൗതുകമോടണച്ചു പുകൾ പൊങ്ങിച്ചുള്ളൊരെന്നച്ഛനെ–
ക്കാളും കൗശലമിന്നിയാർക്കവളെ രക്ഷിപ്പാനിതിപ്പാരിടേ?"

എന്നു കട്ടക്കയത്തിൽ ചെറിയാൻമാപ്പിളയ്ക്കയച്ച മറ്റൊരു കത്തിലും വേറെ അവസരങ്ങളിലും കവി അച്ഛന്റെ കവിതാ വൈശിഷ്ട്യത്തെ അനുകീർത്തനം ചെയ്തിട്ടുണ്ടു്. "നമസ്തേ മൽ ഗുരുശ്രേഷ്ഠ! നമസ്തേ നടുവദ്വിജ" എന്നും മറ്റും നടുവത്തച്ഛൻ നമ്പൂരിയെ അദ്ദേഹം അഭിവാദനം ചെയ്തിട്ടുണ്ടെങ്കിലും അതു് ഔപചാരികമെന്നേ കരുതേണ്ടതുള്ളു. നടുവത്തച്ഛൻ 1016-ാമാണ്ടു മീനമാസത്തിലാണ് ജനിച്ചതു്. തന്നിമിത്തം കവിതകൊണ്ടെന്നപോലെ വയസ്സുകൊണ്ടും കവിക്കു് അദ്ദേഹം ബഹുമാന്യനായിരുന്നു. ചിത്രമെഴുത്തിൽ കുറേ വാസനയുണ്ടായിരുന്നുവെങ്കിലും അതും മടിനിമിത്തം അദ്ദേഹത്തിനു പഠിക്കുവാൻ കഴിഞ്ഞില്ല.

## ജീവിതം

മഹന്റെ ജീവിതം സംഭവബഹുലമായിരുന്നില്ല. "പോയാൽപ്പോയ വഴിക്കു പോകുമൊരു തുമ്പും വാലുമില്ലാതെ" എന്ന മട്ടിൽ അങ്ങുമിങ്ങും സഞ്ചരിച്ചും, അതതു ദേശത്തിലെ കവികളുമായി സല്ലപിച്ചും, വെടിപൊട്ടിച്ചും, ചിരിച്ചും, ചിരിപ്പിച്ചും, ഉത്സവാദികളായ ആഘോഷങ്ങൾ കണ്ടും, പുതിയ കവിതകൾ ആരംഭിച്ചും, പിന്നീടു് അവയുടെ പൂരണത്തെപ്പറ്റി യാതൊന്നും ചിന്തിക്കാതെയും, അങ്ങനെ ഒരു അലസജീവിതമാണ് അദ്ദേഹം നയിച്ചതു്. ചിലപ്പോൾ ഇല്ലത്തും കൊടുങ്ങല്ലൂരും, മറ്റു ചിലപ്പോൾ എറണാകുളത്തും തൃപ്പൂണിത്തുറയും, വേറേ ചിലപ്പോൾ അടൂരിനടുത്തുള്ള ഒറവങ്കരരാജന്റെ വസതിയിലും, ചാലക്കുടിയിൽ നടുവത്തച്ഛനോടുകൂടിയും, വല്ലപ്പോഴും അമ്മാത്തും താമസിക്കാറുണ്ടായിരുന്നു. കൊടുങ്ങല്ലൂർ താമസിക്കുമ്പോൾ അച്ഛനില്ലാത്ത അവസരങ്ങളിൽ ഭാഷാകവിതക്കളരിയിലെ ആശായ്മസ്ഥാനം അദ്ദേഹത്തിലാണ് സമർപ്പിക്കപ്പെട്ടിരുന്നതു്. തദ്വാരാ കൊച്ചുണ്ണിത്തമ്പുരാൻ തന്റെ ശിഷ്യനാണെന്നുപോലും അദ്ദേഹം അഭിമാനിച്ചുപോന്നിരുന്നു. പാഞ്ചാലീ സ്വയംവരം തുള്ളലിൽ കൊച്ചുണ്ണിത്തമ്പുരാനും ആ ഗുരുശിഷ്യബന്ധം സമ്മതിച്ചിട്ടുണ്ടു്. അദ്ദേഹത്തെ കവി തന്റെ 'കണ്മണി'യെന്നാണ് വർണ്ണിക്കുന്നതു്. കുടമാളൂർ ചെന്നാലും അധികം താമസിച്ചുവന്നതു വയസ്കരയില്ലത്തായിരുന്നു. ആ വഴിക്കു് അവിടത്തെ പണ്ഡിതവരേണ്യനും ഭിഷഗാചാര്യനുമായ ആര്യൻനാരായണൻ മൂസ്സതിന്റെ സൗഹാർദ്ദം സമ്പാദിച്ചു. കൊട്ടാരത്തിൽ ശങ്കുണ്ണിക്കു കോട്ടയത്തുവച്ചും മറ്റും അദ്ദേഹവുമായുള്ള സഹവാസംനിമിത്തം പല കവനകലാമർമ്മങ്ങളും ഗ്രഹിക്കുവാൻ ഇടവന്നു. കുണ്ടൂർ നാ

രായണമേനോൻ തുടങ്ങിയ വേറെ പല കവിവര്യന്മാർക്കുംകൂടി അദ്ദേഹം സാഹിത്യാചാര്യനായിരുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അങ്ങനെ ഒട്ടുവളരെ സുഹൃത്തുക്കളേയും ശിഷ്യന്മാരേയും സമ്പാദിക്കുവാൻ അദ്ദേഹത്തിനു തന്റെ നിരന്തരസഞ്ചാരത്തിനിടയിൽ സാധിച്ചു.

## മരണം

മഹനെ ഒരു മാറാശ്ശല്യമായി അലട്ടിക്കൊണ്ടിരുന്നതു് അഗ്നിമാന്ദ്യമാണു്.

“വാച്ചീടും പ്രാണദുർവേദന ബഹുകഠിനം
ചുണ്ടെലിക്കുഞ്ഞു കണ്ടേൻ—
പൂച്ചയ്ക്കുത്സാഹമുൾക്കൊണ്ടിളകിന വിളയാ—
ട്ടങ്ങളിന്നെന്നപോലെ
തീർച്ചയ്ക്കിക്കാര്യമോതാമധികതരമെനിക്ക—
ഗ്നിമാന്ദ്യാദിദീനം
മൂർച്ഛിച്ചയ്യോ! കിടക്കുമ്പൊഴുതിവിടെ നിന—
ക്കുദ്യമം ഹൃദ്യമത്രേ.”

കവിപുഷ്പമാലയിൽ അദ്ദേഹം കാത്തുള്ളിയോടു പരിഭവിക്കുന്നു.

“കണ്ണിൽത്തീയുണ്ടു കാമാന്തക! തിരുമകനാ—
ണഗ്നിഭൂവത്ഭുതം തീ—
ക്കണ്ഡത്തേലാണു് നൃത്തം തവ പുനരനല—
ക്കാട്ടു ശാന്തിക്കുമുണ്ടു്;
തിണ്ണെന്നെന്നിട്ടുമത്യാശ്രിതനടിയനിലീ
യഗ്നിമാന്ദ്യം വരുത്തി—
ദ്ദണ്ഡിപ്പിക്കുന്നതെന്തിങ്ങനെ പലവഴിയായ്—
ത്തീയു തൃക്കയ്യിലില്ലേ?”

എന്നു് ശ്രീപരമേശ്വരനോടു് ആ യാതനയിലും ഫലിതശൈലി വിടാതെ പ്രാർത്ഥിക്കുന്നു. അതോടുകൂടി അർശസ്സിന്റെ ഉപദ്രവവും ഉണ്ടായിരുന്നു. പക്ഷേ, മരണഹേതുകമായി ഭവിച്ച രോഗം വസൂരിയാണു്. 1068-ാമാണ്ടു വൃശ്ചികത്തിൽ കൊടുങ്ങല്ലൂർ വച്ചു കൊല്ലന്തോറും പതിവുള്ള നവരക്കിഴിയും അതിനു മേൽ നല്ലിരിക്കയും കഴിഞ്ഞപ്പോൾ ആ ദീനം ആരംഭിക്കയും അതു് അസാധ്യാവസ്ഥയിൽ എത്തിച്ചേർന്നു മകരം 2-ാംനു ആ മഹാപുരുഷൻ കാലധർമ്മത്തെ പ്രാപിക്കുകയും ചെയ്തു. രോഗശയ്യയിൽ കിടക്കുമ്പോൾ തന്റെ പ്രിയസുഹൃത്തായ സി.പി. അച്യുതമേനോന്റെ മേൽനോട്ടത്തിലുള്ള ഒരു നാടകയോഗക്കാർ അവിടെ പോകുകയും ഒരു മംഗലശ്ലോകം വേണമെന്നപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ചു കവി അവർക്കു് എഴുതിക്കൊടുത്ത ശ്ലോകം തന്റെ ചമരശ്ലോകമായാണു് കലാശിച്ചതു്. ആ ശ്ലോകം താഴെ ഉദ്ധരിക്കാം.

അയ്യോ! നല്ലോരരങ്ങണഞ്ഞഭിനയത്തിന്നൊത്തകാലോചിത
ക്കയ്യോരാന്നു തുടർന്നു നല്ല നടനെന്നാപ്പേരു കേൾപ്പാനഹം
പീയൂഷാംശുകലാകലാപദയിതേ! ഭക്തപ്രിയേ! നിൻകൃപാ—
പീയൂഷത്തിനു കൈതൊഴുന്നു ജഗദാലംബേ! കുരുംബേശ്വരീ!”

## കൃതികൾ

മഹൻനമ്പൂതിരിപ്പാട്ടിലെ ബാല്യകാലത്തെ കൃതികൾ ഏതെല്ലാമെന്നറിയുന്നില്ല. 1048-ാമാണ്ടു തുടങ്ങി അദ്ദേഹമെഴുതിയ (1) പൂരപ്രബന്ധം മുതലുള്ള വാങ്മയങ്ങളിൽ ചിലതെല്ലാം അവശേഷിച്ചിട്ടുണ്ട്. (2) അംബോപദേശം മണിപ്രവാളം, (3) കുചേലവൃത്തം ശീതങ്കൻതുള്ളൽ, (4) ത്രിപുരദഹനം ആട്ടക്കഥ (ഈ രണ്ടു കൃതികളും 1052-ൽ എഴുതി). (5) ഭൂതിഭൂഷചരിതം മണിപ്രവാളം (1052-ൽ തുടങ്ങി) (6) പാഞ്ചാലീസ്വയംവരം ഓട്ടൻതുള്ളൽ (1053-ലും), (7) അജ്ഞാതവാസം ആട്ടക്കഥ (1055-ലും), (8) കാമതിലകം ഭാണം (1058-ലും ആരംഭിച്ചു). (9) ജൂബിലി മഹോത്സവം ഓട്ടൻതുള്ളൽ (1062-ൽ രചിച്ചു. (10) പ്രച്ഛന്നപാണ്ഡവം നാടകം, (11) പുരന്ദരാരുണം നാടകം, (12) പൂയൂഷവീര്യോദയം നാടകം ഇവ നാലും 1064-നു മേൽ എഴുതിയവയവാണ്. 1065-ൽ അതിമോഹവും 1066-ൽ പ്രച്ഛന്നപാണ്ഡവവും 1067-ൽ മറ്റു രണ്ടു നാടകങ്ങളും നിർമ്മിച്ചു. (14) നളചരിതം വഞ്ചിപ്പാട്ട്, (15) കീചകവധം വഞ്ചിപ്പാട്ട്, (16) കാളിയമർദ്ദനം കൈകൊട്ടിക്കളിപ്പാട്ട്, (17) ഹരിണീസ്വയംവരം കൈകൊട്ടിക്കളിപ്പാട്ട്, (18) സങ്ഗമേശാഷ്ടകം (1066-ൽ എഴുതിയത്), (19) കുചേല ഗോപാലശതകം നാലുപേർ കൂടി എഴുതിയതിൽ ഒടുവിലത്തെ ഭാഗം (20) ഒരു പറയൻഗണപതി, (21) ഹിരണ്യാക്ഷവധം ആട്ടക്കഥ, (22) പലവക കീർത്തന ശ്ലോകങ്ങൾ, സംഭാവന ശ്ലോകങ്ങൾ, ഛായാശ്ലോകങ്ങൾ, എഴുത്തുകൾ, സമസ്യാപൂരണം മുതലായവയാണ് ഇതരകൃതികൾ. വെണ്മണിക്കൃതികളുടെ കൂട്ടത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന അജാമിളമോക്ഷം മണിപ്രവാളത്തിന്റെ കർത്താവു് കുണ്ടൂർ നാരായണമേനോനാണ്. കുചേലവൃത്തം തുള്ളലും ത്രിപുരദഹനം ആട്ടക്കഥയും കണ്ടു കിട്ടീട്ടില്ല. അജ്ഞാതവാസം ഒളപ്പമണ്ണമനയ്ക്കൽ കവി പോയിരുന്നപ്പോൾ അവിടത്തെ അഞ്ചാമൻ നമ്പൂരിപ്പാട്ടിലെ അപേക്ഷാനുസരണം രചിച്ചതായി കാണുന്നു. “പ്രാജ്ഞാനാം പ്രഥമസ്യ വീചിജലമൂദ്വിപ്രസ്യ തൽപഞ്ചമസ്യാജ്ഞാ” എന്ന് അതിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ ശ്ലോകം മാത്രമേ ആ ആട്ടക്കഥയിലും നഷ്ടമാകാതെയിരുന്നുള്ളു. ഹിരാണ്യാക്ഷവധത്തിൽ നിന്നു കണ്ടുകിട്ടീട്ടുള്ളതു് ഒരു ദണ്ഡകം മാത്രമാണ്. പീയൂഷവീര്യോദയം അഞ്ചങ്കങ്ങളിൽ 1067-ൽ മുഴുമിച്ചതായി കൊട്ടാരത്തിൽ ശങ്കുണ്ണി രേഖപ്പെടുത്തീട്ടുണ്ടെങ്കിലും അതിലെ ആദ്യത്തെ രണ്ടങ്കങ്ങളിൽ കൂടുതൽ ഇപ്പോൾ കാണ്മാനില്ല. സംങ്ഗമേശാഷ്ടകം 1066-ൽ കവി ഇരിങ്ങാലക്കുട താമസിച്ചപ്പോൾ എഴുതിയതാണ്. ചില പ്രധാന കൃതികളെപ്പറ്റി അല്പം പ്രസ്താവിക്കാം.

## പൂരപ്രബന്ധം

പൂരപ്രബന്ധം 1048-ലാണ് ആരംഭിച്ചതെങ്കിലും 1000 ശ്ലോകങ്ങൾ അതിൽ അടക്കണമെന്നു കവിക്കു മോഹമുണ്ടായിരുന്നതുകൊണ്ടു സമയം കിട്ടുമ്പോളെല്ലാം അതിൽ അവിടവിടെയായി അതുമിതും പിന്നീടും എഴുതിച്ചേർത്തുകൊണ്ടിരുന്നു. കൊച്ചിക്കോവിലകത്തു് ഇക്കാവമ്മത്തമ്പുരാന്റെ നിർദ്ദേശമനുസരിച്ച് ആ കൊല്ലത്തിൽ നടന്ന തൃശ്ശൂർപ്പൂരത്തെ വിഷയീകരിച്ചു രചിച്ചിട്ടുള്ളതാണ് പ്രസ്തുതകൃതി.

“തേൻ പൊട്ടിച്ചോർന്നൊലിക്കും മൃദുതരവചനം–
  കൊണ്ടു യൂനാം ഹൃദന്തു–
ക്കാമ്പാട്ടീടുന്ന കൊണ്ടൽക്കുഴലണിമണിമാർ
  കുമ്പിടും തമ്പുരാനെ
തമ്പാട്ടിക്കുഞ്ഞി വായിച്ചഖിലമുടനുണ–
  ർത്തീടുവാനിപ്രകാരം

ഞാൻ പാട്ടിൽപ്പദ്യമാക്കിപ്പരിചിനൊടറിയി–
ക്കുന്ന വായ്ക്കുന്ന മോദാൽ."

എന്നു കവിതന്നെ അക്കാര്യം എടുത്തു കാണിച്ചിട്ടുണ്ട്. മഹൻ തന്റെ സുഹൃത്തുക്കളായ ചില നമ്പൂരിമാരുമൊന്നിച്ച് എറണാകുളത്തുനിന്നു വഞ്ചിവഴി പൂരത്തിനു പുറപ്പെട്ട് ഇടയ്ക്ക് ഇളംകുന്നപ്പുഴ, ഞാറയ്ക്കൽ എന്നീ സ്ഥലങ്ങളിലും മറ്റും വിശ്രമിച്ച തൃശ്ശൂരിൽ എത്തുന്നതായാണ് സങ്കല്പം, എങ്കിലും വാസ്തവത്തിൽ അദ്ദേഹം ആ കൊല്ലത്തിൽ പൂരത്തിനു പോവുകയേ ഉണ്ടായില്ല. പല വിഷയങ്ങളെയുംപറ്റി

"ഉരയ്ക്കണം കേൾക്കിലഹോ ചിരിച്ച
മരിക്കണം മാനുഷർ മാന്യകീർത്തേ!"

എന്നു ഭ്രതിഭ്രഷചരിതത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഫലിത രൂപത്തിൽ വർണ്ണിച്ച ശ്രോതാക്കളെ സ്വല്പസമയത്തേക്കു വിനോദിപ്പിക്കണമെന്നു മാത്രമേ അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നുള്ളു. ആ വർണ്ണനാചാതുര്യം, ആ നർമ്മോക്തിവൈഭവം, ആ പദഘടനാപാടവം, ആ പ്രാസപ്രയോഗവൈദഗ്ദ്ധ്യം, ആ ലാളിത്യനിഷ്കർഷ തുടങ്ങിയ സിദ്ധികളെല്ലാം അദ്ദേഹത്തിന് അക്കാലത്തുതന്നെ സ്വാധീനമായിക്കഴിഞ്ഞിരുന്നു. താഴെക്കാണുന്ന ശ്ലോകങ്ങൾ നോക്കുക:

"ചിതലും ചികിടും മുഖത്തു മോളീ–
ന്നുതിരും മണ്ണുമതല്ല മൂട്ടയും കേൾ
കൊതുകും കുതുകേന ഞങ്ങളും ചേ–
ർന്നതുനാൾ തൊട്ടതിവേഴ്ചയായി ബാലേ!" 1

"തലകെട്ടും തരളാക്ഷിമാർജനത്തിൻ
മുലമൊട്ടും മുകിൽവേണി! കണ്ടനേരം
നിലവിട്ടൊന്നു പകച്ചുനിന്നുപോയീ
കുല വെട്ടീടിന കുറ്റിവാഴപോലെ." 2

"ചുണ്ടങ്ങാച്ചന്തി മൂടാത്തൊരു ചെറുവസനം–
കൊണ്ടഹോ തറ്റുടുത്തും–
കൊണ്ടോത്തിൻകയ്യു കാട്ടിക്കുടവയറു തുളു–
മ്പിച്ച വേർത്താസ്ഥയോടേ
ശ്രുണ്ഠിക്കും നല്ല തൃഷ്ണയ്ക്കുമൊരലർവിശിഖ–
ഭ്രാന്തിനും പാത്രമായി–
ട്ടുണ്ടോതിക്കദ്വിജന്മാർ പലരുമവരെയും
കണ്ടു ഞാൻ കല്യശീലേ!" 3

"ചാരം തേച്ച പിരിച്ച ചെഞ്ചിടകളിൽച്ചേരുന്ന രുദ്രാക്ഷവും
പാരം കോപരസം കലർന്ന മിഴിയും മാൻതോൽ മരഞ്ചാടിയും
ക്രൂരം ചേർന്ന കുഠാരമല്ല കൊടിലും കൈക്കൊണ്ടു മങ്ങാതെയ–
പ്പൂരത്തിങ്കൽ നടന്നിട്ടുന്നൊരുവരെക്കുസാതെഗോസായിമാർ." 4

## ഭാഷാലാളിത്യം

മഹന്റെ ഭാഷാശൈലിയുടെ ലാളിത്യത്തെപ്പറ്റി രണ്ടു വാക്കു് ഇവിടെ പ്രസ്താവിക്കുന്നതു് അപ്രകൃതമായിരിക്കയില്ല. പാണ്ഡിത്യത്തിന്റെ പിടിയിൽ നിന്നു ഭാഷയെ വിട്ടുവിക്കണമെന്നു് അദ്ദേഹത്തിനു് കലശലായ നിർബ്ബന്ധമുണ്ടായിരുന്നു. ഭാഷാസാഹിത്യത്തിന്റെ അഭിവൃദ്ധിക്കു് അദ്ദേഹത്തെക്കാൾ തീവ്രമായി അധികമാരും ഉൽകണ്ഠ പ്രദർശിപ്പിച്ചിരുന്നില്ല.

> "ഉക്തി നല്ലതു സംസ്കൃതം പരമില്ല സംശയമെങ്കിലും
> വ്യക്തമായി മനസ്സിലാക്കുവതിന്നു വല്ലതുമാളുകൾ
> ശക്തികെട്ടുചമഞ്ഞിടുന്നതുകൊണ്ടു കേരളഭാഷയായു്
> മുക്തിമാർഗ്ഗമതായ സൽക്കഥയൊന്നുടൻ പറയുന്നു ഞാൻ."

എന്ന തദ്വിഷകമായ തന്റെ ആശയം അദ്ദേഹം പറയൻഗണപതിയിൽ മാത്രമല്ല ആവിഷ്കരിക്കുന്നതു്.

> "മുക്കാലും മൂഢരാണിജ്ജഗതി ബുധജനം ദുർല്ലഭം നല്ല ഭങ്ഗ്യാ
> തല്ക്കാലം കേട്ടു കൊണ്ടാടുവതറിക മഹാമൂഢരാണൂഢരാഗം."

എന്നു് അംബോപദേശത്തിലും

> "തൻഭാഷാതന്വിയെക്കേരളമനുജർ വെടി–
> ഞ്ഞൊട്ടുമുക്കാലുമിപ്പോൾ
> വൻപാളും ഹൂണഭാഷാവനിതയെ വശമാ–
> ക്കുന്നതോർത്തത്തലോടേ
> എൻപാർശ്വേ വന്നു മുൻചൊന്നവളശരണയാ–
> യാശ്രയിച്ചോരുമൂലം
> ജംഭാരിപ്രഖ്യ! ഞാനിന്നതിനെ നതനര–
> ശ്രീകര! സ്വീകരിച്ചേൻ."

എന്നു കൊച്ചി മഹാരാജാവിന്നു സമർപ്പിച്ച ഒരു ശ്ലോകത്തിലും മറ്റുംകൂടി അതു പ്രകാശിപ്പിച്ചിട്ടുണ്ടു്.

## അംബോപദേശം

വേശ്യകൾക്കു് അവരുടെ മുത്തശ്ശിമാർ ആ വൃത്തിയെപ്പറ്റി നല്കുന്ന ഉപദേശത്തെ വിഷയീകരിച്ചു് ഒരു കാവ്യം നിർമ്മിക്കുക എന്നതു വൈശികതന്ത്രത്തിന്റെ കാലംമുതല്ക്കതന്നെ ഭാഷയിൽ അനുവർത്തിച്ചുകാണുന്ന ഒരു സാഹിത്യപരിപാടിയാണു്. വെണ്മണിപ്രസ്ഥാനത്തിന്റെ ഉദയത്തിൽ ചില കവിതകൾ അംബോപദേശം എന്ന പേരിൽ ആ വ്യവസായത്തെ പുനരുദ്ധരിച്ചു. വെണ്മണി മഹൻ മാത്രമല്ല, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനും, നടുവത്തു് അച്ഛൻ നമ്പൂരിയും, ഒറവങ്കര നീലകണ്ഠൻനമ്പൂരിയും കൂടി ഓരോ അംബോപദേശം എഴുതീട്ടുണ്ടു്. വസന്തതിലകം വൃത്തമാണു് അവർ ആ കൃതികൾക്കു സ്വീകരിച്ചുവന്നതു്. ഏതു ഭാവവും സ്ഫുരിപ്പിക്കുവാൻ ആ വൃത്തത്തിലുള്ള കവനത്തിനു സൌകര്യമുണ്ടല്ലോ. ഓരോ ശ്ലോകത്തിന്റെയും ഉത്തരാർദ്ധത്തിൽ ദൃഷ്ടാന്താദ്യലങ്കാരങ്ങളെക്കൊണ്ടു പൂർവാർദ്ധത്തിലെ ഉപദേശം സാധൂകരിക്കയാണു് അത്തരത്തിലുള്ള കാവ്യങ്ങളിലെ രീതി. മഹന്റെ കൃതിയിലുള്ള ഒരു ശ്ലോകം ചുവടേ പകർത്തുന്നു.

> “നീ തുമ്പവിട്ടു മകളേ! പരമെന്തിനിത്ര
> പൂതംപിടിച്ചൊരു നടപ്പു? വെടിപ്പു വേണ്ടേ?
> ഹേ തമ്പി! മേൽക്കഴകണം; തിരുമിത്തുടച്ച
> മാതംഗിതന്നുടയ ചന്തമനന്തമല്ലോ.”

## ഭ്രതിഭ്രഷചരിതം

ഭ്രതിഭ്രഷചരിതത്തിൽ ആകെ 428 ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. എങ്കിലും അവയിൽ ആദ്യത്തെ 119 ശ്ലോകങ്ങൾ കേവലം പ്രസ്താവനയിൽപ്പെട്ടതാണ്. മറ്റൂർ നമ്പൂരി തന്റെ ഭാര്യയുമായി ഒരു ദിവസം അവളുടെ വീട്ടിൽ “മേളിച്ചുമേവുന്ന” അവസരത്തിൽ മാനങ്ങോട്ടു മഹൻനമ്പൂരി അവിടെ ചെന്നുചേരുന്നു. അപ്പോൾ മറ്റൂർ ആഗതനോടു ഫലിതം തുളുമ്പുന്ന ഒരു കഥ പറയണമെന്ന് അപേക്ഷിക്കുകയും അദ്ദേഹം സരളാപുരം എന്ന സ്ഥലത്ത് ഒരു രാത്രിയിൽ താൻ കിടന്ന വീട്ടിൽ ഭർത്താവു ഭാര്യയെ കേൾപ്പിച്ച കഥ ആഖ്യാനം ചെയ്യുകയും ചെയ്യുന്നു. അഴകാപുരം അഥവാ ലക്ഷ്മീവിലാസം എന്നൊരു പട്ടണം; അവിടെ അഴകേശ്വരൻ എന്നൊരു രാജാവ്; ചന്ദ്രഖേടനെന്ന് അദ്ദേഹത്തിന്റെയും ഉൽപലമാലയെന്ന് പട്ടമഹിഷിയുടെയും പേർ; മന്ത്രി മാണിഭദ്രൻ; ഉൽക്കൃഷ്ടരീതിയിലുള്ള രാജ്യഭാരം; സന്താനലാഭത്തിനു വേണ്ടി രാജാവും മന്ത്രിയും ശിവനെ ഭജിക്കുന്നു; ഭ്രതിഭ്രഷനെന്നു രാജാവിനും കല്യാണഗുപ്തനെന്നു മന്ത്രിക്കും ഓരോ പുത്രന്മാർ ജനിക്കുന്നു. അവരുടെ വിദ്യാഭ്യാസം, നായാട്ട്, അവിടെ രത്നാളിക എന്നൊരു നദി, അതിന്റെ മറുവശത്ത് ആനന്ദമങ്ഗലം എന്നൊരു ദേശം, ആ പുഴയുടെ തീരത്തു രാജകുമാരൻ മയന്റെ പുത്രനായ ഉണ്ണിമാൻ എന്നൊരാശാരിയെക്കൊണ്ടു മാളിക തീർപ്പിച്ച് അവിടെ താമസം തുടങ്ങുന്നു; അവിടെ ഒരു മോതിരം കൈയിൽ കിട്ടിയത് ഏതൊരു സ്ത്രീരത്നത്തിന്റേതായിരിക്കാമെന്ന് സന്ദേഹിക്കുകയും അവളിൽ അനുരക്തനാകുകയും ചെയ്യുന്നു. ഇത്രയുമാണ് കഥ. അതിനുമേൽ എന്തെല്ലാം എഴുതണമെന്നാശിച്ചിരുന്നുവോ ആവോ? ആശിച്ചാലും അതെങ്ങനെ ഫലിക്കാനാണ്? കഴിഞ്ഞ കാര്യങ്ങൾ വിസ്തരിക്കുന്നത് അനാവശ്യമാണെന്നും പണ്ടത്തെ “നമ്പരതു പോട്ടെ” എന്നും മറ്റൂരിനെക്കൊണ്ട് അതിഥിയോടു പറയിക്കുന്ന അദ്ദേഹം തന്നെ പിന്നെ പ്രിയത്തോടുകൂടി രാജപുത്രൻ ഇപ്രകാരം ഓർത്തു എന്ന് അഞ്ചേ അഞ്ചു വാക്കു പറയേണ്ട ഘട്ടത്തിൽ

> “പിന്നെ പ്രിയേണ പികഭാഷിണി! രാജപുത്ര–
> നെന്നഭ്രമേചകകചാധരിതാന്ധകാരേ!
> അന്നിപ്രകാരമുടനോർത്തിതു കാഞ്ചനാര–
> വിന്ദഭ്രമൽഭ്രമരകാമ്യകടാക്ഷമോക്ഷേ!”

എന്നൊരു വസന്തതിലകപദ്യമാണ് നീട്ടിവലിച്ചുവിട്ടിരിക്കുന്നത്. പിൻകാലത്തു കവി ഭ്രതിഭ്രഷചരിതത്തിലും കൂടെക്കൂടെ ശ്ലോകങ്ങൾ കുത്തിത്തിരുകിക്കൊണ്ടിരുന്നു. പ്രസ്താവനയും രാജ്യഭാരവർണ്ണനവും മറ്റും ആ പരിപാടിയനുസരിച്ചു പിന്നീട് എഴുതിച്ചേർത്തതാണ്. എഴുതിയിടത്തോളം യാതൊരു കഥയുമില്ലാത്ത ഒരു പഴങ്കഥ. പക്ഷേ കഥയിലല്ല അദ്ദേഹം മെച്ചം നേടിയിരിക്കുന്നത്; പിന്നെയോ? ഫലിതത്തിൽ, കുഞ്ചൻനമ്പിയാരുടെ ഉച്ഛൃംഖലതയെ തുള്ളലുകളിൽ മാത്രമല്ല ഇത്തരത്തിലുള്ള കാവ്യങ്ങളിലും കവി കവച്ചുവച്ചിരിക്കുന്നു. മയന്റെ മകനാണ് അദ്ദേഹത്തിന് ഉണ്ണിമാൻ എന്ന ആശാരി, ഭ്രതിഭ്രഷൻ പഠിക്കുന്നതു “തർക്കവ്യാകരണാദിയാകിയ

മഹാശാസ്ത്രങ്ങൾ വേദങ്ങളും” മാത്രമല്ല, “സർക്കാർനീതിയുമിങ്ഗിലീഷു മുറ നല്ലാക്കട്ടും” (ആക്ലം) കൂടിയുണ്ട്. പ്രസ്തുതകൃതിയിലെ

“അതിമിനുസമിദാനീമൊന്നു ചൊല്ലേണമെന്നാൽ
മതിമുഖിമണിയാളേ! ഹന്ത! നിന്നോടു വേണം,
കഥ പറകിലുറങ്ങും നീയഹോ പിന്നെ മൂളു–
ന്നതിനിവിടെ വിളക്കോ, കട്ടിലോ, കട്ടുറുമ്പോ”

“സാരസ്യശാലിനി! സരസ്വതി! സാധുവേദ–
സാരസ്വരൂപിണി! സുഭാഷിണി! വാണി! നിന്നെ
കാരുണ്യമെങ്കലണവാൻ തൊഴുതേൻ കദംബ–
കാരണ്യവാസിനി! വിലാസിനി! ഞാനിദാനീം.”

തുടങ്ങിയ മനോമോഹനങ്ങളായ പദ്യങ്ങൾ ആർക്കാണ് മുഖസ്ഥമല്ലാത്തത്? ചുരുക്കത്തിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഭ്രതിഭ്രഷചരിത്രത്തെപ്പറ്റി താഴെ ഉദ്ധരിക്കുന്ന വാക്യങ്ങളിൽ രേഖപ്പെടുത്തീട്ടുള്ള അഭിപ്രായം അതിനുമാത്രമല്ല, കവിയുടെ ഇതരകൃതികൾക്കും പറ്റുന്നതാണ്. “ഇദ്ദേഹത്തിന്റെ മനോധർമ്മത്തിന്റെ അപ്രതിഹതമായ പ്രവാഹത്തിന് ഒരു പ്രകാരത്തിലും ഒരിടത്തും ഒരു തട്ടു വരുന്നില്ല. മറ്റൊരു കവി ശങ്കിക്കുന്ന ദിക്കിൽ ഇദ്ദേഹം എന്തെങ്കിലും തട്ടിമൂളിക്കും. സരസ്വതീപ്രസാദവിശേഷത്താൽ അതു ബഹുരസമായിരിക്കയും ചെയ്യും. ഗ്രാമ്യമോ അഗ്രാമ്യമോ എന്നും മറ്റുമുള്ള വിചാരം കൂടാതെ, തോന്നിയതു പറയുന്ന മാതിരിയാണ് ഇദ്ദേഹത്തിന്റെ പോക്ക്” എന്നാണ് അവിടത്തെ അഭിപ്രായം.

### കവിപുഷ്പമാല

ചില കവികളെ പഴങ്ങളാക്കി വർണ്ണിച്ചു വെണ്മണി അച്ഛനും അമ്പാടി കുഞ്ഞുകൃഷ്ണപൊതുവാളും മറ്റും കൂടി എഴുതിയ “ഉച്ചത്തിൽപ്പറയുന്നു ഞാൻ” എന്ന ഒരു ശ്ലോകം മുൻപു് ഉദ്ധരിച്ചിട്ടുണ്ടല്ലോ. ആ രീതിപിടിച്ചു കുറേ അധികം കവികളെ പുഷ്പങ്ങളോടുപമിച്ചു കാത്തുള്ളിൽ അച്യുതമേനോൻ രചിച്ച ഒരു കൃതിയാണ് കവിപുഷ്പമാല. ഇത്തരത്തിലുള്ള ഗ്രന്ഥങ്ങളിൽ കവിയുടെ രുചിഭേദത്തിനു പുറമേ ചിലപ്പോൾ വ്യക്തിഗതമായ പക്ഷപാതമോ വിദ്വേഷമോ കൂടി നിഴലിക്കുന്നതു സ്വാഭാവികമാകുന്നു. ആ വൈകല്യങ്ങളിൽ നിന്ന് അച്യുതമേനോനും ഒഴിഞ്ഞുനില്ക്കുവാൻ സാധിച്ചില്ല. അദ്ദേഹം പായ്ക്കാട്ടു നമ്പൂരി എന്നൊരു കവിയെ

“പായ്ക്കാടൻ, പട്ടിനക്കിക്കുമിപുഴകളരി–
ച്ചീച്ചയാർക്കുന്ന കണ്ടാ–
ലോക്കാനിച്ചീടുമെച്ചിൽക്കുഴിയതിൽ വളരും
കാവളപ്പൂവതത്രേ”

എന്നു മര്യാദയില്ലാതെ ശകാരിച്ചു. ആ അഭിപ്രായത്തിനു മഹൻ വിരോധിയല്ലായിരുന്നു താനും. എന്നാൽ തന്റെ സ്നേഹിതന്മാരായ വയസ്കര മൂസ്സിനും മറ്റും കാത്തുള്ളി നല്കിയ സ്ഥാനം തീരെ മതിയായില്ലെന്ന് അദ്ദേഹത്തിനു തോന്നി. അതുകൊണ്ടാണ് പ്രസ്തുത കൃതിയെപ്പറ്റിയുള്ള അഭിപ്രായം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ക്രോധാവിഷ്ടനായത്. എങ്കിലും അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങളും ആക്ഷേപയോഗ്യങ്ങളായി കാണപ്പെട്ടു. വിശേഷിച്ചു മഹാകവി കൊച്ചുണ്ണിത്തമ്പുരാനെപ്പറ്റി അദ്ദേഹ

ത്തെ കൈതപ്പൂവിനോടോ, താമരപ്പൂവിനോടോ, മുല്ലപ്പൂവിനോടോ ഉപമിക്കുവാൻ യോഗ്യതയില്ലെന്ന് ഉപന്യസിച്ചുകൊണ്ട്

“കേട്ടാൽ ഭങ്ഗി ചുരുക്കമല്പരസമദ്ധാരാളമിത്യാദികൊ–
ണ്ടാട്ടേ നൽപ്പവിഴാഖ്യമല്ലികയതാകട്ടേ പകിട്ടെന്നിയേ

എന്നു പറഞ്ഞത് അക്കാലത്തുള്ള അദ്ദേഹത്തിന്റെ കവിതയുടെ നിലയ്ക്കു കടന്നുതന്നെ പോയി. അദ്ദേഹം പിൻകാലത്ത് അതിനെപ്പറ്റി ഖേദിച്ചു എന്നുള്ളതിനു ഭ്രതിഭ്രഷചരിതത്തിൽ കൊടുങ്ങല്ലൂരിൽ ചെന്നാൽ

“കൊച്ചുണ്ണിഭ്രപനുടെ കോമളവക്ത്രചന്ദ്രൻ
മെച്ചംകലർന്നു ചൊരിയും കവിതാമൃതം മേ
അച്ഛിന്നമോദമൊടു നിച്ചലുമാസ്വദിയ്ക്കാം.”

എന്നുള്ള പ്രസ്താവന പര്യാപ്തമായ സാക്ഷ്യം വഹിക്കുന്നു. ഒറവങ്കരരാജനുമായും കാത്തുള്ളി ആ വിഷയത്തിൽ വാദകലഹം llllനടത്തീട്ടുണ്ട്. ഈ കവിപുഷ്പമാലാവാദം 1060-ാമാണ്ടിടയ്ക്കായിരിക്കണം. പിന്നീട് 1061-ൽ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിഭാരതവും അനന്തരകാലങ്ങളിൽ ആ പദ്ധതിയിൽ മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ കവിരാമായണവും ഒടുവിൽ കുഞ്ഞുകൃഷ്ണമേനോന്റെ കവിമൃഗാവലിയും കോയിപ്പള്ളി പരമേശ്വരക്കുറുപ്പിന്റെ കവിപക്ഷിമാലയും ആവിർഭവിച്ചു. വേറേയും അത്രതന്നെ ഗുണമില്ലാത്ത ഇതരകൃതികളും ഉണ്ടായി. എല്ലാ കൃതികളും നിശിതമായ വാദപ്രതിവാദത്തിനു വിഷയീഭവിക്കുകയും ചെയ്തു. കവിക്കു വീരരസപ്രധാനങ്ങളായ ശ്ലോകങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈഭവവും പ്രതിയോഗിയെ അധിക്ഷേപാസ്ത്രങ്ങൾകൊണ്ടു മർമ്മവേധനം ചെയ്യുന്നതിനുള്ള സാമർത്ഥ്യവും ആ പ്രത്യുക്തിയിൽ തെളിഞ്ഞുകാണാം.

“ശങ്കാഹീനം ശശാങ്കാമലതരയശസാ
  കേരളോൽപന്നഭാഷാ–
വൻകാട്ടിൽസ്സഞ്ചരിക്കും സിതമണിധരണീ–
  ദേവഹര്യക്ഷവര്യൻ
ഹുങ്കാരത്തോടെതിർക്കും കവികരിനിടിലം
  തച്ചുടയ്ക്കുമ്പൊൾ നിന്ദാ–
ഹങ്കാരംപൂണ്ട നീയാമൊരു കുറുനരിയെ–
  ക്കുസുമോ കുന്നിപോലും?”

എന്നതു പ്രസ്തുതകൃതിയിലെ ഒരു ശ്ലോകമാണ്. ഈ ശ്ലോകത്തിന്റെ ആശയം പഴയതാണെങ്കിലും ഭാഷയിൽ അതിന്റെ ആവിഷ്കരണം ഗംഭീരമായിട്ടുണ്ട്.

### കാമതിലകം ഭാണം

ഭാഷയിൽ കൊച്ചുണ്ണിത്തമ്പുരാന്റെ സോമതിലകം, വെണ്മണിമഹന്റെ കാമതിലകം, ചങ്ങനാശ്ശേരി രവിവർമ്മകോയിത്തമ്പുരാന്റെ മദനമഞ്ജരീ വിലാസം, ഇളയിടത്തു തൈക്കാട്ടു മൂസ്സതിന്റെ ശൃങ്ഗാര മഞ്ജരീമണ്ഡനം, എരുവയിൽ എം. ചക്രപാണിവാരിയരുടെ മാധവീശേഖരം എന്നിങ്ങനെ അഞ്ചു ഭാണങ്ങളേ ആവിർഭവിച്ചിട്ടുള്ളു. സോമതിലകമോ കാമതിലകമോ ആദ്യമുണ്ടായതെന്നു നിശ്ചയമില്ലെങ്കിലും അവ രണ്ടും നിഷ്കർഷിച്ചു വായിച്ചതിൽ സോമതിലകമായിരിക്കണം കാമതിലകത്തിനു മാർഗ്ഗദർശനം ചെയ്തതു് എന്ന് എനിക്കു തോന്നുന്നു. രണ്ടിലും ഗദ്യമെന്നൊ

ന്ന് ഇല്ലെന്നു തന്നെ പറയാം. സംസ്കൃതഭാഷണങ്ങളിൽ "കിം ബ്രവീഷി?" എന്നു ഗദ്യം പ്രയോഗിക്കേണ്ട ഘട്ടങ്ങളിൽ കൊച്ചുണ്ണിത്തമ്പുരാൻ

"എന്തേവം പറയുന്നോ നീയിന്നേരം പരമപ്രിയേ?
നിന്നെ നിന്നെക്കുറിച്ചുള്ളിൽ നന്ദിയുള്ളെന്നൊടഞ്ജസാ?"

എന്നും, വെണ്മണി മഹൻ

"ഈ വിധം പറയുന്നോ നീ കേവലം പരമപ്രിയേ?
സാർവധാനത്തിലങ്ങേറ്റം സേവനാമെന്നൊടിന്നഹോ?"

എന്നും ശ്ലോകം ചൊല്ലുന്നു.

"നടന്നാനേവമോതീട്ടാ നടനും നടിയും തദാ
ഉടനേ വന്നുചേരുന്നു വിടനാഥനനന്തരം"

എന്നു തമ്പുരാൻ പറയുമ്പോൾ നമ്പൂരിപ്പാട്ട്,

"നടനേവമുരച്ചാശു നടന്നാൻ നടിയൊത്തഹോ
വടിവോടഥ ചേരുന്നുണ്ടുടനാ വിടനായകൻ."

എന്നാണ് പറയുന്നത്. സോമതിലകത്തിലെ പാത്രങ്ങൾക്ക് എല്ലാം കുഞ്ചിക്കുട്ടി, പാറു തുടങ്ങിയ നാടൻപേരുകളാണ് കൊടുത്തിട്ടുള്ളത്. ആനന്ദവല്ലി, സംഗീതമഞ്ജരി മുതലായവയാണ് (സംസ്കൃതരീതിയനുസരിച്ച്) കാമതിലകത്തിൽ സ്വീകരിച്ചിരിക്കുന്ന പേരുകൾ എന്നൊരു വ്യത്യാസമുണ്ട്. കാമതിലകം മുഴുവനായിട്ടില്ല. രവിവർമ്മ കോയിത്തമ്പുരാന്റെ മദനമഞ്ജരീവിലാസത്തിൽ അല്പമേ കിട്ടീട്ടുള്ളു. അതും അപൂർണ്ണമായിരിക്കുവാനാണ് മാർഗ്ഗം. 1067-ൽ രചിച്ച വാരിയരുടെ മാധവീശേഖരം പൂർത്തിയായിട്ടുണ്ട്. അതോടുകൂടി ഭാഷാഭാണങ്ങളുടെ ചരിത്രം അവസാനിക്കുന്നു. പത്തു സംവത്സരത്തേക്കു മാത്രമേ ആ പ്രസ്ഥാനത്തിന് ആയുര്യോഗമുണ്ടായിരുന്നുള്ളു. അസഭ്യചിത്രങ്ങൾ പ്രദർശിപ്പിക്കാതെ കഴിക്കുവാൻ നിർവാഹമില്ലാത്ത താദൃശങ്ങളായ കൃതികൾ മേലും ഉണ്ടാകാത്തത് അന്നത്തെ വിമർശകന്മാരുടെ പ്രതിഷേധം മൂലമായിരുന്നു. അതു നന്നായിതാനും. സംസ്കൃതത്തിൽ ഭാണനിർമ്മിതിയുടെ കാര്യം ഒന്നു വേറെയാണ്. അതു വ്യവഹാരഭാഷയല്ലാത്തതുകൊണ്ട് അത്തരത്തിലുള്ള രൂപകങ്ങളുടെ മർമ്മം സാധാരണ ജനങ്ങൾക്കു സുഗ്രഹമല്ല. അല്ലെങ്കിൽത്തന്നെയും ആ ഭാഷയ്ക്ക് "അലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും" എന്നും സമർത്ഥിക്കുവാൻ പാടില്ലായ്കയില്ല.

അത്യന്തം അക്ലിഷ്ടമനോഹരങ്ങളായ ശ്ലോകങ്ങൾ കാമതിലകത്തിൽ ധാരാളമുണ്ട്. താഴെ കാണുന്ന കാളയുടെ ചിത്രം നമ്പൂരിപ്പാട്ടിലേക്കല്ലാതെ വരയ്ക്കുവാൻ സാധിക്കുകയില്ല.

"വട്ടക്കണ്ണും വഴിക്കുള്ളകിഴകളതു കു–
 ത്തീട്ടു ചെമ്മണ്ണു ചേരും
മൊട്ടക്കൊമ്പും കുളമ്പും കുടിലനുടെ തുളു–
 മ്പുന്ന വൻപും കൊടുമ്പും
കട്ടപ്പൂവാലുമെന്നീവക കലരുമൊരീ–
 ക്കുറ്റനെക്കാണ്കിലുള്ളം
ഞെട്ടിപ്പോം കല്ലു തിന്നീടിലുമുടനെ ദഹി–
 ക്കും ദഹിക്കാത്തവന്നും."

“വട്ടച്ചൂട്ടും കുനട്ടും വലിയ തലയെടു–
  പ്പും നടപ്പും വെടിപ്പും
പൊട്ടിച്ചുള്ളജനക്കല്ലൊടിയൊടു കിടയാം
  വൻകറുപ്പും നിരപ്പും
പൊട്ടിച്ചോരുന്ന ഗർവ്വും ശിവശിവശിവനേ!
  പൈക്കളെച്ചെന്നു കുത്തി–
ക്കട്ടിച്ചോരം വരുത്തുന്നിവനുടെ തടിയും
  താടയും പേടിയാകും.”

ചുവടേ ചേർത്തിരിക്കുന്ന സൂതികാവർണ്ണനവും ആ അനുഗൃഹീതകവിക്കേ നിർവ്വഹിക്കുവാൻ കഴിയൂ.

“തൈലം താൻ തന്നെ പൊത്തിത്തലമുടി മുറുകെ–
  ക്കെട്ടിനിർത്തീട്ടു വട്ട–
ശ്ശീലക്കെട്ടൊന്നു കെട്ടീട്ടുടനുടനെ മുറു–
  ക്കിക്കരിച്ചുണ്ടുമാക്കി
മാലെന്യേ മഞ്ഞൾ ചേർന്നോരുടുപുടവ മുല–
  ക്കച്ചയോടും മലർന്നാ–
ക്കാലും നീട്ടിക്കിടപ്പാണിവൾ ചെറിയ കയർ–
  ക്കട്ടിലിൽക്കുട്ടിയോടും.”

## നാടകങ്ങൾ

നമ്പൂരിപ്പാടിലെ നാലു നാടകങ്ങളുടേയും നില പരുങ്ങൽ തന്നെ. പീയൂഷവീര്യോദയത്തിനാണ് അല്പമെങ്കിലും മെച്ചം. പ്രച്ഛന്നപാണ്ഡവത്തിലെ ഇതിവൃത്തം അജ്ഞാതവാസവും, പുരന്ദരാരുണത്തിലേതു ബാല്യുത്ഭവവും പീയൂഷവീര്യോദയത്തിലേത് അമൃതമഥനവുമാണ്. അതി മോഹത്തിലെ പ്രതിപാദ്യം മാത്രമേ സ്വകപോലകല്പിതമായുള്ളു. 1064-ൽ കൊച്ചുണ്ണിത്തമ്പുരാൻ കല്യാണീനാടകം ഉണ്ടാക്കി. അതുപോലെ ഒരു നാടകം തന്നെക്കൊണ്ട് എഴുതാൻ സാധിക്കയില്ലെന്നു കൊച്ചിയിലെ ഇക്കാവമ്മത്തമ്പുരാന്റെ പുത്രൻ മിടുക്കൻതമ്പുരാൻ പറഞ്ഞതുകൊണ്ടു വാശികേറിയാണ് കവി അതിമോഹമെഴുതുവാൻ തുടങ്ങിയത് എന്ന് ആ നാടകത്തിന്റെ പ്രസ്താവനയിൽ കാണുന്നു.

“കല്യൻ കൊച്ചുണ്ണിഭൂപൻ കവിമണി ചരമാ–
  ബ്ധീശ്വരൻ തീർത്തൊരോമൽ–
കല്യാണീനാടകംപോലൊരു സരസകൃതി–
  ക്കങ്ങുമാളല്ലതെന്ന്
ചൊല്ലേറും കാവുരാജ്ഞീതനയരതിൽ മിടു–
  ക്കാഖ്യനാം മാടഭൂപൻ–
ചൊല്ലാൽ ശൌര്യംപിടിച്ചാസ്സിതമണി മണിയാ–
  യൊത്തുതാൻ തീർത്തതാണേ.”

കുഞ്ഞിക്കുട്ടി, കുഞ്ഞിക്കോമത്, ചെറിയ മുത്തശ്ശി ഈ മൂന്നു പാത്രങ്ങളേ രങ്ഗപ്രവേശനം ചെയ്യുന്നുള്ളു. ഒന്നാമങ്കംപോലും പൂർണ്ണമായിട്ടുമില്ല. മുത്തശ്ശിയുടെ വർണ്ണനം കേമമായിട്ടുണ്ട്.

“കോന്ത്രപ്പല്ലാക്കുറുമ്പൻതല, തലവിറ, കൊ–
ക്രക്കുരച്ചേങ്ങലേത്താ
പ്പന്തർഭള്ളാഭിചാരപ്പണികൾ ദുര ദുരു–
ഹങ്ങൾ കുനൾക്കുനട്ഠ്
ചിന്തിത്താഴത്തുടുപ്പീ നടവടി വടി നൽ–
ക്കോട്ടുകാലീറ വേശ്യാ–
തന്ത്രച്ചൊല്ലീവകക്കോപ്പുടയ ചെറിയ മു–
ത്തശ്ശിയത്യുഗ്രമൂർത്തി.”

വലിയ മുത്തശ്ശിയുടെ വർണ്ണനം അതിലും കേമമാണ്.

“ബപ്പിത്തം വാണി വാർദ്ധക്യമൊരപകടവാ–
ക്കേറ്റമുറ്റം മുറുക്കി–
ച്ചപ്പും ശബ്ദങ്ങൾ ചപ്രത്തല വിറ ചെര ചീ
ങ്കണ്ണു വാവട്ടിവഷ്ഠി
അപ്പക്കാൽമന്തു മോന്തയ്ക്കൊരു മറു ദുര ദു–
ഷ്ടീർഷ്യ ദ്വേഷ്യം മഹാ കാ–
മഭ്രാന്തിത്യാദിയൊത്തീ വരണ വലിയ മു–
ത്തശ്ശി വല്ലാത്തതാണ്.”

“കുട്ടിക്കുരംഗമിഴിയാമുമതന്റെ ചട്ട
പൊട്ടിക്കുരുത്തിളകുമക്കളുർകൊങ്ക രണ്ടും
മുട്ടിക്കുടിക്കുമൊരു കുംഭിമുഖത്തൊടുള്ള
കുട്ടിക്കു ഞാൻ കുതുകമോടിത കുമ്പിടുന്നേൻ.” (അതിമോഹം)

എന്നും,

പയ്യെപ്പൈക്കുട്ടിതന്നെപ്പരിചിനൊടു പിടി
ച്ചുന്തിനീക്കീട്ടു തള്ള–
പ്പയ്യിൻകാൽക്കുടണഞ്ഞിട്ടുകിടവിടവിടെ–
ത്താൻ പതുക്കെത്തലോടി
തയ്യാറായ് മുട്ടുകുത്തിത്തദനു മുഖമുയ–
ർത്തിച്ചുരത്തും നറുമ്പാ–
ലയ്യാ! മുട്ടിക്കുടിക്കും പശുപശിശുപദം
കേവലം മേവലംബം.” (പ്രച്ഛന്നപാണ്ഡവം)

എന്നും മറ്റുമുള്ള സരസശ്ലോകങ്ങൾ ഈ നാടകങ്ങളിൽ കാണാം.

## തുള്ളലുകൾ

പാഞ്ചാലീസ്വയംവരവും ജൂബിലി മഹോത്സവവുമാണ് കവിയുടെ രണ്ടു തുള്ളലുകൾ എന്നു പറഞ്ഞുവല്ലോ. രണ്ടും വളരെ നന്നായിട്ടുണ്ട്. കുഞ്ചന്റെ ഗുട്ടുകളെല്ലാം നമ്പൂരിപ്പാടും പത്തിനെട്ടു വശമാക്കീട്ടുണ്ട്. കരീന്ദ്രന്റെ സന്താനഗോപാലം ശീതങ്കൻ തുള്ളൽ ആ പദ്ധതിയിൽ ആവിർഭവിച്ചതിനുമേൽ അത്ര നല്ല തുള്ളലുകൾ വേറെയാരും എഴുതീട്ടില്ല. പാഞ്ചാലീസ്വയംവരത്തിലെ ലക്ഷ്യനിർമ്മിതി, പ്രഭാതം മുതലായ വിഷയങ്ങൾ അദ്ദേഹം വർണ്ണിച്ചിരിക്കുന്നത് ഏറ്റവും സമഞ്ജസമായിരിക്കുന്നു. മുഴുവൻ കിട്ടാത്തതു ഭാഷയുടെ ഭാഗ്യദോഷം തന്നെ. ജൂബിലിമഹോത്സവത്തിലെ

"ഭോഷ്കറിയാത്തൊരു മാധവനിളയതു
പേഷ്കാരവർകളൊരുത്തരവായി.
കേൾക്കണമോടികളിപ്പാൻ വന്നിഹ
പാർക്കും പരിഷകളെന്നുടെ വാക്യം.

പാഞ്ചിക്കരയിലുഴന്നാൽപ്പോരാ
പോഞ്ചിക്കരയിൽപ്പോയിവരേണം.
ആഞ്ചുവലിപ്പിൻ കയ്യുകളിത്തിരി
തേഞ്ചാലെന്തൊരു തേങ്ങയതാണ്?"

എന്നും മറ്റുമുള്ള വരികൾ കേട്ടാൽ ആരും ചിരിച്ചു മണ്ണുകപ്പും. പേഷ്കാരെക്കൊണ്ടു കവി ഒരു ദുഷ്പ്രഭുവിനെപ്പറ്റിയുള്ള ഐതിഹ്യം വിവരിപ്പിക്കുന്നതു ഹാസ്യത്തിനു നിറം കൂട്ടുവാൻ വേണ്ടിയാണ്, അപ്പീൽ ജഡ്ജിമാരെല്ലാം കൂടിക്കാഴ്ചയ്ക്കു വന്നു എന്നും അപ്പാത്തുരയ്യർ അന്നു മരിച്ചുപോയി എന്നും പറയേണ്ട ഘട്ടത്തിൽ കവി ഒരു ഊക്കൻ ഫലിതം പൊട്ടിച്ചിട്ടുണ്ട്.

"അപ്പീൽജഡ്ജിമാരുമപ്പോൾ ഝടിതി വന്നു;
അപ്പാത്തുരയ്യൻമാത്രമല്പം തെക്കായിരുന്നു;
യമധർമ്മരാജാവിന്റെ സുമഹാജൂബിലിഘോഷം
ശ്രമിപ്പാൻപോയെന്നു കേട്ടു; നമുക്കത്രേ തത്ത്വമുള്ളൂ."

## കൈകൊട്ടിക്കളിപ്പാട്ടുകൾ

മഹന്റെ കൈകൊട്ടിക്കളിപ്പാട്ടുകൾക്കു കേരളത്തിൽ വളരെ പ്രചാരമുണ്ട്. കാളിയമർദ്ദനത്തിലെ "ഓമനക്കുട്ടൻ ഗോവിന്ദൻ ബലരാമനെക്കൂടെക്കൂടാതെ" എന്നും. "അന്നേരമമ്മയെടുത്തുകൊഞ്ചും നന്ദനൻ തന്നെ മടിയിൽ വച്ച്" എന്നുമുള്ള ഭാഗങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ചിരിക്കുന്ന സൂക്ഷ്മനിരീക്ഷണശക്തി ആരെയും ആശ്ചര്യപരതന്ത്രരാക്കുവാൻ പോരുന്നതാണ്. ഹരിണീ സ്വയംവരത്തിൽ ദുർമ്മദൻ ഉർവശിയോടു പറയുന്ന

"കൂടിയാട്ടം സമാപിച്ചു നീ കനി–
വോടു ദൃഷ്ടിയാൽ കാട്ടിയ സങ്കേത–
വാടി പെട്ടെന്നറിഞ്ഞിട്ടു ഞാനിട–
കൂടിയിട്ടൊരു യാമമതായല്ലോ.

മോടികൂട്ടി നീ മുന്നമണഞ്ഞീടു–
മാടലോടുമില്ലെന്നോർത്തിതേവരെ
പാടുപെട്ടു പരുങ്ങി ഞാനിത്തരം
കേടു തട്ടുവാനെന്തൊരു കാരണം?

നാടു വിട്ടു പിഴച്ചൊരു മാർഗ്ഗത്തിൽ
ക്കൂടി നട്ടംതിരിഞ്ഞുനടക്കയോ?
ഊടു കിട്ടിയതില്ല നിമിത്തമെ–
ന്നോടു പെട്ടെന്നു ചൊല്ലുക വല്ലഭേ!
ചാടി വട്ടംപിടിക്കുന്നതൊത്തു നി–

ന്നാടി വട്ടണിപ്പൊൻമുലമാർമണേ!
പാടി മുട്ടിയോ മാനസം? വൈകാതെ
വാടി മട്ടോൽമൊഴി! നീ മമാന്തികേ."

എന്നു തുടങ്ങി

"ധാടി കിട്ടിസ്സകലർക്കുമുൾക്കന–
ക്കേട്ടു തട്ടിപ്പാൻ വൻപനെന്നിങ്ങനെ
മൂഢരിട്ടു പുകഴ്ത്തുന്നൊരങ്ഗജ–
നോട്ടു വെട്ടണമങ്കമെന്തെങ്കിലും
ആടൽതട്ടാതണഞ്ഞലർസായക–
ക്രീഡ തുഷ്ട്യാ തകൃതി കുലുക്കുമ്പോൾ
മൂഢമട്ടലർബാണനെഴുന്നേറ്റു
മൂട്ടുതട്ടി നടക്കും പൊട്ടുന്നനേ"

എന്നവസാനിക്കുന്ന ഭാഗത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള പദഗുംഫനസാമർത്ഥ്യം പ്രശംസാപരിധിയെ അതിലംഘിച്ചു പരിശോഭിയ്ക്കുന്നു.

## പലവക

ഈ വകുപ്പിൽനിന്നു കൂടി ചില നല്ല ശ്ലോകങ്ങൾ പ്രദർശിപ്പിക്കണമെന്നു തോന്നുന്നുണ്ട്.

ശ്രീകൃഷ്ണസ്തുതി:

"ക്രീഡിച്ചും കീരവാണീമണികളൊടിടയിൽ–
ക്കയ്യിൽ നെയ് പാലിതെല്ലാം
മേടിച്ചും കട്ടുശിച്ചും പ്രണതരിലലിവിൻ
നീർ തളിച്ചും തുണച്ചും
കൂടിച്ചും പാണ്ഡവർക്കുന്നതി, കുരുനിരയെ–
ത്തക്കമോർത്തങ്ങു കുണ്ടിൽ–
ച്ചാടിച്ചും വാണ ഗോപീജനസുകൃതസുഖ–
ക്കാതലേ! കൈതൊഴുന്നേൻ."

സ്ത്രീചാട്ടു:

"ചൂതേലുംകൊങ്കയാളേ! ചുണയെഴുമരവി–
ന്ദായുധൻ വന്നണഞ്ഞ–
മ്പെയ്താലും പിന്നെ മറ്റുള്ളവർ പറയുകിലും
പറ്റുവാൻ മറ്റൊരുത്തൻ
പെയ്തോലും പ്രീതി കൈക്കൊണ്ടൊരു സമയമഹോ!
നിന്നെ രത്നാഭിഷേകം
ചെയ്താലും ചെറ്റുമുൾക്കാമ്പിളകരുതിളമാൻ–
കണ്ണിമാർമൗലിമാലേ!"

സമസ്യാപൂരണം:

"ദ്വിജാവനം ചെയ്തരുളും ത്വദീയ–
ദ്വിജാധിപശ്രീ കവരുന്ന കീർത്ത്യാ

നിജാക്രമം വിട്ടഥ കൂരിരുട്ടാം
ഗജേന്ദ്രവൃന്ദം ഗഗനേ പറന്നു."

നമ്പൂരിപ്പാട്ട് 1051-ആണ്ടു മുറജപത്തിൽ സന്നിഹിതനായ അവസരത്തിൽ ആയില്യംതിരുനാൾ മഹാരാജാവു ചൊല്ലിയതാണ് സമസ്യാരൂപത്തിലുള്ള നാലാമത്തെ പദം. കവി അതു പെട്ടെന്നു മേൽക്കാണുന്ന വിധം പൂരിപ്പിച്ചു. നിമിഷകവിതയിൽ അദ്ദേഹത്തിന്നു ഭ്രമമില്ലായിരുന്നുവെങ്കിലും വേണ്ടി വന്നാൽ അതിനും ഏതവസരത്തിലും സന്നദ്ധനായിരുന്നു എന്നുള്ളതിനു പുരന്ദരാരുണത്തിലെ "വീതാശങ്കം വിധുസ്ത്രീ വടിവു വിധുധരൻ" ഇത്യാദി നാന്ദീശ്ലോകവും സാക്ഷിനില്ക്കുന്നു. അതു വയസ്കരയില്ലത്തുവെച്ച് അവിടത്തെ ശാസ്താവിനെപ്പറ്റി ക്ഷണത്തിൽ ഉണ്ടാക്കിച്ചൊല്ലിയ ശ്ലോകമാണ്. ചുവടേ ചേർക്കുന്ന ശൃങ്ഗാരശ്ലോകവും അവിടെ വെച്ചു വയസ്കര മൂസ്സിന്റെ ഒരു സമസ്യ പൂരിപ്പിച്ചു ദ്രുതകവിതാരീതിയിൽ നിർമ്മിച്ചതാണെന്നു കൂടെയുണ്ടായിരുന്ന കൊട്ടാരത്തിൽ ശങ്കുണ്ണി രേഖപ്പെടുത്തിയിരിക്കുന്നു.

"കാണിക്കും കരുണാരസം കരുതിടാതങ്ങ്ഗോത്തവൻ വന്നു വ–
ക്കാണിക്കുന്നതിനാൽ നിനക്കു മമ സമ്പാദ്യങ്ങൾ സർവസ്വവും
കാണിക്കിട്ടെഴുമെന്നെയും കണവനെക്കാട്ടുംവിധം കൊഞ്ചനം
കാണിക്കുന്നതിനെന്തു കാരണമെടോ! കഷ്ടം കലേശാനനേ!"

ഇതാ നോക്കുക മറ്റൊരു സമസ്യാ പൂരണം:

"ചാടിൻചട്ടം ചവിട്ടിച്ചിതറിയതിൽ മുതി–
ർന്നോമനക്കാലു പൊക്കി–
ച്ചാട്ടുമ്പോൾച്ചന്തി കുത്തിച്ചുപുതയഥ വീ–
ണേറെ മേൽച്ചേറണിഞ്ഞും
ചാട്ടുന്തിപ്പിച്ചവയ്ക്കും ചതിയുടയ ചലൽ–
ക്കണ്ണനാം കണ്ണനെച്ചാ–
ഞ്ചാടിച്ചാരത്തു ചാരുസ്മിതരുചി ചിതറി–
ക്കൊണ്ടു കണ്ടീടണം മേ."

വർണ്ണനം—ഒരു വിരൂപയായ സ്ത്രീ:

"ഈരും പേനും പൊതിഞ്ഞീടിന തലയുമഹോ!
പീള ചേർന്നോരു കണ്ണും
പാരം വാനാറ്റവും കേളിളിയുമൊളിയളി–
ഞ്ഞൊട്ടുമാറൊട്ടു ഞാന്നും
കൂറോടയ്യൻകൊടുത്തീടിന തുണിമുറിയും
കൊഞ്ഞലും കൊട്ടുകാലും
നേരമ്പോക്കല്ല ജാത്യം പലതുമിനിയുമു–
ണ്ടെങ്കിലും മങ്കയല്ലേ?"

ഒരു ദുഷ്കവിയോട്:

"എന്നേ വിസ്മയമേതുമില്ല കവിതാസാമർത്ഥ്യമെന്നാൽ ഭവാ–
നിന്നേറെക്ഷണിച്ചിവണ്ണമുളവാക്കീട്ടെന്തു സാധ്യം സഖേ?
മുന്നം ഗർഭിണിയായനാൾ മുദിതയായ് മാതാവു നേർന്നിട്ടതു–
ണ്ടെന്നോ താൻ കവിയായ് ജനങ്ങളെ ഞെരുക്കീടേണമെ–
ന്നിങ്ങനെ?"

## വെണ്മണിയും അർത്ഥാലങ്കാരവും

അർത്ഥാലങ്കാരപ്രധാനങ്ങളായ ശ്ലോകങ്ങൾ നിർമ്മിക്കുവാനും മഹൻ കഴിയുമായിരുന്ന എന്നുള്ളതു ഞാൻ അത്ര സമ്മതിക്കുന്നില്ല. അങ്ങനെയുള്ള ചില ശ്ലോകങ്ങൾ അങ്ങിങ്ങുണ്ടെങ്കിലും അവയെല്ലാം സംസ്കൃതപദ്യങ്ങളുടെ അനുകരണരൂപത്തിലുള്ളതാണ്. ഒരു ശ്ലോകം എനിക്കു വിശിഷ്ടമായി തോന്നീട്ടുണ്ട്. അതു താഴെ പകർത്തുന്നു.

"മന്യേ! മേടസ്ഥിതേ! കേളിട വദ മിഥുനാ
 പ്തിക്കു നൽക്കർക്കടാഗ്രം
തന്നേ നിന്നുള്ള സിംഹോദരി! കവലയഭൂൽ
 കന്യകേ! നിസ്തുലാഭേ!
ഇന്നേകീടെൻ ധനുഭ്രൂ കുടി! മകരമിഴി!
 ത്വൽകുചസ്വർണ്ണകുംഭം
തന്നേമീനധ്വജാസ്ത്രാമയമിവനിതൊരാ
 ണ്ടായി കൊണ്ടാടിടുന്നു."

## വെണ്മണിമഹനും ശൃംഗാരരസവും

പൂരപ്രബന്ധത്തിലും ഭൂതിഭൂഷചരിതത്തിലും കാമതിലകം ഭാണത്തിലും നിരവധി മുക്തകങ്ങളിലും മറ്റും വെണ്മണിക്കൃതികളിൽ അതിപ്രധാനമായിക്കാണുന്ന ഒരു ദോഷം അവയിലെ മൂരിശൃംഗാരമാണ്. അത്തരത്തിലുള്ള വർണ്ണനങ്ങൾ ഇക്കാലത്ത് ആർക്കും ഉദ്വേഗജനകമാകുന്നതിൽ ആശ്ചര്യമില്ല. അവയെങ്ങനെ ആ കൃതികളിൽ കടന്നുകൂടിയെന്ന് അല്പമൊന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ വെണ്മണിമഹൻ ഒരു വേശ്യാലമ്പടനോ ദുരാചാരനിരതനോ ആയിരുന്നില്ല എന്നുള്ളതിനു സമകാലികന്മാരുടെ രേഖകൾ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം ഈശ്വരഭക്തനും ആചാരശ്ലക്ഷ്ണനുമായിരുന്നു. അഹങ്കാരം, അസൂയ, പരനിന്ദ മുതലായ ദുർഗ്ഗുണങ്ങൾ അദ്ദേഹത്തെ തീണ്ടിയിരുന്നതേയില്ല. "പരബ്രഹ്മം കണ്ടമരുന്ന വെണ്മണി മഹൻ നമ്പൂരി" എന്ന് അദ്ദേഹത്തെപ്പറ്റി കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഒരിക്കൽ വർണ്ണിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരാൾ പൂരപ്രബന്ധം പോലെയുള്ള ഒരു കൃതി എഴുതി അതു കൊച്ചിക്കോവിലകത്തെ ഒരു തമ്പുരാട്ടിക്കു സമർപ്പിച്ചതു തനിച്ച വിടത്വത്തിന്റെ തള്ളിച്ച കൊണ്ടാണെന്നു തീർച്ചപ്പെടുത്തുന്നതു് അസംബന്ധമായിരിക്കും. ദുരാചാരത്തിൽ നിന്നു സ്ത്രീപുരുഷന്മാരെ ഉദ്ധരിക്കുന്നതിനു "ന രാവണവൽ" എന്ന മാർഗ്ഗമാണ് അദ്ദേഹം സ്വീകരിച്ചതു് എന്ന് ഊഹിക്കുന്നതിലും അല്പം അനുപപത്തിയുണ്ട്. ആ ഉദ്ദേശ്യവും അദ്ദേഹത്തിനുണ്ടായിരിക്കാം. അതാണല്ലോ അംബോപദേശത്തിന്റെ ഒടുവിൽ ആ വൃദ്ധവേശ്യയുടെ വാക്യം ആമ്പാടിയിൽവെച്ച ശ്രീകൃഷ്ണൻ കേട്ടതാണെന്നും "ഗൗരീതൃക്കാല്ക്കൽത്തന്നെ ചെന്നിന്നിയുമണക തകർക്കാതെ ഹൽക്കാതലേ നീ" എന്നും പാപപരിഹാരരൂപത്തിൽ വ്യംഗ്യമായും, അതിമോഹം നാടകത്തിന്റെ പ്രസ്താവനയിൽ സൂത്രധാരൻ നടിയോട്

"ഭാര്യേ! ഭഗവൽകഥയെന്നാര്യേ! തോന്നില്ല കേൾക്കിലെന്നാലും
കാര്യമതാണൊടുവിലിതിൻ വീര്യമതാമർത്ഥമോർക്കിലത്യർത്ഥം"
"അഹം ഭാവജ്ഞേ കേളിഹ പറവനാർക്കും സ്ഥിതി മറ–
ന്നഹംഭാവം പൃച്ഛം പിശുനത ദുരന്തം ദുര പരം
അഹങ്കാരം ദുഷ്ടാക്കപടമതിമോഹങ്ങളിവയ–

ന്വഹം കായ്ക്കാതേ നല്ലറിവു ഹൃദയേ ചേർക്കുമിതയേ.”

എന്നു വാച്യമായും കവി തന്റെ അഭിസന്ധി എന്തെന്നു നിർദ്ദേശിച്ചിരിക്കുന്നതു്. പക്ഷേ ആ ഉദ്ദേശ്യത്തിനു പ്രത്യക്ഷത്തിൽ ബാധകമായുള്ള ഭാഗങ്ങൾ പലതും പ്രകൃതകൃതികളിൽ ഉണ്ടെന്നുള്ളതു മറച്ചുവയ്ക്കേണ്ടതില്ല. അന്നത്തെ സാമുദായികാചാരങ്ങളുടെ പ്രതിഫലനമാണു് അവയിൽ കാണുന്നതെന്നു പറയുന്നതും മുഴുവൻ പരമാർത്ഥമല്ല. അല്പമെല്ലാം അദ്ദേഹത്തിന്റെ മാറുമറയ്ക്കാത്ത കവിതാകാമിനിയെ അങ്ങനെയും നിരീക്ഷിക്കാമെന്നേയുള്ളു. പിന്നെയെന്താണു് കവിയുടെ യഥാർത്ഥമായ ആശയമെന്നു ചോദിച്ചാൽ താനും കേൾക്കുന്നവരും പൊട്ടിച്ചിരിക്കണമെന്നുള്ളതുതന്നെയാണു് എന്നു് എനിക്കു തോന്നുന്നു. അതു കൊണ്ടാണു് താൻ വർണ്ണിക്കുന്ന കൂത്തുകളിൽ കവി തന്നെയും കൂടി ഒരു പാത്രമാക്കി,

“നന്നല്ലാകൃതിയെങ്കിലും പ്രകൃതിയും ബോധിച്ചതില്ലെങ്കിലും
നിന്ദിക്കേണ്ടവനെങ്കിലും നിഖിലവും ദോഷങ്ങളാണെങ്കിലും
കന്ദർപ്പക്കളിയല്ലയോ? കഠിനമായ്‌വന്നങ്ങിരന്നില്ലയോ?
പിന്നെ ബ്രാഹ്മണനല്ലയോ? സകലവും ചിന്തിച്ചു നോക്കേണ്ടയോ?”

എന്നും മറ്റും വങ്കത്തം എഴുന്നള്ളിക്കുന്നതു്. വെണ്മണിയുടെ ശൃംഗാരം വാസ്തവത്തിൽ ആ രസത്തെ പശ്ചാത്തലമാക്കിക്കൊണ്ടുള്ള ഹാസ്യമാണു്. അതിനു വേണ്ട ശബ്ദകോശവും ശൈലീ സംഹിതയും ആശയസാമഗ്രിയുമാണു് അദ്ദേഹത്തിനു സ്വാധീനം. മറ്റൊരു രസത്തിനു് അവയുണ്ടെന്നു പറയണമെങ്കിൽ അതു ബീഭത്സവും.

## മഹനു സാഹിത്യലോകത്തിലെ സ്ഥാനം

അതിമോഹം നാടകത്തിൽ കവി സൂത്രധാരനെക്കൊണ്ടു നടിയോടു് “രാമ രാമ! അദ്ദേഹത്തിന്റെ കവിതയല്ലാതെ വേറിട്ടൊരാളുടെയെങ്കിലും ഇപ്പോൾ അത്ര നടപ്പുണ്ടോ?” എന്നു ചോദിപ്പിച്ചിരിക്കുന്നതിൽ അത്യുക്തിയുടെ പ്രസങ്ഗമേയില്ല. കേരളത്തിലെ സാമാന്യ ജനങ്ങളുടെ ഏകമഹാകവി അക്കാലത്തു് അദ്ദേഹം തന്നെയായിരുന്നു. അവർക്കുമേൽ അരയങ്ഗുലംപോലും ഉയരാതെ അവരെ അവിച്ഛിന്നധാരമായ നർമ്മോക്തികൊണ്ടു് ആഹ്ലാദിപ്പിച്ച അദ്ദേഹത്തെ അവർ ഒരു അവതാരപുരുഷനായി കൊണ്ടാടിയതിൽ എന്താണു് അത്ഭുതം? കുഞ്ചൻനമ്പിയാർ പാട്ടിൽ പാടിയതു് അദ്ദേഹം ശ്ലോകത്തിൽചൊല്ലി; ശ്ലോകം പാട്ടിനെക്കാൾ മുഖസ്ഥമാക്കുവാൻ സുകരമായിരുന്നതുകൊണ്ടു് അവർ അദ്ദേഹത്തിന്റെ കൃതികൾ മറ്റാരുടേതിനേയുംകാൾ കൂടുതലായി ഓർമ്മയിൽവച്ചുകൊണ്ടു് അതിന്റെ രസം വേണ്ടപ്പോഴെല്ലാം അനുസന്ധാനദ്വാരാ ആസ്വദിച്ചു. ഒരിക്കൽ കേട്ടാൽ ഉള്ളിൽ തട്ടാതെയും ഓർമ്മയിൽ നില്ക്കാതെയുമുള്ള ശ്ലോകം ഒന്നുപോലും അദ്ദേഹം ഉണ്ടാക്കാത്തതുകൊണ്ടു് ആ സ്വർഗ്ഗീയമായ സ്വൈരവിഹാരത്തിനു് അവർക്കു യാതൊരു പ്രതിബന്ധവും നേരിട്ടതുമില്ല. ചില കൃതികളിലെ വിഷയങ്ങൾ ചുറ്റുപാടുമുള്ള സംഭവങ്ങളിൽ നിന്നു സ്വീകരിച്ചവയായിരുന്നതിനാൽ അവ അവരെ അത്യധികം ആകർഷിച്ചു. പണ്ഡിതന്മാരും ആ കൃതികളിൽ അകമഴിഞ്ഞു ലയിച്ചു. പാദപൂരകങ്ങളായ ‘അതു’ മുതലായ നിരർത്ഥകശബ്ദങ്ങളിൽ അവർ ദൃഷ്ടിവച്ചില്ല; ആ കഴമ്പില്ലായ്മയും അവർക്കു് അരോചകമായി തോന്നിയില്ല. മറ്റുള്ളവരുടെ കൂട്ടത്തിൽ ചേർന്നു് അവരും ഉറക്കെച്ചിരിച്ചു. ഇതാണു് വെണ്മണി മഹൻ നമ്പൂരിപ്പാട്ടിലെ വിശ്വോത്തരമായ വിജയത്തിന്റെ രഹസ്യം. അനവധി വാസനാസമ്പന്നന്മാരായ കവികൾക്കു്

അദ്ദേഹം മാർഗ്ഗദർശനം ചെയ്തു; അവർ ആ പ്രസ്ഥാനത്തിന് ഉത്തരോത്തരം ഉൽക്കർഷം നല്കി. കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിലേ യുവാക്കന്മാർ ആ വഴിക്കു സഞ്ചരിക്കാതെയായിട്ടുള്ളു. അതിനുള്ള കാരണങ്ങൾ പ്രകൃതത്തിൽ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

## — 49 —

# കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ

### കൊച്ചുണ്ണിത്തമ്പുരാൻ (1033–1101)

ഇങ്ങനെ വെണ്മണി മഹൻനമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ അന്യാദൃശമായ വചോവിലാസത്താൽ ആകർഷകമാക്കിത്തീർത്ത ഭാഷാ കവിതയിലെ നവീനപ്രസ്ഥാനത്തിനു പിന്നെയും ചില കോട്ടങ്ങളും കുറവുകളുമുണ്ടായിരുന്നു. അവയെ ദൂരീകരിച്ച് അതിനു ബഹുമുഖമായ രാമണീയകം വർദ്ധിപ്പിച്ച നിരവധി ഗ്രന്ഥങ്ങളുടെ നിർമ്മിതിമൂലം കൈരളിയെ വിഭവസമൃദ്ധവും വിലാസ മധുരമാക്കിത്തീർത്ത രണ്ടു മഹാപുരുഷന്മാരാണ് കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാനും.

### ജനനം

കൊച്ചുണ്ണിത്തമ്പുരാൻ 1033-ാമാണ്ടു മീനമാസം 17-ാംനു ഉത്രം നക്ഷത്രത്തിൽ ജനിച്ചു; രാമവർമ്മാ എന്നായിരുന്നു സാക്ഷാൽ നാമധേയം, ഉത്തര ഫൽഗുനിയിൽ ജനിച്ചതു കൊണ്ടു താൻ ഫൽഗുനനാണെന്നും, തന്റെ കവിതാവീര്യത്തെ പ്രാകാശിപ്പിക്കുന്നതുകൊണ്ടുകൂടിയാണ് ഫല്ഗുനന്റെ പാശുപതലാഭം, കാലകേയവധം മുതലായ അപദാനങ്ങളെ വർണ്ണിക്കുന്ന സ്വകീയമായ നാടകത്തിനു ഫല്ഗുനവീര്യം എന്നു പേർ കൊടുത്തതെന്നും കവി ആ നാടകത്തിന്റെ പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. അമ്മ വിദൂഷിയായ ഇക്കാവമ്മത്തമ്പുരാട്ടിയും അച്ഛൻ പൂരാടത്തു നമ്പൂരിയുമായിരുന്നു. ആ നമ്പൂരിയുടെ പേർ ശങ്കരനെന്നായിരുന്നു എന്നു പഴമക്കാർ പറയുന്നു. പൂരാടത്തില്ലം അങ്കമാലിക്കു സമീപമാണ്. തന്നിൽ “കൈതവമില്ലാതെയുള്ള ഗുണജാലം സ്ഫീതതരം ചേർപ്പാൻ പണിചെയ്ത സവിത്രിക്കിതാ നമസ്കാരം” എന്നും, “ഘനതര സൽഗുണസഞ്ചയമനവധി കലരുന്ന വിപ്രകലതിലകൻ’ എന്നും ആ മാതാപിതാക്കന്മാരെ അദ്ദേഹം ശ്രീമദ്ഭാഗവതം ഭാഷാഗാനങ്ങളിൽ വന്ദിച്ചിരിക്കുന്നു. പ്രായേണ തന്റെ എല്ലാ വാങ്മയങ്ങളിലും “ഇക്കാവാകിയ രാജ്ഞിതൻ പ്രിയസുതൻ” എന്നും മറ്റും തന്റെ സുചരിതയായ അമ്മയെ അദ്ദേഹം സ്മരിച്ചിട്ടുണ്ട്.

### വിദ്യാഭ്യാസം

മൂന്നാമത്തെ വയസ്സിൽ വിദ്യാരംഭം കഴിഞ്ഞു കുലാചാര്യനായ വളപ്പിൽ ഉണ്ണിയാശാനോട്ട് (മേനോൻ) പത്താമത്തെ വയസ്സുവരെ സംസ്കൃതത്തിൽ ബാലപാഠങ്ങൾ

അഭ്യസിച്ചു. തദനന്തരം അമ്മാവനായ ഗോദവർമ്മത്തമ്പുരാന്റെ അടുക്കൽ കാവ്യപഠനം ആരംഭിച്ചു. ആ തമ്പുരാൻ പൂതനാമോക്ഷം കൈകൊട്ടിക്കളിപ്പാട്ടു മുതലായ ചില കൃതികളുടെ പ്രണേതാവും ഒരു നല്ല ഭാഷാകവിയുമായിരുന്നു. കുംഭകോണം (പുതുക്കോട്ടു എന്നും പറയും) കൃഷ്ണശാസ്ത്രി വ്യാകരണത്തിൽ ഉൽഗ്രന്ഥങ്ങൾ പഠിക്കുന്നതിന്നു പ്രാപ്തന്മാരായ രാജകുമാരന്മാരെ ആ ശാസ്ത്രം അഭ്യസിപ്പിയ്ക്കുകയും, അത്രയ്ക്കു കയറ്റം വന്നിട്ടില്ലാത്ത അധ്യേതാക്കളുടെ വിഷയത്തിൽ ഒരു പര്യവേക്ഷകനെന്ന വിലയിൽ മാത്രം വ്യാപരിക്കുകയും ചെയ്തുവന്നു. അദ്ദേഹം ബാല്യത്തിൽ സർവതന്ത്രസ്വതന്ത്രനായ വിദ്വാൻ ഇളയതമ്പുരാന്റെ അന്തേവാസിയായി കൂടുകയും അദ്ദേഹത്തിന്റെ അടുക്കൽ കുറേ വ്യാകരണം പഠിച്ചു പിന്നീടു കാശിയിൽ പോയി ശേഖരാന്തം ആ ശാസ്ത്രം അഭ്യസിച്ചു പരിനിഷ്ഠിതനായ ഒരു പണ്ഡിതനായിത്തീരുകയും തിരിയെ കൊടുങ്ങല്ലൂരിലെത്തി വീണ്ടും കുടങ്ങല്ലൂർ മനക്കൽ പോയി ശാസ്ത്രവാദത്തിലേർപ്പെട്ടു അവിടെനിന്നു പ്രശംസാപത്രം വാങ്ങി, തദ്വാരാ കോവിലകത്തെ വ്യാകരണോപദേഷ്ടാവായി 1040-ൽനിയമിതനാവുകയും ചെയ്തു. 1074-ൽ പരഗതിയെ പ്രാപിക്കുന്നതുവരെ ശാസ്ത്രി ആ പണിയിൽത്തന്നെ ഏർപ്പെട്ടിരുന്നു. കൊച്ചുണ്ണിത്തമ്പുരാൻ അദ്ദേഹത്തോട്ട് നേരിട്ടു ശാസ്ത്രാഭ്യാസം ചെയ്യുകയുണ്ടായില്ലെങ്കിലും പല സാഹിത്യമർമ്മങ്ങളും അദ്ദേഹത്തിൽനിന്നു ഗ്രഹിച്ചിരുന്നു. വിടരാജവിജയം ഭാണത്തിൽ "കുംഭകോണജാതഃ സകലഗുണസിന്ധു: കരുണാകരസ്തത്ര ഭവാൻ സർവജ്ഞചൂഡാമണിഃ ശ്രീകൃഷ്ണവിപ്രേന്ദ്രഃ" എന്നും വിപ്രസന്ദേശത്തിൽ

> "കിം തച്ചിത്രം ഭുവി ജലനിധീൻ യഃ പപൗ കുംഭജഃ പ്രാക്
> ശാസ്ത്രാംഭോധീൻ യദയമപിബൽ കുംഭകോണോദ്ഭവോപി;
> ഇത്ഥം ലോകൈർദ്ധരണിവിബുധം തത്ര തോഷ്ടൂയമാനം
> ശ്രീകൃഷ്ണാഖ്യം പ്രണമ ശിവജാസേവനായാഗതം തം"

എന്നും തമ്പുരാൻ അദ്ദേഹത്തെ പ്രശംസിയ്ക്കുന്നു. 1049-ൽ ഗോദവർമ്മത്തമ്പുരാൻ മരിച്ചപ്പോൾ കുഞ്ഞുണ്ണി (രാമവർമ്മ) ത്തമ്പുരാനായി കഥാപുരുഷന്റെ ഗുരുനാഥൻ. അദ്ദേഹത്തിന്റെ ജീവിതകാലം 1028 മുതൽ 1090 വരെയാണ്. അതിനു മുൻപുതന്നെ അഷ്ടാധ്യായി ഹൃദിസ്ഥമാക്കിയിരുന്ന കവിയെ അദ്ദേഹം സിദ്ധാന്തകൗമുദി നിഷ്കർഷിച്ചു പഠിപ്പിച്ചു. കുഞ്ഞുണ്ണിത്തമ്പുരാൻ കൃഷ്ണശാസ്ത്രിയുടെ ശിഷ്യനായിരുന്നു. തന്റെ ഗുരുശിഷ്യബന്ധത്തെപ്പറ്റി കൊച്ചുണ്ണിത്തമ്പുരാൻ വഞ്ചീശ വംശത്തിൽ പന്തളം സുബ്രഹ്മണ്യശാസ്ത്രിയെ
പ്പറ്റിയുള്ള പ്രസംഗത്തിൽ

> "കവനനിരതനാം ഞാനോർക്കിലാ ശാസ്ത്രിവിപ്ര-
> പ്രവാരനുടയ ശിഷ്യൻ തൻ പ്രശിഷ്യപ്രശിഷ്യൻ"

എന്ന് പ്രസ്താവിച്ചിട്ടുണ്ട്. പന്തളം സുബ്രഹ്മണ്യശാസ്ത്രിയുടെ ശിഷ്യൻ ആറ്റൂരടിതിരിയും, അടിതിരിയുടെ ശിഷ്യൻ വിദ്വാൻ ഇളയതമ്പുരാനും, ഇളയതമ്പുരാന്റെ ശിഷ്യൻ കൃഷ്ണശാസ്ത്രിയും കൃഷ്ണശാസ്ത്രിയുടെ ശിഷ്യൻ കുഞ്ഞുണ്ണിത്തമ്പുരാനും, കുഞ്ഞുണ്ണിത്തമ്പുരാന്റെ ശിഷ്യൻ കവിയും-ഇങ്ങനെയാണ് ആ പാരമ്പര്യം. കൗമുദിക്കു മേലുള്ള വ്യാകരണഗ്രന്ഥങ്ങളൊന്നും കൊച്ചുണ്ണിത്തമ്പുരാൻ ഗുരുമുഖത്തിൽനിന്നഭ്യസിച്ചില്ല. അപ്പോഴേയ്ക്കും മുഴുവൻ സമയവും കവിതയ്ക്കു തന്നെ വിനിയോഗിക്കണമെന്നു തീർച്ചപ്പെടുത്തി ഏകദേശം 1055 മുതൽ തദേകതാനനായിത്തന്നെ കാലയാപനം ചെയ്തു. മഹാഭാഷ്യാദിവാദഗ്രന്ഥങ്ങൾ കൊണ്ടല്ല, പ്രയോഗമന്ത്രംകൊണ്ടാണ് വാഗ്ദേവതയെ വശ്യയാക്കേണ്ടതെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. 1027-ൽ

ജനിച്ച പ്രസിദ്ധ ദൈവജ്ഞനായ മറ്റൊരു കൊച്ചുണ്ണിത്തമ്പുരാൻ കൂടി ആ കോവിലകത്തുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം വലിയ കൊച്ചുണ്ണിത്തമ്പുരാനെന്നും നമ്മുടെ കവി ചെറിയ കൊച്ചുണ്ണിത്തമ്പുരാനാണെന്നുമുള്ള പേരുകളിൽ അറിയപ്പെട്ടിരുന്നു. ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ കാവ്യനാടകാലങ്കാരങ്ങൾക്കു പുറമെ ഭരതശാസ്ത്രം തുടങ്ങിയുള്ള പല ആനുഷംഗികളായ കലകളിലും പ്രശംസനീയമായ നൈപുണ്യം സമ്പാദിച്ചു എന്നു മാത്രമല്ല, എളേടത്തു തൈക്കാട്ടു് ഇട്ടീരിമൂസ്സത് എന്ന അഷ്ടവൈദ്യോത്തമനോട്ട് ആയുർവേദം സാംഗോപാംഗമായി അഭ്യസിച്ച് അതിലും വിചക്ഷണനായിത്തീർന്നു; യാവജ്ജീവം പ്രയോഗമാർമ്മികനായ ഒരു ഭിഷഗ്വരനായും അദ്ദേഹം പരിലസിച്ചു. ജ്യോത്സ്യത്തിലും അദ്ദേഹത്തിന്നു നല്ല അറിവുണ്ടായിരുന്നു. വ്യാകരണഗുരുവായ കുഞ്ഞുണ്ണിത്തമ്പുരാന്റെ പേരിൽ അദ്ദേഹത്തിനു വളരെ ഭക്തിയുണ്ടായിരുന്നു.

“ഇക്കാവാകിയ രാജ്ഞിതന്റെ തനയൻ
  കുഞ്ഞുണ്ണിഭൂപന്റെ നൽ-
ത്തൃക്കാൽസ്സേവകനായ ശിഷ്യനമലൻ
  ദേവൗഘസേവാരതൻ
ചൊല്ലേലാള്ളുന്നൊരു കോടിലിംഗനൃവരൻ
  കൊച്ചുണ്ണി ഭൂപാലകൻ”

എന്നു പല ഭാഷാഗ്രന്ഥങ്ങളിലും “കുഞ്ഞുണ്ണിക്ഷ്മാപതിരതിമതിശ്ശാസ്ത്ര മധ്യാപയദ്യം” എന്ന വിപ്രസന്ദേശത്തിലും ആ വസ്തുത അദ്ദേഹം രേഖപ്പെടുത്തീട്ടുണ്ട്. ആ ശിക്ഷാസാമർത്ഥ്യത്തിന്റെ ഫലമായി വിടരാജവിജയത്തിൽത്തന്നെ “ശാസ്ത്രജ്ഞം” എന്ന വിശേഷണം അദ്ദേഹം സ്വീകരിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തിനു “ശാസ്ത്രം കാവ്യം പുരാണാദികളഴകി, യലുന്നോരു മീനധ്വജശ്രീശാസ്ത്രം വൈദ്യം” എന്നിവയിൽ അവഗാഹമുണ്ടായിരുന്നു എന്ന് സോമതിലകം ഭാണത്തിൽ പ്രസ്താവിച്ചു കാണുന്നു.

## അനന്തരകാലജീവിതം

1065-ാമാണ്ടു വരെ കൊച്ചുണ്ണിത്തമ്പുരാൻ കൊടുങ്ങല്ലൂർത്തന്നെ താമസിച്ചു. കാത്തുള്ളിൽ അച്യുതമേനോന്റെ സഹോദരി ജാനകിയമ്മയായിരുന്നു പ്രേയസി. അവർ തമ്മിലുള്ള വിവാഹം 1061-ാമാണ്ടിടയ്ക്കായിരുന്നു. 1065 മുതൽ പത്തു കൊല്ലത്തോളം ഇരിങ്ങാലക്കുട തീപ്പെട്ട കൊച്ചിളയതമ്പുരാന്റെ സഹചാരിയായി ജീവിതം നയിച്ചു. ആ തമ്പുരാൻ ഒരു നൈയായികനും പണ്ഡിതപക്ഷപാതിയും കൊടുങ്ങല്ലൂർമഹാമഹോപാധ്യായൻ ഭട്ടൻഗോദവർമ്മത്തമ്പുരാന്റെ സതീർത്ഥ്യനുമായിരുന്നു. 1069-ൽ കവി രചിച്ച മധുരമംഗലം നാടകത്തിൽ

“കൊച്ചുണ്ണിത്തമ്പുരാനെന്നഖിലദിശി പുക-
  ഴ്ന്നോരു ശാസ്ത്രജ്ഞവര്യൻ
കൊച്ചിക്കീശൻ തൃതീയൻ വിനയസുനയവാ-
  നാതപോഗ്രപ്രതാപൻ
ഉൾച്ചേരും ദോഷമൊന്നെങ്കിലുമരികിലടു-
  ക്കാതെ ശോഭിച്ചിടുന്നു-
ണ്ടച്ഛരിന്നാമോദമോടീ നൃപതിമണിയെ നീ
  കേട്ടറിഞ്ഞിട്ടതില്ലേ?”

എന്നു സൂത്രധാരൻ നടിയോടു ചോദിക്കുന്ന അവിടത്തെ യഥാർത്ഥ നാമധേയം കേരളവർമ്മാ എന്നാണ്. തമ്പുരാന്റെ കാന്തവൃത്തത്തിന് അവിടുന്ന് ഒരു അവതാരിക എഴുതീട്ടുണ്ട്. 1075 തുലാമാസത്തിൽ അവിടുത്തെ ദേഹവിയോഗം നിമിത്തം കവിക്കു നേരിട്ട ഹൃദയവ്യഥ ആജീവനാന്തം നിലനിലനിന്നിരുന്നു. അനുരൂപനായ ആ പുരശ്ചാരിയുമായി അദ്ദേഹം തൃപ്പൂണിത്തുറ, എറണാകുളം, ഇരിങ്ങാലക്കുട, തൃശ്ശൂർ മുതലായ സ്ഥലങ്ങളിൽ താമസിച്ചു; കാശിക്കുപോയി ഗംഗാസ്നാനവും ചെയ്തു. തമ്പുരാൻ അതിൽ പിന്നീട് കാളീഭജനവും വൈദ്യശാസ്ത്രാഭ്യസനവും കവിതയുമായി കൊടുങ്ങല്ലൂർത്തന്നെ സ്ഥിരതാമസമായി.

### കവനപാടവം

പല അവസരങ്ങളിൽ ആ മഹാകവിയുടെ കവനകലാപാടവത്തെ പല സഹൃദയന്മാരും പരീക്ഷിച്ചിട്ടുണ്ട്. അവയിലെല്ലാം അദ്ദേഹം പ്രഥമസ്ഥാനത്തിന് അർഹനായിത്തീരുകയാണ് ചെയ്തത്. 1066-ൽ തൃശ്ശൂരിൽ സമ്മേളിച്ച ഹിന്ദുമതാചാരധർമ്മരക്ഷണസഭയുടെ വാർഷികയോഗത്തിൽ പദ്യത്തിൽത്തന്നെ അദ്ദേഹം അധ്യക്ഷപ്രസംഗം ചെയ്തു. ഒരിക്കൽ പണ്ഡിതമൂർദ്ധന്യനായ കൊച്ചിയിലെ വാഴ്ചയൊഴിഞ്ഞ വലിയ തമ്പുരാൻ തിരുവഞ്ചിക്കുളത്തുവച്ചു മൂന്നു മണിക്കൂറിൽ ഇരുപതു ശ്ലോകങ്ങൾ വീതം സ്രഗ്ദ്ധരാവൃത്തത്തിൽ അക്ഷരശ്ലോകരീതിയിൽ ചൊല്ലണമെന്നു കല്പിച്ചു. അവിടെക്കൂടിയിരുന്ന വെണ്മണിമഹൻ, നടുവത്തച്ഛൻ, ഒറവങ്കര, കൊച്ചുണ്ണിത്തമ്പുരാൻ കുഞ്ഞിക്കുട്ടൻതമ്പുരാൻ മുതലായ മഹാരഥന്മാരാണ് സദസ്സിൽ സന്നിഹിതരായിരുന്നത്. ഓരോരുത്തരും രണ്ടു മണിക്കൂറിനകം അവരവരുടെ കൃത്യം നിർവഹിക്കുകയും ഉണ്ടാക്കിയ ശ്ലോകങ്ങൾ ഓർമ്മിച്ച് ഒടുവിൽ എഴുതി സമർപ്പിക്കുകയും ചെയ്തു. കൊച്ചുണ്ണിതമ്പുരാനാകട്ടേ തന്റേയും മറ്റുള്ളവരുടേയും ശ്ലോകങ്ങൾ മുഴുവൻ എഴുത്തുകത്തിന്റെ സഹായം കൂടാതെതന്നെ ചൊല്ലുകയും അതിനുംപുറമേ താനുണ്ടാക്കിയ ശ്ലോകങ്ങൾ സംസ്കൃതത്തിലും കൂടി വിവർത്തനം ചെയ്തു കേൾപ്പിക്കുകയും ചെയ്തു. തിരുമനസ്സുകൊണ്ട് അത്ഭുതപ്പെട്ടുപോയി. ദ്രുതകവി എന്ന ബിരുദം കുഞ്ഞിക്കുട്ടൻ തമ്പുരാനാണ് ലഭിച്ചത് എങ്കിലും അദ്ദേഹത്തെക്കാൾ ഒട്ടും താണപടിയിലല്ലായിരുന്നു ആ പദ്ധതിയിൽ കൊച്ചുണ്ണിത്തമ്പുരാന്റേയും നില. നൂറും അതിലധികവും ശ്ലോകങ്ങൾ ഓരോ ഇരുപ്പിലിരുന്നുണ്ടാക്കി അവ മുഴുവൻ മനസ്സിൽ വച്ചുകൊണ്ടു പിന്നീട് സൗകര്യം പോലെ എഴുതുവാൻ അദ്ദേഹത്തിനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. അത്രയ്ക്കുമേൽ വാഗ്ദേവത അദ്ദേഹത്തിനു വശ്യയായിരുന്നു. മദിരാശിയിൽ വച്ചു തീപ്പെട്ട ഔചിത്യവേദിയായ കൊച്ചി വലിയതമ്പുരാൻ 1094-ൽ പല സാഹിത്യകാരന്മാർക്കും സ്ഥാനമാനങ്ങൾ സംഭാവന ചെയ്ത അവസരത്തിൽ കൊച്ചുണ്ണിത്തമ്പുരാനെ അവരുടെ നേതാവാക്കി, "കവിസാർവഭൗമൻ" എന്ന ബിരുദത്താൽ ധന്യനാക്കി, തന്റെ സഹൃദയ ധുരീണതയെ പ്രഖ്യാപനം ചെയ്തു. കോർട്ടുനടപ്പു തുടങ്ങിയ ലൗകികങ്ങളായ വിഷയങ്ങളിലും അദ്ദേഹം കൃതമതിയായിരുന്നു എന്ന് അദ്ദേഹത്തിന്റെ കൃതികൾ തെളിയിക്കുന്നുണ്ട്. സാഹിത്യനിരൂപണത്തിൽ അദ്ദേഹത്തോളം സാമർത്ഥ്യം അക്കാലത്ത് ആർക്കുമുണ്ടാഅയിരുന്നതായി തോന്നുന്നില്ല. ഏതു ശ്ലോകത്തെയും മണ്ഡനപരമായോ ഖണ്ഡനപരമായോ വിമർശിക്കുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. ആകെക്കൂടി നോക്കുമ്പോൾ ഒരതിമാനുഷൻ എന്നു വേണം അദ്ദേഹത്തെ പറയുവാൻ. ആ പ്രതിഭ, ആ മേധ, ആ വശ്യവചസ്സും, ആ സാഹിത്യപോഷണവ്യഗ്രത, ആ പരോപകാരതൽപരത ഇങ്ങനെയുള്ള പല സിദ്ധികൾ അദ്ദേഹത്തിൽ അഹമഹമികയാ

സമ്മേളിച്ചിരുന്നു. 1097-ൽ ഇളയതമ്പുരാനായി. 1101-മാണ്ടു കർക്കിടകമാസം 11-ാം തിയ്യതി ഹൃദ്രോഗം നിമിത്തം പരഗതിയെ പ്രാപിച്ചു. അദ്ദേഹത്തിനു വൈദ്യശാസ്ത്രത്തിൽ ഒരു വലിയ ശിഷ്യസമ്പത്തുണ്ടായിരുന്നു.

## കൃതികളുടെ സ്വരൂപം

കൊച്ചുണ്ണിത്തമ്പുരാന്റെ കൃതികൾ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കുകയില്ല. ഓരോ ആവശ്യം പ്രമാണിച്ച് ഓരോരുത്തർ വന്നു ചോദിച്ചാൽ ആ നിമിഷത്തിൽത്തന്നെ ഓരോന്ന് എഴുതിക്കൊടുക്കും; അതു പിന്നീട് അച്ചടിച്ചുവോ എന്ന് അന്വേഷിക്കുക പോലും പതിവില്ല. അച്ചടിപ്പിക്കാതെ തന്നെ അനേകം നശിച്ചിട്ടുണ്ട്. നിരവധി വാങ്മയങ്ങൾ ചില പഴയ മാസികകളിൽ മാത്രം പ്രകാശിതങ്ങളായും കിടക്കുന്നുണ്ട്. സംസ്കൃതത്തിലും മലയാളത്തിലും കവനം ചെയ്വാൻ ഒന്നുപോലെ ശക്തിയുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തെ കുഞ്ഞിക്കുട്ടൻതമ്പുരാൻ കവിഭാരതത്തിൽ "ദിവ്യനാം സവ്യസാചി" എന്നു പുകഴ്ത്തിയിരിക്കുന്നു എന്നു വായനക്കാർ ധരിച്ചിരിക്കുമല്ലോ. പ്രായേണ പ്രധാനകൃതികളെപ്പറ്റി മാത്രമേ ഇവിടെ പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നുള്ളു.

## സംസ്കൃതം

(1) വിടരാജവിജയം ഭാണം, (2) അനങ്ഗ ജീവനം ഭാണം, (3) ബാണയുദ്ധം ചമ്പു, (4) വിപ്രസന്ദേശം, (5) ശ്രീരാമചരിതപൂരണം കാവ്യം, (6) ഉത്തരരാമചരിതം കാവ്യം, (7) ശ്രീരാമവർമ്മ കാവ്യം, (8) ശ്രീരാമപട്ടാഭിഷേകം നാടകം, (9) അന്യാപദേശം, (10) സൂര്യോദയം.

## ഭാഷ

(11) അംബോപദേശം, (12) സോമതിലകം ഭാണം, (13) മദനകേതനചരിതം കാവ്യം (മദനവിലാസം), (14) കല്യാണീനാടകം, (15) ഉമാവിവാഹം, (16) ഫല്ഗുനവീര്യം, (17) മധുരമങ്ഗലം, (18) പാഞ്ചാലീസ്വയംവരം, (19) അജ്ഞാതവാസം എന്നീ നാടകങ്ങൾ, (20) പാണ്ഡവോദയം, (21) സാവിത്രീമാഹാത്മ്യം, (22) വഞ്ചീശവംശം, (23) ഗോശ്രീശാദിത്യചരിതം എന്നീ മഹാകാവ്യങ്ങൾ, (24) മലയാംകൊല്ലം കാവ്യം, (25) രുക്മിണീസ്വയംവരം കാവ്യം (മധ്യോത്തരഭാഗം), (26) ഷഷ്ടിപൂർത്തിഡർബാർ (മദിരാശിയിൽവച്ചു തീപ്പെട്ട കൊച്ചി മഹാരാജാവിനെപ്പറ്റി), (27) ദേവീമാഹാത്മ്യം (വൃത്താനുവൃത്തവിവർത്തനം), (28) സുന്ദരകാണ്ഡം തുള്ളൽ, (29) ഷഷ്ടിപൂർത്തി ശീതങ്കൻ തുള്ളൽ (പിന്നീട്ടു വാഴ്ചയൊഴിഞ്ഞ കൊച്ചി മഹാരാജാവിനെപ്പറ്റി), (30) ഭദ്രോൽപത്തി, (31) ലക്ഷ്മീസ്വയംവരം, (32) രാമാശ്വമേധം എന്നീ കിളിപ്പാട്ടുകൾ, (33) ശ്രീമഹാഭാഗവതം ഗാഥ, (34) കാന്തവൃത്തം, (35) മലയാള്ശബ്ദശാസ്ത്രം (പ്രഥമഭാഗം), (36) അലങ്കാരമാല, (37) ബാലോപദേശം, (38) ഭാഷാബൃഹത്സംഹിത, (39) വിദ്യാകലാവിവരണം, (40) ശ്രീകരുംബസ്തവം ശ്രുതിഗീത (അവിദ്യാസംഹാരം) തുടങ്ങിയ അസംഖ്യം സ്തോത്രങ്ങൾ ഇവയാണ് കൊച്ചുണ്ണിത്തമ്പുരാന്റെ ഗണനീയങ്ങളായ പദ്യകൃതികൾ. ശങ്കരാചാര്യ ചരിതം, വിക്രമോർവശീയസാരം എന്നിങ്ങനെ ചില ഗദ്യ കൃതികളും കാണ്മാനുണ്ടെങ്കിലും അവയ്ക്കു രചനാഭങ്ഗി പോരാതെയാണിരിക്കുന്നത്. പൊതുവേ പറയുകയാണെങ്കിൽ കൊച്ചുണ്ണിത്തമ്പുരാന്റെ സംസ്കൃതകൃതികൾക്കു ഭാഷാകൃതികളെക്കാൾ ഗുണം കൂടും. ഭാഷാകൃതികളിൽത്തന്നെ ആദ്യകാലത്തെഴുതിയ ഗ്രന്ഥങ്ങൾ മധ്യകാലത്തിലെഴുതിയവയെക്കാളും പ്രായേണ ഗുണോത്തരങ്ങളാണ്

. സോമതിലകം, സുന്ദരകാണ്ഡം തുടങ്ങിയ കൃതികൾ സകല സഹൃദയന്മാരുടേയും സശിരഃകമ്പമായ ശ്ലാഘയെ അർഹിക്കുന്നു. പിൻകാലത്തു താൻ എഴുതിയതു രണ്ടാമതൊന്നു വായിച്ചുനോക്കുക എന്നുള്ള ഏർപ്പാടു പോലും ഇല്ലാതെയായി. അന്നനട, ഗാഥ എന്നീ ഭാഷാവൃത്തങ്ങളിൽ സങ്ഗീതാത്മകമായ രീതിയിൽ കവനം ചെയ്യുവാൻ അദ്ദേഹത്തിനു സാമർത്ഥ്യം പോരായിരുന്നു. അതുകൊണ്ടു ഭാഗവതം പാട്ടു്, അന്യഥാ അതു് എത്രതന്നെ അമൂല്യമായാലും അനാകർഷകമാണെന്നു് അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു. “പാർത്താൽ ഭങ്ഗി ചുരുക്കമല്പരസമദ്ധാരാളം” എന്ന വെണ്മണി മഹന്റെ ശാപം ഒടുവിലൊടുവിൽ ഏതാണ്ടു ഫലിച്ചതുപോലെയാണു് ഭാവുകന്മാർക്കു തോന്നുക. പാണ്ഡവോദയത്തിന്റെ അവതാരികയിൽ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ “കൊച്ചുണ്ണിത്തമ്പുരാന്റെ വാസനാശക്തിയും ശേഷിയും നോക്കുമ്പോൾ അതിന്റെ ഒരു മാനദണ്ഡമായി കരുതത്തക്ക സ്ഥിതിയിലായിട്ടില്ല” എന്നു പറഞ്ഞിട്ടുള്ളതിൽ പൗരോഭാഗ്യത്തിന്റെ പ്രസക്തിയേ ഇല്ല. “അതിപ്രസംഗോരസഭംഗഹേതുഃ” എന്നു് അദ്ദേഹത്തിന്റെ പല കൃതികളെയും പറ്റി പറയാം. അത്തരത്തിലുള്ള വൈകല്യങ്ങൾ എങ്ങനെയിരുന്നാലും അനവധി അചുംബിതങ്ങളായ ഉല്ലേഖങ്ങളുടേയും അനവദ്യങ്ങളായ രസഭാവങ്ങളുടേയും അഭൗമാകരങ്ങൾ ഓരോ കൊല്ലവും കൈരളിക്കു് ഒന്നും അതിലധികവും വീതം പ്രദാനം ചെയ്തുകൊണ്ടിരുന്ന ആ മഹാകവിമൂർദ്ധന്യനെ സാഷ്ടാംഗ പ്രണാമം ചെയ്യുവാൻ ആരാണു് സന്നദ്ധരാകാത്തതു്?

## സംസ്കൃതം

എട്ടാമത്തെ വയസ്സിൽ സംസ്കൃതകവിത ശീലിച്ചു തുടങ്ങി. അക്കാലത്തു പെട്ടെന്നുണ്ടാക്കിച്ചൊല്ലിയതാണു് ഭദ്രകാളീ പ്രാർത്ഥനാരൂപത്തിലുള്ള

“നവോത്സവേ ഘോരഗജേന്ദ്രമൂർദ്ധ-
ന്യാരോപിതായാ അവലോകനാർത്ഥം
അതിശ്രമേണൈവ സഹാഗതാനാം
വർഷാജലാനാം തു ഭയം ന കര്യാഃ”

എന്ന ശ്ലോകം, ഒന്നുമുതൽ നാലുവരെ കൃതികൾ ആദ്യകാലത്തെ വാങ്മയങ്ങളിൽ ഉൾപ്പെടുന്നു. വിദ്വാൻ ഇളയ തമ്പുരാൻ നിർമ്മിച്ച പതിമ്മൂന്നാം സർഗ്ഗത്തിൽ 31 ശ്ലോകങ്ങൾ വരെ എത്തിച്ച രാമചരിത മഹാകാവ്യത്തെ കൊച്ചുണ്ണിത്തമ്പുരാൻ മുപ്പത്തിരണ്ടാമത്തെ സർഗ്ഗം കഴിയുവോളം എഴുതി പൂർത്തിയാക്കിയതാണു് രാമചരിതപൂരണം. യുദ്ധകാണ്ഡാവസാനം വരെയുള്ള പ്രതിപാദ്യമേ അതിൽ അടങ്ങീട്ടുള്ളു. ഉത്തരരാമയണത്തിലെ ഇതിവൃത്തത്തെ ആസ്പദമാക്കി ഉത്തരരാമചരിതം കാവ്യം എട്ടു സർഗ്ഗത്തിൽ രചിച്ചു. അങ്ങനെ ആ മഹാകാവ്യത്തിൽ 40 സർഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. ഇളയതമ്പുരാന്റെ കവിതയ്ക്കു ഗാംഭീര്യം കൂടുമെങ്കിലും നാളികേരപാകത്തിലാണു് അതിന്റെ രചന. കൊച്ചുണ്ണിത്തമ്പുരാന്റെ ഭാഗത്തിൽ നിന്നു് ഏതാനും ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു. സന്യാസിരൂപത്തിൽ രാവണൻ സീതയോടു്:

“ക്വേദം വപുസ്തേ സദലാതിശായി?
ക്വേയം ദശാ തേ വനവാസരൂപാ?
കഃ കല്പയേതാനനുരൂപമേവം
യൽ പശ്യതാം ഹന്ത! മനോ ദുനോതി.

അശേഷയോഷാജനരത്നഭൂതാം
ജാനീ മഹേ ത്വാം മഹനീയഗാത്രി!
യേ രത്നഭാജസ്ത്രിഷു വിഷ്ടപേഷു
തേഷാം ഭവത്യർഹതി ദാരഭാവം.

ജാഗർത്തി സമ്പ്രത്യധികത്രിലോകി-
ജയശ്രിയാലംകൃതദിവ്യമൂർത്തിഃ
സൗഭാഗ്യനിർഭർത്സിതമത്സ്യകേതു-
ർദ്ദശാനനോ രാക്ഷസചക്രവർത്തീ.

യസ്യാപദാനാനി വിലസേവത്ത്യോ
ഗായന്തി ശബ്ദേന വിനാ സുരാണാം
ദാസീപദം പ്രാപ്യ യഥാനിയോഗം
ലങ്കാപുരേ കർമ്മ വിതന്വതേ യാഃ." (13-ാം സർഗ്ഗം)

ശ്രീരാമചരിതപുരാണത്തിന് ഒരു പീഠികയുടെ രൂപത്തിൽ വിദ്വദ്യുവരാജചരിതം എന്നൊരു സർഗ്ഗംകൂടി എഴുതിച്ചേർത്തിട്ടുള്ളതിനെപ്പറ്റി അന്യത്ര സൂചിപ്പിച്ചിട്ടുണ്ടല്ലോ. അക്ലിഷ്ട മനോഹരമാണ് കൊച്ചുണ്ണിത്തമ്പുരാന്റെ സംസ്കൃതകാവ്യശൈലി. അർത്ഥാലങ്കാരബാഹുല്യംകൊണ്ടും പ്രസ്തുത കാവ്യങ്ങൾ ഹൃദയഹാരികളാണ്. രസസ്ഫൂർത്തിക്കും കുറവില്ല. വിടരാജവിജയം, വിപ്രസന്ദേശം, ബാണയുദ്ധം, ശ്രീരാമവർമ്മ കാവ്യം എന്നീ കൃതികളെപ്പറ്റി മാത്രം അല്പം ഉപന്യസിക്കാം.

## വിടരാജവിജയം

ഈ ഭാണം ഉണ്ടാക്കുന്ന കാലത്തു കവി കൊച്ചി ഇക്കുഅമ്മത്തമ്പുരാട്ടിയുടെ ആശ്രിതനായിരുന്നു എന്നുള്ളത് "ഇക്കമാടധരണീനാതാകൃപൈകാസ്പദം" എന്നു കവി തന്നെ വിശേഷിപ്പിച്ചിരിക്കുന്നതിൽനിന്നു വിശദമാകുന്നു. സ്വകീയമായ സൂക്തിഗുണത്തെപ്പറ്റി അധോലിഖിതമായ പ്രസ്താവനയും അതിൽ കാണുന്നുണ്ട്.

"മാധുര്യൈകനിധാനമർത്ഥഭരിതം കൊച്ചുണ്ണിധാത്രീപതേ-
ർന്നാര്യശ്ചാപി നരാശ്ച സൂക്തമനിശം ജല്പന്ത്യനല്പം മുദൈഃ
തസ്മാൽ പാഠവിധൗ തദക്ഷരഗളൽപീയൂഷസമ്മേളനാ-
ദേതേഷാം മധുരോധികം മധുസിതാദിഭ്യോപി ജാതോധരഃ."

താഴെക്കുറിക്കുന്ന ശ്ലോകത്തിലും പ്രബന്ധകടാക്ഷമുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

"സലളിതപദന്യാസാം ദോഷവ്രജേന വിവർജ്ജിതാം
ഗുണഗണയുതാം സാലങ്കാരധ്വനിം രസവർഷിണീം
നിജകൃതിനടീം ലോകാഹ്ലാദപ്രദാം സമനാർത്തയൽ
സകാലവിബുധോത്തംസോ ധീമാൻ സ സൽകവി പുംഗവഃ."

ചുവടേ ഉദ്ധരിക്കുന്ന ശ്ലോകങ്ങളുടെ ഭംഗി നോക്കുക.

"മന്ദോച്ചമ്മണിവിഭൂഷണമഞ്ജുനാദം
താടങ്കചക്രഹതിതാമ്രകപോലമൂലം
താരാവികാസവിലാസത്തരളായതാക്ഷം
കാന്തം വപുർജ്ജയതി കന്ദുകലീലയാസ്യാഃ."

വേശ്യാസ്വഭാവം:

"ഈർഷ്യാന്യാസ്വംഗനാസു, സ്ഫുരദമൃതമുച-
ശ്ചാടവോ ഭൂരിവിത്തേ,
നൃക്കാരോ ലോഭയുക്തേ, സ്തുതിമുഖരമുഖേ
നഷ്ടസാദഃ പ്രസാദഃ ,
ജാരേ തീവ്രോന്തരാഗഃ, കപടശതമഹോ!
ഭർത്തരീതി സ്വഭാവോ
വാരസ്ത്രീണാം പ്രസിദ്ധസ്ത്രിജഗതി മതിമ-
ന്നത്ര കിം ചിത്രമസ്തി?"

ആനന്ദവല്ലി എന്ന വേശ്യയുടെ സ്വയംവരത്തിനു സമാഗതരാകുന്ന രാജാക്കന്മാരുടെ വർണ്ണനത്തിൽനിന്നു കവിക്കു ഭാരതീയ ഭൂമിശാസ്ത്രത്തിൽ നല്ല അറിവുണ്ടായിരുന്നു എന്ന് തെളിയുന്നു.

## വിപ്രസന്ദേശം

ഈ സന്ദേശം കവി കോഴിക്കോട്ടു മാനവേദൻരാജാവിന്റെ അപേക്ഷയനുസരിച്ചു രചിച്ചതാണ്. സാമൂതിരി രാജകുടുംബത്തിലെ രാജ്ഞിമാർക്ക് കൊടുങ്ങല്ലൂർ രാജാക്കന്മാരാണല്ലോ കൂട്ടിരിപ്പ്, കവി

"ഗംഭീരേ തം ഭുജഗശയനം സ്വാശയേ പദ്മനാഭം
കുവർന്നുർവ്യാമിഹ വിജയതേ മാനവേദക്ഷിതീന്ദ്രഃ"

എന്നാരംഭിച്ച്

"വാർത്താം സൗമ്യാമധികമധുരാം യസ്യ ശുദ്ധാം നിശമ്യ
ഹ്രീണാ ലീനാ ഭവതി ഹി സുധാ ഹന്ത! കുംഭോദരേഷു
കാകോളോപി പ്രചുരമഹസോ യൽപ്രതാപാൽ പ്രഭീതഃ
കണ്ഠസ്യാന്തർന്നിവസതി സദാ കാളകണ്ഠസ്യ ഗൂഢം"

എന്ന് ആ രാജാവിന്റെ വാങ്മാധുര്യത്തെ വർണ്ണിക്കുകയും

"തസ്യാമോദം മനസി സതതം രാജഹംസസ്യ പൂർണ്ണം
കര്യാദേതൽ സുമധുരരസസ്യന്ദി കാവ്യാരവിന്ദം
നിത്യാസ്വാദ്യം വിബുധമധുപൈർമ്മാനസാദസ്മദീയാ-
ജ്ജാതം ശംഭോർഗ്ഗുണഗണബിസൈർവേഷ്ടിതം ശ്ലിഷ്ടമിത്രം"

എന്നഭ്യർത്ഥിക്കുകയും ചെയ്യുന്നു. വിപ്രസന്ദേശത്തിലും പൂർവാചാരാനുരോധന പൂർവാർദ്ധം, ഉത്തരാർദ്ധം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ട്. മുപ്പത്തിരണ്ടാമത്തെ വയസ്സിൽ തനിക്കു മരണം സംഭവിക്കുമെന്നും ആ വിപത്തിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ കാശിയിൽ പോയി ഗങ്ഗാസ്നാനം ചെയ്തു വിശ്വനാഥനെ ഭജിക്കണമെന്നും ഒരു ബ്രാഹ്മണനോടു മുപ്പതാമത്തെ വയസ്സിൽ ജ്യോത്സ്യൻ പറയുകയാൽ തന്റെ പ്രേയസി താമസിക്കുന്ന തിരുവനന്തപുരം വിട്ട് അദ്ദേഹം അങ്ങോട്ടുപോകുന്നു; പതിനെട്ടു മാസം കഴിഞ്ഞു തന്റെ വിരഹതാപം നായികയെ അറിയിക്കുവാൻ മറ്റൊരു ബ്രാഹ്മണനെ ദൂതനാക്കുന്നു; അന്നു വിശാഖം തിരുനാൾ മഹാരാജാവായിരുന്നു തിരുവിതാംകൂർ വാണിരുന്നത്. തീവണ്ടിയിലാണ് സന്ദേശഹരന്റെ യാത്ര. കാശിയിൽനിന്ന് പുറപ്പെട്ട് വഴിക്കു പല നഗരങ്ങളും സന്ദർശിച്ച

ചെറുവണ്ണൂരിൽ ഇറങ്ങി, അവിടെ നിന്നു പിന്നെയും തൃശ്ശിവപേരൂർ, കൊടുങ്ങല്ലൂർ, തൃപ്പൂണിത്തുറ, വൈക്കം മുതലായ സ്ഥലങ്ങളിൽക്കൂടി തെക്കോട്ടേക്കു പോയി തിരുവനന്തപുരത്തെത്തി പ്രിയതമയെ ആശ്വസിപ്പിക്കണമെന്നാണ് നായകന്റെ പ്രാർത്ഥന; മേഘസന്ദേശത്തിൽ മാത്രമേ തനിയ്ക്കു ബഹുമാനമുള്ളു എന്നും കോകിലസന്ദേശവും ശുകസന്ദേശവും ശ്ലാഘ്യങ്ങളല്ലെന്നും കവി ആദ്യംതന്നെ സൂചിപ്പിച്ചിരിക്കുന്നു.

"നിന്ദന്നേഷ ശ്രവണസുഭഗം കോകിലാലാപജാലം
സദാർണ്ണാർത്ഥം പരമഗിരാഞ്ചാനുവാസം ശുകസ്യ
പശ്യന്മേഘം പ്രസൃമരരസം സ്നിഗ്ദ്ധഗംഭീരശബ്ദം
സോൽകണ്ഠസ്സൻ കമപി വിബുധം വിപ്രമാപ്തം ബഭാഷേ."

മേഘസന്ദേശവുമായി തുലനംചെയ്യുമ്പോൾ വിപ്രസന്ദേശത്തിന് ഒരു സ്ഥാനവും ഇല്ലതന്നെ; എന്നാൽ അതിലും അനേകം സുധാമധുരങ്ങളായ ശ്ലോകങ്ങളുണ്ട്. അവയിൽ ചിലതു് ഉദ്ധരിക്കാം.

1. കൊടുങ്ങല്ലൂർ:

"വാണീ ലക്ഷ്മീവിതരണപരാൻ സേവതേ യത്ര ഭൂപാൻ
ഹിത്വാ പത്മാശ്രിത ഇതി പതിം ബദ്ധരോഷാ രമായാം
രാജ്യം പൂജ്യം വ്രജ തദനു തൽ കോടിലിങ്ഗാഭിധാനം
തത്രൈവാന്തർവണഭുവി ഗൃഹം ഭാതി തദ്ഭദ്രകാള്യാഃ."

2. വൈക്കത്തെ തിരുനീലകണ്ഠനാന:

"ആസ്യം യസ്യ പ്രകൃതിസുഭഗം ബിന്ദുസിന്ദൂരചിത്രം
ദൃഷ്ട്വാ കാമാൽ സ വിഭൂരഭവദ്വിഘ്നരാജോ ഗജാസ്യഃ
തത്രോൽപശ്യ സ്വിപപരിവൃഢം നീലകണ്ഠം സ്വകണ്ഠ-
പ്രേങ്ഖദ്ഘണ്ടം ധവളരദതശ്ചാതൃരാളം കരാളം."

3. സ്യാനന്ദൂരനഗരി:

"വൃത്താദദശോല്ലസിതവദനാം വല്ലകീക്വാണവാണീം
ദീപശ്രൂണീരിചിരകനകാലംകൃതിം വപ്രകാഞ്ചീം
വാപീനാഭീം സുതനുമിവ താം പൂർണ്ണകുംഭസ്തനാഢ്യാം
രംഭോരും ത്വം പ്രവിശ നഗരീം ധൂപകേശീം നിശാദൗ."

4. തിരുവനന്തപുരത്തെ യുവതികൾ:

"യത്ര സ്ത്രീണാം മുഖസുഷമയാ ചന്ദ്രധിക്കാരിണീനാം
തന്ദ്രാബാധാ നിജഭുജസമാകർഷണേ ഭർത്തുരംസാൽ
അങ്കോത്ഥാനേ പദവികലതാ സൗഷ്ഠവം ലാഘവം ചാ-
പ്യങ്ഗേ രമ്യേ ദൃഢതരസമാശ്ലേഷണേ നിർദ്ദയത്വം."

5. ധർമ്മരാജാവ്:

“ആസീദസ്യാമധികകരുണഃ ക്ഷത്രധർമ്മൈകദീക്ഷോ
ധീരോദാത്തഃ പ്രഥിതമഹിമാ രാമവർമ്മാ മഹീന്ദ്രഃ
യോ വാരക്ഷീദശുഭമനസഃ കേരളം ഠിപ്പുനാമ്നഃ
സീതാജാനിസ്ത്രീഭുവനമിവ ത്രസ്തമുഗ്രാദ്ദശാസ്യാൽ.”

6. വിശാഖം തിരുനാൾ മഹാരാജാവ്:

“കീർത്തിം യസ്യ സ്ഫടികധവളാമാനനാന്തർജ്ജനാനാം
വിക്രീഡന്തീം ശ്രുതിഷു ച സദാ വീക്ഷ്യ വാണീഭ്രമേണ
ചിത്രൈഃ സ്തോത്രൈഃ കവികലവരാഃ സംസ്തുവന്തിപ്രകാമം
യത്രാദ്യാസ്തേ സ ഖലു സുമതിശ്ശ്രീവിശാഖക്ഷിതീന്ദ്രഃ.”

ഇതരസന്ദേശങ്ങളിൽ നിന്ന് ഒരു വ്യത്യാസം വിപ്രസന്ദേശത്തിനുള്ളത് അതിൽ പിന്നെയും ആറു മാസം കഴിഞ്ഞു നായികക്കു നായകനുമായി സമ്മേളിക്കുവാൻ സാധിക്കുന്നു എന്നുള്ള പ്രസ്താവനയാണ്. ആ വ്യതിയാനം വേണ്ടിയിരുന്നില്ല. പ്രതിപാദ്യം കല്പിതമാണെങ്കിൽ ആയിക്കൊള്ളട്ടെ എന്നും ശങ്കരമതമനുസരിച്ചു നോക്കുമ്പോൾ എല്ലാം മായയാണല്ലോ എന്നും കവി ഒടുവിൽ നമ്മെ ധരിപ്പിക്കുന്നു.

“ചിത്താനന്ദപ്രകടിതമഹാദേവസേവാനുഭവേ-
പ്യസ്മിൻ കാവ്യേ സകലമനൃതം വൃത്തമിത്യസ്തി ചേദ്വഃ
ബ്രൂ തൈതന്മാം ബുധകലവരാശ്ശങ്കരാദ്വൈകനിഷ്ഠാ
മായാരൂപേ ഭവതി കിമൃതം ലോകചക്രേ ചരിത്രം?”

## ബാണയുദ്ധം ചമ്പു

കൊച്ചുണ്ണിത്തമ്പുരാന്റെ സംസ്കൃതകൃതികളിൽ വെച്ച് എനിയ്ക്ക് ഏറ്റവും രമണീയമായി ത്തോന്നിയിട്ടുള്ളതാണ് ബാണയുദ്ധം ചമ്പു. അതിലെ പദ്യഗദ്യങ്ങൾ എല്ലാംതന്നെ ആപാതമധുരങ്ങളും ആലോചനാമൃതങ്ങളുമാണ്. പ്രസ്തുത കൃതി കവി 1066-ൽ നിർമ്മിച്ചു. ഗ്രന്ഥാവസാനത്തിൽ അതിനെ അദ്ദേഹം താഴെ കാണുന്ന വിധത്തിൽ പുകഴ്ത്തുന്നു.

“സത്സ്വന്യേഷ്വപി ചമ്പുഷു ധ്വനിരസാലങ്കാരഹൃങ്കാരിഷു
സ്വീകര്യസ്സുഭഗാമിമാം മമ കൃതി, സന്തോഽതിസന്തോഷതഃ
ക്ഷീരക്ഷൗദ്രസിതാഗുളാമധുരസദ്രവ്യാണി സന്തീത്യത-
സ്ത്യാജ്യഃ കിം ഹരണീദൃശാം സ്മരരസാലംബസ്സു ബിംബാധരഃ?” ”

ആ പ്രശംസ അനുചിതമല്ലെന്നു കാണിക്കുവാൻ ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

1. ചിത്രലേഖ താൻ ഉഷയുടെ അന്തഃപുരത്തിലേക്കു നയിച്ച അനിരുദ്ധനോട്:

“മുഞ്ച ത്വം ചഞ്ചളീകപ്രവര! സരഭസം
  മഞ്ജുളം കഞ്ജമേതൽ
സേവനസ്വാമും രസാലദ്രുമനവകലികാം

മന്ദമന്ദം ഹസന്തീം
യാ ത്വസ്യാഃ പല്ലവാളീ സവിധഭുവി തിര-
സ്കാരകർത്ത്രീ പുരാഭൂൽ
സേയം സൗരഭ്യവിജ്ഞാപനപടുതരയാ
വാത്യയാ ചാപനീതാ."

2. അന്തഃപുരരക്ഷികൾ ബാണനോട്:

"അന്തഃപുരേസ്മാഭിരിഹാപ്രമത്തൈ-
സ്സുരക്ഷിതേ കോപി പുമാൻ സമാസ്തേ
പ്രവേശമാർഗ്ഗം തു ന തസ്യ വിദ്മോ
മുക്താഫലസ്യേവ കരീന്ദ്രകംഭേ."

3. ശിവജ്വരം ശ്രീകൃഷ്ണനോട്:

"ത്വാമാശ്രയേഖിലസുരേശ്വര! ദുഃഖശാന്ത്യൈ
നാന്യാൻ സുരാനപി ഭവൽപ്രതിബിംബരൂപാൻ
കോ വാ ഭജതേ പുരുഷസ്തപനാഭിതപ്ത-
ശ്ചിത്രാർപ്പിതാൻ ഹിമകരാംബുധരാംബുരാശീൻ?"

തമ്പുരാനു തന്റെ സംസ്കൃത കവിതയെപ്പറ്റി വലിയ മതിപ്പാണുണ്ടായിരുന്നതെന്നു നാം കണ്ടുവല്ലോ. അനംഗ വിജയം ഭാണത്തിലും അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ഗീർവാണേഷു ശചീപതിർഹി സുമഹാസർപ്പേഷു തല്പം ഹരേ-
ർന്നാഗേഷ്വഭ്രമുവല്ലഭോബ്ധിഷു പയസ്സിന്ധു രഥിഷ്വർജ്ജുനഃ
ആനന്ദേഷു ശിവാത്മജാഭജനശൈലേഷു ഹേമാചലോ
ലോകേഷു ത്രിദിവഃ കവിഷ്വിഹ ബുധഃ കൊച്ചുണ്ണിഭൂപാലകഃ"

ഉത്തമരാമചരിതം തൃതീയസർഗ്ഗത്തിൽ നിന്നു രണ്ടു ശ്ലോകങ്ങൾ ചുവടേ ചേർക്കുന്നു.

"സ കാന്തയാലങ്കൃതചാരുമൂർത്തിർ-
ലതാഗൃഹം കിഞ്ചിദലഞ്ചകാര
മാനോഗൃഹഞ്ചാസ്യ മനോഭിരാമം
രത്യാ സമാശ്ലിഷ്ടതനുസ്സമേഷുഃ."

"ശുഭാംഗി! പാപാവരണേന നൂനം
ഭൃംഗവ്രജോ മേചകതാം പ്രപന്നഃ
തഥാഹ്യയം ഹാ! മധുപാനമത്തോ
ലതാവധൂർഗ്ഗച്ഛതി പുഷ്പയുക്താഃ."

ശ്രീരാമവർമ്മകാവ്യം ഇങ്ങനെ ആരംഭിക്കുന്നു.

"ഗോശ്രീപതീ രക്ഷതി രാമവർമ്മാ
ഗോമണ്ഡലം സ്വീയമമോഘകർമ്മാ
ഉൽപാദിതശ്രീഗുണമസ്തദോഷം

ഗോപാലരൂപീവ ഹരിർമ്മഹാത്മാ." (പ്രഥമസർഗ്ഗം)

ഇതാ മറ്റു മൂന്നു ശ്ലോകങ്ങൾ:

"തദാ തദാനനം നീലൈഃ ശ്മശ്രുഭിർദ്ദീക്ഷയൈധിതൈഃ
വൃതം വിഡംബയാമാസ ബിംബമൈന്ദവമംബുദൈഃ."(ദ്വിതീയസർഗ്ഗം)

താളോത്താളാംഘ്രിസംഘട്ടനതുമൂലസമു-
ല്ലോലഹസ്തീന്ദ്രകൃത്തി-
പ്രാന്തോദ്ഭൂതപ്രചണ്ഡാനിലരയരഭസോ-
ദ്ധൂതമേഘാബ്ധിശൈലഃ
ഭാരാതിശ്രാന്തദിഗ്വാരണവദനസമു

ദ്വാന്തരക്തപ്രാവാഹ-
ദ്രീഡൽക്രവ്യാദസംഘോൽബംമിദമയി! തേ
താണ്ഡവം ദേവി വന്ദേ." (ചതുർത്ഥസർഗ്ഗം)

"തവാങ്കം നിശ്ശങ്കം കലയതി യയാ ശൈലതനയാ
സ്വഗേഹം സസ്നേഹം പുനരപി ച ദേഹം ഹൃതവതീ
നൃണാം ഭുക്തിം മുക്തിം ത്വയി വിമലഭക്തിഞ്ച തനുതേ
ഭവത്സേവാ സൈവാസ്ത്വഖിലദ! മമ ത്വൽകരുണയാ." (നവമസർഗ്ഗം)

മാടമഹീശവംശം എന്നു് ഈ കാവ്യത്തിനു പേർ കൊടുക്കണം എന്നും അതിന്റെ ഒരു ഭാഗമായി മാത്രം ഒൻപതു സർഗ്ഗങ്ങൾ അടങ്ങിയ ഇതിനെ കരുതണമെന്നും കവിക്കു് ഉദ്ദേശ്യമുണ്ടായിരുന്നു. 1087-ലാണു് പ്രസ്തുത കാവ്യത്തിന്റെ രചന. വാഴ്ചയൊഴിഞ്ഞ രാമവർമ്മ വലിയകോയിത്തമ്പുരാന്റെ ജീവിതചരിത്രമാണു് പ്രതിപാദ്യം. അവിടത്തെ ഷഷ്ട്യബ്ദപൂർത്തി വരെയ്ക്കുമുള്ള കഥാഭാഗമേ നിർമ്മിച്ചിട്ടുള്ളു. എത്രയെത്ര ഉൽകൃഷ്ടങ്ങളായ സകല സംസ്കൃതകൃതികളിലും നാം കണ്ടു കണ്ടകിതരാകുന്നതു്?

## ഭാഷാകവിത

സംസ്കൃതത്തിൽ മാത്രം ആദ്യകാലത്തു കവനം ചെയ്തിരുന്ന തമ്പുരാനെ ഭാഷാകവിതയിലേയ്ക്കു കൂടി ആകർഷിച്ചതു വെണ്മണി നമ്പൂരിപ്പാടന്മാരായിരുന്നു. രാമാശ്വമേധം കിളിപ്പാട്ടിൽ തുഞ്ചൻ, കുഞ്ചൻ ഇവർക്കു പുറമെ കവി വന്ദിക്കുന്നതു് അവർ രണ്ടു പേരേയും മാത്രമാണു്.

"വെണ്മണിനമ്പൂരിമാർ, കേരളഭാഷാകവി-
വെണ്മണികളായുള്ളോർ, താതനും തനയനും,
എന്മനസ്സിങ്കൽ ഭാഷാകവിതാവിശേഷങ്ങൾ
നന്മയിൽ പ്രകാശിപ്പാൻ തുണച്ചീടേണം സദാ."

എന്ന ഈരടികൾ നോക്കുക. അദ്ദേഹം ആ ഗുരുനാഥന്മാരെ എത്രയോ കവച്ചുവച്ചു. ദീപ്തങ്ങളായ അലങ്കാരങ്ങൾ മിന്നിത്തിളങ്ങുന്ന അദ്ദേഹത്തിന്റെ കവിതയിൽ സുന്ദരമായ സ്വഭാവോക്തിക്കു പ്രാധാന്യമുണ്ടു്.

## സോമതിലകം ഭാണം

കൊച്ചുണ്ണിത്തമ്പുരാന്റെ ഭാഷാകാവ്യങ്ങളിൽ കുറേയധികം മെച്ചപ്പെട്ടതാണ് അദ്ദേഹത്തിന്റെ ആദ്യകാലത്തെ കൃതിയായ ഈ ഭാണം. അതിൽ 366 ശ്ലോകങ്ങൾ അടങ്ങീട്ടുണ്ട്. അതിനു മുൻപ് അദ്ദേഹം ഭദ്രോത്സവം എന്നൊരു നാടകവും മറ്റൊരു ഭാണവും ഒരു ചമ്പുവും ഉണ്ടാക്കീട്ടുള്ളതായി പറയുന്നുണ്ട്. അവയെപ്പറ്റി ഇപ്പോൾ ആർക്കും യാതൊരറിവുമില്ല. ചില ശ്ലോകങ്ങൾ ഉദ്ധരിച്ച് എന്റെ ആദരാതിശയം വ്യക്തമാക്കാം.

1. "താനേ നാണിച്ചൊഴിഞ്ഞും തരമൊടുമവിടെ-
   ത്തന്നെ പിന്നെപ്പതിഞ്ഞും
   സാനന്ദം തെല്ലിടഞ്ഞും സപുളകമധികം
   പ്രേമഭാരം ചൊരിഞ്ഞും
   ഊനംകൂടാതെ ഭംഗ്യാ രഹസി ദയിതനെ-
   ക്കണ്ടു കൊണ്ടാടുമോമ-
   ന്മാനേലുംകണ്ണിമാർക്കുള്ളൊരു കടമിഴികൾ-
   ക്കെപ്പൊഴും കൂപ്പിടുന്നേൻ."

2. "തുള്ളിച്ചാടിക്കളിച്ചും തുടുതുടെ വിലസും
   ദേഹമിട്ടൊന്നുലച്ചും
   വെള്ളച്ചുട്ടുള്ള നെറ്റിത്തടമുടയ മുഖം
   നീർത്തിനീർത്തിപ്പിടിച്ചും
   ഉള്ളിൽച്ചാഞ്ചല്യമില്ലാതുരുതരസുഖമായ്-
   പ്പൈക്കളോടൊത്തിണങ്ങി-
   ത്തള്ളിച്ചാഞ്ചാടി നേരിട്ടൊരു വൃഷഭമിതാ
   മത്തനായെത്തിടുന്നു."

3. "ചില്ലീവില്ലെന്നു പൊക്കിച്ചുളിവൊടുമിഴികൊ-
   ണ്ടൊന്നു മേല്പോട്ടു നോക്കി-
   ത്തെല്ലീ രോമാഞ്ചമോടും കുറുനിരയൊരു കൈ-
   കൊണ്ടു ചിക്കെന്നു ചിക്കി
   മല്ലീബാണന്റെ കേളിക്കരികിലൊരുവനെ-
   ത്താൻ വരുത്തീടുവാനായ്
   സല്ലീലാഹാസവും പൂണ്ടിവൾ കവിത നിന-
   യ്ക്കുന്നു ചെറ്റെന്നു തോന്നും."

4. "തങ്കമാല നവകുങ്കമം കനകകങ്കണാദികളലങ്കരി-
   ച്ചങ്കുരിച്ച കുതുകം കലർന്നു വിലസും കരംഗമിഴി മങ്കു കേൾ
   പങ്കജാസ്ത്രനു വളം കൊടുക്കുമൊരു നിൻകടക്ഷമതു ശങ്കവി-
   ട്ടെങ്കൽ വന്നു സതതം കളിക്കിൽ മമ സങ്കടങ്ങളഖിലം കെടും."

5. "താളത്തോടൊത്തിണങ്ങും മണിവളകളെഴും
   കയ്യുകൊട്ടും ചവിട്ടും
   മേളത്തോടീ മൃദംഗാദികളൊടു സരസം
   ചേർന്ന പാട്ടും പകിട്ടും
   ഓളത്തോടൊത്ത ചില്ലീനടനവുമെഴമീ

നാരിമാർകേളി കണ്ടാൽ
മേളത്തോളഗ്നിഹോത്രിപ്രവരനുമിളകും
ഹന്ത! ചിത്തം വിചിത്രം."

"കാലേ കുളിച്ചതിനു കാരണമെന്തു ചൊല്ക
ചാലേ ചലൽകമലചാരുദലാക്ഷിയാളേ!
ബാലാർക്കകോടിയുടെ കാന്തികലർന്നിടുന്ന
ശൈലാത്മജാഭജനമോ ജനമോഹനാംഗി?"

എന്ന പ്രസിദ്ധമായ പദ്യം ഈ ഭാണത്തിലുള്ളതാണ്. ഗ്രന്ഥകാരന്റെ വൈദൂഷ്യത്തിനു നിദർശനമായി ചില സംസ്കൃതശ്ലോകങ്ങൾ അങ്ങിങ്ങു ഘടിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല, "തവ സുചരിതമാംഗുലീയ നൂനം" എന്ന ശാകുന്തളപദ്യത്തിലെ "അംഗുലീയ" എന്ന പദത്തിന്റെ സൂക്ഷ്മാർത്ഥവും വിവരിച്ചിരിക്കുന്നു. കാമദേവപരമായ ഒരു ഭുജംഗപ്രയാതസ്തോത്രവും പ്രസ്തുതകൃതിയിൽ അടങ്ങീട്ടുണ്ട്. സോമതിലകം ഭാണത്തിനും വെണ്മണിമഹന്റെ കാമതിലകം ഭാണത്തിനും തമ്മിലുള്ള ചില വ്യത്യാസങ്ങൾ ഞാൻ മുൻപു ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ.

## അംബോപദേശം

തമ്പുരാന്റെ അംബോപദേശവും വായിക്കുവാൻ രസമുള്ളതാണ്. താഴെച്ചേർക്കുന്ന പദ്യങ്ങൾ നോക്കുക.

"പെറ്റീടൊലാ ഝടിതി നീ മകളേ! നിനച്ചാൽ
തെറ്റീടുമീയുടലുലഞ്ഞുകുഴഞ്ഞുപോകും
തെറ്റെന്നു കുമ്പകളെടുത്തു കുലച്ച വാഴ-
യ്ക്കുറ്റം വരുന്നതിനു താമസമെന്തു പിന്നെ?"

"ആണുങ്ങളെക്കനകഭൂഷകൾ കെട്ടിടാതെ
കാണിച്ചീടൊല്ല മകളേ! പുതുമേനി തെല്ലും
ചേണാർന്ന ദീപഗണമറ്റൊരു പൂരവേല
കാണുന്നവർക്കു ബഹുനീരസമാകുമല്ലോ."

## നാടകങ്ങൾ

ശ്രീരാമപട്ടാഭിഷേകവും, പാഞ്ചാലീസ്വയംവരവും, അജ്ഞാതവാസവും കണ്ടുകിട്ടീട്ടില്ല. 1066 കന്നിമാസം 15-ാംനു 150-ൽചില്വാനം ശ്ലോകങ്ങളടങ്ങിയ പാഞ്ചാലീസ്വയംവരം അഞ്ചങ്കത്തിലും, തുലാം 19-ാംനു 320-ൽ ചില്വാനം ശ്ലോകങ്ങളോടു കൂടി അജ്ഞാതവാസം പത്തങ്കത്തിലും ദ്രുതകവിതാപരീക്ഷയിൽ സംബന്ധിച്ച് എഴുതിയതായി അറിയാം. ബാക്കിയുള്ള നാലു നാടകങ്ങളിൽ ആദ്യം കല്യാണീനാടകവും രണ്ടാമതായി ഉമാവിവാഹവും മൂന്നാമതായി ഫൽഗുനവീര്യവും അവസാനമായി മധുമംഗലവും പ്രസിദ്ധപ്പെടുത്തി. 1064-നും 1066-നും ഇടയ്ക്കാണ് അവരുടെ രചന. കല്യാണീനാടകത്തിലും മധുരമംഗലത്തിലും ഉൽപാദ്യമാണ് ഇതിവൃത്തം. പ്രഖ്യാപിതമല്ലാത്ത പ്രതിപാദ്യം ആദ്യമായി ഭാഷയിൽ നാടകരൂപത്തിൽ ആവിർഭവിച്ചതു കല്യാണീനാടകത്തിലാണ് എന്നൊരു മേന്മ അതിനുണ്ട്. എന്നാൽ സദാചാരഭഞ്ജകങ്ങളായി തോന്നുന്ന ചില രംഗങ്ങളും അതിലുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അവയെ തള്ളി ബാക്കി ഭാഗങ്ങൾ മാത്രമേ അക്കാലത്തെ നടന്മാർ

അഭിനയിച്ചിരുന്നുള്ളു. അതിനുമുൻപ് അവർക്കു വലിയ കോയിത്തമ്പുരാന്റെ അഭിജ്ഞാനശാകുന്തളവും ചാത്തുക്കുട്ടിമന്നാടിയാരുടെ ജാനകീപരിണയവും മാത്രമേ ലഭിച്ചിരുന്നുള്ളുവല്ലോ. രാമമേനോൻ തഹശീൽദാർ കല്യാണിയെ കാമിക്കുന്നു; അവർ അന്യോന്യം പ്രണയബദ്ധരായി ഒടുവിൽ ദാമ്പത്യത്തിൽ എത്തിച്ചേരുന്നു. കല്യാണി കുലടയല്ല. പാത്രങ്ങൾക്കു പ്രായേണ തന്മയത്വമുണ്ട്. വങ്കനും വഷളനുമായ കോരപ്പൻ നായരെയും കാമഭ്രാന്തനായ വെങ്കപ്പരായരെയും മറ്റും ആരും മറക്കുകയില്ല. അഞ്ചാമങ്കത്തിൽ ഒരു ക്രിമിനൽ കേസ്സുവിസ്താരമുണ്ട്. ശൃംഗാരത്തേക്കാൾ കവി പ്രകൃതത്തിൽ പ്രധാനമായി കരുതിയിരിക്കുന്ന രസം ഹാസ്യമാണ്. ഒന്നു രണ്ടു ശ്ലോകങ്ങൾ ചുവടേ ചേർക്കുന്നു:

“ചേറുപിരണ്ടു മുഷിഞ്ഞൊരു കീറത്തുണിയും പുതച്ചു ചൂലേന്തി
ഈറ പെരുത്തിടുമെന്നുടെ പാറുവതാ മച്ചിയുണ്ടിഹ വരുന്നു.”

അങ്ങേക്കരയ്ക്കലിടതിങ്ങി ഞെരുങ്ങിനില്ക്കും
തെങ്ങിന്മടൽത്തല കുറച്ചു കുറച്ചിളക്കി
ശൃംഗാരമോടു പുഴയിൽത്തിരമാല ചാർത്തി-
ട്ടിങ്ങീവരും ചെറിയ വായു മഹാവിശേഷം.”

കോന്തക്കുറുപ്പെന്ന ഒരു തറവാട്ടുകാരണവന്റെ ആഭിജാത്യ ഭ്രമം നിമിത്തം ആ തറവാട്ടിനു സംഭവിക്കുന്ന അധഃപതനത്തിൽ നിന്ന് അതിനെ അദ്ദേഹത്തിന്റെ അനന്തരവൾ നാരായണിയുടെ ഭർത്താവായ മധുരമംഗലം നമ്പൂരി ഉദ്ധരിക്കുന്നതാണ് മധുരമംഗലത്തിലെ ഇതിവൃത്തം. അതിൽ കവിയുടെ സ്വാനുഭവവും പ്രതിബിംബിച്ചിട്ടുണ്ടെന്ന് അഭിജ്ഞന്മാർ പറയുന്നു. “ഗാഢഹാസ്യരസകൗതുകം പരം കൂടുമിദ്വിജസദസ്സിൽ” അഭിനയിക്കുവാൻ നിർമ്മിച്ചതാക കൊണ്ടു് അതിലും ഹാസ്യരസത്തിനു തന്നെയാണ് പ്രാധാന്യം. തന്റെ പുരസ്കർത്താവായ കൊച്ചി കൊച്ചുണ്ണിത്തമ്പുരാന്റെ അനന്തരവൻ കുഞ്ഞുണ്ണിരവിവർമ്മത്തമ്പുരാന്റെ അപേക്ഷയനുസരിച്ചാണ് പ്രസ്തുത നാടകം രചിച്ചതു്. കോമപ്പറമ്പിൽ കോന്തക്കുറുപ്പിന്റെ കവനഭ്രാന്താണ് നാലാമങ്കത്തിലെ പ്രതിപാദ്യം.കവിതയ്ക്കു എന്താണ് വിഷയം വേണ്ടതു് എന്ന് എടശ്ശേരി നമ്പൂരി ചോദിക്കുമ്പോൾ “വിഷോ? എന്തു വിഷം? കവിതയ്ക്കു വിഷം വേണോ?” എന്ന് അയാൾ തട്ടിമൂളിക്കുന്നു. പിന്നെയും തുടരെത്തുടരെ പല വിഡ്ഢിത്തരങ്ങളും ആ മനുഷ്യൻ എഴുന്നള്ളിക്കുന്നുണ്ട്. അഞ്ചാമങ്കത്തിൽ ശങ്കരഭഗവൽപാദരുടെ ജീവിതചരിത്രം സംഗ്രഹിച്ചിരിക്കുന്നു.

“പോകുന്നേൻ പുതുമേഘവേണി! കടുമാകാണിക്കുമെൻ കാര്യമൊ-
ന്നാകുന്നീല; നമുക്കു ജോലി പലതുണ്ടില്ലത്തു മല്ലേക്ഷണേ!
ചാകുന്നോളവുമുള്ളിലിങ്ങനെ മനോരാജ്യം വിചാരിച്ചു നിൻ-
പാകം നോക്കിയിളിച്ചെനിക്കിഹ വൃഥാവാസം പ്രയാസം പ്രിയേ!”

എന്ന പ്രസിദ്ധമായ ശ്ലോകം ഇതിലുള്ളതാണ്. ആകപ്പാടെ നോക്കുമ്പോൾ കവിതാഗുണം കൊണ്ടു് ഒന്നാമതായി ഉമാവിവാഹവും രണ്ടാമതായി കല്യാണീനാടകവും മൂന്നാമതായി മധുരമംഗലവും നില്ക്കുന്നു. ഫല്ഗുനവീര്യത്തിന്റെ നില ചുവട്ടിലാണെന്നു പറയണം. ഉമാവിവാഹത്തിൽ ചില നല്ല ശ്ലോകങ്ങളുണ്ട്. അവയിൽ മൂന്നെണ്ണം ചുവടെ ചേർക്കുന്നു.

നാന്ദി:

“കാടൊക്കെത്തെണ്ടിമണ്ടിക്കമലനയനനെ-

ക്കണ്ടുകിട്ടാഞ്ഞു കൂട്ടം-
കൂടിക്കൊണ്ടങ്ങു ഗോപീജനമഥ പുളിനേ
വാണടൻ കേണീടുമ്പോൾ
കോടിക്കാമപ്രകാശം തടവീട്ടുമുടലിൻ
ധാടിയോടെത്തിയോര-
ക്കോടക്കാർവർണ്ണനെന്നെക്കരുണയോടു കടാ-
ക്ഷിച്ചു രക്ഷിച്ചിടട്ടേ."

സൂത്രധാരൻ നടിയോട്:

"പട്ടൊന്നൻപോട്ടുടുക്കും പുനരതു തെളിയാ-
ഞ്ഞിട്ടഴിക്കും കചത്തെ-
ക്കെട്ടും പെട്ടെന്നഴിക്കും കറിതൊട്ടുമുടനേ
മായ്ക്കുമീവണ്ണമായി
കഷ്ടം കാലം കഴിക്കുന്നതു കഠിനമെടോ
നേരമോ പാതിരാവാ-
യൊട്ടും നില്ക്കാതെ വേഗാലിനി വരിക ചലാ-
പാങ്ഗി നീ രങ്ഗദേശേ."

ശിവനെ വന്ദിക്കുന്ന പാർവതി:

"മങ്ങാതണിഞ്ഞ മലർമാലകൾ തുങ്ങുമാറു
ഭങ്ഗ്യാ കരിങ്കുഴലെഴും തലയൊന്നു താഴ്ത്തി
ശൃങ്ഗാരസാരമയി മാമലമങ്ക മാനി-
ച്ചങ്ഗാരലോചനപദങ്ങൾ വണങ്ങിടുന്നു."

ഒട്ടു വളരെ ആശയങ്ങൾ കുമാരസംഭവത്തിൽ നിന്നു വായ്പ വാങ്ങീട്ടുണ്ട്. അതിന്റെ ആവശ്യം കവിക്കില്ലാത്ത സ്ഥിതിക്ക് ആ പരിപാടിയുടെ ഉദ്ദേശ്യം അജ്ഞാതമായിരിക്കുന്നു. കുമാരസംഭവം അഞ്ചാം സർഗ്ഗത്തിലെ ഇതിവൃത്തം ശിവനെക്കൊണ്ടു വിഷ്ണുവിനോടു പറയിച്ചതും പന്തിയായില്ല. എങ്കിലും സർവാങ്ഗീണമായ ഒരുതരം സാരസ്യം ഈ നാടകത്തിനുണ്ട്.

## മഹാകാവ്യങ്ങൾ: പാണ്ഡവോദയം

കൊച്ചുണ്ണിത്തമ്പുരാന്റെ കാവ്യങ്ങളിൽ അതിപ്രധാനമെന്നു പറയേണ്ടതു പാണ്ഡവോദയത്തെയാണ്. ആകെ 22 സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന ആ കാവ്യം ലക്ഷ്മീഭായി എന്ന മാസികയിൽ ആദ്യം ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി. ആ മാസികയുടെ ഓരോ ലക്കവും പുറപ്പെടാനുള്ള സമയമാകുമ്പോൾ അതിന്റെ പ്രവർത്തകന്മാരുടെ ആവശ്യം പോലെ ആ ലക്കത്തിലേയ്ക്കു വേണ്ട ശ്ലോകങ്ങൾ കവി നിർമ്മിച്ചുകൊടുക്കും. അങ്ങനെ 1085-ആ മാണ്ടു മേടം ലക്കത്തിൽ തുടങ്ങി 1088 മീനം ലക്കത്തിൽ പ്രസ്തുത കാവ്യം അവസാനിപ്പിച്ചു. 1087 മീനം 9-ാം തീയതിയാണ് ഗ്രന്ഥം പൂർത്തിയായതെന്നുള്ളതു "സമ്പന്നപാണ്ഡൂദയം" എന്ന കലിവാചകത്തിൽ നിന്നറിയാം. പാണ്ഡവന്മാരുടെ അജ്ഞാതവാസാരംഭം മുതൽ ഉത്തരാസ്വയംവരം വരെയുള്ള വിരാടപർവം കഥയാണ് പ്രതിപാദ്യം. പതിനൊന്നാം സർഗ്ഗത്തിൽ അനേകം ഗഹനങ്ങളായ ചിത്രശ്ലോകത്തിൽ ഘടിപ്പിച്ചിരിക്കുന്നു. ആറാം സർഗ്ഗത്തിൽ അഭൗമമായ പ്രാഗല്ഭ്യത്തോടുകൂടിയാണ് കയ്യാങ്കളി വർണ്ണിച്ചിരിക്കുന്നത്. ഏഴാം

സർഗ്ഗത്തിലെ കീചകന്റെ സൈരന്ധ്രീവർണ്ണനത്തിൽ ഗ്രന്ഥകാരന്റെ കല്പനാവൈഭവം തികച്ചും തെളിഞ്ഞിട്ടുണ്ട്. എല്ലാ രസങ്ങളേയും അവസരോചിതമായി അവിടവിടെ പ്രപഞ്ചനം ചെയ്തിരിക്കുന്നു. പതിനഞ്ചാം സർഗ്ഗത്തിൽ ഗന്ധർവഭീതി നിമിത്തം മാത്സ്യപുരവാസികൾ പെടുന്ന പാട്ട് ഏറ്റവും മനോമോഹനമാണ്. കുറെക്കൂടി നിഷ്കർഷിച്ചിരുന്നുവെങ്കിൽ പ്രസ്തുതമഹാകാവ്യം അതിന്റെ പ്രണേതാവിന് ഇന്നത്തേതിലും എത്രയോ അധികം സ്വാദിഷ്ഠമാക്കാമായിരുന്നു. അങ്ങനെ ചെയ്തിട്ടില്ലെങ്കിലും ഉള്ളതുകൊണ്ട് ഓണമുണ്ണാൻ വേണ്ട വിഭവം അതിൽ നമുക്ക് ആ മഹാനുഭാവൻ സമ്മാനിച്ചിട്ടുണ്ട്. നോക്കുക ചില ശ്ലോകങ്ങൾ.

സൈരന്ധ്രി:

“മാണിക്യരത്നോപമകാന്തി ചിന്തും
പാണിദ്വയത്താൽ ദ്രുപദേന്ദ്രപുത്രി
ചേണാർന്ന ഭങ്ഗ്യാ മെഴുകും ദശായാം
ചാണം പരം കുങ്കുമമായ്ച്ചമഞ്ഞു.”

ശ്രീകൃഷ്ണനും യശോദയും:

“മന്ദീച്ചീടാതെ കുഞ്ഞിക്കുടവയറിൽ മുല-
 പ്പാൽ നിറച്ചിട്ടു പൂർണ്ണാ-
നന്ദാലങ്കേ കിടക്കും പരമപുരുഷനാ-
 കുന്ന തൻ നന്ദനന്റെ
കുന്ദശ്രീമന്ദഹാസോല്ലസിതമുഖശര-
 ച്ചന്ദ്രനെക്കണ്ടുകണ്ടാ-
നന്ദിക്കും നന്ദജായാനയനകുവലയ-
 ത്തിന്റെ പുണ്യം ന ഗണ്യം.”

## മറ്റു മൂന്നു മഹാകാവ്യങ്ങൾ

സാവിത്രീമാഹാത്മ്യം ഒൻപതു സർഗ്ഗങ്ങളടങ്ങിയ ഒരു കാവ്യമാണ്.അതും ലക്ഷ്മീഭായി
യോട്ട് അനുബന്ധിച്ചു തന്നെ പ്രസിദ്ധീകരിക്കപ്പെട്ടു. “നീശജായേംബദൃഷ്യാ” എന്ന കലിദിവസം അതായത് 1089 മിഥുനം 18-ാംനു ആ കാവ്യം പൂർത്തിയായി. ഏഴാം സർഗ്ഗത്തിലെ വനവർണ്ണന കേമമായിട്ടുണ്ട്. മാതൃക കാണിക്കാൻ ഒരു ശ്ലോകം ചുവടേ ചേർക്കുന്നു:

“രാകാശശിച്ഛവിലസന്നിജമന്ദഹാസ-
ശ്രീകാന്തികൊണ്ടു നൃവരാശയഗഹ്വരത്തിൽ
ശോകാന്ധകാരമിയലുന്നതു പോക്കിയേവം
സ്തോകാക്ഷരാർത്ഥഘനമായരുൾചെയ്തു ദേവി.”

തിരുവിതാകൂർ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഷഷ്ടിപൂർത്തിസ്മാരകമായി രചിച്ച ഒരു ദീർഘകാവ്യമാണ് വഞ്ചീശവംശം. അതിൽ 21 സർഗ്ഗങ്ങൾ അന്തർഭവിക്കുന്നു. “നന്നായ്നീലാങ്ഗദാദ്യ” എന്ന കലിദിനത്തിൽ അതായത് 1093-ാമാണ്ടു ചിങ്ങമാസം 8-ാംനു ഗ്രന്ഥം സമാപ്തമായി. തിരുവിതാംകൂർ മഹാരാജവംശത്തിന്റെ ആദ്യകാലം മുതല്ക്കുള്ള ചരിത്രം അതിൽ ഐതിഹ്യത്തിൽ നിന്നു

ലഭിക്കാവുന്നിടത്തോളമുള്ള വിവരങ്ങൾ സംഗ്രഹിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. പതിനഞ്ചാം സർഗ്ഗത്തിലാണു് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ രാജ്യഭാരകഥ ആരംഭിക്കുന്നതു്. എട്ടാം സർഗ്ഗത്തിൽ ധർമ്മരാജാവിന്റെ വിദ്വൽപ്രോത്സാഹനത്തെപ്പറ്റിയുള്ള പലപുരാവൃത്തങ്ങളും എടുത്തു കാണിച്ചിരിക്കുന്നു. അവ മിക്കവാറും യഥാർത്ഥസംഭവങ്ങൾ തന്നെ. 16-ാം സർഗ്ഗത്തിലെ പ്രഭാതവർണ്ണനത്തിലും 17-ാം സർഗ്ഗത്തിലെ യക്ഷികഥയിലും കവി തന്റെ കലാവൈഭവം അതിന്റെ അത്യുച്ചകോടിയിൽ പ്രദർശിപ്പിച്ചിരിക്കുന്നു. തിരുവാല്ലൂർ ക്ഷേത്രത്തിന്റെ നവീകരണവൃത്താന്തത്തിനു് ഒരു പൂർവപീഠിക എന്ന രീതിയിൽ പ്രതിപാദിതമായിരിക്കുന്ന തൃശ്ശൂർ പൂരപ്പറമ്പിലെ യക്ഷികഥ ഏതു സഹൃദയനും വായിക്കേണ്ടതാണ്. ചുവടേ ചേർക്കുന്നതു പണ്ടാരത്തിന്റെ വേഷത്തിൽ പ്രത്യക്ഷീഭവിക്കുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ചിത്രമാകുന്നു.

“ഞൊണ്ടുന്ന കാലിലതിയായഴൽപൂണ്ടു പിച്ച-
തെണ്ടുംവിധൗ ഝടിതി പട്ടി കടിച്ച പുണ്ണും
കുണ്ടുള്ള വൻകിണറിനൊത്ത പഴുത്ത കണ്ണും
തെണ്ടും കരത്തിലതിലൊട്ടരിയൊട്ടു നെല്ലും;

വില്ലും തൊഴുംപടി ഞെളിഞ്ഞു വളഞ്ഞ പിന്നും
തെല്ലും പ്രസാദമറിയാത്ത തുറിച്ച കണ്ണും
ചൊല്ലുമ്പൊൾ വിക്കലുമഹോ! തലതേഞ്ഞ കോന്ത്രൻ-
പല്ലും പെടുന്നവനശേഷജനാപഹാസ്യൻ.”

ഗോശ്രീശാദിത്യചരിതം മദിരാശിയിൽ വച്ചു തീപ്പെട്ട കൊച്ചി രാമവർമ്മമഹാരാജാവിന്റെ ഷഷ്ട്യബ്ദപൂർത്തി പ്രമാണിച്ചു് എട്ടു സർഗ്ഗത്തിൽ നിർമ്മിച്ച ഒരു കാവ്യമാണ്. “സാദരാലോലദൃഷ്ട്യാ” എന്ന കലിദിവസത്തിൽ അഥവാ 1093 ഇടവം 24-ാംനു യാണ് അതു് എഴുതിത്തീർത്തതു്. ആ കാവ്യത്തിൽ വിഷവൈദ്യൻ കാരാട്ടു നമ്പൂരിയെപ്പറ്റിയുള്ള ഐതിഹ്യം നാലാം സർഗ്ഗത്തിൽ ചേർത്തിരിക്കുന്നു. ഗോശ്രീശാദിത്യചരിതവും ഇതരകാവ്യങ്ങൾ പോലെ യാതൊരു നിഷ്കർഷയുമില്ലാതെ ഏതാനും ദിവസങ്ങൾ കൊണ്ടു മാത്രമാണു നിർമ്മിച്ചതു്. അതുകൊണ്ടു “സഞ്ചാരയന്തി ചിലരിങ്ങകിലിന്റെ ധൂമം” എന്നും മറ്റുമുള്ള വരികൾ കടന്നുകൂടിട്ടുണ്ടെങ്കിലും ആ ന്യൂനതയൊന്നും അത്ര സാരമാക്കാനില്ല. താഴെക്കാണുന്ന ശ്ലോകങ്ങൾ ഒരു കൃഷിക്കാരനെ പരാമർശിക്കുന്നതാണ്.

“വെട്ടും ലതാതരുഗണങ്ങളവൻ ചിലപ്പോ-
ളൊട്ടും കളങ്കമണയാതെ പരം കിളയ്ക്കും;
കെട്ടും ചിലപ്പൊളുലയും ചിലതാഞ്ഞുതട്ടി-
മുട്ടും ചിലപ്പൊളവിടെപ്പലതും നനയ്ക്കും.

കഷ്ടിച്ചു മുട്ടു മറയുംപടി നീണ്ടുരുണ്ടു
പുഷ്ടിപ്പെട്ടും ഭുജ, മുരസ്സധികം വിശാലം;
മുഷ്ടിക്കൊതുങ്ങുമുര, വൻകൃഷിവേല ചെയ്‌വാൻ
സൃഷ്ടിച്ചതാണവനെഴും തനുവെന്നു തോന്നും.”

ഇതു കാരണവന്റെ അവസ്ഥയാണ്. അനന്തരവരുടേയോ? കവി പറയുന്നു:

“നീങ്ങില്ലൊരിക്കലുമൊരുത്തനു നീരിളക്കം
പാങ്ങില്ലൊരുത്തനൊരു മുണ്ടു പിഴിഞ്ഞുടുപ്പാൻ;

വീങ്ങിത്തുടങ്ങുമൊരുവന്നടിയെണ്ണ തേച്ചാ-
ലേങ്ങിത്തുടങ്ങുമപരൻ പടി കേറിയാലും."

## മലയാംകൊല്ലം

ഈ നാലു കാവ്യങ്ങൾക്കു മുൻപാണ് ഇവയിൽനിന്നെല്ലാം പല പ്രകാരത്തിലും വിഭിന്നമായ മലയാം കൊല്ലത്തിന്റെ നിർമ്മിതി. 1082-ാമാണ്ടു ചിങ്ങമാസം മുതൽ അതു രസികരഞ്ജിനി എന്ന മാസികയിൽ പ്രസിദ്ധീകരിച്ചു തുടങ്ങി. കേരളത്തിൽ ഓരോ മാസത്തിലുമുള്ള പ്രകൃതിവിലാസങ്ങൾ മുതലായവയെ വർണ്ണിച്ച് അതതു മാസത്തിന് അനുരൂപമായ ഒരു ദേവതാസ്തുതിയോടുകൂടി അവസാനിക്കുന്നതും അങ്ങനെ 12 സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നതുമായ പ്രസ്തുത കാവ്യം കൊച്ചുണ്ണിത്തമ്പുരാന്റെ സൂക്ഷ്മനിരീക്ഷണം, വർണ്ണനാചാതുര്യം, കല്പനാവൈഭവം തുടങ്ങിയ വിവിധ സിദ്ധികളുടേയും, വൈദ്യം ജ്യോത്സ്യം, സ്മൃതികൾ, ഇതിഹാസപുരാണങ്ങൾ മുതലായവയിലുള്ള അസാധാരണമായ അവഗാഹത്തിന്റേയും വിസ്മായാവഹമായ നിദർശനമാകുന്നു. സ്വഭാവോക്തിയെ ചിലപ്പോൾ ശ്ലേഷോക്തി പുറംതള്ളുന്നു എന്നും, വെണ്മണിക്കൃതികളിലെന്ന പോലെയുള്ള ദീർഘമായ സ്ത്രീസംബോധനം ചില ശ്ലോകങ്ങൾക്കു മാറ്റു കുറയ്ക്കുന്നു എന്നും ചില വൈകല്യങ്ങളില്ലെന്നില്ല. എന്നാൽ അവ മറ്റുള്ള ഗുണസാമഗ്രിയിൽ മറഞ്ഞുപോകുക തന്നെ ചെയ്യുന്നു. താഴെക്കാണുന്ന ഭാവഗർഭമായ ശ്ലോകം മങ്ഗലാചരണരൂപത്തിൽ ഘടിപ്പിച്ചിട്ടുള്ളതാണ്.

"തുങ്ഗശ്രീസിംഹവാഹേ! തുഹിനശിഖരിതൻ
കന്യകേ! നിസ്തുലാഭേ!
ഭൃങ്ഗാളീകേശി! ചാപഭ്രുകടി! മൃഗസമാ
നാക്ഷി! കുംഭസ്തനേനാഢ്യേ!
ഭങ്ഗം മീനാക്ഷി! തീർത്തീടുക മധുമഥനാ-
ജാദികേഡ്യേ! വൃഷാങ്കോ-
ത്സങ്ഗശ്രീസൗമ്യഗേഹേ! ഭഗവതി! കടകോ-
ല്ലാസിഹസ്തേ നമസ്തേ!"

ആദ്യന്തം വസന്തതിലകവൃത്തമാണ് പ്രയോഗിച്ചിരിക്കുന്നത്.

## രുക്മിണീസ്വയംവരം മധ്യോത്തരഭാഗങ്ങൾ

രുക്മിണീസ്വയംവരം വളരെ ദീർഘവും വ്യഥാസ്ഥൂലമെന്നു പോലും പറയാവുന്നതുമായ ഒരു ഭാഷാകാവ്യമാണ്. അതിൽ മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം കാത്തുള്ളിൽ അച്യുത മേനോനും രണ്ടും മൂന്നും ഭാഗങ്ങൾ കൊച്ചുണ്ണിത്തമ്പുരാനും ഉണ്ടാക്കി. വളരെ വേഗത്തിൽ എഴുതിത്തീർത്ത പ്രസ്തുതകൃതി അവസാനിച്ച ദിവസം "മോദാലത്രഗജാസ്യ" എന്ന കലി വചനം കൊണ്ട് 1091 ധനു 4-ാംനു-യാണെന്നു കാണാം. മധ്യഭാഗത്തിൽ 269-ാം, ഉത്തരഭാഗത്തിൽ 293-ഉം ശ്ലോകങ്ങളുണ്ട്. മധ്യഭാഗത്തിലെ സദ്യവർണ്ണനവും മറ്റും വിശേഷമായിരിക്കുന്നു.

## സുന്ദരകാണ്ഡം തുള്ളൽ

ഏറ്റവും മനോഹരമാണ് തമ്പുരാന്റെ സുന്ദരകാണ്ഡം തുള്ളൽ. എട്ടു കളങ്ങൾ അടങ്ങിട്ടുള്ള ഈ കൃതിയിൽ ആദ്യത്തെ രണ്ടും പറയൻ മട്ടിലും മൂന്നു മുതൽ അഞ്ചു

വരെ ശീതങ്കൻ മട്ടിലും ബാക്കി മൂന്നു കളങ്ങളും ഓട്ടൻ മട്ടിലും നിബന്ധിച്ചിരിക്കുന്നു. “മാംസളതരദയ” എന്ന കലി വാചകത്തിൽ നിന്നു പ്രസ്തുത കൃതി പൂർത്തിയായ തു് 1076 കുംഭം 11-ാംനു യാണെന്നു വരുന്നു. കവിയുടെ ഗംഗാപ്രവാഹസദൃശമായ വചോധോരണി അതിന്റെ പരമകാഷ്ഠയിൽ കാണണമെന്നുള്ളവർ അതിലെ ആദ്യത്തെ രണ്ടു കളങ്ങൾ വായിക്കണം. നോക്കുക ഒരു ഭാഗം:

“ക്ഷത്രിയോത്തമനായ ദശരഥപുത്രനുത്തമകീർത്തിമാൻ
ചിത്രവിമലചരിതകൗശികസത്രരക്ഷണശിക്ഷിതൻ
രാമനരികുലഭീമനഭിനതകാമപൂരണതൽപരൻ
സീമവിട്ടഭിരാമഗുണഗണധാമമുത്തമപൗരുഷൻ,

അംഗുലീയകമേകി വിരവിനൊടങ്ങയച്ചൊരു മാരുതി
തുങ്ഗമതിരിപുങ്ഗകരനതിമങ്ഗളൻ കപിപുങ്ഗവൻ
കോടിനിശിചരദലനകരനഖകോടികലിശഭയങ്കരൻ
പ്രൗഢരഘുപതികിങ്കരൻ ഭുവി ശങ്കരംശസമുത്ഭവൻ.”

ഫലിതം കൊണ്ടു് അനുസ്യൂതമായി പെരുമാറിയിട്ടില്ലെന്നു് ഒരു ദോഷം ഇല്ലെന്നില്ല. എട്ടാം കളത്തിൽ സുമതിയുടെ രാജ്യഭാരം വർണ്ണിച്ചിട്ടുള്ള അധോലിഖിതങ്ങളായ ചില വരികളിൽ അതിന്റെ നിഴലാട്ടം കാണുന്നുണ്ടെങ്കിലും അതു് അദ്ദേഹത്തിന്റെ സഹജസിദ്ധികളിൽ ഒന്നല്ല.

“പാട്ടിൽപ്പല പല പിട്ടു പറഞ്ഞും
ആട്ടിൻകാട്ടം ഗുളിക കൊടുത്തും
നാട്ടിലിരിക്കും വിത്തമശേഷം
തട്ടിയെടുക്കും വൈദ്യൻ നാസ്തി.

മുക്കും മൂളഹ്മൂർദ്ധ്വേക്ഷണവും
മുക്കാലും പിഴയായൊരു വാക്കും
ഉൽക്കടസഭയിൽ വിയർപ്പും ബഹുദു-
സ്തർക്കവുമുള്ളൊരു ശാസ്ത്രിയുമില്ല.

മുലയില്ലാഞ്ഞൊരു മേലാപ്പിടലും
തലയില്ലാഞ്ഞൊരു വാർമുടികെട്ടും
നിലവിട്ടുള്ളൊരു ക്കുളക്കളിയും
ചലമിഴിമാർക്കില്ലക്കാലത്തിൽ.”

ഇങ്ങനെയാണു് ആ വർണ്ണനത്തിന്റെ ഗതി.

## ഭദ്രോൽപത്തി കിളിപ്പാട്ട്

ഭദ്രോൽപത്തി തമ്പുരാന്റെ ആദ്യത്തെ കിളിപ്പാട്ടാണ്. അതിൽ മാത്രമേ കിളിയെക്കൊണ്ടു കഥ പറയിക്കുന്നുള്ളൂ. 1068-ലാണ് അതിന്റെ പ്രസിദ്ധീകരണം. അഞ്ചു പാദമായി ഗ്രന്ഥം വിഭജിക്കപ്പെട്ടിരിക്കുന്നു. ചതുർത്ഥപാദത്തിൽ നിന്നു ചില വരികൾ ഉദ്ധരിക്കാം. കളകാഞ്ചിയാണ് കവിക്ക് ഏറ്റവും സ്വാധീനമായ ഭാഷാവൃത്തം.

"ഉടനസുരപതിയുടയ കഠിനതരമാറിൽനി-
ന്നൂക്കോടു ചാടും കടുംചോരയൊക്കെയും
വടിവിനൊടു ശമനരിപുതനായ വലുതായുള്ള
വട്ടകതന്നിലൊഴിച്ചു കുടിച്ചുടൻ
ഉടലധികമുദിതമുടനന്തരനിളകിടുംവിധ-
മുഗ്രാട്ടഹാസവും ചെയ്തിതു ചണ്ഡിക.
കഠിനതരമസുരപതിയുടയ ഹൃദയാംബുജം
കാളീഭഗവതി കുത്തിപ്പറിച്ചുടൻ
നിജനിടിലതടനയനമതിലെരിയുമഗ്നിയിൽ
നീറിവേവുംവിധമിട്ടങ്ങു ചുട്ടുടൻ
കരൾതളിരിൽ നിറയുമൊരു രുചിയൊടു ഭുജിച്ചതേ
കാട്ടാളനാരി കിഴങ്ങു തിന്നുംവിധം."

## ലക്ഷ്മീസ്വയംവരം കിളിപ്പാട്ട്

ലക്ഷ്മീസ്വയംവരവും നല്ല ഒരു കിളിപ്പാട്ടാണ്. കവിതാഗുണം കൊണ്ട് അതും ഭദ്രോൽപത്തിയും രണ്ടു കൃതികളും തുല്യങ്ങളാണെങ്കിലും ലക്ഷ്മീസ്വയംവരം പ്രായേണ അർത്ഥാലങ്കാരപ്രധാനമാണെന്നു പറയേണ്ടതുണ്ട്. നാരായണവരണമെന്ന തൃതീയപാദത്തിലെ പദഘടനാവൈഭവം പ്രത്യേകം പ്രശംസനീയമായിരിക്കുന്നു.

"വലമഥനവിമലമണിഗണസമകടാക്ഷങ്ങൾ
വർഷിച്ചിടും നേത്രനീലാംബുജങ്ങളും
മണിമുകുരതരസുഷമ കളമൊറ്റു കവർന്നിടും
മാണിക്യകുണ്ഡലോല്ലാസിഗണ്ഡങ്ങളും
പവിഴമണികളുടെ പരമരുണകിരണവ്രജം
പാതാളരന്ധ്രേ പതുങ്ങും ചൊടികളും
മഹിതശരദുദിതസിതകരകരപരിസ്ഫുര-
ന്മന്ദസ്മിതങ്ങളും മന്ദാക്ഷഭാവവും
കുലരുമതിസുഭഗതരമുഖകമലമേന്തിയും
കല്യാണശൃങ്ഗാരസാരത്തിൽ നീന്തിയും

കൊടിനടുവിനുടയ തനുവധികതനുവാകയാൽ
കൊങ്കകൾതൻകനം താങ്ങാൻ കുഴങ്ങിയും
മദതരളലളിതകളഹംസപ്പിടപോലെ
മന്ദം നടന്നങ്ങു ശോഭിച്ചു ഭാർഗ്ഗവി."

ലക്ഷ്മീസ്വയംവരം 1082-ാമാണ്ടിലാണ് രചിച്ചത്.

## രാമാശ്വമേധം

രാമാശ്വമേധമാണ് തമ്പുരാന്റെ കിളിപ്പാട്ടുകളിൽ അത്യന്തം ദീർഘമായിട്ടുള്ളത്. പാത്മ

പുരാണം പാതാളഖണ്ഡത്തിൽ ശേഷവാത്സ്യായനസംവാദരൂപമായിട്ടുള്ള മൂല കഥയുടെ പരാവർത്തനമാണ് പ്രസ്തുതകൃതി. ആകെയുള്ള 68 അധ്യായങ്ങൾ വൃത്ത ഭേദത്തെ പുരസ്കരിച്ച് അഞ്ചു ഭാഗങ്ങളായി രചിച്ചിരിക്കുന്നു. 1099 വൃശ്ചികം 15-ാംനു "ദേവീ രാമാങ്ഗം രാജ്യം" എന്ന കലിയിലാണ് ഗ്രന്ഥം പൂർത്തിയായതു്. അതിൽ പ്പിന്നീടു കവി ഗ്രന്ഥരൂപത്തിൽ ഒന്നും എഴുതിയതായി അറിവില്ല. അനുവാചക ന്മാരെ ആദ്യന്തം പുളകംകൊള്ളിക്കുന്ന ഒരു കാവ്യമല്ല രാമാശ്വമേധം. എങ്കിലും ഭംഗിയുള്ള ഭാഗങ്ങളും ഇല്ലാതില്ല. അഞ്ചാമധ്യായത്തിൽ കവി ശ്രീരാമന്റെ രാജ്യ ഭാരം വർണ്ണിക്കുന്ന അവസരത്തിൽ മൂലത്തിലെ ശ്ലിഷ്ടപദങ്ങളെ ആശ്രയിക്കാതെ ഭാഷാശ്ലേഷപ്രയോഗത്തിൽ നിമഗ്നനാകുന്നു.

"മടിയങ്ങിരുന്നാലും മുണ്ടുടുത്താലുമുണ്ടാ-
മിടി കാർമേഘങ്ങളിലക്കാലമടി കാലിൽ.
മത്തനക്കാലം കൊണ്ടൽക്കൂഷികൾ തന്നിൽമാത്രം
വൃത്തഭങ്ഗങ്ങളപ്പോൾ ഭോജനങ്ങളിൽമാത്രം.
പോരതുകാലം ചതുരംഗത്തിൽ, കാറ്റേറ്റാടും
തോരണങ്ങളിൽത്തന്നെ തമ്മിൽത്തല്ലക്കാലത്തിൽ."

ഇങ്ങനെയാണ് ആ വർണ്ണനം തുടരുന്നതു്.

## ശ്രീമൽഭാഗവതം പാട്ട്

ഇതാണ് തമ്പുരാന്റെ ഏറ്റവും ബൃഹത്തും എന്നാൽ അതോടൊപ്പംതന്നെ കവന മാധുര്യം കുറഞ്ഞതുമായ കൃതി. വിഷ്ണുഭാഗവതത്തിന്റെ ഭാഷാനുവാദമായ പ്രസ്തുതഗാനം ഭക്തന്മാർക്ക് പാരായണത്തിനു കൊള്ളാം. പ്രഥമസ്കന്ധത്തിലെ പ്രഥമാധ്യായം അനുഷ്ടപ്പ് വൃത്തത്തിലാണ് തർജ്ജമ ചെയ്തതെങ്കിലും ദ്വിതീയാധ്യായം മുതൽ മഞ്ജരിയിൽ എഴുതിത്തുടങ്ങി. മഞ്ജരികൊണ്ടു കൈകാര്യംചെയ്തു പരിചയം പോരാത്തതിനാലാണ് കവിത തീരെ ശോഭിക്കാതെ പോയതു്. ഒടുവിൽ ഭാഗവതമാഹാത്മ്യം സംസ്കൃതവൃത്തത്തിൽ ത്തന്നെ വിവർത്തനം ചെയ്തു ചേർത്തിരിക്കുന്നു. ആ ഭാഗം രസനിഷ്യന്ദിയായിട്ടുമുണ്ട്.

## ഇതരകൃതികൾ

മറ്റുള്ള കൃതികളെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ല. അന്യാപദേശം, സൂര്യോദയം, മദനകേതനചരിതം ഇവ കണ്ടുകിട്ടിട്ടില്ല. ശീവൊള്ളിക്കൃതികളുടെ കൂട്ടത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള മദനകേതനചരിതം ഭിന്നമാണ്. പ്രായേണ സംസ്കൃതത്തിൽ പ്രചുരപ്രചാരമായ 61 (കാന്ത)വൃത്തങ്ങളുടെ ലക്ഷ്യലക്ഷണങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു ചെറിയ ശാസ്ത്രകാവ്യമാണ് കാന്തവൃത്തം. ബൃഹത്സംഹിതയുടെ തർജ്ജമ മുഴുവനായിട്ടുണ്ടെന്നു തോന്നുന്നില്ല. 64 കലാവിദ്യകളുടെ സ്വരൂപം വിദ്യാകലാവിവരണത്തിൽ സംക്ഷിപ്തമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ബാലോപദേശം വിദ്യാർത്ഥികളുടെ ആവശ്യത്തെ പുരസ്കരിച്ച് ആറു സർഗ്ഗങ്ങളിൽ എഴുതിയിട്ടുള്ള സദാചാരബോധകമായ ഒരു ലഘുകൃതിയാണ്. ഭാഷാശബ്ദശാസ്ത്രത്തെപ്പറ്റി ഉപരി പ്രസ്താവിക്കും. അലങ്കാരമാല

അർത്ഥാലങ്കാരങ്ങളെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുന്ന മറ്റൊരു ശാസ്ത്രഗ്രന്ഥമാണ്. 1070-ാമാണ്ടിടയ്ക്കാണ് അതിന്റെ രചന. ലക്ഷണം കാകളിയിലും ലക്ഷ്യം വിവിധങ്ങളായ ശ്ലോകങ്ങളിലും കാണിച്ചിരിക്കുന്നു. വിസ്തരിച്ചുള്ള ടീകയുമുണ്ട്. ഉദാഹരണശ്ലോകങ്ങളിലെ ആശയങ്ങളെല്ലാം ജഗന്നാഥ പണ്ഡിതരുടെ രസഗംഗാധരത്തിലെന്നപോലെ സ്വകീയങ്ങളാണ്. ആ ഗ്രന്ഥത്തിന്റെ ആദ്യം കുറേ ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി തമ്പുരാൻ എഴുതിയിട്ടുണ്ടോ എന്നു സംശയമാണ്. ഒരു ശ്ലോകം ഉദ്ധരിക്കാം:

> “കുന്തൽക്കെട്ടൊട്ടഴിഞ്ഞും കുനുകുനെയഴകിൽ
> സ്വേദജാലം പൊടിഞ്ഞും
> ചാന്തിൻപൊട്ടൊട്ടു മാഞ്ഞും പരിമളമുയരും
> ചന്ദനച്ചാറലിഞ്ഞും
> എന്തും നിശ്വാസമോടൊത്തിളകിന മുലയോ-
> ടൊത്തെഴുന്നോരു നിന്മെയ്
> കാന്തേ! മിന്നുന്നു കാമക്കളിയതിൽവിധമീ-
> പ്പന്തടിക്കുന്നനേരം.”

സ്തോത്രങ്ങളുടെ സംഖ്യ ഗണനാതീതം തന്നെ. അവിദ്യാസംഹാര രൂപമായ (ശ്രീകൃഷ്ണ) ശ്രുതിഗീതാസ്തോത്രത്തിൽ നിന്ന് ഒരു ശ്ലോകം മാത്രം ചേർക്കാം.

> “അളവറ്റ ഗുണങ്ങളെദ്ധരി
> ച്ചിളതന്നിൽബ്ബഹുദോഷമേവനും
> ഉളവാക്കീടുമീയവിദ്യ നൽ-
> ക്കളവേറീടിന വേശ്യതാൻ പ്രഭോ!”

കൊച്ചുണ്ണിത്തമ്പുരാനെ അദ്ദേഹത്തിന്റെ സമകാലികന്മാർ ഏതെല്ലാം ഉപാധികളെ ആശ്രയിച്ചാണ് ആദരിക്കുക മാത്രമല്ല അമാനുഷത്വം കല്പിച്ച് ആരാധിക്കുക പോലും ചെയ്തു വന്നിരുന്നത് എന്നു സാമാന്യത്തിലധികം ദീർഘമേറിപ്പോയ ഉപന്യാസത്തിൽ ഞാൻ വിശദീകരിച്ചിട്ടുണ്ട്. ഭാഷാകവിതയുടെ നവോത്ഥാനത്തിനു മാർഗ്ഗദർശനം ചെയ്ത മഹാനുഭാവന്മാരിൽ അദ്ദേഹത്തിനുള്ള അദ്വിതീയമായ സ്ഥാനം ഏതു പുരോഭാഗിയും അനുവദിച്ചുകൊടുത്തേ മതിയാകുകയുള്ളൂ.

## കുഞ്ഞിക്കുട്ടൻതമ്പുരാൻ (1040–1088)

### പീഠിക

ഭാഷാസാഹിത്യത്തിന്റെ പരമമായ ഉൽക്കർഷത്തിനുവേണ്ടി പ്രയത്നിച്ചിട്ടുള്ള പല മഹാകവികളെപ്പറ്റിയും നാം ഇപ്പോൾ പലതും അറിഞ്ഞുകഴിഞ്ഞു. അവരിൽ അസാമാന്യമായ പല അമാനുഷകർമ്മങ്ങളും ചെയ്തു കേരളീയരെ ആകമാനം ആശ്ചര്യ പരതന്ത്രരും ആനന്ദതുന്ദിലരുമാക്കിയ ഒരവതാരപുരുഷനാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

> “യദ്യദ്വിഭൂതിമൽ സത്ത്വം ശ്രീമദൂർജ്ജിതമേവ വാ
> തത്തദേവാവഗച്ഛ ത്വം മമ തേജോംശസംഭവം”

എന്ന ഗീതാവാക്യം അദ്ദേഹത്തിന്റെ വിഷയത്തിൽ തികച്ചും യോജിക്കും. ഒരു കാൽ ശതാബ്ദത്തിനിടയ്ക്ക് അദ്ദേഹം സാഹിത്യപോഷണത്തെ പുരസ്കരിച്ച സഹസ്ര മുഖമായി ചെയ്ത സേവനങ്ങൾ ആർക്കും വിലമതിക്കുവാൻ പാടുള്ളതല്ല.

നമ്മുടെ സാഹിത്യസരണിയിൽ അത്തരത്തിൽ ഒരു മഹത്തമനായ സരസ്വതീവല്ലഭൻ അതിനു മുൻപും അതിൽ പിന്നീടും ഒരിക്കലും സഞ്ചരിച്ചിട്ടില്ല; കൈരളിയുടെ പൂർവപുണ്യത്തിന്റെ പരിണതഫലമായിരുന്നു അദ്ദേഹത്തിന്റെ ആവിർഭാവം എന്നു ഭാവനാകുശലന്മാർക്കു കാണുവാൻ അശേഷം പ്രയാസവുമില്ല.

## ജനനം

ആധുനികഭാഷാകവിതയുടെ വിധാതാവായ വെണ്മണി അച്ഛൻനമ്പൂതിരിപ്പാടു കൊടുങ്ങല്ലൂർക്കോവിലകത്തു കുഞ്ഞിപ്പിള്ളത്തമ്പുരാട്ടിയെ വിവാഹംചെയ്തു (ജീവിതകാലം 1011 –1096). 28 വയസ്സുവരെ ആ സുചരിതയ്ക്കു സന്താനലാഭം ഉണ്ടായില്ല. ആ ദമ്പതിമാർ പല ദേവതകളെ ഭജിച്ചു; പല വഴിപാടുകൾ നടത്തി; ആ സൽകർമ്മങ്ങളുടെ ഫലമായി തമ്പുരാട്ടിയുടെ 29-ആമത്തെ വയസ്സിൽ നമ്മുടെ കഥാനായകൻ 1040-ാമാണ്ടു കന്നിമാസം 4-ാം തിയ്യതി അശ്വതിനക്ഷത്രത്തിൽ ജനിച്ചു. കുഞ്ഞിക്കുട്ടൻ എന്നത് ഓമനപ്പേരാണ്; കുഞ്ഞനെന്നും വിളിക്കും. ആചാര്യദത്തമായ നാമധേയം രാമവർമ്മ എന്നായിരുന്നു.

## വിദ്യാഭ്യാസം

വിദുഷിയായ മാതാവിന്റെയും വിശിഷ്ടകവിയായ പിതാവിന്റെയും വാത്സ്യപൂർണ്ണമായ സംരക്ഷണത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ വളർന്നു. കുലഗുരുവായ വളപ്പിൽ ഉണ്ണിയാശാനോട് ബാലപാഠങ്ങളും, മൂന്നാംകൂർ ഗോദവർമ്മത്തമ്പുരാനോടു കാവ്യങ്ങളും അഭ്യസിച്ചു. 1049-ൽ ആ തമ്പുരാൻ മരിച്ചപ്പോൾ ശാസ്ത്രപാഠം ആരംഭിക്കുന്നതിനു വേണ്ട വ്യുൽപത്തി ശിഷ്യനു സിദ്ധിച്ചുകഴിഞ്ഞിരുന്നു. ആദ്യം പഠിച്ചതു വ്യാകരണവും, അതു പഠിപ്പിച്ചതു തന്റെ നേരെ അമ്മാവനും കുംഭകോണം കൃഷ്ണശാസ്ത്രികളുടെ ശിഷ്യനും അക്കാലത്തെ ഒരു പ്രസിദ്ധവൈയാകരണനുമായ വിദ്വാൻ കുഞ്ഞിരാമവർമ്മൻ തമ്പുരാനുമായിരുന്നു. കുഞ്ഞിരാമവർമ്മൻ തമ്പുരാൻ 1029-ൽ ജനിച്ചു; 1096 കർക്കടകം 24-ാംനു പരേതനായി. സിദ്ധാന്തകൗമുദി, പ്രൗഢമനോരമ, പരിഭാഷേന്ദുശേഖരം, ശബ്ദേന്ദുശേഖരം ഇവയെല്ലാം കുഞ്ഞിക്കുട്ടൻ അഭ്യസിച്ചതും അദ്ദേഹത്തോടുതന്നെയായിരുന്നു. കാത്തുള്ളി അച്യുതമേനോൻ, ജ്യോത്സ്യൻ സുബ്രഹ്മണ്യശാസ്ത്രി (കുട്ടൻപട്ടർ) ആലങ്ങാട്ടു കുഞ്ഞൻ തമ്പുരാൻ തുടങ്ങിയവർ മഹാകവിയുടെ സതീർത്ഥ്യന്മാരായിരുന്നു. 1049-ൽ ഒറവങ്കര നീലകണ്ഠൻ നമ്പൂതിരിയും കുഞ്ഞിരാമവർമ്മൻ തമ്പുരാന്റെ അന്തേവാസിയായി കൊടുങ്ങല്ലൂർ താമസം തുടങ്ങി. പിന്നീടു യഥാകാലം നടുവം മഹനും അദ്ദേഹത്തോടു സംസ്കൃതം പഠിച്ചു. വ്യാകരണത്തിനു പുറമേ കഥാനായകൻ കൊച്ചുണ്ണിത്തമ്പുരാന്റെ ജ്യേഷ്ഠനായ കൊടുങ്ങല്ലൂർ കുഞ്ഞൻ തമ്പുരാനോടു മുക്താവലി വരെ തർക്കവും തന്റെ മുത്തശ്ശിയായ കൊടുങ്ങല്ലൂർ കൊച്ചുതമ്പുരാട്ടിയോടു പഞ്ചബോധം വരെയും വലിയ കൊച്ചുണ്ണിത്തമ്പുരാനോട് അതിനപ്പുറവും ജ്യോതിഷവും പഠിച്ചുവെങ്കിലും ആ രണ്ടു ശാസ്ത്രങ്ങളിലും പറയത്തക്ക പാണ്ഡിത്യം സമ്പാദിച്ചില്ല. കുഞ്ഞൻ തമ്പുരാന്റെ കാലം. 1028-നും 1096-നും ഇടയ്ക്കായിരുന്നു. വ്യാകരണം തന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രധാനശാസ്ത്രം; കുഞ്ഞിരാമവർമ്മൻ തന്നെയായിരുന്നു അദ്ദേഹത്തിന്റെ

പ്രധാനഗുരുനാഥനും. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ അനുജൻ കുഞ്ഞുണ്ണിത്തമ്പുരാൻ 1122 കുംഭം 3-ാംനു മരിച്ചു. അദ്ദേഹം ഒരു നൃത്തകലാകോവിദനായിരുന്നു.

"അമ്മാമനും ഗുരുവുമാകിന കുഞ്ഞിരാമ-
വർമ്മാവനീപതി കൃപാനിധി ചാരുശീലൻ
ദുർമ്മാർഗ്ഗമേറിടുമൊരെൻകവിതയ്ക്കു നല്ല
സന്മാർഗ്ഗരീതി വരുവാൻ വരമേകിടേണം."

എന്നു സ്യമന്തകം നാടകത്തിൽ സ്വഗുരുവിനെ കവി വന്ദിച്ചിട്ടുണ്ട്. സംസ്കൃതത്തിലോ ഭാഷയിലോ ഏതു കൃതി രചിച്ചാലും അതു് ആദ്യം ആ ആചാര്യനെക്കൊണ്ടു പരിശോധിപ്പിക്കണമെന്നു കഥാപുരുഷനു നിർബ്ബന്ധമുണ്ടായിരുന്നു. ഗുരുനാഥനും കുഞ്ഞിക്കുട്ടനോട്ട് ഒരു സഹപാഠിയുടെ നിലയിലാണ് പെരുമാറിവന്നതു്. കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ, വെണ്മണി മഹൻ മുതലായവരുടെ കവിതാമത്സരപരീക്ഷകളിൽ അദ്ദേഹവും പങ്കുകൊണ്ടു; കൊച്ചുണ്ണിത്തമ്പുരാനും അദ്ദേഹവും കുഞ്ഞിക്കുട്ടനും കൂടിയാണ് മലയാളശബ്ദശാസ്ത്രം എന്ന ഗ്രന്ഥം എഴുതിയതു്. അതിലെ ദ്വിതീയഭാഗം അദ്ദേഹത്തിന്റെ കൃതിയാകുന്നു.

## കവനാരംഭം

1047-ൽത്തന്നെ കുഞ്ഞിക്കുട്ടൻതമ്പുരാൻ കവിതയെഴുതിത്തുടങ്ങി. 1055-ൽ വ്യാകരണാധ്യയനം പൂർത്തിയായതിനുമേലാണ് ആ വ്യവസായത്തിൽ നിരന്തരമായി ശ്രദ്ധ പതിപ്പിച്ചതു്. ആദ്യകാലത്തു കവനം ചെയ്തുകൊണ്ടിരുന്നതു സംസ്കൃതത്തിലായിരുന്നു. ആ കവിതാഗംഗയെ ഭാഷയിലേയ്ക്കു തിരിച്ചുവിട്ടതു പ്രധാനമായി അച്ഛനാണ്. ഒറവങ്കരനമ്പൂരിയുടെ നിത്യസഹവാസവും അതിനു പ്രയോജകീഭവിച്ചു. ഭാഷാകവനവിഷയത്തിൽ അദ്ദേഹത്തിനു മാർഗ്ഗദർശികളും ഉപദേഷ്ടാക്കളും അച്ഛനും ജ്യേഷ്ഠനായ കൊച്ചുണ്ണിത്തമ്പുരാനും വെണ്മണിമഹനുമായിരുന്നു അവരെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന ആദരാതിശയം സുവിദിതമാണ്.

"മഞ്ജുശ്രീകവി വെണ്മണിക്ഷിതിസുരൻ വാത്സല്യ ഭാരത്തിനാൽ
ഭഞ്ജിക്കാതെ തനിക്കെഴുന്ന കവിതാചാതുര്യമർപ്പിക്കയാൽ
രഞ്ജിക്കും രസമോരനേകകവിതാഗ്രന്ഥങ്ങൾ നിർമ്മിച്ചൊരീ-
ക്കുഞ്ഞിക്കുട്ടനൃപൻ"

എന്നു ചന്ദ്രികാ നാടകത്തിൽ കഥാനായകൻ അദ്ദേഹത്തെ സ്മരിക്കുകയും

"ഞാനെന്നാൽ ഞായരക്ഷയ്ക്കൊരു ഗുണവഴിയേ
  പോകുവാൻ തിങ്കളൊക്കും
മാനം ചെവ്വായ് വഹിക്കും ബുധനതിമതിമാൻ
  വ്യാഴതുല്യപ്രഭാവൻ
നൂനം പൊൻവെള്ളിയെന്നീവക ശനി നിയതം
  വിദ്യതാൻ വേണ്ടതെന്നീ
ജ്ഞാനത്തെത്തന്നൊരച്ഛൻ കനിയണമിഹ മേ
  വെണ്മണിബ്രാഹ്മണേന്ദ്രൻ"

എന്നു സ്യമന്തകം നാടകത്തിൽ നമസ്കരിക്കുകയും ചെയ്യുന്നു. ജ്യേഷ്ഠന്റെ അലോകസാധാരണങ്ങളായ സിദ്ധിവിശേഷങ്ങളെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന ബഹുമാനം പല അവസരങ്ങളിലും അദ്ദേഹം പ്രത്യക്ഷപ്പെടുത്തീട്ടുണ്ട്. നാല

ഞ്ചുവർഷത്തെ അഭ്യാസം അങ്ങനെ കഴിഞ്ഞു. പ്രകാശിതങ്ങളായ കൃതികളിൽ ആദ്യത്തേതെന്നു പറയേണ്ട കവിഭാരതം രചിച്ച 1062-ാമാണ്ടിൽത്തന്നെ അദ്ദേഹം അന്നത്തെ ഭാഷാകവികളുടെ കൂട്ടത്തിൽ അത്യുൽകൃഷ്ടമായ സ്ഥാനത്തിന് അവകാശിയായിക്കഴിഞ്ഞിരുന്നു. 1065-ൽ എഴുതിയ ലക്ഷണാസംഗം നാടകത്തിൽ

"നരപതികുഞ്ഞിക്കുട്ടൻ സരസദ്രുതകവികിരീട മണിയല്ലോ"

എന്ന് അദ്ദേഹം ചെയ്ത പ്രസ്താവന ആത്മപ്രശംസയാണെന്ന് അക്കാലത്ത് ആർക്കും തന്നെ തോന്നിയതുമില്ല. അന്നു മുതൽ അദ്ദേഹത്തെ പലരും കവിതാവിഷയത്തിൽ അഭിവന്ദ്യനായ ഒരാചാര്യനായി സ്വീകരിക്കയാണുണ്ടായത്.

## ഗാർഹസ്ഥ്യം

കുഞ്ഞിക്കുട്ടൻതമ്പുരാൻ 21-ആമത്തെ വയസ്സിൽ കൊടുങ്ങല്ലൂർ കോയിപ്പള്ളി പാപ്പി അമ്മയെ വിവാഹം ചെയ്തു. ആ സാധ്വി 1079-ൽ മരിച്ചു. അതിനുമേൽ തൃശ്ശൂർ വടക്കേക്കുറുപ്പത്തു കിഴക്കേ സ്രാമ്പിയിൽ കുട്ടിപ്പാറുവമ്മയുടെ ഭർത്താവായി. സങ്ഗീതകലാകുശലയായിരുന്ന ആ ഭാഗ്യവതി ഏകദേശം 35 വയസ്സുവരെ അവിവാഹിതയായിരുന്നു; പിന്നീടാണ് തമ്പുരാന്റെ പ്രേയസിയായത്; 1086-ൽ അന്തരിക്കുകയും ചെയ്തു. 1068-ാമാണ്ടു കോട്ടയ്ക്കൽ സാമൂതിരിക്കോവിലകത്തെ തമ്പാട്ടി എന്ന നാമാന്തരത്താൽ വിദിതയായ ശ്രീദേവിത്തമ്പുരാട്ടിയ്ക്കും അദ്ദേഹത്തിന്റെ സഹധർമ്മിണീപദം ലഭിക്കുന്നതിനു യോഗമുണ്ടായി. ആ ദാമ്പത്യബന്ധം തമ്പുരാൻ മരിക്കുന്നതുവരെ നിലനിൽക്കുകയും ചെയ്തു. ആ തമ്പുരാട്ടി 1049-ൽ ജനിച്ചു; 1105-ൽ മരിച്ചു.

## വിവിധസിദ്ധികൾ

കുഞ്ഞിക്കുട്ടൻതമ്പുരാൻ 1060 മുതൽ 1088 വരെ അനുസ്യൂതമായി സാഹിത്യസേവനം ചെയ്തു. പണ്ഡിതൻ, കവി, ഗദ്യകാരൻ, വിമർശകൻ, ചരിത്രഗവേഷകൻ, ഭാഷാപോഷകൻ, പത്രപ്രവർത്തകൻ, സാഹിത്യാചാര്യൻ എന്നിങ്ങനെ പല കോടികളിൽ നമുക്ക് അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ ശരിയ്ക്കറിഞ്ഞ് അഭിനന്ദിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഗുരുഭക്തിയെക്കുറിച്ച് ഞാൻ അല്പം ഉപന്യസിച്ചുകഴിഞ്ഞു. അതോടുകൂടി അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിച്ചിരുന്ന സമഭാവന, ശാന്തത, പ്രിയവക്തൃത, നിഷ്പക്ഷത, പരിഷ്കൃതഹൃദയത മുതലായ സൽഗുണങ്ങളും സമാദരണീയങ്ങളാണ്. നിത്യസഞ്ചാരിയായിരുന്നതിനാൽ അദ്ദേഹത്തിനു സുഹൃത്തുക്കളുടെയിടയിൽ 'പകിരി' എന്നൊരു സംജ്ഞാന്തരം പ്രചരിച്ചിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും അച്ചടിച്ചിട്ടുള്ള സകല പുസ്തകങ്ങളും വെറുതെയോ വില യ്ക്കോ വാങ്ങും; ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം ഗ്രന്ഥപ്പുരകൾ നിപുണമായി പരിശോധിച്ച് അപൂർവ്വകൃതികൾ കണ്ടുപിടിച്ച് അവ നിഷ്കർഷിച്ചു വായിക്കും. അങ്ങനെ അദ്ദേഹത്തിന് 1078-ൽ കോട്ടയ്ക്കൽ പി.വി.കൃഷ്ണവാരിയരുടെ ഗൃഹത്തിൽനിന്നു കിട്ടിയ ഒരു കോഹിനൂർരത്നമാണ് ലീലാതിലകം. പഴയ ഐതിഹ്യങ്ങൾ ശേഖരിച്ച് അവയെക്കൊണ്ടു കൈകാര്യം ചെയ്യുന്നതിൽ തമ്പുരാനു പ്രശസ്യമായ അഭിനിവേശവും പ്രാഗല്ഭ്യവുമുണ്ടായിരുന്നു. അതിനുവേണ്ടി ഏതുതരത്തിലുള്ള ത്യാഗങ്ങളും അനുഷ്ഠിക്കാൻ അദ്ദേഹത്തിനു മടിയുണ്ടായിരുന്നില്ല. അനവധി മുത്തശ്ശിമാരെയും മുതുക്കന്മാരെയും ഉദ്ദേശസിദ്ധിക്കായി അദ്ദേഹം ഉപാസിച്ചിട്ടുണ്ട്. അത്ര വളരെ സ്നേഹിതന്മാർ ഉണ്ടായിരുന്ന ഒരു സാഹിത്യകാരൻ വേറെയില്ല. അത്ര വളരെ ജ്ഞാനതൃഷ്ണയോടുകൂടി യാവജ്ജീവം ഒരു വിദ്യാർത്ഥിയായിത്തന്നെ കഴിഞ്ഞുകൂടുന്നതിനും അദ്ദേഹത്തെപ്പോലെ അധികംപേർക്കു കഴിഞ്ഞിട്ടില്ല. ചുരുക്കത്തിൽ

സരസനായ അമ്പാടി നാരായണപ്പൊതുവാൾ അദ്ദേഹത്തെപ്പറ്റി "തല നിറച്ച കുടുമ, ഉള്ളു നിറച്ച പഴമ, ഒച്ചപ്പെടാത്ത വാക്ക്, പുച്ഛം കലരാത്ത നോക്ക്, നനത്ത മെയ്യ്, കനത്ത ബുദ്ധി, നാടൊക്കെ വീട്, നാട്ടുകാരൊക്കെ വീട്ടുകാര്" എന്നു പ്രസ്താവിച്ചിട്ടുള്ളതു പ്രത്യക്ഷരം പരമാർത്ഥമാണ്.

## സ്വർഗ്ഗതി

അങ്ങനെ തമ്പുരാൻ തദേകതാനനായി സാഹിതീദേവിയെ പ്രകൃഷ്ടമായ ഭക്തിപാരവശ്യ

ത്തോടുകൂടി ആരാധിച്ചുപോന്നു. 1088-ാമാണ്ടു ധനുമാസം 29-ാംനു- അല്പം ദഹനക്ഷയം തോന്നി. അതു പെട്ടെന്നു അതിസാരമായി പരിണമിച്ചു. രോഗം വിഷമാവസ്ഥയിൽ എത്തിയതായിക്കണ്ടു മഹാകവിയും മഹാവൈദ്യനുമായ കൊച്ചുണ്ണിത്തമ്പുരാൻ കുഞ്ഞിക്കുട്ടനു സുഖക്കേട്ട് ഉടനേ മാറുവാൻ വേണ്ടി ഭഗവതിയെ സ്മരിച്ചു ശ്ലോകങ്ങളുണ്ടാക്കു എന്നുപദേശിച്ചു. ആ ഉപദേശമനുസരിച്ച് ആറേഴ് അനുഷ്ടിപ്പു ശ്ലോകങ്ങൾ ശരീരത്തിന് അശേഷം ശക്തിയില്ലായിരുന്നുവെങ്കിലും കഷ്ടിച്ചു കുറിച്ചു. ആ സംഭവം നടന്നതു് മകരം 7-ാംനു- യോ മറ്റോ ആയിരുന്നു. അവയിൽ രണ്ടു ശ്ലോകങ്ങൾ മാത്രമേ കൂടെയുണ്ടായിരുന്നവർക്കു വായിക്കുവാൻ കഴിഞ്ഞുള്ളു; അദ്ദേഹത്തിന്റെ കൈ അത്രമാത്രം കുഴഞ്ഞിരുന്നു. ആ ശ്ലോകങ്ങൾ താഴെ ഉദ്ധരിക്കുന്നു.

> "ലോകമാതാവിനിസ്സർവലോകമാം സ്വന്തസന്തതി
> അവിടത്തേയ്ക്കു പിഴചെയ്യിവിടെക്കിട്ടുമോ സുഖം?
>
> സ്വന്തസന്താനങ്ങൾതമ്മിൽച്ചന്തംവിട്ടേറ്റെതിർക്കുകിൽ
> ഹന്ത! ദൂരസ്ഥർ ദുഃഖിച്ചു സ്വാന്തസ്ഥർ സുഖമെന്നിയേ".

മകരം 10-ാംനു- വെളുത്ത വാവുദിവസം മധ്യാഹ്നത്തിൽ ആ മഹാനുഭാവൻ കൈരളിയെ കദനസമുദ്രത്തിൽ തള്ളി പരഗതിയെ പ്രാപിച്ചു. അന്ന് ആ പുണ്യശ്ലോകനു 48 വയസ്സേ തികഞ്ഞിരുന്നുള്ളു. എന്തുചെയ്യാം? നമ്മുടെ സുകൃതക്ഷയം. പുത്രശോകം ബാധിച്ച അദ്ദേഹത്തിന്റെ മാതാവ് ഒരുമാതിരി ചിത്തഭ്രമത്തിനു വിധേയയായി അഞ്ചാറു കൊല്ലംകൂടി ജീവിച്ചിരുന്നു.

## കൃതികൾ

ഇവിടെനിന്നു മുന്നോട്ടു കടക്കുന്നതിനുമുമ്പായി കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കൃതികളുടെ ഒരു പട്ടിക കുറിക്കേണ്ട ആവശ്യമുണ്ട്. അതു വലരെ ക്ലേശകരമായ ഒരു ഉദ്യമമാണ്. തമ്പുരാന്റെ വാങ്മയങ്ങളിൽ പലതും നശിച്ചുപോയിട്ടുണ്ട്. ചിലതിന്റെയെല്ലാം പേരുമാത്രമേ കേട്ടിട്ടുള്ളു. ചിലതു പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. ചിലതു മനോലയിൽ മാത്രം അവ്യക്തരൂപത്തിൽ കുറിച്ചിരുന്നതുമാണ്. ആര് ഏതുമാതിരി കവിത വേണമെന്നാവശ്യപ്പെട്ടാലും ഉടനേ ചൊല്ലിക്കൊടുക്കുകയായിരുന്നുവല്ലോ പതിവ്. പിന്നെ അവയൊന്നും പ്രസിദ്ധീകരിക്കുവാൻ പലപ്പോഴും ശ്രദ്ധിക്കാറില്ലായിരുന്നു. അറിയാവുന്നിടത്തോളമുള്ള കൃതികളുടെ പേരുകൾ കുറിക്കാം. എഴുതിയതോ പ്രസിദ്ധീകരിച്ചതോ ആയ കൊല്ലത്തെക്കുറിച്ച് അറിവുണ്ടെങ്കിൽ അതും എടുത്തുകാണിക്കാം.

### സംസ്കൃതം

(1) ജരാസന്ധവധം, (2) കിരാതർജ്ജുനീയം, (3) സുഭദ്രാഹരണം, (4) ദശകുമാരചരിതം (അപഹാരവർമ്മചരിതംവരെ) എന്നീ നാലു വ്യായോഗങ്ങൾ, (5) ബഭ്രുവാഹനവിജയം, (6) ശ്രീശങ്കരഗുരുചരിതം എന്നീ രണ്ടു ഖണ്ഡകാവ്യങ്ങൾ, (7) ആര്യാശതകം, (8) സ്വയംവരമന്ത്രാക്ഷരമാല, (9) കിരാതരുദ്രസ്തവം എന്നീ സ്തോത്രങ്ങൾ, (10) കൃതജ്ഞസ്തുരുഷ്കഃ, (11) വിളംബിതമഞ്ജൂഷാ ഇവയാണ് മഹാകവിയുടെ സംസ്കൃതകൃതികൾ. ഇവയിൽ പലതും 1070-ൽ തമ്പുരാൻ കോട്ടയ്ക്കൽ താമസം തുടങ്ങിയതിനുമേൽ അവിടെ സംസ്കൃത ഭാഷാപോഷണത്തിനുവേണ്ടി അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ വളർന്നുവന്ന ഗീർവാണീസഭ എന്ന സമാജത്തിന്റെ ആവശ്യത്തെ പുരസ്കരിച്ചു രചിച്ചിട്ടുള്ളതാണ്. ശങ്കരഗുരുചരിതം ആ കൂട്ടത്തിൽപ്പെട്ടതല്ല. അതു പുരാണച്ഛായയിൽ കിരാങ്ങോട്ടുമനയ്ക്കൽ ശങ്കരൻനമ്പൂരിപ്പാട്ടിലെ അപദാനങ്ങളെ വിഷയീകരിച്ചു രചിച്ചിട്ടുള്ള ഒരു കൃതിയാണ്. രണ്ടാം സർഗ്ഗം 8-ാമത്തെ ശ്ലോകത്തിനുമേലുള്ള ഭാഗം എഴുതിയോ എന്നു സംശയമുണ്ട്. നാലു അഞ്ചും ഏഴു മുതൽ പതിനൊന്നു വരെയുമുള്ള കൃതികൾ ഞാൻ കണ്ടിട്ടില്ല. ഗുരുവായൂപുരേശസ്തവം, പ്രാർത്ഥനാ, കാലടിക്ഷേത്രം എന്നിങ്ങനെ ചില ലഘുകൃതികളും ഒട്ടുവളരെ കത്തുകളുംകൂടി തമ്പുരാൻ സംസ്കൃതത്തിൽ എഴുതിയിട്ടുണ്ട്. “ധനശാസ്ത്രകാരികാ” എന്ന പേരിൽ 27 അനുഷ്ടുപ്പശ്ലോകങ്ങൾ എഴുതി അവ ഭാഷയിൽ വിവർത്തനം ചെയ്തിട്ടുള്ളതായും കാണുന്നു.

#### ഭാഷ

ഭാഷയിൽ തമ്പുരാൻ സഞ്ചരിക്കാത്തതും വിജയം നേടാത്തതുമായ കവനസരണികൾ വിരളങ്ങളാണ്. ആദ്യമായി അവയെ (A) സ്വതന്ത്രങ്ങളെന്നും (B) ഭാഷാന്തരീകൃതങ്ങളെന്നും രണ്ടു് ഇനങ്ങളായി വിഭജിക്കാം. ഒന്നാമത്തെ ഇനത്തിൽ (I) കാവ്യങ്ങൾ, (II) രൂപകങ്ങൾ, (III) ഗാഥകൾ, (IV) ശാസ്ത്രഗ്രന്ഥങ്ങൾ എന്നിങ്ങനെ നാലു് അവാന്തരവിഭാഗങ്ങൾ അന്തർഭവിക്കുന്നു. പലവകയിൽ ഖണ്ഡകാവ്യങ്ങൾക്കുപുറമേ അനവധി അമൃതനിഷ്യന്ദികളായ കത്തുകളും മുക്തകങ്ങളും ചേർക്കേണ്ടതുണ്ട്. എഴുത്തുകളിൽ പതിനായിരം ശ്ലോകങ്ങളോളം ഉൾപ്പെടുമെന്നാണ് അഭിജ്ഞന്മാരുടെ ഗണന. മുക്തകങ്ങൾക്കു സംഖ്യയില്ല.ഗദ്യകൃതികൾ പ്രായേണ രസികരഞ്ജിനി, മംഗളോദയം തുടങ്ങിയ നിരവധി മാസികകളിലും, കോഴിക്കോടൻ മനോരമ മുതലായ പത്രങ്ങളിലും വിപ്രകീർണ്ണങ്ങളായിക്കിടക്കുന്നു. പടിഞ്ഞാറേടത്തു കുഞ്ഞൻ തമ്പുരാൻ എന്ന വ്യാജനാമത്തിൽ വിവിധവിഷയങ്ങളെപ്പറ്റി പല ഗദ്യലേഖനങ്ങളും അക്കൊല്ലത്തെ വൃത്താന്തപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

## (A) സ്വതന്ത്രഭാഷാകൃതികൾ

### (I) കാവ്യങ്ങൾ

(12) കവിഭാരതം (1062), (13) അംബോപദേശം, (14) ദക്ഷയാഗശതകം (1065), (15) നല്ല ഭാഷ (1066), (16) മദിരാശിയാത്ര (1066), (17) പാലുള്ളിചരിതം (1067), (18) തുപ്പല്ക്കോളാമ്പി (1068), (19) ഹംസസന്ദേശം (1072), (20) കംസൻ, (21) കൃതിരത്നപഞ്ചകം-നാരായണാസ്ത്രദാനം, ഭീമയോഗം, യാത്രാദാനം, ഭീഷ്മസമാധി, യുധിഷ്ഠിര
ശമം എന്നീ അഞ്ച് കൃതികൾ, (22) കേരളം ഒന്നാം ഭാഗം (1087), (23) ദ്രോണാചാര്യൻ (ഒടുവിലത്തെ ഭാഷാകാവ്യം; അപൂർണ്ണം).

### (II) രൂപകങ്ങൾ

(24) ലക്ഷണാസംഗം (1065), (25) നളചരിതം (1066), (26) ചന്ദ്രിക-നാടിക (1066), (27) സന്താനഗോപാലം (1066), (28) സീതാസ്വയംവരം, (29) ഗംഗാവതരണം (1067), (30) ശ്രീമാനവിക്രമവിജയം (1074), (31) മാർത്താണ്ഡവിജയം (മൂന്നാമങ്കം മാത്രം തീർന്ന ഗാനസങ്കലിതമായ ഒരു നാടകം, അപൂർണ്ണം), (32) മധുസൂദനവിജയം (കൊട്ടാരത്തിൽ ശങ്കുണ്ണി വായിച്ചിട്ടുള്ളതു്; ഇപ്പോൾ അലഭ്യം) ആട്ടക്കഥ:–(33) ഘോഷയാത്ര.

### (III) ഗാഥകൾ

(34) അയോധ്യാകാണ്ഡം (അഞ്ചുകളം), (35) ആത്മബോധം പാന, (36) ചൊവ്വര കൃഷ്ണൻ പാന, ഏറ്റുമാന്നൂരപ്പൻ പാന, ഭൂതപുരത്തപ്പൻ പാന, വൈക്കത്തപ്പൻ പാന, വേട്ടയ്ക്കൊരു മകൻ പാന എന്നിങ്ങനെ ഭഗവൽസ്തുതിപരങ്ങളായ അഞ്ചു പാനകൾ, (37) പട്ടാഭിഷേകം പാന, (38) ദോഷവിചാരം കിളിപ്പാട്ട്, (39) രാധാമാധവയോഗം വഞ്ചിപ്പാട്ട്, (40) ഷഷ്ടിപൂർത്തിമങ്ഗളം വഞ്ചിപ്പാട്ട്, (41) കൊടുങ്ങല്ലൂർ ഭഗവതി കുറത്തിപ്പാട്ട്, (42) മയൂരധ്വജചരിതം പത്തുവൃത്തം കൈകൊട്ടിക്കളിപ്പാട്ട്, (43) പല വക പാട്ടുകൾ-ഇവയിൽ പതിനൊന്നെണ്ണം പി.വി.കൃഷ്ണവാരിയർ പ്രസിദ്ധീകരിച്ച കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികൾ ആറാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

(44) ഖണ്ഡകൃതികൾ:– ഇവ സംഖ്യാതീതങ്ങളാണ്. (1) കല്യക്കമില്ലാവ്വര്, (2) എരുവയിൽ അച്യുതവാരിയർ, (3) കൂടൽമാണിക്യം, (4) ഒരു കരാർ, (5) ഒരു ചരിത്രകഥ, (6) ഗർവശമനം, (7) ഉദയസിംഹൻ, (8) ഒരിന്ദ്രജാലം, (9) ബ്രഹ്മരക്ഷസ്സ്, (10) ഒടി തുടങ്ങിയ കഥകളും; (11) ഒരു സായങ്കാലം, (12) ഒരായാസം, (13) ഒരു ശതാബ്ദത്തിനപ്പുറം, (14) മടി, (15) കാലടി മുതലായ വർണ്ണനാത്മകങ്ങളും ചിന്താപരങ്ങളുമായ കൃതികളും; (16) പരശുരാമാഷ്ടകം, (17) വെണ്മണി യക്ഷിസ്തവം, (18) ഭദ്രകാള്യഷ്ടകം, (19) ദേവീഭുജങ്ഗസ്തോത്രം ഇത്തരത്തിലുള്ള സ്തോത്രങ്ങളും ഈ വകുപ്പിൽ ഉൾപ്പെടുന്നു.

### (IV) ശാസ്ത്രഗ്രന്ഥങ്ങൾ

(45) കരപ്പൻ (ബാലചികിത്സ), (46) മലയാളശബ്ദശാസ്ത്രം ഒടുവിലത്തെ ആറു പ്രകരണങ്ങൾ (1074), (47) ശബ്ദാലങ്കാരം.

## (B) തർജ്ജമകൾ

### ഇതിഹാസപുരാണങ്ങൾ

(48) മഹാഭാരതം (ഹരിവംശസഹിതം) (1079–1081), (49) ശ്രീമദ്ഭാഗവതം (ചതുർത്ഥ
സ്കന്ധംവരെ), (50) ഹരിശ്ചന്ദ്രോപാഖ്യാനം (1083).

### കാവ്യങ്ങൾ

(51) കാദംബരീകഥാസാരം (1073), (52) ശങ്കരാചാര്യചരിതം (1073), (53) ശുകസന്ദേശം (1078), (54) കോകിലസന്ദേശം, (55) ഭാരതമഞ്ജരി (ദ്രോണപർവം) (1078), (56) ശ്രീസ്തുതി (ഒടുവിലത്തെ വിവർത്തിതകാവ്യം).

### രൂപകങ്ങൾ

(57) വിക്രമോർവശീയം (1067), (58) ആശ്ചര്യചൂഡാമണി (1068), (59) ചന്ദ്രികാവീഥി, (60) ഹാംലെറ്റ് (1071), (61) ഒഥെല്ലോ (രണ്ടാമങ്കം ഏതാനും ഭാഗംവരെ; അപൂർണ്ണം), (62) അഭിജ്ഞാനശാകുന്തളം, ഇവ കൂടാതെ (1) അത്ഭുതരാമായണം കിളിപ്പാട്ട് (1066-ൽ ആരംഭിച്ചതു്), (2) മാണിക്യസാരം എന്ന പേരിൽ പാശ്ചാത്യരീതിയിൽ ശോകപര്യവസായിയായ നാടകം, (3) അർത്ഥാലങ്കാരം എന്നീ ഗ്രന്ഥങ്ങളും തുടങ്ങിവച്ചിരുന്നു.

## തമ്പുരാന്റെ കവിതാനിർമ്മാണം; ദ്രുതകവിത

ഇത്ര വളരെ ഗ്രന്ഥങ്ങൾ തമ്പുരാന്നു രചിക്കുവാൻ സാധിച്ചതിനു പല കാരണങ്ങളുണ്ടു്. വാസനയും വൈദുഷ്യവും അവയുടെ പരമമായ കാഷ്ഠയിൽ പരിലസിച്ചിരുന്ന ഒരു അനുഗ്രഹീതനായ പുരുഷനായിരുന്നു അദ്ദേഹമെന്നു നാം കണ്ടുവല്ലോ. അവയിലുമധികമായി പ്രത്യക്ഷീഭവിച്ചിരുന്നു അദ്ദേഹത്തിന്റെ വ്യവസായസന്നദ്ധത. മുറുക്കുക, കവിതയെഴുതുക, ചതുരംഗം വയ്ക്കുക, വെടി പറയുക ഇത്രയും കാര്യങ്ങളിൽ മാത്രമേ അദ്ദേഹത്തിന് അതിരറ്റ ഉത്സാഹമുണ്ടായിരുന്നുള്ളു. വെടിവട്ടത്തിൽ കൂടുകകൊണ്ടു വിജ്ഞാനവിതരണവും വിജ്ഞാനസമ്പാദനവും അദ്ദേഹം ഒന്നുപോലെ സാധിച്ചിരുന്നു. ഭാഷയുടെ പരിപോഷണത്തിനുവേണ്ടി തന്റെ ജീവിതത്തിലെ ഓരോ ദിവസവും അദ്ദേഹം സമർത്ഥമായും സഫലമായും സമർപ്പണം ചെയ്തുവന്നു. എങ്കിലും അത്യന്തം മഹനീയമായ അത്തരത്തിലുള്ള സാഹിത്യസപര്യ അദ്ദേഹത്തിനു സാധ്യമായതു ദ്രുതകവനത്തിലുള്ള അദൃഷ്ടപൂർവമായ നൈപുണ്യംനിമിത്തമായിരുന്നു എന്നുള്ളതിനു സംശയമില്ല.സ്യമന്തകം, നളചരിതം, സന്താനഗോപാലം,സീതാസ്വയംവരം, ഗംഗാവതരണം എന്നീ നാടകങ്ങളും ദക്ഷയാഗം, തുപ്പല്ക്കോളാമ്പി തുടങ്ങിയ കാവ്യങ്ങളും സമയം മുൻകൂട്ടി ക്ലപ്തപ്പെടുത്തി അതിനകം എഴുതിത്തീർത്തിട്ടുള്ളവയാണ്. 1067-ാമാണ്ടു വൃശ്ചികമാസം 13-ാംനു കോട്ടയത്തുവച്ചു നടന്ന സമ്മേളനത്തിൽ അഞ്ചു മണിക്കൂറും എട്ടു മിനിട്ടും കൊണ്ടു തമ്പുരാൻ രചിച്ച ഗംഗാവതരണം നാടകത്തെത്തന്നെ ആ വിഷയത്തിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന അത്ഭുതാവഹമായ സരസ്വതീപ്രസാദത്തിന് ഉദാഹരണമായി ഗ്രഹിക്കാം. 101 ശ്ലോകങ്ങളും ഇടയ്ക്കു് ആവശ്യമുള്ള ഗദ്യവും ആ കൃതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

> “ഒട്ടേറെ നാളിഹ കൊതിച്ചു കൊതിച്ചിരിക്കെ-
> പ്പൊട്ടിപ്പൊടിച്ചൊരു സുരദ്രുമവല്ലി മെല്ലെ
> കഷ്ടിച്ചു കായ്ക്കുവതിനായ്ത്തുനിയുന്നനേരം
> വെട്ടിക്കളഞ്ഞവിധമായി മമ പ്രയത്നം”

എന്നിത്തരത്തിൽ പ്രസന്നമധുരങ്ങളായ പദ്യങ്ങളാണ് അതിൽ പ്രായേണ കാണുന്നതു്. തമ്പുരാൻ പറഞ്ഞുകൊടുത്തു കുന്നേഴത്തു പരമേശ്വരമേനോനെക്കൊണ്ടു് എഴുതിക്കയായിരുന്നു ആ നാടകം. ആ കാഴ്ച അടുത്തുനിന്നു കണ്ടുകൊണ്ടിരുന്ന പി.കെ. കൊച്ചീപ്പൻതരകൻ പ്രസ്തുത സംഭവത്തെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. “കുഞ്ഞിക്കുട്ടൻതമ്പുരാൻ അതാ ആളുമാറിയിരിക്കുന്നു.അദ്ദേഹത്തിന്റെ കൂർത്ത മുഖത്തെ വീർത്തുരുണ്ട കണ്ണുകൾ രണ്ടു രക്തപിണ്ഡങ്ങളായി. ആ ഉഗ്രമൂർത്തി കണ്ണടച്ചു് അല്പനേരം ധ്യാനിച്ചിരുന്നു. അടുത്തിരുന്ന കുന്നേഴത്തു പരമേശ്വരമേനോനോടു് എഴുതിക്കൊള്ളുന്നതിനാജ്ഞാപിച്ചു. പിന്നത്തെ കഥകൾ ഞാൻ

എന്താണ് പറയേണ്ടതു്? അദ്ദേഹത്തിന്റെ പരദേവതയായ കൊടുങ്ങല്ലൂർ ഭദ്രകാളി അദ്ദേഹത്തിൽ ആവേശിച്ചു എന്നാണ് പരമേശ്വരമേനോൻ എന്നോടു പറഞ്ഞതു്. എന്നെപ്പോലെ പലരും ഭ്രമിച്ചുവശായി". കൊടുങ്ങല്ലൂരെ കവിതാമത്സരപ്പരീക്ഷകളിൽ തമ്പുരാനു തുടരെത്തുടരെ സിദ്ധിച്ചുവന്ന വിജയത്തെപ്പറ്റിയുള്ള കേൾവി വെറും ഭൂതാർത്ഥകഥനമാണെന്ന് അന്നാണ് കേരളീയർക്കു പരക്കെ ബോധ്യമായതു്. അതിനുമുൻപു ചിലർ അദ്ദേഹത്തിനു വൃത്തഭംഗം വരുമെന്നുപോലും ശങ്കിച്ചിരുന്നു. 1066-ൽ മലയാള മനോരമയിൽ മാവേലിക്കര ഉദയവർമ്മത്തമ്പുരാൻ

"കുഞ്ഞിക്കുട്ടകവിപ്രവീര ഭവതോ വാടാതെയിത്യാദിയാം
മഞ്ജുശ്ലോകമതിൽക്കുറച്ചപകടം കണ്ടിട്ടു ചൊല്ലുന്നു ഞാൻ
ചേരാനക്ഷരമൊന്നു വേണമതുതാൻ സൂക്ഷിച്ചുനോക്കാതെക-
ണ്ടാരും കണ്ടുപിടിക്കയില്ലതിനെനിക്കില്ലേതുമേ കില്ലെടോ"

എന്നൊരു ശ്ലോകം തട്ടിമൂളിച്ചു. അതിന്നു തമ്പുരാനെഴുതിയ മറുപടി താഴെ കാണുന്ന വിധത്തിലായിരുന്നു.

"ശ്രീവാനോർപുരവാമദേവവനിതാവാത്സല്യവായ്പേല്ക്കയാ-
ലാവാമെൻകൃതി കണ്ടറിഞ്ഞു,തറിയപ്പോന്നോരറിഞ്ഞീടവേ
മാവേലിക്കരമന്ന, മാന്യതയെഴും മന്നാടിയാരേ! നമു-
ക്കീ വേലക്കൊരബദ്ധമച്ചുപിഴയിൽപ്പെട്ടേ പെടുള്ളു ദൃഢം".

വാസ്തവത്തിൽ ആ ശ്ലോകത്തിൽ ഒരക്ഷരം വിട്ടുപോയതു മുദ്രാലയക്കാരുടെ അനവനാധാനതകൊണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കവിസമാജത്തിലെ നാടകനിർമ്മാണപ്പരീക്ഷയിൽ പ്രഥമസ്ഥാനത്തിന് അർഹമായതു ഗംഗാവതരനമാണ്. ശുകസന്ദേശത്തിലെ സുപ്രസിദ്ധമായ

"തത്രേസവാർത്ഥം തരുണസഹിതാസ്താമ്രപാദാരവിന്ദാ-
സ്താമ്യന്മധ്യാഃ സ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തർജ്ജിതാംഭോദകേശ്യ-
സ്തത്രസ്ഥാഃ സ്യുഃ സ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ"

എന്ന ശ്ലോകം അതുപോലെ വൃത്ത്യനുപ്രാസസുന്ദരമായും പ്രത്യങ്ഗവർണ്ണനത്തിൽ പ്രക്രമഭങ്ഗം വരുത്താതെയും തമ്പുരാൻ ഒന്നൊന്നരമിനിട്ടുനേരത്തേയ്ക്കുമാത്രമുള്ള ആലോചനയുടെ ഫലമായി തർജ്ജമചെയ്തതിനു പി.വി.കൃഷ്ണവാരിയർ സാക്ഷിയാണ്. ആ ശ്ലോകം ചുവടേ ചേർക്കുന്നു.

"കാന്തന്മാരൊത്തു കാൽത്താർ, കുടി കടുകളവിൽ
  ക്ലാന്തമധ്യം, കനത്തിൽ-
ക്കാന്തിപ്പിട്ടുള്ള കൊങ്കക്കുട, മഴകുകല-
  ർന്നാടിടും കമ്രഹാരം,
കാന്തത്തിങ്കൾപ്രഭാഢ്യം, കളിയുടയ കയൽ-
  ക്കണ്ണു, കാർകുന്തം, ലേവം
കാന്ത്യാ കല്യാണിമാർ കൈവിശറിയൊടവിടെ-
  ദ്ദേവസേവയ്ക്കു കൂടും".

വിശ്വഗുണാദർശചമ്പുവിലെ

"ശ്രീരാജീവാക്ഷവക്ഷസ്ഥലനിലയരമാ-
ഹസ്തവാസ്തവ്യലോല-
ല്ലീലാബ്ജാന്നിഷ്പതന്തീ മധുരമധുരധുരീ
നാഭിപദ്മേ മുരാരേഃ
അസ്തോകം ലോകമാത്രാ ദ്വിയുഗമുഖശിശോ-
രാനനേഷ്വർപ്പ്യമാണം
ശംഖപ്രാന്തേന ദിവ്യം പയ ഇതി വിബുധൈ-
ശ്ശങ്ക്യമാനാ പുനാതു"

എന്ന വിവർത്തനാസഹമായ ശ്ലോകം കൃഷ്ണവാരിയർ തർജ്ജമചെയ്തു കിട്ടണമെന്നുള്ള അപേക്ഷയോടുകൂടി ഒരവസരത്തിൽ ചൊല്ലുകയും അതു് ഒരിക്കൽകൂടി അദ്ദേഹത്തെക്കൊണ്ടു ചൊല്ലിച്ചിട്ടു തമ്പുരാൻ അടുത്ത നിമിഷത്തിൽ താഴെക്കാണുന്നവിധത്തിൽ ഭാഷപ്പെടുത്തുകയും ചെയ്തതായി അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ടു്.

"നാളീകാക്ഷന്റെ മാറത്തരുളിനരമതൻ
കയ്യിലാടുന്ന കേളീ-
നാളീകത്തിങ്കലെത്തേൻ ഹരിയുടെ തിരുനാ-
ഭിക്കകം വീണിടുമ്പോൾ
നാളീകാവാസനാകം ശിശുവിനിവൾ ദരം
കൊണ്ടു പാൽ നല്കിടുന്നെ-
ന്നാളീടുന്നാദരാൽ ദേവകൾ കരുതുമിതേ-
കട്ടെ നമ്മൾക്കു ശുദ്ധം".

ആശ്ചര്യചൂഡാമണിയിലെ

"അശങ്കിതാ ശിഥിലയ പാണ്ഡുധൂസരം
സ്തനാംശുകം ശുകഹരിതം ശുകാലപേ
വിശോഷിതാധരകമലം വിസർപ്പിതാ
തരങ്ഗിതം തവ മുഖഗന്ധവാഹിനാ"

എന്ന ശ്ലോകത്തിലുള്ള തമ്പുരാന്റെ "മെച്ചമറ്റഥ കുറച്ചു ധൂളി പതറിച്ചുവന്നു മധുരം" എന്നിങ്ങനെയുള്ള തർജ്ജമ മതിയായില്ലെന്നു് ഒരിക്കൽ കൃഷ്ണവാരിയർ അഭിപ്രായപ്പെട്ടപ്പോൾ അതു തന്നെ വേറെ ഇരുപതു പ്രകാരത്തിൽ ഇരുപതു വൃത്തങ്ങളിൽ ഒരിക്കൽ ഉപയോഗിച്ച ശബ്ദങ്ങൾ മറ്റൊരിയ്ക്കൽ ഉപയോഗിക്കാതെ വിവർത്തനംചെയ്തു കാണിച്ചുകൊടുത്തു എന്നും, ആ പണിയെല്ലാം അതിവേഗത്തിൽ കഴിഞ്ഞു എന്നും പറഞ്ഞിരിക്കുന്നു. ഇനിയും ഈ വിഷയത്തെസ്സംബന്ധിച്ചു് എത്ര രേഖകൾ വേണമെങ്കിലും പ്രദർശിപ്പിക്കാവുന്നതാണു്. കൊച്ചുണ്ണിത്തമ്പുരാനുമാത്രമേ കഥാനായകനെപ്പോലെയും, അപൂർവം ചില അവസരങ്ങളിൽ അദ്ദേഹത്തെപ്പോലും അതിശയിക്കത്തക്ക വിധത്തിലുള്ള കവനവൈഭവം ഉണ്ടായിരുന്നുള്ളു. എന്നാൽ കൊച്ചുണ്ണിത്തമ്പുരാന്റെ ദ്രുതകവിത വായിച്ചാൽ അതു് ഭാവുകന്മാർക്കു ദ്രുതകവിതയാണെന്നു ചിലപ്പോൾ തോന്നും; കുഞ്ഞിക്കുട്ടൻതമ്പുരാന്റേതിനു് ആ വൈകല്യം ഉണ്ടായിരിക്കുകയില്ല. അതാണു് പ്രകൃതത്തിൽ അവർക്കുതമ്മിലുണ്ടായിരുന്ന വ്യത്യാസം. പരദേവത ആവേശിച്ചതിന്റെ ഫലമായാലും അല്ലെങ്കിലും കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിതയ്ക്കുള്ള അഭൗമമായ വിജയത്തിന്റെ മുഖ്യകാരനം ഈ സിദ്ധിവിശേഷം തന്നെയായിരുന്നുവെന്നു് ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ.

ആദ്യകാലത്തു വെണ്മണി മഹന്റെ രീതിയിൽ 'അതു' തുടങ്ങിയ അപൂർവ്വം ചില നിരർത്ഥകപദങ്ങൾ തമ്പുരാന്റെ കൃതികളിൽ കടന്നുകൂടിയിരുന്നുവെങ്കിലും പിന്നീട് അവയെ നിശ്ശേഷം പരിഹസിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

## കവിതയെഴുതുന്ന മാതിരി

തമ്പുരാനു മുറുക്കും, അതോടുകൂടി പറഞ്ഞുകൊടുക്കുന്നതു് എഴുതാൻ ഒരാളും ആവശ്യമായിരുന്നു; ആ ലേഖകൻ കവികൂടിയായിരുന്നാൽ ഉത്തമമായി. ആരും കൂടെയില്ലെങ്കിൽ നിലത്തു കുനിഞ്ഞുകിടന്നെഴുതും; പക്ഷേ ഒരു മിനിട്ടുകൊണ്ട് ആലോചിച്ചതു് എഴുതുവാൻ അഞ്ചു മിനിട്ടു വേണം; അത്ര പതുക്കയേ കയ്യോടിയിരുന്നുള്ളു. വേദവ്യാസൻ വിഘ്നേശ്വരനെക്കൊണ്ടു മഹാഭാരതം എഴുതിച്ചതുപോലെ ആ മഹാഗ്രന്ഥത്തിന്റെ തർജ്ജമ തമ്പുരാനും പലരെക്കൊണ്ട് എഴുതിക്കയായിരുന്നു പതിവ്. അദ്ദേഹത്തിന്റെ ആദ്യകാലത്തെ ലേഖകൻ കൂനേഴത്തു പരമേശ്വരമേനോനായിരുന്നുവെന്നു നാം കണ്ടുവല്ലൊ. പിന്നെ പി.വി.കൃഷ്ണവാരിയർ, തേലപ്പുറത്തു നാരായണൻനമ്പി തുടങ്ങിയ വേറെ ചില കവികളും ആ സ്ഥാനം കയ്യേറ്റു. മഹാഭാരതം തർജ്ജമചെയ്യുന്നതിനിടയ്ക്കു നാരായണൻനമ്പിയ്ക്കു് ഒരു നമ്പർകാര്യത്തിനായി കുറെ ദിവസം തമ്പുരാനെ വിട്ടുപിരിയേണ്ടിവന്നു. അപ്പോൾ കൃഷ്ണവാരിയർക്കു മഹാകവി ഇങ്ങനെ എഴുതുകയുണ്ടായി.

> "ഒൻപതുമണിവരെയെഴുതീട്ടൻപതു പദ്യത്തിലധികമായീല;
> ഒരു മണി മുട്ടുമ്പോഴേയ്ക്കൊരു വരവിങ്ങോട്ടു കൂടിയേ കഴിയൂ.
>
> കാലത്തു താങ്കടെ തിരക്കു നിനച്ചു ഞാൻ തൽ-
> ക്കാലത്തുതാൻ തനതു കയ്യു മയക്കിനോക്കി;
> ശീലക്കുറച്ചിൽ മമ കൈവിറയെന്നിവറ്റിൻ-
> മേലക്ഷരങ്ങളുടനോടി നടക്കയില്ല.
>
> അതുകൊണ്ടൊരു മണി മുട്ടുന്നതുകണ്ടു ഭവാൻ വരുംവരയ്ക്കും ഞാൻ
> കുതുകമൊടു കാത്തിരിക്കും കൊതുകടിയുംകൊണ്ടു കട്ടിലിൽത്തന്നെ".

എഴുത്തുകാരന്റെ സാമർത്ഥ്യമനുസരിച്ചായിരിക്കും കവനത്തിന്റെ വേഗം; തനിക്കാണെങ്കിൽ ആലോചനയ്ക്കു സമയമേ വേണ്ട; അത്രമാത്രം അദ്ദേഹത്തിനു വാഗ്ദേവത വശ്യയായിരുന്നു.

## സാഹചര്യങ്ങൾ

കൊടുങ്ങല്ലൂരെ കവിതക്കളരിയിൽ കച്ചകെട്ടി കയ്യും മെയ്യും വേണ്ടവിധത്തിൽ ഉറച്ചതിനുമേൽ 1065-ാമാണ്ടോടുകൂടിയേ തമ്പുരാൻ കവനസമുദ്രത്തിൽ നിരന്തരമായി വിഹരിച്ചുതുടങ്ങിയുള്ളു. 1065 തുലാമാസത്തിൽ സി.പി. അച്യുതമേനോന്റെ ആധിപത്യത്തിൽ തൃശ്ശൂരിൽനിന്നു വിദ്യാവിനോദിനി മാസിക പുറപ്പെട്ടുതുടങ്ങി. സി.പി.യും തമ്പുരാനും സുഹൃത്തുക്കളായിരുന്നു. തമ്പുരാന്റെ കൃതികൾ ഓരോന്നായി ആ മാസികയിൽ പ്രസിദ്ധീകൃതങ്ങളാകുകയും ചെയ്തു. ആ കൊല്ലം മീനം 10-ംനു-യാണ് കോട്ടയത്തുനിന്നു കണ്ടത്തിൽ വറുഗീസുമാപ്പിള മലയാള മനോരമ പ്രചരിപ്പിച്ചുതുടങ്ങിയതു്; അതിൽ ഒഴിച്ചിട്ടിരുന്ന കവിതാപങ്ക്തി തമ്പുരാന്റെ ശ്ലോകങ്ങൾകൊണ്ടാന് അധികവും അലംകൃതങ്ങളായിക്കൊണ്ടിരുന്നതു്. ആ പങ്ക്തിയിൽ ശ്ലോകങ്ങളെഴുതുന്നതിന് അദ്ദേഹം അക്കാലത്തെ സകല കവികളെയും പ്രോത്സാഹിപ്പിച്ചു. ആ പ്രോത്സാഹനം പ്രതീക്ഷയിലധികം ഫലവത്തായി. മനോരമയിലെ

കവിതാപങ്ക്തി ആ പത്രത്തെ അന്വർത്ഥമാക്കി. 1067 വൃശ്ചികത്തിൽ കവിസമാജവും അതിനെത്തുടർന്നു ഭാഷാപോഷിണിസഭയും സ്ഥാപിക്കുവാൻ പ്രയത്നിച്ചവരിൽ തമ്പുരാന്‌ അവിസ്മരണീയമായ ഒരു മാന്യസ്ഥാനത്തിനവകാശമുണ്ട്. 1079-ാമാണ്ടു മനോരമയിൽ പദ്യപങ്ക്തി തദനന്തരം വേണ്ടെന്നു നിശ്ചയിച്ചപ്പോൾ അദ്ദേഹം അതിൽ "സങ്കടപഞ്ചകം" എന്നൊരു കൃതി പ്രസിദ്ധീകരിച്ചു. അതിൽനിന്ന് ഒരു ശ്ലോകമാണ് ചുവടെ ചേർക്കുന്നത്.

> "പണ്ടത്തെ പ്രതിപത്തിവിട്ടു പരമപ്പത്രാധിപൻ ഞങ്ങൾതൻ
> കണ്ടത്തെ പ്രതിപക്ഷികൾക്കു നിയമിച്ചേല്പിച്ചുറപ്പിച്ചതിൽ
> കിണ്ടത്തിൽപ്പിണയുന്ന ഞങ്ങൾ മുറപോലന്യായവും മറ്റുമായ്
> ക്കൊണ്ടെത്തീട്ടുജയിക്കുമപ്പോളൊഴിയും വല്ലാത്തൊരിസ്സങ്കടം".

കൊച്ചി അപ്പൻതമ്പുരാൻ 1078 ചിങ്ങത്തിൽ രസികരഞ്ജിനി മാസിക ആരംഭിച്ചപ്പോൾ അതിന്റെ ആധിപത്യം വഹിക്കുവാൻ അപേക്ഷിച്ചതു തമ്പുരാനോടായിരുന്നു. നാലു കൊല്ലവും നാലു മാസവും കാലമേ ആ മാസിക നിലനിന്നുള്ളു. ഒട്ടേറെ ഗദ്യപദ്യലേഖനങ്ങൾകൊണ്ടു തമ്പുരാൻ അതിനെ അലങ്കരിച്ചുകൊണ്ട് അവസാനംവരെ ആ സ്ഥാനത്തിൽ തുടർന്നു. 1084-ാമാണ്ടു വൃശ്ചികമാസത്തിലായിരുന്നു തൃശ്ശൂരിൽനിന്നു നമ്പൂരിമാരുടെ ഉടമസ്ഥതയിൽ മംഗളോദയം മാസിക പുറപ്പെട്ടു തുടങ്ങിയത്. അതിനും വേണ്ട ലേഖനങ്ങൾ അദ്ദേഹം മുക്തഹസ്തമായി ദാനം ചെയ്തു. മാളിയമ്മാവിൽ കുഞ്ഞുവറിയത് 1081-ൽ ഏതാനും വർഷം തൃശ്ശൂർ പൂരക്കാലത്തു നടത്തിവന്ന ഭാരതവിലാസം സഭയുടേയും ജീവനാഡി തമ്പുരാൻതന്നെയായിരുന്നു. 1070 മുതൽ കോട്ടയ്ക്കൽ കോവിലകത്തുണ്ടായ താമസവും അദ്ദേഹത്തിന്റെ സാഹിത്യവ്യവസായത്തിന് ഉത്തേജകമായിബ്ഭവിച്ചു. 1085-ൽ പി.വി.കൃഷ്ണവാരിയർ കവനകൗമുദി മാസിക കോട്ടയ്ക്കൽനിന്നു സ്ഥിരമായി പ്രസിദ്ധീകരിച്ചു തുടങ്ങിയതു പ്രധാനമായി തമ്പുരാന്റെ പിൻബലംകൊണ്ടായിരുന്നു. താനുള്ള കാലം കൗമുദിയ്ക്കു ലേഖനങ്ങളില്ലാതെ ബുദ്ധിമുട്ടു വരികയില്ലെന്നു കൃഷ്ണവാരിയർക്കു നല്കിയിരുന്ന വാഗ്ദാനം അദ്ദേഹം ആയുരന്തംവരെ അഭങ്ഗുരമായി പരിപാലിച്ചു. കംസൻ, കൃതിരത്നപഞ്ചകം തുടങ്ങിയ കൃതികൾ ആ മാസികയുടെ ആവശ്യത്തിനുവേണ്ടി എഴുതിയവയാണ്. അങ്ങനെ അത്യന്തം അനുകൂലമായ പരിതഃസ്ഥിതിയിലാണ് കഥാനായകനു സാഹിത്യസേവനം ചെയ്യാൻ അവസരം ലഭിച്ചത്.

## പച്ചമലയാളം

സാഹിത്യവിഷയത്തിൽ ഇനി തമ്പുരാന്റെ ചില പുതിയ വ്യവസായങ്ങളെപ്പറ്റി അല്പം ഉപന്യസിക്കാം. സംസ്കൃതപദങ്ങളുടെ സാഹായം കൂടാതെ ഒന്നോ രണ്ടോ ശ്ലോകങ്ങളല്ലാതെ ഒരു കാവ്യം മുഴുവൻ രചിക്കുവാൻ സാധിക്കുകയില്ലെന്നു സി.പി. അച്യുതമേനോനും, സാധിക്കുമെന്ന് അദ്ദേഹവും ഒരവസരത്തിൽ വാദിച്ചു. ആ വാദത്തിൽ ജയിക്കുവാനാണ് "നല്ല ഭാഷ" എന്ന കാവ്യം അദ്ദേഹം നിർമ്മിച്ച് 1066-ൽ വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ചത്. ആകെ വിവിധ വൃത്തങ്ങളിലായി അതിൽ 52 ശ്ലോകങ്ങളുണ്ട്. കൊച്ചിയിൽ പെരുവനത്തിനടുത്തുള്ള ഒരില്ലത്തെ നമ്പൂരി സാമൂതിരിയുടെ നാട്ടിൽ ഒരു ക്ഷേത്രത്തിൽ ശാന്തിക്കാരനായിരുന്നു. അദ്ദേഹം പെരുവനത്തു പൂരത്തിനു കൊല്ലംതോറും ചെല്ലും. അവിടെ താൻ ഒരമ്പലത്തിൽ കഴിച്ചുവച്ചിരുന്ന സമ്പാദ്യം മുഴുവൻ മോഷണം പോയി. സാമൂതിരിയോട്ട് ആവലാതി പറഞ്ഞപ്പോൾ അവിടുന്നു കാര്യം ഒരുമാതിരി മനസ്സിലാക്കി ഒരു ചെപ്പു പുഴകു നമ്പൂരിയുടെ കയ്യിൽക്കൊടുത്ത് അത് അദ്ദേഹത്തിന്റെ രണ്ടാംവേളിക്കു

സമർപ്പിക്കുവാൻ ഉപദേശിച്ചു. അതേ പുഴകുള്ള മറ്റൊരു ചെപ്പു കൊച്ചി മഹാരാജാവിന്റെ കയ്യിൽ ഏല്പിക്കുവാനും ചട്ടംകെട്ടി. അടുത്തുവന്ന പെരുവനത്തു പൂരത്തിനു കൊച്ചിത്തമ്പുരാൻ ആ പുഴകു പൂശിയുംകൊണ്ടു നമ്പൂരിയോടുകൂടി അവിടത്തേയ്ക്കു പോയി. അതേ പുഴകു പൂശിക്കൊണ്ടു കാഴ്ചകാണുവാൻ വന്ന രണ്ടാംവേളിയുടെ ജാരനെ കണ്ടുപിടിച്ചു തൊണ്ടിയെടുത്തു നമ്പൂരിയെ ഏല്പിക്കുകയും ചെയ്തു. രണ്ടു രാജാക്കന്മാരും അതിബുദ്ധിമാന്മാരായിരുന്നു. അവർ തമ്മിൽ ശത്രുതയിലാണ് വർത്തിച്ചിരുന്നതെങ്കിലും നമ്പൂരിയുടെ മുതൽ വീണ്ടെടുത്തുകൊടുക്കുന്നതിൽ രണ്ടു പേരും ജാഗരൂകന്മാരായിരുന്നു. ഇതാണ് നല്ലഭാഷയിലെ ഇതിവൃത്തം. ഒരു ശ്ലോകം ഉദ്ധരിക്കാം.

> “ആരോടെല്ലാം പറഞ്ഞു പണമിവിടെയിരി-
> പ്പുള്ള,താരോടുമില്ലേ;
> നേരോ? നേരാണ്; ചൊവ്വല്ലിതു ചെറിയൊരക-
> ത്താളൊട്ടുവ്വായിരിക്കാം;
> പോരും; നേരാണിതെന്നാൽപ്പറവതു വെറുതേ;
> പോയതോ പോയിടട്ടേ;
> പൂരത്തിൻനാൾ വരൂ നോക്കൊരുമയോടൊരു വേ-
> ളയ്ക്കു വേലയ്ക്കു പോകാം”.

എത്ര ഹൃദയങ്ഗമമായിരിക്കുന്ന ഈ ശ്ലോകം! ഇതുപോലെ തന്നെയാണ് മറ്റു ശ്ലോകങ്ങളും. “ഒടി” എന്നൊരു ചെറിയ കൃതിയും തമ്പുരാൻ ഈ ജാതിയിൽ നിർമ്മിച്ചിട്ടുണ്ട്. പച്ച മലയാളത്തിൽ പില് ക്കാലത്തു “കോമപ്പൻ” മുതലായ കാവ്യങ്ങളെഴുതി മെച്ചം നേടിയ കുണ്ടൂർ നാരായനമേനോന് അദ്ദേഹമായിരുന്നു ആ വിഷയത്തിൽ ആചാര്യൻ. കോമപ്പനിലെ ആദ്യത്തെ 25 ശ്ലോകം അദ്ദേഹം പരിശോചിച്ചു തിരുത്തിക്കൊടുത്തിട്ടുള്ളതാണ്. പച്ചമലയാളം എന്ന ഈ നവീനകാവ്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു തമ്പുരാൻതന്നെയാണ്. അതു കേവലം ഒരു സാഹിത്യ വിനോദമെന്നല്ലാതെ സംസ്കൃതപദങ്ങളെ ഭാഷാകവിതയിൽനിന്നു ബഹിഷ്കരിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നില്ല. ആ വസ്തുത അറിയാതെ ചില നിരൂപകമ്മന്യന്മാർ “ഉണക്കമലയാളം” എന്നും മറ്റും അക്കാലത്തു് അതിനെ അധിക്ഷേപിക്കുകയുണ്ടായി എന്നുള്ളതും പ്രകൃതത്തിൽ പ്രസ്താവയോഗ്യമാണ്.

## ഭാരതം കിളിപ്പാട്ട്

മഹാഭാരതത്തിൽ തമ്പുരാനുള്ള പ്രതിപത്തി അന്യാദൃശമായിരുന്നു. കവിഭാരതമാണല്ലോ അദ്ദേഹം ആദ്യമായി പ്രസിദ്ധീകരിച്ച ഭാഷാകൃതി. 1066-ൽ സി.പി. അച്യുതമേനോനും ചാത്തുക്കുട്ടിമന്നാടിയാരും കൂടി മഹാഭാരതം ഹരിവംശസഹിതം അഞ്ചു വർഷംകൊണ്ടു തർജ്ജമ ചെയ്വാൻ ഒരു പദ്ധതി രൂപവൽക്കരിച്ചു. അതിനെപ്പറ്റി നടുവത്തച്ഛനുള്ള ഒരെഴുത്തിൽ തമ്പുരാൻ

> “കൊച്ചുണ്ണിക്ഷോണിപാലൻ, കൊടിയൊരു കവി കാ-
> ത്തുള്ളി,യെന്നല്ലഹോ ഞാ-
> നച്ഛൻനമ്പൂരിയാമ,ങ്ങയി തവ തനയൻ,
> കൊച്ചുകുഞ്ഞുണ്ണിരാജൻ,
> സ്വച്ഛൻ മദ്ദേശികക്ഷ്മാപതി, ശുഭമതി കു-
> ണ്ടൂ,രഹോ സി.പി.സാക്ഷാൽ

മെച്ചം ചേരുന്നൊരാരാ വെണ്മണികവിമണി കു-
 ന്നേഴനും പേരു പോരേ?

പോരൊന്നിനി ഹരിവംശം പോരൊട്ടു മന്നാടിയാരുമെഴുതട്ടെ;
തീരട്ടേ പാട്ടിലതും; തീരട്ടേ ഗ്രന്ഥദുർഭിക്ഷം”.

എന്നെഴുതിക്കാണുന്നു. ആദിപർവവും ഭീഷ്മപർവവും കൊച്ചുണ്ണിത്തമ്പുരാൻ; വനപർവവും ശല്യപർവവും ശാന്തിപർവവും കുഞ്ഞിക്കുട്ടൻതമ്പുരാൻ; വിരാടപർവവും സ്ത്രീപർവവും സി.പി; കർണ്ണപർവം നടുവത്തച്ഛൻ-ഇങ്ങനെ പർവ്വങ്ങളും അവരവർക്കു വീതിച്ചു കൊടുത്തു. കൊച്ചുണ്ണിത്തമ്പുരാൻ ആദിപർവവും കുഞ്ഞിക്കുട്ടൻ തമ്പുരാൻ വനപർവത്തിൽ ഏതാനും ഭാഗവും തർജ്ജമ ചെയ്തു. ശേഷമുള്ളവരുടെ അസൗകര്യംകൊണ്ട് ആ ഉദ്യമം സഫലമായില്ല.

## സംസ്കൃതകാവ്യവിവർത്തനം

1078-മാണ്ടിടയ്ക്കു സംസ്കൃതകാവ്യങ്ങൾ ഭാഷപ്പെടുത്തുന്നതിനു തമ്പുരാന്റെ ആധ്യക്ഷ്യത്തിൽ ഒരു സമിതി ആവിർഭവിച്ചു; തർജ്ജമയോഗക്കമ്മിറ്റി എന്ന പേരിൽ തത്സംബന്ധ
മായി ഒരു കമ്മിറ്റിയും രൂപവൽക്കരിച്ചു. പലരും അതിൽ അങ്ഗങ്ങളായിരുന്നു. അല്പം ചിലതെല്ലാം നടന്നു.

## ദ്രാവിഡകാവ്യവിവർത്തനം

തമിഴിലെ ചില പ്രധാന കാവ്യങ്ങൾ മലയാലത്തിൽ തർജ്ജമചെയ്തുകിട്ടണമെന്നുള്ളതു തമ്പുരാന്റെ മറ്റൊരാഗ്രഹമായിരുന്നു. ആ പ്രയത്നവും പുരോഗമനം ചെയ്തില്ല.

## പുരാണതർജ്ജമ

മഹാഭാരതം തർജ്ജമ അവസാനിപ്പിച്ചതിനുമേൽ പതിനെട്ടു പുരാണങ്ങളും തർജ്ജമചെയ്തു പ്രസിദ്ധീകരിക്കണമെന്നു തമ്പുരാൻ നിശ്ചയിച്ചു. 1081-ാമാണ്ടു കൊട്ടാരത്തിൽ ശങ്കുണ്ണിക്കു മഹാകവി എഴുതിയ ഒരെഴുത്തിലെ ചില ശ്ലോകങ്ങളാണ് ചുവടേ ചേർക്കുന്നത്.

“പതിനെട്ടുപുരാണങ്ങളും തുടങ്ങാ-
മതിനൊട്ടല്ല കണക്കു നാലു ലക്ഷം;
അതിസാഹസമാണിതെന്നൊരാൾ ഞാൻ
മുതിരുന്നാകിൽ മുടിക്കുവാൻ പ്രയാസം.

പല സൽകവിവര്യരൊത്തുകൂടി-
പ്പലനാൾ വേലയെടുക്കിലങ്ങൊടുക്കം
ഫലവത്തരമാം പെരുത്തു പുണ്യം
ഫല,മെന്നല്ലറിവും ഹൃദിസ്ഥമാക്കാം.

ആരും തുണയ്ക്കില്ലിതിനെന്നു വന്നാൽ-
ച്ചേരുംവിധം ഞാൻ കഴിയുന്നപോലെ,
താരുണ്യഗർവാൽപ്പറയുന്നതല്ല,
നേരുള്ളതോതാം, പടുവേലചെയ്യും.

പ്രയത്നിക്കമാത്രം നമുക്കുള്ള കൃത്യം;
പ്രയത്നം ഫലിപ്പിക്കലാദ്ദൈവകൃത്യം;

സ്വയം ചെയ്യണം നാം മനുഷ്യപ്രയത്നം,
സ്വയത്നം പരാശക്തി സിദ്ധാർത്ഥമാക്കും."

എന്തൊരു പൗരുഷപാരമ്യം; എന്തൊരു ഭാഷാപോഷണവൈയഗ്ര്യം! ശങ്കുണ്ണിയെ ഏല്പിച്ച പുരാണം ഗാരുഡമായിരുന്നു. സ്കാന്ദപുരാണമായിരുന്നു മഹാകവി തനിക്കു തിരഞ്ഞെടുത്തതെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ അതിലെ ഒരു ഭാഗമാണ് 65 അധ്യായങ്ങളടങ്ങിയ ഹരിശ്ചന്ദ്രോപാഖ്യാനം. ആ വ്യവസായവും മുന്നോട്ടു നീങ്ങിയില്ലെങ്കിലും ആ വഴിക്കുള്ള പ്രചോദനത്തിന്റെ ശക്തിയാലാണ് കണ്ടിയൂർ മഹാദേവശാസ്ത്രി ദേവീഭഗവതവും, പെരുവനത്തു കെ.എസ്. കൃഷ്ണയ്യർ ഭവിഷ്യപുരാണവും, ഇരിങ്ങാലക്കുട നാരായണപ്പിഷാരടി വിഷ്ണുപുരാണവും മറ്റും വൃത്താനുവൃത്തമായി ഭാഷപ്പെടുത്തിയത്.

## പുരാണപുരുഷന്മാർ

1086-ൽ ഇതിഹാസപുരാണങ്ങളിലെ നായകന്മാരുടെ ജീവചരിത്രം ഗദ്യരൂപത്തിൽ രചിക്കുവാൻ തമ്പുരാൻ പി.വി. കൃഷ്ണവാരിയരോടും മറ്റും ആലോചിച്ചു പലരോടും അപേക്ഷിച്ചു. വലിയ കോയിത്തമ്പുരാൻ ശ്രീമാൻ, വള്ളത്തോൾ നാരായണമേനോൻ ലക്ഷ്മണൻ, എം. രാജരാജവർമ്മത്തമ്പുരാൻ സുയോധനൻ എന്നിങ്ങനെയാണ് അദ്ദേഹത്തിന്റെ പട്ടികയുടെ പോക്ക്. അതിൽ സുയോധനൻ മാത്രമേ പ്രസിദ്ധീകൃതമായുള്ളു. വലിയ കോയിത്തമ്പുരാൻ പ്രായാധിക്യംകൊണ്ടു് ആ ഭാരം കയ്യേറ്റില്ല.

മലയാളത്തിലെ ഗ്രന്ഥദാരിദ്ര്യത്തിന്റെ പരിഹാരത്തിനു തമ്പുരാൻ എത്രവളരെ മാർഗ്ഗങ്ങളിൽക്കൂടിയാണ് ശ്രമിച്ചതെന്ന് ഈ പ്രസ്താവനകളിൽനിന്നു പ്രകടമാകുന്നുണ്ടല്ലോ.

## സംസ്കൃതകൃതികൾ

ഇനി തമ്പുരാന്റെ ഏതാനും ചില കൃതികളെപ്പറ്റിമാത്രം സ്വല്പം ഉപന്യസിക്കാം. വിസ്ത
രിച്ചുള്ള പ്രതിപാദനം ഒരു വലിയ പുസ്തകംകൊണ്ടല്ലാതെ സാധിക്കുന്നതല്ല. വീരരസവർണ്ണനത്തിലായിരുന്നു അദ്ദേഹത്തിനു വിശേഷപ്രതിപത്തി. ഓജഃപ്രധാനമായിരുന്നു അദ്ദേഹത്തിന്റെ സ്വാഭാവികമായ കാവ്യശൈലി. ലക്ഷണാസങ്ഗം തന്റെ ആദ്യത്തെ നാടകത്തിന് ഇതിവൃത്തമായി തിരഞ്ഞെടുത്തതും ഭാരതമഞ്ജരിയിൽ ദ്രോണപർവം തർജ്ജമയ്ക്കു സ്വീകരിച്ചതും ആ കലാപ്രവണതയ്ക്ക് ഉദാഹരണങ്ങളാണ്. തമ്പുരാന്റെ കവിതയ്ക്കു ശൃങ്ഗാരരസത്തിൽ പ്രവേശമില്ലെന്നുള്ള അപവാദം നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടിയാണ് ചന്ദ്രിക എന്ന ഭാഷാനാടിക രചിച്ചത്.

"അങ്ഗേശൻ മുതലായനേകമരിവീരന്മാരടുത്താലെട്ടു-
ത്തങ്ങേശും ഭുജശാക്തിയാലെയർവരെത്തട്ടിപ്പറപ്പിക്കിലും

തുങ്ഗശ്രീ വിജയനു കൃഷ്ണസഹജാകൃഷ്ണാദിസങ്ഗങ്ങളിൽ-
ശ്ശൃങ്ഗാരക്കുറവുണ്ടതെന്നു വരുമോ കാര്യം വിചാരിക്കെടോ."

എന്ന ശ്ലോകം നോക്കുക. ആ കാരണത്താൽത്തന്നെയാണ് അദ്ദേഹത്തിന്റെ ബുദ്ധി വ്യായോഗനിർമ്മിതിയിൽ ആസക്തമായതു്. "ഹാസ്യശൃങ്ഗാരശാന്തേഭ്യ ഇതരേത്രാങ്

ഗിനോ രസാഃ" എന്നും മറ്റുമാണല്ലോ ആ മാതിരി രൂപകത്തിന്റെ ലക്ഷണം. മഹാകവിക്കു സംസ്കൃതകവിതയും ഭാഷാകവിതയും, ഭാഷാകവിതയിൽ സ്വതന്ത്രകവനവും വിവർത്തനവും ഒന്നുപോലെ സ്വാധീനമായിരുന്നു. ഏതു് ഏതിൽ കവിഞ്ഞു നില്ക്കുന്നു എന്നു പരിച്ഛേദിച്ചു പറയുവാൻ നിർവാഹമില്ലതന്നെ. സംസ്കൃതകവനത്തിന്റെ രീതി കാണിക്കുവാൻ ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

"അയം സമരജാംഘികസ്സുദൃഢഗൂഢസന്ധിക്രമഃ
കൃശോദരമനോഹരോ വിതതപീവരോരഃസ്ഥലഃ
സുവൃത്തകഠിനായതസ്ഥിരവൃഷാംസബാഹുദ്വയോ
ഗഭീരവദനേക്ഷണോ ദിശാതി മേ മുദം മാധവഃ".

(ജരാസന്ധവധം)

"ഗർത്തേഷ്വച്ചൈരടന്തീ, ഘനതുഹിനശിലാപൃഷ്ഠമധ്യാശ്രയന്തീ,
നിമ്നേഷുപ്രസ്ഖലന്തീ, നിബിഡതരുതതേരന്തരാ നിഷ്പതന്തീ,
സത്ത്വൗഘം സംഹരന്തീ, പ്രചലദസിലതാമേചകാ, യാമുനീവ
സ്രോതോവൃദ്ധിവിർധത്തേ ശബരഭടഘടാ കാനനാഭോഗ പൂർത്തിം".

(കിരാതാർജ്ജുനീയം)

"ഏഷ ത്വാം വിശിഖവിശീർണ്ണവർഷ്മഖണ്ഡ-
പ്രത്യഗ്രസ്രുതരുധിരാർദ്രമാംസപിണ്ഡം
ആലഭ്യ പ്രിയപിശിതോപഹാരചര്യാം
കൈരാതീം നനു വനഭൈരവീം ധിനോമി".

(കിരാതാർജ്ജുനീയം)

"കിം കിം പ്രാഹ ഭവാൻ സ ഭീമസഹജോ
ഗാന്ധീവധന്വാ യതി-
വ്യാജാന്നശ്ഛലയന്നഥാപഹൃതവാൻ
കന്യാം സുഭദ്രാമിതി?
നോ ശോചാമി കരുൻ; ന സൗഹൃദഭിദഃ
കുന്തീസുതാൻ; നാർജ്ജുനം;
കിന്ത്വേനാം മൃതപുരുഷാദ്രുപനതാം
ദ്രുയേ സ്മരൻ ദാരികാം".

(സുഭദ്രാഹരനം)

"ശ്രീമാനവിക്രകവീന്ദ്രമുഖാരവിന്ദ-
മാധ്വീരസാതിമദമന്ഥരരാജഹംസീ
ചൂതാടവീതടലസത്സവിലാസയാതാ
ജേജീയതേ മദനമർദ്ദനഭാഗ്യവൃദ്ധിഃ".

(മാനവിക്രമഏട്ടൻതമ്പുരാന് ഒരെഴുത്ത്)

"ജലാർദ്രപവനാലോലസസ്യസാരസ്യശാലിനീ
നിമ്നാപ്യുന്നതിമാധത്തേ യത്ര ക്ഷേത്രക്ഷിതിർന്നൃണാം.
തപസ്സ്വാധ്യായ സംസിദ്ധഭൂദേവപദചിഹ്നിതാഃ
യത്രോന്നതാ അപി ഭുവോ ദർശയന്തീവ നമ്രതാം".

(ശ്രീശങ്കരഗുരുചരിതം)

## ധനശാസ്ത്രകാരിക

ഇത് കെ.സി. മാനവിക്രമരാജാ ഡി.സി.യും പി.വി. കൃഷ്ണവരിയരും കൂടി നടത്തിവന്ന ലക്ഷ്മീവിലാസം മാസികയിൽ ചേർക്കുന്നതിനു 1081-ാമാണ്ടു് അവരുടെ ആവശ്യമനുസരിച്ചു രചിച്ചതാണ്. വിഷയഗ്രഹണത്തിനു രാജാവിന്റെ തത്സംബന്ധമായുള്ള ഗദ്യലേഖനങ്ങളെ ആശ്രയിച്ചിട്ടുണ്ടു്. രണ്ടു ശ്ലോകങ്ങളും അവയുടെ ഭാഷാനുവാദവും പകർത്തുന്നു.

"തഥാഹൃത്സർഗ്ഗതസ്സർവ്വേ ലോകേർത്ഥാഃ കിന്തു കേവലം
ക്രയശക്ത്യാത്മകം മൂല്യം യത്ര സോർത്ഥ ഇഹേഷ്യതേ".

"അർത്ഥമല്ലാതെ ലോകത്തിലില്ലൊരെണ്ണവുമെങ്കിലും
ഇതിൽ വാങ്ങാൻ തക്കവിലയുള്ളതേ അർത്ഥമായ്‌വരൂ".

"യഥാ ക്വചിച്ഛീർണ്ണപത്രഭസ്മപങ്കാദയോപി വാ
മൂല്യസമ്പാദകതയാ സമ്പദ്ഭാവം വ്രജന്തി ഹി".

"ചിലേടം പാഴിലകളും വെണ്ണീറും ചേറുമെന്നിവ
വിലയുണ്ടാകയാൽ സമ്പത്തായിത്തീരുന്നതില്ലയോ?"

## ഭാഷാകൃതികൾ-കവിഭാരതം

കവിഭാരതത്തിൽ പാണ്ഡവപക്ഷമെന്നും കൌരവപക്ഷമെന്നും രണ്ടു ഖണ്ഡങ്ങളുണ്ടു്. ഏതാനും കവികളുടെ പേരുകൾ മാത്രമേ കൊള്ളിച്ചിട്ടുള്ളു. കവിക്ക് അന്നു പറയത്തക്ക ബാഹ്യലോകപരിചയമില്ലായിരുന്നു.

"ഓർക്കുമ്പോളിനിയോർമ്മ പോരാ; കവിത
 ക്കാരുണ്ടനേകം തരം
പാർക്കുമ്പോൾ കരുവീരരാർക്കുക; നിറു
 ത്തുന്നേൻ പൊറുത്തിന്നു ഞാൻ".

എന്നു പറഞ്ഞു കവി ഒഴിയുകയാണ് ചെയ്തിട്ടുള്ളത്.

കൊച്ചുണ്ണിത്തമ്പുരാൻ അർജ്ജുനൻ, വലിയകോയിത്തമ്പുരാൻ ഭീമസേനൻ, വെണ്മണി അച്ഛൻനമ്പൂരി ഹനുമാൻ, ഒറവങ്കര നീലകണ്ഠൻനമ്പൂതിരി സാത്യകി, വെണ്മണി മഹൻ ദ്രോണർ, നടുവത്തച്ഛൻ കൃപൻ, കൈക്കുളങ്ങര രാമവാരിയർ കർണ്ണൻ, കറുത്തപാറ ദാമോദരൻ നമ്പൂരി ശല്യൻ എന്നും മറ്റുമാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്. തനിയ്ക്കു കൌരവപക്ഷത്തിൽ കൃതവർമ്മാവിന്റെ സ്ഥാനമേ കല്പിച്ചിട്ടുള്ളു.

"ഊനത്വം പിണയാതെ രാജകവിയോടൊട്ടൊട്ടടുക്കുന്നൊരീ
ഞാനത്രേ കവിസംഘസംഗരമതുണ്ടായെങ്കിൽ മായം വിനാ
മാനത്താൽപ്പൊരുതുന്ന ചാരുകൃതവർമ്മാവെന്നൊരാ യാദവ-
സ്ഥാനത്തിന്നനുരൂപനെന്നു മതമിദ്ദിക്കിൽച്ചിലർക്കൊക്കെയും"

എന്നതാണ് സ്വന്തം സ്ഥാനത്തെപ്പറ്റിയുള്ള ശ്ലോകം. വറുഗീസുമാപ്പിള പില്ക്കാലത്തു് അതു വിപുലമാക്കണമെന്ന് അപേക്ഷിച്ചപ്പോൾ തമ്പുരാൻ ആ അപേക്ഷ അംഗീകരിച്ചില്ല. ആ കൃതി കേവലം ബാലചാപല്യമെന്നുമാത്രമേ അദ്ദേഹം അന്നു കരുതിയുള്ളു.

## ദക്ഷയാഗശതകം

ദക്ഷയാഗശതകം യൗവനോദയത്തിലെ ഒരു ദ്രുതകവിതയായിട്ടും അതിൽപ്പോലും തമ്പുരാന്റെ കവനകലാവൈഭവം അതിന്റെ വികസ്വരരൂപത്തിൽ കാണ്മാനുണ്ട്.

“ചാർച്ചക്കാരാണു ചന്ദ്രൻ പിതൃപതി മുതലാ-
യുള്ള വാനോർകളേറെ-
ച്ചേർച്ചക്കാരായിരിപ്പുണ്ടനവധി മുനിമാർ
നിത്യമിങ്ങത്രയല്ല,
കാഴ്ചയ്ക്കും പാരമോരോ വിവിധതരവിശേ-
ഷങ്ങളുണ്ടെങ്കിലും മേൽ
വീഴ്ചക്കായ് വന്നുകൂടും വിഭ്രവിനൊടു വിരോ-
ധിച്ച ദുർമ്മോഹമെല്ലാം”.

എന്നതു് അതിലെ ഒരു ശ്ലോകമാണ്.

## പാലുള്ളിചരിതം

ഈ കാവ്യത്തിൽ മഹാകവി ഒരൈതീഹ്യത്തെ ആസ്പദമാക്കി പാലുള്ളിനമ്പൂരിയുടെ സമരവൈദഗ്ദ്ധ്യത്തേയും നായികയായ മാധവിയുടെ ചാരിത്രനിഷ്ഠയേയും വർണ്ണിക്കുന്നു. താഴെക്കാണുന്ന ശ്ലോകങ്ങളുടെ മാധുര്യം പരിശോധിക്കുക; ആദ്യത്തേതു് സ്വഭാവോക്തി സുഭഗമാണ്.

“പട്ടും പട്ടുറുമാലുമേറെ വിലയേറീടുന്ന കുപ്പായവും
മൊട്ടച്ചാത്തലമൂടു മൂടിയ പകിട്ടേറുന്ന നൽത്തൊപ്പിയും
വട്ടത്താടി വളർത്തു തുമ്പു സമമായ് വെട്ടീട്ടെഴും വക്ത്രവും
മട്ടും ചേർന്നു നടക്കു കണ്ടിതവരന്നക്കുഞ്ഞുവീരാനെയും”

“ഇതി പലതുമകക്കാമ്പിങ്കലോർത്തിട്ടു പിന്നെ
ക്ഷിതി കിടുകിടയാകുംമട്ടു കാൽവെച്ചു കേറി
ചതിയുടയൊരു മുത്തിത്തള്ള രോഷാഗ്നിദേവാ-
ഹുതിയതിനു ഹവിസ്സാംമട്ടു നോക്കീട്ടു ചൊന്നാൾ”

നല്ല ഭാഷ, പാലുള്ളിചരിതം, തുപ്പല്ക്കോളാമ്പി മുതലായവയാണ് ഭാഷയിൽ നിർമ്മിതങ്ങളായ ആദ്യത്തെ ലഘുകാവ്യങ്ങൾ.

## മദിരാശിയാത്ര

ഇതു കൊച്ചി രാജകുടുംബത്തിലെ കുഞ്ഞുണ്ണിത്തമ്പുരാൻ മദിരാശിയിൽ ബി.ഏ. പരീക്ഷയ്ക്കു വായിച്ചുകൊണ്ടിരുന്നപ്പോൾ അവിടുത്തെ സംസ്കൃതം പഠിപ്പിക്കുവാൻ അവിടെ താമസിച്ച കാലത്ത് എഴുതിയതാണ്. കൊടുങ്ങല്ലൂർ നിന്നു മദിരാശി വരെയും മദിരാശിയിലും കണ്ട കാഴ്ചകളെ തമ്പുരാൻ സൂക്ഷ്മദൃക്കായ ഒരു കവിയുടെ നിലയിൽ സ്വഭാവോക്തിസുഭഗമായ രീതിയിൽ ഇതിൽ വർണ്ണിക്കുന്നു.

“വട്ടത്തൊപ്പിയിലാടിടുന്ന കുനുപീലിപ്രൗഢിയും, ബൂട്സതിൽ-
ത്തട്ടീട്ടങ്ങുരസുംവരയ്ക്കടിവരെത്തൂങ്ങുന്ന കുപ്പായവും
കട്ടിക്കാലുറയും കരത്തിലൊരു നൽക്കാറ്റാടിയുംവച്ചുകൊ-

ണ്ടൊട്ടേറെക്കളിയാടീടുന്നൊരു ദൊരപ്പൈപ്രേതങ്ങളെക്കണ്ടു ഞാൻ".

എന്ന പദ്യം ഈ കൃതിയിൽ ഉൾപ്പെടുന്നു.

## തുപ്പല്ക്കോളാമ്പി

തുപ്പല്ക്കോളാമ്പി തമ്പുരാൻ ഒരിക്കൽ ഗുരുവായൂർക്കു തൊഴാൻ പോയപ്പോൾ അവിടെ പെട്ടരഴിയം രാമനിളയതിന്റെയും മറ്റും അപേക്ഷയനുസരിച്ച് ഒരു രാത്രികൊണ്ടെഴുതിയ അതിമനോഹരമായ ഒരു കാവ്യമാണ്. കൊടുങ്ങല്ലൂർ രാജാക്കന്മാരുടെ അങ്ഗരക്ഷകരായിരുന്ന കിളിക്കോട്ടു പണിക്കന്മാരുടെ കുടുംബത്തിൽ പണ്ടൊരിക്കൽ ഒരു സ്ത്രീ ധൂർത്തയായിരുന്നു. ആ സ്ത്രീയുടെ ഭര്ത്താവായ നമ്പൂരി അവളെ ജാരനോടുകൂടി ശയനഗൃഹത്തിൽ കാണുകയും, ഉടൻ ക്രോധാവിഷ്ടനായി അടുത്തു നിറച്ചു മുറുക്കിത്തുപ്പിവച്ചിരുന്ന കോളാമ്പിയെടുത്ത് അവളെ അഭിഷേകം ചെയ്കയും ചെയ്തു. തന്റെ കുറ്റം മറയ്ക്കുന്നതിനായി അവൾ ആ വേഷത്തിൽത്തന്നെ ഓടിച്ചെന്നു തന്റെ സമരശൂരന്മാരായ സഹോദരന്മാരോടു പരാതിപ്പെടുകയും, അവർ നമ്പൂരിയെ കൊല്ലുകയും ചെയ്തു. ധർമ്മിഷ്ഠനായ രാജാവ് ആ ഭടപ്രമാണികളെ, അവർ തന്നെ പല യുദ്ധങ്ങളിലും സഹായിച്ചിരുന്നു എങ്കിലും, ഉടൻതന്നെ നാടുകടത്തി. ഈ പുരാവൃത്തമാണ് തമ്പുരാൻ പ്രസ്തുത കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. കേരളത്തിലെ ഐതീഹ്യങ്ങളെ ആസ്പദമാക്കി ഖണ്ഡകാവ്യങ്ങൾ രചിക്കുവാൻ മഹാകവിക്ക് അതിരും എതിരുമില്ലാത്ത നൈപുണ്യമുണ്ടായിരുന്നു; തുപ്പല്ക്കോളാമ്പിയിൽ ആ നൈപുണ്യം അതിന്റെ അഗ്രകക്ഷ്യയിൽ പ്രത്യക്ഷീഭവിക്കുന്നു. ഒന്നുരണ്ടു ശ്ലോകങ്ങൾ പകർത്താം.

"നില്ക്കട്ടേ ജാരനായ് നീയതുമിതുമുരചെ-
    യ്തിട്ടു ഞാൻ കേട്ട,തെന്ന-
ല്ലിക്കട്ടിന്മേൽകിടക്കുന്നവനെയരികിൽ ഞാൻ
    കണ്ടതും കുട്ടീടേണ്ട;
ധിക്കഷ്ടം! ദുഷ്ടശീലേ! പറക പറക നീ;
    നിന്റെ കോളാമ്പിയിൽത്താ-
നിക്കട്ടത്തുപ്പലിത്രയ്ക്കുനവധി നിറവാ-
    നെന്തഹോ! ഹന്ത! ബന്ധം?

ഞാൻതന്നെ തുപ്പിയിതിലിന്നു നിറച്ചതാണു;
കാന്തന്നു മറ്റൊരു വിചാരമുദിച്ചിടേണ്ട;
എന്തെന്നിലിക്കടുതയെന്നവൾ ചൊല്ലിടുമ്പോ-
ളെന്തെന്നു നിഷ്ഠുരമുരച്ചു ചൊടിച്ചു വിപ്രൻ.

ഇപ്പച്ചപ്പേച്ചുരയ്ക്കുന്നതു ശഠഹൃദയമേ!
    നല്ല സാമർത്ഥ്യമുള്ളി-
ത്തുപ്പൻനമ്പൂരിയോടോ? മതി മതിയറിയും
    നിന്നെ ഞാൻ പണ്ടുതന്നെ;
ഇപ്പോൾകാട്ടിത്തരാമെന്നവളുടെ തലയിൽ-
    ത്തൽക്ഷണം ചെയ്തു വിപ്രൻ
തുപ്പൽക്കോളാമ്പികൊണ്ടിട്ടരിയൊരു കുലടാ-
    രാജ്യപട്ടാഭിഷേകം".

## കംസൻ

കംസന്റെ ജീവചരിത്രത്തെപ്പറ്റി വളരെ വിസ്തരിച്ചെഴുതീട്ടുള്ള ഒരു കാവ്യമാണ് ഈ ഗ്രന്ഥം. ശ്രീമദ്ഭാഗവതത്തിൽ കാണുന്ന കഥ മാത്രമല്ല ഇതിൽ അന്തർഭവിച്ചിട്ടുള്ളതു്. അധോലിഖിതങ്ങളായ ശ്ലോകങ്ങളിൽ ആദ്യത്തേതു ജരാസന്ധന്റെ കൊമ്പനാനയുടെ നേർക്കു കംസനും, രണ്ടാമത്തേതു കംസന് അദ്ദേഹത്തിൽനിന്നു സമ്മാനമായി കിട്ടിയ അതേ ആനയുടെ നേർക്ക് ശ്രീകൃഷ്ണനും പ്രദർശിപ്പിക്കുന്ന പരാക്രമമാണ്. ആ കൊലകൊമ്പനാണ് കുവലയാപീഡം.

“മലച്ചുനില്ക്കാത്തവനാശു വാൽ പിടി-
ച്ചുലച്ചു ചുറ്റിച്ചു മറിച്ചുവിട്ടതിൽ
ബലച്ചുരുക്കം വെളിവാക്കി മണ്ണിൽ വീ-
ണലച്ചു വൻപേറിന കൊമ്പനാനയും”.

“പൊടിച്ചു മുന്നോട്ടു കുതിയ്ക്കുമാന, യാ-
ഞ്ഞടിച്ചു പിന്നോട്ടു തിരിയ്ക്കുമച്യുതൻ;
പിടിച്ചുകുത്താൻ കരി നോക്കു, മൂക്കൊടൊ-
ത്തിടിച്ചു ചാടും ഹരി സിംഹവിക്രമൻ”.

## കൃതിരത്നപഞ്ചകം

ഈ പുസ്തകത്തിലെ അഞ്ചു കൃതികളും ഭാരതാന്തർഗ്ഗലങ്ങളായ കഥകളെ ആസ്പദമാക്കി എഴുതീട്ടുള്ളവയാണ്. ഇവയെല്ലാം ഒന്നുപോലെ വിശിഷ്ടങ്ങളായിരിക്കുന്നു.

“ഉടൽ വീർത്തു വിയർത്തു ചോരപാഞ്ഞുൽ-
ക്കടമൂക്കിട്ടു പിടിച്ചുപൊക്കിയാലും
സ്ഫുടമാപ്പുകൾകൊണ്ടു ചക്രമങ്ങോ-
ർക്കിടയായീല കുറച്ചുമൊന്നനക്കാൻ”

എന്നതു നാരായണാസ്ത്രദാനത്തിലെ ഒരു ശ്ലോകമാകുന്നു. അടുത്തതായി കാണുന്നതു യാത്രാദാനത്തിലെ ഒരു ശ്ലോകമാണ്.

“ഉലച്ചുവീശും കരി ശൃംഖലച്ചു-
റ്റലച്ചു ചീറുന്നൊരു ചീറ്റലിന്നും
ബലം കെടുമ്മാറലറുന്ന യുദ്ധ-
സ്ഥലം കുലുങ്ങുംപടി മർക്കടത്താൻ”.

## കേരളം

ഈ ഗ്രന്ഥം കേരളത്തിലെ പ്രാചീനചരിത്രത്തെ, ഐതിഹ്യം പ്രധാനമായി ആശ്രയിച്ചു കൂലങ്കഷമായി വിശദീകരിക്കുന്ന ഒരു കാവ്യമാകുന്നു. ഇതിന്റെ നിർമ്മിതിക്കു വേണ്ട കരുക്കൾ ശേഖരിക്കുവാൻ കവി വളരെക്കാലം, വളരെയധികം, ക്ലേശിച്ചിട്ടുണ്ട്; മുപ്പതുസർഗ്ഗങ്ങൾകൊണ്ടു മുഴുമിപ്പിക്കണമെന്നു സങ്കല്പിച്ചിരുന്നു; പതിനൊന്നു സർഗ്ഗങ്ങളേ തീർന്നുള്ളു. അതിലും ആദ്യത്തെ അഞ്ചു സർഗ്ഗങ്ങളേ പുസ്തകാകൃതിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. ആറാം സർഗ്ഗം കൈരളി മാസിക വഴിക്കു പുറത്തുവന്നു.

ഏഴു മുതലുള്ള സർഗ്ഗങ്ങൾ എവിടെപ്പോയിയെന്ന് ആർക്കും രൂപമില്ല. ഒന്നാം സർഗ്ഗത്തിൽ കേരളപ്രതിഷ്ഠയും, രണ്ടാം സർഗ്ഗത്തിൽ നമ്പൂരിരജ്യഭരണവും, മൂന്നാം സർഗ്ഗത്തിൽ പെരുമാൾഭരണവും, നാലാം സർഗ്ഗത്തിൽ ഏറാട്ടുപെരുമ്പടപ്പുവാഴ്ചയും, അഞ്ചാം സർഗ്ഗത്തിൽ കുറുമത്സരവുമാണ് പ്രതിപാദ്യം. ആ സർഗ്ഗത്തിൽത്തന്നെ ശങ്കരാചാര്യ സ്വാമികളുടെ ഒരു ചരിത്രസംക്ഷേപവും ഉൾപ്പെടുന്നു.

## രൂപകങ്ങൾ

ഇവയിൽ പലതും നിമിഷകൃതികളാണെന്നു പറഞ്ഞുവല്ലോ. എന്നാൽ അതുകൊണ്ടു ഇവയ്ക്കു ആസ്വാദ്യതാംശത്തിൽ കുറവൊന്നും വന്നിട്ടില്ല. പത്തു് അങ്കത്തിൽ രചിച്ച നളചരിതം എവിടെപ്പോയി എന്നറിഞ്ഞുകൂടാ. ചന്ദ്രവർമ്മമഹാരാജാവു ചന്ദ്രികയെ പാണിഗ്രഹണം ചെയ്യുന്നതാണ് ചന്ദ്രികാനാടികയിലെ ഇതിവൃത്തം. സാമൂതിരിപ്പാടും കൊച്ചി മഹാരാജാവും തമ്മിൽ നടന്ന ശണ്ഠയാണ് ശ്രീമാനവിക്രമവിജയത്തിൽ വിവരിച്ചിരിക്കുന്നത്. മങ്ങാട്ടച്ചൻ, പാലിയത്തച്ചൻ തിരുനാവായയോഗക്കാർ, തൃശ്ശൂർയോഗക്കാർ ഇവരെപ്പറ്റിയുള്ള ചരിത്രശകലങ്ങളും ഇതിൽ ഭംഗിയായി ഇണക്കിക്കോർത്തിട്ടുണ്ട്. ശ്രീമാനവിക്രമവിജയവും മാർത്താണ്ഡവിജയവും ചരിത്രകഥകളെ അവലംബിച്ചും, ചന്ദ്രിക ഒരു കല്പിതമായ ഇതിവൃത്തത്തെ ആസ്പദീകരിച്ചും എഴുതീട്ടുള്ളവയാണ്. എല്ലാ കൃതികളും ഓരോ പ്രകാരത്തിൽ ഹൃദയാവർജ്ജകങ്ങളായിട്ടുണ്ട്. ഏതാനും ചില ശ്ലോകങ്ങൾ ഈ രൂപകസമുച്ചയത്തിൽനിന്നു പകർത്താം.

“മേനിക്കണ്ടെപ്പരായിപ്പലരുമവനിയിൽ-
പ്പാർത്തുപോരുന്നതു
മാനംകെട്ടോരു കയ്യിൽപ്പണമുടയവരിൽ-
ത്തന്നെ ധാരാളമുണ്ടാം;
നൂനം ഭൂപാലരായീടുകിലിനിയുരചെ-
യ്യേണ്ടതുണ്ടോ? നൃപാല-
സ്ഥാനം കേറുന്നതായാലറിവുടയവനും
മൗഢ്യമുണ്ടാകുമല്ലോ”. (സന്താനഗോപാലം)

“താരേശാസ്യത്തിലോമന്മുകിൽമുടി ചെറുകാ-
റ്റേറ്റുചിന്നിക്കരത്തിൽ-
ച്ചേരും നൽപ്പുസ്തകത്തെച്ചെറുമുലകളണി-
ച്ചട്ടമേൽച്ചേർത്തുവെച്ചു്
നേരേ നോക്കുന്ന ബാലത്തരുണികൾനടുവിൽ-
ബ്ബാലികാപാഠശാലാ-
ദ്വാരേ നാണിച്ചുനിന്നോരഴകൊഴുകിന പെൺ-
പൈതലേതായിരിക്കും?” (ചന്ദ്രിക)

“ചോരത്തിളപ്പും ചൊടിയിൽച്ചുമപ്പും
മാറിൽത്തരിപ്പുള്ള മുലപ്പൊടിപ്പും
ദാരിദ്ര്യവായ്പ്പും നടുവിൽക്കിടപ്പു-
ള്ളോരർദ്ദയാശക്തി ജയിച്ചിടട്ടേ”. (സീതാസ്വയംവരം)

“കുടെക്കുടെയുറക്കെയൊച്ചയിടുമാ-

റെന്തിനു തർക്കിപ്പതീ-
മാടക്ഷോണിപനിന്നിരുന്നു പുലരും
വെണ്മാടമിക്കാണ്മതിൽ
കേടൊക്കാതൊരു മണ്ഡലത്തിനകമേ
ശൈലാബ്ധിനാഥന്റെകാ-
ല്പാടേല്ക്കാതെയിരിക്കിലന്നുമുതലി
പ്പൂണൂലിടുന്നില്ല ഞാൻ". (ശ്രീമാനവിക്രമവിജയം)

സ്ഥലദൗർല്ലഭ്യത്താൽ ഗാഥയേയോ, പാട്ടുകളേയോ ഖണ്ഡകൃതികളേയോ പറ്റി ഇവിടെ ഒന്നും പറയുന്നില്ല.

## മലയാളശബ്ദശാസ്ത്രം

ഈ ഗ്രന്ഥം കൊച്ചുണ്ണിത്തമ്പുരാന്റെ പുരസ്കർത്താവായിരുന്ന കൊച്ചി ഇളയതമ്പുരാന്റെ ആജ്ഞയനുസരിച്ച് ആ മഹാകവിയും, കുഞ്ഞുരാമവർമ്മൻതമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാനുംകൂടി എഴുതിയതാണ്. അക്ഷരം, സന്ധി, ദ്വിത്വം, സുബന്തം, സർവനാമം, അവ്യയം, സ്ത്രീപ്രത്യയം, വിഭക്ത്യർത്ഥം, സമാസം, തദ്ധിതം, ധാതു, ശുദ്ധക്രിയ, നാമക്രിയ, അവ്യയക്രിയ, വാചകരീതി എന്നിങ്ങനെ പതിനാറു പ്രകരണങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആദ്യത്തെ നാലു പ്രകരണങ്ങൾ കൊച്ചുണ്ണിതമ്പുരാനും, അഞ്ചുമുതൽ പത്തുവരെ കുഞ്ഞുരാമവർമ്മൻതമ്പുരാനും, ഒടുവിലത്തെ ആറു പ്രകരണങ്ങൾ കുഞ്ഞിക്കുട്ടൻതമ്പുരാനും രചിച്ച വിഷയസ്വരൂപം കാരികയായും, ഓരോ കാരികയുടേയും വ്യാഖ്യാനം ഗദ്യമായും എഴുതിയിരിക്കുന്നു. ഒരു ഭാഷാവൈയാകരണന്റെ ദൃഷ്ടിയിൽ പ്രസ്തുത കൃതിക്കു പറയത്തക്ക മെച്ചമൊന്നുമില്ലെങ്കിലും, ഇതിലും ഗ്രാഹ്യങ്ങളായ അംശങ്ങൾ പലതുമുണ്ട്. കുഞ്ഞിക്കുട്ടൻതമ്പുരാൻ രചിച്ച ഭാഗത്തിന് ഉത്തരാർദ്ധമെന്നു പേർ കൊടുത്തിരിക്കുന്നു. അദ്ദേഹം കാരിതാകാരിതധാതുക്കൾക്ക് യഥാക്രമം നല്കിയിരിക്കുന്ന സംജ്ഞകൾ കറുത്ത ധാതുവെന്നും വെളുത്ത ധാതുവെന്നുമാണ്. കറുത്ത രേഫം എന്നൊരു പേർ റ എന്ന അക്ഷരത്തിനു നമ്പൂരിമാർ പണ്ടേകാലത്തു കൊടുത്തിരുന്നുവെന്നും, അതിനെ അനുകരിച്ചാണ് താൻ പ്രസ്തുത സംജ്ഞകൾ സൃഷ്ടിച്ചതെന്നും അദ്ദേഹം പറയുന്നു. 'വാചകരീതി' എന്ന പ്രകരനത്തിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം.

### കാരിക:

"സ്വന്തമായ് മലയാളത്തിൽച്ചേരും വാചകരീതിയെ
ഉപയോഗിച്ചുകൊള്ളാവൂ വാക്യഭങ്ഗി വരുത്തുവാൻ".

## വ്യാഖ്യാനം

"വാക്യഭംഗി വരുത്തുന്നതിനു മലയാളഭാഷയ്ക്കു സ്വന്തമായ വാക്യരീതിയല്ലാതെ മറ്റു ഭാഷകളുടെ വാചകരീതിയെ ഉപയോഗിച്ചുകൂടാ. ഉദാഹരണം: ഈ മനുഷ്യൻ തന്നു ഇനിക്കൊരു പുസ്തകം ഇന്നലെ; അതിൽ ഞാൻ കണ്ടു കോമാളിത്വം ഒരു വിഡ്ഢിയുടെ എന്ന് ഇംഗ്ലീഷ് വാചകരീതിയെ അനുസരിച്ചോ ആ കുട്ടിയാൽ അപ്രകാരം പ്രയത്നം ചെയ്യപ്പെട്ടു എന്നും മറ്റും സംസ്കൃതവാചകരീതിയെ അനുസരിച്ചോ വാചകമെഴുതിയാൽ ഭങ്ഗിയില്ലാതെ തീരുമെന്നല്ല, വളരെ അഭങ്ഗിയുമാകും".

## ശബ്ദാലങ്കാരം

ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ ഭാഷാഭൂഷണമെന്ന അലങ്കാരശാസ്ത്രഗ്രന്ഥം പുറത്തുവന്നപ്പോൾ അതിലെ ശബ്ദാലങ്കാരപ്രകരണം തമ്പുരാന് അത്ര സമഞ്ജസമായി തോന്നിയില്ല. അതുനിമിത്തമാണ് പ്രസ്തുത കൃതി അദ്ദേഹം രചിച്ചത്.

> "മലമങ്കയ്ക്കു കുമ്പിട്ടു ചില പിച്ചളവാക്കിൽ ഞാൻ
> അലങ്കാരംപണിക്കുള്ള നിലവച്ചുച്ചുകൊത്തിടാം".

എന്നു മഹാകവി തന്റെ ഉദ്യമത്തിന്റെ സ്വഭാവം സൂചിപ്പിക്കുന്നു. വിവിധരീതികളിലുള്ള യമകങ്ങൾ, ബന്ധങ്ങൾ, അനുപ്രാസങ്ങൾ, സമസ്യകൾ ഇവയ്ക്കെല്ലാം ഉദാഹരണങ്ങൾ അക്ലിഷ്ടമനോഹരങ്ങളായ ശ്ലോകങ്ങളിൽ അദ്ദേഹം ഈ കൃതിയിൽ രചിച്ചുചേർത്തിട്ടുണ്ട്.

## മഹാഭാരതം

മഹാകവി മലയാളഭാഷയുടെ ഉൽക്കർഷത്തിനു വേണ്ടി ചെയ്തിട്ടുള്ള അത്ഭുതകൃത്യങ്ങളിൽ പലതും മനസ്സുവെച്ചാൽ മറ്റു ചിലർക്കും കഷ്ടിച്ചു കഴിയുമായിരിക്കാം. എന്നാൽ ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയ മഹാഭാരതം-ഭാരതീയരുടെ പഞ്ചമവേദം-പൂർത്തിയാക്കുവാൻ വ്യാസമഹർഷിക്കുതന്നെയും മൂന്നുകൊല്ലം വേണ്ടിവന്ന ലോകത്തിലെ ബൃഹത്തായ ഗ്രന്ഥം-ഇങ്ങുമങ്ങും ഗ്രന്ഥിജടിലം-സ്വച്ഛന്ദം എന്ന കവിവചനത്താൽ സൂചിതമായ 874 ദിവസംകൊണ്ടു തർജ്ജമചെയ്‌വാൻ തമ്പുരാനെക്കൊണ്ടുമാത്രമല്ലാതെ സാധിക്കുമായിരുന്നുവോ? ഒരിക്കലുമില്ല. അതിലാണ് അദ്ദേഹത്തിന്റെ അമാനുഷമായ പ്രഭാവം അതിന്റെ പരമകാഷ്ഠയിൽ അധിഷ്ഠിതമായിരിക്കുന്നത്.

ഭാരതം കിളിപ്പാട്ടായി തർജ്ജമചെയ്യുവാൻ പലരേയും ഏല്പിച്ചുവെങ്കിലും ആ ഉദ്യമം ഫലവത്തായില്ലെന്നു പറഞ്ഞുവല്ലോ. ഭാരതമഞ്ജരിയുടെ തർജ്ജമകൊണ്ടു ഭാരതത്തിന്റെ തർജ്ജമ നിറവേറിയതായി സമാധാനപ്പെടുവാനും നിവൃത്തി കണ്ടില്ല. എന്നാൽ പിന്നെ മറ്റൊരാളെയും കൂട്ടുപിടിക്കാതെ താൻ ഒറ്റയ്ക്കുതന്നെ വിശ്വോത്തരമായ ആ ഇതിഹാസം വിവർത്തനം ചെയ്താലെന്തെന്നു തമ്പുരാൻ വിചാരിച്ചു. തർജ്ജമയ്ക്കു് ആരംഭിക്കുന്നതിനു മുമ്പിലത്തെ ദിവസം തദ്വിഷയകമായി താഴെക്കാണുന്ന ഒരു സംഭാഷണം അദ്ദേഹവും അദ്ദേഹത്തിന്റെ സ്യാലനായ കെ.സി.വീരരായൻരാജാ ബി.ഏ.യും തമ്മിൽ നടന്നു. വീരരായൻരാജാവ് ആ സംഭാഷണം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'എന്താണ് കോവില്യ്?' എന്നു ഞാൻ ചോദിച്ചു. അതിനുത്തരമായി 'സമുദ്രം ചാടിക്കടക്കുവാനുറച്ചു മഹേന്ദ്രപർവ്വതത്തിന്റെ മുകളിൽ കയറിനിന്ന് അപാരമായ സമുദ്രം ഒന്നു നോക്കിക്കണ്ട സമയം ഹനുമാനുണ്ടായ വിചാരമെന്തായിരിക്കുമെന്ന് ഒന്നൂഹിച്ചു പറയുവാൻ സാധിക്കുമോ കുഞ്ഞേട്ടന്?' എന്നാണ് അദ്ദേഹം ചോദിച്ചത്. 'ഇല്ല' എന്നു ഞാൻ പറഞ്ഞു. 'എന്നാൽ ആ ഹനുമാന്റെ നിലയാണ് എന്റെ ഇപ്പോഴത്തെ നില. നോക്കിയാൽ അറ്റം കാണുന്നില്ല' എന്നു മാത്രം പറഞ്ഞു. പിറ്റേ ദിവസം കാലത്ത് ആറു മണിക്കു ഭാരതം തർജ്ജമ ചെയ്തുതുടങ്ങി. ആറു മുതൽ ഒൻപതു മണിവരെയുള്ള സമയം ആ കൃത്യത്തിലേക്കു പതിവായി വിനിയോഗിക്കും. ആദ്യകാലത്തു അൻപതു ശ്ലോകങ്ങൾ വീതമേ ദിവസംതോറും വിവർത്തനം ചെയ്യുവാൻ കഴിഞ്ഞിരുന്നുള്ളൂ. പിന്നീട് അതു നൂറായി;

അനന്തരം നൂററൻപതായി. അതുപോലെ ആദ്യകാലത്തു മൂലം വായിക്കുക, ആലോചിക്കുക, ഭാഷപ്പെടുത്തുക ഈ മൂന്നു കർത്തവ്യങ്ങളും ഒന്നിനപ്പുറം മറ്റൊന്നെന്ന ക്രമത്തിൽ അനുഷ്ഠിക്കേണ്ടിവന്നിരുന്നു; കുറേ കഴിഞ്ഞപ്പോൾ അവയെല്ലാം ഒന്നിച്ചു തന്നെ ചെയ്തുതീർക്കുന്നതിനുവേണ്ട ശക്തികിട്ടി. ആരംഭത്തിൽ തൃശ്ശൂർ ഭാരതവിലാസം അച്ചുക്കൂട്ടത്തിൽനിന്നു ഭാഷാഭാരതം മാസികയായി പുറപ്പെട്ടു. പിന്നീട് അതിന്റെ പ്രസിദ്ധീകരണത്തിനായി കോട്ടയ്ക്കൽ ഭാരതം എന്ന പേരിൽ പ്രത്യേകം ഒരു മുദ്രാലയം തന്നെ സ്ഥാപിതമായി. ഭൂരിഭാഗവും തർജ്ജമചെയ്തതു കോട്ടയ്ക്കൽവെച്ചു തന്നെയായിരുന്നു. 1081-ൽ പുസ്തകം സമാപ്തമായി; തമ്പുരാൻ കൃതകൃത്യനുമായി. 1069-ൽ കോട്ടയ്ക്കലെ ഒരു വിദ്യാലയത്തിൽനിന്നു തനിയ്ക്കു സമർപ്പിച്ച മംഗളപത്രത്തിന്റെ മറുപടിയിൽ

“ശക്തിയ്ക്കൊത്തവിധത്തിൽ ഞാനതുമിതും വല്ലെങ്കിലും വല്ലതും
യുക്തിക്കേടൊടു മിക്കിമൂളിയെഴുതിക്കൂട്ടാറുമുണ്ടിപ്പൊഴും;
പക്ഷേ വേണ്ടതുപോലെ മേലിലുപകാരത്തിന്നുപോരുന്നതായ്
ശിക്ഷയ്ക്കൊന്നുമിതേവരെയ്ക്കുമെഴുതിത്തീർപ്പാൻ കഴിഞ്ഞില്ല മേ.

ഓരോ നാടകഭേദമോ, ചെറുകഥാബന്ധങ്ങളോ, ശ്ലോകമോ
നേരമ്പോക്കിനെഴുത്തുകുത്തുകളതോ, പത്രങ്ങളിൽച്ചേർത്തതോ
നേരായിട്ടൊരു ഭാഷ പുഷ്ടിവരുവാൻ മാത്രം പുലർന്നീടുമോ?
സാരത്തിൽസ്സരസോപദേശവിശദഗ്രന്ഥങ്ങൾ നിർമ്മിയ്ക്കണം”.

എന്ന് അനുശോചിച്ചിരുന്നു. ആ അനുശോചനം ഭാഷാഭാരതത്തോടുകൂടിയേ ആവശ്യകമല്ലെന്ന് അദ്ദേഹത്തിന് തോന്നിയിരുന്നുള്ളു. തർജ്ജമയിൽ പല ഭാഗങ്ങളും അമൃതസ്യന്ദികളാണ്. മാതൃക കാണിക്കുവാൻ രണ്ടു ശ്ലോകങ്ങൾ മാത്രം പകർത്താം.

മൂലം:

“സുലഭാ: പുരുഷാ രാജൻ സതതം പ്രിയവാദിനഃ
അപ്രിയസ്യ ച പഥ്യസ്യ വക്താ ശ്രോതാ ച ദുർല്ലഭഃ”.

തർജ്ജമ:

“ആളേറെയുണ്ടാം രാജാവേ! നിത്യം സേവപറഞ്ഞിടാൻ
സേവ വിട്ടു ഹിതം ചൊൽവോൻ കേൾക്കുവോനും ചുരുക്കമാം”.

മൂലം:

“ക്ലൈബ്യം മാ സ്മ ഗമഃ പാർത്ഥ! നൈതത്ത്വയ്യു പപദ്യതേ
ക്ഷുദ്രം ഹൃദയദൗർബ്ബല്യം ത്യക്ത്വോത്തിഷ്ഠ! പരന്തപ!”

തർജ്ജമ:

“ക്ലീബത്വമേല്ക്കൊലാ പാർത്ഥ! നിനക്കൊക്കില്ലതൊട്ടുമേ
തുച്ഛമിച്ചിത്തദൗർബ്ബല്യം വിട്ടെഴുല്ക്കുക പരന്തപ!”

## മറ്റു തർജ്ജമകൾ

ഹരിശ്ചന്ദ്രോപാഖ്യാനം ചെറുശ്ശേരി ചാത്തുമേനോന്റെ അപേക്ഷയനുസരിച്ചു രചിച്ചതാണ്. കാദംബരീസാരം കാശ്മീരകനായ അഭിനന്ദമഹാകവിയുടെ തന്നാമധേയമായ കൃതിയുടെ തർജ്ജമയാണ്. അതിൽ ആകെ എട്ടു സർഗ്ഗങ്ങളടങ്ങിയിരിക്കുന്നു. ശങ്കരാചാര്യചരിതം കേരളീയനായ ഗോവിന്ദാനന്ദന്റെ ആ പേരിലുള്ള കൃതിയുടെ ഒരു സ്വതന്ത്രവിവർത്തനമാണ്. ശുകസന്ദേശവും ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശവും പ്രസിദ്ധങ്ങളാണല്ലോ. അവയാണ് തമ്പുരാന്റെ ഭാഷാനുവാദത്തിനു വിഷയീഭവിച്ച രണ്ടു സന്ദേശങ്ങൾ. ഈ നാലു കൃതികളും തോട്ടയ്ക്കാട്ടു കുഞ്ഞുകൃഷ്ണമേനോൻ ബി. ഏ. യുടെ അപേക്ഷയനുസരിച്ചു രചിച്ച വാങ്മയങ്ങളാണ്. ശ്രീസ്തുതി ശങ്കരഭഗവൽപാദരുടെ അതേ നാമധേയത്തിലുള്ള (കനകധാരാസ്തവം എന്നും പറയും) ഒരു വിശിഷ്ടസ്തോത്രത്തിന്റെ തർജ്ജമയാകുന്നു. ഈ കൃതികളെല്ലാം ഉത്തമകക്ഷ്യയിൽ സ്ഥിതിചെയ്യുന്നു. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

“നില്ക്കട്ടേ പേറ്റുനോവിൻ കഥ; രുചികുറയും
  കാലമേറ്റം ചടപ്പും
പൊയ്ക്കോട്ടേ, കൂട്ടീടേണ്ടാ മലമതിലൊരു കൊ-
  ല്ലം കിടക്കും കിടപ്പും;
നോക്കുമ്പോൾ ഗർഭമാകും വലിയ ചുമടെടു-
  ക്കുന്നതിൻ കൂലിപോലും
തീർക്കവല്ലെത്ര യോഗ്യൻ മകനു, മതു നില-
  യ്ക്കുള്ളൊരമ്മേ! തൊഴുന്നേൻ”.

(ശങ്കരാചാര്യചരിതം)

അങ്ങേബ്ഭാഗത്തു ശാസ്ത്രം, കുലമുറ, പെരുതാം
  ലജ്ജ, താതാദിയിൽബ്ഭീ-
യിങ്ങേബ്ഭാഗത്തു മാരൻ, മധു, മുതുവിരഹം,
  മൃത്യുവിൽപ്പെട്ട പേടി;
മങ്ങീ ഞാനെന്തു വേണ്ടൂ വിഷമമിഹ വിമോ-
  ഹത്തിലായ് ബ്രഹ്മഹത്യ-
യ്ക്കിങ്ങീയുള്ളോൾക്കു തീരാഞ്ഞൊരു കടുനരകം
  പറ്റിടാതായ്‌വരട്ടേ”.

(കാദംബരീകഥാസാരം)

പിന്നെപ്പൂർവാചലത്തിൻ കൊടുമുടിനിരയിൽ-
  ക്കാട്ടുതീയെന്നമട്ടിൽ-
ത്തന്നെത്താൻ നല്ലശോകപ്പൂതുമലർനിറമാ-
  ർന്നർക്കഭാസ്സങ്കുരിച്ചാൽ

ഒന്നേറ്റെൻതോഴർ കാലത്തുടനഥ നടകൊ-
  ണ്ടീടുകിഷ്ടോപചാര-
ത്തിന്നെന്നാൽ ബുദ്ധിമുട്ടും പരമൊരു സുഖമാം
  നിൻതരക്കാർക്കു നൂനം”.

(ശുകസന്ദേശം)

“രണ്ടാളും നമ്മൾ പാർപ്പാനൊരു ധരണിയിലാ-
  ണെന്തു വിശ്ലേഷമോർക്കു-

ന്നുണ്ടാ മാരന്റെ കുറ്റം പറയുമിരുവരെ-
ന്നുണ്ടു സല്ലാപസൌഖ്യം
കൊണ്ടാടിത്തിങ്കൾ രാവിൽക്കുളുർകരമിരുപേർ-
മെയ്യിലും തുല്യമേറ്റ-
ന്നുണ്ടാക്കാര്യം നിനച്ചാൽകരിവരഗമനേ!
സിദ്ധമാശ്ലേഷതോഷം”.

(കോകിലസന്ദേശം)

“മൊട്ടിട്ട പച്ചിലമരത്തിലണഞ്ഞ വണ്ടിൻ-
മട്ടിൽക്കുരുംകുളിർ മുളച്ച മുകുന്ദമെയ്യിൽ
തട്ടിച്ച ഭൂതിമയമങ്ഗളദേവതാക്ഷി-
ത്തട്ടിപ്പെനിക്കു പുരുമങ്ഗളമേകിടട്ടേ”.

(ശ്രീസ്തുതി)

## രൂപകവിവർത്തനങ്ങൾ

തമ്പുരാന്റെ വിവർത്തിത രൂപകങ്ങളിൽ അതിപ്രധാനമായുള്ളത് ആശ്ചര്യചൂഡാമ
ണി
യാണ്. അതിനോളം തന്മയത്വമുള്ള ഒരു തർജ്ജമ ഭാഷാനാടകങ്ങളുടെയിടയിൽ വേറേയുണ്ടെന്നു തോന്നുന്നില്ല. വിക്രമോർവശീയത്തിന് അതിന്റെ ഗുണത്തിൽ പകുതിപോലുമില്ലാത്തത് അതു വൃത്താനുവൃത്താനുവാദമാണെന്നുള്ളതിനു പുറമേ വീരരസപ്രധാനമല്ലാത്തതുകൊണ്ടുകൂടിയല്ലയോ എന്നു സംശയിക്കുവാൻ മാർഗ്ഗമു ണ്ടു്. അഭിജ്ഞാനശാകുന്തളം വലിയകോയിത്തമ്പുരാൻ തർജ്ജമചെയ്തതു വങ്ഗീയപാഠമനുസരിച്ചാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ കേരളീയപാഠം അങ്ഗീകരിച്ച് അതിനു മറ്റൊരു തർജ്ജമ നിർമ്മിച്ചിരുന്നു എന്നുള്ളതിനു സംശയമില്ല. അത് ഇപ്പോൾ എവിടെപ്പോയി എന്നറിഞ്ഞുകൂടാ. മലയാളത്തിലെ ഗ്രന്ഥദാരിദ്ര്യം തീർക്കുന്നതിനുള്ള അത്യുത്സാഹം നിമിത്തമാണ് അദ്ദേഹം ഹാംലെറ്റും ഒതെല്ലോയും തർജ്ജമ ചെയ്തതു്. മദിരാശി പ്രവിശ്യയിൽ ഒരു വലിയ ഉദ്യോഗസ്ഥനായിരുന്ന ഏ. രാമച്ചൻനെടുങ്ങാടിയുടെ സാഹായം അക്കാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്നു.

“ഏ. രാമച്ചൻനെടുങ്ങാടിയെ വലിയ സഹാ-
യത്തിനായ് വച്ചമാന്തം
ചേരാതേ വേലചെയ്തിട്ടുപചിതകുതുകം
രണ്ടു മാസത്തിനുള്ളിൽ”

ഹാംലെറ്റു ഭാഷപ്പെടുത്തിയതായി അദ്ദേഹം കുത്താമ്പള്ളി രാമൻനമ്പ്യാർക്കയച്ച ഒരെഴുത്തിൽ പ്രസ്താവിക്കുന്നു.

“എല്ലാറ്റിലും പുറമെയൊന്നിതു നീ നിനക്കു
നല്ലോരു സത്യപരനാകണമെന്നുമെന്നാൽ
അല്ലിന്റെപിൻപു പകലെന്നതുപോലെ ചൊല്ലാ-
മില്ലീഷൽ നീ ചതിയനായ് വരികില്ലൊരാൾക്കും”

എന്നിത്തരത്തിലാണ് തർജ്ജമയുടെ ഗതി. ഒതെല്ലോവിലുള്ളതാണ് അധോലിഖിതങ്ങളായ പദ്യങ്ങൾ.

"ചരടു തനതെന്നമട്ടിൽപ്പെരിയ പണസ്സഞ്ചി കയ്യിൽ വയ്ക്കും നീ
പരമിതറിഞ്ഞിങ്ങെന്നൊടു പറയാത്തതു വലിയ കഠിനനിലയല്ലോ".
"കേട്ടാലും ചെറുപുഞ്ചിരിയിട്ടാൽക്കെട്ടവനിൽനിന്നു കവരുന്നു
കിട്ടപ്ഫലമതിലിണ്ടൽപ്പെട്ടാളാത്മാപഹാരിയാകുന്നു".

ഹാംലെറ്റിനെപ്പറ്റി കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച ഒരെഴുത്തിൽ തമ്പുരാൻ

"ആകപ്പാടെ നമുക്കതത്ര ശരിയായ്തൃപ്തിപ്പെടുന്നീലെടോ
ശ്ലോകപ്പാടുമതിന്റെ ഗദ്യരചനാഭേദങ്ങളേർപ്പാടുമേ
ലോകത്തിൽജ്ജനസമ്മതത്തിനുതകാത്തിംഗ്ലീഷുനാമങ്ങളും
പാകത്തിൽപ്പെടുകില്ല ശുദ്ധമലയാളക്കാർക്കതെന്നേ വരൂ.

എന്നാലിമിംഗ്ലീഷറിയും ജനങ്ങൾ
നന്നായിയെന്നായ്പ്പറയും ചിലേടം
ഒന്നാണെനെക്കീയിതിൽ മെച്ച, മിംഗ്ലീ-
ഷിൻനാറ്റമേല്ക്കാതിതു ചെയ്തുവല്ലോ".

എന്നും മറ്റും എഴുതുന്നുണ്ടെങ്കിലും വാസ്തവത്തിൽ അതു ഭാഷയിലെ ഒരൊന്നാന്തരം വിവർത്തനനാടകമായി പരിണമിച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു തർജ്ജമ എത്രയോ ആംഗ്ലേയപണ്ഡിതന്മാരായ മഹാകവികൾ കേരളത്തിൽ ആവിർഭവിച്ചിട്ടും ഏതൽക്കാലപര്യന്തം ഉണ്ടായിട്ടില്ലല്ലോ. ഇനി ചൂഡാമണിയിൽനിന്നുമാത്രം ഒരു ശ്ലോകം പകർത്താം.

"മുറയ്ക്കു ദശകണ്ഠനാമിവനെ വെന്നൊരോരായിരം
കരങ്ങളെഴുമർജ്ജുനക്ഷിതിതലേന്ദ്രനെത്താപസൻ
വെറും ചമത വെട്ടിടും പരശുകൊണ്ടു പോരിൽത്തടു-
ത്തറുത്തതറിവില്ലയോ തരു മുറിച്ചുതള്ളും വിധം?"

## എഴുത്തുകൾ

കുഞ്ഞുക്കുട്ടൻതമ്പുരാൻ നിരവധി സുഹൃത്തുക്കൾക്ക് ഇടതടവില്ലാതെ അയച്ചുകൊണ്ടിരുന്ന പദ്യലേഖനങ്ങളിൽനിന്നാണ് നമുക്ക് അദ്ദേഹത്തിന്റെ അനഹങ്കാരവും, അസൂയാരാഹിത്യവും, പരഹിതൈഷിത്വവും, അഭിപ്രായധീരതയും, സാഹിത്യപോഷണൗത്സുക്യവും, ഫലിതമാർമ്മികതയും മറ്റും അവയുടെ സമഗ്രമായരൂപത്തിൽ ആസ്വാദ്യമാകുന്നത്. എത്രയെത്ര കൃതികളാണ് അദ്ദേഹം അവരുടെ മുമ്പാകെ മറിപ്പകിടന്ന് എഴുതിച്ചിട്ടുള്ളത്. കൊട്ടാരത്തിൽ ശങ്കുണ്ണിക്കുള്ള ഒരു കത്തിൽ ഇങ്ങനെ കാണുന്നു.

"മുറയ്ക്കു താൻ ഗ്രന്ഥമിരുന്നുതീർക്കു-
കുറയ്ക്കുകെന്നാകിലറച്ചിടട്ടെ;
ഉറയ്ക്കണം വേണ്ടതിൽ വേണ്ടപോലെ-
യിരിക്കണം; വന്നതു വന്നു പിന്നെ.

ജനിച്ചിടുമ്പോൾ കവിവര്യനായി-
ജ്ജനിച്ചൊരാളിഹ പാരിടത്തിൽ?
നിനയ്ക്കുകുത്സാഹസുധാരസത്താൽ
നിനയ്ക്കിൽ നേരേ വളരാത്തതുണ്ടോ?

തുടങ്ങണം കാര്യമതൊന്നിടയ്ക്കു
മുടങ്ങിയാലന്നു മുടങ്ങിടട്ടേ:
നടുങ്ങിടാതായതിലേതുമേ പിൻ-
മടങ്ങിടാഞ്ഞാലൊരുനാൾ ജയിക്കും”.

പിന്നൊരിക്കൽ നടുവത്തച്ഛൻനമ്പൂരിയോടു താഴെക്കാണുന്നവിധം നിവേദനം ചെയ്യുന്നു.

“വല്ലെങ്കിലും നാടകമൊന്നെടുക്കു
തെല്ലെങ്കിലും തർജ്ജമചെയ്തുനോക്കു
ഇല്ലം കുലുങ്ങില്ലതുകൊണ്ടു ഹേ! ന-
ന്നല്ലെങ്കിലപ്പോൾക്കളയാം നമുക്കും”.

തന്റെ സ്നേഹിതന്മാരിൽ പ്രഥമഗണനീയനായ ശങ്കുണ്ണിപോലും ഒരിക്കൽ “പോകുന്നഹോ” എന്നു പ്രയോഗിച്ചപ്പോൾ

“അപ്പൂർണ്ണക്രിയയ്ക്കുള്ളൊരസ്സന്ധി ശുദ്ധം
സപൂർണ്ണക്രിയയ്ക്കും ഭവാൻ തട്ടിവീക്കും”

എന്ന് അദ്ദേഹത്തോടു പറയുവാൻ തമ്പുരാനു സങ്കോചം തോന്നുന്നില്ല. മലയാളശബ്ദശാ
സ്ത്രത്തിൽ കൊച്ചുണ്ണിത്തമ്പുരാന്റെ മധുരമങ്ഗലത്തിൽനിന്ന് ഒരു ശ്ലോകാർദ്ധം ഉദാഹരിച്ച് അതിലെ ദോഷം ചൂണ്ടിക്കാണിക്കുവാൻ മുതിരുന്നു. പി.ജി. രാമയ്യരുടെ ശാകുന്തളം തർജ്ജമ പുറത്തുവന്നപ്പോൾ അതു കേരളീയപാഠാനുസൃതമല്ലായ്കയാൽ തദ്വിഷയകമായ ഉദ്യമം ശ്ലാഘ്യമല്ലെന്നു പ്രസ്താവിച്ചുകൊണ്ട്

“ശിഷ്യരുടെ സാഹസത്തിൽ വി-
ശിഷ്യ ഗുരുക്കൾക്കു ശാസനം ചെയ്യാം;
പശ്യ, ഭവാനൊടു ഞാനുമ-
വശ്യമതേവിധമുരച്ചതാണിതെടോ”

എന്ന് അദ്ദേഹത്തെ സമാശ്വസിപ്പിക്കുന്നു.

ഓരോ എഴുത്തിലും ഓരോ സരസമായ മങ്ഗളശ്ലോകവും കാണും. ഈ ഇനത്തിൽപ്പെട്ട ഒരു സംസ്കൃതശ്ലോകവും ഒരു ഭാഷാശ്ലോകവും പ്രദർശിപ്പിക്കാം.

“പാലയതു സൗഹൃദം വഃ പാശാംകുശപരശുശൂലകലിതകരം
പാടലകിരണനിമഗ്നം പാവകജാപത്യമാദിജാമ്പത്യം”.

“കണ്ണിൽക്കണ്ട കിടാങ്ങളോടു വെറുതേ മല്ലിട്ടെതിർത്തിട്ടു ത-
ല്ലെണ്ണിക്കൊണ്ടു കൊടുത്തുമേറ്റുമിടയിൽത്തോറ്റോടിടും നേരവും
തിണ്ണം പുഞ്ചിരിപൂണ്ടു കണ്ടുപഹസിക്കും രാധതന്നിൽച്ചതി-
ക്കണ്ണിട്ടങ്ങനെ നോക്കിടുന്ന പശുപക്കുഞ്ഞിന്നു കൂപ്പുന്നു ഞാൻ”.

## ഭാഷാശൈലി

തമ്പുരാന്റെ ഭാഷാശൈലി ഏറ്റവും പ്രസന്നമധുരമാണ്. ജീവനുള്ള ഭാഷാപദങ്ങൾ അത്ര ധാരളമായി പ്രയോഗിച്ചിട്ടുള്ള ഒരു കവി കുഞ്ചൻനമ്പിയാർക്കിപ്പുറം ജനിച്ചിട്ടില്ല; ഔചിത്യദീക്ഷ നമ്പിയാരെക്കാൾ തമ്പുരാനു കൂടുകയും ചെയ്യും.

"നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ-
ക്രമക്കണക്കേ ശരണം; ജനങ്ങൾ
സമസ്തരും സമ്മതിയാതെകണ്ടി-
സ്സമർത്ഥനോതില്ലൊരു വാക്കുപോലും.

എന്നാണു കൊച്ചുണ്ണി മഹീമഹേന്ദ്ര-
നെന്നോടു ചെയ്തോരുപദേശസാരം;
എന്നാലതങ്ങേക്കുമെടിത്തിടേണ്ട-
തെന്നോർത്തു ഞാൻ ചൊല്ലിയതാണിതെല്ലാം"

എന്ന് ഒരവസരത്തിൽ അദ്ദേഹം ശങ്കുണ്ണിയെ ഉപദേശിക്കുന്നു. വാസ്തവത്തിൽ എഴുത്തച്ഛന്റേതിനേക്കാൾ പതിന്മടങ്ങു ലളിതകോമളമാണ് അദ്ദേഹത്തിന്റെ എഴുത്തുകളിലെ ശൈലി. നോക്കുക, പി.വി.കൃഷ്ണവാരിയരോട് ഒരു പെൻസിലിന് ആവശ്യപ്പെടുന്നതു്.

"പെരുമാൾച്ചെട്ടിപ്പെൻസിലി-
നറുതിയിതാ വന്നു ഭാരതാപ്പീസിൽ;
ഒരു കോലയച്ചുതരണം
വെറുതേ കരുതിക്കിടന്നിടും വകയിൽ".

തമ്പുരാൻ ശ്ലോകത്തിലെ കത്തെഴുതു; അതിനു മറുപടി ഗദ്യത്തിലയയ്ക്കരുതെന്ന് അദ്ദേഹം പ്രത്യേകമായി നിർബന്ധിച്ചിരുന്നു; ഈമാതിരി കത്തിടപാടുകളിൽ എന്തു കവിതയാണ് ഉള്ളതെന്നു ചില അരസികന്മാർ ചോദിക്കാം; ഇവയിലുമുണ്ട് കവിതാംശം എന്നറിയുവാൻ വേണ്ട സഹൃദയത്വം അവർക്കില്ല. അതേയുള്ളു വൈഷമ്യം. മുൻപു് ഉദ്ധരിച്ച ശ്ലോകത്തിലെ "വെറുതേ കരുതിക്കിടന്നിടും വകയിൽ" എന്ന വാചകം അനുസന്ധാനക്ഷമമല്ലെന്നു പറയുവാൻ ആർക്കു കഴിയും?

## ഗദ്യവും ഗവേഷണവും

തമ്പുരാൻ വളരെ മുൻപുതന്നെ ധാരാളം ഗദ്യം എഴുതിയിരുന്നുവെങ്കിലും അദ്ദേഹത്തിന് ആ ശാഖയിൽ ഒരു നല്ല ശൈലി കൈവശമായതു രസികരഞ്ജിനിയുടെ ആധിപത്യം സിദ്ധിച്ചതിനുമേലായിരുന്നു. 'പ്രസന്ന പ്രൗഢരസപ്രസങ്ഗങ്ങൾ' അതിൽ നിറഞ്ഞിരിക്കണമെന്ന് അദ്ദേഹത്തിന് അഭിലാഷമുണ്ടായിരുന്നു.

"പ്രാചീനകേരളചരിത്രനവീനഗദ്യ-
കാവ്യപ്രശസ്തതരശാസ്ത്രകഥാവിനോദൈഃ
അന്യൈശ്ച നാടകപുരാതനപദ്യജാല-
ഗാഥാദിഭിശ്ശബളിതാവതു മാസികൈഷാ".

എന്ന ശ്ലോകത്തിൽ ആ മാസികയിൽ ഏതെല്ലാം വിഷയങ്ങൾ അടങ്ങിയിരിക്കണമെന്നും അദ്ദേഹം നിർണ്ണയിച്ചു; പ്രാചീന കേരളചരിത്രത്തെ പരാമർശിക്കുന്ന ലേഖനങ്ങളാണ് അദ്ദേഹം പ്രായേണ എഴുതിവന്നതു്. രസികരഞ്ജിനിയിലെ "തൃക്കണാമതിലകം" മങ്ഗളോദയത്തിലെ "വെള്ള" മുതാലായ ഉപന്യാസങ്ങൾ അദ്ദേഹത്തിന് ആ വഴി ലഭിച്ചിട്ടുള്ള അഗാധമായ വിജ്ഞാനത്തിന്റെ നിദർശനങ്ങളായിരുന്നു. 1078-ൽ ശങ്കുണ്ണിക്കു തമ്പുരാൻ ഗവേഷണസംബന്ധമായി ഒരു കത്തെഴുതീട്ടുണ്ട്. അതിൽപ്പെട്ടതാണ് ചുവടേ കുറിക്കുന്ന ശ്ലോകങ്ങൾ.

"എന്നാൽച്ചരിത്രവിഷയത്തിൽ നമുക്കു ലക്ഷ്യം
നന്നായ്ത്തിരഞ്ഞു പല വൃദ്ധഗൃഹങ്ങൾ തോറും
തന്നാൽപ്പെടുന്നപടി പിട്ടുപറഞ്ഞിളക്കു;
തന്നാൽപ്പെരുത്തുഗുണമാം കിടയായ്കിൽ വേണ്ടാ.

കുറ്റുള്ളിലുള്ളൊരു ഭവാൻ തരമൊടു തെക്കും-
കൂറിള്ളിളാപതിഗൃഹത്തിലുമൊന്നു ചെല്ലൂ
പേരുള്ള വല്ല വരിയോല കിടക്കുമെങ്കിൽ-
പ്പോരുള്ള കാലവിഷയത്തെളിവിന്നുകൊള്ളാം.

നേരായിണങ്ങി, യതുപോലൊരു പോക്കു ദേവ-
നാരയണപ്രഭുഗൃഹത്തിലുമൊത്തവണ്ണം
ആരാൽ നടത്തുകയി! 'ഭട്ടതിരി' സ്ഥലത്തു-
മാരാഞ്ഞുനോക്കുക, കിടച്ചതു ലാഭമല്ലേ?

കേട്ടുള്ളവണ്ണമിവർ നമ്മുടെ കൊച്ചി-കോഴി-
ക്കോട്ടുള്ള മന്നവൻ നടത്തിയ പോർക്കളത്തിൽ
പെട്ടുള്ള യോഗ്യർ നിയതം പഴമയ്ക്കു ചേർച്ച-
പെട്ടുള്ള വല്ല കഥയും കിടയാതെയാമോ?

ഇടപ്രഭുക്കൾക്കുടയോരു വീട്ടിൽ-
പ്പിടപ്പുഴക്കുത്തു പിടിച്ച മട്ടിൽ
കിടപ്പതാം ഗ്രന്ഥവരിക്കുറിപ്പു
കിടപ്പതിന്നങ്ങു തുനിഞ്ഞിരിപ്പൂ".

എന്തൊരു സർവങ്കഷമായ സദുപദേശം!

## ഉപസംഹാരം

അങ്ങനെയെല്ലാമായിരുന്നു കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സർവതോമുഖമായ സാഹിതീവ്യവസായം, ജീവിതത്തിന്റെ അസ്ഥിരതയെപ്പറ്റി അറിവില്ലാത്ത ഒരാളല്ലായിരുന്നു അദ്ദേഹം. 1068-ൽ ശങ്കുണ്ണിക്കയച്ച അധോലിഖിതമായ പദ്യം അതിന്നു സാക്ഷ്യം വഹിക്കുന്നു.

"ഞാനോ മാനിനിമാർക്കു മന്മഥനഹോ
 ശാസ്ത്രത്തിലെന്നോടെതി-
ർപ്പാനോ പാരിലൊരുത്തനില്ല; കവിത-
 യ്ക്കൊന്നാമനാകുന്നു ഞാൻ;
താനോരോന്നിവയോർത്തുകൊണ്ടു ഞെളിയേ-
 ണ്ടെൻചിത്തമേ, നിശ്ചയം
താനോ ജീവനൊരസ്ഥിരത്വമതിനാൽ
 നിസ്സാരമാണൊക്കെയും".

എന്നു് ആ മഹാത്മാവു ഗാനം ചെയ്തു. മരണത്തെക്കുറിച്ചു തന്നെ അദ്ദേഹം ഒരവസരത്തിൽ വികാരോത്തേജകമായ ഒരു വിംശതി നിർമ്മിച്ചിട്ടുണ്ടു്. അതിലെ ചരമശ്ലോകം അടിയിൽ ചേർക്കുന്നതാണു്.

"മൂഢന്നും പണ്ഡിതന്നും പെരിയ ധനികനും
 പിച്ചതെണ്ടുന്നവന്നും

പ്രൗഢന്നും പ്രാകൃതന്നും പ്രഭുവിനിടയന്നും
    കണ്ട നായ്ക്കും നരിയ്ക്കും
ബാഢം വ്യാപിക്കുമാറായ്പ്പകലുമിരവിലും
    ലോകമോർക്കാതെ മായാ-
ഗൂഢക്കയ്യാൽ മയക്കും മഹിതമരണമേ!
    നിന്റെ ഘോഷം വിശേഷം”.

നിസ്സങ്ഗനും നിർല്ലേപനുമായ ഒരു ഋഷികല്പന്റെ നിലയിലാണ് അദ്ദേഹം ലോകയാത്ര ചെയ്തതു്. മൂർത്തിമത്തായ ഉത്സാഹം എന്ന് ആ കവികുലഗുരുവിനെ വർണ്ണിക്കാം. ഇന്നു നാം കാണുന്ന ഭാഷാഗദ്യത്തിന്റെ അടിസ്ഥാനം ഉറപ്പിച്ചതു വലിയകോയിത്തമ്പുരാനാണെങ്കിൽ പദ്യത്തിന്റെ അസ്തിവാരം ബലപ്പെടുത്തിയതു കുഞ്ഞിക്കുട്ടൻതമ്പുരാനുമാണ്. അവരെ വിസ്മരിക്കുന്ന ആധുനിക സാഹിത്യകാരന്മാർ തല മറന്ന് എണ്ണതേയ്ക്കുകയാണ് ചെയ്യുന്നതു്.

# 50

# കേരളവർമ്മ വലിയകോയിത്തമ്പുരാൻ

## (1020—1090)

"യന്മാതാപിതരൗ തു കേരളധരാവിഖ്യാതവിദ്യാധരൗ;
ലക്ഷ്മീര്യസ്യ വശംവദാ വിജയതേ ശ്രീവഞ്ചിസാമ്രാജ്യഭൃഃ;
കീർത്തിഃ കേരളവർമ്മണോസ്യ കവിതാശ്രീകല്പവല്ലീഫലാ-
സ്വാദാവിഷ്കൃതസൗമനസ്യമഹസഃ കേനൈവ നാകർണ്ണിതാ?"
(മാനവിക്രമ ഏട്ടൻതമ്പുരാൻ)

### ഉപക്രമം

ആധുനിക സാഹിത്യചക്രവർത്തിയായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സഹസ്രമുഖമായ സരസ്വതീസേവനത്തെപ്പറ്റി പ്രസ്താവിക്കുന്നതിനുള്ള അവസരം ഇപ്പോൾ സന്നിഹിതമായിരിക്കുന്നു. അൻപതു കൊല്ലത്തിലധികം കാലം അവിടുന്നു ഗൈർവാണിയേയും കൈരളിയേയും അത്യുത്ഭുതമായ ഭക്തിയോടും ശ്രദ്ധയോടും കൂടി സജീവമായി ആരാധിച്ചു. ഇന്നു ഭാഷാസാഹിത്യത്തിനു സിദ്ധിച്ചു കാണുന്ന സമുൽക്കർഷത്തിനു പ്രധാനമായ നിദാനം ആ അവതാര പുരുഷന്റെ അനുസ്യൂതവും അനന്യസാധ്യവുമായ പ്രയത്നമാണ്. "പൂർവാപരൗ വാരിനിധീ വഗാഹ്യ" എന്നു കാളിദാസൻ പറയുന്നതുപോലെ പതിനൊന്നാം ശതകത്തിന്റെ പൂർവാർദ്ധത്തിലും ഉത്തരാർദ്ധത്തിലും അവിടുത്തെ അനുഗ്രഹം കേരളീയർക്കു ലഭിച്ചു. അത്തരത്തിൽ ഒരു പരമോപകർത്താവിനെ കേരള സാഹിത്യം അതിനു മുൻപും പിൻപും ഒരിക്കലും നിരീക്ഷിച്ചിട്ടില്ല.

### കുടുംബം

തെക്കേ മലബാറിൽ പരപ്പൂർ എന്ന പേരിൽ പ്രാചീനമായ ഒരു രാജകുടുംബമുണ്ട്. ആ കുടുംബത്തിന്റെ രണ്ടു ശാഖകളാണ് വേപ്പൂരും (ബേപ്പൂർ) പരപ്പനാടും. വേപ്പൂർ ശാഖയിൽനിന്നു പിരിഞ്ഞുപോന്നവരാണ് കിളിമാനൂർ കോയിത്തമ്പുരാക്കന്മാർ. ചങ്ങനാശ്ശേരി കോയിത്തമ്പുരാക്കന്മാർ പരപ്പനാട്ടുശാഖയിൽപ്പെട്ടവരാണ്. ആ ശാഖയ്ക്ക് ആലിയക്കോടെന്ന പേരിലായിരുന്നു ആദ്യകാലത്തു തിരുവിതാംകൂറിൽ പ്രശസ്തി. 941-ൽ ഹൈദർഅലി ആക്രമിച്ച കാലത്ത് ആ ശാഖയിലെ കുഞ്ഞിക്കുട്ടിത്തമ്പുരാട്ടി തന്റെ അഞ്ചു സ്ത്രീസന്താനങ്ങളോടു കൂടി ധർമ്മരാജാവിനെ അഭ

യംപ്രാപിച്ച തിരുവനന്തപുരത്തു താമസിച്ചു. 960-ൽ മൂത്ത മകൾ ഇട്ടോട്ടിയമ്മയും കുഞ്ഞുങ്ങളും മാവേലിക്കര കണ്ടിയൂരിൽ മാറിപ്പാർക്കുകയും 982-ൽ ഗ്രാമത്തിൽ ക്കൊട്ടാരം പണികഴിച്ച് അവിടെ താമസം തുടങ്ങുകയും ചെയ്തു. രണ്ടാമത്തെ മകൾ ഇട്ടിയങ്കളയമ്മ അവരുടെ സന്തനങ്ങളോടുകൂടി 969-ൽ തിരുവല്ലാ പാലിയക്കരക്കൊട്ടാരത്തിലേക്കു താമസം മാറ്റി. മൂന്നാമത്തെ മകൾ ഞാഞ്ഞിയമ്മയും കുട്ടികളും 973 മുതൽ ജ്യേഷ്ഠത്തിയോടൊന്നിച്ച പാലിയക്കരക്കൊട്ടാരത്തിൽത്തന്നെ പാർത്തുതുടങ്ങി. നാലാമത്തെ മകൾ ആനിയമ്മയും സന്താനങ്ങളും 970 മുതൽ കോട്ടയം പള്ളത്തു സർക്കാർവക എടത്തിൽ താമസിച്ചു. അഞ്ചാമത്തെ മകൾ ഇഞ്ഞഞ്ഞിയമ്മയേയും സന്താനങ്ങളേയും ധർമ്മരാജാവു് പണ്ടു തെക്കുംകൂർ രാജാക്കന്മാരുടെ വാസസ്ഥാനമായിരുന്ന ചങ്ങനാശ്ശേരി നീരാഴിക്കെട്ടുകൊട്ടാരത്തിൽ പ്രതിഷ്ഠിച്ചു. ആ ഉപശാഖയാണ് ചങ്ങനാശ്ശേരി കോയിത്തമ്പുരാക്കന്മാരുടെ കുടുംബം. അച്ഛൻകോയിത്തമ്പുരാനു വേണ്ടി അവിടുത്തെ പ്രിയപത്നിയായ റാണി ഗൗരിലക്ഷ്മീബായി 987-ൽ പണിയിച്ചുകൊടുത്തതാണ് ലക്ഷ്മീപുരത്തുകൊട്ടാരം എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. നീരാഴിക്കെട്ടിൽനിന്ന് ആ കുടുംബം അപ്പോൾ അങ്ങോട്ടു മാറി. ടിപ്പുവിന്റെ ചേലക്കലാപത്തിനു ശേഷം ബ്രിട്ടീഷുകാർ മലബാർ പിടിച്ചടക്കി അവിടത്തെ രാജാക്കന്മാരെയെല്ലാം മാലിഖാൻ കൊടുത്തു പിരിച്ചുവിട്ടു ഭരണാധികാരം കരസ്ഥമാക്കി. അതിനാൽ പരപ്പനാട്ടുനിന്നു തിരുവിതാംകൂറിലേക്കു പോന്ന ശാഖോപശാഖകൾ അങ്ങോട്ടു മടങ്ങിയില്ല. ചിലർ പരപ്പനാട്ടു വല്ലൂർ പുതിയകോവിലകത്തു താമസിച്ചിരുന്നു.ആ ഉപശാഖയിൽ സന്തതിവിച്ഛേദം വരുമെന്നു കണ്ടപ്പോൾ, 994-ാമാണ്ടു ലക്ഷ്മീപുരത്തുനിന്നു രണ്ടു സ്ത്രീകളേയും മൂന്നു പുരുഷന്മാരേയും അവിടത്തേക്കു ദത്തെടുത്തു. അവരിൽ ഒരാളൊഴിച്ചു ശേഷം നാലുപേർ 1005-ൽ അവിടെ നിന്നു പരപ്പനാട്ടെ മറ്റൊരു ഉപശാഖയായ കുറിയിടത്തു കോയിക്കലും ദത്തുകേറി. അങ്ങനെ ചങ്ങനാശ്ശേരിക്കുടുംബത്തിലേക്കു പരപ്പനാട്ടെ ദേശാധിപത്യവും വസ്തുവകകളും മാലിഖാനും കിട്ടി. നീരാഴിക്കെട്ടുകൊട്ടാരത്തിൽ താമസിച്ചിരുന്ന തമ്പുരാട്ടിക്ക് അച്ഛൻകോയിത്തമ്പുരാൻ, കൊച്ചപ്പൻകോയിത്തമ്പുരാൻ, ചെറുണ്ണികോയിത്തമ്പുരാൻ എന്നീ മൂന്നു പുത്രന്മാരും ഒരു പുത്രിയുമായിരുന്നു സന്താനങ്ങൾ. ആ പുത്രിക്കു ലക്ഷ്മി, കുഞ്ഞിക്കുട്ടി, കുഞ്ഞി എന്നു മൂന്നു പുത്രിമാരും, ഇത്തമ്മർ എന്നൊരു പുത്രനുമുണ്ടായിരുന്നു. കുഞ്ഞിത്തമ്പുരാട്ടി പ്രസവിച്ചില്ല. അച്ഛൻകോയിത്തമ്പുരാനും മറ്റും കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയുടെ ശാഖയിൽപ്പെട്ടവരായിരുന്നു. ലക്ഷ്മിത്തമ്പുരാട്ടിയുടെ ശാഖയിൽപ്പെട്ടയാളാണ് ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ പിതാവും വലിയകോയിത്തമ്പുരാന്റെ മാതുലനുമായ രാജരാജവർമ്മകോയിത്തമ്പുരാൻ.

## ജനനം

കേരളവർമ്മ വലിയകോയിത്തമ്പുരാൻ ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ വടക്കേത്തളത്തിൽ 1020-ാമാണ്ടു കുംഭമാസം 10-ാംനു പൂയം നക്ഷത്രത്തിൽ ജനിച്ചു. "രാമവർമ്മാ" എന്നായിരുന്നു ആചാര്യദത്തമായ നാമധേയം. രാജരാജവർമ്മ കോയിത്തമ്പുരാന്റെ നേരേ സഹോദാരിയായിരുന്നു മഹാകവിയുടെ മാതാവായ ദേവ്യംബ (ദേവിയമ്മ). ആ തമ്പുരാട്ടിക്ക് ഇട്ടിയങ്കള എന്ന് ഒരു ഓമനപ്പേരുണ്ടായിരുന്നു. ആ തമ്പുരാട്ടി 999-ാമാണ്ടു കന്നിമാസത്തിൽ പൂരംനക്ഷത്രത്തിൽ ജനിച്ചു. ബാല്യത്തിൽ സംസ്കൃതം അഭ്യസിച്ച് ഇതിഹാസപുരാണങ്ങളിൽ വൈദൂഷ്യം നേടി. പന്ത്രണ്ടാമത്തെ വയസ്സിൽ തളിപ്പറമ്പു മുല്ലപ്പള്ളി നാരായണൻനമ്പൂതിരിയുടെ പത്നിയായി. അദ്ദേഹം

ശ്രുതിസ്മൃതികളിലും ജ്യോതിഷത്തിലും വിഷവൈദ്യത്തിലും അഭിജ്ഞനായിരുന്നു. സീമന്തപുത്രനായ രാജരാജവർമ്മ (ചെറുണ്ണി) കോയിത്തമ്പുരാനെ 1013-ാമാണ്ടു തുലാമാസം 9-ാംനു- മകംനക്ഷത്രത്തിൽ പ്രസവിച്ചു. അഭിനവവാഗ്ഭടൻ എന്ന ബിരുദത്താൽ പില്ക്കാലത്തു വിശ്രുതനായിത്തീർന്ന അദ്ദേഹത്തെക്കുറിച്ച് ഉപരി പ്രസ്താവിക്കും. അവിടുത്തെ കനിഷ്ഠസഹോദരനാണ് കേരളവർമ്മദേവൻ. അവിടുത്തെ കനിഷ്ഠസഹോദരനായ രാജരാജവർമ്മകോയിത്തമ്പുരാൻ ഇംഗ്ലീഷിലും, അദ്ദേഹത്തിന്റെ അനുജനായ രവിവർമ്മകോയിത്തമ്പുരാൻ സംസ്കൃതത്തിലും—പ്രത്യേകിച്ചു വ്യാകരണത്തിൽ—നിപുണന്മാരായിരുന്നു.

## പ്രാഥമികവിദ്യാഭ്യാസം

കേരളവർമ്മദേവൻ ബാല്യത്തിൽ കുലഗുരുവായ തിരുവാർപ്പിൽ രാമവാരിയരോടു സംസ്കൃതത്തിൽ പ്രാഥമികപാഠങ്ങൾ അഭ്യസിച്ചു. ഒൻപതാമത്തെ വയസ്സുവരെ ആ അഭ്യസനം അങ്ങനെ തുടർന്നു. കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയുടെ പുത്രൻ രാമവർമ്മ കോയിത്തമ്പുരാൻ അവിടുത്തെ സതീർത്ഥ്യനായിരുന്നു. അദ്ദേഹമാണ് പരപ്പനാട്ടു രാമവർമ്മത്തമ്പുരാൻ എന്ന പേരിൽ അനന്തരകാലത്തിൽ പ്രസിദ്ധനായിത്തീർന്നത്. ആ തമ്പുരാന്റെ ജനനം 1018-ാമാണ്ട് ഇടവമാസത്തിലാണ്. നമ്മുടെ കഥാനായകന്റെ വിദ്യാഭ്യാസത്തിലും സ്വഭാവസംസ്കരണത്തിലും മാതാപിതാക്കന്മാരുടെ ശ്രദ്ധ സവിശേഷമായി പതിഞ്ഞിരുന്നു. മാതാവിനെ ഹംസമദൂതവം ആട്ടക്കഥയുടെ ഉപോൽഘാതത്തിൽ മഹാകവി ഇങ്ങനെ വർണ്ണനം ചെയ്യുന്നു.

> "വിരക്തിമാർഗ്ഗേ ഹൃദയം തതാന യാ
> സമസ്തസൗഭാഗ്യസമൃദ്ധിമത്യപി
> അനന്യനാരീസുലഭോല്ലസദ്ഗുണാ
> ദദാതു മാതാ മമ സാപ്യനുഗ്രഹം."

കൈരളീപ്രശസ്തിയിൽ

> "ഭൂപത്വമാർന്നിതരരുള്ളവർതൻകുലത്തിൽ
> ദീപങ്ങളായവതരിച്ചൊരു നാരിമാരിൽ
> പാപപ്രസംഗമണയാത്ത മദീയമാതാ
> ശ്രീപർപ്പരാജ്ഞി വിദുഷീമണിമൗലിയത്രേ"

എന്നും അവിടുന്ന് ആ സുപരിചിതയെ സ്തുതിച്ചിട്ടുണ്ട്.

പിതൃവന്ദനമാണ് ചുവടെ ചേർക്കുന്നത്. അതും ഹംസമദൂതവത്തിലുള്ള ഒരു ശ്ലോകംതന്നെ.

> "യഃ പ്രേയാൻ ജനകോ മമാഖിലജനശ്ലാഘാസ്പദം സമ്പദം
> സർവാം ബിഭ്രദപി പ്രരൂഢപരമജ്ഞാനോദയാനന്ദഥുഃ
> ഹിത്വാ ദന്തുരകർമ്മസന്തതിമഭൂൽ കർമ്മന്ദിവൃന്ദാരകോ
> വന്ദേ കന്ദവിഹാരമന്ദിരപതിം തം ഭൂമിവൃന്ദാരകം."

## മാതുലനും ഭാഗിനേയനും

തിരുവനന്തപുരത്തു ലക്ഷ്മീറാണിയുടെ ഭർത്താവായിരുന്ന ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാനെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചതുശ്ശാസ്ത്രപണ്ഡിതനായ അദ്ദേഹം 1025-ൽ ത്തന്നെ കഥാനായകന്റെ ജ്യേഷ്ഠനായ ചെറുണ്ണി കോ

യിത്തമ്പുരാനെ തന്റെ വാസസ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി സംസ്കൃതത്തിൽ ഉൽഗ്രന്ഥങ്ങൾ പഠിപ്പിച്ചു. അതോടുകൂടി ഇംഗ്ലീഷ്, വൈദ്യം, സങ്ഗീതം എന്നീ വിഷയങ്ങളിലും അദ്ദേഹം അവഗാഹം നേടി. മഹാകവി അദ്ദേഹത്തെ

> "കവികുലമഹനീയോ ഭൂണഭാഷാരഹസ്യം
> പണിനജമുനിതന്ത്രം സാധുസങ്ഗീതതീരം
> ബഹുഫലകരമായുർവേദശാസ്ത്രഞ്ച വിദ്വാൻ
> ജയന്തി മമ മഹാത്മാ സോദരോ രാജരാജഃ"

എന്നു മേൽസ്മരിച്ച ഉപോദ്ഘാതത്തിൽ പ്രശംസിച്ചിരിക്കുന്നു. ആ മാതുലന്റെ അന്തേവാസിയായിത്തീരുന്നതിനുള്ള ഭാഗ്യം 1030-ാമാണ്ടു കന്നിമാസത്തിൽ അവിടുത്തേക്കും സിദ്ധിച്ചു. ആ കൊല്ലത്തെ വിദ്യാരംഭദിനത്തിൽ പ്രസ്തുത ഗുരുശിഷ്യബന്ധം ആരംഭിച്ചു. അവിടെവെച്ച് ആദ്യമായി പഠിച്ച ഗ്രന്ഥം കിരാതാർജ്ജുനീയമാണ്. 1033-ാമാണ്ടു കന്നിമാസം 11-ാംനു 22-ാമത്തെ വയസ്സിൽ നാടുനീങ്ങിയ തന്റെ പ്രിയപത്നിയെ ഗുരുനാഥൻ 1034 മീനമാസത്തിൽ അനുഗമിക്കുകയാൽ നാലരക്കൊല്ലമേ ആ ഛാത്രത്വം നീണ്ടുനിന്നുള്ളുവെങ്കിലും അപ്പോഴേക്കു കേരളവർമ്മദേവൻ പല വിഷയങ്ങളിലും—പ്രത്യേകിച്ചു വ്യാകരണത്തിൽ—പ്രശംസാപരിധിയെ അതിലംഘിക്കുന്ന പാണ്ഡിത്യം സമ്പാദിച്ചുകഴിഞ്ഞിരുന്നു. വെളുപ്പാൻകാലത്തു നാലുമണി മുതൽ രാത്രി പത്തുമണിവരെയായിരുന്നു പഠിത്തം. സംസ്കൃതത്തോടുകൂടി ഇംഗ്ലീഷും, വൈദ്യവും, സങ്ഗീതവും അക്കാലത്തുതന്നെ അവിടുന്നും അഭ്യസിച്ചുതുടങ്ങി. മാതുലന്റെ പേരിൽ മരുമകനുള്ള ഭക്തിപ്രകർഷത്തെ അവിടുന്നു തന്റെ പല ആദ്യകാലകൃതികളിലും പ്രകീർത്തിച്ചിട്ടുണ്ട്. ഹനുമദുത്ഭവത്തിന്റെ പ്രാരംഭത്തിൽ കാണുന്ന "അജ്ഞാനസ്ഫുരൽ" എന്ന ശ്ലോകം അന്യത്ര ഉദ്ധരിച്ചിട്ടുണ്ടല്ലോ. 1036-ൽ രചിച്ച തിരുനാൾപ്രബന്ധത്തിലും 1041-ൽ ഉണ്ടാക്കിയ നക്ഷത്ര മാലയിലും "ശ്രീമന്മാതുലരാജരാജകരുണാസാരസ്ഫുരത്സാഹിതീ വൈചക്ഷണ്യതൃണാങ്കുരേണ" എന്നും 1043-ൽ നിർമ്മിച്ച ശൃംങ്ഗാരമഞ്ജരീഭാണത്തിൽ "നിജമാതുലസ്യ വിബുധരാജരാജശേഖരസ്യ രാജരാജവർമ്മണഃ കരുണാസാരൈസ്സമുല്ലസിത കവിതാബാലവല്ലരീകേണ" എന്നും അവിടുന്നു തന്നെപ്പറ്റി പ്രശ്രയാവനതനായി പ്രസ്താവിച്ചുകാണുന്നു.

## വലിയ കോയിത്തമ്പുരാൻ

ലക്ഷ്മീറാണിയുടെ സ്വർഗ്ഗാരോഹണത്തോടുകൂടി തിരുവിതാംകൂർ രാജകുടുംബത്തിൽ സ്ത്രീകൾ ഇല്ലാതെയായിത്തീരുകയാൽ ഉത്രംതിരുനാൾ മഹാരാജാവ് 1033-ാമാണ്ടു ധനുമാസം 8-ാംനു മാവേലിക്കരക്കൊട്ടാരത്തിൽനിന്നു രണ്ടു രാജകുമാരിമാരെ ദത്തെടുത്തു. അവരിൽ ജ്യേഷ്ഠസഹോദരിയായ റാണി ലക്ഷ്മീബായി ആറ്റുങ്ങൽ മൂത്തതമ്പുരാനെ കഥാനായകൻ 1034-ാമാണ്ടു മേടമാസം 13-ാംനു പള്ളിക്കെട്ടുകഴിച്ച് 'വലിയ കോയിത്തമ്പുരാൻ' എന്ന മഹനീയ പദവിയിൽ ആരൂഢനായി. സർവാങ്ഗസുന്ദരിയും സൽഗുണ സമ്പന്നയും സങ്ഗീതാദികലാഭിജ്ഞയുമായ ആ മഹാരാജകുമാരിയ്ക്കു സകലപുരുഷസിദ്ധികളുടേയും സങ്കേതസൗധവും സാഹിതീപാരദൃശ്വാവുമായ ഒരു വീരക്ഷത്രിയകുമാരനെ ഭർത്താവായി ലഭിക്കുക എന്നുള്ളതിനേക്കാൾ എന്തൊരു സൌഭാഗ്യമാണ് കൈവരാനുള്ളത്? അതുപോലെ തന്നെ മറിച്ചും. മാതുലന്റെ തദ്വിഷയകമായ ചരമപ്രാർത്ഥന മാത്രമല്ല അവിടത്തെക്കൊണ്ടു ലക്ഷ്മീരാജ്ഞിയെ വിവാഹംചെയ്യിക്കുന്ന വിഷയത്തിൽ മഹാരാജാവിനു

പ്രേരകമായി ഭവിച്ചതു്. ആ ആകാരസൗഷ്ഠവം, ആ മേധാബലം, ആ വൈദുഷ്യപ്രകർഷം, ആ സൗശീല്യസമ്പത്തു് ഇത്യാദി മനോവാക്കായശക്തികൾ അവിടുത്തേയ്ക്കു മറ്റൊരു രാജകുമാരനിൽ സമീക്ഷിക്കുവാൻ ശക്യമായിരുന്നില്ല. ദ്വിതീയാശ്രമപ്രവേശംകൊണ്ടു കേരളവർമ്മദേവന്റെ ജ്ഞാനം ശിഥിലീഭവിക്കുന്നതിനു പകരം ദ്വിഗുണീഭവിക്കുകയാണു് ചെയ്തതു്.

## ഉപരി ശാസ്ത്രാഭ്യാസം

ഉത്രംതിരുനാൾ മഹാരാജാവിന്റെയും ആയില്യം തിരുനാൾ മഹാരാജാവിന്റെയും കാലത്തു തിരുവനന്തപുരത്തെ വിദ്വത്സദസ്സ് ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടുവന്നിരുന്നു. ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ ഉത്രം തിരുനാൾ മഹാരാജാവിന്റെ രാജ്യഭരണദശയിൽ ആ സദസ്സിനെ അലങ്കരിച്ചിരുന്ന ചില പണ്ഡിത പ്രവേകന്മാരെപ്പറ്റി കീർത്തിവിലാസചമ്പുവിൽ വർണ്ണിക്കുന്നുണ്ടെന്നു ഞാൻ മറ്റൊരവസരത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. കഥാനായകൻ അവരിൽ സുബ്ബാദീക്ഷിതർ, ശീനു അയ്യങ്കാർശാസ്ത്രികൾ ഇവരിൽനിന്നു വ്യാകരണശാസ്ത്രവും, പണ്ഡിതർ രാമ സ്വാമി ശാസ്ത്രികളിൽനിന്നു തർക്കശാസ്ത്രവും, ഇലത്തൂർ രാമസ്വാമിശാസ്ത്രികളിൽനിന്നു വേദാന്തശാസ്ത്രവും അഭ്യസിച്ചു. ആദ്യത്തെ മൂന്നു ചതുശ്ശാസ്ത്രപണ്ഡിതന്മാരേയും പറ്റി ഇലത്തൂർ കീർത്തിവിലാസത്തിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

> "സ്നാനം പാതഞ്ജലാബ്ധൗ വിദധദവിരതം
> മന്ദയൻ മന്ദരാദ്രിം
> ശേഷാശേഷാസ്യനിര്യദ്ഭണിതിനിപുണവാ-
> ഗ്വാദസങ്ഗ്രാമകാലേ
> ഗങ്ഗാഭങ്ഗാഭിരാമാതുലവിശദയശാഃ
> സാർവവൈദ്യാഗ്രയായീ
> ധാത്രീരാത്രീശ്വരസ്യാഭജത മണിസഭാം
> സുബ്ബയാഖ്യോ ബുധേന്ദ്രഃ."
>
> (സുബ്ബാസീക്ഷിതർ)

> "പ്രാണാഃ കാണാദവാണീദൃഷദുപനിഷദാം
> വാദയുദ്ധേ ബുധാനാം
> വേലാദോലായമാനാംബുധിവിമലതര-
> ങ്ഗാഭവാഗ്ഢോരണീകഃ
> വേഗാദാഗാദഗാധാഗമജലധിമഹാ-
> മന്ദരോദാരബുദ്ധി-
> ഗ്ഗോത്രാഗോത്രാരിഗോഷ്ഠിം ചടുകൃതിചതുരഃ
> ശ്രീനിവാസഃ കവീന്ദ്രഃ."
>
> (ശീനു അയ്യങ്കാർശാസ്ത്രികൾ)

> "ഘോടീധാടീപടീയഃപ്രവചനഗഹനൈഃ
> കർക്കശൈസ്തർക്കജാലൈ-
> സ്സർവം ഖർവം പ്രകുർവൻ സദസി ബഹുവിദാം
> വാദിനാം വാദകേള്യാം
> ക്ഷീരാംഭോരാശിവീചീചയവിമലയശഃ-
> പ്രാപിതാശാവകാശോ

രാമസ്വാമീതി വിത്തോ ഭജത നൃപസഭം
മണ്ഡിതം പണ്ഡിതാനാം."

(പണ്ഡിതർ രാമസ്വാമിശാസ്ത്രികൾ)

ഇലത്തൂർ തന്നെപ്പറ്റി വിവരിയ്ക്കുന്ന "പാടീരദ്രവസിക്ത" എന്ന ശ്ലോകം മുൻപു് ഉദ്ധരിച്ചിട്ടുള്ളതാണ്. ശീനുഅയ്യങ്കാർ ശാസ്ത്രികളുടെ പ്രധാനശാസ്ത്രം തർക്കമായിരുന്നു എങ്കിലും കേരളവർമ്മദേവൻ അദ്ദേഹത്തിൽനിന്നു് അഭ്യസിച്ചതു വ്യാകരണം തന്നെയായിരുന്നു. വേദാന്തത്തിനു പുറമേ സാഹിത്യവിഷയത്തിലും അവിടത്തേക്കു ഗുരുനാഥനായിരുന്നതു് ഇലത്തൂർ ഗോമതീദാസനാണ്. "ബ്രഹ്മവിദ്യോപദേഷ്ടാരം സ്വസ്യസാഹിത്യദേശികം" എന്നു് അദ്ദേഹത്തെ വിശാഖവിജയം ചതുർത്ഥസർഗ്ഗത്തിൽ മഹാകവി ഉപശ്ലോകനംചെയ്യുന്നു. യൗവനത്തിൽത്തന്നെ അവിടുന്നു പരാശ്ക്തിയുടെ ഉപാസകനായി; ആ വിഷയത്തിലും അവിടത്തെ സമ്പ്രദായഗുരു ഇലത്തൂരായിരുന്നു. ത്രിശത്യന്തരത്തിന്റെ ആരംഭത്തിൽ സപത്നീകനായ ആ ഗുരുവിനെ

"മദനാനന്ദനാഥായ കരവൈ ഗുരുവേ നമഃ
മോദിന്യംബാസമേതായ മോഹാന്ധതമസച്ഛിദേ"

എന്ന ശ്ലോകത്തിൽ വന്ദിക്കുന്നു. മദനാനന്ദനാഥനെന്നും മോദിന്യംബ എന്നുമുള്ള സംജ്ഞകൾ ശാക്തസമ്പ്രദായസിദ്ധങ്ങളായിരുന്നു.

## ഇതരഭാഷാഭ്യാസം

കേരളവർമ്മദേവനെ തിരുവനന്തപുരത്തുവെച്ചു് ആദ്യമായി ഇംഗ്ലീഷ് അഭ്യസിപ്പിച്ചതു മാതുലൻ തന്നെയാണ്. അക്കാലത്തെ ഡർബാർ ഫിസിഷണരായിരുന്ന ഡോക്ടർ വെയറിങ്ങായിരുന്നു പിന്നത്തെ ഗുരുനാഥൻ. ഒടുവിൽ മാധവരായർദിവാൻജിയുടെ അനന്തരവനായ അണ്ണാജിരായരും കുറെക്കാലം പഠിപ്പിച്ചു. എങ്കിലും രാജധാനിയിൽ യൂറോപ്യന്മാരുമായുള്ള ഗാഢസമ്പർക്കവും, ആയില്യംതിരുനാൾ മഹാരാജാവിന്റെ അനുജൻ വിശാഖംതിരുനാൾ ഇളയതമ്പുരാനും മാധവരായർ ദിവാൻജിയുമായുള്ള സന്തതസാഹചര്യവും സർവോപരി നിയതമായ സ്വപ്രയത്നവും തന്നെയാണ് അവിടത്തേക്കു് ആ ഭാഷയിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം നേടുവാൻ കാരണഭൂതമായതു്. ഭാരതീയഭാഷകളിൽ സംസ്കൃതത്തിനും മലയാളത്തിനും പുറമേ, ഹിന്ദുസ്ഥാനിയിലും തമിഴിലും നിഷ്കൃഷ്ടവും, തെലുങ്കിലും മഹാരാഷ്ട്രയിലും മറ്റും പ്രായോഗികവുമായ ജ്ഞാനം കൂടി അവിടുന്നു സമ്പാദിച്ചു.

## സംഗീതം

വലിയ കോയിത്തമ്പുരാൻ നിസ്തന്ദ്രമായ സാധനകൊണ്ടു വീണവായനയിലും വിദഗ്ദ്ധനായിത്തീർന്നു. ആ കലയിൽ അവിടുത്തെ ആദ്യകാലത്തെ ഗുരു ജ്യേഷ്ഠൻ തന്നെയായിരുന്നു. 1036-ാമാണ്ടിടയ്ക്കു് ആസ്ഥാനവിദ്വാനായ വെങ്കടാദ്രിഭാഗവതരുടെ അന്തേവാസിത്വം സ്വീകരിച്ചു.കാലാന്തരത്തിൽ കല്യാണകൃഷ്ണഭാഗവതർ ആസ്ഥാനത്തിൽ ഉപവിഷ്ടനായി. എങ്കിലും ആ വിഷയത്തിൽ അവിടത്തെ പ്രധാനാചാര്യ പ്രേയസിയായ റാണി ലക്ഷ്മീബായിതന്നെയായിരുന്നു. അതിനു പകരം അവിടുന്നു പ്രേയസിയെ സാഹിത്യത്തിൽ നിപുണയാക്കി. എന്തൊരു ഹൃദയംഗമമായ വിദ്യാ വിനിമയം! വീണാവാദനം അവിടുന്നു യാവജ്ജീവം ഒരു നിത്യകർമ്മം പോലെ സമയം തെറ്റാതെ ആചരിച്ചുപോന്നു.

## മറ്റു വ്യാപാരങ്ങൾ

കായികാഭ്യാസങ്ങളിലും മഹാ കവി നിരന്തരമായി ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരുന്നു. മല്ലയുദ്ധം, കുതിരസ്സവാരി, ആയുധപ്രയോഗം, മൃഗയാവിനോദം, ചതുരംഗക്രീഡ തുടങ്ങിയ വിനോദവിഷയങ്ങളിൽ അവിടുന്നു ദിവസംതോറും പരിശീലനം ചെയ്തു. ലക്ഷ്യവേധത്തിൽ അവിടത്തെ വൈദഗ്ദ്ധ്യം അദ്വിതീയമായിരുന്നു. നളികപ്രയോഗവിദ്യയിൽ പല രഹസ്യങ്ങളും കിളിമാനൂർ ഗോദവർമ്മ കോയിത്തമ്പുരാൻ, കുഞ്ഞുണ്ണികോയിത്തമ്പുരാൻ എന്നീ ആചാര്യന്മാരിൽനിന്നു ഗ്രഹിച്ചു. കട്ടുതുടിയേറ്റു മുതലായ മറ്റു ചില വിദ്യകളിലും അവിടുന്നു സമർത്ഥനായിരുന്നു.

## ആദ്യത്തെ സംസ്കൃതകൃതി

വലിയകോയിത്തമ്പുരാന്റെ പ്രധാന സംസ്കൃതകൃതികളുടെ ഗണനയിൽ ആദ്യത്തേതെന്നു പറയേണ്ടതു തിരുനാൾ പ്രബന്ധത്തെയാണ്. 1036-ാമാണ്ടു മീനമാസത്തിൽ ആയില്യം തിരുനാൾ മഹാരാജാവു് സിംഹാസനാരൂഢനായതിനുമേലുള്ള അവിടുത്തെ പ്രഥമ ജന്മർക്ഷം ആഘോഷിക്കേണ്ട അവസരം നേരിട്ടു. അക്കാലത്തു കഥാപുരുഷനു പതിനാറുവയസ്സുമാത്രമേ തികഞ്ഞിരുന്നുള്ളു. പന്തളത്തു പാർവതീപുരത്തു രേവതിതിരുനാൾ കേരളവർമ്മത്തമ്പുരാനോടു് താനും ആ വിഷയത്തെക്കുറിച്ചു് ഒരു പ്രബന്ധം രചിച്ചിട്ടുണ്ടെന്നു നേരമ്പോക്കായി പറഞ്ഞവാക്കുസത്യാപനം ചെയ്യുന്നതിന് ഒരു ദിവസം രാത്രിയിൽ മൂന്നു നാലു മണിക്കൂർകൊണ്ടു് അറുപത്തഞ്ചു പദ്യങ്ങളും ഒൻപതു ഗദ്യങ്ങളും ഘടിപ്പിച്ചു രചിച്ചതാണ് പ്രസ്തുത കൃതി. അവിടുന്ന് ആ നിമിഷകൃതിയിൽ കേരളവർമ്മദേവൻ വശ്യവാക്കുകളായ മഹാകവികൾക്കും പ്രക്രിയാമർമ്മജ്ഞന്മാരായ വൈയാകരണന്മാർക്കും അലഭ്യമായ ഒരു മഹോന്നത പദവി അതിനു മുൻപുതന്നെ സ്വാധീനമാക്കിക്കഴിഞ്ഞിരുന്നതായി തെളിയിക്കുന്നു.

> “ദൃപ്യൽപ്രത്യർത്ഥിപൃഥ്വീപരിവൃഢമദസ-
>     ന്ദോഹനീഹാരധാരാ-
> സംഹാരാർക്കപ്രകാശായിതബഹളഭുജാ-
>     ഗൗരവാടോപശാലീ
> ക്ഷീരാംഭോരാശിവീചീവിസൃമരകരുണാ-
>     തുന്ദിലാപാംഗവീക്ഷാ-
> മധുര്യോദ്രേകദൂരീകൃതനതകദനോ
>     രാജതേ രാമരാജഃ”

എന്നും

> “വൈമാനികാധിപതിധാമാ മനോജ്ഞഗുണധാമാ ഖിലാംബുജമുഖീ-
> കാമാർത്തിദായകനികാമാഭിരാമരുചിസീമാതിമോഹനതനുഃ
> ശ്രീമാനമേയതരഭൂമാ സമേത്യ ഖലു രാമാലയം രഘുപതിം
> ശ്യാമാബ്ദസുന്ദരമഥാമാനുഗൈരപി നനാമാവനീപരി വൃഢഃ”

എന്നും ഷോഡശവയസ്കനായ ഒരു ബാലൻ അതിനുമുൻപ് എപ്പോഴെങ്കിലും എഴുതീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽത്തന്നെ ദ്രുത കവനസംരംഭത്തിൽ അതു സാധ്യമാണോ എന്നും ഏതു സഹൃദയനും സംശയിക്കാവുന്നതാണ്. അത്രയ്ക്കുണ്ടു് ആ പദ്യങ്ങളുടെ—എന്തിനു പറയുന്നു? ആ ചമ്പുവിന്റെ—രാമണീയകം. എന്താണ് ഈ അത്ഭുതത്തിന്റെ രഹസ്യം? മഹാപുരുഷന്മാരായ ചിലർ ഭൂമിയിൽ അപൂർവമായി അങ്ങിങ്ങവതരിക്കാറുണ്ടു്. പ്രാഗ്ജന്മങ്ങളിൽ സമാർജ്ജിച്ച പരിപൂർണ്ണമായ

വിദ്യാസംസ്കാരത്തോടുകൂടി ജനിക്കുന്ന അവർക്കു "സ്ഥിരോപദേശാമുപദേശകാലേ പ്രപേദിരേ പ്രാക്തനജന്മവിദ്യാ:" എന്നു കാളിദാസൻ പാർവതീദേവിയെപ്പറ്റി പറയുന്നമാതിരി, ആചാര്യന്റെ സാമീപ്യത്തേയോ സകൃൽപ്രവചനത്തേയോ മാത്രം നിമിത്തീകരിച്ചു സകലസിദ്ധികളും ഉത്തരക്ഷണത്തിൽ ഉന്മീലനം ചെയ്യുന്നു.

## ആയില്യംതിരുനാൾ മഹാരാജാവും വലിയ കോയിത്തമ്പുരാനും—പൂർവ്വദശ

ആയില്യം തിരുനാൾ മഹാരാജാവിന്റെ അനേകമുഖമായ അഭിജ്ഞതയെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവിടത്തേക്കു കഥാപുരുഷന്റെ പേരിൽ ആദികാലത്ത് അത്യന്തം സ്നേഹബഹുമാനങ്ങളുണ്ടായിരുന്നു. മഹാരാജാവു് അവിടത്തെ വശ്യവചസ്ത്വം പല അവസരങ്ങളിലും നിഷ്ക്കൃഷ്ടമായി പരിശോധിച്ചു തൃപ്തിപ്പെടുകയുണ്ടായിട്ടുണ്ട്. ഒരിയ്ക്കൽ കടപ്പുറത്തു സവാരി എഴുന്നള്ളിയെ അവസരത്തിൽ അവിടുന്നു വലിയകോയിത്തമ്പുരാനെ ശംഖിൻ മുഖത്തു മണൽക്കുന്നിനു സമീപം ഒരു ചണ്ടിക്കുതിരയുടെ പുറത്തു കയറ്റി ഒരു മൈൽമാത്രമകലെയുള്ള സമുദ്രതീരത്തിൽ തൻതന്റെ സാറട്ടുവണ്ടിയിൽ എത്തുന്നതിനുമുൻപു സമുദ്രവർണ്ണനരൂപത്തിൽ രണ്ടു ശ്ലോകങ്ങൾ നിർമ്മിച്ചു തന്നെ ചൊല്ലിക്കേൾപ്പിക്കണമെന്നാജ്ഞാപിച്ചു. അന്നു മഹാകവിക്ക് ഇരുപത്തിമൂന്നു വയസ്സിനുമേൽ കഴിഞ്ഞിരുന്നില്ല. എങ്കിലും മഹാരാജാവിന്റെ ആ അഗ്നിപരീക്ഷയിൽ അവിടുന്ന് ഉത്തീർണ്ണനാകുകതന്നെ ചെയ്തു. താഴെക്കാണുന്നവയാണ് ആ ശ്ലോകങ്ങൾ.

"സംക്ഷുഭ്യന്മാരുതാനർത്തിതതരളതരോ-
ത്തുംഗവിഭ്രാജമാന-
ഭ്രാമ്യൽകല്ലോലപാളീ വലയിതശഫരീ-
ജാലഹേലാജഡാലഃ
തീരാന്തശ്രാന്തമീനപ്രവരകളകള-
പ്രോല്ലസന്മന്ദ്രനാദ-
പ്രേംഖദ്വീചിച്ഛടാശീകരനികരസമു-
ദ്ഭാസമുദ്രസ്സമുദ്രഃ."

"ഝംഝാമാരുതപൂർണ്ണഗർഭബഹളപ്രേംഖോളശംഖാവലീ-
ഝങ്കാരദ്വിഗുണീകൃതാരവമഹാകല്ലോലഹല്ലോഹലഃ
രന്ധ്രാലോകിവലത്തിമിംഗലഗിലപ്രേക്ഷാഭയാകമ്പിത-
ഭ്രാമ്യന്മദ്ഗുരപോതവല്ഗിതശതൈരുജ്ജാഗരസ്സാഗരഃ"

അനുലോമവും പ്രതിലോമവുമായി വായിച്ചാൽ യഥാക്രമം ദേവീപരവും മഹാരാജപരവുമായ അർത്ഥം ലഭിക്കുന്ന അധോലിഖിതമായ ശ്ലോകവും ആയിടയ്ക്കുതന്നെ രണ്ടു മണിക്കൂർകൊണ്ടു മഹാരാജാവിന്റെ കല്പനയ്ക്കു വഴിപ്പെട്ടു രചിച്ചു.

"ധീരാനുത്യാസമഗ്രാമയനിവഹഭിദ-
സ്താപനിഷ്ടാനദീനോ-
ച്ചാലോകശ്രീസമസ്താഘനദയഹരിരി-
ഷ്ടാദ്ദുരന്തായജാരാ
ഹീനാരിർഘോരദുശ്ചാരഹതിരതിഗരി-

ഷ്ഠാനിരസ്ത്ഥാനയോമാ
താപാനര്യാവിഹന്താമദപരംഹതചി-
ന്താമനസ്ഥാവരാസാ”

1043-ൽ രചിച്ച ശൃംഗാരമഞ്ജരീഭാണത്തിൽ മേലുദ്ധരിച്ച സമുദ്രശ്ലോകങ്ങളും 1044-ൽ രചിച്ച ചിത്രശ്ലോകാവലിയിൽ ‘ധീരാനത്യാ’ ദിപദ്യവും ചേർത്തുകാണുന്നു. വലിയകോയിത്തമ്പുരാൻ ആ രണ്ടു കൃതികൾക്കും തിരുനാൾപ്രബന്ധത്തിനും പുറമേ നക്ഷത്രമാല, തുലാഭാരശതകം, പാദാരവിന്ദശതകം എന്നു മൂന്നു കാവ്യങ്ങൾകൂടി നിർമ്മിച്ച് അടിയറവച്ചു തന്റെ സുദൃഢമായ സ്വാമിഭക്തി പദേ പദേ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. സഹൃദയധുരീണനായ മഹാരാജാവു് അവയെ അംഗീകരിച്ചു മഹാകവിയെ ഉചിതങ്ങളായ സമ്മാനങ്ങൾകൊണ്ടു പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

## മഹാരാജാവിന്റെ ചില ആനുകൂല്യങ്ങൾ

ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ 1034-നുമേലുണ്ടായ കുടുംബഛിദ്രംനിമിത്തം മാതാവും സന്താനങ്ങളും അവിടെനിന്നു മാറിത്താമസിക്കേണ്ടതായിവന്നു. ഭർത്താവായ മുല്ലപ്പള്ളിനമ്പൂരി 1037-ൽ കാശിയിൽപ്പോയി അവിടെ സന്യാസാശ്രമം സ്വീകരിച്ചു കുറേക്കാലം വേദാന്തവിചാരത്തിൽ നിമഗ്നനായി 1043-ാമാണ്ടു ബ്രഹ്മജ്യോതിസ്സിൽ വിലയം പ്രാപിച്ചു. 1040-ാമാണ്ടു വലിയകോയിത്തമ്പുരാന്റെ കുടുംബം കാർത്തികപ്പള്ളീക്കോയിക്കൽ താമസം തുടങ്ങി. 1046-ൽ അതിനടുത്തുതന്നെ സുപ്രസിദ്ധമായ അനന്തപുരത്തുകൊട്ടാരം പണിയിച്ചപ്പോൾ അങ്ങോട്ടേക്കു മാറി. അങ്ങനെ ആ ഛിദ്രം അവസാനിച്ചു. അതിനെല്ലാം കാരണം മഹാരാജാവിന്റെ കാരുണ്യപാത്രമായ മഹാകവിയുടെ ജ്യേഷ്ഠന്റെ നയകോവിദതയും കർമ്മകുശലതയുമായിരുന്നു. അദ്ദേഹം കുടുംബഭരണക്ലേശം വഹിച്ചതുകൊണ്ടു് അവിടത്തേക്കു് ആ കാര്യത്തിൽ അധികമൊന്നും ശ്രദ്ധിക്കേണ്ടിവന്നില്ല. വിശാഖം തിരുനാൾ ഇളയതമ്പുരാന്റേയും മാധവരായൻ ദിവാൻജിയുടേയും പ്രാണസുഹൃത്തായിരുന്നു വലിയ കോയിത്തമ്പുരാൻ എന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. മഹാരാജാവിനോടൊപ്പം ഇളയതമ്പുരാന്നും മാധവരായർക്കും ഭാഷാഗദ്യസരണി പരിഷ്കരിച്ചു വിപുലീകരിക്കുന്നതിനു് ഏറ്റവും ഔത്സുക്യമുണ്ടായിരുന്നു. താൻ പുത്തനായി 1041-ാമാണ്ടു സ്ഥാപിച്ച മലയാളം പള്ളിക്കൂടങ്ങളുടെ ആവശ്യത്തിലേക്കു വേണ്ട ഗദ്യപുസ്തകങ്ങൾ രചിക്കുന്നതിനു മാധവരായർ 1042-ാമാണ്ടു ഒരധ്യക്ഷനും മൂന്നങ്ഗങ്ങളുമടങ്ങിയ ഒരു സമിതിയെ സംഘടിപ്പിച്ചു. അതിൽ ആദ്യം ഒരംങ്ഗമായി അവിടുന്നുകൂടി നിയമിതനാകുവാനുള്ള കാരണം അധ്യക്ഷനായ അണ്ണാജിയർക്കു ഇംഗ്ലീഷും മറ്റു രണ്ടങ്ഗങ്ങളായ സുബ്ബാദീക്ഷിതർക്കും കോളേജ് മുൻഷി രാമൻതമ്പിക്കും യഥാക്രമം സംസ്കൃതവും മലയാളവും മാത്രമേ പരിചയം ഉണ്ടായിരുന്നുള്ളു എന്നുള്ളതാണ്. കേവലം നാലുപേരിൽ ഒരാൾക്കുമാത്രമായിരുന്ന അവിടുത്തേക്കുതന്നെയാണ് തന്നിമിത്തം കമ്മിറ്റിയുടെ ആവിർഭാവംമുതല്ക്കു സ്വയം പുസ്തകങ്ങൾ നിർമ്മിക്കുകയും, ചിലപ്പോൾ മറ്റുള്ളവരെക്കൊണ്ടു നാമമാത്രമായി എഴുതിച്ച് അവയുടെ അലകും പിടിയും മറ്റി മുദ്രാപണാർഹമാക്കുകയും ചെയ്യേണ്ടി വന്നതു്. 1039-ൽ ഒന്നാമത്തെ ഭാഷാകൃതിയായ ഹനുമദുത്ഭവം കഥകളി അവിടുന്നു രചിച്ചു; അതു പദ്യ്സാഹിത്യശാഖയിലാണല്ലോ ഉൾപ്പെടുന്നതു്. തിരുവനന്തപുരത്തു മലയാളം പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിയപ്പോൾ വിശാഖംതിരുനാളോടൊപ്പം വലിയകോയിത്തമ്പുരാനും അവിടങ്ങളിൽ പോയി പ്രസങ്ഗങ്ങൾ ചെയ്തുവന്നു. 1042-ൽ ഗദ്യപുസ്തകരചന തന്റെ പ്രഥമകർത്തവ്യങ്ങളിൽ ഒന്നായി അവിടുന്നു കരുതി അതിലേക്കു സ്ഥിരപ്രയത്നം ചെയ്തുതുടങ്ങി.

1043-ൽ അവിടുന്നു രചിച്ച സന്മാർഗ്ഗസംഗ്രഹവും വിജ്ഞാനമഞ്ജരിയും ഭാഷാ വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്നതായി കാണുന്നു. ആ കൊല്ലം കർക്കടകമാസം 15-ാംനു അവിടുന്നു കമ്മിറ്റിയുടെ അധ്യക്ഷനായി. ധനതത്വനിരൂപണം, രണ്ടാം പാഠം, മൂന്നാംപാഠം ഇവയെല്ലാം 1043-നു മുമ്പ് അച്ചടിപ്പിച്ചുകഴിഞ്ഞിരുന്നു. 1048 ചിങ്ങം 24-ാംനു വരെയേ മഹാകവി ആ സ്ഥാനത്തിലിരുന്നുള്ളു. 1048-ൽ മാധവരായർ ഇംഗ്ലീഷിൽ എഴുതിയ തിരുവിതാംകൂർ ചരിത്രത്തിന്റെ തർജ്ജമയും 1049-ൽ ഇൻഡ്യാചരിത്രവും പ്രസിദ്ധീകരിച്ചു.

## ആയില്യംതിരുനാൾ മഹാരാജാവും, വലിയ കോയിത്തമ്പുരാനും—ഉത്തരദശ

അങ്ങനെ ഒരു വ്യാഴവട്ടക്കാലം കേരളവർമ്മദേവന് അഭിജ്ഞാഗ്രിമനായ വഞ്ചീശ്വരന്റെ ആദരാതിശയം; ആ തിരുമേനിയുടെ സഹൃദയധുരീണനായ കനിഷ്ഠഭ്രാതാവിന്റെ സൗഹാർദ്ദപാരമ്യം; സകലകലാകശലയായ പ്രിയതമയുടെ സരസപരിചരണം; സർവതന്ത്രസ്വതന്ത്രന്മാരും കവികൂടസ്ഥന്മാരുമായ നിരവധി സരസ്വതീദാസന്മാരുടെ നിത്യസമ്പർക്കം; സമുന്നതമായ സ്ഥാനത്തിന് അനുഗുണമായ സൽക്കീർത്തിസിദ്ധി-എന്നുവേണ്ട, ഉത്ഥാനശീലനായ ഒരു പുരുഷനു സ്പൃഹണീയങ്ങളായി ലോകത്തിൽ ഏതെല്ലാം വസ്തുക്കളുണ്ടോ അവയെല്ലാം യൗവനത്തിൽ ത്തന്നെ അധീനങ്ങളായിത്തീർന്നു. അക്കാലത്തു് “കേരളത്തിൽ ആരാണ് അത്യന്തം ഭാഗ്യവാൻ?” എന്ന ചോദ്യത്തിനു “കേരളവർമ്മ വലിയകോയിത്തമ്പുരാൻ” എന്നല്ലാതെ ആർക്കും ഉത്തരം പറയുവാൻ തോന്നുമായിരുന്നില്ല. അവിടത്തെ ജീവിതത്തിലെ പ്രഥമഘട്ടം അങ്ങനെ കഴിഞ്ഞു. അടുത്തതു ദ്വിതീയഘട്ടമാണ്.

### വിധിവൈപരീത്യം

കാലം മാറി; കാർമേഘപടലങ്ങൾകൊണ്ടു് അന്തരീക്ഷം ഇരുണ്ടു. 1048-ാമാണ്ടു ധനുമാസം 6-ാംനു മഹാരാജാവു് ദീർഘമായ ഭാരതപര്യടനം കഴിഞ്ഞു വലിയ കോയിത്തമ്പുരാനോടൊന്നിച്ചു രാജധാനിയിൽ തിരിച്ചെഴുന്നള്ളി. മഹാരാജാവിനു കുറേക്കാലമായി മാധവരായരോടുള്ള നീരസം വർദ്ധിച്ചുവരികയായിരുന്നു. അതിന്റെ ഫലമായി അദ്ദേഹം 1047-ാമാണ്ടു മേടം 31-ാംനു ഉദ്യോഗത്തിൽ തിന്നൊഴിഞ്ഞു. ഇടവം 10-ാംനു ശേഷയ്യശാസ്ത്രികൾ ദിവാൻജിയായി. ശേഷയ്യശാസ്ത്രികൾ മാധവരായരുടെ സഹപാഠിയും സുഹൃത്തുമായിരുന്നു. മാധവരായർക്കും വിശാഖം തിരുനാൾ തമ്പുരാനും, വലിയകോയിത്തമ്പുരാനും തമ്മിലുള്ള സൗഭ്രാത്രനിർവിശേഷമായ സൗഹാർദ്ദപ്രകർഷം അനുവാചകന്മാർ ഓർമ്മിക്കുമല്ലോ. ആയില്യംതിരുനാൾ മഹാരാജാവിന്റെ രാജ്യഭാരത്തിലെ ഉത്തരഭാഗം പൂർവഭാഗത്തെപ്പോലെ അനവദ്യമായിരുന്നില്ല; ശേഷയ്യശാസ്ത്രികൾ തിരുമനസ്സിലെ പല ആജ്ഞകളും അനുവർത്തിക്കുവാൻ വിസമ്മതിച്ചു. 1048-ൽത്തന്നെ അവിടുത്തേക്കു മഹാകവിയുടെ പേരിൽ രസക്ഷയം അങ്കുരിച്ചു കഴിഞ്ഞിരുന്നു. അവർ മൂന്നുപേരും തന്റെ ശത്രുക്കളും തനിക്കെതിരായി തിരുവനന്തപുരത്തു സംഘടിപ്പിച്ചിരുന്ന ഒരു പ്രബലമായ ഉപജാപകസംഘത്തിന്റെ നേതാക്കന്മാരുമാണെന്നു മഹാരാജാവു തെറ്റിദ്ധരിച്ചു. വിശ്വവിദിതനായ വിശാഖം തിരുനാളിന്റേയോ ബ്രിട്ടീഷ് ഗവൺമെന്റിന്റേയോ നേർക്കു തന്റെ ക്രോധം ഫലിക്കുകയില്ലെന്നു ബുദ്ധിശാലിയായ അവിടുത്തേക്ക് അറിവുണ്ടായിരുന്നു. തന്നിമിത്തം താരതമ്യേന അശരണനായ വലിയകോയിത്തമ്പുരാനെ ലക്ഷ്യമാക്കി അവിടത്തെ വൈര നിര്യാതനാസക്തി അതിന്റെ പ്രചണ്ഡരൂപ

ത്തിൽ പാഞ്ഞു. ഉദാത്തമായ സൗഹാർദ്ദം ഉൽക്കടമായ വിദ്വേഷമായി രൂപം മാറി, എന്തിനു വളരെ? 1050-ാമാണ്ടു കർക്കടമാസം 21-ാമാണ്ടു കർക്കടകമാസം 21-ാം നു മഹാരാജാവു അവിടുത്തെ രാജദ്രോഹക്കുറ്റം ചുമത്തി ബന്ധനസ്ഥനാക്കി ആലപ്പുഴക്കൊട്ടാരത്തിൽ താമസിപ്പിച്ചി പതിനഞ്ചുമാസത്തേയ്ക്കു നീണ്ടുനിന്ന ആ കാരാഗൃഹത്തിലെ ഏകാന്തവാസത്തിനു മേൽ 1052-ാമാണ്ടു വൃശ്ചികമാസത്തിൽ അരിപ്പാട്ടു സ്വഗൃഹത്തിൽപ്പോയി താമസിച്ചുകൊള്ളുവാൻ കല്പനകിട്ടി. അങ്ങനെ അവിടുത്തെ ബന്ദിശാല അല്പംകൂടി വിശാലമായി. അവിടെ താമസിക്കുമ്പോളാണ് സാഹിത്യമാർഗ്ഗത്തിൽക്കൂടി ആ ഏകശാസകനെ ഉപസർപ്പണംചെയ്തു കാരുണ്യപ്രാർത്ഥനമൂലം അവിടുത്തെ അശ്മഹൃദയത്തെ അലിയിച്ചു ബന്ധവിമോചനം സമ്പാദിക്കാമെന്നുള്ള പ്രത്യാശയിൽ ക്ഷമാപണസഹസ്രം എന്ന കരുണാമയമായ കാവ്യതല്ലജം രചിച്ചു കഥാനായകൻ മഹാരാജസന്നിധിയിലേയ്ക്ക് അയച്ചുകൊടുത്തതു്. അവിടുത്തെ കവിതയുടെ ശക്തിയെപ്പറ്റി നല്ല അറിവുണ്ടായിരുന്ന മഹാരാജാവാകട്ടെ അതിൽ ആദ്യത്തെ രണ്ടു മൂന്നു ശ്ലോകങ്ങൾക്കപ്പുറം അതു വായിച്ചുനോക്കിയതുപോലുമില്ല. ആ പരിദേവനം ഫലശൂന്യമെന്നു കണ്ടപ്പോൾ ശ്രീപത്മനാഭനോടായി അവിടുത്തെ ആക്രന്ദനം. ശത്രുസംഹാരസാധകങ്ങളെന്നു തനിക്കു തോന്നിയ വിവിധസ്തോത്രങ്ങൾ അവിടുന്നു് ആ അവസരത്തിൽ നിർമ്മിച്ചിട്ടുള്ളവയിൽ അഗ്രപൂജയ്ക്ക് അർഹമായിട്ടുള്ളതു് യമപ്രണാമശതകമാണ്.

## അരിപ്പാട്ടെ ഇതരകൃത്യങ്ങൾ

കഥാപുരുഷൻ അസ്വതന്ത്രനായി അരിപ്പാട്ടു താമസിക്കുമ്പോൾ കാവ്യരചനയിൽ മാത്രമല്ല വ്യാപൃതനായിരുന്നതു്. സംസ്കൃതഗ്രന്ഥങ്ങൾ മനോഹരമായ സ്വന്തം കയ്പടയിൽ പകർത്തുക എന്നതു് അവിടുത്തേക്കു ബാല്യംമുതല്ക്കുതന്നെ പ്രിയമായ ഒരു സാഹിത്യവ്യവസായമായിരുന്നു. ആ പരിപാടി ഉപസ്ഥിതിക്കു വളരെ പ്രയോജനപ്പെട്ടുന്നതാണെന്നു പറയേണ്ടതില്ലല്ലോ. 1053-ാമാണ്ടു ധനുമാസം ഒടുവിലത്തെ ദിവസം മേല്പത്തൂർ ഭട്ടതിരിയുടെ പ്രക്രിയാസർവസ്വം പകർത്തിത്തുടങ്ങുകയും അതിൽ അങ്ങിങ്ങു ചില പംക്തികൾക്ക് ഒരു ലഘുടിപ്പണി രചിക്കുകയും ചെയ്തു. 1057-ൽ വേമഭൂപാലചരിതം, നവസാഹസാങ്കചരിതം എന്നീ ഗദ്യപദ്യകാവ്യങ്ങൾ തിരുവനന്തപുരത്തു തിരിയെപ്പോയതിനുമേലും ലേഖനം ചെയ്തതായി കാണുന്നു. 1058-ൽ ധാതുകാവ്യം, ശബ്ദകൗസ്തുഭം മുതലായ ഗ്രന്ഥങ്ങളും പകർത്തി. ബന്ധനത്തിനുമുൻപു തിരുവനന്തപുരത്തുവെച്ചു ചിലരെ സംസ്കൃതത്തിൽ ശാസ്ത്രഗ്രന്ഥങ്ങൾ അവിടുന്നു പഠിപ്പിക്കാറുണ്ടായിരുന്നു. അരിപ്പാട്ടുവച്ചു തന്റെ പ്രിയഭാഗിനേയനായ കൊച്ചപ്പക്കോയിത്തമ്പുരാൻ (ഏ. ആർ. രാജരാജവർമ്മ), തുറവൂർ നാരായണശാസ്ത്രികൾ, അനുജൻ രവിവർമ്മകോയിത്തമ്പുരാൻ മുതലായവരെ വ്യാകരണം അഭ്യസിപ്പിച്ചു. അവരെല്ലാം പിൽക്കാലത്തു മഹാവൈയാകരണന്മാരായിത്തീരുകയും രാജരാജവർമ്മ കോയിത്തമ്പുരാൻ പിൽക്കാലത്തു പ്രൊഫസറായി സംസ്കൃതത്തിലും ഭാഷയിലും മഹനീയങ്ങളായ പല ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. മഹാമേധാവിയായ ആ ഭാഗിനേയനെ അവിടുന്നു സംസ്കൃതത്തിനുപുറമേ ഇംഗ്ലീഷിലും പഠിപ്പിച്ചു. ഈ ദ്വിതീയഘട്ടത്തിൽനിന്നു് ഇനി നമുക്ക് തൃതീയഘട്ടത്തിലേയ്ക്കു നീങ്ങാം.

## തിരിയെ തിരുവനന്തപുരത്ത്

1055-ാമാണ്ടു് ഇടവമാസം 19-ാംനു ആയില്യം തിരുനാൾ മഹാരാജാവു നാടുനീങ്ങി. ആ മാസം 31-ാംനു വിശാഖംതിരുനാൾ ഇളയ തമ്പുരാൻ സിംഹാസനാരോഹണം

ചെയ്തു. അതിനുമുൻപു തന്നെ അവിടുന്നു വലിയ കോയിത്തമ്പുരാനെ തിരുവനന്ത പുരത്തേക്കു ആനയിച്ചുകഴിഞ്ഞിരുന്നു. താൻ പകർത്തിയെഴുതിയ പ്രക്രിയാസർവ സ്വം അവിടുത്തേക്ക് 1056-ാമാണ്ടു അടിയറ വച്ചപ്പോൾ

> "യസ്യോച്ചൈർദ്ദയയൈവദുർഗ്ഗതിമയസ്തീർണ്ണോമയാർണ്ണോനിധി-
> സ്തൂർണ്ണം പൂർണ്ണമനോരഥേന ച പുനർല്ലബ്ധാഗതിഃ ശ്രേയസീ"

എന്നു കഥാനായകൻ ആ അനുഗ്രഹത്തെ സ്മരിച്ചിട്ടുണ്ട്. മഹാരാജാവും 1065-ാമാണ്ട് അവിടത്തേക്കു മദിരാശി വിശ്വവിദ്യാലയത്തിൽനിന്ന് എഫ്.എം.യു.എന്ന സ്ഥാനം നല്കിയപ്പോൾ

> "ന കേവലം മോചിതവാൻ ഗ്രാഹഗ്രസ്തമിഭം ഹരിഃ
> നിരുപാധികൃപാപൂർണ്ണസ്സാരൂപ്യമപി ദത്തവാൻ"

എന്നു തനിക്ക് ആ വിഷയത്തിലുണ്ടായിരുന്ന പങ്കിനെപ്പറ്റി സൗഹാർദപുരസ്സരം അറിയിച്ചിട്ടുണ്ട്. മഹാരാജാവിന് അതിനു മുൻപുതന്നെ ആ ബഹുമതി ലഭിച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അങ്ങനെ കഥാപുരുഷന്റെ പതീവിരഹദുഃഖം അവസാ നിച്ചു. തന്റെ ബഹിശ്ചരപ്രാണനായ വിശാഖം തിരുനാൾ മഹാരാജാവിന്റെ സഹ വാസസൗഖ്യം വീണ്ടും ലബ്ധമായി. 1056-ാമാണ്ടു കുംഭമാസം 25-ാംനു സി. ഐ. എന്ന ബിരുദം ഭാരതചക്രവർത്തിനി പ്രേയസിക്കു സമ്മാനിച്ചു. എങ്കിലും അതി നുമുൻപുണ്ടായ വിധിയുടെ കഠിനപ്രഹരം അവിടുത്തേക്ക് അനുനിമിഷം മർമ്മഭേദ കമായിത്തന്നെ അവശേഷിച്ചു. ബന്ധനത്തിനുമുൻപു ജീവിച്ച ആനന്ദമയനെയല്ല, ആതങ്കമയനായ മറ്റൊരു പുരുഷനെയാണ് ബന്ധമോക്ഷം ലഭിച്ച അവസരത്തിൽ ലോകം കണ്ടതു്. "തേജോവധഃ പ്രാണവധാദ്ഗരീയാൻ" എന്നുണ്ടല്ലോ.

## വീണ്ടും ബുക്കുകമ്മിറ്റി

1049-ാമാണ്ടുമുതൽ മൃതപ്രായമായിക്കഴിഞ്ഞിരുന്ന ബുക്കുകമ്മിറ്റിയെ മഹാരാജാവു സമുദ്ധരിച്ചു വലിയ കോയിത്തമ്പുരാനെ വീണ്ടും അതിന്റെ അദ്ധ്യക്ഷനായി നിയമി ച്ചു. പിന്നെയും പല നല്ല ഗദ്യപുസ്തകങ്ങൾ അവിടുന്ന് ആ നിലയിൽ ഇരുന്നുകൊണ്ടു രചിച്ചു പ്രസിദ്ധീകരിച്ചു. അക്ബർ, മഹച്ചരിതസംഗ്രഹം എന്നീരണ്ടു പ്രധാന ഗ്ര ന്ഥങ്ങളുടെ നിർമ്മിതി അക്കാലത്താരംഭിച്ചതാണ്. സന്മാർഗ്ഗവിവരണം, സന്മാർ ഗ്ഗപ്രദീപം, ലോകത്തിന്റെ ശൈശവാവസ്ഥ മുതലായ പുസ്തകങ്ങൾ ആ ഘട്ടത്തിൽ നിർമ്മിതങ്ങളായി. ആദ്യത്തെ രണ്ടു ഗ്രന്ഥങ്ങളും മഹാരാജാവിന്റെ പ്രത്യേകമായ അഭിലാഷമനുസരിച്ചാണ് എഴുതിയതു്. വോൺലീംബർഗ്ഗ്ബ്രൗവർ എന്ന ഡച്ചുകാ രൻ 'അക്ബർ ക്രി.പി. 1872-ൽ ഡച്ചുഭാഷയിൽ രചിച്ചു; അതിന്റെ ഒരു ആംഗലേയ ഭാഷാനുവാദം 1879-ൽ പുറപ്പെട്ടു. പ്രസ്തുത ഗ്രന്ഥം മഹാരാജാവു 1880 ജൂലൈ 5-ാംനു "ആ ആഖ്യായിക മുഴുവൻതന്നെ ഭാഷാന്തരീകരിക്കത്തക്ക യോഗ്യതയുള്ളതാകു ന്നു" എന്ന അഭിപ്രായത്തോടുകൂടി വലിയകോയിത്തമ്പുരാന് അയച്ചുകൊടുത്തു. 1057-ാമാണ്ട് അവിടുന്ന് ആ തർജ്ജമ ആരംഭിച്ചു. എങ്കിലും ഇടയ്ക്കുവെച്ച് ആ പ്ര യത്നം മുടങ്ങിപ്പോയി. പിന്നീട് 1069-ാമാണ്ടാണ് അതു മുഴുവനാക്കി അച്ചടിപ്പിച്ചതു്. മഹച്ചരിതസംഗ്രഹം മോണ്ഡർ (Maunder) സായിപ്പിന്റെ മഹച്ചരിതഭണ്ഡാഗാരം (Treasury of Biography) എന്നവിശിഷ്ടപുസ്തകത്തിലടങ്ങിയവയും അതിൽ ഉൾപ്പെടാത്തവയുമായ അനേകം മഹച്ചരിത്രങ്ങളുടെ സമുച്ചയമാണ്. അവയിൽ അലക്സാണ്ടർ, ആൽഫ്രഡ്, ആർക്കമീഡസ്, അരിസ്റ്റോട്ടിൽ, ബേക്കൺ എന്നീ

അഞ്ചു മഹാന്മാരുടെ ചരിത്രം തിരുമനസ്സുകൊണ്ടുതന്നെ രചിച്ചതായി മുൻപു പ്ര സ്താവിച്ചിട്ടുണ്ട്. ആ ഗ്രന്ഥം പൂരിപ്പിക്കുവാൻവേണ്ട നിർദ്ദേശങ്ങളോടു കൂടി 1880 ജൂൺ 4-ാംനു ഒരു തിരുവെഴുത്ത് വലിയ കോയിത്തമ്പുരാന്നയച്ചു. കഥാപുരുഷൻ ആ അഞ്ചും താൻ എഴുതിയ ഒൻപതും ചരിത്രങ്ങൾ വിദ്യാവിലാസിനി മാസിക യിൽ പ്രസിദ്ധീകരിച്ചു. ആകെ 107 പേരുടെ ചരിത്രങ്ങൾ പ്രസ്തുത പുസ്തകത്തിൽ ഉൾക്കൊള്ളുന്നുണ്ട്. അവയിൽ 40 എണ്ണം അവിടുന്നുതന്നെ എഴുതിയതും ശേഷ മുള്ളവ ബുക്കുകമ്മിറ്റിയിലെ മറ്റംഗങ്ങളെക്കൊണ്ടു എഴുതിച്ച് അനല്പമായ ശ്രമം ചെയ്തു പരിശോധിച്ചു വാചകരീതിക്ക് ഐകരൂപ്യം വരിത്തീട്ടുള്ളതുമാണ്." 1070-ലായിരുന്നു മഹച്ചരിതസംഗ്രഹത്തിന്റെ പ്രസിദ്ധീകരണം. 1072-ൽ അക്കാലത്തെ ഗവൺമെന്റു ബുക്കുകമ്മിറ്റിയുടെ പ്രവൃത്തി മണ്ഡലം സങ്കുചിതമാക്കി പുതിയ പുസ്തക ങ്ങളുടെ നിർമ്മിതി ആവശ്യമില്ലെന്ന് തീർച്ചപ്പെടുത്തി. 1073-ൽ മറ്റൊരു പദ്ധതി ഉൽ ഘാടിതമായി. എങ്കിലും അതനുസരിച്ചും കാര്യക്ഷമമായ കൈരളീകൈങ്കര്യത്തിനു പറയത്തക്ക സൗകര്യമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും ഏതദ്ദേശീയഭാഷകൾ സംബന്ധിച്ച ഗവൺമെന്റിന്റെ ഉപദേഷ്ടാവ് എന്നൊരു സ്-ഥാനം അവിടുത്തേക്ക് ആജീവനാന്തം നല്കപ്പെട്ടിരുന്നു.

## പദ്യസാഹിത്യം

ഗദ്യസാഹിത്യത്തിൽ മാത്രമല്ല കോയിത്തമ്പുരാൻ അക്കലത്തു പ്രവർത്തിച്ചിരുന്ന ത്. അവിടുത്തെ അതിപ്രധാനകൃതികളിലൊന്നായ വിശാഖവിജയം മഹാകാവ്യം ആരംഭിച്ചതു് അക്കാലത്താണ്. ആദ്യത്തെ പതിന്നാലു സർഗ്ഗങ്ങൾ മാത്രമേ മഹാ രാജാവിന്റെ സ്വർഗ്ഗാരോഹണത്തിനുമുൻപ് പൂർത്തിയായുള്ളു; ശേഷം ആറു സർഗ്ഗ ങ്ങൾ പിന്നീടു എഴുതിച്ചേർത്തതാണ്. കാളിദാസന്റെ അഭിജ്ഞാനശാകുന്തളനാട കം 1056-ാമാണ്ടു മകരം 20-ാം നു തർജ്ജമചെയ്യുവാൻ ആരംഭിച്ചു. കേരളീയ ഭാഷാ ശാകുന്തളം എന്ന പേരിൽ ആ തർജ്ജമ വിദ്യാവിലാസിനിയിൽ ഖണ്ഡശഃ പ്രസി ദ്ധീകരിച്ചു. 1058 തുലാം 20-ാംനു അതു പുസ്തകാകൃതിയിൽ പുറത്തുവന്നു. അനന്തര കാലത്ത് അനവധി നാടകങ്ങൾക്ക് ആ പുസ്തകം മാർഗ്ഗദർശകമായി പരിണമിച്ച എന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ. കേരളമൊട്ടുക്കു പല സ്ഥല ങ്ങളിൽ തിരുവട്ടാർ നാരായണപിള്ള മുതലായ നടപ്രമാണികൾ അത് അഭിനയി ക്കുകയും ചെയ്തു.

## വലിയകൊട്ടാരം ഗ്രന്ഥപ്പുര

സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്തിനുമേൽ വലിയകൊട്ടാരം ഗ്രന്ഥപ്പു രയുടെ പരിഷ്ക്കരണത്തിൽ ശ്രദ്ധ പതിപ്പിച്ചതു വിശാഖം തിരുനാളാണ്. അവിടു ന്നു പണ്ഡിതൈകസാധ്യമായ ആ കർത്തവ്യനിർവഹണത്തിനും കോയിത്തമ്പുരാ നെത്തന്നെ ചുമതലപ്പെടുത്തി. വലിയ കോയിത്തമ്പുരാൻ ഒട്ടു വളരെ ഗ്രന്ഥങ്ങൾ വെളിയിൽനിന്നു സമ്പാദിച്ചും ദ്രവിച്ചു പൊടിയാറായവ പകർത്തിയെഴുതിച്ചും, ചില തെല്ലാം പ്രസിദ്ധീകരിച്ചും അതിന്റെ കാര്യകാരിതയെ പോഷിപ്പിച്ചു സംസ്കൃതത്തിൽ മഹാരാജാവിന്റെ നിർദേശമനുവർത്തിച്ച് ഒരു ലഘുടിപ്പണിയോടുകൂടി ശുകസന്ദേ ശവും, അതുകൂടാതെ മേല്പുത്തൂരിന്റെ മാടരാജപ്രശസ്തിയും, ഭാഷയിൽ രാമപുരത്തു വാരിയരുടെ അഷ്ടപദി, നൈഷധചമ്പു, ഭാരതചമ്പു, ചെല്ലൂർമാഹാത്മ്യം ചമ്പു, രാ മായണചമ്പുവിൽ പല ഭാഗങ്ങൾ ഈ കൃതികളും അവിടുന്ന് ഒരേ കാലത്തു പ്രസി ദ്ധീകരിച്ചിട്ടുണ്ട്. ആയില്യം തിരുനാൾ മഹാരാജാവിന്റെ ഗദ്യകൃതികൾ അച്ചടിപ്പിച്ച

തും അവിടുന്നുതന്നെയാണ്. ഗ്രന്ഥപ്പുരയുടെ പര്യവേക്ഷകത്വം അവിടുന്ന് ആജീവനാന്തം വഹിച്ചുകൊണ്ടിരുന്നു.

## ചില വിയോഗങ്ങൾ

1060-ാമാണ്ടു കർക്കടകം 21-ാംനു മഹാരാജാവു നാടുനീങ്ങി. പിന്നീടു സിംഹാസനാരൂഢനായ ശ്രീമൂലംതിരുനാൾ മഹാരാജാവ് മഹാകവിയുടെ മാതുലപുത്രനാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. ആ മഹാരാജാവും അവിടുത്തെ പേരിൽ സൗഹാർദ്ദാദരങ്ങളോട്ടുകൂടിത്തന്നെയാണ് വർത്തിച്ചുപോന്നത് 1062-ാമാണ്ടു കർക്കടകം 32-ാംനു ഗുരുനാഥനായ ഗോമതീദാസൻ ശിവസായൂജ്യം പ്രാപിച്ചു. ആ രണ്ടു ദാരുണങ്ങളായ വിയോഗങ്ങൾക്കപ്പുറം വിശാഖംതിരുനാൾ മഹാരാജാവിന്റെ വാഴ്ചക്കാലത്തുതന്നെ അവിടുത്തെ മുഖപ്രസാദത്തിന്റെ അടിയിൽ ദൃശ്യമാനമായിരുന്ന മ്ലാനത ഒന്നുകൂടി വർദ്ധിച്ചു. അതിൽപ്പിന്നീട് 1063-ൽ ചെങ്ങന്നൂർ വഞ്ചിപ്പുഴപ്പണ്ടാരത്തിലെ പ്രാർത്ഥനയനുസരിച്ചു ശോണാദ്രീശ സ്തോത്രമല്ലാതെ മറ്റൊരു സംസ്കൃതിയും രചിച്ചില്ല. 1063-ൽ അവിടുത്തെ ഏകസഹോദരിയുടെ ശിശുപ്രായത്തിലുള്ള പുത്രിയും 1065-ൽ ആ സഹോദരിയും മരിച്ചു. തദനന്തരം വ്യസനാക്രാന്തയായ മാതാവ് അനന്തപുരത്തു കൊട്ടാരത്തിനടുത്തുതന്നെ അവിടുത്തെ ആവശ്യത്തിലേക്കു പ്രത്യേകം പണികഴിപ്പിച്ചുകൊടുത്തിരുന്ന ശ്രീമൂലവിലാസം കൊട്ടാരത്തിൽ പ്രത്യേകമായി താമസിച്ചു. ഭഗവദ്ധ്യാനത്തിൽ ലീനയായി കാലയാപനം ചെയ്ത് 1073-ാമാണ്ടു കർക്കിടകം 18-ാംനു ആ മഹതി സ്വർഗ്ഗാരൂഢയായി. ഈ സംഭവങ്ങളെല്ലാം ആനുഷങ്ഗികമായി ഇവിടെ പ്രസ്താവിച്ചു എന്നേയുള്ളു. വാസ്തവത്തിൽ 1063-ൽ ഗുരുനാതന്റെ നിര്യാണത്തിനുമേൽത്തന്നെ കഥാപുരുഷന്റെ ജീവിതത്തിലെ ചതുർത്ഥഘട്ടം ആരംഭിക്കുന്നു.

## സംസ്കൃത പാഠശാല

അത്തരത്തലുള്ള മഹാപുരുഷന്മാർക്കു വിശ്രമത്തിന് ഒരിക്കലും അവസരം കിട്ടുന്നതല്ലല്ലോ. 1064-ൽ തിരുവിതാംകൂറിൽ ഇദംപ്രഥമമായി നിയമ നിർമ്മാണസംവിധാനം ചെയ്തപ്പോൾ അതിലെ ഒരങ്ഗമായി മഹാരാജാവ് അവിടുത്തേയും നിയമിച്ചു. ആ കൊല്ലം മേടമാസം 21-ാംനു തിരുവനന്തപുരത്തു മഹാരാജാവ് ഒരു സംസ്കൃത പാഠശാല സ്ഥാപിച്ച് അതിന്റെ ഭരണാധികാരം വലിയകോയിത്തമ്പുരാനു നല്കി; 1065 കർക്കടകത്തിൽ ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ആ പാഠശാലയുടെ പരിശോധകനായി. വളരെക്കാലം അതിന്റെ ചുമതലകളെല്ലാം വഹിച്ചുവന്നതു കഥാപുരുഷൻതന്നെയായിരുന്നു. പിന്നീട് അവിടത്തെ ആശ്രിതനായ മഹാമഹോപാധ്യായൻ റ്റി. ഗണപതി ശാസ്ത്രികൾ പ്രാചീന സംസ്കൃത ഗ്രന്ഥങ്ങളുടെ പ്രകാശനത്തിനു ഗവർമ്മെന്റിനാൽ നിയുക്തനായപ്പോഴും അതിന്റെ സൂത്രധാരത്വം മുഴുവൻ വഹിച്ചതും അവിടുന്നല്ലതെ മറ്റാരുമായിരുന്നില്ല.

## ഭാഷാപോഷണം

## കണ്ടത്തിൽ വറുഗീസുമാപ്പിള്ള

അക്കാലത്തെ ചില സംഭവവികാസങ്ങൾ വലിയകോയിത്തമ്പുരാനെ തന്റെ ആയുശ്ശേഷം മുഴുവൻ ഭാഷാപോഷണത്തിനു മാത്രമായി വിനിയോഗിക്കുന്നതിനു പ്രേരിപ്പിച്ചു. 1065-ാമാണ്ടു തുലാമാസത്തിൽ കി.പി. അച്യുതമേനോൻ തൃശ്ശൂരിൽ നിന്നു വിദ്യാവിനോദിനി മാസികയും മീനമാസത്തിൽ കണ്ടത്തിൽ വറുഗീസുമാപ്പിള കോട്ടയത്തുനിന്നു മലയാള മനോരമപ്പത്രവും പ്രചരിപ്പിച്ചു തുടങ്ങി. അപ്പോൾ അവയെ

സഹായിക്കേണ്ട ഭാരം വലിയകോയിത്തമ്പുരാന് ഏറ്റെടുക്കാതെ നിവൃത്തിയില്ലെന്നായി. വിശേഷിച്ചും വറുഗീസുമാപ്പിളയും അവിടുന്നുമായി ഗാഢമായ സൗഹാർദ്ദബന്ധം ഉണ്ടായതു ഭാഷയുടെ ബഹുവിധമായ ഉൽക്കർഷത്തിന് അത്യന്തം പ്രയോജകീഭവിച്ചു. 1067-ൽ വറുഗീസുമാപ്പിള കോട്ടയത്ത് ഒരു കവിസമാജം നടത്തുകയും അതിനെത്തുടർന്നു ഭാഷാപോഷിണിസഭ സ്ഥാപിക്കുകയും ചെയ്തു. ആ സഭയുടെ അധ്യക്ഷസ്ഥാനത്തിൽ വലിയ കോയിത്തമ്പുരാൻ ആരൂഢനായി. അതിന്റെ രസനയായ ഭാഷാപോഷിണി എന്ന പത്രഗ്രന്ഥത്തിന്റെ സാഹിത്യനായകനും അവിടുന്നുതന്നെയായിരുന്നു. 1079-ാമാണ്ടു മിഥുനം 13-ാംനു വറുഗീസുമാപ്പിള മരിക്കുന്നതുവരെ എല്ലാ വിദ്യാവിഷയങ്ങളായ പ്രവർത്തനങ്ങളിലും അവിടത്തെ കർമ്മസചിവൻ എന്നു പറയേണ്ടത് അദ്ദേഹത്തെയാണ്. മനോരമയുടെ ആവിർഭാവകാലത്തുതന്നെ അദ്ദേഹം ഒരു കവിതാപംക്തി സംവിധാനം ചെയ്ത് അതിന്റെ പ്രസാധകനായി കൊട്ടാരത്തിൽ ശങ്കുണ്ണിയെ നിയമിച്ചു. ആ വഴിക്കും ഭാഷാപോഷിണിയുടെ വാർഷികസമ്മേളനങ്ങൾ വഴിക്കും ഭാഷാപോഷിണിയുടെ വാർഷികസമ്മേളനങ്ങൾ വഴിക്കും കേരളത്തിന്റെ ഒരറ്റംമുതല്ക്ക മറ്റേയറ്റംവരെയുള്ള വിദ്വാന്മാരും കവികളും സമ്പർക്കം പുലർത്തി. സകല കേരളീയ സാഹിത്യകാരന്മാരും ഒരേ തറവാട്ടിലെ അങ്ഗങ്ങളും വലിയകോയിത്തമ്പുരാൻ ആ തറവാട്ടിലെ കാരണവരുമായി. വറുഗീസുമാപ്പിള മരിച്ചതിനുമേലും ഭാഷാപോഷിണീമാസിക കുറേക്കാലം പ്രചരിച്ചുകൊണ്ടിരുന്നു. പ്രസ്തുത സഭയുടെ ഒരു സമ്മേളനം 1086 കന്നിമാസത്തിൽ വൈക്കത്തുവെച്ചു നടക്കുകയും അതിൽ മഹാകവി തന്നെ അഗ്രാസനാധിപത്യം വഹിക്കുകയും ചെയ്തു. അതായിരുന്നു ആ സമതിയുടെ ഒടുവിലത്തെ സമ്മേളനം.

### ലേഖകത്വവും ഗ്രന്ഥപരിശോധനയും

കാലക്രമേണ പത്രങ്ങളും മാസികകളും പെരുത്തു; സുഹൃത്തുക്കളുടേയും പരിചിതന്മാരുടേയും സംഖ്യ വർദ്ധിച്ചു. അഖിലഭാരതീയ പ്രശസ്തി അതിനുമുൻപുതന്നെ സിദ്ധിച്ചുകഴിഞ്ഞിരുന്നതിനാൽ പല വിദേശീയപണ്ഡിതന്മാരുടെ സ്നേഹബഹുമാനങ്ങളും ലഭിച്ചു. അവരുമായി കത്തിടപാടുകൾ നടത്തുക, പത്രങ്ങൾക്കും മറ്റും കവിതകൾ അയയ്ക്കുക, ഉത്തിഷ്ഠമാനന്മാരായ ഗ്രന്ഥകാരന്മാരുടെ കൃതികൾ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തുക മുതലായവ ആ സാഹിത്യചക്രവർത്തിക്ക് ഒഴിച്ചുകൂടാത്ത മുതലായവ ആ സാഹിത്യചക്രവർത്തിക്ക് ഒഴിച്ചുകൂടാത്ത നിത്യകർമ്മങ്ങളായിത്തീർന്നു. ഈ പുതിയ ഭാരങ്ങളെ വ്യഞ്ജിപ്പിച്ചുകൊണ്ട് 1067 മീനം 13-ാംനു അവിടുന്നു കുഞ്ഞിക്കുട്ടൻതമ്പുരാന് എഴുതിയ ഒരെഴുത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

> “വിരളവിരളകാവ്യാലാപകേളീപ്രസങ്ഗാഃ
> പ്രചുരതരപരാർത്ഥോദ്യോഗനിത്യപ്രവൃത്ത്യാ
> കിമപി കിമപി നാനാകാര്യവൈയഗ്ര്യമധ്യേ
> കുതുകതരളിതോഹം സാഹിതീം ശീലയാമി.”

1074-ൽ ചന്തുമേനോന് അയച്ച ഒരു കത്തിൽ “വാസ്തവം പറയുന്നതായാൽ ഇപ്പോൾ ഞാൻ നടത്തിവരുന്ന സാഹിത്യവ്യവസായംപോലെ മറ്റൊന്നും എന്നെ മുഷിപ്പിക്കുന്നില്ല. അഭിപ്രായത്തിനും പരിശോധനയ്ക്കും വന്നുചേരുന്ന പുസ്തകങ്ങൾക്ക് അവസാനമില്ല. പലപ്പോഴും അവയ്ക്ക് അവതാരിക എഴുതുന്നതിനും ശല്യപ്പെടുത്തുന്നുണ്ട്. ഒരുകാലത്ത് ഇതെല്ലാം ഉന്മേഷകരമായ വ്യവസായമായി എനിക്കു

തോന്നിയിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ കുന്നുപോലെ വന്നുകിടക്കുന്ന കയ്യെഴുത്തുപ്രതികൾ നോക്കി എന്റെ മനസ്സു മുട്ടി.” എങ്കിലും അവിടുന്ന് ആ അരോചകമായ കർത്തവ്യവും അത്യന്തം ക്ഷമയോടു കൂടി ആയുരന്തം നിർവഹിച്ചുപോന്നു.

## കാവ്യനിർമ്മിതി

വലിയകോയിത്തമ്പുരാന്റെ ഒരു പ്രേഷ്ഠസുഹൃത്തായിരുന്നു ചന്തുമേനോൻ. 1064-ാമാണ്ടു അങ്കുരിതമായ ആ സൗഹാർദ്ദബന്ധം 1074-ൽ അദ്ദേഹം മരിക്കുന്നതുവരെ ഉത്തരോത്തരം വർദ്ധിച്ചുപോന്നു. ചന്തുമേനോന്റെ പത്നിയുടെ അഭീഷ്ടപൂർത്തിക്കായിട്ടാണ് അവിടുന്ന് 1068-ൽ അമരുകശതകം ഭാഷപ്പെടുത്തിയത്.

> “സുമതികൾമണി ചന്തുമേനവൻതൻ
> കമനി മനീഷിണിതന്റെയിച്ഛപോലെ
> അമരുകശതകം മണിപ്രവാളം
> കിമപി ചമച്ചതു ഞാനയച്ചീടുന്നേൻ”

എന്നു മഹാകവി ആ വസ്തുത രേഖപ്പെടുത്തിയിട്ടുണ്ട്. 1069-ൽ പല കൃത്യാന്തരങ്ങൾക്കിടയിൽ 48 ദിവസംകൊണ്ടു വറുഗീസു മാപ്പിളയ്ക്കു ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി മയൂരസന്ദേശം രചിച്ചു.

## വിധുരത

എഫ്. എം. യൂ. എന്ന പദവിക്കുപുറമേ വേറേയും പല ബഹുമതികൾ അവിടുത്തെ സ്ഥാനോന്നതിക്കും സാഹിത്യസേവനത്തിനും അനുരൂപമായി അവിടുത്തേക്കു ലഭിച്ചു. 1070-ൽ അവയ്ക്കെല്ലാം മകുടീഭൂതമായ സി. എസ്.ഐ. എന്ന ഉന്നത ബിരുദവും സിദ്ധിച്ചു. അക്കാലത്തു റാണി ലക്ഷ്മീബായിയുടെ ആരോഗ്യം ക്രമേണ ക്ഷയിച്ചുവരികയായിരുന്നു. അനപത്യതാദുഃഖത്തിന്റെ ദാരുണത ഏതുതരത്തിലുള്ളതാണെന്ന് അനുഭവിച്ച മാതാപിതാന്മാർക്കേ അറിഞ്ഞുകൂടൂ. തന്റെ പത്നിക്കു സന്താനയോഗമില്ലെന്നുള്ള വസ്തുത ഉദ്ദേശം പത്തുകോല്ലത്തിനുമുൻപുതന്നെ അവിടുന്നു ഗ്രഹിച്ചിരുന്നു. “രാജന്യസ്ത്രീമണിയുടെ ഗുണൗഘങ്ങളന്യാദൃശങ്ങൾ” എന്നു മയൂരസന്ദേശത്തിൽ ആ സുകൃതിനിയെപ്പറ്റി മഹാകവി കീർത്തനം ചെയ്തിട്ടുള്ളതു പരമാർത്ഥമാണ്. “കസ്മിംശ്ചിദന്യ വിഷയേ കഥമുത്സുകാ സ്യാദുത്സൃജ്യ കേരളമസംശയമേവ ലക്ഷ്മീഃ?” എന്നു വിശാഖവിജയത്തിൽ അവിടുന്നു സൂചിപ്പിച്ചിട്ടുള്ളത് അക്കാലത്ത് ആ മനസ്വിനിക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രലോഭനത്തേയും ബിഭീഷികയേയും ഉദ്ദേശിച്ചാണ്. താൻ പുത്രനിർവിശേഷമായി ലാളിച്ചുവളർത്തിയ റാണി പാർവതീബായിയുടെ കനിഷ്ഠപുത്രൻ അശ്വതിതിരുനാൾ 1076-ാമാണ്ടു കന്നിമാസം 25-ാംനു തീപ്പെട്ടതോടുകൂടി മഹാരാജ്ഞിയുടെ രോഗം വർദ്ധിച്ചു. ആ കൊല്ലം മിഥുനം 2-ാംനു അവിടുന്നു പരലോകപ്രാപ്തയുമായി. ആ മർമ്മഘാതം ഏൽക്കുവാനുള്ള ശക്തി മഹാകവിക്ക് ഒരുതരത്തിലും ഉണ്ടായിരുന്നില്ല. ഈ സംഭവത്തോടുകൂടി നാം അവിടുത്തെ ജീവിതത്തിന്റെ പഞ്ചമഘട്ടത്തിലേക്കു പ്രവേശിക്കുന്നു.

## ജീവിതസായാഹ്നം

1076 ചിങ്ങം 16-ാംനു മഹാരാജകുടുംബത്തിലേക്കു ദത്തെടുക്കപ്പെട്ട മഹാറാണി സേതുപാർവ്വതീബായിയുടേയും സർവതോമുഖമായ പരിപോഷണത്തിനു ശ്രീമൂലം തിരുനാൾ മഹാരാജാവ് മഹാകവിയെയാണു ചുമതലപ്പെടുത്തിയത്. അത്യന്തം

ആത്മാർത്ഥമായി അതുല്യമായ ഭക്തിയോടുകൂടി അവിടുന്ന് ആ കൃത്യവും നിർവഹിച്ചു. 1080-ൽ അവിടത്തെ ഷഷ്ട്യബ്ദപൂർത്തി ആഘോഷത്തോടുകൂടി സകല കേരളീയരും കൊണ്ടാടി. പല പ്രശസ്തിഗ്രന്ഥങ്ങൾ സംസ്കൃതത്തിലും മലയാളത്തിലും തത്സംബന്ധമായി പ്രാദുർഭവിച്ചു. 1088 തുലാം 22-ാംനു ഇന്നു നാടുവാണരുളുന്ന ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മമഹാരാജാവു തിരുമേനി ഭൂജാതനായപ്പോൾ ആ സംഭവത്തിൽ അവിടുന്നു ചരിതാർത്ഥനായി. ആ പഞ്ചമഘട്ടത്തിൽ കോയിത്തമ്പുരാൻ ശാരീരികമായ ശക്തിവൈകല്യം കൊണ്ടും മാനസികമായ ഉന്മേഷക്ഷയംകൊണ്ടും സാഹിത്യ വ്യാപാരങ്ങളിൽനിന്ന് ഉത്തരോത്തരം വിരമിച്ച് അന്തർമ്മുഖനായി. വൈരാഗ്യധനനായി ആയുശ്ശേഷം നയിക്കുകയായിരുന്നു. 1077-ൽ നീലകണ്ഠദീക്ഷിതരുടെ അന്യാപദേശശതകം വിവർത്തനം ചെയ്തു. സ്വാതിതിരുനാൾമഹാരാജാവ് അതിലെ പദ്യങ്ങൾക്ക് അവതാരികയും സ്വമാതുലൻ രാജരാജവർമ്മ കോയിത്തമ്പുരാൻ അവയിൽ നാല്പതിലധികം ശ്ലോകങ്ങൾക്കു വ്യാഖ്യാനവും നിർമ്മിച്ചിരുന്നു എന്നുള്ളത് അവിടുത്തേക്കു ആ കൃതിയുടെനേർക്കുള്ള ആദരാതിശയത്തിനു ഹേതുഭൂതമായിത്തീർന്നു. അത്തരത്തിൽ സജാതീയദ്വിതീയാക്ഷരപ്രാസം സകല ശ്ലോകങ്ങളിലും ദീക്ഷിച്ചുകൊണ്ട് ഒരു കാവ്യം അവിടുന്നുണ്ടാക്കിയപ്പോൾ ആ വിഷയത്തിൽ ഭിന്നമതാനുവർത്തിയായിരുന്ന ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ "പ്രാസപ്രയോഗ നിയമത്തെയൊഴിച്ചു നവ്യം കാവ്യം" ഒന്നു രചിക്കണമെന്ന് അപേക്ഷിക്കുകയും, ആ അപേക്ഷയ്ക്കു വശംവദനായി ദൈവയോഗം എന്ന ലഘുകൃതി നിർമ്മിക്കുകയും ചെയ്തു. പിന്നീട് അവിടുന്നു ഭാഷയിൽ ശ്രീപത്മനാഭശതകവും ഒടുവിൽ സ്തുതിശതകവും നിബന്ധിച്ചു. ഈ രണ്ടു കൃതികളും അക്കാലത്തു മഹാകവിയുടെ മനോവൃത്തി എന്തായിരുന്നു എന്നു നമുക്കു കരതലാമലകംപോലെ കാണിച്ചുതരുന്നു. 1088-ൽ താൻ പിതൃതുല്യനായി ആരാധിച്ചിരുന്ന ജ്യേഷ്ഠൻ യശശ്ശരീരനായി; പരപ്പനാട്ടു വലിയ രാജാവ് എന്ന സ്ഥാനം തന്നിമിത്തം അവിടത്തേക്കു സിദ്ധിച്ചു.

## സ്വർഗ്ഗാരോഹണം

1090-ാമാണ്ടു ചിങ്ങമാസം അവസാനത്തിൽ പതിവുപോലെ വൈക്കത്തു പോയി പെരുംതൃക്കോവിലപ്പനെ തൊഴുതതിനുശേഷം കഥാപുരുഷൻ അനന്തപുരത്തു കൊട്ടാരത്തിൽ എത്തി അരിപ്പാട്ടു സുബ്രഹ്മണ്യസ്വാമിയേയും വന്ദിച്ചുകൊണ്ടു കന്നി 4-ാംനു തിരുവനന്തപുരത്തേക്കു മടങ്ങി. വഴിക്കു കായംകുളത്തിനു സമീപം അവിടുന്നു കയറിയിരുന്ന മോട്ടോർകാർ മറിഞ്ഞു. കൂടെയുണ്ടായിരുന്ന എ.ആർ.രാജരാജവർമ്മകോയിത്തമ്പുരാൻ ആ ആഘാതത്താൽ ഹൃദയത്തിൽ ക്ഷതമേറ്റ് അവശനായിത്തീർന്നിരുന്ന അവിടത്തെ പല്ലക്കിൽ കയറ്റി മാവേലിക്കരകൊട്ടാരത്തിലേക്കു കൊണ്ടുപോയി. 6-ാംനു ആ മഹാത്മാവ് ഇഹലോകവാസം വെടിഞ്ഞ് ആത്മാവിനെ സച്ചിദാനന്ദജ്യോതിസ്സിൽ ലയിപ്പിച്ചു.

## സംസ്കൃതശൈലി

വലിയകോയിത്തമ്പുരാനു സംസ്കൃതം, മലയാളം, ഇംഗ്ലീഷ് എന്നീ മൂന്നു ഭാഷകളും ഒന്നുപോലെ സ്വാധീനമായിരുന്നു. അവ മൂന്നിലും അവിടുന്നു പ്രസംഗിക്കുകയും എഴുതുകയും ചെയ്തിരുന്നു. എങ്കിലും ഗൈർവാണിയാണ് അവിടത്തെ പട്ടമഹിഷി. ആ ഭാഷയിൽ കവനം ചെയ്യുവാൻ അവിടുന്നു 17-ാമത്തെ വയസ്സിൽപ്പോലും ആർജ്ജിച്ചിരുന്ന ഹസ്തലാഘവത്തിന്റെ സ്വരൂപം എന്തെന്നു തിരുനാൾ പ്രബന്ധത്തിൽനിന്നു നാം കണ്ടുകഴിഞ്ഞു; പല പൂർവസൂരികളോടും മഹാകവി പല

വിഷയങ്ങളിൽ കടപ്പെട്ടിരുന്നുവെങ്കിലും സർവോപരി അവിടുത്തെ മാർഗ്ഗദർശികളായിരുന്നുവെന്ന് എനിക്കു തോന്നീട്ടുള്ളത് രണ്ടേ രണ്ടു കവിസാർവഭൗമന്മാർ മാത്രമാണ്-പാരേതന്മാരിൽ മേല്പത്തൂരും സമകാലികന്മാരിൽ ഇലത്തൂരും. മേല്പത്തൂരിന്റെ അപൂർവം ചില ശ്ലോകങ്ങൾ പറയത്തക്ക വൈചിത്ര്യമൊന്നും കണ്ടില്ലെന്നു വരാം: ഇലത്തൂരിന്റെ ചില ശ്ലോകങ്ങൾ നാളികേരപാകത്തിൽ വിരചിതങ്ങളുമാണ്. എന്നാൽ വലിയകോയിത്തമ്പുരാന്റെ ഓരോ കൃതിയും പ്രതിശ്ലോകം പ്രസന്നപ്രൗഢസരസമാണ്. എല്ലാ ശ്ലോകങ്ങളും ഒന്നുപോലെ ധ്വനിപ്രധാനങ്ങളല്ല; എന്നാൽ എല്ലാത്തിലേയും വിവക്ഷിതാർത്ഥപ്രതിപാദകമായ പദവ്യന്യാസം വിസ്മയനീയമായിരിക്കുന്നു. ഒരൊറ്റ ശബ്ദത്തിന്റെ സ്ഥാനത്തിൽ മറ്റൊന്നു വിനിവേശിപ്പിക്കുവാൻ ഒരിക്കലും സാധിക്കുന്നതല്ല. ഗൗഡീരീതിയാണ് അവിടത്തേക്ക് അഭിമതം; ഓജസ്സും കാന്തിയും ഓളംവെട്ടുന്നതാണ് ഓരോ ശ്ലോകവും. അക്കാലത്ത് അവിടത്തേക്കാൾ മഹനീയനായ ഒരു സംസ്കൃതകവി ഭാരതഭൂമിയിൽ ജീവിച്ചിരുന്നില്ലെന്നുള്ളത് എല്ലാ സഹൃദയന്മാരും സമ്മതിച്ചിട്ടുള്ളതാണ്.

## ഭാഷാപദ്യശൈലി

ഭാഷാപദ്യസാഹിത്യം സംബന്ധിച്ചിടത്തോളം വലിയ കോയിത്തമ്പുരാനെ ഒരാചാര്യനും അധ്വദർശകനുമായാണ് പരിഗണിയ്ക്കേണ്ടത്. ആദ്യത്തെ ഭാഷാനാടകം രചിച്ചതു അവിടുന്നാണെന്നു പറയേണ്ടതില്ലല്ലോ. അതിനുമുൻപുതന്നെ 1042-ാമാണ്ട് ആൽഫ്രെഡ് എന്ന പേരിൽ ഒരു ചെറിയ ഏകാങ്കനാടകം അവിടുന്നു രചിച്ചതു വിജ്ഞാനമഞ്ജരിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പിന്നീട് വളരെക്കാലത്തേയ്ക്കു ഭാഷാനാടകങ്ങൾഅവിടുത്തെ ശകുന്തളത്തെ മാതൃകയായി വച്ചുകൊണ്ടു ഇതരകവികൾ എഴുതി. സംഗീതനാടകങ്ങളാണ് ആ സമ്പ്രദായത്തിനു ഒരു മാറ്റം വരുത്തിയത്. മയൂരസന്ദേശം ഭാഷയിലെ ഒന്നാമത്തെ സന്ദേശകാവ്യമല്ലെങ്കിലും അതെഴുതിയ കാലത്ത് അങ്ങനെയായിരുന്നു ജനങ്ങളുടെ ധാരണ. പ്രാചീനകൃതികളായ ഉണ്ണുനീലിസന്ദേശവും കോകസന്ദേശവും പിന്നീടു കണ്ടെടുത്തവയാണ്. മയൂരസന്ദേശത്തെ അനുകരിച്ചും പല സന്ദേശങ്ങൾ ഭാഷയിൽ ആവിർഭവിച്ചിട്ടുണ്ട്. മണിപ്രവാളശൈലിയുടെ ഒടുവിലത്തെ പ്രാണപ്രിയനായി അവിടുത്തെ കരുതാം. വെണ്മണിപ്രസ്ഥാനം അവിടുന്ന് അങ്ഗീകരിച്ചില്ല. തന്നിമിത്തം ചില രചനാവൈകല്യങ്ങൾ അവിടത്തെ ആദ്യകൃതികളിലുണ്ട്. കാലാനുസൃതമായ രുചിഭേദം അവിടത്തേക്ക് അദൃശ്യമായിരുന്നില്ല; പക്ഷേ, താൻ ദീർഘകാലം സ്വച്ഛന്ദമായി വിഹരിച്ചുവന്ന ശൃങ്ഗാഗ്രത്തിൽനിന്നു പെട്ടെന്നു താഴോട്ടിറങ്ങുവാൻ അവിടത്തേക്കു സാധ്യമല്ലായിരുന്നു. എങ്കിലും ക്രമേണ ഓരോ പടിയായി അവിടത്തെ കവിത ജനതാമധ്യത്തിലേയ്ക്കു അവരോഹണം ചെയ്യുകതന്നെ ചെയ്തു. ശാകുന്തളത്തോളം സംസ്കൃതപക്ഷപാതം അമരുകശതകത്തിലില്ല. മയൂരസന്ദേശത്തിൽ അതിനു പിന്നേയും കുറേ കുറവു വന്നിട്ടുണ്ട്. എങ്കിലും അന്യാപദേശശതകത്തിലും ശ്രീപത്മനാഭശതകത്തിൽപ്പോലും ആ പക്ഷപാതത്തിന്റെ നിഴലാട്ടം കാണാം. എന്നാൽ പരേങ്ഗിതജ്ഞനായ അവിടുന്നു സംസ്കൃതപണ്ഡിതന്മാരല്ലാത്ത കവികളുമായി കത്തിടപാടു നടത്തുമ്പോൾ അവരുടെ ശൈലിതന്നെ കഴിയുന്നതും സ്വീകരിച്ചുവന്നിരുന്നു. താഴെക്കാണുന്ന ശ്ലോകങ്ങളിൽ ആദ്യത്തേത് നടുവത്തച്ഛൻ നമ്പൂരിക്കും രണ്ടാമത്തേത് തരവത്ത് അമ്മാളുഅമ്മയ്ക്കും അയച്ചതാണ്.

> “പട്ടില്ല നല്ലതിവിടങ്ങളി, ലൊന്നു പിന്നെ-
> ക്കിട്ടി ക്ഷിതീശ്വരി മമ പ്രിയതൻ പ്രസാദാൽ

കെട്ടിപ്പൊതിഞ്ഞമരുകത്തൊടതിന്നയച്ചേൻ
പൊട്ടിച്ചുനോക്കിയിതമെങ്കിലെടുത്തുകൊൾക."

"അമ്മാവിനുള്ള തളിർ നവ്യവസന്തലക്ഷ്മി
സമ്മാനമേകുവതു തിന്നു കഴിഞ്ഞിടുമ്പോൾ
അമ്മാ! പുറപ്പെടുമിളംകുയിലിന്റെ പാട്ടു-
മമ്മാളുവമ്മയുടെ സൂക്തിയുമൊന്നുപോലെ."

"കൊള്ളിച്ചുവച്ചു കനകത്തിലുമബ്ജയോനി
പുള്ളിക്കുരങ്ഗമിഴിമാരിലുമായനർത്ഥം
ഉള്ളിൽത്തദാശ പെരുകീട്ടു വിവേകമെല്ലാം
തള്ളിജ്ജനങ്ങൾ ബഹുധാ കലഹിച്ചിടുന്നു."

എന്ന ശ്ലോകം ഏട്ടൻതമ്പുരാന്റെ നിർദ്ദേശമനുസരിച്ചു എഴുതിയ വൃദ്ധകവിപ്രശ്നോത്തരത്തിലുള്ളതാണ്. സ്തുതിശതകം ഒരു ശുദ്ധഭാഷാകൃതിയാണെന്നു പറയാം. പ്രാസമില്ലാതെ തീർത്ത ദൈവയോഗത്തിൽ

"കൈക്കാണമേകിയവരായതു വാങ്ങുമെന്നു
ലോകപ്രസിദ്ധമതു തെല്ലുമബദ്ധമല്ല
ഏറെപ്പറഞ്ഞുഫലമെന്തപരാധിയായി-
ജ്ജേലിൽക്കിടന്നു ജളനീച്ചരപിള്ള ചത്തു."

"മാൻകണ്ണിയാൾ മലിനമായൊരു തോർത്തുമുണ്ടു
മാറത്തുചേർത്തു മുലമൊട്ടുമറച്ചിരുന്നു;
പാരം പഴക്കമൊന്നരയൊന്നു ചെമ്പൊൽ-
ച്ചേലൊത്ത മുട്ടുവരെ മൂടിയുടുത്തിരുന്നു"

ഇത്യാദിപദ്യങ്ങളിൽ അവിടത്തെ കവിതാമഹാരാജ്ഞി കൊട്ടാരത്തിൽനിന്നു കുടിലിൽതന്നെ ഇറങ്ങിവന്നിരിക്കുന്നു. വലിയ കോയിത്തമ്പുരാന്റെ ഭാഷാകാവ്യങ്ങൾക്കു പ്രത്യേകമായി ഒരു തന്റേടവും തറവാടിത്തവും സാരസ്യവും സങ്ഗീതാത്മകതയുമുണ്ട്. അവയൊന്നും മറ്റുള്ളവരുടെ കാവ്യങ്ങളിൽ അത്ര പ്രകടമായി കാണുന്നതല്ല. അഭിജ്ഞാനശാകുന്തളം എത്രയോ കവികൾ അവിടത്തേതിനേക്കാൾ നന്നാക്കണമെന്നുള്ള അത്യാവശയോടുകൂടി തർജ്ജമചെയ്തു. എന്നിട്ടെന്തായി ഫലം? അവിടത്തെ തർജ്ജമതന്നെയാണ് കാലംകൊണ്ടെന്നപോലെ കമനീയതകൊണ്ടും ഒന്നാമതായി നില്ക്കുന്നത്.

## ഭാഷാഗദ്യശൈലി

ഭാഷാഗദ്യം സംബന്ധിച്ച നോക്കുകയാണെങ്കിൽ വലിയ കോയിത്തമ്പുരാനു പല തരത്തിലുള്ള ശൈലികളുണ്ടായിരുന്നു.അക്ബറിലെ ഭാഷ കടിച്ചാൽ പൊട്ടാത്തതാണെന്ന് അതിലെ ഒന്നാമധ്യായത്തിലെ "അസ്തപർവതനിതംബത്തെ അഭിമുഖീകരിച്ച ലംബമാനമായ അംബുജബന്ധുബിംബത്തിൽനിന്നും അംബരമധ്യത്തിൽ വിസൃമരങ്ങളായ ബന്ധു കബന്ധുരങ്ങളായ കിരണകന്ദളങ്ങൾ" ഇത്യാദി പ്രഥമ വാക്യംമാത്രം വായിച്ചോ മറ്റുള്ളവർ പറഞ്ഞുകേട്ടോ വിധികല്പിക്കുന്നവർ "ഉപക്രമം കണ്ടു ബുദ്ധിക്ഷയത്താൽ പുസ്തകം വലിച്ചെറിഞ്ഞുകളയാതെ അല്പം ക്ഷമയോടുകൂടി വായിച്ചു നോക്കിയാൽ അങ്ങോട്ടങ്ങോട്ടു സംസ്കൃതപദപ്രയോഗം കുറവാണെ

ന്നു കാണുന്നതുകൂടാതെ തങ്ങളുടെ ശ്രമം നിഷ്പ്രയോജനമായി എന്ന പശ്ചാത്താപത്തിനു യാതൊരുവിധത്തിലും ഇടയില്ലെന്ന് അവർക്ക് ഒടുവിൽ നിശ്ചയമായി ബോധപ്പെടുന്നതുമാണ്" എന്നു ഗ്രന്ഥത്തിന്റെ അവതാരികയിൽ അവിടുന്നു നല്കീട്ടുള്ള ഉപദേശമനുസരിച്ചു പ്രവർത്തിക്കുന്നതു നന്നായിരിക്കും. അക്ബറിലേയും, മഹച്ചരിതസംഗ്രഹത്തിലേയും ഭാഷയെക്കാൾ ലളിതമാണ് സന്മാർഗ്ഗവിവരണത്തിലേയും ഭാഷ; അതിലും കുറേക്കൂടി ലളിതമായ ഒരു ഗദ്യശൈലിയാണ് വിജ്ഞാനമഞ്ജരിയിലും സന്മാർഗ്ഗപ്രദീപത്തിലും അങ്ഗീകരിച്ചുകാണുന്നത്. സ്വാനുഭവങ്ങളെ വിവരിക്കുന്ന മൃഗയാസ്മരണകളിൽ സർവസാധാരണമായ മലയാളംതന്നെ പ്രയോഗിച്ചിരിക്കയും ചെയ്യുന്നു. " എന്നാൽ അവരുടെ ഉപദേശങ്ങളെ പരീക്ഷിച്ചുനോക്കീട്ടുള്ളത് എത്രയും അപൂർവമായിട്ടു മാത്രമേയുള്ളു. ഉണ്ടയിട്ടു ഒരുത്തന്റെ നെഞ്ചിൽ വെടിവെച്ചാൽ ആ ഉണ്ട അവന്റെ നെഞ്ചിൽ തട്ടി താഴെ വീഴുന്ന സമ്പ്രദായം ആ വിധത്തിൽ പരീക്ഷിക്കുവാൻ എനിക്കു ധൈര്യമില്ലാതെ ഒരു മുണ്ടു മടക്കി ചുമരിൽ ഇട്ടു വെടിവെച്ചുനോക്കിയപ്പോൾ ഉണ്ട ആ മുണ്ടിൽ തട്ടി യാതൊരു കെടുതലും ചെയ്യാതെ അതിൽ തട്ടി താഴത്തു വീണു" എന്നിത്തരത്തിലാണ് ആ ഉപന്യാസത്തിലെ വാക്യങ്ങളുടെ ഗതി. താഴത്തെ ക്ലാസ്സുകളിലെ ആവശ്യത്തിനുവേണ്ടി എഴുതിയ രണ്ടാം പാഠത്തിലേയും മൂന്നാംപാഠത്തിലേയും വാചകരീതി ആ ക്ലാസ്സുകൾക്കു യോജിച്ച വിധത്തിൽ കോമളമാക്കിയിരിക്കുന്നു. "കേശവൻ കഞ്ഞിയും കൂട്ടാനും വാങ്ങിക്കൊണ്ടു വീട്ടിൽ വന്നു തീ കത്തിച്ചു കഞ്ഞിക്കു കുറച്ചു ചൂടു പിടിപ്പിച്ച് അതു രണ്ടു കിണ്ണങ്ങളിലാക്കി, ഒരു പീഠം പിടിച്ചു കട്ടിലിന്റെ അരികിലിട്ട് ആ കിണ്ണം രണ്ടും, കൂട്ടാൻ രണ്ടു കുത്തിലയിൽ ആക്കി അതുംകൂടി, പീഠത്തിന്റെ മുകളിൽ വെച്ചു" എന്നിപ്രകാരമാണ് ആ പുസ്തകങ്ങളിലെ ഭാഷ, പ്രകരണത്തിനൊത്ത ഭാഷാരീതിയാണ് ആ വശ്യവാക്കു എല്ലാ അവസരങ്ങളിലും പ്രയോഗിച്ചിരുന്നത്. ഒരു വസ്തുത നാം വിശേഷിച്ചും ഓർമ്മിക്കേണ്ടതുണ്ട്. മലയാളത്തിലെ ഗദ്യശാഖയ്ക്ക് അവിടത്തെ പാണിസ്പർശമേല്ക്കുന്നതുവരെ പറയത്തക്ക സാധുത്വമോ സൗഷ്ഠവമോ ഉണ്ടായിരുന്നില്ല. അപരൂപമായിരുന്ന ആ ശാഖയ്ക്കു ആകർഷകത വർദ്ധിപ്പിച്ചതു അവിടുന്നാണ്. ആ മഹാപുരുഷൻ വെട്ടിത്തുറന്ന സംസ്കാരപൂതവും ചമൽക്കാരപൂർണ്ണവുമാക്കിയ സരണിയിൽക്കൂടിത്തന്നെയാണ് ഭാഷഗദ്യകാരന്മാർ ഇപ്പോഴും സഞ്ചരിയ്ക്കുന്നത്. ഇന്നു ഭാഷയിൽ പ്രചുരപ്രചാരങ്ങളായ പല സജീവശബ്ദങ്ങളും ആദ്യമായി പ്രയോഗിച്ചതു് അവിടുന്നാണെന്നു അനേകം പേർ അറിഞ്ഞിരിക്കുകയില്ല. ഭാഷാഗദ്യത്തിനു കേരളമൊട്ടുക്കു ഐകരൂപ്യം വരുത്തുവാൻ സഹായിച്ചതും അവിടത്തെ കൃതികൾ തന്നെയാണ്.

## കൃതികൾ—സംസ്കൃതം

(1) തിരുനാൾ പ്രബന്ധം (1036), (2) നക്ഷത്രമാല (1041), (3) ഗുരുവായുപുരേശസ്തവം (1041), (4) ശൃംഗാരമഞ്ജരീഭാണം (1043), (5) ചിത്രശ്ലോകാവലി (1044), (6) കംസവധചമ്പു (1044), (7) തുലാഭാരശതകം (1045), (8) പാദാരവിന്ദശതകം (1045), (9) ലളിതാംബാദണ്ഡകം (1050), (10) ക്ഷമാപണസഹസ്രം (1053-54), (11) യമപ്രണാമശതകം (1055), (12) ശത്രുസംഹാരപ്രാർത്ഥനാഷ്ടകം, (13) ക്ഷമാപണാഷ്ടകം, (14) ത്രിശത്യന്തരം; ലളിതാംബാസ്തോത്രം, (15) ദണ്ഡനാഥാസ്തോത്രം, (16) ചങ്ങണാദ്രീശ്വരീസ്തോത്രം, (ഇവയെല്ലാം 1052-നും 55-നും ഇടയ്ക്ക്), (17) സ്കന്ദശതകം, (18) നാരദീയമഹിമാനുവർണ്ണനം, (19) നാരായണപഞ്ചാശത്ത്, (20) നരസിംഹാവതാരം, (21) വഞ്ചിപതിശതകം, (22) അമൃതമഥനം (ഇവ നാലും ബാല്യകാലകൃതികൾ),

(23) ശ്രീവിശാഖവിജയം മഹാകാവ്യം (1055-നുമേൽ), (24) വിക്ടോറിയാചരിതസംഗ്രഹം (1062), (25) വ്യാഘ്രാലയേശശതകം (1063), (26) ശാകുന്തളപാരമ്യം, (27) ശോണാദ്രീശസ്തോത്രം അഥവാ ആര്യാസ്തോത്രം (1085) എന്നിവയാകുന്നു വലിയ കോയിത്തമ്പുരാന്റെ സംസ്കൃതകാവ്യങ്ങൾ. ഇവ കൂടാതെ 1050-നും 1055-നും ഇടയ്ക്കു, (28) പ്രക്രിയാസർവസ്വത്തിനും, 1058-ൽ, (29) ശുകസന്ദേശത്തിനും ഓരോ ലഘുടിപ്പണികളും എഴുതി. ദാവാനലവർണ്ണനത്തിൽ നാലു ശ്ലോകങ്ങളേ അടങ്ങീട്ടുള്ളു. അവ മാനവിക്രമ ഏട്ടൻ രാജാവിന്റെ ആവശ്യമനുസരിച്ചു രചിച്ചതാണ്. അവയ്ക്കു പ്രത്യേകിച്ച് അക്കം കൊടുക്കണമെന്നു തോന്നുന്നില്ല. (30) സന്മാർഗ്ഗസംഗ്രഹം ആദ്യം ഇംഗ്ലീഷിൽനിന്നു മലയാളത്തിലും പിന്നീട് നീതിസാരസർവസ്വം എന്ന പേരിൽ സംസ്കൃതത്തിലും വിവർത്തനം ചെയ്തു. ഇവ കൂടാതെ പഞ്ചഗ്രാമാഷ്ടകം (അഞ്ചില്ലത്തു ശ്രീകൃഷ്ണനെപ്പറ്റി) ഷഡങ്കുരേശാഷ്ടകം (ആറന്മുളത്തേവരെപ്പറ്റി) ഇങ്ങനെ വേറെയും പല ചില്ലറ സ്തോത്രങ്ങളുണ്ട്. ജാതിനിരൂപണവും മറ്റും സംസ്കൃതത്തിൽ അവിടുന്നു രചിച്ച ഉപന്യാസങ്ങളാണ്.

### അവയുടെ സ്വരൂപം

ആദ്യമായി അവിടത്തെ സംസ്കൃതകൃതികളെപ്പറ്റിത്തന്നെ പ്രസ്താവിക്കാം. അവയിലാണല്ലോ അവിടത്തെ കവിസാർവഭൗമയശസ്സു സർവ്വോപരി അധിഷ്ഠിതമായിരിക്കുന്നത്. തിരുനാൾപ്രബന്ധത്തെക്കുറിച്ചു പ്രതിപാദിച്ചുകഴിഞ്ഞു. നക്ഷത്രമാല 27 ശ്ലോകങ്ങളടങ്ങിയതും ആയില്യം തിരുനാൾ മഹാരാജാവിനു ജി.സി.എസ്.ഐ. എന്ന ബിരുദം ലഭിച്ചപ്പോൾ മഹാകവി സമർപ്പണം ചെയ്തതുമായ ഒരു സ്തോത്രമാണ്. ഗുരുവായുപുരേശസ്തവത്തിൽ അകാരാദിക്രമത്തിന് 'അ' മുതൽ 'ക്ഷ' വരെയുള്ള അക്ഷരങ്ങളിൽ ആരംഭിയ്ക്കുന്ന 51 ശ്ലോകങ്ങളാണുള്ളത്. മേദിനിയിലും നാനാർത്ഥരത്നമാലയിലും കാണുന്ന അർത്ഥവത്തുക്കളായ ഏകാക്ഷരശബ്ദങ്ങൾ ആ ആവശ്യത്തിനു സ്വീകരിച്ചിട്ടുണ്ട്. തന്നെ ബാധിച്ച രക്തവാതത്തിന്റെ ഉപശാന്തിക്കുവേണ്ടിയാണ് അവിടുന്നു പ്രസ്തുത സ്തോത്രം രചിച്ചത്. ശൃങ്ഗാരമഞ്ജരീഭാണവും കംസവധചമ്പുവുമേയുള്ളു ദേവതാപരങ്ങളോ രാജപരങ്ങളോ അല്ലാത്ത കൃതികൾ. അനുഷ്ടുപ്പുവൃത്തത്തിൽ 12 ശ്ലോകങ്ങൾമാത്രം ഉൾക്കൊള്ളുന്ന ശാകുന്തളപാരമ്യത്തെ ഒരു ചെറിയ അലങ്കാരശാസ്ത്രനിബന്ധമെന്നു വേണം പറയുവാൻ.

> "വേണീവീരചരിത്രാദി വീരേ പ്രാശസ്ത്യമർഹതി;
> മാലത്യാദി തു ശൃംഗാരേ; ക്ഷുദ്രമന്യദ്രസാന്തരേ;
>
> അനുപ്രവിശ്യ ഖേലദ്ഭിസ്സർവചേതോഹരം രസം
> ശ്ലാഘ്യേഷു പര്യവസ്യദ്ഭിരുപദേശേഷു ഭൂരിഷു
>
> അന്യനാധികൈ(?)വസ്തുസ്വാഭാവ്യൈകാവമർശിഭിഃ
> അത്യക്തരചനൗചിത്യൈസ്സ്വാദിമതിശയാന്വിതൈഃ
>
> യതോഭിരാമം വ്യാഹാരൈശ്ശാകുന്തളമതോ വയം
> സർവരൂപകസാമ്രാജ്യപദത്വം തസ്യ മന്മഹേ."

എന്നീ ശ്ലോകങ്ങളിൽ മഹാകവി ശാകുന്തളത്തിന്റെ പരമൗൽകൃഷ്ട്യം സ്ഥാപിക്കുന്നു. ശൃംഗാരമഞ്ജരിയിൽ ഔദ്ധത്യപരിഹാരരൂപത്തിൽ ആദ്യവും അനുവാചക

ന്മാർക്ക് ഉപദേശരൂപത്തിൽ അവസാനത്തിലും ഓരോ ശ്ലോകമുണ്ട്. അവ പ്രകൃതത്തിൽ ഉദ്ധരിക്കുന്നതു സമീചീനമായിരിക്കും.

'തഥാ ന പ്രൗഢത്വം ന ഭവതി തഥാ വാ മധുരതാ
തഥാന്യൈരക്ഷുണ്ണാ ഗരിമഭരിതാർത്ഥാ ന ച ഗിരഃ
യഥാ ഗംഭീരേഷു പ്രഥിതകവിഗുംഫേഷു, തദപി
സ്ഫുരദ്വാത്സല്യാസ്താം ശൃണുത ഭണിതിം നൂതനകവേഃ."

"സാഹിത്യാമൃതവാരിധേരസദൃശീം ഗംഭീരതാം മാനവാ
വിജ്ഞായൈവ ഭുജംഗപുംഗവ ഗവീസിദ്ധാന്തസാരാനപി
ദൂരോത്സാരിതമത്സരാഃ കവിഗിരാം ഗർഹാസ്തുതീ കുർവതാ-
മേതദൃഷ്ടമദൃഷ്ടമേതദിതി ന സ്വച്ഛന്ദമുദ്ഘുഷ്യതാം."

ചിത്രശ്ലോകാവലിയും ആയില്യംമഹാരാജാവിനെപ്പറ്റിയുള്ള ഒരു സ്തോത്രംതന്നെ. അതിൽ ഏകാക്ഷരം, ഗോമൂത്രികാബന്ധം, ചക്രബന്ധം, ഖഡ്ഗബന്ധം, നാഗബന്ധം, പത്മബന്ധം മുതലായ ശബ്ദചിത്രശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. അതുപോലെ ക്ഷമാപണസഹസ്രത്തിലെ 47-ാമത്തെ വിംശതിയിലും പല ശബ്ദചിത്രങ്ങൾ ഘടിപ്പിച്ചിട്ടുണ്ട്. മഹാകവിയുടെ വശ്യവചസ്ത്വവും പാണ്ഡിത്യപാരമ്യവും അവരണ്ടിൽ നിന്നും ഗ്രഹിക്കാം. ആയില്യം തിരുനാൾ മഹാരാജാവിന്റെ തുലാഭാരോത്സവത്തെ അധികരിച്ച് അവിടുന്ന് രചിച്ച തുലാഭാരശതകംതന്നെ 1060-ാമാണ്ടു വിശാഖംതിരുനാൾ മഹാരാജാവിന്റെ തുലാഭാരോത്സവത്തിലും ചില ഭേദഗതികൾ വരുത്തി സമർപ്പിച്ചു. തുലാഭാരശതകത്തിന്റെ പ്രഥമദശകത്തിൽ തുലാപുരുഷദാനമാഹാത്മ്യവും, ദ്വിതീയദശതകത്തിൽ രാജധാനിയിൽ വന്നുചേരുന്ന ജനസമൂഹത്തിന്റെ സൽക്കാരവും എന്നിങ്ങനെ ഓരോ ദശകത്തിൽ ഓരോ വിഷയമാണ് വർണ്ണിച്ചിരിക്കുന്നത്. മൂന്നാമത്തേയും ഒൻപതാമത്തേയും ദശകങ്ങൾ ചിത്രശ്ലോകമയങ്ങളും അഞ്ചാമത്തെ ദശകം യമകവുമാണ്. ആറാമത്തെ ദശകത്തിൽ ഗായകന്മാരുടേയും ഏഴാമത്തെ ദശകത്തിൽ പണ്ഡിതന്മാരുടേയും സദസ്സുകളെ വിവരിക്കുന്നു.

പാദാരവിന്ദശതകം ആയില്യംതിരുനാൾ മഹാരാജാവിന്റെ പാദപത്മങ്ങളുടെ മഹിമാതിശയത്തെ വിഷയീകരിച്ചു നിർമ്മിച്ച ഒരു കൃതിയാണ്. അതു തന്നെ അല്പം പരിഷ്കരിച്ചു ശ്രീമൂലകരാമവർമ്മമഹാരാജപാദപത്മശതകം എന്ന പേരിൽ പ്രസിദ്ധീകരിച്ച് ശ്രീമൂലംതിരുനാൾമഹാരാജാവിനും കാഴ്ച വച്ചു. ലളിതാംബാദണ്ഡകം ബന്ധനസ്ഥനാകുന്നതിനു സ്വല്പം മുൻപു പ്രേയസിയുടെ അപേക്ഷയനുസരിച്ചു ഉണ്ടാക്കിയതാണ്. ക്ഷമാപണസഹസ്രത്തേയും യമപ്രണാമശതകത്തേയും (പ്രണാമശതകമെന്നും പറയും) വിശാഖവിജയത്തേയുംപറ്റി മേൽ പ്രസ്താവിക്കാം. ശത്രുസംഹാരപ്രാർത്ഥനാഷ്ടകത്തിൽ വലിയകോയിത്തമ്പുരാൻ കാത്യായനീദേവിയേയും ക്ഷമാപണാഷ്ടകത്തിൽ കാമാക്ഷീദേവിയേയും അഭിസംബോധനംചെയ്തു തന്റെ ബന്ധമോക്ഷത്തിനായി പ്രാർത്ഥിക്കുന്നു. ത്രിശത്യന്തരം മന്ത്രശാസ്ത്രസമ്പ്രദായത്തിൽ രചിച്ചിട്ടുള്ള ഒരു സ്തോത്രമാണ്. സുപ്രസിദ്ധമായ പുരാതനത്രിശതിയാണ് അതിന്റെ മാതൃക.

"ജനാ നിന്ദന്തു ജനനി സ്തുവമേനം സ്തുവന്തു വാ
യദി പ്രസന്നാ ഭവതീ കൃതാർത്ഥസ്താവതാസ്മ്യഹം.

സത്സമാജാസ്തോത്രമിദം ന നിന്ദേയുഃ കഥഞ്ചന
സമാജാ യദി നിന്ദേയുഃ കിമനേനാസ്യ ഹീയതേ?"

എന്നു കവി സമാധാനപ്പെടുന്നു. 117 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ലളിതാംബാസ്തോത്രത്തിൽ ലളിതാസഹസ്രനാമത്തിലെ ക്രമമനുസരിച്ചുള്ള ദേവീസംജ്ഞകളെല്ലാം ഘടിപ്പിച്ചിട്ടുണ്ട്. കാരാഗൃഹവാസിയായ വസുദേവൻ ലളിതാംബികയുടെ പ്രീതിക്കായി നിർമ്മിച്ചതാണ് ആ സ്തോത്രമെന്നു പീഠികയിൽ പറയുന്നുണ്ടെങ്കിലും പ്രകൃതത്തിൽ കവിതന്നെയാണ് ആ വ്യക്തി. ദണ്ഡനാഥ ലളിതാദേവിയുടെ സേനനായികയാണല്ലോ; ആ ദേവതയോടു ശത്രുസംഹാരാർത്ഥമായുള്ള പ്രാർത്ഥനയാണ് ദണ്ഡനാഥാസ്തോത്രം. സ്കന്ദശതകം കുലദേവതയായ ഹരിപ്പാട്ടു സുബ്രഹ്മണ്യനെപ്പറ്റിയുള്ളതാണ്. വിക്ടോറിയാചരിത സങ്ഗ്രഹം വിക്ടോറിയാ ചക്രവർത്തിനിയുടെ സ്ഥാനാരോഹണം സംബന്ധിച്ചുള്ള സുവർണ്ണജൂബിലി 1062-ാമാണ്ടു കുംഭമാസം 5-ാംനു ഭാരതമെങ്ങും ആഘോഷിച്ച അവസരത്തിൽ മഹാകവി നിർമ്മിച്ചു. "വിക്ടോറിയാ വിജയതാം ശരദാം ശതം സാ" എന്നാണ് അതിലെ ഓരോ ശ്ലോകത്തിലും ചതുർത്ഥപാദം ഘടിപ്പിച്ചിരിക്കുന്നത്. 1063-ൽ വയ്ക്കത്തു കുംഭമാസാഷ്ടമിക്കു തൊഴാൻ പോയപ്പോൾ അവിടുന്ന് ഒരു സഹസ്രകലശമടിയന്തിരം നടത്തുകയും ഓരോ ദിവസം പത്തു ശ്ലോകങ്ങൾ വീതം പത്തു ദിവസം കൊണ്ടു രചിച്ച് അവ മുഖമണ്ഡപത്തിൽവെച്ചു ചൊല്ലിക്കയും ചെയ്തു അതാണ് വ്യാഘ്രാലയേശശതകസ്തവം. ശോണാദ്രീശസ്തോത്രം ചെങ്ങന്നൂർ പാർവതീ ദേവിയെപ്പറ്റിയുള്ള ഒരു സ്തവമാണ്. അതിന്റെ ഉത്ഭവത്തിനുള്ള കാരണം മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ.

## ചില ശ്ലോകങ്ങൾ

ചില ശ്ലോകങ്ങൾ ഉദ്ധരിച്ച് ഈ കൃതികളിലെ കവനശൈലി പ്രദർശിപ്പിക്കാം.

"കല്പാന്തോൽക്കടനാട്യധൂർജ്ജടിജടാജൂടോദരത്വങ്ഗിത-
സ്വർഗ്ഗങ്ഗാജലധവളീമദഭിദാചഞ്ചുഃ കഥം കഥ്യതാം
ഹാരസ്യാസ്യ ദിഗങ്ഗനാകുചതടീപാടീരപീയൂഷരുക്-
പത്രാളീമകരീകരിഭ്രമകരീ ഹീരപ്രഭാമഞ്ജരീ."

(നക്ഷത്രമാല)

"ഏതേ ജാഗ്രതി വാതപോതലളിതവ്യാതോദദോലായിതാഃ
പുഷ്യത്സൗരഭകേതകീസമുദയാംഃ പാന്ഥാശയോദ്വേജയാഃ
ഊരീകൃത്യ വിയോഗിഘാതദുരിതം ഭൃങ്ഗച്ഛലേന സ്ഥിതാൻ
മന്യേ മന്മഥമത്തഹസ്തിരദനാങ്കുരാൻ കരാളാനിമാൻ."

(ശൃങ്ഗാരമഞ്ജരി, കൈതപ്പൂക്കൾ)

പ്രാചീനാശാധുരീണദ്വിരദപരിവൃഢോ-
ത്തുങ്ഗകുംഭോപദിഗ്ദ്ധ-
സ്ഫായൽസിന്ദൂരപാംസുവ്യതികരവിലസ-
ന്മണ്ഡലശ്ചണ്ഡഭാനുഃ
താവജ്ജൈവാതൃകാംശുഗ്ലപിതകമലിനീ
ജീവനാഗണ്യപുണ്യ-
വ്യാപാരപ്രാപ്തലക്ഷ്മീഭരമധുരമഹോ

മേദുരഃ പ്രാദുരാസീൽ.”

(കംസവധചമ്പു, സൂര്യോദയം)

“ശ്രീമാനാനമ്രഭൂമീപതിമകുടതട-
പ്രോതമാണിക്യമാലാ-
സീമാതിക്രാന്തകാന്തിപ്രഗുണിതചരണാം-
ഭോരുഹാരുണ്യഭൂമാ
ഭൂമാവാചന്ദ്രതാരം ജയതു സിതയശോ-
രാശിനീശാരിതാശോ
ഭീമാരാതിച്ഛിദാകോവിദഭുജഗരിമോ-
ദ്ധാമരോ രാമരാജഃ.”

(തുലാഭാരശതകം)

സന്ധ്യാകാന്ത്യനുബന്ധബന്ധുരലസദ്ബന്ധൂ കപുഷ്പപ്രഭാ-
ബാഹ്ലബാഹവിമേദുരാഹവകലാധൗരന്ധരീം ബിഭ്രതീ
ശ്രീവഞ്ചിക്ഷിതിപാകശാസന! ഭവൽപാദാരവിന്ദദ്യുതി-
ശ്രേണീശോണിമകന്ദളീ വിജയതേ വിഭ്രാജയന്തീ ദിശഃ.”

(പാദാരവിന്ദശതകം)

മന്ദാരദ്രുമദുർമ്മദം ദമയതേ വന്ദാരുകാമാർപ്പണൈ-
രിന്ദാവാനനശോഭയാ വിദധതേ നിന്ദാവദാഭിഖ്യതാം
കുന്ദാഹംകൃതിഹാരമന്ദഹസിതസ്യന്ദായ ലോകത്രയീ-
കന്ദായേശ്വരനന്ദനായ ഭവതു സ്കന്ദായ തുഭ്യം നമഃ.”

(സ്കന്ദശതകം)

“അഭ്രദ്ഗച്ഛരദഖണ്ഡശീതകിരണാഹങ്കാരസർവങ്കഷ-
സ്ഫായന്മഞ്ജിമസമ്പദാനനഗളൽകാരുണ്യമന്ദസ്മിതം
ഖദ്യോതായുകോടിനിസ്തുലമഹസ്സന്ദോഹപാരമ്പരീ-
ഖദ്യോതീകരണപ്രവീണസുഷമം വാതാലയേശം ഭജേ.”

(ഗുരുവായുപുരേശ്സ്തവം)

വ്യാഘ്രാലയേശശതകത്തിലെ ദശമദശകം നാരയണീയം ദ്വിതീയ ദശകത്തോടു സമസ്കന്ധമായി പരിലസിക്കുന്നു.

“ചൂഡാമണീകൃതതുഷാരമയൂഖലേഖം
ഭസ്മീകൃതത്രിപുരഭാസുരഫാലനേത്രം
ഭക്താശുഭക്ഷപണദക്ഷകൃപാകടാക്ഷ-
മക്ഷാമധാമതിലപുഷ്പസദൃക്ഷനാസം.

സ്ഫാരദ്യുതിസ്ഫടികദർപ്പണദർപ്പഹാരി-
ഗണ്ഡോല്ലസദ്ഭുജഗകുണ്ഡലലോഭനീയം
ബിംബാധരച്ഛവികരംബിതദന്തപങ്ക്തി-
കാന്തിച്ഛടാച്ഛുരിതസുന്ദരമന്ദഹാസം;

വിശ്വാവനവ്യസനഭക്ഷിതകാളകൂട-
ക്ഷ്വേളാങ്കമേളനസകാളിമകണ്ഠനാളം

വ്യാളാവലീവലയപാളിലസൽകഠാര-
സാരങ്ഗകാഭയവരാങ്കിതബാഹുദണ്ഡം;

ശൈലാധിരാജതനയാകുചകുങ്കുമാങ്ക-
വക്ഷഃകവാടഘടിതാഹിവരോപവീതം
അശ്വത്ഥപത്രസദൃശോദരമേദുരാഭ-
മാവർത്തഭങ്ഗിഭരഭങ്ഗുരനാഭിഗർത്തം"

ഇത്യാദി ശ്ലോകങ്ങൾ ഏതു സഹൃദയന്റെ ഹൃദയത്തെയാണ് അപഹരിക്കാത്തത്.

1071-ൽ ശേഷഗ്ഗിരിശാസ്ത്രികൾക്ക് എഴുതിയ ഒരു കത്തിൽ "ഒരു കാലത്തു സരസ്വതീദേവി ഞാൻ വിചാരിക്കുമ്പോൾ എന്റെ മുന്നിൽ ആവിർഭവിക്കുമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടേ കാറ്റു മാറിവീണിരിക്കുകയാണ്. സംസ്കൃതകവനവാസന അഭ്യാസത്തിന്റെ അഭാവംകൊണ്ടു തീരെ നിരുന്മേഷയായിത്തീർന്നിരിക്കുന്നു" എന്നു മഹാകവി വിലപിക്കുന്നുവെങ്കിലും അവിടത്തെ സാരസ്വതസൗരഭം പണ്ടത്തെ നിലയിൽത്തന്നെ പ്രസരിച്ചിരുന്നു എന്നു കാണിക്കുവാൻ ശോണാദ്രീശസ്തോത്രത്തിൽനിന്നു രണ്ടു ശ്ലോകം പകർത്തിക്കാണിക്കാം. ആ കൃതി പല ഭാഗങ്ങളിലും മൂകപഞ്ചശതിയിലെ ആര്യാശതകത്തെ അനുസ്മരിപ്പിക്കുന്നു.

"അരുണഗിരിസ്ഥേമവതീ വിസ്മരഘസ്മരാഭിരാമധാമവതീ
പ്രഥമപതിപ്രേമവതീ പ്രദിശതു മേ കാമിതാനി ഹൈമവതീ"
"അലയാമോദമനന്യജകലയാമോദിതശിവാം മഹാമായാം
കലയാമോരുണഭൃഭൃന്നിലയാമോങ്കാരകലശസിന്ധുസുതാം."

## ക്ഷമാപണസഹസ്രം

ക്ഷമാപണസഹസ്രംപോലെ ഹൃദയദ്രവീകരണചണമായ ഒരു കാവ്യം ഇതരഭാഷകളിലില്ല.

ലക്ഷ്മീം ദദ്യാദ്ദയാലുസ്സരസിജനയനഃ
  കാശ്യപീവല്ലഭോ മേ
ഭക്താഭീഷ്ടപ്രദായീ വിബുധസമുദയ-
സ്തൂയമാനാപദാനഃ
നാരീണാം പ്രീതിദാതാ മദനജനയിതാ
  സംശ്രിതാഹീനഭോഗോ
ദേവസ്സന്താപഹാരീ സകലസുമനസാ-
  മുത്തമഃ പൂരുഷാണാം"

എന്ന പ്രഥമശ്ലോകം ശ്രീപത്മനാഭനേയും മഹാരാജാവിനേയും പരാമർശിക്കുന്നു. തനിക്ക് തന്റെ 'ലക്ഷ്മി'യെ തിരിയെ കിട്ടണം എന്നാണ് കവിയുടെ പ്രാർത്ഥന.

"ലോകാനാമസി ബാന്ധവസ്ത്വമനിശം സന്മാർഗ്ഗമാസേവസേ
ത്വത്തോ ധർമ്മസമുദ്ഭവോഥ കമലോല്ലാസോ ഭവന്മൂലകഃ
ത്വാം പ്രത്യക്ഷമുദീക്ഷ്യ ദേവ മുദിതം ദോഷാന്തരായച്ഛിദം
ചക്രസ്യേവ മമ പ്രിയാധിഗമനം സ്യാദേവ മോദാവഹം"

എന്ന ഒടുവിലത്തെ ശ്ലോകത്തിലും അതുപോലെ രണ്ടർത്ഥം-ആദിത്യപരമായും മഹാരാജപരമായും-ഉണ്ട്. 'പ്രിയാധിഗമനം' എന്ന പദം ഭാവഗർഭമയമായാണ്

പ്രയോഗിച്ചിരിക്കേണ്ടതെന്നു പറയേണ്ടതില്ലല്ലോ. പ്രസ്തുത കൃതി അൻപതു വിംശതികളായി വിഭജിക്കപ്പെട്ടിരിക്കുന്നു; ഓരോ വിംശതിയിലും വൃത്തത്തിനു ഭേദമുണ്ട്. തന്നെ മഹാരാജാവു ശിക്ഷിച്ചതിൽ താൻ വ്യസനിക്കുന്നില്ലെന്നു കവി നിവേദനം ചെയ്യുന്നു.

"ദൂയേഹം കിയദപി നൈവ സാപരാധോ
ദണ്ഡോഭ്രന്മയി വിഹിതസ്ത്വയേതി മത്വാ
യദ്ബ്രൂതേ മനുരപി രാജ്ദണ്ഡിതാനാം
പാപൗഘക്ഷയകൃതനാകലോകലാഭം."

പക്ഷേ, ദുർജ്ജനങ്ങളുടെ അസൂയനിമിത്തമാണ് തനിക്ക് ആ ആപത്തു വന്നത്.

"ഉൽക്കർഷം ഭവദനുവർത്തിനോ മമോച്ചൈ-
രാലോക്യ വ്യഥിതമഭ്രന്മനഃ ഖലാനാം
അശ്രാന്തം മനസി പരോദയാസഹാനാം
ദൃഷ്ടാനാമുദയതി ദുസ്ത്യജാ ഹ്യസൂയാ."

ആലപ്പുഴക്കൊട്ടാരത്തിൽ താമസിക്കുമ്പോൾ സർക്കാരുദ്യോഗസ്ഥന്മാർ ആഹാരംപോലും മുട്ടിച്ചു തന്നെ പലവിധത്തിൽ കഷ്ടപ്പെടുത്തി.

"അബിഭരുരധികാരിണസ്ത്വദീയാ
മയി നിതരാമധികാരിതാം തദാനീം
അപി വിവിധമുപദ്രവം ദിശന്തോ
ദ്ധുരതിമാത്രമഥാധികാരിതാം മേ."

"അനുദിനമശനാർത്ഥമിഷ്ടദാനം
നിഖിലമഭ്രദ്ഭവതാ നിയുക്തമേവ
യദി പുനരധികാരിഭിസ്സ്വകുക്ഷിം-
ഭരിഭിരിദം ന കൃതം ക ഏഷ ദോഷഃ?"

ശിക്ഷയ്ക്കു ഒരു കാലാവധി കല്പിയ്ക്കാത്തതാണ് തനിയ്ക്കു അത്യന്തം മർമ്മഭേദകമായി തോന്നിയിട്ടുള്ളത്.

"ഉചിതസ്യാപി ദണ്ഡസ്യ ഭവതാ രചിതസ്യ മേ
അപരിച്ഛിന്നതാ ധൈര്യമർമ്മഭേദായ സാജനി."

കാരാഗൃഹബന്ധനത്തിൽനിന്നു മോചിപ്പിച്ച തന്നെ ഗൃഹബന്ധനത്തിൽനിന്നു കൂടി മോചിപ്പിയ്ക്കാത്തതു് ഒന്നു നോക്കിയാൽ അധികസങ്കടത്തിന്നു കാരണമാണ്.

"കാരാഗാരേ തത്ര വസൻ നാന്യമവിന്ദം
ഖേദം ദത്താദൃഷ്ടജനൈസ്ത്വദ്വിനിയുക്തൈഃ
ആഹാരാദ്യം സർവമഭ്രത്തത്ര വിതീർണ്ണം
നൈതസ്യാർത്ഥേ കോപി തദാ ക്ലേശ ഉദീതഃ"

"ദാരിദ്ര്യാംഭോരാശിനിമഗ്നേത്ര കുടുംബേ
വാസാന്നിത്യം ക്ലേശമഹം ഭൂരി ഭരാമി
ന സ്വാതന്ത്ര്യം ഗന്തുമിതോ മേ ബഹിരന്യം
ദേശം യത്ര സ്വൈരമഹം ജീവനകൃത്സ്യാം."

“പ്രാഗ്വദ്ബന്ധേ ക്ഷേപയ വാ ക്ഷിപ്രമമുഷ്മാദ്
ഗേഹക്ലേശാന്മോചയ വാ, മാരയ വാസ്മാൻ.”

“പ്രദേഹി മേ ബന്ധനമിന്ധനം വാ.”

“ഗളിതകളങ്കപൂർണ്ണകലശീതഗഭസ്തിരുചി-
പ്രചയകചാകചിപ്രധനചുഞ്ചുയശഃപ്രകരൈഃ

ക്ഷിതിവലഭേദനാതിധവളീകൃതദ്വിഗ്വലഭേ
ന തവ ലഭയേ നാഥ! കിമഹം കരുണാകണികാം?”

എന്നും മറ്റും വാഗ്ദേവതയുടെ മഞ്ജീരശിഞ്ജിതം ഭാവുകന്മാർക്കു പ്രകടമായി കേൾക്കാവുന്ന നിരവധി പദ്യങ്ങൾ ഈ കൃതീയിലുണ്ടു്. രസനിർഭരങ്ങളായ ആ പദ്യങ്ങൾക്കു പുറമേ എത്ര ചിത്രശ്ലോകങ്ങൾ, എത്ര മുദ്രാലംകൃതപദ്യങ്ങൾ, എത്ര ശ്ലിഷ്ടകല്പനകൾ, എത്ര ദ്വാദശപ്രാസഘടനകൾ, എന്നുവേണ്ട വിദ്വൽപ്രിയങ്ങളായ എത്ര വിഭിന്നരീതികളിലുള്ള കാവ്യ ശില്പങ്ങൾ ഈ ബൃഹന്നിബന്ധത്തിലുണ്ടെന്നു പരിച്ഛേദിച്ചു പറയുക പ്രയാസം തന്നെ.

## യമപ്രണാമശതകം

“സാധുവൈധുര്യകൃൽകം സബാധിതാ മാഥുരാ ജനാഃ
യമപ്രണാമശതകം കിമപ്യതേ വിതേനിരേ”

എന്ന പീഠികയോടുകൂടിയാണു് ഈ കൃതി ആരംഭിക്കുന്നതെങ്കിലും ഇതിന്റെ നിർമ്മാണോദ്ദേശം സുവിദിതമാണെന്നു സൂചിപ്പിച്ചുകഴിഞ്ഞു. പ്രസ്തുത ശതകത്തിലെ ഓരോ ശ്ലോകവും ഓരോ വജ്രായുധമാണ്. ഗൗഡീരീതിയുടെ പ്രചണ്ഡതാണ്ഡവമാണ് നാം അതിൽ ആപാദചൂഡം ഭയചകിതരായി നിരീക്ഷിക്കുന്നതു്. ഒരു ശ്ലോകം മാത്രം പകർത്തിക്കാണിക്കാം.

“ഖട്വാരൂഢേഷു കട്വാചരണവിരഹിതഃ
    കഷ്ടമിഷ്ടേഷു ഖട്വാ-
മാരൂഢാൻ ബാഢമുദ്വേജയതി വിഷമധീ-
    രേഷു വൈരായമാണഃ
ദോർദ്ദണ്ഡോദ്യന്മുസൃണ്ഠീപടുതരഹതിഭിഃ
    പിണ്ഡിപിണ്ഡീതി പിണ്ഡീ-
    ബ്രാധ്നേ! മൂർദ്ധാനമസ്യാവനിഭൃദപശദ-
    സ്യാഞ്ജസൈഷ പ്രണാമഃ.”

## ശ്രീവിശാഖവിജയം

വിശാഖം തിരുനാൾ മഹാരാജാവിന്റെ ജീവിതത്തേയും രാജ്യഭരണത്തേയും വിഷയീകരിച്ചു വിരചിച്ചിട്ടുള്ളതാണു് പ്രസ്തുതമഹാകാവ്യം. 1060-ാമാണ്ടു മഹാരാജാവു നിർവഹിച്ച തുലാപുരുഷദാനത്തോടുകൂടി ആ കൃതി സമാപ്തമാകുന്നു. ആകെ 20 സർഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. അതു് ഒരു ‘വിജയ’കാവ്യമാകയാൽ സ്വർഗ്ഗാരോഹണവൃത്താന്തം ചേർത്തിട്ടില്ല. വിശാഖവിജയത്തിന്റെ വിവിധഗുണഗണങ്ങളെ വിശകല

നം ചെയ്യുവാനുള്ള അവസരം ഇതല്ല; സഹൃദയന്മാർ അവ അറിയനമെങ്കിൽ ആ കാവ്യം സമഗ്രമായിത്തന്നെ വായിക്കനം. ഒരു ശ്ലോകം ഉദ്ധരിച്ചു മാതൃക കാണിക്കാം.

"ഹാലശോ (?) ഷ്ണീഷശോഭാപരിഗതനിടിലഃ
പദ്മപത്രായതാക്ഷ-
സ്തുംഗഭ്രാജിഷ്ണുനാസസ്ഥലിതപരിണമദ്-
ബിംബകമ്രാധരോഷ്ഠഃ
കംബുഗ്രീവഃ കവാടപ്രതിഭടവികടോ-
രസ്തടശ്ശാതകുക്ഷി:
കുക്ഷിൽ സുക്ഷത്രിയോ മേ കിരതി സഖി! ദൃശോ-
രേഷ പീയൂഷവർഷം." (സപ്തമസർഗ്ഗം)

വിശാഖം തിരുനാൾ മഹാരാജാവ് കാണികളുടെ നയനങ്ങളിൽ എന്നപോലെ പ്രസ്തുതകാവ്യം ഭാവുകന്മാരുടെ ശ്രവണങ്ങളിൽ പീയൂഷവർഷം ചെയ്യുന്നു. ആയില്യം തിരുനാൾ മഹാരാജാവിനോടു കഥാപുരുഷന് അതികഠിനമായ വിദ്വേഷത്തിനു കാരണമുണ്ടായിരുന്നു. എങ്കിലും അവിടത്തെപ്പറ്റിയുള്ള ആദരാതിശയം വിശാഖവിജയത്തിൽ വേണ്ടവിധത്തിൽ പ്രകടീകരിച്ചിട്ടുണ്ട്. ആസന്നമരണനായ അവിടുന്നു തന്റെ പ്രഥമ ശത്രുവായി കരുതിയിരുന്ന വിശാഖം തിരുനാൾ യുവരാജാവിനെ അടുക്കൽ വിളിച്ച് ഇങ്ങനെ അരുളിച്ചെയ്യുന്നു.

"ആയുസ്സുദീർഘമനപായമനാമയത്വ-
മൈശ്വര്യമക്ഷയമനന്തമഭീഷ്ടയോഗം
വിദ്യാമവദ്യരഹിതാം വിപുലാഞ്ച കീർത്തിം
പുഷ്ണാതു വത്സ! സതതം തവ പദ്മനാഭഃ.

ധന്യോഹമദ്യ പരചിന്മയമേമി ധാമ
കർമ്മക്ഷമേ ത്വയി സമർപ്പിതരാജ്യഭാരഃ
ധർമ്മോസ്മദീയകുലദൈവതമിത്യവേത്യ
നീത്യാ പ്രശാധി പൃഥിവീം കുലശേഖരസ്ത്വം.

ദുർമ്മന്ത്രിണോത്ര ബഹവസ്തവ ധാർമ്മികസ്യ
ധീഭേദമാരചയിതും നിയതം യതേരൻ
കാമാന്ന ജാതു ന ഭയാന്ന ച ലോഭതോ വാ
കർമ്മ സ്വകീയമവധീരയ ധീരവര്യ."

യമപ്രണാമശതകംകൊണ്ടു വല്ല അപരാധവും അവിടുന്ന് ആചരിച്ചുപോയിട്ടുണ്ടെങ്കിൽ അതിന് മേലുദ്ധരിച്ച ശ്ലോകങ്ങളെക്കൊണ്ടും മറ്റും പര്യാപ്തമായ പരിഹാരവും നേടീട്ടുണ്ട്.

## പ്രക്രിയാസർവ്വസ്വടിപ്പണി

പ്രക്രിയാസർവ്വസ്വത്തിനു മഹാകവി വലിയ ടിപ്പണിയൊന്നും രചിച്ചിട്ടില്ല. "പ്രക്രിയാസർസ്വം ശ്രീനാരായണഭട്ടവിരചിതം ക്വചിദ്വലയാങ്കിതൈഷ്ടിപ്പണൈസ്സൂത്രാങ്കാദിവദ്ഭിശ്ച കേരളവർമ്മണാ പരിഷ്കൃതം" എന്നേ അവിടുന്ന് ആ ഉദ്യമത്തെപ്പറ്റി

പറയുന്നുള്ളു. ഇരുപതാമത്തെ ഖണ്ഡമായ ഛാന്ദസം "ബഹ്വസ്ഥലേഷു ഗവേഷിതോപ്യേതാവൽപര്യന്തം നാധിഗതഃ" എന്നു പറഞ്ഞിട്ടുണ്ട്. ഭട്ടതിരി യങ്ലുക്ഖണ്ഡത്തിന്റെ അവസാനത്തിൽ

> "നിത്യം സ്യാമ യുഷം, യുഷാനിഹ കഥാ ശ്രോതും
> യുഷാഭിശ്ച ന-
> സംവാസോസ്തു നമോ യുഷഭ്യമനിശം, കോന്യോ ഹി
> ധന്യോ യുഷാൽ?
> ദുസ്സാധം ന യുഷാകമസ്തി യുഷ വൈ മർത്ത്യസ്യ മുക്തിഃ കരേ
> യുഷ്യാ തുഷ്യാതി സജ്ജനേന ഭുവനം ഹേ കൃഷ്ണ ലീലാഭൃമാഃ"

എന്നൊരു കഠിനമായ ശ്ലോകം ചേർത്തിട്ടുണ്ട്. വലിയകോയിത്തമ്പുരാൻ അതിനു ടിപ്പണി, താഴെ ചേർക്കുന്നവിധത്തിൽ എഴുതിയിരിക്കുന്നു. "യുഷ്മാനാചഷ്ട ഇതി ണിചി, ക്വിപി, യുഷം ഇത്യാദീനി രൂപാണി, യുഷ്മാനാചക്ഷാണ ഇത്യാദി രർത്ഥഃ, യുഷ, യുഷ്മാനാചക്ഷാണസ്യ മർത്ത്യസ്യ മുക്തിഃ കരേ വൈ ഇതി നിശ്ചയാർത്ഥകമവ്യയം. യുഷ്യാ, യുഷ്മാനാചക്ഷാണേന സജ്ജനേന ഭുവനം തുഷ്യതി. ഏഷാം പ്രക്രിയാസ്തേ്വ തദനന്തരസുബന്തധാതുഖണ്ഡേ വക്ഷ്യന്തേ."

### ഭാഷാപദ്യം

ഭാഷയിൽ (31) ഹനുമദുത്ഭവം, (32) ധ്രുവചരിതം, (33) മത്സ്യവല്ലഭവിജയം, (34) പ്രലംബവധം, (35) പരശുരാമവിജയം, (36) സോമവാരവ്രതം ഉത്തരഭാഗം എന്നീ ആറ് ആട്ടക്കഥകൾ, (37) കേരളീയഭാഷാശാകുന്തള നാടകം (തർജ്ജമ), (38) അമരുകശതകം (തർജ്ജമ), (39) മയൂരസന്ദേശം, (40) അന്യാപദേശശതകം (തർജ്ജമ), (41) ദൈവയോഗം, (42) ശ്രീപദ്മനാഭപദപത്മശതകം, (43) സ്തുതിശതകം എന്നിവയാണ് അവിടത്തെ പ്രധാനങ്ങളായ പദ്യകൃതികൾ. ഇവ കൂടാതെ (44) കൈരളീപ്രശസ്തി, (45) അഷ്ടമിരോഹിണീമാഹാത്മ്യം കൈകൊട്ടിക്കളിപ്പാട്ട് ഇങ്ങനെയും ചില ലഘുകൃതികൾ അവിടുന്നു രചിച്ചിട്ടുണ്ട്.

### ആട്ടക്കഥകൾ

ഇവയിൽ സോമവാരവ്രതം ഉത്തരഭാഗം കണ്ടുകിട്ടീട്ടില്ല. അതു 1050-ാമാണ്ട് ഒടുവിലാണ് ആരംഭിച്ചതെന്നും, യമുനയിൽ തോണി മുങ്ങി ചന്ദ്രാങ്ഗദൻ അദൃശ്യനായപ്പോൾ സീമന്തിനി "വിധവത വഹിച്ചു" എന്നവസാനിക്കുന്ന ഒരു ദണ്ഡകംവരെ എഴുതിയപ്പോഴാണ് അവിടത്തെ ബന്ധനത്താൽ മഹാരാജ്ഞിയ്ക്കു വൈധവ്യകല്പമായ ദുഃഖം സംഭവിച്ചതെന്നും കാണുന്നു. 1055-ൽ അരിപ്പാട്ടു താമസിക്കുമ്പോൾ ആ കഥ പൂരിപ്പിക്കണമെന്നുള്ള മാതാവിന്റേയും ജ്യേഷ്ഠന്റേയും ആജ്ഞയ്ക്ക് വിധേയനായി അങ്ങനെ ചെയ്തു. അതുകഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ ദമ്പതിമാർക്കു പുനസ്സമാഗമവും സിദ്ധിച്ചു. ആട്ടക്കഥകളിൽ അവിടുത്തേയ്ക്കു അഭിരുചി ജനിപ്പിച്ചതും ഗുരുഭൂതനായ അമ്മാവൻതന്നെയായിരുന്നു. 1039-ാമാണ്ടു ഹനുമദുത്ഭവം ലക്ഷദീപാവസരത്തിൽ ഇദംപ്രഥമമായി അഭിനയിയ്ക്കപ്പെട്ടു. അടുത്തതായി രചിച്ചതു മത്സ്യവല്ലഭവിജയമാണ്. അതിന്റെ നിർമ്മിതി 1040-1042 എന്നീ കൊല്ലങ്ങൾക്കിടയിലാണ്. ധ്രുവചരിതം 1043 ധനു 17-ാംനു മുതൽ 26-ാംനുവരെയുള്ള പത്തുദിവസംകൊണ്ടു മറ്റു കൃത്യശതങ്ങൾക്കിടയിൽ നിർമ്മിച്ചതായിക്കാണുന്നു. അതിൽ പദങ്ങളിൽ സാർവത്രികമായി അന്ത്യപ്രാസം ഘടിപ്പിച്ചിട്ടുണ്ട്. ആദ്യത്തെ കൃതികൾ രണ്ടും കിളിമാനൂർ കോയിത്തമ്പുരാന്റേയും മൂന്നാമത്തേത് അവന

വഞ്ചേരി (ഹരിഹരഭാഗവതരുടേയും) നിർദ്ദേശമനുസരിച്ച് ഉണ്ടാക്കീട്ടുള്ളതാണ്. അവ മൂന്നും ഗായകദൃഷ്ട്യാ പരിശോധിച്ചതും ഹരിഹരഭാഗവതർതന്നെയാണ്. പ്രലംബവധം ജ്യേഷ്ഠന്റെ നിയോഗമനുസരിച്ച നിർമ്മിച്ചു. അദ്ദേഹംതന്നെയാണ് കഥ തീർച്ചപ്പെടുത്തുകയും രങ്ഗവിഭാഗം വ്യവസ്ഥപ്പെടുത്തുകയും പദങ്ങളുടെ മട്ടും മറ്റും നിശ്ചയിക്കുകയും ചെയ്തത്. ആ ആട്ടക്കഥയും ഏതാനും ദിവസങ്ങൾകൊണ്ടു രചിച്ചതാണ്. പരശുരാമവിജയം അത്തംതിരുനാൾ കൊച്ചുതമ്പുരാന്റെ ആവശ്യപ്രകാരം ഒന്നരദിവസംകൊണ്ടുണ്ടാക്കി.അത്തംതിരുനാളിന്റെ ജനനം 1030-ാമാണ്ടും മരണം 1053-ാമാണ്ടുമായിരുന്നതിനാൽ 1046-നുമേൽ 1050-ാമാണ്ടിനകമാണ് ആ കഥയുടെ രചന എന്നൂഹിക്കാം. മഹാകവിയുടെ ആട്ടക്കഥകൾക്ക് അവ എഴുതിയ കാലത്തു നല്ല പ്രചാരമുണ്ടായിരുന്നു എങ്കിലും ഇപ്പോൾ അവയെ അഭിനേതാക്കൾ രങ്ഗത്തിൽ വളരെ വിരളമായിട്ടേ പ്രയോഗിക്കുന്നുള്ളു. അതിനുള്ള മുഖ്യകാരണങ്ങളായി അവയുടെ നവ്യത്വത്തേയും സംസ്കൃതജടിലമായ ശൈലിയേയും ഗണിക്കാം. പ്രലംബവധം തുടങ്ങിയുള്ള കഥകൾ അവയ്ക്കു മുൻപുള്ളവയേക്കാൾ സരളങ്ങളാണ്. സാഹിത്യദൃഷ്ട്യാ പരിശോധിക്കുമ്പോൾ അവയെല്ലാം ഉത്തമകക്ഷ്യയിൽത്തന്നെ നിലകൊള്ളുന്നു.

> “കല്പാന്തോച്ചണ്ഡചണ്ഡീശ്വരപടുനടനാരംഭചഞ്ചൽപദാഗ്ര-
> പ്രൗഢാഘാതപ്രഭിന്നസ്ഫടികഗിരിതടസ്ഫാരഗംഭീരനാദഃ”
>
> (ഹനുമദുത്ഭവം)

എന്നും,

> “ദാഢാകോടിദൃഢോപലഗ്നകരടിപ്രൗഢാസ്ഥികൂടച്ഛടാ-
> ഗാഢാപൂരിതവക്ത്രകോടരഗഭീരാഢൗകിതക്ഷ്വേളിതാ”
>
> (പ്രലംബവധം)

എന്നും മറ്റുമുള്ള ശ്ലോകങ്ങളുടെ പ്രൗഢി പ്രശംസനീയമായിരിക്കുന്നു.

> “നീവാരാൻ വാരനാരീകരസരസിരുഹാൽ
> സാദരം സ്വീകരോതി
> ഗ്രീവാമുന്നമ്യ യസ്മിൻ കുവലയരമണോ-
> ത്സംഗശായീ കരംഗഃ
> ദേവാധീശഃ പുരാന്യാസുലഭശതമഖീ-
> പുണ്യനിർവാഹധന്യോ
> യാവൽ പാദാരവിന്ദാനതസകലസുധാ-
> ദീദിവിർദ്ദേദിവീതി”

ഇത്യാദി ശ്ലോകങ്ങളിലെ അർത്ഥചാതുര്യവും ആസ്വാദ്യമാണ്. മത്സ്യവല്ലഭവിജയത്തിലെ “അംഗജതുല്യമനോജ്ഞമൂർത്തേ-സുര-പുംഗവഭാസുരഭ്രരികീർത്തേ” എന്നു തുടങ്ങുന്ന കുമ്മിയും, “ധരണീധരേന്ദ്രനുടെ പരിണാഹവർണ്ണനേ” എന്നാരംഭിക്കുന്ന പർവതവർണ്ണനവും മറ്റും അനുവാചകന്മാരുടെ ഹൃദയത്തെ അത്യന്തം ചമൽക്കരിക്കുന്നു. ശൃംഗരരസപ്രതിപാദകങ്ങളായ പദങ്ങളുടെ മാധുര്യവും സാമാന്യമല്ല. ധ്രുവചരിതത്തിൽ ഉത്താനപാദൻ സുരുചിയെ അനുനയിപ്പിക്കുന്ന അധോലിഖിതമായ പദം പരിശോധിക്കുക.

> “കാമിനി നിശമയ മാമകവാണീം കാറണിവേണിമണേ!
> താമരസായതബന്ധുരനയനേ! സാമജപരിവൃഢമന്ഥരഗമനേ!

(കാമി)

ചന്ദനശൈലസമീരൻ ശശിമുഖി ചാലിതഭംഗകിശോരൻ
തുന്ദിലസൗരഭസാരൻ സുന്ദരി തോദിതവിരഹിശരീരൻ
മന്ദമണഞ്ഞുവരുന്നു മനോഹരകന്ദരദേ! പരിദീപിതമാരൻ

(കാമി)

വിലസതി ഹിമകരബിംബം സമ്പ്രതി വിഹസതി കുമുദകദംബം
ചലമിഴിയരുതു വിളംബം ദിശ മമ ചാരു തവാധരബിംബം കളമൊഴി
മന്മഥപരവശനാം മമ കാമിനി ഭവൽകൃപതാനവലംബം

(കാമി)

ശീതകരോപമവദനേ! നാമിഹ ശീതളവല്ലീസദനേ
മേദുരകൗസുമശയനേ തുടരുക മന്മഥകേളികളുടനേ
ഭീതചമൂരുകിശോരവിലോചനഭർത്സനപടുതമമഞ്ജിമനയനേ

(കാമി)”

ഇതു് ഏതാട്ടക്കഥയിലെ ഏതു ശൃംഗാരപദത്തോടും കിടനില്ക്കുന്നതാണ്.

## കേരളീയഭാഷാശാകുന്തളം

1056-ലും 1057-ലുമായി രചിച്ചതാണ് ഈ നാടകം എന്നു പറഞ്ഞുവല്ലോ. അതിന്റെ ആമുഖോപന്യാസത്തിൽ ആ തർജ്ജമയിൽ സംസ്കൃതപദപ്രയോഗം അല്പം ബഹുലീഭവിച്ചിട്ടുണ്ടെന്നും ഔത്തരാഹന്മാർക്ക് അഭംഗി എന്നു തോന്നുന്ന ശൈലീഭേദം അങ്ങിങ്ങു കാണാമെന്നും അവിടുന്നു സമ്മതിച്ചിട്ടുണ്ട്. എല്ലാ ശ്ലോകങ്ങൾക്കും “കണ്ഠനാളമഴകിൽത്തിരിച്ച്”, “ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു കുറവോ”, മേദസ്സറ്റു മെലിഞ്ഞു “കുക്ഷി ലഘുവാം”, “നാലുകെട്ടിലധികാരമുദ്രയായ്”, “മാനോടൊത്തുവളർന്നു”, “ഭക്ത്യാസേവിക്ക പൂജ്യാൻ”, “മാനോടൊത്തുവളർന്നു”,“ഭക്ത്യാസേവിക്ക പൂജ്യാൻ”, “മുന്നേ ഞാൻ നിരൂപിച്ചപോൽ” മുതലായവയെപ്പോലുള്ള സാരള്യമില്ല. “ശമധനരായ മാമുനിജനേഷു”, “ശാലയെച്ചുഴവേ ക്ലൃപ്തധിഷ്ണ്യാഃ”, “ശശി കുമുദാനേവ” ഇത്യാദി ശ്ലോകങ്ങൾ ഏറ്റവും കഠിനങ്ങൾ തന്നെ. ഈ രണ്ടു ന്യൂനതകളുടേയും പരിഹാരത്തിനുവേണ്ടിയാണ് പഴയകൃതി ആവശ്യമെന്നു തോന്നിയിടത്തോളം പരിഷ്കരിച്ചു “മണിപ്രവാളശാകുന്തളം” എന്ന പേരിൽ 1087-ൽ വീണ്ടും പ്രസിദ്ധീകരിച്ചതു്. എങ്കിലും അതും സംസ്കൃതജ്ഞന്മാരല്ലാത്ത സാധാരണകേരളീയർക്കു സുഗ്രഹമല്ല. ഏ.ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ ആയിടയ്ക്കു മലയാളശാകുന്തളം എന്നപേരിൽ മറ്റൊരു തർജ്ജമ പ്രസിദ്ധീകരിച്ചു. എന്നാൽ അവയ്ക്കു രണ്ടിനും തമ്മിൽ വലിയ അന്തരമുണ്ട്. വലിയകോയിത്തമ്പുരാന്റെ ശ്ലോകങ്ങളുടെ സംഗീതമാധുരി അനന്യസുലഭമാണെന്നുള്ളതു സർവസമ്മതമാണ്. മൂലശ്ലോകങ്ങളുടെ അർത്ഥം ഏറ്റക്കുറച്ചിൽ കൂടാതെ ഭാഷയിൽ സംക്രമിപ്പിക്കുന്നതിനു വലിയകോയിത്തമ്പുരാനുള്ള വൈദഗ്ദ്ധ്യത്തെക്കുറിച്ചും ആർക്കും ഭിന്നാഭിപ്രായമില്ല. കേരളീയഭാഷാശാകുന്തളം ആവിർഭവിച്ച കാലത്തു് അതിലെ പല ശ്ലോകങ്ങളും വണ്ടിക്കാർക്കുപോലും മനഃപാഠമായിരുന്നു. അത്ര ധാരാളമായി അഭിനയഭാഗ്യം സിദ്ധിച്ച മറ്റൊരു ഭാഷാനാടകവും (സംഗീത നാടകങ്ങൾ ഒഴിച്ചുനോക്കിയാൽ) കേരളത്തിൽ നാളതുവരെ ഉണ്ടായിട്ടില്ലെന്നുള്ളതും പ്രത്യേകിച്ചു വക്തവ്യമാണ്.

## അമരുകശതകം

അമരുകശതകത്തെക്കാൾ മഹനീയമായ ഒരു ശൃംഗാരകാവ്യം സംസ്കൃതത്തിലില്ല; അതു ശരിക്കു തർജ്ജമ ചെയ്യണമെങ്കിൽ വലിയ കോയിത്തമ്പുരാനെപ്പോലെയുള്ള ഒരു പണ്ഡിതപ്രവേകനും അനുഭവരസികനും സഹൃദയധുരീണനും മഹാകവിമൂർദ്ധന്യനുമല്ലാതെ സാധിക്കുന്നതുമല്ല. അത്രയ്ക്ക് ഉൽക്കൃഷ്ടമാണ് ആ കാവ്യത്തിന്റെ ധ്വന്യാത്മകത്വവും രസനിർഭരതയും. ആ ഭാരമേറിയ കൃത്യം അവിടുന്ന് അനായാസമായി നിർവഹിച്ചിരിക്കുന്നു. രചനസംബന്ധിച്ചു നോക്കുകയാണെങ്കിൽ കേരളീയഭാഷാശാകുന്തളത്തിലെ ചില വൈകല്യങ്ങൾ അതിലും അല്പാല്പം കടന്നുകൂടീട്ടുണ്ട്. എങ്കിലും പല ശ്ലോകങ്ങൾ ആ വിഷയത്തിലും അനവദ്യങ്ങളാണ്. അധോലിഖിതങ്ങളായ പദ്യങ്ങൾ നോക്കുക.

“ജാതാലസ്യം തിരിഞ്ഞും കിമപി മുഹുരട-
ഞ്ഞും പ്രിയത്താലലിഞ്ഞും
ഹ്രീതാരള്യം നിറഞ്ഞും ക്ഷണമെതിരെയണ-
ഞ്ഞും നിമേഷം വെടിഞ്ഞും
വീതാശങ്കം ഹൃദന്തർഗ്ഗതമതു വെളിവാ-
ക്കുന്നപോലുള്ള ദൃഷ്ട്യാ
നീതാൻ മുഗ്ദ്ധേ! കഥിക്കേതൊരു സുകൃതിയെയാ-
ണിന്നു വീക്ഷിച്ചിടുന്നു?”

“കാന്തൻ പോയ്‌വന്നശേഷം കഥമപി പകലുൽ-
കണ്ഠയോടേ കഴിച്ചി-
ട്ടന്തർഗ്ഗേഹത്തിലെത്തിജ്ജഡസഖികൾ കഥാ-
വിസ്തരം ചെയ്തിടുമ്പോൾ
എന്തോ എന്നെക്കടിച്ചെന്നധികവിവശയായ്-
ച്ചൊല്ലി വസ്ത്രം കുടഞ്ഞ-
പ്പൂന്തേൻനേർവാണിയേറ്റം രതിരഭസഭരം-
പൂണ്ടു ദീപം കെടുത്തി.”

## മയൂരസന്ദേശം

മയൂരസന്ദേശംപോലെ ഹൃദയദ്രവീകരണപ്രഭാവമുള്ള ഒരു ഭാഷാസന്ദേശകാവ്യം അതിൽപ്പിന്നീട് ആരും രചിച്ചിട്ടില്ല. അന്യത്ര ദർശനീയങ്ങളല്ലാത്ത പല വൈശിഷ്ട്യങ്ങളും അതിനുണ്ട്. മേഘസന്ദേശം അതിന് അർദ്ധാസനം നല്കണമെന്ന് ഒരു സഹൃദയനും വാദിക്കുന്നതല്ല. എന്നാൽ ഇതിവൃത്തത്തെസ്സംബന്ധിച്ചിടത്തോളം കാളിദാസകൃതി കേരളവർമ്മകൃതിയ്ക്കു പുറകിൽനിന്നേ മതിയാകൂ. ആദ്യത്തേതിൽ ഒരു യക്ഷൻ മേഘത്തെ തന്റെ സന്ദേശഹരനാക്കുന്നു; രണ്ടാമത്തേതിൽ കവിതന്നെയാണ് മയൂരത്തെ പ്രിയതമയുടെ സന്നിധിയിലേയ്ക്ക് അയയ്ക്കുന്നത്. ഉഗ്രമായ രാജശാസനം നിമിത്തം വലിയകോയിത്തമ്പുരാൻ അരിപ്പാട്ടു ബന്ധനസ്ഥനായി താമസിക്കുകയായിരുന്നു എന്നതു വാസ്തവത്തിൽ നടന്ന ഒരു സംഭവമാണ്. യക്ഷന്റെ പ്രഭാസം ഒരു വർഷത്തേയ്ക്കു നീണ്ടുനിന്നതായി കാളിദാസൻ ഉപന്യസിച്ചാൽമാത്രമേ അദ്ദേഹത്തിന്റെ കാവ്യം പുരോഗമിക്കുകയുള്ളു. ഒന്നു സങ്കല്പചിത്രം; മറ്റേതു സ്വാനുഭവചിത്രം. തദനുരോധേന മയൂരസന്ദേശത്തിനുള്ള

മഹിമാതിശയം അനുക്തസിദ്ധമാകുന്നു. കേരളവർമ്മ ദേവനെ വിധി പതിപ്പിച്ച പങ്കത്തിൽനിന്ന് ഒരു ജഗന്മോഹനമായ ചെന്താമരപ്പൂ വിരിഞ്ഞു. അതാണ് പ്രസ്തുത സന്ദേശം. അതിന്റെ കലാശില്പത്തിൽ കവി കരുതിക്കൂട്ടിക്കൊണ്ടു സ്വഭാവോക്തിസുന്ദരമായ വസ്തുവർണ്ണനത്തിനു പ്രാധാന്യം നല്കിയിരിക്കുന്നു. അരിപ്പാട്ടുനിന്നു തിരുവനന്തപുരത്തേയ്ക്കുള്ള മാർഗ്ഗവിവരണത്തിന്റെ തന്മയത്വം 1053-മാണ്ടിടയ്ക്കാണ് ആ സന്ദേശം കവി അയച്ചിരിയ്ക്കുന്നതായി സങ്കല്പിച്ചിട്ടുള്ളത് എന്നനുസ്മരിച്ച് അന്നത്തെ സ്ഥിതിഗതികൾ ഗ്രഹിച്ച വായിക്കുന്നവർക്ക് വിശിഷ്യ അനുഭവവേദ്യമായിരിക്കും. ഔചിത്യയുക്തമായല്ലാതെ ഒരു ശബ്ദവും അവിടുന്ന് ആ കൃതിയിൽ പ്രയോഗിച്ചിട്ടില്ല. നിഷ്പക്ഷബുദ്ധിയോടുകൂടി അന്തഃപ്രവേശം ചെയ്യുന്ന ഭാവുകന്മാർക്ക് അതു ക്ഷണത്തിൽ ബോധപ്പെടുകയും ചെയ്യും. അഭിജ്ഞാനവാക്യമായി ആ കാവ്യത്തിൽ ഘടിപ്പിച്ചിരിക്കുന്ന

“ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാങ്ഗേ! കമപി നിഹനിച്ചീടിനേൻ നീഡജത്തെ;
മാലാർന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ!”

എന്ന ശ്ലോകത്തിൽ “പേർത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോന്നീടു”മെന്നുള്ളതിനു സഹൃദയഹൃദയം തന്നെയാണ് സാക്ഷി. “ഭൂയശ്ചാഹ ത്വമസി ശയനേ കണ്ഠലഗ്നാ പുരാമേ” എന്നിത്തരത്തിലുള്ള ഒരു വാക്യമല്ലല്ലോ അത്. പ്രകൃതത്തിന് അധികം ഉപയോഗപ്പെടുന്നതു മയൂരസന്ദേശത്തിലെ പ്രബോധനമാണെന്ന് എനിക്കു തോന്നുന്നു. ഏതു വൈകടികൻ ഏതു നികഷോപലത്തിൽ മാറ്ററച്ചുനോക്കിയാലും ആ ശ്ലോകം പത്തരമാറ്റ തങ്കമായിത്തന്നെ പരിലസിക്കുന്നതാണ്.

## ഇതരകൃതികൾ

അന്യാപദേശശതകത്തേയും ദൈവയോഗത്തേയും കുറിച്ചു മുമ്പു പറഞ്ഞുകഴിഞ്ഞു. ദൈവയോഗത്തിലെ ഇതിവൃത്തഘടനയും പ്രതിപാദനരീതിയും പദപ്രയോഗസമ്പ്രദായവും എല്ലാംതന്നെ വലിയകോയിത്തമ്പുരാന്റെ സാധാരണ സരണിയിൽനിന്നു വിഭിന്നമാണ്. എങ്കിലും അവിടുന്ന് ആ മാതിരി കൃതികൾ രചിക്കുന്നതിനും പ്രഗത്ഭനാണെന്ന് അതിൽ തെളിയിച്ചിരിക്കുന്നു. ഐഹികസുഖങ്ങളിൽ വിരക്തി തോന്നിയ ഒരു വയോധികനായ മുമുക്ഷുവിന്റെ വിചാരധാരയാണ് ശ്രീപത്മനാഭപദപത്മശതകത്തിൽ നാം സമീക്ഷിക്കുന്നത്. അതിൽ ഉത്തരാർദ്ധം സംബോധനാരൂപത്തിൽ വിരചിതമായിരിക്കുന്നു. രണ്ടു ശ്ലോകങ്ങൾ പകർത്തിക്കാണിക്കാം.

“നാലഞ്ചു ഭാഷകൾ മുഷിഞ്ഞു വൃഥാ പഠിച്ചേൻ,
പാലഞ്ചിടുംമൊഴിയുമായ്പ്പലനാൾ കഴിച്ചേൻ,
കാലം ചതിച്ചു; കരുണാകര! ഞാനിനിത്തു-
ക്കാലഞ്ചുവൻ കരുണയോടയി കാത്തുകൊൾക.”

“പാരം ദയാകര! ഭവച്ചരണാരവിന്ദ-
മാരന്ദധാര നുകരും മമ ചിത്തഭൃങ്ഗം
പൗരന്ദരോന്നതപദത്തെയുമിന്ദിരേശ!
ദൂരം ദരിദ്രതയിൽ മജ്ജിതമായ് നിനയ്ക്കും.”

സ്തുതിശതകത്തിൽ ഓരോ ദശകത്തിൽ ഓരോ ദേവതയെ വന്ദിച്ചിരിക്കുന്നു. താഴെ കാണുന്ന വന്ദനം ഭൂതനാഥപരമാണ്.

“ശരചാപധരൻ, നവീനധാരാ-
ധരചാരുദ്യുതി,ധാർമ്മികാഗ്രഗണ്യൻ,
സുരചാരണസേവ്യനാശ്രയം മേ
വരചാമീകരഭൂഷനാര്യദേവൻ”

കൈരളീപ്രശസ്തി ഒരു ചെറിയ കൃതിയാണ്. അതിൽ കേരളത്തിലെ വിദുഷിമാരെ കവി പ്രശംസിക്കുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെ പോഷണത്തിൽ ഏറ്റവും ജാഗരൂകനായിരുന്നു വലിയ കോയിത്തമ്പുരാൻ.

അഷ്ടമിരോഹിണീമാഹാത്മ്യം പത്തു വൃത്തങ്ങളിലായി ബ്രഹ്മാണ്ഡപുരാണാന്തർഗ്ഗതമായ ഒരു ഉപാഖ്യാനത്തെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ള ഒരു കൈകൊട്ടിക്കളിപ്പാട്ടാണ്. കവിയുടെ കുടുംബപരദേവതയായ പരപ്പനാട്ടു നിറങ്കൈതക്കോട്ട (നൈടുംകൈതക്കോട്ട) ശാസ്താവിനെ ആ കൃതിയിൽ വന്ദിച്ചിരിക്കുന്നു. ആരംഭത്തിൽ അരിപ്പാട്ടു സുബ്രഹ്മണ്യസ്വാമിയേയും വന്ദിച്ചിട്ടുള്ളതുകൊണ്ട് 1046-നുമേലാണ് അത് ഉണ്ടാക്കിയതെന്ന് അനുമാനിക്കാം. വിശാഖംതിരുനാൾ മഹാരാജാവിനെ സ്തുതിക്കുന്നുവെങ്കിലും അവിടത്തെ വാഴ്ചക്കാലത്ത് എഴുതിയതാണോ ആ കൃതി എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ബാല്യകാലത്തു രചിച്ച ഒരു കൃതിയുടെ ഗുണമേ അതിനുള്ളു.

## കേരളപ്രാസം

ദ്വിതീയാക്ഷരപ്രാസം വളരെക്കാലമായി ഭാഷാകവികൾ പ്രയോഗിച്ചുവന്നിരുന്ന ഒരു ശബ്ദാലങ്കാരമാണ്. ഇതരദ്രാവിഡസാഹിത്യങ്ങളിൽ-പ്രത്യേകിച്ചു തമിഴ് സാഹിത്യത്തിൽ അതിന് അഭ്യർഹിതവും അനപേക്ഷണീയവുമായ ഒരു സ്ഥാനമാണുള്ളത്. കേരളീയഭാഷാശാകുന്തളവും അമരുകശതകവും രചിക്കുമ്പോൾ വലിയ കോയിത്തമ്പുരാൻ സ്വരവ്യഞ്ജനങ്ങൾക്കു ദ്വിതീയാക്ഷരപ്രാസത്തിൽ സാർവത്രികമായ ഐകരൂപ്യം ദീക്ഷിച്ചിരുന്നില്ല. 1066-ൽ ദ്വിതീയാക്ഷരപ്രാസം വേണമോ വേണ്ടയോ എന്നൊരു വാദം മനോരമയിൽ ആരംഭിച്ചു. ആ പ്രാസം അത്യാവശ്യമാണെന്നുള്ള പക്ഷക്കാരനായിരുന്നു വലിയകോയിത്തമ്പുരാൻ. അവിടുന്ന് അതു കൈരളീദേവിയുടെ മണിമഞ്ജീരമാണെന്ന് ഉപപാദിച്ചപ്പോൾ മരുമകനായ ഏ.ആർ.രാജരാജവർമ്മകോയിത്തമ്പുരാൻ പാദശൃങ്ഖലയാണെന്ന് എതിർവാദം ചെയ്തു. ആ മതവൈരുദ്ധ്യം അങ്ങനെ തുടർന്നുപോയി. മരുമകൻ മേഘസന്ദേശവും കുമാരസംഭവവും പ്രസ്തുതപ്രാസം നിശ്ശേഷം പരിത്യജിച്ചാണ് തർജ്ജമ ചെയ്തത്. അമ്മാവനാകട്ടെ സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം വരുത്തി ദ്വിതീയാക്ഷരപ്രാസം പ്രതിശ്ലോകം പ്രയോഗിച്ചു മയൂരസന്ദേശവും രചിച്ചു. 1077-മാണ്ടു ഭാഷാഭൂഷണം പ്രസിദ്ധീകരിച്ചപ്പോൾ മരുമകൻ ആ പ്രാസത്തെ വീണ്ടും ഉപാലംഭനം ചെയ്തു. അതു കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുള്ളിൽ അന്യാപദേശശതകം പ്രസിദ്ധീകരിച്ച അവസരത്തിൽ അമ്മാവൻ അതിന്റെ പ്രസ്താവനയിൽ “ദ്രാവിഡന്മാരും കേരളീയന്മാരുമായ പ്രാചീനഭാഷാകവികൾ അവ്യഭിചാരേണ ആരംഭിച്ചിരുന്നതായ ദ്വിതീയാക്ഷരപ്രാസത്തെ തീരെ ഉപേക്ഷിക്കുന്നതിനെക്കാൾ അതിൽ യഥാശക്തി സ്വരവ്യഞ്ജനങ്ങൾക്കു സാരൂപ്യം ഉണ്ടാക്കുവാൻ ശ്രമിക്കയാണ് ആധുനികഭാഷാകവികളിൽ ശക്തിമാന്മാർ ചെയ്യേണ്ടത്” എന്നുള്ള തന്റെ അഭിപ്രായത്തെ ഒന്നുകൂടി ഉറപ്പിച്ചു പറയുകയും തന്റെ ആ “അസാമാന്യമായ നിർബന്ധ

ത്തെ ഉപേക്ഷിക്കാതെതന്നെ ഒരു സരസകാവ്യം നിർമ്മിക്കാവുന്നതല്ലയോ" എന്നു പരീക്ഷിക്കുവാനാണ് താൻ ആ കാവ്യം തർജ്ജമ ചെയ്തതെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തു. അപ്പോഴത്തേയ്ക്ക് അവിടത്തെ മതത്തിനു പ്രാമാണികന്മാരായ സകല കേരളീയകവികളുടേയും സമ്മതം കിട്ടി. കുഞ്ഞിക്കുട്ടൻതമ്പുരാനും അനുയായികളും ആ പക്ഷത്തിൽ ചേർന്നു. കേ.സി.കേശവപിള്ള ഷഷ്ടിപൂർത്തിഷഷ്ടി രചിച്ചതും ജഗന്നാഥപണ്ഡിതരുടെ കരുണവിലാസം തർജ്ജമ ചെയ്തതും ആ പ്രാസരീതിയെ അങ്ഗീകരിച്ചുതന്നെയായിരുന്നു. 1080-നു മേൽ അദ്ദേഹം മരുമകന്റെ പക്ഷത്തിലേയ്ക്കു മാറി. 1083-ൽ കാളേജു മലയാളസമാജത്തിന്റെ വാർഷികയോഗത്തിൽ അമ്മാവനെ അധ്യക്ഷപീഠത്തിൽ ഉപവേശിപ്പിച്ചുകൊണ്ടു മരുമകന്റെ സന്നിധിയിൽ ആ കവിമുഖ്യൻ പ്രസ്തുത പ്രാസത്തിന്റെ ദീക്ഷകൊണ്ടു ഭാഷാകവിതയ്ക്കു സംഭവിക്കാവുന്ന ദോഷങ്ങളെ വിവരിച്ചു. അമ്മാവൻ അവിടെവെച്ചുതന്നെ ആ അപവാദത്തിലെ വാദമുഖങ്ങളെ ഖണ്ഡിച്ചു. പിന്നീടു കുറേക്കാലത്തേയ്ക്ക് ആ വിഷയം അതിപ്രചണ്ഡമായ ഒരു വാദപ്രതിവാദകോലാഹലത്തിനു നിദാനീഭവിച്ചു. കേ.സി.കേശവപിള്ളയും, വി.സി.ബാലകൃഷ്ണപ്പണിക്കരും ഒഴികെ മറ്റുള്ള വാസനക്കാരായ കവികൾ ആരും മരുമകന്റെ പാർശ്വത്തിൽ ചേർന്നില്ല.

> "വാസന്തീമധുവാർന്ന വാക്കിനു സജാ-
> തീയ ദ്വിതീയാക്ഷര-
> പ്രാസം തീർപ്പതു കൈരളീമഹിളതൻ
> മങ്ഗല്യമാണോർക്കണം;
> ഹാ! സംസത്തിലയസംശയം പഴയതിൽ-
> പ്പാഴായ്പ്പറഞ്ഞാൽ പരീ-
> ഹാസം സത്തുക്കളുൾത്തടത്തിലതിയായ്
> ചെയ്യുന്നതാശ്ചര്യമോ?"

എന്നു വലിയകോയിത്തമ്പുരാനും

> "പ്രായേണ ദ്രാവിഡച്ചൊല്കളിലിടകലരും
> പ്രാസസൗഭാഗ്യമുണ്ടെ-
> ന്നായേ ലോകം രസിക്കു; കവിതയിലതിനാൽ
> ഭ്രുടിപക്ഷത്തെ നോക്കി
> ചായേണം നമ്മളങ്ങോ,ട്ടതിനിടയിൽ വെറും
> വാഗ്വിവാദം തുടങ്ങി-
> പ്പോയേച്ചാൽ കാര്യമുണ്ടോ?"

എന്നു കുഞ്ഞിക്കുട്ടൻതമ്പുരാനും അവരുടെ നിഷ്കൃഷ്ടമായ അഭിപ്രായം രേഖപ്പെടുത്തി. ആ വാദത്തിൽ ഞാൻ പ്രാസപ്രേമികളുടെ പ്രതിനിധിയായിരുന്നു. ഒടുവിൽ മരുമകൻ ഇരുകൂട്ടർക്കും സമ്മതമായ ഒരു സന്ധി എഴുതിയുണ്ടാക്കുകയും അത് എല്ലാവരും അങ്ഗീകരിക്കുകയും ചെയ്തു. അതിലെ ചില വാക്യങ്ങളാണ് അടിയിൽ കാണുന്നത്.

"നാട്ടുനടപ്പുപേക്ഷിക്കുന്നതു ശരിയല്ലെന്നും കഴിയുന്നതും അതു വൃത്തിയായി അനുസരിക്കണമെന്നുമുള്ള അഭിപ്രായത്തിൻപേരിലാണ് എന്റെ ഗുരുവായ മാതുലപാദർ ദ്വിതീയാക്ഷരപ്രാസത്തിൽ സ്വരവ്യഞ്ജനൈകരൂപ്യം ചെയ്യാൻ തുടങ്ങിയതു്. കേശവപിള്ളപ്രഭൃതികൾക്കു പരിഷ്കാരികളാകുവാൻ പരിഭ്രമമാണെങ്കിൽ

പ്രകൃതപ്രാസത്തെ അവർ നിശ്ശേഷം ഉപേക്ഷിച്ചുകൊള്ളട്ടെ. പരമേശ്വരയ്യർ മുതൽ പേർക്ക് ഈ പ്രാസം രസിക്കുന്നപക്ഷം അവർ അതിനെ പരിഷ്കരിച്ച മട്ടിൽത്തന്നെ ഉപയോഗിച്ചുകൊള്ളുകയും ചെയ്യട്ടെ." ചുരുക്കത്തിൽ പറയുകയാണെങ്കിൽ നിരർത്ഥകപദങ്ങൾ ദ്വിതീയാക്ഷരപ്രാസം സാർവത്രികമായി ദീക്ഷിച്ചാൽ കടന്നു കൂടുമെന്നുള്ളതുകൊണ്ട് ആ നിർബന്ധം വേണ്ടെന്നുവെയ്ക്കുകയാണ് നല്ലതെന്ന് ഒരു കൂട്ടർ; അർത്ഥത്തെ ബലികഴിച്ചു പ്രാസം പ്രയോഗിക്കുന്നതു ശരിയല്ലെങ്കിലും ആ ദോഷംകൂടാതെ സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം വരുത്തി ആ പ്രാസം ഘടിപ്പിക്കുന്നതു ശ്രവണസുഖം വർദ്ധിപ്പിക്കുമെന്നുള്ളതിനാൽ അങ്ങനെ ചെയ്യുവാൻ ശക്തന്മാരായ കവികൾ ശ്രമിക്കണമെന്നു മറ്റേക്കൂട്ടർ. ഇത്രമാത്രമായിരുന്നു ഇരുകക്ഷികളുടേയും വീക്ഷണഗതികൾക്കു തമ്മിലുള്ള വ്യത്യാസം; അതൊരു വ്യത്യാസമാണെന്നു പറയുവാൻ പാടുള്ളതുമല്ല. "കൃതിസമുചിതമട്ടിൽ പ്രാസമൂന്നി പ്രയോഗിപ്പതിനു കഴിയുവോനെങ്ങർത്ഥഭങ്ഗപ്രസങ്ഗം?" എന്നുള്ള വസ്തുതത്വം അനപലപനീയമായിത്തന്നെ അവശേഷിച്ചു. ഈ വാദം മുഴുവൻ സംസ്കൃതവൃത്തങ്ങളിൽ നിബന്ധിക്കുന്ന ശ്ലോകങ്ങളെപ്പറ്റി മാത്രമായിരുന്നു. ഭാഷാവൃത്തങ്ങളിൽ ദീക്ഷിക്കുന്ന ദ്വിതീയാക്ഷരപ്രാസത്തിൽ സ്വരവ്യഞ്ജനൈകരൂപ്യം വേണമെന്നില്ല. സംസ്കൃതച്ഛന്ദസ്സുകളിൽത്തന്നെ അനുഷ്ടുപ്പ്, ഉപജാതി, ആര്യ ഇവയിൽ അത്തരത്തിലുള്ള പ്രാസമുപേക്ഷിച്ചു ശ്ലോകാർദ്ധംതോറും ആദ്യക്ഷരപ്രാസങ്ങൾക്കു സാരൂപ്യം വരുത്തിയാൽ മതി; ഒരു ഗുരുവോടോ ഒന്നിലധികം ലഘുക്കളോടോ ആരംഭിക്കുന്ന ഇതരവൃത്തങ്ങളിലും അതു വേണമെങ്കിൽ ഒഴിച്ചുനിർത്താം. എന്നാൽ വസന്തതിലകം, ശാർദ്ദൂലവിക്രീഡിതം, സ്രഗ്ദ്ധര മുതലായി ദീർഘാക്ഷരം കൊണ്ട് ആരംഭിക്കുന്ന വൃത്തങ്ങളിൽ സജാതീയദ്വിതീയാക്ഷരപ്രാസം സർവഥാ അനുപേക്ഷണീയംതന്നെ. തർജ്ജമയിൽ ദ്വിതീയാക്ഷരപ്രാസം കഴിയുന്നിടത്തോളം പ്രയോഗിച്ചാൽ മതി. ഇവയെല്ലാമാണ് ഇന്നു ഭാഷാകവിപ്രമുഖന്മാരുടെ ഇടയിൽ ഈ വിഷയം സംബന്ധിച്ചുള്ള സർവസമ്മതങ്ങളായ നിയമങ്ങൾ.

## ഭാഷാഗദ്യം

വലിയകോയിത്തമ്പുരാന്റെ ഭാഷാഗദ്യകൃതികൾ എല്ലാം ബുക്കുകമ്മിറ്റിയുടെ അധ്യക്ഷനെന്നനിലയിൽ അവിടുന്നു സ്വയം രചിക്കുകയോ മറ്റംഗങ്ങളെക്കൊണ്ടു നക്കലെഴുതിച്ചു പരിശോധിച്ചു പരിഷ്കരിക്കുകയോ ചെയ്തിട്ടുള്ളതാണെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അധോലിഖിതങ്ങളായ പുസ്തകങ്ങൾ ആ കൂട്ടത്തിൽ ഉൾപ്പെടുന്നു.

(46) ഒന്നാംപാഠം, (47) രണ്ടാംപാഠം, (48) മൂന്നാംപാഠം, (49) വിജ്ഞാനമഞ്ജരി, (50) ഇംഗ്ലണ്ടുചരിത്രം, (51) ഇൻഡ്യാചരിത്രം, (52) തിരുവിതാംകൂർ ചരിത്രം, (53) ധനതത്വനിരൂപണം, (54) സന്മാർഗ്ഗസങ്ഗ്രഹം. തിരുവിതാംകൂർ ചരിത്രം മാർത്താണ്ഡവർമ്മമഹാരാജാവിനേയും രാമവർമ്മമഹാരാജാവിനേയും വിഷയീകരിച്ചു മാധവരായർ ദിവാൻജി ഇംഗ്ലീഷിൽ രചിച്ച ഒരു പാഠപുസ്തകത്തിന്റെ തർജ്ജമയാണ്. ബന്ധനത്തിനു മുൻപുള്ള കൃതികളുടെ കൂട്ടത്തിൽ ഇൻഡ്യാവിവരണം ഒന്നും രണ്ടും ഭാഗങ്ങളും, കണക്കുപുസ്തകം ഒന്നും രണ്ടും ഭാഗങ്ങളും, ക്ഷേത്രവ്യവഹാരം ഒന്നാംഭാഗവും, ഭൂവിവരണവും കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. 1056-ൽ കമ്മിറ്റി പുനരുദ്ധൃതമായതിനുമേൽ രചിച്ചതാണ് (55) സന്മാർഗ്ഗപ്രദീപം, (56) സന്മാർഗ്ഗവിവരണം, (57) ലോകത്തിന്റെ ശൈശവാവസ്ഥ, (58) ആരോഗ്യരക്ഷോപായം, (59) യുവാക്കന്മാരോടുള്ള ഉപദേശങ്ങൾ, (60) മഹച്ചരിതസങ്ഗ്രഹം, (61) അക്ബർ എന്നീ കൃതികൾ. ഇവയെപ്പറ്റിയൊന്നും ഇവിടെ വിസ്തരിക്കുവാൻ സമയമില്ല. ചോദ്യോത്തര

രൂപത്തിൽ രചിക്കുന്ന സന്മാർഗ്ഗസംഗ്രഹത്തിലെ ഭാഷയുടെ രീതി സർവഗുണസമ്പൂർണ്ണമാകുന്നു. നോക്കുക സന്മാർഗ്ഗബോധത്താൽ എന്തെന്നുള്ള പ്രശ്നത്തിന് ഉത്തരം. “അതു നമുക്കു സ്വഭാവജന്യമായ ഒരു ജ്ഞാനവിശേഷമാകുന്നു. ഇതര പ്രാണികൾക്ക് ഇല്ലാത്തതായ ആ ജ്ഞാനവിശേഷത്താലാകുന്നു ഇന്നതു ഗുണം, അതിനാൽ അതു ഗ്രാഹ്യമാണ്; എന്നും ഇന്നതു ദോഷം അതിനാൽ അത് ത്യാജ്യമാണ്; എന്നും മറ്റും നാം ഗുണദോഷങ്ങളെ വിവേചിച്ചറിയുന്നതു്. ഏതന്മൂലമായിട്ടാകുന്നു നമുക്കു ഗുണദോഷങ്ങളിൽ സ്നേഹദ്വേഷങ്ങൾ തോന്നുന്നതു്. ഈശ്വരനാൽ മനുഷ്യജാതിക്കുമാത്രം ദത്തമായിരിക്കുന്ന ഈ ജ്ഞാനം പഠിത്തംകൊണ്ടു പ്രബലീഭവിക്കുകയും ശാസ്ത്രാദികളാൽ ദൃഢീകരിക്കപ്പെടുകയും ചെയ്യുന്നു. ഇതിൽ നിന്നാകുന്നു സന്മാർഗ്ഗങ്ങൾ ഉത്ഭവിക്കുന്നതു്.” ഏകദേശം എണ്പതുകൊല്ലത്തോളം പഴക്കമുള്ളതാണ് പ്രസ്തുത ഗ്രന്ഥം. ഇന്നും അതിൽക്കാണുന്നതുതന്നെയാണ് ഭാഷയിലെ ഉപന്യാസശൈലി. അതുവരെ അത്തരത്തിൽ സൂക്ഷ്മവും ഊർജ്ജസ്വലവുമായ ഗദ്യരീതി മലയാളം കണ്ടിരുന്നില്ല. സന്മാർഗ്ഗവിവരണം കുറേക്കൂടി ഉയർന്ന ക്ലാസ്സുകളിലേയ്ക്കുള്ള പുസ്തകമാണ്. പ്രായേണ സന്മാർഗ്ഗപരങ്ങൾതന്നെയാണ് അതിലെയും വിഷയങ്ങൾ. സന്മാർഗ്ഗപ്രദീപത്തിലെ പ്രതിപാദ്യവും അതിൽനിന്ന് അധികം വിഭിന്നമല്ല. വിജ്ഞാനമഞ്ജരിയിൽ ആവിയന്ത്രം, കൂലി തുടങ്ങിയ ഇതരവിഷയങ്ങളേയും സ്പർശിച്ചിട്ടുണ്ട്. ആദ്യകാലത്തു ധാരളം സംസ്കൃതപദങ്ങൾ അവിടുന്നു പ്രയോഗിച്ചുകൊണ്ടിരുന്നു എന്നുള്ളതു പരമാർത്ഥംതന്നെ; പക്ഷേ ഭാഷയിലെ ശബ്ദകോശം തന്നിമിത്തം പരിപുഷ്ടമായി എന്നുള്ള വസ്തുതയും നാം വിസ്മരിക്കരുതു്. കാലം നീങ്ങുംതോറും അവിടത്തെ ശൈലിയ്ക്കുള്ള സാരള്യവും കൂടിവന്നു. അവിടുന്ന് ആ പരിവർത്തനത്തെക്കുറിച്ച് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. “എങ്ങനെയായാലാണ് പ്രതിപാദ്യമായ വിഷയം വായിക്കുന്നവർക്കു വിരസതയും ക്ലേശവും കൂടാതെ സുഗ്രഹമായി ഭവിക്കുന്നതു് അങ്ങനെയുള്ള രീതിയിൽ വാചകമെഴുതണമെന്നു മാത്രമേ ഇപ്പോൾ ഞാൻ മുഖ്യമായി കരുതാറുള്ളു. എന്നാൽ ശബ്ദസൗഷ്ഠവത്തെയും വാചകഭംഗിയേയും വാചകശുദ്ധിയേയും കേവലം അനാദരിച്ചു. വിഷയവിശദീകരണത്തെ മാത്രം ഉദ്ദേശിച്ചു ശുദ്ധജലപ്രായമായ വാചകമെഴുതുന്നതു് അത്ര നന്നല്ലെന്നാണ് എന്റെ അഭിപ്രായം.” മുൻനിർദ്ദേശിച്ച ഗ്രന്ഥങ്ങൾക്കുപുറമെ ഭാഷാപോഷിണീ സഭാസമ്മേളനങ്ങളിലും മറ്റും അവിടുന്ന് അനേകം സാരഗർഭങ്ങളായ പ്രസംഗങ്ങളും ചെയ്തിട്ടുണ്ട്.

## മുക്തകങ്ങൾ

സംസ്കൃതത്തിലും ഭാഷയിലും ലേഖന രൂപത്തിലും മറ്റും അനേകം ശ്ലോകങ്ങൾ മഹാകവി രചിച്ചിട്ടുണ്ട്. അവയിലും അവിടത്തെ കാവ്യങ്ങളുടെ ഗുണങ്ങൾ പ്രായേണ നിരീക്ഷിക്കാവുന്നതാണ്. രണ്ടു ശ്ലോകങ്ങൾ എടുത്തു കാണിക്കാം. ആദ്യത്തേതു ഏട്ടൻതമ്പുരാന്നും രണ്ടാമത്തേതു കൈകുളങ്ങര രാമവാരിയർക്കും അയച്ചതാണ്.

> “ഹാരാ ഇവ ശ്വപചയൗവതകാചദാമ്നി
> താരാ ഇവാവിലനഭസ്യനഭോവിഭാഗേ
> ഹംസാ ഇവോദ്ധതബകാവലിസിന്ധുതീരേ
> ശ്ലോകാ അലക്ഷിഷത കേരളപത്രികായാം.”

> “അമന്ദരയമന്ദരഭ്രമണഘൂർണ്ണമാനാർണ്ണവ-
> പ്രസൃത്വരസുധാരസോത്തരതരംഗഭംഗാവഹൈഃ

> അനർഗ്ഗളവിനിർഗ്ഗളത്സരസവൈഖരീവിഭ്രമൈ-
> സ്സധീജനമനോഹരോ ജയതി വാമദേവസ്തവഃ."

### ഉപസംഹാരം

ഉന്നതമായ പ്രഭുത്വം, ഉൽക്കൃഷ്ടമായ ഐശ്വര്യം, അനുരൂപമായ ദാമ്പത്യം, അനന്യസുലഭമായ പാണ്ഡിത്യം, പ്രശസ്യമായ കവിത്വം, പ്രഭൂതമായ യശസ്സ് ഇത്യാദി വിവിധാനുഗ്രഹങ്ങൾ ഈശ്വരൻ യൗവനാരംഭത്തിൽത്തന്നെ സമ്മാനിച്ചിരുന്ന കേരളവർമ്മദേവനു വേണമെങ്കിൽ അവകൊണ്ടുതന്നെ ജന്മസാഫല്യം സിദ്ധിച്ചതായി കരുതി യാതൊരു കായക്ലേശവും കൂടാതെ കാലയാപനം ചെയ്യാമായിരുന്നു. എന്നാൽ അവിടുന്നു സ്വജീവിതത്തെ ഭോഗസാധനമായല്ല പരിഗണിച്ചത്. അതിനു ധാർമ്മികമായ ഒരു സന്ദേശ വാഹകത്വമുള്ളതായി ബാല്യത്തിൽത്തന്നെ ധരിച്ചു; ആ ധാരണയ്ക്കനുസരിച്ചു ദിനകൃത്യങ്ങൾ അനുഷ്ഠിച്ചു. ഓരോ ദിവസവും തനിക്കു ലഭിക്കുന്ന ഓരോ നിമിഷകലയും ആ സുഗൃഹീതനാമാവു പരാർത്ഥമായി വിനിയോഗിച്ചു. "സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ കിംദേഹം കൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ?" എന്ന സദാചാരവാക്യം അവിടുന്നു മയൂരസന്ദേശത്തിൽ ഉച്ചരിച്ചതു് ഒരു അനുഭവസ്ഥന്റെ നിലയിലാണ്. ആ വിനയം, ആ ആർജ്ജവം, ആ മിതഭാഷിത്വം, ആ ഹൃദയാവർജ്ജനപാടവം, ആ അകുതോഭയത, ആ ആഡംബരവൈമുഖ്യം, ആ പരഗുണകാംക്ഷ, ആ ലോകോപകാര വ്രതം തുടങ്ങിയ അവിടുത്തെ ഗണനാതീതങ്ങളായ മനോഗുണങ്ങളെ എത്ര പ്രശംസിച്ചാലാണ് മതിയാകുക? ധനത്തിന്റെ സമ്പാദനത്തിലല്ല സംവിഭാഗത്തിലാണ് അവിടുന്ന് ആനന്ദിച്ചത്. കലാപോഷണത്തിനുവേണ്ടി കടം വാങ്ങിയും ധനവ്യയം ചെയ്യുവാൻ അവിടുന്ന് മടിച്ചിരുന്നില്ല. സാഹിത്യത്തിന്റെ സമുൽക്കർഷത്തിനുവേണ്ടി സ്വാത്മാവിനെപ്പോലും ബലികഴിപ്പാൻ ആ മഹാത്മാവു സദാ സന്നദ്ധനായിരുന്നു. കേരളസാഹിത്യത്തിനു എവിടെയെങ്കിലും സ്ഥാനമുണ്ടെങ്കിൽ അവിടെ കേരളവർമ്മദേവനും സ്ഥാനമുണ്ട്.

## റാണി ലക്ഷ്മീബായി സി.ഐ. (1023—1076)

### മാവേലിക്കരകൊട്ടാരം

വടക്കേ മലബാറിലെ കോലസ്വരൂപം ആദികാലത്ത് ഉദയമങ്ഗലത്തുകോവിലകമെന്നും പള്ളിക്കോവിലകമെന്നും രണ്ടു ശാഖകളായി പിരിഞ്ഞു. പള്ളിക്കോവിലകത്തിനു പള്ളി എന്നും പുതുപ്പള്ളി എന്നും രണ്ടു ഉപശാഖകളുണ്ടായിരുന്നു. അവയിൽ പള്ളിക്കോവിലകം കാലാന്തരത്തിൽ ചിറയ്ക്കൽ, ചെങ്ങൽ (ചെങ്കൽ), കോണിശ്ശേരി, തേവണങ്കോട്ട്, പടിഞ്ഞാറ്റ് എന്ന് അഞ്ചു കുടുംബങ്ങളായി വേർപെട്ടു. പുതുപ്പള്ളിക്കോവിലകത്തിലെ ഒടുവിലത്തെ അങ്ഗങ്ങൾ 1030-ാമാണ്ടു തിരുവിതാംകൂറിൽ കാർത്തികപ്പള്ളിയിൽവെച്ചു അന്യംനിന്നു. 1010-ാമാണ്ടു തേവണങ്കോട്ട ചെങ്ങക്കോവിലകത്തിൽ ലയിച്ചു. ചെങ്ങക്കോവിലകത്തിന്റെ പ്രശാഖകളാണ് ഇന്നു തിരുവിതാംകൂറിൽ സ്ഥാപിതങ്ങളായിക്കാണുന്ന മാവേലിക്കര, പ്രായിക്കര, എണ്ണക്കാട്ട് എന്നീ മൂന്നു കൊട്ടാരങ്ങൾ. ആദ്യത്തെ രണ്ടിന്റേയും സന്നിവേശം മാവേലിക്കരത്താലൂക്കിലും മൂന്നാമത്തേതിന്റേതു തിരുവല്ലാത്താലൂക്കിലുമാണ്. ഉദയമങ്ഗലത്തു കോവിലകവും മേത്തല, കുഞ്ഞി, നടുവിൽ, ചെറിയ എന്നു നാലായി പിരിഞ്ഞു.

കുഞ്ഞിക്കോവിലകം 665-ാമാണ്ടുതന്നെ കുറ്റിയറ്റുപോയി. നടുവിലെക്കോവിലകക്കാരും ചെറിയ കോവിലകക്കാരും തിരുവല്ലാത്താലൂക്കിൽ ആറന്മുളയിൽ താമസിക്കുന്നു. മേത്തലെ ഉപശാഖ കൊട്ടാരക്കര, മറിയപ്പള്ളി, തിരുവല്ലാ എന്നീ മൂന്നു സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തു. മറിയപ്പള്ളിക്കാർ ആദ്യം താമസിച്ചുവന്നതു ചങ്ങനാശ്ശേരി തെക്കേകൊട്ടാരത്തിലാണ്. കൊട്ടാരക്കര 1029-ലും തിരുവല്ലാ 1068-ലും അവസാനിച്ചു. മറിയപ്പള്ളി മാത്രമേ ആ വകയിൽ അവശേഷിക്കുന്നുള്ളു. കൊട്ടാരക്കര എന്ന് ഇവിടെ പറഞ്ഞതു മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്ത് അസ്തമിതമായ പഴയ കൊട്ടാരക്കരക്കോവിലകമല്ലെന്നു പറയേണ്ടതില്ലല്ലോ. പുതുപ്പള്ളിക്കോവിലകക്കാർ മുഴുവൻ കൊല്ലം അഞ്ചാശതകത്തിൽ തന്നെ തിരുവിതാംകൂർ മഹാരാജകുടുംബത്തിൽ ആ ശാഖയിൽനിന്നു ദത്തെടുക്കപ്പെട്ടപ്പോൾ കൂടെപ്പോന്ന് ആദ്യം നെടുമങ്ങാട്ടും കാലാന്തരത്തിൽ കാർത്തികപ്പള്ളിയിലും താമസിച്ചു. ചെറിയ കോവിലകക്കാരും തിരുവിതാംകൂറിലേയ്ക്കു പോന്നത് ഒരു ദത്തിനെ പ്രതീക്ഷിച്ചായിരുന്നു. 920-നും 930-നും ഇടയ്ക്കാണ് അവരുടെ ആഗമനം; ആ പ്രതീക്ഷ ഫലിക്കാത്തതുകൊണ്ട് അവർ ആറന്മുളയിൽ താമസമുറപ്പിച്ചു. പിന്നീടു ടിപ്പുവിന്റെ ചേലക്കലാപകാലത്താണ് ബാക്കിയുള്ള കുടുംബക്കാർ സ്വഗൃഹങ്ങളിൽനിന്നു പലായനം ചെയ്തു ധർമ്മരാജാവിനെ അഭയം പ്രാപിച്ചത്. ഇതാണ് തിരുവിതാംകൂറിലെ കോലത്തിരി രാജാക്കന്മാരുടെ സംക്ഷിപ്തചരിത്രം.

## ജീവിതചരിത്രം

കേരളവർമ്മദേവന്റെ പ്രേയസിയായ റാണി ലക്ഷ്മീബായി മാവേലിക്കര കൊട്ടാരത്തിൽ 1023-ാമാണ്ടു കർക്കടമാസം 10-ാംനു ഭരണി നക്ഷത്രത്തിൽ ജനിച്ചു. മാതാവു മഹാപ്രഭത്തമ്പുരാട്ടിയും പിതാവു പള്ളത്തുകൊട്ടാരത്തിൽ രവിവർമ്മകോയിത്തമ്പുരാനുമായിരുന്നു. ബാല്യത്തിൽ മാതാവു തന്നെയാണ് സംസ്കൃതത്തിലെ പ്രാഥമിക പാഠങ്ങൾ അഭ്യസിപ്പിച്ചത്. അതോടുകൂടി സങ്ഗീതം, ചിത്രമെഴുത്ത് മുതലായ കലകളിലും നിപുണമായി പരിശീലനം ചെയ്തു.1033-ാമാണ്ടു കന്നിമാസം 11-ാംനു തിരുവിതാംകൂർമഹാരാജകുടുംബത്തിലെ ഏകവംശവർദ്ധിനിയായിരുന്ന ലക്ഷ്മീറാണി 24-ാമത്തെ വയസ്സിൽ പരഗതിയെ പ്രാപിച്ചപ്പോൾ ഉത്രം തിരുനാൾ മഹാരാജാവു മാവേലിക്കരകൊട്ടാരത്തിൽനിന്നു സഹോദരികളായ രണ്ടു രാജകുമാരികളെ ആ കൊല്ലം ധനു 14-ാംനു ദത്തെടുത്തു. അവരിൽ ജ്യേഷ്ഠസഹോദരിയായിരുന്ന റാണി ലക്ഷ്മീബായി. ദത്തോടുകൂടി ആറ്റിങ്ങൽ മൂത്തതമ്പുരാൻ എന്ന മഹോന്നതമായ സ്ഥാനവും അവിടുത്തേയ്ക്കു ലബ്ധമായി. 1034 മേടം 13-ാംനു കേരളവർമ്മദേവൻ അവിടുത്തെ പള്ളിക്കെട്ടു കഴിച്ചു വലിയകോയിത്തമ്പുരാൻ എന്ന പദവിയെ അധിരോഹണം ചെയ്തു എന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. സംസ്കൃതത്തിൽ ഉൽകൃഷ്ടഗ്രന്ഥങ്ങൾ ഭർത്താവു പത്നിയേയും സങ്ഗീതശാസ്ത്രരഹസ്യങ്ങൾ പത്നി ഭർത്താവിനേയും പഠിപ്പിച്ചു. സങ്ഗീതത്തിൽ അവിടത്തേയ്ക്കുള്ള വാസനയും അഭ്യാസവും അസാധാരണമായിരുന്നു; വെങ്കടാദ്രിഭാഗവതരുടേയും അനന്തരം കല്യാണകൃഷ്ണഭാഗവതരുടേയും ശിക്ഷയിൽ ആ വിജ്ഞാനസമ്പത്ത് അത്യധികം ഉൽക്കർഷത്തെ പ്രാപിച്ചു. വായ്പാട്ടിലും വീണാവദനത്തിലും ഒന്നുപോലെ വിദഗ്ദ്ധയായിരുന്നു അവിടുന്ന്. സ്ത്രീജനങ്ങൾക്കു പ്രത്യേക നൈപുണ്യം സമ്പാദിക്കാവുന്ന ചിത്രമെഴുത്ത്, തയ്യൽ മുതലായ പല കലാവിദ്യകളിലും പ്രാവീണ്യം നേടുവാൻ അവിടത്തേയ്ക്ക് ഒരു പ്രയാസവുമുണ്ടായില്ല. 1056-ൽ ആ സുചരിതയ്ക്കു ലഭിച്ച സി.ഐ. ബിരുദത്തെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ട്. 1076-ാമാണ്ടു മിഥുനമാസം 2-ാംനു യായിരു

ന്നു അവിടത്തെ സ്വർഗ്ഗാരോഹണം. അതിനുമുൻപു മഹാരാജകുടുംബത്തിൽ പല ആപത്തുകൾ സംഭവിച്ചു. കനിഷ്ഠസഹോദരിയായ ഭരണിതിരുനാൾ റാണി പാർവതീബായി ആറ്റിങ്ങൽ ഇളയതമ്പുരാൻ 1069 കന്നി 31-ാംനുയും അവിടത്തെ പുത്രന്മാരായ രേവതിതിരുനാൾ കേരളവർമ്മ 1071 വൃശ്ചികം 21-ാംനുയും ചതയംതിരുനാൾ രാമവർമ്മ 1076 ഇടവം 24-ാംനുയും അശ്വതിതിരുനാൾ മാർത്താണ്ഡവർമ്മ ബി.ഏ. 1076 കന്നി 25-ാംനുയും നാടുനീങ്ങിക്കഴിഞ്ഞിരുന്നു. രാജ്ഞിക്കു തന്റെ പൂർവ്വ കുടുംബമായ മാവേലിക്കര ഉത്സവമഠം കൊട്ടാരത്തിൽനിന്നു രണ്ടു രാജകുമാരിമാരെ ദത്തെടുത്തു കാണണമെന്നുള്ള ആഗ്രഹം 1076-ാമാണ്ടു ചിങ്ങമാസം 16-ാംനു സഫലമായി. ആ കുമാരിമാരാണ് ഇന്നു തിരുവിതാംകൂർ മഹാരാജവംശത്തെ അലങ്കരിക്കുന്ന മഹാറാണി സേതുലക്ഷ്മീബായി സി.ഐ.യും, മഹാറാണി സേതു പാർവതീബായിയും.

## ചില വിശിഷ്ടഗുണങ്ങൾ

“യത്രാകൃതിസ്തത്ര ഗുണാ വസന്തി” എന്ന ആപ്തവാക്യത്തിന്റെ പാരമാർത്ഥികതയ്ക്കു പ്രത്യക്ഷനിദർശനമായിരുന്നു റാണി ലക്ഷ്മീബായി. ആ ആകാരസുഷമ, ആ ബുദ്ധിവൈശിഷ്ട്യം, ആ വിവിധകലാകുശലത, ആ പരോപകാരതല്പരത ഇങ്ങനെ പല അപൂർവ്വ സിദ്ധികൽകൾക്ക് അവിടുന്നു കേൾവിപ്പെട്ടിരുന്നു. എന്നാൽ അവിടത്തെ മനോധൈര്യമാണ് അവയിലെല്ലാം അതിശയിച്ചു പ്രശോഭിച്ചത്. ആയില്യം തിരുനാൾ മഹാരാജാവ് തന്റെ ഭാഗിനേയി, ഭർത്താവു ബന്ധനസ്ഥനായപ്പോൾ, മറ്റൊരു വരനെ സ്വീകരിക്കാതെയിരിക്കയില്ലെന്നു ദൃഢമായി വിശ്വസിച്ചു. അതിനെപ്പറ്റി വിശാഖവിജയത്തിൽ കേരളവർമ്മ ദേവൻ ഇങ്ങനെ പ്രസ്താവിക്കുന്നു.

“സോഢാ കിയച്ചിരമിയം സുമസായകാർത്തിം?
മൂഢാ ഭജേൽ കമപി കാമുകമന്യമേവ
ഏവം വിചിന്ത്യ സ ദിനാനി ഭജങ്ഗതാര-
ജന്മാ നിനായ കുലശേഖരരാമവർമ്മാ.

നാഹം കദാപി പുരുഷാന്തരമാശ്രയിഷ്യേ
മോഹം വിഹായ നൃപതിർമ്മഹതാം മതേന
ബന്ധാദ്വിമോച്യ ദയിതം ദയയാ മയാ തം
സന്ധാസ്യതീതി സഹിതാശമുവാസ രാജ്ഞീ.

ഗൃഷ്ണാതി യാവദിതരം കമിതാരമേഷാ
യോഷാസ്വഭാവസുലഭേന കുതൂഹലേന
മുഞ്ചാമി താവദഗതിം പതിമേതദീയം
ബന്ധാതിദി ക്ഷിതിപതിർമ്മതിമാബബന്ധ.”

ആ മഹാകാവ്യത്തിലെ ചതുർത്ഥസർഗ്ഗം വായിച്ചാലറിയാം ഭർത്താവിനെ രക്ഷിക്കുന്നതിന്നും ഗത്യന്തരമില്ലെങ്കിൽ അനുഗമിക്കുന്നതിന്നും ആ വീരക്ഷത്രിയ അനുഷ്ഠിച്ച പുളകപ്രദമായ കൃത്യപരിപാടി. വെറുതേയല്ല വലിയകോയിത്തമ്പുരാൻ മയൂരസന്ദേശത്തിൽ

“ധീരത്വത്താലനതിശയിതേ! പൂരുഷന്മാരുമന്ത-

സ്സാരത്താൽ നിൻസദൃശത കലർന്നേറെയിപ്പാരിലില്ല;
നേരത്രേ ഞാന്നിരുപമഗുണേ! നിന്റെ ധൈര്യത്തെയാണി-
ന്നേരത്തോർക്കുന്നതു ദൃഢതരാലംബമായംബുജാക്ഷി!”

എന്ന് ആ മഹതിയെ വാഴ്ത്തീട്ടുള്ളത്.

## കൃതികൾ

സങ്ഗീതത്തിൽ മാത്രമല്ല സാഹിത്യത്തിലും അവിടത്തേയ്ക്കു നല്ല വാസനയുണ്ടായിരുന്നു. എങ്കിലും ചില സ്തോത്രങ്ങളും കൈകൊട്ടിക്കളിപ്പാട്ടുകളുമല്ലാതെ അവിടുന്നു മറ്റൊന്നും രചിച്ചതായി കാണുന്നില്ല. അവിടത്തെ ഗാനങ്ങൾക്കു സവിശേഷമായ മാധുര്യമുണ്ട്. (1) നളചരിതം പതിന്നാലുവൃത്തം കൈകൊട്ടിക്കളിപ്പാട്ട്, (2) ഗോപികാവസ്ത്രാപഹരണം പത്തുവൃത്തം കൈകൊട്ടിക്കളിപ്പാട്ട്, (3) മഹിഷമർദ്ദിനീസ്തോത്രം, (4) പാർവതീസ്തോത്രം രണ്ടെണ്ണം, (5) ഗോപികാഗീത, (6) മാരൻപാട്ടിന്റെ മട്ടിൽ ഒരു വിരഹിണീപ്രലാപം, (7) ഒരു വാതിൽതുറപ്പാട്ട് എന്നീ മലയാളം പാട്ടുകളും (8) ശാകുന്തളം എന്ന ഒരു തമിഴ് പാട്ടും ആ കൃതികളുടെ കൂട്ടത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. അവയിൽ നളചരിതം മാത്രമേ അച്ചടിച്ചിട്ടുള്ളു. ശാകുന്തളം ദ്രാവിഡബ്രാഹ്മണസ്ത്രീകൾക്കു പാടിക്കളിക്കുവാൻ ഉണ്ടാക്കിക്കൊടുത്തതാണ്.

“ചന്തിരരാകിയ ദുഷ്ഷന്തർ തമ്മുടെ
ചന്തിരികയാകും കീർത്തിതന്നെ
പാരിടമെങ്കും പരക്കവേ വിട്ടു
പാലിത്തിരുന്താർ മഹാരാജർ.
അന്തസമയത്തിൽ വേട്ടയിലേയാശൈ
വന്തുടനേയന്ത രാശാവും
സേനയും തേരുംവരവഴൈത്തു അവ-
രാനന്തമാകവേ യാനം ചെയ്താർ.
കാട്ടാളർകൾ വന്തു കുമ്പിട്ടു മിന്നാലെ
കൂട്ടമാകവെ നടന്തുവിട്ടാർ.
ചാപശരങ്കൾ തരിത്തുകൊണ്ടു അവാൾ
ശ്വാക്കളുടനേ വനത്തിൽ വന്തു.”

എന്നീ വരികൾ പ്രഥമവൃത്തത്തിലുള്ളവയാണ്.

## ഗോപികാഗീത

ഈ കൃതി

“ജയ ജഗന്മയി! ജന്മമോചനി!
ജയ ജഗൽക്കൃതേ! ജീവദായിനി!
ജയ സുലോചനേ! സുന്ദരാനനേ!
ജയ സുരാർച്ചിതേ! സൂനസായകേ!
ജയ ശശാങ്കചൂഡാങ്കവാസിനി!
ജയ ശമാശ്രയേ! ശ്രീധരാനുജേ!
ജയ മഹാമനസ്സങ്കടാപഹേ!
ജയമനോഹരേ! മഞ്ജുഭാഷിണി!”

എന്നിങ്ങനെ പോകുന്നു.

### വിരഹിണീപ്രലാപം

ഭർത്താവിന്റെ വിപ്രയോഗദുഃഖം അസഹനീയമായപ്പോൽ അതിന്റെ ഉപശാന്തിക്കായി ശ്രീപത്മനാഭനെ പ്രാർത്ഥിച്ച് അഭീഷ്ടസിദ്ധി വരുത്തുവാൻ രാജ്ഞി സഖിയോട്ട് അഭ്യർത്ഥിക്കുന്നതാണ് ഇതിലെ വിഷയം.

"ജ്ഞാനലോചനങ്ങാലെപ്പോഴും ദയിതന്റെ
ആനന്ദജനകമാം രൂപവുമോർത്തു നിത്യം
സ്നാനപാനാദിയിലുമാശയെന്നിയേ ഹന്ത!
ഞാനേവം വാണീടുമ്പോളില്ലയോ ദയാലേശം?

കാനനമതിലാകിലുമെന്നുടെ
കനവനോടു രമിച്ചു വസിപ്പാൻ
കാറണികുഴലികളണിയുന്നൊരു
മൗക്തികമേ! നീ ചെയ്ക യത്നം.

കാൽക്ഷണംപോലും നാഥം വേർവിടാതോരു ഞാനും
രൂക്ഷമാം വിയോഗമിതെങ്ങനെ സഹിപ്പതു?
വീക്ഷണമെന്നിലൊന്നു ജാതമായീടുന്നാകി-
ലിക്ഷണമഖിലവും ലഭ്യമെന്നറിഞ്ഞാലും."

### നളചരിതം

നളചരിതത്തിൽ ദമയന്തിയുടെ പാർവ്വതീസ്തോത്രം വളരെ നന്നായിട്ടുണ്ട്.
കല്യാണി രാഗം:

"പാഹി പാഹി മാമുമേ വിധേഹി കുശലമാശു മേ!
സാഹമശരണാ ഭവാനി മോഹവിരഹിതാ ഭവാനി! (പാഹി)

ഭവതു സപദി തേ ദയാ ഭവാനി! മേ കൃതോദയാ
ഭർഗ്ഗമഹിഷി! ഭജനനിരതഭാഗ്യജലധിചന്ദ്രികാസി (പാഹി)

വിതര ഭർത്തൃദർശനം വിഷാദവിതതികർശനം
ഇതരദൈവതദ്വിശേഷമില്ലയോ തവേശമഹിഷി?" (പാഹി)

## അനന്തപുരത്തു രാജരാജവർമ്മ മൂത്തകോയിത്തമ്പുരാൻ (1013–1088)

### ജനനവും വിദ്യാഭ്യാസവും

അനന്തപുരത്തു രാജരാജവർമ്മ കോയിത്തമ്പുരാൻ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ജ്യേഷ്ഠസഹോദരനായിരുന്നു എന്നു പ്രസ്താവിച്ചിട്ടുണല്ലോ. അവിടത്തെ മൂലകുടുംബത്തെക്കുറിച്ചും മാതാപിതാക്കന്മാരെക്കുറിച്ചുമുള്ള വിവരങ്ങളും ആ പ്രകരണത്തിൽത്തന്നെ രേഖപ്പെടുത്തീട്ടുണ്ട്. രാജരാജവർമ്മ കോയിത്തമ്പുരാൻ 1013-ാമാണ്ടു തുലാമാസം 9-ാംനു മകം നക്ഷത്രത്തിൽ ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ ജനിച്ചു. ചെറുണ്ണി എന്നായിരുന്നു ഓമനപ്പേർ. ബാല്യത്തിൽ

തിരുവാർപ്പിൽ രാമവാരിയരോടു സംസ്കൃതത്തിൽ പ്രാഥമികപാഠങ്ങൾ അഭ്യസിച്ച തിനുമേൽ മാതുലനായ രാജരാജവർമ്മ കോയിത്തമ്പുരാന്റെ അന്തേവാസിയായി ത്തീർന്നു. അവിടുന്നു മരുമകനെ സംസ്കൃതത്തിനുപുറമെ ഇംഗ്ലീഷും പഠിപ്പിച്ചു. 1024 ചിങ്ങമാസത്തിൽ ഗുരുനാഥൻ തിരുവനന്തപുരത്തു റാണിലക്ഷ്മീബായിയെ പള്ളി ക്കെട്ടു കഴിച്ചു തിരുവനന്തപുരത്തു താമസം തുടങ്ങിയപ്പോൾ മരുമകനും കൂടെപ്പോ ന്നു. അവിടെ ഉത്രംതിരുനാൾ മഹാരാജാവിന്റെ പുത്രന്മാരെ ഇംഗ്ലീഷുപഠിപ്പിച്ചു കൊണ്ടിരുന്ന കല്ലപ്പാറ ശങ്കരമേനോനോട് ആ ഭാഷ നല്ലപോലെ പരിശീലിച്ചു. സംസ്കൃതത്തിൽ വ്യാകരണം പഠിപ്പിച്ചതു മാതുലൻ തന്നെയായിരുന്നു. 1027 മുതൽ 1029 വരെ ചങ്ങനാശ്ശേരിയിൽ താമസിച്ചു. 1029-ൽ വീണ്ടും തിരുവനന്തപുരത്തേ യ്ക്കു പോന്നു. രണ്ടുകൊല്ലം പണ്ഡിതർ രാമസ്വാമിശാസ്ത്രികളോടു തർക്കം പഠിച്ചു. 1031 വൃശ്ചികം 26-ാംനു മാവേലിക്കര ചതയം നാൾ ഭാഗീരഥിഅമ്മ തമ്പുരാനെ വിവാഹം ചെയ്തു. അതുവരെ ചങ്ങനാശ്ശേരിയിൽ സ്വശാഖയുടെ കാര്യങ്ങൾ ഒന്നും അദ്ദേഹത്തിനു പ്രത്യേകമായി അന്വേഷിക്കേണ്ടിവന്നില്ല. ആയിടയ്ക്കു കുടുംബ ത്തിൽ കാരണവനും അച്ഛൻതമ്പുരാന്റെ അനുജനുമായിരുന്ന കൊച്ചപ്പക്കോയി ത്തമ്പുരാൻ മരിച്ചു. അടുത്ത മൂപ്പനും പ്രസിദ്ധമീമാംസകനുമായിരുന്ന ഇത്തമ്മൻ കോയിത്തമ്പുരാൻ മാവേലിക്കര കൊട്ടാരത്തിൽ വിവാഹം ചെയ്ത് അവിടെ താ മസിച്ചുകൊണ്ടിരുന്നതല്ലാതെ അനന്തരവരോടുള്ള രസക്ഷയം നിമിത്തം ലക്ഷ്മീപു രത്തുകൊട്ടാരത്തിലെ യോഗക്ഷേമത്തിൽ ശ്രദ്ധ പതിപ്പിച്ചില്ല. മറുശാഖയിൽപ്പെട്ട ആളായിരുന്നു രാജരാജവർമ്മകോയിത്തമ്പുരാൻ. തന്നിമിത്തം വിശേഷിച്ചും ആ ശാഖയുടെ കാര്യങ്ങൾ താൻതന്നെ നോക്കാതെ നിർവ്വാഹമില്ലെന്നുള്ള സ്ഥിതി വന്നുചേർന്നു. എങ്കിലും വീണ്ടും പല അവസരങ്ങളിലുമായി തിരുവനന്തപുരത്തു പോയി അമ്മാവൻ ബാല്യത്തിൽ പഠിപ്പിച്ചിരുന്ന വീണവായനയിൽ വെങ്കിടാദ്രി ഭാഗവതരുടെ ശിഷ്യനായി പ്രാവീണ്യം നേടുകയും മഹാവൈദ്യൻ വൈക്കത്തു പാ ച്ചുമൂത്തതിനോട് ആയുർവ്വേദശാസ്ത്രം സാങ്ഗോപാങ്ഗമായി അഭ്യസിച്ച് അതിൽ അനന്യസുലഭമായ പ്രയോഗവിജ്ഞാനം സ്വായത്തമാക്കുകയും ചെയ്തു. ഇംഗ്ലീഷു ഭാഷയിൽ നല്ല അറിവുണ്ടായിരുന്നതുകൊണ്ടു പാശ്ചാത്യവൈദ്യസമ്പ്രദായംകൂടി പരിചയിച്ചു ശസ്ത്രക്രിയയിലും ഏറെക്കുറെ വിദഗ്ദ്ധനായിത്തീർന്നു.

## അനന്തരകാലജീവിതം

1034-ൽ അമ്മാവൻ മരിച്ചതോടുകൂടി കുടുംബച്ഛിദ്രം മുത്തു ലക്ഷ്മീപുരത്തുകൊട്ടാ രം തന്റെ ശാഖയ്ക്കു വാസയോഗ്യമല്ലാതെ തീരുകയാൽ 1040-ാമാണ്ടു കാർത്തി കപ്പള്ളിക്കോയിക്കലേയ്ക്കു മാറിത്താമസിച്ചു. 1046-ൽ അനന്തപുരത്തു കൊട്ടാരം അതിനടുത്തു തന്നെ പണിയിച്ച് അവിടെ ആ ശാഖയെ പ്രതിഷ്ഠിച്ചു. ഈ സംഭവം ഞാൻ അന്യത്ര രേഖപ്പെടുത്തീട്ടുണ്ട്. ആയുർവ്വേദത്തിൽ തനിക്കു സിദ്ധിച്ചിരുന്ന അവഗാഹം അന്യരിലും സങ്ക്രമിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പരോ പകാരനിരതനായ അദ്ദേഹം പലരേയും ആ ശാസ്ത്രം നിഷ്കർഷിച്ചു പഠിപ്പിച്ച് അതിൽ പ്രായോഗികപരിശീലനവും നല്കി. ജാതിമതഭേദംകൂടാതെയായിരുന്നു ആ അധ്യാപനം. ആ വിഷയത്തിൽ കേരളത്തിലെ ഒന്നാമത്തെ ഭിഷഗാചാര്യനാ യി ആഢ്യനും അഭിജ്ഞനുമായ അദ്ദേഹത്തെ പരിഗണിക്കണം. എണ്ണയ്ക്കാട്ടു വേലുവൈദ്യനും കണ്ണമങ്ഗലം കൊച്ചുകൃഷ്ണൻവൈദ്യനുമായിരുന്നു പ്രഥമശിഷ്യ ന്മാർ. സ്വന്തം മേൽനോട്ടത്തിലും ഒരു അഷ്ടാങ്ഗഹൃദയം വൈദ്യശാല അരിപ്പാട്ട് ഏർപ്പെടുത്തി അതു പ്രശംസനീയമായ രീതിയിൽ നടത്തി.ആയുരന്തംവരെ തി

രുവിതാംകൂർഗവർമ്മെന്റിനു വൈദ്യസംബന്ധമായുള്ള വിഷയങ്ങളിൽ അദ്ദേഹം വിദഗ്ധോപദേഷ്ടാവായിരുന്നു. 1056 തുലാമാസത്തിൽ ഇത്തമ്മർകോയിത്തമ്പുരാൻ ചരമഗതിയെ പ്രാപിച്ചപ്പോൾ പരപ്പനാട്ടു വലിയരാജാവ് എന്ന സ്ഥാനം മൂപ്പുമുറയ്ക്ക് അദ്ദേഹത്തിനു സിദ്ധിച്ചു. 1072-ാമാണ്ടു വൃശ്ചികമാസം 25-ാംനു പത്നി മരിച്ചു. പ്രിയവക്തൃത, കൃത്യനിഷ്ഠ മുതലായ പല സൽഗുണങ്ങളും കഥാപുരുഷനിൽ വിശേഷിച്ചു ശോഭിച്ചിരുന്നു. 1088-ാമാണ്ടു മകരമാസം 19-ാംനു അതിസാരരോഗം മൂർച്ഛിച്ചു ചരമഗതിയെ പ്രാപിച്ചു. ഭാഷാപോഷണവ്യഗ്രനായ മാവേലിക്കര ഉദയവർമ്മകോയിത്തമ്പുരാൻ ബി.ഏ.അദ്ദേഹത്തിന്റെ സീമന്തപുത്രനായിരുന്നു. അനന്തപുരത്തുകൊട്ടാരം അത്യന്തം സമ്പത്സമൃദ്ധവും പണ്ഡിതമണ്ഡിതവുമാക്കിത്തീർത്തതിനുമേലായിരുന്നു കഥാപുരുഷന്റെ പരലോകപ്രാപ്തി.

## കവിത

19-ാമത്തെ വയസ്സുമുതൽ കുടുംബഭരണത്തിൽ വ്യാപൃതനായിത്തീർന്ന മൂത്തകോയിത്തമ്പുരാനു സാഹിത്യസേവനത്തിനുള്ള സൗകര്യം ഏറ്റവും വിരളമായിരുന്നു. ബാല്യത്തിൽതന്നെ കവിതാ വിഷയത്തിലുണ്ടായിരുന്ന വാസന 11-ാമത്തെ വയസ്സിൽ താഴെക്കാണുന്ന ശ്ലോകരൂപത്തിൽ പ്രകടീഭവിച്ചു.

> "ശീതം മാം ബാധതേ രാത്രൗ ശീതാംശുസദൃശാനന!
> അർത്ഥയേ തന്നിവൃത്ത്യർത്ഥം നിചോളം ദാതുമർഹസി."

ആ സംഭവത്തെപ്പറ്റി 1027-ാമാണ്ടിടയ്ക്കു ഉത്രംതിരുനാൾ മഹാരാജാവു തന്റെ ജ്യേഷ്ഠപുത്രനായ ശ്രീപത്മനാഭൻതമ്പിയുടെ മുഖത്തുനിന്നു കേട്ടപ്പോൾ അതു ഭാഷപ്പെടുത്തി വാങ്ങിക്കൊണ്ടു ചെല്ലാൻ ആജ്ഞാപിക്കുകയും അതനുസരിച്ചു കോയിത്തമ്പുരാൻ രണ്ടു ഭാഷാശ്ലോകങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. അവയിൽ രണ്ടാമത്തെ ശ്ലോകമാണ് ചുവടേ ചേർക്കുന്നത്.

> "സകലാസു കലാസു നൈപുണ്യംകൊ-
> ണ്ടഖിലാനന്ദവിധായിധന്യശീല!
> ചകലാസു പുതച്ചു സൗഖ്യമേല്പാ-
> നഭിലാഷം വളരുന്നു സത്യമത്രേ."

അതിനുമുൻപുതന്നെ 1025-ാമാണ്ട് ഉത്രംതിരുനാളിന്റെ തുലാഭാര മഹോത്സവം സംബന്ധിച്ച് ഒരു രഥബന്ധശ്ലോകം അവിടത്തേയ്ക്കു സമർപ്പിച്ചുകഴിഞ്ഞിരുന്നു. 1034-ാമാണ്ട് അവിടുന്നും, 1069-ാമാണ്ടു ശ്രീമൂലംതിരുനാളും ഓരോ വീരശൃങ്ഖല സമ്മാനിക്കുകയുണ്ടായി.

## കൃതികൾ

1027 മുതൽ 29 വരെ ഒന്നര വർഷം ചങ്ങനാശ്ശേരിയിൽ താമസിക്കുന്നതിന്നിടയ്ക്കാണ് കോയിത്തമ്പുരാൻ (1) പാലാഴിമഥനം, (2) സതീവിവാഹം, (3) സ്യമന്തകചരിതം എന്നീ മൂന്നു കൈകൊട്ടിക്കളിപ്പാട്ടുകളും (4) സർവ്വജ്ഞവിജയം ആട്ടക്കഥയും നിർമ്മിച്ചത്. 1053-ൽ തന്റെ പുത്രന്മാരെ മാവേലിക്കരക്കൊട്ടാരത്തിൽ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരുന്ന കണ്ടിയൂർ നാരായണപ്പിഷാരടിയുടെ ആവശ്യത്തെ പുരസ്കരിച്ച് അഗസ്ത്യഭട്ടന്റെ ബാലഭാരതമഹാകാവ്യത്തിലെ ആദ്യത്തെ മൂന്നു സർഗ്ഗങ്ങൾക്കു "ലളിതാ" എന്നൊരു വിശിഷ്ടമായ വ്യാഖ്യാനം സംസ്കൃതത്തിലും രചിച്ചിട്ടുണ്ട്.

### സർവ്വജ്ഞവിജയം ആട്ടക്കഥ

കേരളത്തിലെ നൃത്യകലയിൽ കോയിത്തമ്പുരാനു സർവ്വതോമുഖമായ വിജ്ഞാനവും അതിന്റെ പരിപോഷണത്തിൽ സാമാന്യാധികമായ ആസക്തിയും ഉണ്ടായിരുന്നു. സർവ്വജ്ഞവിജയത്തിലെ ഇതിവൃത്തം കല്പിതമാണ്. ആടിക്കാണാൻ കൊള്ളാവുന്ന ഒരു നല്ല പ്രബന്ധമാണതു്.

> “നിശ്ചിത്യൈവം സ വിശ്വത്രുടനപടുതരാ-
> ടോപധാടീധുരീണൈ-
> ർദ്ദൈത്യോ ഘോരാട്ടഹാസൈർഝടിതി വിഘടിതാ-
> നേകശൈലേന്ദ്രശാഖഃ
> വക്ത്രാന്തർവ്യക്തദംഷ്ട്രാപ്രകടിതവികട-
> പ്രോതഹര്യക്ഷരുക്ഷഃ
> പ്രക്ഷുഭ്യോക്ഷുദ്രസത്വഃ ക്ഷിതിപതിതിലകം
> ചാപവാനാപപാത”

എന്ന ശ്ലോകവും “തിങ്കളണിഞ്ഞ തിരുമുടിഭങ്ഗിയും” എന്നു തുടങ്ങുന്ന ശിവന്റെ കേശാദിപാദാന്തവർണ്ണനവും മറ്റും വളരെ നന്നായിട്ടുണ്ട്.

### ബാലഭാരതവ്യാഖ്യ

ലളിതയിൽ കോയിത്തമ്പുരാനു സാഹിത്യം, അലങ്കാരം, വ്യാകരണം, സ്മൃതികൾ മുതലായ വിഷയങ്ങളിലുള്ള അവഗാഹം തെളിഞ്ഞുകാണാം. പ്രസ്തുതകാവ്യത്തിനു വിജയനഗരസാമ്രാജ്യം ക്രി.പി.1509-1530 ഈ വർഷങ്ങൾക്കിടയിൽ ഭരിച്ചിരുന്ന കൃഷ്ണദേവരായരുടെ മന്ത്രി സാലുവതിമ്മദണ്ഡനാഥൻ രചിച്ച മനോഹരാ എന്ന വ്യാഖ്യാനം അദ്ദേഹം വായിച്ചിരുന്നു; എങ്കിലും സ്വകീയങ്ങളായ ആശയങ്ങളും അവിടവിടെ ആവിഷ്കരിച്ചിട്ടുണ്ട്. “ബംഹീയസീം വൃദ്ധിമുപൈതി വാർദ്ധിഃ” എന്ന പാഠമാണ് സമീചീനമെന്നും, ബഹീയസീം എന്ന പാഠാന്തരം അസത്താണെന്നും ചൂണ്ടിക്കാണിക്കുന്നു. “തതോംബികാം ബാലികയോസ്സ പാണിമഗ്രാഹയദ്ഭ്രാത രമാപഗേയഃ” എന്ന ശ്ലോകാർദ്ധത്തിൽ ഗ്രഹിധാതുവിനു ദ്വികർമ്മകത്വം സാധൂകരിക്കുവാൻ പ്രൗഢമനോരമയും മറ്റും പ്രമാണ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉദ്ധരിക്കുന്നു.

# 51

# ചില വൃത്താന്തപത്രങ്ങളും മാസികകളും

## ചെങ്കളത്തു വലിയ കുഞ്ഞിരാമൻമേനോൻ (1033–1111)

### ജീവിതചരിത്രം

ചെങ്കളത്തു വലിയ കുഞ്ഞിരാമൻമേനോനെ കേരളീയർ പരക്കെ അറിയുന്നതു സി. കുഞ്ഞിരാമൻമേനോൻ എന്ന പേരിലാണ്. 'വലിയ കുഞ്ഞിരാമൻമേനോൻ' എന്നു പറഞ്ഞതു് അദ്ദേഹത്തിന്റെ ഭാഗിനേയനും സുപ്രസിദ്ധ കാഥികനുമായ എം. ആർ. കെ. സി. യിൽ നിന്നു് അദ്ദേഹത്തെ വേർതിരിക്കുന്നതിനു വേണ്ടിയാകുന്നു. 'ചെങ്കളം' എന്ന മലബാറിലെ ഒരു പ്രശസ്തമായ തറവാട്ടിൽ കഥാപുരുഷൻ 1033-ാമാണ്ടു ജനിച്ചു. മദിരാശിയിൽ പോയി ബി. ഏ. പരീക്ഷ ജയിച്ചതിനുശേഷം കോഴിക്കോട്ടു ബി. ജി. എം. ഹൈസ്കൂളിൽ ഒരധ്യാപകനായി. ആ ഹൈസ്കൂളാണ് പിൽക്കാലത്തു മലബാർ ക്രിസ്ത്യൻകോളേജായി വികസിച്ചതു്. അവിടെനിന്നു മാറിയതിനുമേൽ കുറേക്കാലം സാമൂതിരിക്കോളേജിൽ പണിനോക്കി. അതിനുശേഷം വീണ്ടും ബി. ജി. എം. ഹൈസ്കൂളിൽത്തന്നെ ഒരധ്യാപകനായി. പത്രപ്രവർത്തനം മാർഗ്ഗമായും മറ്റുമുള്ള ലോകസേവനത്തിൽ അത്യന്തം ഔത്സുക്യം തോന്നിയിരുന്ന അദ്ദേഹത്തിനു സർക്കാർ ഉദ്യോഗമൊന്നും കാമ്യമായിരുന്നില്ല. അന്നു കേരളത്തിൽ ഗണനീയങ്ങളായ മലയാളപത്രങ്ങളൊന്നുമില്ലായിരുന്നു. 1059-ലാണ് അദ്ദേഹം ഡിഗ്രിവാങ്ങിയതു്. ആ വർഷത്തിൽത്തന്നെ ബി. ജി. എം. ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ റ്റി. ജി. വറുഗീസ് ബി.എ. (പിന്നീടു ഡെപ്യൂട്ടികളക്ടറും റാവുബഹദൂറും) അവിടെ മറ്റൊരു ഉപാധ്യായനായിരുന്ന റ്റി.എം. അപ്പുനെടുങ്ങാടി (പിന്നീടു കുന്ദലതാകർത്താവു്, റാവു ബഹദൂർ, മലബാർ കളക്ടരാഫീസിലെ മലയാളം ട്രാൻസ്ലേറ്റർ) മൂളിയിൽ രാമൻ (ഡിസ്ത്രിക്ട് കോടതി ട്രാൻസ്ലേറ്റർ, കാട്ടുകണ്ടി) വട്ടാമ്പോയിൽ ചാത്തുക്കുട്ടിവൈദ്യൻ, കണ്ണമ്പറ കൃഷ്ണനുണ്ണിനായർ മുതലായവരുടെ സഹായത്തോടുകൂടി "കേരള പത്രിക" എന്ന പത്രം കാളഹസ്തിയപ്പമുതലിയാരുടെ വിദ്യാവിലാസം അച്ചുക്കൂടത്തിൽനിന്നു പുറപ്പെടുവിച്ചു. മേനോൻ തന്നെയായിരുന്നു പത്രാധിപർ. അക്കാലത്തു് ഒരിക്കൽക്കൂടി സാമൂതിരിക്കോളേജി അധ്യാപകനായി എങ്കിലും ആ ഉദ്യോഗം കഴിയുന്ന വേഗത്തിൽ രാജിവെച്ചു. അതിനുമുമ്പു തിരുവിതാംകൂറിൽ പ്രചരിച്ചുകൊണ്ടിരുന്ന "സന്ദിഷ്ടവാദി" മാധവരായർദിവാൻജിയുടെ കാലത്തുതന്നെ നിന്നുപോകയും 1054-ൽ തിരുവനന്തപുരത്തുനിന്നു് ആരംഭിച്ച "കേരള ചന്ദ്രിക" ശൈശവത്തിൽത്തന്നെ മരണം പ്രാപിക്കുകയുമാണ് ചെയ്തതു്. ആ

പൂർവകാല കഥകളൊന്നും മേനോനെ അധൈര്യപ്പെടുത്തിയില്ല. ആദ്യംമുതല്ക്കുതന്നെ അദ്ദേഹത്തെ രാഷ്ട്രീയ ലേഖനങ്ങൾകൊണ്ടു സഹായിക്കുവാൻ വേണ്ടയിൽ കുഞ്ഞിരാമൻനായനാരും (കേസരി എന്ന തൂലികാനാമം) സന്നദ്ധനായി. കേസരി ഗണപതിക്കു കുറിച്ചതു കേരളചന്ദ്രികയിലായിരുന്നു. എങ്കിലും കേരളപത്രികയിലാണ് അദ്ദേഹം സ്വച്ഛന്ദമായി വിഹരിച്ചത്. പത്രിക പുറപ്പെട്ടതിന് അടുത്ത കൊല്ലം ബാംബയിൽ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് സ്ഥാപിതമായി. ആ പേർ "ഭാരതമഹാജനസഭ" എന്നു തർജ്ജമ ചെയ്തതു മേനോനാണ്. അന്നുമുതൽ പത്രിക കേരളത്തിലെ കാൺഗ്രസ്സുപത്രമായി. അദ്ദേഹത്തിന്റെ നിഷ്പക്ഷമായ പ്രവർത്തനം സർക്കാരിന്റേയും പൊതുജനങ്ങളുടേയും ബഹുമാനത്തെ ആർജ്ജിച്ചു. ബ്രിട്ടീഷ് ഗവർമ്മെന്റ് അദ്ദേഹത്തിനു റാവുസാഹിബ് എന്ന ബിരുദം നല്കുകയും ജോർജ്ജ് പഞ്ചമൻ ചക്രവർത്തിക്കു ഡെൽഹിയിൽവെച്ചു നടന്ന കിരീടധാരണത്തിനു ക്ഷണിക്കപ്പെട്ട പത്രാധിപന്മാരുടെ പട്ടികയിൽ അദ്ദഹത്തെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തു. കോഴിക്കോട്ടു ഡിസ്ത്രിക്ക് ബോർഡ്, താലൂക്ക് ബോർഡ്, മുൻസിപ്പൽ കൗൺസിൽ എന്നീ പ്രാദേശിക ഭരണകൂടങ്ങളിലെല്ലാം അദ്ദേഹം അങ്ഗമായി പൊതുജനങ്ങളെ സേവിച്ചിട്ടുണ്ട്. കുഞ്ഞിരാമൻമേനോൻ 1111-മാണ്ടു ചിങ്ങമാസം 11-ാംനു യശശ്ശരീരനായി.

## കേരളപത്രിക

കേരളപത്രികയുടെ ആവിർഭാവത്തെക്കുറിച്ചു മുമ്പു പ്രസ്താവിച്ചുവല്ലൊ. ആ പത്രം മേനോനു ശരിക്കു നടത്തിക്കൊണ്ടുപോകുവാൻ വളരെ പ്രയാസമുണ്ടായിരുന്നു. അതിനെസ്സംബന്ധിച്ച് അദ്ദേഹംതന്നെ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. "സാധാരണ ജനങ്ങൾക്കെന്നുവേണ്ട, സംസ്കൃതത്തിലും നാട്ടുഭാഷയിലും ഒരു വിധം പാണ്ഡിത്യമുണ്ടായിരുന്നവർക്കുംകൂടി വർത്തമാനപത്രങ്ങളെക്കൊണ്ടുണ്ടാകുന്ന ഉപകാരം എന്താണെന്നു നിശ്ചയമുണ്ടായിരുന്നില്ല. അതുകൊണ്ടു പത്രിക ആരംഭിച്ച ആദ്യകാലത്ത് എനിക്കും എന്റെ സഹായികൾക്കും ഉണ്ടായ ബുദ്ധിമുട്ട് അല്പമൊന്നുമല്ലായിരുന്നു. നാട്ടിൻപുറങ്ങളിൽനിന്നു വർത്തമാനങ്ങളും ലേഖനങ്ങളും എഴുതുവാൻ തക്ക ആളുകളില്ലാത്തതുകൊണ്ടാണ് അധികം ബുദ്ധിമുട്ടുണ്ടായത്. ഇംഗ്ലീഷ് പഠിച്ചവരിൽ ചിലർക്കു നാട്ടുഭാഷയിലുള്ള പത്രങ്ങൾ വായിക്കുന്നതും അവയിലേയ്ക്കു വല്ലതുമെഴുതുന്നതും തങ്ങളുടെ അവസ്ഥയ്ക്കു കുറവാണെന്നൊരു വിചാരംകൂടിയുണ്ടായിരുന്നു. ചിലർ നാട്ടുഭാഷയിൽ എന്തെങ്കിലും എഴുതുവാൻ ശീലമില്ലാത്തവരുമായിരുന്നു. ഇംഗ്ലീഷ് പഠിക്കാത്തവരും നാട്ടുഭാഷയിലോ സംസ്കൃതത്തിലോ സാമാന്യം അറിവുള്ളവരുമായ ആളുകൾ-കോടതിയിൽ ശീലിച്ചവരും ആധാരമെഴുത്തുകാരുമൊഴികെ-കവിതകൾ, എന്നുവെച്ചാൽ പദ്യരൂപമായ കവിതകൾമാത്രം, എഴുതി ശീലിച്ചവരായിരുന്നതിനാൽ ഗദ്യമെഴുതാൻ ഒട്ടുംതന്നെ ശീലമുള്ളവരായിരുന്നില്ല. കോടതിക്കാരുടെ വാചകരീതി പത്രങ്ങൾക്കു വളരെ പറ്റിയതുമായിരുന്നില്ല.ഈവക കാരണങ്ങളാൽ ആദ്യകാലത്തു ലേഖകദൗർല്ലഭ്യം കൊണ്ടും ഞാൻ സാമാന്യം ബുദ്ധിമുട്ടീട്ടുണ്ട്," ഈ വാക്യങ്ങൾ മേനോന്റെ ഋജുവും പ്രസന്നവുമായ ശൈലിയേയും ഉദാഹരിക്കുന്നു. അതോടുകൂടി അപ്പനെടുങ്ങാടിയുടെ ഗൗരവമുള്ള വാക്യരീതിയും കേസരിയുടെ ഫലിതം അങ്ങോളമിങ്ങോളം ഓളംവെട്ടുന്ന വാചകസമ്പ്രദായവും സമ്മേളിച്ചപ്പോൾ പത്രികയ്ക്കു ത്രിമൂർത്തികളുടെ അനുഗ്രഹം സിദ്ധിച്ച അവസ്ഥ കൈവന്നു. ഡാക്ടർ റ്റി. എം. നായർ എഡിൻബറോ നഗരത്തിൽ നിന്ന് അവിടത്തെ വൈദ്യവിദ്യാലയത്തിലെ പഠനക്രമം, ഭക്ഷണപരിപാടി മുതലായ വിഷയങ്ങളെ അധികരിച്ചു മലയാളത്തിൽ ഒരു ലേഖനപരമ്പര എഴുതി അതിൽ പ്രസിദ്ധീകരിച്ചു. 1069-ാമാണ്ടിടയ്ക്കു വാണിജ്യം സംബന്ധിച്ചുള്ള ചില കാര്യങ്ങൾക്കായി

ഇംഗ്ലണ്ടിലേയ്ക്കു പോകേണ്ടിവന്ന അവസരത്തിൽ അനുജൻ കോമുമേനോനാണ് പകരം പത്രാധിപത്യം വഹിച്ചതു്. കോമുമേനോൻ പുഷ്പഗന്ധനാടകത്തിന്റെ പ്രണേതാവും ഒരു സാഹിത്യരസികനുമായിരുന്നു.അദ്ദേഹത്തിന്റെ ഭരണകാലത്താണ് വലിയ കോയിത്തമ്പുരാന്റെ അമരുകശതകത്തിൽ വൃത്തഭങ്ഗമുണ്ടെന്നു് ഒരു വാദം പത്രികയിൽ അജ്ഞാതനാമാവായ ഒരു വിമർശകൻ ആരംഭിച്ചതു്. ആ ലേഖകനു വൃത്തഭങ്ഗത്തിനും യതിഭങ്ഗത്തിനും തമ്മിലുള്ള ഭേദം അറിവില്ലായിരുന്നു. പ്രസ്തുതവാദം കുറേക്കാലത്തേയ്ക്കു വലിയ ഒച്ചപ്പാടുണ്ടാക്കി. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കും സ്വാർത്ഥലുബ്ധന്മാരായ ജനപ്രതിനിധികൾക്കും മേനോന്റെ പത്രത്തെപ്പറ്റി വളരെ ഭയമുണ്ടായിരുന്നു. അങ്ങനെ കേരളപത്രിക കുറേക്കാലം പുരോഗമിച്ചപ്പോൾ സാമ്പത്തികമായ വൈഷമ്യംനിമിത്തം അതു മുടങ്ങി; 1078-ാമാണ്ടു വിദ്യാവിലാസം വിട്ടു് സ്പെക്ടേറ്റർ അച്ചുക്കൂടത്തിൽനിന്നു വീണ്ടും ഉദയം ചെയ്തു. 1085-ാമാണ്ടിടയ്ക്കു പത്രത്തിന്റെ പ്രചാരം പിന്നെയും മന്ദീഭവിച്ചു. ആയിടയ്ക്കു ചെങ്കളത്തു ചെറിയ കുഞ്ഞിരാമൻമേനോനെ പത്രം സംബന്ധിച്ചുള്ള ഭാരം ഏല്പിച്ചു കഥാപുരുഷൻ വിശ്രമം നേടി. 1087-ൽ പുതിയ പത്രാധിപർക്കു തൃശ്ശൂരിലേയ്ക്കു പോകേണ്ടിവരികയാൽ വലിയ കുഞ്ഞിരാമൻമേനോന്റെ പുത്രന്മാർ അതു സ്വല്പകാലം നടത്തി. പിന്നീടു കെ.വി. അച്യുതൻനായരുടേയും അനന്തരം ദീപത്തിന്റെ ഉടമസ്ഥൻ സി. തോമസ്സിന്റേയും കൈകളിലേയ്ക്കുമാറി. അച്യുതൻനായരുടെ കാലത്തു എം.ആർ. നായരും (സഞ്ജയൻ) തോമസ്സിന്റെ കാലത്തു കോയിപ്പള്ളി പരമേശ്വരക്കുറുപ്പുമായിരുന്നു അതിന്റെ സാഹിത്യഭാരവാഹികൾ. കേരളപത്രിക ഈയിടയ്ക്കു മാത്രമാണ് നിന്നുപോയതു്. ഇന്നു് ആ പേരിൽ കൊച്ചിയിൽനിന്നു് ഒരു വാരിക പ്രചരിക്കുന്നുണ്ടു്. മലബാറിലെ രാഷ്ട്രീയവും സാമുദായികവുമായ ഉൽഗതിയുടെ വിഷയത്തിൽ ഷഷ്ട്യബ്ദപൂർത്തി കഴിഞ്ഞും സ്വല്പകാലത്തേയ്ക്കുകൂടി ജീവിയ്ക്കുവാൻ യോഗമുണ്ടായ പ്രസ്തുത പത്രത്തിനു മറ്റേതു പത്രത്തിനെയുംകാൾ വലിയ പങ്കുണ്ടായിരുന്നു എന്നുള്ള വസ്തുത ആർക്കും വിസ്മരിക്കുവാൻ പാടുള്ളതല്ല. ആനുഷങ്ഗികമായി മലബാറിലെ യുവാക്കന്മാർക്കു ലളിതമായ ഗദ്യരചന ശീലിക്കുന്നതിനും അതു പ്രയോജകീഭവിച്ചു.

## കണ്ടത്തിൽ വറുഗീസ്മാപ്പിള (1033—1079)

### ഉപക്രമം

മലയാളക്കരയിൽ കണ്ടത്തിൽ വറുഗീസ് മാപ്പിളയെപ്പോലെ ശയോധനനായ ഒരു പത്രമുടമസ്ഥനും പത്രാധിപരും ഉണ്ടായിട്ടില്ല. അദ്ദേഹത്തിൽനിന്നു ഭാഷാസാഹിത്യത്തിനു ലഭിച്ചിട്ടുള്ള സാഹായ്യം അനന്തവും അപരിമേയവുമാകുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാന് അദ്ദേഹത്തെപ്പോലെ കർമ്മകുശലനായ ഒരു അനുയായിയേയും ആജ്ഞാകാരനേയും കിട്ടിയതു ഭാഷയുടെ പരമഭാഗ്യങ്ങളിൽ ഒന്നായിക്കരുതേണ്ടതാണ്. 1065 മുതൽ 1079 വരെയുള്ള 14 വർഷത്തെ പ്രയത്നംകൊണ്ടു് അദ്ദേഹം മലയാളത്തിനു ഭാരതീയ ഭാഷകളുടെ ഇടയിൽ മഹനീയമായ ഒരു നില കൈവരുത്തി. മറ്റൊരാളെക്കൊണ്ടു സാധിക്കാവുന്നതല്ല അത്ഭുതാവഹമായ ആ കാര്യം.

### ജനനവും വിദ്യാഭ്യാസവും

വറുഗീസ്മാപ്പിള തിരുവിതാംകൂർ തിരുവല്ലാത്താലൂക്കിൽ നിരണത്തു കറുത്തനല്ലൂർ ഈപ്പന്റേയും അയിരൂർ ചെറുകരക്കുടുംബശാഖയിൽപ്പെട്ട സാറാമ്മയുടേയും കനിഷ്ഠപുത്രനായി 1033-ാമാണ്ടു ജനിച്ചു. സാറാമ്മയെ കുഞ്ഞാണ്ടമ്മയെന്നും വിളിച്ചുവ

ന്നു. ഈപ്പന്റെ ജനനം 992-ആണ്ടും മരണം 1072-ാമാണ്ടുമായിരുന്നു. മധ്യ തിരുവിതാംകൂറിൽ സുപ്രസിദ്ധമായ കണ്ടത്തിൽ എന്ന കുടുംബത്തിന്റെ ഒരു ശാഖയാണ് കറുത്തനല്ലൂർ. യാക്കോബായ വിഭാഗത്തിൽപ്പെട്ടതാണ് ധനാഢ്യമായ ആ ക്രൈസ്തവകുടുംബം. ഈപ്പൻ ഒരു താലൂക്കുമുതല്പിടിക്കാരനായിരുന്നു. അന്നത്തെക്കാലത്ത് ആ ഉദ്യോഗം മാന്യകുടുംബങ്ങളിലെ അങ്ഗങ്ങൾക്കു മാത്രമേ ലഭിച്ചിരുന്നുള്ളു. “കറത്താലിലെ വലിയ മുതല്പിടിക്കാരൻ” എന്ന പേരിലാണ് അദ്ദേഹം ജനങ്ങളുടെയിടയിൽ അറിയപ്പെട്ടിരുന്നത്. അടുത്തുള്ള ഒരു നാട്ടാശാന്റെ എഴുത്തുപള്ളിയിൽ മലയാളത്തിൽ പ്രാഥമിക പാഠങ്ങൾ അഭ്യസിച്ചു; അന്നുതന്നെ പുസ്തകപാരായണത്തിൽ അഭിരുചി പ്രദർശിപ്പിയ്ക്കുകയും, എഴുത്തച്ഛൻ, കുഞ്ചൻനമ്പിയാർ തുടങ്ങിയ മഹാകവികളുടെ കൃതികൾ നിരന്തരമായി വായിച്ചു ഭാഷാസാഹിത്യത്തിൽ പ്രായത്തിൽക്കവിഞ്ഞുള്ള പരിചയം സമ്പാദിക്കുകയും ചെയ്തു. പിന്നീടു കോട്ടയത്തു സി.എം.എസ്. സ്കൂളിൽ പോയി ഇംഗ്ലീഷ് പഠിത്തം ആരംഭിച്ചു. വറുഗീസ്മാപ്പിളയ്ക്കു ഹൈന്ദവസാഹിത്യത്തിന്റെയും സംസ്കൃതഭാഷയുടെയും നേർക്കു അളവറ്റ ബഹുമാനമുണ്ടായിരുന്നു; സംസ്കൃതത്തിൽ സാമാന്യജ്ഞാനംകൂടാതെ ഭാഷാപോഷണം സുകരമല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അവഗാഢമായ അഭിപ്രായം. തന്നിമിത്തം സംസ്കൃതഭാഷയിലും യഥാശക്തി പരിചയം സമ്പാദിക്കുവാൻ അദ്ദേഹം ശ്രമിച്ചു. കോട്ടയത്തു മടിക്കുലേഷൻ പരീക്ഷ ജയിച്ചു തിരുവനന്തപുരത്തു ഗവർമ്മെന്റു കോളേജിൽ എഫ്. ഏ. ക്ലാസ്സിൽ ചേർന്നു. അക്കാലത്തു കുറേ കവിത എഴുതുമായിരുന്നതിനാൽ ‘കവിതക്കാരൻ’ എന്നൊരു നർമ്മബിരുദം സഹപാഠികൾ അദ്ദേഹത്തിനു നല്കി. എഫ്.ഏ. ജയിക്കാതെ തിരിയെ വീട്ടിലേയ്ക്കു മടങ്ങി. അവിടെ താമസിക്കുമ്പോൾ വില്വട്ടത്തു രാഘവൻനമ്പിയാരോടു കുറേക്കൂടി സംസ്കൃതം പഠിച്ചു. ആ ഘട്ടത്തിൽ ദർപ്പവിച്ഛേദനം ആട്ടക്കഥയും ക്രിസ്തുമതസംബന്ധമായുള്ള ചില കൃതികളും ഉണ്ടാക്കി.

## വറുഗീസുമാപ്പിളയും കേരളമിത്രവും

ഭാഷയേയും നാട്ടിനേയും ഒരേ സമയത്തിൽ സേവിക്കുന്നതിനുള്ള ഏകമാർഗ്ഗം പത്രപ്രവർത്തനമാണെന്നു കണ്ടുപിടിക്കുവാൻ ബുദ്ധിശാലിയായ വറുഗീസ്മാപ്പിളയ്ക്കു ഒരു പ്രയാസവുമുണ്ടായില്ല. ആ ഉദ്ദേശത്തോടുകൂടി കൊച്ചിയിൽ പോയി ദേവജിഭീമജിയെക്കണ്ടു് അദ്ദേഹത്തെ ഉത്സാഹിപ്പിച്ചു “കേരളമിത്രം” എന്ന പേരിൽ ഒരു സപ്തദൈനികപത്രം 1056-ൽ (1881 ജനുവരി 1-ാംനു) പുറപ്പെടുവിച്ചു് അതിന്റെ അധിപരായി ജോലി നോക്കിത്തുടങ്ങി. അദ്ദേഹത്തിനു സർവഥാ യോജിച്ച ഒരു പണിയായിരുന്നു പത്രാധിപത്യം. കൊച്ചിരാജ്യകാര്യങ്ങളെയാണ് പ്രധാനമായി വിമർശിച്ചിരുന്നത് എങ്കിലും അതു സഭ്യമായ ഭാഷയിലും, ശകലംപോലും വ്യക്തിവിദ്വേഷം സ്പർശിക്കാത്ത രീതിയിലുമായിരുന്നതിനാൽ പൊതുജനങ്ങൾക്കെന്നതുപോലെ ഗവർമ്മെന്റിനും കേരളമിത്രത്തിൽ പ്രീതി വർദ്ധിച്ചു. കൊച്ചിയിൽനിന്ന് എറണാകുളത്തേയ്ക്കു കൂടെക്കൂടെ പോയി അവിടത്തെ സാഹിത്യരസികന്മാരുമായി പരിചയപ്പെടുകയും, അവരുടെയിടയിൽ ഭാഷ ഭംഗിയായി എഴുതുവാൻ വശമുള്ള യുവാക്കന്മാരിൽനിന്നു ലേഖനങ്ങൾ വരുത്തി പ്രസിദ്ധീകരിക്കുകയും ചെയ്തു. പുസ്തകനിരൂപണവും ആ പത്രംവഴിക്കു കഥാപുരുഷൻ നടത്തി. കേരളവർമ്മ വലിയ കോയിത്തമ്പുരാനുമായി ആദ്യം പരിചയപ്പെടുവാൻ ഇടവന്നതു കേരളമിത്രത്തിലെ പുസ്തകവിമർശനംമൂലമാണ്.

### താലൂക്കുമുതലപ്പിടിക്കാരൻ

രണ്ടു വർഷത്തോളം ആ പണിനോക്കിയതിനുശേഷം വയോധികനായ പിതാവിന്റെ നിരന്തരമായ നിർബ്ബന്ധം നിമിത്തം വറുഗീസ്മാപ്പിള കൊച്ചിയിൽനിന്നു തിരുവല്ലായ്ക്കു തിരിയെ പോരികയും 1060-ാമാണ്ടു് അദ്ദേഹത്തിന്റെ താലൂക്കുമുതലപ്പിടിവേല സ്വീകരിക്കുകയും ചെയ്തു. ചെങ്ങന്നൂരായിരുന്നു ജോലിസ്ഥലം. തനിക്കു തെല്ലും രസിക്കാത്തതും തന്നെ പരീക്ഷയിൽ പരാജയപ്പെടുത്തിയതുമായ ഒരു വിഷയമായിരുന്നു കണക്ക്. പ്രതിദിനം അതുകൊണ്ടു കൈകാര്യം ചെയ്യുവാൻ ഇടവരുത്തിയ ദുര്യോഗത്തെ അദ്ദേഹം ശപിച്ചു.

> "കണ്ടത്തിൽക്കാളപൂട്ടും കിളയുമിതുകളെക്കൊണ്ടു കാലം കഴിപ്പോൻ
> മുണ്ടൻകൊട്ടിന്നു പോമ്പോലിഹ ബഹുവിഷമക്കണ്ടിതാകണ്ടിടുന്നു"

എന്നും

> "ചെങ്ങന്നൂർച്ചെന്നു രണ്ടായിരമതിലധികം
> ത്രുപയും ജാമ്യമേകീ–
> ട്ടങ്ങുന്നന്മാരരങ്ങത്തനിശമൊരു കരി–
> ക്കച്ചയും സഞ്ചിതോറും
> എങ്ങുന്നോ വന്ന നാനാവകയിലൊരു പണം
> ചെപ്പടിക്കോപ്പു കാട്ടി–
> ത്തങ്ങുന്നു മാസമേതാകിലുമൊരു പതിന–
> ഞ്ചത്രു നാണം കെടുത്തി"

എന്നും മറ്റും അന്നത്തെ ജീവിതത്തെപ്പറ്റി ആ സ്വാതന്ത്ര്യകാംക്ഷി പരിതപിച്ചിട്ടുണ്ട്. പരോപകാരപ്രദമായ ഏതെങ്കിലും ജോലിയിൽ ഏർപ്പെട്ടാൽ ആ സങ്കടത്തിനു ശമനമുണ്ടാകുമെന്നുള്ള വിചാരത്തോടുകൂടി 1061-ൽ സദാചാരസഹോദര സംഘം എന്നൊരു സമാജം സംഘടിപ്പിച്ചു. ആ സംഘം ഒരു ചെറിയ കെട്ടിടം ഉണ്ടാക്കി അവിടെ സ്ഥാപിച്ച പള്ളിക്കൂടമാണ് കാലാന്തരത്തിൽ ചെങ്ങന്നൂർ ഇംഗ്ലീഷ് ഹൈസ്കൂളായി ഉയർന്നത്. കഴിയുന്ന വേഗത്തിൽ മുതലപ്പിടിവേല രാജികൊടുത്തു കോട്ടയത്തുപോയി സി.എം.എസ്. കോളേജിൽ ഒരു മലയാളമുൻഷിപ്പണി സ്വീകരിച്ചു. അവിടേയും കവിയൂർ നാരായണൻനമ്പിയാരോടു സംസ്കൃതത്തിൽ ചില കാവ്യങ്ങൾകൂടി പഠിച്ചു. അവിടെ താമസിക്കുമ്പോഴാണ് അദ്ദേഹത്തിനു സ്വതന്ത്രമായ ഒരു വൃത്താന്തപത്രം തുടങ്ങുന്നതിനുള്ള സൗകര്യം ലഭിച്ചത്. കോട്ടയത്തുള്ള ധനികന്മാരും സാഹിത്യകാരന്മാരും ജാതിമതഭേദമെന്യേ അദ്ദേഹത്തെ ആ സദുദ്യമത്തിൽ സൗഹാർദ്ദപുരസ്സരം സഹായിച്ചു.

### മലയാളമനോരമ

വറുഗീസ്മാപ്പിള മലയാളമനോരമക്കമ്പനി ക്ലിപ്തം എന്ന പേരിൽ ഒരു കമ്പനി 1064-ാമാണ്ടു് കുംഭമാസത്തിൽ അവിടെ സ്ഥാപിച്ച് 1065-ാമാണ്ടു് മീനമാസം 15-ാംനു മലയാളമനോരമ എന്ന പത്രം ആ കമ്പനിവകയായി പ്രചരിപ്പിച്ചു തുടങ്ങി. പ്രസ്തുത സംജ്ഞ വലിയ കോയിത്തമ്പുരാനാണ് നിർദ്ദേശിച്ചത്.

> "മലയാളവുമിംഗ്ലീഷും പല വൈചിത്ര്യമോടുടൻ
> നലമായച്ചടിച്ചീടും മലയാളമനോരമ
> മലയാളത്തിലേറ്റേറ്റം വില താണുള്ള പത്രിക

വിലസീടുന്നു വിഖ്യാതാ മലയാളമനോരമ”

എന്നീ രണ്ടു ശ്ലോകങ്ങൾ പാർശ്വമുദ്രകളായി അണിഞ്ഞുകൊണ്ടായിരുന്നു ആ പത്രത്തിന്റെ പുറപ്പാട്. ഒന്നാമത്തെ ലക്കത്തിലുള്ള ഒരു വിജ്ഞാപനംകൂടി ഇവിടെ ചേർക്കാം.

“മലയാളഭാഷയുടെ അഭിവൃദ്ധിക്കായി തങ്ങളുടെ വാസനാ വൈഭവത്തെ സാരമായി ഉപയോഗപ്പെടുത്തുന്ന കവികൾ അവിഹിതമല്ലാത്ത ഏതെങ്കിലും പ്രകൃതത്തെക്കുറിച്ച് ഉണ്ടാക്കി അയയ്ക്കുന്ന ഒറ്റശ്ലോകങ്ങളും സമസ്യകൾ മുതലായവയും അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതിനായി, വേണ്ടിവന്നാൽ ഒരു പ്രത്യേകപംക്തിതന്നെ വിട്ടുകൊടുക്കാവുന്നതാണ്.” ആ ലക്കത്തിൽത്തന്നെ “വാക്കിൽത്തോറ്റവരില്ല, മൂക്കിനകമേ പോയോരുമില്ലോർക്കണം”, “നാഴിക്കകത്തോരിരുനാഴിപോലെ”, “ആറും പിന്നെയൊരാറുമുണ്ടിഹ നിനച്ചീടുമ്പൊഴേഴായ്‌വരും” എന്നു മൂന്നു സമസ്യകൾ പൂരണത്തിനായി ചേർത്തിരുന്നു. മലയാളമനോരമ തിരുവിതാംകൂറിൽ രണ്ടാമതായി രജിസ്റ്റർചെയ്ത കമ്പനിയാണ്; അതിനു മുൻപു പുനലൂർ കടലാസ്‌യന്ത്രക്കമ്പനിമാത്രമേ രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നുള്ളു. പ്രസാധനകലയുടെ സകലമർമ്മങ്ങളും സാങ്ഗോപാങ്ഗമായി കേരളമിത്രം നടത്തി ഗ്രഹിച്ചിരുന്ന കഥാനായകനു മനോരമ പ്രചരിപ്പിക്കുന്നതിനു യാതൊരു വൈഷമ്യവും തോന്നിയില്ല. കോട്ടയത്തു വിദ്വൽകേസരിയായ വയസ്കര ആര്യൻ നാരായണൻമൂസ്സതിന്റേയും അദ്ദേഹത്തിന്റെ അന്തേവാസികളായ പന്തളം കൃഷ്ണവാരിയർ മുതൽ പേരുടേയും തന്റെ ഗുരുനാഥനും അന്നു സി.എം.എസ് കോളേജ് മലയാളം മുൻഷിയുമായിരുന്ന വില്വട്ടത്തു രാഘവൻ നമ്പിയാരുടേയും ഒരു സാഹിത്യപ്രേമിയും ശോഭരാജവിജയം, കൃപാവതി എന്ന നാടകങ്ങളുടെ പ്രണേതാവുമായ നിധീരിക്കൽ മാണിക്കത്തനാരുടേയും ആനുകൂല്യം അദ്ദേഹത്തിന് ആവശ്യപ്പെടാതെതന്നെ ലഭിച്ചു. വലിയകോയിത്തമ്പുരാന്റെ അനുഗ്രഹം പരിപൂർണമായി ഉണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. മറ്റു സാഹിത്യകാരന്മാരായ സുഹൃത്തുക്കളുടെ സഹകരണവും സ്വല്പമായിരുന്നില്ല. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽ മനോരമ നാൾതോറും വളർന്നുയർന്നു വാച്ചുതഴച്ചതിൽ ആശ്ചര്യത്തിന്നവകാശമില്ലല്ലോ. ആദ്യം ശനിയാഴ്ചതോറും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ആ പത്രം കാലാന്തരത്തിൽ വാരത്തിൽ ബുധൻ, ശനി എന്നീ രണ്ടു ദിവസങ്ങളിലും, പിന്നീട് ഒന്നിടവിട്ടു മൂന്നു ദിവസങ്ങളിലും ഒടുവിൽ ഞായറാഴ്ചയൊഴികെ ബാക്കിയുള്ള ആറു ദിവസങ്ങളിൽ ഒരു ദിനപ്പത്രത്തിന്റെ രൂപത്തിലും വികസിച്ചു വിഖ്യാതി നേടി. രാജ്യകാര്യങ്ങളെപ്പറ്റി ധീരമായും നിഷ്പക്ഷമായും തന്നെ വിമർശിച്ചിരുന്നു എങ്കിലും പണ്ടു കേരളമിത്രം നടത്തിയപ്പോൾ എന്നപോലെ നയത്തിലും സ്വരത്തിലും വറുഗീസ് മാപ്പിള അവലംഭിച്ച സൗമ്യത “പ്രസാദയന്തീ ഹൃദയാന്യപിദ്വിഷാം” എന്ന മട്ടിൽ ആരേയും വശീകരിക്കുവാൻ പ്രയാപ്തമായിത്തീർന്നു. കേവലം രാഷ്ട്രീയകാര്യങ്ങളെപ്പറ്റിയുള്ള ലേഖനങ്ങൾമാത്രമല്ല മനോരമയിൽ ചേർത്തിരുന്നത്. ഏതു സരണിയിലുള്ള വായനക്കാർക്കും രസിക്കുന്നതിനുവേണ്ടി പ്രകരണവൈവിധ്യത്തിൽ പത്രാധിപർ പ്രത്യേകം ദൃഷ്ടിവച്ചിരുന്നു. പിന്നീടുണ്ടായ പല പത്രങ്ങൾക്കും മാർഗ്ഗദർശനം നല്കിയതു മനോരമയാണ്.

## കവിതാപങ്ക്തി

ഭാഷാപോഷണംകൂടി പത്രദ്വാരാ നിർവ്വഹിക്കണമെന്നു വറുഗീസ്‌മാപ്പിളയ്ക്ക് അതിയായ മോഹമുണ്ടായിരുന്നു. ഭാഗ്യവശാൽ അതിനു പറ്റിയ ഒരു സഹപ്രവർത്തകനെ അദ്ദേഹത്തിന് ആ ഘട്ടത്തിൽ കിട്ടി. അതു കൊട്ടാരത്തിൽ ശങ്കുണ്ണിയായി

രുന്നു എന്നു പറയേണ്ടതില്ലല്ലോ. ശങ്കുണ്ണി വെണ്മണിപ്രസ്ഥാനത്തിൽ-പ്രായേണ നടുവത്തച്ഛന്റെ രീതിയിൽ-കവിത എഴുതി പരിചയിച്ച ഒരു സരസ്വതീദാസനായിരുന്നു. അദ്ദേഹത്തെ കൂട്ടിനു കിട്ടിയപ്പോൾ നാലുവശംമാത്രമുള്ള മനോരമയിൽ ഒരു വശത്തോളം ഭാഷാവിഷയങ്ങൾക്കായി വിനിയോഗിക്കുന്നതിനും അതിലെ ഭൂരിഭാഗവും പദ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും പത്രാധിപർക്കു ധൈര്യമുണ്ടായി. സമസ്യാപൂരണം, ഭാഷാന്തരീകരണം, വർണ്ണനം, ചിത്രപ്രശ്നോത്തരം ഈ ക്രമമനുസരിച്ച് ഏതെങ്കിലും ഒരു വിഷയത്തെ അധികരിച്ചുള്ള ശ്ലോകങ്ങൾക്കു പ്രസ്തുത പങ്ക്തിയിൽ പതിവായി പ്രവേശനം ലഭിച്ചു. കേരളത്തിന്റെ ഒരറ്റം തുടങ്ങി മറ്റേയറ്റംവരെയുള്ള കവികളെല്ലാം ആ വിനോദത്തിൽ ഭാഗഭാക്കുകളായി; അവരുടെ ബുദ്ധിയിൽ വിജിഗീഷ വർദ്ധിച്ചു; അവർ തമ്മിൽ പല സംഗതികളെപ്പറ്റിയും ശ്ലോകരൂപത്തിലുള്ള സംഭാഷണം നടത്തി അനുവാചകന്മാരെ രസിപ്പിച്ചു. പിഴതിരുത്തുപണി ശങ്കുണ്ണിയുടേതായിരുന്നു, ചില തെറ്റുകൾ പൊതുജനങ്ങളുടെ അറിവിനായി ചുവടേ ചൂണ്ടിക്കാണിക്കുവാനും പത്രാധിപർ മടിച്ചില്ല. ചിലപ്പോൾ ചില വാക്കലഹങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. അവയിൽ വെണ്മണിമഹനും കോടശ്ശേരി കുഞ്ഞൻതമ്പാനും തമ്മിലുണ്ടായ സമരം പ്രസിദ്ധമാണ്. പരമോത്സാഹിയായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ മനോരമയിലെ കവിതാ പങ്ക്തിയുടെ ജീവനാഡിയായി ആദ്യംതന്നെ രങ്ഗപ്രവേശം ചെയ്തു. കുറേദിവസം വലിയകോയിത്തമ്പുരാൻ ആ പങ്ക്തിയിൽ ഒന്നും എഴുതാതെയിരുന്നപ്പോൾ ആ മഹാ പുരുഷൻ

"ഗിരിജലധിപനേട്ടൻ തമ്പുരാൻ കൺമിഴിച്ചൂ;
ഗിരിജവമെഴുമോരോ വീരർ വിത്തും വിതച്ചൂ;
വിരവൊടു കവി കോവിൽത്തമ്പുരാൻമാത്രമെന്തി–
ന്നൊരു വിരുതുമെടുക്കാതത്ര പിൻവാങ്ങിടുന്നു?"

എന്നു കലശൽകൂട്ടി. 1065 മേടം 18- ാംനു യിലെ ലക്കത്തിൽ കണ്ട ആ എഴുത്തിനു മറുപടിയായി ഇടവം 22- ാംനു യിലെ ലക്കത്തിൽ രണ്ടു ശ്ലോകങ്ങൾ വലിയകോയിത്തമ്പുരാനും പ്രസിദ്ധപ്പെടുത്തി. കുറേ കഴിഞ്ഞപ്പോൾ പത്രാധിപർ ഇടയ്ക്കിടയ്ക്ക് ഇംഗ്ലീഷ്പദ്യങ്ങളും തർജ്ജമചെയ്തു ചേർക്കുന്നതിനു വേണ്ട ഏർപ്പാടു ചിട്ടപ്പെടുത്തി. 1078-ാമാണ്ടിടയ്ക്കു കവിതാ പങ്ക്തി മുടങ്ങിയപ്പോൾ കുഞ്ഞിക്കുട്ടൻതമ്പുരാൻ സങ്കട പഞ്ചകം എന്ന പേരിൽ അഞ്ചു ശ്ലോകങ്ങൾ മനോരമയിൽ പ്രസിദ്ധീകരിക്കുകയും തദ്വാരാ ആ പങ്ക്തി പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. തിരുവല്ലാക്കാരൻ ഒരാൾ കോട്ടയത്തുപോയി അത്തരത്തിൽ ഒരു പത്രം വിജയകരമായി നടത്തുന്നതു കണ്ട ചില അസൂയാലുക്കൾ അവിടെത്തന്നെ "മലയാളവിനോദിനി" എന്ന പേരിൽ മറ്റൊരു പത്രം കവിതാപങ്ക്തിയോടുകൂടി നടത്തിയെങ്കിലും ആ സംരംഭം പരാജയത്തിലാണ് പര്യവസാനിച്ചത്.

## ഭാഷാപോഷിണീസഭ

സ്വല്പകാലം കഴിഞ്ഞപ്പോൾ കവിതാപങ്ക്തികൊണ്ടു മാത്രം ഭാഷയ്ക്കു സാർവത്രികമായ ഐകരൂപ്യം വരുത്തുക എന്ന തന്റെ പരമോദ്ദേശം സാധിക്കുന്നതല്ലെന്നും ഭാഷാപോഷണത്തിനു പ്രത്യേകമായി ഒരു സമിതിയും ആനുകാലികപത്രികയും വേണമെന്നും വറുഗീസ്മാപ്പിളയ്ക്കു ബോധ്യമായി. അതിലേയ്ക്കായി കുമാരമങ്ഗലത്തു നീലകണ്ഠൻനമ്പൂരിപ്പാടിന്റേയും മറ്റും ഉത്സാഹത്തിൽ കവിസമാജം എന്ന പേരിൽ ഒരു യോഗം 1067-ാമാണ്ടു വൃശ്ചികം 11, 12, 13 ഈ മൂന്നു തീയതികളിലായി കോട്ടയത്തു സംഘടിപ്പിച്ചു. ആദ്യത്തെ ദിവസം ഘടികാവിംശതിപരീക്ഷയും, രണ്ടാമത്തെ ദിവസം കവിതാചാതുര്യപരീക്ഷയും, മൂന്നാമത്തെ ദിവസം നാടകപരീക്ഷയും

നടത്തി. ഘടികാവിംശതിപരീക്ഷയിലും, കവിതാചാതുര്യപരീക്ഷയിലും കേ.സി. കേശവപിള്ളയും നാടകപരീക്ഷയിൽ കുഞ്ഞിക്കുട്ടൻ തമ്പുരാനും പ്രഥമസമ്മാനത്തിന് അർഹരായി ജയിച്ചു. ഓരോ ദിവസവും ഓരോ പൊതു സമ്മേളനവും നടന്നു. ഒന്നാം ദിവസം ഏ.ആർ. രാജരാജവർമ്മ കോയിത്തമ്പുരാനും, രണ്ടാം ദിവസം പുന്നശ്ശേരി നീലകണ്ഠശർമ്മാവും, മൂന്നാം ദിവസം കുഞ്ഞിക്കുട്ടൻതമ്പുരാനും ആധ്യക്ഷ്യം വഹിച്ചു. സഭയ്ക്കു "ഭാഷാ പോഷിണി" എന്നു പേർ നിശ്ചയിക്കുകയും, അതിന്റെ ഉദ്ദേശങ്ങൾ (1) മലയാളത്തിൽ പദ്യങ്ങൾക്കും ഗദ്യങ്ങൾക്കും സാർവത്രികമായ ഒരു ഐകരൂപ്യം വരുത്തുക, (2) ഉത്തമരീതിയിലും അധികം ഉപയോഗമുള്ളവയായിട്ടും കഴിയുന്നതും ഗദ്യ കൃതികളായിട്ടുമുള്ള പുസ്തകങ്ങൾ നടപ്പാക്കുക, (3) പഴയ ഗ്രന്ഥങ്ങൾ ശേഖരിച്ചു സൂക്ഷിക്കുകയും പരിശോധിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക ഇവയാണെന്നു വ്യവസ്ഥപ്പെടുത്തുകയും ചെയ്തു. ആ ഉദ്ദേശസിദ്ധിക്കുള്ള പ്രവൃത്തിമാർഗ്ഗങ്ങളായി (1) ഭാഷാപരിഷ്കാരത്തെ ഉദ്ദേശിച്ചുള്ള പ്രസംഗങ്ങളും പുതിയ പുസ്തകങ്ങൾ പരിശോധിച്ചുള്ള അഭിപ്രായങ്ങളും മറ്റും അടങ്ങിയതായി പുസ്തകാകൃതിയിൽ ഒരു പത്രം നടത്തുക, (2) ആണ്ടിൽ ഒരു പ്രാവശ്യത്തിൽക്കുറയാതെ കേരളത്തിൽ ഓരോ പ്രധാന സ്ഥലത്തുവെച്ചും യോഗം നടത്തുക, (3) ഉത്തമരീതിയിലും ഉപയോഗമുള്ളവയായിട്ടും പുതിയ പുസ്തകങ്ങൾ ഉണ്ടാക്കുന്ന വർക്കു യഥായോഗ്യം ഇനാമോ പ്രശംസാപത്രമോ കൊടുക്കുന്നതു കൂടാതെ അതുകളെ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനും വേണ്ടതെല്ലാം ചെയ്ക, (4) മലയാളത്തിൽ വിദ്യാലയങ്ങളും വൃത്താന്തപത്രങ്ങളും അച്ചുക്കൂടങ്ങളും ഉത്തമരീതിയിലും അഭിവൃദ്ധിയായും നടക്കുന്നതിന്നു വേണ്ട സഹായങ്ങൾ ചെയ്ക ഇവയാണെന്നു നിർദ്ദേശിച്ചു. വലിയ കോയിത്തമ്പുരാനെയാണ് സഭാനാഥനായി വരിച്ചിരുന്നതെങ്കിലും അവിടത്തേയ്ക്ക് ഏതോ അവിചാരിതമായ വിഘ്നംനിമിത്തം സ്ഥലത്തു ചെന്നെത്തുവാൻ സാധിച്ചില്ല. അവിടത്തെ പ്രതിനിധിയായാണ് ഭാഗിനേയനും ശിഷ്യനുമായ ഏ.ആർ.തന്നെ ഒന്നാമത്തെ ദിവസം ആ സ്ഥാനം അലങ്കരിച്ചത്. കോട്ടയത്തെ യോഗത്തിൽ വലിയകോയിത്തമ്പുരാൻതന്നെ ഐകകണ്ഠ്യേന സഭയുടെ സ്ഥിരാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. പോഷിണിയുടെ ദ്വിതീയയോഗം 1067 മേടമാസം 22- ാംനു മുതൽ മൂന്നു ദിവസം സി. പി. അച്യുതമേനോന്റെ ഉത്സാഹത്തിൽ തൃശ്ശൂർവെച്ചു നടന്നു. 1068-ൽ (1893 മാർച്ച് 20-ാംനു) വറുഗീസ്മാപ്പിള മദിരാശിയിൽ പോയി സഭോദ്ദേശ്യങ്ങളെ വിവരിച്ചു സാരവത്തായ ഒരു പ്രസംഗം ചെയ്തു. തൃതീയയോഗം 1069 തുലാമാസം 25- ാംനു മുതൽ മൂന്നു ദിവസം ഏട്ടൻതമ്പുരാന്റെ പ്രോത്സാഹനത്തിൽ കോഴിക്കോട്ടുവെച്ചും, ചതുർത്ഥ സമ്മേളനം 1070 കന്നി 18- ാംനു മുതൽ മൂന്നു ദിവസം വലിയ കോയിത്തമ്പുരാന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ തിരുവനന്തപുരത്തുവച്ചും ആഘോഷിക്കപ്പെട്ടു. ആണ്ടിൽ മൂന്നു ലക്കം വീതമായി പ്രസിദ്ധീകരിച്ചിരുന്ന ആ പത്രഗ്രന്ഥം തിരുവനന്തപുരത്തെ യോഗത്തിനുശേഷം സി. പി. അച്യുതമേനോൻ താൻ അന്നു തൃശ്ശൂരിൽനിന്നു പുറപ്പെടുവിച്ചുകൊണ്ടിരുന്ന വിദ്യാവിനോദിനി മാസികയാക്കി പ്രസിദ്ധീകരിക്കാമെന്നു വാഗ്ദാനംചെയ്തു സഭയ്ക്കായി ഒഴിഞ്ഞുകൊടുത്തു പ്രസാധനം ഏല്ക്കുകയും വറുഗീസ്മാപ്പിളയിൽനിന്നു സഭയുടെ കാര്യദർശിസ്ഥാനം അദ്ദേഹത്തിൽ സങ് ക്രമിക്കുകയും ചെയ്തു. പക്ഷേ ഒന്നിലധികം കാരണങ്ങളാൽ മേനോന് അദ്ദേഹത്തിന്റെ ആ പ്രതിജ്ഞയനുസരിച്ചു പ്രവർത്തിക്കുവാൻ സാധിച്ചില്ല. അദ്ദേഹം സഭവകയാക്കിയ മാസിക സഭവകയായില്ല. യോഗങ്ങൾ വിളിച്ചുകൂട്ടുകയോ സഭവക നടപടികൾ പ്രസിദ്ധപ്പെടുത്തുകയോ ഉണ്ടായില്ല. അച്യുതമേനോൻ തൃശ്ശൂർ വിട്ട് എറണാകുളത്തു പോയി ചുമതലയേറിയ ദിവാൻസെക്ര

ട്ടറിയുദ്യോഗത്തിൽ നിയമിതനാകുകയും ചെയ്തു. തന്നിമിത്തം പൊതുജനങ്ങളുടെ അപേക്ഷയനുസരിച്ച വറുഗീസ്മാപ്പിളതന്നെ സഭയുടെ കാര്യദർശിത്വം വീണ്ടും അങ്ങ്ഗീകരിച്ച് 1072 കന്നി മുതൽ ഭാഷാപോഷിണി മാസികാരൂപത്തിൽ കോട്ടയത്തുനിന്നു പ്രസിദ്ധീകരിച്ചുതുടങ്ങി. 1073 വൃശ്ചികമാസത്തിൽ കോട്ടയത്തുവച്ചു സഭയുടെ പഞ്ചമയോഗവും 1075 ധനുമാസത്തിൽ തിരുവനന്തപുരത്തുവച്ചു ഷഷ്ഠയോഗവും കൊണ്ടാടി. 1079-ാമാണ്ട് ചിങ്ങമാസത്തിൽ കടത്തനാട്ട് ഉദയവർമ്മ ഇളയതമ്പുരാന്റെ ആഭിമുഖ്യത്തിൽ തലശ്ശേരിയിൽവച്ചു സപ്തമസമ്മേളനം അത്യന്തം ആഡംബരപൂർവമായി നടന്നു. അതായിരുന്നു വറുഗീസ്സാപ്പിളയുടെ കാര്യദർശിത്വത്തിൽ നിർവ്യൂഢമായ ഒടുവിലത്തെ സഭായോഗം. പിന്നെയും 1081 ധനുമാസത്തിൽ തിരുവനന്തപുരത്തുവച്ച് അതിന്റെ അഷ്ടമസമ്മേളനവും 1086 കന്നി 17, 18 ഈ തീയതികളിൽ വൈക്കത്തു സന്മാർഗ്ഗപോഷിണിയുടെ ആഭിമുഖ്യത്തിൽ നവമസമ്മേളനവും നടന്നു. പിന്നീടു സമ്മേളനങ്ങൾ ഒന്നും നടന്നില്ല. എങ്കിലും വറുഗീസ്സാപ്പിളയുടെ സഹോദരപുത്രനും അദ്ദേഹത്തിന്റെ മരണാനന്തരം മനോരമയുടെ പത്രാധിപരുമായ കെ.സി. മാമ്മൻമാപ്പിളയുടേയും ഇരുവനാട്ട് കെ.സി. നാരായണൻനമ്പിയാരുടേയും കാര്യദർശിത്വത്തിലും, അനന്തരവൻ പി. കെ. കൊച്ചീപ്പൻതരകൻ മുതലായ ഭാഷാഭിമാനികളുടെ സമർത്ഥമായ കൈങ്കര്യത്തിലും വളരെക്കാലം മാസിക നിർവിഘ്നമായി പ്രചരിച്ചു. ഒടുവിൽ ക്രമേണ ശോഷിച്ചു കുറേക്കൊല്ലത്തേയ്ക്കു വിദ്യാർത്ഥികളുടെ ആവശ്യങ്ങളെ പ്രധാനമായി പുരസ്കരിച്ചു നടന്നുവന്ന ആ മാസിക ഇപ്പോൾ അപ്രത്യക്ഷമായിത്തീർന്നിരിക്കുന്നു.

## ഭാഷാപോഷിണിസഭകൊണ്ടുള്ള നേട്ടങ്ങൾ

ഭാഷാപോഷിണിസഭകൊണ്ടും അതിന്റെ ജിഹ്വയായ മാസികകൊണ്ടും ഭാഷയ്ക്കു സിദ്ധിച്ച ലാഭങ്ങൾ വാചാമഗോചരങ്ങളാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളിലെ സാഹിത്യകാരന്മാർക്കു തമ്മിൽ സന്ദർശനത്തിനും, സല്ലാപത്തിനും, സഭവക യോഗങ്ങൾ അവസരമുണ്ടാക്കിക്കൊടുത്ത് അവരിൽ അപരിചിതന്മാരെ പരിചിതന്മാരും, പരിചിതന്മാരെ സുഹൃത്തുക്കളുമാക്കി, സമഗ്രമായ സാഹോദര്യബോധം അവരുടെയിടയിൽ ജനിപ്പിച്ചു. വിജ്ഞേയങ്ങളും വിനോദകരങ്ങളുമായ വിവിധവിഷയങ്ങളെ അധികരിച്ചു പല നല്ല ഉപന്യാസങ്ങളും മാസികയിൽ പ്രകാശിതങ്ങളായി. സാഹിത്യഭാഷയ്ക്കു ക്രമോന്നതമായ ഐകരൂപ്യം അനായാസേന ലഭിച്ചു. പന്ത്രണ്ട് കൊല്ലത്തോളം വറുഗീസ് മാപ്പിള പ്രസ്തുത സഭയുടെ ഉൽഗതിക്കായി തന്റെ ശരീരവും ബുദ്ധിയും സമ്പത്തും സ്വാധീനതയും തദേകതാനതയോടുകൂടി സമർപ്പണം ചെയ്തു. അദ്ദേഹത്തിനു ഭാഷയും ഭാഷയ്ക്ക് അദ്ദേഹവും ഉൽക്കർഷം വളർത്തി. ക്രിസ്ത്യാനികളുടെയിടയിൽ ഭാഷാപോഷണവ്യഗ്രത വളർത്തി അവർക്കും വാസനയും അഭ്യാസവുമുണ്ടെങ്കിൽ വിശിഷ്ടസാഹിത്യകാരന്മാരാകുവാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം പൊതുവിൽ അങ്കുരിപ്പിച്ചത് അദ്ദേഹത്തിന്റെ പ്രയത്നത്തിന്റെ പ്രധാനഫലങ്ങളിൽ ഒന്നാണ്. ഭാഷാപോഷിണിവഴിക്കു പല നല്ല പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്; അവയിൽ കണ്ണശ്ശരാമായണം ബാലകാണ്ഡവും അയോദ്ധ്യാകാണ്ഡത്തിന്റെ ആദ്യഭാഗവും വലിയകോയിത്തമ്പുരാന്റെ മയൂരസന്ദേശവും കെ.സി. കേശവപിള്ളയുടെ ഭാഷാനാരായണീയവും പ്രത്യേകസ്മരണയെ അർഹിക്കുന്നു. മനോരമക്കമ്പനിയും നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു പ്രകാശനം ചെയ്യുന്നതിൽ സദാ ജാഗരൂകമായിരുന്നു. വലിയകോയിത്തമ്പുരാന്റെ

കേരളീയ ഭാഷാശാകുന്തളം ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു് ആ മുദ്രാലയത്തിൽ നിന്നായിരുന്നു.

## വറുഗീസ്മാപ്പിളയും വിദ്യാപ്രചാരണവും

മനോരമ, ഭാഷാപോഷിണി എന്നീ പത്രികകൾസംബന്ധിച്ചുള്ള ജോലി പിടിപ്പതും അതിലധികവും ഉണ്ടായിട്ടും വറുഗീസ്മാപ്പിള മററനേകം ജനോപകാരപ്രദങ്ങളായ കാര്യങ്ങളിൽക്കൂടി ശ്രദ്ധചെലുത്തുകയും അവയിലെല്ലാം ഒന്നുപോലെ വിജയം നേടുകയും ചെയ്തു. കോട്ടയത്തു മാർദീവന്നാസ്യോസ് (എം.ഡി) സിമ്മനാരി സ്ഥാപിച്ചു് അതിനെ ആദ്യകാലങ്ങളിൽ വളർത്തിക്കൊണ്ടുപോന്നതു് അദ്ദേഹമാണ്. തിരുവല്ലാ എം.ഡി. ഹൈസ്കൂൾ സ്ഥാപിക്കുന്നതിനും അദ്ദേഹത്തിന്റെ അത്യുത്സാഹവും ആലോചനാപടുതയും പ്രയോജകീഭവിച്ചിട്ടുണ്ട്. സ്ത്രീവിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കായി തിരുവല്ലായിൽ അദ്ദേഹം സ്ഥാപിച്ചതാണ് തിരുമൂലപുരം ബാലികാമഠം. പൊതുജനങ്ങളിൽനിന്നു പണം പിരിച്ചു മദിരാശി സർവകലാശാലയിൽ ബി. എയ്ക്കു മലയാളത്തിൽ പ്രശസ്തമായ വിജയം നേടുന്നവർക്കു കേരളവർമ്മ മെഡൽ എന്ന പേരിൽ ഒരു കീർത്തി മുദ്ര കൊല്ലന്തോറും സമ്മാനിക്കുന്നതിനു ആവശ്യമുള്ള മൂലധനം ഏല്പിച്ചതും അദ്ദേഹമല്ലാതെ മററാരുമായിരുന്നില്ല. യാക്കോബായസഭയുടെ അഭ്യുദയത്തിനുവേണ്ടിയും അദ്ദേഹം പല സൽക്കൃത്യങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്. അവയെ ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ലല്ലോ. ശ്രീമൂലംതിരുനാൾ മഹാരാജാവിനു വറുഗീസ്മാപ്പിളയുടെ പേരിൽ അനല്പമായ വാത്സല്യവും അദ്ദേഹത്തിന്റെ കർമ്മകുശലതയിലും സത്യസന്ധതയിലും അചഞ്ചലമായ വിശ്വാസവുമുണ്ടായിരുന്നതിനാൽ കോട്ടയം എം.ഡി. സിമ്മനാരിയുടേയും തിരുമൂലപുരം മഠത്തിന്റേയും സ്ഥാപനത്തിനു് ഓരോ ഷോഡതി നടത്തിക്കൊള്ളുവാൻ അനുവാദം നല്കിയതു് അദ്ദേഹത്തിന്റെ തദ്വിഷയകമായ ക്ലേശത്തെ ലഘൂകരിച്ചു. ആ മഹാരാജാവു് അദ്ദേഹത്തിനു് ആദ്യം രത്നഖചിതമായ ഒരു മോതിരവും പിന്നീടു് ഒരു വീരശൃങ്ഖലയും സമ്മാനിക്കുകയുണ്ടായി എന്നുള്ള വസ്തുതയും പ്രകൃതത്തിൽ പ്രസ്താവനീയമാണ്.

## നിര്യാണം

ഇങ്ങനെ സ്വഭാഷയ്ക്കും സ്വരാജ്യത്തിനും പൊതുജനങ്ങൾക്കുംവേണ്ടി ഊണും ഉറക്കവും ഒഴിച്ചു് ഇരവും പകലും വിശ്രമമെന്നൊന്നറിയാതെ പലപ്രകാരത്തിൽ പരിശ്രമിച്ചുകൊണ്ടിരുന്ന വറുഗീസ്മാപ്പിളയ്ക്കു തന്റെ ഏകപുത്രിയുടെ അകാലമരണത്തോടുകൂടി പൂർവാധികം ശരീരം ക്ഷീണിച്ചു. കോട്ടയത്തുവെച്ചു നാട്ടുചികിത്സയും തിരുവനന്തപുരത്തുപോയി ഇംഗ്ലീഷ്ചികിത്സയും ചെയ്തുനോക്കിയതിൽ പറയത്തക്ക ഉപശാന്തിയൊന്നും കിട്ടിയില്ല. 1079-ൽ അത്യധികമായി അനാരോഗ്യം ബാധിച്ചു് ആ കൊല്ലം മിഥുനമാസം 13-ആംനു ചരമഗതിയെ പ്രാപിച്ചു.

## ചില പ്രധാനസിദ്ധിവിശേഷങ്ങൾ

വറുഗീസ്മാപ്പിളയ്ക്കു പതിന്നാലുവർഷംകൊണ്ടു് ഇത്ര വളരെ നല്ല കാര്യങ്ങൾ ഇത്ര നിപുണമായി ചെയ്തുതീർക്കുവാൻ എങ്ങനെ സാധിച്ചു വെന്നു പലർക്കും അത്ഭുതം തോന്നിയേയ്ക്കാമെങ്കിലും അദ്ദേഹത്തെ അടുത്തറിഞ്ഞവർക്കു് അതിനുള്ള കാരണങ്ങൾ സ്പഷ്ടമായി കാണാമായിരുന്നു. അദ്ദേഹം ബാല്യത്തിൽത്തന്നെ ഉത്തമപുരുഷന്മാർ പരാർത്ഥജീവികളാണെന്നു മനസ്സിലാക്കുകയും വിശ്വസിക്കുകയും അവരെ കഴിയുന്നതും അനുകരിക്കുന്നതിനു നിസ്തന്ദ്രമായി പരിശ്രമിക്കുകയും ചെയ്തു. ഭാഷാപോഷണം തന്റെ ജീവിതവ്രതമായി സ്വീകരിച്ച അദ്ദേഹത്തിന്റെ നിഘണ്ടുവിൽ

വിഘ്നഭയം എന്നൊരു പദത്തിനു പ്രവേശമേ ഇല്ലായിരുന്നു. ഉദ്യമംകൊണ്ടു സാധിക്കുവാൻ പാടില്ലാത്തതായി യാതൊന്നുംതന്നെ ലോകത്തിലുണ്ടെന്ന് അദ്ദേഹത്തിനു തോന്നിയില്ല. സ്വാർത്ഥരാഹിത്യം അദ്ദേഹത്തിന്റെ മുഖ്യഗുണങ്ങളിൽ ഒന്നായിരുന്നു. ധനാർജ്ജനത്തിനോ യശോലാഭത്തിനോവേണ്ടി അദ്ദേഹം യാതൊന്നും ചെയ്തില്ല. നിർമ്മലഹൃദയനായ അദ്ദേഹത്തിനു മൂന്നു നാലു വാക്കുകളുടെ ഉച്ചാരണം കൊണ്ടു ശത്രുക്കളേയും മിത്രങ്ങളായി പരിവർത്തനം ചെയ്യിക്കുവാൻ കഴിയുമായിരുന്നു. അദ്ദേഹം സകലസാഹിത്യകാരന്മാരുടേയും സൗഹാർദ്ദം ഒന്നുപോലെ സമ്പാദിച്ചു. മനോരമയേയും ഭാഷാപോഷിണിയേയും സഹായിക്കേണ്ടതു തങ്ങളുടെ ധർമ്മമാണെന്നു തോന്നി അവരിൽ ഓരോരുത്തരും അഹമഹമികയാ അതിലേയ്ക്കു ഉദ്യമിച്ചു. ഭാവിയിൽ ഭാഷാപോഷകന്മാരായിത്തീരുവാൻ കഴിവുള്ള യുവാക്കന്മാരെ അദ്ദേഹം അന്തർന്നേത്രംകൊണ്ടെന്നപോലെ കണ്ടുപിടിച്ച് അവരിൽ പ്രശംസിക്കേണ്ടവരെ പ്രശംസിച്ചും ധനം വേണ്ടവർക്ക് അതു നല്കിയും ആർക്കും യാതൊരു പ്രകാരത്തിലും ആശാഭങ്ഗംവരാതെയും എല്ലാവരേയും യേനകേന പ്രകാരേണ സന്തോഷിപ്പിച്ചും കാലാന്തരത്തിൽ സമർത്ഥമായ സാഹിതീസപര്യയ്ക്കു ഒട്ടുവളരെ ഉത്തിഷ്ഠമാനന്മാരെ സജ്ജീകരിച്ചു. വറുഗീസ്മാപ്പിള നാട്ടു തഴയ്ക്കുന്നതിനു തക്ക നല്ല സ്വപ്നങ്ങൾ നാൾതോറും കാണും; കണ്ടാൽ അവയ്ക്കു നാമരൂപങ്ങൾ നല്കി കഴിയുന്ന വേഗത്തിൽ പ്രാണപ്രതിഷ്ഠ നടത്തും; പ്രായോഗികങ്ങളായ സകലപക്ഷങ്ങളേയും പറ്റി കൂലംകഷമായി പരിചിന്തനം ചെയ്തു സാധാകോപായങ്ങൾ കണ്ടുപിടിച്ചു ഫലോദയംവരെ സമർത്ഥമായി പ്രയത്നിക്കും;അങ്ങനെയുള്ള അവസരങ്ങളിൽ അദ്ദേഹത്തെ ജനങ്ങൾ ഒന്നിനു പകരം പത്തു വ്യക്തികളായി നിരീക്ഷിക്കും; ആ പത്തു വ്യക്തികൾക്കു പിന്നിൽ നൂറ് അനുയായികൾ അണിനിരന്നു നില്ക്കുന്നതായും അവർക്കു ബോധപ്പെടും. അത്തരത്തിലാണ് ആ പുണ്യശ്ലോകൻ തന്റെ കൃത്യശതകങ്ങൾ അനുഷ്ഠിച്ചുപോന്നത്. ആർജ്ജവം അദ്ദേഹത്തിന്റെ ഓരോ വാക്കിലും പ്രത്യക്ഷപ്പെട്ടിരുന്നു. പരഗുണകാംക്ഷ അവയിൽ സ്ഫടികസ്ഫുടമായി പ്രതിഫലിച്ചിരുന്നു. അത്തരത്തിലുള്ള സിദ്ധിവിശേഷങ്ങൾ നിമിത്തമാണ് അദ്ദേഹത്തിനു തന്റെ ബഹുമുഖങ്ങളായ ബൃഹദ്വ്യവസായങ്ങളിൽ സമ്പൂർണ്ണമായ വിജയം ലഭിക്കുവാൻ സാധിച്ചത്.

## കൃതികൾ

വറുഗീസ്മാപ്പിള ഒരു വിശിഷ്ടനായ ഗദ്യകാരനായിരുന്നു. സരളവും എന്നാൽ അതേ സമയംതന്നെ ശക്തിമത്തുമായ ഒരു ശൈലിയാണ് അദ്ദേഹം സ്വാധീനമാക്കിയിരുന്നത്. അദ്ദേഹത്തിന്റെ മുഖലേഖനങ്ങൾ ആരെയും ആകർഷിക്കത്തക്കവയായിരുന്നു. മറ്റുള്ളവരെക്കൊണ്ടു പുസ്തകങ്ങൾ എഴുതിച്ചതിനു പുറമേ സ്വയം ഗ്രന്ഥങ്ങൾ നിർമ്മിച്ചും അദ്ദേഹം ഭാഷയെ സഹായിച്ചിട്ടുണ്ട്. (1) ദർപ്പവിച്ഛേദനം ആട്ടക്കഥ, (2) യോഷാഭൂഷണം, (3) വിസ്മയജനനം പത്തുവൃത്തം, (4) എബ്രായക്കുട്ടി നാടകം, (5) കലഹനീദമനകം നാടകം, (6) സച്ചരിത്രശതകം, (7) കീർത്തനമാല എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. (8) ഷേക്സ്പീയറുടെ ഒതെല്ലോ നാടകവും ഉത്താലൻ എന്ന പേരിൽ കുറേതർജ്ജമ ചെയ്തിട്ടുണ്ട്. ദർപ്പവിച്ഛേദനത്തിലെ ഇതിവൃത്തം രാമാനുകരണമാണ്. ഹിന്ദുമതഗ്രന്ഥങ്ങളോട് അദ്ദേഹത്തിനുണ്ടായിരുന്ന പ്രതിപത്തിക്കും സംസ്കൃതഭാഷയിൽ അദ്ദേഹം സമ്പാദിച്ചിരുന്ന പരിചയത്തിനും അതു സാക്ഷ്യംവഹിക്കുന്നു. ആ കഥകളിക്കു യദുകുലരാഘവം എന്നും നാമാന്തരമുണ്ട്. ഇംഗ്ലീഷ്നാടകങ്ങളെ അനുകരിച്ചു രങ്ഗവിഭാഗം നിർദ്ദേശിച്ചും മറ്റും രചിച്ചിട്ടുള്ള

പ്രസ്തുതനൃത്യപ്രബന്ധം തിരുവല്ലാമാലിയിൽ നാരായണപിള്ളയും മറ്റുമുൾപ്പെട്ട ഒരു കഥകളിയോഗക്കാർ ഗ്രന്ഥകാരന്റെ വസതിയിൽവച്ച് അഭിനയിക്കുകയുണ്ടായി. അതിൽ കുമ്മിയും ദണ്ഡകവും ഘടിപ്പിച്ചിട്ടുണ്ട്.

> “നന്ദകുമാരമുകുന്ദഗോപൻ നന്ദനീയഗുണപൂർണ്ണദേവൻ
> സുന്ദരരൂപൻ ധന്യനരവിന്ദസൂനാഭൻ സുരുചിര–
> മന്ദഹാസാഭൻ വിധിമുഖ–
> വൃന്ദാരകവൃന്ദൈരഭിവന്ദ്യൻ ബഹുമാന്യൻ തവ
> മന്ദസ്മിതത്തെക്കൊതിച്ചിടുന്നു.”

എന്നതു കുമ്മിയിലെ ചില വരികളാണ്. യോഷാഭൂഷണം ബൈബിൾമുഖേന നാം അറിയുന്ന മൂന്നു മഹിളാരത്നങ്ങളുടെ കഥകളെ ആസ്പദമാക്കി എഴുതീട്ടുള്ള ഒരു ഗേയ കൃതിയാകുന്നു. വിസ്മയജനനം പത്തുവൃത്തം ക്രിസ്തുവിന്റെ ജനനത്തെ അധികരിച്ചു രചിച്ചിരിക്കുന്നു.

> “അതുനേരം കന്നിമേരിയതുലപ്രഭയെഴുന്ന
> മൃദുലകോമളഗാത്രി നടന്നു വേഗം
> മതിമോദമൊടുമെലിസബത്തിനെക്കാണ്മാനുള്ളൊ–
> രതിമോഹംകൊണ്ടു തമ്പി തളർന്നു പാരം.”

എന്നീ വരികൾ അതിൽ ഉൾപ്പെടുന്നതാണ്. ഈ മൂന്നു കൃതികളും വറുഗീസ്മാപ്പിള തിരുവല്ലായിൽ താമസിക്കുമ്പോൾ നിർമ്മിച്ചവയാണെന്നറിയുന്നു. ക്രിസ്ത്യൻബാലികമാർക്കു പാടുന്നതിനുവേണ്ടി എഴുതീട്ടുള്ള മതസംബന്ധമായ 51 പ്രാർത്ഥനാ ഗാനങ്ങളുടെ സമാഹാരമാണ് കീർത്തനമാല. അതിൽ “സ്മരസദാ മാനസ” എന്ന മട്ടിൽ എഴുതീട്ടുള്ള “പരമതാതാ വിഭോ! വരദ നമോസ്തു തേ” എന്നും മറ്റുമുള്ള പാട്ടുകൾ നന്നായിട്ടുണ്ട്. പ്രസ്തുത കൃതി കവി തിരുമൂലപുരം ബാലികാമഠം സ്ഥാപിച്ച കാലത്തോടടുത്തു പ്രസിദ്ധീകരിച്ചതാണ്.

## നാടകങ്ങൾ

നാടകനിർമ്മാണഭ്രമം നാടെങ്ങും പടർന്നുപിടിച്ചിരുന്ന 1067-1068 ഈ കൊല്ലങ്ങളിൽ വറുഗീസുമാപ്പിള രചിച്ചതാണ് എബ്രായക്കുട്ടിയും കലഹിനീദമനകവും. എബ്രായക്കുട്ടിയിലെ ഇതിവൃത്തം ബൈബിളിൽ നിന്നു സ്വീകരിച്ചതാകുന്നു. അതു പഴയ സമ്പ്രദായത്തിൽ ഗദ്യപദ്യസങ്കലിതമായി എഴുതീട്ടുള്ള ഒരു കൃതിയാണ്. ഒരു ശ്ലോകം പകർത്തുന്നു.

> “ക്രമാലേതും സാധിപ്പതിനു ചെറുതും നാസ്തി വിഷമം
> ക്ഷമാശീലം കാര്യങ്ങളിലഖിലമോർക്കുമ്പൊഴുചിതം
> സമാധാനം കണ്ടാലതിനഥ തുടങ്ങേണമുടനേ–
> യമാന്തം പിന്നീടും കരുതുക കണക്കല്ല നിയതം.”

കലഹിനീദമനകമാണ് അദ്ദേഹത്തിന്റെ കൃതികളിൽ അഗ്രപൂജയ്ക്ക് അർഹമായിട്ടുള്ളത്. ഷേക്സ്പിയറുടെ സുപ്രസിദ്ധമായ Taming of the Shrew എന്ന നാടകത്തിന്റെ ഒരു സ്വതന്ത്രമായ അനുവാദമാണതു്. പാത്രങ്ങളുടേയും സ്ഥലങ്ങളുടേയും മറ്റും പേരുകൾ ഭാരതീയീകരിച്ചിട്ടുണ്ട്. ആ പ്രസ്താവനയിലേയും ഭരതവാക്യത്തിലേയും രണ്ടു മൂന്നു ശ്ലോകങ്ങൾ ഒഴിച്ചാൽ ആദ്യന്തം ഗദ്യരൂപത്തിലാണ് വിവർത്തനം. കല്ലൂർ ഉമ്മൻ പിലിപ്പോസിന്റെ ‘ആൾമാറാട്ടം’ കഴിഞ്ഞാൽ അടുത്ത ഗദ്യനാട

കം അതാണെന്നു പറയാം. കലഹിനീദമനകത്തിലെ ശൈലി ഹൃദയങ്ഗമമാണ്. ചില വാക്യങ്ങൾ ചുവടേ പകർത്തുന്നു.

"നിന്റെ ഭർത്താവായ കർത്താവിനെ വ്യസനിപ്പിക്കുന്ന വണ്ണം ആ കണ്ണുകൾ കൊണ്ടിങ്ങനെ ഹാസ്യമായി നോക്കുകയും ഒരിക്കലും നീ ചെയ്തുകൂടാ. ഇതു് ഇടിയേറ്റ വൃക്ഷംപോലെ നിന്റെ സൗന്ദര്യത്തെ ഉണക്കുകയും ചുഴലിക്കാറ്റു നല്ല പൂമൊട്ടുകളെ വല്ലാതെയാക്കുന്നതുപോലെ നിന്റെ യശസ്സിനെ നശിപ്പിക്കുകയും ചെയ്യുന്നു. കോപിച്ച സ്ത്രീയും കുത്തിക്കലക്കിയ കുളവും ഒന്നുപോലെയാണ്. ചേറു നിറഞ്ഞിരിക്കും; കണ്ടാൽ അറയ്ക്കും. സൗന്ദര്യം വേർപെട്ടിരിയ്ക്കും. ആ സ്ഥിതിയിൽ ദാഹംകൊണ്ടു മരിക്കാറായവനും അതിൽനിന്നു് ഒരു തുള്ളികൊണ്ടു തന്റെ നാവിനെ നനയ്ക്കുവാൻ തുനിയുകയുമില്ല. നിന്റെ ഭർത്താവു നിന്റെ കർത്താവാണ്. നിന്റെ ജീവനും നിന്റെ ഇടയനും നിന്റെ തലയും നിന്റെ രാജാവുംതന്നെ. നിനക്കും നിന്റെ ഉപജീവനത്തിനുംവേണ്ടി ക്ലേശങ്ങൾ അനുഭവിക്കുന്ന ഒരാളാണ്; കരയ്ക്കും വെള്ളത്തിലും പകലും രാത്രിയും അദ്ദേഹം തന്റെ ശരീരംകൊണ്ടു കഠിനമായി അധ്വാനിക്കുന്നു. ആ സമയം ഒക്കെയും നീ സുഖമായും അപകടഭയം കൂടാതെയും വീട്ടിൽ സ്വസ്ഥമായിരിക്കുകയും ചെയ്യുന്നു."

## സച്ചരിത്രശതകം

യേശുക്രിസ്തുവിന്റെ ജീവിത ചരിത്രത്തെ വിഷയീകരിച്ച വറുഗീസ്മാപ്പിള വിഭിന്നവൃത്തങ്ങളിൽ രചിച്ചിട്ടുള്ള നൂറു ശ്ലോകങ്ങൾ ഈ കാവ്യത്തിൽ അടങ്ങിയിരിക്കുന്നു. ഭക്തിഭാവം പരിപൂർണ്ണമായി ഓരോ ശ്ലോകത്തിലും നിരീക്ഷിക്കാവുന്നതാണ്. ഒരു ശ്ലോകംമാത്രം ഉദ്ധരിക്കാം.

"തെറ്റിപ്പോകുന്നു തെല്ലും തിരിവിവരിലുദി–
  യ്ക്കായ്കയാൽത്താത! കോപം
പറ്റീടല്ലേ ഭവാന്നെ(?)വരുടയ നട–
  ത്തയ്ക്കു ചേർന്നേറ്റമുള്ളം
മുറ്റി പ്രാർത്ഥിച്ചുമാണിപ്പഴുതുകൾവഴിയായ്–
  ച്ചോര ചോർന്നും വിഷാദാ–
ലിറ്റിക്കണ്ണീരൊലിച്ചും മരുവിനൊരുരുവുൾ–
  പ്പൂവിൽ മേ മേവിടേണം."

## കെ. എം. കൊച്ചീപ്പൻമാപ്പിള (1041–1111)

വറുഗീസ്മാപ്പിളയുടെ ആജ്ഞാകരനും അന്തേവാസിയുമായിരുന്ന കെ.എം. കൊച്ചീപ്പൻമാപ്പിളയെപ്പറ്റി അല്പമൊന്നു് സ്മരിക്കുവാൻ ഇതാണ് അവസരം. കൊച്ചീപ്പൻമാപ്പിള വറുഗീസ്മാപ്പിളയുടെ പിതാവിന്റെ പ്രഥമപൗത്രനായിരുന്നു. അദ്ദേഹത്തെ വറുഗീസ്മാപ്പിള കോട്ടയത്തു കൂട്ടിക്കൊണ്ടുപോയി കുറേയെല്ലാം സംസ്കൃതമഭ്യസിപ്പിച്ചു കൈരളീകൈങ്കര്യത്തിൽ ശ്രദ്ധാലുവാക്കി. 1067-ൽ കോട്ടയത്തു സമ്മേളിച്ച കവിസമാജത്തിൽ കവിതാവേഗപരീക്ഷയ്ക്കു ചേർന്ന കൊട്ടാരത്തിൽ ശങ്കുണ്ണിക്കു് അദ്ദേഹമായിരുന്നു ലേഖകൻ. 1041-ാമാണ്ടിടയ്ക്കു ജനിക്കുകയും 1111-ാമാണ്ടു് ചിങ്ങമാസം 31- ാംനു മരിക്കുകയുംചെയ്തു. അക്കാലത്തെ ക്രൈസ്തവകവികളുടെ ഇടയിൽ അദ്ദേഹത്തിനും ഒരു സ്ഥാനമുണ്ടായിരുന്നു. ഗ്രന്ഥമൊന്നും രചിച്ചിട്ടില്ലെങ്കിലും

മനോരമാപങ്ക്തികളിലും മറ്റും നല്ല ശ്ലോകങ്ങൾ എഴുതിക്കണ്ടിട്ടുണ്ട്. വറുഗീസു് മാപ്പിളയുടെ നിര്യാണത്തിൽ ശോകാകുലനായി പ്രസിദ്ധീകരിച്ച ഒരു വിലാപത്തിൽ നിന്നു രണ്ടു ശ്ലോകങ്ങൾ പ്രദർശിപ്പിയ്ക്കാം.

“നാടെല്ലാം പൊടിപാറിടുംപടി യശസ്സോടിപ്രകാശിച്ച ചാ–
ഞ്ചാടട്ടേ;ധനനാഥതുല്യധനനായ്ത്തീരട്ടെ; വിദ്വത്ത്വവും
കൂടട്ടേ ബഹുധാ;വിശേഷവിധിയായ് സൗഭാഗ്യവും ഭാഗ്യവും
നേടട്ടേ; ഫലമെന്തുവാ,നൊരു ശവംതാനായ്ക്കലാശിയ്ക്കയോ?
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
ഏവം തത്ത്വങ്ങളോർത്താൽക്കദനമൊഴിയുവാൻ
  ന്യായമുണ്ടെങ്കിലും ഞാൻ
ഭൂവിൽപ്പെട്ടീ പ്രപഞ്ചസ്ഥിതിയിലിഹ വസി–
  ക്കുന്നൊരാളാകമൂലം
താവും താപം ഹൃദന്തേ ദഹനസദൃശമാം
  ദുഃഖമുണ്ടാക്കിടുന്നു–
ണ്ടാവൂ ഞാനെന്തു ചെയ്‌വൂ? സഹനപടുതയി–
  ല്ലാതെ വല്ലാതെയായേൻ.”

## സി. പി. അച്യുതമേനോൻ (1037–1112)

### ജനനവും വിദ്യാഭ്യാസവും

984-ൽ ബ്രിട്ടീഷുകാർക്കു വിരോധമായി ലഹളയുണ്ടാക്കിയ പാലിയത്തു ഗോവിന്ദൻ വലിയച്ചൻ ബന്ധനസ്ഥനായി മദിരാശി മലയാംതോപ്പിലേയ്ക്കു നിഷ്കാസനം ചെയ്യപ്പെട്ടു. അദ്ദേഹത്തിനു തൃശ്ശൂർ വടക്കേക്കുറുപ്പത്തു കുഞ്ഞൻമേനോൻ എന്നൊരു പുത്രനുണ്ടായിരുന്നു. വലിയ കുഞ്ഞൻമേനോൻ എന്ന പേരിലാണ് അദ്ദേഹത്തിനു പ്രസിദ്ധി. പാലിയത്ത് ഒരു പ്രധാനമായ ഉദ്യോഗം സ്വീകരിച്ച് അദ്ദേഹം 1034-ൽ ചങ്ങരംപൊന്നത്തു പാർവതിയമ്മയെ വിവാഹം ചെയ്തു. ചങ്ങരംപൊന്നത്തുഭവനം സ്ഥിതിചെയ്തിരുന്നതു് തൃശ്ശൂർ വെളിയന്നൂർദേശത്തു കോളശ്ശേരിക്ഷേത്രത്തിനു സമീപമായിരുന്നു. പിന്നീടു വടക്കുന്നാഥക്ഷേത്രത്തിനു വടക്കുകിഴക്കായി ഒരു സ്ഥലം വാങ്ങി കുഞ്ഞൻമേനോൻ അവിടെ പാർവതിയമ്മയ്ക്കു് ഒരു വീടു പണിയിച്ചുകൊടുത്തു. ആ ദമ്പതികളുടെ പുത്രനായി അച്യുതമേനോൻ 1037-ാമാണ്ടു് മേടമാസം ഉത്രട്ടാതിനക്ഷത്രത്തിൽ ജനിച്ചു. സർക്കാരെഴുത്തുകുത്തുകളിൽ അദ്ദേഹം സി. അച്യുതമേനോൻ എന്ന പേരിലാണ് അറിയപ്പെട്ടുവന്നതെങ്കിലും സാഹിത്യകാരന്മാർക്കിടയിൽ സി. പി. അച്യുതമേനോൻ എന്ന സംജ്ഞയാണ് പ്രസിദ്ധമായതു്. സംസ്കൃതത്തിൽ ബാലപാഠങ്ങൾ പഠിച്ചതു് അമ്മിച്ചാമുക്കിൽ കിട്ടുവാരിയരോടായിരുന്നു. പത്താമത്തെ വയസ്സിൽ ഇംഗ്ലീഷ് പഠിക്കാൻ ആരംഭിച്ചു. ആദ്യം തൃശ്ശൂർ സർക്കാർ സ്കൂളിൽ ചേർന്നു. 1048-ൽ അമ്മ മരിച്ചതിനുമേൽ എറണാകുളം കോളേജിൽ പ്രവേശിച്ച് അവിടെ അച്ഛന്റെ അനന്തരവനായ അമ്മുണ്ണിമേനോനോടു കുറേക്കൂടി സംസ്കൃതം അഭ്യസിച്ചു. പിന്നീടു കോഴിക്കോട്ടു കേരളവിദ്യാശാലയിൽ പഠിച്ചു മട്രിക്യുലേഷനും എഫ്.എ.യും പരീക്ഷകൾ ജയിച്ചു. അവിടെ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ അദ്ദേഹത്തിന്റെ സഹപാഠിയായിരുന്നു. നായനാരോടു് അദ്ദേഹം തനിക്കു കൊച്ചിയിലെ വിദ്യാഭ്യാസ വകുപ്പിന്റെ സൂപ്രണ്ടാകണമെന്നും മലയാളത്തിൽ ഒരു

മാസിക നടത്തണമെന്നും പറയാറുണ്ടായിരുന്നുവത്രേ. തദനന്തരം മദിരാശി പ്രസിഡൻസികോളേജിൽ പഠിച്ചു. ബി.എ. പരീക്ഷ ഉയർന്ന നിലയിൽ ജയിക്കുകയും, സംസ്കൃതത്തിൽ ഒന്നാം ക്ലാസ്സിൽ ഒന്നാമനായി ഉത്തീർണ്ണനാകുന്ന അധ്യേതാവിനു ലഭിക്കുന്ന ശ്രീഗോദാവരീസമ്മാനത്തിന് അർഹനായിത്തീരുകയും ചെയ്തു. ആ കൊല്ലത്തിൽ അച്ഛൻ മരിച്ചു.

## ആദ്യകാലത്തെ ഉദ്യോഗങ്ങൾ

ബി. ഏ. ജയിച്ചതിനു മേൽ സ്വല്പകാലത്തേയ്ക്കു സി. പി. മദിരാശി പച്ചയ്യപ്പാകോളേജിൽ മലയാളപണ്ഡിതനായി ജോലിനോക്കി. തിരിയെ കൊച്ചിയിൽ എത്തിയപ്പോൾ ഗവർമ്മെന്റ് 1061 ഇടവമാസം 20-ാംനു അദ്ദേഹത്തെ കൊച്ചുതമ്പുരാക്കന്മാരുടെ അധ്യാപകനായി നിയമിച്ചു. സംസ്കൃതത്തിലും ഇംഗ്ലീഷിലും ഒന്നുപോലെ അവഗാഹമുണ്ടായിരുന്നതിനാലാണ് അദ്ദേഹത്തിന് ആ സ്ഥാനം ലഭിച്ചത്. വാഴ്ചയൊഴിഞ്ഞ രാജർഷി രാമവർമ്മ വലിയതമ്പുരാനെക്കൂടി ആ അവസരത്തിൽ അദ്ദേഹം ഇംഗ്ലീഷിൽ ചില ഉപരിപാഠങ്ങൾ പഠിപ്പിച്ചു. രണ്ടുമൂന്നു കൊല്ലം കഴിഞ്ഞപ്പോൾ തോട്ടയ്ക്കാട്ടു ഗോവിന്ദമേനോൻ ദിവാൻജി കൊച്ചിയിൽ മലയാളം പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി. പ്രാഥമികവിദ്യാഭ്യാസം പ്രവൃദ്ധമാക്കുന്നതിനുവേണ്ടി ഒരു പുതിയ വകുപ്പു രൂപവൽക്കരിക്കുകയും അതിന്റെ സൂപ്രണ്ടായി സി. പി.യെ നിയമിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ പ്രാഥമികവിദ്യാഭ്യാസപദ്ധതി നേരിട്ടു കണ്ടുമനസ്സിലാക്കുവാൻ വേണ്ടി ആ അവസരത്തിൽ അദ്ദേഹം തിരുവനന്തപുരത്തു വരികയും അവിടെവെച്ചു കേരളവർമ്മ വലിയകോയിത്തമ്പുരാനുമായി പരിചയപ്പെടുകയും ചെയ്തു. പുതിയ വകുപ്പു സ്ഥാപിച്ചതു തൃശ്ശൂരിലായിരുന്നതിനാൽ ചരിത്രനായകന് അങ്ങോട്ടു മാറിത്താമസിക്കുവാൻ സൗകര്യം കിട്ടി. 1065 ഇടവത്തിൽ മണ്ണത്താഴത്തുവീട്ടിൽ കുട്ടിപ്പാറു അമ്മയെ വിവാഹം ചെയ്തു. സൂപ്രണ്ടുദ്യോഗം വഹിച്ചകാലത്തു സി. പി. ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ വിദ്യാലയങ്ങൾ ധാരാളമായി ഉൽഘാടനംചെയ്കയും പ്രൈവറ്റുവിദ്യാലയങ്ങൾക്കു ഗ്രാന്റു കൊടുക്കുകയും അധ്യാപകന്മാരുടെ പരിശീലനത്തിനു ഒരു ശിക്ഷാക്രമപാഠശാല സ്ഥാപിക്കുകയും ചെയ്ത് പലപ്രകാരത്തിൽ ദേശഭാഷാപോഷണത്തിനായി പ്രയത്നിച്ചു. 1066-ൽ ദിവാൻ തിരുവെങ്കടാചാരിയുടെ ഭരണകാലത്തു ഗവർമ്മെന്റ് അദ്ദേഹത്തെ 1891-ലെ സെൻസസ്റിപ്പോർട്ടു മറ്റു ജോലികൾക്കു വിഘ്നംകൂടാതെ തയ്യാറാക്കുവാൻ നിയമിച്ചു. അതു കഴിഞ്ഞു കൊച്ചിയിലെ പഴയ ശിലാലിഖിതങ്ങൾ പകർത്തിയെടുത്ത് അവയെപ്പറ്റി റിപ്പോർട്ടുചെയ്യേണ്ട ജോലിയും അദ്ദേഹം കൈയേറ്റു. അങ്ങനെ 1065 മുതൽ 1071 വരെ തൃശ്ശൂരിൽ താമസിച്ചു ഗൗരവമേറിയ പല ഔദ്യോഗിക കൃത്യങ്ങളിലും വ്യാപൃതനായിരുന്ന കാലഘട്ടത്തിലാണ് സി. പി. സജീവമായ സാഹിത്യസേവനത്തിലും ഏർപ്പെട്ടത്. 1071-ാമാണ്ട് ചിങ്ങമാസം 27 ാംനു അന്നത്തെ വലിയതമ്പുരാൻ തീപ്പെടുകയും ആ സ്ഥാനത്തിൽ സി. പി.യുടെ ശിഷ്യനായ രാമവർമ്മ മഹാരാജാവു് ആരൂഢനാകുകയും ചെയ്തു. ആ കൊല്ലം വൃശ്ചികമാസം 5-ആംനു ചരിത്രനായകൻ ദിവാൻ സെക്രട്ടറിയായി ഉയർന്ന് എറണാകുളത്തേയ്ക്കു പോന്നു. 1065 മുതൽ 1070 വരെയുള്ള ആറു കൊല്ലങ്ങൾക്കിടയിൽമാത്രമേ മലയാളഭാഷയെ സേവിക്കുവാൻ അദ്ദേഹത്തിനു സാധിച്ചുള്ളു. പക്ഷേ, എത്ര മഹനീയമായ ഒരു സേവനമായിരുന്നു അത്.

## വിദ്യാവിനോദിനിയും സുന്ദരയ്യരും

സി. പി. യ്ക്ക തന്റെ രണ്ടു് ആഗ്രഹങ്ങളും ഏകദേശം ഒരേകാലത്തുതന്നെ സഫലമായി. 1058-ആണ്ടു് ഏറ്റവും എളിയനിലയിൽ തൃശ്ശൂരിൽ പുസ്തകവ്യാപാരം ആരംഭിച്ച ഒരാളാണു് ഇന്നു കേരളമെങ്ങും സുപ്രസിദ്ധമായ വി. സുന്ദരയ്യർ ആന്റ് സൺസ് എന്ന കമ്പനിയുടെ കൂടസ്ഥനെന്നു പറയേണ്ട വി: സുന്ദരയ്യർ. അദ്ദേഹത്തിന്റെ സീമന്തപുത്രൻ വിശ്വനാഥയ്യർ എഫ്. ഏ. പരീക്ഷ ജയിച്ചു് ഒരു സ്കൂൾമാസ്റ്ററായി അച്ഛനോടൊന്നിച്ചു താമസിക്കുമ്പോൾ അവർ വിദ്യാവിനോദിനി എന്നൊരച്ചുക്കൂടം 1062-ൽ സ്ഥാപിച്ചു. അച്യുതമേനോനും വിശ്വനാഥയ്യരും സുഹൃത്തുക്കളായിരുന്നു. മേനോൻ ഒരു പുതിയ മാസിക പുറപ്പെടുവിക്കുവാൻ നിശ്ചയിച്ചപ്പോൾ അതിനു് ആ സൗഹാർദ്ദത്തെ പുരസ്കരിച്ചു വിദ്യാവിനോദിനി എന്നു നാമകരണം ചെയ്യുകയും അതിന്റെ മാനേജരായി ചുമതല വഹിച്ചുകൊള്ളാമെന്നു് ഏല്ക്കുകയും ചെയ്തു. 1065-ാമാണ്ടു് തുലാമാസത്തിൽ ആ മാസികയുടെ ഒന്നാമത്തെ ലക്കം പ്രസിദ്ധീകൃതമായി. അച്ചടിച്ചതു കേരളകല്പദ്രുമം അച്ചുക്കൂടത്തിലാണു്. 1070-ൽ അതു ഭാഷാപോഷിണിസഭയ്ക്കു വിട്ടുകൊടുക്കുവാൻ സി. പി. നിശ്ചയിച്ചു എങ്കിലും ആ നിശ്ചയം ഫലിച്ചില്ലെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1071-ാമാണ്ടു് അദ്ദേഹത്തിനു് അതിൽനിന്നു പിരിയേണ്ടിവന്നു. അപ്പോൾ റ്റി. കെ. കൃഷ്ണമേനോനും പിന്നീടു റ്റി.എം. അപ്പനെടുങ്ങാടിയും ഒടുവിൽ പള്ളിയിൽ ഗോപാലമേനോനും അതിന്റെ അധിപന്മാരായി. 1077-ൽ ആ മാസിക മുടങ്ങി. 1078 ചിങ്ങത്തിൽ അപ്പൻതമ്പുരാൻ തന്റെ രസികരഞ്ജിനി പുറപ്പെടുവിക്കുകയും ചെയ്തു. അങ്ങനെ ഒരു വ്യാഴവട്ടക്കാലം ഭാഷയ്ക്കു പലപ്രകാരത്തിൽ അഭ്യുദയം വർദ്ധിപ്പിക്കുവാൻ സാധിച്ച ഒരു മാസികയുടെ ജനയിതാവും പ്രഥമപ്രവർത്തകനെന്നുമുള്ള നിലയിലാണു് ഭാഷാഭിമാനികൾ സി. പി.യെ ഐദംപര്യേണ ആദരിക്കുന്നതു്.

### വിദ്യാവിനോദിനിമാസികയുടെ പ്രത്യേകതകൾ

തിരുവനന്തപുരത്തെ വിദ്യാവിലാസിനിയായിരുന്നു ഭാഷയിലെ ഒന്നാമത്തെ മാസിക എന്നു നാം കണ്ടുവല്ലോ. അതിൽ വിഷയ വൈവിധ്യം കുറവായിരുന്നു. പുസ്തകനിരൂപണം ഉണ്ടായിരുന്നില്ല. വിദ്യാവിനോദിനിയിൽ എല്ലാ വിഷയങ്ങളെപ്പറ്റിയും ഉപന്യാസങ്ങൾ വേണമെന്നും, ഗ്രന്ഥവിമർശനത്തിനു പ്രാധാന്യം നല്കണമെന്നും സി. പി. നിശ്ചയിച്ചു. അദ്ദേഹത്തെ സഹായിയ്ക്കുവാൻ പല സാഹിത്യനായകന്മാരും സന്നദ്ധരായി. വലിയ കോയിത്തമ്പുരാൻ രാമപുരത്തു വാരിയരുടെ ഭാഷാഷ്ടപദി അയത്തുകൊടുത്തു. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനും കുഞ്ഞിക്കുട്ടൻതമ്പുരാനും കുണ്ടൂർ നാരായണമേനോനും കവിതകൾ പ്രസിദ്ധീകരിച്ചു. ചരിത്രസംബന്ധമായുള്ള ലേഖനങ്ങൾ എഴുതിയതു പ്രായേണ കെ.പി. പത്മനാഭമേനോനാണു്. വി.കെ. രാമൻമേനോൻപേഷ്ക്കാർ ഒരു സഹപത്രാധിപരെപ്പോലെതന്നെ ക്ലേശിച്ചു പണിനോക്കി. സംസ്കൃതജ്ഞാനമില്ലാത്ത കേരളീയർക്കു് അന്നുവരെ സാഹിത്യശാസ്ത്രത്തെപ്പറ്റിയാതൊന്നും അറിയുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല. അവർക്കുവേണ്ടി നായകാദിലക്ഷണം, നായികാലക്ഷണം, ശൃങ്ഗാരരസം, ഹാസ്യാദിരസങ്ങൾ, രസോദാഹരണങ്ങൾ തുടങ്ങിയ ശീർഷകങ്ങളിൽ പല വിശിഷ്ടോപന്യാസങ്ങൾ സി. പി. തന്നെ രചിച്ചു. ഉദാഹരണങ്ങൾ മിക്കവാറും അക്കാലത്തെ കവികളുടെ കൃതികളിൽനിന്നായിരുന്നു. അവയ്ക്കുപുറമേ ധന ശാസ്ത്രസംബന്ധമായും പാശ്ചാത്യഗ്രന്ഥങ്ങളെ ഉപജീവിച്ചും പല ഉപന്യാസങ്ങളും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. പുതിയ പുസ്തകങ്ങളെ അദ്ദേഹംതന്നെയാണു് പതിവായി വിമർശിച്ചു വന്നതു്. ആദ്യ

കാലംമുതല്ക്ക് ഓരോ പുതിയ നാടകം വിദ്യാവിനോദിനിവഴിക്കു പുറപ്പെടുവിക്കുക എന്നൊരു വ്യവസ്ഥകൂടി ചെയ്തു. കുണ്ടൂരിന്റെ മാളവികാഗ്നിമിത്രം കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ലക്ഷണാസങ്ഗം, കൊച്ചുണ്ണിത്തമ്പുരാന്റെ ഫല്ഗുനവീര്യം, കിളിമാനൂർ രാമവർമ്മകോയിത്തമ്പുരാന്റെ വേണീസംഹാരം, കുഞ്ഞിക്കുട്ടൻതമ്പുരാന്റെ വിക്രമോർശീയം, കുന്നേഴത്തു പരമേശ്വരമേനോനും നടുവം മഹനുംകൂടി തർജ്ജമചെയ്ത മുദ്രാരാക്ഷസം, സി. ഗോവിന്ദനെളേടത്തിന്റെ സുനന്ദസരസവീരം തുടങ്ങിയ നാടകങ്ങൾ അങ്ങനെ പുറപ്പെട്ടവയാണ്. ഏതെങ്കിലും ഒരു പുതിയ വിഷയത്തെ അധികരിച്ചു വർണ്ണനാത്മകമായി മൂന്നു ശ്ലോകങ്ങൾ എഴുതിച്ചു മാസികയിൽ ചേർക്കുന്നതിനും അദ്ദേഹം ഉദ്യമിച്ചു; ആ ഉദ്യമം കുറേക്കാലത്തേയ്ക്ക് ഫലിച്ചു; വേങ്ങയിൽ കുഞ്ഞിരാമൻനായരുടെ സഹപത്രാധിപത്യവും വിനോദിനിക്ക് ഏതാനും കൊല്ലത്തേയ്ക്കു ലഭിച്ചു. അദ്ദേഹം പല ഫലിതവാങ്മയങ്ങളായ ഉപന്യാസങ്ങളും ചെറുകഥകളും ആ മാസികയ്ക്കു സംഭാവന ചെയ്തിട്ടുണ്ട്. കേരളകല്പദ്രുമത്തിലെ ലിപികളുടെ സൗഷ്ഠവവും അച്ചടിയുടെ ഭംഗിയുംകൂടി ആ മാസികയുടെ ആകർഷകതയ്ക്കു അശേഷം അപ്രധാനമല്ലാത്ത ഒരു കാരണമായിരുന്നു.

## സി. പി.യും വലിയ ഉദ്യോഗങ്ങളും

സി. പി. സെക്രട്ടറിയായി നിയമിതനായപ്പോൾ വി. സുബ്രഹ്മണ്യപിള്ളയായിരുന്നു ദിവാൻ. 1072 ധനു 4- ാംനു അദ്ദേഹം ഉദ്യോഗത്തിൽനിന്നു പിരിഞ്ഞപ്പോൾ മഹാരാജാവു പി. രാജഗോപാലാചാരിയെ (പിന്നീടു സർ) ദിവാനായി വരുത്തി. അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി അവസാനിച്ചതിനുമേൽ എൻ പട്ടാഭിരാമരായരായിരുന്നു ആ സ്ഥാനം വഹിച്ചത്. അദ്ദേഹം 1072 ചിങ്ങം 21- ാംനു മുതൽ 1082 മീനം 6- ാംനു വരെ ജോലി നോക്കി. ആ മൂന്നു ദിവാൻജിമാർക്കും പ്രത്യേകിച്ചു പട്ടാഭിരാമരായർക്കും അച്യുതമേനോന്റെ പേരിലുണ്ടായിരുന്ന സ്നേഹ വിശ്വാസങ്ങൾക്ക് അളവില്ലായിരുന്നു. മഹാരാജാവിനും അദ്ദേഹത്തിന്റെ കാര്യപ്രാപ്തിയിലും, കുശാഗ്രബുദ്ധിയിലും, ലേഖനനൈപുണ്യത്തിലും വലിയ മതിപ്പാണുണ്ടായിരുന്നത്. എങ്കിലും പട്ടാഭിരാമരായരുടെ കാലത്തുതന്നെ പുരാണവസ്തുഗവേഷണം സംബന്ധിച്ച് ഒരു റിപ്പോർട്ടു സമർപ്പിക്കുവാൻ അദ്ദേഹം വിശേഷാൽ ജോലിയിൽ നിയുക്തനായി. ആ ജോലി 1081-ാമാണ്ട് കന്നിമാസം 1- ാംനു കയ്യേറ്റു. പിന്നീടു പെൻഷൻ പറ്റുന്നതുവരെ ഓരോരോ വിശേഷാൽപണി ഗവർമ്മെന്റ് അദ്ദേഹത്തെക്കൊണ്ടു യാതൊരു പ്രോത്സാഹനവും നല്കാതെ നിർവഹിപ്പിച്ചു. ആദ്യമായി കൊച്ചിയിലെ വ്യവസായങ്ങളേയും അവയെ പരിഷ്കരിയ്ക്കേണ്ട പണിയേയും കുറിച്ച് ഒരു റിപ്പോർട്ട്; പിന്നീടു കോവിലകം വകയും സർക്കാർ വകയുമായുള്ള ദേവസ്വങ്ങളെയെല്ലാം ഒരുദ്യോഗസ്ഥന്റെ ഭരണത്തിലാക്കി അവയുടെ ആയവ്യയങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ഒരു പ്രത്യേക റിപ്പോർട്ട്; അതിനുമേൽ ജന്മികുടിയാൻ ബന്ധത്തെപ്പറ്റി മൂന്നാമതൊരു റിപ്പോർട്ട്; നാലമതു കൊച്ചിസ്റ്റേറ്റു മാനുവൽ; അതിനപ്പുറം ഗവർമ്മെന്റു സ്റ്റാൻഡിംഗ് ആർഡേഴ്സ്, ലാൻഡ് റവന്യൂമാനുവൽ; എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റുകോഡ്, പരസ്പരസഹായസംഘസ്ഥാപനത്തെപ്പറ്റിയുള്ള റിപ്പോർട്ട്; ഇവ ഇംഗ്ലീഷിലും, വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ നടപടിക്രമങ്ങൾ മലയാളത്തിലും എഴുതി. സ്റ്റേറ്റുമാനുവലിന്റെ തർജ്ജമ സ്വന്തം മേൽനോട്ടത്തിൽ എഴുതിച്ചു. അങ്ങനെ ഉപ്പുതൊട്ടു കർപ്പൂരംവരെ സ്വദേശത്തിനു പല നേട്ടങ്ങളും നേടിക്കൊടുത്ത അദ്ദേഹം യാതൊരു ഉൽഗതിയും ആശിക്കുവാൻ നിർവാഹമില്ലാതെ തീർന്ന ദശയിൽ വയസ്സ് അമ്പതേ ആയുള്ളുവെങ്കിലും 1087-ാമാണ്ട് കർക്കടകം 29-ാംനു പെൻഷൻപറ്റി

പിരിഞ്ഞു. സ്റ്റേറ്റുമാനുവലാണ് അദ്ദേഹത്തിന്റെ പ്രഥമഗണനീയമായ ഗ്രന്ഥം എന്നു പറയേണ്ടതില്ലല്ലോ. പട്ടാഭിരാമരായരുടെ അനന്തരഗാമിയായ (പിന്നീട് സർ) ഏ. ആർ. ബാനർജ്ജിക്കും അദ്ദേഹത്തെക്കുറിച്ച് വളരെ ബഹുമാനമുണ്ടായിരുന്നു. പെൻഷൻപറ്റിയതിനു ശേഷവും സി. പി. തന്റെ മഹാരാജാവിന്റെ വിശ്വസ്ത സേവകനായിത്തന്നെ ജീവിതം നയിക്കുകയും "രാമവർമ്മാ ചില സ്മരണകൾ" (ഷഷ്ടിപൂർത്തിസ്മാരകം) എന്ന ഗ്രന്ഥം രചിക്കുകയും ചെയ്തു. കേരളചരിത്രസംബന്ധമായി അദ്ദേഹം സമ്പാദിച്ചിരുന്ന വിശ്വതോമുഖവും അതലസ്പർശിയുമായ വിജ്ഞാനം പല ഗവേഷകന്മാർക്കും സന്ദേഹപരിഹാരത്തിനു പ്രയോജകീഭവിച്ചിട്ടുണ്ട്. ഏ. ഗാലെറ്റി അദ്ദേഹത്തിന്റെ The Dutch in Malabar എന്ന പുസ്തകത്തിന്റെ രചനയിൽ പല ഘട്ടങ്ങളിലും സി. പി. യുടെ സാഹായ്യം ആവശ്യപ്പെട്ടിരുന്നതായി കാണാം. 1090 മുതൽ പാലിയം എസ്റ്റേറ്റിലെ ചീഫ് മാനേജരായി അദ്ദേഹം മൂന്നു കൊല്ലം ജോലിനോക്കി. ശങ്കവാരിയർ, ശങ്കുണ്ണിമേനോൻ എന്നീ ദിവാൻജിമാരെപ്പറ്റി ഓരോ ജീവചരിത്രം ഇംഗ്ലീഷിൽ എഴുതി. മലയാളത്തിൽ യാതൊരു ഗ്രന്ഥവും നിർമ്മിച്ചില്ല. സി. പി.യുടെ ഇംഗ്ലീഷിനുള്ള ഒരു പാകവും പരിമളവും പ്രസിദ്ധമാണ്. അതിനെപ്പറ്റി ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ലല്ലോ. 1112 -ാമാണ്ട് മീനമാസം 21- ാംനു ആയിരുന്നു ആ മഹാപുരുഷന്റെ സ്വർഗ്ഗതി.

## സി. പി.യും മന്നാടിയാരും-ഉത്തരരാമചരിതം

സി. പി. ബാല്യകാലം മുതല്ക്കുതന്നെ പദ്യരചനയിൽ വാസനയുള്ള ഒരു സഹൃദയനായിരുന്നു. വെണ്മണിപ്രസ്ഥാനത്തിന്റെ സകല മർമ്മങ്ങളും അദ്ദേഹം ശരിക്കു ധരിച്ചിരുന്നു. ശ്രവണോദ്വേഗകരമായ യാതൊരു പ്രയോഗവും അദ്ദേഹത്തിനു സഹ്യമായിരുന്നില്ല. വെണ്മണിനമ്പൂരിപ്പാടന്മാരുടെ കൃതികൾ കുനേഴത്തു പരമേശ്വരമേനോനെക്കൊണ്ടു സമാഹാരിപ്പിച്ചു ഇദംപ്രഥമമായി പ്രസിദ്ധീകരിച്ചത് അദ്ദേഹമാണ്. റ്റി. കെ. കൃഷ്ണമേനോന്റെ പ്രസാധകത്വത്തിൽ വിരചിതമായ പ്രാചീനാര്യാവർത്തം, കൊച്ചുണ്ണിത്തമ്പുരാന്റെ ഭദ്രോൽപത്തി കിളിപ്പാട്ട്, കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ആശ്ചര്യചൂഡാമണി നാടകം മുതലായ പ്രശസ്തപുസ്തകങ്ങൾ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പ്രകാശിതങ്ങളായി. പ്രാചീനാര്യാവർത്തത്തിലെ ചില അധ്യായങ്ങൾ അദ്ദേഹംതന്നെ വിവർത്തനം ചെയ്തതാണെന്നും കേട്ടിട്ടുണ്ട്. കൊടുങ്ങല്ലൂർത്തമ്പുരാക്കന്മാർ അദ്ദേഹത്തെയും അക്കാലത്തെ കവികളുടെ കൂട്ടത്തിൽ പരിഗണിച്ചിരുന്നു. പക്ഷേ ആ പദ്ധതിയിൽ സഞ്ചരിക്കുന്നതിനുള്ള സമയദൗർല്ലഭ്യംനിമിത്തം കവിയശസ്സിന് അദ്ദേഹം ആശിച്ചില്ല. വിദ്യാവിനോദിനിയുടെ ആധിപത്യം ഏറ്റതു മുതൽ ആ തമ്പുരാക്കന്മാരുമായി വളരെയധികം ഇടപഴകുവാൻ അദ്ദേഹത്തിനു സാധിച്ചു. ഭാരതം കിളിപ്പാട്ടായി തർജ്ജമ ചെയ്യുന്ന ഭാരത്തിൽ ഒരു പങ്ക് അദ്ദേഹവും വഹിക്കാമെന്നേറ്റു. വിദ്യാവിനോദിനി ആരംഭിച്ച കാലത്തു ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ തൃശ്ശൂരിൽ അഭിഭാഷകനായിരുന്നു. അവർതമ്മിൽ അത്യന്തം സ്നേഹമായിട്ടാണ് കുറേക്കാലത്തേയ്ക്കു കഴിഞ്ഞുകൂടിയത്. 1066-ൽ ഭാരതം കിളിപ്പാട്ടാക്കുവാൻ അവർ രണ്ടുപേരുംകൂടിയാണ് പ്രഥമസജ്ജീകരണങ്ങളിൽ ഏർപ്പെട്ടത്. 1067-ൽ ആ ഗാഢമായ സൗഹാർദ്ദബന്ധത്തിന് അവിചാരിതമായി ഒരു ശൈഥില്യം നേരിട്ടു. അന്നു ജാനകീപരിണയം തർജ്ജമചെയ്തതിനുമേൽ വിവർത്തനവിഷയത്തിൽ കയ്യുംമെയ്യും ഉറച്ച മന്നാടിയാർ ഉത്തരരാമചരിതം ഭാഷാന്തരീകരിക്കുകയായിരുന്നു. രണ്ടുപേർക്കും നാടകാഭിനയത്തിൽ സമോന്യമൊന്നുമല്ലായിരുന്നു ഭ്രമം. വലിയകോയിത്തമ്പുരാന്റെ ശാകുന്തളം തിരുവട്ടാർ നാരായ

ണപിള്ള സംഘടിപ്പിച്ച യോഗക്കാർ തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും അഭിനയിച്ചു പ്രേക്ഷകന്മാരുടെ അഭിനന്ദനം സമാർജ്ജിച്ചു. തിരുവട്ടാർ നാരായണ പിള്ള പിന്നീടു മലയാളിയുടെ ആധിപത്യം വഹിച്ചുവന്നതിനാൽ കൊല്ലം നാരായണപിള്ള എന്നും അദ്ദേഹത്തെ പറയാറുണ്ട്. അനുഗൃഹീതനായ ഒരു നടനായിരുന്നു അദ്ദേഹം. സംഗീതരീതിയിൽ ശ്ലോകങ്ങൾ ചൊല്ലുന്നതിൽ അദ്ദേഹത്തിനു അസാമാന്യമായ പാടവം ഉണ്ടായിരുന്നു. ശാകുന്തളത്തിന്റെ "കണ്ടുനാളമഴകിൽത്തിരിച്ചു", "അന്തഃകീരങ്ങൾ വാഴും" ഇത്യാദി പദ്യങ്ങളിലെ ആശയം വ്യക്തമാക്കി അഭിനയിക്കുന്ന വിഷയത്തിൽ അദ്ദേഹം നേടിയ യശസ്സ് അപരിമിതമായിരുന്നു. ഒന്നുമുതൽ മൂന്നുവരെ അങ്കങ്ങളിലെ ദുഃഷന്തനായും നാലാമങ്കത്തിലെ കണ്വനായും ആറാമങ്കത്തിലെ മുക്കുവനായും അദ്ദേഹം ഒന്നുപോലെ രംഗസ്ഥിതന്മാരെ അപഹൃതചിത്തവൃത്തികളാക്കിത്തീർത്തിരുന്നു. അദ്ദേഹത്തിന്റെ 'മനോമോഹനം' എന്ന പേരിൽ പ്രസിദ്ധമായ നാടകക്കമ്പനിയുമായി എറണാകുളത്തു പോയി ശാകുന്തളം അഭിനയിച്ചുകൊണ്ടിരുന്നപ്പോൾ തൃശ്ശൂർ രാമഞ്ചിറമഠത്തിൽ കാവമ്മയുടെ ക്ഷണമനുസരിച്ച് അവിടെയും പോയി ആ നാടകം കളിച്ചു. കാവമ്മയ്ക്കു സംഗീതത്തിലും അഭിനയത്തിലും അസാമാന്യമായ പ്രാഗല്ഭ്യമുണ്ടായിരുന്നു. ആ അമ്മയുടെ നിർദ്ദേശമനുസരിച്ചാണ് പിന്നീടു അവരുടെ സഹോദരനായ റ്റി. സി. അച്യുതമേനോൻ സങ്ഗീതനൈഷധം രചിച്ചതു്. നാരായണപിള്ളയുടെ അഭിനയം കണ്ട് അച്യുതമേനോനും മന്നാടിയാരുംകൂടി തൃശ്ശൂരിലും അത്തരത്തിൽ ഒര നാടകയോഗം ഘടിപ്പിച്ച് അതിനു 'വിനോദചിന്താമണി' എന്നു നാമകരണം ചെയ്തു. മന്നാടിയാരുടെ ജാനകീപരിണയം ആ യോഗക്കാരെക്കൊണ്ടു കളിപ്പിച്ചു. കുറേക്കഴിഞ്ഞപ്പോൾ അവർക്കു പുതിയ നാടകം എന്തെങ്കിലും കിട്ടിയാൽക്കൊള്ളാമെന്ന് ആഗ്രഹമുണ്ടാകുകയും അതു മന്നാടിയാരെ അറിയിച്ചപ്പോൾ അദ്ദേഹം താൻ തർജ്ജമചെയ്തുവെച്ചിരുന്നിടത്തോളമുള്ള ഉത്തരരാമചരിതം കൊടുക്കുകയും അതു പഠിച്ചുതീരുമ്പോഴത്തേയ്ക്കു ശേഷംകൂടി എഴുതിക്കൊടുക്കാമെന്ന് ഏല്ക്കുകയും ചെയ്തു. ആ അവസരത്തിൽ തൃശ്ശൂരിലുണ്ടായിരുന്ന കൊച്ചി വീരകേരളവർമ്മ (കൊച്ചുണ്ണി)ത്തമ്പുരാനോട് അതിനെപ്പറ്റി ചിലർ പറയുകയും ആ നാടകം തനിക്ക് അഭിനയിച്ചുകാണണമെന്നു തമ്പുരാൻ മന്നാടിയാരെ വിളിച്ച് ആജ്ഞാപിക്കുകയും ചെയ്തു. താനും സി. പി.യുംകൂടി അതു വിനോദചിന്താമണിക്കാരെകൊണ്ടു കളിപ്പിക്കുവാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു എന്നു മന്നാടിയാർ അറിയിച്ചപ്പോൾ സി. പി.യോടു കാരണാന്തരാൽ രസക്ഷയം ഉണ്ടായിരുന്ന അവിടത്തേയ്ക്കു അതു രുചിച്ചില്ല. മന്നാടിയാർക്കുതന്നെ അതു അഭിനയിപ്പിക്കരുതേ എന്ന് അവിടന്നു ചോദിച്ചപ്പോൾ അദ്ദേഹത്തിന് ആവാമെന്നല്ലാതെ പറയുവാൻ നിർവ്വാഹമില്ലാതെ തീരുകയും അതിലേയ്ക്കുവേണ്ടി രസികരഞ്ജിനി എന്നൊരു പുതിയ കമ്പനി അദ്ദേഹം രൂപവൽക്കരിക്കുകയും ചെയ്തു. ധീരനായ സി. പി.ക്ക് അതു കേട്ടപ്പോൾ വാശി വർദ്ധിച്ചു. "അന്യമിന്ദ്രം കരിഷ്യാമി" എന്നു വിശ്വാമിത്രമഹർഷി പറഞ്ഞതുപോലെ മന്നാടിയാർ ഉത്തരരാമചരിതം ശേഷം ഭാഗവുമെഴുതി അഭിമയിപ്പിക്കുന്നതിനു മുമ്പായി താൻ അതു മറ്റു വല്ലവരേയുംകൊണ്ടു തർജ്ജമ ചെയ്യിച്ചു വിനോദചിന്താമണിക്കാരെക്കൊണ്ടുതന്നെ കളിപ്പിക്കുമെന്നു അദ്ദേഹവും പ്രതിജ്ഞചെയ്തു. കൊച്ചുണ്ണിത്തമ്പുരാൻ വീര കേരളവർമ്മത്തമ്പുരാന്റെ ആശ്രിതനായിരുന്നതിനാൽ അദ്ദേഹത്തെ ആ വിഷയത്തിൽ ബലമായി സമീപിക്കുവാൻ നിവൃത്തിയില്ലായിരുന്നു. എന്നാൽ ജ്യേഷ്ഠന്റെ ആ പരാധീനത കുഞ്ഞിക്കുട്ടൻതമ്പുരാനെ ബാധിച്ചില്ല. അദ്ദേഹം സി. പി.യുടെ അഭീഷ്ടം സാധിക്കാമെന്ന് ഏറ്റു. സി. പി.യും എടമന കൃഷ്ണനെമ്പ്രാന്തിരിയും ഒന്നാമങ്കവും, രണ്ടാമങ്കത്തിന്റെ വിഷ്കം

ഭം മനസ്സിലാമനസ്സോടെ കൊച്ചുണ്ണിത്തമ്പുരാനും, ശേഷം കുഞ്ഞിക്കുട്ടൻതമ്പുരാനും നടുവംമഹനും കുനേഴത്തു പരമേശ്വരമേനോനും, ഒരു ശ്ലോകംമാത്രം വെണ്മണിമഹനും, മൂന്നാമങ്കം കുഞ്ഞിക്കുട്ടൻതമ്പുരാനും, നാലാമങ്കം നടുവത്തച്ഛനും കുഞ്ഞിക്കുട്ടൻതമ്പുരാനും ഒറവങ്കരരാജനും, അഞ്ചാമങ്കം കാത്തുള്ളിയും നടുവംമഹനും കുനേഴവും, ആറാമങ്കം സി. പി., കൃഷ്ണനെമ്പ്രാന്തിരി, നടുവംമഹൻ, കുനേഴം, കുഞ്ഞിക്കുട്ടൻതമ്പുരാൻ എന്നിവരും, ഏഴാമങ്കം കുണ്ടൂരും തർജ്ജമചെയ്തു. ഒന്നാമങ്കത്തിലുള്ള ഗദ്യഭാഗങ്ങൾ സി. പി.യും മറ്റുള്ള അങ്കങ്ങളിലുള്ളവ നടുവംമഹനും കുനേഴവുമാണ് പരാവർത്തനം ചെയ്തതു്. ",സീതാദേവി കനിഞ്ഞു" എന്ന ശ്ലോകത്തിന്റെ കർത്താവു നടുവംമഹനല്ലെന്നും കുഞ്ഞിക്കുട്ടൻതമ്പുരാനാണെന്നും ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ആ വിവരം വീരകേരള വർമ്മത്തമ്പുരാൻ തന്റെ സതീർത്ഥ്യനായ ഭട്ടൻതമ്പുരാനെ അറിയിക്കുകയും ഭട്ടൻതമ്പുരാൻ പുതിയ നാടകം പിടിച്ചുവാങ്ങി പെട്ടിക്കകത്തുവെച്ചു പൂട്ടുകയും ചെയ്തു.

"മന്നാടിയാരുടയ തർജ്ജമ തീർന്നതച്ചിൽ
വന്നാലുടൻ തരുവനെന്നു പറഞ്ഞുകൊണ്ടു്
നന്നായൊളിച്ചിവിടെ വച്ചുവരുന്നു കാട്ടി–
ത്തന്നാൽച്ചതിക്കുമിവരെന്നൊരു ഭാവമോടും."

എന്നാണ് 1067-ാമാണ്ടു് കുംഭമാസം 29-ാംനു കുഞ്ഞിക്കുട്ടൻ തമ്പുരാൻ നടുവത്തച്ഛന്നു് അതിനെപ്പറ്റി എഴുതിക്കാണുന്നതു്. പക്ഷെ സി. പി. അതുകൊണ്ടും പിന്മാറിയില്ല.

"സി. പി.യിതുകൊണ്ടൊഴിച്ചീ–
ലാപീനോത്സാഹമോടു പിന്നീടും
ആപാതഭങ്ഗിയോടെതിർ–
കോപാലൊപ്പിച്ചിടുന്നു തർജ്ജമയെ"

എന്നു് ആ കത്തിൽത്തന്നെ കുഞ്ഞിക്കുട്ടൻതമ്പുരാൻ അതിനെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു. പിന്നീടു് ഭട്ടൻതമ്പുരാൻ ആ ഗ്രന്ഥം മടക്കിക്കൊടുത്തു. എട്ടുപത്തു ദിവസംകൊണ്ടു് എഴുതിയ ആ നാടകം 1067-ാമാണ്ടു് മീനം 20-ാംനു പ്രസിദ്ധീകരിച്ചു;സി. പി. വിനോദചിന്താമണിക്കാരേക്കൊണ്ടുതന്നെ അതു് അഭിനയിപ്പിക്കുകയും ചെയ്തു. ദ്രുതഗതിയിൽ പലരും കൂടി എഴുതിയ ആ കൃതിക്കു മന്നാടിയാരുടേതിന്റെ മേന്മവന്നിട്ടില്ലെങ്കിലും അപൂർവ്വം ചില ശ്ലോകങ്ങൾ ആ വിവർത്തനത്തിലുള്ളവയേക്കാൾ നന്നായിട്ടുണ്ടു്. അതേ കൊല്ലത്തിൽത്തന്നെ ഇടവത്തിലോ മറ്റോ മന്നാടിയാരുടെ തർജ്ജമയും പുറത്തു വന്നു. അതു കളിച്ചതു രസികരഞ്ജിനിയോഗക്കാരായിരുന്നു. മന്നാടിയാർ എതിർകക്ഷികളോടു തന്റെ തർജ്ജമയുടെ കൈയെഴുത്തുപ്രതി മടക്കിത്തരണമെന്നു ചോദിച്ചപ്പോൾ അവർ അതു കൊടുത്തു എങ്കിലും പഠിക്കുവാൻ എഴുതിയെടുത്ത പകർപ്പു് അവരുടെ കൈയിൽത്തന്നെ ഇരുന്നു. അതു് അവർ ഉപയോഗിച്ചേയ്ക്കും എന്നു് ഒരു ശങ്ക അദ്ദേഹത്തിനു സ്വാഭാവികമായിത്തോന്നി. അതിനെപ്പറ്റിയാണ് തന്റെ നാടകത്തിലെ

"സീതാദേവിയെ രാക്ഷസേന്ദ്രനതുപോ–
ലിഗ്രന്ഥവും വ്യാജമാ–
യേതാനും ചിലരോടു ചേർന്നൊരു പുമാൻ
തൻകൈക്കലാക്കീടിനാൻ;
പിന്നെത്തന്നുടെയാക്കുവാൻ നിജപദം

ചേർത്തീടിലോ നിന്ദ്യമാ–
യെന്നും സീതയെയെന്നപോലിതിനെയും
ശങ്കിക്കുമല്ലോ ജനം.”

എന്ന ശ്ലോകത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ആ സംഭവത്തിനു ശേഷം “വിനോദചിന്താമണി” സി. പി. യുടെ നാടകയോഗമായി. ആ യോഗക്കാർ മന്നാടിയാരുടെ നാടകങ്ങൾ പിന്നീട് അഭിനയിച്ചില്ല. അവർ കളിച്ചുവന്നതു ശാകുന്തളം, സി. പി.യുടെ ഉത്തരരാമചരിതം, നടുവത്തച്ഛന്റെ ഭഗവദ്ദൂത്, തോട്ടയ്ക്കാട്ടിക്കാവമ്മയുടെ സുഭദ്രാർജ്ജുനം, മാക്കോത്തു കൃഷ്ണമേനോന്റെ ചണ്ഡകൗശികം എന്നീ നാടകങ്ങളായിരുന്നു. സമദർശിയായ കുഞ്ഞിക്കുട്ടൻതമ്പുരാൻ അവസാനത്തിൽ ഈ സാഹിത്യമത്സരം വളരെ വെറുപ്പുണ്ടാക്കിയെന്നു നടുവത്തച്ഛൻ അദ്ദേഹമെഴുതിയ അധോലിഖിതങ്ങളായ ശ്ലോകങ്ങളിൽനിന്നു വെളിപ്പെടുന്നതാണ്.

“പോട്ടേയിക്കഥ- സി. പി. തർജ്ജമ-ഭവാൻ-നാരായണൻ-ഞാൻ-ബുധ–
ശ്രേഷ്ഠൻ ഭട്ട-നതല്ല വീരധരണീപാകാരി-മന്നാടിയാർ
വാട്ടം വിട്ടിതുപോലനേകവിരുതന്മാർ വന്നകപ്പെട്ടു വൻ–
കൂട്ടം ഭൂമികുലുക്കിടുന്നു സുകവേ! നിന്നില്ല കമ്പം, സഖേ!”

“കമ്പം നാടകമാട്ടവും ലഹളയും ഭാഷാന്തരം ചെയ്യുവാൻ
മുമ്പും പിൻപുമതിന്നിടച്ചിലുമതല്ലന്യായവും ന്യായവും
ഡംഭും ഗോഷ്ഠിയുമാണവർക്കു വെളിവില്ലോർക്കുമ്പൊഴമ്പമ്പ! ഭൂ–
കമ്പംതന്നെ മുറയ്ക്കു ‘പോഷിണി’യിതിൽപ്പോഷിക്കുവാൻ ദുർഘടം.”

ഇതിൽ പറയുന്ന ‘പോഷിണി’ അക്കൊല്ലം മേടമാസത്തിൽ തൃശ്ശൂരിൽവെച്ചു ദ്വിതീയസമ്മേളനം ആഘോഷിക്കുവാൻ തീർച്ചപ്പെടുത്തിയിരുന്ന ഭാഷാപോഷിണിയാണ്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ സി. പി.യേയും മന്നാടിയാരേയും രഞ്ജിപ്പിക്കുവാൻ വളരെ പ്രയത്നിച്ചു.

എന്നാലുമായതിനിടയ്ക്കു കടന്നുകൂടി
നന്നായ വാക്കുകൾ പറഞ്ഞു പരം മെരുക്കി
മന്നാടിയാരെയുമതല്ലഥ സി. പി. യേയു–
മൊന്നായിണക്കുവതിനായ് വളരെ ശ്രമിച്ചേൻ”

എന്ന് അദ്ദേഹം എഴുതിയിരിക്കുന്നു. തന്നിമിത്തവും മറ്റും അവർ തങ്ങളിലുള്ള രസക്ഷയം ഒട്ടൊന്നു ശാന്തമായി എങ്കിലും പണ്ടുണ്ടായിരുന്ന സൗഹാർദ്ദം പുനഃസ്ഥാപിതമായില്ല. അന്നത്തെ കവിപുങ്ഗവന്മാരുടെ മേൽ സി. പി.ക്കുണ്ടായിരുന്ന അത്യുത്കൃഷ്ടമായ പ്രേരണാശക്തി ഈ ഉപാഖ്യാനത്തിൽ നിന്നു വെളിപ്പെടുന്നു.

## സി. പി.യുടെ പുസ്തകനിരൂപണവും ഗദ്യശൈലിയും

“ശാസ്ത്രീയവിഷയങ്ങളെ കാഠിന്യം കളഞ്ഞു ലളിതപ്പെടുത്തി കവിസൂക്തിസുലഭമായ മാധുര്യത്തോടുകൂടി എഴുതുന്നതിൽ അച്യുതമേനോനു വിശേഷസാമർത്ഥ്യമുണ്ട്” എന്നു വലിയ കോയിത്തമ്പുരാനും, “പുസ്തകപരിശോധന മുതലായ ചില ഘട്ടങ്ങളിൽ അച്യുതമേനോൻ ‘മെക്കോളേ’ എന്ന ആംഗ്ലേയ ഗ്രന്ഥകർത്താവിനെ

പലപ്പോഴും അനുകരിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ട്. ആ അവസരങ്ങളിൽ അച്യുതമേനോൻ പുറപ്പെട്ടു എന്നല്ലാതെ മെക്കോളെ പുറപ്പെട്ടു എന്ന് ഒരിക്കലും തോന്നീട്ടില്ല" എന്ന് അപ്പൻതമ്പുരാനും പ്രസ്താവിച്ചിട്ടുള്ളതു വസ്തുസ്ഥിതികഥനം മാത്രമാകുന്നു. അത്യന്തം ഊർജ്ജസ്വലവും ഫലിതസമ്പൂർണ്ണവും ബഹിരന്തഃസ്ഫുര ദ്രസവുമായിരുന്നു സി. പി.യുടെ ഗദ്യശൈലി; അതു സവിശേഷമായി പ്രകാശിച്ചതു ദോഷഭൂയിഷ്ഠങ്ങളായ കൃതികളെ വിമർശനം ചെയ്യുമ്പോളുമായിരുന്നു. ഗുണോൽ ഘോഷണത്തിൽ അദ്ദേഹം പ്രകൃത്യാ അല്പം വാചംയമനായിരുന്നു; ദോഷോൽ ഘാടനത്തിലായിരുന്നു അദ്ദേഹത്തിനു വാസനയും വൈദഗ്ദ്ധ്യവും. എന്നാൽ അവിടെ യാതൊരു പക്ഷഭേദവും പ്രദർശിപ്പിച്ചിരുന്നില്ല. സ്ഥാനോന്നതിയും സ്വാധീന ശക്തിയും നോക്കി സ്വരം മയപ്പെടുത്തുക എന്നുള്ള സാധാരണനയം അദ്ദേഹം ഒരവസരത്തിലും സ്വീകരിച്ചില്ല. രതിസുന്ദരീകർകത്താവായ വാസുദേവപ്രഭുവും മനോരമാവിജയകർത്താവായ വയസ്കര മൂസ്സതും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ക്ഷുദ്ര കൃതികളുടെ നിർമ്മാണത്തിന് ഒന്നുപോലെ ശിക്ഷാർഹരായിരുന്നു.

## ഉദാഹരണങ്ങൾ

സി. പി.യുടെ വിമർശനരീതി കാണിക്കുവാൻ ചില വാക്യങ്ങൾ ഉദ്ധരിക്കാം. "മനോരമാ വിജയത്തെപ്പോലെയുള്ള കവനങ്ങളെ ഒരു പ്രസിദ്ധനായ ഇംഗ്ലീഷ്ഗ്രന്ഥ കാരൻ തുർക്കിരാജ്യത്തുണ്ടാകുന്ന കമ്പിളിയോട് ഉപമിച്ചിരിക്കുന്നതു വളരെ ശരിയായിട്ടുള്ളതാകുന്നു. ആ കമ്പിളിയിലുള്ള ചായം വേറെ ഒരു വിധത്തിൽ വിന്യസിക്കുന്നതുകൊണ്ടു കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും മറ്റും എഴുതുന്ന ചിത്രംപോലെ ഒരു ചിത്രമുണ്ടാക്കാം. അതുപോലെതന്നെ മനോരമാവിജയത്തിലെ പദങ്ങളെ വേറെ ഒരു വിധത്തിൽ വിന്യസിച്ചാൽ എഴുത്തച്ഛന്റേയും മറ്റും കൃതികളെപ്പോലെ ഒരു കൃതിയുമുണ്ടാക്കാം. ഇതിലധികമായ ഒരു പ്രശംസയ്ക്ക് ഈ ഗ്രന്ഥത്തിന് അർഹതയുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല." (മനോരമാവിജയത്തിന്റെ വിമർശനം) പണ്ഡിതവരേണ്യനും പ്രാബല്യശാലിയുമായ മൂസ്സതിന്റെ ആജ്ഞാകര നായിരുന്ന മനോരമാനായകനായ വറുഗീസ്മാപ്പിളയെന്നും ഗ്രന്ഥത്തിലെ വിഷയം മനോരമയുടെ വിജയമായിരുന്നുവെന്നും നാം ഓർമ്മിക്കുമ്പോളാണ് നിർഭീകനായ സി. പി.യുടെ വിമർശകധർമ്മാചരണത്തെക്കുറിച്ചു നമുക്കു വിശേഷബഹുമാനം തോന്നുന്നത്.

ഇനി "മദിരാശി ഹൈക്കോടതിയിലെ ഭാഷാന്തരകാരനും സർവ്വകലാശാല യിലെ മലയാളപരീക്ഷകനു"മായ എൻ. ശങ്കുണ്ണിവാരിയർ ബി. ഏ.യുടെ കഥാമഞ്ജരിയെപ്പറ്റി പറയാം. അതിനേക്കാൾ സ്ഖലിതജടിലമായ ഒരു പുസ്തകം മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നും അതുപോലെ ഏതെങ്കിലും ഒരു ഭാഷാകൃതിയെ സി. പി. യേക്കാൾ കർക്കശമായി ആരെങ്കിലും നിരൂപണം ചെയ്തിട്ടുണ്ടോ എന്നും സംശയമാണ്. ആ നിരൂപണത്തിലെ ചില വാക്യങ്ങളാണ് ചുവടേ പകർത്തുന്നത്. "ശരീരത്തിനും മനസ്സിനും അസ്വാസ്ഥ്യമുള്ള സമയങ്ങളിൽ അപൂർവ്വമായി ചിലപ്പോഴുണ്ടാകുന്ന ഗാഢനിദ്രയിൽ സുഖസ്വപ്നപരമാനന്ദം അനുഭവിച്ചുകൊണ്ടിരിക്കേ, പെട്ടെന്ന് ഉണരുമ്പോളുണ്ടാകുന്ന കഠിനമായ മനശ്ശല്യം വായനക്കാർ അനുഭവിച്ചിട്ടുണ്ടെങ്കിൽ അവർക്കു മയൂരസന്ദേശത്തിൽനിന്ന് കഥാമഞ്ജരിയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന മനോവികാരത്തിന്റെ സ്വഭാവം അറിയാവുന്നതാകുന്നു. 'ആട്ടക്കഥകളുടെ ഭാഷാസംക്ഷേപ'മായ ഈ ചെറിയ പുസ്തകത്തിൽ വിദ്യാവിനോദിനിയുടെ പകുതി വലിപ്പത്തിൽ എഴുപത്തഞ്ചു ഭാഗങ്ങളേ ഉള്ളു എങ്കിലും അതിന്റെ

ഗ്രന്ഥകാരനായ എൻ. ശങ്കുണ്ണിവാരിയർ അവർകൾ അതിൽ തിക്കിക്കൊള്ളിച്ചിരിക്കുന്ന സ്ഖലിതങ്ങളുടേയും അനുപപത്തികളുടേയും സംഖ്യ നോക്കിയാൽ ആർക്കും ആശ്ചര്യം തോന്നുന്നതാണ്. ഒൻപതു വരിയിൽ പല മാതിരിയായി ഒൻപതു തെറ്റുകൾ വരുത്തുക എന്ന അത്ഭുതകർമ്മം സാമാന്യന്മാരാൽ അസാധ്യമായിട്ടുള്ളതാണ്. വ്യാകരണവും നിഘണ്ടുവും അലങ്കാരവും പരിഷ്കരിച്ചതുകൊണ്ടുമാത്രം ശങ്കുണ്ണിവാരിയരവർകൾക്കു തൃപ്തിയായില്ല. അദ്ദേഹം പുരാണകഥകളിലും ഇരുപതിൽച്ചില്വാനം പരിഷ്കാരങ്ങൾ വരുത്തീട്ടുണ്ട്. കല്യാണസൗഗന്ധികത്തിൽ ഭീമസേനനെ മാറ്റി അർജ്ജുനനെ നായകനാക്കി. ഭദ്രകാളിക്കും വീരഭദ്രനും അഭേദം കല്പിച്ചു. ബകവധത്തെ പാണ്ഡവന്മാരുടെ അജ്ഞാതവാസകാലത്തേയ്ക്കു നീക്കിവെച്ചു. യാദവന്മാരിൽ പ്രാധാന്യം പ്രദ്യുമ്നനു കൊടുത്തു. മുചുകുന്ദന്റെ പിതൃത്വം 'മാന്ധാത്രി'ക്കും, ദുഷ്ഷന്തന്റെ പിതൃത്വം 'അനില' രാജാവിനും, രാവണന്റെ പിതൃത്വം 'വൈശ്രവണ'രാജാവിനും കൊടുത്തു. പരിഷ്കാരമാണ് ഈ കാലത്തിന്റെ പ്രധാനലക്ഷണം. പുരാണകഥകളെ മാത്രം അതിൽനിന്ന് ഒഴിച്ചു വിടാൻ പാടില്ലെന്ന് അദ്ദേഹം വിചാരിക്കുന്നതിൽ യുക്തിയില്ലെന്നു പറയുവാൻ പാടില്ല. മഹാന്മാർക്കു പക്ഷപാതമില്ലെന്നുള്ളതിനെ ഈ ഗ്രന്ഥകാരൻ ദൃഷ്ടാന്തപ്പെടത്തീട്ടുണ്ട്. തന്റെ വാചകങ്ങളിലുള്ള ചമൽക്കാരങ്ങളെ ആട്ടക്കഥകളിൽ നിന്ന് ഉദാഹരിച്ചിട്ടുള്ള ചരണങ്ങളിലും വരുത്തീട്ടുണ്ട്."

രതിസുന്ദരീനിരൂപണത്തിൽനിന്നുകൂടി ഒരു ഭാഗം വായിക്കേണ്ടതാണ്. 'പരിഷ്കാരപ്രിയന്മാരായ മഹാജനങ്ങൾ ഈ രതിസുന്ദരി എന്റെ കല്പിതമാണെന്ന് അഭിപ്രായപ്പെടുകയും കഥാഭാഗങ്ങളിൽനിന്നു വല്ല പീയൂഷരസങ്ങളെ അനുഭവിപ്പാൻ സംഗതിവരികയും ചെയ്യുമെങ്കിൽ ഞാൻ കൃതാർത്ഥനായി എന്നു മാത്രം പറയുന്നു.' അങ്ങനെയാണെങ്കിൽ വാസുദേവപ്രഭുവിന്നു കൃതാർത്ഥതയ്ക്കു ധാരാളം വകയുണ്ട്. ഇതു് അദ്ദേഹത്തിന്റെ കല്പിതകഥയല്ലെന്ന് ആരെങ്കിലും അഭിപ്രായപ്പെടുമോ? പിന്നെ വല്ലവരുടേയുമാണെന്നു പറഞ്ഞാൽ ഒരു മാനനഷ്ടക്കേസ്സിൽ പ്രതിയാകാൻ സംഗതിയില്ലേ. പീയൂഷരസങ്ങളും ധാരാളമായിട്ടുണ്ട്. പക്ഷേ കയ്യുകൊണ്ടു വായിൽ വെയ്ക്കാൻ പാടില്ലെന്നുമാത്രമേയുള്ളു. മനുഷ്യന്റെ ജീവിതകാലം വളരെ പരിമിതവും ദുഃഖഭൂയിഷ്ഠവുമാണ്. അതിൽ ഏതാനും ഭാഗം ഇതുപോലെയുള്ള പുസ്തകങ്ങൾ വായിക്കുക എന്ന ക്ലേശാനുഭവത്തിൽ ദുർവ്യയം ചെയ്യിക്കുന്നതിൽ പാപമുണ്ടോ എന്നു സജ്ജനങ്ങളുടെ മനസ്സാക്ഷിയും നിയമപ്രകാരം കുറ്റമുണ്ടോ എന്നു വക്കീൽമാരും തീർച്ചയാക്കട്ടേ."

എന്തൊരു ഭയങ്കരമായ കൊല്ലാക്കൊല! പക്ഷേ ആ ദണ്ഡനം മുഴുവൻ ഗ്രന്ഥകാരൻ അനുഭവിക്കുമ്പോൾ അദ്ദേഹം അതിന്നു സർവഥാ അർഹനാണെന്ന് അറിയുന്ന നമുക്ക് അങ്ങോട്ടു ലേശംപോലും അനുകമ്പ തോന്നുന്നില്ല. സി. പി.തന്നെ ആ വിഷയത്തിൽ താൻ അനുഷ്ഠിച്ചുവന്ന അസിധാരാവ്രതത്തെപ്പറ്റി അടിയിൽ കാണുന്നവിധത്തിൽ ഉപന്യസിക്കുന്നു.

"പുതിയ പുസ്തകങ്ങളിൽ ദോഷങ്ങൾ ഗുണങ്ങളെ അതിശയിച്ചിരിക്കുന്നതുകൊണ്ട് അവയെക്കുറിച്ചു നിർദ്ദാക്ഷിണ്യമായും നിഷ്പക്ഷപാതമായും അഭിപ്രായം പറയുന്നതിൽ ദോഷപ്രഖ്യാപനം കുറേ കടന്നുപോകാതെ നിർവ്വാഹമില്ലല്ലോ. ഇങ്ങനെ ദോഷങ്ങൾ പറയുകയും അതിനാൽ പലർക്കും മനസ്താപം ഉണ്ടാക്കുകയും ചെയ്യേണ്ടിവരുന്നതിൽ ഞങ്ങൾക്കു നിർവ്യാജമായ വ്യസനമുണ്ട്. എങ്കിലും ഭാഷാസാഹിത്യത്തിൽ ഞങ്ങൾക്കുള്ള പ്രതിപത്തി ഈ വ്യസനത്തെക്കാൾ എത്രയോ പ്രബ

ലമായിരിക്കുന്നതുകൊണ്ട് അങ്ങനെ ചെയ്യാതിരിപ്പാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു.”

ഭാഷയിൽ സജീവവും സമീചീനവുമായ സാഹിത്യവിമർശനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്നു സി. പി. അച്യുതമേനോനെ നിസ്സംശയമായി പറയാം; അതിൽത്തന്നെയാണ് ഭാഷയെസ്സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ശാശ്വതമായ യശസ്സും അധിഷ്ഠിതമായിരിക്കുന്നത്.

## പരവൂർ കേശവനാശാൻ (1034–1092)

### ജനനവും വിദ്യാഭ്യാസവും

കേശവനാശാൻ 1034-ാമാണ്ട് കുംഭമാസത്തിൽ തിരുവിതാംകൂർ കൊല്ലംതാലൂക്കിൽ പരവൂർ എന്ന സ്ഥലത്തു ജനിച്ചു. പിതാവായ വൈരവൻ വൈദ്യൻ ഒരു ധനാഢ്യനും അവിടത്തെ ഈഴവസമുദായത്തിന്റെ നേതാവുമായിരുന്നു. പരവൂർ തയ്യിൽ കുഞ്ഞുകുറുമ്പയായിരുന്നു മാതാവ്. കേശവനാശാൻ പല സ്ഥലങ്ങളിൽ താമസിച്ചു പല വിദ്യകൾ അഭ്യസിച്ചു. ആദ്യം പുതുക്കാട്ടുമഠത്തിൽ കൃഷ്ണനാശാനോടും പിന്നീട് ഇലത്തൂർ രാമസ്വാമിശാസ്ത്രികളോടും അദ്ദേഹത്തിന്റെ ശിഷ്യനായ അയ്യാസ്വാമിശാസ്ത്രികളോടും സംസ്കൃതം അഭ്യസിച്ച് ആ ഭാഷയിൽ പാണ്ഡിത്യം സമ്പാദിച്ചു. അതിനുപുറമേ ആയുർവ്വേദവും ജ്യോതിഷവും പഠിച്ച് ആ ശാസ്ത്രങ്ങളിലും അഭിജ്ഞനായി.

### പത്രപ്രവർത്തനം

കണ്ടത്തിൽ വറുഗീസ് മാപ്പിള മലയാളമനോരമക്കമ്പനി സ്ഥാപിച്ച് 1065-ൽ ആ കമ്പനിവകയായി ഒരു പത്രം പുറപ്പെടുവിച്ചപ്പോൾ പൊതുക്കാര്യപ്രസക്തനായ ആശാനും അതുപോലെ പരോപകാരപ്രദമായ ഒരു വ്യവസായത്തിൽ ഏർപ്പെടുന്നതിന് ഔത്സുക്യമുണ്ടായി. അതിനുമുൻപുതന്നെ വൈദ്യനെന്നും ജോത്സ്യനെന്നുമുള്ള നിലകളിൽ സ്വസമുദായത്തിൽ മാത്രമല്ല, പൊതുജനങ്ങളുടെ ഇടയിലും അദ്ദേഹത്തിനു ബഹുമതി സിദ്ധിച്ചുകഴിഞ്ഞിരുന്നു. ഈഴവർക്ക് അക്കാലത്തു രാഷ്ട്രീയമായും വിദ്യാഭ്യാസസംബന്ധമായും മറ്റും, പല അവശതകളുമുണ്ടായിരുന്നു. ആ അവശതകൾക്കു പരിഹാരം നേടുവാൻ അവരുടെ വകയായി ഒരു പത്രം ഉണ്ടായിരിക്കുന്നതു നല്ലതാണെന്ന് അദ്ദേഹത്തിനു തോന്നി. 1066-ൽ പതിനായിരം ഉറുപ്പിക മൂലധനത്തിൽ “കേരളഭൂഷണക്കമ്പനി ക്ലിപ്തം” എന്ന പേരിൽ ഒരു കമ്പനി ഏർപ്പെടുത്തി. 1067-ൽ ആ കമ്പനിവകയായി ‘സുജനാനന്ദിനി’ എന്നൊരു വൃത്താന്തപത്രം ആരംഭിച്ചു. ഭാഷാകവിതയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് ‘സുജനാനന്ദിന്യുപപത്രം’ എന്ന പേരിൽ ഒരു ഉപപത്രം ഓരോ ലക്കത്തോടുംകൂടി പ്രത്യേകമായി പ്രസിദ്ധീകരിക്കുകയും അതിൽ മനോരമയിലെ പരിപാടിയനുസരിച്ചു സമസ്യാപൂരണവും മറ്റും ചേർക്കുകയും ചെയ്തുവന്നു. ആ ഉപപത്രത്തേയും അക്കാലത്തെ കവികൾ വേണ്ടപോലെ ലാളിച്ച് അവരുടെ ശ്ലോകങ്ങൾകൊണ്ട് അലങ്കരിച്ചു. യുവകവികളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ സ്ഖലിതങ്ങൾ തിരുത്തുന്നതിനും ശങ്കുണ്ണിയെപ്പോലെതന്നെ ആശാനും പ്രാഗല്ഭ്യമുണ്ടായിരുന്നു. ചില വാദപ്രതിവാദങ്ങൾക്കും അതിൽ സ്ഥലമനുവദിച്ചിരുന്നു. അവയിൽ വളരെ രസകരമായിരുന്നതു സി.എസ്. സുബ്രഹ്മണ്യൻപോറ്റിയും, മൂലൂർ എസ്. പത്മനാഭപ്പണിക്കരും തമ്മിലുണ്ടായ ‘പണിക്കർ-പണിക്കൻ’ വാദമാണ്. ഇടയ്ക്കു കുറെക്കാലം നിന്നുപോയെങ്കിലും 1078-ൽ പത്രം പുനരുദ്ധരിച്ച് 1082-ാമാണ്ട് വരെ നിർവിഘ്നമായി നടത്തി.

ആശാന്റെ ഗദ്യരീതിയും വറുഗീസ് മാപ്പിളയുടേതുപോലെ സ്വരത്തിൽ മൃദുലമെങ്കിലും സാരാംശത്തിൽ ശക്തിമത്തായിരുന്നു. തിരുവിതാംകൂറിലെ ജനങ്ങൾക്കു പൊതുവേയും ഈഴവസമുദായത്തിനു പ്രത്യേകമായും ആ പത്രപ്രവർത്തനം പല കാര്യങ്ങളിലും പ്രയോജകീഭവിച്ചിട്ടുണ്ട്.

## ഇതരവ്യവസായങ്ങൾ

വൈദ്യത്തിലും ജ്യോത്സ്യത്തിലും കേശവനാശാൻ അസാമാന്യമായ കീർത്തിക്കു പാത്രീഭവിച്ചു. അദ്ദേഹത്തിന്റെ ചികിത്സാസാമർത്ഥ്യത്തെ ഡാക്ടർ പുന്നൻ തുടങ്ങിയ ഭിഷഗ്വരന്മാർ അഭിനന്ദിച്ചിരുന്നു. പുന്നനും അദ്ദേഹവും തമ്മിൽ ഗാഢമായ സൗഹാർദ്ദമാണ് പുലർത്തിയിരുന്നത്. ആശാൻ ഗജചികിത്സയിലും ആയുർവ്വേദവിധിയനുസരിച്ചുള്ള ശസ്ത്രപ്രയോഗത്തിലുംകൂടി വിദഗ്ദ്ധനായിരുന്നു എന്നു കേട്ടിട്ടുണ്ട്. ജോത്സ്യത്തിലും ഫലഭാഗത്തിൽ അദ്ദേഹത്തിനു സർവ്വസമ്മതമായ ഒരു സ്ഥാനമുണ്ടായിരുന്നു. വൈദ്യം, ജ്യോതിഷം, സംസ്കൃതം ഇവ പഠിക്കുന്നതിന്നു പലരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായി പരവൂരിൽ താമസിച്ചിരുന്നു. പ്രസിദ്ധകവിയായ കെ.സി. കേശവപിള്ള ആദ്യമായി സംസ്കൃതം അഭ്യസിച്ചത് അദ്ദേഹത്തിൽനിന്നാണ്. കേശവപിള്ള ആ വസ്തുത

“ചൊല്ലൊണ്ടും വൈദ്യശാസ്ത്രം ഗണിതവുമതുപോൽ
 സാഹിതീതന്ത്രവും കൊ–
ണ്ടെപ്പേർക്കും മോദമേകം മമ ഗുരുവിലസീ–
 ട്ടുന്നു വീ. കേശവാഖ്യൻ.”

എന്ന ശ്ലോകാർദ്ധത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. സ്വസമുദായത്തിന്റെ നായകന്മാരിൽ ഒരാളായി ഉയർന്ന് അദ്ദേഹം ഈഴവരുടെ ഇടയിലുണ്ടായിരുന്ന അനാചാരങ്ങളെ ഉന്മൂലനം ചെയ്വാനും സജീവമായി പ്രയത്നിച്ചു. ആശാന്റെ പരിശ്രമഫലമായാണ് 1080-ൽ പരവൂരിൽ ഒരു സമുദായസമ്മേളനം വിളിച്ചുകൂട്ടി അതിൽ താലികെട്ടുകല്യാണം നിറുത്തൽചെയ്യുന്നതിനും പരിഷ്കൃതരീതിയിലുള്ള വിവാഹസമ്പ്രദായം നടപ്പിലാക്കുന്നതിനുമുള്ള ഒരു പ്രമേയം അംഗീകൃതമായത്. വളരെ ഹൃദയശുദ്ധിയും പരോൽക്കർഷകാംക്ഷയുമുള്ള ഒരുസദ്വൃത്തനായിരുന്നു ആശാൻ. 1092-ാമാണ്ട് ധനുമാസം 27- ാം ആയിരുന്നു അദ്ദേഹത്തിന്റെ മരണം. കിളികൊല്ലൂർ കാമനാട്ടു കുഞ്ഞുകുഞ്ഞമ്മയെ 1053- ാംനു 1058-ൽ അവർ മരിച്ചതിനുമേൽ പരവൂർ കൊച്ചുകടകത്ത് അമ്മക്കുഞ്ഞമ്മയെ (കുന്നത്തു കുഞ്ഞുകുഞ്ഞമ്മയെ) 1058-ാമാണ്ടും വിവാഹം ചെയ്തു.

## കൃതികൾ

കേശവനാശാനു സംസ്കൃതത്തിലും ഭാഷയിലും കവനംചെയ്യുവാൻ കെല്പുണ്ടായിരുന്നുവെങ്കിലും വളരെ പ്രവർത്തനങ്ങളിൽ വ്യാപൃതനാകകനിമിത്തം അധികമൊന്നും എഴുതുവാൻ സാധിച്ചില്ല. (1) പാതാളരാമായണം ആട്ടക്കഥ, (2) പതിവ്രതാധർമ്മം കിളിപ്പാട്ട്, (3) കല്യാണസൗഗന്ധികം അമ്മാനപ്പാട്ട് എന്നീ കൃതികൾ അദ്ദേഹം ആദ്യകാലത്തു രചിച്ചു. മാധവനിദാനത്തിന്നു സാരചന്ദ്രിക എന്നൊരു ഭാഷാവ്യാഖ്യാനം നിർമ്മിച്ചതിനുപുറമേ പണ്ടാരത്തു നാരായണപിള്ള ആശാന്റെ വൈദ്യസംഗ്രഹത്തിന് ഒരു ലഘുടിപ്പണിയും എഴുതിട്ടുണ്ട്. അമ്മാപ്പാട്ടിലെ വന്ദനശ്ലോകങ്ങളിൽ ഒന്ന് ഉദ്ധരിക്കാം.

“സാക്ഷൂതാലോകചാരുസ്മിത, വിധിഹൃദയാ–
നന്ദസന്ദോഹദാത്രീ,
ചഞ്ചദ്ധമ്മില്ലധൂതാഖിലഘനപടലീ,
മുക്തശീതാംശുവക് ത്രാ,
കാരുണ്യം മേ വിധത്താമതിമധുരസുധാ–
സാധുസൈവർണ്ണവാണീ
വാണീ, ചക്ഷുജ്ജിതൈണീ, ഭുജതലവിധൃതാം–
ഭോജകീരാക്ഷമാല്യാ.”

സാരചന്ദ്രിക ഏറ്റവും വിശിഷ്യമായ ഒരു വ്യാഖ്യാനമാണ്. “ഭൂമി തുടങ്ങിയ അഖിലജഗത്തുക്കളേയും സൃഷ്ടിക്കയും രക്ഷിക്കയും സംഹരിക്കയും ചെയ്യുന്നവനും. സ്വർഗ്ഗത്തേയും മോക്ഷത്തേയും പ്രാപിപ്പിക്കുന്നവനും, ഭുവനത്രയത്തിന്റെ ചേതനങ്ങളായും അചേതനങ്ങളായും ഇരിക്കുന്ന അഖിലപദാർത്ഥങ്ങളുടേയും രക്ഷിതാവും ആയ പരമേശ്വരനെ ഏറ്റവും നമസ്കരിച്ചിട്ട് ത്രൈകാലികജ്ഞാനികളായ എല്ലാ മഹർഷിമാരുടെ വാക്കുകളേയും പ്രമാണിച്ചും നല്ല വൈദ്യന്മാരുടെ ആജ്ഞയെ അനുസരിച്ചും ഉപദ്രവം, മരണം, ഹേതു, ലിംഗം ഇതുകളോടും രോഗങ്ങളുടെ വിശേഷമായ നിശ്ചയത്തോടുംകൂടിയ ഈ ഗ്രന്ഥം സംക്ഷേപമായി ഇപ്പോൾ രചിക്കപ്പെടുന്നു” എന്നിങ്ങനെയാണ് ആ ഗ്രന്ഥം ആരംഭിക്കുന്നത്. മൂലശ്ലോകങ്ങൽകൊണ്ടു വിഷയവ്യാപ്തി മതിയാകാത്ത ഭാഗങ്ങളിൽ ചരകൻ, സുശ്രുതൻ മുതലായ പ്രാചീനാചാര്യന്മാരുടെ മതങ്ങൾകൂട്ടി ഉദ്ധരിച്ച് അർത്ഥവിവരണം ചെയ്തിട്ടുണ്ട്.

ശാർങ്ഗധരസംഹിത, ഭൈഷജ്യരത്നാവലി, ഭാവപ്രകാശം എന്നീ വൈദ്യകഗ്രന്ഥങ്ങൾക്കും അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതുവാൻ ആരംഭിച്ചിരുന്നു. അവ ഒന്നും പൂർണ്ണമായതായി അറിവില്ല.

## കോഴിക്കോട്ടു മാനവിക്രമ ഏട്ടൻതമ്പുരാൻ (1020–1090)

### ഉപക്രമം

പതിനൊന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കേരളസാഹിത്യസൗധം താങ്ങിനിന്നതു മൂന്നു കാഞ്ചനസ്തംഭങ്ങളായിരുന്നു. അവയിൽ ഒന്നു തിരുവനന്തപുരത്തും മറ്റൊന്നു കോഴിക്കോട്ടും വേറിട്ടൊന്നു കടത്തനാട്ടുമാണ് പരിലസിച്ചിരുന്നത്. കേരളവർമ്മ വലിയകോയിത്തമ്പുരാനെയും കോഴിക്കോട്ടു മാനവിക്രമ എട്ടൻതമ്പുരാനെയും കടത്തനാട്ട് ഉദയവർമ്മത്തമ്പുരാനെയുമാണ് ഞാൻ സൂചിപ്പിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. അവരിൽ വലിയ കോയിത്തമ്പുരാനെക്കുറിച്ച് ഉപന്യസിച്ചുകഴിഞ്ഞു. ശേഷം രണ്ടു പേരെയും കുറിച്ചു പ്രസ്താവിക്കേണ്ടതുണ്ട്.

### ജനനം

നെടിയിരിപ്പുസ്വരൂപം സൗകര്യത്തിനുവേണ്ടി മൂന്നു ശാഖകളായി പിരിഞ്ഞു താമസിക്കുന്നു. ആ കോവിലകത്തു സന്തതിവിച്ഛേദം വരാതെയിരിക്കുവാൻ 881-ആണ്ടു മകരമാസം 16- ാംനു അന്നത്തെ സാമൂതിരിപ്പാട്ടു നീലേശ്വരത്തു കോയിക്കൽനിന്നു രണ്ടു സ്ത്രീകളേയും മൂന്നു പുരുഷന്മാരെയും ദത്തെടുത്ത് അവരിൽ ജ്യേഷ്ഠത്തിയെ കിഴക്കേക്കോവിലകത്തും അനുജത്തിയെ പുതിയ കോവിലകത്തും താമസിപ്പിച്ചു. ആറേഴു കൊല്ലം കഴിഞ്ഞപ്പോൾ ആ രണ്ടുപേരുടെ ജ്യേഷ്ഠത്തിയും കൂടി നീലേശ്വരത്തുനിന്നു

കോഴിക്കോട്ടേയ്ക്കു പോന്നു. ആ രാജ്ഞിക്കുവേണ്ടി പണിയിച്ചതാണ് പടിഞ്ഞാറെ ക്കോവിലകം. ഈ വിവരങ്ങൾ മനോരമത്തമ്പുരാട്ടിയെപ്പറ്റിയുള്ള പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളവയാണല്ലോ. ടിപ്പുവിന്റെ കലാപകാലത്ത് ആ മൂന്നു ശാഖകളിലെ സ്ത്രീകളും തിരുവിതാംകൂറിൽ പോയി രക്ഷപ്പെട്ടു; ധർമ്മരാജാവു പിടിഞ്ഞാറേക്കോ വിലകത്തേയും പുതിയ കോവിലകത്തെയും രാജ്ഞിമാരെ കുന്നത്തൂരിലും കിഴക്കേ ക്കോവിലകത്തെ രാജ്ഞിമാരെ എണ്ണയ്ക്കാട്ടും താമസിപ്പിച്ചു. മറ്റു ശാഖകൾ തിരി യെപ്പോയപ്പോഴും പടിഞ്ഞാറെക്കോവിലകത്തുകാർ കുന്നത്തൂരിൽ പാർത്തതേയു ള്ളു. അവിടെ 997-ാമാണ്ട് കുംഭമാസം അവിട്ടം നക്ഷത്രത്തിൽ ജനിച്ച ശ്രീദേവിത മ്പുരാട്ടിയാണ് ഏട്ടൻതമ്പുരാന്റെ മാതാവ്. ആ തമ്പുരാട്ടി മറ്റംഗങ്ങളോടുകൂടി 1004-ാമാണ്ട് കോഴിക്കോട്ടേയ്ക്കു മടങ്ങി അവരുടെ വക മാങ്കാവിൽക്കോവിലകത്തു താ മസമായി. പുതിയ കോവിലകത്തുകാർ തിരുവണ്ണൂരിലും കിഴക്കേക്കോവിലകത്തു കാർ വെങ്കടക്കോട്ട (കോട്ടയ്ക്കൽ)യിലും താമസിച്ചു. ആ തമ്പുരാട്ടിയുടെ സീമന്തപുത്ര നായി ഏട്ടൻ രാജാവ് 1020-ാമാണ്ട് മകരമാസം 29-ാംനു പൂരുരുട്ടാതി നക്ഷത്രത്തിൽ ജനിച്ചു. തൃശ്ശൂർ തോട്ടപ്പായ ഇല്ലത്തെ ഒരു നമ്പൂരിയായിരുന്നു പിതാവ്. പടിഞ്ഞാ റേക്കോവിലകത്ത് അനുജൻതമ്പുരാനും അമ്മാമൻതമ്പുരാനും അവിടുത്തെ കനിഷ്ഠ സഹോദരന്മാരായിരുന്നു. അവരുടെ ജനനം 1024, 1029 ഈ കൊല്ലങ്ങളിലാണ്. അമ്മാമൻതമ്പുരാൻ ഇന്ദുമതീസ്വയംവരം എന്നും കാദംബരിയെന്നും രണ്ടു ഗദ്യകഥ കൾ രചിച്ചു. കാദംബരിയിലെ പ്രതിപാദ്യം "വെനിസ്സിലെ വ്യാപാരി" എന്ന ഷേ ക്സ്പീയരുടെ നാടകത്തിലെ ഇതിവൃത്തത്തിന്റെ സംഗ്രഹമാണ്.

## വിദ്യാഭ്യാസം

ഏട്ടൻരാജാവു ബാല്യത്തിൽ കുറേക്കാലം വിദ്യാസമ്പാദനത്തിൽ പരാങ്മുഖനായി രുന്നുവെങ്കിലും പിന്നീട് ആ വൈകല്യം തീരത്തക്കവണ്ണം ദേശമങ്ഗലത്ത് ഇക്കണ്ട വാരിയരുടെകീഴിൽ നിഷ്കർഷിച്ചു പഠിക്കുകയും സിദ്ധാന്തകൗമുദി പൂർവ്വാർദ്ധംവരെ അദ്ദേഹത്തിൽനിന്നു ഗ്രഹിച്ചതിനുമേൽ ഉത്തരാർദ്ധവും വ്യാകരണത്തിലും അല ങ്കാരത്തിലും ചില ഉൽഗ്രന്ഥങ്ങളും തന്റെ മാതുലനും സർവതന്ത്രസ്വതന്ത്രനുമായ കുഞ്ഞനുജൻതമ്പുരാന്റെയടുക്കൽനിന്നു വായിച്ച് ആ ഭാഷയിൽ അടിയുറച്ച വ്യുൽ പത്തി സ്വായത്തമാക്കുകയും ചെയ്തു. പഠനകാലത്തുതന്നെ കവനത്തിലും പരി ശീലനം നേടി. തന്റെ മാതാവ് 1046 മുതല്ക്കുതന്നെ പടിഞ്ഞാറേക്കോവിലകംവക കാര്യങ്ങൾ നേരിട്ട് അന്വേഷിച്ചുതുടങ്ങിയിരുന്നതിനാൽ പരോപകാരം ചെയ്യുന്ന തിനുവേണ്ട സമ്പത്സമൃദ്ധി അവിടുത്തേയ്ക്കു യൗവനത്തിൽത്തന്നെ സഞ്ജാതമായി. ശിഷ്യന്മാരെ സംസ്കൃതം പഠിപ്പിക്കുക, വിദ്വാന്മാരെ എല്ലാ പ്രകാരത്തിലും പ്രോത്സാ ഹിപ്പിക്കുക, അർഹന്മാരായ അർത്ഥികൾക്കു ദ്രവ്യസഹായം ചെയ്യുക മുതലായ സൽപ്രവൃത്തികളിൽ അപ്പോൾത്തുടങ്ങി അവിടുന്നു വ്യാപൃതനായി. അതിനു മുൻപു തന്നെ ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി തുടങ്ങിയ മറ്റു ഭാഷകളുംകൂടി പഠിച്ചുകഴിഞ്ഞിരുന്നു.

## അനന്തരജീവിതം

1070-ൽ ശ്രീദേവിത്തമ്പുരാട്ടി അമ്പാടി (ഘോഷപുരി എന്നു സംസ്കൃതത്തിൽ)ക്കോ വിലകത്തു വലിയതമ്പുരാട്ടിയായി. മൂന്നു ശാഖകളിലുംവച്ച് വയസ്സുമൂപ്പുള്ള രാജ്ഞി ക്കാണ് ആ സ്ഥാനം ലഭിക്കുന്നത്. അതിന്നു പ്രത്യേകം മാലിഖാനവുമുണ്ട്. 1077-ാംമാണ്ടു ധനുമാസം 26-ആംനുയായിരുന്നു ആ സുചരിതയുടെ നിര്യാണം. ഏട്ടൻ രാജാവ് 1068-ൽ അമ്പാടിക്കോവിലകത്തു വലിയതമ്പുരാനും, 1078 മേടം 21-ാംനു നെ ടുത്രാപ്പാട്ടും (അഞ്ചാംമുറ) 1079 മേടം 3-ാംനു എടത്രാപ്പാട്ടും (നാലാംമുറ) 1082 തുലാം

7-ാംനു മൂന്നാർപ്പാട്ടും (മൂന്നാംമുറ) 1085 കന്നി 19-ാംനു ഏറാൾപ്പാട്ടും (ഇളയ തമ്പുരാൻ) ആയി ക്രമേണ ഉയർന്നു. 1088 വൃശ്ചികം 28-ാംനു കിഴക്കേക്കോവിലകത്തു കുട്ടിയ നുജൻതമ്പുരാൻ തീപ്പെട്ടപ്പോൾ ധനു 13-ാംനു സാമൂതിരിപ്പാടെന്ന മഹനീയമായ സ്ഥാനത്തിൽ ആരൂഢനായി. അവിടുത്തെ വാഴ്ചക്കാലത്തു സ്വരൂപംവക ദേവാലയങ്ങൾ, വിദ്യാശാലകൾ, ധർമ്മസ്ഥാപനങ്ങൾ ഇവയിലെ കാര്യങ്ങളെല്ലാം വളരെ ഭങ്ഗിയായി നിർവഹിക്കപ്പെട്ടിരുന്നു. സ്വരൂപത്തിന്റെ ഭരണം പൂർവാധികം കാര്യക്ഷമമാക്കുന്നതിനുവേണ്ടി അതു കോർട്ട് ഓഫ് വാർഡ്സിലേയ്ക്കു വിട്ടുകൊടുത്തു. കൊച്ചിയും കോഴിക്കോട്ടും തമ്മിലുള്ള കുടുംബ വൈരം പ്രസിദ്ധമാണല്ലോ. ഏട്ടൻ തമ്പുരാൻ താൻതന്നെ രാജർഷിയായ കൊച്ചിമഹാരാജാവിന്റെ അതിഥിയായി തൃപ്പൂണിത്തുറയ്ക്കു പോയി ആ വൈരം എന്നെന്നേയ്ക്കുമായി ശമിപ്പിച്ചു. രണ്ടുപേരും വിദ്വാന്മാരായിരുന്നതുകൊണ്ടാണ് ശോഭനമായ ആ പരിണാമം സാധ്യമായതു്. 1031-ൽ തീപ്പെട്ട സാമൂതിരിപ്പാട്ട് അതിനുമുൻപു തൃശ്ശൂരിലേയ്ക്കു പോയെങ്കിലും അതു മഹാരാജാവിന്റെ ആനുകൂല്യത്തോടുകൂടിയല്ലായിരുന്നു. ഒന്നിലധികം തവണ കാശിക്കു പോയി ഗങ്ഗാസ്നാനം ചെയ്കയുണ്ടായി. ഒടുവിൽ പോയതു് 1071-ലാണ്. 1090-ാംമാണ്ടു കർക്കടകമാസം 16-ആംനു കാസശ്വാസം ബാധിച്ചു തീപ്പെട്ടു. പെരിന്തൽമണ്ണയിൽ അമ്പലക്കാട്ടു ലക്ഷ്മിയമ്മയായിരുന്നു പത്നി.

### വിദ്വൽപ്രോത്സാഹനം

ഏട്ടൻതമ്പുരാന് അഭിമുഖസംഭാഷണം വഴിക്കോ കത്തിടപാടുമുഖേനയോ പരിചയമില്ലാത്ത സംസ്കൃതപണ്ഡിതന്മാർ അക്കാലത്തു ഭാരതത്തിൽ ഇല്ലായിരുന്നു എന്നുതന്നെ പറയാം. പിന്നീടു ബാംബേ പ്രവിശ്യയിൽ ക്രുതുകോടി ശങ്കരാചാര്യപദത്തിൽ പ്രവേശിച്ച പരിഷ്കൃതാശയനായ ലിങ്ഗേശമഹാശയൻ അവിടുത്തെ പരമസുഹൃത്തുക്കളിൽ അന്യതമനായിരുന്നു. ധോല്പൂർ തുടങ്ങിയ രാജ്യങ്ങളിലെ രാജാക്കന്മാർ, കാളഹസ്തി മുതലായ സംസ്ഥാനങ്ങളിലെ ഇടപ്രഭുക്കന്മാർ ഇവരെല്ലാം അവിടുന്നുമായി സംസ്കൃതത്തിൽ ലേഖനവിനിമയം ചെയ്തുകൊണ്ടിരുന്നു. വലിയകോയിത്തമ്പുരാനും അവിടുന്നും തമ്മിലുള്ള സൗഹാർദ്ദം സൗഭ്രാത്രനിർവിശേഷമായിരുന്നു. അനവധി വിദേശപണ്ഡിതന്മാർ അവിടത്തെ തൃക്കയ്യിൽനിന്നു യഥോചിതം പാരിതോഷികങ്ങൾ വാങ്ങിയിരുന്നു. അവിടുത്തെ കീർത്തി സർവത്ര പ്രസരിച്ചു വിദ്വാനെന്നും കവിരാജകുമാരനെന്നും കേരളഭോജരാജനെന്നും പല ബിരുദങ്ങൾ സരസ്വതീവല്ലഭന്മാരിൽനിന്ന് അവിടുത്തേയ്ക്കു ലഭിച്ചു. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ അവിടുത്തെ ബഹിശ്ചരപ്രാണനായിരുന്നു. ആ സുഗൃഹീതനാമാവിന്റെ സകലവിദ്യാപ്രവർത്തനങ്ങളിലും ഏട്ടൻതമ്പുരാൻ തന്നെയായിരുന്നു അദ്ദേഹത്തിനു താങ്ങും തണലും. അദ്ദേഹം 1062-ൽ ആരംഭിച്ച "വിജ്ഞാനചിന്താമണി" പത്രികയേയും അതിനടുത്തകൊല്ലത്തിൽ തുടങ്ങിയ "സാരസ്വതോദ്യോതിനീ" സംസ്കൃത പാഠശാലയേയും അവിടുന്നു മുക്തഹസ്തമായി പോഷിപ്പിച്ചു. അദ്ദേഹത്തിന്റെ സഹായത്തോടുകൂടി സഹൃദയസമാഗമം എന്ന പേരിൽ കോവിലകത്തുവെച്ച് ഒരു സഭ നടത്തി അതുമുഖേന വിദ്വാന്മാരെ ബിരുദദാനംകൊണ്ടും മറ്റും പ്രോത്സാഹിപ്പിച്ചു. ആർ.വി. കൃഷ്ണമാചാര്യർക്ക് അഭിനവബാണഭട്ടശബ്ദതർക്കാലങ്കാരവിദ്യാഭൂഷണൻ എന്ന ബിരുദം അവിടെനിന്നാണ് ലഭിച്ചതു്. അദ്ദേഹം പില്ക്കാലത്തു മഹാമഹോപാധ്യായനായി. ആ മഹാവിദ്വാൻ കോഴിക്കോട്ടു താമസിക്കുമ്പോൾ മലയാളം നിഷ്കർഷിച്ചു പഠിച്ച് ആ ഭാഷയിലും പദ്യഗദ്യങ്ങൾ രചിക്കുകയും ചാരുചര്യാശതകം മലയാളത്തിൽ വിവർത്തനംചെയ്യുകയും ചെയ്തിട്ടുണ്ട്. നമ്പിയെപ്പറ്റി 1077-ൽ അവിടുന്നയച്ച ഒരെഴുത്തിൽ ഇങ്ങനെ പറയുന്നു.

“ശ്രീനീലകണ്ഠശർമ്മാ സോയം സചിവഃ കദാചിദിഹവൈദ്യഃ
കത്രചിദാദ്ഭുതമിത്രം കഹചിജ്ജ്യോതിർവിദന്യദാ ഉ സഖാ;
ആസ്ഥാനപണ്ഡിതത്വം പ്രായസ്സോയം ബിഭർത്തി നസ്സുകവിഃ
ഏവം നാനാവസ്ഥാമിഹ സർവജ്ഞോ യഥോചിതം വഹതി.”

നമ്പിയും അവിടത്തെ സ്വർഗ്ഗാരോഹണാവസരത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു. “ന കിലൈതാദൃശം കിഞ്ചിൽ പുണ്യായതനം ക്ഷേത്രം, യന്നാസേവിതമേതൈരാ സിന്മഹാരാജൈഃ, ന ചതാദൃശാഃ കേപി സ്വദേശമഹാരാജാഃ പ്രഭവഃ പണ്ഡിതാ വാ യേ ന മഹാരാജാനാമേഷാം പരിചിതാഃ, നാപി താദൃക്ഷാകാചന സഭാ പത്രികാ പാഠശാലാ വാ പരേഷാം സാഹായ്യമപേക്ഷമാണാ, യയാ നാലാഭി മഹാരാജാ നാമേഷാം കരതലാദനർഘാഭ്യവത്തിപിശ്രുനം യൽകിഞ്ചിൽ സാഹായ്യധനം.” ച രുക്കത്തിൽ ഒരു വിദ്വത്സങ്കേതമെന്ന നിലയിൽ അക്കാലത്തു കേരളത്തിൽ പേരും പെരുമയും പുലർത്തിയതു മറ്റാരെയുംകാൾ അവിടുന്നുതന്നെയായിരുന്നു.

## കൃതികൾ—സംസ്കൃതം

ഏട്ടൻതമ്പുരാൻ സംസ്കൃതത്തിലും മലയാളത്തിലും അനവധി കൃതികളുടെ നിർമ്മാതാവാണ്. അവിടുത്തെ സംസ്കൃതകവിതയ്ക്കു ലാളിത്യവും പ്രസാദവുമുണ്ട്. സംസ്കൃതത്തിൽ (1) ലക്ഷ്മീകല്യാണനാടകം, (2) ശൃങ്ഗാരമഞ്ജരി, (3) ശൃങ്ഗാരമഞ്ജരീമണ്ഡനം, (4) കേരള വിലാസം, (5) ധ്രുവചരിതം, (6) ദീനദയാപരചമ്പു, (7) വൈരാഗ്യതരങ്ഗണി (അഷ്ടപദി), (8) രണശിംഗ്രരാജ ചരിതം, (9) ഓദനവനേശ്വരവിജയം, (10) ശ്രീകൃഷ്ണാഷ്ടപദി, (11) കിരാതാഷ്ടപദി, (12) വിശ്ണുകേശാദിപാദാഷ്ടപദി, (13) പ്രശ്നോത്തരമാല, (14) ഉപദേശമുക്താവലി, (15) വിശാഖ വിജയോല്ലാസം, (16) പ്രേതകാമിനി തുടങ്ങിയ കൃതികളാണുൾപ്പെടുന്നത്. ഗണേശാഷ്ടകം, സരസ്വത്യഷ്ടകം, ശ്രീരാമനാഥനവരത്നമാല, ശ്രീകൃഷ്ണസ്തവരത്നമാലിക, ശ്രീരാമഭക്തി സേവാസ്തവം, ധന്യാധന്യവിവേചിനി, ഭിക്ഷുഗീതാസ്തവം, ജനനീസ്തവം, ദാവാനലനവരത്നമാലിക, പ്രതിശ്രുതദശകം മുതലായി വേറെയും പല ചെറിയ കവിതകൾ അവിടുന്നു രചിച്ചിട്ടുണ്ട്. കത്തുകൾക്കും സമസ്യാപൂരണാദിശ്ലോകങ്ങൾക്കും കണക്കില്ല. ലേഖമാല എന്ന പേരിലും മറ്റും അവയിൽ പലതും അച്ചടിപ്പിച്ചിട്ടുണ്ട്. (17) സ്വമാതാവിന്റെ മരണത്തെപ്പറ്റി അവിടുന്നു വലിയകോയിത്തമ്പുരാനു മകരം 16-ാംനു എഴുതിയ പദ്യലേഖനത്തെ പ്രത്യേകം ഒരു കൃതിയായിത്തന്നെ കണക്കുകൂട്ടാം. അതിൽ അമ്പത്തഞ്ചു ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. “മുഹുരിഹ നതയസ്സന്തുതസ്യൈ ജനന്യൈ” എന്നവസാനിക്കുന്ന അതിലെ എട്ടു ശ്ലോകങ്ങൾ ‘ജനനീസ്തവം’ എന്ന പേരിൽ അവിടത്തെ സ്തോത്രങ്ങളുടെ കൂട്ടത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## സംസ്കൃതകൃതികളുടെ സ്വരൂപം

ലക്ഷ്മീകല്യാണം ആ ശീർഷകത്തിൽ കെ.സി. കേശവപിള്ള ഉണ്ടാക്കിയ ഭാഷാനാടകത്തിന്റെ സംസ്കൃതാനുവാദമാണ്. ശൃങ്ഗാരമഞ്ജരി എന്ന പേരിൽ അവിടുന്ന് ഒരു കാവ്യം രചിച്ചപ്പോൾ അതിൽ അനേകം ദോഷങ്ങൾ ചില പുരോഭാഗികളായ പണ്ഡിതന്മാർ ഉത്ഭാവനം ചെയ്തു. അവരുടെ മുഖമുദ്രണത്തിനായി രചിച്ചതാണ് ശൃങ്ഗാരമഞ്ജരീമണ്ഡനം.

“നോ സന്ത്യത്ര പുരാവദേവ കവയോ നോ ദൃശ്യതേ താദൃശീ
പ്രൗഢാർത്ഥാ കവിതാ ച നാപി രസികാസ്സാരസ്യജീവാതവഃ
കിന്ത്വേതേ കലികാലവൈഭവബലാദല്പാവശേഷാഃ പുന–

ർവാശ്ദേവീം വില്പനന്തി ഹന്ത! ശതശഃ സ്പർദ്ധാമദവ്യാകുലാഃ.

ശൃങ്ഗാരമഞ്ജരി, കദാപി മനോവിഷാദം
മാ മാ ഭജസ്വ കഥമദ്യ സതീവ്രതം മേ
ഉന്മൂല്യമാനമവിവേകിഭിരക്രമാന്നോ
ഭിദ്യേത സന്തി കവയഃ ഖലു തേ മഹാന്തഃ"

എന്നും മറ്റും കവി തന്റെ ആശങ്കയും സമാധാനവും പ്രസ്തുത മണ്ഡനത്തിൽ പ്രകടിപ്പിച്ചിരിക്കുന്നു. വാസ്തവത്തിൽ ഏറ്റവും മധുരമാണ് ശൃങ്ഗാരമഞ്ജരി. അതിൽനിന്ന് ഒരു ശ്ലോകം ഉദ്ധരിക്കുന്നു.

"ഭർത്തൃത്വേ കേരളാനാം മണിതവിലസിതേ
പാണ്ഡ്യഭ്രൂപണ്ഡിതാനാം
ചോളാനാം ചാരുഗീതേ യവനകുലഭുവാം
ചുംബനേ കാമുകാനാം
ഗൗഡാനാം സീൽകൃതേഷു പ്രതിനവവിവിധാ-
ലിങ്ഗനേ മാളവാനാം
ചാതുര്യം ഖ്യാതമേതത്ത്വയി സകലമിദം
ദൃശ്യതേ വല്ലഭാദ്യ."

കേരളവിലാസം 'കേരളോൽപത്തിയെ' ഉപജീവിച്ചുരചിച്ചിട്ടുള്ള ഒരു കൃതിയാണ്. ശ്രീപരശുരാമൻ ഉദ്ധരിച്ച അവസരത്തിൽ കേരളത്തിന്റെ സ്ഥിതിയെ കവി ഇങ്ങനെ വർണ്ണിക്കുന്നു.

"ഏകത്ര ഘോരമകരീകുഹരാന്തരാള-
നിര്യൽകുമാരമകരപ്രകരാഭിരാമം;
അന്യത്ര പങ്കതലസങ്കുലമീനഗൃധ്നു-
കങ്കാങ്കിതം കമഠകോടികഠോരപീഠം;

തത്രാപരത്ര നവരത്നവിരാജമാന-
നക്ഷത്രരാജിലസദംബരഡംബരേഷു
നാഗാ മുഹുഃ പരില്പഠന്തി ഹി ജീവനാന്തം
പ്രാപ്യാപി ചിത്രമിഹ തജ്ജലജീവിനോമീ."

രണ്ടു വിലാസങ്ങൾ ഉൾക്കൊള്ളുന്ന രണശിംഗുരാജചരിതത്തിലെ കഥാരംഭം താഴെ കാണുന്ന വിധത്തിലാണ്.

"ആസീദസീമഗുണമണ്ഡനമണ്ഡിതായാ-
മാസേതുലാളിതയശോമഹിമോജ്ജയിന്യാം
രാജാ പ്രജാസു കുശലൈകപരോ മഹാത്മാ
ഭോജാധിരാജസദൃശോ രണശിംഗുനാമാ."

"സീമാതിരിക്തകരുണാരസരഞ്ജിത"യാണ് ആ കൃതിയെന്നു കവി പറയുന്നു. ഓദനവനേശ്വരവിജയം ഒരു നാടകമാണത്രേ;ഞാൻ വായിച്ചിട്ടില്ല. പത്തുമുതൽ പതിമ്മൂന്നുവരെ അക്കമിട്ടിട്ടുള്ള കൃതികൾ അഷ്ടപദികളായി നിർമ്മിച്ചിരിക്കുന്നു. വൈരാഗ്യതരംഗിണിയിൽ പന്ത്രണ്ടു് അഷ്ടപദിക ഉൾപ്പെടുന്നു.

"ശ്രീവാസിഷ്ഠപുരാണസാരജലധേർഗ്ഗാധേതരോല്ലോഡിതാൽ

ശ്രീകണ്ഠശ്രുതമാതുലാര്യകരുണാവിശ്രാന്തരജ്ഞൌജസാ
അസ്മന്മാനസമന്ദരേണ കഥമപ്യദ്വൈതഗീതാമൃതം
ലബ്ധം ഹന്ത! ബുധാസ്തദസ്തു ഭവതാം തോഷായ നശ്ചാശിഷേ"

എന്നതു് അതിലെയും

മന്ദസ്മേരമുഖാരവിന്ദമകരന്ദാസ്വാദലോലസ്ഫുര-
ദ്വേണുസ്യന്ദിതനിസ്വനാമൃതരസാസ്പന്ദാക്ഷഗോപീജനം
മന്ദീഭൂതജഗദ്വിലാസമധുരം വന്ദാമഹേ നന്ദജം
ശ്രീവൃന്ദാവനപുണ്യപൂരവിഭവം കാരുണ്യവാരാന്നിധിം"

എന്നതു ശ്രീകൃഷ്ണാഷ്ടപദിയിലെയും ഓരോ ശ്ലോകമാണ്. പ്രശ്നോത്തരമാലയിൽ ഒരു യോഗീശ്വരൻ തന്നെ ശരണം പ്രാപിക്കുന്ന മുമുക്ഷുവിനു ജ്ഞാനോപദേശം നല്കുന്നതാണ് വിഷയം. ശാന്തരസപ്രധാനമായ ആ കാവ്യത്തിനു പ്രത്യേകം ഒരാസ്വാദ്യതയുണ്ട്. ആകെ 103 ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു.

"സംസാരസാഗരോദ്യത്തുംഗതരംഗാഭിഘാതവിവശമതിഃ
പാരം പരം തിതീർഷുഃ പൃച്ഛതി ഗുരുമാത്മനോ ഹിതം സുമതിഃ"

"ശ്രീമംസ്ത്വന്മുഖപാർവണോന്ദുവിഗളദ്വാണീസുധാധോരണീ-
സാന്ദ്രാസേചനശീതളേ മമ ഗുരോ! ചേതോമരുക്ഷ്മാതലേ
അദ്യോന്മസ്തകസദ്വിവേകലതികാ വിധ്വസ്തതാപാ ഽഭവൽ
കാലേ ചാരുഫലോജ്ജ്വലാസ്തു ഭഗവൻ! യുഷ്മദ്വിതീർണ്ണാശിഷാ"

എന്നീ ശ്ലോകങ്ങളിൽനിന്ന് ആ ഗ്രന്ഥത്തിലെ ശൈലി മനസ്സിലാക്കാവുന്നതാണ്. ഉപദേശമുക്താവലിയിൽ മുപ്പതു ശ്ലോകങ്ങളുണ്ട്. ഓരോന്നും ഓരോ സദാചാരത്തെ ദൃഷ്ടാന്തരൂപേണ പ്രദർശിപ്പിക്കുന്നു. ഓരോ ശ്ലോകത്തിനും മലയാളത്തിൽ ഒരവതാരികയും, മലയാളത്തിലും ഇംഗ്ലീഷിലും തർജ്ജമയും കാണുന്നു. ഇംഗ്ലീഷിൽ ദൃഷ്ടാന്തകഥയും സംഗ്രഹിച്ചിരിക്കുന്നു. വിശാഖവിജയോല്ലാസം വലിയകോയിത്തമ്പുരാന്റെ വിശാഖവിജയകാവ്യത്തിന് ഏട്ടൻതമ്പുരാൻ എഴുതീട്ടുള്ള ഒരു മണ്ഡനോപന്യാസമാണ്. ശൃംഗാരമഞ്ജരീമണ്ഡനത്തിലും വിശാഖവിജയോല്ലാസത്തിലും കവിക്ക് അലങ്കാരശാസ്ത്രത്തിലുള്ള അസാമാന്യമായ വൈദുഷ്യം സ്ഫുടീഭവിക്കുന്നു. പ്രേതകാമിനിയാണ് അവിടുന്ന് ഒടുവിൽ എഴുതിയ കൃതി. അതു 1089-ൽ രചിച്ചതായിക്കാണുന്നു. വിവാഹം ചെയ്യുന്നതിനു മുൻപായി കാശിയിൽവച്ചു മരിച്ചുപോയ ഒരു കന്യക തന്റെ പ്രിയതമനായി മനസ്സുകൊണ്ടു വരിച്ചിരുന്ന മദനൻ എന്ന വിദ്യാർത്ഥിയെ ശയ്യാഗൃഹത്തിൽ അർദ്ധരാത്രിതോറും ജീവദ്രൂപത്തിൽ പ്രവേശിച്ച് ആ കാമുകനുമായി വളരെക്കാലം രാത്രി കാലങ്ങളിൽ രമിക്കുകയും ആ വൃത്താന്തം ഒടുവിൽ പരസ്യമാകുകയും ചെയ്തു കഥയാണ് പ്രസ്തുതകൃതിയിലെ പ്രതിപാദ്യം. "വെങ്കിടേശ്വരസമാചാരം" എന്ന ഹിന്ദുസ്ഥാനിപത്രത്തിൽ ആ കഥ ഒരു വാസ്തവസംഭവമാണെന്നു പല പരിശോധനകളും കഴിഞ്ഞു പ്രസിദ്ധീകരിക്കപ്പെട്ടു. അതിനെ ഉപജീവിച്ച് രണ്ടു മൂന്നു ദിവസംകൊണ്ടു ഗീതിവൃത്തത്തിൽ 171 ശ്ലോകങ്ങളിൽ നിർമ്മിച്ച ആ കാവ്യം അത്യന്തം ഹൃദയംഗമമാകുന്നു. അധോലിഖിതങ്ങളായ ശ്ലോകങ്ങൾ നോക്കുക.

"ശരദിന്ദുസുന്ദരാസ്യേ! ദയനീയോഹം തവേതി മദ്വചനം
അപഹൃതമദ്യ ഭവത്യാ തത്ത്വാം ദണ്ഡ്യാം ക്ഷിപാമി ഹൃന്നിഗളേ.

ത്വദ്വിരഹവാർത്തയൈവ പ്രേയസി! സർവാ ദിശശ്ച ദൃശ്യന്തേ
അന്ധീഭൃതാ, രജനീ ഭാതി പ്രാപ്തേവ സുഭ്രു! മായാ ഹി.

യാതായാം ത്വയി മദനഃ കുപിതോയം നാമധേയസാമ്യേന
മഹ്യം ദ്രുഹ്യേന്നിതരാമസഹായായേതി സാമ്പ്രതം മന്യേ."

### ഭാഷ

ഭാഷയിൽ ഏട്ടൻതമ്പുരാൻ (18) ശൃങ്ഗാരപദ്യമാല, (19) അവിവേകചരിതം നാലു വൃത്തം, (20) കേരള ചരിത്രഗീതം നാലുവൃത്തം, (21) രാസക്രീഡ, (22) പാർവതീസ്വയംവരം, (23) രമണീസന്ദേശം ഈ കൈകൊട്ടിക്കളിപ്പാട്ടുകൾ, (24) സുഭാഷിതതരങ്ഗിണി എന്നീ കൃതികൾ പദ്യത്തിലും, (25) അത്ഭുതരാമായണകഥാസംഗ്രഹം, (26) കാശിയാത്രാചരിതം ഒന്നാംഭാഗം, (27) വിശ്രുതചരിതം ഇവ ഗദ്യത്തിലും രചിച്ചിട്ടുണ്ടു്. (28) വാമനഭട്ടബാണന്റെ പാർവതീ പരിണയത്തിലെ ഗദ്യഭാഗങ്ങൾമാത്രം മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നതിനാൽ അതിനെയും ഒരു ഗദ്യകൃതിയായിത്തന്നെ ഗണിക്കാം. കൂടാതെ മലയാളത്തിൽ അവിടുത്തെ പദ്യലേഖനങ്ങൾ, പ്രസങ്ഗങ്ങൾ, മുതലായവ സമാഹരിച്ച ഭാഷാലേഖനമാല, അനുമോദനമാല എന്നും മറ്റുമുള്ള ശീർഷകങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പദ്യകൃതികളെക്കുറിച്ച് വിശേഷിച്ച് ഒന്നും പ്രസ്താവിക്കേണ്ടതില്ല. ശബ്ദങ്ങൾക്കു സാരൂപ്യമോ ആശയങ്ങൾക്കു സൗരഭ്യമോ അവയിൽ കണ്ടെത്തുവാൻ പ്രയാസമുണ്ടു്. ഗദ്യകൃതികളാണു് തമ്മിൽ ഭേദം. വിശ്രുത ചരിതം ദശകുമാരചരിതം ഉത്തരപീഠികയിലെ ചരമോച്ഛ്വാസകഥയുടെ വിവരണമാകുന്നു. ഏട്ടൻതമ്പുരാന്റെ ഒരു നല്ല കൃതിയായി എനിക്കു തോന്നീട്ടുള്ളതു കാശിയാത്രാചരിതമാണു്. അതിൽ തമ്പുരാൻ 1071-ൽ ജ്യേഷ്ഠൻ പുതിയകോവിലകത്തു കൃഷ്ണരാജാവൊന്നിച്ചുള്ള തന്റെ ദേശസഞ്ചാരത്തെ വിവരിക്കുന്നു. ഭാരതത്തിലെ പല തീർത്ഥക്ഷേത്രങ്ങളേയും അവയെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളേയും - ചരിത്രശകലങ്ങളേയും അതിൽ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു് ആ യാത്രാവിവരണത്തിനുള്ള ആകർഷകത ഇരട്ടിക്കുന്നു. തമ്പുരാൻ കാശിയിൽ ചെന്നുചേരുന്നതുവരെയുള്ള വിവരങ്ങളേ ഒന്നാം ഭാഗത്തിൽ രേഖപ്പെടുത്തീട്ടുള്ളു. രണ്ടാം ഭാഗം എഴുതിയതായി അറിവില്ല. തമ്പുരാന്റെ ഗദ്യത്തിനു നല്ല അടുക്കം വെടുപ്പം ഉണ്ടു്. താഴെക്കാണുന്നതു ബോംബെയിലെ മഹാലക്ഷ്മീവീഥിയെപ്പറ്റിയുള്ള വർണ്ണനത്തിലെ ഒരു ഭാഗമാണു്.

"ഞങ്ങൾ താമസിച്ചിരുന്ന ബംഗ്ലാവിൽ കുഴൽവെള്ളത്തിനുപുറമെ കരിങ്കൽ പടവുകെട്ടി അതിമനോഹരമായ ഒരു തടാകവുമുണ്ടായിരുന്നതുകൊണ്ടു ജലസൗകര്യം നല്ലവണ്ണം ഉണ്ടായിരുന്നു. എന്നുമാത്രമല്ല, പാർക്കുന്ന ബങ്കളാവിലും മറ്റും ഗാസ്ലൈറ്റ് എന്ന പ്രസിദ്ധമായ ദീപപ്രകാശം വഴിപോലെ ഉണ്ടായിരുന്നു. ഈ മഹാലക്ഷ്മി എന്ന പ്രദേശം സമുദ്രതീരത്തിലാകകൊണ്ടു ശീതമാരുതസൗലഭ്യവും, വലിയ പട്ടണത്തിൽനിന്നു കുറേ ദൂരത്തിലാകയാൽ നാനാജനസമ്മർദ്ദവൈകല്യവും, അതിധനികന്മാരായ വൃന്ദാവനദാസശേട്ടു മുതലായ ചില യോഗ്യന്മാരുടെ വാസസ്ഥാനമായതുകൊണ്ടു സുജനസമൃദ്ധിയും, മഹാലക്ഷ്മീ ക്ഷേത്രമുള്ളതുകൊണ്ടു സാത്വികപുഷ്ടിയും മറ്റും വഴിപോലെ ഉണ്ടായിരുന്നതുകൊണ്ടു ഞങ്ങൾക്കു് ഈ സ്ഥലം എത്രയും തൃപ്തിയെ നല്കിയിരിക്കുന്നു."

അവിട്ടത്തെ സംസ്കൃതകൃതികൾ പ്രായേണ പുന്നശ്ശേരി നമ്പിയും ഭാഷാകൃതികൾ മനോരമപ്പത്രാധിപർ പുളിയമ്പറ്റ കുഞ്ഞിക്കൃഷ്ണമേനോനുമാണ് അച്ചടിപ്പിച്ചിട്ടുള്ളത്.

## കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ (1040–1082)

### ഉപക്രമം

കടത്തനാട്ടിനു സംസ്കൃതത്തിൽ ഘടോൽക്കചക്ഷിതി എന്നും ഭൈമിക്ഷിതി എന്നും പേരുകളുണ്ട്. ഭീമന്റെ പുത്രനാണല്ലോ ഘടോൽക്കചൻ; തന്നിമിത്തം ആ ഭൂമി ഭൈമിയായി. എന്നാൽ വാസ്തവത്തിൽ കടത്തുനാടിന്റെ രൂപഭേദമായ കടത്തനാട്ടു സംസ്കൃതീകരിച്ചതാണ് ഘടോൽക്കചക്ഷിതി. പോലനാട്ടിലെ രാജാക്കന്മാരെ ക്രി.പി. 1564-ആണ്ടിടയ്ക്കു സാമൂതിരിപ്പാട്ട് അവിടെനിന്നു നിഷ്കാസനം ചെയ്തപ്പോൾ അവർ കോലത്തിരിയെ അഭയം പ്രാപിക്കുകയും അന്നത്തെ തെക്കിളംകൂറുതമ്പുരാൻ അവരിൽ ഒരു രാജകുമാരിയെ വിവാഹം ചെയ്കയും ആ തമ്പുരാൻ കാന്ദിശീകമായ ആ രാജകുടുംബത്തിനു കൊല്ലത്തുനാടിന്റെ തെക്കേയറ്റത്തുള്ള ഏതാനും ദേശങ്ങൾ സമ്മാനിക്കുകയും ചെയ്തു. അതാണ് കടത്തനാട്ട്. സാമൂതിരിയുടേയും കോലത്തിരിയുടേയും രാജ്യങ്ങൾക്ക് അവിടം കടന്നുപോകേണ്ടിയിരുന്നതിനാൽ അതിനു കടത്തുനാടെന്നു പേർ വന്നു. പോലനാട്ടിലെ രാജാക്കന്മാർ എന്ന പേരും കൈവിട്ടില്ല. തദനുരോധേന അവർ പോർളാതിരിമാരുമായി. കടത്തനാട്ടുള്ള കുടുംബം ആയഞ്ചേരി എന്നും എടവലത്തെന്നും രണ്ടു ശാഖകളായി പിരിഞ്ഞു താമസിക്കുന്നു. രണ്ടു ശാഖകളിലുംകൂടി വയസ്സുമൂപ്പുള്ള ആളാണ് കടത്തനാട്ടു വലിയതമ്പുരാനാകുന്നത്. സദ്രത്നമാലയുടെ കർത്താവായ ശങ്കരവർമ്മത്തമ്പുരാന്റെ ഭാഗിനേയനായി മറ്റൊരു ശങ്കരവർമ്മത്തമ്പുരാനുണ്ടായിരുന്നു. അദ്ദേഹം 1060-ആണ്ടിനു മുൻപു മരിച്ചു. ഖാണ്ഡവദാഹം എന്നൊരു ആട്ടക്കഥയാണ് അദ്ദേഹത്തിന്റെ കൃതി.

### ജനനവും വിദ്യാഭ്യാസവും

കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ 1040-ആണ്ടു കർക്കടകമാസം അവിട്ടംനക്ഷത്രത്തിൽ ആയഞ്ചേരിക്കോവിലകത്തു ജനിച്ചു. മാതാവു ശ്രീദേവിത്തമ്പുരാട്ടിയും പിതാവു കുറ്റിപ്പുറം സ്റ്റേഷനു സമീപമുള്ള കക്കാട്ടില്ലത്തു നാരായണൻനമ്പൂരിയുമായിരുന്നു. ബാല്യത്തിൽ കാവ്യനാടകങ്ങൾ കടത്തനാട്ടു കുന്നമങ്ഗലത്തു പരമേശ്വരൻനമ്പൂരിയുടെ കീഴിൽ പഠിച്ചു. പിന്നീടു തന്റെ ജ്യേഷ്ഠസഹോദരനും ശാസ്ത്രജ്ഞനുമായ ആയഞ്ചേരിക്കോവിലകത്തു കൃഷ്ണവർമ്മത്തമ്പുരാന്റെ ശിഷ്യനായി വ്യാകരണവും അലങ്കാരവും അഭ്യസിച്ചു. അനന്തരകാലത്തിൽ കടത്തനാട്ടു കൊച്ചുതമ്പുരാക്കന്മാരെ വിദ്യാഭ്യാസം ചെയ്യിച്ചിരുന്ന ചണ്ഡമാരുതാചാര്യരോടു കുറേ തർക്കവും വശമാക്കി. ആ ആചാര്യൻ ഒരു ശ്രീവൈഷ്ണവബ്രാഹ്മണനായിരുന്നു. ഇംഗ്ലീഷുഭാഷ സ്വപ്രയത്നംകൊണ്ടു മട്രിക്കുലേഷൻ പരീക്ഷയ്ക്കു ചേരത്തക്കവണ്ണം പഠിച്ചു എങ്കിലും ആ പരീക്ഷയ്ക്കു കൂടിയില്ല. അദ്ദേഹത്തിന്റെ ഭാഷാത്രയവൈദുഷ്യത്തെപ്പറ്റി ഇരുവനാട്ടു കെ.സി. നാരായണൻനമ്പിയാർ ഉദയാലങ്കാരത്തിൽ ഇങ്ങനെ പ്രശംസിച്ചിരിക്കുന്നു.

“കാരുണ്യംപൂണ്ടു ബാല്യം മുതിരുമമലയാം
    കൈരളിപ്പെണ്ണിനേയും
താരുണ്യംകൊണ്ടു ലോകം മുഴുവനുമമളി–

പ്പിക്കുമാ ഹൗണിയേയും
ചാരുശ്രീവൃദ്ധഗൈർവാണിയെയുമുദയഭൃ–
നാഥനിന്നാനനത്തിൽ–
പ്പാരുഷ്യം വിട്ടിരുത്തുന്നിതു പരമുരചെ–
യ്തീടുമച്ചാരുവാക്കാൽ.”

## പൊതുക്കാര്യപ്രസക്തി

1072-ആണ്ടു കൃഷ്ണവർമ്മത്തമ്പുരാൻ കടത്തനാട്ടു വലിയതമ്പുരാനായപ്പോൾ കഥാനായകൻ ഇളയതമ്പുരാനായി. 1094-ലാണ് കൃഷ്ണവർമ്മ മരിച്ചതു്. 22-ആമത്തെ വയസ്സുമുതല്ക്കുതന്നെ ഉദയവർമ്മത്തമ്പുരാൻ തന്റെ ജീവിതം ലോകസേവനത്തിനായി സമർപ്പിച്ചു. 1070-ആണ്ടു കടത്തനാട്ടു രാജാസ് ഹൈസ്കൂൾ എന്ന ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു; അതു് ഇന്നും ആശാസ്യമായ രീതിയിൽ നിലനിന്നുപോരുന്നു.

## പത്രപ്രവർത്തനൽ–

ഉദയവർമ്മത്തമ്പുരാൻ 1065-ആണ്ടിടയ്ക്കു പാലക്കാട്ടുനിന്ന് ഒരു അച്ചുക്കൂടം വിലയ്ക്കു വാങ്ങി. 1066 കന്നിമാസത്തിൽ അതിൽനിന്നു ജനരഞ്ജിനി എന്ന പേരിൽ ഒരു മാസിക പുറപ്പെടുവിച്ചു. തമ്പുരാൻ അതിന്റെ ഉടമസ്ഥനും, അവിടത്തെ ആശ്രിതനും നിത്യസഹചാരിയുമായ കെ.സി. നാരായണൻനമ്പിയാർ പത്രാധിപരുമായിരുന്നു. 1069-ൽ തോട്ടയ്ക്കാട്ട് ഇക്കാവമ്മയ്ക്കു നമ്പിയാർ എഴുതിയ ഒരെഴുത്തിൽ

“ഞാനെന്നാൽ ജനരഞ്ജിനിക്കധിപരാം നാരായണൻ നമ്പിയാ–
രാണല്ലോ പതിനെൺവയസ്സു തികയുന്നിക്കർക്കടംതന്നിലും.”

എന്നു പറഞ്ഞിരിക്കുന്നു. നമ്പിയാരുടെ ജനനം 1048 കർക്കടകത്തിലാണ്. കടത്തനാട്ടു് ഇളയതമ്പുരാന്മാർക്കു പ്രത്യേകമായി താമസിക്കുന്നതിനു പുറമേരി എന്നൊരു കോവിലകമുണ്ടു്. അതിനടുത്തുള്ള ആറോട്ടുമഠത്തിലാണ് പ്രസ്തുതമുദ്രാലയം സ്ഥാപിച്ചതു്. ജനരഞ്ജിനിയിൽ സമസ്യാപൂരണവും ചിത്രപ്രശ്നവും മറ്റും പ്രസിദ്ധീകരിച്ചിരുന്നു. അതാണ് വടക്കേ മലബാറിലെ ഒന്നാമത്തെ പത്രഗ്രന്ഥം. അഞ്ചാറുകൊല്ലം അതു് അങ്ങനെ പ്രചരിച്ചുകൊണ്ടിരുന്നപ്പോൾ തമ്പുരാനു അതുകൊണ്ടു പോരെന്നും പ്രാചീനങ്ങളും അർവാചീനങ്ങളുമായ ഭാഷാകൃതികളുടെ പ്രസിദ്ധീകരണത്തിനു തക്കവണ്ണം അതിനെ വികസിപ്പിക്കണമെന്നും തോന്നി. അതിന്റെ ഫലമായാണ് ജനരഞ്ജിനി അസ്തമിക്കുകയും കവനോദയം ഉദിക്കുകയും ചെയ്തതു്. ആദ്യം കുറേക്കാലം ജനരഞ്ജിനി അച്ചുക്കൂടത്തിൽത്തന്നെ അതു് അച്ചടിപ്പിച്ചുവന്നിരുന്നുവെങ്കിലും അതിലെ ലിപികൾ പഴക്കംകൊണ്ടും മറ്റും വിരൂപങ്ങളായിരുന്നതിനാൽ പിന്നീടുള്ള മുദ്രാപണം കോഴിക്കോട്ടു സ്പെക്ടറ്റർ അച്ചുക്കൂടത്തിലേയ്ക്കു മാറ്റി. പതിനാറു കൊല്ലങ്ങൾക്കിടയിൽ നാല്പതോളം പുസ്തകങ്ങൾ അവിടുന്നു പ്രസിദ്ധീകരിച്ചു. പ്രാചീനകൃതികളിൽ ചെല്ലൂർമാഹാത്മ്യം (ചെല്ലൂരനാഥോദയം) ഭാരതചമ്പു എന്നീ പ്രബന്ധങ്ങളും ചന്ദ്രോത്സവം കാവ്യവും നവീനകൃതികളിൽ കടത്തനാട്ടു കൃഷ്ണവാരിയരുടെ ഭാഷാരാമായണചമ്പുവും, നാരായണൻനമ്പിയാരുടെ ഉദയാലങ്കാരവും, തേലപ്പുറത്തു നാരായണൻനമ്പിയുടെ യയാതിചരിതം, കറുത്ത പാറ ദാമോദരൻനമ്പൂരിയുടെ അക്ഷയപാത്രം, കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ പാഞ്ചാലധനഞ്ജയം, ജാനകീപരിണയം, വി.സി. ബാലകൃഷ്ണപ്പണിക്കരുടെ ഇന്ദുമതീസ്വയംവരം, നാണു അയ്യാശാസ്ത്രികളുടെ പ്രബോധചന്ദ്രോദയം, മണന്തല നീലകണ്ഠൻമൂസ്സത്തിന്റെ അത്ഭുത

രാമായണം എന്നീ നാടകങ്ങളും മറ്റും അതുവഴിക്കു പുറത്തുവന്നതാണ്. ഗദ്യഗ്രന്ഥങ്ങളുടെ ആവിഷ്കരണത്തിലും അവിടുന്നുൽസുകനായിരുന്നു. ജാനകീ പരിണയംതന്നെ ഒരു ഗദ്യനാടകമാണ്. തേലപ്പുറത്തു നാരായണൻനമ്പിയുടെ ജാനകി എന്ന നോവലും അതിൽത്തന്നെയാണ് പ്രസിദ്ധംചെയ്യപ്പെട്ടതു്. ഭാഗവതപൗരാണികൻ അയ്യാത്തുരശാസ്ത്രിയുടെ വേദാന്തദർപ്പണം, മുത്തുലക്ഷ്മി തുടങ്ങിയ ഗദ്യപുസ്തകങ്ങളേയുംകൂടി ഇവിടെ സ്മരിക്കേണ്ടിയിരിക്കുന്നു. കുക്കയിൽ കണിയാരുടെ പ്രശ്നരീതി, കാരാട്ടു നമ്പൂരിയുടെ ജ്യോത്സ്നിക (വിഷവൈദ്യം) ഇവയും തദ്വാരാ പ്രകാശിതങ്ങളായ ഗ്രന്ഥങ്ങളാണ്. തമ്പുരാനു പ്രസ്തുതവിഷയത്തിൽ മാർഗ്ഗദർശകമായിരുന്നതു ബോംബെയിൽനിന്നു പ്രചരിച്ചിരുന്ന കാവ്യമാല എന്ന സംസ്കൃതത്രൈമാസികമാണെന്നു പറയേണ്ടതില്ലല്ലോ. അതിലെ പരിപാടിയനുസരിച്ച് ഓരോ ഗ്രന്ഥത്തോടു ചേർത്തു ഗ്രന്ഥകാരനെപ്പറ്റി അറിവുള്ള വിവരങ്ങളും പ്രകാശിപ്പിച്ചിരുന്നു. കഥാനായകനും അനേകം സ്വകീയ കൃതികൾകൊണ്ടു കവനോദയത്തെ അലങ്കരിച്ചിരുന്നു. സാരോദയം എന്നൊരു പത്രവും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ കുറേക്കാലം പ്രചരിച്ചിരുന്നതായി അറിവുണ്ട്.

## കവിസംഘം

ഏട്ടൻതമ്പുരാനെന്നതുപോലെ ഉദയവർമ്മത്തമ്പുരാന്നും ഒരു നല്ല കവിസംഘം സാഹിത്യവിനോദത്തിനും സഹപ്രവർത്തനത്തിനും സന്നദ്ധമായി സമീപത്തുണ്ടായിരുന്നു. കടത്തനാട്ടു കൃഷ്ണവാരിയർ, ഇരുവനാട്ടു നാരായണൻനമ്പിയാർ, മണന്തല നീലകണ്ഠൻ മൂസ്സതു്, നല്ലൂർക്കണ്ടി നാരായാണൻ നമ്പൂരി, ചെറുവറ്റ ഗോവിന്ദൻനമ്പൂരി ഇവർ ആ കൂട്ടത്തിൽ ഉൾപ്പെടുന്നു. നമ്പിയാരും കൃഷ്ണവാരിയരുമായിരുന്നു കവനോദയത്തിന്റെ ആധിപത്യം വഹിച്ചതു്. 1064-ൽ പ്രസിദ്ധീകരിച്ച ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രം രണ്ടാംഭാഗത്തിൽ ഉദയവർമ്മത്തമ്പുരാനെ "ഉത്തരകേരളത്തിലെ വിദ്വജ്ജനങ്ങൾക്ക് ഒരാശ്രയമായ പ്രഭു" എന്നു പറഞ്ഞിരിക്കുന്നു. അങ്ങനെ ചരിത്രകാരൻ വർണ്ണിക്കുന്ന കാലത്ത് അദ്ദേഹത്തിനു വയസ്സ് 23-ൽ കവിഞ്ഞിരിക്കയില്ല.

## വിവിധമായ സാഹിത്യപോഷണം

'ഭാഷാപോഷണാഭിലാഷി' എന്ന വിനയദ്യോതകമായ വിശേഷണംമാത്രമേ തമ്പുരാൻ തന്റെ പേരുമായി ഘടിപ്പിച്ചുവന്നുള്ളു എങ്കിലും പല ഗ്രന്ഥങ്ങളുടേയും കർത്താവും കാരയിതാവും പ്രസാധകനുമെന്നും, പല വിദ്വാന്മാരുടേയും കവികളുടേയും പുരസ്കർത്താവെന്നുമുള്ള നിലയിൽ അദ്ദേഹത്തിന് അതിസമുന്നതമായ ഒരു പദവിയാണ് സമകാലികന്മാരായ സഹൃദയന്മാർ നല്കിയിരുന്നതു്. ആദ്യംമുതല്ക്കുതന്നെ കാവ്യമാലയുടെ പ്രശസ്തബന്ധുക്കളിൽ അന്യതമനായിരുന്ന അദ്ദേഹം മേല്പത്തൂർ ഭട്ടതിരിയുടെ സ്വാഹാസുധാകരവും കോടിവിരഹവും അതിൽ പ്രസിദ്ധീകരിച്ചു. നിരവധി സംസ്കൃതകവികളുടെ ചരിത്രം കവനോദയത്തിൽ 'കവികലാപം' എന്ന പുസ്തകത്തിൽ ആവിഷ്കരിച്ചു. 1079-ആണ്ടു തലശ്ശേരിയിൽവച്ചു നടന്ന ഭാഷാപോഷിണിയുടെ സപ്തമസമ്മേളനത്തിന്റെ ചെലവു മുഴുവൻ അദ്ദേഹം മാത്രമായി വഹിച്ചുവെന്നുമാത്രമല്ല അവിടെക്കൂടിയിരുന്ന ഭാഷാ ബന്ധുക്കളെ കടത്തനാട്ടേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി അവർക്ക് ഓണപ്പുടവയും സമ്മാനിച്ചു. ക്ഷേമേന്ദ്രന്റെ ഭാരതമഞ്ജരി പല കവികൾക്കുമായി വീതിച്ചുകൊടുത്ത് അവരെക്കൊണ്ടു ഭാഷാന്തരീകരിപ്പിച്ചു. അതിൽ ശങ്കുണ്ണി തർജ്ജമ ചെയ്തതു് ഹരിവംശമാണ്.

## പരഗതി

തന്റെ മാതുലനായിരുന്ന ആയഞ്ചേരിക്കോവിലകത്തു കുഞ്ഞുണ്ണിത്തമ്പുരാന്റെ പുത്രിയായിരുന്ന ഉദയവർമ്മത്തമ്പുരാന്റെ സഹധർമ്മിണി. 1082-മാണ്ടു ചിങ്ങമാസം 24-ാംനു ആ ഉദാരചരിതൻ പരഗതിയെ പ്രാപിച്ചു.

## കൃതികൾ

ഉദയവർമ്മതമ്പുരാൻ സംസ്കൃതത്തിൽ (1) രസികഭൂഷണം ഭാണവും, ഭാഷയിൽ (2) കുചശതകം, (3) ഹർഷദേവന്റെ രത്നാവലി, (4) പ്രിയദർശിക, (5) സുന്ദരരാജാചാര്യരുടെ വൈദർഭീവാസുദേവം എന്നീ മൂന്നു നാടകങ്ങളുടെ തർജ്ജമ, (6) സരസനാടകം, (7) സദ്വൃത്തമാല, (8) കവിതാഭരണം, (9) കവികലാപം എന്നീ കൃതികളും രചിച്ചുകാണുന്നു.

## കാവ്യഗ്രന്ഥങ്ങൾ

ഭാണത്തിലെ ശ്ലോകങ്ങൾക്കു് ഭങ്ഗിയുണ്ടു്.

> “മുകരനികരരമ്യം പൂർണ്ണിമാപൂർണ്ണചന്ദ്ര–
> ച്ഛവിധവളസുധാഭിർദ്ധൗതഭിത്തിപ്രദീപ്തം
> മൃഗമദഹിമതോയൈർവാസിതം വാസഗേഹം
> ജനയതി കമലാക്ഷ്യാഃ കാമുകാനാം പ്രസാദം”

എന്നിങ്ങനെ കവി അതിൽ ഒരു വേശ്യാഗൃഹത്തെ വർണ്ണിക്കുന്നു. കുചശതകം സ്ത്രീകളുടെ കുചത്തെപ്പറ്റി പല ഉല്ലേഖങ്ങൾ കോർത്തിണക്കി ഗീതിവൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു കാവ്യമാണു്. മാതൃകയ്ക്കായി ഒരു ശ്ലോകം പകർത്താം.

> “നാരങ്ങയ്ക്കുള്ളൊരു നൽച്ചാരുത മോഷ്ടിച്ചു മുലക,ളല്ലെങ്കിൽ
> പാരം ത്രപയോടെന്തിനു ചേരുന്നു മുണ്ടിനുള്ളിലൊളിവായി?”

ചുവടേ ചേർക്കുന്ന ശ്ലോകങ്ങൾ യഥാക്രമം രത്നാവലിയിലും പ്രിയദർശികയിലുമുള്ള ഉദാഹരണങ്ങളാണു്.

> “ചില്ലീവില്ലൊട്ടു കോടീടിലുമവളുടനേ
> താഴ്ത്തിനാൾ വക്ത്രപത്മം;
> ചൊല്ലീലാ മുള്ളുവാക്കെന്നൊടു ചെറുതു കുനി–
> പ്പിച്ചു മന്ദം ചിരിച്ചാൾ;
> ഉള്ളിൽബ്ബാഷ്പത്തൊടൊക്കും നയനമതു മിഴി–
> ച്ചങ്ങനേ നോക്കിയില്ലാ;
> കൊള്ളിച്ചു കോപമേവം കമനി; വിനയമോ
> വിട്ടതില്ലൊട്ടുമപ്പോൾ.”

> “കണ്ണിപ്പോളിവൾ ചിമ്മടുന്നു; പരമീട്ടിക്കിങ്ങെനിയ്ക്കന്ധമായ്;
> പെണ്ണിൻ തൊണ്ടയടച്ചു; വാക്കു പറവാൻ വയ്യാതെയായ്‌വന്നു മേ;
> ശ്വാസം നിന്നിതവൾക്കു; കഷ്ടമിവനോ നിശ്ചേഷ്ടനായീ; വിഷം
> ക്രൂസാതേശ്ശുകയാലതാണഖിലവും ദുഃഖം നമുക്കോർക്കുകിൽ.”

സരസനാടകം കവി വിനോദത്തിനായി എഴുതിയ ഒരു ഏകാങ്കനാടകമാണ്. ഒരു സരസനും അദ്ദേഹത്തിന്റെ വിദൂഷകനും കൂടി ഒരു പട്ടണം ചുറ്റി സഞ്ചരിച്ചപ്പോൾ കണ്ട കാഴ്ചകൾ മാത്രമാണ് അതിൽ വിവരിച്ചിരിക്കുന്നത്.

### മറ്റു ഗ്രന്ഥങ്ങൾ

തമ്പുരാന്റെ രണ്ടു ശാസ്ത്രഗ്രന്ഥങ്ങളിൽ സദ്വൃത്തമാലിക ഛന്ദസ്സുകളെപ്പറ്റിയും കവിതാഭരണം കാവ്യശിക്ഷയെപ്പറ്റിയും പ്രതിപാദിക്കുന്നു. അതിൽ സംസ്കൃതവൃത്തങ്ങൾക്കു മാത്രമല്ല ഭാഷാവൃത്തങ്ങൾക്കും ലക്ഷണലക്ഷ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ഉദാഹരണങ്ങളെല്ലാം കുലദേവതയായ ലോകമലയാർകാവിലെ പാർവതീദേവിയുടെ സ്തോത്രരൂപത്തിലാണ് രചിച്ചിരിക്കുന്നത്. ആകെ നാലധ്യായങ്ങളുണ്ട്. 1075-ആണ്ടു നിർമ്മിച്ച പ്രസ്തുതകൃതി ഏ.ആർ.രാജരാജവർമ്മകോയിത്തമ്പുരാൻ 1080-ൽ പ്രസിദ്ധീകരിച്ച വൃത്തമഞ്ജരിയുടെ പൂർവഗാമിയാണെന്നു പറയേണ്ടതില്ലല്ലോ. ശിഖരിണീവൃത്തത്തിനുള്ള ഉദാഹരണമാണ് ചുവടേ കാണുന്നത്.

> “മഹീഭൃത്തിൻകന്യേ! മഹിതതരസൗജന്യനിലയേ!
> മഹാദേവപ്രേമപ്രസവനിലമാമങ്ഗലതയിൽ
> മഹാരമ്യം രോമാവലിലത വിളങ്ങുന്നിതു നിന–
> ച്ചഹോ! മുങ്ങീടുന്നൂ വിബുധജനമാശ്ചര്യജലധൗ.”

അത്തരത്തിൽ ഒരു ഛന്ദശ്ശാസ്ത്രഗ്രന്ഥം ഭാഷയിൽ അതിനുമുൻപു് ആവിർഭവിച്ചിട്ടില്ല. കവിതാഭരണത്തിലും നാലധ്യായങ്ങൾ അടങ്ങിയിരിയ്ക്കുന്നു. ഒന്നാമധ്യായത്തിൽ കാവ്യസ്വരൂപത്തേയും, രണ്ടാമധ്യായത്തിൽ കവിതാഭ്യാസ സമ്പ്രദായത്തേയും, മൂന്നാമധ്യായത്തിൽ കവിവിജ്ഞേയങ്ങളായ കാവ്യസാമഗ്രികളേയും, നാലാമധ്യായത്തിൽ പൂർവകവിസങ്കേതങ്ങളേയും വിവരിക്കുന്നു. വെണ്മണിമഹൻ തുടങ്ങിയ അർവാചീനകവികളുടെ കൃതികളിൽനിന്ന് അനേകം ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. കവിയശഃപ്രാർത്ഥികൾക്കു വളരെ പ്രയോജനമുള്ള ഒരു ഗ്രന്ഥമാണ് ഇതെന്നു സമഷ്ടിയായി പറയാം.

## കടത്തനാട്ടു രവിവർമ്മത്തമ്പുരാൻ (1047–1089)

### ചരിത്രം

കടത്തനാട്ടു രാജകുടുംബത്തിൽ രവിവർമ്മത്തമ്പുരാൻ എന്ന ഒരു സംസ്കൃതകവികൂടി അക്കാലത്തു ജീവിച്ചിരുന്നു. അദ്ദേഹം വെട്ടത്തു വാവേരി ഇല്ലത്തെ കേശവൻ ഓതിക്കോൻ നമ്പൂരിയുടേയും ഇടവലത്തു കോയിക്കൽ കുഞ്ഞിയെന്ന ലക്ഷ്മിത്തമ്പുരാട്ടിയുടേയും പുത്രനായി 1047-ആണ്ടു കർക്കടകമാസം 1-ാംന ജനിച്ചു. ബാല്യകാലത്തെ ഗുരു ഒഞ്ചിയത്തു മാധവവാരിയരായിരുന്നു. പിന്നീടു പാലക്കാട്ടു ശേഖരീപുരം ഗ്രാമത്തിൽ വെങ്കടേശ്വരശാസ്ത്രികളുടെ പുത്രൻ ശേഷശാസ്ത്രികളോടു കാവ്യനാടകങ്ങളിൽ ഉപരിഗ്രന്ഥങ്ങളും കാഞ്ചീപുരം ചണ്ഡമാരുതാചാര്യരോടു വ്യാകരണം, തർക്കം, വേദാന്തം എന്നീ ശാസ്ത്രങ്ങളും സാഹിത്യവും അഭ്യസിച്ചു. 1089-ആണ്ട് ഇടവമാസം 23-ആംന വിശാഖം നക്ഷത്രത്തിലായിരുന്നു മരണം,

### കൃതികൾ

(1) അന്യാപദേശശതകം, (2) പത്മാവതി (രൂപകം), (3) വിധുരവിലാപം, (4) പദ്യപേടിക എന്നിവയാണ് രവിവർമ്മത്തമ്പുരാന്റെ കൃതികൾ. വിധുരവിലാപത്തിനു

ചണ്ഡമാരുതശാസ്ത്രികൾ ഒരു ടീക രചിച്ചിട്ടുണ്ട്. സംസ്കൃതത്തിൽ അവിടുന്നു വിശിഷ്ടനായ ഒരു കവിയായിരുന്നു. അന്യാപദേശശ്ലോകങ്ങളും സമസ്യാപൂരണങ്ങളും മറ്റും രചിക്കുന്നതിൽ വിശേഷവാസന പ്രകടിപ്പിച്ചിരുന്നു. പദ്യപേടികയിൽ അദ്ദേഹത്തിന്റെ പല ചെറിയ കൃതികളും സ്തോത്രങ്ങളും സമസ്യാപൂരണങ്ങളും ലേഖനങ്ങളും മറ്റും അടങ്ങിയിരിക്കുന്നു. മാതൃക കാണിക്കുവാൻ മൂന്നു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

> "അനർഘനവമൗക്തികഗ്രഥിതമാലയാലംകൃത–
> സ്തനോരു മമ സാഹിതീം വിജിതശംഖസംഘോ ഗളഃ
> വിളംബകണികാം വിനാ വിനതിസക്തഭക്തേഷ്ടദേ!
> മനോഭവരിപുപ്രിയേ! ജഗദഗാധിനാഥേ! ശിവേ!"
>
> (ലോകാംബാവിംശതി)
>
> "പര്യാപ്തൈഃ പരിചാരകൈഃ സമമിതഃ കാശീം പ്രകാശീ–
> പ്രാലേയാംശുകലാകലാപമുകുടീയോഷാവിശേഷാദരാം [കൃത–
> പുണ്യൈരേവ പുരാതനൈഃ പുരുതരൈർഗ്ഗച്ഛൻ യഥേച്ഛം ഭവാ–
> നാഗച്ഛത്വതിലോകമാതൃകരുണാവീക്ഷാമപേക്ഷാമഹേ."

(ഉദയവർമ്മത്തമ്പുരാൻ കാശിക്കു പുറപ്പെട്ടപ്പോൾ സമർപ്പിച്ചത്)

> "അങ്ഗാനാം യോങ്ഗനാനാം കലയതി വിഗതാ–
> ശങ്കമേവാങ്കപാളീം
> യത്താദൃഗ്വക് ത്രപങ്കേരുഹമഹഹ മുഹു–
> ശ്ചുംബതി പ്രീതിപൂർവ്വം
> ഊരു ചാരുഹ്യ യോ വാശതി(?)ഭൃശമുരോ–
> ജാഗ്രമാഗ്രേണ പാണേ–
> ശ്ചിത്രം നൂനം യുവാനം പുനരനുകുരുതേ
> പ്രായശോ ബാലിശോയം." (സമസ്യാപൂരണം)

## കടത്തനാട്ടു ലക്ഷ്മിത്തമ്പുരാട്ടി (1020–1084)

### ജീവിതചരിത്രം

ലക്ഷ്മിത്തമ്പുരാട്ടി കടത്തനാട്ട് ഇടവലത്തു കോയിക്കൽ 1020-ാം മാണ്ട് ഇടവമാസത്തിലെ പൂയം നക്ഷത്രത്തിൽ ജനിച്ചു. അമ്മ ആ കോവിലകത്തെ പാർവതിത്തമ്പുരാട്ടിയും അച്ഛൻ വെട്ടത്തു വാവേരി ഓതിക്കോൻ നമ്പൂരിയുമായിരുന്നു. വെള്ളോളങ്ങരമനയ്ക്കൽ വലിയ മാധവവാരിയരാണ് കാവ്യനാടകാലങ്കാരങ്ങൾ പഠിപ്പിച്ചത്. പാലക്കാട്ടു ശേഖരീപുരം ശേഷുശാസ്ത്രിയുടെ അടുക്കൽ തർക്കവും അഭ്യസിച്ചു. ഭർത്താവു ചെറുവണ്ണൂരിനടുത്തുള്ള മടങ്ങാളിയില്ലത്തെ വാസുദേവൻനമ്പൂരിയായിരുന്നു. വളരെക്കാലം ഭഗവൽ ഭജനത്തിലും അധ്യാത്മചിന്തയിലും കഴിച്ചുകൂട്ടി. 1084-ാമാണ്ട് ഇടവമാസം 19-ാംനു മരിച്ചു.

## കൃതികൾ

തമ്പുരാട്ടി സംസ്കൃതത്തിൽ (1) സന്താനഗോപാലം (2) ഭാഗവതസംക്ഷേപം എന്നീ രണ്ടു കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. രണ്ടാമത്തേതു് അച്ചടിപ്പിച്ചിട്ടില്ല. വലിയ കോയിത്തമ്പുരാൻ കേരളീപ്രശസ്തിയിൽ ആ വിദുഷിയെപ്പറ്റി ഇങ്ങനെ പ്രസ്താവിക്കുന്നു.

“ധീമജ്ജനാവസഥമായ കടത്തനാട്ടിൽ
സാമർത്ഥ്യശാലിനി മനീഷിണിയായ ലക്ഷ്മി
കേമത്തമാർന്ന കവിവര്യരെയും സ്വപദ്യൈ-
രാമഗ്നരാക്കി പരമത്ഭുതസാഗരത്തിൽ.”

## സന്താനഗോപാലം കാവ്യം

ഈ കാവ്യത്തിൽ ലളിതമധുരങ്ങളായ മൂന്നു സർഗ്ഗങ്ങൾ അടങ്ങിയിരിയ്ക്കുന്നു. യമകാലംകൃതമാണ് തൃതീയസർഗ്ഗം. രവിവർമ്മനാമധേയനായ തന്റെ പുത്രന്റെ അപേക്ഷയനുസരിച്ചാണ് തമ്പുരാട്ടി ഇതു നിർമ്മിച്ചതെന്നു അധോലിഖിതമായ ശ്ലോകത്തിൽനിന്നു കാണാവുന്നതാണ്.

“രോഗാർത്തയാപി രവിവർമ്മകുമാരകസ്യ
ജാതാദരേണ മനസാ വചസി പ്രകാമം
മൗർഖ്യം സ്വമപ്യവിഗണയ്യ കൃതം മയൈതൽ
കാവ്യം മുദാ ബുധവരാഃ പരിശോധയന്തു.”

മാതൃക കാണിക്കുവാൻ രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

“കാലേന കശ്ചന സുതോപി ച തസ്യ ജാതഃ
കാലസ്യ ഹന്ത! വശതാം സ തദൈവ യാതഃ
ആദായ തന്മൃതശരീരമുപേത്യ ശൗരിം
ശോകാതുരോ ബഹുതരം വിലലാപ വിപ്രഃ.” (പ്രഥമസർഗ്ഗം)

“അഥ തദാ ഹരിലോകവിലോകനാ-
ദുദിതതത്ത്വധിയാ സ ധനഞ്ജയഃ
കൃതഹരിസ്തുതിരസ്തമദോവിശദ്
ദ്വിജഗൃഹേ! ജഗൃഹേ ച പരാം മുദം.” (തൃതീയസർഗ്ഗം)

# 52
# വെണ്മണിപ്രസ്ഥാനം (തുടർച്ച)

കൊടുങ്ങല്ലൂർത്തമ്പുരാക്കന്മാരുടെ

ചില അനുയായികളും മറ്റും

## നടുവത്തച്ഛൻനമ്പൂരി (1016–1088)

### ജനനവും വിദ്യാഭ്യാസവും

കൊച്ചിരാജ്യത്തിൽ ചാലക്കുടി തീവണ്ടിയാപ്പീസിനു സമീപം നടുവം എന്നൊരില്ലമുണ്ട്. ആ ഇല്ലത്തിൽ 1016-ാമാണ്ടു മീനമാസത്തിൽ മകംനക്ഷത്രത്തിൽ അച്ഛൻനമ്പൂരി ജനിച്ചു. പിതാവു ദിവാകരൻനമ്പൂരിയും മാതാവ് ആര്യാന്തർജ്ജനവുമായിരുന്നു. പിതാവിന്റെ പേർതന്നെയാണ് പുത്രനും ലഭിച്ചത്. ഉണ്ണി പിറന്നു നാലാമത്തെ മാസത്തിൽ പിതാവ് നാല്പതാമത്തെ വയസ്സിൽ അന്തരിച്ചു. അക്കാലത്തു നടുവത്തില്ലം അത്യന്തം ദരിദ്രമായിരുന്നു. ആവട്ടുത്തൂർ എന്ന സ്ഥലത്തു കുട്ടപ്പള്ളീ എന്ന ഇല്ലമായിരുന്നു കവിയുടെ അമ്മാത്ത്. ഉപനയനം ചാലക്കുടിക്ക് അഞ്ചുനായിക വടക്കുള്ള കൊടകര മരുത്തോമ്പിള്ളീയില്ലത്തും സമാവർത്തനം നെല്ലായിക്കുന്നത്തില്ലത്തുമായി കഴിഞ്ഞുകൂടി. ആ ഇല്ലക്കാർ സ്വജനങ്ങളായിരുന്നു. നടുവത്ത് ആ ക്രിയകൾ നിർവ്വഹിക്കുന്നതിനു പോലും മുതലുണ്ടായിരുന്നില്ല. കുട്ടിവായന കഴിഞ്ഞക്ഷണത്തിൽ കഥാനായകനു തുള്ളൽക്കഥകൾ വായിക്കുന്നതിലും പകർത്തിയെഴുതുന്നതിലും അളവറ്റ അഭിരുചിയുണ്ടായി. അങ്ങനെ ഭാഷാസാഹിത്യത്തോടു ബാല്യത്തിൽത്തന്നെ അദ്ദേഹം സമ്പർക്കം പുലർത്തിത്തുടങ്ങി. മരുത്തോമ്പിള്ളി തെക്കേ പുഷ്പകത്തു വാസുനമ്പിയാരോടു ശ്രീകൃഷ്ണവിലാസം പഠിച്ചു. 1031-ാമാണ്ടിടയ്ക്കു തൃപ്പൂണിത്തുറയ്ക്കു പോയി അന്ന് അവിടെ താമസിച്ചിരുന്ന പാലപ്പുറത്തു ഗോവിന്ദൻനമ്പിയാരുടെ ശിഷ്യനായി. കൈക്കുളങ്ങര രാമവാരിയർ അച്ഛൻമമ്പൂരിയുടെ സതീർത്ഥ്യനായിരുന്നു. 1038 വരെ ഗോവിന്ദൻ നമ്പിയാരുടെ കിഴിൽ സംസ്കൃതം പഠിച്ചുവെങ്കിലും ദാരിദ്ര്യബാധകൊണ്ടു കാര്യമായി ഒന്നും അഭ്യസിക്കുന്നതിനു സാധിച്ചില്ല. സാമാന്യം ലോകവ്യുൽപത്തി മാത്രമേ ലഭിച്ചുള്ളു; എന്നാൽ ഭാഷാകവിതയിൽ അക്കാലത്തും പരിശ്രമിച്ചിരുന്നു. അന്നു കഥാനായകൻ എഴുതിയ ശ്ലോകങ്ങളും പാട്ടുകളും തിരുത്തിക്കൊടുത്ത് അദ്ദേഹത്തിനു വേണ്ട സദുപദേശങ്ങൾ നല്കി പ്രോത്സാഹിപ്പിച്ചതു പൂന്തോട്ടത്ത് അച്ഛൻനമ്പൂരിയായിരുന്നു.

## തിരിയെ ഇല്ലത്തേക്ക്

1039-ാമാണ്ടിടയ്ക്ക ചാലക്കുടിക്കടുത്തുള്ള വടക്കാഞ്ചേരി ഇല്ലത്തുനിന്നു വിവാഹം ചെയ്തു. ആ വിവാഹത്തിൽ നാരായണൻനമ്പൂരി 1043-ലും,അദ്ദേഹത്തിന്റെ അനുജൻ ശങ്കരൻനമ്പൂരി 1052-ലും, ഒരു പുത്രി 1047-ലും ജനിച്ചു. നാരായണനാണ് പില്ക്കാലത്ത് നടുവത്തു മഹൻനമ്പൂരി എന്ന പേരിൽ പ്രസിദ്ധനായിത്തീർന്ന കവി. കുറ്റിയറ്റുപോകാറായിരുന്ന വടക്കഞ്ചേരിയില്ലത്തെ 50,000 ഉറുപ്പിക വിലവരുന്ന വസ്തുവകകൾ കൊച്ചിമഹാരാജാവിന്റെ തീട്ടൂരമനുസരിച്ച് അച്ഛനു കിട്ടി. അതിനെത്തുടർന്ന് ഇരിങ്ങാലക്കുടയ്ക്ക് സമീപം അന്യംനിന്നുപോയ തത്തമ്പിള്ളി, നെടുംപിള്ളി എന്നീ രണ്ടില്ലങ്ങളിലെ സ്വത്തുക്കൾക്കുകൂടി മഹാരാജാവ് അദ്ദേഹത്തെ അവകാശിയാക്കി. അങ്ങനെ കവിയുടെ ഭാഗ്യ ദേവത തെളിഞ്ഞു; സാഹിതീസേവ നിർവിഘ്നമായി നടത്താനുള്ള സൗകര്യവും വന്നു. 1040-ൽത്തന്നെ ഇളേടത്തു തൈക്കാട്ടു നാരായണൻമൂസ്സതിന്റേയും, അദ്ദേഹത്തിന്റെ മരണാനന്തരം അനുജൻ ഇട്ടീരിമൂസ്സതിന്റേയും ശിഷ്യനായി അഷ്ടാംഗഹൃദയം പഠിച്ചു വൈദ്യശാസ്ത്രത്തിൽ നിഷ്ണാതനായി ആ വഴിക്കും ധനം സമ്പാദിച്ചു.

## അനന്തരജീവിതം

നടുവത്തച്ഛൻ വെണ്മണി അച്ഛനുമായുള്ള വേഴ്ച നിമിത്തം കൊടുങ്ങല്ലൂർക്കോവിലകത്തു കൂടെക്കൂടെ പോകാറുണ്ടായിരുന്നു. അവിടെവെച്ചു കുഞ്ഞിരാമവർമ്മൻ തമ്പുരാനും, കൊച്ചുണ്ണിത്തമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാനും അദ്ദേഹത്തിന്റെ പ്രേഷ്ഠസുഹൃത്തുക്കളായി. അവരുമായി നിരന്തരമായ കത്തിടപാടുനടത്തിയും താനുണ്ടാക്കുന്ന കൃതികൾ അവരെക്കൊണ്ടു പരിശോധിപ്പിച്ചും അദ്ദേഹം കൊടുങ്ങല്ലൂർ കവിസമാജത്തിലെ ഒരങ്ഗമെന്നപോലെതന്നെ കൈരളിയെ ഉപാസിച്ചു. നടുവം മഹനെ കുഞ്ഞിരാമവർമ്മൻതമ്പുരാനോടു സംസ്കൃതത്തിൽ ഉപരിഗ്രന്ഥങ്ങൾ അഭ്യസിക്കുവാൻ കൊടുങ്ങല്ലൂരിൽ താമസിപ്പിച്ചതു് ആ സൗഹാർദ്ദം പൂർവ്വാധികം ദൃഢീഭവിക്കുന്നതിനു കാരണമായി. 1055 മുതൽ 1064 വരെ അതിനുമുൻപു കൊച്ചിഗവർമ്മെണ്ടിന്റെ ഭരണത്തിലിരുന്ന കൊടശ്ശേരികയ്യുടെ വക കാര്യസ്ഥനായി പണിനോക്കി. 1066 മേടമാസം വിശാഖംനക്ഷത്രത്തിൽ പുത്രനെ സമ്പന്നനും യശസ്വിയുമായിക്കണ്ടു് ആനന്ദത്തോറ്റുകൂടി മാതാവു മരിച്ചു. 1075-ൽ ഗൃഹഭരണത്തിലുള്ള സാമർത്ഥ്യംനിമിത്തം 'മിടുക്കൻ' എന്ന് അതിനു മുമ്പുതന്നെ പേരുകേട്ടിരുന്ന ശങ്കരൻനമ്പൂരി അന്തരിച്ചു. ആ സംഭവവും 1080-ൽ മകളുടെ അപ്രതീക്ഷിതമായ നിര്യാണവും കവിയെ ഏറ്റവുമധികം അസ്വസ്ഥനാക്കി. 1085-ൽ കാലിന്മേൽ നീരുവന്നു കഷ്ടപ്പെട്ടപ്പോൾ വലിയകോയിത്തമ്പുരാൻ തുടങ്ങി കേരളത്തിലെ ഗണനീയന്മാരായ കവികളെല്ലാം അദ്ദേഹത്തിന്റെ ആരോഗ്യത്തിനായി പ്രാർത്ഥിച്ചു കൊണ്ടു ശ്ലോകങ്ങളുണ്ടാക്കി. അവ ശേഖരിച്ച് "ആരോഗ്യസ്തവം" എന്ന പേരിൽ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനേകം രോഗങ്ങൾ ഓരോ കാലത്തു ബാധിച്ചു കൊണ്ടിരുന്ന അദ്ദേഹം ദിനചര്യയിലുള്ള നിരതിശയമായ നിഷ്ഠ നിമിത്തമാണ് അവയിൽനിന്നെല്ലാം വിമുക്തനായതു്. 1088 വൃശ്ചികം 23-ആംനു-യായിരുന്നു ആ പുണ്യശ്ലോകന്റെ സ്വർഗ്ഗതി. അചഞ്ചലമായ ഈശ്വരഭക്തി, അന്യാദൃശമായ ആചാരശ്ലക്ഷ്ണത, അകളങ്കമായ ഹൃദയശുദ്ധി, ആശ്ചര്യകരമായ പരാവർജ്ജനപാണ്ഡിത്യം ഇത്തരത്തിലുള്ള പല സഹജസിദ്ധികളും അദ്ദേഹത്തിൽ പരിലസിച്ചിരുന്നു. "നടുവധരണീ ഗീർവാണനത്യന്തശാന്തൻ" എന്നു ഭഗവദ്ദൂതിൽ തന്നെപ്പറ്റി അദ്ദേഹം ചെയ്തിട്ടുള്ള പ്രസ്താവന പരമാർത്ഥമാണ്.

## കൃതികൾ

അച്ഛൻനമ്പൂരി അധികം കൃതികൾ എഴുതീട്ടില്ല. (1) അംബോപദേശം, (1061), (2) ഭഗവൽസ്തുതി, (3) ഭഗവദ്ദൂതനാടകം (1067), (4) ശൃങ്ഗേരിയാത്ര, (5) അഷ്ടമീയാത്ര എന്നീ അഞ്ചു വാങ്മയങ്ങളേ പൂർണ്ണങ്ങളായിട്ടുള്ളൂ. വിദ്യാഭ്യാസകാലത്തിൽ എഴുതിയ ബാല്യത്ഭവം എട്ടുവൃത്തം കൈകൊട്ടിക്കളിപ്പാട്ടും അക്കൂട്ടത്തിൽച്ചേരും. ഇവയ്ക്കു പുറമേ, (7) കുമാരസംഭവം ദ്വിതീയസർഗ്ഗം, (8) അക്രൂര ഗോപാലം നാടകം (രണ്ടങ്കത്തോളം), (9) ഭാരതം കർണ്ണപർവം കിളിപ്പാട്ട് (അഞ്ചാമധ്യായത്തോളം) എന്നീ അപൂർണ്ണകൃതികളും, (10) ചില ചെറിയ ഖണ്ഡകൃതികളും, (11) കുറേയധികം എഴുത്തുകളുംകൂടിയുണ്ട്.

## കവിതാരീതി

ശുദ്ധഭാഷാപദങ്ങൾ സുഗമമായ രീതിയിൽക്കൂട്ടിയിണക്കി ശ്രവണസുഖം നല്കുവാൻ പര്യാപ്തമായ ഒരു കവനശൈലിയാണ് അച്ഛനു സ്വാധീനമായിരുന്നത്. ഒരിയ്ക്കൽ കേട്ടാൽ അർത്ഥബോധമുണ്ടാകാത്ത ശ്ലോകങ്ങൾ അദ്ദേഹം രചിച്ചിട്ടില്ലെന്നുതന്നെ പറയാം. ഇരുത്തിച്ചിന്തിപ്പിക്കുന്ന കവിതയൊന്നും ആ കവി എഴുതീട്ടില്ല. ഉൽക്കടങ്ങളായ വികാരങ്ങളെക്കൊണ്ടു ഹൃദയം തരളിതമാകുമ്പോൾ, അലങ്കാരാദ്യാഡംബരങ്ങളുടെ സാഹായ്യം കൂടാതെ സ്വഭാവസുന്ദരങ്ങളായ ഖണ്ഡകൃതികൾ നിർമ്മിക്കുന്നതിനും അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. 1075-ൽ മകന്റെ മരണത്തിൽ സങ്കടപ്പെട്ടു രണ്ടു തവണകളിലായി ഇരുപതു ശ്ലോകങ്ങൾ അദ്ദേഹം മലയാളമനോരമയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അവയിൽനിന്നു രണ്ടു ശ്ലോകങ്ങൾ ചുവടേ ചേർക്കാം.

> "കാണാതെ കാൽക്ഷണമിരിക്കുകിലപ്പൊഴേറെ–
> ക്കേണീടുമങ്ങനെയിരുന്ന കുമാരനിപ്പോൾ
> പ്രാണൻ വെടിഞ്ഞു പരലോകമണഞ്ഞു; ഞാനോ
> ഞാണറ്റ വില്ലിനു കിടയ്ക്കു കിടന്നിടുന്നു.
>
> പുത്രാർത്തിമൂലമധികം കൃശയായുലഞ്ഞു
> കത്രാപി വാണു ശിവരാമ! ഹരേ! മുരാരേ!
> ഇത്യാദി നാമജപമോടമരുന്ന ജായാ–
> വൃത്താന്തമെങ്ങനെ പറഞ്ഞറിയിച്ചിടേണ്ടൂ?"

ഒന്നാംതരം വിലാപകൃതിയായി ഈ വിംശതിയെ പരിഗണിക്കാം. "ഭാഷാരീതിപ്പഴക്കത്തിനു നടുവം" എന്നു പറഞ്ഞു വരുന്നത് അദ്ദേഹത്തിന്റെ കവിതകളിലെ പ്രസാദാദിഗുണങ്ങളെ ആസ്പദമാക്കിയാണ്.

## ഭഗവദ്ദൂത്

ഏഴങ്കത്തിലുള്ള ഈ നാടകം വളരെ പ്രചാരമുള്ള ഒരു കൃതിയാണ്. ഭക്തിഭാവം വർണ്ണിക്കുവാൻ അച്ഛനുള്ള പ്രാഗല്ഭ്യം തികച്ചും ഇതിൽ പ്രകടീഭവിക്കുന്നുണ്ട്. ഈ നാടകം തന്നെയാണ് അദ്ദേഹത്തിനു ഭാഷാകവികളുടെയിടയിൽ ഗണനീയമായ ഒരു സ്ഥാനം ഉണ്ടാക്കിക്കൊടുത്തതും. രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു.

> "ആരാണെൻനാഥനോടിന്നഹിതമതു തുട–
> ങ്ങുന്നതെന്നൊന്നു ഘോഷി–

ച്ചാരാൽ നാരായണാക്ഷൗഹിണിയൊടുമുടനേ
    തന്റെ സൈന്യങ്ങളോടും
കൂറെല്ലാം ദൂരെവച്ചാക്കുരുകുലമഖിലം
    കൂസൽകൂടാതെ കൊല്‌വാൻ
പോരും ഞാനെന്നടുത്തു ധൃതിയൊടു കൃതവ–
    ർമ്മാവു വില്ലും കുലച്ചു്."
"അക്കാലത്തുഗ്രഭൃതപ്രവരപരിഷയോ–
    ടൊത്തുടൻ പത്തു ദിക്കും
വെക്കം ഞെട്ടിത്തെറിക്കുംപടി ഘടിതകഠോ–
    രാട്ടഹാസം മുഴക്കി
മുഷ്കാളും മൂർഖ! ദുര്യോധന! ശഠ! ശകുനേ!
    നില്ല നില്ലെന്നു മൂന്നാം
തൃക്കണ്ണല്പം തുറന്നാപ്പുരരിപു ഹൃദയ–
    ത്തട്ടിൽനിന്നിട്ടു ചാടി."

## മറ്റു കൃതികൾ

അംബോപദേശം അക്കാലത്തെ കവിസമ്പ്രദായമനുസരിച്ചു നടുവത്തച്ഛനും എഴുതിയെന്നേയുള്ളൂ.

"അമ്മൂമ്മ ചൊല്ലി പുനരിങ്ങനെയെങ്കിലും താ–
നമ്മട്ടിലമ്മകൾമനസ്സു പതിഞ്ഞതില്ല;
ധർമ്മത്തിലുള്ള രതികൊണ്ടവൾ സർവ്വലോക–
സമ്മാന്യയായ് സകലസൗഖ്യമൊടൊത്തു വാണാൾ"

എന്ന ശ്ലോകത്തിൽ അദ്ദേഹം അത്തരത്തിലുള്ള അമ്മായി ശ്ലോകോപദേശം സ്ത്രീകൾക്ക് അങ്ഗീകാരയോഗ്യമല്ലെന്നു ചൂണ്ടിക്കാണിക്കുന്നു. അതിനുശേഷമാണ്

"നേരേയംബോപദേശം നിരവധി നിലവി–
    ട്ടോർത്തു തീർത്തോരു നേരം
നേരമ്പോക്കിന്നുവേണ്ടിപ്പലവിധമുരചെ–
    യ്തുള്ള പാപം നശിപ്പാൻ"

ഭഗവൽസ്തുതി എന്ന പേരിൽ ഒരു ശ്രീകൃഷ്ണസ്തോത്രം രചിച്ചതു്. രണ്ടു കൃതികളും ഒരേ പുസ്തകത്തിൽ ചേർത്തുതന്നെ അച്ചടിപ്പിക്കുകയും ചെയ്തു. സ്നേഹിതനായ മരുത്തോമ്പിള്ളി നമ്പൂരി ശൃങ്ഗേരിമഠത്തിൽ പോയി ശങ്കരാചാര്യരോട് ഉപദേശം വാങ്ങിവന്ന വർത്തമാനമാണ് ശൃങ്ഗേരിയാത്രയിൽ വർണ്ണിച്ചിരിക്കുന്നതു്. കവിതന്നെ പോയി അതിൽ പറയുന്ന സംഭവങ്ങളെല്ലാം കണ്ടതുപോലെയുള്ള പ്രതീതിയാണു വായനക്കാർക്കുണ്ടാകുന്നതു്. മരുത്തോമ്പിള്ളി ആചാര്യസ്വാമികളെ കാണുന്ന ഭാഗം പ്രത്യേകിച്ചും മധുരമായിട്ടുണ്ടു്.

"ബ്രഹ്മജ്ഞൻ ഗുണവാൻ നിത്യബ്രഹ്മചാരി സനാതനൻ;
സമ്മതൻ സജ്ജനങ്ങൾക്കു കല്മഷംതീർന്ന പൂരുഷൻ;

ഊഴിവാനവനാമെന്റെ തോഴരിൽക്കൃപയുള്ളവൻ
ആഴിയോളം മനക്കാമ്പിന്നാഴമുള്ള യതീശ്വരൻ"

എന്നും മറ്റുമുള്ള ശ്ലോകങ്ങൾ കോൾമയിർക്കൊള്ളാതെ വായിക്കാവുന്നതല്ല. അതു പോലെതന്നെയാണ് അഷ്ടമീയാത്രയിൽ കവി വയ്ക്കത്തുവച്ചു വലിയ കോയിത്തമ്പുരാനുമായി സംഭാഷണം ചെയ്യുന്ന ഭാഗവും. ഖണ്ഡകൃതികളിൽ ചാലക്കുടിപ്പുഴ പ്രത്യേകിച്ചു നന്നായിട്ടുണ്ട്.

### എഴുത്തുകൾ

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ എഴുത്തുകൾക്കുള്ള ഗുണമില്ലെങ്കിലും അച്ഛന്റെ എഴുത്തുകളും കൊള്ളാവുന്നവയാണ്. മലയാളമനോരമയിലും മറ്റും വളരെപ്പേർക്ക് അദ്ദേഹം കത്തുകൾ എഴുതിക്കൊണ്ടിരുന്നു. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

> “ഓടക്കുഴൽക്കളരവം തെളിവോടു കേട്ടി–
> ട്ടോടിക്കുഴഞ്ഞരികിൽ വന്ന നതാങ്ഗിമാരെ
> കൂടുന്ന മോദമൊടു ലക്ഷ്മി വസിച്ചിടും മാ–
> റോടൊത്തുചേർത്ത മധുസൂദനനെത്തൊഴുന്നേൻ.”
>
> (ശ്രീകൃഷ്ണവന്ദനം)

> “പെട്ടെന്നു പെൺകുട്ടികളെക്കരങ്ങൾ
> കൊട്ടിക്കളിപ്പിച്ചു കണക്കിലാക്കാൻ
> പിട്ടല്ല പാരിൽബ്ഭരതന്നു തുല്യം
> കിട്ടില്ലൊരാളെക്കിഴമേൽ മറിഞ്ഞാൽ.”
>
> (ഭരതൻഭാഗവതർക്ക്)

> “ഒരിടത്തെന്നെദ്ദൂരത്തൊരിടത്തയ്യോ! ഭവാനെയും ദൈവം
> ഇരിയെന്നിങ്ങനെ മാനകമെരിയുംവണ്ണം കടുക്കിലിട്ടല്ലോ.”
>
> (കണ്ടൂർ നാരായണമേനോന്)

## നടുവത്തു മഹൻനമ്പൂരി (1043–1119)

### ജനനവും വിദ്യാഭ്യാസവും

നടുവത്തു മഹൻ (നാരായണൻ) നമ്പൂരി 1043-ാമാണ്ടു മേടമാസം 17-ആംനു- തിരുവോണംനക്ഷത്രത്തിൽ ജനിച്ചു. നടുവത്തച്ഛൻ, വൈലൂർ ഈശ്വരവാരിയർ, ഇളമന ഇളയതു എന്നിവരോടു സംസ്കൃതത്തിൽ പ്രാഥമികപാഠങ്ങൾ അഭ്യസിച്ചതിനുമേൽ കൊടുങ്ങല്ലൂരേക്കു പോയി. അവിടത്തെ കെങ്കത്തമ്പുരാട്ടി എന്ന വിദുഷിയോടു കാവ്യനാടകാലങ്കാരങ്ങളും കുഞ്ഞിരാമവർമ്മൻതമ്പുരാനോടു വ്യാകരണവും പഠിച്ചു. സാമാന്യം നല്ല വൈദുഷ്യം ആ ഭാഷയിൽ സമ്പാദിച്ചു.

### മുൻഷിപ്പണി

പഠിത്തം കഴിഞ്ഞപ്പോൾ കൊടുങ്ങല്ലൂർ സർക്കാർപള്ളിക്കൂടത്തിൽ മുൻഷിയായി മഹൻ നിയമിക്കപ്പെട്ടു. കൊടുങ്ങല്ലൂർക്കവിതക്കളരിയിൽ അതിനുമുൻപുതന്നെ പയറ്റു മുറകൾ അഭ്യസിച്ചിരുന്ന അദ്ദേഹത്തിന്റെ ആദ്യത്തെ കൃതി സി.പി. അച്യുതമേനോൻ മന്നാടിയാർക്കെതിരായി പ്രസിദ്ധീകരിച്ച ഉത്തരരാമചരിതത്തിലെ ഒരു ഭാഗമായിരുന്നു. അക്കാലത്തുതന്നെയായിരുന്നു മുദ്രാരാക്ഷസം നാടകവും തർജ്ജമ ചെയ്തതു്. സി.പി. യും കണ്ടൂർ നാരായണമേനോനുമായിരുന്നു ആ തർജ്ജമയുടെ ഭാരം കൈയേറ്റതു്. എങ്കിലും അവർ മറ്റു പല കവികളെക്കൂടി ആ ഉദ്യമത്തിൽ ഭാഗഭാക്കുകളാക്കി. ആ സംഭവത്തെക്കുറിച്ചു മേൽ പ്രസ്താവിക്കാം. വെണ്മണി

മഹനെയാണ് നടുവം തന്റെ കവിതാവിഷയത്തിൽ പ്രധാന ഗുരുനാഥനായി കരുതിവന്നതു്. 1073-ൽമാത്രമാണ് അദ്ദേഹം ഗുമാനി കവിയുടെ ഉപദേശശതകത്തിനു സാരോപദേശം എന്ന പേരിലുള്ള ഭാഷാനുവാദം പ്രസിദ്ധപ്പെടുത്തിയതു്. എങ്കിലും വെണ്മണിമഹൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ അതെഴുതി എന്നുള്ളതിനു

> "കല്യൻ നിർമ്മലനായ വെണ്മണി മഹൻനമ്പൂതിരിപ്പാടെനി–
> ക്കുല്ലാസാൽ കവിതയ്ക്കു ഗുണമേകീടേണമേ ദൈവമേ."

എന്ന അതിലെ ഒരു ശ്ലോകാർദ്ധം ജ്ഞാപകമാണ്. 1070-ൽ കൊടുങ്ങല്ലൂർനിന്നു നമ്മുടെ കവിയെ പഴയന്നൂരേക്കു മാറ്റി. അവിടെ അഞ്ചുകൊല്ലം പണി നോക്കി. 1075-ൽ അനുജൻ മരിച്ചപ്പോൾ അച്ഛന്റെ ശുശ്രൂഷയ്ക്കും കുടുംബസ്വത്തുക്കളുടെ ഭരണത്തിനുമായി ഇല്ലത്തേക്കു തിരിച്ചുപോന്നു. നടുവത്തു നിന്ന് ഒരു നാഴിക അകലെയുള്ള പെരഞ്ചേരി വീട്ടിൽനനാനിക്കുട്ടിഅമ്മയായിരുന്നു അദ്ദേഹത്തിന്റെ പത്നി.

## അനന്തരജീവിതം

കുടുംബഭരണത്തിൽ മഹൻ ഏറ്റവും സമർത്ഥനായിരുന്നു. 1078-ൽ ആവട്ടുത്തൂർ (അഗസ്ത്യപുത്തൂർ) ശിവക്ഷേത്രത്തിന്റെ സാമ്പത്തികസ്ഥിതി നന്നാക്കുവാൻ വേണ്ടി അതിന്റെ ഭരണംകൂടി ഏറ്റെടുക്കുകയും, 1097 വരെ ആ ഭാരം സ്തുത്യർഹമായി നിർവഹിച്ചു പ്രസ്തുത ക്ഷേത്രത്തെ ഋണബാധയിൽനിന്നു നിശ്ശേഷം വിമുക്തമാക്കി, പുതുക്കിപ്പണിയിച്ച് അവിടെ ധ്വജപ്രതിഷ്ഠ കഴിപ്പിക്കുകയും ചെയ്തു. "ആവട്ടുത്തൂരിൽ വാഴും പുരഹരൻ" നടുവത്തില്ലത്തെ ഗ്രാമപരകദേവതയാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ, ശീവൊള്ളി നാരായണൻനമ്പൂരി മുതലായ കവികളുമായി ആദ്യകാലം മുതല്ക്കുതന്നെ കത്തിടപാടു നടത്തിക്കൊണ്ടിരുന്നതിനുപുറമെ പഴയന്നൂരിൽ താമസമായിരുന്നപ്പോഴും പല കൃതികൾ രചിച്ചു വന്നു. മലയാളമനോരമ തുടങ്ങിയ പത്രങ്ങളിലും, രസിക രഞ്ജിനി കവനോദയം മുതലായ മാസികകളിലും അനേകം ലഘുകാവ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1119 മേടം 27-ആംനു- പരലോകപ്രാപ്തനായി. അദ്ദേഹത്തിന്റെ അപ്ഫന്റെ മകൻ നടുവത്തു ശങ്കരൻനമ്പൂരിയും ഒരു നല്ല കവി എന്നു പേരെടുത്തിട്ടുണ്ട്.

## കൃതികൾ

(1) ഉത്തരരാമചരിതം തർജ്ജമ മൂന്നാമങ്കം (1067), (2) മുദ്രാരാക്ഷസം (കുന്നേഴവുമായി കൂട്ടുചേർന്ന് -1068), (3) സാരോപദേശശതകം (പ്രകാശനം 1073-ൽ), (4) ഘോഷയാത്രാനാടകം (1071), (5) അംബാസ്തവം (1073), (6) ഗുരുവായൂരപ്പന്റെ കഥ, (7) സ്തവമഞ്ജരി (1100), (8) കാവ്യശകലങ്ങൾ (1101), (9) സന്താനഗോപാലം കാവ്യം (1101), (10) മഹാത്മാഗാന്ധിയുടെ ആശ്രമപ്രവേശം, (11) മഹിഷമർദ്ദനം വഞ്ചിപ്പാട്ട് (1081), (12) ഗുരുവായൂരപ്പൻ കൈകൊട്ടിക്കളിപ്പാട്ട്, (13) ഭക്തിലഹരി ഇവയാണ് വടുവംമഹന്റെ പ്രധാന കൃതികൾ. ഇവയിൽ ഒന്നും മൂന്നും കൃതികളെപ്പറ്റി പ്രസ്താവിച്ചു കഴിഞ്ഞു. വിശാഖദത്തന്റെ മൂലകൃതിയുടെ ഭഷാനുവാദമാണ് മുദ്രാരാക്ഷസം. അതിൽ നിന്നു രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു.

> "മാറിൽത്തച്ചിട്ടു പൊട്ടീടിന മണിവലയം
> ഭ്രഷ്ടമാമുത്തരീയം
> പാരം ഹാഹേതി ദീനസ്വരമവനിരജോ–
> രൂക്ഷമാം ചൂർണ്ണകേശം

പാരാതെന്നമ്മമാർക്കീവിധമഴലിലെഴ–
  ന്നോരവസ്ഥാന്തരം ഞാൻ
വൈരിസ്ത്രീകൾക്കു ചേർത്തേ ഗുരുവിനിനി നിവാ–
  പോദകം നല്കയുള്ളൂ.”

“ശൂരർക്കു ചേരുമൊരു ഭാരമെടുത്തെതിർത്തു
പോരിട്ടു താതഗതമാം വഴി പോകയെന്നോ,
പാരാതെ മാതൃനയനങ്ങളിൽനിന്നു ബാഷ്പം
വൈരിപ്രിയാക്ഷികളിലേക്കു നയിക്കയോതാൻ.”

മുദ്രാരാക്ഷസം 1068-ൽ എഴുതിത്തീർന്നു. അതിൽ മഹന്റെ സഹപ്രവർത്തകനായിരുന്ന കുനേഴത്തു പരമേശ്വരമേനോൻ വിവിധവിഷയങ്ങളിൽ വൈദുഷ്യമുള്ള ഒരു പണ്ഡിത പ്രവേകനും കവിയുമാണ്.

## കവിതാരീതി

നടുവം മഹൻ നല്ല നിഷ്കർഷയോടുകൂടിയാണ് കവിതകൾ എഴുതിക്കൊണ്ടിരുന്നത്. ശബ്ദസുഖം ധാരാളമുണ്ട്. നിരർത്ഥകപദങ്ങൾക്കു പ്രവേശമില്ല; വെണ്മണി മഹന്റേയും, അതിൽ കുറേക്കൂടി കവിഞ്ഞ ശീവൊള്ളിയുടേയും രീതിയിൽ ഫലിതം തട്ടിവിടും; രസഭാവങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കും; ചിലപ്പോൾ മൃദുലമായും മറ്റു ചിലപ്പോൾ ഗംഭീരമായും സന്ദർഭാനുഗുണമായി തൂലിക വ്യാപരിപ്പിക്കും; ഇങ്ങനെ ശ്ലാഘനീയമായ ഒരു കവിതാപദ്ധതിയിലാണ് അദ്ദേഹം സ്വച്ഛന്ദമായി സഞ്ചരിച്ചിരുന്നത്.

## സ്തവമഞ്ജരി

മഹന്റെ സ്തോത്രങ്ങൾക്കു പ്രത്യേകം ഒരു ആകർഷണശക്തിയുണ്ട്. വാർദ്ധക്യത്തിലെ കൃതിയായ ഭക്തിലഹരി ഗുരുവായൂരപ്പനെക്കുറിച്ചുള്ള ഒരു സ്തോത്രമാണ്. അതിൽ ശാർദ്ദൂലവിക്രീഡിതത്തിൽ രചിച്ച 173 ശ്ലോകങ്ങളുണ്ട്. സ്തവമഞ്ജരിയിൽ കൃഷ്ണപരങ്ങളായും ദേവീപരങ്ങളായുമുള്ള സ്തുതികൾക്കുപുറമേ ഓരോ അവസരത്തിൽ നേരിട്ട കുടുംബദുഃഖങ്ങളുടെ ശമനത്തിനായി വിവിധ ദേവതകളെ പ്രാർത്ഥിക്കുന്ന ‘ദിനാക്രന്ദനസ്തവങ്ങ’ളുമുണ്ട്. ഈ സ്തവങ്ങൾ വിശേഷിച്ചും ഹൃദയങ്ഗമങ്ങളാണ്. കവിയുടെ പത്നിയ്ക്കു നേരിട്ട കർണ്ണരോഗത്തെപ്പറ്റി അനുവാചകന്മാരെ ആകമാനം കരയിക്കുന്ന ഒരു വിലാപം അദ്ദേഹം എഴുതീട്ടുണ്ട്. അതിലെ ഒരു ശ്ലോകമാണ് താഴെ കാണുന്നത്.

“പൊട്ടിച്ചിന്നുന്ന ധൈര്യം പുരമഥന! വിഭോ!
  കൂരിരുട്ടാർന്നു മൂടും–
മട്ടിൽക്കാണുന്നു ലോകം; ഹൃദയമിഹ വിറ–
  യ്ക്കുന്നു; വേർക്കുന്നു ദേഹം;

തട്ടിപ്പോരുന്നതല്ലീനിലയിലടിയനെ–
  ന്തൊക്കെയോ; ദേവ! നാനി–
ക്കുട്ടിക്കീ വന്ന ദീനം പരമരനിമിഷം–
  കൊണ്ടു മാറ്റിത്തരേണം.”

### കാവ്യശകലങ്ങൾ

ഇതും ചില ഖണ്ഡകൃതികളുടെ സമുച്ചയമാണ്. പല ക്കുട്ടകവിതകൾക്കും, മുകുന്ദപുരത്തു കൊറ്റനല്ലൂർ കുട്ടപ്പിള്ളിമന കൃഷ്ണൻനമ്പൂരിയുടെ ദേഹവിയോഗത്തെ വിഷയീകരിച്ച രചിച്ചിട്ടുള്ള 'കൃഷ്ണപ്പ'നും പുറമെ മഹന്റെ ഉൽക്കൃഷ്ടകൃതികളിൽ ഒന്നായ 'കിഞ്ചിച്ഛേഷവും' ഇതിൽ അടങ്ങിയിരിക്കുന്നു. കിഞ്ചിച്ഛേഷത്തിൽനിന്നു പുതുമോടികളെ അവഹേളനം ചെയ്യുന്ന ഘട്ടത്തിലുള്ള ഒരു മനോഹരമായ ശ്ലോകം ചുവടേ ചേർക്കാം.

> "മാറത്തു കുന്തൽ, മുടിവെട്ടൽ മനസ്സിരുത്തു–
> ന്നേരത്തു കൈകടി, തനിച്ച മുഖംവടിക്കൽ,
> ദാരങ്ങളൊത്തു പല വീമ്പുപറഞ്ഞു സന്ധ്യ–
> നേരത്തെ ലാത്തലിവ വൈദികവൃത്തിയിപ്പോൾ."

നിരവധി സാരോപദേശങ്ങൾ ഈ കൃതിയിൽ കവി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### സന്താനഗോപാലം

ഇതു കവി അഞ്ചു സർഗ്ഗങ്ങളിൽ രചിച്ചിട്ടുള്ള ഒരു സരസകാവ്യമാണ്. പുരാണകഥ വിസ്തരിച്ച പ്രതിപാദിച്ചിട്ടുണ്ട്. ഒരു ശ്ലോകം ഉദ്ധരിക്കാം.

> "ഇള്ളക്കിടാവിളകി; കണ്ണിനു പറ്റി; നോവോ
> പിള്ളയ്ക്കു തട്ടി;യൊരു മൂക്കിനിയത്രയായി;
> വെള്ളം തിളിപ്പതിനൊരുക്കുക,യെന്നകായി–
> ലുള്ളപ്പരിഭ്രമവചസ്സുകൾ കേട്ടു വിപ്രൻ."

### ആശ്രമപ്രവേശം

മഹാത്മാഗാന്ധി തന്റെ സഹധർമ്മിണിക്കു നൽകുന്ന സദുപദേശമാണ് ഈ കാവ്യത്തിലെ വിഷയം. പല പുരാണകഥകളേയും മറ്റും ഇതിൽ സംക്ഷിപ്തമായും എന്നാൽ സമഞ്ജസമായും പ്രതിപാദിച്ചിരിക്കുന്നു. അനേകം വേദാന്തതത്വങ്ങളും എടുത്തുകാണിച്ചിട്ടുണ്ട്. നോക്കുക ഒരു വേശ്യയുടെ ചിത്രം.

> "വീട്ടിൽപ്പുലർന്ന പുതുപുഞ്ചിരിയും, കഴുത്തു
> വെട്ടിക്കലും, തല ചെരിഞ്ഞു കനിഞ്ഞ നില്പും,
> തട്ടിപ്പു കൂടിയ കടാക്ഷമിടയ്ക്കിടയ്ക്കു
> തട്ടിക്കൊടുക്കുമടവും, കിടയറ്റമെയ്യും.
>
> മുട്ടിൽക്കവിഞ്ഞകരിവാർകുഴലും, വിശേഷ–
> മട്ടിൽച്ചമഞ്ഞൊരരഴകും, ചൊടിയും, വെടിപ്പും,
> പട്ടിട്ടു മൂടിയ കുചങ്ങളുമാർന്ന തങ്ക–
> ക്കുട്ടിക്കുരങ്ഗമിഴി മാരനെയും മയക്കും."

### മഹിഷമർദ്ദനം വഞ്ചിപ്പാട്ട്

രസികരഞ്ജിനീ മാസികയിൽ വള്ളത്തോൾ നാരായണമേനോന്റെ തപതീസംവരണം, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ അജാമിളമോക്ഷം, നടുവം മഹന്റെ മഹിഷമർദ്ദനം എന്നീ മൂന്നു വഞ്ചിപ്പാട്ടുകൾ തുടരെത്തുടരെ പ്രസിദ്ധീകരിക്കുകയുണ്ടായി.

മൂന്നും നന്നായിട്ടുണ്ട്. മഹിഷമർദ്ദനംതന്നെയാണ് വളരെ മാറ്റമൊന്നുംകൂടാതെ പിഷാരിയിക്കൽ അമ്മ എന്ന പേരിൽ ഗുരുവായൂരപ്പൻ എന്ന തിരുവാതിരപ്പാട്ടോടു ചേർത്തു മുദ്രിതമായിട്ടുള്ളതു്. ഗുരുവായൂരപ്പനെപ്പറ്റി വിശേഷവിധിയായി ഒന്നും പ്രസ്താവിക്കേണ്ടതില്ല. ഗുരുവായൂരപ്പന്റെ കഥയിൽ ഗുരുവായൂരപ്പന്റെ ആഗമനത്തെസ്സംബന്ധിച്ചുള്ള ഐതിഹ്യങ്ങൾ 101 ശ്ലോകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. മഹിഷമർദ്ദനത്തിന്റെ അവസ്ഥ അതല്ല; ഭാഷയിലെ വഞ്ചിപ്പാട്ടുകളുടെ കൂട്ടത്തിൽ അതിന് അഭ്യർഹിതമായ ഒരു സ്ഥാനമുണ്ടു്. ചില വരികൾ വായിക്കുക.

“കടലിലെത്തിര വന്നിങ്ങടിച്ചേറുന്നതുപോലെ
നടന്നേറും ‘ചതുരങ്ഗം’ നയിച്ചൊരുക്കി

ഇടയ്ക്കിടെച്ചെറുഞാണിൻ രടിതത്താലൂലകുകൾ
പിടിപ്പിച്ചാ മഹിഷനും പിടിച്ചുകേറി.

പല്ലുകുട്ടിക്കടിച്ചും നില്ലുനില്ലെന്നുരച്ചവൻ
വില്ലും കത്തിക്കുലച്ചസ്ത്രം വിട്ടുവിട്ടെത്തി.

‘തുല്ലുതുല്ലെ’ന്നോതിയോതിപ്പുല്ലുപോലേ പറപ്പിച്ചു
ചൊല്ലുകൂട്ടും ഭഗവതി തുറിച്ചുനോക്കി.

വിട്ടിടുന്ന ശരം മെയ്യിൽത്തൊട്ടിടാഞ്ഞു കരം കൊട്ടി–
ക്കുട്ടിത്തിങ്കളെതിർദംഷ്ട്ര കുതിച്ചുചാടി.

വെട്ടിടുന്ന പുത്തിടിയും ഞെട്ടിപ്പോകും മട്ടിലവൻ
തട്ടി നാലഞ്ചട്ടഹാസം തകൃതികൂട്ടി.”

## ഫലിതം

മഹൻനമ്പൂരിയുടെ ഫലിതപ്രയോഗത്തെക്കുറിച്ചു പറഞ്ഞുവല്ലോ. അതിനുകൂടി രണ്ടുദാഹരണങ്ങൾ കാണിക്കാഞ്ഞാൽ പ്രകരണം പൂർണ്ണമാകുന്നതല്ല. സർക്കാരിലേക്കു തീവണ്ടിയ്ക്കായെടുത്ത കുടുംബവസ്തുവിനു പൊന്നുംവില കിട്ടാനുള്ള താമസത്തെപ്പറ്റി പാലിയത്തു ചെറിയ കുഞ്ഞുണ്ണിയച്ചന് അയച്ച ഒരു കത്തിൽ കവി ഇങ്ങനെ എഴുതുന്നു.

“കണ്ടം കണ്ടതെടുത്തിടും വില തരാനാരെങ്കിലും ചൊല്ലിയാൽ
ശണ്ഠയ്ക്കെത്തിടുമെന്തുപദ്രവ,മിതാർക്കാനും സഹിക്കാവതോ?
മിണ്ടീടാൻ വഴിയില്ല, കഷ്ടമിവരീവണ്ണം തുടർന്നാൽ വിശ–
മിണ്ടീടാൻ വഴിയില്ല, കഷ്ടമിവരീവണ്ണം തുടർന്നാൽ വിശ–
പ്പുണ്ടായാലതടങ്ങുമോ? കവിമണേ! തീവണ്ടി തിന്നാവതോ?”

“രാവല്പം ബുദ്ധിമുട്ടാം മറുപടിയെഴുതി–
ത്തള്ളിടാമെന്നുവെച്ചാൽ

ഭാവം മാറും പികാലാപിനി ചൊറി പറയും
പേന തട്ടിപ്പറിയ്ക്കും
ആ വട്ടപ്പോർമുലപ്പെൺകൊടിയിലധികമായ്
പ്രേമമുണ്ടപ്രിയം ഞാൻ
ജീവൻ പോയാലുമോതില്ലവളുടെ കനിവി–
ല്ലെങ്കിലൊക്കെക്കുഴക്കം."

മഹിഷമർദ്ദനത്തിന്റെ അവസാനത്തിൽ ഒറവങ്കരക്കൃതികളുടേയും ശീവൊള്ളിക്കൃതികളുടേയും ഛായയിലുള്ള ഒരു പ്രാർത്ഥന കൂടി കാണ്മാനുണ്ട്. അതാണ് താഴെ ച്ചേർക്കുന്നത്.

"ചിത്തരംഗം കലിധർമ്മം വിറ്റെടുപ്പാൻ വിധിയുണ്ടെ–
ന്നെത്തീടുന്ന മായയെന്നോരാമീനുമായി;
ജപ്തിചയ്തു ലേലം വിറ്റി വസ്തു സന്നതാക്കിക്കാതെ–
ന്നത്താൽ തീർക്ക ജഗത്തിന്റെ ജഡ്ജിജിയമ്മേ!"

## കാത്തുള്ളിൽ അച്യുതമേനോൻ (1026–1085)

### ജനനവും വിദ്യാഭ്യാസവും

കൊടുങ്ങല്ലൂർത്താലൂക്കിൽ മേത്തല അംശത്തിൽ കാത്തുള്ളി എന്നൊരു പ്രസിദ്ധമായ ഗൃഹമുണ്ട്. ആ ഗൃഹത്തിൽ കല്യാണിയമ്മയുടേയും കൊടുങ്ങല്ലൂർ പുല്ലറ്റംശം മാമ്പറയില്ലത്തെ നാരായണൻനമ്പൂരിയുടേയും പുത്രനായി അച്യുതമേനോൻ 1026-ാമാണ്ടു മകരമാസം 8-ആംനു- ഭരണി നക്ഷത്രത്തിൽ ജനിച്ചു. അക്കാലത്തു കാരണവരായ ഇട്ടിരാരിച്ച മേനോന്റെ ഭരണത്തിൽ ആ തറവാടു സമ്പത്സമൃദ്ധമായിത്തീർന്നു. അച്യുതമേനോനെ പ്രഥമപാഠങ്ങൾ പഠിപ്പിച്ചതു് ചിങ്ങപുരത്തു് അച്യുതവാരിയരായിരുന്നു. അന്നു തന്നെ നമ്മുടെ കവിക്കു ഭാഷാസാഹിത്യത്തിൽ ഉണ്ടായിരുന്ന അഭിരുചി തന്റെ മാതാവു് എഴുത്തച്ഛൻപാട്ടുകൾ കർണ്ണാനന്ദകരമായി വായിക്കുന്നതിൽ നിപുണയായിരുന്നതിനാൽ തദ്വാരാ ഒന്നുകൂടി വർദ്ധിച്ചു. ജൈമിനീയാശ്വമേധം കിളിപ്പാട്ടിൽ ആ സുചരിതയെ കവി ഇങ്ങനെ വർണ്ണിക്കുന്നു.

"ബാലത്വം പൂണ്ടുള്ള നാളന്തികേ വിളിച്ചെനി–
ക്കാലസ്യം തീരും സിതാപക്വാദിഭക്ഷ്യങ്ങളെ
പ്രേമപൂർവകം തന്നു പാട്ടിലങ്ങിരുത്തീട്ടു
താമസിക്കാതെ കിളിപ്പാട്ടുപുസ്തകങ്ങളെ

നേരോടേ വിലോകിപ്പിച്ചുള്ളിലായീടുംമട്ടി–
ലോരോരോ പദം ചൊല്ലിത്തന്നു താൻ വായിപ്പിച്ചു
ഗോഷ്ഠികൂടാതെ ഭാഷാഗ്രന്ഥങ്ങൾതോറും നല്ല
കുട്ടിവായന പഠിപ്പിച്ചൊരെൻ പെറ്റമ്മയെ."

അനന്തരം വിദ്വാൻ കുഞ്ഞിരാമവർമ്മൻതമ്പുരാന്റെ ശിഷ്യനായി സംസ്കൃതം അഭ്യസിച്ചുതുടങ്ങി. എന്നാൽ കാവ്യനാടകാലങ്കാരങ്ങൾ പഠിച്ചുകഴിഞ്ഞപ്പോൾ തറവാട്ടിലേക്കു പരമ്പരയായി സിദ്ധിച്ചിരുന്ന അംശംമേനോൻപണി നോക്കേണ്ടിവന്നതിനാൽ ശാസ്ത്രാഭ്യാസത്തിന് സൗകര്യം ലഭിച്ചില്ല. തനിക്കു തീരെ അഭിമതമല്ലാത്ത

ആ പണിയിൽനിന്നു കഴിയുന്ന വേഗത്തിൽ പിരിഞ്ഞു സ്വാതന്ത്ര്യം നേടി എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

## സാഹിത്യജീവിതം

കൊടുങ്ങല്ലൂർക്കോവിലകത്ത് ഒരു ‘നിത്യ’നെപ്പോലെ കഴിഞ്ഞുകൂടിയിരുന്ന അച്യുതമേനോന് അവിടത്തെ മഹാകവികളുമായി നിരന്തരസമ്പർക്കം പുലർത്തുന്നതിനും കവിതാപരീക്ഷകളിൽ മത്സരിക്കുന്നതിനും ലഭിച്ച അവസരം അദ്ദേഹം നിഷ്ഫലയോജനമാക്കിയില്ല. ശബ്ദാലങ്കാര പ്രയോഗത്തിൽ അദ്ദേഹത്തിന് അത്യധികമായ പ്രതിപത്തിയുണ്ടായിരുന്നു. “അതിപ്രാസമെണ്ണിപ്പെറുക്കി-ശ്ശ്ലോഷിച്ചീടാതെ കുത്തിത്തിരുകിവിടുവതിന്നച്യുതൻ” എന്നും മറ്റുമുള്ള പ്രശംസകളാണ് അദ്ദേഹം സഹചാരികളിൽനിന്നു സമാർജ്ജിച്ചിരുന്നത്. കൊച്ചുണ്ണിത്തമ്പുരാന്റെ പത്നിയായ ജാനകി അമ്മ അച്യുതമേനോന്റെ വൈമാത്രേയിയായ ഒരു കനിഷ്ഠസഹോദരിയായിരുന്നു എന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ ബന്ധവും അദ്ദേഹത്തിന്റെ കവിതാനിർമ്മാണത്തിന് ഉത്തേജകമായി. എങ്കിലും ആകസ്മികമായി വന്നുചേർന്ന കുടുംബദാരിദ്ര്യം നിമിത്തം ഏതാനും കൊല്ലത്തേക്ക് അദ്ദേഹം സാഹിതീസേവനത്തിൽനിന്നു വിരമിക്കേണ്ടിവന്നു. തറവാട്ടിന് ആ ദാരിദ്ര്യംനിമിത്തം സാരമായ സമ്പൽക്ഷയമുണ്ടായി. വീണ്ടും കൊച്ചുണ്ണിത്തമ്പുരാന്റേയും കുഞ്ഞിക്കുട്ടൻ തമ്പുരാന്റേയും ഉപദേശമനുസരിച്ചു കവിതാനിർമ്മാണത്തിൽ ഏർപ്പെട്ടുകയും യാവജ്ജീവം ആ കൃത്യം നിർവിഘ്നമായി അനുഷ്ഠിക്കുകയും ചെയ്തു. മലയാളമനോരമയുടെ ആവിർഭാവകാലംമുതല്ക്കുതന്നെ അച്യുതമേനോൻ പത്രങ്ങളിലും മാസികകളിലും കവിതകൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. 1095 തുലാമാസം 15-ആംനു- യശശ്ശരീരനായി.

## സ്വഭാവവും കവിതാരീതിയും

അച്യുതമേനോൻ പ്രകൃത്യാ ശാന്തനും വിനീതനുമായിരുന്നു. വെണ്മണിമഹൻ കലശലായി എതിർത്തതുകൊണ്ടു തന്റെ കവിപുഷ്പമാല പ്രസിദ്ധീകരിക്കുകയുണ്ടായില്ല. അദ്ദേഹത്തെപ്പോലെതന്നെ അനേകം കൃതികൾ ആരംഭിച്ചുവെങ്കിലും അവയിൽ പലതും പൂർത്തിയാക്കാതെ വിട്ടുകളഞ്ഞു. ഏതു സാഹിത്യസമിതിയിൽച്ചെന്നാലും അദ്ദേഹത്തിനു ബഹുമാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. കവിതാവിഷയത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ അധികമായി ശബ്ദസൗഷ്ഠവത്തിലാണ് പതിഞ്ഞതു്. സംസ്കൃതവൃത്തങ്ങളെ അപേക്ഷിച്ചു ഭാഷാവൃത്തങ്ങളാണ് അദ്ദേഹത്തിനു കൂടുതൽ വശംവദങ്ങളായിരുന്നതു് എന്നും പറയേണ്ടതുണ്ടു്.

## കൃതികൾ

അച്യുതമേനോന്റെ കൃതികളിൽ അതിപ്രധാനമായുള്ളതു്. (1) ജൈമിനീയാശ്വമേധം കിളിപ്പാട്ടാണ്. അതിനും പുറമേ, (2) രുക്മിണീസ്വയംവരം കാവ്യം പൂർവഭാഗം, (3) സതീനിദർശനം കാവ്യം, (4) നാഗാനന്ദം നാടകം (തർജ്ജമ), (5) കവിപുഷ്പമാല, (6) പ്രതാപമുകുടചരിതം കാവ്യം, (7) ആനന്ദരാമായണം കിളിപ്പാട്ട്, (8) വിക്രമാദിത്യചരിതം കിളിപ്പാട്ട്, (9) കുലടാഗഹണം കാവ്യം എന്നീ ഗ്രന്ഥങ്ങൾ കൂടി അദ്ദേഹത്തിന്റെ വകയായുണ്ടു്. സതീനിദർശനത്തിൽ സീതാദേവിയുടെ ചാരിത്ര്യത്തെക്കുറിച്ചുള്ള ഒരു വ്യാഖ്യാനമാണ് വിഷയം. രുക്മിണീസ്വയംവരം ഒടുവിലത്തെ കൃതിയാണ്. അതിന്റെ മദ്ധ്യോത്തരഭാഗങ്ങൾ കൊച്ചുണ്ണിത്തമ്പുരാൻ രചിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ കൃതിക്കു പ്രത്യേകമായ ആകർഷകത്വമൊന്നുമില്ല. വെണ്മണിമഹന്റെ ഭൂതിഭൂഷചരിതത്തെ അനുകരിച്ച് എഴുതിയ ഒരുദീർഘകാവ്യമാണ് പ്രതാപ

മകുടചരിതം. അതിൽ ഏതാനും ചില ശ്ലോകങ്ങൾ കണ്ടുകിട്ടീട്ടുള്ളു. ആകെ മൂവായിരം ശ്ലോകങ്ങളുള്ളതായി കൊച്ചുണ്ണിത്തമ്പുരാൻ പ്രസ്താവിച്ചിട്ടുണ്ട്. നാഗാനന്ദം വൃത്താനുവൃത്തമായാണ് തർജ്ജമ ചെയ്തിരിക്കുന്നത്. അതിലെ

> "സിരാമുഖത്തുറിവരുന്ന രക്ത–
> മിറച്ചിയുണ്ടിപ്പൊഴുമെന്റെ മെയ്യിൽ
> പരം ഗരുത്മൻ! തവ തൃപ്തി കണ്ടി–
> ല്ലിരിപ്പതെന്തിന്നിഹ തിന്നിടാതെ?"

എന്ന ശ്ലോകം പ്രസിദ്ധമാണ്. ആറുമുതല്ക്കുള്ള ഗ്രന്ഥങ്ങൾ പൂർണ്ണങ്ങളല്ലെന്നു തോന്നുന്നു. അവകൂടാതെ അച്യുതമേനോൻ ഒട്ടുവളരെ കൈകൊട്ടിക്കളിപ്പാട്ടുകളും ഉണ്ടാക്കിയിട്ടുണ്ട്. അവയെപ്പറ്റി ഇവിടെ പ്രസ്താവിക്കുന്നില്ല.

## ജൈമിനീയാശ്വമേധം

കാത്തുള്ളിയുടെ യശസ്സിനെ കല്പാന്തസ്ഥായിയാക്കുവാൻ ജൈമിനീയാശ്വമേധം കിളിപ്പാട്ട് ഒന്നുമാത്രം മതി. എഴുത്തച്ഛന്റെ മഹാഭാരതത്തോട് ഏറെക്കുറെ കിടനില്ക്കുകയും പദഘടനയിൽ അതിനേക്കാൾ ഉൽക്കൃഷ്ടം എന്നു പറയേണ്ടതുമായ ഒരു ശുകഗാനാമാണ് പ്രസ്തുതകൃതി. ദൈർഘ്യത്തിൽ അതിനു സമമായ കിളിപ്പാട്ട് വേറെ ഒന്നുമില്ല. 1065-ൽത്തന്നെ കവി ആ മഹാവ്യവസായത്തിൽ ഏർപ്പെട്ടിരുന്നതായി കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഒരെഴുത്തിൽനിന്നറിയുന്നു. വ്യാസഭാരതത്തിനുപുറമേ ജൈമിനിമഹർഷിയും ഒരു ഭാരതം എഴുതി എന്നാണ് ഐതിഹ്യം. എന്നാൽ അതിൽ അശ്വമേധപർവ്വം മാത്രമേ കണ്ടുകിട്ടീട്ടുള്ളു. അതിന്റെ ഒരു തമിഴുതർജ്ജമ ഒരു ശാസ്ത്രിയുടെ സഹായത്തോടുകൂടി വായിച്ചു മനസ്സിലാക്കി. ആ ഗ്രന്ഥമാണ് കവി ആദ്യം ഭാഷപ്പെടുത്തുവാൻ തുടങ്ങിയതു കുഞ്ഞിക്കുട്ടൻതമ്പുരാൻ അതറിഞ്ഞപ്പോൾ സംസ്കൃതത്തിലുള്ള മൂലഗ്രന്ഥംതന്നെ വരുത്തിക്കൊടുക്കുകയും, അതിനു മുൻപെഴുതിയ ഭാഗങ്ങൾ കാത്തുള്ളി അതിനെ ആസ്പദമാക്കി പരിഷ്കരിക്കുകയും ചെയ്തു. കുഞ്ഞിക്കുട്ടൻതമ്പുരാൻ കാത്തുള്ളിയുടെ തർജ്ജമ കൂടെക്കൂടെ പരിശോധിച്ചു തിരുത്തുകയും അപ്പോഴപ്പോൾ വേണ്ട ഉപദേശങ്ങൾ നല്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ വളരെക്കാലത്തെ പ്രയത്നത്തിന്റെ ഫലമാണ് ആ കാവ്യകൗസ്തുഭം. തെലുങ്കുഭാഷയിൽ പിന്നവീരഭദ്രയ്യാ ക്രി.പി. പതിനഞ്ചാം ശതകത്തിലും കർണ്ണാടകഭാഷയിൽ ലക്ഷ്മീശൻ പതിനെട്ടാം ശതകത്തിലും ആ കൃതി തർജ്ജമ ചെയ്തിട്ടുണ്ട് .കവിയശസ്സിൽ അശേഷം കാംക്ഷയില്ലാതിരുന്നതുകൊണ്ടു കാത്തുള്ളി അതു തന്റെ ജീവിതകാലത്തിൽ പ്രസിദ്ധീകരിച്ചില്ല. അദ്ദേഹത്തിന്റെ മരണാനന്തരം 1097-ൽ കൊച്ചുണ്ണിത്തമ്പുരാൻ ആ കാവ്യം വീണ്ടും പരിശോധിച്ചു പ്രകാശനം ചെയ്യിച്ചു. ജൈമിനിമഹർഷി ജനമേജയമഹാരാജാവിനോട് ആഖ്യാനം ചെയ്തതാണ് ആ ഇതിഹാസമാന്ന് ഉപക്രമത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ആകെ അഞ്ചു ഭാഗങ്ങൾ അടങ്ങീട്ടുണ്ട്. വ്യാസഭാരതത്തിൽ ഇല്ലാത്ത പല കഥകളും അതിൽ വായിക്കാവുന്നതാണ്. അനേകം ഭക്തന്മാരുടെ ചരിത്രങ്ങൾ വളരെ വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്നു. സുപ്രസിദ്ധമായ ചന്ദ്രഹാസചരിതം ആ ഗ്രന്ഥത്തിലുള്ളതാണ്. കാത്തുള്ളിയുടെ കമനീയമായ കാവ്യശൈലി. ഏതാനും ഈരടികൾ പകർത്തി പ്രദർശിപ്പിക്കാം.

> "നിബിഡഘനരുചിചികരരേഖമതിൽ മിന്നുന്ന
> നിർമ്മലശ്രീ ചേർന്ന പൊന്നിൻകിരീടവും

ശിശിരകരശിശുസദൃശകുടിലനിടിലാന്തരേ
ചിത്രോർദ്ധ്വപുണ്ഡ്രവും ചില്ലീവിലാസവും
കമലദളസമലളിതനയുഗവുംദയാ-
കമ്രകേളീകടാക്ഷാവലീഭങ്ഗിയും
മുകരനിറമുടയ കവിളിണയിൽ നിഴലിച്ചെഴും
മുഗ്ദ്ധശോഭം മീനകുണ്ഡലദ്വന്ദ്വവും

മധുരതരകരലസിതസിതകിരണനഞ്ചിടും
മന്ദഹാസപ്രസന്നാനനാംഭോജവും
സുഭഗദരദരജനകഗളതലവുമായതിൽ—
സ്സുന്ദരശ്രീകൗസ്തുഭോദാരരത്നവും—
ജലജമരിദരഗദകളിതുകളഴകോടെഴും
ജാജ്വല്യമാനങ്ങൾ നാലു ബാഹുക്കളും
വലിയ മണികലിതമണിവലയകടകാദിയും
വജ്രാങ്ഗുലീയാദിഭൂഷാവിശേഷവും
മഹിമയെഴുമുരസി പരമുരസി വിലസും മഹാ—
മാണിക്യമുക്താഫലാദിമാല്യങ്ങളും
പരമപരിമളമിളകുമരിയ വനമാലയും
സ്പഷ്ടപ്രകാശമാം ശ്രീവത്സചിഹ്നവും
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
അതുലമതുകളിലുപരി കളമൃദുരവം പൊഴി—
ച്ചന്നങ്ങൾപോലുള്ള പൊൻനൂപുരങ്ങളും
വളരുമൊരു മഹിമയൊടു കലരുമതിദുർല്ലഭം
വൈഷ്ണവാകാരം തെളിഞ്ഞുകണ്ടർജ്ജുനൻ
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
വലിയ ശുഭസഭയിലകമലിയുമളവേ വലം
വച്ചു സാഷ്ടാങ്ഗം നമസ്കരിച്ചീടിനാൻ.”

ഇനി രണ്ടുമൂന്നു മുക്തകങ്ങൾമാത്രം എടുത്തുകാണിക്കാനുണ്ട്.

## ഫലിതം

ഒരിക്കൽ പായ്ക്കാട്ടു നമ്പൂരിപ്പാട്ട് എന്ന കവിമ്മന്യൻ അച്യുതമേനോന് ഒരു ശ്ലോകമെഴുതി അയച്ചതിൽ പൂർവാർദ്ധം വസന്തതിലകവും ഉത്തരാർദ്ധം ശാർദ്ദൂലവിക്രീഡിതവുമായിപ്പോയി. അതിനു മേനോന്റെ മറുപടിയാണ് താഴെക്കുറിക്കുന്നത്.

“പദ്യം ഭവാനെഴുതിവിട്ടതു ഹന്ത! മാസ—
സ്സദ്യയ്ക്കു തുല്യമതിവിസ്മയനീയമോർത്താൽ
വിദ്യാനിധേ! വലിയ വൃത്തവുമുണ്ടു, നല്ല
ഹൃദ്യാഭമാം ചെറിയ വൃത്തവുമുണ്ടതിങ്കൽ.”

ഉമാരമാസംവാദം:

“നന്നോ മെയ്യുണവാനുമേ! ഫണി? രമേ! മെത്തയ്ക്കു
കൊള്ളാം; കണ—
ക്കെന്നോ കാളയിതേറുവാനനുദിനം? മേച്ചീടുവാനുത്തമം;

എന്നാലെന്നമിരന്നിടുന്നതഴകോ? കക്കുന്നതിൽബ്ഭേദമാ–
ണെന്നാക്കുന്നലർമങ്കമാരുടെ കളിച്ചൊല്ലിങ്ങു താങ്ങാ–
കണം.”

സമസ്യാപൂരണം:

“തിണ്ണം ചെന്നിട്ടു തീയിൽത്തെളിവിനോടു തിള–
യ്ക്കുന്ന പാലൊട്ടു പൊന്നിൻ–
കിണ്ണംകൊണ്ടമ്മ കാണാതടവിലുടനുടൻ
മുക്കി മൂക്കിൽപ്പുതുങ്ങി
കർണ്ണം പാർത്തങ്ങു നിന്നായതു ചൊടിയിണകൊ–
ണ്ടൂതിയൂതിക്കുടിക്കും
കണ്ണൻ കല്യാണപൂർണ്ണൻ കളകമലദള–
ക്കണ്ണനെൻ കണ്ണിലാമോ?”

ഇതിൽ ചതുർത്ഥപാദമാണ് സമസ്യ.

## ഒറവങ്കര നീലകണ്ഠൻനമ്പൂരി (1032–1092)

### ജനനവും വിദ്യാഭ്യാസവും

കൊച്ചിരാജ്യത്തു കല്ലൂർ മുതലായ മനകളെപ്പോലെ മന്ത്രവാദത്തിനു പ്രാചീനകാലം മുതല്ക്കു തന്നെ കേൾവിപ്പെട്ടതായി കോശ്ശാപ്പിള്ളി എന്നൊരില്ലമുണ്ടായിരുന്നു. ആ ഇല്ലം അന്യംനിന്നപ്പോൾ-ആ ഇല്ലത്തെ ഒരു നമ്പൂരി തന്റെ സുഹൃത്തായ കണ്ടാരത്തു നമ്പൂരിയെ രക്ഷിക്കുവാൻ ചോറ്റാനിക്കര ഭഗവതിയെക്കൊണ്ടു് ഒരു യക്ഷിയെ സംഹരിച്ചു എന്നും അതിന്റെ ഫലമായാണ് ആ ഇല്ലം അന്യംനില്ക്കുവാൻ ഇടയായതെന്നും ഒരൈതിഹ്യമുണ്ടു്-പ്രസ്തുത കുടുംബത്തിലെ വസ്തുവകകൾ മുകുന്ദപുരം താലൂക്കിൽ കല്ലൂരംശം വത്തിശ്ശേരിയിൽ ഒറവങ്കര ഇല്ലത്തേക്കു് ഒതുങ്ങി;അതോടു കൂടി മന്ത്രവാദത്തിൽ വൈദഗ്ദ്ധ്യവും ആ കുടുംബത്തിലേക്കു സംക്രമിച്ചു. നീലകണ്ഠൻനമ്പൂരി ഒറവങ്കര ശങ്കരൻനമ്പൂരിയുടെ ആദ്യത്തെ വേളിയിൽ ജനിച്ച പ്രഥമപുത്രനായിരുന്നു. രണ്ടാമത്തെ വേളിയിൽ അതിനു കുറേ മുമ്പു ശങ്കരൻ നമ്പൂരി എന്നൊരു പുത്രൻ കൂടി ജനിച്ചിരുന്നു. നമ്മുടെ കവിയുടെ ജനനം 1032-ാമാണ്ടു് ഇടവമാസം 25-ആംനു- തൃക്കേട്ട നക്ഷത്രത്തിലായിരുന്നു. സംസ്കൃതത്തിൽ പ്രാഥമിക പാഠങ്ങൾ ശങ്കരൻനമ്പൂരിയിൽനിന്നുതന്നെയാണ് അഭ്യസിച്ചതു്. പിതാവിൽനിന്നു കുറെ മന്ത്രവാദവും ഗ്രഹിച്ചു. 1049 കർക്കടകത്തിൽ കൊടുങ്ങല്ലൂരിലേക്കു പോയി വിദ്വാൻ കുഞ്ഞിരാമവർമ്മൻതമ്പുരാന്റെ കീഴിൽ ആറേഴു കൊല്ലം നിഷ്കർഷിച്ചു സംസ്കൃതം പഠിച്ചു. സിദ്ധാന്തകൗമുദി പൂർവഭാഗവും തർക്കസംഗ്രഹവും വായിച്ചു. 1056-ൽ ഒരു കൊല്ലം കാവിൽ ഭദ്രകാളിയെ ഭജിച്ചു. അതു കഴിഞ്ഞപ്പോൾ ഒന്നാംതരം കവിയും മന്ത്രവാദിയുമായി. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സന്തതസഹചാരിയായി പല കവിതാപരീക്ഷകളിലും ചേർന്നു വിജയം നേടി. ഫലിതപ്രയോഗത്തിലായിരുന്നു വാസന അധികം. “ഫലിതമധികമായ് രാജവിപ്രൻ ചമയ്ക്കും” എന്നു കൊച്ചുണ്ണിത്തമ്പുരാനും, “ഫലിതത്തിനു രാജാവും” എന്നു വെണ്മണി മഹനും ആ വിഷയത്തിൽ അദ്ദേഹത്തിനു പ്രശംസാപത്രം നല്കീട്ടുണ്ടു്. അവർ രണ്ടുപേരുമായിരുന്നു അദ്ദേഹത്തിന്റെ കവിതാഗുരുക്കന്മാർ.

## അനന്തരജീവിതം

1056-ാമാണ്ടിടയ്ക്ക് ഒറവങ്കര ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചു. ഒരു സംവത്സരം കഴിഞ്ഞപ്പോൾ ആ സാധ്വി പരേതയായി. കുറേക്കാലം നമ്മുടെ കവി കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ പുരസ്കർത്താവായ കൊച്ചി വീര കേരളവർമ്മത്തമ്പുരാന്റേയും വിഷവൈദ്യൻ കൊച്ചുണ്ണിത്തമ്പുരാന്റേയും ഈശ്വരസേവക്കാരനായിരുന്നു. അതു് 1063-ൽ അമ്മ മരിച്ചു ദീക്ഷ കഴിഞ്ഞതിനുശേഷമാണ്. 1068-ൽ അന്ന മനട കിഴക്കേ പോട്ടയിൽ ഇച്ചിക്കുട്ടി പൊതുവാൾസ്യാരുടെ ഭർത്താവായി. മന്ത്രവാദം സംബന്ധിച്ചു പല ദേശങ്ങളിലും സഞ്ചരിക്കുകയും ആ വഴിക്ക് ആവശ്യത്തിനുവേണ്ട ധനം സമ്പാദിക്കുകയും ചെയ്തുവന്നിരുന്നു. 1082-ൽ ഒരു വലിയ വ്യവഹാരത്തിൽ ഏർപ്പെട്ടു. അതിന്റെ ഫലമായി സമ്പത്തും ആരോഗ്യവും ക്ഷയിച്ചു. 1092 ചിങ്ങം 12-ആംനു- പരഗതിയെ പ്രാപിച്ചു. ആ കവിവര്യൻ ശാന്തനും മിതഭാഷിയും സരസനും പരോപകാരിയുമയിരുന്നു.

## രാജൻ

നീലകണ്ഠൻനമ്പൂരിയെ ‘രാജൻ’ എന്ന പേരിലാണ് സഹൃദയന്മാർ അറിയുന്നതു്. ആ രാജശബ്ദത്തിന്റെ ആഗമത്തെപ്പറ്റി അദ്ദേഹം തന്നെ മലയാളമനോരമയിൽ പ്രസിദ്ധീകരിച്ച ശ്ലോകങ്ങൾ അനുവാചകന്മാർക്കു കൗതുകപ്രദമായിരിക്കും. താഴെ ഉദ്ധരിക്കുന്നവയാണ് ആ ശ്ലോകങ്ങൾ.

> “നേരോടിന്നെന്റെ രാജാഭിധയുടെ വിവരം
> ചൊല്ലിടാം തെല്ലുകേൽപ്പിൻ
> നേരമ്പോക്കുണ്ടൊരണ്ണൻ മമ മഹിതകവേ!
> മുന്നമുണ്ടായിരുന്നു;
> പാരം ഭ്രാന്തായി രാജാവഹമിദമുരചെ–
> യ്തുക്രമത്തെത്തുടർന്നു;
> കാരാഗാരേ കിടന്നു ചില ദിന;മൊടുവിൽ–
> ദേവലോകേ നടന്നു.
> ചാലേ തദ്രാജശബ്ദം തദവരജതയാ
> പിൻതുടർച്ചാവകാശ–
> ത്താലേ വന്നു നമുക്കെന്നിഹ ചില പരിഹാ–
> സജ്ഞരോതിത്തുടങ്ങി;
> മാലോകർക്കുള്ളൊരിഷ്ടത്തിനു ശമഗുണവാ–
> നായ ഞാൻ സമ്മതിച്ചു;
> കാലത്താൽപ്പേരുറച്ചു കവിവര! ഗുണമാ–
> യെന്നു ഞാനും നിനച്ചു.”

## കവിതാരീതി

ഒറവങ്കരയുടെ കൃതികൾക്കു കൊടുങ്ങല്ലൂർക്കളരിയിലെ മറ്റു കവികളുടെ കൃതികളിൽ നിന്നു ചില ഗണനീയങ്ങളായ വ്യത്യാസങ്ങളുണ്ട്. ആ കളരിയിൽ അഭ്യസിക്കുമ്പോൾ അദ്ദെഹം കവിതാവേഗപരീക്ഷകളിൽ ഏർപ്പെടാറുണ്ടായിരുന്നു. അവയിൽ ഒന്നിന്റെ ഫലത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ വർണ്ണിക്കുന്നു.

> “മഞ്ജുത്വം കയ്ക്കലാക്കി കവികുലതിലകൻ

കൊച്ചുകൊച്ചുണ്ണിഭൂപൻ;
കുഞ്ഞിക്കുട്ടക്ഷിതീശൻ ദ്രുതതരകവിതാ–
വൈഭവം കൊണ്ടുപോയീ;
രഞ്ജിക്കുമ്മാറു തീർത്താൽ കൃതികളെയഖിലം
കുഞ്ഞിരാമക്ഷിതീശൻ;
ഭജ്ഞിക്കാതേ കടിഞ്ഞൂൽപ്രസവസദൃശമായ്
ഞാനുമൊപ്പിച്ചുമാറീ.”

എന്നാൽ ക്ഷണത്തിൽ നിർമ്മിക്കുന്ന കൃതികളുടെ മേന്മ സാമാന്യകവികളുടെ വിഷയത്തിൽ ക്ഷണടംഗുരമാണെന്ന് ആ സൂക്ഷ്മഗ്രാഹി ദൃഢമായി വിശ്വസിച്ചിരുന്നു. തന്നിമിത്തം തന്റെ ഓരോ ശ്ലോകവും കഴിവുള്ളിടത്തോളം ചേതസ്സമാകർഷകമാക്കുന്നതിനു സ്വശക്തി അതിന്റെ പരമാവധിവരെ വിനിയോഗിക്കുന്നതിൽ ആ ഔചിത്യവേദി ബദ്ധശ്രദ്ധനായിരുന്നു. ശബ്ദത്തിൽ അദ്ദേഹത്തിന് അത്യധികമായ നിഷ്കർഷയുണ്ടായിരുന്നു; എന്നാൽ അതോടുകൂടിത്തന്നെ അർത്ഥത്തിലും തത്തുല്യമായ ജാഗരൂകത വ്യാപരിപ്പിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ കൃതികൾ പ്രായേണ ആശയഗംഭീരങ്ങളാണ്. “പേർത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോ”ന്നുന്ന ശ്ലോകങ്ങൾ ഭാഷയിൽ ചമ്പുകാരന്മാരുടെ കാലത്തിനിപ്പുറം ആദ്യമായി രചിച്ചുതുടങ്ങിയതു് അദ്ദേഹമാണെന്നു പറയാം. നമ്പൂരി ദീർഘമായ കൃതി യാതൊന്നുംതന്നെ രചിച്ചിട്ടില്ല. രചിച്ചിട്ടുള്ള കൃതികളിൽത്തന്നെ പലതും അപൂർണ്ണമായും ചിലതെല്ലാം നഷ്ടശിഷ്ടമായും കിടക്കുന്നു. എണ്ണംകൊണ്ടും വണ്ണംകൊണ്ടുമല്ല, ഗുണംകൊണ്ടാണ് അദ്ദേഹം ഒന്നാംകിടയിലുള്ള ഒരു കവിയെന്ന യശസ്സു നേരിയതു്. “ഉൽപതന്തി പഥം വ്യോമ കേചിൽ പ്രാപ്തപദത്രയാഃ” എന്ന വർണ്ണനം അദ്ദേഹത്തിനു യോജിക്കും. അദ്ദേഹത്തിന്റെ ദേവീസ്തോത്രങ്ങൾക്കുള്ള മാഹാത്മ്യം അന്യാദൃശമാണ്. ഭാഷയിൽ അത്തരത്തിലുള്ള സ്തോത്രങ്ങൾ ഒരു കവിയും ഉണ്ടാക്കീട്ടില്ല. അവയിൽ ചിലതിലെല്ലാം അദ്ദേഹത്തിനു മന്ത്രശാസ്ത്രത്തിലുള്ള അഗാധ വിജ്ഞാനം പ്രദർശിപ്പിച്ചിട്ടുണ്ട്. അപൂർവ്വം ചില ശ്ലോകങ്ങൾക്കു സൗന്ദര്യലഹരിയിലെ ശ്ലോകങ്ങളുടെ മാധുര്യമുണ്ടെന്നുപോലും പറയാവുന്നതാണ്. അർത്ഥാലങ്കാരവിനിവേശത്തിൽ കൊച്ചുണ്ണിത്തമ്പുരാനേയും ഫലിതപ്രയോഗത്തിൽ വെണ്മണി മഹനേയുമാണ് അനുകരിച്ചതെങ്കിലും രാജന്റെ ഓരോ വാങ്മയത്തിലും സ്പഷ്ടമായ വ്യക്തിമുദ്ര പതിഞ്ഞിട്ടുണ്ടെന്നുള്ളതു സഹൃദയന്മാർക്കു സമീക്ഷിക്കുവാൻ പ്രയാസമില്ല.

## കൃതികൾ

ഒറവങ്കരയുടെ കൃതികളിൽ, (1) ബാലോപദേശം ഒന്നു മാത്രമേ പൂർണ്ണമായി കിട്ടീട്ടുള്ളൂ. മൂന്നു ഭാഗങ്ങൾ അടങ്ങിയിരിക്കുന്ന ആ കാവ്യം വിദ്യാർത്ഥികളുടെ ആവശ്യത്തെ പുരസ്കരിച്ചു രചിച്ചിട്ടുള്ളതാണ്. (2) കുചേലവൃത്തം ഓട്ടൻതുള്ളലാണ് മറ്റൊരു കൃതി. അതിലെ ചില വരികൾ പൊടിഞ്ഞുപോയിട്ടുള്ള ഒന്നാംകളം മാത്രമേ കിട്ടീട്ടുള്ളൂ. ബാക്കി എഴുതിയോ എന്നറിവില്ല. (3) ഭൈമീപരിണയം എന്ന് അഞ്ചങ്കത്തിൽ ഒരു നാടകം എഴുതിയതായി കേൾവിയുണ്ട്. അതിലേയും, 200 ശ്ലോകങ്ങളോളം എഴുതിയതായി പറയുന്ന (4) ദേവീമാഹാത്മ്യത്തിലേയും, (5) ശ്രീനാരദോപാഖ്യാനം കാവ്യത്തിലെയും ഏതാനും ശ്ലോകങ്ങൾ ലഭിച്ചിട്ടുണ്ട്. (6) വെണ്മണി പ്രസ്ഥാനത്തിലെ പരിപാടിയനുസരിച്ചു നൂറു ശ്ലോകങ്ങൾ ഒരു അംബോപദേശം നമ്പൂരിയും നിർമ്മിച്ചിരുന്നു. അതും സമ്പൂർണ്ണമായി കിട്ടീട്ടില്ല. ഇവ നീക്കിയാൽ

പ്രധാനമായി അവശേഷിക്കുന്നതു ചില ദേവീപരങ്ങളായ സ്തോത്രങ്ങളാണ്. അവയിൽ രണ്ടുമൂന്നു ദേവീസ്തോത്രങ്ങൾ (9) ദേവീവ്യപാശ്രയസ്തോത്രം, (10) ലക്ഷ്മീസ്തവം, (11) അനാഗസ്തോത്രം, (12) കൃഷ്ണാവനാഷ്ടകം മുതാലായ സ്തോത്രങ്ങൾ പ്രധാനങ്ങളാണ്. (13) പലവകയിൽ ചില പാട്ടുകളും എഴുത്തുകളും സമർപ്പണ ശ്ലോകങ്ങളും ശൃങ്ഗാര ശ്ലോകങ്ങളും മറ്റും ഉൾപ്പെടുന്നു.

## ചില ശ്ലോകങ്ങൾ

രാജന്റെ വിശങ്കടമായ സരസ്വതീ പ്രസാദത്തിന് ഉദാഹരണങ്ങളായി ചില്ല ശ്ലോകങ്ങൾ ഉദ്ധരിക്കാം.

“സൽപാത്രത്തിലൊഴിച്ചതില്ലൊരു തവി–
ത്തോയം; ഗുരുശ്രീപദ–
പ്പൊൽപ്പൂവൊന്നു തലോടിയില്ല; സമയേ
ചെയ്തീല സന്ധ്യാർച്ചനം;
കെല്പേറും യമരാജകിങ്കരഖര
വ്യാപാരഘോരാമയം
നില്പാനുള്ള മരുന്നു ഞാൻ കരുതിയി–
ല്ലമ്മേ! ഭയം മേ പരം.”

(ദേവീവ്യപാശ്രയസ്തോത്രം)

“ബ്രഹ്മാവിന്റെയുമന്തകന്റെയുമഹോ!
ഡിപ്പാർട്ടുമെന്റിൽക്കിട–
ന്നമ്മേ! ഞാൻ തിരിയുന്നതെത്ര യുഗമാ,
യെന്നാണിതിൻ മോചനം?
ധർമ്മാധർമ്മപരീക്ഷണത്തിനിമേൽ
കാലന്റെ കച്ചേരിയിൽ–
ച്ചെമ്മേ ഹാജരെനിക്കിളച്ചുതരണേ!
തദ്ദർശനം കർശനം.”

[ദേവീ(ഗൗരീ)സ്തവം]

“മൽപാപൗഘമശേഷമിന്നൊരു നമോ–
വാക്കാലറുത്തീപ്സിതം
ക്ഷിപ്രം തന്നു പുലർത്തുവാൻ മടി നിന–
ക്കെന്നാൽ മനംപോലെയാം;
മുപ്പാർവേരുകൾ മൂന്നു മൂർത്തികൾമുത–
ല്ക്കേവർക്കുമാലംബമാം
ത്വൽപാദത്തിനകീർത്തി പറ്റരുതതേ
നോക്കേണ്ടു; കാക്കേണ്ട മാം.” (മേല്പടി)

പിച്ചക്കാരൻ കുബേരൻ;പിതൃപതി സുകൃതാ–
ഘാനഭിജ്ഞൻ; വിരൂപൻ
പച്ചക്കാമൻ; പതങ്ഗൻ പകൽമതി; പരവാൻ
പത്മാനാഭാഗ്രജാതൻ;
അർച്ചിഷ്മാപ്രഭാങ്ഗൻ; ധിഷണനധിഷണൻ;

നിന്റെ പാദാംബുജത്താ–
രർച്ചിക്കും മർത്ത്യനെക്കണ്ടറിയുമവനുമേ!
പാപനിഷ്ഠൻ വസിഷ്ഠൻ.”

[മറ്റൊരു ദേവീ(ഗൗരീ)സ്തോത്രം]

“പൂമാതല്ലേ കളത്രം? ചപലകളിലവൾ–
ക്കഗ്രഗണ്യത്വമില്ലേ?
പൂമെയ് പാമ്പിന്മെലല്ലേ? വിഷമെഴുമവനൊ–
ന്നൂതിയാൽ ഭസ്മമല്ലേ?
ഭീമഗ്രാഹാദിയാദോഗണമുടയകട–
ല്ക്കുള്ളിലല്ലേ നിവാസം?
സാമാന്യംപോലെയെന്തുള്ളതു പറക നിന–
ക്കത്രെ പൂർണ്ണത്രയീശ!” (വിഷ്ണുസ്തോത്രം)

മർത്ത്യാകാരേണ ഗോപീവസനനിര കവ–
ർന്നോരു ദൈത്യാരിയെത്തൻ–
ചിത്തേ ബന്ധിച്ച വഞ്ചീശ്വര! തവ നൃപനീ–
തിക്കു തെറ്റില്ല പക്ഷേ,

പൊൽത്താമർമാതാവിതാ തൻകണവനെ വിട്ടുവാ–
നാശ്രയിക്കുന്നു ദാസീ–
വൃത്ത്യാ നിത്യം ഭവാനെ;ക്കനിവവളിലുദി–
ക്കൊല്ല കാരുണ്യരാശേ!”

(ശ്രീമൂലംതിരുനാൾമഹാരാജാവിനു സമർപ്പിച്ചതു്)

“അഴിഞ്ഞിട്ടോ നമ്മിൽക്കലരുമൊരു കെട്ടാസകലവും,
കൊഴിഞ്ഞിട്ടോ പൂർവാചരിതസുകൃതത്തിൻ ഫലഗണം,
വഴിഞ്ഞിട്ടോ വൈരം; വിഷമവിശിഖന്നായ് നരബലി–
ക്കുഴിഞ്ഞിട്ടോ നമ്മെത്തരുണി! തടവതെന്തേ തഴകുവാൻ?”

(സ്ത്രീചാട്ടു)

ഒറ്റവങ്കര മരിക്കുന്നതിനു നാലു ദിവസം മുൻപു് ഒടുവിലത്തേതായി ഉണ്ടാക്കിയ പദ്യമാണു് അടിയിൽ കാണുന്നതു്.

“എന്തംഹസ്സുളവാകിലും കെടുവതിന്നല്ലോ ജനം സന്തതം
നിൻതൃക്കാലിണയാശ്രയിപ്പതു;പുകഴ്ന്നീടും ജഗന്നായികേ!
എന്തിക്കാണ്മതു മേ! മദീയതനുവിൽ? ക്ഷിപ്രം പ്രസീദാമയം
ചിന്തിപ്പാനരുതേ ഭയം മനസി മേ വായ്ക്കുന്നു; വേർക്കുന്നു ഞാൻ.”

ദ്രാവിഡവൃത്തങ്ങളും ആ വശ്യവാക്കിനു സംസ്കൃതവൃത്തങ്ങൾ പോലെതന്നെ സ്വാധീനമായിരുന്നു. നോക്കുക കുചേലവൃത്തം തുള്ളലിലെ ചില ഈരടികൾ.

“നാളും തിഥിയും ശരവും ശകുനവുമാളും തരവും ധനികന്മാരുടെ
റ്റൂളും നോക്കിപ്പിച്ചയ്ക്കണികുഴലാളുമിരന്നു വശംകെട്ടടനേ
നീളും നിശ്വാസത്തൊടു പുനരരിവാളുമെടുത്തു നടന്നുതുടങ്ങീ;
ആളും ജഠരകൃശാനുവിനിരയാത്താളും തകരയുമായവസാനം;”

## കണ്ടൂർ നാരായണമേനോൻ (1036–1111)

### ജനനചരിത്രം

കണ്ടൂർ നാരായണമേനോൻ കോമത്തു കൃഷ്ണമേനോൻ താസിൽദാരുടേയും കല്യാണിഅമ്മയുടേയും പുത്രനായി 1036-ാമാണ്ടു മിഥുനമാസം 11-ആംനു- ജനിച്ചു. തറവാട്ടു പേരാണ് കണ്ടൂർ. അതു തൃശ്ശൂർനിന്ന് ആറുമൈൽ തെക്കുള്ള ഊരകംദേശത്തു സ്ഥിതിചെയ്യുന്നു. നാരായണമേനോന്റെ പിതാമഹൻ തൃശ്ശൂർ വടക്കേക്കുറുപ്പത്തു സ്രാമ്പിക്കൽ കൊച്ചുകൃഷ്ണമേനോനും ഒരു താസിൽദാരായിരുന്നു. ഊരകത്തു ഭഗവതിയെ കവി പലകൃതികളിലും വന്ദിച്ചിരിക്കുന്നതായി കാണാം. ബാല്യത്തിൽത്തന്നെ അസാധാരണമായ കവിതാവാസന പ്രദർശിപ്പിച്ചിരുന്ന അദ്ദേഹം മദിരാശിയിൽ പ്രസിഡൻസി കോളേജിൽനിന്ന് 1058-ൽ ബി.എ. പരീക്ഷ ജയിച്ചു. ഐച്ഛികഭാഷ മലയാളമായിരുന്നു എങ്കിലും തന്നത്താൻ പരിശ്രമിച്ചു സംസ്കൃതത്തിലും പരിനിഷ്ഠിതമായ ലോകവ്യുൽപത്തി സമ്പാദിച്ചു. കാളിദാസന്റെ കൃതികളിലാണ് സഹൃദയധുരീണനായ അദ്ദേഹത്തിന് അനന്യസാമാന്യമായ അഭിരുചി അങ്കുരിച്ചത്. ബി.ഏ. ജയിച്ചതിനു മേൽ കോഴിക്കോട്ടു പോലീസ്ട്രെയിനിംഗ് സ്ക്കുളിൽ ജോർജ്ജ് ഗന്തറുടെ കീഴിൽ ആ തുറയിലേക്കു വേണ്ട പ്രായോഗിക പരിശീലനം നേടി; കൊച്ചി പോലീസ് സൂപ്രണ്ടിന്റെ ആഫീസിൽ ഹെഡ്ക്ലാർക്കായി. അവിടെനിന്നു പിതൃപിതാമന്മാരാൽ മുമ്പ് അലംകൃതമായ താസിൽദാർപണിയിലേക്കു നിയുക്തനായി. സ്വരാജ്യത്തു മിക്കവാറും എല്ലാതാലൂക്കുകളിലും ആ പണി നോക്കി. ആ നിലയിൽത്തന്നെ പെൻഷൻപറ്റി. സർക്കാർജോലി അത്ര വളരെ അഭികാമ്യമായി അദ്ദേഹത്തിന് ഒരിക്കലും തോന്നിയിരുന്നില്ല.

> “യക്ഷാധിനാഥനിധിയും യമനുള്ള ശിക്ഷാ–
> രക്ഷാധികാരവുമിതെന്തിനെനിക്കു വേണ്ട.”

എന്ന് അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ശിശു, കവിത, ചതുരങ്ഗം, മാമ്പഴം ഇവ നാലുകൂട്ടമേ തന്നെ ആകർഷിച്ചിരുന്നുള്ളു എന്ന് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. തന്നിമിത്തം മേലുദ്യോഗസ്ഥന്മാർക്കു കണ്ടൂർ ബുദ്ധിമാനും സത്യസന്ധനുമാണെന്ന് അറിവുണ്ടായിരുന്നു എങ്കിലും അവർ അദ്ദേഹത്തിൽ അലസത തുടരെത്തുടരെ ആരോപിച്ചു. ദിവാൻ രാജഗോപാലാചാര്യരുടെ കാലത്ത് ഒരു മാസത്തെ ശമ്പളം അദ്ദേഹത്തിനു പിഴയിട്ടു; അപ്പോൾ തന്റെ ഫലിതശൈലി വിടാതെ അദ്ദേഹം പറഞ്ഞത്: “ആകട്ടെ, കൈയിൽനിന്ന് ഒന്നും കൊടുക്കേണ്ടി വന്നില്ലല്ലോ” എന്നാണ് . ദിവാൻ ബാനർജ്ജിയുടെ കാലത്ത് 55 വയസ്സു തികയുന്നതിനുമുൻപു തന്നെ ഉദ്യോഗം രാജിവെച്ചു. പിന്നീട് കുറേക്കാലം പാലിയം മാനേജരായിരുന്നു. തൃശ്ശൂരിൽ ഒരു ഗൃഹം പുത്തനായി പണിയിച്ച് അവിടെ താമസമാക്കി. ആ ഗൃഹത്തിൽവച്ച് 1111-ാമാണ്ടു കർക്കടമാസം 4-ആം നു- യശശ്ശരീരനായി. മരിക്കുന്നതുവരെ പല കവിതകളും രചിച്ചുകൊണ്ടിരുന്നു. പല്ലശ്ശേരി കോമത്തു കുട്ടിപ്പാറുഅമ്മയെയാണ് കണ്ടൂർ വിവാഹം ചെയ്തത്. ആ സുചരിത 1121-ൽ മരിച്ചു. ആദ്യത്തെ ബി.ഏ.ക്കാരനായ ഭാഷാകവി കണ്ടൂരായിരുന്നു. 1065-ൽ വിദ്യാവിനോദിയുടെ ആവിർഭാവംമുതല്ക്കാണ് നിരന്തരമായ സാഹിത്യസേവനത്തിൽ ഏർപ്പെട്ടത്. സി. പി. അച്യുതമേനോനും അദ്ദേഹവും സുഹൃത്തക്കളായിരുന്നു. 1066-ൽ കൊടുങ്ങല്ലൂർ താസിൽദാരായിരുന്ന കാലത്തു വെണ്മണി മഹൻ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ തുടങ്ങിയ മഹാകവികളുമായി സമ്പർക്കം പുലർത്തുന്നതിനുള്ള ഭാഗ്യമുണ്ടായി. അതിനുമുൻപുതന്നെ അദ്ദേഹം വെണ്മണിപ്രസ്ഥാനത്തിൽ കവനം

ചെയ്തു പേരെടുത്തു കഴിഞ്ഞിരുന്നു. കൊടുങ്ങല്ലൂരിൽ ചില കവിതാവേഗപരീക്ഷകൾ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ നടന്നിട്ടുണ്ട്. അവയിലൊന്നിലാണ് കുഞ്ഞിക്കുട്ടൻതമ്പുരാൻ കോട്ടക്കോവിലകത്തുവെച്ചു സന്താനഗോപാലം നാടകം നിർമ്മിച്ചതു്. ശബ്ദത്തിലും അർത്ഥത്തിലും കുണ്ടൂരിനു നല്ല നിഷ്കർഷയുണ്ടായിരുന്നു. പച്ചമലയാളത്തിൽ കവനംചെയ്യുന്ന വിഷയത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാനുപോലും അദ്ദേഹത്തിനു തുല്യമായിരുന്നില്ല. “നല്ലഭാഷ” തിരിയാണെങ്കിൽ “കോമപ്പൻ” അതിൽനിന്നു കൊളുത്തിയ പന്തമാണ്. ഭാഷയിൽ സരസമായ യമകപ്രയോഗത്തിന് അദ്ദേഹത്തിന്റെ സമീപത്തുപോലും ചെല്ലാവുന്ന ഒരു കവി നാളതുവരെ ജനിച്ചിട്ടില്ല. സംസ്കൃതഗ്രന്ഥങ്ങൾ തർജ്ജമചെയ്യുന്നതിനും അദ്ദേഹത്തിനുള്ള പാടവം അസാധാരണമായിരുന്നു. സജാതീയദ്വിതീയാക്ഷരപ്രാസം സാർവ്വത്രികമായി ദീക്ഷിച്ചു രഘുവംശം തുടങ്ങിയ കൃതികൾ അദ്ദേഹം വിവർത്തനംചെട്തിട്ടുള്ളതു് ആശ്ചര്യകരമായിരിക്കുന്നു. അവയിൽ ചിലതെല്ലാം വൃത്താനുവൃത്തമായാണ് വിവർത്തനംചെയ്തിട്ടുള്ളതു്. അദ്ദേഹത്തെ ശ്ലാഘിക്കേണ്ടതു് മനോഗുണത്തിനാണ്. അത്രമാത്രം അഹങ്കാരരഹിതനായി ഗുണൈകലബ്ധനായി ജീവിച്ചിരുന്ന അദ്ദേഹത്തെ നടുവത്തച്ഛന്റെ മരണാനന്തരം കേരളീയകവികൾ അവരുടെ തറവാട്ടുകാരണവരായി ബഹുമാനിച്ചുവന്നതിൽ അത്ഭുതത്തിനവകാശമില്ല. ഗദ്യരചനയിലും ഗവേഷണത്തിലും തനിക്കുള്ള നൈപുണ്യം അദ്ദേഹം ചെറുശ്ശേരിഭാരതത്തെപ്പറ്റി എഴുതിയ വിപുലമായ നിരൂപണത്തിൽ വെളിപ്പെടുത്തുകയുണ്ടായിട്ടുണ്ട്. മദിരാശിയിൽവെച്ചു തീപ്പെട്ട കൊച്ചി വലിയതമ്പുരാൻ 1094-ാമാണ്ടു കന്നിമാസത്തിൽ നടത്തിയ ഷഷ്ടിപൂർത്തി ഡർബ്ബാറിൽ, (1)കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ കവിസാർവഭൗമൻ, (2) പന്തളത്തു കേരളവർമ്മത്തമ്പുരാൻ, (3) വള്ളത്തോൾ നാരായണമേനോൻ, (4)കൊട്ടാരത്തിൽ ശങ്കുണ്ണി, (5) കുണ്ടൂർ നാരായണമേനോൻ, (6) ഇതു് എഴുതുന്ന ആൾ, (7) വരവൂർ ശാമുമേനോൻ ഇവർക്കു കവിതിലകൻ, (8) രാമവർമ്മ അപ്പൻതമ്പുരാൻ, (9) സി.വി. രാമൻപിള്ള, (10) റ്റി.കെ.കൃഷ്ണമേനോൻ, (11) സി. പി. അച്യുതമേനോൻ, (12)എം. ശേഷഗിരിപ്രഭു ഇവർക്കു സാഹിത്യകുശലൻ, (13) തരവത്തു് അമ്മാളുഅമ്മ, (14) റ്റി.സി. കല്യാണിഅമ്മ(മിസിസ്സ് റ്റി.കെ. കൃഷ്ണമേനോൻ,ഇവർക്കു സാഹിത്യസഖി എന്നീ ബിരുദങ്ങൾ സമ്മാനിക്കുകയുണ്ടായി.

## കൃതികൾ

(1) കോമപ്പൻ, (2) കൊച്ചി ചെറിയ ശക്തൻതമ്പുരാൻ, (3) പാക്കനാർ, (4)കണ്ണൻ, (5) അജാമിള മോക്ഷം, (6) സാംബൻ, (7) മറുകത്തു്, (8) ഒരു രാത്രി, (9) അകവൂർ ചാത്തൻ, (10) നാറാണത്തുഭ്രാന്തൻ, (11) വട്ടതല നായർ, (12) ഒരു വിദ്യ എന്നീ കാവ്യങ്ങളും, (13)കിരാതം പതിന്നാലുവൃത്തം കൈകൊട്ടിക്കളിപ്പാട്ട്, (14) പൂതനാമോക്ഷം വഞ്ചിപ്പാട്ട്, (15) സുന്ദോപസുന്ദോപാഖ്യാനം വഞ്ചിപ്പാട്ട് എന്നീ ഗാനങ്ങളും കുണ്ടൂരിന്റെ സ്വതന്ത്രകൃതികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. കൂടാതെ ചിറ്റൂർ വാസുദേവൻനമ്പൂതിരിപ്പാട്, പ്രമദ്വരാചരിതം, ഉപകോശ, കുശനാഭകന്യാദാനം, ദ്രൗപദീഹരണം, രത്നാവലി എന്നിങ്ങനെ നിരവധി കൂട്ടുകവിതകളുടെ നിർമ്മാണത്തിലും പങ്കുകൊണ്ടിട്ടുണ്ട്. ഇത്തരത്തിലുള്ള സാഹിത്യവിഷയകമായ സംഭ്രയസമുത്ഥാനത്തിൽ അക്കാലത്തെ കവികളിൽ വേറേയും ചില പ്രമുഖന്മാർ ഭാഗഭാക്കുകളായിരുന്നിട്ടുണ്ട്. എങ്കിലും കുണ്ടൂർക്കൃതികൾ അക്കൂട്ടത്തിലും പ്രായേണ മികച്ചുനില്ക്കുന്നു. കുണ്ടൂർ ഭാഷാന്തരീകരിച്ചിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളും വളരെയുണ്ട്. കാളിദാസന്റെ വാങ്മയങ്ങൾ തർജ്ജമ ചെയ്യുന്നതിൽ അദ്ദേഹം പലപ്പോഴും വ്യാപൃതനായിരുന്നു.

അതിന്റെ ഫലമായി (16)മാളവികാഗ്നിമിത്രം നാടകം, (17) കുമാരസംഭവം, (18)രഘുവംശം, (19) മേഘസന്ദേശം, (20) ധനഞ്ജയവിജയവ്യായോഗം, (21)ദൂതഘടോൽകചവ്യായോഗം എന്നീ കൃതികൾ നമുക്കു കിട്ടീട്ടുണ്ട്. അഭിജ്ഞാനശാകുന്തളവും അദ്ദേഹം വിവർത്തനംചെയ്തിരുന്നതായി ചിലർ പറയുന്നു. അതു ശരിയാണെന്നു തോന്നുന്നില്ല. (22) പുഷ്പബാണവിലാസം, (23) അധ്യാത്മരാമായണം ഈ ഗ്രന്ഥങ്ങളും അദ്ദേഹം തർജ്ജമചെയ്തിട്ടുണ്ട്. അധ്യാത്മരാമായണം വൃത്താനുവൃത്തമായാണ് വിവർത്തനം ചെയ്തിട്ടുള്ളത്. അച്ചടിപ്പിച്ചിട്ടില്ല. ഒടുവിലത്തെ കൃതിയാണ് ടാഗോറിന്റെ ഗീതാഞ്ജലിയുടെ ഭാഷാനുവാദം. ഇത്രയും ഗ്രന്ഥങ്ങളുടെ പേർ ഇവിടെ കുറിച്ചുവെന്നേയുള്ളു. ഇനിയും പലതും ഒട്ടനേകം മാസികകളിലായി ചിന്നിച്ചിതറിക്കിടക്കുന്നു. അവ സമാഹൃതങ്ങളായി കാണുവാൻ സഹൃദയന്മാർക്കുള്ള ആഗ്രഹം അല്പമൊന്നുമല്ല.

### പച്ചമലയാളകൃതികൾ

കോമപ്പൻ തുടങ്ങിയ ആദ്യത്തെ നാലു കൃതികളും ഒന്നിച്ചുചേർത്തു നാലു ഭാഷാകാവ്യങ്ങൾ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. പുരാണകഥകളെ ഉപജീവിക്കാതെ വടക്കൻപാട്ടുകളിലും മറ്റും കാണുന്ന കേരളത്തിലെ ചില ഐതിഹ്യാംശങ്ങളെ വിഷയീകരിച്ചു കുണ്ടൂർ നിർമ്മിച്ചിട്ടുള്ള ഈ കാവ്യങ്ങളിൽ വേണം അദ്ദേഹത്തിന്റെ അസുലഭമായ സരസ്വതീപ്രസാദം അതിന്റെ സർവാങ്ഗസുന്ദരമായ ആകൃതിയിൽ ദർശിക്കുവാൻ. സംസ്കൃതത്തിന്റെ സാഹായ്യം കൂടാതെ തനിമലയാളത്തിന് എത്ര ദൂരം ഉയരാമെന്നും അതിലെ പദങ്ങൾക്ക് എത്രമാത്രം ഊക്കും ഉശിരും അഴകും അന്തസ്സുമുണ്ടെന്നും ഇവ നമുക്കു കരതലാമലകംപോലെ കാണിച്ചുതരുന്നു. ചില ശ്ലോകങ്ങൾ നോക്കുക.

> “തേടിക്കയർത്തു പടയിൽപ്പലർകൂടി വന്നാൽ–
> ക്കൂടിക്കരുത്തുടയ കയ്യിതു കുസുകില്ല;
> മോടിക്കുവേണ്ടിയരവാളിതെടുത്തതല്ല;
> പേടിക്കവേണ്ട പിടമാൻമിഴി തെല്ലുപോലും”
>
> “കയ്യും കണക്കുമറിയാതെ കനത്ത മാരി
> പെയ്യുംകണക്കുടലുവിട്ടു കരിമ്പുവില്ലൻ
> എയ്യും കണയ്ക്കു മറുകയ്യറിവില്ലൊരാൾക്കും;
> നിയ്യും കണയ്ക്കുമവനോടിവനേറ്റു തോറ്റു.
>
> പുല്ലാണെനിക്കു പടയാളികൾ നിൻ കടക്കൺ–
> തല്ലാണു തേന്മൊഴി! തടത്തിടുവാൻ ഞെരുക്കം ;
> തെല്ലുകയാൽത്തെളിവിയന്നു തുണയ്ക്കണം നീ–
> യല്ലായ്കിലാങ്ങളകൾതൻപണി പെങ്ങൾ ചെയ്യും”
>
> (കോമപ്പൻ)

> “ഉണ്ടോ നേരത്തുടുക്കും തളിരൊടമടി–
> ക്കും ചൊടിക്കും, ചൊടിക്കും
> കൊണ്ടല്ലേറെക്കെട്ടുക്കുന്നഴകൊരു മിട്ടു–
> ക്കും മുടിക്കും മുടിക്കും

കണ്ടാലുൾക്കാമ്പടിക്കുന്നഴലു കിടപിടി–
ക്കും പിടിക്കും പിടിക്കും
കൊണ്ടാടേണ്ടും നടയ്ക്കും മുടിയഴിയുമിട–
യ്ക്കൊന്നടിക്കുന്നടിക്കും." (പാക്കനാർ)

"കാർകൊണ്ടലൊത്ത കരികുന്തലുലഞ്ഞു കണ്ണ–
നീർകൊണ്ടു നൽക്കവിൾ നനഞ്ഞുടലും വിറച്ച്
പേർകൊണ്ട പെണ്ണു തളിർതേടിയ തള്ളതന്റെ
വേർകണ്ട ചുണ്ടു നെടുവീർപ്പിൽ വരണ്ടു വാണു."

"തല്ലിൽപ്പറക്കുമൊരു തീപ്പൊരികൊണ്ടു വല്ലാ–
ത്തല്ലിൽപ്പരക്കുമൊരിരുട്ടവരൊട്ടകറ്റി,
ചൊല്ലിത്തിരിക്കു കുറവാക്കരുതെന്നു വീണ്ടും
ചൊല്ലിത്തിരിക്കു കുറവായ് കരുതീട്ടെതിർത്തു."
(ശക്തൻതമ്പുരാൻ)

"തോരാതുലഞ്ഞടിതൊടുംപടി നീണ്ട കുന്തൽ
പാരാതെ കൈവിരലുകൊണ്ടവൾ വേർപെടുക്കേ

നീരാർന്നു മിന്നലിടചേർന്നു മഴയ്ക്കൊരുങ്ങും
കാറാണിതെന്നു കരുതും കരൾതന്നിലാരും." (കണ്ണൻ)

ഈ കാവ്യങ്ങൾ ഓരോന്നിലും നൂറിനുമേൽ ശ്ലോകങ്ങളുണ്ട്. 175 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന കണ്ണനാണ് ഏറ്റവും ദീർഘം. നാലു കാവ്യങ്ങളും ഒന്നുപോലെ മനോഹരങ്ങളാണ്. ശക്തൻ തമ്പുരാനിലെ കായൽവർണ്ണനത്തിന്റേയും മറ്റും ഹൃദ്യത പറഞ്ഞറിയിക്കുവാൻ പ്രയാസമുണ്ട്. കണ്ടൂരിന്റെ സദ്യശസ്സുസ്ഥായിയായി നില്ക്കുന്നതു് ഈ കാവ്യങ്ങളിൽത്തന്നെയാണ്.

## മറ്റു സ്വതന്ത്രകൃതികൾ

ഇവയെല്ലാം പ്രായേണ ലഘുകൃതികളാണ്. അജാമിളമോക്ഷമാണ് കവിയുടെ ഒന്നാമത്തെ സ്വതന്ത്രകാവ്യം. അതിൽത്തന്നെ അദ്ദേഹത്തിന്റെ കവനകലാവൈഭവം തികച്ചും പ്രകടിപ്പിച്ചിരിക്കുന്നു. ഒരു ശ്ലോകം നോക്കുക.

"വളഞ്ഞോരച്ചില്ലിക്കൊടിയുടനിളക്കിപ്പുരമകം
തെളിഞ്ഞപ്പോളൂഴീസുരനൊടുരചെയ്താൾ വിധുമുഖി;
വളം ഞാൻ നല്കുന്നു വിഷമവിസിഖന്നെങ്കിലുടനേ
കളഞ്ഞാലും നന്നായധരമധുനാ താപമധുനാ."

"സാംബൻ" വള്ളത്തോൾ നാരായണമേനോന്റെ "ബന്ധനസ്ഥനായ അനിരുദ്ധ"ന്റെ രീതി പിടിച്ച് എഴുതീട്ടുള്ളതാണ്. വള്ളത്തോളിന്റെ രുക്മിയുടെ കത്തിനു രുക്മിണിയുടെ മറുപടി എന്ന നിലയിലാണ് മറുകത്തു നിർമ്മിച്ചിരിക്കുന്നതു്. കുന്നത്തു ജനാർദ്ദനമേനോൻ ദ്വിതീയാക്ഷരപ്രാസംകൂടാതെ എഴുതിയ ഒരു കൃതിതന്നെ ആ പ്രാസം സമഞ്ജസമായി ഘടിപ്പിച്ച് പുതുക്കിയെഴുതിയതാണ് ഒരു രാത്രി. അകവൂർ ചാത്തൻ, നാറാണത്തു ഭ്രാന്തൻ, വടുതല നായർ എന്നിവർ പറയിപെറ്റ പന്തിരുകുലത്തിലെ മൂന്നു സഹോദരന്മാരാണല്ലോ. ഇവരെപ്പറ്റിയുള്ള ഓരോ

ഐതിഹ്യത്തെ വിഷയീകരിച്ച രചിച്ചിട്ടുള്ളതാണ് ഒൻപതുമുതൽ പതിനൊന്നുവരെയുള്ള കൃതികൾ. ഒരു ഐന്ദ്രജാലികന്റെ ഹസ്തലാഘവമാണ് 'ഒരു വിദ്യ'യിൽ പ്രദർശിപ്പിച്ചിരിക്കുന്നതു്. എല്ലാ കൃതികളിലും കണ്ടൂരിന്റെ വ്യക്തിത്വം സ്ഫുടമായി കാണാം. സാംബനിൽനിന്നുമാത്രം ഒരു ശ്ലോകം ഉദ്ധരിക്കുന്നു.

"മായാമയം പെരിയ പാരി, തതിന്നു ബീജ–
മായാമയങ്ങൾ വിളയുന്ന മനസ്സുതന്നെ;
നീയാ മയക്കവൊരതിൻനില കാൺകിലല്ലൽ
മായാ, മയയ്ക്കരുതതിന്നിഹ കാട്ടുകെട്ടാൻ."

## തർജ്ജമകൾ

തർജ്ജമകളിൽ മാളവികാഗ്നിമിത്രമാണ് ഒന്നാമത്തെ കൃതി. അതു് 1065-നു മുൻപു തന്നെ രചിച്ചു. വൃത്താനുവൃത്തമായാണ് ഭാഷാന്തരീകരണം.

"കല സൽപാത്രം ചേർന്നാൽ കലരും മുൻകൈ–
വരാത്തൊരന്യഗുണം;
ജലദജലം ചിപ്പിയിൽ മുൻനില പോയ്
മുത്തായിടുംപോലെ."

പ്രിയാശ്ലേഷം വിട്ടെൻതനിവിതു ചടയ്ക്കട്ടെ; മിഴിയീ–
ന്നിയന്നോട്ടേ കണ്ണീരവളെയിഹ കാണാത്തതുവശാൽ;
വിയോഗംകൂടാതെ മൃഗമിഴിയുമായ്ക്കാലമനിശം
നയിക്കും നീയെന്തിന്നിഹ പരിതപിക്കുന്നു മനമേ?"

എന്നിങ്ങനെ വിശിഷ്ടങ്ങളായ ശ്ലോകങ്ങൾ അതിലുണ്ട്.

കുമാരസംഭവം അഞ്ചാം സർഗ്ഗം ആദ്യം മലിനീവൃത്തത്തിൽ തർജ്ജമചെയ്തു; പിന്നീട് ആ കാവ്യം മുഴുവൻ, എട്ടാം സർഗ്ഗത്തിനുമേൽ പതിനേഴാം സർഗ്ഗം വരെ മറ്റേതോ അപ്രഗല്ഭനായ ഒരു കവി വികൃതമായി എഴുതിച്ചേർത്ത ഭാഗം ഉൾപ്പെടെ, വിവർത്തനം ചെയ്തപ്പോൾ ആ സർഗ്ഗം വംശസ്ഥവൃത്തത്തിൽ മാറ്റിയെഴുതി. രഘുവംശവും ആദ്യന്തം-പത്തൊൻപതാം സർഗ്ഗത്തിന്റെ അവസാനംവരെ-ഭാഷപ്പെടുത്തീട്ടുണ്ട്. സജാതീയദ്വിതീയാക്ഷരപ്രാസത്തിൽ കഴിയുന്നതും ശ്രദ്ധപതിപ്പിച്ചും, കുമാരസംഭവം പത്താം സർഗ്ഗത്തിലും രഘുവംശം ഒമ്പതാം സർഗ്ഗത്തിലും യമകപ്രാസം നിലനിറുത്തിയുമാണ് തർജ്ജമ. മേഘസന്ദേശം മന്ദാക്രാന്തയിൽത്തന്നെ ഭാഷാന്തരീകരിച്ച് അതിലും ആ അസിധാരാവ്രതം വിജയപൂർവ്വമായി അനുഷ്ഠിച്ചിരിക്കുന്നു. ഓരോ കാവ്യത്തിൽനിന്നും ഓരോ ശ്ലോകം പകർത്താം.

"മറക്കര കടന്നവൻ ഗുരുവിനേകുവാൻ വിത്തമൊ–
ട്ടിരക്കുവതു നല്കുവാൻ രഘുവിനാവതല്ലായ്കയാൽ
മുറയ്ക്കതിനിരന്നു മറ്റൊരു വദാന്യനോടെന്നിതേ–
വരയ്ക്കുമറിയാത്തതായെഴുമകീർത്തി പറ്റൊല്ല മേ."

(രഘുവംശം 5-ആം സർഗ്ഗം)

"കാലിക്കു ലജ്ജകലരും കരളിൽക്കുറച്ചെ–
ന്നാലിക്കുലാദ്രിമകൾതൻ കരികുന്തൽ കാൺകേ

മേലിൽപ്പെടാപ്പടി ദൃഢം വിലകെട്ടു തന്റെ
വാലിൽ പ്രിയം ചമരി കൈവിട്ടുമായിരുന്നു."
(കുമാരസംഭവം 1-ആം സർഗ്ഗം)

"ആകാശത്തങ്ങണകിലലകം പൊക്കി വിശ്വാസമോടും
മാഴ്കാതേറെപ്പഥികവനിതാമണ്ഡലം നിന്നെ നോക്കും;
കാർ കാണുമ്പോൾ വിരഹവിധുരസ്ത്രീയെയും വിട്ടു ദൂരെ–
പ്പോകാ ലോകം; പരനൊരു പരാധീനനില്ലെന്റെമട്ടിൽ."
(മേഘസന്ദേശം-പൂർവ്വഭാഗം)

ഒടുവിലത്തെ പാദത്തിൽ "ന സ്യാദന്യോപ്യമിവ ജനോ യഃ പരാധീനവൃത്തിഃ" എന്ന മൂലത്തിന്റെ തർജ്ജമ പന്തിയായിട്ടില്ലെന്നു സമ്മതിക്കാം. ധനഞ്ജയവിജയം രചിച്ചതു് പന്ത്രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന കാഞ്ചനാചാര്യനാണ്. ദൂതഘടോൽക്കചം തിരുവനന്തപുരത്തുനിന്നു ഭാസനിർമ്മിതമെന്നു സങ്കല്പിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു രൂപകമാണ്. ഗിതാഞ്ജലി മഞ്ജരീവൃത്തത്തിലാണ് ഭാഷപ്പെടുത്തിയിരിക്കുന്നതു്. അതെഴുതുന്ന കാലത്തു ഭാഷാവൃത്തങ്ങൾക്കു പ്രാധാന്യം കുടിക്കഴിഞ്ഞിരുന്നു. മറ്റു കൃതികളെപ്പറ്റി സ്ഥല ദൗർല്ലഭ്യംനിമിത്തം ഒന്നും പ്രസ്താവിക്കുവാൻ നിർവാഹമില്ലാതെയിരിക്കുന്നു.

## ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ (1045–1091)

കുഞ്ഞികൃഷ്ണമേനോൻ കൊച്ചിതലപ്പിള്ളിത്താലൂക്കിൽ വടക്കാഞ്ചേരി ഏങ്കക്കാട്ട് അംശത്തിൽ ഒടുവു് എന്ന തറവാട്ടിൽ 1045-ാമാണ്ടു തുലാമാസം 10-ആംനു- തിരുവാതിര നക്ഷത്രത്തിൽ ജനിച്ചു. പിതാവു് ആലത്തൂർ ജനാർദ്ദനൻനമ്പൂതിരിപ്പാടും മാതാവു് ഒടുവിൽ കുഞ്ഞിക്കുട്ടിയമ്മയുമായിരുന്നു. ജനാർദ്ദനന്നമ്പൂരിപ്പാടു കുഞ്ഞുണ്ണി എന്ന ഓമനപ്പേരിലും അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പുത്രനാണ് ആലത്തൂർ അനുജൻനമ്പൂരിപ്പാട്ട്. ജനാർദ്ദനൻനമ്പൂരിപ്പാട്ട് ആ രണ്ടു വിവാഹങ്ങൾക്കും പുറമേ പാലിയത്തു് ഒരു സംബന്ധവും ചെയ്തിരുന്നു. ആ വിവാഹത്തിലാണ് പാലിയത്തു ചെറിയ കുഞ്ഞുണ്ണിയച്ചന്റെ ജനനം. കുഞ്ഞിക്കൃഷ്ണമേനോനെപ്പോലെ അവരും കവികളായിരുന്നു. കുഞ്ഞിക്കൃഷ്ണമേനോന്റെ കനിഷ്ഠസഹോദരനായി 1059-ൽ ജനിച്ച ശങ്കരൻകുട്ടിമേനോനും കവികളുടെ ഗണനയിൽ സ്ഥാനമുണ്ട്.

### വിദ്യാഭ്യാസം

കുഞ്ഞിക്കൃഷ്ണമേനോന്റെ തറവാടു ധനപുഷ്ടിയുള്ളതായിരുന്നില്ല. തന്നിമിത്തം അദ്ദേഹത്തിനു വിദ്യാഭ്യാസവിഷയത്തിൽ വളരെ ക്ലേശം സഹിക്കേണ്ടിവന്നുവെങ്കിലും സ്വാശ്രയശക്തികൊണ്ടു് സകല പ്രതിബന്ധങ്ങളേയും തട്ടിനീക്കി അദ്ദേഹം ധൈര്യപൂർവ്വം പുരോഗമനംചെയ്തു. 1061-ൽ ആദ്യം എറണാകുളത്തും പിന്നീടു മദിരാശിയിലും പഠിച്ചു് 1096-ൽ എഫ്. ഏ. പരീക്ഷ ജയിച്ചു്, അന്നു പ്രൈമറിസ്കൂളിൽനിന്നു മിഡിൽസ്കൂളായി ഉയർന്നിരുന്ന വടക്കാഞ്ചേരി ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ ഹെഡ്മാസ്റ്ററായി രണ്ടു കൊല്ലം പണിനോക്കി. തിരുവനന്തപുരത്തു രാജകീയ കോളേജിൽ ചേർന്നു പഠിച്ചു് 1073-ൽ ബി.ഏ.പാസ്സായി. അക്കാലത്തു മലയാള മനോരമയ്ക്കു പല ലേഖനങ്ങളുമെഴുതി വറുഗീസുമാപ്പിളയുടെ ധനസാഹായ്യം സമ്പാദിച്ചതിനു പുറമേ തിരുവനന്തപുരത്തു ശങ്കരയ്യർ എന്ന പുസ്തകവ്യാപാരിയുടെ ഉടമസ്ഥതയിൽ ആരംഭിച്ച "രാമരാജൻ" എന്ന പത്രത്തിന്റെ ആധിപത്യം വഹിച്ചു്

ആ വഴിക്കും അല്പം ആദായമുണ്ടാക്കി. സാധാരണന്മാരാരും ആ പരിതഃസ്ഥിതിയിൽ അത്ര വളരെ ഉയരാറില്ല.

## സർക്കാർസേവനവും ഗാർഹസ്ഥ്യവും

ഒടുവ് ബി.ഏ. ജയിച്ച തിരിയെ കൊച്ചിയിൽ ചെന്നപ്പോൾ അദ്ദെഹത്തിനു ഹജൂരാപ്പീസിൽ ഒരു ഗുമസ്തന്റെ ജോലി കിട്ടി. പിന്നീടു സംപ്രതിയായി ചിറ്റൂർ, തലപ്പിള്ളി, തൃശ്ശിവപേരൂർ എന്നീ താലൂക്കുകളിൽ സേവനമനുഷ്ഠിച്ച് ആ നിലയിൽനിന്നു യഥാകാലം ഉയർന്നു കൊടുങ്ങല്ലൂർ തഹശീൽമജിസ്ട്രേട്ടായി. അതിനു മുൻപുതന്നെ വെണ്മണിപ്രസ്ഥാനമനുസരിച്ച കവിതകൾ രചിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന് അപ്പോൾ മാത്രമാണ് കൊടുങ്ങലൂർ തമ്പുരാക്കന്മാരുമായി സൗഹാർദ്ദബന്ധത്തിൽ ഏർപ്പെടുവാൻ സാധിച്ചത്. പിന്നീട് ഇരിങ്ങാലക്കുട, കൊച്ചി, എറണാകുളം എന്നീ താലൂക്കുകളിൽ മജിസ്ട്രേട്ടായിരുന്നു. എറണാകുളത്തുവച്ചു പ്രമേഹരോഗം മൂർച്ഛിച്ച് 1091 ഇടവം 5-ആംനു- യശശ്ശരീരനായി. കുഞ്ഞിക്കൃഷ്ണമേനോൻ വാഴ്ചയൊഴിഞ്ഞ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ പത്നിയുടെ കനിഷ്ഠസഹോദരിയായ ഇട്ട്യാണത്തു മൂകാംബിഅമ്മയെ 1073-ൽ വിവാഹം ചെയ്തു. 1080-ൽ ആ സാധ്വി മരിച്ചു. അനന്തരം ഭഗവൽഗീത, ബാലവതീരാമകുമാരം മുതലായ കൃതികളുടെ പ്രണേതാവായ സബ്ജഡ്ജി റ്റി.വി. അനന്തൻനായർ ബി.ഏ. എല്ലിന്റെ ദ്വിതീയപുത്രി തൃശ്ശൂർ ആളത്തു പുരുതൽ വീട്ടിൽ ചിന്നമ്മുഅമ്മയെന്ന നാരായണിഅമ്മയെ ഭാര്യയായി സ്വീകരിച്ചു. ആ യുവതി ഒരു സാഹിത്യരസികയായിരുന്നു. ചിന്നമ്മുഅമ്മ 1086-ൽ പരേതയായതിനുമേൽ പഴയന്നൂർ ആച്ചാട്ടിൽ കൊച്ചുകുട്ടിഅമ്മയുടെ ഭർത്താവായി.

## സാഹിത്യസേവനം

കുഞ്ഞിക്കൃഷ്ണമേനോൻ ഭാഷാസാഹിത്യത്തെ ബഹുമുഖമായി സേവിച്ചിട്ടുണ്ട്. ഒരു കവി, ലഘുകഥാകാരൻ, പത്രപ്രവർത്തകൻ, ഗ്രന്ഥവിമർശകൻ, എന്നിങ്ങനെ പല നിലകളിൽ, അദ്ദേഹം ഉന്നതമായ ഒരു പദവി സ്വായത്തമാക്കി.

## കവി

ഒടുവ് വളരെ ബാല്യത്തിൽത്തന്നെ കവിത എഴുതിശ്ശീലിച്ച് അസുലഭമായ വാസനനിമിത്തം അക്കാലത്തുതന്നെ ആ വഴിക്കു യശസ്സ് ആർജ്ജിക്കുവാൻ ആരംഭിച്ചു. സംസ്കൃതത്തിൽ പറയത്തക്ക പാണ്ഡിത്യം നേടുവാൻ അദ്ദേഹത്തിന് ഒരിക്കലും സൌകര്യം ലഭിച്ചില്ല. എങ്കിലും പ്രതിഭയുടെ പരിപൂർണ്ണമായ പ്രകാശത്താൽ അനവദ്യമായ ലക്ഷ്യശുദ്ധി സിദ്ധിച്ച്, ഒരു പണ്ഡിതപ്രവേകന്റെ നിലയിൽ പരിലസിക്കുവാൻ അദ്ദേഹത്തിനു കഴിവുണ്ടായി. 1068-ൽ കോഴിക്കോട്ടു നടന്ന ഭാഷാപോഷിണീസഭയുടെ സമ്മേളനത്തിൽ മത്സരിച്ചു സമ്മാനം വാങ്ങി. എറണാകുളത്ത് എഫ്. ഏ. ക്ലാസ്സിൽ പഠിക്കുന്നകാലത്ത് എഴുതിയ താഴെ കാണുന്ന ഒരു വർണ്ണനാശ്ലോകത്തിൽ അദ്ദേഹത്തിന്റെ കവനസംബന്ധമായ സിദ്ധികളിൽ പലതും അവയുടെ അങ്കുരാവസ്ഥയിൽ കാണാം.

> "എട്ടാണ്ടെത്തിയ മോരുമെന്റെ ശിവനേ!
> ചുണ്ണാമ്പുചോറും പുഴ—
> ക്കൂട്ടം തത്തിടുമുപ്പിലിട്ടതുമഹോ!
> കൈപ്പേറുമുപ്പേരിയും

പൊട്ടച്ചക്കയിൽ മോരൊഴിച്ച വഷളാ–
ക്കിത്തീർത്തകൂട്ടാനമീ–
മട്ടിൽബ്ഭക്ഷണമുണ്ടു ഛർദ്ദിവരുമാ
റെർണ്ണാകുളം ഹോട്ടലിൽ.”

അദ്ദേഹം ദീർഘകാവ്യങ്ങൾ ഒന്നും രചിച്ചിട്ടില്ല. എങ്കിലും വൻകിടയിലുള്ള ഒരു കാവ്യകാരനായാണ് അദ്ദേഹത്തെ ലോകം ബഹുമാനിച്ചവരുന്നത്. കറകളഞ്ഞതും കരടറ്റതും ശബ്ദാലങ്കാരമധുരവുമായ ഭാഷാശൈലിയും, വക്തവ്യമായ ആശയം വളച്ചുകെട്ടുകൂടാതെ നവനവോല്ലേഖങ്ങൾ ഘടിപ്പിച്ച് ആവിഷ്കരിക്കുന്നതിനുള്ള പാടവവും അദ്ദേഹത്തിന് ഏതവസരത്തിലും സ്വാധീനങ്ങളായിരുന്നു. നിരർത്ഥക പദങ്ങൾ ഒരിടത്തും കടന്നുകൂടീട്ടില്ല. ഫലിതംകൊണ്ടു കടുകുവറുക്കുന്ന വിദ്യ അദ്ദേഹത്തെപ്പോലെ പ്രദർശിപ്പിച്ചിട്ടുള്ള കവികൾ അപൂർവ്വമാണ്. ഒടുവിന്റെ പൊടിക്കൈകൾ സുപ്രസിദ്ധങ്ങളാണല്ലോ. ഏതെങ്കിലും ഒരുവിധത്തിൽ അനുവാചകന്മാരെ രസിപ്പിക്കുന്നതിനു പര്യാപ്തമല്ലാത്ത ഒരൊറ്റ ശ്ലോകമോ, ഈരടിയോ അദ്ദേഹം എഴുതീട്ടില്ലെന്നുതന്നെ പറയാം. പൂർവ്വസൂരികളുടെ പന്ഥാവിനെത്തന്നെയാണ് അദ്ദേഹം അനുവർത്തിച്ചതെങ്കിലും പാശ്ചാത്യവിദ്യാഭ്യാസജന്യമായ സംസ്കാരത്തിന്റെ പ്രതിഫലനവും അദ്ദേഹത്തിന്റെ കവിതകളിൽ പല ഘട്ടങ്ങളിലും സമീക്ഷിക്കുവാൻ കഴിയും. ചുരുക്കിപ്പറയുകയാണെങ്കിൽ സരസകവി എന്ന ബിരുദത്തിന് അദ്ദേഹത്തെക്കാൾ അർഹനായി ആരും കേരളത്തിൽ ആധുനിക കാലത്തിൽ ജീവിച്ചിരുന്നിട്ടില്ല.

## പദ്യകൃതികൾ

(1) വിനോദിനി, (2) ലക്ഷ്മീവിലാസശതകം, (3) അന്തർജ്ജനത്തിന്റെ അപരാധം, (4) ഒരു പോലീസ് ഇൻസ്പെക്ടറുടെ വധം, (5) ഒരു പതിവ്രതയുടെ കഥ, (6) കുംഭകോണയാത്ര, (7) മദിരാശിക്കടൽക്കര എന്നിവയാണ് ഒടുവ് സംസ്കൃതച്ഛന്ദസ്സുകളിൽ രചിച്ചിട്ടുള്ള പ്രധാന കൃതികൾ. ദ്രാവിഡവൃത്തങ്ങളിലുള്ള കൃതികളിൽ, (8) അജാമിളമോക്ഷം വഞ്ചിപ്പാട്ട് അഗ്രാസനത്തെ അർഹിക്കുന്നു. (9) കല്യാണീകല്യാണം എന്നൊരു പ്രഹസനവുമുണ്ട്. മറ്റു കവികളുമായി കൂട്ടുചേർന്ന് എഴുതീട്ടുള്ളതാണ് ഉപകോശ, ചിറ്റൂർ വാസുദേവൻനമ്പൂരിപ്പാട്ട്, പഞ്ചാങ്ഗി , ചണ്ഡാലീമോക്ഷം തുടങ്ങിയ കൃതികൾ. ഇവയിൽ ഒടുവിന്റെ സരസ്വതീപ്രസാദം അതിന്റെ പരിപൂർണ്ണാവസ്ഥയിൽ പ്രകാശിക്കുന്നു. പ്രത്യേകിച്ചും ചണ്ഡാലീമോക്ഷത്തിൽ അദ്ദേഹമെഴുതിയ നാലാംസർഗ്ഗം അമൃതമയംതന്നെ. ഒടുവിന്റെ ദേവീസ്തോത്രങ്ങളും നന്നായിട്ടുണ്ട്. ഇവയ്ക്കുപുറമേ ഹനുമാൻ, സാരജ്ഞൻ തുടങ്ങിയ അനേകം വ്യാജനാമങ്ങളിൽ അദ്ദേഹം ഇതര കവികളിൽ പലരുമായി പത്രരങ്ഗങ്ങളിൽ നർമ്മകലഹം നടത്തീട്ടുണ്ട്. കവിരാമായണം സംബന്ധിച്ച മുല്ലൂർ എസ്. പത്മനാഭപ്പണിക്കരുമായി നടത്തിയ വിവാദത്തിൽ സ്വീകരിച്ച പേരാണ് ഹനുമാൻ. താല്ക്കാലികമായ ഒരു വിനോദത്തിനുവേണ്ടിമാത്രമാണ് അത്തരത്തിലുള്ള മാർഗ്ഗങ്ങളിൽക്കൂടി അദ്ദേഹം തന്റെ തൂലിക ചലിപ്പിച്ചത്. അല്ലാതെ പരിശുദ്ധഹൃദയനായ അദ്ദേഹത്തിന് ആരോടും വിരോധമുണ്ടായിട്ടല്ല. ഇനി ഒടുവിന്റെ കവിതാരീതി എന്തെന്നു ചില ഉദാഹരനങ്ങൾകൊണ്ടു സ്പഷ്ടമാക്കാം.

## കുംഭകോണയാത്ര

ശാർദ്ദൂലവിക്രീഡിതത്തിൽ നൂറ്റൊന്നു ശ്ലോകങ്ങൾ അടങ്ങിയ കുംഭകോണയാത്ര യെ ഒട്ടുവിന്റെ പ്രഥമഗണനീയമായ കാവ്യമായി അങ്ഗീകരിക്കുന്നതിൽ അപാക മില്ല. വെണ്മണിഅച്ഛന്റെ രാമേശ്വരയാത്ര മുതൽ പലരും യാത്രാവർണ്ണനാത്മക ങ്ങളായ പദ്യഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും പ്രസ്തുതകൃതി അവയെയെല്ലാം അതി ശയിക്കുന്നു. തന്റെ ശ്വശുരൻ അനന്തൻനായർ 1084-ൽ കുംഭകോണം സബ്ജഡ്ജി യായിരുന്നപ്പോൾ അദ്ദേഹത്തെ സന്ദർശിച്ചതിനേയും അവിടെ ഏതാനും ദിവസം താമസിച്ചതിനേയും കുറിച്ചാണ് കവി അതിൽ വിവരിച്ചിരിക്കുന്നത്. രണ്ടു ശ്ലോക ങ്ങൾ നോക്കുക.

“അച്ഛിന്നം കരശക്തിയാലെ മലയാളത്താർ കൃഷിക്കർകളു–
ക്കിച്ഛിക്കിന്റപടിക്കു നീരുതവിചെയ്യാമൽത്തപിക്കുൻറ്റീർ;
സ്വച്ഛിദ്രപ്പണിയെങ്കളണ്ടെ നടവാതെന്നോതി മാർത്താണ്ഡനെ–
പ്പൃച്ഛിക്കുംപടി പച്ചയോടു തലയിട്ടാട്ടുന്നു നെല്ലദ്ദിശി.”

“മാമാങ്കക്കുളമുണ്ടതിന്നരികിലായ്ബ്ബാലാമണിപ്പെണ്ണുതൻ
കാമാങ്കക്കളമെന്നപോലെ വിലസും വന്മേടയുണ്ടത്ഭുതം;
ശ്രീമാനാദ്യമുരച്ചതിൽസ്സുകൃതസമ്പൂർത്തിക്കു മുങ്ങുന്നു; തൻ
ശ്രീമാനാദ്യമിളച്ചു മൂഢനപരേ മുങ്ങിക്കുഴങ്ങുന്നതേ.”

ഒരു പോലീസ് ഇൻസ്പെക്ടരുടെ വധം:

“‘വന്നില്ലാ മൂപ്പരെന്തോ കഥ’ ‘വരുമുടനേ’
‘തന്റെയീയൊച്ച’ ‘യങ്ങോർ’
തന്നില്ലേ വേണ്ടൊരക്കല്പന?’‘തടിമടലൻ
കൂർക്കമായ് പോർക്കുപോലെ’
‘നന്നിത്തക്കം’ ‘വിളക്കെന്തിനു?’ ‘ശനിയെയുണ–
ർത്തേണ്ട’ ‘വാൾ കയ്യിലില്ലേ?’
എന്നിത്ഥം ഹന്ത! പൊല്ലീസ്പ്രജകൾ കുശുകുശെ–
പ്പേശിനാരത്തരത്തിൽ.”

ഇൻസ്പെക്ടർ പണസ്സഞ്ചിയോടുകൂടി ഒരു പാന്ഥനെ സ്റ്റേഷനിൽ അടച്ച് അയാ ളെ വധിക്കുവാൻ അനുചരന്മാർക്ക് ആജ്ഞ നൽകുന്നു. പാന്ഥൻ അവിടെനിന്നു തെറ്റി; ഇൻസ്പെക്ടർ മുൻകൂട്ടി വന്ന് ആ മുറിയിലുള്ള കട്ടിലിൽക്കിടന്നുറങ്ങുന്നു; പോ ലീസുകാർ പാന്ഥനാണെന്നു തീർച്ചപ്പെടുത്തി ആ ഉദ്യോഗസ്ഥന്റെ തല വീശുന്നു. ഇതാണ് കഥ.

## മദിരാശി കടൽക്കര

പച്ചമലയാലത്തിൽ കവി രചിച്ചിട്ടുള്ള ഈ കൃതിയിൽ ഇരുപത്തിമൂന്നു ശ്ലോകങ്ങളേ ഉള്ളു എങ്കിലും അവ ഓരോന്നും വിശിഷ്ടമാണ്.

“വെടിപ്പൊടുമുടുപ്പുമാ വലിയ തൊപ്പിയും നാൾക്കുനാൾ
വടിക്കുമൊരു താടിയും തിരുകിവെച്ച മേൽമീശയും
കടിച്ചോരു ചുരുട്ടുമായ് വടികൾ വീശി വന്നെത്തിനാർ
ചൊടിപ്പൊടു ചെറുപ്പമാം ധ്വരകൾ നൂറുനൂറ്റൻപതായ്.”

### അന്തർജ്ജനത്തിന്റെ അപരാധം

ഇതു വടക്കാഞ്ചേരിക്കു സമീപമുള്ള ഒരു നമ്പൂരിയില്ലത്തെ അടുക്കളദോഷത്തെക്കുറിച്ചുള്ള വിവരണമാണ്.

“ഊക്കിട്ടശോകവിശിഖൻ ശരമാരി പെയ്തു
ലാക്കിൽപ്പെട്ടുത്തിയൊരുപാടു ജനത്തെയെന്നാൽ
ചാക്കിന്നു നോക്കി മരുവും ബഹുവമ്പനാകു–
‘മോക്കി’ദ്വിജന്റെ കഥയാണിതിൽവച്ചു കഷ്ടം.”

“വേദംവഴിക്കുമഥ ശാസ്ത്രവഴിക്കുമെന്തു
വാദം ഭവിക്കിലുമൊഴിപ്പതി’നോക്കി’ വേണം;
കാദംബിനീകബരിയാൾക്കവനെത്തൊടാനായ്
ഖേദം ഭവിച്ചതൊരു പദ്യമുരച്ചൊഴിച്ചു.”

### ചണ്ഡാലീമോക്ഷം

താഴെക്കാണുന്ന രണ്ടു ശ്ലോകങ്ങൾ ചണ്ഡാലിയുടെ രൂപവർണ്ണനത്തിൽപ്പെട്ടതാണ്.

“കറുകറനെയിരുണ്ടിരുട്ടുഭൃതം
പെറുമൊരു നൂതനമായ പൈതൽപോലെ
തുറുകവികൾ, പതിമൂക്കു, നല്ല വയ്ക്കോൽ
ത്തുറുവയ, റിത്തരമാണു വേഷഘോഷം.

ഇരുമിഴികളുമില്ല; മെയ്യിലെല്ലാ–
മൊരു വിരലിൻകനമുണ്ടു കുഷ്ഠബീജം;
പെരുമുറ കരയും കിടാവജസ്രം
പുരുദുരിതപ്പുളിനീർ പൊതിഞ്ഞപോലെ.”

അവളുടെ പൂർവ്വജന്മത്തിലേയും ഇഹജന്മത്തിലേയും അവസ്ഥാന്തരം വർണ്ണിക്കുന്ന ഘട്ടത്തിലുള്ളതാണ് ചുവടേ ചേർക്കുന്ന ശ്ലോകങ്ങൾ.

“കഴുകി മിനുസമാക്കി മുൻപു പച്ച–
പ്പുഴു പനിനീരൊടണിഞ്ഞ കൊങ്കയുഗ്മം
കഴുകിനവസരം വരായ്കമൂലം
പുഴു, പനി, നീരിടചേർന്നു തത്തിടുന്നു.

ഹിതമെഴുമൊളിപുരുഷൻ വരുമ്പോൾ
കതകിനുവെച്ചൊരു സാക്ഷയാശു നീക്കാൻ
ഉതകിന വിരലൊക്കെയറ്റു ചോര–
പ്പത ചലമൊത്തൊഴുകുന്നമട്ടിലായി.

ഒളിവരനനുവേലമാസ്വദിക്കും
തളിർമൃദുവാം ചോരിവായ്ക്കിദാനീം.

ഒളിമുഴവന വ്രണത്തിൽ–
ക്കളിയെഴുമീച്ചകളാർത്തടുത്തിടുന്നു.

വിടുവിടരെ വഴിക്കുവെച്ചു കണ്ടാൽ–
ച്ചുടലത പൂണ്ടു കളിച്ച ചാരുനേത്രം
കടുതരദുരിതക്കഠാരി കേറ്റി–
പ്പടുകുഴിയായ്പ്പാരമേഷ്ടി തീർത്തു പണ്ടേ.”

## അജാമിളമോക്ഷം

ചുവടേ കാണുന്നതു യമഭടന്മാരെപ്പറ്റിയുള്ള വർണ്ണനമാണ്.

“വട്ടക്കണ്ണിട്ടുരുട്ടിത്തീക്കട്ട ചുറ്റും പറപ്പിച്ച
കട്ടിത്തിങ്കൾ വടിവാർന്ന ദംഷ്ട്രങ്ങൾ കാട്ടി;

അസ്ഥിമാല കുടൽമാല മസ്തകങ്ങൾ കോർത്ത മാല–
യിത്തരങ്ങൾ ചാർത്തീട്ടുള്ള കഴുത്തിട്ടാട്ടി;

പാറയെക്കാൾ കട്ടികൂടികാറിനേക്കാൾക്കറുപ്പുള്ള
ഘോരമെയ്യിൽച്ചോരവസ്ത്രം ചേരവേ ചുറ്റി;
ദണ്ഡമോങ്ങിശ്ശൂലം നീട്ടി വണ്ണമേറും പാശം വീശി–
ച്ചണ്ഡമാമിരിമ്പുലക്ക ചുഴറ്റിക്കാട്ടി;
ദന്തിസിംഹവ്യാഘ്രാദിയാം ജന്തുക്കലെക്കുത്തിക്കോർത്ത
കുന്തമാകാശത്തിൽ മുട്ടുംപന്തിയായ്പ്പൊക്കി;
തീമയയായ് വായിൽനിന്നു ധൂമമേറ്റം വമിച്ചയ്യോ!
ധൂമകേതുക്കളെപ്പോലെ ഭീമമൂർത്തികൾ
പൊട്ടിച്ചിരിച്ചായുധങ്ങൾ തട്ടിമുട്ടിശ്ശബ്ദം കൂട്ടി–
ക്കെട്ടിക്കൊണ്ടുപോവാനവർ വട്ടവുംകൂട്ടി.”

മറ്റു കൃതികളെപ്പറ്റി പ്രത്യേകമായി ഒന്നും പ്രസ്താവിക്കുന്നില്ല. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ഷഷ്ടിപൂർത്തിസ്സംബന്ധിച്ചു നിർമ്മിച്ചതാണ് ലക്ഷ്മീവിലാസം. കല്യാണീകല്യാണത്തിൽ ഒരു നായർതറവാട്ടിൽ അമ്മാവനും മരുമകനും തമ്മിലുണ്ടായ വൈരക്കേടിനെ ചിത്രീകരിച്ചിരിക്കുന്നു. ഗുണഭാഷാപ്രണയികളായ സദസ്യരുടെ രുചിക്കുതക്കവണ്ണം നാലു രങ്ഗങ്ങൾമാത്രം ഉൾക്കൊള്ളിച്ചാണ് ആ രൂപകം എഴുതിയിരിക്കുന്നത്.

## പങ്കീപഞ്ചകം

ഇതിലെ ഒരു ശ്ലോകത്തിലേക്കുകൂടി വായനക്കരുടെ ശ്രദ്ധയെ ആകർഷിക്കാം.

“തങ്കക്കണ്ണാടി നോക്കിത്തലമുടിയെ വക–
  ത്തിട്ടു കയ്യാലൊതുക്കി–
ത്തിങ്കൾക്കീറൊത്ത നെറ്റിത്തടമതിലഴകിൽ–
  ക്കുങ്കുമപ്പൊട്ടു കുത്തി
കൊങ്കക്കണ്ണൊന്നു നോക്കിജ്ഝടിതി തല കുലു–
  ക്കുമ്പൊൾ മാർഗ്ഗത്തിൽനിന്നോ–
രെങ്കൽക്കണ്ണിട്ടടിച്ചോരടി ബഹുകഠിനം
  പങ്കി! പങ്കേരുഹാക്ഷി!”

### കഥാകാരൻ

1066-ാമാണ്ടു മുതല്ക്കാണ് ഭാഷയിൽ ചെറുകഥകൾ പ്രസിദ്ധീകൃതങ്ങളായതെന്നു തോന്നുന്നു. സി. പി. അച്യുതമേനോന്റെ വിദ്യാവിനോദിനിയിൽ പ്രകാശിതമായ 'വാസനാവികൃതി' ഒരപസർപ്പകകഥയാണ്. അതിനെത്തുടർന്നു 'മേനോക്കിയെക്കൊന്നതാരാണ്', 'ദ്വാരക', 'പാതാളരാജാവ്' (വേങ്ങയിൽ കുഞ്ഞിരാമൻനായർ) 'എന്റെ ആദ്യത്തെ പീസ്' മുതലായ കഥകളും ആ മാസികവഴിക്കുതന്നെയാണ് പുറപ്പെട്ടത്. ഭാഷാപോഷിണി മാസികയായി 1073-ൽ പ്രചരിച്ചുതുടങ്ങിയപ്പോൾ അതിലും ചില ചെറുകഥകൾ ഉദയംചെയ്തു. എന്നാൽ നല്ല ചെറുകഥകൾ മാത്രമേ പ്രസിദ്ധപ്പെടുത്താവൂ എന്ന നിഷ്കർഷ രസികരഞ്ജിനിയിലാണ് ഇദംപ്രഥമമായി പ്രത്യക്ഷീഭവിച്ചത്. സാമുദായികച്ഛായയിൽ ആദ്യമായി കഥകൾ എഴുതിത്തുടങ്ങിയത് ഒടുവാണ്. പാത്രസൃഷ്ടിയിലും ആഖ്യാനരീതിയിലും അദ്ദേഹം വിജയിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.ശോകാന്തങ്ങളല്ല അദ്ദേഹത്തിന്റെ കഥകൾ എന്നുള്ളതുകൊണ്ടുമാത്രം അവയ്ക്ക് അപകർഷം കല്പിക്കുന്നതു ശരിയല്ല. അക്കാലത്തെ സഹൃദയന്മാരെ ചില വിശേഷ സംഭവങ്ങൾ വിവരിച്ച് വിനോദിപ്പിക്കുന്നതിൽക്കവിഞ്ഞ് അന്നത്തെ ചെറുകഥാകാരന്മാർക്ക് ഉദ്ദേശമൊന്നും ഉണ്ടായിരുന്നില്ല. ഒടുവിന്റെ കഥകൾക്കു ചില വൈകല്യങ്ങൾ ഇല്ലാതില്ല. എന്നാൽ അന്ന് ആ ഇനത്തിലുള്ള സാഹിത്യം അത്ര മാത്രമേ വികസിച്ചിരുന്നുള്ളു എന്നു നാം ഓർമ്മിക്കേണ്ടതാണ്. എട്ടധ്യായത്തിലുള്ള മാലതി എന്ന കഥയാണ് ഏറ്റവും ദീർഘം. കല്യാണിക്കുട്ടി, ജാനു, നാരായണിക്കുട്ടി, കേളുണ്ണി മൂപ്പിൽനായർ എന്നിവ സമുച്ചയിച്ച 'നാലു കഥകൾ' എന്ന പേരിൽ ഒരു പുസ്തകം മുദ്രാപിതമായിട്ടുണ്ട്. സരോജിനീഭായി, വിചാരം തെറ്റി, ഒരു രാത്രി, സത്യം തെളിഞ്ഞു, കൗമുദി മുതലായി വേറെയും പല കഥകൾ ഒടുവ് ഓരോ അവസരത്തിൽ എഴുതീട്ടുണ്ട്. അവ അക്കാലത്തെ മാസികകളിൽ മറഞ്ഞുകിടക്കുന്നു. വേങ്ങയിൽ നായനാരുടെ അടുത്ത അനന്തരഗാമിയായി ഒരു കാഥികനെന്ന നിലയിൽ ഭാഷാസാഹിത്യമണ്ഡലത്തിൽ രങ്ഗപ്രവേശം ചെയ്തത് അദ്ദേഹമായിരുന്നു.

### ഇതരപ്രവർത്തനങ്ങൾ

രാമരാജനെന്ന പത്രം ഒരു കൊല്ലത്തോളം ഉൽക്കൃഷ്ടമായ രീതിയിൽ ഒടുവ് തിരുവനന്തപുരത്തു പഠിക്കുമ്പോൾ നടത്തിക്കൊണ്ടിരുന്നുവെന്നു സൂചിപ്പിച്ചുവല്ലോ. മലയാളമനോരമയെ അനുകരിച്ച് അതിൽ ഒരു കവിതാപങ്ക്തി ഏർപ്പെടുത്തി അതിൽ പല കവികളെക്കൊണ്ടും ശ്ലോകങ്ങൾ എഴുതിച്ചിരുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ രാജാ കേശവദാസൻ തുടങ്ങിയ കൃതികളെപ്പറ്റി വിജ്ഞേയങ്ങളായ നിരൂപണങ്ങളും ആ പത്രത്തിൽത്തന്നെ പ്രസിദ്ധീകരിച്ചു. സാഹിത്യകാരന്മാരെ രാമരാജൻ അത്യന്തം ആകർഷിച്ചു. പത്രലേഖകൻ എന്ന നിലയിലും അദ്ദേഹത്തിനു സ്പൃഹണീയമായ ഒരു സ്ഥാനമുണ്ടായിരുന്നു. 'കോരപ്പപ്രഭു' എന്ന പേരിൽ ആദ്യന്തം ഫലിതമായി കൊച്ചി രാജ്യകാര്യങ്ങളെപ്പറ്റി അദ്ദേഹം എഴുതിയിരുന്ന ലേഖനപരമ്പരകൊണ്ടു മനോരമയുടെ പ്രചാരം സാമാന്യമൊന്നുമല്ല വർദ്ധിച്ചത്. തത്തുല്യനെന്നു പറയാവുന്ന ഒരു ലേഖകൻ ആ പത്രത്തിനു കെ.സി.നാരായണൻനമ്പിയാർ മാത്രമായിരുന്നു.

## ശീവൊള്ളി നാരായണൻനമ്പൂരി (1044–1081)

## ജനനവും വിദ്യാഭ്യാസവും

നാരായണൻനമ്പൂരി തിരുവിതാംകൂറിൽ പറവൂർതാലൂക്ക് അയിരൂർപകുതി വയലാദേശത്തു ശീവൊള്ളി വടക്കേടത്തു മഠത്തിൽ ഹരീശ്വരൻ നമ്പൂരിയുടേയും ശ്രീദേവി അന്തർജ്ജനത്തിന്റേയും തൃതീയപുത്രനായി 1044-ാമാണ്ടു ചിങ്ങമാസം 24-ആംനു കാർത്തികനക്ഷത്രത്തിൽ ജനിച്ചു. ശീവൊള്ളി എന്നതു ശിവംപള്ളിയുടെ ഒരു സങ്കുചിതരൂപമാണ്. “ശിവംപള്ളിയെന്നാലംബിക്കുമതിന്നു പേർ” എന്നു കവി തന്നെ ആ വസ്തുത ഒരെഴുത്തിൽ വ്യക്തമാക്കീട്ടുണ്ട്. ശിവംപള്ളി ഇല്ലത്തു ജനിച്ചതിനാൽ ‘ശിവൻ’ എന്നും കവിയെ വിളിക്കാറുണ്ടായിരുന്നു. “മാനംചേർന്നമരും മഹാകവി ശിവൻ നാരായണൻ” എന്നു ദുസ്പർശാ നാടകത്തിൽ ഒരു പ്രസ്താവനയുണ്ട്. മലയാറ്റൂർ മുരിയാടത്തു നമ്പിയാരോട് 1053 മുതൽ 1058 വരെ സംസ്കൃതം പഠിച്ചു കാവ്യനാടകാദികളിൽ പാണ്ഡിത്യം സമ്പാദിച്ചു. കവിതാവാസന ജന്മസിദ്ധമായിരുന്നതിനാൽ എട്ടാമത്തെ വയസ്സിൽത്തന്നെ ശ്ലോകങ്ങൾ രചിച്ചുതുടങ്ങി. പിന്നീടു തൃപ്പൂണിത്തുറയ്ക്കു പോയി കൊച്ചുണ്ണിത്തമ്പുരാന്റേയും നടുവത്തച്ഛന്റേയും ഗുരുനാഥനായ എളേടത്തു തൈക്കാട്ടു ഇട്ടീരിമൂസ്സതിനോടു വൈദ്യശാസ്ത്രം നിഷ്കർഷിച്ചു പഠിക്കുകയും ആ ഭിഷഗ്വരനോടുകൂടി പല സ്ഥലങ്ങളിലും സഞ്ചരിച്ച് ആ വിദ്യയിൽ പര്യാപ്തമായ പ്രായോഗിക വിജ്ഞാനം നേടുകയും ചെയ്തു. “രവിവിമലാകാരൻ” എന്ന് അദ്ദേഹത്തെ ദുസ്പർശാനാടകത്തിൽ വന്ദിച്ചിട്ടുണ്ട്. കുറേ ജ്യോത്സ്യം ബാല്യത്തിൽത്തന്നെ പഠിച്ചിരുന്നു. അതിനുപുറമേ ചെപ്പടിക്കളിയും ചിത്രമെഴുത്തുംകൂടി കാലാന്തരത്തിൽ അഭ്യസിക്കുകയുണ്ടായി. കർണ്ണാടകം, ഇംഗ്ലീഷ് മുതലായി വേറെയും ചില ഭാഷകൾ ഗ്രഹിച്ചു.

## അനന്തരജീവിതം

വൈദ്യനായിരുന്നു ശീവൊള്ളിയുടെ ജീവിതവൃത്തി. 1070-ൽ സ്വദേശത്തേയ്ക്കു പോന്നു. 1071 മേടത്തിൽ അതിനു സമീപമുള്ള വരിക്കശ്ശേരി കുഞ്ഞിയമ്മയെ വിവാഹം ചെയ്തു. 1072 വൃശ്ചികം 1-ആംനു അയിരൂരിൽ ഒരു വൈദ്യശാല സ്ഥാപിച്ച് അതു യാവജ്ജീവം വിജയപ്രദമായ രീതിയിൽ നടത്തി. ശീവൊള്ളിക്കു വൈദ്യനെന്ന നിലയിൽ കേരളത്തിലും വിദേശങ്ങളിലും വലിയ പ്രശസ്തിയാണുണ്ടായിരുന്നത്. 1078 കന്നിയിൽ അമ്മ മരിച്ചു. അർബ്ബുദമായിരുന്നു (Internal Tumour) കവിയുടെ മരണത്തിനു ഹേതുവായ വ്യാധി. ആ വ്യാധിക്കു നാലഞ്ചുകൊല്ലം ചികിത്സിച്ചതിൽ യാതൊരു ഫലവും കാണായ്കയാൽ 1081 വൃശ്ചികം 7-ആംനു മദിരാശിക്കു പോകുകയും അവിടെ ആസ്പത്രിയിൽ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായി 15-ആംനു ചരമഗതിയെ പ്രാപിക്കുകയും ചെയ്തു. മരിക്കുന്നതിന് അല്പസമയം മുമ്പു ജ്യേഷ്ഠൻ കേശവൻനമ്പൂരിയെ ഏൽപിക്കുന്നതിന് എഴുതിക്കൊടുത്ത അധോലിഖിതമായ ശ്ലോകം പ്രസിദ്ധമാണ്.

> “കിം മേ സ്വർഗ്ഗേണ യസ്മാൽ പതതി ഹരിഹയോ–
>     പ്യാത്മകർമ്മാനുവൃത്ത്യാ;
> കിംവാ സത്യാദിലോകൈർഭുവനവിലയനേ
>     യേപി നാശം വ്രജന്തി;
> യന്നിത്യം നിസ്തമസ്കം വിലസതി പുനരാ–
>     വൃത്തിഹീനം പദം തദ്
> ബ്രഹ്മധ്യാനാവദശ്ധാഖിലകലുഷചയോ
>     യാമി സർവം വിഹായ.”

## കവിതാരീതി

ദ്രോണാചാര്യർക്ക് ഏകലവ്യൻ എന്നപോലെ വെണ്മണി മഹൻനമ്പൂരിപ്പാട്ടിലേക്ക് ഒരു വിനീതശിഷ്യൻ എന്ന നിലയിൽ നേരിട്ടുള്ള പരിചയം കുറവാണെങ്കിലും വളർന്നുയർന്ന ഒരു കവിയാണ് ശീവൊള്ളി. പല വിഷയങ്ങളിലും അവർക്കു തമ്മിൽ സാദൃശ്യമുണ്ട്. നിരങ്കുശമായ ഫലിതപ്രയോഗം, മനോമോഹനമായ രചനാസമ്പ്രദായം, ആന്തരമായ ഭാവത്തെക്കാൾ ബാഹ്യമായ രൂപത്തെ ചിത്രണം ചെയ്യുന്നതിനുള്ള വൈഭവം, ആരംഭിച്ച അനേകം കൃതികൾ അവസാനിപ്പിക്കാതെ ഇരിക്കത്തക്ക മനോവൃത്തി ഇവയിൽ ആ ആചാര്യന്റെ അനുയായിതന്നെയാണ് നമ്മുടെ കവി. അസ്ഥാനത്തു ഫലിതം തട്ടിവിടുന്നതിൽ അദ്ദേഹം ചില അവസരങ്ങളിൽ ഗുരുവിനേയും അതിശയിക്കുന്നുണ്ട്. ഹാസ്യം, ബീഭത്സം എന്നീ രസങ്ങൾ വർണ്ണിക്കുന്നതിനാണ് അദ്ദേഹത്തിന് അധികം നൈപുണ്യം. ആദ്യകാലത്തു മദനകേതനചരിതവും മറ്റും എഴുതിക്കൊണ്ടിരുന്നപ്പോൾ ഒരു സാമാന്യകവി എന്ന നിലയ്ക്കേ അദ്ദേഹത്തെ പരിഗണിക്കുവാൻ സാധിച്ചിരുന്നുള്ളു. പിന്നീടു പെട്ടെന്ന് അത്ഭുതാവഹമായ ഒരു കയറ്റം അദ്ദേഹത്തിൽ ഭാവുകന്മാർ കണ്ടു. മലബാറിൽ നിന്നു പ്രചരിച്ചുകൊണ്ടിരുന്ന കേരളചന്ദ്രികയിൽ ശ്ലോകങ്ങൾ എഴുതിത്തുടങ്ങിയതുമുതല്ക്കാണ് അതു പ്രസ്പഷ്ടമായതു്. സാരോപദേശശതകംകൊണ്ടു തനിക്കു ലഭിച്ച നൂതനസ്ഥാനം അദ്ദേഹം ഉറപ്പിച്ചു; അതിന്റെ നിർമ്മിതി 1072-ലായിരുന്നു. ‘ഒരു കഥ’യിലെ ചില ശ്ലോകങ്ങളുടെ ശബ്ദമാധുര്യം അന്യാദൃശമാണെന്നു മാത്രമേ പറയേണ്ടതുള്ളു. അർത്ഥചമൽക്കാരമുള്ള പദ്യങ്ങൾ കുറയും. ശീവൊള്ളി വളരെയൊന്നും എഴുതീട്ടില്ല. പക്ഷേ, എഴുതീട്ടുള്ളതുകൊണ്ടുതന്നെ അദ്ദേഹത്തിനു സാഹിത്യലോകത്തിൽ ശാശ്വതമായ പ്രതിഷ്ഠ സിദ്ധിച്ചിട്ടുണ്ട്. ഓരോ കൊല്ലം ചെല്ലുംതോറും അദ്ദേഹത്തിന്റെ കവിത ഓരോ പടവു് ഉയരുകയായിരുന്നു. 37-ാമത്തെ വയസ്സിൽ മരിച്ചില്ലെങ്കിൽ ഇന്നു കാണുന്നവയെക്കാൾ അത്യധികം ഉൽകൃഷ്ടങ്ങളായ കൃതികൾ അദ്ദേഹത്തിനു നിർമ്മിക്കുവാൻ കഴിഞ്ഞിരുന്നേനേ.

## കൃതികൾ

ശീവൊള്ളിയുടെ പ്രധാന കൃതികൾ (1) മദനകേതനചരിതം, (2) സാരോപദേശശതകം (1072), (3) ദാത്യൂഹസന്ദേശം (1072), (4) ഒരു കഥ (1074), (5) ദുസ്പർശാനാടകം (1075), (6) ഘോഷയാത്ര ഓട്ടൻതുള്ളൽ (1073-ലും 1078-ലും) ഇവയാണ്. ഈ കൃതികളിൽ പത്തുശ്ലോകങ്ങൾ മാത്രം അടങ്ങിയ സാരോപദേശവും, ഇരുപതു ശ്ലോകങ്ങളിൽ കൂടുതലില്ലാത്ത ദാത്യൂഹസന്ദേശവുമേ സമ്പൂർണ്ണങ്ങളായിട്ടുള്ളു. ബാക്കിയെല്ലാം അസമഗ്രങ്ങളാണ്. മദനകേതനചരിതം കൊടിയ വിരഹത്തെ അനുസരിച്ച് എഴുതുവാൻ തുടങ്ങിയ ഒരു പഴയ കഥയാണ്. 142 ശ്ലോകങ്ങൾ മാത്രമേ അതിൽ കവി രചിച്ചിട്ടുള്ളു. സുപ്രസിദ്ധമായ സാരോപദേശശതകം സന്മാർഗ്ഗപ്രതിപാദകമാണ്. ദാത്യൂഹസന്ദേശത്തിൽ ഒരു “കിഴവച്ചാലിയച്ചാർ” പാലപ്പിള്ളിമലങ്കാട്ടിൽ നിന്നു കൊടുങ്ങല്ലൂരിൽ താമസിക്കുന്ന തന്റെ “ചാലിയപ്പെണ്കിടാ”വിന് ഒരു നത്തുമുഖേന അയയ്ക്കുന്ന സന്ദേശമാണ് വിഷയം. സന്ദേശ കാവ്യങ്ങളെ പൊതുവേ അവഹേളനം ചെയ്യുന്നതിനുവേണ്ടിയാണ് ശീവൊള്ളി ആ കാവ്യം നിർമ്മിച്ചതു്. ആ ഉദ്ദേശം വേണ്ടപോലെ ഫലിച്ചിട്ടുമുണ്ട്. ബീഭത്സമാണു രസം. ‘ഒരു കഥ’ ഭൂതിഭൂഷചരിതത്തിന്റെ രീതി പിടിച്ചു് എഴുതീട്ടുള്ളതാണ്. ഭൂതിഭൂഷചരിതത്തിൽ ഒരു ദീർഘമായ പീഠികയുള്ളതുപോലെ അതിലുമുണ്ട്. കനകാകരമെന്ന പട്ടണത്തിൽ ധനശേഖരൻ എന്നൊരു രാജാവുണ്ടായിരുന്നു എന്നാണു കഥാഭാഗത്തിന്റെ ആരംഭം.

അതു പൂർത്തിയാക്കാത്തതു നന്നായി. വാരിയേടത്തു രാമൻനമ്പൂരി യമരാജധാനി കണ്ടു തിരിയെ വരുന്നതാണ് പീഠികയിലെ പ്രതിപാദ്യം. അതു വളരെ സരസമായിട്ടുണ്ട്. ദുസ്പർശാനാടകം എഴുതിയതു നാടകങ്ങളെ പൊതുവെ അപഹസിക്കുന്നതിനാണ്. മണ്ഠനായി അമ്പലത്തിലെ അടിച്ചുതളിക്കാരി ദുസ്പർശ (കൊട്ടുത്തുവ) നായിക; ആനക്കാരൻ ഭല്ലാതകൻ നായകൻ; കരിങ്കുറിഞ്ഞിയും പെരുങ്കുറുമ്പയും സഖിമാർ; തുവരകൻ വയസ്യൻ-ഇങ്ങനെയാണ് പാത്രങ്ങൾ. വിരഹിണിയായ നായികയെ മുൻപറഞ്ഞ രണ്ടു തോഴിമാരുംകൂടി ചാണകത്തിൽ മുക്കിയ പാളവിശറികൊണ്ടു വീശുന്നു. ദുസ്പർശ പാളമുറിയിൽ കരിക്കഷണംകൊണ്ടു പ്രിയതന്റെ ചിത്രം വരയ്ക്കുന്നു. കവിയുടെ പേർതന്നെ 'ചിത്തേത്ത് അറപ്പൻ' എന്നാണുപോലും.ബീഭത്സമാണ് അങ്ഗിയായ രസം; ഹാസ്യം അങ്ഗവും. ഹാസ്യവിഡംബനമല്ല കവി പ്രധാനമായി ഉദ്ദേശിച്ചിരിക്കുന്നതെന്നു തോന്നുന്നു. ഭാഷാപദങ്ങളിൽ സംസ്കൃതപ്രത്യയങ്ങൾ ചേർക്കുന്നതു ശീവൊള്ളിക്കു വളരെ അരോചകമാണെന്ന് അനേകം പദ്യങ്ങളിൽ കാണിച്ചിരിക്കുന്നു. മൂന്നാമങ്കം പകുതിയിൽവെച്ച് ഈ കൃതി മുറിഞ്ഞുപോകുന്നു. ഘോഷയാത്ര ഓട്ടൻതുള്ളലിൽ കുഞ്ചൻനമ്പിയാരുടെ പാദമുദ്രകളെ പിൻതുടരുകയും ആ ഉദ്യമത്തിൽ കുറേയെല്ലാം വിജയം നേടുകയും ചെയ്തിരിക്കുന്നു. ദുര്യോധനൻ പാണ്ഡവസന്നിധിയിലേക്കു ഘോഷയാത്രയായി പുറപ്പെടുന്നതുവരെയുള്ള കഥാംശമേ കവി വർണ്ണിച്ചിട്ടുള്ളു. ശീവൊള്ളിയുടെ എഴുത്തുകൾ, മുക്തകങ്ങൾ, സമസ്യാപൂരണങ്ങൾ മുതലായവയ്ക്കുള്ള ആസ്വാദ്യത അല്പമൊന്നുമല്ല; സംസ്കൃതത്തിൽ കവനംചെയ്യുന്നതിനും കവിക്കു സാമാന്യപരിചയമുണ്ടായിരുന്നു. ആ ഭാഷയിൽ, (7) 1064-ൽ മൂകാംബിസ്ഥലമാഹാത്മ്യവും, (8) 1074-ൽ പാർവതീവിരഹം കാവ്യവും രചിച്ചു. അവയ്ക്കു വൈശിഷ്ട്യമൊന്നും കല്പിക്കുവാനില്ല. അവകൂടാതെ അതേ രീതിയിൽ ദേവീമാഹാത്മ്യം (കോലേശ്വരീമാഹാത്മ്യം) എന്നൊരു കൃതിയും ഇരുപതു ദശകങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്.

## ചില ഉദാഹരണങ്ങൾ

ഇനി ശീവൊള്ളിയുടെ ഭാഷാകവിതയുടെ സ്വരൂപമെന്തെന്നു ചില ഉദാഹരണങ്ങൾ ഉദ്ധരിച്ചു പ്രദർശിപ്പിക്കാം.

യമഭടന്മാർ:

"കക്കിച്ചൻതാടി, ചെമ്പൻതലമുടി, തുറിയൻ–
കണ്ണു, മാക്കാച്ചിമൂക്കാ–
ക്കക്കപ്പല്ലാ, ക്കുരങ്ങിൻമുകർ, കയറു, വടി–
ക്കമ്പു, വൻകുമ്പചാട്ടം,
പൊയ്ക്കാലൻകാൽ, കരിങ്കാറെതിർനിറ, മിവ മേ–
ല്പട്ടുമേല്പട്ടുപോയോ–
രക്കോലം കണ്ടുപോയാലതു മതി ചുടല–
പ്പൊട്ടനും ഞെട്ടിവീഴും." (ഒരു കഥ)

"ചിന്തുരം തൊട്ടു, ചിന്തും പ്രഭയുടയ മണി–
ക്കോപ്പണി,ഞ്ഞാളിമാരോ–
ടെന്തോ ചെന്താമരക്കൺമുന ചെറുതു ചെരി–

ച്ചുച്ചരിച്ചും, ചിരിച്ചും,
ചെന്താരമ്പൻ ചെറുക്കുന്നതിനു ചെറുതിര–
ച്ചില്ലി ചിന്നിച്ചുമത്തൻ–
ചന്തിക്കെട്ടും ചലിപ്പിച്ചൊരു തരുണി വരും–
പിട്ടു നേരിട്ടു കണ്ടേൻ." (ഒരു കഥ)

"ദായാദപുത്രഗൃഹഭൃത്യധനാഭിമാന–
ജായാദിയിൽക്കൊതി വളർക്കുമൊരിപ്രപഞ്ചം
മായാവിലാസമയമെന്നു മനസ്സിലായി–
പ്പോയാൽക്കഴിഞ്ഞു പുനരായതു പുല്ലുപോലെ."
(സാരോപദേശശതകം)

"മദ്യച്ചാറിൻ മദമൊടൊരുനാൾ നമ്മളന്യോന്യമങ്ഗം
മർദ്ദിച്ചേന്തും മദനസമരത്തിങ്കൽ നീ തിങ്കളാസ്യേ!
വർദ്ധിച്ചീടും മണമൊടൊരധോവായു വിട്ടോരുനേരം
ഛർദ്ദിച്ചില്ലേ തവ തനുവിൽ ഞാൻ കള്ളകത്തുള്ളതെല്ലാം?"
(ദാത്യൂഹസന്ദേശം)

"ഇരുപതു പട്ടിണി രണ്ടേകാദശി
മററദിനമെഴുമുപവാസവുമായി
ഒരുമാസത്തിൽപ്പിറ്റേദ്ദിവസം
തരമായ്വന്നാലന്നേദ്ദിവസം
ഉരിയോ നാഴിയുഴക്കോ വീതം
വരിയോ കാട്ടുകിഴങ്ങോ കായോ
തരമായെന്നാൽത്തിന്നുന്നവരൊരു
ശരമേല്ക്കുമ്പോൾച്ചത്തുകിടക്കും." (ഘോഷയാത്ര)

"സാധിച്ചോ സാധുചിന്താമണിമഹിതമഹാ–
മന്ത്രസാരം മുറയ്ക്കാ–
രാധിച്ചോ നീ നിതാന്തം തുഹിനകരകലാ–
ചൂഡകാന്താപദാന്തം,
ബോധിച്ചോ വെണ്മണിക്ഷ്മാസുരവരകവിതൻ
ബ്രഹ്മരക്ഷസ്സുകേറി–
ബ്ബാധിച്ചോ ബാധവിട്ടിങ്ങനെ കവിതയിലീ–
മട്ടു തേ കിട്ടിടുന്നു?" (ഒരു കവയിത്രിക്ക്)

"ആയതുപോലെ ഭവാനെന്നായതബുദ്ധേ!പിശുക്കനാണെങ്കിൽ
ആയതു മതി മതി; ഞാനീ വായ തുറന്നില്ല; മിണ്ടിയതുമില്ല."
(മലയാളപത്രാധിപർക്ക്)

"ഇനിക്കുമില്ലത്തഖിലർക്കുമെന്മാ–
നിനിക്കുമില്ലത്തലൊരിത്തിരിക്കും;

തനിക്കുമാ തങ്കഗിരീന്ദ്രപീന–
സ്തനിക്കുമാതങ്കമതില്ലയല്ലീ?” (പി. രാമൻ ഇളയതിന്റ്)

“കാലാരാതി കനിഞ്ഞിടുന്നതുവരെക്കാളും തപംചെയ്തു തൽ–
ക്കോലംപാതി പകുത്തെടുത്തൊരു കുളിർകുന്നിന്റെ കുഞ്ഞോമനേ!
കാലൻവന്നു കയർത്തുനിന്നു കയറെൻ കാലിൽക്കടന്നിട്ടിടും–
കാലത്താക്കഴുവേറിതൻ കഥ കഴിക്കേണം മിഴിക്കോണിനാൽ”
(ദേവീസ്തുതി-മുക്തകം)
“കുന്നിക്കും കുറയാതെ കുന്നൊടു കുശുമ്പേറും കുചം പേറിടും
കുന്നിൻനന്ദിനി! കുന്ദബാണനു കുലക്കേസ്സൊന്നു പാസായതിൽ
ഒന്നാംസാക്ഷിണിയായ നീ കനിവെഴുംവണ്ണം കടക്കണ്ണെടു–
ത്തൊന്നെന്നിൽപ്പെരുമാറണേ!പെരുമനത്തപ്പന്റെ തൃപ്പെണ്കൊടി”
(ദേവീസ്തുതി)

വെള്ളം വെണ്ണീർ വിഷം വെണ്മെഴു വരകരിതോ–
ലാര്യവിത്താധിപൻ തൊ–
ട്ടുള്ളോരീ നൽക്കൃഷിക്കോപ്പുകളഖിലമധീ–
നത്തിലുണ്ടായിരിക്കേ
പള്ളിപ്പിച്ചയ്ക്കെഴുന്നള്ളരുതു പുരരിപോ!
കാടു വെട്ടിത്തെളിച്ചാ–
വെള്ളിക്കുന്നിൽക്കൃഷിച്ചെയ്യുക പണിവതിനും
ഭൂതസാർത്ഥം സമൃദ്ധം.”

“ശുദ്ധവിഡ്ഢ്യാൻപറമ്പതിവനെന്നൊരു പേരു കിട്ടും”, “സ്വാധ്യായക്കിണ്ടികൊണ്ടാ വികൃതിയുടെ തലയ്ക്കൊന്നു താങ്ങിക്കൊടുത്തു”, “അരവിന്ദബാണകലഹാപ്പീസിൽ കമാനാപ്സരായ്”, “ജലരുഹാവാസന്റെ മാസംവരെ”, “കലാശം-കുന്തം പിടിച്ചു കുതികുത്തി മറിഞ്ഞുപോയി”, “ഉണ്ടൊരു വെറുംതെങ്ങൻപുറം താങ്ങുവാൻ”, “ഓട്ടത്തിലരമാകാണി നോട്ടം കണ്ടു നടന്നു ഞാൻ” തുടങ്ങിയ അടക്കിയാലടങ്ങാതെ തുള്ളിച്ചാടുന്ന പൊടിക്കൈകളെപ്പറ്റി ഇവിടെ വിസ്തരിക്കുന്നില്ല. അക്കാര്യത്തിൽ അദ്ദേഹം ഒരു കുട്ടിവെണ്മണിമഹൻതന്നെ.

## തൃശ്ശൂർ തൈക്കാട്ടു നാരായണൻമൂസ്സത് (1046–1083)

### കുടുംബം

കേരളമെങ്ങും കേളികേട്ടിട്ടുള്ള അഷ്ടവൈദ്യകുടുംബങ്ങളിലൊന്നാണ് പഴനെല്ലിപ്പുറത്തുതൈക്കാട്. ആ കുടുംബക്കാർ ആദ്യകാലത്തു താമസിച്ചിരുന്നതു ബ്രിട്ടീഷ് മലബാറിൽ എടക്കുളം തീവണ്ടിയാപ്പീസിനു സമീപമുള്ള പഴനെല്ലിപ്പുറം എന്ന സ്ഥലത്തായിരുന്നു 981-ാമാണ്ടു തീപ്പെട്ട കൊച്ചി ശക്തൻതമ്പുരാൻ അന്നത്തെ പഴനെല്ലിപ്പുറത്തു മൂസ്സതിനെ സ്വന്തം ആവശ്യങ്ങൾക്കായി തൃശ്ശൂരിൽ വരുത്തി താമസിപ്പിച്ചു. ആ വഴിക്കാണ് തൃശ്ശൂർ തൈക്കാട്ട് എന്ന ഇല്ലപ്പേർ അവർക്കു സിദ്ധിച്ചത്. ഇളയിടത്തു തൈക്കാട്ട് എന്നത് മറ്റൊരു അഷ്ടവൈദ്യകുടുംബമാകുന്നു.

## ചരിത്രം

നാരായണൻമൂസ്സതു തൃശ്ശൂർ തൈക്കാട്ടില്ലത്തിൽ 1046-ാമാണ്ടു കന്നിമാസത്തിൽ രോഹിണീനക്ഷത്രത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായ വാസുദേവൻമൂസ്സത് അയുർവ്വേദത്തിലെന്നപോലെ തർക്കശാസ്ത്രത്തിലും നിഷ്ണാതനായിരുന്നു. അദ്ദേഹത്തിന്റെ കനിഷ്ഠസഹോദരന്മാരായ കുഞ്ഞുണ്ണിമൂസ്സതിനും പരമേശ്വരൻമൂസ്സതിനുമുള്ള ചികിത്സാപാടവവും ഒട്ടും കുറവായിരുന്നില്ല. അവർമൂന്നുപേരും 1049-ാമാണ്ടു മേടമാസത്തിൽ മസൂരിദീനത്താൽ മരിച്ചുപോയതിനാൽ ശിശുവായ നാരായണൻമൂസ്സതു കേവലം അനാഥനായിത്തീർന്നു. താനും തന്റെ ഒന്നരവയസ്സമാത്രം പ്രായമുള്ള കനിഷ്ഠസഹോദരിയും മാതാവും പിതാമഹിയുമല്ലാതെ ഇല്ലത്തു വേറെ ആരും ഉണ്ടായിരുന്നില്ല. കുടുംബമോ ഋണബാദ്ധ്യതയിൽപ്പെട്ടു നട്ടംതിരിയുകയുമായിരുന്നു. ആ അശരണാവസ്ഥയിൽനിന്നു അവരെയെല്ലാം രക്ഷിച്ചതു അവരുടെ ബന്ധുവായ അന്നത്തെ പിലാമന്തോൾ മൂസ്സതായിരുന്നു. ആ മൂസ്സത് 1078-ലാണ് മരിച്ചത്. അദ്ദേഹം അവരെ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടു പോയി നാരായണൻമൂസ്സതിന്റെ വിദ്യാഭ്യാസത്തിനുവേണ്ട ഏർപ്പാടു ചെയ്തു. ചേന്ദ്രവാരിയർ എന്നൊരാളായിരുന്നു ബാലപാഠങ്ങൾ പഠിപ്പിച്ചത്. പിന്നീട് കുട്ടഞ്ചേരി അപ്ഫൻമൂസ്സതു ചില മഹാകാവ്യങ്ങളും ഉപനയനാന്തരം അഷ്ടാങ്ഗഹൃദയവും അഭ്യസിപ്പിച്ചു. 1056 മകരത്തിൽ മാതാവു മരിച്ചു. 1062-ാമാണ്ടു വയസ്കര ആര്യൻ നാരായണൻമൂസ്സതിന്റെ പ്രഥമപുത്രിയെ പരിഗ്രഹിച്ചു തൈക്കാട്ടില്ലത്തു കൊണ്ടുപോയി കുടിവച്ചു. പിന്നീടു നാരായണൻമൂസ്സതു സ്വഗൃഹത്തിൽത്തന്നെ സ്ഥിരമായി താമസിച്ചു വൈദ്യവൃത്തിയിൽ ഏർപ്പെട്ടു. വളരെ വേഗത്തിൽ അദ്ദേഹത്തിനു കേരളത്തിലെ വിശിഷ്ടവൈദ്യന്മാരുടെ കൂട്ടത്തിൽ ഒരു സ്ഥാനം ലബ്ധമായി. അതോടുകൂടി ഒരു ശാസ്ത്രിയെ ഇല്ലത്തു താമസിപ്പിച്ച് അലങ്കാരശാസ്ത്രഗ്രന്ഥങ്ങളും സിദ്ധാന്തകൗമുദിയും പഠിച്ചു. പലരേയും മൂസ്സതു വൈദ്യശാസ്ത്രം അഭ്യസിപ്പിച്ചിട്ടുണ്ട്. നല്ല ഒരു വൈദ്യനും കവിയുമായിരുന്ന പി.കെ. നാരായനൻനമ്പീശനും കീരംകുളങ്ങര ചക്രപാണിവാരിയരും മറ്റും അദ്ദേഹത്തിന്റെ ശിഷ്യകോടിയിൽ ഉൾപ്പെടുന്നു. 1075-ാമാണ്ടു മകരത്തിൽ ആര്യൻ നാരായണൻമൂസ്സതിന്റെ ദ്വിതീയപുത്രിയേയും വിവാഹം ചെയ്തു. 1083-ാമാണ്ടു കന്നിമാസം 24-ആംനു ലൂതവിഷബാധ നിമിത്തം മരിച്ചു.

## കൃതികൾ

മൂസ്സതു സംസ്കൃതത്തിൽ (1) യാദവദാനവീയം കാവ്യവും, ഭാഷയിൽ (2) സിന്ദൂരമഞ്ജരി, (3) കപോതസന്ദേശം, (4) നളചരിതം എന്നീ കാവ്യങ്ങളും, (5) ശൃങ്ഗാരമണ്ഡനം ഭാണവും, (6) വിരാധവധം ആട്ടക്കഥയും രചിച്ചിട്ടുണ്ട്. ഇവയിൽ ചിലതെല്ലാം അപൂർണ്ണങ്ങളാണ്. (7) കവിതാവലി, (8) അത്തച്ചമയം കുറത്തിപ്പാട്ട്, (9) സംബന്ധവിലാസം തുള്ളൽ ഈ കൃതികൾ പ്രധാനങ്ങളല്ല. സിന്ദൂരമഞ്ജരി ഒരു വൈദ്യഗ്രന്ഥമാണ്. അതിൽ വെള്ളി, ചെമ്പ്, ഇരുമ്പ്, ഗന്ധകം, അഭ്രം, രസം മുതലായവ നീറ്റിയെടുത്തു ചൂർണ്ണമാക്കി ഉപയോഗിക്കുന്നതിനുള്ള വിധികൾ പ്രതിപാദിച്ചിരിക്കുന്നു. മൂസ്സതിന്റെ ഭാഷാകവിതയ്ക്കു പൊതുവേ നല്ല പ്രസാദവും ഒഴുക്കും, വേണ്ട ദിക്കിൽ ഗാംഭീര്യവുമുണ്ട്. ഭാണത്തിൽനിന്നുമാത്രം രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം. ഒരു കൊമ്പനാന:

“ചാഞ്ചല്യം കലരുന്ന പുഷ്കരസഹാ–
യത്താൽ നളോൽപാടനം
താൻ ചെയ്യാൻ തുനിയുന്നു; ഹന്ത! കലിയോ?

നാലുണ്ടു പാദങ്ങളും
തഞ്ചും പ്രാസവുമുണ്ടു പാർക്കിലധുനാ
നല്പദ്യമോ? വൈദ്യനോ
വാഞ്ഛരിക്കുംപടി ബൃഹണം പുനരിതാ
ചെയ്യുന്ന ദന്താവളം.”

ഒരു സുന്ദരി:

“ക്രൂറോട്ടുർവശി വാശി വിട്ടടി തൊഴും, രംഭയ്ക്കെഴും ഡംഭടൻ
തീരും; മേനകതന്റെ മേനി കുറയും; നാണിച്ചിടും വാണിയും;
മാരപ്രേയസിമത്സരം വെടിയു;മഗ്ഗൗരിക്കെഴും ഗൗരവം
തീരെപ്പോയിടു; മാഴിമാതഴൽ മുഴുത്താഹന്ത! കേഴും ദൃഢം.”

ഒരു സംസ്കൃതശ്ലോകം:

“ദേവി! പ്രാജ്ഞാഃ പ്രിയസ്തേ പശുപതിരിതി ശം–
സന്തി നേദം പ്രമാദാ–
ദാദായാർദ്ധം തു യസ്യാസ്മ്യഹമിഹ കൃതകൃ–
ത്യേതി യന്മന്യസേ ത്വം
സർവസ്വം സർവഥാപി പ്രണയിന ഉപഗൃ–
ഹ്ണാതി മുഗ്ദ്ധേ! വിദഗ്ദ്ധേ–
ത്യുക്തേ ശ്രീനാരദേന ക്ഷിതിധരദുഹിതുഃ
പാതു സവ്രീഡഹാസഃ.”

## കറുത്തപാറ ദാമോദരൻ നമ്പൂരി (1021—1073)

### കുടുംബം

ദാമോദരൻനമ്പൂരിയുടെ മൂലകുടുംബം മലബാറിൽ വെട്ടത്തുനാടു പൊന്നാനിത്താലൂക്കിൽ തൃപ്രങ്ങോട്ടംശം പൊയിലിശ്ശേരി ദേശത്ത് ആലത്തൂർഗ്രാമത്തിൽപ്പെട്ട കറുത്തപാറയില്ലമാണ്. ഈ ഇല്ലം ഇപ്പോൾ ഭാഗംപിരിഞ്ഞു രണ്ടായി നിലനിന്നു പോരുന്നു. തെക്കേടത്തു ഭട്ടതിരിപ്പാട്ടിലെ കുടുംബത്തിൽ സ്മാർത്തക്രിയകൾ നടത്തുന്നതിനുവേണ്ടി കാർത്തികതിരുനാൾ മഹാരാജാവു വെട്ടത്തുനാട്ടുനിന്നു കറുത്തപാറ, പുത്തൂർ എന്നീ രണ്ടില്ലങ്ങളിലെ നമ്പൂരിമാരെ വരുത്തി അവർക്കു കുടമാളൂരിൽ ഗൃഹങ്ങളും കരമൊഴിവായി വസ്തുക്കളും ദാനംചെയ്തു. അതോടുകൂടി തെക്കേടത്തുമനയ്ക്കലെ ഈശ്വരസേവയും കറുത്തപാറയില്ലത്തേക്കു സിദ്ധിച്ചു. ആ വഴിക്കാണ് ദാമോദരൻനമ്പൂരി കുടമാളൂരിൽ താമസിക്കാൻ ഇടയായതു്. അദ്ദേഹത്തിന്റെ ഒരു പൂർവപുരുഷനെ കറുത്തപാറ അനുഷ്ഠാനം എന്ന പ്രസിദ്ധമായ സ്മാർത്തഗ്രന്ഥത്തിന്റെ പ്രണേതാവെന്ന നിലയിൽ നമുക്കറിവുണ്ടു്.

### ജനനവും വിദ്യാഭ്യാസവും

ദാമോദരൻനമ്പൂരി കുടമാളൂരുള്ള കറുത്തപാറയില്ലത്തിൽ 1021-ാമാണ്ടു മിഥുനമാസത്തിൽ ജനിച്ചു. പിതാവു രാമൻചോമാതിരിയും മാതാവു സാവിത്രി അന്തർജ്ജനവുമായിരുന്നു. കറുത്തപാറ ഇല്ലക്കാർ ഋഗ്വേദികളും ആശ്വലായനസൂത്രാനുവർത്തികളുമാണ്. രാമൻ നമ്പൂരിയുടെ പത്നി സാവിത്രി അന്തർജ്ജനത്തിന്റെ ഗൃഹം കുടമാളൂർ കറുത്തേടത്തുമനയ്ക്കലാണ്. ദാമോദരൻനമ്പൂരിയുടെ പല കൃതികളിലും താഴെ ഉദ്ധരിക്കുന്ന ശ്ലോകം കാണാം.

“സൌമിത്രിശ്രീഹനൂമത്സഹിതരഘുവരൻ
കാത്തുവാഴും ദ്വിജേന്ദ്ര–
ഗ്രാമത്തിൽപ്പെട്ട കൃഷ്ണോപലനിലയസമുൽ–
ഭൂതി ദാമോദരാഖ്യൻ
സാവിത്രീരാമകർമ്മിപ്രിയസുതനവനീ–
ദേവനംഭോജചക്ഷു–
ർദ്ദേവശ്രീപാദസേവാകൃതമതി കവിതാ–
കാമിനീകാമുകൻപോൽ.”

ബാല്യത്തിൽ കാവ്യങ്ങൾ തൃപ്രങ്ങോട്ടു കിഴക്കേപ്പല്ലത്തു ശങ്കരൻമൂസ്സതിനോട് അഭ്യസിച്ചു. അക്കാലത്തു തെക്കേടത്തുമനയ്ക്കൽ നാരായണൻ ഭട്ടതിരിപ്പാട് എന്ന് ഒരു പ്രസിദ്ധപണ്ഡിതൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ അന്തേവാസിയായി തർക്കവും വേദാന്തവും പട്ടതോൾ നമ്പൂരിപ്പാട്ടിലെ സന്നിധിയിൽനിന്നു വ്യാകരണവും പഠിച്ചു. ഋഷിനമ്പൂരി മറ്റൊരു ഗുരുവായിരുന്നു. ഇതിഹാസപുരാണങ്ങളിൽ അസാധാരണമായ ജ്ഞാനം നേടി. പുരാണപാരായണം, കവിതാനിർമ്മാണം ഇവയായിരുന്നു ദൈനംദിനകൃത്യങ്ങൾ. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ പ്രധാനസേവകന്മാരിൽ ഒരാളായിരുന്ന കുടമാളൂർ വിളായിക്കോട്ടില്ലത്ത് ഇരവി നമ്പൂരിയുടെ പൗത്രിയെന്നാണ് വിവാഹംചെയ്തതു്. ഒരു സ്ത്രീസന്താനമേ ആ ദാമ്പത്യഫലമായി ജനിച്ചുള്ളു. വന്ധ്യയായ ആ അന്തർജ്ജനം ഇന്നും ജീവിച്ചിരിക്കുന്നതായി അറിയുന്നു.

## അനന്തരജീവിതം

ദാമോദരൻനമ്പൂരി ഒരു സഞ്ചാരപ്രിയനായിരുന്നു. കേരളത്തിലെ പല രാജകുടുംബങ്ങളുടേയും സൽക്കാരം സ്വീകരിച്ച് ആ കുടുംബാംഗങ്ങളുടെ പ്രീതിക്കു പാത്രമായി ഓരോ ദിക്കിൽ താമസിച്ചിട്ടുണ്ട്. കോഴിക്കോട്ടു മാനവിക്രമ ഏട്ടൻതമ്പുരാൻ അദ്ദേഹത്തിന്റെ ഒരു മുഖ്യപുരസ്കർത്താവായിരുന്നു. അദ്ദേഹം സഹൃദയസമാഗമം എന്ന പേരിൽ നടത്തിക്കൊണ്ടിരുന്ന വിദ്വത്സദസ്സിൽ കറുത്തപാറയും ഒരംഗമായിരുന്നു. “അധീതതർക്കവ്യാകരണാലങ്കാരപ്രകരണഃ” എന്ന് ആ സദസ്സിന്റെ ഒരു സമ്മേളനവിവരണത്തിൽ പ്രസ്താവിച്ചു കാണുന്നു. പുതിയകോവിലകത്തു കുട്ടിയേട്ടൻതമ്പുരാനും നമ്പൂരിയുടെ പേരിൽ വളരെ വാത്സല്യമുണ്ടായിരുന്നു. താഴെക്കാണുന്ന ശ്ലോകത്തിന്റെ ചതുർത്ഥപാദം പുന്നശ്ശേരി നമ്പിയും പ്രഥമപാദം വാസുണ്ണിമൂസ്സതും ദ്വിതീയപാദം ഏട്ടൻതമ്പുരാനും തൃതീയപാദം നമ്മുടെ കവിയും പെട്ടെന്നുണ്ടാക്കിച്ചൊല്ലിയതാണ്.

“ഗേയാതിനിർമ്മലയശോയുതകൃഷ്ണഭൂപ–
മായാവിഹീനവചനാമൃതപാനലോഭാൽ
ഛായാസമേതമണിമഞ്ചവിലോകനാദ്വാ
ഭൂയാനയം ന വിദിതസ്സമയാതിപാതഃ.”

കൊച്ചി മഹാരാജകുടുംബത്തിൽ അന്നു രണ്ടാംമുറയായിരുന്ന മങ്കഅമ്മത്തമ്പുരാട്ടിയുടെ ആജ്ഞയനുസരിച്ചാണ് രുക്മിണീസ്വയംവരം മണിപ്രാളകാവ്യവും അക്ഷയപാത്രവ്യായോഗവും രചിച്ചതു്. “എൻമങ്കത്തമ്പുരാൻതന്നുടയ ബഹലമാം കല്പനാവൈഭവത്താൽ” എന്ന് ഇവയിൽ ആദ്യത്തെ കൃതിയിലും “പൂമാനിനിയ്ക്കു ശരിയായൊരു മങ്കരാജ്ഞിക്കീമാതിരി പ്രഭുചരിത്രമഭീഷ്ടമല്ലോ” എന്നു രണ്ടാമത്തെ കൃതി

യിലും പ്രസ്താവിച്ചുകാണുന്നു. കുടമാളൂരിൽവെച്ചാണ് വെണ്മണിമഹനുമായി പരിചയപ്പെട്ടുവാൻ ഇടവന്നതു്. 1057-ൽ മുറജപക്കാലത്തു തിരുവനന്തപുരത്തു പോയി മുറജപപ്രബന്ധം രചിച്ചു രാജസമ്മാനം വാങ്ങുകയുണ്ടായി. മരണം 1073-ാമാണ്ടു കർക്കടകമാസം 10-ആംനുയായിരുന്നു.

## കൃതികൾ

ദാമോദരൻനമ്പൂരി സംസ്കൃതത്തിലും മലയാളത്തിലും കൃതികൾ രചിച്ചിട്ടുണ്ടു്. സംസ്കൃതത്തിൽ (1) അക്ഷയപാത്രവ്യായോഗം, (2) കുലശേഖരവിജയം നാടകം, (3) മന്ദാരമാലികാവീഥി, (4) വിഷ്ണുഭുജംഗപ്രയാതം എന്നിവയും, ഭാഷയിൽ (5) രുക്മിണീസ്വയംവരം മണിപ്രവാളകാവ്യം, (6) മുറജപപ്രബന്ധം (സംസ്കൃതവും മലയാളവും ചേർന്നതു്), (7) അക്ഷയപാത്രവ്യായോഗം, (8) അഭിമന്യൂത്ഭവം നാടകം, (9) കൃഷ്ണാർജ്ജുനം അഥവാ കംസനാടകം, (10) ബാലധ്രുവചരിതം നാടകം, (11) അജാമിളമോക്ഷം നാടകം, (12) രുക്മിണീപരിണയം നാടകം, (13) കാമാക്ഷീശേഖരം നാടകം എന്നിവയേയും കുറിച്ച് അറിയാം. ഇവകൂടാതെ ചെമ്പകശ്ശേരി രാമൻതമ്പുരാനും അദ്ദേഹവും ചേർന്നു ദൂതഘടോൽക്കചം എന്നൊരാട്ടക്കഥ ഉണ്ടാക്കാൻ തുടങ്ങി. അതു് അപൂർണ്ണമാണ്. അക്ഷയപാത്രം സംസ്കൃതത്തിലും മലയാളത്തിലും രചിച്ചിട്ടുണ്ടെന്ന് ഈ പട്ടികയിൽനിന്നു ഗ്രഹിക്കാവുന്നതാണല്ലോ. ആ വ്യായോഗത്തിന്റെ പ്രസ്താവനയിൽ സൂത്രധാരൻ നടിയോടു ദാമോദരകവി സംസ്കൃതത്തിലും ഭാഷയിലും പ്രസ്തുതഗ്രന്ഥം നിർമ്മിച്ചിരിക്കെ “അപ്രധാനമായ ഭാഷാനാടകത്തെ ആദ്യമായി പ്രസിദ്ധം ചെയ്യുവാൻ എന്താണ് കാരണം?”എന്നു ചോദിക്കുകയും അതിനു സൂത്രധാരൻ,

“തമ്പുംഗിമാർകുലമണേ! യജമാനനെക്കാൾ
മുന്നം നടപ്പതു മുറയ്ക്കൊരു ശിഷ്യനല്ലേ?
എന്നല്ല സൂര്യഭഗവാനുടെ മുൻപു പൊന്നിൻ–
കുന്നിന്മേലരുണനെത്തുക നിത്യമല്ലേ?”

എന്നു മറുപടി പറയുകയും ചെയ്യുന്നു. ഏഴോളം ഭാഷാരൂപകങ്ങൾ എഴുതീട്ടുണ്ടെങ്കിലും അവയൊന്നും വളരെ മെച്ചമെന്നു പറയുവാനില്ല. എന്നാൽ ചില ശ്ലോകങ്ങൾക്ക് അനിതരസുലഭമായ സ്വാരസ്യം കാണ്മാനില്ലെന്നുമില്ല. സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ നല്ല ഓജസ്സോടും ഒഴുക്കോടുംകൂടി കവനംചെയ്യുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു; എന്നാൽ വേണ്ടിടത്തോളം നിഷ്കർഷ അവയിൽ ചെലുത്തീട്ടില്ല. ആദ്യകാലത്തെ ഒരു കൃതിയാണ് രുക്മിണീസ്വയംവരംകാവ്യം. അതിൽ സംസ്കൃതവിഭക്ത്യന്തങ്ങളായ പദങ്ങൾ അധികമായി പ്രയോഗിച്ചിട്ടുണ്ടു്. താഴെക്കാണുന്ന ശ്ലോകം നോക്കുക:

“കൃഷ്ണാപായവിശങ്കകൊണ്ടുടനുടൻ ഞെട്ടിക്കരഞ്ഞെത്രയും
കഷ്ണിക്കും പ്രണയാന്ധതാതജനനീമാതാമഹാദീൻ ക്രമാൽ
വൃഷ്ണീനൊട്ടൊഴിയാതെകണ്ടു മൊഴികൊണ്ടാശ്വാസ്യ നീലാംബരൻ
ദോഷ്ണാലിംഗ്യ വിയോഗകാതരമതിം ചൊന്നാനിദം രേവതീം.”

പിന്നീടു് ആ ഭ്രമം ക്രമേണ കുറഞ്ഞു ബാലധ്രുവചരിതവും മറ്റും എഴുതുമ്പോൾ ഏകദേശം പുതിയരീതിയിലുള്ള ഭാഷാശൈലിതന്നെ സ്വീകരിച്ചു. അതിൽ അങ്ങിങ്ങു വെണ്മണിച്ഛായ കാണുന്നുണ്ടു്. എങ്കിലും തനി വെണ്മണിരീതിയെന്നുപറയുവാൻ നിർവാഹമില്ല. ആകെക്കൂടി നോക്കുമ്പോൾ അക്കാലത്തെ മേലേക്കിടയിലു

ള്ള കവികളുടെ കൂട്ടത്തിൽ അദ്ദേഹത്തിനും ഒരു സ്ഥാനത്തിനവകാശമുണ്ടെന്നുള്ള തിനു സംശയമില്ല.

## ചില ശ്ലോകങ്ങൾ

ഇനി കറുത്തപാറയുടെ ചില ശ്ലോകങ്ങൾ പകർത്തിക്കാണിക്കാം.

“ഹരേ! കൃഷ്ണ! ഗോവിന്ദ! വൈകുണ്ഠ! വിഷ്ണോ!
മുരാരേ! സദാനന്ദ! ഗോവിന്ദമൂർത്തേ!
പരാധീനവൃത്തർക്കു തൃപ്പാദമല്ലാ–
തൊരാധാരമില്ലേ നമസ്തേ! നമസ്തേ!”

(അജാമിളമോക്ഷം)

“ഘോരാപസ്മാരഭൂതപ്രകൃതിവികൃതിയാം
പൂതനാഖ്യപ്പിശാചിൻ
ധാരാളം വീർത്തുകത്തും മൂലകളിലുരുളും
ക്ഷ്വേളസാരങ്ങളെല്ലാം
നേരേ വൻകാട്ടുതീയാം ചെറിയൊരു വയറിൽ–
ച്ചേർത്തവൻ ധൂർത്തനീയാ–
ളാരാകും കാറണിഞ്ഞോൻ കൊടിയ കടുനലോ
ധൂമകേതുക്കിടാവോ?”

(കംസനാടകം-മുഷ്ടികൻ കൃഷ്ണനെക്കണ്ടിട്ട്)

“കാലിൽപ്പൊന്നിൻചിലമ്പിട്ടരമണിയുമണി–
ഞ്ഞങ്ങുമിങ്ങും നടപ്പും
ബാലത്വം വിട്ടു തായയ്ക്കുടയ കുളുർമുല–
ക്കെട്ടിലൊട്ടിക്കിടപ്പും
പീലിക്കെട്ടിൻപൊടിപ്പും മധുരമധരബിം–
ബത്തിലേറും തുടിപ്പും
ലീലാപാംഗപ്പടിപ്പും കനകമയഞെറി–
പ്പട്ടുടപ്പും വെടിപ്പും.” (കംസനാടകം)

“എളുപ്പം ചമയ്ക്കുന്ന മായാപ്രപഞ്ച–
ക്കളിപ്പന്തടിക്കുന്ന ലീലാമനുഷ്യൻ
കുളിർക്കുന്ന കാരുണ്യനീർകൊണ്ടു നിങ്ങൾ–
ക്കിളക്കം വരാതിഷ്ടമേകീടുമെന്നും.”

(ബാലധ്രുവചരിതം)

“മോടിക്കൊട്ടല്ല ചഞ്ചജ്ജടമുടി ഭസിതം
ഗോപിയും നല്ല വെള്ള–
ത്താടിക്കെട്ടും തരത്തിൽക്കടിപിടി കലഹി–
പ്പിക്കുവാൻ മാർഗ്ഗമോർത്തും
കൂടെക്കൂടെ ത്രിലോകം മുഴുവനരമണി–
ക്കുറിനുള്ളിൽ ക്രമത്താ–
ലോടിച്ചാടിക്കടക്കും മുനിയുടെ വരവു–
ണ്ടിദ്ദിനം ദുർദ്ദിനം മേ.”

(അക്ഷയപാത്രം-നാരദനെപ്പറ്റി കൗണ്ഡിന്യൻ)

“പട്ടതരനരകാന്ധകൂപമധ്യേ
ചടപടധീം മറിയാതെകണ്ടിരിപ്പാൻ
കടലുടെ മകളായ കുട്ടിയെച്ചെ–
ന്നടവൊടു വേട്ടവനെബ്ഭജിക്കെടോ താൻ.”

(മുറജപപ്രബന്ധം)

### ഒരു സംസ്കൃത മുക്തകം

ഇതു കവി 15-ാമത്തെ വയസ്സിൽ തീവണ്ടിയെക്കുറിച്ചു് ഉണ്ടാക്കിയതാണ്.

“അദ്രാക്ഷം ചക്രവാതപ്രദലിതവസുധാ–
മണ്ഡലം, ഡിണ്ഡിമോദ്യ–
ദ്ധ്വാനം ഛൂണീമുഖാദ്യാരുണനളിനമഹാ–
ദാമപൃഷ്യദ്ഗവാക്ഷം,
അന്യോന്യോദ്യത്സളാഗീബഹുമതിരചിതാ–
ഡംബരോദരഛ്ഛണം
സാമോദം ധൂമയന്ത്രപ്രകടിതശകടം
നാമ ഭൗമം വിമാനം.”

## പെട്ടരഴിയത്തു വലിയ രാമനിളയതു് (1042—1110)

### ജീവചരിത്രം

പെട്ടരഴിയത്തില്ലം മുൻപു സ്ഥിതിചെയ്തിരുന്നതു് മലബാറിൽ പൊന്നാനിത്താലൂക്ക് ഇടക്കഴിയൂരംശത്തിലായിരുന്നു. രാമനിളയതിന്റെ അച്ഛൻ വാസുദേവനിളയതായിരുന്നു കുടുംബത്തിലെ കാരണവർ. അദ്ദേഹം തൃശ്ശിവപേരൂർ കണിമങ്ഗലത്തിനടുത്തുള്ള വെമ്പള്ളിയില്ലത്തു് ഇട്ടിവാസു ഇളയതിന്റെ പ്രഥമപുത്രിയായ ഉണ്ണിമായ അന്തർജ്ജനത്തെ വിവാഹം ചെയ്തു. അവരുടെ ആദ്യത്തെ പുത്രനായ രാമനിളയതു് ആ ഇല്ലത്തിൽ 1042-ാമാണ്ടു കർക്കടകമാസത്തിൽ പൂയം നക്ഷത്രത്തിൽ ജനിച്ചു. വാസുദേവനിളയതു് 1047-ൽ ചാവക്കാട്ടു ‘ചക്കണ്ടെ’ക്കടവിനടുത്തു് ഒരു പുതിയ ഗൃഹം പണിയിച്ചു പെട്ടരഴിയത്തു കുടുംബത്തെ അവിടെ മാറ്റിത്താമസിപ്പിച്ചു. പഴയരീതിയിലുള്ള പ്രാഥമികവിദ്യാഭ്യാസവും പള്ളിക്കൂടത്തിൽ വളരെ താണ ക്ലാസ്സുകളിൽനിന്നു കിട്ടാവുന്ന കഷ്ടിപിഷ്ടി പഠിത്തവുമല്ലാതെ മറ്റു യാതൊരു തരത്തിലുള്ള വിജ്ഞാനവും ഗുരുമുഖത്തുനിന്നു നമ്മുടെ കവിക്കു ലഭിച്ചിട്ടില്ല. അപ്പോഴേക്കു നല്ല കാര്യസ്ഥനെന്നു പൊതുജനസ്സമ്മതി നേടിയിരുന്ന വാസുദേവനിളയതിനു കടം വർദ്ധിച്ചു് അതിന്റെ ഫലമായി കാരാഗൃഹവാസം അനുഭവിയ്ക്കേണ്ടിവരികയും തന്നിമിത്തം നമ്മുടെ രാമനിളയതിനു യൗവനാരംഭത്തിൽത്തന്നെ കുടുംബത്തിന്റെ സംരക്ഷണഭാരം കൈയേല്ക്കേണ്ടിവരികയും ചെയ്തു. 1062 മുതൽ മരണംവരെ ഏറെക്കുറെ ദാരിദ്ര്യദുഃഖം അനുഭവിച്ചു ലോകയാത്ര ചെയ്യേണ്ട ദുർവിധിയാണ് അദ്ദേഹത്തെ അഭിമുഖീകരിച്ചതു്. എന്നാൽ ആ വിഷാദാത്മകത യാതൊന്നും മറ്റുള്ളവരോടുള്ള പെരുമാറ്റത്തിലോ രചിക്കുന്ന കൃതികളിലോ പ്രതിഫലിക്കാതെയിരിക്കത്തക്ക ശാന്തമായ മനോവൃത്തി അദ്ദേഹത്തിനുണ്ടായിരുന്നു. ഫലിതമായിരുന്നു അദ്ദേഹത്തിന്റെ രസനയുടേയും തൂലികയുടേയും വ്യാപാരം. തന്നിമിത്തം ഒട്ടുവളരെ പുരസ്കർത്താക്കന്മാരേയും സുഹൃത്തുക്കളേയും അദ്ദേഹത്തിനു സമ്പാദിയ്ക്കുവാൻ

സാധിച്ചു. ലോകപരിചയം വർദ്ധിപ്പിയ്ക്കുന്നതിനുവേണ്ടി അദ്ദേഹം ഉത്സവാഘോഷങ്ങളിലും സാഹിത്യസമ്മേളനങ്ങളിലും സന്നിഹിതനായി. തൃശ്ശൂർപൂരം, പെരുവനത്തുപൂരം, ആറാട്ടുപുഴപൂരം, കൊടുങ്ങല്ലൂർ താലപ്പൊലി മുതലായ വിശേഷസന്ദർഭങ്ങളിൽ അദ്ദേഹം ഏതാണ്ടു നിത്യനെപ്പോലെ കടന്നുകൂടും. അവിടങ്ങളിൽ ചെന്നുചേരുന്ന പണ്ഡിതന്മാരേയും കവികളേയും സരസകൃതികൾകൊണ്ടും സംഭാഷണചാതുരികൊണ്ടും വശീകരിയ്ക്കും. അങ്ങനെയാണ് അദ്ദേഹം കൊടുങ്ങല്ലൂർ കവീശ്വരന്മാരുടെ-പ്രത്യേകിച്ചു കുഞ്ഞിക്കുട്ടൻതമ്പുരാന്റെ-വിശേഷവാത്സല്യത്തിനു പാത്രീഭവിച്ചതു്. നാടകഭ്രമം കലശലായിരുന്ന കാലത്തു ശാകുന്തളം, ഉത്തരരാമചരിതം മുതലായ നാടകങ്ങളിൽ സ്ത്രീവേഷംകെട്ടി നിപുണമായി അഭിനയിച്ചിട്ടുണ്ടു്. ഇളയതിന്റെ പുരശ്ചാരികളിൽ പ്രഥമഗണനീയനായിരുന്നു വളരെക്കാലം ഗുരുവായൂർ ദേവസ്വം മാനേജരായിരുന്ന മേലേപ്പുറത്തു കോന്തിമേനോൻ. അദ്ദേഹത്തെ ആശ്രയിച്ചു പത്തൊൻപതുകൊല്ലം ഗുരുവായൂരിൽ താമസിച്ചു. 1099-ാമാണ്ടാണ് കോന്തിമേനോൻ മരിച്ചതു്. ഇളയതു് 1062-ാമാണ്ടിടയ്ക്ക് തൃപ്പറയാറ്റക്ഷേത്രത്തിൽനിന്ന് ആറുനാഴിക തെക്കുള്ള കൈപ്പമംഗലം എന്ന ദേശത്തു കണ്ണംകുളത്തു ബ്ലാഹയില്ലത്തു വാസുദേവനിളയതിന്റെ മകൾ സാവിത്രി എന്ന കന്യകയെ വേളികഴിച്ചു. ആ ഇളയതിന്റെ അച്ഛന്റെ അമ്മാത്തുമുത്തച്ഛനായിരുന്നു സാക്ഷാൽ മച്ചാട്ടിളയതു്. ആ ദമ്പതികളുടെ ദ്വിതീയപുത്രനാണ് ചെറിയ രാമനിളയതു്. അദ്ദേഹം 1015-ൽ ജനിച്ചു. പിതാവിന്റെ കവനപാരമ്പര്യം പ്രശസ്തമായ രീതിയിൽ പാലിച്ചിരുന്നു. 1110-മാണ്ടു കർക്കടമാസം 6-ആംനുയായിരുന്നു വലിയ രാമനിളയതിന്റെ നിര്യാണം. വാതമാണ് മരണഹേതുകമായിത്തീർന്ന രോഗം.

## കവിതാരീതി

ഒരു യഥാർത്ഥകവിക്കു വാസനാവൈഭവംകൊണ്ടുമാത്രം സമഞ്ജസമായ രീതിയിൽ സഹൃദയഹൃദയാഹ്ലാദനംചെയ്യുവാൻ സാധിക്കുമെന്നുള്ളതിനു മറ്റൊരു മകുടോദാഹരണമാണ് വലിയ രാമനിളയതിന്റെ സാഹിതീവ്യവസായം. സംസ്കൃതം അദ്ദേഹം അഭ്യസിച്ചിട്ടില്ലെന്നു നാം കണ്ടുവല്ലോ. എങ്കിലും അദ്ദേഹത്തിന്റെ കവിത വായിച്ചാൽ അതു് ആരും ഗ്രഹിക്കുകയില്ല. അക്കാലത്തെ കവിമുഖ്യന്മാരുടെയിടയിൽ അദ്ദേഹത്തിന് ആർക്കും അഭികാമ്യമായ ഒരു സ്ഥാനമാണുണ്ടായിരുന്നതു്. കവിതാവിഷയത്തിൽ അദ്ദേഹത്തിന്റെ മാർഗ്ഗദർശി എന്നു പറയേണ്ടതു കുഞ്ഞിക്കുട്ടൻതമ്പുരാനെയാണ്. സമുചിതങ്ങളായ ഭാഷാപദങ്ങളുടെ സന്നിവേശനത്തിൽ ഇളയതു് തമ്പുരാന് ഏറെക്കുറെ സമസ്ക്കന്ധനായിരുന്നു. ശയ്യാസുഖം അദ്ദേഹത്തിന്റെകൃതികൾക്കു അഭംഗുരമായുണ്ടു്.ദ്രുതകവിതയിലും അദ്ദേഹം പിന്നോക്കമായിരുന്നില്ല. മലയാളവാക്കുകളെക്കൊണ്ടു ശേഷാലങ്കാരം പൊടിപാറ്റുന്നതിനുള്ള ഒരു വിരുതു് അദ്ദേഹത്തിനു പ്രത്യേകിച്ചും സ്വാധീനമായിരുന്നു. നിരർത്ഥകപദങ്ങൾകൊണ്ടു് അദ്ദേഹത്തിനു കൈകാര്യംചെയ്യേണ്ടിവന്നിട്ടില്ലെന്നു പ്രത്യേകം പറയേണ്ടതുണ്ടു്. ഏതാനും ചില ചില്ലറക്കൃതികളും കുറേ മുക്തകങ്ങളുമല്ലാതെ അദ്ദേഹം ഒന്നും എഴുതീട്ടില്ല. അവയിൽത്തന്നെ പലതും സൂക്ഷിച്ചുവയ്ക്കണമെന്നു നിർബന്ധമില്ലായിരുന്നതിനാൽ നശിച്ചുപോയിട്ടുണ്ടു്. ബാക്കിയുള്ളവയിൽനിന്നാണ് നമുക്ക് അദ്ദേഹത്തിന്റെ പ്രഭാവം നിർണ്ണയിക്കേണ്ടിയിരിക്കുന്നതു്. പക്ഷേ അതുകൊണ്ടു് നമ്മുടെ ആവശ്യം ധാരാളം നിറവേറുന്നതുമാണ്.

## കൃതികൾ

(1) അംബോപദേശം, (2) ഒരു സ്വപ്നം, (3) ഒരു മിടുക്കൻ, (4) കുചേലവൃത്തം എന്നീ ലഘുകാവ്യങ്ങളും, (5) ശംബരവധം, (6) പാഞ്ചാലീവസ്ത്രാക്ഷേപം എന്നീ വഞ്ചിപ്പാട്ടുകളും, (7) വസ്ത്രാപഹരണം കൈകൊട്ടിക്കളിപ്പാട്ടുമാണ് ഇളയതിന്റെ മുൻകൃതികൾ. ശേഷമെല്ലാം പലവകയിൽ ഉൾപ്പെടുത്താം. കുചേലവൃത്തമാണ് ഇവയിൽ ഏറ്റവും വിശിഷ്ടമായിട്ടുള്ളത്. പക്ഷേ, അത് ഒരപൂർണ്ണകൃതിയാണ്. ആദ്യത്തെ 48 ശ്ലോകങ്ങളിൽ കുചേലൻ ദ്വാരകയ്ക്കു പുറപ്പെടുവാൻ ഒരുങ്ങുന്നതുവരെയുള്ള ഭാഗംമത്രമേ അടങ്ങുന്നുള്ളു. അതിനപ്പുറം കവി ആ ഗ്രന്ഥരചന തുടർന്നുകൊണ്ടുപോയതായി കാണുന്നില്ല. ഇളയതിന്റെ അംബോപദേശത്തിനു മറ്റു കവികളുടെ ആ പേരിലുള്ള കൃതികളിൽനിന്ന് ഒരു അഭിനന്ദനീയമായ വ്യത്യാസമുള്ളത് അതിൽ വേശ്യാവൃത്തിയല്ല, സദാചാരമാണ് പ്രതിപാദ്യം എന്നുള്ളതാണ്. ഒരു സ്വപ്നത്തിൽ നായിക, നായകൻ പരസ്ത്രീസക്തനാണെന്നു സ്വപ്നം കാണുന്നതും ഉണർന്നപ്പോൾ തന്റെ ഭ്രമം നിർമ്മൂലമാണെന്നറിഞ്ഞു ലജ്ജിക്കുന്നതുമാണ് വിഷയം. ‘ഒരു മിടുക്കൻ’ എന്ന കൃതിയിൽ നട്ടുമ്പ്ലാട്ടുനമ്പൂരി എന്ന വിരുതൻ ഒരു അറുപിശുക്കൻ നമ്പൂരിയെ തക്കിടിവിദ്യകൊണ്ടു പേടിപ്പെടുത്തി അദ്ദേഹത്തിൽനിന്ന് ഒരു നേരത്തെ ആഹാരം പിടിച്ചുവാങ്ങുന്നു. ‘വസ്ത്രാപഹരണം ബാലകൃഷ്ണനേയും ഗോപികമാരേയും കുറിച്ചുള്ള സുപ്രസിദ്ധമായ ഭാഗവതോപാഖ്യാനത്തെ ഉപജീവിച്ച് എഴുതീട്ടുള്ളതാണ്. ഇളയതിന്റെ പാട്ടുകൾക്കു സംസ്കൃതവൃത്തങ്ങളിൽ രചിച്ചിട്ടുള്ള കൃതികളുടെ മെച്ചം കൈവന്നിട്ടില്ല. പ്രാസദന്തുരമായ പാഞ്ചാലീവസ്ത്രാക്ഷേപമാണ് ഉള്ളതിൽ ഭേദം.

ഉദാഹരണങ്ങൾ:

“വാട്ടം തരുന്ന കടുവാർത്ത ചെവിക്കകത്തു
കേട്ടമ്പരന്നു മമ കണ്ണിണ മഞ്ഞളിച്ചു
കോട്ടം പിണഞ്ഞു കരളി,ന്നതു പോര; ചോര–
യോട്ടം മുടങ്ങി;യടിയൻ പിടിയാതെയായി.”

(ആരോഗ്യസ്തവം)

“പേരിന്നുപോലുമരിനെല്ലിനു പോന്ന കണ്ടം
പേരിൽപ്പതിഞ്ഞറിവു ഭൂസുരനില്ല പണ്ടേ;
പാരിന്നകത്തു പൊറുതിക്കൊരു മാർഗ്ഗമില്ലാ–
ത്തോരിൽക്കുചേലനെതിരന്നൊരു മർത്ത്യനില്ല.

കാത്തോളമക്കമലലോചനനെന്നുറച്ചു
കാൽത്തോരയും തടവു വന്നുപെടാതെ നിത്യം
ഓത്തോതി നൽത്തനു മെലിഞ്ഞധികം ചുളിഞ്ഞു–
ള്ളാത്തോലൊടൊത്തുമവനീവിബുധൻ വസിച്ചു.

മാറ്റിത്രയുള്ളൊരു പവിത്രത കഷ്ടമീറൻ
മാറ്റില്ലതിന്നൊരു മുറിത്തുണിപോലുമില്ല;
മാറ്റിത്തമെന്തു പറയേണ്ടത്? രണ്ടു നേര–
മാറ്റിൽക്കുളിക്കു,മതുതന്നെ പിഴിഞ്ഞുടുക്കും.

ചോറ്റിന്നെഴുന്ന രുചിയോർമ്മയിലല്ല; വാട്ട–
മേറ്റിട്ടുഴക്കരി പചിച്ചുടനുച്ചയാമ്പോൾ

ഊറ്റിപ്പിടിച്ച തനയർക്കു കൊടുത്തു, വെള്ള–
മാറ്റിക്കുടിപ്പതിനു ദമ്പതിമാർ കൊതിച്ചു."

(കുചേലവൃത്തം)

താഴെക്കാണുന്ന ശ്ലോകം ഒ. ചന്തുമേനോന്റെ അപേക്ഷയനുസരിച്ചു പെട്ടെന്നുണ്ടാക്കി ചൊല്ലിയതാണ്.

"കുറ്റൻകൊമ്പും കുളമ്പും കുടമതിനുമകം
കാഞ്ഞിട്ടും കുഞ്ഞയും താ–
നേറ്റെന്തും കാച്ചിവിട്ടീടുവനിതി കരളിൽ–
ക്കൊണ്ട ഡംഭം കുറുമ്പും
ഏറ്റം മോദേന ഗങ്ഗാപതി കയറുമൊരാ–
ക്കാളയെക്കാല്ക്കൽ വീഴ്ത്തി–
ക്കാറ്റാക്കീടുന്ന കാന്തിപ്രചുരിമ കലരും
കാളയെക്കണ്ടുകൊൾക."

"കാമിനീകായകാന്താരേ" എന്ന സംസ്കൃതശ്ലോകത്തിന്റെ ഭാഷാനുവാദം നോക്കുക.

"നടക്കാൻ ഞെരുക്കം കൊടുക്കും കുചക്കു–
ന്നിടയ്ക്കാർന്ന തന്വങ്ങിതൻ മെയ്‌വനത്തിൽ
കടക്കൊല്ല നീയെൻമനഃപാന്ഥ! നന്നായ്–
ക്കിടപ്പുണ്ടതിൽക്കാമനാം കാട്ടുകള്ളൻ."

ഒരു ശ്ലോകംകൂടി പകർത്താം.

"വേറിട്ടുമ്പോളിഷ്ടമല്പം മാറിക്കാണുന്നതെന്തഹോ?
കൂറിട്ടും സഞ്ചിതൻ മൂട്ടു കീറിയോ? മടി കേറിയോ?"

(കണ്ടൂരിന് ഒരു കത്ത്)

"കണ്ടന്നേ കട്ടു നീയെൻകരളതു തിരിയെ–
ത്തന്നതില്ലെന്നതല്ലീ–
ക്കണ്ടുള്ളോനെക്കടക്കൺകടുതരവികട–
ച്ചങ്ങലയ്ക്കിട്ടു പൂട്ടി;
കണ്ടിക്കാർകേശി! പന്നീടിത മദനമഹാ–
രാജനേല്പിച്ചു; കഷ്ടേ!
കണ്ടും കേട്ടിട്ടുമില്ലീവക; തലയിലെഴു–
ത്തോർക്കിലിന്നാർക്കു മായ്ക്കാം?" (സ്ത്രീചാട്ടു)

"കുറ്റക്കാറതില്ലും കറുപ്പു കലരും കണ്ണാണു; കെട്ടിപ്പിടി–
ച്ചൊറ്റക്കയ്യിലൊതുക്കുകില്ലൊരുവരും;
മാറിൽക്കവിഞ്ഞീടുമേ;
തെറ്റെന്നാശയതാരിലാശയെവനും കേറ്റിച്ചുരുണ്ടാണു നിൻ
കുറ്റം വിട്ടിടതുർമ്മയുള്ള കുചവും കാർകുന്തലും വല്ലഭേ."

(സ്ത്രീചാട്ടു)

"തോലും മുപ്പിരികൂട്ടിയ നൂലും ചേലാർന്ന കേളിതൻവായ്പും
കോലുംശീലയുമീവകകോലുന്നീയുണ്ണി ചെണ്ടയോടൊക്കും."

(ഉപനയിച്ച ഉണ്ണി)

"പാരാകം നല്ലരങ്ങിൽപ്പലവക വലയും
ജീവജാലത്തെ വേഷ–
ക്കാരാക്കിച്ചേർത്തു വേണ്ടുന്നഭിനയവിരുതോ–
രോന്നു കാട്ടിക്കൊടുത്തും
നേരായ്ക്കണ്ടും രസിച്ചീടിന നവരസവി–
ജ്ഞാനി വാതാലയത്തിൽ–
പ്പേരാണ്ടുള്ളോരു നാരായണനടരസിക–
സ്വാമി കാമം തരട്ടേ." (മങ്ഗളാശംസ)

## മാപ്രാണം നാരായണപ്പിഷാരടി (1057–1116)

### ജീവിതചരിത്രം

കൊച്ചിരാജ്യത്തു് ഇരിങ്ങാലക്കടയ്ക്കു നാലുമൈൽ വടക്കുകിഴക്കുള്ള മാടായിക്കോണംദേശത്തിലെ ശ്രീകൃഷ്ണപുരം ക്ഷേത്രത്തിനടുത്തു പുത്തൻപിഷാരം എന്നൊരു ഗൃഹമുണ്ട്. മാടായിക്കോണം അംശം മാപ്രാണംദേശത്തിൽ ഉൾപ്പെട്ടതാണ്. കൂടൽമാണിക്കംക്ഷേത്രത്തിൽ ഉത്സവക്കാലത്തു കൂത്തുവിളക്കുക എന്നൊരു കുലവൃത്തി ആ കുടുംബത്തിലേക്കുള്ളതു ദൂരെ താമസിച്ചുകൊണ്ടു പോയി നടത്തുവാൻ സാധിക്കാത്തതിനാൽ 1021-ാമാണ്ടിടയ്ക്ക് ആ ക്ഷേത്രത്തിനു സമീപമായി ഒരു ഭവനം പണിയിച്ച് അതിന് ഇരിങ്ങാലക്കുട പുത്തൻ പിഷാരം എന്നു പേരിട്ട് അതിലും ആ കുടുംബക്കാർ താമസിച്ചുവന്നു. നാരായണപ്പിഷാരടി ശ്രീകൃഷ്ണപുരം പുത്തൻ പിഷാരത്തിൽ കുഞ്ഞിക്കുട്ടിപ്പിഷാരസ്യാരുടേയും കിഴപ്പള്ളിക്കരെ ചെറുമുക്കില്ലത്തു പരമേശ്വരൻനമ്പൂരിയുടേയും പുത്രനായി 1057-ാമാണ്ടു ധനുമാസം ഉത്രംനക്ഷത്രത്തിൽ ജനിച്ചു. ബാല്യത്തിൽ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം അക്കാലത്തെ ഒരു പ്രസിദ്ധ ദൈവജ്ഞനായിരുന്ന ഇരിങ്ങാലക്കുട തെക്കേവാരിയത്തു കുട്ടൻവാരിയരോടു ജ്യോതിശ്ശാസ്ത്രം നിഷ്കർഷിച്ചു പഠിക്കുകയും തദനന്തരം കൊടുങ്ങല്ലൂർക്കുപോയി അവിടെ വലിയ കൊച്ചുണ്ണിത്തമ്പുരാന്റെ ശിഷ്യനായി താമസിച്ച് ആ ശാസ്ത്രത്തിലെ ഉൽഗ്രന്ഥങ്ങളിൽ അവഗാഹവും പ്രായോഗികപദ്ധതിയിൽ പരിശീലനവും സമ്പാദിക്കുകയും ചെയ്തു. കൊടുങ്ങല്ലൂർ മഹാകവികളുടെ സ്നേഹവും ആ അവസരത്തിൽ അദ്ദേഹത്തിനു ലഭിച്ചുവെങ്കിലും കവിതാവിഷയത്തിൽ അവരെ അദ്ദേഹം പൂർണ്ണമായി അനുകരിച്ചു എന്നു പറയാവുന്നതല്ല. അപ്പോഴേയ്ക്കു സംസ്കൃതത്തിൽ ഒരുമാതിരി ലോകവ്യുൽപ്പത്തി ഉറപ്പിച്ചുകഴിഞ്ഞിരുന്നു. സംസ്കൃതവും ജ്യോതിഷവും പഠിപ്പിക്കുവാൻ സമർത്ഥനായ ഒരധ്യാപകനെ കിട്ടണമെന്നു പാഴൂർ പടിപ്പുരയ്ക്കലെ കുഞ്ഞിരാമൻ കണിയാർ അപേക്ഷിക്കുകയാൽ വലിയ കൊച്ചുണ്ണിത്തമ്പുരാൻ പിഷാരടിയെ അങ്ങോട്ടയച്ചു. 1079 മുതൽ മൂന്നു കൊല്ലം അദ്ദേഹം അവിടെ ആ പണി നോക്കി. പിന്നീട് എറണാകുളം കോൺവെന്റു ഹൈസ്കൂളിൽ ഭാഷാപണ്ഡിതനായി നിയമിതനാകുകയാൽ താമസം അങ്ങോട്ടേയ്ക്കു മാറ്റി. പതിന്നാലു കൊല്ലത്തോളം ആ സ്കൂളിൽ അധ്യാപകനായിരുന്നതിനുശേഷം പരീക്ഷായോഗ്യത ഇല്ലെന്ന കാരണത്താൽ പിരിച്ചുവിടപ്പെടുകയാൽ ജ്യോതിഷവിദ്യയും സംസ്കൃതാധ്യാപനവും കാലക്ഷേപമാർഗ്ഗമാക്കിക്കൊണ്ടു നാലഞ്ചുകൊല്ലം കുമാരനല്ലൂരിലും രണ്ടുമൂന്നു കൊല്ലം കോട്ടയ്ക്കലും പിന്നീടു ഗുരുവായൂരിലും താമസിച്ചു. പേരുകേട്ട ഒരു ദൈവജ്ഞനായിരുന്നു എങ്കിലും അതിനനുസരിച്ചുള്ള ആദായമോ, വാസനാസമ്പന്നനായ ഒരു കവിയായിരുന്നുവെങ്കിലും അതിന്നനുഗുണമായ യശസ്സോ

അദ്ദേഹത്തിന്നു നേടുവാൻ സാധിച്ചില്ല. കാരണം അന്യരോട് ഇണങ്ങിപ്പെരുമാറുവാൻവേണ്ട നയമില്ലായ്മയാണ്. ആരോടും ഏതപ്രിയവും മുഖത്തുനോക്കി പറയും; മുൻകോപം ധാരാളമുണ്ട്; ഇത്തരത്തിലുള്ള സ്വഭാവവൈകല്യങ്ങളാണ് അദ്ദേഹത്തിന്റെ ജീവിതത്തെ പരാജയപ്പെടുത്തിയത്. ആദ്യം സ്വജാതിയിലുണ്ടായിരുന്ന ഭാര്യയെ ഉപേക്ഷിച്ച് കുടമാളൂർവച്ച് ഒരു നായർസ്ത്രീയെ സംബന്ധം ചെയ്തു. ഗുരുവായൂരിൽ വച്ച വീണ്ടും ഞാറയ്ക്കാട്ടു കുടുംബത്തിലെ ഒരു പിഷാരസ്യാരെ ഭാര്യയായി സ്വീകരിച്ചു. ആകെക്കൂടി ഭാഗ്യഹീനരായ കേരളീയ കവികളുടെ കൂട്ടത്തിൽ അദ്ദേഹത്തെയും കൂട്ടാവുന്നതാണ്. ഗുരുവായൂരിൽ താമസിക്കുന്ന കാലത്ത് 1116-ൽ വയനാട്ട് ഒരു ഇല്ലത്തെ ആവശ്യത്തിലേയ്ക്കു പ്രശ്നത്തിനായി പോകുകയും അവിടെവച്ച് ഹൃദയസ്തംഭനംമൂലം 1116 മേടം 24-ആംനു മകം നക്ഷത്രത്തിൽ മരിക്കുകയും ചെയ്തു.

## കൃതികൾ

പിഷാരടി വളരെയൊന്നും എഴുതീട്ടില്ല. (1) സങ്ഗമേശസ്തവം, (2) വിഷ്ണുപുരാണം ഭാഷ, (3) വിശ്വരൂപം, (4) ഉദയാദ്ദുദയാന്തം, (5) നാരായണീയം ഭാഷ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. (6) ജാതകാദേശവും തർജ്ജമ ചെയ്തിട്ടുണ്ട്. (7) നമ്പൂരിമാരോട് എന്നൊരു കൃതിയും കുടമാളൂർ താമസിക്കുമ്പോൾ ഉണ്ടാക്കി. വിഷ്ണുപുരാണം അതേപേരിലുള്ള മൂലഗ്രന്ഥത്തിന്റെ വൃത്താന്തവൃത്തരൂപത്തിലുള്ള പരിഭാഷയാണ്. അത് ഇരിങ്ങാലക്കുട കൂടൽമാണിക്കം അച്ചുക്കൂടത്തിൽനിന്നു മാസികയായി പ്രസിദ്ധീകരിച്ചു. ഏഴു ലക്കങ്ങൾ പുറപ്പെട്ടതിനുശേഷം മുടങ്ങിപ്പോയി.

> "ശ്രീവിഷ്ണോ! നിൻപുരാണത്തെബ്ഭാവിഭവ്യം ഭവിക്കുവാൻ
> ഭാവിക്കുന്നേൻ ഭാഷയാക്കാൻ; ഭാവിതാത്മൻ! തുണയ്ക്കണേ"

എന്ന മങ്ഗളപ്രാർത്ഥനയോടുകൂടിയാണ് ആ തർജ്ജമ ആരംഭിക്കുന്നത്. വി.സി. ബാലകൃഷ്ണപ്പണിക്കർ ദ്വിതീയാക്ഷരപ്രാസവാദം പരിത്യജിച്ച 'വിശ്വരൂപം' എന്ന കാവ്യമെഴുതിയപ്പോൾ അതിനെത്തന്നെ ആ പ്രാസത്തോടുകൂടി വിവർത്തനം ചെയ്യുകയാണ് പിഷാരടി തന്റെ വിശ്വരൂപംകൊണ്ടു സാധിച്ചിട്ടുള്ളത്. പണിക്കരുടെ

> "അങ്ങോട്ടു നോക്കുക; ചുവപ്പു, വെളുപ്പു പച്ച–
> യെന്നീ നിറങ്ങളിടതിങ്ങിയൊരംബരാന്തം
> ചെന്താരുമാമ്പലുമൊരേസമയം വിരിഞ്ഞു
> പൊന്തുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നു."

എന്ന ശ്ലോകം

> "ഒന്നിങ്ങുയയ്ക്ക മിഴി; ചോപ്പു, വെളുപ്പു, പച്ച–
> യെന്നീ നിറങ്ങൾ കലരും വിയദേകദേശം
> ഒന്നിച്ചു പൊൻകമലവെൺകുമുദങ്ങൾ തിങ്ങി–
> നിന്നിട്ടു മിന്നുമൊരു പൊയ്കയെ വെന്നിടുന്നു."

എന്നു മാറ്റിയിരിക്കുന്നു. വിശ്വരൂപത്തിന്റെ രീതിപിടിച്ചു നിർമ്മിച്ചിട്ടുള്ള ഒരു സ്വതന്ത്രകാവ്യമാണ് ഉദയാദ്ദുദയാന്തം.

> "ശ്രീരങ്ഗമംബരമരാജകമായിടുന്നു;
> ഭൃരങ്ഗവാസികളുയർന്നുതുടങ്ങിടുന്നു;
> താരങ്ങളും പരമതുങ്ഗപദങ്ങൾ നഷ്ട–
> സാരങ്ങൾപോലെ തിരിയുന്നു; നിറം കെടുന്നു"

എന്ന ശ്ലോകംകൊണ്ടു് ആരംഭിക്കുന്ന ഈ കാവ്യത്തിൽ കവി പല വിശിഷ്ടമനോധർമ്മങ്ങളും പ്രയോഗിച്ചിരിക്കുന്നു. ഒരു ശ്ലോകംകൂടി എടുത്തുകാണിക്കാം.

“ശ്രീ കാളുമിപ്പല നിറം കളമിട്ടതെങ്കിൽ
ഭാകാരമാകെയരി വാരിയെറിഞ്ഞതെങ്കിൽ
രാകാളികോമരമൊഴിഞ്ഞ മൃഗാങ്കനെങ്കി–
ലാകാശമല്ലിതൊരു തുള്ളിയൊഴിഞ്ഞ കാവാം.”

പിഷാരടിയുടെ ഈ കൃതി താമതമ്യേന പ്രസാദശൂന്യവും ശ്ലേഷജടിലവുമാകയാൽ സാധാരണന്മാർക്കു സുഗ്രഹമല്ല. ഭാഷാനാരയണീയം മുഴുവനായിട്ടുണ്ടോ എന്നു നിശ്ചയമില്ല. അധോലിഖിതമായ ശ്ലോകം ആദ്യത്തേതാണ്.

“ഉന്നിദ്രാമോദബോധാകൃതിയിലൊരെതിരി–
ല്ലാതെയെന്നേതു കാല–
ത്തെന്നില്ലാതൊക്കെ വിട്ടീത്തനുവിനുപനിഷൽ–
കോടിയയ്ത്തത്വമായി
മുന്നിൽക്കാണാത്തതേതോ ഗുരുപവനപുര–
ത്തിങ്കലാ ബ്രഹ്മമല്ലോ
മിന്നിക്കാണുന്നു സാക്ഷാലമൃതമതിശയം
തന്നെയീ മർത്ത്യഭാഗ്യം.”

1105-ൽ ഒരു സാഹിത്യപരിഷത്സമ്മേളനത്തിൽ വായിച്ച ഒരു പ്രബന്ധത്തിൽനിന്നുകൂടി ഒരു ശ്ലോകം ചേർക്കാം.

“ചൊല്ലാളും കവിയായ ഭർത്തൃഹരിയാ
ലങ്ഗത്തിൽ മങ്ങീ സുവാ–
ക്കെല്ലാമെന്നു സമുക്തമായതു വിചാ–
രിച്ചാൽത്തുതോം വാസ്തവം;
നല്ലാരും നരരും നമുക്കടയൊരീ
നൽഭാഷയും നാട്ടുമെ–
ന്നല്ലാ നമ്മുടെ സർവവും നവപരി–
ഷ്കാരഗ്രഹഗ്രസ്തമായ്.”

# 53
# ചില തിരുവിതാംകൂർക്കവികൾ

പതിനൊന്നാം ശതകം, ഉത്തരാർദ്ധം

## രാജരാജവർമ്മ കൊച്ചുകോയിത്തമ്പുരാൻ (1018–1078)

### ചരിത്രം

രാജരാജവർമ്മ കോയിത്തമ്പുരൻ കിളിമാനൂർക്കൊട്ടാരത്തിൽ 1018 മേടമാസം സ്വാതിനക്ഷത്രത്തിൽ ജനിച്ചു. അച്ഛൻ ഏറ്റിക്കട നാരായണൻനമ്പൂരിയും അമ്മ കുഞ്ഞിക്കാവുകുട്ടിയമ്മത്തമ്പുരാട്ടി എന്ന ഓമനപ്പേരോടുകൂടിയുള്ള ദേവിയമ്മ അനിഴംതിരുനാൾ തമ്പുരാട്ടിയുമായിരുന്നു. രണ്ടുപേർക്കും സംസ്കൃതത്തിൽ വൈദുഷ്യമുണ്ടായിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിന്റെ അഭിനന്ദനത്തിനു പാത്രീഭൂതനായിരുന്ന അച്ഛൻ തന്നെയായിരുന്നു കോയിത്തമ്പുരാനെ പ്രാഥമികപാഠങ്ങൾ പഠിപ്പിച്ചതു്. അദ്ദേഹം 32-ാമത്തെ വയസ്സിൽ 1028-ാമാണ്ടു മരിച്ചുപോയി. അമ്മയുടെ ജീവിതകാലം 1001 മുതൽ 1055 വരെയാണു്. 1025-ൽ ജനിച്ചു് 1111-ൽ അന്തരിച്ച ഇത്തമ്മർ രവിവർമ്മ മൂത്തകോയിത്തമ്പുരാൻ രാജരാജവർമ്മകോയിത്തമ്പുരാന്റെ നേരേ അനുജനായിരുന്നു. അദ്ദേഹം ശ്രീമൂലരാജഷഷ്ടിപൂർത്തി, സുകന്യാചരിതം നാടകം മുതലായ ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. ബാല്യത്തിൽ കാസശ്വാസത്തിന്റെ ഉപദ്രവമുണ്ടായിരുന്നുവെങ്കിലും കഥാപുരുഷൻ വ്യാകരണത്തിൽ ദൃഢമായ വ്യുൽപത്തിയും ജ്യോതിഷത്തിലും ആയുർവ്വേദത്തിലും അഗാധമായ വിജ്ഞാനവും സമ്പാദിച്ചു. അമ്മാവനായ ഗോദവർമ്മ വലിയകോയിത്തമ്പുരാനാണു് വൈദ്യം പഠിപ്പിച്ചതു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ അദ്ദേഹത്തിന്റെ വ്യാകരണ പാണ്ഡിത്യത്തെ ഏറ്റവും ബഹുമാനിച്ചിരുന്നു. പാർവതീബായി ആറ്റിങ്ങൽ ഇളയതമ്പുരാനെ പള്ളിക്കെട്ടുകഴിച്ച തിരുവോണംനാൾ കേരളവർമ്മകൊച്ചുകോയിത്തമ്പുരാൻ 1048-ാമാണ്ടു കന്നിമാസത്തിൽ മരിച്ചു. അദ്ദേഹം 1023 ചിങ്ങമാസത്തിൽ ജനിച്ചു; 1037 മേടത്തിൽ പള്ളിക്കെട്ടു കഴിച്ചു. അദ്ദേഹത്തിന്റെ ജ്യേഷ്ഠനായിരുന്നു രാജരാജവർമ്മ. അനുജന്റെ മരണാന്തരം രാജ്ഞിയുടെ കൂട്ടിരിപ്പിനായി 1048-ാമാണ്ടു മേടമാസത്തിൽ രാജരാജവർമ്മ തിരുവനന്തപുരത്തേയ്ക്കു് ആനയിക്കപ്പെട്ടു. അങ്ങനെയാണു് അദ്ദേഹം കൊച്ചുകോയിത്തമ്പുരാനായതു്. അവിടെ ശ്രീപാദം കൊട്ടാരത്തിൽ താമസിച്ചുകൊണ്ടു പല വിദ്യാർത്ഥികളേയും വ്യാകരണവും അഷ്ടാങ്ഗഹൃദയവും

പഠിപ്പിച്ചു. അശ്വതിതിരുനാൾ മാർത്താണ്ഡവർമ്മ കൊച്ചുതമ്പുരാന്റെ വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ആശ്രദ്ധയും അവിടുന്നു ബി. ഏ. പരീക്ഷ ജയിയ്ക്കുന്നതിനുള്ള ഒരു പ്രധാനകാരണമായിരുന്നു. 1069-ൽ പാർവതീബായി നാടുനീങ്ങി. അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ 1076-മാണ്ടു കന്നിമാസം 25-ാംനു തീപ്പീട്ടു. പിന്നീടു തിരുവനന്തപുരത്തു് അദ്ദേഹത്തിനു കുടുംബപരമായ പ്രധാനകർത്തവ്യം ഒന്നുംതന്നെ ഇല്ലായിരുന്നുവെങ്കിലും പൊതുക്കാര്യപ്രസക്തിനിമിത്തം അവിടെത്തന്നെ താമസം തുടർന്നു. ശ്രീപാദത്തു മാളികയായിരുന്നു അദ്ദേഹത്തിന്റെ വാസസ്ഥാനം. തന്നിമിത്തം മാളികക്കോയിപ്പണ്ടാല എന്നൊരു സംജ്ഞാന്തരം. ‘കുളപ്പുരക്കോയിപ്പണ്ടാല’ എന്നതു കേരളവർമ്മ വലിയകോയിത്തമ്പുരാൻ എന്നപോലെ, അദ്ദേഹത്തിനു സിദ്ധിച്ചു. അനേകം ശിഷ്യന്മാരെ പഠിപ്പിച്ചുവന്നതിനുപുറമേ രാജധാനിയിൽ ടൗൺഹൈസ്ക്കൂൾ എന്ന പേരിൽ വിഖ്യാതമായിരുന്ന ആങ്ഗലേയവിദ്യാലയത്തിന്റെ ഉടമസ്ഥനെന്ന നിലയിൽ അതിന്റെ ഭരണം സമർത്ഥമായ രീതിയിൽ നടത്തുന്നതിനും അദ്ദേഹം തന്റെ സമയത്തിൽ ഒരു ഗണ്യമായ അംശം പ്രതിദിനം വിനിയോഗിച്ചു കൊണ്ടിരുന്നു. ശാന്താത്മാവും സഹൃദയധുരീണനും വിവിധ വിദ്യാവിചക്ഷണനുമായിരുന്ന അവിടുന്നു് 1078 മീനമാസം 10-ാംനു ചരമഗതിയെ പ്രാപിച്ചു.

### രാസക്രീഡ

സദാ ഗ്രന്ഥപാരായണത്തിൽ നിമഗ്നനായിരുന്ന രാജരാജവർമ്മ കോയിത്തമ്പുരാൻ രാസക്രീഡ ആട്ടക്കഥയല്ലാതെ മറ്റൊരു ഗ്രന്ഥവും രചിക്കുകയുണ്ടായില്ല. ആ കഥകളി പ്രസിദ്ധമാണ്. അതിൽനിന്നു രണ്ടു ശ്ലോകങ്ങളും ഒരു പദത്തിൽ ഏതാനും ചരണങ്ങളും മാത്രം ഉദ്ധരിക്കാം.

“ശൗടീര്യാക്രാന്തലോകസ്ത്വദനു കുടിലധീ-
  ശ്ശംഖചൂഡാഖ്യായക്ഷഃ
പാടിരോദ്ഗാരിഗന്ധപ്രകടസുരഭിലോ-
  ദ്യാനചാരീ മഹാത്മാ
ശാടീഭൂഷാദിശോഭാപ്രഗുണിതസുഷമാം
  ചാരുസരസ്യലീലാ-
വാടീം സോരീരമൽ സ്വാം രുചിജിതസകല-
  സ്വർവധൂടീം വധൂടീം.”

“ജിതകലേശകലേശകുടുംബിനീം സുമതനൂമതനൂരുപ-
  യോധരാം
പ്രമദഭാമദഭാരയുതാമസൗ ധൃതരസാന്തരസാ വിപിനേ ജഹൗ.”

“ആര്യ! ഭവാനുടെ കാലിണ ഞാനിത
ശൗര്യഗുണാകര! വന്ദേ!
സുമധുരപാവനവൃന്ദാവനമിതു
ശമിതസുപവോർദ്യാനവിലാസം
സമമിതു കണ്ടിഹ മനതാരിങ്കൽ
സമധിഗതം മമ ലീലാകുതുകം. (ആര്യ)

കാളിന്ദിയുടേ ജലമിതു ഹംസമ-

രാളീരുചിഭരരാജിതമോർത്താൽ
മേളിതനീലദുകൂലഭവത്തനു-
കേളികളനുകരുതേ സിതമൂർത്തേ! (ആര്യ)
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
ഗോവർദ്ധനമിതു കാണുക സുമതേ!
കാമർദ്ധിപ്രദകാനനനികരം
ആനദ്ധാഞ്ചിതജലധരമകുടം
താവദ്ധരതേ നഹി തേ ഹൃദയം? (ആര്യ)"

## മാവേലിക്കര പുത്തൻകൊട്ടാരത്തിൽ ഉദയവർമ്മത്തമ്പുരാൻ (1019—1096)

### ജീവചരിത്രം

മാവേലിക്കരപുത്തൻക്കൊട്ടാരത്തിൽ ഉദയവർമ്മത്തമ്പുരാൻ ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ മീമാൻസകൻ ഇത്തമർ കോയിത്തമ്പുരാന്റേയും മാവേലിക്കരക്കൊട്ടാരത്തിൽ ഉമാദേവിത്തമ്പുരാട്ടയുടേയും പുത്രനായി 1019-ാണ്ടു മകരമാസത്തിൽ ജനിച്ചു. സംസ്കൃതത്തിൽ വ്യാകരണം, തർക്കം, എന്നീ ശാസ്ത്രങ്ങളിലും ജ്യോതിഷത്തിലും അയുർവേദത്തിലും വിചക്ഷണനായിരുന്നതിനുപുറമേ സങ്ഗീതകലയിലും നൈപുണ്യം സമ്പാദിച്ചു. വ്യാകരണത്തിൽ അദ്ദേഹത്തിന്റെ നപുണ്യം അപാരമായിരുന്നു. ആസ്തികനായിരുന്ന അദ്ദേഹം സ്വഗൃഹത്തിൽത്തന്നെ താമസിച്ചതല്ലാതെ വിദേശങ്ങളിൽ സഞ്ചരിക്കുവാൻ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നില്ല. എല്ലാ ദിവസങ്ങളിലും കണ്ടിയൂർ ശിവക്ഷേത്രത്തിൽ പോയി തൊഴണമെന്നുള്ള നിഷ്കർഷ ആയുരന്തരംവരെ അഭങ്ഗുരമായി പരിപാലിച്ചു. ഈശ്വരഭജനം നീക്കി ശേഷിച്ച സമയങ്ങളിൽ ഗ്രന്ഥനിർമ്മാണം, സങ്ഗീതപരിശീലനം,ശിഷ്യാധ്യാപനം ഇത്യാദി കൃത്യങ്ങളിൽ വ്യാപൃതനായിരുന്നു.പാണ്ഡിത്യത്തിന് അനുഗുണമായ പ്രശസ്തി അദ്ദേഹത്തിന്നു ലഭിച്ചില്ല. അങ്ങനെയൊന്നു വേണമെന്ന് അദ്ദേഹം ഒരിക്കലും ആശിച്ചതുമില്ല. 1096 കന്നിമാസത്തിൽ 1-ാം നു മരിച്ചു. കണ്ടിയൂർ മഹാദേവശാസ്ത്രി, കണ്ടിയൂർ ശിവരാമപ്പിഷാരടി ഇവർ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു.

### കൃതികൾ

(1) അംബോപദേശം, (3) നളകഥാസാരം, (3) തപതീപരിണയം, (4) വാസവദത്താപഹരണം, (5) യയാതിചരിതം, (6) അഹല്യാമോക്ഷം, (7) രഘുവിജയം, (8 ) ശാകുന്തളം, (9) ബലഭദ്രവിക്രമം, (10) രാമാഭിഷേകം, (11) കൃഷ്ണാഭിഷേകം, (12) തിലോത്തമാവാസവം, (13) രാവണനിപാതസഖ്യം, (14) രാമനാമാവലി, (15) കൃഷ്ണനാമാവലി, (16) ദേവീനാമാവലി, (17) കൃഷ്ണലീലാസ്തുതി, (18) ആനന്ദപഞ്ജരം, (19) അന്യാപദേശശതകം, (20) ഭാഷാഭാണം, (21) വാഗീശീസ്തവം, (22) താതോപദേശാം, (23) പദ്യാവലി മുതലായ കൃതികൾ തമ്പുരാൻ രചിച്ചിട്ടുണ്ട്. രണ്ടു മുതൽ പതിമ്മൂന്നു വരെയുള്ള കൃതികൾ ആട്ടക്കഥകളാണ്. 14 മുതൽ 18 വരെയുള്ളവ സംസ്കൃതഭാഷയിൽ നിർമ്മിച്ചിരിക്കുന്നു. പല കൃതികളും നശിച്ചുപോയി. അംബോപദേശവും നളകഥാസാരവും മാത്രമേ അച്ചടിപ്പിച്ചിട്ടുള്ളു. രാവണപാതസഖ്യം കണ്ടുകിട്ടീട്ടുണ്ട്. ഉണ്ണായിവാരിയരുടെ നളചരിതം നാലുദിവസത്തെ ആട്ടക്കഥയിലെ ഇതിവൃത്തം സംക്ഷേപിച്ചും ഏതാനും പാത്രങ്ങളെക്കൂടി ചേർത്തും ഒരു ദിവസംകൊണ്ട് ആടത്തക്കവണ്ണം

രചിച്ചിട്ടുള്ളതാണ് നളകഥാസാരം. രാവണനിപാതസഖ്യം 1076 കന്നിയിൽ സമാപ്തമായി. പലവക ഒറ്റശ്ലോകങ്ങൾ പദ്യാവലിയിൽ ചേർത്തിരിക്കുന്നു. തമ്പുരാന്റെ ഭാഷാകവിതയ്ക്കു ഗുണം പോര; സംസ്കൃതകവിത ഒരുവിധം കൊള്ളാം. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

> "ശൂരസ്സൂരഖരോരുഗർദ്ദനജനരാജോ ഭ്രജാതല്ലജ-
> ജ്യോതീരാജിവിജിത: കുടിലധീകോട്യഗ്രഗണ്യസ്തദാ
> ആഖ്യന്മുഖ്യതമാമസംഖ്യലലനാരത്നേ സ്വകീയാം പ്രിയാം
> ശ്രീവല്ലീം സ്മരഭല്ലഭഗ്നഹൃദയസ്സസ്നേഹമോഹസ്പൃഹം."

> "ശസ്ത്രാശസ്ത്ര്യഥ രാജ്ഞോ ബാഹൂബാഹവി തലാതലി
> പ്രബലേ
> മുഷ്ടീമുഷ്ടി കലഹേ കേശാകേശ്യേത്യ തൗ ജഗൗ ഹംസ:."

> "ആകണ്ഠ പ്രചലൽകർപദ്ര ഭഗവൻ ദാസോ ഗദേനേദൃശാ
> വൈകുണ്ഠാംബുജസംഭവേന്ദ്രനിയമിസ്തോമാർച്ച്യാ ദ്ദയേ ഭൃശം
> ശ്രീകണ്ഠീപുരനാഥ കിന്നു കൃണ്മ:? കാരുണ്യസംപൂർണ്ണത-
> ന്മാ കുണ്ഠോ ഭവതാദ്ഭവാൻ മമ പരിത്രാണേ ജഗന്നായക!"

> പൃഥ്വ്യാം പ്രഖ്യാപയേയു: കവനമിദമുമാ-
> വാമദേവാംബുജാക്ഷാ-
> സ്സൗരഭ്യോദ്രിക്തകാശ്മീരഭസിതരജോ-
> ഗോപികാഭൂഷിതാങ്ഗാ:

> ഹര്യക്ഷേന്ദ്രോപക്ഷിപ്രകരവരമഹാ-
> വാഹനാസ്സപ്രഹർഷം
> നിത്യം ചിത്തൈകരങ്ഗസ്ഥലകൃതലളിത-
> ക്രീഡനാമ്രേഡനാ മേ."

> "ശശാങ്കചൂഡോപ്യധികൗഷ്ണ്യശാലീ-
> ത്യുദീര്യതേ താപസപുങ്ഗവൈസ്ത്വം
> തദ്വ്യക്തമേവേശ്വര കാമദാതു:
> കാമപ്രഹർത്തുശ്ച തവാദ്ഭുതാത്മൻ."

ഒരു ഭാഷാശ്ലോകം:

> ഒളിക്കയും കോപരസേന നെറ്റി
> ചുളിക്കയും ഭാരതി! ചെയ്തിടാതെ
> കളിക്ക നൽപ്പുഞ്ചിരിവേരി വാരി-
> ത്തളിച്ചു നീയെപ്പൊഴുമെന്റെ നാവിൽ."

## ഗ്രാമത്തിൽ രാമവർമ്മകോയിത്തമ്പുരാൻ (1028–1091)

## ജനനവും വിദ്യാഭ്യാസവും

ഹൈദരാലി മലബാർ ആക്രമിച്ച കാലത്തു തിരുവിതാംകൂറിൽ ഓടിയെത്തി ധർമ്മ രാജാവിനെ അഭയംപ്രാപിച്ച പരപ്പനാട്ടു കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയുടെ മൂത്ത പുത്രി തിരുവല്ലാത്താലൂക്കിൽ ചെങ്ങന്നൂർഗ്രാമത്തിൽപ്പെട്ട ഒരു സ്ഥലത്ത് ഒരു ഭവനം പണിയിച്ച് അവിടെ 982-ൽ പാർത്തുതുടങ്ങിയതായി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ശാഖയിലെ അംബികാദേവിത്തമ്പുരാട്ടിയുടേയും തളിപ്പറമ്പത്ത് അത്രർ മാധവൻഭട്ടതിരിയുടേയും പുത്രനായി രാമവർമ്മകോയിത്തമ്പുരാൻ 1028-ാമാണ്ടു മിഥുന മാസം ഉത്രട്ടാതി നക്ഷത്രത്തിൽ ജനിച്ചു. മാതാവു വിദുഷിയും ബാലചികിത്സയിൽ വിദഗ്ദ്ധയുമായിരുന്നു. ബാല്യത്തിൽ ചില പ്രാഥമികപാഠങ്ങൾ പപ്പുപിള്ള എന്നൊരാശാൻ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, കോയിത്തമ്പുരാന്റെ വലിയമ്മാവന്റെ മകനും വിദ്വാനുമായ തിരുവല്ലാ നെടുമ്പുറത്തുകൊട്ടാരത്തിൽ വരികയും, കഥാനായകന്റെ ധിഷണാവൈഭവം കണ്ടു സന്തുഷ്ടനായി സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി ആ താലൂക്കിൽപ്പെട്ട ചെറുകോൽ ചേക്കോട്ടു കൊച്ചുപിള്ള ആശാനെ കാവ്യങ്ങൾ അഭ്യസിപ്പിക്കുന്നതിനു നിയമിക്കുകയും ചെയ്തു. ആ ആശാനു നൈഷധം പഠിപ്പിക്കുന്നതിനു പ്രത്യേകം സാമർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹത്തിൽനിന്നു കാവ്യങ്ങൾ മാത്രമേ അഭ്യസിച്ചുള്ളു. എങ്കിലും കോയിത്തമ്പുരാൻ ആ ആശാനോടുള്ള ഭക്തി അപാരമായിരുന്നു; കൊല്ലന്തോറും ഓരോ പവൻ പ്രസ്തുത ഗുരുനാഥനു മരിക്കുന്നതുവരെ ദക്ഷിണയായി കൊടുത്തുകൊണ്ടിരുന്നു എന്നു കേട്ടിട്ടുണ്ട്. അനന്തരം സമീപത്തുള്ള എണ്ണയ്ക്കാട്ടുകൊട്ടാരത്തിൽപ്പോയി അവിടെ കൊച്ചനുജൻ എന്ന പേരിൽ പ്രസിദ്ധനായ കാർത്തികതിരുനാൾ കേരളവർമ്മത്തമ്പുരാനോടു നാടകാലങ്കാരങ്ങളും, തർക്കം, വ്യാകരണം, വേദാന്തം എന്നീ ശാസ്ത്രങ്ങളും ശില്പവിദ്യയും അഭ്യസിച്ചു സമകാലികന്മാരുടെയിടയിൽ ഒരു നല്ല സംസ്കൃതപണ്ഡിതനെന്നു പേർ നേടി. കൊച്ചനുജൻതമ്പുരാൻ അൻപതു വയസ്സോളം ജീവിച്ചിരുന്നു. 1058-ൽ മരിച്ചു. വടക്കേ മലയാളത്തിൽ ചിറയ്ക്കൽക്കോവിലകത്തു താമസിച്ചുകൊണ്ട് അവിടത്തെ അമ്പുരാജാവിനോടു ജ്യോതിശ്ശാസ്ത്രം വശമാക്കി. അനന്തപുരത്തു മൂത്തകോയിത്തമ്പുരാനോടാണ് അഷ്ടാങ്ഗഹൃദയം പഠിച്ചത്. മൂകാംബിയിലും മധുരയിലും പോയി ദേവിയെ ഭജിച്ച് ഒരു അനുഗൃഹീതനായ കവിയായും ഉയർന്നു. സംഗീതത്തിൽ നൈസർഗ്ഗികമായുള്ള വാസന സ്വയം പരിശ്രമിച്ചു പരിപുഷ്ടമാക്കി വീണവായനയിൽ വിദഗ്ദ്ധനായി. പാലക്കാട്ടു രാമസ്വാമിശാസ്ത്രികളെ കൊട്ടരത്തിൽ വരുത്തി അദ്ദേഹത്തിൽനിന്നു യോഗാഭ്യാസ പരിപാടിയും ശീലിച്ചു. അങ്ങനെ വിപുലമായ ഒരു വിജ്ഞാനഭണ്ഡാഗാരം അദ്ദേഹം പല കൊല്ലത്തെ പരിശ്രമംകൊണ്ടു സ്വായത്തമാക്കി.

## അനന്തരകാലജീവിതം

കോയിത്തമ്പുരാൻ ഒരു സഞ്ചാരപ്രിയനായിരുന്നു. പലപ്പോഴും എണ്ണയ്ക്കാട്ട്, ആറന്മുള, അനന്തപുരം, ലക്ഷ്മീപുരം, മറിയപ്പള്ളി, ചിറയ്ക്കൽ എന്നീ കൊട്ടാരങ്ങളിൽ താമസിക്കുകയും അവിടങ്ങളിലെ സാഹിത്യരസികന്മാരും സംഗീതജ്ഞന്മാരുമായി സമ്പർക്കം പുലർത്തുകയും ചെയ്തു വന്നു. എണ്ണയ്ക്കാട്ട് ഉമ്മുക്കുട്ടിത്തമ്പുരാട്ടിയേയും, ആറന്മുളചെമ്പകശ്ശേരിക്കൊട്ടാരത്തിൽകൊച്ചുകുഞ്ഞിത്തമ്പുരാട്ടിയേയും, മറിയപ്പള്ളി പങ്കിത്തമ്പുരാട്ടിയേയും പരിഗ്രഹിച്ചു. ഇവരിൽ ആദ്യം നാമനിർദ്ദേശം ചെയ്ത രണ്ടു തമ്പുരാട്ടിമാരുടേയും മരണാനന്തരം 1068-ൽ കണ്ടിയൂർ ഓണമ്പള്ളിവീട്ടിൽ മാധവിയമ്മയെ വിവാഹം ചെയ്തു. ആ യുവതിക്കു സങ്ഗീതത്തിലും സാഹിത്യ

ത്തിലും ഒന്നുപോലെ നൈപുണ്യമുണ്ടായിരുന്നു. ഗ്രാമത്തു കൊട്ടാരത്തിൽ താമസിക്കുമ്പോൾ ആയിക്കുടി സുബ്രഹ്മണ്യശാസ്ത്രി, വൈക്കത്തു രവിവർമ്മത്തമ്പുരാൻ തുടങ്ങി പലരേയും സംസ്കൃതത്തിൽ ഉപരിഗ്രന്ഥങ്ങൾ അഭ്യസിപ്പിച്ചിട്ടുണ്ട്. മാതാവു് 1075-ാമാണ്ടും മരിച്ചു. അമ്മാവന്റെ മരണത്തിനുശേഷം കുടുംബത്തിലെ കാരവണവരായി. അഞ്ചു കൊല്ലം ആ സ്ഥാനത്തെ അലങ്കരിച്ചു. 1091-ാമാണ്ടു കന്നിമാസം 22-ാം ൹ അത്തം നക്ഷത്രത്തിൽ യശശ്ശരീരനായി. അദ്ദേഹം ഒരു ഈശ്വരഭക്തനായിരുന്നു. ധനതൃഷ്ണ, ആഡംബരഭ്രമം മുതലായ ദോഷങ്ങൾ അദ്ദേഹത്തെ ഒരിക്കലും ബാധിച്ചിരുന്നില്ല.

## കൃതികൾ

(1) മീനകേതനചരിത്രം ചമ്പു, (2) കുചേലവൃത്തം മണിപ്രവാളം, (3) അന്യാപദേശമാല, (4) ഭാഷാഗീതഗോവിന്ദം, (5) ബ്രസീതാനാടകപൂരണം, (6) രസസ്വരൂപനിരൂപണം, (7) ഋതുവർണ്ണനം, (8) ജ്യോതിഷപ്രദീപം ഇവയാണ് രാമവർമ്മകോയിത്തമ്പുരാന്റെ മുഖ്യകൃതികൾ. ചില നല്ല മുക്തകങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഗീതാഗോവിന്ദത്തിന്റെ തർജ്ജമകണ്ടുകിട്ടീട്ടില്ല. ഭാഷയിൽ ശ്ലേഷകല്പനയ്ക്കു അസാമാന്യമായ പാടവമുണ്ടായിരുന്നു. ജ്യോതിഷപ്രദീപം ബാലന്മാർക്കുവേണ്ടി എഴുതിയ ഒരു കൃതിയാണ്. അദ്ദേഹത്തിന്റെ ഏതു ശ്ലോകത്തിലും പ്രായേണ ഏതെങ്കിലും ഒരു പുതുമ കാണാതിരിക്കുകയില്ല. ജലപ്രായമായി കവനംചെയ്യുന്നതു് അദ്ദേഹത്തിനു് അഭിമതമായിരുന്നില്ല. അർത്ഥഗൗരവത്തിലാണ് അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞതു്. രചനയ്ക്കു നിഷ്കർഷക്കുറവുണ്ട്. ഏതായാലും സമകാലികന്മാരുടെയിടയിൽ “ഗ്രാമത്തിൽക്കവി രാമവർമ്മനുവര”ന്നു് അഭ്യർഹിതമായ നിലയാണുണ്ടായിരുന്നതു്.

## മീനകേതനചരിത്രം ചമ്പു

ഒമ്പതാം ശതകത്തിന്റെ അവസാനത്തോടുകൂടി ഉത്സന്നമായ ഭാഷാചമ്പുപ്രസ്ഥാനം ഗ്രാമത്തിൽ കോയിത്തമ്പുരാൻ വീണ്ടും ഉത്ഥാപനം ചെയ്തു. മീനകേതനചരിത്രം എന്ന പേരിൽ ആയില്യം തിരുനാൾ മഹാരാജാവു് ഒരു ഗദ്യകാവ്യം നിർമ്മിച്ചു എന്നും വിശാഖം തിരുനാൾ മഹാരാജാവിന്റെ കാലത്തു് അതു വലിയ കോയിത്തമ്പുരാൻ പരിശോധിച്ചു പ്രസിദ്ധീകരിച്ചു എന്നും മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ആ പുസ്തകം വായിച്ചു് അതിന്റെ ചൂടു് ആറുന്നതിനുമുൻപു് എഴുതിയതാണ് പ്രസ്തുത ചമ്പു. അതിനു ഭാഷാമഞ്ജരിയെന്നും അതിലെ ഓരോ ഭാഗത്തിനും കലികയെന്നും കവി വിശേഷണം ചെയ്തിരിക്കുന്നു. ആകെ അഞ്ചു ഭാഗങ്ങളേ കിട്ടീട്ടുള്ളു. ഗ്രന്ഥം പൂർണ്ണമായെന്നു തോന്നുന്നില്ല. രണ്ടാം കലികയുടെ അവസാനത്തിൽ

> “ശ്രീവഞ്ചീശാവിശാഖഭ്രമിരരമണൻ കാൽത്താമരത്താരിനെ-
> ച്ചൂടീടുന്നൊരു രാമവർമ്മകവിനാ ചമ്പൂപ്രബന്ധാത്മനാ
> സമ്യങ്നിർമ്മിതമീനകേതനചരിത്രാഭിഖ്യയായീടുമീ-
> ബ്ഭാഷാമഞ്ജരിയിൽ ദ്വിതീയകലികാ സമ്പൂർണ്ണയായ്
> മങ്ഗളം”

എന്നൊരു പദ്യം കാണുന്നു. ഗദ്യങ്ങങ്ങൾ വൃത്തഗന്ധികളായും അല്ലതെയും ഘടിപ്പിച്ചിട്ടുണ്ട്. വൃത്തഗന്ധിയില്ലാത്ത ഗദ്യസരണി പുനത്തിന്റെ കാലം തുടങ്ങി ബഹിഷ്കരിക്കപ്പെട്ടിരുന്നതു കോയിത്തമ്പുരാൻ വീണ്ടും അങ്ഗീകരിച്ചു. അത്തരത്തിലുള്ള

അതിപ്രാചീനങ്ങളായ ചമ്പൂഗദ്യങ്ങൾ അദ്ദേഹം വായിച്ചിരിക്കുവാൻ ഇടയില്ലാത്ത തുകൊണ്ട് ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്നാണ് അദ്ദേഹത്തെ വളരെ ക്കാലത്തേക്കു സഹൃദയന്മാർ കരുതിയിരുന്നത്.

## കുചേലവൃത്തം മണിപ്രവാളം

വിഭിന്നവൃത്തങ്ങളിൽ നൂറ്റിരണ്ടു ശ്ലോകങ്ങൾ അന്തർഭവിക്കുന്ന ഒരു ഖണ്ഡകാവ്യമാണ് കുചേലവൃത്തം. ആരംഭത്തിൽ

> "ചൊല്ലാന്നുള്ളർത്ഥജാലം പൊഴിയണമതുത-
> ന്നല്ല കേൾക്കുന്നനേര-
> ത്തുല്ലാസം മാനസത്തിൽ സഹൃദയജനത-
> ക്കേറ്റമുണ്ടായ് വരേണം;
> നല്ലോണം ചേർന്നുവന്നീടണമിഹ വഴിപോ-
> ലുള്ള സന്ദർഭവും തു-
> ക്കൊല്ലാഖ്യാദ്രൗ വസിക്കും ഭഗവതി!യതിനായ്
> നിൻപദം കുമ്പിടുന്നേൻ."

എന്ന ശ്ലോകത്തിൽ മൂകാംബികാഭഗവതിയേയും

> "പീലിക്കാർകുന്തൽകെട്ടിത്തിരുകിയതിൽ മയിൽ-
> പ്പീലിയും ഫാലദേശേ
> ചാലേ തൊട്ടുള്ള ഗോപിക്കുറിയുമഴകെഴും
> മാലയും മാർവിടത്തിൽ
> തോളിൽച്ചേർത്തുള്ളൊരോടക്കുഴലുമണികരേ
> കാലിമേയ്ക്കുന്ന കോലും
> കോലും ഗോപാലവേഷം കലരുമുപനിഷ-
> ത്തിന്റെ സത്തേ! നമസ്തേ!"

എന്ന ശ്ലോകത്തിൽ ഗ്രാമത്തിൽ ശ്രീകൃഷ്ണനേയും കവി നമസ്കരിക്കുന്നു.

## അന്യാപദേശമാല

ചങ്ങനാശ്ശേരി മൂത്ത കോയിത്തമ്പുരാനോടു താൻ വായ്പ വാങ്ങിയിരുന്ന കുറേ ഉറ്റപ്പിക ഉടനേ മടക്കിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം ഒരിക്കൽ ഒരു അനുചരനെ ഗ്രാമത്തിലേക്ക് അയച്ചു. തൽക്കാലം ഉറ്റപ്പിക കൈവശമില്ലാതിരുന്നതിനാൽ താഴെ ചേർക്കുന്ന ശ്ലോകമെഴുതി കവി അതിനു പകരമായി കൊടുത്തു.

> "വല്ലപ്പോഴുമൊരിക്കലിത്തിരി ഭവൽപാകത്തെ നോക്കീടുവോ-
> ർക്കെല്ലാർക്കും ബഹുധോപകാരകരമായീടും ഫലം നല്കിലും
> തെങ്ങേ! നിന്നുടെ തുങ്ഗതയ്ക്കനുസരിച്ചുൾക്കാതലുണ്ടായിരു-
> ന്നെന്നാലിത്ഥമുലച്ചികച്ചെറുസമീരൻകൊണ്ടുവന്നീടുമോ?"

അതു വായിച്ചുനോക്കി ഉത്തമർണ്ണന്റെ ഭാഗിനേയനായ ചെറുണ്ണികോയിത്തമ്പുരാൻ ആ രീതിയ്ൽ ഒരു കാവ്യം ഉണ്ടാക്കണമെന്ന് അപേക്ഷിക്കുകയും കവി ആ

അപേക്ഷയനുസരിച്ച് അൻപതുശ്ലോകങ്ങൾ അടങ്ങിയ അന്യാപദേശമാല രചിക്കുകയും ചെയ്തു. രണ്ടു ശ്ലോകങ്ങൾ ആ ഭാവഗംഭീരമായ കാവ്യത്തിൽനിന്ന് ഉദ്ധരിക്കാം.

"ആ മന്ദാരമരങ്ങളാണു തനയന്മാരായ നാലഞ്ചുപേർ
പൂമാതാ മകളെന്നുമല്ല ഭുവനത്രാതാവു നാരായണൻ
ജാമാതാവുമെടോ നിനക്കു കടലേ! നീതന്നെ രത്നാകരം;
ശ്രീമത്ത്വം കുറവില്ലലച്ചിലിനിയും നിന്നില്ലതാണത്ഭുതം."

ചൂരൽക്കാടായ്ച്ചമച്ചും പുരയിടമഖിലം
ചിത്രകൂടം രചിച്ചും
നൂറും പാലും കഴിച്ചും ചില ബലി ബലമായ്
ഭക്തിയോടാചരിച്ചും
ആരാധിക്കുന്നവർക്കും തലയിലടികൾകൊ-
ണ്ടാക്രമിക്കുന്നവർക്കും
പാരതൊപ്പം കൊടുക്കുന്നുരഗവര! ഭവാൻ
നല്ലൊരാശിസ്സു മേന്മേൽ."

ആശിസ്സിനു പാമ്പിന്റെ വിഷപ്പല്ലെന്നും അർത്ഥമുണ്ട്.

## ബ്രസീതാനാടകപൂരണം

ക്രിസ്തുമതചരിത്രത്തിലെ ഒരു ഇതിവൃത്തത്തെ ആസ്പദമാക്കി ബ്രസീതാ എന്ന പേരിൽ ഒരു നാടകം ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു രവിവർമ്മ കോയിത്തമ്പുരാൻ സ്ഥലത്തെ ചില കത്തോലിക്കാക്രിസ്ത്യാനികളുടെ അഭ്യർത്ഥനയനുസച്ച് 1074-ാമാണ്ടിടയ്ക്കു രചിക്കുവാൻ ആരംഭിച്ചു. മൂന്നങ്കത്തോളം എഴുതിയപ്പോൾ അദ്ദേഹത്തിനു കായികവും മാനസികവുമായ അസ്വാസ്ഥ്യം നേരിട്ടതിനാൽ ആ ഉദ്യമത്തിൽനിന്നു വിരമിക്കേണ്ടിവന്നു. തന്നിമിത്തം ബാക്കി ഭാഗംകൂടി നിർമ്മിക്കുവാൻ ആ കൃതി കവി ഗ്രാമത്തിൽ രാമവർമ്മകോയിത്തമ്പുരാന്നയച്ചുകൊടുത്തു. രാമവർമ്മകോയിത്തമ്പുരാൻ ആ മൂന്നങ്കങ്ങളിലും രസസ്ഫൂർത്തിക്കുവേണ്ടി അവിടവിടെ ഏതാനും ചില ശ്ലോകങ്ങൾകൂടി എഴുതിച്ചേർക്കുകയും നാലാമങ്കം ആരംഭിച്ച് അതിലും സ്വല്പഭാഗം രചിക്കുകയും ചെയ്തു. പിന്നീട് എന്തു കാരണത്താലോ ആ വ്യവസായം അദ്ദേഹവും തുടർന്നില്ല. താഴെക്കാണുന്ന ശ്ലോകം രസസ്വരൂപനിരൂപണത്തിൽ 'ലളിതം' എന്ന ശൃങ്ഗാരചേഷ്ടയ്ക്കു ഉദാഹരണമായി കവി ഘടിപ്പിച്ചിട്ടുള്ളതു ബ്രസീതാ രണ്ടാമങ്കത്തിലും എടുത്തുചേർത്തിരിക്കുന്നു.

"ചഞ്ചൽപ്പോർകൊങ്കമേൽനിന്നഴിയുമൊരു
മുലക്കച്ചമേൽ വച്ചിടങ്കൈ
തഞ്ചത്തിന്നൊത്തു വീശിത്തരിവളകൾ കിലു-
ങ്ങുന്ന മറ്റേക്കരത്തെ
ചാഞ്ചാടിക്കൊഞ്ചിയാടിച്ചരണകിസലയം
മെല്ലവേ വച്ചുവച്ചീ-
മാൻചേൽക്കണ്ണാൾ നടക്കും വഴിയിലൊരു രജ-
സ്സാകിൽ ഹാ! ഞാൻ കൃതാർത്ഥൻ."

അധോലിഖിതമായ ശ്ലോകം നാലാമങ്കത്തിൽപ്പെട്ടതാണ്.

“കീറിപ്പറിഞ്ഞു വഷളായി മുഷിഞ്ഞിരിക്കു-
ന്നീറൻപഴന്തുണിയുടുത്തു ശരീരമാകെ
ചേറ്റുംപുരണ്ടൊരുവനീ നടയിൽക്കിടന്നു
മാറത്തടിച്ചു മുറയിട്ടു കരഞ്ഞിടുന്നു.”

## രസസ്വരൂപനിരൂപണം

തമ്പുരാന്റെ കൃതികളിൽ അതിപ്രധാനമായി ഞാൻ ഗണിക്കുന്നതു രസസ്വരൂപനിരൂപണത്തെയാണ്. എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ 1077-ൽ പ്രസിദ്ധീകരിച്ച ഭാഷാഭൂഷണം എന്ന അലങ്കാരഗ്രന്ഥത്തിലെ രസപ്രകരണത്തിൽ സഞ്ചാരിഭാവങ്ങൾക്ക് ഉദാഹരണങ്ങളും മറ്റും പ്രസ്തുതകൃതിയിൽനിന്ന് ഉദ്ധരിച്ചിട്ടുള്ളതായി കാണുന്നതിനാൽ ആ കൊല്ലത്തിനു മുമ്പാണ് അതിന്റെ രചന എന്നു വ്യക്തമാകുന്നു. കവിയുടെ അലങ്കാരശാസ്ത്രജ്ഞതയ്ക്കും സഹൃദയത്വത്തിനും കവിതാപാടവത്തിനും രസസ്വരൂപനിരൂപണം ഉത്തമനിദർശനമായി പരിലസിക്കുന്നു. തന്റെ കുടുംബത്തെ ചേലക്കലാപത്തിൽനിന്നു രക്ഷിച്ച ധർമ്മരാജാവിന്റെ വിശ്വോത്തരങ്ങളായ അപദാനങ്ങളെയാണ് കവി ഉദാഹരണശ്ലോകങ്ങളിൽ വർണ്ണിക്കുന്നത്.വിഷയവിവരണത്തിനു ഗദ്യം ഉപയോഗിക്കുന്നു. അതിലെ ശൈലി ആകർഷകമാണ്. താഴെക്കാണുന്ന വാക്യങ്ങൾ പരിശോധിക്കുക.

“രസം ലൗകികമെന്നും അലൗകികമെന്നും രണ്ടുതരത്തിലുണ്ട്. അവയിൽ ആദ്യത്തേതു കദളിപ്പഴം മുതലായതു തിന്നുമ്പോഴുണ്ടാകുന്ന ആനന്ദംപോലെ താല്ക്കാലികം മാത്രമാകുന്നു. രണ്ടാമത്തേതു സ്ഥിരമാണ്. ആദ്യത്തേതു നായകനിഷ്ഠവും രണ്ടാമത്തേതു സാമാജികനിഷ്ഠവുമാകുന്നു എന്നു ധരിക്കേണ്ടതുണ്ട്. സാമാജികന്മാരാകട്ടേ ലൗകികന്മാരായ നായികാനായകന്മാരുടെ അനുരാഗികളുടെ അനുമാനംകൊണ്ടു സംസ്കരിക്കപ്പെട്ട സഹൃദയത്വത്തോടുകൂടിവരായിട്ടു നാടകാദികളിലെ ശാബ്ദീകശക്തിനിമിത്തം രാമാദിനായകന്മാരെ പ്രത്യക്ഷന്മാരാക്കി സങ്കല്പിക്കുന്നു. അങ്ങനെ ഭാവന ചെയ്യുന്ന സാമാജികന്മാരുടെ മുന്നിൽ ആ നായകന്മാർ സ്വസ്വരൂപേണ എന്ന പോലെ സ്ഥിതിചെയ്യുന്നു. അതുപോലെതന്നെയാണ് ലൗകികങ്ങളായ രത്യാദികളും സ്ഥായിഭാവങ്ങളായിത്തീരുന്നത്.” രണ്ടു ശ്ലോകങ്ങൾകൂടി പകർത്തിക്കണിക്കാം.

“ശൃംങ്ഗാരത്തിന്റെ നാമ്പോ, രസികതയൊഴുകി-
പ്പോകുവാനുള്ള തുമ്പോ,
സൌന്ദര്യത്തിന്റെ കാമ്പോ, മദനരസചിദാ-
നന്ദപൂന്തേൻകുഴമ്പോ,
ബ്രഹ്മാവിൻ സൃഷ്ടിവൻപോ, നയനസുഖ-
ലതയ്ക്കുന്നു നല്കുന്ന കമ്പോ,
കന്ദർപ്പൻ വിട്ടൊരമ്പോ, ത്രിഭുവനവിജയ-
ത്തിന്നിവൻ? തോഴിയമ്പോ!” (വിസ്മയം)

“കൊഞ്ചിപ്പിഞ്ചിരിതൂകി നൽപ്പുരികവി
ല്ലല്പം വളച്ചാമയം
നെഞ്ചിൽത്തഞ്ചിടുമാറു ചെഞ്ചൊടി നന
ച്ചെന്നോമനത്തോഴിയാൾ
ചെഞ്ചേമ്മേ തുടരുന്ന ചഞ്ചലമിഴി-

ത്തെല്ലിന്റെ തല്ലേല്ക്കയാൽ
വഞ്ചിക്ഷോണിപനാസ്ഥയീയിടെ മനോ-
രാജ്യത്തിൽ മാത്രത്തിലായ്."

(ഉദ്ദീപനവിഭാവം)

## ഋതുവർണ്ണനം

ഇതിൽ വർഷത്തുവിനേയും ഹേമന്തർത്തുവിനേയും പറ്റിയുള്ള വർണ്ണനമേ കാണുന്നുള്ളൂ. ശേഷം ഭാഗങ്ങൾ നിർമ്മിച്ചിട്ടുള്ളതായി തോന്നുന്നില്ല. ആദ്യത്തേതു ഭാഷയിലും രണ്ടാമത്തേതു സംസ്കൃതത്തിലുമാണ് രചിച്ചിരിക്കുന്നത്.

"പ്രമദമാർ മദമാർന്നു മണാളരേ
നിപുണരായ് പ്പുണരായ്കനിമിത്തമായ്
സ്മരനുതാനിടയാനിടയാകുമെ-
ന്നളികളോർത്തു വിളമ്പി വിളംബരം." (വർഷർത്തു)

"ആകർഷൻ വസനാഞ്ചലം തനുലതാം ശ്ലിഷ്യൻ മുഹുർന്നിർദ്ദയം
വ്യാലുമ്പൻ കുചകുങ്കുമം വികസയൻ രോമോദ്ഗമൈ രങ്ഗകം
സീൽക്കാരം പരിശീലയൻ വിദലയൻ ബിംബാധരംസുഭ്രുവാം
യദ്വായുർമൃഗനാഭിഗന്ധസുഭഗോ വാതി പ്രഭാതാഗമേ."

(ഹേമന്തർത്തു)

## രണ്ടു മുക്തകങ്ങൾ

കോയിത്തമ്പുരാന്റെ ചില മുക്തകങ്ങൾ പ്രസിദ്ധങ്ങളാണ്.

"പിദധാതി പയേധരാംബരം
ചരമന്തു പ്രഥമം കദാപി നോ
ഇതി സോനുഭവോസ്തുമേതു മേ
കേപയാ ദർശിതയാ മയി ത്വയാ." (സ്ത്രീചാടു)

"മോറങ്ങേറെ വിയർക്കിണോ വിശറിണോ
വിശ്വാളണോ വീശണോ
ഏർനേരായി വിശക്ണതില്ലയോ വൃഥാ
കുത്രിക്ക്ണതെന്തേ ഭവാൻ?
നാർണ്ണോന്നുണിനു ചോറണോഥ കറിണോ
കണ്യാങ്ങണോ കപ്ലണോ
നേരേ ചൊല്ക മറച്ചിടാതിതി മുഴൻ
മാഴ്കാതെ നല്കീടുവാൻ."

(വടക്കേ മലയാളത്തിലെ വ്യവഹാരഭാഷയെപ്പറ്റി അവഹേളനം)

## ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ (1037–1075)

## കുടുംബവും ജനനവും

ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽനിന്ന് ഒരു ശാഖ അരിപ്പാട്ടേക്കു താമസം മാറ്റിയതിനെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയും ആ തമ്പുരാട്ടിയുടെ സന്താനങ്ങളും ലക്ഷ്മീപുരത്തുതന്നെ പാർത്തു. കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിക്കു ശക്തൻ രവിവർമ്മകോയിത്തമ്പുരാനെന്നും പരപ്പനാട്ടു രാമവർമ്മരാജാവെന്നും പ്രസിദ്ധന്മാരായ രണ്ടു പുത്രന്മാരും അവരുടെ ജ്യേഷ്ഠത്തിയായി ലക്ഷ്മിത്തമ്പുരാട്ടി എന്നൊരു പുത്രിയും ഉണ്ടായിരുന്നു. ആ ലക്ഷ്മിത്തമ്പുരാട്ടിയുടേയും മേക്കാട്ടു നമ്പൂതിരിയുടേയും പുത്രനായി രവിവർമ്മകോയിത്തമ്പുരാൻ 1037 മകരം 17-ാംനു മകം നക്ഷത്രത്തിൽജനിച്ചു. 'കുഞ്ഞുണ്ണി' എന്ന ഓമനപ്പേരിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന് ആയില്യം തിരുനാൾ കേരളവർമ്മ കോയിത്തമ്പുരാൻ (ചെറുണ്ണി) എന്നും രാമവർമ്മകോയിത്തമ്പുരാനെന്നും രണ്ടു ജ്യേഷ്ഠന്മാരുണ്ടായിരുന്നു. അവരിൽ കേരളവർമ്മ വ്യാകരണം, ന്യായം, മീമാംസ എന്നീ ശാസ്ത്രങ്ങളിൽ വ്യുൽപന്നനും ഒരു നല്ല സംസ്കൃതത്തിൽ പിന്നോക്കമായിരുന്നില്ല. കേരളവർമ്മ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കാശിയാത്രസംബന്ധിച്ചു മങ്ഗളപ്രാർത്ഥനാശതകം എന്ന പേരിൽ ഒരു ഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. അതിൽനിന്നു രണ്ടു ശ്ലോകങ്ങൾ എടുത്തു കാണിക്കാം.

> "ലക്ഷ്മീവക്ഷോരുഹഭരപരീരംഭസമ്മോദമൂർച്ഛാ-
> മാച്ഛാദ്ദൈവം സ്വപിഷി കിമിതി ച്ഛത്മനാ പദ്മനാഭ!
> വാരാണസ്യാം പരഗുണനിധിർവഞ്ചിരാജഃ പ്രയാസ്യൻ
> വാഞ്ഛന്നാസ്തേ ഭവദനുമതിം പശ്യ വിശ്വൈകനാഥ!
>
> കാരുണ്യാബ്ധേ! കമലനയന! ത്വൽപദാംഭോജദാസം
> വാസം യോഗ്യം സുഗുണവിതതേർവാസവം വഞ്ചിഭൂമേഃ
> ശശ്വൽ പശ്യന്നുചിതമനുജാനീഹി ഭൂജാനിമൗലിം
> പ്രേമോദഞ്ചൽപ്രചുരകരുണാഭ്യക്ഷിതൈരക്ഷിപാതൈഃ."

## വിദ്യാഭ്യാസം

കുലഗുരുവായ തിരുവാർപ്പിൽ രാമവാരിയരാണ് രവിവർമ്മകോയിത്തമ്പുരാനെ ബാലപാഠങ്ങൾ അഭ്യസിപ്പിച്ചത്. പിന്നീടു മൂത്ത ജ്യേഷ്ഠൻ കാവ്യനാടകങ്ങൾ നിഷ്കർഷിച്ചു പഠിപ്പിച്ചു. ഒടുവിൽ മണ്ണടിക്കാരൻ ഒരു ശാസ്ത്രിപ്പോറ്റിയോടു സിദ്ധാന്തകൗമുദിയും അനന്തപുരത്തു മൂത്തകോയിത്തമ്പുരാനോട് ആയുർവേദവും ഗ്രഹിച്ചു. അനന്തപുരത്തു മൂത്ത കോയിത്തമ്പുരാന്റേയും കേരളവർമ്മ വലിയ കോയിത്തമ്പുരാന്റേയും മാതൃഷ്വസേയനായിരുന്നു അദ്ദേഹം എന്നു പറയേണ്ടതില്ലല്ലോ. അവരെപ്പറ്റി അദ്ദേഹത്തിനുള്ള ഭക്തിക്ക് അളവുണ്ടായിരുന്നില്ല. ഒരവസരത്തിൽ മൂത്തകോയിത്തമ്പുരാനെക്കുറിച്ച്

> "വാണീമാതിന്റെ നൽപ്പോർമുലകളിലൊഴുകും
> സ്തന്യപീയൂഷസാരം
> കേണീടാതാസ്വദിച്ചിട്ടനുദിനമതുല-
> പ്രീതിനേടും മഹാത്മാ
> വാണീരുന്നൂഴിതന്നിൽപ്പുതുപുകൾ നിറയും
> പുണ്യവാനായ പർപ്പ-

ക്ഷോണീമാണിക്യഭൂഷാമണി ഗുരുനിധിയാം
രാജരാജക്ഷിതീശാൻ"

എന്നും മദനമഞ്ജരീവിലാസം ഭാണത്തിൽ വലിയകോയിത്തമ്പുരാനെക്കുറിച്ച്

"ചൊല്പേറീടുന്ന വിദ്യാനടകുലമടുവാ-
ർക്കഞ്ഞു മങ്ഗല്യരത്നം.
നല്പൂന്തേൻ ചോർന്നൊലിക്കും മൃദുതരകവിതാ-
കല്പവല്ലിക്കുപഘ്നം,

കെല്പോടിപ്പുണ്യവാനെന്നറിക സുമുഖി! തൽ-
സോദരൻ മോദമോടി-
ന്നിബ്ഭാണത്തെച്ചമച്ചു ഗുണനിധി രവിവ-
ർമ്മാവനീപാലബാലൻ"

എന്നും പ്രസ്താവിച്ചുകാണുന്നു. ബാല്യം മുതല്ക്കുതന്നെ കഥാനായകൻ ഒരുതരം ത്വഗ്രോഗത്തിനു വശംവദനായിരുന്നു; അതിന്റെ അങ്ഗങ്ങളായി പനിയും മറ്റു ചില ശരീരാസ്വാസ്ഥ്യങ്ങളും അദ്ദേഹത്തെ കൂടെക്കൂടെ ബാധിച്ചുകൊണ്ടിരുന്നു. എങ്കിലും അവയൊന്നും അദ്ദേഹത്തിന്റെ ഉത്സാഹശക്തിയേയോ, ജ്ഞാനസമ്പാദനതൃഷ്ണയേയോ കവിതാവ്യാപാരാസക്തിയേയോ മ്ലാനീഭവിപ്പിക്കുന്നതിനു സാധിച്ചില്ല. യാവജ്ജീവം അദ്ദേഹം ഒരു വിദ്യാർത്ഥിയായിത്തന്നെ കാലയാപനം ചെയ്തു. ജ്യോതിഷത്തിലും ഇംഗ്ലീഷിലും പ്രായോഗികമായ പരിജ്ഞാനം നേടി. 1052-ാമാണ്ടിടയ്ക്കായിരുന്നു ഇംഗ്ലീഷു പഠിച്ചതു്. കാലാന്തരത്തിൽ അഷ്ടാവധാനം ചെയ്യുന്നതിനുള്ള ഐകാഗ്ര്യവും അദ്ദേഹത്തിന്നധീനമായിത്തീർന്നു. സമകാലികന്മാരായ സാഹിത്യകാരന്മാർക്കെല്ലാം അദ്ദേഹത്തിന്റെ പ്രതിഭാവിലാസത്തെപ്പറ്റി പ്രകൃഷ്ടമായ ബഹുമാനമാണുണ്ടായിരുന്നതു്.

## അനന്തരകാലജീവിതം

യൗവനാരംഭത്തിൽത്തന്നെ തന്റെ മാതുലനും അക്കാലത്തു ലക്ഷ്മീപുരത്തെ കാരണവനുമായിരുന്ന ശക്തൻ രവിവർമ്മകോയിത്തമ്പുരാന്റെ ആജ്ഞാനുസാരം ധനാഢ്യമായ സ്വകുടുംബത്തിലെ കാര്യാന്വേഷണഭാരം കൂടി കവിക്കു വഹിക്കേണ്ടതായിവന്നുകൂടി. തന്നിമിത്തം സാഹിത്യരചനയ്ക്കു വിനിയോഗിച്ചിരിയ്ക്കാവുന്ന സമയത്തിൽ ഒരു ഭാഗം നഷ്ടമായി. അങ്ങനെ ഉൽക്കടമായ അനാരോഗ്യത്തിനും ക്ലേശകരമായ കുടുംബഭരണത്തിനും ഇടയ്ക്കു നിന്നുകൊണ്ടാണു് അദ്ദേഹം സരസ്വതീദേവിയെ ഉപാസിച്ചതു്. പ്രൊഫസർ കെ. പരമപിള്ളയുടെ സഹോദരി നാണിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. സഹോദരന്മാർ മൂന്നുപേരും അത്യുത്തമമായ സൗഭ്രാത്രം പുലർത്തിപ്പോന്നു. രാമവർമ്മകോയിത്തമ്പുരാനും അദ്ദേഹവും സന്തതസഹചാരികളായിരുന്നു. മൂത്ത ജ്യേഷ്ഠന്റെ നേർക്ക് അവർ അനന്തരവരുടെ രീതിയിലും പെരുമാറി. ഇളയ സഹോദരന്മാർക്കു ചതുരങ്ഗത്തിലും കലശലായ ഭ്രമമുണ്ടായിരുന്നു. ക്രമേണ ശരീരാസ്വാസ്ഥ്യം വർദ്ധിക്കുകയാൽ തിരുവനന്തപുരത്തു താമസിച്ചു ചികിത്സ നടത്തിയെങ്കിലും അതുകൊണ്ടു പറയത്തക്ക പ്രയോജനമൊന്നുമുണ്ടായില്ല. ഒടുവിൽ അതു് ഉദരരോഗാത്തിൽ കലാശിക്കുകയും 1075 ഇടവം 5-ാംനു ആ കവിപുങ്ഗവൻ പ്രപഞ്ചരങ്ഗത്തിൽനിന്നു തിരോധാനം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ ശിഷ്യപരമാണുക്കളിൽ ഒരുവനാണു് ഈ ഗ്രന്ഥകാരൻ.

മഹാനുഭാവനായ ആ ഗുരുനാഥന്റെ ശിക്ഷാസാമാർത്ഥ്യവും അനുഗ്രഹവിശേഷവും നിമിത്തമാണ് ഇവന്നുംകൂടി ഒരെളിയ സാഹിത്യകാരനാകുവാൻ സാധിച്ചത്.

## കവിതാരീതി

രവിവർമ്മകോയിത്തമ്പുരാനു ബാല്യം മുതല്ക്കുതന്നെ കവനകലയിൽ അസാമാന്യമായ വാസനയും അവിച്ഛിന്നമായ അഭ്യാസവുമുണ്ടായിരുന്നു. ബാല്യത്തിൽ വലിയ കോയിത്തമ്പുരാനെയും ജ്യേഷ്ഠനേയും അനുകരിച്ചു സംസ്കൃതകവികൾ രചിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിനു കാലക്രമത്തിൽ കുറുത്തപാറ ദാമോദരൻനമ്പൂരിയും, ഗ്രാമത്തിൽ രാമവർമ്മത്തമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാനും സുഹൃത്തുക്കളും ഉപദേശകന്മാരുമായി; അപ്പോളാണ് അവരോടൊപ്പം ഭാഷാകാവ്യങ്ങൾ നിർമ്മിക്കുവാൻ ഉത്സാഹം തോന്നിയത്. വലിയ കോയിത്തമ്പുരാന്റെ അഭിജ്ഞാനശാകുന്തളവും മഴമങ്ഗലത്തിന്റെ നൈഷധവും കൊടിയവിരഹംചമ്പുവും വായിച്ചപ്പോൾ ആ ഉത്സാഹം ദ്വിഗുണീഭവിച്ചു. കേവലം ഫലിതപ്രധാനവും അർത്ഥചമൽക്കാരവിരളവുമായ വെണ്മണിപ്രസ്ഥാനത്തിൽ അദ്ദേഹത്തിന് അധികമൊന്നും ആഭിമുഖ്യമുണ്ടായിരുന്നില്ല. അതിലെ പദവിന്യാസരീതിമാത്രം അദ്ദേഹം അങ്ഗീകരിക്കുവാൻ ശ്രമിച്ചു. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിത പല അംശങ്ങളിലും വെണ്മണിമഹന്റേതിന്റെ പരിഷ്കരിച്ച പതിപ്പായിരുന്നു. അതുകൊണ്ടും അദ്ദേഹത്തിനു തൃപ്തിവന്നില്ല. ഗ്രാമത്തിൽ കോയിത്തമ്പുരാൻ അർത്ഥത്തിൽ വേണ്ട നിഷ്കർഷയുണ്ടായിരുന്നുവെങ്കിലും പദഘടനാപാടവം പ്രശംസനീയമായിരുന്നില്ല. ശബ്ദത്തിലും അർത്ഥത്തിലും ഒന്നുപോലെ ശ്രദ്ധ പതിപ്പിച്ചുവേണം ഭഷാകാവ്യങ്ങൾ രചിക്കുവാൻ എന്നു കോയിത്തമ്പുരാൻ തീർച്ചപ്പെടുത്തി. അത്തരത്തിലുള്ള ആധുനികഭാഷാപ്രബന്ധങ്ങളുടെ ഉപജ്ഞാതാവായി അദ്ദേഹത്തെ പരിഗണിക്കുന്നതിൽ അനൗചിത്യമുണ്ടെന്നു തോന്നുന്നില്ല. ഭാഷാശ്ലേഷപ്രയോഗത്തിൽമാത്രമേ അദ്ദേഹം ഗ്രാമത്തിൽ കോയിത്തമ്പുരാനെ അനുകരിച്ചുള്ളു.

## കൃതികൾ

സംസ്കൃതത്തിൽ (1) പൂതനാമോക്ഷം ചമ്പു, (2) ലളിതാംഭാദണ്ഡകം, (3) നക്ഷത്രമാലാ സ്തോത്രം, (4) കാത്യായന്യഷ്ടകം എന്നീ നാലും, ഭാഷയിൽ (5) ഉഷാകല്യാണം ചമ്പു, (6) ഗൗരീപരിണയം ചമ്പു, (7) മദനമഞ്ജരീവിലാസം ഭാണം, (8) കവിസഭാരഞ്ജനം നാടകം, (9) ബ്രസീതാനാടകം-ആദ്യത്തെ മൂന്നങ്കങ്ങൾ, (10) ചന്ദ്രഗുപ്തവിജയം നാടകം, (11) ആര്യാശതകം, (12) ബാണയുദ്ധം കൈകൊട്ടിക്കളിപ്പാട്ട്, (13) ഒരു താലോലംപാട്ട്, (14) അംബാഷ്ടകം, (15) പാലാഴിമഥനം, (16) ചില ശൃങ്ഗാരശ്ലോകങ്ങൾ, (17) തുലാഭാരശ്ലോകങ്ങൾ, (18) ശ്രീമൂലവിലാസം, (19) കാദംബരീകഥാസാരം ഗദ്യം എന്നിങ്ങനെ പതിനഞ്ചും കൃതികൾ രവിവർമ്മകവി രചിച്ചിട്ടുണ്ട്. പല നല്ല മുക്തകങ്ങളുടെ പ്രണേതാവെന്ന നിലയിലും അദ്ദേഹം ശാശ്വതമായ യശസ്സ സമാർജ്ജിക്കുകയുണ്ടായി. അഷ്ടാങ്ഗഹൃദയത്തിനു സംസ്കൃതത്തിലും ഭാഷയിലുമായി ഒരു വ്യാഖ്യാനം തുടങ്ങിവെച്ചതേയുള്ളു. ഇവയിൽ ചന്ദ്രഗുപ്തവിജയം നാടകം, ബാണയുദ്ധം കൈകൊട്ടിക്കളിപ്പാട്ട്, ലളിതാംബികാദണ്ഡകം, നക്ഷത്രമാലാസ്തോത്രം എന്നീ കൃതികൾ കണ്ടുകിട്ടീട്ടില്ല. പാലാഴിമഥനം ഇരുപത്തിരണ്ടു ശ്ലോകങ്ങൾ മാത്രമുള്ള ഒരു ചെറിയ കവിതയാണ്. താലോലംപാട്ട് ഒരു മരുമകളുടെ രക്ഷയ്ക്കായി വൈകുണ്ഠപുരത്തപ്പനോടു കവി ചെയ്യുന്ന പ്രാർത്ഥനയാകുന്നു.

"സന്താനശാഖിയാമസ്മൽകുടുംബത്തിൽ

സന്താനമേകം ശ്രീവൈകുണ്ഠേശൻ
സന്താനഗോപാലമൂർത്തിയെൻപൈതലെ-
സ്സന്തതം രക്ഷിച്ചുകൊള്ളണമേ”

എന്ന് ആ പാട്ട് ആരംഭിക്കുന്നു. 1067-ാമാണ്ടു ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ തുലാഭാരമഹോത്സവത്തിൽ കവി അടിയറവച്ചതാണ് തുലാഭാരശ്ലോകങ്ങൾ. കാദംബരിയിലെ ഇതിവൃത്തം വളരെ സംക്ഷേപിച്ച് കാദംബരീകഥാസാരം എഴുതി. അത് ഒരു അപൂർണ്ണകൃതിയാകുന്നു. മറ്റു ഗ്രന്ഥങ്ങളെപ്പറ്റി സ്വല്പം ഉപന്യാസിക്കാം.

## പൂതനാമോക്ഷം ചമ്പു

1060-ാമാണ്ടിടയ്ക്ക് എഴുതിയ പ്രസ്തുതചമ്പുവാണ് തമ്പുരാന്റെ പ്രഥമകൃതി. അതിനു മുൻപുതന്നെ ജ്യേഷ്ഠൻ കേരളവർമ്മകോയിത്തമ്പുരാൻ രചിച്ച വേദാക്ഷരമാലയിൽ അദ്ദേഹവും ചില ശ്ലോകങ്ങൾ നിർമ്മിച്ചു ചേർത്തിട്ടുണ്ട്. അവയിൽ ഒന്നാണ് ചുവടെ കാണുന്നത്.

“ഘസൃണതിലകകാന്തിശ്ലക്ഷ്ണനീലാളകശ്രീ-
വ്യതികരിതരുചിസ്തേ ഫാലബാലേന്ദുരേഷഃ
തിമിരനികരസന്ധ്യാരാഗസമ്പർക്കകാന്താ-
മമൃതകിരണഗേഖാമാക്ഷിപത്യദ്രികന്യേ.”

നമ്മുടെ കവിക്കു ഭാഷാകവിതപോലെ തന്നെ സംസ്കൃത കവിതയും സ്വയമേവാഗതയായിരുന്നു. മേല്പുത്തൂർ ഭട്ടതിരിയുടെ ചമ്പുക്കളിൽ അദ്ദേഹത്തിനു ബാല്യത്തിൽത്തന്നെ തോന്നിയിരുന്ന ആദരാതിശയമാണ് പൂതനാമോക്ഷം രചിക്കുവാൻ പ്രേരകമായിത്തീർന്നത്. മൂന്നു ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം. ശ്രീകൃഷ്ണാവതാരത്തിൽ ദേവന്മാരുടെ ആനന്ദം:

“പപാത കല്പപ്രസവസ്തദാനീം
കംസസ്യ കീർത്തിപ്രസവൈസ്സഹൈവ
ധരാതലേ നീരദവർഷധാരാ-
പ്യാനന്ദബാഷ്പൈസ്സുരസുന്ദരീണാം.”

വസുദേവന്റെ പുത്രമുഖദർശനം:

“സാക്ഷാദ്വീക്ഷ്യസരോരുഹാക്ഷമമലൈഃ പുണ്യോത്തരൈ-
ര്യോഗിനാം
ചിത്തൈരപ്യനവാപ്യമാപ്ലുതതനുഃ പീയൂഷവർഷൈരിവ
സാന്ദ്രാനന്ദനിരുദ്ധഗദ്ഗദവചാസ്തൂഷ്ണാവ ദൃഷ്ടിദ്വയീ-
പീയൂഷാഞ്ജനമഞ്ജനദ്യുതിധരം ദേവം സ ശൂരാത്മജഃ.”

പൂതന ഗോവർദ്ധനപർവതം കാണുന്നത്:

“തസ്യോപാന്തേ തരുണജലദശ്യാമഭൃംഗാഭിരാമം
ഹൃഷ്ടോന്മീലൽപരിമളരസൈഞ്ചിതം ചന്ദനൗഘൈഃ
ലക്ഷ്മീജാനേർന്നഖരപദസംഗേന സംഭാവ്യമാനം
മുഗ്ദ്ധാപശ്യൽ സ്തനമിവ ഭുവസ്തത്ര ഗോവർദ്ധനാദ്രിം.”

### ലളിതാബാദണ്ഡകം

“ജയ ജയ ജഗദംബ! ലോലംബമാലാമലശ്യാമള ശ്രീമദങ്ഗപ്രഭാപൂരസംപൂരിതാശേഷദിങ്മണ്ഡലേ! പാദസംസേവനാസക്തദേവാംഗനാമണ്ഡലേ!” ഇത്യാദി.

### കാത്യായന്യഷ്ടകം

“അസ്തു കാത്യായനീ മുദേ” എന്നു് ഓരോ ശ്ലോകത്തിലേയും ആദ്യത്തെ അക്ഷരങ്ങൾ കൂട്ടിച്ചേർത്തു വായിച്ചാൽ കാണാവുന്ന എട്ടു വസന്തതിലകപദ്യങ്ങൾ അടങ്ങിയ ഒരു ചെറിയ സ്തോത്രമാണു് കാത്യായന്യഷ്ടകം. കവി തന്റെ ഇഷ്ടദേവതയായ കുമാരനല്ലൂർ കാത്യായനീദേവിയെ അതിൽ സ്തുതിക്കുന്നു. ഒരു ശ്ലോകം ഉദ്ധരിക്കാം.

“അർദ്ധേന്ദുഭൂഷിതമനർഘമണിപ്രകാശ-
നിർദ്ധൂതമാഘവതചാപമിദം കിരീടം
ആബിഭ്രതീമഭിനവാഭ്രസമാനശോഭാ-
മാരാധയേ ഹൃദി കുമാരപുരീശ്വരി! ത്വം.”

### ഉഷാകല്യാണം ചമ്പു

187 പദ്യങ്ങളും 16 ഗദ്യങ്ങളും ഉൾക്കൊള്ളുന്ന ഉഷാകല്യാണത്തിനു മാർഗനിർദ്ദേശം ചെയ്തതു ഗ്രാമത്തിൽ കോയിത്തമ്പുരാന്റെ മീനകേതനചരിത്രമാണെങ്കിലും അതിനെക്കാൾ എന്നു വേണ്ട, ആധുനികകാലത്തെ മറ്റേതു ഭാഷാചമ്പുവിനേയുംകാൾ പതിന്മടങ്ങു ഗുണഭൂയിഷ്ഠമാണതു്. ശൃംഗാരരസത്തിന്റെയും വീരരസത്തിന്റെയും സമഞ്ജസമായ സമ്മേളനംകൊണ്ടും ശബ്ദാർത്ഥനിഷ്ഠങ്ങളായ സകലകാവ്യഗുണങ്ങളുടേയും സമഗ്രമായ സമ്പത്തികൊണ്ടും സവിശേഷം പ്രശോഭിക്കുന്ന ഒരു കാവ്യമാണു് ഉഷാകല്യാണം എന്നു സങ്കോചംകൂടാതെ സമർത്ഥിക്കാം. ഗദ്യങ്ങളിൽ ഒന്നിനുമാത്രമേ ഗാനഗന്ധിത്വമുള്ളു. ചില ശ്ലോകങ്ങൾ പരിശോധിക്കുക.

ഉഷയുടെ നവയൗവനം:

“കർണ്ണേ താപിഞ്ഛപുഷ്പസ്തബകരുചികളെ-
ക്കൺമുനത്തെല്ലണച്ചു;
തിണ്ണെന്നപ്പുഞ്ചിരിക്കൊഞ്ചലുമണിമുലയിൽ-
ത്താരഹാരാഭ ചേർത്തു;
അർണ്ണോജം കൂപ്പുമോമൽപ്പദതളിരിൽ നഖ-
ശ്രീ പരം ഭംഗി ചേരും-
വണ്ണം ലാക്ഷാരസത്തിൽ രുചിയെയുമുചിതം
ചേർത്തു കല്യാണഗാത്ര്യാഃ.”

അനിരുദ്ധനെ കൊണ്ടുചെന്നിട്ടു ചിത്രലേഖ ഉഷയോടു്:

“കന്നൽക്കണ്ണാളണിഞ്ഞീടിന മകുടമണേ!
ഗൂഢമായ് നിന്റെ ചിത്തം
മുന്നം കൈക്കൊണ്ടുപോയ്ക്കൊണ്ടൊരു തരുണനെ ഞാൻ
തമ്പി! കൊണ്ടിങ്ങുപോന്നേൻ
എന്നാൽ നിൻകരകളാകുന്നുചിതലതകൾകൊ-
ണ്ടിന്നു ബന്ധിച്ചു കൊങ്ക-
ക്കുന്നിന്മേൻചേർത്തു താർത്തേൻമൊഴിമണി!
വഴിപോലിന്നി മർദ്ദിച്ചുകൊൾക.”

ശ്രീകൃഷ്ണന്റെ പുറപ്പാട്:

> "മുഷ്ക്കാളും ദാനവന്മാരുടെ ഗളരുധിര-
> ത്തിങ്കലുത്തുങ്ഗമോദാൽ
> മുക്കാലും മുങ്ങി മങ്ങാതഴകൊടു കളിയാ-
> ടുന്ന ചക്രായുധത്തെ
> തൃക്കയ്യിൽച്ചേർത്തു ചീർത്തീടിന മുദമോടുടൻ
> പാഞ്ചജന്യം മുഴക്കി-
> ത്തക്കത്തിൽത്താനൊരുങ്ങീ സുതരിപുവൊടു വൻ-
> പോരിനംഭോരുഹാക്ഷൻ."

## ആര്യാശതകം

ആര്യാശതകം കുമാരനല്ലൂർ ഭഗവതിയെപ്പറ്റി കേശാദിപാദവർണ്ണനം ഉൾക്കൊള്ളിച്ച തമ്പുരാൻ ഗീതിവൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു സ്തോത്രരത്നമാകുന്നു. ഉഷാ കല്യാണത്തിന്റെ മുദ്രാപണത്തിനായി കവി ഒരുമ്പെട്ടപ്പോൾ ആദ്യമായി അച്ചടിപ്പിയ്ക്കുന്ന കൃതി ഈശ്വരസ്തോത്രമായിരിക്കണമെന്നു മൂത്ത ജ്യേഷ്ഠൻ അനുശാസിച്ചതിനാൽ ഒരു ദിവസം രാത്രിയിൽ മൂന്നു മണിക്കൂർകൊണ്ട് എഴുതിത്തീർത്തതാണ്. ആ കാവ്യത്തിന്റെ രീതി അടിയിൽ ചേർക്കുന്ന ശ്ലോകങ്ങളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്.

> "മനമേ! ഭജിക്ക നന്നായ്ക്കനമേറും കഠിനകുചഭരാവനതം
> ഘനമേചകരുചികലരും ധനമേകം സതതമങ്ഗജാരാതേഃ."

> "അഞ്ജനമണിയും തിരുമിഴി ഖഞ്ജനമോ, കുമ്രമായ കരിമീനോ
> കഞ്ജശരാസനശരമോ, മഞ്ജുകൃപാവർഷമാർന്ന നീരദമോ?"

> "മായേ! മോഹതമോമയമായേറെ വളർന്ന കടൽ കടന്നീടാൻ
> തായേ! വരമിന്നടിയനു തായേ! തരുണേന്ദു ചൂടുവോൻജായേ!"

## ഗൗരീപരിണയം

തമ്പുരാന്റെ ഗൗരീപരിണയ ചമ്പു അപൂർണ്ണമാണ്. കുമാരസംഭവം അഞ്ചുമുതൽ ഏഴുവരെയുള്ള സർഗ്ഗങ്ങളിലെ കഥ അതിൽ പ്രതിപാദിയ്ക്കണമെന്നാണ് കവി ഉദ്ദേശിച്ചിരുന്നതെങ്കിലും 97 പദ്യങ്ങളും 6 ഗദ്യങ്ങളും ഘടിപ്പിച്ചിട്ടുള്ള ഒന്നാം സ്തബകത്തിൽ നിറുത്തി അഞ്ചാം സർഗ്ഗത്തിലെ കഥമാത്രം വിവരിച്ചിരിക്കുന്നു. രണ്ടാം സ്തബകം ആരംഭിച്ചില്ല. കാളിദാസന്റെ ആശയങ്ങൾ പലതും സ്വായത്തമാക്കി രചിച്ചിരിക്കുന്ന പ്രസ്തുതകൃതിക്കു് ഉഷാകല്യാണത്തിന്റെ മാധുര്യമില്ല. രണ്ടു ശ്ലോകങ്ങൾ എടുത്തുചേർക്കാം.

> "നീലക്കാർകാന്തികോലും പുരികുഴൽനിരതൻ
> മേന്മ നന്മൈലുകൾക്കും
> നീളെത്തുകും മധൂളീമധുരകളവചോ-
> ഭങ്ഗി പെൺകുയ്ലുകൾക്കും
> ലീലാചാതുര്യമോന്നഭിനവലതകൾ
> ക്കും കടംനല്കി മെല്ലേ
> നീലക്കണ്ണാൾ തപസ്സിന്നുചിതത തടവീ-

ടുന്ന വേഷം ധരിച്ചാൾ."

"കളഞ്ഞു മാത്സര്യം മൃഗത്തികൾ; മുന്നേതിലധികം
തെളിഞ്ഞു ശാഖാഗ്രം പൃഥുലഫലപൂമഞ്ജരികളാൽ;
വിളഞ്ഞു നീവാരാദികളുമതിയാ,യന്നടന്നടൻ
തെളിഞ്ഞു പുണ്യശ്രീഗിരിമകൾ തപിക്കുന്ന വിപിനം."

## ശ്രീമൂലവിലാസം

ഈ കാവ്യത്തിനു ശ്രീമൂലരാജസ്തവമെന്നും പേരുണ്ട്. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ പേരിൽ കവിക്കു ഗാഢമായ ഭക്തിയുണ്ടായിരുന്നു. അവിടത്തേക്ക് അദ്ദേഹം ഒരവസരത്തിൽ സമർപ്പിച്ചതാണ്,

"അന്തർഭാഗത്തു ചേർത്തമ്മുരമഥനനെ,യ-
മ്മട്ടു നാട്ടാർ രസംചേ-
ർന്നന്തംകൂടാതണഞ്ഞും, ജനഹിതമതിനായ്
വേലയിൽത്താനിരുന്നും
ചന്തംപൂണ്ടുല്ലസിക്കും നൃപതിവര! ഭവാൻ
സിന്ധുവിന്നൊപ്പമത്രേ
കിംതു ശ്രീമൻ! ഭവാനിൽ ക്ഷിതിധവ! നിലയി-
ല്ലായ്കയെന്നുള്ളതില്ല."

ശ്രീമൂലവിലാസം എന്നു സുപ്രസിദ്ധമായ ഈ ശ്ലോകം. വിഭിന്ന വൃത്തങ്ങളിൽ പത്തു ദശകങ്ങളായി നിർമ്മിക്കണമെന്നായിരുന്നു തമ്പുരാന്റെ അഭിസന്ധിയെങ്കിലും അതു സാധിച്ചില്ല. നാലു ദശകങ്ങളേ തീർന്നുള്ളു. ദ്വിതീയദശകം ഇങ്ങനെ ആരംഭിക്കുന്നു:

"ശ്രീപത്മനാഭചരണാംബുരുഹത്തിൽ നിത്യ-
മാമഗ്നമാനസനസീമഗുണാഭിരാമൻ
ആമൂലചൂഡമുലകിൽപ്പുകൾ തിങ്ങിവിങ്ങും
ശ്രീമൂലവഞ്ചിനൃവരൻ വിജയിച്ചിടുന്നു."

## അംബാഷ്ടകം

ദ്രുതവിളംബിതവൃത്തത്തിൽ യമകപ്രാസം ഘടിപ്പിച്ചു രചിച്ചിട്ടുള്ള ഒരു കൃതിയാണ് അംബാഷ്ടകം. 1070-ാമാണ്ടു ചിങ്ങത്തിലോ മറ്റോ ആയിരുന്നു അതിന്റെ നിർമ്മിതി. "ഉരുതരജ്വരപീഡിതനാകയാ,ലൊരു ദിനം രവിവർമ്മനൃപാലകൻ ഗിരിസുതാർച്ചനയായ്" കൃതി ചെയ്തതാണ് ആ കീർത്തനമെന്നു കവി പറയുന്നുണ്ട്.

"അവിരളാർത്തി വളർത്തു കിളിർത്തിടും
വിവിധരോഗമകന്നു സുഖിക്കുവാൻ
ശിവകുടുംബിനി! നിൻകരുണാമൃതിൻ
കുബലമേ ബലമേണവിലോചനേ!"

എന്നത് അതിലെ ഒരു ശ്ലോകമാണ്.

## മദനമഞ്ജരീവിലാസം

വളരെ നിഷ്കർഷിച്ചെഴുതിയ പ്രസ്തുത ഭാണവും പൂർത്തിയായിട്ടില്ല. രണ്ടു ശ്ലോകങ്ങൾകൊണ്ടു മാതിരി മനസ്സിലാക്കാം.

"കണ്ഠാശ്ലേഷം കണക്കല്ലിതിൽ വിഷമിയല്ല-
ന്നുണ്ടയേ! ചുംബനത്തി-
ന്നുണ്ടാകുന്നു ഭയം മേ ഗരളമൊഴുകുമി-
ക്കുണ്ഡലം കാണ്കമൂലം
കൊണ്ടാടിക്കൊണ്ടിവണ്ണം ഗിരിമകൾ, പരിരം-
ദാദിലീലയ്ക്കിരുങ്ങും
തണ്ടാർബാണാരിതന്നോടരുളിന പരിഹാ-
സോക്തി പാലിച്ചിടട്ടേ."

"ചാരത്തൻപോടണഞ്ഞും മധുരകളനിനാ-
ദങ്ങൾ നീളെച്ചൊരിഞ്ഞും
പാരം പൂന്തേൻ നുകർന്നും പലപല ലതയിൽ-
ച്ചേർന്നു വാഴുന്ന ഭൃങ്ഗം
ഓരോരോ വാരനാരീമണിമയഭവനം
തോറുമാത്താനുരാഗം
കേറി ക്രീഡിച്ച മോദം തടവിന വിടനെ-
പ്പോലവേ നീലവേണി."

## കവിസഭാരഞ്ജനം

1067-ാമാണ്ടു വൃശ്ചികമാസത്തിൽ കോട്ടയത്തുവെച്ചു നടന്ന കവിസമാജത്തെ വിഷയീകരിച്ചു കവി നിർമ്മിച്ചിട്ടുള്ളതാണ് അഞ്ചങ്കംകൊണ്ടു പൂർണ്ണമാകുന്ന പ്രസ്തുത നാടകം. 1065 മുതൽ 1075 വരെയുള്ള പത്തു കൊല്ലങ്ങൾക്കിടയിൽ ഭാഷയിൽ നിരവധി നാടകങ്ങൾ പ്രകാശിതങ്ങളായി എങ്കിലും അവയിൽ സ്വകപോലകല്പിതങ്ങളായ ഇതിവൃത്തങ്ങളാൽ ശോഭിക്കുന്നവ വളരെ വിരളങ്ങളും അവയിൽത്തന്നെ ഗുണോത്തരങ്ങളായുള്ളവ അത്യന്തം വിരളങ്ങളുമാണ്. കവിസഭാരഞ്ജനത്തിനു പല അഭിനന്ദനീയങ്ങളായ വൈശിഷ്ട്യങ്ങളുമുണ്ട്. ഒന്നാമതു ആ നാടകം ഇതിഹാസപുരാണങ്ങളെ ആശ്രയിക്കുന്നില്ല. രണ്ടാമതു നാടകീയമായ പ്രതിപാദനത്തിനു വഴങ്ങിക്കൊടുക്കാത്ത ഒരു സാധാരണസംഭവത്തെ വിഷയീകരിക്കുന്നു. മൂന്നാമതു പദ്യത്തിലും ഗദ്യത്തിലുമുള്ള സംഭാഷണം കഴിവുള്ളിടത്തോളം അതാതു പാത്രങ്ങളുടെ കവിതാരീതിയിൽത്തന്നെ രചിക്കുന്നു. നാലാമതു കവിയും ആ കൂട്ടത്തിൽ ഒരു പാത്രമാണ്. അത്തരത്തിലൊരു നാടകം മലയാളത്തിലല്ലാതെ മറ്റൊരു ഭാഷയിലുമുണ്ടെന്നു തോന്നുന്നില്ല. 1067-ൽത്തന്നെയാണ് പ്രസ്തുതകൃതിയുടേയും നിർമ്മിതി. അതിനു കവിസഭാരഞ്ജനഭാഷ്യം എന്ന പേരിൽ ഒരു മണ്ഡനോപന്യാസം എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ രചിച്ചിട്ടുണ്ട്. നാടകത്തിലെ അങ്ഗിയായ രസം വീരമാണെന്നും വീരരസത്തിനു അനേകം വകഭേദങ്ങളുള്ളതിൽ ആരംഭവീരമെന്നോ കാര്യവീരംഭമെന്നോ അതിനെ വ്യപദേശിക്കാമെന്നും ആ മഹാപണ്ഡിതൻ സമർത്ഥിച്ചിരിക്കുന്നു. കണ്ടത്തിൽ വറുഗീസ്സാപ്പിളയാണ് നായകൻ. വില്വട്ടത്തു രാഘവൻനമ്പിയാരാണ് ഫലിതം പൊട്ടിച്ച് അംഗമായ

ഹാസ്യരസം ഉത്ഥാപനംചെയ്യുന്നതു്. അവർക്കുപുറമേ കുമാരമങ്ഗലത്തു നീലകണ്ഠൻനമ്പൂതിരിപ്പാട്, മറിയപ്പള്ളി വലിയകോയിത്തമ്പുരാൻ, നിധിയിരിക്കൽ മാണിക്കത്തനാർ, കൊട്ടാരത്തിൽ ശങ്കുണ്ണി, പന്തളം കൃഷ്ണവാരിയർ, വയക്കര മൂസ്സതു്, കുഞ്ഞിക്കുട്ടൻതമ്പുരാൻ, വെണ്മണി മഹൻ, ഏ.ആർ. രാജരാജവർമ്മ, ചങ്ങനാശ്ശേരി രാമവർമ്മ കോയിത്തമ്പുരാൻ ബി.ഏ., മാവേലിക്കര രവിവർമ്മത്തമ്പുരാൻ എം.ഏ. മുതലായവരും ആ നാടകത്തിലെ പാത്രങ്ങളാണു്. രണ്ടു ശ്ലോകങ്ങൾ പകർത്തുന്നു.

“നന്നല്ലിബ്ഭാഷയേതും നലമൊടു വിബുധ-
ന്മാരു വാഴ്ത്തുംവിധത്തിൽ-
ക്കുന്നിക്കും ഭങ്ഗിതേടും പല പുതിയ പരി-
ഷ്കാരവും ചേർത്തിടേണം
എന്നെല്ലാമോതി നന്നായ് സഖികളുടനല-
ങ്കാരമോരോന്നു ചേർക്കും
കുന്നിൻ പെൺപൈതലാൾതന്നുടെ കുളുർപുതുമെയ്
പേർത്തുമിന്നോർത്തിടേണം.”

ഇതിൽ ശ്ലേഷപ്രയോഗംകൊണ്ടു ലഭിക്കുന്ന അർത്ഥചാതുര്യം ആലോചനാമൃതംതന്നെ. അടുത്ത ശ്ലോകം വെണ്മണി മഹന്റെ മുഖത്തുനിന്നു പുറപ്പെടുന്ന രീതിയിൽ കവി നിർമ്മിച്ചിട്ടുള്ളതാണു്.

“പാരാവാരം കടന്നിട്ടധികമകലെയു-
ള്ളന്തരീക്ഷത്തിലുണ്ടാ-
മോരോ വൃത്താന്തമെല്ലാമരഞൊടിയിടകൊ-
ണ്ടിന്നു നന്നായ് ഗ്രഹിപ്പാൻ
വേറെ മറ്റെന്തുമാർഗ്ഗം? ശിവശിവശിവനേ
വമ്പെഴും കമ്പിതന്നിൽ-
ച്ചേരും വേഗം നിനയ്ക്കുന്നളവിലിഹ മനോ-
വേഗവും തോറ്റുപോകും.”

ഈ ശ്ലോകത്തിനു നല്ല തന്മയത്വമുണ്ടു്.

## ബ്രസീതാ

ബ്രസീതാനാടകത്തിന്റെ ഉത്ഭവത്തിനും മറ്റുമുള്ള കാരണങ്ങളെപ്പറ്റി മുൻപു പ്രസ്താവിച്ചുകഴിഞ്ഞു. തമ്പുരാൻ രചിച്ച ഭാഗത്തിൽനിന്നു് ഒരു ശ്ലോകംമാത്രം എടുത്തു ചേർക്കാം.

“തന്മേനിക്കൊത്തവണ്ണം പല നിലയിലല-
ങ്കാരമോരോന്നു ചേർത്തും
ചെമ്മേ ചാതുര്യമേറുംപടി മൃദുലപദം
വച്ചുനിച്ഛാനുകൂലം
ഉന്മേഷത്തോടുകൂടിസ്സഭയിലൊരുവിധം
തൃപ്തി കൈക്കൊണ്ടിറങ്ങാൻ
മെന്മേൽ നന്മാന്മിഴിക്കും കവികളുടെ മൊഴിക്കും-
ജനിക്കും വിളംബം.”

### ശൃംഗാരശ്ലോകങ്ങൾ

ഇവ തിരുവനന്തപുരത്തു ചികിത്സയിൽ താമസിക്കുമ്പോൾ എഴുതിയതാണ്. പതിനാറു ശ്ലോകങ്ങളേ കിട്ടീട്ടുള്ളു. ഗ്രന്ഥം മുഴുവനായിട്ടില്ല. രണ്ടു ശ്ലോകങ്ങൾ പകർത്തിക്കാണിക്കാം.

> “താണുള്ളോരോമനപ്പൊയ്കയിലഴകൊഴുകും
> നല്ക്കരിമ്പായൽമീതെ
> വാണല്ലാസേന കോകദ്വിയമഭിമുഖമായ്
> നോക്കി നന്ദിക്കവണ്ണം
> ചേണുറ്റും ചന്ദ്രബിംബം ചിതമൊടുസവിധേ
> ചേർത്തു ചെന്താർശരൻതാൻ
> കാണിക്കും മോടിവിദ്യപ്പുതുമ മതിമയ-
> ക്കുന്നതാശ്ചര്യമല്ല.”
>
> “കല്ലോലം കൈതൊഴും നിൻ ചടുലതരചല-
> ച്ചില്ലി, നല്ലിന്ദ്രനീല-
> ക്കല്ലോടൊക്കുന്ന തൃക്കൺമുന, മുഴുമതി തോ-
> ല്ക്കുന്ന വക്ത്രാരവിന്ദം.
> നല്ലോമൽപ്പോർമുലക്കുന്നുകൾ, നലമിയലും
> നാഭിയെന്നേവമോരോ-
> ന്നല്ലോ മന്മാനസത്തിന്നിതു പൊഴുതുവിനോ-
> ദങ്ങളെൻ മങ്ഗളാങ്ഗി!”

ഇക്കൂട്ടത്തിൽപ്പെട്ട ചില ശ്ലോകങ്ങൾ ഭാണത്തിലും കാണ്മാനുണ്ട്.

### ഒരു മുക്തകം

ചുവടേ ചേർക്കുന്ന മുക്തകം സുപ്രസിദ്ധവും കവിയുടെ മനോധർമ്മപ്രസരത്തിന് ഒരുത്തമനിദർശനവുമാകുന്നു.

> “നന്നായുള്ളോരലങ്കാരവുമകലെ വെടി-
> ഞ്ഞർത്ഥമെല്ലാമുപേക്ഷി-
> ച്ചൊന്നായ്പ്പാകാദി കൈവിട്ടിഹ പരമപദം
> ചേരുവാൻ മോഹമാർന്നു
>
> ഇന്നിക്കാണുന്ന ഭാഷാകവികുലമഖിലം
> താപസപ്രായമാകു-
> ന്നെന്നാൽ മൗനവ്രതംതാനിനിയിവർ തുടരു-
> ന്നാകിൽ നന്നായിരിക്കും.”

## എണ്ണയ്ക്കാട്ടു രാജരാജവർമ്മത്തമ്പുരാൻ (1028–1092)

### ജനനവും വിദ്യാഭ്യാസവും

എണ്ണയ്ക്കാട്ടു രാജരാജവർമ്മത്തമ്പുരാൻ 1028-ാമാണ്ടു കുംഭമാസത്തിൽ കാർത്തിക നക്ഷത്രത്തിൽ ജനിച്ചു. പിതാവ് മലബാർ വേപ്പൂർക്കോവിലകത്തെ ഒരു ശാഖ

യായ വടക്കേമഠം രാജരാജവർമ്മവലിയകോയിത്തമ്പുരാനും മാതാവു് എണ്ണയ്ക്കാട്ടു കൊട്ടാരത്തിലെ മഹാപ്രഭത്തമ്പുരാട്ടിയുമായിരുന്നു. കുഞ്ഞാരു എന്ന ഓമനപ്പേരിലാണ് ചരിത്രനായകനെ കേരളീയർ അറിയുന്നതു്. സംസ്കൃതത്തിൽ ബാലപാഠങ്ങൾ കുട്ടമ്പേരൂർ കുഞ്ഞുവാരിയറിനിന്നു പഠിച്ചതിനുമേൽ അമ്മാവനും ഗ്രാമത്തിൽ കോയിത്തമ്പുരാന്റെ ഗുരുനാഥനുമായ എണ്ണയ്ക്കാട്ടു കൊച്ചനുജൻ എന്ന കേരളവർമ്മത്തമ്പുരാനോടും അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ രാമവർമ്മത്തമ്പുരാനോടും കാവ്യനാടകാലങ്കാരങ്ങൾ അഭ്യസിച്ചു. രാമവർമ്മത്തമ്പുരാൻ കൊച്ചനുജന്റേയും ഗുരുവായിരുന്നു. തദനന്തരം കേരളവർമ്മ കോയിത്തമ്പുരാന്റെ അന്തേവാസിയായി തിരുവനന്തപുരത്തും അരിപ്പാട്ടും താമസിച്ചു വ്യാകരണവും ഇംഗ്ലീഷും പഠിച്ചതിനുപുറമേ അനന്തപുരത്തു രാജരാജവർമ്മ മൂത്ത കോയിത്തമ്പുരാന്റെ അടുക്കൽനിന്ന് ആയുർവേദവും വയ്ക്കത്തു മഠം നമ്പൂരിയിൽനിന്നു തച്ചുശാസ്ത്രവും മൈസൂർ ശൃങ്ഗേരി മഠത്തിലെ സുബ്രഹ്മണ്യശാസ്ത്രികളെ കൊട്ടാരത്തിൽ വരുത്തി അദ്ദേഹത്തോടു് തർക്കശാസ്ത്രവും ഗ്രഹിച്ചു് അക്കാലത്തെ ഒരു വിദ്വൽപ്രമുഖനെന്ന കീർത്തി സമാർജ്ജിച്ചു. സങ്ഗീതകലയിലും ജ്യോതിശാസ്ത്രത്തിലും കൂടി അദ്ദേഹത്തിന് അഭിനിവേശമുണ്ടായിരുന്നു. നല്ല ഒരദ്ധ്യാപകന്റേയും വാഗ്മിയുടേയും നിലയിലും ഉയർന്ന ഒരു സ്ഥാനം സമ്പാദിച്ചു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പ്രഥമഗണനീയൻ പരവൂർ കെ. സി. കേശവപിള്ളയാണ്. പരവൂർ പടിഞ്ഞാറേവീട്ടിൽ ലക്ഷ്മിഅമ്മയാണ് ആദ്യത്തെ ഭാര്യ. ആ സാധ്വിയുടെ സഹോദരി കല്യാണിഅമ്മയെ കെ.സി.യും പരിഗ്രഹിച്ചു. സ്വദേശത്തു ഹൈക്കോടതി ജഡ്ജി കെ.ജി. പരമേശ്വരമേനോന്റെ സഹോദരി ജാനകിയമ്മയും അദ്ദേഹത്തിന്റെ സഹധർമ്മിണിയായിരുന്നു. കേശവപിള്ളയ്ക്കു സംസ്കൃതത്തിൽ ഉപരിഗ്രന്ഥങ്ങൾ അദ്ദേഹത്തിൽനിന്നു പഠിക്കുവാൻ ഇടവന്നതു് ആ ബന്ധം നിമിത്തമാണ്. ഒടുവിൽ തിരുവനന്തപുരത്തു രുക്മിണിഅമ്മ എന്നൊരു യുവതിയേയും പരിഗ്രഹിക്കുകയുണ്ടായി. രാജരാജവർമ്മത്തമ്പുരാൻ 1092-ാമാണ്ടു മിഥുനമാസം 22-ാംനു യശശ്ശരീരനായി.

## കൃതികൾ

രാജരാജവർമ്മത്തമ്പുരാൻസംസ്കൃതത്തിൽ (1) കൃഷ്ണകേശാദിപാദസ്തവം, (2) ലക്ഷണാസ്വയംവരം ചമ്പു, (3) വൈയാകരണ സിദ്ധാന്തസംഗ്രഹം, (4) ശ്രീമൂലകാപദാനസ്തവം എന്നീ കൃതികളും, ഭാഷയിൽ (5) അലങ്കാരദീപിക, (6) രുക്മിണീസ്വയംവരം നാടകം, (7) സ്വപ്നവാസവദത്തം നാടകം (തർജ്ജമ), (8) മേഘസന്ദേശം (തർജ്ജമ), (9) വിരൂപാക്ഷപഞ്ചാശിക (തർജ്ജമ), ഈ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടു്. ഇവയിൽ പ്രധാനങ്ങളായി പരിഗണിക്കേണ്ടതു വൈയാകരണസിദ്ധാന്തസംഗ്രഹത്തേയും അലങ്കാരദീപികയേയുമാണ്. സ്വപ്നവാസവദത്തവും വിരൂപാക്ഷപഞ്ചാശികയും ഒടുവിലത്തെ കൃതികളാണ്. തമ്പുരാന്റെ സംസ്കൃതകവികൾക്കേ ആസ്വാദ്യതയുള്ളൂ. ഭാഷാകൃതികളിൽ അലങ്കാരദീപികയൊഴികെ മറ്റുള്ളവ പ്രായേണ ഗുണവികലങ്ങളാണ്. രുക്മിണീസ്വയംവരം ഞാൻ വായിച്ചിട്ടില്ല.

## വൈയാകരണ സിദ്ധാന്തസങ്ഗ്രഹം

സിദ്ധാന്തകൗമുദി മുഴുവൻ സംസ്കൃതത്തിൽ അനുഷ്ടുപ്പ്ശ്ലോകങ്ങളായി സങ്ഗ്രഹിച്ചിരിക്കുന്ന ഈ കൃതി ഏറ്റവും വിശിഷ്ടവും തമ്പുരാന്റെ വ്യാകരണപാണ്ഡിത്യത്തിനു മകടോദാഹരണവുമാകുന്നു. ഈ ഗ്രന്ഥത്തിന്റെ അവസാനത്തിൽ കാണുന്നവയാണ് അധോലിഖിതങ്ങളായ ശ്ലോകങ്ങൾ.

“ശ്രീരാജരാജരചിതഃ സൈഷ സിദ്ധാന്തസങ്ഗ്രഹഃ
ബോഭവീതു ഗുരുപ്രീത്യൈ സദാ സർവോപകാരകഃ

ശബ്ദാഗമാംബുരാശിഃ ക്വാസൗ ഗഹനശ്ച? മന്ദധീഃ ക്വാഹം?
അതരം ദുസ്തരമപി തം ശ്രീകേരളവർമ്മനാമഗുരുകൃപയാ.

ആസീജ്ജഗൽപ്രദീപഃ കോലമഹീപാലവംശമുകുടമണിഃ
ശ്രീശങ്കരോപി ഭക്ത്യാ കഥയതി തം ഹന്ത! കോലയോഗീന്ദ്രം.

തദ്വംശജഃ കശ്ചിദുദഗ്രതേജാ
നൃപോദ്വിതീയഃ സ്വകുലേ ദ്വിതീയഃ
ശ്രീരാമവർമ്മാ സ വിചാര്യ തൈലാ-
രാമേ ചകാര സ്വകുലപ്രതിഷ്ഠാം.

വംശേ തസ്യ പവിത്രേ സമജനി ദേവീ മഹാപ്രഭാ കാചിൽ
മൂർത്തിമതീവ ഭവാന്യാഃ കരുണാ സ്നേഹാടവീവിഹാരിണ്യാഃ.

പാരിജാതപുരേശശ്രീരാജരാജകുടുംബിനീ
സാ ബഭൗ രാജരാജോഹമന്തിമസ്തനയസ്തയോഃ.

മാതുലാവതുലൗ യസ്യ സമസ്തഗുണശാലിനൗ
രാമകേരളവർമ്മാഖ്യാവിവാന്യൗ രാമലക്ഷ്മണൌ.

ആബാല്യതഃ സ്നേഹപരിപ്ലുതാഭ്യാം
താഭ്യോം സ കാവ്യാദിഷു ശിക്ഷിതോഽഥ
യശ്ശബ്ദശാസ്ത്രാധ്യായനായ നീതഃ
ശ്രീവഞ്ചിരാജ്ഞീരമണോപകണ്ഠം.

ചുളുകിതശാസ്ത്രാംബുധിനാ ശ്രീകേരളവർമ്മണാ ച ഗുരുണാ യഃ
അചിരാദമുനാ ഭാവ്യം മഹിതാ കവിനേതി ഹൃഷ്യതാഭാണി.

സോഹം സമസ്തകവിപുംഗവമൗലിമാലാ-
നിര്യന്മധുദ്രവരസാർദ്രപദസ്യ തസ്യ
പർപ്പക്ഷിതീശിതുരിമാം കൃതിമാത്മബന്ധോഃ
പാദോപദാം ഗുരുവരസ്യ സമർപ്പയാമി.”

ഈ ശ്ലോകങ്ങളിൽ കവിയുടെ ജീവിതചരിത്രത്തിലെ പല സംഭവങ്ങളും പ്രസ്താവിച്ചു കാണുന്നു. പ്രസ്തുത ഗ്രന്ഥത്തിന്റെ നിർമ്മിതിക്കു പ്രേരിപ്പിച്ചതു വലിയ കോയിത്തമ്പുരാനായിരുന്നുവെന്നു ചുവടേ ചേർക്കുന്ന വന്ദനശ്ലോകത്തിൽനിന്നു വെളിപ്പെടുന്നു.

“യഥോവദ്ഗുരുപാദാബ്ജം സമാരാധ്യ തദാജ്ഞയാ
വൈയാകരണസിദ്ധാന്തസങ്ഗ്രഹോയം വിരച്യതേ.
വൈയാകരണസിദ്ധാന്താഃ ക്വാമീ? ക്വാഹം ച മന്ദധീഃ?

അസ്മദ്ഗുരുകൃപൈവാത്ര ജല്പാകയതി ഹന്ത! മാം."
"മാഹേശ്വരാണാം സൂത്രാണാമന്ത്യാ ഇത ഇതീരിതാഃ
ണകൗ ങചൗ ടണമഞാഷ്ഷശൗ വയരലാഃ ക്രമാൽ."

എന്നിങ്ങനെയാണ് ഗ്രന്ഥത്തിന്റെ ആരംഭം.

## കൃഷ്ണകേശാദിപാദസ്തവം

ശങ്കരഭഗവൽപാദരുടെ വിഷ്ണുപാദാദികേശാന്തസ്തോത്രത്തെ അനുകരിച്ചും ഉപജീവിച്ചും സ്രഗ്ദ്ധരാവൃത്തഘടിതങ്ങളായ 45 ശ്ലോകങ്ങളിൽ തമ്പുരാൻ രചിച്ചിട്ടുള്ള ഒരു സ്തുതിയാണ് പ്രസ്തുതകൃതി. അതിനു ശബ്ദാർത്ഥസൗന്ദര്യം ധാരാളമുണ്ട്. ഒരു ശ്ലോകം പകർത്തിക്കാണിക്കാം.

"സംവർത്തപ്രജ്ജ്വലിഷ്യജ്ജ്വലനസമുദയ-
ദ്ധൂമവല്ലീകരാളഃ
കാളാഭസ്സിന്ധുകന്യാകലിതസമുചിത-
സ്നേഹലേപോ നിശാതഃ
ദൃപ്യദ്രക്ഷോസുരോഗ്രസ്ഥവിരഗളഗള-
ദ്രക്തധാരാക്തധാരഃ
സാരസ്സർവായുധാനാം ക്ഷപയതു ദുരിതം
നന്ദകോ നന്ദസൂനോഃ."

## ലക്ഷണാസ്വയംവരം ചമ്പു

പ്രസ്തുത ചമ്പു പൊതിയിൽ നാരായണൻചാക്കിയാർക്കു കഥാപ്രവചനത്തിനുവേണ്ടി എഴുതിക്കൊടുത്തതാണ്. അതിലുള്ളതാണ് താഴെക്കാണുന്ന ശ്ലോകം.

"ലക്ഷണാപരവശീകൃതചിത്താ-
നാവിദൻ ക്ഷിതിഭൃതോധ്വനി വൃത്തം
ഹന്ത! തേ ബുബുധിരേ ന കഥം വാ
സ്വാഭിലാഷവിഷയാനുപപത്തിം?"

## അലങ്കാരദീപിക

അർത്ഥാലങ്കാരങ്ങളെ ലക്ഷ്യലക്ഷണങ്ങൾ പ്രദർശിപ്പിച്ചു വിവരിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥമാണ് അലങ്കാരദീപിക. കവലയാനന്ദത്തിലെ 100 അലങ്കാരങ്ങളേയും സ്വീകരിച്ചിട്ടുണ്ട്. കാരികകൊണ്ടു ലക്ഷണവും ഉദാഹരണവും കാണിക്കയും വ്യാഖ്യാനം കൊണ്ടു അവയുടെ അർത്ഥം വിസ്തരിക്കുകയും ചെയ്യുന്നു. ഓരോ അലങ്കാരത്തിനും രണ്ടാമത്തെ ഉദാഹരണശ്ലോകം രചിച്ചിട്ടുള്ളതു പ്രായേണ വലിയ വൃത്തങ്ങളിലാണ്.

"ഒരുപോലെ കരുത്തുള്ള രണ്ടെണ്ണങ്ങൾക്കു തങ്ങളിൽ
വിരോധം സംഭവിച്ചാകിലലങ്കാരം വികല്പമാം.
വിശ്വംഭരിക്കും നീയെന്നെക്കൂടെ നന്നായ്ഭരിക്കയോ
വിശ്വത്തിൽനിന്നു വെളിയിലാക്കയോ വേണമച്യുത!"

(വികല്പാലങ്കാരം)

"ശേഷാങ്കത്തിൽശ്ശയിക്കുന്നവനെയവനിയിൽ-

സ്സുതികാശയ്യതന്നിൽ
ഘോഷത്തിൽച്ചെന്നു വാഴ്ത്തീടണമിതി വിബുധ-
സ്ത്രീകളൊത്തങ്ങുകൂടി
വേഷം നന്നായ്ച്ചമഞ്ഞങ്ങനെ വരുമളവിൽ-
ഗ്ഗൂഢനായെങ്കിലും താൻ
ഘോഷത്തിൽത്തന്നെ തന്നെപ്പരിചിനൊടവരെ-
ക്കാട്ടി യുക്തം മുകുന്ദൻ." (സമാലങ്കാരം)

ശ്രീകൃഷ്ണപരങ്ങളാണ് എല്ലാ ഉദാഹരണങ്ങളും. തമ്പുരാൻ ഒരു മികച്ച കൃഷ്ണഭക്തനായിരുന്നു.

## വിരൂപാക്ഷപഞ്ചാശിക

കാശ്മീരത്തിൽ പ്രസിദ്ധമായ പ്രത്യഭിജ്ഞാദർശനമാണ് മൂലഗ്രന്ഥത്തിലെ വിഷയം. അതിലെ "ദേഹേ സ്ഥിതയാ യദ്വൽ" എന്ന ശ്ലോകം കവി ഇങ്ങനെ തർജ്ജമ ചെയ്തിരിക്കുന്നു.

"ദേഹത്തിലെന്നപോലീയഹമഭിമാനം ജഗത്തിലും വച്ചാൽ
ഈഹാമാത്രത്താൽജഡബാഹുക്കൾകണക്കുഗിരികളുംതുള്ളും"

## മേഘസന്ദേശം

"ശന്നോപാന്തഃ" ഇത്യാദി ശ്ലോകത്തിന്റെ ഭാഷാനുവാദമാണ് താഴെ കാണുന്നത്.

"തഞ്ചും പക്വമിയന്ന ചൂതനിരയെത്താൻ ചുറ്റുമുള്ളദ്രിയ-
പ്പൂഞ്ചായൽപ്രഭയാണ്ട നീ വിരവിലത്തുഞ്ചത്തിരിക്കുംവിധൗ
അഞ്ചും പാണ്ഡിമ ചുറ്റുമാണ്ടു നടുവിൽക്കിഞ്ചിൽക്കറുത്തുംധരാ-
നെഞ്ചിൽപ്പോർമുലപോൽ നിലിമ്പമിഥുനം ചിന്തിക്കു
മാറായ്വരും."
സ്വപ്നവാസവദത്തത്തിന്റെ വിവർത്തനം സുഷ്ഠുവല്ല.

## രണ്ടു മുക്തകങ്ങൾ

വലിയ കോയിത്തമ്പുരാനോടു സംസ്കൃതം പഠിച്ചുകൊണ്ടിരുന്നപ്പോൾ കൊച്ചനുജൻ തമ്പുരാന്റെ ഒരു ശിഷ്യൻ "പീതാ കിയന്മാത്രമഹോ വിഭക്തിഃ?" എന്നു ചോദിച്ചതിനു കവി നല്കിയ ഉത്തരമാണ് ചുവടേ കുറിക്കുന്നത്.

"പീതാപി തൃഷ്ണാവശതോ നിതാന്തം
ചേതോഹരാ നാന്തമുപാഗതാഭൂൽ
സാ കൗമുദീ ചിത്തചകോരപോതേ
നാസ്മാകമത്യർത്ഥതമോപഹന്ത്രീ."

തകഴിയിൽ ശാസ്താവിനെക്കുറിച്ചുണ്ടാക്കിയ ഒരു ശ്ലോകംകൂടി പകർത്താം.

"വിശ്വാധീശം ഗിരീശം കതിചിദഭിജഹുഃ
കേശവം കേചിദാഹു-
സ്കേഷ്വിത്യന്യോന്യവാദവ്യതികരവിവശേ-
ഷ്വന്തരുദ്യദ്ദയാർദ്രഃ
യസ്സാക്ഷാദ്ഭൂയ സാക്ഷാദുപദിശതി പരം

തത്ത്വമദ്വൈതമാദ്യം
സോയം വിശ്വൈകവന്ദ്യോ ഹരിഹരതനയഃ
പൂരയേന്മങ്ഗ്ഗളം വഃ."

## കോട്ടയത്ത് അനിഴംതിരുനാൾ കേരളവർമ്മത്തമ്പുരാൻ (1028—1082)

### ജീവചരിത്രം

ടിപ്പുവിന്റെ ആക്രമണകാലത്തു വടക്കൻകോട്ടയത്തെ രാജവംശവും തിരുവിതാംകൂറിലേക്ക് ഓടിപ്പോരിപ്പോരികയും ധർമ്മരാജാവു് ആ വംശത്തെ ചങ്ങനാശ്ശേരിത്താലൂക്കിൽ വാഴപ്പള്ളിയിൽ ഒരു സ്ഥലത്തു താമസിപ്പിക്കുകയുംചെയ്തു. അവർ താമസിച്ച ഗൃഹം കോട്ടയത്തുമഠം എന്ന പേരിൽ അറിയപ്പെടുന്നു. മലബാറിൽ സമാധാനം പുനഃസ്ഥാപിതമായപ്പോൾ അവരിൽ ഒരു ശാഖയൊഴിച്ചു ബാക്കിയുള്ളവരെല്ലാം അങ്ങോട്ടേക്കു തിരിയെപ്പോയി. ആ ശാഖക്കാർമാത്രം കോട്ടയത്തുമഠത്തിൽ താമസിച്ചു. ആ മഠത്തിലെ കുഞ്ഞുലക്ഷ്മിയമ്മത്തമ്പുരാട്ടിയുടേയും കിടങ്ങൂർ ചെറുശ്ശേരി നമ്പൂരിയുടേയും പുത്രനായി കേരളവർമ്മത്തമ്പുരാൻ 1028-ാമാണ്ടു മേടമാസത്തിൽ അനിഴംനക്ഷത്രത്തിൽ ജനിച്ചു. തിരുവല്ലാ ശങ്കരവാരിയരോടാണ് അദ്ദേഹം സംസ്കൃതം അഭ്യസിച്ചതു്.ചില അവസരങ്ങളിൽ മൂലകുടുംബമായ കോട്ടയം കിഴക്കേക്കോവിലകത്തേക്കു പോകുകയും അവിടെവെച്ചു് ഒരവസരത്തിൽ ഇരുവനാട്ടു ചന്ത്രോത്തു നമ്പിയാരുടെ മരുമകളെ സംബന്ധംചെയ്കയും ചെയ്തു. പിന്നീടു വാഴപ്പള്ളി ഉമ്പായിവീട്ടിലും ഒരു യുവതിയെ പരിഗ്രഹിച്ചു. 1053-ൽ ദൂതവാക്യം ആട്ടക്കഥ നിർമ്മിച്ചു. 1063-ാമാണ്ടു ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ ശക്തൻ രവിവർമ്മകോയിത്തമ്പുരാൻ ആഘോഷിച്ച മാതാവിന്റെ മാസമടിയന്തിരത്തെ അവഹേളനം ചെയ്തു 'രവിവർമ്മചരിതം ശീതങ്കൻതുള്ളൽ' എന്ന പേരിൽ ഒരു ദുഷ്കൃതി രചിച്ചു. ആ പാപത്തിന് ഒരു പരിഹാരമെന്ന മട്ടിൽ അതിൽത്തന്നെ കുചേലകഥകൂടി അന്തർഭവിപ്പിക്കുകയും ചെയ്തു. ശ്രീ മൂലം തിരുനാൾ മഹാരാജാവിന്റെ തുലാപുരുഷദാനത്തെപ്പറ്റി സംസ്കൃതത്തിൽ "രാജാ ചിരം ജയതു വഞ്ചിമഹീമഹേന്ദ്രഃ" എന്നു് ഓരോ ശ്ലോകവും അവസാനിക്കുന്ന ഒരു സംസ്കൃതകൃതി എഴുതി അടിയറവച്ചു. 1068-ൽ കോട്ടയം രാജസ്വരൂപത്തിൽ മൂപ്പു കിട്ടുകയാൽ വടക്കോട്ടു പോയി അവിടെ താമസമുറപ്പിച്ചു. അതിനുമേൽ ഒന്നും എഴുതിയില്ല. പതിന്നാലു വർഷത്തെ കുടുംബഭരണത്തിനുശേഷം 1082-ാമാണ്ടു മിഥുനമാസം 14-ാംനു ചരമഗതിയെ പ്രാപിച്ചു. അദ്ദേഹത്തോടുകൂടി കോട്ടയത്തുമഠത്തിൽ താമസിച്ചിരുന്ന ശാഖ കുറ്റിയറ്റുപോയി. സാമാന്യം നല്ല ഒരു കവിയായി അദ്ദേഹത്തെ സമകാലികന്മാർ ഗണിച്ചിരുന്നു.

### കൃതികൾ

(1) ദൂതവാക്യം ആട്ടക്കഥ, (2) കുചേലകഥ കൂടിയുള്ള രവിവർമ്മചരിതം ശീതങ്കൻതുള്ളൽ, (3) തുലാഭാരവർണ്ണനം എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ എന്നു പറഞ്ഞുവല്ലോ. ദൂതവാക്യത്തിൽനിന്നു് ഒരു ശ്ലോകം താഴെച്ചേർക്കുന്നു.

"കാളാംഭോദാഭിരാമാ കലിതഖലസുരാരാതിപാളീവിരാമാ
ഫാലാക്ഷിശ്രീലലാമാ പദകമലനമദ്ഭത്തനിസ്സീമകാമാ
കാളീതി ഖ്യാതനാമാ ഗളതലവിലസദ് ഭീമകാപാലദാമാ
കല്യാണം ഭൂരിധാമാ കലയതു രണവാപീതടാരാമധാമാ."

അടുത്ത ശ്ലോകം തുലാഭാരവർണ്ണനത്തിലുള്ളതാണ്.

> “പദ്മാലയഃ പരമഹംസഗതിം പ്രപന്ന-
> സ്സത്യസ്ഥിതഃ സരസവാക്ചതുരാനനോ യഃ
> സാമ്യം വിധേസ്സമുപഗമ്യ വിഭാതി സോയം
> രാജാ ചിരം ജയതു വഞ്ചിമഹീമഹേന്ദ്രഃ.”

കുചേലകഥ തുള്ളലിൽനിന്നുകൂടി ചില വരികൾ ഉദ്ധരിക്കാം.

> “മുട്ടി ഹരികൃപകൊണ്ടെങ്കിലും നെല്ല-
> മുഷ്ടി പിടിച്ചവൻ ശ്രീകൃഷ്ണസേവയിൽ
> മുട്ടാതെ നിത്യവും ദാനധർമ്മങ്ങളും
> തുഷ്ടിപൂണ്ടൻപോടു ചെയ്തിത്രിഭുവനം
> വട്ടംതിരിയ്ക്കുന്ന വൈകുണ്ഠദേവനെ
> വട്ടത്തിലാക്കീ കുചേലനും ഭക്തിയാൽ.
> ആഴക്കരികൊണ്ടൊരഞ്ചാറുജീവനെ
> വാഴിച്ച പത്തനാടിക്കു ജനങ്ങളെ
> പാഴിലയച്ചുകൂടെന്നല്ല നൽത്തിരു-
> വാഴിയുംകൂടിക്കൊടുത്തുതുടങ്ങിനാൾ.”

ആദ്യത്തെ വരി രാമപുരത്തുവാരിയരുടെ ശൈലി സ്വായത്തമാക്കിയതാണ്.

## വയക്കര ആര്യൻ നാരായണൻമൂസ്സത് (1017–1077)

### കുടുംബം

പണ്ടൊരിക്കൽ ഒരു തെക്കുംകൂർ രാജാവു് വടക്ക് താമസിക്കുമ്പോൾ രോഗബാധിതനായി. അഷ്ടവൈദ്യന്മാരിൽ ഒരാളായ ആലത്തൂർ നമ്പിയുടെ ഇല്ലത്തിൽ പോകുകയും നമ്പിയുടെ ചികിത്സകൊണ്ടു് അദ്ദേഹത്തിന്റെ രോഗം മാറുകയും ചെയ്തു. സ്വദേശത്തു നല്ല വൈദ്യന്മാരില്ലാതിരുന്നതുകൊണ്ടു നമ്പികൂടി പോരണമെന്നു രാജാവു നിർബന്ധിച്ചു; നമ്പിക്കു സ്വഗൃഹം വിട്ടു പോകുവാൻ നിർവാഹമില്ലാതിരുന്നതിനാൽശിഷ്യനും നല്ല വൈദ്യനുമായ ഒരു പോറ്റിയെ അദ്ദേഹം രാജാവിനോടുകൂടി അയച്ചുകൊടുത്തു. പോറ്റി ചമ്രവട്ടത്ത് അയ്യപ്പനെ പതിവായി ഭജിച്ചുവന്നു; അതിനു വിഘ്നം വരാതെയിരിക്കണമെന്ന് ആ ദേവനെ പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം രാജാവിനെ അനുഗമിച്ചു. രാജാവു് അദ്ദേഹത്തെ കോട്ടയത്തു വയക്കര (വയല്ക്കര)യിൽ താമസിപ്പിച്ചു ധാരാളം വസ്തുവകകൾ ദാനംചെയ്യുകയും പോറ്റി സ്വപ്നത്തിൽ കണ്ട വിധത്തിൽ ഒരു കൊന്നമരവും അതിനു കിഴക്കായി ഒരു പാറയുമുള്ള സ്ഥലത്ത് അദ്ദേഹത്തിന്റെ ഇഷ്ടദേവതയുടെ ക്ഷേത്രം പണിയിക്കുവാൻ വേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. 965-ാമാണ്ടിടയ്ക്കു വയക്കരയില്ലത്തു പോറ്റിക്ക് ഒരു സ്ത്രീസന്താനമേ ഉണ്ടായിരുന്നുള്ളു. അക്കാലത്ത് മറ്റൊരു അഷ്ടവൈദ്യഗൃഹമായ മലബാറിൽ പിലാമന്തോളിലെ ശങ്കുണ്ണിമൂസ്സതു തിരുവിതാംകൂറിൽ അഭയംപ്രാപിച്ചു കോട്ടയത്തു നെട്ടാശ്ശേരി പുഴയിൽഇല്ലത്തു സകുടുംബം താമസിക്കുകയായിരുന്നു. കുടമാളൂർ മുതലായ സ്ഥലങ്ങളിലെ നമ്പൂരിമാർ തങ്ങൾക്ക് ഒരു ഭിഷഗ്വരനെ കിട്ടിയാൽ കൊള്ളാമെന്നുള്ള ആഗ്രഹത്തോടുകൂടി വയക്കര ഇല്ലത്തെ അന്തർജ്ജനത്തെ ശങ്കുണ്ണിമൂസ്സതിനെക്കൊണ്ടു സർവസ്വദാനമായി വിവാഹം കഴിപ്പിച്ച് അവിടെ ദത്തുപൂകിച്ചു. അതാണ് പിലാമന്തോളിനും വയക്കരയ്ക്കും

തമ്മിലുള്ള ബന്ധത്തിന്റെ ആഗമം. ആ ദമ്പതികളുടെ പുത്രനായ നാരായണൻമൂസ്സതു ശങ്കുണ്ണിമൂസ്സതിനേക്കാൾ മഹത്തരനായ ഒരു വൈദ്യനായി ഉയർന്നു. അദ്ദേഹം മറ്റൊരു അഷ്ടവൈദ്യകുടുംബത്തിൽപ്പെട്ട കുട്ടഞ്ചേരി മൂസ്സതിന്റെ പുത്രിയെ വിവാഹം ചെയ്തു. അവരുടെ ഏകപുത്രനായി 1017-ാമാണ്ടു വൃശ്ചികമാസം 27-ാംനു വിശാഖം നക്ഷത്രത്തിൽ നമ്മുടെ ചരിത്രനായകൻ ജനിച്ചു.

## പേരും വിദ്യാഭ്യാസവും

വയക്കര മൂസ്സതിന്റെ പിതൃദത്തമായ നാമധേയം ശങ്കരൻ എന്നായിരുന്നു. ശങ്കഞ്ഞൻ എന്നും, ശങ്കുണ്ണി എന്നുമുള്ള ഓമനപ്പേരുകൾകൂടി അദ്ദേഹത്തിനു ബാല്യത്തിൽ ഉണ്ടായിരുന്നു. ശങ്കരൻ എന്നായിരുന്നുവല്ലോ മുത്തച്ഛന്റെ പേർ. എങ്കിലും യൗവനാരംഭത്തിൽത്തന്നെ പിതാവിന്റെ ശരീരാസ്വാസ്ഥ്യം നിമിത്തം കുടുംബഭരണം അദ്ദേഹത്തിൽ നിക്ഷിപ്തമാവുകയും കുടുംബത്തിലെ മാറാപ്പേരായ ആര്യൻ നാരായണൻ എന്ന സംജ്ഞതന്നെ അദ്ദേഹവും എഴുത്തുകുത്തുകളിൽ ഉപയോഗിച്ചുതുടങ്ങുകയും ചെയ്തു. അങ്ങനെയാണ് ശങ്കരൻമൂസ്സതു് ആര്യൻ നാരായണൻമൂസ്സതായതു്. അഞ്ചാമത്തെ വയസ്സിൽ സംസ്കൃതത്തിൽ ബാലപാഠങ്ങൾ അച്ഛന്റെ ശിഷ്യനായ മണർക്കാട്ടു് അച്യുതവാരിയരോടും കുമാരസംഭവം ഒരു സർഗ്ഗംമാത്രം അച്ഛനോടും പഠിച്ചു. ഒരു അധ്യേതാവെന്ന നിലയിൽ അത്യത്ഭുതമായ ബുദ്ധിസാമർത്ഥ്യം പ്രകടിപ്പിച്ച മകനോടു് അച്ഛൻ ശേഷമുള്ള സർഗ്ഗങ്ങൾ തന്നത്താൻ വായിച്ചുകൊള്ളുകയും വല്ല സംശയവുമുണ്ടെങ്കിൽ തന്നോടു ചോദിക്കുകയും ചെയ്താൽ മതിയെന്നുപദേശിച്ചു. കുറേക്കഴിഞ്ഞപ്പോൾ ബാക്കി ഭാഗം വായിച്ചില്ലേ എന്നും സംശയം പരിഹരിക്കാത്തതു് എന്തുകൊണ്ടാണെന്നും അച്ഛൻ ചോദിച്ചതിനു മുഴുവൻ പഠിച്ചുതീർന്നു എന്നും സംശയമൊന്നും തോന്നിയില്ലെന്നുമായിരുന്നു മകന്റെ മറുപടി. അത്രമാത്രമേ ഗുരുമുഖത്തുനിന്നു അഭ്യസിച്ചുള്ളു. എങ്കിലും മൂസ്സതിന്റെ വിഷയത്തിൽ അതിനപ്പുറം യാതൊന്നും തന്നെ വേണ്ടിവന്നിരുന്നില്ല. പിന്നീടു വ്യുൽപത്തി ഉറപ്പിക്കുകയും വ്യാകരണാദിശാസ്ത്രങ്ങളിൽ പ്രാവീണ്യം സമ്പാദിക്കുകയും ചെയ്തതു് ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ സബ്രഹ്മചാരിയായ മണർക്കാട്ടു ശങ്കുവാരിയരുമായുള്ള സഹവാസംകൊണ്ടും നിസ്തന്ദ്രമായ സ്വപരിശ്രമംകൊണ്ടുമാണ്. കവിയുടെ നക്ഷത്രവൃത്താവലിക്കു വ്യാഖ്യാനമെഴുതിയതു ശങ്കുവാരിയരാണ്.

> "അസ്തീഹ ശങ്കരാഖ്യഃ പാരശവഃ പന്തളേശിതുശ്ശിഷ്യഃ
> രാമസ്വാമിസതീർത്ഥ്യോ മദ്ഗുരുശിഷ്യാച്യുതാവരജഃ.
>
> അനേന വിദ്വന്മണിനാ കൃതാ മേ
> നക്ഷത്രവൃത്താവലിസംജ്ഞികായാഃ
> പ്രബന്ധികായാ വിവൃതി, സ്ത്വയൈതാം
> പ്രഭോ! സഹാലിഖ്യ സമർപ്പയാമി"

എന്നു് ആ ഗ്രന്ഥത്തിന്റെ സമർപ്പണത്തിൽ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ശങ്കുവാരിയർ 84-ാമത്തെ വയസ്സിൽ 1074 മകരത്തിൽ മരിച്ചു. മണർക്കാട്ടുവാരിയം കോട്ടയത്തുനിന്നു് ഉദ്ദേശം ആറുനാഴിക കിഴക്കുള്ള വിജയപുരം പകുതിയിലാണ് സ്ഥിതിചെയ്യുന്നതു്. പ്രകൃതത്തിൽ കവി സ്മരിക്കുന്ന മണർക്കാട്ടു അച്യുതവാരിയർ മൂസ്സതിന്റെ ഗുരുക്കന്മാരിൽ അന്യതമനും ശങ്കുവാരിയരുടെ ജ്യേഷ്ഠനുമായിരുന്നു. പൈവള്ളിക്കൽ സുബ്രഹ്മണ്യൻപോറ്റിയും വില്വട്ടത്തു രാഘവൻനമ്പിയാരുമായുള്ള ഒരു വാക്സമരത്തിൽ പോറ്റി കുറേ പ്രാകൃതശ്ലോകങ്ങളുണ്ടാക്കി നമ്പിയാർക്കയച്ച്

അദ്ദേഹത്തിന്റെ മുഖമുദ്രണത്തിനു ശ്രമിച്ചു. നമ്പിയാർ മൂസ്സതിനെ അഭയംപ്രാപിച്ചു. മൂസ്സതിന് അന്നുവരെ പ്രാകൃതത്തിൽ ജ്ഞാനമുണ്ടായിരുന്നില്ലെങ്കിലും ശങ്കുവാരിയരുടെ സാഹായ്യത്തോടുകൂടി ഒരു രാത്രികൊണ്ട് ആ ഭാഷ പഠിച്ച് അതിൽ 12 യമകശ്ലോകങ്ങളുണ്ടാക്കി നമ്പിയാർക്കു കൊടുക്കുകയും അതു നമ്പിയാർ പോറ്റിക്കയച്ച് അദ്ദേഹത്തെ വിസ്മയിപ്പിക്കുകയും ചെയ്തു. വാസ്തവത്തിൽ ആ ശ്ലോകങ്ങൾ ആരുണ്ടാക്കിയതാണെന്നു പോറ്റിക്കു മനസ്സിലാക്കുവാൻ യാതൊരു വൈഷമ്യവുമുണ്ടായില്ല. മൂസ്സതിന്റെ സംസ്കൃതകൃതികൾ വായിച്ചാൽ അവയിൽനിന്ന് അദ്ദേഹത്തിനു വ്യാകരണത്തിലുണ്ടായിരുന്ന വിസ്മയനീയമായ അവഗാഹം വ്യക്തമാകുന്നതാണ്. അതോടുകൂടി തർക്കം, വേദാന്തം, ശില്പം എന്നീ ശാസ്ത്രങ്ങളും സ്വാധീനമാക്കി.

## പ്രാണാചാര്യൻ

പന്ത്രണ്ടാമത്തെ വയസ്സിനു മുൻപുതന്നെ അഷ്ടാങ്ഗഹൃദയവും സങ്ഗ്രഹവും അച്ഛനോടു നിഷ്കർഷിച്ചു പഠിച്ചു. ചരകം, സുശ്രുതം തുടങ്ങിയ വൈദ്യശാസ്ത്രത്തിലെ ഉപരിഗ്രന്ഥങ്ങൾ സ്വയമേവ അഭ്യസിക്കുകയാണ് ചെയ്തത്. പതിനാറുവയസ്സു തികയുന്നതിനുമുൻപുതന്നെ കുലവിദ്യകൊണ്ടു കൈകാര്യം ചെയ്യുന്നതിനു വേണ്ട ശാസ്ത്രീയവും പ്രായോഗികവുമായ പരിജ്ഞാനം സമ്പാദിച്ചു. അച്ഛൻ രോഗാതുരനായിത്തീരുകയാൽ ഏതു വലിയ ചികിത്സയ്ക്കും മഹനെത്തന്നെയാണ് അയച്ചുവന്നത്. അതുകൊണ്ട് വ്യാധിതർ തൃപ്തിപ്പെട്ടുമിരുന്നു. തിരുവിതാംകൂർ ഉത്രംതിരുനാൾ മഹാരാജാവിന് 1036-ാമാണ്ടു മരണഹേതുകമായ രോഗം പിടിപെട്ടപ്പോൾക്കൂടിയും ഉണ്ണിമൂസ്സതുതന്നെയാണ് ചികിത്സയ്ക്കായി തിരുവനന്തപുരത്തേക്കു പോയത്. രോഗം അസാധ്യമെന്നു കണ്ടു രണ്ടുമൂന്നു ദിവസത്തേക്കു ഒരു കഷായംമാത്രം സേവിക്കുവാൻ ഉപദേശിച്ചിട്ടു തിരിയെ കോട്ടയത്തേക്കു പോരുകയും, വൈദ്യൻ കോട്ടയത്ത് എത്തുന്നതിന്നുമുൻപു മഹാരാജാവു തീപ്പെടുകയും ചെയ്തു. ഒരു വൈദ്യൻ എന്ന നിലയിൽ ചരിത്രനായകൻ ആർജ്ജിച്ച യശസ്സ് അഭൗമമായിരുന്നു. അച്ഛൻ തന്നെ വിശ്രുതനായ ഒരു വൈദ്യനായിരുന്നുവെന്നും, അച്ഛൻ മുത്തച്ഛനെ ആ വിഷയത്തിൽ ജയിച്ചു എന്നും മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ആ അച്ഛനെയും-എന്ത് എന്തിനു പറയുന്നു?-അന്നു കേരളത്തെ അലങ്കരിച്ചിരുന്ന സകല വൈദ്യന്മാരെയും അനായാസേന കീഴടക്കി പ്രാണാചാര്യഭദ്രാസനത്തിൽ ഏകച്ഛത്രാധിപതിയായി പൊതുജനങ്ങളാൽ അഭിഷിക്തനായി ചക്രവർത്തിപദത്തിൽ വാഴുന്നതിന് അദ്ദേഹത്തിന്നു വളരെക്കാലമൊന്നും വേണ്ടിവന്നില്ല.അദ്ദേഹത്തെക്കാൾ ഗ്രന്ഥപരിചയം ചിലർക്ക് ഉണ്ടായിരുന്നു; പക്ഷേ അവരാരും അത്രമാത്രം കുശാഗ്രീയമായ ബുദ്ധിശക്തികൊണ്ട് അനുഗൃഹീതന്മാരായിരുന്നില്ല. രോഗിയെ കാണുന്ന നിമിഷത്തിൽ രോഗമെന്തെന്നു കണ്ടുപിടിക്കുക; സാധാരണങ്ങളായ ഔഷധങ്ങൾകൊണ്ടും പലപ്പോഴും ഔഷധാപേക്ഷ കൂടാതെയും എത്ര വൻതരത്തിലുള്ള വ്യാധിയും ഭേദമാക്കുക; ഭേദമാകാത്ത രോഗമാണെങ്കിൽ ഇത്ര ദിവസത്തിനകം രോഗി മരിക്കുമെന്നു നിർണ്ണയിക്കുക; ഇത്തരത്തിലുള്ള അപൂർവസിദ്ധികളാണ് അദ്ദേഹത്തിന്നു സ്വായത്തങ്ങളായിരുന്നത്. വെറുതേയല്ല ദക്ഷിണഭാരതത്തിലെ വിവിധദേശങ്ങളിൽനിന്നു ദിവസംതോറും ഓരോ വലിയ ജനസമൂഹം വയക്കരയില്ലത്തിൽ എത്തിച്ചേർന്നു കൃതകൃത്യരായിക്കൊണ്ടിരുന്നത്. ചികിത്സയ്ക്കു പണം ചോദിക്കുക എന്ന വൈദ്യനിയമത്തിൽനിന്ന് അദ്ദേഹം നിശ്ശേഷം വിമുക്തനായിരുന്നു. പാവപ്പെട്ടവർക്ക് ആ മഹാത്മാവ് പ്രത്യേകിച്ചും ഒപ്പു പാരിജാതമായി പരിലസിച്ചു.

അത്രദൂരം ദ്രവ്യാപേക്ഷയില്ലാത്തതായിരുന്നുവല്ലോ അദ്ദേഹത്തിന്റെ ചികിത്സാസമ്പ്രദായവും.

### കുടുംബജീവിതം

വയക്കര മൂസ്സത് 1038-ാമാണ്ടു കൊച്ചിയിൽ ഒല്ലൂർ ഇളേടത്തു തൈക്കാട്ടു മൂസ്സതിന്റെ ഇല്ലത്തുനിന്നു പാർവ്വതി അന്തർജ്ജനത്തെ വിവാഹം ചെയ്തു. 1043-ാമാണ്ടു മകരമാസത്തിൽ അച്ഛൻ മരിച്ചു. മൂസ്സതിന് ആ വേളിയിൽ മൂന്നു പുത്രന്മാരും മൂന്നു പുത്രികളുമുണ്ടായി എങ്കിലും ആ മൂന്നു പുരുഷസന്താനങ്ങളും പ്രഥമപുത്രിയും ബാല്യത്തിൽത്തന്നെ ചരമഗതിയെ പ്രാപിച്ചു. 1058-ാമാണ്ടു സഹധർമ്മിണിയും അവരെ അനുഗമിച്ചു. 1068-ാമാണ്ടു തുലാമാസം 21-ാംനു വീണ്ടും കാടമുറിയിൽ ചോഴിക്കാട്ടു താമരശ്ശേരി ഇല്ലത്തിനിന്നു സാവിത്രി അന്തർജ്ജനത്തിന്റെ പുത്രി ഉമ അന്തർജ്ജനത്തെ വിവാഹം ചെയ്തു. അതിൽ മൂന്നുണ്ണികൾ ഉണ്ടായി. 1077-ാമാണ്ടു മീനം 7-ാംനുയായിരുന്നു മൂസ്സതിന്റെ സ്വർഗ്ഗതി. സമചിത്തൻ, പരോപകാരി, ധർമ്മനിഷ്ഠൻ എന്നിങ്ങനെ പല നിലകളിൽ അദ്ദേഹം സകലജനങ്ങളുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിച്ചിരുന്നു.

### കൃതികൾ

മൂസ്സതിന്റെ സാഹിത്യസേവനത്തെക്കുറിച്ചാണല്ലോ നമുക്ക് ഇവിടെ പരചിന്തനം ചെയ്യുവാനുള്ളത്. അദ്ദേഹം ഒരു വിദ്വൽപ്രിയനും കവിയും ഭാഷാപോഷണവ്യഗ്രനുമായിരുന്നു. മനോരമയുടേയും ഭാഷാപോഷിണിയുടേയും പ്രവർത്തനത്തിൽ വറുഗീസ് മാപ്പിളയ്ക്ക് അദ്ദേഹത്തിൽനിന്നു പല സാഹായ്യങ്ങളും ഉണ്ടായിട്ടുണ്ട്. വെണ്മണി മഹൻ അദ്ദേഹത്തിന്റെ ഒരു വിശിഷ്ടസുഹൃത്തും, പന്തളം കൃഷ്ണവാരിയർ, കൊട്ടാരത്തിൽ ശങ്കുണ്ണി, കവിയൂർ രാമൻനമ്പിയാർ മുതലായ കവികൾ ആജ്ഞാകരന്മാരുമായിരുന്നു. സംസ്കൃതത്തിൽ അദ്ദേഹം (1)ശ്യേനസന്ദേശം, (2) നക്ഷത്രവൃത്താവലി, (3) ശാസ്തൃസ്തുതി എന്നീ കാവ്യങ്ങളും, ഭാഷയിൽ (4) വൈശാകമാഹാത്മ്യം, (5) ദുര്യോധനവധം എന്നീ ആട്ടക്കഥകളും, (6) മോഹിനീമോഹനം, (7) രാവണാർജ്ജുനം, (8) മനോരമാവിജയം എന്നീ നാടകങ്ങളും ഉണ്ടാക്കുകയും, (9) ഭട്ടതിരിയുടെ നിരനുനാസികപ്രബന്ധം തർജ്ജമ ചെയ്യുകയും ചെയ്തിട്ടുണ്ട്. വൈശാഖമാഹാത്മ്യമാണ് ആദ്യത്തെ കൃതി; 1047-ൽ ദുര്യോധനവധം എഴുതി. ആ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ കവി പിലാമന്തോൾ ഇല്ലത്തെ കുലദേവതകളായ രുദ്രനേയും ധന്വന്തരീമൂർത്തിയേയും വയക്കര ഇല്ലത്തെ ശാസ്താവിനേയും ഇങ്ങനെ വന്ദിച്ചിരിക്കുന്നു. ആദ്യത്തെ രണ്ടു മൂർത്തികളേയും ഒരേ ശ്ലോകത്തിൽത്തന്നെയാണ് സ്തുതിക്കുന്നത്.

“ഭൂയാസ്താം ഭൂരിഭൂത്യൈ സ്മരദമൃതകരാ-
വാദ്യവൈദ്യാവവിദ്യാ-
ദുഃഖച്ഛേദൈകക്ഷാവരിദരകമലാ-
ദ്യുല്ലസൽപഞ്ചശാഖൗ
നിത്യൗ വേദാന്തവേദ്യൗ ശുഭതരപനസാ-
ന്ദോളികാഖ്യാലയസ്ഥൗ
സന്താപാന്താവനന്തോരഗകലിതതനൂ
രുദ്രധന്വന്തരീ നഃ.

അംഭോജേക്ഷണശംഭുഡിംഭമുരുഭം സംഭഗ്നജംഭദ്വിഷ-
ഡ്ഡംഭം ഭൂതപതിം പ്രഭേശമൃഷിഹൃച്ഛൃംഭൽപദാംഭോരുഹം

സാംഭോഭോദനിഭം ത്രിലോകഭവനാരംഭപ്രിയം ഭാവുക-
സ്തംഭം ഭദ്രവയസ്കരായതനമസ്തംഭായ സംഭാവയേ."

വയക്കര സംസ്കൃതീഭവിച്ച രൂപമാണ് വയസ്കര. ശ്യേനസന്ദേശവും, മോഹിനീമോഹനവും, രാവണാർജ്ജുനവും അപൂർണ്ണകൃതികളാണ്. ശാസ്തൃസ്തുതി ചില ചിത്രശ്ലോകങ്ങൾകൊണ്ടു നിർവഹിച്ചിരിക്കുന്നു.

## ശ്യേനസന്ദേശം

വയക്കരക്ഷേത്രത്തിനു സമീപമുള്ള സർപ്പക്കാവിൽ നിന്നിരുന്ന ഒരു വലിയ പാല വെട്ടിക്കളയണമെന്നു വിചാരിച്ചുകൊണ്ടു കിടന്നുറങ്ങിയ സമയത്തു കവി ഒരു സ്വപ്നം കണ്ടു. ആ പാലയെ അധിവസിച്ചിരുന്ന ഒരു ശാപഗ്രസ്തനായ ഗന്ധർവൻ തിരുമാന്ധാംകുന്നിൽ താമസിച്ചിരുന്ന തന്റെ പ്രേയസിക്ക് ഒരു പരുന്തുമുഖേന സന്ദേശമയയ്ക്കുന്നതാണ് കാവ്യത്തിലെ വിഷയം. കോട്ടയം മുതൽ കൊച്ചി വരെയുള്ള സ്ഥലങ്ങൾ, എഴുതിത്തീർന്നിടത്തോളമുള്ള മുപ്പത്തെട്ടുശ്ലോകങ്ങളിൽ വർണ്ണിച്ചിട്ടുണ്ട്. രണ്ടു ശ്ലോകങ്ങൾ പകർത്തിക്കാണിക്കാം.

"ഏതൽ സ്തുത്വാ മഹദുപകൃതം നൈവ യാതും വയസ്കൽ-
പ്രാണാചാര്യപ്രവരകുലദൈവസ്യ ചാരസ്യ ഭക്തം
ത്യക്ത്വാ നാലം ചിരവിരഹിതാം പ്രേയസീമപ്യപശ്യ-
ന്നത്ര സ്ഥാതും; തദിഹ വിഷമാമാപ്തവാനസ്മ്യവസ്ഥാം."

"ഹേലാസർവങ്കഷ....(?) കരീഷങ്കഷക്രൂരവാത്യാ-
ലോലൽകൂലങ്കഷഗുരുതരങ്ഗാഹതാഭ്രങ്കഷദ്രും
കോലാഖേലൽകരതലലസജ്ജാലദാശാളിബിഭ്യ-
ദ്യാദോജാലാകുലജലമകൂപാരമാലോകയാലം."

## നക്ഷത്രവൃത്താവലി

ഇതു വിശാഖം തിരുനാൾ മഹാരാജാവിനു സമർപ്പിച്ച ഒരു കൃതിയാണ്. രാജപരമായും ചന്ദ്രപരമായും രണ്ട് അർത്ഥവും അതാത് ശ്ലോകത്തിൽ അശ്വതി തുടങ്ങിയ ഓരോ നക്ഷത്രത്തിന്റെയും വൃത്തത്തിന്റെയും പേരുകളും ഘടിപ്പിച്ചാണ് ഈ കൃതി രചിച്ചിരിക്കുന്നത്. പ്രഥമപാദത്തിൽ നക്ഷത്രസംജ്ഞയും ചരമപാദത്തിൽ വൃത്തസംജ്ഞയും കാണാം. അത്യന്തം ദുഷ്കരമായ ഒരു സാഹിത്യവ്യവസായമാണ് ഇതെന്നു പറയേണ്ടതില്ലല്ലോ. ആദ്യത്തെ ശ്ലോകമാണ് അടിയിൽ കാണുന്നത്.

"അശ്വിന്യാ സേനയോദ്യൻ വിമലരുചിവിശാഖാ-
ഭിപൂർണ്ണോദയശ്രീ-
രാഗഃ സ്രോതഃ പരാഗാവൃതമിഹിരമഹാ
ഹന്ത! രാജൻ പ്രജാനാം
ബാഹുല്യേനാപ്രധൃഷ്യഃ സ്വഗുണഗുരുതമോ-
വഞ്ചിനാഥപ്രഥാവാ-
നാമോദോദ്ദാമവൃത്ത്യാ കലിതകവലയ-
സ്രഗ്ധരാപഃപ്രഭായാഃ."

ഒരു ശ്ലോകംകൂടി നോക്കുക,

"ശ്രവണോപപാതിനയനാംബുജദ്വയേ
ഹരിണോപനിഷ്ഠിതഗരിഷ്ഠമണ്ഡലേ
ത്വയി സൂര്യനത്തമതമോഹരദ്ഗവീ
ഭ്രുവി ഭക്തിരസ്തു മമ മഞ്ജുഭാഷിണി."

ശങ്കുവാരിയർ പ്രസ്തുതകാവ്യത്തിന് ഒരു വ്യാഖ്യാനം രചിച്ചിട്ടുള്ളത് ഒരു വലിയ അനുഗ്രഹമാണ്.

## നാടകങ്ങൾ

മൂസ്സത് ആദ്യമായി എഴുതിയ ഒരു ചെറിയ നാടകമാണ് മനോരമാവിജയം. വറുഗീസ് മാപ്പിളയുടെ മനോരമ ഉയരുന്നതുകണ്ട് അസൂയാലുക്കളായിത്തീർന്ന ചില കോട്ടയത്തുകാർ തുടങ്ങിയ മലയാളവിനോദിനിയുടെ പരാജയവും മറ്റുമാണ് പ്രതിപാദ്യം. ഒടുവിൽ അനന്തപുരിയിലെ രാജാവിന്റെ ഹരിക്കാരൻ അവിടുന്നു കൊടുത്തയച്ച പട്ടബന്ധം ചാർത്തിച്ചു മനോരമയെ അഭിഷേകം ചെയ്യുന്നു. കഥാഗുംഫനത്തിലാകട്ടേ കവിതാനിർമ്മിതിയിലാകട്ടേ യാതൊരു ചമൽക്കാരവുമില്ലാത്ത പ്രസ്തുതകൃതി സി.പി. അച്യുതമേനോന്റെ പരുഷമായ അവഹേളനത്തിനു പാത്രീഭവിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മൂസ്സത് 1066-ൽ രചിച്ചതാണ് ഈ നാടകം. മനോരമയുടെ ആവിർഭാവത്തോടുകൂടിയേ അദ്ദേഹം ഭാഷാകവിതയിൽ പരിശ്രമിച്ചുതുടങ്ങിയുള്ളു. പിന്നീടു രചിച്ച നാടകങ്ങളിൽ മനോരമാവിജയത്തിലെ വൈകല്യങ്ങൾ കടന്നുകൂടാതെയിരിയ്ക്കുവാൻ കവി കഴിയുന്നതും ശ്രമിച്ചിട്ടുണ്ടെന്നുള്ളതു താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽനിന്നു വിശദമാകുന്നതാണ്.

"രാഗദ്വേഷാദി രോധിപ്പതിനു വിഷമമാ-
  ണെങ്കിലും മുൻകിളിർക്കും
വേഗത്തിൽപ്പെട്ടു പെട്ടെന്നൊരു വകയുമഹോ!
  ചെയ്തിടാനോതിടാനും

യോഗം വന്നീലയെന്നാലവനതിഗുണമായ്-
  ത്തീരുമല്ലെങ്കിലെന്നും
സ്വാഗസ്സോർത്തുള്ളുവെന്തങ്ങനെ മരുവിടുമാ-
  ജീവിതാന്തം നിതാന്തം."

(മോഹിനീമോഹനം)

"വിമാനനാക്ലേശവുമർത്ഥനാശവും
വിമാനമായുണ്ടിതിലെന്നു കാണ്കിലും
അമാനവന്മാർക്കുമൊഴിപ്പതല്ലെടോ
സമാനധർമ്മാക്കളോടുള്ള സൗഹൃദം."

(രാവണാർജ്ജുനം)

## നിരനുനാസികപ്രബന്ധം

മേല്പത്തൂരിന്റെ നിരനുനാസികപ്രബന്ധം നിരനുനാസികമായിത്തന്നെയാണ് തർജ്ജമ ചെയ്തിരിക്കുന്നത്. 1069-ലാണ് അതിന്റെ രചന.

"വാവിട്ടലച്ചഥ സദസ്സു കുലുങ്ങവേ വീ-
ണാവിഷ്ടയായ് ക്ഷതജമഗ്നഭയങ്ഗരാങ്ഗീ

ആ വിഗ്ര ശൂർപ്പണഖ വിട്ടനനാസികത്തെ-
യാവിഗ്നഭൃത്യവൃതരാവണനോടു ചൊന്നാൾ.”

എന്നു ഗ്രന്ഥം ആരംഭിക്കുന്നു.

## ദുര്യോധനവധം

ദുര്യോധനവധം പോലെ പ്രചുരപ്രചാരമായ ഒരു കഥകളി ആധുനിക നൃത്യപ്രബന്ധങ്ങളുടെ കൂട്ടത്തിലില്ല. രാജസൂയത്തിനുശേഷമുള്ള മഹാഭാരതകഥ മുഴുവൻ ഈ കൃതിയിൽ കവി സങ്ഗ്രഹിച്ചിട്ടുണ്ട്. ഭാരതത്തിൽ ദുര്യോധനവധത്തിനു ആദ്യംമുതല്ക്കു സാധകങ്ങളായ കഥാംശങ്ങൾക്കു മാത്രം രങ്ഗപ്രവേശം നല്കുകകൊണ്ടാണു കവിക്കു സഭാപർവം മുതല്ക്കുള്ള ഇതിഹാസം ഒരു ആട്ടക്കഥയുടെ പരിമിതമായ പരിധിയിൽ ഒതുക്കുവാൻ സാധിച്ചതു്. യുദ്ധത്തിന്റെ അവസാനത്തിൽ “ഭൂതാളിവേതാളി”കളെ പ്രവേശിപ്പിച്ച് അവരെക്കൊണ്ടു് ഒരു പ്രാകൃതപദം ചൊല്ലിയാടിച്ചിരിക്കുന്നതു “കരി” വേഷങ്ങളുടെ അഭാവം പരിഹരിക്കുന്നതിനാണു്. ആടിക്കാണാനും പാടിക്കേൾക്കാനും പറ്റിയ ഒരു കഥതന്നെയാണു് ദുര്യോധനവധം. അതിൽനിന്നു രണ്ടു ശ്ലോകങ്ങൾ മുൻപു് ഉദ്ധരിച്ചുകഴിഞ്ഞു. ഒരു പദത്തിൽനിന്നു ചില ചരനങ്ങൾകൂടി പകർത്താം.

“കൃഷ്ണ കൃഷ്ണ! കൃപാനിധേ! മമ കൃത്യമാശ്വഭിധേഹി
വൃഷ്ണിവീര! വിഹങ്ഗവാഹന! വിശ്വനായക! പാഹി
ജയജയ ജനാർദ്ദന! ഹരേ!
ഗോരസപ്രിയ ഗോപവിഗ്രഹ! ഗോപികാകുലജാര!
ഘോരസംസൃതിദുഃഖനാശന! ഘോഷനാഥകുമാര! ജയജയ
വാസുദേവ! വരപ്രദാമല! വാസവോപലദേഹ!
വാസവാനുജ! സർവസദ്ഗുണവാസ! വാരിധിഗേഹ! ജയജയ
നന്ദനന്ദന! നന്ദനീയ! സന്ദനാർച്ചിത! ശൗരേ!
ഇന്ദിരാവരമന്ദിരാങ്ഗ! മുകുന്ദ! നാഥ! മുരാരേ! ജയജയ
പങ്കജേക്ഷണ! സർവവിഷ്ടപപാലനൈകവിനോദ!
പങ്കനാശന! പത്മജാകര! പത്മലാളിതപാദ! ജയജയ
സൂദിതാരികുലാദിപൂരുഷ! സുമുഖ! രാസവിലാസ!
മോദിതാഖിലഗോപികാകുല! മുനിജനാശയവാസ! ജയജയ
ശ്രീമദണ്ഡജകൂർമ്മകോലനൃസിംഹവാമനരാമ!
രാമരാമ! മുരാരികല്കിശരീര! ജഗദഭിരാമ! ജയജയ”

## ഒരു മുക്തകം

താഴെക്കാണുന്ന ശ്ലോകം കവി വിശാഖം തിരുനാൾ മഹാരാജാവിനു് ഒരവസരം അടിയറവെച്ചതാണു്.

“ഭാസാനേഷ കലാനിധിശ്ച വിമതപ്ലോഷക്രിയാങ്ഗാരകഃ
സൗമ്യസ്സത്സു തഥാ ഗുരുശ്ച സുകവിഃ കാലോസതാം നിസ്തമാഃ
ഭൂഭൃൽകേതുരിതീഡ്യരാശിചരിതേ വഞ്ചീശ്വരേ സുഗ്രഹേ
യോഗക്ഷേമകൃതീ ക്ഷിതൗ വിയദലങ്കാരായ സൂരാദയഃ.”

## പന്തളം കൃഷ്ണവരിയർ (1035–1107)

### ജനനവും വിദ്യാഭ്യാസവും

പന്തളം കൃഷ്ണവാരിയരെ നാം സ്മരിക്കുന്നതു് ഒരു വലിയ സാഹിത്യകാരൻ എന്ന നിലയിലല്ല. പ്രത്യുത, പതിനൊന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഒരു പ്രസിദ്ധപണ്ഡിതന്റേയും മനോരമയുടേയും ഭാഷാപോഷിണിയുടേയും പ്രവർത്തനത്തിൽ സജീവമായി പങ്കുകൊണ്ടിരുന്ന ഒരു ഭാഷാപോഷകന്റേയും നിലയിലാണ്. അദ്ദേഹം ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ സതീർത്ഥ്യനും മഹാവിദ്വാനുമായ കോട്ടയത്തു മണർക്കാട്ടു ശങ്കുവാരിയരുടേയും കൈപ്പുഴ വടക്കേക്കര പകുതിയിൽ കൈപ്പുഴയിൽ പടിഞ്ഞാറേവാരിയത്തു ലക്ഷ്മിവാരസ്യാരുടേയും പുത്രനായി 1035 കന്നി 3-ാംനു ജനിച്ചു. മാതാവു് തിരുവല്ലാക്ഷേത്രത്തിനു സമീപമുള്ള കൈപ്പുഴ വാരിയത്തിലെ ഒരങ്ഗമായിരുന്നു. ബാല്യത്തിൽത്തന്നെ ഒരു കാലിനു സ്വല്പമായ പങ്ഗുത്വം സംഭവിച്ചു; വളരെക്കാലം ചികിത്സിച്ചിട്ടും അതു ഭേദപ്പെട്ടില്ല. പിന്നീടാണ് സംസ്കൃതത്തിൽ നിഷ്കൃഷ്ടമായ വിദ്യാഭ്യാസം ആരംഭിച്ചതു്. അച്ഛൻ പന്തളത്തു കൊച്ചുതമ്പുരാക്കന്മാരുടെ ഗുരുനാഥനായിരുന്നതിനാൽ ബാലപാഠങ്ങൾ അമ്മതന്നെ പഠിപ്പിച്ചു. അച്ഛനും രഘുവംശം തുടങ്ങിയ ചില കാവ്യങ്ങൾ പരിശീലിപ്പിക്കുകയുണ്ടായി. ശങ്കരവാരിയർക്കു് മണർക്കാട്ടു് അച്യുതവാരിയർ എന്നൊരു ജ്യേഷ്ഠനുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലോ. അദ്ദേഹം 1043-ാമാണ്ടു മരിച്ച വയക്കര അച്ഛൻമൂസ്സതിന്റെ ശിഷ്യനും അദ്ദേഹത്തിന്റെ പുത്രൻ ആര്യൻ നാരായണൻമൂസ്സതിന്റെ ഗുരുനാഥനുമായിരുന്നു എന്നുംകൂടി പ്രസ്താവിച്ചുകഴിഞ്ഞു. വയക്കര ഇല്ലത്തിനടുത്തു താൻ തീർപ്പിച്ച കുന്നത്തുവാരിയത്തിലായിരുന്നു അച്യുതവാരിയരുടെ താമസം. അച്ഛൻ മൂസ്സതിന്റേയും അച്യുതവാരിയരുടേയും മരണാനന്തരം ആര്യൻ നാരായണൻമൂസ്സതു് ശങ്കുവാരിയരെ ക്ഷണിച്ചുവരുത്തി അവിടെ താമസിപ്പിച്ചു. അതു് 1046-ാമാണ്ടായിരുന്നു. കൃഷ്ണവാരിയർ അച്ഛനോടുകൂടി കോട്ടയത്തേക്കുപോയി കാവ്യനാടകങ്ങളും വൈദ്യവും മൂസ്സതിനോടും, ജ്യോതിഷം, അലങ്കാരം, തർക്കം, വ്യാകരണം മുതലായ വിഷയങ്ങൾ അച്ഛനോടും അഭ്യസിച്ചു. മൂസ്സതിന്റെ കീഴിൽ പതിനെട്ടുകൊല്ലം വൈദ്യം പഠിക്കുകയും പരിശീലിക്കുകയും ചെയ്തു് ആയുർവ്വേദചികിത്സയിൽ അതിവിദഗ്ദ്ധനായി. തച്ചുശാസ്ത്രത്തിലും നല്ല പണ്ഡിത്യം തന്നത്താൻ പരിശ്രമിച്ചു സമ്പാദിച്ചു.

### അനന്തരകാലജീവിതം

1066-ൽ വറുഗീസ്മാപ്പിള കൃഷ്ണവാരിയരെ മാർദീവാന്ന്യാസ്യോസ് സിമ്മനാരിയിൽ വ്യാകരണാധ്യാപകനായി നിയമിച്ചു. വയക്കര മൂസ്സതിന്റെ മരണാനന്തരം 1087-ാമാണ്ടു മകരമാസത്തിൽ കിരീടധാരണവൈദ്യശാല എന്ന പേരിൽ ഒരു വൈദ്യശാല തിരുനക്കരച്ചന്തയ്ക്കു സമീപം സ്ഥാപിച്ചു് അതിന്റെ പര്യവേക്ഷകത്വം പ്രശസ്തമായ രീതിയിൽ നിർവഹിച്ചു. ശങ്കുവാരിയർ 1074-ൽ മരിച്ചു. അദ്ദേഹത്തിന്റെ പത്നിയുടെ ദേഹവിയോഗം 1081-ലായിരുന്നു. 1107-ാമാണ്ടു മേടം 16-ാംനു കൃഷ്ണവാരിയർ യശശ്ശരീരനായി.

### കൃതികൾ

കൃഷ്ണവാരിയർ മലയാളത്തിൽ (1) 1066-ൽ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ ഗൈർവാണീവിജയം നാടകം പട്ടാമ്പി വിജ്ഞാനചിന്താമണി അച്ചുക്കൂട്ടത്തിൽനിന്നു പ്രസിദ്ധീകരിച്ചപ്പോൾ അതു തർജ്ജമചെയ്യുകയും, (2) കിളിരൂർ കൃഷ്ണവാരിയരുടെ അപേക്ഷ അങ്ഗീകരിച്ചു കിളിരൂർ കുന്നിന്മേൽ ഭഗവതിയെക്കുറിച്ചു്

പരമേശ്വരീസ്തവം എന്ന പേരിൽ ഒരു ശതകവും രചിച്ചിട്ടുള്ളതിനും പുറമേ, സംസ്കൃതത്തിൽ (3) പരേതയായ, ആര്യൻ നാരായണൻ മൂസ്സതിന്റെ അമ്മയുടെ പന്ത്രണ്ടാം മാസത്തെ വിഷയീകരിച്ച് 1077-ൽ മാനസ്സോല്ലാസം എന്നൊരു പ്രബന്ധവും, (4) വയക്കര ശാസ്താവിനെപ്പറ്റി ഒരു സ്തോത്രവും നിർമ്മിച്ചിട്ടുണ്ട്. ശിവാനന്ദലഹരിയും വിവർത്തനം ചെയ്തതായി അറിയാം. കവിതാരീതി കാണിക്കുവാൻ ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

> "പ്രേമാധിക്യമോടേതു കാണുമളവോ കാമാന്തകന്നുള്ളിലെ-
> ക്കാമാംഭോധിയിൽ വേലിയേറ്റമുളവായീടുന്നതെന്നും ശിവേ!
> ആ മന്ദസ്മിതമാം നിലാവൊടു വിളങ്ങും നിൻമുഖത്തിങ്കളി-
> ങ്ങാമോദത്തൊടു കണ്ടു ഞങ്ങൾ കിളിരുരമ്മേ! തൊഴും
> നിത്യവും." (പരമേശ്വരീസ്തവം)
>
> "രാകേന്ദുശ്രീനിരസനകരൈഃ പർപ്പടൈഃ കല്പിതാസ്യാ
> കല്യാണീയം സരസമദനോല്ലാസമാപൂരയന്തീ
> വ്യക്തം ഭക്തൈർവിഹിതവിലസന്മൗക്തികാമോദരീതിം
> ദത്തേ ചിത്തേ നവനവരസം സാംപ്രതം സാ സജഗ്ധിഃ."
> (മാനസോല്ലാസം)
>
> "ദൂരം ഗതം തവ കടാക്ഷകലാനിവൃത്തം
> ഘോരാമയാഃ പ്രതിദിനം പ്രതിയാന്ത്യഭീക്ഷ്ണം!
> നക്തന്ദിവം പരിചരൻ പദപങ്കജം തേ
> ചിത്രം തജാപരവശോത്ര ഹി കോപി ശേതേ."
> (ശാസ്തൃസ്തോത്രം)

### ഒരു മുക്തകം

> "ഭാജിതമിഹിരാം വന്ദേ രാജമുഖീം രാജരാജബന്ധുസുതാം
> സുരരാജമൗലിരാജന്മണിരാജിവിരാജിതാംഘ്രിരാജീവം."
> (പള്ളിപ്പുറത്തു കാവിൽ ഭദ്രകാളിയെപ്പറ്റി)

ഗൈർവാണിയായിരുന്നു കവിക്കു കൈരളിയേക്കാൾ സ്വാധീനം. ഗദ്യരചനയ്ക്കും അദ്ദേഹത്തിനു നല്ല പാടവമുണ്ടായിരുന്നു. വിജ്ഞേയങ്ങളായ വിവിധവിഷയങ്ങളെക്കുറിച്ച് അദ്ദേഹം ഭാഷാപോഷിണിയില്ല്അനേകം ഉപന്യാസങ്ങളും പ്രസിദ്ധപ്പെടുത്തിവന്നിരുന്നു.

## കവിയൂർ രാമൻനമ്പിയാർ (1044–1077)

### ജീവചരിത്രം

രാമൻനമ്പിയാർ തിരുവല്ലാ ശങ്കരനാരായണൻ ചാക്യാരുടേയും കവിയൂർ നമ്പിയാർ മഠത്തിൽ കുഞ്ഞിക്കുട്ടിനങ്ങിയാരുടേയും പുത്രനായി 1044-ാമാണ്ടു മീനമാസം 19-ാംനു വിശാഖംനക്ഷത്രത്തിൽ ജനിച്ചു. ബാലപാഠങ്ങൾ കഴിഞ്ഞ് ഒൻപതാമത്തെ വയസ്സിൽ കോട്ടയത്തു പോയി മണർക്കാട്ടു ശങ്കു വാരിയരോടു ശിഷ്യപ്പെട്ടു സംസ്കൃതത്തിൽ സിദ്ധാന്തകൌമുദിവരെ അഭ്യസിച്ചു. 16-ാമത്തെ വയസ്സിൽ വയക്കര മൂസ്സതിനോട് അഷ്ടാംഗഹൃദയവും പഠിച്ചു. സുമാർ മൂന്നുകൊല്ലം വൈദ്യശാസ്ത്രം

അഭ്യസിച്ചതിനുമേൽ പതിനെട്ടാമത്തെ വയസ്സിൽ മിഷണറിയായിരുന്ന പാമർ സായിപ്പിനെ മലയാലം പഠിപ്പിക്കുന്നതിനായി ആലപ്പുഴയ്ക്കു പോയി; ആ സായിപ്പിനോടുകൂടി തൃശ്ശൂരേയ്ക്കു പോയി അവിടേയും താമസിച്ച് അദ്ദേഹത്തിന്റെ അധ്യാപകനായി തുടർന്നു. അങ്ങനെ ഒന്നരക്കൊല്ലം കഴിച്ചുകൂട്ടിയതിനുമേൽ ഇരുപതാമത്തെ വയസ്സിൽ ചെങ്ങന്നൂർ മലയാളം സ്കൂളിൽ സംസ്കൃതാധ്യാപകനായി. എട്ടുവർഷം ആ പണി നോക്കി. പിന്നീടു കോട്ടയത്തു സി.ഐ.എൻ.ഇൻസ്റ്റിട്യൂട്ടിൽ മലയാളപണ്ഡിതരായി നിയമിക്കപ്പെട്ടു. വറുഗീസുമാപ്പിളയുടേയും കൊട്ടാരത്തിൽ ശങ്കുണ്ണിയുടേയും മറ്റും പ്രിയസുഹൃത്തായി നാലുകൊല്ലം ഭാഷാസാഹിത്യത്തെ പോഷിപ്പിച്ചു.

## കൃതികൾ

നമ്പിയാർ (1) കുലശേഖരവർമ്മാവിന്റെ സുഭദ്രാധനഞ്ജയം നാടകം, (2) മഴമങ്ഗലഭാണം, (3) ശ്രീകൃഷ്ണവിലാസം കാവ്യം എന്നീ കൃതികൾ തർജ്ജമചെയ്യുകയും, (4) നാമാനുശാസനം എന്ന പേരിൽ അമരകോശത്തിന് ഒരു ഭാഷാനുവാദം എഴുതിത്തുടങ്ങുകയും ചെയ്തു. ശ്രീകൃഷ്ണവിലാസം പത്താം സർഗ്ഗം തർജ്ജമ ചെയ്യുമ്പോൾ അല്പായുസ്സായി മരിച്ചുപോയി. അമരകോശത്തിലെ മനുഷ്യവർഗ്ഗമാണ് ആദ്യം ഭാഷപ്പെടുത്തുവാൻ തുടങ്ങിയത്. അതുതന്നെയും മുഴുമിപ്പിച്ചു എന്നു തോന്നുന്നില്ല. ഒരു അനുഗൃഹീതനായ വിവർത്തകനായിരുന്നു നമ്പിയാർ. 1067-ൽ വിവർത്തകനായിരുന്നു നമ്പിയാർ. 1067-ൽ സുഭദ്രാധനഞ്ജയവും 1068-ൽ ഭാണവും അച്ചടിപ്പിച്ചു. അപൂർണ്ണങ്ങളായ മറ്റു രണ്ടു കൃതികളും വറുഗീസ് മാപ്പിളയുടെ ഉപദേശമനുസരിച്ച് എഴുതിയതാണ്. അക്കാലത്തെ മറ്റരണ്ട് പരിഭാഷകപ്രമുഖന്മാരായ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെയും ചാത്തുക്കുട്ടിമന്നാടിയാരുടേയും സമസ്കന്ധനായാണ് നമ്പിയാരെ മർമ്മജ്ഞരായ സഹൃദയന്മാർ മാനിച്ചിരുന്നത്.

## സുഭദ്രാധനഞ്ജയം

“നന്നായ്പ്പോർകൊങ്ക ഞെങ്ങാതെയുമഭിനവമാം
    ചേർച്ചയാൽ ലജ്ജവാച്ചും
കുന്നിച്ചും പ്രേമമേറ്റം പുളകമിളകിയും
    ലോചനം തെല്ലടഞ്ഞും
കന്ദർപ്പക്രീഡചെയ്വാൻ പ്രനയമൊടു തുട-
    ങ്ങും രമാകേശവന്മാർ-
തന്നാദ്യാശ്ലേഷകർമ്മം ശുഭമതിനെ വള-
ർത്തട്ടെ നിങ്ങൾക്കു മെന്മേൽ.”

“ചന്ദ്രമസ്സൊടു നിലാവുമർക്കനൊടു ഭാസ്സുമഭ്രമൊടു മിന്നലും
വഹ്നിയോടു ഹവിരാഹുതിം സുരഭിമാസമോടു സുമശോഭയും
ചിന്നുമാട കമലാകരത്തിനൊടുമങ്ങു ചേർത്ത വിധിയോടുമി-
ന്നിന്ദ്രപുത്രനൊടു ഭദ്രയെസ്സപദി ചേർത്ത ഞാൻ
                    സദൃശനായഹോ!”

## മഴമങ്ഗലഭാണം

“പാരെല്ലാം സംഹരിപ്പാൻ മുതിരുമൊരു ഹരൻ-
    തന്റെ ഫാലാക്ഷിവഹ്നി-

സ്ഫാരാർച്ചിസ്സോടെതിർക്കും കിരണനിരകളാൽ
ധാത്രിയെത്തപ്തയാക്കി
പാരം പാലിച്ച ഭൃങ്ഗങ്ങളെ നളിനിയെ നാള-
ത്തിനോളം വിട്ടർത്തി-
പ്പാരാതേ ഭാസ്കരൻതാനിതുസമയമഹോ!
വ്യോമമദ്ധ്യത്തിലായി.”

“അരുണനഖമയൂഖം പൂണ്ടെഴും പേലവം നിൻ
വിരലിതു മണിചേരും മോതിരത്തോടു ചേർന്നു്
വിരവൊടു കവരട്ടേ കാണികൾക്കുള്ളൊരുൾക്കാ-
മ്പരിയ മലരൊടൊക്കും വല്ലിതൻ പല്ലവംപോൽ.”

“ചെറുതൊന്നു വീർത്ത വയറും പരം കറു-
ത്തൊരു ചൂചുകങ്ങളെഴുമാക്കുചങ്ങളും
അരിയോരു ചേലയുടെ തുമ്പുകൊണ്ടു നീ
ശരിയായ് മറയ്ക്കുകയി! മഞ്ജുഭാഷിണി!”

വിടനുമാത്രമേ രങ്ഗപ്രവേശത്തിനു് അധികാരമുള്ളു എന്നും മറ്റു പാത്രങ്ങളോടു് ആ പാത്രത്തിനു് ആകാശഭാഷിതരീതിയിലേ സംസാരിക്കാവൂ എന്നുമുള്ള സംസ്കൃതഭാണനിയമം കവി പ്രകൃതത്തിൽ ഉപേക്ഷിച്ചു് ആ പാത്രങ്ങളേയും പ്രേക്ഷകന്മാരുടെ സന്നിധിയിൽ നയിക്കുന്നു. അതിനു് ആവശ്യമുണ്ടായിരുന്നില്ല.

## ശ്രീകൃഷ്ണവിലാസം

ശ്രീകൃഷ്ണവിലാസത്തേക്കാൾ ഹൃദയങ്ഗമമായി തർജ്ജമ ചെയ്തിട്ടുള്ള ഒരു സംസ്കൃതമഹാകാവ്യം ഭാഷയിൽ ഇല്ലെന്നാണു് എന്റെ വിശ്വാസം. കവിയുടെ തദ്വിഷയകമായ ഹസ്തലാഘവം ഓരോ സർഗ്ഗവും അവസാനിക്കുമ്പോൾ ഒന്നിനൊന്നു വർദ്ധിക്കുന്നതായി ഭാവുകന്മാർക്കു കാണാം.

“തരളതരകളാകും ചാമരം ലോലശംഖാ-
ഭരണമിതുകൾ ചേരും സാഗരശ്രീകരീന്ദ്രൻ
തരമൊടു തടഘാതക്രീഡചെയ്യുന്ന ചെന്നാ-
പ്പുരിയുടെ മികവേറും കോട്ടമേൽക്കോട്ടമെന്യേ.

ഗഗനതലമുരുമ്മും സൗധജാലം സമുദ്രോ-
ദകമതിൽ നിഴലിക്കുന്നൊരു നൽക്കാരണത്താൽ
ഫണിവരപുരിയേയും വിണ്ടലത്തേയുമേക-
ക്ഷണമതിലതു വെൽവാനുന്നിടുന്നെന്നു തോന്നും.”

(ദ്വാരകാവർണ്ണന)

ഇവ പത്താം സർഗ്ഗത്തിലുള്ള ശ്ലോകങ്ങളാണു്. അതിനുമുമ്പുള്ള സർഗ്ഗങ്ങളിലെ ശ്ലോകങ്ങളും അഭിരാമങ്ങൾതന്നെ.

“ആ വർത്തമാനമഥ ഗോപഗണങ്ങൾ കേട്ടാ
ശ്രീവാസുദേവനമരുന്നൊരു ദിക്കു നോക്കി
ദൈവത്തിനെപ്പഴിപറഞ്ഞുടനോടിയെത്തി

മേൽവസ്ത്രവും മുടിയുമങ്ങഴിയുംവിധത്തിൽ.

ദൈത്യാരിയെബ്ഭുജഗവേഷ്ടനമോടു കണ്ടി-
ട്ടുൾത്താരിലങ്ങഖിലദുർഭരദുഃഖഭാരാൽ
ആർത്തസ്വരത്തൊടൊരുമിച്ചഥ ഗോപഗോപീ-
സാർത്ഥം മുതിർന്നിതു കയത്തിലെടുത്തുചാടാൻ.

താലാങ്കനങ്ങവരെയാസകലം തടുത്തു
നീലാളിവർണ്ണനുടെ ചാരുമുഖത്തിൽ നോക്കി
മാലേറ്റമേകിടുവതെന്തിനു ഹന്ത ഞങ്ങൾ-
ക്കീ ലീല കൃഷ്ണ! മതിയാക്കുകയെന്നു ചൊന്നാൻ."

(കാളിയമർദ്ദനം)

ഈ ശ്ലോകങ്ങൾ ഉദ്ധരിക്കുന്നതു് അഞ്ചാം സർഗ്ഗത്തിൽനിന്നാണ്.

## നാമാനുശാസനം

മനുഷ്യവർഗ്ഗം ഇങ്ങനെ ആരംഭിക്കുന്നു.

"മനുഷ്യൻ മാനുഷ്യൻ മർത്ത്യൻ മനുജൻ മാനവൻ നരൻ
പുരുഷൻ പൂരുഷൻ പഞ്ചജന, നവ്വണ്ണമേ പൂമാൻ
ഇവ മർത്ത്യന്റെ പേരുത്തരാർദ്ധമാണിന്റെയെന്നുമാം.

യോഷിത്തു നാരി വനിത യോഷ പ്രമദ മാനിനി
സ്ത്രീ കാന്ത വാമ ലലന സീമന്തിനി മഹേളയും
പ്രതീപദർശിനി വധൂമഹിളാബാലമാർകളും
സാമാന്യസ്ത്രീകൾ, ഭേദങ്ങൾ വരവർണ്ണിനി സുന്ദരി."

ഇടയ്ക്കു നിന്നു രണ്ടു ശ്ലോകങ്ങൾ കൂടി പകർത്താം.

"ഗൗരി നഗ്നീകയീ രന്റും തിരാളാതുള്ള പെൺകൊടി
യുവതി ശ്യാമ തരുണി മൂന്നും യൗവനമായവൾ
പലിക്നി വൃദ്ധയീ രണ്ടും കിഴവിക്കുള്ള പേരുകൾ
അഭിസാരിക ഭർത്താവെക്കാമിച്ചങ്ങോട്ടു പോമവൾ."

അമരകോശത്തിലെ എല്ലാ പര്യായങ്ങളും തർജ്ജമയിൽ എടുത്തു ചേർത്തിട്ടില്ല. മഹേള, ശ്യാമ മുതലായ ശബ്ദങ്ങൾ പുതിയതായി ചേർത്തിട്ടുമുണ്ട്. മഹേള, ശ്യാമ മുതലായ ശബ്ദങ്ങൾ പുതിയതായി ചേർത്തിട്ടുമുണ്ട്. പ്രമദയും മാനിനിയും ലലനയും സാമാന്യസ്ത്രീപര്യായങ്ങളാണെന്നു പറഞ്ഞിരിയ്ക്കുന്നതു് അനവധാനതമൂലമാണെന്നു തോന്നുന്നു.

## മറിയപ്പള്ളി ഉദയവർമ്മത്തമ്പുരാൻ (1012—1107)—

കോലത്തു സ്വരൂപത്തിലെ മേത്തല എന്ന ഉപശാഖയുടെ ഒരു പ്രശാഖയിൽപ്പെട്ടതാണ് മറിയപ്പള്ളി തമ്പുരാക്കന്മാരുടെ കുടുംബം എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉദയവർമ്മത്തമ്പുരാൻ 1012-ാമാണ്ടു ചിങ്ങമാസം 1-ാംനു ഉത്രംനക്ഷത്രത്തിൽ

ചങ്ങനാശ്ശേരി തെക്കേക്കൊട്ടാരത്തിൽ ജനിച്ചു. അന്നു കോട്ടയത്തെ മറിയപ്പള്ളി ക്കൊട്ടാരം ഉണ്ടായിരുന്നില്ല. തെക്കേക്കൊട്ടാരം സ്ഥിതിചെയ്തിരുന്നതു കുമാരമ ങ്ഗലത്തു മനവക കാവിൽക്ഷേത്രത്തിനു സമീപമായിരുന്നു. പിതാവ് ചങ്ങനാശ്ശേ രി ലക്ഷ്മീപുരത്തുകൊട്ടാരത്തിന്റെ പ്രതിഷ്ഠാപകനായ അച്ഛൻകോയിത്തമ്പുരാന്റെ അനുജൻ കൊച്ചപ്പക്കോയിത്തമ്പുരാനാണ്. അദ്ദേഹത്തിന്റെ യഥാർത്ഥനാമധേ യം രാമവർമ്മ എന്നായിരുന്നു. തിരുവല്ലാ നെടുംപുറത്തുകൊട്ടാരത്തിലെ ഒരു തമ്പു രാനായിരുന്നു അമ്മാവൻ. ആ തമ്പുരാൻ വിശാഖം തിരുനാൾ കൊച്ചുതമ്പുരാനെ കുറേക്കാലം നൈഷധം പഠിപ്പിച്ചുകൊണ്ടിരുന്നു. 1023-ാമാണ്ട് അദ്ദേഹത്തോടുകൂടി ഉദയവർമ്മത്തമ്പുരാനും തിരുവനന്തപുരത്തേക്കു പോയി അവിടെ താമസിച്ചു സം സ്കൃതത്തിൽ സാമാന്യമായ ജ്ഞാനം സമ്പാദിച്ചു. 1037-ാമാണ്ട് അമ്മാവൻ മരിക്കു ന്നതുവരെ നെടുമ്പുറത്തുതന്നെയായിരുന്നു താമസം. പിന്നീടു മറിയപ്പള്ളിക്കു പോ യി 1054-ൽ ജ്യേഷ്ഠൻ മരിച്ചപ്പോൾ അവിടത്തെ കാരണവനായി. അതിൽപ്പിന്നെ മറിയപ്പള്ളി വലിയതമ്പുരാൻ എന്ന പേരിലാണ് അദ്ദേഹം സാഹിത്യകാരന്മാരുടെ യിടയിൽ അറിയപ്പെടുന്നതു്. 1107 ധനുമാസത്തിൽ മരിച്ചു. ഒരു വലിയ കവിയല്ലെ ങ്കിലും അക്കാലത്തെ പ്രമുഖനായ ഒരു സാഹിത്യപ്രണയിയായിരുന്നു തമ്പുരാൻ. കോട്ടയത്തെ കവിസമാജത്തിനും അതിൽനിന്ന് ഉത്ഭിന്നമായ ഭാഷാപോഷിണി സഭയ്ക്കും അദ്ദേഹത്തിൽനിന്നു പല ആനുകൂല്യങ്ങളും ഉണ്ടായിട്ടുണ്ട്. 1066-ൽ മദിരാ ശി ഗവർണ്ണർ വെൻലോക്ക് പ്രഭുവിന്റെ തിരുവിതാംക്കൂർ സന്ദർശനത്തെ വിഷയീ കരിച്ച് ഒരു ശതകം ഉണ്ടാക്കി. 1083-ൽ ലളിതാപുരാണം വൃത്താനുവൃത്തമായി ഭാ ഷപ്പെടുത്തുകയും അതിനെത്തന്നെ മാവേലിക്കരയിലെ ചില കൊച്ചുതമ്പുരാട്ടിമാരു ടെ അപേക്ഷയനുസരിച്ച് ഒരു പാനയാക്കി രചിക്കുകയും ചെയ്തു. 1084-ൽ ഹിതോ പദേശത്തിലെ മിത്രലാഭപ്രകരണം തർജ്ജമചെയ്തു. 1084-ൽ കാന്തിപ്രതാപചരി തം എന്ന് ഇരുപത്തിമൂന്ന് അധ്യായത്തിലും 1086-ൽ ബാലഭാരതി എന്ന് പത്തൊൻ പതു് അധ്യായത്തിലും രണ്ടു ഗ്രന്ഥങ്ങൾ എഴുതി. അവ അച്ചടിപ്പിച്ചിട്ടില്ല. താഴെക്കാ ണുന്ന ശ്ലോകങ്ങൾ ലളിതാപുരാണം ഭാഷയിലുള്ളതാണ്.

> “വാഴ്ത്തിയേവം സുരന്മാരാൽ പ്രാർത്ഥിക്കപ്പെട്ട മന്മഥൻ
> പോയാനവന്റെ നാശത്തിന്നായിട്ടാ ഹിമവത്തടെ.
>
> തപിച്ചീടും ശിവനെയും ഗന്ധപുഷ്പങ്ങളാദരാൽ
> ശുശ്രൂഷിക്കും ഗൗരിയേയും കണ്ടാൽ കാമൻ മഹാബലൻ.
>
> ആരും കാണാതെ മറവിലാരാൽ വന്നവനഞ്ജസാ
> മോഹനാസ്ത്രമെടുത്തിട്ടാ ശ്രീഹരൻ മെയ്യിലെയ്തുതേ.”

അടുത്തതായി പാനയിൽനിന്നുകൂടി ചില വരികൾ ഉദ്ധരിക്കാം.

> “ഭദ്രമായ കൊല്ലൂരിതെന്നതാ-
> മദ്രിതന്നിൽക്കുടികൊണ്ടു ലോകരിൽ
> ഭദ്രമേകുവാൻ തൃക്കണ്ണയച്ചിടും
> രുദ്രവല്ലഭേ! പാഹിമാമംബികേ!
>
> ദക്ഷയാഗം മുടക്കിപ്പുരഹരൻ
> ദക്ഷപുത്രിയാം കാന്തയെവിട്ടുതാൻ

ഉക്ഷവാഹനൻ ഭർഗ്ഗൻ വിരക്തനാ-
യക്ഷമാലാദി ധാരിയായ്ത്തൽക്ഷണം

സർവസങ്ഗവും വിട്ടു ഹിമാദ്രിയാം
പർവതേശ്വരൻ തന്നുടെ സാനുവിൽ
സർവമാമുനിമാരുമായൊത്തുപോയ്
ശർവനും തപംചെയ്തു വസിച്ചുതേ.”

## മുരിങ്ങൂർ ശങ്കരൻപോറ്റി (1018–1080)

### ജീവിതചരിത്രം

വയക്കര മൂസ്സതിന്റെ ദുര്യോധനവധംപോലെ ഒരു കാലത്തു് പ്രചുരപ്രചാരമായിരുന്ന ഒരു ആട്ടക്കഥയാണു് മുരിങ്ങൂരിന്റെ കുചേലവൃത്തം. ആ കഥയ്ക്കു കുചേലോദയം എന്നാണു് കവി നല്കിയ നാമധേയം. അതു് ഇപ്പോഴും പലസ്ഥലങ്ങളിലും ആടിവരുന്നുണ്ടു്. ശങ്കരൻപോറ്റി തിരുവല്ലാ വടക്കേക്കരപ്പകുതിയിൽ ചെങ്ങന്നൂർ കീഴ്ചേരി മേൽ മുറിയിൽ മുരിങ്ങൂർ മഠത്തിൽ 1018-ാമാണ്ടു മകരമാസം മകയിരംനക്ഷത്രത്തിൽ ജനിച്ചു. പിതാവായ പുരുഷോത്തമൻപോറ്റിയും മാതാവായ ശ്രീദേവി അന്തർജ്ജനവും ബാല്യത്തിൽത്തന്നെ മരിച്ചുപോയി. പോറ്റി സംസ്കൃതം പഠിച്ചതു നാരായണൻ എന്നു പേരുള്ള ഒരു ഗുരുവിനോടാണെന്നു് അദ്ദേഹം തന്റെ കുചേലവൃത്തത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ആ ഗുരുവിനെപ്പറ്റി ഒരു വിവരവും ലഭിച്ചിട്ടില്ല.

“കുംഭീന്ദ്രാനനമിന്ദുശേഖരസുതാം
  വാണീം വിരിഞ്ചപ്രിയാ-
മംഭോജാശുഗനാശനം പശുപതിം
  ശേഷാചലാധീശ്വരം

ഗൗരീം ലോഹിതശൈലചൈത്യവസതിം
  നാരായണാഖ്യം ഗുരും
വന്ദേ ശുദ്ധതടാകകൂലനിലയാ-
  ധീശം നൃകണ്ഠീരവം.”

എന്ന ശ്ലോകം നോക്കുക. അടിമിറ്റത്തുമഠത്തിൽനിന്നായിരുന്നു പോറ്റിയുടെ വിവാഹം. ആ വിവാഹത്തിൽ സന്താനങ്ങളൊന്നും ഉണ്ടായില്ല. 1080-ാമാണ്ടു ധനുമാസത്തിൽ അശ്വതിനക്ഷത്രത്തിൽ അദ്ദേഹം മരിച്ചു.

### കൃതികൾ

മുരിങ്ങൂരിന്റെ പ്രധാനകൃതികൾ (1) വല്ക്കലവധം, (2) കുചേലവൃത്തം, (3)മലയവതീസ്വയംവരം എന്നീ മൂന്നാട്ടക്കഥകളാകുന്നു. ഇവ കൂടാതെ രുക്മാങ്ഗദചരിതത്തെ വിഷയീകരിച്ച് ഒരു നാടകവും കാവ്യവും കൂടി ഉണ്ടാക്കീട്ടുള്ളതായി ചിലർ പറയുന്നു. പത്രദ്വാരാ അനേകം ഉക്തിപ്രത്യുക്തികളിലും പങ്കുകൊണ്ടുകാണുന്നു. അവയിൽ വില്വട്ടത്തു രാഘവൻനമ്പിയാരുമായുള്ള വാദത്തെപ്പറ്റി മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വില്വാട്ടം ആയിടയ്ക്കു പത്രങ്ങളിൽ ഒന്നുമെഴുതാതിരുന്നതു് എന്തുകൊണ്ടാണെന്നും

“മല്ലീന്നായ് ശിഗ്രുവിപ്രോത്തമനണയുമിതെന്നോർത്തനങ്ങതിരിപ്പോ” എന്നും പോറ്റി ചോദിച്ചതിനാണ് സമരകുതുകിയായ വില്വട്ടം “വില്വട്ടം വൃദ്ധനായീ വിരവൊടിവനുമായൊന്നടുക്കാം പിടിക്കാം” എന്നും മറ്റും മറുപടിയെഴുതിയത്. ഒടുവിൽ “തേക്കിനോടോ മുരിങ്ങേ?” എന്നുകൂടി ആ വൃദ്ധ കവി ചോദിക്കുവാൻ മടിച്ചില്ല. വല്ക്കലവധത്തിൽ സാല്വവധം, ദന്തവക്ത്രവധം, സൂതനിഗ്രഹം എന്നീ ഉപാഖ്യാനങ്ങളും അന്തർഭവിച്ചിട്ടുണ്ട്. അതു കുചേലവൃത്തത്തിന്റെ പൂർവഭാഗമാണെന്നു ചിലർ പറയുന്നതു ശരിയല്ല. വല്ക്കലവധം “അശ്വമേധത്രയമാശു കൃത്വാ സ ദ്വാരകാം പ്രാപ്യസുഖം ന്യവാത്സീൻ” എന്ന ശ്ലോകത്തോടുകൂടി അവസാനിക്കുകയും, കുചേലവൃത്തം “കാലേസ്മിൻ സദനേ മുനേർമ്മുരഭിദസ്സാന്ദീപനേസ്സാദരം” എന്ന ശ്ലോകത്തോടുകൂടി ആരംഭിക്കുകയും ചെയ്യുന്നു. കുചേലവൃത്തം രചിച്ചതു ചെങ്ങന്നൂരെ പ്രഭുസത്തമനായ വഞ്ഞിപ്പുഴപ്പണ്ടാരത്തിലെ നിദേശത്തിനു വഴിപ്പെട്ടാണെന്നു കവി താഴെച്ചേർക്കുന്ന ശ്ലോകത്തിൽ പ്രസ്താവിക്കുന്നു.

> “ശ്രീമദ്വഞ്ജുളവാഹിനീനിലയഭൂദേവസ്യ വഞ്ചീശ്വരാ-
> വാപ്താനേകവിധപ്രതാപവിതതേർവാചാ കുചേലോദയം
> അക്ഷീബാലയഭൂസുരേണ രചിതം നാട്യപ്രബന്ധം മയാ
> സന്തസ്സന്തതമന്തരന്വിതദയാസ്സംശോധ്യ ഗൃഹ്ണന്ത്വിമം.”

ഒരു ശ്ലോകവും ഒരു പദത്തിലെ ഏതാനും ചരണങ്ങളുംകൂടി പ്രദർശിപ്പിക്കാം.

> “പ്രപാവരണമന്ദുരാചതുരഹർമ്മ്യഗോപാനസീ-
> തടാകതടവാടികാശരണഗോപുരാഗ്രോജ്ജ്വലാം
> വിശാലവിഹൃതിസ്ഥലീസുഖനിഷണ്ണലോകാം പുരീം
> വിലോക്യ പഥി ഭൂസുരോ ഹരിപുരഭ്രമാദഭ്രമീൽ.”
>
> (കുചേലവൃത്തം)

> “മൂധായ വാടാ രേരേ മൂധായ വാടാ
> വൃഥാ നീ യാദവകുടില രണാന്തേ
> ക്രുധാ സമം ചില ഭീരുജനത്തെ
> വധിച്ചുകൊണ്ടൊരു മദമുണ്ടെന്നാ-
> ലതിന്നു തീർക്കുവനരക്ഷണം ഞാൻ
>
> (മൂധായ)
>
> കരുത്തു പെരുകിയ ഹരിപ്രവീരൻ
> കരപ്രതാപം വിട്ടൊരു ദുർബ്ബല-
> ഖരത്തെ നിധനം ചെയ്തെന്നാലതു
> പരക്കുമോ ഭുവി? ധരിക്ക കുമതേ!
>
> (മൂധായ)
>
> കകുപ്പിലോരോ പുല്ക്കൊടിസമ രേ
> വികല്പമെന്യേ വിരവൊടു സമരേ
> ഹനിച്ചുവിരുതുകൾ ലഭിച്ചതെല്ലാം
> നിനക്കു മാമകശരേണ തീരും.” (മൂധായ)
>
> (വല്ക്കലവധം)

## കൊട്ടാരത്തിൽ ശങ്കുണ്ണി (1030—1112)

## ജനനവും വിദ്യാഭ്യാസവും

കോട്ടയത്തു "കൊട്ടാരത്തിൽ" എന്ന പേരിൽ തീയാട്ടുണ്ണിമാരുടെ ഒരു ഭവനമുണ്ട്. ചെമ്പകശ്ശേരി പൂരംതിരുനാൾ ശക്തൻതമ്പുരാന്റെ കാലത്ത് അതിലെ അങ്ഗങ്ങൾ മന്ത്രവാദത്തിൽ പ്രസിദ്ധന്മാരായിരുന്നു. ശങ്കുണ്ണിയുടെ മൂലകുടുംബം അമയന്നൂർ എന്ന ദേശത്താണ്. പണ്ടു കോട്ടയത്തു കോടിമതക്കടവിൽ ഉത്സവക്കാലത്ത് ഒരു ദിവസം കുമാരനല്ലൂർ ഭഗവതിയെ ആറാടിക്കുക പതിവുണ്ടായിരുന്നു. തത്സംബന്ധമായി ചില ആവശ്യങ്ങൾ നിർവഹിക്കുന്നതിനു ശങ്കുണ്ണിയുടെ കുടുംബക്കാർക്ക് കോട്ടയത്ത് താമസിക്കേണ്ടിവരികയും അവർ കോടിമതയിൽ ഒഴിഞ്ഞുകിടക്കുന്ന ദേവസ്വം കൊട്ടാരത്തിൽ താമസമാക്കുകയും ചെയ്തു. ആ വഴിക്കാണ് കൊട്ടാരത്തിൽ എന്ന പേർ ആ ഭവനത്തിനു സിദ്ധിച്ചതു്. ശങ്കുണ്ണി പ്രസ്തുത കുടുംബത്തിലെ വാസുദേവനുണ്ണിയുടേയും വൈക്കത്തിന് ആറു നാഴിക അകലെയുള്ള മൂടായിക്കുന്നത്തു മടിയപ്പള്ളി എന്ന ഗൃഹത്തിലെ ഒരു സ്ത്രീരത്നത്തിന്റേയും ദ്വിതീയപുത്രനായി 1030-ാമാണ്ടു മീനമാസം 23-ാംനു ജനിച്ചു. നമ്മുടെ കവിക്കു രണ്ടു സഹോദരന്മാരുണ്ടായിരുന്നവരിൽ ഒന്നു ജ്യേഷ്ഠനും ഒന്ന് അനുജനുമാണ്. അച്ഛൻ മന്ത്രവാദത്തിനു പുറമെ സങ്ഗീതത്തിലും നിഷ്ണാതനായിരുന്നു. ശങ്കുണ്ണിയുടെ പിതൃദത്തമായ നാമധേയവും വാസുദേവൻ എന്നുതന്നെയായിരുന്നു. ആ പേർ ഭർത്തൃനാമമാകയാൽ മാതാവു് ശൈശവത്തിൽ തങ്കം എന്ന ഓമനപ്പേരിലാണ് നമ്മുടെ കവിയെ വിളിച്ചുവന്നതു്. തങ്കം തങ്കുവായും ശങ്കുവായും ക്ഷണത്തിൽ രൂപഭേദപ്പെട്ടു. ജാതിപ്പേർകൂടി ഒടുവിൽ ചേർന്നപ്പോൾ തങ്കുണ്ണി ശങ്കുണ്ണിയുമായി. ഏഴു വയസ്സു മുതൽ പത്തു വയസ്സു വരെ ഒരു നാട്ടാശാന്റെ കീഴിൽ പഠിച്ച് കഷ്ടിച്ചു മലയാളം എഴുതുവാനും വായിക്കുവാനും മനസ്സിലാക്കി. പിന്നെ പതിനാറാമത്തെ വയസ്സുവരെ യാതൊരു വിദ്യയും അഭ്യസിച്ചില്ല. സമവയസ്കന്മാരായ മറ്റു ചിലരുടെ വിദ്യാസമ്പാദനരീതി നേരിട്ടു കാണുകയും മറ്റും ചെയ്തപ്പോൾ തനിക്കും പഠിത്തം വേണമെന്നുള്ള വിചാരം അങ്കുരിച്ചു. മണർക്കാട്ടു ശങ്കു വാരിയരുടെ ശിഷ്യനായി സിദ്ധരൂപവും രഘുവംശവും പ്രഥമസർഗ്ഗത്തിലെ ചില ശ്ലോകങ്ങളും പഠിച്ചുകഴിഞ്ഞപ്പോൾ ശങ്കുവാരിയർ പന്തളത്തു സ്ഥിരതാമസമാക്കുകയാൽ ശങ്കുണ്ണിക്കു മറ്റൊരു ഗുരുവിനെ അന്വേഷിക്കേണ്ടിവന്നു. അന്നു വയക്കര ആര്യൻ നാരായനൻമൂസ്സതു് കോട്ടയത്തുണ്ടായിരുന്നതുകൊണ്ടു് കവിയുടെ ആഗ്രഹം തൽക്ഷണം തന്നെ സഫലമായി. വയക്കര ഇല്ലത്ത് ഒരു നിത്യനെന്നപോലെ പറ്റിക്കൂടി മാഘനൈഷധാദി മഹാകാവ്യങ്ങളും, സഹസ്രയോഗം, ചികിത്സാക്രമം, അഷ്ടാങ്ഗഹൃദയം എന്നീ ഗ്രന്ഥങ്ങളും നിഷ്കർഷിച്ചു പഠിച്ചു. 1047-ാമാണ്ടു മിഥുനമാസത്തിൽ ആരംഭിച്ച ആ പഠിത്തം 1057 വരെ നിർവിഘ്നമായി നടന്നു. ശിഷ്യന്റെ ബുദ്ധിശക്തിയെക്കുറിച്ചും വാസനാവൈഭവത്തെക്കുറിച്ചും മൂസ്സതിനു വലിയ മതിപ്പുണ്ടായിരുന്നു. അച്ഛന്റെ വാർദ്ധക്യവും ജ്യേഷ്ഠന്റെ കുടുംബഭരണവൈമുഖ്യവും നിമിത്തം ശങ്കുണ്ണി തന്നെ ആ ഭാരം വഹിക്കേണ്ടിവരികകൊണ്ടാണ് സാഹിത്യാഭ്യാസം 1057-ൽ മുടങ്ങിയതു്. എങ്കിലും ശങ്കുണ്ണി സ്വയമേവ പല ഗ്രന്ഥങ്ങളും വായിച്ചു തന്റെ സംസ്കൃതവ്യുൽപ്പത്തി വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

## വിവാഹങ്ങൾ

1048 തുലാമാസത്തിൽ മാതാവു് മരിച്ചു. ജ്യേഷ്ഠന്റെ പത്നി വന്ധ്യയാനെന്ന് കണ്ടതിനാൽ അദ്ദേഹത്തിനു വിവാഹബന്ധത്തിൽ ഏർപ്പെടേണ്ടിവന്നു. 1056 മകര മാസത്തിലാണ് ആ വിവാഹം നടന്നതു്. 1057-ാമാണ്ടു ചിങ്ങം 17-ാംനു ആ സാധ്വി മരിച്ചുപോയി. 1061 മകരത്തിൽ പിതാവു് പരഗതിയെ പ്രാപിച്ചു. സന്തത്യഭാവം പരിഹ

രിക്കുന്നതിന്നായി 1062-ൽ കവി വീണ്ടും വിവാഹം ചെയ്തു. അവരും പ്രസവിക്കുന്ന തല്ലെന്നു വൈദ്യന്മാർ ഖണ്ഡിച്ചുപറയുകയാൽ 1081 മിഥുനത്തിൽ മൂന്നാമതായി ഒന്നു കൂടി ദാരസംഗ്രഹം ചെയ്തു. ഏവൂർ പനവേലി ഇല്ലത്തെ ശ്രീദേവിഅമ്മയും തിരുവല്ലാ നെടുമ്പുറത്തു പനവേലിയിൽനിന്ന് ലക്ഷ്മിയമ്മയും തൃപ്പൂണിത്തുറ പെങ്ങാലി തെക്കേടത്തുനിന്നും ദേവകിയമ്മയുമാണ് അദ്ദേഹത്തിന്റെ പത്നിമാർ. ദ്വിതീയപത്നി 1083 മേടത്തിൽ പരേതയായി. മൂന്നാമത്തെ വിവാഹത്തിലും സന്താനമുണ്ടായില്ല. 1090 മേടത്തിൽ ഏവൂർ പനവേലി കൃഷ്ണശർമ്മാവിന്റെ ഒരു പുത്രനെ ദത്തെടുത്ത് ആ പുത്രനെക്കൊണ്ട് 1101 മേടത്തിൽ വിവാഹം ചെയ്യിച്ചു. 1074-ൽ അനുജനെക്കൊണ്ടു വിവാഹം ചെയ്യിച്ചിരുന്നുവെങ്കിലും അദ്ദേഹം 1077 മകരത്തിലും നിസ്സന്താനനായ അദ്ദേഹത്തിന്റെ പത്നി 1080 ഇടവത്തിലും കാലധർമ്മം പ്രാപിച്ചുകഴിഞ്ഞിരുന്നു.

## ശങ്കുണ്ണിയും വറുഗീസ് മാപ്പിളയും

1065-ാമാണ്ടു മീനമാസത്തിൽ വറുഗീസ് മാപ്പിള കോട്ടയത്തു മലയാളമനോരമ ആരംഭിച്ചപ്പോൾ അദ്ദേഹം ശങ്കുണ്ണിയെ അതിലെ കവിതാ പംക്തിയുടെ പ്രസാധകനായി നിയമിച്ചു. തത്സംബന്ധമായി അദ്ദേഹം അനുഷ്ഠിച്ച സേവനത്തെ ആസ്പദമാക്കി മനോരമയുടെ ആട്ടപ്പിറന്നാൾലക്കത്തിൽ മനോരമ ശങ്കുണ്ണിയെ ഒരിക്കലും മറക്കുന്നതല്ല എന്നു വറുഗീസ്മാപ്പിള പ്രസ്താവിക്കുകയുണ്ടായി.

> “ഓരോ മാന്യകവീന്ദ്രരിൽപ്പലരെയും
> പ്രോത്സാഹനംചെയ്തു തൽ-
> പ്പേരോരോന്നു മനോരമയ്ക്കു മകുട-
> ക്കല്ലാക്കി വയ്പിച്ചതും
> കൂറോടൊട്ടുമൊഴിച്ചിടാതതിനെ ഞാൻ
> പിൻതാങ്ങിയെന്നുള്ളതും
> നേരോടെന്റെ മനോരമയ്ക്കുമതെനി-
> യ്ക്കും വിസ്മരിക്കാവതോ?”

എന്നു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനും ആ സേവനത്തെ പ്രശംസിച്ചു. അതിനുമുൻപുതന്നെ നാലഞ്ചു സായിപ്പന്മാരെ മലയാളം പഠിപ്പിച്ചു അക്കാര്യത്തിൽ നല്ല പരിചയം സമ്പാദിച്ചിരുന്ന അദ്ദേഹം ആയിടയ്ക്കു ബെല്ലർബി എന്ന മിഷണറിയെയും ആ ഭാഷ പഠിപ്പിക്കുന്നതിന്നു നിയുക്തനായി. ആ ജോലി കാലത്ത് ഏഴുമണി മുതൽ പത്തുമണിവരെ മാത്രമായിരുന്നതിനാൽ മനോരമയാപ്പീസിലെ പണിക്കു അതു ബാധകമായില്ല. മനോരമയും ഭാഷാപോഷിണിയും സംബന്ധിച്ചുള്ള പല ചുമതലകളും അദ്ദേഹത്തിനു വഹിക്കുവാനുണ്ടായിരുന്നു. ബെല്ലർബി സ്ഥലം മാറി പള്ളത്തേയ്ക്കു പോയപ്പോൾ ശങ്കുണ്ണിയേയും കൂട്ടി കൊണ്ടുപോകണമെന്ന് ആഗ്രഹിച്ചുവെങ്കിലും വറുഗീസ് മാപ്പിള അതു സമ്മതിച്ചില്ല. 1068 മകരത്തിൽ മാർ ദിവന്നാസ്യോസ് (എം.ഡി.)ഹൈസ്കൂൾ സ്ഥാപിച്ചപ്പോൾ അതിലെ മലയാളപണ്ഡിതനായി ശങ്കുണ്ണിയെ തെരഞ്ഞെടുത്തു. മനോരമയാപ്പീസിലും സ്കൂളിലും അദ്ദേഹത്തിനു ലഭിച്ച വേതനം സ്വല്പമായിരുന്നുവെങ്കിലും ആദായത്തെപ്പറ്റിയുള്ള ചിന്ത അദ്ദേഹത്തിന് ഒരിക്കലും ഉണ്ടായിരുന്നില്ല. ഗദ്യരചനയ്ക്ക് അദ്ദേഹത്തെ ശക്തനാക്കിയത് വറുഗീസ് മാപ്പിളയായിരുന്നു. ശങ്കുണ്ണി വേഗത്തിൽ ഒരു മാതൃകാധ്യാപകനായി ഉയർന്നു. പിന്നെയും പന്ത്രണ്ടുകൊല്ലത്തോളം കോട്ടയത്തു വന്നുചേർന്ന വിദേശീയ

രായ മിഷണറിമാരെ മലയാളം പഠിപ്പിക്കുന്നതിനും അദ്ദേഹം ആ ഗൗരവമേറിയ പണികൾക്കിടയിൽ സമയമുണ്ടാക്കി.

## ചില സുഹൃത്തുക്കൾ

വറുഗീസ് മാപ്പിളയ്ക്കും വയക്കരമൂസ്സതിനും പുറമേ വേറേയും പല വിശിഷ്ടന്മാരുടെ സൗഹാർദ്ദം സമ്പാദിക്കുവാൻ ശങ്കുണ്ണിയെ പരിതഃസ്ഥിതി സഹായിച്ചു. ശങ്കുണ്ണിയുമായി സാഹിത്യവിഷയങ്ങളെപ്പറ്റി കത്തിടപാടു നടത്താത്ത കവികൾ വളരെ ചുരുക്കമായിരുന്നു. ഭാഷാപോഷിണിസഭയുടെ അദ്ധ്യക്ഷനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അദ്ദേഹത്തിന്റെ പുരസ്കർത്താക്കന്മാരിൽ അഗ്രഗണ്യനായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കുഞ്ഞിക്കുട്ടൻതമ്പുരാന് അദ്ദേഹം ബഹിശ്ചരപ്രാണനായിരുന്നു. 1067-ലെ കവിസമാജ സമ്മേളനത്തിലാണ് അവർതമ്മിൽ ആദ്യമായി കണ്ടതു്; എങ്കിലും അതിനുമുൻപുതന്നെ അവർതമ്മിലുള്ള സൗഹാർദ്ദബന്ധം ഗാഢമായിക്കഴിഞ്ഞിരുന്നു. 1066 കന്നിമാസത്തിൽ വെണ്മണിമഹൻ കോട്ടയത്തു തന്റെ അമ്മാത്തായ പുലപ്പാഭട്ടതിരിയുടെ ഇല്ലത്തും വയക്കരയില്ലത്തും ഏതാനും ദിവസം താമസിച്ചപ്പോൾ ശങ്കുണ്ണിക്കു അദ്ദേഹത്തെ നേരിട്ടറിയുവാനുള്ള ഭാഗ്യമുണ്ടായി. മഹന്റെ അനുയായിയും ആരാധകനുമായിരുന്നു നമ്മുടെ കവി. ഭാഷാപോഷിണിസഭയുടെ സമ്മേളനങ്ങളിലെല്ലാം പ്രായേണ സന്നിഹിതനായി സകല കേരളീയ സാഹിത്യകാരന്മാരുടേയും സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ചു. രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും കുടുംബങ്ങളിലെ അങ്ഗങ്ങൾ അദ്ദേഹത്തെ അകമഴിഞ്ഞാദരിച്ചു. അവരിൽ അനേകംപേർ അദ്ദേഹത്തിനു സമ്മാനങ്ങൾ നൽകി. മദിരാശിയിൽവച്ചു തീപ്പെട്ട കൊച്ചി വലിയ തമ്പുരാൻ മറ്റുചില കവികളോടൊപ്പം അദ്ദേഹത്തിനും 'കവിതിലകൻ' എന്ന ബഹുമതി ദാനംചെയ്തു.

## ചില കവിതാപരീക്ഷകൾ

1067-ലെ കവിസമ്മേളനത്തിൽ നടന്ന ഘടികാവിംശതിപരീക്ഷയിലും കവിതാചാതുര്യപരീക്ഷയിലും നാടകനിർമ്മാണപരീക്ഷയിലും നമ്മുടെ കവി ചേരുകയും അവ മൂന്നിലും പ്രശംസാപ്രത്തിനു അർഹനാവുകയും ചെയ്തു. നാടകപരീക്ഷയിൽ വേറെയും രണ്ടു കവികൾ ചേർന്നു; എങ്കിലും കുഞ്ഞിക്കുട്ടൻതമ്പുരാനും ശങ്കുണ്ണിയും മാത്രമേ ഉത്തരം പൂരിപ്പിച്ചുള്ളു. ഗങ്ഗാവതരണമായിരുന്നു വിഷയം എന്ന് അന്യത്ര സൂചിപ്പിച്ചിട്ടുണ്ടല്ലോ. അഞ്ചു മണിക്കൂറും ഏഴു മിനിട്ടും കൊണ്ടു തമ്പുരാനും എട്ടു മിനിട്ടുകൂടി കഴിഞ്ഞ് ശങ്കുണ്ണിയും അവരവരുടെ കടലാസ്സ് എഴുതിക്കൊടുത്തു. 1067 മേടത്തിൽ തൃശ്ശൂർവച്ചു നടന്ന ഘടികാവിംശതി പരീക്ഷയിലും അദ്ദേഹത്തിനു രണ്ടാംസമ്മാനം കിട്ടി. അങ്ഗദസന്ദേശമായിരുന്നു വിഷയം. ശങ്കുണ്ണിയുടെ ദ്രുതകവനത്തിന്റെ സ്വരൂപം ആ വിംശതിയിൽനിന്നു രണ്ടു ശ്ലോകങ്ങൾ ഉദ്ധരിച്ചു കാണിക്കാം.

"ചിക്കെന്നുക്കുപെരുത്ത കീശനൊരുവൻ
ചേലാർന്നൊരീലങ്കയിൽ-
പ്പക്കെല്ലാം പൊടിഭസ്മമാക്കിയതു ചെ-
റ്റുൾക്കാമ്പിലോർക്കുന്നുവോ?
ദിക്കെല്ലാം പുകഴും ഭഗവാന്റെ സുതനാ-
മക്ഷന്റെ വക്ഷസ്സിടി-
ച്ചക്കെങ്കേമനഹോ! പൊടിച്ചു ശമന
ക്കാഴ്ചയ്ക്കയച്ചീലയോ?"

> നാണിച്ചും വ്യസനിച്ചുമദ്ദശമുഖൻ പാർത്തീടവേ കൊഞ്ഞനം
> കാണിച്ചങ്ങു കുതിച്ചുചാടിയവിടം വിട്ടാശു രുഷ്ടാശയൻ
> പ്രീണിച്ചുന്നതനാം കപീന്ദ്രനുടനേ ശ്രീരാമപാദാന്തികേ
> വീണിച്ചുട്ടു നമിച്ചു വാർത്തയഖിലം ചൊന്നാനമന്ദാദരം."

1070-ാമാണ്ടു കന്നിമാസത്തിൽ തിരുവനന്തപുരത്തു ഭാഷാപോഷിണീയോഗത്തിലേക്കു ശങ്കുണ്ണിയും ഒരു ആസന്നമരനന്റെ അന്തർഗ്ഗതശതകം എഴുതി. അതിൽ മൂന്നാം സമ്മാനമേ ശങ്കുണ്ണിക്കു ലഭിച്ചുള്ളുവെങ്കിലും സ്വതന്ത്രനാടകമായ ദേവീവിലാസത്തിന് ഒന്നാംസമ്മാനംതന്നെ ഭാരവാഹികൾ കൊടുത്തു.

## മരണവും സ്വഭാവവും

ആയുരന്തംവരെ ശങ്കുണ്ണി പല സാഹിത്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടുകൊണ്ടിരുന്നു. ഒടുവിൽ സ്വല്പകാലത്തേക്കു മാത്രമേ ശരീരാസ്വാസ്ഥ്യം അദ്ദേഹത്തെ ബാധിച്ചുള്ളു. സകല സാഹിത്യസമ്മേളനങ്ങളിലും സന്നിഹിതനാകുക; അവിടെ സാഹിത്യവിഷയങ്ങളെ അധികരിച്ചു പ്രസങ്ഗിക്കുക; ഇവയെല്ലാം കഴിവുള്ളിടത്തോളം മുടക്കം വരുത്താതെ അദ്ദേഹം നടത്തി. സല്ലാപങ്ങളിലും പ്രഭാഷണങ്ങളിലും ശങ്കുണ്ണിയുടെ ഫലിതം ഗഹനവും മർമ്മസ്പൃക്കുമായിരുന്നു. അനൗദ്ധത്യം, ഹൃദയനൈർമ്മല്യം, സമയപരിപാലനം, കൃത്യനിഷ്ഠ, പരോപകാരതല്പരത, അല്പഭാഷണം, മിതവ്യയം എന്നിങ്ങനെ വിവിധഗുണങ്ങൾക്ക് അദ്ദേഹം വിളനിലമായിരുന്നു. ഒട്ടവളരെ കവികളെ മനോരമമുഖേനയും അല്ലാതെയും അദ്ദേഹം നേർവഴിക്കു നടക്കുവാൻ ശക്തരായി. ഏതുകാര്യവും തുടങ്ങിയാൽ മുടങ്ങരുത് എന്ന നിഷ്കർഷയിലായിരുന്നു അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനം. പല പത്രങ്ങൾക്കും മാസികകൾക്കും അദ്ദേഹം നിരന്തരമായി ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. അവയിൽ മനോരമയും ഭാഷാപോഷിണിയും കഴിഞ്ഞാൽ പ്രത്യേകഗണനയെ അർഹിക്കുന്നതു തൃശ്ശൂർനിന്നു വെള്ളായ്ക്കൽ നാരായണമേനോൻ സ്ത്രീകൾക്കുവേണ്ടി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ലക്ഷ്മീഭായി മാസികയാണ്. ശങ്കുണ്ണിക്കു താൻ സഞ്ചരിക്കുന്ന സ്ഥലങ്ങളിലുള്ള ഐതീഹ്യങ്ങൾ ശേഖരിക്കുന്നതിനു അനന്യസാമാന്യമായ പ്രാഗല്ഭ്യമുണ്ടായിരുന്നു. ആ വ്യവസായത്തിന്റെ ഫലമായി നമുക്കു ലഭിച്ചിട്ടുള്ള ഒരു അപൂർവസമ്പാദ്യമാണ് ഐതീഹ്യമാല എന്ന ഗ്രന്ഥപരമ്പര. 1112-ാമാണ്ടു കർക്കടകമാസം 7-ാംനുയായിരുന്നു ആ ജനകീയകവിയുടെ ദേഹവിയോഗം. 1066 മുതലേ സാഹിത്യമാർഗ്ഗങ്ങളിൽ സഞ്ചരിച്ചുള്ളു. എങ്കിലും നാല്പതിൽചില്വാനം കൊല്ലങ്ങൾ അതിലേയ്ക്കുതന്നെ രാപ്പകൽ വിനിയോഗിച്ചു വിജയം നേടിയ ഒരു അക്ലിഷ്ടകർമ്മാവാണ് അദ്ദേഹം.

## കൃതികൾ

താഴെ കാണുന്നവയാണ് ശങ്കുണ്ണിയുടെ കൃതികൾ. (1) സുഭദ്രാഹരണം (ശതകത്രയം), (2) രാജാകേശവദാസചരിതം (നാലധ്യായങ്ങൾ), (3) ആസന്നമരണചിന്താശതകം, (4) കേരളവർമ്മശതകം, (5) ലക്ഷ്മീഭായിശതകം, (6) മാടമഹീശശതകം, (7) യാത്രാചരിതം, (8) അത്തച്ചമയസപ്തതി, (9) മുറജപചരിതം എന്നീ ലഘുകാവ്യങ്ങൾ; (10) കുചേലഗോപാലം, (11) സീമന്തിനീചരിതം, (12) ഗങ്ഗാവതരണം, (13) പാഞ്ചാലധനഞ്ജയം, (14) വിക്രമോർവശീയം, (15) മാലതീമാധവം, (16) രവിവർമ്മാ, (17) ജാനകീപരിണയം, (18) ദേവീവിലാസം എന്നീ നാടകങ്ങൾ; (19) ഹരിവം

ശസങ്ഗ്രഹം, (20) അധ്യാത്മരാമായണം എന്നീ രണ്ടു പുരാണാനുവാദങ്ങൾ, (21) കിരാതസൂനുചരിതം, (22) ശ്രീരാമാവതാരം, (23) സീതാവിവാഹം, (24) ശ്രീരാമപട്ടാഭിഷേകം, (25) ഭൂസുരഗോഗ്രഹണം എന്നീ അഞ്ചു ആട്ടക്കഥകൾ; (26) നിവാതകവചവധം (ഇരുപത്തിനാലുവൃത്തം), (27) ശ്രീമൂലരാജവിലാസം (പത്തുവൃത്തം), (28) വിക്ടോറിയാ ചരിതം (പന്ത്രണ്ടുവൃത്തം), (29) ധ്രുവചരിതം (പതിനാറുവൃത്തം), (30) ശോണാദ്രീശ്വരീമാഹാത്മ്യം (ഏഴുവൃത്തം) എന്നീ കൈകൊട്ടിക്കളിപ്പാട്ടുകൾ; (31) ഭദ്രോൽപത്തി (പാന), (32) ശ്രീമൂലരാജഷഷ്ടിപൂർത്തിമഹോത്സവം, (33) ശ്രീഭൂതനാഥോത്ഭവം എന്നീ രണ്ടു തുള്ളലുകൾ; (34) കല്യാണോത്സവം വഞ്ചിപ്പാട്ട്, (35) വിനായകമാഹാത്മ്യം കിളിപ്പാട്ട്, (36) ഭാഷഗൗളിശാസ്ത്രം (പദ്യം), (37) വിക്രമോർവശീയകഥാനാടകസങ്ഗ്രഹം, (38) നൈഷധം, (39) വിശ്വാമിത്രചരിതം, (40) അർജ്ജുനൻ, (41) ശ്രീകൃഷ്ണൻ, (42) ഐതീഹ്യമാല എട്ടുഭാഗങ്ങൾ, (43) കേരളകവികൾ, (44) ക്ഷേത്രമാഹാത്മ്യം, (45) സ്മരണാവലി എന്നീ ഗദ്യ പ്രബന്ധങ്ങൾ.

### അവയുടെ ഉള്ളടക്കം (പദ്യം)

സാരള്യവും പ്രസാദവുമാണ് ശങ്കുണ്ണിയുടെ കാവ്യങ്ങൾക്കുള്ള മുഖ്യഗുണങ്ങൾ. അവയിൽ സ്ഫുരിക്കുന്ന ശബ്ദഭംഗിയും ശയ്യാസുഖവും അപൂർവം ചിലരിലേ കാണുകയുള്ളു. ഒരിക്കൽ കേട്ടാൽ അർത്ഥാവബോധമുണ്ടാകാത്ത ശ്ലോകങ്ങൾ ഒന്നും തന്നെ അദ്ദേഹം രചിച്ചിട്ടില്ല. മാലതീമാധവത്തിൽ യതിഭങ്ഗദോഷം ബാധിച്ചിട്ടില്ല. ചുരുക്കത്തിൽ അദ്ദേഹം വെണ്മണിപ്രസ്ഥാനത്തിലെ പദഘടനാവിധികളെ അക്ഷരംപ്രതി അനുവർത്തിച്ചിരുന്നു. പ്രാസവിന്യാസത്തിലുള്ള പ്രതിപത്തി കലശലായിരുന്നു. സ്രഗ്ദ്ധര, ശാർദ്ദൂലവിക്രീഡിതം, മാലിനി മുതലായ വൃത്തങ്ങളുടെ ഒടുവിലത്തെ യതിയിൽ ആദ്യത്തെ മൂന്നക്ഷരങ്ങൾക്കും രണ്ടാമത്തെ മൂന്നക്ഷരങ്ങൾക്കും ഐകരൂപ്യം വരുത്തുന്നതിൽ അദ്ദേഹം പ്രത്യേകിച്ചും ശ്രദ്ധാലുവായിരുന്നു. "ആഹവോൽ സാഹമോടേ", "കണ്ടെത്തി കണ്ഠേതരം", "വീണതേ ക്ഷോണിതന്നിൽ", "വേട്ടാക്കി വാട്ടം വിനാ", "ചിക്കെന്നു നിഷ്കൈതവം" എന്നിങ്ങനെയാണ് ആ പ്രാസത്തിന്റെ ഗതി. അതിനെ 'ശങ്കുണ്ണിപ്രാസ"മെന്നു ചിലർ പറയാറുണ്ട്. അതിനുവേണ്ടി എത്ര അർത്ഥപരിത്യാഗവും ചെയ്വാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ശങ്കുണ്ണിയുടെ കവിത പ്രായേണ ഭാവഗർഭമോ അലങ്കാരോജ്ജ്വലമോ അല്ല; ആ വിഷയത്തിൽ അദ്ദേഹത്തെ നടുവത്തച്ഛനോടുപമിക്കാം. ശങ്കുണ്ണിയുടെ കവിതയ്ക്കു പ്രായേണ ദ്രവീകരണശക്തി കുറവാണ്. നിരർത്ഥകപദങ്ങൾ അദ്ദേഹത്തെപ്പോലെ അത്ര ധാരാളമായി വിശിഷ്ടകവികൾ ആരും പ്രയോഗിച്ചിട്ടില്ല.

> "പന്തിരണ്ടഥ കഴിഞ്ഞു വയസ്സാ-
> ഹന്ത! ഹന്ത! ബത! കേശവനപ്പോൾ
> അന്തരങ്ഗമതിലന്നവനിത്ഥം
> ചിന്തചെയ്തു ചിതമോടതിവേഗാൽ"

എന്ന ശ്ലോകത്തിൽ അത്തരത്തിലുള്ള എത്ര പദങ്ങളാണ് കുത്തിത്തിരുകിയിരിക്കുന്നത്. ശങ്കുണ്ണിയെപ്പോലെ വാസനാസമ്പന്നനായ ഒരു കവിക്ക് ഈ ന്യൂനത വന്നതു നിഷ്കർഷയുടെ വൈകല്യംകൊണ്ടാണെന്നേ തോന്നുന്നുള്ളു. ആ ദോഷങ്ങൾ മികച്ച കാവ്യഗന്ധുക്കൾതന്നെ. എങ്കിലും മറ്റു ചില ഗുണങ്ങൾ ഉള്ളതുകൊണ്ടു ശങ്കുണ്ണിയുടെ കൃതികൾ സഹൃദയശ്ലാഘ്യങ്ങളായിത്തീരുന്നു. ഗദ്യത്തിന് ആ കുഴപ്പമൊന്നും ഉണ്ടാകുവാൻ തരമില്ലല്ലോ. കുഞ്ഞിക്കുട്ടൻതമ്പുരാനുമായി പരിചയപ്പെടുന്നതുവരെ

നമ്മുടെ കവി ചില മുറിശ്ലോകങ്ങൾ മാത്രമേ ഉണ്ടാക്കിയിരുന്നുള്ളൂ. സുഭദ്രാഹരണമാണ് ആദ്യത്തെ കൃതി എന്നു പറഞ്ഞുകഴിഞ്ഞു. മൂന്നു ശതകങ്ങളിലായി 300 ശ്ലോകങ്ങൾ അതിൽ ഉൾപ്പെടുന്നു. ആ ഗ്രന്ഥം എഴുതിയ കാലത്തു തന്നെ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സന്ദേശബാണങ്ങളേറ്റു് ഇരിക്കപ്പൊറുതിയില്ലാതെവന്നപ്പോളാണ് വളരെ പണ്ടേക്കാലത്തേക്ക് ആ പന്ഥാവിൽ സഞ്ചരിക്കുവാൻ ആത്മവിശ്വാസമില്ലാതെയിരുന്ന അദ്ദേഹം അരങ്ങത്തു കയറിയതു്. 1065 കർക്കടകം 8-ാംനു എഴുതിയ ഒരെഴുത്തിൽ തമ്പുരാൻ ഇങ്ങനെ പറയുന്നു.

“സാഹിത്യംപോലെയൊന്നും സഹൃദയഹൃദയാ-
ഹ്ലാദമേകും കൃതിക്കു-
ത്സാഹത്തിൽത്തെല്ലുമില്ലേ കുറവറിക നമു-
ക്കെന്നുമോരോന്നിവണ്ണം
ഹേ! ഹസ്തത്തിൽക്കിടക്കും കവനപടുത കാ-
ട്ടാതെ പിട്ടും പറഞ്ഞി-
ട്ടേഹത്തെപ്പാട്ടിലാക്കാമിതി മനസി നിന-
യ്ക്കുന്നിതോ? നന്നിതോർത്താൽ.”

താഴെ കാണുന്നതു കവിവാക്യമാണ്.

“ഒട്ടുക്കീ ലോകമെല്ലാം പുകൾപെരിയ പുമാൻ
കോടിലിങ്ഗേശകുഞ്ഞി-
ക്കുട്ടാഖ്യക്ഷോണിപാലൻ പരിചിനൊടരുളി-
ച്ചെയ്കയാൽ വൈകിടാതെ
തുഷ്ടിക്കായിട്ടു തീർക്കുന്നൊരു കൃതിയധുനാ
മന്ദനാകുന്ന ഞാനി-
ന്നൊട്ടൊക്കെത്തെറ്റു പറ്റീടിലുമതു സതതം
സജ്ജനം തീർത്തിടേണം.”

അതിൽപ്പിന്നീട് ഒരിക്കലും വറ്റാത്ത ശങ്കുണ്ണിയുടെ പേനയിൽനിന്ന് ഒരുപടി കൃതികൾ അവിച്ഛിന്നധാരമായി പ്രവഹിച്ചുതുടങ്ങി. രാജാകേശവദാസചരിത്രവും കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഉപദേശമനുസരിച്ചു നിർമ്മിച്ചതാണ്. അതിൽ നാലു് അധ്യായങ്ങൾ അടങ്ങിയിട്ടുണ്ട്. ഒന്നാമധ്യായത്തിൽ എണ്പത്തിനാലും, രണ്ടാമത്തേതിൽ നൂറ്റൊന്നും, മൂന്നാമധ്യായത്തിൽ നൂറ്റിരണ്ടും, നാലാമധ്യായത്തിൽ തൊണ്ണൂറ്റേഴും ശ്ലോകങ്ങൾ അന്തർഭവിക്കുന്നു. അന്ന് 1068-ാമാണ്ടു കുഞ്ഞിക്കുട്ടൻതമ്പുരാന്റെ നിർദ്ദേശംമൂലം വിദ്യാഭ്യാസവകുപ്പിൽ ഇൻസ്പെക്ടറായിരുന്ന അയ്യപ്പൻപിള്ള ബി.ഏ, ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ഉപന്യാസത്തെ ഉപജീവിച്ചാണ് അതു് എഴുതീട്ടുള്ളതു്. തമ്പുരാൻ ഒരു കത്തിൽ ശങ്കുണ്ണിക്കു് ഇങ്ങിനെ എഴുതി.

“മുൻപേ നമ്മുടെ കേരളത്തിലധികം
ക്കുർകൊണ്ടു മാലോകരിൽ
തൻപേർ കൊണ്ടുനടന്ന യോഗ്യർ ചിലരി
ങ്ങുണ്ടായിരുന്നില്ലയോ?
അൻപേറുന്നവരിൽക്കൃതജ്ഞതയൊടൊ
ത്തീ നമ്മളാ മാന്യരേ
വൻപേറുന്ന ചരിത്രചിത്രമെഴുതി

ക്കാണിക്കുവാൻ നോക്കണം.

ഭൂജനിക്കനുരൂപമന്ത്രിമണിയായ് നാട്ടാരിലിഷ്ടപ്പെട്ടും
രാജാകേശവദാസനെന്നൊരു മഹാനുണ്ടായിരുന്നില്ലയോ?
വ്യാജാപേതമവന്റെ ജീവചരിത്രം ശ്ലോകപ്പടിക്കങ്ങു താൻ
ഹേ! ജാത്യത്തൊടു വിസ്തരിച്ചെഴുതടോ സാരസ്യസാരാം ബു
ധേ!"

വലിയകോയിത്തമ്പുരാന്റെ ഷഷ്ട്യബ്ദപൂർത്തി പ്രമാണിച്ചു രചിച്ച ഒരു കൃതിയാണ് കേരളവർമ്മശതകം. അവിടത്തെ പ്രിയതമയുടെ ജീവിതചരിത്രം, ലക്ഷ്മീഭായിശതകത്തിൽ പ്രതിപാദിതമായിരിക്കുന്നു. തലശ്ശേരിയിൽ ഭാഷാപോഷിണീസമ്മേളനത്തിനു കോട്ടയത്തുനിന്നു വറുഗീസ്മാപ്പിളയൊന്നിച്ചു താൻ പോയ സംഭവത്തെ ആസ്പദമാക്കിയാണ് യാത്രാശതകം നിർമ്മിച്ചിരിക്കുന്നതു്. ലക്ഷ്മീഭായി മാസികയുടെ മാഹാത്മ്യവും അതിൽ ആനുഷങ്ഗികമായി വർണ്ണിച്ചുകാണുന്നു. നാടകഭ്രമകാലത്തു കവി രചിച്ച ഒന്നാമത്തെ രൂപകമാണ് കുചേലഗോപാലം. പാഞ്ചാലധനഞ്ജയത്തിലെ കഥ ധനുർവേദപാഠാവസാനത്തിൽ ദ്രോണാചാര്യന്റെ ആഗ്രഹമനുസരിച്ച് അർജ്ജുനൻ ദ്രുപദമഹാരാജാവിനെ യുദ്ധത്തിൽ ജയിച്ചു പിടിച്ചുകെട്ടി കാഴ്ചവയ്ക്കുന്നതാണ്. വിക്രമോർവശീയം ശങ്കുണ്ണി, കുഞ്ഞിക്കുട്ടൻതമ്പുരാൻ അതേ കൃത്യത്തിൽ ഏർപ്പെട്ടിരുന്ന വസ്തുത അറിയാതെ എഴുതിയതാകുന്നു. തമ്പുരാന്റെ തർജ്ജമയെക്കാൾ ശങ്കുണ്ണിയുടെ തർജ്ജമയ്ക്കു ഗുണം കൂടും. ശങ്കുണ്ണിയുടെ തദ്വിഷയകമായ വ്യവസായത്തെപ്പറ്റി വിശാലമനസ്കനായ തമ്പുരാന്ൻ പ്രസ്താവിക്കുന്നതു താഴെക്കാണുന്ന വിധത്തിലാണ്.

"കൈയോടു താങ്കളുടെ നല്ലൊരു വിക്രമോർവ-
ശീയോത്തമപ്രഥിതതർജ്ജമബുക്കു കിട്ടി;
അയ്യോ! നമുക്കതറിയാതെ പിണഞ്ഞബദ്ധ-
ക്കയ്യോർത്തു നാണമുളവായതു ചൊല്ലവല്ലേ.

വൃത്തം മാറ്റാതെയായ്ത്തർജ്ജമയെഴുതണമെ-
  ന്നെന്റെ ദുർമ്മോഹമാം ദുർ-
വൃത്തം മാറാനിതേറ്റം ഗുണമെഴുമുപദേ-
  ശോക്തിയായ്ത്തന്നെ തീർന്നു;
സത്യം ചൊല്ലാം ഭവാൻതൻ കൃതിയിതു മുഴുവൻ
  നോക്കിയപ്പോളസൂയാ-
കൃത്യം ഞാനും പഠിച്ചേൻ; കുറവിതിനു പറ-
  ഞ്ഞീടുവാനും ശ്രമിച്ചേൻ.

തെറ്റീ തിരഞ്ഞിട്ടുമതിന്നു കുറ്റം
പറ്റീല കാണ്മാൻ കവിവീരമൗലേ!
ചെറ്റീടുമിക്കാവ്യരസാമൃതാബ്ധി
വറ്റീട്ടുമുങ്ങീട്ടുയരാതെയായ് ഞാൻ."

നോക്കുക, ഇതല്ലേ യഥാർത്ഥമായ സൗഹാർദ്ദം! മാലതീമാധവം റ്റി.കെ കൃഷ്ണമേനോന്റെ അപേക്ഷയ്ക്കു വിധേയമായി കവി ഭവഭൂതിയുടെ മൂലകൃതി തർജ്ജമചെ

യ്തതാണ്. മൂലകൃതിയുടെ ധൃഷ്ടത നോക്കിയാൽ അതിന്റെ തർജ്ജമയ്ക്കു് ആർക്കും ഉദ്യമിക്കുവാൻ ധൈര്യമുണ്ടാകുകയില്ല. ശങ്കുണ്ണിയുടെ വാസനാസമ്പത്തിനും മനോധൈര്യത്തിനും പ്രത്യക്ഷനിദർശനമായ ആ രൂപകം അദ്ദേഹത്തിന്റെ വിവർത്തിതകൃതികളിൽ പ്രഥമഗണനീയമാണെന്നു പറയാം. ജാനകീപരിണയം ഒരു സ്വതന്ത്രനാടകമാണ്. സാമുദായികമാണ് ഇതിവൃത്തം. അതും പാഞ്ചാലധനഞ്ജയവും കടത്തനാട്ടു് ഉദയവർമ്മത്തമ്പുരാന്റെ ആജ്ഞയനുസരിച്ചു് എഴുതി കവനോദയത്തിൽ പ്രസിദ്ധീകരിച്ചു. ദേവീവിലാസത്തിലെ കഥാവസ്തു മിക്കവാറും ബൈബിളിലെ ജനോവാപർവത്തിൽനിന്നു സംഗ്രഹിച്ചിട്ടുള്ളതാണ്. എങ്കിലും ഗർഭിണിയായ പത്നിയെ ഉപേക്ഷിക്കുന്ന ഘട്ടത്തിൽ ഉത്തരരാമചരിതത്തേയും മൂന്നാമങ്കത്തിൽ നായകനായ ചന്ദ്രകേതുവും നർമ്മസചിവനായ ശാരദനും തമ്മിലുള്ള സംഭാഷണത്തിൽ വിക്രമോർവശീയത്തേയും മറ്റും കവി ഉപജീവിച്ചിട്ടുണ്ടു്. ശങ്കുണ്ണിയുടെ നാടകങ്ങളിൽ ഒന്നാമതായി നില്ക്കുന്നതു ദേവീവിലാസംതന്നെയാണ്. ഇളൈത്തമിഴ്പ്പുലവർ എന്ന ബിരുദനാമത്താൽ സുവിദിതനായ റ്റി. ലക്ഷ്മണൻപിള്ള ബി.ഏ.യുടെ ആ പേരിലുള്ള ഉൽക്കൃഷ്ടമായ തമിഴ്നാടകത്തിന്റെ തർജ്ജമയാണ് രവിവർമ്മാ. കൊല്ലത്തെ സംഗ്രാമധീര രവിവർമ്മചക്രവർത്തിയുടെ അപദാനങ്ങളെ പ്രതിപാദിക്കുന്നതോടുകൂടി, അദ്ദേഹവും വള്ളിയൂരിലെ രാജകുമാരിയായ കല്പകവല്ലിയും തമ്മിലുള്ള വിവാഹവും പ്രസ്തുതനാടകത്തിൽ വർണ്ണിച്ചിട്ടുണ്ടു്. ഹരിവംശസംഗ്രഹം ക്ഷേമേന്ദ്രന്റെ ഭാരതമഞ്ജരിയിൽ ഹരിവംശഘട്ടത്തിൽ പിതൃകല്പംവരെയുള്ള 181 ശ്ലോകങ്ങളുടെ തർജ്ജമയാണ്. അദ്ധ്യാത്മരാമായണത്തിന്റെ വൃത്താനുവൃത്തവിവർത്തനമാണ് അദ്ധ്യാത്മരാമായണം ഭാഷ. അതിന്റെ ആവിർഭാവം 1087-ലാകുന്നു. അഞ്ചാട്ടക്കഥകളിൽ ആദ്യത്തെ നാലും കീഴണിപ്പുറത്തു സ്വാമിയാരുടെ ആജ്ഞയനുവർത്തിച്ചു രചിച്ചു. ഭൂസുരഗോഗ്രഹണം കൊച്ചി നാലാംകൂർ കുഞ്ഞിക്കിടാവു (കേരളവർമ്മ) തമ്പുരാൻ ആവശ്യപ്പെടുകയാൽ എഴുതി. അവിടുന്നു തീപ്പെട്ടതു് 1088-ലാണ്. അധോലിഖിതങ്ങളായ ശ്ലോകങ്ങൾ നോക്കുക.

“സന്ത്യജ്യാധോവിഭൂഷാപുരമിതി വിദിതം
ഹന്ത! പൂർവാശ്രമം യഃ
സമ്പ്രാപ്തസ്സൻ തുരീയാശ്രമമമൃതകരം
ശ്രീകരാരണ്യധാമ്നി
തസ്യാജ്ഞാപുഷ്പമാല്യം ശിരസി കലയതാ
ചാരു ശങ്കുണ്ണിനാമ്നാ
വൃത്തം കൈരാതസൂനോർവിരചിതമമലം
ഹന്ത! സന്തഃ പുനന്തു.”

(കിരാതസൂനുചരിതം)

അധോവിഭൂഷാപുരം എന്നാൽ കീഴണിപ്പുറമെന്നും, ശ്രീകരാരണ്യമെന്നാൽ തൃക്കൈക്കാടെന്നുമാണ് അർത്ഥം.

“ചൊല്കൊള്ളുന്നൊരു കീഴണിപ്പുറമതാം പൂർവാശ്രമം വിട്ടഹോ!
തൃക്കൈക്കാട്ടുമഠത്തിൽ വാനരുളീടും വന്ദ്യൻ യതീന്ദ്രോത്തമൻ
ഇക്കാലത്തരുളീട്ടു സന്മതികളേ! ശങ്കുണ്ണി നിർമ്മിച്ചതാ-
മിക്കാവ്യം പരിശുദ്ധമാക്കുവിനലം രാമാവതാരാഭിധം.”

ഈ ശ്ലോകംതന്നെ, പുസ്തകത്തിൽ പേർമാത്രം മാറ്റി രണ്ടുമുതൽ നാലുവരെയുള്ള ആട്ടക്കഥകളിലും പകർത്തീട്ടുണ്ടു്.

“ശ്രീമാടഭൂപവരവംശമണിസ്തുരീയോ
ലോകേത്ര യോ ജയതി കേരളവർമ്മനാമാ
തസ്യാജ്ഞയാ വിരചിതന്തു പുനന്തു കാവ്യം
കേനാപി ഗോഗ്രഹനസംജ്ഞമിദം ബുധേന്ദ്രഃ.”

അർജ്ജുനനു പാശുപതാസ്ത്രം സമ്മാനിക്കുവാൻ ശ്രീപരമേശ്വരൻ പാർവതീദേവിയുമായി കാട്ടിൽച്ചെന്ന അവസരത്തിൽ ആദിദമ്പതിമാരുടെ പുത്രനായി ജനിച്ച ഒരു ദേവനാണു് വേട്ടക്കൊരുമകൻ (വേട്ടക്കരുമൻ), ആ ദേവൻ വക്രദംഷ്ട്രനെന്ന രാക്ഷസനെ വധിച്ച് മഹാവിഷ്ണുവിനോട്ട് പൊൻചുരിക വാങ്ങി പാല (ബാല)ശ്ശേരിക്കോട്ടയെ അധിവസിക്കുന്നതാണു് കിരാതസൂനുചരിതത്തിലെ ഇതിവൃത്തം.ഇന്ദ്രപ്രസ്ഥത്തിലെ ഒരു ബ്രാഹ്മണഗൃഹത്തിൽനിന്നു പശുക്കളെ മോഷ്ടിച്ചുകൊണ്ടുപോയ ദുഷ്ടന്മാരിൽനിന്ന് അർജ്ജുനൻ വീണ്ടെടുത്തു് ഉടമസ്ഥനു കൊടുക്കുന്നതാണു് ഭൂസുരഗോഗ്രഹണത്തിലെ കഥാവസ്തു. ഈ ആട്ടക്കഥകളെല്ലാം ഉണ്ടാക്കിയതു് 1080-നുമേലാണ്. സ്കാന്ദപുരാണത്തിൽ ഗണപതിയുടെ മാഹാത്മ്യത്തെ പ്രകീർത്തനം ചെയ്യുന്നതായി പതിനാറധ്യായങ്ങൾ അടങ്ങിയ ഒരു ഉപാഖ്യാനമുണ്ടു്. ആ ഗ്രന്ഥത്തിന്റെ തർജ്ജമ അഞ്ചു പാദങ്ങൾ ഉൾക്കൊള്ളുന്ന ഒരു കിളിപ്പാട്ടായി ലക്ഷ്മീഭായിപത്രാധിപർ വെള്ളായ്ക്കൽ നാരായണമേനോന്റെ അപേക്ഷയനുസരിച്ച് 1087-ൽ നിർമ്മിച്ചു.

## ഗദ്യം

ഗദ്യകൃതികളിൽ പ്രാധാന്യം ഐതീഹ്യമാലയ്ക്കാണെന്നു പറയേണ്ടതില്ലല്ലോ. ക്ഷേത്രപ്രതിഷ്ഠ, ദേശചരിത്രം, മഹച്ചരിതം തുടങ്ങി ഒട്ടനേകം വിഷയങ്ങളെപ്പറ്റി ആ ഗ്രന്ഥാവലിയിൽ പ്രതിപാദിക്കുന്നുണ്ടു്. പ്രായേണ എല്ലാ പ്രതിപാദ്യവും കേരളീയംതന്നെ. അതിൽനിന്നു ക്ഷേത്രസംബന്ധമായ എട്ടു് ഉപന്യാസങ്ങൾ തിരഞ്ഞെടുത്തു് 1104-ൽ പ്രസിദ്ധീകരിച്ചതാണു് ക്ഷേത്രമാഹാത്മ്യം. ചില കേരളീയ കവികളെപ്പറ്റിയുള്ള ഐതീഹ്യങ്ങളെയാണു് കേരളകവികൾ എന്ന ഗ്രന്ഥത്തിൽ സംഗ്രഹിച്ചിരിക്കുന്നതു്. വിശ്വാമിത്രചരിത്രത്തിലെ കഥ ഹരിശ്ചന്ദ്രോപാഖ്യാനമാണു്. സ്മരണാവലിയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, വറുഗീസ്മാപ്പിള എന്നീ സാഹിത്യനായകന്മാരെക്കുറിച്ചും മനോരമയെക്കുറിച്ചുമുള്ള സ്മരണകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇനി അദ്ദേഹത്തിന്റെ കവിതാരീതി കാണിക്കാൻ ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

## ഖണ്ഡകാവ്യങ്ങൾ—സുഭദ്രാഹരണം

“കോടക്കാറ്റുമിരുട്ടടച്ച മഴയും കെല്ലാർന്ന കാറ്റും കളി-
ച്ചാടിക്കേകികളാർത്തിടുന്ന രവവും കൊണ്ടങ്ങു വീണ്ടും പരം
കൂടിക്കൂടിവരുന്ന താപമതിനാൽപ്പാർത്ഥൻ തദാ പിന്നെയും
മോടിക്കൊത്തു മുരാന്തകന്റെ വരവും പ്രാർത്ഥിച്ചു പാർത്തീടി
നാൻ.”

ഈ കൃതിയിൽ കവി മേല്പത്തൂരിന്റെ സുഭദ്രാഹരണപ്രബന്ധത്തിൽനിന്നു പലതും സ്വായത്തമാക്കീട്ടുണ്ടു്. ഭാഷാകവിതയിൽ അദ്ദേഹം അക്കാലത്തുതന്നെ ഹസ്തലാഘവം പ്രാപിച്ചിരുന്നതായി ഈ കൃതി തെളിയിക്കുന്നു.

### രാജാകേശവദാസചരിതം

“കിഞ്ചിൽക്കുഴഞ്ഞ മൊഴിയും മിഴിയും ഹൃദന്തം
വഞ്ചിക്കുമാച്ചിരിയുമാസ്യവുമാശു കണ്ടാൽ
നെഞ്ചിൽക്കുരുത്ത കുതുകത്തൊടടുത്തു വേഗാൽ
കൊഞ്ചിക്കനിഞ്ഞവനൊരുമ്മ കൊടുക്കുമാരും.”

“വക്കാണത്തിനു വൈരിവർഗ്ഗമിഹ വ-
ന്നെന്നാകിലന്നാൾ സഹാ-
യിക്കാമെന്നു പറഞ്ഞിരുന്നു ബത! നി-
സ്സന്ദേഹമെന്നാകിലും
അക്കാലത്തതുപോലെയഗ്ഗവർണരാം
ഹോലണ്ടു ചെയ്യായ്കയാൽ
മുഷ്കാളുന്നൊരു ഠിപ്പുവിന്നു തരമ-
ന്നുണ്ടായി വേണ്ടോളവും.”

കേശവദാസചരിതം ശങ്കുണ്ണിയുടെ നൈസ്സർഗ്ഗികമായ കവിതാവാസനയെ പ്രദർശിപ്പിക്കുന്ന ഒരു മോഹനദർപ്പണമാണ്. അദ്ദേഹത്തിന്റെ ലഘുകാവ്യങ്ങളിൽ അതിനു അഗ്രപൂജയ്ക്കവകാശമുണ്ട്.

### കേരളവർമ്മശതകം

“ദൈവം നേരേ തിരിഞ്ഞൂ; ദയ നരവരനിൽ-
ത്തെല്ലുമില്ലാതെ മാഞ്ഞൂ;
ശ്രീവഞ്ചീശൻ മുഷിഞ്ഞൂ; ചിലരുടനവിടേ-
ക്ഷേണിക്കാരണഞ്ഞൂ;
സേവക്കെല്ലാം പറഞ്ഞൂ; സകലരുമവിടെ-
ക്കോപമേറിച്ചമഞ്ഞൂ;
ഭാവം പാരം മറിഞ്ഞൂ; പരമിനി വരുവാൻ
പോന്നതന്നാരറിഞ്ഞൂ?”

### ലക്ഷ്മീഭായിശതകം

“കാണിയ്ക്ക കഷ്ടമെവനും നിജസൽഗുണൗഘം
കാണിക്കുവാൻ കഠിനതാപമുദിച്ചിടേണം;
ഘ്രാണിക്കുവാൻ മണമുയർത്തണമെങ്കിലോ സാ-
മ്പ്രാണിക്കു തീയതു പിടിക്കണമെന്നു നൂനം.”

### കുചേലഗോപാലം

കുചേലഗോപാലം സാമാന്യം നല്ല ഒരു നാടകമാണ്.

“കല്ലും നെല്ലും കരിക്കട്ടകൾ കരടുകളും
കാണുമി,ക്കുരിരുട്ട-
ത്തല്ലേ കല്യാകൃതേ! ഞാനിതു സപദി വറു-
ത്തിട്ടിടിച്ചിട്ടിവണ്ണം

എല്ലാം വലാതെയായിട്ടൊരുവിധമുപഹാ-

രത്തെയിന്നത്ര തീർത്തേൻ;
ചൊല്ലാനല്ലാതെയെന്തുണ്ടിതു ബത! തിരുമു-
ല്ക്കാഴ്ചയായ് വച്ചുകൊൾക."

"മാകന്ദപല്ലവസമാധരി! മന്ദമെന്യേ
പോകുന്ന ഞാൻ പരമപൂരുഷനോടിതെല്ലാം
ആകുന്നവണ്ണമറിയിച്ചളിവർണ്ണനേതാ-
നേകുന്നതാകിലതു വാങ്ങിവരാം ക്ഷണത്തിൽ."

## ഗങ്ഗാവതരണം

ഗങ്ഗാവതരണം ഒരു ദ്രുതകവിതയാണെന്നു മുമ്പു പറഞ്ഞുവല്ലോ.

"നേത്രം രണ്ടുമടച്ചുമഞ്ജലിപുടം മൂർദ്ധാവിൽവച്ചും ബലാൽ
ഗാത്രം തെല്ലു ചലിച്ചിടാതെയൊരു കാൽമാത്രം നിലത്തൂന്നിയും
ഗോത്രാധീശസുതാവരാംഘ്രികമലം ഹൃത്താരിലോർത്തുംമഹാൻ
ഗോത്രാധീശനമർന്നിടുന്നു വല്യതാം കുറ്റിക്കുതുല്യം സദാ."

## പാഞ്ചാലധനഞ്ജയം

ഇതും തരക്കേടില്ല. അഞ്ചങ്കത്തിൽ രചിച്ചിട്ടുള്ള ഒരു ചെറിയ നാടകമാണിത്. ശ്ലോകങ്ങൾ ഇതര നാടകങ്ങളെ അപേക്ഷിച്ച് കുറവാണ്.

"കയ്യറ്റും കാൽമുറിഞ്ഞും കരളൊടു കുടലും
കണ്ഠവും കണ്ടമായും
മെയ്യറ്റും ചത്തുവീണോർക്കഹഹ! ശിവ മഹാ-
സങ്കടം സംഖ്യയില്ലേ
പൊയ്യല്ലഞ്ഞൂറു ലക്ഷം ഗജരഥതുരഗ-
വ്രാതവും സൂതനുംവീ-
ണയ്യയ്യോ! ഭസ്മമായീ ഞൊടിയിടയിലഹോ
ഹസ്തിയും പത്തു ലക്ഷം."

## ജാനകീപരിണയം

ഇത് ഏഴങ്കത്തിലുള്ള ഒരു നാടകമാണ്. കഥാഗുംഫനത്തിൽ കവിക്ക് ഒരുമാതിരി വിജയം സിദ്ധിച്ചിട്ടുണ്ട്. ജാനകിക്കുട്ടി നായികയും രാമൻമേനോൻ നായകനുമാണ്.

"അത്യന്തം ഭക്തി വേണം നൃപതിയിലിഹ തൻ-
വേലയിൽ ശ്രദ്ധ വേണം
സത്യം തൻവാക്കു ചിത്തം തൊഴിലിവയിലലം
കാത്തിടാനോർത്തിടേണം
വ്യത്യാസം വന്നുപോയീടരുതതിനൊരു കാ-
ലത്തിലും ചിത്തതാരിൽ-
കൃത്യാകൃത്യങ്ങളോർക്കാതനവധി ധനമു-
ണ്ടാക്കുവാനോർക്കൊലാ നീ."

## ദേവീവിലാസം

ഭാഷയിലെ ഒരു നല്ല നാടകമായി ദേവീവിലാസത്തെ പരിഗണിക്കാം.

“സത്യം രക്ഷിച്ചുപോരും സതികളെയെവിടെ-
പ്പോകിലും ശോകഹീനം
നിത്യം രക്ഷിച്ചുകൊൾവാൻ നിരുപമകരുണാ-
രാശിയാമീശനില്ലേ?
കൃത്യം തെറ്റാതെ കാക്കും കമനികളിലെഴു-
ന്നോരു ചാരിത്രശുദ്ധി-
ക്കെത്തും മാഹാത്മ്യമോർത്താലതു മതിയവരെ-
ക്കാത്തിടാനാർത്തികാലേ.”

“അന്ധകാരചികുരം ചുരുക്കി മൃദുചന്ദ്രികാസ്മിതമൊലിക്കവേ
ചന്തമാർന്ന ശശിയാം മുഖത്തെയഴകോടുയർത്തിയതികൌതുകാൽ
സന്ധ്യയാകുമൊരു ചേടിയെസ്സപദി മുൻനിറുത്തിനിശയായിടും
ബന്ധുരാങ്ഗി വരവായീടുന്നിതഭിസാരികാസദേശമഞ്ജസാ.”

ശങ്കുണ്ണിയുടെ അർത്ഥചമൽക്കാരമുള്ള ഒരു ശ്ലോകമാണിതു്. അതിലെ കല്പനയ്ക്കു പുതുമയുണ്ടെന്നു പറയുന്നില്ല.

## വിക്രമോർവശീയം

ഇതിന്റെ തർജ്ജമ ഗുണോത്തരമാണെന്നു സൂചിപ്പിച്ചുവല്ലോ. ഈ നാടകത്തിലെ കഥാവസ്തു ചുരുക്കി എഴുതീട്ടുള്ള ഒരു ഗദ്യപുസ്തകമണ് വിക്രമോർവശീയം നാടകകഥാസംഗ്രഹം. മൂലത്തിലെ നാന്ദീശ്ലോകം ഇങ്ങനെ വിവർത്തനംചെയ്തിരിക്കുന്നു.

“വേദാന്തങ്ങളിലാരെയേകനഖിൽ
വ്യാപീതി ചൊല്ലുന്നു; നി-
ർവാദം സാർത്ഥകമാരിലീശ്വരപദം
ചേരുന്നനന്യാശ്രയം;
മോദാലേവനെ യോഗിവർഗ്ഗമകമേ
തേടുന്നു മോക്ഷേച്ഛയാ-
ലാ ദേവൻ ഭവതാമഭീഷ്ടഫലദൻ
ശ്രേയസ്സിനായ്ത്തീരണം.”

ഒരു ശ്ലോകംകൂടി പകർത്തുന്നു.

“അസ്വാതന്ത്ര്യേ വിയോഗം സുലഭമെവനവ-
ന്നിഷ്ടമെല്ലാമസാധ്യം
സ്വാസ്വാമ്യാദേശമോർത്തിന്നതു പരമനുവ-
ർത്തിച്ചു വർദ്ധിക്കെടോ നീ;
വത്സൻ ത്വൽപുത്രനാ മൂസ്സിവനിലവനിതൻ
ഭാരമേല്പിച്ചിദാനീം
നിസ്സന്ദേഹം ഗമിപ്പൻ മൃഗനിര നിറയും
കാനനേ ഞാനുമാര്യേ!”

## മാലതീമാധവം

“ചൊല്ലാവല്ലാത്തതായി, ച്ചെറുതുമിഹ പരി-
ച്ഛേദ്യമല്ലാത്തതായി-
തെല്ലിജ്ജന്മത്തിലിന്നാൾവരെയുമനുഭവി-
ക്കാത്തതായ് സദ്വിവേകം
എല്ലാം പോയ് വാച്ച മോഹാൽ ഗഹനതരവുമാ-
യുള്ളൊരെന്തോ വികാരം
വല്ലാതെന്മാനസത്തിൽജ്ജഡതയുമതിസ-
ന്തോഷവും ചേർത്തിടുന്നു.”

“ചിത്തം പൊട്ടുന്നിതയ്യോ! ശിഥിലതരമതാ-
കുന്നു മേ സന്ധിബന്ധം;
കത്തിക്കാളുന്നിതുൾക്കാമ്പിഹ ഭുവനമഹോ!
ശൂന്യമായ്ത്തോന്നീടുന്നു;
മെത്തും ധ്വാന്തത്തിൽ മുങ്ങുന്നിതു വിവശമതാ-
യന്തരാത്മാവു; മോഹം
നിത്യം മൂടുന്നു ചുറ്റും പരമിവനതിനി-
ർഭാഗ്യനിന്നെന്തു ചെയ്വൂ?”

## രവിവർമ്മാ

ഈ നാടകത്തിൽ പദ്യങ്ങൾ കുറവാണ്. തർജ്ജമയ്ക്ക് ആസ്വാദ്യതയുണ്ട്.

“കർണ്ണങ്ങൾക്കു പരം കഠോരതരമാം
കട്ടാരിയൊട്ടേറ്റമാം
ദണ്ഡം നെഞ്ചിനിയറ്റിടുന്ന വിശിഖം
സ്നേഹത്തെവെട്ടുന്ന വാൾ;
തിണ്ണം കേട്ടിതു വിശ്വസിപ്പതിനഹോ!
തോന്നുന്നതില്ലേതുമ-
വ്വണ്ണം വാച്ച ഗുണങ്ങളിത്രനിമിഷം
തേഞ്ഞങ്ങുമാഞ്ഞീടുമോ?”

“വിത്തിട്ടു വെള്ളവുമൊഴിച്ചു വളർത്തി മെച്ചം
മെത്തിച്ചൊരാച്ചെടി തളിർത്തഥ പൂത്തിടുമ്പോൾ
അത്തിങ്ങിടും കുസുമസൗരഭമാസ്വദിപ്പാൻ
ഹത്തിൽപ്പരം കുതുകമാണ്ടെഴുമാൾ വരണ്ടേ?”

## അധ്യാത്മരാമായണം

ഈ തർജ്ജമയും മെച്ചപ്പെട്ടതാണ്.

“ഘോരം കലിയുഗം വന്നുചേരുമ്പോൾ പുണ്യഹീനരായ്
ദുരാചാരരതന്മാരായ് പരം സന്ത്യക്തസത്യരായ്,
പരാപവാദരതരായ്പ്പരദ്രവ്യാഗ്രഹാന്ധരായ്
പരഹിംസാപരന്മാരായ്പ്പരസ്ത്രീജനസക്തരായ്.

ആത്മാവു ദേഹമെന്നോർക്കും മൂഢരായ്, മൂഗതുല്യരായ്,
നാസ്തികന്മാരുമായ്, മാതൃപിതൃദ്വേഷികളായ്, സദാ
കേവലം ഭൂതലേ നാരീദേവന്മാരായ് ഭവിച്ചഹോ
നരന്മാരാകവേ നിത്യം സ്മരകിങ്കരരായ് വരും."

## ആട്ടക്കഥകൾ

ശങ്കുണ്ണിയുടെ അഞ്ച് ആട്ടക്കഥകളും ഏകദേശം ഒരേ കക്ഷ്യയിൽത്തന്നെ സ്ഥിതിചെയ്യുന്നു. സാഹിത്യഗുണം വളരെയില്ലെങ്കിലും അഭിനയിക്കുവാൻ കൊള്ളാം.

"കാലാനുകൂലമനുഭൂയ സുഖം വസന്തം
ലീലാലയേ ഹരിസുതഃ പ്രിയയാ വസന്തം
കാലാത്മജം പദനതഃ കലയൻ മുദന്തം
ലോലാശയോ നൃഗദഭേത്യ ഗവാമുദന്തം."

(ഭൂസുരഗോഗ്രഹണം)

"സത്വഗുണസമ്പൂർണ്ണ ശശിവദന! രാമ!
സത്തമ! സരോജനയന!
രാത്രിചരഘോരവനദഹന! വീര!
ഗാത്രവരകാന്തിജിതമദന!
നിന്നുടയ തത്വമതു വിദിതം, എന്നാൽ
ത്വം നനു മുരാരി ഹരി നിയതം
എന്നിലയി! ധാമ തവ നിഹിതം മുന്നം;
ഇന്നതു ഹൃതം സപദി മഹിതം." (സീതാസ്വയംവരം പദം)

## പാട്ടുകൾ

ഓരോ പാട്ടിനെപ്പറ്റിയും എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. താഴെ കാണുന്ന വരികൾ ശോണാദ്രീശ്വരീമാഹാത്മ്യത്തിലുള്ളതാണ്.

"പുരഹരപ്രിയജായേ! സുരുചിരകരതായേ!
ഗിരിവരസുതേ! വരമരുളുക തായേ!
ചരണം താവകം ധന്യേ! ശരണം മേ ഗിരി കന്യേ!
ഒരു ഗതി ദേവിയെന്യേ പരമിന്നു നഹി, അന്യേ."

(അഞ്ചാം വൃത്തം)

"പട്ടാളജാലം വരുന്നതു കണ്ടു;
പടുതയെഴുമവരുടയ നടപടികൾ കണ്ടു;
പോലീസുകാരുടെ കൂട്ടവും കണ്ടു;
പൊതുവിലൊരു ലഹളയതുമവിടെയഥ കണ്ടു;
വേലയ്ക്കുവേണ്ടും വിലങ്ങുരെക്കണ്ടു;
വെറിപെരിയ ഭടരുടയ പൊടിയുമഥ കണ്ടു."

(ശ്രീമൂലമഹാരാജഷഷ്ടിപൂർത്തിമഹോത്സവം തുള്ളൽ)

## ഒരു കൊച്ചുപൂച്ച

ഇതു ശങ്കുണ്ണി മഞ്ജരീവൃത്തത്തിൽ രചിച്ചിട്ടുള്ളതും ഫലിതസമ്പൂർണ്ണവുമായ ഒരു ചെറിയ കൃതിയാകുന്നു. പട്ടികയിൽ ഉൾപ്പെടുത്തത്തക്കവണ്ണം ദൈർഘ്യമില്ല.

"എന്തിനീപൂച്ചയെ വാഴ്ത്തുന്നുവെന്നുള്ളിൽ-
ചിന്തിച്ചു ചെറ്റും ചിരിക്കേണ്ടാരും.
സൂക്ഷ്മം വിചാരിച്ചു നോക്കുമ്പോളീപ്പൂച്ച
സാക്ഷാൽ പരബ്രഹ്മം തന്നെയല്ലോ.
രൂപമില്ലല്ലോ പരബ്രഹ്മത്തിന്നൊരു
രൂപവും പൂച്ചയ്ക്കുമില്ലതന്നെ.
എല്ലാ സ്ഥലങ്ങളുമെല്ലാജ്ജനങ്ങളും
കില്ലില്ല പൂച്ചയ്ക്കു തുല്യമത്രേ.
ദേവാലയങ്ങളും ചണ്ഡാലഗേഹവും
കേവലം തുല്യമീപ്പൂച്ചയ്ക്കോർത്താൽ.
സർവ്വത്ര പോകുമിപ്പൂച്ച ഭുജിച്ചിടും
ഗർവ്വമറ്റന്നമാരേകിയാലും.
തീണ്ടിക്കുളിയില്ല; തൊട്ടുകുളിയില്ല;
തീണ്ടാരിയായാലുമൊന്നുമില്ല.
ആഢ്യന്മാരെന്നാലുമാത്തേന്മാരാകിലും
ശാഠ്യമില്ലിപ്പൂച്ച ശുദ്ധംതന്നെ."

ഇതുപോലെ വേറെയും ചില കൃതികൾ അദ്ദേഹം നിർമ്മിച്ചിരുന്നുവെങ്കിൽ.

## ഭൂതനാഥോത്ഭവം

മനോഹരമായ ഒരു ശീതങ്കൽതുള്ളലാണ് ഭൂതനാഥോത്ഭവം. കവിയുടെ അക്ലിഷ്ടമായ പദപ്രയോഗപാടവത്തിന് 1084-ൽ പ്രസിദ്ധീകരിച്ച ഈ കൃതി സാക്ഷ്യം വഹിക്കുന്നു.

"പുരികുഴലഴകും ശ്രീ പെരുകും പൊൻകിരീടവും
കുറവറ്റലലാടവും കുറുനിടനികരവും
മുറുക്കും കാഞ്ചിയൊത്തേലുമരക്കെട്ടും മുഴങ്കാലും
പുരുഭങ്ഗിയെഴും പൊൻരൂപുരവും മാനസതാരിൽ
അരുണപങ്കജമൊക്കും ചരണയുഗവും തോന്നായ്-
വരണമായതിന്നായിത്തരണം മേ വരം സ്വാമിൻ!
കരുണാബ്ധേ! ഭവൽപാദം ശരണം മേ സദാകാലം
പരചിത്തേ! നമസ്കാരം! പരിചിൽ തേ നമസ്കാരം!"

## വിനായകമാഹാത്മ്യം

വിശിഷ്ടമായ ഒരു കിളിപ്പാട്ടാണ് വിനായകമാഹാത്മ്യം.

"വിരവിനൊടു വിപിനഭുവി വിവശമതിയായ മാം
വിട്ടുപിരിഞ്ഞെങ്ങു പോയി നീ മാമുനേ?
കരിനികരമഹിഷവൃകഹരിണഹരിസങ്കലം
കാനനം ഭീതിദം കാരുണ്യവാരിധേ!
ദുരിതനിധി കുടിലമതിയൊരു ഖലനഹോ! യമ-
ദൂതനെപ്പോലെ പിടിച്ചിഴയ്ക്കുന്നു മാം.
യമസദൃശനിവനറിക വിജനമിതനാഥായാ-
മേകാകിനീം മാം വിട്ടുവിപ്പതാരഹോ?

അപരമൊരു ശരണമിഹ നഹിനഹി മഹാവനേ-
യാശു മാം രക്ഷിച്ചുകൊൾക നീ മാമുനേ!
അതിചപലനദയനിവനനുചിതവിധം ബലാ-
ലാചരിപ്പാൻ തുടങ്ങീടുന്നു ദുർന്നയൻ." (തൃതീയപാദം)

## ഗദ്യകൃതികൾ

ഗദ്യകൃതികളിൽ ഗണനീയമായുള്ളതു് ഐതീഹ്യമാലയാണു്. അതിന്റെ രചനയ്ക്കു വേണ്ട വിവരങ്ങൾ ശേഖരിക്കുവാൻ ശങ്കുണ്ണി വളരെ ക്ലേശിച്ചിരിക്കണം. അത്തരത്തിൽ ഒരു പുസ്തകം ഭാഷയിൽ വേറെയില്ല. പാറ്റിക്കൊഴിച്ചെടുത്താൽ കിട്ടുന്ന മണി ചരിത്രഗവേഷകന്മാർക്കു വിലവേറില്ലാത്ത മണിതന്നെയായിരിക്കും. പഴങ്കഥകൾ പറഞ്ഞുകേൾപ്പിക്കുന്നതിനു പ്രത്യേകം പറ്റിയ ഒരു ഭാഷാരീതി നമ്മുടെ കവിക്കു വശപ്പെട്ടിരുന്നു. നോക്കുക താഴെക്കാണുന്ന വാക്യങ്ങൾ.

"പാതായിക്കര എന്ന ഇല്ലം അങ്ങാടിപ്പുറംദേശത്താണു്. ആ ഇല്ലത്തു് ഒരു കാലത്തു് അതിശക്തന്മാരും ജ്യേഷ്ഠാനുജന്മാരുമായി രണ്ടു നമ്പൂരിമാരുണ്ടായിരുന്നു. ഇവർക്കു പ്രതിദിനം രണ്ടുനേരവും ഭക്ഷണത്തിനു് ഓരോ പന്തിരുനാഴി (പന്ത്രണ്ടേകാലിടങ്ങഴി അരി) വീതമായിരുന്നു പതിവു്. ഇവർ കൂട്ടാനും മോരും കൂട്ടി ഊണുകഴിക്കുക പതിവില്ലായിരുന്നു. അതിനു പകരം തേങ്ങാപ്പാലാണു് അവർ കൂട്ടിവന്നതു്. ജ്യേഷ്ഠനും അനുജനും പന്ത്രണ്ടേകാൽവീതവും ജ്യേഷ്ഠന്റെ അന്തർജ്ജനത്തിനു മുന്നാഴിയും ഇങ്ങനെ ഇരുപത്തഞ്ചേകാൽ ഇടങ്ങഴി ആ അന്തർജ്ജനം വെച്ചുവാർത്തു് അതിൽ തനിക്കുള്ള മുന്നാഴിയരിയുടെ ചോറ്റ് എടുത്തുകൊണ്ടു ശേഷമുള്ളതു് പപ്പാതി രണ്ടുപേർക്കും വിളമ്പിക്കൊടുക്കുകയും രണ്ടുപേരുടേയും ഇടത്തുവശത്തു പൊതിക്കാത്ത പന്ത്രണ്ടു തേങ്ങാവീതം കൊണ്ടുചെന്നുവയ്ക്കുകയും ചെയ്യും. അങ്ങിനെയായിരുന്നു അവിടത്തെ പതിവു്."

ഈ ലാളിത്യം ഭാഷയിൽഒരു ഗദ്യകാരനും കിട്ടീട്ടില്ല. ഇനിയും ലക്ഷ്മീഭായി വായനശാല (ഗദ്യം), ഭർത്തൃസാന്നിധ്യം (ഗദ്യം), പുരാണേതിഹാസതർജ്ജമ (ഗദ്യം), ചതുരോക്തികൾ (ഗദ്യം), രാമായണപാരായണം (ഗദ്യം) ഇങ്ങനെ പല വാങ്മയങ്ങളും മാസികകളിലും മറ്റുമായി ചിതറിക്കിടക്കുന്നു. അവ സമുച്ചയിക്കേണ്ടതു് ആവശ്യകമാണു്.

ഇത്രയുമുള്ള പ്രസ്താവനയിൽനിന്നു കൊട്ടാരത്തിൽ ശങ്കുണ്ണി സാഹിത്യപോഷണത്തിൽ എത്ര സജീവമായും സഫലമായും പ്രവർത്തിച്ചിരുന്നു എന്നു് അനുവാചകന്മാർക്കു ഗ്രഹിക്കാവുന്നതാണു്. അദ്ദേഹവും കേരളീയരുടെ സാദരസ്മരണത്തെ നിസ്സംശയമായി അർഹിക്കുന്നു.

# 54
# കൊച്ചിയിലെ ചില കവികളും കവയിത്രികളും

### ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ (1032—1080)

#### ജനനം

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അഭിജ്ഞാനശാകുന്തളത്തെ പിന്തുടർന്ന് ഒന്നാമതായി ഭാഷയിൽ വിവർത്തിതമായ നാടകം ജാനകീപരിണയമാകുന്നു. അതിന്റെ പ്രണേതാവെന്ന നിലയിലും മറ്റും ചാത്തുക്കുട്ടി മന്നാടിയാരുടെ നാമധേയം കേരളീയർക്കു സുപരിചിതമാണ്. മന്നാടിയാർ കൊച്ചിരാജ്യത്തു ചിറ്റൂർത്താലൂക്കിൽ ആഭിജാത്യത്തിനും ഐശ്വര്യത്തിനും പേരുകേട്ട ചമ്പത്തുതറവാട്ടിൽ 1032-ാണ്ടു മീനമാസം 5-ാംനു ജനിച്ചു. മാതാവായ അമ്മു മന്നാടിശ്യാർ കവിക്കു മൂന്നു വയസ്സായപ്പോൾ മരിച്ചുപോകയാൽ മാതൃസഹോദരിയായ കാളുമന്നാടിശ്യാരാണ് വളർത്തിയത്. പിതാവു പാലക്കാട്ട് എലപ്പുള്ളിയംശത്തിൽ ഒരു വലിയ ജന്മിയായ കേനാത്തുവീട്ടിൽ ചാമുമേനോനായിരുന്നു. കവിക്കു ഗോവിന്ദമന്നാടിയാർ എന്നൊരു ജ്യേഷ്ഠനുണ്ടായിരുന്നു. മാതാപിതാക്കന്മാരെയും ജ്യേഷ്ഠനെയും പറ്റി അദ്ദേഹം ഹാലാസ്യമാഹാത്മ്യം കിളിപ്പാട്ടിൽ താഴെക്കാണുന്നവിധത്തിൽ സ്മരിച്ചിരിക്കുന്നു.

“എത്രയോ പണിപ്പെട്ടു ഗർഭത്തിൽ വളർത്തഥ
പുത്രനാമെന്നെ മഹാദുഃഖേന പെറ്റു പിന്നെ
മൂത്രവും പുരീഷദുർഗ്ഗന്ധവുമഹോ! തന്റെ
ഗാത്രത്തിൽ വഹിച്ചതിമാത്രലാളനയോടും
നന്മുലപ്പാലുമൂട്ടിശ്ശൈശവേ വളർത്തിയോ—
രമ്മുനാകികയാകുമമ്മയ്ക്കു നമസ്കാരം.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
എത്രയും സ്നേഹിച്ചു തൻപുത്രനെപ്പോലെയെന്നെ—
യിത്രനാളും വളർത്ത ധാത്രിക്കും നമസ്കാരം.
സൽപുരുഷാഗ്രേസരൻ സൽഗുണാംബുധി കേനാ—
ത്തുൽപന്നനായോരച്ഛൻ ശ്രീചാമുനാമാ ശ്രീമാൻ
പ്രീതനായനുഗ്രഹം നല്കുവാൻ വണങ്ങുന്നേൻ
താതപദാനുഗ്രഹം സർവ്വസിദ്ധിദമല്ലോ.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

> ധീമതാം വരൻ ശാന്തമാനസൻ ഗോവിന്ദാഖ്യ–
> ശ്രീമദഗ്രജൻ തുണച്ചീടണമത്രയല്ല
> സമ്പദാലയജാതമാതുലാഗ്രജരെല്ലാ–
> മമ്പോടു തുണയ്ക്കണം മറ്റുള്ള മഹാന്മാരും"

ഗോവിന്ദമന്നാടിയാർ ചിത്രമെഴുത്തിലും മറ്റും വിദഗ്ദ്ധനായിരുന്നു.

## വിദ്യാഭ്യാസം

ബാല്യത്തിൽ രോഗഗ്രസ്തനായിരുന്നതിനാൽ ഒൻപതാമത്തെ വയസ്സിലേ കഥാപുരുഷൻ കാര്യമായി എന്തെങ്കിലും പഠിക്കുവാൻ ആരംഭിച്ചുള്ളൂ. ചിറ്റൂർ പൊലപ്പുള്ളി കോതാത്ത് അപ്പു എഴുത്തച്ഛൻ എന്ന പേരിൽ സുവിദിതനായ രാമൻനായരായിരുന്നു പ്രഥമഗുരു. അദ്ദേഹം ഒരു നല്ല സംസ്കൃതപണ്ഡിതനും ദൈവജ്ഞനുമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം 1008-നും 1056-നും ഇടയ്ക്കാണ്. അദ്ദേഹത്തെയും കവി ഹാലാസ്യമാഹാത്മ്യത്തിൽ ഇങ്ങനെ വർണ്ണിച്ചിട്ടുണ്ട്.

> "കരുണാബ്ധിയാം രാമഗുരുനാഥന്റെ ദിവ്യ–
> ചരണാംബുജദ്വയം ശരണം സദാ മമ.
> സ്മരണം യസ്യ ശാസ്ത്രവരുണാലയങ്ങളെ–
> ത്തരണം ചെയ്വതിന്നു തരണിയായീടുന്നു.
> വരണം ചെയ്വാൻതന്നെ വരണം കവിതയാം
> തരുണിയതിന്നു മേ തരണം ഗുരു കൃപാം."

ശരീരാസ്വാസ്ഥ്യംനിമിത്തം ആ ഗുരു ഏഴു കൊല്ലം പഠിപ്പിച്ചുവെങ്കിലും വളരെയൊന്നും അഭ്യസിക്കുവാൻ ശിഷ്യനു സാധിച്ചില്ല. സംസ്കൃതത്തിൽ ഒരുവിധം കാവ്യവ്യുൽപത്തിമാത്രം സ്വാധീനമാക്കി ഉപരിവിദ്യാഭ്യാസത്തിനായി തൃശ്ശൂരിൽ ചെന്നു വെങ്കടാദ്രിശാസ്ത്രികളുടെ അന്തേവാസിയായി ആ ഭാഷയിൽ പാണ്ഡിത്യം നേടി. രാമൻനായർ മന്നാടിയാരുടെ മേധയും പ്രതിഭയും കണ്ടു് ആ ശിഷ്യൻ ഒരു കാലത്തു യശസ്സ്വിയായിത്തീരുമെന്നു ദീർഘദർശനം ചെയ്തിട്ടുണ്ട്. അതു ശരിയാണെന്നു സഹൃദയന്മാർക്കു ബോധ്യപ്പെടുവാൻ അധികകാലതാമസം വേണ്ടിവന്നില്ല.

## അനന്തരകാലജീവിതം

പിന്നീടു മന്നാടിയാർ തിരിയെ സ്വഗൃഹത്തിലേക്കു പോയി രാമനെഴുത്തച്ഛന്റെ ഉപദേശത്തിനു വിധേയനായി തിരുവിതാംകൂറിൽ അക്കാലത്തു പുത്തനായി ഏർപ്പെടുത്തിയ വക്കീൽപ്പരീക്ഷയിൽ ജയിച്ചു. അതു് 1053-ാണ്ടായിരുന്നു. അതു കഴിഞ്ഞു തിരുവനന്തപുരത്തു ചെന്നു് ആയില്യംതിരുനാൾ മഹാരാജാവിനെ മുഖം കാണിക്കുകയും "ധീര ശ്രീനൃപതേ! ഭവാന്റെ ഗുണമാലംബിച്ചു" എന്നും മറ്റും ചില ശ്ലോകങ്ങൾ അടിയറവെയ്ക്കുകയും ചെയ്തു. അന്നു വലിയകോയിത്തമ്പുരാൻ തിരുവനന്തപുരത്തുണ്ടായിരുന്നില്ല. അവർ തമ്മിൽ ഒരിക്കൽ തൃശ്ശൂർവച്ചുകണ്ടിട്ടുള്ളതേയുള്ളൂ. 1055-ാണ്ടു മകരമാസം മുതൽ രണ്ടു കൊല്ലം മൂവാറ്റുപുഴ മുൻസിഫ്കോടതിയിൽ അഭിഭാഷകവൃത്തി നോക്കി. അപ്പോഴേക്കു കൊച്ചിയിലെ വക്കീൽപ്പരീക്ഷയിലും വിജയിയായി. അവിടെ അപ്പീൽക്കോടതിയിൽ വ്യവഹരിക്കുന്നതിനുള്ള സന്നതു വാങ്ങി 1057 ഇടവമാസം മുതൽ തൃശ്ശൂരിൽ സ്ഥിരമായി താമസിച്ചു് അതേ വൃത്തി തുടർന്നു. ബുദ്ധിമാനും വാഗ്മിയുമായ അദ്ദേഹത്തിനു് ഒരു നല്ല വക്കീൽ എന്ന നിലയിൽ പേരു കേൾക്കുവാൻ എളുപ്പത്തിൽ സാധിച്ചു. 1063-ൽ തൃശ്ശൂരിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന കേരളനന്ദിനി

എന്ന പത്രത്തിന്റെ ആധിപത്യം രണ്ടുമൂന്നു മാസത്തേക്കു വഹിച്ചു. സി.പി. അച്യുതമേനോൻ തൃശ്ശൂരിൽ താമസം തുടങ്ങിയപ്പോൾ അവർ തമ്മിൽ ഗാഢമായ സൗഹാർദ്ദം അങ്കുരിച്ചു. അതിനു ഭങ്ഗം വന്നതു് ഉത്തരരാമചരിതം നാടകത്തിന്റെ അഭിനയകാര്യത്തിലുണ്ടായ മത്സരം നിമിത്തമാണെന്നു് അന്യത്ര വിവരിച്ചിട്ടുണ്ടല്ലോ. മന്നാടിയാരുടെ ആദ്യത്തെ പത്നി ചിറ്റൂർ അമ്പാട്ടു ജാനകിയമ്മയായിരുന്നു. പിന്നീടു തൃശ്ശൂർ കോരപ്പുറത്തു കൊച്ചുകുട്ടിയമ്മയേയും കുറേക്കാലം കഴിഞ്ഞു് 1075-ാണ്ടു് ആ സാധ്വിയുടെ സമ്മതത്തോടുകൂടി പിതാവിന്റെ ഭാഗിനേയിയായ കേനാത്തു കല്യാണിക്കുഞ്ഞിയമ്മയേയും പരിഗ്രഹിച്ചു. അദ്ദേഹം ഒരു ഉൽപതിഷ്ണുവായ സമുദായപരിഷ്കാരിയായിരുന്നു. സങ്ഗീതത്തിലും ചതുരങ്ഗത്തിലുമുള്ള അവഗാഹവും സാമാന്യമായിരുന്നില്ല. അവസാനത്തിൽ രണ്ടുമൂന്നു കൊല്ലം പ്രമേഹരോഗിയായിത്തീരുകയും 1080-ാണ്ടു വൃശ്ചികമാസം 14-ാംനു- ആ രോഗം മൂർച്ഛിച്ചു യശശ്ശരീരനാവുകയും ചെയ്തു.

## കൃതികൾ

മന്നാടിയാരുടെ കൃതികൾ എണ്ണത്തിൽ അധികമില്ല. ഭാഷയിൽ 1 ഹാലാസ്യമാഹാത്മ്യം കിളിപ്പാട്ടും, 2 ജാനകീപരിണയം നാടകവും, 3 ഉത്തരരാമചരിതം നാടകവും, 4 സംസ്കൃതത്തിൽ പുഷ്പഗിരീശസ്തോത്രവും അദ്ദേഹം രചിച്ചിട്ടുണ്ടു്. ഇവ കൂടാതെ ഒരു താരാട്ടും ചില മുക്തകങ്ങളും കൂടി അദ്ദേഹത്തിന്റെ വകയായി കാണുന്നു. സങ്ഗീതശാകുന്തളം ഒന്നുരണ്ടങ്കങ്ങൾ എഴുതിയതായി കേട്ടിട്ടുണ്ടു്. തടാതകാപരിണയം തിരുവാതിരപ്പാട്ടു് എന്നൊരു കൃതി അദ്ദേഹം നിർമ്മിച്ചിട്ടുള്ളതായി ചിലർ പറഞ്ഞിട്ടുള്ളതു തീരെ അടിസ്ഥാനരഹിതമാണു്. അതിലുള്ളതാണെന്നു് അവർ ചൂണ്ടിക്കാണിക്കുന്ന വരികൾ ഹാലാസ്യമാഹാത്മ്യം എട്ടാമധ്യായത്തിലുള്ളതാണു്. മലയധ്വജപാണ്ഡ്യന്റെ പുത്രിയായി തടാതക എന്ന പേരിൽ അവതരിക്കുന്ന മീനാക്ഷിദേവിയെ ഹാലാസ്യനാഥൻ വിവാഹം ചെയ്യുന്നതാണു് ആ അധ്യായത്തിലെ കഥാവസ്തു. മന്നാടിയാർ വളരെ നിഷ്കർഷിച്ചാണു് തന്റെ ഓരോ കൃതിയും രചിച്ചിട്ടുള്ളതു്. ക്രമേണ അദ്ദേഹത്തിന്റെ കവനകലാപാടവം അഭിവൃദ്ധമായിക്കൊണ്ടിരുന്നു. വലിയ കോയിത്തമ്പുരാന്റെ അഭിജ്ഞാനശാകുന്തളത്തിലെ ചില ശ്ലോകങ്ങൾ സാമാന്യജനങ്ങൾക്കു് അനഭിഗമ്യങ്ങളായിരുന്നു. എന്നാൽ മന്നാടിയാരുടെ ജാനകീപരിണയം ആപാദചൂഡം ആർക്കും സുഗ്രഹമായ ഭാഷയിലാണു് പുറത്തു വന്നതു്. അതുകൊണ്ടു് അതിനു കേരളമെങ്ങും അതിവേഗത്തിൽ പ്രചാരം ലഭിച്ചു. ഭാഷാകാവ്യനിർമ്മാണത്തിനു സംസ്കൃതകാവ്യനിർമ്മാണത്തേക്കാൾ പ്രയാസം കൂടുമെന്നുള്ള പക്ഷക്കാരനായിരുന്നു അദ്ദേഹം. ആ വസ്തുത അദ്ദേഹം ജാനകീപരിണയത്തിന്റെ പ്രസ്താവനയിൽ

> “ഒന്നായ്ച്ചേർക്കയുമാം പദങ്ങളിടവിട്ടെങ്ങെങ്കിലും ചേർത്തിടാം
> പിന്നിൽച്ചേർത്ത വിശേഷണങ്ങളുടെ മുൻ ചേർക്കാം വിശേഷ്യങ്ങളെ
> പിന്നെ പ്രാസവുമത്ര വേണ്ട വളരെക്കിട്ടും പദം സംസ്കൃതേ;
> എന്നാൽക്കേരളഭാഷയിങ്കലതുപോലല്ലായ്കയാൽ ദുർഘടം”

എന്ന ശ്ലോകംകൊണ്ടു വിശദീകരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ മൂന്നു ഭാഷാകാവ്യങ്ങളും വിവർത്തിതങ്ങളാണെന്നുള്ളതു ശരിതന്നെ. എന്നാൽ അവയ്ക്കു് അതുകൊണ്ടു പ്രത്യേകിച്ചൊരപകർഷമൊന്നും സംഭവിച്ചിട്ടില്ല. ഉത്തരരാമചരിതം വിശിഷ്യ ഗുണോത്തരമാണു്.

## ഹാലാസ്യമാഹാത്മ്യം

ഹാലാസ്യമാഹാത്മ്യം കിളിപ്പാട്ടിൽ ആകെ 71 അധ്യായങ്ങൾഅടങ്ങിയിരിക്കുന്നു. മധുരയിലെ സുന്ദരേശ്വരസ്വാമിയുടെ ചതുഷ്ഷഷ്ടിലീലകളെയാണ് അതിൽ പ്രപഞ്ചനം ചെയ്തിരിക്കുന്നതു്. ആദ്യത്തെ അറുപതോളം അധ്യായങ്ങൾ തജ്ജമ ചെയ്തതു മൂവാറ്റുപുഴെ താമസിക്കുന്ന കാലത്തായിരുന്നു. പിന്നീടു കുറേക്കാലത്തേക്കു് ആ പ്രവൃത്തി തുടർന്നില്ല. 1063-ാണ്ടു കന്നിമാസം മുതൽ ജാനകീപരിണയം ഭാഷാന്തരപ്പെടുത്തുകയും "ഭൂസുരശ്രേഷ്ഠ ജാത്യം" എന്ന കലിവാചകത്തിൽ സൂചിതമായ ആ കൊല്ലം മേടമാസം 1-ാംനു- ആ കൃതി പൂർത്തിയാക്കുകയും ചെയ്തു. പിന്നീടു ഹാലാസ്യമാഹാത്മ്യത്തിലെ അവശിഷ്ടങ്ങളായ അഞ്ചധ്യായങ്ങളും അവതാരികയും കൂടി എഴുതി 1064 മകരം 15-ാംനു- ആ ഗ്രന്ഥവും അവസാനിപ്പിച്ചു. അന്നത്തെ കലിവാചകം "ഭൂതേശരുദ്രജായാ" എന്നു കാണിച്ചിട്ടുണ്ടു്. താഴെ കാണുന്ന വരികളിൽ കവിയുടെ "ചാത്തുക്കുട്ടിമന്നാടിയാർ" എന്ന പേർ നാലാമത്തെ അക്ഷരങ്ങളിൽ ഘടിപ്പിച്ചിരിക്കുന്നു.

> "കവിതാചാതുര്യമില്ലെങ്കിലുമിപ്പുസ്തകം
> ഭുവി സത്തുക്കൾക്കതിമുത്തിനായ്ഭവിക്കണം.
> വല്ലതും കുറ്റമുണ്ടാമിതിലെന്നാലുമതു
> ചൊല്ലി മുട്ടിക്കാമെന്നു കരുതീടരുതാരും.
> തെറ്റുകൾ മഹേശന്റെ മാഹാത്മ്യം കഥിക്കുമ്പോൾ
> ചെറ്റു വന്നാലുമതിനാലെന്തു ഹാനിയുള്ളൂ?
> അങ്കകൗടില്യജാഡ്യാദികളാം ദോഷങ്ങളു–
> ണ്ടെങ്കിലും യാമിനീശനതിനാൽ നിന്ദ്യനാമോ?
> കവിതാരസമത്ര കാര്യമായ് നിനക്കേണ്ട."

തുഞ്ചത്തെഴുത്തച്ഛന്റെ സമാധികൊണ്ടു പവിത്രമായ കിഴക്കൻ ചിറ്റൂരിൽ ജനിച്ച ഒരു കവിക്കു കിളിപ്പാട്ടുണ്ടാക്കുവാൻ അഭിരുചി ജനിച്ചതു് അസ്വാഭാവികമല്ല; പോരെങ്കിൽ ഭാഗവതം ഏകാദശസ്കന്ധം എഴുവത്തു നാണുക്കുട്ടിമേനോൻ ഏതാനും കൊല്ലങ്ങൾക്കുമുമ്പുമാത്രമാണല്ലോ നിർമ്മിച്ചതു. അതെല്ലാം കവിക്കു പ്രസ്തുത വിഷയത്തിൽ പ്രചോദകമായിരുന്നിരിക്കണം. കവിതാരീതി കാണിക്കുവാൻ ചില വരികൾകൂടി ഉദ്ധരിക്കാം.

> "ഒരു കാൽ പൊക്കിബ്ഭവാനിങ്ങനേ നടേശ്വര!
> ചിരകാലമായല്ലോ താണ്ഡവം ചെയ്തീടുന്നു.
> വളരെദ്ദുഃഖമൊരു കാൽ പൊക്കി നൃത്തംചെയ്കിൽ
> കളവല്ലനുഭവിച്ചറിഞ്ഞേൻ മുന്നമേ ഞാൻ.
> അതിനാലിപ്പോൾ ഭവാൻ പൊക്കിയ പാദമൂന്നി
> മതിശേഖര! മറ്റേക്കാൽ പൊക്കി നൃത്തം ചെയ്ക.
> ഇന്നിപ്പോൾ ഭവാനേവം നർത്തനം ചെയ്തില്ലെങ്കി–
> ലെന്നുടെ ശിരസ്സു ഞാൻ വാൾകൊണ്ടു വെട്ടും ദൃഢം.
> മന്നവനേവം ചൊല്ലി വാളെടുത്തുറയൂരി–
> ത്തന്നുടെ ദേഹസ്നേഹം വെടിഞ്ഞു നിന്നനേരം
> ഊന്നിയ വലത്തുകാൽ പൊക്കിയും നടേശ്വര–
> നൂന്നിയുമിടത്തുകാലേറ്റവും മനോജ്ഞമായ്
> തദ്ധിമിദ്ധിമിദ്ധിമിതാന്തിമിദ്ധിമിയെന്നു

വ്യത്യസ്തനൃത്തം ചെയ്താനത്ഭുതമത്യത്ഭുതം!
സത്വരം ഹരിവിരിഞ്ചാദിഗീർവാണന്മാരു–
മെത്തിനാരവിടത്തിലപ്സരസ്ത്രീവർഗ്ഗവും.
പാടുന്നു ഗന്ധർവന്മാ; രപ്സരസ്ത്രീജനങ്ങ–
ളാടുന്നു; ചിലരപ്പോൾ മദ്ദളമടിക്കുന്നു;
തേടുന്നു പരാനന്ദം; പുഷ്പങ്ങൾകൊണ്ടീശനെ
മൂടുന്നു, ചിലരപ്പോൾത്താളങ്ങൾ പിടിക്കുന്നു.”

## ഒരു താരാട്ട്

മന്നാടിയാരുടെ ഒരു താരാട്ടിൽനിന്നു കൂടി ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം.

“ഓമനയെൻകൊച്ചുകുട്ടി നിന്റെ ഹേമമയമല്ലോ തൊട്ടി
ഭൂതലേ വിസ്തൃതം പാരം തവ താതന്റെ രാജാധികാരം
എന്മിഴിപ്പീയൂഷധാരേ തവ തിന്മകളോ ബഹുദൂരേ
മന്ദം മിഴികളെച്ചീമ്പിക്കൊണ്ടു നന്നായുറങ്ങുറങ്ങുണ്ണി!
ഈശ്വരദൃഷ്ടിയാൽമാത്രം പരിദൃശ്യന്മാരായഹോരാത്രം
നിന്നാലജ്ഞാതരായ്ത്തീരേ വാനിൽ നിന്നുടെ തൊട്ടിക്കുനേരേ
അമ്പുള്ള ദിവ്യന്മാർ നോക്കിക്കൊണ്ടു കുമ്പിട്ടുനില്ക്കുന്നു തിക്കി
മന്ദം മിഴികളെച്ചീമ്പി. . . . . . . . . ” ഇത്യാദി.

## ജാനകീപരിണയം

മഹാകവി രാമഭദ്രദീക്ഷിതരുടെ ജാനകീപരിണയം നാടകം വിവർത്തനത്തിന് എളുപ്പത്തിൽ വഴങ്ങിക്കൊടുക്കുന്ന ഒന്നല്ല. ആകെ 440-നു മേൽ ശ്ലോകങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. ആ കാവ്യം ആരും വ്യാഖ്യാനിച്ചിട്ടില്ല. രസാനുഗുണമാണ് അദ്ദേഹത്തിന്റെ പദവിന്യാസം. തന്നിമിത്തം ചില ശ്ലോകങ്ങൾ ദീർഘസമാസജടിലങ്ങളായിത്തീർന്നിട്ടുണ്ട്.

“ആന്ത്രാകല്പവലൽപയോധരഭരവ്യാവിദ്ധമേഘച്ഛടാ–
സൃക്വസ്ഥാമിഷഗൃദ്ധ്നഗൃധ്രഗരുദാസ്ഫാലോല്ലസന്മൂർദ്ധജാ”
“ശശ്വദ്രഥ്യാശ്വഹേഷാസഹവനമഹിഷോ–
ദ്ധൂതശൃങ്ഗപ്രശീര്യ–
ദ്വല്മീകോന്മീലദാശീവിഷപരുഷവിഷോ–
ദ്ഗാരഹൂൽകാരഭീമാഃ”

ഇത്യാദിഭാഗങ്ങൾ ഭാഷാന്തരീകരിക്കുന്നതിനുള്ള ക്ലേശം ആ വഴിയിൽ സഞ്ചരിക്കുന്ന കവികൾക്കേ അറിഞ്ഞുകൂടൂ. അത്തരത്തിലുള്ള ഒരു നാടകം ഏഴു മാസംകൊണ്ടു തർജ്ജമചെയ്ത മന്നാടിയാരുടെ വശ്യവചസ്സ്വത്തെ ആരുതന്നെ അഭിനന്ദിക്കുകയില്ല?

“വിണ്ണോർനാരികളെപ്പിടിച്ചു ബലമായ്–
ക്കാരാഗൃഹം ചേർപ്പതാ–
ണുണ്ണിപ്രായമതിങ്കൽ മണ്ണുകളിയ–
വ്വണ്ണം വിളങ്ങും പ്രഭു
തിണ്ണം ജാനകിതന്നെയന്തപഹരി–

പ്പാനായ് നിനയ്ക്കാഞ്ഞു മു–
ക്കണ്ണൻ തന്നുടെ ഭക്തനെന്നു ജനകൻ
തന്നിൽ പ്രിയം മൂലമോ?”
“ഹാരമറ്റടനുതിർന്ന മുത്തുകൾകണക്കെ വീണ നയനാംബുവിൻ–
ധാരയാൽ മുല നനച്ച കണ്ണിണ തുടച്ചഹോ മലിനചേലയാൽ
ചാരുചിത്രമതിലുള്ള വല്ലഭനെ നോക്കിയങ്ങനെ കഴിച്ചുതേ
സാരസാക്ഷി ബത! മാസമേഴുമിഹ ശിംശപാതരുതലത്തിലായ്”

ഇത്യാദി പദ്യങ്ങൾ വിശിഷ്ടങ്ങളായിരിക്കുന്നു.

## ഉത്തരരാമചരിതം

ഉത്തരരാമചരിതം അതു പ്രസിദ്ധീകരിച്ച 1067-ാണ്ടുതന്നെ സഹൃദയന്മാരുടെ മുക്തകണ്ഠമായ ശ്ലാഘയ്ക്കു പാത്രീഭവിച്ചു; ഇന്നും അതിന്റെ അത്യുച്ചമായ നിലയ്ക്കു യാതൊരു ഭംഗവും വന്നിട്ടില്ല. ഭാഷയിൽ ഉത്തമമായ രീതിയിൽ വിവർത്തിതങ്ങളായ നാടകങ്ങൾ അധികമില്ല. അഭൗമമഹിമാവായ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ആശ്ചര്യച്ചൂഡാമണിക്കു സമശീർഷമായി മന്നാടിയാരുടെ ഉത്തരരാമചരിതം നിലകൊള്ളുന്നു. “ഒരു ഗ്രന്ഥം തർജ്ജമചെയ്യാൻ പുറപ്പെടുന്നതിനുമുമ്പ് അതിന്റെ കിട്ടാവുന്നിടത്തോളമുള്ള വ്യാഖ്യാനങ്ങളോട്ടുകൂടി നാലഞ്ചു പ്രാവശ്യമെങ്കിലും പഠിക്കണം. എന്നതിന്റെ ശേഷംവേണം തർജ്ജമചെയ്യാൻ പുറപ്പെടാൻ” എന്ന് ഒരവസരത്തിൽ അദ്ദേഹം പ്രസ്താവിച്ചതായി സി.എസ്. ഗോപാലപ്പണിക്കർ രേഖപ്പെടുത്തീട്ടുണ്ട്. കവി ഉത്തരരാമചരിതം വളരെ മനസ്സിരുത്തിയണു ഭാഷപ്പെടുത്തീട്ടുള്ളതു. മൂലത്തിലെ “ലോലോല്ലോലക്ഷുഭിതകരുണോജ്ജൃംഭണസ്തംഭനാർത്ഥം” ഇത്യാദി ശ്ലോകമോ അതിന്റെ തർജ്ജമയായ

“തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെ–
ത്തെല്ലൊതുക്കുന്നതിന്നാ–
യുള്ളത്തിൽത്തൽക്ഷണം ഞാൻ പലവിധമിഹ ചെ–
യ്തുള്ള യത്നത്തെയെല്ലാം
വെള്ളത്തിൻ വേഗമേറും ഗതി മണലണയെ–
ത്തട്ടിനീക്കുന്നപോലേ
തള്ളിത്തള്ളിപ്പരക്കുന്നിതു ബത! വലുതാ–
യുള്ള ചേതോവികാരം”

എന്ന ശ്ലോകമോ ഹൃദ്യതരം എന്ന് ആരെങ്കിലും ചോദിച്ചാൽ ഉത്തരം പറയുവാൻ പ്രയാസമുണ്ട്. അതുപോലെതന്നെയാണ് “കണ്ഡൂലദ്വിപഗണ്ഡപിണ്ഡകഷണാകമ്പേന” എന്ന ശ്ലോകത്തിന്റെ ഭാഷയായ

“ചൂടേറ്റിട്ടൊട്ടു ഞെട്ടറ്റലർനിരയെ മദി–
ച്ചാന ഗണ്ഡങ്ങൾ തേച്ചി–
ട്ടാടുമ്പോളാശു ഗോദാവരിയിലിഹ പൊഴി–
ക്കുന്ന തീരദ്രുമങ്ങൾ
കൂടേറി പ്രാവുപൂംകോഴികൾ കരയുമിവ–
റ്റിന്റെ തൊലിൽച്ചരിക്കും
കീടത്തെച്ചെന്നു കൊത്തുന്നിതു നിഴലിലിരു–
ന്നാഴിമാന്തും ഖഗങ്ങൾ.”

എന്ന ശ്ലോകത്തെപ്പറ്റിയും എന്റെ അഭിപ്രായം. "സ്മരസി സുതനു! തസ്മിൻ പർവതേ" എന്നും "പുരോൽപീഡേ തടാകസ്യ" എന്നുമുള്ള ശ്ലോകങ്ങൾ എത്ര ഹൃദയംഗമമായി തർജ്ജമ ചെയ്തിരിക്കുന്നു എന്നു നോക്കുക.

"അക്കാലം സുഖമോടുമഗ്ഗിരിയിൽ നാം
സൗമിത്രി ചെയ്യുന്ന നൽ–
സ്സൽക്കാരത്തെ വഹിച്ചുകൊണ്ടു ബഹുനാൾ
വാണുള്ളതോർക്കുന്നുവോ?
മൽക്കാന്തേ! മധുരാംബു ചേർന്നൊഴുകമി–
ഗ്ഗോദാവരീ സിന്ധുവും
തൽക്കൂലങ്ങളിൽ നാം കളിച്ചതുമയേ!
മയ്ക്കണ്ണിയോർക്കുന്നുവോ!"

"കരകൾ കവിയുമാറായ് വെള്ളമേന്തും കുളത്തി–
ന്നൊരു വഴി പരിരക്ഷയ്ക്കോവു വയ്ക്കുന്നതല്ലോ;
തെരുതെരെയഴൽ തിങ്ങും മാനസത്തിന്നുറക്കെ–
ക്കരയുകിലതുതന്നേ തെല്ലൊരാശ്വാസഹേതു."

ഭാഷാസാഹിത്യത്തിന് ഒരു മികച്ച നേട്ടംതന്നെയാണ് ഉത്തരരാമചരിതം. അദ്ദേഹത്തിന്റെ രസികരഞ്ജിനീനാടകസഭയേയും മറ്റും പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ട്.

## പുഷ്പഗിരീശസ്തോത്രം

മദിരാശിയിലെ അഭിഭാഷക നേതാവായിരുന്ന റ്റി. ആർ. രാമചന്ദ്രയ്യർ തൃശ്ശൂരിനു സമീപമുള്ള പൂങ്കുന്ന് (പുഷ്പഗിരി) എന്ന സ്ഥലത്തെ ശ്രീരാമസ്വാമിയുടെ ഒരു ഭക്തശിരോമണിയായിരുന്നു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം രാമായണകഥ സങ്ഗ്രഹിച്ചു ഗീതിവൃത്തത്തിൽ നൂറ്റിരുപതു ശ്ലോകങ്ങൾ ഉൾക്കൊള്ളിച്ചു മന്നാടിയാർ രചിച്ച ഒരു കൃതിയാണ് പുഷ്പഗിരീശസ്തോത്രം. അതിന് ആര്യാശതകം എന്നും പേരുണ്ട്. പ്രസാദമധുരമാണ് അതിലെ ശൈലി. അദ്ദേഹത്തിനു കവനവിഷയത്തിൽ ഭാഷയെന്ന പോലെ സംസ്കൃതവും സ്വാധീനമായിരുന്നു എന്ന് ആ സ്തോത്രം തെളിയിക്കുന്നു. താഴെക്കാണുന്ന പദ്യങ്ങൾ പരിശോധിക്കുക.

"വാല്മീകികൃതസ്തോത്രം വലശാസനനീലശകലരുചിഗാത്രം
വാരിജദലസമനേത്രം വന്ദേഹം ശ്രിതപവിത്രസുമഗോത്രം."

"ശ്രിതഗുഹസാരസസൂരം ശിഷ്ടഭരദ്വാജസൽകൃതമുദാരം
ശിവദം നൗമി സദാരം ശ്രീപുഷ്പഗിരീശ്വരം മഹാവീരം."

"സീതാവിവാഹലോലം സ്വീകൃതലോലംബരമ്യസുമമാലം
ആലംബിതസുമശൈലം കാലം ദ്വിഷതാം നമാമി രഘുബാലം."

സ്തോത്രം ആരംഭിക്കുന്നത്

"ചിരകാലകൃതൈസ്സുകൃതൈർദൃശ്യോ വിശ്വൈകനായകസ്സാക്ഷാൽ
സുന്ദരപാവനമൂർത്തിസ്സുമശൈലേ ലസതി ജാനകീജാനിഃ"

എന്ന പദ്യംകൊണ്ടാകുന്നു.

ജാനകീപരിണയവും ഉത്തരരാമചരിതവും തർജ്ജമചെയ്തകവിക്ക് അത്തരത്തിൽ ഒരു ശ്രീരാമസ്തോത്രവുംകൂടി രചിക്കുവാൻ ഇടവന്നതു് ഒരു ആകസ്മികസംഭവമാണെന്നു് ആസ്തികന്മാർക്കു തോന്നുകയില്ല.

### രണ്ടു മുക്തകങ്ങൾ

ചുവടേ ചേർക്കുന്ന ശ്ലോകം രാമഞ്ചിറ മഠത്തിൽ കാവമ്മയെക്കുറിച്ചെഴുതിയതാണ്.

“മാരാരാധനചെയ്യുവാൻ മലയജം വയ്ക്കുന്ന പാത്രങ്ങളോ
ധീരന്മാരുടെ ധൈര്യമങ്ങു കളവാനുള്ളോരു സൂത്രങ്ങളോ
പാരം ഭങ്ഗിയൊടും വിടർന്നുവിലസും നീലാബ്ജപത്രങ്ങളോ
ഹാ! രാമഞ്ചിറമന്ദിരത്തിലമരും കാവിന്റെ നേത്രങ്ങളോ?”

“ചുറ്റും ചിന്നിക്കിടക്കും ചെരുചുരുൾമുടി ചേ–
ർന്നാസ്യമല്പം ചരിച്ചി–
ട്ടിറ്റിറ്റോലുന്ന ലാലാജലമൊടുമധികം
മന്ദഹാസം പൊഴിച്ചും
തെറ്റോടീടുന്ന നാരായണിയുടെ പുറകേ
പാദവിന്യാസമല്പം
തെറ്റിത്തെറ്റിഗ്ഗമിക്കും തവ സുതനനിശം
ക്ഷേമമുണ്ടായിടട്ടേ.”

## സി. ഏ. നാണുവയ്യാശാസ്ത്രി (1025–1088)

### ചരിത്രം

നാണുവയ്യാശാസ്ത്രി 1025-ാണ്ടു മേടമാസത്തിൽ അശ്വതി നക്ഷത്രത്തിൽ കൊച്ചിശ്ശീമ ചിറ്റൂർ തെക്കേ ഗ്രാമത്തിൽ അനന്തരാമയ്യരുടെ പുത്രനായി ജനിച്ചു. മാതാവു പാലക്കാട്ടു കുളിമുട്ടം ഗ്രാമത്തിൽ അനന്താംബയായിരുന്നു. ആ ദമ്പതിമാർക്കു നാലു പുത്രന്മാരുണ്ടായിരുന്നതിൽ കനിഷ്ഠനാണ് ശാസ്ത്രി. എഴുത്തച്ഛൻമഠത്തിനടുത്തായിരുന്നു ഗൃഹം. ബാല്യത്തിൽ ചിറ്റൂർ അനന്തേശ്വരശാസ്ത്രികളുടെ അടുക്കൽ സംസ്കൃതം അഭ്യസിച്ചതിനുമേൽ കോയമ്പത്തൂരിൽ പോയി ഇംഗ്ലീഷും തമിഴും പഠിച്ചു. സംഗീതത്തിലും നല്ല വാസനയുണ്ടായിരുന്നതിനാൽ ത്യാഗരാജന്റെയും മറ്റും കൃതികളുടെ അർത്ഥാവബോധത്തിനുവേണ്ടി കുറേ തെലുങ്കും അതോടുകൂടി ഹിന്ദുസ്ഥാനിയും ശീലിച്ചു. ആദ്യം സ്വദേശത്തു സർക്കാർ മിഡിൽസ്കൂളിൽ ഒരധ്യാപകനായിരുന്നു. ചിറ്റൂരിൽ ഒരു ഭജനസമിതി സംഘടിപ്പിച്ച് ആ നിലയിൽ അതിന്റെ ആവശ്യത്തിനായി അനേകം ഗാനങ്ങൾ എഴുതിക്കൊടുത്തു. അവയിൽ ചില പാട്ടുകൾക്കു നല്ല പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. എരുവയിൽ എം. ചക്രപാണിവാരിയരുടെ ഹരിശ്ചന്ദ്രചരിതം നാടകത്തിൽ അദ്ദേഹത്തിന്റെ “സംസാരപരിതാപേ” എന്നാരംഭിക്കുന്ന ഗാനം ഒരു പാട്ടിന്റെ മാതൃകയായി ചേർത്തുകാണുന്നു. പിന്നീടു ചിറ്റൂരിൽ മുൻസിഫ്കോടതി വക്കീലായി വ്യവഹരിച്ചു. അക്കാലത്തു താൻ സംസ്കൃതത്തിലും മലയാളത്തിലും തമിഴിലും രചിച്ച ചില പാട്ടുകളും പദ്യങ്ങളും തൃശ്ശൂർ ഡിസ്ട്രിക്റ്റ് ജഡ്ജിയും അദ്ദേഹം ‘കവീശൻ’ എന്ന ബഹുമതി നല്കുകയും ചെയ്തു. സംസ്കൃതപണ്ഡിതനും ഭാഷാകവിയുമായിരുന്ന ആചാര്യർ ആ സ്ഥാനത്തുനിന്നു യഥാകാലം കൊച്ചി ദിവാൻജിയായി ഉയർന്നു. വക്കീലായിരുന്നപ്പോൾ ശാസ്ത്രി ചില സാമ്പത്തിക പ്രവർത്തനങ്ങളിൽ

ഏർപ്പെടുകയും അവയിൽ ഭീമമായ നഷ്ടം നേരിടുകയും ചെയ്യുനിമിത്തം കഠിനമായ മനക്ലേശത്തിനു വിധേയനാകുകയും ചെയ്തു. പിന്നീടാണ് കൊല്ലങ്കോട്ടു ഹൈസ്കൂളിൽ സംസ്കൃതപണ്ഡിതനായതു്. 1066 മുതൽ അഞ്ചാറു കൊല്ലം തൃശ്ശിനാപ്പള്ളി എസ്.പി.ജി. കോളേജിൽ സംസ്കൃതത്തിലും മലയാളത്തിലും പ്രഭാഷകനായി നിയമിക്കപ്പെട്ടു ആ പണി നോക്കി. അവിടെവെച്ചു് 1088 തുലാമാസം കൃഷ്ണപക്ഷചതുർത്ഥിനാളിൽ മരിച്ചു. പത്നി നല്ലേപ്പള്ളിഗ്രാമത്തിലെ ഈശ്വരാംബയായിരുന്നു. അലമ്മേനകാനാടകം തുടങ്ങിയ ചില കൃതികളുടെ പ്രണേതാവും തിരുവനന്തപുരത്തു ഗവർമ്മെന്റു കോളേജിൽ സീനിയർ മലയാളം ലക്ചററുമായിരുന്ന സി.എൻ.ഏ രാമയ്യാശാസ്ത്രി അദ്ദേഹത്തിന്റെ സീമന്തപുത്രനാണ്. അദ്ദേഹം 1054 ധനുമാസത്തിൽ ജനിച്ചു. 1121 ധനുമാസത്തിൽ പരേതനായി.

### കൃതികൾ

ശാസ്ത്രിയുടെ കൃതികളിൽ (1) പ്രബോധ ചന്ദ്രോദയം ഭാഷാനാടകത്തിനാണ് പ്രസിദ്ധി അധികം. അതിനുമുൻപു കോന്നനാത്തു ശങ്കുണ്ണിമേനോൻ എന്നൊരു കവി 1068-ാണ്ടിടയ്ക്കു് ആ നാടകം തർജ്ജമചെയ്തിട്ടുണ്ടായിരുന്നു. ശാസ്ത്രിയുടെ തർജ്ജമ കവനോദയത്തിൽ പ്രകാശിതമായതു് 1077-ാണ്ടാണ്. അതിനുപുറമേ, (2) ഭജനഗാനമഞ്ജരി, (3) ജീവാദിശ്ലോകമഞ്ജരി, (4) വർണ്ണസ്തവമഞ്ജരി, (5) വിനോദപദ്യമഞ്ജരി, (6) വിവിധപദ്യമഞ്ജരി, (7) സഹൃദയദർപ്പണം, (8) ഭക്തിച്ഛായാദർപ്പണം, (9) മാണിക്യസൂത്രദർപ്പണം, (10) സ്ത്രീചിത്തദർപ്പണം, (11) അലങ്കാരദർപ്പണം, (12) സമാസദർപ്പണം, (13) ദൈവവൈചിത്ര്യം എന്നീ മലയാള കൃതികളും, (14) സുബ്രഹ്മണ്യക്കടവുൾപതികം, (15) തീപ്പാട്ടു്, (16) ശ്രീരങ്ഗനാഥത്താരാട്ടു്, (17) ഉച്ചിപ്പിള്ളൈയാർപതികം എന്നീ തമിഴ്കൃതികളും ശാസ്ത്രികൾ രചിച്ചിട്ടുണ്ടു്. തനിക്കു് ഇടക്കാലത്തു നേരിട്ട ആപത്തുകലെ വിവരിക്കുന്നതാണ് രണ്ടാമത്തെ പുസ്തകം. രണ്ടു മഞ്ജരികളിലും അദ്ദേഹം സംസ്കൃത പദ്യങ്ങളും തമിഴ്പദ്യങ്ങളുംകൂടി സംഘടിപ്പിച്ചിട്ടുണ്ടു്. ദർപ്പണകൃതികളെല്ലാം മലയാളത്തിൽത്തന്നെ രചിച്ചിരിക്കുന്നു. ദൈവവൈചിത്ര്യം എന്ന ഗദ്യകൃതി അപൂർണ്ണമാണ്. അതിൽ അദ്ദേഹത്തിന്റെ കുടുംബചരിത്രമാണ് പ്രതിപാദിച്ചിരിക്കുന്നതു്. ഗാനങ്ങളോളം ഗുണം ശ്ലോകങ്ങൾക്കില്ല. പ്രബോധചന്ദ്രോദയത്തിൽനിന്നു് ഒരു ശ്ലോകംമാത്രം ഉദ്ധരിക്കാം.

> “ധനം കിട്ടാം; പക്ഷേയതിനു പുനരേറെക്കുറവതായ്
> വിനാശം വന്നാൽപ്പോമൊരുതവണയായോ പലതിലോ;
> ധനാഭാവം നന്നോ, പറക ധനമുണ്ടായ് വിലയമോ;
> ധനാഭാവത്തെക്കാളുടയതു നശിച്ചാൽ വ്യഥ തുലോം.”

## മാക്കോത്തുകൃഷ്ണമേനോൻ (1022—1090)

### ജനനവും വിദ്യാഭ്യാസവും

കൃഷ്ണമേനോൻ കൊച്ചിയിൽ കിഴക്കൻ ചിറ്റൂരിൽ മാക്കോത്തുവീട്ടിൽ 1022-ാണ്ടു കന്നിമാസം തിരുവോണം നക്ഷത്രത്തിൽ ജനിച്ചു. പിതാവു കുറിച്ചിയത്തു ഗോവിന്ദമേനോനും മാതാവു ലക്ഷ്മിയമ്മയുമായിരുന്നു. കുറിച്ചിയത്തു് എന്ന ഭവനം സ്ഥിതിചെയ്യുന്നതു് ഇരിങ്ങാലക്കുടയ്ക്കു് ഏഴു നാഴിക കിഴക്കുള്ള കൊടകരദേശത്തിലാണ്. മാക്കോത്തുവീട്ടുകാരുടെ മൂലകുടുംബംപാലക്കാട്ടിനു് ആറുമൈൽ തെക്കു കൊടുവായൂരംശം കുളവരമ്പത്താണ്. അക്കാലത്തു മാക്കോത്തുതറവാടു ദാരിദ്ര്യബാധിതമായി

രുന്നതിനാൽ കൃഷ്ണമേനോനു വിദ്യാഭ്യാസസംബന്ധമായി വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. പ്രസിദ്ധവിദ്വാനും കവിയുമായ പാലക്കാട്ടു കോമ്പിഅച്ചനായിരുന്നു ആദ്യത്തെ ഗുരുനാഥൻ. കോമ്പിഅച്ചൻ യൗവനാരംഭത്തിനുമുൻപുതന്നെ ലോകവ്യുൽപത്തി ഉറയ്ക്കത്തക്കവണ്ണം അദ്ദേഹത്തെ സംസ്കൃതം അഭ്യസിപ്പിച്ചു.

## അനന്തരകാലജീവിതം

പിന്നീടു കൃഷ്ണമേനോൻ പാലക്കാട്ടുനിന്ന് ആറു നാഴിക അകലെയുള്ള പള്ളത്തിരി കപ്പടത്തു വീട്ടിൽ ഒരെഴുത്തച്ഛന്റെ നിലയിൽ വളരെ ശിഷ്യന്മാരെ പഴയ രീതിയിൽ വിദ്യാഭ്യാസം ചെയ്യിച്ചുകൊണ്ടു താമസിച്ചു. അങ്ങനെയിരിക്കവേ അവിടത്തെ മുൻസിഫ്കോടതിയിൽ ഒരു ആമീൻപണി കിട്ടി. ആ പണിയിൽ ഇരുന്നുകൊണ്ടു കോടതിക്കാര്യങ്ങൾ മനസ്സിലാക്കി കൊച്ചിയിലെ ജില്ലാക്കോടതി വക്കീൽപ്പരീക്ഷയിൽ ജയിച്ചു തൃശ്ശൂരിൽച്ചെന്ന് അഭിഭാഷകവൃത്തിയാരംഭിച്ചു. ഒരു നല്ല വക്കീലെന്ന നിലയിൽ പേർ കേൾക്കുവാൻ അദ്ദേഹത്തിനു പ്രയാസമുണ്ടായില്ല. ആദ്യം പാലക്കാട്ടു മാടമ്പത്തുവീട്ടിൽനിന്ന് ഒരു യുവതിയേയും അവരുടെ മരണാനന്തരം കൊടുവായൂർ കുളവരമ്പത്തു കുഞ്ചിയമ്മയേയും വിവാഹം ചെയ്തു. ആ സാധ്വിയും കൃഷ്ണമേനോനു മുൻപുതന്നെ ചരമഗതിയെ പ്രാപിക്കുകയാണുണ്ടായതു്. ജ്യോതിശ്ശാസ്ത്രത്തിലും അദ്ദേഹത്തിനു നല്ല പരിജ്ഞാനമുണ്ടായിരുന്നു. 1090-ാണ്ടു വൃശ്ചികമാസം അത്തം നക്ഷത്രത്തിൽ മരിച്ചു. വരവൂർ ശാമുമേനോനും കപ്പടത്തു ശങ്കരമേനോനും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. തോട്ടയ്ക്കാട്ടു് ഇക്കാവമ്മയ്ക്കും അദ്ദേഹത്തിന്റെ ശിഷ്യത്വമുണ്ടു്.

## കൃതികൾ

കൃഷ്ണമേനോൻ സംസ്കൃതത്തിൽനിന്ന് (1) ക്ഷേമേശ്വരന്റെ ചണ്ഡകൗശികം, (2) ജയദേവന്റെ പ്രസന്നരാഘവം എന്നീ രണ്ടു നാടകങ്ങളും, (3) ലളിതോപാഖ്യാനവും തർജ്ജമ ചെയ്തിട്ടുള്ളതിനുപുറമെ, തോട്ടയ്ക്കാട്ടു് ഇക്കാവമ്മയുടെ അപേക്ഷയനുസരിച്ച്, (4) വടക്കുനാഥക്ഷേത്രമാഹാത്മ്യം എന്നൊരു കിളിപ്പാട്ടും, (5) മരണദൂതലക്ഷണം എന്ന കിളിപ്പാട്ടും, (6) സാവിത്രീചരിതം, (7) ധ്രുവചരിതം എന്നീ രണ്ടാട്ടക്കഥകളും, (8) സീതാവിവാഹം തുള്ളലും രചിച്ചിട്ടുണ്ടു്. മരണദൂതലക്ഷണം സ്കാന്ദസംഹിതയിൽനിന്നു തർജ്ജമ ചെയ്തിട്ടുള്ള ഒരു ചെറിയ കൃതിയാണ്. 1068-ാണ്ടാണ് ചണ്ഡകൗശികം പ്രസിദ്ധീകരിച്ചതു്. 1083-ൽ അച്ചടിപ്പിച്ച ലളിതോപാഖ്യാനം കിളിപ്പാട്ടിൽ മുപ്പത്തിനാലധ്യായങ്ങൾ അടങ്ങിയിരിയ്ക്കുന്നു. അതുതന്നെയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതി. താഴെ കാണുന്ന ശ്ലോകം ചണ്ഡകൗശികത്തിലുള്ളതാണ്.

> “മുന്നിൽക്കാണുമരക്ഷണം ഞൊടിയിടെ
>     ക്കാണാതെയാം മായിപോ–
> ലെന്നെദ്ദൂരെ ഹരിച്ചിടുന്നു കുതുകാ–
>     ലല്ലേ വരാഹാധമ!
> ഇന്നെൻകണ്ണിലകപ്പെടും നിമിഷമെ–
>     ന്നാകിൽ ഭവാനിന്നിമേ–
> ലെന്നും നീ ശഠ! പത്മിനീവിദളനം
>     ചെയ്യില്ല കില്ലില്ല മേ.”

## വരവൂർ ശാമുമേനോൻ (1050—1102)

### ജനനവും വിദ്യാഭ്യാസവും

ചാത്തുക്കുട്ടിമന്നാടിയാരേയും മാക്കോത്തുകൃഷ്ണമേനോനേയുംപോലെ വരവൂർ ശാമുമേനോനും കൊച്ചി കിഴക്കൻചിറ്റൂരിലെ ഒരു കവിയാകുന്നു. ചിറ്റൂർ ഭഗവതീ ക്ഷേത്രത്തിൽ "വെളിച്ചപ്പാട്" എന്ന സ്ഥാനം വരവൂർകുടുംബത്തിലേക്കു പരമ്പരയാ സിദ്ധിച്ചിട്ടുള്ളതാണ്. ആ കുടുംബത്തിലെ ഏമുഅമ്മയുടേയും ചിറ്റൂർ പട്ടഞ്ചീരി അംശത്തിൽപ്പെട്ട മണിയിൽവീട്ടിൽ നാണുനായരുടേയും പുത്രനായി ശാമുമേനോൻ 1050-ാണ്ടു മിഥുനം 12-ാംനു പൂരുരുട്ടാതിനക്ഷത്രത്തിൽ ജനിച്ചു. അവിടത്തെ ഭഗവതിയുടെ കാരുണ്യം നമ്മുടെ കവിക്കു പരിപൂർണ്ണമായി ഉണ്ടായിരുന്നു. ആ അനുഗ്രഹശക്തികൊണ്ടു പില്ക്കാലത്ത് അനേകംപേരുടെ ബാധോപദ്രവങ്ങൾ അദ്ദേഹം ശമിപ്പിച്ചിട്ടുണ്ട്. ശ്രീശങ്കരവിജയത്തിന്റെ അവസാനത്തിൽ ശാമുമേനോൻ തന്റെ കുലദേവതയെ താഴെക്കാണുന്നവിധത്തിൽ വന്ദിക്കുന്നു.

"പാരൊക്കെയും കാത്തുരക്ഷിച്ചിരിക്കുന്ന
കാരുണ്യമേറിടുമെൻകുലദൈവമേ!
ദാരുകൻതന്നെയും ദുർബ്ബുദ്ധിയേറ്റവും
ചേരുന്ന കൊങ്ങനാം രാജാവുതന്നെയും
ഭക്തരെപ്പാലനംചെയ്യുവാൻ വധിച്ചൊരു
ഭക്തപ്രിയേ! ഭുക്തിമുക്തിപ്രദായിനി!
തായേ! ഭയങ്കരകായേ! പരാശക്തി!
നീയേ ഗതി മഹാമായേ! നിരാമയേ!"

ബാല്യത്തിൽ ഭൂരിഭാഗവും പിതൃഗൃഹത്തിൽത്തന്നെയാണ് കഴിച്ചുകൂട്ടിയത്. കൊടുവായൂർ താച്ചുമേനോൻ ബാലപാഠങ്ങൾ പഠിപ്പിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ പിതാവു മരിക്കുകയാൽ സ്വഗൃഹത്തിലേയ്ക്കു തന്നെ പോന്നു. അമ്മാവന്റെ കൃഷിസ്ഥലമായ വേലാന്താവളത്തിലേക്ക് അദ്ദേഹത്തോടൊന്നിച്ചു പോകേണ്ടിവന്നതിനാൽ തൽക്കാലം വിദ്യാഭ്യാസത്തിനു സൌകര്യമൊന്നും ലഭിച്ചില്ലെങ്കിലും തരമുള്ളപ്പോഴെല്ലാം അവിടെനിന്ന് ആറു നാഴിക അകലെയുള്ള നല്ലേപ്പള്ളിയിൽ മാതുലപുത്രന്മാരെ സംസ്കൃതം പഠിപ്പിച്ചിരുന്ന ഒരു ശാസ്ത്രിയോടു ശിഷ്യപ്പെട്ടു സംസ്കൃതത്തിൽ ചില ലഘുകാവ്യങ്ങൾ വായിച്ചു. പതിനഞ്ചാമത്തെ വയസ്സിൽ ഏതോ കാരണവശാൽ കാരണവനുമായി പിരിഞ്ഞപ്പോൾ സ്വശാഖയെ സംരക്ഷിക്കേണ്ട ഭാരം ആ ബാലൻതന്നെ വഹിക്കേണ്ടതായിവന്നു. എങ്കിലും ജ്ഞാനവാസിഷ്ഠത്തിൽ അദ്ദേഹത്തെ കവി വളരെ കൃതജ്ഞതയോടുകൂടിയാണ് സ്മരിക്കുന്നത്.

"ഗങ്ഗ മുതലായ ദിവ്യതീർത്ഥങ്ങളിൽ
മങ്ങാതെ മജ്ജനംചെയ്തഘമറ്റൊരു
രാമഭക്തൻ ജിതകാമൻ യതികളെ
സ്സാമോദമന്വഹം സേവിച്ചിടും മഹാൻ
ധീമാനധുനാ വിദേഹനെന്നുള്ളൊരു
നാമധേയത്തെദ്ധരിച്ച ഗുണാകരൻ
എന്നെക്കുറിച്ചേറെ വാത്സല്യമേറുന്ന
ധന്യൻ കരുണാകരാഖ്യനെൻ മാതുലൻ
ചൊല്ലിലുത്സാഹം ജനിപ്പിക്കകാരണം

ചൊല്ലാർന്ന വാസിഷ്ഠമേഷ ഞാനീവിധം
ഭാഷയാക്കീടിനേൻ . . . ” എന്ന വരികൾ നേക്കുക.

ആധാരമെഴുത്തു തൊഴിലാക്കിക്കൊണ്ട് ആദ്യകാലത്ത് ഒരുവിധം നിത്യവൃത്തി കഴിച്ചു. അക്കാലത്താണ് ചിറ്റൂർ തേലക്കാട്ടു ഗോപാലമേനോന്റെ ശിഷ്യനായി ബൃഹൽ കാവ്യങ്ങൾ പഠിച്ചത്. അങ്ങനെ ഗുരുമുഖത്തിൽനിന്നു ലഭിച്ച വിദ്യ അത്യന്തം പരിമിതമാണെങ്കിലും പ്രതികൂലമായ പരിതഃസ്ഥിതിയിൽനിന്നു സ്വയം പരിശ്രമിച്ചും ചിറ്റൂരിലെ ഇതരകവികളുമായി ഇടപഴകിയും കാലക്രമത്തിൽ ഒരു നല്ല സംസ്കൃതപണ്ഡിതനായി ഉയരുവാൻ അദ്ദേഹത്തിനു സാധിച്ചു. മന്ത്രശാസ്ത്രം, വേദാന്തം എന്നീ വിഷയങ്ങളിൽ അദ്ദേഹം വിശിഷ്യ വിജ്ഞാനായിരുന്നു.

## അനന്തരകാലജീവിതം

17-ാമത്തെ വയസ്സിൽ കൃഷ്ണാ വിവാഹശതകം എന്നൊരു കൃതി കടത്തനാട്ടു ഉദയവർമ്മത്തമ്പുരാന്റെ കവനോദയത്തിൽ പ്രസിദ്ധീകരിച്ചതോടുകൂടി ശാമുമേനോനെ ഒരു കവിയെന്ന നിലയിൽ ജനങ്ങൾ അറിഞ്ഞു തുടങ്ങി. 24-ാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ പ്രധാന കൃതികളിൽ ഒന്നായ അദ്ഭുതരാമായണം അച്ചടിപ്പിച്ചു. 25-ാമത്തെ വയസിനുമുൻപ് അദ്ദേഹത്തെ അന്നു ചിറ്റൂർ മജിസ്റ്റ്രേട്ടായിരുന്ന കുണ്ടൂർ നാരായണമേനോൻ തന്റെ കോടതിയിൽ ഒരു പകർപ്പുഗുമസ്തനായി നിയമിച്ചു. അതിൽപ്പിന്നീടായിരുന്നു മാതാവിന്റെ മരണം. തന്നിമിത്തം ഉണ്ടായ ദുഃഖത്തിന്റെ ലഘൂകരണത്തിനായി ‘ലഘുയോഗവാസിഷ്ഠം’ പാരായണംചെയ്ത് ആ ഗ്രന്ഥം ‘ജ്ഞാനവാസിഷ്ഠം’ എന്ന പേരിൽ തർജ്ജമചെയ്തു. അത് 1078-ൽ അച്ചടിപ്പിച്ചു. അതിനുമേൽ കൊച്ചി ക്രിമിനൽ വക്കീൽപ്പരീക്ഷയിൽ ജയിച്ചു ചിറ്റൂർ മജിസ്റ്റ്രേട്ടുകോടതിയിൽ വ്യവഹരിച്ചു തുടങ്ങി. അതോടുകൂടി അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതിയും നന്നായി. പിന്നെയും ഓരോ കാലത്തായി പല ഗ്രന്ഥങ്ങളും പലരുടേയും അപേക്ഷയനുസരിച്ചു രചിച്ചു. ഒടുവിലത്തെ കൃതിയാണ് ത്രിപുരാരഹസ്യം കിളിപ്പാട്ട്. അത് 1100 മീനം 28-ആം തിയ്യതി ആരംഭിച്ച് 1101 മകരം 13-ആം തിയ്യതി പൂർത്തിയാക്കി. 1095-ൽത്തന്നെ പ്രമേഹരോഗം അദ്ദേഹത്തെ ബാധിച്ചുകഴിഞ്ഞിരുന്നു. ആ രോഗം അപായകരമായ നിലയിൽ മൂർച്ഛിച്ച് 1102-ാണ്ടു മകരമാസം 11-ആം തിയ്യതി തെങ്കുറുശ്ശിയിലുള്ള പത്നീഗൃഹത്തിൽവച്ചു ചരമഗതിയെ പ്രാപിച്ചു. തെങ്കുറിശ്ശി തൊളക്കംപാടത്തു മാധവിയമ്മ എന്നായിരുന്നു പത്നിയുടെ പേര്. ശാമുമേനോനു പല ശിഷ്യന്മാരുമുണ്ടായിരുന്നു. അവരിൽ പ്രമുഖന്മാർ ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ അനുജൻ ശങ്കരൻകുട്ടിമേനോനും തന്റെ അനുജൻ വരവൂർ നാരായണമേനോനുമായിരുന്നു.

## കൃതികൾ

മുൻപിലത്തെ ഖണ്ഡികയിൽ നിർദ്ദേശിച്ച (1) കൃഷ്ണാവിവാഹശതകം, (2) അദ്ഭുതരാമായണം കിളിപ്പാട്ട്, (3) ജ്ഞാനവാസിഷ്ഠം കിളിപ്പാട്ട്, (4) ത്രിപുരാരഹസ്യം കിളിപ്പാട്ട് എന്നിവയ്ക്കുപുറമേ, ശാമുമേനോൻ (5) ശ്രുതിഗീത കിളിപ്പാട്ട്, (6) കുചേലവൃത്തം (എട്ടുവൃത്തം) കൈകൊട്ടിക്കളിപ്പാട്ട്, (7) ദേവീസ്തവം (കാളിയാക്ക്), (8) ശിവപാദാദി കേശാന്തസ്തവം ഭാഷ, (9) ശങ്കരവിജയം കിളിപ്പാട്ട് (1085-88), (10) രാജയോഗംനക്ഷത്രമാല (1092), (11) ദേവീഭാഗവതം കിളിപ്പാട്ട് (1093-94), (12) ശ്രീരാമവർമ്മ വിജയം ഭാഷാഗാനം (1094), (13) ഭാഷാമൃച്ഛകടികം (1096) എന്നീ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. (14) കടത്തനാട്ടു ഉദയവർമ്മത്തമ്പുരാന്റെ നിർദ്ദേശമനുസരിച്ചു ഭാരതമഞ്ജരി

യിലെ ശാന്തിപർവവും അദ്ദേഹം പരിഭാഷപ്പെടുത്തി. (15) ശ്രീകൃഷ്ണ ചൈതന്യസ്വാമികൾ എന്ന പേരിൽ ചൈതന്യന്റെ ചരിത്രം ഗദ്യരൂപത്തിൽ 1092-ൽ പ്രസിദ്ധീകരിച്ചു. പദ്യംപോലെ ഗദ്യവും എഴുതുവാൻ അദ്ദേഹം പരിചയിച്ചിരുന്നു. വിവിധ വൃത്തങ്ങളിൽ നൂറ്റൊന്നു പദ്യങ്ങളടങ്ങിയ കൃഷ്ണാവിവാഹശതകം 17-ാമത്തെ വയസ്സിൽ ഉണ്ടാക്കിയ ഒരു കൃതിയാണെന്നു പറഞ്ഞുവല്ലോ. വയഃക്രമമനുസരിച്ചുള്ള വാസന അതിൽ പ്രതിഫലിക്കുന്നുണ്ട്.

“കാരുണ്യത്തോടുമപ്പോൾ മുരഹരനവരോ–
ടോതിനാനെന്റെ ഭക്ത–
ന്മാരായ് മേവുന്ന നിങ്ങൾക്കൊരു കുറവുമൊരേ–
ടത്തുമുണ്ടാകയില്ല;
പാരാതേയിന്നി വേണ്ടുന്നതുമഴകൊടു ചെ–
യ്തീടുവിൻ നിങ്ങളെല്ലാ
നേരത്തും കൂടെയുണ്ടെന്നറിയുക ഭവതാം
ഞാനതിന്നില്ല ഭേദം.”

എന്നത് അതിലെ ഒരു ശ്ലോകമാണ്. ആ പുസ്തകത്തെ നിരൂപണം ചെയ്ത വിദ്യാവിനോദിനീ പത്രാധിപർ “ചെറുപ്പക്കാരനായ ഈ ഗ്രന്ഥകർത്താവ് ഒരു കാലത്തു നല്ല കവിയായിത്തീരും” എന്നഭിപ്രായപ്പെട്ടതു തെറ്റിയില്ല. 1094-ൽ മദിരാശിയിൽ വച്ചു തീപ്പെട്ട കൊച്ചി മഹാരാജാവു കുണ്ടൂരിനെയും മറ്റുമെന്നപോലെ അദ്ദേഹത്തെയും ‘കവിതിലകൻ’ എന്ന സ്ഥാനം നല്കി ബഹുമാനിച്ചു. ശ്രീമദ്ഭാഗവതം ഏകാദശസ്കന്ധത്തിലുള്ള ശ്രുതിഗീത അതിനുമുൻപ് ആരും കിളിപ്പാട്ടായി തർജ്ജമ ചെയ്തിരുന്നില്ല. ആ വിവർത്തനം എഴുതിയതു ഭാരത വിലാസം അച്ചുക്കൂടം ഉടമസ്ഥനായ മാളിയമ്മാവിൽ കുഞ്ഞുവറിയതിനുവേണ്ടിയാണ്. ചിറ്റൂർ ഭഗവതിയെപ്പറ്റിയുള്ള ഒരു സ്തോത്രമാണ് കാളിയാർക്ക്. അത്തരത്തിൽ ഒരു കൃതി എഴുവത്തു നാണക്കുട്ടിമേനോനും എഴുതിയതായി നാം ധരിച്ചിട്ടുണ്ടല്ലോ. ശങ്കരവിജയം തർജ്ജമ ചെയ്തതു തെങ്കുറിശ്ശി ജസ്റ്റിസ് ശങ്കരൻനായർ വായനശാലയുടെ കാര്യദർശിയായ വി.ഒ.എം. മാധവമന്നാടിയാരുടെ അപേക്ഷയനുസരിച്ചാണ്. ആ തർജ്ജമയ്ക്കു, മാധവാചാര്യരുടേതെന്നു ചില പഴമക്കാർ വിശ്വസിച്ചുപോരുന്ന ശങ്കരവിജയമഹാകാവ്യത്തേയും ചിദ്വിലാസയതിയുടെ ശങ്കരവിജയത്തേയുമാണ് കവി ആശ്രയിച്ചിരിക്കുന്നത്. ആ വസ്തുത അദ്ദേഹംതന്നെ ഗ്രന്ഥാവസാനത്തിൽ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്.

“മാധവാചാര്യനും ശ്രീചിദ്വിലാസനാം
സാധുവും ലോകരിൽക്കൂടും കൃപയൊടും
വേദാന്തദേശികൻതൻകഥ ചൊല്ലിനാർ;
സാദരം ഞാനതു രണ്ടും സമീക്ഷിച്ചു
പാവനമായുള്ള ദേശികവൃത്താന്ത–
മീവണ്ണമിന്നഗ്ഗുരുകടാക്ഷത്തിനാൽ
ഭാഷയായ്ച്ചൊല്ലിനേൻ . . . . . . ”

ശ്രീരാമവർമ്മവിജയം മദിരാശിയിൽനിന്നു തീപ്പെട്ട കൊച്ചി വലിയതമ്പുരാനെപ്പറ്റിയുള്ള ഒരു കൃതിയാണ്. മൃച്ഛകടികം തർജ്ജമചെയ്തതു കവിയും അദ്ദേഹത്തിന്റെ അനുജനും കൂടിയാണെങ്കിലും അതിലെ ഗദ്യാംശവും ഏതാനും പദ്യങ്ങളും മാത്രമേ അനുജന്റേതായി ഉള്ളു. ത്രിപുരാരഹസ്യം ഭാഷപ്പെടുത്തിയതു പ്രസിദ്ധ സാഹിത്യപോഷകനായ റ്റി.കെ. കൃഷ്ണമേനോന്റെ ആവശ്യപ്രകാരമാണ്. ശാമുമേനോന്റെ

കവിത അത്ഭുതരാമായണം എഴുതിയ കാലത്തുതന്നെ ആകർഷകമായിരുന്നു. ആ ആകർഷകത കാലം ചെല്ലുന്തോറും ഒന്നിനൊന്ന് അഭിവൃദ്ധിയെ പ്രാപിച്ചുവന്നു. വേദാന്തവിഷയകങ്ങളായ ഗ്രന്ഥങ്ങൾ ഭാഷപ്പെടുത്തുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള പാടവം അന്യകവികൾക്കു വളരെ വിരളമായേ കൈവന്നിട്ടുള്ളു. തുഞ്ചത്തെഴുത്തച്ഛനെ അത്രമാത്രം വിജയപൂർവമായി അനുഗമിച്ചിട്ടുള്ള ഒരു കവി വേറെ ഉണ്ടെന്നു തോന്നുന്നില്ല. ബൃഹൽ ഗ്രന്ഥങ്ങൾ വിവർത്തനത്തിനായി തിരഞ്ഞെടുക്കുന്നതിലും അവയെ മനോമോഹനമായ ശൈലിയിൽ തർജ്ജമ ചെയ്യുന്നതിലും അദ്ദേഹം തന്റെ ആസ്തികത്വത്തേയും ഔചിത്യബോധത്തേയും ക്ലേശസഹിഷ്ണുതയേയും വൈദുഷ്യസമ്മിളിതമായ വാസനാവൈഭവത്തേയും പദേപദേ പ്രകാശിപ്പിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾകൊണ്ട് ഈ വസ്തുത വെളിപ്പെടുത്താം.

### ജ്ഞാനവാസിഷ്ഠം

ജ്ഞാനവാസിഷ്ഠത്തിൽ വൈരാഗ്യപ്രകരണം, മുമുക്ഷുപ്രകരണം, ഉൽപത്തിപ്രകരണം, സ്ഥിതി പ്രകരണം, ഉപശമപ്രകരണം, നിർവാണപ്രകരണം എന്നിങ്ങനെ ആറു പ്രകരണങ്ങളും നാല്പത്താറു സർഗ്ഗങ്ങളും അടങ്ങിയിരിക്കുന്നു. ശാമുമേനോന്റെ അതിപ്രധാനമായ ഒരു കൃതിയാണിത്. ആ കൃതി ദാമോദരൻകർത്താവും തർജ്ജമ ചെയ്തിട്ടുള്ളതായി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനെക്കാൾ ഹൃദ്യമാണ് ശാമുമേനോന്റെ ഭാഷാനുവാദം. മൂലഗ്രന്ഥം ഒരു ശാസ്ത്രമാണെങ്കിലും ഉത്തമോത്തമമായ കാവ്യമാണ്. താഴെച്ചേർക്കുന്ന ഈരടികൾ പരിശോധിക്കുക.

> "ഏറിയ സംവത്സരമീവണ്ണം കഴിയുമ്പോൾ
> താരുണ്യം പൊട്ടക്കുളത്തിങ്കലെജ്ജലംപോലേ
> പോകുമെന്നതു നൂനം; വന്നീടും മരണവും
> പാകംവന്നുള്ള ഫലം വീണീടുന്നതുപോലേ.
> സരസീരുഹത്തിങ്കൽ നീഹാരമെന്നപോലേ
> ജരയും വന്നുകൂടുമില്ല സംശയമേതും.
> സതതം പോകുന്നതുണ്ടായുസ്സു പാർത്തുകണ്ടാ–
> ലുദകം കരതലത്തിങ്കൽനിന്നെന്നപോലേ.
> തഴച്ചേറ്റവും വളർന്നീടുന്നു തൃഷ്ണമാത്രം
> മഴക്കാലത്തിൽച്ചുരവള്ളിയെന്നതുപോലേ.
> വില്ലിങ്കൽനിന്നു വിട്ട ബാണമെന്നതുപോലേ
> ചൊല്ലാർന്ന സുഖങ്ങളുമോടിപ്പോയീടുന്നിതു.
> വാഴയ്ക്കു ഭവിക്കുന്ന ഗർഭമെന്നതുപോലേ
> പാഴാകും വ്യവഹാരമേറ്റവും വിരാഗദം."

### ശ്രുതിഗീത

> "നിഗമാർത്ഥത്തെച്ചിന്തിച്ചീടുങ്കിൽച്ചില ദിക്കിൽ
> മംഘവാവിന്നും മറ്റുമേത്തുന്ന മാഹാത്മ്യത്തെ
> പറഞ്ഞീടുന്നതായിത്തോന്നുന്നുണ്ടിതു തമ്മിൽ
> വിരുദ്ധമായിട്ടുള്ളതല്ലല്ലോ തെല്ലുപോലും.
> കാണപ്പെടുന്നതെല്ലാം ബ്രഹ്മസ്വരൂപനായി
> വാണുകൊണ്ടീടുന്നൊരു നിന്തിരുവടിയത്രേ.
> എന്നുള്ളതറിഞ്ഞീടാം സർവവും മറഞ്ഞാലും

നന്നായ് നിൻതിരുവടി ശേഷിക്കുന്നതുമൂലം.
മണ്ണിൽനിന്നുണ്ടായ്വന്നതായുള്ള ഘടാദികൾ
മണ്ണിൽത്താൻ ലയംപ്രാപിച്ചീടുന്നിതെന്നപോലേ
അല്പവും വികാരമില്ലാത്തതാം ബ്രഹ്മത്തിങ്ക–
ലുൽപ്പത്തിലയങ്ങളുണ്ടാകുന്നിതെല്ലാറ്റിനും."

## ശങ്കരവിജയം

ശങ്കരവിജയത്തിൽ ആകെ ഇരുപതധ്യായങ്ങൾ അടങ്ങിയിട്ടുണ്ട്. ചുവടേ ചേർക്കുന്ന വരികൾ എട്ടാമധ്യായത്തിലുള്ളവയാണ്.

"പ്രിയദർശന! നോക്കു നല്ലോരു ശരത്തിനാ–
ലയി! നിർമ്മലമായുള്ളാകാശം വിളങ്ങുന്നു.
ബ്രഹ്മവിദ്യയാലേറ്റം തെളിഞ്ഞു വിളങ്ങീടും
ബ്രഹ്മാത്മൈക്യമാകുന്ന തത്വമെന്നതുപോലെ.
വാരിദങ്ങളും സന്യാസീന്ദ്രരും നല്പാനീയ–
ധാരയുമുപദേശവാരിയും ചൊരിഞ്ഞുടൻ
നല്ലൊരോഷധികൾക്കും കൂടെച്ചെല്ലുന്നവർക്കു–
മുല്ലാസം നല്കിയിപ്പോൾ സ്വൈരം സഞ്ചരിക്കുന്നു.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
ശ്രീയൊഴിയുന്നതില്ലാ, ഭുവനങ്ങളുണ്ടുള്ളിൽ
നീയോർക്ക ചക്രമുണ്ടു മത്സ്യകച്ഛപമായി;
ഹരിതൻമൂർത്തിപോലെയിത്തരങ്ഗിണിയിപ്പോൾ
പരഹംസൗഘങ്ങളാൽസ്സേവിക്കപ്പെടുന്നിതു.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
പൂരേണുഭസ്മത്തോടും പത്രമാം വസ്ത്രത്തോടും
ചാരുപൂമൊട്ടാകുന്ന പാനീയപാത്രത്തോടും
വണ്ടുകളാകും ജപമാലകളോടുമിന്നി–
ക്കണ്ടിടും മരങ്ങളും സന്യാസിമാരും സമം."

ആ ഗാനത്തിലെ മങ്ഗലാചരണംതന്നെ എത്ര മനോഹരമായിരിക്കുന്നു!

"ആദിനായകനാനന്ദാത്മകനാത്മാരാമ–
നാദികാരണഭൂതനാശിതാഭീഷ്ടപ്രദൻ
ആദിമധ്യാന്തഹീനനാമ്നായപ്പൊരുളിന്ദ്രാ–
ദ്യാദിതേയാർച്ചിതാംഘ്രിപങ്കജദ്വയൻ ശിവൻ
വേദാന്തവേദ്യനാദ്യനദ്രിജാമനോഹരൻ
ഖേദാന്തം കൈക്കുപ്പുവോർക്കേകുന്ന കൃപാകരൻ
മോദിച്ചു മൂഢൻ മഹാമോഹാദിശത്രുക്കളെ–
ച്ഛേദിച്ചു നിത്യമെന്റെ ചേതസ്സിൽ ദ്യോതിക്കണം:

എന്നിത്തരത്തിലാണ് അതിന്റെ ഗതി.

### ത്രിപുരാരഹസ്യം

ദത്താത്രേയമഹർഷിയും ഭാർഗ്ഗവരാമനും തമ്മിലുള്ള ത്രിപുരാതത്ത്വപ്രതിപാദകമായ സംവാദമാണ് പ്രസ്തുതകൃതിയിലെ പ്രതിപാദ്യം. ഇരുപത്തിരണ്ടധ്യായങ്ങളടങ്ങിയ അതിൽ അവശ്യവിജ്ഞേയങ്ങളായ അനവധി ശ്രീവിദ്യാരഹസ്യങ്ങൾ ഉൾക്കൊള്ളുന്നു. ചില വരികൾ പകർത്തിക്കാണിക്കാം.

"ചെറുതും സ്വാത്മഭൂതമാകിയ മഹാസുഖ–
മറിയുന്നതേയില്ല മൂഢന്മാരൊരിക്കലും,
സ്വസ്വരൂപത്തിൽനിന്നു വിഭിന്നമാണിതെന്നു
വിശ്വസിക്കുന്നു ഹന്ത! വ്യഞ്ജകവിഭേദത്താൽ.
ദർപ്പണം പ്രതിബിംബഗ്രഹണസമർത്ഥമെ–
ന്നുൾപ്പൂവിൽ നന്നായ് ബോധമുണ്ടാകുന്നതുവരെ
പ്രതിബിംബാത്മകങ്ങളായ ഭാവങ്ങളെല്ലാം
മതിമൻ! തത്ഭിന്നങ്ങൾതന്നെയാണെന്നേ തോന്നൂ.
കണ്ണാടിയാണിതെന്നും പ്രതിബിംബങ്ങളാണി–
തെന്നുമുള്ളൊരു ഭേദമുണ്ടായിവന്നാൽപ്പിന്നെ
മുന്നം കണ്ടതുപോലെ കണ്ടാലും പ്രതിബിംബം
കണ്ണാടിതന്നിൽനിന്നു ഭിന്നമായ്ത്തോന്നില്ലേതും."

### മൃച്ഛകടികം

മൃച്ഛകടികത്തിന്റെ തർജ്ജമയിൽനിന്നു ശാമുമേനോനു ദ്രാവിഡവൃത്തങ്ങൾപോലെ സംസ്കൃതവൃത്തങ്ങളും അധീനങ്ങളായിരുന്നുവെന്നു കാണാം. ഗ്രന്ഥകാരൻ സംസ്കൃത വൃത്തങ്ങൾക്കു പകരം അനേകം ഭാഗങ്ങളിൽ ദ്രാവിഡവൃത്തങ്ങൾ കൊണ്ടാണ് കൈകാര്യം ചെയ്യുന്നതെന്നൊരു പുതുമ ആ തർജ്ജമയിൽ വരുത്തീട്ടുണ്ട്. രണ്ടു ശ്ലോകങ്ങൾ മാത്രം എടുത്തു കാണിക്കാം.

"നാരീരത്നം ചെറുപ്പം നഗരമതിനു നൽ–
　ഭൂഷണം വേശ്യ കുറ്റം
തീരെച്ചെയ്യാതെ വാഴുന്നവളരിയ കുല–
　സ്ത്രീസമം പ്രേമമുള്ളോൾ
ആരോർക്കും കൊല്ലുവാനിസ്സുമുഖിയെയഹമി–
　ന്നിക്കടുംകയ്യു ചെയ്താൽ
നേരിട്ടീടും മഹാപാതകതടിനി കട–
　ന്നീടുവാൻ തോണിയുണ്ടോ?"

"ബന്ധപ്പെട്ടവളല്ല ഞാനിതുവരയ്ക്കേതൊന്നുകൊണ്ടും നിന–
ക്കെന്തിന്നിഘ്ഘനസിംഹനാദകഠിനധ്വാനം മുഴക്കുന്നു നീ?
കാന്തൻ കാത്തു വസിച്ചിടുന്നിതവിടേയ്ക്കാണെന്റെ പോക്കിപ്പൊളെൻ–
പന്ഥാവിമ്മഴയിൽത്തടുപ്പതു പെരുത്തന്യായമാണോർക്കണം."

## ചെറുശ്ശേരി ചാത്തുമേനോൻ (1038–1141)

## ജീവിതചരിത്രം

ചാത്തുമേനോൻ കൊച്ചി ചിറ്റൂർത്താലൂക്കിൽ തത്തമങ്ഗലം ചെറുശ്ശേരിവീട്ടിൽ വള്ളിയമ്മയുടേയും പാലക്കാട്ടു പള്ളത്തീരി മുള്ളത്തുവീട്ടിൽ ചാമുനായരുടേയും പുത്രനായി 1038-ാണ്ടു കുംഭമാസത്തെ ചതയംനക്ഷത്രത്തിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പാലക്കാട്ടു കൊട്ടുവായൂരിൽ കണിയാൻ പേപ്പഞ്ചുപ്പണിക്കരുടെ അടുക്കൽ സംസ്കൃതത്തിൽ ചില ഉപരികാവ്യങ്ങളും ജ്യോതിഷവും പഠിച്ചു. കുത്തനൂരിലെ ഒരു ശാസ്ത്രിബ്രാഹ്മണനാണ് നാടകാലങ്കാരങ്ങൾ അഭ്യസിപ്പിച്ചത്. ഇരുപത്തഞ്ചാമത്തെ വയസ്സിനകം ഒരു നല്ല വ്യൽപ്പന്നനെന്നും ദൈവജ്ഞനെന്നുമുള്ള പേർ സമ്പാദിച്ചു. പിന്നീടു സ്വദേശത്തിൽ ഒരു നാട്ടെഴുത്തുപള്ളി സ്ഥാപിച്ചു. ആ വഴിക്കു ചാത്തുഎഴുത്തച്ഛനെന്നാണ് അദ്ദേഹത്തെ സമീപസ്ഥന്മാർ വിളിച്ചുവന്നത്. ബാല്യത്തിൽ ദാരിദ്ര്യദുഃഖം ധാരാളം അനുഭവിക്കേണ്ടിവന്നുവെങ്കിലും തദനന്തരം ജ്യോതിഷവൃത്തികൊണ്ട് അതു പരിഹരിച്ചു. തത്തമങ്ഗലത്തു ചോണാട്ടുവീട്ടിൽ കുഞ്ചിയമ്മയെ വിവാഹംചെയ്തു. 1114-ാണ്ടു കുംഭമാസം 4-ആംതിയ്യതി പരഗതിയെപ്രാപിച്ചു. അദ്ദേഹത്തിന്റെ പുത്രന്മാരാണ് സാഹിത്യലോകത്തിൽ പ്രസിദ്ധന്മാരായ തത്തമങ്ഗലം എം. നടേശമേനോൻ ബി.ഏ.യും, എം. സുന്ദരേശമേനോൻ എം. ഏ.യും.

## കൃതികൾ

ചാത്തമേനോൻ വളരെ കൃതികൾ എഴുതീട്ടില്ല. എന്നാൽ ദേവീഭാഗവതം കിളിപ്പാട്ടു രീതിയിൽ തർജ്ജമ ചെയ്തു് ഒരു വിശിഷ്ടകവി എന്ന വിഖ്യാതി നേടുകയും ചിറ്റൂർത്താലൂക്കിനു തദ്വിഷയകമായുള്ള പാരമ്പര്യം അഭിനന്ദനീയമായ വിധത്തിൽ പുലർത്തുകയുംചെയ്തു. ആ പുരാണത്തിലെ ആദ്യത്തെ ആറു സ്കന്ധങ്ങൾ 1082-ാണ്ടും ഒടുവിലത്തെ ആറു സ്കന്ധങ്ങൾ 1111-ാണ്ടും പ്രസിദ്ധീകരിച്ചു. അതുകൂടാതെ 1068-ൽ ഹരിശ്ചന്ദ്രപുരാണം കിളിപ്പാട്ടും 1082-ൽ ചന്ദ്രമതീസ്വയംവരം ഒൻപതുവൃത്തം കൈകൊട്ടിക്കളിപ്പാട്ടും ഉണ്ടാക്കി അച്ചടിപ്പിച്ചു. രണ്ടിലേയും വിഷയം ഒന്നുതന്നെ. അദ്ദേഹത്തിന്റെ സ്ഥായിയായ യശസ്സിന് അവലംബം ദേവീഭാഗവതമാണ്. ശങ്കരനാഥജ്യോത്സ്യനും ആറ്റുകാൽ ശങ്കരപ്പിള്ളയുംകൂടി രചിച്ച കിളിപ്പാട്ടിനെ അപേക്ഷിച്ച് അതു വളരെ നന്നായിട്ടുണ്ടെന്നു പറയണം. 1069-ാണ്ടിടയ്ക്കാണ് അദ്ദേഹം ആ മഹാവ്യവസായം ആരംഭിച്ചത്. 1075-ൽ വിനോദമാലിയ നടത്തിക്കൊണ്ടിരുന്ന റ്റി. പി. അനന്തനാരായണയ്യർ ആദ്യത്തെ മൂന്നു സ്കന്ധങ്ങൾ ആ മാസികയിൽ പ്രസിദ്ധപ്പെടുത്തി. പിന്നീടാണ് ആദ്യത്തെ ആറു സ്കന്ധങ്ങൾ മാളിയമ്മാവിൽ കുഞ്ഞുവറീതു ഭാരതവിലാസം അച്ചുക്കൂടത്തിൽനിന്ന് അച്ചടിപ്പിച്ചത്. കാക്കക്കുറിശ്ശിയിലെ ശിവനായിരുന്നു കവിയുടെ കുലദേവത. ആ ദേവനെ അദ്ദേഹം പ്രാരംഭത്തിൽ വന്ദിക്കുന്നുണ്ട്. അനന്തനാരായണയ്യർ നല്കിയ ഉത്തേജനത്തേയും താഴെ കാണുന്ന വിധത്തിൽ വർണ്ണിച്ചിരിക്കുന്നു.

“കൊല്ലമൊരായിരത്തിമുപ്പത്തൊൻപതിൽ വന്ന
ചൊല്ലാർന്ന മകരമെന്നുള്ളൊരു മാസത്തിങ്കൽ
സ്വർഗ്ഗാരോഹണമായ മാടഭൂപതി സർവ–
സൽഗുണനിധി വിദ്യാവിനയജലനിധി
വിമലാശയൻ കാമകമനീയാങ്ഗൻ ധീരൻ
കമലാകാന്തപാദഭക്തിമാനതിധീമാൻ
നാട്ടു പാലിക്കുംകാലം ഭൂപസർവാധികാര–

മോട്ടും വാണൊരു പരമേശ്വരനാമാ ദ്വിജൻ
പണ്ടു ചെയ്തൊരു പുണ്യസഞ്ചയം പുത്രരൂപ–
മാണ്ടിഹ വന്നു ജനിച്ചെന്നു തോന്നീടുംവണ്ണം
വിദ്യയും വിനയവും രൂപവുമൗദാര്യവും
ഹൃദ്യമാം സത്സംഗവും സമ്പത്തുമിവ ചേർന്നു
വാണീടുമനന്തനാരായണനെന്നു പേരാം
ക്ഷോണീദേവേന്ദ്രൻതന്റെ പ്രേരണകൊണ്ടിന്നു ഞാൻ
വിദ്യാപാടവമൊട്ടുമില്ലെന്നാകിലും ബ്രഹ്മ–
വിദ്യയായ് വിളങ്ങുന്ന ദേവിതൻ ചരിത്രത്തെ
ഭാഷാഗാനത്തിലാക്കിത്തീർക്കുവാനാരംഭിച്ചേൻ;
ദൂഷണംചെയ്തീടുകയില്ലല്ലോ വിദ്വജ്ജനം.
ദോഷൈകദൃഷ്ടികളാം ദുർജ്ജനം ചെയ്യും ദൂഷ്യ–
ഭാഷണത്തിങ്കൽ ഭയമില്ലെനിക്കല്പംപോലും.”

ചാത്തുമേനോന്റെ കവിതാരീതി ഈ ഈരടികളിൽനിന്നു മനസ്സിലാക്കാവുന്നതാണെങ്കിലും ചില വരികൾകൂടി ഉദ്ധരിച്ച് അതിന്റെ സാമഞ്ജസ്യം സ്പഷ്ടമാക്കാം.

“ഒരുനാളിന്ദ്രജിതനായോരു മഹാബലി
ഖരരൂപവും പൂണ്ടു ശൂന്യമന്ദിരം തന്നിൽ
നില്ക്കുന്നനേരമമരാധിനായകൻ കണ്ടു
ധിക്കരിച്ചവൻതന്നെത്താഡിച്ചു ചോദിച്ചിതു.
അത്യന്തനിന്ദ്യമായ ഗർദ്ദഭരൂപം ധരി–
ച്ചത്ര നീ വസിക്കുവാനെന്തൊരു മൂലം ചൊല്ക?
സർവലോകങ്ങളെയും കീഴാക്കിയിരുന്നോരു
പൂർവദേവാഗ്രഗണ്യനല്ലോ നീ മഹാമതേ!
താണതായുള്ള ഖരരൂപം പൂണ്ടിരിക്കുവാൻ
നാണമില്ലയോ നിനക്കസുരകുലേശ്വര!
ഇങ്ങനെ ശക്രൻ ചൊന്ന വചനം കേട്ടു ദൈത്യ–
പുംഗവനായ മഹാബലിയുമുരചെയ്തു.
ഇതിലെന്തൊരു ഖേദമുള്ളതു ശചീപതേ!
വിധിതൻ ഗതിയാർക്കു തടുത്തുകൂടുന്നതും?
മത്സ്യകൂർമ്മാദിരൂപം വിഷ്ണു പൂണ്ടതുപോലെ
കുത്സിതഖരരൂപം ധരിച്ചേൻ കാലയോഗാൽ.
ബ്രഹ്മഹത്യയാൽ നീയും പീഡിതനായി മുന്നു–
മംബുജപത്രത്തിങ്കലൊളിച്ചു വാണപോലെ;
ഇന്നു ഞാൻ ഖരരൂപം ധരിച്ചു വാഴുന്നിതു
വൃന്ദാരകേശ! ദൈവാധീനനായുള്ളവന്നു
സുഖമെന്തോന്നുള്ളതും ദുഃഖമെന്തോന്നുള്ളതും?
സകലം കാലബലം കൊണ്ടുളവായീടുന്നു.”

## ഒടുവിൽ ശങ്കരൻകുട്ടിമേനോൻ (1059–1120)

## ജീവിതം

ശങ്കരൻകുട്ടിമേനോൻ ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ കനിഷ്ഠസഹോദരനായി 1059 മിഥുനത്തിൽ കൊച്ചി വടക്കാഞ്ചേരിയിൽ ഒടുവിൽഭവനത്തിൽ ജനിച്ചു. തീയതി തിട്ടമില്ല. അമ്മയെക്കുറിച്ച് അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. പിതാവു കോന്നനാത്തു ശങ്കരമേനോനായിരുന്നു. ശങ്കരൻകുട്ടി ജന്മനാ അന്ധനായിരുന്നു. എങ്കിലും പൂർവജന്മസംസ്കാരം നിമിത്തം അസാധാരണബുദ്ധിശക്തിയും സാഹിത്യാസക്തിയും ബാല്യത്തിൽത്തന്നെ പ്രദർശിപ്പിച്ചുതുടങ്ങി. ജ്യേഷ്ഠൻ ഓരോ പദ്യങ്ങൾ ചൊല്ലിക്കൊടുത്ത് അക്കാലത്ത് അദ്ദേഹത്തെ പഠിപ്പിച്ചുവന്നു. കുഞ്ഞിക്കൃഷ്ണമേനോൻ സംപ്രതിയായി ചിറ്റൂർത്താലൂക്കിലേക്കു പോയപ്പോൾ ശങ്കരൻകുട്ടിയെക്കൂടി കൊണ്ടുപോയി വരവൂർ ശാമുമേനോന്റെ ശിഷ്യത്വത്തിൽ കാവ്യനാടകങ്ങൾ പരിശീലിപ്പിച്ചു. പാഠമെല്ലാം കേട്ടുപഠിത്തമായിരുന്നുവെങ്കിലും ശിഷ്യന്റെ മേധാബലംകൊണ്ട് അതൊക്കെയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശിലാരേഖപോലെ പതിഞ്ഞു. ചിറ്റൂർ വെങ്കടരാമശാസ്ത്രികളായിരുന്നു ജ്യോതിഷം അഭ്യസിപ്പിച്ചത്. കല്കിപുരാണത്തിൽ അദ്ദേഹം ജ്യേഷ്ഠനേയും ശാമുമേനോനേയും താഴെ ഉദ്ധരിക്കുന്ന വരികളിൽ വന്ദിക്കുന്നു.

"എത്രയോ കുട്ടിയായ് ഞാൻ വാണിടും കാലംമുത–
ല്കുൾത്തിങ്ങും സഹോദരവാത്സല്യംനിമിത്തമായ്
മലയാളത്തിലുള്ള ചെറുപദ്യങ്ങളോരോ–
ന്നലസാതോതിത്തന്നും നല്ല വാക്കുരചെയ്തും
അല്പല്പം ഭാഷാജ്ഞാനമിങ്ങുളവാക്കിത്തന്ന
സൽപ്പുമാൻ സർവലോകസമ്മതൻ സൽക്കവീന്ദ്രൻ
പുരുമാഹാത്മ്യം ചേരുമിംഗ്ലീഷിൽ ബി. ഏ.യെന്ന
ബിരുദ്ദും ഭാഷതന്നിലൊന്നാം സ്ഥാനവുമാർന്നോൻ
ഗിരിജാദേവിതന്നിൽസ്സന്തതാർപ്പിതചിത്തൻ
പരിചിൽപ്പരകാര്യതൽപരൻ ശാന്തശീലൻ
എന്നുടെ ജ്യേഷ്ഠനാകും കുഞ്ഞിക്കൃഷ്ണാഖ്യൻ ധീമാൻ–
തന്നുടെ പദപത്മം ഞാനിതാ വണങ്ങുന്നേൻ.
അറിവല്പവുമില്ലാതന്ധനായേവമുള്ളും
പുറവും തമസ്സാർന്നു മരുവീടുന്നോരെന്നിൽ
വളരും ദയാപൂർവമല്പമെന്നാലുമുള്ളിൽ
വെളിവുണ്ടാക്കിവയ്പാൻ ശ്രമമാർന്നൊരു ധീമാൻ
ഗുരുകാരുണ്യയുക്തൻ സൽഗുണഗണാലയൻ
വരവൂർ ശാമുമേനോൻ സർവലോകൈകമാന്യൻ
പാരിടത്തിങ്കലൊക്കെശ്ശുഭ്രകീർത്തിയെച്ചേർത്ത
സാരജ്ഞൻ കവികുലസത്തമൻ ശുദ്ധശീലൻ
എന്നുടെ ഗുരുനാഥൻതന്നുടെ പാദങ്ങളി–
ലിന്നിതാ നമസ്കാരം സാഷ്ടാങ്ഗം ചെയ്തീടുന്നേൻ."

രാമശാസ്ത്രി എന്നൊരു ദൈവജ്ഞനായിരുന്നു പിന്നീടു ജ്യോതിഷം പഠിപ്പിച്ചത്. അദ്ദേഹത്തേയും പിതാവായ കോന്നനാത്തു ശങ്കരമേനോനേയുംകൂടി കവി ആ കൃതിയിൽ നമസ്കരിക്കുന്നുണ്ട്. കുഞ്ഞിക്കൃഷ്ണമേനോൻ കൊടുങ്ങല്ലൂർ തഹശീൽദാരായിരുന്ന കാലത്ത് അവിടത്തെ വലിയ കൊച്ചുണ്ണിത്തമ്പുരാന്റെ അടുക്കൽ

അല്പം ശില്പശാസ്ത്രം അഭ്യസിച്ചു. കൊച്ചിമഹാരാജാവു കവിതിലകൻ എന്ന സ്ഥാനം സമ്മാനിച്ചു അവിടുന്നും തിരുവിതാംകൂർ മഹാരാജാവും മാസികവേതനവും നല്കി അനുഗ്രഹിച്ചു. 1120-ാണ്ടു വടക്കാഞ്ചേരിയിൽ സ്വഗൃഹത്തിൽവച്ചു മരിച്ചു. എറണാകുളത്തിനടുത്ത് എളങ്കുളം താന്നിക്കൽ ഗൗരിക്കുട്ടി അമ്മയായിരുന്നു ഭാര്യ.

## കൃതികൾ

ശങ്കരൻകുട്ടിമേനോന്റെ പ്രധാനകൃതികൾ (1) സ്കാന്ദപുരാണം, (2) കല്ക്കിപുരാണം, (3) രാമായണമഞ്ജരി എന്നീ കിളിപ്പാട്ടുകളാണ്. പതിനെട്ടു പുരാണങ്ങളിൽ വച്ചും ദീർഘതമമാണ് സ്കാന്ദം. മൂലഗ്രന്ഥത്തിൽ മാഹേശ്വര ഖണ്ഡം, വൈഷ്ണവഖണ്ഡം, ബ്രഹ്മഖണ്ഡം, കാശീഖണ്ഡം, അവന്തീഖണ്ഡം, നാഗരഖണ്ഡം, പ്രഭാസഖണ്ഡം എന്നിങ്ങനെ ഏഴു ഖണ്ഡങ്ങൾ അടങ്ങീട്ടുണ്ട്. കാശീഖണ്ഡാവസാനംവരെ മേനോൻ തർജ്ജമ ചെയ്തിട്ടുള്ള ഭാഗങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. അഞ്ചും ആറും ഖണ്ഡങ്ങൾകൂടി വിവർത്തനം ചെയ്തിട്ടുണ്ടെന്നു ചിലർ പറയുന്നു. ഏതായാലും തർജ്ജമ പൂർത്തിയായിട്ടില്ലെന്നു തീർച്ചതന്നെ. ഈ അസാധ്യകല്പമായ—കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭരതവിവർകത്തനംപോലെ കരുതേണ്ട—ഒരു സാഹിത്യപ്രവർത്തനത്തിൽ നയനവികലനായ ഒരു കവി ഏർപ്പെട്ടു എന്നും ആ മാർഗ്ഗത്തിൽ ബഹുദൂരം സഞ്ചരിച്ചു എന്നുമുള്ള വസ്തുത കേരളത്തിന്നു തികച്ചും അഭിമാനഹേതുകമാണ്. ശാമുമേനോന്റെ കിളിപ്പാട്ടുകളോടു തുല്യമായ മാധുര്യം അതിനു മുണ്ട്. ഒരു ഭാഗം ചുവടേ പകർത്തുന്നു.

> “ഇന്ദ്രസേനജൻതാനും സ്നേഹിതന്മാരും കൂടി—
> ച്ചെന്നഥ കളിപ്പാനായ്ക്കേറിനാർ തോന്നിതന്നിൽ.
> പാട്ടുകൾ പാടിക്കൊണ്ടു കൈവർത്തവീരന്മാരും
> കൂട്ടമായ്ത്തുഴഞ്ഞിതു തോണിയെഗ്ഗതഭയം.
> നദിതൻ മധ്യത്തിങ്കൽത്തോണിയുമെത്തീടവേ
> പതിവില്ലാത്തമട്ടിലുണ്ടായീ കൊടുങ്കാറ്റും.
> കാറിനാലിരുണ്ടിതു വല്ലാതെ നഭഃസ്ഥലം
> പാരമായുണ്ടായ്വന്നിതോളവും കാളിന്ദിയിൽ.
> തോണിയുമഗാധമാം ചുഴിയിൽപ്പെട്ടു കഷ്ടം
> കാണികൾ കണ്ടുനില്ക്കെപ്പെട്ടെന്നു മുങ്ങിപ്പോയീ.
> ചത്തിതു ചിലർ മുങ്ങിത്തൽക്ഷണം, നക്രഗ്രസ്ത—
> ഗാത്രരായ് ഭവിച്ചിതു കഷ്ടമേ ചിലരെല്ലാം.
> മുങ്ങിയ ചില ഭൂപപുത്രന്മാരുടെ ദേഹ—
> മെങ്ങുമേ കണ്ടതില്ല സങ്കടമെന്നേ വേണ്ടു.”

മറ്റു കൃതികളും അപൂർണ്ണങ്ങളാണ്. കല്ക്കിപുരാണം പതിനെട്ട് ഉപപുരാണങ്ങളിൽ ഒന്നാണ്. അതു ചിറ്റൂരിൽവെച്ച് എഴുതി. ശാമുമേനോൻ ശങ്കരവിജയവും ശങ്കരൻകുട്ടിമേനോൻ കല്ക്കിപുരാണവും പൂർത്തിയാക്കിയത് ഒരേ ദിവസമാണെന്നുള്ളത് രണ്ടു കൃതികളിലും കാണുന്ന “മോഹമിന്നെല്ലാം ദയാ-” എന്ന കലിവാക്യത്തിൽനിന്നു നാം അറിയുന്നു. അത് 1086-ാമാണ്ടു മകരം 1-ആംനുയാണ്. അന്നുതന്നെ ശങ്കരൻകുട്ടിമേനോന്റെ കവനകലാപാടവും അത്യച്ചമായിക്കഴിഞ്ഞിരുന്നു. നോക്കുക. കളകാഞ്ചിയിലുള്ള അദ്ദേഹത്തിന്റെ ചില ഈരടികൾ.

> “നിജമനസി പലതുമിതി കരുതിയഴലുൾക്കൊണ്ടു

നില്ക്കുന്ന പത്മതൻ ചിന്തിതം സർവ്വവും
തരമൊടതുപൊഴുതു സുരവരസഹജനീശ്വരൻ
സ്ഥാവരജങ്ഗമരൂപൻ ധരിക്കയാൽ
തിരുമനസി വളരുമൊരു കൃപയൊടുമെഴുന്നേറ്റു
തൃക്കണ്ണയച്ചിതു കാന്തയാം പത്മയിൽ.
മധുമഥനനികടഭുവി മരുവുമൊരു മാനിനീ–
മാണിക്യമായുള്ള പൂമകൾപോലെയും
നിഖിലജനനികരഹൃദി നിരവധികമോഹങ്ങൾ
നിത്യവും ചേർക്കും മഹാമായപോലെയും
കളിചിതറുമണിവദനമതു ചെറുതു താഴ്ത്തിയു–
മോമൽക്കടാക്ഷങ്ങൾ ഭൂമയിൽത്തൂകിയും
വരതരുണിമണികൾ നിജസഖികളൊടു കൂടവേ
വന്നുനിന്നീടുന്ന ദേവിയെക്കണ്ടുടൻ
കമലശരകടുകദനദഹനകലിതാശയൻ
കല്ക്കിയാം ദേവൻ കഥിച്ചിതു ഭങ്ഗിയിൽ."

ക്ഷേമേന്ദ്രമഹാകവി രാമായണമഞ്ജരിയെന്നും ഭാരതമഞ്ജരിയെന്നും ബൃഹൽകഥാമഞ്ജരിയെന്നും മൂന്നു സുധാമധുരങ്ങളായ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ ശൃംഗാരപ്രധാനമായ ബൃഹൽകഥാമഞ്ജരി ഏതൽക്കാലപര്യന്തം ആരും ഭാഷപ്പെടുത്തീട്ടില്ല. ഭാരതമഞ്ജരി പല കവികളെയുംകൊണ്ടു കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ തർജ്ജമചെയ്യിച്ച വിവരം മുൻപു പ്രസ്താവിച്ചിട്ടുണ്ട്. മറ്റൊരു ഭാഷാപോഷകനും പുസ്തകപ്രസാധകനുമായ തോമസ്സ്പോൾ ബി.എ. ശങ്കരൻകുട്ടി മേനോനെക്കൊണ്ടു രാമായണമഞ്ജരിയും വിവർത്തനം ചെയ്യിച്ചു. അതിൽനിന്നുകൂടി ചില വരികൾ പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. താടകാവധമാണ് പ്രകൃതം.

"പുഷ്കലാവർത്തമേഘജാലങ്ങളനവധി–
യുൽക്കടാരവത്തോടുംകൂടവേ കല്പാന്തത്തിൽ
ഒന്നിച്ചുകൂടുന്നേരം ലോകത്തിലാകപ്പാടെ
ചേർന്നിടും ഭയങ്കരവൻതമസ്സിനെക്കാളും
ഭീകരച്ഛവി പൂണ്ടതായിടുമുടൽ പൂണ്ടു
ലോകഭീഷണകരാളോഗ്രമാം നാവും നീട്ടി
കോപപാവകജ്വാല ചിന്നിടും മുഖമാർന്നു
വാപിളർന്നടുത്തിതു താടക സാട്ടഹാസം.
നേരിട്ടു വന്നീടുന്ന നീലമാമലയെന്നാ–
യാരുമേ ശങ്കിച്ചീടും രാക്ഷസിതന്നെക്കണ്ടാൽ.
ദീർഘമായെല്ലാടത്തും വ്യാപിച്ചുനിന്നീടുന്ന
തൽക്കരദ്വിതീയങ്ങളാകിയ വൃക്ഷങ്ങളെ
കാണ്കിലോ കാലൻതന്റെ യാത്രയ്ക്കു തോരണങ്ങൾ
സംഘടിപ്പിപ്പാൻ നാട്ടും സ്തംഭങ്ങളെന്നു തോന്നും."

അന്നത്തെ ഭാഷാഗാനങ്ങളിൽ ചില നല്ല വ്യുൽപന്നന്മാരുടെ കൃതികളിൽപ്പോലും ചില സ്ഖലിതങ്ങൾ കാണാവുന്നതാണ്. ആകപ്പാടെ നമ്മുടെ കവിക്കു കിളിപ്പാട്ട് ഉണ്ടാക്കുന്നതിന് അസുലഭമായ പാടവമുണ്ടായിരുന്നുവെന്ന് ആർക്കും സമ്മതിക്കാതെ നിർവാഹമില്ല.

### ഒരു മുക്തകം

അധോലിഖിതമായ ശ്ലോകം നമ്മുടെ കവി ഒരിക്കൽ ഗുരുവായൂരപ്പനെ തൊഴാൻ പോയ അവസരത്തിൽ നടയിൽനിന്നു പെട്ടെന്നുണ്ടാക്കി ചൊല്ലിയതാണു്.

“പക്ഷിശ്രേഷ്ഠധ്വജ! ശ്രീരമണ! നവശിലാ–
വിഗ്രഹം കാണവാനു–
ള്ളക്ഷിദ്വന്ദ്വം മുഖാലംകൃതമതു ലഭിയാ–
ഞ്ഞല്ലലില്ലല്പവും മേ;
സാക്ഷിത്വം സർവലോകത്തിനുമുടയ ഭവ–
ദ്രൂപമക്ഷാമതേജ–
സ്സ്വീക്ഷിപ്പാൻ ജ്ഞാനനേത്രം തരിലതു മതി മേ
മാരുതാഗാരനാഥ!”

സംസ്കൃതവൃത്തങ്ങളിൽ ദ്രുതകവനത്തിനും അദ്ദേഹത്തിനു പാടവമുണ്ടായിരുന്നു എന്നു പല അവസരങ്ങളിലും തെളിയിച്ചിട്ടുണ്ടു്. ശങ്കരൻകുട്ടിമേനോനെപ്പറ്റി കാത്തുള്ളിൽ അച്യുതമേനോൻ നിർമ്മിച്ച ഒരു ഛായാശ്ലോകംകൂടി ചുവടേ ചേർക്കാം.

“നീലക്കണ്ണട നിത്യവെള്ളവസനം രുദ്രാക്ഷമാല്യം സദാ
പാലഞ്ചുംമൊഴി പുസ്തകം പലതരം ഭസ്മക്കുറിപ്പാടുകൾ
കോലത്തിൻവടിവാ മുടിപ്രഭ ജപംതൊട്ടുള്ള കോപ്പൊക്കെയീ
ശ്രീലന്നൊത്തവതന്നെ തൻമെതിയടിജ്ജോടും സദാ ചേർച്ചയാം.”

## നാലുകെട്ടിൽ കൃഷ്ണമേനോൻ (1033–1102)

### ചരിത്രം

കൃശ്ണമേനോൻ പ്രസിദ്ധമായ തൃശ്ശൂർ വടക്കേക്കുറുപ്പത്തു തറവാട്ടിലെ ഒരു ശാഖയായ നാലുകെട്ടുവീട്ടിൽ 1033-ാണ്ടു മേടമാസം ഉത്രാടംനക്ഷത്രത്തിൽ ജനിച്ചു. മാതാവു നാരായണിയമ്മയും പിതാവു വെള്ളാരപ്പള്ളി അച്യുതൻനമ്പൂരിയുമായിരുന്നു. തൃപ്പൂണിത്തുറക്കോവിലകത്തു സംഗീതാധ്യാപികയായിരുന്നു നാരായണിയമ്മ. തൃശ്ശൂർ കൊമരത്തു് അമ്മുണ്ണിമേനോൻ സംസ്കൃതം അഭ്യസിപ്പിച്ചു. അമ്മുണ്ണിമേനോൻ നല്ല ആലങ്കാരികനും ദൈവജ്ഞനും വടക്കുംനാഥക്ഷേത്രമാഹാത്മ്യം കിളിപ്പാട്ടിന്റെ പ്രണേതാവുമായിരുന്നു. അമ്പാടി മാധവിയമ്മയായിരുന്നു പത്നി. 1102-ാണ്ടു മകരമാസം 16-ാംനു മരിച്ചു.

### കൃതികൾ

കൃഷ്ണമേനോൻ (1) മേല്പുത്തൂർഭട്ടതിരിയുടെ നാരായണീയവും, (2) കാളികാപുരാണവും കിളിപ്പാട്ടായി തർമ്മജ ചെയ്തിട്ടുണ്ടു്. (3) രാമായണം എന്ന പേരിൽ ഒരു നാടകവും എഴുതിയതായി അറിയാം. കവിതയ്ക്കു പറയത്തക്ക ആസ്വാദ്യതയില്ല. ഭാഷാനാരായണീയത്തിൽ നിന്നുമാത്രം ചില വരികൾ പകർത്തിക്കാണിക്കാം.

“നാരായണന്റെ കഥ കീർത്തനം ചെയ്കമൂലം
നാരായണാഖ്യൻ കവിയായൊരാരണന്നപ്പോൾ
പ്രത്യക്ഷമായിപ്പുരോഭാഗത്തിൽക്കാണായ്വന്നു–
ള്ളക്ഷയാനന്ദനീലമേഘശ്യാമളരൂപം

കേശാദിപാദംവരെ വർണ്ണിച്ചുള്ളൊരു കഥ
ലേശവും ചുരുക്കാതെ ചൊല്ലുവാൻ ശ്രമിപ്പതിൽ
ക്ലേശമൊന്നുമേ മമ സംഭവിക്കാതിരിപ്പാൻ
കേശവനായ ഗുരുവായുനാഥന്റെ പാദം
ആശയം തന്നിൽ ശ്രദ്ധയോടു ഞാനുറപ്പിച്ചു
പേശുവാൻ തുടങ്ങുന്നു; കേട്ടാലും സജ്ജനങ്ങൾ.”

“ഇപ്രകാരം ഗോപനാരിമാർക്കേവർക്കു–
മുൾപ്രമോദം ജനിപ്പിച്ചുകൊണ്ടു ഭവാൾ
വാണരുളും നാളിലേകദാ നന്ദാദി–
ഗോപരൊന്നിച്ചുചെന്നംബികാകാനനം
തന്നിലുള്ളംബികാകാമുകക്ഷേത്രത്തി–
ലന്നു നല്ലുത്സവദർശനാനന്തരം
തത്ര കിടന്നുറങ്ങുമ്പോൾ പിതൃപാദ–
മെത്രയും കുറ്റനാം പാമ്പു വിഴുങ്ങിനാൻ.”

## കൊച്ചി വലിയ ഇക്കഅമ്മത്തമ്പുരാൻ (1019—1096)

### ജനനം

കൊച്ചി മഹാരാജകുടുംബത്തിലെ രാജ്ഞിമാരുടെ വൈദുഷ്യവും, ഭഗവൽഭക്തിയും, സദാചാരനിഷ്ഠയും സുപ്രസിദ്ധമാണല്ലോ. ആ കുടുംബത്തിൽ ഇക്കഅമ്മത്തമ്പുരാൻ 1019-ാണ്ടു മേടമാസം 12-ആം തിയ്യതി മകയിരംനക്ഷത്രത്തിൽ അവതരിച്ചു. അവിടത്തെ മാതാവു് 1055-ാണ്ടു മീനമാസം 2-ആംതിയ്യതി തീപ്പെട്ട കുഞ്ഞമ്മത്തമ്പുരാനും, പിതാവു കുടലാറ്റുപുറത്തു കുഞ്ചുനമ്പൂരിപ്പാട്ടുമായിരുന്നു. അവരുടെ ദ്വിതീയപുത്രിയാണു് ഇക്കഅമ്മത്തമ്പുരാൻ. “ഇക്ക” എന്നതു് ഓമനപ്പേരാണ്. സംസ്കാരലബ്ധമായ നാമധേയം സുഭദ്ര എന്നായിരുന്നു. യുദ്ധകാണ്ഡം പാനയുടെ ആരംഭത്തിൽ അവിടുന്നു മാതാവിനെ

“മഞ്ജുത്വമുള്ള നിജ വാക്കുകൾകൊണ്ടു ലോക–
രഞ്ജിപ്പു ചേർത്തധികവിശ്രുതയായ്ച്ചരിച്ച
കുഞ്ഞമ്മരാജ്ഞി” എന്നു വർണ്ണിക്കുന്നുണ്ടു്.

### വിദ്യാഭ്യാസം

നമ്മുടെ കവയിത്രിയുടെ പ്രഥമഗുരു മൂഴിക്കുളത്തു കുഞ്ഞുണ്ണിനമ്പിയാരായിരുന്നു. പിന്നീടു തൃപ്പൂണിത്തുറക്കോവിലകത്തു പള്ളിവായനയ്ക്കായി വരുത്തിയിരുന്ന പണ്ഡിതവരേണ്യനായ പാലപ്പുറത്തു പുതിയേടത്തു ഗോവിന്ദൻനമ്പിയരോടു നാടകാലങ്കാരങ്ങളും, തദനന്തരം പടുതോൾ വിദ്വാൻ നമ്പൂരിപ്പാട്ടിലെ അടുക്കൽനിന്നു തർക്കസംഗ്രഹവും, എടപ്പലത്തു നമ്പൂരിയോടു ശിഷ്യപ്പെട്ടു വ്യാകരണവും പഠിച്ചു. വ്യാകരണമാണു് മുഖ്യമായി അഭ്യസിച്ച ശാസ്ത്രം. വിദ്യാഭ്യാസഘട്ടത്തിൽത്തന്നെ വിവാഹവും നടന്നു. 1032-ാണ്ടു വൃശ്ചികമാസം 1-ആംതിയ്യതി ചേന്നാസ്സുനമ്പൂരി അവിടത്തെ പരിഗ്രഹിച്ചു. തന്ത്രത്തിനും മന്ത്രത്തിനും കേൾവിക്ട്ടേ ആ കുടുംബത്തിലെ കുലവിദ്യകൾക്കുപുറമേ അദ്ദേഹത്തിനു സംസ്കൃതത്തിലും പരിനിഷ്ഠിതമായ ജ്ഞാനമുണ്ടായിരുന്നു.

## അനന്തരകാലജീവിതം

ഇക്കു അമ്മത്തമ്പുരാന്റെ ദാമ്പത്യജീവിതം സർവഥാ ഭാഗ്യപൂർണ്ണമായിരുന്നു. അവിടത്തെ ഒരു പുത്രനാണ് ഇതിനുമുൻപു കൊച്ചി മഹാരാജസിംഹാസനം അലങ്കരിച്ചിരുന്ന മഹാമഹിമശ്രീ കേരളവർമ്മത്തമ്പുരാൻ ബി.ഏ. അവിടത്തെ കനിഷ്ഠസഹോദരൻ രവിവർമ്മത്തമ്പുരാൻ ബി. ഏ. ബി. എൽ മദിരാശിപ്രവിശ്യയിൽ ഒരു സബ്ജഡ്ജിയായിരുന്നു പെൻഷൻ പറ്റിയിരിക്കുന്നു. തമ്പുരാട്ടിയുടെ പുത്രിയായ മങ്കുഅമ്മത്തമ്പുരാൻ 'തൃപ്പൂണിത്തുറ ഉത്സവം' എന്ന പേരിൽ ഒരു വഞ്ചിപ്പാട്ടുണ്ടാക്കീട്ടുണ്ട്. ഇക്കുഅമ്മത്തമ്പുരാൻ തൃപ്പൂണിത്തുറക്കോവിലകത്തെ രാജകുമാരിമാരെ സംസ്കൃതം അഭ്യസിപ്പിച്ചും, ഉത്തമഗ്രന്ഥങ്ങൾ പാരായണം ചെയ്തും, ഭഗവദ്വിഷയകങ്ങളായ കാവ്യങ്ങളും മറ്റും രചിച്ചും ശാന്തയായി, പൂർണ്ണത്രയീശന്റെ ഉപാസനത്തിൽ നിരന്തരം വ്യാപൃതയായി കാലയാപനം ചെയ്തു. ഭാഷാസാഹിത്യത്തെ പോഷിപ്പിച്ചിട്ടുള്ള കേരളീയമഹിളകളിൽ സംസ്കൃതപാണ്ഡിത്യം നോക്കുമ്പോൾ ആ മഹതി തന്നെയാണ് അഗ്രഗണ്യ. 1096-ാണ്ടു മീനമാസം 7-ാംതിയ്യതിയായിരുന്നു അവിടത്തെ സ്വർഗ്ഗാരോഹണം.

## കൃതികൾ

ഇക്കുഅമ്മത്തമ്പുരാൻ സംസ്കൃതത്തിൽ (1) സൗഭദ്രസ്തവം, (2) ഭഗവത്യഷ്ടകം, (3) പൂർണ്ണത്രയീശകേശാദിപാദവർണ്ണനം, (4) ശിവകേശാദിപാദവർണ്ണനം, (5) ഭഗവതീകേശാദി പാദവർണ്ണനം, (6) വഞ്ചുളേശസ്തവം എന്നീ ഗ്രന്ഥങ്ങളും ഭാഷയിൽ (7) യുദ്ധകാണ്ഡം പാന, (8) പൂർണ്ണത്രയീശനെപ്പറ്റി ഒരു പാന, (9) ധർമ്മനിർണ്ണയം പാന, (13) അഷ്ടമിരോഹിണീമാഹാത്മ്യം കിളിപ്പാട്ട്, (11) കംസവധം ശീതങ്കൻതുള്ളൽ, (12) ഭിക്ഷുഗീത ശീതങ്കൻതുള്ളൽ, (16) അമൃതാഹരണം പറയൻതുള്ളൽ, (14) പൂതനാമോക്ഷം (പതിനെട്ടുവൃത്തം) കൈ കൊട്ടിക്കളിപ്പാട്ട്, (15) തൃണാവർത്തവധം (പന്ത്രണ്ടുവൃത്തം) കൈകൊട്ടിക്കളിപ്പാട്ട്, (16) അറുപത്തിരണ്ടു ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഗജേന്ദ്രമോക്ഷം, (17) മുപ്പത്തഞ്ചു ശ്ലോകങ്ങളുള്ള വിശ്വരൂപദർശനം എന്നീ കൃതികളും രചിച്ചിട്ടുണ്ട്. ഭക്തിമാർഗ്ഗപ്രദർശകങ്ങളായ പ്രസ്തുതവാങ്മയങ്ങളിൽ കവയിത്രി അർത്ഥ കല്പനകൾകൊണ്ട് അനുവാചകന്മാരെ ക്ലേശിപ്പിക്കുന്നില്ല. "അനലംകൃതി പുനഃ ക്വാപി" എന്ന ലക്ഷണമാണ് അവയ്ക്കു പ്രായേണ യോജിക്കുന്നതു്. ഇവയ്ക്കുപുറമേ അനേകം കീർത്തനങ്ങളും അവിടുന്നു നിർമ്മിച്ചിട്ടുണ്ട്.

## സൌഭദ്രസ്തവം

ഈ സ്തോത്രത്തിൽ കവയിത്രി ശ്രീമദ്ഭാഗവതത്തിലെ പ്രതിപാദ്യം മുഴുവൻ നാല്പതു ശ്ലോകങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നതു കണ്ടാൽ ആരും ആശ്ചര്യപ്പെട്ടുപോകും. ഓരോ ശ്ലോകവും "പാഹി പൂർണ്ണത്രയീശ" എന്ന വാക്യംകൊണ്ട് അവസാനിക്കുന്നു. ഒരു ശ്ലോകം ഉദ്ധരിക്കുന്നു.

"ഹത്വാ ലങ്കാധിപം യസ്സുതസഹജഭടാ–
  മാത്യയുക്തം ച യുദ്ധേ
സീതാമാദായ പൂതാം ജ്വലനപതനതഃ
  പുഷ്പകം ചാധിരുഹ്യ
രാജ്യം ഗത്വാഥ പൂജ്യൈർമ്മ നിഭിരഥ കൃത–
  സ്വാഭിഷേകസ്സ്വകീയൈ–
സ്സാർദ്ധം തത്രാവസസ്ത്വം ജനമനുരമയൻ

പാഹി പൂർണ്ണത്രയീശ."

അടുത്ത ശ്ലോകം ഗ്രന്ഥാവസാനത്തിലുള്ളതാണ്.

"അനേകാഗോയുക്താ ഭവനിഗളബദ്ധാ ദൃഢതരം
ഭവൽപാദാംഭോജം ശരണമുപയാതാ ഹ്യഭയദ!
യഥാ ചോരം രാജാ ദമയതി ച തദ്വദ്ദമയ മാം
ഭവഗ്രന്ഥിം ഛിന്ധി പ്രചുരകരുണാലോകവിശിഖൈഃ."

അതു കഴിഞ്ഞു രണ്ടു പ്രാർത്ഥനാശ്ലോകങ്ങളുമുണ്ട്. രണ്ടാമത്തേതിൽ പാഞ്ചരാത്ര സിദ്ധാന്തമനുസരിച്ചു വാസുദേവാദി ചതുർവ്യൂഹങ്ങളേയും സമഷ്ടിരൂപനായ ശ്രീനാരായണനേയും ഇങ്ങനെ സ്തുതിക്കുന്നു.

"ചിത്തം മേ വാസുദേവ! പ്രചുരകരുണയാ
ശോധയ പ്രീതിപൂർവം
നിത്യം സങ്കർഷണാഹങ്കരണജപരിതാ–
പാംശ്ച ദൂരീകുരുഷ്വ
ബുദ്ധേഃ പ്രദ്യുമ്ന! സക്തിം ഹര ഭവവിഷയാം
മാനസം ചാനിരുദ്ധ!
ത്വത്തത്ത്വജ്ഞാനയുക്തം കുരു; നിഖിലസുഖം
ദേഹി നാരായണ! ത്വം"

## ഭഗവത്യഷ്ടകം

എട്ടു ശ്ലോകങ്ങൾകൊണ്ടു ദേവീമാഹാത്മ്യകഥയെ ഈ സ്തോത്രത്തിൽ തമ്പുരാട്ടി സംക്ഷേപിച്ചിരിക്കുന്നു. ഓരോ ശ്ലോകത്തിന്റെയും ചതുർത്ഥപാദം "മായാം സാപോഹ്യ പായാസ്സദയമയി! പുരാണാലയാധീശ്വരി! ത്വം" എന്നു കുടുംബപരദേവതയായ പഴയന്നൂർ ഭഗവതിയോടുള്ള പ്രാർത്ഥനയോടുകൂടിയാണ് അവസാനിക്കുന്നത്.

"ആയാന്തം മായിനം തം സ്വസൃസുതനിധനാ–
ജ്ജാതമന്യും നിസുംഭം
സുംഭം ജംഭാരികമ്പപ്രദമപി ച രണേ
ദാരുണേ മാരയിത്വാ
മോദേനാരാധിതാ ത്വം നതിഭിരദിതിജൈ–
സ്ത്രേഷു ദത്താഭയാ യാ
മായാം സാപോഹ്യ പായാസ്സദയമയി! പുരാ–
ണാലായാധീശ്വരി! ത്വം"

എന്നതു് അതിലെ ഒരു ശ്ലോകമാണ്.

"സരിജ്ജലജടാജാലകിരീടേന്ദുകലാന്വിതം
ശിരശ്ശങ്കര! തേ സർവസുരസേവ്യം സദാ ഭജേ."

മതി. ഇനി ഭാഷാകൃതികളിലേയ്ക്കു കടക്കാം.

## യുദ്ധകാണ്ഡം പാന

984-ൽ വെള്ളാരപ്പള്ളിയിൽ നിന്നു തീപ്പെട്ട കൊച്ചി രാമവർമ്മമഹാരാജാവിന്റെ സുന്ദരകാണ്ഡം പാനയെക്കുറിച്ച് അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി യുദ്ധകാണ്ഡപ്രതിപാദിതമായ ശ്രീരാമപട്ടാഭിഷേകംവരെയുള്ള കഥ ഈ പാനയിൽ തമ്പുരാട്ടി ഗാനം ചെയ്യുന്നു. ആ വസ്തുത അവിടുന്നുതന്നെ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

“പണ്ടു മാമകമാതാമഹിയാകും
കൊണ്ടൽവേണിയാൾതന്നുടെ മാതുലൻ
ഉണ്ടാക്കീട്ടുള്ള കാണ്ഡത്തിൻശേഷം ഞാൻ
കൊണ്ടാടിക്കൊണ്ടു വർണ്ണനംചെയ്യുന്നേൻ”

എന്നീ വരികൾ നോക്കുക. ഒടുവിൽ

“നാരായണ! ത്വദവതാരകഥാവിരാജൽ–
സ്തോത്രസ്വരൂപസുതമാപ്തവതീ പുരാദ്യ
രാമാഭിഷേകവരഭൂഷണശോഭമാന–
പാനാഭിധാനതനയാം ച തവ പ്രസാദാൽ”

എന്നൊരു ശ്ലോകമുണ്ട്. ഇവിടെ “ത്വദവതാരകഥാ” എന്നു പറഞ്ഞതു് അഷ്ടമിരോഹിണീമാഹാത്മ്യം കിളിപ്പാട്ടിനെ ഉദ്ദേശിച്ചായിരിക്കാമെന്നു തോന്നുന്നു. തമ്പുരാട്ടി രാമാവതാരത്തെ വിഷയീകരിച്ച് ഒരു ഗ്രന്ഥവും രചിച്ചതായി അറിവില്ല. ‘നാരായണ’ എന്ന പദംകൊണ്ട് ഏതവതാരത്തിനും യോജിക്കുന്ന വിധത്തിലാണ് മഹാവിഷ്ണുവിനെ അഭിസംബോധനം ചെയ്തിരിക്കുന്നതും. ദീർഘവും രമണീയവുമായ ഒരു കൃതിയാണ് യുദ്ധകാണ്ഡം പാന. ഒരു ഭാഗം പകർത്തിക്കാണിക്കാം.

“അശ്രുതപൂർവമാകുന്ന വാക്കുകൾ
വിശ്വവാസികളൊക്കെയും കേൾക്കവേ
നിശ്ശങ്കം രാമൻ ചൊന്നതു കേട്ടപ്പോ–
ളശ്രുപൂർണ്ണവദനനായ് സീതയും
പാരം സങ്കടത്തോടേ വദനത്തെ–
ക്കരംകൊണ്ടു തുടച്ചു പണിപ്പെട്ടു
വരനാകുന്ന രാമനോടന്നേരം
പറഞ്ഞാളിടത്തൊണ്ട വിറച്ചേവം.
എന്തയ്യോ! ഭവാനീവണ്ണം ശ്രോത്രത്തിൽ–
ച്ചെന്തീക്കട്ട ചൊരിയുമ്പോലുള്ളൊരു
സന്താപത്തെ വളർക്കുന്ന വാക്കിനെ
ഹന്ത! ചൊല്ലുന്നു നിസ്സാരനെപ്പോലെ?
നിന്തിരുവടിതന്നുടെ മാനസേ
ചിന്തിക്കുംപോലെ വാണവളല്ല ഞാൻ
കാന്ത! ചാരിത്ര്യരക്ഷ വഴിപോലെ
സന്തതമിഹ ചെയ്തല്ലോ വാണതും.
സതിയല്ലാത്തവളല്ല ഞാനെന്നതും
മതിയിൽത്തവ നിശ്ചയമില്ലയോ?”

### കംസവധം ശീതങ്കൻതുള്ളൽ

കംസൻ അക്രൂരനെ രാമകൃഷ്ണന്മാരുടെ ആനയനത്തിനു ഗോകുലത്തിലേക്കയയ്ക്കുന്നതു മുതല്ക്കുള്ള ഭാഗവതകഥയാണ് ഈ തുള്ളലിൽ പ്രതിപാദിച്ചിരിയ്ക്കുന്നത്.

“പുത്രനാകും രവിവർമ്മന്റെ നിർബ്ബന്ധ–
മോർത്തുകൊണ്ടെത്രയും ക്ലേശിച്ചൊരുവിധം
ധൂർത്തനാം കംസന്റെ നിഗ്രഹമാം കഥ
തീർത്തേൻ . . . ”

എന്നു ഗ്രന്ഥനിർമ്മിതിക്കുള്ള കാരണം നിർദ്ദേശിച്ചിരിക്കുന്നു. ഈ കവിതയും നന്നായിട്ടുണ്ട്. ഒരു ഭാഗം നോക്കുക.

“പങ്കജദളനയനാ! പരിവൃഢഗുണസദനാ!
പന്നഗവരശയനാ! പരവനദവദഹനാ!
പാർവണശശിവദനാ! പശുപവധൂമദനാ!
പാലയ മധുമഥനാ! പരിചൊടു മാമധുനാ.
ശങ്കരശുഭകരണാ! ശതമഖനുതചരണാ!
ശം കുരു ജലശരണാ! ശകലിതഘനകിരണാ!
നന്ദിതനന്ദമുഖാ! നതജനജനിതസുഖാ!
നന്ദജ! വിജയസഖാ! നതമവ മാമനഘാ!
നിർമ്മിതജഗദണ്ഡാ! നിരുപമഭുജദണ്ഡാ!
നിർമ്മലതരഗണ്ഡാ! നിയമിതരിപുഷണ്ഡാ!
കൃഷ്ണ നമോ മഹതേ! കൃതയദുകുലവസതേ!
കൃച്ഛ്രവിമോചന തേ! കൃപയൊടു ലസിതമതേ!
നന്ദജ! തവ ചരണം നരവര! ബഹുകരുണം
നന്മയൊടിഹ ശരണം നലമൊടു മമ വരണം.”

ഇതര കൃതികളെ ഇവിടെ പരാമർശിക്കുന്നില്ല.

## നാഗരുകോവിലിൽ കല്യാണിക്കുട്ടി അമ്മച്ചി (1014–1084)

### ജനനവും ബാല്യകാലവും

കൊച്ചിരാജ്യത്തെ ഒടുവിലത്തെ സർവാധികാര്യക്കാരും മക്കോള റിസിഡണ്ടിന്റെ വിശ്വസ്ത സേവകനുമായിരുന്ന മുകുന്ദപുരം താലൂക്ക വെള്ളൂർക്കരപ്പകുതിയിൽ നടവരമ്പുദേശത്തു ചെറുപറമ്പിൽ കുഞ്ഞുകൃഷ്ണമേനോനെപ്പറ്റി വായനക്കാർ കേട്ടിരിക്കുമല്ലോ. അദ്ദേഹത്തിന്റെ പത്നി അതേ ദേശത്ത് മാതൃപ്പള്ളിവീട്ടിൽ കുഞ്ഞുലക്ഷ്മിയമ്മയായിരുന്നു. ആ ദമ്പതികളുടെ ദ്വിതീയ സന്താനമായി കല്യാണിക്കുട്ടിയമ്മ 1014-ാണ്ടു കർക്കടകമാസത്തിൽ മൂലംനക്ഷത്രത്തിൽ ജനിച്ചു. മാതൃപ്പള്ളിവീട്ടുകാരുടെ മൂലകുടുംബം കൊച്ചിയിൽ ചേരാനല്ലൂർദേശത്താണ്. അച്ഛൻ കല്യാണിക്കുട്ടിയമ്മയെ ബാല്യത്തിൽത്തന്നെ മലയാളത്തിനു പുറമെ സംസ്കൃതവും സങ്ഗീതവും അഭ്യസിപ്പിച്ചു. സങ്ഗീതാധ്യാപകൻ ശിവരാമഭാഗവതരായിരുന്നു. 1036-ാണ്ട് കർക്കടകത്തിൽ കുഞ്ഞുകൃഷ്ണമേനോൻ മരിച്ചു.

## വിവാഹവും അനന്തരജീവിതവും

തിരുവിതാംകൂർ ആയില്യംതിരുനാൾ മഹാരാജാവിന്റെ പ്രഥമപത്നി അവിടത്തെ മാതുലനായ ഉത്രംതിരുനാൾമഹാരാജാവിന്റെ പുത്രി തിരുവട്ടാറ്റമ്മവീട്ടിൽ പാനപ്പിള്ള മാധവി ലക്ഷ്മിയമ്മയായിരുന്നു. 1029-ാണ്ട് ആയില്യംതിരുനാൾ പരിഗ്രഹിച്ച ആ യുവതി 1037 ഇടവത്തിൽ മരിച്ചു. തന്മൂലം വിഗതഭാര്യനായിത്തീർന്ന അവിടുന്ന് 1038-ാണ്ടു തുലാമാസത്തിൽ മാതൃപ്പള്ളി കല്യാണിക്കുട്ടിയമ്മയെ പട്ടുംപരിവട്ടവുമിട്ട് അമ്മച്ചിയായി സ്വീകരിച്ചു. അവിടത്തെ മാതുലന്റേയും അവിടത്തേയും ആശ്രിതനായിരുന്ന ഈശ്വരപിള്ള വിചാരിപ്പുകാരാണ് ആ വിവാഹം ഘടിപ്പിച്ചതു്. കുഞ്ഞുകൃഷ്ണമേനോനും ഈശ്വരപിള്ളയും പരമസുഹൃത്തുക്കളായിരുന്നു. 1040-ൽ അമ്മച്ചി നാഗരുകോവിൽ അമ്മവീട്ടിലേയ്ക്കു ദത്തെടുക്കപ്പെട്ടു. തിരുവനന്തപുരത്തു നാഗരുകോവിലെന്നും, അരുമനയെന്നും തിരുവട്ടാറെന്നും, വടശ്ശേരിയെന്നും പേരുകളിൽ നാലു സുപ്രസിദ്ധങ്ങളായ രാജദാരഗൃഹങ്ങളുണ്ട്. അവ ധർമ്മരാജാവു് സ്ഥാപിച്ചതെന്നാണ് ഐതിഹ്യം. ആ കുടുംബങ്ങളിൽ ഏതെങ്കിലും ഒന്നിൽ അമ്മച്ചിമാർ ജനിക്കുകയോ ദത്തെടുക്കപ്പെടുകയോ ചെയ്യണമെന്ന് ഒരു വെയ്പുണ്ട്. 1043-ൽ അമ്മച്ചിയുടെ വലിയമ്മയുടെ (അമ്മയുടെ ജ്യേഷ്ഠത്തി) പുത്രിമാരായ കുഞ്ഞുലക്ഷ്മിയമ്മയേയും കാത്യായനിയമ്മയേയുംകൂടി അതേ അമ്മ വീട്ടിൽത്തന്നെ ദത്തുകേറ്റി. അവരിൽ കുഞ്ഞുലക്ഷ്മിത്തങ്കച്ചിയുടെ പുത്രിയായ അനന്തലക്ഷ്മിപ്പൊന്നമ്മയാണ് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ പ്രഥമപത്നി. 1052-ൽ അമ്മച്ചിയുടെ മാതാവു മരിച്ചു. സർവ്വകലാവല്ലഭനായ ആയില്യം തിരുനാൾ മഹാരാജാവിന്റെ പ്രേയസിയാകുന്ന യുവതിക്ക് സാഹിത്യത്തിലും സംഗീതത്തിലും എത്രമാത്രം അഭിനിവേശമുണ്ടായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. അമ്മച്ചി നിരന്തര വ്യവസായംകൊണ്ടു തന്റെ സംസ്കൃതപാണ്ഡിത്യം വർദ്ധിപ്പിക്കുകയും കല്യാണകൃഷ്ണഭാഗവതർ മുതലായ ആസ്ഥാനവിദ്വാന്മാരുടെ ശിക്ഷണത്തിൽ വീണവായനയിലും വായ്പാട്ടിലും വിസ്മയനീയമായ വിദഗ്ദ്ധത സമ്പാദിക്കുകയും ചെയ്തു. അമ്മച്ചി പ്രസവിച്ചില്ല. 1055-ൽ ആയില്യംമഹാരാജാവു തീപ്പെട്ടു. 1084 മകരമാസം 6-ആംനയായിരുന്നു ആ മഹതിയുടെ മരണം. അമ്മച്ചി ഈശ്വരഭക്തിയും സുചരിതയും ഉദാരമനസ്കയുമായിരുന്നു. തന്റെ ആദ്യത്തെ സംഗീതദേശികനായ ശിവരാമഭാഗവതർക്ക് ഒരു വീരശൃംഖല പ്രിയതമനെക്കൊണ്ടു സമ്മാനിപ്പിച്ചതു് ആ സ്ത്രീരത്നത്തിന്റെ കൃതജ്ഞതയ്ക്കു നിദർശനമാണ്.

## കൃതികൾ

കല്യാണിക്കുട്ടിഅമ്മച്ചിക്കു ഭാഷാകവനത്തിൽ ശ്ലാഘനീയമായ പാടവമുണ്ടായിരുന്നു. ഗാനങ്ങൾ രചിക്കുന്ന വിഷയത്തിലായിരുന്നു കൂടുതൽ വാസന. ആ സാധ്വി (1) രാസക്രീഡ, (2) അംബരീഷചരിതം, (3) പാർവതീസ്വയംവരം എന്നീ കൈകൊട്ടിക്കളിപ്പാട്ടുകളും, (4) സ്തവമാലിക, (5) പാതിവ്രത്യപഞ്ചകം, (6) ഗണപഞ്ചകം, (7) സത്യപഞ്ചകം എന്നീ കൃതികളും ഉണ്ടാക്കീട്ടുണ്ട്. സ്തവമാലികയിൽ പദ്യസരമെന്നും ഗാനസരമെന്നും രണ്ടു വിഭാഗങ്ങളുണ്ട്. ഗാനസരത്തിൽ മുപ്പത്തിമൂന്നു പാട്ടുകൾ അടങ്ങിയിരിക്കുന്നു. ചില ശ്ലോകങ്ങളും ഒരു പാട്ടും പ്രദർശിപ്പിക്കാം.

> "സദാ തേ പദാംഭോജഭക്തിം മഹാത്മൻ!
> മുദാ ദേഹി കാമാദിശത്രൂൻ നിഹത്യ
> യദാ ത്വൽകൃപാ മയ്യമോഹാ ഭവേൽ സാ
> തദാഹം കൃതാർത്ഥാ ഹരേ! പത്മനാഭ!" (സ്തവമാലിക)

"ജാതിശ്രേഷ്ഠത കുമ്പിടുന്നു; വഴി ത്തുത്തീടുന്നു സൗന്ദര്യവും;
ഖ്യാതിപ്പെണ്മണി പൊൻപിടിക്കുട പിടിച്ചീടുന്നു കൂട്ടും മുദാ;
ഭ്രതിക്കാറണിവേണി കല്പനകൾ കേട്ടീടുന്നു; പെൺനാട്ടിലീ–
പ്പാതിവ്രത്യമഹാമഹേശ്വരിയെഴുന്നള്ളിജ്ജയിക്കുന്നഹോ!"

(പാതിവ്രത്യപഞ്ചകം)

"യദുകുലനായക! ജഗദീശ!
വ്രജവനിതാജനഹൃദയസരോരുഹ–
ദിനകര മാമവ ജലജാക്ഷ! (യദുകുല)
തവ ചരിതാമൃതപാനരതിർമ്മമ
ഭവതു സദാമരനുതപാദ! (യദുകുല)
വിഹരതു മമ ഹൃദി താവകചരണം
ദിനമനു ദീനജനൈകശരണ്യം. (യദുകുല)
ശമയ ഗദം മമ ശമലവിഭഞ്ജന!
ത്വാമനിശം പ്രണമാമി ദയാലോ!" (യദുകുല)

(സ്തവമാലിക-ഗാനസരം)

## തോട്ടയ്ക്കാട്ട് ഇക്കാവമ്മ (1039–1091)

### ജനനവും വിദ്യാഭ്യാസവും

ഇക്കാവമ്മ എറണാകുളത്തെ സുപ്രസിദ്ധമായ പടിഞ്ഞാറേ തോട്ടയ്ക്കാട്ടുവീട്ടിൽ 1039-ാണ്ടു മകരമാസം 28-ാംനു പൂരുരുട്ടാതിനക്ഷത്രത്തിൽ ജനിച്ചു. പിതാവ് ഇരിങ്ങാലക്കുട നന്തിക്കരവീട്ടിൽ ചാത്തുപ്പണിക്കരും മാതാവു തോട്ടയ്ക്കാട്ടുവീട്ടിൽ കുട്ടിപ്പാറുവമ്മയുമായിരുന്നു. സംഗീതത്തിലും സാഹിത്യത്തിലും ശില്പശാസ്ത്രത്തിലും പില്ക്കാലത്തു നിപുണനായിത്തീർന്ന ചാത്തുപ്പണിക്കർ തൃപ്പൂണിത്തുറക്കോവിലകത്തു പോയി അവിടത്തെ കഥകളിയോഗത്തിൽ ചേർന്ന് ഒരു നല്ല നടനെന്നു പേരു സമ്പാദിച്ചു. പിന്നീടു സർക്കാരുദ്യോഗത്തിൽ പ്രവേശിച്ചു തഹശീൽമജിസ്ട്രേട്ടായി ഉയർന്നു. ആ ദമ്പതിമാരുടെ ദ്വിതീയ പുത്രിയാണ് ഇക്കാവമ്മ. സുഭദ്രാർജ്ജുനം നാടകം, ഇക്കാവമ്മ സമർപ്പിച്ചിരിക്കുന്നതു കുട്ടിപ്പാറുവമ്മയ്ക്കാകുന്നു.

"അത്യന്തശുദ്ധിയൊടുമീശ്വരപാദപത്മം
നിത്യം ഭജിച്ചു മരുവുന്ന മദീയമാതഃ"

എന്നാണ് ആ ഘട്ടത്തിൽ കവയിത്രി സ്വമാതാവിനെ അഭിസംബോധനം ചെയ്തിരിക്കുന്നത്. ചാത്തുപ്പണിക്കർ 1050-ാണ്ടും, കുട്ടിപ്പാറുവമ്മ 1079-ാണ്ടും അന്തരിച്ചു. ഇക്കാവമ്മയുടെ പ്രഥമഗുരു അച്ഛൻതന്നെയായിരുന്നു. അച്ഛന്റെ മരണാനന്തരം വെന്നിമല ഉഴുത്തിരവാരിയരോടു ചില കാവ്യങ്ങളും പഞ്ചാംഗഗണനവും പിന്നീട് അച്ചൻകണ്ടത്തു വാസുനമ്പിയാരുടെയടുക്കൽ നാരായണീയവും നൈഷധവും തദനന്തരം മാക്കോത്തു കൃഷ്ണമേനോനോടു ചില നാടകങ്ങളും ചമ്പുക്കളും പഠിച്ചു. അങ്ങനെ ലഭിച്ച വ്യുൽപത്തികൊണ്ടു സംതൃപ്തയാകാതെ സ്വപരിശ്രമംകൊണ്ടുതന്നെ അതു വർദ്ധിപ്പിച്ച് ആ ഭാഷയിൽ സാമാന്യം നല്ല പാണ്ഡിത്യവും കവനത്തിനു വേണ്ട വൈദശ്ധ്യവും സമ്പാദിച്ചു. ഇക്കാവമ്മയുടെ പ്രതിഭാസമ്പത്തും ധാരണാശക്തിയും ഗുരുക്കന്മാരെ വിസ്മയിപ്പിച്ചിരുന്നു.

## ദാമ്പത്യജീവിതം

ഇക്കാവമ്മയെ 14-ാമത്തെവയസ്സിൽ കാരക്കാട്ടു നാരായണമേനോൻ ബി. എ. വിവാഹംചെയ്തു. അദ്ദേഹം കൊച്ചി ഗവർമ്മെന്റു സർവീസ്സിൽ പേഷ്കാരുദ്യോഗം വരെ വഹിച്ച് 1077-ൽ മരിച്ചു. അവരുടെ ആണ്മക്കളും പെണ്മക്കളും ഉന്നതസ്ഥാനത്തിൽ എത്തീട്ടുള്ളവരാണ്. പ്രഥമപുത്രിയെ കൊല്ലങ്കോട്ടു വാസുദേവരാജാവും ദ്വിതീയ പുത്രിയെ അദ്ദേഹത്തിന്റെ അനുജൻ മാധവരാജാവും വിവാഹം ചെയ്തു. മറ്റൊരു പുത്രിയും കവയിത്രിയുമായ ഗൗരിക്കെട്ടിലമ്മയുടെ ഭർത്താവു പണ്ഡിതനും കവിയുമായ കടത്തനാട്ടു ശങ്കരവർമ്മത്തമ്പുരാനാണ്. സാഹിത്യകുശലൻ റ്റി.കെ. കൃഷ്ണമേനോൻ കവിയത്രിയുടെ കനിഷ്ഠസഹോദരനാണെന്നുകൂടി പറയേണ്ടതുണ്ട്. 1091-ാണ്ടു മേടമാസം 21-ാംനു ഇക്കാവമ്മ ചരമഗതിയെ പ്രാപിച്ചു.

## കൃതികൾ

ഇക്കാവമ്മ ഇരുവത്തിരണ്ടാമത്തെ വയസ്സിൽ കവിത എഴുതിത്തുടങ്ങി. പ്രധാന കൃതികൾ (1) സന്മാർഗ്ഗോപദേശം ഓട്ടൻതുള്ളൽ, (2) രാസക്രീഡ കുറത്തിപ്പാട്ട്, (3) പുരാണശ്രവണമാഹാത്മ്യം കിളിപ്പാട്ടു (തർജ്ജമ), (4) സുഭദ്രാർജ്ജുനം നാടകം, (5) കല്ക്കിപുരാണം കിളിപ്പാട്ട്, (6) നളചരിതം നാടകം, (7) ആര്യാശതകം എന്നിവയാണ്. ഇവയിൽ കല്ക്കിപുരാണമൊഴികെ ബാക്കിയുള്ള കൃതികൾ അച്ചടിച്ചിട്ടുണ്ട്. നളചരിതം പൂർത്തിയായിട്ടില്ല. പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകൾക്കും സാഹിത്യപോഷണത്തിൽ ഭാഗഭാക്കുകളാകുവാൻ അവകാശമുണ്ടെന്നും മനസ്സുവച്ചാൽ അവർക്കും ആ വഴിക്കു സഹൃദയന്മാരെ സമഗ്രമായി ആഹ്ലാദിപ്പിക്കുവാൻ സാധിക്കുമെന്നും നമ്മുടെ കവയിത്രി ദൃഢമായി വിശ്വസിച്ചിരുന്നു. സ്ത്രീകളുടെ അഭിമാനസംരക്ഷണത്തിലും ആ സുചരിത ബദ്ധശ്രദ്ധയായിരുന്നു. ഒരിക്കൽ തൃശ്ശൂരിലെ കേരളനന്ദിനി എന്ന പത്രത്തിൽ "അരുതരുതതിസഖ്യം സ്ത്രീകളോടൊട്ടുമാകാ" എന്ന് ഒരു സമസ്യ പ്രസിദ്ധീകരിച്ചിരുന്നു. അതു് ഒരു കവിപൂരിപ്പിച്ചതു് സ്ത്രീകളെ തരം താഴ്ത്തിയായിരുന്നതിനാൽ ഇക്കാവമ്മ പ്രക്ഷുബ്ധയായി അതിന് ഒരു മറുപടിയെഴുതി. ആ മറുപടിയിലുള്ള രണ്ടു ശ്ലോകങ്ങളാണ് ചുവടേ ചേർക്കുന്നതു്.

> "അരുതരുതൊരുനാളും നിന്ദയീ സ്ത്രീജനത്തിൽ–
> പ്പുരുഷരിലഖിലർക്കും സൽഗുണം സിദ്ധമാമോ?
> കരുതുകിലതിമാത്രം ദുഷ്ടരത്രേ പുമാന്മാർ
> വരനെ വിപിനദേശേ ഭൈമിതാനോ ചതിച്ചു?
>
> വൻകാട്ടിൽസ്സന്ത്യജിച്ചാൻ രഘുകുലവരനാം
> രാമചന്ദ്രൻ വിശങ്കം
> തങ്കൽ പ്രേമം പെരുക്കും ജനകനൃപതിതൻ
> പുത്രിയാം സീതതന്നെ;
> തൻകാര്യം കൈവരുത്താൻ ശിവശിവ മടിയി–
> ല്ലെന്തു ചെയ്യാനുമിന്നീ–
> വങ്കന്മാരോടു സഖ്യം, പറക, തരുണിമാ–
> ർക്കെങ്ങനേ സംഭവിക്കും?"

സുഭദ്രാർജ്ജുനത്തിലെ

> "മല്ലാക്ഷീമണിയായ ഭാമ സമരം

ചെയ്തീലയോ? തേർതെളി–
ച്ചില്ലേ പണ്ടു സുഭദ്ര, പാരിതു ഭരി
ക്കുന്നില്ലെ വിക്ടോറിയാ?
മല്ലാക്ഷീമണികൾക്കു പാടവമിവ
യ്യെല്ലാം ഭവിച്ചീടുകിൽ–
ച്ചൊല്ലേറും കവിതയ്ക്കുമാത്രമിവരാ
ളല്ലെന്നു വന്നീടുമോ?”

എന്ന വീരവാദം സുപ്രസിദ്ധമാണല്ലോ.

## കവിതാരീതി

സാരള്യവും സാമഞ്ജസ്യവും തുള്ളിത്തുളുമ്പുന്നവയാണ് ഇക്കാവമ്മയുടെ കൃതികൾ. ആ സാധ്വിയുടെ അതിപ്രധാനകൃതിയായ സുഭദ്രാർജ്ജുനത്തെപ്പറ്റി അവസാനത്തിൽ പ്രസ്താവിക്കാം. മറ്റു കൃതികളിൽനിന്ന് ആദ്യമായി ചില ഭാഗങ്ങൾ ഉദ്ധരിക്കട്ടേ.

“പരന്നു ചന്ദ്രിക പാരിൽ വരുന്നു ശൈത്യസൗഗന്ധ്യം
കലർന്നു മന്ദമായ് വാതം കവർന്നുകൊള്ളുവാൻ ധൈര്യം;
നിരന്നു പൂക്കളിൽച്ചെന്നങ്ങിരുന്നു ഭൃംഗജാലങ്ങൾ;

(സന്മാർഗ്ഗോപദേശം)

“സൽക്കഥാശ്രവണത്താൽച്ചിത്തവും വിശുദ്ധമാം
വെക്കമാശ്ശുദ്ധചിത്തേ സിദ്ധമാം സുദ്ധജ്ഞാനം
ധ്യാനത്താലഖിലപാപങ്ങളും നശിച്ചു നി–
ത്യാനന്ദപദം പ്രാപിക്കുന്നിതു സുകൃതികൾ.”

(പുരാണശ്രവണമാഹാത്മ്യം)

“സ്മരനെച്ചുട്ടുകരിച്ചൊരു പുരരിപുതൻ പാതിമെയ്യടക്കീടും
പെരുതാം തവ മതിചതുരത കരുതീടുകിലംബികേ! മഹാശ്ചര്യം.”

(ആര്യാശതകം)

“പാനീയം സ്ഫടികോപമം; പരിമളം
തിങ്ങുന്ന പങ്കേരുഹം;
ചേണാർന്നോരളിസഞ്ചയം; പുളിനമ–
വ്വണ്ണം മനോമോഹനം;
ഞാനെന്തിന്നധികം പറഞ്ഞു സമയം
പോക്കുന്നു? ചിന്തിക്കിലീ–
സ്ഥാനംതാൻ രസികർക്കു യോഗ്യതരമാ–
യീടും വിഹാരസ്ഥലം.”

(നളചരിതം)

“പാരിൽച്ചന്ദ്രിക ശശിയെദ്ദൂരെ വെടിഞ്ഞാ രവിക്കു വശയാമോ?
ആരിന്നനർഘരത്നം പോരെന്നു നിനച്ചു കനലു കാമിക്കും?”

(നളചരിതം)

## സുഭദ്രാർജ്ജുനം

അക്കാലത്തെ സ്വതന്ത്രഭാഷാനാടകങ്ങളുടെ ഇടയിൽ സുഭദ്രാർജ്ജുനത്തിനു തികച്ചും അഭ്യർഹിതമായ സ്ഥാനത്തിനവകാശമുണ്ട് മഹാകവികളായ കൊടുങ്ങല്ലൂർ

തമ്പുരാക്കന്മാർ മാത്രമേ അതിനുമുമ്പ് അത്തരത്തിലുള്ള നാടകങ്ങൾ രചിച്ചിരുന്നുള്ളു. അതിന് ഒരു വ്യത്യസ്തമായി പറയേണ്ടതു കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ അജ്ഞാതവാസത്തെമാത്രമാണ്. സ്ത്രീകൾ നിർമ്മിച്ച നാടകങ്ങളിൽ രണ്ടാമത്തേതാണ് സുഭദ്രാർജ്ജുനം. അത് 1066 ഒടുവിൽ പ്രസിദ്ധീകൃതമായി. ആ നാടകം സകലഭാവുകന്മാരുടേയും അഭിനേതാക്കളുടേയും ആദരത്തിനു പാത്രീഭവിച്ചു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

“ഇക്കാലത്തൊരു പെണ്ണു തെറ്റുകളകന്നുള്ളോരെഴുത്തെങ്കിലും
മുക്കാലും ശരിയാക്കിയിങ്ങെഴുതിയാലൊട്ടല്ലതാശ്ചര്യമാം
ഇക്കാണുന്നൊരു ചാരുനാടകമദുഷ്ടാക്ലിഷ്ടശബ്ദാർത്ഥമാ–
യിക്കാവമ്മ ചമച്ചതോർത്തു മുഴുകുന്നുള്ളത്ഭുതാംഭോനിധൗ”

എന്ന് അതിനെ പ്രശംസിച്ചു. “സുഭദ്രാർജ്ജുനം എന്ന ഭാഷാനാടകം ‘ഒരു സ്ത്രീ ഉണ്ടാക്കിയതുകൊണ്ട്’ എന്ന വിശേഷണം കൂടാതെതന്നെ വളരെ നന്നായി എന്നു പറയേണ്ടതായിരിക്കുന്നു” എന്നാണ് സി.പി. അച്യുതമേനോൻ അഭിപ്രായപ്പെട്ടത്. ഒരു സംശയാലു ഉപരിപ്ലവമായി,

“ഒന്നാമതായ് സുമുഖി! ബുക്കു പകുത്തെടുത്തു
നന്നായി നോക്കി ‘നടുതൊട്ടൊടു’ വാകുവോളം
എന്നാലിതിന്റെ നവരീതിയിലെന്മനസ്സു
മന്നാടിയാരുടെയതെന്നൊരു ശങ്കതേടി.”

എന്നു പ്രസ്താവിച്ചതിൽ അദ്ദേഹം തന്നെ പിന്നീടു പരിതപിച്ചിരിക്കും. ഇക്കാവമ്മയുടേയും മന്നാടിയാരുടേയും കവന ശൈലികൾ വിഭിന്നങ്ങളാണ്. നാലാമങ്കത്തിൽ സുഭദ്രയുടെ മുന്നിൽ അർജ്ജുനൻ തന്റെ കാമപാരവശ്യം വെളിപ്പെടുത്തിയതു ദ്രുതഗതിയിലായിപ്പോയി എന്നൊരപവാദം ചില വിമർശകന്മാർ അക്കാലത്തു് ഉത്ഥാപനം ചെയ്യുകയുണ്ടായി. അവരും ഇതരഭാഗങ്ങളിൽ രസഭാവാദികൾക്കു വേണ്ടത്തക്ക പരിപുഷ്ടിവന്നിട്ടുണ്ടെന്നു സമ്മതിക്കുകയാണ് ചെയ്തതു്. ചില ശ്ലോകങ്ങൾ ഏറ്റവും ഹൃദയഹാരികളാണ്.

“മെല്ലെച്ചെന്നു ലതാഗൃഹത്തിലുതിരും പൂരേണുഭസ്മം ധരി–
ച്ചുല്ലാസാലണയുന്ന ഭൃംഗനിരയാം രുദ്രാക്ഷമാല്യത്തൊടും
നല്ലാമോദമിയന്ന മാധവസഖൻ മന്ദാനിലൻ ഗൂഢമായ്–
ച്ചെല്ലുന്നൂ യതിപോലെ മാധവിയെയൊന്നാലിങ്ഗനം ചെയ്യുവാൻ.”

“എടുത്തു മുസലത്തെ ഞാൻ ഝടിതിയോടിയെത്തീട്ടുടൻ
തടുത്തഥ കിരീടിതന്നുടലടിച്ചുടച്ചിക്ഷണം
ഉടുത്തു തുടരെത്തിളച്ചൊഴുകുമക്കുടുംചോരയാൽ–
ക്കെടുത്തുവനെരിഞ്ഞിടും കഠിനമായ കോപാഗ്നിയെ.”

“ഭുജവീര്യാതിശയത്താൽ പ്രജകളെ രക്ഷിച്ചുവാഴ്ക ബഹുകാലം
വിജയസുഭദ്രാപ്തിസുഖം നിജഭാഗ്യംകൊണ്ടു സംഭവിച്ചീടും.

“പുഷ്പായുധനു സമരത്തിനു രാത്രിയിങ്ക–
ലല്പേതരം കതുകമോടു തുണച്ചമൂലം

കെല്പുള്ളതൊക്കെയകലത്തു വെടിഞ്ഞിദാനീം
സ്വല്പപ്രഭം തുഹിനരശ്മി ഗമിച്ചിടുന്നു."

ഇവ ആ കൂട്ടത്തിൽപ്പെടുന്നു. സുഭദ്രാർജ്ജുനത്തിനു ലഭിച്ചിട്ടുള്ള മറ്റൊരു ഭാഗ്യം അതു സംസ്കൃതഭാഷയിൽ വിവർത്തിതമായിട്ടുണ്ട് എന്നുള്ളതാണ്. പ്രശസ്തപണ്ഡിതനായിരുന്ന തിരുവനന്തപുരം കരമന കേശവശാസ്ത്രിയാണ് വിവർത്തകൻ. ആ ഭാഗ്യം മറ്റൊരു ഭാഷാനാടകത്തിനും കൈവന്നിട്ടില്ല. ഏട്ടൻ രാജാവു കെ. സി. കേശവപിള്ളയുടെ ലക്ഷ്മീകല്യാണത്തിലെ ഗദ്യാംശം മാത്രമേ തർജ്ജമചെയ്തിട്ടുള്ളു വല്ലോ. എങ്ങനെ നോക്കിയാലും വാസന തികഞ്ഞ ഒരു കവയിത്രിതന്നെയായിരുന്നു ഇക്കാവമ്മ. കേരളവർമ്മ വലിയകോയിത്തമ്പുരാൻ കേരളീയപ്രശസ്തിയിലെ താഴെയുദ്ധരിക്കുന്ന ശ്ലോകത്തിൽ ആ വസ്തുത സ്പഷ്ടമായി രേഖപ്പെടുത്തീട്ടുണ്ട്.

"ഇക്കാലമിന്ദുമുഖിമാർ പലരും കവിത്വ–
വക്കാണമാർന്നു മരുവുന്നു; തദേതദാസ്താം;
ഇക്കാവുപണ്ഡിത പരം മകരന്ദധാരാ–
ധിക്കാരിവാങ്മധുരിമാധുരി മാനനീയാ."

## സി. ഗോവിന്ദൻ എളേടം (1040–1104)

### ജീവിതചരിത്രം

ഗോവിന്ദനെളേടം കൊച്ചി കണയന്നൂർത്താലൂക്കു പള്ളുരുത്തി അംശത്തിൽ ചെളായി എന്ന കുലീനമായ നായർ കുടുംബത്തിൽ ജനിച്ചു. മാതാവു നാരായണിയമ്മയും പിതാവു ശിവരാമയ്യരുമായിരുന്നു. എറണാകുളം സർക്കാർ ഹൈസ്കൂളിലും കോഴിക്കോട്ടു സാമൂതിരികോളേജിലും വിദ്യാഭ്യാസം ചെയ്തു. പടിഞ്ഞാറേ തോട്ടയ്ക്കാട്ടു പാറുക്കുട്ടിയമ്മയായിരുന്നു പത്നി. 1067-ാണ്ടു കുംഭമാസത്തിൽ കൊച്ചി ഹജൂരാപ്പീസിൽ ഒരു ഗുമസ്തനായി നിയമിക്കപ്പെട്ടു. ഒടുവിൽ എറണാകുളം കോളേജിൽ പ്രധാനമലയാളപണ്ഡിതനായി പണി നോക്കി, 1095-ൽ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. 1104 മിഥുനത്തിൽ മരിച്ചു.

### കൃതികൾ

(1) ഭക്തിസംവർദ്ധനം അഥവാ മുകുന്ദശതകം, (2) ശിഷ്ടാചാരം ലഘുകാവ്യം, (3) സുനന്ദാസരസവീരം നാടകം, (4) ചന്ദ്രഹാസൻ നാടകം ഇവയാണ് എളേടത്തിന്റെ കൃതികൾ. അവയിൽ സുനന്ദാസരസവീരം നാടകത്തിന്റെയും ചന്ദ്രഹാസൻ നാടകത്തിന്റെയും പ്രണേതാവ് എന്ന നിലയിലാണ് കേരളീയർ അദ്ദേഹത്തെ അറിയുന്നത്. സുനന്ദാസര സവീരം ഷേക്സ്പീയരുടെ വിശ്വവിശ്രുതമായ 'ടെമ്പെസ്റ്റ്' (Tempest) എന്ന നാടകത്തിന്റെ ഒരു സ്വതന്ത്രവിവർത്തനമാണ്. അതു 1069-ൽ പ്രസിദ്ധീകരിച്ചു. പാത്രങ്ങൾക്കു ഭാരതീയമാനധേയങ്ങൾ കൊടുത്തു പ്രസ്താവനയും ഭരതവാക്യവും മറ്റും കൂട്ടി ആദ്യമായി ഒരു ഇംഗ്ലീഷ് നാടകം ഭാഷാന്തരീകരിച്ചത് അദ്ദേഹമാണെന്നു നാം ഓർമ്മിക്കേണ്ടതാണ്. എളേടത്തിനു ഭാഷാകവികളുടെ കൂട്ടത്തിൽ ഗണനീയമായ സ്ഥാനം നല്കുവാൻ നിർവ്വാഹമില്ല; എന്നാൽ തീരെ വിസ്മരണീയമാണ് അദ്ദേഹത്തിന്റെ സാഹിത്യസേവനം എന്നു പറയുവാനും തരമില്ല. റ്റി. കെ. കൃഷ്ണമേനോൻ രചിച്ച ചന്ദ്രഹാസൻ എന്ന നോവലിൽ കുറേ ഭാഗം അദ്ദേഹവും എഴുതീട്ടുണ്ട്. നാടകത്തിൽനിന്ന് ഒരു ശ്ലോകം താഴെ ചേർക്കുന്നു.

"നേരിട്ടെന്നോടടുക്കും കടിലമിഴികളി–

ട്ടൊട്ടുരുട്ടും കുരങ്ങ–
ന്മാരെപ്പോലേ ചിലയ്ക്കും ചപലതയതിനാൽ
ക്കൊഞ്ഞനം കാട്ടുമേറ്റം
നേരേ മാർഗ്ഗത്തിൽ വീണെൻ പദഗതിയെ മുട–
ക്കും കടുംക്രോധമോടും
ക്രൂരന്മാരായ് ദ്വിജിഹ്വാകൃതിയിലുടനുടൻ
ചീറ്റുമെന്നെക്കടിക്കും."

## കോടശ്ശേരി കുഞ്ഞൻതമ്പാൻ (1022–1080)

### ജീവിതചരിത്രം

കോടശ്ശേരി കുഞ്ഞൻതമ്പാൻ മലയാള മനോരമയുടെ ആരംഭകാലത്തു സാമാന്യം പ്രസിദ്ധനായ ഒരു കവിയായിരുന്നു. "ഉഴത്തിൽക്കൊള്ളാഞ്ഞാൽക്കളമതിൽ വഴക്കില്ലറിയണം" എന്ന തമ്പാന്റെ സമസ്യ വെണ്മണിമഹനെ സാമാന്യത്തിലധികം ക്ഷോഭിപ്പിച്ചതും കോടശ്ശേരിയുടെ കവിതാപിശാചികയെ ഉച്ചാടനം ചെയ്യുവാൻ ആ മഹാകവി മാന്ത്രികനായി ത്തുലിക ചലിപ്പിച്ചതും മറ്റും പ്രസിദ്ധമാണല്ലോ. കൊച്ചിയിൽ ചാലക്കുടിക്കു സമീപമാണ് കോടശ്ശേരി എന്ന ചരിത്രപ്രഖ്യാതമായ കുടുംബത്തിന്റെ സന്നിവേശം. കർത്താക്കന്മാരെന്നാണ് ആ കുടുംബത്തിലെ പുരുഷന്മാരെ പറയുന്നത്. തമ്പാൻ എന്നു പുരുഷന്മാരേയും തമ്പായി എന്നു സ്ത്രീകളേയും ബഹുമാനസൂചകമായി വിളിക്കാറുണ്ട്. കുഞ്ഞൻതമ്പാൻ ആ കുടുംബത്തിലെ കുഞ്ഞിക്കാവുതമ്പായിയുടേയും ചാലക്കുടി കൂടപ്പുഴ മരുത്തോമ്പള്ളിയില്ലതെ കൃഷ്ണൻ നമ്പൂരിയുടേയും പുത്രനായി 1922-ാണ്ടു മീനമാസത്തിലെ പൂരാടം നക്ഷത്രത്തിൽ കോടശ്ശേരി കിഴക്കേ മഠത്തിൽ ജനിച്ചു. മരുത്തോമ്പള്ളി തെക്കേ പുഷ്പകത്തു വാസുനമ്പിയാരുടെ കീഴിൽ സംസ്കൃതം പഠിച്ചു കാവ്യങ്ങളിൽ സാമാന്യം വ്യുൽപത്തി സമ്പാദിച്ചു. കൊടുങ്ങല്ലൂരിനു സമീപമുള്ള പയ്യാക്കൽ വീട്ടിലെ പാറുക്കുട്ടിയമ്മയെ വിവാഹം ചെയ്തു. തന്നിമിത്തം കൊടുങ്ങല്ലൂരെ കവിതക്കളരി കാണുന്നതിനും ആ വഴിക്കു സാഹിത്യസംബന്ധമായി ചിലതെല്ലാം പഠിക്കുന്നതിനും സംഗതിവന്നു. നടുവത്തച്ഛനാണ് അദ്ദേഹത്തിന്റെ കുടുംബകാര്യങ്ങൾ നോക്കുവാൻ നിയുക്തനായത്. അതുകൊണ്ട് അങ്ങനെയും ചില കവിമുഖ്യന്മാരുമായി പഴകുന്നതിനു സൈകര്യം ലഭിച്ചു. "ചേകിതാനനൃപനാം കർത്താവു കുഞ്ഞൻപ്രഭു" എന്ന് അദ്ദേഹത്തെ കവിഭാരതത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ സ്മരിക്കുന്നുണ്ട്. ഒടുവിൽ ചിത്തഭ്രമത്തിനു വിധേയനായി 1080-ാണ്ടു മിഥുനമാസം 4-ാംനു മരിച്ചു.

### കൃതികൾ

കുഞ്ഞൻതമ്പാൻ അഞ്ചങ്കത്തിൽ കല്യാണസൗഗന്ധികം എന്നൊരു നാടകം 1069-ൽ ഭാഷാനാടകനിർമ്മാണത്തിന്റെ ബഹളകാലത്തുണ്ടാക്കി. അതിനു പറയത്തക്കഗുണമില്ലെങ്കിലും ശ്ലോകങ്ങൾക്കു് ഒഴുക്കുണ്ട്. സംഗമേശശതകം എന്നൊരു കൃതികൂടി അദ്ദേഹം രചിച്ചതായി കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു ശ്ലോകംമാത്രം ഉദ്ധരിക്കാം.

"അത്യുച്ചം സാഗരാക്രന്ദിതഭയദമഹാ–
ശബ്ദമോടും തമസ്സാ–
മത്യുഗ്രാകാരവേഷത്തൊടുമതിവിപുലാ–

കാശവക്ത്രത്തിലേറ്റം
പ്രത്യൽപാതം തടിദ്ദംഷ്ട്രയുമുഡുരദന–
ക്കൂട്ടവും കാട്ടി നന്നായ്
പ്രത്യക്ഷപ്പെട്ടുവന്നാൾ ഹഹഹ! രജനിയാം
രാക്ഷസീ രൂക്ഷരൂപാ."

## പാലിയത്തു ചെറിയ കുഞ്ഞുണ്ണിയച്ചൻ (1056–1118)

### ജീവിതചരിതം

ചെറിയ കുഞ്ഞുണ്ണിയച്ചൻ കൊച്ചി രാജ്യത്തെ അഭിജാതവും വിഭവസമ്പന്നവുമായ ചേന്നമങ്ഗലം പാലിയത്തു കുടുംബത്തിൽ 1056-ാണ്ട് ഇടവമാസം 7-ാംനു തിരുവോണം നക്ഷത്രത്തിൽ ജനിച്ചു. അമ്മ പാലിയത്തു കാവുകുഞ്ഞമ്മയും പിതാവ് ആലത്തൂർ അച്ഛൻ ജനാർദ്ദനൻനമ്പൂരിപ്പാട്ടുമായിരുന്നു. പുതുക്കടി നാരായണൻ ഇളയതിന്റെ അടുക്കൽ കാവ്യനാടകങ്ങളും ചേന്നമങ്ഗലം അയ്യാശാസ്ത്രികളുടെ അടുക്കൽ സ്വല്പം വ്യാകരണവും അഭ്യസിച്ചു. 1085-ാണ്ടുവരെ കാവ്യാധ്വാവിൽ സഞ്ചരിച്ചു യശസ്സു നേടി. പിന്നീടു പത്രപ്രവർത്തകനും പ്രവക്താവുമായി പരിണമിച്ചു. ഒരേകാലത്തു ചക്രവർത്തി, ഭജേകേരളം എന്നീ പത്രങ്ങളും ഒടുവിൽ സനാതനി എന്ന പത്രവും നടത്തി. 1090-ാണ്ടു മുതൽ നാലു കൊല്ലത്തോളം അദ്ദേഹം പ്രചരിപ്പിച്ച ഒരു വിശിഷ്ടമാസികയാണ് കേരളകേസരി. ഭാരതത്തിന്റെ സ്വാതന്ത്ര്യം, സമുദായങ്ങളുടെ ഐകമത്യം ഇവയായിരുന്നു അദ്ദേഹത്തിന്റെ പ്രധാനലക്ഷ്യങ്ങൾ. അവ സാധിക്കുന്നതിന് അദ്ദേഹം പതിനഞ്ചു കൊല്ലത്തോളം നിപുണമായും നിസ്തന്ദ്രമായും നിർവ്യളീകമായും പ്രയത്നിക്കുകയുണ്ടായി. പ്രസങ്ഗവേദികളിലും പത്രപങ്‌ക്തികളിലും അദ്ദേഹം അധർമ്മത്തോട്ട് ഇടവിടാതെ പോരാടി. രാജ്യകാര്യങ്ങളെ നിർഭയമായി വിമർശിച്ചു. അദ്ദേഹത്തിന്റെ ഭാഷാരീതിക്ക് ഒരോജസ്സും ദീപ്തിയും പ്രത്യേകതയുമുണ്ട്. സനാതനധർമ്മത്തിലും ബിംബാരാധനയിലും അദ്ദേഹത്തിന് അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. തന്നിമിത്തമാണ് അദ്ദേഹം സഗുണോപാസനം എന്ന മഹാഗ്രന്ഥം 1100-ൽ പ്രസിദ്ധീകരിച്ചതും അന്ത്യകാലത്തിൽ സനാതനി എന്ന പത്രത്തിന്റെ ആധിപത്യം വഹിച്ചതും. ഒരൊന്നാന്തരം വാഗ്മിതന്നെയായിരുന്നു അദ്ദേഹം. അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തിനു പ്രതികൂലമായ ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുന്നതിനുവേണ്ടിയായിരുന്നു സനാതനിയുടെ ആവിർഭാവം. അതിൽ പണ്ടത്തെ സർവസമത്വകാംക്ഷിയായ കുഞ്ഞുണ്ണിയച്ചനെയല്ല നാം കാണുന്നതെങ്കിലും അദ്ദേഹത്തിന്റെ തദ്വിഷയകമായ ആർജ്ജവത്തെ അക്കാലത്ത് ആരും അപലപിച്ചിരുന്നില്ല. കേരളത്തിൽ ദേശാഭിമാനത്തെ ഉദ്ദീപിപ്പിയ്ക്കുന്നതിനും ഏകയോഗക്ഷേമത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അദ്ദേഹം നടത്തിയ കേരളകേസരിയും മറ്റും ധാരാളം പ്രയോജകീഭവിച്ചിട്ടുണ്ട്.

"അരുതരുതു വിരോധം ഭിന്നവർഗ്ഗങ്ങളെല്ലാ–
മൊരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളല്ലോ.
പൊരുളിതു വെളിവാക്കിക്കേരളത്തിന്റെ നന്മ–
യ്ക്കൊരുമയൊടിനി യത്നം ചെയ്യുവിൻ നാട്ടുകാരേ!"

എന്ന സുപ്രസിദ്ധമായ ശ്ലോകത്തിന്റെ പ്രണേതാവ് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ പൗരഗീതയിലുള്ള ചുവടേ ചേർക്കുന്ന ശ്ലോകങ്ങൾകൂടി പ്രകൃതത്തിൽ ഉദ്ധരിക്കേണ്ടതുണ്ട്.

> "കേരളീയത്വവും നോക്കു ഭാരതീയത്വവും സമം
> ഇത്തത്ത്വമോർത്തുറച്ചൊപ്പം പ്രയത്നിക്കുക പൗരരേ!
> കൃഷ്ണനും ബുദ്ധനും ക്രിസ്തു നബി സോറോസ്റ്ററെന്നിവർ
> കാണിച്ച ധർമ്മമാർഗ്ഗങ്ങൾ പിന്തുടർന്നു നടക്കുവിൻ.
>
> ആ മൈത്രിയൊന്നാണൈശ്വര്യം പരാരാധനമേ ധനം
> സ്വാതന്ത്ര്യമൊന്നേ സായുജ്യമെന്നു പാടിനടക്കുവിൻ.
>
> ആഹാരമറിവീ രണ്ടുമില്ലാതേറെപ്പുരുങ്ങലായ്
> പാവങ്ങളുണ്ടാറു കോടിയവരിൽദ്ദയ കാട്ടുവിൻ.
>
> സ്വപ്രത്യയം സ്വാഭിമാനമാത്മത്യാഗം സ്വതന്ത്രത
> ഇവയെപ്പറ്റി നാടൊക്കെ പ്രസങ്ഗിച്ചു നടക്കുവിൻ.
>
> എഴുന്നേല്പിൻ കൺ മിഴിപ്പിൻ കൈകൾ കോർത്തു പിടിക്കുവിൻ
> സ്നേഹപൂർവം പ്രയത്നിപ്പിൻ സ്വരാജ്യത്തെയുയർത്തുവിൻ."

കേരളത്തിൽ ഒന്നാമതായി രാഷ്ട്രീയകൃതികൾ രചിച്ചത് അദ്ദേഹമാണ്. ചെറിയ കുഞ്ഞുണ്ണിയച്ചൻ 1118-ാണ്ടു ചിങ്ങമാസത്തിൽ മണലിപ്പുഴവക്കത്തുള്ള തൃക്കൂർ പാലിയത്തുഭവനത്തിൽവച്ചു ചരമഗതിയെ പ്രാപിച്ചു.

## കൃതികൾ

(1) കാശിയാത്ര, (2) മഹാവീരചരിതം, (3) ശുക്രനീതി എന്നീ പദ്യകൃതികളും, മുൻപു ഞാൻ ചൂണ്ടിക്കാണിച്ച (4) സഗുണോപാസനവുമാണ് അച്ചന്റെ പ്രധാനവാങ്മയങ്ങൾ. ഇവയിൽ കാശിയാത്ര 1077-ലും മഹാവീരചരിതം 1082-ലും ശുക്രനീതിയിലെ ആദ്യത്തെ രണ്ടധ്യായങ്ങൾ 1082-ലും പ്രസിദ്ധീകരിച്ചു. രണ്ടാമത്തേയും മൂന്നാമത്തേയും കൃതികൾ തർജ്ജമകളാണെന്നു പറയേണ്ടതില്ലല്ലോ. കാശിയാത്ര മാത്രമേ സ്വതന്ത്രകാവ്യമായുള്ളു. ചെറുപ്പത്തിൽ മാതാവിനോടൊന്നിച്ച് അച്ചനു കാശിക്കു പോകുവാൻ ഭാഗ്യമുണ്ടായി. ആ സഞ്ചാരത്തെ ആസ്പദമാക്കി അച്ചൻ വെണ്മണിച്ഛായയിൽ എഴുതിയ പ്രസ്തുത കൃതി നന്നായിട്ടുണ്ട്. മഹാവീരചരിതത്തിൽനിന്ന് ഒരു ശ്ലോകം ഉദ്ധരിക്കാം.

> "ആറ്റുവഞ്ചികളിലാർത്തു പൈങ്കിളികൾ വാഴ്കയാലലർ
> കൊഴിഞ്ഞു വീ–
> ണേറ്റവും പുതുമണം പുലർന്ന തെളിവാർന്ന നല്ല കുളിർനീരൊടും
> ചെറ്റു കായകൾ പഴുത്തിരുണ്ട നിറമാർന്നഞാവലുകൾ തൻമുടി–
> ക്കേറ്റു ചോലകളിരമ്പലോടവിടെയങ്ങുമിങ്ങുമൊഴുകുന്നിതാ."

ഇവിടെ ഭവഭൂതിയുടെ "ഇഹ സമദശകുന്താക്രാന്തവാനീരപുഷ്പ" എന്ന ശ്ലോകം പച്ചമലയാളത്തിൽ കവി എത്ര സുഗമമായി തർജ്ജമചെയ്തിരിക്കുന്നു എന്നു നോക്കുക.

### സഗുണോപാസനം

മുപ്പത്താറധ്യായങ്ങളിൽ അച്ചൻ രചിച്ചിരിക്കുന്ന ഈ ഗദ്യഗ്രന്ഥം അദ്ദേഹത്തിന്റെ അചഞ്ചലമായ ആസ്തികത്വത്തിനും അതലസ്പർശിയായ മതവിജ്ഞാനത്തിനും അനന്തമായ ഗ്രന്ഥപരിചയത്തിനും മകുടോദാഹരണമാകുന്നു. ഇംഗ്ലീഷിലേയും സംസ്കൃതത്തിലേയും പല പ്രമാണ ഗ്രന്ഥങ്ങളെ ആശ്രയിച്ചാണ് അദ്ദേഹം സ്വപക്ഷം സ്ഥാപിക്കുന്നത്. അതിന്റെ അവസാനത്തിലുള്ള ചില വാക്യങ്ങൾ ചുവടേ പകർത്തുന്നു: "ഒരവസരത്തിൽ കാണുന്ന സ്വപ്നങ്ങളാണ് മറ്റൊരു കാലത്തു പരമാർത്ഥങ്ങളായി പരിണമിക്കുന്നത് എന്നുള്ള ആധ്യാത്മികതത്വപ്രകാരം അടുത്ത കാലത്തെങ്കിലും ഈ സ്വപ്നം ഫലിച്ചാൽ നാം ചരിതാർത്ഥരായി; കേരളം അനുഗ്രഹീതമായി; ഹിന്ദുമതം ജീവിച്ചു; ഹിന്ദുക്കൾ യോജിച്ചു; ഭാരതഭൂമി കൺ മിഴിച്ചു; വിദേശീയർ യാത്രതിരിച്ചു; സ്വരാജ്യം ലഭിച്ചു; പ്രണവാങ്കിതമായ വേദാന്തമതധ്വജത്തിന്റെ അഗ്രഭാഗങ്ങളിൽ മൈത്രീനിബദ്ധമായ സ്വരാജ്യവൈജയന്തി സമാധാനമന്ദമാരുതനേറ്റ് ആടിക്കളിച്ചു; മഹാത്മജിയുടെ ജീവിതിം ഫലിച്ചു; നാം നമ്മുടെ സ്വധർമ്മത്തെ ബഹുമാനപൂർവം നിർവഹിച്ചു; നാം ജയിച്ചു."

## ആലത്തൂർ അനുജൻനമ്പൂരിപ്പാട് (1057–1118)

### ജനനവും വിദ്യാഭ്യാസവും

അനുജൻനമ്പൂരിപ്പാടു കൊച്ചി വടക്കാഞ്ചേരി ആലത്തൂർ ജനാർദ്ദനൻനമ്പൂരിപ്പാട്ടിലെ പുത്രനായി 1057-ാണ്ടു മേടമാസം 12-ാംനു ചോതി നക്ഷത്രത്തിൽ ജനിച്ചു. മാതാവിന്റെ പേർ വ്യക്തമായി അറിയുന്നില്ല. ജനാർദ്ദനൻനമ്പൂരിപ്പാടുതന്നെയാണ് പാലിയത്തു ചെറിയകുഞ്ഞുണ്ണിയച്ചന്റേയും പിതാവ്. സംസ്കാരസിദ്ധമായ നാമധേയം കൃഷ്ണൻ എന്നായിരുന്നു. മാതാപിതാക്കന്മാർ സംസ്കൃതത്തിൽ വ്യുൽപത്തിയുള്ളവരായിരുന്നതുകൊണ്ട് അവരുടെ മേൽനോട്ടത്തിൽ ആ ബാലന്റെ വിദ്യാഭ്യാസം ആശാസ്യമായ രീതിയിൽ പുരോഗമിച്ചു. മുത്തപ്പൻ പരമേശ്വരൻ നമ്പൂരിപ്പാടായിരുന്നു ആദ്യകാലത്തെ ഗുരു. ഉപനയനാനന്തരം കിരാങ്ങാട്ടുമനയ്ക്കൽ പോയി വേദം അഭ്യസിച്ചു. സ്വജാതിയിൽ വേളികഴിച്ചില്ല. 1080-ൽ പാലിയത്തു കാവുകുഞ്ഞമ്മയുടെ ഒടുവിലത്തെ മകൾ കൊച്ചുകുട്ടിക്കുഞ്ഞമ്മയെ വിവാഹം ചെയ്തു. അവിടത്തെ താമസം ഉപരിപഠനത്തിനു വേണ്ട സൗകര്യം നല്കി. പാലിയത്തെ പുരോഹിതനും പണ്ഡിതനുമായ പുതുക്കുടി നാരായണൻ ഇളയതിനോടു കാവ്യനാടകാലങ്കാരങ്ങളും, ശാബ്ദികതിലകൻ ചേന്നമംഗലം അയ്യാശാസ്ത്രികളോടു വ്യാകരണവും, അവിടത്തെ വൈദ്യൻ നാരായണൻനമ്പിയാരോട് ആയുർവേദവും, കൊച്ചി മഹാരാജകുടുംബത്തിലെ കൊച്ചുണ്ണിത്തമ്പുരാനോടു വിഷവൈദ്യവും അഭ്യസിച്ചു. 1087-ൽ പഠിത്തം നിറുത്തി. ആറേഴു കൊല്ലം കൊണ്ടു പല വിഷയങ്ങളിൽ ജ്ഞാനം സമ്പാദിച്ചു എന്നു ചുരുക്കത്തിൽ പറയാം.

### അനന്തരജീവിതം

പിന്നീടു നമ്പൂരിപ്പാടു സാഹിത്യസേവനം, പത്രപ്രവർത്തനം, ബാലചികിത്സ എന്നീ കാര്യങ്ങളിൽ ഏർപ്പെട്ട് എല്ലാത്തിലും വിജയം നേടി. കുറേക്കാലം ഉണ്ണിനമ്പൂരി മാസികയുടെ പത്രാധിപത്യം വഹിച്ചു. 1083-ൽ ആരംഭിച്ച യോഗക്ഷേമസഭയുടെ അഭ്യുദയത്തിനുവേണ്ടി വളരെക്കാലം നമ്പൂരിമാരുടെ സർവതോമുഖമായ പുരോഗമനത്തെ ലക്ഷ്യമാക്കി അദ്ദേഹം നിപുണമായി പ്രയത്നിച്ചു. പരിഷ്കൃത വിദ്യാഭ്യാസം,

പരിവേദനം, സജാതീയവിവാഹം തുടങ്ങിയ പ്രധാനവിഷയങ്ങളെസ്സംബന്ധിച്ച പല സദസ്സുകളിൽ പ്രസംഗിക്കുകയും, പല പത്രങ്ങളിൽ പ്രകൃഷ്ടോപന്യാസങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സാരസ്യം തുളുമ്പുന്ന സംഭാഷണം ആരെയും ആകർഷിച്ചിരുന്നു. വിഷവൈദ്യത്തിലും അദ്ദേഹത്തിനു ഗണനിയമായ നൈപുണ്യമുണ്ടായിരുന്നു. സ്വന്തമായി ഒരു വൈദ്യശാല സ്ഥാപിച്ച രോഗികളെ ചികിത്സിച്ചുവന്നതിനുപുറമേ ചില പുതിയ ഔഷധങ്ങൾ കണ്ടുപിടിച്ച് അവ തന്റെ പേരിൽ രജിസ്റ്റർ ചെയ്യിക്കുകയും ചെയ്തു. 1118-ാണ്ടു ധനുമാസം 23-ാംനു മരിച്ചു. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കിരാതാർജ്ജുനീയവ്യായോഗം തർജ്ജമ ചെയ്തു പാലിയത്ത് ഓമനക്കുഞ്ഞമ്മ അദ്ദേഹത്തിന്റെ പുത്രിയാണ്.

## കൃതികൾ

നമ്പൂരിപ്പാട്ടിലേക്കു ഭാഷയിൽ പദ്യവും ഗദ്യവും ഒന്നുപോലെ എഴുതുന്നതിനു വേണ്ട വാസനയും അഭ്യാസവുമുണ്ടായിരുന്നു. കിരാങ്ങാട്ടുമനയ്ക്കൽ വേദപഠനത്തിനു താമസിക്കുന്ന കാലത്തുതന്നെ അദ്ദേഹം തന്റെ തദ്വിഷയകമായ ശക്തി പ്രദർശിപ്പിച്ചുവന്നു. 22-ാമത്തെ വയസ്സിൽ (1) ബ്രഹ്മനന്ദവിലാസം കാവ്യവും, (2) വേളീമഹോത്സവം തുള്ളലും എഴുതിത്തീർത്തു. അവയിൽ ആദ്യത്തേതിൽ കിരാങ്ങാട്ടു സ്വാമിയാരുടെ ജീവചരിത്രത്തേയും രണ്ടാമത്തേതിൽ വടക്കിനിയേടത്തില്ലത്തു നടന്ന ഒരു വിവാഹത്തേയും വർണ്ണിക്കുന്നു. ഉണ്ണിനമ്പൂരി, കവനകൗമുദി മുതലായ മാസികകളിൽ അദ്ദേഹം പ്രസിദ്ധീകരിച്ച ചില ഗദ്യപദ്യലേഖനങ്ങൾ (3) സാഹിത്യ സൗരഭം എന്ന പേരിൽ 1098-ൽ പ്രസിദ്ധീകരിച്ചു. അതു കഴിഞ്ഞ് ഉടൻതന്നെ പുറപ്പെട്ടതാണ് അദ്ദേഹത്തിന്റെ (4) റാണിഗംഗാധരലക്ഷ്മി എന്ന പ്രസിദ്ധമായ ചരിത്രാഖ്യായിക, (5) ഭർത്തൃഹരിസുഭാഷിതം കിളിപ്പാട്ടും, (6) ശ്രീമൂലശതകം കാവ്യവും അദ്ദേഹത്തിന്റെ മറ്റു രണ്ടു കൃതികളാണ്. ഭർത്തൃഹരിസുഭാഷിതത്തിൽ നീതിശതകം മാത്രമേ വിവർത്തനം ചെയ്തിട്ടുള്ളൂ. സാമുദായികകഥയായ വിഷ്ണുനമ്പൂരി പൂർത്തിയായിട്ടില്ല. അതിലെ ആദ്യത്തെ അധ്യായങ്ങൾ കേരളവ്യാസനിൽ പ്രസിദ്ധീകരിച്ചിരുന്നു.

## സാഹിത്യസൗരഭം

സാഹിത്യസൗരഭത്തിൽ ഉൾപ്പെടുത്തീട്ടുള്ള പദ്യകൃതികളിൽ (1) ശാപഗ്രസ്തയായ ശകുന്തള, (2) പണയത്തിൽപ്പെട്ട പാഞ്ചാലി, (3) മധ്യസ്ഥയായ മണ്ഡോദരി, (4) അശോകോദ്യാനത്തിലെ സീത ഇവ നന്നായിട്ടുണ്ട്. അലങ്കാരശാസ്ത്രത്തെ പരാമർശിക്കുന്നതാണ് ഗദ്യലേഖനങ്ങൾ. കവിക്കു പ്രസ്തുത വിഷയത്തിലുള്ള നിഷ്ണാതതയെ ആ ലേഖനങ്ങൾ വിശദീകരിക്കുന്നു. ഉദാഹരണമായി ചേർത്തിട്ടുള്ള ശ്ലോകങ്ങൾ സ്വകീയങ്ങളാണ്. ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

> “കുവലയമിഴി സീത ചൊന്ന വാക്കാ–
> ലവനരിശത്തൊാടടുത്തു കയ്യിളക്കി
> അവളുടെ ഗളനാളമുറ്റുനോക്കി–
> ശ്ശിവശിവ! വാളുമയക്കുവാനൊരുങ്ങി.
> പലവഴി പതറിപ്പടർന്ന കോപ–
> ജ്വലനനെരിഞ്ഞു പുകഞ്ഞു കണ്ണുരുട്ടി
> ഖലനവനരവാൾ വലിച്ചു വായ്ക്കും
> ബലമൊടു ജാനകിതന്റെ നേർക്കു ചാടി.”
>
> (മധ്യസ്ഥയായ മണ്ഡോദരി)

“ചേണമ്പും കാന്തി കാന്തേ! കടുകിനു കുറയാ–
  നില്ല ജാക്കറ്റിതെന്തി–
ന്നാണയ്യോ! വച്ചുകെട്ടിക്കുശതനു! വിഷമി–
  ക്കുന്നു? ഞാന്തരിവയ്ക്കാം
പ്രാണപ്രേയാനിവണ്ണം പരിചിനൊടരുളി–
  ത്തുശി തപ്പുന്നനേരം
നാണത്താലൊന്നൊതുങ്ങിക്കിളിമൊഴി കുളിർമെയ്–
  കൊണ്ടു തെല്ലൊന്നടുത്താൾ.”

“ആരാലെത്തുന്നതുണ്ടോ പ്രിയതമനലിവാ–
  ർന്നൊന്നു മുൻപോട്ടി, തെല്ലാ–
മാരാനും കാണുമോയെന്നുടനടി തിരിയെ,–
  പ്പിന്നെ, മുൻപോട്ടുതന്നെ,
നേരായെന്തേ വാനരികിലിനിയുമെ–
  ന്നൊന്നു മേല്പോട്ടിതേമ–
ട്ടാരാമം മുറ്റമപ്പെണ്‌കൊടിയുടെ നയനം
  പമ്പരം പാഞ്ഞു രണ്ടും.”

(ഉദാഹരണശ്ലോകങ്ങൾ)

ഏറ്റവും മനോഹരങ്ങളാണ് ഈ ശ്ലോകങ്ങൾ.

## റാണി ഗംഗാധരലക്ഷ്മി

കൊച്ചി ഇളയതാവഴിയിൽപ്പെട്ട ഗംഗാധരലക്ഷ്മി ചരിത്രപ്രഖ്യാതയായ ഒരു രാജ്ഞിയാണ്. മൂത്ത താവഴിക്കാരെ രാജ്യഭ്രഷ്ടന്മാരാക്കി ഇളയ താവഴിക്കാർ 150 കൊല്ലത്തോളം ആ രാജ്യം ഭരിച്ചു. ആ താവഴി അന്യം നില്ക്കാറായപ്പോൾ ഗംഗാധരലക്ഷ്മിതന്നെ ചാഴിയൂർത്താവഴിയിൽനിന്നു വീരകേരളവർമ്മാവിനെ രാജാവാക്കിവാഴിച്ചു. അദ്ദേഹമാണ് നോവലിലെ കഥാനായകൻ. ഉശത്തുവീട്ടിൽ കൈമളുടെ മരുമകളായ ഉണ്ണിമായ നായികയും. വെട്ടത്തു നിന്നു ദത്തെടുത്തവരിൽ നാലാമനായ ഗോദവർമ്മത്തമ്പുരാനാണ് പ്രതിനായകൻ. ലന്തക്കാർ പറങ്കികളെ തോല്പിച്ചു കൊടുങ്ങല്ലൂരിലേയും കൊച്ചിയിലേയും കോട്ടകൾ പിടിച്ചടക്കിയ കൊല്ലം ഒൻപതാംശതകം പൂർവാർദ്ധത്തിലെ ചരിത്രമാണ് പശ്ചാത്തലം.

## ഇളമന കല്യാണിയമ്മ

തൃപ്പൂണിത്തുറയിലെ സുപ്രസിദ്ധവും വിഭവസമ്പന്നവുമായ ഒരു നായർഗൃഹമാണ് ഇളമനമഠം. ഒന്നിലധികം കൊച്ചിമഹാരാജാക്കന്മാർ ആ കുടുംബത്തിൽനിന്നു ദാരസങ്ഗ്രഹം ചെയ്തിട്ടുണ്ട്. 944-ാണ്ട് ആ ഭവനത്തിലെ കുഞ്ചിയമ്മയെ അന്നത്തെ ഇളയതമ്പുരാൻ (പിന്നീടു രാജ്യംഭരിച്ച യഥാകാലം തീപ്പെട്ട വലിയതമ്പുരാൻ) വിവാഹംചെയ്തു. ആ ദമ്പതിമാരുടെ ഏകപുത്രിയായ ലക്ഷ്മിയമ്മയാണ് 1007-ാണ്ടു വൃശ്ചികമാസം 7-ാംനു ഭൂജാതയായ കല്യാണിയമ്മയുടെ മാതാവ്. പിതാവു കോടനാട്ടു നമ്പൂരിപ്പാടായിരുന്നു. കല്യാണിയമ്മ സങ്ഗീതത്തിലും സാഹിത്യത്തിലും ഒന്നുപോലെ വിഖ്യാതയായിത്തീർന്നു. ആ സ്ത്രീരത്നത്തിന്റെ ഭർത്താവു വെള്ളാരപ്പള്ളി

മൂരിയത്തുമനയ്ക്കൽ രാമൻഭട്ടതിരിയായിരുന്നു. കല്യാണിയമ്മ ഏറ്റുമാനൂർസ്തോത്രം എന്നൊരു ചെറിയ കൃതി രചിച്ചിട്ടുണ്ട്. അത്

“അന്തകാന്തക! നിൻപദപങ്കജം
സ്വാന്തത്തിൽ നിനച്ചെപ്പൊഴും കുപ്പുന്നേൻ
സന്തതമടിയങ്ങളെ രക്ഷിക്ക
ഏറ്റുമാനൂരമരും പുരാന്തക!”

എന്നാരംഭിക്കുന്നു. ഓരോ സംസ്കൃതശ്ലോകവും ഭാഷാശ്ലോകവുംകൂടി ചേർക്കാം.

“തത്സ്വംപ്രേഷിതപത്രികാ സഹൃദയൗഘാനന്ദസന്ദായിനീ
നാനാലംകൃതിസങ്ഗിനീ മൃദുപദന്യാസാ മനോഹാരിണീ
സംപ്രാപ്താ തരസാ മദീയനികടം സൗജന്യപാഥോനിധേ!
സൗഖ്യം സന്തതമാതനോതി നിതരാം സീമന്തിനീവാദരാൽ.”

ഇതു സാമൂതിരിക്കോവിലകത്തെ ഒരു തമ്പുരാട്ടിയുടെ കത്തിനെഴുതിയ മറുപടിയാണ്. കിളിമാനൂരെ ഒരു തമ്പുരാട്ടിയുമായിട്ടും പദ്യത്തിൽ കത്തിടപാടുനടത്തീട്ടുണ്ട്.

“വില്ലും കുലച്ചു വിരുതുള്ളൊരു മാരനെന്നെ–
ക്കൊല്ലുന്നതിന്നു മുതിരുന്നിതു പല്ലവാങ്ഗി!
തെല്ലെങ്കിലും തവ മനസ്സിനിളക്കിമില്ലേ?
വല്ലെങ്കിലും വലിയ ദുർഘടമായിവന്നു.”

ഇതൊരു സമസ്യാപൂരണമാണ്.

## കല്ലറയ്ക്കൽ കുട്ടപ്പമേനോൻ (1047–1100)

കല്യാണിയമ്മയുടെ മൂത്ത പുത്രനായ കുട്ടിക്കൃഷ്ണമേനോൻ തൃപ്പൂണിത്തുറയ്ക്കു സമീപം മേക്കരദേശത്തു കല്ലറയ്ക്കൽവീട്ടിൽ ലക്ഷ്മിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. അവരുടെ പുത്രനായി കുട്ടപ്പമേനോൻ 1047-ാണ്ടു മിഥുനമാസം രേവതീനക്ഷത്രത്തിൽ ജനിച്ചു. യഥാർത്ഥനാമധേയം കൃഷ്ണൻ എന്നായിരുന്നു. കുട്ടിക്കൃഷ്ണമേനോൻ 1054 കുംഭത്തിൽ മരിച്ചു. കല്യാണിയമ്മയുടെ പ്രഥമപുത്രിയായ കുഞ്ചിയമ്മയെ ചൊവ്വരനിന്നു തീപ്പെട്ട കൊച്ചി രാമവർമ്മവലിയതമ്പുരാൻ പരിഗ്രഹിച്ചു. കുട്ടപ്പമേനോന്റെ പേരിൽ കല്യാണിയമ്മയ്ക്കു വളരെ വാത്സല്യമുണ്ടായിരുന്നു. ആ വിദുഷിതന്നെയാണ് നമ്മുടെ കവിയെ സംസ്കൃതം പഠിപ്പിച്ചതു്. ഭാഷാകവിതയ്ക്കു വേണ്ട സംസ്കൃതജ്ഞാനം അദ്ദേഹം ആ വഴിക്കു സമ്പാദിച്ചു. ബാല്യംമുതല്ക്കു് ഇളമനമഠത്തിൽത്തന്നെയാണ് താമസിച്ചുവന്നതു്. ത്വഗ്രോഗത്തിനു വിധേയനായ നമ്മുടെ കവി 1100-ാണ്ടു തുലാമാസം 4-ാംനു മരിക്കുകയും ചെയ്തു. അദ്ദേഹം ദാരസംഗ്രഹം ചെയ്തിരുന്നില്ല.

### കൃതികൾ

(1) ഹരിശ്ചന്ദ്രചരിതം, (2) മോഹനതുല എന്നീ രണ്ടു ഭാഷാനാടകങ്ങളും, (3) തിരുപ്പതിമാഹാത്മ്യം, (4) ക്രിസ്തുചരിതം എന്നീ രണ്ടു കിളിപ്പാട്ടുകളും, (5) വാരാണസീഗമനം, (6) വ്യാസോത്ഭവം, (7) മിശിഹാവിലാസം എന്നിങ്ങനെ മൂന്നു തുള്ളൽക്കഥകളും, (8) മാടമഹീശകാശിയാത്ര, (9) ശൂർപ്പകവധം എന്നിങ്ങനെ രണ്ടു വഞ്ചിപ്പാട്ടുകളും, (10) രാധാമാധവസംവാദം, (11) ശ്രീഗൗരീസംവാദം എന്നിങ്ങനെ രണ്ടു കുറത്തിപ്പാട്ടുകളുമാണ് കുട്ടപ്പമേനോന്റെ പ്രധാന കൃതികൾ. വാരാണസീഗമനം ശീതങ്കൻതുള്ളൽ വീരകേരളവർമ്മത്തമ്പുരാന്റെ കാശിയാത്രയെ വർണ്ണിച്ചു് എഴുതീട്ടുള്ള

താണ്. തന്റെ പുരസ്കർത്താവായ രാമവർമ്മത്തമ്പുരാൻ ഒരവസരത്തിൽ തിരുപ്പതിക്ഷേത്രം സന്ദർശിച്ചു മടങ്ങിവന്നപ്പോൾ 'തിരുവെങ്കടാചലയാത്തിരൈ' എന്നും 'വെങ്കിടാചലസ്ഥലപുരാണം' എന്നും പേരുള്ള രണ്ടു തമിഴ്പുസ്തകങ്ങൾ കുട്ടപ്പമേനോന്റെ കൈയിൽ കൊടുത്ത് അവയെ ഉപജീവിച്ചു ഭാഷയിൽ ഭക്തിസംവർദ്ധകമായ ഒരു കിളിപ്പാട്ട് എഴുതണമെന്നാജ്ഞാപിച്ചു.

"ഇളാതലമിതു പരിപാലിച്ചീടു–
മിളയ തമ്പുരാനരുളിയമൂലം
പരമം വെങ്കടാചലപുരാണത്തെ–
പ്പരിഭാഷയാക്കിച്ചുരുക്കിച്ചൊല്ലിനേൻ."

എന്ന് ആ വസ്തുത കവിതന്നെ സൂചിപ്പിച്ചിട്ടുണ്ട്. 1094-ലാണ് ആ കൃതിയുടെ പ്രകാശനം.

മൂന്നു കൃതികളിൽനിന്നുമാത്രം ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാം.

"തരുക്കൾ പലതരം തളിർത്തും പൂത്തും തത്ര
നിരക്കെ നില്ക്കുന്നതും വല്ലികൾ ബഹുവിധം
പരന്നുപടർന്നതിൽപ്പക്ഷികളഹോ! മദി–
ച്ചിരുന്നു പാടുന്നതുമെത്രയും മനോഹരം!
സിംഹവാരണവ്യാഘ്രഭല്ലൂകവൃകാദിക–
ളാഹന്ത! ജാതിവൈരം വെടിഞ്ഞുകളിപ്പതും
നിർമ്മലജലംകൊണ്ടു പൂർണ്ണമാം സരസ്സുക–
ളംബുജനിരകളാൽത്തെളിഞ്ഞു ശോഭിപ്പതും
ഹംസഷൾപദാദികളുല്ലസൽപുഷ്പങ്ങളിൽ
സംസരിപ്പതും മറ്റുമീക്ഷിച്ചു വൈനതേയൻ
തിരിച്ചു വൈകുണ്ഠത്തിൽഗ്ഗമിച്ചു ഭഗവാനെ
സ്മരിച്ചു ഭക്ത്യാ നമിച്ചുണർത്തീ സമസ്തവും."

(തിരുപ്പതിമാഹാത്മ്യം)

"പടുതയോടപ്പോളവന്റെ പുച്ഛ–
മിടതുകൈകൊണ്ടു പിടിച്ചു നാഥൻ
വടിവൊടു തൽഫണേ മാറി മാറി–
യുടനുടൻ ചാടി നടനമാടി.
പരമഹിവീരമദമടങ്ങി
അരിനിധനാഗ്രഹം ദൂരെ നീങ്ങി
ഉരുതരമുൾത്താരിൽബ്ഭീതി പൊങ്ങി
ഉരഗം വൻതാപാബ്ധൌ താണുമുങ്ങി.
ഹരിപദപങ്കജം മൗലിഭാഗേ
വിരവൊടു വീഴുന്ന നേരത്തിങ്കൽ
പെരിയൊരു പർവതമെന്നു തോന്നി
പരവശനായിപ്പകർന്നു ഭാവം."

(കാളിയമർദ്ദനം എട്ടുവൃത്തം)

ആദ്യം കവി രചിച്ച ഹരിശ്ചന്ദ്രചരിതം കരുണരസപ്രധാനമാകയാൽ തന്റെ മാതാവ് അതു വായിക്കുകയേ ഉണ്ടായില്ലെന്നും ആ സാധ്വിയുടെ പ്രീതിക്കുവേണ്ടിയാണ്

മോഹനതുല നിർമ്മിച്ചതെന്നും കവി പ്രസ്താവിക്കുന്നു. സത്യഭാമയുടെ ഗർവഭങ്ഗ മാണ് പ്രതിപാദ്യം. ഒരു ശ്ലോകം ചുവടേ ചേർക്കുന്നു.

“ഇളമനയുളവായിക്കീർത്തിയാൽപ്പാർത്തലത്തെ–
ത്തെളിവിനൊടു വിതാനിപ്പോരു വീരാഗ്രഗണ്യൻ
കവികുലമണി കുട്ടിക്കൃഷ്ണമേനോൻ മഹാത്മാ–
വവർകളുടയ പുത്രൻ തീർത്തതാണിച്ചരിത്രം.”

താഴെക്കാണുന്ന വരികൾ വാരാണസീഗമനത്തിൽ ഉള്ളവയാണ്.

“വെള്ളപ്പളുങ്കിന്റെ ഭള്ളു കുറയ്ക്കുന്ന
വെള്ളിഗ്ഗിരിയുടെയുള്ളിൽത്തെളിവൊടും
പള്ളിവാസംചെയ്തുകൊള്ളുന്നൊരീശ്വരൻ
വെള്ളമണിയുന്ന തമ്പുരാൻതന്നുടെ
ഉള്ളം കവർന്നങ്കഭാഗേ സദാ കുടി–
കൊള്ളും ജഗദേകസുന്ദരി! ശങ്കരി!”

(വാരാണസീഗമനം തുള്ളൽ)

## കെ.പി. കറുപ്പൻ (1060–1113)

### ജനനവും വിദ്യാഭ്യാസവും

കേരളത്തിലെ ഒരവശസമുദായമായ ധീവര (വാല)വർഗ്ഗത്തിൽ ജനിച്ചു സാഹിത്യ സോപാനത്തിൽ ‘കുടിലിൽനിന്നു കൊട്ടാരം’വരെ ഉയർന്ന ഒരനുഗൃഹീതകവിയാണ് കെ.പി. കറുപ്പൻ. അദ്ദേഹം കൊച്ചിയിൽ ചേരാനല്ലൂർ ദേശത്തു കണ്ടത്തിൽപ്പറമ്പ് എന്ന ഗൃഹത്തിൽ 1060-ാണ്ട് ഇടവമാസം 12-ാംനു ജനിച്ചു. അയ്യനും കൊച്ചുപെണ്ണുമായിരുന്നു യഥാക്രമം അച്ഛനും അമ്മയും. അവർ ഈശ്വരഭക്തരായിരുന്നതിനാൽ മകനും ഒരു ആസ്തികനായി വളർന്നു. ചേറായി എം. കെ. കൃഷ്ണൻ എന്നൊരാൾ സംസ്കൃതത്തിലെ പ്രാഥമികപാഠങ്ങൾ അഭ്യസിപ്പിച്ചു. പിന്നീട് അന്നമനട രാമപ്പൊതുവാൾ, കൊടുങ്ങല്ലൂർ വലിയ കൊച്ചുണ്ണിത്തമ്പുരാൻ, മഹാമഹോപാധ്യായൻ കൊടുങ്ങല്ലൂർ ഗോദവർമ്മത്തമ്പുരാൻ, അദ്ദേഹത്തിന്റെ ശിഷ്യൻ കണ്ണൻ നായർ, സഹൃദയതിലകൻ രാമപ്പിഷാരടി മുതലായി പല പണ്ഡിതമൂർദ്ധന്യന്മാരുടെ ശിഷ്യനായി ആഭാഷയിൽ ഉൽഗ്രന്ഥങ്ങളും കുറെയെല്ലാം തർക്കവും വ്യാകരണവും പഠിച്ചു. വാഴ്ചയൊഴിഞ്ഞ രാജർഷി കൊച്ചി വലിയ തമ്പുരാനു കറുപ്പന്റെ പേരിൽ അസാമാന്യമായ വാത്സല്യമുണ്ടായിരുന്നു. അവിടുത്തെ പ്രത്യേകശ്രദ്ധയിലാണ് അദ്ദേഹം സംസ്കൃതം പഠിച്ചത്. വ്യാകരണം അഭ്യസിച്ചതു രാമപ്പിഷാരടിയുടെ കീഴിലായിരുന്നു. പരിതഃസ്ഥിതികൾ സർവഥാ പ്രതികൂലങ്ങളായിരുന്നിട്ടും അവയെല്ലാം തട്ടിത്തകർത്തുകൊണ്ടു സാഹിത്യമാർഗ്ഗത്തിൽ സ്വച്ഛന്ദസഞ്ചാരം ചെയ്യുന്നതിനുള്ള സാമർത്ഥ്യം വിനീതമായ ചര്യകൊണ്ടും വിശ്രമരഹിതമായ വ്യവസായം കൊണ്ടും നമ്മുടെ കവി സമ്പാദിച്ചു. അത്യാവശ്യത്തിനുവേണ്ട ആങ്ഗലേയഭാഷാജ്ഞാനവും സ്വന്തം പരിശ്രമംകൊണ്ടു നേടി. യൗവനത്തിൽത്തന്നെ കൊച്ചിയിലെ ഭാഷാപോഷകന്മാരിലും അധഃസ്ഥിതോദ്ധാരകന്മാരിലും അഗ്രഗണ്യനായ സാഹിത്യകുശലൻ റ്റി. കെ. കൃഷ്ണമേനോൻ അദ്ദേഹത്തെ സഹോദരനിർവിശേഷമായ സൗഹാർദ്ദത്തോടുകൂടി പ്രോത്സാഹിപ്പിക്കുകയും പുരോഗമിപ്പിക്കുകയും ചെയ്തു. ആ സൗ

ഹാർദ്ദം കറുപ്പന്ന് ആജീവനാന്തം നിലനിന്നു. പറമ്പുകാട്ടു ജൂതൻ (ചൂതം) പറമ്പിൽ കുഞ്ഞമ്മയെയാണ് കവി വിവാഹം ചെയ്തതു്.

## അനന്തരകാലജീവിതം

കറുപ്പൻ സർക്കാരുദ്യോഗത്തിലും പടിപ്പാടിയായി ഉയർന്നു. 1086-ൽ കൊച്ചി മത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റിലെ ഒരു ഗുമസ്തനായി സർവ്വീസ്സിൽ പ്രവേശിച്ചു. 1087-ൽ തൃശ്ശൂർ ശിക്ഷാക്രമപാഠശാലയിൽ പണ്ഡിതനായി. 1102-ൽ വിദ്യാഭ്യാസവകുപ്പിൽ ത്തന്നെ അധഃസ്ഥിതോപസംരക്ഷകനായി നിയമിക്കപ്പെട്ടു. ആ സ്ഥാനത്തിരുന്നുകൊണ്ട് അവശസമുദായാങ്ഗങ്ങൾക്കു പല ഉപകാരങ്ങളും ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചു. അവിടെനിന്നു പ്രാഥമികവിദ്യാഭ്യാസപരിഷ്കരണക്കമ്മിറ്റിയുടെ കാര്യദർശിയായി ഉയർന്നു. കൊച്ചി ഗവർമ്മെന്റ്, ആ കമ്മിറ്റിയുടെ പണി അവസാനിച്ചപ്പോൾ നാട്ടുഭാഷാസൂപ്രണ്ടുസ്ഥാനം അദ്ദേഹത്തിനു നല്കി. ആ തസ്തിക നിറുത്തൽചെയ്തപ്പോൾ എറണാകുളം രാജകീയമഹാപാഠശാലയിൽ അമ്മാമൻ തമ്പുരാന്റെ കീഴിൽ ഭാഷാപണ്ഡിതനായി. 1104-ാണ്ടിടയ്ക്കു കുറേക്കാലം കൊച്ചി നിയമസഭയിൽ അങ്ഗമായിരുന്നു. മദിരാശിയിൽവെച്ചു തീപ്പെട്ട കൊച്ചി വലിയ തമ്പുരാൻ 'കവിതിലകൻ' എന്ന ബിരുദം അദ്ദേഹത്തിനു നല്കി. ഭാഷാപണ്ഡിതനായി ജോലി നോക്കിവന്ന കാലഘട്ടത്തിൽ 1112 വൃശ്ചികമാസത്തിൽ പാർശ്വശൂല (Pleuracy) എന്ന രോഗത്തിനു വിധേയനായി. അവധിയെടുത്തു കോയമ്പത്തൂരിലും മറ്റും പോയി ചികിത്സിച്ചിരുന്നുവെങ്കിലും ഫലമുണ്ടായില്ല. ആ ദശാസന്ധിയിലും അമ്മാമൻതമ്പുരാനുമായി ശ്ലോകത്തിൽ കത്തുകൾ എഴുതിക്കൊണ്ടിരുന്നു. 1113-ാണ്ടു മീനമാസം 10-ാംനു എറണാകുളത്തു സ്വഗൃഹമായ സാഹിത്യകുടീരത്തിൽവെച്ചു മരിച്ചു.

## കൃതികൾ

(1) കാളിയമർദ്ദനം ഓട്ടൻതുള്ളൽ, (2) എഡ്വർഡ്വിജയം സംഗീതനാടകം, (3) ഭാഷാഭൈമീപരിണയം നാടകം, (4) ബാലാകലേശം നാടകം, (5) ലളിതോപഹാരം കിളിപ്പാട്ട്, (6) ആചാരഭൂഷണം, (7) ശകുന്തള അഥവാ നിരാകൃതയായ നായിക, (8) ശാകുന്തളം വഞ്ചിപ്പാട്ട് ഒന്നാം ഭാഗം, (9) ഉദ്യാനവിരുന്ന്, (10) ജാതിക്കുമ്മി, (11) ദീനസ്വരം, (12) തിരുനാൾക്കുമ്മി, (13) കൈരളീകൗതുകം മൂന്നു ഭാഗം, (14) ബാലോദ്യാനം മൂന്നു ഭാഗം, (15) ചിത്രാലങ്കാരം ആറുഭാഗം, (16) ജൂബിലിഗാനം മൂന്നു ഭാഗം, (17) ഒരുതാരാട്ട്, (18) സാമുദായികഗാനകലകൾ മുതലായ പല കൃതികൾ നമ്മുടെ കവി രചിച്ചിട്ടുണ്ട്. ഇവ കൂടാതെ (19) ധ്രുവചരിതം, സൗദാമിനി, പഞ്ചവടി, ശാകുന്തളം ഉത്തരഭാഗം എന്നീ സംഗീതനാടകങ്ങൾ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് അഭിനയിക്കുന്നതിനായി ഓരോ അവസരത്തിൽ എഴുതിക്കൊടുത്തിട്ടുള്ളതായും കാണുന്നു. ആ നാടകങ്ങളൊന്നും അച്ചടിപ്പിച്ചിട്ടില്ല. മനുസ്മൃതി കുറേഭാഗം കിളിപ്പാട്ടായിട്ടും തർജ്ജമ ചെയ്തിട്ടുണ്ട്. 1, 2, എന്നീ കൃതികൾ ബാല്യകാലത്തു രചിച്ചിട്ടുള്ളവയാണ്. അവ കവി നശിപ്പിച്ചുകളഞ്ഞു. ബാലാകലേശമാണ് ആദ്യമെഴുതിയ മുദ്രിതനാടകം. അതു വാഴ്ചയൊഴിഞ്ഞ കൊച്ചി വലിയതമ്പുരാന്റെ ഷഷ്ട്യബ്ദപൂർത്തി സംബന്ധിച്ചു കവി രചിച്ചതും മത്സരപരീക്ഷയിൽ റാവുസാഹിബ്ബപെരുമാൾച്ചെട്ടിയുടെ സമ്മാനത്തിനു പാത്രീഭവിച്ചതുമാണ്. വൈശ്രവണന്റെ പുത്രിയായ ബാലാദേവിയെയാണ് പഴയന്നൂർക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതെന്നും ആ ബാലാശബ്ദം ഭാഷയിൽ കൊച്ചിയായിത്തീർന്നതാണെന്നും കവി വിഭാവനം ചെയ്യുന്നു. മൂന്നങ്കങ്ങൾകൊണ്ടു

പ്രസ്തുതരൂപകം അവസാനിക്കുന്നു. ഭൈമീപരിണയത്തിൽ കറുപ്പന് ഒരു വിവർത്തകന്റെ സ്ഥാനേയുള്ളു. മൂലഗ്രന്ഥം യശശ്ശരീരനായ മൈസൂർ ശ്രീകൃഷ്ണരാജ ഉടയാർ മഹാരാജാവിന്റെ ആസ്ഥാന പണ്ഡിതന്മാരിൽ അഗ്രേസരനായിരുന്ന മണ്ടിക്കൽ രാമശാസ്ത്രിൾ 1089-ാണ്ടു നിർമ്മിച്ചതും നളവിജയം എന്നുകൂടി പേരുള്ളതുമായ ഭൈമീപരിണയമാകുന്നു. വിവർത്തനാസഹമായ ആ കൃതി നമ്മുടെ കവി നിപുണമായി തർജ്ജമ ചെയ്തിരിക്കുന്നു. ഈ രണ്ടു നാടകങ്ങളാണ് അദ്ദേഹത്തിന്റെ മുഖ്യകൃതികൾ. ആചാരഭൂഷണം അധഃസ്ഥിതസമുദായങ്ങളുടെ സാന്മാർഗ്ഗികമായ അഭ്യുന്നതിയെ ലക്ഷീകരിച്ചു രചിച്ച ഒരു ഗദ്യപദ്യാത്മകമായ ഗ്രന്ഥമാകുന്നു. ശകുന്തള നാലു ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കാവ്യമാണ്. കൈരളീകൗതുകം തുടങ്ങിയ നാലു ഗ്രന്ഥസമുച്ചയങ്ങൾ സ്കൂൾകുട്ടികൾക്കു കഥനത്തിനു വേണ്ടി സ്വകീയങ്ങളും പരകീയങ്ങളുമായ ലളിതകാവ്യഖണ്ഡങ്ങൾ ഉൾക്കൊള്ളിച്ചു പ്രസിദ്ധീകരിച്ചവയാണ്. അവയിൽ ആദ്യത്തെ രണ്ടു സമുച്ചയങ്ങളിലെ കൃതികൾ മൂന്നാമത്തേതിലും ചേർത്തിട്ടുണ്ട്. കൊച്ചിയിലെ തുറമുഖംപണി ആരംഭിച്ചപ്പോൾ കായലിലെ ചില ഊന്നുകുറ്റികൾ പിഴുതുകളയേണ്ട ആവശ്യം അധികൃതന്മാർക്കു നേരിട്ടു. തന്നിമിത്തം സ്വസമുദായത്തിനു വരാവുന്ന ദോഷങ്ങളെ വിവരിച്ച് എഴുതിയ കൃതിയാണ് ഒരു താരാട്ട്. അതും മുദ്രണം ചെയ്തിട്ടില്ല.

## അധഃസ്ഥിതോന്നമനവും കവിതയും

1101-ാണ്ടു തുലാമാസത്തിൽ ഘോഷൻപ്രഭു സംസ്ഥാനാതിഥിയായി കൊച്ചി സന്ദർശിച്ചപ്പോൾ കൊച്ചിമഹാരാജാവ് അദ്ദേഹത്തിനു ഒരു ഉദ്യാനവിരുന്നു നല്കി. അക്കാലത്തു കവി ധീവരസമുദായത്തിന്റെ പ്രതിനിധിയെന്ന നിലയിൽ നിയമസഭയിലെ അംഗമായി ദേശസേവനം അനുഷ്ഠിക്കുകയായിരുന്നു. കൊച്ചി ഗവർമ്മെന്റ് ആ സൽക്കാരത്തിൽ പങ്കുകൊള്ളുവാൻ മറ്റു നിയമസഭാസാമാജികന്മാരെയെല്ലാം ക്ഷണിക്കുകയുണ്ടായെങ്കിലും കവിയെ ആ കൂട്ടത്തിൾ ഉൾപ്പെടുത്തിയില്ല. അതു ജാതിക്കു ശൂന്യനിമിത്തമാണെന്ന് അദ്ദേഹത്തിനു തോന്നി മനസ്സു ചുട്ടുരുവൽ കണ്ണുനീരിൽ മുക്കി എഴുതിയതാണ് ഉദ്യാനവിരുന്ന് അഥവാ ഒരു ധീവരന്റെ ആവലാതി എന്ന കൃതി. ശാർദ്ദൂലവിക്രീഡിതവൃത്തത്തിൽ 25 ശ്ലോകങ്ങൾ മാത്രമേ അതിൽ അടങ്ങീട്ടുള്ളു. എങ്കിലും അവയുടെ ഹൃദയദ്രവീകരണശക്തി അന്യാദൃശമാണ്. ജാതിക്കുമ്മി ബാലാകലേശത്തിൽ എടുത്തു ചേർത്തിട്ടുണ്ട്. അതും ദീനസ്വരവും ജാതിയുടെ അർത്ഥശൂന്യതയെ പ്രഖ്യാപിക്കുന്നു.

## സാമുദായികഗാനങ്ങൾ

കേരളത്തിലെ പഴയ പാട്ടുകൾ ശേഖരിക്കുന്നതിൽ കറുപ്പൻ വളരെക്കാലം വ്യാപൃതനായിരുന്നു. അത്യന്തം ഹൃദ്യങ്ങളായ ആ ഗാനങ്ങളെ ഉദാഹരണസഹിതം വിവരിച്ച് അവയുടെ നേർക്ക് അനുവാചകന്മാരെ ഉന്മുഖീകരിക്കുന്ന ഒരു പ്രബന്ധമാണ് സാമുദായികഗാനങ്ങൾ എന്ന പുസ്തകം. ചെറുമൻപാട്ടുമുതൽ വിവിധസമുദായങ്ങളുടെയിടയിൽ ഇന്നും പ്രചരിക്കുന്ന പതിന്നാലു തരത്തിലുള്ള പാട്ടുകൾ അതിൽ ഗ്രന്ഥകാരൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ പാട്ടുകളും പ്രത്യേകിച്ചു വഞ്ചിപ്പാട്ടും കറുപ്പൻ പാടിയാൽ കേൾക്കാനുള്ള സുഖം ആർക്കും അക്കാലത്ത് അനുഭവൈകവേദ്യമായിരുന്നു.

## കവിതാമാതൃകകൾ

കറുപ്പന്റെ കൃതികൾ പ്രായേണ പ്രസന്നപ്രൗഢസരസങ്ങളാണ്. ഉജ്ജ്വലമാണ് സാമാന്യമായി അദ്ദേഹത്തിന്റെ ശൈലി. ശയ്യാഗുണമില്ലാത്ത പദ്യങ്ങൾ വളരെ വളരെ ചുരുങ്ങും. അതിവാസനക്കാരനായ ഒരു കവിയെയാണ് ഓരോ കൃതിയിലും നിരീക്ഷിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ഉദ്ധരിച്ച് എന്റെ ആശയം വ്യക്തമാക്കാം.

"ആലസ്യം വിട്ടു നിത്യം പതിപരിചരണം
ചെയ്യണം, ക്രോധമാം മ–
ട്ടാലംബിക്കാതെ വർത്തിക്കണ, മനിശമസൂ–
യാദിയെക്കൈവിടേണം;
ശീലം കാലം കുലം സജ്ജനതതിയിവയെ–
ച്ചിന്തകൊണ്ടും നികാമം
നീ ലംഘിക്കാതിരുന്നീടണമയി മകളേ!
ഭർത്തൃഗേഹം ഗമിച്ചാൽ." (ഭൈമീപരിണയം)

"ഭദ്രാംഗിത്തയ്യലാളാം നളിനിയുടെ വരൻ
രാവൊളിക്കംബളത്തെ–
സ്സദ്രാഗശ്രീ കളിക്കും മൃദുലതരകരം–
കൊണ്ടു നീക്കുന്നനേരം
മുദ്രാഹീനപ്രകാശം തടവി വിലസുമീ
മേദിനീമൗലിരത്നം
നിദ്രാഭംഗപ്രസംഗം ഹിമകണപുളകം
പൂണ്ടു കാണിച്ചിടുന്നു." (ബാലാകുലേശം)

"തളിരാകിയ ചുണ്ടിനുള്ളിലോമ–
ന്മിളിതാഭം സുമദന്തപംക്തി കാട്ടി–
അളികാമുകനെ ക്ഷണിച്ചു വല്ലി–
ക്കിളിനേർവാണികൾ കൂത്തടിച്ചിടുന്നു." (ബാലാകലേശം)

"ആവിധം പ്രിയകൃതാവധീരണാ–
ദാവവഹ്നിയിലെരിഞ്ഞ ഹൃത്തൊടും
പൂവലംഗികൾ തൊഴും ശകുന്തളാ–
ദേവി രാജസഭ വിട്ടിറങ്ങിനാൾ.
അന്യയെന്നരചനൂഢയെന്നു തൻ–
വന്യബന്ധുജനവും ത്യജിക്കയാൽ
ദൈന്യവാർദ്ധിയിലുഴന്നു മേനകാ–
കന്യ, നാവികരൊഴിഞ്ഞ തോണിപോൽ." (ശകുന്തള)

"കാറില്ലാത്തതുമൂലമോ പുകളെഴുന്നൗദ്യോഗികാദായമ–
ഞ്ഞൂറില്ലാത്തതുമൂലമോ പഴയതാം പേരേടിലില്ലായ്കയോ
വേറില്ലാളുകൾ കുറ്റിലെന്ന ധൃതിയോ മൂലം മനഃപൂർവമായ്–
ക്കുറില്ലാതെ വെടിഞ്ഞുപോലടിയനെക്കാരുണ്യവാരാന്നിധേ!"

(ഉദ്യാനവിരുന്ന്)

“കാളിന്ദീനദിയിങ്കലന്നു കമലപ്പൂമ്പൈതൽ കൂപ്പന്നൊര–
ക്കാളിപ്പെണ്ണു സലീലമത്തരണിയിൽത്തുക്കാലണയ്ക്കായ്കിലോ
കേളിപ്പെട്ട പരാശരന്നഭിനവദ്വീപിൽ പ്രകാശോദയം
മേളിക്കും ഭുവനൈകവന്ദ്യതനയൻ സഞ്ജാതനായീടുമോ?”

(ഉദ്യാനവിരുന്ന്)

“ആ ലാവണ്യപയോധിയാകുമരയപ്പെണ്ണിന്നൊരുണ്ണിക്കിടാ–
വാ ലാക്കിൽ സ്പൃഹണീയവെണ്മണലണി ദ്വീപിൽപ്പിറക്കായ്കിലോ
നൂലാമാലകൾ തീർത്തു മാമറകളെദ്ദോഷജ്ഞർവാഴ്ത്തും വിധം
നാലായിട്ടു പകുക്കുവാനിതരനാരുണ്ടായിരുന്നു വിഭോ?” (ഉദ്യാനവിരുന്ന്)

ആ ഉപാലംഭം സമർപ്പിച്ച കവിയിൽ മഹാരാജാവിനു സന്തോഷമേ തോന്നിയുള്ളൂ. ആ മാതിരി അവസരങ്ങളിൽ അധികൃതന്മാർക്കുള്ള വർഗ്ഗീയചിന്ത അതോടുകൂടി നാമാവശേഷമായി.

### ജാതിക്കുമ്മി

ശങ്കരഭഗവൽപാദരുടെ മനീഷാപഞ്ചകത്തിന്റെ ഒരു വിവൃതമായ പരിഭാഷയാണ് ജാതിക്കുമ്മി.

“ശ്രീശങ്കരാചാര്യസ്വാമി മുന്നം
കാശിയിൽവച്ചു കുളികഴിഞ്ഞ്
ഈശനെ ധ്യാനിക്കാൻ പോയപ്പോളുണ്ടായ
പേശലിതു കേൾക്ക യോഗപ്പെണ്ണേ! അതു
മോശത്തരം തീർക്കും ജ്ഞാനപ്പെണ്ണേ!

തിങ്കൾത്തലയൻ പറയനുമായ്
ശങ്കരിയന്നു പറച്ചിയുമായ്
ശങ്കരാചാര്യൻ വരുന്ന വഴിമധ്യേ
ശങ്കയെന്ന്യേ നിന്നു യോഗപ്പെണ്ണേ! തെല്ലൊ–
രങ്കമുണ്ടായപ്പോൾ ജ്ഞാനപ്പെണ്ണേ!”

എന്നിങ്ങനെയാണ് ആ കുമ്മിയുടെ ആരംഭം. താൻ പ്രസിദ്ധീകരിച്ച സ്കൂൾ പുസ്തകങ്ങളിലും കവി സ്വകീയങ്ങളായ അനേകം നല്ല കാവ്യശകലങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. അവയ്ക്ക് ഇവിടെ മാതൃക കാണിക്കണമെന്നുദ്ദേശിക്കുന്നില്ല.

# — 55 —

# ചില തിരുവിതാംകൂർക്കവികൾ (തുടർച്ച)

## അഴകത്തു പത്മനാഭക്കുറുപ്പ് (1044—1107)

### ജനനം

പത്മനാഭക്കുറുപ്പ് 1044-ാമാണ്ടു കുംഭമാസം 5-ാംനു കരുനാഗപ്പള്ളിത്താലൂക്കിൽ ചവറ തെക്കുംഭാഗത്തുള്ള സുപ്രസിദ്ധമായ അഴകത്തുകുടുംബത്തിൽ ജനിച്ചു. പിതാവു നാരായണൻ എമ്പ്രാന്തിരിയും മാതാവു കൊച്ചുകുഞ്ഞുകുഞ്ഞമ്മയുമായിരുന്നു. ഈ പത്മനാഭക്കുറുപ്പ് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. അഴകത്തു കുടുംബത്തിലെ അംഗങ്ങൾക്ക് ഈശ്വരൻ എന്നൊരു മാറാപ്പേരുണ്ട്. ആ ഈശ്വര ശബ്ദത്തെയാണ് 'ഈ' എന്ന അക്ഷരം സൂചിപ്പിയ്ക്കുന്നത്. കുടുംബത്തിലെ കാരണവനു 'ശ്രീകരണം പള്ളിയാടി' എന്നും, മറ്റംഗങ്ങൾക്കു 'കണക്കു പള്ളിയാടി' എന്നും സ്ഥാനമാനങ്ങളുണ്ട്. അതനുസരിച്ച് 'അഴകത്തു കണക്കു പള്ളിയാടി ഈശ്വരൻപത്മനാഭൻ' എന്നാണ് കവിയുടെ സംപൂർണ്ണമായ നാമധേയം. ആ തറവാട്ടിലേയ്ക്കു തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രം സംബന്ധിച്ചുള്ള അധികാരങ്ങളെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണല്ലോ.

### വിദ്യാഭ്യാസം

കുറുപ്പിന്റെ അച്ഛനു മാതൃഭാഷയായ കർണ്ണാടകത്തിനുപുറമേ തമിഴ്, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിലും അറിവുണ്ടായിരുന്നു. പത്തുവയസ്സിനകം രഘുവംശം പ്രഥമസർഗ്ഗംവരെ കുറുപ്പു സംസ്കൃതം അഭ്യസിച്ചു. പിന്നീടു തിരുവനന്തപുരത്തു താമസിച്ചിരുന്ന അമ്മാവന്റെ മേൽനോട്ടത്തിൽ അവിടത്തെ ഫോർട്ടു ഹൈസ്കൂൾ വിദ്യാലയത്തിൽ ആറു കൊല്ലം ആംഗലേയഭാഷ പഠിച്ചു. അക്കാലത്തും സംസ്കൃതം അഭ്യസിക്കുന്നതിലാണ് ആ ബാലൻ ആസക്തി പ്രദർശിപ്പിച്ചിരുന്നത്. അവിടെവെച്ചു പതിനഞ്ചാമത്തെ വയസ്സിൽ ഇലത്തൂർ രാമസ്വാമിശാസ്ത്രികളെ കാണുവാൻ ഇടവരികയും, ആ മഹാ കവി സരസ്വതീവന്ദനരൂപത്തിൽ ഒരു ശ്ലോകം ഉണ്ടാക്കുവാൻ നിയോഗിച്ചപ്പോൾ

> "അഹം സരസ്വതീം വന്ദേ സ്വച്ഛസ്ഫടികസന്നിഭാം
> പാദാരവിന്ദം ഭജതാം സർവവിദ്യാപ്രദായിനീം"

എന്നു ശ്ലോകം നിർമ്മിച്ചുചൊല്ലുകയും ചെയ്തു. മേലും സംസ്കൃതം തുടർന്നു പഠിക്കണമെന്ന് അദ്ദേഹം വാത്സല്യപൂർവ്വം ഉപദേശിച്ചു. പതിനേഴാമത്തെ വയസ്സിൽ കാരണവൻ അന്തരിക്കുകയാൽ സ്വഗൃഹത്തിലേക്കു തിരിയെപ്പോയി. അദ്ദേഹത്തിനു രണ്ടു ജ്യേഷ്ഠന്മാരും ഒരനുജത്തിയുമുണ്ടായിരുന്നു. മൂത്ത ജ്യേഷ്ഠൻ കരണത്താക്കുറുപ്പായി തിരുവനന്തപുരത്തു താമസിച്ചു; ഇളയ ജ്യേഷ്ഠൻ ഇരണിയലുള്ള കുടുംബവസ്തുക്കളുടെ സംരക്ഷണത്തിനായി അങ്ങോട്ടു പോയി. അദ്ദേഹം തിരുക്കുറൾ മലയാളത്തിൽ വിവർത്തനം ചെയ്ത ഒരു പണ്ഡിതനായിരുന്നു. കുടുംബത്തിലെ ഭരണം പത്മനാഭക്കുറുപ്പും ഏറ്റെടുക്കേണ്ടിവന്നു. എങ്കിലും അവിടെയും കുറെക്കാലം പുതുക്കാട്ടുമഠത്തിൽ കൃഷ്ണനാശാൻ എന്ന പണ്ഡിതന്റെ കീഴിൽ നാടകാലങ്കാരങ്ങളും ജ്യോതിഷവും പഠിച്ചു. കൃഷ്ണനാശാനെ ഗന്ധർവവിജയം ആട്ടക്കഥയിൽ താഴെ കാണുന്നവിധത്തിൽ വർണ്ണിച്ചിട്ടുണ്ട്.

> "മനീഷിപങ്കേരുഹകർമ്മസാക്ഷിണം
> മനോജസങ്കാശശരീരശോഭിതം
> സമുദ്രഗംഭീരമതീവ പേശലം
> ഗുരും ഭജേ സംപ്രതി കൃഷ്ണനാമകം."

## പുതുക്കാട്ടുമഠത്തിൽ കൃഷ്ണനാശാൻ

പ്രസ്തുത പണ്ഡിതനെപ്പറ്റി സ്വല്പം ഈ ചരിത്രത്തിൽ പ്രസ്താവിക്കേണ്ടതുണ്ട്. കൃഷ്ണനാശാൻ അഴകത്തു വിദ്വാൻ കുറുപ്പിന്റെ പുത്രനും ചവറയിൽ പുതുക്കാട്ടുമുറിയിൽ മഠത്തിൽ വീട്ടിലെ ഒരു അംഗവുമായിരുന്നു. അദ്ദേഹം 1024 മേടത്തിൽ അശ്വതിനക്ഷത്രത്തിൽ ജനിച്ചു. മാതാവ് തറവാട്ടിലെ ഇടിക്കാളിയമ്മയായിരുന്നു. മാതാപിതാക്കന്മാർ ബാല്യത്തിൽത്തന്നെ മരിച്ചുപോയി. ആദ്യകാലത്ത് അച്ഛനും പിന്നീട് ഓച്ചിറ തട്ടുപുരയ്ക്കൽവീട്ടിൽ രാമൻപിള്ളയാശാനും സംസ്കൃതം പഠിപ്പിച്ചു. പിന്നീട് ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ ശിഷ്യനായി ശാസ്ത്രാഭ്യാസം ചെയ്തു. വ്യാകരണം, തർക്കം, ജ്യോതിഷം, വൈദ്യം, മന്ത്രം എന്നീ ശാസ്ത്രങ്ങളിൽ നല്ല അവഗാഹമുണ്ടായിരുന്ന ആശാന്റെ ശിഷ്യസമ്പത്ത് ഏകദേശം കുമ്മൻപള്ളി രാമൻപിള്ളയുടേതുപോലെ വിപുലമായിരുന്നു. പരവൂർ കേശവനാശാൻ അദ്ദേഹത്തിന്റെ ഛാത്രനായിരുന്നുവെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചവറ പുതുക്കാട്ടുമുറിയിൽ കടവൂർ കാലാപടിഞ്ഞാറ്റേതിൽ കുഞ്ഞുകുഞ്ഞമ്മയെ വിവാഹം ചെയ്തു. 1091-ാമാണ്ടു ചിങ്ങമാസത്തിൽ മകയിരംനക്ഷത്രത്തിൽ മരിച്ചു. വൈദ്യമഞ്ജരി എന്നൊരു ശാസ്ത്രഗ്രന്ഥവും പരശുരാമവിജയം ആട്ടക്കഥയും അദ്ദേഹം രചിച്ചിട്ടുണ്ട്. വൈദ്യമഞ്ജരി മാത്രമേ അച്ചടിപ്പിച്ചിട്ടുള്ളു.

### അനന്തരകാലജീവിതം

പത്മനാഭക്കുറുപ്പു ഹിന്ദുസ്ഥാനിയിലും സാമാന്യജ്ഞാനം സമ്പാദിച്ചിരുന്നു. ആ ഭാഷ പഠിച്ചത് അച്ഛനിൽനിന്നായിരുന്നു. കുന്നത്തൂർ പള്ളിക്കൽ പകുതിയിൽ ചാങ്ങയിൽ പുതിയ വീട്ടിലെ വീട്ടിലെ ഭാഗീരഥിക്കുഞ്ഞമ്മയായിരുന്നു പത്നി. അങ്ങനെ പതിനേഴാമത്തെ വയസ്സിൽ കുടുംബശാഖയുടെ ഭരണം കിട്ടിയ നമ്മുടെ കവി ഇരുപത്തൊന്നു കൊല്ലം ആ ഭരണം അനുസ്യൂതമായി തുടർന്നു. മിതവ്യയം കൊണ്ടും കാര്യശേഷികൊണ്ടും അതിലെ സമ്പത്തു വർദ്ധിപ്പിച്ചു. 1067-ൽ അമ്മ മരിച്ച

അവസരത്തിൽ ജ്യേഷ്ഠനോടുകൂടി ഒരു കൊല്ലം തിരുവനന്തപുരത്തു താമസിച്ചു കൊണ്ടിരുന്നു. ആ ഒരു കൊല്ലത്തിനിടയ്ക്കു കരമന കേശവശാസ്ത്രിയുടെ കീഴിൽ സിദ്ധാന്തകൗമുദി പൂർവാർദ്ധം നിഷ്കർഷിച്ചുപഠിച്ചു; പിന്നീടു സ്വപ്രയത്നം കൊണ്ടു തത്സംബന്ധമായ ജ്ഞാനത്തിനു ദാർഢ്യം വരുത്തി. ആ കൊല്ലത്തിൽത്തന്നെയാണ് കവിതാനിർമ്മാണവും ആരംഭിച്ചതു്. ആദ്യത്തെ വാങ്മയം പ്രതാപരുദ്രയശോഭൂഷണത്തിലുള്ള നാടകപ്രകരണമായ പ്രതാപരുദ്രകല്യാണം എന്ന അഞ്ചങ്കത്തിലുള്ള നാടകത്തിന്റെ തർജ്ജമയാണ്. അക്കാലത്തു ഗോപാലമേനോൻ എന്നൊരു വക്കീൽ തിരുവനന്തപുരത്തു താമസിച്ചിരുന്നു. അദ്ദേഹം മറ്റു ചില കവികളുടെ സഹായത്തോടുകൂടി മൃച്ഛകടികം തർജ്ജമചെയ്തു വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ചു. അതിലെ നാലും അഞ്ചും ആറും അങ്കങ്ങൾ വിവർത്തനംചെയ്തതു കുറുപ്പാണ്. 1084 അവസാനത്തിൽ കുടുംബഭരണത്തിൽനിന്നൊഴിഞ്ഞു ശാന്തശീലനായ കുറുപ്പു തന്റെ ചെലവിലേക്കായി തിരിച്ചുവച്ച ഏതാനും വസ്തുക്കളിലെ ആദായത്തിനുമാത്രം അവകാശിയായി പ്രത്യേകം താമസമാരംഭിച്ചു. ആ ആദായം ചെലവിനു തികയാത്തതിനാൽ 1093-ൽ ചവറ ഇംഗ്ലീഷ് ഹൈസ്കൂളിലെ മലയാള പണ്ഡിതനായി പണി നോക്കിത്തുടങ്ങി. 1104-ൽ കാസരോഗം ബാധിച്ചു. തന്മൂലം 1107-ാമാണ്ടു തുലാമാസം 20-ാംനു യശശ്ശരീരനായി. അന്ത്യശ്വാസംവരെ സാഹിത്യനിർമ്മിതിയിൽ ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹം തുലാം 19-ാംനു പോലും ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ കിരീടധാരണം സംബന്ധിച്ചു ചവറ ഇംഗ്ലീഷ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു ഗാനം ചെയ്യുന്നതിന് ഒരു വഞ്ചിപ്പാട്ട് എഴുതിക്കൊടുക്കുകയുണ്ടായി. കുറുപ്പു തികഞ്ഞ ഒരു ശ്രീരാമഭക്തനായിരുന്നു. തുളസീദാസന്റെ ഹിന്ദിരാമായണം വായിച്ചപ്പോളാണ് അദ്ദേഹത്തിനു തദ്വിഷയകമായ ഭക്തി ഉറച്ചതു്. 1070 മുതൽ അദ്ധ്യാത്മരാമായണം നിത്യപാരായണത്തിനുപയോഗിച്ചുവന്നു. രാമചന്ദ്രവിലാസം മഹാകാവ്യത്തിന്റെ രചനയ്ക്കും അതുതന്നെയായിരുന്നു പ്രധാനമായ പ്രേരകശക്തി.

## കൃതികൾ

പത്മനാഭക്കുറുപ്പു മുൻപു ചൂണ്ടിക്കാണിച്ച (1) പ്രതാപരുദ്രകല്യാണം നാടകത്തിനുപുറമേ, (2) മീനകേതനചരിത്രം നാടകം, (3) കുംഭനാസവധം ആട്ടക്കഥ (4) ഗന്ധർവവിജയം ആട്ടക്കഥ, (5) തുലാഭാരശതകം തർജ്ജമ, (6) വ്യാഘ്രാലയേശസ്തവം തർജ്ജമ, (7) രാമചന്ദ്രവിലാസം മഹാകാവ്യം, (8) പ്രഭുശക്തി എന്ന ഖണ്ഡകാവ്യം, (9) ശ്രീഗണേശപുരാണം കിളിപ്പാട്ട്, (10) മാർക്കണ്ഡേയപുരാണം കിളിപ്പാട്ട്, (11) ചാണക്യശതകം എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. കുവലയാശ്വീയം എന്ന് അഞ്ചദ്ധ്യായങ്ങളിൽ ഒരു കിളിപ്പാട്ട് 1090-ൽ പ്രസിദ്ധീകരിച്ചു. അതു മാർക്കണ്ഡേയപുരാണത്തിലെ ഒരു ഭാഗമാണ്. മീനകേതനചരിതം ആയില്യംതിരുനാൾ മഹാരാജാവിന്റെ അതേപേരിലുള്ള ഗദ്യപുസ്തകത്തെ ഉപജീവിച്ച് 1068-ാണ്ടിടയ്ക്കു നിർമ്മിച്ചു. തുലാഭാരശതകത്തിന്റെയും വ്യാഘ്രാലയേശസ്തവത്തിന്റെയും മൂലഗ്രന്ഥങ്ങൾ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ വാങ്മയങ്ങളാണ്. 1069-ലാണ് രാമചന്ദ്രവിലാസം ആരംഭിച്ചതു്. കൊല്ലത്തുനിന്നു പുറപ്പെട്ടിരുന്ന മലയാളിപത്രത്തിൽ ഗ്രന്ഥകാരൻ അതു ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിക്കൊണ്ടുവന്നു. ഒൻപതു സർഗ്ഗംവരെ രചിച്ചതിനുമേൽ കുറേക്കാലം കാര്യഗൗരവത്തെ പരിഗണിച്ച് അതിൽ നിന്നു വിരമിച്ചുവെങ്കിലും അനേകം സുഹൃത്തുക്കളുടെ അഭ്യർത്ഥനയും പ്രോത്സാഹനവുംകൊണ്ട് അതു ക്രമേണ ഇരുപത്തൊന്നു സർഗ്ഗങ്ങളിൽ മുഴമിപ്പിച്ചു. കൊല്ലം 9-ആം ശതകത്തിൽ തിരുവിതാംകൂ

റിൽ നടന്നതായി ഐതിഹ്യവേദികൾ പറയുന്ന ഒരു കഥയെ ആസ്പദമാക്കി 1089-ൽ തൃശ്ശൂർ ലക്ഷ്മീഭായി മാസികയിൽ പ്രസിദ്ധീകരിച്ച ഒരു ഖണ്ഡകാവ്യമാണ് പ്രഭുശക്തി. അതിൽ മൂന്നു സർഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. സംസ്കൃതത്തിൽ നിന്നു പുരാണങ്ങൾ കിളിപ്പാട്ടുരീതിയിൽ തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിനായി കേരളപൗരാണികൻ എന്നൊരുമാസിക ആർ. മാധവനുണ്ണിത്താന്റെ നേതൃത്വത്തിൽ പ്രചരിപ്പിച്ചു. രണ്ടു കൊല്ലവും ആറു മാസവുമേ അതു നടന്നുള്ളു. അതിലാണ് ഗണേശപുരാണത്തിന്റെയും മാർക്കണ്ഡേയപുരാണത്തിന്റെയും ആദ്യഭാഗങ്ങൾ ആവിർഭവിച്ചതു്. 1103-ൽ അപൂർണ്ണമായിക്കിടന്ന ഗണേശപുരാണത്തിന്റെ വിവർത്തനം വീണ്ടും തുടങ്ങി. 1105-ൽ ആ ഗ്രന്ഥം സംപൂർണ്ണമാക്കി. മാർക്കണ്ഡേയ പുരാണത്തിന്റെ തർജ്ജമ പൂർത്തിയാക്കുവാൻ പിന്നീട് ഉദ്യമിച്ചുവെങ്കിലും ഒടുവിലത്തെ പതിനഞ്ചധ്യായങ്ങൾ സ്പർശിക്കുവാൻ സാധിച്ചില്ല. അവ കൂടാതെ കവിയുടെ ജ്യേഷ്ഠൻ നാരായണക്കുറുപ്പിന്റെ തിരുക്കുറൾ ഗദ്യതർജ്ജമയും കേരളപൗരാണികനിൽ മുദ്രിതമായി. മുക്തികോപനിഷദ്വ്യാഖ്യാനവും സ്വല്പം ആരംഭിച്ചു. ചാണക്യശതകം സംസ്കൃതത്തിലെ ചാണക്യശതകം എന്ന ലഘുവായ നീതികാവ്യത്തിന്റെ തർജ്ജമയാണ്.

### കവിതാരീതി

ഭാഷാകവികളുടെ കൂട്ടത്തിൽ അഭ്യർഹിതമായ ഒരു സ്ഥാനമാണ് പത്മനാഭക്കുറുപ്പിനു നല്കേണ്ടതു്. അദ്ദേഹത്തിന്റെ രണ്ടു പ്രധാന കൃതികളാണ് രാമചന്ദ്രവിലാസവും പ്രഭുശക്തിയും. അദ്ദേഹം ശബ്ദാലങ്കാരജടിലമായ തുലാഭാരശതകം തർജ്ജമചെയ്തു ചിത്രശ്ലോകനിർമ്മാണത്തിൽ വിദഗ്ദ്ധനായിത്തീർന്നിരുന്നതിനു രാമചന്ദ്രവിലാസത്തിൽ ലക്ഷ്യമുണ്ടു്. അതിലെ എട്ടാം സർഗ്ഗം യമകാലംകൃതവും ഇരുപതാം സർഗ്ഗം ചിത്രശ്ലോകഗഹനവുമാണ്. ഭാഷയിലെ ഒന്നാമത്തെ മഹാകാവ്യമായ രാമചന്ദ്രവിലാസത്തിന്റെ പ്രണേതാവെന്ന നിലയിൽ കവി നമ്മുടെ സവിശേഷമായ ബഹുമാനത്തെ അർഹിക്കുന്നു. അതിൽ അനേകം സംസ്കൃതകവികളുടെ സൂക്തികൾ സംക്രമിച്ചിട്ടുണ്ടു് എന്നുള്ള വസ്തുത അദ്ദേഹംതന്നെ അവതാരികയിൽ സമ്മതിച്ചിട്ടുള്ളതാണ്. താൻ പ്രധാനമാതൃകയായി സ്വീകരിച്ചിട്ടുള്ളതു ഭോജചമ്പുവിനെയാണെന്നും അദ്ദേഹം ഏറ്റു പറയുവാൻ മടിച്ചിട്ടില്ല. മനസ്സുവെച്ചാൽ പരോപജീവനം കൂടാതെതന്നെ അദ്ദേഹത്തിനു് ആ കാവ്യം ആമൂലാഗ്രം രചിക്കാമായിരുന്നു. പ്രഭുശക്തിയാണ് സഹൃദയന്മാർക്കു് ഒന്നുകൂടി രസനിഷ്യന്ദിയായിത്തോന്നുന്നതു്. ഇനി കുറുപ്പിന്റെ കൃതികളിൽ ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

### ഗന്ധർവവിജയം

ഈ ആട്ടക്കഥയ്ക്കു വൈശിഷ്ട്യമൊന്നുമില്ല. ഒരു ശ്ലോകം ചുവടേ ചേർക്കുന്നു.

> “വിജിഗീഷുരാശു വിജയോഥ ഖേചരാൻ
> സഹജം പ്രണമ്യ സ ഹി ജാതകൗതുകഃ
> മനുതേ സ്മ വായുതനയം കപീശ്വരം
> രജനീചരൗഘരജനീദിനേശ്വരം”

### രാമചന്ദ്രവിലാസം

> “സൗധങ്ങൾ മേല്പെട്ടു വളർന്നു നമ്മെ–
> ബ്ബാധിക്കുമെന്നുള്ളൊരു സംശയത്താൽ
> ധാതാവു പണ്ടേ നിജലോകവാസം

സാധിച്ചതല്ലീ സകലത്തിനുംമേൽ?” (പ്രഥമസർഗ്ഗം)

“ചുള്ളച്ചെങ്കല്ല കെട്ടിച്ചുമരു മുഴുവനും
 വെള്ളവെച്ചാ മുറിയ്ക്കും
പുള്ളിപ്പോർമാന്റെ പള്ളയ്ക്കെഴുമൊരു മുടികൊ–
 ണ്ടുള്ളൊരാ പ്ലാൻതുണിയ്ക്കും
ചുള്ളിക്കുട്ടങ്ങൾ തീയിട്ടെരിയുമളവുയ–
 ർന്നീടുമൂറ്റൻപുകയ്ക്കും
പൊള്ളിച്ചീടും ചിരട്ടക്കനലുടയ നെരു–
 പ്പോടിനും നന്മവന്നു.” (അഷ്ടമസർഗ്ഗം)

ഒടുവിൽ രാമചന്ദ്രപരമായ ഒരു പ്രാർത്ഥനാനവകംകൂടി കവി ചേർത്തിട്ടുണ്ട്. അതിൽ നിന്ന് ഒരു ശ്ലോകം ചുവടേ ചേർക്കുന്നു.

“ത്വൽക്കാരുണ്യം ലഭിക്കുന്നതിനധികധനം–
 കൊണ്ടു സംതൃപ്തനാക്കാൻ
ശക്തിപ്പെട്ടില്ല വൈരോചനിയു;മൊരു മുറി–
 ക്കീര നല്കീട്ടൊരിക്കൽ
നില്ക്കാൻ മേലാത്തൊരാപത്തിലുമപകടമി–
 ല്ലാതെ പാഞ്ചാലി നിന്നാൾ;
ഭക്തിക്കങ്ങുന്നു വശ്യൻ പരമതിവനു ന–
 ല്കീടണം ഭവ്യരാശേ!”

## പ്രഭുശക്തി

ഇതു രചിച്ചകാലത്തു കവിയുടെ പാടവം എത്രമാത്രം ഉയർന്നിരുന്നു എന്നു താഴെ ക്കാണുന്ന ശ്ലോകങ്ങൾ വിശദീകരിക്കുന്നു. പറയത്തക്ക യാതൊരു രചനാവൈക ല്യവും ആ ഖണ്ഡകാവ്യത്തിലില്ല. നവനവോല്ലേഖങ്ങൾ അവിടെയവിടെ പ്രകാശി ക്കുന്നുണ്ട്.

“ആരോടുമില്ലവനൊരുൾക്കനിവാത്മദേശ–
ക്കാരോടുമുണ്ടു ദിവസേന മുഴുത്ത ശല്യം
കാരോട്ടുകിണ്ടിയിലിരുന്നു ദുഷിച്ച കന്നിൻ
മോരോടവന്റെ പരിചാരകർ പങ്കുചേരും.”

“അന്തിക്കു കൂരിരുളടഞ്ഞിതു ദിക്കിലെല്ലാം
മർത്തിക്കരങ്ങിനെതിരാം മഷിവർണ്ണമോടേ
ഉന്തിക്കുതിച്ചുയരുമഞ്ജനപർവതം പോൽ
പൊന്തിക്കുടുക്കമൊട്ടു കാർമുകിലും നിരന്നു.

ഉന്മദമോടരിയ ദുഷ്ടരടുത്തു വന്നാൽ
തന്മാനഹാനിയെ നിനച്ചെതിരിട്ടിടാതെ
പിന്മാറ്റമുള്ള സുജനങ്ങൾകണക്കൊളിച്ചു
സന്മാർഗ്ഗവീഥികളിലുള്ളൊരു താരകാളി.”

“പത്തൻപതായുധമെടുത്ത ജനങ്ങളോടു–
മൊത്തങ്ങു വന്നു ശഠനിന്നലെ രാത്രിയിങ്കൽ
ചിത്തം മറന്ന പടനായകനോടെതിർത്താൻ
മത്തദ്വിപത്തൊടു മറുത്തു കടന്നൽപോലെ.”

### കുവലയാശ്വീയം

“ഉണ്ടാകും പണിപ്പെട്ടു വിത്തത്തെപ്പുരുഷന്മാർ
കൊണ്ടുപോയ്വയ്ക്കുംതാനും തന്നുടെ ഗൃഹങ്ങളിൽ.
നഷ്ടമായ്പ്പോകും ഭാര്യയാലെന്നാൽ ധനമതു
ദുഷ്ടയാം കുടുംബിനി പാർക്കിലും നശിച്ചുപോം.
കാമദേവനെക്കണികാണുകില്ലസത്തായ
രാമയെ വേട്ടോൻ ധർമ്മപത്നിയെ വേൾക്കാത്തോനും.
ദമ്പതിമാർക്കു തമ്മിൽ പ്രീതിപൂർവ്വകമായ
സമ്പർക്കംനിമിത്തമായ്ത്തെവരും ത്രയീധർമ്മം.
തന്നുടെ കളത്രത്താലല്ലാതെ പുരുഷനു
നന്ദനരുണ്ടാവാനും വേറെയില്ലൊരുവഴി.
തന്നുടെ പിതൃക്കളെപ്പുത്രരെക്കൊണ്ടും പുന–
രന്നസാധനംകൊണ്ടുമതിഥിജനങ്ങളെ
പതിവായ് നിലിമ്പരെപ്പൂജിച്ചും പുലർത്തുന്ന
സതിയാം ഗൃഹിണിയെപ്പുരുഷൻ രക്ഷിക്കുന്നു.
തന്നുടെ പതിയോടു കൂടാതേ തരുണിക്കും
വന്നിടാ ധർമ്മാർത്ഥകാമങ്ങളെന്നറിഞ്ഞാലും.
ആകയാൽ ത്രിവർഗ്ഗമെന്നുള്ളൊരീയർത്ഥം മൂന്നും
ലോകത്തിൽദ്ദാമ്പത്യത്തെയാശ്രയിച്ചിരിക്കുന്നു.”

## കരയംവെട്ടത്തു സുകുമാരപിള്ള (1043–1118)

### ബാല്യം

സുകുമാരപിള്ള പടിഞ്ഞാറേക്കൊല്ലത്തു കുന്നിന്മേൽച്ചേരിയിൽ കരയംവെട്ടത്തുവീട്ടിൽ 1043-ാമാണ്ടു മകരമാസം 24-ാംനു ജനിച്ചു. അമ്മ ഗോവിന്ദഗുരു എന്നൊരു സിദ്ധന്റെ പുത്രിയായ നങ്ങേലിയമ്മയും അച്ഛൻ കരുനാഗപ്പള്ളി വടക്കുന്തല വലിയവീട്ടിൽ ഇളയ ആശാൻ എന്നുകൂടി അറിയപ്പെട്ടിരുന്ന ഗണപതി കേളുക്കുറുപ്പുമായിരുന്നു. ശിവരാത്രിമാഹാത്മ്യം ആട്ടക്കഥയുടെ ആരംഭത്തിൽ സ്വപിതാവിനെ

“ആശാനുണ്ണി കുറുപ്പിതി പ്രഥിതമാം നാമത്രയം പൂണ്ടു ഭൂ–
മീശൻ നല്കിയ വീരശൃംഖല കലർന്നാനന്ദവാരാശിയായ്
ക്ലേശം ചേർന്ന ജനോപകാരകരനായ്ക്കീർത്ത്യാ വടക്കുന്തല–
ദ്ദേശത്താർന്നൊരു വല്യ വീട്ടിലെഴമെന്നച്ഛൻ പ്രസാദിക്കണം”

എന്നു വന്ദിച്ചിരിക്കുന്നു. അവരുടെ ഏകപുത്രനായിരുന്നു സുകുമാരപിള്ള. കേശവൻ എന്നായിരുന്നു യഥാർത്ഥ നാമധേയം. അപ്പി എന്ന ഓമനപ്പേരിലാണ് ബാല്യത്തിൽ അറിയപ്പെട്ടിരുന്നതു്. അപ്പിആശാൻ പിന്നീട് അതിച്ചമ്മൻനായരെന്നും തദനന്തരം സുകുമാരപിള്ളയെന്നും തന്റെ പേരു മാറ്റി. വിഷ്ണുദാസൻ എന്ന ഉപനാമം

കൂടി ആ പേരിനുമുമ്പു കുറേക്കാലം എഴുതിക്കൊണ്ടിരിക്കുകയും ഒടുവിൽ ആ വിശേഷണം മാത്രം സ്വനാമധേയമായി ഉപയോഗിക്കുകയും ചെയ്തുവന്നു. അച്ഛൻ പതിനാറാമത്തെ വയസ്സിലും അമ്മ ഇരുപതാമത്തെ വയസ്സിലും മരിച്ചു. അമ്മാവനായ അയ്യപ്പനാശാൻ ഏഴാമത്തെ വയസ്സിൽത്തന്നെ അന്തരിച്ചുപോയി.

## വിദ്യാഭ്യാസം

ഇരുപതാമത്തെ വയസ്സുവരെ കാര്യമായി ഒന്നും പഠിച്ചില്ല. അപ്പോഴേയ്ക്കു കവിതാഭ്രമം മൂക്കുകയാൽ സംസ്കൃതം നിഷ്കൃഷ്ടമായി അഭ്യസിക്കണമെന്നു നിശ്ചയിച്ചു. അന്നു ധ്രുവചരിതം നാടകത്തിന്റെ പ്രണേതാവും ഹരിനാമകീർത്തനത്തിന്റെ വ്യാഖ്യാതാവുമായ എസ്. ശ്രീനിവാസയ്യങ്കാർശാസ്ത്രി കൊല്ലത്തു ജില്ലാക്കോടതി വക്കീലായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ ഒരു കൊല്ലംകൊണ്ടു മാഘം പ്രഥമസർഗ്ഗത്തോളം പഠിച്ചു. തദനന്തരം വ്യാകരണത്തിലും വേദാന്തത്തിലും നിഷ്ണാതനായിരുന്ന കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ സംസ്കൃതപണ്ഡിതൻ ലക്ഷ്മീനാരായണശാസ്ത്രിയോടു മാഘം പതിമ്മൂന്നാം സർഗ്ഗം വരെയും നൈഷധം ആറാം സർഗ്ഗം വരെയും വായിച്ചു. ലക്ഷ്മീനാരായണശാസ്ത്രിക്കു തിരുവനന്തപുരം രാജകീയമഹാപാഠശാലയിലേക്കു സ്ഥലം മാറ്റം കിട്ടിയപ്പോൾ അദ്ദേഹത്തിനുപകരം കൊല്ലത്തു നിയമിതനായ ആപദുദ്ധാരണശാസ്ത്രികളുടെ ശിഷ്യനായി നാടകാലങ്കാരങ്ങളും സിദ്ധാന്തകൗമുദിയും പഠിച്ചു. ആ ശാസ്ത്രി കൊല്ലത്തുവെച്ചു തന്നെ കാലധർമ്മം പ്രാപിച്ചു. പിന്നീടു ചെങ്കോട്ട സീതാരാമശാസ്ത്രി കൊല്ലം ഹൈസ്കൂളിലെ സംസ്കൃതാദ്ധ്യാപകനായി. അദ്ദേഹത്തിൽ നിന്നു പ്രത്യേകമായൊരു ഗ്രന്ഥവും പഠിച്ചില്ലെങ്കിലും ആ ശാസ്ത്രിയുടെ പേരിലും കവിക്കു ഗുരുനിർവിശേഷമായ ബഹുമാനമുണ്ടായിരുന്നു. ഈ "അന്തണേന്ദ്രഗുരുത്തമന്മാരെ" അദ്ദേഹം ശിവരാത്രിമാഹാത്മ്യം ആട്ടക്കഥയുടെ ആരംഭത്തിൽ വന്ദിച്ചിട്ടുണ്ട്. സുകുമാരപിള്ള എന്ന പേർ ലക്ഷ്മീനാരായണ ശാസ്ത്രികൾ സമ്മാനിച്ചതാണ്. ആയുരന്തംവരെ നിലനിന്നതും അതുതന്നെയാണ്; വിഷ്ണുദാസൻ എന്ന പേർ ഉറച്ചില്ല. അക്കാലത്തു ദാമോദരൻ കർത്താവായിരുന്നു വൈദ്യശാസ്ത്രത്തിൽ ഗുരു; കുറേ സംഗീതവും അഭ്യസിക്കുകയുണ്ടായി.

## വിവാഹവും മറ്റും

വിദ്യാഭ്യാസം കഴിഞ്ഞു സുകുമാരപിള്ള വൈദ്യവൃത്തിയിൽ ഏർപ്പെട്ടു. അതുതന്നെയായിരുന്നു മുഖ്യമായ ഉപജീവനമാർഗ്ഗം. കേരളവർമ്മവിലാസിനി എന്ന പേരിൽ ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ച് അതിൽ കുറേക്കാലം വിദ്യാർത്ഥികളെ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരുന്നു. ഇരുപതാമത്തെ വയസ്സിൽ കരുനാഗപ്പള്ളി പടനായർകുളങ്ങരയിൽ കുറുപ്പനവളത്തു കിഴക്കേവീട്ടിൽ നാണിയമ്മയെ വിവാഹം ചെയ്തു. ആ ബന്ധം ഉറച്ചില്ല. തന്നിമിത്തം 30-ാമത്തെ വയസ്സിൽ പടിഞ്ഞാറെക്കൊല്ലത്തു പുത്തൻവീട്ടിൽ ലക്ഷ്മിയമ്മയെ വിവാഹം ചെയ്യുകയും ആ യുവതി രണ്ടു കൊല്ലം കഴിഞ്ഞു മരിച്ചപ്പോൾ, മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അവരുടെ അനുജത്തി നാരായണിയമ്മയെ പരിഗ്രഹിക്കുകയും ചെയ്തു. ആ ദാമ്പത്യവും ശിഥിലമായി. നാല്പത്തിമൂന്നാമത്തെ വയസ്സിലാണ് ഒടുവിലത്തെ പത്നിയായ പടിഞ്ഞാറെക്കൊല്ലത്തു മങ്ഗലത്തുവീട്ടിൽ ലക്ഷ്മിയമ്മയെ സംബന്ധം ചെയ്തത്. അവർ 1100-ൽ മരിച്ചു. ഈശ്വരഭക്തിയാണ് സുകുമാരപിള്ളയിൽ സർവോപരി പരിലസിച്ചിരുന്ന ഗുണവിശേഷം. വട്ടയ്ക്കാട്ടുനായർസമുദായത്തിന്റെ ഉന്നമനത്തെ ലക്ഷീകരിച്ചു പലതും പ്രയത്നിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തറവാട്ട് പൂർവ്വകാലത്ത് ഇടപ്പള്ളിയിൽനിന്നു കൊല്ലത്തേക്കു പോന്നതാണ്. അന്ന് അത് ഒരു ഇല്ലത്തുനായർക്കുടംബമായിരുന്നുവെന്നും പി

ന്നീട്ടു തന്റെ പൂർവ്വന്മാർ ഒന്നരണ്ടുചക്കാലനായർസ്ത്രീകളെ സംബന്ധംചെയ്തു എന്നും തന്നിമിത്തം അവിടത്തുകാർ തന്റെ കുടുംബക്കാരെ ആ അവാന്തരജാതിയിൽപ്പെട്ട വരായി ഗണിക്കുന്നതിന് ഇടവന്നു എന്നും മറ്റുമുള്ള പൂർവചരിത്രം 1108-ൽ പ്രസിദ്ധീ കരിച്ച തൃക്കടവൂർ ഭഗവൽ സ്തോത്രം എന്ന പുസ്തകത്തിന്റെ മുഖവുരയിൽ അദ്ദേഹം വിവരിച്ചിട്ടുണ്ട്. 1118-ാണ്ടുചിങ്ങമാസം 18-ാംനു മരിച്ചു. അദ്ദേഹത്തിന്റെ മകൻ എസ്. പുരുഷോത്തമൻനായരും ഒരു സാഹിത്യകാരനാണ്.

## കൃതികൾ

സുകുമാരപിള്ള ആകെ അൻപതോളം കൃതികൾ രചിച്ചിട്ടുണ്ട്. അവയിൽ പലതും ചെറുതും സ്തോത്രരൂപങ്ങളുമാണ്. (1) ശതമുഖരാവണവധം ആട്ടക്കഥ, (2) ശിവരാത്രിമാഹാത്മ്യം ആട്ടക്കഥ, (3) സ്യമന്തകം ആട്ടക്കഥ, (4) ലക്ഷണാസ്വയംവരം ആട്ടക്കഥ, (5) സതീവിവാഹം കിളിപ്പാട്ട്, (6) ഹരിഹരപുത്രചരിതം കിളിപ്പാട്ട്, (7) സ്വർഗ്ഗാരോഹണശതകം, (8) ശ്രീവിഷ്ണുസ്തോത്രം (സംസ്കൃതം), (9) സർവദേവനമസ്കാരം (സംസ്കൃതം), (10) ശോണാദ്രീശ്വരിസ്തോത്രം (സംസ്കൃതം), (11) തൃക്കടവൂർ ഭഗവൽസ്തോത്രം (സംസ്കൃതശ്ലോകങ്ങളും ഭാഷാശ്ലോകങ്ങളും ഇടകലർന്നത്), (12) ശ്രീപത്മനാഭപ്രണതി (പാട്ടുകൾ) ഇവ അദ്ദേഹത്തിന്റെ വാങ്മയങ്ങളുടെ കൂട്ടത്തിൽ പെടുന്നു. ആനന്ദവല്ലീശതകം, ഹിതോക്തിമുക്താവലി, ഛായാവിലാസിനി തുടങ്ങിയ കൃതികൾ അച്ചടിച്ചിട്ടില്ല. സ്വർഗ്ഗാരോഹണശതകം ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ചരമഗതിയെ വിഷയീകരിച്ചു രചിച്ചിട്ടുള്ള ഒരു കാവ്യമാകുന്നു. മണലിൽക്ഷേത്രത്തിലെ ശിവനെ കവി ഒന്നിലധികം കൃതികളിൽ വന്ദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതാരീതി കാണിക്കുവാൻ ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

> “കരധൃതസരസിജമാലാ വിരചിതലോകാനുകൂലഗുണജാലാ
> ദലിതനതാഖിലശമലാ കലയതു കല്യാണമന്വഹം കമലാ.”
>
> (ശതമുഖരാവണവധം)

> “ധർമ്മക്ഷ്മാമാപാലകത്വം ത്രിഭുവനപതിയാം
> പത്മനാഭന്റെ ദാസ്യം
> ശർമ്മം മർത്ത്യർക്കു ചേർക്കും പ്രകൃതി ജിതസുര
> ക്ഷ്മാരുഹത്വം മഹത്വം
> നിർമ്മായം ചേർന്ന നിത്യോത്സവജിതസുരലോ–
> കത്വമിത്യാദിയാലേ
> മർമ്മജ്ഞൻ മൂലകക്ഷ്മാവരമണി സുരലോ–
> കേന്ദ്രജിത്തായ് ഭവിച്ചു.”

> “ശിഷ്ടാചാരവരിഷ്ഠ തുഷ്ടിദ വിഭോ സ്രഷ്ടുഃ പ്രഹൃഷ്ടാശയേ
> തിഷ്ഠൻ നിഷ്ഠുരമുഷ്ടിഘട്ടനഹതാരിഷ്ടപ്രപുഷ്ടപ്രഭ
> ഇഷ്ടാനിഷ്ടദ കഷ്ടനാശന നതാഭീഷ്ടപ്രദാഷ്ടാക്ഷരം
> സ്പഷ്ടം മേ വദതോ ഹരേ! ഹര ഗദക്ലിഷ്ടത്വമിഷ്ടപ്രിയ!”
>
> (ശ്രീവിഷ്ണുസ്തോത്രം)

> “സൂര്യകോടിവിലസൽകിരീട നിടിലാഞ്ചിതോർദ്ധ്വതിലക സ്ഫുരൽ–
> കൗസ്തുഭാബ തുളസീസ്രഗുജ്ജ്വല ദരാരിസാരസഗദാധര
> സ്വർണ്ണസന്നിഭദുകൂല പദ്മദളനേത്ര നീലജലദദ്യുതേ

പദ്മനാഭ കമലാപതേ ഗരുഡവാഹന പ്രദിശമങ്ഗലം."
(ശ്രീവിഷ്ണുസ്തോത്രം)
"പുരഹര ഹര ശിവ ശങ്കര! പരമേശ്വര പാർവതീശ ഭൂതേശ!
ദുരിതാർണ്ണവതരണത്തിനു തിരുവടിയാകുന്ന പോതമഭവ, ഭവ!"
(തൃക്കടവൂർ ഭഗവൽസ്തോത്രം)

"അളകാളിലലാമലസന്നിടിലേ
ഹരദൃങ്മധുപാദൃതപുഷ്പലതേ
തരുണേന്ദുസഹസ്രവിലാസലസ–
ന്മുഖി! പാർവതി! തേ ചരണം ശരണം."
(ശോണാദ്രീശ്വരീസ്തോത്രം)

## കല്ലമ്പള്ളി വിഷ്ണുനമ്പൂരി (1040–1112)

### ചരിത്രം

ഒരു കാലത്തു മനോരമാപങ്ക്തികളിലും മറ്റും ധാരാളം ശ്ലോകങ്ങളെഴുതി സാമാന്യം പ്രസിദ്ധി നേടിയ ഒരു കവിയാണ് കല്ലമ്പള്ളി വിഷ്ണുനമ്പൂരി. അദ്ദേഹത്തിന്റെ കവിതയ്ക്കു ചമൽക്കാരം കുറയുമെങ്കിലും കഷ്ടിച്ച് അദ്ദേഹത്തേയും ഈ പുസ്തകത്തിൽ ഉൾപ്പെടുത്താവുന്നതാണ്. വിഷ്ണുനമ്പൂരി 1040-ാമാണ്ടു കുംഭമാസം 8-ാംനു തോട്ടുപുഴ കല്ലമ്പള്ളിമനയ്ക്കൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ വൈദ്യവിശാരദനായിരുന്ന കല്ലമ്പള്ളി ശങ്കരൻപോറ്റിയായിരുന്നു. അമ്മ കോലത്തു നാട്ടുകാരിയാണ്. സംസ്കൃതത്തിൽ പ്രാഥമികപാഠങ്ങൾ പിതാവിൽനിന്നു പഠിച്ചതിനുമേൽ പതിമ്മൂന്നാമത്തെ വയസ്സിൽ ഇരിങ്ങാലക്കുട തരണനല്ലൂർ നമ്പൂരിപ്പാട്ടിലെ ഗൃഹത്തിൽ താമസിച്ചു നാലു കൊല്ലംകൊണ്ടു് ആ ഭാഷ നല്ലപോലെ വശമാക്കി. ഇരുപതാമത്തെ വയസ്സിൽ തോട്ടുപുഴ ഏറ്റത്തുവാരിയത്തിൽ ലക്ഷ്മിക്കുട്ടിവാരസ്യാരെ വിവാഹം ചെയ്തു. തോട്ടുപുഴ മജിസ്ട്രേട്ടുകോടതിയിൽ ക്രിമിനൽ വക്കീലായി മുപ്പത്തേഴു കൊല്ലം വ്യവഹരിച്ചു. ആയുർവേദചികിത്സയിലും പ്രത്യേകിച്ചു വിഷചികിത്സയിലും നിപുണനായിരുന്നു. 1112-ാമാണ്ടു കർക്കടകമാസം 22-ാംനു മരിച്ചു.

### കൃതികൾ

(1) ഹരിശ്ചന്ദ്രചരിതം നാടകം, (2) ഭക്തിസംവർദ്ധനം കിളിപ്പാട്ടു്, (3) പഞ്ചാക്ഷരമാഹാത്മ്യം, (4) സീമന്തിനീചരിതം, (5) ഭാഷാശിവാനന്ദലഹരി, (6) അന്തർഗ്ഗതശതകം, (7) ബാലോപദേശം, (8) മാഗധവധം ആട്ടക്കഥ, (9) ലളിതോത്സവശതകം, (10) മംഗളപ്രാർത്ഥനാശതകം, (11) മുരജപമഞ്ജരി ഇവയാണ് വിഷ്ണുനമ്പൂരിയുടെ കൃതികൾ. ഇവയെപ്പറ്റി ഒന്നും വിസ്തരിച്ചു പ്രതിപാദിക്കാനില്ല. ഹരിശ്ചന്ദ്രചരിതം പത്തങ്കത്തിലുള്ള ഒരു നാടകമാണ്. അതിൽനിന്നു മാത്രം ഒരു ശ്ലോകം പകർത്തുന്നു.

"നന്നായിന്ദ്രാശയാകും യുവതിമണിമുഖാം–
 ഭോജമിപ്പോൾ വിളങ്ങീ;
പിന്നെപ്പത്മം വിടർന്നു; ശ്രവണസുഖദമാം
 ശംഖനാദം മുഴങ്ങീ;
ചന്ദ്രൻ ചെന്നസ്തമിച്ചു; കുമുദനിരകളും
 മങ്ങിയേറ്റം മയങ്ങീ;

തമ്പംഗിക്കൂട്ടമെല്ലാം പ്രിയരുടെ വിരഹ–
ക്ലേശമൂലം കുഴഞ്ഞി.”

## ഏറ്റത്തു് അച്യുതവാരിയർ (1066–1103)

വിഷ്ണുനമ്പൂരിയുടെ മൂത്ത പുത്രനായിരുന്നു ഏറ്റത്തു കെ. അച്യുതവാരിയർ. അദ്ദേഹം 1066-ാമാണ്ടു കുംഭമാസം 20-ആം ന ജനിച്ചു. ഒരു ഗവർമ്മെന്റുസ്കൂൾ അദ്ധ്യാപകനായി കാലയാപനം ചെയ്തു. 1103-ാമാണ്ടു മരിച്ചു. പർപ്പഭ്രമീശശതകമെന്നും വഞ്ചീശവിജയമെന്നും ഭാർഗ്ഗവീയമെന്നും മൂന്നു കൃതികൾ അദ്ദേഹവും പ്രസിദ്ധീകരിക്കുകയുണ്ടായി. പർപ്പഭ്രമീശശതകം അനന്തപുരത്തു മൂത്തകോയിത്തമ്പുരാനെപ്പറ്റിയുള്ള ഒരു കാവ്യവും വഞ്ചീശവിജയം ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ അപദാനങ്ങളെ വാഴ്ത്തുന്ന ഒരു നഞ്ചിപ്പാട്ടുമാണു്.

## കുമ്മനം ഗോവിന്ദപ്പിള്ള (1051–1117)

### ചരിത്രം

കുമ്മനം കെ. ഗോവിന്ദപ്പിള്ള 1051-ാമാണ്ടു ചിങ്ങമാസം ഉത്രട്ടാതി നക്ഷത്രത്തിൽ ജനിച്ചു. തിരുവിതാംകൂർ കോട്ടയംതാലൂക്കിൽ അയ്മനം പക്തിയിൽ കമ്മനംകരയിൽ മൂത്തേടത്തുവീടാണു് തറവാട്ട്. അച്ഛൻ കണ്ണമല പത്മനാഭപിള്ള ആദ്യം പാർവത്യാരും പിന്നീട് ആഴ്വാഞ്ചേരിമനയ്ക്കലെ കാര്യസ്ഥനുമായിരുന്നു. ശക്തിയെന്നാണു് അമ്മയുടെ പേരു്. മലയാളത്തിൽ പല സാഹിത്യഗ്രന്ഥങ്ങളും നിഷ്കർഷിച്ചു പഠിച്ചതിനുമേൽ കോട്ടയം സി.എം.എസ്. ഹൈസ്കൂളിൽ അധ്യായനം ആരംഭിച്ചു. ഒളശ്ശയിൽ വിഷ്ണുമൂസ്സതിന്റെ സാഹചര്യത്തിൽ സംസ്കൃതവും ആയുർവേദവും അഭ്യസിച്ചു. ആദ്യം കോട്ടയം ഡിവിഷൻ കച്ചേരിയിലും പിന്നീട്ട് കുറേക്കാലം സ്കൂൾ ഇൻസ്പെക്ടരുടെ ആഫീസിലും ജോലി നോക്കി. ഒടുവിൽ ഒരു മലയാളം മിഡിൽസ്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. അക്കാലത്തു കുട്ടൻപിള്ള എന്ന പേരിലാണു് അദ്ദേഹം അധികമായി അറിയപ്പെട്ടിരുന്നതു്. പിന്നീടു പൊതുക്കാര്യങ്ങളിൽ പങ്കുകൊള്ളുന്നതിനുവേണ്ടി ഏറ്റുമാനൂർ മജിസ്ട്രേട്ടു കോടതിയിൽ വക്കീലായി വ്യവഹരിച്ചുതുടങ്ങി. അതോടുകൂടി അന്നു മാന്നാനത്തുനിന്നു പ്രചരിച്ചുകൊണ്ടിരുന്ന നസ്രാണി ദീപികയുടെ പത്രാധിപസമിതിയിൽ ഒരംഗമായും ചേർന്നു. തെങ്ങുമൂട്ടിൽ വറുഗീസ്മാപ്പിള ആ സമിതിയിലെ മറ്റൊരംഗമായിരുന്നു. 1088-ാണ്ടിടയ്ക്കു അവർ അതിനെ ആഴ്ചയിൽ രണ്ടുവീതമാക്കി പ്രചരിപ്പിച്ചുതുടങ്ങി. ഏറ്റുമാനൂരിലെ എല്ലാ പൊതുക്കാര്യങ്ങളിലും അദ്ദേഹം സജീവമായ നേതൃത്വം വഹിച്ചിരുന്നു. ഒരു കാലത്തു പ്രശസ്തമായിരുന്ന പുന്നത്തുറ പഞ്ചസാരക്കമ്പനിയുടെ സ്ഥാപകൻ അദ്ദേഹമാണു്. 1117-ാമാണ്ടു ഹൃദയസ്തംഭനംമൂലം മരിച്ചു.

### കൃതികൾ

(1) ശ്രീചിത്രോദയമഹാകാവ്യമാണു് ഗോവിന്ദപ്പിള്ളയുടെ കൃതികളിൽ അതിപ്രധാനമായിട്ടുള്ളതു്. അതു് 1111-ൽ അച്ചടിപ്പിച്ചു. അതു കൂടാതെ (2) അനർഘരാഘവം നാടകം (തർജ്ജമ), (3) നാഗാനന്ദം കാവ്യം, (4) ശ്രീമൂലരാജ വിജയം അഷ്ടോത്തരശതകം, (5) കുമാരനെല്ലൂർ ദേവീസ്തോത്രം, (6) ഹരിണപുരേശ്വര (ഏറ്റുമാനൂർ) സ്തോത്രം, അവ കൂടാതെ ഒരു സംസ്കൃതകൃതിയും അദ്ദേഹം രചിച്ചിട്ടുണ്ടു്. ശ്രീചിത്രോദയം

അത്യന്തം ദീർഘമായ ഒരു മഹാകാവ്യമാണ്. അതിൽ ആകെ 33 സർഗ്ഗങ്ങളുണ്ട്. ആദ്യകാലംമുതൽക്കുള്ള വഞ്ചിരാജ്യത്തിന്റെ ചരിത്രമാണ് അതിൽ പ്രതിപാദിച്ചിരിയ്ക്കുന്നതു്. 27-ാമത്തെ സർഗ്ഗത്തിലേ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ രാജ്യഭരണവൃത്താന്തം ആരംഭിയ്ക്കുന്നുള്ളു. സംസ്കൃതത്തിലും ഭാഷയിലും ലുപ്തപ്രചാരങ്ങളായ അനേകം വൃത്തങ്ങളിൽ അദ്ദേഹം ഈ കാവ്യത്തിൽ ശ്ലോകങ്ങൾ എഴുതിച്ചേർത്തിരിയ്ക്കുന്നു. മൂന്നു ശ്ലോകങ്ങൾ ഉദ്ധരിയ്ക്കാം.

> "പോരിൽജ്ജയിച്ചു വിരുതോടു തിരിച്ചുവന്നു–
> ചേരുന്നതിന്നു പരദേവതമാർ തുണയ്ക്കും
> പോരായ്കയാണു മകനേ! പുറകം മറിഞ്ഞു
> പോരുന്നവന്റെ തറവാടിനതോർത്തുകൊൾക."
>
> (പ്രഥമസർഗ്ഗം)
>
> "പ്രാണൻ പോയാൽത്തുമ,മിവിടെ നാം ധർമ്മരക്ഷയ്ക്കുവേണ്ടി–
> ക്കാണിക്കേണം കളരിവിരുതും ശൗര്യവും ധൈര്യപൂർവം
> ആണത്തത്തോടരികളെയരിഞ്ഞപ്പുറം തള്ളി വഞ്ചി–
> ക്ഷോണീജൈത്രക്കൊടികളുയരെക്കെട്ടുവിൻ!കൊട്ടിയാർപ്പിൻ!"
>
> (ത്രയോദശസർഗ്ഗം)
>
> "ഇവിടെ മഴ ചുരുങ്ങീ; വാപിയൊട്ടൊട്ടുണങ്ങീ;
> ദിവി ബഹുപൊടി പൊങ്ങീ; ഭാനുമാൻ ചൂടി മങ്ങീ;
> വിവശതയൊടു തെങ്ങിൻകൂമ്പുപോലും വഴങ്ങീ;
> ശിവ! ശിവ! കൃഷി മങ്ങീ; കർഷകന്മാർ കുഴങ്ങീ."
>
> (ത്രയസ്ത്രിംശൽസർഗ്ഗം)

## പന്തളത്തു കേരളവർമ്മത്തമ്പുരാൻ (1054–1094)

### പന്തളത്തു രാജകുടുംബം

പന്തളത്തു രാജകുടുംബത്തിലെ അഞ്ചു പണ്ഡിതന്മാരെക്കുറിച്ചു നാല്പത്തിമൂന്നാമദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ കുടുംബം സംസ്കൃതപാണ്ഡിത്യത്തിനും ശാസ്ത്രാദ്ധ്യാപനത്തിനും രണ്ടു ശതവർഷക്കാലത്തേയ്ക്കു കീർത്തിപ്പെട്ടിരുന്നു. 1100-ാണ്ടോടുകൂടിയാണ് ആ കീർത്തി അസ്തപ്രായമായിപ്പോയതു്. കൊടുങ്ങല്ലൂരും പന്തളവും ഏകദേശം ആ വിഷയത്തിൽ സമസ്കന്ധങ്ങളായിരുന്നു. അമാനുഷന്മാരായ മൂന്നു മഹാകവികളുടെ ജനനംകൊണ്ടാണ് കൊടുങ്ങല്ലൂർ പ്രശസ്തമായതു്. അത്തരത്തിൽ ഒരു മേന്മ പന്തളത്തിന് അവകാശപ്പെടാവുന്നതല്ലെങ്കിലും ആ കുടുംബത്തിലും ഒരു മഹാകവി ഉണ്ടായി; അദ്ദേഹമാണ് നമ്മുടെ സ്മരണയ്ക്ക് ഈ ഘട്ടത്തിൽ വിഷയീഭവിയ്ക്കുന്ന കേരളവർമ്മത്തമ്പുരാൻ. തർക്കത്തിലും വ്യാകരണത്തിലും ആ കുടുംബത്തിലെ പല അംഗങ്ങളും പാരംഗതത്വം പ്രാപിച്ചിരുന്നു. ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ ബാല്യത്തിൽ സംസ്കൃതം അഭ്യസിച്ചതു് അവരിലൊരാളുടെ അടുക്കൽനിന്നായിരുന്നു എന്നൊരു മെച്ചവും അതിനു വിശേഷവിധിയായുണ്ട്. കേരളവർമ്മത്തമ്പുരാന്റെ ജീവിതത്തോട് അനുബന്ധിച്ചു സ്മരിയ്ക്കേണ്ട അവിടത്തെ മറ്റു ചില തമ്പുരാക്കന്മാരെപ്പറ്റിയും ഭൂമികാരൂപത്തിൽ പ്രാസങ്ഗികമായി സ്വല്പം ഉപന്യസിക്കേണ്ടിയിരിക്കുന്നു.

## 1 മാളികത്താഴെ ഭരണിനാൾ കേരളവർമ്മത്തമ്പുരാൻ

അദ്ദേഹം 998 കന്നിമാസത്തിൽ ജനിച്ചു. 1058 കന്നിമാസത്തിൽ മരിച്ചു. രാമസ്വാമി ശാസ്ത്രികളുടെ സതീർത്ഥ്യനും സുപ്രസിദ്ധനായ ഒരു ജ്യോത്സ്യനും വൈയാകരണനു മായിരുന്നു. മഹാകവി ജനിച്ചപ്പോൾ "ഈ ശിശു ഒരു കാലത്തു അതിപ്രസിദ്ധനാ യിത്തീരും" എന്നു ദീർഘദർശനം ചെയ്തതു് ഈ തമ്പുരാനായിരുന്നു.

## 2 വടക്കേക്കൊട്ടാരത്തിൽ തിരുവാതിരനാൾ രാജരാജവർമ്മ വലിയ തമ്പുരാൻ

നീരാഴിക്കെട്ടിൽ പൂരുരുട്ടാതിതിരുനാൾ രാമവർമ്മത്തമ്പുരാന്റെ അനന്തിരവനായ ഇദ്ദേഹം ഒരു വിശിഷ്ടനായ വൈയാകരണനും കവിയുമായിരുന്നു. (1) ധർമ്മശാസ്തൃ ശതകം, (2) കൃഷ്ണലീല, (3) ദേവീസ്തോത്രം, (4) ശബരിഗിരീശസ്തോത്രം, (5) പന്തള മഹാദേവശതകം ഇത്യാദി കൃതികൾ രചിച്ചു.

> "കരധൃതവരകരവാലം പദനതസൗവർഗ്ഗവർഗ്ഗരിപുകാലം
> ശബരഗിരിവിഹൃതിലോലം ഹരിഹരബാലം ഭജേഹമനുവേലം."
>
> (ധർമ്മശാസ്തൃശതകം)
>
> "നിഹതാമരാരിവർഗ്ഗാം നിർദ്ധൂതനമജ്ജനാരിഷഡ്വർഗ്ഗാം.
> കലയേഹം വനദുർഗ്ഗാംകാരുണ്യസുധാർദ്രലോചനോത്സർഗ്ഗാം."
>
> (ദേവീസ്തോത്രം)
>
> "പുരന്ദരസഹോദരദ്രുഹിണവജ്രപാണിപ്രഭൃ–
> ത്യമർത്ത്യതതിമൗലിസംശ്രിതപദാരവിന്ദോദരം
> ധരാധരവരാത്മജാസുകൃതഡംബരം ശങ്കരം
> സ്മരാമി ഹരിദംബരം പ്രഥിതപന്തളാധീശ്വരം."
>
> (പന്തളമഹാദേവശതകം)

രാജരാജവർമ്മത്തമ്പുരാൻ 992 മീനത്തിൽ ജനിച്ചു. യഥാകാലം പന്തളത്തെ വലിയ രാജാവായി. 1077-ൽ മരിച്ചു. അദ്ദേഹവും രാമസ്വാമിശാസ്ത്രികളുടെ സഹ പാഠിയായിരുന്നു. നമ്മുടെ ചരിത്രനായകന്റെ വ്യാകരണപഠനത്തിലും കാവ്യരച നാപരിശീലനത്തിലും ഇദ്ദേഹം പ്രത്യേകപ്രതിപത്തി പ്രദർശിപ്പിച്ചിരുന്നു.

## 3 തെക്കേക്കെട്ടിൽ കൊട്ടാരത്തിൽ അത്തം നാൾ ഗോദവർമ്മ വലിയ തമ്പുരാൻ

ഇദ്ദേഹം 1015-ാമാണ്ടു മീനമാസത്തിൽ ജനിച്ചു. വ്യാകരണത്തിൽ അസാമാന്യമായ വൈദുഷ്യം സമ്പാദിച്ചിരുന്ന ഈ പണ്ഡിതനായിരുന്നു കവിയെ ആ ശാസ്ത്രം പഠിപ്പി ച്ചതു്. ഗോദവർമ്മത്തമ്പുരാനും പന്തളത്തെ വലിയ രാജാവായതിനു മേലേ 1086-ൽ യശശ്ശരീരനായുള്ളു. പല സ്ഥലങ്ങളിൽനിന്നും ഏട്ടുകൾ ശേഖരിച്ചു പന്തളത്തെ ഗ്ര ന്ഥഭണ്ഡാഗാരം ഈ പണ്ഡിതൻ പരിപുഷ്ടമാക്കി.

ഇനിയും ചിലരെക്കുറിച്ചുകൂടി വഴിയെ പ്രതിപാദിച്ചു കൊള്ളാം.

### മഹാകവിയുടെ ജനനം

പന്തളംകൊട്ടാരം വലിയ കോയിക്കലെന്നും കൊച്ചികോയിക്കലെന്നും രണ്ടു ശാഖ കളായി വേർതിരിഞ്ഞിരിക്കുന്നു. കുടുംബത്തിലെ മൂപ്പസ്ഥാനത്തിനു രണ്ടു ശാഖകൾ

ക്കും വയഃക്രമമനുസരിച്ച് അവകാശമുണ്ട്. പിന്നീട് വലിയകോയിയ്ക്കൽശാഖ തെക്കേടത്തു കോയിക്കലെന്നും വടക്കേടത്തു കോയിക്കലെന്നും രണ്ടുപശാഖകളായി പ്പിരിഞ്ഞു. വടക്കേടത്തായിരുന്നു വിദ്വാന്മാരധികം. നമ്മുടെ കവിയും ആ ഉപശാഖയിലെ ഒരങ്ഗം തന്നെ. അദ്ദേഹത്തിന്റെ മാതാവായ അശ്വതിനാൾ തമ്പുങ്ങിത്തമ്പുരാട്ടി തന്റെ രണ്ടു ജ്യേഷ്ഠസാഹോദരിമാരോടുകൂടി ആദ്യകാലത്തു പുത്തൻകോയിക്കൽ കൊട്ടാരത്തിൽ താമസിച്ചു വന്നു. അവിടെ കഥാനായകൻ 1054-ാമാണ്ടു മകരമാസം 10-ാംനു മകയിരം നക്ഷത്രത്തിൽ ജനിച്ചു. പിന്നീട് അവർ നെയ്യൂല്ലൂർക്കോയിക്കലേക്കു താമസം മാറ്റി. മൂത്ത ജ്യേഷ്ഠത്തിക്കു കേരളവർമ്മത്തമ്പുരാനെന്നും വീരകേരളവർമ്മത്തമ്പുരാനെന്നും രണ്ടു പുത്രന്മാരും ഇളയ ജ്യേഷ്ഠത്തിക്കു രാമവർമ്മത്തമ്പുരാൻ എന്നൊരു പുത്രനും അതിനുമുമ്പുതന്നെ ജനിച്ചിരുന്നു. തമ്പുങ്ങിത്തമ്പുരാട്ടി ഒരു നല്ല വിദുഷിയും സാഹിതീരസജ്ഞയുമായിരുന്നു. മഹാകവിയുടെ പിതാവായ പുതുപ്പള്ളി തൃക്കോണമങ്ഗലം ദേശത്തു പെരിഞ്ചേരിയില്ലത്തെ വിഷ്ണു നമ്പൂരിക്ക് ഒരു മന്ത്രവാദി എന്ന നിലയിലായിരുന്നു അധികം പ്രശസ്തി. രണ്ടുപേരും അവരുടെ പുത്രനെ അത്യന്തം ആശാസ്യമായ വിധത്തിൽ വളർത്തിക്കൊണ്ടുവരുവാൻ ശ്രദ്ധിച്ചുവന്നു. കഥാപുരുഷന്റെ വൈമാത്രേയന്മാരായ രണ്ടു സഹോദരന്മാരെക്കുറിച്ചും ഇവിടെ കുറഞ്ഞൊന്നു പ്രസ്താവിക്കേണ്ടതുണ്ട്. രാമവർമ്മത്തമ്പുരാൻ ഒരു നല്ല താർക്കികനും നൃത്തകലാവിദഗ്ദ്ധനുമായിരുന്നു. ഗ്രന്ഥങ്ങളൊന്നും രചിച്ചതായി അറിവില്ല.

## 4 നെയ്യൂല്ലൂർക്കോയിക്കൽ മകയിരംനാൾ കേരളവർമ്മത്തമ്പുരാൻ

ഒരു പ്രശസ്തകവിയായ ഇദ്ദേഹം 1021-ാമാണ്ടു വൃശ്ചികത്തിൽ ജനിക്കുകയും 1065 മകരത്തിൽ മരിക്കുകയും ചെയ്തു. ഭൂതനാഥോത്ഭവം തുള്ളൽക്കഥയും ആട്ടക്കഥയും ആർദ്രാമഹോത്സവചമ്പുവും (സംസ്കൃതത്തിൽ) രചിച്ചിട്ടുണ്ട്. താഴെ കാണുന്ന ശ്ലോകങ്ങൾ ചമ്പുവിലുള്ളതാണ്.

“പായാദ്ദ്വിവ്യസ്രവന്തീകുചയുഗളപരി–
ഷ്വങ്ഗസക്താരുണാഭം
നിഘ്നോത്തും നൂനമങ്ഗേ ഘുസൃണമനുദിനം
ലിപ്യതേ യേന ഭസ്മ;
ഗൗരീനിധ്യാനഭീതേർഗ്ഗതജനനിവഹേ
ദത്തദൃഷ്ടിഃപ്രമോദാൽ
സോയം ശ്രീപന്തളേശോ ഹതഗദനിചയോ
നശ്ചിദാനന്ദരൂപഃ.”

“കുര്യാൽ കാസരദൈത്യകർക്കശശിരോനിഷ്പേഷണാനർഗ്ഗള–
പ്രോദ്ഗച്ഛദ്രുധിരൗഘകാന്തിനികരൈർബാലാർക്കവദ്ഭാസുരം
വിഘ്നധ്വാന്തനിവാരണം വിധിമുഖാമർത്ത്യൗഘനിത്യസ്തുതം
മൃത്സാപാദവിഹാരഗേഹവസതേർദ്ദേവ്യാഃ പദാബ്ജദ്വയം.”

മൃത്സാപാദമെന്നാൽ മണ്ണടി എന്നർത്ഥം. ചുവടേ ചേർക്കുന്നതു് ഒരു മുക്തകമാണ്.

“ഭഗീരഥകുമാരികാരതിനിരീക്ഷണേർഷ്യാസ്മര–
ന്മഹീധരകിശോരികാപ്രണയകോപശാന്ത്യുത്സുകഃ.

ദശാനനഭുജാബലപ്രചലിതസ്വകീയാചല–
ത്രസത്തദുപഗൂഹനപ്രമുദിതോ ഹരഃ പാതു വഃ.”

## 5 നെയ്ത്തല്ലൂർക്കൊട്ടാരത്തിൽ തൃക്കേട്ടനാൾ വീരകേരളവർമ്മത്തമ്പുരാൾ

പൂർവോക്തനായ കേരളവർമ്മത്തമ്പുരാന്റെ കനിഷ്ഠസഹോദരനാണ് ഇദ്ദേഹം. 1033-ാമാണ്ടു മീനമാസത്തിൽ ജനിച്ചു. 1082 തുലാമാസത്തിൽ മരിച്ചു. വീരകേരളവർമ്മത്തമ്പുരാനു കാവ്യനാടകാലങ്കാരങ്ങളിലും വിശിഷ്യ ന്യായശാസ്ത്രത്തിലും അഗാധമായ വൈദഗ്ദ്ധ്യമുണ്ടായിരുന്നു. കവിയെ തർക്കം അഭ്യസിപ്പിച്ചതു് ആ പണ്ഡിതമൂർദ്ധന്യനാണ്. ഇദ്ദേഹം മഹാറാണി സേതുലക്ഷ്മീബായി തിരുമനസ്സിലെ മാതാവായിരുന്ന ആയില്യം നാൾ അമ്മത്തമ്പുരാനെ കാവ്യനാടകങ്ങളും പ്രത്യേകിച്ചു നൈഷധവും പഠിപ്പിക്കുകയുണ്ടായി. മാവേലിക്കര സ്പെഷ്യൽസ്കൂളിലെ സംസ്കൃതപണ്ഡിതനായിരുന്നു. രുക്മാങ്ഗദചരിതം കാവ്യം, ബാണയുദ്ധം ചമ്പു എന്നീ രണ്ടു സംസ്കൃതകൃതികൾ രചിച്ചിട്ടുണ്ടു്. സ്ഥാനത്യാഗം ചെയ്ത കൊച്ചി മഹാരാജാവിനു് അദ്ദേഹം സമർപ്പിച്ച ഒരു ശ്ലോകമാണ് അടിയിൽ കാണുന്നതു്.

“ദ്വാരേഷു കഞ്ചുകിഗണാസ്സതതം വസന്തി;
വ്യാപ്താനി കുണ്ഡലിചയൈശ്ച നികേതനാനി;
സൗധാശ്ചകാസതിതരാം ഖലു ഭോഗിവൃന്ദൈ;–
ശ്ചിത്രം തഥാപ്യഹിഭയം ഭവതോ ന രാജൻ.”

അടുത്തതു് ഒരു പ്രഭാതവർണ്ണനശ്ലോകമാണ്.

“വിസൃത്വരദിവാകരപ്രസൃതരശ്മിസമ്മാർജ്ജനീ–
വിമൃഷ്ടതിമിരോൽകരൈരെസ്സമമുലൂകലോകാ ഇമേ
വിശന്തി ഗിരിഗഹ്വരം കലിതവൈരനിര്യാതനൈഃ
കുടധ്വനിതഭീഷണൈഃ കരടസഞ്ചയൈഃ പീഡിതാഃ.”

### മഹാകവിയുടെ വിദ്യാഭ്യാസം

കേരളവർമ്മത്തമ്പുരാനെ സംസ്കൃതത്തിലെ ബാലപാഠങ്ങൾ അഭ്യസിപ്പിച്ചതു് പന്തളത്തു് അച്യുതവാരിയരായിരുന്നു. ശ്രീരാമോദന്തം കാവ്യം മാത്രമേ ആ ഗുരുവിനു പഠിപ്പിക്കുവാൻ സാധിച്ചുള്ളു. തമ്പുരാനു് ഏഴു വയസ്സായപ്പോൾ അദ്ദേഹം മരിച്ചുപോയി. പന്തളത്തെ അവിട്ടംനാൾ രാമവർമ്മത്തമ്പുരാനായിരുന്നു അടുത്ത ഗുരു; അദ്ദേഹം മറ്റൊരു ശാഖയിൽപ്പെട്ട ജ്യേഷ്ഠനായിരുന്നു. ആ ഗുരുഭൂതൻ ശ്രീകൃഷ്ണവിലാസം, കിരാതാർജ്ജുനീയം. നൈഷധീയചരിതം എന്നീ കാവ്യങ്ങൾ പഠിപ്പിച്ചു. ആ കാലങ്ങളിലെല്ലാം മകന്റെ വിദ്യാഭ്യാസകാര്യങ്ങളിൽ മാതാവിന്റെ നിപുണമായ പര്യവേക്ഷണമുണ്ടായിരുന്നു. ഒരിക്കൽ തമ്പുരാൻ നൈഷധം പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ

“ആനന്ദജാശ്രുഭിരനുസ്രിയമാണമാർഗ്ഗാൻ
പാക്ശോകനിർഗ്ഗമിതനേത്രപയഃപ്രവാഹാൻ
ചക്രേ സ ചക്രനിഭചംക്രമണച്ഛലേന
നീരാജനാം ജനയതാം നിജബാന്ധവാനാം”

എന്ന ശ്ലോകത്തിൽ ശ്രീഹർഷൻ "ആനന്ദജാശ്രുഭിരനസ്രിയ മാണമാർഗ്ഗാൻ" എന്ന് ഏകസമസ്തപദത്തിനുപകരം അതിനെ രണ്ടു പദങ്ങളായി പിരിച്ചു പ്രയോഗിച്ചതു സമീചീനമായോ എന്ന് അമ്മ ചോദിക്കുകയും "ആനന്ദജാശ്രുസമനസ്രിയമാണമാർഗ്ഗാൻ" എന്നു പ്രയോഗിച്ചിരുന്നാൽ ഒന്നുകൂടി ഭംഗിയായിരുന്നേനെ എന്ന് ആ ചോദ്യത്തിനു മകൻ മറുപടി പറഞ്ഞ് ആ മനീഷിണിയെ ആനന്ദിപ്പിക്കുകയും ചെയ്തു. 14-ാമത്തെ വയസ്സിൽ ഉപനയനാനന്തരം ശാസ്ത്രപാഠം ആരംഭിച്ചു. തൃക്കേട്ടനാൾ വീരകേരളവർമ്മത്തമ്പുരാൻ തർക്കവും അത്തംനാൾ ഗോദവർമ്മത്തമ്പുരാൻ വ്യാകരണവും നിഷ്കർഷിച്ചു പഠിപ്പിക്കുകയാൽ 21-ാത്തെ വയസ്സിനകം കഥാനായകൻ ആ രണ്ടു ശാസ്ത്രങ്ങളിലും പ്രകൃഷ്ടമായ പാണ്ഡിത്യം സമ്പാദിച്ചു. വിവിധ ഗ്രന്ഥങ്ങൾ നിരന്തരമായി സ്വയം പാരായണം ചെയ്തു പല പ്രകാരത്തിൽ ആ പാണ്ഡിത്യം വർദ്ധിപ്പിക്കുകയും ചെയ്തു. പഞ്ചമഹാകാവ്യങ്ങളിൽ അദ്ദേഹത്തിന് അത്യന്തം ആകർഷകമായിത്തോന്നിയതു മാഘമായിരുന്നു. ഒരു വൈയാകരണഹൃദയത്തെ സർവോപരി ആവർജ്ജിക്കുന്നതിനുള്ള ശക്തി അതിനോളം അന്യകാവ്യങ്ങൾക്കില്ലല്ലോ. പശ്ചാൽക്കാലങ്ങളിൽ തമ്പുരാൻ പ്രദർശിപ്പിച്ചിരുന്ന പ്രശംസനീയമായ പദഘടനാ പാടവത്തിന് ആ ഗ്രന്ഥത്തിന്റെ ഉപസ്ഥിതിയും ഒരു കാരണമായിത്തീർന്നു.

## ബാല്യകാലകവിത

ബാല്യത്തിൽത്തന്നെ കഥാനായകനു വാശേവത വശ്യയായിത്തീർന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ നെയ്തല്ലൂർക്കോയിക്കൽ കേരളവർമ്മത്തമ്പുരാൻ മരിച്ചപ്പോൾ അദ്ദേഹമുണ്ടാക്കിയതാണ് അടിയിൽ കുറിക്കുന്ന ശ്ലോകം.

> "കവിത്വകീർത്തിപ്രഥമാനദീധിതി–
> ച്ഛടാം കിരൻ കേരളവർമ്മഭൂമിപഃ
> സുധാകരഃ പണ്ഡിതകൈരവാവലീം
> വികാസയന്നസ്തമവാപ; കാ കഥാ?"

14-ാമത്തെ വയസ്സിൽ ധർമ്മശാസ്ത്രപരമായി ഒരഷ്ടകവും ഒരു ചെറിയ ശ്രീകൃഷ്ണസ്തോത്രവും രചിച്ചു. താഴെ ഉദ്ധരിക്കുന്ന ശ്ലോകം ശ്രീകൃഷ്ണസ്തോത്രത്തിലുള്ളതാണ്.

> "ലക്ഷ്മീകുചോജ്ജ്വലിതകുങ്കുമപങ്കപാളീ–
> ശോണായമാനവിപുലോരസമഭ്രകാന്തിം
> വന്ദാമഹേ വലനിഷൂദനമുഖ്യദേവ–
> വൃന്ദാദിവന്ദിതപദം ഭഗവന്തമാദ്യം."

പന്തളത്തുകൊട്ടാരത്തിൽ യുവാക്കന്മാരായ പല വിദ്വാന്മാരും കവികളും അക്കാലത്തുണ്ടായിരുന്നതിനാൽ അവരെയെല്ലാം കൂട്ടിച്ചേർത്തു തമ്പുരാൻ ഒരു സാഹിത്യസമാജം സ്ഥാപിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ കവിതാവേഗപരീക്ഷയിലും മറ്റും ദൃഢമായ പരിശീലനം സമ്പാദിക്കുകയും ചെയ്തു. ആദ്യകാലത്തെ കൃതികൾ സംസ്കൃതത്തിലായിരുന്നു രചിച്ചിരുന്നതെന്നു പറയേണ്ടതില്ലല്ലോ. ശബരിമല ശാസ്താവിനെപ്പറ്റി ഒരു കേശാദിപാദവും രാസവിലാസം എന്നൊരു ഭാണവും അദ്ദേഹത്തിന്റെ അക്കാലത്തെ സംസ്കൃതകൃതികളുടെ കൂട്ടത്തിൽപ്പെടുന്നുണ്ട്.

### ഗൃഹഭരണം

ഗുരുനാഥനായ അവിട്ടംനാൾ രാമവർമ്മത്തമ്പുരാൻ 1076-ൽ മരിച്ചു. നെയ്ത്തല്ലൂർക്കോയിക്കൽ താമസിച്ചുവന്ന താവഴിയിൽ മൂത്ത ജ്യേഷ്ഠനായ വീരകേരളവർമ്മത്തമ്പുരാൻ മാവേലിക്കര സ്പേഷ്യൽസ്കൂൾ സംസ്കൃതപണ്ഡിതനായി നിയമിക്കപ്പെട്ടകയാൽ അദ്ദേഹത്തിനു പന്തളത്തു താമസിക്കുവാൻ സൗകര്യമില്ലാതായിത്തീരുകയും തന്നിമിത്തം അവിടുത്തെ ഭരണം കഥാനായകൻതന്നെ ആയിടയ്ക്ക് ഏറ്റെടുക്കേണ്ടതായി വന്നുകൂടുകയും ചെയ്തു. 1073-ലേ ഭാഷാകവിത കാര്യമായി എഴുതിത്തുടങ്ങിയുള്ളു. ഏതാനും വർഷങ്ങൾകൊണ്ടു വലിയ കോയിത്തമ്പുരാൻ ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ ആ 'അതി പ്രതിഭാശക്ത'നു ശതപത്രസുഹൃത്തമനായി പ്രകാശിക്കുവാൻ സാധിച്ചു.

### കവനകൗമുദി

ചില കൊല്ലങ്ങൾകൂടി കഴിഞ്ഞപ്പോൾ തമ്പുരാനു ഭാഷാകവിതയുടെ ഉന്നമനത്തെ ലക്ഷീകരിച്ചു അശ്രുതപൂർവ്വമായ ഒരു ബൃഹദ്വ്യവസായത്തിൽ ഏർപ്പെടണമെന്നു തോന്നി. അക്കാലത്തു പല വർത്തമാനപ്പത്രങ്ങളിലും മാസികകളിലും പദ്യകാരന്മാർക്കായി കുറേ സ്ഥലം അധികൃതന്മാർ നീക്കിവെച്ചിരുന്നു. എങ്കിലും അത് അവരുടെ ആവശ്യത്തിനു പര്യാപ്തമായിരുന്നില്ല. ആപാദചൂഡം പദ്യമായി-ഗദ്യത്തിന്റെ ഛായപോലും തട്ടാതെ-ഒരു പ്രതിപക്ഷപത്രിക പ്രസിദ്ധീകരിച്ചാലെന്തെന്നു കഥാനായകൻ അന്തരാത്മാവിനോടു ചോദിച്ചു. അനുകൂലമായ മറുപടിയാണ് അവിടെനിന്നു കിട്ടിയത്. 1080-ാമാണ്ടു വൃശ്ചികമാസം 1-ാംനു മുതൽ കവനകൗമുദി എന്ന പേരിൽ ആ പത്രിക ആരംഭിച്ചു എന്നു പറഞ്ഞാൽക്കഴിഞ്ഞുവല്ലോ. ഒരു ധീരോചിതമായ മഹാസാഹസം തന്നെയായിരുന്നു ആ സദുദ്യമം. തമ്പുരാന്റെ ഒരു സുഹൃത്തായിരുന്ന കുറൂർ പി.കെ. നാരായണൻനമ്പൂരിയുടെ പ്രസാധകത്വത്തിൽ കായങ്കുളം സുവർണ്ണരത്നപ്രഭ അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചു പന്തളത്തുനിന്നു പ്രചരിപ്പിച്ച ആ പത്രത്തിൽ വർത്തമാനക്കത്തുകൾ, പുസ്തകനിരൂപണങ്ങൾ എന്നുവേണ്ട, പരസ്യങ്ങൾപോലും പദ്യത്തിൽത്തന്നെ വേണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു.

> "പണമിടപെട്ടൊരെഴുത്തുകളന്നവും തെറ്റാതപേക്ഷയും മറ്റും
> അടിയിൽക്കാണും പേർ വച്ചുടനിവിടെത്തിച്ചുകൊള്ളണം നിയതം."

എന്നായിരുന്നു പ്രസാധകന്റെ നോട്ടീസ്. പരദേവതാ പ്രാർത്ഥനയും ഉദ്ദേശവിവരണവുമാണ് താഴെ കാണുന്ന ശ്ലോകങ്ങളിൽ കാണുന്നത്.

> "പുരുതരമഭിലാഷം സാധ്യമാക്കുന്നതിങ്കൽ
> സുരതരുവൊടു കപ്പം വാങ്ങുവാൻ കെല്പിയന്നോൻ
> ഹരിഹരസുതനാര്യൻ ഭൂരികാരുണ്യഭൂമാ
> ചിരതരമിഹ കാമം പൂർത്തിയായ്ച്ചേർത്തിടട്ടേ."
> "എന്നും തീയതി മാസത്തിലൊന്നിലും പതിനഞ്ചിലും
> മന്നിൽ പ്രസിദ്ധിചെയ്തീടും മാന്യാ കവനകൗമുദീ."

ശബരിമല ശാസ്താവു പന്തളത്തു രാജാക്കന്മാരുടെ കുടുംബപരദേവതയാണെന്നു പറയേണ്ടതില്ലല്ലോ. പ്രസ്തുതപത്രത്തിന്റെ പ്രസിദ്ധീകരണംകൊണ്ടു കഥനായകന് ധനസംബന്ധമായി നോക്കുമ്പോൾ നഷ്ടമാണുണ്ടായതെങ്കിലും അതു കേരളത്തിലെ എല്ലാ പണ്ഡിതന്മാരേയും കവികളേയും അദ്ദേഹത്തിന്റെ സുഹൃത്തുക്കളാക്കുന്നതിനും അവരുമായി ലേഖസമ്പർക്കം പുലർത്തുന്നതിനും സഹായിച്ചു. തദ്വാരാ

അഖിലകേരള പ്രശസ്തി അദ്ദേഹത്തിന് അതിവേഗത്തിൽ സംസിദ്ധമായി. രണ്ടു കൊല്ലം പന്തളത്തുനിന്നും അതിനടുത്ത കൊല്ലം തൃശ്ശൂർ കേരളകല്പദ്രുമം അച്ചുക്കൂടത്തിൽനിന്നും അച്ചടിപ്പിച്ചു പ്രചരിപ്പിച്ച കൗമുദി നാലാമത്തെ കൊല്ലം മുതൽ മാസികയായി. അഞ്ചാമത്തെ കൊല്ലം സ്വല്പകാലം വീണ്ടും പന്തളത്തു നിന്നു പ്രസിദ്ധീകരിക്കേണ്ടിവന്നു. ആദ്യത്തെ മൂന്നു കൊല്ലവും പത്രാധിപർത്തന്നെയാണ് പ്രായേണ എല്ലാ പങ്ക്തികളും സ്വകൃതികളെക്കൊണ്ടു പൂരിപ്പിച്ചുവന്നതു്. അഞ്ചാം സഞ്ചിക ഏഴാമത്തെ ലക്കംമുതൽ സഹൃദയോത്തമനും സതതോത്ഥായിയുമായ പി.വി. കൃഷ്ണവാരിയർ അതിന്റെ പ്രസാധകത്വം ഏറ്റെടുക്കുകയാൽ മലബാറിൽ കോട്ടയ്ക്കൽനിന്ന് 1085 കുംഭം മുതൽ ആ മാസിക പുറപ്പെട്ടു തുടങ്ങി. പ്രാരംഭദശയിലെ ക്ലേശങ്ങൾ അതോടുകൂടി ഒരു മാതിരി നീങ്ങി. തമ്പുരാൻ പിന്നീടും കൗമുദിയുടെ പ്രസാധകത്വം തുടർന്നുകൊണ്ട് ആജീവനാന്തം അതിൽ സ്വകീയങ്ങളായ പല കൃതികളും പ്രസിദ്ധീകരിച്ചു. അറുപതോളം ഖണ്ഡകാവ്യങ്ങൾ കൗമുദി മാസികയായതിൽപ്പിന്നീട് അതിന്റെ ആവശ്യത്തിലേക്കായി എഴുതി. ആദ്യത്തെ മൂന്നു കൊല്ലങ്ങളിൽ വൃത്താന്തപത്രമായിരുന്ന കാലത്തു ചേർത്തവയും നാല്പതിനു മേൽ വരും. 1106 കന്നിവരെ അനുസ്യൂതമായി സ്വച്ഛന്ദസഞ്ചാരം ചെയ്ത കൗമുദിയുടേയും അതിലെ വാർഷികസഞ്ചികകളുടേയും ആവിർഭാവം ഭാഷാസാഹിത്യത്തെ എത്രമാത്രം പോഷിപ്പിച്ചിട്ടുണ്ടെന്നു പരിച്ഛേദിക്കാവുന്നതല്ല; അത്രമാത്രം മഹത്താണ് തമ്പുരാൻ അനുഷ്ഠിച്ചിട്ടുള്ള തദ്വിഷയകമായ സേവനം.

## ചില സംഭവങ്ങൾ

1076-ൽ മാതൃഷ്വസ്രേയനായ രാമവർമ്മത്തമ്പുരാൻ മരിച്ചതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1079-ൽ മാതാവും 1080-ൽ പിതാവും അന്തരിച്ചു. 1080-ൽത്തന്നെയാണ് തമ്പുരാൻ ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ കനിഷ്ഠസഹോദരി അമ്മുക്കുട്ടിഅമ്മയെ വിവാഹം ചെയ്തതു്. ഒടുവും കഥാനായകനും തമ്മിൽ കവനകൗമുദി വഴിക്കു വർദ്ധിച്ച സഹാർദ്ദമാണ് ആ സംബന്ധത്തിന്റേ മുഖ്യകാരണം. 1082 തുലാത്തിൽ വീരകേരളവമ്മത്തമ്പുരാൻ ചരമഗതിയെ പ്രാപിച്ചു. ആ കൊല്ലം മീനത്തിൽ ആ തമ്പുരാന്റെ അമ്മയും നിര്യാതയായി. തന്മാത്രശേഷനായി നെയ്തല്ലൂർക്കോയിക്കൽ താമസിക്കുന്നതിനു മഹാകവി ഇഷ്ടപ്പെട്ടില്ല. 1089-ാമാണ്ടിടയ്ക്കു തിരുവനന്തപുരം ഗവമ്മെന്റ് ഇംഗ്ലീഷ് ഹൈസ്കൂളിൽ ഭാഷാപണ്ഡിതനായി നിയമിയ്ക്കപ്പെട്ടു. അവിടെ കൈതമുക്കെന്ന സ്ഥലത്തായിരുന്നു താമസം. അതിനുമുൻപുതന്നെ ശ്രീമൂലംതിരുനാൾ മഹാരാജാവ് അദ്ദേഹത്തിന്റെ വൈദുഷ്യത്തെ അഭിനന്ദിക്കുകയും പ്രതിമാസം ഒരു വർഷാശനം വലിയകൊട്ടാരത്തിൽനിന്നു നല്കുകയും രാജകീയവിദ്വത്സദസ്സിൽ അദ്ദേഹത്തെ ഒരങ്ഗമായി സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. കവിതിലകൻ എന്ന ബിരുദം മറ്റുചിലരോടൊപ്പം മദിരാശിയിൽവച്ചു തീപ്പെട്ട കൊച്ചി വലിയ തമ്പുരാൻ അദ്ദേഹത്തിനു സമ്മാനിച്ചു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. 1094 ഇടവം 24-ാംനു ആ മഹാപുരുഷൻ അത്യന്തം അപ്രതീക്ഷിതമായി കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. അക്കാലത്തു ബാംബേപ്പനി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരുതരം ജ്വരമായിരുന്നു മരണകാരണമായി പരിണമിച്ചതു്. ആജീവനാന്തം ഒരു വിദ്യാർത്ഥിയായി കഴിഞ്ഞുകൂടിയ അദ്ദേഹം തിരുവനന്തപുരത്തു താമസിയ്ക്കുന്ന കാലത്താണു എന്നോടുകൂടി വലിയ കോയിത്തമ്പുരാന്റെ ശിഷ്യനും മഹാവൈയാകരണനുമായ തുറവൂർ നാരായണശാസ്ത്രികളുടെ ശിഷ്യനായി മഹാഭാഷ്യവും അലങ്കാരത്തിൽ ചില ഉല്കൃഷ്ടഗ്രന്ഥങ്ങളും വായിച്ചതു്. വിദ്യയുടെ ആദാനത്തിലെന്നപോ

ലെ ദാനത്തിലും അദ്ദേഹം സദാ സമുത്സുകനായിരുന്നു. ഒറവങ്കര ശങ്കരൻനമ്പൂരി, വെണ്മണി ലക്ഷ്മണൻ നമ്പൂരി, ചേപ്പാട്ട് അച്യുതവാരിയർ മുതലായവർ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. മഹാകവിയുടെ ആജ്ഞാകാരനും ലേഖകനുമായിരുന്ന പന്തളം പറവേലി രാമൻപിള്ളയ്ക്കും തെല്ലൊരു വ്യുൽപത്തിച്ഛായയും കവിതാഭ്യാസപുണ്യവും സംസർഗ്ഗശക്തികൊണ്ടു ലബ്ധമായി.

## കൃതികൾ

കേരളവമ്മത്തമ്പുരാൻ രചിച്ചിട്ടുള്ള കൃതികൾക്കു സംഖ്യയില്ല. നൂറോളം ഖണ്ഡകാവ്യങ്ങൾ കൗമുദിയിൽത്തന്നെ പ്രസിദ്ധപ്പെടുത്തീട്ടുണ്ടെന്നു പ്രസ്താവിച്ചുവല്ലോ. അദ്ദേഹത്തിന്റെ സംസ്കൃതകൃതികളേയും ഇതിനുമുമ്പു സ്മരിച്ചിട്ടുണ്ട്. 1073 മുതൽ ഭാഷാകൃതികൾ രചിച്ചുവെങ്കിലും 1080-ൽ കവനകൗമുദി പുറപ്പെടുവിച്ച കാലം മുതല്ക്കാണ് ആ വ്യവസായത്തിൽ നിരന്തരവ്യാപൃതനായതു്. പതിനഞ്ചുകൊല്ലങ്ങൾക്കിടയിൽ ഇത്ര വളരെ ഉത്തമഗ്രന്ഥങ്ങൾ രചിക്കുവാൻ സാധിച്ച അദ്ദേഹത്തിനു സമകാലികന്മാരിൽ കുഞ്ഞിക്കുട്ടൻ തമ്പുരാനെ മാത്രമേ തനിക്കുമുന്നിൽ പ്രവേശിപ്പിക്കേണ്ടതായി കാണുന്നുള്ളു, (1) സുംഭനിസുംഭവധം മണിപ്രവാളം, (2) ഭുജങ്ഗസന്ദേശം, (3) വഞ്ചീശശതകം (1085), ഭാഗീരഥി വഞ്ചിപ്പാട്ട്, (5) രുക്മാങ്ഗദചരിതം മഹാകാവ്യം (1089), (6) മാർത്താണ്ഡദേവോദയം (1099), (7) സൂക്തിമാല (1090), (8) കഥാകൗമുദി (1099), (9) വിജയോദയം കാവ്യം (2090), (10) വേണീസംഹാരം നാടകം (1092), (11) ശ്രീമൂലരാജവിജയം ഓട്ടൻതുള്ളൽ (1092), (12) ശബരിമലയാത്ര, (13) ശ്രീമൂലപ്രകാശിക (1093), (14) ഭാഷാദ്ഭുതവാക്യം വ്യായോഗം (1094) എന്നീ കൃതികൾ അദ്ദേഹത്തിന്റെ വാങ്മയങ്ങളിൽ ഉൾപ്പെടുന്നു. ഓരോന്നിനും അടുത്തു കാണിച്ചിട്ടുള്ള ആണ്ടുകൾ പ്രസിദ്ധീകരണകാലത്തെയല്ലാതെ നിർമ്മാണകാലത്തെ സൂചിപ്പിക്കുന്നില്ല. ഇവ കൂടാതെ (15) മുദ്രാരാക്ഷസം നാടകവും, (16) കരന്ധമോപാഖ്യാനം എന്ന പേരിൽ ഒരു കിളിപ്പാട്ടും അദ്ദേഹം രചിക്കുവാൻ ആരംഭിച്ചു. ആ കൃതികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. മുദ്രാരാക്ഷസം നാലങ്കത്തോളം തർജ്ജമചെയ്തിട്ടുണ്ട്. കരന്ധമോപാഖ്യാനം ആരംഭിച്ചതേയുള്ളു. അതിപ്രധാനങ്ങളായ കൃതികൾ രുക്മാങ്ഗദചരിതം മഹാകാവ്യവും വിജയോദയം കാവ്യവും ഭാഷാവേണീസംഹാരം നാടകവുമാണ്. കഥാകൗമുദിയിലെ സഭദ്രനിര്യാണം, ഭീമപ്രഭാവം, ഊർമ്മിള എന്നീ ഖണ്ഡകാവ്യങ്ങളും ആകൃതികൊണ്ടല്ലെങ്കിലും പ്രകൃതികൊണ്ട് അവയ്ക്കു തുല്യമായി പരിലസിക്കുന്നു. പതിനഞ്ചോളം ക്ഷുദ്രകവിതകളും തമ്പുരാൻ നിർമ്മിച്ചിട്ടുണ്ട്. അവയെല്ലാം ഓരോ പ്രകാരത്തിൽ രമണീയങ്ങളാണ്. ആ പരിപാടിയനുസരിച്ച് അത്ര വളരെ കവിതകൾ കുണ്ടൂർ മാത്രമേ എഴുതീട്ടുള്ളു.

## കവനശൈലി

ഈ കൃതികളെക്കുറിച്ച് ഉപന്യസിക്കുന്നതിനുമുമ്പായി തമ്പുരാന്റെ കവനശൈലിയെപ്പറ്റി അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിനു കുഞ്ഞിക്കുട്ടൻ തമ്പുരാനുമായി പല പ്രകാരത്തിലും സാമ്യമുണ്ടായിരുന്നു; ആ അന്യാദൃശമായ സംസ്കൃതപാണ്ഡിത്യം, ആ വീരരൗദ്രരസങ്ങൾ വർണ്ണിക്കുന്നതിനുള്ള വിശേഷസാദൃശ്യം, ആ നിരങ്കുശമായ ദ്രുതകവനവൈഭവം, ആ അത്യുൽക്കടമായ ഭാഷാപോഷണവ്യഗ്രത ഈ ഉപാധികൾ രണ്ടുപേക്കും തുല്യങ്ങളാണ്. അർത്ഥചമൽക്കാരത്തോടൊപ്പംതന്നെ ശബ്ദസൗന്ദര്യം കവികൾ പാലിക്കേണ്ടതാണെന്നുള്ള മതവും അവക്കു രണ്ടുപേക്കും ഉണ്ടായിരുന്നു. കേരളവർമ്മത്തമ്പുരാന്റെ ഏതദ്വിഷയകമായ ആശയം അധോലിഖിതമായ പദ്യത്തിൽനിന്നു വെളിപ്പെടുന്നതാണ്.

“ഉള്ളിൽപ്പരം ഗുണമിയന്നതുകൊണ്ടുമാത്രം
കൊള്ളില്ല, കാന്തി പുറമേ ലവവും പെടാഞ്ഞാൽ
തുള്ളിക്കുമാഭ കലരാതെ ശമാദിചേരും
പുള്ളിക്കുരങ്ഗമിഴി കൗതുകമാർക്കുമേകാ.”

കുഞ്ഞിക്കുട്ടൻതമ്പുരാന്റേതോളം ലളിതമല്ല കഥാനായകന്റെ ശൈലി; പക്ഷേ അദ്ദേഹത്തിന്റെ ഗംഭീരമായ ശബ്ദപ്രവാഹം തനിക്ക് അഭിമതമായ പ്രകടനത്തിന് ഒന്നുകൂടി ഉപകാരപ്രദമായിരുന്നു എന്നു ചില അവസരങ്ങളിൽ തോന്നിപ്പോകും. രണ്ടുപേരും നിരവധി സജീവമായ ശബ്ദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ കഥാനായകനെപ്പോലെ സംസ്കൃതശബ്ദങ്ങൾ കൊണ്ടല്ല ഭാഷാശബ്ദങ്ങൾകൊണ്ടാണ് വിവക്ഷിതാത്ഥപ്രതിപാദനം സാധിച്ചിരുന്നത് എന്നൊരു മെച്ചം അദ്ദേഹത്തിനുണ്ട്. ഫലിതത്തിലും വിജയം അദ്ദേഹത്തിനു തന്നെയാണ്. ഏതായാലും കാവ്യസരണിയിൽ ആ മഹാകവിമൂർദ്ധന്യന്റെ കനിഷ്ഠസഹോദരനായി പരിഗണിക്കപ്പെടുന്നതിനു വേണ്ട യോഗ്യത കേരളവർമ്മത്തമ്പുരാനുണ്ടായിരുന്നു എന്നു പറയുന്നതിൽ അപാകമില്ല. സ്വഭാവനൈർമ്മല്യത്തിലും രണ്ടുപേരും സമശീർഷന്മാരായിരുന്നു. രണ്ടുപേർക്കും സ്വന്തം കൈയ്യുടയ്ക്കു വേഗമുണ്ടായിരുന്നില്ലെന്നുകൂടി പറയേണ്ടതാണ്.

## ആദ്യകാലകൃതികൾ: സുംഭനിസുംഭവധവും ഭുജംഗസന്ദേശവും

ഇവ രണ്ടും 1073-ാമാണ്ടിടയ്ക്ക് എഴുതിയ കൃതികളാണ്. തമ്പുരാൻ ഇവയ്ക്കു സ്വാരസ്യം പോരെന്നു വെച്ച് അച്ചടിപ്പിച്ചില്ല. പന്തളത്തുകാരനായ ഒരു യുവാവു വൈക്കത്തു ക്ഷേത്രത്തിൽ ഭജനം ചെയ്യുമ്പോൾ ശിവഭൂഷണമായ ഭുജങ്ഗത്തെ കാണുകയും അതിനെ വിരഹാർത്തയായി സ്വദേശത്തു താമസിക്കുന്ന തന്റെ പ്രിയതമയുടെ വസതിയിലേക്കു ഒരു സന്ദേശവാഹകനാക്കുകയും ചെയ്യുന്നു. വലിയകോയിത്തമ്പുരാന്റെ മയൂരസന്ദേശത്തെ കവി ധാരാളമായി ഉപജീവിച്ചിട്ടുണ്ട്, രണ്ടു കൃതികളിൽ നിന്നും ഓരോ ശ്ലോകങ്ങൾ പകർത്തിക്കാണിക്കാം.

“വരനാരിമൗലിമണി തന്റെ ചാരുവാം
കരതാരിലുള്ള കനകകാങ്ഗദാദിയും
പുരുകാന്തിചേർന്ന രുചിരാംബരാദയും
വിരുതർക്കുമോർക്കിലുരചെയ്യുവാൻ പണി.” (സുംഭനിസുംഭവധം)

“മുമ്പിൽപ്പോകുന്നൊരു രുചിരമാം ബോട്ടിനോടൊത്തിടാനായ്
പിൻപേ പോകും കരബലമെഴും ബോട്ടുകാരൊട്ടനേകം
അൻപിൽത്തണ്ടങ്ങനെ തെരുതെരെച്ചാണ്ടിടും തോയമധ്യേ
തുമ്പില്ലാതുള്ളവരുമൊരുവൻ താഴെ വീഴുന്നതല്ല.” (ഭജംഗസന്ദേശം)

## കവനകൗമുദിയിലെ മുഖലേഖനങ്ങൾ

കവനകൌമുദിയിൽ തമ്പുരാൻ ആദ്യകാലത്തെഴുതിവന്ന മുഖലേഖനങ്ങളിൽ അദ്ദേഹം ഒരു ധീരനായ ദേശാഭിമാനിയും സ്ഥിരചിത്തനായ പ്രജാക്ഷേമകാംക്ഷിയുമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷീഭവിയ്ക്കുന്നു. താഴെക്കാണുന്ന ശ്ലോകം ഉദ്യോഗസ്ഥന്മാരെപ്പററിയുള്ളതാണ്.

“മെച്ചംകൂടുന്ന കച്ചേരികളുടെ നടുവിൽച്ചെന്നു കാൽവെച്ചു കാൽമേൽ–
പ്പച്ചപ്പേക്കുത്തു കാട്ടിച്ചിലതു ‘കശ്മപിശ’പ്പേശിയാൽത്തന്നെ പോരാ;
പിച്ചക്കാരന്നുമീയുള്ളവനടിമപെടാനുള്ളവൻതന്നെയെന്നോർ–
ത്തുച്ചത്തിൽക്കൃത്യവർഗ്ഗങ്ങളെയുടനുടനേ തീക്കണം തർക്കമെന്യേ.”

വിദേശീയരായ മന്ത്രിമാർ തിരുവിതാംകൂറിനു വേണ്ടെന്നായിരുന്നു തമ്പുരാന്റെ പക്ഷം.

“ഇന്നാട്ടു കാത്തുകൊൾവാനിന്നാരും നാട്ടുകാരിലില്ലാഞ്ഞോ
അന്യായമന്യദേശാദന്യാഹ്വാനം ദിവാൻജിപദവിക്കായ്?’

എന്ന് അദ്ദേഹം ചോദിക്കുന്നു. രാജധർമ്മത്തെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായമെന്തെന്നുകൂടി നോക്കാം.

“ഇവനിഹ പരമെന്റെ സേവ,നെല്ലാ–
മിവനു കൊടുക്കണ,മേല്ക്കണം പ്രമോദം
അവനവുമിവനൊത്തപോലെയാവാ–
മിവ നിനവാ ക്ഷിതിപന്നു യോഗ്യമല്ല.’

“ധ്വരയുടെ വരവെത്ര കേമമാക്കീ?
പരമിതിലെത്ര പണം തുണീകരിച്ചു?
പുരമതിലുകളൊക്കെ വെള്ളയിട്ടു?
സ്ഥിരമിതുകൊണ്ടു മഹത്വമെന്തു കിട്ടീ?”

അക്കാലത്തെ സ്ഥിതിക്കും പ്രത്യേകിച്ചു തമ്പുരാന്റെ നിലയ്ക്കും അത്തരത്തിലുള്ള ആശയ പ്രകടനങ്ങൾ വിപ്ലവാത്മകങ്ങളായിരുന്നു എന്നുപോലും സമർത്ഥിക്കാവുന്നതാണു”.

## രാജപ്രശസ്തികൾ

വഞ്ചീശശതകം, ശ്രീമൂലരാജവിജയം, ശ്രീമൂലപ്രകാശിക ഇവ ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ അപദാനങ്ങളെ പ്രകീർത്തനം ചെയ്യുന്ന മൂന്നു കൃതികളാണ്. 1085-ൽ രചിച്ച വഞ്ചീശശതകത്തിൽ തമ്പുരാന്റെ സകലകവനസിദ്ധികളും അവയുടെ സമ്പൂർണ്ണരൂപത്തിൽ പ്രകാശിക്കുന്നു.

“ദിലീപമാന്ധാതൃഭഗീരഥാദ്യരാം
കുലീനരാജന്യരൊടൊപ്പമെപ്പൊഴും
സലീലമിക്ഷോണി ഭരിച്ചു കംസഭി –
ന്നിലീനചിത്തൻ നൃവരൻ ജയിക്കണം.”

“സമുചിതവഞ്ചിധരാതലസമുദിതസൽപൂർണ്ണ പുണ്യപരിണതിയോ?
സമുദഞ്ചിതശുഭജനതാസമുദയസൗഭാഗ്യഭാഗ്യകന്ദളമോ?”

ഈ ശ്ലോകങ്ങൾ പ്രസ്തുത കൃതിയിൽ ഉൾപ്പെടുന്നു. ജയദേവകവിയുടെ ചന്ദ്രാലോകത്തിൽ വിവരിച്ചിട്ടുള്ള നൂറലങ്കാരങ്ങൾക്കും കാരികാരൂപത്തിൽ ലക്ഷണം കാണിച്ച് അവയ്ക്ക് ഓരോന്നിനും ശ്രീമൂലകമഹാരാജപരമായ ലക്ഷ്യം പ്രദർശിപ്പിക്കുകയാണു കവി ശ്രീമൂലപ്രകാശികയിൽ അനുഷ്ഠിച്ചിട്ടുള്ള കൃത്യം.ഒരുദാഹരണം കാണിക്കാം. ഉല്ലേഖം:

“ഉല്ലേഖം പലമട്ടായിച്ചൊന്നിനെപ്പലർ കാണ്മതും
വിഷയത്തിന്റെ ഭേദത്താൽ പലതെന്നേകനോർപ്പതും” (ലക്ഷണം)
“ശ്രീമന്മൂലനൃപാലനെ ശ്രിതജനം ശ്രീകാന്തനെന്നും ബുധ–
സ്തോമം സ്വർദ്രുമമെന്നു,മന്യരമൃതാർച്ചിസ്സെന്നുമോർക്കുന്നതേ;
ഓമൽക്കീർത്തിയിലർജ്ജുനൻ ഗുരു ഗഭീരാലാപകാലത്തിലുൾ–
ക്കാമം ചേർപ്പൊരു ദർമ്മരാജ്യഭൃതിയിൽ ധർമ്മാത്മഭൂവിമ്മഹാൻ”

## മാർത്താണ്ഡദേവോദയവും സൂക്തിമാലയും

മഹാനുഭാവനായ വീരമാത്താണ്ഡവർമ്മമഹാരാജാവിന്റെ ചരിത്രത്തെ ചുരുക്കത്തിൽ വർണ്ണിക്കുന്ന ഒരു കൃതിയാണ് മാർത്താണ്ഡദേവോദയം. അതിൽ ഇന്ദ്രവജ്രാവൃത്തത്തിൽ 127 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നു. സൂക്തിമാല ചില ഖണ്ഡകാവ്യങ്ങളുടെ സമുച്ചയമാണ്. ശരൽക്കാലത്തിലെ പുഴ, പ്രഭാതവായു, വർഷാകാലത്തിലെ നദി. ഇത്തരത്തിൽ വർണ്ണനാത്മകങ്ങളായ കൃതികളാണ് അവയിലധികവും. അതിൽനിന്നു രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

“ദ്രുതഗതി കലുഷസ്വഭാവമാത്മാ–
ശ്രിതതടമദ്ദനമെന്നിതൊക്കെയും നീ
ധൃതതരമകലെക്കളഞ്ഞതത്രേ
ചിതമിയലും നദി! സൽപ്രസാദഹേതു.” (ശരൽക്കാലത്തിലെ പുഴ)

“സുരഭിലസുമജാലസന്മധൂളീ–
സുരധുനിയിൽസ്സുഖമജ്ജനം നടത്തി
സരസിരുഹപരാഗഭൂതി ചാർത്തി–
സ്സരഭസമിങ്ങണയുന്നു കാല്യവാതം.” (പ്രഭാതവായു)

## കഥാകൗമുദി

അതിവിശിഷ്ടമായ ഒരു ഖണ്ഡകാവ്യസമാഹാരമാണ് കഥാകൗമുദി എന്നു പ്രസ്താവിച്ചുവല്ലോ. അതിൽ മുൻപു നിർദ്ദേശിച്ച മൂന്നു കൃതികൾക്കുപുറമേ ഒരു പുരാവൃത്തം, ചേലപ്പറമ്പ്, പുരുഷസ്യ ഭാഗ്യം എന്നീ കൃതികൾകൂടി അടങ്ങുന്നു. തമ്പുരാന്റെ ഭാവാവിഷ്കരണശക്തി ഇവയിലും അപ്രത്യക്ഷമല്ല. അഭിമന്യുവിന്റെ യുദ്ധവൈദഗ്ദ്ധ്യമാണ് സൗഭദ്രനിര്യാണത്തിലെ പ്രതിപാദ്യം. ലക്ഷ്മണന്റെ പത്നിയായ ഊർമ്മിളയുടെ വ്യക്തിമാഹാത്മ്യത്തെ സമഞ്ജസമായ ഭാവനകൊണ്ടു മഹാകവി തികച്ചും അറിയുകയും ചമൽക്കാരകാരിയായ വർണ്ണനംകൊണ്ടു നമ്മെ അറിയിക്കുകയും ചെയ്യുന്നു. രൗദ്രരസപ്രധാനമായ ഒരു ഖണ്ഡകൃതിയാണ് ഭാരതയുദ്ധത്തിൽ ഭീമനും ദുശ്ശാസനനും തമ്മിൽ നടന്ന മല്ലയുദ്ധത്തെ വിവരിക്കുന്ന ഭീമപ്രഭാവം. ആ കൃതിക്കു ഭാഷാസാഹിത്യത്തിൽ ശാശ്വതമായ പ്രതിഷ്ഠയ്ക്കുവകാശമുണ്ട്. ഭുജങ്ഗപ്രയാത വൃത്തത്തിൽ അതുപോലെ ഒരു മല്ലയുദ്ധം കൊച്ചുണ്ണിത്തമ്പുരാനും പാണ്ഡവോദയം മഹാകാവ്യത്തിൽ ചിത്രണം ചെയ്തിട്ടുണ്ട്. രണ്ടും ഒന്നുപോലെ ആകർഷകമായാണ് എനിക്കു തോന്നീട്ടുള്ളത്. ചില ശ്ലോകങ്ങൾ ഈ മൂന്നു കൃതികളിൽ നിന്നും ചുവടേ ചേർക്കുന്നു.

“ചട്ടറ്റ ഫല്ഗുനശരങ്ങൾ തറയ്ക്കുകൊണ്ടു
വട്ടംകറങ്ങി നിപതിക്കുമിഭവ്രജത്താൽ

പെട്ടെന്നു മറ്റു പല ജീവികളും പതിച്ച
ഘട്ടത്തിലന്തകഭടർക്കു കുഴപ്പമായി.

കൂർത്തുള്ള ഫല്ഗുനസുതോഗ്രശരപ്രകാണ്ഡം
കോർത്തുള്ളിലുള്ള കുടൽമാല വെളിക്കു ചാടി
പേർത്തും പിടയ്ക്കുമതിഭീമശവങ്ങൾ ഭീതി
ചേർത്തുൽക്കടാഭമവിടത്തിൽ നിരന്നിതപ്പോൾ.

(സൗഭദ്രനിര്യാണം)

"രാമായണത്തിലൊരു നായികയാക്കിടേണ്ടും
ശ്രീമാന്യയായ് വിലസുമൂർമ്മിളയെ പ്രകാമം
ധീമാൻ മുനിപ്രവരനാദികവീന്ദ്രനെന്തേ
സാമാന്യരീതിയില്യമേതുമുരച്ചിടാഞ്ഞു?

"കാന്താരസീമ്നി ഗതനാം കണവനന്റെ കഞ്ജ–
കാന്താനനത്തെ നിരുപിച്ചു നിതാന്തതാപാൽ
താന്താശയത്തൊടെടെഴുമൂർമ്മിള വീരപത്നി
താൻ താദൃശാർത്തിഭരമേറ്റു സഹിച്ചുവല്ലോ. "

"കല്യാണവേളയിലൊരിക്കൽ വെളിക്കു കാട്ടി–
ക്കല്യാശയൻ കവി മറയ്ക്കിലുമില്ല ദോഷം
കല്യാണഗാത്രികളണിഞ്ഞിടുമിന്ദ്രനീല–
ക്കല്ലായൊരൂർമ്മിളയെയാരുമനാദരിക്കാ. (ഊർമ്മിള)

"ചൊടിച്ചുഗ്രമാം കണ്ണു തിണ്ണെന്നുരുട്ടി–
ത്തടിച്ചുള്ള കൈയിൽഗ്ഗദാദണ്ഡമേന്തി
പിടിച്ചുക്കുകൂട്ടന്നൊരഭ്യാസി പല്ലും
കടിച്ചാശു ഭീമൻ രണാഗ്രത്തിലെത്തി.

ഉടുത്തുള്ള പട്ടൊന്നു മേല്പോട്ടൊതുക്കി–
ത്തിടുക്കെന്നരക്കെട്ടു ധൃഷ്ടം മുറുക്കി
മിടുക്കോടിടക്കൈ മടക്കീട്ടു മുട്ടിൽ–
ക്കടുക്കുന്ന കോപത്തൊടൊന്നാഞ്ഞടിച്ചു"

എന്നു തുടങ്ങുന്ന ഭീമപ്രഭാവത്തിലെ ഓരോ ശ്ലോകവും പുളകപ്രദമാണ്. ഒരു ശ്ലോകം കൂടി പകർത്തിക്കാണിക്കാം.

"ഇരമ്പിക്കയർത്തേറ്റു തുങ്ഗസ്വനോദ്യ–
ത്തരങ്ഗങ്ങളാം രണ്ടു സിന്ധുക്കൾ പോലെ
പരം ഘോരഘോരാട്ടഹാസങ്ങളാൽ ഭീ–
ഭരം ചേർത്തെതിർത്താരമിത്രാർത്തിദന്മാർ.

## ഭാഗീരഥി

കവിക്കു കല്പിതമായ ഏതെങ്കിലും വൃത്തത്തെ അധികരിച്ചു ദ്രാവിഡ വൃത്തത്തിൽ ഒരു കാവ്യമുണ്ടാക്കുവാൻ സാധിക്കുമോ എന്ന് ഒരു സുഹൃത്തു പരീക്ഷിച്ചുനോക്കി. ആ പരീക്ഷയിൽ പ്രശംസനീയമായ വിജയം ഭാഗീരഥി എന്ന വഞ്ചിപ്പാട്ട് എഴുതി അദ്ദേഹം നേടി. എങ്കിലും സംസ്കൃതവൃത്തങ്ങളിലുള്ളിടത്തോളം സ്വാധീനത ഭാഷാവൃത്തങ്ങളിൽ അദ്ദേഹത്തിന് അക്കാലത്തു ലഭിച്ചുകഴിഞ്ഞിരുന്നില്ല. ചില വരികൾ പകർത്താം.

> "കാളകൂടം കുടിക്കുന്നു കാള തന്നിൽച്ചരിക്കുന്നു
> കാളികൂളികളോടൊത്തു കേളിയാടുന്നു,
> പത്തിനീട്ടും പാമ്പുകളും വൃത്തി കെട്ടോരസ്ഥികളും
> മുത്തണിമാലകളാക്കിയൊത്തിണക്കുന്നു.
> കടുവാത്തോലുടുക്കുന്നു ചുട്ട ചാമ്പലണിയുന്നു
> കടുപാറപ്പുറമേറിക്കിടന്നീടുന്നു.
> ഭിക്ഷ തെണ്ടിനടക്കുമത്ര്യക്ഷനെ നീ വരിപ്പാനോ
> ഇക്ഷിതിയിൽത്തപിപ്പതുമിക്ഷുനേർവാണീ?
> മതിമുഖി! നിന്റെ മോഹമതിരസമെന്നേ വേണ്ടു
> മതി കെട്ടുള്ളൊരിത്തൊഴിൽ മതിയാക്കേണം.
> വടുതന്റെ വടിവായിപ്പടവാമീശനുമേവം
> തടവറ്റു വദിച്ചപ്പോൾത്തടില്ലതാങ്ഗി
> പല്പിറ്റുമ്മിപ്പാർവതിയും ചില്ലിയല്പം ചുളിച്ചുടൻ
> മല്പടിച്ചുവിട്ട നോട്ടമല്ലൽ നീക്കട്ടേ."

## രുക്മാംഗദചരിതം

ഇനി നമുക്കു തമ്പുരാന്റെ രുക്മാങ്ഗദചരിതം മഹാകാവ്യത്തിലേക്ക് കടക്കാം. 1088-ലാണ് അതു മുദ്രിതമായത്. എങ്കിലും 1083-ൽത്തന്നെ എഴുതിത്തീർന്നിരുന്നു. ഭാഷാസാഹിത്യത്തിലെ മാഘം എന്നാണ് അതിനെ ഭാവുകന്മാർ വാഴ്ത്താറുള്ളത്. ആ ശബ്ദധാടി, ആ പാണ്ഡിത്യപ്രകർഷം ഇവ രണ്ടു കാവ്യങ്ങളിലും കാണാം. രണ്ടിലേയും ആറാം സർഗ്ഗം യമകഭൂഷിതമാണ്. മാഘം പത്തൊൻപതാം സർഗ്ഗം പോലെ രുക്മാങ്ഗദചരിതം പതിനൊന്നാം സർഗ്ഗവും ചിത്രശ്ലോകജടിലമായിരിക്കുന്നു. ഭാഷാകാവ്യങ്ങളിൽ ശബ്ദചിത്രണത്തിനു രുക്മാങ്ഗദചരിതംതന്നെയാണ് പ്രഥമസ്ഥാനം അർഹിക്കുന്നത്.

> "മന്ദരാഗത കൈവിട്ടു മന്ദരാഗതടം നൃപൻ
> കന്ദരാഗതധാതു ശ്രീകന്ദരാഗമണഞ്ഞുതേ"

എന്ന ശ്ലോകംകൊണ്ടാണ് ആ സർഗ്ഗം ആരംഭിക്കുന്നത്. ഈ വിദ്യയിൽ കവി എത്രമാത്രം അക്ലിഷ്ടകർമ്മാവാണെന്ന് ഓരോ ശ്ലോകവും വായിച്ചാലേ ബോധ്യമാകയുള്ളു. "പദങ്ങളെക്കൊണ്ടു പന്താടുന്ന പന്തളം" എന്ന പ്രശസ്തി മഹാകവി സമ്പാദിച്ചതു പ്രസ്തുതകാവ്യത്തിന്റെ നിർമ്മിതിനിമിത്തമാകുന്നു. വ്യുൽപിത്സുക്കൾക്കു രുക്മാങ്ഗദചരിതത്തോളം പ്രയോജകീഭവിക്കുന്ന മറ്റൊരു മഹാകാവ്യം ഭാഷയിലില്ല. ആകെ പത്തൊൻപതു സർഗ്ഗങ്ങൾ അന്തർഭവിക്കുന്നു. ചില ശ്ലോകങ്ങൾ കാണണ്ടേ?

> "മാനത്തൽ തേടുമലസാക്ഷികളിൽക്കവിഞ്ഞ

മാനത്തെ വേരൊടു പിടുങ്ങിയെടുത്തിടാനായ്
മാനത്തിൽ വന്നുയരുമിന്ദു തദാ നഭസ്സാ–
മാനത്തലയ്ക്കു പതിയുന്നൊരു പൊട്ടുപോലായ്." (അഞ്ചാംസർഗ്ഗം)

"വദനമിതു സുധാംശുതന്നെ; ശോഭാ–
സദനമിതിൽസ്സുധ ഹന്ത! ദന്തചേലം;
അദനമിതു കഴിക്കിലമ്മനോഭ്രു–
കദനമൊരല്പവുമാർക്കുമേല്ക്കയില്ല. " (പന്ത്രണ്ടാം സർഗ്ഗം)

"അപാപനാം പുത്രനെ വാദ്ധകത്തിൽ
നൃപാലനാക്കേണ്ടവനാകുമീ ഞാൻ
കൃപാലവം വിട്ടു തദീയകണ്ഠ–
വിപാടനത്തിന്നു തുനിഞ്ഞിടുന്നു.

പവിത്രഗാത്രൻ സുതനോ മമാസി–
പവിക്കു ലാക്കായ് സ്ഥിതിചെയ് വതിപ്പോൾ?
ഭുവി പ്രഭോ! മാധവ! ഭക്തരായാൽ
ഭവിച്ചിടേണ്ടും സ്ഥിതിയേവമെന്നോ?" (പത്തൊൻപതാം സർഗ്ഗം)

## വിജയോദയം

വിജയോദയം എട്ടു സർഗ്ഗത്തിലുള്ള ഒരു കാവ്യമാണ്. കിരാതാർജ്ജുനീയോപാഖ്യാനമാണ് പ്രതിപാദ്യം. ആ കാവ്യം ഏററവും മനോമോഹനമായിട്ടുണ്ട്. അടിയിൽ ചേർക്കുന്ന കിരാതഭർത്സനത്തിലെ ചില ശ്ലോകങ്ങൾ പരിശോധിക്കുക.

"കാചം മണിപ്രകരമോടിടചേർന്നപോലെ
വാചംയമാദിമുനികൾക്കിടയിൽക്കടപ്പം
നീ ചഞ്ചലത്വമിയലാതെ കടന്നിവണ്ണം
നീചപ്രവൃത്തി തുടരുന്നതു നീതിയാമോ?

പന്നിക്കിയന്നിടുമിറച്ചി ഭജിച്ചിടാനാ–
ണിന്നിച്ഛയെങ്കിലതു വേണ്ടതു ഞങ്ങൾ നല്കാം;
മുന്നിട്ടു പാഞ്ഞിടുമരണ്യമൃഗത്തെയേവം
കൊന്നിട്ടിടേണ്ട കുഹനാമുനിവേഷനാം നീ.

സർവാല്പജീവിവനജന്തുവിഹിംസചെയ്തു
ഗർവാഭിവേശമിയലും ഖലവൃത്തിയാം നീ
ദുർവാശി പൂണ്ടു സമരത്തിനു നമ്മൊടേറ്റാൽ
സ്വർവാരഭാമിനിയൊരുത്തി കൃതാർത്ഥയാകും.

## രൂപകങ്ങൾ

തമ്പുരാന്റെ വേണീസംഹാരം നാടകം കേരളവ്യാസന്റെ ആശ്ചര്യചൂഡാമണിയും മറ്റും പോലെ ഒന്നാംകിടയിൽ നില്ക്കുന്ന ഒരു തർജ്ജമയാണ്. വേണീസംഹാരം

അദ്ദേഹത്തിനു മുൻപു കിളിമാനൂർ കാർത്തികതിരുനാൾ രാമവർമ്മ കോയിത്തമ്പുരാൻ എന്നൊരു പണ്ഡിതൻ വിവർത്തനം ചെയ്തു വിദ്യാവിനോദിനീമാസികയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിനു യാതൊരു വിധത്തിലുമുള്ള ഗുണവുമില്ല. അദ്ദേഹം 1031 കർക്കടകത്തിൽ ജനിച്ചു; 1074 കക്കടകത്തിൽ മരിച്ചു. ഭട്ടനാരായണമഹാകവിയുടെ പ്രൗഢോദാരങ്ങളായ പദ്യഗർജ്ജനങ്ങളെ അതേ നിലയിൽ ഭാഷയിൽ പരാവർത്തനം ചെയ്യണമെങ്കിൽ വീരരൗദ്രരസങ്ങളെ ആവിഷ്കരിക്കുന്നതിൽ വിശേഷപാടവം സംസിദ്ധമായ ഒരു കവികേസരിക്കല്ലാതെ കഴിയുന്നതല്ല. അതുകൊണ്ടാണ് പ്രസ്തുതനാടകവും അതിനുമേൽ മുദ്രാരാക്ഷസവും തർജ്ജമചെയ്യണമെന്നു തമ്പുരാനോടു ഞാൻ അപേക്ഷിച്ചതു്. തമ്പുരാനല്ലാതെ അതിനുവേണ്ട ശക്തി തർജ്ജമ ചെയ്യുന്ന കാലത്തു മറ്റാർക്കും ഇല്ലെന്നായിരുന്നു എന്റെ ബോധം. മഹാകവി പ്രതീക്ഷയിൽക്കവിഞ്ഞു് ആ കൃത്യനിർവഹണത്തിൽ വിജയം പ്രാപിച്ചിരിക്കുന്നു. രണ്ടു ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

“ശസ്ത്രത്തെശ്ശൂരനാമെൻജനകനിനിയെടുക്കില്ല നന്നെന്നുറച്ചി–
ട്ടത്രസ്തൻ നിർവിശങ്കം കരമിഹ ഗുരുവിൻ മൌലിയിൽച്ചേർത്തനേരം
വിശ്വത്തിൽപ്പാർത്ഥപാഞ്ചാലകനിഖിലചമൂമർദ്ദിയായ്ച്ചാപഭൃത്താ–
മശ്വത്ഥാമാവു വാഴുന്നൊരു കഥ വഴിപോലുള്ളിലോർത്തില്ലയോ നീ?”

“നാളെക്കാലത്തു കൈയിൽപ്പെട്ടുമൊരു ഗദയാലൂരു തട്ടിത്തകർത്തി–
ട്ടാളെല്ലാം നോക്കി നില്ക്കെക്കറിനത കലരും നിൻശിരസ്സിൽച്ചവിട്ടി
ചാലേ നീ മുൻപരാകം സഹജരുടെ കടുഞ്ചോരയാം ചന്ദനത്താൽ–
ക്കോലം കാണാതെ കേശംമുതലടിവരെയും ധാടിയിൽപ്പൂശുവൻ ഞാൻ.”

ഭാസന്റേതെന്നു ചിലർ ഊഹിക്കുന്ന ദൂതവാക്യവ്യായോഗം ചെറുതെങ്കിലും അതിന്റെ വിവർത്തനവും നന്നായിട്ടുണ്ട്. ഒരു ശ്ലോകം എടുത്തു കാണിക്കാം.

“പോരാടീടിലുമസ്സമീരഭഗവാൻ ഭീമസ്വരൂപത്തൊടും
പേരാളും വനമാലി പാർത്ഥവടിവായ് നേരിട്ടെതിർത്തീടിലും
ക്രൂരാഭാഷണദക്ഷ! നിന്റെ മൊഴി കേട്ടീ ഞങ്ങൾ വീര്യത്തിനാൽ
നേരായ്ക്കാപ്പൊരു താതരാജ്യമതിലിങ്ങേകാ തൃണം കൂടിയും.”

## മുദ്രാരാക്ഷസം

അപൂർണ്ണവും അപ്രകാശിതവുമായ ഈ കൃതിയിൽ നിന്നു കൂടി ഒരു ശ്ലോകം ഉദ്ധരിക്കട്ടേ.

“ആദ്യത്തിൽത്താൻ തുടർന്നും ക്രിയ ചെറുതുമതിൽ–
 പ്പിന്നെയും വിസ്തരിപ്പാ–
നോർത്തുൾച്ചേർന്നുള്ള ബീജോത്തരഫലമൊളിവായ്–
 ക്കാട്ടിയും തദ്വിമർശം
ഏത്താൽച്ചെയ്തും ശുഭത്തോടഖിലമവ നിവ–
 ർത്തിച്ചുമന്നാടകത്തിൻ
കർത്താവും എത്തിലെൻമാതിരിയെഴുമവനും–
 ക്ലേശമൊപ്പം സഹിപ്പൂ.”

നാല്പതാമത്തെ വയസ്സിൽ ഈ കവിപുങ്ഗവൽ പരഗതിയെ പ്രാപിക്കാതെയിരുന്നുവെങ്കിൽ നിരവധി കൃതികൾ ഇദ്ദേഹത്തിൽനിന്നു പിന്നീടും ഭാഷയ്ക്കു ലഭിയ്ക്കുമായിരുന്നു. വിധി അതിനു വിപരീതമായിരുന്നു. എങ്കിലും അതുവരെ രചിച്ച വാങ്മയങ്ങൾകൊണ്ടുതന്നെ ഈ സുഗൃഹീതനാമാവ് അനശ്വരമായ യശഃകായം സൃഷ്ടിച്ചതിനുമേലാണ് പരലോകത്തിലേക്കു പ്രയാണം ചെയ്തതു് എന്നോർത്തു കേരളീയക്കു സമാശ്വസിക്കാം.

## പന്തളത്തു രാഘവവർമ്മത്തമ്പുരാൻ (1049–1116)

രാഘവവർമ്മത്തമ്പുരാൻ 1049-ാമാണ്ടു മകരമാസത്തിൽ കാത്തികനക്ഷത്രത്തിൽ പന്തളത്തു ചവുക്കയിൽക്കൊട്ടാരത്തിൽ ജനിച്ചു. അച്ഛൻ കോട്ടയം താലൂക്കിൽ പനച്ചക്കാട്ടുകരയിൽ കീഴ് പ്പുറത്തില്ലത്തു വാസുദേവൻനമ്പൂതിരിയും അമ്മ കൊച്ചുകോയിക്കൽ അറപ്പുരശ്ശാഖയിൽ രേവതിനാൾ തമ്പങ്ഗിത്തമ്പുരാട്ടിയുമായിരുന്നു. കാവ്യനാടകങ്ങളും വ്യാകരണവും കൊച്ചുകോയിക്കൽ മകയിരംനാൾ കേരളവർമ്മത്തമ്പുരാന്റെ അടുക്കലും തർക്കം കവിതിലകൻതമ്പുരാന്റെ ജ്യേഷ്ഠൻ വീരകേരളവർമ്മത്തമ്പുരാന്റെ അടുക്കലും പഠിച്ച് ആ രണ്ടു ശാസ്ത്രങ്ങളിലും ഉറച്ച പാണ്ഡിത്യം സമ്പാദിച്ചു. തന്റെ മാതുലന്റെ പുത്രിയായ പന്തളം മുത്തീലേത്തുവീട്ടിൽ കാത്യായനിയമ്മയായിരുന്നു പത്നി. ഗ്രന്ഥപാരായണം, കാവ്യരചന, സംസ്കൃതാധ്യാപനം എന്നീ കാര്യങ്ങളിൽ മാത്രമേ അദ്ദേഹം വ്യാപൃതനായിരുന്നുള്ളു. വലിയകോയിക്കൽ രേവതിനാൾ കേരളവർമ്മത്തമ്പുരാനും, പി.സി. രാമവർമ്മത്തമ്പുരാനും അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. 1116-ാമാണ്ട് ഇടവമാസം 10-ാംനു മരിച്ചു.

### കൃതികൾ

തമ്പുരാൻ വാഴ്ചയൊഴിഞ്ഞ കൊച്ചി വലിയ തമ്പുരാന്റെ അപദാനങ്ങളെ വർണ്ണിച്ചു (1) മാടഭൂപാലചരിത്രം എന്നൊരു കാവ്യവും (2) കൃത്തികാഭാണവും സംസ്കൃതത്തിലും, (3) പാഞ്ചാലീഹരണം, (4) ജയദ്രഥവധം എന്നീ രണ്ട് ആട്ടക്കഥകളും (5) രത്നപ്രഭ എന്ന മഹാകാവ്യവും ഭാഷയിലും രചിച്ചിട്ടുണ്ട്. ഇവയിൽ രത്നപ്രഭയ്ക്കുമാത്രമേ പ്രസിദ്ധിയുള്ളു. സംസ്കൃതഭാഷയിൽ കവനം ചെയുന്നതിനായിരുന്നു കവിക്ക് അധികം വാസന. താഴെക്കാണുന്ന ശ്ലോകം മാടഭൂപാലചരിത്രത്തിൽ ഉൾപ്പെടുന്നു.

“അനുപമൈർവിവിധൈസ്സഹിതോ ഗുണൈർ–
ന്നരവരോ വിരരാജ പുരോദരേ
പ്രണതകല്പതരോഃ കമലാപതേർ–
ഭജനതോ ജനതോഷമുദഞ്ചയൻ.”

### രത്നപ്രഭ

പന്ത്രണ്ടു സർഗ്ഗങ്ങൾ അന്തർഭവിക്കുന്ന ഈ കാവ്യത്തിലെ കവിത പണ്ഡിതന്മാർക്കാണ് അധികം ആസ്വാദ്യമായിക്കാണുന്നതു്. എങ്കിലും സാമാന്യന്മാർക്കു വായിച്ചു രസിക്കാവുന്ന ഭാഗങ്ങളും ധാരാളമായുണ്ട്. മാതൃകാരൂപത്തിൽ ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

“അടിമുടി വിറപൂണ്ടു ചാഞ്ഞു മിന്ന–
ല്ലൊടിയെതിർഗാത്രി ഘനാഘനാരവത്താൽ
ചൊടി തടവിട്ടുമംബുപൂരമേറ്റി–

ട്ടടിയിളകം തരുമൂലവല്ലിപോലെ."

"ആ വാമലോചന വിയോഗിനി ഭീമസിംഹ–
ഭ്രവാസവാത്മജ തനിച്ചൊരു വാസരത്തിൽ
ആവാസനിഷ്കടമണഞ്ഞു നിജാമ്പവായ–
ദൈവാർച്ചനത്തിനു സുമോൽക്കരമാനയിക്കാൻ." (ഒൻപതാം സർഗ്ഗം)

പന്തളത്തെ മററു ചില തമ്പുരാക്കന്മാരെക്കുറിച്ചുകൂടി ഇനിയും ഉപന്യസിക്കുവാനു ണ്ടെങ്കിലും സ്ഥലദൌർല്ലഭ്യം അതിനു പ്രതിബന്ധമായി നില്ക്കുന്നു.

## മുലൂർ എസ്. പത്മനാഭപ്പണിക്കർ (1044–1106)

### കുടുംബവും ജനനവും

തിരുവല്ലാത്താലൂക്കിൽ കടപ്രപ്പകുതിയിൽ പനയന്നാർകാവ് എന്ന പേരിൽ പ്രസിദ്ധമായ ഒരു ഭദ്രകാളിക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിനടുത്തു തെക്കുവശത്തായി കാവിൽ എന്ന ഒരീഴവഗൃഹം സ്ഥിതിചെയ്യുന്നു. ആ കുടുംബത്തിനു പ്രസ്തുതക്ഷേത്രത്തിലെ മതപരങ്ങളായ ചില ആവശ്യങ്ങൾ നിർവഹിക്കേണ്ടതായുണ്ടു". അതുകൊണ്ടു പനയന്നാർകാവുക ഭഗവതി ഈഴവർ എന്നു" അതിലെ പുരുഷന്മാരെ പറഞ്ഞുവരുന്നു. കാവിൽ വെളുത്ത കുഞ്ഞമ്മ എന്ന യുവതിയെ ചെങ്ങന്നൂർ ഇടനാട്ടിൽ മൂലൂർ ശങ്കരൻവൈദ്യർ വിവാഹം ചെയ്തു. ആ ദമ്പതിമാരുടെ ഏകപുത്രനായി പത്മനാഭപ്പണിക്കർ 1 044-ാമാണ്ടു കുംഭം 277-ാനു ജനിച്ചു. ശങ്കരൻവൈദ്യർ ഒരു സംസ്കൃതപണ്ഡിതനും പേരുകേട്ട ഭിഷഗ്വരനുമായിരുന്നു. പുത്രന് അഞ്ചു വയസ്സുകഴിഞ്ഞപ്പോൾ മാതാവു മരിച്ചുപോകയാൽ പിതാവിന്റെ സംരക്ഷണത്തിൽ മാത്രമാണ് പുത്രനു വളരേണ്ടിവന്നത്.

### വിദ്യാഭ്യാസം

നമ്മുടെ കവി അച്ഛന്റെ അടുക്കൽനിന്നു സംസ്കൃതത്തിൽ ബാലപാഠങ്ങൾ അഭ്യസിച്ചതിനുമേൽ പ്രസിദ്ധപണ്ഡിതനും പ്രശസ്തവൈദ്യനുമായിരുന്ന ആറന്മുള മാലക്കര കൊച്ചുരാമൻപിള്ള ആശാന്റെ കീഴിൽ കാവ്യപഠനം ആരംഭിച്ചു. കുമാരസംഭവം, നൈഷധം തുടങ്ങിയ അനേകം കാവ്യങ്ങളും ചില നാടകാലങ്കാരഗ്രന്ഥങ്ങളും ആ ഗുരുനാഥൻ അഭ്യസിപ്പിച്ചു. അദ്ദേഹം ഒരു നല്ല സംസ്കൃതകവിയുമായിരുന്നു. എട്ടു വയസ്സു മുതൽ പതിനെട്ടു വയസ്സുവരെ പത്തുകൊല്ലത്തോളം അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ കഴിച്ചുകൂട്ടിയപ്പോൾ ഭാഷയിൽ അടിയുറച്ച വ്യുൽപത്തി കിട്ടി. കവിരാമായണത്തിന്റെ പ്രാരംഭത്തിൽ ശിഷ്യൻ ആ ഗുരുവിനെ താഴെ കാണുന്ന ശ്ലോകത്തിൽ വന്ദിച്ചിരിക്കുന്നു.

"സ്രക്തീരവാസിനം ബാലരാമാമയഹരം ഗുരും
വിദ്വത്സരോജപടലീമിഹിരം മുഹുരാശ്രയേ."

കുമാരസംഭവം പഠിച്ചുകൊണ്ടിരുന്ന കാലത്തു തോട്ടത്തിൽ കേശവൻവൈദ്യനും 1057-ാമാണ്ടിടയ്ക്കു നൈഷധം പഠിച്ചുകൊണ്ടിരുന്നപ്പോൾ അന്നു കുമ്മമ്പള്ളി രാമൻപിള്ളയാശാന്റെ ശിഷ്യന്മാരായിരുന്ന ശ്രീനാരായണഗുരുസ്വാമിയും പെരുന്നെല്ലി കൃഷ്ണൻ വൈദ്യനും ആ ധിഷണാശാലിയായ ബാലനെ നേരിൽ ചെന്നു കണ്ട് അനുഗ്രഹിക്കുകയുണ്ടായി. അഷ്ടാങ്ഗഹൃദയം മുതലായ വൈദ്യഗ്രന്ഥങ്ങൾ അഭ്യസിച്ച

ത് അച്ഛനോടുതന്നെയായിരുന്നു. 1057 മുതല്ക്കു കവിതയെഴുതിത്തുടങ്ങി. വിദ്യാസമ്പാദനത്തിൽ മകനു ശ്രദ്ധ പോരെന്നു തോന്നി ഒരിയ്ക്കൽ അച്ഛൻ ആ ബാലനെ ശാസിക്കുകയുണ്ടായി. അപ്പോൾ രണ്ടു ശ്ലോകങ്ങൾ എഴുതി അച്ഛനു സമർപ്പിച്ചു. അവയിൽ ഒന്നാണ് ചുവടേ ചേർക്കുന്നത്.

> “ഇഷ്ടത്തോടു പഠിക്കയോ ശിശുഗണം തന്നെപ്പഠിപ്പിക്കയോ
> പുഷ്ടാമോദമഹം വിധാതുമിനിയും ചൊല്ലീടുകിൽച്ചെയ്യുവൻ
> അല്ലാതേ ഗൃഹജോലിതന്നിൽ മമ സാമർത്ഥ്യങ്ങളില്ലാതെയായ്;
> കല്യാത്മൻ, മമ ഭാഗധേയപിഴയാലെന്നങ്ങറിഞ്ഞീടണം.”

അന്നു പണിക്കർ കവിതാമാർഗ്ഗത്തിൽ പിച്ചവെച്ചുതുടങ്ങിയിരുന്നതേയുള്ളു.

## അനന്തരകാലജീവിതം

പണിക്കർ വൈദ്യമോ വേറെ ഏതെങ്കിലും തൊഴിലോ ഉപജീവനത്തിനായി സ്വീകരിച്ചില്ല. അതിനുള്ള ആവശ്യവും അദ്ദേഹത്തിന് അത്രയൊന്നുമില്ലായിരുന്നു. സാഹിത്യം, സമുദായം, സംസ്ഥാനം ഇവയുടെ ഉന്നമനത്തിനായി തന്റെ ആയുശ്ശേഷം മുഴുവൻ വിനിയോഗിച്ചു ആ പ്രവൃത്തിപഥങ്ങൾ ഓരോന്നിലും വിസ്മയാവഹമായ വിജയം നേടി. 1065-ാമാണ്ടു തുലാമാസം 29-ാംനു അയത്തിൽ കുഞ്ഞുശങ്കരൻ തണ്ടാരുടെ സഹോദരി കുഞ്ചുബയമ്മയെ പരിഗ്രഹിച്ചു. അയത്തിൽക്കുടുംബം വിശ്രുതവും വിഭവസമ്പന്നവുമാണു”. 1066-ാമാണ്ട് അച്ഛന്റെ അനുമതിയോടുകൂടി പന്തളം വടക്കേക്കര ഇലന്തിട്ടയിലേയ്ക്കു താമസം മാറ്റി. അവിടെ അയത്തിൽക്കുടുംബം വകയായ ഒരു പുരയിടം ഒറ്റിയൊഴിപ്പിച്ച് അതിൽ ഒരാട്ടക്കളരി സ്ഥാപിച്ചു. അതാണ് പണിക്കരുടെ സ്ഥിരവസതിയായി പിന്നീടു പരിണമിച്ചത്. ആയിടയ്ക്കാണല്ലോ വറുഗീസ് മാപ്പിള മലയാളമനോരമ ആരംഭിച്ചത്. അദ്ദേഹത്തിന്റെ അച്ഛൻ വലിയ മുതൽപിടിക്കാരനും മൂലൂരിന്റെ അച്ഛനും ചിരന്തനസുഹൃത്തുക്കളായിരുന്നതിനാൽ മൂലൂർ അതിൽ മുറയ്ക്കു ശ്ലോകങ്ങൾ പ്രസിദ്ധീകരിച്ചുതുടങ്ങി. പറവൂർ കേശവനാശാന്റെ സുജനാനന്ദിനി മുതലായ ഇതരപത്രങ്ങളിലും അദ്ദേഹത്തിന്റെ തൂലിക നൈരന്തര്യേണ വ്യാപരിച്ചു. ഓജസ്സും ഗാംഭീര്യവും തുള്ളിത്തുളുമ്പുന്നവയായിരുന്നു ആ ശ്ലോകങ്ങളെല്ലാം. തന്നിമിത്തം അദ്ദേഹത്തിന് അനായാസേന അഖിലകേരളപ്രശസ്തി വളരെ വേഗത്തിൽ സമ്പാദിക്കുവാൻ കഴിഞ്ഞു. സാഹിത്യസംബന്ധമായി നമ്മുടെ കവിക്ക് അനേകം വാദ പ്രതിവാദങ്ങളിൽ ഏർപ്പെടേണ്ടിവന്നു; അവയെക്കുറിച്ചു പിന്നീടു പ്രസ്താവിക്കാം. ആ വാദങ്ങളിൽ അദ്ദേഹത്തിന്റെ കവിതാപരാക്രമം അതിന്റെ അത്യുച്ചകോടിയിൽ പ്രകാശിച്ചു. 1070-ാമാണ്ട ഭാഷാപോഷിണീസഭയുടെ ഒരു സമ്മേളനം തിരുവനന്തപുരത്തുവച്ചു നടക്കുന്ന അവസരത്തിൽ ‘ആസന്നമരണചിന്താശതകം’ എന്ന ശീർഷകത്തിൽ നൂറു ശ്ലോകങ്ങൾ അയച്ചുകൊടുക്കുന്ന കവികളിൽ പ്രഥമഗണനീയന്മാർക്കു പാരിതോഷികം നല്കുന്നതാണെന്നു ഭാരവാഹികൾ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ പവിജ്ഞാപനമനുസരിച്ചു കവിത സമർപ്പിച്ചവരിൽ പറവൂർ കെ. സി. കേശവപിള്ള പ്രഥമസമ്മാനത്തിനും പത്മനാഭപ്പണിക്കർ ദ്വിതീയസമ്മാനത്തിനും അർഹരായിത്തീർന്നു. 1071-മാണ്ടു മകരമാസം 18-ാംനു അച്ഛൻ മരിച്ചു. 1080-ാമാണ്ടു ശ്രീനാരായണധമ്മപരിപാലനയോഗം അതിന്റെ ദ്വിതീയസമ്മേളനം കൊല്ലത്തുവെച്ചു നടത്തി. അതുവരെ പ്രധാനമായി സാഹിത്യമാർഗ്ഗത്തിൽക്കൂടി സ്വസമുദായത്തെ സേവിച്ചുകൊണ്ടിരുന്ന കവി അന്നു മുതൽ അതിനെ തന്റെ ദിനകൃത്യങ്ങളിൽ അതിപ്രധാനമായി പരിഗണിച്ചു ഗുരുദേവന്റെ വിശ്വസ്തനും വിനീതനുമായ ഒരനുയായിയായി പല സൽക്കൃത്യങ്ങളിലും

ഏർപ്പെട്ടു. സ്വദേശത്തും സ്വസമുദായത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന പ്രേരകശക്തി അന്യാദൃശമായിരുന്നു. പല നിരത്തുകളും ചന്തകളും പള്ളിക്കൂടങ്ങളും അദ്ദേഹത്തിന്റെ അക്ഷീണപരിശ്രമത്തിന്റെഫലമായി ഉൽഘാടനം ചെയ്യപ്പെട്ടു. പന്തളം വടക്കേക്കരയിൽ മെഴുവേലി എന്ന സ്ഥലത്തു് ആനന്ദഭൂതേശ്വരം എന്നൊരു ക്ഷേത്രം സ്ഥാപിച്ചു. ആ ക്ഷേത്രത്തിലെ പ്രതിഷ്ഠ 1088-ാമാണ്ടു കുംഭമാസം 1-ാംനു നടന്നു. 1089-ാമാണ്ടു് ആ ദേശാഭിമാനിയായ സമുദായസേവകനെ തിരുവിതാംകൂർ ഗവർമ്മെന്റു് ശ്രീമൂലം പ്രജാസഭയിലെ ഒരങ്ഗമായി നിയമിച്ചു. പിന്നീടും പല കൊല്ലങ്ങളിൽ അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചു ജനോപയുക്തങ്ങലായ വിവിധ വിഷയങ്ങളെപളപ്പറ്റി നിവേദനം ചെയ്തിട്ടുണ്ടു്. പണിക്കരുടെ പ്രജാസഭാപ്രസംഗങ്ങൾക്കുള്ള സാരസ്യം പല സഹൃദയന്മാരുടേയും ഹൃദയങ്ഗമമായ പ്രശംസയ്ക്കു പാത്രമാകുകയുണ്ടായി. മിതവും ഹിതവും എന്നാൽ അതേസമയം തന്നെ നിശിതവും മർമ്മസ്പൃക്കുമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണരീതി. ആനന്ദഭൂതേശ്വരക്ഷേത്രത്തിനു വടക്കുവശത്തുള്ള ഇംഗ്ലീഷ് പള്ളിക്കൂടം പണിക്കരുടെ ഉത്സാഹത്തിൽ ആ ക്ഷേത്രയോഗക്കാർ സ്ഥാപിച്ചു് അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ച അവസരത്തിൽ എസ്.പി.പി. മെമ്മോറിയൽ സ്കൂൾ എന്നു് അതിനു നാമധേയം നല്കി. 1102-ാമാണ്ടു സാഹിത്യവിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതിനായി പ്രബുദ്ധസിംഹളൻ എന്നൊരു മാസിക പുറപ്പെടുവിച്ചു. അതിന്റെ ഏതാനും ലക്കങ്ങളേ പ്രസിദ്ധീകരിക്കുവാൻ സാധിച്ചുള്ളു. ഇങ്ങനെ പല പ്രവൃത്തിമണ്ഡലങ്ങളിൽ സമർത്ഥമായും സ്വാർത്ഥരഹിതമായും സേവനം നടത്തിക്കൊണ്ടിരുന്ന നമ്മുടെ കവി 1106-ാമാണ്ടു മീനമാസം 9-ാം നു യശശ്ശരീരനായി. മരണഹേതുകമായ രോഗം മസൂരിയായിരുന്നു. ശയ്യാവലംബിയാകുന്നതുവരെ സാഹിത്യവ്യവസായത്തിൽ ഏർപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ഒടുവിലത്തെ ലേഖനങ്ങളാണ ഭാഷാപോഷിണിയിൽ എഴുതിക്കൊണ്ടിരുന്ന ‘കുമാരനാശാൻ സ്മരണകൾ’.

## കൃതികൾ

(1) ശ്രീപരീക്ഷിദുത്ഭവം (2) നളചരിതം, (3) കൃഷ്ണാർജ്ജുനവിജയം, (4) കിരാതം എന്നീ നാലു് അമ്മാനപ്പാട്ടുകളാണു് പണിക്കരുടെ ആദ്യകാലത്തെ കൃതികൾ. ഇവയിൽ കിരാതം 1064-ാമാണ്ടും മററു മൂന്നും അതിനു മുൻപുമാണു് രചിച്ചതു്. (5) 1067-ൽ കുചേലശതകം നിർമ്മിച്ചു. (6) 1068-ൽ മേൽപ്പത്തൂർ ഭട്ടതിരിയുടെ കോടിവിരഹം തർജ്ജമ ചെയ്തു. (7) 1069–ൽ കവിരാമായണം നിർമ്മിച്ചു. (8) 1070-ൽ വേങ്കടാധ്വരിയുടെ വിശ്വഗുണാദർശചമ്പുവിൽ ഏതാനും ഭാഗം വിവർത്തനം ചെയ്തു. അതു പൂർണ്ണമാക്കീട്ടില്ല. ആ കൊല്ലത്തിൽത്തന്നെ (9) ഭാഷാപോഷിണീസഭ സമ്മാനം നല്കിയ ആസന്നമരണചിന്താശതകം നിർമ്മിച്ചു. (10) കവിരാമായണത്തിന്റെ ഛായയിൽ കേരളദർപ്പണം പത്രാധിപരായിരുന്ന കെ. രാമകൃഷ്ണപിള്ളയുടെ അപേക്ഷയനുസരിച്ചു ഗരുത്മാൻ എന്ന വ്യാജനാമത്തിൽ പത്രാധിപഭാരതം എന്നൊന്നും, (11) അതേ രീതിയിൽ കഥകളിയിലെ പ്രസിദ്ധനടന്മാരെ പാത്രങ്ങളാക്കി നടമൃഗമാല എന്നും രണ്ടു ഖണ്ഡകാവ്യങ്ങൾ എഴുതിയതു് 1075-1079 എന്നീ ആണ്ടുകളിലാണു്. 1072-ൽ പ്രതാപരുദ്രീയത്തിന്റെ രീതി പിടിച്ചും പി.കെ. കൃഷ്ണൻ വൈദ്യന്റെ അപൂർണ്ണമായ പദദോഷപ്രകരണത്തെ മാതൃകയാക്കിയും പദദോഷപ്രകരണം എന്ന അലങ്കാരഗ്രന്ഥം നിർമ്മിച്ചു. ആകെ പതിനേഴ പദദോഷങ്ങളെയാണല്ലോ വിദ്യാനാഥൻ പരാമർശിച്ചിരിക്കുന്നതു്. ആ ദോഷങ്ങളെപ്പറ്റിത്തന്നെ പണിയ്ക്കരും പ്രതിപാദിച്ചിരിക്കുന്നു. ആ കൊല്ലം തന്നെയാണു് പാലാഴിമഥനം എന്ന അഞ്ചാമത്തെ അമ്മാനപ്പാട്ടും എഴുതി

യതു്. (14) 1076-ൽ കവികളുടെ കൃതികളിലെ രസങ്ങളെ ആഹാരപദാൎത്ഥങ്ങളോടുപമിച്ചുകൊണ്ടു കവിതാനിരൂപണം എന്ന പേരിൽ രസവേദി എന്ന നാമം സ്വീകരിച്ച കവിരാമായണത്തിന്റെ രീതിയിൽത്തന്നെ വടക്കൻകവികളെ കൂട്ടുതലായി ഉൾപ്പെടുത്തി മറ്റൊരു കൃതിയും പ്രസിദ്ധീകരിച്ചു. (15) 1079-ൽ കൃഷ്ണാർജ്ജുനവിജയം ആട്ടക്കഥയെഴുതി. വാരണപ്പള്ളി കൊച്ചുകൃഷ്ണപ്പണിക്കരുടെ പുത്രനും ഒരു നല്ല നടനുമായിരുന്ന വള്ളിക്കോട്ടു കൊച്ചുപിള്ള ആശാന്റെ നിർദ്ദേശമനുസരിച്ചായിരുന്നു അതിന്റെറ നിർമ്മിതി എന്നതിനു്

“നാട്യപ്രചാരപരദന്തിവിഹാരനാഥ–
പുത്രസ്യ ബാലശിശുനാമനടസ്യ വാചാ
മൂലാഖ്യമന്ദിരപതേസ്തനയോ വ്യധത്ത
കൃഷ്ണാർജ്ജുനീയവിജയം നടനപ്രബന്ധം.”

എന്ന ശ്ലോകം തെളിവാകുന്നു. ഈ കൊച്ചുപിള്ള ആശാന്റെ പിതൃകുടുംബം വാരണപ്പള്ളിയാണ്. (16) അതേ കൊല്ലത്തിൽത്തന്നെ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സന്മാർഗ്ഗ സംഗ്രഹം എന്ന ഗദ്യപുസ്തകം സന്മാർഗ്ഗചന്ദ്രിക എന്ന പേരിൽ 400 പദ്യങ്ങളായി വിവർത്തനംചെയ്തു. (17) 1080-ൽ കോകില സന്ദേശം എന്ന ശീഷകത്തിൽ നൂറിലധികം ശ്ലോകങ്ങളടങ്ങിയ ഒരു സന്ദേശകാവ്യം നിർമ്മിച്ചു. സ്വര്യാതനായ പി.കെ. കൃഷ്ണൻ വൈദ്യനു് ഒരു കുയിൽമുഖേന കവി അയയ്ക്കുന്ന സന്ദേശമാണതു്. അമ്പലപ്പുഴ മാധവപ്പൊതുവാൾ വെണ്മണിക്കായിതം എന്നൊരു സന്ദേശം വെണ്മണിമഹനു അയയ്ക്കുന്ന ഭാവത്തിൽ അതിനു് അല്പകാലംമുൻപു് എഴുതി. അതിന്റെ ഒരു ഉജ്ജ്വലമായ പ്രത്യാഖ്യാനമാണ് കോകിലസന്ദേശം

“നാകേ നാകിജനങ്ങളോടു സതതം സംക്രീഡതങ്കിടുമോ–
പ്പീ. കേ. കൃഷ്ണഭിഷഗ്വരിഷ്ഠനൊടു മത്സന്ദേശമിന്നോതുവാൻ
ലോകേ പാടവമേവനുള്ളു സുമതേ! നീയിങ്ങിരിക്കുംവിധൗ?
രാകേന്ദുപ്രഭ വിഷ്ഫുരിക്കുമളവിൽത്താരം പ്രകാശിക്കുമോ?”

ഇത്തരത്തിൽ അതിലെ ശ്ലോകങ്ങൾ മധുരഗംഭാരങ്ങളായി പ്രകാശിക്കുന്നു. (18) തന്റെ മൂന്നു് ഇളയ ആണ്മക്കൾക്കുവേണ്ടി എഴുതിയ ഒരു കൃതിയാണ് മൂന്നു താരാട്ടുകൾ. (19) 1082-ൽ രചിച്ച അവരോക്തിമാല കവിയുടെ പ്രധാനകൃതികളിൽ ഒന്നാണ്. അതു പൂർവ്വഖണ്ഡമെന്നും ഉത്തരഖണ്ഡമെന്നും രണ്ടു ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഉത്തരഖണ്ഡത്തിന്റെ ഗതി അകാരാദിക്രമത്തിലാണ്. ആകെ ആയിരത്തിൽപ്പരം ശ്ലോകങ്ങൾ അടങ്ങീട്ടുണ്ടു്. അവയിൽ ഭൂരിഭാഗവും സംസ്കൃതത്തിൽനിന്നു വിവർത്തിതമാണ്. (20) 1084-ൽ ഭജനകീർത്തനമാലയും, (21) 1089-ൽ സന്ധ്യാനാമകീർത്തനം എന്നുകൂടി പേരുള്ള മറ്റൊരു ഭജനകീർത്തനമാലയും ഗാനവാസനയുള്ള ചില ശിഷ്യന്മാർക്കുവേണ്ടി എഴുതി. പണിക്കർക്കു സംഗീതകൃതികൾ എഴുതുന്നതിനും സാമർത്ഥ്യമുണ്ടായിരുന്നു എന്നു് ഈ രണ്ടു കൃതികളും വിശദീകരിക്കുന്നു. ആദ്യത്തെ മാലയിൽ ഗണപതി, സരസ്വതി, ഹനുമാൻ, സുബ്രഹ്മണ്യൻ, ശിവൻ, പാർവതി, ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയ അവതാരപുരുഷന്മാരേയും ദേവതകളേയും കുറിച്ചുള്ള ഗാനങ്ങളും, രണ്ടാമത്തേതിൽ രാമായണകഥാസംക്ഷേപരൂപത്തിലുള്ള ഗാനങ്ങളുമാണ് അടങ്ങിയിരിക്കുന്നതു്. (22) 1086-ൽ കുചേലവൃത്തം കഥകളിയുണ്ടാക്കി. (23) 1087-ൽ കൃഷ്ണൻ വൈദ്യന്റെ സുഭദ്രാഹരണം സംഗീതനാടകമായി മാറ്റിയെഴുതി. പണിക്കരുടെ രണ്ടു അത്യുൽകൃഷ്ടകൃതികലാണു (24) ഹരിശ്ചന്ദ്രോപാഖ്യാനം കിളിപ്പാട്ടും, (25) ധർമ്മപദം കിളിപ്പാട്ടും. ഹരിശ്ചന്ദ്രോപാഖ്യാനം സ്കന്ദപുരാണാന്തർഗ്ഗതമായ മൂലകൃതിയുടെ പരിഭാഷതന്നെ. അതു് 1082-ൽ

ആരംഭിച്ചു. 1090-ാമാണ്ടു ധനുമാസം 6-ാംനു പൂരിപ്പിച്ചു. കവിയുടെ അന്തിമപുത്രിയായ കാത്യായനിയമ്മയ്ക്കു ഗാനംചെയ്യുന്നതിനുവേണ്ടിയാണ് അതു രചിച്ചതെന്ന്

"മകളേ! കാത്യായനി! നിനക്കു ഗാനംചെയ്യാൻ
സ്വകൃതിയിപ്രകാരമുപസംഹരിപ്പു ഞാൻ"

എന്ന ഗ്രന്ഥാവസാനത്തിലെ വരികളിൽനിന്നു നാം ധരിക്കുന്നു. കുറേ ഭാഗം ഭാഷാപോഷിണിവഴിക്കു പ്രസിദ്ധീകരിച്ചു. സുപ്രസിദ്ധബുദ്ധമതഗ്രന്ഥമായ ധമ്മപദത്തിന്റെ തർജ്ജമ 1092-ൽ തുടങ്ങി. 1101-ൽ അവസാനിച്ചു. അനുസ്യൂത മായല്ല അദ്ദേഹം ആ രണ്ടു കിളിപ്പാട്ടുകളും എഴുതിക്കൊണ്ടിരുന്നത്. (26) രാഹുവിന്റെ അയിത്തം അഥവാ തീണ്ടൽഗാഥ എഴുതിയതു് 1097- ലാണ്. വളരെച്ചെറിയ ഒരു കൃതിയാണെങ്കിലും അതിലും കവിയുടെ കലാകൌശലം നിരീക്ഷിക്കാ വുന്നതാണ്.

"തേജസ്സുണ്ടെങ്കിലും നെഞ്ചിൽക്കളങ്കത്തെ
ഭ്രാജിപ്പിച്ചങ്ങു വസിക്കമൂലം
ഓജസ്സു പോയ കുടിലനാമിദ്വിജ–
രാജനെത്തീണ്ടുന്ന സൈംഹികേയ!
വർണ്ണമില്ലാത്ത നീയിന്നസ്സവർണ്ണനെ–
ച്ചെന്നങ്ങു തീണ്ടുന്നതൗചിതിയോ?
നിന്നെത്തമസ്സെന്നു വിദ്വാന്മാർ ചൊല്ലുന്ന–
തിന്നതു ഹേതുവാലായിരിക്കാം.
നിന്നെത്താൻ സ്വർഭാനുവെന്നും പറയുന്ന
പണ്ഡിതർ നിഷ്പക്ഷപാതരത്രേ.
സിംഹികയാകുന്ന സിംഹളസ്ത്രീ പെറ്റ
മാഹാത്മ്യക്കേടിരിക്കുന്നതിനാൽ
ദേവവർത്മത്തിൽ നിനക്കു ചരിക്കുവാൻ
കേവലം സ്വാതന്ത്ര്യമില്ലപോലും."

ഈഴവരുടേയും മററും ക്ഷേത്രപ്രവേശനവാദംകൊണ്ടു് അന്തരീക്ഷം മുഖരിതമായ ഒരു കാലമായിരുന്നു അതെന്നു പറയേണ്ടതില്ലല്ലോ. ഇവ കൂടാതെ ബാലബോധനം, നീതിസാരസമുച്ചയം, പരിഷ്കൃതവിവാഹവിധി, തീവ്രരോദനം (കരമാരനാശാന്റെ അകാലചരമത്തെപ്പററി), ഗുരുസ്വാമികീർത്തനം, പൂപ്പടപ്പാട്ട്, സന്ദേശഗീത (മദ്യവർജ്ജനത്തെപ്പററി), ചരമാനുശയം (കേരളവമ്മ വലിയകോയിത്തമ്പുരാന്റെ ദേഹവിയോഗത്തെപ്പറ്റി), കളഹംസം (തനിക്കു മനഃക്ഷോഭം വരുത്തിയ സ്വസമുദായാംഗങ്ങളെപ്പറ്റി) ഇങ്ങനെ പല ചെറിയ പദ്യകൃതികളും ലഘുകഥാരത്നാവലി എന്നൊരു ചെറിയ ഗദ്യകൃതിയും പണിക്കരുടെ വകയായുണ്ടു്. അവയുടെയെല്ലാം നാമ നിർദ്ദേശത്തിനുപോലും സ്ഥലസൌകര്യമില്ലാതെയിരിക്കുന്നു. സാഹിത്യവിഷയത്തിൽ തനിക്കു സിദ്ധിച്ച അഭ്യുദയങ്ങൾക്കു പ്രധാനഹേതുഭൂതനായി സരസകവിസ്ഥാനം നല്കി തന്നെ അനുഗ്രഹിച്ച വലിയകോയിത്തമ്പുരാന്റെ പേരിൽ നമ്മുടെ കവിക്ക് അപാരമായ ഭക്തിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്മാരകമായി കളരിക്കൽ വീട്ടിന്റെ മുൻവശത്തു കേരളവർമ്മസൗധം എന്ന പേരിൽ ഒരു മന്ദിരം പണിയിച്ചു് അവിടെയാണ് പണിക്കർ ഒടുവിൽ താമസിച്ചുവന്നതു്. അങ്ങനെ കളരിക്കൽ വീടു കേരളവർമ്മസൗധമായി. ആ മന്ദിരത്തിൽ

"യഃ കാളിദാസോഭിനവോ ബഭൂവ

പർപ്പക്ഷമാപാലശിഖാകലാപഃ
തസ്യ പ്രഭോഃ സ്മാരകരൂപ ഏഷ
ജേജീയതേ കേരളവർമ്മസൗധഃ

എന്നൊരു ശ്ലോകം പണിക്കർതന്നെ എഴുതിവെച്ചിട്ടുണ്ട്.

## ചില വാദപ്രതിവാദങ്ങൾ

പണിക്കർ ചില വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. അവയിൽ പണിക്കർവാദം, കവിരാമായണവാദം സ്ത്രീ പുരുഷദൂഷണവാദം ഇവ പ്രധാനങ്ങളാണ്. ഒരു കാലത്ത് വളരെ ഒച്ചപ്പാടുണ്ടാക്കിയ ഈ വാദങ്ങളെപ്പറ്റി പ്രകൃതത്തിൽ കുറഞ്ഞൊന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

1. പണിക്കർ വാദം: മനോരമയുടെ പ്രാരംഭകാലത്ത് പത്മനാഭശൗണ്ഡികൻ എന്ന പേരിലായിരുന്നു അതിൽ ശ്ലോകങ്ങൾ പ്രസിദ്ധപ്പെടുത്തിവന്നത്. ആലപ്പുഴ മട്ടാഞ്ചേരി ഗോവിന്ദൻ വൈദ്യൻ എന്നൊരു പണ്ഡിതൻ ആ പ്രയോഗം ശരിയല്ലെന്നു വാദിച്ചു. അദ്ദേഹത്തിന്റെ ആ വാദം അബദ്ധമാണെന്നു തോട്ടത്തിൽ കേശവൻ വൈദ്യനും മറ്റും സമർത്ഥിച്ചുവെങ്കിലും അഭിപ്രായഭിന്നതയെ ആദരിച്ചു മൂലൂർ തനിക്കു കുടുംബസിദ്ധമായ 'പണിക്കർ' എന്ന സ്ഥാനപ്പേർ തന്നെ സ്വന്തം പേരോടുചേർത്ത് എഴുതിത്തുടങ്ങി. മനോരമയിലെ ഏതോ ഒരു സരസൻ പണിക്കരെ പണിക്കനാക്കി അദ്ദേഹത്തിന്റെ പേർ മുദ്രണം ചെയ്യിച്ചു. അങ്ങനെയിരിക്കേ ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ ആ പേർ എന്തു കാരണത്താലാണ് മൂലൂർ ഉപയോഗിച്ചുതുടങ്ങിയത് എന്നു മനോരമ വഴിക്കു ചോദിക്കുകയും അതിനു കവി

   "എക്കാലത്തെന്നറിഞ്ഞീടരുതു കരുതുകെൻ
      വംശ്യരാരോ പുരാ നാ–
   ടക്കാലം വാണ ഭൂപാലകനൊടു നലമേ–
      റുന്നൊരീ സ്ഥാനവുമേറ്റു;
   ഉൾക്കോലും മാനമോടിങ്ങുളുമുതലിവരിൽ–
      പ്പിന്നെയുണ്ടായ ഞങ്ങൾ–
   ക്കിക്കാണും നാമമുണ്ടായിതു സുകവീമണേ!
      കള്ളമില്ലെള്ളിടയ്ക്കും"

   എന്നു മറുപടി എഴുതുകയും ചെയ്തു. എന്നാൽ അതോടുകൂടി ആ വാദം അവസാനിച്ചില്ല. പരവൂർ കേശവനാശാന്റെ സുജനാനന്ദിനിയിൽ അതു മറെറാരു രൂപത്തിൽ പൊട്ടിപ്പുറപ്പെട്ടു. പണിക്കന് എങ്ങനെ പണിക്കരാവാം എന്നു കെ.എസ്.പി. എന്ന പേരിൽ ഒരു കവി മൂലൂരിനോടു ചോദിച്ചു. കന്നിമേൽ മഠത്തിൽ സുബ്രഹ്മണ്യൻപോറ്റി (പിന്നീടു പ്രസിദ്ധ ഗദ്യകാരനായ സി.എസ്. സുബ്രഹ്മണ്യൻപോറ്റി എം.ഏ.) ആയിരുന്നു ആ പ്രശ്നം ഉന്നയിച്ചത്. അതിനു മൂലൂർ തന്റെ പൌരുഷം ശകലവും വിടാതെ

   "തണ്ടാർ ചാന്നാരു രണ്ടിങ്കലുമിവിടൊരുപോ–
      ലിപ്രയോഗങ്ങൾ കാണ്മാ–
   നുണ്ടല്ലോ ഹേ! പണിക്കക്കിദമസുലഭമാ–
      യീടുവാനെന്തു ബന്ധം?
   പണ്ടത്തെപ്പാക്കനാരോടരിക പുലയനാ–

രോടുമീ ലേഖമൂന്നി–
ശ്ശണ്ഠയ്ക്കോരുന്നുവോ താൻ ഹൃദയമതിമിട്ടു–
ക്കേറുമെൻ സുത്രധാര!

ഭീഷ്മൻ ഭീഷ്മരുമാം കൃപൻ കൃപരുമാം
ദ്രോണൻ തഥാ ദ്രോണരാം
വൈദ്യൻ വൈദ്യരുമാം വരൻ വരരുമാം
ഭോ! വാരിയൻ വാര്യരാം
ചാന്നാർ, നായർ, പണിക്കരയ്യരതുപോ–
ലാചാര്യരെന്നൊക്കെയുംക
ചൊന്നീടാമതു ഹേ! മഹാരസിക! താ–
നോർക്കാതിരിക്കുന്നുവോ?”

എന്നും മറ്റും ഉത്തരമെഴുതി. പണിക്കർ കവിതാകേസരി എന്നും പോറ്റി കവിതാകിരാതൻ എന്നുമുള്ള കൂഹനാനാമങ്ങളിൽ ആ യുദ്ധം തുടന്നുകൊണ്ടുപോയി. ഒടുവിൽ പത്രാധിപർ കിരാതന്റെ ശ്ലോകങ്ങൾ ചേർത്തു വാദമവസാനിപ്പിച്ചു. കേസരി ഇച്ഛാഭംഗത്തോടുകൂടി സുജനാനന്ദിനിക്ക്

“ഞാനും കൂട്ടരുമയ്യോ! മാനംകെട്ടോരിലാദ്യരായ്ത്തീർന്നു;
ഊനം പെട്ടിഹ നിന്നിൽ സ്ഥാനം തട്ടാൻ കരേറുകില്ലിനിമേൽ”

എന്നും മറ്റും ഒരു ലേഖനമയച്ച് ആ വാദത്തിൽനിന്നു വിരമിച്ചു.

2. കവിരാമായണവാദം: കവിഭാരതത്തിൽ കഞ്ഞിക്കുട്ടൻതമ്പരാൻ പല കവികളേയും ചേർക്കാതിരുന്നത് ആ വിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അജ്ഞതനിമിത്തമാണെന്നു അന്യത്രചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ആ കൃതി പരിഷ്കരിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന എന്ന് അദ്ദേഹം 1068-ൽ ഒരു വിജ്ഞാപനം വറുഗീസ് മാപ്പിളയ്ക്കുവേണ്ടി മനോരമയിൽ പ്രസിദ്ധപ്പെടുത്തി. അതിൽ തോട്ടത്തിൽ കേശവൻ വൈദ്യനേയും ശിരീനാരായണഗുരുസ്വാമിയേയും പി.കെ. കൃഷ്ണൻ വൈദ്യനേയും ഉൾപ്പെടുത്തണമെന്നു പണിക്കർ അവകാശവാദം ചെയ്തു. തമ്പുരാൻ അതിന്

“കല്യശ്രീ കലരും കവീന്ദ്രരെ മരിച്ചാലും സ്മരിച്ചീടുവാൻ
ചൊല്ലും മൽക്കവിഭാരതത്തിൽ വിവരിച്ചാശ്ശൗണ്ഡികനമാരെയും
ചെല്ലും മാതരി ചേത്തിടാതെ വിട്ടുമോ? മുൻപേ കടന്നീവിധം
സോല്ലാസം പറയുന്നതെന്തിനു ഭവാൻ ഹേ! പത്മനാഭാധുനാ?”

എന്നു പ്രത്യുക്തി നല്കി. എന്നാൽ ഒരു കാര്യംകൂടി അദ്ദേഹം അതോടൊപ്പം വ്യക്തമാക്കുവാൻ ഒരുമ്പെട്ടു.

“സാരം ചേർന്ന സമസ്യയൊന്നു സരസം പത്രങ്ങളിൽക്കാണുകിൽ
ചേരും മാതിരി മൂന്നു പാദമുഴറിക്കഷ്ടിച്ചുപിഷ്ടിച്ചുതാൻ
ഏറെത്തന്നെ മുഷിഞ്ഞൊരാഴ്ചയിടകൊണ്ടൊപ്പിച്ചു മാറീടുവാ–
നാരുള്ളു പടുവായിടാതെ? കവിയാകില്ലീ പ്രയോഗത്തിനാൽ”

അത്തരത്തിലുള്ള കഷ്ടിപിഷ്ടിക്കാരുടെ നാമനിർദ്ദേശം പണിക്കർ ചെയ്യാതിരുന്ന സ്ഥിതിക്ക് അത്രപരുഷമായ ഒരു മറുപടിക്കു പ്രകൃതത്തിൽ ഔചിത്യമുണ്ടായിരുന്നില്ല. സത്യത്തിൽ ശുദ്ധഹൃദയനായ തമ്പുരാനെ അറിയുന്നവർ ആ പ്രസ്താവന 'കലവറ'വെച്ചുകൊണ്ടാണെന്നു ധരിക്കയുമില്ല. പുനരാലോചനയിൽ അദ്ദേഹത്തിനു കവിഭാരതത്തിന്റെ പരിഷ്കാരം ആശാസ്യമായിത്തോന്നിയില്ല. പണിക്കർ കവിരാമായണമെഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ

"കണ്ടേൻ കവിരാമായണമുണ്ടേതാണ്ടിനു കവനസാമർത്ഥ്യം
കണ്ടേടംകൊണ്ടു നമുക്കുണ്ടേ ബോധ്യംവരാത്ത വിഷയങ്ങൾ"

എന്നുപക്രമിച്ചുകൊണ്ടു കൃഷ്ണൻവൈദ്യൻ വളരെ ചെറുപ്പമാണെന്നും അദ്ദേഹത്തെ കവിരാമായണത്തിൽ ഹനൂമാനാക്കിയതു നന്നായില്ലെന്നും അതിനു തക്കവണ്ണമുള്ള കൃതികളൊന്നും അദ്ദേഹം രചിച്ചിട്ടില്ലെന്നും, മറ്റും ചില അഭിപ്രായങ്ങൾ ഖണ്ഡനരൂപത്തിൽ പ്രസ്താവിച്ചു. പണിക്കർക്ക് അതു സഹ്യമായില്ല.

"അക്കൃഷ്ണനാമഗദഹാരി തുലോം ചെറുപ്പം
കൈക്കൊണ്ടൊരക്കുറവു പാരമിരിക്കകൊണ്ടോ
ഇക്കണ്ട സിംഹളകുലത്തിലുദിക്കകൊണ്ടോ
ചൊല്ലൊണ്ട മാരുതി പദത്തിനനർഹനായി?"

എന്ന് അദ്ദേഹം തിരിഞ്ഞുകേറിച്ചോദിക്കയും ഉക്തിപ്രത്യുക്തികൾക്കിടയിൽ കവിഭാരതത്തിലെ ചില അസാങ്ഗത്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു.

"എല്ലാം തെറ്റെന്നു കല്പിച്ചരുളകിൽ മറുക–
    ത്തിന്നെറാനെന്നുമാത്രം
ചൊല്ലാമല്ലാതെയിങ്ങൊന്നിനുമിവിടെയൊരു–
    ങ്ങീടുവാനാവതല്ല;
കല്യാണാംഭോനിധേ! നിൻതിരുവടിയിനിയ–
    ശ്ലാഠ്യമോതിക്കഴിക്കു–
മല്പന്മാരേ നിയോഗിക്കരുതു പടയിടാ–
    നല്പനാമിക്കിടാവിൽ"

എന്നു പണിക്കർ എഴുതുകയും അതിനു തമ്പുരാൻ

"അഥ കവിരാമായണഗുണ–
കഥയല്ലാതതിനു ദോഷമോതാ ഞാൻ;
അതുമല്ലെന്നുടെ ഗണവും
കുതുകാൽക്കുറവോതുകില്ലിനിപ്പോരേ?"

എന്ന് അദ്ദേഹത്തെ അല്പമൊന്ന് ആശ്വസിപ്പിക്കുവാൻ തുനിയുകയും ചെയ്തു. വാസ്തവത്തിൽ തമ്പുരാൻ ആരംഭത്തിൽത്തന്നെ "ഓരോരോ കവിപുങ്ഗവർക്കുചിതമായൊപ്പിച്ചു പേരിട്ടിടാൻ പോരോർത്താൽ കവിഭാരതാദികവിയാം ഞാനും ഭവാനും ദൃഢം" എന്ന് അദ്ദേഹത്തിന്റെ നിഷ്കൃഷ്ടമായ അഭിപ്രായം

രേഖപ്പെടുത്തിയിരുന്നു. കുറേക്കഴിഞ്ഞു തമ്പുരാൻ സമരരങ്ഗത്തിൽനിന്ന് അപ്രത്യക്ഷനായി. സാക്ഷാൽ ഹനുമാൻതന്നെ ആ സ്ഥാനത്തു കയറുകയും ചെയ്തു. അതു നർമ്മകലഹപ്രസിദ്ധനായ ഒടുവല്ലാതെ മറ്റാരുമായിരുന്നില്ല.

“ഞാനല്ലേ ദക്ഷിണാംഭോനിധി ഞൊടിയിടയിൽ–
ച്ചാടിയോൻ സൂക്ഷ്മമോർത്താൽ?
ഞാനല്ലേ സേതു ബന്ധിച്ചവനടലിൽ നിശാ–
ടാന്വയം സന്നമാക്കാൻ?
ഞാനല്ലേ ഹേതു പിന്നത്തതിൽ മരണമെനി–
ക്കെന്നുമില്ലാത്തതാമെൻ–
സ്ഥാനം നീ ചത്ത കൃഷ്ണാഭിധശിശുവിനു ക–
ല്പിച്ചതും പിച്ചുതന്നെ.”

എന്നും മറ്റുമായിരുന്നു അദ്ദേഹത്തിന്റെ ഗർജ്ജനങ്ങൾ. അദ്ദേഹത്തിന്റെ വാദങ്ങളെ പണിക്കർ ജാംബവാനെന്ന പേരിൽ നിർഭീകനായി ഖണ്ഡിച്ചു. ഹനുമാനെ സഹായിക്കുവാൻ ഭദ്രകാളി എന്ന നാമത്തിൽ കെ. രാമകൃഷ്ണപിള്ളയും മറ്റനേകം പേരുകളിൽ വേറെ പല കവികളും പുറപ്പെട്ടു. അവരോടെല്ലാം പണിക്കർ ഉറച്ച ഉശിരോടുകൂടിത്തന്നെ പരസഹായം കൂടാതെ പടവെട്ടി. ഭദ്രകാളിക്കയച്ച ശ്ലോകങ്ങളിൽ ഒന്നാണ് ചുവടേ ചേർക്കുന്നത്.

“രേ! മുഷ്ടേ! പിശിതാതിചർവണകഷായാസ്യേതിഹാസ്യേ ഭവൽ
ക്കാമക്കൈകളയോഗ്രഘട്ടനകളാൽത്തീർക്കാൻ ശ്രമിക്കാമഹം;
ജാമിത്രേ തവ സിംഹികാതനയനോ ഭ്രപുത്രനോ മന്ദനോ
ഹാ മുല്പുക്ക തട്ടത്തിട്ടുന്നതു ശഠേ! ചൊല്ലമ്പടീ! ശംഭളീ!”

ഒടുവിൽ, കുഞ്ഞിക്കുട്ടൻതമ്പുരാൻതന്നെ വീണ്ടും രംഗപ്രവേശം ചെയ്ത് ആ വാക്സമരം സമാപിപ്പിച്ചു.

“അയ്യോ കഷ്ടം! ഹനുമാനൊരുവനപരനോ
ജാംബവാനെന്നിവണ്ണം
പൊയ്യോടും പേരു മാറ്റിപ്പുനരിവർ കലഹി–
ച്ചിട്ടു മല്ലിട്ടിടുന്നു;
ഇയ്യോരോ യോഗ്യർതമ്മിൽത്തെറി പറയുകയാ–
ണിന്നു കച്ചോടമമ്പോ!
വയ്യോതാനേതു രാമായണമതിലിതുമ–
ട്ടീ മഹാന്മാർ പിണങ്ങി?”

എന്നും മറ്റും അദ്ദേഹം ചോദിച്ച് ഇരുകൂട്ടരേയും ലജ്ജിപ്പിച്ചു. പിന്നെയും ആ സമരം ഒന്നുകൂടി പ്രകാരാന്തരേണ വളർന്നുയർന്നു. കുഞ്ഞിക്കൃഷ്ണമേനോൻ കവിമൃഗാവലി എഴുതി വിദ്യാവിനോദിനിയിൽ പ്രസിദ്ധപ്പെടുത്തി. അതിൽ

“അപ്പത്രപംക്തികൾ തകർത്തമരുന്ന മൂലൂർ
പപ്പുപ്പണിക്കർ തടിയൻ കിടിയാണു നൂനം”

എന്നു നമ്മുടെ കവിയെ വർണ്ണിച്ചിരുന്നു. തത്സംബന്ധമായി പണിക്കർ ഒരു കവിയെന്നും ഒട്ടവു വേറൊരു കവിയെന്നും പേർവെച്ചു കേരളചന്ദ്രികയിൽ വീണ്ടും യുദ്ധമാരംഭിച്ചു. മൂലൂരിന്റെ വന്ദനശ്ലോകം

"കുലങ്കഷാഹംകൃതി പൂണ്ട ദൈത്യ–
സ്ഥൂലാധമൻതന്നുടെ മാറു കീറി
ഭൂലോകമത്തേറ്റയിലുദ്ധരിച്ച
കോലാധിനാഥൻ കുശലം തരട്ടേ."

എന്നും ഒട്ടുവിന്റേതു്

"മുക്കണ്ണൻതൻ മുടിച്ചെഞ്ചിടമുതലടിയോ–
ളം മുറയ്ക്കുള്ളിലാക്കി–
ത്തീക്കുണ്ഡത്തിൽത്തപം ചെയ്തളവതിനു തട–
സ്ഥത്തിനായ് നേർത്ത ധൂർത്തൻ
മൂക്കും മുഷ്കാർന്ന മൂകാസുരമുതുമുരടൻ
പന്നിയാപ്പന്നിയെക്കൊ–
ന്നുക്കാൽദ്ദിക്കെട്ടുമിട്ടാട്ടിയ വിജയശര–
ക്കാറ്റകറ്റേണമൂനം"

എന്നുമായിരുന്നു. ആദ്യത്തെ കവിരാമായണം പണിക്കർ രണ്ടാമതു പരിഷ്കരിച്ച് അതിൽ പേർവിട്ടുപോയ ചിലരെക്കൂടി ചേർത്തു. മുൻപിലത്തെ വാദിപ്രതിവാദികളിൽ പലരുംഅതിനിടെ സുഹൃത്തുക്കളായിക്കഴിഞ്ഞിരുന്നു. രാമകൃഷ്ണപിള്ള അദ്ദേഹത്തെക്കൊണ്ടു് ഒന്നിലധികം കൃതികൾ എഴുതിച്ചു. ആ തരത്തിലുള്ള സമരങ്ങൾകൊണ്ടു് ഈഴവർക്കു സവർണ്ണഹിന്ദുക്കളോടൊപ്പം സാഹിത്യമണ്ഡപത്തിൽ ശാശ്വതമായ സ്ഥാനംലഭിച്ചു. അവരുടെ ആത്മവിശ്വാസം പൂർവാധികമായി വിജൃംഭിച്ചു. അങ്ങനെയും സ്വസമുദായത്തെ നിപുണമായി ഉപാസിക്കുവാൻ നമ്മുടെ കവിക്കു സാധിച്ചു എന്നുള്ളതു സൂരണീയമായ ഒരു പരമാർത്ഥമാണ്. പുലയരുടേയും മറ്റും ഉന്നമനത്തിനു പണിക്കർ യാവജ്ജീവം അക്ഷീണമായി പ്രയത്നിച്ചു. കുറുമ്പൻദൈവത്താനെ ആ സമുദായത്തിന്റെ നേതൃത്വത്തിന് അർഹനാക്കി. ആവക കാര്യങ്ങൾക്കു സ്വാനുഭവവും സ്വല്പം പ്രചോദനം നല്കിയിരുന്നു.

3. സ്ത്രീപുരുഷദൂഷണവാദം: 1084-ൽ മൂർക്കോത്തു കുമാരന്റെ പ്രസാധകത്വത്തിൽ പ്രചരിച്ചിരുന്ന മിതവാദി എന്ന പത്രികയിൽ പ്രസിദ്ധപണ്ഡിതനായ എം. കോരപ്പൻ ഗുരുക്കൾ വിശിഷ്ടരസ്ത്രീയെന്നും മൂലൂർ വിശിഷ്ടപുരുഷനെന്നും മറ്റുമുള്ള പേരുകളിൽ പുരുഷദോഷങ്ങളേയും സ്ത്രീദോഷങ്ങളേയും യഥാക്രമം വർണ്ണിച്ചു കുറേക്കാലം ഒരു വാദപ്രതിവാദം നടത്തിക്കൊണ്ടിരുന്നു. താഴെക്കാണുന്ന ശ്ലോകങ്ങൾ മൂലൂരിന്റെ വാഗ്ധോരണിയിൽപ്പെട്ടവയാണ്.

"മെത്തും രുഷാ പരുഷമായ് മുടിയാൻ പിരാകും
മുത്തശ്ശിമാരുടയമാതിരി നിങ്ങളെന്നെ
ക്രുദ്ധിച്ചു സംപ്രതി ശപിച്ചതിലെന്തു ലാഭം?
കത്താ കിണറ്റിലൊരു കൊള്ളി വലിച്ചെറിഞ്ഞാൽ."

“മധ്യത്തിൽ മല്ലമഥ വേണ്ടുകിൽ വീണ്ടുമാവാം
സദ്യയ്ക്കു ഹാനി വരുമോ തവിയൊന്നൊടിഞ്ഞാൽ?
തത്തൽപ്രസങ്ഗഗതികൊണ്ടിനിയത്തെ മേളം
ശ്രദ്ധേയമായ്‌വരണമായതിനുണ്ടപേക്ഷ.”

ഈ പ്രകരണത്തിൽ ഉദ്ധരിച്ച ശ്ലോകങ്ങളിൽ നിന്നു കവിയുടെ നിരർഗ്ഗളമായ വാസനാവൈഭവം ആർക്കും വ്യക്തമാകുന്നതാണല്ലോ. അതുകൊണ്ടു മറ്റു കൃതികളിൽനിന്ന് ഉദാഹരണങ്ങൾ പ്രദർശിപ്പിക്കേണ്ട ആവശ്യമില്ല; എങ്കിലും ചില വരികൾ എടുത്തുകാണിക്കാതെ മുന്നോട്ടുപോകുന്നതു യുക്തമല്ലെന്നു തോന്നുന്നു.

### കൃഷ്ണാർജ്ജുനവിജയം ആട്ടക്കഥ

“സോമബിംബാനനമാരേ നമ്മൾ
ശ്രീമധുസൂദനൻതന്റെ മുൻപിൽ
പ്രേമവിലോലം–ഗാനംചെയ്തു
കാമാനുകൂലം–കളിക്കുക,
താമസശീലം വെടിഞ്ഞഭി–
രാമേ! മമ ഭാമേ! ശുഭകാമേ! സഖി വാമേ! ഗുണ–
സ്തോമം ഹരിക്കു ഭവിച്ചിടേണം.” (കുമ്മിയിൽനിന്ന്)

### അവസരോക്തിമാല

“ദൈവസ്മരണമൊന്നത്രേ ഭവമൃത്യുവിനാശനം;
വനവഹ്നി കെടുത്തീടാൻ ഘനങ്ങൾക്കാണു പാടവം;

ചാരത്തുമേവുകിൽപ്പൂജ്യന്മാരെയും കുപ്പിടാ ജനം;
ഗങ്ഗ സംശുദ്ധയെന്നാലുമങ്ങുള്ളോർ കുമ്പിടുന്നുവോ?

സത്തിൻ ഗുണങ്ങൾ വർണ്ണിക്കാൻ സത്തിനത്രേ സമർത്ഥത;
തിന്മാൻ കോകിലമാണർഹം തേന്മാവിൻ നവപല്ലവം.”

### ഹരിശ്ചന്ദ്രചരിതം

“വിപ്രാലയങ്ങൾ നിറയുമാ ഗ്രാമത്തിൽ
വിപ്രനേകൻ വന്നു പാർപ്പു ചിരതരം;
വേദാധ്യയനൈകതൽപരൻ, സംസാരി–
സാധു, സൽക്കർമ്മി, ശ്രുതിബന്ധുനാമവാൻ,
നിർദ്ധനൻ, മക്കളധികമായുള്ളവ,–
നർത്ഥമാർജ്ജിക്കാൻ വഴിയറിയാത്തവൻ,
വക്കറ്റ വസ്ത്രമുടുത്തോത്തു ചൊല്ലുവോ–
നക്കുടുംബത്തിൻ വിചാരമില്ലാത്തവൻ.
മുഷ്ടിമാത്രം ചോറെടുത്തതു വെള്ളത്തി–
ലിട്ടു കലക്കീട്ടവന്റെ കുടുംബിനി
കുട്ടികൾക്കായിക്കൊടുക്കു, മതുകൊണ്ടു

കഷ്ടമയ്യോ! പശി മാറുന്നതെങ്ങനെ?
കട്ടക്കിടാങ്ങൾ വിശന്നമ്മതൻമുഖം
കഷ്ടമേ! നോക്കിക്കരഞ്ഞു കരഞ്ഞുടൻ
'അമ്മേ! തരിക നീ, ഞങ്ങൾക്കു ചോറെ'ന്നു
വിമ്മിപ്പറഞ്ഞു കേഴുന്നു ദിനേ ദിനേ."

## ചില ചില്ലറക്കൃതികൾ

"പടിമ പലതു തേടിപ്പൈങ്കിളിപ്പാട്ടു പാടി–
ക്കൊടിയുലകിടമെങ്ങും നാട്ടി വിഖ്യാതി തേടി
നെടിയ നില സമാർജ്ജിച്ചോരു തുഞ്ചന്റെ പൂഞ്ചേ–
വടിയുടെ പൊടി പേനത്തുമ്പിനേകട്ടെ ധാടി."
(കടമററത്തു കത്തനാരും യക്ഷിയും)

"നീയേകനധ്വഗനനാലയനർത്ഥശൂന്യൻ
ന്യായാസനൈകവികലൻ വരടാസഹായൻ
ഹാ,യീ മഹാഖഗപരിഷ്കരണാർത്ഥമിങ്ങോ–
ട്ടായാതനോ? മുടവനാർക്കു പയറ്റിൽ മോഹം!" (കളഹംസം)

# 56
# മലബാറിലെ ചില കവികൾ

## വെള്ളാനശ്ശേരി വാസ്സുണ്ണിമൂസ്സത് (1030–1089)

### ജനനവും പ്രാഥമികവിദ്യാഭ്യാസവും

തെക്കേ മലബാറിൽ സംസ്കൃതവിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനുവേണ്ടി 11-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ തീവ്രമായി പ്രയത്നിച്ച മൂന്നു പണ്ഡിതന്മാരിൽ ഒരാളാണ് വാസുണ്ണിമൂസ്സത്. മാനവിക്രമ ഏട്ടൻതമ്പുരാനും പൂന്തശ്ശേരി നമ്പി നീലകണ്ഠശർമ്മാവുമായിരുന്നു മറ്റു രണ്ടുപേർ. അവർ മൂന്നുപേരും പല വിഷയങ്ങളിൽ സഹപ്രവർത്തകന്മാരായിരുന്നു. വെട്ടത്തുനാട്ടിൽപ്പെട്ട പൊന്നാനിത്താലൂക്കിൽ കുറ്റൂർ എന്ന സ്ഥലത്തു വെള്ളാനശ്ശേരി എന്നൊരില്ലമുണ്ട്. ആ ഇല്ലത്തിൽ ദാമോദരൻമൂസ്സതിന്റേയും ഉണ്ണിമായ മനയമ്മയുടേയും പുത്രനായി നമ്മുടെ ചരിത്രനായകൻ 1030-ാമാണ്ടു കുംഭമാസം 10-ാംനു മൂലം നക്ഷത്രത്തിൽ ജനിച്ചു. മൂസ്സതിന്റെ കുടുംബം സമ്പൽക്ഷയംകൊണ്ടു സങ്കടമനുഭവിച്ചു വന്ന ഒരു കാലഘട്ടമായിരുന്നു അത്. കോപ്പറമ്പത്തു പാലയ്ക്കൽ കൃഷ്ണൻനായർ എന്നൊരാൾ നിലത്തെഴുത്തും കുട്ടിവായനയും പഠിപ്പിച്ചു. ഉപനയനം കഴിയുന്നതുവരെ മറ്റൊന്നും അഭ്യസിച്ചില്ല.

### ഉപരിവിദ്യാഭ്യാസം

സമാവർത്തനാനന്തരം കവി തന്റെ അമ്മാവൻ വാസുദേവൻമൂസ്സതു നടത്തിവന്ന കഥകളിയോഗത്തിൽ ചേർന്നു കിർമ്മീരവധത്തിലേയും നരകാസുരവധത്തിലേയും ലളിത, ബാലിവിജയത്തിലെ നാരദൻ മുതലായ വേഷങ്ങൾ കെട്ടി ഒരു നല്ല നടനെന്നു വിഖ്യാതി നേടി. 1045-ൽ തിരുവില്വാമല ശങ്കുണ്ണിനമ്പീശന്റെ കീഴിലാണ് കച്ചകെട്ടി കൈയും മെയ്യും സ്വാധീനമാക്കിയത്. 1047 വരെ അങ്ങനെ അഭിനയവിദ്യയുമായി കഴിഞ്ഞുകൂടി. അപ്പോഴാണ് തൃപ്രങ്ങോട്ടു കിഴക്കേപ്പുല്ലത്തു മൂസ്സതന്മാരുടെ ഇല്ലത്തിൽ ഒരു കളിക്കായി പോവുകയും അവിടെവച്ചു "ദ്വിത്ര്യംഗുലപരീണാഹജിഹ്വാചലനഭീരവഃ" ഇത്യാദി ശ്ലോകം കുഞ്ഞുണ്ണിമൂസ്സതിന്റെ മുഖത്തുനിന്നുകേൾക്കുകയും ചെയ്തത്. അതോടുകൂടി വാസുണ്ണിയുടെ ജീവിതത്തിൽ ഒരു വലിയ പരിവർത്തനം സംഭവിച്ചു. അദ്ദേഹം വീണ്ടും വിദ്യാർത്ഥിയായി കുഞ്ഞുണ്ണിമൂസ്സതിന്റെ അടുക്കൽ സംസ്കൃതം പഠിച്ചുതുടങ്ങി. രണ്ടു കൊല്ലക്കാലത്തേക്കേ ആ പഠിത്തം തുടർന്നുകൊണ്ടുപോകുവാൻ സാധിച്ചുള്ളുവെങ്കിലും അതുകൊണ്ടുതന്നെ അടിയുറച്ച വ്യുൽപത്തി സിദ്ധമായി. പിന്നീടു നാലുകൊല്ലം തൃക്കണ്ടിയൂരിനു സമീപമുള്ള കോടീരി ഇല്ലത്തു

മാധവൻനമ്പൂരിയോട്ട് അലങ്കാരവും മറ്റും അഭ്യസിച്ചു. അനന്തരം ആ അഭ്യാസത്തിനു പൂർത്തിവരുത്തിയതു സ്വപരിശ്രമം കൊണ്ടായിരുന്നു.

## അനന്തരജീവിതം

അത്രയുമായപ്പോൾ അന്നു വെട്ടത്തു നാട്ടു സബ്ജഡ്ജിയായിരുന്ന ഉള്ളാട്ടിൽ അച്യുതൻനായരുടെ പരിചയം സമ്പാദിച്ച് അദ്ദേഹത്തിന്റെ ഭവനത്തിൽ സംസ്കൃതാധ്യാപകനായി
ത്തീർന്നു. കാര്യമായി പഠിപ്പിച്ചതു അച്യുതൻ നായരുടെ ഭാര്യാസഹോദരിയുടെ പുത്രിയായ പരുവക്കാട്ടു അമ്മുക്കുട്ടിയമ്മയെയായിരുന്നു. അമ്മുക്കുട്ടിയമ്മ ഗോഗ്രഹണം മണിപ്രവാളമെഴുതി ഒരു കവയിത്രി എന്ന നിലയിൽ പില്ക്കാലത്തു യശസ്വിനിയായി. 1055-ാമാണ്ടോടുകൂടി വാസുണ്ണിമൂസ്സതു കറ്റുരുള്ള സ്വഗൃഹത്തിലേക്കു പോന്നു. അവിടെ ഒരു മലയാളം പ്രാഥമികവിദ്യാലയം സ്ഥാപിച്ച് അതിൽ ജയിക്കുന്ന വിദ്യാർത്ഥികളെ സംസ്കൃതം പഠിപ്പിച്ചു; ആ വിദ്യാലയം പിന്നീട് ഒരു സംസ്കൃതപാഠശാലയായി വികസിപ്പിച്ചു. വിദ്യാർത്ഥിചിന്താമണി എന്നായിരുന്നു അതിന്റെ പേര്. 1062-ൽ വിജ്ഞാനചിന്താമണി എന്ന പത്രം ആരംഭിച്ച് അതിൽ സംസ്കൃതമയൂഖമെന്നും കേരളമയൂഖമെന്നും രണ്ടു ഖണ്ഡങ്ങൾ ഉൾപ്പെടുത്തുകയും സംസ്കൃതമയൂഖത്തിൽ സംസ്കൃതത്തിലും കേരളമയൂഖത്തിൽ മലയാളത്തിലും ഗദ്യപദ്യലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. അച്ചടിപ്പിച്ചതു കുന്നംകുളം അക്ഷരരത്നപ്രകാശിക അച്ചുക്കൂടത്തിലായിരുന്നു. അതു് അന്നു കുഞ്ഞുണ്ണിമൂസ്സതിന്റെ കീഴിൽ വ്യാകരണം പഠിച്ചുകൊണ്ടിരുന്ന പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാവിന്റേയും തന്റേയും നേതൃത്വത്തിൽ സമാരംഭിച്ച സാരസ്വതോദ്യോതിനീസംഘത്തിന്റെ ആഭിമുഖ്യത്തിലാണ് പ്രചരിപ്പിച്ചതു്. ഭരതപ്പിഷാരടി എന്നൊരു പണ്ഡിതന്റെ ചുമതലയിലായിരുന്നു പ്രസിദ്ധീകരണം. മൂന്നു കൊല്ലം കഴിഞ്ഞതിനുമേൽ രണ്ടു കൊല്ലത്തേക്കു് അതു മുടങ്ങിപ്പോയി. പിന്നീടു നമ്പിതന്നെ പത്രത്തിന്റെ എല്ലാ ചുമതലയും കൈയേറ്റു. വിജ്ഞാനചിന്താമണികൊണ്ടു കേരളത്തിൽ സംസ്കൃതത്തിനും ഭാഷയ്ക്കും ആദ്യകാലത്തു സിദ്ധിച്ച ഉത്തേജനം സാമാന്യമല്ല. തത്സംബന്ധമായ ബഹുമതിയിൽ ഒരംശത്തിന് അതിന്റെ പ്രഥമപ്രവർത്തകനായ വാസുണ്ണിമൂസ്സതും പാത്രീഭവിക്കുന്നു. സാഹിത്യരത്നാവലി എന്ന പേരിൽ പട്ടാമ്പിയിൽനിന്നു കുറേക്കാലം പ്രചരിപ്പിരുന്ന സംസ്കൃതഗ്രന്ഥമാലയുടെ പ്രസിദ്ധീകരണത്തിലും അദ്ദേഹം പുന്നശ്ശേരിനമ്പിയുടെ സഹചാരിയായി പ്രയത്നിച്ചിട്ടുണ്ട്.

## ഇതരപ്രവർത്തനങ്ങൾ

ചരിത്രനായകനു വൈദ്യത്തിലും ജ്യോതിഷത്തിലും സാമാന്യം നൈപുണ്യമുണ്ടായിരുന്നതിനാൽ ആ വിഷയങ്ങളും വിദ്യാർത്ഥികളെ പഠിപ്പിച്ചുവന്നു. സ്വദേശത്ത് ആരോഗ്യചിന്താമണി എന്ന പേരിൽ ഒരു വൈദ്യശാല സ്ഥാപിച്ചു. 1077-ൽ ആ വൈദ്യശാലയിൽ സമ്മേളിച്ച സഭയാണ് പിന്നീട് ആര്യവൈദ്യസമാജമായി പരിണമിച്ചതു്. തന്റെ വിദ്യാലയത്തെ അഭിവൃദ്ധിപ്പെടുത്തി ഒരു മധ്യമപാഠശാലയാക്കി ഇതരസംസ്കൃതപാഠശാലകൾക്കു മാതൃകയായി ശോഭിക്കത്തക്കവണ്ണം അതിനു പരിപോഷണം നല്കി. 1074 മുതൽ 1078 വരെ പല മരാമത്തുപണികൾ നടത്തി ഇല്ലവും അതോടടുത്ത 'പേരില്ലാത്തപ്പൻ' എന്ന പരദേവതാക്ഷേത്രവും നവീകരിച്ചു. കൊല്ലന്തോറും ധനു 1-ാംനു മുതൽ 12-ാംനു വരെ ആ ക്ഷേത്രത്തിൽ ഉത്സവം ആഘോഷിച്ച് അതിനോടു അനുബന്ധിച്ച് ഒരു കവിസമ്മേളനവും നടത്തി. 1085-ൽ കേരളത്തിലെ പണ്ഡിതന്മാരെയെല്ലാം ക്ഷണിച്ചുവരുത്തി പ്രസ്തുതപാഠശാല

യിൽവെച്ച് ഒരു വിദ്വത്സമ്മേളനവും നിർവഹിച്ചു. ഇത്തരത്തിലുള്ള പല വൻകാര്യങ്ങൾ അദ്ദേഹം സാധിച്ചത് ഉത്സാഹശക്തി ഒന്നുകൊണ്ടുമാത്രമാണ്. 1089-ാമാണ്ടു വൃശ്ചികമാസം 3-ാംനു- വാസുണ്ണിമൂസ്സതു കാലഗതിയെ പ്രാപിച്ചു. റ്ററ്റാനസ് (Tetanus) എന്ന് ഇംഗ്ലീഷിൽ പറയുന്ന വ്രണായാമരോഗം അദ്ദേഹത്തെ കുറേക്കാലമായി ബാധിച്ചിരുന്നു.

> "കത്തുന്നു വസ്തുമുഖമാസകലം കലാശ-
> മെത്തുന്നമാതിരി ഹരേ! കരുണാപയോധേ!
> തത്തുന്ന താവകകൃപാകലിതാവലോക-
> മെത്തുന്നതാകിലകലും നിഖിലാമയം മേ"

എന്നും മറ്റും അദ്ദേഹം അതിനെപ്പറ്റി വിലപിക്കുകയും ഉണ്ടായിട്ടുണ്ട്. മരണത്തിനു കാരണം കാലിന്മേൽ ഒരു മുള്ളുകത്തി അതു പഴുത്തതാണ്. 1096-ാമാണ്ടു കർക്കടകമാസം 16-ാംനു- നൂറാമത്തെ വയസ്സിലാണ് അദ്ദേഹത്തിന്റെ മാതാവ് അന്തരിച്ചത്.

### കൃതികൾ

മൂസ്സതിനു സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ അനർഗ്ഗളമായും അനായസമായും ആകർഷകമായും കവനം ചെയ്യുന്നതിനു ശക്തിയുണ്ടായിരുന്നു. ഗദ്യമെഴുത്തിലും അദ്ദേഹം പിന്നോക്കം നിന്നിരുന്നില്ല. (1) ശ്രീപാദാദികേശ പഞ്ചാശിക, (2) ശ്രീമാനവിക്രമ സാമൂതിരിമഹാരാജചരിതം, (3) മായാസ്തവം, (4) സാരൂപ്യസാമ്രാജ്യം, (5) വൃത്തരത്നമാല, എന്നീ സംസ്കൃതകൃതികളും, (6) ജനരഞ്ജിനീവിജയം, (7) ഓണവൃത്തം, (8) തിരുമാസം എന്നീ ഭാഷാകൃതികളും നമ്മുടെ കവി രചിച്ചിട്ടുള്ളതിനു പുറമേ, (9) ജാനകി, (10) സരള എന്നീ രണ്ടു നോവലുകളും എഴുതീട്ടുണ്ട്. (11) പലർക്കും അയച്ച പദ്യലേഖനങ്ങളുടെ സമാഹാരമാണ് കൃതിമാല. (12) പഞ്ചബോധത്തിന് ഒരു ഭാഷാവ്യാഖ്യാനവും എഴുതീട്ടുണ്ട്. കറുത്തപാറ ദാമോദരൻ നമ്പൂരിയായിരുന്നു കവിയുടെ പ്രധാന സാഹിത്യഗുരു.

## ശ്രീപാദാദികേശപഞ്ചാശികയും മായാസ്തവവും

ഈ സ്തോത്രങ്ങളിൽ ആദ്യത്തേതു ലക്ഷ്മീപരവും രണ്ടാമത്തേതു പാർവതീപരവുമാണ്. ശ്രീസ്തവത്തിൽ അൻപതും മായാസ്തവത്തിൽ അറുപത്തൊന്നും ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. രണ്ടു കൃതികളിൽനിന്നും യഥാക്രമം ഓരോ ശ്ലോകം ഉദ്ധരിക്കാം.

> "ദൂരീകരോതു പരിതാപഭരം മദീയ-
> മൂരീകൃതാമിതകൃപാലഹരീവിനോദാ
> മായേ! സദാച്യുതമനഃ കതുകാംബുവർഷ-
> കാദംബിനീ തവ കടാക്ഷവിലാസലക്ഷ്മീഃ."

> "സരോരുഹവിലോചനം സരസിജാസനാരാധിതം
> സരീസൃപവിഭൂഷണപ്രമഥനോത്സുകാപാങ്ഗകം
> കരോതു ദുരിതക്ഷയം കരുണയാ മമാത്യദ്ഭുതം
> പുരാണപുരുഷപ്രിയം കിമപി വസ്തു മോക്ഷപ്രദം."

## സാരൂപ്യസാമ്രാജ്യം

ഇതു് ആഴ്‌വാഞ്ചേരിമനയ്ക്കലെ രണ്ടു തമ്പ്രാക്കന്മാർ തലേന്നും പിറ്റേന്നുമായി മരിച്ചുപോയതിനെപ്പറ്റി എഴുതിയ ഒരു ചെറിയ ചമ്പുവാകുന്നു. കവിത വളരെ നന്നായിട്ടുണ്ടു്. അവർക്കു വിഷ്ണുസായൂജ്യംലഭിച്ച വൃത്താന്തം നാരദൻ ദേവേന്ദ്രനെ പറഞ്ഞുകേൾപ്പിക്കുന്നതായാണ് കാവ്യവസ്തുവിന്റെ ഘടന. ഒരു ശ്ലോകം മാത്രം പകർത്താം.

> “സാമോദം വലമാനമന്ദപവമാനാചാര്യസഞ്ചാലിതം
> രങ്ഗേ നന്ദനനാമ്നി കോകിലകളാരാവേണ ഗീതാന്വിതം
> ചഞ്ചൽപല്ലവപാണിതാളമധുരം മന്ദാരവീരുന്നടീ-
> നൃത്യം വൃത്രരിപുർവിലോക്യ സഫലീചക്രേ സഹസ്രാക്ഷതാം.”

## മാനവിക്രമ സാമൂതിരിമഹാരാജചരിതം

മാനവിക്രമ ഏട്ടൻതമ്പുരാന്റെ അപദാനങ്ങളെ വർണ്ണിച്ചു രചിച്ചിട്ടുള്ള ഒരു മഹാകാവ്യമാണ് പ്രസ്തുതകൃതി. അപൂർണ്ണാവസ്ഥയിൽ ഇരിക്കുന്ന ആ കാവ്യം തന്നെയാണ് മൂസ്സതിന്റെ വാങ്മയങ്ങളിൽ പ്രഥമഗണനയ്ക്കു് അർഹമായിട്ടുള്ളതു്. ഒരു സർഗ്ഗം ചിത്രശ്ലോകഘടിതമാണ്. കവിയുടെ കലാകൗശലം താഴെ കാണുന്ന ശ്ലോകത്തിൽ നിന്നു സഹൃദയന്മാർക്കു സ്പഷ്ടമായി ഗ്രഹിക്കുവാൻ കഴിയും.

> “ശ്രീകേരളാഭിധാ ഭാതി കാപി നീവൃന്മതല്ലികാ
> ഭാർഗ്ഗവാനർഗ്ഗളപ്രോദ്യൽപ്രഭാവമുകുരസ്ഥലീ.
>
> പായയിത്വാ പയസ്തസ്യ സന്താനാന്യന്തരാന്തരാ
> ലാളയന്തീ പ്രിയാളിവ യാം പ്രാവൃദനുവർത്തതേ.
>
> രാജതേ സുമനോരാജരംഭാചിന്താമണീയുതാ
> സദാ സുരഭിഗോശ്രീകാ ശ്രീനാകനഗരീവ യാ.
>
> യത്ര മന്ദാനിലോദ്ധൂ തമൗലയഃ പൂഗസഞ്ചയാഃ
> ശ്ലാഘന്ത ഇവ താംബൂലവല്ലീസംശ്ലേഷജം സുഖം.”

ഏട്ടൻതമ്പുരാൻ ഏറാൾപ്പാടായപ്പോൾ കരിമ്പുഴയ്ക്കു കൊട്ടിച്ചെഴുന്നള്ളത്തു നിർവഹിച്ച അവസരത്തെ കവി വർണ്ണിക്കുന്ന ഘട്ടത്തിലുള്ളതാണ് അധോലിഖിതമായ ശ്ലോകം.

> “ചചാര മാരുതസ്തത്ര ഹൈമകങ്കണഭൂഷിതഃ
> അനുകവർന്നിവ ശ്രീമദ്യുവഭൂപാലസേവകാൻ.”

താഴെക്കാണുന്നതു പടിഞ്ഞാറേ കോവിലകത്തിന്റെ വർണ്ണനമാണ്.

> “ഏതാസാം രാജധാനീനാം തിസൃണാം പശ്ചിമാഭിധാ
> യഥാ ശ്രുതീനാമൃക്ശാഖാ ശ്ലാഘ്യാമത്യന്തമർഹതി.
>
> യസ്യാസ്സാദൃശ്യമാപ്നോതി കഥം നാമാമരാവതീ
> അശോകസംഗമജുഷഃ ശതമന്യുനിവാസഭൂഃ?
> യത്സൗധാഗ്രജുഷോ ബാലാ വിലോക്യാധോഗതാൻ ഗജാൻ
> മക്കുണാൻ പശ്യ പശ്യേതി മാതുഃ കർഷതി കഞ്ചുകം.”

പൂനാനഗരത്തെ വർണ്ണിക്കുന്ന ഒരു ശ്ലോകംകൂടി കുറിക്കാം.

"നാനാധനാധിപസമാനജനൈർവിരാജ-
മാനാമനാദൃതമഹേന്ദ്രപുരാഭിമാനാം
പൂനാമനാരതരസേന നിരീക്ഷമാണാ-
വേനാവിനാവചരതാമഭിതോഭിജാതൗ."

## വൃത്തരത്നമാല

ഇതു വൃത്തശാസ്ത്രം സംബന്ധിച്ചുള്ള ഒരു ഗ്രന്ഥമാണ്. പ്രസ്തുതമാലയിൽ 13 രത്നങ്ങൾ ഘടിപ്പിച്ചിരിക്കുന്നു. ലക്ഷണനിർവചനം ഗദ്യംകൊണ്ടും ഉദാഹരണപ്രദർശനം പദ്യംകൊണ്ടുമാണ് നിർവഹിച്ചിരിക്കുന്നത്. ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

"ശിഷ്യായ കവിതാപാണിഗ്രഹണായ യിയാസവേ
ദാതവ്യേതി മയാ വൃത്തരത്നമാലാ വിരച്യതേ."

## ഭാഷാകൃതികൾ

ജനരഞ്ജിനീവിജയം വയക്കര മൂസ്സതിന്റെ മനോരമവിജയംപോലെയുള്ള ഒരേകാങ്കനാടകമാണ്. കടത്തനാട്ട് ഉദയവർമ്മത്തമ്പുരാന്റെ ആധിപത്യത്തിൽ പ്രചരിച്ചുവന്ന ജനരഞ്ജിനിയുടെ പ്രശസ്തിയെ അതിൽ കവി വിഷയീകരിക്കുന്നു. ഓണക്കാലത്തു കേരളത്തിൽ നടക്കുന്ന ആഘോഷങ്ങളെക്കുറിച്ചു വിവരിക്കുന്ന ഒരു ഗ്രന്ഥമാണ് ഓണവൃത്തം. അതിൽനിന്ന് ഒരു ശ്ലോകം ചുവടേ ചേർക്കാം.

"പറഞ്ഞാലൊരെള്ളോളമുള്ളിൽക്കടക്കി-
ല്ലറിഞ്ഞിട്ടു ചെയ്യുന്നതോ പിന്നെയല്ലേ?
അരഞ്ഞാളു തീർപ്പിച്ചു നല്കായ്കമൂലം
കരഞ്ഞാളുമാടല്പെട്ടുന്ന്യ കുമാരി."

ഇന്ദ്രാണിയോട് ഓണത്തിന്റെ വിശേഷങ്ങൾ ഒരു തത്ത പറഞ്ഞുകേൾപ്പിക്കുന്നതായാണ് കവിയുടെ ഭാവന. ആഴ്വാഞ്ചേരി മനയ്ക്കൽ ആഘോഷിച്ച ഒരു പന്ത്രണ്ടാം മാസത്തെപ്പറ്റി പരമേശ്വരൻ പാർവതിയെ വിവരിച്ചു കേൾപ്പിക്കുന്നതാണ് തിരുമാസം. അതിലെ ശ്ലോകങ്ങൾക്ക് അസ്സൽ വെണ്മണിച്ഛായയുണ്ട്. നോക്കുക ഒരു ശ്ലോകം.

"സ്വാധ്യായക്കിണ്ടി ഭാണ്ഡം കുട കുടവയറും കുന്ദമല്പം കഷണ്ടി-
ച്ചുറ്റും ചുറ്റിപ്പിടിക്കും നരയുമൊരു കുറുംകുട്ടിയാം പൂണുനൂലും
ശുണ്ഠിത്തം കുത്തടിക്കുന്നൊരു മുഖരസവും ബ്രഹ്മതേജസ്സമോല്യ-
ന്നച്ഛൻനമ്പൂരിമാരെപ്പലരെയുമവിടെക്കണ്ടു കൊണ്ടാടിനേൻ ഞാൻ."

മാസസ്സദ്യ കഴിഞ്ഞു സ്വഗൃഹങ്ങളിലേക്കു തിരിയെപ്പോകുന്ന അന്തർജ്ജനങ്ങളോടു തുണക്കാരായ നായർസ്ത്രീകൾ ഇങ്ങനെ പറയുന്നു.

"യാഹൈ, നല്ല പഴപ്രതോനടിയനി,
യ്യാഹൈ, പഴംപള്ളയിൽ-
ക്കൊള്ളാഞ്ഞിട്ടു വലഞ്ഞതെന്തു വിടകൊ-
ണ്ടീടേണ്ടു കുഞ്ഞാത്തലേ?

കുട്ടിക്കാവടിയന്റെ പെണ്ണിനു കുറേ
പ്പഞ്ചാര, യാഹൈ, പഴ-
ങ്കയ്യിൽക്കോരിയൊഴിച്ചതൊക്കെയവളാ-
കാരിക്കുമമ്മാത്തലേ.'

മൂസ്സതിന്റെ നോവലുകളിൽ 'ജാനകി'യുടെ ആദ്യഭാഗങ്ങൾ കവനോദയത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രസകരമായ ഒരു ഗദ്യശൈലി അദ്ദേഹത്തിനു സ്വാധീനമായിരുന്നു.

## ഒരു മുക്തകം

സമുദ്രവർണ്ണനപരമായ ഒരു ശ്ലോകമാണ് താഴെ ചേർക്കുന്നത്.

"സുമിത്രാനന്ദനാസക്തമമും ഭൂപമവേക്ഷ്യ വാ
അഥവാംഗുഷ്ഠകായം മാം സിന്ധുരാക്രോശതീദൃശം."

മൂസ്സത് എന്തെഴുതിയാലും അതിനു പ്രത്യേകമായ ഒരു ആസ്വാദ്യതയുണ്ടെന്നുള്ളതിന് ഈ ശ്ലോകവും സാക്ഷ്യം വഹിക്കുന്നു.

## കെ.വി.അവിനാശിഎഴുത്തച്ഛൻ (1039–1084)

### ജീവിതചരിത്രം

അവിനാശി എഴുത്തച്ഛൻ തെക്കേമലബാറിൽ ചെർപ്പുളശ്ശേരിക്കടുത്തുള്ള കരുമാനാംകുറിശ്ശിദേശത്തു കരുത്തിക്കടവത്തു വാഴയിൽ എന്ന ഭവനത്തിൽ 1039-ാമാണ്ടു മിഥുനമാസം പുണർതം നക്ഷത്രത്തിൽ ജാതനായി. അവിനാശിയുടെ പിതാവായ ചെല്ല എഴുത്തച്ഛൻ ഒരു ജ്യോത്സ്യനായിരുന്നു. പ്രഥമഗുരുവായ അദ്ദേഹം ശിഷ്യന്റെ പതിനൊന്നാമത്തെ വയസ്സിൽ മരിച്ചുപോയി. പിന്നീട് എറിശ്ശേരി പുത്തൻ വീട്ടിൽ നാരായണപ്പണിക്കരോടു ചില കാവ്യങ്ങൾ പഠിച്ചതിനുമേൽ കൈക്കുളങ്ങര രാമവാരിയരുടേയും മറ്റും ശിഷ്യനായി സംസ്കൃതത്തിൽ സാമാന്യവ്യുൽപത്തി സമ്പാദിച്ചു. കാരമ്പള്ളി വലിയ കുഞ്ചുക്കുറുപ്പും ഒളപ്പമണ്ണ എം. പരമേശ്വരൻനമ്പൂരിപ്പാടും അദ്ദേഹത്തിന്റെ പുരസ്കർത്താക്കന്മാരായിരുന്നു. 1067-ാമാണ്ടിടക്ക് എഴുത്തച്ഛൻ പാലക്കാട്ടു ഭാരതി ആപ്പീസിൽ ഒരു പരിഭാഷകനായിച്ചേർന്നു. ഹിന്ദുമതപ്രസംഗം എന്നൊരു പുസ്തകം പ്രസിദ്ധീകരിക്കുകയും ഹിന്ദുമതപരിഷ്കാരത്തെ വിഷയീകരിച്ചു പല ദിക്കുകളിലും പ്രസംഗിക്കുകയും ചെയ്തു. അനന്തരം ഒറ്റപ്പാലം ഹൈസ്കൂളിൽ സീനിയർ മലയാളപണ്ഡിതരായി. കുറേക്കാലം കഴിഞ്ഞപ്പോൾ അനാരോഗ്യംമൂലം ആ പണിയിൽനിന്നു പിരിഞ്ഞു. ആയുസ്സിന്റെ അവശിഷ്ടമായ അംശം കാരമ്പള്ളിയിലും സ്വദേശമായ കരുമാനാംകുറിശ്ശിയിലുമായി കഴിച്ചുകൂട്ടി. 1084 കർക്കടകമാസം 14-ാംനു മരിച്ചു. പ്രമേഹമായിരുന്നു രോഗം.

### കൃതികൾ

അവിനാശിയുടെ പ്രധാന സംസ്കൃതകൃതികൾ (1) ശ്രീ മൂകാംബികാസ്തോത്രവും, (2) ഗുരുവായുപരേശസ്തവവുമാണ്. മൂകാംബികാസ്തോത്രം 'അ' മുതൽ 'ക്ഷ' വരെയുള്ള വർണ്ണങ്ങളിൽ യഥാക്രമം ആരംഭിക്കുന്ന നാല്പത്തെട്ടു ശ്ലോകങ്ങൾ കൊണ്ടു നിർമ്മിച്ചിരിക്കുന്നു. ഗുരുവായുപുരേശസ്തവത്തിൽ ഏഴു ദശകങ്ങൾ അടങ്ങീട്ടുണ്ട്. കവി ഗുരു

വായൂരപ്പന്റെ ഒരു ഉറച്ച ഭക്തനായിരുന്നു. രണ്ടു ശ്ലോകങ്ങൾ മൂകാംബികാസ്തോത്രത്തിൽനിന്നുദ്ധരിക്കാം.

"ചാരുശാരദസരോജസോദവിലോചനേ! ദുരിതമോചനേ!
വേദസാരമണിദീപികേ! പികവിഡംബകാരിമധുരസ്വനേ!
ദേവി! ദേവഗണപൂജിതേ! ജിതതടിൽപ്രഭേ! വിതര ശങ്കര-
പ്രാണധാരണമഹൗഷധേ! തവ കടാക്ഷവീക്ഷണമിഹൈകദാ."

"ഋക്സാമാദിസമസ്തനൈഗമവചസ്സാരോദകാന്തഃസ്ഥിതാ
ദൃക്സാരള്യജിതാംബുജാ ബുധജനൈരാരാധിതാംഘ്രിദ്വയാ
ശ്യാമാംഭോദകദംബദുന്തളതമിസ്രാന്ധീകൃതത്രീക്ഷണാ
മൂകാംബാ ഹൃദി നിർവ്യളീകമചിരാദേവാസ്തു ദേവസ്തുതാ."

ഭാഷയിൽ പുഷ്പബാണവിലാസവും മേഘസന്ദേശവും തർജ്ജമ ചെയ്യാൻ ആരംഭിച്ചു. അവ പൂർണ്ണമായിട്ടില്ല. കിട്ടീട്ടുള്ള ഭാഗങ്ങൾ അത്ര നന്നായിട്ടുമില്ല. പുഷ്പബാണവിലാസ
മാണ് തമ്മിൽ ഭേദം. ഒരു ശ്ലോകം പ്രദർശിപ്പിക്കാം.

"പാടീടിൽക്കർണ്ണരന്ധ്രത്തിനു ബത! കടുവായ്
വന്നീടും വീണ; പിന്നെ-
ത്തേടീടും മന്ദഹാസം പൊഴികിലവളഹോ!
ചന്ദ്രികാ കൃഷ്ണവർണ്ണം;
വാടീടും കണ്ണു കണ്ടാൽപ്പുതിയ കമലവും
കാന്തി കാണുന്നനേര-
ത്തീടേറും മിന്നലിന്നും പ്രഭ കുറയുമതി-
ന്നില്ല സന്ദേഹമേതും."

കാളിദാസചരിതമെന്നും വൈഷ്ണവസ്തവമഞ്ജരിയെന്നും രണ്ടു കൃതികൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ളതു ഞാൻ വായിച്ചിട്ടില്ല. കാമദേവശകാരം. ഞാൻ, ഇന്നത്തെ ലോകം എന്നിവ ചെറിയ കൃതികളാണ്. അവയിൽ 'ഞാൻ' നന്നായിട്ടുണ്ട്. അതിൽനിന്നു രണ്ടു ശ്ലോകങ്ങൾ ചേർക്കുന്നു.

"ഞാനല്ല കണ്ടതുമറിഞ്ഞതുമോർത്തിടുമ്പോ-
ളൂനം വരാതെയതിലൊക്കെയുമുൾക്കലർന്നും
താനേ തെളിഞ്ഞു സകലത്തിനുമപ്പുറത്തും
മാനംവെടിഞ്ഞു മരുവുന്നൊരു വസ്തുവാം ഞാൻ."

"എന്നെത്തിരഞ്ഞു വഴിപോലെയറിഞ്ഞുവെന്നാൽ
പിന്നെ പ്രമാദമവനില്ലവനില്ല ദുഃഖം,
എന്നും നശിപ്പൊരുവനല്ലഹമാ വിശേഷാ-
ലെന്നെപ്പറഞ്ഞുവരുമി'ങ്ങവിനാശി'യെന്നും."

## കപ്പടത്തു ശങ്കരമേനോൻ (1029—1104)

### ചരിത്രം

ശങ്കരമേനോൻ പാലക്കാട്ടു താലൂക്ക പള്ളത്തേരി അംശം കപ്പടത്ത് എന്ന ഭവനത്തിൽ 1029-ാമാണ്ടു മകരമാസത്തിൽ പൂരാടം നാളിൽ ജനിച്ചു. മാതാവു് നാണിയ

മ്മയും പിതാവ് അതേ അംശത്തിൽ മണ്ണിൽ നാണനായരുമായിരുന്നു. അക്കാലത്തു കപ്പടത്ത് ഒരാശാന്റെ നിലയിൽ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്ന മാക്കോത്തു കൃഷ്ണമേനോനാണ് ശങ്കരമേനോന്റെയും ഗുരു. അദ്ദേഹത്തിന്റെയടുക്കൽ വിദ്യാഭ്യാസത്തിനായി കൊണ്ടുചെന്നാക്കിയതു ജ്യേഷ്ഠനായ നാരായണമേനോനായിരുന്നു. അവരെപ്പറ്റി കവി കാശിമാഹാത്മ്യം കിളിപ്പാട്ടിൽ ഇങ്ങനെ പറയുന്നു.

> "അല്പജ്ഞനായോരെന്നെശ്ശൈശവേ ഗുരുതങ്ക-
> ലർപ്പിച്ചു വിദ്യാഭ്യാസം ചെയ്യിച്ച മഹാഭാഗൻ
> സർപ്പേന്ദ്രശായിയായ മാരുതഗേഹേശന്റെ
> നല്പദാംഭോജേ ലയിച്ചീടിന മമാഗ്രജൻ
> കെല്പോടുമനുഗ്രഹം ചെയ്തുകൊണ്ടെന്നുള്ളത്തി-
> ലെപ്പോഴും വിളങ്ങേണമതിനായ്ത്തൊഴുന്നു ഞാൻ.
> ചിത്രപത്തനവാസിയാകുമെൻ ഗുരുനാഥ-
> നുത്തമോത്തമൻ ശ്രീകൃഷ്ണാഭിധാനാലംകൃതൻ
> ശാസ്ത്രാർത്ഥതത്ത്വവേദിതൻചരണാംഭോരുഹ-
> മാർത്തി തീർത്തകതാരിൽ വിളങ്ങീടണം സദാ."

1069-ാമാണ്ടു ചിറ്റൂർ അച്ചോത്തുവീട്ടിൽ അയിച്ചിയമ്മയെ വിവാഹംചെയ്തു. ഗുരുനാഥന്റെ അനുഗ്രഹത്തിനുപുറമേ ചാത്തുക്കുട്ടിമന്നാടിയാർ, ശാമുമേനോൻ മുതലായവരുടെ സ്നേഹവും സമ്പാദിക്കുന്നതിന് ഇടവന്നതിനാൽ ശങ്കരമേനോൻ ഒരു നല്ല ഭാഷാകവിയായി കിളിപ്പാട്ടുകൾ രചിച്ചുതുടങ്ങി. ചിറ്റൂരുമായി ബന്ധമുള്ള കവികൾ ശുകഗാനനിർമ്മാതാക്കളായിത്തീരുന്നതു് അസാധാരണമല്ലല്ലോ. 1104-മാണ്ടു മിഥുനമാസം 1-ാംനു വസൂരി ബാധിച്ചു പരേതനായി.

## കൃതികൾ

(1) അരുണാചലമാഹാത്മ്യം, (2) കാശി മാഹാത്മ്യം, (3) ഹരിണാലയമാഹാത്മ്യം എന്നീ മൂന്നു കിളിപ്പാട്ടുകളും, (4) ശിവതത്ത്വസുധാനിധി എന്നൊരു വേദാന്ത ഗ്രന്ഥവും ശങ്കരമേനോൻ ഉണ്ടാക്കീട്ടുണ്ട്. 1082-ാമാണ്ടു പ്രസിദ്ധീകരിച്ച കാശിമാഹാത്മ്യത്തിൽനിന്നു ചില ഈരടികൾ ഉദ്ധരിച്ചു കവിതാരീതി കാണിക്കാം. പദ്മപുരാണത്തിൽ അന്തർഭൂതമാണ് മൂലം; അതിൽ അഞ്ചധ്യായങ്ങളും ആകെ 655 ശ്ലോകങ്ങളും അടങ്ങിയിരിക്കുന്നു. അരുണാചല മാഹാത്മ്യത്തിനു പിന്നീടാണ് അതിന്റെ നിർമ്മിതി.

> "ഘോരമായുള്ള വിന്ധ്യാകാന്താരം ബഹുനാൾകൊ-
> ണ്ടാറാത ദുഃഖത്തോടും ചെന്നുചേർന്നൊരുശേഷം
> ദോഷത്താൽ ചലിതമായുൽക്ഷിപ്തമായങ്ങതി-
> ഭീഷണമായ ലാംഗുലത്തോടു സമേതമായ്
> വിദ്രുതം മൃഗയൂഥവിമർദ്ദിയായീടുന്ന
> ശാർദ്ദൂലശായൂബഥത്താൽ സദാ നിഷേവിതം
> വാരണവീരനിനാദങ്ങളാൽച്ചിലേടത്തും
> ഭൈരവമഹിഷഹുങ്കാരത്താൽച്ചിലേടത്തും
> പാരമാകുലം വിശ്വഭീഷണം മഹാവനം."

## തേലപ്പുറത്തു നാരായണൻനമ്പി (1051–1099)

### ജനനവും വിദ്യാഭ്യാസവും

കവി, കഥാകൃത്ത്, ഗ്രന്ഥവിമർശകൻ, പത്രപ്രവർത്തകൻ, ജ്യോത്സ്യൻ എന്നിങ്ങനെ പലനിലകളിൽ പ്രഖ്യാതനായ തേലപ്പുറത്തു നാരായണൻനമ്പി 1051 മീനമാസത്തിലെ സ്വാതിനക്ഷത്രത്തിൽ നാരായണൻ നമ്പിയുടേയും ഫറോക്കിനടുത്തുള്ള ചെറുവണ്ണൂർ ദേവകി ബ്രാഹ്മണിയുടേയും പുത്രനായി ജനിച്ചു. പ്രകൃതത്തിൽ നമ്പി എന്നതു് ഒരു സ്ഥാനപ്പേരല്ല. തെക്കേ മലബാറിൽ ചില സ്ഥലങ്ങളിൽ നമ്പീശന്മാർ തമ്മിൽ കാണുമ്പോൾ അവരുടെ നാമധേയത്തോടു ചേർത്തു നമ്പി എന്നു വിളിക്കുന്ന സമ്പ്രദായമുണ്ടു്. ഏറനാട്ടു തൃപ്പനച്ചി ഗ്രാമത്തിൽ തേലപ്പുറം എന്ന ഭവനത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. മഞ്ചേരിയിൽനിന്നു് ആറേഴു നാഴിക പടിഞ്ഞാറാണു് തൃപ്പനച്ചി ഗ്രാമം. അദ്ദേഹത്തിന്റെ അച്ഛൻ നാരായണൻനമ്പി ഒരു നല്ല പണ്ഡിതനും ജ്യോതിശ്ശാസ്ത്രജ്ഞനുമായിരുന്നു. ആ നാരായണൻനമ്പി ധർമ്മഗുപ്തവിജയം എന്നൊരാട്ടക്കഥ ഉണ്ടാക്കീട്ടുണ്ടു്. അപ്ഫൻ രാമൻനമ്പി തദധികനായ ഒരു സംസ്കൃതജ്ഞനും ജ്യോതിർവിത്തുമായിരുന്നതിനു പുറമേ അദ്വൈതവേദാന്തത്തിലും നിഷ്ണാതനായിരുന്നു. സാഹിത്യചിന്താമണി എന്ന മാസിക 1080-ൽ നടത്തിയതു രാമൻനമ്പിയും കവിയും കൂടിയായിരുന്നു. രാമൻനമ്പി 1099-ാമാണ്ടു കന്നിയിൽ തിരുവാതിരനക്ഷത്രത്തിലാണു് അന്തരിച്ചതു്. ആറാമത്തെ വയസ്സിൽ അമ്മ മരിച്ചുപോയി. കവി അച്ഛന്റേയും അപ്ഫന്റേയും സംരക്ഷണത്തിൽ വളർന്നു. അവർതന്നെയായിരുന്നു അദ്ദേഹത്തിനു സംസ്കൃതത്തിലും ജ്യോതിസത്തിലും ഗുരുനാഥന്മാർ. 24-ാമത്തെ വയസ്സിൽ വള്ളുവനാട്ടുതാലൂക്കിൽ കരിമ്പുഴ പടിഞ്ഞാറേ പുഷ്പകത്തു നാരായണൻനമ്പീശന്റെ പുത്രി നങ്ങയ്യ ബ്രാഹ്മണിയെ വിവാഹം ചെയ്തു. അപ്പോഴേയ്ക്കു് അദ്ദേഹം സംസ്കൃതത്തിലും ഭാഷയിലും ഒരു ഗണനീയനായ കവിയും ദൈവജ്ഞനുമായി വികസിച്ചുകഴിഞ്ഞിരുന്നു.

### അനന്തരജീവിതം

നമ്പി ആദ്യകാലത്തു ചില പ്രഭു ഗൃഹങ്ങളിൽ താമസിച്ചു് ആ ഗൃഹങ്ങളിലെ ബാലന്മാരെ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരുന്നു. 1075-നുശേഷം മഞ്ചേരിക്കോവിലകത്തു് അന്നു മണ്ണാർമല രാജാവായിരുന്ന അപ്പക്കുട്ടൻതമ്പുരാന്റെ ആശ്രിതനായി രണ്ടുമൂന്നു കൊല്ലം സംസ്കൃതാദ്ധ്യാപകനെന്ന നിലയിൽ കഴിച്ചുകൂട്ടി. മഞ്ചേരിക്കോവിലകത്തെ അഞ്ചാംമുറത്തമ്പുരാനാണു് മണ്ണാർമല എന്ന സ്ഥാനത്തിന്നവകാശി. 1080-ൽ പത്രപ്രവർത്തനം ആരംഭിച്ചു. സാഹിത്യചിന്താമണി എന്ന മാസികയെപ്പറ്റി സൂചിപ്പിച്ചുവല്ലോ. ആ മാസിക അപ്പക്കുട്ടൻതമ്പുരാന്റെ ഉടമസ്ഥതയിൽ പട്ടാമ്പിയിൽ നിന്നാണു് പ്രസിദ്ധീകരിച്ചതു്. ഒരു കൊല്ലവും ഏതാനും മാസവുമേ അതു പ്രചരിച്ചുള്ളു. അതിനുമുൻപു തന്നെ നമ്പിയുടെ പാണ്ഡിത്യവും കവിത്വവും മാനവിക്രമ ഏട്ടൻതമ്പുരാന്റെ ഹൃദയത്തെ വശീകരിക്കുകയും ആ വിദ്വൽ പ്രിയൻ അവിടത്തെ 'സഹൃദയസമാഗമ'മെന്ന സമാജത്തിൽ അദ്ദേഹത്തിനും സമ്മേളിച്ചു സാഹിത്യസേവനം ചെയ്‌വാൻ സൗകര്യം നല്കുകയും ചെയ്തു. പുന്നശ്ശേരിനമ്പിയുടെ വിജ്ഞാന ചിന്താമണിമാസികയിൽ നമ്പി അക്കാലത്തു ധാരാളം സംസ്കൃതപദ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

അതിൽപ്പിന്നീടു് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ കോട്ടയ്ക്കൽ വച്ചു മഹാഭാരതം തർജ്ജമചെയ്തുകൊണ്ടിരുന്ന അവസരത്തിൽ നമ്പി അദ്ദേഹത്തിന്റെ ലേഖകനായി മൂന്നു കൊല്ലത്തോളം പ്രവൃത്തിനോക്കി. അന്നു് ഒരിക്കൽ നമ്പിക്കു് ഒരു

കോർട്ടുകാര്യമായി സ്ഥലം വിടേണ്ടിവന്നപ്പോൾ തമ്പുരാൻ പി.വി. കൃഷ്ണവാരിയർക്ക്

“നാരായണൻനമ്പ്യയെ നമ്പരിന്നായ്
നേരായയച്ചിട്ടെഴുതാൻതുടങ്ങി;
നാരായണൻ ചക്രമെടുത്തു ചാടു-
ന്നോരാ സ്ഥലം വൃത്തവിചിത്രമത്രേ”

എന്നൊരു കത്തിൽ എഴുതിക്കാണുന്നു. അക്കാലത്തോടടുപ്പിച്ചാണ് കടത്തനാട്ട് ഉദയവർമ്മത്തമ്പുരാന്റെ കവനോദയത്തിൽ കവി കല്യാണസൗഗന്ധികം ഖണ്ഡകാവ്യവും യയാതിചരിതം നാടകവും സ്വാത്മനിരൂപണം എന്ന വേദാന്തഗ്രന്ഥവും പ്രസിദ്ധപ്പെടുത്തിയത്.

1083 മുതൽ നിലമ്പൂർ അപ്പുക്കുട്ടൻതമ്പുരാനെന്ന മാനവിക്രമരാജാവിന്റെ കുട്ടികളെ പഠിപ്പിക്കുവാൻ അവിടെ താമസിച്ചു. അക്കാലത്താണ്, ആ പ്രഭു 1086-ൽ മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ സാഹായത്തോടുകൂടി ഇംഗ്ലീഷുഭാഷ പഠിച്ച് അതിലും നല്ല അറിവു സമ്പാദിച്ചു ബങ്കിമചന്ദ്രചതോപാദ്ധ്യായന്റെ ചന്ദ്രശേഖരൻ എന്ന നോവലിനെ മലയാളത്തിൽ വിവർത്തനം ചെയ്തതു്. 1086-നുമേൽ നാലു കൊല്ലത്തോളം കോട്ടയ്ക്കൽ പി.വി.കൃഷ്ണവാരിയരുടെ ലക്ഷ്മീ സഹായം അച്ചുക്കൂടത്തിൽ ജോലി നോക്കി. അന്ന് ആ മുദ്രാലയത്തിൽ നിന്നു ധന്വന്തരി, ലക്ഷ്മീവിലാസം, ജന്മി, കവന കൗമുദി എന്നീ നാലു മാസികകൾ പ്രസിദ്ധീകരിച്ചുവന്നിരുന്നു. നമ്പിയുടെ അനേകം ലഘുകൃതികൾ കവനകൗമുദിയിൽ പ്രകാസിതങ്ങളായിട്ടുണ്ട്. അക്കാലത്താണ് സുപ്രസിദ്ധമായ ധർമ്മപദം എന്ന ബുദ്ധമതഗ്രന്ഥം ഭാഷാന്തരീകരിച്ചതു്. 1090-ൽ വീണ്ടും നിലമ്പൂരിൽ താമസം തുടങ്ങി. 1096-ൽ തൃശ്ശൂരിൽവെച്ച് അന്തരിച്ച നിലമ്പൂർ വലിയരാജാവിന്റെ കുട്ടികളെ ഇംഗ്ലീഷും സംസ്കൃതവും പഠിപ്പിക്കുകയായിരുന്നു പണി. ആയിടയ്ക്കു രമേശചന്ദ്രകത്തന്റെ മാധവീകങ്കണം മലയാളത്തിൽ വിവർത്തനം ചെയ്തു. 1096-ലെ മാപ്പിളലഹളക്കാലത്തു് അവിടം വിട്ടു കോഴിക്കോട്ടു പുളിയമ്പറ്റ കുഞ്ഞി കൃഷ്ണമേനോൻ നടത്തിവന്ന മനോരമപ്പത്രത്തിന്റെ സഹപത്രാധിപരായി. പിന്നീട് അവിടെത്തന്നെ പ്രസിദ്ധ ബുദ്ധമതാനുയായിയായ സി. കൃഷ്ണന്റെ ഉടമസ്ഥതയിൽ പ്രചരിച്ച മിതവാദിപ്പത്രത്തിന്റെ സഹപത്രാധിപരായിക്കൂടി. അതിന് അദ്ദേഹത്തിന്റെ ഭാഷാധർമ്മപദം സഹായമായി ഭവിച്ചു. 1090-ാമാണ്ടു മകരമാസത്തിൽ വസൂരിരോഗം നിമിത്തം കൃഷ്ണന്റെ ചേവായൂരുള്ള ബംഗ്ലാവിൽ വച്ച വിശാഖം നാളിൽ നിര്യാതനായി. അങ്ങനെ ഒരു കാൽശതാബ്ദത്തോളം കാലം അദ്ദേഹം ഭാഷയേയും സാഹിത്യത്തേയും അവിജ്ഞാതവിശ്രമനായി സേവിച്ചു. ഒരു ജ്യോത്സ്യൻ എന്ന നിലയിലും അദ്ദേഹത്തിനു ജനമദ്ധ്യത്തിൽ സമുന്നതമായ സ്ഥാനമുണ്ടായിരുന്നു. സംസ്കൃതം, ഇംഗ്ലീഷ് ഈ ഭാഷകൾക്കു പുറമേ നമ്പി പാലിയിലും തമിഴിലും കൂടി സാമാന്യമായ ജ്ഞാനം സമ്പാദിച്ചിരുന്നു. ഒരു പത്രപ്രവർത്തകനായും അദ്ദേഹം ശോഭിച്ചു.

## കൃതികൾ

(1) സ്വാഹാസുധാകരം, (2) ആർദ്രാപ്രബന്ധം, (3) കല്യാണസൗഗന്ധികം, (4) ശ്രീബുദ്ധൻ എന്നീ കാവ്യങ്ങളും, (5) യയാതിചരിതം, (6) സുമംഗലീചരിതം, (7) ശാർങ്ഗധരചരിതം എന്നീ നാടകങ്ങളും, (8) സ്വാത്മനിരൂപണം എന്ന വേദാന്തശ്ലോകാവലിയും, (9) ധർമ്മപദം, (10) ബുദ്ധമതദർപ്പണം, (11) ചന്ദ്രശേഖരൻ, (12) മാധവീകങ്കണം, (13) നീതിബോധകഥകൾ, (14) സുകുമാരി, (15) ആനന്ദപുരം, (16) വനജം

എന്നീ ഗദ്യഗ്രന്ഥങ്ങളും നമ്പിയുടെ വാങ്മയസമുച്ചയത്തിൽ ഉൾപ്പെടുന്നു. ഇവകൂടാതെ അനേകം ഗദ്യപദ്യകൃതികൾ പത്രങ്ങളിലും മാസികകളിലും ചിന്നിച്ചിതറിക്കിടക്കുന്നു. മാപ്പിളലഹളക്കാലത്തെ ചില സംഭവങ്ങളെ അനുസ്മരിച്ചുകൊണ്ടെഴുതിയ വനജം പിന്നീടു പ്രസിദ്ധീകരണാർഹമല്ലെന്നു തോന്നുകയാൽ പരിത്യജിച്ചു. സ്വാഹാസുധാകരവും ആർദ്രാപ്രബന്ധവുമാണ് ആദ്യത്തെ കൃതികൾ. നീതിബോധകഥകൾ ബുദ്ധമതസാഹിത്യഗ്രന്ഥങ്ങളിൽനിന്നു സംഗ്രഹിച്ചിട്ടുള്ളവയാകുന്നു. സാഹിത്യചിന്താമണിയിലും മറ്റും അദ്ദേഹം എഴുതിയ ചില ചെറുകഥകൾ സമാഹരിച്ചു പുസ്തക രൂപത്തിൽ അച്ചടിപ്പിച്ചിട്ടുണ്ട്. ബുദ്ധമതദർപ്പണം ജിനരാജദേവന്റെ ഇംഗ്ലീഷു കൃതിയുടെ പരിഭാഷയാണ്. നമ്പി ആദ്യകാലത്തു് എഴുതിയ ഒരു ചെറിയ നോവലാണ് സുകുമാരി. ആനന്ദപുരം ഒരു സമുദായ വിഷയമായ നോവലാകുന്നു. ശാർങ്ഗധരചരിത്രം ഒരു സംഗീതനാടകമാണ്. സ്വാത്മ നിരൂപണത്തിൽ 156 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നു. അതു തെങ്ങാളിമഠത്തിൽ രാമൻനമ്പിയാരുടെ വ്യാഖ്യാനത്തോടുകൂടി കടത്തനാട്ടു് ഉദയവർമ്മത്തമ്പുരാൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യയാതിചരിതവും ആ തമ്പുരാന്റെ നിർദ്ദേശമനുസരിച്ചു രചിച്ചതാണ്. ”സൗജന്യാദിഗുണങ്ങളുടെ നിവാസഭൂമിയായ കടത്തനാട്ടു് ഉദയവർമ്മ ഇളയതമ്പുരാൻതിരുമനസ്സിലെ കല്പന പ്രകാരം നാനാദേശങ്ങളിൽനിന്നും വന്നുചേർന്ന വിദ്വാൻമാരുടെ ഈ സദസ്സു കേമം തന്നെ” എന്നു സൂത്രധാരൻ അതിൽ പ്രസ്താവിച്ചുകാണുന്നു. യയാതിചരിതത്തിനു പിന്നീടെഴുതിയ സുമംഗലീചരിതം അതിനെക്കാൾ നന്നായിട്ടുണ്ട്. നമ്പിക്കു കഥാഘടനത്തിൽ പ്രശംസനീയമായ പാടവമുണ്ടായിരുന്നു എന്നുള്ള വസ്തുതയും ഈ ഘട്ടത്തിൽ അനുസ്മരണീയമാണ്. നമ്പിയുടെ സരളമായ കവിതാരീതി ഗ്രഹിക്കുവാൻ മൂന്നു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

“വല്ലാതുള്ള വലിപ്പമില്ലങ്ങനെ പറഞ്ഞല്ലോ ഭവാനോടുഞാൻ;
പുല്ലാണെന്നു നടിച്ചു ഹന്ത! മനസാ മാന്യൻ മദീയാഗ്രജൻ;
എല്ലാമിന്നു പൊറുത്തിടേണമറിവില്ലാതുള്ള പൈതങ്ങൾതാൻ
വല്ലായ്മക്കൊരുമുക്കിലും ഗുരുജനം മെല്ലെ ക്ഷമിക്കില്ലയോ?”
(കല്യാണസൗഗന്ധികം)

“ഏറ്റം ജോലിയെടുത്തലഞ്ഞിവർ മെഴക്കൊട്ടും പിരട്ടായ്കയാൽ
നാറ്റം തൻമുടിയൊക്കെ നാലു പുറവും പാരിപ്പറപ്പിച്ചഹോ!
ചേറ്റം മെയ്യിലണിഞ്ഞുകൊണ്ടൊരു പഴംപന്നാസ്സതാകംതുണി-
ക്കീറും ചുറ്റി വരുന്നിതീ നില നിരൂപിച്ചാൽ മഹാസങ്കടം.”
(യയാതിചരിതം)

“നാമൂഹിച്ചതു യുക്തമെന്നു സുമതേ! തോന്നുന്നു ദുഷ്ടേറിട്ടു-
ന്നാ മൂന്നാളുകൾ വന്നിടുന്ന സമയം ദൈവേച്ഛയാൽ നിശ്ചയം
ആമൂലാഗ്രമിതാ! വിറച്ചു തനുവിൽപ്പെൺകുട്ടി തങ്കം ഭയാൽ
ധീ മൂർച്ഛിച്ചു വിഷണ്ണയായ്ജ്ജനകനെച്ചാരുന്നു ചാർവംഗിയാൾ.”
(സുമംഗലീചരിതം)

## മണ്ണന്തല നീലകണ്ഠൻമൂസ്സതു് (1043—1121)

### ജീവിതചരിത്രം

നീലകണ്ഠൻമൂസ്സതു കടത്തനാട്ടു കോവിലകങ്ങൾക്കു പടിഞ്ഞാറു മൂന്നു നാഴിക അകലെയുള്ള ഇരിങ്ങണ്ണൂരംശത്തിൽ മണന്തല ഇല്ലത്തു കേശവൻമൂസ്സിന്റേയും തിരുനാവായ കല്പകശ്ശേരി മൂസ്സതിന്റെ മകൾ ശ്രീദേവിമനയമ്മയുടേയും മൂത്ത പുത്രനായി 1043-ാമാണ്ടു ധനുമാസം 9-ാംനു ജനിച്ചു.ബാല്യത്തിൽത്തന്നെ അത്യന്തം മേധാവിയായിരുന്ന തന്റെ മകനെ അച്ഛൻ സംസ്കൃതവിദ്യാഭ്യാസത്തിനായി കിഴക്കേപ്പല്ലത്തു കുഞ്ഞുണ്ണിമൂസ്സതിന്റെ അടുക്കൽ കൊണ്ടുചെന്നാക്കി. അന്നു വെള്ളാനശ്ശേരിയും പുന്നശ്ശേരി നീലകണ്ഠ ശർമ്മാവും അവിടെ വ്യാകരണം പഠിച്ചുകഴിഞ്ഞിരുന്നു. കുറേക്കാലംകൊണ്ടു കാവ്യനാടകാലങ്കാരങ്ങളിലും വ്യാകരണശാസ്ത്രത്തിലും നല്ല അറിവു കിട്ടി. തർക്കശാസ്ത്രവും സാമാന്യമായി അഭ്യസിച്ചു. വൈദ്യം, ജ്യോതിഷം എന്നീ വിദ്യകൾകൂടി നിപുണമായി പഠിക്കുകയും അവകൂടി കാലാന്തരത്തിൽ ജീവികാമാർഗ്ഗങ്ങളാക്കിത്തീർക്കുകയും ചെയ്തു. വിദ്യാഭ്യാസാനന്തരം സ്വഗൃഹത്തിലേയ്ക്കു മടങ്ങി ഏതാനുംകൊല്ലം അവിടെവച്ചു പിപഠിഷുകളെ അലങ്കാരം, തർക്കം, വ്യാകരണം, വൈദ്യം, ജ്യോതിഷം എന്നീ വിഷയങ്ങൾ അഭ്യസിച്ചുകൊണ്ടിരുന്നു. പിന്നീടു കടത്തനാട്ട് ഉദയവർമ്മത്തമ്പുരാന്റേയും മറ്റും ആശ്രിതനായിക്കൂടി. 1077-ാമാണ്ടു തലശ്ശേരി ബ്രന്നൻകോളേജിൽ സംസ്കൃതപണ്ഡിതനായി നിയമിക്കപ്പെട്ടു. അവിടെ വളരെക്കാലം ആ പണി നിർവഹിച്ചതിനുമേൽ വീണ്ടും സ്വഗൃഹത്തിലേക്കു പോയി വൈദ്യവൃത്തിയിൽ ഏർപ്പെട്ടു. 1121-ാമാണ്ടു മേടമാസം 21-ാംനു മരിച്ചു. വൈദ്യരത്നം തൃപ്പങ്ങോട്ടു ശങ്കരൻ മൂസ്സതിന്റെ പുത്രി നങ്ങയ്യ മനയമ്മയെയായിരുന്നു വിവാഹം ചെയ്തിരുന്നത്.

### കൃതികൾ

നീലകണ്ഠൻമൂസ്സതു സംസ്കൃതത്തിലും ഭാഷയിലും ഒട്ടുവളരെ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അധ്യേതാവായിരുന്ന കാലത്ത് എഴുതിയ ഒരു കൃതിയാണ് (1) കുമാരകണ്ഠാഭരണം. സ്വഗൃഹത്തിൽ സംസ്കൃതാധ്യാപകനായിരുന്ന ഘട്ടത്തിൽ (2) നീലകണ്ഠശതകം. (3) ശ്രീരാമപഞ്ജരം, (4) വിജയവിംശതി മുതലായ സ്തോത്രങ്ങളും, (5) ശൃങ്ഗാരശൃങ്ഗകം എന്നൊരു ഖണ്ഡകാവ്യവും രചിച്ചു. കടത്തനാട്ടു താമസിച്ചിരുന്ന കാലത്താണ് സാഹിത്യസാരാവലി എന്നൊരു സംസ്കൃത പത്രിക പ്രചരിപ്പിച്ചത്. അതേ കാലത്തുതന്നെ (6) ശബ്ദ ശാസ്ത്രക്രമം എന്ന ബാലവ്യുൽപത്തികാരകമായ ഒരു ചെറിയ വ്യാകരണഗ്രന്ഥവും, (7) ലഘുകൗമുദീപ്രകാശം എന്ന പേരിൽ ലഘുകൗമുദിക്ക് ഒരു ഭാഷാവ്യാഖ്യാനവുമെഴുതി. ഉദയവർമ്മത്തമ്പുരാനാണ് അദ്ദേഹത്തിന്റെ സാഹിത്യസേവനം ഭാഷയിലേയ്ക്കു തിരിച്ചുവിട്ടത്. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് (8) രാമായണം എന്ന പേരിൽ ഒരാട്ടക്കഥയും, (9) അത്ഭുതരാമായണം ഭാഷാനാടകം, (10) കമലം എന്നൊരു നോവലും ഉണ്ടാക്കി. ബ്രന്നൻകോളേജ് പണ്ഡിതരായിരുന്ന കാലത്തായിരുന്നു. (11) കല്യാണോദയം എന്ന മഹാകാവ്യത്തിന്റേയും, (12) കൃഷ്ണവർമ്മപ്രശസ്തി എന്ന ചമ്പുവിന്റേയും, (13) ഭൈമീഭ്രുപവിജയം എന്ന നാടകത്തിന്റേയും നിർമ്മാണം. അത്ഭുതരാമായണം പൂർത്തിയാക്കിയതും അവിടെ വെച്ചുതന്നെയാണ് കല്യാണോദയത്തിൽ ആകെ എട്ടു സർഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. ഏഴാമത്തേതു ചിത്രസർഗ്ഗമാണ്.കടത്തനാട്ടു പോർളാതിരി കൃഷ്ണവർമ്മത്തമ്പുരാന്റെ ജീവിത ചരിത്രമാണ് ഇതിവൃത്തം. (14) ശാസ്താവിനെപ്പറ്റി ധർമ്മ പ്രശാസ്തൃശതകം എന്നൊരു സ്തോത്രം 1085-ൽ പ്രസിദ്ധീകരിച്ചു. (15) ആരോഗ്യസങ്കേതസങ്ഗ്രഹം, (16) ജാതികല്പം, (17) ഭാരതസാമ്രാജ്യം എന്നീ മൂന്നു കൃതികളും കൂടി അദ്ദേ

ഹത്തിന്റെ വകയായുണ്ട്. ആര്യസങ്കേതസങ്ഗ്രഹം ഹിന്ദു മതതത്ത്വത്തെ അധികരിച്ച രചിച്ചതാണ്. മൂസ്സതിന്റെ സംസ്കൃത കവിതയ്ക്കാണ് ഭാഷാകവിതയെക്കാൾ മെച്ചം. ചില ശ്ലോകങ്ങൾ മാതൃക കാണിക്കുന്നതിനുവേണ്ടി മാത്രം ഉദ്ധരിക്കാം.

"ശ്ലഥനീലവിലോലസാന്ദ്രദീർഘ-
പ്രചുരസ്നിഗ്ദ്ധസുഗന്ധികേശപാശം
ശശിഖണ്ഡവിശേഷഖണ്ഡിഫാലം
സ്ഫുരദിന്ദീവരകർണ്ണികാരനാസം;

സ്മരകാർമ്മുകഹാസിസുന്ദരഭ്രൂ
പ്രഹിതാപാങ്ഗവിലോളിതത്രിലോകം
ധവളസ്മിതഭിന്നശോണദന്ത-
ച്ഛദശോഭാജിതഹീരപദ്മരാഗം;

കചകുംഭവിനിർജ്ജിതേന്ദ്രകുംഭി-
പ്രഭുകുംഭം സുഭുജാലതാഭിരാമം
സുഭഗോദരരാജിരോമരാജീ-
ഗുണസംസൂചിതയൗവനപ്രകാശം."

(ധർമ്മപ്രശാസ്തൃശതകം; വിഷ്ണുമായാവതരണം)

"കാന്തേ! നിൻ കേശപാശത്തൊടു പടപൊരുതും
കാളമേഘങ്ങൾ പോയീ
സന്തസ്താപം തവാസ്യപ്രഭയുടെ ഗുണമോ-
ർത്തുല്ലസിക്കുന്നു ചന്ദ്രൻ
ചിന്തും നൈർമ്മല്യമൂലം നദികളുമധുനാ
നിന്മനംപോലെയായീ
പണ്ടൊക്കും കൊങ്കയാളേ! ശരദൃതുസമയം
വന്നതോർക്കുന്നതുണ്ടോ?"

(അത്ഭുതരാമായണം)

## എം. കുഞ്ഞൻവാരിയർ (1047—1118)

### ജനനവും വിദ്യാഭ്യാസവും

തെക്കേ മലബാറിൽ പൊന്നാനിത്താലൂക്ക മേഴത്തൂരംശത്തിൽ മങ്കുളങ്ങര എന്ന ദേശത്തു മങ്കുളങ്ങര പടിഞ്ഞാറേ വാരിയത്തായിരുന്നു കുഞ്ഞൻവാരിയരുടെ ജനനം. തറവാടിന്റെ പഴയ പേർ മാരായമംഗലം എന്നാണ്. 1047 ഇടവമാസത്തിൽ പുണർതംനാളിലാണ് ജനനം. തൃത്താല ക്ഷേത്രത്തിൽനിന്നു തെക്കോട്ടു ഗുരുവായൂർക്കുപോകുന്ന നിരത്തിൽക്കൂടി ഒരു നാഴിക ചെന്നാൽ മങ്കുളങ്ങരയായി. മാതാവ് മാധവിവാരസ്യാരും പിതാവ് ഇരട്ട ഇല്ലത്തെ ഒരു നമ്പൂരിയുമായിരുന്നു. ആ നമ്പൂരിയുടെ പൂർവന്മാരിൽ ഒരാൾക്കു ശുചീന്ദ്രപ്രത്യയത്തിനു വിധേയനായി രണ്ടു കൈയും തിളയ്ക്കുന്ന എണ്ണയിൽ മുക്കേണ്ടിവന്നു. ആ വഴിക്കാണ് ഇരട്ട എന്ന സംജ്ഞയുടെ ആഗമം. കുഞ്ഞൻവാരിയരുടെ യഥാർത്ഥനാമധേയം ഉഴുത്തിരൻ (രുദ്രദാസൻ) എന്നായിരുന്നു. മങ്കുളങ്ങര വാരിയത്തുനിന്നു സുമാർ ഒന്നര നാഴിക തെക്കു പടിഞ്ഞാറായി വൈദ്യമഠം എന്നൊരു സുപ്രസിദ്ധമായ വൈദ്യഗൃഹമുണ്ട്. ആ ഇല്ലക്കാർ അഷ്ടവൈദ്യന്മാരുടെ കൂട്ടത്തിൽ പെട്ടവരല്ലെങ്കിലും അവരെപ്പോലെതന്നെ

ആയുർവേദ ചികിത്സയിൽ വിഖ്യാതന്മാരാണ്. ആ ഇല്ലത്തിലാണ് കുഞ്ഞൻവാരിയർ സംസ്കൃതവും വൈദ്യവും പഠിച്ചതു്. ആ വസ്തുത ദേവീസ്തവമാലികയിൽ കവിതന്നെ അധോലിഖിതമായ് പദ്യത്തിൽ വെളിപ്പെടുത്തീട്ടുണ്ട്.

> "ശ്രീമാടഭൂമീശപദോപസേവീ
> ശിഷ്യോ വിഭോർവൈദ്യമഠദ്വിജസ്യ
> എം. കുഞ്ഞനാമാ വിതനോതി ദേവീ-
> സ്തവാഖ്യമാലാമിഹ രുദ്രദാസഃ."

വിദ്യാഭ്യാസം കഴിഞ്ഞു് ഒരു കൊല്ലം ശുകപുരത്തു ദക്ഷിണമൂർത്തിയെ ഭജിച്ചു. ഗുരൂപദേശത്തിനുപുറമേ ഗ്രന്ഥപാരായണം കൊണ്ടും സംസ്കൃതത്തിൽ ദൃഢമായ വ്യുൽപത്തി സമ്പാദിച്ചതിനു പുറമേ സമർത്ഥനായ ഒരു വൈദ്യനെന്നും പേരു കേൾപ്പിച്ചു.

## അനന്തരജീവിതം

അനന്തരം വാരിയർ കൊച്ചി രാജകുടുംബത്തിലെ ഒരു രാജകുമാരനെ സംസ്കൃതം പഠിപ്പിക്കുന്നതിനു നിയുക്തനായി തൃപ്പൂണിത്തുറ താമസം തുടങ്ങി. അവിടെ വച്ച് ഇക്കണ്ടത്തു കുഞ്ഞൻ വാരിയരുടെ അടുക്കൽനിന്നു തർക്ക ശാസ്ത്രം പഠിച്ചു. പിന്നീട് അക്കാലത്തു കലക്ടരായിരുന്ന കോഴിക്കോട്ടു മാനവേദൻരാജാവിന്റെ പ്രഥമപുത്രനായ മുള്ളത്തു വിക്കരവെള്ളോടിയെ ബാലപാഠങ്ങൾ പഠിപ്പിക്കുന്നതിനു വേണ്ടി ആ രാജാവിന്റെ ഗൃഹത്തിൽ ഒരു കൊല്ലം കഴിച്ചുകൂട്ടി. വീണ്ടും തൃപ്പൂണിത്തുറയ്ക്കു പോയി അവിടത്തെ ഹൈസ്കൂളിൽ സംസ്കൃതപണ്ഡിതനായി. അതിനുമേൽ ഇരിങ്ങാലക്കുട, ഒല്ലൂർ, കുന്നംകുളം എന്നീ ഹൈസ്കൂളുകളിലും അതേ പണി നോക്കി. അങ്ങനെ പതിനാറു കൊല്ലത്തിനുമേൽ സർക്കാർസേവനം അനുഷ്ഠിച്ച് ഒടുവിൽ അനാരോഗ്യംമൂലം 55 വയസ്സു തികയുന്നതിനുമുൻപുതന്നെ ജോലിയിൽനിന്നു പിരിഞ്ഞു. കാലക്ഷേപത്തിനുവേണ്ടി വീണ്ടും വൈദ്യവൃത്തിയിൽത്തന്നെ ഏർപ്പെട്ടു. ആദ്യം ചെറുതുരുത്തി ആയുർവേദവൈദ്യശാലയിൽ കുറേക്കാലം പണി നോക്കി; പിന്നീടു കോഴിക്കോട്ട് ആര്യവൈദ്യശാലയിലും പത്തു കൊല്ലത്തിലധികം പ്രവൃത്തിയെടുത്തു. ഒടുവിൽ സ്വദേശമായ തൃത്താലയിൽത്തന്നെ ഒരു വൈദ്യശാല സ്ഥാപിച്ചു വൈദ്യവൃത്തി നടത്തി. തൃപ്പൂണിത്തുറെ കൂടെക്കൂടെ പോകുകയും അവിടത്തെ തമ്പുരാക്കന്മാരുടെ വാത്സല്യപൂർവമായ സംസർഗ്ഗത്തിനു പാത്രീഭവിക്കുകയും ചെയ്തിരുന്നു. ശാലീനനും സഹൃദയധുരീണനും സംഭാഷണചതുരനുമായ അദ്ദേഹത്തിനു പരിചിതന്മാരെല്ലാം സുഹൃത്തുക്കളായിരുന്നു. 1118-ാമാണ്ടു വൃശ്ചികമാസം 14-ാംനു ഹൃദയസ്തംഭനംമൂലം യശശ്ശരീരനായി.

കുഞ്ഞൻവാരിയരുടെ ആദ്യത്തെ ഭാര്യ കരിമ്പുഴ പുതിയ വാര്യത്തു കുട്ടിവാരസ്യാരായിരുന്നു. കുറേക്കാലം കഴിഞ്ഞു ആ സംബന്ധം വേർപെടുത്തിക്കൊണ്ടു ഗുരുവായൂർ വടക്കേപ്പാട്ടുവാരിയത്തെ അമ്മുക്കുട്ടിവാരസ്യാരെ വിവാഹം ചെയ്തു. ആ ദാമ്പത്യവും വിച്ഛിന്നമായി. മൂന്നാമത്തെ ഭാര്യ പാലക്കാട്ടുതാലൂക്കിൽ കോങ്ങാടിനടുത്തുള്ള മുണ്ടൂർ വാരിയത്തു പാറുക്കുട്ടിവാരസ്യാരായിരുന്നു. ആ സ്ത്രീ വസൂരിയിൽ മരിച്ചതിനുമേൽ ദാരസംഗ്രഹം ചെയ്തില്ല.

## കൃതികൾ

കുഞ്ഞൻവാരിയർ സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ അക്ലിഷ്ടമധുരങ്ങളായ അനേകം കൃതികൾ രചിച്ചിട്ടുണ്ട്. ഭാഷാകവനത്തിൽ അദ്ദേഹത്തിനു പ്രശസ്യമായ

പാടവമുണ്ടായിരുന്നു. അതു സ്വതന്ത്രകാവ്യങ്ങളിലും വിവർത്തിതകാവ്യങ്ങളിലും അദ്ദേഹം സമസ്ഥിയിൽത്തന്നെ പ്രകടീകരിച്ചിട്ടുണ്ട്. സംസ്കൃതത്തിൽ അദ്ദേഹത്തിന്റെ പ്രധാന കൃതികൾ (1) ശ്രീരാമവർമ്മവിജയം കാവ്യമാണ്. (2) ദേവീസ്തവമാലിക എന്നും ആ ഭാഷയിൽ അദ്ദേഹം മേഴത്തോളംശത്തിലുള്ള കോടനാട്ടുമനയ്ക്കൽ പ്രതിഷ്ഠിതയായ കൊടിക്കുന്നത്തു ഭഗവതിയെപ്പറ്റി ഒരു സ്തോത്രം നിർമ്മിച്ചിട്ടുണ്ട്. 1086-ലാണ് ആ സ്തോത്രത്തിന്റെ പ്രസിദ്ധീകരണം. അത് അദ്ദേഹം കുന്നംകുളം ഹൈസ്കൂളിൽ പണ്ഡിതനായിരിക്കുമ്പോളായിരുന്നു. 1105-ാമാണ്ടിടയ്ക്കാണ് ശ്രീരാമവർമ്മവിജയം അച്ചടിപ്പിച്ചതു്. (3) ഒടുവിലത്തെ കൃതിയായ മാന വേദചമ്പുവിന്റെ ഭാഷാനുവാദം 1115-ൽ പ്രസിദ്ധപ്പെടുത്തി. (4) 1109-ലാണ് അദ്ദേഹത്തിന്റെ സ്വതന്ത്ര ഭാഷാകാവ്യങ്ങളിൽ മുഖ്യമായ ദക്ഷിണയാത്രയുടെ പ്രകാശനം, ഇവ കൂടാതെ, (5) ജനകോപദേശം, (6) ഒരു പ്രാർത്ഥന, (7) ഷഷ്ടിപൂർത്തി ഗാഥ, (8) ബാലകൃഷ്ണസങ്കീർത്തനം (കർണ്ണപർവരീതി), (9) വിശ്വംഭരവിലാസം, (10) കൊച്ചിക്കുള്ള മെച്ചം, (11) കനക ധ്വജോത്സവം ഓട്ടൻതുള്ളൽ, (12) ആര്യവൈദ്യശാലാജൂബിലിവിജയം, (13) ശ്രീമാന്ധാതൃശൈലേശ്വരീസ്തവം, (14) മുക്തിസ്ഥലവിലാസം, (15) ഉത്തരയാത്ര, (16) ശ്രീരാമഹരി എന്നീ കൃതികളും അദ്ദേഹത്തിന്റെ വാങ്മയങ്ങളിൽ ഉൾപ്പെടുന്നു. ഒരു പിതാവു പുത്രിക്കു നല്കുന്ന ഉപദേശങ്ങളാണ് ജനകോപദേശം. സദാചാരപരമായ ഈ ഗ്രന്ഥത്തിനും അസാന്മാർഗ്ഗികങ്ങളായ വെണ്മണിയുടേയും മറ്റും അംബോപദേശങ്ങൾക്കും തമ്മിൽ പകലും രാവും പോലെയുള്ള അന്തരമുണ്ട്. കൊച്ചി ഇക്കുഅമ്മത്തമ്പുരാട്ടിയുടെ ഷഷ്ടിപൂർത്തിയാണ് ഷഷ്ടിപൂർത്തിഗാഥയിലെ വിഷയം. ബാലകൃഷ്ണസങ്കീർത്തനത്തിലും വിശ്വംഭരവിലാസത്തിലും ഗുരുവായൂരപ്പനെ സ്തോത്രംചെയ്യുന്നു. വിശ്വംഭരവിലാസം ഗീതിവൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു ശതകമാണെന്നു മാത്രമേ വ്യത്യാസമുള്ളു. മാന്ധാതൃശൈലേശ്വരി തിരുമാന്ധാംകുന്നിലെ ദേവിയാണ്. മുക്തിസ്ഥലവിലാസത്തിൽ കവി മൂക്കോല ഭഗവതിയുടെ അപദാനങ്ങളെ വർണ്ണിക്കുന്നു. കനകധ്വജോത്സവം തൃപ്പൂണിത്തുറക്ഷേത്രത്തിൽ സ്വർണ്ണധ്വജം സ്ഥാപിച്ച അവസരത്തിൽ എഴുതിയതാണ്. ഉത്തരയാത്ര കൊച്ചി മഹാരാജാവിന്റെ ഉത്തരദേശസഞ്ചാരത്തെ വിഷയീകരിച്ചുള്ള ഒരു കൃതിയാകുന്നു. ഇനി മൂന്നുനാലു പ്രധാന കൃതികളെക്കുറിച്ചു സ്വല്പം വിസ്തരിക്കാം.

## ശ്രീരാമവർമ്മവിജയം

ഇതു പത്തു സർഗ്ഗങ്ങളിൽ കൊച്ചി രാജർഷി രാമവർമ്മമഹാരാജാവിന്റെ അപദാനങ്ങളെ വർണ്ണിക്കുന്ന ഒരു മനോഹരമായ മഹാകാവ്യമാണ്. അവിടത്തെ ഷഷ്ട്യബ്ദപൂർത്തിവരെ
യുള്ള ജീവിതചരിത്രം ഈ കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ചില ശ്ലോകങ്ങൾ നോക്കുക.

> "യസ്യാസ്തു മധ്യേധികമുന്നതാഗ്രോ
> ജാഗർത്തി ഘണ്ടാഞ്ചിതസൗധ ഏകഃ
> യേന സ്വനാദൈർദ്ദിവിഷജ്ജനോപി
> വിജ്ഞപ്യതേ കാലകലാവിഭാഗാൻ."

(പ്രഥമസർഗ്ഗം)

> "യത്രാങ്ഗനാനാം നവരൂപലക്ഷ്മീ-
> ർന്നിത്യം ഹരത്യാശു മനാംസി യൂനാം

ആസാം തു ചേതാംസി വിധൂതപാപാ
പൂർണ്ണത്രയീശാംഘ്രിസരോജഭക്തിഃ."

(പ്രഥമസർഗ്ഗം)

"കാഞ്ചിൽ പുനഃ സ്വജനനീകരുണാകടാക്ഷ-
പാത്രായിതാമിഹ ചിരാജ്ജരഠാഞ്ച ശുദ്ധ്രീം
ആനായ്യമാതരമിവൈവ കൃതാദരോസൗ
ഗംഗാക്ഷമാല്യപരിപൂതതനും വ്യതാനീൽ."

(ഷഷ്ഠസർഗ്ഗം)

## ദക്ഷിണയാത്ര

ദക്ഷിണയാത്രയിൽ വിവിധവൃത്തങ്ങളിലായി 415 ശ്ലോകങ്ങൾ അടങ്ങീട്ടുണ്ട്. കവി പാളയംകോട്ട, മധുര, സേതു, രാമേശ്വരം, ശുചീന്ദ്രം, കന്യാകുമാരി, തിരുവനന്തപുരം, കൊച്ചി, ഇരിങ്ങാലക്കുട, ഗുരുവായൂർ മുതലായ സ്ഥലങ്ങളെ വർണ്ണിക്കുകയും അവിടങ്ങളിലെ ദേവന്മാരെ വന്ദിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ചില കവികളെ സന്ദർശിച്ച വിവരവും പ്രസ്താവിച്ചിട്ടുണ്ട്. ചില ശ്ലോകങ്ങൾ പകർത്തി ഈ കൃതിയേയും അനുവാചകന്മാർക്ക പരിചയപ്പെടുത്തേണ്ടതുണ്ട്.

"വഴിയിലിരുപുറത്തും നില്പൊരാ വേപ്പവൃക്ഷ-
ച്ചുടയുടെ ഹരിതശ്രീവർണ്ണകാന്തിപ്രകർഷം
ചരമരവിമയൂഖം തട്ടി മിന്നുന്നനേര-
ത്തതുലരുചി വളർത്തും കാഴ്ചയൊന്നെത്ര രമ്യം!"

"ഇത്തിരുമുടിയും തിലകവുമിത്തിരിയോർക്കിൽസ്സിഖം തരും മിഴിയും
കത്തിയ തീയെതിരാം മൂക്കുത്തിയൊഴുക്കും ശുഭപ്രഭാതധരിയും
വഞ്ചിതഹരമതിധൃതി പുതുപുഞ്ചിരിയും പൂർണ്ണചന്ദ്രസാദൃശ്യം
തഞ്ചിന തിരുമുഖവും പരമഞ്ചിത സൗഭാഗ്യകാന്തികന്ധരയും
പൊങ്ങിടുമിരുമലകൾക്കിട തിങ്ങിയുദിക്കും നവാർക്കബിംബമുടൻ
മങ്ങിടുമാറു കുചാന്തേ തങ്ങിലസിക്കും പതക്കരത്നമിതും

ആലോലവരണമാലാലീലോദഞ്ചൽകരാഞ്ചലപ്രഭയും
മാലോടു കുപ്പുവോരെത്താലോലിപ്പോരഭീതിമുദ്രികയും."

(കന്യാകുമാരീശ്വരീകേശാദിപാദം)

"അങ്ങോട്ടു പോകുമ്പൊഴുതെന്റെ പെട്ടി
സൂക്ഷിച്ചൊരാ വിപ്രഗൃഹം തദാനീം
പൂട്ടിക്കിടക്കുന്നു; വഴിയ്ക്കുനിന്നു
മോട്ടാർ വിളിക്കുന്നു; കുഴക്കിലായ് ഞാൻ."

## ജനകോപദേശം

ഇതിൽ 106 നല്ല ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നു. അവയിൽ രണ്ടെണ്ണം താഴെച്ചേർക്കാം.

"ഞാനോ മദീയവധുവിന്നറിവുള്ളതെങ്കി-
ലേനോനിവൃത്തി വരുവാനതുലപ്രയത്നം
മാനോന്നതിച്ഛയൊടു ചെയ്തു ചിരം; ഫലാപ്തി-
ഹീനോദ്യമത്വമതിലേറ്റധികം വിഷണ്ണൻ."

"ചേലഞ്ചുമാറിതുവിധം ശിഖയെ സ്തുതിച്ചും
നാലഞ്ചു നാളിനകമേ തുലയുന്ന ദേഹം

മാലങ്കരിക്കുമൊരുദിർന്നിലമെന്നുറച്ചും
കാലം കഴിക്കു മകളേ! പുകളേറെയുണ്ടാം."

## കൃഷ്ണാട്ടം

മാനവേദകൃതി മലയാളത്തിൽ തർജ്ജമ ചെയ്ക എന്നുള്ളതു സാമാന്യകവികളെക്കൊണ്ട് ഒരു പ്രകാരത്തിലും സാധ്യമല്ല. കുഞ്ഞൻവാരിയരുടെ ഈ കൃതിക്കു മറ്റേതു വിവർത്തിതഗ്രന്ഥങ്ങളോടും കിടനില്ക്കുവാൻവേണ്ട ഗുണ പൗഷ്കല്യമുണ്ട്. ചില ശ്ലോകങ്ങൾ പരിശോധിക്കുക.

"വീര്യത്താൽ സർവശത്രുക്ഷിതിപരെ വിജയി-
ച്ചുള്ളൊരാരാ വിക്രമോർവീ-
പാലൻതൻ ഭാഗിനേയൻ ഹരികഥയിൽ മന-
സ്സാണ്ടൊരീ മാനവേദൻ
വർണ്ണിച്ചീടുന്നു വൃഷ്ണീശ്വരനുടെ ചരിതം
വിശ്വതാപം ഹരിപ്പാൻ
വിണ്ണോർഭാഷാപദംകൊണ്ടിതിൽ വിബുധജനം
തുഷ്ടിയേല്ക്കട്ടെ നിത്യം."

"ഗോപാലർ തന്ന പുതുവെണ്ണ കരത്തിലേന്തി-
ക്കണ്ഠത്തിലപ്പുലിനഖാഭവിഭൂഷ ചാർത്തി
തെല്ലങ്കരിച്ച ചെറുപല്ലണിയും മുഖത്തു
മന്ദസ്മിതം പൊടിയുമങ്ങയെ ഞാൻ തൊഴുന്നേൻ."

"സ്മരാസ്ത്രംകൊണ്ടേറ്റം പരവശത പൂണ്ടന്യവധുവിൻ
ഭുജാകാണ്ഡം ഭോഗിപ്രവരസുഭഗം തൻഗളതലേ
ദൃഢം ചുറ്റി; പോകാൻ തുടരുമസുവായുക്കളെയുടൻ
പണിപ്പെട്ടും നിർത്തുന്നതിനു മുതിരുന്നെന്നതുവിധം."

ഈ ശ്ലോകങ്ങൾപോലെതന്നെ പ്രസ്തുതകൃതിയിലെ ഗീതങ്ങളും ഹൃദയംഗമങ്ങളാണ്.

## കെ. സി. നാരായണൻനമ്പിയാർ (1048—1097)

### ജനനം

വാസനാസമ്പന്നനായ നിമിഷകവി, ഫലിതമൂർത്തിയായ ഗദ്യകാരൻ, സരസനായ വാഗ്മി, ഊർജ്ജസ്വലനായ പത്രപ്രവർത്തകൻ, പരോപകാരിയായ സമുദായസേവകൻ എന്നിങ്ങനെ പല കക്ഷ്യകളിൽ പ്രഖ്യാതനായിരുന്ന ഇരുവനാട്ടു

കെ. സി. നാരായണൻനമ്പിയാ

രെപ്പറ്റി കേട്ടിട്ടില്ലാത്ത ഭാഷാഭിമാനികൾ ഉണ്ടായിരിക്കയില്ല. വടക്കേ മലബാറിൽ മയ്യഴിപ്പുഴയ്ക്കു ഇടത്തും വലത്തുമായി കിടക്കുന്ന രണ്ടു ദേശങ്ങളാണ് കടത്തനാട്ടും ഇരുവനാട്ടും. ഒരുകാലത്ത് ഇവയിൽ രണ്ടാമത്തെ നാട്ട് ഇരുവനാട്ടു നമ്പിയാരന്മാർ എന്ന പ്രഭുക്കന്മാരാൽ ഭരിക്കപ്പെട്ടുവന്നിരുന്നു. അവരിൽ ഒരു ശാഖയിൽപ്പെട്ടവരാണ് 'കുറ്റേരി കേളോത്ത് അച്ഛൻ' എന്ന സ്ഥാനപ്പേരോടു കൂടിയ നാലുവീട്ടുനമ്പിയാരന്മാർ. കെ.സി. നാരായണൻ നമ്പിയാർ ഈ നാലുവീടുകളിൽ ഒന്നായ കുന്നിന്മേൽത്തറവാട്ടിലെ ഒരംഗമായിരുന്നു. ധനാഢ്യമായിരുന്ന ആ കുടുംബം 1048-ൽ മരിച്ച ഒരു കാരണവന്റെ സ്വജനദ്രോഹം നിമിത്തം പൊട്ടിപ്പുറപ്പെട്ട സിവിൽവ്യവഹാരത്തിന്റെ ഫലമായി അത്യന്തം ശോചനീയമായ ദാരിദ്ര്യദുഃഖത്തിൽ അധഃപതിച്ചു. ആയിടയ്ക്ക് 1048-ാമാണ്ടു കർക്കടകമാസത്തിലെ അനിഴംനാളിലായിരുന്നു നമ്പിയാരുടെ ജനനം. കുന്നിന്മേൽഭവനത്തിലെ സ്ത്രീകളെ ഓരോ കാലത്തു കടത്തനാട്ടു രാജാക്കന്മാരിൽ പലരും പരിഗ്രഹിച്ചിട്ടുണ്ട്. നമ്പിയാരുടെ മുത്തശ്ശിയുടെ അച്ഛൻ 1007-ൽ തീപ്പെട്ട കടത്തനാട്ടു തമ്പുരാനായിരുന്നു. 1055-ാമാണ്ടു വൃശ്ചികമാസത്തിൽ ഇളമസ്ഥനത്തിൽ ഇരുന്നു തീപ്പെട്ട ശങ്കരവർമ്മത്തമ്പുരാനായിരുന്നു അമ്മയുടെ അച്ഛൻ. ആ തമ്പുരാന്റെ പ്രഥമപുത്രിയായിരുന്ന പാർവതിയമ്മയെ 1058-ൽ മരിച്ച ആയഞ്ചേരിക്കോവിലകത്തു മൂന്നാംമുറ രാമവർമ്മതമ്പുരാൻ വിവാഹംചെയ്തു. അദ്ദേഹം അക്കാലത്തെ ഒരു പ്രസിദ്ധനായ ദൈവജ്ഞനായിരുന്നു. അവരുടെ നാലാമത്തെ മകനായ കെ.സി. ശങ്കരവർമ്മത്തമ്പുരാൻ സമ്പാദിച്ചു കൊടുത്ത വസ്തുക്കളിൽനിന്നുള്ള ആദയംകൊണ്ടായിരുന്നു പ്രയേണ കുന്നിന്മേൽക്കാരുടെ കാലക്ഷേപം. ആ ഭവനത്തിനു സ്വല്പം തെക്കുള്ള പുലിക്കോട്ടുമഠം എന്ന ഗൃഹത്തിലാണ് നമ്പിയാർ ജനിച്ചത്. കടത്തനാട്ട് ഇളമസ്ഥാനക്കാർക്ക് പുറമേരി എന്നൊരു കോവിലകമുണ്ട്. ശങ്കരവർമ്മത്തമ്പുരാന് സുമുഖനും ഓജസ്വിയുമായ ദൗഹിത്രന്റെ പേരിൽ അപാരമായ വാത്സല്യമുണ്ടായിരുന്നതിനാൽ പുറമേരിയിൽത്തന്നെയാണ് നമ്മുടെ കവി വളർന്നത്.

## വിദ്യാഭ്യാസം

നമ്പിയാരുടെ പതിനൊന്നാമത്തെ വയസ്സിൽ അച്ഛൻ മരിച്ചു. ഗുരുമുഖത്തുനിന്ന് വളരെയൊന്നും ഗ്രഹിക്കുവാൻ അതിനുമുൻപും അതിൽപ്പിന്നീടും അദ്ദേഹത്തിന് ഇടവന്നില്ല. കീഴലിൽവളപ്പിൽ ചക്രപാണിവാരിയർ എന്ന ഒരു ജ്യോത്സ്യനാണ് എഴുത്തിനിരുത്തിയത്. മുത്തച്ഛൻ മരിച്ചതിനുമേൽ അച്ഛൻ സ്വല്പകാലം ഒറ്റമലക്കോവിലകത്തും അതിൽപ്പിന്നീട് ആറോട്ടുമഠത്തിലും താമസമാക്കി. എട്ടാമത്തെ വയസ്സിൽ കോളിയോട്ടു മാധവവാരിയരുടെ അടുക്കൽ ഗണാഷ്ടകം പഠിച്ചു. അന്നുതന്നെ കവിതയിൽ ഭ്രമം തുടങ്ങി.

> "ആനത്തലവനായുള്ള ഗണനാഥനു വന്ദനം;
> അവലിങ്ങു നിവേദിക്കാം കവിതയ്ക്കു തുണയ്ക്കണം."

എന്നും മറ്റും ചില നാല്ക്കാലികൾ കത്തിക്കുറിച്ചു. അത് ഒൻപതാമത്തെ വയസ്സിലാണ്. അക്കാലത്തുതന്നെ ഗണാഷ്ടകത്തെ അനുകരിച്ച് ഒരു നാണാഷ്ടകം ഉണ്ടാക്കി.

> "മുത്തശ്ശിക്കുള്ള വാത്സല്യമത്രയും നാണനപ്പയിൽ
> അത്ര മറ്റാരിലും നാസ്തി പുത്രന്മാരെന്നിരിക്കിലും.

അമ്മയ്ക്കും കുഞ്ഞിയമ്മയ്ക്കുമമ്മാവന്മാർക്കുമങ്ങിനെ
സമ്മതം സകലന്മർക്കും സമ്മാനങ്ങളുമങ്ങിനെ."

ഈ രണ്ടു ശ്ലോകങ്ങളും അതിലുള്ളതാണ്. അച്ഛന്ന മകനെ ഗണിതം പഠിപ്പിക്കണമെന്നാഗ്രഹമുണ്ടായിരുന്നുവെങ്കിലും അതു ഫലിച്ചില്ല. ഇംഗ്ലീഷിലും അപ്പർ പ്രൈമറിക്ലാസ്സുവരെയേ പഠിച്ചുള്ളൂ. ഭാഗ്യശാൽ ഭാഷാപോഷണവ്യഗ്രനായ കടത്തനാട്ടു് ഉദയവർമ്മ ഇളയതമ്പുരാന്റെ ദയാദൃഷ്ടി അക്കാലത്തു് ആ ബാലനിൽ പതിഞ്ഞു. ആ തമ്പുരാന്റേയും അദ്ദേഹത്തിന്റെ ആശ്രിതന്മാരായ പണ്ഡിതന്മാരുടേയും കവികളുടേയും സാഹചര്യംകൊണ്ടു് ഒരുമാതിരി ലോകവ്യുൽപത്തി നേടുന്നതിനും കാവ്യാധ്വാവിൽ സ്വച്ഛന്ദം സഞ്ചാരംചെയ്യുന്നതിനും സാധിച്ചു. കവി തന്റെ ബാല്യകാലസ്മരണകളിൽ ഇങ്ങനെ പറയുന്നു: "പ്രൈമർ ഏതാണ്ടു മുഴുവനേ പഠിച്ചു. പക്ഷേ ഒന്നുകൂടി അധികം പഠിച്ചിട്ടുണ്ടു്. അതു മറ്റൊന്നുമല്ല. പഠിക്കുംതോറും മറന്നുകളവാൻമാത്രമാണ്." തന്റെ അക്കാലത്തെ വിദ്യാഭ്യാസത്തെക്കുറിച്ചു കന്യാകുമാരീപ്രാർത്ഥനയിൽ താഴെച്ചേർക്കുന്ന പ്രസ്താവനയും കാണ്മാനുണ്ടു്.

"അച്ഛിന്നകീർത്തി കലരുന്ന കടത്തനാട്ടു-
ള്ളച്ഛൻ മദീയനവനീപതി രാമവർമ്മൻ
സ്വച്ഛന്ദമദ്രിവി ഗമിച്ചൊരു കാലമീ ഞാൻ
കൊച്ചൻ മഹാമടിയനിപ്പൊഴുമല്പലാക്ഷി!

എന്നാലുമമ്മയുടെ ചാരുകൃപാവിശേഷാൽ
തന്നാലെതന്നെ മലയാളമതും പഠിച്ചു;
പിന്നാലെ നല്ലുദയവർമ്മനൃപാലകന്റെ
പിന്നാലെ കൂടിയൊരുമാതിരിയാക്കിവച്ചു."

"മാതൃപ്രിയം മനസി കണ്ടതുകാലമെന്റെ
പൈതൃഷ്വസേയനുദയക്ഷിതിപാലകേന്ദ്രൻ
ദാതൃത്വമോടിവനു വിദ്യ വിളിച്ചുതന്നു
ധാതൃപ്രതാപമതുമിത്തിരിയസ്തമിച്ചു."

എന്നു ഗോകർണ്ണപ്രാർത്ഥനയിലെ ഒരു ശ്ലോകത്തിലും ആ വസ്തുതയുടെ സൂചനയുണ്ടു്.

## ഉദയവർമ്മത്തമ്പുരാനും കുട്ടാളി കുഞ്ഞിക്കമ്മാരൻനമ്പിയാരും

ഉദയവർമ്മത്തമ്പുരാൻ 1065-ൽ നമ്പിയാരെക്കൊണ്ടു് ഒരു മുദ്രാലയം വാങ്ങിച്ചു് അതിൽനിന്നു് 1066-ൽ ജനരഞ്ജിനി എന്ന പേരിൽ ഒരു പത്രം പുറപ്പെടുവിച്ച വിവരം ഞാൻ മറ്റൊരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ക്ഷണത്തിൽ നമ്പിയാർ. തമ്പുരാന്റെ ബഹിശ്ചരപ്രാണനായിത്തീർന്നു. അഞ്ചുകൊല്ലത്തോളം കാലം ആ മാസിക നല്ല നിലയിൽ നടന്നു. ആയിടയ്ക്കു് ഒന്നരമാസത്തോളംകാലം ചണ്ഡമാരുതാചാര്യരുടെ അടുക്കൽ തർക്കസംഗ്രഹം വായിച്ചു. ഉടനേ അതു തർജ്ജമ ചെയ്യുവാനുള്ള തിടുക്കമായി. അങ്ങനെ ആ ഉത്സാഹവും അവസാനിച്ചു. ആ കാലഘട്ടത്തിൽത്തന്നെ തമ്പുരാൻ നമ്പിയാരെ തന്റെ കോവിലകത്തെ പ്രധാനകാര്യസ്ഥനായി നിയമിച്ചു. തന്റെ കാശിയാത്രയിൽ കൂടെക്കൊണ്ടുപോയി. കവനോദയം എന്ന പത്രഗ്രന്ഥം ആരംഭിച്ചപ്പോൾ അതിന്റേയും സൂത്രധാരത്വം വഹിപ്പിച്ചു. അങ്ങനെ

1082-ൽ ആ പുണ്യശ്ലോകൻ അന്തരിക്കുന്നതുവരെ അദ്ദേഹത്തിന്റെ സന്തതസഹചാരിയായി കാലയാപനം ചെയ്തു. നമ്പിയാർക്കും തമ്പുരാന്റെ പേരിലുള്ള ഭക്തിക്ക് അതിരുണ്ടായിരുന്നില്ല.

> "സത്സാഹിതീവിദിതചിത്രചരിത്രനായ
> മത്സ്വാമിയാമുദയവർമ്മമഹീമഹേന്ദ്രൻ"

എന്നും മറ്റും അദ്ദേഹത്തെ പല അവസരങ്ങളിലും പുകഴ്ത്തിയിട്ടുള്ളതിനു പുറമേ പ്രതാപരുദ്രീയത്തിന്റെ രീതിപിടിച്ച് ഉദയാലങ്കാരം എന്ന പേരിൽ ഒരലങ്കാരഗ്രന്ഥവും കവനോദയത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങി. അതു സംപൂർണ്ണമായിട്ടില്ല. ഇരുവനാട്ടു ചന്ത്രോത്തുതറവാട്ട് ഇരുവനാട്ടു പ്രഭുകുടുംബത്തിലെ നാലു വീടുകളിൽ ഒന്നാണ്. ആ തറവാട്ടിലെ ഒടുവിലത്തെ കാരണവനായിരുന്ന കുഞ്ഞിച്ചന്തുനമ്പിയാർ നമ്മുടെ കവിയെ സ്വന്തം അനന്തരവനെയെന്നപോലെ സ്നേഹിക്കുകയും സ്വകുടുംബത്തിലേക്കു ദത്തെടുത്തു മാലിഖാനയെസ്സംബന്ധിച്ചുള്ള അവകാശം നല്കുകയും ചെയ്യണമെന്നു നിശ്ചയിച്ച് ഒരു ദാനപ്രമാണം എഴുതി; എന്നാൽ അതു രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് അദ്ദേഹം അന്തരിച്ചുപോയി. ആ വഴിക്കാണ് കുന്നിന്മേൽ നാരായണൻ നമ്പിയാർ കുന്നിന്മേൽചന്ത്രോത്തു (കെ.സി.) നാരായണനമ്പിയാരായതു്. കുഞ്ഞിച്ചന്തുനമ്പിയാർ മരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ദ്വിതീയപുത്രൻ ചന്ത്രോത്തു കൂടാളി താഴത്തുവീട്ടിൽ കുഞ്ഞിക്കമ്മാരൻനമ്പിയാരുമായുള്ള സൗഭ്രാത്രനിർവിശേഷമായ സൗഹാർദ്ദം കവിയുടെ നിര്യാണം വരെ അഭംഗുരമായി നിലനിന്നു. പലതരത്തിലുള്ള സാഹായങ്ങളും അദ്ദേഹം കവിക്കു നല്കുകയുണ്ടായി.

## അനന്തരജീവിതം

ഉദയവർമ്മത്തമ്പുരാൻ മരിച്ചതിനുമേൽ നമ്പിയാർ കോട്ടയത്തെ മനോരമയുടേയും ഭാഷാപോഷിണിയുടെയും സഹപത്രാധിപരായി നിയമിക്കപ്പെട്ടു. അതിനു മുൻപുതന്നെ അദ്ദേഹം തിരുവനന്തപുരത്തുവച്ച് 1070-ൽ നടന്ന ഭാഷാപോഷിണീസഭയിൽ സന്നിഹിതനായി തന്റെ കവനശലതയേയും ഗവേഷണമർമ്മജ്ഞതയേയും പ്രകാശിപ്പിച്ചിരുന്നു. മനോരമയിൽ തുടർച്ചയായി എഴുതിക്കൊണ്ടിരുന്ന ഗദ്യപദ്യസമ്മിളിതമായ മലബാർക്കാര്യങ്ങൾ എന്ന ലേഖനപരമ്പര ആ പത്രത്തിന്റെ പ്രശസ്തിക്കുള്ള പ്രധാന കാരണങ്ങളിൽ ഒന്നായിരുന്നു. മലബാർക്കാര്യങ്ങളെയെല്ലാം അദ്ദേഹം ആ കത്തുകളിൽ നിർഭയമായും നിഷ്കളങ്കമായും വിമർശിച്ചുവന്നു. അതിനു മുൻപുതന്നെ അഞ്ചാറുകൊല്ലം മലബാറിൽ ഡിസ്ട്രിക്ട് ബോർഡ് മെമ്പറായി രാജ്യസേവനം ചെയ്തിരുന്നതുകോണ്ട് അദ്ദേഹത്തിനു പൊതുക്കാര്യങ്ങളെപ്പറ്റി ധാരാളം പ്രായോഗികപരിജ്ഞാനമുണ്ടായിരുന്നു. ആ കത്തുകളിൽ നമ്പിയാർ അനുസ്യൂതമായി വാരിക്കോരി വിളമ്പിയിരുന്ന ഫലിതങ്ങൾ ആരെയും പൊട്ടിച്ചിരിപ്പിക്കുമായിരുന്നു. ആ സ്മരണമാധുര്യംനിമിത്തമാണ് മനോരമയുടെ ഭാരവാഹികൾ അദ്ദേഹത്തെ അവിടേയ്ക്കു ക്ഷണിച്ചതു്. നമ്പിയാരെ അതിനുമുൻപുതന്നെ ഒരു വലിയ ദുശ്ശീലം ബാധിച്ചിരുന്നു. അതു വാരുണീസേവയല്ലാതെ മറ്റൊന്നുമല്ല. ആ ദോഷം പരസ്യമായി സമ്മതിക്കുന്നതിന് അദ്ദേഹത്തിന് യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. കുഞ്ഞിക്കമ്മാരൻനമ്പിയാർ ഒരിയ്ക്കൽ അദ്ദേഹത്തെ ആ വിഷയത്തിൽ ഗുണദോഷിച്ചപ്പോൾ കിട്ടിയ മറുപടി താഴെക്കാണുന്ന ശ്ലോകമായിരുന്നു.

> "ഏണാക്ഷീമണിയായ കാന്തയരികത്തില്ലെങ്കിൽ വല്ലാതെയായ്-

ക്കാണാതുള്ളൊരു താങ്കളെത്ര വിഷമിക്കുന്നുണ്ടതേമാതിരി
പ്രാണാധീശ്വരിയായനേകദിനമായ് ലാളിച്ച മദ്യാഖ്യയാം
വീണാലാപിനി വിട്ടിരിപ്പതു സഹിക്കാവല്ലെനിക്കൊട്ടുമേ."

അനേകം സാഹിത്യകാരൻമാർ മദിരാശികളായിരുന്നു. അവരിൽ ചുരുക്കം ചിലരേ ആ വസ്തുത സമ്മതിച്ചിട്ടുള്ളൂ. കവിയുടെ ധനം പോയി; മാനം പോയി; ആരോഗ്യം പോയി; ആകാരസൗഷ്ഠവം പോയി; 'നമ്പ്യാരു നല്ല ചുണയുള്ളൊരു കട്ടി' എന്ന് എല്ലാവരും വാഴ്ത്തിവന്ന ആ പഴയ കാലം പോയി. തന്റേതെന്ന് പറയത്തക്ക വണ്ണം യാതൊന്നുമില്ലാതെയായി. 1072-നു മുൻപുതന്നെ ദാരിദ്ര്യം അല്പമായി അദ്ദേഹത്തെ വലയംചെയ്തുകഴി
ഞ്ഞിരുന്നുവെന്ന് ആ കൊല്ലത്തിൽ തീപ്പെട്ട കടത്തനാട്ടു വലിയതമ്പുരാന് അടിയറവെച്ച ചില ശ്ലോകങ്ങളിൽനിന്നു വിശദമാകുന്നു. അവയിൽ ഒന്നാണ് താഴെച്ചേർക്കുന്നത്.

"ഇക്കാലം നൃപസേവകൊണ്ടുമധികം കൈക്കൂലികൊണ്ടും പരം
മുക്കാലും ബത! കട്ടുമൊട്ടു പണമുണ്ടാക്കുന്നു ലാക്കുള്ളവർ;
കക്കാനും വശമില്ല; സേവ പറവാനാവില്ല; കൈക്കൂലിയായ്
മുക്കാലും വരവില്ലിവന്റെ കഥയത്തുക്കാലുരയ്ക്കും ദൃഢം."

മനോരമയാപ്പീസിൽ അഞ്ചെട്ടു കൊല്ലം പണി നോക്കി; ആ പത്രത്തിന്റെ ഉടമസ്ഥന്മാർ അദ്ദേഹത്തിനു സകലസൗകര്യങ്ങളും ഉണ്ടാക്കിക്കൊടുത്തു. എങ്കിലും അവിടെയും ഇരിപ്പുറച്ചില്ല.

"പക്ഷം രണ്ടു പുറത്തുമുണ്ടു കഴിവില്ലാർക്കും പിടിക്കാനഹോ!
ലക്ഷം ദിക്കു പറന്നുകാണുമധികം കൊണ്ടാടുമെല്ലാടവും
ഭക്ഷിപ്പാൻ വകയേറെയില്ലെവിടേയും കൂസില്ല നാരായണ-
പ്പക്ഷിക്കും ബത നമ്പിയാർക്കുമൊരുപോലൊക്കും വളയ്ക്കും ഭ്രമം."

എന്ന് അദ്ദേഹംതന്നെ തന്റെ അത്തരത്തിലുള്ള പരക്കംപാച്ചിലിനെപ്പറ്റി വർണ്ണിച്ചിട്ടുണ്ട്.

1087-ൽ തിരിയെ കടത്തനാട്ടേക്കുതന്നെ പോരുകയും അവിടെയും ചന്ത്രോത്തുമായി കഴിഞ്ഞുകൂടുകയും ചെയ്തു. 1091-ൽ നായർസമുദായപരിഷ്കാരി എന്നൊരു മാസിക ഉത്തര കേരളീയരായ നായന്മാരുടെ അഭ്യുന്നതിയെ ലക്ഷീകരിച്ചു വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ സ്മാരകമായി കുഞ്ഞിക്കമ്മാരൻനമ്പിയാരുടേയും മറ്റും നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങിയപ്പോൾ നമ്പിയാരാണ് അതിന്റെ ആധിപത്യം പ്രധാനമായി വഹിച്ചത്. ആ മാസികയുടെ ജീവിതം ഹ്രസ്വമായിരുന്നു. അതിനുമുൻപും 1079-ാമാണ്ടിടയ്ക്കു ഭാരതകേസരി എന്നൊരു പത്രം അദ്ദേഹം നടത്തിയിരുന്നു. ഒടുവിൽ ചന്ത്രോത്തു താമസിച്ചുകൊണ്ടു പല പ്രകാരത്തിൽ തന്നെ ബാധിച്ചിരുന്ന രോഗങ്ങൾക്കു ചികിത്സ നടത്തുകയും അതൊന്നും ഫലപ്പെടാതെ 1097-ാമാണ്ടു മേടമാസം 11-ാംനു മരിക്കുകയും ചെയ്തു. ആയഞ്ചേരി അംശത്തിൽ കോമത്തു വീട്ടിൽ നാരായണിയമ്മയായിരുന്നു പത്നി.

## കവിതാരീതി

ഏറ്റവും വശീകരണശക്തിയുള്ളതാണ് നമ്പിയാരുടെ കവിത. ഒഴുക്കും ഫലിതവുമാണ് അതിന്റെ ലക്ഷണങ്ങൾ. ഒരു കൂസലില്ലായ്ക ഏതു വിഷയത്തെപ്പറ്റി എഴുതുമ്പോഴും കാണാം. ദ്രുതകവനത്തിലാണ് അധികം വാസന. അപശബ്ദങ്ങൾ

അങ്ങിങ്ങു പ്രയോഗിക്കും. വൃത്ത നിയമംപോലും അപൂർവമായി ലംഘിക്കും. ആരെങ്കിലും ആക്ഷേപിച്ചാൽ താൻ പ്രയോഗിച്ചതു ശരിയാണെന്നു കഴിയുന്നിടത്തോളം വാദിച്ചുനോക്കും. നില്ക്കക്കള്ളിയില്ലാതെ വന്നാൽ സ്വതസ്സിദ്ധമായ നർമ്മോക്തികൗശലത്തിൽ പിടിച്ചുനിന്നു "നാരായണപ്രയോഗാൽ സാധുഃ" എന്നു പറഞ്ഞുകൊണ്ട് ഒഴിഞ്ഞുമാറുകയും ചെയ്യും. എങ്കിലും ആ നിരങ്കശതയും അദ്ദേഹത്തിന്റെ കവിതയ്ക്ക് ഒരലങ്കാരമായിത്തന്നെ അവശേഷിക്കുന്നു. ഉത്തരകേരളത്തിൽ അതിവാസനക്കാരായ മൂന്നു ഫലിതമാർമ്മികന്മാർ ഈ അടുത്ത കാലത്തു ജീവിച്ചിരുന്നു. അവരിൽ ഒരാളാണ് നമ്പിയാർ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരും എം.ആർ.നായരുമാണ് മറ്റു രണ്ടു പേരെന്നു പറയേണ്ടതില്ലല്ലോ.

## കൃതികൾ

നാരായണൻനമ്പിയാർ ദീർഘകൃതികളായി യാതൊന്നും ഉണ്ടാക്കീട്ടില്ല. (1) അപൂർണ്ണമായ ഉദയാലങ്കാരം, (2) പുളിച്ചിങ്ങോത്തു അമ്മുണ്ണിഅമ്മ എന്ന വ്യാജനാമം ധരിച്ചു പ്രസിദ്ധീകരിച്ച വടക്കൻ ചക്കീചങ്കരം നാടകം, (3) ഒൻപതധ്യായത്തിൽ എഴുതിയ കല്യാണീകല്യാണം കാവ്യം-ഈ വാങ്മയങ്ങൾമാത്രമേ ആ കൂട്ടത്തിൽ പെടുന്നുള്ളൂ. ഇവ കൂടാതെ, (4) മൂകാംബാസ്തോത്രം, (5) ഭാരതവ്യവഹാരം, (6) മുൻസീപ്പുഭാരതം, (7) കന്യാകുമാരീപ്രാർത്ഥന, (8) ഗോകർണ്ണപ്രാർത്ഥന, (9) തപതീസംവരണം കാവ്യം, (10) ഇന്ദുലേഖാ നാടകം, (11) ശിന്നമ്മു, (12) അസംബന്ധം, (13) ശുദ്ധമേകമ്പം, (14) പ്ലേഗുവധം കഥകളി, (15) പരിഷ്കരിച്ച കവിതാ രാമായണം എന്നീ കൃതികളും, ചെണ്ട, ഗീതം, ചെറുനാരങ്ങ, പപ്പടം, സങ്ഗീതം, പുതിയ പരിഷ്കാരം മുതലായ വിഷയങ്ങളെപ്പറ്റി മുമ്മൂന്നു ശ്ലോകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും അടിയറവെച്ച ശ്ലോകങ്ങൾക്കും മറ്റും സംഖ്യയില്ല. ഓണപ്പാട്ട്, പരാശക്തി ഇത്യാദി കൃതികൾ ദ്രാവിഡവൃത്തങ്ങളിലും എഴുതീട്ടുണ്ട്.

## ഉദയാലങ്കാരം

ഉദയാലങ്കാരത്തിൽ പ്രതിപാദ്യമെന്തെന്നു മുൻ സൂചിപ്പിച്ചുകഴിഞ്ഞു. ഗതാനുഗതികന്യായേന നായകനായ ഉദയവർമ്മതമ്പുരാനേയും മറ്റും ഉദാഹരണശ്ലോകങ്ങളിൽ വർണ്ണിക്കുന്ന ആ അലങ്കാരഗ്രന്ഥം അനൗചിത്യജടിലമാണ്. പക്ഷേ അത്തരത്തിലുള്ള ലക്ഷണങ്ങളെല്ലാമൊപ്പിച്ച് ഒരു ശാസ്ത്രപുസ്തകം നിർമ്മിക്കണമെങ്കിൽ അതല്ലാതെ മാർഗ്ഗവുമില്ല. അതിൽ ശ്ലോകങ്ങളെല്ലാം നമ്പിയാരുടേതു തന്നെയാണ്. മൂകാംബാസ്തോത്രത്തിലെ ചില പദ്യങ്ങൾ ആ കൂട്ടത്തിൽ കാണ്മാനുണ്ട്. എന്നാൽ ലക്ഷണവിവരണ വിഷയത്തിൽ അദ്ദേഹത്തിന് ഉദയവർമ്മസദസ്സിലെ മറ്റു ചില പണ്ഡിതന്മാരുടെ സാഹായമുണ്ടായിരുന്നു എന്ന് അനുമാനിക്കുന്നതിൽ അപാകമില്ല. നമ്പിയാർക്കു ശാസ്ത്ര വ്യൽപത്തി എത്രമാത്രമുണ്ടായിരുന്നു എന്നു നാം കണ്ടുവല്ലോ. അദ്ദേഹംതന്നെ ഗോകർണ്ണപ്രാർത്ഥനയിൽ

> "ഭേഷായിരിക്കുമൊരു സംസ്കൃതമിങ്കിലീഷ-
> ഭാഷാദിയിൽപ്പരിചയം കലരാതിവണ്ണം
> ഭോഷാഗ്ര്യനായൊരു വിധേന പിടിച്ചുകേറി-
> ബ്ഭാഷാകവിപ്രവരനായിവനത്ര പോരേ?"

എന്ന് ഏറ്റു പറഞ്ഞിട്ടുണ്ട്. ഉദയാലങ്കാരത്തിലെ രസപ്രകരണവും മറ്റും വായിച്ചാൽ അദ്ദേഹം ഒരു വലിയ ആലങ്കാരികനായിരുന്നു എന്നേ തോന്നുകയുള്ളൂ. കവി

പ്രതാപരുദ്രീയത്തെ അവലംബിച്ചിട്ടുണ്ടെങ്കിലും അതിന് അടിമപ്പെട്ടിട്ടില്ല. കാരികകളും ഉദാഹരണങ്ങളും പ്രായേണ മനോഹരങ്ങളാണ്. നാടകപ്രകരണം സ്പർശിച്ചിട്ടില്ല; അർത്ഥാലങ്കാരപ്രകരണം പൂർത്തിയാക്കിയോ എന്നു സംശയവുമുണ്ട്. താഴെക്കാണുന്ന ശ്ലോകങ്ങളിൽനിന്നു പ്രസ്തുത കാവ്യത്തിലെ ശൈലി ഗ്രഹിക്കാവുന്നതാണ്.

“മല്ലിട്ടാദ്ദേവലോകപ്രഭയൊടു പൊരുതും
 മഞ്ചമധ്യേ കപോത-
ക്കല്ലിന്മേൽചേർന്നു പൂവൻ പിടയുടെ മൃദുവാം
 മേനി ചുംബിച്ചിരിക്കേ
അല്ലിത്താരമ്പനമ്പും രസമൊടു വിലസും
 കൂജിതംകൊണ്ടു തമ്മിൽ
ത്തല്ലിക്കും പ്രാക്കളെക്കണ്ടുദയനൃപതിതാൻ
 തെല്ലുനോക്കിച്ചിരിച്ചു”.

“രേരേ! സാമൂരി! യങ്ങേക്കൊരു മദമതിയാ-
 യുണ്ടു പണ്ടേയതല്ലേ
നേരേ കോരപ്പുഴയ്ക്കിപ്പുറമിഹ വരുവാ-
 നന്തകാസ്യത്തിലെത്തി?
തീരേക്കേട്ടീലയെന്നോ കൊടിയ രിപുമഹാ-
 ഭൃതസംഹാരിയായി-
പ്പേരേന്തും നാമസപ്താക്ഷരിയുദയനരാ-
 ധീശനെന്നുള്ള മന്ത്രം?”

## ചക്കീചങ്കരം നാടകം

അന്തവും ചന്തവുമില്ലാതെ അനേകം ഭാഷാനാടകങ്ങൾ കേരളത്തിൽ എങ്ങും തല പൊക്കിത്തുടങ്ങിയപ്പോൾ ആ ദുഷിച്ച സാഹിത്യത്തിന് അവസാനമുണ്ടാക്കുന്നതിനുവേണ്ടി കവി രചിച്ചതാണ് ചക്കീചങ്കരം. പുളിച്ചിങ്ങോത്ത് അമ്മുണ്ണിയമ്മ എന്ന പേരിൽ കവി അത് 1069 കന്നിയിൽ പ്രസിദ്ധീകരിച്ചു. പി.രാമക്കുറുപ്പ് അതേ ഉദ്ദേശത്തോടുകൂടി ഉണ്ടാക്കിയ ചക്കീചങ്കരത്തെ തെക്കനെന്നും ഇതിനെ വടക്കനെന്നും പറഞ്ഞുവരുന്നു. നമ്പിയാരുടെ നാടകത്തിലെ നായിക ചക്കിയും നായകൻ ചങ്കരച്ചാരുമാണ്. ഇണ്ടിണ്ടീംനായ്ക്കരബ്ഭൻ പ്രതിനായകനും. ഒരു ശ്ലോകംമാത്രം ഉദ്ധരിക്കാം.

“ചക്കിപ്പെണ്ണേ! ചടുലനയനേ! ചത്തു ഞാനെന്നിവണ്ണം
ദുഃഖിക്കൊല്ലേ! ചതിയരുടെയച്ചപ്പടാച്ചിക്കു ചെറ്റും
തർക്കംവച്ചും തകൃതി പറകിൽതാമസിക്കാതെകണ്ടാ-
ത്തക്കംനോക്കി പ്രിയതമയെ ഞാൻ വേൾക്കുവൻ കേൾക്കബാലേ!”

ഇതിൽ അവതാരികയുടെ തലക്കെട്ട് ‘ഒരു പൊടിക്കയ്യ്’ എന്നാണ്, അതിൽനിന്നുതന്നെ നമ്പിയാരുടെ നർമ്മോക്തി കിർമ്മീരിതമായ ഗദ്യശൈലിയുടെ സ്വഭാവം കാണിക്കാൻ കുറേ വാക്യങ്ങൾ പകർത്തുന്നത് അനുചിതമായിരിക്കുകയില്ലല്ലോ.

“ചക്കീചങ്കരം എന്ന ഈ നാടകം ഉണ്ടാക്കണമെന്നു ഞാൻ കഴിഞ്ഞ ജന്മത്തിൽ സ്വപ്നം കണ്ടതാണ്. ചക്കി=ശക്തി, ചങ്കരൻ=ശങ്കരൻ എന്നാണ് ഇതിന്റെ ധാതു.

“ശിവശ്ശക്ത്യാ യുക്തോ’ എന്നുമുണ്ടല്ലോ. ഇതു് ഒന്നാമതു ഞാൻ ഒരേ ഇരുത്തത്തിൽ എഴുതിയതല്ലാതെ രണ്ടാമതു ഒന്നു വായിച്ചുനോക്കുകകൂടി ചെയ്തിട്ടില്ല. എന്നല്ല ആ സമയം മറ്റു പല ജോലികളുമുണ്ടായിരുന്നു. കാവ്യദോഷങ്ങൾക്കും കാവ്യഗുണങ്ങൾക്കും ഉദാഹരിക്കാവുന്ന നിലയിൽ ഇതിലുള്ള കവിതയുടെ സ്ഥിതി വായനക്കാർ തന്നെ അവിടവിടെ കണ്ടുപിടിച്ചുകൊള്ളേണ്ടതാണ്. നാടകലക്ഷണ പരിപൂർത്തിക്കായി ഞാൻ കഴിയുമ്പോലെ ഉത്സാഹിച്ചിട്ടുണ്ടു്. ‘ശാകുന്തളേ ചതുർത്ഥോങ്കഃ’ എന്ന പ്രമാണപ്രകാരമാണ് നാലങ്കമായി വിഭജിച്ചതു്. നൂറു ശ്ലോകം കണക്കായെങ്കിലേ മതിയായുള്ളുവെന്നുവച്ച് അങ്ങനെ തന്നെ ആക്കീട്ടുമുണ്ടു്. ഒരങ്കത്തിൽ രങ്ഗവിഭാഗം ചെയ്തതു് ആ വകക്കാർക്കു രസിപ്പാൻവേണ്ടിമാത്രമാണ്. ആ പത്തു പന്ത്രണ്ടു ശ്ലോകം അരങ്ങത്തുവച്ച് ഒരാളെക്കൊണ്ടു ചൊല്ലിക്കേണ്ടെന്നുവച്ച് ആ ഭാഗം അണിയറയ്ക്കു നീക്കിയിരിക്കുന്നു. എന്നാൽ പലർക്കുംകൂടി ചൊല്ലാമല്ലോ. പ്രഭാതം, സന്ധ്യ, മധ്യാഹ്നം ഇതൊക്കെയും രണ്ടാമത്തെ അങ്കത്തിന്റെ അവസാനം ഒന്നായി വർണ്ണിച്ചിട്ടുണ്ടു്. അവിടവിടെ ചേർത്തിട്ടുള്ള അലങ്കാരങ്ങളും മറ്റും കണ്ടുതന്നെ അറിയേണ്ടതാണ്. ഇതിന് ഒരു ശുദ്ധപത്രം ചേർത്താലോ എന്നു ഞാൻ ആദ്യത്തിൽ വിചാരിച്ചിരുന്നു. പക്ഷേ അതു വായനക്കാർതന്നെ ചെയ്തോട്ടേ എന്നു ഞാൻ സമ്മതിച്ചിരിക്കുന്നു. കഠിനപദങ്ങൾക്കു ശരിയായി ഒരു വ്യാഖ്യാനവും കൊടുത്തിട്ടുണ്ടു്. പൊന്നുണ്ണിത്തമ്പാൻ, ശങ്കരവാര്യർ, ഇട്യാർശമേനോൻ മുതലായവരുടെ സർട്ടിഫിക്കറ്റുകൾ സ്ഥലച്ചുരുക്കത്താൽ നിർത്തിവെച്ചിരിക്കയാണ്”.

വ്യാഖ്യാനത്തിൽ ഏഴു പദങ്ങൾ ഉൾപ്പെടുത്തീട്ടുണ്ടു്. “താങ്ങീടട്ടെ-ഈകാരാന്തസ്ത്രീലിങ്ഗം സപ്തമ്യേകവചനം. ഇരിക്ണ-ഇല്ലാത്ത നിഘണ്ടുവിലെ 105-ാം ഭാഗം നോക്കുക. ഒക്കേനം-സർവേഷാം; (For all)” ഇതാണ് അതിന്റെ മാതൃക.

## ഇന്ദുലേഖാനാടകം

ഇതും നാടകകൃത്തുകളേയും നോവലെഴുത്തുകാരേയും പരിഹസിക്കുവാൻവേണ്ടി 1071-ൽ എഴുതിയ ഒരു കൃതിയാണ്. ഇതിൽ പ്രസ്താവന മാത്രമേയുള്ളു. കവിയുടെ പൊണ്ണത്തം വർണ്ണിക്കുന്ന ഒരു ശ്ലോകമാണ് ചുവടേ ചേർക്കുന്നതു്.

> “ചെറുപ്രായം പാർത്താൽ കവിത രസികൻഭാഷയിലഹോ!
> ചുറുക്കേറ്റംപോലും; പരമസരസൻ, പണ്ഡിതവരൻ,
> പരക്കെക്കൊണ്ടാടും ജനത ബഹുമാനിച്ച പുരുഷൻ,
> പരിഷ്ക്കാരക്കാരൻ, പലപല ഗുണം ചേർന്നൊരു മഹാൻ”.

താഴെക്കാണുന്നതു ഭാരതവാക്യമാണ്.

> “നല്ലനല്ല ഗുണമുള്ള സൽക്കഥ വളച്ചുകെട്ടി വഷളാക്കിയും
> നല്ല നാടകമതെന്നുവച്ചു ചില ബുക്കടിച്ചതു പരത്തിയും
> സൊല്ലയാക്കി മരുവുന്ന യോഗ്യരെ ഹസിച്ചിടട്ടെ യുവതീജനം
> നല്ലവണ്ണവുമുളുപ്പോരല്പമുളവായിടട്ടെയിനി മേൽക്കുമേൽ”.

## കല്യാണീകല്യാണം

നമ്പിയാരുടെ സകല കൃതികളിലുംവച്ച് ഉത്തമമായി എനിക്ക് അനുഭവപ്പെട്ടിട്ടുള്ളതു് ഈ കാവ്യമാണ്. 1092-ൽ ചന്ദ്രോത്തു കുഞ്ഞിക്കമ്മാരൻ നമ്പിയാരുടെ അപേക്ഷയ

നുസരിച്ചു രചിച്ച പ്രസ്തുതകൃതി വടക്കേ മലബാറിലെ നായർകുടുംബങ്ങളിൽ അക്കാലത്തു നടപ്പിലിരുന്ന താലികെട്ടുകല്യാണത്തിന്റെ അർത്ഥശൂന്യതയെ വിശദീകരിക്കുന്നതിനും അതിന്റെ കാലോചിതമായ പരിഷ്കാരത്തിന് അനുവാചകന്മാരെ പ്രേരിപ്പിക്കുന്നതിന്നും പ്രയോജകീഭവിച്ചു. ഏതു ഭാഷാകവിയുടെ എത്ര അധുരമായ കാവ്യത്തോടും കിടനില്ക്കുന്നതുവേണ്ട ഗുണപൗഷ്കല്യം അതിനുണ്ട്. ചില ശ്ലോകങ്ങൾ എടുത്തു കാണിക്കാം.

"പവിഴനിറമെഴുന്ന ചുണ്ടുമോമൽ-
ക്കവിളിണയും തെളിവുള്ള കൊച്ചുപല്ലും
അവികലമൃദുമന്ദഹാസവായ്പും
ഭുവി സകലർക്കുമമന്ദമോദമേകും.

തെളിവു വളരെയുള്ള കണ്ണിലോമൽ-
ക്കളികൾ നിറഞ്ഞ വിലാസഭംഗി കണ്ടാൽ

നളിനമിഴിയെയൊന്നെടുത്തു ലാളി-
ച്ചളികമതിങ്കലൊരുമ്മ വയ്ക്കുമാരും".

"നെറ്റിത്തടത്തിലൊരു നീലിമയുള്ള പൊട്ടു
പറ്റിച്ചു കണ്ണെഴുതിയമ്മിണി നന്മ ചേർത്തു
ചുറ്റിത്തിരിപ്പതിനു ശക്തിയെഴും കടാക്ഷം
ചെറ്റിത്തിരിക്കവളിൽ വന്നു മയങ്ങി നിന്നു".

## ഇതരകവികൾ

മറ്റു കൃതികളെപ്പറ്റി വിസ്തരിക്കുവാൻ സ്ഥലം അനുവദിക്കുന്നില്ല. മഹാഭാരതകഥയെ ഒരു സിവിൽക്കേസ്സിന്റെ സമ്പ്രദായത്തിൽ ചുരുക്കി എഴുതീട്ടുള്ളതാണ് 'ഭാരതവ്യവഹാരം'. മലബാറിലെ മുൻസിഫന്മാരെ മഹാഭാരതത്തിലെ പാത്രങ്ങളായി വർണ്ണിക്കുന്ന ഒരു ചെറിയ കാവ്യമാണ് മുൻസിഫുഭാരതം. മുല്ലൂർ പത്മനാഭപ്പണിക്കരുടെ കവിരാമായണത്തിൽ വിപ്രതിപത്തിതോന്നി അതിന്റെ പരിഷ്കരണത്തിനാണ് നമ്പിയാർ തന്റെ കവിരാമായണത്തിൽ ഉദ്ദേശിച്ചത്. അതു കവിഭാരതത്തെക്കാൾ സംക്ഷിപ്തമാണ്. ഉദ്ദേശം ഫലിച്ചിട്ടുമില്ല. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ ഒരിക്കൽ നമ്പിയാരുടെ നിമിഷകവിത കാണണമെന്നും കഥ തപതീസംവരണമാകട്ടേ എന്നും പറഞ്ഞപ്പോൾ പെട്ടെന്ന് ആ കഥയെ വിഷയീകരിച്ച് നമ്പിയാർ അറുപതു ശ്ലോകങ്ങൾ രണ്ടു മണിക്കൂറിനുള്ളിൽ എഴുതി. ആ ശ്ലോകങ്ങളിൽ ഒന്നാണ് അടിയിൽ കാണുന്നത്.

"നീലക്കാർമേഘമന്യം തലമുടി നിടില-
  പ്പൊട്ടു രൂക്ഷം കടാക്ഷം
ബാലപ്പോർകൊങ്ക ബിംബാധരമധുരവിലാ-
  സങ്ങളും മെയ്ത്തിളപ്പും
ചേലേലും ചേലയെന്നീവക നരപതി ക-
  ണ്ടിട്ടു മിണ്ടാതെയേറ്റം
മാലോകം മാരബാണപ്പുതുമയുടെ പുരാ-
  ണങ്ങൾ വാഴ്ത്തിസ്തുതിച്ചു".

## പരാശക്തി

പരാശക്തിയുടെ മഹിമയെ വർണ്ണിക്കുന്ന ഈ പാട്ടിനു പ്രത്യേകമൊരു മാധുര്യമുണ്ട്.

"ഒന്നും തിരിയുന്നതില്ല പുന-രൊന്നുമറിയാവതല്ല
എന്നും പറയാവതല്ല പുന-രെന്നുള്ളിലുണ്ടതു ചൊല്ലാം.
ആദ്യന്തമെന്നുള്ളതില്ല പിന്നെ-ച്ചോദ്യത്തിനും വകയില്ല
ഏതൊന്നൊരാൾക്കുമറിയാ ഇതു-യാതൊന്നുകൊണ്ടുമറിയാ
അങ്ങനെയുള്ളൊരു നിന്നെയിവ-നെങ്ങനെ കാണുന്നു പിന്നെ?"

ഇത്തരത്തിലാണ് ആ ചെറിയ താരാട്ടിന്റെ രീതി.

## ചില മുക്തകങ്ങൾ

1. ശ്രീമൂലംതിരുനാൾ മഹാരാജാവിന് അടിവറവച്ചത്.

"ആമൂലധ്വംസനത്തിന്നുഴറിയധികമായ്
  ടിപ്പു തട്ടിപ്പു കാട്ടി-
സ്സാമൂരിപ്പാടുമുൻപായ് പലരുമിഹ കലാ-
  പത്തിലാപത്തിലായി
ശ്രീമൂലക്ഷോണിപാലേശ്വര! സകലനരാ-
  ധീശ! വഞ്ചീശവംശ-
രീമൂലം രക്ഷ കിട്ടീ പരമിതു മലബാർ-
  ജില്ലതൻ നല്ല കാലം".

2. കടത്തനാട്ടു കോവിലകത്ത് ഒരിക്കൽ കവിക്കു പക്കച്ചോറു കൊടുത്തതിനെപ്പറ്റി പരാതി:

"അച്ഛൻതമ്പായി മുന്നം നിജഗണിതവഴി-
  ക്കാക്കുവാൻ നോക്കിയെന്നെ-
ത്തുച്ഛൻ ഞാനന്നമാന്തിച്ചതിലൊരു കഴി-
  വുണ്ടായതില്ലായതാട്ടെ
അച്ഛന്നം പാചകന്മാരുടെയൊരു കൃപയാ-
  ലിന്നു പഞ്ചാംഗഭാഗം
സ്വച്ഛന്ദം ഞാൻ ഗ്രഹിച്ചേൻ നരവര! കളിയ-
  ല്ലഞ്ചിലൊന്നഞ്ചലെന്യേ".

3. ചെണ്ടയെപ്പറ്റി:

"അയ്യയ്യോ! രണ്ടുപാടും പ്രഹരമനുദിനം
  കോലുകൊണ്ടെത്രകൊള്ളും?
നിയ്യപ്പോളൊച്ച മൂപ്പിച്ചഹഹ! കരകിലും
  നീ കലാശിക്കുവോളം
തെയ്യാറായ്ക്കേട്ടു മന്ദസ്മിതമൊടു തലകൊ-
  ണ്ടാട്ടിയേറ്റം രസിക്കു-
ന്നിയ്യാൾക്കാർക്കെന്തു ദണ്ഡം? ശിവ ശിവ! ദയതി-

പ്പാരിലിന്നാരു കണ്ടു?”

ആകെക്കൂടി നോക്കുമ്പോൾ സർവോപരി വാസനയുടെ തള്ളിച്ചകൊണ്ടുമാത്രം ഉയർന്ന കേരളീയകവികളിൽ കെ.സി.നാരായണൻനമ്പിയാരെ പ്രഥമഗണനീയനായി കരുതേണ്ടതാണ്. അദ്ദേഹം താനുണ്ടാക്കണമെന്നു സങ്കല്പിച്ച ഒരു കിളിപ്പാട്ടിന്റെ ഗണപതിയിൽ സരസ്വതിയോട്

“താണിട്ടിരുന്നു നയത്തോടുമക്കടി-
ഞ്ഞാണിട്ടിളക്കിത്തെളിക്കും ദശാന്തരേ
പോണിക്കുതിരകളോടും കണക്കിനേ
വാണിക്കൊഴുക്കും വരുത്തേണമീശ്വരി!”

എന്നു ചെയ്തിട്ടുള്ള പ്രാർത്ഥന ആ ദേവി തികച്ചും സഫലീകരിച്ചതായി ഭാവുകന്മാർക്കു ബോധ്യമാകാതെയിരിക്കയില്ല.

## കടത്തനാട്ടു കൃഷ്ണവാരിയർ (1043–1111)

### ജീവിതചരിത്രം

കടത്തനാട്ട് ഉദയവർമ്മത്തമ്പുരാന്റെ ആസ്ഥാനകവികളിൽ അഗ്രഗണ്യനായിരുന്ന കടത്തനാട്ടു കൃഷ്ണവാരിയരെപ്പറ്റിയാണ് ഇനി പ്രസ്താവിക്കേണ്ടതു്. കൃഷ്ണവാരിയർ കടത്തനാട്ടു ലോകമലയാർകാവിനു സമീപം കീഴൂർദേശത്തു കോളിയോട്ടുവാരിയത്തിൽ പാർവതിവാരസ്യാരുടേയും താഴത്തുമഠത്തി ചക്രപാണിവാരിയരുടേയും പുത്രനായി 1043-ാമാണ്ടു കർക്കടകമാസം 16-ാംനു ജനിച്ചു. ചക്രപണിവാരിയർ ഒരു ഉറച്ച സംസ്കൃതപണ്ഡിതനും വൈദ്യത്തിലും ജ്യോതിശ്ശാസ്ത്രത്തിലും നിഷ്ണാതനുമായിരുന്നു. 1094-ൽ മരിച്ച കടത്തനാട്ടു വലിയ രാജാവിന്റെ ഗുരുവുംകൂടിയായിരുന്നു അദ്ദേഹം. ദ്വാരകാപ്രവേശം എന്നൊരാട്ടക്കഥ അദ്ദേഹം രചിച്ചിട്ടുണ്ട്. കെ. സി. നാരായൻനമ്പിയാർ അദ്ദേഹത്തിനു തന്റെ കവിരാമായണത്തിൽ സുമന്ത്രസ്ഥാനം നല്കിക്കാണുന്നു. അദ്ദേഹം കടത്തനാട്ടു കോവിലകത്തെ കാര്യസ്ഥനും കൂടിയായിരുന്നതിനാൽ പ്രാഥമികവിദ്യാഭ്യാസംകഴിഞ്ഞതിനുമേൽ കൃഷ്ണവാരിയർ പന്ത്രണ്ടാമത്തെ വയസ്സിൽ അദ്ദേഹത്തോടുകൂടി കോവിലകത്തു താമസിച്ചുതുടങ്ങി. അച്ഛനിൽനിന്നും അവിടത്തെ ഇതരപണ്ഡിതന്മാരിൽനിന്നും സംസ്കൃതം അഭ്യസിച്ച് ആ ഭാഷയിൽ പ്രാവീണ്യം സമ്പാദിച്ചു. ഉദയവർമ്മത്തമ്പുരാന്റെ ഒരു പ്രധാനാശ്രിതനായി വിനീതനും വിദ്യാസമ്പന്നനുമായ ആ യുവകവി പരിണമിച്ചതു് ആശ്ചര്യമല്ലല്ലോ. 1072-ൽ ആ തമ്പുരാന്റെ മുക്തിയാർ കാര്യസ്ഥനായി പുറമേരിക്കോവിലകത്തു പാർപ്പുറപ്പിച്ചു. കാവ്യരചനയും കാവ്യാധ്യാപനവുമായിരുന്നു മുഖ്യദിനകൃത്യങ്ങൾ. കവനോദയത്തിന്റെ പ്രസാധനഭാരം അദ്ദേഹമാണ് വഹിച്ചതു്. കടത്തനാട്ട് ഏ.കെ.ശങ്കരവർമ്മത്തമ്പുരാനെ അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്. 1094-ൽ അന്തനാട്ടു വലിയതമ്പുരാന്റെ അമ്മയുടെ മാസമടിയന്തിരത്തെസ്സംബന്ധിച്ച് ഒരു പ്രബന്ധമെഴുതി അദ്ദേഹത്തിൽനിന്നു വീരശൃംഖല സമ്മാനമായി വാങ്ങി. 1111-ൽ മേടമാസം 24-ാംനു മരിച്ചു. തുണ്ടിയിൽ ഇട്ടിച്ചിരി എന്നുകൂടി പേരുള്ള പാപ്പിവാരസ്യാരായിരുന്നു അദ്ദേഹത്തിന്റെ പത്നി.

## കൃതികൾ

കൃഷ്ണവാരിയർ സംസ്കൃതത്തിലും ഭാഷയിലും സമർത്ഥമായി സാഹിത്യസേവനം ചെയ്തിരുന്നു. സംസ്കൃതത്തിൽ, മദിരാശിയിൽവച്ചു തീപ്പെട്ട കൊച്ചി രാമവർമ്മമഹാരാജാവിന്റെ സിംഹാസനാരോഹണത്തെ അധികരിച്ച് (1) ശ്രീരാമവർമ്മമഹാരാജാഭിഷേകം എന്ന പേരിൽ ഒരു കാവ്യം നാലു സർഗ്ഗത്തിൽ പ്രസിദ്ധീകരിച്ചു. (2) ഭാഷയിൽ അദ്ദേഹത്തിന്റെ പ്രധാനകൃതി ഭാഷാരാമായണചമ്പുവാണ്. അതിനുപുറമെ, (3) സീമന്തിനീചരിതം കാവ്യം, (4) ചൊവ്വരവച്ചു തീപ്പെട്ട കൊച്ചി രാമവർമ്മമഹാരാജാവിന്റെ ഷഷ്ട്യബ്ദപൂർത്തിയെ വിഷയീകരിച്ച് 1097-ൽ രചിച്ച ഷഷ്ടിപൂർത്തികാവ്യം എന്നീ കൃതികളും അദ്ദേഹം ഉണ്ടാക്കീട്ടുണ്ട്. (5) ഭക്തിസംവർദ്ധനശതകത്തിന്റേയും (6) കോടിവിരഹത്തിന്റെയും തർജ്ജമകൾകൂടി അദ്ദേഹത്തിന്റെ കൃതികളിൽ ഉൾപ്പെടുന്നു.

## ഭാഷാരാമായണചമ്പു

രാമായണചമ്പുവും കോടിവിരഹവും സീമന്തിനീചരിതവും ഉദയവർമ്മത്തമ്പുരാന്റെ ആജ്ഞ
യനുസരിച്ചു നിർമ്മിച്ച കൃതികളാണ്. അവ കവനോദയത്തിൽ പ്രസിദ്ധീകരിച്ചു. ഭോജരാജാവിന്റെ സുന്ദരകാണ്ഡാവസാനംവരെയുള്ള രാമായണചമ്പുവിലെ അഞ്ചുകാണ്ഡങ്ങളും ലക്ഷ്മണകവിയുടെ യുദ്ധകാണ്ഡവും കവി തർജ്ജമചെയ്തിട്ടുണ്ട്. അദ്ദേഹം ആ കൃതിയുടെ അവസാനത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

> "ശ്രീമത്താം ഭോജകാവ്യം ശുചി, രഘുപതിതൻ
> സച്ചരിത്രം വിചിത്രം,
> സോമശ്രീകീർത്തി ചേർന്നോരുദയയുവനൃപാ-
> ലാജ്ഞയാലജ്ഞനാം ഞാൻ
> ഈമട്ടിൽക്കേരളീയർക്കൊരുവിധമുപകാ-
> രത്തിനെത്തേണമെന്നുൾ-
> ക്കാമത്താൽ ഭാഷയാക്കി; കുശലമരുളണം
> രാമനും സീതതാനും".

എത്ര മനോഹരമാണ് ഈ കൃതി എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമുണ്ട്. പില്ക്കാലത്തു ചുനക്കര ഉണ്ണിക്കൃഷ്ണവാരിയർ ഭാരതചമ്പു തർജ്ജമചെയ്യുന്നതിനു മാർഗ്ഗദർശകമായിത്തീർന്ന ഒരു വാങ്മയമാണ് അത് എന്നുകൂടി പറഞ്ഞറിയിക്കേണ്ടതുണ്ട്. ചില ശ്ലോകങ്ങൾ പകർത്തിക്കാണിക്കാം.

> "ഏണീജാലഗളം കടിക്കുമളവിൽപ്പൊട്ടുന്ന നാനാസിരാ-
> ശ്രേണീനിർഗ്ഗതശോണിതാരുണമുഖം ചേരുന്ന ചെന്നായ്ക്കുലം
> വാണീടും വനസീംനി മൽപ്രിയതമേ! നെന്മേനിതൻ മാർദ്ദവം
> താണീടും മൃദുമേനിയെങ്ങനെ വലയ്ക്കുമ്പോൾ സഹിക്കുന്നു ഞാൻ?"

> "പാരാതേ ഭൂരിജന്മാർജ്ജിതസുകൃതവശാൽ
> ദൃശ്യനാം രാമനെത്ത-
> ന്നാരാൽക്കണ്ടും ജനിത്രീവരയുഗളവശാ-
> ലാത്തയാം വൃത്തി കേട്ടും
> സാരാത്മാവാം നിഷാദപ്രഭുവിനു പെരുതാം

ശൈത്യവും ചൂടുമേന്തും
ധാരാളം ഹർഷശോകോദിതനയനജലം-
കൊണ്ടു വസ്ത്രം നനഞ്ഞു".

"ദേവന്മാരും മനുജന്മാരും വാഴ്ത്തുമസ്ത്രങ്ങൾകൊണ്ടും
ദ്യോവും ഭൂവും വിരവിലണയും വിക്രമപ്രൗഢികൊണ്ടും
നീക്കിക്കൂടാതൊരു ജര മദംഗത്തിലെത്തിപ്പിടിച്ചു
പാർക്കിൽപ്ഫുല്ലാംബുജതതിയിലാ വെണ്ണിലാവെന്നപോലേ".

## സീമന്തിനീചരിതം

സീമന്തിനീചരിതവും നല്ല ഒരു കാവ്യമാണ്. അതിലുള്ളവയാണ് അധോലിഖിതങ്ങളായ ശ്ലോകങ്ങൾ.

"സോമലേഖാകലാപന്റെ വാമഭാഗമഹർന്നിശം
കോമളാഭമെനിക്കേറ്റം കാമലാഭം തരേണമേ".

"വാടീരസാലാഗതവായുസംഗാ-
ലാടീ രസാലാശു ലതാവധൂടി
പാടീ രസാലാശ്രിതകോകിലാളി
പാടീ രസാലംബിവിയോഗിപാളി".

"പ്രിയനെക്കുലചെയ്ത വൻനദീ-
സൂയമൻപോടടർചെയ്തടക്കുവാൻ
നയനാഞ്ജനമോലുമശ്രുവാൽ
സ്വയമായന്നദിയൊന്നു തീർത്തുവോ?"

അന്യകൃതികളെക്കുറിച്ചു വിസ്തരിക്കുന്നില്ല.

## കോളിയോട്ടു മാധവവാരിയർ

കോളിയോട്ടു മാധവവാരിയർ കൃഷ്ണവാരിയരുടെ ജ്യേഷ്ഠനായിരുന്നു. 1030-ാമാണ്ടാണ് ജനനം. ഖാണ്ഡവദാഹമെന്ന പേരിൽ ഒരു കഥകളിയും, ദേവീമാഹാത്മ്യം ഭാഷാകാവ്യവും, പാർവതീസ്വയംവരം പതിനെട്ടുവൃത്തം കൈകൊട്ടിക്കളിപ്പാട്ടും ഉണ്ടാക്കിട്ടുണ്ട്. ഒരു നല്ല വൈദ്യനായിരുന്നു.

## മീത്തലമഠം ശങ്കരവാരിയർ (1015–1056)

### കൃതികൾ

ഇദ്ദേഹം കടത്തനാട്ടു മീത്തലമഠത്തിൽ 1015-ാമാണ്ടു ജനിച്ചു. കടത്തനാട്ട് ആസ്ഥാനപ
ണ്ഡിതനായിരുന്ന ചിറ്റപ്പാശാസ്ത്രികളുടെ അടുക്കൽ തർക്കം നിഷ്കർചിച്ചു പഠിച്ചു. 1056 കർക്കടകമാസം 13-ാംനു മരിച്ചു. (1) ഉദയചരിത്രം, (2) മഹാമൃത്യുഞ്ജയചരിത്രം എന്നീ രണ്ടു സംസ്കൃതകാവ്യങ്ങളും, (3) ദേവയാനീചരിതം ആട്ടക്കഥയുമാണ് കൃതികൾ. ഉദയ ചരിത്രത്തിലെ നായകൻ 1056-ൽ തീപ്പെട്ട കടത്തനാട്ടു ഉദയവർമ്മത്തമ്പുരാനാണ്. അധോലിഖിതമായ പദ്യം അതിൽ നിന്നു പകർത്തുന്നു.

“കവിജനപദവീദുരാസദേയം
മമ ധിഷണാതിലഘീയസീ തഥാപി
തദനുപമഗുണൗഘലന്മനഭാവാ-
ദുദയചരിത്രമിദം ബ്രവീമി കാവ്യം”.

താഴെക്കാണുന്ന മുക്തകം കവി ആ തമ്പുരാനു സമർപ്പിച്ചതാണ്.

“പാണ്ഡിത്യേന ബൃഹസ്പതേസ്സുരതരോർവിശ്രാണനേനാധുനാ
സൗഭാഗ്യേന മനോഭവസ്യ ധനദസ്യാർത്ഥേന പൂർണ്ണേന ച
ഭൈമിശോണിഭൃദോജസാ ച യശസാ നിർമ്മൂലയന്തം സദാ
സമ്മാനം തരണേരജന്യധിപതേ: കസ്ത്വാമതിക്രാമതി?”

“സമ്മാനം തരണേ” എന്ന പ്രാർത്ഥനകൂടി ഈ ശ്ലോകത്തിൽ സംക്രമിപ്പിട്ടുണ്ട്.

## നീലഞ്ചേരി ശങ്കരൻനായർ (1050—1109)

### ജനനവും വിദ്യാഭ്യാസവും

ശങ്കരൻനായർ തലശ്ശേരിക്കു സമീപമുള്ള നാരങ്ങാപ്പുറത്തു നീലഞ്ചേരിവീട്ടിൽ നാരായണിയമ്മയുടേയും വി. ഗോവിന്ദൻനായർ എന്ന മാന്യന്റേയും പുത്രനായി 1050-ാമാണ്ടു ജനിച്ചു. പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞതിനുമേൽ ചൂരലാട്ടുമഠത്തിൽ ഗോവിന്ദൻഗുരുക്കളുടെ കീഴിൽ സംസ്കൃതത്തിൽ ചില കാവ്യങ്ങളും നാടകങ്ങളും പഠിച്ചു. ആ ഗുരുവിന്റെ പേരിൽ നമ്മുടെ കവിക്കുണ്ടായിരുന്ന ഭക്തിപ്രകർഷത്തെ

“ഗോവിന്ദാചാര്യകാരുണ്യധാരാപ്രക്ഷാളിതാത്മനാ
മയാ കൃതമിദം നിദ്രാഭംഗം ജേജീയതാം പരം”

എന്നു നിദ്രാഭംഗത്തിലും

“ആവിധമനുകരിച്ചഭ്യസിപ്പിച്ച ഗുരു
ഗോവിന്ദപാദാംബുജമാശ്രയം വിശേഷിച്ചും”

എന്നു കേരളമാഹാത്മ്യം കിളിപ്പാട്ടിലും അദ്ദേഹം രേഖപ്പെടുത്തീട്ടുണ്ട്. സാഹിത്യത്തിലെന്നപോലെതന്നെ സംഗീതത്തിലും ശങ്കരൻനായർക്കു വാസനയുണ്ടായിരുന്നു. കുറേക്കാലം കുഞ്ഞിരാമൻനായർ എന്ന സംഗീതജ്ഞന്റെ അടുക്കൽ ഫിഡിൽവായന അഭ്യസിച്ചു.

### അനന്തരജീവിതം

വിദ്യാഭ്യാസാനന്തരം കടത്തനാട്ട് ഉദയവർമ്മത്തമ്പുരാന്റെ മേൽനോട്ടത്തിൽ ആരംഭിച്ച സാരോദയം മാസികയുടെ പ്രസാധകനായി. പിന്നീടു കല്ലാട്ടു രാഘവന്റെ പ്രസ്സുമാനേജരായി കോഴിക്കോട്ടു താമസം തുടങ്ങി.കുറേക്കാലം അങ്ങനെ കഴിഞ്ഞു. അതിനുമേൽ കല്ലാട്ടു രാഘവന്റെ ഉടമസ്ഥതയിലും കെ. സി. നാരായണൻനമ്പിയാരുടെ പ്രസാധകത്വത്തിലും തലശ്ശേരിയിൽനിന്നു പ്രചരിച്ച ഭാരതകേസരിപ്പത്രത്തിന്റെ സഹപ്രവർത്തകനായി. 1079-ൽ കോട്ടയം കിഴക്കേക്കോവിലകത്തു വീരവർമ്മ ഇളയതമ്പുരാന്റേയും മറ്റും ആശ്രിതനായി ആ സ്ഥലത്തേക്കു പോയി. അവിടെനിന്നു 1082-ൽ ആ തമ്പുരാൻ പുറപ്പെടുവിച്ച സുജനവിനോദിനി എന്ന മാസികയുടെ

ആധിപത്യം സമർത്ഥമായി വഹിച്ചു. സുജനവിനോദിനി മാർഗ്ഗമായാണ് ശങ്കരൻനായരുടെ യശസ്സുയർന്നതു്. കുന്നുപറമ്പിൽ മേരിമെമ്മോറിയൽ പ്രസ്സ് എന്ന പേരിൽ ആ തമ്പുരാൻ സ്ഥാപിച്ച മുദ്രാലയത്തിന്റെ മാനേജരും നായർതന്നെയായിരുന്നു. അതിനുമുൻപുതന്നെ നാടകഭ്രമം അദ്ദേഹത്തെ ബാധിച്ചു. 1079-ൽ മന്ത്രം എന്ന സ്ഥലത്തു് ഒരു നാടകയോഗം സ്വരൂപിച്ച് അതിലെ അംഗങ്ങൾക്കു കളിക്കുവാൻ രാഘവമാധവം എന്നൊരു സംഗീതനാടകം എഴുതിക്കൊടുത്തു. അദ്ദേഹം ഒന്നാമതായി അച്ചടിച്ച വാസന്തികാപരിണയം എന്ന സംഗീതനാടകം 1086-ൽ സുജനവിനോദിനിയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചു. ആ മാസിക സ്വല്പകാലമേ പ്രചരിച്ചുള്ളു. പിന്നീടും വളരെക്കാലം കോട്ടയം കോവിലകം മാനേജരായി ജോലി നോക്കി. ആയിടയ്ക്കു നവകേരളം എന്ന പത്രത്തിന്റെ ആധിപത്യവും വഹിക്കുകയുണ്ടായി. സമുദായദീപിക എന്നൊരു പത്രവും അദ്ദേഹത്തിന്റെ പ്രസാധകത്വത്തിൽ പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടു്. 1105-ാമാണ്ടു ശരീരാസ്വാസ്ഥ്യംനിമിത്തം സകല പ്രവർത്തനങ്ങളിൽനിന്നും ഒഴിഞ്ഞു. 1109-ാമാണ്ടു മീനമാസം 23-ാംനു മരിച്ചു. മരിക്കുന്നതിനുമുൻപു ഭാഗിനേയനായ നാരായണൻനായരെ വിളിച്ചു താഴെക്കാണുന്ന ശ്ലോകം ഒസ്യത്തെന്ന രീതിയിൽ ചൊല്ലിക്കൊടുത്തു.

> "സാഹിത്യക്കൃഷിയിൽപ്പഴുത്തു വിളവായ്
> ക്കൊയ്തിട്ടതില്ലെങ്കിലും
> ദുറ്റിപ്പാറ്റിയളന്നു നോക്കുക; കുചേലോപായനപ്രായമായ്
> ഉണ്ടാം വല്ലതു;മില്ല മറ്റു ധനഭ്രസ്വത്തുക്കളിക്കാണുമവ-
> യ്യെല്ലാം നീയധികാരിതന്നെ; ശരിയായ്
> ക്കൈകാര്യമൊപ്പിച്ചു ഞാൻ".

## കൃതികൾ

ശങ്കരൻനായരുടെ കൃതികളിൽ, ഭൂരിഭാഗവും സങ്ഗീതനാടകങ്ങളാണ്. ഭാഷയിൽ ആ മാതിരി നാടകങ്ങൾ ആദ്യമായി രചിച്ച തൃശ്ശൂർ രാമഞ്ചിറമഠത്തിൽ ടി. സി. അച്യുതമേനോനെപ്പറ്റി അന്യത്ര പ്രസ്താവിക്കാം. ഉത്തരകേരളത്തിലെ എണ്ണപ്പെടേണ്ട ഒരു സങ്ഗീതനാടകകാരനായിരുന്നു ശങ്കരൻനായർ. (1) രാഘവമാധവം, (2) പാലാഴിമഥനം, (3) സുഭദ്രാഹരണം, (4) ദൂതഗോപാലം, (5) വാസന്തികാപരിണയം, (6) സീതാപഹരണം, (7) ഉഷാനിരുദ്ധം, (8) ദമയന്തീസ്വയംവരം, (9) ജീവകാരുണ്യം എന്നീ സങ്ഗീതനാടകങ്ങൾ അദ്ദേഹം ഉണ്ടാക്കീട്ടുണ്ടു്. (10) സതിതാര, (11) നിദ്രാഭങ്ഗം ഇങ്ങനെ രണ്ടു് ഖണ്ഡകാവ്യങ്ങളും, (12) രാമഗീതയും, (13) കേരളമാഹാത്മ്യം കിളിപ്പാട്ടും ചില തുള്ളലുകളും മറ്റും കൂടി അദ്ദേഹത്തിന്റെ കൃതികളിൽ ഉൾപ്പെടുന്നു. അവയ്ക്കൊന്നും പറയത്തക്ക പ്രചാരമില്ല. നിദ്രാഭങ്ഗം കുംഭകർണ്ണന്റെ പ്രബോധനത്തെ വിഷയീകരിച്ചെഴുതീട്ടുള്ളതാണ്. കേരളമാഹാത്മ്യം പൂർത്തിയായിട്ടില്ല. ജീവകാരുണ്യത്തിലെ ഇതിവൃത്തം കുമാരനാശാന്റെ കരുണയിലേതു തന്നെയാണ്. ശങ്കരൻനായരുടെ നാടകങ്ങൾ പ്രായേണ അഭിനയയോഗ്യങ്ങളാണ്. വാസന്തികാപരിണയമാണ് അവയിൽ പരക്കെ അറിയപ്പെടുന്നതു്. ഗാനങ്ങൾ സാമാന്യേന സരളങ്ങളാണ്.

> "ഹന്ത! വിധിവൈഭവമോ കിന്തു ചെയ്‌വതയ്യോ സ്വാമിൻ?
> ബന്ധമില്ലിതിനൊന്നുമേ ബന്ധുവാരിന്നെനിക്കുള്ളു? (ഹന്ത)
>
> ന്യായമായ് നടന്നോരെന്നിൽ മായമുണ്ടെന്നോർത്തു കഷ്ടം!

കായനാശം വരുത്തുന്ന തോയജാക്ഷ! രക്ഷിച്ചാലും. (ഹന്ത)

നിശ്ചലാത്മാവായ് വിളങ്ങും സച്ചിദാനന്ദരൂപനേ!
വിശ്വസിച്ചിരിക്കുന്നവർക്കിച്ചതി പെടുത്തിടാമോ? (ഹന്ത)

സത്യമെന്നൊന്നുണ്ടെന്നാകിൽ നിത്യനിഷ്കളസ്വരൂപ!
കൃത്യമായതിൻഫലം നീ മിഥ്യയാകാതേകിടേണം. (ഹന്ത)"

ഈ പാട്ട് അവയുടെ ഒരു മാതൃകയായി സ്വീകരിക്കാം.

### ചില ശ്ലോകങ്ങൾ

"നിശാചരാധീശനശേഷവിദ്യാ-
വിശാരദൻ രാവണനന്നൊരുനാൾ
പ്രശാന്തസുസ്മേരവിലാസരമ്യം
കൃശാങ്ഗിയോടെങ്ഗിതമേവമോതി".
(അശോകവനികയിലെ സീത)

"ദണ്ഡം തീർന്നൊരുമട്ടു നല്ല നിലയിൽ
ക്കാൽവയ്ക്കുമക്കൈരളി-
പ്പെണ്ണയ്യോ ചരടറ്റു തൻതല ചിര-
യ്ക്കാറായിരക്കാറുമായ്
കണ്ണുംപൊട്ടിയലംകൃതിപ്പെരുമപോയ്
തർക്കം കുതർക്കത്തിലായ്
തിണ്ണം വ്യാകരണം പഴിച്ചൊരു പഴ-
മ്പാട്ടായിരിപ്പായി ഹാ!"
(എം.കെ.കോരപ്പൻഗുരുക്കളുടെ മരണത്തെപ്പറ്റി)

## കുട്ടമത്ത് കുഞ്ഞുണ്ണിക്കുറുപ്പ് (988–1060)

### കുടുംബം

ദക്ഷിണകർണ്ണാടകത്തിൽപ്പെട്ട കാസർകോഡ് താലൂക്കിൽ മലയാളികളാണ് ഭൂരിപക്ഷം ജനങ്ങളും എന്നുള്ള വസ്തുത വായനക്കാർക്ക് അശ്രുതപൂർവമല്ലല്ലോ. അവിടെ കുട്ടമത്ത് ദേശത്തു കന്നിയൂർ എന്ന പേരിൽ ഒരു സുപ്രസിദ്ധമായ നായർ ഗൃഹമുണ്ട്. അവിടെയും മലബാറിൽ കുറുമ്പ്രനാട്ടു താലൂക്കിൽ കോവുക്കൽ കന്നിയൂർ എന്ന ഗൃഹത്തിലുമായി ഉണിച്ചിക്കണ്ടക്കുറുപ്പ് എന്ന ഒരു മാന്യപുരുഷൻ തന്റെ തറവാടു സ്ഥാപിച്ചു ഭാഗിനേയന്മാർക്കു പ്രശസ്യമായ ധനസമ്പത്തിയും വൈദുഷ്യവിഭവവും നല്കി. ആ കുറുപ്പ് 1036-ാമാണ്ടു മകരമാസത്തിലെ കാർത്തികനാളിൽ അന്തരിച്ചു. കന്നിയൂർക്കുടുംബം അനേകം പണ്ഡിതന്മാരേയും കവികളെയും ജനിപ്പിച്ചിട്ടുണ്ട്. അവരിൽ ആദ്യത്തെ ആളാണ് കുഞ്ഞുണ്ണിക്കുറുപ്പ്. അദ്ദേഹത്തിന്റെ ഭാഗിനേയനായ ചെറിയരാമക്കുറുപ്പിനെ കേരളത്തിലെ പ്രഥമഗണനീയന്മാരായ കവികളുടെ കൂട്ടത്തിൽപ്പെടുത്തണം. ആ കവിയുടെ അനുജൻ കുഞ്ഞിക്കേളുക്കുറുപ്പ്, അവരുടെ ഭാഗിനേയന്മാരായ കുഞ്ഞമ്പുക്കുറുപ്പ്, ഗോവിന്ദക്കുറുപ്പ്, കുഞ്ഞിക്കൃഷ്ണക്കുറുപ്പ് ഇങ്ങനെ ആറുസാഹിത്യകാരന്മാരെപ്പറ്റി നമുക്കു പ്രസ്താവിക്കേണ്ടതുണ്ട്. അവരിൽ 'മഹാകവി കുട്ടമത്ത്' എന്ന നാമാന്തരത്തിൽ സുവിദിതനായിരുന്ന കുഞ്ഞിക്കൃഷ്ണക്കുറുപ്പ് ഏറ്റവും മഹനീയനായ ഒരു ഭാഷാകവിയായിരുന്നു.

## ജീവിതചരിത്രം

കുഞ്ഞുണ്ണിക്കുറുപ്പു സദ്രത്നമാലാകർത്താവായ ശങ്കരവർമ്മത്തമ്പുരാന്റേയും കന്നിയൂർ ശ്രീദേവികെട്ടിലമ്മയുടേയും പുത്രനായി 984-ാമാണ്ടു ജനിച്ചു. പിതാവിന്റെ വൈദുഷ്യം അനുവാചകന്മാർക്കു പരിചിതമാണല്ലോ. മാതാവും ഒരു വിദുഷിയായിരുന്നു. ആ സുചരിത ഭർത്താവിന് ഒരവസരത്തിൽ അയച്ചതാണ് താഴെക്കാണുന്ന ശ്ലോകം.

"ശ്രീദേവിയെന്ന തരുണീമണി കയ്യെഴുത്തി-
തെൻജീവനാഥനറിയേണ്ടുമവസ്ഥയെന്നാൽ

"സന്ദേശപത്രമിതു കണ്ടുടനേ വരാഞ്ഞാൽ
സന്ദേഹമില്ല, മരണം മമ വന്നുകൂടും".

അച്ഛനെപ്പോലെ അദ്ദേഹവും യഥാകാലം ഒരു ജ്യോതിസ്സൂത്രജ്ഞനായി വികസിച്ചു. അച്ഛൻതന്നെയായിരുന്നു പ്രധാന ഗുരു. നമ്പിയാരെഴുത്തച്ഛൻ എന്ന മറ്റൊരു പണ്ഡിതനും അദ്ദേഹത്തെ പഠിപ്പിച്ചിട്ടുണ്ട്. ജ്യോതിഷം മുഴുവൻ അഭ്യസിച്ചതു പിതാവിനോടുതന്നെയായിരുന്നു. കമ്മാരപ്പൊതുവാൾ എന്ന സമകാലികനായ ഒരു ദൈവജ്ഞൻ

"തത്താദൃഗ്ഗുണരത്നപൂർണ്ണജലധി: കുഞ്ഞുണ്ണിനാമോദഭൂൽ
പുത്രോതീവ വിശിഷ്ടഗോളഗണിതാദ്യാധാരഭൂർവിശ്രുതഃ
കോലാധീശ്വരഭൈമിരാട് പ്രഭൃതിസന്മാന്യൈസ്സുസമ്മാനിതഃ
ശ്രീവിദ്യാചരണാബ്ജമത്തമധുപഃ ശാന്താന്തരാത്മാത്മദൃക്"

എന്നും മറ്റും അദ്ദേഹത്തെ പ്രശംസിച്ചുകാണുന്നു. ഗോളക്രിയ എന്ന അതിസൂക്ഷ്മമായ തന്ത്രം അക്കാലത്ത് നിശ്ചയമുണ്ടായിരുന്നതു കുഞ്ഞുണ്ണിക്കുറിപ്പിനുമാത്രമായിരുന്നു. ഹിംസകാര്യ പ്രഹൃഷ്ടഃ എന്ന കലിവാക്യത്താൽ സൂചിതമായ 1060-മാണ്ടു മേടം 1-ാംനു- യായിരുന്നു കുഞ്ഞുണ്ണിക്കുറുപ്പിന്റെ സ്വർഗ്ഗതി. അദ്ദേഹത്തിന്റെ മാതാവ് 1061-ാമാണ്ടു കന്നിമാസത്തിൽ 95-ാമത്തെ വയസ്സിൽ മരിച്ചു.

## കൃതികൾ

കുഞ്ഞുണ്ണിക്കുറുപ്പിന്റെ കൃതികളെല്ലാം സംസ്കൃതത്തിലാണ്. (1) ദേവീമാഹാത്മ്യം, (2) കപോതസന്ദേശം, (3) വ്യാസോൽപത്തി എന്നിവ ആ കൂട്ടത്തിൽപ്പെടുന്നു.

## ദേവീമാഹാത്മ്യം

ദേവീമാഹാത്മ്യത്തിലെ ഉപാഖ്യാനത്തെ വിഷയീകരിച്ചുകൊണ്ടു നിർമ്മിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിൽ ആകെ പന്ത്രണ്ടു സർഗ്ഗങ്ങളും ഇരുപതു പദ്യങ്ങളുള്ള ഒന്നാം സർഗ്ഗമൊഴിച്ചു ബാക്കിയുള്ള സർഗ്ഗങ്ങളിൽ സാമാന്യേന പതിപ്പത്തു ശ്ലോകങ്ങളും ഉൾക്കൊള്ളുന്നു. കോലത്തുനാട്ടു രാജകുടുംബത്തിന്റെ പരദേവതയായ മാടായിക്കുന്നിലെ (തിരുവർകാട്ട്) ഭഗവതി (ഭദ്രകാളി)യെയാണ് കവി സ്തോത്രംചെയ്യുന്നത്. പ്രസ്തുതകൃതിയുടെ നിർമ്മിതി സമാപ്തമായത് 1121-ാംമാണ്ടു മിഥുനമാസം 13-ാംനു- യായിരുന്നു.

"കിഞ്ചിൽ കാലദിഗാദ്യമേയമുപമോപാധ്യാദിഹീനം പരം
സത്താമാത്രമതീന്ദ്രിയം ഭവതി യർ പൂർണ്ണം സുഖം ശാശ്വതം

യച്ഛക്ത്യാ ബഹുധാതുവിശ്വപരിണാമത്വേന) ഭാത്യേവ ത-
ത്താവത്താം പ്രണതോസ്മി ശംഭമഹിഷി! ത്വാം ദേവി! മായാമയീം”

എന്നതാണ് പ്രഥമശ്ലോകം. മറ്റൊരു ശ്ലോകംകൂടി പകർത്താം.

“തിര്യഗ്ധൃത്വാഥ ശൂലം പൃഥുരുധിരസമാ-
ക്തോഗ്രധാരം കരാഭ്യാം
പശ്ചാൽകൃത്വൈകപാദം കിമപി ച നമയി-
ത്വാ തനും രക്തസിക്താം
സംഭ്രേ പ്രാണപ്രയാണേ ഭുവി ലുഠതി സരോ-
ഷം സ്ഥിതാ ബദ്ധദൃഷ്ടി:
സാ മാം രുദ്രാണ്യവ ത്വം ത്രിദശമുനിഗണൈ-
സ്സംഭ്രമാൽ സ്തൂയമാനാ”.

കുറുപ്പ കളാർണ്ണവാദിതന്ത്രഗ്രന്ഥങ്ങളിൽ നിഷ്ണാതനായ ഒരു ശ്രീവിദ്യോപാസ കനായിരുന്നു.

## കപോതസന്ദേശം

ഇതിലെ ഏതാനും ശ്ലോകങ്ങളേ കണ്ടുകിട്ടീട്ടുള്ളു. ഒരു ശ്ലോകം പ്രദർശിപ്പിക്കാം.

“പദ്യാം സൂര്യാദരതരപുരസ്കാരമാന്യാം പ്രപദ്യ
സൈ്വരോൽപാതിന്യപി ഭവതി തദ്വാസവാക്ഷേപമൂഹേ;
കോ വാ ഹർത്തും ഗരുഡവദസൗ യാതി പീയൂഷസാരം
വിദ്വേഷീ സ്യാദിഹ ഖലു ജളോ യഃ പരൗന്നത്യസേർഷ്യ:”.

## വ്യാസോൽപത്തിസംക്ഷേപം

ഇതിൽ 36 ശ്ലോകങ്ങളേ അന്തർഭവിക്കുന്നുള്ളു. ഏറ്റവും ലളിതമാണ് ശൈലി.

“നൗകാദണ്ഡം സുലളിതഗതം സംഭ്രമാന്മാർഗ്ഗയന്തീം
പാന്ഥാലോലപ്രഹിതനയനാമാശ്ലഥന്നീവികേശാം
നാഭീമൂലോൽക്രമതനുതന്തുല്ലക്ഷ്യരോമാളിമുദ്യ-
ദ്വക്ഷോജാമപ്യയമൃഷിരഭ്യദ്വീക്ഷ്യ താം കാമതന്ത്രഃ”.

## ഒരു ഭാഷാശ്ലോകം

യമകകവനത്തിനു കന്നിയൂർ കുടുംബം വിശേഷിച്ച കീർത്തിപ്പെട്ടതാണെന്ന് അനു വാചകന്മാർ ഇതിനുമേൽ അറിയും. താഴെക്കാണുന്നതു കുഞ്ഞുണ്ണിക്കുറുപ്പിന്റെ യമ കങ്ങളിൽ ഉൾപ്പെടുന്നു.

“കൊടെടാ വരം പറയാ-
ലളന്നു കളവെത്ര വാരം പറയാം?
വാശിയടക്കം കോരാം
നെല്ലറയിൽനിന്നു പയ്യാടക്കം കോരാ”.

‘പയ്യാടക്കം കോരാ’യെന്നതു പാട്ടമളക്കേണ്ട കുടിയാന്റെ പേരാണ്.

## കുട്ടമത്തു ചെറിയ രാമക്കുറുപ്പ് (1022—1081)

### ജനനവും വിദ്യാഭ്യാസവും

കുഞ്ഞുണ്ണിക്കുറുപ്പിന്റെ കനിഷ്ഠസഹോദരിയായ ലക്ഷ്മിയമ്മയുടേയും പാച്ചഇല്ലത്തു വിഷ്ണനമ്പൂരിയുടേയും പുത്രനായി ചെറിയ രാമക്കുറുപ്പ് 1022-ാമാണ്ടു കർക്കടകമാസം ഉത്രാടം നക്ഷത്രത്തിൽ ജനിച്ചു. കാവ്യനാടകാലങ്കാരങ്ങളിൽ കുഞ്ഞുണ്ണിക്കുറുപ്പുതന്നെയായിരുന്നു ഗുരുനാഥൻ. വ്യാകരണത്തിലും നമ്മുടെ കവി പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു എന്നുള്ളതിന് അദ്ദേഹത്തിന്റെ കൃതികൾ സാക്ഷ്യം വഹിക്കുന്നു. മറ്റൊരമ്മാവനായിരുന്ന കൃഷ്ണക്കുറുപ്പിന്റെ കീഴിൽ വൈദ്യശാസ്ത്രം അഭ്യസിച്ച് ഒരു ഉത്തമഭിഷക്കെന്ന യശസ്സു നേടി. അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ കുഞ്ഞമ്പുക്കുറുപ്പും കുഞ്ഞികൃഷ്ണക്കുറുപ്പും ഉൾപ്പെടുന്നു. മാതാപിതാക്കന്മാരുടെ പേരിൽ ചെറിയ രാമക്കുറുപ്പിന് അപാരമായ ഭക്തിയുണ്ടായിരുന്നു. ‘ഗോവിന്ദകേളീ’ സംസ്കൃത സ്തോത്രത്തിൽ

> “ലക്ഷ്മീർമ്മമാനേകഗുണൈവ മാതാ
> വിഷ്ണുഃ പിതാ വേദവിദാം നിഷേവ്യഃ
> ആസ്തേ ച രക്ഷാം കൃപയാസ്യ ലക്ഷ്മീ-
> വിഷ്ണു ക്രിയാസ്താം ന കഥം സദാ മേ?”

എന്ന ശ്ലോകത്തിൽ കവി അവരെ വന്ദിച്ചിരിക്കുന്നു. കവിയുടെ കാലഗതി 1081-ാമാണ്ടു ചിങ്ങമാസം 21-ാംനു യായിരുന്നു.

### കൃതികൾ

രാമക്കുറുപ്പു സംസ്കൃതത്തിൽ (1) സുഭദ്രാഹരണംകാവ്യവും, (2) ഗോപാലകേളി, (3) ഗോവിന്ദശതകം എന്നീ പ്രധാന സ്തോത്രങ്ങളും, ഇവ കൂടാതെ (4) ആനന്ദജനനി, സാരസ്വതം, ലക്ഷ്മീപ്രശസ്തി, ഗിരികന്യാഷ്ടകം, ദേവീസ്തോത്രം, മഹാബലാഷ്ടകം, ശിവസ്തോത്രം, ധാന്വന്തരം, മൃത്യുഞ്ജയമുകുന്ദ സ്തോത്രം എന്നിങ്ങനെ പല ലഘുസ്തോത്ര
ങ്ങളും, (5) രുക്മിണീ സ്വയംവരം, (6) സീതാസ്വയംവരം എന്നീ യമകകാവ്യങ്ങളും (7) സർവഗരളപ്രമോചനം എന്ന വിഷവൈദ്യഗ്രന്ഥവും രചിച്ചിട്ടുണ്ട്. ഗോവിന്ദശതകം 1055-ൽ ഉണ്ടാക്കിയതാണ്. സർവഗരളപ്രമോചനം 12 അധ്യായങ്ങലടങ്ങിയ ഒരു ബൃഹദ് ഗ്രന്ഥമാകുന്നു. ഭാഷയിൽ (8) കേശിവധം, (9) കംസവധം, (10)ശ്രീരാമാവതരം എന്നീ മൂന്ന് ആട്ടക്കഥകളും, (11) കൃഷ്ണാവതാരം, (12) പൂതനാമോക്ഷം, (13) അഹല്യാമോക്ഷം എന്നിങ്ങനെ മൂന്ന് ഓട്ടൻതുള്ളലുകളും നിർമ്മിച്ചിരിക്കുന്നു. ശ്രീരാമാവതാരമാണ് ഒടുവിലത്തെ കൃതി. അദ്ദേഹത്തെ കുഞ്ഞമ്പുക്കുറുപ്പും ഉഷാനിരുദ്ധനാടകത്തിൽ

> “ഭൂമിക്ഷോഭഭയാലിളയ്ക്കുമുരഗസ്വാമിക്കൊഴിഞ്ഞന്യരാം
> കേമന്മാർക്കു തലയ്ക്കണയ്പൊരു വചസ്സാമർത്ഥ്യമേറും കൃതി
>
> നാമം കേൾക്കുകിലും ഗദങ്ങളകലും ധീമാൻ ഭിഷക്കർമ്മാൻ
> രാമാഖ്യൻ കനിയേണമെന്നിലമിതപ്രേമാതുലൻ മാതുലൻ”

എന്നു വന്ദിച്ചിരിക്കുന്നു. രാമക്കുറുപ്പിന്റെ കൃതികൾ പ്രായേണ യമകാലംകൃതങ്ങളും പാണ്ഡിത്യമണ്ഡിതങ്ങളുമാണ്. പട്ടത്തു വാസുഭട്ടതിരിയുടെ വാസനാവൈഭവം അദ്ദേഹത്തിന്റെ കൃതികളിലും അമ്ലാനമായി പ്രകാശിക്കുന്നു. ആ വാസനയുടെ

ബീജം മാതുലന്റെ ദേവീമാഹാത്മ്യത്തിൽത്തന്നെ കാണ്മാനുണ്ട്. ഭാരതത്തിലെ ഇതരദേശങ്ങളെ അപേക്ഷിച്ചു കേരളം യമകകവികൾക്കു കീർത്തിപ്പെട്ടതാണ്. ആ കവികളുടെയിടയിൽ അപശ്ചിമമായ ഒരു സ്ഥാനം രാമക്കുറുപ്പിനും നല്കേണ്ടതാണ്. അദ്ദേഹമാണ് കേരളത്തിൽ അത്തരത്തിലുള്ള ഒടുവിലത്തെ സംസ്കൃതകവി. അദ്ദേഹത്തിന്റെ കൃതികളിൽനിന്നു ചില ശ്ലോകങ്ങൾ പകർത്താം.

### സുഭദ്രാഹരണം കാവ്യം

"നാനാർത്ഥജാലമിശ്രസ്യ സാധ്വ്യാ സാപി മഹീയസഃ
ജഗാഹേ രസനാതര്യാ പാരം വിദ്യാസരസ്വതഃ".

### സ്തോത്രങ്ങൾ

"ഹൃഷീകേശഃ കേശവ്രജകലിതപിഞ്ഛോ ഹൃദി സതാം
കൃതാവാസോ വാസോരുചിവിജിതവിദ്യുദ്ദിശതു മേ
പരാം ലക്ഷ്മീം ലക്ഷ്മീം ദധദുരസി വിശ്വാവനവിധൗ
സദാ ലോലോ ലോലോജ്ജ്വലദമലവിസ്തീർണ്ണനയനഃ".

(ഗോവിന്ദശതകം)

ശബ്ദചിത്രജടിലങ്ങളാണ് ഗോവിന്ദശതകത്തിലെ പല ശ്ലോകങ്ങളും. താഴെക്കാണുന്ന ശ്ലോകത്തിൽ പന്ത്രണ്ടു മാസങ്ങളുടെ പേരുകളും ശ്ലിഷ്ടരൂപത്തിൽ ഘടിപ്പിച്ചിരിക്കുന്നു.

"യദ്വക്ത്രം ചന്ദ്രഭം യോ ധൃതമകരമണീ-
കുണ്ഡലോ യോതിഗോമാം
ശാർങ്ഗം ചാപം ദധദ്യോ മിളദളിവനമാ-
ലോജഹര്യാശ്രിതോ യഃ
യോ ദേവോങ്ഗശ്രിയാപ്തോ ഝഷദൃഗളിതുലാം
രാധികോരോജകുംഭാ-
ശ്ലേഷീ യസ്സ്യാന്മുദേ വോ ബുധശരണപദ-
സ്സോഖിലക്ഷേമരാശിഃ".

(ഗോവിന്ദശതകം)

"സുധാധാരാധാമ്നി സ്ഥിതവതി! സഹസ്രച്ഛദധരേ
ഷഡാധാരാണാമപ്യുപരി പരിദീപ്തേ സരസിജേ
ലസന്തീമസ്പഷ്ടാം പരമശിവജുഷ്ടാം കതിചന
സ്മരന്തി ത്വാം ധന്യാ: പരചിദമൃതാനന്ദലഹരീം".

(ആനന്ദജനനി)

"ധീമച്ചിത്താബ്ജവാടീവിഹരണവരടീ-
ഭാവഭാഗംബരാടീ-
കോടീകോടീരകോടീമണിഘൃണിപരിദീ-
പ്താംഘ്രിരാംനായവാടീ
പാടീരപ്രൗഢഗന്ധിജ്വലിതകുചതടീ-
ലംബിതാനർഘശാടീ
കൂടീഭൂതാ ശ്രിയാം മേ ധൃതവിധുമകുടീ
ഭാതു ധാതുർവധൂടീ".

(ദേവീസ്തോത്രം)

മഹാബലൻ എന്നതു ഗോകർണ്ണക്ഷേത്രത്തിലെ ശിവനാണ്. മൃത്യുഞ്ജയമുകുന്ദസ്തോത്ര
ത്തിൽ ഏഴു ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. ഓരോന്നിനും ശിവപരമായും വിഷ്ണുപരമാ
യും അർത്ഥകല്പനചെയ്യാം. ഒരു ശ്ലോകം പകർത്താം.

"ശ്രിയോ നിവാസോ ജഗതാം പതിര്യ-
സ്സ ചന്ദ്രകോല്ലാസികലാപമൗലി:
അഘസ്യ കുവന്നുപരോധമസ്മാൻ
മൃത്യുഞ്ജയോ വ്യാദഥവാ മുകുന്ദഃ".

## രുക്മിണീസ്വയംവരം

ഈ യമകകാവ്യമാണ് രാമക്കുറുപ്പിന്റെ വാങ്മയങ്ങളിൽ അത്യുത്തമമായി പ്രശോഭിക്കുന്നത്. അതിൽ ആകെ മൂന്നു സർഗ്ഗങ്ങളും 201 ശ്ലോകങ്ങളും അടങ്ങിയിരിക്കുന്നു. ചില ശ്ലോകങ്ങളിൽ കവി പ്രദർശിപ്പിച്ചിട്ടുള്ള പദഘടനാവൈചിത്ര്യം പരിശോധിക്കുക.

"വിഹരൻ വൃന്ദാവനതഃ കപടശിശുര്യോ മനീഷിവൃന്ദാവനതഃ
യമുനാതോയേ നാഗഃ പൃഥുലോ മഥിതശ്ചിരം ധൃതോ യേനാഗഃ"

"മായാവിനാഥ ഹരിണാകഥി സാരസേന-
പുത്രീപ്രപൂജ്യവദനേ സ്ഫുടസാരസേന;
ഹാ ദ്വേഷപാത്രമഹമസ്മ്യരുസാരസേന-
ഭ്രമീഭൃതാം ത്വയി പരം തമസാ രസേന".

## സീതാസ്വയംവരം

അതു മറ്റൊരു യമകാവ്യമാണെന്നു പറഞ്ഞുവല്ലോ. ഒരു ശ്ലോകം ഉദ്ധരിക്കുന്നു.

"ആസേവേമഹി മധുരം സദാ മുകുന്ദം പരോദയന്മഹിമധുരം
ഹാടകരുചിപരലസിതം സ്മിതം ദധാനം ശശിപ്രഭാപടല സിതം"

## ആട്ടക്കഥകൾ

ഇവയിൽ ശ്രീരാമാവതാരമാണ് പ്രധാനം. അതിലെ ശ്ലോകങ്ങൾക്കും പദങ്ങൾക്കും ആസ്വാദ്യതയുണ്ട്. അനേകം ശ്ലോകങ്ങളും പദങ്ങളും യമകഭൂഷിതങ്ങളാണ്.

"സ്വച്ഛം സ്വച്ഛന്ദചേഷ്ടാവ്യഥിതജഗദഥാ
ശോകനീപാമ്രജാതീ-
മല്ലീമല്ലീയമാനഭ്രമരപികകുലം
പങ്ക്തികണ്ഠഃ കദാചിൽ
ലങ്കാലങ്കാരഭൂതം ലളിതമുപവനം
ജായയാ സാർദ്ധമൃച്ഛൻ

ലീലാലീലായതസ്താം മയദനുജസുതാ-
    മബ്രവീൽ കർബ്ബുരേന്ദ്രഃ"

എന്നതു് അതിലെ ഒരു ശ്ലോകമാകുന്നു.

## കുട്ടമത്തു കുഞ്ഞിക്കേളുക്കുറുപ്പു് (1038–1090)

### ജീവിതചരിത്രം

കുഞ്ഞിക്കേളുക്കുറുപ്പു് ചെറിയരാമക്കുറുപ്പിന്റെ കനിഷ്ഠസഹോദരനായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ ഗുരുനാഥൻ ചെറിയ രാമക്കുറുപ്പു തന്നെയായിരുന്നു. കുഞ്ഞിക്കേളുക്കുറുപ്പും ഒരു വൈദ്യനെന്നനിലയിൽ അത്യന്തം പ്രശസ്തനായി
ത്തീർന്നു. 52-ാമത്തെ വയസ്സിൽ 1090-ാമാണ്ടു മീനമാസം 23-ാംനു യായിരുന്നു മരണം. ജനനദിവസം ഏതെന്നു സൂക്ഷ്മമായറിയുന്നില്ല.

### കൃതികൾ

കുഞ്ഞിക്കേളുക്കുറുപ്പിനു സാഹിത്യത്തിൽ തുള്ളൽപ്രസ്ഥാനത്തോടായിരുന്നു അധികം പ്രതിപത്തി. സ്വന്തമായി ഒരു തുള്ളൽക്കളിയോഗം അദ്ദേഹംതന്നെ സംഘടിപ്പിച്ചിരുന്നു. (1) ഖരവധം, (2) സീമന്തിനീസ്വയംവരം, (3) സീതാസ്വയംവരം, (4) കുചേലഗോപാലം, (5) ശങ്കരാചാര്യചരിതം, (6) രാധാമാധവം എന്നീ ഓട്ടൻതുള്ളലുകൾ ആ കവി രചിച്ചിട്ടുണ്ടു്. വാക്കിനു നല്ല ഫലിതമുള്ള ഒരു സരസൻതന്നെയായിരുന്നു കുറുപ്പു്. പാട്ടുകളും ധാരാളമായി ഉണ്ടാക്കീട്ടുണ്ടു്. ദേശ്യപദപ്രയോഗം കുറേ അധികമുണ്ടു്.

"കാട്ടുമൃഗങ്ങടെ മാറത്തുടനടി കട്ടിച്ചോരതുളുമ്പി വിളങ്ങിന
ദംഷ്ട്രായുഗവും കരിമലസമമധരോഷ്ഠം തഴ്ത്തും കൊന്തൻപല്ലും
വിട്ടതികോമളമാക്കിയതോർത്താലൊട്ടെങ്കിലുമതു ചൊല്വാൻ മേലാ.
നീളംപൂണ്ടു കനത്ത കരിമ്പനയോളം നീണ്ട കറുത്തകുജങ്ങളെ
താലഫലത്തിനു തുല്യത നല്കിത്താലോലിച്ചുടനൊന്നു കുലുക്കി
മാലിന്യം പെരുതാം പല മൃഗകടൽമാലകൾകൊണ്ടു ഭയങ്കരമാകും
മാറും വയറും കണ്ടാൽപ്പുരുഷർ മാറും പേടി മുഴുത്തൊരു ഭാഗേ,
ചേറും ചോരകളുംകൊണ്ടധികം നാറും തുണിയതു നോക്കുന്നേരം
തേറുന്നാളുകളില്ലെന്നാലഥ കാറും കണ്ടവർ; സംശയമില്ല".
(ഖരവധം)

"ജന്മികൾ നിജനിജകുടിയാന്മാരിൽ മർമ്മക്ലേശമുദിക്കുന്നവിധം
പാട്ടം പതിവിലതിക്രമമായിത്തോട്ടങ്ങൾക്കു ചുമത്തുന്നില്ല.
ശീക്കാശുമിടക്കോഴകളിവ ശീലക്കേടാൽ വാങ്ങുന്നവരെ
മൂലയ്ക്കാക്കിവിടുന്നു മഹാശയൻ ചൂലേപ്പോലതിനിന്ദിതരാക്കി.
കുടിയന്മാരല്ലാതെ വസിക്കും കുടിയാന്മാർ നിജഭൂസ്വത്തുക്കളിൽ
കുടികടമൊട്ടു ചുമത്തീടാതേ കുടിപാർക്കുന്നു കൃഷിത്തൊഴിലോടും.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
എങ്ങും രാഗദ്വേഷവിഷാദികൾ പൊങ്ങും മൂർഖമനുഷ്യാഹികളാ-
ലില്ല ഭയവ്യസനാദികളവിടെസ്സൊല്ലയകന്നു സുഖിക്കാനാർക്കും".
(സീമന്തിനീസ്വയംവരം)

"മൂർഖന്മാരതിധനവാന്മാരായാക്കംകൂടാതുണ്ടൊരുപോലെ
നോക്കുമ്പോൾ നല്ലാളുകൾതന്നെ വാക്കും മധുരതചേർത്തുരചെയ്യും.
ആർക്കാനും ജലപാനംപോലും പാർക്കുകിൽ നല്കുകയില്ലവരാരും.
ക്ഷുത്തു സഹിപ്പാൻ കഴിയാതേ ബത! ചത്തുമറിഞ്ഞു പതിച്ചീടുകിലും
വിത്തം ചിലവിടുവാനായിട്ടൊരു ചിത്തം വയ്ക്കുകയില്ലെന്നല്ല
സത്തുക്കലെയവമാനിപ്പതിലുമസത്തുകളേറ്റം മോദിക്കുന്നു".

(കുചേലഗോപാലം)

## കുട്ടമത്തു കുഞ്ഞനുകുറുപ്പ് (1032—1086)

### ചരിത്രം

ചെറിയരാമക്കുറുപ്പിന്റെ ഭാഗിനേയനാണ് കുഞ്ഞനുകുറുപ്പെന്നു നിർദ്ദേശിച്ചിട്ടുണ്ട ല്ലോ. അദ്ദേഹം 1032-ാമാണ്ടു കന്നിമാസം മകംനക്ഷത്രത്തിൽ ജനിച്ചു. നല്ല സംസ്കൃതപണ്ഡിതനും വൈദ്യനുമായി ഉയർന്നു. 1086-ാമാണ്ടു് ഇടവമാസം 23-ാംനു മരിച്ചു.

### കൃതികൾ

(1) കീർത്തിഭൂഷണചരിത്രം കാവ്യവും, (2) ഉഷാനിരുദ്ധം, (3) വൈദർഭീവാസുദേവം, (4) അംശുമതീധർമ്മഗുപ്തം എന്നീ മൂന്നു നാടകങ്ങളുമാണ് കുറുപ്പിന്റെ വാങ്മയങ്ങൾ. ആദ്യത്തെ രണ്ടു നാടകങ്ങളും 1060 മുതൽ 70 വരെ നീണ്ടുനിന്ന നാടകനിർമ്മാണ ബഹളക്കാലത്തു് എഴുതിയതാണ്. 1069-ലാണ് വൈദർഭീവാസുദേവത്തിന്റെ പ്രസിദ്ധീകരണം. 1081 മുതൽ അഞ്ചുകൊല്ലം അംശുമതീധർമ്മഗുപ്തം രചിക്കുവാൻ വിനിയോഗിച്ചു. സോമവാരവ്രതമാഹാത്മ്യം കഥയാണ് പ്രതിപാദ്യം. ആ നാടകം ഗാനസംഘടിതമാണ്. തന്റെ ഭാഗങ്ങളിലായി പത്തുകങ്ങൾ അടങ്ങീട്ടുണ്ട്. തന്റെ അനുജൻ കുഞ്ഞികൃഷ്ണക്കുറുപ്പിന്റെ ദേവയാനീചരിതം നാടകം കണ്ടപ്പോൾ അതിനെ അനുകരിച്ചു നിർമ്മിച്ചതാണ് ആ കൃതി. കവിക്കു സംഗീതത്തിൽ വാസനയുണ്ടോ എന്നു നടി സൂത്രധാരനോടു ചോദിക്കുകയും അതിനു സൂത്രധാരൻ ഇങ്ങനെ മറുപടി പറയുകയും ചെയ്യുന്നു.

"ധീമാന്മാർ മുടി ചൂടിടും പടുവചഃ-
സ്തോമപ്രസൂനോത്ഭവാ-
രാമാഭൻ, ഭവബന്ധമറ്റു പരചി-
ദ്ധാമാശ്രയം ചെയ്തവൻ
രാമാഖ്യൻ ഗുരു മാതുലന്റെ കനിവാൽ
പ്രേമത്തൊടീ മർത്ത്യനിൽ-
സ്സാമാന്യം കൃതി മിക്കവാറുമണയും
താനേ സുധാനേർമൊഴി!"

ഈ നാടകത്തിൽ ചില സംസ്കൃതശ്ലോകങ്ങളുംകൂടി ചേർത്തിട്ടുണ്ട്. ഗാനങ്ങൾക്കാണ് ശ്ലോകങ്ങളേക്കാൾ അധികം സ്വാരസ്യം. പതിവുപോലെ ചില ശ്ലോകങ്ങൾ മാതൃകയായി ഉദ്ധരിക്കാം.

"കണ്ടാൽ പ്രതിഭടരോടും ഭയങ്കരത്വം പെരുത്തതൻ ഭടരോടും
ഷണ്മുഖനാണ്മയിലേറി സ്ഫുരിപ്പവൻ വരുവതാണിതാണ്മയിലേറി".

(ഉഷാനിരുദ്ധം)

“ചുണ്ടിൻപുറത്തിളകുമാറു കറുത്തു നില്ക്കും
നീണ്ടുള്ള പല്ലുമൊരു കോണു തിരിഞ്ഞ കണ്ണും
കണ്ടുള്ള രണ്ടു കവിളും ചുളിവുള്ള മെയ്യും
കണ്ടാലറയ്ക്കുമൊരു മുത്തിയിതേതൊരുത്തി?”

“വരുണദയിതയാം ദിശാമുഖത്തി-
ന്നരുണലലാമമലങ്കരിച്ചപോലെ
വിരവൊടു വിലസുന്നു സൂര്യബിംബം
വിരഹിയിലേറ്റിന ചൂടൊടൊത്തിദാനീം”.

(വൈദർഭീവാസുദേവം)

“ഗിരിവരസുതേ! നാഥേ! പാദേ പതിക്കുമെനിക്കു നീ
ഹരിയെ വരനായ്ക്കൂട്ടിക്കൂട്ടിത്തരും വരമേകണം
ഒരുവനധികം ദുഃഖം സൗഖ്യം പര,ന്നിവയൊക്കെ നിൻ
കരിമിഴിയിണത്തെല്ലാലല്ലാതെ വന്നിടുമോ ശിവേ?”

(വൈദർഭീവാസുദേവം)

“കിഴവനെ യുവാവാക്കും വാക്കും, തിലപ്രസവപ്രഭ-
യ്ക്കുഴലനുദിനം മൂക്കും മൂക്കും മിനുത്തൊരു ഗന്ധവും
മിഴികളടിയാലാക്കും ലാക്കും തകർപ്പൊരു കാറണി-
ക്കുഴലിയിവൾതൻ നോക്കും നോക്കും തരുന്നൊരു കൗതുകം”.

(അംശുമതീധർമ്മഗുപ്തം)

## ഒരു ഭാഷാശ്ലോകം

വാതിലിന്റെ മറവിൽനിന്നുകൊണ്ടു കുശലപ്രശ്നം ചെയ്ത ഒരു സ്ത്രീയോട്ട്

“ശോണാധരീകുലമണേ! ഭവദീയഭർത്തൃ-
പ്രാണാധികപ്രണയമാർന്നൊരു സേവകൻ ഞാൻ
കാണാമെനിക്കു ഭവദാസ്യമതല്ലയായ്കി-
ലേണാങ്കബിംബമിതു കണ്ടു രസിച്ചുകൊള്ളാം.”

## കുട്ടമത്തു കുഞ്ഞികൃഷ്ണക്കുറുപ്പ് (1056—1119)

### ജനനം

ഈ അടുത്ത കാലത്തെ കേരളീയഭാഷാകവികളിൽ അത്യുന്നതമായ ഒരു സ്ഥാനത്തിലാണ് കുട്ടമത്തു കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ് ആരൂഢനായിരുന്നതു്. കുഞ്ഞമ്പുക്കുറുപ്പിന്റെ അനുജനായ അദ്ദേഹം 1056-ാമാണ്ടു കന്നിമാസം 27-ാംനു ഉത്രാടം നക്ഷത്രത്തിൽ ജനിച്ചു. മാതാവു് ദേവകിയമ്മയും പിതാവു പ്രസിദ്ധനായ ശങ്കരനാഥജ്യോത്സ്യരുടെ ഭാഗിനേയൻ വങ്ങാട്ടു് ഉദയവർമ്മൻ ഉണിത്തിരിയുമായിരുന്നു. ‘ബാലഗോപാലൻ’ നാടകത്തിലെ ഒരു സമർപ്പണശ്ലോകത്തിൽ കവി ആ മാതാവിനെ

“അമ്മേ! ദേവകി! ദേവി! തന്നരുളി നീ നൽബാലഗോപാലനിൽ
ശം മേ നേർന്ന സുശീലപോൽ മയി മുലപ്പാലും മുകുന്ദേച്ഛയും;

ഉന്മേഷത്തോടിവന്നു ഹന്ത!ഭഗവാൻ പ്രത്യക്ഷനായീ കനി-
ഞ്ഞെന്മേൽ വെച്ചതു തൽക്കഥാപരിമളംമാത്രം ജഗന്നായകൻ”

എന്നു സൂചിപ്പിച്ചിരിക്കുന്നു. 1079-ലായിരുന്നു ദേവകിയമ്മയുടെ മരണം.

## വിദ്യാഭ്യാസം

കുറുപ്പിനെ അഞ്ചാമത്തെ വയസ്സിൽ എഴുത്തിനിരുത്തിയതു പിതാവിന്റെ ഭാഗിനേയനായ നാരു ഉണിത്തിരിയായിരുന്നു. പിതൃഗൃഹത്തിനു സമീപമുള്ള കരിവള്ളൂർ ഗ്രാമവിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾത്തന്നെ നാരുഉണിത്തിരിയുടെ അടുക്കൽ സംസ്കൃതവും അഭ്യസിച്ചു. പത്താമത്തെ വയസ്സിനുമേൽ ഇംഗ്ലീഷു പഠിച്ചു തുടങ്ങിയെങ്കിലും അതു് ഒരു കൊല്ലം കഴിഞ്ഞപ്പോൾ മുടക്കേണ്ടി വന്നു. കാലാന്തരത്തിൽ സ്വപ്രയത്നംകൊണ്ടു് ആ ഭാഷ കുറേക്കൂടി അഭ്യസിച്ചു. പിന്നീടു് കുന്നിയൂർ ഭവനത്തിലേക്കു താമസം മാറ്റി. അവിടെ കവിയുടെ മാതുലനും കവിപുങ്ഗവനുമായ ചെറിയ രാമക്കുറുപ്പിന്റേയും അദ്ദേഹത്തിന്റെ അനുജൻ ഗോവിന്ദക്കുറുപ്പിന്റേയും കീഴിൽ തന്റെ ജ്യേഷ്ഠൻ കുഞ്ഞിച്ചിണ്ടക്കുറുപ്പിന്റെ മേൽനോട്ടത്തിൽ സംസ്കൃതവിദ്യാഭ്യാസം തുടർന്നു. കാവ്യനാടകാലങ്കാരങ്ങളിലും സാമാന്യമായി വ്യാകരണത്തിലും അറിവു നേടി. അപ്പോൾ ഇരുപതു വയസ്സായി. പിന്നീടും ചെറിയ രാമക്കുറിപ്പിന്റെ അന്തേവാസിയായി 1081 വരെ കഴിച്ചുകൂട്ടി, വൈദ്യശാസ്ത്രത്തിലും നിഷ്ണാതനായി. സാഹിത്യത്തിലുണ്ടായ സാമാന്യാധികമായ അഭിനിവേശം നിമിത്തം വൈദ്യവൃത്തി ഒരു തൊഴിലായി സ്വീകരിച്ചില്ല. എങ്കിലും അളർക്കാദിവിഷചികിത്സയിലും ബാലചികിത്സയിലും ആവശ്യംപോലെ സമർത്ഥമായി പ്രവർത്തിച്ചുവന്നു. നമ്മുടെ കവി ആദ്യകാലത്തു കീചകവധം എന്നൊരോട്ടൻതുള്ളലും അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ഗോവിന്ദക്കുറുപ്പുമായിച്ചേർന്നു കൂട്ടമത്തു ഭഗവതീക്ഷേത്രത്തിൽ കൊല്ലംതോറും നടത്തിവരാറുള്ള ഉത്സവത്തെ അധികരിച്ചു് ഉത്സവചരിതം എന്നൊരു കാവ്യവും രചിച്ചു. ആ ക്ഷേത്രം കാസർകോഡിലെ ഒരു മലയാളകുടുംബമായ താഴയ്ക്കാട്ടുമനവകയാണ്.

## അനന്തരജീവിതം

കുറുപ്പിന്റെ പ്രശസ്യങ്ങളായ കൃതികളിൽ ആദ്യത്തേതു കാളിയമർദ്ദനം യമകകാവ്യമാകുന്നു. അതു് 1074-ൽ കവിക്കു 18 വയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോൾ നിർമ്മിച്ചതാണ്. അദ്ദേഹത്തിന്റെ അത്യത്ഭുതമായ കവനവൈഭവം സഹൃദയന്മാർക്കു തദ്വാരാ ബോധ്യമായി. അതു ചെറിയ രാമക്കുറുപ്പിന്റെ രുക്മിണീസ്വയംവരം സംസ്കൃത യമകകാവ്യത്തെ അനുകരിച്ചു ഭാഷയിലെഴുതിയതാണ്. രാമക്കുറുപ്പു താനുണ്ടാക്കിയ കൃതികൾ ആ ശിഷ്യനേക്കൊണ്ടു് എഴുതിക്കുകയും കവനരീതി വഴിപോലെ ഉപദേശിക്കുകയും ചെയ്തുവന്നു. കുഞ്ഞിക്കൃഷ്ണക്കുറുപ്പിനു സാഹിത്യത്തിലെന്നപോലെ സംഗീതത്തിലും അവഗാഹമുണ്ടായിരുന്നു. അടുത്ത കൃതിയായ ദേവയാനീചരിതം എന്ന സംഗീതനാടകം 1083-ൽ മാത്രമേ വിരചിതമായുള്ളു. 1091-ൽ കിരാതബില്ലി എന്ന മഞ്ജരീവൃത്തത്തിൽ ഒരു ഖണ്ഡകാവ്യം പ്രസിദ്ധീകരിച്ചു. അതു പിന്നീടു് അമൃതരശ്മി പഞ്ചമകലയിൽ ചേർത്തിട്ടുണ്ടു്. 1086-ൽ അദ്ദേഹവും അദ്ദേഹത്തിന്റെ പ്രിയസുഹൃത്തും പണ്ഡിതകവിയുമായ പി. കെ. കൃഷ്ണൻനമ്പിയാരും കരിപ്പത്തു കുഞ്ഞിരാമപ്പൊതുവാളും ചേർന്നു യോഗവാസിഷ്ഠത്തിന്റെ ഒരു വൃത്താനുവൃത്തമായ ഭാഷാനുവാദം പ്രസിദ്ധീകരിച്ചുതുടങ്ങി. അതിന്റെ പത്തു ലക്കങ്ങളേ പുറത്തു വന്നുള്ളു. 1099-ാമാണ്ടു കണ്ണൂരിലെ ആയുർവ്വേദവൈദ്യശാലയുടേയുംമറ്റും ഉടമസ്ഥനായ

എം. കെ. കുഞ്ഞിരാമൻവൈദ്യൻ പുതുതായി ആരംഭിച്ച കേരളചന്ദ്രിക എന്ന മാസികയുടെ പ്രസാധകനായി. ആ മാസിക ഒന്നരകൊല്ലത്തിനുമേൽ പ്രചരിച്ചില്ല. അതുവരെ കുറുപ്പ് അധികമൊന്നും എഴുതാതെയാണിരുന്നത്. 1101-ാമാണ്ടു മനസ്സിനു നേരിട്ട കഠിനമായ അസ്വാസ്ഥ്യത്തിന്റെ നിവാരണത്തിനായി മൂകാംബികയിൽ ഭജനത്തിനു പോകുകയും വിദ്യാരൂപിണിയായ അവിടത്തെ ദേവി പ്രത്യക്ഷീഭവിച്ചതായി കവിക്കു തോന്നുകയുംചെയ്തു. തിരിയെ സ്വഗൃഹത്തിലേക്കു പോന്നപ്പോൾ കാവ്യനിർമ്മിതിയിൽ പൂർവ്വാധികമായ ഔത്സുക്യവും ശക്തിയുമുണ്ടായി. തദനന്തരമുള്ള പതിനെട്ടു വർഷങ്ങളിലാണ് അദ്ദേഹം നിരന്തരമായി സാഹിത്യവ്യവസായം ചെയ്തത്. ഏറ്റവും ഫലഭൂയിഷ്ഠമായിരുന്നു ആ വ്യവസായം. 1102-ൽ നീലേശ്വരം രാജകീയഹൈസ്കൂളിലെ മലയാളപണ്ഡിതനായി പ്രവൃത്തി ആരംഭിച്ചപ്പോൾ അതിന് അത്യന്തം അനുകൂലമായ പരിതഃസ്ഥിതിയും കിട്ടി. 1092-ൽ അഞ്ചാംരംഗമായ ഭഗവൽപ്രത്യക്ഷംവരെ എഴുതിയിരുന്ന 'ബാലഗോപാലൻ' നാടകം 1095-ൽ പൂരിപ്പിച്ച് ആ സ്കൂളിലെ വിദ്യാർത്ഥികൾക്ക് അഭിനയിക്കുന്നതിനായി അതിനു മുൻപുതന്നെ കൊടുത്തിരുന്നു. 1115 വരെ ആ പണി തുടർന്നുകൊണ്ടുപോയി. പണ്ഡിതരായതിനുമേൽ 1102-ൽ നചികേതസ്സ്, 1111-ൽ ധ്രുവമാധവം, 1113-ൽ വിദ്യാശംഖധ്വനി, 1115-ൽ ഹരിശ്ചന്ദ്രൻ എന്നീ സംഗീതനാടകങ്ങൾ എഴുതി അവയേയും ആ സ്കൂളിൽത്തന്നെ അതാതുകൊല്ലത്തെ വാർഷികോത്സവാവസരത്തിൽ രംഗപ്രവേശം ചെയ്യിച്ചു. 1107-ൽ ആരംഭിച്ചു പൂർണ്ണമാക്കാത്ത അത്ഭുതപാരണ എന്ന സംഗീത നാടകവും 1114-ൽ പൂർണ്ണമാക്കി അരങ്ങേറ്റം കഴിപ്പിച്ചു. 1116-ൾ അറുപതാമത്തെ വയസ്സ് തികഞ്ഞതോടുകൂടി അധ്യാപകവൃത്തിയിൽനിന്നും വിരമിച്ചു. 1117-ൽ ചിറക്കൽക്കോവിലകത്തു രാമവർമ്മ വലിയ കോയിത്തമ്പുരാൻ അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിദിനത്തിൽ കുറുപ്പിനു 'മഹാകവി' എന്ന ബിരുദം സമ്മാനിച്ചു. തദനന്തരം ചരിത്രനായകന്റെ ഓജസ്സു ക്രമേണ ക്ഷയിക്കുകയും, 1119-ാമാണ്ടു കർക്കടകമാസത്തിൽ വാതാദിരോഗങ്ങൾ മൂർച്ഛിച്ച് അദ്ദേഹം ഐഹികവാസം ത്യജിക്കുകയും ചെയ്തു. ശ്രീവിദ്യോപാസനയും യോഗാഭ്യാസവും അദ്ദേഹത്തിന്റെ ദൈനംദിനചര്യയിൽ ഉൾപ്പെട്ടിരുന്നു. ഏണാടൻ വീട്ടിൽ ശ്രീദേവിഅമ്മയായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി.

കുട്ടമത്തു തറവാടു നൂറുകൊല്ലത്തിനുമേലായി നിലനിന്നുപോരുന്ന സാഹിത്യപാരമ്പര്യം ഇന്നും ഏറെക്കുറെ പരിലസിപ്പിച്ചുപോരുന്നു. കുഞ്ഞിക്കൃഷ്ണക്കുറുപ്പിന്റെ അനുജൻ നാരായണക്കുറുപ്പ് ഗോവർദ്ധനാരാധനം എന്ന സംഗീതനാടകത്തിന്റെ പ്രണേതാവാണ്. അദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ്. 'കുട്ടമത്തുഗ്രന്ഥസമുച്ചയം' എന്ന പേരിൽ കുഞ്ഞുണ്ണിക്കുറുപ്പു തുടങ്ങിയുള്ള കവിവര്യന്മാരുടെ വങ്മയങ്ങൾ പ്രസിദ്ധീകൃതങ്ങളായത്.

## കൃതികൾ

ഞാൻ മുൻപു നാമനിർദ്ദേശം ചെയ്ത (1) കാളിയമർദ്ദനം യമകകാവ്യം, (2) യോഗവാസിഷ്ഠം, (3) ദേവയാനീചരിതം, (4) ബാലഗോപാലൻ, (5) നചികേതസ്സ്, (6) ധ്രുവമാധവം, (7) ഹരിശ്ചന്ദ്രൻ, (8) അത്ഭുതപാരണ എന്നീ സംഗീതനാടകങ്ങൾ, (9) കെ. കേളപ്പന്റെ അപേക്ഷയനുസരിച്ചെഴുതിയ ചിത്രാന്തരങ്ങൾ (ചില ചെറിയ ഗദ്യദൃശ്യങ്ങൾ), (10) കുത്താളിനായരുടെ മകൻ സി.അപ്പക്കുട്ടൻനമ്പിയാരുടെ ആവശ്യം പ്രമാണിച്ച് അദ്ദേഹത്തിന്റെ രാധാകൃഷ്ണകലാലയം കഥകളി യോഗത്തിലേയ്ക്കു വേണ്ടി 1103-ൽ എഴുതിയ ബാലഗോപാലൻ ആട്ടക്കഥ, (11) തിരുവല്ലാ രാമകൃഷ്ണാ

ശ്രമപ്രവർത്തകന്മാരുടെ ആഗ്രഹപൂർത്തിക്കുവേണ്ടി രചിച്ച ശ്രീരാമകൃഷ്ണഗീത, (12) മൂകാംബികാപുരാണം കിളിപ്പാട്ട്, (13) കപിലോപാഖ്യാനംകിളിപ്പാട്ട്, (14) ഇളന്തളിരുകൾ, (15) അമൃതരശ്മി എന്നപേരിൽ പത്തു കലകളായി (ഭാഗങ്ങൾ) പ്രസിദ്ധീകരിച്ച ഖണ്ഡകൃതികൾ, (16) സുദർശനൻ എന്ന ഗദ്യകഥ ഇങ്ങനെ പല വാങ്മയങ്ങളുടെ ജനയിതാവാണ് അദ്ദേഹം. കീചകവധം തുള്ളലിനേയും ഉത്സവചരിതം തുള്ളലിനേയും കണക്കിൽ കൂട്ടേണ്ടതില്ല. സംസ്കൃതത്തിൽ അദ്ദേഹം (17) മൂകാംബികാഷോഡശീ, (18) അനുഭൂതിമഞ്ജരീ എന്നിങ്ങനെ രണ്ടു സ്തോത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. (19) ഗീതഗോവിന്ദത്തിന്റെ രീതിയിൽ വേങ്ങയിൽ ഗോവിന്ദൻനായനാരുടെ ആവശ്യപ്രകാരം എഴുതുവാനാരംഭിച്ച ശ്രീദേവീചരണാമൃതം അഥവാ അമൃതാനന്ദൻ എന്ന ഭാഷാകൃതിയും, (20) ശ്രീരാമകൃഷ്ണ ഭാഗവതവും പൂർത്തിയായിട്ടില്ല.

## കവിതാരീതി

കുട്ടമത്തു തികഞ്ഞ ഒരു ആസ്തികനും ദേവീഭക്തനും ശ്രീകൃഷ്ണോപാസകനുമായിരുന്നു. ഭാഗവതവും ഭഗവദ്ഗീതയും അദ്ദേഹം പതിവായി പാരായണംചെയ്തുവന്നു. വിവിധവിഷയങ്ങളിൽ അദ്ദേഹം സമാർജ്ജിച്ചിരുന്ന വിസ്മയനീയമായ വിജ്ഞാനം അദ്ദേഹത്തിന്റെ കവിതകളിൽ തെളിഞ്ഞുകാണാവുന്നതാണ്. ആ ശിശുകോമളമായ ഹൃദയത്തിൽനിന്നു സ്ഫടികനിർമ്മലങ്ങളായ ചിന്തകളല്ലാതെ ബഹിർഗ്ഗമിച്ചിരുന്നില്ല. പ്രാചീനങ്ങളും നവീനങ്ങളുമായ ആശയങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു. ആധുനികകേരളത്തിലെ ഭക്തകവി എന്ന് അദ്ദേഹത്തെ പറയാറുണ്ട്. അതു പരമാർത്ഥവുമാണ്. എന്നാൽ ഭക്തൻ മാത്രമല്ലായിരുന്നു അദ്ദേഹം. ദേശാഭിമാനം, ഭാഷാഭിമാനം, സമുദായാഭിമാനം ഇത്യാദി വിശിഷ്ടഗുണങ്ങൾ ആ സുഗൃഹീത നാമാവിൽ പ്രകൃഷ്ടമായി പ്രകാശിച്ചിരുന്നു. രാമകൃഷ്ണപരമഹംസന്റെ ഒരു വിനീതാനുയായിയായാണ് അദ്ദേഹം തന്റെ ജീവിതം നയിച്ചുവന്നത്. ഒരു സൽക്കാവ്യത്തിനുവേണ്ട രസഭാവങ്ങളും ശബ്ദാർത്ഥാലങ്കാരങ്ങളും മറ്റും അദ്ദേഹത്തിന്റെ ഏതു കൃതിയിലും സുലഭമായി നിരീക്ഷിക്കാവുന്നതാണ്. നാലഞ്ചു വാക്ക് അദ്ദേഹവുമായി സംസാരിച്ചാൽ ആരും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിത്തീരും. അത്രയ്ക്കു ശാന്തവും വിനീതവും മധുരോദാരവുമായിരുന്നു ആ സാത്വികന്റെ പെരുമാറ്റം. പണ്ഡിതപ്രിയമായ കാളിയമർദ്ദനത്തിൽനിന്നു സർവജനപ്രിയമായ അമൃതരശ്മിവരെ അദ്ദേഹത്തിന് ഉൽപാദിപ്പിക്കുവാൻ സാധിച്ചു. നിസർഗ്ഗജമായ വാസനാവൈഭവത്തെ നിരന്തരമായ ഉത്സാഹംകൊണ്ടും നിസ്തന്ദ്രമായ പരിശ്രമം കൊണ്ടും എത്രമാത്രം പോഷിപ്പിക്കാമെന്ന് അദ്ദേഹത്തിന്റെ സാഹിത്യജീവിതം പ്രഖ്യാപനംചെയ്യുന്നു.

## കാളിയമർദ്ദനം

സംസ്കൃതത്തിൽ ധാരാളം യമകകാവ്യങ്ങൾ ഉണ്ടെങ്കിലും ഭാഷയിൽ മുക്തകങ്ങളേയുള്ളു. യമകശബ്ദം ഞാൻ ഇവിടെ ആര്യാഗീതിവൃത്തത്തിൽ സംഘടിതമായ യമകം എന്ന സങ്കുചിതാർത്ഥത്തിലാണ് പ്രയോഗിക്കുന്നത്. ആ ന്യൂനത ആദ്യമായി പരിഹരിച്ചത് കുഞ്ഞിക്കൃഷ്ണക്കുറുപ്പാണ്. മറ്റൊരു കവി അദ്ദേഹത്തിന്റെ ആ സരണിയിൽ സഞ്ചരിക്കുവാൻ ഇതഃപര്യന്തം ഒരുമ്പെട്ടിട്ടില്ല. അത്രയ്ക്കു പ്രയാസമേറിയതാണ് ആ പണി. പതിനെട്ടു വയസ്സു മാത്രമുള്ള ഒരു ബാലപ്രായൻ പദങ്ങളെക്കൊണ്ട് എങ്ങനെ പന്താടുന്നു എന്നു നാലു സർഗ്ഗങ്ങളിൽ 127 ശ്ലോകങ്ങളടങ്ങിയ ആ കൃതിയിൽ പ്രസ്പഷ്ടമായി ഭാവുകന്മാർക്കു നിരീക്ഷിക്കാവുന്നതാണ്.

“പാലയ മാമലമങ്കേ ഗണപതിതന്നെദ്ധരിച്ച മാമലമങ്കേ!
തവ പദനിലയേ വിലയേറീടുന്നതു കൃഷ്ണഭദ്രനിലയേ! വിലയേ”.

കുട്ടമത്തിന്റെ സംസ്കൃതീകൃതരൂപമാണ് കൃഷ്ണഭദ്രം.

“അഭ്രത്തോളം തുള്ളിക്കുട്ടം പൊങ്ങിക്കളിച്ചിതോളം തുള്ളി
പ്രിയയൊടു സംഭോഗിക്കും പൊഴുതിതിനാൽ ഞെട്ടി മാനസം ഭോഗി
ക്കും”.

## സംഗീതനാടകങ്ങൾ

കുട്ടമത്തിന്റെ ഏഴു സംഗീതനാടകങ്ങളെപ്പറ്റി പ്രസ്താവിച്ചുവല്ലോ. അവയിൽ ‘ബാല ഗോപാല’നാണ് പ്രഥമഗണനീയമെങ്കിലും മറ്റു നാടകങ്ങളും ഉൽക്കൃഷ്ടങ്ങൾതന്നെ. നചികേതസ്സു കഠോപനിഷത്തിലെ കഥയേയും വിദ്യാശംഖധ്വനി സാന്ദീപനിയുടെ സന്നിധിയിൽ ശ്രീകൃഷ്ണന്റെ ഗുരുകുലവാസത്തേയും അത്ഭുതപാരണദുർവാസസ്സി നു ദ്രൗപദി നല്കിയ ആതിഥ്യത്തേയും വിഷയീകരിച്ചു രചിച്ചിരിക്കുന്നു. എല്ലാ നാടകങ്ങളും അഭിനയയോഗ്യങ്ങളാണ്. പദ്യങ്ങൾ ചുരുങ്ങും. ഗാനങ്ങൾ ധാരാ ളമുണ്ടു്. അവയുൾതന്നെയാണ് അധികം ഭംഗിയും. ബാലഗോപാലനിലെ ആറാം രങ്ഗത്തിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം. അതിനെ പദ്യകോടിയിലാണ് കവി ഉൾപ്പെടുത്തുന്നതു്.

“ദേവകദംബഹിതത്തിനുവേണ്ടി നിരാലംബം ജഗദാലംബം
ദേവകിദേവിയിൽനിന്നു പിറന്ന നിരാകാരം മധുരാകാരം
താവകവിഗ്രഹമഞ്ജനഖണ്ഡലസദ്വർണ്ണം ജഗദാപൂർണ്ണം
സേവകതിമിരശമപ്രദമീശ്വര! വന്ദേഹം ഗതസന്ദേഹം”.

താഴെക്കാണുന്നതു് ഒരു പാട്ടിലെ ചില വരികളാണ്.

“ഫണിഫണദന്തുരങ്ഗതലം ഫണമണിഗണമയദീപകുലം
ക്ഷണസുരതാഡിതവാദ്യകുലം ക്വണിതവിപഞ്ചികസുരമഹിളം
ഝണഝണനിനദിതകിങ്കിണികളകളരണിതകനകമണി നൂപുരകട
കം
കമ്രവിസർപ്പണഘർമ്മപയഃകണരമ്യസുദർപ്പണഗണ്ഡതലം
താമ്രപദാർപ്പണനമ്രബൃഹൽഫണനിർമ്മഥിതോല്ബണ സർപ്പബലം”.

അടിയിൽ ചേർക്കുന്നതു് അതിലെ ഒരു ശ്ലോകമാണ്.

“ദാരിദ്ര്യമോ വിദുഷി! നിൻ ഗുരു? നിന്റെ പാഠം
വൈരാഗ്യമോ? തവ ധനം ഹരിഭക്തിതാനോ?
സ്വരാജ്യമങ്ങു ഹരിവിഗ്രഹമോ? കൊടുത്താൽ-
ത്തീരാത്ത ഭാഗ്യനിധി നിൻ സുതനോ സുശീലേ?”

## ബാലഗോപാൽ ആട്ടക്കഥ

ഈ ആട്ടക്കഥയുടെ അരങ്ങേറ്റം 1104-ലായിരുന്നു. ‘ബാലഗോപാലൻ’ നാടക ത്തിൽ ബാലഗോപാലൻ എന്നൊരുണ്ണിയെ വിധവയായ ആ ഉണ്ണിയുടെ അമ്മ

സുശീല എന്ന ഗോപസ്ത്രീ പാഠശാലയിലേയ്ക്ക് അയയ്ക്കുന്നതുമുതലുള്ള കഥ ആരംഭിക്കുന്നു. സുശീല ഒരു ദരിദ്രയെങ്കിലും ചാരിത്രവതിയായ ഒരു സ്ത്രീരത്നമായിരുന്നു. ഭക്തശാലിനിയായ ആ സാധ്വിയുടെ ഉപദേശത്താൽ മകന്റെ മുന്നിൽ ഭഗവാൻ ബാലഗോപാലൻതന്നെ പ്രത്യക്ഷീഭവിക്കുന്നു. ആ ഭക്തവത്സലൻ അക്ഷയപാത്രരൂപത്തിൽ ഒരു നെയ്ക്കുടം ബാലന്റെ കൈയ്യിൽ കൊടുക്കുന്നു. ഇത്തരത്തിലാണ് അതിലെ ഇതിവൃത്തത്തിന്റെ പുരോഗതി. ആ രൂപത്തിൽ ആട്ടക്കഥയ്ക്കുവേണ്ട പല മാറ്റങ്ങളും വരുത്തിയാണ് പ്രസ്തുതകൃതിയുടെ നിബന്ധനം. ദേവേന്ദ്രൻ, ഇന്ദ്രാണി, നാരദൻ, ധൂമ്രാക്ഷി (കരി), സുദർശനം (ചുവന്നതാടി), ജാംബവാൻ (വെള്ളത്താടി) ഈ പാത്രങ്ങളെ സമുചിതമായ രീതിയിൽ അതാതു സ്ഥാനത്തിൽ ഘടിപ്പിച്ചിരിക്കുന്നു. ശ്ലോകങ്ങളിൽ അധികവും ഭാഷയാണ്. പദങ്ങൾ പ്രായേണ ആകർഷകങ്ങളായിട്ടുണ്ട്.

> "പൈന്തേൻവാണീ! പറകെന്താണീപ്പാഴ്മാലിന്ദ്രാണീ!
> ശാന്തേ! ശാരദശശധരവദനേ!
> കാന്തേ! നിർജ്ജരകുലനിധാനേ! (പൈന്തേൻ)
>
> മഞ്ഞു പൊഴിഞ്ഞഴലേറ്റതിവേലം
> മഞ്ജുളകമലംപോലിതുകാലം
> കുഞ്ജരഗാമിനി! നിൻമുഖമതുലം
> കുണ്ഠതയേല്പാനെന്തൊരു മൂലം? (പൈന്തേൻ)"

ഇത്യാദി ഭാഗങ്ങൾ പരിശോധിക്കുക.

## കിളിപ്പാട്ടുകൾ

മൂകാംബികാപുരാണത്തിലെ പ്രതിപാദ്യം മൂകാംബികാക്ഷേത്രമാഹാത്മ്യംതന്നെ. അതിൽ മൂന്നദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നു. കപിലോപാഖ്യാനത്തിലെ വിഷയം ഭാഗവതം തൃതീയസ്കന്ധത്തിൽ അന്തർഭൂതവും കർദ്ദമപ്രജാപതിയുടെ പുത്രനായ കപിലമഹർഷി സ്വായംഭുവമനുവിന്റെ പുത്രിയും തന്റെ മാതാവുമായ ദേവഹൂതിക്കു നൽകുന്ന ജ്ഞാനോപദേശവുമാണ്. അതിൽ പന്ത്രണ്ട് അധ്യായങ്ങളുണ്ട്. ഒന്നാമധ്യായത്തിൽനിന്നാണ് ചുവടേ ചേർക്കുന്ന വരികൾ ഉദ്ധരിക്കുന്നത്.

> "ഓരോരോ വ്യക്തികൾക്കുമുണ്ടല്ലോ നിജസ്വാത-
> ന്ത്ര്യാരോഹണത്തിന്നിച്ഛ ചിന്തിക്കിൽ പ്രപഞ്ചത്തിൽ.
> ഉറുമ്പുമതിനേക്കാൾച്ചെറുകിടങ്ങൾപോലും
> കുറുമ്പു കാണിപ്പൂ തൽസ്വാതന്ത്ര്യവിഘാതത്തിൽ.
> സ്വാതന്ത്ര്യത്തിന്നുകീഴായിച്ഛയുമിച്ഛയ്ക്കൊത്ത
> പൂതസൗഖ്യവും കിട്ടാൻ യത്നിപ്പൂ ജന്തുവൃന്ദം."

## അമൃതരശ്മി

അമൃതരശ്മി എന്ന ഗ്രന്ഥപരമ്പര കുട്ടമത്തിന്റെ ഖണ്ഡകൃതികളുടെ സമാഹാരമാണ്. അതിൽ സംസ്കൃതവൃത്തങ്ങളിലും ദ്രാവിഡവൃത്തങ്ങളിലും വർണ്ണനാത്മകങ്ങളായും തത്വോപദേശങ്ങളായും പ്രാചീനരീതിയിലും നവീനരീതിയിലും കവി പല അവ

സരങ്ങളിലുമായി രചിച്ചിട്ടുള്ള ഒട്ടു വളരെ കൃതികൾ ഉൾപ്പെടുന്നു. ആകെ എട്ടു ഭാഗങ്ങളേ ഇതുവരെ പുറത്തു വന്നിട്ടുള്ളു. വിഷയവൈവിധ്യം കൊണ്ടെന്നപോലെ വിശിഷ്ടഭാവനാപരമ്പരകൊണ്ടും ഓരോ ഭാഗവും സഹൃദയന്മാരെ ആനന്ദിപ്പിക്കുന്നു. അനേകം ദേശീയഗാനങ്ങളും ഇക്കൂട്ടത്തിലുണ്ട്. എല്ലാമാതിരിയിലുമുള്ള കവനങ്ങൾക്ക് ഉദാഹരണങ്ങൾ എടുത്തുകാണിക്കുവാൻ നിവൃത്തിയില്ലെങ്കിലും രണ്ടുമൂന്നു ഭാഗങ്ങൾ പ്രദർശിപ്പിക്കാം.

"ഹാ! ഭാരതം നമ്മുടെ മാതൃഭൂമി
കരഞ്ഞതാരാരെ നിനച്ചുകൊണ്ടോ
പരേതരാ നാലു മഹാശയന്മാർ
താരങ്ങളായ് നില്പിതു വാനിടത്തിൽ.

കുതിച്ചു ഞാനങ്ങു പുറത്തിറങ്ങീ
കണ്ണിന്നുമുൻപേ കരൾ വാനിലെത്തീ,
നഭസ്സിൽ നിന്നീടിനൊരാൾത്തിരക്കി-
ലന്നാലുപേരെത്തിരയാൻ തുടങ്ങീ."

(നാലു നക്ഷത്രങ്ങൾ)

ആ നാലു പേർ സെൻഗുപ്ത, ആനിബസന്റ്, റ്റി.എം. നായർ, വിട്ടൽഭായി എന്നീ മഹാശയന്മാരാണ്.

"തരുനിരകളുയർന്നു വാനിൽ മുട്ടി-
പ്പരുഷത വിട്ടു വിടർന്നു പന്തലായി,
ഒരുമയൊടു വിരിച്ചു നല്ല തങ്ക-
ക്കുറികളെയും നിഴലായ നീലവസ്ത്രം.

അലിവൊടു ചെറുതൈകളെത്തലോടീ
വലിയ മരങ്ങൾ തളിർത്ത ശാഖയാലേ,
കലിതകുതുകമശ്രുപോലെ പുഷ്പാ-
വലികളുതിർത്തു പുണർന്നു ഗാഢഗാഢം.

ചുണയെഴുമിളമാൻകിടാവിനെപ്പോയ്-
പ്പുണരുകയായ് പുലി ജാതിവൈരമെന്യേ,
തൃണതതികളിൽ മേഞ്ഞിടുന്നൊരേണീ-
ഗണമൊടു ചേരുകയായ് നരിക്കിടാങ്ങൾ".

(ഗരുഡവാഹനൻ)

"നൂതനമാമനാസക്തിയോഗത്താൽ
ഗീതയിൽച്ചേർന്നൊരർത്ഥം വെളിവാക്കി;

പൂതമാക്കി 'ഹരിജന' നാമത്താൽ
നാഥൻ ഗാന്ധിയധഃകൃതവർഗ്ഗത്തെ.

മാമുനിമാരും കുപ്പി സ്തുതിക്കുന്ന
മാധവ! തവ ക്ഷേത്രത്തിലേറുവാൻ

മാനസികമാം സംസ്കാരശുദ്ധിതാൻ
മാനവർക്കു മണിവിളക്കെപ്പൊഴും.

അത്ര സംസ്കാരശുദ്ധി കലർന്നവ-

രെത്രയുണ്ടായധഃകൃതവർഗ്ഗത്തിൽ!
നന്ദനെന്ന പറയൻ ചിദംബരം-
തന്നിലീശനെക്കണ്ടില്ലയോ പുരാ?”

(പതിതപാവനൻ)

ആർഷസംസ്കാരത്തിൽ അടിയുറച്ച വിശ്വാസവും അളവറ്റ ആദരവും കുറിപ്പിനുണ്ടായിരുന്നു. ആ സംസ്കാരത്തിന്റെ മർമ്മം ശരിക്കു ഗ്രഹിച്ചതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിനു നമ്മുടെ പൂർവന്മാരുടെ പുരോഗമനംതന്നെ.

“മുന്നോട്ടു പോക നാം മുന്നോട്ടു പോക നാം
മുന്നോട്ടു പോക നാം ലോകരേ! നിർഭയം.
കുന്നോ കുഴികളോ മാർഗ്ഗങ്ങളിൽക്കണ്ടു
പിന്നോക്കമേതും തിരിക്കേണ്ട നാം പദം”.

എന്ന് ഏറ്റുപാടുവാൻ യാതൊരു വൈമുഖ്യവും തോന്നാത്തത് കിരാതഭില്ലി കിളിമാനൂർ ചിത്രമെഴുത്തു കോയിത്തമ്പുരാന്റെ ഒരു ചിത്രം കണ്ട് എഴുതിയതാണ്. അതിൽ അർജ്ജുനനു പാശുപതാസ്ത്രം ദാനംചെയ്യുവാൻ ആവിർഭവിച്ച കിരാതരുദ്രന്റേയും ത്വരിതാദേവിയുടേയും പ്രത്യങ്ഗവർണ്ണനയും കിരാതകഥാകഥനവും അടങ്ങീട്ടുണ്ട്.

## മൂകാംബികാകടാക്ഷമാല

അകാരാദിക്രമത്തിൽ ശാർദൂലവിക്രീഡിതവൃത്തത്തിൽ കവി അവസാനകാലത്തു രചിച്ച ഈ സ്തോത്രം ലകാരംകൊണ്ട് ആരംഭിക്കുന്ന നാല്പത്തിമൂന്നാം ശ്ലോകം കഴിഞ്ഞു മുന്നോട്ടു നീങ്ങീട്ടില്ല. അതിൽനിന്നുകൂടി ഒരു ശ്ലോകം ചേർക്കാം.

“ഫാലം ചാരു ലലന്തികാവിലസിതം ബാലേന്ദുമൗലീസ്ഥലം
ലോലംബാളകചുംബികങ്കമലസൽകസ്തൂരികാസുന്ദരം
നീലത്താമരലോചനം നിഖിലനിർമ്മാണത്തിൽ നിഷ്ണാതമാം
ഭൂലാസ്യങ്ങളുമംബ! കാണണമെനിക്കാനന്ദസന്ദായകം.”

## യോഗവാസിഷ്ഠം

കട്ടമത്തും കൂട്ടുകാരായ രണ്ടു സുഹൃത്തുക്കളും ചേർന്നു വൃത്താന്തവൃത്തമായി തർജ്ജമ ചെയ്തുതുടങ്ങിയതു വരവൂർ ശാമുമേനോനും മറ്റും വിവർത്തനം ചെയ്തിട്ടുള്ള ലഘുയോഗവാസിഷ്ഠ
മല്ല; ബൃഹദ്യോഗവാസിഷ്ഠംതന്നെയാണ്. അതിനെ വാസിഷ്ഠമഹാരാമായണം എന്നും പറയാറുണ്ട്. ഉൽപത്തിപ്രകരണത്തിലെ അൻപത്തൊന്നാം സർഗ്ഗത്തിന്റെ അവസാനംവരെയേ ആ തർജ്ജമ പുരോഗമിച്ചിട്ടുള്ളൂ.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA